
സർവ്വഭൂതേഹിതം
സത്യം
ഗിരീഷ്കുമാർ ശ്രീലകം

സർവ്വഭൂതഹിതം
സത്യം

This Thesis is brought to you for free, with open access. This electronic version is released for free download and usage. You are free to share, copy, distribute and transmit this e-book without any modification whatsoever under the following conditions: You must not use this work for commercial purposes. You may not alter, modify, transform or build upon this work. You are not free to make a printed edition of the work withouts leagal permission of the author.

Copy right: Reserved

First published: November 2025

(Cover photo: courtesy, Photo courtesy: Jamie Lee)

MALAYALAM LANGUAGE

Sarvabhoothahitham Sathyam

(Social science)

By: Gireeshkumar Sreelakam

First Published: November 2025

Publisher: Self Publishing (E-book reader)

ISBN: 978-93-342-1326-3

e-mail: *sbh.sathyam@gmail.com*

Copy right: Reserved

You may not alter, modify, transform or build upon this work. You are not free to make a printed edition of the work withouts leagal permission of the author.

യദ് ഭൂതഹിതമത്യന്തമേതൽ സത്യം മതം മമ

[പ്രാണനെടുത്തവയ്ക്കെല്ലാം തികച്ചും ഹിതമായതെന്തോ,

അതാണ് എന്റെ പക്ഷത്തിന്റെ സത്യം]

സമർപ്പണം

മതം, ജാതി, വർണ്ണം, ലിംഗം തുടങ്ങിയ
എല്ലാ വിവേചനങ്ങൾക്കുമതീതമായി,
മനുഷ്യരായി ജനിച്ചവരെല്ലാം മനുഷ്യരാണെന്നറിയുന്ന
സകലർക്കും
ഈ പഠനക്കുറിപ്പ് സമർപ്പിക്കുന്നു.

കൃതജ്ഞത

ഈ നീണ്ടയാത്രയിൽ പ്രചോദനമേകി,
വഴികാട്ടികളായും സഹയാത്രികരായും ശക്തിപകർന്ന
എല്ലാ സുമനസ്സുകളെയും
കടപ്പാടോടെ ഹൃദയത്തോടു ചേർത്തുനിർത്തുന്നു.

ഈ പഠനയാത്രയിൽ എനിക്ക് വഴിതെളിച്ച

പുസ്തകങ്ങൾ ഒരുപാടുണ്ട്.

അവയുടെ രചയിതാക്കളോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

നാƒഹം മനുഷ്യോ നച ദേവയക്ഷോ
ന ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്ര
ന ബ്രഹ്മചാരി ന ഗൃഹീവനസ്ഥ
ഭിക്ഷുർനജാഹം നിജബോധരൂപഃ

ഞാൻ മനുഷ്യനല്ല; ദേവനോ യക്ഷനോ അല്ല;
ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ അല്ല;
ബ്രഹ്മചാരിയോ ഗൃഹസ്ഥനോ വാനപ്രസ്ഥനോ സന്യാസിയോ അല്ല.
ഞാൻ നിജബോധസ്വരൂപമാകുന്നു.

ഉള്ളടക്കം

00. ഈ പഠനത്തിന്‌റെ പശ്ചാത്തലം

01. യതോ ധർമ്മ സ്തതോ ജയഃ

- a) സർവ്വർക്കും വേണ്ടിയുള്ള സൃഷ്ടികൾ
- b) വസുധൈവ കുടുംബകം
- c) ദേവാസുരർപോലും ഒരേ രക്തം

02. പരിഭാഷകർ വരുത്തിവെച്ച പരുക്കുകൾ

- a) വികടവിവർത്തനങ്ങളും വ്യാഖ്യാനങ്ങളും
- b) ഐതിഹ്യം എന്ന അപനിർമ്മാണ തന്ത്രം
- c) പുരാണേതിഹാസങ്ങളിലെ കാലഗണന

03. പൗരാണികഗ്രന്ഥങ്ങൾ ബ്രാഹ്മണസൃഷ്ടിയല്ല

- a) കൂട്ടിയാൽകൂടാത്ത ഭൂതകാലം
- b) ആര്യന്മാർ ആഢ്യരായി ഈ മണ്ണിൽ അവതാരമെടുത്തതല്ല
- c) അക്ഷരങ്ങളിലേക്കുള്ള അധിനിവേശം
- d) എഴുത്തിലല്ല മിടുക്ക്; തിരുത്തലിൽ മാത്രം

04. സനാതന സംസ്കൃതി: ഉത്ഭവം ദ്രാവിഡഭൂമികയിൽ

- a) വൈവസ്വതമനു ദ്രാവിഡരാജാവായിരുന്നു
- b) സൂര്യ-ചന്ദ്രവംശവേരുകൾ ദ്രാവിഡസംസ്കൃതിയിൽ
- c) സനാതനസംസ്കൃതി ദ്രാവിഡസംസ്കൃതിയാണ്
- d) ദ്രാവിഡമെന്നാൽ ദക്ഷിണേന്ത്യൻ എന്നായിരുന്നില്ല അർത്ഥം
- e) ശാസ്ത്രം സാക്ഷി
- f) സനാതനസംസ്കൃതിയെന്നാൽ ആര്യസംസ്കൃതിയല്ല
- g) കണക്കൊക്കാത്ത ബ്രാഹ്മണ്യം
- h) പിടിച്ചടക്കലിന്‌റെ പാതകൾ

05. വാല്മീകി

- a) ഐതിഹ്യങ്ങളിലെ ആദികവി
- b) ആദികവിയെ അണിയിച്ച പൂണൂൽ
- c) മാനിഷാദ
- d) രാമകഥയോളം തന്നെ മഹത്വമുള്ള കാട്ടാളകഥ

06. വേദവ്യാസൻ

- a) നമോസ്തുതേ വ്യാസവിശാലബുദ്ധേ
- b) വക്രബുദ്ധികൾ വെട്ടിത്തിരുത്തിയ വ്യാസചരിതം
- c) വിശുദ്ധഗ്രന്ഥങ്ങൾ വിളിച്ചുപറയുന്നത്

d) വിദുരകഥ വിരൽചൂണ്ടുന്ന സത്യം
e) വേദചോരണത്തിനെതിരെയുള്ള വ്യാസവിപ്ലവം

07. ശ്രീശുകൻ

a) വ്യാസനെയും വെല്ലുന്ന കഥയെഴുത്തുകാർ
b) ഘൃതാചിയെന്ന അപ്സരസ്സ്
c) ഉപനയനം ഉപേക്ഷിച്ച ശ്രീശുകൻ

08. തുഞ്ചത്തെഴുത്തച്ഛൻ

a) ശാപംകിട്ടി ശൂദ്രനായി ജനിച്ച എഴുത്തച്ഛൻ
b) എഴുത്തച്ഛനുവേണ്ടി സൃഷ്ടിച്ച പൂണൂൽ
c) ജീവിച്ചിരുന്നകാലത്തെ വേട്ടയാടൽ

09. കാളിദാസൻ

a) ഒന്നിലും ഒരുറപ്പുമില്ല; ഒരുകാര്യത്തിലൊഴികെ
b) കാളിദാസനെയും കയ്യേറി
c) മാച്ചുകളയാനാവാത്ത തെളിവുകൾ

10. ഭർതൃഹരി

a) കുലമഹിമാവാദങ്ങളെ തകർക്കുന്ന ഭർതൃഹരിയുടെ ജീവിതകഥ
b) ഭർതൃഹരി ചരിതം: വിക്രമാദിത്യകഥകളിൽ
c) ഐതിഹ്യമാലയിലെ അപശബ്ദങ്ങൾ
d) ഭർതൃഹരിയെ വന്ധീകരിച്ച അപനിർമ്മിതി

11. ഐതരേയൻ

a) അടയാളപ്പെടുത്തലുകളും അപനിർമ്മിതികളും
b) വിപ്ലവകാരിയായ ഋഷി

12. സൂതൻ(ഉഗ്രശ്രവസ്സ്)

a) പുരാണങ്ങൾ പാടിപ്പരത്തിയവരുടെ പതിതകുലം
b) സൂതനെ സൂതഗോസ്വാമിയാക്കിയ അട്ടിമറി
c) ഭാഗവതസത്രം ബ്രാഹ്മണസത്രമല്ല

13. അവതാരങ്ങൾ

a) ധർമ്മസംസ്ഥാപനം അനാര്യവൃത്തിയോ?
b) അളവൊക്കാത്ത അവതാരങ്ങൾ

14. ശ്രീകൃഷ്ണൻ

a) യദുവംശോത്പത്തി
b) ശ്രീകൃഷ്ണൻ: ആദ്യത്തെ സ്വത്വബോധ വക്താവ്
c) ഇന്ദ്രനോടുമാത്രമല്ല, ബ്രഹ്മാവിനോടും കലഹിച്ചു

d) നീതിപാലകനായ കൃഷ്ണൻ
e) അപഹസിക്കപ്പെട്ട ഇടയൻ
f) പ്രതിനായകനാക്കപ്പെട്ട കൃഷ്ണൻ: ചാതുർവർണ്യ സ്രഷ്ടാവ്
g) യദുകുലനാശത്തിലെ അപനിർമ്മിതി
h) യദുകുലനാശത്തിലെ ദുരൂഹത

15. ശ്രീരാമൻ

a) ശ്രീരാമ-പരശുരാമ സംഘർഷം

16. രാവണൻ

a) രാവണൻ എന്ന ബ്രാഹ്മണൻ
b) ശുകന്റെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നത്
c) ബ്രാഹ്മണനായ രാവണൻ എങ്ങനെ രാക്ഷസനായി?
d) രാവണനെങ്ങനെ രാമവിദ്വേഷിയായി?
e) രാക്ഷസർ എങ്ങനെ രാക്ഷസരായി?
f) രാമ-രാവണയുദ്ധം ആര്യ-ദ്രാവിഡസംഘർഷമാണോ?
g) അറിയപ്പെടുന്ന വൃത്രാസുരനും; അറിയാത്ത വൃത്രാസുരനും

17. പാണ്ഡവർ

18. പഞ്ചകന്യകമാർ

19. ഹനുമാൻ

a) വേദജ്ഞാനിയായ വാനരൻ
b) വാനരന്മാരോ വനവാസികളോ?

20. നാരദൻ

a) ഏഷണിക്കാരനല്ല ഈ ദേവർഷി
b) ദാസീപുത്രനായ നാരദൻ
c) നാരദകഥയിൽ ശ്രീകൃഷ്ണന്റെ സ്ഥിരീകരണം
d) നാരദകഥയിൽ കലക്കിയ ഉച്ഛിഷ്ടം

21. വിദുരർ

a) മഹാഭാരതകഥയിലെ മഹാശയൻ
b) വിദുരോത്പത്തികഥയിലെ വിഷചിന്തകൾ
c) വ്യാഖ്യാതാക്കളുടെ വേവലാതികൾ

22. സഞ്ജയൻ

23. സത്യവതി

a) ആരാണ് കൈവർത്തകർ?
b) മനുഷ്യനെ മാനിച്ചിരുന്ന പൂർവ്വകാലസംസ്കാരം

24. കുന്തി
25. വസിഷ്ഠൻ
    a) ശൂദ്രകുലപതിയായ വസിഷ്ഠൻ
    b) വസിഷ്ഠന്റെ പൂണൂൽ സംരക്ഷിക്കാൻ നടത്തിയ വിക്രിയകൾ
    c) തൈത്തരീയസംഹിത സാക്ഷ്യപ്പെടുത്തുന്നു
    d) സ്വാമിവിവേകാനന്ദന്റെ സമ്മതപത്രം
    e) വസിഷ്ഠനെ വധിച്ച വംശവിശുദ്ധിവാദികളുടെ കടുംകൈ
26. ഗുഹൻ
    a) ഗുഹസമാഗമകഥയിൽ ചേർത്ത വിഷം
    b) ആരാണ് നിഷാദൻ?
    c) വേനനെതിരെയുള്ള മനുസ്മൃതിയുടെ കുറ്റപത്രം
    d) ഗുഹചരിതത്തിലെ അപനിർമ്മിതി
    e) നിഷാദൻ: മനുസ്മൃതിയിലെ നിർവ്വചനം
27. ഉദ്ധവർ
28. ജനകനും ജാനകിയും
29. വിശ്വാമിത്രൻ
    a) വിശ്വാമിത്രൻ ബ്രാഹ്മണനായിട്ടില്ല
    b) പരിഭാഷകരുടെ പാളംതെറ്റിക്കൽ
    c) മനുസ്മൃതിയിലെ മറിമായം
30. ശബരിമാതാവ്
    a) ശബരിമാതാവിന്റെ ചരിതം
    b) ശബരികഥയിലെ അപനിർമ്മിതി
    c) ആരായിരുന്നു മതംഗമഹർഷി?
31. ഏകലവ്യൻ
    a) വിരലറുത്തുകൊടുത്തവന്റെ വേരറുത്ത കഥ
    b) കർമ്മഫലത്തിന്റെ കണിശത
    c) അരിഞ്ഞുമാറ്റപ്പെട്ട അധ്യായം
    d) വിരൽമാത്രമല്ല വേരും അറുത്തു!
32. യുയുത്സു
33. കർണ്ണൻ
    a) അവർണ്ണൻ എന്ന മേൽവിലാസം അപകടപ്പെടുത്തിയ ജീവിതം
    b) കർണ്ണന്റെ പേരിൽ കൃഷ്ണനെ കല്ലെറിയുന്നവരോട്

34. ശംബൂകൻ

a) തിരക്കഥയിലെ തിരിവുകൾ
b) ശംബൂകവധത്തിനപ്പുറം സംഭവിച്ചത്
c) കൃതയുഗത്തിൽ കുരുങ്ങികിടക്കുന്നവർ
d) സംഭവാമി യുഗേയുഗേ
e) ശൂദ്രൻ മാത്രമോ ശിക്ഷാർഹൻ?
f) ഉത്തരകാണ്ഡം എന്തുകൊണ്ടാണ് പ്രക്ഷിപ്തമാക്കുന്നത്?
g) ഇവിടമാണദ്വൈതവിദ്യാലയം

35. ബ്രാഹ്മണരെങ്ങനെ സർവ്വാധികാരികളായി?

36. മനുസ്മൃതി

a) മനുസ്മൃതിയുടെ പ്രസക്തി
b) ശ്രുതികളും സ്മൃതികളും
c) ഉള്ളടക്കത്തിലെ പൊള്ളത്തരം
d) ബ്രാഹ്മണർക്കുവേണ്ടി; ബ്രാഹ്മണരാൽ
e) മനുഷ്യനെ സൃഷ്ടിക്കാൻ മറന്ന മനു
f) മനുസ്മൃതിയിലെ ശൂദ്രവിരുദ്ധത
g) വികലവീക്ഷണങ്ങളെ കുത്തിപ്പൊട്ടിക്കുന്ന സത്യം
h) ക്ഷത്രിയരും വൈശ്യരും രണ്ടാംതരം തന്നെ
i) സ്ത്രീകളും പുറത്തുതന്നെ
j) മനുവിനുള്ള മറുപടി സ്വന്തം മകളിലൂടെ
k) ശിശുവിവാഹമാണത്രേ ശുഭം!
l) കലാകാരന്മാരെയും കണ്ണിൽകണ്ടുകൂടാ
m) വൈദ്യന്മാരും അസ്പൃശ്യരത്രേ
n) അംഗപരിമിതരും പതിതർതന്നെ
o) പുണ്യാത്മാക്കൾക്കു പൂണൂലിടുന്ന അപനിർമ്മിതി
p) വിഷവൃക്ഷങ്ങൾക്കു നടുവിലെ പൂച്ചെടികൾ
q) മനുസ്മൃതിയിലെ സത്യത്തിന്റെ കൈയൊപ്പുകൾ
r) ധർമ്മസംരക്ഷണമല്ല ലക്ഷ്യം; വംശവിശുദ്ധിതന്നെ
s) ബ്രാഹ്മണസംരക്ഷണാർത്ഥം മോഷണത്തെയും സാധുവാക്കുന്നു
t) ബലാൽക്കാരത്തിനും ധാർമ്മികപരിവേഷം
u) മൃഗബലി മനുവിന്റെ കണ്ണിൽ വേദവിഹിതമാണ്
v) ഇന്നുള്ളവരാരും ബ്രാഹ്മണരല്ലേ?
w) ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമോ?
x) മനുസ്മൃതി v/s മനുസ്മൃതി
y) മനുസ്മൃതി എന്തുകൊണ്ടു സ്വീകാര്യമല്ലെന്ന് മനു പറയുന്നു
z) ശൂദ്രന്റെ കാതിലൊഴിക്കാൻ ഈയം ഉരുക്കിയതാര്?
aa) മനുസ്മൃതി എഴുതിയത് മനുവോ മാരീചനോ?
bb) മനുസ്മൃതിയും ഭാരതത്തിന്റെ ഭരണഘടനയും

cc) സ്മൃതിനിയമങ്ങൾ നിരോധിക്കുന്ന ഭരണഘടന
dd) നീതിന്യായപരിപാലനം മനുസ്മൃതിയിൽ
ee) മനുസ്മൃതിയിലെ പ്രാകൃതശിക്ഷാവിധികൾ
ff) ഡോ.അംബേദ്കർ നൽകിയ ഉത്തരം
gg) മനുസ്മൃതിയും മറ്റു സ്മൃതികളും

37. ഭൃഗുസ്മൃതി
    a) പുരാണപുരുഷന്മാരെല്ലാം ശൂദ്രരോ?
    b) മനുവിനുവേണ്ടി ഭൃഗുവിനെ പുറത്താക്കി?
38. ഭൃഗുമഹർഷി
    a) എന്തുകൊണ്ട് ഭൃഗുമാത്രം പ്രസക്തനായി?
    b) പ്രപഞ്ചസ്രഷ്ടാവിനെക്കാൾ വലിയ പ്രജാപതി
    c) ശാപമേ ശക്തി
39. പരശുരാമൻ
    a) ബ്രാഹ്മണ്യം തൊട്ടുതീണ്ടാത്ത ബ്രാഹ്മണൻ
    b) അവതാരമെടുത്തതോ അവതാരമെടുപ്പിച്ചതോ?
    c) പാലംകടന്നപ്പോൾ പരശുരാമനെ പടിക്കുപുറത്താക്കി
    d) പുറത്താക്കിയിട്ടും തീരാത്ത കലിപ്പ്
40. ശങ്കരാചാര്യർ
    a) അപനിർമ്മിക്കപ്പെട്ട ബ്രാഹ്മണബിംബം
    b) ശ്രീശങ്കരൻ പുനഃസ്ഥാപിച്ചത് ബ്രാഹ്മണമതമല്ല
    c) ചണ്ഡാളകഥയിൽ ശങ്കരൻ പറഞ്ഞതും; നാം കേട്ടതും
    d) ശങ്കരന്റെ സംശയാതീതമായ തീരുമാനം
    e) വ്യാസന്റെ തിരുത്ത്: വഴിമാറ്റലല്ല, വഴിയൊരുക്കലാണ് ശരി
    f) ജഗദ്ഗുരുവിന്റെ ഗുരു
    g) ഗോവിന്ദഭഗവത്പാദർ ആരായിരുന്നു?
    h) ആചാര്യശിഷ്യന്മാരെല്ലാം ബ്രാഹ്മണരായിരുന്നു; പക്ഷേ...
    i) ആചാര്യരുടെ അമ്മയെ വേട്ടയാടിയ ജാതിബ്രാഹ്മണ്യം
    j) വേട്ടയാടിയവർതന്നെ വേട്ടമൃഗമാക്കി
    k) ആചാര്യനിന്ദയിൽ കേരളപാണിനിയുടെ സ്ഥിരീകരണം
    l) ചരിത്രകാരന്മാരുടെ സമ്മതപത്രം
    m) ശങ്കരന്റെ ശാപമേറ്റ് വേദാനർഹരായ ബ്രാഹ്മണർ
    n) ദിഗ്വിജയയാത്രയിലെ പ്രതിബന്ധങ്ങൾ
    o) പ്രച്ഛന്നബുദ്ധൻ
    p) ആചാര്യശിഷ്യരെയും വെറുതെവിട്ടില്ല
    q) ചാതുർവർണ്യം മയാസൃഷ്ടം: ശങ്കരഭാഷ്യം
    r) പൂണൂലുപൊട്ടിച്ച ശങ്കരൻ

s) പൗരോഹിത്വത്തിന്റെ പ്രാമാണികത നിഷേധിച്ച ആചാര്യൻ
t) ശ്രീശങ്കരന്റെ അജ്ഞാതമായ സമാധി
u) ഇതായിരുന്നു യഥാർത്ഥ ശങ്കരൻ

41. ചാതുർവർണ്യം

a) വർണ്ണം
b) ചാതുർവർണ്യത്തിന്റെ സൃഷ്ടിരഹസ്യം
c) വ്യാഖ്യാതാക്കളെ തിരുത്തുന്ന വസ്തുതകൾ
d) വാസ്തവത്തിൽ പുരുഷസൂക്തം പറഞ്ഞതെന്താണ്?
e) മഹാകവി വള്ളത്തോളിന്റെ ഭാഷാന്തരം
f) സ്വാമിദയാനന്ദസരസ്വതി നൽകുന്ന സത്യാർത്ഥം
g) വെട്ടിമുറിച്ച്, വെടക്കാക്കി തനിക്കാക്കുന്ന വിദ്യ
h) ഭാഗവതത്തിലെ വിശദീകരണം
i) ആ ബ്രാഹ്മണരല്ല; ഈ ബ്രാഹ്മണർ
j) മനുവാദികളെ നിരാകരിക്കുന്ന ഭൃഗു
k) മനുവാദികളെ അസാധുവാക്കുന്ന മനുസ്മൃതി
l) മനുസ്മൃതിവ്യാഖ്യാതാവിന്റെ ഭാഷ്യം
m) ചാതുർവർണ്യചർച്ച: യക്ഷപ്രശ്നത്തിൽ
n) ചാതുർവർണ്യചർച്ച: നഹുഷപുരാണത്തിൽ
o) മഹാഭാരതത്തിലെ ചാതുർവർണ്യോത്പത്തി വർണ്ണന
p) ചാതുർവർണ്യചർച്ച: അദ്ധ്യാത്മരാമായണത്തിൽ
q) ചാതുർവർണ്യവ്യവസ്ഥയും ചതുരാശ്രമവ്യവസ്ഥയും
r) ജാതിവ്യവസ്ഥിതി: വിവേകാനന്ദവീക്ഷണം

42. ആരാണ് ബ്രാഹ്മണൻ?

a) ആര്യാധിപത്യത്തിന്റെ വേരുറപ്പിക്കൽ
b) ആര്യന്മാരുടെ വിഭജിച്ചുഭരിക്കൽ തന്ത്രം
c) പേര് അടിച്ചുമാറ്റാം; പക്ഷേ ഗുണങ്ങളോ?
d) വജ്രസൂചികോപനിഷത് നിർവ്വചിക്കുന്നു
e) വിവേകചൂഡാമണിയിൽ
f) ബ്രാഹ്മണകുലപതി ബ്രാഹ്മണനെ നിർവ്വചിക്കുന്നു
g) ബ്രാഹ്മണലക്ഷണം: നഹുഷ-യുധിഷ്ഠിര സംവാദത്തിൽ
h) ബ്രഹ്മദേവ-വിശ്വാമിത്ര സംവാദത്തിൽ
i) ആശ്രമോപനിഷത്തിൽ
j) സ്കന്ദപുരാണത്തിൽ
k) ഉപനയനമെന്ന കടുംകടമ്പ
l) ദ്വിജൻ എന്നാൽ ജാതിബ്രാഹ്മണനെന്നല്ല അർത്ഥം
m) കള്ളസാക്ഷ്യത്തിൽനിന്നുണ്ടായ ബ്രാഹ്മണർ
n) ആദ്യമുണ്ടായതാണ് ആഢ്യത്വത്തിന്റെ അടിസ്ഥാനമെങ്കിൽ...

43. വേദാധികാരം

a) വേദാധികാരത്തിന്റെ ആവിർഭാവം
b) ശങ്കാരാചാര്യരുടെ സമ്മതപത്രം
c) ചട്ടമ്പിസ്വാമികളുടെ വേദാധികാരനിരൂപണം
d) വേദപഠനം സ്ത്രീകൾക്കു നിഷിദ്ധമാണോ?

44. അപനിർമ്മിക്കപ്പെട്ട സംജ്ഞകൾ

a) ധർമ്മത്തെ വർണ്ണാശ്രമധർമ്മമാക്കിയ അപനിർമ്മിതി
b) ജ്ഞാനത്തെ വേദജ്ഞാനമാക്കിയ അട്ടിമറി
c) വ്യാധഗീത എന്ന വ്യാസഗീത
d) പ്രേമഭക്തിയെ ഭയഭക്തിയാക്കിയ ഭീഷണി
e) വൈദികസംസ്കാരമെന്നാൽ പൗരോഹിത്യസംസ്കാരമാക്കിയ ചതി
f) ബ്രഹ്മശാപത്തെ ബ്രാഹ്മണശാപമാക്കിയ വഴിതെറ്റിക്കൽ
g) ബ്രഹ്മഹത്യാപാപത്തെ ബ്രാഹ്മണഹത്യാപാപമാക്കി

45. ക്ഷത്രിയർ

a) ക്ഷത്രിയത്വം=രാജത്വം
b) ക്ഷത്രിയത്വത്തിന്റെ ഉത്ഭവം
c) കാർത്തവീര്യാർജ്ജുനൻ ക്ഷത്രിയനല്ല; യാദവനായിരുന്നു

46. ശൂദ്രർ

a) ശൂദ്രർ ഉണ്ടായതല്ല; ശൂദ്രരെ സൃഷ്ടിച്ചതാണ്
b) അശുദ്ധകർമ്മമല്ല; അപ്രിയകർമ്മങ്ങളാണ് ശൂദ്രരെ സൃഷ്ടിച്ചത്
c) ഇതിഹാസകാലത്ത് ശൂദ്രർക്ക് അയിത്തമില്ലായിരുന്നു
d) ആഢ്യത്വത്തിന്റെ അദൃശ്യ ആയുധങ്ങൾ

47. പഞ്ചമരും ചണ്ഡാളരും

a) ആരാണ് പഞ്ചമർ?
b) അഞ്ചാംവർണ്ണികളുടെ ചരിത്രപശ്ചാത്തലം
c) പാഖണ്ഡരും ചണ്ഡാളരും
d) വർണ്ണസങ്കരം സൃഷ്ടിച്ച വർണ്ണം
e) ചണ്ഡാലനാക്കപ്പെട്ട ത്രിശങ്കുവിന്റെ കഥ
f) ചണ്ഡാലനാക്കപ്പെട്ടയാളെ വീണ്ടും ശപിച്ചു ചണ്ഡാലനാക്കി?
g) ഹരിശ്ചന്ദ്രൻ: വിടാതെ പിന്തുടരുന്ന വേട്ടയാടലിന്റെ ഇര
h) ഭാസന്റെ അവിമാരകം
i) പശുമാംസം തിന്നതിനു പടിക്കുപുറത്തായവർ
j) പട്ടിമാംസം തിന്ന വിശ്വാമിത്രൻ
k) വിശ്വാമിത്രനു വിവേകമോതിയ ചണ്ഡാളൻ
l) ശ്രീശങ്കരനെ തിരുത്തിയത് ശിവനോ ചണ്ഡാളനോ?

48. കേരളക്കരയിലൂടെ

a) മഴുവെറിഞ്ഞു നേടിയ മണ്ണ്
b) വർണ്ണവിഭജനം മലയാളക്കരയിൽ
c) തിരുനാവായിലെ നമ്പൂരിസഭ
d) മാമാങ്കത്തിന്റെ മറവിൽനടന്ന ചാവേറാക്രമണം
e) അടിയാളകേരളം
f) ജാതികൾ സ്വയമുണ്ടായതല്ല; ഉണ്ടാക്കിയതാണ്
g) സവർണ്ണരും അവർണ്ണരും
h) കേരളത്തിലെ അവർണ്ണർ ശൂദ്രരല്ല
i) സമ്പത്താണോ സവർണ്ണതയുടെ സാധൂകരണം?
j) ദാനം കിട്ടിയ ജന്മിത്വം
k) സമരംചെയ്തു നേടിയ ജന്മിത്വം
l) ജന്മിത്വം മാത്രമല്ല; ജോലിയും പൊരുതി നേടിയതാണ്
m) മലയാളിമെമ്മോറിയലിന്റെ പിന്നാമ്പുറം
n) സ്വർണ്ണത്തിനുപകരം ക്ഷത്രിയത്വം?
o) ഓർമ്മകളുണ്ടായിരിക്കണം
p) വർണ്ണവ്യവസ്ഥിതിയുടെ പുറംലോകം
q) അകത്താണെങ്കിലും പുറത്തു നിൽക്കേണ്ടിവരുന്നവർ
r) പുറന്തള്ളാൻമാത്രം തുറക്കുന്ന വാതിൽ
s) അയിത്തജാതികൾ
t) കുടിച്ചുതുലഞ്ഞ കൂട്ടർ
u) അന്യോന്യം അസ്പൃശ്യരായവരുടെ നാട്

49. കേരളമെങ്ങനെ ഭ്രാന്താലയമായി?

a) ശാങ്കരസ്മൃതി(ഭാർഗ്ഗവസ്മൃതി)
b) ശാങ്കരസ്മൃതി ശ്രീശങ്കരസൃഷ്ടിയല്ല
c) ഉദ്ദേശ്യം പ്രഖ്യാപിക്കുന്ന ഉള്ളടക്കം
d) ഭൃത്യരെയല്ല; അടിമകളെ സൃഷ്ടിക്കലായിരുന്നു ലക്ഷ്യം
e) അനാചാരങ്ങൾതന്നെയെന്നു ബോധ്യമുണ്ട്; പക്ഷേ...
f) കുലസ്ത്രീകൾ കുടുംബംനോക്കിയിരുന്നാൽമതി
g) ജീവിതംതകർക്കുന്ന പരീക്ഷണങ്ങൾ
h) ആർത്തവത്തെയും ഗർഭത്തെയും മുൻനിർത്തിയുള്ള ഭീഷണികൾ
i) ശാങ്കരസ്മൃതിയുടെ സ്വീകാര്യത
j) ജന്മംകൊണ്ടു ശൂദ്രരാണ്; പക്ഷേ, ജന്മംകൊണ്ടു ബ്രാഹ്മണരും?
k) കേരളം: ഭൂതകാലമില്ലാത്ത ഭൂമിക!
l) കാലത്തിന്റെ വിധിയെഴുത്ത്
m) അപനിർമ്മിക്കപ്പെട്ട നവോത്ഥാനം

50. ഉപസംഹാരം

ഈ പഠനത്തിന്റെ പശ്ചാത്തലം

'മഹാഭാരതം വായിക്കുന്ന ഓരോ അനുവാചകനും അതിൽ തനിക്ക് മാത്രമായി എന്തൊക്കെയോ കരുതിവച്ചിട്ടുണ്ടെന്നു കണ്ടെത്തുന്നു. അതാണ് ആ ഗ്രന്ഥത്തിന്റെ അപൂർവ്വമായ സവിശേഷത'.മഹാഭാരതത്തെക്കുറിച്ച് സുപ്രസിദ്ധ ഇൻഡോളജിസ്റ്റ് ആർ.എൻ.ദണ്ഡേക്കർ നടത്തുന്ന ആ നിരീക്ഷണത്തിലാകാം ഓരോ മഹാഭാരതപര്യടനവും ആരംഭിക്കുന്നതും അഭിവൃദ്ധിപ്പെടുന്നതും അവസാനിക്കുന്നതും.മഹാഭാരതത്തെപ്പോലെതന്നെ മറ്റെല്ലാ ഭാരതീയ *ശാസ്ത്രഗ്രന്ഥങ്ങളുടെ കാര്യത്തിലും ആ പ്രസ്താവന സത്യമാണ്. അത്തരത്തിലുള്ള ചില കണ്ടെത്തലുകളിലൂടെ ഉള്ള ഒരു സഞ്ചാരമാണ് ഈ പഠനക്കുറിപ്പ്.(*ഈ പഠനക്കുറിപ്പിലെ 'ശാസ്ത്രഗ്രന്ഥം'എന്ന പ്രയോഗത്തിലെ ശാസ്ത്രം എന്ന സംജ്ഞയെ, സയൻസ് എന്ന അർത്ഥത്തിൽ എടുക്കാതെ, ദൈവശാസ്ത്രം എന്ന നിലയിൽ മാത്രം കാണുക).

ഇന്ത്യൻ ജീവിതത്തിന്റെ ഹൃദയസ്പന്ദനമായ പൗരാണികകൃതികളെ അടുത്തറിയാൻ ശ്രമിച്ചപ്പോൾ മനസ്സിൽ പതിഞ്ഞ ചില കൗതുകക്കാഴ്ചകൾ സത്യാമ്പേഷികൾക്കു മുന്നിൽ ഒരു പഠനപ്രബന്ധമെന്ന രൂപത്തിൽ വിനയപൂർവ്വം സമർപ്പിക്കുന്നു. വിവാദമല്ല ആഗ്രഹിക്കുന്നത്; സംവാദംമാത്രം. യാതൊരു മുൻവിധികളും ഇല്ലാതെ വായിക്കുക. സത്യം മാത്രം അവശേഷിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ, പക്ഷം ചേരാതെ ചർച്ചചെയ്യുക. എന്തുകൊണ്ടെന്നാൽ, ഭാരതീയശാസ്ത്രഗ്രന്ഥങ്ങളൊക്കെ സംവാദത്തിന്റെ അനന്ത സാധ്യതകളാണ് അവലംബിക്കുന്നത്. വേദങ്ങളും ഉപനിഷത്തുകളും പരമ്പരകളിലേക്കു പകർന്നുകൊടുക്കപ്പെട്ടത്, വായ്മൊഴിയായി ഗുരു-ശിഷ്യസംവാദങ്ങളിലൂടെയാണല്ലോ. രാമായണം ഉമാമഹേശ്വര സംവാദമാണ്; ഭഗവദ്ഗീത കൃഷ്ണാർജ്ജുന സംവാദവും.ഭാഗവതം സൂത-ശൗനക സംവാദത്തിന്റെ രൂപത്തിലാണല്ലോ നാം അറിയുന്നത്. കൃതികൾ മാത്രമല്ല, ആശയങ്ങളും അത്തരത്തിൽത്തന്നെയാണ് ഈ മണ്ണിൽ വേരുറച്ചത്. അദ്വൈതസിദ്ധാന്തത്തിന്റെ പുനഃസ്ഥാപകനായ ശ്രീശങ്കരൻ തന്റെ വീക്ഷണം പ്രചരിപ്പിച്ചത്, അസേതുഹിമാചലം സഞ്ചരിച്ച്, അന്യചിന്താപദ്ധതികളുടെ വക്താക്കളെ സംവാദത്തിലൂടെ തിരുത്തി അദ്വൈതധാരയിൽ അണിചേർത്താണല്ലോ.

ഭഗവദ്ഗീത പഠിക്കാനുള്ള ഉദ്യമം വിദ്യാഭ്യാസകാലത്തു പലപ്പോഴായി നടത്തിയെങ്കിലും എനിക്ക് ലക്ഷ്യം കൈവരിക്കാനായില്ല. ഭാഷാപരമായ പരിമിതിയും പ്രതിപാദനവിഷയങ്ങളിലെ ഗരിമയുമാകാം അതിനു തടസ്സമായത്. കുറച്ചു വർഷങ്ങൾക്കുമുൻപാണ് 'സമ്പൂർണ്ണഗീതാജ്ഞാനയജ്ഞ'ത്തിന്റെ ഒരു ശബ്ദരേഖ മുഴുവനായും കേൾക്കാൻ സാധിച്ചത്. ആ പ്രഭാഷണം എന്റെ ജീവിതത്തെ വളരെ അധികം സ്വാധീനിച്ചു. ഭഗവദ്ഗീതയെക്കുറിച്ചുള്ള കേട്ടറിവുകളിൽനിന്നും ഏറെ അകലെയാണ് യാഥാർത്ഥ്യം എന്ന, ആ പഠനമുണ്ടാക്കിയ തിരിച്ചറിവാണ് ഈ അന്വേഷണത്തിനു വഴി തുറന്നത്. യുദ്ധഭൂമിയിലെ എതിർപക്ഷത്ത് അണിനിരന്നിട്ടുള്ള മിത്രങ്ങളെയും ബന്ധുജനങ്ങളെയും നേരിൽക്കണ്ടപ്പോൾ തളർന്നുപോയ അർജ്ജുനൻ എന്ന യോദ്ധാവിനെ, ഉപദേശിച്ചു യുദ്ധസന്നദ്ധനാക്കുന്ന കൃഷ്ണനെയാണ് ഗീതാകാരനായി കേട്ടറിഞ്ഞത്. ഒഴിവായിപ്പോയേക്കാമായിരുന്ന ഒരു മഹായുദ്ധം പുനഃ

സൃഷ്ടിച്ച ഭഗവാൻകൃഷ്ണന്റെ നയചാതുര്യം ഏതു രീതിയിലാണ് ലോകത്തിനു ഭക്തി പ്രദാനംചെയ്യുക എന്ന സംശയം എന്നും ചിന്തയിൽ പുകഞ്ഞുകിടന്നിരുന്നു. അതുപോലെതന്നെ, മനുഷ്യനന്മയ്ക്കായി സൃഷ്ടിക്കപ്പെട്ട ഗ്രന്ഥങ്ങൾ, എങ്ങനെ 'മനുഷ്യവിരുദ്ധമായ ആശയങ്ങളുടെ ഭണ്ഡാര'മായി എന്ന സന്ദേഹവും ദീർഘകാലമായി അലട്ടിയിരുന്നു. ആ സംശയങ്ങളാണ് ഒരിക്കലും അവസാനിക്കാത്ത ഒരു യാത്രയിൽ, ഇവിടെവരെയെങ്കിലും എത്താൻ എനിക്ക് ഊർജ്ജം പകർന്നത്. അടുത്തറിയുന്തോറും ആഴവും പരപ്പും കൂട്ടുന്ന ആ മഹാസാഗരത്തിൽ ഒന്നു മുങ്ങിക്കയറിയപ്പോൾ അറിഞ്ഞ കാര്യങ്ങൾ മിക്കതും അത്ഭുതമുളവാക്കുന്നവയായിരുന്നു. അതുവരെ മനസ്സിലാക്കിയിരുന്ന കാര്യങ്ങളിലധികവും സത്യമായിരുന്നില്ലാ എന്ന അനുഭവം, കൂടുതൽ അറിയണം എന്ന ആഗ്രഹം ഉണർത്തി. കിംവദന്തികൾക്കും കേട്ടറിവുകൾക്കുമപ്പുറമുള്ള ആ സത്യങ്ങൾ തിരക്കിയുള്ള ഏഴെട്ടു വർഷംനീണ്ട യാത്രക്കിടയിൽ അറിഞ്ഞ വസ്തുതകൾ എനിക്കൊപ്പം ഈ മണ്ണിൽ ജീവിക്കുന്ന മറ്റു മനുഷ്യർക്കുകൂടി പകർന്നുനൽകണം എന്ന ആഗ്രഹമാണ് ഈ പഠനക്കുറിപ്പിന്റെ പ്രസിദ്ധീകരണത്തിനു പിന്നിലെ പ്രേരകശക്തി.

മഹാഭാരതവും രാമായണവും ഭാഗവതവുമടക്കമുള്ള പൗരാണിക ഭാരതീയഗ്രന്ഥങ്ങളെക്കുറിച്ചുള്ള ഒട്ടുമിക്ക പഠനങ്ങളും വിമർശനങ്ങളും മുന്നേറിയത്, മുൻകൂട്ടി നിർണ്ണയിക്കപ്പെട്ട രണ്ടു മാർഗ്ഗങ്ങളിലൂടെ ആണ്. ആയതിനാൽ, ചിലത് അവയുടെ സത്യസന്ധമല്ലാത്ത അപദാനങ്ങളും, മറ്റുള്ളവ സാധുതയില്ലാത്ത അപവാദങ്ങളും മാത്രം ഉൾക്കൊള്ളുന്നവയായി മാറി. അതുകൊണ്ടുതന്നെ, ആ പഠനങ്ങളുടെ കർത്താക്കൾ അവയിൽ അവതരിപ്പിക്കാൻ ശ്രമിച്ച ആശയങ്ങളെക്കാൾ മറ്റു പലതിനുമാണ് പ്രചാരം സിദ്ധിച്ചത്. ഇനിയും കൃത്യമായി നിശ്ചയിക്കാൻ സാധിക്കാത്ത ഒരു കാലഘട്ടത്തിൽ സൃഷ്ടിക്കപ്പെട്ട ആ ഗ്രന്ഥങ്ങളുടെ ചരിത്രവും ചാരിത്ര്യവും നിർണ്ണയിക്കാനുള്ള ശ്രമങ്ങളായിരുന്നു പഠനങ്ങളിലധികവും. 'ആരെഴുതി? എപ്പോളെഴുതി?' എന്നീ ചോദ്യങ്ങളിൽ കുരുങ്ങിക്കിടന്ന പഠനങ്ങളിൽ പലതും, എന്തെഴുതി? എന്തിനെഴുതി? മുതലായ പ്രധാനചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താൻ മറന്നുപോയി. അവയിൽനിന്നും അനുവാചകന് ആർജ്ജിക്കാൻ കഴിയുന്ന വൈജ്ഞാനികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ സമ്പത്തെന്തെന്നു കണ്ടെത്തുന്നതിനു കഴിയാതെപോയി. വിമർശകർ മാത്രമല്ല, പ്രചാരകരും ഒരുവട്ടം പോലും ആ ഗ്രന്ഥങ്ങൾ പൂർണ്ണമായി വായിച്ചിരുന്നോ എന്ന സന്ദേഹം, പല പഠനങ്ങളുടെയും വിശ്വാസ്യതയെ ചോദ്യംചെയ്യുന്നുണ്ട്. വെറും കേട്ടറിവിന്റെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടവയാണ് എന്ന സംശയം ബലപ്പെടുത്തുന്നതാണ് നാം കണ്ട നിരൂപണങ്ങളിൽ പലതും. അവ വായിക്കുകയും, വിശ്വസിച്ച് പ്രചരിപ്പിക്കുകയും ചെയ്തവരുടെ മനസ്സിലുറച്ചുപോയ വിരൂപ പ്രതിബിംബങ്ങളാണ് യഥാർത്ഥ കഥാപാത്രങ്ങളായി ഇന്ന് അറിയപ്പെടുന്നവയിൽ അധികവും. ഗ്രന്ഥങ്ങളുടെ വലിപ്പവും ഭാഷാപരമായ പരിമിതിയും, മൂലകൃതികളുടെ ലഭ്യതക്കുറവുമെല്ലാം പലപ്പോഴും പ്രശ്നമാണെങ്കിലും, അതൊന്നും തെറ്റായവിവരങ്ങളുടെ വിനിമയത്തിന് ന്യായീകരണമാകുന്നില്ലല്ലോ. നമുക്കു കണ്ടും കേട്ടും പരിചയമുള്ള മുഖങ്ങളല്ല, സത്യത്തിൽ വ്യാസനും വാല്മീകിയും കുറിച്ചുവെച്ചിരിക്കുന്ന കഥാപാത്രങ്ങളിൽ പലർക്കും എന്ന തിരിച്ചറിവുത

ന്നെയാണ് ഈ രചനയുടെ പിന്നിലെ പ്രചോദനം. വാല്മീകിയും വ്യാസനും രചിച്ച കൃതികളല്ല; ആര്യവംശവാദികൾ അപനിർമ്മിച്ച അവയുടെ പതിപ്പുകളാണ് ഇന്നു നാം കാണുന്നവ എന്നതാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട്, അറിഞ്ഞ സംഗതികൾ യാതൊരു മായവും ചേർക്കാതെ ഇവിടെ പറയാൻ ശ്രമിക്കുന്നു.

പൗരാണികരചനകളെ ചരിത്രരേഖകളായി കണക്കാക്കുന്നത് പൂർണ്ണാർത്ഥത്തിൽ ശരിയല്ല. എങ്കിലും, അവയിലെ പരാമർശങ്ങൾ, പ്രസ്തുതകൃതികളിൽ പ്രതിപാദിക്കുന്ന കാലഘട്ടത്തിലെയും എഴുത്തുകാരന്റെ ജീവിതകാലത്തെയും സാമൂഹ്യാവസ്ഥയെ നേരിട്ടു പ്രതിഫലിപ്പിക്കുന്ന സൂചകങ്ങളാണ് എന്ന നിലയിൽ ചരിത്രപഠനത്തിനു സഹായകമാകുന്ന സങ്കേതങ്ങൾ തന്നെയാണ്. പൗരാണിക ഹൈന്ദവഗ്രന്ഥങ്ങൾ അപൗരുഷേയമാണോ മനുഷ്യനിർമ്മിതമാണോ?അവ രചിച്ച വാല്മീകിയും വ്യാസനുമൊക്കെ വാസ്തവത്തിൽ ഇവിടെ ജീവിച്ചിരുന്ന വ്യക്തികളാണോ? ആണെങ്കിൽ, എവിടെ? ഏതു കാലത്ത്? ആ കൃതികളിൽ പ്രതിപാദിച്ചിട്ടുള്ള കഥാപാത്രങ്ങളും സംഭവങ്ങളും യഥാർത്ഥമാണോ? അവയിൽ കാണുന്ന, സാധാരണമനുഷ്യന്റെ സാമാന്യബുദ്ധിയ്ക്കു നിരക്കാത്തകാര്യങ്ങൾ സംഭാവ്യമാണോ? അവയിൽ എത്രമാത്രം തിരുത്തലുകളും തിരുകിക്കയറ്റലുകളും പിൽക്കാലത്തു നടന്നിട്ടുണ്ട്? തുടങ്ങിയ ചോദ്യങ്ങൾ ഒന്നും തന്നെ ഈ പഠനത്തിലെ എന്റെ പരിഗണനാവിഷയങ്ങളല്ല. എന്റെ മനസ്സിനെ മഥിച്ച കുറച്ചു സംശയങ്ങൾക്കുള്ള ഉത്തരം, ആ ഗ്രന്ഥങ്ങളിലെ ഇന്നു ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്താൻ ശ്രമിക്കുന്നു; അത്രമാത്രം. എന്നെപ്പോലെ തന്നെ, ഒരുപാടുപേരുടെ മനസ്സിൽ ആ സന്ദേഹങ്ങൾ എപ്പോഴെങ്കിലുമൊക്കെ ഉയർന്നുവന്നിട്ടുണ്ടാകാം എന്നതുകൊണ്ട്, എന്റെ പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നു. ആരെയെങ്കിലും ശത്രുപക്ഷത്തുനിറുത്താനോ, ആരുടെയെങ്കിലും സംരക്ഷണം ഉറപ്പിക്കാനോ അല്ല ഈ അന്വേഷണാത്മക പരിചിന്തനം. ആരെയെങ്കിലും അപകീർത്തിപ്പെടുത്തലോ, മറ്റാരുടെയെങ്കിലും ബാദ്ധ്യതകളെ വെളുപ്പിച്ചെടുക്കലോ ഈ പഠനത്തിന്റെ ലക്ഷ്യമേയല്ല. ഇന്ത്യൻസംസ്കൃതിയുടെ ഭാഗമായി നിൽക്കുന്ന ഓരോ മനുഷ്യനും മനസ്സിലാക്കേണ്ട ചില സത്യങ്ങളിലേക്ക് ശരിയുടെ വെളിച്ചം കടന്നുകയറാനുള്ള വാതിൽ തുറക്കുക മാത്രമാണ് ഈ പഠനക്കുറിപ്പിന്റെ പ്രസിദ്ധീകരണത്തിലൂടെ ചെയ്യാൻ ശ്രമിക്കുന്നത്.

ചാതുർവർണ്ണ്യവിഭജനവും ജാതിവ്യവസ്ഥയും ഈ പഠനത്തിൽ പ്രധാന ഘടകങ്ങളായി കടന്നുവന്നിട്ടുണ്ട്. അത് ജാതിചിന്തപ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കരുതിക്കൂട്ടി നടപ്പാക്കുന്ന ഒരു നീക്കമല്ല. സ്വാർത്ഥമോഹികളായ മതമേധാവികൾ നടത്തിയ അപനിർമ്മിതികളുടെ ഫലമായാണ്, ജാതിഭേദമടക്കമുള്ള അത്യാചാരങ്ങൾ ഉരുത്തിരിഞ്ഞുവന്നതും, നിയമമാക്കി നടപ്പാക്കിയതും, മനുഷ്യരെ വിഭജിച്ച് ഇന്നും നിലനിൽക്കുന്നതും എന്നുസമർത്ഥിക്കാനാണ് ആ വിഷയങ്ങൾ പഠനപരിധിയിൽ ഉൾപ്പെടുത്തിയത്. വർണ്ണഭേദങ്ങളും ജാതിചിന്തയും കേവലം തോന്നലുകളാണ് എന്നു ബോധ്യപ്പെടുത്താൻ അനിവാര്യമായ പരാമർശങ്ങൾ മാത്രമാണ് അതൊക്കെയും. ജാത്യാഭിമാനവും ജാത്യാപകർഷവും തലയിലേറ്റിനടക്കാൻ ഒരു കാരണവും ആർക്കുമില്ലാ എന്ന സത്യം, നിസ്സന്ദേഹം സ്ഥാപിക്കാൻ ആവശ്യമായ

തിലധികം ഒന്നും ഇതിൽ പറഞ്ഞിട്ടില്ല. ആ സദുദ്ദേശ്യത്തെ അതേ അർത്ഥത്തിൽ തന്നെ സ്വീകരിക്കുക. ആരെയും അപമാനിക്കാൻ ആർക്കും അവകാശമില്ലെന്ന് ഓർമ്മിപ്പിക്കുക എന്നതുതന്നെയാണ് ഈ പഠനക്കുറിപ്പിന്റെ ലക്ഷ്യം.

ജാതിചിന്ത പരിപോഷിപ്പിക്കുന്ന ഒരു പ്രവൃത്തിയെയും പരിഷ്കൃത സമൂഹങ്ങൾ അനുകൂലിക്കുകയില്ല. എങ്കിലും,അടിയുറച്ച സാമൂഹികസത്യമായി ജാതി നമുക്കു മുന്നിലുണ്ട്. പേരു ചോദിച്ചാൽപോലും ഉത്തരമായി ജാതി കടന്നുവരുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ആ സമൂഹത്തിൽ തന്നെയാണ് കുറെ ജാതിനാമങ്ങൾ അപമാനസൂചകമായി ചിലർക്കുമേലെ ദുരുപയോഗിക്കപ്പെടുന്നതും. അതുകൊണ്ടുതന്നെ,അനേകശതം വർഷങ്ങളായി നിലനിൽക്കുന്ന ജാതിചിന്ത ഇല്ലാതാക്കുക സുസാധ്യമല്ല എന്നതാണു പരമാർത്ഥം. അത്രമേൽ ഉറച്ച അടിത്തറയിലാണ് ജാതി പടുത്തുയർത്തപ്പെട്ടിട്ടുള്ളത്.ജാത്യാഭിമാനവും ജാത്യാപകർഷവും കേവലം തോന്നലുകളിൽനിന്നുണ്ടാകുന്ന അയുക്തികഭ്രമംമാത്രമാണ് എന്നതാണു സത്യം. ആ ഒരു തിരിച്ചറിവുണ്ടാക്കുക തന്നെയാണ് ജാതിവിവേചനത്തിനുള്ള പ്രതിവിധി. സമൂഹത്തിലെ നിയന്ത്രണാധിക്കാരം കൈയാളിയിരുന്നവർ സ്വന്തം താത്പര്യങ്ങളുടെ സംരക്ഷണാർത്ഥം നിർമ്മിച്ചെടുത്ത ചില കുതന്ത്രങ്ങളിലാണ്, സമൂഹത്തെ വിഭജിച്ചു വേരുറപ്പിച്ച ആഢ്യത്വ-അധമചിന്തകളുടെ ആധാരം എന്നതിരിച്ചറിവും അംഗീകരണവും കൊണ്ടുമാത്രമേ ജാതിചിന്ത ദുർബ്ബലമാക്കൂ എന്നതാണ് സത്യം.

ചാതുർവർണ്യം ഹൈന്ദവസമൂഹത്തിൽ ഉണ്ടാക്കിയ വിഭജനത്തിന്റെ ഫലമായി, പൗരോഹിത്യവൃത്തിയുടേയും പൗരാണികകൃതികളുടേയും അധികാരാവകാശം ബ്രാഹ്മണ്യത്തിന്റെ കൈപ്പിടിയിൽ ഒതുങ്ങിയതോടെ, മറ്റു സമൂഹങ്ങൾക്ക് അവ അപ്രാപ്യമായി മാറി. അതിനാൽ തന്നെ, ആ പുസ്തകങ്ങളിൽ സംഭവിച്ച തിരുത്തലുകളും തിരുകിക്കയറ്റലുകളും സംബന്ധിച്ച സന്ദേഹങ്ങൾക്കു മറുപടി പറയാനുള്ള സ്വാഭാവികമായ കടമ ബ്രാഹ്മണ്യത്തിനാണ്. സനാതനസംസ്കൃതിയ്ക്ക് സംഭവിച്ച വീഴ്ചകളുടെയെല്ലാം ഉത്തരവാദിത്വം പൗരോഹിത്യസമൂഹത്തിനു മാത്രമാണെന്നല്ല അതിനർത്ഥം. അതിന്റെ ഭാഗമായി നിലനിന്ന സകല വിഭാഗങ്ങൾക്കും, ആ ച്യുതിയിൽ അവരുടേതായ പങ്കുണ്ട്. ആദ്ധ്യാത്മികവിഷയമെന്നതിലുപരി അതൊരു സാമൂഹിക പ്രശ്നമായതിനാൽ ആ വിഷയത്തിലെ ഭരണവിഭാഗത്തിന്റെ ബാദ്ധ്യത അവഗണയ്ക്കാനാവാത്തത്ര വലുതാണ്. എങ്കിലും, അക്കാലത്തെ സാമൂഹ്യസാഹചര്യങ്ങളനുസരിച്ച്, വിസ്തൃതമായ അധികാരങ്ങൾ കൈയ്യാളിയിരുന്ന രാജവർഗ്ഗത്തിന് പോലും പൗരോഹിത്യത്തിന്റെ കൈകളിലെ കടിഞ്ഞാണിൽനിന്ന് ഇടംവലംതിരിയാനുള്ള സ്വാതന്ത്ര്യം കൽപ്പിച്ചുകിട്ടിയിരുന്നില്ല. ദൈവവുമായി നേരിട്ടു ബന്ധമുള്ള 'ഭൂദേവന്മാരായ ബ്രാഹ്മണരുടെ' പ്രതിനിധികളായി ജനസേവനം ചെയ്യുക എന്നതായിരുന്നല്ലോ അന്നു ‘ക്ഷാത്രധർമ്മം’. അതിനു നിർബന്ധിതമാക്കുന്ന ഒരുപാട് ചട്ടങ്ങൾ സ്മൃതികൾ എന്ന പേരിൽ കാലാകാലങ്ങളിൽ ഉണ്ടാക്കി നടപ്പാക്കിപ്പോന്നു. അതിനാൽ സാമൂഹ്യവിഷയങ്ങളിൽപോലും അവസാനവാക്ക് ബ്രാഹ്മണപുരോഹിതന്മാരുടേതായി മാറി എന്നു പുരാണേതിഹാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സാമൂഹ്യശ്രേണിയിലെ മറ്റു വിഭാഗങ്ങളായ വൈശ്യരും ശൂദ്രരും

ശാക്തികമായി നിർണ്ണായകമായ ഒരു നിലയിലല്ലാതിരുന്നതുകൊണ്ടും, അവർക്ക് വിശുദ്ധഗ്രന്ഥങ്ങൾ അപ്രാപ്യമായിരുന്നതുകൊണ്ടും അവയിലെ തെറ്റുകൾക്ക് ആ സമൂഹങ്ങളെ പഴിക്കുന്നതിൽ തീരെ സാംഗത്യമില്ല. അതിനാലാണ്, അക്കാലത്തു സംഭവിച്ച അപചയങ്ങളുടെ ബാദ്ധ്യത ജാതിബ്രാഹ്മണ്യത്തിൽ ആരോപിക്കപ്പെടുന്നതും, അതു സംബന്ധിച്ച വിമർശനങ്ങളിൽ അവർ പ്രതിക്കൂട്ടിൽ നിറുത്തപ്പെടുന്നതും, ചോദ്യംചെയ്യലിനു വിധേയമാകുന്നതും. ഒരു സ്ഥാപനം(establishment) എന്ന നിലയിൽ ജാതിബ്രാഹ്മണ്യം അതിനെ നേരിട്ടേ മതിയാകൂ.

അതിനായി, 'ബ്രാഹ്മണ്യം' എന്നതുകൊണ്ട് എന്താണ് കൃത്യമായി അർത്ഥമാക്കുന്നതെന്നു മനസ്സിലാക്കണം. ബ്രാഹ്മണ്യം കേവലം 'ബ്രാഹ്മണജാതി'യെ പ്രതിനിധാനം ചെയ്യുന്ന ഒരു സ്ഥാപനമോ സ്വഭാവമോ അല്ല. അത് മനുഷ്യരിലെ സമത്വത്തെയും സ്വാതന്ത്ര്യത്തെയും സാഹോദര്യചിന്തയെയും അംഗീകരിക്കാത്ത, വംശവിശുദ്ധിവാദത്തിലധിഷ്ഠിതമായ ഒരു ഗുണവിശേഷമാണ്. അതുകൊണ്ട്,അത് വ്യത്യസ്ത വ്യക്തികളുടെയും സംഘടനകളുടെയും രൂപത്തിൽ മനുഷ്യസമൂഹങ്ങളെ മലിനമാക്കിക്കൊണ്ടിരിക്കുന്നു. താൻ, അല്ലെങ്കിൽ തന്റെ സമുദായം മറ്റെല്ലാ മനുഷ്യരേക്കാളും ഉന്നതരാണെന്നും, മറ്റു മനുഷ്യരെല്ലാം തങ്ങളുടെ സുഖസൗകര്യങ്ങൾ ഒരുക്കാൻവേണ്ടി മാത്രം 'സൃഷ്ടിക്കപ്പെട്ടവരാ'ണെന്നും അത്തരക്കാർ വിശ്വസിക്കുകയും, മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. അതിനുവേണ്ട പ്രമാണങ്ങൾ, സാമൂഹികമായി സ്വീകാര്യതയുള്ള വ്യക്തിത്വങ്ങളുടെ പേരിൽ അവർതന്നെ ഉണ്ടാക്കി പ്രചരിപ്പിക്കും. അതിനാൽത്തന്നെ അവർ പല കാലങ്ങളിലും പല രൂപത്തിലാണ് സമൂഹത്തിൽ ആധിപത്യ മനസ്കത പ്രദർശിപ്പിക്കുന്നത്. പഴയകാലത്ത് ഭാരതത്തിൽ ആ പ്രതിലോമകത പ്രകടിപ്പിച്ചത് ബ്രാഹ്മണരായിരുന്ന പൗരോഹിത്യനേതൃത്വമായിരുന്നു എന്നതുകൊണ്ടാണ് ആ മാനസികാവസ്ഥ 'ബ്രാഹ്മണ്യ'മെന്ന പൊതു സംജ്ഞകൊണ്ട് അടയാളപ്പെടുത്തപ്പെട്ടത്. അതേ മാനസികാവസ്ഥ വെച്ചുപുലർത്താത്ത (ജാതി)ബ്രാഹ്മണർ ബ്രാഹ്മണ്യത്തെ പ്രതിനിധീകരിക്കുന്നില്ല എന്നതുപോലെ, ആ വികല മാനസികാവസ്ഥ സൂക്ഷിക്കുന്ന മറ്റു വർണ്ണികളും ആ ആശയത്തിന്റെ പ്രയോക്താക്കളാണെന്നു കണക്കാക്കാം. 'ഫാസിസം' എന്ന പദം, കാലദേശാതീതമായി വെറുപ്പിന്റെയും പൗരാവകാശധ്വംസനത്തിന്റേയും പര്യായമായതുപോലെയുള്ള ഒരു പ്രതീകാത്മകബിംബമായി ആ പേരും മാറിയിട്ടുണ്ട്.

ലോകക്ഷേമത്തിനുവേണ്ടിയാണ് സൃഷ്ടിച്ചത് എന്നു ഗ്രന്ഥകാരന്മാർതന്നെ ആവർത്തിച്ചു പ്രഖ്യാപിക്കുന്ന പൗരാണികകൃതികളുടെ പൊതുസ്വഭാവത്തിലും ഘടനയിലും പിന്നീടു സംഭവിച്ചിട്ടുള്ള അപഭ്രംശങ്ങളുടെ പാപഭാരം തങ്ങളിൽ ആരോപിക്കപ്പെടുമ്പോൾ, നിരപരാധിത്വം തെളിയിക്കാനുള്ള ബാദ്ധ്യത ജാതിബ്രാഹ്മണ്യത്തിനുണ്ട്. അതിനർത്ഥം, ബ്രാഹ്മണജാതിയിൽ പിറന്നവരൊക്കെ മനുഷ്യവിരുദ്ധമായ അത്തരം അപനിർമ്മിതികളുടെ ഉത്തരവാദികളാണെന്നല്ല. ആധുനിക ഭാരതത്തിന്റെയും, വിശേഷിച്ചു കേരളത്തിന്റെയും ചരിത്രത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ നിരവധി ഉത്പതിഷ്ണുക്കളായ ബ്രാഹ്മണരെ കാണാൻ സാധിക്കും. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും സാമൂഹ്യമുന്നേറ്റങ്ങളിലെയും മുന്നണിപ്പോരാളിക

ളായും, സ്വതന്ത്രഭാരതത്തെ ഔന്നത്യത്തിൽ എത്തിച്ച കർമ്മയോഗികളായും തിളങ്ങിനിൽക്കുന്ന അവരെയോ, അവർക്കൊപ്പം നടന്നവരെയോ ഒരുവാക്കുകൊണ്ടുപോലും വേദനിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഒരു വ്യവസ്ഥിതിയെന്ന നിലയിൽ ബ്രാഹ്മണ്യം നടപ്പിലാക്കിയ 'നടപടികളുടെ പാപഭാരം' പറ്റാതെ, സ്വകർമ്മങ്ങളിൽ വ്യാപൃതരായി ജീവിച്ചവരാണ് ആ സമുദായത്തിലെ ബഹുഭൂരിപക്ഷവും. അപ്പോഴും, ഭാരതീയസമൂഹങ്ങളെ ഒരിക്കലും തിരിച്ചുകയറാനാകാത്ത വിഭജനത്തിന്റെയും വെറുപ്പിന്റെയും വിനാശത്തിന്റെയും പടുകുഴിയിൽ തള്ളിയിട്ട പാതകത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്നും ജാതിബ്രാഹ്മണ്യം എന്ന സംഘടിതശക്തിയെ ഒഴിച്ചുനിറുത്തിയുള്ള ചർച്ചകളൊക്കെ, സത്യസന്ധതയില്ലാത്ത വാചാടോപങ്ങൾ മാത്രമായിപ്പോകുമെന്ന അനിവാര്യതയാണ് ഈ പഠനത്തിലെ അതു സംബന്ധിച്ച അപ്രിയ പരാമർശങ്ങൾക്ക് അടിസ്ഥാനം. ആരേയും അവഹേളിക്കണമെന്ന ആഗ്രഹത്തോടെയല്ല ആ അപ്രിയ സാഹസത്തിനു മുതിരുന്നത്.

പൗരാണികഭാരതീയഗ്രന്ഥങ്ങൾ പഠിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം, ജാതിബ്രാഹ്മണ്യം ആ ചിത്രത്തിലേയില്ല എന്നതാണ്. ആ ഗ്രന്ഥങ്ങളുടെ രചയിതാക്കളായും കഥാപാത്രങ്ങളായും പ്രചാരകരായും അവരെ അപൂർവ്വമായേ കാണാനാകൂ. ഭാരതഭൂമിയിലേക്കു മാത്രമല്ല, സനാതനസംസ്കാരത്തിലേക്കും ആര്യന്മാർ 'അധിനിവേശം' നടത്തുകയായിരുന്നു. യഥാർത്ഥത്തിൽ, സനാതന സംസ്കൃതിയെന്നും ആർഷസംസ്കാരമെന്നും വിളിക്കപ്പെടുന്നത്, ആര്യന്മാർ സൃഷ്ടിച്ചെടുത്ത, അടിമുടി വിവേചനങ്ങളും വിലക്കുകളുംനിറഞ്ഞ സാമൂഹികാവസ്ഥയല്ല.ആര്യാധിനിവേശത്തിനു മുൻപ് ഈ മണ്ണിൽ നിലനിന്നിരുന്ന, സർവ്വജീവജാലങ്ങളും പരസ്പരം സഹകരിച്ചും സ്വാതന്ത്ര്യത്തോടെ ഇടപഴകിയും കഴിഞ്ഞിരുന്ന സംസ്കാരമാണ്. അധിനിവേശത്തെത്തുടർന്ന് ആര്യന്മാർ തകർത്തെറിഞ്ഞ നാഗരികതയാണ്. ഭാരതം എന്ന ഭൂമികയിലേക്ക് ആര്യന്മാർ ഏതു പ്രകാരത്തിൽ അധിനിവേശം നടത്തി അധികാരം കൈപ്പിടിയിലൊതുക്കിയോ, അതുപോലെതന്നെ സനാതനസംസ്കൃതിയുടെ സമസ്തമേഖലകളിലും നുഴഞ്ഞുകയറി അധിപത്യമുറപ്പിക്കുകയായിരുന്നു ജാതിബ്രാഹ്മണ്യം. ബ്രഹ്മജ്ഞാനികളായ ഭാരതീയ മഹർഷിമാരെ അടയാളപ്പെടുത്താൻ ഉപയോഗിച്ചിരുന്ന 'ബ്രാഹ്മണൻ' എന്ന വാക്ക് സ്വന്തം മേൽവിലാസമാക്കിയതിലൂടെ നേടിയ അപ്രമാദിത്വം, ആ സംസ്കാരത്തെ മൊത്തം കാൽക്കീഴിലൊതുക്കാൻ ആര്യർ വിദഗ്ദമായി പ്രയോജനപ്പെടുത്തി. പൂർവ്വസൂരികളായ സന്യാസിമാർ സാധനയിലൂടെ കണ്ടെത്തിയ(ദർശിച്ച)അദ്ധ്യാത്മവിദ്യ സ്വനിയന്ത്രണത്തിലാക്കുകയും, സ്വാർത്ഥപരതയോടുകൂടി അപനിർമ്മിക്കുകയും, അപരർക്കു നിരാകരിക്കുകയും ചെയ്തു. മനുഷ്യമനസ്സുകളിലെ സഹജമായ ഈശ്വരഭക്തിയെ ദുരുപയോഗം ചെയ്ത് എതിർശബ്ദങ്ങളുയരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കി സർവ്വരെയും ചൊല്പടിയിലാക്കി. പതിറ്റാണ്ടുകളിലൂടെ നടപ്പാക്കപ്പെട്ട ആ ഗൂഢപദ്ധതിയുടെ പരിണതഫലമാണ്, ലോകത്തിലെ ഏറ്റവും മഹത്തായ ദർശനമെന്ന നിലയിൽനിന്ന്, ഏറ്റവും പരിതാപകരവും ശിഥിലവുമായ സാമൂഹികാവസ്ഥയിലേയ്ക്കുള്ള സനാതനസംസ്കാരത്തിന്റെ തകർച്ച. ആ വീഴ്ചയിൽനിന്നും കരകയറാനും, കൂടെയുള്ളവരെ കൈപിടിച്ചുയർത്താനുമുള്ള ബാദ്ധ്യത ഓരോ മനുഷ്യനുമുണ്ട്.

അതിനുള്ള മാർഗ്ഗം, അടച്ചിട്ട അറകളിൽ കുടുങ്ങിക്കിടക്കുന്ന സത്യം കണ്ടെത്തി വിളിച്ചുപറയുക എന്നതുതന്നെയാണ്. അതിനുള്ള ഒരു എളിയ ശ്രമമാണ് ഈ പഠന ക്കുറിപ്പിലൂടെ നിർവ്വഹിക്കുവാൻ ശ്രമിക്കുന്നത് .

ഈ പഠനക്കുറിപ്പിലെ ഏതെങ്കിലും പരാമർശങ്ങൾ ആർക്കെങ്കിലും അപകീർത്തി കരമായി തോന്നുന്നെങ്കിൽ, അതിന്റെ ഉത്തരവാദിത്വം, അത്തരം പ്രവൃത്തികൾ ചെയ്തവർക്കുമാത്രമാണ്. അവർ ചെയ്ത അപരാധങ്ങളുടെ ഇരകൾ എന്നനിലയി ൽ നൂറ്റാണ്ടുകളായി അവഹേളനവും അധഃസ്ഥിതാവസ്ഥയും സഹിച്ചുകൊണ്ടിരി ക്കുന്ന സമൂഹങ്ങളുടെ, നരകയാതനകളിൽ ഒരംശം പോലും ക്ലേശമുണ്ടാക്കാൻ ഇ തിലെ ഏറ്റവും കടുത്ത പരാമർശങ്ങൾക്കുപോലും കഴിയില്ലെന്ന ഉറച്ചവിശ്വാസമു ള്ളതിനാൽ, കണ്ടറിഞ്ഞ സംഗതികൾ അതേ രീതിയിൽ അവതരിപ്പിക്കുന്നു. ആർ ക്കെങ്കിലും അഹിതകരമാകും എന്നതുകൊണ്ടുമാത്രം, കൺമുന്നിൽ കണ്ട വസ്തു തകൾ വിഴുങ്ങാനാവില്ലല്ലോ. ലോകത്തിലെ ഏറ്റവും ഉദാത്തമായ ഒരു സംസ്കൃതി യെ വഴിതെറ്റിച്ചത് ഒന്നോ പത്തോ നൂറോ ആളുകളായാൽപ്പോലും, അവരെ കാലം വിചാരണചെയ്യും. ഇതിനുമുമ്പേ ഒരുപാടുപേർ പല പ്രകാരത്തിൽ ആ കർത്തവ്യം നിർവ്വഹിച്ചതിനാലാണ് ഈ സംസ്കാരം തകർന്നുപോകാതെ നിലനിൽക്കുന്നത്. ജാതിവിവേചനം എന്ന ദുരന്തത്തിന്റെ ബാക്കിപത്രമായി ഒരാളെങ്കിലും ഈ മണ്ണി ൽ വേട്ടയാടപ്പെടുന്നിടത്തോളം കാലം, ആ വികൃതചിന്തകളുടെ സ്രഷ്ടാക്കൾ വി സ്താരം ചെയ്യപ്പെടുകതന്നെ വേണം. കാലാകാലങ്ങളായി സംഭവിച്ചിട്ടുള്ള അത്ത രത്തിൽ ഉള്ള ഓരോ ചോദ്യംചെയ്യലും, കാലത്തിന്റെ അനിവാര്യമായ കാവ്യകർ മ്മമാണ്. ജാതിമേധാവിത്വം ബ്രാഹ്മണർക്കു കൊടുത്ത അതിരുകളില്ലാത്ത അധി കാരം ആസ്വദിച്ചിരുന്ന, ഇന്നും അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചുകൊണ്ടിരി ക്കുന്ന അവരിൽ ഓരോരുത്തരുടേയും നിശബ്ദതപോലും, അന്യസമൂഹങ്ങൾക്ക് അന്തമില്ലാത്തത്ര ആഘാതങ്ങളാണ് ഏൽപ്പിച്ചത്. അതിനാൽ, ആധുനികകാലത്ത് നടക്കുന്ന പഠനങ്ങളിലെ കണ്ടെത്തലുകളോട് അസഹിഷ്ണുതയോടെ പ്രതികരി ക്കാതെ, സത്യം അംഗീകരിക്കുന്നതിനും, പുനർവിചിന്തനത്തിനുള്ള വാതിൽ തുറ ക്കുന്നതിനും, പിഴവുകൾ അവർത്തിക്കാതിരിക്കാനും, ബ്രാഹ്മണരിലെ മനുഷ്യപ ക്ഷത്തുനിൽക്കുന്ന പുതുതലമുറകൾ തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഒരു സാമുദായികശക്തി എന്ന നിലയിൽ, ജാതിബ്രാഹ്മണ്യം കേരളത്തിലെങ്കിലും തീരെ അപ്രസക്തമായ ഈ കാലഘട്ടത്തിൽ ജീവിക്കുമ്പോൾ, ഇത്തരമൊരു വിഷ യം പ്രസക്തമാണോയെന്ന ചോദ്യം ചിലരിൽനിന്നുണ്ടാകാം. ഭൂതകാലത്തെ തെറ്റു കളുടെ പേരിൽ ഒരു സമൂഹത്തെ ഇപ്പോൾ വിമർശിക്കുന്നതുകൊണ്ട് എന്തു ഫലം എന്ന സംശയവുമുണ്ടാകാം. അത്തരം നിഷ്കളങ്കമായി തോന്നാവുന്ന സന്ദേഹങ്ങ ൾക്കുള്ള മറുപടി ഒന്നേയുള്ളൂ: ഭാരതത്തിൽ ഒരു മനുഷ്യനെങ്കിലും ജാതിഭേദത്തി ന്റെ പേരിൽ അധിക്ഷേപിക്കപ്പെടുന്നുണ്ടെങ്കിൽ, ആക്രമിക്കപ്പെടുന്നുണ്ടെങ്കിൽ, ഒരാൾ എങ്കിലും അത്യന്തം അധഃസ്ഥിതാവസ്ഥയിൽ തുടരുന്നുണ്ടെങ്കിൽ,അതിനു കാരണഭൂതമായ ചാതുർവർണ്യവും, അതിന്റെ ഉപോത്പന്നമായ ജാതിവ്യവസ്ഥി തിയും, അതിന്റെ സ്രഷ്ടാക്കളായ ജാതിബ്രാഹ്മണ്യവും, അവരുടെ ആയുധമായ മനുസ്മൃതിയും വിമർശിക്കപ്പെടുകതന്നെ ചെയ്യും. അത്, ഈ മണ്ണിൽ ആഴത്തിൽ

വേരുറപ്പിച്ച 'അദ്വൈതബോധ'ത്തിന്റെ ആർജ്ജവമാണു വെളിവാക്കുന്നത്. ആർഷസംസ്കാരത്തിന്റെ ഈ മണ്ണിലെ അവശേഷിപ്പുകളാണ് അതിന്റെ കാരണം.

കേരളത്തിലെ സവിശേഷ സാമൂഹികസാഹചര്യങ്ങൾ മൂലം, നമ്പൂതിരിമാർ എന്ന് അറിയപ്പെടുന്ന ബ്രാഹ്മണർക്കൊഴികെ, മറ്റു സമുദായങ്ങളിൽ ജനിച്ചു ജീവിക്കുന്ന ആർക്കും മനുസ്മൃതിയെയോ, അതിനെ അടിസ്ഥാനമാക്കി നടപ്പാക്കപ്പെട്ട വർണ്ണവിഭജനവ്യവസ്ഥയെയോ, അതിന്റെ പരിവർത്തിത രൂപമായ ജാതിഭേദത്തെയോ, ന്യായീകരിക്കേണ്ടുന്ന ബാദ്ധ്യതയില്ല. മലയാളക്കരയിൽ 'ചാതുർവർണ്യവിഭജനം' തനിസ്വരൂപത്തിൽ നിലവിലിരുന്നില്ല എന്നതാണ് വസ്തുത. ഇവിടെ ബ്രാഹ്മണരും ശൂദ്രരും, ചാതുർവർണ്യവ്യവസ്ഥിതിയ്ക്കു പുറത്തുള്ള ജനവിഭാഗങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ക്ഷത്രിയ-വൈശ്യ വർണ്ണങ്ങൾ ഉണ്ടായിരുന്നില്ല. നായർ-അമ്പലവാസിസമുദായങ്ങളിൽപെട്ടവരൊക്കെ ബ്രാഹ്മണരുടെ ദാസ്യവേലചെയ്യുന്ന സമൂഹങ്ങളെന്ന നിലയിൽ ശൂദ്രരായാണു കണക്കാക്കപ്പെട്ടിരുന്നത്. ഇതര ജാതിവിഭാഗങ്ങളെല്ലാം ചാതുർവർണ്യത്തിന്റെ പരിധിയിൽ വരാത്ത, പുറംജാതീയരായ പഞ്ചമർ ആയിരുന്നു. മാമാങ്കത്തിന്റെ മറവിൽ നടന്ന ചാവേറാക്രമണം എന്ന അധ്യായത്തിലെ വിശദാംശങ്ങൾ കാണുക. അതുകൊണ്ടുതന്നെ, കേരളത്തിൽ ഇന്നു ജീവിക്കുന്ന അബ്രാഹ്മണരായ മനുഷ്യരുടെയൊക്കെ പൂർവ്വികർ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പല കാലങ്ങളിലായി പുരോഹിത്യവർഗ്ഗത്തിന്റെ പീഡനങ്ങൾക്ക് ഇരയായിരുന്നു എന്ന് തീർച്ച. അതുകൊണ്ട്,കാലാന്തരത്തിൽവന്ന അവസ്ഥാമാറ്റത്തിന്റെ ഫലമായി 'ആഢ്യത്വം കൈവന്ന' ആരെങ്കിലും, അത്തരം മനുഷ്യവിരുദ്ധ നിലപാടുകളെ നീതീകരിക്കാൻ ശ്രമിക്കുന്നുവെങ്കിൽ, അത് നരകയാതനകൾ നേരിടേണ്ടിവന്ന സ്വന്തം പൂർവ്വികരോടു ചെയ്യുന്ന നെറികേടാണ്.

എന്റെ മനസ്സിലുയർന്ന കുറെ സംശയങ്ങൾക്കുള്ള ഉത്തരം തേടി നടത്തിയ യാത്രയിലെ ഏതാനും കണ്ടെത്തലുകൾ മാത്രമാണ് ഈ പഠനക്കുറിപ്പ്. പ്രാണനെടുത്തവയ്ക്കെല്ലാം തികച്ചും ഹിതമായതെന്തോ, അതാണ് സത്യം(യദ് ഭൂതഹിതമത്യന്ത മേതൽ സത്യം മതം മമഃ) എന്നതാണ് ഈ പഠനത്തിന് അവലംബമായി എടുത്തിട്ടുള്ള മാനദണ്ഡം. ഹിതം എന്ന പദത്തിന്, ഇഷ്ടം എന്ന സാമാന്യ അർത്ഥതലമല്ല ഉള്ളത്. ഹിതമായത് എന്നതിനെ,ആരെയെങ്കിലും സുഖിപ്പിക്കുന്നത് എന്ന കേവലഅർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത്. മറ്റാരെങ്കിലും ചെയ്താൽ തനിക്കു സ്വീകാര്യമാകുന്നതെന്തോ അതുമാത്രമേ താൻ മറ്റുള്ളവരോടും ചെയ്യാവൂ എന്ന പ്രതിപക്ഷഭാവനയിൽ അധിഷ്ഠിതമായ സ്വീകാര്യതയാണ് ഹിതം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഒരാൾ, അല്ലെങ്കിൽ ഒരു സമൂഹം, മറ്റൊരാൾക്കോ മറ്റു സമൂഹങ്ങൾക്കോ മേൽ ഏർപ്പെടുത്തുന്ന നിയമനിർവ്വഹണം,ആ സ്ഥാനത്തു തങ്ങളായിരുന്നെങ്കിൽ സ്വീകാര്യമാകുമോ എന്നതാണ് ഹിതം എന്ന പദത്തിന്റെ യഥാർത്ഥമായ പരിപ്രേക്ഷ്യം.അതായിരിക്കണം ഓരോ വിഷയത്തിലും മനുഷ്യൻ പുലർത്തേണ്ട സ്വീകാര്യതയുടെ അളവുകോൽ. അത്തരത്തിൽ, സകലർക്കും ഹിതമായ കാര്യങ്ങൾ മാത്രമേ 'സത്യ'മായി കാണാൻകഴിയൂ. അധികാരവും ആയുധവും ഉപയോഗിച്ച് അടിച്ചേൽപ്പിക്കുന്ന നിയമങ്ങളും നിയന്ത്രണങ്ങളുമല്ല; സർവ്വർക്കും സ്വീകാര്യമായതു മാത്രമാണ് സത്യം. മഹാഭാരതം ശാന്തിപർവ്വത്തിൽ ശ്രീശുക്രനോട് നാരദമഹർഷി

പറയുന്ന ഒരു വചനത്തിലാണ്(329.3)ഈ മഹത്തായ ആശയം അവതരിപ്പിക്കുന്നത്: 'സത്യസ്യ വചനം ശ്രേയഃ സത്യാദപി ഹിതം വദേത്/ യദ് ഭൂതഹിതമത്യന്തം ഏതത് സത്യം മതം മമ'. സത്യം പറയുക എന്നുള്ളത് ശ്രേയസ്കരം തന്നെയാണ്. എന്നാൽ, അതിനേക്കാൾ ശ്രേയസ്കരം ഹിതം ചെയ്യുകയാണ്. യാതൊന്നാണോ സകല ജീവ ജാലങ്ങൾക്കും ഹിതകരമായിട്ടുള്ളത്, അതാണ് ആത്യന്തികസത്യം എന്നാണ് നാര ദൻ തന്റെ അഭിപ്രായമായി ലോകത്തോട് ഉപദേശിച്ചത്. യുധിഷ്ഠിരനു ധർമ്മോപ ദേശം നൽകുമ്പോൾ, മറ്റൊരിക്കൽക്കൂടി നാരദമഹർഷി ധർമ്മവ്യാധന്റെ വാക്കു കളിലൂടെ അതിനു സമാനമായ ആശയം അവതരിപ്പിക്കുന്നുണ്ട്. 'അനൃതേന ഭവേ ത് സത്യം,സത്യേനൈവാനൃതം ഭവേത് യദ്ഭൂതഹിതമത്യന്തം തത് സത്യമിതി ധാര ണാ വിപര്യയഃ കൃതോങ്ക ധർമ്മ പശ്യ ധധർമ്മസ്യ സൂക്ഷ്മതാം.'(മഹാഭാരതം, വന പർവ്വം, 209-3,4). യഥാർത്ഥ സത്യപാലനം ഭൂതഹിതം(ലോകഹിതം) നിറവേറ്റുക എ ന്നുള്ളുതാണെന്നും ആ ധാരണയ്ക്കു വിപരീതമായി പ്രവർത്തിച്ചാൽ, അത് അധർ മ്മമാകുമെന്നും നാരദനും, നാരദനിലൂടെ വ്യാസനും അടിവരയിട്ടു പറയുമ്പോൾ, അക്കാര്യത്തിൽ സംശയത്തിനു കാരണമേയില്ലല്ലോ. ആ സത്യത്തിന്റെ വിജയമാ ണ് പൗരാണികഗ്രന്ഥങ്ങൾ പല രൂപത്തിൽ പ്രഖ്യാപിക്കുന്നത്. സത്യത്തെ ആധാര മാക്കി, സത്യമത്രേ സനാതനധർമ്മം; സത്യം സനാതന ബ്രഹ്മമാണ് (ധർമ്മഃ സനാത നസത്യം; സത്യം ബ്രഹ്മസനാതനം) എന്നാണല്ലോ വേദവ്യാസൻ തന്നെ മഹാഭാരത ത്തിലൂടെ സനാതനധർമ്മത്തെ നിർവ്വചിക്കുന്നത്.

കാലാകാലങ്ങളായി പ്രചാരത്തിലുള്ള ചില കള്ളങ്ങളുടെ പൊരുൾ തേടിയുള്ള പ്ര യാണത്തിന്റെ പരിസമാപ്തിയാണ് ഈ പഠനക്കുറിപ്പ്. ഇതിലെ പ്രതിപാദനങ്ങൾ ഒന്നും പുതിയ കാര്യങ്ങളല്ല; അന്വേഷിച്ചാൽ ആർക്കും കണ്ടെത്താനാകുന്നതു ത ന്നെയാണ്. ഇത് ഒരിക്കലും ഒരു അന്തിമവിധിയോ അവസാനവാക്കോ അല്ല; എളി യ തുടക്കം മാത്രമാണ്. ഇനിയും കണ്ടെത്താത്ത കൗതുകങ്ങളിലേയ്ക്കുള്ള യാത്ര കളുടെ തുടക്കം. 'തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യ വ്യവസ്ഥിതൗ ജ്ഞാ ത്വാ ശാസ്ത്രവിധാനോക്തം കർമ്മകർത്തു മിഹാർഹസി' എന്ന ഭഗവത്ഗീതാശ്ലോ കമാകട്ടെ പ്രമാണം(അധ്യായം:16 ശ്ലോകം:24). ചെയ്യരുതാത്തതും ചെയ്യേണ്ടതും വേ ർതിരിച്ചറിയാൻ ശാസ്ത്രം മാത്രമാകട്ടെ പ്രമാണം'. സ്വാർത്ഥതാത്പര്യാർത്ഥമുള്ള വ്യാഖ്യാനങ്ങളിലൂടെ സമൂഹത്തെ വഴിതെറ്റിച്ചു നടത്താൻ ശ്രമിക്കുന്നവരെ പ്രമാ ണമാക്കരുതെന്നു ചുരുക്കം. എന്റെ കാഴ്ചയിൽ പെടാതെപോയ കൂടുതൽ സത്യ ങ്ങൾ കണ്ടെത്തി ഈ ലോകത്തിനു സമർപ്പിക്കുവാൻ ഈ പ്രബന്ധം വായിക്കുന്ന ഓരോ മനുഷ്യസ്നേഹിയെയും ക്ഷണിക്കുന്നു.

- ഗിരീഷ്കുമാർ ശ്രീലകം

അഭിപ്രായങ്ങൾ *e-mail*ൽ അറിയിക്കുക: *sbh.sathyam@gmail.com*

യതോധർമ്മ സ്തതോ ജയഃ

ഓരോ പ്രാണിജന്മത്തിന്റെയും ആത്യന്തിക ലക്ഷ്യമായി സനാതനധർമ്മം കാണുന്നത് മോക്ഷമാണ്. മോക്ഷം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, പൊതുവെ കരുതപ്പെടുന്ന സ്വർഗ്ഗപ്രാപ്തിയല്ല; മറിച്ച്, മായയായ പ്രകൃതിയുടെ കെട്ടുപാടുകളിൽ നിന്നും വിടുതൽനേടി പരമസത്യത്തിൽ ലയിക്കലാണ്; സകല ബന്ധനങ്ങളിൽനിന്നുമുള്ള മോചനമാണ്. അതിനുള്ള ഉപായം, അനശ്വരമായ ആത്മാവാണ്; നശ്വരമായ ശരീരമല്ല താനെന്ന അപരോക്ഷാനുഭൂതി സ്വായത്തമാക്കുക എന്നതാണെന്ന് ആദ്ധ്യാത്മികഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. ആ ലക്ഷ്യത്തിലേക്ക് ഓരോ മനുഷ്യജന്മത്തെയും നയിക്കുക എന്ന ഉദ്ദേശ്യത്തോടെ തെളിയ്ക്കപ്പെട്ട വഴിവിളക്കുകളാണ് സനാതനശാസ്ത്രഗ്രന്ഥങ്ങൾ. (ശാസ്ത്രഗ്രന്ഥങ്ങൾ എന്ന പ്രയോഗത്തിലെ ശാസ്ത്രമെന്ന ശബ്ദത്തെ, ധർമ്മശാസ്ത്രം അല്ലെങ്കിൽ ദൈവശാസ്ത്രം എന്ന അർത്ഥത്തിലാണ്; സയൻസ് എന്ന നിലയിലല്ല കാണേണ്ടതെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ).

ലോകത്ത് എല്ലാ മനുഷ്യർക്കും ധർമ്മബോധമുണ്ട്. സർവ്വ മനുഷ്യർക്കും അധർമ്മത്തിനെതിരെ ചരിക്കാൻ വെമ്പുന്ന ആത്മാവുമുണ്ട്. എന്നാൽ, മഹാഭാരതത്തിലെ പ്രതിനായകനായ ദുര്യോധനൻ പരിതപിക്കുന്നതുപോലെ, എല്ലാവരും ഒരു വിഷമഘട്ടത്തിലാണ്: ധർമ്മമെന്തെന്ന് എനിക്കറിയാം; എന്നാൽ, അതനുഷ്ഠിക്കാൻ കഴിയുന്നില്ല. അധർമ്മമെന്തെന്നും അറിയാം. പക്ഷേ, അതിൽനിന്ന് വിട്ടുനിൽക്കാനും കഴിയുന്നില്ല(ജാനാമിധർമ്മം നചമേ പ്രവൃത്തി; ജാനാമ്യധർമ്മം നചമേ നിവൃത്തി). ആ പ്രതിസന്ധി തരണം ചെയ്യുവാനുള്ള പാതയാണ് പൗരാണികകൃതികൾ കാണിച്ചുതരുന്നത്. ആരും ദേവന്മാരോ അസുന്മാരോ ആയി ജനിക്കുന്നില്ല; ആ രണ്ടുതരം 'സമ്പത്തു'കളിൽ ഏതെങ്കിലും ഒന്നു സ്വായത്തമാക്കാൻ കാരണമാകുന്ന വാസനകൾ സുബലമാക്കി, ലോകസംസർഗ്ഗം നമ്മളെ മാറ്റിത്തീർക്കുകയാണ് എന്ന ആത്യന്തികസത്യമാണ് അനവധി കഥകളിലൂടെ നമ്മളിലേക്കു പകരാൻ പരമസാത്വികരായ മുനിവര്യന്മാർ ശ്രമിക്കുന്നത്. (പൗരാണികഗ്രന്ഥങ്ങളുടെ വിഷയത്തിൽ, കഥയെന്ന സംജ്ഞയെ വെറും സാങ്കല്പികസൃഷ്ടി എന്ന അർത്ഥത്തിൽ ഒതുക്കി കാണാതെ, കഥനം ചെയ്യപ്പെട്ടത് എന്ന നിലയിൽ എടുക്കുന്നതാണ് ഉചിതം എന്നു തോന്നുന്നു). അതുകൊണ്ടുതന്നെ, പറയപ്പെടുന്ന കഥകൾ വെറും ഉപകരണങ്ങൾ മാത്രമാണ്. വായനക്കാർ കരസ്ഥമാക്കേണ്ടത് അവ നൽകുന്ന ധാർമ്മികസത്തയാണ്.

മായാകല്പിതമായ ബാഹ്യവിഷയങ്ങളുടെ ബന്ധനങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള വഴിതെളിക്കേണ്ട ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ, വർണ്ണം,ജാതി,ലിംഗം തുടങ്ങിയ വേർതിരിവുകളിലും ഒട്ടലുകളിലും മനുഷ്യരെ കുരുക്കിയിട്ട് മോക്ഷസാധ്യത ഇല്ലാതാക്കുമെന്നു കരുതാനാകുമോ? 'ഇല്ല' എന്ന ഉറച്ചവിശ്വാസമാണ് എന്നെ ഈ അന്വേഷണവഴിയിൽ എത്തിച്ചത്. ആ വിശ്വാസത്തിന് അടിവരയിടുന്ന കാര്യങ്ങളാണ് ഈ യാത്രയിൽ കണ്ടത്. ആ സത്യങ്ങൾ ഒന്നും തന്നെ എന്റെ കണ്ടെത്തലുകളല്ല; എനിക്കുമുൻപ് ഒരുപാടുപേർ കണ്ടറിഞ്ഞതാണ്. ആ വഴികളിലൂടെ പോകുന്ന ഏതൊരാൾക്കും കണ്ടുകിട്ടുന്നവ തന്നെയാണ്. ആർക്കെങ്കിലും അത് അനുഭവയോഗ്യമാകുന്നില്ലെങ്കിൽ അതിന്റെ കാരണം അവർ ആ വഴിയിൽ സഞ്ചരിച്ചിട്ടില്ല എന്നതു

മാത്രമാണ്. പിന്നെ, ആ വഴിയിൽ സഞ്ചരിച്ചവരിൽ അധികമാളുകളും എന്തുകൊണ്ട് ആ വസ്തുതകൾ വിളിച്ചുപറയാനും വെളിച്ചത്തുകൊണ്ടുവരാനും തയ്യാറായില്ലായെന്നതും ചിന്തിക്കേണ്ടതുണ്ട്. സ്വന്തം പക്ഷത്തിന്റെ സുരക്ഷയെ വെല്ലുവിളിക്കുന്ന രീതിയിലുള്ള നിഷ്പക്ഷത, നമ്മുടെ 'ചരിത്രകാരന്മാർപോലും' പലപ്പോഴും പുലർത്തിയിട്ടില്ല എന്നതാണ് അതിനുള്ള ഉത്തരം.

സത്യത്തിന്റെയും ധർമ്മത്തിന്റെയും ആത്യന്തികവിജയം ഉറപ്പുനൽകുന്ന മഹാസൃഷ്ടികളാണ് ഓരോ പൗരാണികഗ്രന്ഥവും. അതിനാൽ, അവയിൽ അവതരിപ്പിക്കുന്ന പ്രമേയങ്ങൾ, ധാർമ്മികതയിലും സത്യത്തിലും നീതിയിലും അടിയുറച്ചവ തന്നെയാണ് എന്നു വിശ്വസിക്കുന്നതാണു യുക്തി. അത്തരം ഗ്രന്ഥങ്ങളുടെ ശുദ്ധിയില്ലാതാക്കുന്നത് അവ പഠിക്കുന്ന വ്യക്തികളുടെ വംശവിശുദ്ധിയല്ല; അവയിലെ പ്രതിപാദ്യങ്ങൾക്കുമേൽ നടത്തുന്ന കടന്നുകയറ്റങ്ങളാണ്. അത്തരം അപനിർമ്മിതികളെ വെളിച്ചത്തു കൊണ്ടുവരികയാണല്ലോ ആ കൃതികളുയർത്തിപ്പിടിക്കുന്ന ധാർമ്മികതയുടെ വിജയം ഉറപ്പാക്കാനുള്ള ഉപായം. അതിനാൽ, എവിടെയാണോ ധർമ്മം; അവിടെയാണു ജയം(യാതോ ധർമ്മ സ്തതോ ജയഃ) എന്ന് അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്ന പൗരാണികഗ്രന്ഥങ്ങളുടെ ഉദ്ദേശ്യം പരാജയപ്പെടാതെ കാക്കാനുള്ള ചുമതലാബോധം അവയെ ആദരിക്കുന്ന ഓരോ മനുഷ്യനും ഉണ്ടായേപറ്റൂ. ആ ദിശയിലാണ് ഈ പഠനം സഞ്ചരിക്കാൻ ശ്രമിക്കുന്നത്.

സർവ്വർക്കും വേണ്ടിയുള്ള സൃഷ്ടികൾ

വിദ്വാൻ കെ.പ്രകാശം പരിഭാഷപ്പെടുത്തിയ, സമ്പൂർണ്ണ മഹാഭാരതത്തിന്റെ അവതാരികയിൽ ശ്രീ സുകുമാർപൊറ്റക്കാട് അഭിപ്രായപ്പെടുന്നതു കണക്കെ, 'വ്യക്തി ജീവിതത്തിലോ സാമൂഹിക ജീവിതത്തിലോ ഏതേതു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവന്നാലും, ആ ഇതിഹാസത്തിലേയ്ക്കു തിരിഞ്ഞു നോക്കുകയാണെങ്കിൽ, നമുക്കു പ്രതിവിധിയുടെ വെളിച്ചം കണ്ടെത്താനാകും. പോംവഴി അടഞ്ഞുപോയ സാഹചര്യമാണെങ്കിൽപോലും, സമചിത്തതയോടെ അതെല്ലാം നേരിടുവാനും, പ്രശ്നത്തിന്റെ ഞെരുക്കം സഹനീയമാക്കുവാനും അതു സഹായകമാകും'. പുരാണേതിഹാസങ്ങളുടെ രചനാരഹസ്യം കൃത്യമായി നിർവ്വചിക്കുന്ന ഒരു നിരീക്ഷണമാണിത്. ഹൈന്ദവ പുണ്യഗ്രന്ഥങ്ങളുടെയെല്ലാം രചന നിർവ്വഹിക്കപ്പെട്ടിട്ടുള്ളത് സർവ്വമനുഷ്യരുടെയും നന്മയെ ലക്ഷ്യമാക്കിയാണെന്ന് അവയുടെ കർത്താക്കൾ തന്നെ അതാതു ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അവരുടെ വാക്കുകളെ വിശ്വാസത്തിലെടുക്കുകയാണ് ആ ഗ്രന്ഥങ്ങളിൽ കലക്കിയിട്ടുള്ള മാലിന്യങ്ങളെ മനസ്സിലാക്കാനുള്ള എളുപ്പമാർഗ്ഗം. അതിനാൽ, ആ ഗ്രന്ഥങ്ങൾ ഏതെങ്കിലുമൊരു വിഭാഗത്തിനുവേണ്ടി മാത്രമുള്ളതാണെന്നും, ഏതെങ്കിലും കുറെ വിഭാഗങ്ങൾക്കു നിഷിദ്ധമാണെന്നുമുള്ള വാദങ്ങൾ കളവാണെന്ന് ഉറപ്പിക്കാം.

മഹാഭാരതത്തിലെ അനുക്രമപർവ്വത്തിൽ, ഭാരതകഥയുടെ നിർമ്മിതി പ്രസ്താവിക്കുന്നയിടത്ത്, 'നരലോകത്തിനുള്ള മഹാഭാരതം ഒരു ലക്ഷം ശ്ലോകങ്ങൾകൊണ്ടു നിർമ്മിച്ചു' എന്നു കാണാം. മുപ്പതു ലക്ഷം ദേവന്മാർക്കും പതിനഞ്ചു ലക്ഷം പിതൃക്കൾക്കും പതിനാലു ലക്ഷം ഗന്ധർവ്വർക്കും വേണ്ടി സൃഷ്ടിച്ച, അറുപതു ലക്ഷം

ശ്ലോകങ്ങൾ അടങ്ങുന്ന ഒരു മഹാഭാരതസംഹിത വേറെ രചിച്ചിട്ടുണ്ട് എന്ന പരാമർശത്തിനൊപ്പമാണ്, നരലോകത്തിനുവേണ്ടി രചിക്കപ്പെട്ട ഗ്രന്ഥത്തെക്കുറിച്ചുള്ള വിവരണം. നരനായിപ്പിറന്ന സകലർക്കുംവേണ്ടി സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ സമ്മതിയോടെ നിർമ്മിക്കപ്പെട്ട ഗ്രന്ഥം ചിലർക്കു മാത്രമായി നിജപ്പെടുത്തുന്നതും, ചിലർക്കു നിരാകരിക്കുന്നതും വേദവിരുദ്ധവും മനുഷ്യവിരുദ്ധവും അല്ലാതെന്ത്? തന്റെ മനതാരിൽ എഴുതി സൂക്ഷിച്ചിട്ടുള്ള മഹാഭാരതകഥയുടെ വൃത്താന്തം ബ്രഹ്മാവിനോടു പറയുന്ന വേളയിൽ വ്യാസർ അതിന്റെ ഉള്ളടക്കം വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം പറയുന്നു: 'വേദരഹസ്യങ്ങൾ, അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടിയ വേദങ്ങൾ, വേദങ്ങളുടെ വിസ്താരം, ഉപനിഷത്തുകൾ, അദ്ധ്യാത്മവിധി, മറ്റു ശാസ്ത്രങ്ങൾ, ഉന്മേഷപോഷണങ്ങളായ ഇതിഹാസപുരാണങ്ങൾ, ദിവ്യമാനുഷർക്കുള്ള യുക്തിദർശനം എന്നിവയും, മറ്റു പലതും ഞാൻ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്'. അതുകേട്ട് വ്യാസനെ പുകഴ്ത്തി അനുഗ്രഹിച്ച് 'സർവ്വശാസ്ത്രസത്തയായ മഹാഭാരതം' എഴുതിയെടുക്കാൻ വിഘ്നേശ്വരനെ നിർദ്ദേശിക്കുന്ന ബ്രഹ്മാവും,ആ ഗ്രന്ഥവും അതിലുൾക്കൊള്ളുന്ന ജ്ഞാനവും ആർക്കെങ്കിലുമായി പരിമിതപ്പെടുത്തിയതായി കാണുന്നില്ലാ. ഗണനായകനെ വണങ്ങി പ്രത്യക്ഷപ്പെടുത്തിയ വ്യാസൻ, താൻ ചൊല്ലിത്തരുന്ന ശ്ലോകങ്ങൾ അർത്ഥംധരിച്ചു മാത്രം പകർത്തിയെടുക്കണമെന്നു നിർദ്ദേശിക്കുമ്പോൾ, ഗണപതിയും അതിന്റെ 'പവിത്രത സംരക്ഷിക്കാൻ' ആരെയെങ്കിലും അധികാരികളാക്കി നിബന്ധനവെച്ചിട്ടില്ല. 'വർദ്ധിതമായ അജ്ഞാനതിമിരത്താൽ മിഴികെട്ട ലോകരിൽ ജ്ഞാനാഞ്ജനശകാലകൊണ്ട് ഇത് താനേ തെളിവുനൽകുന്നു' എന്നു ഫലശ്രുതി വാഗ്ദാനംചെയ്യുന്ന കൃതികൾ എങ്ങനെയാണ് മനുഷ്യനിർവ്വചിതമായ അളവുകോലുകൾകൊണ്ട് അടയാളപ്പെടുത്തുന്ന 'ആദ്ധ്യത്വമില്ലായ്മയുടെയോ അജ്ഞതയുടെയോ' പേരിൽ മനുഷ്യനായി പിറന്നവർക്കു നിഷേധിക്കാൻ കഴിയുക?

ശ്രീമദ്ദേവിഭാഗവതത്തിന്റെ ഒന്നാം അധ്യായത്തിൽ, ഭാഗവതകഥ പകർന്നുതരാനുള്ള ഋഷിമാരുടെ അഭ്യർത്ഥനയ്ക്കു മറുപടിയായി സൂതൻ പറയുന്നു: "ഹേ ഋഷിമാരേ, നിങ്ങൾ ഭാഗ്യശാലികൾ തന്നെ. ലോകത്തിനു മംഗളമുണ്ടാകണമെന്നുവെച്ച് നിങ്ങൾ ചോദിച്ചതു നന്നായി. അതിനാൽ, സർവ്വശാസ്ത്രങ്ങളുടെയും സാരമായത് എന്തോ, അതു ഞാൻ നിങ്ങളോടു പറയാം.(സാധുപൃഷ്ടം മഹാഭാഗാ ലോകാനാം ഹിതകാമ്യയാ സർവ്വശാസ്ത്രസ്യ യത്സാരം തദ്വോ വക്ഷ്യാമ്യ ശേഷതഃ).തുടർന്ന്, സൂതൻ ഭാഗവതത്തിന്റെ ഫലശ്രുതി ഇങ്ങനെ അവതരിപ്പിക്കുന്നു: ഭാഗവതം പഠിക്കുന്നതു ബ്രാഹ്മണനാണെങ്കിൽ, അവൻ വേദജ്ഞരിൽ മുഖ്യനാകും; ക്ഷത്രിയനാണെങ്കിൽ, രാജാവാകും; വൈശ്യനെങ്കിൽ, വലിയ ധനാഢ്യനാകും; ശൂദ്രൻ എങ്കിൽ സ്വകുലത്തിൽ അത്യുത്തമനാകും(ശ്ലോകം:50). സകല വേദങ്ങളുടെയും സത്തായ മഹാഭാഗവതം, വ്യാസൻ സൂതപൗരാണികനെ പഠിപ്പിച്ച് പ്രചരിപ്പിക്കാൻ നിയോഗിച്ചതും, സൂതൻ യജ്ഞവേദികളിൽ വർണ്ണിച്ചതും അവിടെ സന്നിഹിതരായ ബ്രാഹ്മണർക്കുവേണ്ടി മാത്രമല്ല; സർവ്വലോകത്തിനും മംഗളം ഭവിക്കുന്നതിനുവേണ്ടിയാണെന്നു വ്യക്തം. ആ അറിവ് ആർക്കെങ്കിലുമായി ക്ലിപ്തപ്പെടുത്തുകയോ ആർക്കെങ്കിലും നിഷേധിക്കുകയോ ചെയ്യുന്നുവെങ്കിൽ അവർ തികച്ചും വേദവിരുദ്ധരാണ്.

ആ നിരീക്ഷണത്തിനെ അടിവരയിടുന്നതാണ്, രാജർഷിയായ ജനകമഹാരാജാവിനെ കാണാൻ മിഥിലാപുരിയിലെത്തിയ വേളയിൽ, തന്നെ തടഞ്ഞ ദ്വാരപാലകന് ശ്രീശുകൻ തത്വോപദേശംനൽകിയ ആഖ്യാനം. ശ്രീശുകൻ ആരാണെന്നറിയാതെ തടഞ്ഞുനിറുത്തിയ കാവൽഭടനോടു കോപിക്കാതെ, ശാപംചൊരിയാതെ, അയാളുടെ കുലമോ യോഗ്യതയോ തിരക്കാതെ തത്വോപദേശം നൽകുകയാണ് വ്യാസപുത്രൻ ചെയ്തത്.(ദേവിഭാഗവതം: പ്രഥമസ്കന്ധം അധ്യായം:പതിനേഴ്). ഭേദചിന്ത കൂടാതെ സ്വന്തം കർമ്മം അനുഷ്ഠിച്ചതാണ് ആ ഭടനെ ആത്മോപദേശം സ്വീകരിക്കാൻ പ്രാപ്തനാക്കിയ യോഗ്യത. അപ്രകാരം, സർവ്വജ്ഞരായ ആ മഹാത്മാക്കൾ കാണിച്ച മാതൃകകളാണല്ലോ ഏറ്റവും മഹത്തായ ആദ്ധ്യാത്മികപാഠങ്ങൾ.

വസുധൈവ കുടുംബകം

പൗരാണികകൃതികളുടെ രചനാരഹസ്യം കേവലം കഥ പറയുക എന്നതല്ല; മറിച്ച്, ദുർല്ലഭമായ നരജന്മത്താൽ അനുഗൃഹീതനായ നരനെ, നാരായണനാക്കി പരിവർത്തനംചെയ്യാൻ പ്രാപ്തിയുള്ള മൂല്യങ്ങൾ പകർന്നുകൊടുക്കുക എന്നതായിരുന്നു. അപ്രകാരം ഉദാത്തമായ വിജ്ഞാനം സ്വീകരിക്കാൻ പര്യാപ്തമായ, മാനസികവും ബൗദ്ധികവും ആത്മീയവുമായ ഉന്നതിയാർജ്ജിച്ച ആളുകളുടെ എണ്ണം തീർത്തും കുറവായതുകൊണ്ട്, എല്ലാവർക്കും ദഹിക്കുകയും സുഖിക്കുകയും ചെയ്യുന്ന കഥകളിലൂടെ, തന്ത്രപരമായി അത്തരം അവബോധം സകലരിലും എത്തിക്കുക എന്നതാണ് പൊതുവിൽ സ്വീകരിക്കപ്പെട്ട രീതി. മഹാഭാരതത്തിൽതന്നെ ബൃഹത്തായ അഞ്ചോളം പുസ്തകസമാനമായ ഭാഗങ്ങൾ കാണാം: ഭഗവദ്ഗീത, അനുഗീത,വിദുരവാക്യം, സനൽസുജാതീയം, വിഷ്ണുസഹസ്രനാമം എന്നു 'പഞ്ചരത്ന'ങ്ങളായി പ്രഘോഷിക്കപ്പെടുന്ന ദർശനസംഹിതകൾ.അവയിലൊക്കെ അടങ്ങിയിരിക്കുന്ന പ്രാഥമികജ്ഞാനം ഒന്നുതന്നെയാണെങ്കിലും, വ്യത്യസ്ത സാഹചര്യങ്ങളിൽ വിഭിന്നമായ കഥാപാത്രങ്ങളിലൂടെ ആവർത്തിച്ചാവർത്തിച്ച് അവതരിപ്പിക്കുന്നതുവഴി ആ മൂല്യങ്ങൾ അനുവാചകഹൃദയങ്ങളിൽ അരക്കിട്ടുറപ്പിക്കുകയാണ് മഹാകവി ചെയ്യുന്നത്. ആ തത്വജ്ഞാനത്തിന്റെ കഥാത്മകമായ ആഖ്യാനവും വിസ്തൃതമായ വ്യാഖ്യാനവുമാണ് മഹാഭാരതം എന്നതാണു യാഥാർത്ഥ്യം.

ധർമ്മപുത്രരെ ധർമ്മത്തിന്റെ മൂർത്തീഭാവമായോ, ദുര്യോധനനെ ദുഷ്ടതയുടെ പ്രതിരൂപമായോ വ്യാസൻ മുദ്രകുത്തി അവതരിപ്പിക്കുന്നില്ല. ചിലവേളകളിൽ, ധർമ്മപുത്രനെ വെല്ലുന്ന ധർമ്മഭാഷണങ്ങൾ ദുര്യോധനന്റെ നാവിലും നിറയുന്നുണ്ട്. അവയൊക്കെ ഏറ്റവും സത്യസന്ധമായി ചിത്രീകരിക്കുന്ന കവി, ധർമ്മപുത്രരുടെ ജീവിതത്തിലെ ദൗർബ്ബല്യങ്ങളും നീതിഭ്രംശങ്ങളും മറയില്ലാതെ കുറിച്ചുവെച്ചിരിക്കുന്നു.പാത്രസൃഷ്ടിയിലൂടെ ആരാധനാവിഗ്രഹങ്ങളെ നിർമ്മിക്കുക എന്നതിനേക്കാൾ, ആദർശവത്കൃത കഥാപാത്രങ്ങളിലൂടെ മനുഷ്യജീവിതങ്ങളെ പുതിയ പാതയിലേയ്ക്കു നയിക്കുക എന്ന ദൗത്യമാണ് വ്യാസനും വാല്മീകിയുമൊക്കെ നിർവ്വഹിക്കാൻ ശ്രമിച്ചത്. അതുകൊണ്ടുതന്നെ, അത്തരം കഥാപാത്രങ്ങൾ ജീവിച്ചിരുന്നുവോ, ഇല്ലയോ എന്ന പരിചിന്തനത്തെക്കാൾ, അവരുടെ ജീവിതം തരുന്ന സന്ദേശങ്ങൾ സ്വീകരിക്കലാണ് അഭികാമ്യം. പൗരാണികകൃതികളുടെ ലക്ഷ്യം മനുഷ്യ

രുടെ നന്മ മാത്രമായതിനാലും, അവയുടെ സ്രഷ്ടാക്കൾ ദ്വൈതചിന്തയുപേക്ഷിച്ച ഋഷിമാരായതുകൊണ്ടും, അവയിലെ അറിവ് ആർക്കെങ്കിലുമായി പരിമിതപ്പെടുത്തുകയോ ആർക്കെങ്കിലും നിരാകരിക്കുകയോ ചെയ്യും എന്ന് കരുതുകവയ്യല്ലോ. 'അധികാരിത്വം' നിശ്ചയിക്കാൻ അർഹതയുള്ള അവരാരും വരയ്ക്കാത്ത അതിർവരമ്പുകൾ അനുസരിക്കാനുള്ള ബാദ്ധ്യത,ആ ഗ്രന്ഥങ്ങളെ ആദരിക്കുകയും പ്രമാണമായി അംഗീകരിക്കുകയും ചെയ്യുന്ന ആർക്കുമില്ലെന്നു ചുരുക്കം.

ദേവന്മാരും അസുരന്മാരും മനുഷ്യരും മാത്രമല്ല, ജീവചൈതന്യമുള്ള സസ്യലതാദികളും മൃഗങ്ങളും പക്ഷികളും സമുദ്രജീവികളും ഭാരതീയ പുരാണങ്ങളിൽ മനുഷ്യർക്കൊപ്പം പ്രാധാന്യമുള്ള കഥാപാത്രങ്ങളാണ്. പർവ്വതങ്ങൾ, സമുദ്രങ്ങൾ, നദികൾ, പാറക്കെട്ടുകൾ, തുടങ്ങി അചേതനങ്ങളായ ചിലതും ആ മഹാഗ്രന്ഥങ്ങളിൽ കഥാഗതിയെ നിർണ്ണയിക്കുന്ന വിധത്തിൽ ഭാഗഭാക്കാകുന്നുണ്ട്. ആ തിര്യക്ക് ജന്മങ്ങൾക്കും, തത്വോപദേശവും ബ്രഹ്മജ്ഞാനവും പകർന്നുനൽകപ്പെടുന്ന അവസരങ്ങൾ സനാതനഗ്രന്ഥങ്ങളിൽ കാണാം. അതൊക്കെ അർത്ഥമാക്കുന്നതും അടിവരയിട്ട് നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുന്നതും, *സർവ്വ ജീവജാലങ്ങളിലും ആത്മസ്വരൂപത്തിൽ അധിവസിക്കുന്നത് പരമാത്മചൈതന്യമാണ് എന്ന പരമസത്യമാണ്.ജീവചൈതന്യമുള്ള സസ്യ-ലതാദികളും മൃഗങ്ങളും പക്ഷികളും ജലജന്തുക്കളും, ഭാരതീയ പുരാണങ്ങളിൽ മനുഷ്യനൊപ്പം പ്രാമാണ്യമുള്ള കഥാപാത്രങ്ങളായതിന്റെ കാരണം ആ വിശാലവീക്ഷണമാണ്. അത്രമേൽ ഉന്നതമായ, സർവ്വലൗകികത ഉയർത്തിപ്പിടിക്കുന്ന ഭാരതീയപൗരാണികഗ്രന്ഥങ്ങളിലെ മറിച്ചുള്ള പ്രതിപാദനങ്ങൾ എല്ലാം അവയിൽ കലർത്തിയ മായമായിത്തന്നെ കണ്ട്, ആ മാലിന്യങ്ങളെ, നമ്മെ സ്പർശിക്കാത്ത നിലയിൽ തള്ളിക്കളയുകയാണ് ബുദ്ധി.(*സമസ്തൈക്യ ദർശനം).

കേവലം മനുഷ്യർ മാത്രമല്ല, ഈ ലോകത്തുള്ള ജീവജാലങ്ങളെല്ലാം തന്നെ കശ്യപപ്രജാപതി വരിച്ച, ദക്ഷപ്രജാപതിയുടെ പതിമൂന്നുപുത്രിമാരുടെ സന്തതിപരമ്പരകളാണ് എന്നതാണ് മഹാഭാഗവതഭാഷ്യം. തിമിയിൽനിന്നും ജലജന്തുക്കൾ ഉണ്ടായി. സരമയിൽനിന്നു സിംഹം തുടങ്ങിയ കാട്ടുമൃഗങ്ങൾ, സുരഭിയിൽനിന്ന് പശുക്കൾ തുടങ്ങിയ ഇരട്ടക്കുളമ്പുള്ള മൃഗങ്ങൾ, താമ്രയിൽനിന്നു പരുന്ത്,കഴുകൻ മുതലായവ, മുനിയിൽനിന്ന് അപ്സരസ്സുകൾ, ക്രോധാവശയിൽനിന്ന് തേൾ മുതലായ വിഷജന്തുക്കളും, ഇളയിൽനിന്ന് യാതുധാനന്മാരായ രാക്ഷസന്മാരും, അരിഷ്ടയിൽനിന്ന് ഗന്ധർവ്വരും, കാഷ്ഠയിൽനിന്ന് ഒറ്റക്കുളമ്പുള്ള മൃഗങ്ങളും ഉണ്ടായി. ദനുവിന്റെ മക്കളായിരുന്നത്രേ ദാനവർ.അമ്മാതിരി പ്രസ്താവനകളിലെ കൃത്യത ശാസ്ത്രീയമായി തിരയുകയല്ല, കഥാപാത്രസൃഷ്ടിയിലെ ലക്ഷ്യവും സത്യസന്ധതയും തിരിച്ചറിയുകയാണ് നാം ചെയ്യേണ്ടത്. സർവ്വ ചരാചരങ്ങളും ഒരേ ശക്തിയിൽനിന്നാണ് രൂപംകൊണ്ടത് എന്ന പരമസത്യത്തിന്റെ പ്രഖ്യാപനമായിരിക്കാം ഇതുപോലെയുള്ള അവിശ്വസനീയമെന്ന് ഉറപ്പുള്ള പരാമർശങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം.

മഹാഭാരതത്തിന്റെ അവസാനഭാഗത്ത് മഹാപ്രസ്ഥാനപർവ്വത്തിൽ, ഹസ്തിനപുരത്തിൽനിന്ന് അന്ത്യയാത്ര പുറപ്പെടുന്ന പാണ്ഡവർക്കും ദ്രൗപതിക്കുമൊപ്പം, ഒരു നായയും ഉണ്ടായിരുന്നു. യാത്രയ്ക്കിടയിൽ, യുധിഷ്ഠിരനൊഴികെയുള്ള നാലുപാ

ണ്ഡവരും പ്രിയപത്നിയും ഓരോരോ ഇടങ്ങളിലായി ഭൂതലത്തിൽ പതിച്ചു. യുധിഷ്ഠിരന് ഉടലോടുകൂടി സ്വർഗ്ഗത്തിൽപ്രവേശിക്കാൻ ദേവേന്ദ്രൻ അനുമതി നൽകിയെങ്കിലും, കൂടെയുള്ള ശ്വാനനെ ഒഴിവാക്കാൻ അദ്ദേഹം തയ്യാറായില്ല."തന്നെ സേവിച്ചിരുന്ന നായയെ ത്യജിച്ചിട്ടു കിട്ടുന്ന ശ്രേയസ്സ് തനിക്കുവേണ്ട" എന്നതായിരുന്നു യുധിഷ്ഠിരന്റെ നിലപാട്. സത്യത്തിൽ, അതു യുധിഷ്ഠിരനെ പരീക്ഷിക്കാനുള്ള ഇന്ദ്രന്റെ സൂത്രമായിരുന്നു. മഹാഭാരതത്തിൽ തന്നെയും, ഇതര പൗരാണികഗ്രന്ഥങ്ങളിലും ഇതിനു സമാനമായ നിരവധി സംഭവങ്ങൾ കാണാം. സർവ്വ ജന്തുക്കളിലുമുള്ള ഭൂതദയയാണ് ആഭിജാത്യത്തിന്റെ ലക്ഷണം എന്നു സ്ഥാപിക്കുന്ന മഹാഭാരതത്തിന്റേയും വ്യാസന്റേയും നിലപാടാണ് വാസ്തവത്തിൽ ആർഷസംസ്കാരത്തിന്റെ സത്ത. ആ സത്തയാണ് സർവ്വരും സ്വീകരിക്കേണ്ട അദ്ധ്യാത്മവിദ്യ. മനുഷ്യരെപ്പോലും തമ്മിൽ അംഗീകരിക്കാത്ത ഒരു വ്യവസ്ഥിതിയായി അതിനെ അപചയപ്പെടുത്തിയവരെ നിർദാക്ഷിണ്യം നിരാകരിക്കുകയാണു വേണ്ടത്.

ദേവാസുരർപോലും ഒരേ രക്തം

മനുഷ്യർ അടക്കമുള്ള ഭൂമിയിലെ ചരാചരങ്ങളിൽമാത്രമല്ല, ഉപരിലോകങ്ങളിലെ സൃഷ്ടികളിലും സമാന 'സമഭാവന' കാണാം. എന്തിനേറെ പറയണം, ദേവാസുരർ പോലും ഒരേ രക്തമാണെന്ന് ഭാഗവതത്തിൽ കാണുന്നു. അമാനുഷികമായ ശക്തിയുള്ളവരും, വിശേഷമായ ഈശ്വരചൈതന്യത്താൽ അനുഗൃഹീതരുമായ അഭൗമജന്മങ്ങളെയാണ് ഹിന്ദുപുരാണങ്ങളിൽ ദേവന്മാർ എന്നുവിശേഷിപ്പിക്കുന്നത്.മുപ്പത്തിമുക്കോടി ദേവീദേവന്മാർ ഉണ്ടെന്നാണ് സങ്കല്പം. അവർക്ക് നിഗ്രഹാനുഗ്രഹശക്തിയുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. അസുരന്മാരെ പൊതുവിൽ, അഹങ്കാരികളായ പാപികളും അധികാരമോഹികളും തിന്മയുടെപ്രതിരൂപങ്ങളുമായാണ് പുരാണകഥകളിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. പുരാണങ്ങളിലും ഇതിഹാസങ്ങളിലും ദേവന്മാരുടെ പ്രതിനായക സ്ഥാനത്താണല്ലോ അസുരന്മാരെ പ്രതിഷ്ഠിച്ചിട്ടുള്ളത്. ദേവാസുരന്മാർ തമ്മിലുള്ള ശത്രുതയുടെ ബഹിർസ്ഫുരണമാണ് പുരാതന ഗ്രന്ഥങ്ങളിലെ കഥകളിലധികവും. മനുഷ്യരായി പ്രത്യക്ഷപ്പെടുന്ന പുരാണപുരുഷന്മാർപോലും ചില ദേവന്മാരുടെയോ അസുരന്മാരുടെയോ അവതാരങ്ങളായാണ് ഭൂമിയിൽ ജന്മമെടുക്കുന്നത്. ഭാരതീയ ഇതിഹാസ-പുരാണങ്ങളുടെ ഇതിവൃത്തം മിക്കപ്പോഴും ദേവാസുരസംഘർഷത്തിന്റെ വൃത്തപരിധിയ്ക്കുള്ളിൽ കിടന്നുകറങ്ങുന്നതായി തോന്നാറുണ്ട്. ഈശ്വരചൈതന്യത്താൽ അനുഗ്രഹീതരായ ദേവന്മാരും, തിന്മയുടെ പ്രതിരൂപങ്ങളായ അസുരന്മാരും തമ്മിലുള്ള ശത്രുതയും, അസുരന്മാർക്കുമേലുള്ള ദേവന്മാരുടെ വിജയവും മനുഷ്യർക്കു മുന്നിൽ അവതരിപ്പിക്കുന്നത്, ധാർമ്മികത സംബന്ധിച്ച പഠനത്തിലെ മാതൃകാബിംബങ്ങൾ എന്ന നിലയിലാണ്. ദേവാസുരസങ്കൽപത്തിന്റെ ഏറ്റവും കൗതുകകരമായ ഘടകം ദേവന്മാരുടെയും അസുരന്മാരുടെയും ഉത്പത്തി ഒരേ രക്തത്തിൽനിന്നുതന്നെയാണെന്നതാണ്. ആ വിചിത്ര വസ്തുതയുടെ കാരണം, സമസ്തചരാചരങ്ങളും ഒരേ ശക്തിയിൽനിന്നാണ് ഉത്ഭവിച്ചത് എന്ന തത്വദർശനം തന്നെയാകാനാണു സാധ്യത. അതേ അദ്വൈതബോധമാണ് ഉപനിഷത്തുക്കൾ ഉത്ബോധിപ്പിക്കുന്ന പരമസത്യവും. അതുതന്നെയായിരുന്നു 'യഥാർത്ഥ ആർഷസംസ്കൃതി'യുടെ ആധാരശില.

ദേവന്മാരുടെയും അസുരന്മാരുടെയും പിതാവ് ഒരാൾ തന്നെയാണ്: കശ്യപ പ്രജാപതി. ദിതിയും അദിതിയും കശ്യപന്റെ പത്നിമാരായിരുന്നു. അദിതിയിൽനിന്നു ദേവന്മാരും(അഥവാ ആദിതേയന്മാർ), ദിതിയിൽനിന്നും ദൈത്യൻമാരും(രാക്ഷസന്മാർ) ജനിച്ചെന്ന് മഹാഭാരതം ആദിപർവ്വത്തിലും, ഭാഗവതം മൂന്നാംസ്കന്ധത്തിലും പറയുന്നു. ദിതിയും അദിതിയുമാണെങ്കിലോ, ദക്ഷപ്രജാപതിയുടെ പുത്രിമാരെന്ന നിലയിൽ ഒരേരക്തംതന്നെ. അങ്ങനെ, ഏതുവിധത്തിൽ നോക്കിയാലും ഒരേഗണത്തിൽപെട്ടവർ. എന്നിട്ടും,ദേവാസുരന്മാരെങ്ങനെ ഇത്രമേൽ വിരുദ്ധമായ സ്വഭാവഗുണങ്ങൾ ഉള്ളവരായി എന്നചോദ്യത്തിന് മഹാഭാരതവും ഭാഗവതവും നൽകുന്ന ഉത്തരം ഇതാണ്: ഒരു സന്ധ്യാസമയം ദിതിദേവി പുത്രഭാഗ്യത്തിനായി വികാരാവേശത്തോടെ കശ്യപനെ സമീപിച്ചു.രുദ്രഭഗവാൻ തന്റെ ഭൂതഗണങ്ങളുമായി സഞ്ചാരത്തിനിറങ്ങുന്ന സന്ധ്യാവേള സംയോഗയോഗ്യമല്ലെന്ന് കശ്യപനറിയിച്ചെങ്കിലും, ദിതിയ്ക്കു സ്വയം നിയന്ത്രിക്കാനായില്ല. നിവൃത്തിയില്ലാതെ കശ്യപൻ അവളുടെ ചാപല്യത്തിനു വഴങ്ങി. ആഗ്രഹനിവൃത്തിക്കുശേഷം, സംഭവിച്ചുപോയ അവിവേക പ്രവൃത്തിയെപ്പറ്റി ബോധമുണ്ടായി മാപ്പിരന്ന ദിതിയോട്, രുദ്രഭഗവാന്റെ സമയസീമകൾ ലംഘിച്ചതുകൊണ്ട്, ജനിക്കാൻപോകുന്ന പുത്രന്മാർ രണ്ടുപേരും ഘോരന്മാരായ രാക്ഷസന്മാരായിരിക്കുമെന്ന് കശ്യപൻ അറിയിച്ചു. അങ്ങനെ, അശുഭവേളയിൽ(?) ഗർഭംധരിച്ച് ഉണ്ടായ ഹിരണ്യാക്ഷന്റെയും ഹിരണ്യകശിപുവിന്റേയും പരമ്പരയിൽപെട്ടവരാണ് അസുരന്മാർ എന്നറിയപ്പെടുന്നത്.

ദേവാസുരം എന്നതുപോലും 'ഗുണവിശേഷണം' മാത്രമാണ് എന്ന സത്യമാണ് ഭാഗവതവും മഹാഭാരതവും മുന്നോട്ടുവെയ്ക്കുന്നത്. അപ്പോൾ, മനുഷ്യരിലെ വിഭജനങ്ങളുടെ വിശേഷം പറയാനുണ്ടോ? ശരീരഘടനയുടെ വിഷയത്തിലും, സ്വഭാവവിശേഷങ്ങളിലും സമാനതകൾ ഒന്നും ഇല്ലെന്നു കരുതപ്പെടുന്ന ദേവന്മാരും അസുരന്മാരും ഒരേരക്തത്തിൽ പിറന്നവരാണ് എന്നു പ്രഖ്യാപിക്കുന്ന പുരാണഗ്രന്ഥങ്ങൾ, ജീവശാസ്ത്രപരമായി യാതൊരുവ്യത്യാസവുമില്ലാത്ത മനുഷ്യരെ പവിത്രരെന്നും പതിതരെന്നും വേർതിരിക്കുമെന്നു വിശ്വസിക്കുന്നതിനേക്കാൾ വലിയ വിഡ്ഢിത്തം എന്താണുള്ളത്! അതുകൊണ്ട്, സ്വാർത്ഥതാത്പര്യാർത്ഥമുള്ള വ്യാഖ്യാനങ്ങളിലൂടെ സമൂഹത്തെ വഴിതെറ്റിച്ചു നടത്താൻ യത്നിക്കുന്നവരെ ആശ്രയിക്കാതെ, ശാസ്ത്രഗ്രന്ഥങ്ങൾ കീർത്തിക്കുന്ന പരമസത്യത്തെ പ്രമാണമായി സ്വീകരിക്കാം.

പരിഭാഷകർ വരുത്തിവെച്ച പരുക്കുകൾ

പൗരാണിക ഹൈന്ദവഗ്രന്ഥങ്ങളെല്ലാം പരിപൂർണ്ണവും പാപരഹിതവുമാണെന്നല്ല പറഞ്ഞുവരുന്നത്.അവയിൽ ഇപ്പോൾ കാണാനാകുന്ന വൈകല്യങ്ങളിലധികവും പണ്ഡിതരാണെന്ന് സ്വയം വിശ്വസിക്കുന്ന വ്യാഖ്യാതാക്കളും പരിഭാഷകരും വരുത്തിവെച്ച പരുക്കുകളുടെ ബാക്കിപത്രമാണെന്ന് നിസ്സന്ദേഹംസാക്ഷ്യപ്പെടുത്താം. കേട്ടറിഞ്ഞതോ, അല്ലെങ്കിൽ, ശരിയെന്ന് സ്വയം വിശ്വസിക്കുന്നതോ ആയ വിവരങ്ങൾ ആധികാരികതയോടെ അവതരിപ്പിച്ച്, അത്തരം പുസ്തകങ്ങളെ അബദ്ധപ്പഞ്ചാംഗങ്ങളാക്കുകയായിരുന്നു അവരിൽ പലരും. അപ്രകാരം സംഭവിച്ച ദുരർത്ഥപ്രയോഗങ്ങളെല്ലാം തീർത്തും യാദൃശ്ചികമായിരുന്നെന്ന് വിശ്വസിക്കാനാകുമോ?

വ്യത്യസ്ത കാലദേശങ്ങളിൽ വിവിധ വ്യക്തികൾ വരുത്തിവെച്ച അമ്മാതിരി വള ച്ചൊടിക്കലുകളുടെ പൊതു ഘടന പരിശോധിക്കുമ്പോൾ, ആകസ്മികമായല്ല ആ അപനിർമ്മിതികൾ അരങ്ങേറിയത് എന്നപൊതുനിഗമനത്തിൽ എത്തേണ്ടിവരും. അത്തരത്തിലുള്ള അവിവേകാഭാസങ്ങൾ വർത്തമാനകാലത്തു മാത്രമല്ലാ, ശങ്കരാ ചാര്യരുടെ ജീവിതകാലത്തിനു മുൻപും സംഭവിച്ചിട്ടുണ്ടാകാം. അതുകൊണ്ടാകാം സാക്ഷാൽപരമശിവനു നേരിട്ടുപ്രത്യക്ഷപ്പെട്ട് ശ്രീശങ്കരാചാര്യരോട് ബ്രഹ്മസൂത്രമ ടക്കമുള്ള ഗ്രന്ഥങ്ങൾക്കു ഭാഷ്യം ചമയ്ക്കാൻ നിർദ്ദേശിക്കേണ്ടിവന്നത്.

വികടവിവർത്തനങ്ങളും വ്യാഖ്യാനങ്ങളും

ഭാരതീയപൗരാണികഗ്രന്ഥങ്ങൾ മനുഷ്യവിരുദ്ധമായ വിവേചനകളെ പരിപോഷി പ്പിക്കുന്നവയാണെന്ന ധാരണസൃഷ്ടിക്കുന്നതിൽ സ്വാർത്ഥതാത്പര്യത്തോടെയു ള്ള ചില വ്യാഖ്യാനങ്ങളും, വിവേകരഹിതമായ വികട വിവർത്തനങ്ങളും കാരണ മായിട്ടുണ്ടെന്നത് സംശയരഹിതമായ സംഗതിയാണ്.നമ്മുടെ ചില ആധുനികവ്യാ ഖ്യാതാക്കളുടെ ജാതിഭേദത്തിലൂന്നിയ മാനസികനില തിരിച്ചറിയുന്നതിന് ഉതകു ന്ന ഒരു ഉദാഹരണം കാണുക. ഹൈന്ദവഗ്രന്ഥങ്ങളിൽ കടന്നുകൂടിയിട്ടുള്ള കരടു കളുടെ ഉത്ഭവം ഏതാണ്ട് ഇതേ രീതിയിൽ തന്നെയാകാനാണു സാധ്യത. മലയാള ത്തിലെ പ്രശസ്തമായ ഒരു ഭാഗവതപരിഭാഷയിൽ, വിവർത്തകൻ അറിഞ്ഞോ അറി യാതെയോ മായം കലർത്തിയതെങ്ങനെ എന്നു നോക്കാം: മഹാഭാഗവതത്തിന്റെ ആമുഖഭാഗമായ ഭാഗവതമാഹാത്മ്യം ഭാഗവതസൃഷ്ടിയുടെ പശ്ചാത്തലം വിവരി ക്കുന്ന ഗ്രന്ഥപ്രവേശികയാണ്. അതിൽ, നൈമിഷാരണ്യത്തിലെ യജ്ഞഭൂമിയിൽ എത്തിയ സൂതനോട്, ഭഗവാന്റെ കഥ പറഞ്ഞുതരുവാൻ ആചാര്യനായ ശൗനകൻ എന്ന ബ്രാഹ്മണൻ(?) അഭ്യർത്ഥിച്ചു. വ്യാസമഹർഷി തന്റെ പുത്രനായ ശ്രീശുകബ്ര ഹ്മർഷിയ്ക്ക് പഠിപ്പിച്ചുകൊടുത്ത ഭാഗവതകാവ്യം സൂതനിലൂടെയാണല്ലോ ലോക ത്തിനു പകർന്നുകിട്ടിയത്. ശ്രീശുകൻ പരീക്ഷിത്തിനു ഭാഗവതാമൃതം പകർന്നു ന ൽകിയ വേളയിൽ സൂതനും അവിടെ സന്നിഹിതനായിരുന്നു. അങ്ങനെ, ശുകമുഖ ത്തുനിന്നു നേരിട്ടാണ് സൂതൻ ഭാഗവതം ഹൃദിസ്ഥമാക്കിയത്. കലിബാധ കാരണം ക്ലേശിക്കുന്ന മനുഷ്യർക്കുള്ള നിത്യമോചനോപായമായ ഭാഗവതം ശ്രവിക്കാനുള്ള ആഗ്രഹമറിയിച്ച് സൂതനെ ഗുരുവായി സ്വീകരിച്ചു നമസ്കാരാദികൾ നിർവ്വഹിച്ച ശൗനകനടക്കമുള്ളവരുടെ വാക്കുകൾ ആവിഷ്കരിച്ചതിനുശേഷം പരിഭാഷകൻ പറയുന്നു: 'അറിവു തരുന്നവർ ആരായാലും, അവരെ ഗുരുവായി സ്വീകരിക്കണം എന്ന തത്വമാണ് ഇവിടെ വെളിപ്പെടുന്നത്. സൂതനെന്നാൽ, പിതാവു ബ്രാഹ്മണനും മാതാവ് ഇതര ജാതിക്കാരിയുമാണെന്നു താത്പര്യം. സൂതൻ, സാധാരണ നിലയിൽ ഉയർന്ന ജാതിയല്ലല്ലോ. എങ്കിലും, അദ്ദേഹത്തെ ഗുരുവായി വരിച്ചു ബ്രാഹ്മണർ നമ സ്കരിച്ചതിനാൽ ജാതി പ്രശ്നമല്ലെന്ന് മനസ്സിലാക്കുക'. ശുകനും വ്യാസനും ശൗന കനും, സഭയിൽ സന്നിഹിതരായവർക്കുമൊന്നും സൂതന്റെ കുലം പ്രശ്നമായിരു ന്നില്ലെങ്കിലും, നമുക്ക് അതൊരു പ്രശ്നമാണെന്ന് പറയാതെ പറയുകയാണ് പരിഭാ ഷകൻ. ഒരു ബ്രാക്കറ്റിനകത്തോ, പിൻകുറിപ്പായോ കൊടുക്കാമായിരുന്ന വ്യാഖ്യാ താവിന്റെ ആ 'ആത്മഗതം', കഥയുടെ ഭാഗമാക്കിയതോടെ, അനുവാചകനെ സം ബന്ധിച്ചിടത്തോളം ഭാഗവതത്തിലെ പരാമർശമായി മാറിയിരിക്കുന്നു.

ഇനി മറ്റൊരു ഉദാഹരണം നോക്കുക: പൗരാണികഗ്രന്ഥങ്ങളുടെ വിവിധ ഭാഷകളിലുള്ള ഭാഷാന്തരങ്ങളിൽ, സന്യാസിമാരെയും മഹാമുനിമാരെയും ഋഷികളെയും പൊതുവിൽ 'ബ്രാഹ്മണനെ'ന്ന് അഭിസംബോധനചെയ്യുന്നതു കാണാം. അതിനാൽ, ആ ഗ്രന്ഥങ്ങളിൽ ബ്രാഹ്മണർ നിറഞ്ഞുനിൽക്കുന്നതായും, മഹാമുനിമാരൊക്കെ ജാതിബ്രാഹ്മണരാണെന്നും തോന്നും. പക്ഷേ, സംസ്കൃതത്തിലുള്ള മൂലഗ്രന്ഥങ്ങളിൽ ദ്വിജൻ എന്നവാക്കാണ് മിക്കവാറും ഉപയോഗിച്ചുകാണുന്നത്. ദ്വിജൻ എന്നതുകൊണ്ട് 'രണ്ടു ജന്മമെടുത്തയാൾ' എന്നേ അർത്ഥമുള്ളൂ. മാതാപിതാക്കളിൽ നിന്നുമുള്ള ആദ്യ ലൗകിക ജന്മവും, ഗുരുവിൽനിന്നുള്ള രണ്ടാമത്തെ ആദ്ധ്യാത്മിക ജനനവുമെന്നേ അതുകൊണ്ട് ഉദ്ദ്യേശിച്ചിട്ടുള്ളൂ. സന്യാസം സ്വീകരിക്കുന്ന ഏതൊരാളും, പൂർവ്വാശ്രമം ഉപേക്ഷിച്ച് മറ്റൊരു ജീവിതം സ്വീകരിക്കുന്നതോടെ ദ്വിജനായിത്തീരുന്നു. അതു പൂർവ്വാശ്രമത്തിലെ വംശമോ വർണ്ണമോ പരിഗണിച്ചല്ല. കാരണം, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവർണ്ണജരൊക്കെ സന്യസിക്കാനും ദ്വിജന്മാരാകാനും യോഗ്യരായിരുന്നു. ബ്രാഹ്മണർമാത്രമല്ല, ആ വർണ്ണികളൊക്കെ സന്യാസിയാകുന്നതോടെ ദ്വിജരാകുമായിരുന്നു.ദ്വിജൻ,ബ്രഹ്മൻ,ബ്രഹ്മജ്ഞൻ തുടങ്ങിയ വാക്കുകളെ പരിഭാഷപ്പെടുത്തുമ്പോൾ ബ്രാഹ്മണൻ എന്നപദമാണ് മിക്ക കൃതികളിലും പകരം നൽകിയിട്ടുള്ളത്. വസ്തുത ഇതായതിനാൽ, പുരാണഗ്രന്ഥങ്ങളിൽ കാണുന്ന മഹർഷിമാരെല്ലാം ബ്രാഹ്മണരായിരുന്നു എന്ന ധാരണ സൃഷ്ടിക്കാനാണോ അത്തരം അപനിർമ്മാണങ്ങൾ എന്നും സംശയിക്കേണ്ടിവരുന്നു; വിശേഷിച്ചും, ദ്വിജൻ എന്ന പദം മലയാളത്തിലും പ്രചാരത്തിലുള്ള സ്ഥിതിക്ക്. ആ പ്രചാരണത്തിന്റെ ഭാഗമായാകാം ദ്വിജനെന്ന വാക്ക് മലയാളത്തിൽ ബ്രാഹ്മണന്റെ പര്യായമായത്.

'ബ്രാഹ്മണ'നെന്ന പദം സംസ്കൃതത്തിൽ ഇല്ലാത്തതുകൊണ്ടല്ല ആ ഗ്രന്ഥങ്ങളിൽ ദ്വിജനെന്ന പദം വ്യാപകമായി ഉപയോഗിച്ചിരിക്കുന്നത്.മനുസ്മൃതിയിൽ ഈ രണ്ട് സംജ്ഞകളും ഒരുപോലെ സുലഭമായി ഉപയോഗിക്കുന്നുണ്ട്; എന്നാൽ, അവ രണ്ടു വ്യത്യസ്തമായ സാഹചര്യങ്ങളിലാണെന്ന് മാത്രം. താഴെ കൊടുത്തിരിക്കുന്ന മനുസ്മൃതിയിലെ ശ്ലോകത്തിൽ(അധ്യായം:10 ശ്ലോകം:4) ബ്രാഹ്മണൻ,ദ്വിജൻ എന്നീ വാക്കുകൾ തമ്മിലുള്ള വ്യത്യാസം വ്യക്തമാണല്ലോ:

> ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യസ്ത്രയോ വർണ്ണാ ദ്വിജാതയഃ
> ചതുർത്ഥ ഏകജാതിസ്തു ശൂദ്രോ നാസ്തി തു പഞ്ചമഃ. 4
>
> ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന മൂന്നു വർണ്ണികൾ ദ്വിജന്മാരാകുന്നു. നാലാമനായ ശൂദ്രന് ഏകജന്മമേ ഉള്ളു. അഞ്ചാമതൊരു ജാതിയില്ല.
>
> ഉപനയനസംസ്കാരംകൊണ്ടു ത്രൈവർണികൾക്ക് ദ്വിജത്വം. ശൂദ്രന് ഉപനയനമില്ലായ്കയാൽ മാതാവിൽനിന്നുള്ള ജന്മം മാത്രം. സങ്കരജാതികൾ മാതാപിതാക്കന്മാരുടേതിൽനിന്നും ഭിന്നജാതികളാണ്: അവർ വർണ്ണ വ്യവസ്ഥയിൽ പെടുന്നില്ല.

'ബ്രാഹ്മണൻ' എന്ന ജാതിയെ സൂചിപ്പിക്കേണ്ടിവരുമ്പോഴെല്ലാം ബ്രാഹ്മണനെന്നുതന്നെയാണ് ഉപയോഗിക്കുന്നത്. 'ദ്വിജൻ' എന്ന വാക്ക് സ്വീകരിച്ചിട്ടുള്ളത്, ഉപനയനം നടത്തി രണ്ടാം ജന്മമെടുത്ത ബ്രാഹ്മണക്ഷത്രിയവൈശ്യവർണ്ണികളെക്കുറിച്ചു പറയുന്നിടങ്ങളിലാണ്. മനുസ്മൃതിയനുസരിച്ച്, ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ വർണ്ണി

കളൊക്കെ വേദപഠനത്തിന് യോഗ്യനാകാനുള്ള യജ്ഞോപവീതത്തിന് അർഹരായതുകൊണ്ടാണ് പ്രയോഗത്തിൽ അത്ര കൃത്യത. ഇതിഹാസങ്ങളിൽ, വർണ്ണം ഒരു വിഷയമല്ലാതിരുന്നതുകൊണ്ടാണ് ദ്വിജനെന്ന പൊതുപ്രയോഗം വ്യാപകമായി ഉപയോഗിച്ചിരിക്കുന്നതെന്നുവേണം കരുതാൻ. അവിടെ,പൂർവ്വാശ്രമബന്ധങ്ങൾ ഉപേക്ഷിച്ചു സന്യസ്തരായവർ ദ്വിജന്മാരും(ബ്രാഹ്മണരും), രാജ്യരക്ഷ കർമ്മമാക്കിയവർ ക്ഷത്രിയരും, കൃഷിയിലും വ്യാപാരത്തിലും വ്യവഹരിച്ചിരുന്നവർ വൈശ്യരും, സേവനവൃത്തികൾ ചെയ്തിരുന്നവർ ശൂദ്രരും ആയിരുന്നു. അതിലേറെ കർമ്മവിഭാഗങ്ങൾ അന്നത്തെ സമൂഹങ്ങളിൽ ഉണ്ടായിരുന്നില്ല.അതുകൊണ്ടുതന്നെ വർണ്ണവിഭജനത്തിന് അതിലേറെ അർത്ഥവും ഉണ്ടായിരുന്നില്ല. അതിനാൽ, 'ദ്വിജൻ'എന്ന വാക്കു മൊഴിമാറ്റിയപ്പോൾ, ബ്രാഹ്മണൻ എന്ന് ആയതിന്റെയും, ദ്വിജൻ ബ്രാഹ്മണപദത്തിന്റെ പര്യായമായതിന്റെയും ഉത്തരവാദിത്വം, ആ ഗ്രന്ഥങ്ങൾക്കോ, അവ എഴുതിയവർക്കോ അല്ല; വ്യാഖ്യാതാക്കൾക്കും പരിഭാഷകർക്കും മാത്രമാണ്. ആ തർജ്ജിമകളിൽ പരിഗണിക്കപ്പെട്ട ഘടകം സാഹചര്യം മാത്രമാണ് എന്നുകാണാം. രാജാക്കന്മാരുമായി ബന്ധപ്പെട്ട അവസരങ്ങളിൽ, ദ്വിജനെന്നതിന് ക്ഷത്രിയനെന്ന പരിഭാഷയും അപൂർവ്വമായാണെങ്കിലും മലയാളത്തിൽ ഉണ്ട്. ഉദാഹരണമായി ജി. എസ്. ശ്രീനിവാസ അയ്യർ വ്യാഖ്യാതാവായ വാല്മീകിരാമായണത്തിൽ (ഉത്തരകാണ്ഡം, സർഗ്ഗം:88) നിന്നുമുള്ള ഒരു ശ്ലോകം കാണുക:

തദ്വാക്യമവ്യക്തപദം താസാം സ്ത്രീണാം നിശമ്യ ച
വിദ്യാമാവർത്തിനീം പുണ്യാമാവർത്തയത സ ദ്വിജഃ. 20

" സഃ ദ്വിജഃ	" ആ ക്ഷത്രിയൻ	പുണ്യാം	ഭയഭക്തിയോടുകൂടി ഉള്ളിൽ ജപിക്കേണ്ടതും
അവ്യക്തപദം	വ്യക്തമാകാത്ത പദങ്ങ		
താസാം	ആ [ളോടുകൂടിയതായ	ആവർത്തിനീം	{ അറിയാത്തവയെ ജ്ഞാനദൃഷ്ടിക്ക് കാട്ടിത്തരുന്നതും ആയ
സ്ത്രീണാം	സ്ത്രീകളുടെ		
തത് വാക്യം	ആ വാക്ക്		
നിശമ്യ,	കേട്ട്,	വിദ്യാം	മന്ത്രത്തെ
ച	അതിനാൽ	ആവർത്തയത.	ജപിച്ചു.

പൗരാണികഭാരതത്തിലെ ബ്രാഹ്മണരുടെ(ബ്രഹ്മജ്ഞാനികളുടെ) ജീവിതോദ്ദേശ്യം മോക്ഷം നേടുക മാത്രമായിരുന്നു. അതിനുതകുന്ന കർമ്മങ്ങളിൽ വ്യാപൃതരായിരുന്ന അവർ, ജ്ഞാനസമ്പാദനത്തിനും, ആദ്ധ്യാത്മിക പ്രചാരണത്തിനുമായാണു ജീവിച്ചത്. ഐഹികവിഷയങ്ങളിൽനിന്നു വിടുതൽ നേടുന്നതിനുള്ള കർമ്മങ്ങൾ അനുഷ്ഠിക്കലായിരുന്നു അവർക്കു വർണ്ണാശ്രമചര്യകൾ. അവരുടെ വചനങ്ങളും പ്രവൃത്തികളും അതിനു സഹായകമാകുന്നവയായിരുന്നു.മുഴുവൻ ചരാചരങ്ങളുടെയും നന്മയ്ക്കും ഉന്നതിക്കും ഉപകരിക്കുന്ന കാര്യങ്ങൾ കണ്ടെത്താനുള്ള ചിന്തകളിലും പ്രവൃത്തികളിലും മാത്രം അവർ മുഴുകി. എന്നാൽ, കാലക്രമേണ സമൂഹത്തിൽ കൈവന്ന മേധാവിത്വം അവരുടെ പിൻഗാമികളെ അധികാരമോഹികളും സുഖാന്വേഷികളുമാക്കി മാറ്റി.അധികാരത്തിന്റേയും സ്വത്തിന്റേയും സമാഹരണവും സംരക്ഷണവും പ്രധാന ലക്ഷ്യമായതോടെ, അതിന് തുണയാകുന്ന നടപടികൾ സൃഷ്ടിച്ചെടുക്കലും, അവ അവിരാമം നടപ്പാക്കുന്നതിന് വേണ്ട വഴികളൊരു

ക്കലുമായി മുഖ്യകർമ്മം.അതിന് സഹായകമാകുന്ന രീതിയിൽ വിശുദ്ധപുസ്തകങ്ങളിലെ വചനങ്ങളെ വ്യാഖ്യാനിച്ചും, തടസ്സമാകുന്ന ശ്ലോകങ്ങളെ വക്രീകരിച്ചും, പുതിയസൃഷ്ടികൾ തിരുകിക്കയറ്റിയും, അവയ്ക്കെല്ലാം ശാസ്ത്രത്തിന്റെ പ്രാമാണികതയുണ്ടെന്നു വരുത്തിയും, സത്യമറിയാനുള്ള വഴികൾ അപരർക്കു മുന്നിൽ കൊട്ടിയടച്ചും പൗരോഹിത്യമെന്ന സ്ഥാനത്തെ മലിനമാക്കി. ആ പ്രതിസംവിധാനത്തിന്റെ പ്രകടിതരൂപമായിരുന്നു, കർമ്മാടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയിൽനിന്നും ജന്മാടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയിലേയ്ക്കുള്ള മാറ്റം.അതിനെത്തുടർന്നാണ് ബ്രാഹ്മണൻ എന്നപദവി നേടാൻ ബ്രഹ്മജ്ഞാനിയാകേണ്ട, ബ്രാഹ്മണന്റെ പുത്രനായാലും മതിയെന്ന അവസ്ഥയുണ്ടായത്. അതുകൊണ്ടുതന്നെ, ബ്രഹ്മജ്ഞാനികളായ പൗരാണികബ്രാഹ്മണർക്കു ശാസ്ത്രഗ്രന്ഥങ്ങൾ നൽകുന്ന മഹത്വത്തിന് ബ്രാഹ്മണജാതിയിൽ പിറന്നവരെല്ലാം അർഹരാണെന്ന വാദം അയുക്തികമാണല്ലോ. അതിനാൽ, പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്ന ആർഷബ്രാഹ്മണരെയും, (ഋഷിപരമ്പരയുടെ ഭാഗമായ ബ്രാഹ്മണർ) പില്ക്കാലത്തു ബ്രാഹ്മണജാതികളിൽ ജനിച്ച ആര്യബ്രാഹ്മണരെയും വേറിട്ടുതന്നെ കാണേണ്ടതുണ്ട്.

വിവിധ പൗരാണികഗ്രന്ഥങ്ങളിലൂടെ കടന്നുപോകുമ്പോൾ, സമാനമായ അനേകം അസത്യവ്യാഖ്യാനങ്ങൾ കാണാം. ആ ഗ്രന്ഥങ്ങൾ എഴുതിയവരല്ല; അവയെ പരിഭാഷചെയ്തവരും വ്യാഖ്യാതാക്കളുമാണ് അവയിൽ ഇന്ന് കാണുന്ന മാലിന്യങ്ങളിൽ അധികവും കലർത്തിയതെന്നു വ്യക്തമാണല്ലോ. ആ കളങ്കങ്ങളുടെ പേരിൽ ആ പുസ്തകങ്ങളെയും അവയുടെ രചയിതാക്കളെയും പഴിക്കുന്നതിൽ കാര്യമില്ല.

ഐതിഹ്യം എന്ന അപനിർമ്മാണതന്ത്രം

വേദങ്ങളും ഇതിഹാസങ്ങളും ഉൾപ്പെടുന്ന പൗരാണിക രചനകളെല്ലാം പണ്ടുകാലങ്ങളിൽ പരമ്പരകളിലേക്ക് പകർന്നുനൽകിയിരുന്നത് വാമൊഴിയായാണ്; ലിഖിതരൂപത്തിലല്ല. അതിനാൽത്തന്നെ, ഇപ്പോൾ ലഭ്യമാകുന്ന പതിപ്പുകൾക്ക് അവയുടെ മൂലകൃതികളിൽനിന്നും പല മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. ആദ്യകാലത്തു സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ സ്വാഭാവികവും ദുരുദ്ദേശ്യരഹിതവുമാകാനാണു കൂടുതൽ സാധ്യത.എന്തുകൊണ്ടെന്നാൽ, നിഷ്കാമകർമികളും നിസ്വാർത്ഥരുമായ മുനിമാരും ആചാര്യന്മാരും ആ കൃതികളുടെ സത്തയെ ബാധിക്കുന്ന തരത്തിലുള്ള തിരുത്തലുകൾക്ക് തയ്യാറാകുമായിരുന്നില്ല എന്നു വിശ്വസിക്കുന്നതാണല്ലോ ഉചിതം. അതിനാൽ, ആ സ്വാഭാവികമായ മാറ്റങ്ങൾ അവയുടെ അടിസ്ഥാനരൂപത്തിനു കാര്യമായ കേടുപാടുകൾ വരുത്താത്ത നിലയിലാണെന്നാണ് പൊതുവെയുള്ള നിഗമനം. പക്ഷെ, സനാതനസംസ്കൃതിക്കുമേൽ വന്ന ആര്യാധിപത്യത്തോടെ, വലിയ തോതിലുള്ള വെട്ടിത്തിരുത്തലുകളും കൂട്ടിച്ചേർക്കലും ആ ഗ്രന്ഥങ്ങളിൽ സംഭവിച്ചു. അക്കാര്യം സാമാന്യേന അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. അത്തരം രൂപാന്തരങ്ങളെക്കാൾ പെരുത്ത അപകടമാണ് ഐതിഹ്യങ്ങൾ എന്നപേരിൽ ചിലർ പടച്ചുവിട്ടിട്ടുള്ള കെട്ടുകഥകൾ ഉണ്ടാക്കിവെച്ചിട്ടുള്ളത്.ഐതിഹ്യങ്ങൾ ഏതെങ്കിലും മൗലികഗ്രന്ഥങ്ങളുടെ ഭാഗമല്ലാ എന്നതുകൊണ്ട്, അവയിൽ അധികാരികതയുടെ പ്രശ്നമേയില്ല എന്ന സ്വാതന്ത്ര്യമാണ് വലിയ തോതിൽ ദുരുപയോഗംചെയ്യപ്പെട്ടത്.

ആർക്കും എന്തിനെക്കുറിച്ചും സ്വന്തമായി ഐതിഹ്യമുണ്ടാക്കാം എന്ന അവസ്ഥ, അനേകായിരം കല്പിതകഥകളുടെ നിർമ്മിതിക്കു നിമിത്തമായി. അവയിൽ പലതും ഇതിഹാസങ്ങളിലും പുരാണഗ്രന്ഥങ്ങളിലും പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതോടെ ഫലത്തിൽ 'ആധികാരിക'മായി മാറി. അതോടെ, അവയിലെ അയുക്തികമായ ഉള്ളടക്കങ്ങൾക്ക് ഉത്തരം പറയേണ്ട ബാധ്യത മൂലഗ്രന്ഥങ്ങളുടെ കർത്താക്കൾക്കായി. അത്തരം വികലസൃഷ്ടികളുടെ പാപഭാരം മുഴുവൻ വ്യാസന്റെയും വാല്മീകിയുടെയും തലയിൽ ആരോപിക്കപ്പെട്ടു.

'എന്നിങ്ങനെ' എന്നർത്ഥം വരുന്ന 'ഇതി' എന്ന പദവും 'പോൽ' എന്നർത്ഥമുള്ള 'ഹ'യെന്ന പദവും ചേരുമ്പോൾ കിട്ടുന്ന, 'ഇതിഹ'യെന്ന വാക്കിൽനിന്നാണ് ഐതിഹ്യമെന്ന പദത്തിന്റെ ഉത്പത്തി. കേട്ടറിവിനെ അടിസ്ഥാനമാക്കി കഥ പറയുമ്പോൾ ചേർക്കാറുള്ള 'അങ്ങനെയാണത്രേ'യെന്ന പ്രതീതി തോന്നിപ്പിക്കുന്നതിനാലാകാം ആ പദനിഷ്പത്തി എന്നു കരുതുന്നു. ഇതിഹാസങ്ങളിലോ പുരാണങ്ങളിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരു അപൂർവ്വമോ അസ്വാഭാവികമോ ആയ സംഗതി, എന്തുകൊണ്ടാവാം സംഭവിച്ചതെന്ന സംശയമുയർത്തിവിടുന്ന അന്വേഷണമാണ് മിക്കവാറും ഐതിഹ്യങ്ങളുടെ നിർമ്മിതിക്കു കാരണമാകുന്നത്.എല്ലാ പ്രദേശങ്ങളിലും എല്ലാ ജനസമൂഹങ്ങൾക്കിടയിലും ചെവിക്കുചെവി പറഞ്ഞു പ്രചരിക്കുന്ന നിരവധി കഥകളുണ്ടാകുമല്ലോ. അവയെല്ലാം സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും വളർച്ചയിലെ അനിവാര്യമായ ഘടകങ്ങളാണ്. പണ്ടുകാലത്തു പ്രചരിച്ചിരുന്ന അത്തരം കഥകളിൽ മിക്കതും, പിൽക്കാലത്ത് ഐതിഹ്യങ്ങളായി പരിണമിച്ചിട്ടുണ്ട്. ഒരു പ്രത്യേകകാലഘട്ടത്തിൽ സൃഷ്ടിക്കപ്പെടുകയും പരമ്പരയായി കൈമാറിപ്പോരുകയും ചെയ്ത അത്തരം കഥകൾ, ആധികാരിക കൃതികളുടെ ഭാഗമാകാത്തിടത്തോളം കാലം കേവലം ഐതിഹ്യങ്ങൾ മാത്രമായി നിലനിൽക്കും. എന്നാൽ, ചില വ്യാഖ്യാതാക്കളോ പരിഭാഷകരോ, സദുദ്ദേശ്യത്തോടെയോ ദുരുദ്ദേശത്തോടുകൂടിയോ ഇത്തരം കഥകൾ മൂലകഥയോടൊപ്പം എഴുതിച്ചേർക്കുമ്പോൾ അത് വഴിതെറ്റിക്കുന്ന നിഗമനങ്ങളിലേക്കു വായനക്കാരെ എത്തിക്കുന്നു. അത്തരത്തിലുള്ള വഴിതെറ്റിക്കലുകൾ ഒരു ആവശ്യകതയായി ചില സമൂഹങ്ങൾ ഏറ്റെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതിന്റെ കുറെ ഉദാഹരങ്ങൾ നമ്മുടെ പൗരാണികഗ്രന്ഥങ്ങളിൽ കാണാം. അപ്രകാരമുള്ള കല്പിതകഥകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയിലെ വൈകല്യങ്ങളും ആശയങ്ങളിലെ ദൗർബ്ബല്യങ്ങളും നിമിത്തം, അവ മൂലകഥയോട് ചേരാതെ വേറിട്ടുനിൽക്കും. എങ്കിലും, സാധാരണക്കാരനായ മനുഷ്യന്റെ ചിന്തയിൽ മാലിന്യം കലർത്താൻ അതൊക്കെ മതിയാകും. അതുതന്നെയാകാം അത്തരം അപനിർമ്മിതികളുടെ സ്രഷ്ടാക്കൾ ലക്ഷ്യമിടുന്നതും; മറ്റുള്ളവർ ഭയപ്പെടുന്നതും. അത്തരം ചില അപനിർമ്മിതികൾ വഴിയേ കാണാം.

പുരാണേതിഹാസങ്ങളിലെ കാലഗണന

പൗരാണികകൃതികളിൽ, അവ വായിക്കുന്ന സാധാരണജനങ്ങളിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പല പ്രയോഗങ്ങളും കാണാനാകുന്നുണ്ട്. അവയിലെ ഏറ്റവും അവിശ്വസനീയമായ ഒന്നാണ് ഇതിഹാസ-പുരാണങ്ങളിലെ കാലഗണനയുമായി ബന്ധ

പ്പെട്ട ചില പ്രതിപാദനങ്ങൾ.അവയിലെ കഥാപാത്രങ്ങളുടെ ആയുസ്സുസംബന്ധിച്ച പല കണക്കുകളും അത്യന്തം അസംഭാവ്യമായി തോന്നാറുണ്ടല്ലോ. അമാനുഷിക പരിവേഷമുള്ള വ്യക്തികളായാലും, അവർ ആയിരമോ പതിനായിരമോ വത്സരം ജീവിച്ചിരുന്നു, ആയിരംവർഷം തപസ്സുചെയ്തു എന്നെല്ലാം പറയുന്നത് സാധാരണ ഗതിയിൽ മനുഷ്യരുടെ സാമാന്യബുദ്ധിക്കു സ്വീകാര്യമാകുകയില്ലല്ലോ. തികച്ചും ഋജുവായും സത്യസന്ധമായും കാര്യങ്ങൾ ആവിഷ്കരിക്കുന്ന മഹാമുനികൾ, അ ത്തരം അയുക്തിക പ്രസ്താവനകൾ നടത്തുമെന്നു വിശ്വസിക്കാനാവുമോ? "ഇല്ല" എന്നുതന്നെയാവും മറുപടി. പണ്ടൊക്കെ ആയുസ്സ് ആയിരവും പതിനായിരവും വ ർഷം ആയിരുന്നു; ഇപ്പോൾ ചുരുങ്ങിപ്പോയതാണ് എന്നു ന്യായീകരിച്ചു നാണംകെ ടുന്നതിൽ അർത്ഥമില്ല. സത്യംകണ്ടെത്തി തിരുത്തുകയാണല്ലോ വേണ്ടത്.

'ശതായുർവൈ പുരുഷഃ' എന്നും, 'ജീവേമ ശരദഃ ശതം' എന്നുമൊക്കെയുള്ള വേദാ നുബന്ധിയായ ശ്ലോകങ്ങൾ, മനുഷ്യന്റെ പൂർണ്ണായുസ്സിനെ നൂറു വർഷമായി നിജ പ്പെടുത്തുമ്പോൾ, പുരാണകഥകളിൽ എങ്ങനെ ഇത്തരം അബദ്ധപ്രതിപാദനങ്ങൾ കടന്നുകൂടി? ചക്രവർത്തി ഭരതൻ ഒരുകോടിവർഷം സുഖങ്ങൾ അനുഭവിച്ചതിനു ശേഷമാണ് ഗൃഹസ്ഥാശ്രമം വെടിഞ്ഞതെന്നും, കാർത്തവീര്യാർജ്ജുനൻ എൺപ ത്തയ്യായിരം കൊല്ലം രാജ്യം ഭരിച്ചെന്നും മറ്റുമുള്ള പ്രയോഗങ്ങളുടെ സത്യാവസ്ഥ അന്വേഷിച്ചു കണ്ടെത്തുകയാണു വേണ്ടത്. ശംബൂകന്റെ വധത്തിനു വഴിയൊരു ക്കിയ ബ്രാഹ്മണശിശുവിന്റെ അകാലമരണം വിവരിക്കുന്ന സ്ഥലത്ത്, രാമായണ ത്തിൽ ഇങ്ങനെ പറയുന്നുണ്ട്: അപ്രാപ്തയൗവ്വനം ബാലം പഞ്ചവർഷ സഹസ്രകം. യൗവ്വനമെത്താത്ത അയ്യായിരം വയസ്സുള്ള കുട്ടി എന്ന തെറ്റിദ്ധാരണ ജനിപ്പിക്കാൻ വകയുള്ള ആ ശ്ലോകത്തെ പലരും പലരീതിയിൽ ആവിഷ്കരിക്കുന്നതു കാണാം. അതിലെ വർഷം എന്ന ഭാഷാപ്രയോഗത്തെ ദിനവർഷമാക്കിമാറ്റി, പതിമൂന്നു വയ സ്സും എട്ടുമാസവും പന്ത്രണ്ടുദിവസവുംപ്രായമുള്ള കുട്ടിയെക്കുറിച്ചാണ് പരാമർശ മെന്നെല്ലാം ആശ്വസിക്കുന്നവരുണ്ട്. അപ്രാപ്ത യൗവ്വനം ബാലം പഞ്ചവർഷ ഗതാ യുഷമെന്ന പത്മപുരാണത്തിലെ സമാന ശ്ലോകത്തെ അവലംബമാക്കി, കുഞ്ഞിന് അഞ്ചുവയസ്സു പൂർത്തിയായതേയുള്ളൂ എന്നും, ആദ്യത്തേതു വാല്മീകിയ്ക്ക് പറ്റി യ പിശകാവാം എന്ന് കണ്ടെത്തുന്നവരുമുണ്ട്. എന്നാൽ, സചേതനവസ്തുക്കളുടെ ആയുസ്സിനെ പരാമർശിക്കുമ്പോൾ, സഹസ്രം എന്നതിന് തികഞ്ഞതെന്നാണ് അർ ത്ഥമെന്ന സംസ്കൃതഭാഷാനിയമമറിഞ്ഞാൽ,പഞ്ചവർഷസഹസ്രം എന്നതിന്റെ പൊരുൾ അഞ്ചു വയസ്സു തികഞ്ഞത് എന്നാണെന്നു മനസ്സിലാക്കാം. അതുപോലെ തന്നെ, ലക്ഷം എന്നു ചേർത്താൽ പറഞ്ഞിരിക്കുന്ന സംഖ്യയോട് ഏകദേശം അടു ത്തുവെന്നും, കോടിയെന്നു ചേർത്താൽ നിശ്ചിത സംഖ്യയെക്കാൾ ഏതാനും ദിവ ങ്ങളോ മാസമോ കഴിഞ്ഞു എന്നുമാണ് അർത്ഥം. അതേസമയം, ഗ്രഹനക്ഷത്രാദി അചേതനവസ്തുക്കളുമായി ബന്ധിപ്പിച്ചു പറയുമ്പോൾ, സഹസ്രം, ലക്ഷം, കോടി എന്നീ സംസ്കൃതപദങ്ങൾക്ക് ഭാഷാർത്ഥം തന്നെയാണു കല്പിക്കപ്പെടുന്നത്.(അവ ലംബം:'പുരാണപരിചയം', പ്രൊഫ. പി.ആർ.നായർ). ആ വ്യാകരണനിയമം മനസ്സി ലാക്കിയാൽ പല ദുർവ്യാഖ്യാനങ്ങളും ഇല്ലാതാകും. പല ആഖ്യാനങ്ങളിലെയും പ രാമർശങ്ങളുടെ വിശ്വാസ്യതയില്ലായ്മ ഒരു പരിധിവരെ ഒഴിവാകും.

രാമായണം ബാലകാണ്ഡത്തിൽ, രാമലക്ഷ്മണന്മാരെ തന്നോടൊപ്പം കാട്ടിലയച്ചു യാഗരക്ഷ നിർവ്വഹിക്കണമെന്ന വിശ്വാമിത്രന്റെ നിവേദനംനിറവേറ്റാൻ തനിക്കുള്ള വിഷമം അറിയിക്കുന്ന ദശരഥന്റെ വാക്കുകൾ ഇപ്രകാരമാണ്: "ഷഷ്ടിവർഷ സഹസ്രാണി ജാതസ്യ മമ കൗശിക! ദുഃഖേനോത്പാദിതശ്ചായം ന രാമം നേതു മർഹസി". ഇതിനെ, "ഹേ മുനീശ്വരാ, എനിക്ക് അറുപതിനായിരം വയസ്സുവരെ ദുഃഖിച്ചിരുന്നുണ്ടായ സന്താനമാണ് രാമൻ. അവനെ കൊണ്ടുപോയാലോ?" എന്നു പരിഭാഷകൻ ഭാഷാന്തരം നടത്തിയിരിക്കുന്നതു കാണാം:

ഷഷ്ടിർവ്വർഷസഹസ്രാണി ജാതസ്യ മമ കൌശിക
ദുഃഖേനോത്പാദിതശ്ചായം ന രാമം നേതുമർഹസി. 10

"കൌശിക!	"അല്ലയോ കൗശിക	അയം ച	ഇവനാകട്ടെ
ഷഷ്ടിഃ	അറുപതു [വന്ദന!	ദുഃഖേന	പ്രയാസപ്പെട്ടു
വർഷസഹസ്രാണി	ആയിരംകൊല്ലങ്ങളാം	ഉത്പാദിതഃ;	ഉത്പാദിക്കപ്പെട്ടവൻ
ജാതസ്യ	കഴിഞ്ഞവനായ	രാമം	(ആകയാൽ)രാമനെ
മമ	എനിക്കു"	നേതും അർഹസി ന	കൊണ്ടുപോകരുതെ.

രാമന്റെ പിതാവായതിനാൽ, അറുപതിനായിരം വയസ്സെന്നത് സംഭാവ്യമാണെന്ന് ആശ്വസിക്കുന്നതിനെക്കാൾ യുക്തി, അദ്ദേഹത്തിന് അറുപതു വയസ്സുവരെ പുത്രന്മാരുണ്ടായിരുന്നില്ല എന്നു മനസ്സിലാക്കുന്നതുതന്നെയല്ലേ? ഈ ഭാഷാസങ്കേതത്തിന്റെ സാധുതയുറപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ വേറെയുമുണ്ട്. പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്ന സങ്കേതങ്ങളെക്കുറിച്ച് അറിവില്ലാത്തവരുടെ പരിഭാഷകളും വ്യാഖ്യാനങ്ങളുമാണ് അപ്രകാരത്തിലുള്ള വമ്പൻ പിശകുകളുടെ വ്യാപനത്തിനു വഴിവെച്ചതെന്ന് അനുമാനിക്കാം. അത്തരം അബദ്ധപരാമർശങ്ങൾക്കു പിറകിലെ വസ്തുത അറിഞ്ഞു തിരുത്താതെ, കാര്യങ്ങളെ സ്വന്തം പാണ്ഡിത്യത്തിന്റെ പരിധിയിൽ ഒതുക്കിനിറുത്തി ദുർവ്യാഖ്യാനം നടത്തുകയാണ് പലരും ചെയ്തുപോരുന്നത്. വർത്തമാനകാലത്തെ ചില വിവർത്തകർ, ആ ആപൽസന്ധി മറികടക്കാൻ വാല്മീകിയുടെയും വ്യാസന്റെയും ശ്ലോകങ്ങൾ തിരുത്തിഅവതരിപ്പിക്കുന്നതും ചിലകൃതികളിൽ കാണുന്നു. 'അപ്രാപ്തയൗവ്വനം ബാലം പഞ്ചവർഷ സഹസ്രകം' എന്ന ശ്ലോകത്തെ, 'അപ്രാപ്തയൗവ്വനം പഞ്ചവർഷ സമന്വിതം ബാലം' എന്നു മാറ്റിയെഴുതി തടിതപ്പുകയാണ് ആ തന്ത്രശാലികൾ ചെയ്യുന്നത്.

ഭാഷാപരമായ അത്തരം തെറ്റുകളെ ദുരുദ്ദേശ്യപരമല്ലാത്ത പിഴവുകളായി കരുതി അവഗണിക്കാം. എന്നാൽ, പുരാണേതിഹാസങ്ങളിൽ കാണുന്ന പല പാഠംതെറ്റലുകളും, കൃത്യമായ ലക്ഷ്യത്തോടെ നടപ്പാക്കപ്പെട്ട അസത്യപ്രചരണങ്ങളോ അർദ്ധസത്യപ്രഖ്യാപനങ്ങളോ ആണെന്നതാണ് സത്യം. അത്തരം ആസൂത്രിതമായ അപനിർമ്മാണങ്ങൾക്കു പിന്നിലെ ലക്ഷ്യം, ആ കൃതികൾ പഠിക്കാനും പഠിപ്പിക്കാനും അധികാരമുണ്ടായിരുന്ന വർഗ്ഗങ്ങളുടെ ആധിപത്യമുറപ്പിക്കുക എന്നതായിരുന്നു. ആ ഗ്രന്ഥങ്ങളുടെ യഥാർത്ഥ അവകാശികളുടെ കൈയൊപ്പുകൾ മാച്ചുകളഞ്ഞ്, അവയെല്ലാം തങ്ങളുടേതാണെന്നു വരുത്തിത്തീർക്കുക എന്നതായിരുന്നു അവർ

അതിന് അനുവർത്തിച്ച നടപടി എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയാൽ ഒഴിയുന്ന തെറ്റിദ്ധാരണകൾ ഒരുപാടുണ്ട്. അതിന്, ആദ്യം ചെയ്യേണ്ടത് ഭാരതീയ ശാസ്ത്രഗ്രന്ഥങ്ങളുടെ സൃഷ്ടിക്കു പിന്നിലെ വസ്തുതകൾ അറിയുക എന്നതാണ്.

പൗരാണികഗ്രന്ഥങ്ങൾ ആര്യബ്രാഹ്മണസൃഷ്ടിയല്ല

ഭാരതീയ പൗരാണിക ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുത, ആര്യബ്രാഹ്മണ്യം ആ ചിത്രത്തിലേ ഇല്ല എന്നതാണ്. ഉപനിഷത്തുകളും പുരാണേതിഹാസങ്ങളുമടങ്ങുന്ന സനാതനഗ്രന്ഥങ്ങളുടെ രചനയിൽ ആര്യന്മാർക്കുള്ളതായി പറയപ്പെടുന്ന പങ്ക്, അനവധി അപനിർമ്മാണങ്ങളിലൂടെ പിൽക്കാലത്തു വരുത്തിത്തീർത്തതു മാത്രമാകാനാണു സാധ്യത. അതൊരു ഊഹമല്ല; സാധുതയുള്ള തെളിവുകളുടെ സമ്മതിയുള്ള സത്യമാണ്.

കൂട്ടിയാൽകൂടാത്ത ഭൂതകാലം

അന്യദേശവാസികളായിരുന്ന ആര്യന്മാർ പുരാതന ഭാരതത്തിലേക്ക് കുടിയേറിയതാണ് എന്ന വസ്തുത ചരിത്രപണ്ഡിതർ സംശയലേശമന്യേ അംഗീകരിക്കുന്നതാണല്ലോ. മധ്യേഷ്യയിൽനിന്ന് അഫ്ഘാനിസ്ഥാൻ വഴി ഖൈബർചുരം കടന്ന് ഭാരതത്തിലെത്തിയ 'ആര്യന്മാർ', ആദ്യം വടക്കു പടിഞ്ഞാറൻ മേഖലയിലെ സിന്ധുനദിതീരങ്ങളിലും, പിന്നീടു കിഴക്കോട്ടു നീങ്ങി ഗംഗാസമതലങ്ങളിലും, തുടർന്ന് ഉത്തരേന്ത്യയിലാകമാനവും, അനന്തരം മധ്യഭാരതത്തിലേക്കും, കിഴക്കുംപടിഞ്ഞാറും തീരങ്ങളിലൂടെ ദക്ഷിണഭാരതത്തിലേക്കും കുടിയേറി എന്നതാണു പൊതുവെയുള്ള അനുമാനം. ഇന്ത്യൻ മണ്ണിലേയ്ക്കുള്ള ആര്യന്മാരുടെ കടന്നുവരവ് എന്നായിരുന്നു എന്ന കാര്യത്തിൽ അവിതർക്കിതമായ ഒരു ഉത്തരത്തിലെത്തുക അത്ര എളുപ്പമല്ല. എന്നാൽ, ഏതാണ്ട് BC1700നും BC1500നും ഇടയിലാണ് അതെന്ന നിഗമനത്തിലാണ് പണ്ഡിതസമൂഹം എത്തിനിൽക്കുന്നത്. അത് ശരിയാണെങ്കിൽ, BC-4000 മുതൽ BC-3000 വരെയുള്ള കാലഘട്ടത്തിലോ, അതിനുമുൻപോ നിർവ്വഹിക്കപ്പെട്ടെന്നു കരുതപ്പെടുന്ന വേദമന്ത്രങ്ങളുടെ സൃഷ്ടിയിൽ ആര്യന്മാർക്കുള്ള പങ്ക്, അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ നിരാകരിക്കപ്പെടുന്നുണ്ട്. വേദങ്ങളിൽ പരാമർശിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, അത്തരമൊരു സാധ്യതക്കാണ് പൊതുവിൽ സ്വീകാര്യത. ഋഗ്വേദസംഹിതയിലെ പരാമർശങ്ങൾ ചെമ്പിനെക്കുറിച്ചു മാത്രമായതുകൊണ്ട്, ഋഗ്വേദകാലം ചെമ്പുയുഗത്തിൽ ആയിരുന്നിരിക്കണം എന്നാണു കണക്കാക്കപ്പെടുന്നത്. ആര്യാധിനിവേശത്തിനു മുമ്പേ എഴുതപ്പെട്ട വേദങ്ങൾ അവർക്കൊപ്പം ഇന്ത്യയിൽ എത്തിയതാകാമെന്ന വാദത്തിനും വസ്തുതകളുടെ പിൻബലമില്ല. വേദങ്ങളിൽ വർണ്ണിക്കപ്പെടുന്ന സ്ഥലങ്ങളും, നിരൂപിക്കപ്പെടുന്ന വിഷയങ്ങളും ഒന്നുംതന്നെ ആര്യന്മാരുടെ പ്രാക്തനഭൂമികയെന്നു കരുതപ്പെടുന്ന പ്രദേശങ്ങളുമായി സാമ്യപ്പെടുന്നതല്ല എന്നതാണ് അതിനുള്ള കാരണം. വടക്ക് ഹിമാലയപർവ്വതവും തെക്ക് മഹാസമുദ്രവും കിഴക്കു ഗംഗാനദിയും പടിഞ്ഞാറു കാബൂൾ നദിയും അതിരിടുന്ന ഒരു ഭൂപ്രദേശമാണ് വേദങ്ങളുടെ പശ്ചാത്തലം. ഹിന്ദുക്കുഷിനപ്പുറമുള്ള മധ്യേഷ്യയിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങൾ വേദങ്ങളിൽ ഒരിടത്തും പ്രതിപാദിക്കപ്പെടുന്നില്ല. അതിനാൽത്തന്നെ, വേദങ്ങളും

ആർഷസംസ്കൃതിയും ആര്യന്മാരുടെ സംഭാവനയാണെന്ന വാദമുഖം അടിസ്ഥാനമില്ലാത്തതാണ്. ആ ധാരണ ആരൊക്കെയോ ചേർന്നു മെനഞ്ഞെടുത്തതാണ്.

എന്നിരുന്നാലും, ഋഗ്വേദത്തിലെ ചില പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ, വേദങ്ങൾ ആര്യസൃഷ്ടിയാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള ശ്രമം എക്കാലത്തും നടന്നിട്ടുണ്ട്. തദ്ദേശീയരായ ദസ്യുക്കളെ യുദ്ധത്തിൽ തോൽപ്പിക്കുന്നതിന് സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള, ഇന്ദ്രനെയും ഇതര ദേവന്മാരെയും അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനാശ്ലോകങ്ങളാണല്ലോ അതിന് തെളിവായി മുന്നോട്ടുവെയ്ക്കപ്പെടുന്നത്. ഭാരതത്തിലേക്കുള്ള അധിനിവേശകാലത്ത് ആര്യന്മാർ ഉരുവിട്ടിരുന്നതായി കണക്കാക്കുന്ന അത്തരം പ്രാർത്ഥനാമന്ത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് വേദങ്ങളുടെ കർതൃത്ത്വം ആര്യന്മാരിൽ എത്തിക്കാനാകുന്നത്.അങ്ങനെയുള്ള ശ്ലോകങ്ങൾ വേദമന്ത്രങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടതാകാനാണു സാധ്യത. വിവിധ പ്രാചീന ഗോത്രങ്ങൾ പ്രാർത്ഥനകളിൽ ഉപയോഗിച്ചിരുന്ന മന്ത്രങ്ങൾ കൂട്ടിച്ചേർത്താണല്ലോ വ്യാസൻ വേദങ്ങളെ ഇന്നു കാണുന്ന രൂപത്തിൽ സമാഹരിച്ചത്. അതിൽ, ആര്യസമൂഹങ്ങൾ ഉപയോഗിച്ചിരുന്ന മന്ത്രങ്ങളും ഉൾപ്പെട്ടിട്ടുണ്ടാകാം എന്നല്ലാതെ, ചതുർവ്വേദമന്ത്രങ്ങൾ മുഴുവനായും ആര്യന്മാരുടെ സംഭാവനയാണെന്നു സ്ഥാപിക്കാനുതകുന്ന ആധികാരികമായ തെളിവുകളൊന്നും ഇല്ലതന്നെ.

മറ്റു പൗരാണികഗ്രന്ഥങ്ങളുടെ കാര്യത്തിലെന്നപോലെ, വേദങ്ങളുടെ കർതൃത്വം ഏതെങ്കിലുമൊരു വ്യക്തിയിൽ പരിമിതപ്പെടുത്താനാകില്ല. വിഭിന്ന കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന വിഭിന്ന ഗോത്രങ്ങളിലെ ഋഷിമാരാൽ രചിക്കപ്പെട്ട മന്ത്രങ്ങൾ, വ്യാസമഹർഷി കണ്ടെടുത്ത് കൂട്ടിച്ചേർക്കുകയും, വിഷയാനുക്രമത്തിൽ വേർതിരിക്കുകയും ചെയ്തപ്പോഴാണ് വേദങ്ങൾക്ക് ഇന്നത്തെ രൂപം കൈവന്നത്. വിശ്വാമിത്രർ, അത്രിമാർ, വസിഷ്ഠന്മാർ, കശ്യപർ,ഭരതർ, ഭൃഗുക്കൾ എന്നിങ്ങനെ ആദിമ വേദമായ ഋഗ്വേദത്തിന്റെ ദ്രഷ്ടാക്കളായ ഋഷിമാരെ പല വിഭാഗങ്ങളായി തിരിച്ചിരിക്കുന്നത് അതിന്റെ ദൃഷ്ടാന്തമാണ്. മധുച്ഛന്ദാ,മേധാതിഥികണ്വൻ,ശുനശേപൻ, ഹിരണ്യസ്തവൻ,കണ്വർ, ഉൽകീലൻ, സവ്യർ, നോധാഗൗതമൻ, പരാശരൻ,അത്രി, ഗൗതമൻ, രഹൂഗണപുത്രൻ, കക്ഷീവാൻ, പരുഛേവൻ, ദീർഘതമസ്സ്, അഗസ്ത്യൻ, ഗുൽസമദൻ, കുത്സൻ, സോമാഹൂതി, വിശ്വാമിത്രൻ, ഉത്കീലൻ, ഗാഥി, പ്രജാപതി, വാമദേവൻ, നോധസ്സ്, ഗൃത്സമദൻ, സോമാഹുതി, കൂർമ്മൻ, ഋഷഭൻ, ദേവശ്രവസ്സ്, പ്രസ്കണ്വൻ, ദേവവാതൻ,വാമദേവൻ, പുരുമീള്ഹൻ, അജമീള്ഹൻ, വസുശ്രുതൻ, ഇഷൻ, ഗയൻ, സുതംഭരൻ, ദ്വിതൻ, അവസ്യു, വീശ്വസാമാവ്, ദ്യുമ്നൻ, വിശ്വവാര, ഗൗരിവീതി, ബഭ്രു, പ്രതിഭാനു, സസൻ, ഗാതു, സംവരണൻ, പ്രഭൂവസു, പ്രതിരഥൻ, അവത്സാരൻ, സദാപൃണൻ, പ്രതിക്ഷേത്രൻ, ശ്യാവാശ്വൻ, ശശകർണ്ണൻ, സ്വസ്ത്യാത്രേയൻ, ഋജിശ്വാവ്, മേധാതിഥി, പ്രിയമേധൻ, പുനർവത്സൻ, പ്രഗാഥൻ, സധ്വംസൻ എന്നിങ്ങനെ നീണ്ടുപോകുന്നു ഋഗ്വേദസംഹിതയിലെ മന്ത്രദ്രഷ്ടാക്കളായഋഷിമാരുടെ പട്ടിക. ഇവരിൽ മഹാഭൂരിപക്ഷവും പുരാണേതിഹാസങ്ങളിൽ എവിടെയും സാന്നിധ്യമില്ലാത്തവരുമാണ്. ഇപ്പറഞ്ഞ മഹർഷിമാരൊക്കെ ആര്യന്മാരായിരുന്നു എന്നതിന് യാതൊരു തെളിവുമില്ല. അവരിൽ പലരും അനാര്യരാണെന്നു വിശ്വസിക്കുവാനുള്ള നിമിത്തങ്ങൾ സുലഭവുമാണ്.(അവ വഴിയെ പറയാം). ആ നിലയ്ക്കു

നോക്കുമ്പോൾ, ചതുർവ്വേദങ്ങളുടെ വിഷയത്തിൽ ആര്യന്മാർ ഉന്നയിക്കുന്ന ഉടമസ്ഥാവകാശം അവിതർക്കിതമായി അംഗീകരിക്കാനാകില്ലല്ലോ. കേവലവാദത്തിനുവേണ്ടി വേദങ്ങൾ ആര്യസൃഷ്ടിയാണെന്നു സമ്മതിച്ചാൽപോലും, ഇതര പൗരാണികഗ്രന്ഥങ്ങളുടെ രചനയിൽ ആര്യസാന്നിദ്ധ്യം കാര്യമായിട്ട് ഇല്ല എന്ന വസ്തുതയ്ക്കു തന്നെയാണു സ്വീകാര്യത. ആ വാദമുഖത്തെ സാധൂകരിക്കുന്ന കൂടുതൽ തെളിവുകൾ തുടർന്നുവരുന്ന പാഠഭാഗങ്ങളിൽ അവതരിപ്പിക്കാം.

ആര്യന്മാർ ആഢ്യരായി ഈ മണ്ണിൽ അവതാരമെടുത്തതല്ല

ആര്യന്മാർ എന്നു പിൽക്കാലത്ത് സ്വയം വിശേഷിപ്പിച്ചു വിളിച്ച ജനവിഭാഗം ഭാരതഭൂമിയിലേയ്ക്കു കടന്നുവന്നത്, മതപ്രചരണത്തിനോ, ഭരണാധികാരം സ്ഥാപിക്കാനോ,അധികാരപരിധി വിപുലീകരിക്കാനോ ഒന്നും ആയിരുന്നില്ല; ആഹാരംതേടിയാണ്. കാരണം, അക്കാലത്തു മേൽപ്പറഞ്ഞ സംഗതികളൊന്നും നിലവിലുണ്ടായിരുന്നില്ല. അന്ന് മനുഷ്യർക്കു ജീവിക്കാൻ പ്രാണവായുവും, ഭക്ഷണവും, വെള്ളവും മാത്രം മതിയായിരുന്നു. അക്കാലത്തു കൃഷിപോലും ആ മനുഷ്യർക്ക് അന്യമായിരുന്നു. വേട്ടയാടിക്കഴിഞ്ഞിരുന്ന നാടോടി സമൂഹങ്ങൾ, ഒരിടത്തെ ഭക്ഷണ ലഭ്യത കുറയുമ്പോൾ അടുത്ത സ്ഥലങ്ങളിലേക്കു നീങ്ങുന്ന സ്വാഭാവിക പ്രക്രിയമാത്രമായിരുന്നു ആര്യാധിനിവേശമെന്ന അലക്ഷ്യപ്രയാണം.ആ പ്രതിഭാസത്തിന്‌റെ ഭാഗമായി അവർ ഭാരതഭൂമിയിൽ എത്തിയത്, ഒന്നോ പത്തോ നൂറോ വർഷങ്ങൾകൊണ്ടല്ല; നൂറ്റാണ്ടുകൾ നീണ്ട, തലമുറകൾ താണ്ടിയുള്ള യാത്രയുടെ അന്ത്യത്തിലാണ്. വാസ്തവത്തിൽ അതൊരു അധിനിവേശമായിരുന്നില്ല; കുടിയേറ്റമായിരുന്നു. ഭാരതത്തിലെത്തിയ അവർ പിന്നീട് മുന്നോട്ടു പോകാതിരുന്നതിന്‌റെ കാരണം, ഭാരതത്തിന്‌റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും, അതിരുകളുടെ പ്രത്യേകതകളും തന്നെയാണ്. ഒരിടത്തുതന്നെ സ്ഥിരമായി താമസിക്കുന്ന നിലയിലേയ്ക്കുള്ള കാലികമായ സാമൂഹ്യപരിണാമവും ഒരു പ്രേരണയായിട്ടുണ്ടാകാം. അധിനിവേശകാലത്ത് അവർക്ക് മതമോ വർണ്ണങ്ങളോ തനതു സാംസ്കാരിക വിശേഷതകളോ സാഹിത്യമോ, ഒന്നും ഉണ്ടായിരിക്കാൻ ഇടയില്ലായെന്നു വിശ്വസിക്കുന്നതാണല്ലോ യുക്തി. അത്തരത്തിൽ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽത്തന്നെ, അത് ഏറ്റവും പ്രാകൃതമായ പ്രകൃത്യാരാധനയും, അതുമായി ബന്ധപ്പെട്ട കലാരൂപങ്ങളും മാത്രമാകാനാണ് സാധ്യത. അക്കാലത്തെ വേട്ടയാടി കഴിഞ്ഞിരുന്ന നാടോടിസമൂഹങ്ങൾക്ക് സ്വാഭാവികമായും സാധ്യമായ പരിഷ്കാരത്തിനപ്പുറം ഒന്നും അവർക്കുണ്ടായിരിക്കാനിടയില്ല. വിശപ്പകറ്റാൻ അന്നം പോലുമില്ലാത്തപ്പോൾ എന്ത് ആഢ്യത്വം?

അധിനിവേശകാലത്തെ ആര്യന്മാരുടെ യഥാർത്ഥ അവസ്ഥ സൂചിപ്പിക്കുന്ന ചില മന്ത്രങ്ങൾ ഋഗ്വേദത്തിലുണ്ട്. അവർ അനുഭവിച്ചിരുന്ന ദാരിദ്ര്യത്തിൽനിന്നും രക്ഷ തേടിയുള്ള പ്രാർത്ഥനകളാണ് അവ.(ഋഗ്വേദസംഹിത, പരിഭാഷ:വള്ളത്തോൾ):

- ✓ ഇന്ദ്രൻ ദാഹത്തിന്‌റെയും വിശപ്പിന്‌റെയും ചുറ്റും പെരുമാറട്ടെ: ആ മഘവാവു തന്നെയാണല്ലോ, സമ്പത്തിന്‌റെ അധിപതി; ആ ബലവാനായ വൃഷാവിന്‌റെ തന്നെയാണ്, താണനിലത്ത് അന്നം തഴപ്പിയ്ക്കുന്ന ഈ സപ്തനദികൾ! (അഷ്ടകം:7, അധ്യായം:16, മണ്ഡലം:10, അനുവാകം:4, സൂക്തം:43, ശ്ലോകം:3].

- ✓ ഇന്ദ്രൻ അനേകരാൽ വിളിക്കപ്പെടുന്നു. അദ്ദേഹം നമ്മുടെ വിശപ്പിനെ യവം കൊണ്ടു ശമിപ്പിക്കട്ടെ. നാം മുന്നേറി സ്വന്തം ശക്തികൊണ്ടു ശത്രുക്കളുടെ മഹാധനത്തെ വിജയിക്കുകയും, ഗോക്കൾമൂലം നമ്മുടെ ദാരിദ്ര്യത്തെ അകറ്റുകയും ചെയ്യട്ടെ(അഷ്ടകം:03, അധ്യായം:13, മണ്ഡലം:10, അനുവാകം:01, സൂക്തം:43, ശ്ലോകം:10]. (വിശപ്പായിരുന്നു മുഖ്യ പ്രേരണ എന്നു സാരം).
- ✓ ഋഭുക്കളേ, യാതൊന്നു ത്വഷ്ടാവിനെയും വായുവിനെയും രണ്ടു ദിവ്യഹോതാക്കളെയും ഉഷസ്സിനേയും ബൃഹസ്പതിയേയും സുമേധസ്സായ വൃത്രസൂദനനെയും നന്മയ്ക്കായി പ്രാപിയ്ക്കുന്നുവോ, ആ ഇന്ദ്രസേവിതമായ സോമത്തോടു ഞങ്ങൾ ധനം യാചിക്കുന്നു(അഷ്ടകം:08, അധ്യായം:18, മണ്ഡലം:10, അനുവാകം:05, സൂക്തം:65, ശ്ലോകം:10].
- ✓ ഇന്ദ്ര, അശ്വത്തെയും അന്നത്തെയും ഗോക്കളെയും കാംക്ഷിക്കുന്ന ഞങ്ങൾ അങ്ങയെ പ്രാപിക്കാൻവേണ്ടി വിളിയ്ക്കുന്നു. ഞങ്ങൾ അങ്ങയുടെ നന്മമനസ്സിൽ വർത്തിച്ചു, സുഖകരനായ അങ്ങയെ വിളിക്കുമാറാകണം!(അഷ്ടകം:08, അധ്യായം:24, മണ്ഡലം:10, അനുവാകം:12, സൂക്തം:160, ശ്ലോകം:05].

അന്ന്, ദാരിദ്ര്യംകാരണം ആര്യന്മാർ പട്ടിമാംസം കഴിച്ചിരുന്നതായും ഋഗ്വേദത്തിൽ പരാമർശമുണ്ട്: 'ഞങ്ങൾ ദാരിദ്ര്യംകൊണ്ട് ശ്വാവിന്റെ കുടൽമാല വേവിക്കുകയുണ്ടായി. അപ്പോൾ, ഞങ്ങൾക്കായി സുഖം നൽകുവാൻ ഇന്ദ്രനല്ലാതെ മറ്റൊരു ദേവതയും ഉണ്ടായിരുന്നില്ല'.(അവർത്യാ ശുനഃ അന്ത്രാണി പേചേ നഃ ദേവേഷു വിവിദേ മർഡിതാരം-അഷ്ടകം:03, അധ്യായം:13, മണ്ഡലം:4, അനുവാകം:2, സൂക്തം:18, ശ്ലോകം:13]. ആര്യന്മാർ ഈ മണ്ണിൽ ആദ്ധ്യരായി അവതാരമെടുത്തതല്ല എന്നാണല്ലോ ഇതെല്ലാം വ്യക്തമാക്കുന്നത്. ആദ്യകാലത്ത് ആര്യന്മാർ തദ്ദേശീയരായ ദസ്യുക്കൾക്കുനേരെ നടത്തിയ ആക്രമണങ്ങളുടെ ഉദ്ദേശ്യം, അവരുടെ വലിയ ഗോസമ്പത്തു കൈവശപ്പെടുത്തുക എന്നതായിരുന്നു. ദസ്യുക്കളെ അരിഞ്ഞിട്ട് ആയിരമായിരം ഗോക്കളെ കൈക്കലാക്കിയതിനെയും, പുരികൾ തകർത്തു ഗോക്കളെ നേടിയതിനെയും, സ്വന്തം ബലം ശത്രുബലങ്ങളിലെങ്ങും വ്യാപിപ്പിച്ച് ദസ്യുക്കളുടെ ഗോശാലകൾ പിടിച്ചടക്കിയതിനെയും കുറിച്ചുള്ള ഋഗ്വേദത്തിലെ വർണ്ണനകൾ അതാണല്ലോ തെളിയിക്കുന്നത്.(കടപ്പാട്:ഋഗ്വേദസംഹിത, പരിഭാഷ:വള്ളത്തോൾ):

- ✓ പുരുഹൂത, ഇന്ദ്ര, അവിടുന്ന് ഉഗ്രമായ വജ്രംകൊണ്ടു ശത്രുവിനെ ചാരത്തുനിന്നും ദൂരത്തേക്കോടിച്ചാലും; ഞങ്ങൾക്കു യവവും ഗോക്കളെയും തന്നാലും. സ്തോതാവിന്നു രമണീയാന്നമായ കർമ്മം അരുളിയാലും!(അഷ്ടകം:07, അധ്യായം:16, മണ്ഡലം:10, അനുവാകം:03, സൂക്തം:42, ശ്ലോകം:07).
- ✓ ഗോവ്,അശ്വം,പാലുള്ള പശു,സ്വർണ്ണം എന്നിവയെ ഞാൻ ആയുധംകൊണ്ടു വെന്നടക്കും. സ്തോത്രോപേതങ്ങളായ സോമങ്ങൾ എന്നെ മത്തുപിടിപ്പിച്ചാൽ, ഹവിർദ്ദാതാവിന്നായി ഞാൻ അനേകായിരം ആയുധങ്ങൾ മൂർച്ചകൂട്ടും! (അഷ്ടകം:08,അധ്യായം:17,മണ്ഡലം:10,അനുവാകം:04,സൂക്തം:48,ശ്ലോകം:04)
- ✓ ഒത്തുകൂടിയവരേ, നിങ്ങൾ ഗോത്രങ്ങളെ പിളർത്ത, ഗോക്കളെ നേടിയ, വജ്രപാണിയായ, ബലത്താൽ യുദ്ധത്തിൽ ജയിച്ചുടയ്ക്കുന്ന ഈ ഇന്ദ്രനെ മുൻനി

ർത്തിപ്പോരാടുവിൻ; നിങ്ങൾ പിന്നിൽനിന്നു പൊരുതുവിൻ!(അഷ്ടകം:8 അധ്യായം:21, മണ്ഡലം:10, അനുവാകം:09, സൂക്തം:103, ശ്ലോകം:06).

- ✓ സോമമേ, അവിടുന്നു ശത്രുക്കളിൽനിന്നും ധനത്തെയും ഗോഗണത്തെയും കയ്യടക്കുന്നു; യാഗത്തിൽ പരക്കെ ഒച്ചയുമിടുന്നു!(അഷ്ടകം:6, അധ്യായം:8, മണ്ഡലം:09, അനുവാകം:01, സൂക്തം:22, ശ്ലോകം:07).
- ✓ അവിടുന്നു ദസ്യുക്കളായ ചുമുരിയെയും ധുനിയേയും ദീർഘനിദ്രയോടിണക്കി നിഹനിച്ചു; ദഭീതിയെ രക്ഷിച്ചു; അതിൽ രംഭിക്കു ധനവും കിട്ടി. സോമത്തിന്റെ മത്തിലത്രേ ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (അഷ്ടകം:02 അധ്യായം :06, മണ്ഡലം:02, അനുവാകം:02, സൂക്തം:15, ശ്ലോകം:09).
- ✓ സ്തോതാക്കളാൽ വെള്ളം കിട്ടാൻവേണ്ടി, ആ ഇന്ദ്രനു നാൾതോറും ബലവർദ്ധകം യഥാക്രമം നല്കപ്പെട്ടു; വജ്രം തൃക്കയ്യിൽ ധരിപ്പിക്കപ്പെട്ട അവിടുന്ന് ദസ്യുക്കളെക്കൊന്ന്, ഇരുമ്പുനഗരങ്ങൾ തരിപ്പണമാക്കി(അഷ്ടകം:2,അധ്യായം:06, മണ്ഡലം:02, അനുവാകം:02, സൂക്തം:20, ശ്ലോകം:08).
- ✓ ഇന്ദ്രോ, യുദ്ധത്തിൽ ഇന്ദ്രൻ ദസ്യുക്കളെ ഹനിച്ചു; അഗ്നി ചുട്ടെരിച്ചു. രക്ഷകിട്ടാത്ത ദുർഗ്ഗപ്രദേശത്തു കാര്യാർത്ഥം പോകുന്നവരെയെന്നപോലെ, അനേകായിരംപേരെ നിശ്ശേഷം നിഹനിച്ചു(അഷ്ടകം:03,അധ്യായം:14, മണ്ഡലം:04 അനുവാകം:03, സൂക്തം:28, ശ്ലോകം:03).
- ✓ ഇന്ദ്രനായ ഞാൻ അഥർവ്വപുത്രന്റെ തല കൊയ്തു; ത്രിതന്നുവേണ്ടി മേഘത്തിന്മേൽ വെള്ളം പുറപ്പെടുവിച്ചു. ഞാൻ ദസ്യുക്കളിൽനിന്നു ധനം പിടിച്ചടക്കി. ഞാൻ മാതരിശ്വപുത്രനായ ദധീചിയ്ക്കായി മഴക്കാറിനെ വഴങ്ങിച്ചു. (അഷ്ടകം:8, അധ്യായം:17, മണ്ഡലം:10, അനുവാകം:4, സൂക്തം:48, ശ്ലോകം:02)

സ്വന്തമായി ഒന്നും ഇല്ലാതിരുന്ന ആര്യർ അലഞ്ഞുതിരിഞ്ഞു ഭാരതത്തിലെത്തിയപ്പോൾ, ഇവിടുത്തെ ആദിമസമൂഹങ്ങൾ അവരെക്കാൾ സമ്പന്നമായ ഒരു നിലയിലായിരുന്നു ജീവിതം നയിച്ചിരുന്നത് എന്നതാണ് *സിന്ധൂനദീതട നാഗരികതയുടെ അവശേഷിപ്പുകളിൽനിന്നും സ്പഷ്ടമാകുന്നത്. ഏറ്റവും ചുരുങ്ങിയത്, ഒരിടത്തു തന്നെ സ്ഥിരമായി താമസിക്കുകയും കൃഷിയിറക്കുകയും ചെയ്യുന്ന സാമൂഹികാവസ്ഥയിലേക്ക് തദ്ദേശീയർ വളർന്നിരുന്നു. സുരക്ഷിതമായ വീടുകളും, പ്രാഥമിക സൗകര്യങ്ങളും അവർക്കുണ്ടായിരുന്നു. തങ്ങളുടെ മണ്ണിലേയ്ക്കു കടന്നുകയറിയ കുടിയേറ്റക്കാരെ 'തദ്ദേശീയർ' സാധ്യമാകുന്ന നിലകളിലൊക്കെ പ്രതിരോധിച്ചിട്ടുണ്ടായിരിക്കാം. സ്വദേശികളായ ജനങ്ങളുമായി(സൈന്ധവർ) അധിനിവേശ സമൂഹങ്ങൾ സംഘർഷത്തിലേർപ്പെട്ടതിന്റെ തെളിവുകൾ വേദങ്ങളിലെ സൂക്തങ്ങളിൽ കാണാനാകുന്നുണ്ട്. ഋഗ്വേദത്തിലെ ചില പരാമർശങ്ങൾ കാണുക:

- ✓ ദസ്യുക്കളെ കൊന്നൊടുക്കുന്നവനും, യുദ്ധങ്ങളിൽ ധനഞ്ജയനുമായ ആ അങ്ങയെത്തന്നെ പാഥ്യനായ വൃഷാവു സമുജ്ജ്വലിപ്പിച്ചു.(അഷ്ടകം:04, അധ്യായം:05, മണ്ഡലം:06, അനുവാകം:02, സൂക്തം:16, ശ്ലോകം:15).
- ✓ ബഹുകർമ്മാവേ, ഭഗവാനാണല്ലോ ആഹാരത്തിനും ദസ്യുവിനാശത്തിന്നും വേണ്ടി, നൃമരപുത്രനായ സഹവസുവിനെ ഹനിപ്പാൻ ഉടനടി വജ്രത്തിന്റെ

സ്വച്ഛമായ വായിൽ കടത്തിയത്; ആ ഭവാൻ സ്തുത്യൻ തന്നെ!(അഷ്ടകം:02, അധ്യായം:06, മണ്ഡലം:02, അനുവാകം:02, സൂക്തം:13, ശ്ലോകം:08).

- ✓ ഇന്ദ്ര, അവിടുന്ന് ഈ ദസ്യുക്കൾക്ക് എല്ലാറ്റിലും ഇടിവു വരുത്തി അകർമ്മികളായ മനുഷ്യരെ ഗർഹിതരാക്കി. നിങ്ങളിരുവരും വൈരികളെ വലച്ചു; വധിച്ചു. വധംകൊണ്ട് പൂജിതരുമായി!(അഷ്ടകം:3, അധ്യായം:14,മണ്ഡലം:4,അനുവാകം:03, സൂക്തം:28, ശ്ലോകം:04).
- ✓ ദർശനീയ, മേധാവിൻ, അത് അവിടുന്നു ചെയ്തതുതന്നെ. ഇവിടെ വൃത്രനെ കൊന്നു ബലം വെളിപ്പെടുത്തിയല്ലോ. പോരാ, ശുഷ്ണന്റെ മായകൾ കൈക്കലാക്കി, ദസ്യുക്കളെ അടുക്കൽ ചെന്നു മർദ്ദിക്കുകയും ചെയ്തു! (അഷ്ടകം:04, അധ്യായം:17, മണ്ഡലം:05, അനുവാകം:02, സൂക്തം:31, ശ്ലോകം:07).
- ✓ യജ്ഞത്തിൽ സംബന്ധിക്കുന്ന അഗ്നിജിഹവർ എവരോ, എവർ ദസ്യുക്കളെ മുടിപ്പാൻ മനുവിനെ ഉയർത്തി നിർത്തിയോ; ആ യജനീയർ എല്ലാവരോടും കൂടി, ബലത്തിന്റെ പുത്രനേ, വിദ്വാനായ ഭവാനേ എന്റെ സ്തോത്രത്തിലേക്ക് ശീഘ്രം വന്നാലും(അഷ്ടകം:04,അധ്യായം:06,മണ്ഡലം:06,അനുവാകം:02, സൂക്തം:21, ശ്ലോകം:11)(അഗ്നിജിഹവർ= നാവിൽ അഗ്നിയെ വഹിക്കുന്നവർ).
- ✓ ഇത്രയും മഹാനായ ഇന്ദ്രൻ സുഖാഹവാതവ്യനായി ഭവിയ്ക്കട്ടെ. പച്ചയണക്കടയുള്ള താൻ വന്നാലും വരാഞ്ഞാലും ധനം നൽകും; അങ്ങനെയുള്ള നിസ്തുല്യ ബലൻ വളരെ രക്ഷസ്സുക്കളെയും ദസ്യുക്കളെയും നിഹനിക്കട്ടെ! (അഷ്ടകം:04, അധ്യായം:07, മണ്ഡലം:06, അനുവാകം:03, സൂക്തം:29, ശ്ലോകം:06).
- ✓ തൊഴിലും യജ്ഞവുമില്ലാത്ത, അസഭ്യം പുലമ്പുന്ന,അവിശ്വാസികളായ,വളർത്താത്ത ഹുണ്ടികക്കാരെ(ദസ്യുക്കളെ) അഗ്നി ആട്ടിപ്പായിക്കും; മുമ്പനായി നിന്നു യജ്ഞഹീനരെ ഇടിച്ചുതാഴ്ത്തും!(അഷ്ടകം:05,അധ്യായം:10,മണ്ഡലം :07, അനുവാകം:01, സൂക്തം:06, ശ്ലോകം:03).
- ✓ കർമ്മവിഹീനൻ ദസ്യു, ഞങ്ങളെ അപമാനിക്കുന്നവൻ, അകൃത്യകാരി,മനുഷ്യത്വമില്ലാത്തവൻ–അങ്ങനെയുള്ള മുടിയനെ ശത്രുഹന്താവേ, അവിടുന്നു ഹനിക്കുകതന്നെ വേണം!(അഷ്ടകം:07, അധ്യായം:15, മണ്ഡലം:10, അനുവാകം:02, സൂക്തം:22, ശ്ലോകം:08)(കർമ്മവിഹീനൻ=യജ്ഞഹീനൻ).
- ✓ തുണയാൽ കർമ്മങ്ങൾ നടത്തുന്ന വിശാലബലനും രക്ഷോഹന്താവും വിശാലഹൃദയനും ശൂരനുമായ തുരാഷാട്ട്, സ്വർഗ്ഗത്തിൽനിന്നും വന്നു സോമം കുടിച്ചു തടിച്ച് ദസ്യുക്കളെ പൊരുതിപ്പറപ്പിക്കുന്നു(അഷ്ടകം:08, അധ്യായം: 17, മണ്ഡലം:10, അനുവാകം:04, സൂക്തം:55, ശ്ലോകം:08).
- ✓ ചെറുക്കുന്നവനേ പ്രപഞ്ചം താങ്ങുന്നവനേ, ഇവൻ അങ്ങയുടെയാണ്. പിന്തിരിഞ്ഞ ഭഗവാൻ എന്റെ അടുക്കലേയ്ക്കുതന്നെ വന്നാലും. മന്യോ, വജ്രിൻ, അവിടുന്ന് എങ്കലേക്കു തിരിച്ചാലും: നമുക്കു ദസ്യുക്കളെ കൊല്ലാം. അവിടുന്നു ബന്ധുവിനെ ഓർക്കണേ!(അഷ്ടകം:08, അധ്യായം:19, മണ്ഡലം:10, അനുവാകം:06, സൂക്തം:83, ശ്ലോകം:06).
- ✓ അദ്ദേഹം പിറക്കുമ്പോൾ സുരവേശ്യമാർ ഒത്തുകൂടിയിരുന്നു. സ്വയമൊഴുകുന്ന നദികൾ അദ്ദേഹത്തെ വളർത്തി. പുരൂരവസ്സേ, വലിയ യുദ്ധത്തിന്നും

ദസ്യുക്കളെ കൊല്ലാനുമാണല്ലോ, അങ്ങയെ ദേവന്മാർ വളർത്തിയത്.(അഷ്ടകം:08, അധ്യായം:21, മണ്ഡലം: 10, അനുവാകം:08, സൂക്തം:95, ശ്ലോകം:07).

- ✓ ആയിരമുണ്ടല്ലോ ഭഗവാനൊരാൾക്ക് സുഖത്തിന്; എല്ലാവർക്കും ഭവാനാണ് അന്നദാതാവ്. സ്തുതിപ്പിയ്ക്കുന്നവനെ ഭവാൻ രക്ഷിച്ചു; ദഭീതിക്കുവേണ്ടി, ദസ്യുക്കളെ ഭവാൻ തടവിലിട്ടുകൊന്നു. സുപ്രാപനായിത്തീർന്ന ഭഗവാൻ സ്തുത്യൻതന്നെ!(അഷ്ടകം:02,അധ്യായം:6, മണ്ഡലം:2, അനുവാകം:2, സൂക്തം :13,ശ്ലോകം:09) (കടപ്പാട്:ഋഗ്വേദസംഹിത, പരിഭാഷ:വള്ളത്തോൾ).

തദ്ദേശീയരായ ദസ്യുക്കൾക്കുമേൽ ആര്യന്മാർ മേൽക്കോയ്മ സ്ഥാപിച്ചത് പതിറ്റാണ്ടുകളോ നൂറ്റാണ്ടുകളോ നീണ്ട സംഘർഷങ്ങൾക്കൊടുവിലാകാം.വേട്ടയാടാനും വലിയ ദൂരങ്ങൾ പിന്നിടാനും സഹായിച്ചിരുന്ന കുതിരയെ പോലെയുള്ള മൃഗങ്ങളുടെ സാന്നിദ്ധ്യമാണ് തദ്ദേശീയർക്കുമേലുള്ള സുദീർഘമായ ആക്രമണങ്ങളിൽ ആര്യന്മാരെ വിജയികളാക്കിയതെന്നുവേണം കരുതാൻ. ഒരിടത്തുതന്നെ താമസിച്ചു കൃഷിചെയ്ത് ജീവിച്ചിരുന്ന വിഭാഗങ്ങളിൽ, കുതിരയെപ്പോലെ ഉള്ള വളർത്തുമൃഗങ്ങൾ ആധികമുണ്ടാകാൻ സാധ്യതയില്ലല്ലോ. ഇന്ന് ആര്യത്വത്തിന്റെ പ്രതീകമായി ആവിഷ്കരിക്കപ്പെടുന്ന പശുപോലും അന്ന് അവരോടൊപ്പം വന്നതല്ല എന്നതാണ് വസ്തുത. ഒരിടത്തും സ്ഥിരവാസമില്ലാത്ത, ദൂരങ്ങൾതാണ്ടി സഞ്ചരിക്കുന്ന സമൂഹങ്ങൾക്കൊപ്പം പശുവിനേപ്പോലെയുള്ള മൃഗങ്ങൾ ഉണ്ടാകാൻ ഇടയില്ലല്ലോ. തുടരെയുള്ള തങ്ങളുടെ സഞ്ചാരത്തിനു തടസ്സമാകുന്ന ഒന്നിനേയും അവർ കൂടെ കൂട്ടാൻ വഴിയില്ലല്ലോ. അധിനിവേശകാലത്ത് ദസ്യുക്കളുടെ പശുക്കളെ പിടിച്ചെടുക്കാൻ ആര്യന്മാർ നടത്തിയ ആക്രമണങ്ങളും അതിലേക്കാണ് വിരൽചൂണ്ടുന്നത്. ഒപ്പം, ശക്തരായ ശത്രുക്കളെ കീഴടക്കാൻ ആദ്യം ചെയ്യേണ്ടത് അവരെ സാമ്പത്തികമായി തകർക്കുകയാണെന്ന തന്ത്രവും പ്രചോദനമായിട്ടുണ്ടാവാം.

ഭാരതത്തിലെത്തിയതിനു ശേഷവും, ആര്യന്മാർ അനവധി തലമുറകളോളം വേട്ടയാടിയും കൃഷിചെയ്തും ഉപജീവനം നടത്തിയിരുന്ന സാധാരണ മനുഷ്യരായിരുന്നു എന്നത് ഋഗ്വേദത്തിലെ പ്രാർത്ഥനാശ്ലോകങ്ങളിൽനിന്നും വ്യക്തമാണ്. പ്രാണിഹിംസയ്ക്കു കാരണമാകുമെന്നതിനാൽ കൃഷി നിഷിദ്ധജോലിയാക്കിയ സ്മൃതിശാസനങ്ങൾ, 'ആഢ്യന്മാരായി മാറുന്നതുവരെ' അവർ ചിന്തിച്ചിട്ടുപോലുമില്ലെന്നു നിശ്ചയം. നല്ല വിളവുണ്ടാകാനും പ്രകൃതി ശക്തികൾ തുണക്കാനും ഇന്ദ്രന്റെയും ഇതരദേവന്മാരുടേയും പ്രീതിതേടുന്ന അവരുടെ പ്രാർത്ഥനകൾ വേദങ്ങളിൽ പലയിടത്തും കാണാം. ദേവന്മാരെ പ്രസാദിപ്പിക്കാൻ അവർ സ്വീകരിച്ച മാർഗ്ഗം ഹോമങ്ങളോ പൂജയോ ഒന്നുമായിരുന്നില്ല; തങ്ങളുടെതന്നെ വിളയിൽനിന്നും പിഴിഞ്ഞെടുത്ത സോമരസത്തിന്റെ അർച്ചനയാണ്.മദ്യംനിഷിദ്ധവസ്തുവാക്കിയ മനുനിയമങ്ങൾക്കു മുൻപ്, അത് വിശുദ്ധവസ്തുവായിരുന്ന ഒരു ഭൂതകാലം ആര്യന്മാർക്കുണ്ടായിരുന്നു. തദ്ദേശീയനിവാസികളെ കീഴടക്കി അടിമകളാക്കി, അവരെ ഉപയോഗിച്ച് കൃഷി ചെയ്യാൻ തുടങ്ങിയതോടെയാണ് ആര്യന്മാർ കാർഷികവൃത്തിയിലും ശാരീരികാദ്ധ്വാനം ആവശ്യമുള്ള ജോലികളിലും നേരിട്ടു ഭാഗമാകുന്നതിൽനിന്നു പിൻവാങ്ങിയത്. അതോടെയാവണം ഭാരതത്തിൽ ദസ്യുക്കൾ എന്നു വിളിക്കപ്പെട്ട അദ്ധ്വാനിക്കുന്നവരും, അവരുടെ മേധാവികളായ ആര്യന്മാരുമെന്ന അവസ്ഥ ഉരു

ത്തിരിഞ്ഞുവന്നത്. ദസ്യുക്കൾ എന്ന നിന്ദാസൂചകമായ പേര് അക്കാലത്ത് തദ്ദേശീയർക്കുമേൽ ആര്യന്മാർ ചാർത്തിയതാകാം; സ്വയം 'ആര്യന്മാ'രായതുപോലെ.

ആര്യന്മാർക്കും ദസ്യുക്കൾക്കുമിടയിൽ സംഘർഷങ്ങൾ നിരന്തര സംഭവമായിരുന്നിരിക്കാം. സ്വന്തമായിരുന്നതൊക്കെ കവർന്നെടുത്ത് തങ്ങളെ അടിമകളാക്കിയവർക്കെതിരെ മണ്ണിന്റെമക്കൾ എന്നെങ്കിലും ശക്തമായി തിരിച്ചടിക്കുമെന്ന ഭയം ആര്യന്മാരെ കലശലായി വേട്ടയാടിയിരുന്നു. ആ ഉത്ക്കണ്ഠയുടെ പ്രതിഫലനമാണ് അവർക്കു നൽകപ്പെട്ട, അസുരത്വത്തെ സൂചിപ്പിക്കുന്ന ദസ്യു എന്ന പേരുപോലും. അതുകൊണ്ട്, ഒരു തിരിച്ചടി തടയുന്നതിനും, ദസ്യുക്കൾ ഒരിക്കലും ഉയർന്നുവരാതിരിക്കുന്നതിനും ആവശ്യമായ ശാസനങ്ങളും സാമൂഹികക്രമങ്ങളും നിരോധനങ്ങളും ആര്യന്മാർ കാലക്രമത്തിൽ സൃഷ്ടിച്ചെടുത്തു. അതിന്റെ ഭാഗമായിട്ടായിരിക്കാം സമൂഹത്തിനുവേണ്ട വിവിധ ജോലികൾ ചെയ്യുന്നവരെ വ്യത്യസ്ത വർണ്ണങ്ങളായി കണക്കാക്കാൻ തുടങ്ങിയത്. ആര്യന്മാർ കീഴ്പ്പെടുത്തി ദാസന്മാരാക്കിയ ദസ്യുക്കളെ നാലാം വർണ്ണികളായി ആ വ്യവസ്ഥിതിയിൽ കൂട്ടിച്ചേർത്തത് എക്കാലത്തും അവരെ വരുതിയിൽ നിറുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ്. ആ വിഭജനത്തിന്റെ ഒരുഘട്ടത്തിലാണ്, സമൂഹത്തിൽ സ്വാധീനമുറപ്പിച്ച വർണ്ണങ്ങൾ തങ്ങളുടെ അപ്രമാദിത്യം കാത്തുരക്ഷിക്കുക എന്നലക്ഷ്യത്തോടെ വർണ്ണവിഭജനത്തെ ജന്മവുമായി ഘടിപ്പിച്ചതും, കർമ്മത്തിൽ സകലരും അനുഭവിച്ചുവന്ന സ്വാതന്ത്ര്യം റദ്ദുചെയ്തതും.പിന്നെയാകാം അതിനെ സാധൂകരിക്കുന്ന നിയമസംഹിതകളുടെ സൃഷ്ടിയിലൂടെ ആ വ്യവസ്ഥിതി ചോദ്യംചെയ്യപ്പെടാനാവാത്ത ദൈവനിർമ്മിതിയായി വ്യാഖ്യാനിച്ചെടുത്തതും, അത് തകരാതിരിക്കാനുള്ള ചുമതല സ്വയം ഏറ്റെടുത്ത് അവർ ദൈവത്തിന്റെ പ്രതിപുരുഷന്മാരായതും. ആര്യന്മാർ ശത്രുക്കളായി കണ്ട ദസ്യുക്കളെന്ന നിലയിൽനിന്നും ദാസന്മാരെന്ന അടിമസമാനമായ അവസ്ഥയിലേക്കും, ശൂദ്രരെന്ന വർണ്ണത്തിലേക്കുമുള്ള തദ്ദേശീയരുടെ പതനം ആ അപനിർമ്മിതിയുടെ ഫലമായിരുന്നു; പ്രപഞ്ചസ്രഷ്ടാവിന്റെ ചതിയായിരുന്നില്ല.

അതിജീവനത്തിനുവേണ്ടി ഭാരതമണ്ണിലെത്തി അധികാരം പിടിക്കുകയും, സ്വയം 'ആര്യന്മാരാ'യി(ശ്രേഷ്ഠരായി) പ്രഖ്യാപിക്കുകയും ചെയ്തവർ, മണ്ണിന്റെ മക്കളെ അടിമകളാക്കിയത് ആയുധബലംകൊണ്ടാണ്;ആഢ്യത്വംകൊണ്ടല്ല എന്നാണല്ലോ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. ജന്മാർജ്ജിതമാണെന്നു സ്വയം അഭിമാനിക്കുന്ന ആഢ്യത്വത്തിന്റെ ആനപ്പുറത്തിരുന്ന് അന്യരെ അപഹസിക്കുന്നവരുടെ പൂർവ്വികർ അന്നു നടക്കാത്ത 'അഴുക്കുപുരണ്ട വഴികൾ' അധികമില്ലായെന്നുതന്നെയാണ് ഇതൊക്കെ തെളിയിക്കുന്നത്. പിന്നീട്, സമൂഹത്തിലെ ആദ്ധ്യാത്മിക മേധാവിത്വം കൈവന്നതിനുശേഷം പടുത്തുയർത്തിയ പ്രതിച്ഛായയിലൂടെയാണ്, ബ്രാഹ്മണർ സ്വയം ശ്രേഷ്ഠരും സാത്വികരുമാണെന്ന പ്രതീതി ഉണ്ടാക്കിയെടുത്തത്.അതായത് ആര്യന്മാർ ആഢ്യന്മാരായി ഈ മണ്ണിൽ അവതരിക്കുകയായിരുന്നില്ല; അഷ്ടിക്കുവക തേടിവന്ന് അനവധി അപനിർമ്മിതികളിലൂടെ ആഢ്യന്മാരായി പരിണമിക്കുകയായിരുന്നു എന്നതാണ് യാഥാർഥ്യം. ബ്രിട്ടീഷുകാർ അവരുടെ ഭരണകാലത്തെ, ഭാരതചരിത്രത്തിലെ ആധുനികയുഗമെന്ന് അടയാളപ്പെടുത്തുന്നതുപോലെയുള്ള ഒരു പൊലിപ്പിക്കൽ മാത്രമാണ് ആര്യന്മാരുടെ ശ്രേഷ്ഠതാവാദവും.

[പിൻകുറിപ്പ്: ആദ്യകാലത്ത് ആര്യന്മാർ സുരർ എന്നു സ്വയം അടയാളപ്പെടുത്തിയതിന്റെ നിദാനം സോമരസമെന്ന മദ്യത്തിന്റെ(സുര) ഉടമകളെന്ന വിവക്ഷയോടെയാണെന്ന് കരുതപ്പെടുന്നു. സോമരസത്തിന്റെ അധിപരല്ലാത്ത അനാര്യരെ അവർ 'അസുര'രെന്നും വിളിച്ചുപോന്നു. പിന്നീട്, ചാതുർവർണ്യസമൂഹത്തിലെ അധികാരികളായതോടെയാണ് ബ്രാഹ്മണ്യം സുരരെന്നും, ഭൂസുരരെന്നുമുള്ള പദവി എടുത്തണിഞ്ഞതും, ഭൂസുരനെന്ന പദത്തിന് 'ഭൂദേവൻ' എന്ന അർത്ഥകല്പനയുണ്ടാക്കിയതും. ആഢ്യത്വം കൈവന്നതോടുകൂടിയാണ് മദ്യം നിഷിദ്ധവസ്തുവാക്കിയത്. അതോടെ, മദ്യം നിവേദിക്കുന്ന രീതി പ്രാകൃതവുമായി]

അക്ഷരങ്ങളിലേക്കുള്ള അധിനിവേശം

ഭാരതഭൂമിയിലേക്ക് മാത്രമല്ല, ആർഷസംസ്കാരത്തിലേക്കും ആര്യർ ആസൂത്രിതമായി അധിനിവേശം നടത്തുകയായിരുന്നു. ഭാരതം എന്ന ഭൂമികയിലേയ്ക്ക് ആര്യന്മാരുടെ മുൻഗാമികൾ ഏതു വിധത്തിൽ കടന്നുകയ്യേറിയോ, അതുപോലെതന്നെ സനാതനസംസ്കൃതിയുടെ സർവ്വ മേഖലകളിലും നുഴഞ്ഞുകയറി അധിപത്യമുറപ്പിക്കുകയായിരുന്നു, ആര്യന്മാരും അതിന്റെ അമരക്കാരായ ആര്യബ്രാഹ്മണരും. സനാതനസംസ്കൃതിയുടെ 'കൊടിയടയാളങ്ങളായി' കണക്കാക്കപ്പെടുന്ന, പൗരാണികഗ്രന്ഥങ്ങളുടെയൊന്നും കർതൃത്വം ആര്യന്മാർക്കല്ല. രാമായണത്തിലും ഭാഗവതത്തിലും മഹാഭാരതത്തിലും പേരെടുത്തു പറയാവുന്നത്ര പ്രാധാന്യമുള്ള ബ്രാഹ്മണ കഥാപാത്രങ്ങൾ വളരെക്കുറച്ചു മാത്രമേയുള്ളൂ. എങ്കിലും, ബ്രാഹ്മണൻ എന്ന പദം ആ കൃതികളിൽ നിറയെ കാണാൻ സാധിക്കും. വിശേഷാവസരങ്ങളിലെ ചടങ്ങുകളിൽ ബ്രാഹ്മണരെ ആദരിച്ചതായും, അവർക്കു ദാനംകൊടുത്തതായും, ബ്രാഹ്മണരിൽനിന്നും ഉപദേശം സ്വീകരിച്ചതായും ഒക്കെ പറയുന്ന സന്ദർഭങ്ങൾ അവയിലെ ഓരോ അധ്യായത്തിലും ഒരുപാടു തവണ അവർത്തിക്കുന്നതായി കാണാം. അതൊക്കെ, അക്കാലത്തെ സ്വാഭാവിക ജീവിതചര്യകൾ എന്ന രീതിയിൽ കാണുന്നതാണു യുക്തി. പൗരോഹിത്യവിഭാഗത്തിന്(ജാതിയ്ക്കല്ല) ഏതൊരു സമൂഹത്തിലും ലഭിക്കുന്ന സ്വീകാര്യതയുടെ പ്രതിഫലനം മാത്രമാണ് ആ പരാമർശങ്ങൾ.

ബ്രാഹ്മണനെന്നത് അന്ന് ഒരു ജാതിനാമമായിരുന്നോ എന്നകാര്യത്തിലും, സമൂഹം നൽകിയിരുന്ന സ്വീകാര്യത ബ്രാഹ്മണൻ എന്ന ജാതിയ്ക്കായിരുന്നോ എന്നതിലും ഒരു ഉറപ്പും ഇല്ല. പൗരാണിക സമൂഹങ്ങളിൽ, ബ്രഹ്മജ്ഞാനം നേടിയ വ്യക്തികളെയാണ് ബ്രാഹ്മണരെന്ന പേരിൽ ആരാധ്യരായി പരിഗണിച്ചിരുന്നത് എന്നതാണല്ലോ പൊതുവായ അനുമാനം. അത്തരം സാധ്യത പരിഗണിക്കുമ്പോൾ, സമൂഹത്തിലെ ആദ്ധ്യാത്മികപ്രമുഖരാണ് ബ്രാഹ്മണൻ എന്നു സാമാന്യമായി അറിയപ്പെട്ടിരുന്നത് എന്നു കരുതേണ്ടിവരും. അത്തരത്തിലുള്ള, വിവിധ ഋഷി പരമ്പരകളിൽപ്പെട്ട മഹർഷിമാരെ 'ആർഷബ്രാഹ്മണ'രെന്ന സംജ്ഞകൊണ്ട് അടയാളപ്പെടുത്താം. അവർ, ആര്യബ്രാഹ്മണരെന്നറിയപ്പെടുന്ന ജാതിബ്രാഹ്മണരായിരുന്നില്ല. പുരാതന 'ഋഷി പരമ്പരയുടെ ഭാഗമായത്' എന്നാണ് ആർഷം എന്ന പദത്തിന്റെ അർത്ഥം. പുരാണേതിഹാസങ്ങളിലെ ഋഷികളെയും മഹാമുനിമാരെയും സന്യാസികളെയും ബ്രാഹ്മണരെന്ന് അഭിസംബോധന ചെയ്യുന്നതിന്റെയും അടിസ്ഥാനം അതുതന്നെയാണ്. അതിനെ ജാതിയുമായി ബന്ധിപ്പിക്കുന്നതിലും, അത്തരത്തിൽ അഭിവാദ്യം ചെയ്യപ്പെടുന്നവർ എല്ലാം ജാതിബ്രാഹ്മണരായിരുന്നെന്നു കണക്കാക്കുന്നതിലും യുക്തി

യില്ല. അങ്ങനെ, സന്യാസിമാരെയും മഹാമുനിമാരെയും ഋഷികളെയും ബ്രാഹ്മണരെന്ന് അഭിസംബോധന ചെയ്യുന്നതിനാൽ, ആ പുസ്തകങ്ങളിൽ ബ്രാഹ്മണർ നിറഞ്ഞുനിൽക്കുന്നതായി തോന്നുന്നു എന്നേയുള്ളൂ. അതുപോലും വിവിധ ഭാഷകളിലുള്ള ഭാഷാന്തരങ്ങളിലേ കാണാനാകൂ. സംസ്കൃതത്തിലുള്ള മൂലഗ്രന്ഥങ്ങളിൽ, ദ്വിജൻ എന്ന പദമാണ് മിക്കവാറും ഉപയോഗിച്ചു കാണുന്നത്. ബ്രാഹ്മണശബ്ദം ആ ഗ്രന്ഥങ്ങളിൽ ഏറെ വിരളമായേ വരുന്നുള്ളൂ. മനുസ്മൃതിയിൽ ഈ രണ്ടു സംജ്ഞകളും ഒരുപോലെ സുലഭമായി ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ, രണ്ടു വ്യത്യസ്ത പശ്ചാത്തലത്തിലാണെന്നുമാത്രം. ബ്രാഹ്മണൻ എന്ന ജാതിയെക്കുറിച്ചു സൂചിപ്പിക്കേണ്ടിവരുമ്പോഴെല്ലാം ബ്രാഹ്മണനെന്നുതന്നെയാണ് മനുസ്മൃതി പറയുന്നത്.ദ്വിജനെന്ന സംജ്ഞ പ്രയോഗിച്ചിട്ടുള്ളത് ഉപനയനം നടത്തി രണ്ടാംജന്മമെടുക്കുന്ന ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവർണ്ണികളെക്കുറിച്ച് പറയുന്ന ഇടങ്ങളിലാണ്. മനുസ്മൃതിയനുസരിച്ച്, ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ വർണ്ണജർ വേദാധ്യയനത്തിനു യോഗ്യനാകാനുള്ള യജ്ഞോപവീതത്തിന് അർഹരായതുകൊണ്ടാണ് പ്രയോഗത്തിലെ ആ കൃത്യത. ഇതിഹാസങ്ങളിൽ വർണ്ണം ഒരു വിഷയമല്ലാതിരുന്നതുകൊണ്ടാണ് ദ്വിജനെന്ന പൊതു പ്രയോഗം സ്വീകരിച്ചിരിക്കുന്നത്. എങ്കിലും, ദ്വിജനെന്ന വാക്കിനെ ബ്രാഹ്മണൻ എന്ന പദത്തിന്റെ പര്യായമായാണ് ഇന്നു പലരും ഉപയോഗിക്കുന്നത്.

ബ്രഹ്മജ്ഞാനികളെ രേഖപ്പെടുത്തുന്നതിനു വിവിധ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന ബ്രാഹ്മണനെന്ന പദത്തെ, സ്വന്തം ജാതിനാമമാക്കിയതിലൂടെ നേടിയതിനേക്കാൾ വലിയ ലാഭമാണ്, 'ദ്വിജൻ' എന്ന പദത്തെ ബ്രാഹ്മണനെന്ന ജാതിനാമത്തിന്റെ പര്യായമാക്കിയതിലൂടെ പൗരോഹിത്യസമൂഹമുണ്ടാക്കിയത്. ആ വാക്കിനെ സ്വന്തം ജാതിനാമത്തിന്റെ പര്യായമാക്കിയതോടെ, പുരാതനകൃതികളിലൊക്കെ സമൃദ്ധമായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ദ്വിജനെന്നവാക്കിന്റെ അർത്ഥം ജാതിബ്രാഹ്മണൻ എന്നായി മാറി. കൂടുതൽ കഥകൾ ചമയ്ക്കാതെതന്നെ, പുരാണേതിഹാസങ്ങളിലെ മഹാത്മാക്കളെയൊക്കെ, ആധികാരികതയോടെ ജാതിബ്രാഹ്മണരാക്കിമാറ്റാൻ അവർക്ക് കഴിഞ്ഞു. ബ്രാഹ്മണർക്ക് നിസ്തുല സാന്നിധ്യമുള്ള ആ രചനകളെല്ലാം ആര്യബ്രാഹ്മണ്യത്തിന്റെ സംഭാവനയാണെന്ന പ്രതീതി ഉണ്ടാക്കാനും,ആ സൃഷ്ടികൾക്ക് നിദാനമായ സംഭവങ്ങൾ ആര്യാധിപത്യസമൂഹങ്ങളിലാണ് സംഭവിച്ചതെന്നു സ്ഥാപിക്കാൻ അതിലൂടെ സാധിച്ചു. ആ മഹർഷിമാരെ വണങ്ങിനിൽക്കുന്ന രാമനെയും കൃഷ്ണനെയും പ്രതീകമാക്കി, ബ്രാഹ്മണജാതിയിൽ പിറന്നവരെല്ലാം ദേവന്മാർക്കുപോലും പൂജ്യരാണെന്ന ധാരണ ബ്രാഹ്മണ്യം രൂപപ്പെടുത്തി.

[പിൻകുറിപ്പ്: അനശ്വരമായത്, അല്ലെങ്കിൽ, നശിക്കാത്തത് എന്നാണ് സനാതനമെന്ന(സന+അതനോതി=സനാതനം) വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. അനശ്വരത നേടാൻ ഒരാളെ പ്രാപ്തനാക്കുന്ന ജീവിതരീതി എന്നതാണ് സനാതനസംസ്കൃതിയെന്നതുകൊണ്ടു പണ്ഡിതർ വിവക്ഷിക്കുന്നത്. അദ്വൈതബോധം, അഹിംസ, അസ്തേയം(അസത്യം പറയാതിരിക്കൽ)എന്നീഗുണങ്ങളാണ് സനാതനസംസ്കൃതിയുടെ അടിസ്ഥാനശിലകളായി ഋഷിമാർ ആവിഷ്കരിച്ചിട്ടുള്ളത്. ആദ്ധ്യാത്മികപദ്ധതിയായ അതിനെ, ഭൗതികലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ ശീർഷകമാക്കുന്നത് ദുരുദ്ദേശ്യപരമാണ്. അതു സനാതനസംസ്കാരത്തിന്റെ സ്രഷ്ടാക്കളോടുചെയ്യുന്ന കൊടിയപാതകവുമാണ്.]

എഴുത്തിലല്ല മിടുക്ക്; തിരുത്തലിൽമാത്രം

സൃഷ്ടിയിലെ പൂർണ്ണതയാൽ അതുല്യമാണല്ലോ വേദങ്ങളും ഉപനിഷത്തുക്കളും, മഹാഭാരതവും ഭാഗവതവും രാമായണവും അടക്കമുള്ള ഇതിഹാസ ഗ്രന്ഥങ്ങളും. ആ ഗ്രന്ഥങ്ങളുടെയെല്ലാം രചന നിർവ്വഹിച്ചത് ആര്യന്മാരാണെങ്കിൽ, അധിനിവേശത്തിനുശേഷം, ഇവിടത്തെ സംസ്കാരത്തിനുമേൽ അവർ സമഗ്രാധിപത്യം പുലർത്തിയ കാലത്തൊന്നും എന്തുകൊണ്ട് അത്തരം കൂടുതൽ ഉത്കൃഷ്ട കൃതികൾ ഉണ്ടായില്ല എന്നത് ചിന്തിക്കപ്പെടേണ്ടതാണ്. ഒരുപക്ഷെ, ആ ഗ്രന്ഥങ്ങളുടെ യഥാർത്ഥ സ്രഷ്ടാക്കളായ അനാര്യർ സമൂഹത്തിൽ അപ്രസക്തരായതോടുകൂടിയായിരിക്കാം സനാതനസാഹിത്യം കൂടുതൽ മുന്നേറാതെ മുരടിച്ചു പോയത്.

പൗരാണികകൃതികളുടെ ഇന്നു ലഭ്യമാകുന്ന പതിപ്പുകളിൽ ബ്രാഹ്മണ്യത്തിന്റെ കൈയ്യൊപ്പു പതിഞ്ഞിട്ടില്ലാ എന്നുപറഞ്ഞാൽ, അതു പൂർണ്ണമായും സത്യസന്ധമാകില്ല. കാരണം, പല ഗ്രന്ഥങ്ങളിലും പൗരോഹിത്യം കാര്യമായ രീതിയിൽ കൂട്ടിച്ചേർക്കലും വെട്ടിത്തിരുത്തലും നടത്തിയിട്ടുണ്ടെന്നകാര്യം അവിതർക്കിതമായനിലയിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങനെ, സ്വാർത്ഥതാത്പര്യാർത്ഥം നടത്തിയിട്ടുള്ള പ്രക്ഷിപ്തങ്ങളുടെ ഘടനയിലും, പ്രതിപാദനങ്ങളിലെ യുക്തിയിലും മുഴച്ചുനിൽക്കുന്ന ദൗർബല്യങ്ങൾ തന്നെയാണ് അതിനുള്ള തെളിവുകൾ. ഒരുപക്ഷെ, പൗരാണികഗ്രന്ഥങ്ങളെ പലപ്പോഴും അവിശ്വസനീയമാക്കുന്നതും അപഹാസ്യമാക്കുന്നതും അവയിലെ കൂട്ടിച്ചേർക്കപ്പെട്ട അയുക്തിക ആഖ്യാനങ്ങളാണ്.

പുരാതനഹൈന്ദവഗ്രന്ഥങ്ങളിൽ, അവ വായിക്കുന്ന സാധാരണജനങ്ങളിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പല പ്രയോഗങ്ങളും കാണാനാകും. അവ വലിയ രീതിയിൽത്തന്നെ മേൽ ഗ്രന്ഥങ്ങളുടെ വിശ്വാസ്യതയെ ചോദ്യംചെയ്യുന്നുമുണ്ട്. അപാരമായ ഭാവനാവിലാസവും അറിവും പദസമ്പത്തും കൈമുതലായ വ്യാസനെയും വാല്മീകിയെയും പോലെയുള്ള മഹാത്മാക്കൾ, അറിഞ്ഞുകൊണ്ട് അത്തരം പിഴവുകൾ ആവർത്തിക്കുമെന്നു വിശ്വസിക്കാനാകുമോ? ഇല്ല എന്നു കരുതുന്നതാണ് യുക്തി. അതിനാൽ, അത്തരം പ്രയോഗങ്ങൾ ആ കൃതികളുടെ പരിഭാഷ നിർവ്വഹിച്ചവരുടേയോ വ്യാഖ്യാനിച്ചവരുടേയോ പരിമിതികളുടെ ഫലമായി സംഭവിച്ച തെറ്റുകളാണെന്ന് അനുമാനിക്കേണ്ടിവരും. അതിനപ്പുറം, സ്വാർത്ഥതാത്പര്യങ്ങളോടെ മനഃപൂർവ്വം നടത്തിയ ചില വളച്ചൊടിക്കലുകളും പ്രചാരത്തിലുണ്ട്. പിന്നീട് വന്ന എഴുത്തുകാർ അവ അവർത്തിച്ചുപയോഗിച്ച് വാസ്തവം അങ്ങനെയാണെന്ന ധ്വനിപരന്നതാകാം. പല കാരണങ്ങൾകൊണ്ടും സമൂഹത്തിലെ വലിയ ഒരു വിഭാഗത്തിന് അപ്രാപ്യമായ അമ്മാതിരി ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ, ശരിയാണെന്നു കരുതി സമൂഹം സ്വീകരിച്ചുപോരുന്നു എന്നേയുള്ളൂ.ആ പുസ്തകങ്ങളുടെ അധ്യയന-അദ്ധ്യാപനാധികാരം കൈയ്യിലൊതുക്കിവെച്ചിരുന്ന സമൂഹം അക്കാര്യത്തിൽ നീതി കാണിച്ചിരുന്നെങ്കിൽ അത്തരം തെറ്റുകൾ ഒരു പരിധിവരെ ഒഴിവാകുമായിരുന്നു.

സംസ്കൃതഭാഷയിലെ സങ്കീർണ്ണമായ വ്യാകരണ നിയമങ്ങളും, അതിൽ നിപുണരായവരുടെ അപര്യാപ്തതയുമൊക്കെ അത്തരം അബദ്ധധാരണകൾ പ്രചാരത്തിലാകാൻ ഇടയാക്കിയിട്ടുണ്ടെന്നത് വസ്തുതയാണ്. എങ്കിലും,തിരുത്താൻ ബാധ്യതയു

ള്ളവരുടെ നിഷ്ക്രിയത്വമാണ് നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അത്തരം തെറ്റുകൾ പ്രചരിപ്പിക്കപ്പെടുന്നതിന്റെ ആധാരം. ദൈവികഗ്രന്ഥങ്ങളെന്ന നിലയിൽ, വ്യക്തിശുചിത്വവും സ്വഭാവശുദ്ധിയും ഉള്ളവരായിരിക്കണം പഠിതാക്കൾ എന്നും, ഭാഷയും ഉള്ളടക്കവും ഏറെ സങ്കീർണ്ണവും ഗഹനവുമായതുകൊണ്ട് അത് യോഗ്യനായ ഒരു ഗുരുവിൽനിന്നു മാത്രം സ്വീകരിക്കണമെന്നും പൂർവ്വസൂരികളായ മുനിമാർ നിശ്ചയിച്ചതിനെ, ശ്രുതികളുടെയും സ്മൃതിനിയമങ്ങളുടെയും ദുർവ്യാഖ്യാനത്തിലൂടെ ബ്രാഹ്മണജാതിയിൽ ജനിച്ചവർക്കു മാത്രമായി പരിമിതപ്പെടുത്തിയവർ തന്നെയാണല്ലോ അത്തരം തെറ്റിദ്ധാരണകൾക്ക് ഉത്തരവാദി. സ്വന്തം അധികാരം ഉറപ്പിക്കുന്നതിനുതകുന്ന കാര്യങ്ങൾ കണ്ടെത്തി പ്രചരിപ്പിക്കുന്നതിനും, അതിനനുസരിച്ചു ശ്ലോകങ്ങളെ വ്യാഖ്യാനിക്കുന്നതിനുമപ്പുറം ഒരു താത്പര്യവും ആ ഗ്രന്ഥങ്ങളിൽ പൗരോഹിത്യസമൂഹം കാണിച്ചിരുന്നില്ലാ എന്നതാണ് അതിൽനിന്നൊക്കെ മനസ്സിലാക്കേണ്ടത്. ഫലമോ, അപഹാസ്യവും അവിശ്വസനീയവുമായ ഒരുപാടു കെട്ടുകഥകളുടെ കൂമ്പാരമായി ആ പുസ്തകങ്ങൾ വിലയിരുത്തപ്പെട്ടു.

പൗരാണികഗ്രന്ഥങ്ങളുടെ സൃഷ്ടിയിൽ യാതൊരു പങ്കുമില്ലാത്ത അധിനിവേശശക്തികൾ, ആകെക്കൂടി അദ്ധ്വാനിച്ചത് അവയിൽ തങ്ങൾക്കു വേണ്ട ഉടച്ചുവാർക്കലുകൾ നടത്തുന്നതിൽ മാത്രമാണെന്നു ചുരുക്കം. പൗരാണികകൃതികളിലെ ഉള്ളടക്കത്തെ തങ്ങൾക്കനുകൂലമായി പരുവപ്പെടുത്തിയെടുക്കുക എന്ന കർമ്മത്തിനപ്പുറം, അവയുടെ ഘടനയിലും വിശ്വാസ്യതയിലും സംഭവിച്ച 'പാകപ്പിഴ'കളെപ്പറ്റി അവർ തരിമ്പും അലോസരപ്പെട്ടിരുന്നില്ല എന്നത് എന്തുകൊണ്ടാകാം?അതിനുള്ള കാരണം,അവയൊന്നും ആര്യന്മാരുടെ സൃഷ്ടികളായിരുന്നില്ലാ എന്നതാണ്. അത് വെറും ഊഹമല്ല, പൗരാണികഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്ന സത്യമാണ്.

സനാതനസംസ്കൃതി:ഉത്ഭവം ദ്രാവിഡഭൂമികയിൽ

ഹൈന്ദവവിശ്വാസം അനുസരിച്ച്,ഓരോ മന്വന്തരത്തിലേയും ആദ്യത്തെ മനുഷ്യനെയാകുന്നു മനുവായി കണക്കാക്കുന്നത്. അത്തരത്തിൽ, പതിനാല് മനുക്കളുടെ കാലാവധി ചേരുമ്പോഴാണ് ഒരു കല്പം പൂർണ്ണമാകുന്നത്. ഓരോരോ മനുവിന്റെ കാലവും എഴുപത്തിയൊന്ന് ചതുർയുഗങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ഒരു ചതുർയുഗമെന്നത് സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം,കലിയുഗം എന്നിങ്ങനെ നാല് യുഗങ്ങൾ ചേരുന്ന മഹായുഗമാണ്. ഓരോ യുഗത്തിലും ലക്ഷക്കണക്കിനു വർഷങ്ങളാണ് ഉള്ളത്. ഈ കല്പത്തിലെ ആദ്യ മന്വന്തരത്തിന്റെ മനുവാണ്, 'മനുസ്മൃതി'യുടെ കർത്താവായി അറിയപ്പെടുന്ന സ്വായംഭൂവ മനു. ഇപ്പോൾ നടപ്പിലുള്ളത് ഈ കല്പത്തിലെ ഏഴാമത്തെ മന്വന്തരമാണല്ലോ.വൈവസ്വതനാണ് ഈ മന്വന്തരത്തിന്റെ മനു. ഈ മന്വന്തരത്തിന്റെ മനു വൈവസ്വതനാണെങ്കിലും, ആറു മന്വന്തരങ്ങൾ പിന്നിട്ട്, കാലം ഏഴാമത്തെ മന്വന്തരത്തിലെത്തിയെങ്കിലും, ഓരോ യുഗത്തിന്റെയും അന്ത്യത്തിൽസംഭവിക്കുന്ന പ്രളയത്തിൽ സർവ്വതും ലയിച്ചുചേർന്ന് ഇല്ലാതാകുമെന്നാണു വിശ്വാസമെങ്കിലും, ഒന്നാമത്തെ മന്വന്തരത്തിലെ മനുവായ സ്വായംഭൂവമനു സൃഷ്ടിച്ചതായി വിശ്വസിക്കപ്പെടുന്ന മനുസ്മൃതിയിലെ നിയമങ്ങൾതന്നെ പാലിക്കപ്പെടണമെന്ന ചിലരുടെ പിടിവാശിയ്ക്കു കാരണമെന്താകാം

എന്നു ചിന്തിച്ചിട്ടുണ്ടോ? അതിനു കാരണങ്ങൾ പലതാണ്. അതിൽ പ്രധാനമായത്, ആരാണ് വൈവസ്വതമനു എന്ന ചോദ്യത്തിന്റെ ഉത്തരമാണ്.

വൈവസ്വതമനു ദ്രാവിഡരാജാവായിരുന്നു

ഹൈന്ദവ ഐതിഹ്യങ്ങൾ അനുസരിച്ച്, മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ആദ്യത്തേതാണല്ലോ മത്സ്യാവതാരം. ഹയഗ്രീവൻ എന്ന അസുരൻ ബ്രഹ്മസന്നിധിയിൽനിന്ന് അപഹരിച്ച വേദസംഹിതകൾ, മഹാവിഷ്ണു മത്സ്യമായി അവതരിച്ച് വീണ്ടെടുത്തത് വൈവസ്വതമനുവെന്ന മനുവിന്റെ ഭരണകാലത്താണ്. ദ്രമിളാധിപതിയായസത്യവ്രതൻ സന്ധ്യാവന്ദനത്തിനായി കൃതമാലാനദിയിൽനിന്നും കൈക്കുമ്പിളിൽ കോരിയെടുത്ത ജലത്തിൽ ഒരു കുഞ്ഞു മത്സ്യത്തെ കണ്ടെന്നും, ആ മത്സ്യത്തെ രാജാവ് കൊട്ടാരത്തിൽ കൊണ്ടുപോയി സൂക്ഷിച്ചപ്പോൾ, നാലഞ്ചു ദിനംകൊണ്ടു വളർന്നു വലുതായി മഹാമത്സ്യമായി മാറിയെന്നുമാണല്ലോ മത്സ്യാവതാരകഥയിൽ പറയുന്നത്. ഏഴു ദിവസത്തിനകം ഉണ്ടാകാൻ പോകുന്ന അവാന്തര പ്രളയത്തിന്റെ വിവരവും, അപ്പോൾ ചെയ്യേണ്ട കാര്യങ്ങളും രാജാവിനെ ഗ്രഹിപ്പിച്ചശേഷം മഹാമത്സ്യം സമുദ്രത്തിൽ മറഞ്ഞു. ബ്രഹ്മസന്നിധിയിൽനിന്നും അപഹരിച്ച വേദസംഹിതകൾ വീണ്ടെടുക്കുന്നതിനു നിമിത്തമായ ആ വൈവസ്വതമനു, സത്യവ്രതൻ എന്ന ദ്രാവിഡരാജാവാണെന്ന് മഹാഭാഗവതം പറയുന്നു:


യോഽസൗ സത്യവ്രതോ നാമ രാജർഷിർദ്രവിഡേശ്വരഃ
ജ്ഞാനം യോഽതീതകല്പാന്തേ ലേഭേ പുരുഷസേവയാ

സ വൈ വിവസ്വതഃ പുത്രോ മനുരാസീദിതി ശ്രുതം
ത്വത്തസ്തസ്യ സുതാഃ പ്രോക്താ ഇക്ഷ്വാകുപ്രമുഖാ നൃപാഃ

യഃ അസൗ സത്യവ്രതഃ നാമ	യാതൊരു ആ സത്യവ്രതനെന്നപേരിൽ വിഖ്യാതനായി
ദ്രവിഡേശ്വരഃ	ദ്രാവിഡദേശാധിപനായ
രാജർഷിഃ	രാജർഷി
(ആസീത്)	ഉണ്ടായിരുന്നുവല്ലോ;
അതീത-കല്പാന്തേ	കഴിഞ്ഞകല്പകാലത്തിന്റെ അവസാനഘട്ടത്തിൽ
പുരുഷ-സേവയാ	പരമപുരുഷനായ ശ്രീഹരിയുടെ ഭജനത്താൽ
ജ്ഞാനം	ആത്മജ്ഞാനത്തെ
ലേഭേ	നേടുകയുണ്ടായയോ
സഃ വൈ	ആ സത്യവ്രതൻതന്നെ
വിവസ്വതഃ	വിവസ്വാന്റെ(സൂര്യന്റെ)
പുത്രഃ	പുത്രനായ
മനുഃ	വൈവസ്വതമനുവായി
ആസീത്	ഭവിച്ചു
ഇതി	എന്നുള്ളത്
ത്വത്തഃ	അങ്ങയിൽനിന്ന്
ശ്രുതം	കേട്ടുധരിക്കപ്പെട്ടു.
തസ്യ പുത്രാഃ	അദ്ദേഹത്തിന്റെപുത്രരായ
ഇക്ഷ്വാകു-പ്രമുഖാഃ	ഇക്ഷ്വാകുപ്രഭൃതികളായുള്ള
നൃപാഃ ച	രാജാക്കന്മാരും
ഉക്താഃ	പറഞ്ഞുധരിപ്പിക്കപ്പെട്ടവരായിരിക്കുന്നു.

ഭാഗവതം നവമസ്കന്ധത്തിലെ ഒൻപതാമധ്യായത്തിൽ, വൈവസ്വതമനുവിന്റെ വംശാവലി വിവരിക്കുന്നിടത്ത്, വ്യാസൻ അവതരിപ്പിക്കുന്ന ആ വസ്തുത അസത്യമാകാൻ വഴിയില്ലല്ലോ. ദ്രാവിഡേശ്വരനായ വൈവസ്വതന്, വിഷ്ണുവിന്റെ അവതാരമായ മത്സ്യത്തെ ലഭിച്ച കൃതമാലാനദി ഒഴുകിയിരുന്നത് തമിഴ്നാട്ടിലെ മധുരയിലൂടെയാണെന്നും വിശ്വസിക്കപ്പെടുന്നു.(കീഴടി മധുരയുടെ സമീപപ്രദേശമാണ്).

വൈവസ്വതമനുവിന്റെ രാഷ്ട്രം ദ്രാവിഡദേശത്തായിരുന്നു എന്നു മത്സ്യപുരാണത്തിലെ പരാമർശങ്ങളിലും വ്യക്തമാണ്. അഥർവ്വവേദത്തിലും മഹാഭാരതത്തിലു

മുള്ള അവാന്തരപ്രളയവും മത്സ്യാവതാരകഥയും*ശതപഥബ്രാഹ്മണത്തിലും വിവരിക്കുന്നുണ്ട്. അതിലെ പ്രതിപാദനങ്ങളനുസരിച്ചും, സത്യവ്രതമനു ദ്രാവിഡദേശാധിപതിയായിരുന്നു. ഈ മന്വന്തരത്തിലെ സകല മനുഷ്യരുടെയും ജനയിതാവായി വൈവസ്വതമനു ഗണിക്കപ്പെടുന്നു. വൈവസ്വത മനു ഭരിച്ചിരുന്നത് ഏതെങ്കിലും ഒരു ദ്രാവിഡദേശത്തായിരുന്നു എന്നല്ല മേൽപ്പറഞ്ഞ വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്.അദ്ദേഹം ഭരിച്ചിരുന്ന വിശാലഭാരതം ദ്രാവിഡരാഷ്ട്രമായിരുന്നു എന്നുതന്നെയാണ്. മത്സ്യാവതാരകഥയിൽ പറയുന്ന പ്രളയത്തിന് മുൻപും, അതിനു ശേഷവുമുള്ള മുഴുവൻ ഭാരതീയരും ദ്രാവിഡനായ വൈവസ്വതന്റെ വംശപരമ്പരയിൽ പെട്ടവരാണ് എന്നതാണല്ലോ അതിന്റെ അർത്ഥം. അതായത്, ഈ മന്വന്തരാരംഭം തൊട്ട് ആര്യാധിപത്യകാലം വരെ ഈ മണ്ണിലെ സംസ്കാരം ദ്രാവിഡ സ്വത്വത്തിൽ അടിയുറച്ചതായിരുന്നു. അത്രമേൽ പാരമ്പര്യമുള്ള സംസ്കൃതിയുടെ അവശേഷിപ്പുകളാണ് സിന്ധൂനദീതടനാഗരികതയിലൂടെയും മറ്റും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ, ആ ചിരപുരാതനസംസ്കാരത്തെ നാമാവശേഷമാക്കി എന്നതാണ് ആര്യാധിനിവേശത്തെ ഏറ്റവും വലിയ ദുരന്തമാക്കുന്ന ഘടകം.

മത്സ്യരൂപത്തിൽ എത്തിയ ഭഗവാന്റെ നിർദ്ദേശപ്രകാരം സപ്തർഷികൾക്കൊപ്പം തോണിയിൽകയറി മഹാപ്രളയത്തെ മറികടന്ന മനു, പ്രളയാനന്തരം ഭാരതഭരണം തുടരുകയാണുണ്ടായതെന്നും അനുമാനിക്കപ്പെടുന്നു. വേദങ്ങളുടെയും സനാതന സംസ്കാരത്തിന്റെയും പശ്ചാത്തലം ദ്രാവിഡനാഗരികതയായിരുന്നെന്നും, ദ്രവീഡിയമല്ലാത്ത ശക്തി(സമൂഹം) വേദസംഹിത അപഹരിച്ചെന്നും, ഭഗവാൻ മഹാവിഷ്ണു ഒരു അവാന്തരപ്രളയമുണ്ടാക്കി ആ ആസുരികശക്തിയെ ഇല്ലായ്മചെയ്ത്, വേദസംഹിത വീണ്ടെടുത്ത് ദ്രാവിഡരാജനായ വൈവസ്വതമനുവിനെ ഏല്പിച്ചു എന്നും വേണമല്ലോ മത്സ്യാവതാരകഥയിലെ ഈ വിവരണങ്ങളിൽനിന്നും മനസ്സിലാക്കാൻ. ഹയഗ്രീവൻ എന്ന ആ ആസുരിക ശക്തി ഏതായിരുന്നു എന്നു നിശ്ചയിക്കാനുള്ള അവകാശം വായനക്കാർക്ക് വിടുന്നു. അതിന്റെ ഉത്തരം എന്തായാലും, സനാതനസംസ്കൃതിയുടെ പാരമ്പര്യം ദ്രാവിഡനാഗരികതയുടേതാണല്ലോ.

[പിൻകുറിപ്പ്:*വേദങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ വിശദീകരിക്കുന്ന വ്യാഖ്യാനങ്ങളാണ് ബ്രാഹ്മണങ്ങളെന്ന് അറിയപ്പെടുന്നത്.വേദങ്ങളിൽനിന്നും വ്യത്യസ്തമായി അവ ഗദ്യരൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. യജ്ഞവുമായി ബന്ധപ്പെട്ട മന്ത്രങ്ങളുടെ ക്രിയാഭാഗമാണ് ബ്രാഹ്മണങ്ങളിൽ വിവരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടതും സമ്പൂർണ്ണവും സാഹിത്യവ്യവസ്ഥയോടു കൂടിയതുമായ ശതപഥബ്രാഹ്മണം, ശുക്ലയജുർവ്വേദത്തിന്റെ ഒരു വ്യാഖ്യാനമാണ്. അതിനാൽ അതിലെ പ്രതിപാദനങ്ങൾക്ക് ഏറെ ആധികാരികതയുണ്ട്]

സൂര്യ-ചന്ദ്രവംശ വേരുകൾ ദ്രാവിഡസംസ്കൃതിയിൽ

ദ്രാവിഡവംശരാജനായ സത്യവ്രതൻ എന്ന വൈവസ്വതമനുവിൽനിന്നാണ് ഭാരതത്തിന്റെ അഭിമാനസ്തംഭങ്ങളായ സൂര്യവംശവും ചന്ദ്രവംശവും ഉത്ഭവിച്ചതെന്ന്, ഭാഗവതത്തിലെ മേൽപ്പറഞ്ഞ വൈവസ്വതമനുവിന്റെ വംശാവലി വിവരണത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.(അധ്യായം:9, ശ്ലോകം:2). വൈവസ്വതമനുവിന്റെ പത്തു മക്കളിൽ മൂത്തയാളായ ഇക്ഷ്വാകുവിൽനിന്നു സൂര്യവംശവും, സുദ്യുമ്നൻ എന്ന പേരോടെ പുരുഷനായിത്തീർന്ന, ഇള എന്ന പുത്രിയിൽനിന്നു ചന്ദ്രവംശവും

ഉണ്ടായി എന്ന് ഭാഗവതം പ്രസ്താവിക്കുന്നു.(ശ്ലോകം:11,12). അതായത്, ദിലീപനും ഇക്ഷ്വാകുവും ഭഗീരഥനും ദശരഥനും ശ്രീരാമനും ഉൾപ്പെടുന്ന സൂര്യവംശത്തിന്റെയും, പുരൂരവസ്, യയാതി, പുരു, ഭരതൻ, ഹസ്തി, കുരു, ശന്തനു,യുധിഷ്ഠിരൻ,പരീക്ഷിത്ത് മുതലായ ചന്ദ്രവംശജരുടെയും ജന്മവേരുകൾ ദ്രാവിഡവംശത്തിലായിരുന്നു. അവരെയൊക്കെ ആര്യന്മാരാക്കുന്ന അപനിർമ്മാണത്തെ അസാധുവാക്കുന്ന ഭാഗവതത്തിലെ വ്യാസവചനങ്ങൾ അവിശ്വസിക്കേണ്ടതില്ലല്ലോ.(അനുബന്ധം:1)

ശ്രീരാമൻ ആര്യനാണെന്ന വാദത്തിന് എത്രമേൽ പ്രസക്തിയുണ്ടെന്ന് ഈ വസ്തുതയുടെ വെളിച്ചത്തിൽ ആലോചിക്കുക. രാമനെ ''ആര്യപുത്രാ...''എന്നു രാമായണത്തിൽ അഭിസംബോധനചെയ്യുന്നത് ശ്രേഷ്ഠനെന്ന അർത്ഥതലത്തിൽമാത്രമാണ്. ആര്യവംശജൻ എന്ന നിലയിലല്ല. സീതയ്ക്കോ വാല്മീകിക്കോ രാമായണത്തിലെ മറ്റു കഥാപാത്രങ്ങൾക്കോ രാമനെ ജാതിപറഞ്ഞു വിളിക്കേണ്ട കാര്യമോ, ആര്യനാണെന്ന് ഓർമിപ്പിക്കേണ്ട അവശ്യമോ ഇല്ലെന്ന സാമാന്യയുക്തി മാത്രം മതിയല്ലോ അതിനു തെളിവായി. പൊതുവേ നോക്കിയാൽ, ആര്യൻ എന്ന സംസ്കൃതപദം കുലീനൻ എന്ന നിലയിലാണ് പൗരാണിക ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്; വംശനാമം എന്ന രീതിയിലല്ല. ശ്രീരാമനെ ആര്യൻ എന്നു വിശേഷിപ്പിക്കുന്ന വാല്മീകി, ദശരഥപത്നിയായ കൈകേയിയെ അനാര്യയെന്ന് ഒരുവേള വിളിക്കുന്നുണ്ട്. ധർമവിരുദ്ധമായ പ്രവൃത്തികളിലൂടെ ശ്രീരാമനെ രാജ്യഭ്രഷ്ടനാക്കിയതാണ് രാജമാതാവായ കൈകേയിയെ അനാര്യ എന്ന വിശേഷണത്തിനു വിധേയയാക്കിയത്. അതിനാൽ, ഗുണവാനായ മനുഷ്യൻ എന്ന താത്പര്യത്തിലാണ് ആര്യശബ്ദം രാമായണത്തിൽ ഉപയോഗിച്ചിട്ടുള്ളത് എന്ന കാര്യം സ്പഷ്ടമാണല്ലോ.

മഹാഭാരതത്തിലും ഇതിനു സമാനമായ പ്രയോഗങ്ങൾ കാണാം. സഭാപർവ്വത്തിൽ ധൃതരാഷ്ട്രർ യുധിഷ്ഠിരനോട് പറയുന്നു: 'ഈ സജ്ജനങ്ങളുടെ സമാഗമത്തിൽ നീ ആര്യന്മാരെപ്പോലെയാണ് ആചരിച്ചത്'(ത്ഥാചരിതം ആര്യേണ ത്വയാസ്മിൻ സത്സമാഗമേ..).കള്ളച്ചൂതുകളിയിൽ സർവ്വവും നഷ്ടപ്പെട്ടിട്ടും, നിലവിടാതെ മാന്യമായിത്തന്നെ പ്രതിവചിച്ച യുധിഷ്ഠിരന്റെ സ്വഭാവത്തെക്കുറിച്ചാണ് ധൃതരാഷ്ട്രൻ പ്രതിപാദിച്ചത്.ഇവിടെ യുധിഷ്ഠിരന്റെ കുലീനമായ പെരുമാറ്റമാണ് സൂചിപ്പിക്കുന്നത്; വംശമല്ലല്ലോ. അതുപോലെതന്നെ, ആര്യന്മാരെപ്പോലെ എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട്, യുധിഷ്ഠിരൻ ആര്യവംശജനല്ല എന്നുതന്നെയാണല്ലോ വ്യക്തമാകുന്നത്. മഹാഭാരതം വിരാടപർവ്വത്തിൽ, പാണ്ഡവർ ശ്രീകൃഷ്ണനെ 'ആര്യാ'യെന്നു വിളിക്കുന്നുണ്ട്:'ത്വാം ആര്യ! ശരണം ഗതാഃ'(ആര്യാ നിന്നെ ഞങ്ങൾ ശരണം പ്രാപിക്കുന്നു).പാണ്ഡവരുടെ ആ കൃഷ്ണസ്തുതിയിലും വിശേഷിപ്പിക്കുന്നത് ആര്യവംശത്തെക്കുറിച്ചാകാൻ ഇടയില്ല. പാണ്ഡവരും കൃഷ്ണനും യാദവരാണല്ലോ.

ആര്യന്മാരുടെ ആഢ്യത്വവാദത്തെയും ചാതുർവർണ്യ വിഭജനസിദ്ധാന്തത്തെയും അപ്രസക്തമാക്കുന്ന ശക്തമായ തെളിവാണ് ഭാഗവതത്തിലെ 'വൈവസ്വതമനുവിന്റെ വംശാവലിചരിത്രവിവരണം'. വൈവസ്വതൻ ദ്രാവിഡനാണ് എന്നതിനൊപ്പം പ്രസക്തമാണ്, അദ്ദേഹത്തിന്റെ അനന്തരഗാമികളുടെ ചരിത്രം. വൈവസ്വതമനുവിനു ശ്രദ്ധാദേവിയിലുണ്ടായ ഇക്ഷ്വാകു മുതലായ പത്തു മക്കളാണ് സൂര്യവം

ശജർ എന്നറിയപ്പെടുന്നത്. അവർ ജനിക്കുന്നതിനു മുമ്പ് വൈവസ്വതൻ വസിഷ്ഠ നെക്കൊണ്ടു നടത്തിയ യാഗത്തിൽനിന്നുണ്ടായ സുദ്യുമ്നന്റെ പിൻഗാമികളാണ് ചന്ദ്രവംശം.സൂര്യവംശജർ എന്നറിയപ്പെട്ടവരിൽ മൂത്തയാൾ പ്രസിദ്ധനായ ഇക്ഷ്വാ കുമഹാരാജാവാണ്. അടുത്തത് പൃഷദ്രൻ. പശുപാലകനായ അദ്ദേഹം അറിയാതെ ചെയ്ത പശുഹിസയെത്തുടർന്ന്, ഗുരുശാപം മൂലം ശൂദ്രനായി. കവിയെന്ന പുത്രൻ ലൗകിക വിഷയങ്ങളിൽ വിരക്തനായി തപസ്സനുഷ്ഠിച്ചു. കരുഷൻ എന്ന മറ്റൊരു പുത്രൻ സമർത്ഥനായ ക്ഷത്രിയനായി.അദ്ദേഹത്തിന്റെ വംശക്കാരെ കരുഷന്മാർ എന്നു വിളിക്കുന്നു. മറ്റൊരു പുത്രനായ ധൃഷ്ടനുണ്ടായ മക്കളെല്ലാം ധാർഷ്ടരെന്ന ക്ഷത്രിയന്മാരായിരുന്നെങ്കിലും, കാലാന്തരത്തിൽ തപസ്സുചെയ്ത് ബ്രാഹ്മണരായി. നാരീഷ്യൻ എന്ന മകന്റെ അനന്തരാവകാശികളാണത്രേ അഗ്നിവേശ്യയാനമെന്ന ബ്രാഹ്മണകുലം സ്ഥാപിച്ചത്. ദിഷ്ടനെന്ന മകന്റെ മകൻ നാഭാഗൻ വൈശ്യനായി. മനുവിന്റെ മറ്റൊരു പുത്രനായ ശര്യാതി രാജാവായി. 'ചാതുർവർണ്യം' ഒരിക്കലും ഇളക്കമേശാത്ത ഏകശിലാവിഗ്രഹമല്ല എന്നും, വൈവസ്വതമനുവിന്റെ മക്കളും ചെറുമക്കളും തന്നെ വിവിധ വർണ്ണികളായിരുന്നെന്നും സ്ഥാപിക്കുന്ന ഈ തെളി വുകൾ, ചാതുർവർണ്യസിദ്ധാന്തത്തെയും അതിന്റെ അടിസ്ഥാനത്തിലുള്ള ജന്മാ ർജ്ജിതമായ ആഢ്യത്വവാദത്തെയും നിരാകരിക്കുന്ന വ്യാസവചനങ്ങളാണല്ലോ.

പ്രശസ്തരായ പല ഇൻഡോളജിസ്റ്റുകളുടെയും അഭിപ്രായമനുസരിച്ച്, രാമായണ ത്തിന് രണ്ട് ഭാഗങ്ങളുണ്ട്. വാല്മീകിമഹർഷിയോട് നാരദർ പറയുന്ന രാമകഥയും, വാല്മീകിക്ക് ബ്രഹ്മാനുഗ്രഹംമൂലം മനഃപ്രത്യക്ഷമായി ലഭിച്ച ഭാഗങ്ങളും. നാരദൻ വിവരിച്ചുകൊടുത്ത രാമകഥയിൽ മുനിമാരായ വസിഷ്ഠരും അഗസ്ത്യനും മാത്ര മേയുള്ളൂ. വിശ്വാമിത്രനും പരശുരാമനും ഭരദ്വാജനും ഉൾപ്പെട്ട കഥാസന്ദർഭങ്ങൾ, വാല്മീകിയ്ക്ക് മനഃപ്രത്യക്ഷമായി ലഭിച്ചെന്ന് പറയപ്പെടുന്ന കഥാഭാഗങ്ങളിലാണ് വരുന്നത്. ദ്രാവിഡസന്യാസിയായ അഗസ്ത്യരും ശൂദ്രകുലപതിയായ വസിഷ്ഠരും മാത്രം ഉൾപ്പെടുന്ന രാമകഥ, രാമായണത്തിന്റെ ദ്രാവിഡ പശ്ചാത്തലത്തെ പിന്താ ങ്ങുന്നതാണല്ലോ.വാമൊഴിയിൽനിന്നും വരമൊഴിസാഹിത്യത്തിലേയ്ക്കുള്ള പരി ണാമത്തിനിടയിൽ, പല ഉപകഥകളും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടെന്ന സന്ദേഹത്തിന് സാധൂകരണം നൽകുന്ന ആ കണ്ടെത്തൽ, രാമായണത്തിലേക്കുള്ള ആര്യാധിനി വേശത്തെ സ്ഥിരീകരിക്കുന്നതാണല്ലോ. പൗരാണികരചനകൾ ആര്യസാഹിത്യമാ യി പരിവർത്തനം ചെയ്യപ്പെട്ട അപനിർമ്മാണത്തിന്റെ ചരിത്രംകൂടിയാണത്.

സനാതനസംസ്കൃതി ദ്രാവിഡസംസ്കൃതിയാണ്

മത്സ്യാവതാരകഥയിൽ പ്രസ്താവിച്ച ദ്രമിളരാജ്യത്തിലെ കടലിനോടു ചേർന്നുള്ള ഭാഗമാണ് കേരളമെന്നും അതിന്റെ ഒരതിർത്തി കൃതമാലാനദി ആയിരുന്നെന്നും എ.ആർ.രാജരാജവർമ്മ എഴുതിയ കേരളപാണിനീയത്തിലെ 'മലയാളദേശവും ഭാ ഷയും' എന്ന അധ്യായത്തിലും കാണുന്നു. ദമിളം എന്ന പദത്തിൽ നിന്നാണ് ദ്രാവി ഡമെന്ന വാക്ക് ഉത്ഭവിച്ചതെന്നാണ്(തമിൾ-ദമിള-ദ്രവിളം-ദ്രവിഡം) രാജരാജവർമ്മ അഭിപ്രായപ്പെടുന്നത്. അത് ഏറെക്കുറെ സ്വീകാര്യമായ ഒരു പദോത്പത്തിയായി ചരിത്രകാരന്മാരും ഭാഷാശാസ്ത്രജ്ഞരും അംഗീകരിക്കുന്നുമുണ്ട് .

ഭാഗവതത്തിലെ മേൽപ്പറഞ്ഞ ശ്ലോകത്തിൽ, ദ്രാവിഡേശ്വരഃ രാജർഷി എന്നതിനെ 'ദ്രാവിഡദേശവാസിയായ രാജർഷി'യെന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതു പൂർണ്ണമായും ശരിയല്ലാ എന്നാണു തോന്നുന്നത്. എന്തെന്നാൽ, ദ്രാവിഡേശ്വര രാജർഷി എന്നതിന്റെ ഉചിതമായ ഭാഷാന്തരം, ദ്രാവിഡേശ്വരനായ രാജർഷിയെന്നാണല്ലോ. 'ദ്രാവിഡദേശവാസി'യായ രാജർഷിയെന്നതും, 'ദ്രാവിഡനായ രാജർഷി'യെന്നതും ഒന്നല്ലല്ലോ. വൈവസ്വതൻ 'ദ്രാവിഡവംശജ'നായിരുന്നെന്നു വരുമ്പോൾ, അദ്ദേഹം കേവലം ദ്രാവിഡദേശത്തിലെ രാജാവായിരുന്നില്ലെന്നും, വൈവസ്വതമനു ഭരിച്ചിരുന്ന ഭാരതം ദ്രാവിഡഭൂമിയായിരുന്നെന്നും സ്പഷ്ടമാകുന്നു. സനാതന സംസ്കൃതിയുടെ ദ്രാവിഡപശ്ചാത്തലത്തിന് ഇതിനേക്കാൾ വിശ്വസനീയമായ തെളിവ് ആവശ്യമുണ്ടോ? സനാതനസംസ്കൃതിയെന്നാൽ ആര്യസംസ്കൃതി അല്ലെന്നതിനും ഇതിനേക്കാൾ കൃത്യമായ സാക്ഷ്യം ആവശ്യമുണ്ടോ?

സനാതനസംസ്കൃതിയുടെ 'ദ്രാവിഡപശ്ചാത്തല'ത്തെ സാധൂകരിക്കുന്ന മറ്റൊരു പ്രസ്താവന ഭാഗവതത്തിന്റെ ആദ്യഭാഗമായ ഭാഗവതമാഹാത്മ്യത്തിൽ കാണാം. ഭക്തിയുടെമാഹാത്മ്യം വ്യക്തമാക്കാൻ, ശ്രീനാരദൻ സനകാദികളോടു പറയുന്ന, യൗവനയുക്തയായ ഭക്തിയെന്ന സ്ത്രീയുടെയും, മരണാസന്നരും വൃദ്ധരും ആയ ജ്ഞാനം, വൈരാഗ്യം എന്നീ പേരുകളുള്ള, അവളുടെ പുത്രന്മാരുടെയും സുപ്രസിദ്ധമായ ഉപാഖ്യാനമാണത്. ആ കഥയിലെ പരാമർശങ്ങൾ നോക്കുക:

> ഭക്തിയെന്നാണ് എൻെറ പേർ. ഇവർ എൻെറ പുത്രൻമാരാണ്. ജ്ഞാനം, വൈരാഗ്യം എന്നാണ് അവരുടെ നാമങ്ങൾ. കാലവിശേഷണത്താൽ ഇവർക്ക് ചൈതന്യമറ്റിരിക്കുന്നു. ഈ സ്ത്രീകൾ എന്നെ സേവിപ്പാൻ വന്ന ഗംഗ ഗോദാവരി സരസ്വതി മുതലായ നദികളാണ്.
>
> ഞാൻ ദ്രാവിഡത്തിൽ ജനിച്ചു. കർണ്ണാടകത്തിൽ വളർന്നു. ഗുജ്ജരത്തിൽ ജീർണ്ണയായി. അവിടെ കലിബാധ അധികം. പാഖണ്ഡൻമാർ എൻെറ അവയവങ്ങളെ മുറിച്ചു. ഞങ്ങൾ ബലഹീനരായി. ഞങ്ങൾ വൃന്ദാവനത്തിൽ ചെല്ലുകയുണ്ടായി. അവിടെ ചെന്നപ്പോൾ എനിക്ക് യുവത്വം വന്നു. സൗന്ദര്യവും. പക്ഷേ എൻെറ മക്കൾക്ക് വലിയ ഗുണം കിട്ടിയിട്ടില്ല. ഞാൻ വൃദ്ധയും എൻെറ മക്കൾ ചെറുപ്പക്കാരും ആവുന്നതിന്ന് പകരം നേരെമറിച്ചാണ് കണ്ടത്. ഇതിന്ന് കാരണമെന്താണ്?
>
> ശ്രീ മഹാഭാഗവതം. പി. ചന്ദ്രശേഖരൻ നായർ(സ്വാമി ആനന്ദ്)
> 'ഭാഗവത മാഹാത്മ്യം'

ആ കഥയിൽ, ഭക്തി നാരദനോട് ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നു: "ഞാൻ ദ്രാവിഡത്തിൽ ജനിച്ചു. കർണ്ണാടകത്തിൽ വളർന്നു. ഗുജ്ജരത്തിൽ ജീർണ്ണയായി(?). അവിടെ കലിബാധ അധികം.പാഖണ്ഡന്മാർ എന്റെ അവയവങ്ങൾ മുറിച്ചതോടെ ഞങ്ങൾ ബലഹീനരായി. ഞങ്ങൾ വൃന്ദാവനത്തിൽ ചെന്നപ്പോൾ എനിക്ക് യുവത്വവും സൗന്ദര്യവും കൈവന്നു. പക്ഷേ, എന്റെ മക്കൾക്കു വലിയ ഗുണം കിട്ടിയില്ല. അതുകൊണ്ട് അവർ വൃദ്ധരായി തുടരുന്നു...."

സനാതനസംസ്കൃതിയുടെ ഗർഭഗേഹം ദ്രാവിഡഭൂമിയാണെന്നു തന്നെയാണ് ഈ കഥയും വ്യക്തമാക്കുന്നത്. കഥയിൽ സൂചിപ്പിക്കുന്നത് ഭക്തിയെക്കുറിച്ചാണെന്ന് തോന്നുമെങ്കിലും, അതിലെ പാഖണ്ഡന്മാരെന്ന പരാമർശം അതിനു മറ്റൊരു മാനം നൽകുന്നു. ദ്രാവിഡദേശത്തു ജന്മമെടുത്ത സനാതനധർമ്മം, ഭാരതഭൂമിയിലാകെ

വ്യാപിച്ചതിനേയും, ഇടക്കാലത്ത് ബൗദ്ധ-ജൈനമതങ്ങളുടെ വ്യാപനത്തിലുലഞ്ഞ് അംഗവിഹീനമായി ശുഷ്ക്കിച്ചുപോയതിനെയും വ്യംഗ്യാർത്ഥത്തിൽ ആവിഷ്കരിക്കുന്നതാണ് ഈ കഥ. ഗംഗ,ഗോദാവരി,സരസ്വതി നദികളെക്കുറിച്ചുള്ള പരാമർശവും, അതൊരു സംസ്കാരത്തെപ്പറ്റിയുള്ള പ്രസ്താവനയാണെന്ന സൂചനയാണു തരുന്നത്. ആ നിലയ്ക്ക്, ഭക്തി എന്നതുകൊണ്ട് ഈ കഥയിൽ അർത്ഥമാക്കുന്നത് കേവലം ദൈവഭക്തിയല്ല; മതവിശ്വാസമാണ് എന്നുമനസ്സിലാക്കാമല്ലോ.

ഭാഗവതത്തിലെ കലിയുഗവർണ്ണനയിൽ ഇങ്ങനെ പറയുന്നു:ദസ്യുത്കൃഷ്ടാ ജനപദാഃ വേദാ പാഖണ്ഡ ദൂഷിതാഃ (ജനപദങ്ങളിൽ ദസ്യുക്കൾ ഉത്കൃഷ്ടരായിത്തീരും; പാഖണ്ഡന്മാർ വേദങ്ങളെ ദുഷിപ്പിക്കും). അവിടെയും സൂചിപ്പിക്കുന്നത് വേദവിരുദ്ധരായ(സനാതനധർമ്മ വിരോധികളായ) സമൂഹങ്ങളെയാണ്. സനാതന മതത്തെ തകർക്കാൻ നിയോഗിക്കപ്പെട്ട *പാഖണ്ഡന്മാരെ(ബൌദ്ധരെയും ജൈനന്മാരെയും) ഉന്മൂലനം ചെയ്യാനാണ് ശങ്കരാചാര്യർ 'അവതാരമെടുത്ത'തെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളിലും പറയുന്നുണ്ട്. അതൊക്കെ കൂട്ടിവായിക്കുമ്പോൾ, ഭക്തിയെന്നതുകൊണ്ട് ഈ കഥയിലുദ്ദ്യേശിക്കുന്നത്, ഹിന്ദുമതാനുസാരിയായ ജീവിതചര്യകളാണെന്നുവേണം അനുമാനിക്കാൻ. ഭാരതഖണ്ഡത്തിലാകെ പടർന്നു പന്തലിച്ച, ദ്രാവിഡപശ്ചാത്തലത്തിലുള്ള സനാതനസംസ്കാരത്തെ അന്യദേശങ്ങളിൽനിന്ന് അധിനിവേശംനടത്തിയ ആര്യന്മാർ കാൽക്കീഴിലൊതുക്കുകയായിരുന്നു എന്നത് സ്പഷ്ടം. ശ്രേഷ്ഠൻ, മാന്യൻ എന്നൊക്കെയുള്ള അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരുന്ന ആര്യൻ എന്ന സംസ്കൃത പദത്തെ തങ്ങളുടെ മേൽവിലാസമാക്കി മാറ്റിയതുപോലെ, അധിനിവേശ ശക്തികൾ സനാതനമതത്തെയും സ്വന്തമാക്കുകയായിരുന്നു എന്നാണല്ലോ ഇതൊക്കെ തെളിയിക്കുന്നത്.

മഹാഭാഗവതത്തിലെ ഈ പരാമർശങ്ങൾ, കേവലം ഒരു കഥയായി കാണാനാകില്ല. എന്തുകൊണ്ടെന്നാൽ,മഹാഭാരതത്തിനും രാമായണത്തിനും ഇല്ലാത്ത ഒരു ചരിത്രപരമായ പ്രാധാന്യം ഭാഗവതമെന്ന വ്യാസസൃഷ്ടിയ്ക്കുണ്ട്. മറ്റു രണ്ടു കൃതികളും ഒരു പ്രമുഖ കുലത്തിന്റെയോ വംശത്തിന്റെയോ മൂന്നോ നാലോ അഞ്ചോ തലമുറകളുടെ ചരിതം പറയുമ്പോൾ, ഭാഗവതം പൗരാണികസനാതനസംസ്കൃതിയുടെ സമ്പൂർണ്ണചരിത്രമാണ് ആവിഷ്കരിക്കുന്നത്.പ്രപഞ്ചോത്പത്തിയിൽ തുടങ്ങി,കൃത-ത്രേതാ-ദ്വാപരയുഗങ്ങളിലൂടെ സംക്രമിച്ച് കലിയുഗത്തോളമെത്തുന്ന ഭാഗവതത്തിൽ രാമായണവും മഹാഭാരതവും പോലും സംഗ്രഹിച്ചവതരിപ്പിക്കുന്നുണ്ട്. ഭഗവാൻ വിഷ്ണുവിന്റെ പത്തവതാരങ്ങളുടെയും ചരിത്രമായതുകൊണ്ടുതന്നെ ആ ഗ്രന്ഥത്തെ സനാതനസംസ്കൃതിയുടെ സമ്പൂർണ്ണചരിത്രമെന്നു വിശേഷിപ്പിക്കാം. അതിന്റെ കൂടുതൽ വിശദാംശങ്ങൾ വേദചോരണത്തിനെതിരെയുള്ള വ്യാസവിപ്ലവം എന്ന അധ്യായത്തിൽ കൊടുത്തിട്ടുള്ളത് വായിക്കുക.

സനാതനസംസ്കൃതി അനാര്യസംസ്കൃതി ആണെന്ന സത്യത്തിന്, പുരാണങ്ങൾക്കൊപ്പം ചരിത്രപരമായ അംഗീകാരവുമുണ്ട്. ഇന്ത്യ, ഹിന്ദു എന്നീ പേരുകളുടെ ഉത്ഭവം സിന്ധുനദീതട സംസ്കാരവുമായി ബന്ധപ്പെട്ടാണല്ലോ. ആ സംഗതി പരിഗണിക്കുമ്പോൾ, സനാതന സംസ്കാരത്തിന്റെ യഥാർത്ഥ ഉടമകൾ സിന്ധൂനദീതട

നാഗരികതയുടെ പിൻമുറക്കാരായ തദ്ദേശീയ ജനസമൂഹങ്ങളാണ്; കുടിയേറ്റക്കാരായ ആര്യന്മാരല്ല. ഭാരതം എന്ന പേരിന്റെ ഉത്ഭവം, ഈ മണ്ണിലെ ആദ്യ ചക്രവർത്തിയായ ഭരതനിൽനിന്നാണെന്നു കരുതപ്പെടുന്നു. അതു ശരിയാണെങ്കിൽ, അദ്ദേഹം വൈവസ്വതമനു എന്ന ദ്രാവിഡരാജാവിന്റെ മകൻ ഇക്ഷ്വാകുവിന്റെ വംശാവലിയിൽ വരുന്നയാളാണ്. ആ നിലക്കും ആർഷസംസ്കൃതി ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമായ അനാര്യപാരമ്പര്യമാണ് കാണിക്കുന്നത്.(അനുബന്ധം:I)

[പിൻകുറിപ്പ്:*പൃഥു എന്ന ചക്രവർത്തി നൂറുയജ്ഞം നടത്താൻ തീരുമാനിച്ചപ്പോൾ, തന്റെ ദേവേന്ദ്രപദവി നഷ്ടമാകുമോ എന്നു ഭയന്ന ഇന്ദ്രൻ യാഗം മുടക്കാൻ ബ്രാഹ്മണനായി പ്രച്ഛന്നവേഷത്തിലെത്തി. യജ്ഞഭംഞ്ജകനെ വധിക്കാൻ യജ്ഞാചാര്യൻ ആജ്ഞാപിച്ചപ്പോൾ, പൃഥുപുത്രൻ ഇന്ദ്രനെ പിടികൂടാനൊരുങ്ങി. പൃഥുപുത്രനിൽനിന്നും രക്ഷപെട്ടോടുമ്പോൾ ഇന്ദ്രൻ വഴിയിലുപേക്ഷിച്ച കാഷായവസ്ത്രങ്ങളിൽനിന്നാണ് പാഖണ്ഡന്മാരുടെ ഉത്പത്തി എന്ന് ഭാഗവതം നാലാംസ്കന്ധത്തിൽ പത്തൊൻപതാമധ്യായത്തിൽ പറയുന്നു. മനുഷ്യരുടെ ശുദ്ധകർമ്മശ്രദ്ധ തെറ്റിച്ച്, യാഗങ്ങൾ മുടക്കാൻ വരുന്നവരാണെന്ന വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ,ജൈനന്മാരെയും കിരാതരേയും ബൗദ്ധരെയുമൊക്കെയാണ് പാഖണ്ഡന്മാരെന്ന് പിൽക്കാലത്ത് പല രേഖകളിലും പറഞ്ഞുവരുന്നത്.]

ദ്രാവിഡമെന്നാൽ ദക്ഷിണേന്ത്യൻ എന്നായിരുന്നില്ല അർത്ഥം

'ദ്രാവിഡ'മെന്ന നാമത്തെ കേവലം തമിഴ് സംസ്കൃതിയായോ, ദക്ഷിണേന്ത്യയുടെ പൊതുസംസ്കാരമായോ പരിമിതപ്പെടുത്തിയവതരിപ്പിക്കുന്ന അവസ്ഥ ഇന്നുണ്ട്. അത് ബോധപൂർവ്വമായ ഒന്നാകണം എന്നില്ല. കാലികമായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പരുവപ്പെട്ടു വന്ന ഒരു പൊതുധാരണയാകാം. പക്ഷേ, പാരമാർത്ഥികതലത്തിൽ അത് കൃത്യമല്ല. സിന്ധൂനദീതടനാഗരികതയുടെ ഉടമകൾ ദ്രാവിഡരായിരുന്നെന്ന ചരിത്രവസ്തുതയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ, പ്രാക്തന ഭാരതഭൂമികയാകെ പടർന്നു പന്തലിച്ച ഒന്നായിരുന്നു അത് എന്നു സുവ്യക്തമാണ്. ഇന്നത്തെ ഭാരതത്തിന്റെ ഭൂപരിധികൾക്കപ്പുറത്തേക്കു പരന്നുകിടക്കുന്ന വ്യാപ്തി അതിനുണ്ടായിരുന്നു. വടക്ക് അഫ്ഗാനിസ്ഥാനിൽ തുടങ്ങി,പാകിസ്താന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇന്ത്യയിലുമായി വ്യാപിച്ചുകിടന്ന ആ ബൃഹത്സംസ്കൃതി, ആര്യാധിനിവേശത്തിന്റെ അനന്തരഫലമായി ഇന്ന് ദ്രാവിഡം എന്നു പരാമർശിക്കപ്പെടുന്ന ചുറ്റളവിലേക്ക് ചുരുങ്ങിപ്പോയതാകാം. അപ്രകാരത്തിൽ,വിസ്തൃതമായ ഒരു ഭൂപ്രദേശത്തു നൂറ്റാണ്ടുകൾകൊണ്ടു രൂപപ്പെട്ടുവന്ന ഒരു നാഗരികതയായിരുന്നു സനാതന സംസ്കൃതിയുടെ പ്രാഗ്രൂപം. ഭാഗവതമാഹാത്മ്യത്തിൽ കാണുന്ന പരാമർശങ്ങളെ ആ പശ്ചാത്തലത്തിലാണു നോക്കിക്കാണേണ്ടതെന്നു തോന്നുന്നു.

വിവേകാനന്ദസാഹിത്യസർവ്വസ്വത്തിലെ 'ആര്യന്മാരും തമിഴന്മാരും' എന്ന അധ്യായത്തിൽ, ആര്യ-ദ്രാവിഡസങ്കരത്തെ സംബന്ധിച്ചു പണ്ഡിറ്റ് ശിവരിരായൻ മുന്നോട്ടുവെക്കുന്ന പഠനനിരീക്ഷണങ്ങളെ പരാമർശിച്ചുകൊണ്ട്, സ്വാമിവിവേകാനന്ദൻ നടത്തുന്ന വിലയിരുത്തലുകൾ വിലപ്പെട്ടതാണ്. തമിഴു സംസാരിച്ചുവന്ന നമ്മുടെ പൂർവ്വികരെപ്പറ്റി അഭിമാനമുണ്ടെന്നും, അവരുടെ പരിഷ്കാരമാണ് ഇന്നുവരെ അറിയപ്പെടുന്നവയിൽവച്ചെല്ലാം പ്രാചീനമെന്നും വിവേകാനന്ദസ്വാമികൾ രേഖപ്പെടുത്തുന്നുണ്ട്. സംസ്കൃതം സംസാരിച്ചുവന്ന വർഗ്ഗത്തെ ഭാരതീയസംസ്കാരത്തി

ന്റെ പിതാവെന്ന് പറയാമെങ്കിൽ, അതിന്റെ മഹത്തായ മാതാവിന്റെ സംസ്കാരം ദ്രാവിഡസംസ്കൃതിയാണെന്ന് അദ്ദേഹം തുടർന്ന് എഴുതുന്നു.

മറ്റെല്ലാറ്റിനും മുൻപു വികസിച്ച ആ മഹത്തായ പരിഷ്കാരത്തിന്റെ രക്തപുഷ്ടിയോർക്കുമ്പോൾ അഭിമാനമുളവാകുന്നതായും,തമിഴ്വർഗ്ഗക്കാരുടെ പ്രാചീനമായ ആ പരിഷ്കാരത്തിന്റെ കാലത്തോടു തട്ടിച്ചുനോക്കുമ്പോൾ, ആര്യന്മാരും സെമിറ്റിക് വർഗ്ഗക്കാരും ശിശുക്കൾമാത്രമാണെന്നുമുള്ള സ്വാമിവിവേകാനന്ദന്റെ വിലയിരത്തൽ, ആര്യാധിനിവേശത്തിനും ഏറെ മുൻപ് നിലനിന്നിരുന്ന സമ്പുഷ്ടമായ ദ്രാവിഡനാഗരികതയുടെ ആധികാരിക അസ്തിത്വം അരക്കിട്ടുറപ്പിക്കുന്നതാണ്.

480 വിവേകാനന്ദ സാഹിത്യസർവ്വസ്വം iii

പ്രാചീനതമിഴരുടെയും അക്കാഡോ – സുമേറിയൻവർഗ്ഗങ്ങളുടെയും വംശപരമായ ഐക്യത്തെ അദ്ദേഹം സുധീരം മുന്നോട്ടുകൊണ്ടുവന്ന തിലും ഞങ്ങൾക്കു സന്തോഷമുണ്ട്. മറ്റെല്ലാറ്റിനും മുമ്പു വികസിച്ച മഹത്തായ ആ പരിഷ്കാരത്തിൻെറ രക്തപുഷ്ടിയോർക്കുമ്പോൾ ഇതു ഞങ്ങൾക്ക് അഭിമാനമുളവാക്കുന്നു. തമിഴ്വർഗ്ഗക്കാരുടെ പ്രാചീനമായ പരിഷ്കാരത്തിൻെറ കാലത്തോടു തട്ടിച്ചുനോക്കുമ്പോൾ ആര്യന്മാരും സിമിറ്റിക്വർഗ്ഗക്കാരും ശിശുക്കൾമാത്രം.

ശാസ്ത്രം സാക്ഷി

ഇന്ത്യൻ സംസ്കാരത്തിന്റെ ഉത്ഭവം ദ്രാവിഡസംസ്കൃതിയിൽനിന്നാണ് എന്നത്, കേവലമൊരു പൗരാണികകൃതിയിലെ പരാമർശം മാത്രമല്ല; ശാസ്ത്രീയമായ പിൻബലമുള്ള സത്യമാണെന്ന് തെളിയിക്കപ്പെടുന്നുണ്ട്. ആര്യാധിനിവേശകാലത്തിനു മുമ്പ് ഉത്തരഭാരതത്തിൽ ജീവിച്ചിരുന്ന മനുഷ്യർ, ദ്രാവിഡ ജനിതകഘടനയുള്ളവരായിരുന്നെന്ന വസ്തുത ഡേവിഡ്റൈക്ക്(David Reich) എന്ന അമേരിക്കൻ ജനിതകശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ കുറച്ചുവർഷങ്ങൾക്കു മുമ്പു നടന്ന പഠനങ്ങളിലടക്കം സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഉത്തരഭാരതഭൂപ്രദേശങ്ങളിലേയ്ക്കു കടന്നുകയറിയ യൂറേഷ്യൻസമൂഹങ്ങളുടെ(ആര്യന്മാരുടെ) ജനിതകമിശ്രണത്തെക്കുറിച്ചു നടന്ന ഡേവിഡ്റൈക്കിന്റെ ഗവേഷണങ്ങളിലെ ആ അപ്രതീക്ഷിത കണ്ടെത്തൽ സാക്ഷ്യപ്പെടുത്തുന്നത്, ആരാധിനിവേശത്തിനുമുമ്പു വിശാലഭാരതത്തിൽ അധിവസിച്ചിരുന്ന ജനത ദ്രാവിഡപാരമ്പര്യമുള്ളവരായിരുന്നു എന്നതാണ്.

ആര്യാധിനിവേശത്തിനപ്പുറവും തഴച്ചുവളർന്നുനിന്ന സിന്ധുനദീപ്രാന്തസംസ്കാരത്തിന്റെ അവശേഷിപ്പുകളായി, മോഹൻജൊദാരോവിലും ഹരപ്പയിലും കണ്ടെടുത്തവസ്തുക്കളെപ്പറ്റിയുള്ള ശാസ്ത്രീയപഠനങ്ങൾ അരക്കിട്ടുറപ്പിക്കുന്നതും ആ ദ്രാവിഡപശ്ചാത്തലം തന്നെയാണല്ലോ. ചുരുങ്ങിയത് ആറായിരം കൊല്ലമെങ്കിലും പഴക്കമുള്ള ആ ദ്രാവിഡ നാഗരികതയുടെ സൃഷ്ടിയാണ്, അയ്യായിരത്തോളം വർഷം പ്രായം കണക്കാക്കപ്പെടുന്ന വേദങ്ങളും, അതിന്റെ ഉപോത്പന്നമായ ആർഷസംസ്കൃതിയും എന്നു വിശ്വസിക്കുന്നതാണു യുക്തി. അതിനെ ആര്യനാഗരികതയുടെ അകത്തളങ്ങളിൽ തളച്ചിടുന്നതു ചരിത്രനിഷേധമാണ്. 'ഭാരതഖണ്ഡം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിസ്തൃത ഭൂഭാഗത്തെമ്പാടും പടർന്നു പന്തലിച്ച ആദി

മദ്രാവിഡനാഗരികത, ആര്യാധിനിവേശത്തിന്റെ അനുക്രമമായ വ്യാപനത്തെ തുടർന്ന്, ആ അവസ്ഥയിൽനിന്നു ചുരുങ്ങി ആന്ധ്ര-കർണ്ണാടക-ചേര-ചോള-പാണ്ഡ്യ ഖണ്ഡങ്ങളിലേക്ക് ഒതുങ്ങുകയാണുണ്ടായത്. ആര്യാധിപത്യത്തെത്തുടർന്ന് ആദ്യഘട്ടത്തിൽ ഹിമാലയപർവ്വതംമുതൽ വിന്ധ്യാവലിവരെയുള്ള ഭൂമേഖലകളിൽനിന്നും പിൻവാങ്ങിയ ദ്രാവിഡസമൂഹങ്ങൾ, അടുത്ത ദശയിൽ വിന്ധ്യനു തെക്കോട്ടു പിൻവലിയുകയാവാം സംഭവിച്ചത്. ആന്ധ്ര, കർണ്ണാടകം, ദ്രാവിഡം, ഗുജ്ജരം,മഹാരാഷ്ട്രം എന്നിവയെ ചേർത്ത് 'പഞ്ചദ്രാവിഡ'മെന്ന് വിളിച്ചിരുന്നത് ഇതിനെ സാധൂകരിക്കുന്ന ചരിത്രസത്യമാണ്. അതുകൊണ്ടുതന്നെ, ദ്രാവിഡസംസ്കൃതിയെന്നത് ദക്ഷിണഭാരതദേശത്തിലെ പൂർവ്വികസംസ്കാരംമാത്രമാണെന്ന പ്രചാരണത്തിൽ ആസൂത്രിതമായ ഒരു ചതി ഒളിഞ്ഞിരിപ്പുണ്ട് എന്നു വേണമല്ലോ കരുതാൻ.

സനാതനസംസ്കൃതിയെന്നാൽ ആര്യസംസ്കൃതിയല്ല

ആർഷസംസ്കൃതിയുടെ ഉത്പത്തി ദ്രാവിഡഭൂമിയിലാണെന്നും,അതിലെ പ്രമുഖ രാജപരമ്പരകളായ സൂര്യവംശത്തിന്റേയും ചന്ദ്രവംശത്തിന്റേയും തായ്‌വേര് ഊന്നിയത് ദ്രാവിഡ വംശാവലിയിലാണെന്നും വരുന്നതോടെ, അസാധുവാകുന്ന ഒരു മിഥ്യയാണ് സനാതനസംസ്കൃതിയെന്നാൽ ആര്യസംസ്കൃതിയാണ് എന്ന വാദം. അതുപോലെതന്നെ, സംസ്കൃതം ആര്യഭാഷയാണ് എന്നതും വെറും അബദ്ധധാരണയാകാനാണ് സാധ്യത. ആര്യന്മാരെന്നു വിളിയ്ക്കപ്പെടുന്ന ജനസമൂഹങ്ങൾ ഭാരതത്തിലേക്കു കുടിയേറുന്നതിനു മുൻപ് അധിവസിച്ചിരുന്നതായി കണക്കാക്കുന്ന ഭൂഭാഗങ്ങളിലൊന്നും ഇപ്പോൾ സംസ്കൃതമെന്ന ഭാഷയേ ഇല്ല എന്നത് തന്നെയാണ് അതിന് സാധൂകരണം. അവിടങ്ങളിൽനിന്നുമൊന്നും സംസ്കൃതത്തിലുള്ള ലിഖിതങ്ങളോ സാഹിത്യഗ്രന്ഥങ്ങളോ കണ്ടെത്തിയതായി തെളിവില്ല. യാതൊരു തെളിവും ബാക്കിവെക്കാത്ത വിധത്തിൽ ആ ഭൂതലങ്ങളിൽനിന്നും ആളുകൾ ഒന്നടങ്കം ഇവിടേക്കു പലായനം ചെയ്തതാവില്ലല്ലോ. ആര്യാധിനിവേശത്തിനു മുൻപു ഭാരതത്തിൽ അധിവസിച്ചിരുന്ന, സിന്ധൂനദീതടനാഗരികതയുടെ ഭാഗമായ ജനങ്ങളുടെയും, അറിയപ്പെടാത്ത സമാനമായ അനവധി സമുദായങ്ങളിലെ സന്യാസിസമൂഹങ്ങളുടെയോ, അല്ലെങ്കിൽ സാധാരണക്കാരായ ജനങ്ങളുടെ തന്നെയോ സംസാരഭാഷയും സാഹിത്യഭാഷയും ആയിരുന്നിരിക്കാം സംസ്കൃതം. സാധാരണക്കാർ ഉപയോഗിച്ചിരുന്ന ലൗകികസംസ്കൃതത്തിന്, മാഗധി,പാഞ്ചാലി,പൈശാചി മുതലായ *പ്രാകൃതഭാഷകളുമായുള്ള സാമ്യവും ഈ അനുമാനത്തെ സാധൂകരിക്കുന്നു.

സംസ്കൃതത്തിന്റെ പിറവി ഇൻഡോയൂറോപ്യൻ ഭാഷകളോടൊപ്പം മധ്യേഷ്യയിലാണെന്ന് വാദിക്കുന്നവർപോലും, ആ ഭാഷ ആധുനികരൂപം കൈവരിച്ചത് ഭാരതഭൂഖണ്ഡത്തിലാണെന്ന് സമ്മതിക്കുന്നുണ്ട്.മധ്യേഷ്യയ്ക്കപ്പുറത്തേയ്ക്ക് സംസ്കൃതത്തെ കൊണ്ടെത്തിക്കാനുള്ള അടയാളങ്ങൾ സമർപ്പിക്കാൻ അവർക്കു പോലും കഴിയുന്നില്ല. അവർ നിരത്തുന്ന സുദൃഢമല്ലാത്ത ന്യായങ്ങൾ പോലും, പദസഞ്ചയത്തിൽ കാണുന്ന സമാനതകളെ സാക്ഷിയാക്കിയാണല്ലോ. ആര്യന്മാരുടെ കടന്നുകയറ്റത്തിനും വളരെ മുമ്പ്, ചരിത്രാതീതകാലം മുതൽക്കുതന്നെ വിദേശരാജ്യങ്ങളുമായി വാണിജ്യബന്ധം നിലനിർത്തിയിരുന്ന ഒരു സമൂഹത്തിൽ സംഭവിക്കാവു

ന്ന, പദവിനിമയങ്ങളിലൂടെ ഉണ്ടായ സ്വാഭാവികമായ സാമ്യംമാത്രമാണ് അതെന്നു കരുതുന്നതിൽ പിശകില്ല. എന്നുമാത്രമല്ല, സാംഗത്യവുമുണ്ട്. ഒരു ഭാഷയെന്ന നിലയിൽ സംസ്കൃതം ആധുനികത കൈവരിച്ചത് ഇന്ത്യൻ ഭൂഖണ്ഡത്തിലാണ് എന്നു സമ്മതിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു സംഗതി,വേദങ്ങളടക്കമുള്ള പൗരാണിക കൃതികളുടെ രചനാകാലത്തിനുശേഷം ആ ഭാഷ സൃഷ്ടിപരമായി വളരുകയല്ലാ; ശോഷിക്കുകയാണ് ഉണ്ടായത് എന്നതാണ്. അതിനാലാണ് അത്തരത്തിലുള്ള കൂടുതൽ കൃതികൾ പില്ക്കാലത്തൊന്നും ഉണ്ടാകാതിരുന്നത്. ബ്രാഹ്മണഭാഷയും ദേവഭാഷയുമായി പരിമിതപ്പെടുത്തപ്പെട്ട ആര്യാധിനിവേശത്തിനുശേഷമുള്ള കാലയളവിൽ, സംസ്കൃതം പ്രചാരത്തിന്റെ കാര്യത്തിലും തളരുകയായിരുന്നു. ദ്രാവിഡ സംസ്കൃതി എന്നു സാമൂഹ്യശാസ്ത്രജ്ഞർ സാമാന്യമായി അടയാളപ്പെടുത്തുന്ന ഭാരതത്തിലെ പൂർവ്വിക ജനസാമാന്യത്തിൽനിന്നും, അധിനിവേശ ശക്തികൾ സംസ്കൃതത്തെയും കൈവശപ്പെടുത്തുകയായിരുന്നു എന്നുതന്നെ കരുതാം.

ഹിന്ദുദൈവങ്ങൾക്ക് സംസ്കൃതം മാത്രമേ അറിയൂ എന്നു പറയുന്നവർ വാസ്തവത്തിൽ നടത്തുന്നത് ദൈവനിന്ദയാണല്ലോ. മറ്റൊരു ഭാഷയും മനസ്സിലാക്കാൻ കഴിവില്ലാത്ത ദൈവങ്ങളെ എങ്ങനെയാണ് സർവ്വജ്ഞരായി കാണാൻകഴിയുക? പണ്ടുകാലത്തെ ബ്രാഹ്മണർക്കു സംസ്കൃതം അറിയുമായിരുന്നു, അല്ലെങ്കിൽ മറ്റുള്ളവർക്ക് അതറിയില്ല എന്നതിനാൽ ദൈവങ്ങൾക്ക് സംസ്കൃതഭാഷ മാത്രമേ അറിയൂ എന്ന് അവർ പ്രചരിപ്പിച്ചു. അത്, 'പുരോഹിതനാകാനുള്ള അവകാശം' ബ്രാഹ്മണർക്കു മാത്രമാക്കി സംരക്ഷിക്കാനുള്ള ആസൂത്രിതമായ തന്ത്രമായിരുന്നു. ആ അനുകൂലാവസ്ഥ ഉറപ്പിച്ചെടുക്കുന്നതിനാണ് സംസ്കൃതപഠനവും പൗരാണികകൃതികളുടെ പാരായണവും മറ്റുള്ളവർക്ക് വിലക്കിയത്.ദേവഭാഷ അശുദ്ധമാകരുത് എന്നതാണ് അതിനു നിരത്തിയ ന്യായം. എന്നാൽ, വാസ്തവം അതായിരുന്നില്ല.

[പിൻകുറിപ്പ്:*പൗരാണികഭാരതത്തിലെ ഏറ്റവും പ്രധാനഭാഷ പ്രാകൃതമെന്ന നാഗഭാഷയായിരുന്നു. നാഗവാണി, പാതാളവാണി എന്നീ പേരുകളിലും അത് അറിയപ്പെട്ടിരുന്നു. ആദ്യകാലത്ത് രാജാക്കന്മാരുടെ രാജകീയഭാഷയും രാജസഭകളിലെ സാഹിത്യ-കാവ്യഭാഷയും രാജകീയലിഖിതങ്ങളിലെ ഭാഷയും അതായിരുന്നു. നാഗവാണി സംസ്കരിച്ചാണ് ദേവനാഗരിയുണ്ടാക്കിയത്. പ്രാകൃതത്തിൽനിന്നാണ് പിന്നീടു ലൗകിക സംസ്കൃതവും വൈദിക സംസ്കൃതവും, പല ആധുനിക ഇന്ത്യൻ ഭാഷകളും ഉണ്ടായതെന്ന് വിശ്വസിക്കുന്നവരുണ്ട്. ഏതാണ്ട് രണ്ടായിരത്തോളം വത്സരം ആ ഭാഷ നിലനിന്നിരുന്നതായും, കാശ്മീരം മുതൽ കന്യാകുമാരി വരെയും സിന്ധ് മുതൽ ബംഗാൾ വരെയും കംബോഡിയ മുതൽ ജാവവരെയും അതിനു പ്രചാരം സിദ്ധിച്ചിരുന്നതായും ഡോ.സുവർണ്ണ നാലപ്പാട്ടെഴുതിയ 'പ്രാകൃതം: നാഗഭാഷ'യെന്ന കൃതിയിൽ പറയുന്നു. പല പൗരാണിക സംസ്കൃതനാടകങ്ങളിലും, വരേണ്യകഥാപാത്രങ്ങൾ സംസ്കൃതഭാഷയും, സാധാരണ കഥാപാത്രങ്ങൾ പ്രാകൃതഭാഷയുമാണ് സംസാരിക്കുന്നത്. ഈ കാര്യം നാഗഭാഷയുടെ വ്യാപനവും വർഗ്ഗസ്വഭാവവും, ആ ഭാഷകൾ തമ്മിലുള്ള സമാനതകളും, വ്യക്തമാകാൻ സഹായിക്കുന്നതാണല്ലോ. ആ രണ്ടു ഭാഷകളും അറിയുന്നവർക്കിടയിൽ മാത്രമാണ് ആശയവിനിമയം സാധ്യമാകൂ എന്നതിൽനിന്ന് രണ്ടു ഭാഷകളും സർവ്വർക്കും പ്രാപ്യമായിരുന്നു എന്നു കരുതാം. സംസ്കൃതവും പ്രാകൃതവും 'പരസ്പരം പരിപോഷിപ്പിച്ചു നിലകൊണ്ടു' എന്നു പറയപ്പെടുമ്പോഴും, പ്രകൃതിയിൽനിന്ന് ഉത്ഭവിച്ച ഭാഷയായതുകൊണ്ടാണ് പ്രാകൃതം എന്നു വിളിക്കപ്പെട്ടതെന്നതാണ് പദോ

ല്പത്തിയെങ്കിലും, നാഗവാണി എന്തുകൊണ്ട് പാതാളവാണിയെന്നും പ്രാകൃതമെന്നും അപഹസിക്കപ്പെട്ടു എന്നതും, അത്രയധികം പാരമ്പര്യമുള്ള ഒരു ഭാഷ ഭൂമുഖത്തുനിന്നും എങ്ങനെ അപ്രത്യക്ഷമായി എന്നതും സാംഗത്യമുള്ള ഒരു സന്ദേഹമായി അവശേഷിക്കുന്നു.]

കണക്കൊക്കാത്ത ബ്രാഹ്മണ്യം

വേദങ്ങൾ ആര്യസൃഷ്ടിയാണെന്ന ബ്രാഹ്മണ്യവാദം അഗീകരിച്ചാൽ തന്നെ, വേദങ്ങളിൽ കാണുന്ന പ്രതിപാദനങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, യുദ്ധം ചെയ്യാനും അന്യരുടെമേൽ ആധിപത്യം നേടാനും കീഴടക്കിയ മനുഷ്യരെ അടിമകളാക്കി അടക്കിനിറുത്താനും അവരുടെ സ്വത്തുവകകൾ കൈവശപ്പെടുത്താനും വെമ്പൽകൊണ്ട അക്രമോത്സുകരായ ഒരു ജനസഞ്ചയമായിരുന്നു ആര്യന്മാരെന്നു കാണാം. ദസ്യുക്കൾ എന്ന് അവർ നിരൂപിച്ച ശത്രുക്കൾക്കുമേൽ വിജയം നേടാൻ, കായബലവും ആയുസ്സും ആയുധശക്തിയും അഭ്യർത്ഥിച്ചുകൊണ്ട്, ദേവപ്രീതിക്കായി നടത്തിയ പ്രാർത്ഥനകളാണ് വേദങ്ങളിലെ സൂക്തങ്ങളിൽ പലതും. പൗരാണിക ഭാരതഖണ്ഡത്തിലെ വിഭിന്നഗോത്രങ്ങൾ ദേവപ്രീതിയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്ന മന്ത്രങ്ങൾ വേദവ്യാസൻ കണ്ടെടുത്ത് സമാഹരിച്ചപ്പോൾ, അവയും വേദങ്ങളുടെ ഭാഗമായതാവാം. ആര്യന്മാരുടെ തനിസ്വരൂപം കാണിക്കുന്ന, അത്തരം ചില ശ്ലോകങ്ങൾ നോക്കുക.(ഋഗ്വേദസംഹിത, പരിഭാഷ:വള്ളത്തോൾ):

- ✓ സ്വർണ്ണപാണിയും പ്രാണദാതാവും ശരിക്കു കൊണ്ടുനടക്കുന്നവനും സുഖപ്രദനും ധനവാനുമായ ദേവൻ ഇങ്ങോട്ടെഴുന്നള്ളട്ടെ. രാത്രിതോറും സ്തുതിക്കപ്പെട്ട്, ദ്രോഹികളായ യാതുധാനരെ അകറ്റിക്കൊണ്ട് അവൻ ഇരുന്നരുളട്ടെ!(അഷ്ടകം:1 അധ്യായം:3 മണ്ഡലം:1 അനുവാകം:4 സൂക്തം:35 ശ്ലോകം:10).
- ✓ നല്ല ദാതാക്കളായ മരുത്തുക്കളേ, നിങ്ങൾ തികഞ്ഞ ഓജസ്സ് എടുപ്പിൻ. കുലുക്കുന്ന നിങ്ങൾ, തികഞ്ഞ ബലം കോപിഷ്ഠനായ ഋഷിദ്വേഷിയെ കൊല്ലാൻ അമ്പെന്നപോലെ അയച്ചാലും(അഷ്ടകം:01 അധ്യായം:3 മണ്ഡലം:1 അനുവാകം:04 സൂക്തം:39 ശ്ലോകം:10) (മരുത്തുക്കൾ=വേദകാലത്തെ എട്ട് ദേവന്മാർ).
- ✓ ഇന്ദ്ര, ഇമ്പവും കൂസലില്ലായ്മയും ഉള്ള ഭവാൻ കൂട്ടമിട്ട മായാവികളുടെ നേർക്ക് തീക്ഷ്ണമായ ഒളിമിന്നുന്ന ഇടിവാൾ അയച്ചപ്പോൾ വമ്പിച്ച ദ്യോവിന്റെ കൊടുമുടി കുലുങ്ങിപ്പോയി! ഭവാൻ സ്വയമാക്രമിച്ചു ശംബരനെ പിളർത്തി! (അഷ്ടകം:01 അധ്യായം:03 മണ്ഡലം:01 അനുവാകം:4 സൂക്തം:54 ശ്ലോകം:04)
- ✓ ആ യശസ്കാമൻ നിർമ്മിക്കപ്പെട്ട നഗരമെല്ലാം ബലത്താൽ നശിപ്പിച്ചു, ഭൂമിയോളം വളർന്നു. ആ ശോഭനകർമ്മാവ് ജ്യോതിസ്സുകളുടെ മൂടൽനീക്കി, യജമാനന്നായി ജലത്തെ* പ്രവഹിപ്പിച്ചു(അഷ്ടകം:01 അധ്യായം:03 മണ്ഡലം:1 അനുവാകം:04 സൂക്തം:55 ശ്ലോകം:6)(*കാർഷിക പശ്ചാത്തലത്തിന്റെ സൂചന)
- ✓ ക്ഷിപ്രകാരിയും മഹാനുമാണ് തന്തിരുവടി.ഇരുമ്പുചട്ട ഇട്ട ആ ദുഷ്ടദമനൻ മത്തുപൂണ്ടു മായാവിയായ ശുഷ്ണനെ തുറുങ്കിൽ ചങ്ങലയ്ക്കിട്ടത് യാതൊന്നുകൊണ്ടോ, ആ ശക്തി യുദ്ധങ്ങളിൽ ഇടിവുപററാതെ വൈരിധ്വംസകമായി ഒരു മഹാപർവ്വതത്തിന്റെ കൊടുമുടിപോലെ ഉത്ഭാസിക്കുന്നു! (അഷ്ടകം:01 അധ്യായം:03 മണ്ഡലം:01 അനുവാകം:04 സൂക്തം:56 ശ്ലോകം:03).

- ✓ മറയ്ക്കപ്പെട്ടതിനാൽ കീഴ്പ്പോട്ടു വീഴാതിരുന്ന സർവ്വജീവനമായ ജലത്തെ ഇന്ദ്രാ, ഹന്താവായ ഭവാൻ വാനിൽനിന്നു ദിക്കുകളിൽ പ്രതിഷ്ഠിച്ചതെന്നോ; മത്തുപിടിച്ച് ഇമ്പംപൂണ്ടു വൃത്രനെ യുദ്ധത്തിൽവധിച്ചതെന്നോ; അന്നു നീർ മുകിലുകൾക്കു മുഖം മുഴുക്കെ കുനിഞ്ഞു! (അഷ്ടകം:01 അധ്യായം:3 മണ്ഡലം:01 അനുവാകം:04 സൂക്തം:56 ശ്ലോകം:05).
- ✓ ഇന്ദ്രാ,വളർച്ചപൂണ്ട ഭവാൻ സോമത്താൽ മത്തുപിടിച്ച് വെള്ളത്തെ പുറത്തേക്കിറക്കി; കൂസലില്ലാത്ത ശക്തികൊണ്ട് വൃത്രനെ ചതയ്ക്കുകയും ചെയ്തു. അങ്ങനെയാണല്ലോ, ഭവാൻ വാനിൽനിന്നു ജലത്തെ ബലേന ഭൂവിഭാഗങ്ങളിലുറപ്പിച്ചത്!(അഷ്ടകം:01 അധ്യായം:03 മണ്ഡലം:01 അനുവാകം:4 സൂക്തം:56 ശ്ലോകം:06) (വൃത്രവധത്തിന്റെ യഥാർത്ഥ കാരണം പിന്നീടു പറയാം).
- ✓ ഇന്ദ്രാ, ബഹുസ്തുത, പ്രവൃദ്ധധന, ഈ ഞങ്ങൾ അങ്ങയുടെയാണ്. അങ്ങയെ അവലംബിച്ചാണല്ലോ, ഞങ്ങൾ പ്രവർത്തിക്കുന്നത്. ഹേ, സ്തുതിസേവ്യ, അങ്ങല്ലാതെ മറ്റാരുമില്ല, സ്തോത്രവിഷയഭൂതൻ. ഞങ്ങളുടെ സ്തുതികളെ പൃഥിപോലെ വഹിച്ചരുളിയാലും(അഷ്ടകം:1 അധ്യായം:3 മണ്ഡലം:1 അനുവാകം:04 സൂക്തം:57 ശ്ലോകം:04) (പൃഥി=ഭൂമി).
- ✓ ഈ ഇന്ദ്രന്നായിത്തന്നെ, ധനേച്ഛുവായ ഞാൻ സ്തോത്രമന്ത്രത്തെ നാക്കിനോടു കുതിരയെയെന്നപോലെ ചേർക്കുന്നു; ആ വീരനെ, ദാനനിധിയെ, ശ്ലാഘ്യന്നനെ, നഗരഭേദിയെ വന്ദിപ്പാനും ഇതാ തുടങ്ങുന്നു.(അഷ്ടകം:1 അധ്യായം:3 മണ്ഡലം:01 അനുവാകം:04 സൂക്തം:61 ശ്ലോകം:05).
- ✓ ഈ ഇന്ദ്രനായിതന്നെ തുലോം ശോഭനകാരിയും സ്തുത്യവുമായ വജ്രം യുദ്ധത്തിന്നു ത്വഷ്ടാവു മൂർച്ചപ്പെടുത്തി; ആ കൊലയായുധമാണല്ലോ, ശത്രുമർദ്ദനനും അമിതബലനുമായ തിരുമേനി വൃത്രന്റെപോലും മർമ്മത്തേയ്ക്കയച്ചത്. (അഷ്ടകം:1 അധ്യായം:3 മണ്ഡലം:1 അനുവാകം:4 സൂക്തം:61 ശ്ലോകം:6)
- ✓ ആ സർവ്വവ്യാപിയും ശത്രുക്കളെ തുലോം ആക്രമിയ്ക്കുന്നവനുമായ വജ്രായുധൻ വർഷഹേതുവായ മഹായജ്ഞത്തിന്റെ സവനങ്ങളിൽ നല്ല ഭക്ഷ്യങ്ങളും സോമവും തൽക്ഷണം ഭക്ഷിച്ചരുളി; അസുരസമ്പത്ത് അപഹരിച്ചു; ചെന്നു മേഘങ്ങളെ പിളർത്തി(അഷ്ടകം:01 അധ്യായം:3 മണ്ഡലം:1 അനുവാകം:04 സൂക്തം:61 ശ്ലോകം:08) (സവനങ്ങൾ=യജ്ഞങ്ങൾ).
- ✓ തന്റെ ബലത്താൽത്തന്നെയാകുന്നു ഇന്ദ്രൻ വരൾച്ചപ്പെടുത്തിയ വൃത്രനെ വജ്രംകൊണ്ടരിഞ്ഞതും, അടയ്ക്കപ്പെട്ട ജലങ്ങളെ, ഗോക്കളെയെന്നപോലെ തുറന്നുവിട്ടതും. ദേവേന്ദ്രൻ ഹവിർദ്ദാതാവിന്നു സമാനചിത്തനായി നേരിട്ടു ഫലം കൊടുക്കുന്നു.(അഷ്ടകം:01 അധ്യായം:03 മണ്ഡലം:1 അനുവാകം:4 സൂക്തം:61 ശ്ലോകം:10)(ഹവിർദ്ദാതാവ്=ഹോമദ്രവ്യം നൽകുന്നവൻ).
- ✓ വെമ്പൽകൊള്ളുന്നവനും അമിതബലവാനുമായ തിരുമേനി, ഈ വൃത്രന്നു നേരേ വജ്രം വിട്ടാലും. ജലത്തെ പുറത്തിറക്കി പ്രവഹിപ്പിപ്പാൻ വിലങ്ങിച്ച വജ്രംകൊണ്ട് അവന്റെ ഓരോഗാത്രസന്ധികളും ഗോവിന്റേതുപോലെ നുറുക്കിയാലും!(?) (അഷ്ടകം:01 അധ്യായം:03 മണ്ഡലം:01 സൂക്തം:61 ശ്ലോകം:12).

- ✓ ഈ വാനൂഴികൾ രണ്ടിന്റെയുമിടയിൽ മേവുന്ന ഇന്ദ്രനെ ഞാൻ സ്തുതിച്ചു വല്ലോ. വിശ്വാമിത്രന്റെ ഈ സ്തോത്രം ഭരതഗോത്രക്കാരെ രക്ഷിക്കും. വജ്ര പാണിയായ ഇന്ദ്രനു വിശ്വാമിത്രർ സ്തോത്രം രചിച്ചു; അദ്ദേഹം നമുക്കു നല്ല അന്നംതരും! കീകടത്തിലെ പൈക്കൾ അങ്ങയ്ക്കെന്തു ചെയ്യും?സോമത്തി ന്നുവേണ്ടുന്ന പാലുകൊടുക്കില്ല; പാൽക്കലം ചൂടുപിടിപ്പിയ്ക്കില്ല. ഹുണ്ടിക ക്കാരുടെ കുടുംബസ്വത്ത് ഞങ്ങൾക്കു കൊണ്ടുവരൂ മഘവാവേ, അധമ വർ ഗ്ഗത്തിന്റെ സമ്പത്ത് അവിടുന്നു ഞങ്ങളുടെഅധീനതയിലാക്കുക.(കീകടം: അനാര്യർ നിവസിയ്ക്കുന്ന ഒരു രാജ്യം).(അഷ്ടകം:3 അധ്യായം:11 മണ്ഡലം:3 അനുവാകം:04 സൂക്തം:53 ശ്ലോകം:12,13,14).
- ✓ ഇന്ദ്രൻ, അവിടുന്നു ഞങ്ങളുടെ ദേഹത്തിനു ബ ലം ഉണ്ടാക്കുക. ഞങ്ങളുടെ വണ്ടിക്കാളകൾക്കു ബലമുണ്ടാക്കുക. ഞങ്ങളുടെ പുത്രപൌത്രർക്കും ജീവി ച്ചിരിപ്പാൻ ബലമുണ്ടാക്കുക. ബലപ്രദനാണല്ലോ അവിടുന്ന്! (അഷ്ടകം:3 അ ധ്യായം:11 മണ്ഡലം:30 അനുവാകം:04 സൂക്തം:53 ശ്ലോകം:14)
- ✓ കുശികരേ, ചെല്ലുവിൻ; മനസ്സിരുത്തുവിൻ. സുദാസ്സിന്റെ കുതിരകളെ ധനാ ർത്ഥം വിടുവിൻ. കിഴക്കും പടിഞ്ഞാറും വടക്കും അസുരനെ ഭവാൻ ഹനി ച്ചിരിക്കുന്നു; ഇനി, നല്ലൊരു പ്രദേശത്ത് യജ്ഞം തുടങ്ങുക! (അഷ്ടകം:03 അ ധ്യായം:11 മണ്ഡലം:03 അനുവാകം:04 സൂക്തം:53 ശ്ലോകം:11).
- ✓ അങ്ങ് ഞങ്ങൾക്ക് വളരെ സ്വത്തു തരിക. വലിയ ദാതാവാകുക; ശത്രുക്കളെ തുലോം ഹനിക്കുക; ആ ധനവാന്മാരുടെ ധനം(ഞങ്ങൾക്ക്) നൽകുക.(അഷ് ടകം:06 അധ്യായം:07 മണ്ഡലം:09 അനുവാകം:01 സൂക്തം:01 ശ്ലോകം:03).
- ✓ സോമമേ, ഭവാൻ ബലവും ജ്ഞാനവും തരിക; ദ്രോഹികളെ വധിക്കുക; അ ങ്ങനെ, ഞങ്ങൾക്കു ശ്രേയസ്സു വരുത്തുക!(അഷ്ടകം:6 അധ്യായം:7 മണ്ഡലം :09 അനുവാകം:01 സൂക്തം:04 ശ്ലോകം:03)(ദ്രോഹികളെ: ദസ്യുക്കളെ).
- ✓ ശൂരാ, മഘവാവേ, ഇന്ദ്ര, ഹിംസിയ്ക്കുന്ന ഞങ്ങളെ അവിടുന്ന് ഈ അവസര ത്തിൽ മികച്ച അനേകം രക്ഷകൾകൊണ്ട് ആശ്വസിപ്പിച്ചാലും; ആരു ഞങ്ങ ളെ ദ്വേഷിയ്ക്കുന്നുവോ, അവൻ നികൃഷ്ടനായി അധഃപതിയ്ക്കട്ടെ; ആരെ ഞങ്ങൾ ദ്വേഷിയ്ക്കുന്നവോ അവനെ പ്രാണൻ വെടിയട്ടെ! അവൻ മഴുവേറ്റ വൃക്ഷംപോലെ സങ്കടപ്പെടട്ടെ; ഇലവിൻ പൂവുപോലെ അറ്റുവീഴട്ടെ; ഒഴുകി പ്പോകുമ്പോൾ മറിഞ്ഞ തളികപോലെ നുരതുപ്പട്ടെ! (അഷ്ടകം:03 അധ്യായം :11 മണ്ഡലം:03 അനുവാകം:04 സൂക്തം:53 ശ്ലോകം:21,22).

തങ്ങളെക്കാൾ ധനികരും ശക്തരുമായ ദസ്യുക്കൾക്കുമേൽ ആധിപത്യം സ്ഥാപി ക്കാനും, അവരുടെ സ്വത്തുകൾ കൈവശപ്പെടുത്താനും ദൈവസഹായം തേടുന്ന ആദ്യകാല ആര്യന്മാർ, ധാർമ്മികതയുടെ ഏത് അളവുകോലുകൊണ്ടളന്നാലാണ് സാത്വികരും ശ്രേഷ്ഠരുമാകുന്നത്? തങ്ങളുടെ ആരാധനാമൂർത്തികളെ പ്രീണിപ്പി ക്കാൻ അവർ സ്വീകരിച്ചിരുന്ന സ്വാധീനവിദ്യകളും തീരെ ആര്യത്വമുള്ളവയായി രുന്നില്ല എന്നതാണ് വസ്തുത. അക്കാലത്തെ ആര്യദൈവങ്ങളിൽ മുഖ്യരായ ഇന്ദ്ര നെയും വായുവിനെയും മരുത്തുക്കളെയും മറ്റും പ്രസാദിപ്പിക്കുന്നതിന് അവരനു

വർത്തിച്ച പ്രധാനമാർഗ്ഗം യാഗമോ യജ്ഞമോ ആയിരുന്നില്ല;സോമരസം നേദിക്കുകയായിരുന്നു. പ്രാർത്ഥനയെക്കാൾ അവർക്കു വിശ്വാസമുണ്ടായിരുന്നത് സോമരസം നേദിച്ചു പ്രലോഭിപ്പിക്കുന്നതിലായിരുന്നോ എന്നു തോന്നുമാറ്, സോമരസത്തിന്റെ മഹത്വവും, അതു പിഴിഞ്ഞെടുക്കുന്ന വിധികളും, സോമരസത്തോട് ഇന്ദ്രനടക്കമുള്ള ദേവന്മാർക്കുണ്ടായിരുന്ന ആസക്തിയും വർണ്ണിക്കുന്ന നൂറുകണക്കിന് മന്ത്രങ്ങൾ ഋഗ്വേദത്തിലുടനീളമുണ്ട്. ചില ഉദാഹരണങ്ങൾ കാണുക. (അവലംബം: ഋഗ്വേദസംഹിത, വിവർത്തകൻ: വള്ളത്തോൾ നാരായണമേനോൻ):

- ✓ വായോ, സുഭഗ, വന്നാലുമിതാ, സോമം സുസംസ്കൃതം;
  കുടിച്ചുകൊള്ളുകിതു നീ; ചെവിക്കൊണ്ടരുൾകീ വിളി!
- ✓ വായോ, ഭവാനെയുദ്ദേശിച്ച, ഹർവേദികൾ വാഴ്ത്തികൾ
  സോമം പിഴിഞ്ഞുവെച്ചു, സ്തുതി ചൊല്ലുന്നു ഭംഗിയിൽ.
- ✓ വായോ, സോമം നുകരുവാൻ തന്നോനിൽച്ചെന്നണഞ്ഞിടും,
  അനേകഗാമിയാകും നിന്നഭിനന്ദനഭാഷിതം!
- ✓ ഇന്ദ്രവായുക്കളേ, സോമമിതാ; വരിക ചോറുമായ്:
  കാത്തിരിയ്ക്കുകയാണല്ലോ, സോമനീരിതു നിങ്ങളെ.
- ✓ വന്നാലും, രുദ്രവിക്രാന്തർ നിങ്ങൾ നാസത്യദസ്രരേ,
  നീർചേർത്ത സോമനീർ ദർഭച്ചാർത്തിൽ വെച്ചതെടുക്കുവാൻ!
- ✓ വരിക,ശപ്പുറത്തേറിസ്സത്വരം സ്തുതികേൾക്കുവാൻ;
  കൈക്കൊൾക, സോമകർമ്മത്തിലിന്ദ്ര, ഞങ്ങടെയന്നവും!
- ✓ വിശ്വദേവകളേ, നിങ്ങൾ നരധാരകർ പാലകർ
  വരുവിൻ, സോമനീർ നൽകുന്നവന്നു ഫലമേകുവാൻ!
- ✓ വരികെ,ങ്ങടെ യാഗത്തിൽ; സോമം സേവിയ്ക്ക സോമപ
  ധനിയാം നീ പ്രസാദിച്ചാൽക്കിട്ടുമെങ്ങൾക്കു പൈക്കളെ!
- ✓ പിഴിഞ്ഞരിച്ചു തയിരും ചേർത്ത സോമമിതുത്തമം
  ചെന്നെത്തുമേ, നീർ നുകരുന്നവങ്കലമറേത്തിനായ്!
- ✓ സോമനീരു കുടിപ്പാനും മൂപ്പുകിട്ടുന്നതിന്നുമായ്
  തൽക്ഷണേ വൃദ്ധനായ്ത്തീർന്നൂ ഭവാനിന്ദ്ര, ശുഭക്രതോ!
- ✓ വ്യാപ്തങ്ങളായ സോമങ്ങളിന്ദ്രനേ, സ്തുതിസേവ്യനേ,
  നിങ്കൽപ്പൂകി പ്രചേതസ്സാം നിനക്കേകേണമേ സുഖം!
- ✓ സോമമേററം ചെലുത്തുന്ന വയർ വാരാശിപോലവേ
  വേലിയേറുന്നു; ചേരുന്നു വെള്ളം പെരുതു വായയിൽ!
- ✓ ഇമ്മട്ടിലുള്ളതാണല്ലോ: കാമ്യം, ശ്ലാഘാക്ഷരോചിതം,
  ഇന്ദ്രന്നു സോമപാനത്തിന്ന,വങ്കൽ സ്തോമമുക്ഥവും!

അഷ്ടകം ഒന്നിൽ ഒന്നാമധ്യായത്തിലെ ആദ്യമണ്ഡലത്തിൽ അനുവാകം ഒന്നിൽ വരുന്ന ആദ്യ എട്ടു സൂക്തങ്ങളിലെ, സോമരസം പരാമർശിക്കപ്പെടുന്ന ശ്ലോകങ്ങ

ൾ മാത്രമാണ് മേൽപ്പറഞ്ഞവ. എട്ട് അഷ്ടകങ്ങളിലായി പരന്നുകിടക്കുന്ന പതിനായിരത്തിലേറെ വരുന്ന ശ്ലോകങ്ങളിൽ ഇതിന് ആനുപാതികമായ സാന്നിധ്യമുണ്ടെന്നതിൽനിന്നും ആര്യന്മാരുടെ ആരാധനയിൽ സോമരസത്തിനുള്ള സ്ഥാനം സ്പഷ്ടമാണല്ലോ. അല്ലെങ്കിൽ അവ ആര്യന്മാരുടെ രചനയല്ലെന്നു കാണേണ്ടിവരും.

ഋഗ്വേദത്തിലെ, അത്തരത്തിലുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ബ്രാഹ്മണന്റെ അടിസ്ഥാനസ്വഭാവമായി ഉപനിഷത്തുകളും ഇതര പൗരാണികഗ്രന്ഥങ്ങളും പ്രസ്താവിക്കുന്ന സത്വഗുണം തൊട്ടുതീണ്ടാത്ത,അടിമുടി രാജസ-താമസഗുണങ്ങളിൽ മുങ്ങിനിൽക്കുന്നവരായിരുന്നു ആര്യന്മാരെന്നു തെളിയുന്നു. ആര്യന്മാരിൽ ബ്രാഹ്മണർ മാത്രമല്ല ഉള്ളത് എന്ന വാദത്തിനു രക്ഷിച്ചെടുക്കാവുന്ന തലത്തിലല്ല ഈ പ്രാർത്ഥനകൾ വെളിവാക്കുന്ന വസ്തുതകൾ. അതുതന്നെയാണ്, പുരാണഗ്രന്ഥങ്ങളിൽ കാണുന്ന ബ്രാഹ്മണകഥാപാത്രങ്ങളും ആര്യന്മാരായ ബ്രാഹ്മണരും ഒന്നല്ലെന്നതിന്റെ പ്രത്യക്ഷ സ്ഥിരീകരണം. ഇന്ന് ബ്രാഹ്മണ്യം അഭിമാനചിഹ്നങ്ങളായി അവതരിപ്പിക്കുന്ന അടയാളങ്ങളൊക്കെ, സമൂഹത്തിൽ പദവി നേടിയതിനുശേഷം പ്രതിച്ഛായസൃഷ്ടിക്കലിന്റെ ഭാഗമായി അവർ നടപ്പാക്കിയ പരിഷ്കാരങ്ങൾ മാത്രമാകാനാണു സാധ്യത. അതുകൊണ്ടുതന്നെ, ആ ഗുണങ്ങൾ 'ബ്രഹ്മാവിന്റെ മുഖത്തുനിന്നുള്ള ഉത്ഭവത്തിലൂടെ' അവർക്ക് സഹജമായി ലഭിച്ചതാണെന്ന അവകാശവാദം അടിസ്ഥാനമില്ലാത്തതാണല്ലോ.

പിടിച്ചടക്കലിന്റെ പാതകൾ

ആര്യന്മാരുടെ ആര്യത്വം, അധികാരമുറപ്പിച്ചതിനുശേഷം നടപ്പാക്കിയ മുഖംമിനുക്കൽപ്രക്രിയയിലൂടെ അവർ നിർമ്മിച്ചെടുത്തതാണ് എന്നതുപോലെതന്നെ,പൗരാണിക രചനകളിൽ അവർക്കുള്ള കർത്തൃത്ത്വവും അനവധി അപനിർമ്മിതികളിലൂടെ സാധ്യമാക്കിയതാണ് എന്നതാണ് സത്യം.ആർഷസംസ്കൃതിയുടെ സഞ്ചാരപഥത്തിൽ ഒരിടത്തും പ്രബല സാന്നിദ്ധ്യമായി ആര്യവംശത്തിന്റെ നേതൃത്വപദം അവകാശപ്പെടുന്ന ബ്രാഹ്മണരെ കാണാൻകഴിയില്ല എന്നതാണു വസ്തുത. പ്രാചീന ഹൈന്ദവഗ്രന്ഥങ്ങളുടെ രചയിതാക്കൾ ആരും തന്നെ ബ്രാഹ്മണരല്ല. മഹാഭാരതത്തിലും രാമായണത്തിലും ഭാഗവതത്തിലും, മറ്റു പുരാതന കൃതികളിലുമൊന്നും നായകസ്ഥാനത്തെന്നല്ല, പ്രാമുഖ്യമർഹിക്കുന്ന കഥാപാത്രങ്ങളായിപ്പോലും ഏറെ ബ്രാഹ്മണരെ കാണാൻ സാധ്യമല്ല. ബ്രാഹ്മണപ്രതിനിധികളായി കരുതപ്പെടുന്ന പരശുരാമനെയും ദ്രോണാചാര്യരെയും അശ്വത്ഥാമാവിനെയും പോലുള്ള കഥാപാത്രങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളിലെ നിർവ്വചനങ്ങളുടെ ഏത് അളവുകോലുകൊണ്ട് അളന്നാലും ബ്രാഹ്മണ്യത്തിൽനിന്ന് അയോഗ്യരായി പുറത്തുപോകേണ്ടിവരുന്നവരാണല്ലോ. എന്നിട്ടും, ബ്രാഹ്മണ്യത്തിന് യാതൊരു ഉടമസ്ഥതയുമില്ലാത്ത ഹൈന്ദവഗ്രന്ഥങ്ങൾക്കും സംസ്കാരത്തിനും മേൽ ഇത്രമേൽ ഉറപ്പുള്ള അധീശത്വം നേടിയെടുക്കാൻ അവർക്ക് എങ്ങനെ കഴിഞ്ഞു എന്നപ്രഹേളികയാണ്, അവരോടു മാനസികമായി അടിമപ്പെടുന്നതിന് ഭൂരിപക്ഷത്തെയും നിർബന്ധിതരാക്കുന്നത്.

കൃത്യമായി പരിശോധിച്ചാൽ, ആര്യന്മാർ ആ ലക്ഷ്യം നേടിയത് ആസൂത്രിതമായ ഒരുപാട് അപനിർമ്മിതികളിലൂടെയാണെന്ന് കാണാം. അതിനായി അവർ അനുവ

ർത്തിച്ച മാർഗ്ഗങ്ങൾ, മഹാത്മാക്കളെ പൂണൂലിടീക്കുക, പൗരാണിക കൃതികളിൽ തിരുത്തലും തിരുകിക്കയറ്റലും നടത്തി അവയെല്ലാം ആര്യന്മാരുടേതാണെന്ന പ്രതീതി ഉണ്ടാക്കുക, അഗീകൃതമായ പതിനെട്ട് പുരാണങ്ങൾക്കും അനുബന്ധമായി ഉപപുരാണങ്ങളെന്നപേരിൽ ധാരാളം കല്പിതകഥകൾ പടച്ചുവിടുക, സംസ്കൃത ഭാഷാപദങ്ങളെയും ശ്ലോകങ്ങളെയും ദുർവ്യാഖ്യാനംചെയ്തു പ്രചരിപ്പിക്കുക, പ്രാചീനകൃതികളിലെ ശ്ലോകങ്ങളിൽനിന്നു തങ്ങൾക്കുവേണ്ട ഭാഗംമാത്രം അടർത്തിയെടുത്ത് ആവിഷ്കരിക്കുക, ശാങ്കരസ്മൃതിയും മനുസ്മൃതിയും പോലുള്ള നിയമപുസ്തകങ്ങൾ എഴുതിയുണ്ടാക്കി രാജശാസനങ്ങളുടെ പിന്തുണയോടെ സമൂഹത്തിൽ നിർബന്ധിതമായി നടപ്പിൽ വരുത്തുക, ബ്രാഹ്മണവംശപതിയായി അറിയപ്പെടുന്ന ഭൃഗുമഹർഷി, ബ്രാഹ്മണാവതാരമായ പരശുരാമൻ തുടങ്ങിയ പുരാണപുരുഷന്മാരുടെ മഹത്വത്തെ പർവ്വതീകരിക്കുക തുടങ്ങിയവയായിരുന്നു.

പൗരാണികകൃതികളിലെ പരാമർശങ്ങളിൽ അർത്ഥഭ്രംശംവരുത്തി ചാതുർവർണ്യവും ജാതിവിഭജനവും ദൈവസൃഷ്ടിയാണെന്നു വരുത്തിത്തീർത്തതിലൂടെ സമൂഹത്തിനുമേൽ 'അപ്രതിരോധ്യമായ മേൽക്കോയ്മ' നേടിയെടുക്കുന്നതിനും, ഇതര ജനവിഭാഗങ്ങളെ വരുതിയിലെത്തിക്കുന്നതിനും ആര്യബ്രാഹ്മണർക്കു കഴിഞ്ഞു. പുണ്യപുസ്തകങ്ങൾ വായിക്കുന്നതിനും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള അവകാശം(?) ബ്രാഹ്മണേതർക്കു നിരാകരിക്കുകയും, അവയിലെ സാങ്കേതിക പദാവലികളെ തങ്ങൾക്കു ഹിതമായ വിധത്തിൽ വ്യാഖ്യാനിച്ചു സ്ഥാപിക്കുകയും ചെയ്തതിലൂടെ, സത്യമറിയാനുള്ള വഴികൾ അപരർക്കു മുന്നിൽ കൊട്ടിയടച്ചു. അത്തരത്തിൽ, അത്യന്തം ആസൂത്രണത്തോടെ നടപ്പാക്കപ്പെട്ട പിടിച്ചടക്കലായതുകൊണ്ടാണ് ജാതിബ്രാഹ്മണ്യം സ്ഥാപിച്ച കോട്ടകൾ ഇളക്കമില്ലാതെ ഇപ്പോഴും നിലനിൽക്കുന്നത്. കാലമിത്രകഴിഞ്ഞിട്ടും, മതനിരപേക്ഷത ഭാരതത്തിന്റെ മുഖചിത്രമായി മാറിയിട്ടും, ജാതിചിന്ത മനുഷ്യമനസ്സുകളെ മദിക്കുന്നതിന്റെ കാരണവും അതുതന്നെ.ചാതുർവർണ്യവ്യവസ്ഥയും അതിന്റെ അനന്തരഫലമായ ജാതിവ്യവസ്ഥയും ദൈവസൃഷ്ടിയാണെന്നും, അതിലൂടെ ചില വിഭാഗങ്ങൾക്ക് കല്പിക്കപ്പെടുന്ന പവിത്രതയും, ഇതര സമൂഹങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്ന പതിതത്വവും ദൈവഹിതമാണെന്നും വിശ്വസിക്കുന്ന മനുഷ്യർ ഇപ്പോഴും ഇവിടെയുണ്ട് എന്നതാണ് അത്ഭുതം. അതിനെ മറികടക്കാനുള്ള മറുമരുന്ന്, ബ്രാഹ്മണ്യം നടത്തിയ അപനിർമ്മിതികളുടെ അടിത്തറയുലയ്ക്കാൻ കെൽപ്പുള്ള സത്യങ്ങൾ കണ്ടെടുത്ത് ലോകത്തിനുമുന്നിൽ സമർപ്പിക്കുകയും, സർവ്വചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യം പരമാത്മാവിന്റെ അംശമാണെന്ന പരമസത്യം(ഉപനിഷത് തത്വം) സകലമനുഷ്യരെയും ബോധ്യപ്പെടുത്തുകയുമാണ്.

മഹാന്മാരുടെയും മഹാനദികളുടെയും ഉത്ഭവം തിരക്കുന്നത് മര്യാദകേടാണെന്ന ആപ്തവാക്യത്തെ ആദരിക്കുന്നു. എങ്കിലും, സർവ്വാരാധ്യനായ മഹാമനീഷികളെ 'ജാതിബിംബങ്ങളാ'ക്കാൻ ചിലർ ഒരുമ്പെട്ടുമ്പോൾ, ആ വിദണ്ഡവാദങ്ങൾ കളവാണെന്നു തെളിയിക്കാനുള്ള കടമ സമൂഹത്തിനുണ്ട്. ആദിമകവികളും ഇതിഹാസ കഥാപാത്രങ്ങളും എല്ലാം ബ്രാഹ്മണരാണെന്നും, പൗരാണിക ഹൈന്ദവഗ്രന്ഥങ്ങൾ

ബ്രാഹ്മണനിർമ്മിതികളാണെന്നും വ്യാപകമായി പ്രചരിപ്പിക്കപ്പെടുമ്പോഴും, അത് തെറ്റിദ്ധാരണയാണെന്നു വെളിപ്പെടുത്തുന്ന അനേകം തെളിവുകൾ ഓരോ പൗരാണികഗ്രന്ഥങ്ങളിലും അടങ്ങിയിട്ടുണ്ട്. അധിനിവേശകാലത്ത് ആര്യന്മാർ ശത്രുതയോടെ ദസ്യുക്കളെന്നും, അധികാരം ഉറപ്പിച്ചതിനുശേഷം അവരെ ദാസന്മാരാക്കി മാറ്റിയപ്പോൾ അവജ്ഞയോടെ ശൂദ്രർ എന്നും, അപ്രിയരായപ്പോൾ വെളിയിലാക്കി അവർണ്ണരെന്നും ആക്ഷേപിച്ച, ഭാരതത്തിലെ ആദിമജനതയുടെ പിന്മുറക്കാരാണ് 'ആർഷസംസ്കൃതിയുടെ യഥാർത്ഥ അവകാശികൾ' എന്നതാണ് ആ ഗ്രന്ഥങ്ങളിലൂടെയുള്ള യാത്രയിൽ കണ്ടറിഞ്ഞത്. ആ അനാര്യസംസ്കാരത്തെ ദ്രാവിഡനാഗരികതയെന്നോ, ഉചിതമെന്നു തോന്നുന്ന മറ്റേതെങ്കിലും സംജ്ഞകൊണ്ടോ ഇഷ്ടാനുസരണം അടയാളപ്പെടുത്തുക. ഏതെങ്കിലും ഒരു പേരിന്റെ വൃത്തപരിധിയിൽ ഒതുക്കാൻ കഴിയാത്ത ആ ഭൂതകാലത്തെക്കുറിച്ചുള്ള നേരറിവുകൾ കൃത്യതയോടെ അവതരിപ്പിക്കാനുള്ള എളിയശ്രമമാണ് ഇനിയുള്ള താളുകളിൽ നടത്തുന്നത്.

വാല്മീകി

രാമായണത്തിന്റെ സ്രഷ്ടാവായ വാല്മീകിയെയാണല്ലോ ആദികവിയായി കണക്കാക്കുന്നത്. കാലഗണനയനുസരിച്ചു മാത്രമല്ല, രചനയിലെ കാവ്യഗുണത്തിന്റെ അനുപമത്വം കൊണ്ടുകൂടിയാണ് അദ്ദേഹം ആദികവിയെന്ന പദവിക്ക് അർഹനാകുന്നത്. ഇതിഹാസകാരൻ എന്നതിലുപരി രാമായണത്തിന്റെ ഭാഗമായ യോഗവാസിഷ്ഠത്തിന്റെ കർത്താവെന്ന പരിഗണനയിൽ, ഒരു ആദ്ധ്യാത്മികശ്രേഷ്ഠനായും വാല്മീകി ആദരിക്കപ്പെടുന്നു. രാമായണകഥയിൽ നിരവധി തവണ പ്രത്യക്ഷപ്പെടുന്ന കഥാപാത്രം എന്ന നിലയിൽ വാല്മീകിമഹർഷി രാമനു സമകാലികനായിരുന്നെന്ന് കരുതപ്പെടുമ്പോഴും, അദ്ദേഹത്തിന്റെ ജീവിത കാലഘട്ടത്തെയും രാമായണത്തിന്റെ രചനാകാലത്തേയും സംബന്ധിച്ചു തികച്ചുംവ്യത്യസ്തമായ അഭിപ്രായങ്ങളാണ് പലപ്പോഴും ചരിത്രകാരന്മാർ അവതരിപ്പിക്കുന്നത്.അതുപോലെതന്നെ അദ്ദേഹത്തിന്റെ ജീവിതകഥയിലും ഒട്ടേറെ പാഠഭേദങ്ങളുണ്ട്. അതിന്റെ പ്രധാന കാരണം അദ്ദേഹത്തെ സ്വന്തക്കാരനാക്കാനുള്ള ചിലരുടെ വ്യഗ്രതയാണ്. ദേശഭേദങ്ങൾക്കനുസരിച്ച് ഒട്ടനവധി ഐതിഹ്യങ്ങൾ വാല്മീകിമഹർഷിയുടെ ജീവചരിത്രമായി പ്രചാരത്തിലുണ്ട്. അത്തരം ചില ഉദാഹരണങ്ങൾ കാണാം:

ഐതിഹ്യങ്ങളിലെ ആദികവി

വാല്മീകിയുമായി ബന്ധപ്പെട്ട, ഏറ്റവും പ്രസിദ്ധമായ ഐതിഹ്യം ഇപ്രകാരമാണ്: പൂർവ്വാശ്രമത്തിൽ വാല്മീകിയുടെ പേര് രത്നാകരനെന്നായിരുന്നു.ചെറുപ്പകാലം മുതൽ അയാൾ ഒരു കൊള്ളക്കാരനായി. വഴിയാത്രികരുടെ വസ്തുവകകൾ പതിയിരുന്ന് മോഷ്ടിക്കുക പതിവാക്കി. ഒരുദിനം സപ്തർഷികളെ(നാരദരെന്നും പാഠഭേദമുണ്ട്) കൊള്ളയടിക്കാൻ മുതിർന്നപ്പോൾ, "നീ എന്തിനു വേണ്ടിയാണ് ഈ പാപകർമ്മങ്ങൾ ചെയ്യുന്നത്?"എന്ന് അവർ രത്നാകരനോടു ചോദിച്ചു. കുടുംബം പുലർത്താൻ എന്നായിരുന്നു അയാളുടെ മറുപടി."നീ ചെയ്യുന്ന പാപങ്ങളുടെ ഫലമെല്ലാം നിന്റെ കുടുംബാംഗങ്ങൾകൂടി അനുഭവിക്കുമോ?" എന്ന മഹർഷിമാരുടെ ചോദ്യത്തിന്, "അത് ഞാൻ ഇതുവരെ ചോദിച്ചിട്ടില്ലാ" എന്നതായിരുന്നു മറുപടി. "എന്നാൽ

ചോദിച്ചിട്ടു വരൂ" എന്നായി സപ്തർഷിമാർ. ആ ചോദ്യത്തിനുള്ള ഉത്തരം തിരക്കി രത്നാകരൻ വീട്ടിലേയ്ക്കോടി. "ഞാൻ ചെയ്യുന്ന പാപകർമ്മങ്ങളുടെ ഫലം നിങ്ങൾകൂടി പങ്കിട്ടനുഭവിയ്ക്കുമോ?" എന്ന അയാളുടെ ചോദ്യത്തിന്, ബുദ്ധിശാലിയായ പത്നി ഇപ്രകാരം മറുപടി നൽകി: "ഇല്ല. അവനവൻ ചെയ്യുന്ന പാപകർമ്മങ്ങളുടെ ഫലം അവനവൻ തന്നെ അനുഭവിക്കണം". അതുകേട്ട് ഹതാശനായ രത്നാകരൻ, തിരിച്ചുചെന്ന് സപ്തർഷികളുടെ കാൽക്കൽവീണു മാപ്പിരന്നു. ഋഷികൾ അവനു ബ്രഹ്മജ്ഞാനം ഉപദേശിച്ചുകൊടുത്തു. ഋഷിമാരുടെ നിർദ്ദേശമനുസരിച്ച് രത്നാകരൻ ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്ന് തപസ്സാരംഭിച്ചു. തനിക്കുചുറ്റും ചിതൽപ്പുറ്റുയർന്നതും, വള്ളിപ്പടർപ്പുകൾ വളർന്നതുമൊന്നും അയാൾ അറിഞ്ഞില്ല. വർഷങ്ങൾക്കുശേഷം അതുവഴി മടങ്ങിവന്ന സപ്തർഷികൾ ചിതൽപ്പുറ്റു തകർത്ത് രത്നാകരനെ പുറത്തെത്തിച്ചു. 'വാല്മീകം' അഥവാ ചിതൽപ്പുറ്റിൽനിന്നും പുറത്തുവന്നതിനാൽ വാല്മീകിയെന്ന പേരു നൽകി. കാലം കുറെ കഴിഞ്ഞപ്പോൾ, തപസ്സുകൊണ്ട് മനഃപരിവർത്തനം സംഭവിച്ച വാല്മീകി നാരദമഹർഷിയിൽനിന്നും കേട്ട് മനസ്സിൽ പതിഞ്ഞ രാമന്റെ ജീവചരിത്രം രാമായണകാവ്യമായി എഴുതിയുണ്ടാക്കി.

അദ്ധ്യാത്മരാമായണത്തിലെ അയോദ്ധ്യാകാണ്ഡത്തിൽ, തന്റെ ആശ്രമത്തിൽ എത്തിയ രാമ-ലക്ഷ്മണന്മാരോടും സീതാദേവിയോടും തന്റെ ജീവിതകഥ അവതരിപ്പിക്കുമ്പോൾ വാല്മീകിമഹർഷിതന്നെ ഇക്കാര്യം പറയുന്നുണ്ട്. സ്കന്ദപുരാണത്തിലെ ആഖ്യാനവും വാല്മീകിയുടെ കാട്ടാളനായുള്ള ഭൂതകാലം സാക്ഷ്യപ്പെടുത്തുന്നുണ്ട്. തീരെ താഴ്ന്നകുലത്തിൽ ജനിച്ച വാല്മീകി, അടിയുറച്ച ശിവഭക്തിയിലൂടെയാണ് ഉന്നതനിലയിൽ എത്തിയതെന്ന് മഹാഭാരതത്തിലും പറയുന്നു.ക്ഷിപ്രകോപികളായ ചില സന്യാസിമാർ ഒരു സംവാദത്തിനിടയിൽ, തന്നെ ബ്രഹ്മഘ്നൻ (ബ്രാഹ്മണന്റെ ഘാതകൻ) എന്നു നിന്ദിച്ചതായും, ആ അപമാനഭാരത്തിൽനിന്നും രക്ഷനേടാൻ സർവ്വശക്തനായ ഭഗവാൻ ശിവനെ അഭയം പ്രാപിച്ചതായും, മഹാഭാരതത്തിലെ അനുശാസനപർവ്വത്തിൽ യുധിഷ്ഠിരനുമായുള്ള സംഭാഷണത്തിനിടയിൽ വാല്മീകിമഹർഷി സൂചിപ്പിക്കുന്നുണ്ട്. അതൊക്കെ അദ്ദേഹത്തിന്റെ അബ്രാഹ്മണ ജീവിതപശ്ചാത്തലത്തിനു തെളിവായി നമുക്കു സ്വീകരിക്കാം.

ആദികവിയെ അണിയിച്ച പൂണൂൽ

ആദികവിയുടെ നീചഗോത്രപശ്ചാത്തലം സ്വീകരിക്കാൻ മടിയുള്ളവരുടെ ഉള്ളിലുണ്ടായ ആധി ചെറുതായിരിക്കില്ലല്ലോ. അതുകൊണ്ടുതന്നെ,അവരുടെ സങ്കല്പസൃഷ്ടി ഗവേഷണത്തിലൂടെ നിർമ്മിച്ചെടുത്ത ആഢ്യജന്മങ്ങൾ പലപല വേഷങ്ങളിൽ നമുക്കു മുന്നിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അവയിൽ ചിലതു കാണാം: ഇംഗ്ലീഷ് വിക്കിപീഡിയയിൽ വാല്മീകിയെക്കുറിച്ചു തിരഞ്ഞാൽ കാണാനാകുന്നത്, ഭൃഗുവംശത്തിൽ പ്രചേതസ്സിന്റെ സന്താനമായി ജീവിച്ച അഗ്നിശർമ്മനെയാണ്. ഐതിഹ്യങ്ങളിലൂടെ അരങ്ങേറിയിരുന്ന ആഢ്യത്വമുറപ്പിക്കലുകളുടെ പരിധികൾക്കും അപ്പുറത്തുള്ള അപനിർമ്മാണങ്ങൾ ആധുനികകാലത്തും നടക്കുന്നുണ്ടെന്നാണ് ഇതിൽനിന്നു മനസ്സിലാക്കാനാകുന്നത്. ജീവിച്ചിരുന്ന കാര്യത്തിൽ ഒരു വിശ്വസനീയമായ വിവരവും ലഭ്യമല്ലാത്ത മഹാത്മാക്കളെ, ബ്രാഹ്മണൻ എന്ന് ഒഴുക്കൻ മട്ടിൽ

പറഞ്ഞുപോകുന്ന പതിവും തെറ്റിച്ച്, ഭൃഗുഗോത്രത്തിൽ ജനിച്ചു എന്നു കൃത്യമായി പറയുന്ന അത്യന്താധുനിക ഐതിഹ്യകാരന്റെ സൂക്ഷ്മത അപാരംതന്നെ:

Early life

Valmiki was born as Agni Sharma to a Brahmin named Pracheta (also known as Sumali) of Bhrigu gotra,[14][15
his duties. Moved by Narada's words, Agni Sharma began to perform penance and chanted the word "Mara" w
formed around Agni Sharma and this earned him the name of Valmiki. Agni Sharma, rechristened as Valmiki, l

[പിൻകുറിപ്പ്: ഋഷിമാരുടെ നിർദ്ദേശമനുസരിച്ച്, മരണം എന്നർത്ഥമുള്ള 'മാര' എന്ന വാക്ക് ഉരുവിട്ടുകൊണ്ടാണ് രത്നാകരൻ തപസ്സുചെയ്തതെന്ന് ചിലഐതിഹ്യങ്ങളിൽ പറയുന്നു. രാമ...രാമ..രാമ..എന്ന മന്ത്രം അറിയാത്തതുകൊണ്ടായിരുന്നു മഹർഷികൾ അപ്രകാരം പറഞ്ഞുകൊടുത്തത്. 'ഭൃഗുവംശജനായ ബ്രാഹ്മണ'നായാണു ജനിച്ചതെങ്കിലും, അദ്ദേഹം നിരക്ഷരനും രാമനാമത്തെക്കുറിച്ച് അജ്ഞനുമായിരുന്നു എന്നു ചുരുക്കം.]

വാല്മീകിയുടെ കാട്ടിലെ ജീവിതം പൊതുവെ അംഗീകൃതമായതുകൊണ്ട്, അവിടെയൊന്നും തൊടാതെ, അതിനുമുമ്പുള്ള കാലം അപനിർമ്മിക്കാനാണ് കഥകളുടെ സ്രഷ്ടാക്കൾ തുനിയുന്നത്. അമ്മാതിരി കെട്ടുകഥകൾ പ്രചരിപ്പിക്കുന്നവരുടെ ലക്ഷ്യം, കാനനവാസിയാകുന്നതിനു മുമ്പ് ആദികവിക്ക് ആഢ്യത്വമുള്ള ഒരു ജന്മമുണ്ടായിരുന്നു എന്നു വരുത്തിത്തീർക്കുകയാണ്. പക്ഷേ, വസ്തുതയുടെ പിൻബലമില്ലാത്ത അത്തരം ആഖ്യാനങ്ങൾ എക്കാലത്തും ആവർത്തിക്കപ്പെടുന്ന ആഢ്യത്വവത്കരണത്തിന്റെ ഭാഗം മാത്രമായേ കാണാൻകഴിയൂ. മലയാളം വിക്കിപീഡിയയിലും 2022-ൽ ഇതിനു സമാനമായ തിരുത്തൽ ആരോ വരുത്തിയിട്ടുണ്ട്. വിക്കിപീഡിയയിലെ തിരുത്തലിന്റെ നാൾവഴി കാണുക. ചിത്രത്തിൽ ആദ്യഭാഗം മുമ്പ് ഉണ്ടായിരുന്നതും, രണ്ടാംഭാഗം ഇപ്പോൾ ലഭ്യമാകുന്ന കൂട്ടിച്ചേർക്കലുമാണ്:

01:10, 22 ഫെബ്രുവരി 2022-നു നിലവിലുണ്ടായിരുന്ന രൂപം

ഭാരതീയ ഇതിഹാസമായ രാമായണത്തിന്റെ കർത്താവാണ് പുരാതന ഭാരതീയ ഋഷിയായ **വാല്മീകി** (സംസ്കൃതം: वाल्मीकि). ആദ്ധ്യാത്മികഗ്രന്ഥമായ യോഗവാസിഷ്ഠ കവി എന്നും അദ്ദേഹം അറിയപ്പെടുന്നു. നല്ലൊരു മനുഷ്യനാകാനുള്ള ആഗ്രഹം തന്റെ ജിവിതത്തിൽ വന്ന സമയംവരെ അദ്ദേഹം ഒരു കവർച്ചക്കാരനായിരുന്നു.പിൽക്കാലത്തെ ഉദാത്തമായ കവികളിൽ അദ്ദേഹം ആദ്യത്തെ യഥാർത്ഥ കവി അഥവാ ആദി കവി എന്നു വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കൃതിക്ക് പുതുമയും സാഹിത്യ പരമായ ഗുണമേന്മയും ഉണ്ടായിരുന്നു.

ഭാരതീയ ഇതിഹാസമായ രാമായണത്തിന്റെ കർത്താവാണ് പുരാതന ഭാരതീയ ഋഷിയായ **വാല്മീകി** (സംസ്കൃതം: वाल्मीकि). ആദ്ധ്യാത്മികഗ്രന്ഥമായ യോഗവാസിഷ്ഠ കവി എന്നും അദ്ദേഹം അറിയപ്പെടുന്നു. .പിൽക്കാലത്തെ ഉദാത്തമായ കവികളിൽ അദ്ദേഹം ആദ്യത്തെ യഥാർത്ഥ കവി അഥവാ ആദി കവി എന്നു വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കൃതിക്ക് പുതുമയും സാഹിത്യ പരമായ ഗുണമേന്മയും ഉണ്ടായിരുന്നു.ഭൃഗു ഗോത്രത്തിലെ പ്രചേത എന്ന ബ്രാഹ്മണന്റെ മകനായി വാല്മീകി ജനിച്ചു. ഐതിഹ്യമനുസരിച്ച് അദ്ദേഹം ഒരിക്കൽ മഹാനായ നാരദനെ കണ്ടുമുട്ടുകയും അദ്ദേഹവുമായി തന്റെ കർത്തവ്യങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്യു. നാരദന്റെ വാക്കുകളിൽ പ്രചോദിതനായ അഗ്നി ശർമ്മ തപസ്സുചെയ്യാൻ തുടങ്ങി, "മരണം" എന്നർത്ഥമുള്ള "മാര" എന്ന വാക്ക് ജപിച്ചു.

വാല്മീകി

മേൽപ്പറഞ്ഞ ആധുനിക കഥാകാരന്മാരെ തിരുത്തുന്ന മറ്റൊരു കഥ ഇനി കാണാം: ശാകുലമെന്ന സ്ഥലത്ത് സ്തംഭനെന്നു പേരായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു.നിര

വധി പാപകർമ്മങ്ങൾചെയ്ത് ബ്രാഹ്മണ്യംമറന്നു ജീവിച്ച അയാൾ പിന്നീടുള്ള ജന്മത്തിൽ ക്രിണു എന്ന ബ്രാഹ്മണന്റെ പുത്രനായിട്ടാണ് ജനിച്ചതെങ്കിലും, മുജ്ജന്മവാസനയനുസരിച്ചു കാട്ടിൽത്തന്നെ കഴിഞ്ഞുപോന്നു. രത്നാകരനെന്നു പേരിട്ട് ശൂദ്രസ്ത്രീകളാണ് അയാളെ വളർത്തിയത്. ഒരു വനവാസിസ്ത്രീയെ തന്നെ കല്യാണം കഴിച്ച രത്നാകരൻ, മോഷണം,പിടിച്ചുപറി എന്നിവ തൊഴിലായി സ്വീകരിച്ച് ചില തസ്കരന്മാർക്കൊപ്പം താമസമാക്കി. അയാളാണത്രേ വാല്മീകിയുടെ പൂർവ്വാശ്രമത്തിലെ കാട്ടാളൻ. പൂർവ്വജന്മത്തിൽ എത്രയധികം പാപകർമ്മങ്ങളനുഷ്ഠിച്ചാലും, ബ്രാഹ്മണ്യം മറന്നു ജീവിച്ചാലും ബ്രാഹ്മണൻ ബ്രാഹ്മണനായി മാത്രമേ പുനർജ്ജനിക്കൂ എന്ന പിടിവാശിയെങ്കിലും കഥാകാരന് ഒഴിവാക്കാമായിരുന്നു. പ്രാരബ്ധ കർമ്മഫലത്തെകുറിച്ചു പുരാണകൃതികളിൽ ആചാര്യന്മാർ പറഞ്ഞുവെച്ചതൊന്നും ഈ ബ്രാഹ്മണ്യാരാധകനായ ഐതിഹ്യകാരനു ബാധകമല്ലായിരിക്കാം.

മറ്റൊരു കഥ ഇപ്രകാരമാണ്: പ്രചേതസനെന്ന മഹർഷിയുടെ മകനായാണ് വാല്മീകിമഹർഷി ജനിച്ചത്. രത്നാകരൻ എന്നപേരിൽ വളർന്ന അദ്ദേഹം ചെറുപ്പത്തിൽ കൂട്ടുകാരോടൊപ്പം കാട്ടിൽ പോയി. വഴിതെറ്റി വീട്ടിലേക്കുള്ള മാർഗ്ഗം മറന്ന് അലഞ്ഞുതിരിഞ്ഞുനടന്ന ആ കുട്ടിയെ ഒരു വേട്ടക്കാരൻ കാണുകയും തന്റെ കുടിലിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. കാട്ടാളരുടെ ശിക്ഷണത്തിൽ ജീവിച്ച രത്നാകരൻ കാലക്രമേണ അയാളുടെ കുടുംബവും പൂർവ്വകാലവും മറക്കുകയും വിവാഹപ്രായമെത്തിയപ്പോൾ വേട്ടക്കാരുടെ കുടുംബത്തിൽനിന്നുംതന്നെ വിവാഹംകഴിക്കുകയും ചെയ്തു. വിവാഹശേഷം കുടുംബം വലുതായതോടെ, അവരെ പോറ്റാൻ നായാട്ടും വേട്ടയും പോര എന്നു തിരിച്ചറിഞ്ഞ അയാൾ വഴിയാത്രക്കാരെ കൊള്ളയടിക്കാൻ തുടങ്ങി. കാട്ടുവഴിയിലൂടെ വരാറുള്ള യാത്രക്കാരെ കൊള്ളയടിച്ച് ധാരാളം ദ്രവ്യം രത്നാകരൻ സമ്പാദിച്ചു. ഒരിക്കൽ, അതുവഴി വന്ന നാരദമഹർഷിയെ കൊള്ളയടിച്ച അയാളെ നാരദൻ വിഷ്ണുസ്തുതി പാടിക്കേൾപ്പിച്ചു. മനഃപരിവർത്തനമുണ്ടായ ആ കൊള്ളക്കാരൻ വാല്മീകിയായി മാറി. മേൽകഥകൾ ഒന്നുംതന്നെ ആദികവിയുടെ കാട്ടുജാതിക്കാരനായുള്ള ജീവിതസാഹചര്യം നിഷേധിക്കുന്നില്ല. കഥയുടെ സ്രഷ്ടാക്കളെല്ലാം വാല്മീകിയെ കാട്ടിൽ ജനിക്കാൻ അനുവദിക്കാതെ, ആഢ്യജന്മമുറപ്പിച്ചശേഷം കാട്ടിലുപേക്ഷിക്കുകയാണ് ചെയ്യുന്നത്.

കുലീനതയുറപ്പാക്കാൻ ജനനം ഉന്നതകുലത്തിലായാൽ മാത്രം പോരാ ജീവിതവും നല്ല നിലയിൽത്തന്നെ വേണം എന്നു പിടിവാശിയുള്ള കുറച്ചു സൃഷ്ടികളും ഉണ്ട്. മഹാഭാരതത്തിലെ ദ്രോണപർവ്വത്തിൽ പ്രതിപാദിക്കപ്പെടുന്ന, ഭാർഗ്ഗവ വാല്മീകിയെന്ന ഭാർഗ്ഗവഗോത്രജനായ ബ്രാഹ്മണനാണ് രാമായണത്തിന്റെ കർത്താവ് എന്ന കണ്ടെത്തലും കുറച്ച് ഉത്തരേന്ത്യൻ ആഢ്യപണ്ഡിതന്മാർ അവതരിപ്പിക്കുന്നുണ്ട്. ഉത്തരകാണ്ഡത്തിൽ, സീതയും പുത്രന്മാരും തന്റെ പർണ്ണശാലയിൽ എത്തിയതിനെപ്പറ്റി ശ്രീരാമനോട് വിവരിക്കുന്ന ഭാഗത്ത്, താൻ പ്രചേതസ്സിന്റെ മകനാണെന്നു വാല്മീകി പരിചയപ്പെടുത്തുന്നുണ്ട്. അതിനെ അവലംബമാക്കി, പ്രചേതസ്സെന്നത് വരുണന്റെ മറ്റൊരു പേരാണെന്നും, വരുണന്റെ പുത്രന്മാരാണ് ഭൃഗുവും വാല്മീകിയുമെന്നും വാദിക്കുന്നവരുണ്ട്. അങ്ങനെ, ബ്രാഹ്മണകുലപതിയായ ഭൃഗുമഹർ

ഷിയുടെ സോദരപദവിയിലിരുത്തി ആദികവിയുടെ ആഢ്യത്വമുറപ്പിക്കാൻതുനിയുന്നവർ, പ്രജാസൃഷ്ടിക്കുവേണ്ടി ബ്രഹ്മാവു സൃഷ്ടിച്ച മാനസപുത്രന്മാരിൽ ഒരാളാണ് ഭൃഗുമഹർഷി എന്ന രൂഢമൂലമായ വിശ്വാസം പോലും, വാല്മീകിയെ പൂണൂലണിയിക്കാനുള്ള തത്രപ്പാടിനിടയിൽ നിരാകരിക്കുകയാണ്.സാമാന്യയുക്തിക്കു നിരക്കാത്ത കെട്ടുകഥകൾ മാത്രമാണ് ഇതെല്ലാമെന്നു വ്യക്തമാണല്ലോ.

മാനിഷാദ...

വാല്മീകിമഹർഷിയുടെ കിരാതകുല പശ്ചാത്തലം വെളിവാക്കുന്ന പുരാവൃത്തം അപ്രതിരോധ്യമായ നിലയിൽ സ്വീകരിക്കപ്പെട്ട സ്ഥിതിക്ക്, അതൊരു സാങ്കല്പിക കഥമാത്രമാണെന്നും, മഹാന്മാരായ കവികളുടെയും എഴുത്തുകാരുടെയും ജീവചരിത്രങ്ങളിൽ 'വിസ്മയം ഉണ്ടാക്കുന്നതിനുവേണ്ടി' അത്തരം സംഭവങ്ങൾ കൂട്ടിച്ചേർക്കപ്പെടാറുണ്ടെന്നും എഴുതി ചില വ്യാഖ്യാതാക്കൾ ആശ്വസിക്കുന്നു. കാളിദാസ കഥയിലെ, ഇരുന്ന മരക്കൊമ്പുമുറിച്ച പമ്പരവിഡ്ഢിയുടെ കഥപോലെ ഇതും ഒരു പൊലിപ്പിക്കൽ വിദ്യ മാത്രമാണ് എന്നാണ് അവരുടെ വാദം. വംശവിശുദ്ധിവാദികളുടെ ഈ വികലനിർമ്മിതികൾ ഒരർത്ഥത്തിൽ കുഴിച്ചുമൂടുന്നത് അവരുടെതന്നെ വാദഗതികളെയാണ്. ഒരാളിന്റെ ജന്മമല്ല, ജീവിതമാണ് അയാളെ പരുവപ്പെടുത്തുന്നതെന്ന സത്യത്തിനാണ്, അറിയാതെയാണെങ്കിൽ പോലും അവർ അടിവരയിടുന്നത്. ബ്രാഹ്മണനായി പിറന്ന ഒരാളെ, ഏതൊരു പ്രതികൂല സാഹചര്യത്തെ അതിവർത്തിച്ചും സാത്വികനായി നിലനിർത്തുന്ന ഒരു ജൈവഘടകവും ഉള്ളടക്കിയല്ല ദൈവം സൃഷ്ടിച്ചതെന്നു സ്പഷ്ടം. ചണ്ഡാലരുടെ സംസർഗ്ഗത്തിലൂടെ ചണ്ഡാലനായും, ബ്രാഹ്മണസംസർഗ്ഗത്തിലൂടെ ബ്രാഹ്മണനായും മാറുന്ന ശരീരവും മനസ്സും മാത്രമേ മനുഷ്യനുള്ളൂ എന്നതാണ് പരമസത്യം. അതായത്,ആഢ്യരായി ജീവിക്കാൻ സാഹചര്യമുള്ളതുകൊണ്ടാണ് ബ്രാഹ്മണൻ ബ്രാഹ്മണനാകുന്നത്; അതില്ലാത്തതിനാലാണ് മറ്റുള്ളവർ ബ്രാഹ്മണരാകാത്തത് എന്നു സാരം.

തങ്ങളെ കൊള്ളയടിക്കാൻ തുനിഞ്ഞ കാട്ടാളനായ രത്നാകരനെ മഹാമുനിയായ് പരിവർത്തനംചെയ്യാൻ തയ്യാറായ സപ്തർഷികളുടെ സന്മനസ്സ് അവരുടെ പിൻമുറക്കാരെന്ന് അവകാശപ്പെടുന്നവർക്ക് ഇല്ലാതെപോയി എന്നതുകൂടി ആ അപനിർമ്മിതകഥകളുടെ സ്രഷ്ടാക്കൾ വെളിപ്പെടുത്തുന്നു. വാല്മീകിയെ 'നീചയോനീജാത'നാക്കണമെന്ന വാശിയിയൊന്നുമില്ല. വാല്മീകിയേയും വ്യാസമഹർഷിയേയും പോലുള്ള മഹാമനീഷികളെ വർണ്ണത്തിന്റെയും ജാതിയുടെയും വളപ്പുകൾക്കുള്ളിൽ ഒതുക്കിനിറുത്തുന്നത് മഹാപരാധം തന്നെയാണ്. മാനവരാശിക്കു മുഴുവൻ വെളിച്ചം പകരാൻ ജന്മമെടുത്ത മഹാത്മാക്കളെ ബ്രഹ്മജ്ഞാനികളെന്ന നിലയിൽ, പൗരാണികഗ്രന്ഥങ്ങൾ വിളിക്കുന്നതുപോലെ ബ്രാഹ്മണരായി കാണുന്നതിൽ ഒരു തെറ്റുമില്ല. അതിനപ്പുറം, മുതലെടുപ്പിനുവേണ്ടി അവർ ബ്രാഹ്മണകുലത്തിൽ പിറന്നവരാണെന്നും, പിന്നെയും ഒരുപടികൂടിക്കടന്ന് ഭൃഗുവംശബ്രാഹ്മണനാണെന്നും ഒക്കെ പ്രചരിപ്പിക്കുമ്പോൾ, അത് അസത്യമാണ് എന്നു പറയാനുള്ള കടമ നമുക്കുണ്ടല്ലോ. ലഭ്യമായ പ്രമാണങ്ങൾ നിരത്തി യാഥാർത്ഥ്യം തെളിയിക്കാനുള്ള ഉത്തരവാദിത്വം ആ മഹാത്മാക്കളെ ആദരിക്കുന്നവർക്കുണ്ട്. കാട്ടാളനെപ്പോലും കവി

കുലോത്തമനാക്കുന്ന രാമനാമത്തിന്റെ മഹത്വംപ്രഖ്യാപിക്കുന്ന കഥയിൽ മായം ചേർക്കുന്നതു നീതികേടാണെന്നു മാത്രം പറയട്ടെ. അത്തരക്കാരോട്, വാല്മീകിമഹർഷി പറഞ്ഞ കാര്യം മാത്രമേ പറയാനുള്ളൂ: മാ നിഷാദ...

രാമകഥയോളം തന്നെ മഹത്വമുള്ള കാട്ടാളകഥ

വാല്മീകി എഴുതിയ രാമകഥയോളം തന്നെ മഹത്വമുള്ളതാണ് അദ്ദേഹത്തിന്റെ ജീവിതകഥയും. ധൈര്യം,പ്രൗഢി,വീര്യം,അജയ്യത, സത്യനിഷ്ഠ,ക്ഷമ,ശീലഗുണം, ശ്രമം,സൗന്ദര്യം എന്നീ സദ്ഗുണങ്ങളെല്ലാം അടങ്ങിയ ഏതെങ്കിലും മനുഷ്യൻ ഈ ലോകത്തിലുണ്ടോ?ഉണ്ടെങ്കിൽ അതാരാണ് എന്ന നാരദരോടുള്ള വാല്മീകിയുടെ ചോദ്യത്തിനുള്ള ഉത്തരമാണ് രാമായണകഥ. സർവ്വഗുണങ്ങളും ഒരു മനുഷ്യനിൽ സമ്മേളിക്കുക എന്നത് അസംഭാവ്യമായതുകൊണ്ട്,ആ യോഗ്യതകൾ ഏറെക്കുറെ ഒത്തുചേരുന്ന മനുഷ്യനായ ദശരഥസുതൻ രാമനെ മാതൃകാപുരുഷനായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ് മഹർഷി. ശ്രീരാമന്റെ കഥയോളംതന്നെ മഹത്തരമാണ് വാല്മീകിയുടെ ജീവചരിത്രവും, സപ്തർഷികൾ ഉന്നയിച്ച ചോദ്യവും, അതിനുള്ള ഉത്തരവും. 'പ്രിയപ്പെട്ടവർക്കുവേണ്ടി നാം ചെയ്യുന്ന പാപങ്ങളുടെ ഫലത്തിൽ ഒരുപങ്ക് അവരും സ്വീകരിക്കുമോ?' എന്നചോദ്യം മനുഷ്യകുലം അഭിമുഖീകരിക്കുന്ന അനവധി പ്രശ്നങ്ങൾക്കു പരിഹാരമാകാവുന്ന ഒറ്റ വാക്യത്തിലുള്ള ഉത്തരമാണ്. ആ ചോദ്യം സ്വന്തം മനഃസാക്ഷിയോടു ചോദിച്ച് ഉത്തരം കണ്ടെത്തുവാൻ ഓരോ മനുഷ്യനും ശ്രമിച്ചാൽ, ഈ ലോകം പാപരഹിതമായ ഒരിടമായി മാറുമെന്ന കാര്യത്തിൽ സംശയമേയില്ല. മനുഷ്യകുലത്തെ ആകമാനം നവീകരിക്കാനുതകുന്ന ഏറ്റവും ഉദാത്തമായ പര്യാലോചനയായിരിക്കും അത്.

ചെയ്യുന്ന തെറ്റുകൾക്കെല്ലാം ന്യായീകരണമായി മനുഷ്യൻ മുന്നിൽ നിറുത്തുന്നത്, കുടുംബത്തെയോ സമൂഹത്തെയോ ആണല്ലോ. കള്ളന്മാർ കക്കുന്നതും, പ്രസ്ഥാനങ്ങൾ കൂട്ടക്കൊലകൾ നടപ്പാക്കുന്നതും, രാഷ്ട്രങ്ങൾ യുദ്ധം ചെയ്യുന്നതും, ആളുകൾ അഴിമതി നടത്തുന്നതുമൊക്കെ തന്റെ കുടുംബത്തിന്റെയോ സംഘടനയുടേയോ രാജ്യത്തിന്റെയോ സുരക്ഷിതത്വത്തിനു വേണ്ടിയാണെന്നാണ് അതിലുൾപ്പെടുന്നവർ എപ്പോഴും ന്യായീകരിക്കുന്നത്. നമ്മുടെ പ്രവൃത്തികളിലെ തിന്മകൾ പ്രോത്സാഹിപ്പിക്കാനും, എപ്പോഴും അതുതന്നെ തുടരാൻ നിർബന്ധിതനാക്കാനും, അതിൽനിന്നു മുതലെടുപ്പു നടത്താനും ഒരുപാടുപേർ ഉണ്ടാകും. എന്നാൽ, അത്തരത്തിലുള്ള ദുഷ്പ്രവൃത്തികൾ വരുത്തിവെയ്ക്കുന്ന ദുരന്തങ്ങളുടെ ഫലം പങ്കിട്ടനുഭവിക്കാൻ അവരാരും ഉണ്ടാകില്ല. ആ തിരിച്ചറിവ് ഇല്ലാത്തതുകൊണ്ടാകാം മനുഷ്യൻ അന്യർക്കുവേണ്ടി എന്ന പേരിൽ അധർമ്മങ്ങളനുഷ്ഠിക്കുന്നത്.

ഭാരതീയദർശനം ഉത്ഘോഷിക്കുന്ന കർമ്മസിദ്ധാന്തം അതുതന്നെയാണ് അർത്ഥമാക്കുന്നത്. ചെയ്യുന്ന ശുഭാശുഭകർമ്മങ്ങളുടെ ഫലമനുസരിച്ച്, ഓരോ ആത്മാവും വിവിധ രൂപങ്ങളിൽ വീണ്ടുംവീണ്ടും ജനിക്കുന്നുവെന്നും, അനേകം ജന്മങ്ങൾക്കു ശേഷം സ്വപ്രയത്നത്തിന്റെയും ഈശ്വരകൃപയുടെയും ബലത്തിൽ കർമ്മബന്ധനങ്ങളിൽനിന്നും വിമുക്തനായിത്തീരുന്നു എന്നുമാണല്ലോ കർമ്മഫല നിരൂപണം അനുശാസിക്കുന്നത്. കർമ്മത്തിന്റെ ഫലം എത്ര കല്പങ്ങൾ കഴിഞ്ഞാലും അനു

ഭവിച്ചുതീരാതെ ക്ഷയിക്കുകയില്ല.(നാഭുക്തം ക്ഷീയതേ കർമ്മകല്പകോടി ശതൈരപി) എന്നു ചുരുക്കം. പുനർജ്ജന്മത്തിന്റെ സാധ്യതയിലുള്ള വിശ്വാസാവിശ്വാസങ്ങൾ ഒഴിച്ചുനിറുത്തിയാൽത്തന്നെ, കർമ്മഫലത്തിന്റെ കണക്കുതീർക്കൽ അനവധി അനുഭവങ്ങളിലൂടെ പ്രപഞ്ചസത്യമായി നമുക്കു മുന്നിലുണ്ട്.തിന വിതച്ചാൽ തിന കൊയ്യും; വിന വിതച്ചാൽ വിന കൊയ്യും, വിതച്ചതേ കൊയ്യൂ, വാളെടുത്തവൻ വാളാലേ, ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ കഷ്ടകാലത്തിങ്കലില്ലെന്ന് നിശ്ചയം തുടങ്ങി പലരൂപത്തിലും ഈ സത്യം ഉപദേശരൂപേണ നമ്മുടെ നാവിലുണ്ട്. പക്ഷേ, കാര്യത്തോടടുക്കുമ്പോൾ അതൊക്കെ മറന്നുകളയുകയോ മാറ്റിവെയ്ക്കുകയോ ചെയ്യുന്നു.'നിത്യവും ചെയ്യുന്ന കർമ്മഗുണഫലം കർത്താവൊഴിഞ്ഞു മറ്റന്യർ ഭുജിക്കുമോ,താന്താൻ നിരന്തരം ചെയ്യുന്നകർമ്മങ്ങൾ താന്താൻ അനുഭവിച്ചീടുകെന്നേ വരൂ' എന്ന, ആ കാട്ടാളസ്ത്രീ തിരിച്ചറിഞ്ഞ സത്യം സംസ്കാരസമ്പന്നരായ ആധുനികർ ഇനിയും അറിഞ്ഞിട്ടില്ല എന്നതാണ് നമുക്കു ചുറ്റും നടമാടുന്ന തിന്മകളുടെ മൂലകാരണം. ഓരോ മനുഷ്യനും ആ കാര്യം സ്വന്തം മനഃസാക്ഷിയോടു പറഞ്ഞുറപ്പിച്ചാൽ, തെറ്റുകൾക്കു നിരത്താൻ ന്യായീകരണവും തെറ്റുചെയ്യാനുള്ള പ്രലോഭനവും ഇല്ലാതെയാകും.വാല്മീകിമഹർഷിയെക്കുറിച്ചുള്ള ഈ കാട്ടാളകഥ നൽകുന്ന വിശേഷജ്ഞാനത്തേക്കാൾ മഹത്വമേറിയ ആദ്ധ്യാത്മികപാഠമുണ്ടോ?

[പിൻകുറിപ്പ്: ഉത്തരേന്ത്യയിൽ ദളിതരായും, ദക്ഷിണേന്ത്യയിൽ പിന്നാക്ക ജാതിക്കാരായും കണക്കാക്കപ്പെടുന്ന ഒരു പ്രമുഖ ജാതിവിഭാഗമാണ് വാല്മീകിസമുദായം. തോട്ടിപ്പണി,മരിച്ചവരെ മറവുചെയ്യൽ തുടങ്ങിയവ കുലത്തൊഴിലായി വിധിക്കപ്പെട്ടിട്ടുള്ള, സമൂഹത്തിൽ നിന്ന് ഇന്നും അകറ്റി നിറുത്തലും അടിച്ചമർത്തലും നേരിടേണ്ടിവരുന്ന അവർക്ക്, വാല്മീകിമഹർഷിയുമായി ബന്ധപ്പെട്ട ഒരു പൂർവ്വകാലമുള്ളതായി കരുതപ്പെടുന്നു. ആ സമുദായത്തിന്റെ പേരിനെയും അസ്തിത്വത്തെയും, വാല്മീകിയെ 'ഭൃഗുവംശജ'നാക്കുന്ന ആഢ്യസമൂഹങ്ങൾ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല എന്നത്, ആദികവിയുടെ പിൻമുറക്കാരാണ് അവരെന്നതിന്റെ അംഗീകരണമാണ്. തപസ്സുചെയ്ത് ബ്രഹ്മജ്ഞാനിയായി എന്ന സാധ്യതയ്ക്കപ്പുറം, ആദികവിയെ ചിതൽപ്പുറ്റുമായി ബന്ധിപ്പിക്കുന്ന ഐതിഹ്യത്തിന്റെ ഉദ്ദേശ്യം ഈ വസ്തുത മറച്ചുവെയ്ക്കുക എന്നതാകാനാണു സാധ്യത. അതിനാൽ, വാല്മീകിയുടെ പിന്മുറക്കാരെ അസ്പൃശ്യരാക്കുന്ന ആര്യ അധാർമ്മികതയെ നിരാകരിക്കുകയാണ് ശരി]

വേദവ്യാസൻ

പതിനെട്ടു പുരാണങ്ങളുടെയും ഉപപുരാണങ്ങളുടെയും, മഹാഭാരതം മഹാഭാഗവതം എന്നീ ഇതിഹാസങ്ങളുടേയും ബ്രഹ്മസൂത്രത്തിന്റേയും രചന നിർവ്വഹിച്ചതും, വേദമന്ത്രങ്ങളെ വിഷയാനുക്രമത്തിൽ നാലായി പകുത്തതും വേദവ്യാസൻ എന്ന പേരിലറിയപ്പെടുന്ന കൃഷ്ണദ്വൈപായനനാണെന്നു വിശ്വസിക്കപ്പെടുന്നു. പൗരാണിക മുനിമാർ ഉപാസിച്ചിരുന്ന മന്ത്രങ്ങൾ സമാഹരിച്ച്, വ്യവസ്ഥയനുസരിച്ചു വ്യസിച്ചതോടുകൂടിയാണ് കൃഷ്ണദ്വൈപായനൻ വേദവ്യാസനായിത്തീർന്നത്.മുഖ്യമായും ചൊല്ലാനുള്ള മന്ത്രങ്ങളെല്ലാം സംയോജിപ്പിച്ച് ഋഗ്വേദമാക്കി.അർച്ചനാപ്രധാനങ്ങളായ സൂക്തങ്ങളൊക്കെ ചേർത്ത് യജുർവ്വേദം ഉണ്ടാക്കി. യജ്ഞകർമ്മങ്ങളെ സംഗീതാത്മകമാക്കിത്തീർക്കുന്നവയെ സാമവേദമായും യജ്ഞകർമ്മങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത മന്ത്രങ്ങളെ അഥർവ്വവേദമായും വ്യാസമുനി ചിട്ടപ്പെടുത്തി.

ചുരുക്കത്തിൽ സനാതനസംസ്കൃതിയുടെ പിതൃസ്ഥാനീയനായി ഒരു വ്യക്തിയെ രേഖപ്പെടുത്താൻ സാധിക്കുമെങ്കിൽ, അത് വ്യാസമഹർഷിയായിരിക്കും.

നമോസ്തുതേ വ്യാസവിശാലബുദ്ധേ...

പുരാണപ്രസിദ്ധനായ പരാശര മഹർഷിക്ക് കാളി അഥവാ സത്യവതിയെന്ന(മത്സ്യ ഗന്ധി) മുക്കുവയുവതിയിൽ ഉണ്ടായ പുത്രനാണ് വ്യാസൻ. തോണിയാത്രയ്ക്കിടെ, കടത്തുവഞ്ചിക്കാരിയായ സത്യവതിയുടെ സൗന്ദര്യത്തിൽ ആസക്തനായ ഋഷി, തപഃശ്ശക്തിയാൽ നദീമദ്ധ്യത്തിൽ സൃഷ്ടിച്ച ദ്വീപിലെ മൂടൽമഞ്ഞുകൂടാരത്തിൽ വെച്ചാണ് സത്യവതിയുമായി ബന്ധപ്പെട്ടതും വ്യാസൻ ജനിച്ചതും. കറുത്ത നിറമായതുകൊണ്ട് കൃഷ്ണൻ എന്നു നാമകരണം ചെയ്യപ്പെട്ട കുട്ടി, ജനനം ദ്വീപിലായതു കാരണം കൃഷ്ണദ്വൈപായനനെന്ന പേരിൽ അറിയപ്പെട്ടു. ജനിച്ചയുടനെ അഞ്ചു വയസ്സൊത്ത ബാലനായിത്തീർന്ന വ്യാസൻ, അമ്മയോട് യാത്രപറഞ്ഞു പിരിഞ്ഞു. അനന്തരം, തപസ്സിലൂടെയും വേദശാസ്ത്ര പഠനത്തിലൂടെയും മഹാജ്ഞാനിയായി മാറി പുണ്യഗ്രന്ഥങ്ങളുടെ രചനയിൽ വ്യാപൃതനായി. മഹാഭാരതകഥയെ നിർണ്ണായകഘട്ടങ്ങളിൽ നയിച്ച കഥാപാത്രമായും വ്യാസനെന്ന കഥാകാരൻ പ്രത്യക്ഷപ്പെടുന്നുണ്ട്. ഒരർത്ഥത്തിൽ, മഹാഭാരതം വ്യാസന്റെ വംശാവലിചരിതമാണ്.

വ്യാസന്റെ ജീവിതകാലത്തെക്കുറിച്ച് ചരിത്ര ഗവേഷകന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. അതിനാൽ,അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ കുലവും, ആ കുലങ്ങൾക്ക് അന്നത്തെ സാമൂഹ്യാവസ്ഥയിലുണ്ടായിരുന്ന സ്ഥാനവുമൊന്നും പരിശോധിക്കുന്നതിൽ യുക്തിയില്ല. എങ്കിലും, വ്യാസനെ പൂണൂലണിയിക്കാനും, ലോകനന്മയ്ക്കുവേണ്ടി അദ്ദേഹം സമ്മാനിച്ച ഗ്രന്ഥങ്ങളെ സാമൂഹിക വിഭജനത്തിനുള്ള ഉപാധിയാക്കാനും ശ്രമമുണ്ടാകുമ്പോൾ, അതിനെ ചെറുക്കുവാനുള്ള ബാദ്ധ്യത ആ പുണ്യാത്മാവിനെയും അദ്ദേഹത്തിന്റെ പുസ്തകങ്ങളെയും ആദരിക്കുന്നവർക്കുണ്ട്. മറ്റു പല പൗരാണികവ്യക്തിത്വങ്ങളേയും പോലെതന്നെ, അദ്ദേഹത്തെയും ദ്വിജനെന്നും ബ്രാഹ്മണനെന്നും സംസ്കൃതത്തിലും പരിഭാഷകളിലും അഭിസംബോധന ചെയ്യുന്നതാണ് അത്തരമൊരു അവകാശവാദത്തിന് അടിസ്ഥാനമായി പറയപ്പെടുന്നത്. കൂട്ടത്തിൽ, പുരാതന മഹർഷിമാരും സന്യാസികളുമെല്ലാം ബ്രാഹ്മണരാണെന്ന സാമാന്യ ധാരണയും അത്തരമൊരു അഭിപ്രായത്തിന് ഹേതുവായിട്ടുണ്ട്.കൈവർത്തകകന്യകയായ സത്യവതിക്കും ഗോത്രവംശജനായ പരാശരമുനിയ്ക്കുമുണ്ടായ പുത്രൻ ജാതിബ്രാഹ്മണനല്ലെന്നുതന്നെ വിശ്വസിക്കാം. ശൂദ്രകുലപതിയായ വസിഷ്ഠന്റെ മകൻ ശക്തിക്ക് അദൃശ്യന്തിയെന്ന ഭാര്യയിൽ ജനിച്ച പുത്രനാണ് പരാശരമുനി. ആ പരാശരമഹർഷിക്കും കൈവർത്തക കന്യകയായ സത്യവതിക്കും പിറന്ന സന്തതി ജാതിബ്രാഹ്മണനാകാൻ വഴിയില്ലല്ലോ. അനവധി അപനിർമ്മിത വ്യാഖ്യാനങ്ങളിലൂടെ വംശവിശുദ്ധിവാദികൾ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന ആ കാപട്യത്തെ തുറന്നുകാട്ടാനുതകുന്ന അസംഖ്യം തെളിവുകൾ പൗരാണികഗ്രന്ഥങ്ങളിൽ തന്നെയുണ്ട്. അവയാണ് യുക്തിരഹിതമായ കെട്ടുകഥകളെക്കാൾ, സത്യാന്വേഷികൾക്കു സ്വീകാര്യം. ആ സത്യം ഇരുട്ടറകളിൽ ഉറങ്ങുന്നത് അന്യർക്ക് അക്ഷരം നിഷേധിച്ച ബ്രാഹ്മണ്യതന്ത്രത്തിന്റെ ഫലമായാണ്.

വക്രബുദ്ധികൾ വെട്ടിത്തിരുത്തിയ വ്യാസചരിതം

ഒട്ടേറെ മറ്റ് സാധ്യതകൾ ഉണ്ടായിരുന്നിട്ടും, സനാതനസാഹിത്യത്തിന്റെ മുഖ്യ സ്രഷ്ടാവായ വ്യാസനെന്ന മഹാപ്രതിഭയെ എന്തുകൊണ്ട് വൈദികപാരമ്പര്യം ഏതുമില്ലാത്ത, സാമൂഹ്യശ്രേണിയിലെ ഏറ്റവും താഴെത്തലത്തിലുള്ള കേവലം കടത്തുതോണിക്കാരിയിൽ ജനിപ്പിച്ചു എന്നതു ചിന്തനീയമല്ലേ? വ്യാസനും മാനവചരിത്രം പറഞ്ഞ മനീഷികളും ഉപനിഷത്തുകളും ഇതര സനാതന ആദ്ധ്യാത്മികഗ്രന്ഥങ്ങളും അടിസ്ഥാനപ്രമാണമായി അവതരിപ്പിക്കുന്ന പരമതത്വത്തെ–ഈ പ്രപഞ്ചത്തിലെ സമസ്തചരാചരങ്ങളും പരബ്രഹ്മത്തിന്റെ അംശമാണെന്ന സത്യത്തെ- അതിലൂടെ പ്രതീകാത്മകമായി ആവിഷ്കരിച്ചതാകാമെന്നു വിശ്വസിക്കുന്നതല്ലേ ശരി. ആ വീക്ഷണത്തിലെ വലിപ്പം വശമില്ലാത്തവരാണ് അതിൽ അസ്വസ്ഥരാകുന്നത്. അവരാണ് സത്യവതിയുടെ ജന്മത്തിന് ആഢ്യപശ്ചാത്തലം ഒരുക്കി കഥകൾ മെനയുന്നത്. അത്തരത്തിലുള്ള ഒരു ഐതിഹ്യം നോക്കുക:

ഒരിക്കൽ കാട്ടിൽ നായാട്ടിനെത്തിയ ചേദിരാജാവായ ഉപരിചരവസ്സിന്, മാനുകൾ ഇണചേരുന്നതു കണ്ടപ്പോൾ, കാമപാരവശ്യത്താൽ ഇന്ദ്രിയസ്ഖലനം ഉണ്ടായി. ആ ശുക്ലം നഷ്ടപ്പെടുത്താതെ ഒരു ഇലയിൽ പൊതിഞ്ഞ്, രാജാവ് രാജ്ഞിക്കു കൊടുക്കാനായി ഒരു പരുന്തിനെ നിയോഗിച്ചു. പരുന്ത് ആ ഇലപ്പൊതിയുമായി പറക്കവേ, മറ്റൊരു പരുന്ത് ആക്രമിക്കുകയും, ഇലപ്പൊതി കാളിന്ദിനദിയിൽ വീഴുകയും, രാജന്റെ ബീജം ഒരു മീൻ വിഴുങ്ങുകയും ചെയ്തു. ആ മത്സ്യം, ബ്രാഹ്മണശാപത്താൽ മത്സ്യമായിത്തീർന്ന അദ്രിക എന്നു പേരുള്ള അപ്സരസ്ത്രീയായിരുന്നു. ഉപരിചരവസ്സിന്റെ രേതസ്സു ഭുജിച്ച മത്സ്യം ഗർഭിണിയായി.പിന്നീട് ആ മത്സ്യം ഒരു മുക്കുവന്റെ മീൻവലയിൽ കുടുങ്ങി. ആ മത്സ്യത്തെ മുറിച്ചപ്പോൾ അയാൾക്ക് രണ്ടു മനുഷ്യക്കുട്ടികളെ കിട്ടുകയുണ്ടായി; ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയും. കാര്യം കേട്ടറിറിഞ്ഞ ഉപരിചരവസ്സ്, ആ കുഞ്ഞുങ്ങളെ രാജകൊട്ടാരത്തിലേക്കു കൊണ്ടുവരുവാൻ ഉത്തരവിട്ടു. രാജകിങ്കരന്മാർ ആൺകുട്ടിയെ കൊട്ടാരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുകയും പെൺകുട്ടിയെ മുക്കുവനു തിരിച്ചു നൽകുകയും ചെയ്തു. മുക്കുവൻ ആ പെൺകുഞ്ഞിനെ കാളി എന്നു പേരുവിളിച്ച് സ്വന്തം മകളെപ്പോലെ വളർത്തി. സത്ഗുണസമ്പന്നയായതിനാൽ പിന്നീട് അവൾ സത്യവതിയെന്ന പേരിലാണ് അറിയപ്പെട്ടത്. മത്സ്യഗന്ധമുള്ളതിനാൽ മത്സ്യഗന്ധി എന്നും വിളിക്കപ്പെട്ടു.

ഈ ആഖ്യാനത്തിലെ ഓരോ സംഭവവുമെടുത്ത് അനുവാചകർ തന്നെ പരിശോധിക്കുക. എത്ര അബദ്ധജടിലമായ ഐതിഹ്യം! ഒരു ശതമാനം പോലും യുക്തിഭദ്രതയില്ലാത്ത ഈ വികൃതഭാവന വ്യാസരചനയുടെ അനുപമ സൗന്ദര്യത്തോട് ഒരു തരത്തിലും ഇഴചേരാതെ വേറിട്ടു നിൽക്കുന്നു എന്നതുതന്നെയാണ് അതിന്റെ പരാജയം. വ്യാസമാതാവ് ഒരു എളിയകുലത്തിൽ ജനിക്കുന്നത് അസഹനീയമായിത്തോന്നിയ ആരോ എഴുതിയുണ്ടാക്കിയ ഈ കഥയുടെ ഉദ്ദേശ്യം സത്യവതിയുടെ ജനനം ഒരു ആഢ്യകുടുംബത്തിൽ കൊണ്ടെത്തിക്കുക മാത്രമാണ്. വ്യാസൻ സ്വന്തം ജനനകഥ മഹാഭാരതത്തിൽ എഴുതിച്ചേർത്തത്, അദ്ദേഹം അതിലെ ഒരു പ്രധാന കഥാപാത്രമായതുകൊണ്ടാകാം. തന്റെ മാതാപിതാക്കളെക്കുറിച്ചും അവരുടെ ജീവിത

ത്തെക്കുറിച്ചും എത്ര പൊലിപ്പിച്ചെഴുതാനും സാധ്യതയുണ്ടായിട്ടും, അതിനു മുതിരാതെ, സത്യസന്ധമായിത്തന്നെ ആവിഷ്കരിച്ചതാണ് അദ്ദേഹത്തിന്റെ മഹത്വം. ആ മഹത്വമാണ് വ്യാസമഹർഷിയെ ബ്രാഹ്മണനാക്കുന്നത്; ജനിച്ച കുലമല്ല.

വിശുദ്ധഗ്രന്ഥങ്ങൾ വിളിച്ചുപറയുന്നത്

വ്യാസൻ ജീവിച്ചിരുന്നകാലത്ത് ചാതുർവർണ്യം നിലവിലുണ്ടായിരുന്നോയെന്നും, നിലവിലുണ്ടായിരുന്നെങ്കിൽത്തന്നെ അതിന് നാം ഇന്നറിയുന്ന അത്യന്തം വികൃതമായ വിഭജനതലങ്ങൾ ഉണ്ടായിരുന്നോയെന്നും കൃത്യമായി നിശ്ചയിക്കുക സാധ്യമല്ല. എങ്കിലും, വ്യാസമഹർഷിയാലും മറ്റു ഋഷിമാരാലും രചിക്കപ്പെട്ട പുസ്തകങ്ങളുടെ മൂലഭാഷ്യങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളിൽനിന്നും അറിയാനാകുന്നത്, സമൂഹത്തിൽ നിലനിന്നിരുന്ന വർഗ്ഗീകരണങ്ങളൊന്നും വിവേചനത്തിനുവേണ്ടിയുള്ള വേർതിരിവായിരുന്നില്ലാ എന്നുതന്നെയാണ്. അതുകൊണ്ടുതന്നെ, വ്യാസൻ ജനിച്ച വർണ്ണം തേടിപ്പോകുന്നതിൽ അയുക്തിയുണ്ട്. എങ്കിലും, അദ്ദേഹത്തിന്റെ ശൂദ്രപാരമ്പര്യം വെളിവാക്കുന്ന പല വസ്തുതകളും ലഭ്യമാണ്.അവയിൽ ഏറ്റവും പ്രാധാന്യമുള്ളത് അദ്ദേഹത്തിന്റെ വംശാവലിതന്നെ. വസിഷ്ഠപുത്രനായ ശക്തിയുടെ പുത്രനാണ് വ്യാസപിതാവായ പരാശരമുനി. അതായത്,സൂര്യവംശത്തിന്റെ കുലഗുരുവായിരുന്ന വസിഷ്ഠരുടെ പരമ്പരയിലായിരുന്നു വ്യാസമഹർഷിയുടെ ജനനം. ഇനി, ആരായിരുന്നു വസിഷ്ഠമഹർഷി എന്നുനോക്കാം.

വസിഷ്ഠമഹർഷിയിൽനിന്നാണ് ശൂദ്രകുലത്തിന്റെ ഉത്ഭവമെന്ന് മനുസ്മൃതിയിലെ മൂന്നാംഅധ്യായത്തിൽ വളരെ കൃത്യമായി പ്രസ്താവിക്കുന്നുണ്ട്:

> സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ
> വൈശ്യാനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിനഃ.
>
> ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപൻമാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്കു ഹവിർഭുക്കുകളെന്നും, വൈശ്യപിതൃക്കൾക്ക് ആജ്യപൻമാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേർ പറയുന്നു.
>
> വർണ്ണഭേദമനുസരിച്ച് പിതൃക്കളുടെ വർഗ്ഗഭേദത്തെയും നിർദ്ദേശിച്ചു.
>
> സോമപാസ്തു കവേഃ പുത്രാ ഹവിഷ്മന്തോƒങ്ഗിരഃ സുതാഃ
> പുലസ്ത്യസ്യാജ്യപാഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ.
>
> മുകളിൽ പറഞ്ഞവരിൽ സോമപൻമാർ ഭൃഗുവിൻെറ പുത്രൻമാരാകുന്നു; ഹവിഷ്മാൻമാർ അങ്ഗിരസ്സിൻെറ സന്താനങ്ങൾ; ആജ്യപൻമാർ പുലസ്ത്യപുത്രൻമാർ; സുകാലികൾ വസിഷ്ഠപുത്രൻമാർ.
>
> (മനുസ്മൃതി, മൂന്നാം അധ്യായം. ശ്ലോകം: 197/198)

മരീച്യാദി ഋഷികളിൽനിന്നും പിതൃക്കൾ ജനിച്ചു. പിതൃക്കളിൽനിന്നു മനുഷ്യരും ദേവന്മാരും ജനിച്ചു. ദേവന്മാരിൽനിന്നും ക്രമേണ ചരാചര ജഗത്തുണ്ടായി. (ഋഷിഭ്യ പിതരോ ജാതഃ പിതൃഭ്യോ ദേവമാനവ ദേവേഭ്യസ്തു ജഗത്സർവ്വം ചരം സ്ഥാണ്വനു പൂർവശഃ-ശ്ലോകം:201). ബ്രാഹ്മണരുടെ പിതൃക്കൾക്ക് സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്ക് ഹവിർഭുക്കുകൾ എന്നും,വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേരു പറയുന്നു.(സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ/ വൈശ്യനാമാജ്യപാ നാമഃ ശൂദ്രാണാം തു സുകാലിനഃ –ശ്ലോകം:197). മുകളിൽ പറഞ്ഞവരിലെ സോമപന്മാർ ഭൃഗുവിന്റെ പുത്രന്മാരാകുന്നു; ഹാവിഷ്മാന്മാർ അങ്ഗിരസ്സിന്റെ സന്താനങ്ങൾ; ആജ്യപന്മാർ പുലസ്ത്യപുത്രർ; സുകാലികൾ വസിഷ്ഠപുത്രന്മാർ.(സോമപാസ്തു കവേഃ പുത്രാ ഹാ

വിഷ്മന്തോƒങ്ഗിരഃ സുതാ/ പുലസ്തസ്യാജ്യപഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ). മനുസ്മൃതി ഇങ്ങനെ വളച്ചുകെട്ടി പറയുന്നതിന്റെ അർത്ഥം, ബ്രാഹ്മണരുടെ കുലം ഭൃഗുമുനിയിൽനിന്നു തുടങ്ങിയതുപോലെ ശൂദ്രവംശാവലി തുടങ്ങിയത് വസിഷ്ഠമഹർഷിയിൽനിന്നാണ് എന്നതാണ്. വംശമഹിമാവാദികൾ 'വേദങ്ങളെക്കാൾ വലിയ വിശുദ്ധഗ്രന്ഥമായി' കരുതുന്ന മനുസ്മൃതി, വ്യാസന്റെ വംശാവലി ശൂദ്രപരമ്പരയിലാണെന്നു പറയുമ്പോൾ, അതിനപ്പുറം ഒരു സാക്ഷ്യപത്രം വേണമോ?

വസിഷ്ഠന്റെ പുത്രന്മാർ ശൂദ്രരായ ഒരുകഥ മഹാഭാരതത്തിൽ വിവരിക്കുന്നുണ്ട്. പ്രസിദ്ധനായ ത്രിശങ്കുവിന്റെ കഥയാണ് അതിന്റെ പശ്ചാത്തലം.('വസിഷ്ഠന്റെ പൂണൂൽ സംരക്ഷിക്കാൻ നടത്തിയ വിക്രിയകൾ'). മഹാഭാരതം ശാന്തിപർവ്വം, അധ്യായം 297ലെ പതിനേഴാംശ്ലോകത്തെ അവലംബമാക്കി, വസിഷ്ഠർ ഗോത്രപ്രവർത്തകനായ ഋഷിമാരിൽ ഒരാളായിരുന്നു എന്ന് വെട്ടംമാണി രചിച്ച പുരാണിക് എൻസൈക്ലോപീഡിയയിലും പരാമർശമുണ്ട്(പേജ്:1087). അപ്പോൾ, വസിഷ്ഠന്റെ മകനായ ശക്തിയും, അദ്ദേഹത്തിന്റെ പുത്രനായ പരാശരമുനിയും, അനന്തരം വ്യാസനും, വ്യാസന്റെ മകനായ ശുകബ്രഹ്മർഷിയുമൊക്കെ ജാതിശ്രേണിയിലെ ശൂദ്രപരമ്പരയിൽ പെടുന്നവരാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. മാത്രവുമല്ല; പരാശരമുനിയുടെ അമ്മ അദൃശ്യന്തിയെന്ന് പേരായ ഒരു ചണ്ഡാലസ്ത്രീയായിരുന്നു എന്നും ചില പുസ്തകങ്ങളിൽ പറയുന്നുണ്ട്. ഒരു ഉദാഹരണം കാണുക:

ജാതിനിഷേധത്തിന്റെ ശാസ്ത്രീയമായ പൊരുൾ പ്രതിപാദിക്കുന്ന ശ്രീനാരായണ ഗുരുവിന്റെ കൃതിയാണ് 'ജാതിനിർണ്ണയം'. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സുപ്രസിദ്ധമായ തത്വോപദേശമുൾക്കൊള്ളുന്ന ആ കൃതിയിൽ ഗുരു എഴുതുന്നു: *പറച്ചിയിൽനിന്നു പണ്ടു പരാശരമഹാമുനി പിറന്നു; മറ സൂത്രിച്ച(വേദങ്ങൾ ചിട്ടപ്പെടുത്തിയ) മുനി കൈവർത്തകന്യയിൽ:

നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയാൻ താനുമെന്തുള്ളതന്തരം നരജാതിയിൽ.

ബ്രാഹ്മണനും പറയനും മനുഷ്യവർഗത്തിൽ നിന്നുതന്നെയാണ് ജനിക്കുന്നത്. ഈ നിലയ്ക്ക് മനുഷ്യവർഗത്തിൽ വ്യത്യാസം എന്താണുള്ളത്.

പറച്ചിയിൽനിന്നു പണ്ടു പരാശര മഹാമുനി
പിറന്നു മറസൂത്രിച്ച മുനി കൈവർത്തകന്യയിൽ

പരാശരമഹർഷി അദൃശ്യന്തി എന്നു പേരായ പറച്ചിയിൽ നിന്നും ജനിച്ചതായി കാണുന്നു. വേദങ്ങളെ ചിട്ടപ്പെടുത്തി ബ്രഹ്മസൂത്രം രചിച്ച വേദവ്യാസൻ മത്സ്യഗന്ധി എന്നു പേരായ മുക്കുവസ്ത്രീയിൽ ജനിച്ചതായും കാണുന്നു.

ശ്രീനാരായണഗുരു ഇവിടെ അനുസ്മരിക്കുന്നത് വേദവ്യാസന്റെപിതാവായ പരാശരമഹർഷി പറയസ്ത്രീയിൽ(പറച്ചി) ജനിച്ചതിനെയും, വേദവ്യാസൻ മത്സ്യഗന്ധി എന്ന മുക്കുവസ്ത്രീയിൽ പിറന്നതിനെയുമാണ്.

വസിഷ്ഠനും പാരശരമഹർഷിയും വ്യാസനും ജാതിശ്രേണിയിലെ ഏറ്റവും താഴെയുള്ള സമുദായങ്ങളിലാണു പിറന്നത് എന്നു സ്ഥിരീകരിക്കുന്ന ശ്ലോകങ്ങൾ മഹാഭാരതത്തിൽ തന്നെയുണ്ട്:ഗണികാ ഗർഭസംഭൂതോ വസിഷ്ഠശ്ചമഹാമുമുനിഃ തപസാ ബ്രാഹ്മണോ ജാതഃ സംസ്കാരസ്തത്ര കാരണം.(വസിഷ്ഠൻ ഒരു ഗണികയുടെ

മകനായിരുന്നു. എങ്കിലും,തപസ്സാകുന്ന ഗുണകർമ്മംകൊണ്ട് ബ്രാഹ്മണനായിത്തീർന്നു. സംസ്കാരമാണ് അതിനൊക്കെ കാരണം:

> ഗണികാ ഗർഭസംഭൂതോ
> വസിഷ്ഠശ്ച മഹാമുനി:
> തപസാ ബ്രാഹ്മണോ ജാത:
> സംസ്ക്കാരസ്തത്ര കാരണം.
>
> എന്താണർത്ഥം? വസിഷ്ഠൻ ഒരു ഗണികയുടെ മകനായിരുന്നു. എങ്കിലും തപസ്സാകുന്ന ഗുണകർമ്മംകൊണ്ട് അദ്ദേഹം ബ്രാഹ്മണനായിത്തീർന്നു. സംസ്ക്കാരമാണ് അതിനൊക്കെകാരണം.

> ജാതൊ വ്യാസസ്തു കൈവർത്ത്യാഃ
> ശ്വപാക്യാസ്തു പരാശരഃ
> ബഹവോ/ന്യേപി വിപ്രത്വം
> പ്രാപ്താ യേ പൂർവ്വമദ്വിജാഃ
>
> അർത്ഥം: വ്യാസൻ ഒരു മുക്കുവത്തിയുടെ മകനായി ജനിച്ചു. ശ്വപാകി അതായത് ചണ്ഡാലസ്ത്രീയുടെ മകനായി പരാശരനും ജനിച്ചു. അങ്ങിനെതന്നെ ജന്മനാ ദ്വിജന്മാരല്ലാതിരുന്ന നിരവധി പേർ ബ്രാഹ്മണരായിത്തീർന്നിരുന്നു.

അതായത്, വസിഷ്ഠനും പാരശരമുനിയും വ്യാസനും 'ബ്രാഹ്മണൻ' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നത്, അവരെല്ലാം ബ്രഹ്മജ്ഞാനികളായതിനാലാണ്. ക്ഷത്രിയനായ വിശ്വാമിത്രനും ഇത്തരത്തിൽ തന്നെയാണ് ബ്രാഹ്മണനായത്. ഋഷി പരമ്പരയുടെ ഭാഗമായി ബ്രഹ്മജ്ഞാനം നേടിയവരായതുകൊണ്ട്, അവർ സർവ്വ ജീവജാലങ്ങളെയും സമദൃഷ്ടിയോടെ കാണുവാൻ കഴിവുള്ളവരായിരുന്നു. അവർ ദേഹസംബന്ധിയായ ഭ്രമങ്ങളിൽനിന്നും വിടുതൽ നേടിയവരായിരുന്നു. അതിനാൽ നമുക്കവരെ 'ആർഷബ്രാഹ്മണ'രെന്ന് വിളിക്കാം. അവരാരുംതന്നെ ജാത്യാഭിമാനികളായ 'ആര്യബ്രാഹ്മണ'രായിരുന്നില്ല. വസ്തുത ഇതാണെങ്കിലും അവരൊക്കെ ഇന്നറിയപ്പെടുന്നത് 'ജാതിബ്രാഹ്മണ'രായാണ്. ആര്യന്മാരും ആര്യവംശമഹിമാവാദികളും ഉണ്ടാക്കിയെടുത്ത തെറ്റിദ്ധാരണയാണ് ആ വിശ്വാസത്തിന്റെ ആധാരം.

വസിഷ്ഠനും പാരശരമഹർഷിക്കും വേദവ്യാസനും ശുകനും വിശ്വാമിത്രനും വർണ്ണഭേദത്തിന്റെ വേലിക്കെട്ടിനുള്ളിൽ കുടുങ്ങിക്കിടക്കാത്ത ബ്രാഹ്മണരാകാനും, മാലോകർക്കു വെളിച്ചം പകരുന്ന ഗ്രന്ഥങ്ങളുടെ സ്രഷ്ടാക്കളാകാനും കഴിഞ്ഞത് അവർ ജീവിച്ചിരുന്നത് അത്യധികം വിവേചനംനിറഞ്ഞ 'ആര്യഭാരത'ത്തിലായിരുന്നില്ല എന്നതുകൊണ്ടാണ്. പൗരാണിക സാഹിത്യകൃതികൾ രചിക്കപ്പെട്ടത് ആര്യാധിനിവേശത്തിനും മുൻപുള്ള അദ്വൈതഭൂമികയിലായിരുന്നു എന്നതാണല്ലോ ഈ വസ്തുതകൾ സാക്ഷ്യപ്പെടുത്തുന്നത്. ആര്യാധിപത്യം സ്ഥാപിതമായതിനു ശേഷമുള്ള കാലഘട്ടങ്ങളിൽ, ഈ മണ്ണിന്റെയും സംസ്കാരത്തിന്റെയും യഥാർത്ഥ ഉടമകൾക്ക് സ്ഥാനം ചിത്രത്തിനു പുറത്തായിരുന്നല്ലോ.

[പിൻകുറിപ്പ്:ദക്ഷിണഭാരതത്തിലെ പല ഭാഗങ്ങളിൽ പല പേരുകളിലായി പടർന്നുകിടന്നിരുന്ന ആദിമ ഗോത്രവിഭാഗങ്ങളിൽ പെട്ടവരാണ് *പറയർ. സംഘകാലത്തെ ഏറ്റവും വലിയ മൂന്നാമത്തെ വംശം അവരുടേതായിരുന്നെന്ന് ചില കൃതികളിൽ പറയുന്നുണ്ട്. പറയിപെറ്റ പന്തിരുകുലത്തിന്റെ ഐതിഹ്യം ഏറെ പ്രസിദ്ധമാണല്ലോ. വിവിധ ദേശങ്ങളിൽ വ്യത്യസ്ത

പേരുകളിൽ അറിയപ്പെടുന്ന പറയർക്ക്, തെലുങ്കുദേശത്തു മാലായെന്നും മഡികയെന്നും, കന്നടയിൽ ഹോലിയാ എന്നും ഉപജാതിനാമങ്ങളുണ്ട്. ഭക്തകവി തിരുവള്ളുവരും നന്ദനാരും ഏറെ പ്രശസ്തരായ പറയ സമുദായാംഗങ്ങളായിരുന്നു.

ചരിത്രാതീതകാലം മുതൽ പറയർ ജാതിബ്രാഹ്മണ്യത്തിന്റെ എതിർചേരിയിൽ നിന്നവരാണെന്ന് പറയപ്പെടുന്നു. ചില സ്ഥലങ്ങളിലെ പറയർ വൈഷ്ണവചര്യ പിന്തുടരുന്നവരാണ്. അവർ പൂണൂൽ ധരിക്കുന്നവരും, ഇക്ഷ്വാകു, കർണ്ണൻ, ഭീമൻ, ദ്രൗപദി തുടങ്ങിയ മഹാഭാരതത്തിലെ കഥാപാത്രങ്ങളുടെ പേരുകൾ ഉള്ളവരും ആണെന്ന് കരുണാകരമേനോൻ പന്നിക്കോട്ട് രചിച്ച 'ദക്ഷിണേന്ത്യയിലെ ജാതികൾ' എന്ന പുസ്തകത്തിൽ പറയുന്നു. അത് അവരുടെ പൂർവ്വകാലത്തെ ഉയർന്ന കുലബന്ധത്തിന്റെ ശേഷിപ്പുകളാവാം. രാജകീയ വിളംബരങ്ങൾ പറകൊട്ടി അറിയിക്കുന്നത് ഇവരുടെ കുലത്തൊഴിലായിരുന്നെന്നും, ആ ജോലിയിൽനിന്നാണ് പറയരെന്ന പേര് ഉത്ഭവിച്ചതെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ഏതോ ഒരു കാലത്ത്, ബ്രാഹ്മണ്യത്തിന്റെ അപ്രീതിയ്ക്കു വിധേയരായി, ഭ്രഷ്ടുകൽപ്പിച്ചു പുറത്താക്കപ്പെട്ടവരുടെ പിന്മുറക്കാരാവാം അവർ. എത്തരത്തിൽ പറയർ സമൂഹത്തിൽനിന്ന് അകറ്റിനിറുത്തപ്പെട്ടിരുന്നുവോ, അതുപോലെ തന്നെ അവർ ബ്രാഹ്മണരെയും തങ്ങളുടെ ജീവിതത്തിൽനിന്ന് ഒഴിച്ചുനിറുത്തിയിരുന്നു. പറയർക്ക് ബ്രാഹ്മണ അഗ്രഹാരങ്ങളിൽ പ്രവേശനം വിലക്കിയിട്ടുള്ളതുപോലെതന്നെ, ബ്രാഹ്മണർക്കു പറയച്ചേരികളിൽ കടക്കാനും അനുവാദമില്ലായിരുന്നു. അതു ലംഘിച്ചുകൊണ്ട് കടക്കുന്നുവെങ്കിൽ, ആ ബ്രാഹ്മണന്റെ തലയിൽ ചാണകം കലക്കിത്തൂകി പറയർ ആട്ടിയോടിക്കുമായിരുന്നു എന്നും കരുണാകരമേനോൻ രേഖപ്പെടുത്തുന്നു. പറയരെ പതിതരാക്കിയ മുഖ്യഘടകം ആ ബ്രാഹ്മണ അപ്രീതിയാകാം]

വിദുരകഥ വിരൽ ചൂണ്ടുന്ന വസ്തുത

വ്യാസമഹർഷിയുടെ അബ്രാഹ്മണ പശ്ചാത്തലം വെളിപ്പെടുത്തുന്ന അതിനൊപ്പം തിളക്കമുള്ള ചില തെളിവുകൾ മഹാഭാരതത്തിലും കാണാം. വ്യാസന് ഹസ്തിനാപുരിയിലെ രാജകൊട്ടാരത്തിൽ ജോലിക്കാരിയായിരുന്ന ദാസിസ്ത്രീയിൽ പിറന്ന പുത്രനാണല്ലോ വിദുരൻ.(ആ കഥയുടെ വിശദമായ വിവരണം വിദുരരെന്ന അധ്യായത്തിൽ കാണാം). വ്യാസമഹർഷിയുടെ മകനായ വിദുരരെ ശ്രീകൃഷ്ണനും രാജസേവകരും അർദ്ധസഹോദരന്മാരായ പാണ്ഡുവും ധൃതരാഷ്ട്രരും ചില അവസരങ്ങളിൽ ആദരവോടെ അഭിസംബോധന ചെയ്തിരുന്നത് ക്ഷത്താവ് എന്നപദം ഉപയോഗിച്ചാണ്. ഉദ്യോഗപർവ്വതത്തിൽനിന്നുള്ള ഒരു ഉദാഹരണം കാണുക:


93. ശ്രീകൃഷ്ണവാക്യം – ശ്രീകൃഷ്ണൻ വിദുരനോട് തന്റെ ഉദ്യമത്തിന്റെ ഔചിത്യം വർണ്ണിക്കുന്നു – ശ്രീകൃഷ്ണൻ പറഞ്ഞു: ''ഹേ, വിദുരാ! മഹാപ്രാജ്ഞന്മാർ എപ്രകാരമാണോ പറയുക, വിചക്ഷണന്മാർ എപ്രകാരമാണോ പറയുക, അപ്രകാരമാണ് നീ പറയുന്നത്. അങ്ങനെ നിന്നെപ്പോലെ ചെയ്യുന്നവനാരോ അവൻ ഒരിക്കലും ആക്ഷേപാർഹനായി ഭവിക്കയില്ല. ധർമ്മാർത്ഥത്തോടുകൂടിയതും സത്യമായിട്ടുള്ളതും ഭവാന് അനുരൂപമായിട്ടുള്ള മാതാപിതാക്കൾക്ക് ചേർന്നവിധം നല്ലവാക്കുകളാണ് ഭവാൻ എന്നോടു പറഞ്ഞത്. സത്യവും കാലോചിതവും യുക്തവുമാണ് ഭവാൻ പറഞ്ഞത്. ഹേ, ക്ഷത്താവേ, ഭവാൻ ശ്രദ്ധയോടെ കേൾക്കുക. ഞാൻ വന്നതിന്റെ കാരണം പറയാം.

ഇനി, ക്ഷത്താവെന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നു നോക്കാം. അതറിഞ്ഞാൽ പല കെട്ടുകഥകളും തകർന്നുവീഴും. മനുസ്മൃതിയിലെ പത്താമധ്യായ

ത്തിൽ, നാലു വർണ്ണങ്ങളിൽ ഉൾപ്പെടുന്നവരുടെ വിവാഹംവഴിയോ അല്ലാതെയോ ഉണ്ടാകുന്ന സങ്കരസന്തതികളുടെ ജാതികളും, അവർ ഓരോരുത്തർക്കും വിധിക്കപ്പെട്ടിട്ടുള്ള തൊഴിലുകളും ആചാരങ്ങളും വിശദമായി വിവരിക്കുന്നുണ്ട്. അക്കൂട്ടത്തിൽ വരുന്ന ഒരു സങ്കരജാതിയാണ് ക്ഷത്താവ്. ക്ഷത്താവെന്നതിന് മനുസ്മൃതി നൽകുന്ന വ്യാഖ്യാനം ശൂദ്രനു ക്ഷത്രിയസ്ത്രീയിൽ ഉണ്ടാകുന്ന പുത്രൻ എന്നാണ്. മാത്രവുമല്ല,മനുസ്മൃതി അധമസമൂഹമായി കണക്കാക്കുന്ന സങ്കരവർണ്ണങ്ങളിൽ ഒന്നായിരുന്നു ക്ഷത്താവ് എന്ന ജാതി.(പത്താമധ്യായം, ശ്ലോകം:12,13):

> ശൂദ്രാദായോഗവഃ ക്ഷത്താ ചണ്ഡാലശ്ചാധമോ നൃണാം
> വൈശ്യരാജന്യവിപ്രാസു ജായന്തേ വർണ്ണസങ്കരാഃ. 12
>
> ശൂദ്രന് വൈശ്യയിൽ ജനിക്കുന്നവൻ ആയോഗവൻ; ക്ഷത്രിയയിൽ ജനിക്കുന്നവൻ ക്ഷത്താവ്, വിപ്രസ്ത്രീയിൽ ജനിക്കുന്നവൻ ചണ്ഡാലൻ; അവനത്രെ മനുഷ്യരിൽ അധമൻ. ഇങ്ങനെ സങ്കരവർണ്ണികൾ ജനിക്കുന്നു.

വിദുരരുടെ ജന്മത്തിന് നിദാനമായ ബീജം ശൂദ്രന്റേതാണെന്നും, വ്യാസൻ ശൂദ്രനാണെന്നും മനുസ്മൃതിയിലെ ഈ പറഞ്ഞ നിർവ്വചനത്തിൽനിന്നു വ്യക്തമാണല്ലോ. വിദുരൻ ശൂദ്രപുത്രനായി കണക്കാക്കപ്പെടുന്നത് ശൂദ്രസ്ത്രീയുടെ പുത്രൻ ആയതിനാലാണ് എന്നാണല്ലോ വായിച്ചറിഞ്ഞിട്ടുള്ളത്. അപ്രകാരത്തിലുള്ള പ്രചാരണങ്ങളെല്ലാം തെറ്റിദ്ധാരണ ജനിപ്പിക്കാൻ ഉദ്ദ്യേശിച്ചുള്ളതു മാത്രമാണെന്നു വ്യക്തമാണ്. വ്യാസമഹർഷിയുടെ കിടപ്പറയിലേയ്ക്ക് പറഞ്ഞുവിടപ്പെട്ട ദാസി, ക്ഷത്രിയ വംശത്തിൽ പിറന്നവൾ ആയിരിക്കാം. രാജകൊട്ടാരങ്ങളിൽ ദാസിയായും തോഴിയായുമൊക്കെ ക്ഷത്രിയരുണ്ടാകുന്നതു സ്വാഭാവികമാണല്ലോ. ധൃതരാഷ്ട്രരെ ശുശ്രൂഷിക്കാൻ നിയോഗിക്കപ്പെട്ട വൈശ്യസ്ത്രീയിൽ, അദ്ദേഹത്തിനു പിറന്ന യുയുത്സുവിന്റെ കഥ സമർത്ഥിക്കുന്നത്, ദാസിമാരായി രാജധാനിയിൽ ശൂദ്രർ മാത്രമല്ല; ഇതര വർണ്ണികളും ഉണ്ടായിരുന്നു എന്നാണല്ലോ. വ്യാസൻ ബ്രാഹ്മണനും തോഴി ശൂദ്രയും ആയിരുന്നെങ്കിൽ മനുസ്മൃതി അനുസരിച്ച് അവർക്കുണ്ടാകുന്ന സന്തതി നിഷാദനെന്നോ പാരശവനെന്നോ ആണത്രേ വിളിക്കപ്പെടേണ്ടത്. ആ ഭൃത്യ ക്ഷത്രിയയോ വൈശ്യയോ ആയിരുന്നെങ്കിൽ, യഥാക്രമം അമ്പഷ്ഠനെന്നും പിതൃസദൃശനെന്നുമാണ് കണക്കാക്കേണ്ടത്. അതായത്, മനുസ്മൃതിയുടെ ജാതിവിഭജനമനുസരിച്ചും വിദുരന്റെ പിതാവായ വ്യാസൻ ശൂദ്രനാണെന്നു വ്യക്തമാകുന്നു. വിദുരനെ 'ശൂദ്രപുത്രൻ' ആയി തന്നെയാണ് മഹാഭാരതത്തിലും ഭാഗവതത്തിലും അവതരിപ്പിക്കുന്നത്. ശൂദ്രനായ വ്യാസന്റെ പുത്രനെന്നനിലയിലും വസ്തുതാപരമായി അത് ശരിയാണ്. എന്നാൽ, പൊതുവിൽ പ്രചരിപ്പിക്കപ്പെടുന്നത്, ദാസീപുത്രനായതിനാലാണ് അദ്ദേഹത്തെ ശൂദ്രനായി കണക്കാക്കുന്നത് എന്നാണല്ലോ. അത് യാദൃശ്ചികമാണെന്നു കരുതാനാകില്ല.വേദവ്യാസന്റെ ശൂദ്രപശ്ചാത്തലം ചർച്ചചെയ്യപ്പെടാതിരിക്കാനുള്ള ആസൂത്രിതമായ ഒരു തന്ത്രമായിരിക്കാം ആ ദുർവ്യാഖ്യാനം.

അംബികയിലും അംബാലികയിലും, വ്യാസൻ പാണ്ഡുവിനും ധൃതരാഷ്ട്രർക്കും ജന്മംനൽകിയത് നിയോഗമെന്ന വിധവാവിവാഹരീതിയനുസരിച്ചാണ്. ഭർത്താവിൽനിന്നും സന്താനങ്ങളുണ്ടായില്ലെങ്കിൽ,വംശം നിലനിർത്താൻ അദ്ദേഹത്തിന്റെ

സഹോദരനിൽനിന്നോ സപിണ്ഡനിൽനിന്നോ സന്തതി ജനിപ്പിക്കുന്ന രീതിയാണ് നിയോഗം എന്ന് അറിയപ്പെടുന്നത്. ഭർത്താവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹമോ, വിധവയാണെങ്കിൽ ഗുരുവോ 'നിയോഗിച്ചാൽ' മാത്രമാണ് ആ സമ്പ്രദായം സ്വീകാര്യമാകുക. മനുസ്മൃതി ഒൻപതാമധ്യായത്തിലെ പരാമർശങ്ങളനുസരിച്ച്, നിയോഗവിധി ഒരു ആപദ്ധർമ്മമാണെങ്കിലും, അത് ദ്വിജാതീയർക്ക് (ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവർണ്ണികൾക്ക്) അനുവദനീയമല്ല.(ശ്ലോകം:64). തന്നെയുമല്ല, വിധവാവിവാഹം ഒരു 'പശുധർമ്മ'മാണെന്നും നിന്ദ്യമാണെന്നുമാണ് മനുവിന്റെയും വിദ്വാന്മാരുടെയും വിശ്വാസം(ശ്ലോകം: 66). ആ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും വ്യാസമുനി ദ്വിജാതീയനായിരുന്നില്ല എന്നതു സ്പഷ്ടമാണല്ലോ. സകലശാസ്ത്രവിശാരദനായ വേദവ്യാസമഹർഷിക്ക് മനുസ്മൃതിയിലെ ഈ നിയമം അറിയാതിരിക്കാൻ ഇടയില്ലല്ലോ.(പശുധർമ്മം=മൃഗധർമ്മം). (അംബികയും, അംബാലികയും, കുരുവംശവും ദ്വിജാതിയായ ക്ഷത്രിയരായിരുന്നില്ല എന്നോ, അക്കാലത്ത് സ്മൃതിനിയമങ്ങൾ നിലനിന്നിരുന്നില്ലാ എന്നോ കരുതേണ്ടിവരുന്ന സാഹചര്യം കൂടിയാണിത്).

മഹാഭാരതത്തിലെ താത്വിക ചർച്ചകളിൽ ഭഗവദ്ഗീതപോലെ തന്നെ സ്വീകരിക്കപ്പെടുന്നതാണ് വിദുരനീതി.അർജ്ജുനനെ മുൻനിർത്തി കൃഷ്ണൻ ഗീതോപദേശം ചെയ്തതുപോലെ, ജന്മാന്ധനും പുത്രരോടുള്ള സ്നേഹാധിക്യത്താൽ ധർമ്മാന്ധനും ആയ ധൃതരാഷ്ട്രരെ നിമിത്തമാക്കി ധർമ്മദേവന്റെ അവതാരമായ വിദുരൻ 'എന്താണ് ധർമ്മം'എന്നു വ്യക്തമാക്കുകയാണ് 'വിദുരനീതി'യിൽ. മഹാഭാരതകഥയിലെ ഏറ്റവും നിർണായകമായ ഒരു പ്രതിസന്ധിയാണ് ഉദ്യോഗപർവ്വത്തിൽ നാം കാണുന്നത്. ഒരു വശത്ത് യുദ്ധത്തിനുള്ള സകലവിധ സന്നാഹങ്ങളും, മറുവശത്ത് യുദ്ധമൊഴിവാക്കാനുള്ള കഠിന പ്രയത്നങ്ങളും നടക്കുന്നു. അസഹ്യമായ മാനസിക സംഘർഷം കാരണം ഉറങ്ങുവാൻ സാധിക്കാത്ത ധൃതരാഷ്ട്രർ, ദൂതനെ അയച്ച് വിദുരരെ വിളിപ്പിക്കുകയും, താൻ എന്തുചെയ്യണം എന്നതിനെക്കുറിച്ച് അഭിപ്രായമാരായുകയും ചെയ്യുന്നു. അതനുസരിച്ചു വിദുരൻ നൽകുന്ന ഉപദേശമാണ് 'വിദുരനീതി'. ചോദ്യോത്തര രൂപത്തിലുള്ള ആ സംവാദത്തിലും ക്ഷത്താവെന്നാണ് വിദുരരെ പലപ്പോഴും സംബോധന ചെയ്യുന്നത്.(ഉദാ: അധ്യായം:01, ശ്ലോകം:01,06):

> **പ്രഹിതോ ധൃതരാഷ്ട്രേണ ദൂതഃ ക്ഷത്താരമബ്രവീത്**
> **ഈശ്വരസ്ത്വാം മഹാരാജോ മഹാപ്രാജ്ഞ ദിദൃക്ഷതി**
>
> ധൃതരാഷ്ട്രരാൽ അയയ്ക്കപ്പെട്ട ദ്വാരപാലകൻ വിദുരരോട് പറഞ്ഞു, "അല്ലയോ മഹാബുദ്ധേ! നമ്മുടെ യജമാനനായ (സ്വാമിയായ) മഹാരാജാവ് അങ്ങയെ കാണുവാനാഗ്രഹിക്കുന്നു."

> **ദ്വാഃസ്ഥ ഉവാച**
> **പ്രവിശാന്തഃപുരം ക്ഷത്തർമഹാരാജസ്യ ധീമതഃ**
> **ന ഹി തേ ദർശനേƒകാല്യോ ജാതു രാജാ ബ്രവീതി മാം**
>
> ദ്വാരപാലകൻ വിദുരരുടെയടുക്കൽ ചെന്ന് പറഞ്ഞു, "അല്ലയോ ക്ഷത്താവേ! ബുദ്ധിമാനായ മഹാരാജാവിന്റെ അന്തഃപുരത്തിലേയ്ക്ക് പ്രവേശിച്ചലും. അങ്ങയെ കാണുവാൻ ഒരിക്കലും തനിക്ക് വൈമനസ്യമില്ലെന്ന് രാജാവ് എന്നോട് പറഞ്ഞു."

വ്യാസൻ ശൂദ്രനായിരുന്നു എന്നതു മാത്രമല്ല, അക്കാലത്ത് 'ക്ഷത്താവ്', അല്ലെങ്കിൽ ശൂദ്രപുത്രൻ എന്നത് ഒരു അപമാനപ്രയോഗമായിരുന്നില്ലെന്നും ശൂദ്രസന്തതിയായി ജനിച്ചതുകൊണ്ട് ആരും അകറ്റിനിർത്തപ്പെട്ടിരുന്നില്ല എന്നും അടിവരയിട്ട് പറയുകയാണ് വിദുരനീതിയിലേയും മഹാഭാരതത്തിലേയും ആ അഭിസംബോധനകളിലൂടെ. മാതാവ് ആരായാലും പിതാവ് ബ്രാഹ്മണനാണെന്നും,അതിനാലാണ് തങ്ങൾ പൂണൂലണിയിക്കുന്നത് എന്നുമുള്ള വംശവിശുദ്ധിവാദികളുടെ വാദങ്ങളാണല്ലോ, വ്യാസന്റെ വംശാവലി ശൂദ്രശ്രേണിയിലാണെന്നതോടെ ഇല്ലാതാകുന്നത്.

വിരൂപോഹി ജടീവാപി ദുർവ്വർണ്ണ പുരുഷഃ കൃശഃ/ സുഗന്ധേതരഗന്ധശ്ച സർവ്വഥാ ദുഷ്പ്രധർഷണഃ എന്നാണ് മഹാഭാരതകഥയിൽ വ്യാസൻ സ്വന്തം ശരീരത്തെ പരിചയപ്പെടുത്തുന്നത്. അദ്ദേഹം കാഴ്ചക്ക് ആകർഷകനായിരുന്നില്ല. വിരൂപനും ജടിലനും ദുർവ്വർണ്ണനും കൃശഗാത്രനും സുഗന്ധേതരഗന്ധ(ദുർഗ്ഗന്ധം)മുള്ളവനുമായിരുന്നു. തന്റെ മാതാവായ സത്യവതിയുടെ സദുദ്ദേശ്യപരമായ നിർബ്ബന്ധത്തിനു വഴങ്ങി, ഹസ്തിനാപുരത്തിലെ യുവരാജകുമാരിമാരുമായി പുത്രോത്പാദനാർത്ഥം സംഗമിച്ചപ്പോൾ അംബികയിലും അംബാലികയിലും ഉണ്ടായ ഭാവമാറ്റങ്ങൾ അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഞാൻ എന്നഭാവത്തെ ഭൂമിയോളമടക്കി ഇല്ലായ്മചെയ്ത ഒരാളിനുമാത്രമേ തന്നെകുറിച്ച് ഇത്ര സത്യസന്ധമായ വിധത്തിൽ തുറന്നെഴുതാൻ സാധിക്കൂ. സ്വന്തം മാതാവായ സത്യവതി ഒരു കൈവർത്തക യുവതിയാണെന്നും, അവർ അവിവാഹിതയായിരിക്കെ പരാശരമുനിയിൽനിന്നുണ്ടായ പുത്രനാണ് താനെന്നും, തന്റെ മക്കളും വിവാഹേതരബന്ധങ്ങളിൽ ജനിച്ചവരാണെന്നും, അവരുടെ പുത്ര-പൗത്രന്മാരുടെ ചാപല്യങ്ങൾ നിമിത്തം ഒരു കുലത്തിനാകെ തമ്മിലടിച്ചു മരിക്കേണ്ടിവന്നെന്നും മഹാഭാരതത്തിലൂടെ സത്യസന്ധമായി അവതരിപ്പിക്കുകയാണ് വ്യാസഭഗവാൻ. ആ സത്യം വിളിച്ചുപറയുന്നതിന്, സദാചാരസംഹിതകളോ അഭിമാനബോധമോ തടസ്സമായി കരുതാത്ത വ്യാസമഹർഷിയോളം വിശ്വസിക്കാവുന്നതായി മറ്റാരുമില്ല. ആ മഹാത്മാവിന്റെ വാക്കുകളാണ് ഏതൊരു സത്യാന്വേഷിക്കും വെളിച്ചമാകേണ്ടത്; വംശവിശുദ്ധിവാദികളുടെ സ്വാർത്ഥപരമായ വീമ്പുപറച്ചിലല്ലാ. ആയതിനാൽ, വ്യാസനും മഹാഭാരതവും വിദുരനീതിയും ശ്രീനാരായണഗുരുവും നിരത്തുന്ന മായമില്ലാത്ത തെളിവുകൾ വെള്ളംതൊടാതെ വിഴുങ്ങാം. കുലമഹിമാവാദികൾക്കും ഒരു ശങ്കയുംകൂടാതെ അത് സ്വീകരിക്കാം. എന്തുകൊണ്ടെന്നാൽ, വ്യാസന്റെ പരമ്പര ജനിച്ചു ജീവിച്ചത് ശൂദ്രശ്രേണിയിലാണെന്ന സത്യത്തിന് അവരുടെ പ്രാമാണികഗ്രന്ഥമായ മനുസ്മൃതിയുടെ സാധൂകരണവുമുണ്ട്.

വേദചോരണത്തിനെതിരെയുള്ള വ്യാസവിപ്ലവം

വ്യാസമഹർഷിയെ 'പൂണൂലണിയിക്കുന്നതിനും' വളരെ മുൻപ്, അദ്ദേഹത്തിന്റെ രചനകൾ ആഢ്യന്മാരെന്ന് അവകാശപ്പെടുന്ന ഉപരിവർഗ്ഗം അപഹരിച്ചതും, അതിന്റെ യഥാർത്ഥ അവകാശികളായ ഭക്തന്മാർക്ക് അപ്രാപ്യമാക്കിയതും, വ്യാസനെ അസ്വസ്ഥനാക്കിയിരുന്നു എന്നു തന്നെ അനുമാനിക്കാം. ശ്രീമദ്ഭാഗവതത്തിന്റെ ആദ്യസ്കന്ധത്തിൽ നൈമിശാരണ്യത്തിലെ യജ്ഞവേദിയിൽവെച്ച്,ഭാഗവതരചനയുടെ ചരിത്രം പ്രസ്താവിക്കുമ്പോൾ, ഭാഗവതരചനക്ക് വേദവ്യാസമഹർഷിയെ

നിർബന്ധിച്ച സാഹചര്യം ശൗനകാദി മുനിമാരോടു സൂതൻ പ്രസ്താവിക്കുന്നുണ്ട്. 'പൗരോഹിത്യത്തിന്റെ വേദചോരണത്തിനെതിരെ' വ്യാസൻ നടത്തുന്ന പ്രതിക്രിയയാണ് ഭാഗവതകാവ്യം എന്നുവേണം കരുതാൻ. ആ സത്യമറിയാൻ ഭാഗവതത്തിലെ വരികൾക്കിടയിലൂടെ സഞ്ചരിക്കേണ്ടതില്ല; വരികൾക്കൊപ്പം നടന്നാൽമതി. അത്രമേൽ കൃത്യമായി വ്യാസൻ ആ കൃത്യം നിർവ്വഹിച്ചിട്ടുണ്ട്. അതുകൊണ്ടാണ്, ശൂദ്രരും സ്ത്രീകളുമടക്കമുള്ള അല്പബുദ്ധികൾക്കുപോലും മനസ്സിലാകുന്ന ലളിത കഥാസൃഷ്ടി എന്ന മേൽവിലാസം ചാർത്തപ്പെട്ടിട്ടും, മറ്റു മിക്ക ഗ്രന്ഥങ്ങൾക്കും ലഭിച്ച പ്രശസ്തി ഭാഗവതം നേടാതെ പോയത്. ഭാഗവതം വ്യാസരചനയല്ലെന്ന ചില വ്യാഖ്യാതാക്കളുടെ നിരാകരണത്തിന്റെ കാരണവും അതുതന്നെയാകാം.

നാരദമുനിയുടെ നിർദ്ദേശപ്രകാരമാണ്, ഉള്ളടക്കത്തിലും വിഷയത്തിലും വസ്തുവിലും ഭഗവാൻ നിറഞ്ഞുനിൽക്കുന്ന ശാശ്വത കൃതിയായ ഭാഗവതം രചിച്ചതെന്നു വ്യാസൻ പറയുന്നു: വളരെ കുറച്ച് സുകൃതികൾ മാത്രമേ, കർമ്മങ്ങളുടെയും വേദപുരാണസംഹിതാനുസാരിയായ മാർഗ്ഗങ്ങളുടെയും അപ്പുറത്ത് ഭഗവത്ഭക്തിയിലൂടെ മാത്രമേ ശാശ്വതമായ മോക്ഷം സിദ്ധിക്കൂ എന്ന സത്യം മനസ്സിലാക്കി ജീവിക്കുന്നുള്ളൂ എന്നും, അതിന് എല്ലാവരെയും പ്രാപ്തരാക്കുന്ന ഭഗവാൻ നാരായണന്റെ അവതാരമഹിമകൾ വർണ്ണിക്കുന്ന കാവ്യം രചിക്കണം എന്നും ശ്രീനാരദൻ വ്യാസനോടു നിർദ്ദേശിച്ചു. യാഗം, യജ്ഞം തുടങ്ങിയ കർമ്മങ്ങളിലൂടെയും, വേദപുരാണസംഹിതാനുസാരിയായ മാർഗ്ഗങ്ങളിലൂടെയും മാത്രമേ മോക്ഷപ്രാപ്തിയുണ്ടാകൂ എന്നുള്ള സ്വാർത്ഥമോഹികളുടെ പ്രചാരണത്തിൽ ജനങ്ങൾ പെട്ടുപോയതിനാൽ വളരെക്കുറച്ചു സുകൃതികളേ ഭഗവൽഭക്തിയിലൂടെ മാത്രമേ ശാശ്വതമായ മുക്തി ലഭിക്കൂ എന്ന വസ്തുത മനസ്സിലാക്കി വർത്തിക്കുകയുള്ളൂ എന്നും അതിന് സർവ്വരെയും യോഗ്യരാക്കുന്ന ഗ്രന്ഥം രചിക്കേണ്ടത് അനിവാര്യമാണെന്നും ഋഷി തിരിച്ചറിഞ്ഞെന്നുവേണം വിശ്വസിക്കാൻ. വേദപുരാണസംഹിതാനുസാരിയായ കർമങ്ങളിലൂടേയും മാർഗ്ഗങ്ങളിലൂടേയും മാത്രമേ മോക്ഷംസിദ്ധിക്കൂ എന്ന പൗരോഹിത്യവർഗ്ഗത്തിന്റെ 'ദുർവ്യാഖ്യാനങ്ങൾ', ഭൂരിപക്ഷം വരുന്ന സ്ത്രീകളിലും അബ്രാഹ്മണരിലും മോക്ഷം തങ്ങൾക്ക് അലഭ്യമാണെന്ന വിശ്വാസം വളർത്തിയെന്നുള്ള വസ്തുത വ്യാസൻ തിരിച്ചറിഞ്ഞിരുന്നെന്നുവേണം ഇതിൽനിന്ന് മനസ്സിലാക്കാൻ. മോക്ഷത്തിലേക്കുള്ള ശരിയായ മാർഗ്ഗം ഭക്തിയാണെന്ന സത്യം അവരിൽ എത്തിക്കുന്നതിനും, സകലരേയും അതിന് പ്രാപ്തരാക്കുന്നതിനും ഉതകുന്ന ഒരു കാവ്യം രചിച്ചാൽ മാത്രമേ താൻ സംതൃപ്തനാകൂ എന്ന വ്യാസമുനിയുടെ തീരുമാനം നാം ഭാഗവതത്തിൽനിന്നും വായിച്ചെടുത്തേ പറ്റൂ. ഭക്തികൊണ്ടു മോക്ഷം ലഭിക്കുമെങ്കിൽ, യജ്ഞമോ യാഗമോ നടത്താൻ ആരെങ്കിലും മെനക്കെടുമോ എന്നു ഭയന്നിരുന്ന സമൂഹങ്ങളുടെ കൈയൊഴിയലാകാം ഭാഗവതത്തെ ആധികാരികഗ്രന്ഥമാകാതെ, കേവലം 'കൃഷ്ണകഥാപുസ്തക'മാക്കി തരംതാഴ്ത്തിയതിന് പിന്നിലെന്ന് ആരെങ്കിലും സംശയിച്ചാൽ അതിനു സാധുതയുണ്ടല്ലോ.

ഉപനിഷത്തുകളും, ഭഗവത്ഗീതയടക്കമുള്ള എല്ലാ ഹൈന്ദവ ശാസ്ത്രഗ്രന്ഥങ്ങളും മോക്ഷത്തിനുള്ള ഉപായമായി ഭക്തിക്കൊപ്പം അടിവരയിട്ടു പറയുന്ന മാർഗ്ഗമാണ് ജ്ഞാനം. ആ ഗ്രന്ഥങ്ങളും, അവയെ സത്യസന്ധമായി വ്യാഖ്യാനിച്ച മനീഷികളും,

ജ്ഞാനമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് സമസ്ത ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യവും പരമാത്മചൈതന്യവും ഒന്നുതന്നെയാണെന്ന 'പരമജ്ഞാന'മാണ്. എന്നാൽ, 'ജ്ഞാനം' എന്ന പദത്തെപ്പോലും ചില കപടവ്യാഖ്യാതാക്കൾ അപനിർമ്മിച്ചതായി കാണുന്നു. അവർ, പരമജ്ഞാനമെന്നാൽ വേദജ്ഞാനമാണെന്നും, അതു നേടുന്നവർക്കു മാത്രമേ മോക്ഷം സാധ്യമാകൂ എന്നും പ്രചരിപ്പിച്ചു. വേദപഠനത്തിന് അധികാരമില്ലാത്തവരെന്ന് അവർ വിലക്കിയ വിഭാഗങ്ങൾക്ക് മോക്ഷചിന്തയ്ക്കുപോലുമുള്ള അവസരം അടച്ചുകളഞ്ഞു. ആ അപനിർമ്മിതി അതിലംഘിക്കുന്നതിനുവേണ്ടിയാകാം മോക്ഷത്തിലേക്കുള്ള പാത ഇളക്കമില്ലാത്ത നിഷ്കാമ ഭക്തിയാണെന്ന സത്യത്തെ, അനേകമനേകം ഉദാഹരണങ്ങളിലൂടെ വ്യാസൻ ഭാഗവതത്തിൽ ആവർത്തിച്ചാവർത്തിച്ച് ആവിഷ്കരിക്കുന്നത്. ഭക്തിമാത്രമാണ് മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗമെന്നു വ്യാസതൂലികയിലൂടെ ശ്രീമദ്ഭാഗവവതം അടിവരയിട്ടു പറയുന്നത്, ദേവന്മാരെയും മനുഷ്യരെയും മാത്രമല്ല, സമസ്ത ജീവജാലങ്ങളെയും ദൃഷ്ടാന്തമാക്കിയാണ് എന്നതും പ്രത്യേകം ശ്രദ്ധിക്കുക.

തീർത്തും ലളിതമായ കൃഷ്ണചരിതമായതിനാലാണ് മഹാഭാഗവതം സ്ത്രീകളും ശൂദ്രരും അടക്കമുള്ള സർവ്വർക്കുമായി സമർപ്പിക്കപ്പെട്ടത് എന്ന് ചില 'ശുദ്ധബുദ്ധികൾ' വ്യാഖ്യാനിക്കാറുണ്ട്. അത്തരം വെളുപ്പിക്കൽ പ്രക്രിയയ്ക്ക് ഒരുമ്പെടുന്നവർ ഒന്നുകിൽ ഭാഗവതം ഒന്ന് ഓടിച്ചുനോക്കിയിട്ടുപോലുമുണ്ടാകില്ല; അല്ലെങ്കിൽ ഒരു മടിയുമില്ലാതെ അസത്യം പറഞ്ഞ് ഭാഗവതത്തെയും ഭഗവാനെയും വ്യാസനെയും ഇകഴ്ത്തുകയാകാം. പന്ത്രണ്ട് സ്കന്ധങ്ങൾ ഉള്ള മഹാഭാഗവതത്തിലെ ആദ്യത്തെ ഒൻപതു സ്കന്ധങ്ങൾ തീരുമ്പോഴാണ് കൃഷ്ണകഥ വരുന്നത്. അതിനു മുൻപുള്ള ഭാഗങ്ങൾ, മഹാഭാരതത്തെയും രാമായണത്തെയും അപേക്ഷിച്ചു 'സങ്കീർണ്ണ'മാണ്; കഥകൾകൊണ്ടും ആദ്ധ്യാത്മിക പ്രബോധനങ്ങളാലും സമ്പന്നവുമാണ്. അതിനാൽ, വിരാട്ട്പുരുഷന്റെ മുഖത്തുനിന്നും സൃഷ്ടിക്കപ്പെട്ട തങ്ങളൊഴികെ മറ്റുള്ളവരൊക്കെ തലച്ചോറില്ലാതെയാണ് ജനിക്കുന്നത് എന്ന ചിലരുടെ അബദ്ധവിശ്വാസം വരുത്തിവെക്കുന്ന വിനയായിമാത്രം, മഹാഭാഗവതത്തെ വെറും 'കൃഷ്ണകഥാപുസ്തക'മാക്കി മാറ്റുന്ന വ്യാഖ്യാനക്കസർത്തുകളെ കണ്ടാൽമതി.

ഭാഗവതം തുടങ്ങുന്നതുതന്നെ, ജനനമാണ് വേദാധികാരത്തിനുള്ള ആധാരം എന്ന വംശവിശുദ്ധിവാദികളുടെ വാദമുഖം തകർത്തുകൊണ്ടാണ്. ഭാഗവത രചനയ്ക്കു വ്യാസമഹർഷിയെ പ്രചോദിപ്പിച്ചത് നാരദമുനിയാണെന്ന് ആരംഭസ്കന്ധത്തിലെ അഞ്ചാമധ്യായത്തിൽ കവി പ്രസ്താവിക്കുന്നുണ്ട്. നാലു വേദങ്ങളും വിധിപോലെ വ്യസിച്ച് ശിഷ്യന്മാർക്കു പഠിപ്പിച്ചുകൊടുത്തിട്ടും, പഞ്ചമവേദം എന്നറിയപ്പെടുന്ന മഹാഭാരതം രചിച്ചിട്ടും, പതിനെട്ട് പുരാണങ്ങൾ എഴുതിയിട്ടും വ്യാസൻ തൃപ്തനായില്ല. അങ്ങനെ ചിന്താകുലനായി ഇരിക്കുന്ന വ്യാസന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ട നാരദമുനിയുടെ നിർദ്ദേശപ്രകാരമാണ് ഭാഗവതം കുറിച്ചത്. വ്യാസമഹർഷിയുടെ ഉള്ളിലെ സന്താപത്തിന്റെ യഥാർത്ഥ കാരണം, അവയുടെ 'നേരവകാശികളിൽ' നിന്നും പൗരോഹിത്യസമൂഹം നടത്തിയ വേദചോരണമാണെന്ന് വ്യക്തമാക്കുന്ന ചിലപരാമർശങ്ങൾ ആ പുസ്തകത്തിലുണ്ട്. ഭാഗവതരചനയ്ക്കു വ്യാസനെ ഉപദേശിക്കുന്ന വേളയിൽ, പൂർവ്വജന്മത്തിൽ താനൊരു ദാസീപുത്രനായിരുന്നെന്ന സത്യ

സ്ഥിതി നാരദമുനി വെളിപ്പെടുത്തുന്നുണ്ട്. ആ തുറന്നുപറച്ചിലിന്റെ നിദാനം, ആ ഗ്രന്ഥങ്ങളുടെമേൽ ആർക്കാണ് യഥാർത്ഥ അവകാശമെന്ന സംവാദം അവർക്കിടയിൽ നടന്നതുകൊണ്ടാവാം. ശൂദ്രരും സ്ത്രീകളുമടക്കമുള്ള കുറെ വിഭാഗങ്ങളെ അറിവിൽനിന്നും അകറ്റിനിറുത്തുന്നത് അവർക്കിടയിൽ ചർച്ച ആയപ്പോഴാകാം, കഴിഞ്ഞ ജന്മത്തിൽ താനും ദാസീപുത്രനായിരുന്നെന്ന രഹസ്യം നാരദർ വെളിവാക്കിയത്. അന്ന് താൻ ബ്രഹ്മജ്ഞാനം നേടിയ കാര്യമവതരിപ്പിച്ച്, ഭക്തിയിലൂടെ പരമജ്ഞാനം സ്വീകരിക്കാനും മോക്ഷം നേടാനും സകല മനുഷ്യർക്കും സർവ്വ ജീവജാലങ്ങൾക്കും, അസുരന്മാർക്കുപോലും അവകാശം ഉണ്ടെന്ന വസ്തുത സ്വാനുഭവത്തിന്റെ അടിസ്ഥാനത്തിൽ നാരദർ സമർത്ഥിക്കുകയാകാം ഉണ്ടായത്.

[ദാസീപുത്രനായ നാരദൻ: കഴിഞ്ഞ ജന്മത്തിൽ ഒരു ദാസിയുടെ മകനായാണ് താൻ ജനിച്ചതെന്നും, മാതാവിനൊപ്പം താൻ മഹർഷികളെ പരിചരിക്കാറുണ്ടായിരുന്നെന്നും നാരദൻ വ്യാസനോടു പറയുന്നു. ഋഷിമാരിൽനിന്നും ഭഗവാൻ കൃഷ്ണന്റെ ലീലാവിലാസങ്ങൾ കേട്ടുവളർന്ന അദ്ദേഹത്തിന്, ആ ശരീരമല്ല ആത്മാവ് എന്നും, ആത്മാവ് പരമാത്മാവിന്റെ പ്രതിബിംബമാണെന്നും മനസ്സിലായി. അതോടുകൂടി മനസ്സിലെ രജതമോഗുണങ്ങൾ നിശ്ശേഷം നശിക്കാനിടയായി. ആ കുട്ടിയുടെ ഭഗവൽഭക്തിയിലും ശ്രദ്ധയിലും സംപ്രീതരായ ഋഷിമാർ, തപഃശക്തികൊണ്ടും ദീർഘകാല ധ്യാനംകൊണ്ടും ആർജ്ജിച്ച അവരുടെ വിദ്യാസമ്പത്ത്(ആത്മവിദ്യ) അവനു പകർന്നുകൊടുത്തു. അധികകാലം കഴിയും മുൻപേ, മാതാവിന്റെ അകാലമരണത്തെത്തുടർന്ന് ഗ്രാമംവിട്ട് വനത്തിലേക്കു പുറപ്പെട്ട ബാലകൻ ധ്യാനയോഗാഭ്യാസങ്ങൾ പരിശീലിച്ചും മഹാത്മാക്കളുടെ വചനങ്ങൾ ശ്രവിച്ചും കഴിഞ്ഞുകൂടി. ഒരിക്കൽ, ധ്യാനനിമഗ്നനായിരിക്കെ ഭഗവാന്റെ ദർശനം ലഭിക്കുകയും, അടുത്ത ജന്മത്തിൽ ആത്മസാക്ഷാത്കാരംനേടി ഭഗവാന്റെ സേവകനായിത്തീരുമെന്ന അനുഗ്രഹം നേടുകയും ചെയ്തു. ആ ജനനമെടുക്കാൻ കാരണമായ കർമ്മഭാരം തീർന്നപ്പോൾ സ്ഥൂലശരീരം ഉപേക്ഷിച്ച നാരദൻ ഭഗവൽപാർഷദന്മാരിൽ ഒരാളായിത്തീരുകയും ചെയ്തു. ആ നാരദനെയാണ് നാം പുരാണങ്ങളിൽ കാണുന്നത്.

മുനിമാരിൽനിന്നും ആത്മവിദ്യ സ്വീകരിക്കുന്നതിനും തപസ്സുചെയ്യുന്നതിനും ഭഗവാന്റെ ദർശനം നേടുന്നതിനുമൊന്നും നാരദരുടെ 'ദാസിപുത്രനായുള്ള ജീവിതം' തടസ്സമായില്ലാ എന്ന് ആ മഹാത്മാവിന്റെ വാക്കുകളിലൂടെ ഭാഗവതവും വ്യാസമഹർഷിയും സാക്ഷ്യപ്പെടുത്തുമ്പോൾ, അത്, വേദാധികാരത്തിനുള്ള അടിസ്ഥാന യോഗ്യത കുലശുദ്ധിയാണെന്നും, ജനിച്ചകുലമാണ് അളവുകോലെന്നുമുള്ള പ്രചാരണത്തിന്റെ സമ്പൂർണ്ണനിരാകരണമാണ്. ആധ്യാത്മികതയാണ് മോക്ഷപ്രാപ്തിക്കുള്ള ഏകമാർഗ്ഗം എന്ന കുലവിശുദ്ധിവാദികളുടെ വികലവാദത്തിനുള്ള മറുപടിയാണ് ആ കഥ.മുഴുവൻ ഭക്തന്മാർക്കുമായി സമർപ്പിക്കപ്പെട്ട വേദാധികാരം കവർന്നെടുത്ത ജാതിബ്രാഹ്മണ്യത്തിനുള്ള കനമുള്ള പ്രഹരമാണത്. വേദചോരണം നടത്തിയ ഹയഗ്രീവനനെന്ന അസുരനെ വധിച്ചു വേദത്തെ വീണ്ടെടുക്കാൻ ഭഗവാൻ മത്സ്യാവതാരമെടുത്ത ഐതിഹ്യത്തിന്, മത്സ്യഗന്ധിയുടെ പുത്രന്റെ ആ നിയോഗവുമായി സാദൃശ്യം തോന്നിയാൽ, അതൊട്ടും യാദൃശ്ചികമാകാനിടയില്ല എന്നതാണ് നാരദൻ നടത്തിയ ഈ വെളിപ്പെടുത്തലിൽനിന്നും മനസ്സിലാകുന്നത്.]

മഹാഭാഗവതം നാലാം സ്കന്ധത്തിൽ പ്രധാന പ്രതിപാദനവിഷയം ജീവിതത്തിൽ പുരുഷാർത്ഥങ്ങളുടെ പ്രാധാന്യമാണ്. അതിൽ, മോക്ഷം ചർച്ചചെയ്യപ്പെടുന്ന ഇരുപത്തിനാലാം അധ്യായം മുതൽ പ്രാചീനബർഹസിന്റെ കഥ പറയുന്നുണ്ട്. ക്രിയാകാണ്ഡം, യോഗകാണ്ഡം ഇവകളിൽ നിപുണനായ പ്രാചീനബർഹിസിനു വേദപഠനവും യജ്ഞകർമ്മങ്ങളും തന്നെയാണു മോക്ഷവഴി എന്ന മതമായിരുന്നു. പക്ഷേ, ഹരിപ്രസാദം സമ്പാദിക്കുന്നതിനുവേണ്ടി തപസ്സനുഷ്ഠിക്കാൻ ഇറങ്ങിയ അദ്ദേഹത്തിന്റെ പുത്രന്മാരായ പ്രചേതസ്സുകളെ നാരദൻ ഭക്തിമാർഗ്ഗത്തിലേക്കു തിരിച്ചുവിട്ടു. പ്രാചീനബർഹിസിനും നാരദമുനി ഭക്തിമാർഗ്ഗത്തിന്റെ മഹിമ ഉപദേശിച്ചുകൊടുത്തെങ്കിലും അദ്ദേഹത്തിന് കർമ്മമാർഗ്ഗത്തിൽമാത്രമായിരുന്നു താല്പര്യം. യോഗവൈഭവത്തിലൂടെ നാരദർ പ്രാചീനബർഹിസിന്, അദ്ദേഹം കാമ്യകർമ്മങ്ങളിൽ വധിച്ച അസംഖ്യം പശുക്കളെ കാണിച്ചുകൊടുത്തു. അദ്ദേഹം പരലോകത്തു ചെല്ലുമ്പോൾ പ്രതികാരം ചെയ്യാൻ അവർ കൂർത്തകൊമ്പുകളോടെ കാത്തിരിക്കുകയാണെന്നും, പ്രജകളായ ഗോക്കളെ ഹനിക്കുക മൂലം അദ്ദേഹം പ്രജാഘാതകനായിരിക്കുകയാണെന്നും പറഞ്ഞു. യാഗകർമ്മങ്ങളിലൂടെയും വേദ-പുരാണസംഹിതാനുസാരിയായ കർമ്മങ്ങളിലൂടെയും മാത്രമേ 'മോക്ഷപ്രാപ്തി'യുണ്ടാകൂ എന്ന പൗരോഹിത്യവർഗ്ഗത്തിലെ സ്വാർത്ഥമോഹികളുടെ പ്രചരണത്തിനെതിരെയുള്ള വ്യാസവിപ്ലവമാണ് ഭാഗവതത്തിലെ ഈ ആഖ്യാനവും പ്രസ്താവനയും.

അനന്തരം, നാരദർ പുരഞ്ജനോപാഖ്യാനമെന്ന കഥയിൽ അന്തർലീനമായ തത്വം വിവരിച്ചുകൊടുത്തപ്പോൾ, ഭക്തിമാർഗ്ഗത്തിന്റെ മഹത്വം പ്രാചീനബർഹസിനും ബോധ്യപ്പെട്ടു. വളർച്ചയുടെയും ജ്ഞാനസമ്പാദനത്തിന്റേയും ഭാഗമായി വേദങ്ങളെക്കൂടി സന്ന്യസിക്കണമെന്ന്(ത്യജിക്കണമെന്ന്) നാരദരിലൂടെ വ്യാസനും ഭാഗവതവും പറയുമ്പോൾ, യാഗ-യജ്ഞകർമ്മങ്ങളിലൂടെ മാത്രമേ മോക്ഷം സാധ്യമാകൂ എന്ന പൗരോഹിത്യസ്വാർത്ഥതയുടെ വാദങ്ങളെ യാതൊരു അർത്ഥശങ്കയ്ക്കുമിടയില്ലാതെ നിരാകരിക്കുകയാണല്ലോ. ഭാഗവതത്തിലെ ആ ഉപാഖ്യാനത്തെ ഭക്തിയുടെ പ്രാമാണികത സാധൂകരിക്കുന്ന രചനയാക്കി പരിമിതപ്പെടുത്തി വ്യാഖ്യാനിക്കുന്ന പണ്ഡിത തന്ത്രങ്ങൾ, ഭാഗവതത്തോടും കഥാകാരനോടും ഉള്ള അനാദരവാണല്ലോ. മുക്തിക്കുള്ള മാനദണ്ഡം ജനിച്ച കുലമല്ലെന്നും, ഭഗവത്ഭക്തിയാണെന്നും സ്പഷ്ടമാക്കുന്ന ഭാഗവതത്തിലെ, ഭക്തിയുടെ മകുടോദാഹരണങ്ങളായി അവതരിപ്പിച്ചിട്ടുള്ള 'ഭാഗവതോത്തമന്മാരായ' പ്രഹ്ളാദനെപ്പോലെയുള്ള(അസുരകുലജാതൻ) കഥാപാത്രങ്ങൾതന്നെയാണ് അതിനുള്ള സാക്ഷ്യം.

മനുഷ്യർക്കും ദേവന്മാർക്കുമുള്ള മഹാഭാരതം വിഭിന്നമാണെന്നും, എന്നാൽ, ഭാഗവതപാരായണത്തിന് ദേവന്മാർ അർഹരല്ലെന്നും(?) ഭാഗവതത്തിന്റെ പ്രാരംഭ ഭാഗമായ ഭാഗവതമാഹാത്മ്യത്തിൽ കാണാം. അതിനുള്ള കാരണം,ദേവന്മാർ അപ്സരസ്ത്രീസംഭോഗം, മദ്യപാനം എന്നിവയിൽ തത്പരരാണെന്നതാണ്. സർപ്പദംശന ഭീതിയാൽ മരണാസന്നനായ പരീക്ഷിത്തിനു ശ്രീശുകൻ ഭാഗവതം പകർന്നു നൽകുമ്പോൾ നൈമിശാരണ്യത്തിലെത്തിയ ദേവന്മാർ, ഭാഗവതം തങ്ങൾക്കും നൽകണമെന്നും, പകരം പരീക്ഷിത്തിന് തങ്ങളുടെ കൈവശമുള്ള സ്വർഗ്ഗപ്രാപ്തിയ്ക്കുതകുന്ന ദേവാമൃതം നൽകാമെന്നും അറിയിച്ചു. എന്നാൽ, മഹർഷി അതിന് തയ്യാറാ

യില്ല. അതിനുള്ള ന്യായീകരണമായാണ്, വേദവ്യാസപുത്രൻ ദേവന്മാരുടെ 'അനർഹത' അവതരിപ്പിച്ചത്. ദേവന്മാർക്കു നിഷേധിക്കുന്ന അതേ ശാസ്ത്രം ശൂദ്രർക്കും സ്ത്രീകൾക്കും നിരാലംബർക്കും സമർപ്പിക്കുന്ന വ്യാസൻ, അതിലൂടെ നൽകാൻ ശ്രമിക്കുന്ന സന്ദേശം സാമ്പ്രദായിക മാമൂലുകളെ മൊത്തം തച്ചുതകർക്കുന്നതിനു തുല്യമാണല്ലോ. തങ്ങൾ ഭൂമിയിലെ ദേവന്മാരാണ് എന്ന് പ്രചരിപ്പിക്കുന്ന ബ്രാഹ്മണരുടെ ജീവനോപാധിയായ കർമ്മമാർഗ്ഗത്തെ നിരാകരിക്കുന്ന വ്യാസന്റെ കൃത്യത ഇക്കാര്യത്തിലും വ്യക്തമാണ്. വ്യാസൻ ആരായിരുന്നെന്നും, ആർക്കൊപ്പമായിരുന്നെന്നും തെളിയിക്കുന്ന ഈ വാക്കുകൾ അദ്ദേഹത്തിന്റെ നയപ്രഖ്യാപനമാണ്.

ഇടിമിന്നൽ, സർപ്പദംശം, മൃഗബാധ, അപകടങ്ങൾ എന്നിവയിലൂടെ അപമൃത്യുവിനിരയാകുന്നവർക്ക് സത്ഗതി സാധ്യമല്ലെന്ന് മറ്റ് ശാസ്ത്രഗ്രന്ഥങ്ങൾ പറയുമ്പോൾ ഭാഗവതം ആ നിയമങ്ങളെ നിരാകരിക്കുന്നുണ്ട്. തക്ഷകവിഷബാധയേറ്റ പരീക്ഷിത്തിന് ഭാഗവതശ്രവണത്തിലൂടെ മോക്ഷം ലഭിച്ചത് എങ്ങനെയാണെന്ന നൈമിശാരണ്യത്തിൽ സന്നിഹിതരായിരുന്ന മഹാത്മാക്കളുടെ സന്ദേഹത്തിനുള്ള മറുപടിയായി ശുകൻ അക്കാര്യം ഭാഗവതമാഹാത്മ്യത്തിൽ സ്പഷ്ടമാക്കുന്നുണ്ട്. മോക്ഷസാധകങ്ങളായ ആറ് ശാസ്ത്രങ്ങളെയും അവയുടെ അംഗങ്ങളെയും ത്രാസിന്റെ ഒരു തട്ടിലും ഭാഗവതം മറുതട്ടിലും വെച്ചുതൂക്കിനോക്കിയപ്പോൾ, ഭാഗവതമിരുന്ന തട്ടിന് തൂക്കംകൂടിയ സാഹചര്യം വിവരിച്ചുകൊണ്ടാണ് ശുകൻ തന്റെ വാക്കിനെ സാധൂകരിക്കുന്നത്. അതിൽ, ഭാഗവതം എന്ന ഗ്രന്ഥത്തിന്റെ കേവല മാഹാത്മ്യവർണ്ണന എന്നതിനപ്പുറത്തേയ്ക്കു മാനങ്ങളുള്ള ഒരു മാനവികതയുണ്ട്; മനുഷ്യവിരുദ്ധമായ സകല നീതിശാസ്ത്രങ്ങളുടേയും നിഷേധമുണ്ട്.

ശാസ്ത്രഗ്രന്ഥങ്ങളും സാമ്പ്രദായിക മനുഷ്യനിർമ്മിത നിയമങ്ങളും സൃഷ്ടിച്ചുവച്ചിട്ടുള്ള വിഗ്രഹങ്ങളുടെ ഭഞ്ജനം ഭാഗവതം അവിടേയും അവസാനിപ്പിക്കുന്നില്ല. ഭാഗവതമാഹാത്മ്യത്തിൽ സനകസനന്ദനാദികൾ ദുന്ദുകാരിയുടെ കഥ പറഞ്ഞവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: ദാരിദ്ര്യം,വ്യാധി,ദൗർഭാഗ്യം ഇവയാൽ ദുഃഖിക്കുന്നവരും, പാപം ചെയ്തവരും, സന്താനവിഹീനരും, മോക്ഷാർത്ഥികളും മഹാഭാഗവതം വിശേഷിച്ചും കേൾക്കേണ്ടതാണ്. സ്ത്രീകളിലെ സമുചിതകാലത്തു ഋതുവാകാത്തവർ, ഒന്ന് പ്രസവിച്ചു പിന്നെ ഗർഭംധരിക്കാത്തവർ, പ്രസവം തീരെയില്ലാത്തവർ, കുഞ്ഞുങ്ങൾ മരിച്ചുപോകുന്ന നിലയുള്ളവർ, ഗർഭശ്രവം ഉള്ളവർ തുടങ്ങിയവരും ഭാഗവതം ശ്രവിക്കേണ്ടതാണ്. മറ്റു പല വിശുദ്ധഗ്രന്ഥങ്ങളും നിഷിദ്ധരായി ഗണിക്കുന്നവരാണ് ഇവരെല്ലാം എന്ന വസ്തുതയെ സാമ്യപ്പെടുത്തി നോക്കുമ്പോൾ, സാമ്പ്രദായിക സങ്കല്പങ്ങൾ തച്ചുടയ്ക്കുന്ന വ്യാസസൃഷ്ടിയാണ് ഭാഗവതമെന്നു കാണാം. ആ സ്ഥിതിക്ക്, വേദത്തിന്റെ യഥാർത്ഥ സത്തയെ ചോർത്തിക്കളയുന്ന പൗരോഹിത്യവർഗ്ഗത്തിന്റെ വേദവിരുദ്ധ-മനുഷ്യവിരുദ്ധ മാമൂലുകൾക്കെതിരെ, അഹിംസയെയും അദ്വൈതബോധത്തെയും മുൻനിറുത്തി വ്യാസൻ നടപ്പാക്കിയ പ്രതിക്രിയയാകാം ഭാഗവതരചന എന്ന് ഉറപ്പാക്കാം. ഭാഗവതത്തെ ആധികാരികഗ്രന്ഥമാക്കാതെ, വെറും കൃഷ്ണകഥാപുസ്തകമായി തരംതാഴ്ത്തിയതിനു പിന്നിലെ കാരണവും ഇത്തരം അപ്രിയസത്യങ്ങളുടെ ദാക്ഷിണ്യമില്ലാത്ത സാന്നിധ്യം തന്നെയാണ്. മഹാഭാരതവും രാമായണവും സൂര്യ-ചന്ദ്രവംശങ്ങളിലെ അഞ്ചോ ആറോ

തലമുറകളുടെ മാത്രം ചരിതം പറയുമ്പോൾ, മഹാഭാഗവതം പ്രപഞ്ചോത്പത്തിയിൽ തുടങ്ങി, പത്തവതാരങ്ങളിലൂടെയും പരന്നൊഴുകി നാലുയുഗങ്ങളെയും ആവിഷ്കരിക്കുന്നു. കുലമഹിമയ്ക്കും വംശവിശുദ്ധിയ്ക്കും മുകളിൽ ഭക്തിയെ പ്രതിഷ്ഠിക്കുന്ന ഭാഗവതം എന്ന പ്രതിവിപ്ലവ കൃതി എല്ലാ അർത്ഥത്തിലും വ്യാസന്റെയും കൃഷ്ണന്റെയും നയപ്രഖ്യാപനമാണ്. ആ പ്രഘോഷണത്തിൽ നീളെ നിറയുന്നത്, മനുഷ്യഗുണമില്ലാത്ത ആര്യശാസനങ്ങളെ നിരാകരിക്കുന്ന,അദ്വൈതചിന്ത അടിസ്ഥാനസ്വഭാവമായ ആർഷസംസ്കൃതിയുടെ വിളംബരമാണ്. സമസ്തചരാചരങ്ങളും പരമാത്മാവിന്റെ അംശമാണെന്ന പ്രഖ്യാപനമാണ്.

ശ്രീശുകൻ

വേദവ്യാസമഹർഷിയുടെ പുത്രനാണ് ജന്മനാ ജീവന്മുക്തനായ ശ്രീശുകൻ. ഐതിഹ്യങ്ങളനുസരിച്ച്, ജനിച്ചയുടനെ ശുകൻ ശാന്തനായി എഴുന്നേറ്റു നടന്നകന്നു. സർവ്വ പരിഗ്രഹങ്ങളെയും ത്യജിച്ച് നിസ്സംഗനും ശുദ്ധനും വിരക്തനുമായിത്തീർന്ന സ്വപുത്രനും ശിഷ്യനുമായ ശ്രീശുകനെയാണ് വ്യാസമഹർഷി ഭാഗവതംഅടക്കമുള്ള കൃതികൾ ലോകം മുഴുവനും പ്രചരിപ്പിക്കാൻ നിയോഗിച്ചത്. പ്രായംകൊണ്ട് ബാലനായിരുന്നപ്പോൾത്തന്നെ, അറിവുകൊണ്ട് അസാധാരണ പ്രതിഭാശാലിയായിരുന്ന ശുകദേവൻ വൃദ്ധമുനിശ്രേഷ്ഠന്മാരുടെ സദസ്സിൽപോലും ആരാധ്യനായിരുന്നു.

വ്യാസനെയും വെല്ലുന്ന കഥയെഴുത്തുകാർ

ശ്രീശുകബ്രഹ്മർഷിയുടെ ജനനവുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള പുരാണകഥ ഇപ്രകാരമാണ്: വേദവ്യാസമുനി സരസ്വതീനദീതീരത്തു താമസിച്ച് തപസ്സു ചെയ്യുന്ന കാലത്ത് ഒരിക്കൽ, ആശ്രമപരിസരത്തെ കിളിക്കൂട്ടിൽ അത്യന്തം ശ്രദ്ധയോടെ കുഞ്ഞുങ്ങളെ പരിപാലിയ്ക്കുന്ന കുരുവികളെ കാണാനിടയായി.നിഷ്കളങ്കമായ ആ വാത്സല്യം കണ്ട മുനി അനപത്യദുഃഖത്താൽ അത്യധികം പീഡിതനായി. അനന്തരം ദേവിയെ പ്രീതിപ്പെടുത്താൻ നിശ്ചയിച്ചു വ്യാസമുനി കഠിനതപസ്സു തുടങ്ങി. മഹർഷിയുടെ തപസ്സിനു ഭംഗം വരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഘൃതാചിയെന്ന അപ്സരയുവതി ഒരു പഞ്ചവർണ്ണക്കിളിയുടെ ശരീരമെടുത്ത് അദ്ദേഹത്തിന്റെ മുന്നിലൂടെ പറന്നുകളിച്ചു. പക്ഷിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ മഹർഷിയുടെ രേതസ്സ് കടഞ്ഞുകൊണ്ടിരുന്ന അരണിയിൽ പതിച്ച് അതിൽനിന്നും ഒരു പുത്രൻ പിറന്നു. ശുകത്തെ മോഹിച്ചപ്പോഴുണ്ടായ മകൻ എന്നനിലയ്ക്ക് ആ ശിശുവിനു ശുകൻ എന്നു മാമുനി നാമകരണം ചെയ്തു. (അനപത്യ=സന്തതിയില്ലാത്ത).

മേൽ കഥ സംഭാവ്യമാണോ എന്ന ചോദ്യത്തിന് ഉചിതമായ ഉത്തരം കണ്ടെത്താനുള്ള സ്വാതന്ത്ര്യം വായനക്കാർക്കു വിടുന്നു. അതിനുമുൻപ്, ആ കഥയുടെ സത്യാവസ്ഥയിലേയ്ക്കു വെളിച്ചം വീശുന്ന ഒരു സൂചന കാണുക: ശുകന്റെ ജനനവുമായി ബന്ധപ്പെട്ടു സ്കന്ദപുരാണത്തിൽ ഒരു കഥയുണ്ട്: ശുകന് അമ്മയുടെ ഗർഭത്തിൽ നിന്നു പുറത്തു വരാൻ തീരെ താത്പര്യമില്ലായിരുന്നു. ഘൃതാചിയുടെ ഗർഭത്തിൽ പത്തു മാസമായി, ഒരു വത്സരമായി, രണ്ടു വത്സരമായി. സമയം പിന്നെയും കടന്നുപോയി; പന്ത്രണ്ടു വത്സരമായി. പക്ഷേ, കുഞ്ഞ് പുറത്തുവന്നില്ല. പരവശയായിത്തീർന്ന അമ്മ വ്യാസനോട് സങ്കടമുണർത്തിച്ചു. മഹർഷി കുഞ്ഞിനെ പുറത്തേയ്ക്കു

ക്ഷണിച്ചു. അപ്പോൾ ശുകന്റെ മറുപടി ഇപ്രകാരമായിരുന്നു: "ഇല്ല, ഞാൻ പുറത്തിറങ്ങില്ല. ഭഗവാന്റെ മായ വളരെ സുബലമാണ്. അതെന്നെ ബന്ധിച്ചുകളയും. ഗർഭത്തിൽ നമുക്ക് നമ്മുടെ സ്വരൂപത്തെക്കുറിച്ചു ബോധമുണ്ട്. വെളിയിലെത്തിയാൽ സർവ്വതും മറന്നുപോകും". അനന്തരം, മായബാധിക്കുകയില്ല എന്ന മഹർഷിയുടെ അനുഗ്രഹത്തെത്തുടർന്നാണ് ശുകൻ പുറത്തു വന്നത്. കിളിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ മഹർഷിയുടെ വീര്യം അരണിയിൽ പതിച്ച്, അതിൽനിന്നുണ്ടായ പുത്രൻ എന്നതൊക്കെ പുരാണ കഥാസ്രഷ്ടാക്കളുടെ ഭാവന മാത്രമായി കരുതുന്നതാണല്ലോ യുക്തി. ദേവേന്ദ്രന്റെ സദസ്സിലെ നർത്തകിയായ ഘൃതാചിയെന്ന അപ്സരസ്സിന്റെ ഗർഭത്തിലാണു ശുകൻ പിറന്നത് എന്നതും, ആത്മവിദ്യ നേടുന്നതിന് ആ ജന്മം തടസ്സമായില്ല എന്നതും വെളിയിൽ വരാതിരിക്കാനുള്ള വംശമഹിമാവാദികളുടെ വിക്രിയമാത്രമായി ബാക്കിയെല്ലാം കണക്കാക്കിയാൽമതി.

ഘൃതാചിയെന്ന അപ്സരസ്സ്

പുരാണങ്ങളിൽ പലയിടത്തും പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു അപ്സരസ്ത്രീയാണ് ഘൃതാചി. ഭരദ്വാജമഹർഷിയുടെ പുത്രനായ ദ്രോണരുടെ അമ്മയും ഘൃതാചിയാണ്.(മഹാഭാരതം,ആരണ്യപർവ്വം,അധ്യായം:130). ഒരിക്കൽ, ഗംഗാനദിയിൽ സ്നാനത്തിനെത്തിയ ഭരദ്വാജമുനി ഘൃതാചിയെന്ന സുന്ദരിയെ കാണാൻ ഇടയായി. മുനിയെ കണ്ട ഘൃതാചി ഓടിയകന്നെങ്കിലും, അവളുടെ വസ്ത്രം ഒരു ചെടിയിലുടക്കി ഊർന്നുപോയി. പിറന്ന രൂപത്തിൽ ആ അപ്സരസ്സിനെ കണ്ടു മഹർഷിക്ക് ഇന്ദ്രിയസ്ഖലനമുണ്ടായി. സ്ഖലിച്ച ദ്രവം മുനി ഒരു കുടത്തിൽ സൂക്ഷിച്ചു. അതിൽനിന്നു ജനിച്ച ശിശുവാണ് ദ്രോണാചാര്യർ. ഈ കഥയിലെ,കുടത്തിൽ ജനിച്ചു എന്നൊക്കെയുള്ള പ്രസ്താവന 'കവി ഭാവന'യായി കരുതുന്നതാണല്ലോ യുക്തി. മറ്റൊരിക്കൽ, ഭരദ്വാജമുനിക്ക് ഘൃതാചിയെ കണ്ട് ഇന്ദ്രിയസ്ഖലനമുണ്ടായപ്പോൾ ഉണ്ടായ പുത്രിയാണ് ശ്രുതാവതി(ശ്രുവാവതി) എന്നും മഹാഭാരതത്തിൽ കാണുന്നു.(ശല്യപർവ്വം, അധ്യായം:63). പ്രമതിയെന്ന രാജാവിനു ഘൃതാചിയിൽ രുരുവെന്ന പുത്രൻ ഉണ്ടായതായി മഹാഭാരതം ആദിപർവ്വം അധ്യായം-05ൽ പ്രസ്താവിച്ചിട്ടുണ്ട്. കുശനാഭനെന്ന രാജർഷിയുമായുണ്ടായ ദാമ്പത്യത്തിൽ ഘൃതാചിക്കു നൂറു മക്കളുണ്ടായതായി വാല്മീകിരാമായണത്തിൽ ബാലകാണ്ഡത്തിൽ പരാമർശമുണ്ട്. വിശ്വകർമാവിന് ഘൃതാചിയിൽ ഉണ്ടായ ചിത്രാംഗദയെന്ന മകളുടെ കഥ, വാമനപുരാണത്തിൽ വർണ്ണിക്കുന്നുണ്ട്. അത്തരത്തിൽ, പലരിൽനിന്നും ഗർഭംധരിച്ച ഒരു യുവതിയുടേയും, അവരിലുണ്ടായ മഹാന്മാരായ മക്കളുടെയും പവിത്രത ബ്രാഹ്മണ്യം പറയുന്ന കുലവിശുദ്ധിയുടെ അളവുകോലുകൊണ്ട് അളക്കാനാകുമോ? പൗരാണിക കൃതികൾ അത്തരം കാര്യങ്ങൾ മറച്ചുവെക്കുന്നില്ല എന്നതിന്റെ അർത്ഥം, ജന്മാർജ്ജിതമായ കുലമഹിമ അന്നൊരു വിഷയമേ ആയിരുന്നില്ല എന്നാണല്ലോ. പിൽക്കാലത്ത് ജന്മശുദ്ധി മാനദണ്ഡമായപ്പോൾ വരുത്തിയ തിരുത്തലിന്റെ ഫലമായാകാം ഘൃതാചി അപ്സരസ്സായത്. ശുകനെയും ദ്രോണരെയും പോലെയുള്ള മഹാന്മാരുടെ മഹിമ, ജന്മത്തിലൂടെ പതിച്ചുകിട്ടിയതല്ല; സ്വജീവിതത്തിലെ അനുഷ്ഠാനങ്ങളിലൂടെ ആർജ്ജിച്ചതാണ് എന്നതാണ് ആ സംഭവങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നത്. അതായിരുന്നു അദ്വൈതചിന്തയിൽ അടിയുറച്ച ആർഷസംസ്കൃതിയിലെ നിജസ്ഥിതി.

അപ്സരസ്സെന്ന പ്രയോഗത്തെയും, അനേകരിൽനിന്നു ഗർഭം സ്വീകരിച്ചെന്ന പരാമർശത്തെയും, മോശമായ ഒരർത്ഥത്തിൽ സമീപിക്കാതിരിക്കുന്നതാണു ഭംഗിയെന്നു തോന്നുന്നു. അപ്സരസ്സിൽ പിറന്നതിനെ, അഭൗമ സൗന്ദര്യമുള്ള ഒരു സ്ത്രീയിലുണ്ടായ സന്തതികൾ എന്ന അർത്ഥത്തിൽ കണ്ടാൽ തീരുന്ന യുക്തിപ്രശ്നമേയുള്ളൂ. ഒരുപക്ഷെ, അക്കാലത്ത് നിലനിന്നിരുന്ന *ബഹുഭർതൃത്വസമ്പ്രദായത്തെ ആയിരിക്കാം അതു സൂചിപ്പിക്കുന്നത്. അന്നാളുകളിൽ, ബഹുഭർതൃത്വം അംഗീകൃതമായിരുന്നു എന്നതിനു തെളിവായി അസംഖ്യം ഉദാഹരണങ്ങൾ നമുക്കു മുൻപിൽ ഉണ്ടല്ലോ. മഹാഭാരതത്തിലെ പാഞ്ചാലിക്ക് അഞ്ചു ഭർത്താക്കന്മാരായിരുന്നു.ഗൗതമവംശത്തിൽപ്പെട്ട ജടില ഏഴു മുനിമാരുടെ ഭാര്യയായിരുന്നെന്നും, ഋഷിപുത്രിയായ വാർക്ഷി, ഒരേ പേരോടുകൂടിയ സഹോദരന്മാരും തപോനിധികളുമായ പ്രചേതസ്സുകളെ വരിച്ചതും മഹാഭാരതത്തിൽ യുധിഷ്ഠിരൻ ഉദാഹരിക്കുന്നുണ്ട്.(പ്രാഞ്ചാലിസ്വയംവരം).യയാതിയുടെ മകൾ മാധവി ഒന്നിനുപിറകെ ഒന്നായി നാല് ഭർത്താക്കന്മാരെ വരിച്ച കഥയും പ്രസിദ്ധമാണല്ലോ.(ഉദ്യോഗപർവ്വം, അധ്യായം:145).

എക്കാലത്തും ബ്രാഹ്മണികൾക്ക് ബഹുഭർതൃത്വം ജാതിഭ്രഷ്ടിനു കാരണമാകുന്ന കടുത്ത അപരാധമായിരുന്നു. അതുകൊണ്ടുതന്നെ, ഘൃതാചി ബ്രാഹ്മണസ്ത്രീ ആയിരുന്നില്ല എന്നതും തികച്ചും വ്യക്തമാണല്ലോ. ബഹുഭർതൃത്വം സ്വീകരിച്ചിരുന്ന ഘൃതാചിയിൽ വ്യാസനു പിറന്ന പുത്രനാണ് ശ്രീശുകൻ എന്നതാണു വാസ്തവമെങ്കിൽ, അതു ചോദ്യം ചെയ്യുന്നത്, വ്യാസൻ ബ്രാഹ്മണനാണെന്ന വാദത്തെയുംകൂടിയാണ്. ബ്രാഹ്മണർക്ക് ഒന്നിലധികം ഭാര്യമാർ അനുവദനീയമായിരുന്നുവെങ്കിലും, ബ്രാഹ്മണനുമായി സംബന്ധത്തിലേർപ്പെടുന്ന സ്ത്രീയ്ക്ക് ബഹുഭർതൃത്വം നിഷിദ്ധമായിരുന്നു. ഒരിക്കൽ ഒരു ബ്രാഹ്മണനുമായി ബന്ധമുണ്ടായാൽ, അവൾക്കു മറ്റു പുരുഷന്മാരെ ഭർത്താവായി സ്വീകരിക്കാൻ നിർവ്വാഹമില്ലായിരുന്നു. ബഹുഭർതൃത്വമനുഷ്ഠിക്കുന്ന സ്ത്രീകളുമായുള്ള സംബന്ധം, ബ്രാഹ്മണർക്ക് വേശ്യാസംസർഗ്ഗത്തെക്കാൾ അധികരിച്ച ശിക്ഷയുള്ള പാതകമായാണ് കണക്കാക്കിയിരുന്നത്.

[പിൻകുറിപ്പ്: *ഒരേ സമയം ഒന്നിലധികം പുരുഷന്മാരുടെ ഭാര്യയായിരിക്കുക, ഒന്നിനു പിറകെ ഒന്നായി പല ഭർത്താക്കന്മാരോടൊപ്പം ജീവിക്കുക,അതൊക്കെ കഴിഞ്ഞകാലങ്ങളിൽ അനുവദനീയമായിരുന്നു. കേരളത്തിൽപോലും, അടുത്തകാലത്തു വരെ വിവിധ ജാതിവിഭാഗങ്ങൾക്കിടയിൽ ബഹുഭർതൃത്വസമ്പ്രദായം നിലനിന്നിരുന്നല്ലോ. ഒരു കുടുംബത്തിലെ സഹോദരന്മാർക്കെല്ലാവർക്കും കൂടി ഒരു ഭാര്യ, ഒരു സ്ത്രീയ്ക്കു തന്നെ ഒന്നിനു പിന്നാലെ ഒന്നായോ ഒരേ സമയത്തോ ഒന്നിലധികം ഭർത്താക്കന്മാർ, എന്നിങ്ങനെ മലയാളക്കരയിൽ ബഹുഭർതൃത്വം രണ്ടു വിധത്തിൽ കാണപ്പെട്ടിരുന്നു. ഈ രണ്ടു രീതികളും പിന്തുടർന്നിരുന്നത് വ്യത്യസ്തസമുദായങ്ങളാണ്. പുരുഷന്മാരുടെ ജോലിയും സൗകര്യവും കുടുംബത്തിന്റെ സാമ്പത്തികതാത്പര്യങ്ങളുമായിരുന്നു അതിൽ ഏതുരീതി വേണമെന്ന തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. അത് കാലാന്തരത്തിൽ കീഴ്വഴക്കമായി മാറി എന്നതാണു സത്യം. അതിന്റെ തുടർച്ചയായാണ് മക്കത്തായവും മരുമക്കത്തായവും അടക്കമുള്ള പിന്തുടർച്ചാവ്യവസ്ഥകൾ ഉത്ഭവിച്ചത്. രണ്ടിന്റെയും മുഖ്യപരിഗണന സാമ്പത്തികമായിരുന്നു.

ജാതിയും കുലത്തൊഴിലുമായി ബന്ധപ്പെട്ടാണ് ബഹുഭർതൃത്വവും ഉരുത്തിരിഞ്ഞുവന്നത് എന്ന് വിശ്വസിക്കപ്പെടുന്നു. കൃഷി,സാധനസാമഗ്രികളുടെ നിർമ്മാണം തുടങ്ങിയ, സ്വന്തം വീടുകൾ കേന്ദ്രീകരിച്ചുള്ള കുലത്തൊഴിലുകൾ അനുഷ്ഠിച്ചു വന്നവർക്കിടയിൽ സഹോദ

രന്മാർക്കെല്ലാംകൂടി ഒരു ഭാര്യ എന്ന ബഹുഭർതൃത്വരീതിയാണ് കാണപ്പെട്ടിരുന്നത്. അവർക്കിടയിൽ 'മക്കത്തായ ക്രമം' നടപ്പിലായി. കുടുംബാംഗങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം വെളിയിൽ പോകാതിരിക്കാനുള്ള സംവിധാനമായിരുന്നു അത്. മലയാളക്കരയിലെ മിക്ക അവർണ്ണസമുദായങ്ങളും ഇതേ രീതിയായിരുന്നു അനുവർത്തിച്ചിരുന്നത്. അക്കാലത്ത്, നിശ്ചിത ജോലിസമയം എന്നപരിധി ഇല്ലാതിരുന്നതുകൊണ്ട് വീട്ടുജോലി,അംഗരക്ഷ തുടങ്ങിയ തൊഴിലുകൾ ചെയ്തിരുന്നവരും ഭടന്മാരും മുഴുവൻസമയ ജോലിക്കാരായിരുന്നു. ദീർഘകാലം സ്വന്തം വീട്ടിൽനിന്നും വിട്ടുനിൽക്കേണ്ടിവരുന്ന അത്തരം കുലത്തൊഴിലുകളുള്ള സമൂഹങ്ങളിലെ സ്ത്രീകളാണ് വ്യത്യസ്ത കുടുംബങ്ങളിലെ പുരുഷന്മാരെ ഭർത്താക്കന്മാരായി സ്വീകരിച്ചിരുന്ന സംബന്ധരീതി അനുവർത്തിച്ചിരുന്നത്. ബ്രാഹ്മണരുടെ വീടുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തിരുന്ന കേരളത്തിലെ ശൂദ്രസമൂഹങ്ങൾ ഈയൊരു സമ്പ്രദായമായിരുന്നു പിന്തുടർന്നു വന്നത്. പുരുഷന്റെ തൊഴിലിന്റെ പ്രകൃതവും, പുരുഷന്റെയും സ്ത്രീയുടെയും സൗകര്യവും, ജീവിത സാഹചര്യങ്ങളുമായിരുന്നു അത്തരമൊരു രീതിയിലേക്കു സ്ത്രീകളെയും പുരുഷന്മാരെയും ആകർഷിച്ചത്. ഒരു പുരുഷനു തന്നെ പല സ്ത്രീകളുമായും, ഒരു സ്ത്രീയ്ക്ക് തന്നെ പല പുരുഷന്മാരുമായും ബന്ധം സാധാരണമായപ്പോൾ, ഉണ്ടാകുന്ന കുട്ടികളുടെ പിതൃത്വം നിർണ്ണയിക്കുക പ്രശ്നമായിത്തീർന്നു. അതിനാലാകാം സ്വത്ത് പുരുഷന്മാരുടെ കുടുംബത്തിനു പുറത്തുപോകാതെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, അവർ 'മരുമക്കത്തായം' പിന്തുടർച്ചാവ്യവസ്ഥയായി സ്വീകരിച്ചത്. ഒരു സമയം ഒരു ഭാര്യ, അല്ലെങ്കിൽ ഒരു ഭർത്താവു മാത്രമുള്ള അവസ്ഥ(monogamy) നിലവിൽ വന്നതോടുകൂടിയാണ് അവർക്കിടയിലും മക്കത്തായം പിന്തുടർച്ചാക്രമമായത്. സാമ്പത്തികതാത്പര്യങ്ങൾക്കപ്പുറം, ആചാരപരമായ ഘടകങ്ങളൊന്നും ഉത്ഭവകാലത്ത് മക്കത്തായ–മരുമക്കത്തായ വ്യവസ്ഥകൾ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടായിരുന്നില്ല എന്നു ചുരുക്കം]

ഉപനയനം ഉപേക്ഷിച്ച ശ്രീശുകൻ

ശുകന്റെ ജനനവും ജീവിതവും സാമ്പ്രദായിക പൗരോഹിത്യശാസനങ്ങളുടെയും നടപ്പുവശങ്ങളുടെയും ഉടച്ചെറിയലായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് ഇതിനോടൊപ്പം കൊടുത്തിട്ടുള്ള മഹാഭാഗവതത്തിലെ ശ്ലോകം:



യം പ്രവ്രജന്തമനുപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ
പുത്രേതി തന്മയതയാ തരവോഽഭിനേദു–
സ്തം സർവ്വഭൂതഹൃദയം മുനിമാനതോഽസ്മി.

അനുപേതം	ഉപനയിക്കപ്പെടാത്തവനും	ആജുഹാവ	നീട്ടിവിളിക്കുകയും,
അപേതകൃത്യം	ലൗകിക വൈദിക കർമ്മങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറിയവനുമായി	തന്മയതയാ	തന്മയത്വം നിമിത്തം
		തരവഃ	മരങ്ങൾ
		അഭിനേദുഃ	അതിന് പ്രത്യുത്തരമായി ശബ്ദിക്കുകയും ചെയ്തുവോ,
പ്രവ്രജന്തം	സന്യസിച്ചുപോകുന്ന		
യം	യാതൊരുവനെ ഉദ്ദേശിച്ച്	സർവ്വഭൂത–ഹൃദയം	സർവ്വജീവവസ്തുക്കളുടെയും അന്തഃകരണത്തിൽ പ്രവേശിച്ച
വിരഹകാതരഃ	വിയോഗഭീതനായിത്തീർന്ന		
ദ്വൈപായനഃ	ശ്രീവേദവ്യാസൻ	തം മുനിം	ആ ശ്രീശുകമുനിയെ
'പുത്രാ' ഇതി	'മകനേ' എന്നിങ്ങനെ	ആനതഃ അസ്മി	ഞാൻ കുമ്പിടുന്നു.

യജ്ഞോപവീതസംസ്കാരംപോലും(ഉപനയനം)കഴിയാതിരിക്കെ, ലൗകിക-വൈദികകർമ്മങ്ങളുടെ അനുഷ്ഠാനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി(!) സന്യാസഗ്രഹണത്തിനായി ശ്രീശുകൻ ആശ്രമം വിട്ട് തനിയെ ഇറങ്ങിപ്പോയി എന്ന് ഭാഗവതത്തിലെ ശ്രീമദ്ഭാഗവതമാഹാത്മ്യത്തിൽ പറയുന്നു. അപ്രകാരം,പരമഭാഗവതനായ പുത്രൻ ബാല്യത്തിൽത്തന്നെ സന്യാസത്തിനു തുനിയുന്നതു കണ്ട് പിതാവായ വ്യാസമഹർഷിക്ക് അതീവ വിഷമമുണ്ടായി. വിരഹവേദനയോടെ പുത്രനെ വിളിച്ചു കരഞ്ഞ മഹാമുനിക്ക് ആശ്രമവനികയിലെ വൃക്ഷങ്ങളാണ് ശുകനുവേണ്ടി ഉത്തരംനല്കിയത്. ഭാഗവതം ഒന്നാം സ്കന്ധം രണ്ടാമധ്യായത്തിലെ രണ്ടാമത്തെ സൂക്തത്തിൽ, ശ്രീശുകനെ സ്തുതിക്കുമ്പോൾ സൂതൻ വിവരിക്കുന്ന ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്, വൈദികകർമ്മങ്ങളും ഉപനയനവും ഉപേക്ഷിച്ച ശുകന്റെ വഴിയാണ് ബ്രഹ്മജ്ഞാനത്തിന്റെ മാർഗ്ഗമെന്നാണ്. ബ്രഹ്മജ്ഞാനം നേടുന്നതിനും മോക്ഷം ലഭിക്കുന്നതിനും ഉള്ള വിലങ്ങുതടിയായി ആര്യബ്രാഹ്മണ്യം അവതരിപ്പിക്കുന്ന ഉപനയനം കേവലം കളവാണെന്നാണല്ലോ ശ്രീശുകൻ സമർത്ഥിക്കുന്നത്. സ്മൃതിശാസനങ്ങളും ബ്രാഹ്മണ്യവും നിർബന്ധിതമാക്കിയ നിബന്ധനകൾ നിരങ്കുശം നിരാകരിച്ച വ്യാസപുത്രന്റെ ജീവിതകഥ, അത്തരം ആചാരങ്ങളുടെയെല്ലാം ആധികാരികത തന്നെയാണ് ചോദ്യംചെയ്യുന്നത്.

വ്യാസമഹർഷിയെപ്പോലെതന്നെ മഹാജ്ഞാനിയും മുമുക്ഷുവുമായ ശ്രീശുകബ്രഹ്മർഷിയെക്കുറിച്ചുള്ള ആ ഉപാഖ്യാനം സ്ഥാപിക്കുന്നത്, ബ്രഹ്മജ്ഞാനിയാകുന്നതിനു ജാതിബ്രാഹ്മണ്യം നിശ്ചയിച്ച കടമ്പയായ യജ്ഞോപവീതവും ദ്വിജനായുള്ള രണ്ടാം ജന്മവുമൊക്കെ തികച്ചും തടസ്സതന്ത്രങ്ങൾ മാത്രമാണെന്നാണ്. ബ്രാഹ്മണൻ എട്ടും, ക്ഷത്രിയൻ പതിനൊന്നും, വൈശ്യൻ പന്ത്രണ്ടും വയസ്സിനുള്ളിൽ ഉപനയന സംസ്കാരം നിർവ്വഹിക്കണമെന്നും, അതിനുമേൽ 'യഥാകാലം'ആ കർമ്മം അനുഷ്ഠിക്കാത്തവർ സാവിത്രീപതിതരും ശിഷ്ടജനനിന്ദരുമായ വ്രാത്യന്മാരായി മാറുമെന്നും മനുസ്മൃതി രണ്ടാമധ്യായത്തിൽ പറയുന്നു.യഥാവിധി പ്രായശ്ചിത്തം പൂർത്തിയാക്കാത്തവരും അശുദ്ധരുമായ വ്രാത്യന്മാരോടുകൂടെ ആപത്കാലത്തുപോലും ബ്രാഹ്മണർ അധ്യാപനം,കന്യാദാനം മുതലായ സംബന്ധങ്ങൾ ആചരിക്കരുത് എന്നും മനുസ്മൃതി വിലക്കുന്നു.(അധ്യായം:02,ശ്ലോകം:38,39,40). ആ നിരോധനത്തിനും, അതു നിശ്ചയിച്ച തലകൾക്കും എത്താനാകാത്ത ഉയരത്തിലാണ് ശ്രീശുകബ്രഹ്മർഷിയുടെ സ്ഥാനം. ശ്രീശുകനെ 'ബ്രാഹ്മണോത്തമ'നാക്കാൻ വിയർപ്പൊഴുക്കുന്നവർക്ക്, മനുസ്മൃതി ബ്രാഹ്മണർക്കു നിഷ്കർഷിക്കുന്ന ഈ നിയമങ്ങളും അവ നിഷേധിക്കുന്നവർക്കുള്ള ഭ്രഷ്ടും അറിയാതിരിക്കുമോ?

ശ്രീശുകൻ യജ്ഞോപവീതസംസ്കാരം സ്വീകരിച്ചില്ലെന്ന വസ്തുത തുറന്നിടുന്ന സാധ്യതകൾ ഇവയാണ്: വ്യാസനും ശുകനും ഉപനയനകർമ്മമനുഷ്ഠിക്കാൻ നിർബന്ധിതരായ സമൂഹങ്ങളിൽ പെടുന്നവരായിരുന്നില്ല. അല്ലെങ്കിൽ, യജ്ഞോപവീതത്തിന്റെ 'പ്രാമാണികത' അവർ ഇരുവരും അംഗീകരിച്ചിരുന്നില്ല. ശ്രീശുകന്റെ യജ്ഞോപവീതനിരാസത്തിനുള്ള കാരണം എന്തായാലും, അത് വംശവിശുദ്ധിവാദികൾക്കുവേണ്ടി വേട്ടക്കിറങ്ങുന്നവർക്കുള്ള വേദവ്യാസന്റെയും ശുകന്റെയും

ഭാഗവതത്തിന്റെയും ചുട്ട മറുപടിയാണ്. പൗരോഹിത്യപ്രധാനമായ ആര്യശാസന ങ്ങൾ മനുഷ്യനുമേൽ ഏർപ്പെടുത്തുന്ന എല്ലാ മാനവവിരുദ്ധമാമൂലുകളെയും കുട ഞ്ഞെറിയുന്നു എന്നതാണ് വ്യാസനും ശുകനും പ്രതിനിധാനം ചെയ്തിരുന്ന ആർ ഷസംസ്കാരത്തിന്റെയും ഭാഗവതത്തിന്റെയും ഇതര ഇതിഹാസഗ്രന്ഥങ്ങളുടെ യും മഹത്വം. ആര്യാധിനിവേശത്തിനുമുമ്പുള്ള ആദിമനാഗരികതയുടെ സംഭാവ നകളായുതുകൊണ്ടാവാം ആ മാഹാത്മ്യം അവയിൽ കാണാനാകുന്നത്.

തുഞ്ചത്തെഴുത്തച്ഛൻ

മലയാളിയുടെ ആദ്ധ്യാത്മികഗോപുരത്തിന്റെ പടിവാതിലുകളായ അദ്ധ്യാത്മരാ മായണം കിളിപ്പാട്ടിന്റേയും മഹാഭാരതം കിളിപ്പാട്ടിന്റേയും രചയിതാവാണല്ലോ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ. അദ്ദേഹത്തിന്റെ ജീവിതകാലത്തെപ്പറ്റിയും വ്യക്തിജീവിതത്തെക്കുറിച്ചും ഖണ്ഡിതമായി അറിയാൻ ഉപകരിക്കുന്ന ചരിത്രരേ ഖകളൊന്നും ലഭ്യമല്ല. എന്നാലും, പതിനാറാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവി തകാലഘട്ടമെന്നു പൊതുവിൽ കണക്കാക്കിപ്പോരുന്നു. എഴുത്തച്ഛന്റെ യഥാർത്ഥ പേരിന്റെയും ജന്മനാടിന്റെയും കാര്യത്തിലും അതേ അവ്യക്തത നിലനിൽക്കു ന്നതുകൊണ്ട്, വിവിധ ഐതിഹ്യങ്ങളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങളെ ആശ്ര യിക്കുകയേ അന്വേഷകർക്കു നിവൃത്തിയുള്ളൂ.

'മലയാളഭാഷയുടെ പിതാവായി' കരുതി ഉപചരിക്കുന്ന എഴുത്തച്ഛന്റെ വർണ്ണമോ ജാതിയോ വംശമോ മലയാളിക്ക് ഒരു വിഷയമേ അല്ല. എങ്കിലും, അദ്ദേഹത്തെ ഒരു 'അബ്രാഹ്മണ'നാക്കാനുള്ള പരിശ്രമങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അത്തരം നീക്കങ്ങളെ അംഗീകരിക്കാൻ നിവൃത്തിയില്ല. കാരണം, അത് ലഭ്യമായ വസ്തുത കളുടെ മൊത്തം നിഷേധമാണ്. അതുകൊണ്ട്, ആ ദിശയിൽ ഒരന്വേഷണം അനി വാര്യമാകുന്നു. മിക്കവാറും ചരിത്രകാരന്മാരും പണ്ഡിതരും, എഴുത്തച്ഛൻ അബ്രാ ഹ്മണനാണെന്ന നിഗമനത്തിൽ എത്തിച്ചേരുന്നത്, അദ്ദേഹം ശൂദ്രനായിരുന്നു എന്ന് സ്ഥാപിക്കുന്ന അനേകം തെളിവുകൾ ലഭ്യമായതുകൊണ്ടാണ്. കുറുവാന്തൊടിയി ൽ ശങ്കരൻ എഴുത്തച്ഛനെപ്പോലെയുള്ള ജീവചരിത്രകാരന്മാർ, എഴുത്തച്ഛൻ ശൂദ്രൻ (നായർ)ആയിരുന്നു എന്നതിനെ ശരിവെക്കുന്നു. വില്യംലോഗന്റെ മലബാർമാന്വ ലിലും എഴുത്തച്ഛനെ ശൂദ്രനായിതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, ശൂദ്രത്വത്തിന്റെ പേരിൽ ആഢ്യബ്രാഹ്മണരാൽ അദ്ദേഹം വേട്ടയാടപ്പെട്ടതും ആ പുസ്തകത്തിൽ വിശദമായി വിവരിക്കുന്നുണ്ട്:

> It was no less than a revolution when in the seventeenth century one Tunjatta Eḻuttachchan, a man of the Sudra (Nāyar) caste, boldly made an alphabet—the existing Malayāḷam one—derived chiefly from the Grantha—the Sanskrit alphabet of the Tamils, which permitted of the free use of Sanskrit in writing—and boldly set to work to render the chief Sanskrit poems into Malayāḷam. Regarding the obstacles which he had to meet and the opposition which was offered to him Mr. F. W. Ellis has the following remarks in a dissertation on the Malayāḷam language: "The difficulties with which he had in consequence to struggle gave him an energy of character which it is probable he would not have possessed had his caste been without blemish.[1] The Brah-

മനക്കോട്ടു ബലരാമൻ എന്ന ഒരു ശൂദ്രപ്രഭു തുഞ്ചത്തെഴുത്തച്ഛന്റെ ബന്ധുവായി ഉണ്ടായിരുന്നെന്നും, അദ്ദേഹത്തിൽനിന്നാണ് എഴുത്തച്ഛന് വിദേശസഞ്ചാരത്തിനു വേണ്ട ധനസഹായം കിട്ടിയതെന്നും ചരിത്രകാരനായ ഗോവിന്ദപ്പിള്ളയും മറ്റുചില ചരിത്രഗവേഷകരും അഭിപ്രായപ്പെട്ടിട്ടുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ 'അദ്ധ്യാത്മരാമായണം'എന്ന അധ്യായത്തിൽ പറയുന്ന പുരാണവും തുഞ്ചത്തെഴുത്തച്ഛന്റെ ശൂദ്രപശ്ചാത്തലം സ്ഥാപിക്കുന്ന വിശ്വസനീയമായതെളിവാണ്. ആര്യാവർത്തികളുടെ സംസ്കൃതഛന്ദസ്സുകളിൽനിന്നും തീർത്തും വ്യത്യസ്തമായ, പുരാതന 'ദ്രാവിഡ കവനരീതി'യാണ് എഴുത്തച്ഛൻ അവലംബിച്ചിരിക്കുന്നത് എന്നതും മേൽ അനുമാനത്തെ സാധൂകരിക്കുന്നതാണ്. അപ്രകാരം,ലഭ്യമായ വിവരങ്ങളൊക്കെ വിശകലനം ചെയ്യുമ്പോൾ, തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ഒരു ശൂദ്രവംശജനായിരുന്നു എന്ന വാദത്തിനാണ് പിൻബലം.

ശാപംകിട്ടി ശൂദ്രനായി ജനിച്ച എഴുത്തച്ഛൻ

കൊട്ടാരത്തിൽശങ്കുണ്ണിയുടെ ഐതിഹ്യമാല പറയുന്ന എഴുത്തച്ഛനെക്കുറിച്ചുള്ള ഐതിഹ്യത്തിലെ രത്നച്ചുരുക്കം ഇപ്രകാരമാണ്: വിഷ്ണുഭക്തനായ ഒരു ബ്രാഹ്മണൻ ഒരു രാമായണം എഴുതിയുണ്ടാക്കി. തന്റെ രാമായണത്തിൽ മറ്റുള്ള രാമായണങ്ങളെക്കാൾ ഭക്തിരസമുള്ളതിനാൽ, അതിനെ ആളുകൾ അധികം ആദരിക്കുകയും, തന്നിമിത്തം അതിനു കൂടുതൽ പ്രചാരം കിട്ടുകയും ചെയ്യുമെന്ന് അദ്ദേഹം വിശ്വസിച്ചു. പക്ഷേ, പുസ്തകമെഴുതിക്കഴിഞ്ഞപ്പോൾ അനുഭവം നേരേമറിച്ചായിരുന്നു. തന്റെ രചനയൊന്നു നോക്കണമെന്ന അഭ്യർത്ഥനയുമായി അദ്ദേഹം മിക്ക യോഗ്യന്മാരേയും സമീപിച്ചെങ്കിലും ആരും അതിനെ അല്പംപോലും ആദരിച്ചില്ല എന്നുമാത്രമല്ല; പരിഹസിക്കുകയും ചെയ്തു. പരിഹാസം സഹിക്കാനാവാതെ ആ ബ്രാഹ്മണൻ ദേശം വിട്ടു പോകുകതന്നെയുണ്ടായി. അങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ, അദ്ദേഹം ആൾസഞ്ചാരമില്ലാത്ത ഒരു കൊടുംകാട്ടിൽ ചെന്നുചേർന്നു. ആ വനത്തിൽക്കൂടിയുള്ള ഒരു ഊടുവഴിയുടെ അരികിലായിട്ട് ഒരു ആൽത്തറയും കുളവും കണ്ടു.കുളത്തിലിറങ്ങി കുളിച്ചു സന്ധ്യാവന്ദനാദികൾ നിർവ്വഹിച്ച് ആൽത്തറയിൽത്തന്നെ തന്റെ രാമായണവും തലയ്ക്കുവെച്ച് അദ്ദേഹം കിടന്നു. വിശപ്പും ദാഹവും, വഴി നടന്നിട്ടുള്ള ക്ഷീണവുമെല്ലാം കൂടിയായപ്പോൾ ആൽത്തറയിൽ കിടന്നയുടനെ തന്നെ ബ്രാഹ്മണൻ ഉറങ്ങിപ്പോയി.

അർദ്ധരാത്രി കഴിഞ്ഞപ്പോൾ ഒരു തേജോമയനായ രൂപം പ്രത്യക്ഷനായി, ആരാണ് അവിടെ കിടക്കുന്നതെന്ന് ആരാഞ്ഞു. 'ഞാൻ ഒരു ബ്രാഹ്മണനാണ്' എന്നു പറഞ്ഞപ്പോൾ, ഏതാണ് കൈവശമിരിക്കുന്ന ഗ്രന്ഥമെന്നായി ചോദ്യം. പുസ്തകത്തെപ്പറ്റിയും, അതുമൂലം മുൻകാലങ്ങളിലുണ്ടായ ദുരനുഭവങ്ങളും ബ്രാഹ്മണൻ വിവരിച്ചു. ആ ദിവ്യപുരുഷൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചതിനു ശേഷം പറഞ്ഞു: "ഇനി വരുന്ന ശിവരാത്രി ഈ ഗ്രന്ഥവുംകൊണ്ട് അങ്ങ് ഗോകർണ്ണത്തു പോകണം. നേരം വൈകാറാകുമ്പോൾ കിഴക്കേനടയിൽ പോയി നിന്നാൽ, അസംഖ്യം ആളുകൾ വരുന്ന കൂട്ടത്തിൽ തേജസ്വിയായ ഒരു ബ്രാഹ്മണൻ വരുന്നതു കാണാം. അദ്ദേഹത്തിന്റെ കൂടെ നാലുപട്ടികളും ഉണ്ടാകും. അദ്ദേഹത്തിന്റെ കയ്യിൽ ഈ ഗ്രന്ഥം കൊടുത്തു

വിവരം പറയണം. അദ്ദേഹം ഒരു നിവൃത്തിയുണ്ടാക്കിത്തരും. ഇത് ആരു പറഞ്ഞതാണെന്നു ചോദിച്ചാൽ ഒന്നും പറയുകയുമരുത്". ഇപ്രകാരമറിയിച്ച് ആ ദിവ്യപുരുഷൻ അവിടന്ന് ഇരുട്ടിൽ അന്തർദ്ധാനംചെയ്തു.

ആ ബ്രാഹ്മണൻ അവിടെനിന്നും പുറപ്പെട്ട് ശിവരാത്രിയായപ്പോഴേക്കും ഗോകർണ്ണത്തെത്തി. നേരം വൈകാറായപ്പോൾ, ഒരു ബ്രാഹ്മണൻ വരുന്നതു കണ്ട്, പുസ്തകം അയാളുടെ കൈയിൽകൊടുത്ത് ദിവ്യപുരുഷൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു. അപ്പോൾ, ആ ബ്രാഹ്മണൻ ഇപ്രകാരം പറഞ്ഞു: "കാര്യങ്ങളൊക്കെ എനിക്ക് മനസ്സിലായി. അങ്ങയ്ക്ക് ഈ ഉപായം പറഞ്ഞതന്ന ആൾ ഒരു ഗന്ധർവ്വനാണ്. അവൻ ഇപ്രകാരം വ്യാജോപദേശം ചെയ്തതിനാൽ(?) ഞാൻ അവനെ ശപിക്കുന്നു: 'അവൻ ഒരു ശൂദ്രനായി ഭൂമിയിൽ ജനിക്കാൻ ഇടവരട്ടെ". അനന്തരം,കൈയിലുണ്ടായിരുന്ന കമണ്ഡലുവിൽനിന്നും കുറച്ചു വെള്ളമെടുത്ത് ആ ഗ്രന്ഥത്തിന്മേൽ തളിച്ചനുഗ്രഹിച്ച്, ആഗതൻ ക്ഷേത്രത്തിലേയ്ക്ക് പോകുകയും ചെയ്തു. അതിനുശേഷം ആ അദ്ധ്യാത്മരാമായണത്തിന് ഏറെ ബഹുമാനവും പ്രചാരവും സിദ്ധിച്ചു. അദ്ധ്യാത്മരാമായണകർത്താവായ ആ ബ്രാഹ്മണന് ഉപായം പറഞ്ഞുകൊടുത്ത ഗന്ധർവ്വനാണ്, പിൽക്കാലത്ത് ഭൂമിയിൽ ശൂദ്രനായി തുഞ്ചത്തെഴുത്തച്ഛൻ എന്ന പേരിൽ അവതരിച്ചത്. ഗോകർണ്ണത്ത് നാലു നായ്ക്കളുടെ അകമ്പടിയോടെ വന്ന ബ്രാഹ്മണൻ വേദവ്യാസമഹർഷിയും, നായ്ക്കൾ നാലു വേദങ്ങളുമാണെന്നു പറയപ്പെടുന്നു.

ഈ ഐതിഹ്യത്തിൽ, അതിന്റെ സ്രഷ്ടാക്കൾ ഒളിച്ചുവെച്ച കുറെ കാപട്യങ്ങളും വൈരുദ്ധ്യങ്ങളും കാണാമെങ്കിലും, എഴുത്തച്ഛൻ ശൂദ്രനായാണ് ജനിച്ചതെന്ന് സ്പഷ്ടമാണല്ലോ. എഴുത്തച്ഛനു മുന്നെ വിഷ്ണുഭക്തനായ ഒരു ബ്രാഹ്മണൻ കേരളമണ്ണിൽ അദ്ധ്യാത്മരാമായണ രചന നിർവ്വഹിച്ചിരുന്നെന്നു വ്യംഗമായി സ്ഥാപിച്ചെടുക്കുകയാണ് ഐതിഹ്യകാരൻ. എന്നാൽ, അത്തരത്തിൽ ഒരു കൃതിയുള്ളതായി അറിവില്ലല്ലോ. ഗ്രന്ഥവുംകൊണ്ട് ഗോകർണ്ണത്തുപോയ ബ്രാഹ്മണന്, ഗന്ധർവ്വൻ പറഞ്ഞതുപോലെ വേദവ്യാസനെ കാണാനും അദ്ധ്യാത്മരാമായണത്തിന് കൂടുതൽബഹുമാനവും പ്രചാരവും നേടാനും കഴിഞ്ഞു. എന്നിട്ടും, ഗന്ധർവ്വൻ നടത്തിയതു വ്യാജോപദേശമാണെന്നു പറഞ്ഞ് അദ്ദേഹത്തെ ശപിച്ചു ശൂദ്രനാക്കിയത് എന്തിനാണെന്നു തരിമ്പും മനസ്സിലാകുന്നില്ല. അദ്ധ്യാത്മരാമായണം എഴുതിയ എഴുത്തച്ഛൻ ശൂദ്രനാണെങ്കിലും, അദ്ദേഹം പൂർവ്വജന്മത്തിൽ ഒരു ഗന്ധർവ്വനായിരുന്നു എന്ന ആശ്വാസം കഥ ചമച്ചയാൾക്കു കിട്ടിയല്ലോ എന്നു സമാധാനിക്കാം. ഗോകർണ്ണത്ത് ബ്രാഹ്മണൻ നായയോടൊത്തു വന്നതിന് വസ്തുതാപരമായ സത്യസന്ധതയുണ്ടോ എന്നകാര്യത്തിലും സംശയമുണ്ട്; വിശേഷിച്ചും നായ ബ്രാഹ്മണർക്ക് വർജ്ജ്യമായ സ്ഥിതിക്ക്.

നാലു നായ്ക്കളുടെ അകമ്പടിയോടെ ശിവൻ ചണ്ഡാല രൂപത്തിൽ ശ്രീശങ്കരന്റെ മുന്നിൽ വന്ന കഥ കേട്ട ഓർമ്മയിൽനിന്നും പുനഃസൃഷ്ടിച്ചതാവാം ഈ തട്ടിക്കൂട്ടു സൃഷ്ടിയെന്നു കരുതാം. ഈ കഥയുടെ നിർമ്മാതാവിനും പ്രചാരകർക്കും വ്യാസമഹർഷിയോട് സ്വല്പമെങ്കിലും ആദരവ് ഉണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തെ ഈ ശാപകഥയിൽനിന്ന് ഒഴിവാക്കാമായിരുന്നു. അവരോട് പരിഭവിച്ചിട്ടു കാര്യമുണ്ടെന്നു തോന്നുന്നില്ല. ശൂദ്രന്റെ തൂലികയിൽ രാമകഥ പിറക്കുന്നതിനു മുൻപ്, ബ്രാഹ്മ

ണൻ രചിച്ച അദ്ധ്യാത്മരാമായണത്തിന് സാക്ഷാൽ വ്യാസന്റെ അനുഗ്രഹം നേടി യെടുക്കാനുള്ള വ്യഗ്രതയിൽ, രാമായണം എഴുതിയതു വ്യാസമഹർഷിയാണെന്ന് ആ 'മഹാനായ കഥാകൃത്തു' തെറ്റിദ്ധരിച്ചുപോയതാകാം.

എഴുത്തച്ഛനുവേണ്ടി സൃഷ്ടിച്ച പൂണൂൽ

ജീവിത കാലഘട്ടം കണിശമായി കണക്കാക്കാൻ സാധിക്കാത്ത മഹാത്മാക്കളുടെ പിതൃത്വം, ഓരോ ബ്രാഹ്മണരിലെത്തിക്കാനുള്ള ശ്രമം എക്കാലത്തും നടന്നിട്ടുണ്ട്. അത്തരത്തിലുള്ള വംശശുദ്ധിവരുത്തൽ എഴുത്തച്ഛന്റെ വിഷയത്തിലും സംഭവി ച്ചിട്ടുണ്ട്.കുറുവാന്തൊടിയിൽ ശങ്കരനെഴുത്തച്ഛൻ എഴുതിയ തുഞ്ചത്തെഴുത്തച്ഛൻ എന്ന ജീവചരിത്രപുസ്തകത്തിൽ, തുഞ്ചന്റെ ജനനവുമായി ബന്ധപ്പെട്ട് പ്രചരിപ്പി ക്കപ്പെടുന്ന അത്തരം കുറെ അപനിർമ്മിതകഥകൾ, കാര്യകാരണങ്ങൾ സഹിതം പൊളിച്ചടുക്കുന്നുണ്ട്. ആ കഥകളും അവയിൽ നിറയുന്ന പതിരും കാണാം:

എഴുത്തച്ഛന്റെ പിതൃത്വം ബ്രാഹ്മണനിലെത്തിക്കാൻ പരിശ്രമിക്കുന്ന, പ്രചാരത്തി ൽ ഉള്ള ഒരു പുരാവൃത്തം ഇപ്രകാരമാണ്: വടക്കെമലയാളദേശത്തുകാരനായ ഒരു നമ്പൂതിരി തിരുവനന്തപുരത്തുനിന്ന് മുറജപം കഴിഞ്ഞു വരുന്നവഴിക്ക് തൃക്കണ്ടി യൂരെത്തിയപ്പോഴേയ്ക്കും സമയം വൈകിയതിനാൽ, അവിടെ ഉണ്ടായിരുന്ന ഒരു ചക്കാലനായരുടെ വീട്ടിൽ കയറിക്കിടന്നുവെന്നും, അന്നു രാത്രി ആ വീട്ടിലെ ഒരു യുവതിയിൽ അദ്ദേഹത്തിന്നുണ്ടായ പുത്രനാണ് എഴുത്തച്ഛൻ എന്നുമാണ് ആ കഥ. ആ കഥയ്ക്കു തന്നെ മറ്റൊരു ഭാഷ്യമുള്ളത്, കഥാനായകൻ വടക്കെ മലയാളദേശ ത്തുകാരനായ നമ്പൂതിരിയല്ലാ; പരദേശബ്രാഹ്മണനായിരുന്നു എന്നതാണ്. മാതാവ്, ശൂദ്രയായ ചക്കാലനായർ യുവതിയാണ് എന്ന് ഉറപ്പായ സ്ഥിതിക്ക്, അച്ഛൻ നമ്പൂതി രിയോ, കുറഞ്ഞത് ഒരു പരദേശബ്രാഹ്മണനോ ആയാലേ പറ്റൂ. എന്നാലല്ലേ ഒരുക്കി വെച്ചിട്ടുള്ള പൂണൂൽ ഒരുമടിയുംകൂടാതെ അണിയിക്കാനൊക്കൂ. ഈ രണ്ട് സംഭവ ങ്ങളോടും യോജിക്കുന്നതിൽ പല വൈഷമ്യങ്ങളും കാണുന്നുണ്ടെന്ന് ശങ്കരനെഴു ത്തച്ഛൻ അഭിപ്രായപ്പെടുന്നു. അതിന് അദ്ദേഹം നിരത്തുന്ന വാദങ്ങൾ ഇവയാണ്:

- ✓ തിരുവനന്തപുരത്തുനിന്നും വരുന്ന ഒരാൾക്ക് നേരെ തൃക്കണ്ടിയൂരെത്താൻ അക്കാലത്തു സൗകര്യമില്ല. കനോലിസായിപ്പ് പൊന്നാനിയിൽനിന്നും ചാവ ക്കാട്ടേയ്ക്കുള്ള കനോലികനാൽ നിർമ്മിച്ചതിനുശേഷമാണ് തൃക്കണ്ടിയൂർ മുതലായ പ്രദേശങ്ങളിൽനിന്നും ജനങ്ങൾക്ക് വഞ്ചി മാർഗ്ഗം സഞ്ചാരത്തിനു സൗകര്യപ്പെട്ടത്. അതുകൊണ്ട്, മേൽപ്പറഞ്ഞ ഐതിഹ്യം അടിസ്ഥാനരഹി തമാണെന്ന കാര്യത്തിൽ സംശയത്തിനു വകയില്ല.
- ✓ തിരുവനന്തപുരത്തെ 'മുറജപം' എന്ന ക്രിയതന്നെ മാർത്താണ്ഡവർമ്മ മഹാ രാജാവ് ഏർപ്പെടുത്തിയതും, അന്നുമുതൽക്കു മാത്രം നടന്നുവരുന്നതുമായ ഒന്നാണ്. ആ സ്ഥിതിയ്ക്ക് മുൻപറഞ്ഞ ഐതിഹ്യം വിശ്വാസയോഗ്യമല്ല.
- ✓ തൃക്കണ്ടിയൂർ ഗ്രാമം മലയാളി ബ്രാഹ്മണർ സമൃദ്ധമായി അധിവസിച്ചിരുന്ന ഒരു സ്ഥലമാണ്. അവിടെയെത്തിയ ഒരു ബ്രാഹ്മണൻ, ജാതിയിൽ 'നികൃഷ്ട മെന്നു' ഗണിക്കപ്പെട്ടിരുന്ന ഒരു ചക്കാലന്റെ വീട്ടിൽ കയറിക്കിടന്നു എന്നു പറയുന്നത് അസംഗതവും അവിശ്വസനീയവുമാണല്ലോ.

- ✓ ഇനി, പരദേശബ്രാഹ്മണന്റെ കാര്യമെടുത്താലും മുൻ ഐതിഹ്യം തികച്ചും അവിശ്വസനീയമാണ്. ഇന്നത്തെപ്പോലെ സഞ്ചാരസൗകര്യങ്ങളും യാത്രാമാർഗ്ഗങ്ങളും ഇല്ലാതിരുന്നകാലത്ത്, സഹ്യപർവ്വതനിരകളാൽ അന്യദേശങ്ങളുമായുള്ള ബന്ധം മിക്കവാറും വേർപെടുത്തപ്പെട്ട കേരളക്കരയിലെ ചക്കാല യുവതി, ആചാരം,വേഷം,ഭാഷ എന്നിവകൊണ്ട് തീർത്തും വിഭിന്നസ്വഭാവിയായ ഒരു അപരിചിത ബ്രാഹ്മണനെ കണ്ടമാത്രയിൽത്തന്നെ സന്തത്യുൽപ്പാദനാർത്ഥം സ്വീകരിച്ചെന്നു പറയുന്നത് യുക്തമായി തോന്നുന്നില്ല.

ഇതിൽനിന്നും വിഭിന്നമായ ഒരു ഐതിഹ്യം, വെട്ടത്തുനാട്ടിൽ പറഞ്ഞുവരാറുള്ളതായി ശങ്കരനെഴുത്തച്ഛൻ പറഞ്ഞിട്ടുണ്ട്: വടക്കേമലയാളത്തുകാരനും ജ്യോതിഷത്തിൽ വിദഗ്ദനുമായ ഒരു ബ്രാഹ്മണൻ തിരുവനന്തപുരത്തുനിന്നും സ്വദേശത്തേക്ക് പോകുകയായിരുന്നു. പലയിടത്തും സഞ്ചരിച്ച് ഒരുദിവസം വൈകുന്നേരമായപ്പോൾ അദ്ദേഹം തൃക്കണ്ടിയൂരെത്തുകയും ക്ഷേത്രത്തിനടുത്തുള്ള തട്ടാരമ്പറമ്പത്തെന്ന മൂസ്സിന്റെ ഗൃഹത്തിൽ രാത്രി കയറിക്കിടക്കുകയും ചെയ്തു. അന്നു തനിക്കൊരു 'വിശിഷ്ടസന്താനോൽപ്പാദനത്തിനുള്ള' യോഗമുണ്ടെന്ന് ജ്യോതിശ്ശാസ്ത്രദൃഷ്ട്യാ അദ്ദേഹമറിഞ്ഞു. വഴിക്ക് പലയിടത്തും ചുറ്റിത്തിരിഞ്ഞതിനാൽ, സ്വ ഭവനത്തിലെത്തുന്നതിന് സാധിച്ചതുമില്ല. ആസന്നമായ ശുഭമുഹൂർത്തം നിഷ്ഫലമായിപ്പോകുമല്ലോ എന്നു വിചാരിച്ച് നമ്പൂതിരി അസ്വസ്ഥനായി. ഇടയ്ക്കു ശയ്യയിൽ നിന്നെഴുന്നേറ്റു മുറ്റത്തിറങ്ങി ജ്യോതിർഗ്ഗോളങ്ങളെ നിരീക്ഷിക്കുകയും, തിരികെ ശയ്യയെത്തന്നെ ശരണം പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ കുടുംബത്തിൽ തുഞ്ചത്ത് എന്നചക്കാലവീട്ടിലെ ഒരുയുവതി ദാസിയായി ജോലിചെയ്തിരുന്നു. ആ യുവതി നമ്പൂതിരിയുടെ അടുത്തുചെന്ന് അസ്വാസ്ഥ്യത്തിന്റെ കാരണം തിരക്കി അറിയുകയും, ആ സന്താനത്തിന്റെ മാതാവായിരിക്കാനുള്ള ഭാഗ്യം തനിക്കു നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ച്, ഒരു ശുഭമുഹൂർത്തത്തിൽ അവർ ഗാന്ധർവ്വമുറപ്രകാരം വധൂവരന്മാരായിമാറുകയും എഴുത്തച്ഛന്റെ അവതാരത്തിനു സന്ദർഭമൊരുങ്ങുകയും ചെയ്തു. ഇത്, നേരത്തെ കണ്ട കഥകളിലെ അയുക്തികൾ മറികടക്കാൻ മെനഞ്ഞതാകാം.ഇനി,എഴുത്തച്ഛന്റെ പിതൃത്വം ബ്രാഹ്മണനിലെത്തിക്കാൻ തയ്യാറാക്കിയ ആ കഥയിലെ സത്യാവസ്ഥ നോക്കാം:

ആ രാത്രിയിൽ തനിക്ക് ഒരു വിശിഷ്ടസന്താനോൽപ്പാദനത്തിനുള്ള യോഗമുണ്ടെന്നു മനസ്സിലാക്കാൻ തക്ക ജ്യോതിശ്ശാസ്ത്രജ്ഞാനമുണ്ടായിരുന്ന ആ നമ്പൂതിരിക്ക് അതിനു യോഗ്യമായ ഒരു ഗർഭപാത്രം കണ്ടെത്താൻ കഴിയാതെ പോയെന്നു വിശ്വസിക്കാനാകുമോ; വിശേഷിച്ചും ഒരു ബ്രാഹ്മണഗൃഹത്തിൽ അന്തിയുറങ്ങുമ്പോൾ. അന്യഥാ, അദ്ദേഹത്തിന് അത്തരം ഒരു 'ദിവ്യജ്ഞാന'മുണ്ടായിട്ടും, ഒരു ബ്രാഹ്മണിയിൽത്തന്നെ തന്റെ സന്താനം ജനിക്കണമെന്ന നിർബന്ധബുദ്ധി കാണിക്കാതിരുന്നത്, അക്കാലത്തു ജാതിചിന്ത അത്ര പ്രബലമായിരുന്നില്ലാ എന്നതുകൊണ്ടാണോ, അവിഹിതം അബ്രാഹ്മണരിൽ മാത്രം മതിയെന്ന നിശ്ചയംകൊണ്ടാണോ എന്നറിയില്ല. കാരണമെന്തായാലും, മേൽ കഥകൾക്ക് പിന്നിൽ ഒരു താത്പര്യമേ കാണാൻ പറ്റൂ: അർഹതയില്ലാത്ത പിതൃത്വം സ്വന്തമാക്കാൻ ഉള്ള ജാതിബ്രാഹ്മണ്യത്തിന്റെ വ്യഗ്രത. "കേരളക്കരയിൽ ഉത്തമകവികളായി ആരെങ്കിലും പിറന്നാൽ, അവരുടെ

പിതൃത്വം ബ്രാഹ്മണനിൽ ആരോപിക്കുന്നതും, അല്ലെങ്കിൽ, അവരുടെ വശ്യവചസ്ത്വത്തിനുള്ള കാരണം ദേവതാഭജനമാണെന്ന് തീർച്ചപ്പെടുത്തുന്നതും അന്ധവിശ്വാസത്തിന്റെ ലക്ഷണമാണ്'' എന്നു മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രം എന്ന വിഖ്യാതഗ്രന്ഥത്തിലെ 'എഴുത്തച്ഛന്റെ ജീവചരിത്രം' എന്ന അധ്യായത്തിൽ അൽപം മയപ്പെടുത്തി പറയുന്നതിന്റെ അർത്ഥം, ആ 'ബ്രാഹ്മണകല' കാലാകാലങ്ങളായി നടപ്പാക്കപ്പെട്ടിരുന്ന ഒരു നാട്ടുനടപ്പായിരുന്നു എന്നു തന്നെയല്ലേ? ആ അപനിർമ്മാണം അത്രയൊന്നും രഹസ്യമായിരുന്നില്ല എന്നല്ലേ?

മാതാവ് ആരായാലും പിതാവ് ബ്രാഹ്മണനായാൽ മതിഎന്ന ബ്രാഹ്മണരുടെ ശാഠ്യം അംഗീകരിച്ചാൽപ്പോലും, തുഞ്ചത്തെഴുത്തച്ഛൻ 'നീചയോനീജാത'നായ അവർണ്ണനായിരുന്നെന്നു കണക്കാക്കേണ്ടിവരും. അച്ഛനെയെങ്കിലും ബ്രാഹ്മണനാക്കി കുലമഹിമ ഉറപ്പിക്കാൻ കഷ്ടപ്പെടുന്നവർ ഓർത്തിരിക്കേണ്ട ഒരു വസ്തുതയുണ്ട്:മനുസ്മൃതി നിർവ്വചിക്കുന്നതനുസരിച്ച്, ബ്രാഹ്മണന് താണ മൂന്നുവർണ്ണങ്ങളിലും ജനിക്കുന്ന സന്താനങ്ങളെ അപസദന്മാരായാണ്(നിന്ദ്യൻ) കണക്കാക്കാറുള്ളത്. ബ്രാഹ്മണനു ശൂദ്രസ്ത്രീകളിൽ ജനിക്കുന്ന മക്കളെ നിഷാദൻ എന്ന സങ്കരജാതിയായാണ് മനുസ്മൃതി ഗണിച്ചിരുന്നത്; ബ്രാഹ്മണനായല്ല.(പത്താമധ്യായം,ശ്ലോകം:8,10). സങ്കരജാതീയരെ അച്ഛന്റെയോ അമ്മയുടെയോ വർണ്ണത്തിൽ ഉൾപ്പെടുത്താൻ മനുനിയമം അനുവദിക്കുന്നില്ല. അവരെ വർണ്ണവ്യവസ്ഥക്കു പുറത്തുള്ള 'ബാഹ്യരാ'യാണ്-അവർണ്ണരായാണ് കണക്കാക്കിയിരുന്നത്. ആ ചട്ടങ്ങളൊക്കെ തിരുത്തി, എഴുത്തച്ഛനെ ബ്രാഹ്മണനാക്കാനുള്ള അത്യാവേശം, ഇതര സങ്കരസമുദായങ്ങളുടെ കാര്യത്തിലും ബ്രാഹ്മണ്യം കാണിക്കുമോ? അതിനുവേണ്ടി, സജാതീയരായ സ്ത്രീ-പുരുഷന്മാർക്കുണ്ടാകുന്ന സന്തതികൾ മാത്രമാണ് ശുദ്ധവർണ്ണികൾ എന്ന മനുസ്മൃതി നിയമം അവർ അസാധുവാക്കി തള്ളിക്കളയുമോ?(അപസദൻ=ജാതിഭ്രഷ്ടൻ).

എഴുത്തച്ഛനെ ആഢ്യനാക്കാനുള്ള വർണ്ണവിശുദ്ധിവാദികളുടെ നിശ്ചയം എത്രമേൽ സത്യസന്ധവും നിഷ്കളങ്കവുമാണെന്ന് ഇനി നോക്കാം. ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ അവർ ബ്രാഹ്മണനായി അംഗീകരിച്ചിരുന്നുവോ എന്ന അന്വേഷണം നൽകുന്നത് കൗതുകകരമായ കുറച്ച് ഉത്തരങ്ങളാണ്. ആ കണ്ടെത്തലിൽ, തുഞ്ചത്തെഴുത്തച്ഛൻ ബ്രാഹ്മണനായിരുന്നോ എന്ന ചോദ്യത്തിനുള്ള ഉത്തരവുമുണ്ട്:

ജീവിച്ചിരുന്നകാലത്തെ വേട്ടയാടൽ

പിൽക്കാലത്ത് ചിലർ ബ്രാഹ്മണനാക്കി അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, ജീവിച്ചിരിക്കെ ബ്രാഹ്മണ്യത്തിന്റെ നിന്ദ്യമായ വേട്ടയാടലിനു വിധേയനായ പ്രതിഭയായിരുന്നു എഴുത്തച്ഛൻ എന്നതിനു പുരാവൃത്തങ്ങളിൽ നിരവധി തെളിവുകളുണ്ട്. കുറുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ എഴുതിയ തുഞ്ചത്തെഴുത്തച്ഛന്റെ ജീവചരിത്രത്തിലെ ചില പരാമർശങ്ങൾ അതിന് ഉപോദ്ബലകമാണ്:

പ്രകൃത്യാതന്നെ അപാര ബുദ്ധിമാനായിരുന്നു എഴുത്തച്ഛൻ. ഒരിക്കൽ, തിരുനാവായക്ഷേത്രത്തിൽവെച്ച് (തൃക്കണ്ടിയൂർ ക്ഷേത്രത്തിലാണെന്നും ഒരു പാഠഭേദമുണ്ട്) ബ്രാഹ്മണർ വേദപാരായണം ചെയ്യുന്നതു കേട്ടുകൊണ്ടിരുന്ന ബാലനായ എഴുത്തച്ഛൻ 'കാട്...കാട്..' എന്നു പറഞ്ഞെന്നും, തങ്ങൾ വേദം തെറ്റിച്ചു ചൊല്ലുന്നതു ചൂണ്ടി

ക്കാണിച്ചാണ് കുട്ടി അങ്ങനെ പറഞ്ഞതെന്ന് നമ്പൂതിരിമാർ മനസ്സിലാക്കിയെന്നും, ബാലന്റെ വൈഭവത്തിൽ അസഹിഷ്ണുക്കളായ അവർ, മലരും പഴവും ജപിച്ചു കൊടുത്ത് കുഞ്ഞിനെ മന്ദബുദ്ധിയും മൂകനുമാക്കി തീർത്തെന്നും പറയപ്പെടുന്നു. കുട്ടിയുടെ അച്ഛനായ ബ്രാഹ്മണൻ, കുറെക്കാലം കഴിഞ്ഞശേഷം ഒരിക്കൽ തൃക്കണ്ടിയൂരിൽ വന്നപ്പോൾ, തന്റെ മകന്റെ ബുദ്ധിമാന്ദ്യത്തെക്കുറിച്ചു മനസ്സിലാക്കിയെന്നും, കുശാഗ്രബുദ്ധിയായ അദ്ദേഹം അതിന്റെ സൂക്ഷ്മ കാരണമറിഞ്ഞ് മന്ത്രത്തിന്റെ ഫലം കെടുത്തുവാൻ, കുട്ടിക്ക് സാധാരണ മദ്യം കൊടുത്തുകൊള്ളുവാൻ ഉപദേശിച്ചുവെന്നും ആ പ്രയോഗംകൊണ്ടു ബാലന്റെ ബുദ്ധി തെളിഞ്ഞു പ്രകാശിക്കാൻ തുടങ്ങിയെന്നും ഒരു ഐതിഹ്യകഥ പ്രചാരത്തിലുണ്ട്. തങ്ങൾക്ക് പറ്റിയ പിഴവു ചൂണ്ടിക്കാണിച്ചതിന്റെ പേരിൽ ബാലനായ എഴുത്തച്ഛനുമേൽ കടുംകൈ പ്രവർത്തിച്ച ബ്രാഹ്മണ്യം തന്നെയാണു പിൽക്കാലത്ത് അദ്ദേഹത്തിന്റെ മഹത്വം സ്വന്തമാക്കാൻ ശ്രമിച്ചത് എന്നോർക്കുക. മദ്യസേവ ബ്രാഹ്മണർക്ക് മരണതുല്യമായതുകൊണ്ട്, മകനു മദ്യം കൊടുക്കുവാൻ നിർദ്ദേശിച്ച അച്ഛൻനമ്പൂതിരിയും എഴുത്തച്ഛനും ബ്രാഹ്മണരായല്ല ജീവിച്ചതെന്ന് കരുതേണ്ടിവരും. അല്ലെങ്കിൽ, അദ്ദേഹം സ്മൃതിനിയമങ്ങളുടെയും നാട്ടുനടപ്പുകളുടെയും നിഷേധിയായിരുന്നിരിക്കാം.

- ✓ എഴുത്തച്ഛൻ അന്യദേശസഞ്ചാരം കഴിഞ്ഞു വലിയ വിദ്യാസമ്പന്നനായി മടങ്ങിഎത്തിയിട്ടും അസഹിഷ്ണുക്കളായ നമ്പൂതിരിമാർ അദ്ദേഹത്തെ അവഹേളനാപുരസ്സരം ആക്ഷേപിച്ചുകൊണ്ടിരുന്നു.ബാല്യത്തിൽ തുടങ്ങിയ ആ അസൂയ, എഴുത്തച്ഛന്റെ ക്രമപ്രവൃദ്ധമായ ഉൽക്കർഷങ്ങളോടുകൂടി കലശലായി.എഴുത്തച്ഛൻ ഒരു താണജാതിയിൽപ്പെട്ട ചക്കാലനായരാണെന്നതിനെ സൂചിപ്പിച്ചുകൊണ്ട്, "തുഞ്ചന്റെ ചക്കിൽ എത്രയാടു"മെന്ന് അവർ ചോദിച്ചിരുന്നുവെന്നും, അതിനദ്ദേഹം, ചക്കാലനാണെങ്കിലും തനിക്ക് നാലുവേദവും ആറു ശാസ്ത്രവും അറിയാം എന്ന ധ്വനിയിൽ, "അടിയന്റെ ചക്കിൽ നാലും ആറും ആടു"മെന്ന് പ്രത്യുത്തരം നൽകിയിരുന്നെന്നും ഐതിഹ്യവേദികൾ പറയുന്നു.(ചക്കിൽ എണ്ണയാട്ടുന്നതായിരുന്നല്ലോ ചക്കാലനായന്മാരുടെ കുലത്തൊഴിൽ. അതുപറഞ്ഞ് കളിയാക്കിയത് ആദരവുകൊണ്ടാകില്ലല്ലോ).
- ✓ ഒന്നുകൊണ്ടറിയേണം രണ്ടിൻ ബലാബലം എന്ന് ആരംഭിക്കുന്ന മഹാഭാരതത്തിലെ പദ്യത്തെ അനുകരിച്ച്, ചില നമ്പൂതിരിമാർ, 'രണ്ടുകൊണ്ടറിയേണം മൂന്നിന്റെ ബലാബലം; പിന്നെ, നാലിനെ അഞ്ചാൽ വശത്തും വരുത്തേണം' എന്ന രീതിയിൽ ഒരു തടിച്ച പുസ്തകം നിറയുവോളം എഴുതിയുണ്ടാക്കി എഴുത്തച്ഛനെ കാണിച്ച്, അദ്ദേഹത്തോട് അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ചോദിക്കുകയുണ്ടായെന്നും ഒരു ഐതിഹ്യമുണ്ട്.
- ✓ യൂറോപ്പിലെയും ഭാരതത്തിലെയും വിജ്ഞാനകുതുകികൾക്കിടയിൽ അറിവിന്റെ പങ്കുവെയ്ക്കലിന് വേദി സൃഷ്ടിച്ച ഇന്ത്യൻ ആന്റികചറിയുടെ 1878 നവംബർ ലക്കത്തിൽ, മലയാളഭാഷയുടെ ഉത്ഭവത്തെപ്പറ്റി വിദേശപണ്ഡിതനായ F.W.എല്ലിസ് ഒരു ഉപന്യാസം പ്രസിദ്ധീകരിച്ചിരുന്നു(1816ൽ എഴുതിയത്). അതിൽ എഴുത്തച്ഛനെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'എഴുത്തച്ഛന്റെ പാണ്ഡിത്യവുംപ്രതിഭയും കണ്ട് അസൂയകലുഷിതരായ നമ്പൂരിമാർ അദ്ദേഹം തങ്ങ

ളെക്കാൾ പ്രശസ്തനാകും എന്നു ഭയന്നിട്ട്, വാമാചാരതന്ത്രങ്ങൾ പ്രയോഗിച്ച് അദ്ദേഹത്തെ മദ്യപാനിയാക്കിത്തീർത്തു. തന്റെ 'അധഃപതന'ത്തിന്നു കാരണക്കാരായ നമ്പൂതിരിമാരുടെ അന്ധവിശ്വാസങ്ങളെയും അസഹിഷ്ണുതയേയും എല്ലാശക്തിയും ഉപയോഗിച്ചു ചെറുക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. പ്രതികാരം ചെയ്യാൻ എഴുത്തച്ഛൻ അനുവർത്തിച്ച മാർഗ്ഗം, മലയാളഭാഷയെ ശക്തിപ്പെടുത്തുക എന്നതായിരുന്നു. തമിഴിന്റെ ഒരു താവഴിഭാഷ മാത്രമായിരുന്ന മലയാളത്തെ, മഹർഷിമാരുടെ ദേവഭാഷയ്ക്ക് തുല്യമായ ഒരു നിലയിലെത്തിക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിനുവേണ്ടിയാണ് അദ്ദേഹം മലയാളത്തിലേക്ക് അനേകം മഹദ്ഗ്രന്ഥങ്ങളുടെ തർജ്ജമകൾ ചെയ്തത്.'

[പിൻകുറിപ്പ്: 1872-ൽ ബോംബെയിലെ എജ്യൂക്കേഷൻ സൊസൈറ്റി പ്രസ്സിൽനിന്നുമാണ് ആദ്യമായി ഇന്ത്യൻ ആന്റികഥറി(The Indian Antiquary) പ്രസാധനം ചെയ്യപ്പെട്ടത്. പുരാണസംബന്ധിയായ പഠനങ്ങൾ, ഗവേഷണങ്ങൾ എന്നിവയ്ക്കു പ്രാധാന്യം നൽകിയിരുന്ന ആ പ്രസിദ്ധീകരണത്തിന്റെ പരിധിയിൽ വന്ന പ്രധാനവിഷയങ്ങൾ നരവംശശാസ്ത്രം, ചരിത്രം, പുരാലിഖിത ശാസ്ത്രം, നാണയവിജ്ഞാനം, മതം, ശിലാലിഖിതശാസ്ത്രം, നാട്ടാചാരങ്ങൾ, കലാരൂപങ്ങൾ, സാഹിത്യം, സംഖ്യാശാസ്ത്രം, ഭൂമിശാസ്ത്രം തുടങ്ങിയ വൈജ്ഞാനികമേഖലകളായിരുന്നു.]

- ✓ പത്തൊൻപതാം ശതകത്തിന്റെ രണ്ടാംപകുതിയിൽ വില്യംലോഗൻ രചിച്ച മലബാർ മാനുവൽ എന്ന സുപ്രസിദ്ധ ചരിത്രഗ്രന്ഥത്തിലെ, 'ജനങ്ങൾ' എന്ന അധ്യായത്തിൽ പറയുന്നു: "പതിനേഴാം നൂറ്റാണ്ടിൽ, ശൂദ്രജാതിയായ നായർ സമുദായത്തിൽപെട്ട തുഞ്ചത്തെഴുത്തച്ഛൻ എന്ന ഒരാൾ, തമിഴ് അക്ഷരമാലയെ അടിസ്ഥാനമാക്കിയുള്ള ഗ്രന്ഥലിപിയുടെ ചുവടുപിടിച്ച്, ഗ്രാമ്യമലയാളത്തിന് തനതായ ശൈലിയിൽ രൂപകല്പന നൽകുകയും, ആധുനിക മലയാളത്തിൽ വിശ്രുത സംസ്കൃതകൃതികളുടെ സ്വതന്ത്രവിവർത്തനത്തിന് ഒരുങ്ങുകയും ചെയ്തപ്പോൾ അതൊരു വിപ്ലവമായിരുന്നു". വിശുദ്ധഗ്രന്ഥങ്ങളുടെ വിവർത്തനത്തിന് ഒരുങ്ങിയ എഴുത്തച്ഛന് ബ്രാഹ്മണരിൽനിന്നും നേരിടേണ്ടിവന്ന ദുരനുഭവങ്ങളെക്കുറിച്ചും, അതിനെ അദ്ദേഹം ധൈര്യപൂർവ്വം നേരിട്ടതിനെക്കുറിച്ചും മലബാർ മാന്വലിൽ തുടർന്നു പ്രസ്താവിക്കുന്നുണ്ട്. അതനുസരിച്ച്, എഴുത്തച്ഛന്റെ ജ്ഞാനവും പ്രതിഭയും നശിപ്പിക്കുക എന്ന നിന്ദ്യകർമ്മമായിരുന്നു അതിനുവേണ്ടി ബ്രാഹ്മണ്യം അവലംബിച്ചത്:

> language: "The difficulties with which he had in consequence to struggle gave him an energy of character which it is probable he would not have possessed had his caste been without blemish.[1] The Brahmans envied his genius and learning, and are said to have seduced him by the arts of sorcery into the habit of ebriety, wishing to overshadow the mental powers which they feared. The poet, however, triumphed on his habits, though he could not abandon them, and, in revenge against those whom he considered the cause of his debasement, he opposed himself openly to the prejudices and the intolerance of the Brahmans. The mode of vengeance he chose was the exaltation of the

മേൽ വസ്തുതകളിൽനിന്നും വെളിവാകുന്നത്, എഴുത്തച്ഛനെ സ്വന്തമാക്കാനുള്ള ആഗ്രഹംകൊണ്ടല്ല; മഹാകവിയുടെ പ്രതിഭയുടെ ഒരു ഓഹരിയെങ്കിലും കൈവശപ്പെടുത്താനുള്ള വ്യഗ്രതകൊണ്ടാണ് അദ്ദേഹത്തെ പൂണൂലണിയിക്കാൻ അവർ ശമിക്കുന്നത് എന്നാണല്ലോ. എന്നാൽ, ചരിത്രത്താളുകളിൽ ആഴത്തിൽ വേരുറപ്പിച്ചുനിൽക്കുന്ന സത്യങ്ങളെ തുടച്ചുനീക്കാൻ എഴുത്തച്ഛനെ പൂണൂലിട്ട് അവതരിപ്പിക്കുന്നവർ എത്ര വിയർപ്പൊഴുക്കിയാലും സാധ്യമല്ല. അദ്ധ്യാത്മരാമായണത്തിനൊപ്പം മലയാളികൾ എഴുത്തച്ഛനെ ആദരിക്കുന്നതും, മലയാളഭാഷയുടെ പിതാവായി അംഗീകരിക്കുന്നതും അദ്ദേഹത്തിന്റെ പിതാവ് ബ്രാഹ്മണനാണ് എന്ന തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലല്ല; അദ്ദേഹം കൈരളിക്കു നൽകിയ അതുല്യ സംഭാവനകളെ ആസ്പദമാക്കിയാണ്. തുഞ്ചത്തെഴുത്തച്ഛനോടുള്ള ആ ആദരവ് മലയാള ഭാഷ നിലനിൽക്കുന്നിടത്തോളം കാലം തുടരുകതന്നെചെയ്യും.

കാളിദാസൻ

പുരാതന ഭാരതീയ കവിരത്നങ്ങളിൽ, ഭാവനാവിലാസത്തിന്റെയും കാവ്യഭംഗിയുടെയും പ്രകൃത്യാവബോധത്തിന്റെയും കാര്യത്തിൽ അഗ്രഗണ്യനാണ് കാളിദാസൻ എന്ന കാവ്യഹിമവാൻ. എങ്കിലും, അദ്ദേഹത്തിന്റെ ജീവിതകഥ അനന്തമായ അന്വേഷണവിഷയമായി ഇപ്പോഴും തുടരുന്നു.വ്യാസമുനിയുടേയും വാല്മീകിയുടെയും തലത്തിലുള്ള സംഭാവനകളല്ല കാളിദാസൻ ഭാരതീയ കാവ്യലോകത്തിനു നൽകിയതെങ്കിലും, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കുറച്ചു വസ്തുതകൾ പുറത്തുകൊണ്ടുവരാൻ ഉപകരിക്കുമെന്നതുകൊണ്ട് ഈ പഠനത്തിന്റെ ഭാഗമാക്കുന്നു.

ഒന്നിലും ഒരുറപ്പുമില്ല; ഒരുകാര്യത്തിലൊഴികെ

കാളിദാസൻ ജീവിച്ചിരുന്ന കാലവും ദേശവും ഏതെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കെല്ലാം പല അഭിപ്രായമാണുള്ളത്. ക്രിസ്തുവിനുമുൻപ് രണ്ടാംനൂറ്റാണ്ടുതൊട്ട്, ക്രിസ്തുവിനുശേഷം ആറാം നൂറ്റാണ്ടുവരെ നീളുന്നുണ്ട് അവരിലെ അനുമാനങ്ങളുടെ കാലദൈർഘ്യം. ആറാം നൂറ്റാണ്ടിലെ ഐഹോളയിലെ ശിലാലേഖനത്തിൽ, കാളിദാസനെപ്പറ്റിയുള്ള കൃത്യമായ പരാമർശങ്ങളുണ്ടെന്നതിനാൽ, അദ്ദേഹത്തിന്റെകാലഘട്ടം അതിനുമുമ്പാണെന്നു ചിലർ വിശ്വസിക്കുന്നു. വിക്രമാദിത്യമഹാരാജാവിന്റെ രാജസഭാംഗമായിരുന്നു അദ്ദേഹമെന്നും, കാളിദാസനെന്നതും വിക്രമാദിത്യനെന്നതും ഒരോ ബിരുദമോ പദവിവിശേഷണമോ ആയിരുന്നിരിക്കാം എന്നുമൊക്കെയുള്ള സ്ഥിരീകരിക്കപ്പെടാത്ത ഒരുപാടു നിഗമനങ്ങൾക്കു ചുറ്റും വട്ടം കറങ്ങുകയാണ് ചരിത്രവും ചരിത്രകാരന്മാരും. അദ്ദേഹത്തിന്റെ ജന്മസ്ഥലം ഉജ്ജയിനിയാണോ കാശ്മീരമാണോ എന്ന വിഷയത്തിലും പണ്ഡിതർക്കിടയിൽ ഏകാഭിപ്രായമില്ല. എങ്കിലും, കാളിദാസൻ ജന്മനാബ്രാഹ്മണനായിരുന്നെന്നും, യഥാവിധി വിദ്യാഭ്യാസം ചെയ്ത അദ്ദേഹം, യൗവ്വനാരംഭമായപ്പോഴേയ്ക്കും വലിയ വിദ്വാനായിത്തീർന്നെന്നും പല ജീവചരിത്രകഥകളും ഉറപ്പിച്ചുപറയുന്നു. മറ്റു കാര്യങ്ങളിൽ ഒന്നിലും ഒരു നിശ്ചയവുമില്ലെങ്കിലും, കാളിദാസൻ ജന്മനാ ഒരു ബ്രാഹ്മണനായിരുന്നു എന്ന കാര്യംമാത്രം ചില കഥാകാരന്മാർക്ക് ഉറപ്പാണത്രേ. ആ ഉറപ്പിലെ യുക്തിരാഹിത്യം ചിന്തിക്കുന്നവരിൽ സംശയമുണ്ടാക്കാൻ ഇടനൽകുന്നതാണ്.

എന്നാൽ, കാളിദാസന്റെ വിവാഹവുമായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ, അക്ഷര ജ്ഞാനമില്ലാത്ത ഒരു മൂഢബുദ്ധിയായിരുന്നു അദ്ദേഹമെന്ന് കാണാം. അക്കാലത്ത് അവിടത്തെ പ്രഭുവിന് സർവ്വാംഗസുന്ദരിയും വിദുഷിയുമായ ഒരു പുത്രിയുണ്ടായിരുന്നു. അനവധി യോഗ്യർ അവളെ വിവാഹം ചെയ്യാനായി ചെന്നെങ്കിലും, ശാസ്ത്രവാദത്തിൽ തന്നെ ജയിക്കുന്നവനെ മാത്രമേ ഭർത്താവായി വരിക്കുകയുള്ളൂ എന്ന ദൃഢനിശ്ചയത്തിലായിരുന്നു പ്രഭുകുമാരി.വിവാഹത്തിനായി വന്നവരെയൊക്കെ അവൾ വാദത്തിൽ തോല്പിച്ചയച്ചു.കന്യകയുടെ യൗവ്വനദശ അവസാനിച്ചുതുടങ്ങിയപ്പോൾ, അവളുടെ രക്ഷിതാക്കൾ അത്യന്തം ദുഃഖിതരായി. ഇനി ശാസ്ത്രവാദവും ഒന്നുംവേണ്ട, യോഗ്യനായ ഒരാളെ കണ്ടെത്തി കുമാരിയെ വിവാഹംചെയ്തു കൊടുത്തേ മതിയാകൂ എന്നതീരുമാനത്തിൽ,ഒരാളെ തേടിപ്പിടിക്കാൻ അവർ ഭൃത്യരെ നിയോഗിച്ചു. അന്വേഷിച്ചു വലഞ്ഞ ഭൃത്യന്മാർ, യോഗ്യരും വിദ്വാന്മാരുമായ അനേകമാളുകളെ അപമാനിച്ചയച്ച കുമാരിയെ ഒരൊന്നാന്തരം മൂഢനെക്കൊണ്ടുതന്നെ വിവാഹം ചെയ്യിക്കണം എന്നുനിശ്ചയിച്ചു. പിന്നെ അവരുടെ അന്വേഷണം അത്തരത്തിലുള്ള ഒരു മഹാമൂഢനെ കണ്ടുകിട്ടാൻവേണ്ടിയായി.

അങ്ങനെയിരിക്കുമ്പോൾ, കാഴ്ചയിൽ അതിസുന്ദരനായ ഒരാൾ ഒരു വൃക്ഷത്തിൽ കയറി, താനിരിക്കുന്ന കൊമ്പിന്റെ മൂടുതന്നെ മുറിക്കാൻ ശ്രമിക്കുന്നതായി ഭൃത്യന്മാർ കണ്ടു. അവനൊരു ഒന്നാന്തരം മണ്ടൻതന്നെയെന്ന് ഭൃത്യർ തീർച്ചപ്പെടുത്തി. തന്റെ ആടുകൾക്കു തീറ്റി കൊടുക്കാൻ വേണ്ട മരക്കൊമ്പുകൾ മുറിക്കുകയായിരുന്നു അയാൾ. പ്രഭുകിങ്കരന്മാർ അവനെ വിളിച്ചിറക്കി പുതിയവസ്ത്രങ്ങളും മറ്റും ധരിപ്പിച്ച് പ്രഭുവിന്റെ ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. വിദ്വാന്മാരായ ഭൃത്യന്മാർ ആട്ടിടയന്റെ പ്രവൃത്തികളിലെ മണ്ടത്തരങ്ങൾ യഥോചിതം വ്യാഖ്യാനിച്ച്, അയാൾ മഹാവിദ്വാനാണെന്നു വരുത്തിത്തീർത്ത് കുമാരിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അത്താഴശേഷം ശയനഗൃഹത്തിലെത്തിയ വരന്റെ ഓരോരോ ചേഷ്ടകൾ കണ്ടിട്ട്, അയാൾ കേവലം മൂഢൻതന്നെയെന്ന് പ്രഭുകുമാരി തീർച്ചപ്പെടുത്തി. അത്തരമൊരു പുരുഷനോടുകൂടി ജീവിക്കുന്ന കാര്യം പ്രയാസകരം തന്നെയെന്നു നിശ്ചയിച്ച പ്രഭുപുത്രി, അയാളെ പുറത്താക്കി. അപമാനിതനായി അവിടെനിന്നുമിറങ്ങിയ ആട്ടിടയൻ വനാന്തരത്തിലുള്ള ഒരു ഭദ്രകാളീക്ഷേത്രത്തിലേയ്ക്ക് പോയി അകത്തുകയറി വാതിലടച്ച് ഇരുന്നു. പുറംസഞ്ചാരത്തിനു പോയ കാളി തിരിച്ചുവന്നപ്പോൾ, വാതിൽ അകത്തുനിന്നും പൂട്ടിയിരിക്കുന്നതു കണ്ട്, ഉള്ളിലാരാണെന്നു തിരക്കി. അനന്തരം നടന്ന സംവാദത്തിനൊടുവിൽ, ദേവി ശൂലാഗ്രംകൊണ്ട് അയാളുടെ നാവിൽ വിദ്യാപ്രദമായ ചിന്താമണിമന്ത്രം എഴുതി അനുഗ്രഹിച്ചു. അതോടെയാണ് മൂഢനായ ആ ആട്ടിടയൻ കാളിദാസകവിയായത് എന്നാണു കഥ. കാര്യങ്ങളുടെ അവസ്ഥ ഇങ്ങനെയാണെങ്കിലും, അദ്ദേഹം ജന്മനാ ബ്രാഹ്മണനായിരുന്നെന്ന കാര്യത്തിൽ ചിലർക്കു തീരെ സംശയമില്ല. അതിന് അവർക്കുള്ള ഒരേയൊരു ന്യായീകരണം കാളിദാസൻ അനവധി മഹാകാവ്യങ്ങളെഴുതിയ പണ്ഡിതനായിരുന്നു എന്നതാണ്. ജന്മമാണ് ബ്രാഹ്മണ്യത്തിനുള്ള യോഗ്യത എന്നാണ് വംശവിശുദ്ധിവാദികളുടെ പ്രചാരണമെങ്കിലും, കാളിദാസന്റെ കാര്യത്തിൽ ആ ഘടകം അവരുടെ രക്ഷയ്ക്കെത്തുന്നില്ല എന്നതാണ് കഥകളിൽ കാണാനാകുന്നത്.

കാളിദാസനെയും കയ്യേറി

പൂർവ്വാശ്രമത്തിൽ, നിരക്ഷരനും മൂഢനും ആട്ടിടയനും കാളിഭക്തനുമായിരുന്നെങ്കിലും, കാളിദാസൻ ബ്രാഹ്മണനാണെന്നകാര്യത്തിൽ ആദ്ധ്യാത്മവാദികൾക്ക് നിർബന്ധബുദ്ധിയാണ്. അതിന് ഉപോത്ബലകമായി അവർ അവതരിപ്പിക്കുന്ന ഒരു കഥയുണ്ട്: കാളിദാസൻ ജന്മനാ ബ്രാഹ്മണനും, യഥാവിധി വിദ്യാഭ്യാസം ചെയ്ത വലിയവിദ്വാനുമായിരുന്നു. ഒരിക്കൽ ദേവദർശനത്തിനായി കാളിദാസനെത്തിയ ശിവക്ഷേത്രത്തിൽ, ഒരു ദിവ്യനായ യോഗീശ്വരൻ ഇരിക്കുന്നുണ്ടായിരുന്നു. സംഭാഷണത്തിനിടയിൽ, മഹായോഗിക്കു സംഭവിച്ച അപശബ്ദങ്ങളെ അപഹസിച്ച കാളിദാസൻ, യോഗിയുടെ ശാപഫലമായി പഠിച്ചതൊക്കെ മറന്ന് മൂഢനും മന്ദബുദ്ധിയുമായിത്തീർന്നത്രേ. അന്നുമുതൽ, അയാൾ സ്വന്തംകുലാചാരങ്ങളെല്ലാം വിട്ട്, ഒരുപറ്റം അജപാലകരുടെ കൂട്ടത്തിൽ കൂടി അലഞ്ഞുതിരിഞ്ഞു നടക്കാൻ തുടങ്ങി. ശാപവചനം കേട്ടു ദുഃഖിതനായ കാളിദാസൻ, ആ യോഗീശ്വരനോടു ക്ഷമാപണം നടത്തി ശാപമോക്ഷവരം നേടിയതിന്റെ ഫലമായി, ഭദ്രകാളീപ്രസാദത്തിലൂടെ ബുദ്ധിമാന്ദ്യം നീങ്ങി വിദ്വാനായിത്തീർന്നു. ഈ കഥ, ഉത്തരത്തിൽനിന്നു ചോദ്യത്തിലേക്കുള്ളയാത്രയ്ക്കിടയിൽ ആർക്കോ വീണുകിട്ടിയതാവാനാണ് സാധ്യത.എല്ലാം അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥകൾ മാത്രമായതുകൊണ്ട് വായനക്കാരുടെ സുബോധത്തെ വെല്ലുവിളിക്കാത്തവ സ്വീകരിക്കുകയാണല്ലോ ബുദ്ധി.

മാച്ചുകളയാനാവാത്ത തെളിവുകൾ

പുരാണങ്ങളിൽ കാണുന്ന കഥനശൈലിയിൽനിന്നു തികച്ചും വിഭിന്നമാണ് കാളിദാസന്റെ കാവ്യശൈലി. സ്ത്രീസൗന്ദര്യം വർണ്ണിക്കുന്നതിൽ കാളിദാസൻ പ്രകടിപ്പിക്കുന്ന ധാരാളിത്തം അദ്വിതീയമാണ്. പ്രേമവും പ്രകൃത്യുപാസനയും സൗന്ദര്യാവബോധവുമാണ് കാളിദാസകൃതികളുടെ പ്രാണനായി വിലയിരുത്തപ്പെടുന്നത്.

സൂര്യവംശത്തിലെ അവസാനത്തെ രാജാവായ അഗ്നിവർണ്ണൻ രാജ്യകാര്യങ്ങളിൽ ശ്രദ്ധിക്കാതെ കാമസുഖങ്ങളിൽ മുഴുകിക്കഴിഞ്ഞതിനെത്തുടർന്ന്, രോഗബാധിതനായി അകാലത്തിൽ മരണമടഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ഗർഭിണിയായ ഭാര്യ രാജ്യഭാരമേറ്റു ഭരണം നടത്തിയതിന് രഘുവംശത്തിൽ നല്കിയിട്ടുള്ള പ്രാധാന്യം, കാളിദാസന്റെ വിപ്ലവകരമായ കഥാഖ്യാനശൈലിയാണ് വെളിവാക്കുന്നത്. അഭിജ്ഞാനശാകുന്തളത്തിൽ ദുഷ്യന്തമഹാരാജാവിനെക്കാൾ ഉന്നതമായ ഒരു തലത്തിൽ നിലകൊണ്ട കഥാപാത്രമാണല്ലോ ശകുന്തള. വിശ്വാമിത്രമഹർഷിയുടെ തപോഭംഗത്തിനായി നിയോഗിക്കപ്പെട്ട മേനക എന്ന അപ്സരസ്സിൽ മഹർഷിക്കു പിറന്ന പുത്രിയാണ് താനെന്നും, മാതാപിതാക്കൾ ഉപേക്ഷിച്ചുപോയതിനെത്തുടർന്ന് ശകുന്തങ്ങൾ കാത്തുസൂക്ഷിച്ചതുകൊണ്ട് തനിക്കു ശകുന്തളയെന്ന പേരുകിട്ടിയെന്നും, മഹാവനത്തിൽനിന്നു തന്നെ കണ്ടെടുത്തു വളർത്തിയതുകൊണ്ട് കണ്വമുനിയെ സ്വന്തം അച്ഛനായി കരുതിവരികയാണെന്നുമുള്ള ദുഷ്യന്തനോടു നടത്തുന്ന ശകുന്തളയുടെ വെളിപ്പെടുത്തൽ, ചാപല്യമേതുമില്ലാത്ത പെൺമനസ്സിന്റെ പ്രതിഫലനമാണ്. ദുഷ്യന്തന്റെ പ്രലോഭനങ്ങളിൽപ്പെട്ട്, അദ്ദേഹത്തിനു വഴങ്ങിക്കൊടുത്ത അബലയായല്ല ശകുന്തളയെ കവി അവതരിപ്പിക്കുന്നത്.തനിക്കുണ്ടാകുന്ന മകനെ

ദുഷ്യന്തനുശേഷം രാജാവായി വാഴിക്കാമെന്ന വാഗ്ദാനം വാങ്ങിയതിനുശേഷമേ, ശകുന്തള ഗാന്ധർവ്വവിവാഹത്തിനു സമ്മതിക്കുകയും അദ്ദേഹത്തിനു വിധേയയാകുകയും ചെയ്യുന്നുള്ളൂ. തന്നോടു മുൻപു ചെയ്ത പ്രതിജ്ഞ ഓർമ്മിപ്പിച്ചുകൊണ്ട്, മുന്നിലെത്തുന്ന ശകുന്തളയോട്, പരുഷവാക്കുകൾകൊണ്ടു പ്രതിവചിച്ച ദുഷ്യന്തനോടു പതറാതെനിന്നു പോരാടുന്ന ധീരവനിതയായാണ് ശകുന്തളയെ മഹാകവി ആവിഷ്കരിക്കുന്നത്. കാളിദാസകഥാപാത്രങ്ങളായ ശകുന്തളയടക്കമുള്ള സ്ത്രീകളൊക്കെ, പൗരോഹിത്യ സംസ്കാരത്തിലെ പ്രമാണങ്ങളായ സ്മൃതിശാസനങ്ങളെയും, സകല സദാചാരസംഹിതകളെയും നിരാകരിക്കുന്ന പാത്രസൃഷ്ടികൾ തന്നെയാണ്. അതൊക്കെതന്നെയാണ് കാളിദാസൻ എന്ന വിഗ്രഹഭഞ്ജകനായകവി മനുഷ്യവിരുദ്ധ-സ്ത്രീവിരുദ്ധമാമൂലുകൾക്ക് കവചമൊരുക്കുന്ന സമൂഹത്തിലല്ല ജനിച്ചുജീവിച്ചത് എന്നു വിശ്വസിക്കാൻ ഇടനൽകുന്ന കാരണങ്ങൾ.

പ്രഭുഗൃഹത്തിൽനിന്നു പത്നിയാൽ ആട്ടിയിറക്കപ്പെട്ടപ്പോൾ, കാളിദാസൻ നേരെ പോയി അഭയം തേടിയത് കാളിക്ഷേത്രത്തിലായിരുന്നല്ലോ. അദ്ദേഹം അടിയുറച്ച കാളീഭക്തനായിരുന്നു എന്നുവേണം കരുതാൻ.ആദിമകാലത്ത് ദ്രാവിഡരുടേയും, അനന്തരം ശാക്തേയരുടേയും ആരാധനാമൂർത്തിയായിരുന്നു കാളി. പിന്നാക്ക-അവർണ്ണജാതീയരാണ് ഭദ്രകാളിയെ കൂടുതലായി ഉപാസിച്ചിരുന്നത്. ജീവജാലങ്ങളെ പോറ്റിവളർത്തുകയും ശത്രുക്കളെ സംഹരിച്ച് സംരക്ഷിക്കുകയും ചെയ്യുന്ന അമ്മയാണ് പ്രകൃതിസ്വരൂപിയായ കാളി എന്ന് അവർ വിശ്വസിക്കുന്നു.പതിനേഴാംനൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്രശ്നമാർഗ്ഗം എന്ന ജ്യോതിശാസ്ത്രഗ്രന്ഥത്തിലും, എട്ടാംനൂറ്റാണ്ടിൽ എഴുതപ്പെട്ട ബ്രഹ്മയാമളത്തിലും, ബാണഭട്ടൻ രചിച്ച കാദംബരിയിലും, ഹർഷചരിതത്തിലും, ചില ഗ്രന്ഥവരികളിലും(കേരളത്തിലെ ക്ഷേത്രങ്ങൾ, കോവിലകങ്ങൾ, പ്രധാനതറവാടുകൾ മുതലായവയുടെ അതാതുകാലങ്ങളിൽ എഴുതിവെയ്ക്കപ്പെട്ടിട്ടുള്ള ചരിത്രം)ചണ്ഡാളരുടെയും, ഇതര അസവർണ്ണഗോത്രങ്ങളുടെയും ആരാധനാമൂർത്തിയാണ് കാളി എന്ന പരാമർശങ്ങളുണ്ട്. കേരളത്തിൽ, കാളീപൂജ നിർവ്വഹിച്ചിരുന്ന അടികൾ, മൂസ്സത്, പിടാരർ തുടങ്ങിയ വിഭാഗങ്ങളെ ബ്രാഹ്മണരായി നമ്പൂതിരിബ്രാഹ്മണർ അംഗീകരിച്ചിരുന്നില്ല.ശാക്തേയപൂജ അനുത്തമമായ പൂജാമാർഗ്ഗമാണെന്ന് ശാങ്കരസ്മൃതി വിലയിരുത്തുന്നതിന്റെ പ്രധാന കാരണം, ചരിത്രത്തിന്റെ ഒരു സവിശേഷഘട്ടംവരെ കാളീപൂജയെ ബ്രാഹ്മണർ ഹീനമായി അടയാളപ്പെടുത്തിയതിനാലാണ്. ആദ്യകാലത്ത് ആര്യന്മാർ സ്ത്രീദൈവങ്ങളെ ആരാധിക്കുകയോ, ദേവിമാർക്ക് ക്ഷേത്രങ്ങൾ ഉണ്ടാക്കുകയോ ചെയ്തിരുന്നില്ല. ബ്രാഹ്മണർ പുരുഷ-സ്ത്രീദൈവങ്ങളെ ഒന്നുപോലെ സ്വീകരിച്ചാദരിക്കാൻ തയ്യാറായിട്ട് അധികകാലമായിട്ടില്ലല്ലോ. കാളിയെന്ന അനാര്യദേവതയെ ഭദ്രകാളിയാക്കി മാറ്റി പിൽക്കാലത്ത് ആര്യബ്രാഹ്മണ്യം ഏറ്റെടുക്കുകയായിരുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ, കാളിയുടെ കടുത്ത ഉപാസകനായിരുന്ന കാളിദാസൻ ബ്രാഹ്മണനാണെന്ന വാദം ശരിയാകാൻ തീരെ സാധ്യത കുറവാണല്ലോ.

കുമാരസംഭവത്തിലും രഘുവംശത്തിലുമുള്ള ഹിമാലയദേശ വർണ്ണനയും, മേഘസന്ദേശത്തിലെ വിന്ധ്യപർവത പ്രദേശത്തെ രാമഗിരി മുതൽ അളകാനഗരിയോളമുള്ള ഭൂഭാഗങ്ങളുടെ വിവരണങ്ങളും കാളിദാസമഹാകവിക്ക് ദേശാടനത്തിലൂടെ

കിട്ടിയ അറിവുകൊണ്ടാകണം സാധ്യമായത്. അത്, അദ്ദേഹത്തിന്റെ നാടോടിജീവിതം നയിക്കുന്ന ആട്ടിടയപശ്ചാത്തലം അടിവരയിരുന്നതാണ്. കാളിയുടെ അനുഗ്രഹത്താൽ വിദ്വാനായിത്തീർന്നതോടെയാണ് ആട്ടിടയൻ കാളിദാസനായതെന്ന് പുരാണങ്ങളിൽ കാണുന്നു. തന്റെയുള്ളിലെ അജ്ഞാനത്തെ നശിപ്പിച്ച് അറിവുനൽകിയ കാളിയോടുള്ള വിധേയത്വം നിമിത്തമാണ് അദ്ദേഹം ആ പേരുസ്വീകരിച്ചതെന്ന് അനുമാനിക്കാം. മഹാകവിയായിട്ടും തന്റെ പൂർവ്വാശ്രമത്തിലെ ആട്ടിടയന്റെ സ്വത്വം ഉപേക്ഷിക്കാനോ, ബ്രാഹ്മണ്യം ആശ്ലേഷിക്കാനോ അദ്ദേഹം തയ്യാറായില്ലായെന്നതും ആ പേരിനോടൊപ്പം പ്രസക്തമാകുന്നു. അക്കാലത്ത് വർണ്ണവ്യവസ്ഥയും സ്മൃതിനിയമങ്ങളും നിലനിന്നിരുന്നോ എന്നുനിശ്ചയമില്ല. എങ്കിലും,മനുസ്മൃതിയിലെ നാമകരണത്തിനുള്ള ചട്ടങ്ങളും കാളിദാസനെ ബ്രാഹ്മണനാക്കാൻ ശ്രമിക്കുന്നവരുടെ വാദങ്ങൾക്കെതിരാണ്. മനുസ്മൃതിയിൽ ധർമ്മലക്ഷണമെന്ന രണ്ടാം അധ്യായത്തിലെ 31, 32 ശ്ലോകങ്ങൾ, വിവിധ വർണ്ണങ്ങളുടെ നാമകരണത്തിനുള്ള നിയമങ്ങൾ നിർദ്ദേശിക്കുന്നു. അതനുസരിച്ച്, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രർക്ക് യഥാക്രമം മംഗള-ബല-ധന-നിന്ദാവാചകങ്ങളായ ശുഭ-ബല-വസു-ദീനാദികളായ പേരിടണം.(ശ്ലോകം:31). അതായത്, പേരിനോടൊപ്പം യഥാക്രമം ശർമ്മ-രക്ഷാ-പുഷ്ടി-പ്രൈഷ്യശബ്ദങ്ങളായ ശർമ്മ-വർമ്മ-ഭൂതി-ദാസാദികൾഉപനാമങ്ങളായി ചേർക്കണം എന്നതായിരുന്നു മനുസ്മൃതിനിയമം(ശ്ലോകം:32):

മംഗല്യം ബ്രാഹ്മണസ്യ സ്യാത് ക്ഷത്രിയസ്യ ബലാന്വിതം
വൈശ്യസ്യ ധനസംയുക്തം ശൂദ്രസ്യ തു ജുഗുപ്സിതം. 31

ബ്രാഹ്മണന് മംഗളത്തെയും ക്ഷത്രിയന് ബലത്തെയും വൈശ്യന് ധനത്തെയും ശൂദ്രന് ദാസ്യത്തെയും സൂചിപ്പിക്കുന്നവയായിരിക്കണം നാമങ്ങൾ.

ബ്രാഹ്മണാദികൾക്ക് യഥാക്രമം ശുഭ, ബല, വസു, ദീനസൂചകങ്ങളായ പേരുകൾ വേണം നൽകാൻ.

ശർമ്മവദ്ബ്രാഹ്മണസ്യ സ്യാദ് രാജ്ഞോ രക്ഷാസമന്വിതം
വൈശ്യസ്യ പുഷ്ടിസംയുക്തം ശൂദ്രസ്യ പ്രൈഷ്യസംയുതം. 32

ബ്രാഹ്മണന് നാമം 'ശർമ്മ' എന്ന ഉപപദത്തോടുകൂടിയതായിരിക്കണം; ക്ഷത്രിയന് രക്ഷാസൂചകവും വൈശ്യന് പുഷ്ടിസൂചകവും ശൂദ്രന് ദാസ്യസൂചകവും ആയ ഉപപദങ്ങൾ പേരിനോടുകൂടി ചേർക്കേണ്ടതാകുന്നു.

വേദവേദാന്തശാസ്ത്രനിപുണനായ കാളിദാസന് അത്തരം നാട്ടുനടപ്പു നിശ്ചയമില്ലായിരുന്നു എന്നുവിശ്വസിക്കാൻ നിവൃത്തിയില്ല. അതായത്,കാളിദാസമഹാകവി ബ്രാഹ്മണനായിരുന്നു എന്ന വംശവിശുദ്ധിവാദികളുടെ വാദമുഖത്തെ സാധൂകരിക്കുന്ന തെളിവുകളൊന്നും പുരാണങ്ങളിൽ കാണാനാകില്ല എന്നു സ്പഷ്ടം. ദാസനെന്ന ഉപനാമവും അദ്ദേഹത്തിന്റെ കാളീഭക്തിയും കാളിദാസനെ ബ്രാഹ്മണനാക്കാൻ നടക്കുന്നവർക്കുള്ള മാച്ചുകളയാനാവാത്ത മറുപടിയാണ്.

കാളിദാസനെ അബ്രാഹ്മണൻ ആക്കാനുള്ളവ്യഗ്രതയല്ല ഈ അന്വേഷണത്തിന്റെ ഉദ്ദേശ്യം. കാളിദേവിയുടെ അനുഗ്രഹത്താൽ ബുദ്ധിമാന്ദ്യം മാറി വിദ്വാനായിത്തീ

രുന്നതിനുമുമ്പ്, ഒരു പേരുപോലുമില്ലാതിരുന്ന അജപാലകസമൂഹത്തിലെ അംഗം, ബ്രാഹ്മണനാണെന്ന് കണ്ണടച്ചുവിശ്വസിക്കണമെന്ന പിടിവാശിവേണ്ട എന്നുമാത്രം. വേദങ്ങൾ,ഉപനിഷത്തുകൾ,ഐതിഹ്യങ്ങൾ,ഗോളശാസ്ത്രം,ജ്യോതിഷം,വൈദ്യം തുടങ്ങിയവയിലെല്ലാം ഉള്ള ഒരാളുടെ ആഴത്തിലുള്ള അറിവ്,അയാളെ ജാതിബ്രാഹ്മണനാക്കാനുള്ള കാരണമല്ല; വിശേഷിച്ചും ആര്യാധിപത്യത്തിനു മുമ്പുള്ള കാലത്ത്. ആര്യശാസനങ്ങൾക്കു കീഴിൽ ആ അറിവുകൾ അന്യർക്കു വിലക്കപ്പെട്ടതോടുകൂടിയാണ് ആ മേഖലകളിലെല്ലാം അബ്രാഹ്മണർ, വിശേഷിച്ചും ശൂദ്രരും അവർണ്ണരും അജ്ഞരായത്. പട്ടരിൽ പൊട്ടരില്ല എന്ന് ഒരുപഴഞ്ചൊല്ലുണ്ട്.അതിൽ പതിരുണ്ടായാലും ഇല്ലെങ്കിലും, പട്ടരല്ലാത്തവരെല്ലാം പൊട്ടന്മാരാണെന്ന വ്യാഖ്യാനം ശരിയല്ലല്ലോ; എല്ലാ അർത്ഥത്തിലും തെറ്റുമാണ്.

ഭർതൃഹരി

നീതിശതകം, ശൃംഗാരശതകം, വൈരാഗ്യശതകം എന്നീകൃതികൾ ചേർന്ന ശതകത്രയത്തിന്റെയും, വാക്യപദീയം എന്ന വളരെ ബൃഹത്തായ വ്യാകരണഗ്രന്ഥത്തിന്റെയും കർത്താവായ ഭർത്തൃഹരി പൗരാണിക ഭാരതീയ ദാർശനികശാസ്ത്രകാരന്മാർക്കിടയിലും വൈയാകരണന്മാർക്കിടയിലും അദ്വിതീയനത്രെ. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' അടക്കം പ്രശസ്തമായ നിരവധി സുഭാഷിതങ്ങൾ അദ്ദേഹത്തിന്റെ സംഭാവനയാണ്. ശതകത്രയങ്ങളിൽ ഉൾപ്പെടുന്ന നീതിശതകം, ലോകത്തിന്റെ അവസ്ഥയാണ് വിഷയമാക്കുന്നത്. സമ്പത്തിന്റെ ശക്തിയെയും, രാജാക്കന്മാരുടെ അഹങ്കാരത്തെയും ആർത്തിയുടെ അർത്ഥമില്ലായ്മയെയും വിധിയുടെ മറിമായങ്ങളേയും മറ്റും പ്രതിപാദിക്കുന്ന സൂക്തങ്ങളാണ് അതിലെ ഉള്ളടക്കം. രണ്ടാമത്തേതായ ശൃംഗാരശതകം പ്രേമത്തെയും ലൗകികസൗഖ്യങ്ങളെയും കുറിച്ചാണ് പറയുന്നത്. വൈരാഗ്യശതകത്തിൽ ലോകപരിത്യാഗം സംബന്ധിച്ചുള്ള സുഭാഷിതങ്ങളാണ്.ഐന്ദ്രികവും ആത്മീയവുമായ സൗകുമാര്യത്തെ ഉപാസിക്കുന്ന ഭാരതീയകലയുടെ സ്വരൂപം, ആ കൃതികളിൽ തെളിഞ്ഞുനിൽക്കുന്നു. ഭാഷാശാസ്ത്രകാരൻകൂടിയായ അദ്ദേഹത്തിന്റെ മറ്റൊരു രചന, മൂന്നു കാണ്ഡങ്ങളടങ്ങിയ വാക്യപദീയമെന്ന അതിവിപുലമായ വ്യാകരണഗ്രന്ഥമാണ്. ശബ്ദധാതുസമീക്ഷയെന്ന ഭാഷാദർശനസംബന്ധിയായ കൃതിയും ഭർതൃഹരി രചിച്ചതായി പറയപ്പെടുന്നുണ്ടെങ്കിലും അത് ലഭ്യമല്ല എന്നാണ് അറിയുന്നത്.

ഉജ്ജയിനിയിലെ മഹാരാജാവും, വരരുചിയുടെയും വിക്രമാദിത്യന്റെയും ഭട്ടിയുടെയും സഹോദരനുമായ ഭർതൃഹരി, ഗോവിന്ദസ്വാമി എന്ന ബ്രാഹ്മണന് ഒരു ശൂദ്രസ്ത്രീയിൽ ജനിച്ച പുത്രനാണെന്ന് ഐതിഹ്യങ്ങളിൽ കാണുന്നു. ഭാരതീയവൈദികസാഹിത്യത്തിലെ കനപ്പെട്ട സംഭാവനകളായ ശതകത്രയങ്ങളുടേയും,വൈദികഭാഷാശാസ്ത്രത്തിനു വഴികാട്ടിയായ വാക്യപദീയമെന്ന വ്യാകരണപുസ്തകത്തിന്റെയും സൃഷ്ടി നിർവ്വഹിച്ച 'നീചയോനീജാതനായ' ഭർതൃഹരിയുടെ ജന്മവുമായിബന്ധപ്പെട്ട പുരാണം പ്രസക്തമാകുന്നത്, ചാതുർവർണ്യത്തിന്റെ ചെലവിൽ ശൂദ്രരെ അപഹസിക്കുന്നവരുടെ, ജാതിമഹിമാവാദങ്ങളെ തച്ചുടയ്ക്കുന്ന സംഭവപരമ്പരയുടെ സമൃദ്ധമായ സാന്നിദ്ധ്യംകൊണ്ടാണ് എന്നുകാണാം.

കുലമഹിമാവാദങ്ങളെ തകർക്കുന്ന ഭർതൃഹരിയുടെ ജീവിതകഥ

ഏറ്റവുംകുറഞ്ഞത് 1500വർഷം മുൻപാകാം ഭർത്തൃഹരി ജീവിച്ചിരുന്നത് എന്നാണ് സംസ്കൃതസാഹിത്യ-ചരിത്രപണ്ഡിതന്മാരുടെ ഊഹം. എം.ആർ.നാരായണപിള്ള വിവർത്തകനായ നീതിശതകം, വൈരാഗ്യശതകം എന്നീ ഗ്രന്ഥങ്ങളുടെ മലയാളത്തിലുള്ള തർജ്ജമയ്ക്ക് ആമുഖമായി ചേർത്തിരിക്കുന്ന ഭർത്തൃഹരിയുടെ പുരാവൃത്തത്തിൽ, അദ്ദേഹത്തിന്റെ ജീവചരിത്രം സവിസ്തരം ചേർത്തിട്ടുണ്ട്. കുലമഹിമാവാദികളുടെ ജാതിഭ്രാന്തിനെ തച്ചുടയ്ക്കുന്ന, അദ്വൈതബോധത്തിൽ അടിയുറച്ച ഒരുപൂർവ്വകാല സംസ്കാരത്തെ ആവിഷ്കരിക്കുന്ന ആ കഥ ഇതാണ്:

പുരാതനകാലത്തു ജീവിച്ചിരുന്ന മഹാന്മാരിൽവെച്ച് അഗ്രഗണ്യനും, വിദ്യാഭ്യാസം കൊണ്ടു സുപ്രസിദ്ധനും, സദ്വൃത്തികൾക്ക് ഉത്തമോദാഹരണവുമായി ഗോവിന്ദസ്വാമിയെന്നുപേരായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. എല്ലാ വിഷയങ്ങളിലും അറിയപ്പെടുന്നകാലംമുതൽ അതുവരെ ഉണ്ടായിരുന്ന എല്ലാ പുസ്തകങ്ങളും അദ്ദേഹം വായിച്ചു ഹൃദിസ്ഥമാക്കിയിരുന്നു. എന്നാലും, പഠിത്തത്തിലുള്ള കമ്പം വർദ്ധിച്ചു വന്നതോടുകൂടി, അദ്ദേഹത്തിനു വീണ്ടും വീണ്ടും പഠിക്കണമെന്ന ആശയുമുണ്ടായിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ അഭ്യസിക്കുവാൻ ഓരോ ഗുരുനാഥന്മാരുടെ സമീപത്തു ചെന്നാൽ, അവർക്കറിയാവുന്നിടത്തോളം സകലവിദ്യകളും വശത്താക്കിയ ശേഷമല്ലാതെ ഗോവിന്ദസ്വാമി പിരിഞ്ഞുപോകുന്ന പതിവ് ഉണ്ടായിരുന്നില്ല. അങ്ങനെ ഓരോരോ ഗുരുനാഥന്മാരെ അന്വേഷിച്ചു കണ്ടുപിടിച്ചു പഠിച്ച്, ഒടുവിൽ അന്വേഷണത്തിൽ ഇനി ഗുരുക്കന്മാരാരും ബാക്കി ഇല്ലെന്നായി. അപ്പോഴും തന്റെ അറിവു പൂർത്തിയായിട്ടില്ല എന്നുവിശ്വസിച്ച അദ്ദേഹം, മുഴുവൻ വിദ്യകളും അഭ്യസിപ്പിക്കുന്നതിലേക്കു പര്യാപ്തമായ ഒരു ഗുരുവിനെതേടി സഞ്ചാരം തുടങ്ങി.

ഒരിക്കൽ, മനുഷ്യസഞ്ചാരം ഇല്ലാത്ത ഒരു വനത്തിൽകൂടി യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ, ഒരു അരയാലിൻചുവട്ടിലിരിക്കുന്ന ബ്രഹ്മരാക്ഷസനെ കണ്ട് ഗോവിന്ദസ്വാമി അടുത്തുചെന്നു വിവരങ്ങൾ ചോദിച്ചറിഞ്ഞു. ആ ബ്രഹ്മരാക്ഷസൻ ഒരു മഹാപണ്ഡിതനായിരുന്നു. അദ്ദേഹത്തിനു വശമില്ലാത്ത വിദ്യകൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല.താൻ പഠിച്ചതൊന്നും മറ്റുള്ളവരെ പഠിപ്പിക്കില്ലെന്ന നിർബന്ധവ്രതക്കാരനായിരുന്നതുകൊണ്ട്, ഒരു ബ്രാഹ്മണന്റെ ശാപം ഏറ്റാണ് അദ്ദേഹം ബ്രഹ്മരാക്ഷസനായത്. ഏതുകാലത്തെങ്കിലും, അദ്ദേഹം പഠിച്ചതൊക്കെ മറ്റാരെയെങ്കിലും അഭ്യസിപ്പിക്കാനിടയായാൽ ശാപമോക്ഷം ഉണ്ടാകുമെന്ന വരം അയാൾ നേടിയിരുന്നു. ഗോവിന്ദസ്വാമിയുടെ യാത്രോദ്ദേശ്യം ഇന്നതാണെന്ന് സംഭാഷണത്തിൽനിന്നു ഗ്രഹിച്ച ആ ബ്രഹ്മരാക്ഷസൻ, ശാപമോക്ഷാർത്ഥം സർവ്വവിദ്യകളും ഗോവിന്ദസ്വാമിയെ അഭ്യസിപ്പിക്കാനാരംഭിച്ചു. എന്നാലും, ഗോവിന്ദസ്വാമിക്ക് ശുദ്ധജലമോ ആഹാരമോ ലഭ്യമല്ലാത്ത ആ കൊടുംവനത്തിൽ കഴിച്ചുകൂട്ടുന്നത് പ്രയാസമായിത്തോന്നി.വിശപ്പും ദാഹവും ഉണ്ടാകാതിരിക്കാനായി ഒരു ദിവ്യ ഔഷധം ബ്രഹ്മരാക്ഷസൻ ശിഷ്യനെ അണിയിച്ചു. ആ അത്ഭുത ഔഷധം ശരീരത്തിൽ ധരിച്ചിരിക്കുന്നിടത്തോളം കാലം പൈദാഹങ്ങൾ അനുഭവപ്പെടില്ലെന്ന് രാക്ഷസഗുരു പറഞ്ഞു. എന്നാൽ, ജലത്തിലിറങ്ങിപ്പോയാൽ ആ മരുന്നിന്റെ ശക്തി നശിക്കുകയും അതി

ന്റെ ഉപയോഗം നിമിത്തം എത്രകാലം ഭക്ഷണം കൂടാതെയിരുന്നുവോ അത്രയും കാലത്തേയ്ക്കുള്ള അശക്തി ഒരുമിച്ച് നേരിടുന്നതാണെന്നും, അതുകൊണ്ട് അത് ധരിച്ചുകൊണ്ട് ജലത്തിൽ ഇറങ്ങിക്കൂടെന്നും ഗുരു ശിഷ്യനെ ഉപദേശിച്ചു. ഗോവിന്ദസ്വാമികൾ അപ്രകാരംതന്നെ ആചരിച്ച് ഗുരുവിൽനിന്നും ഓരോരോ വിദ്യകൾ പഠിച്ചു. പഠിക്കാനുള്ള വിഷയങ്ങൾ രാക്ഷസൻ അരയാൽവൃക്ഷത്തിന്റെ ശിഖരത്തിലിരുന്നുകൊണ്ട് ഓരോരോ ഇലകൾ പറിച്ച് അതിലെഴുതി കീഴ്പ്പോട്ടിടുകയും ഗോവിന്ദസ്വാമി അവയെടുത്ത് വായിച്ചു പഠിക്കുകയും, സംശയമുള്ളവ അപ്പോഴപ്പോൾ ചോദിച്ചു നിവൃത്തിക്കുകയും ചെയ്തുവന്നു. അപ്രകാരം കുറഞ്ഞൊരുകാലംകൊണ്ട് അദ്ദേഹം എല്ലാവിദ്യകളും അഭ്യസിച്ചുതീർത്തു. പിന്നീട് ആചാര്യന്റെ അനുഗ്രഹം വാങ്ങി സന്തോഷചിത്തനായി മടങ്ങിപ്പോയി. ശാപമോക്ഷം സിദ്ധിച്ച രാക്ഷസൻ ബ്രാഹ്മണനായി തന്റെ ഗൃഹത്തിലേക്കും മടങ്ങി.

യാത്രാമദ്ധ്യേ ഗോവിന്ദസ്വാമി സുപ്രസിദ്ധമായ ഉജ്ജയിനിയിൽ എത്തി. അങ്ങിങ്ങു സഞ്ചരിച്ചുകൊണ്ടിരിക്കെ, യാദൃശ്ചികമായി ഒരു നദീതീരത്തിൽ ചെന്നുചേർന്നു. അതേ അവസരത്തിൽ ഒരുയുവതിയും ആ പുഴയിൽ കുളിക്കുന്നതിനായി തന്റെ സഖീജനങ്ങളോടൊപ്പം വന്നെത്തി.അവളുടെ ശ്രദ്ധ സ്വാമിയിൽ പതിച്ചു.ഗോവിന്ദസ്വാമിയുടെ വിദ്യ,വിനയം,ആകാരസൗഷ്ഠവം ആദിയായ ഉത്തമഗുണങ്ങളെല്ലാം സൂക്ഷ്മമായി ഗ്രഹിച്ച അവളിൽ അനുരാഗമുണ്ടായി. അദ്ദേഹം ഏതുവഴിക്കാണു കടന്നുപോകുന്നതെന്ന് ആ സ്ത്രീ നോക്കിക്കൊണ്ടേയിരുന്നു. സൗന്ദര്യംകൊണ്ടും ധനപുഷ്ടികൊണ്ടും ഉയർന്ന സ്ഥാനമലങ്കരിച്ചിരുന്ന, ഉജ്ജയിനി നഗരത്തിലെ ഒരു ശൂദ്രകന്യകയായിരുന്നു അവൾ. ആരുകണ്ടാലും അതിശയിക്കുന്ന അംഗലാവണ്യവും, അതിനൊത്ത സ്വഭാവവിശേഷങ്ങളും അവൾക്ക് ഉണ്ടായിരുന്നു.(ആ കാലഘട്ടത്തിൽ സമ്പത്തും സൗന്ദര്യവും മറ്റെല്ലാ കഴിവുകളും ഗുണങ്ങളും വർണ്ണാതീതമായി എല്ലാ മനുഷ്യർക്കും ഉണ്ടായിരുന്നു എന്നാണല്ലോ അതിൽനിന്നു മനസ്സിലാക്കേണ്ടത്)

ആ സ്ത്രീരത്നം നോക്കിനിൽക്കെ ഗോവിന്ദസ്വാമി നടന്നുചെന്ന് ആറ്റിൽ ഇറങ്ങി. ആറുകടന്ന് യാത്രതുടരാനുള്ള ശ്രമമായിരുന്നെങ്കിലും, രണ്ടുമൂന്നു ചുവട് നടക്കും മുമ്പുതന്നെ അദ്ദേഹം ബോധരഹിതനായി വെള്ളത്തിൽ വീണു. ഗുരുവായ ബ്രഹ്മരാക്ഷസൻ നൽകിയ അത്ഭുത ഔഷധത്തിന്റെ ശക്തിയാൽ ആഹാരംകൂടാതെ കഴിഞ്ഞുവന്ന ഗോവിന്ദസ്വാമിക്ക് ജലസ്പർശമേറ്റ മാത്രയിൽ അത്രയും നാളത്തെ ക്ഷീണം ഒന്നായി ബാധിച്ചു തളർന്നുവീഴുകയായിരുന്നു. സ്വാമിയെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ആ ശൂദ്രസ്ത്രീ, ഏറെ പരിഭ്രാന്തയായി സഖിമാരോടൊപ്പം ഓടിയണഞ്ഞു. അവർ അദ്ദേഹത്തെയും ഇലക്കഷണങ്ങൾ അടങ്ങിയ ഭാണ്ഡവുമെടുത്ത് അവളുടെ വീട്ടിലേയ്ക്കു കൊണ്ടുപോയി. അവൾ പല വൈദ്യന്മാരെയും വരുത്തി ചികത്സിപ്പിച്ച് ഗോവിന്ദസ്വാമിയെ സുഖമാക്കി. തന്നെ അപകടത്തിൽനിന്നു സംരക്ഷിച്ച ആ സ്ത്രീയോട് അതിയായ കടപ്പാടു തോന്നിയ അദ്ദേഹം, അവളോടു താൻ എന്തു പ്രത്യുപകാരമാണ് ചെയ്യേണ്ടതെന്ന് ആരാഞ്ഞു. അദ്ദേഹത്തിന്റെ പ്രാണൻ രക്ഷിക്കാൻ സാധിച്ചത് തന്റെ ഭാഗ്യമാണെന്നും, അതിനാൽ ജീവിതകാലമത്രയും അദ്ദേഹത്തിന്റെ ഭാര്യയായി പാദശുശ്രൂഷചെയ്യാനുള്ള അനുവാദംതരണമെന്നും ആ ശൂദ്രകന്യക ബ്രാഹ്മണനായ ഗോവിന്ദസ്വാമിയോട് അഭ്യർത്ഥിച്ചു.

അവളുടെ അപേക്ഷകേട്ട അദ്ദേഹത്തിന് പലപല ചിന്തകളുണ്ടായി. തന്റെ ജീവൻ രക്ഷിച്ചവളുടെ ആവശ്യം നിരാകരിക്കുകവയ്യ. പക്ഷേ,താൻ ബ്രാഹ്മണനും അവൾ ശൂദ്രസ്ത്രീയുമാകയാൽ സംഗതി എളുപ്പവുമല്ല.വർണ്ണനിയമങ്ങളെ അടിസ്ഥാനമാക്കിനോക്കിയാൽ, ഒരു ബ്രാഹ്മണന് ശൂദ്രകന്യകയെ കല്യാണം കഴിക്കണമെങ്കിൽ, ആദ്യം തന്നെ, കുലാചാരപ്രകാരം സ്വവംശജയായ ഒരു ബ്രാഹ്മണസ്ത്രീയെ വിവാഹം കഴിക്കണം. അതിനുശേഷം, ക്ഷത്രിയ-വൈശ്യകുലങ്ങളിൽനിന്നും ഓരോരുത്തരെ വിവാഹം ചെയ്തിട്ടേ ശൂദ്രയുവതിയെ പാണീഗ്രഹണം ചെയ്യാൻ നിവൃത്തിയുള്ളൂ. ദീർഘമായ ആലോചനയ്ക്കുശേഷം അദ്ദേഹം അവൾക്ക് അനുകൂലമായ മറുപടിനല്കി. നിശ്ചയപ്രകാരം ഗോവിന്ദസ്വാമി ആദ്യം ഒരു ബ്രാഹ്മണകന്യകയെ വിവാഹം ചെയ്തു. അടുത്തതായി, ക്ഷത്രിയയുവതിയെ വിവാഹം കഴിക്കാൻ പല വഴികളാരാഞ്ഞ അദ്ദേഹം, ഉജ്ജയിനിയിലെ രാജാവിന്റെ സമീപത്തുചെന്ന് ഇംഗിതമറിയിച്ചു. ഗോവിന്ദസ്വാമിയുടെ വിദ്യാവിഭൂഷണങ്ങളും രൂപലാവണ്യവും കണ്ട് സംപ്രീതനായ രാജാവ്, ഉജ്ജയിനിയുടെ ഏക അവകാശിയായ സ്വന്തം പുത്രിയെ അദ്ദേഹത്തിനു വിവാഹംകഴിച്ചുകൊടുത്തു. അതിനുശേഷം ഗോവിന്ദസ്വാമി ഒരു വൈശ്യസ്ത്രീയെയും വിവാഹംചെയ്തിട്ട്, ശൂദ്രസ്ത്രീയെ ഭാര്യയായിസ്വീകരിച്ചു.

വിവാഹങ്ങളൊക്കെ കഴിഞ്ഞശേഷം സ്വാമി വിസ്താരത്തിൽ നാലുകെട്ടായി ഒരു കെട്ടിടം പണികഴിച്ച് ഓരോ കെട്ടിടത്തിലും ഓരോ ഭാര്യമാരോടുകൂടി സുഖമായി താമസിച്ചു. കാലക്രമത്തിൽ രാജാവ് ഗോവിന്ദസ്വാമിയെ രാജാവായി അഭിഷേകം ചെയ്തു. അപ്പോഴേയ്ക്കും, അദ്ദേഹത്തിന്റെ നാലു ഭാര്യമാരും ഓരോ ആൺകുട്ടികളെ വീതം പ്രസവിച്ചു. ബ്രാഹ്മണസ്ത്രീയുടെ പുത്രനു വരരുചി എന്നും, ക്ഷത്രിയസ്ത്രീയുടെ സന്തതിക്ക് വിക്രമാദിത്യനെന്നും, വൈശ്യയുടെ പുത്രനു ഭട്ടിയെന്നും, ശൂദ്രസ്ത്രീയുടെ പുത്രനു ഭർതൃഹരിയെന്നും നാമകരണം ചെയ്തു. നാലുപുത്രന്മാരെയും ഗോവിന്ദസ്വാമി, ക്രമേണ സകല ശാസ്ത്രങ്ങളും, കലാവിദ്യകളും അഭ്യസിപ്പിച്ചു. ഭർതൃഹരിയുടെ ധിഷണാവൈഭവവും സൗന്ദര്യവും വ്യക്തി ശ്രേഷ്ഠതയും അതുല്യമായിരുന്നു. ഗോവിന്ദസ്വാമിക്കു കൂടുതൽ വാത്സല്യവും മൂത്തപുത്രനായ അദ്ദേഹത്തോടായിരുന്നു. ഭർതൃഹരിയുടെ അതിരറ്റ പാണ്ഡിത്യം ഉജ്ജയിനി മുഴുവൻ പരന്നു. വേദത്തിൽനിന്നും നശിച്ചുപോയ കുറെ ഭാഗം മഹാന്മാരുടെ നിർദ്ദേശപ്രകാരം(?)ഭർതൃഹരി പൂർത്തീകരിച്ചു.കാലാന്തരത്തിൽ ഗോവിന്ദസ്വാമി ഭർതൃഹരിയെ രാജാവായി അഭിഷേകംചെയ്തിട്ട് തപസ്സിനായി വനത്തിലേക്കു പുറപ്പെട്ടു. ഭർത്തൃഹരി രാജനീതികളും ധനമാർഗ്ഗങ്ങളും ശരിയായി അനുഷ്ഠിച്ചുകൊണ്ട് ഭരണംനടത്തി കീർത്തിമാനായി. പിന്നീട്, അദ്ദേഹം രാജ്യഭാരം സഹോദരനായ വിക്രമാദിത്യനെ ഏല്പിച്ച് വാനപ്രസ്ഥം സ്വീകരിച്ചു.ഇതാണ് ഭർതൃഹരിയുടെകഥ.ശൂദ്രകന്യകയെ ബ്രാഹ്മണൻ വിവാഹം കഴിക്കുന്നത് വിലക്കുന്നതോ, രാജാവാകുന്നതിൽനിന്നും ശൂദ്രപുത്രനെ തടയുന്നന്നതോ ആയ ചട്ടങ്ങൾ, സ്മൃതിനിയമങ്ങളായോ അല്ലാതെയോ അക്കാലത്തുണ്ടായിരുന്നില്ല എന്നതായിരുന്നു യാഥാർത്ഥ്യം.

പ്രപഞ്ചത്തിൽ ലഭ്യമായ സമസ്ത വിദ്യകളും സ്വായത്തമാക്കിയ ഒരു ബ്രാഹ്മണൻ ലോകത്തെ എങ്ങനെ സ്വീകരിക്കുന്നു എന്ന അനുഭവസാക്ഷ്യത്തിലേക്കാണ് ഈ സംഭവം വെളിച്ചംവീശുന്നത്. ശൂദ്രകന്യകയെ വിവാഹംചെയ്യാൻവേണ്ടി ഗോവിന്ദ

സ്വാമി സഞ്ചരിച്ചവഴികൾ വർണ്ണവിശുദ്ധിവാദികൾക്കുള്ള കൃത്യമായ മറുപടിയാണല്ലോ. കാമമല്ല; ധാർമ്മികതയാണ് അദ്ദേഹത്തെ നയിച്ചത് എന്നതാണ് ആ ദൗത്യത്തിന്റെ ശക്തി. ശൂദ്രസ്ത്രീയെ വിവാഹം കഴിക്കാനുള്ള ഒരു ബ്രാഹ്മണന്റെ ശ്രമത്തിനു വഴിയൊരുക്കാൻ, തന്റെ മക്കളെ വിവാഹംകഴിച്ചുകൊടുത്ത ക്ഷത്രിയരാജാവിന്റെയും വൈശ്യപ്രമുഖന്റെയും സന്മനസ്സാണ് സനാതനസംസ്കൃതിയുടെ സൗന്ദര്യം. ബ്രാഹ്മണസ്ത്രീയിലുണ്ടായ മകൻ വരരുചിയെയും, ക്ഷത്രിയസ്ത്രീയുടെ പുത്രനായ വിക്രമാദിത്യനേയും, വൈശ്യസ്ത്രീയുടെ മകനായ ഭട്ടിയെയും പരിഗണിക്കാതെ, മൂത്തയാളായ ശൂദ്രപുത്രനെ രാജാവാക്കിയ ധാർമ്മികതയാണ് യഥാർത്ഥ ബ്രാഹ്മണ്യം. മഹാബ്രാഹ്മണനായ ഗോവിന്ദസ്വാമിയിൽനിന്ന് സർവ്വശാസ്ത്രങ്ങളും പഠിക്കുന്നതിന് ഭർത്തൃഹരിയുടെ ശൂദ്രത്വം വിനയായില്ലെന്നതും, രാജാവാകുന്നതിനും, ചതുരാശ്രമവിധിപ്രകാരം സന്യാസം സ്വീകരിക്കുന്നതിനും ഭർതൃഹരിയുടെ ശൂദ്രജന്മം തടസ്സമായില്ല എന്നതും ഈ പുരാണകഥയെ പ്രസക്തമാക്കുന്ന സംഗതികളാണ്. ഇത്, അദ്വൈതചിന്തയെ അടയാളപ്പെടുത്തുന്ന ചരിത്രമാണ്.

സ്വായത്തമാക്കിയ അറിവു മറ്റാർക്കും കൈമാറാതെ പൂഴ്ത്തിവെയ്ക്കുന്ന ബ്രാഹ്മണൻ ബ്രഹ്മരക്ഷസ്സാണെന്ന് പറയാതെ പറയുന്നു എന്നതാണ് ഈ കഥയുടെ സാംഗത്യം. കൈവരിച്ച വിജ്ഞാനം അർഹതയുള്ളവർക്ക് പകർന്നുനൽകുകയാണ് ശരിയായ മോക്ഷമാർഗ്ഗം എന്നതാണ് ഈ കഥ ബ്രാഹ്മണസമൂഹത്തിനു നൽകുന്ന വിലയേറിയ ശിക്ഷണം. ഈ കഥയുടെ വിശദമായ വിവരണങ്ങളിൽ, വിദ്യകൈമാറാൻ യോഗ്യനായ ഒരാളെ തിരക്കി, മഹാബ്രാഹ്മണരടക്കം പലരെയും ബ്രഹ്മരാക്ഷസൻ പരീക്ഷിച്ചതായും അവരൊക്കെ പരാജപ്പെട്ടതായും,പരാജയപ്പെടുന്ന ബ്രാഹ്മണരെയൊക്കെ ബ്രഹ്മരാക്ഷസൻ കൊന്നുതിന്നതായും ഐതിഹ്യമാല പറയുന്നുണ്ട്:

> ബ്രഹ്മരാക്ഷസന്റെ പരീക്ഷ എങ്ങനെയെന്നാൽ, തന്റെ അടുക്കൽ വരുന്നവരോടു "പചേർന്നിഷ്ഠായാം കിം രൂപം" എന്നൊരു ചോദ്യം ചോദിക്കും. അതിനു ശരിയായ ഉത്തരം പറയാത്തവരെ അവൻ പിടിച്ചു ഭക്ഷിക്കുകയും ചെയ്യും. ഇങ്ങനെയാണ് ഏർപ്പാട്. ഈ ചോദ്യത്തിനു "പക്വം" എന്നും മറ്റു ചില അബദ്ധങ്ങളായ ഉത്തരങ്ങളല്ലാതെ ശരിയായി ആരും പറയായ്കയാൽ ആ ബ്രഹ്മരാക്ഷസൻ അസംഖ്യം മഹാബ്രാഹ്മണരെ പിടിച്ചു ഭക്ഷിച്ചു. അങ്ങനെ വളരെക്കാലം കഴിഞ്ഞു.

ബ്രാഹ്മണനായിജനിച്ചതുകൊണ്ടുമാത്രം ആർക്കും അർഹതയാകുന്നില്ല എന്നാണ് അത് കാണിക്കുന്നത്. ബ്രാഹ്മണരെ പിടിച്ചുതിന്ന ബ്രഹ്മരക്ഷസ്സിന് ബ്രഹ്മഹത്യാപാപംബാധിച്ചതായി കഥയിൽ കാണുന്നില്ല. മാത്രവുമല്ല,ശാപമോക്ഷം ലഭിക്കുകയും ചെയ്തു.ബ്രാഹ്മണ്യം ഏറ്റവും കൊടിയപാപമായി അവതരിപ്പിക്കുന്ന ബ്രാഹ്മണഹത്യാപാപം കേവലം ഭീഷണി മാത്രമാണ് എന്നാണല്ലോ അതിനർത്ഥം. സ്വന്തം രാജപദവി ത്യജിക്കാൻ കാണിച്ച സജ്ജതയാണ് നീചയോനീജാതനായ ഭർത്തൃഹരിയെ ബ്രാഹ്മണനാക്കുന്ന വിശുദ്ധി.ആ ബ്രാഹ്മണ്യത്തെയാണ് സനാതനസംസ്കൃതി ആദരവോടെ വണങ്ങുന്നത്. ബ്രാഹ്മണനെ തീണ്ടി അശുദ്ധമാക്കിയാൽ ആ ശൂദ്രന്റെ കൈവെട്ടണമെന്ന മനുവാദികളുടെ ജാതിഭ്രാന്തിനെ തച്ചുടയ്ക്കുന്നതരത്തിലുള്ള മാനസിക ഔന്നത്യം കൈമുതലായ ഒരു പൂർവ്വകാലസംസ്കൃതിയുടെ പ്രഖ്യാപനമാണല്ലോ ഈ കഥ നടത്തുന്നത്. അതാണ് ശരി; അതുതന്നെയാണ് ശരി.

ഭർതൃഹരിചരിതം: വിക്രമാദിത്യകഥകളിൽ

ഭർത്തൃഹരിയുടെ ചരിത്രം വിക്രമാദിത്യകഥകളിലെ, ഒന്നാമത്തെ പ്രതിമ പറഞ്ഞ കഥയിൽ പറയുന്നുണ്ട്. അതിൽ ഗോവിന്ദസ്വാമി പാടലീപുത്രം എന്ന പട്ടണത്തിൽ ജീവിച്ചിരുന്ന വിദ്യാസാഗരൻ എന്ന ബ്രഹ്മചാരിയാണ്. ശൂദ്രസ്ത്രീയെ കണ്ടുമുട്ടുന്ന സാഹചര്യവും ത്രൈവർണ്ണികരായ കന്യകമാരെ വിവാഹംചെയ്യുന്നതും തികച്ചും വിഭിന്നമായവിധത്തിലാണ് വർണ്ണിക്കുന്നത്. ബ്രഹ്മരാക്ഷസനിൽനിന്ന് അധ്യയനം കഴിഞ്ഞു മടങ്ങുന്ന വിദ്യാസാഗരൻ, യാത്രാമദ്ധ്യേ ക്ഷീണിച്ചു കുഴഞ്ഞു വഴിയിൽ കണ്ട, ദാസിയായ മന്ദാകിനിയുടെ വീടിന്റെ തിണ്ണയിൽക്കിടന്ന് ഉറങ്ങിപ്പോകുന്നതായും, *ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങിയെത്തുന്ന ദാസി അയാളെ കാണുന്നതായുമാണ് ചിത്രീകരിച്ചിരിക്കുന്നത്. ക്ഷീണിതനായ ബ്രഹ്മചാരിയെ മന്ദാകിനി വിളിച്ചുവരുത്തുന്ന വൈദ്യന്മാർ ചികിത്സിച്ചുഭേദമാക്കുന്നു. ദിവസങ്ങൾ നീണ്ട പരിചരണത്തിനൊടുവിൽ, ആരോഗ്യം വീണ്ടെടുത്ത ബ്രഹ്മചാരി പുറപ്പെടാൻ ഒരുങ്ങവേ ദാസി തന്റെ മനോഗതം അറിയിക്കുന്നു. ആശയക്കുഴപ്പത്തിലായ വിദ്യാസാഗരൻ പ്രശ്നപരിഹാരംതേടി കലിംഗരാജാവിന്റെ സന്നിധിയിലെത്തി.പരിഹാരാർത്ഥം ബ്രാഹ്മണനായ അരചൻ തന്റെ ഏക മകളായ കനകാംഗിയെയും, വേദാചാര്യനും ക്ഷത്രിയനുമായ മന്ത്രി അദ്ദേഹത്തിന്റെ കുമാരി മാലതിയെയും, കുലപതിയെന്ന വൈശ്യമുഖ്യൻ മകളായ സുമംഗളയെയും വിദ്യാസാഗരനു വിവാഹം കഴിച്ചുകൊടുത്തു.കുലധർമ്മനീതിസൃഷ്ടിച്ച തടസ്സം നീങ്ങിയപ്പോൾ അദ്ദേഹം മന്ദാകിനിയെയും വിവാഹംചെയ്തു. പിന്നീട്, കലിംഗയുടെ രാജാവായ വിദ്യാസാഗരൻ തനിക്കു കൈവന്ന സൗഭാഗ്യങ്ങളുടെയെല്ലാം കാരണം മന്ദാകിനിയാണെന്ന വിശ്വാസത്തിൽ, അവളുടെ പുത്രനായ ഭർതൃഹരിയെ രാജാവായിവാഴിച്ചു.

വിക്രമാദിത്യകഥകളിൽ ഒരിടത്തും ശൂദ്രയുവതി എന്ന പരാമർശം ഇല്ല; 'ദാസി' എന്നാണ് എല്ലായിപ്പോഴും പറയുന്നത്. അത് മനഃപൂർവ്വമാണോ എന്നറിയില്ല. മനഃപൂർവ്വമാകാൻ വഴിയില്ല എന്നാണു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ, കുലധർമ്മനീതിയുണ്ടാക്കിയ തടസ്സം നിവൃത്തിയ്ക്കാൻ വേണ്ടിയാണ്, വിദ്യാസാഗരൻ ആദ്യമേ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ യുവതികളെ കല്യാണം കഴിച്ചത് എന്നതിൽനിന്നും, മന്ദാകിനി ശൂദ്രയായിരുന്നു എന്നതു സ്പഷ്ടമാണല്ലോ.ബ്രാഹ്മണനായ ഒരാൾ ശൂദ്രയുവതിയെ വിവാഹം കഴിക്കുന്നതോ, അതിനു മാർഗ്ഗമൊരുക്കാൻ ബ്രാഹ്മണനായ രാജാവും, ക്ഷത്രിയനായ മന്ത്രിയും, വൈശ്യപ്രമുഖനും സ്വന്തം പുത്രിമാരെ വിവാഹം ചെയ്തുകൊടുത്തതോ അസാധാരണമായ കാര്യമായി ആ കഥയിലും പറയുന്നില്ല. അതൊക്കെ തികച്ചും സ്വാഭാവികമായിരുന്ന ഒരു പൂർവ്വകാലം ഭാരതത്തിൽ ഉണ്ടായിരുന്നു എന്ന യാഥാർത്ഥ്യം അനാവൃതമാക്കുന്നു എന്നതാണ് ഭർതൃഹരിചരിതത്തിന്റെ പ്രസക്തി. ഇതിഹാസകാവ്യങ്ങളിലും ഇതുതന്നെയായിരുന്നല്ലോ അവസ്ഥ. ആ മഹത്തായ ഭൂതകാലത്തെയാണ് സ്വാർത്ഥമോഹികളായ ഒരുപറ്റം ആളുകൾ സ്മൃതികളുടെ ചുവടുപറ്റി അടിമുടി തകർത്തുകളഞ്ഞത്.

ഏറ്റവും ചുരുങ്ങിയത്, 1500 വർഷം മുൻപു ജീവിച്ചിരുന്നതായി പണ്ഡിതന്മാർ അനുമാനിക്കുന്ന ഒരു മഹാപ്രതിഭയുടെ ജീവിതകഥകളിൽ, ഇത്തരത്തിലുള്ള വൈരു

ദ്ധ്യങ്ങൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. അതിനാൽ, ഏതു ചരിതമാണ് ആധികാരികമെന്ന ചോദ്യത്തിന് കാര്യമായ പ്രസക്തിയില്ല. പലതും നിഗമനങ്ങളെയും, എഴുതുന്നവരുടെ താത്പര്യങ്ങളെയും അടിസ്ഥാനമാക്കി ചമയ്ക്കപ്പെട്ടവയാകാം. എന്നാൽ, ഭർതൃഹരിയുടെ പുസ്തകങ്ങൾക്കുവേണ്ടി എഴുതപ്പെട്ട ആമുഖത്തിലെ പരാമർശങ്ങൾക്കു മറ്റുള്ളവയെക്കാൾ സ്വീകാര്യത കൂടുമെന്നു കരുതാം. മറ്റൊരു പാഠഭേദം ഇവിടെ സൂചിപ്പിച്ചത്, അതിൽ അനുഭവപ്പെടുന്ന വളച്ചൊടിക്കലിലേക്കു വെളിച്ചംവീശാൻ വേണ്ടിയാണ്. അത്തരം അപനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് അരായിരിക്കാം എന്നത് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു. [*അക്കാലത്തു ശൂദ്രർക്ക് ക്ഷേത്രപ്രവേശനം വിലക്കപ്പെട്ടിരുന്നില്ല എന്നത് ശ്രദ്ധിക്കുക].

ഐതിഹ്യമാലയിലെ അപശബ്ദങ്ങൾ

കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച ഐതിഹ്യമാലയിലെ മഹാഭാഷ്യം എന്ന അധ്യായത്തിൽ വിവരിക്കുന്ന ഭർതൃഹരിയുടെ കഥ സുദീർഘവും, എന്നാൽ, നീതിശതകത്തിന്റെയും വൈരാഗ്യശതകത്തിന്റെയും പരിഭാഷകൾക്ക് ആമുഖമായി ചേർത്തിട്ടുള്ളത്തിനു സമാനവുമാണ്. എന്നാലും, കുമാരന്മാരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഇടങ്ങളിൽ ചില മായംചേർക്കൽ കാണാം. അത് ഇപ്രകാരമാണ്: 'ആദ്യപുത്രനായ ബ്രാഹ്മണകുമാരനെ(?)ഗോവിന്ദസ്വാമി വിശേഷിച്ചും വേദാധ്യയനം ചെയ്യിച്ചു. ഒടുവിൽ, നാലുപേരെയും മഹാഭാഷ്യവും പഠിപ്പിച്ചു. എന്നാൽ, നാലാമത്തെ പുത്രൻ ശൂദ്രകുലജാതനും, മഹാഭാഷ്യം വേദാംഗവുമാകയാൽ ആ പുത്രനെ അഭിമുഖമായിരുന്നു ഭാഷ്യം പഠിപ്പിക്കുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ച്, ഗോവിന്ദസ്വാമി ആ പുത്രനെ പ്രത്യേകിച്ചു മറവുള്ള സ്ഥലത്തിരുത്തിയാണ് മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തത്. എന്നുമാത്രമല്ല, മഹാഭാഷ്യം മറ്റു ശൂദ്രവംശജർക്ക് ഉപദേശിച്ച്, പരമ്പരയായി വേദാർഹരല്ലാത്ത അവരുടെയിടയിൽ അതിനു പ്രസിദ്ധി വരുത്തുകയില്ലെന്ന് ആ പുത്രനെക്കൊണ്ട് പ്രതിജ്ഞയെടുപ്പിക്കുക കൂടി ചെയ്തിട്ടാണ് ഗോവിന്ദസ്വാമി മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തത് എന്നു ചിലർ പറയുന്നുണ്ട്'. പക്ഷേ, ആ ചിലർ ആരാണെന്ന് ഐതിഹ്യമാലയിൽ കാണുന്നില്ല. അത്തരത്തിൽ ചിലർ പറഞ്ഞുണ്ടാക്കുന്ന സംഗതികളാണ് കാലക്രമത്തിൽ ആധികാരികരേഖകളായത്. ബ്രാഹ്മണിയായ ആദ്യഭാര്യയുടെ പുത്രനെ ആദ്യപുത്രനാക്കാനും, ഈ കഥയിലൂടെ കഥാകാരൻ ശ്രമിക്കുന്നുണ്ട് എന്നതും ശ്രദ്ധിക്കുക:

> ദാധ്യയനവും ചെയ്യിച്ചു. ഒടുക്കം നാലുപേരെയും മഹാഭാഷ്യം പഠിപ്പിച്ചു. എന്നാൽ നാലാമത്തെ പുത്രൻ ശൂദ്രകുലജാതനും മഹാഭാഷ്യം വേദാംഗവുമാകയാൽ ആ പുത്രനെ അഭിമുഖമായിരുന്നു ഭാഷ്യം പഠിപ്പിക്കുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ച് അദ്ദേഹം ആ പുത്രനെ പ്രത്യേകിച്ച് ഒരു മറവുള്ള സ്ഥലത്തിരുത്തിയാണ് മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തത്. എന്നു മാത്രവുമല്ല, മഹാഭാഷ്യം ശൂദ്രവംശജർക്ക് ഉപദേശിച്ച് പരമ്പരയാ വേദാർഹൻമാരല്ലാത്ത അവരുടെ ഇടയിൽ അതിനു പ്രചാരം വരുത്തുകയില്ലെന്ന് ആ പുത്രനെക്കൊണ്ടു പ്രതിജ്ഞ ചെയ്യിക്കുക കൂടി ചെയ്തിട്ടാണ് അദ്ദേഹം മഹാഭാഷ്യം ആ പുത്രന് ഉപദേശിച്ചുകൊടുത്തത് എന്ന് ചിലർ പറയുന്നു.

ഏതുരീതിയിലാണ് ഐതിഹ്യമെന്ന പേരുവെച്ച് ചിലർ മാലിന്യങ്ങളെ(ഊഹാപോഹങ്ങളെ) ആധികാരിക രേഖകളാക്കുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ കഥ. അതിനാൽ ആ കഥകളുടെ ഉള്ളിലെ ഉന്നം കാണാതിരിക്കാനാകില്ല.

ഗോവിന്ദസ്വാമിയുടെ കാലത്തെ മനുഷ്യരും, മനുസ്മൃതി തച്ചുടച്ച ലോകത്തിലെ മനുഷ്യരും തമ്മിൽ എത്ര അന്തരമുണ്ടെന്നു മനസ്സിലാക്കാൻ ഇത്തരം അപനിർമ്മിതകഥകൾ വായിച്ചാൽ മതിയാകും. മനുസ്മൃതിയുടെ കാലത്തു ലോകത്തെ നയിച്ചത് അറിവു വിലക്കിയ ബ്രഹ്മരക്ഷസ്സുകളായതുകൊണ്ടാകാം, അത്തരത്തിലുള്ള അപശശബ്ദങ്ങൾ ആധികാരികതയോടെ ആവിഷ്കരിക്കപ്പെട്ടതും സ്വീകാര്യത നേടി ഇരുൾക്കയങ്ങളിലേക്ക് മനുഷ്യരെ എടുത്തെറിഞ്ഞതും.

ഭർതൃഹരിയെ വന്ധീകരിച്ച അപനിർമ്മിതി

മൂത്തപുത്രനായിരുന്നെങ്കിലും, ശൂദ്രനായ ഭർതൃഹരിയെ ബ്രാഹ്മണനായ ഗോവിന്ദസ്വാമി രാജാവാക്കുമോ എന്ന സന്ദേഹം ചിലർക്ക് ഉണ്ടായിട്ടുണ്ടെന്നുവേണം കരുതാൻ. അവർ അതിനുള്ള കാരണവും കണ്ടെത്തി ഐതിഹ്യമാക്കിയിട്ടുണ്ട്. ഭർതൃഹരിയുമായി ബന്ധപ്പെട്ട ഏറെ പ്രചാരമുള്ള മറ്റൊരു കഥ കാണുക:

രാജപിതാവിന്റെ മരണക്കിടക്കയാണ് കഥാരംഗം. തങ്ങളുടെ പ്രിയപിതാവ് ഉടനെ വിട്ടുപിരിയുമല്ലോ എന്നുചിന്തിച്ച്, അത്യധികം ദുഃഖിതരായി ഭർതൃഹരിയും വിക്രമാദിത്യനും വരരുചിയും ഭട്ടിയും അരുകിൽ നിൽക്കുമ്പോൾ, രാജാവ് കണ്ണുതുറന്ന് അവരെ മാറിമാറി നോക്കി. ദൃഷ്ടി ഭർതൃഹരിയിൽ എത്തിയപ്പോൾ രാജാവിന്റെ കണ്ണുകൾ നിറഞ്ഞു കണ്ണീർ പ്രവഹിക്കുവാൻതുടങ്ങി. ശൂദ്രസ്ത്രീയിൽ ജനിച്ച മകനായ ഭർതൃഹരിയ്ക്കു പുത്രന്മാരുണ്ടാകുന്ന പക്ഷം, ആ കൊടിയ പാപം ബ്രാഹ്മണനായ തനിക്ക് നരകഹേതുവായിത്തീരുമെന്ന് സ്മൃതിശാസനം നന്നായറിയാമായിരുന്ന രാജാവിന് ഓർമ്മയുണ്ടായതാണ് കാരണം. പിതാവ് കരയുന്നതു കണ്ടപ്പോൾ, അത് ഭർതൃഹരിയോടുള്ള സ്നേഹാധിക്യം മൂലമാണെന്നു മറ്റു പുത്രന്മാർ കരുതി. എന്നാൽ, ബുദ്ധിശാലിയായ ഭർതൃഹരിക്ക് സംഗതി മനസ്സിലായി. അദ്ദേഹം ഉടനെ തന്റെ അച്ഛനെ ബോധിപ്പിച്ചു: 'പ്രിയപിതാവേ, അങ്ങ് സ്വന്തം സുരക്ഷയെക്കുറിച്ച് ഭയപ്പെടേണ്ടാ. എനിക്കു പുത്രന്മാരുണ്ടാകുന്നതുമൂലം അങ്ങ് നരകത്തിൽ പോകേണ്ടിവരില്ല. ഞാൻ ഒരിക്കലും വിവാഹം കഴിക്കുകയില്ലെന്ന് ഉറപ്പുനൽകുന്നു. ഇനി, ഏതെങ്കിലും കാരണവശാൽ വിവാഹം കഴിക്കാൻ നിർബന്ധിതനായാൽത്തന്നെ, എനിക്കു സന്താനങ്ങൾ ജനിക്കുകയില്ലെന്ന് ഉറപ്പുവരുത്തിക്കൊള്ളാം'.അപ്രകാരം തന്റെ പിതാവിനു സ്വർഗ്ഗം ലഭിക്കാൻവേണ്ടി ഏറെ ത്യാഗംസഹിക്കാൻ തയ്യാറായതോടെ, സഹോദരർ മൂന്നാളും ചേർന്നു നിർബന്ധിച്ച് ഭർതൃഹരിയെ രാജാവാക്കി. അങ്ങനെ രാജാവായി വാഴിക്കപ്പെട്ടപ്പോൾ, ഭർതൃഹരിക്ക് രാജ്യത്തിന്റെ നന്മക്കുവേണ്ടി പലയിടത്തുനിന്ന് പലരെയും ഭാര്യമാരായി സ്വീകരിക്കേണ്ടിവന്നെങ്കിലും തന്റെ പിതാവിനോടുചെയ്ത വാഗ്ദാനമനുസരിച്ച്, അദ്ദേഹം മക്കൾക്ക് ജന്മംനൽകിയില്ല എന്നും ആ കഥ സാക്ഷ്യപ്പെടുത്തുന്നു.രാജാവായാലും പണ്ഡിതനായാലും വിട്ടുപോകാത്ത വിനയായി ശൂദ്രത്വം മാറിയ ഒരു കാലത്തിന്റെ തിരുത്തിയെഴുതലായി ഈ രചനയെ മനസ്സിലാക്കിയാലേ ഗോവിന്ദസ്വാമി കുറ്റവിമുക്തനാകൂ.

ഭർത്തൃഹരിയെ ഭീഷ്മർക്കു തുല്യനായ ത്യാഗിയായി അവതരിപ്പിച്ച് പുകഴ്ത്തുന്ന ഈ കഥ, ഒറ്റനോട്ടത്തിൽ അദ്ദേഹത്തിന്റെ അപദാനമായി തോന്നാം. എന്നാൽ ഈ കഥയുടെ പ്രായോജകരുടെ ലക്ഷ്യം അത്ര നിരുപദ്രവകരമാണെന്നു കരുതുവാനാ

കില്ല. സർവ്വശാസ്ത്രങ്ങളും പഠിച്ച ഗോവിന്ദസ്വാമിക്ക്,ശൂദ്രസ്ത്രീയെ നിരവധി കടമ്പകൾ കടന്നു കല്യാണം കഴിച്ചപ്പോഴും, അവളിൽ ഒരു പുത്രനെ ജനിപ്പിച്ചപ്പോഴും, യാതൊരുഭേദചിന്തയും ഇല്ലാതെ അയാളെ ശാസ്ത്രവിഷയങ്ങൾ പഠിപ്പിച്ചപ്പോഴും, വളർത്തിവലുതാക്കി രാജാവാക്കിയപ്പോഴും ഉണ്ടാകാത്ത എന്തു കുറ്റബോധമാണ്, അദ്ദേഹത്തിന്റെ മരണക്കിടക്കയിലെ നിറകണ്ണിലൂടെ കാഴ്ചക്കാർക്കു പകർന്നു കിട്ടിയത്? സനാതനധർമ്മതത്വങ്ങളനുസരിച്ച്, ഒരാളിനെ പുംനരകങ്ങളിൽനിന്നു ത്രാണനം ചെയ്യിക്കുന്നത് പുത്രനാണ്; പുത്രന്റെപുത്രനല്ല എന്ന പ്രാഥമികജ്ഞാനം പോലും ഇല്ലാത്ത കഥാകാരന്മാരുടെ കൃതികൾപോലും പ്രചുരപ്രചാരം നേടുന്നത്, അത്തരം അപക്വമായ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് ഹൈന്ദവ ഗ്രന്ഥങ്ങൾക്കുമേൽ ഉണ്ടെന്നു മറ്റുള്ളവർ തെറ്റിദ്ധരിക്കുന്ന ആധികാരികതയുടെ കൈക്കരുത്തുകൊണ്ടാണല്ലോ. ശൂദ്രസ്ത്രീയെ വിവാഹംകഴിച്ചപ്പോഴും,അവളിൽ മകനെജനിപ്പിച്ചപ്പോഴും സർവ്വശാസ്ത്രവിശാരദനായ ബ്രാഹ്മണരാജാവിന്റെ ഓർമ്മയിൽ തെളിയാതിരുന്ന സ്മൃതിനിയമം, മകന് ജനിക്കാൻ ഇടയുള്ള മകന്റെ കാര്യത്തിൽ തെളിയിക്കുന്നതിനെയാണ് ജാതിവെറിയെന്നു പറയുന്നത്. അമ്മാതിരി ഭീഷണികൾ ഉണരുന്നത് മരണക്കിടക്കയിലാകുമ്പോൾ,അതിലൂടെ മറ്റു മനുഷ്യരിലേക്കു പകരാൻകഴിയുന്ന ഭയത്തിന്റെ കാഠിന്യം കൂടുമെന്നതിനപ്പുറം എന്തെങ്കിലും യുക്തി ഈ കഥയിലുണ്ടോ? ഈ കഥയെഴുതിയ മഹാത്മാവിന്റെ തലയ്ക്കകത്തില്ലാത്ത സാധനം മറ്റൊരാളുടെയും തലയിൽ ഉണ്ടാകില്ല എന്ന അന്ധവിശ്വാസത്തെയാണ് ചിലർ ആഢ്യത്വമെന്നു വിശേഷിപ്പിക്കുന്നത്. അതില്ലാത്തതുകൊണ്ടാണല്ലോ ഭൂരിപക്ഷം മനുഷ്യരും ഇന്നും മനുഷ്യരായി തുടരുന്നത്.

ഐതരേയൻ

ഏറ്റവും പ്രമാണികം എന്നു കണക്കാക്കപ്പെടുന്ന പത്ത് ഉപനിഷത്തുകളിൽ(ദശോപനിഷത്തുകൾ) ഉൾപ്പെടുന്ന ഐതരേയോപനിഷത്തിന്റെയും വേദാംഗങ്ങളായ ഐതരേയ ബ്രാഹ്മണത്തിന്റെയും ഐതരേയ ആരണ്യകത്തിന്റെയും രചയിതാവായ ഐതരേയൻ എന്ന ഋഷി, ഇതര എന്ന ശൂദ്രസ്ത്രീയുടെ മകനായിരുന്നു. ഇതരയുടെ പുത്രനായതുകൊണ്ടാണ് ഐതരേയനെന്ന് മുനി അറിയപ്പെട്ടത്. കുടമുണ്ടാക്കുന്ന തൊഴിൽ ചെയ്തിരുന്ന കുലാലവംശത്തിൽ പിറന്ന ഐതരേയൻ, ചണ്ഡാളനായിരുന്നെന്നും ചില പുസ്തകങ്ങളിൽ കാണുന്നു. ഇതരയെന്ന ശൂദ്രസ്ത്രീയിൽ, വിശാലൻ എന്ന മഹർഷിക്കുണ്ടായ പുത്രനാണ് ഐതരേയനെന്ന് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിട്യൂട്ട് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശത്തിൽ പറയുന്നു.

അടയാളപ്പെടുത്തലുകളും അപനിർമ്മിതികളും

വിശാലനെന്ന മഹർഷിക്ക് ഇതരയെ കൂടാതെ ചില ബ്രാഹ്മണസ്ത്രീകളും ഭാര്യമാരായി ഉണ്ടായിരുന്നു. കുടുംബത്തിൽവെച്ച് നടത്തിയ ഒരു യജ്ഞത്തിൽ,ബ്രാഹ്മണജാതിയിൽപ്പെട്ട തന്റെ പുത്രന്മാർക്കുമാത്രം പിതാവ് യാഗവിധികൾ പറഞ്ഞുകൊടുത്തു. അവസരം നിഷേധിച്ച് ഇതരയുടെ പുത്രനെ അവഗണിച്ചു. അതിന്റെ കാരണം അന്വേഷിച്ച കുട്ടിക്ക്, ഭൂമിയുടെ മക്കളായ ശൂദ്രർക്ക്, ഭൂമിയല്ലാതെ മറ്റു സുഹൃത്തുക്കളില്ലെന്ന മറുപടിയാണ് അമ്മയിൽനിന്നു കിട്ടിയത്. തുടർന്ന്, ഏറെ ദുഃഖിത

നായ കുട്ടിയുടെ പ്രാർത്ഥന കേട്ട ഭൂമിദേവി നേരിട്ടു പ്രത്യക്ഷപ്പെട്ട് അവനെ ഭൂഗർഭത്തിൽകൊണ്ടുപോയി പന്ത്രണ്ടു വർഷം വിദ്യയഭ്യസിപ്പിച്ചു. ഭൂമിദേവിയോടുള്ള അഗാധമായ ഭക്തിമൂലം കുട്ടി മഹീദാസൻ എന്ന പേരു സ്വീകരിച്ചു. അനാര്യനായതുകൊണ്ട് ഗുരുവിൽനിന്നു വേദങ്ങളും ധർമ്മശാസ്ത്രങ്ങളും പഠിക്കുന്നതിനുള്ള അനുവാദമില്ല എന്നു വിലക്കിയതിനാൽ അദ്ദേഹം അവയൊക്കെ സ്വയം അഭ്യസിക്കുകയും അഗാധപാണ്ഡിത്യം ആർജ്ജിക്കുകയുമുണ്ടായി. ഇതാണ് ഐതരേയനുമായി ബന്ധപ്പെട്ടു പ്രചാരത്തിലുള്ള ഐതിഹ്യങ്ങളിൽ പ്രധാനപ്പെട്ടത്.

സ്കന്ദപുരാണമനുസരിച്ച്, മാണ്ഡൂകിമഹർഷിക്ക് ഇതരയെന്ന ദാസിയിൽ പിറന്ന പുത്രനാണ് ഐതരേയൻ. കോടിതീർത്ഥത്തിൽവെച്ചു ഹരിമേദ്ധ്യൻ അനുഷ്ഠിച്ച യജ്ഞത്തിൽ വിഷ്ണുവിന്റെ നിർദ്ദേശപ്രകാരം ഐതരേയൻ പങ്കെടുക്കുകയും, വേദാർത്ഥം വ്യാഖ്യാനിച്ച് പ്രഭാഷണം നടത്തുകയുമുണ്ടായി. സംപ്രീതനായ ഹരിമേദ്ധ്യൻ സ്വപുത്രിയെ ഐതരേയനു വിവാഹംകഴിച്ചുകൊടുത്തു. വേദപാഠം ശൂദ്രർക്ക് വിലക്കിയിരുന്നു എന്നു പ്രചരിപ്പിക്കപ്പെടുമ്പോഴും, ശൂദ്രസ്ത്രീയെ വിവാഹം ചെയ്യുന്നതിനും, അവളെയും അവളിൽ ഉണ്ടായ കുട്ടിയെയും ഒപ്പം താമസിപ്പിക്കുന്നതിനും, ശൂദ്രനായ ഒരാൾക്ക് യാഗമുഖ്യന്റെ മകളെ വിവാഹം കഴിക്കുന്നതിനും ഒന്നും ശാസ്ത്രവിധികൾ തടസ്സമാകാതിരുന്ന ഒരു സാമൂഹ്യക്രമം പുരാതന ഭാരതത്തിൽ നിലനിന്നിരുന്നെന്ന് ഐതരേയചരിതത്തിന്റെ വെളിച്ചത്തിൽ അനുമാനിക്കാം. ഐതരേയമഹർഷി ജീവിച്ചിരുന്നതും ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ രചിച്ചതും ആര്യാധിപത്യം നിലവിലിരുന്നകാലത്തല്ല എന്നതാകാം അതിന്റെ കാരണം. പ്രമുഖമായ പൗരാണികഗ്രന്ഥങ്ങൾ ആര്യാധിപത്യഭാരതത്തിലല്ല രചിക്കപ്പെട്ടത് എന്നാണല്ലോ അതിനർത്ഥം. ആര്യന്മാർ അവ കൈവശപ്പെടുത്തിയത്, സ്വന്തം യോഗ്യത തെളിയിച്ചല്ല; മറ്റുള്ളവരെ അയോഗ്യരാക്കി കുറുക്കുവഴിയിലൂടെയാണ്.

അപ്പോഴും,അതൊന്നും ദഹിക്കാത്ത ചിലർ ഐതരേയന്റെ ജന്മത്തെ ഒരു അപനിർമ്മിത കഥയെഴുതി തിരുത്തുവാൻ ശമിക്കുന്നതിന്റെ നിന്ദ്യമായ ഉദാഹരണവും നമുക്കു മുന്നിലുണ്ട്. മാണ്ഡൂകിമഹർഷിക്ക് രണ്ടു ബ്രാഹ്മണികളായ ഭാര്യമാരാണ് ഉണ്ടായിരുന്നതെന്നും, അതിൽ രണ്ടാമത്തെപത്നിയുടെ മകനാണ് ഐതരേയനെന്നും അവർ വാദിക്കുന്നു. മുഖ്യഭാര്യ അല്ലാത്തതുകൊണ്ട് മറ്റേ ഭാര്യ എന്ന ആർത്ഥത്തിലാണ് 'ഇതര'യെന്ന് ഐതിഹ്യങ്ങൾ വിളിക്കുന്നതെന്ന് അവർ കണ്ടെത്തുന്നു. അവരുടെ വിശ്വാസം അവരെ രക്ഷിക്കട്ടേ എന്നുമാത്രം പറയാം. ഇതരയെന്ന ശൂദ്രമാതാവിന്റെ അസ്തിത്വം അവർക്കു തമസ്കരിക്കാം; എന്നാൽ, ഐതരേയന്റെ സംഭാവനകളെ സ്വീകരിച്ചേപറ്റൂ. തങ്ങൾക്കു സുഖിക്കാത്ത കാര്യങ്ങളെല്ലാം നിരാകരിക്കാനൊരുങ്ങിയാൽ വംശമഹിമാവാദികൾക്ക് ശൂന്യതയിലിരുന്ന് കസർത്തു കാണിക്കേണ്ടിവരുമെന്നുമാത്രം ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

വിപ്ലവകാരിയായ ഋഷി

ഏകവും പൂർണ്ണവുമായ അറിവിൽ സർവ്വവും പ്രതിഷ്ഠിതമാണെന്നു പ്രഖ്യാപിച്ചുകൊണ്ടാണ്(സർവം തത്പ്രജ്ഞാനേത്രം പ്രജ്ഞാനേപ്രതിഷ്ഠിതം പ്രജ്ഞാനേത്രോ ലോകഃ പ്രജ്ഞാ പ്രതിഷ്ഠ പ്രജ്ഞാനം ബ്രഹ്മ) ഐതരേയോപനിഷത്തു സമാപിക്കു

ന്നത്. അങ്ങനെ, ജ്ഞാനത്തെ വംശമഹിമയ്ക്കും വർണ്ണവിശുദ്ധിയ്ക്കും മുകളിൽ സ്ഥാപിച്ച ഐതരേയനെ, യഥാർത്ഥ സനാതനസംസ്കൃതിയുടെ പ്രതിനിധിയായി കണക്കാക്കാം. പഞ്ചമഹാവാക്യങ്ങളിൽ പ്രമുഖമായ 'പ്രജ്ഞാനം ബ്രഹ്മ' ഐതരേയോപനിഷത്തിന്റെ സംഭാവനയാണ്.ആ ഉപനിഷത്തിന്റെ രണ്ടാമധ്യായത്തിൽ, അമ്മയുടെ ഗർഭത്തിലിരിക്കെ തന്നെ സമസ്ത വിജ്ഞാനവും ആർജ്ജിച്ച് അറിവിന്റെ പൂർണ്ണതയോടെ ജന്മമെടുത്ത വാമദേവന്റെ കഥ വിവരിക്കുന്നുണ്ട്. ഗർഭധാരണത്തിന്റെയും ജനനത്തിന്റെയും ആദ്ധ്യാത്മിക തലങ്ങൾ പരിശോധിക്കുന്ന, ആ പ്രകരണം തുടങ്ങുന്നത്, ഗർഭിണികൾ പുറത്തു പോയാലും(അപക്രമന്തു ഗർഭിണ്യ) എന്ന നിർദ്ദേശത്തോടുകൂടിയും, അതിലെ അടുത്ത പ്രകരണം അരംഭിക്കുന്നതു ഗർഭിണികളെ സഭാതലത്തിൽ തിരികെ പ്രവേശിക്കാൻ ക്ഷണിയ്ക്കുന്ന, 'യഥാസ്ഥാനം ഗർഭിണ്യ' എന്ന ശ്ലോകത്തോടുകൂടിയുമാണ്. പ്രാചീനഭാരതത്തിൽ, വേദാന്തപഠനത്തിലും ആദ്ധ്യാത്മവിദ്യാസദസ്സുകളിലും സ്ത്രീകളും പങ്കെടുത്തിരുന്നു എന്നതിന്റെ തെളിവായി ഈ ഉപനിഷത്ശ്ലോകങ്ങൾ ഉദ്ധരിക്കപ്പെടാറുണ്ട്. സാമ്പ്രദായിക പൗരോഹിത്യ വഴികൾ വർജ്ജിച്ച ഒരു മുനിയുടെ രചനയായതിനാലാകാം ഐതരേയോപനിഷത്തിൽ അത്തരം ഒരു നല്ല ഭൂതകാലത്തിന്റെ തിരുശേഷിപ്പുകൾ ഉടച്ചുവാർക്കപ്പെടാത്ത നിലയിൽ കാണാൻ സാധിക്കുന്നത്.

പൗരാണികസനാതനഗ്രന്ഥങ്ങളുടെ സൃഷ്ടി നിർവ്വഹിച്ച മഹാത്മാക്കളിൽ ചിലർ മാത്രമാണ് മേൽപ്പറഞ്ഞവർ. അവരിൽ ആർക്കെങ്കിലും ചില ബ്രാഹ്മണവേരുകൾ കണ്ടെത്താനായാൽപ്പോലും സ്മൃതിനിയമങ്ങളുടെ കണക്കെടുപ്പിൽ അവരാരും ബ്രാഹ്മണരാകുന്നില്ല എന്നതാണ് വാസ്തവം. കാരണം,സവർണ്ണിയും ശുദ്ധയുമായ ഭാര്യയിൽ ജനിക്കുന്ന സന്താനങ്ങളെ മാത്രമാണ് മനുസ്മൃതി ബ്രാഹ്മണരായി പരിഗണിക്കുന്നത്.(അധ്യായം:10 ശ്ലോകം:5). താഴെയുള്ള മൂന്നു വർണ്ണങ്ങളിലും പെടുന്ന സ്ത്രീകളിൽ പിറക്കുന്ന മക്കളെ അപസദന്മാരായാണ്(നീചർ) മനുസ്മൃതിയും(അധ്യായം:10 ശ്ലോകം:10)മറ്റു മിക്കവാറും സ്മൃതികളും കണക്കാക്കിയിയിട്ടുള്ളത്:

> സർവവർണേഷു തുല്യാസു പത്നീഷ്വക്ഷതയോനിഷു
> ആനുലോമ്യേന സംഭൂതാ ജാത്യാ ജ്ഞേയാസ്ത ഏവ തേ. 5
>
> അനുക്രമം സർവവർണ്ണങ്ങളിലും സമാനജാതീയയും ശുദ്ധയും ആയ ഭാര്യയിൽ ജനിക്കുന്ന സന്താനങ്ങൾ ആ ജാതിയിൽപെട്ടവരായി കണക്കാക്കപ്പെടുന്നു.
>
> ബ്രാഹ്മണനു യഥാശാസ്ത്രം വിവാഹം ചെയ്ത ബ്രാഹ്മണഭാര്യയിൽ ജനിക്കുന്നവൻ ബ്രാഹ്മണൻ. ഇതേ ക്രമത്തിൽ മറ്റു വർണ്ണികൾക്കും.

ആ നിയമം അനുസരിച്ച്, അച്ഛൻ ബ്രാഹ്മണനായാൽപോലും മേൽപ്പറഞ്ഞവരാരും ജാതിബ്രാഹ്മണരാകുന്നില്ലല്ലോ. വർണ്ണവിശുദ്ധിയാണ് ആഢ്യത്വത്തിന്റെ അളവുകോലെങ്കിൽ, അത് എല്ലാകാര്യത്തിലും എല്ലാവർക്കും ബാധകമാകണം.

വ്യാസന്റേയും വാല്മീകിയുടെയും ഭർതൃഹരിയുടെയും കാളിദാസന്റേയും രചനകളിലും ജീവിതത്തിലും അനാവൃതമാകുന്ന സാമൂഹികസാഹചര്യങ്ങൾ വിളിച്ചുപറയുന്നത്, അവരെല്ലാം ജീവിച്ചിരുന്നതും അവരുടെ രചനകൾക്ക് ആധാരമായ സംഭവങ്ങൾ നടന്നതും ആര്യാധിപത്യമുഷ്ക്ക് മനുഷ്യരെ വരിഞ്ഞുമുറുക്കിയകാ

ലത്തോ അതിനുശേഷമോ അല്ലെന്നാണ്.ആര്യനിയമങ്ങളും സ്മൃതിനിയമങ്ങളും ഒരുരീതിയിലും വെച്ചുപൊറുപ്പിക്കാത്ത സ്ഥിതിവിശേഷങ്ങളാണല്ലോ നാം അവരിലൂടെ കണ്ടത്. പ്രാചീനകൃതികളുടെ സ്രഷ്ടാക്കൾ മാത്രമല്ല, അവയുടെ പ്രചാരകരും അവയിലെ പ്രമുഖവ്യക്തികളുമൊന്നും ജാതിബ്രാഹ്മണരായിരുന്നില്ല എന്നതാണ് പരമാർത്ഥം. അത്തരം ചില ഉദാഹരണങ്ങൾ ഇനി കാണാം:

സൂതൻ(ഉഗ്രശ്രവസ്)

ഹൈന്ദവധർമശാസ്ത്രഗ്രന്ഥങ്ങളുടെ സൃഷ്ടിമാത്രമല്ല, അവയുടെ പ്രചാരണവും നിർവ്വഹിച്ചത് അനാര്യസമൂഹങ്ങളാണ് എന്നതാണ് യാഥാർത്ഥ്യം. വ്യാസൻ രചിച്ച മഹാഭാരതകഥ, നൈമിഷാരണ്യത്തിൽവെച്ചു നടത്തപ്പെട്ട യജ്ഞത്തിനിടെ ശൗനകാദി മഹർഷിമാർക്കു വിവരിച്ചുകൊടുക്കുന്ന മുറയിൽ, ലോകസമക്ഷം സമർപ്പിക്കുന്നത് അബ്രാഹ്മണനും സൂതപുത്രനുമായ ഉഗ്രശ്രവസ്സാണ്. വേദവ്യാസശിഷ്യനായ ലോമഹർഷണൻ എന്ന സൂതന്റെ പുത്രനാണ് ഉഗ്രശ്രവസ്സ്. അത്യന്തം ശ്രവണശക്തിയുള്ളതിനാലാണ് അദ്ദേഹത്തിന് ആ പേരു കിട്ടിയതെന്ന് പറയപ്പെടുന്നു. പരീക്ഷിത്തിന്റെമകനായ ജനമേജയൻ സംഘടിപ്പിച്ച സർപ്പയജ്ഞത്തിൽ പങ്കെടുക്കുമ്പോൾ, വ്യാസമഹർഷിയുടെ ശിഷ്യനായ വൈശമ്പായനിൽനിന്നു ശ്രവിച്ചുപഠിച്ച കഥകളാണ് മുനിമാർക്കു മുൻപിൽ സൂതൻ അവതരിപ്പിക്കുന്നത്. ആ പൗരാണിക സൂതന്റെ പിന്മുറക്കാരിലൂടെയാണ് പിൽക്കാല മഹാമുനിമാരടക്കമുള്ള സർവ്വമാനവരും പുരാണേതിഹാസങ്ങൾ ശ്രവിച്ചതും പകർത്തിയെടുത്തതും പഠിച്ചതും.

വ്യാസമഹർഷിയുടെ ശിഷ്യന്മാരും അനാര്യരായിരുന്നു എന്നാണല്ലോ അതിന്റെ അർത്ഥം. അനാര്യനും അവർണ്ണനുമായ സൂതന് പുണ്യഗ്രന്ഥങ്ങൾ പഠിക്കുന്നതിന് *ആർഷഭാരതത്തിൽ വിലക്കുണ്ടായിരുന്നില്ല എന്നു മാത്രമല്ല, അവരായിരുന്നു ആ വിശുദ്ധഗ്രന്ഥങ്ങളുടെ അധികാരികൾ.ശൗനകൻ അടക്കമുള്ള ബ്രാഹ്മണപണ്ഡിതരെല്ലാം(?) വ്യാസരചനകൾ ആദ്യമായി കേട്ടത്, നൈമിശാരണ്യത്തിലെ യജ്ഞഭൂമിയിൽവെച്ചു സൂതനിൽനിന്നാണെന്നു മഹാഭാരതത്തിലും ഭാഗവതത്തിലും പറയുന്നുണ്ട്. അതിനു മുൻപ് ഒരു ബ്രാഹ്മണനും ആ ഗ്രന്ഥങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നില്ല എന്നു വേണമല്ലോ മനസ്സിലാക്കാൻ. ആ വസ്തുത മാത്രം മതി, പൗരാണിക ഗ്രന്ഥങ്ങൾ ബ്രാഹ്മണസൃഷ്ടിയല്ല എന്നതിനു തെളിവായി.(*ഋഷിസംസ്കാരം).

പുരാണങ്ങൾ പാടിപ്പരത്തിയവരുടെ പതിതകുലം

പൗരാണികകാലത്ത് ഭാരതത്തിലുണ്ടായിരുന്ന ഒരു ജനസമുദായമാണ് സൂതന്മാർ. തങ്ങൾ നേരിൽ കണ്ടറിഞ്ഞിട്ടുള്ളതും മറ്റുള്ളവർ രേഖപ്പെടുത്തിയവയിൽനിന്നു മനസ്സിലാക്കിയിട്ടുള്ളതുമായ സംഗതികളെ കീർത്തിക്കുകയായിരുന്നു അവരുടെ പ്രധാനകുലത്തൊഴിൽ. ആ പ്രകീർത്തനങ്ങളിൽ, രാജാക്കന്മാരുടെ പ്രതാപം,വംശചരിത്രം, മറ്റു മഹത്ചരിതങ്ങൾ എന്നിവ ഉൾപ്പെടുന്നു. അത്തരം കഥകളാണ് പിൽക്കാലത്ത് ഇതിഹാസങ്ങൾ എന്നും പുരാണങ്ങളെന്നും പേരെടുത്തത്. വ്യാസമഹാമുനി രചിച്ചതായി വിശ്വസിക്കപ്പെടുന്ന വിശുദ്ധഗ്രന്ഥങ്ങൾ ശിഷ്യനായ ലോമഹർഷണൻ എന്ന സൂതനിലേക്കും, തുടർന്ന് അദ്ദേഹത്തിന്റെ പുത്രനായ ഉഗ്രശ്രവസ്സിലേക്കും, അതിനുശേഷം ഇതര സൂതന്മാരിലേക്കും പകർന്ന് സൂതപരമ്പരയിലൂടെ

ലോകത്തിനു സിദ്ധിച്ചവയാണ്. മഹർഷിമാർപോലും ഭക്തിഗാഥകൾ കേൾക്കാൻ സൂതരെ ആശ്രയിച്ചിരുന്നതുകൊണ്ട്, യാഗങ്ങളിൽ അവർക്ക് ഉന്നത സ്ഥാനമുണ്ടായിരുന്നു. രഥസാരഥികളും ഭരണകർത്താക്കളും മന്ത്രിമാരും കവികളും സൈന്യാധിപന്മാരുമൊക്കെയായി നിരവധി സൂതന്മാർ പുരാണേതിഹാസങ്ങളിലുണ്ട്. കീചകൻ, ദാരുകൻ, സാത്യകി, സഞ്ജയൻ എന്നിവർ പ്രമുഖരായ സൂതരിൽ ചിലരാണ്. ആ പദവികൾ വഹിക്കുന്നതിനും സൂതന്മാർക്ക് അന്നു വിലക്കുണ്ടായിരുന്നില്ല.

ഇനി, ആരാണ് സൂതന്മാരെന്നു നോക്കാം. ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയന് പിറന്നവരുടെ കുലമാണ് സൂതന്മാരെന്ന് അറിയപ്പെടുന്നതെന്നും,ദ്വിജസന്താനങ്ങളാണെങ്കിലും പ്രതിലോമജരായ സൂദാതികൾ നീചരാണെന്നും, ശൂദ്രധർമ്മികളാണെന്നും മനുസ്മൃതി നിർവ്വചിക്കുന്നു.(പത്താമധ്യായം, ശ്ലോകം:11,12,17,41):

> ക്ഷത്രിയാദ്വിപ്രകന്യായാം സൂതോ ഭവതി ജാതിതഃ
> വൈശ്യാന്മാഗധവൈദേഹൗ രാജവിപ്രാങ്ഗനാസുതൗ. 11
>
> ക്ഷത്രിയന് വിപ്രകന്യയിൽ ജനിക്കുന്നവൻ സൂതജാതിയിൽ പെട്ടവനാകുന്നു. വൈശ്യന് ക്ഷത്രിയകന്യകയിൽ പിറക്കുന്നവൻ മാഗധനും വിപ്രകന്യയിൽ പിറക്കുന്നവൻ വൈദേഹനും ആകുന്നു.
> ഇവർ പ്രതിലോമജാതികളാകുന്നു.

> വൈശ്യാന്മാഗധവൈദേഹൗ ക്ഷത്രിയാത് സൂത ഏവ തു
> പ്രതീപമേതേ ജായന്തേ പരേഽപ്യപസദാസ്ത്രയഃ. 17
>
> വൈശ്യന് ക്ഷത്രിയയിൽ ജനിക്കുന്ന മാഗധനും ബ്രാഹ്മണിയിൽ ജനിക്കുന്ന വൈദേഹനും, ക്ഷത്രിയന് ബ്രാഹ്മണിയിൽ ജനിക്കുന്ന സൂതനും പ്രതിലോമജാതരായ ഇവർ മൂവരും, പ്രതിലോമജരായ മറ്റുള്ളവരും നീചരാകുന്നു.

ബ്രഹ്മജ്ഞാനികളായ മഹർഷിമാരെ അടക്കം പുരാണേതിഹാസങ്ങൾ പഠിപ്പിക്കുകയും പാടിരസിപ്പിക്കുകയും ചെയ്തവരാണെങ്കിലും, സൂതന്മാരെ പതിത സമൂഹമായാണ് ജാതിവ്യവസ്ഥ കണക്കാക്കിയിരുന്നത്. സൂതർ, വർണ്ണശുദ്ധി തകർക്കുന്ന സങ്കരസന്തതികളാണ് എന്നതുകൊണ്ടാണ് ആ പതിതത്വം. ഭാഗവതം അവതരിപ്പിക്കുന്ന പൗരാണികസൂതന്റെ നാമം ഉഗ്രശ്രവസ്സ് എന്നാണെന്നു പ്രസ്താവിക്കുന്നത് 10.78.37 ശ്ലോകത്തിലാണ്. എന്നാലും, തുടക്കംമുതൽ തന്നെ 'സൂതൻ ഉവാച'(സൂതൻ പറഞ്ഞു) എന്ന പദപ്രയോഗം കാണാം. ഭാഗവതകാരന് ഉഗ്രശ്രവസ്സിന്റെ ജാതി ഒരു വിഷയമായിരുന്നെങ്കിൽ, അതു മറയ്ക്കാൻ 'ഉഗ്രശ്രവസ്സ് ഉവാച' എന്നു പ്രാസഭംഗിയോടെ എഴുതുമായിരുന്നു. അപ്രകാരം സംഭവിച്ചില്ല എന്നതിന്റെ അർത്ഥം, സൂതന്മാർ പിൽക്കാലത്താണ്–ആര്യാധിപത്യത്തിനു കീഴിലാണ്-വർണ്ണസങ്കരത്തിന്റെ പേരിൽ പൊതുസമൂഹത്തിൽനിന്നും ബഹിഷ്കൃതരാക്കപ്പെട്ടത് എന്നാണ്.

ആര്യാധിനിവേശത്തിനു മുൻപുള്ള കാലഘട്ടത്തിലും സങ്കരജാതിസമൂഹങ്ങളും, അവർക്ക് കൃത്യമായ ജാതിനാമങ്ങളും ഉണ്ടായിരുന്നു എന്നതാണ് പുരാണേതിഹാസങ്ങളിലെ പ്രതിപാദ്യങ്ങൾ വെളിവാക്കുന്നത്.എന്നാലും അക്കാലത്ത് അതിന്റെ പേരിൽ അവർ പതിതരായി കണക്കാക്കപ്പെട്ടിരുന്നില്ലായെന്നതും മേൽ പരാമർശങ്ങളിൽനിന്നും വ്യക്തമാണല്ലോ. ആര്യാധിപത്യത്തെത്തുടർന്ന് ജാതിഭേദം കലശ

ലായതോടുകൂടിയാവാം ജാതിനാമങ്ങൾ ആഢ്യത്വത്തിന്റെയും അപകർഷതയുടെയും അളവുകോലായത്. ആ അധഃപതനത്തെ അരക്കിട്ടുറപ്പിച്ചത് 'മനുസ്മൃതി' അടക്കമുള്ള നിയമഗ്രന്ഥങ്ങളിലെ ചട്ടങ്ങളിലൂടെയാണ് എന്നതു സംശയമില്ലാത്ത സത്യമാണ്. പൗരാണികകാലത്ത് ജനങ്ങൾ ആദരിച്ചിരുന്ന സൂതരും സമാനസ്വഭാവമുള്ള ജാതിസമൂഹങ്ങളും പതിതരായത് സ്മൃതികൾ മൂലമാണെന്നു ചുരുക്കം.

പുരാണേതിഹാസങ്ങളുടെ പ്രചരണത്തിന് വളരെയധികം കടപ്പെട്ടിരിക്കുന്ന ഒരു സമൂഹമാണെങ്കിലും, സൂതരെ ശൂദ്രധർമ്മികളായി ഇകഴ്ത്തുന്നതിന്റെ കാരണം ബ്രാഹ്മണരുടെ വംശശുദ്ധിഭ്രമമാണ്. ബ്രാഹ്മണസ്ത്രീകളിൽ ഒരുകാരണവശാലും ഇതരവർണ്ണജർ സന്തതികൾ ഉണ്ടാക്കരുതെന്ന വാശിമാത്രമാണ് ആ പാതകത്തിനു പിന്നിൽ. അതിനാലാണ് സൂതർ അപസദരാണെന്ന്(നികൃഷ്ടർ)മനുസ്മൃതി വിധിയെഴുതുന്നത്. പരമ്പരകളായി അനുഷ്ഠിക്കുന്ന മഹദ്കർമ്മങ്ങളെല്ലാം ജാതിസങ്കരമെന്ന 'കൊടുംപാപ'ത്തിന്റെ പേരിൽ ബ്രാഹ്മണ്യം റദ്ദുചെയ്തതിന്റെ 'അധമോദാഹരണ'മാണ് സൂതസമൂഹത്തിനു നേരിടേണ്ടിവന്ന തരംതാഴ്ത്തൽ.

[പിൻകുറിപ്പ്: ബ്രഹ്മജ്ഞാനികളായ യാഗാചാര്യന്മാർപോലും ആദരവോടെ ഉപചരിച്ചിരുന്ന പൗരാണികസൂതന്റെ കുലം, പരസ്യമായി പരിഹാസത്തിനിരയായ സാഹചര്യം മഹാഭാരതത്തിലുണ്ട്. അത്, കർണ്ണന്റെ കഥയിലാണ്. കുരുക്ഷേത്രയുദ്ധവേളയിൽ ശല്യരാലും, ആയോധനമത്സരവേദിയിൽവെച്ചു പാണ്ഡവരാലും, കർണ്ണൻ അതിക്രൂരമായി അവഹേളിക്കപ്പെടുന്നത് കാണാം. ശൂദ്രനായ വ്യാസൻ എഴുതി, സൂതൻ പറഞ്ഞ ഭാരതകഥയിൽ,അവർണ്ണരായ പാണ്ഡവരും, ശല്യരും കർണ്ണനുനേരെ ജാത്യാവഹേളനം നടത്തിയത് എന്തുകൊണ്ടാകാം? തങ്ങളുടെ തേരാളിയുടെ(അതിരഥൻ) മകൻ തങ്ങളെ വെല്ലുവിളിക്കുന്നോ എന്ന അഹന്തയാണ് കൗന്തേയരെ ചൊടിപ്പിച്ചതെന്ന് അവരുടെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ടല്ലോ. ആ അധാർമ്മികതയ്ക്കുള്ള ശിക്ഷ, മഹാഭാരതയുദ്ധാനന്തരം കർണ്ണൻ തങ്ങളുടെ ജ്യേഷ്ഠസഹോദരനാണെന്നറിയുമ്പോൾ അവരനുഭവിക്കുന്നുണ്ട്. പാണ്ഡുവിന്റെ രണ്ടാം ഭാര്യയായ മാദ്രിയുടെ സഹോദരനും, നകുലന്റെയും സഹദേവന്റെയും അമ്മാവനുമാകയാൽ പാണ്ഡവപക്ഷപാതി ആയിരുന്നെങ്കിലും, ധൃതരാഷ്ട്രനോടുള്ള സ്നേഹബഹുമാനങ്ങളാൽ കൗരവർക്കുവേണ്ടി പോരിനിറങ്ങേണ്ടിവന്ന ശല്യരുടേത്, പാണ്ഡവപക്ഷത്തിനുവേണ്ടി കർണ്ണനെ മാനസികമായി തളർത്തുക എന്ന തന്ത്രമായാണു മഹാഭാരതം അടയാളപ്പെടുത്തുന്നത്. അതിന് അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്ന ഏക ആയുധം, കർണ്ണന്റെ സൂതപശ്ചാത്തലമായിരുന്നല്ലോ. അത് അദ്ദേഹം സമർത്ഥമായി ഉപയോഗിച്ചുവെന്നുമാത്രം.അതിനാൽ,അവയൊക്കെ വ്യക്തിഗതമായ വിദ്വേഷപ്രഖ്യാപനങ്ങളായി കണ്ടാൽമതി. അതിനെ അവലംബമാക്കി, സൂതകുലത്തിന്റെ അക്കാലത്തെ സമൂഹികനില നിർണ്ണയിക്കുന്നതു ശരിയല്ലല്ലോ. ഒരേസമയം തേരാളിയുടെ പുത്രനായ സൂതനെ ഇകഴ്ത്തുകയും, പണ്ഡിതനായ പൗരാണികസൂതനെ വണങ്ങുകയും ചെയ്യുന്നത്,പ്രതിഭയും സ്ഥാനവുമാണ് ജാതിയായിരുന്നില്ല അന്നത്തെ ആദരവിന്റെ മാനദണ്ഡം എന്നതിന്റെ തെളിവാണല്ലോ]

സൂതനെ സൂതഗോസ്വാമിയാക്കുന്ന അട്ടിമറി

സൂതഗോസ്വാമി എന്നതാണ് ഉഗ്രശ്രവസ്സിന്റെ പൂർണ്ണനാമമെന്നും, സൂതൻ എന്നത് മറ്റൊരു പേരാണെന്നും വരുത്തിത്തീർത്ത്, ഉഗ്രശ്രവസ്സിനെ പൂണൂലിടീക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നുണ്ട്. അത്തരം വളച്ചൊടിക്കലുകൾക്ക് വഴങ്ങുന്നതല്ല മഹാകവികൾ വരച്ചിട്ട വാങ്മയചിത്രങ്ങൾ. ഭാഗവതത്തിൽ പ്രഥമസ്കന്ധത്തിലെ പതി

നെട്ടാമധ്യായത്തിൽ, താൻ വിലോമജാതനാണെങ്കിലും(താഴ്ന്നവംശത്തിൽ ജനിച്ച ആൾ) ജ്ഞാനവൃദ്ധനായ ശ്രീശുകനിൽനിന്നും ഹരികഥ ശ്രവിക്കാൻ ഇടയായതിനാൽ തന്റെ ജന്മം സഫലമായെന്നു സൂതൻതന്നെ, ശൗനകൻ അടക്കമുള്ളവരോട് പറയുന്നുണ്ട്: 'ആശ്ചര്യം! സന്തോഷകരം! ഞങ്ങൾ(സൂതന്മാർ) പ്രതിലോമവർണ്ണജരായാണ് ജനിച്ചതെങ്കിലും, ജ്ഞാനവൃദ്ധന്മാരുടെ അനുവർത്തനത്താൽ ജന്മസാഫല്യം കൈവന്നവരായിട്ടു ഭവിച്ചിരിക്കുന്നു. മഹാന്മാരുടെ സംഭാഷണം വഴിയുണ്ടാകുന്ന സമ്പർക്കം, ദുഷ്കുലത്തിൽ ജനിച്ച ദോഷത്തെയും അതുമൂലം ഉണ്ടായ മനഃസ്താപത്തെയും അതിവേഗത്തിൽ അകറ്റുന്നു'. (അഹോ വയം ജന്മഭൃതോദ്യ ഹാƒസ്മ വൃദ്ധാനു വൃത്ത്യാപി വിലോമ ജാതഃ ദൗഷ്കുല്യമാധിം വിധുനോതി ശീഘ്രം മഹത്തമാനാമപിധാന യോഗഃ).സൂതനെയും അദ്ദേഹത്തിന്റെ കുലത്തെയും വ്യാഖ്യാനിച്ചുവളച്ച് ജാതിബ്രാഹ്മണ്യത്തിന്റെ പരിധിയിൽ എത്തിക്കാനുള്ള പരിശ്രമങ്ങൾക്കു വ്യാസൻ നൽകുന്ന മറുപടിയാണ് ഉഗ്രശ്രവസ്സിന്റെ ഈ വാക്കുകൾ.

നൈമിശാരണ്യത്തിലെ യജ്ഞഭൂമിയിൽവെച്ചു ശൗനകാദിമഹർഷിമാർ ഭാഗവതകഥപറയാൻ അഭ്യർത്ഥിക്കുമ്പോൾ, ഉഗ്രശ്രവസ്സിനെ അഭിസംബോധനചെയ്യുന്നത് 'സൂതാ' എന്നാണ്. വിവിധ ശ്ലോകങ്ങളിൽ, സാധോ, അനഘാ(പാപരഹിതൻ), ആയുഷ്മൻ,സുയോഗ്യ,ധീമൻ(ബുദ്ധിമാൻ) എന്നീ ഉപചാരപദങ്ങളുപയോഗിച്ച് സംബോധനചെയ്യുന്ന അതേ ആദരവോടെയാണ് ബ്രാഹ്മണർ അദ്ദേഹത്തെ സൂതൻ എന്നും വിളിക്കുന്നത്. അതായത്, അക്കാലത്തു സൂതനെന്ന പ്രയോഗം ബഹുമാനത്തോടുകൂടിയുള്ള അഭിവാദ്യം തന്നെയായിരുന്നു. ദുഷ്കുലത്തിൽ പിറന്ന സൂതനെ ഗുരുവായി വരിക്കാൻ ബ്രഹ്മജ്ഞാനികളായ ദ്വിജന്മാർക്കു സാധിച്ചു. എങ്കിലും, അദ്ദേഹത്തിന്റെ കുലത്തിൽ ജനിച്ചവരെ മനുഷ്യരായി അംഗീകരിക്കാൻ ജാതിബ്രാഹ്മണർക്കു കഴിയുന്നില്ല. അതുതന്നെയാണല്ലോ ബ്രഹ്മജ്ഞാനികളും ജാതിബ്രാഹ്മണരും തമ്മിലുള്ള വ്യത്യാസം. സർവ്വജ്ഞാനനിധിയായ വ്യാസന് അറിയുന്നതെല്ലാം പകർന്നുകിട്ടിയ പൗരാണികസൂതന്റെ പിൻഗാമികളെ, പതിതസമൂഹമാക്കി പുറത്താക്കിയ വ്യവസ്ഥിതിയുടെ സ്രഷ്ടാക്കളെയും സംരക്ഷകരെയും, അവരുടെ അധമസ്മൃതികളെയും എന്തിന്റെ പേരിലാണ് മനുഷ്യരായിപ്പിറന്നവർ മാനിക്കേണ്ടത്?

ഭാഗവതസത്രം ബ്രാഹ്മണസത്രമല്ല

ഭാഗവതം ചർച്ച ചെയ്യാനുള്ള സജ്ജനങ്ങളുടെ സമ്മേളനമാണ് ഭാഗവതസത്രമെന്ന് അറിയപ്പെടുന്നത്. ബ്രഹ്മാണ്ഡപുരാണത്തിലും വായുപുരാണത്തിലും ഭാഗവതസത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കലിയുഗാരംഭത്തിൽ അധർമ്മത്തിൽനിന്നു മോചനം നേടാൻ മഹർഷിവര്യന്മാർക്ക് ബ്രഹ്മദേവൻ ഉപദേശിച്ച മാർഗ്ഗമാണ് അതെന്നു വിശ്വസിക്കപ്പെടുന്നു. ഭഗവാൻ ഇച്ഛിക്കുന്നവർക്കു മാത്രമേ ഭാഗവതസത്രത്തിൽ ഭാഗമാകാൻ കഴിയൂ എന്നും, അതിൽ പങ്കെടുക്കുന്നതു മഹാപുണ്യമാണെന്നുമാണ് ഭക്തന്മാർക്കിടയിൽ പൊതുവെയുള്ള വിശ്വാസം.

ശൗനകനെന്ന മഹർഷിയുടെ നേതൃത്വത്തിൽ നൈമിഷാരണ്യത്തിൽ നടന്ന ഒരു യജ്ഞത്തിലാണ്, ആദ്യത്തെ ഭാഗവതസത്രം അരങ്ങേറിയത്. യാഗത്തിനിടെ ഒരു ദിനം, ഹോമങ്ങളും ക്രിയകളും കഴിഞ്ഞു മഹർഷിമാർ വിശ്രമിക്കുമ്പോൾ, ഉഗ്രശ്ര

വസ് എന്ന സൂതൻ യാഗശാലയിൽ എത്തി. യാഗകർമ്മങ്ങളുടെ ഫലം ശാശ്വതമല്ല എന്നും, ഭഗവദ്കഥകൾ സംസർഗ്ഗരൂപേണ കഥനം ചെയ്താലേ അതു പൂർണ്ണമാകൂ എന്നും ഉഗ്രശ്രവസ് അവിടെ സന്നിഹിതരായ മഹാത്മാക്കളെ ബോധിപ്പിച്ചു. തുടർന്ന് സൂതൻ ഭഗവാന്റെകഥയായ ഭാഗവതം അവതരിപ്പിച്ചു. ഭാഗവതസത്രത്തിന്റെ ആരംഭം അങ്ങനെയാണെന്നാണ് വിശ്വാസം. ഉഗ്രശ്രവസ്സിന്റെ ഭാഗവതകഥ കേട്ട് ശൗനകൻ ചോദിച്ചു: "അജ്ഞാനാന്ധകാരമകറ്റി വിജ്ഞാനപ്രഭ ചൊരിയുന്ന സൂതാ, ശ്രോത്രസുഖമരുളുന്ന ഭഗവദ്കഥകൾ എത്ര കേട്ടിട്ടും മതിവരുന്നില്ല. ഭക്തിജ്ഞാന വൈരാഗ്യങ്ങൾകൊണ്ട് മാത്രം നേടാൻസാധിക്കുന്ന വിവേകം സ്വായത്തമാക്കാൻ എന്തുചെയ്യണം? കലികാലദോഷങ്ങൾക്കടിമകളായി സന്താപംപൂണ്ടുഴലുന്ന മനുഷ്യരെ കരകയറ്റാൻ എന്താണു ചെയ്യേണ്ടത്? മോക്ഷസിദ്ധിയ്ക്കുള്ള ഉപാസനകൾ എന്തെല്ലാമാണ്? ആചാര്യസൂക്തങ്ങൾ വൈകുണ്ഠസൗഖ്യം കൈവരുത്തും എന്നു കേൾക്കുന്നു. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്". സൂതന്റെ മറുപടി ഇപ്രകാരമായിരുന്നു: "ശൗനകാ, അങ്ങ് സത്യമറിയാൻ ആഗ്രഹിക്കുന്നു എന്ന് മനസ്സിലായി. അതിനാൽ, വേണ്ടതെല്ലാം ഞാൻ പറഞ്ഞുതരാം. ഇതിലേക്കായി വ്യാസപുത്രനായ ശുകൻ നിർദ്ദേശിക്കുന്നത് മഹാഭാഗവതമാണ്. അത് പാരായണം ചെയ്താൽ മനസ്സ് ശുദ്ധമാകും. എന്നാൽ, അതിനു പൂർവ്വജന്മസുകൃതം തന്നെവേണം. പരീക്ഷിത്തുമഹാരാജാവിന് ആ സൗഭാഗ്യം ലഭിക്കുകയുണ്ടായി. ശ്രീശുകന്റെ മുഖത്തുനിന്നുതന്നെ പരീക്ഷിത്തിന് മഹാഭാഗവതം കേൾക്കാൻ കഴിഞ്ഞല്ലോ. ശൗനകനടക്കമുള്ള മഹാബ്രാഹ്മണന്മാർക്ക് മോക്ഷമാർഗ്ഗം പകർന്നുനൽകിയത് പതിതകുലജാതനായ സൂതനാണെന്നു ചുരുക്കം. അവിടെനിന്നാണ്, ഭാഗവതസത്രമെന്ന ബ്രഹ്മസത്രത്തിന്റെ ആവിർഭാവം. പക്ഷേ, കാലാന്തരത്തിൽ സൂതന്റേതുൾപ്പെടെയുള്ള അബ്രാഹ്മണസമൂഹങ്ങൾക്ക് ആ വേദി അപ്രാപ്യമാകുന്ന അവസ്ഥയുണ്ടായി.

ബ്രാഹ്മണ്യം കൈപ്പിടിലൊതുക്കിവെച്ചിരിക്കുന്ന ഭാഗവതസത്രത്തിന്റെ തുടക്കം താഴ്ന്നജാതിക്കാരനായ ഉഗ്രശ്രവസ്സെന്ന സൂതനിൽനിന്നാണ് എന്ന് ഇതിൽനിന്നും സ്പഷ്ടമാണല്ലോ. ഇതര യജ്ഞങ്ങളിൽ യാഗത്തിലെ യജമാനനെക്കൊണ്ടു പുരോഹിതന്മാർ യാഗം കഴിപ്പിക്കുകയാണല്ലോ ചെയ്യുന്നത്. പക്ഷേ, ഭാഗവതസത്രത്തിൽ ഭാഗഭാക്കാകുന്ന സകലരും, ഒരേ സമയം 'യജമാനന്മാരും പുരോഹിതന്മാരു'മാണ്. ശ്രോതാവും വക്താവും തമ്മിൽ വ്യത്യാസമില്ലാത്ത, അഥവാ,വക്താവ് ശ്രോതാവായും ശ്രോതാവ് വക്താവായും മാറിമാറിവരുന്ന സത്രവിചാരസഭ, വാസ്തവത്തിൽ ഒരു ബ്രഹ്മസത്രം തന്നെ ആയാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ, കാലാന്തരത്തിൽ ഭാഗവതസത്രം വിഗ്രഹപ്രതിഷ്ഠയും ധ്വജസ്ഥാപനവും ഗ്രന്ഥസ്വീകരണപൂജയും കൊടിയേറ്റവുമെല്ലാം ഉൾക്കൊള്ളിച്ച് പൗരോഹിത്യപ്രധാനമാക്കി പരിവർത്തനം ചെയ്യപ്പെട്ടു. അത് ആസൂത്രിതമായ കുടിയിറക്കലായിരുന്നു; ആലോചനാപൂർവ്വം നടപ്പാക്കപ്പെട്ട ബ്രാഹ്മണ്യത്തിന്റെ ഒരു പിടിച്ചടക്കലായിരുന്നു എന്നു കരുതാം.

ഭൃഗുവംശബ്രാഹ്മണനായ *ശൗനകനും മറ്റു പുരോഹിതന്മാർക്കും ഭഗവാന്റെ കഥ പറഞ്ഞുകൊടുത്തതും, മോക്ഷസാധകമായ ഭാഗവതപാരായണത്തിനുള്ള ഉപദേശം നൽകിയതും സൂതജാതിയിൽ ജനിച്ച ഉഗ്രശ്രവസ്സാണെന്ന് നാം കണ്ടു. അതായിരുന്നു ജാതിബ്രാഹ്മണ്യം ആധിപത്യം സ്ഥാപിക്കുന്നതിനു മുൻപുള്ള സനാതനധർ

മ്മത്തിന്റെ അവസ്ഥ. ആഗ്രഹമുള്ളവർക്കൊക്കെ അറിവു നേടാനും, അറിവുള്ള ആരെയും കുലംനോക്കാതെ ആചാര്യനാക്കി ആദരിക്കാനും, അയാളുടെ ഉപദേശങ്ങളെ അമൃതുപോലെ സ്വീകരിക്കാനും ആർജ്ജവമുള്ള ഒരു വിശാലവീക്ഷണം ആ സംസ്കാരത്തിലുണ്ടായിരുന്നു.ആര്യാധിപത്യകാലത്ത് സമൂഹത്തെ നിയന്ത്രിച്ചിരുന്ന സ്മൃതിനിയമങ്ങൾ പടർത്തിയ കരിനിഴലിനു കീഴിലെ കൂരിരുട്ടിൽ സംഭവിക്കാൻ ഒരു സാധ്യതയും ഇല്ലാത്ത വിഷയങ്ങളാണല്ലോ പൗരാണികസൂതനെക്കുറിച്ചുള്ള മേൽപ്പറഞ്ഞ വസ്തുതകൾ. അതുകൊണ്ടുതന്നെ അദ്ദേഹം ജീവിച്ചിരുന്നതും നൈമിശാരണ്യത്തിലെ യാഗവും ഭാഗവതരചനയും ഭാഗവതസത്രവുമെല്ലാം സംഭവിച്ചതും ആര്യഭാരതത്തിലല്ല എന്നുവിശ്വസിക്കാം(*ശൗനകന്റെ ചരിത്രം)

ആർഷബ്രാഹ്മണർ(ഋഷിപരമ്പരയിലെ ബ്രഹ്മജ്ഞാനികൾ) തെളിച്ച മാർഗ്ഗങ്ങളിൽ നിന്നും ആര്യബ്രാഹ്മണരുടെ നിയന്ത്രണത്തിലേക്കു സനാതനധർമ്മം വഴിമാറിയപ്പോൾ സംഭവിച്ചത് വീഴ്ചകൾ മാത്രമാണ്. കാരണം, മഹത്വമുള്ള ആ സംസ്കാരം സുരക്ഷിതമാക്കാനുള്ള ബാധ്യത അവർക്കുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അവരുടെ മുൻഗാമികൾ വിതച്ചനന്മകളുടെ ഗുണഫലമായിരുന്നില്ലല്ലോ സനാതന സംസ്കൃതി. പൗരാണികഗ്രന്ഥങ്ങളുടെ രചനയിലും പ്രചാരണത്തിലും ബ്രാഹ്മണജാതീയർക്കുള്ള പങ്കുപോലെതന്നെ വളരെ തുച്ഛമാണ് ആ ഗ്രന്ഥങ്ങളിലെ ബ്രാഹ്മണസാന്നിദ്ധ്യവും എന്നതുകൊണ്ടാകാം, അപ്രകാരം ഒരു കയ്യൊഴിയൽ ഉണ്ടായത്. ഇനി,പൗരാണികകാലത്തെ മഹത്വ്യക്തിത്വങ്ങളിൽ ആര്യബ്രാഹ്മണരുടെ പ്രാതിനിധ്യം എത്രയുണ്ടെന്ന് പുരാണേതിഹാസങ്ങളിൽ ഒന്നു തിരയാം.

അവതാരങ്ങൾ

ഹൈന്ദവസിദ്ധാന്തത്തിലെ അടിസ്ഥാനസങ്കൽപങ്ങളിൽ ഒന്നാണല്ലോ അവതാരങ്ങൾ. എന്നാലും വിവിധ ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന അവതാരങ്ങളുടെ എണ്ണത്തിലും നാമങ്ങളിലും അവതാരക്രമത്തിലും ഐകരൂപ്യമില്ല.അവതാരകഥകളുടെ ആവിർഭാവകാലത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളാണ് പണ്ഡിതന്മാർക്കിടയിലുള്ളത്. ഭാഗവതം പറയുന്ന അവതാരകഥ, നമുക്കു സുപരിചിതമായ ദശാവതാരകഥയിൽനിന്നും വിഭിന്നമാണ്. ആദ്യത്തെ അവതാരമായ പരമപുരുഷനിൽ തുടങ്ങി കൽക്കിയിൽ അവസാനിക്കുന്ന ഇരുപത്തിരണ്ട് അവതാരങ്ങളാണ് അതിൽ ഉൾപ്പെടുന്നത്. പതിനേഴാം അവതാരമായി വേദവ്യാസനെയും ഇരുപത്തിയൊന്നാം അവതാരമായി ശ്രീബുദ്ധനെയും ആവിഷ്കരിക്കുന്ന ആ പരമ്പരയിൽ, ശ്രീകൃഷ്ണൻ ഇരുപതാം അവതാരമാണ്. എങ്കിലും, ഹിന്ദുപുരാണങ്ങളനുസരിച്ച്, മഹാവിഷ്ണുവിന്റെ പത്തവതാരങ്ങളെയാണല്ലോ അവതാരങ്ങളായി പൊതുവിൽ കണക്കാക്കുന്നത്. മത്സ്യം,കൂർമ്മം,വരാഹം,നരസിംഹം,വാമനൻ,പരശുരാമൻ, ശ്രീരാമൻ,ബലരാമൻ,ശ്രീകൃഷ്ണൻ,കൽക്കി എന്നിവയാണ് ദശാവതാരങ്ങൾ.

ധർമ്മസംസ്ഥാപനം അനാര്യവൃത്തിയോ?

നീചകർമ്മങ്ങളിലൂടെ ഭൂമിയ്ക്കു ഭാരമായി മാറുന്ന ക്ഷുദ്രശക്തികളെ സംഹരിച്ച്, ധർമ്മം പുനഃസ്ഥാപിക്കുകയാണ് മഹാവിഷ്ണുവിന്റെ അവതാരലക്ഷ്യം. ബ്രഹ്മസന്നിധിയിൽനിന്നും വേദസംഹിതകൾ അപഹരിച്ച ഹയഗ്രീവനെന്ന അസുരനെ

വധിച്ച് വേദങ്ങളെ വീണ്ടെടുക്കുന്നതിനാണ് മഹാവിഷ്ണു മത്സ്യാവതാരം കൈക്കൊണ്ടത്. ദുർവാസാവുമഹർഷിയുടെ ശാപമേറ്റ് ദേവന്മാർ ജരാനരബാധിച്ചു ദുർബ്ബലരായപ്പോൾ, അസുരന്മാർ പ്രപഞ്ചം കൈപ്പിടിയിൽ ഒതുക്കി. അവരെ ജയിക്കുന്നതിനുവേണ്ടി, ദേവഗണങ്ങളുടെ പുനരുജ്ജീവനാർത്ഥം പാലാഴി കടഞ്ഞ് അമൃതുനേടാൻ ദേവന്മാരെ സഹായിക്കുന്നതിനാണ് വിഷ്ണു കൂർമ്മമായി(ആമ) അവതാരമെടുത്തത്. അസുരന്മാരായി ജനിച്ച് ലോകപീഡചെയ്ത ഹിരണ്യാക്ഷനേയും ഹിരണ്യകശിപുവിനെയും ഹനിച്ച് ഭക്തജനരക്ഷ നടത്തുന്നതിനുവേണ്ടി യഥാക്രമം വരാഹ-നരസിംഹാവതാരങ്ങൾ ഉണ്ടായതായും പുരാണങ്ങൾ ഉദ്ഘോഷിച്ചിട്ടുണ്ട്. തുടർന്നുള്ള അവതാരങ്ങളെല്ലാം ലോകത്തിനു ഭീഷണിയായിത്തീർന്ന ദുഷ്ടശക്തികളെ ഉന്മൂലനംചെയ്യാൻവേണ്ടി മഹാവിഷ്ണു മനുഷ്യരൂപത്തിൽ,വാമനൻ പരശുരാമൻ,ശ്രീരാമൻ,ബലരാമൻ,ശ്രീകൃഷ്ണൻ എന്നീ പേരുകളിൽ അവതരിച്ചതായാണല്ലോ വിശ്വാസം. എന്നാൽ,ആ ധർമ്മസംസ്ഥാപന പ്രക്രിയയിൽ പുലർത്തപ്പെട്ട അളവുകോൽ ആധ്യാത്മികത്തിന്റേതായിരുന്നില്ല എന്നു വ്യക്തമാണ്.

ദശാവതാരത്തിലെ ആദ്യകാല രൂപങ്ങളെ ആധുനിക പരിണാമസിദ്ധാന്തവുമായി ബന്ധപ്പെടുത്തി, പൂർണ്ണമനുഷ്യനിലേക്കുള്ള ക്രമാനുഗതമായ പ്രയാണമായി വിശദീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ജീവോത്പത്തിയിലെ പ്രഥമരൂപമായ ജലജീവിയിൽ(മത്സ്യം) തുടങ്ങി, ജലത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന കൂർമത്തിലൂടെയും, കരയിൽ പൂർണ്ണമായി ജീവിക്കുന്ന വരാഹത്തിലൂടെയും, പകുതി മൃഗവും പകുതി മനുഷ്യനുമായി ആവിർഭവിച്ച നരസിംഹത്തിലൂടെയും, മനുഷ്യജന്മമെങ്കിലും കുറിയ ഗാത്രനായ വാമനനിലൂടെയും മുന്നേറി, മനുഷ്യനിലേക്കും, അവിടെനിന്നു മാധവനിലേക്കും അനുക്രമം പുരോഗമിക്കുന്ന പ്രക്രിയയാണ് ദശാവതാരസങ്കല്പം അവതരിപ്പിക്കുന്നതെന്ന് അവർ അവകാശപ്പെടുന്നു:



അതിലെ സത്യവും മിഥ്യയും എന്തായാലും, സനാതനസംസ്കൃതിയുടെ സാർവ്വജ നീനതയാണ് -സർവ്വചരാചരങ്ങളിലും വിളങ്ങുന്നത് ഒരേ പരമാത്മചൈതന്യമാണ് എന്ന പരമസത്യത്തെയാണ്- മത്സ്യമായും കൂർമ്മമായും വരാഹമായും നരസിംഹ മായും വാമനനായും മൂന്നു രാമന്മാരായും(പരശുരാമൻ, ശ്രീരാമൻ, ബലരാമൻ) ശ്രീ കൃഷ്ണനായും അവതരിക്കുന്ന വിഷ്ണുവിലൂടെ നാം കാണേണ്ടത്; അതുതന്നെ യാണല്ലോ സത്യസന്ധവും. ആ സംഗതി മനസ്സിലാക്കാൻ വേണ്ടിയാകാം അവതാര സങ്കല്പം അദ്വൈതികളായ മഹാമനീഷികൾ അവതരിപ്പിച്ചത്.ആ വസ്തുത അം ഗീകരിക്കാൻ കഴിയാത്തവരാണ് മറ്റു വ്യാഖ്യാനങ്ങളിലൂടെ അട്ടിമറി നടത്തിയത്.

യുഗാന്തങ്ങളിൽ ധർമ്മസംസ്ഥാപനത്തിനായി ഭഗവാൻ വിഷ്ണു പലതരം രൂപങ്ങ ളെടുത്ത് അവതരിക്കുന്നു എന്നു വിശ്വസിക്കപ്പെടുമ്പോഴും, വൈദികമതത്തിലെ അധികാരികളായി അസ്തിത്വമുറപ്പിച്ച ബ്രാഹ്മണകുലത്തിൽ, അവതാരങ്ങൾ വി രളമായേ ജന്മമെടുത്തിട്ടുള്ളൂ എന്നത് ഒരു കൗതുകക്കാഴ്ചയാണ്. മത്സ്യം,കൂർമ്മം, വരാഹം എന്നീ മൃഗരൂപങ്ങളിലും നരസിംഹമെന്ന അർദ്ധമാനവരൂപത്തിലുമുള്ള അവതാരങ്ങൾ മാറ്റിനിറുത്തിയാൽ, ഇതുവരെ ഉണ്ടായതിൽ വാമനനും പരശുരാമ നുംമാത്രമാണ് ബ്രാഹ്മണരായി ജന്മമെടുത്തത്.വിഷ്ണുവിന്റെ പൂർണ്ണാവതാരങ്ങ ളായി വിശ്വസിക്കപ്പെടുന്ന ശ്രീരാമനും കൃഷ്ണനും അബ്രാഹ്മണരായി യഥാക്രമം ക്ഷത്രിയവംശത്തിലും യാദവകുലത്തിലുമാണല്ലോ ജനിച്ചത്. ബലരാമനും(ശ്രീകൃ ഷ്ണന്റെ ജ്യേഷ്ഠൻ)അവർണ്ണനായ യാദവവംശജനാണ്. ധർമ്മം പരിപാലിക്കാനു ള്ള അധികാരം ബ്രാഹ്മണരിൽ ഏൽപ്പിക്കാൻ, സനാതനസംസ്കൃതി മടിച്ചിരുന്നു എന്നുവേണമല്ലോ ഇതിൽനിന്ന് മനസ്സിലാക്കാൻ. മാത്രവുമല്ല, ബ്രാഹ്മണരായി അവ താരമെടുത്തെന്നു കരുതപ്പെടുന്നവർപോലും അവതാരനിർവ്വചനങ്ങളെ ഒരർത്ഥ ത്തിലും തൃപ്തിപ്പെടുത്തുന്ന വിധത്തിലല്ല ജീവിച്ചത് എന്നാണ് കാണാനാകുന്നത്.

അളവൊക്കാത്ത അവതാരങ്ങൾ

അഞ്ചും ആറും അവതാരങ്ങളിൽ മഹാവിഷ്ണു വാമനനായും പരശുരാമനായും ബ്രാഹ്മണരൂപത്തിൽ ജന്മമെടുത്തു എന്നുപറയപ്പെടുന്നു. ഈ രണ്ടവതാരങ്ങളിലും ചില പൊതുവായഘടകങ്ങൾ കാണാം.രണ്ടിലും ദുഷ്ടശക്തികളെ വധിച്ച് ധർമ്മം പുനഃസ്ഥാപിക്കുക എന്ന അവതാരസങ്കല്പത്തിലെ അടിസ്ഥാനലക്ഷ്യമല്ല നടപ്പാ ക്കപ്പെടുന്നത്. മാത്രവുമല്ല, അധാർമ്മികതയുടെ അലയൊലികൾ ആ അവതാരക ഥകളിലെ നായകപക്ഷത്തു വ്യക്തവുമാണ്. അതെങ്ങനെയെന്നു നോക്കാം:

ധർമ്മിഷ്ഠനും ഭക്തനുമായ മഹാബലിയെന്ന അസുരചക്രവർത്തി സ്വർഗ്ഗം സ്വന്ത മാക്കുവാൻവേണ്ടി മഹായജ്ഞം നടത്തിയപ്പോൾ, ദേവമാതാവായ അദിതിയുടെ ആവശ്യപ്രകാരം അവതരിച്ച വാമനൻ, ബലിയെ ഭൂമിയിൽനിന്നും തന്ത്രപരമായി പുറത്താക്കി.തനിക്കുള്ളതൊക്കെ സന്തോഷത്തോടെ സമർപ്പിച്ച മഹാബലിയുടെ ഭക്തിയിൽ സംപ്രീതനായ വാമനൻ അദ്ദേഹത്തെ സ്വർഗ്ഗത്തെക്കാൾ സുന്ദരമായ സുതലം എന്നലോകത്തിലെ ചക്രവർത്തിയാക്കുകയും,അടുത്ത മന്വന്തരത്തിലെ ഇന്ദ്രനായി വാഴിക്കുകയും ചെയ്തു എന്നാണ് ഭാഗവതത്തിലെ വാമനാവതാരകഥ. ഇവിടെ, ധർമ്മസംസ്ഥാപനമെന്ന അടിസ്ഥാനഅവതാരലക്ഷ്യം സാധൂകരിക്കുന്ന

സാഹചര്യങ്ങളൊന്നും തന്നെ കാണുന്നില്ല. മഹാബലി എന്ന ചക്രവർത്തി അസുര വംശജനാണെങ്കിലും, ആസുരികമായ ദോഷങ്ങളൊന്നും ബാധിക്കാത്ത മാതൃകാ ഭരണാധികാരിയായിരുന്നു. അതുകൊണ്ട്, അദ്ദേഹത്തെ ഇല്ലാതാക്കി ധർമ്മം പുനഃസ്ഥാപിക്കേണ്ട സാഹചര്യമുണ്ടായിരുന്നുമില്ല. പറഞ്ഞുകേട്ടിട്ടുള്ളതുപോലെ, സ്വർഗ്ഗം സ്വന്തമാക്കുകയായിരുന്നില്ല; ഇന്ദ്രപദവിയായിരുന്നു മഹാബലിയുടെ യാഗലക്ഷ്യമെന്ന ഭാഗവതത്തിലെ പരാമർശംകൂടി പരിഗണിച്ചാലേ, കഥ പൂർത്തിയാകൂ. സ്വപുത്രനായ ദേവേന്ദ്രന്റെ സിംഹാസനം നഷ്ടപ്പെടരുതെന്ന, ദേവമാതാവിന്റെ സ്വാർത്ഥത മാത്രമായിരുന്നല്ലോ വാമനന്റെ അവതാരോദ്ദേശ്യം.യഥാർത്ഥത്തിൽ അതുതന്നെയാണല്ലോ ധർമ്മഗ്ലാനി. എന്നിട്ടും വാമനനെ മഹാവിഷ്ണുവിന്റെ അവതാരമായി കണക്കാക്കുന്നു എന്ന അസ്വാഭാവികത തന്നെയാണ് വാമനൻ ഒരു യഥാർത്ഥ അവതാരമാണോ എന്ന സംശയം ജനിപ്പിക്കുന്നത്.

അസുരചക്രവർത്തിയായ മഹാബലി സ്വർഗ്ഗം സ്വന്തമാക്കാൻ മഹായാഗം നടത്തിയതാണ് ശരിയായ പ്രശ്നമെങ്കിൽ, അതിന് മറ്റൊരുവശമുണ്ട്. അസുരർ എന്നപേരിൽ പുരാണേതിഹാസങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ള കഥാപാത്രങ്ങൾ, സത്യത്തിൽ മനുഷ്യർതന്നെ ആയിരുന്നെന്നും, അവർ, അക്കാലത്തെ അനാര്യസമൂഹങ്ങളായിരുന്നെന്നും പ്രമാണീകരിക്കുന്ന അനവധി പ്രത്യക്ഷ പരാമർശങ്ങൾ പല പുരാതന കൃതികളിലുമുണ്ട്. അവ വഴിയെ വായിക്കാം.(രാക്ഷസരെങ്ങനെ രാക്ഷസരായി?). സ്വർഗ്ഗം പിടിച്ചടക്കുകയായിരുന്നു മഹാബലിയുടെ ഉന്നമെങ്കിൽ, അതിനു യുദ്ധമല്ലാതെ; യാഗംനടത്തിയതുകൊണ്ട് കാര്യമില്ലല്ലോ. അതിനാൽ, യാഗംനടത്തി എന്ന പരാമർശത്തെ, സ്വർഗ്ഗപ്രാപ്തിക്കുവേണ്ടിയുള്ള കർമ്മമായി കാണുന്നതാണല്ലോ യുക്തി. അതു ചിലർക്കു സുഖിച്ചില്ല എന്നതുകൊണ്ടാകാം മഹാബലിയെ തന്ത്രപരമായി ഇല്ലാതാക്കിയത്. സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി തപസ്സുചെയ്ത ശംബൂകൻ എന്ന ശൂദ്രന്റേയും, ശപിച്ച് ചണ്ഡാളനാക്കപ്പെട്ട ത്രിശങ്കുമഹാരാജാവിന്റെയും, വൃത്രൻ എന്ന അസുരചക്രവർത്തിയുടെയും മറ്റും ദുരന്താനുഭവങ്ങൾ നമുക്കു മുന്നിലുണ്ടല്ലോ. വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിൽ ഇത്രമേൽ അസത്യപ്രചാരണം നടക്കുമ്പോൾ, മറ്റുള്ളവയുടെ കാര്യം ആലോചിച്ചു നോക്കുക.

[പിൻകുറിപ്പ്: ഭാഗവതത്തിൽ ഏറ്റവും വ്യക്തമായി വിവരിച്ചിട്ടുള്ള ആ വാമനാവതാരകഥ, ഭാഗവതം വായിച്ചിട്ടില്ലാത്ത ആളുകൾ അറിയുന്നത്, ഓണവുമായി ബന്ധപ്പെട്ട ഐതിഹ്യത്തിന്റെ പേരിൽ അടുത്തകാലത്തുണ്ടായ വിവാദങ്ങളുടെ ഭാഗമായാണല്ലോ. അതുവരെ നാം വായിച്ചറിഞ്ഞതും കേട്ടറിഞ്ഞതും മഹാബലിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയെന്നാണല്ലോ. എന്തുകൊണ്ടാണ് അത്തരത്തിലൊരു കൽപിതകഥ ഇത്രകാലം വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്തത്? എന്തുകൊണ്ട് കലാകാലം തിരുത്തപ്പെടാതെ നിലനിന്നു? കാരണം എന്തായാലും, ആ അപനിർമ്മിതകഥയുടെ തുടക്കം, മഹാഭാഗവതം വായിച്ചിട്ടില്ലാത്ത ഏതെങ്കിലും ഒരു അജ്ഞാനിയിൽനിന്നാണെന്ന് അനുമാനിക്കുന്നതിനേക്കാൾ യുക്തി,അസുരന്റെ മഹത്വത്തെ ബ്രാഹ്മണരൂപിയായ മഹാവിഷ്ണു അംഗീകരിക്കുന്നത് സഹിക്കാൻകഴിയാത്ത പണ്ഡിതരിൽനിന്നാണെന്ന് വിശ്വസിക്കുന്നതിനാണ്. ആ ഗ്രന്ഥങ്ങളൊക്കെ വായിക്കാനും മനനംചെയ്യാനും അധികാരമുണ്ടായിരുന്ന ഒരുവിഭാഗമാണ് തെറ്റിദ്ധരിപ്പിച്ചത് എന്നതു നിശ്ചയം. ഭാഗവതം വായിക്കാത്തവർ അവരുടെ വമനം അന്ധമായി ചുമന്നുനടക്കുക മാത്രമായിരുന്നു ചെയ്തത്].

ഇനി,പരശുരാമാവതാരകഥ നോക്കാം: ഒരിക്കൽ നായാട്ടിനായി നർമ്മദാനദിയുടെ തീരത്തുപോയ കാർത്തവീര്യാർജ്ജുനൻ എന്ന രാജാവ് ജമദഗ്നിമഹർഷിയുടെ പർണ്ണശാലയിൽ എത്തിച്ചേർന്നു. കാട്ടിലെ ആശ്രമവാസിയായ മുനി, കാമധേനു എന്ന പശുവിന്റെ മാഹാത്മ്യം കൊണ്ട്, നൃപനും അനുചരന്മാർക്കും മൃഷ്ടാന്നഭോജനം നൽകി.(കാമധേനുവിന്റെ സഹോദരിയായ സുശീലയാണ് എന്നും പാഠഭേദമുണ്ട്). കാമധേനുവിന്റെ മഹത്വം കണ്ട് അത്ഭുതവിവശനായ കാർത്തവീര്യൻ, അതിനെ തനിക്കു നൽകുവാനാവശ്യപ്പെട്ടു. ഋഷി വിസമ്മതിച്ചപ്പോൾ, കാർത്തവീര്യൻ പശുവിനെ ബലമായി പിടിച്ചുകൊണ്ടുപോയി. ആ സമയത്തു മുനിപുത്രനായ പരശുരാമൻ ആശ്രമത്തിൽ ഉണ്ടായിരുന്നില്ല. വിവരമറിഞ്ഞു കോപിഷ്ഠനായ പരശുരാമൻ, കാർത്തവീര്യന്റെ തലസ്ഥാനമായ മാഹിഷ്മതീപുരിയിലേക്കു പുറപ്പെടുകയും, കാർത്തവീര്യനെ വധിച്ച് ദിവ്യഗോവിനെ വീണ്ടെടുക്കുകയുമുണ്ടായി. അതേത്തുടർന്ന് പരശുരാമൻ സ്ഥലത്തില്ലാത്ത സമയത്ത്, കാർത്തവീര്യന്റെ മക്കൾ ജമദഗ്നിയെ ഹനിച്ച് അദ്ദേഹത്തിന്റെ ശിരസ്സറുത്തു. പ്രതികാരമൂർത്തിയായിത്തീർന്ന ഭാർഗ്ഗവരാമൻ, ഭാരതവർഷമാകെ സഞ്ചരിച്ച് ഇരുപത്തൊന്നു തവണ ക്ഷത്രിയരെ നിഗ്രഹിച്ചു. ക്ഷത്രിയസ്ത്രീകളുടെ ഗർഭത്തിലുണ്ടായിരുന്ന ശിശുക്കളെ വരെ പരശുരാമൻ നശിപ്പിച്ചുകളഞ്ഞതായി പറയപ്പെടുന്നു.(പരശുരാമൻ നടത്തിയ ക്ഷത്രിയഹത്യയ്ക്കു പിന്നിലെ യഥാർത്ഥ കാരണങ്ങൾ പിന്നീടു പറയാം).

'അധികാരം അഹങ്കാരികളാക്കിയ ക്ഷത്രിയന്മാരെ ഇല്ലാതാക്കി ധർമ്മംപുനഃസ്ഥാപിച്ച' ആ വംശഹത്യയാണ് പരശുരാമനെ അവതാരമായി കണക്കാക്കുന്നതിനുള്ള സാധൂകരണം. എന്നാലും അതിൽ എന്തെങ്കിലും സാംഗത്യമുണ്ടോ? കേവലമൊരു രാജാവിന്റെ അവിവേകത്തെ അവലംബമാക്കി ക്ഷത്രിയരെ മുഴുവനും ഉന്മൂലനം ചെയ്തതിലൂടെ, ഏതു വിധത്തിലാണ് ധർമ്മം പുനഃസ്ഥാപിക്കപ്പെട്ടത്? മറുപടിയില്ലാത്ത ആ സന്ദേഹമാണ്, പരശുരാമൻ സ്ഥാപിതതാത്പര്യത്തോടെ കൂട്ടിച്ചേർക്കപ്പെട്ട അവതാരമാണോയെന്ന സന്ദേഹമുണ്ടാക്കുന്നത്. ഹേഹയ രാജവംശത്തിനും ഭൃഗുവംശത്തിനുമിടയിൽ തലമുറകളോളം നിലനിന്ന, സമ്പത്തിനെ സംബന്ധിച്ച സംഘർഷത്തിന്റെയും കുടിപ്പകയുടെയും പരകോടിയിലാണ്, കാർത്തവീര്യാർജ്ജുനനെ നിമിത്തമാക്കി ഭാർഗ്ഗവരാമനിലൂടെ ക്ഷത്രിയവംശഹത്യ നടപ്പാക്കപ്പെട്ടത് എന്ന വസ്തുതകൂടി അറിയുമ്പോൾ മാത്രമേ, ആ അവതാരകഥയ്ക്കു പിന്നിലെ അപനിർമ്മാണം പൂർണ്ണമായും അനാവൃതമാകൂ.(അതിന്റെ വിശദാംശം 'കാർത്തവീര്യാർജ്ജുനൻ ക്ഷത്രിയനല്ല' എന്ന അധ്യായത്തിൽ വായിക്കുക). അതുകൊണ്ടുതന്നെ, യാതൊരു വിധത്തിലുള്ള ധർമ്മഭ്രംശത്തിന്റെയും ധർമ്മസംസ്ഥാപനത്തിന്റെയും വിഷയം പരശുരാമന്റെ അവതാരത്തിൽ ഉത്ഭവിക്കുന്നില്ല എന്നതാണു സത്യം. മഹാവിഷ്ണുവിന്റെ മറ്റ് അവതാരങ്ങളിൽനിന്ന് വ്യത്യസ്തമായി,ത്രേതായുഗംതൊട്ടു കലിയുഗാന്ത്യംവരെ പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമാണല്ലോ ഭാർഗ്ഗവരാമൻ. സംഭവാമി യുഗേയുഗേ എന്ന, അവതാര നിർവ്വചനത്തെ നിരർത്ഥകമാക്കും വിധമുള്ള, യുഗങ്ങൾ നീളുന്ന അസ്തിത്വവും അദ്ദേഹം ഒരു ശരിയായ അവതാരമാണോ എന്ന സന്ദേഹമുറപ്പിക്കുന്നുണ്ട്. ആ സംശയമാണ്, അവതാര പരമ്പരയിലേക്കു കൂട്ടിച്ചേർക്കപ്പെട്ടതാണ് പരശുരാമനെന്ന അഭിപ്രായത്തിന്റെ കാതൽ.

കലിയുഗാന്തത്തിൽ മഹാവിഷ്ണു കൽക്കിയെന്ന പത്താം അവതാരമെടുക്കുമെന്ന് പുരാണങ്ങൾ പ്രവചിക്കുന്നു. അവതാരനിരയിലെ നാമമാത്രമായ പ്രാതിനിധ്യം മറികടക്കാനാണോ എന്നറിയില്ല, ഇനിയും അവതാരമെടുക്കാത്ത കൽക്കി, ശംഭലമെന്ന ഗ്രാമത്തിലെ ഒരു ബ്രാഹ്മണകുടുംബത്തിൽ വിഷ്ണുഭക്തനായ വിഷ്ണുശർമ്മന്റെയും സുമതിയുടെയും പുത്രനായി ജനിക്കുമെന്നും, കൽക്കിയെ ആയോധനവിദ്യകൾ അഭ്യസിപ്പിക്കുന്നത് പരശുരാമനായിരിക്കുമെന്നും വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. അത് ഒരു പ്രവചനമായതുകൊണ്ട് അവതാരമെടുക്കുന്നതുവരെ കാത്തിരുന്നു കാണുകയേ നമുക്ക് നിവൃത്തിയുള്ളൂ.

ധർമ്മസംസ്ഥാപനത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ, മത്സ്യം,കൂർമ്മം, വരാഹം തുടങ്ങിയ തിര്യക്ജന്മങ്ങൾക്ക് ലഭിച്ച പങ്കുപോലുമില്ലാത്ത വിഭാഗമാണ് ബ്രാഹ്മണരുടേത് എന്നാണല്ലോ വ്യക്തമാകുന്നത്.ചുരുക്കിപ്പറഞ്ഞാൽ,അവതാരകഥകളുടെ ആദ്യന്തം പരിശോധിക്കുമ്പോൾ, ധർമ്മസംസ്ഥാപനം അനിവാര്യമാകുന്ന അവസരങ്ങളിൽ ആർഷഭാരതസംസ്കൃതി ആശ്രയമായിക്കണ്ടത് അബ്രാഹ്മണരെയാണ് എന്നതും സ്പഷ്ടമാണ്. കടന്നുകയറ്റങ്ങളിലൂടെ ആര്യബ്രാഹ്മണ്യം സൃഷ്ടിച്ചെടുത്ത വിഭജനസംസ്കാരമല്ല; അവർ ഉടച്ചെറിഞ്ഞ പൗരാണികസംസ്കാരമാണ് ആർഷഭാരതസംസ്കൃതി എന്നാണല്ലോ ഇതിൽനിന്നൊക്കെ വെളിവാകുന്നത്.

ശ്രീകൃഷ്ണൻ

'വേദയജ്ഞങ്ങൾകൊണ്ടോ ദാനംകൊണ്ടോ കർമ്മാനുഷ്ഠാനങ്ങൾകൊണ്ടോ
ഉഗ്രതപസ്സുകൊണ്ടോ മനുഷ്യലോകത്തിന് എന്നെ പ്രാപിക്കാൻ സാധിക്കില്ല.
അനന്യമായ ഭക്തിമാത്രമാണ് അതിനുള്ള മാർഗ്ഗം' -ശ്രീകൃഷ്ണൻ, ഭഗവദ്ഗീത.

ഭാഗവതത്തിലും രഘുവംശത്തിലും മഹാഭാരതത്തിലും, എണ്ണിയാൽ ഒടുങ്ങാത്ത പുരാണകഥകളിലുമൊക്കെയായി കൃഷ്ണലീലകളുടെ വിസ്തൃതമായ വിവരണങ്ങൾ വ്യാപിച്ചുകിടക്കുന്നു. മറ്റു പല വിശുദ്ധവ്യക്തികളുടേയും ജീവിതത്തിലെ മുഖ്യമുഹൂർത്തങ്ങൾമാത്രം നമ്മളുടെ വായനയ്ക്കു ലഭ്യമാകുമ്പോൾ, കൃഷ്ണന്റെ ജന്മപൂർവ്വ വൃത്താന്തങ്ങളും ജനനവും, ജീവിതവഴിയിലെ ഓരോ മാത്രയും, അന്ത്യവുമെല്ലാം നമുക്കുമുന്നിൽ ലിഖിതവും അലിഖിതവുമായ അനവധി ആഖ്യാനങ്ങളായി പന്തലിച്ചുനിൽക്കുന്നു. ദൈവം എന്ന പ്രബലമായ പൊതുബോധത്തിനു നിരക്കാത്ത നിരവധി സംഭവങ്ങളിലൂടെയാണ് കൃഷ്ണൻ എന്ന വ്യക്തിത്വം വികസിക്കുന്നത്. ജീവിതത്തിലെ ഓരോ നിമിഷവും ഇത്ര വിശദമായി പകർത്തിവെയ്ക്കപ്പെട്ട ഒരു ആരാധനാമൂർത്തി മറ്റെവിടെയെങ്കിലും ഉണ്ടാകുമെന്നും തോന്നുന്നില്ല. തെറ്റിദ്ധരിക്കാൻ ഇടയുള്ളതും, തെറ്റായി വ്യാഖ്യാനിക്കാൻ വക നൽകുന്നതുമായ സംഭവപരമ്പരകളാൽ സമ്പുഷ്ടമാണ് ശ്രീകൃഷ്ണന്റെ ജീവിതം.

കൃഷ്ണനോളം വിമർശിക്കപ്പെട്ട ഒരുദൈവം ലോകചരിത്രത്തിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. അതിനുള്ള കാരണങ്ങൾ അനേകമുണ്ട്. ചാതുർവർണ്യമെന്ന മഹാദുരന്തം, ഭാരതീയ സാമൂഹികശരീരത്തിൽ ഉണ്ടാക്കിയ പരുക്കുകളുടെ പാപഭാരം മുഴുവൻ പേറേണ്ടിവന്നത് കൃഷ്ണനെന്ന അവർണ്ണജനാണ്. ധർമ്മസംസ്ഥാപനാർത്ഥം മഹാവിഷ്ണു എട്ടാം അവതാരത്തിനൊരുങ്ങിയപ്പോൾ, അതിന് യോജ്യമായ

സ്ഥാനം കണ്ടെത്തിയത് അനാര്യഗോത്രമായ യാദവവംശത്തിലായിരുന്നു എന്നത് യാദൃശ്ചികമാകാനിടയില്ല. ശപിച്ച് സർവ്വതിനെയും സംഹരിക്കാൻ പ്രാപ്തിയുള്ള ബ്രാഹ്മണകുലത്തിലും, പൊരുതി സർവ്വരെയും ജയിക്കാൻ കൈക്കരുത്തുള്ള ക്ഷത്രിയകുലത്തിലും, ഇതരവർണ്ണങ്ങളിലും മാത്രമല്ല; വർണ്ണമില്ലാത്ത അവർണ്ണരിലും ദൈവികതയുംമൂല്യങ്ങളും നിറഞ്ഞുനിൽക്കുന്നു എന്ന് അടിവരയിടുന്നതിലൂടെ, തത്വമസി, ഈശാവാസ്യം ഇദം സർവ്വം തുടങ്ങിയ ആപ്തവാക്യങ്ങളുടെ സത്തയാകാം വേദവ്യാസന്റെ വിശാലബുദ്ധി ലോകത്തിനു മുൻപിൽ ഉദ്ഘോഷിക്കുന്നത്. കൃഷ്ണന്റെ അപദാനങ്ങളെഴുതിയ മഹർഷിമാർക്ക്, ഭഗവാനെ അപമാനിക്കുക എന്നഉദ്ദേശ്യം ഉണ്ടായിരിക്കുകയില്ലല്ലോ. അതുകൊണ്ടുതന്നെ, ആ ജീവിതത്തിലെ വിവാദ സംഭവങ്ങൾക്കെല്ലാം മറ്റൊരു അർത്ഥതലം ഉണ്ടെന്നു കരുതേണ്ടിവരുന്നു. ഇന്നു നാം കാണുന്ന സകല (ദുർ)വ്യാഖ്യാനങ്ങളെയും മുൻകൂട്ടി കണ്ടുകൊണ്ടായിരിക്കാം, തന്റെ പ്രവൃത്തികളുടെ കൃത്യമായ അർത്ഥമറിയാൻ അവയെ താത്വികമായി മനസ്സിലാക്കണം എന്ന് കൃഷ്ണൻ ഗീതയിൽ പറഞ്ഞത്. കൃഷ്ണനുനേരെ ഉയരുന്ന ജാതീയമായ സകല വിമർശനങ്ങളുടെയും മുനയൊടിക്കുന്ന ഒറ്റവാക്കിലുള്ള ഉത്തരം, അദ്ദേഹം ആര്യവംശജനായിരുന്നില്ല;അനാര്യനും അവർണ്ണനുമായിരുന്നു എന്നതാണ്. ഒരുപക്ഷെ, അതുതന്നെയാകാം അദ്ദേഹത്തിനെതിരെയുള്ള അർത്ഥമില്ലാത്ത ആക്രമണങ്ങളുടെ യഥാർത്ഥകാരണവും; ആന്തരോദ്ദേശ്യവും.

യദുവംശോത്പത്തി

ഭഗവാൻ ശ്രീകൃഷ്ണന്റെ ജന്മംമൂലം പവിത്രവും പ്രശസ്തവുമായ കുലമാണല്ലോ യാദവവംശം. ആ യദുവംശത്തിന്റെ ഉത്പത്തിയ്ക്കു നിമിത്തമായ കഥ മഹാഭാരതത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. പുരാണപ്രസിദ്ധനായ ചന്ദ്രവംശരാജാവ് നഹുഷന്റെ പുത്രനാണ് യയാതി. ഭൃഗുമഹർഷിയുടെ പുത്രനും അസുരഗുരുവുമായ(?) ശുക്രാചാര്യർക്ക് ഊർജ്ജസ്വതിയിൽ ജനിച്ച പുത്രി ദേവയാനിയായിരുന്നു അദ്ദേഹത്തിന്റെ പത്നി. ദേവയാനിയിൽ യയാതിയ്ക്കു പിറന്ന സന്താനങ്ങളാണ് യദുവും തുർവ്വസും. അസുരരാജാവായ വൃഷപർവ്വന്റെ പുത്രിയും ദേവയാനിയുടെ തോഴിയുമായിരുന്ന ശർമ്മിഷ്ഠയുമായി യയാതിയ്ക്കുണ്ടായ രഹസ്യബന്ധത്തിലെ മക്കളാണ് ദ്രുഹു, അനുദ്രുഹു, പുരു എന്നിവർ. മകളുടെ ഭർത്താവിന്റെ രഹസ്യചാർച്ച കണ്ടെത്തിയ ശുക്രാചാര്യൻ ശപിച്ചതിനാൽ, യുവാവായ യയാതി അകാലത്തിൽ ജരാനരബാധിച്ചു വൃദ്ധനായി. ദുഃഖിതനായ യയാതിയുടെ അപേക്ഷയെത്തുടർന്ന്, ശുക്രാചാര്യർ അദ്ദേഹത്തിന് ശാപമോക്ഷമനുവദിച്ചു: "ആരെങ്കിലും യൗവ്വനം വെച്ചുമാറാൻ തയ്യാറാണെങ്കിൽ, യയാതിക്കു യുവത്വം തിരികെ ലഭിക്കും" എന്നതായിരുന്നു ഉപാധി. രാജാവ് മക്കളെ ഓരോരുത്തരെയായി വിളിച്ച്, അവരുടെ യുവത്വം തനിക്ക് നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ,പിതാവിന് യൗവ്വനംകൊടുത്ത് വാർദ്ധക്യമേറ്റെടുക്കാൻ തയ്യാറായത് അഞ്ചുമക്കളിൽ ഇളയവനായ പുരു മാത്രമായിരുന്നു. അതുകൊണ്ട് യയാതി, അസുരകുലജാതയായ ശർമിഷ്ഠയിലുണ്ടായ പുത്രൻ പുരുവിനെ രാജ്യത്തിന്റെ അടുത്ത കിരീടാവകാശിയായിവാഴിച്ചു. മറ്റ് നാലു പുത്രന്മാരെയും നിർദ്ദാക്ഷിണ്യം ശപിച്ച് ചന്ദ്രവംശത്തിൽനിന്നും ക്ഷത്രിയത്വത്തിൽനിന്നും അനന്തകാലത്തേക്കു പുറത്താക്കി(ബഹിഷ്കൃതരാക്കി).

യയാതിയെത്തുടർന്നു രാജാവായ പുരുവിന്റെ പരമ്പരയിലെ പതിനാറുതലമുറക ളിൽ ഉള്ളവരാണ് പുരുവംശജർ എന്നറിയപ്പെടുന്നത്.അവരിൽ,ശാകുന്തളത്തിലെ ദുഷ്യന്തനും ഭാരതത്തിന്റെ പേരിനാധാരമായ ഭരതനും ഹസ്തിനപുരി സ്ഥാപിച്ച ഹസ്തിയും കുരുക്ഷേത്രത്തിന്റെ നിർമ്മാതാവായ കുരുവും ശന്തനുവും ധൃതരാ ഷ്ട്രരും പാണ്ഡുവും അവരുടെ പരമ്പരകളും ഉൾപ്പെടുന്നു. യയാതിയെന്ന ചന്ദ്രവം ശരാജാവാണ് അച്ഛനെങ്കിലും, പുരുവിന്റെ അമ്മ അസുരവംശജയായ ശർമ്മിഷ്ഠ യാണെന്നതു പ്രത്യേക ശ്രദ്ധയർഹിക്കുന്നതാണ്. പൗരാണികകാലത്ത്, ചാതുർവർ ണ്യത്തിനു വെളിയിലുള്ള അവർണ്ണസമൂഹങ്ങളെയാണ് അസുരരെന്നും രാക്ഷസ രെന്നും നിന്ദാസൂചനകമായി വിളിച്ചിരുന്നത് എന്നതുംകൂടി ഓർക്കുക. അതായത്, ഭാരതത്തിലെ അഭിമാനസ്തംഭമായ പുരുവംശത്തിന്റെ ഉത്ഭവം അസുര(അവർ ണ്ണ)യോനിയിലാണെന്നു ചുരുക്കം. ഒപ്പം, മേൽപ്പറഞ്ഞ മഹാരഥന്മാരുടെയും.

ചന്ദ്രവംശത്തിൽനിന്നു പുറത്താക്കപ്പെട്ട യയാതിയുടെ മക്കളിൽ, മൂത്തപുത്രനായ യദുവിന്റെ പിന്മുറക്കാരാണ് യദുവംശജർ. രണ്ടാമനായ തുർവ്വസിന്റെ പിൻഗാമി കളാണ് യവനവംശം. മൂന്നാമത്തെ മകനായ ദ്രുഹുവിന്റെ വംശാവലിയാണ് ഭോജ വംശമെന്നറിയപ്പെടുന്നത്. ആ വംശം വടക്കുദിക്കിലെ മ്ലേച്ഛന്മാരുടെ അധിപരായി എന്നും ഭാഗവതത്തിൽ പറയുന്നു. നാലാമത്തെ പുത്രനായ അനുദ്രുഹുവിന്റെ പര മ്പരയിൽ ശിബിയും അംഗം,വംഗ,കലിംഗം,പുണ്ഡ്ര,ആന്ധ്ര എന്നീ രാഷ്ട്രങ്ങളുടെ സ്ഥാപകരും, ഋഷ്യശൃംഗകഥയിലെ ലോമപാദനും, ജയദ്രഥനും, കർണ്ണന്റെ വളർ ത്തച്ഛനായ അതിരഥനും ഉൾപ്പെടുന്നു. ആ നാല് മുഖ്യ വംശാവലികൾക്കും പുറമേ പിൽക്കാലത്തുണ്ടായ പല രാജാക്കന്മാരുടെയും പിൻഗാമികൾ വേറെ ഉപവംശങ്ങ ളുടെ പേരുകളിലും അറിയപ്പെടുന്നുണ്ട്. അവരിൽ, യദുവിന്റെ ഒൻപതാംതലമുറ യിൽ വരുന്ന കാർത്തവീര്യാർജ്ജുനന്റെ പൗത്രനായ വൃഷ്ണിയിൽനിന്നു ജനിച്ച വൃഷ്ണികളാണ് പ്രശസ്തർ. കാർത്തവീര്യാർജ്ജുനനും മക്കളും ഹേഹേയവംശം എന്നാണ് അറിയപ്പെട്ടിരുന്നത്. എങ്കിലും,യായതിയുടെ ഭ്രഷ്ടരാക്കപ്പെട്ട മക്കളുടെ വംശാവലികളെല്ലാം ചന്ദ്രവംശത്തിനു പുറത്തുള്ള കുലങ്ങളെന്ന നിലയിൽ, പൊ തുവിൽ യാദവരെന്നാണ് അറിയപ്പെടുന്നത്. അതായത്, പൗരാണിക ഭാരതത്തിലെ പ്രസിദ്ധരായ പല രാജവംശങ്ങളും ക്ഷത്രിയത്വത്തിൽനിന്നും ചാതുർവർണ്യത്തി ൽനിന്നും പുറത്താക്കപ്പെട്ടവരാണ്; അവർണ്ണരാണ്. ഇന്ന് ഉയരുന്ന, ക്ഷത്രിയത്വവു മായി ബന്ധപ്പെട്ട കുറെ അവകാശവാദങ്ങൾക്കപ്പുറം, യാദവകുലത്തെ സംബന്ധി ക്കുന്ന തിരുത്താനാകാത്ത സത്യമായി ഈ തെളിവുകൾ നിലനിൽക്കുന്നു.

യയാതി യദുവിനെയും മറ്റു മൂന്നുപുത്രന്മാരെയും ശപിച്ച് ചന്ദ്രവംശത്തിൽനിന്നും ക്ഷത്രിയത്വത്തിൽനിന്നും ബഹിഷ്കൃതരാക്കിയകഥ,വാല്മീകിരാമായണം ഉത്ത രകാണ്ഡത്തിലെ അമ്പത്തെട്ടാം സർഗ്ഗമായ യയാതിശാപത്തിൽ സവിസ്തരം വർ ണ്ണിക്കുന്നുണ്ട്. കോപത്തിന്റെ ദുരന്തഫലം വിവരിക്കുന്ന ദൃഷ്ടാന്തമായി, ലക്ഷ്മ ണനോടു ശ്രീരാമൻ പറയുന്ന വിധത്തിലുള്ള ആ സംഭവകഥനത്തിൽ, മഹാഭാരത ത്തിൽ കാണുന്ന കഥയിൽനിന്നും ചില മാറ്റങ്ങളുണ്ട്. അതിൽ, യായതിയുടെ മഹി ഷിമാരാണ് ദേവയാനിയും അസുരയായ ശർമ്മിഷ്ഠയും. ശർമ്മിഷ്ഠയോടുള്ള യ യാതിയുടെ അമിതപ്രേമത്തിലും, ദേവയാനിയോടുള്ള അപ്രീതിയിലും കോപിത

നായാണ് ശുക്രാചാര്യർ മഹാരാജാവിനെ ശപിച്ചു വൃദ്ധനാക്കിയത്. തന്റെ വാർദ്ധക്യം സ്വീകരിച്ചു യൗവ്വനം നല്കാനുള്ള യായതിയുടെ ആവശ്യം ദേവയാനിയുടെ പുത്രനായ യദു നിരാകരിക്കുന്നതും, അമ്മയോടും തന്നോടുമുള്ള അവഗണന പറഞ്ഞുകൊണ്ടുതന്നെയാണ്. തുടർന്നാണ് യയാതി യദുവിനെ ശപിച്ച് പുറത്താക്കിയത്. യദുവിനെ ശപിച്ചു ക്ഷത്രിയത്വത്തിൽനിന്ന് പുറത്താക്കിയ സംഭവം വാല്മീകി രാമായണം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

ന തു സോമകുലോത്പന്നേ വംശേ സ്ഥാസ്യതി ദുർമതേഃ
വംശോऽപി ഭവതസ്തുല്യോ ദുർവിനീതോ ഭവിഷ്യതി. 16

" 'ദുർമതേഃ	" 'ദുഷ്ടബുദ്ധിയായ നിന്റെ	ഭവിഷ്യതി;	ഭവിക്കുന്നതാണ്";
വംശഃ അപി,	വംശവും,	സോമകുലോത്പന്നേ	ചന്ദ്രവംശത്തിനു തുടർച്ചയായ
ഭവതഃ തു	നിനക്കു തന്നെ	വംശേ	കുലത്തിൽ
തുല്യഃ,	തുല്യമായതായി,	ന സ്ഥാസ്യതി.'	ഇരിക്കാതെയും ഭവിക്കട്ടെ.'
ദുർവിനീതഃ	വല്ലാത്തതായി		

തമേവമുക്ത്വാ രാജർഷിഃ പൂരും രാജ്യവിവർദ്ധനം
അഭിഷേകേണ സംപൂജ്യ ആശ്രമം പ്രവിവേശ ഹ. 17

"രാജർഷിഃ	"രാജർഷിയായ യയാതി,	രാജ്യവിവർദ്ധനം	രാജ്യത്തെ പോഷിപ്പിക്കുന്നവനായി
തം	ആ യദുവിനെ	അഭിഷേകേണ സംപൂജ്യ,	പട്ടാഭിഷേകം ചെയ്ത് ബഹുമാനിച്ച്,
ഏവം	ഇപ്രകാരം	ആശ്രമം ഹ	വാനപ്രസ്ഥാശ്രമത്തെ
ഉക്ത്വാ,	ശപിച്ച്,	പ്രവിവേശ.	കയ്ക്കൊണ്ടു.
പൂരും	പൂരുവിനെ		

രാജകുലത്തിൽനിന്നും പുറത്താക്കപ്പെട്ട യദു, ക്രൗഞ്ചവനമെന്ന നഗരത്തിൽ താമസമാക്കുകയും വംശപരമ്പരയെ വളർത്തിയെടുക്കുകയും ചെയ്തതായി തുടർന്ന് വാല്മീകിരാമായണത്തിൽ മഹാകവി പ്രസ്താവിക്കുന്നുണ്ട്:

യദുസ്തു ജനയാമാസ യാതുധാനാൻ സഹസ്രശഃ
പുരേ ക്രൗഞ്ചവനേ ദുർഗേ രാജവംശബഹിഷ്കൃതഃ. 20

" രാജവംശ–ബഹിഷ്കൃതഃ	" രാജകുലത്തിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവനായ	ക്രൗഞ്ചവനേ	ക്രൗഞ്ചവനമെന്ന
		പുരേ	നഗരത്തിൽ
		സഹസ്രശഃ	അനേകം
യദുഃ തു,	യദുവാകട്ടെ,	യാതുധാനാൻ	രാക്ഷസരെ
ദുർഗ്ഗേ	ദുർഗ്ഗമമായ	ജനയാമാസ.	ഉത്പാദിപ്പിച്ചു.

യയാതിയുടെ പുത്രന്മാരിൽ, ദേവയാനിയിൽ ഉണ്ടായ യദുവായിരുന്നല്ലോ ഏറ്റവും മൂത്തയാൾ. ശർമ്മിഷ്ഠയിൽ ജനിച്ച പുരു ഏറ്റവും ഇളയ ആളും. പിതാവിന്റെ ഒടുങ്ങാത്ത കാമനകളുടെ ഇരകളാണ് യദുവും മറ്റു മൂന്നു മക്കളും. അതിന്റെ പേരിൽ അവർക്ക് സാമ്രാജ്യവും കുലവും നഷ്ടമായി. തുടർന്ന്, ക്ഷത്രിയത്വത്തിൽനിന്നും ചന്ദ്രവംശത്തിൽനിന്നും ഭ്രഷ്ടനായ യദുവിന്, വെറുമൊരു ചെറിയ രാജ്യത്തിന്റെ രാജാവായി ജീവിക്കേണ്ടിവന്നു. പിന്നീടു സ്വന്തം അദ്ധ്വാനത്തിന്റെ ഫലമായാണ്

യദവും സഹോദരന്മാരും യദുവംശം പടുത്തുയർത്തിയതും, അധികാരപരിധി വിപുലീകരിച്ചതും. അസുരസ്ത്രീയുടെ ഗർഭത്തിൽ ജനിച്ചവരാണെങ്കിലും, പുരുവും അദ്ദേഹത്തിന്റെ പരമ്പരയും ചന്ദ്രവംശത്തിലെ മറ്റു മഹാരഥന്മാരും ഔദ്യോഗിക ഭാഷ്യമനുസരിച്ച് ക്ഷത്രിയരായി ഇതിഹാസകാവ്യങ്ങളിൽ തുടർന്നു!

യയാതിപുത്രന്മാരുടേത് കേവലം രാജത്വത്തിൽനിന്നുള്ള പുറത്തക്കലല്ല; ചന്ദ്രവംശത്തിൽനിന്നും ചാതുർവർണ്യത്തിൽ നിന്നുമുള്ള ഭ്രഷ്ടാണ്. അതിനാലാണ്, "നീ ഘോരന്മാരും, പിശാചുക്കൾക്കൊത്തവരുമായ രാക്ഷസന്മാർക്കു ജന്മം കൊടുക്കട്ടെ"യെന്നു യയാതി ശപിച്ചത്. പൗരാണികകാലത്തെ, ചാതുർവർണ്യത്തിനു വെളിയിലുള്ള അവർണ്ണസമൂഹങ്ങളെയാണ് അസുരർ എന്നും രാക്ഷസരെന്നും വിളിച്ചിരുന്നത് എന്ന കാര്യവും ഓർമ്മിക്കുക. മുകളിൽ ചേർത്തിട്ടുള്ള രാമായണത്തിലെ ശ്ലോകങ്ങളിൽനിന്ന്, ബഹിഷ്കരണം യദുവിനു മാത്രമല്ലെന്നും, അദ്ദേഹത്തിന്റെ വംശപരമ്പരയ്ക്കു മൊത്തമാണെന്നും വ്യക്തമാണല്ലോ. അതുവരെ ക്ഷത്രിയനായിരുന്ന യദു ക്ഷത്രിയത്വം നഷ്ടപ്പെട്ടതോടെ രാക്ഷസനായി മാറിയെന്നാണ് മേൽപ്പറഞ്ഞ ശ്ലോകങ്ങളിൽ കാണുന്നത്. എന്നാൽ, ശാപത്തിനിരയായതോടെ യദുവും അദ്ദേഹത്തിനുണ്ടായ സന്തതികളും രാക്ഷസരായെന്നു വിശ്വസിക്കാനാകില്ലല്ലോ. ക്രൗഞ്ചവനം എന്നനഗരത്തിന്റെ അധിപനായി യദു സന്തതിപരമ്പരകളോടൊപ്പം ജീവിച്ചു എന്നതിൽനിന്നും അങ്ങനെ ഒന്നും സംഭവിച്ചിട്ടില്ല എന്നുതന്നെയാണല്ലോ വ്യക്തമാകുന്നത്. യദുവിന്റെ പിന്മുറക്കാരായ കൃഷ്ണനടക്കമുള്ള യാദവരും രാക്ഷസരായിരുന്നില്ല; മനുഷ്യരായിരുന്നു എന്ന സംഗതിപോലെ കൃത്യമാണ്, പൗരാണികഗ്രന്ഥങ്ങളിൽ രാക്ഷസരെന്നു വിശേഷിപ്പിക്കപ്പെടുന്നവർ, വർത്തമാനകാല കഥകളിൽ വർണ്ണിക്കുന്ന രീതിയിലുള്ള രാക്ഷസരായിരുന്നില്ല എന്നതും.

ആദ്യകാലത്ത് വർണ്ണവ്യവസ്ഥയിൽനിന്നും ഭ്രഷ്ടുകൽപ്പിച്ചു പുറത്താക്കപ്പെടുന്ന ജനങ്ങളെ, ശത്രുക്കളെന്ന പ്രതീതിയോടെ വിളിച്ചിരുന്ന, അവഹേളനാസൂചകമായ പേരായിരുന്നു രാക്ഷസർ എന്നത്. അവരെ, ചിത്രങ്ങളിൽ നാം കാണാറുള്ള രാക്ഷസരൂപികളായി സങ്കല്പിക്കുന്നതിൽ യുക്തിയില്ല. ഋഗ്വേദകാലം മുതൽ ദസ്യുക്കളായും‌രാക്ഷസന്മാരായും ദാസന്മാരായും പൗരാണികഗ്രന്ഥങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത് അക്കാലത്തെ അനാര്യസമൂഹങ്ങളെയും, ആര്യസമൂഹങ്ങളിൽനിന്നും പലപല കാരണങ്ങളാൽ ഭ്രഷ്ടിനിരയായി പുറത്തായവരെയുമായിരുന്നു എന്നത്, ഏറെക്കുറെ സ്വീകരിക്കപ്പെട്ടിട്ടുള്ള അനുമാനമാണ്. രാജാക്കന്മാരും പ്രതാപികളുമായിരിക്കുമ്പോഴും, യദുവംശജർ അനാര്യരും അവർണ്ണരുമായിരുന്നു എന്നതാണ് അതൊക്കെ തെളിയിക്കുന്നത്. തങ്ങൾ ഭൂസുരന്മാരാണെന്ന(ഭൂദേവന്മാർ) വിവക്ഷയുടെ അടിസ്ഥാനത്തിൽ, ആര്യന്മാർ അവർണ്ണരെ സുരന്മാരല്ലാത്തവർ എന്ന അർത്ഥകല്പനയോടെ അസുരരായി മുദ്രണം ചെയ്യുകയായിരുന്നു. കഥകളിൽ വായിക്കുന്നത് അപ്പാടെ വിഴുങ്ങാൻ തയ്യാറില്ലാത്തവർക്ക്, ഭ്രഷ്ടരാകുന്നതോടെ വ്യക്തികൾക്കും സമൂഹങ്ങൾക്കും മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരുന്ന വികൃതവ്യക്തിത്വ ആരോപണമാണ് പുരാണകഥകളിലെ രാക്ഷസത്വമെന്നേ കാണാൻ കഴിയൂ. യയാതിയുടെ ശാപത്തിലൊഴികെ ഒരിടത്തും യാദവരെ രക്ഷസരൂപികളായി അവതരിപ്പിക്കുന്നില്ലാ എന്നതുതന്നെയാണ് അതിനുള്ള സാധൂകരണം. യദുവിനു ചാർത്തി

ക്കിട്ടിയ ആ രാക്ഷസത്വത്തിലാണ് പിൻമുറക്കാരനായ ഭഗവാൻ കൃഷ്ണന്റെ ജനനം എന്നതും ഓർക്കുക. കൃഷ്ണന് അപഖ്യാതിയുണ്ടാക്കാൻ ചാതുർവർണ്യവാദികൾ എക്കാലത്തും നടത്തിയിട്ടുള്ള ഒളിയാക്രമണങ്ങളുടെ പ്രേരണ, യദുകുലത്തിന്റെ ആ ബാഹ്യജാതി പശ്ചാത്തലമാണ് എന്നുവേണം കരുതാൻ. സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരമായാലും ഭഗവാനായാലും, ആഢ്യകുലത്തിൽ ജനിച്ചാൽമാത്രമേ അത്തരക്കാർ അംഗീകരിക്കൂ എന്നു ചുരുക്കം.

രാജാവായി മാറിയ പുരുവിന്റെപരമ്പര 'ക്ഷത്രിയരായി' മധ്യഭാരതത്തിൽത്തന്നെ താമസമുറപ്പിച്ചു. എന്നാൽ, യാദവർ മധ്യഭാരതദേശത്തുനിന്നും വിവിധ ഭാഗങ്ങളിലേയ്ക്ക് കുടിയേറിയതായി കാണാം. ഇത്,ചന്ദ്രവംശത്തിൽനിന്നും ചാതുർവർണ്യവ്യവസ്ഥയിൽനിന്നും പുറത്താക്കപ്പെട്ടെന്ന വസ്തുതയെ സമർത്ഥിക്കുന്നതാണ്. കേരളത്തിലടക്കം, ഭാരതത്തിലെ ഏതാണ്ടെല്ലാം ഭൂഭാഗങ്ങളിലേക്കും അവർ കുടിയേറിയിട്ടുണ്ട്. തുർവസുവിന്റെ പരമ്പരയിൽപെട്ട അക്രീഡന് ഉണ്ടായ നാലു മക്കളാണ് പാണ്ഡി, കേരളം, ചോളം എന്നീ രാജ്യങ്ങൾ വാണിരുന്ന പാണ്ഡ്യൻ, കേരളൻ, കോളൻ, ചോളൻ എന്നിവർ എന്നു മഹാഭാരതത്തിൽ പറയുന്നു. ആ സർവ്വവ്യാപനസ്വഭാവം കാരണമാണ് യാദവർ പൊതുവേ സാഹസികരും നിത്യസഞ്ചാരികളുമാണെന്ന നിഗമനത്തിലേയ്ക്ക് ചില നരവംശശാസ്ത്രജ്ഞരും ചരിത്രകാരന്മാരും എത്തിച്ചേരുന്നത്."നമുക്ക് വയലുകളോ വീടുകളോ ഇല്ല; കന്നുകാലികളും ഭാണ്ഡങ്ങളുമായി ഊരുചുറ്റുന്നവരാണ്. അതിനാൽ, പശുക്കളും പർവ്വതങ്ങളുമാണ് നമ്മുടെ ദൈവങ്ങൾ; ഇന്ദ്രനല്ലാ" എന്നു കൃഷ്ണൻ ഗോവർദ്ധനോദ്ധാരണ വേളയിൽ യാദവരോടു പറഞ്ഞതിന്റെ താത്പര്യവും അതായിരിക്കണം. പുരുവംശജർ സാധാരണയായി ചന്ദ്രവംശത്തിന്റെ പേരിൽ അറിയപ്പെട്ടു രാജാധികാരം കൈയ്യാളി ക്ഷത്രിയരായി തുടർന്നപ്പോഴും, യദുക്കൾ, വൃഷ്ണികൾ, അന്ധകർ, ഭോജന്മാർ എന്നിങ്ങനെയുള്ള വ്യത്യസ്ത ഗോത്രങ്ങളുടെ പേരിൽ യാദവർ അറിയപ്പെടുന്നതിന്റെ കാണവും അവരുടെ ബാഹ്യജാതി(പുറംജാതി) പശ്ചാത്തലം തന്നെയാകാം.

യാദവരെന്നു കേൾക്കുമ്പോൾ, അതു കേവലം യദുവിന്റെ പരമ്പരയിൽപ്പെട്ട കുറച്ച് കുടുംബങ്ങളെന്നോ,കൃഷ്ണന്റെ വംശാവലിയെന്നോ മാത്രംകരുതിയാൽ തെറ്റിപ്പോകും. ഭാരതത്തിലെമ്പാടും പരന്നുകിടന്നിരുന്ന, പല പേരുകളിൽ പ്രസിദ്ധരായ കുറെ രാജവംശങ്ങളുടെ സഞ്ചയമായിരുന്നു അത് എന്നതാണ് വാസ്തവം. ഹരിവംശത്തിൽ അവയുടെ വിസ്തരിച്ചുള്ള വർണ്ണനയുണ്ട്. യായതിയുടെ ബഹിഷ്കൃതരായ നാലു പുത്രന്മാരിലൂടെയും, അവരുടെ മക്കളിലൂടെയും വളർന്നു പന്തലിച്ച യദുവംശം അംഗബലത്തിന്റെ കാര്യത്തിലും ആധിപത്യത്തിന്റെ കാര്യത്തിലും പുരുവംശത്തിന് സമം നിൽക്കുന്ന ഒന്നായിരുന്നു. യദുക്കൾ, വൃഷ്ണികൾ, ഹേഹയന്മാർ, മാധവർ, ഭോജന്മാർ, അന്ധകന്മാർ, വീതിഹോത്രന്മാർ, സുജാതന്മാർ, ആവന്തികർ,ഭരതന്മാർ, തൗണ്ടികേരന്മാർ, താലജംഘന്മാർ എന്നിങ്ങനെപോകുന്നു യാദവന്മാരെന്ന പൊതുനാമത്തിൽ അറിയപ്പെട്ടിരുന്ന ആ വലിയവംശത്തിന്റെ ഉൾപ്പിരിവുകൾ. ഹോയ്സാല രാജവംശം യാദവരാണ്. ശിശുപാലനും സാല്വനും ഉൾപ്പെടുന്ന കാരൂഷകന്മാർ ഭാരതയുദ്ധകാലത്തെ തന്നെ പ്രസിദ്ധമായ യാദവവംശമാണല്ലോ. സരസ്വതിനദീതീരം, രാജസ്ഥാനം, കച്ഛ്, സൌരാഷ്ട്രം, കേരളം, കർണ്ണാടകം

എന്നീ പ്രദേശങ്ങൾ ഭരിച്ചിരുന്നത് യാദവവംശത്തിലെ കാർത്ത്യവീര്യന്റെ പിൻതലമുറക്കാരാണെന്ന് അറിയപ്പെടുന്ന മൂഷകരാജവംശമായിരുന്നു .

യയാതി എന്ന ക്ഷത്രിയനു ദേവയാനിയെന്ന ബ്രാഹ്മണിയിലുണ്ടായവരാണ് യാദവരെന്ന കണക്കുകൂട്ടലിൽ, പൂണൂലൊരുക്കുന്നവർ ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. യയാതി പുറത്താക്കിയതുകൊണ്ടു മാത്രമല്ല, യാദവർ അവർണ്ണരും ചാതുർവർണ്ണ്യ വ്യവസ്ഥക്കു പുറത്തുള്ളവരുമാകുന്നത്. ജന്മംകൊണ്ട് യയാതി ക്ഷത്രിയനും, ദേവയാനി ബ്രാഹ്മണിയുമാണെങ്കിലും, അവരുടെ വിവാഹം വർണ്ണസങ്കരമായതിനാൽ പ്രതിലോമകമാണെന്ന് ഭാഗവതത്തിൽ പറയുന്നു.മനുസ്മൃതിയിലെ പരാമർശങ്ങളനുസരിച്ചും, പ്രതിലോമജാതരെ(താഴ്ന്ന വർണ്ണങ്ങളിലുള്ള പുരുഷന് ഉയർന്ന വർണ്ണത്തിലുള്ള സ്ത്രീയിലുണ്ടാകുന്ന പുത്രന്മാരെ) ചാതുർവർണ്ണ്യത്തിന് വെളിയിലുള്ള, 'ബാഹ്യരാ'യാണ് കണക്കാക്കുന്നത്.(പത്താമധ്യായം, ശ്ലോകം:31). ദ്വിജസന്താനങ്ങളാണെങ്കിലും പ്രതിലോമജർ ശൂദ്രധർമ്മികളാണെന്ന് സ്മൃതിപറയുന്നു(അധ്യായം:10, ശ്ലോകം:41). അതിനും പുറമെ, പ്രതിലോമജാതർ നാലു വർണ്ണങ്ങളിൽപ്പെട്ടവരുമായി സംഗമിച്ചുണ്ടാകുന്ന പുത്രന്മാരേയും നീചജാതികളായാണ് ഗണിക്കുന്നത്. ഓരോ വർണ്ണത്തിൽപ്പെട്ട പുരുഷനും അതേവർണ്ണത്തിലുള്ള സ്ത്രീകളിൽ ജനിപ്പിക്കുന്ന സന്തതികളെമാത്രമാണ് മനുസ്മൃതി ശുദ്ധരായി പരിഗണിച്ചിരുന്നത്. അല്ലാത്തവരെല്ലാം സങ്കരവർണ്ണികളും ബാഹ്യരുമാണ്. വർണ്ണവിശുദ്ധി സംരക്ഷിക്കാൻ ചാതുർവർണ്ണ്യവക്താക്കൾ ചമച്ച നിബന്ധനയാണത്. യയാതിപുത്രന്മാരുടെ ജന്മാർജ്ജിതമായ മേന്മകളെ, മനുഷ്യൻ നിർമ്മിച്ച നിയമമായ ഭ്രഷ്ടിലൂടെ മാറ്റാനാകില്ല എന്നാണു വാദമെങ്കിൽ, അതു സർവ്വസ്വീകാര്യമായ സത്യമാണ്. പക്ഷേ, മനുസ്മൃതിയടക്കമുള്ള നിയമങ്ങളെല്ലാം മനുഷ്യനിർമ്മിതമായതിനാൽ, അതിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണവും വിലയിടലും അസ്വീകാര്യമാണെന്നു കൂടി അതോടൊപ്പം അംഗീകരിക്കേണ്ടിവരും എന്നു മാത്രം. ചിലർ അവർക്കു സുഖിക്കുന്ന നിയമങ്ങളുണ്ടാക്കിയാൽ, അതനുസരിക്കാൻ മറ്റുള്ളവർക്കു ബാധ്യതയില്ലല്ലോ.

അതുപോലെതന്നെ, പുരുവംശജരും അതിന്റെ അംശമായ കുരുകുലവുമൊക്കെ രാജവംശങ്ങളായിരുന്നാലും, ക്ഷത്രിയത്വ നിർവ്വചനത്തിന്റെയും ചാതുർവർണ്ണ്യ വിഭജനത്തിന്റേയും വൃത്തപരിധിയ്ക്കുപുറത്തുള്ള ബാഹ്യരാണ്; അക്ഷരാർത്ഥത്തിൽ അവർണ്ണരാണ്. ക്ഷത്രിയനായ യയാതിക്ക് അസുരയുവതിയിൽ(അവർണ്ണ സ്ത്രീയിൽ) ജനിച്ചവരാണല്ലോ അവർ. രാജാധികാരവും സമ്പത്തും കൈയിലുള്ളതുകൊണ്ട് അവരാരും സമൂഹത്തിൽനിന്നും പുറംതള്ളപ്പെട്ടില്ല എന്നുമാത്രം.അവരൊക്കെ ക്ഷത്രിയരായത് രാജവംശങ്ങളായതുകൊണ്ടാണ്; വർണ്ണശുദ്ധിയുള്ളതുകൊണ്ടല്ല എന്നാണല്ലോ അതൊക്കെ തെളിയിക്കുന്നത്. ഈ സംഭവങ്ങൾ അസാധുവാക്കുന്നത്,വംശവിശുദ്ധിവാദികൾ ഉയർത്തിക്കാണിക്കുന്ന ശുദ്ധിയിലധിഷ്ഠിതമായ വർണ്ണവ്യവസ്ഥയുടെ അസ്തിത്വം കൂടിയാണ്. ക്ഷത്രിയരെന്ന പേരു പ്രതിനിധീകരിക്കുന്നത് ഒരു പ്രത്യേക വർണ്ണത്തെ അല്ലെന്നും; ഒരു പ്രത്യേക വർഗ്ഗത്തെ(രാജവർഗ്ഗത്തെ)യാണെന്നുമാണ് വെളിവാകുന്നത്.അതായിരുന്നു അക്കാലത്തെ നിജസ്ഥിതി. അതിനു മാറ്റമുണ്ടായത്, സമൂഹത്തെ വിഭജിക്കുകയും നിയന്ത്രിക്കുകയും ചെയ്ത എണ്ണമില്ലാത്ത സ്മൃതികൾ നിലവിൽവന്നതോടെ ആയിരിക്കാം.

ചരിത്രപണ്ഡിതനായ ആർ.സി.മജുംദാർ, An advanced History of India യിൽ യദുക്കളെ ക്കുറിച്ച് നൽകുന്ന വിവരണം ശ്രദ്ധേയമാണ്: ഋഗ്വേദത്തിൽ പരാമർശിക്കപ്പെടുന്ന രണ്ടു പ്രമുഖഗോത്രങ്ങളായ യദുക്കളെയും തുർവസുക്കളെയും ഇന്ദ്രൻ വിദൂരദേശ ത്തുനിന്നും കൊണ്ടുവന്നതാണ്. ഇന്ദ്രൻ കൊണ്ടുവന്നവർക്കിടയിൽ കാലക്രമേണ രണ്ട് വിഭാഗങ്ങളുണ്ടായി. ഇന്ദ്രനെ ആരാധിക്കുന്ന ശൃഞ്ജയന്മാരും ഭരതന്മാരും ഉൾ പ്പെടുന്നതായിരുന്നു ഒരുവിഭാഗം. ഇന്ദ്രനെ തിരസ്കരിച്ച എതിർവിഭാഗത്തിൽ യദു ക്കളും തുർവസുക്കളും ദ്രുഹ്യുക്കളും അനുക്കളും പൂരുക്കളും ഉൾപ്പെട്ടു. ഇവരിൽ, യദുക്കളെയും ദ്രുഹ്യുക്കളെയും ദസ്യുക്കളെന്നാണ് ഋഗ്വേദം വിശേഷിപ്പിക്കുന്നത്. ആര്യന്മാരുടെ യാഗാധിഷ്ഠിത മതത്തെ എതിർത്ത അവർ, ആദ്യകാലത്തു ലിംഗാ രാധകരും, പിന്നീടു ബി.സി.പത്താംനൂറ്റാണ്ടിനുശേഷം തങ്ങളുടെ കുലദൈവമായ മായന്റെ(കൃഷ്ണൻ) ഉപാസകരുമായി മാറി'. ആ അഭിപ്രായത്തെ ആധാരമാക്കി വിശകലനം ചെയ്യുമ്പോൾ, അവരെ രാക്ഷസർ എന്നതോന്നലുണ്ടാക്കുന്ന ദസ്യുക്ക ളായി കണക്കാക്കാനുള്ള പ്രധാന കാരണം, ബ്രാഹ്മണമൂർത്തിയായ ദേവേന്ദ്രനോട് അവർ പുലർത്തിയ അസ്വീകാര്യതയാണെന്ന് അനുമാനിക്കേണ്ടിവരും.

പുരാണഗ്രന്ഥകളിലോ അവയുടെ പരിഭാഷകളിലോ കാണുന്ന ഏതെങ്കിലും പരാ മർശങ്ങളുടെ അടിസ്ഥാനത്തിൽ, കൃഷ്ണനെ പൂണൂലിടീച്ചു സ്വന്തമാക്കാൻ ശ്രമി ക്കുന്നവർക്കും, അവർ ഇട്ട പൂണൂലിന്റെ ചെലവിൽ കൃഷ്ണനെ കല്ലെറിയാൻ നട ക്കുന്നവർക്കും മാച്ചുകളയാൻപറ്റാത്ത സത്യമാണ് യാദവകുലത്തിന്റെ ഉത്പത്തി. അതോടൊപ്പം ചേർത്തുവെക്കേണ്ട മറ്റൊരു അധ്യായമുണ്ട്: കൃഷ്ണൻ എന്ന കഥാ പാത്രം ആദ്യമായി കടന്നുവരുന്നത് ആദിമവേദമായ ഋഗ്വേദത്തിലാണ്. അത്, ഇന്ന ത്തെ ആരാധനാമൂർത്തിയായ കൃഷ്ണനായല്ല; കൃഷ്ണാസുരൻ എന്ന ഒരു ഗോത്ര ത്തലവനായാണ്. ദേവന്മാരുടെ അധിപതിയായ ഇന്ദ്രനുമായി യുദ്ധംചെയ്ത അസു രനായിരുന്നു കൃഷ്ണാസുരൻ. വേദങ്ങളിലെ അസുരമേധാവിയായ കൃഷ്ണനും, പുരാണേതിഹാസങ്ങളിലെ ശ്രീകൃഷ്ണനും ഒന്നാണോയെന്ന ചോദ്യത്തിന്, അല്ല എന്ന മറുപടി എത്രമാത്രം ശരിയാകുമോ, അത്രതന്നെ തെറ്റുമാകാനാണു സാധ്യത. അതൊരു അനുമാനമല്ല; പൗരാണികഗ്രന്ഥങ്ങളുടെ സമ്മതിയുള്ള സത്യമാണ്. അ തിനുള്ള സാധൂകരണങ്ങൾ ഇനിയുള്ള അധ്യായങ്ങളിൽ കാണാം.

ശ്രീകൃഷ്ണൻ: ആദ്യത്തെ സ്വത്വബോധവക്താവ്

ഭഗവാൻകൃഷ്ണൻ, ബ്രാഹ്മണ്യസൃഷ്ടിയായ ചാതുർവർണ്യത്തിന്റെ സംരക്ഷക നായിരുന്നില്ല എന്നുമാത്രമല്ല; ഗോത്രവർഗ്ഗ സ്വത്വബോധത്തിന്റെ ഉദ്ഘോഷകനാ യിരുന്നു എന്നതാണു സത്യം. ഭാഗവതത്തിലുള്ള ഗോവർദ്ധനോദ്ധാരണകഥ അതി നുള്ള ഉത്തമ ദൃഷ്ടാന്തമാണ്. വർഷം തോറും ഇന്ദ്രോത്സവം നിർവ്വഹിക്കുക എന്ന ത് വൃന്ദാവനത്തിലെ ഒരു ആചാരമായിരുന്നു. മഴപെയ്യിക്കുന്നതും നിയന്ത്രിക്കുന്ന തും ദേവേന്ദ്രനാണെന്നു കരുതിയിരുന്ന ഗോകുലവാസികൾ, അദ്ദേഹത്തെ പ്രീതി പ്പെടുത്തുവാൻ സ്ഥിരമായി നടത്തിയിരുന്ന പൂജയായിരുന്നു ഇന്ദ്രോത്സവം. എന്തി നാണ് ഇന്ദ്രനെ പൂജിക്കുന്നതെന്ന്, ബാലനായ കൃഷ്ണൻ പിതാവായ നന്ദഗോപരോ ടും മറ്റു ഗോപന്മാരോടും ഒരിക്കൽ തിരക്കി. കാലത്തിന്റെ പാലകനായ ഇന്ദ്രന്റെ

കരുണകൊണ്ടാണ് തങ്ങൾ ഐശ്വര്യത്തോടെ ജീവിക്കുന്നത് എന്ന പിതാവിന്റെ മറുപടി കേട്ട കൃഷ്ണൻ പറഞ്ഞു: "പ്രപഞ്ചമുണ്ടാകുന്നത് രജോഗുണത്തിൽനിന്നാണ്. രജോഗുണത്തിന്റെ പ്രേരണയാലാണ് മഴപെയ്യുന്നത്. സമുദ്രം, ശിലകൾ, മരുഭൂമി എന്നിവയിലെല്ലാം മേഘങ്ങൾ ജലംവർഷിക്കുന്നു. ജനങ്ങൾ അവകൊണ്ട് സുഖമായി ജീവിക്കുന്നു. അതിൽ മഹേന്ദ്രന് എന്തുണ്ട് കാര്യം? (രജസാ ചോദിതാ മേഘാ വർഷന്ത്യം ബുനി സർവതഃ/ പ്രജാസ്തൈരേവ സിദ്ധ്യന്തി/ മഹേന്ദ്രഃ കിം കരിഷ്യതി?). അതുകേട്ട് അന്തിച്ചുനിന്ന ഗോപന്മാരോട് കണ്ണൻ നിർദ്ദേശിച്ചു: "വനങ്ങളിലും താഴ്‌വാരത്തിലുമെല്ലാം താമസിക്കുന്നവരാണ് നമ്മൾ. നമുക്കു ജീവനോപാധികൾ തന്നു രക്ഷിക്കുന്നതു ഗോവർദ്ധനപർവതമാണ്. അതിനാൽ, പൂജിക്കേണ്ടത് ഗോവർദ്ധനപർവ്വതത്തെയാണ്". കൃഷ്ണനിർദ്ദേശം അനുസരിച്ചു ഗോപന്മാർ ഗോവർദ്ധനത്തെ പൂജിച്ച് യാഗം നടത്തി, കാളവണ്ടിയിൽ പർവ്വതത്തെ പ്രദക്ഷിണംചെയ്തു. തനിക്കു കിട്ടേണ്ട പൂജ കൃഷ്ണൻ തടഞ്ഞതും അദ്രിപൂജനടത്തിയതും അറിഞ്ഞ ഇന്ദ്രൻ ക്രുദ്ധനായി മേഘങ്ങളോട് ഗോകുലത്തെ പ്രളയത്തിലാഴ്ത്താൻ കല്പിച്ചു. പേമാരി തുടങ്ങിയപ്പോൾ കൃഷ്ണൻ ഗോവർദ്ധനഗിരി കൈകൊണ്ടുയർത്തി കുടപോലെയാക്കി ഗോപന്മാരെയും ഗോക്കളേയും കാത്തുരക്ഷിച്ചു. ഏഴുദിവസം തുടർച്ചയായി പെയ്തിട്ടും ഗോകുലവും ഗോക്കളും നശിപ്പിക്കാനാകാതെ വന്നപ്പോൾ, ഇന്ദ്രൻ ഗർവ്വുവെടിഞ്ഞു മേഘങ്ങളെ പിൻവലിച്ച് പേമാരി അവസാനിപ്പിച്ചു.

വിഷ്ണുപുരാണത്തിലും ഗോവർദ്ധനോദ്ധാരണകഥ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ, ശ്രീകൃഷ്ണൻ സഞ്ചാരികളും സാഹസികരും ആയ യാദവരോട് പറയുന്നു:"നിങ്ങൾക്കു വയലുകളോ വീടുകളോ ഇല്ല. നിങ്ങൾ ഭാണ്ഡങ്ങളും കന്നുകാലികളുമായി ഊരുചുറ്റുന്നു. അതിനാൽ, പശുക്കളും പർവ്വതങ്ങളുമാണ് നിങ്ങളുടെ ദൈവങ്ങൾ. നിങ്ങൾ ഇന്ദ്രനെ ആരാധിക്കേണ്ടതില്ലാ". യാദവരുടെ നായകനോ ആശ്രിതവത്സലനോ സംരക്ഷകനോ ആയ ഒരാളിന്റെ വാക്കുകൾ മാത്രമായി ചുരുക്കാൻ കഴിയാത്തത്ര വ്യാപ്തിയുള്ള ഒന്നാണ് ശ്രീകൃഷ്ണന്റെ ആ തിരുത്തൽവാദം.യാദവകുലത്തിന്റെ സാമൂഹികാവസ്ഥയും കൃഷ്ണന്റെ വാക്കുകളിൽനിന്നും വ്യക്തമാണല്ലോ. അതിനാൽത്തന്നെ, ഗോവർദ്ധനോദ്ധാരണകഥയെ ഇന്ദ്രന്റെ ആധിപത്യത്തിൽനിന്നും ഇന്ദ്രന്റെ ഉപാസകവിഭാഗങ്ങളിൽനിന്നും ഗോപാലകസമൂഹങ്ങളെയും ലോകത്തെയും ഉദ്ധരിക്കാൻ ഉതകുന്ന സന്ദേശം നൽകിയ സംഭവമായി കാണുന്നതായിരിക്കും യുക്തി. അന്ധവിശ്വാസങ്ങളിലും അടിമത്തത്തിലും കുരുങ്ങിക്കിടക്കാതെ, പ്രകൃതിയിലേക്കും സ്വന്തം സ്വത്വത്തിലേക്കും മടങ്ങാനാണ് കൃഷ്ണൻ പറയുന്നത്. മണ്ണിൽ ജീവിക്കുന്ന മനുഷ്യരുടെ ദൈവം, അവർക്കു ചുറ്റുമുള്ള പ്രത്യക്ഷപ്രകൃതിയാണെന്നും,അവരുടെ സംസ്കാരത്തിന്റെ ഭാഗമായ ശക്തികളെയാണു പൂജിക്കേണ്ടതെന്നുമുള്ള ഭഗവാന്റെ ഈ സന്ദേശത്തോളം ഉറച്ച ഒരു സ്വത്വപ്രഖ്യാപനം വേറെയുണ്ടോ? ആ കൃഷ്ണനെക്കാൾ വലിയ ഒരു സ്വത്വവാദിയുണ്ടോ?

ഒരുപക്ഷെ, കൃഷ്ണന്റെ വിപ്ലവകരമായ മേൽ പ്രഖ്യാപനത്തോടുകൂടിയാകണം, അല്ലെങ്കിൽ, അതിനെ പിൻപറ്റിയാകണം ഇന്ദ്രൻ ഭാരതത്തിലെ ആരാധനാമൂർത്തികളുടെ പട്ടികയിൽനിന്നു പുറത്തായത്. ഇന്ദ്രനെ ആരാധിക്കുന്ന ക്ഷേത്രങ്ങൾ ഭാരതത്തിൽ അപൂർവ്വമായതിന്റെ കാരണവും അതാവാം. ഭാരതത്തിൽ പരക്കെ നില

നിന്നിരുന്നതും, ബ്രാഹ്മണ്യാധിപത്യത്തോടെ മുരടിച്ചുപോയതുമായ കുല-ഗോത്ര ദൈവങ്ങളെയും പ്രകൃതിശക്തികളെയും ആരാധിക്കുന്ന സംസ്കാരത്തിന്റെ ഉത്ഭവവും അവിടെനിന്നുമാകാം. പൗരോഹിത്യം പടുത്തുയർത്തിയ ക്ഷേത്രസംസ്കാരത്തിനു മുൻപ്, വളരെ ശക്തമായ രീതിയിൽ ഇവിടെ നിലവിലിരുന്ന പ്രാദേശികദൈവങ്ങളുടെ ഉപാസനയും, പ്രകൃതിയുമായി സഹവർത്തിച്ചിരുന്ന കാവുകളുടെ പാരമ്പര്യവും ആ പ്രഖ്യാപനത്തിന്റെ പശ്ചാത്തങ്ങളിൽ രൂപപ്പെട്ടവതാകാനാണു സാധ്യത. ഖാണ്ഡവവനദഹന സന്ദർഭത്തിലും കൃഷ്ണനും ദേവേന്ദ്രനും നേർക്കുനേർ എതിരിട്ടതായും, കൃഷ്ണനു മുന്നിൽ ഇന്ദ്രൻ അടിയറവു പറഞ്ഞതായും കാണാം. അമരാവതി സന്ദർശിച്ച കൃഷ്ണനോടൊപ്പം ഉണ്ടായിരുന്ന സത്യഭാമയെ ഇന്ദ്രപത്നിയായ ശചി അപഹസിച്ചതിനെത്തുടർന്ന് ഇന്ദ്രനും കൃഷ്ണനും തമ്മിൽ യുദ്ധം നടന്നതായും, ആ യുദ്ധത്തിൽ കൃഷ്ണൻ ജയിച്ചതായും വിഷ്ണുപുരാണത്തിലും ഭാഗവതത്തിലും കാണുന്നു. കൃഷ്ണനും ഇന്ദ്രനും തമ്മിലുള്ള ചിരപ്രതിഷ്ഠമായ ആ കലഹങ്ങൾ മൂലമാകാം ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള കൃഷ്ണാസുരൻ, ഭഗവാൻകൃഷ്ണനാണെന്ന നിഗമനത്തിലേക്ക് ഗവേഷകരെത്തുന്നത്.

ഇന്ദ്രനോടുമാത്രമല്ല ബ്രഹ്മാവിനോടും കലഹിച്ചു

ഇന്ദ്രനോടുമാത്രമല്ല, ബ്രഹ്മാവിനോടും കലഹിച്ചുതന്നെയാണ് കൃഷ്ണൻ ജനനായകനായി വളർന്നത്. അതിനെ, രണ്ടു മൂർത്തികൾ തമ്മിലുള്ള വെറും കലഹമായല്ല; രണ്ടു സാംസ്കാരികധാരകൾ തമ്മിലുള്ള സംഘർഷമായിത്തന്നെ കാണണം.ഒരു ദിനം, ഗോപാലകന്മാർ കൃഷ്ണനുമൊത്ത് യമുനാപുളിനത്തിൽ വിഹരിച്ചുനടക്കുമ്പോൾ, ബ്രഹ്മാവ് അവിടെയെത്തി അവരുടെ പശുക്കളെ ഒളിപ്പിച്ചു. കൃഷ്ണൻ അവയെ തിരഞ്ഞുനടക്കുമ്പോൾ, ബ്രഹ്മാവ് ഗോപകുമാരന്മാരെയും മായയാൽ മറച്ചു. കാലികളെ കാണാതെ തിരിച്ചെത്തിയ കൃഷ്ണനു കൂട്ടുകാരെയും കാണാൻ കഴിഞ്ഞില്ല. ഉൾക്കണ്ണുകൊണ്ടു തിരക്കിയപ്പോൾ, അതൊക്കെ ബ്രഹ്മാവിന്റെ വിദ്യയാണെന്നു കൃഷ്ണൻ തിരിച്ചറിഞ്ഞു. തന്റെ മായാവൈഭവം ബ്രഹ്മാവിനെ ബോദ്ധ്യപ്പെടുത്തണമെന്നു ഭഗവാൻ തീരുമാനിച്ചു. കൃഷ്ണൻ സ്വയം ഗോക്കളായും കിടാങ്ങളായും പശുപാലകരായുംമാറി. പശുക്കളുടെ നിറവും ഇനവും തീരെ മാറിയില്ല. കുമാരന്മാരുടെ വസ്ത്രങ്ങളും അവരുടെ നിറവും ആകൃതിയും മുമ്പത്തേതുപോലെതന്നെ. ഏവരുടേയും ശീലഗുണങ്ങൾക്കുപോലും മാറ്റമില്ല. എന്നിട്ട്, താൻതന്നെയായ ഗോക്കളോടും ബാലന്മാരോടുമൊത്ത് ഗോകുലത്തിലെത്തി. ഗോക്കൾ അവരുടെ ആലകളിൽ കയറിനിന്നു. ആർക്കും ഒരു സംശയവും ഉണ്ടായില്ല. ഉടമസ്ഥർ ഗോക്കളെയും കിടാങ്ങളെയും പരിലാളിച്ചു.അടുത്ത ദിവസങ്ങളിലും മുമ്പെന്നതുപോലെ ബലരാമനും കൃഷ്ണനും ബാലന്മാരുമൊത്തു പൈക്കളെ മേയ്ക്കുവാൻ കാട്ടിൽപോയി; ആർക്കും ഒന്നും സംഭവിച്ചിട്ടില്ല എന്നതുപോലെ.

ഒരാണ്ടു കഴിഞ്ഞു. തന്റെ മായാപ്രയോഗത്തിൽ കൃഷ്ണൻ എപ്രകാരം വലയുന്നു എന്നറിയാൻ ബ്രഹ്മാവ് എത്തി. വിശിഷ്ടമായ കാഴ്ചയാണ് ബ്രഹ്മാവ് കണ്ടത്.താൻ അപഹരിച്ചു ഗൂഢമായി സൂക്ഷിച്ച പശുക്കളും കിടാങ്ങളും ഗോപാലന്മാരും കൃഷ്ണനോടൊപ്പമുണ്ട്. അതെങ്ങനെയെന്നു ബ്രഹ്മാവിന് അത്ഭുതമായി. താൻ പശുക്ക

ളെയും കിടാങ്ങളെയും ഒളിച്ചുവെച്ചിരുന്ന സ്ഥലത്തെത്തി പരിശോധിച്ചു.അവിടെ അവ സുരക്ഷിതരാണെന്നു കണ്ടു. മടങ്ങി വ്രജത്തിലെത്തിയപ്പോൾ, അവിടെയും അവയെ കണ്ടു. പലവട്ടം ബ്രഹ്മാവ് അങ്ങോട്ടുമിങ്ങോട്ടും നടന്നു. രണ്ടിടത്തും ബാലന്മാരെയും പശുക്കളെയും കിടാങ്ങളെയും കണ്ടു. വിശ്വമോഹനനായ ഭഗവാനെ പരീക്ഷിക്കാൻ ശ്രമിച്ചതിലെ നിസ്സാരതയോർത്ത് ബ്രഹ്മാവ് ലജ്ജിച്ചു. പ്രജാപതിയുടെ വിഷമാവസ്ഥകണ്ട് പ്രപഞ്ചാധിപതിക്കു സഹതാപംതോന്നി. മായാനാടകം അവസാനിപ്പിച്ച് അദ്ദേഹം ഗോക്കളെ തിരയുന്ന മട്ടിൽ പ്രത്യക്ഷനായി. തന്റെ അവിവേകത്തിൽ ബ്രഹ്മാവ് പശ്ചാത്തപിച്ചതായി ഭാഗവതം രേഖപ്പെടുത്തുന്നുണ്ട്.

മഹാവിഷ്ണുവിന്റെ നാഭീകമലത്തിൽ നിന്നാണല്ലോ ബ്രഹ്മാവു ജനിച്ചത്. ആ വിഷ്ണുവിനെയാണ്(കൃഷ്ണനെയാണ്)പരീക്ഷിക്കാൻ ഒരുമ്പെടുന്നത് എന്നതുപോലും മറന്ന ബ്രഹ്മാവിന്റെ അഹങ്കാരമകറ്റുകയായിരുന്നു കൃഷ്ണൻ. ഗോപകുമാരന്മാരുടെയും ഗോക്കളുടെയും ഇടയിൽ ജീവിക്കുന്ന കൃഷ്ണൻ, വെറും നന്ദഗോപനന്ദനൻമാത്രമാണെന്ന ഭേദചിന്തയിൽനിന്നുമുദിച്ച വ്യാമോഹമാണ് ബ്രഹ്മാവിനെക്കൊണ്ട് ആ അവിവേകം പ്രവർത്തിപ്പിച്ചതും, ഒടുവിൽ അപമാനിതനാക്കിയതും. അത്തരത്തിൽ, പൗരോഹിത്യം സ്വന്തം ആരാധനാമൂർത്തികളായി അവതരിപ്പിച്ച ദേവേന്ദ്രന്റേയും ബ്രഹ്മാവിന്റെയും ദർപ്പബിംബങ്ങൾ തകർത്തുതന്നെയാണ് ഭഗവാൻകൃഷ്ണൻ സാധാരണ മനുഷ്യരുടെ പൂജാബിംബമായതും, അപനിർമ്മിതികളെ അതിജീവിച്ചു കാലാനുവർത്തിയായി ഇപ്പോഴും നിലനിൽക്കുന്നതും.

നീതിപാലകനായ കൃഷ്ണൻ

എക്കാലത്തും വിമർശകരാൽ വേട്ടയാടപ്പെടുകയും,ന്യായങ്ങൾ ഉണ്ടായിട്ടും പ്രതിരോധിക്കേണ്ടവരാൽ നീതീകരിക്കപ്പെടാതിരിക്കുകയും ചെയ്ത ചരിത്രമാണ് കൃഷ്ണന്റേത്. ഭഗവത്ഗീതയിലൂടെ അർജ്ജുനനു കൈമാറിയ ഉപദേശങ്ങളുടെ പേരിൽ, മഹാഭാരതയുദ്ധത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ശ്രീകൃഷ്ണനുമേൽ ആരോപിക്കപ്പെടാറുണ്ട്. യുദ്ധമൊഴിവാക്കുന്നതിനായി അദ്ദേഹം നടത്തിയ ഉദ്യമങ്ങൾ അറിയാത്തവരല്ല അത്തരം കുറ്റം ചുമത്തലിനു പിറകിൽ. ശിശുവായിരിക്കുമ്പോൾ തുടങ്ങി കൃഷ്ണൻ ചെയ്ത അവതാരലക്ഷ്യപൂർത്തീകരണത്തിന്റെ ഒരു ഘട്ടം മാത്രമായിരുന്നു കുരുക്ഷേത്രയുദ്ധം. കൃഷ്ണനാൽ ഹരിക്കപ്പെട്ട ദുഷ്ടജന്മങ്ങളുടെ കണക്ക് മറ്റേതൊരു അവതാരത്തെക്കാളും പതിന്മടങ്ങാണ്. അത് ശക്തികൊണ്ടുമാത്രമല്ല, ബുദ്ധികൊണ്ടുകൂടിയാണെന്ന സത്യം ഭാഗവതത്തിലും മഹാഭാരതത്തിലും സ്പഷ്ടമാണ്.അധർമ്മികളെ ഇല്ലാതാക്കി ധർമ്മം പുനഃസ്ഥാപിക്കാൻ വൈദികവിധികളിലൂടേയും ശാക്തികമാർഗ്ഗങ്ങളിലൂടേയും അല്ലാതെയും സാധ്യമാണെന്നു സ്ഥാപിക്കുകയായിരുന്നു കൃഷ്ണനെന്ന പൂർണ്ണാവതാരം. ഒരർത്ഥത്തിൽ, മറ്റുമാർഗ്ഗങ്ങൾ പരാജയപ്പെടുന്നിടത്താണ് കൃഷ്ണപ്രഭാവം വിജയം രചിക്കുന്നതെന്നു കാണാം. അതുകൊണ്ടുകൂടിയാണല്ലോ ഭഗവാൻകൃഷ്ണനെ പൂർണ്ണാവതാരമെന്ന് സമസ്തലോകത്തിനും നിസ്സംശയം വിളിക്കാനാകുന്നത്.

ഭഗവാൻ ഗീതയിൽ പറയുന്നതുപോലെ, അർജ്ജുനൻ ആയുധമെടുത്താലും ഇല്ലെങ്കിലും സുനിശ്ചിതമായ യുദ്ധം സംഭവിക്കുകയും, ഭൂമിയ്ക്കു ഭാരമായവരൊക്കെ

നിർമ്മാർജ്ജനം ചെയ്യപ്പെടുകയും ചെയ്യുമായിരുന്നു. കൃഷ്ണാവതാരത്തെ സഹായിക്കാൻ ജനിച്ച പാണ്ഡവരെ, അദ്ദേഹം യുദ്ധത്തിൽ പക്ഷപാതപരമായി സഹായിച്ചതിന്റെ രഹസ്യവും ആ ആത്യന്തിക ലക്ഷ്യപ്രാപ്തി തന്നെയായിരുന്നു. അതും ധർമ്മത്തിന്റെ സംരക്ഷണാർത്ഥം നിർവ്വഹിക്കപ്പെട്ട കാലത്തിന്റെ നീതിയാണ്. അതുകൊണ്ടാകാം, കാലനേമിയെന്ന അസുരന്റെ അംശമായി പിറന്ന അമ്മാവൻ കംസനെയും, മഹാഭാരതയുദ്ധത്തിൽ കൗരവപക്ഷത്തിനുവേണ്ടി പൊരുതുവാൻ നിർദ്ദേശിക്കപ്പെട്ട സ്വകീയസൈന്യമായ നാരായണീസേനയെയും സ്വന്തം വംശജരായ യാദവകുലത്തെയും അദ്ദേഹം നീതി നടപ്പാക്കാൻ വിട്ടുകൊടുത്തത്. അക്കാര്യത്തിൽ കർമ്മഫലമായിരുന്നു മുഖ്യം; ജന്മവും ബന്ധവുമല്ല. അവതാരത്തിന്റെ അന്ത്യനാളുകളിൽ വൈകുണ്ഠത്തിലേയ്ക്കു തിരിച്ചെത്താനുള്ള ദൂതുമായിവരുന്ന വായുദേവനോട് ഭഗവാൻ പറഞ്ഞ വാക്കുകളാണ് ഇതിനു സാക്ഷ്യം: "ഭൂഭാരത്തിനു കാരണക്കാരായിരുന്ന അസുരന്മാരെല്ലാം കൊല്ലപ്പെട്ടു. ഇപ്പോഴുള്ള യാദവകുമാരന്മാരും അവരിലൊട്ടും കുറഞ്ഞവരല്ല. അവർ ജീവിച്ചിരിക്കെ ഭൂഭാരം കുറയ്ക്കുക സാധ്യമല്ല. ഈ ദ്വാരക ഞാൻ സമുദ്രത്തോടു വാങ്ങിയതാണ്. അത് തിരികെനല്കിയിട്ട് ഞാൻ ഉടൻ സ്വർഗ്ഗത്തിലെത്തുന്നതാണ്." അത്രമേൽ നീതിപാലകനായ കൃഷ്ണനെതിരെ പക്ഷപാതിത്വവും അധർമ്മവും ആരോപിക്കുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? കൃഷ്ണൻ അധാർമ്മികനാണെന്നു വരുത്തിത്തീർത്തത് ചില ചിന്താധാരകളാണ്. അത് അവരുടെ അധാർമ്മികതകൾക്കു മറയൊരുക്കാനാണ്.

മഹാഭാരതയുദ്ധത്തിൽ പാണ്ഡവർക്കുവേണ്ടി കൃഷ്ണൻ നേടിയജയം അധാർമ്മികമാണെന്ന ആരോപണം ശരിയാണെന്നു തോന്നുന്നത്, യുദ്ധത്തോടെ മഹാഭാരത കാവ്യം അവസാനിപ്പിക്കുന്നയിടത്ത് മാത്രമാണ്. അതിനുശേഷമുള്ള പർവ്വങ്ങളും കൂടി ചേരുമ്പോഴാണ്, അത് ധാർമ്മികതയുടെ ജയമാകുന്നത്. അധർമ്മങ്ങളിലൂടെ നേടിയ പാണ്ഡവരുടേതടക്കമുള്ള വിജയങ്ങളൊക്കെ ആത്യന്തികമായി നിരർത്ഥകമാണെന്ന സത്യം പ്രകാശിതമാകുമ്പോഴേ മഹാഭാരത സന്ദേശം പൂർണ്ണമാകുന്നുള്ളൂ. ധാർമ്മികതയുടെ വിജയപ്രഖ്യാപനമാകുന്നുള്ളൂ. അപ്പോൾ മാത്രമാണ് മഹാഭാരതകഥ യുദ്ധക്കൊതിക്കും അധികാരദുരക്കും പിടിച്ചടക്കലുകൾക്കും എതിരെയുള്ള ചിന്തകളുണർത്തുന്ന മഹത്തായ ഒരു ആദ്ധ്യാത്മികഗ്രന്ഥമാകുന്നത്.

അപഹസിക്കപ്പെട്ട ഇടയൻ

സർവ്വലോകനിയന്താവായിട്ടും തന്റെ അനാഢ്യജന്മത്തിന്റെ പേരിൽ ആൾക്കൂട്ടത്തിനു നടുവിൽവെച്ച് ശ്രീകൃഷ്ണൻ അപഹസിക്കപ്പെട്ടിട്ടുണ്ട്. യുധിഷ്ഠിരൻ ഖാണ്ഡവപ്രസ്ഥത്തിൽ രാജാവായി വാഴുന്നകാലത്ത്, ചക്രവർത്തിപദം മോഹിച്ചു നടത്തിയ രാജസൂയയജ്ഞവേദിയിൽ ശ്രീകൃഷ്ണനെ അഗ്രപൂജചെയ്തുസ്വീകരിച്ചു. അത് ചേദിരാജാവായ ശിശുപാലനും സുഹൃത്തുക്കൾക്കും രസിച്ചില്ല. മഹാത്മാക്കളായ അനേകർ സന്നിഹിതരായ ആ യജ്ഞത്തിൽ, വെറും ഇടയനായ കൃഷ്ണനെ ആദരിച്ചതാണ് അവരുടെ വിരോധത്തിന് ഇടയാക്കിയതും, സംഘർഷത്തിലേക്കു നയിച്ചതും. മഹാവിഷ്ണുവിന്റെ പൂർണ്ണാവതാരമായാലും, അനാഢ്യകുലത്തിലാണ് ജന്മമെങ്കിൽ സ്വീകാര്യമല്ല എന്ന വാദം അന്നുമുണ്ടായിരുന്നു എന്നു തീർച്ച.

കൃഷ്ണന്റെ അനുഗ്രഹം നേടിയവരിൽ അധികവും സാധാരണക്കാരായിരുന്നു. അതിൽ, കുടുംബിനികളായ ഗോപസ്ത്രീകളും, മാലകെട്ടുകാരനായ സുദാമാവും, മഹാദരിദ്രനായ കുചേലനും, പിംഗളയെന്ന വേശ്യാസ്ത്രീയും, സുഗന്ധദ്രവ്യക്കൂട്ടുകളുടെ വിൽപ്പന നടത്തിയിരുന്ന ത്രിവക്രയെന്ന കൂനിയും എല്ലാം ഉണ്ടായിരുന്നു. അതെന്തുകൊണ്ടാകാം? മഹാഭാരതയുദ്ധം ഒഴിവാക്കാനുള്ള സമവായദൂതുപോയ വേളയിൽ, ദുര്യോധനന്റെ രാജകീയസൽകാരം സ്വീകരിക്കാതെ, ശൂദ്രനായ വിദുരന്റെകൂരയിൽ വിരുന്നുണ്ടതിനെ പരിഹസിച്ച് ചിരിച്ച ദുര്യോധനനുള്ള കൃഷ്ണന്റെ മറുപടിയാണ് അതിനുള്ള സാക്ഷ്യപത്രം. "ധനവാനെക്കാൾ ദരിദ്രരെയും, ഗർവ്വിഷ്ഠരേക്കാൾ വിനീതരെയും ഞാൻ ഇഷ്ടപ്പെടുന്നു. ഞാൻ എല്ലായിപ്പോഴും എന്റെ ദരിദ്രനാരായണന്മാരോടൊപ്പമാണ്. അവരെ സ്നേഹിക്കുന്നവർ എന്നെ സ്നേഹിക്കുന്നു. അവർക്ക് ആഹാരം നൽകുന്നവർ, എനിക്ക് ആഹാരം തരുന്നു. അവർക്കു ചെയ്യുന്ന സഹായം എനിക്കു നൽകുന്ന പൂജയാണ്." ആ കൃഷ്ണനെയാണ് ഭഗവത് ഗീതയിലെ ചാതുർവർണ്യം മായാസൃഷ്ടമെന്ന അരശ്ലോകമുയർത്തിക്കാട്ടി ജാതിവ്യവസ്ഥയുടെയും പൗരോഹിത്യമതത്തിന്റെയും സ്രഷ്ടാവും സംരക്ഷകനുമാക്കാൻ മനുവാദികളും ചാതുർവർണ്യവിരുദ്ധരും ഒരുപോലെ ശ്രമിക്കുന്നതും വേട്ടയാടുന്നതും. ആ കൃഷ്ണനെത്തന്നെയാണ് മനുവാദികൾ അവരുടെ വേട്ടമൃഗമാക്കുന്നതും. അതിലെ വസ്തുത എന്തായാലും,ആര്യവംശദുഷ്ടലാക്കുകൾക്ക് കുടപിടിച്ച മനുഷ്യവിരുദ്ധനായിരുന്നില്ല മാധവൻ എന്ന വിശ്വാസത്തിനാണ് കൂടുതൽ സ്വീകാര്യത. അതുകൊണ്ട്, ആ മഹാത്മാവിനെ മനുവാദികൾക്ക് വിട്ടുകൊടുക്കാതിരിക്കലാണ് മനുഷ്യപക്ഷത്തുള്ളവരുടെ യഥാർത്ഥ മാനവധർമ്മം.

പ്രതിനായകനാക്കപ്പെട്ട കൃഷ്ണൻ: ചാതുർവർണ്യ സ്രഷ്ടാവ്

ഭഗവാൻകൃഷ്ണൻ സ്നേഹത്തിന്റെ മൂർത്തീഭാവമായാണ് മാനവ മനസ്സുകളിൽ ഇടം പിടിച്ചിരിക്കുന്നത്. അതുപോലെ പ്രണയലോലുപനായ ഒരു ദൈവത്തെ മറ്റെവിടെയെങ്കിലും കാണാനാകുമോ? ആ സങ്കൽപ്പത്തിനു വിരുദ്ധമായ ഒരു പ്രതിച്ഛായയും കൃഷ്ണന് മേൽ ചാർത്തപ്പെട്ടിട്ടുണ്ട്:മാനവസമൂഹത്തെ പലതായി പകുത്ത പ്രതിനായകന്റെ പ്രതിച്ഛായ. 'ചാതുർവർണ്യം മയാസൃഷ്ടം' എന്ന ഭഗവദ്ഗീതയിലെ അർദ്ധശ്ലോകമാണ് അതിന് ഉപോത്ബലകമായി മിക്കവാറും ഉദാഹരിക്കപ്പെടാറുള്ളത്. ആ പ്രചാരണത്തിലെ നിജസ്ഥിതിയെന്തെന്നു നോക്കാം:

കുരുക്ഷേത്രയുദ്ധഭൂമിയിൽവെച്ചു കൃഷ്ണൻ അർജ്ജുനനോടു പറയുന്ന, ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു എന്ന ശ്ലോകത്തിന് അവിടെ സാന്ദർഭികമായി എന്തെങ്കിലും പ്രസക്തിയുണ്ടോ എന്ന സംശയം പലപ്പോഴും ചർച്ചകളിൽ ഉയർന്നുവരാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, അതൊരു പ്രക്ഷിപ്ത(interpolated) ശ്ലോകമാണെന്ന വാദം ശക്തമാണ്. സാധാരണ മനുഷ്യരുടെ യുക്തിയിൽ അത്തരമൊരു ശ്ലോകം ഗീതയിൽ തീർത്തും അസ്ഥാനത്തുള്ള പ്രസ്താവനയാണ്. എന്നാൽ, മിക്ക പൗരാണികകൃതികളിലും ചാതുർവർണ്യവ്യവസ്ഥയുമായി ബന്ധപ്പെട്ടുള്ള പ്രതിപാദനങ്ങൾ ചേർത്തിരിക്കുന്നത്, ആ സന്ദർഭത്തിനു തീരെ നിരക്കാത്ത നിലയിൽ തന്നെയാണ്. ആ ഒരു പൊതുസ്വഭാവം കണക്കിലെടുക്കുമ്പോൾ, ഇവിടെയും ആ

ചോദ്യത്തിനു പ്രസക്തിയില്ല എന്നതിനാൽ, അനുചിതമായ സ്ഥാനത്തു സംഭവിച്ച പരാമർശമാണോയെന്ന സംശയം മാറ്റിവെക്കാം. അത് യഥാർത്ഥ ശ്ലോകമാണെന്ന വിധത്തിൽതന്നെ പരിശോധിച്ചാലും, നാം എത്തിച്ചേരുന്നത് ഒരു വമ്പൻ അപനിർമ്മിതിയുടെ അസാമാന്യ സാധ്യതയിലേക്കാണ്.

'ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മ വിഭാഗശഃ' -ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു; ഗുണകർമ്മവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി-എന്ന ഗീതാശ്ലോകത്തിലെ, തുടക്കഭാഗം മാത്രമാണ് മനുസ്മൃതി പ്രചാരകന്മാർ അവരുടെ അത്യാചാരങ്ങൾക്ക് അവലംബമായി പൊതുവിൽ ആവിഷ്കരിക്കാറുള്ളത്. അതായത്, മനുഷ്യരെ ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനുമാക്കി വേർതിരിച്ചത് ഭഗവാൻകൃഷ്ണനാണെന്നും, അതിനാൽ അത് ലംഘിക്കാൻ ആർക്കും അധികാരമില്ലെന്നും അവർ പറയുന്നു. ദൈവവിധി ആയതുകൊണ്ട്, ബ്രാഹ്മണന്റെ അധീശത്വവും മറ്റുള്ളവരുടെ അധോഗതിയും എതിർവാക്കില്ലാതെ സർവ്വരും അംഗീകരിക്കണം എന്ന് സംഗ്രഹം. വിഭജനത്തിനുള്ള അളവുകോൽ കർമ്മമാണെന്ന, ശ്ലോകത്തിലെ രണ്ടാം പകുതി-ഗുണകർമ്മവിഭാഗശഃ-ഗുണകർമ്മവിഭാഗത്തെ അടിസ്ഥാനമാക്കി-ബുദ്ധിപൂർവ്വം അവർ തമസ്കരിക്കാറാണു പതിവ്. കാരണം,വർണ്ണവിഭജനത്തിന്റെ അളവുകോൽ ജന്മമല്ല; കർമ്മമാണെന്നു കൃഷ്ണൻ പറഞ്ഞത് ജനമറിഞ്ഞാൽ, നാം കാണുന്ന ജന്മാധിഷ്ഠിതമായ വർണ്ണവിഭജനം അസാധുവാകും. പരമപുരുഷന്റെ ശരീരഭാഗങ്ങളിൽനിന്നും ഉണ്ടായവരുടെ പിന്മുറക്കാരാണ് വിവിധവർണ്ണികൾ എന്ന വമ്പൻ കള്ളം പൊളിഞ്ഞുവീഴും. ഭഗവദ്ഗീത പഠിക്കുമ്പോൾ മനസ്സിലാകുന്ന പരമാർത്ഥം, ജാതിബ്രാഹ്മണ്യത്തിന്റെ സൃഷ്ടിയായ ചാതുർവർണ്യവിഭജനത്തിന് ആധികാരികത നൽകാനായി സ്മൃതിവാദികൾ മേൽ ശ്ലോകത്തെ ദുരുപയോഗം ചെയ്യുകയായിരുന്നു എന്നതാണ്. അത് വ്യക്തമാകണം എങ്കിൽ, ആ അവസരത്തിലെ സംവാദവിഷയം എന്താണെന്നും, ആ ശ്ലോകത്തിനു മുമ്പും പിൻപുമുള്ള ശ്ലോകങ്ങളിൽ എന്താണ് പറയുന്നതെന്നും അറിയണം.

ഭഗവദ്ഗീതയിലെ, ജ്ഞാനകർമ്മ സന്യാസയോഗം എന്ന നാലാം അധ്യായത്തിലെ, ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശഃ എന്ന് ആരംഭിക്കുന്ന ശ്ലോകം കൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ളത് വർണ്ണവിഭജനത്തിന്റെ ഉത്ഭവപശ്ചാത്തലം പറയാനല്ല; കർമ്മഫലത്തെക്കുറിച്ച് ഉദാഹരിക്കാനായിരുന്നു. എന്തുകൊണ്ടെന്നാൽ, കർമ്മത്തിന്റെ ഫലങ്ങളെക്കുറിച്ചായിരുന്നു ആ വേളയിലെ ചർച്ച. വിവാദശ്ലോകമായ പതിമൂന്നാം ശ്ലോകത്തിനു തൊട്ടുമുമ്പുള്ള കൃഷ്ണവചനം കാണുക:

> **കാംക്ഷന്തഃ കർമണാം സിദ്ധിം യജന്ത ഇഹ ദേവതാഃ**
> **ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമജാ** (12)
>
> കർമ്മങ്ങളുടെ സിദ്ധി കാംക്ഷിക്കുന്നവർ ഇവിടെ ദേവന്മാരെ പൂജിക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യലോകത്തിൽ കർമ്മഫലം വേഗത്തിൽ സിദ്ധിക്കുന്നു.

അതിനാലാണ്, കർമ്മഗുണങ്ങളുടെ അടിസ്ഥാനത്തിൽ ചാതുർവർണ്യം സൃഷ്ടി

ച്ചതു താനാണെന്നും, എന്നാൽ ആ കർമ്മം തന്നെ ബധിക്കുകയില്ലെന്നും ഭഗവാൻ കൃഷ്ണൻ അടുത്ത ശ്ലോകത്തിൽ(ശ്ലോകം:13) അർജ്ജുനനോടു പറയുന്നത്:

ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമവിഭാഗശഃ
തസ്യ കർത്താരമപി മാം വിദ്ധ്യകർത്താരമവ്യയം (13)

ഗുണങ്ങളുടെയും കർമ്മങ്ങളുടെയും വിഭാഗമനുസരിച്ച ചാതുർവർണ്യം ഞാൻ സൃഷ്ടിച്ചിരിക്കുന്നു. നിഷ്ക്രിയനും അനശ്വരനുമായ എന്നെത്തന്നെ അതിന്റെയും ചാതുർവർണ്യത്തിന്റെയും സൃഷ്ടാവായി അറിയുക.

ന മാം കർമാണി ലിമ്പന്തി ന മേ കർമഫലേ സ്പൃഹാ
ഇതി മാം യോഽഭിജാനാതി കർമഭിർന സ ബധ്യതേ (14)

എന്നെ കർമ്മം ബാധിക്കുന്നില്ല. എനിക്ക് കർമ്മഫലത്തിൽ ആഗ്രഹമില്ല. ഈ വിധം എന്നെ എവന് അറിയുന്നുവോ അവൻ കർമ്മങ്ങളാൽ ബന്ധനാകുന്നില്ല.

അനന്തരം ഭഗവാൻ, കർമ്മമെന്ത്? അകർമ്മമെന്ത്? എന്നകാര്യത്തിൽ ക്രാന്തദർശികൾപോലും ഭ്രമമുള്ളവരാണെന്നും, അതിനാൽ 'കർമ്മ'മെന്തെന്നും 'അകർമ്മ'മെന്തെന്നും 'വികർമ്മ'മെന്തെന്നും താൻ വിശദമാക്കാമെന്ന് അറിയിച്ച് ഓരോന്നിനെയും വിശദീകരിക്കുന്നു. അതിന്റെ ഭാഗമായി, ഫലേച്ഛകൂടാതെയുള്ള കർമ്മത്തിന്റെ(നിഷ്കാമകർമ്മത്തിന്റെ) മഹത്വവും മോക്ഷസാധനയിൽ അതിനുള്ള പ്രാമുഖ്യവും വിശദമാക്കി പാർത്ഥനെ കർമ്മനിരതനാക്കാനാണ് ശ്രീകൃഷ്ണൻ ശ്രമിക്കുന്നത്. വാസ്തവം ഇതാണെങ്കിലും, വികടവ്യാഖ്യാതാക്കളുടെ പദ്ധതി മുൻകൂർ നിശ്ചയിക്കപ്പെട്ടതായതുകൊണ്ട്, വസ്തുതകൾക്ക് തികച്ചും പ്രാധാന്യമില്ലാതായി എന്നുമാത്രം. മാത്രവുമല്ല, പ്രസ്തുത ശ്ലോകത്തിന് മുമ്പും പിൻപുമുള്ള ശ്ലോകങ്ങൾ കൂടി പറഞ്ഞാൽ, വർണ്ണവിശുദ്ധിവാദികൾക്ക് ചില പ്രശ്നങ്ങളുമുണ്ട്:

- ✓ ഒന്നാമതായി, ചാതുർവർണ്യം സൃഷ്ടിച്ചതു താനാണ് എങ്കിലും, ആ കർമ്മം തന്നെ ബധിക്കുകയില്ല എന്നു കൃഷ്ണൻ പറഞ്ഞതുംകൂടി പറയേണ്ടിവരും. അതോടുകൂടി,ആ കർമത്തിൽ കൃഷ്ണനുള്ള കർതൃത്വം ഇല്ലാതെയാകും. പിന്നെ, ഭഗവാൻ സൃഷ്ടിച്ചതായതുകൊണ്ട് അനുസരിച്ചേ പറ്റൂ എന്ന ചാതുർവർണ്യവക്താക്കളുടെ വാദത്തിന് എന്തു പ്രസക്തിയാണുള്ളത്?
- ✓ രണ്ടാമതായി, സാന്ദർഭികമായി പറഞ്ഞുവെച്ച ഒരു ഉദാഹരണത്തിന്നപ്പുറം, ഒരുദ്ദേശ്യവും ആ ശ്ലോകത്തിന് ഗീതയിലില്ല എന്നുവരും. അതോടെ, ശ്രീകൃഷ്ണനെ ചാതുർവർണ്യവ്യവസ്ഥയുടെ വക്താവാക്കാനും, അതിലൂടെ മുതലെടുക്കാനുമുള്ള എല്ലാ സാധ്യതകളും അടഞ്ഞുപോകും.
- ✓ മൂന്നാമതായി, മുമ്പും പിൻപുമുള്ള ശ്ലോകങ്ങളിൽ, കർമ്മത്തിന്റെ ഫലങ്ങളെക്കുറിച്ചാണു പറയുന്നതെന്നറിഞ്ഞാൽ, വിവാദശ്ലോകത്തിലെ രണ്ടാം ഭാഗവും-ഗുണകർമ്മവിഭാഗശഃ-പറഞ്ഞേ മതിയാകൂ എന്ന സ്ഥിതിയുണ്ടാകും. അതോടെ, ചാതുർവർണ്യവിഭജനത്തിന്റെ അടിസ്ഥാനകാരണമായി പ്രചരിപ്പിക്കുന്ന ജന്മം എന്ന ഘടകം അപനിർമ്മിതിയാണെന്നും, ചാതുർവർണ്യ

> വിഭജനത്തിന്റെ ആധാരം കർമ്മമാണെന്നും വരും. വംശവിശുദ്ധിവാദിക ൾക്ക് അതിനേക്കാൾ വിനാശകരമായ അവസ്ഥ മറ്റെന്തുണ്ട്?

ചാതുർവർണ്യം മയാസൃഷ്ടം എന്ന അരശ്ലോകം പ്രചരിപ്പിച്ച്, ഭഗവത്ഗീതയെയും കൃഷ്ണനെയും വ്യാസനെയും ഇരുട്ടിൽ നിറുത്തി വിളവെടുപ്പുനടത്തുന്നതിന്റെ കാരണങ്ങൾ അതൊക്കെത്തന്നെയാണ്. അവർണ്ണകുലത്തിൽ അവതാരമെടുത്ത ഭഗവാനും അനാര്യസമുദായങ്ങൾക്കും മേൽ ഇരട്ട വിജയമായിരിക്കാം ഒരുപക്ഷെ അതിലൂടെ ജാതിബ്രാഹ്മണ്യം ലക്ഷ്യമിട്ടത്. അതുമൂലം കളങ്കപ്പെടുന്നത് ഗീതയും ഭഗവാനുമാണെന്നു മനസ്സിലാക്കാനുള്ള വകതിരിവ്, ആ ശ്ലോകത്തെ വക്രീകരിച്ചു വ്യാഖ്യാനിച്ച പുരോഹിതവർഗ്ഗത്തിന് ഉണ്ടായില്ലെന്നു ചുരുക്കം. അല്ലെങ്കിൽ,ഭഗവ ദ്ഗീതയും ഭഗവാനും അവമതിക്കപ്പെട്ടാലും സാരമില്ല, സ്വന്തം വർഗ്ഗതാത്പര്യങ്ങ ളാണ് വലുതെന്ന് ആ വ്യാഖ്യാതാക്കൾ കരുതിയിരിക്കണം.

'ഏതോ ദുർബുദ്ധികൾ അങ്ങനെ പറഞ്ഞുപരത്തിയതാണെ'ന്നു വരുത്തി, കൈക ഴുകാൻ ശ്രമിക്കുന്ന ശുദ്ധാത്മാക്കളും എന്തുകൊണ്ട് ആ വ്യാജപ്രചരണം ആധികാ രികമായി തിരുത്തപ്പെട്ടില്ല എന്ന സംശയത്തിന് ഉത്തരം പറയാൻ ബാധ്യസ്ഥരാണ്. ശൂദ്രരെയും അവർണ്ണരെയും അടിമകളാക്കിമാറ്റാൻ, ജാതിഭ്രാന്തന്മാർ ഉപയോഗിച്ച അതേ അർദ്ധജരതീയന്യായം(ആവശ്യമുള്ള ഭാഗം മാത്രം അടർത്തിയെടുത്ത് ഉപ യോഗിക്കുന്ന തന്ത്രം) ആവർത്തിച്ചുറപ്പിക്കുകയാണ് സവർണ്ണാധിപത്യത്തെ എതി ർക്കുന്നവരും പുരോഗമനാശയക്കാരും ഒരർത്ഥത്തിൽ ചെയ്തത്. ബ്രാഹ്മണ്യമൊ രുക്കിയ കെണിയിൽവീണ്, ഇരകളെ ഒറ്റുകൊടുക്കുകയാണ് അവരും ചെയ്തത്. വാസ്തവമെന്തെന്നറിയാതെ കൃഷ്ണനെ ശത്രുവാക്കുവാനും, ഭഗവദ്ഗീത കത്തി ക്കാനുമായിരുന്നു അവർക്കും തിടുക്കം. സത്യം എന്തെന്നു തിരക്കിയറിയാനുള്ള സത്യസന്ധത അവരും കാണിച്ചിട്ടില്ല. ഭഗവദ്ഗീത ഒരുവട്ടം വായിക്കാൻ ശ്രമിച്ചിരു ന്നെങ്കിൽ, ജാതിബ്രാഹ്മണ്യത്തിന്റെ ക്ഷുദ്രതന്ത്രങ്ങൾ തച്ചുടയ്ക്കാൻ ഉതകുന്ന വി വരങ്ങൾ അതിൽത്തന്നെയുണ്ടെന്ന് അർക്കും കണ്ടെത്താനാകും. എന്തുകൊണ്ടെ ന്നാൽ,അപനിർമ്മിതികൾക്ക് ആത്മാവുചോർത്താൻ കഴിയാത്തരീതിയിൽ സത്യ ത്തിന്റെ കൈയൊപ്പു പതിച്ചാണ് ഓരോ കൃതിയും പൂർവ്വസൂരികൾ നിർമ്മിച്ചിട്ടു ള്ളത്. ആ സത്യങ്ങൾ കണ്ടെത്തുക കൂടിയാകണം, അവയുടെ പഠനലക്ഷ്യം.

മഹാഭാരതയുദ്ധത്തിന് തയ്യാറായെത്തിയ അർജ്ജുനൻ, മറുവശത്ത് യുദ്ധസജ്ജരാ യി അണിനിരന്ന ബന്ധുക്കളെയും ഗുരുക്കന്മാരെയും സുഹൃത്തുക്കളെയും കണ്ടു ദുർബ്ബലചിത്തനായി പരിതപിക്കുന്നു: കുലനാശമുണ്ടായാൽ കുലധർമ്മം നശിക്കു മെന്നും, കുലധർമ്മം നശിച്ചാൽ അധർമ്മം വ്യാപിയ്ക്കുമെന്നും, അധർമ്മം വ്യാപി ക്കുമ്പോൾ കുലസ്ത്രീകൾ ദുഷിയ്ക്കുമെന്നും,കുലസ്ത്രീകൾ ദുഷിക്കുന്നതോടെ കുലത്തിൽ വർണ്ണസങ്കരം സംഭവിക്കുമെന്നുമുള്ള ഭീതിയായിരുന്നു അർജ്ജുനന്. കുലം ക്ഷയിച്ചാൽ കുലധർമ്മങ്ങളും നശിക്കും. ധർമ്മം നശിച്ചാൽ കുലത്തെ മുഴു വൻ അധർമ്മം ബാധിക്കും. സിംഹാസനത്തിനും സുഖങ്ങൾക്കും വേണ്ടി ബന്ധുജ നങ്ങളെ കൊല്ലാൻ മുതിരുന്നതു വലിയ പാപമാണ് എന്ന് അർജ്ജുനൻ പറയുന്നതി ന്റെ കാരണം വർണ്ണവ്യവസ്ഥിതിയുടെ സംരക്ഷണത്തിനുള്ള വ്യഗ്രതയാണെന്നു

വ്യാഖ്യാനിക്കുന്നതുപോലും വസ്തുതാപരമായി പിശകാണ്. അർജ്ജുനൻ ആശങ്കപ്പെടുന്നത് കുലക്ഷയത്തെക്കുറിച്ചാണ്. അത്, പാണ്ഡവരും കൗരവരുമുൾപ്പെടുന്ന കുലത്തിന്റെ നാശത്തെക്കുറിച്ചാണ്; ക്ഷത്രിയവംശത്തിന്റെ നാശത്തെക്കുറിച്ചല്ലല്ലോ. അതിനെ വർണ്ണാചാരസംരക്ഷണത്തിനുള്ള ഉത്സുകതയായി കരുതാനാകില്ലല്ലോ. എതിർപക്ഷത്തു നിലയുറപ്പിച്ചിരിക്കുന്ന ബന്ധുജനങ്ങളെ കണ്ട നേരമാണ് പാർത്ഥൻ പരവശനായത് എന്നതുതന്നെയാണ് അതിനുള്ള തെളിവ്. അതിനെ വർണ്ണധർമ്മവുമായി ബന്ധിപ്പിച്ചു വ്യാഖ്യാക്കുന്നത് ദുരുദ്ദേശ്യപരമാണ്. അവിടെ അർജ്ജുനന്റെ വേവലാതി സ്വന്തം വംശത്തിന്റെ അന്ത്യമാണ്; അല്ലാതെ ചാതുർവർണ്യവ്യവസ്ഥയുടെ വിനാശമല്ല. അതുകൊണ്ടാണ് വൃഷ്ണിവംശജനായ(യാദവനായ) കൃഷ്ണാ എന്ന് അദ്ദേഹം ഭഗവാനെ അഭിവാദ്യംചെയ്ത് ഓർമ്മിപ്പിക്കുന്നത്:

കുലക്ഷയേ പ്രണശ്യന്തി കുലധർമാഃ സനാതനാഃ
ധർമ്മേ നഷ്ടേ കുലം കൃത്സ്നമധർമ്മോഽഭിഭവത്യുത (40)

കുലം നശിക്കുമ്പോൾ സനാതനങ്ങളായ കുലധർമ്മങ്ങൾ നശിക്കുന്നു, ധർമ്മം നശിക്കുമ്പോൾ കുലത്തെ മുഴുവൻ അധർമ്മം ബാധിക്കുന്നു.

അധർമ്മാഭിഭവാത്കൃഷ്ണ പ്രദുഷ്യന്തി കുലസ്ത്രിയഃ
സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ ജായതേ വർണസങ്കരഃ (41)

വൃഷ്ണിവംശജനായ കൃഷ്ണാ, അധർമ്മം ബാധിക്കുമ്പോൾ കുല സ്ത്രീകൾ ദുഷിക്കുന്നു. സ്ത്രീകൾ ദുഷിക്കുമ്പോൾ വർണ്ണസങ്കരം സംഭവിക്കുന്നു.

താനും കൃഷ്ണനുമുൾപ്പെടുന്ന കുലത്തിന്റെ നാശവും, അനന്തരം സംഭവിക്കാൻ സാധ്യതയുള്ള സംഗതികളുമാണ് പാർത്ഥനെ തളർത്തിയത്. തന്റെ വംശത്തിലെ സ്ത്രീകൾ വിധവകളാകുന്നതും അവരിലെ പലരേയും അന്യകുലങ്ങളിലുള്ളവർ സ്വന്തമാക്കുന്നതും, പിതൃക്കൾക്ക് പിണ്ഡം ലഭിക്കാതെയാകുന്നതുമൊക്കെയാണ് അദ്ദേഹം സൂചിപ്പിച്ചത് എന്നതുതന്നെയാണ് അതിനുള്ള തെളിവ്. യുദ്ധം നടന്നാൽ കുറെയേറെ ക്ഷത്രിയർ മരിക്കും എന്നത് സ്വാഭാവികമാണല്ലോ. അതറിയാത്തയാളല്ല അർജ്ജുനൻ. അതറിഞ്ഞുകൊണ്ടുതന്നെയാണല്ലോ യുദ്ധത്തിനിറങ്ങിപ്പുറപ്പെട്ടത്. ക്ഷത്രിയകുലത്തിന്റെ നാശത്തെക്കുറിച്ചായിരുന്നു അർജ്ജുനന്റെ വേവലാതിയെങ്കിൽ, അദ്ദേഹം പടക്കളത്തിൽ ഇറങ്ങുന്നതിനുമുൻപ് യുദ്ധം ഒഴിവാക്കാനുതകുന്ന മാർഗ്ഗങ്ങൾ തിരയുമായിരുന്നു. 'സ്വധർമ്മത്തെ ഓർത്തിട്ടെങ്കിലും വിഷമിക്കാതിരിക്കുക; ക്ഷത്രിയന് ധർമ്മയുദ്ധത്തെക്കാൾ ഉത്കൃഷ്ടമായി മറ്റൊന്നുമില്ല' (സ്വധർമ മപി ചാവേക്ഷ്യ ന വികമ്പിതുമർഹസി/ധർമ്യാദ്ധി യുദ്ധാച്ഛ്റേ യോന്യൽ ക്ഷത്രിയസ്യ ന വിദ്യതേ) എന്നു കൃഷ്ണൻ പറഞ്ഞതും രാജധർമ്മത്തെപ്പറ്റിയാണ്; വർണ്ണധർമ്മത്തെക്കുറിച്ചല്ല എന്നതും വ്യക്തമാണല്ലോ. സ്വധർമ്മമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്വന്തം വ്യക്തിധർമ്മമാണെങ്കിലും, പലരും അതിനെ വക്രീകരിച്ച് സ്വന്തം വർണ്ണധർമ്മമാണെന്ന് വരുത്തിയതുകൊണ്ടുള്ള തെറ്റിദ്ധാരണയാണ് ഇത്തരം പല ദുർവ്യാഖ്യാനങ്ങളുടെയും ആധാരം. കുലക്ഷയത്തെക്കുറിച്ചും കുലധർമ്മങ്ങളെക്കുറിച്ചും പറയുന്നതിനിടെ കടന്നുവരുന്ന ഇത്തരം വർണ്ണസങ്കര പരാമർശങ്ങൾ എത്രമാത്രം മൗലികമാകാം എന്നകാര്യവും പരിശോധിക്കുക. കാരണം, ഇരുവശത്തും ക്ഷത്രിയരായതിനാൽ യുദ്ധശേഷം വർണ്ണസങ്കരസാധ്യതയില്ലല്ലോ.

സങ്കരോ നരകായൈവ കുലഘ്നാനാം കുലസ്യ ച
പതന്തി പിതരോ ഹ്യേഷാം ലുപ്തപിണ്ഡോദകക്രിയാഃ (42)

വർണ്ണസങ്കരം കുലനാശകന്മാർക്കും കുലത്തിനും നരകത്തിനായിത്തന്നെ തീരുന്നു. ഇവരുടെ പിതൃക്കൾ പിണ്ഡദാനവും ഉദകക്രിയയും ലഭിക്കാതെ നിലംപതിച്ചു പോകുന്നു.

ആ ആവലാതി പ്രകടിപ്പിച്ച അർജ്ജുനനോട്, ഈ ക്ലീബത്വം (ആണുംപെണ്ണും കെട്ട സ്ഥിതി) എങ്ങനെ നിന്നിൽ വന്നുചേർന്നു എന്ന സന്ദേഹമാണ് ഭഗവാൻകൃഷ്ണൻ ഉന്നയിക്കുന്നത്. ആ ചോദ്യം അനേകം അർത്ഥതലങ്ങളുള്ളതാണ്:

ക്ലൈബ്യം മാ സ്മ ഗമഃ പാർഥ നൈതത്ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൌർബ്ബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ (3)

പാർത്ഥാ, പൌരുഷമില്ലായ്മ നിനക്കു വന്നു കൂടാ. ഇതു നിനക്കു ചേരില്ല. ശത്രുനാശകാ, നികൃഷ്ടമായ ഹൃദയ ദൌർബല്യം കൈവിട്ടു നീ എഴുന്നേൽക്ക.

ആണുംപെണ്ണുംകെട്ട ഒരുവൻ ഗുണവാനായ ക്ഷത്രിയനല്ലെന്നും, പൗരുഷമുള്ളവനാണ്(ക്ഷാത്രഗുണമുള്ളവൻ) ക്ഷത്രിയൻ എന്നുമാണ് കൃഷ്ണൻ പറയുന്നത്. രാജവംശത്തിൽജനിച്ച ഒരാളിന് ചേരാത്ത ദൗർബ്ബല്യം ഉപേക്ഷിക്കാൻ കൃഷ്ണൻ അർജ്ജുനനോടു പറയുന്നതിൽ, ചാതുർവർണ്യത്തിന് എന്താണ് പ്രസക്തി? അർജ്ജുനന്റെ അപ്പോഴത്തെ അവസ്ഥയെ പ്രതിഫലിപ്പിക്കുന്ന ആ അഭിപ്രായപ്രകടനത്തെത്തുടർന്ന് കൃഷ്ണൻ നൽകിയ ദീർഘമായ മറുപടിയുടെ ഭാഗമായാണ്, ചാതുർവർണ്യം മായാസൃഷ്ടം എന്നുതുടങ്ങുന്ന വിവാദശ്ലോകം വരുന്നത്. രാജവംശത്തിൽ ജനിച്ചതുകൊണ്ടുമാത്രം ആരും ക്ഷത്രിയനാകുന്നില്ലെന്നു സമർത്ഥിക്കാൻവേണ്ടിയാണ് കൃഷ്ണൻ, 'കർമ്മഗുണത്തിന്റെ അടിസ്ഥാനത്തിലാണ്' താൻ വർണ്ണങ്ങൾ ഉണ്ടാക്കിയതെന്നു പറഞ്ഞത്. ഗുണകർമ്മം അഥവാ, കർമ്മഗുണമെന്നാൽ, ചെയ്യുന്ന കർമ്മങ്ങളുടെ ഗുണം(മൂല്യം) എന്നാണ് അർത്ഥം. ക്ഷാത്രഗുണമുള്ളവൻ മാത്രമാണ് ക്ഷത്രിയൻ എന്ന കൃഷ്ണന്റെ വാക്കുകൾ ജന്മാധിഷ്ഠിതമായ വർണ്ണവിഭജനത്തെ തള്ളിക്കളയുന്നതാണ്.ആ സത്യം അട്ടിമറിക്കലാണ് വിവാദങ്ങളുടെ ഉന്നം.

പ്രപഞ്ചത്തിൽ ചാതുർവർണ്യം അടക്കം സർവ്വതിന്റെയും സ്രഷ്ടാവായ തനിക്ക് (മഹാവിഷ്ണു) ഇല്ലാത്ത വേവലാതി, വർണ്ണസങ്കരത്തിന്റെ കാര്യത്തിൽ നിനക്കു വേണ്ടെന്ന് മനോഹരമായ ഭാഷയിൽ, മാന്യതയോടെ പറയുകയാണല്ലോ ഭഗവാൻ. അർജ്ജുനന്റെ ആശങ്കയ്ക്ക്, അതിനേക്കാൾ നല്ല മറുപടി എവിടെ കിട്ടും? നാലാമധ്യായത്തിന്റെ ആരംഭഭാഗത്ത് ഭഗവദ്ഗീതയുടെ ഉത്പത്തി പ്രതിപാദിക്കുമ്പോൾ, താനാണ് ഗീത വിവസ്വാനു(സൂര്യഭഗവാൻ) വിവരിച്ചുകൊടുത്തതെന്ന് കൃഷ്ണൻ പറയുന്നുണ്ട്. സൂര്യഭഗവാനിൽനിന്ന് മനുഷ്യവംശത്തിന്റെ പിതാവായ മനുവും, അദ്ദേഹത്തിൽനിന്നു മകനായ ഇക്ഷ്വാകുവും, ഇക്ഷ്വാകുവിൽനിന്നു മറ്റുള്ളവരും ആ മഹത്സത്യം ഗ്രഹിച്ചു എന്ന് ആ അറിവിന്റെ പ്രസരണത്തെ കൃഷ്ണൻ സംഗ്ര

ഹിക്കുന്നു. അനന്തരം, സൂര്യൻ കൃഷ്ണനേക്കാൾ(കൃഷ്ണാവതാരം) വളരെമുമ്പാണ് ജനിച്ചത് എന്നതിനാൽ, അദ്ദേഹം സൂര്യനു പകർന്നുനൽകിയെന്നു പറയുന്നത് എങ്ങനെ വിശ്വസിക്കുമെന്ന് അർജ്ജുനൻ സംശയം ഉയർത്തുന്നു. അതിനുള്ള മറുപടിയായി, ആദ്യനും നിരപേക്ഷനും അച്യുതനും തുടക്കമില്ലാത്തവനുമാണ് താൻ എന്ന് ഭഗവാൻ വിശദമാക്കുന്നു. അതായത്, കൃഷ്ണനെന്ന അവതാരമല്ല; സർവ്വസ്രഷ്ടാവായ വിഷ്ണുവാണ് താനെന്ന് ഓർമ്മിപ്പിക്കുകയാണ് കൃഷ്ണൻ: "അല്ലയോ അർജ്ജുനാ, എന്റെയും നിന്റെയും അനേക ജന്മങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. അവയെല്ലാം ഞാനറിയുന്നു; നീ അറിയുന്നില്ല" (ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാർജ്ജുന താന്യഹം വേദ സർവ്വാണി നത്വം വേത്ഥ പരന്തപഃ) എന്ന, അടുത്ത ശ്ലോകം(5) അതാണ് വ്യക്തമാക്കുന്നത്. പത്താം അധ്യായത്തിലെ വിഭൂതിയോഗത്തിൽ, അത് കുറേക്കൂടി വിശദമായി കൃഷ്ണൻ വിവരിക്കുന്നുണ്ട്. അതായത്, കൃഷ്ണൻ എന്ന അവതാരമായല്ല; പ്രപഞ്ചസ്രഷ്ടാവ് എന്നനിലയിലാണ് കൃഷ്ണന്റെ കർമ്മങ്ങളെയും വചനങ്ങളെയും കാണേണ്ടതെന്നു സാരം. ചാതുർവർണ്യവ്യവസ്ഥിതിയുടെ സ്രഷ്ടാവ് കൃഷ്ണനല്ല; പ്രപഞ്ചനിർമ്മാതാവായ വിഷ്ണുവാണ് എന്നു വരുന്നതോടെ അതിന്റെ വ്യാപ്തിയിലുണ്ടാകുന്ന മാറ്റം വലുതാണ്. ത്രിഗുണങ്ങളുടെ അടിസ്ഥാനത്തിലോ, അല്ലാതെയോ സ്വാഭാവികമായി സംഭവിച്ച വർണ്ണങ്ങളുടെ ഉത്പത്തി, പറയപ്പെടുന്നതുപോലെയുള്ള ജന്മാധിഷ്ഠിതമായ വർണ്ണവിഭജനമോ ജാതിവിഭജനമോ അല്ലെന്നുതന്നെയാണ് ഇതിലൂടെയെല്ലാം വെളിവാകുന്നത്. മറിച്ചുള്ള അർത്ഥനിരൂപണങ്ങൾക്കൊന്നും ശാസ്ത്രഗ്രന്ഥങ്ങളുടെ പിൻബലമില്ല. താനായിരുന്നു ഗീത വിവസ്വാനു(സൂര്യനു) പകർന്നുകൊടുത്തത് എന്ന കൃഷ്ണന്റ വചനം എന്തുകൊണ്ടാണ് ചരിത്രപരമായി പ്രസക്തമാകുന്നത് എന്ന് ഇനി നോക്കാം:

ശ്രീഭഗവാനുവാച
ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയം
വിവസ്വാന്മനവേ പ്രാഹ മനുരിക്ഷ്വാകവേഽബ്രവീത് (1)

ശ്രീ ഭഗവാൻ പറഞ്ഞു: അവ്യയമായ ഈ യോഗത്തെ ഞാൻ ആദിത്യന് ഉപദേശിച്ചു. ആദിത്യൻ മനുവിനും ഉപദേശിച്ചുകൊടുത്തു. മനു ഇക്ഷ്വാകുവിനും ഉപദേശിച്ചു.

മേൽപ്പറഞ്ഞ ശ്ലോകത്തിലെ(അധ്യായം:4, ജ്ഞാനകർമസന്യാസയോഗഃ, ശ്ലോകം:1), വിവസ്വാനെന്ന പ്രയോഗത്തിന് സൂര്യൻ എന്നാണ് പലരും നൽകുന്ന വ്യാഖ്യാനം. എന്നാൽ, വിവസ്വാൻ എന്ന പദത്തിന് മറ്റൊരു അർത്ഥതലമുണ്ട്. ദേവന്മാരുടെയും അസുരന്മാരുടെയും പക്ഷിമൃഗാദികളുടേയും ആദിപിതാവായ കശ്യപപ്രജാപതിയ്ക്കു ദക്ഷപുത്രിയായ അദിതിയിൽ ഉണ്ടായ പന്ത്രണ്ടു പുത്രന്മാരിൽ(ദ്വാദശാദിത്യന്മാർ) പ്രധാനിയാണ് വിവസ്വാൻ. അദ്ദേഹത്തിൽനിന്നുമാണ് സൂര്യവംശം ആരംഭിച്ചത്. വിവസ്വാനു സംജ്ഞാദേവിയിൽ ജനിച്ച പുത്രനായ ശ്രാദ്ധദേവനാണ് ഈ മന്വന്തരത്തിലെ മനുവായി പറയപ്പെടുന്ന വൈവസ്വതൻ. അദ്ദേഹം ദ്രാവിഡ രാജാവായിരുന്നെന്ന, മഹാഭാഗവതത്തിലെ പരാമർശം 'വൈവസ്വതമനു ദ്രാവിഡരാജാവായിരുന്നു' എന്ന അധ്യായത്തിൽ കണ്ടതാണല്ലോ. വിവസ്വാനിൽനിന്ന് മനുഷ്യകുലത്തിന്റെ പിതാവായ വൈവസ്വതമനുവും, അദ്ദേഹത്തിൽനിന്നും ഇക്ഷ്വാകുവും,

സൂര്യവംശരാജാവായ ഇക്ഷ്വാകുവിൽനിന്ന് മറ്റുള്ളവരും ഭഗവത്ഗീത എന്നമഹത് സത്യം ഗ്രഹിച്ചു എന്ന് കൃഷ്ണൻ പറയുമ്പോൾ, അത് നിരങ്കുശമായി നിഷേധിക്കുന്നത്, ആ അറിവിനുമേൽ ആര്യവംശത്തിനുള്ള അവകാശവാദങ്ങളാണല്ലോ. ഭാരതഭൂമിയിൽ ആര്യവംശജർ അധിനിവേശംനടത്തുന്നതിനു മുൻപുള്ള ദ്രാവിഡസംസ്കൃതിയിലാണ്, മഹാഭാരതകാവ്യവും അതിന്റെ ഹൃദയമായ (ആത്മാവ്) ഭഗവത്ഗീതയും പിറവിയെടുത്തത് എന്നാണല്ലോ ഭഗവാൻകൃഷ്ണൻ സ്ഥാപിക്കുന്നത്.

പുരാണേതിഹാസങ്ങളിലെയും ഭഗവത്ഗീതയിലെയും ചില ശ്ലോകങ്ങളിൽ, സ്വധർമ്മാനുഷ്ഠാനത്തിന്റെ മഹിമയും പരധർമ്മാനുഷ്ഠാനത്തിലെ അനൗചിത്യവും സംബന്ധിച്ചു പറയുന്നതിനെ വർണ്ണവ്യവസ്ഥയും കുലത്തൊഴിലുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നവരുണ്ട്. അതിനു യാതൊരു സാധൂകരണവുമില്ലെന്ന് ശങ്കരാചാര്യരുടെ ഗീതാഭാഷ്യമടക്കമുള്ള ആധികാരിക കൃതികൾ സാക്ഷ്യപ്പെടുത്തുന്നത് ഈ കൃത്യമായ വിശദീകരണം ഉൾക്കൊണ്ടുകൊണ്ടാണ്. തന്റെ നിലപാട് കുറച്ചുകൂടി കൃത്യമാക്കാൻവേണ്ടിയാണ് ഗീതയിലെ മറ്റൊരു ശ്ലോകത്തിൽ *'പണ്ഡിതൻ വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണനിലും, പശുവിലും നായയിലും ചണ്ഡാളനിലും സമദർശിയാകുന്നു. അവൻ സമസ്തജീവികളിലും അവനെയും,അവനിൽ സമസ്തജീവികളെയും ദ്വൈതചിന്തയില്ലാതെ കാണുന്നു' എന്ന് കൃഷ്ണൻ പറയുന്നത്. ദ്വൈതചിന്തയിലൂന്നിയ ആ സമദൃഷ്ടിയില്ലാത്തവൻ, എത്ര ഉന്നതനായാലും പണ്ഡിതനല്ല എന്നുതന്നെ.ചാതുർവർണ്യം സൃഷ്ടിച്ചതു കുലമഹിമയുടെ അടിസ്ഥാനത്തിലല്ല; കർമ്മഗുണങ്ങളെ ആസ്പദമാക്കിയാണെന്ന് ഇത്രമേൽ കൃത്യമായി ശ്രീകൃഷ്ണൻ പറഞ്ഞിട്ടും നമുക്കു വിശ്വാസം ജാതിബ്രാഹ്മണ്യത്തിന്റെ വ്യാഖ്യാനവഷളത്തമാണ്. സകലരുടെയും ശത്രുത കൃഷ്ണനോടാണ്. അതിന്റെ മൂലകാരണം, ജന്മജന്മാന്തരങ്ങളായി നമ്മുടെയൊക്കെ ഉള്ളിൽ ഉറഞ്ഞുകൂടിയിട്ടുള്ള ബ്രാഹ്മണ്യത്തോടുള്ള മാനസികാടിമത്തമാകാനാണ് സാധ്യത.(*അധ്യാ:5, ശ്ലോകം:18).

'സംരക്ഷിക്കാൻ അധികാരം പതിച്ചുകിട്ടിയവരും' വിമർശകരും ഒരുപോലെ വേട്ടയാടുമ്പോഴും, ഒരേ ആയുധത്തിന്റെ തന്നെ ഇരുതലകൾവെച്ചാക്രമിക്കുമ്പോഴും, തന്റെ നിലപാടെന്താണെന്ന് കൃഷ്ണൻ കൃത്യമായി പ്രഖ്യാപിക്കുന്നുണ്ട്.ഭഗവാൻ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പകരുന്നത് അദ്വൈതചിന്തകളുടെ അമൃതു തന്നെയാണ്. മഹാഭാഗവതത്തിൽ കൃഷ്ണൻ തന്റെ ഉപദേഷ്ടാവും സുഹൃത്തുമായ ഉദ്ധവർക്കു യോഗമാർഗ്ഗം ഉപദേശിക്കുന്ന സമയത്തെ ചില പരാമർശങ്ങൾ വളരെ ശ്രദ്ധേയമാണ്. ഭഗവാൻ പറയുന്നു: "ഏതൊരു കാര്യംകൊണ്ട് എന്നെ എളുപ്പത്തിൽ പ്രീതിപ്പെടുത്താനാവുമോ, ഏതൊരു യോഗമാർഗ്ഗമാണോ മഹത്തരമെന്ന് ഞാൻ കാണുന്നത്, അമരത്വം ലഭിക്കാൻ സഹായിക്കുന്ന ഏറ്റവും നല്ല മാർഗ്ഗമേതാണോ, അതു ഞാൻ പറഞ്ഞുതരാം: എല്ലാ ജീവജാലങ്ങളിലും എന്നെ ദർശിച്ച്, സകലജീവികളോടും സമഭാവത്തോടെ വർത്തിക്കണം. ഉന്നതരോടും അധമരിൽ അധമരായ കൃമികീടങ്ങളോടും സമദൃഷ്ടി വളർത്തിയെടുക്കുക.അങ്ങനെ ഇടതടവില്ലാതെ അഭ്യസിക്കുന്നപക്ഷം, വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും മത്സരത്തിന്റെയും മറ്റുള്ളവരിൽ കുറ്റം കണ്ടുപിടിക്കുന്നതിന്റെയും പ്രവണത ഇല്ലാതാകുന്നു. ഇവയെല്ലാം ആത്മഗർവ്വത്തിന്റെ അംശങ്ങളാണല്ലോ. യാതൊരു വിധത്തി

ലുമുള്ള നാണമോ മടിയോ കൂടാതെ, മറ്റുള്ളവർ എന്തുപറയുമെന്ന ചിന്തയില്ലാതെ കഴുതപോലുള്ള മൃഗങ്ങളുടെ മുന്നിൽപ്പോലും വെട്ടിയിട്ട മരംപോലെ സാഷ്ടാംഗപ്രണാമംചെയ്യണം. അതോടെ അയാൾ എല്ലാറ്റിനെയും അനാദിമധ്യാന്തമായ പരബ്രഹ്മമെന്നു കണക്കാക്കാനിടവരുന്നു. ആത്മസാധനാമാർഗ്ഗങ്ങളിൽ ഏറ്റവും മഹത്തായ മാർഗ്ഗം ഇതാണ്. മഹത്തായയോഗവും ആത്മജ്ഞാനലാഭത്തിനുള്ള എളുപ്പമാർഗ്ഗവും അതുതന്നെ. ഞാനിതുവരെ പറഞ്ഞുതന്ന കാര്യങ്ങൾ വേദാന്തവിജ്ഞാനത്തിന്റെ സാരസമ്പത്താണ്. ഈ വിജ്ഞാനത്തെ പ്രകാശിപ്പിക്കുന്നവർക്ക് ഞാൻ എന്റെ ആത്മാവുതന്നെ നൽകുന്നതാണ്". ആരാണ് കൃഷ്ണനെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ആ വാക്കുകൾ. അദ്വൈതബോധമുദ്ഘോഷിക്കുന്ന ആ കൃഷ്ണനെയാണ് മാലോകർ ആരാധിക്കുന്നത്. വിഭജനത്തിന്റെ വേലിക്കെട്ടുകളിൽ മനുഷ്യരെ തളച്ചിടുന്ന കുലമഹിമാവാദത്തിന്റെ വക്താവിനെയല്ല. കൃഷ്ണൻ പകർന്നുതന്ന അദ്വൈതജ്ഞാനമാണ് മോക്ഷസാധകം; വേദങ്ങളിലുള്ള പാണ്ഡിത്യമല്ല.

ഭഗവത്ഗീതയിലെ ആദ്യത്തെ ശ്ലോകത്തിൽ, ആ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത് 'അദ്വൈതാമൃതവർഷിണി'യെന്നാണ്. അദ്വൈതബോധമാകുന്ന അമൃതു വർഷിക്കുന്ന ആ കൃതി മനുഷ്യവിരുദ്ധമായ വിവേചനങ്ങളുടെ സ്രഷ്ടാവാകുമെന്നു വിശ്വസിക്കുന്നതിനേക്കാൾ മൂത്തമൗഢ്യമുണ്ടോ? അദ്വൈതചിന്തയാണ് സനാതനധർമ്മത്തിന്റെ ആത്മാവെന്നും, അതുമാത്രമാണ് മോക്ഷമാർഗ്ഗം എന്നും കൃഷ്ണൻ പറഞ്ഞാൽ അതുതന്നെയാണു ശരി. അതുമാത്രമാണല്ലോ സ്വീകാര്യവും. അതിനു വിപരീതമായ എല്ലാ വിഭജനങ്ങളും മനുഷ്യരെ വഞ്ചിക്കുന്ന മായമാത്രമാണ്; അത് ആരു പറഞ്ഞതായാലും ഏതു കൃതിയിലായാലും. അത്തരം വിഷചിന്തകൾ ഉള്ളിൽ പേറുന്ന കാളിയന്മാരുടെ തലയിൽ കാൽവെച്ച് നൃത്തമാടുന്ന കണ്ണന്റെ വാക്കുകളാണ് യഥാർത്ഥ കൃഷ്ണലീലകളായി കണ്ടറിയേണ്ടത്. കൃഷ്ണൻ ചാതുർവർണ്യവക്താവാണ് എന്ന വർണ്ണശുദ്ധിവാദികളുടെ ദുർവ്യാഖ്യാനങ്ങളെയും സ്വതവാദികളുടെ അയുക്തിക പ്രചരണങ്ങളെയും അസാധുവാക്കുന്ന തെളിവ്, യദുകുലജാതനായ കൃഷ്ണൻ ആര്യവംശജനല്ല; അവർണ്ണനാണെന്നതാണ്. അത് വിളിച്ചുപറയുകയാണ് കൃഷ്ണനെ വേട്ടക്കാരനാക്കുന്നവർക്കെതിരെയുള്ള പ്രതിരോധം.

യദുകുലനാശത്തിലെ അപനിർമ്മിതി

ദുഷ്ടരാക്ഷസന്മാരെ സംഹരിച്ചും ദുഷ്ടരാജാക്കന്മാരുടെ കഥ തീർത്തും തന്റെ അവതാരലക്ഷ്യം പൂർത്തിയാക്കി കൃഷ്ണൻ മടങ്ങിപ്പോകുന്നതിനു മുമ്പുതന്നെ, യാദവകുലത്തിന്റെയും അന്ത്യം സംഭവിച്ചു എന്നാണല്ലോ വിശ്വാസം. അതിന്റെ കാരണം,പ്രമുഖരായ യാദവരായി അവതരിച്ചത് വിവിധ ദേവീദേവന്മാരായിരുന്നു എന്നതാണ്. അവതാരലക്ഷ്യം നിർവ്വഹിക്കാൻ ഭഗവാനെ പലരൂപത്തിൽ സഹായിക്കുകയായിരുന്നു അവരുടെ ദൗത്യം. ഭഗവാനോടൊപ്പം അവതാരമെടുത്ത ദേവീദേവന്മാരുടെ പേരുകൾ, ഭാഗവതത്തിലും മഹാഭാരതത്തിലും വിശദമായിത്തന്നെ പറയുന്നുണ്ട്. ഭഗവാന്റെ അവതാരോദ്ദേശ്യം പൂർത്തിയായ സ്ഥിതിയ്ക്ക്, അദ്ദേഹത്തോടൊപ്പം സഹായികളായി അവതാരമെടുത്തവരുടെ തിരിച്ചുപ്പോക്കും അനിവാര്യമായിരുന്നല്ലോ. യദുവംശനാശത്തെപ്പറ്റി പറഞ്ഞു വിലപിച്ച അർജ്ജുനനോടു

വ്യാസൻ പറഞ്ഞ വാക്കുകൾതന്നെയാണ് അതിനുള്ള സാക്ഷ്യം: "അവരെല്ലാം ധർമ്മവ്യവസ്ഥയുടെ രക്ഷാർത്ഥം ദേവാംശമായി ദേവന്മാരാൽ സംഭൂതരായവരാണ്. അവർ കൃഷ്ണനൊപ്പം ഇഹലോകവാസം വെടിയുകയും ചെയ്തു. അവരെക്കുറിച്ചു ദുഃഖിക്കരുത്". (ദേവാംശാ ദേവഭൂതേനഃ സംഭൂതാസ്തേ ഗതാഃ സഹധർമ്മ വ്യവസ്ഥ രക്ഷാർത്ഥം നതാൻ ശോചിതും അർഹസി). അതുകൊണ്ട്, ഭാഗികമായാണെങ്കിൽപോലും യദുകുലനാശം ഒരു യാഥാർത്ഥ്യമായിരുന്നു എന്നുതന്നെ കരുതാം.

എന്നാൽ, യദുവംശത്തിന്റെ ദയനീയ അന്ത്യത്തിന് കാരണം ബ്രാഹ്മണശാപമാണ് എന്നു വരുത്താൻ ശ്രമിക്കുന്ന ഒരു കഥ മഹാഭാരതത്തിൽതന്നെയുണ്ട്. ഉത്തരത്തിൽനിന്നു ചോദ്യത്തിലേക്കു സഞ്ചരിക്കുന്ന ആ പുരാണം ഇപ്രകാരമാണ്: ഒരിക്കൽ കുറച്ച് ബ്രാഹ്മണർ ഭഗവാൻകൃഷ്ണനെ ദർശിക്കാൻ ദ്വാരകയിൽ എത്തിയപ്പോൾ, കുറെ യാദവന്മാർ അവരെ പരീക്ഷിക്കാനായി കൃഷ്ണപുത്രനായ സാംബനെ ഒരു ഗർഭിണിയുടെ വേഷംകെട്ടിച്ച് ബ്രാഹ്മണരുടെ മുന്നിലേക്ക് കൊണ്ടുവന്നു. അവൾ പ്രസവിക്കുന്ന കുഞ്ഞ് ആണോ പെണ്ണോ എന്നറിയുകയായിരുന്നു ഉദ്ദേശ്യം. സത്യം തിരിച്ചറിഞ്ഞ മുനിമാർ, അവൾ ഒരു ഇരുമ്പുലക്ക പ്രസവിക്കുമെന്നും അത് യാദവകുലത്തിന്റെ സമ്പൂർണ്ണ നാശത്തിനു കാരണമായിത്തീരുമെന്നും ശപിച്ചു. പേടിച്ചരണ്ട യാദവന്മാർ സാംബന്റെ വേഷമഴിച്ചുമാറ്റിയപ്പോൾ, ഒരിരുമ്പുലക്ക നിലത്തു വീണു. വിവരമറിഞ്ഞ കൃഷ്ണന്റെ നിർദ്ദേശപ്രകാരം യാദവർ, ആ ഇരുമ്പ് ഉലക്കരാകിപ്പൊടിച്ചു കടലിലെറിഞ്ഞു. പിന്നീട്, അവ സമുദ്രതീരത്തുവന്നടിഞ്ഞ് എരകപ്പുല്ലുകളായി വളർന്നു. അവസാന നാളിൽ പ്രഭാസത്തിലെത്തിയ യാദവർ, അമിതമായി മദ്യപിച്ചു കലഹിച്ച്, ആ എരകപ്പുല്ലുകൾ പറിച്ചെടുത്തു തമ്മിൽ ആക്രമിച്ചു. പറിച്ചെടുക്കുന്ന മാത്രയിൽ അവ ഇരുമ്പുലക്കകളായി മാറിയെന്നും അതുകൊണ്ട് തമ്മിലടിച്ച് യാദവർ അവസാനിച്ചെന്നുമാണ് ആ കഥ പറയുന്നത്. ആ ആഖ്യാനം വ്യാസന്റെ സൃഷ്ടിയാണോ, അല്ലെങ്കിൽ, യദുവംശനാശത്തിന്റെ കാരണം തിരക്കിപ്പോയ ആരുടെയെങ്കിലും വ്യാജസൃഷ്ടിയാണോ എന്നറിയില്ല. സത്യം എന്തായാലും, വ്യാസതൂലികയിൽനിന്ന് അത്ര ബലഹീനമായ ഒരു കഥ പിറക്കാൻ സാധ്യതകുറവാണ് എന്നുതോന്നുന്നതിനാൽ വിശ്വാസ്യത സംശയമുനയിലാണ്.

ആ കഥ വ്യാസസൃഷ്ടിയാണെങ്കിലും അല്ലെങ്കിലും, യദുവംശനാശവും കൃഷ്ണനോടൊപ്പം അവതരിച്ച ദേവീദേവന്മാരുടെ മടക്കയാത്രയും സംഭവിച്ചിട്ടുണ്ടെന്നു തന്നെ മനസ്സിലാക്കാം. മഹാഭാരതയുദ്ധാനന്തരം കുരുക്ഷേത്രഭൂമിയിൽവെച്ച്, കൃഷ്ണനുനേരെ കൗരവമാതാവ് ഗാന്ധാരി നടത്തിയ ശാപത്തിനു മറുപടിയായി, ഭഗവാൻ പറഞ്ഞ വാക്കുകൾതന്നെ അതിനുള്ള സ്ഥിരീകരണം: "യദുകുലനാശം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്".അതായത്, യദുകുലനാശമെന്ന സംഗതി ഭഗവാന്റെ അവതാരത്തിനൊപ്പം നിർണ്ണയിക്കപ്പെട്ട നിയതിയുടെ നിർവ്വഹണമായിരുന്നു. അതിനാലാണ്, വ്യാസഭാവനയുടെ അപാരതയും കൗരവമാതാവിന്റെ കണ്ണീരിന്റെ തീവ്രതയും കൃഷ്ണന്റെ പ്രവചനത്തിലെ സൂക്ഷ്മതയും അട്ടിമറിക്കാൻ തത്പരബുദ്ധികളുടെ ആ ദുർബ്ബലസൃഷ്ടി മതിയാകില്ല എന്ന് വിശ്വസിക്കേണ്ടിവരുന്നത്. എന്നിരിക്കിലും, മറ്റെല്ലാ ഘടകങ്ങളും നീക്കിവെച്ച് ബ്രാഹ്മണശാപത്തിൽ ശരണം പ്രാപിക്കുന്ന അപനിർമ്മിതിയിലെ ദുരുദ്ദേശ്യം കാണാതിരിക്കാനാകില്ല.

അപ്പോഴും,യാദവകുലം എന്ന വിശാല വംശവൃക്ഷത്തിന്റെ വേരറുക്കാൻമാത്രം, അവർ മാനവരാശിയ്ക്കു ഭീഷണിയായിരുന്നോ എന്ന സന്ദേഹം ബാക്കിയാകുന്നു. ആ സംശയത്തെ സാധൂകരിക്കുന്ന സംഭവങ്ങളൊന്നുംതന്നെ ഇതിഹാസങ്ങളിൽ കാണാനാകില്ല. ബ്രാഹ്മണരെ കളിയാക്കി അപമാനിച്ചു എന്നത്, ഒരു കുലത്തിന്റെ സർവ്വനാശത്തിന് കാരണമാകാവുന്ന അപരാധമാണോ? ബ്രാഹ്മണരെ വാക്കുകൊണ്ടു നോവിക്കുന്നതുപോലും, ഒരു വംശത്തെ അപ്പാടെ ഇല്ലാതാക്കാൻ പോന്ന കാരണമാക്കുന്നിടത്താണ് 'നാമമാത്ര ബ്രാഹ്മണരുടെ' കുടിലത അത്യുച്ചസ്ഥായിയിലെത്തുന്നത്.(ബ്രാഹ്മണരെ നിന്ദിക്കുന്നവർക്ക് മനുസ്മൃതിയിലെ എട്ടാമധ്യായത്തിൽ വിധിക്കുന്ന ദണ്ഡനമുറകൾ കേവലം ഏടുകളിൽ ഒതുങ്ങുന്നതായിരുന്നില്ല എന്നാണ് അത്തരം വേട്ടയാടലുകൾ തെളിയിക്കുന്നത്). യദുകുലനാശത്തിന്റെ പ്രേരണ എന്തുതന്നെയായാലും, യാദവരെ ഒന്നടങ്കം ആരൊക്കെയോ ചേർന്ന് ഇല്ലാതാക്കി എന്നു കരുതേണ്ടിവരുന്നു. കൃഷ്ണനുശേഷം യദുവംശം അവശേഷിക്കരുതെന്ന് ആരൊക്കെയോ ആഗ്രഹിച്ചിരുന്നെന്ന് അനുമാനിക്കാം. അതിനു പശ്ചാത്തലമൊരുക്കാനാകാം പല ഗുണപാഠകഥകളിലും, 'ശക്തരും അജയ്യരുമായ യാദവന്മാരുടെ കുലം ഇവിടെ ഇപ്രകാരം വിട്ടുപോവുകവയ്യ. ഐശ്വര്യവും അഭിവൃദ്ധിയും അതിശക്തരാണെന്ന അഹംഭാവവും അവരിൽ ഉണ്ടായിരിക്കുന്നു'എന്നൊക്കെ എഴുതി അഭിനവ കഥാകാരന്മാർ യദുവംശനാശത്തിനു ന്യായങ്ങൾ നിരത്തുന്നതും, അതു സമർത്ഥിക്കാൻ കൃഷ്ണന്റെപേരിലുള്ള സാക്ഷ്യപത്രം ഒരുക്കുന്നതും.

യദുകുലനാശത്തിലെ ദുരൂഹത

യദുകുലനാശത്തെക്കുറിച്ചുള്ള കഥയെ ദുരൂഹമാക്കുന്ന ചില സംഗതികൾ ഇതോടൊപ്പം കാണേണ്ടതുണ്ട്. യദുകുലം എന്നത് കേവലം യദുവിന്റെ പരമ്പരയിലുള്ള ചില കുടുംബങ്ങളോ കൃഷ്ണന്റെ വംശാവലിയോ മാത്രമായിരുന്നില്ല. ഭാരതത്തിലെമ്പാടും വ്യാപിച്ചുകിടന്ന പല പേരുകളിൽ പ്രസിദ്ധരായ കുറെ രാജവംശങ്ങളും അവരുടെ പ്രജകളും ഉൾപ്പെടുന്ന വൻ ജനസഞ്ചയമായിരുന്നു അതെന്ന് മഹാഭാരതത്തിന്റെ ഭാഗമായ ഹരിവംശപർവ്വത്തിലെ വിവരണങ്ങളിൽനിന്നു സ്പഷ്ടമാണ്. യയാതിയുടെ ബഹിഷ്കൃതരായ നാലു മക്കളിലൂടെയും, അവരുടെ മക്കളിലൂടെയും പടർന്നു പന്തലിച്ച ആ വംശാവലി അംഗബലത്തിന്റെയും ആധിപത്യത്തിന്റെയും കാര്യത്തിൽ പുരുവംശത്തിനൊപ്പം നിൽക്കുന്ന ഒന്നായിരുന്നു. യാദവർ, വൃഷ്ണികൾ,മാധവർ, ഹേഹയന്മാർ, അന്ധകന്മാർ, വീതിഹോത്രർ,സുജാതന്മാർ, ഭോജന്മാർ, ആവന്തികർ, തൗണ്ടികേരന്മാർ, താലജംഘകന്മാർ,ഭരതർ എന്നിങ്ങനെ പോകുന്നു,യാദവരെന്ന പൊതുനാമത്തിലറിയപ്പെടുന്ന ആ വലിയ വംശത്തിന്റെ ഉപവിഭാഗങ്ങൾ. ശക്തരും യുദ്ധനിപുണരുമായ അത്രയും ബൃഹത്തായ ഒരു ജനസഞ്ചയം, കേവലം ഏരകപ്പുല്ലുകൾകൊണ്ട് തമ്മിലടിച്ചു തീർന്നു എന്ന് വിശ്വസിക്കാനാകുമോ? അസേതുഹിമാചലം പടർന്നു പന്തലിച്ച് അധീശത്വം സ്ഥാപിച്ച യാദവരാജവംശം ഒറ്റരാത്രികൊണ്ട് ഇല്ലാതായി എന്നതു സംഭാവ്യമാണോ? അല്ലെന്ന ഉത്തരത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന കുറേ സൂചനകൾ ഋഗ്വേദത്തിലെ ആറാം അഷ്ടകത്തിലും സാമവേദത്തിലും ഉണ്ട്.(ഇന്ദ്രപർവ്വം). കൃഷ്ണാസുരന്റെ(ദസ്യു) കുലം നശിപ്പിച്ച ദേവേന്ദ്രനെക്കുറിച്ചുള്ള ആ പരാമർശങ്ങൾ ഒരു കൊടുംചതിയി

ലേക്കാണ് വായനക്കാരുടെ ശ്രദ്ധയെ വിളിച്ചുണർത്തുന്നത്. ഋഗ്വേദത്തിൽ ആ സംഭവം ആവിഷ്കരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ദ്രുതസഞ്ചാരിയായ കൃഷ്ണൻ(?) പതിനായിരം ആളുകളോടുകൂടി അംശുമതീതീരത്തു പാർത്തിരുന്നു. അതറിഞ്ഞ് മനുഷ്യസ്നേഹിയായ ഇന്ദ്രൻ അട്ടഹാസമിടുന്ന അവങ്കൽ ചെന്നെത്തി, കൊലപ്പടകളെ കൊന്നൊടുക്കി! അംശുമതീനദിയുടെ ഒരു വിപുലമായ നിഗൂഢസ്ഥാനത്ത് ആകാശത്തെന്നപോലെ, നിവസിയ്ക്കുന്ന ദ്രുതസഞ്ചാരിയായ കൃഷ്ണനെ ഞാൻ കണ്ടെത്തി. "വൃഷാക്കളേ, ഞാൻ നിങ്ങളെ തേടുകയായിരുന്നു; നിങ്ങൾ പോരിൽ പൊരുതുവിൻ." (അവലംബം: ഋഗ്വേദസംഹിത, പരിഭാഷ: വള്ളത്തോൾ):

> ദ്രുതസഞ്ചാരിയായ കൃഷ്ണൻ പതിനായിരമാളുകളോടുകൂടി അംശുമതീതീരത്തു പാർത്തിരുന്നു: അതറിഞ്ഞു മനുഷ്യസ്നേഹിയായ ഇന്ദ്രൻ അട്ടഹാസമിടുന്ന അവങ്കൽ ചെന്നെത്തി, കൊലപ്പടകളെ കൊന്നൊടുക്കി! 13
>
> 'അംശുമതീനദിയുടെ ഒരു വിപുലമായ നിഗൂഢസ്ഥലത്ത്, ആകാശത്തെന്നപോലെ, നിവസിയ്ക്കുന്ന ദ്രുതസഞ്ചാരിയായ കൃഷ്ണനെ ഞാൻ കണ്ടെത്തി: വൃഷാക്കളേ, ഞാൻ നിങ്ങളെ തേടുകയായിരുന്നു; നിങ്ങൾ പോരിൽ പൊരുതുവിൻ.' 14

ദ്രുതസഞ്ചാരി(ക്യഷ്ണൻ) അംശുമതീസമീപത്ത് മിന്നിത്തിളങ്ങിക്കൊണ്ടു ദേഹം തടിപ്പിച്ചുപോന്നു. ഇന്ദ്രനാകട്ടേ,ബൃഹസ്പതിയോടൊന്നിച്ച് എതിർത്തെത്തിയ അസുരപ്പടകളെ നിഹനിച്ചു! അതേ, നിന്തിരുവടി ജനിച്ചപ്പോൾത്തന്നെ ശത്രുക്കളില്ലാത്ത ഏഴുശത്രുക്കൾക്കു ശത്രുവായിത്തീർന്നുവല്ലോ! ഇന്ദ്രാ, ഇരുളടഞ്ഞ വാനൂഴികളെ അവിടുന്നു കണ്ടുപിടിച്ചു; വലിയ ലോകങ്ങളെ ആഹ്ളാദിപ്പിച്ചു! അതേ വജ്രിൻ, അവിടുന്ന് വജ്രംകൊണ്ടു കൃഷ്ണന്റെ നിസ്തുല്യമായ ബലം കൂസാതെ നശിപ്പിച്ചുവല്ലോ; അവിടുന്ന് ആയുധങ്ങൾകൊണ്ടു കൊന്നു. ഇന്ദ്രാ, അവിടുന്നു ബുദ്ധികൊണ്ട് ഗോക്കളെ നേടി!(ഋഗ്വേദസംഹിത, അഷ്ടകം:06, അധ്യായം:06, മണ്ഡലം:08 അനുവാകം:10, സൂക്തം:96, ശ്ലോകം:13,14,15,16,17):

> മ.8. അ.10. സൂ.96.] ആറാം അഷ്ടകം 581
>
> ദ്രുതസഞ്ചാരി അംശുമതീസമീപത്തു മിന്നിത്തിളങ്ങിക്കൊണ്ടു ദേഹം തടിപ്പിച്ചുപോന്നു. ഇന്ദ്രനാകട്ടേ, ബൃഹസ്പതിയോടൊന്നിച്ച്, എതിരെത്തിയ അസുരപ്പടകളെ നിഹനിച്ചു! 15
>
> അതേ: നിന്തിരുവടി ജനിച്ചപ്പോഴത്തന്നെ, ശത്രുവില്ലാത്ത ഏഴു ശത്രുക്കൾക്കു ശത്രുവായിത്തീർന്നുവല്ലോ! ഇന്ദ്ര, ഇരുളടഞ്ഞ വാനൂഴികളെ അവിടുന്നു കണ്ടുപിടിച്ചു; വലിയ ലോകങ്ങളെ ആഹ്ളാദിപ്പിച്ചു! 16
>
> അതേ: വജ്രിൻ, അവിടുന്നു വജ്രംകൊണ്ടു കൃഷ്ണന്റെ നിസ്തുല്യമായ ബലം കൂസാതെ നശിപ്പിച്ചുവല്ലോ! അവിടുന്ന് ആയുധങ്ങൾകൊണ്ടു കൊന്നു. ഇന്ദ്ര, അവിടുന്നു ബുദ്ധികൊണ്ടു ഗോക്കളെ നേടി! 17

വേദങ്ങളിൽ പരാമർശിക്കുന്ന കൃഷ്ണാസുരനും, ശ്രീകൃഷ്ണനും ഒന്നാണോയെന്നു നിശ്ചയമില്ല. കൃഷ്ണാസുരൻ എന്ന തദ്ദേശീയനായ ശത്രുപക്ഷനായകനെയും അദ്ദേഹത്തിന്റെ അനുയായികളായ ആയിരക്കണക്കിന് കറുത്ത ദസ്യുക്കളേയും

കൊന്നുതള്ളിയ ആര്യവംശവീരവാദത്തിലെ രക്തസാക്ഷികൾ ഒരുപക്ഷെ യാദവരും അവരുടെ നായകൻ, കാൽവെള്ളയിൽ അമ്പേറ്റു മരിച്ച കൃഷ്ണനുമായിരിക്കാം. ആ ഒരു സംഭവത്തെ പിൻപറ്റിയാവാം, ആരൊക്കെയോചേർന്ന് നാമറിയുന്ന പ്രഭാസതീരത്തെ 'സ്വയമൊരുക്കിയ വംശഹത്യ'യുടെ കഥമെനഞ്ഞതും ഗുണപാഠമായി പറഞ്ഞു പ്രചരിപ്പിച്ചതും. ആദ്യകാലത്ത്, ആഢ്യന്മാർ ശത്രുപക്ഷത്തു നിറുത്തിയിരുന്ന അനാര്യനായകനാവാം കൃഷ്ണൻ.ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമായിരുന്ന ശിവനെ മഹാദേവനാക്കിയും മുരുകനെ സുബ്രഹ്മണ്യനാക്കിയും, കാളിയെ ഭദ്രകാളിയാക്കിയും സ്വന്തം ദൈവപരമ്പരകളിൽ കൂട്ടിച്ചേർത്തതുപോലെ ബ്രാഹ്മണ്യം പിൽക്കാലത്തു സ്വന്തമാക്കിയ ദൈവമാകാം കൃഷ്ണൻ എന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. തദ്ദേശീയജനങ്ങളെ കൂടെനിർത്താൻ ആവിഷ്കരിച്ച ആ തന്ത്രം ഇല്ലായിരുന്നെങ്കിൽ, ഒരുപക്ഷെ, ശത്രുപക്ഷത്തെ അനവധി പ്രതിനായകർക്കൊപ്പം, വെറും ഒരു അസുരകഥാപാത്രം മാത്രമായി കൃഷ്ണനും അവശേഷിക്കുമായിരുന്നു.അനാര്യവിഭാഗങ്ങൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ഇതിഹാസപുരാണങ്ങളിലെ, അവരുടെ നായകരെ നഷ്ടമായത് ആര്യാധിപത്യം സ്ഥാപിതമായതോടുകൂടിയാണ്. തലയെണ്ണത്തിൽ പിറകിലായിരുന്ന ആഢ്യന്മാരുടെ, ഇന്ദ്രനടക്കമുള്ള ദേവന്മാർ അപ്രസക്തരായപ്പോൾ അവർ കടംകൊള്ളുകയും കാലക്രമേണ സ്വന്തമാക്കുകയും ചെയ്തതാണ് ആ അനാര്യദൈവങ്ങൾ.

കാര്യങ്ങൾ വ്യക്തമായറിയുമ്പോൾ, കൃഷ്ണൻ മനുഷ്യവിരുദ്ധമായ വർണ്ണവിഭജനത്തിന്റെ സ്രഷ്ടാവോ വക്താവോ ആയിരുന്നില്ല എന്നു മാത്രമല്ല; വംശവിശുദ്ധിവാദികളുടെ വികലവാദങ്ങളെ തച്ചുടച്ച മനുഷ്യപക്ഷ നായകനായിരുന്നു എന്നും മനസ്സിലാകും. ആ മഹാത്മാവിനെ ശത്രുവായി പ്രഖ്യാപിച്ചു കല്ലെറിയുകയല്ല മനുഷ്യപക്ഷത്തുള്ളവർ ചെയ്യേണ്ടത്; തങ്ങളുടെ മുന്നേറ്റങ്ങൾക്കു കരുത്തുപകരുന്ന കൊടിയടയാളമായി സ്വീകരിക്കുകയാണ്. മാനവവിരുദ്ധവും പ്രകൃതിവിരുദ്ധവുമായ വിവേചനങ്ങളെ പ്രതിരോധിക്കുന്ന മനുഷ്യരുടെ പോരാട്ടനിരയിലെ നായകനാകാൻ മറ്റാരെക്കാളും യോഗ്യൻ ശ്രീകൃഷ്ണൻതന്നെയാണ്.

ശ്രീരാമൻ

ആരാണ് ശ്രീരാമൻ എന്ന ചോദ്യത്തിനുള്ള ഒത്ത ഉത്തരമാണ് രാമോ വിഗ്രഹവാൻ ധർമ്മ -ധർമ്മസ്വരൂപനാണ് രാമൻ- എന്ന രാമായണ സാക്ഷ്യം. ആ വചനത്തിന്റെ സത്ത ഏറെക്കുറെ എല്ലാവർക്കും സ്വീകാര്യവുമാണല്ലോ. അതുകൊണ്ട്,രാമന്റെ മഹത്വം അളക്കാനല്ല; രാമനെ മറയാക്കി മഹത്വം ഉറപ്പിക്കാൻ ശ്രമിക്കുന്നവരുടെ വാദങ്ങളിലെ കതിരുംപതിരും കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്. എല്ലാ ഭാരതീയരുടെയും ദൈവമായിരുന്ന ആ ധർമ്മമൂർത്തി, ചിലരുടെ സ്വന്തം ദൈവമായി മാറിയത് അടുത്ത സമയത്താണ്; രാമൻ ഒരു രാഷ്ട്രീയബിംബമായതോടെയാണ്; 'മനുസ്മൃതി പകർന്നുതന്ന നൈതികത'യാണ് പിന്തുടരേണ്ടതെന്ന വാദഗതിയുടെ വക്താക്കൾ, രാമനെ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കാൻ തുടങ്ങിയതോടെയാണ്.മനുസ്മൃതിവാദികളുടെ രാഷ്ട്രീയമോഹങ്ങൾസഫലമാക്കാനുള്ള മാരീചരൂപമായി അവതരിപ്പിക്കപ്പെട്ടതിലൂടെ തെറ്റിദ്ധരിപ്പിക്കപ്പെടുന്ന രാമൻ യഥാർത്ഥ

ത്തിൽ,വഴിതെറ്റിസഞ്ചരിച്ച ബ്രാഹ്മണ്യമുഷ്കിനെ വരുതിയിൽകൊണ്ടുവന്ന ഒരു പോരാളിയായിരുന്നു. ഒരേശക്തിയുടെ(മഹാവിഷ്ണു) അംശമായിരുന്നിട്ടും ശത്രുതയോടെ സംഘർഷത്തിലേർപ്പെടേണ്ടിവന്ന ഭൃഗുരാമന്റെയും, തന്റെ അത്യന്തികശത്രുവായി ശ്രീരാമനെ കണ്ട രാവണന്റെയും കഥകൾ പറയുന്നത് അതാണ്.

ശ്രീരാമ-പരശുരാമ സംഘർഷം

ജനകമഹാരാജാവിന്റെ രാജസദസ്സിൽവെച്ച്, ത്രയമ്പകം വില്ലൊടിച്ചു സീതാദേവിയെ വരിച്ച ശ്രീരാമൻ, പിതാവിനും ലക്ഷ്മണനും ബന്ധുജനങ്ങൾക്കും രാജപ്രമുഖർക്കും ഗുരുക്കന്മാർക്കുമൊപ്പം അയോദ്ധ്യയിലേയ്ക്കു മടങ്ങുമ്പോൾ പരശുരാമൻ അവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഭാർഗ്ഗവരാമന്റെ ക്ഷത്രിയദ്വേഷത്തെക്കുറിച്ച് അറിവുള്ള ദശരഥനും വസിഷ്ഠനുമടക്കമുള്ളവർ പരിഭ്രാന്തരായി, അദ്ദേഹത്തെ വണങ്ങി സ്തുതിച്ചു. തന്റെ പിതാവ് ജമദഗ്നിമഹർഷി സമ്മാനിച്ച ശൈവചാപം ഉയർത്തിക്കാണിച്ച്, അതിൽ ഞാണേറ്റി ശരം തൊടുത്ത് കരബലം തെളിയിക്കാനും, അതിനു ഭയമുണ്ടെങ്കിൽ, തോൽവി സമ്മതിച്ച് ദ്വന്ദയുദ്ധത്തിന് തയ്യാറാകാനും പരശുരാമൻ ശ്രീരാമനെ വെല്ലുവിളിച്ചു. അതുകേട്ട് വിഷണ്ണനായ ദശരഥൻ, ഭൃഗുവംശമഹിമയെ പുകഴ്ത്തി തന്റെ പുത്രന്മാർക്ക് അഭയമേകണമെന്ന് ഭാർഗ്ഗവരാമനോട് അപേക്ഷിച്ചു. അനന്തരം പരശുരാമൻ തന്റെ കൈവശമിരിക്കുന്ന വില്ലിന്റെ മഹത്വവും കാർത്ത്യവീര്യാർജ്ജുനൻ തന്റെ പിതാവിനെ ഹനിച്ചതും, 'ക്ഷത്രിയകീടങ്ങളോടു' കുലഛേദത്തിലൂടെ താൻ പകരംവീട്ടിയതും വിവരിച്ച് വീണ്ടും രാമനെ പോർവിളിച്ചു. അപ്പോൾ ശ്രീരാമൻ, "ഹേ! ഭൃഗുവംശജനായ രാമ, എന്നെ പൗരുഷമില്ലാത്തവനെന്നും ക്ഷത്രിയവിധിപ്രകാരം നടക്കാൻ അശക്തനെന്നും അങ്ങ് അപഹസിക്കുന്നു. ഇതാ എന്റെ വീര്യത്തെ കണ്ടുകൊള്ളുക" എന്നുപറഞ്ഞ് വില്ലുപിടിച്ചുവാങ്ങി ഭൃഗുരാമനുനേരെ കുലച്ച് കോപിഷ്ഠനായി പറഞ്ഞു: "ഹേ, ബ്രാഹ്മണോത്തമാ, എനിക്ക് വളരെ പൂജനീയനായ വിശ്വാമിത്രമഹർഷിയുടെ അടുത്തബന്ധുവായതിനാലും ബ്രാഹ്മണനായതിനാലും അങ്ങയെ വധിക്കാതെ വിടുന്നു. അതിനു പകരമായി അങ്ങയുടെ മൂന്നുലോകങ്ങളിലുമുള്ള സഞ്ചാരസ്വാതന്ത്ര്യവും തപഃശ്ശക്തിയും ഞാൻ എടുക്കുകയാണ്":

ബ്രാഹ്മണോഽസീതി പൂജ്യോ മേ വിശ്വാമിത്രകൃതേന ച
വിശ്വാമിത്രഃ പൂജനീയസ്തദീയസ്ത്വം ദ്വിജോത്തമ
തസ്മാച്ഛക്തോ ന തേ രാമ മോക്തും പ്രാണഹരം ശരം. 6

ദ്വിജോത്തമ	ബ്രാഹ്മണോത്തമനായ	ബ്രാഹ്മണഃ	ബ്രാഹ്മണനായും
രാമ !	ഹേ പരശുരാമ !	അസി ഇതി	ഇരിക്കുന്നു എന്ന കാര[ണത്താൽ
വിശ്വാമിത്രഃ ച	വിശ്വാമിത്രമഹർഷിയാകട്ടെ	മേ	എന്നാൽ
പൂജനീയഃ	(എനിക്ക്) ഏറ്റവും വന്ദ[നീയൻ;	പൂജ്യഃ	വന്ദിക്കപ്പെടേണ്ടവ[നാകുന്നു;
ത്വം	അങ്ങ്	തസ്മാത്	അതിനാൽ
വിശ്വാമിത്രകൃതേന	വിശ്വാമിത്രമഹർഷിക്ക് അടുത്ത ബന്ധുവായതിനാൽ,	തേ പ്രാണഹരം	അങ്ങയുടെ പ്രാണനെ ഹരിക്കുന്നതായ
		ശരം	ശരത്തെ
		മോക്തും	വിടുവാൻ
തദീയഃ	അദ്ദേഹത്തെ ചേർന്നവ[നായും	ശക്തഃ ന	ഞാൻ തുനിയുന്നില്ല.

അതുകേട്ട ഭാർഗ്ഗവരാമൻ പരാജയംസമ്മതിച്ചു മഹേന്ദ്രഗിരിയിലേയ്ക്ക് തപസ്സിനായി പുറപ്പെട്ടു. ശ്രീരാമനും ഭാർഗ്ഗവരാമനും തമ്മിലുള്ള സംഗമത്തെ, വാല്മീകിരാമായണത്തിൽ വർണ്ണിക്കുന്നതിന്റെ രത്നച്ചുരുക്കം ഇതായിരുന്നു എന്നാണ് ശ്രീമദ്വാല്മീകിരാമായണത്തിന്റെ പരിഭാഷയിൽ വ്യാഖ്യാതാവു ബ്രഹ്മശ്രീ ജി.എസ്. ശ്രീനിവാസ അയ്യർ രേഖപ്പെടുത്തുന്നത്.(ബാലകാണ്ഡം, സർഗ്ഗം:75,76,):

ശ്രീരാമനു മുന്നിൽ തോൽക്കുന്നതുവരെ പരശുരാമന്റെ ഭാവവും സംഘർഷത്തിന്റേതുതന്നെയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം വില്ലെടുത്തു പോരിനുവരാനും അതിനു ധൈര്യമില്ലെങ്കിൽ ഒരു ദ്വന്ദയുദ്ധത്തിനു തയ്യാറാകാനും ശ്രീരാമനെ വെല്ലുവിളിച്ചത്. തുടർന്നാണ് ശ്രീരാമൻ തനിക്കുനേരെ കുലച്ചുവെച്ച വൈഷ്ണവ ധനുസ്സു പിടിച്ചുവാങ്ങി പരശുരാമനുനേരെ തൊടുക്കാൻ ഒരുങ്ങിയത്. ഭാർഗ്ഗവരാമനെ തോൽപ്പിച്ച ശ്രീരാമന്റെ ഭാവവും ഏറ്റുമുട്ടലിന്റേതു തന്നെയായിരുന്നു. ഒരു സൗഹൃദസംഗമത്തിന്റെ ലാഞ്ചനകളേതുമില്ലാത്ത വെല്ലുവിളികളായിരുന്നു ഇരുവരും ഉയർത്തിയത്. അത് അവരുടെ വാക്കുകളിലൊക്കെ വ്യക്തമാണ്. ഒടുവിൽ, ഭാർഗ്ഗവരാമൻ പിൻവാങ്ങി തപസ്സിനുപോയതും ശ്രീരാമൻ അദ്ദേഹത്തെ തോൽപ്പിച്ചു നിഷ്പ്രഭനാക്കിയതുകൊണ്ടാണ്. വാല്മീകിരാമായണത്തിലെ കവിയുടെ വാക്കുകൾ തന്നെയാണ് ആ നിഗമനത്തിലേയ്ക്കു നയിക്കുന്ന തെളിവ്:

സ ഹതാൻ ദൃശ്യ രാമേണ സ്വാൻ ലോകാംസ്തപസാർജ്ജിതാൻ
ജാമദഗ്ന്യോ ജഗാമാശു മഹേന്ദ്രം പർവ്വതോത്തമം. 24

സഃ	ആ	രാമേണ	ശ്രീരാമനാൽ
ജാമദഗ്ന്യഃ,	ജമദഗ്നിപുത്രൻ,	ഹതാൻ	തനിക്കില്ലാതാക്കപ്പെട്ട
തപസാ	തപോവൈഭവത്താൽ	ദൃശ്യ,	കണ്ടു, [വയായി
ആർജ്ജിതാൻ	സമ്പാദിക്കപ്പെട്ടവയും	ആശു	തൽക്ഷണംതന്നെ
സ്വാൻ	തനിക്കു സ്വന്തമായിരു	പർവ്വതോത്തമം	പർവ്വതമുഖ്യനായ
	ന്നവയും ആയ	മഹേന്ദ്രം	മഹേന്ദ്രഗിരിയിലേക്ക്
ലോകാൻ,	ലോകങ്ങളെ,	ജഗാമ.	പുറപ്പെട്ടുപോന്നു.

ഇരുപത്തൊന്നുവട്ടം ഭാരതവർഷത്തിലുടനീളം ചുറ്റിനടന്നു ക്ഷത്രിയനിഗ്രഹംനടത്തി ക്ഷാത്രവംശത്തിന്റെ വേരറുത്തിട്ടും പാപപരിഹാരാർത്ഥം മഹേന്ദ്രപർവ്വതത്തിൽ തപസ്സിരുന്നിട്ടും ഒടുങ്ങാത്ത ദ്വേഷം, ദ്വാപരയുഗത്തിലെ ക്ഷത്രിയാവതാരത്തിന്റെ ശക്തിപ്രകടന വൃത്താന്തമറിഞ്ഞപ്പോൾ അണപൊട്ടിയതിന്റെ അനന്തരഫലമാണ് ആ സമാഗമവും അടിയറവുപറച്ചിലും. വിഷ്ണുവിന്റെ അവതാരങ്ങളായ 'ഭാർഗ്ഗവരാമനും ദാശരഥീരാമനും തമ്മിലുള്ള സൗഹൃദ സമാഗമമെ'ന്ന്, എത്രമയപ്പെടുത്തിപ്പറഞ്ഞാലും മായംചേർത്തവതരിപ്പിച്ചാലും ഒത്തുപോകാത്ത പോർവിളികളാണ് ഇരുവരിൽനിന്നും അവിടെ കേട്ടത്. മിക്ക കഥകളിലും നാം വായിച്ചിട്ടുള്ളതുപോലെ, തന്റെ ശൗര്യം ശ്രീരാമനു പകർന്നുകൊടുത്ത് അനുഗ്രഹിക്കാൻ വന്നതായിരുന്നില്ല പരശുരാമൻ എന്നകാര്യം അതിൽനിന്നും വ്യക്തമാണല്ലോ.

ദശരഥന്റെയും വസിഷ്ഠമഹർഷിയുടേയും അഭ്യർത്ഥനപോലും പരശുരാമന്റെ ബധിരകർണ്ണങ്ങളിൽ കയറിയില്ല. ക്ഷത്രിയവിദ്വേഷം തലയ്ക്കുപിടിച്ച ബ്രാഹ്മണ

പ്രഭുവിന്റെ ധാർഷ്ട്യത്തിനും, ബ്രാഹ്മണനായി ഉത്ഭവിച്ചിട്ടും ആയുധബലത്തിൽ അഹങ്കരിക്കുന്നതിലെ ധർമ്മഭ്രംശത്തിനുമെതിരെയുള്ള ശ്രീരാമന്റെ ധാർമ്മിക രോഷമാണ്, അദ്ദേഹത്തിന്റെ വാക്കുകളിൽ ആദ്യന്തം തെളിഞ്ഞുനിൽക്കുന്നത്. അതുകൊണ്ടാണ്, ശ്രീരാമൻ 'ഭൃഗുവംശജനായ രാമാ'യെന്ന് ഈ ഉപാഖ്യാനത്തിൽ പരക്കെ പരശുരാമനെ അഭിസംബോധനചെയ്യുന്നത്. അത് ഒരുതരത്തിൽ, ഭാർഗ്ഗവ രാമൻ എന്ന ബ്രാഹ്മണന്റെ വഴിതെറ്റിയുള്ള പ്രയാണത്തെ സൂചിപ്പിക്കുന്ന ഓർമ്മ പ്പെടുത്തലാകാം. "അങ്ങയെ ഹരിക്കാതെ വിടുന്നു. അതിനു പകരമായി മൂന്നുലോ കങ്ങളിലുമുള്ള അങ്ങയുടെ സഞ്ചാരസ്വാതന്ത്ര്യവും തപശ്ശക്തിയും ഞാനെടുക്കു കയാണ്" എന്ന് ശ്രീരാമൻ പറഞ്ഞതിന്റെ താത്പര്യം, ഭൃഗുരാമനെ താൻ നിഷ്പ്രഭ നാക്കുകയാണ് എന്നാണല്ലോ. 'ഈ മണ്ണിൽ ഇനി കണ്ടുപോകരുത്' എന്ന കൃത്യമായ മുന്നറിയിപ്പായാണ് അതിനെ അറിയേണ്ടത്. അല്ലാതെ, വ്യാഖ്യാതാക്കൾ ആശ്വസി ക്കുന്നതുപോലെ, പരശുരാമൻ സ്വന്തം ചൈതന്യം ശ്രീരാമനിൽ ലയിപ്പിക്കുകയല്ല ഉണ്ടായത്. ശ്രീരാമനുമുന്നിൽ തോൽവിസമ്മതിക്കാൻ പരശുരാമനു മടിയുണ്ടായി രുന്നില്ല. മഹേന്ദ്രഗിരിയിലേയ്ക്കു മടങ്ങിപ്പോകുന്നതിനുമുൻപ്, അദ്ദേഹം പറഞ്ഞ വാക്കുകൾ അതാണു വ്യക്തമാക്കുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ ആരാധകർക്ക് അതു മനസ്സിലാക്കാനുള്ള ധാർമ്മിക ഔന്നത്യം ഇല്ലാതെപോയി.

ആ ഏറ്റുമുട്ടലിൽ ശ്രീരാമൻ അവസാനിപ്പിച്ചത് ഭൃഗുരാമന്റെ ക്ഷത്രിയരോടുള്ള അടങ്ങാത്ത പക മാത്രമല്ല; ബ്രാഹ്മണനാണ് എന്ന അഹങ്കാരം കൂടിയാണ്. അതിനു തന്നെയാണ് വൈഷ്ണവചാപം പരശുരാമനുനേരേ കുലച്ചുനിർത്തിക്കൊണ്ട്, 'ഈ അസ്ത്രം ശൗര്യത്തെ മാത്രമല്ല, അതിരറ്റ അഹങ്കാരത്തെയും അവസാനിപ്പിക്കാനു ള്ളതാണ്'(ബലദർപ്പ വിനാശനഃ-ശ്ലോകം:08) എന്ന് ശ്രീരാമൻ പറയുന്നത്. അതെത്തു ടർന്നാണല്ലോ ഭാർഗ്ഗവരാമൻ പരാജയം സമ്മതിച്ച്, താൻ മഹേന്ദ്രപർവ്വതത്തിലേക്ക് മടങ്ങിപ്പോയി തപസ്സ് തുടർന്നുകൊള്ളാമെന്നു വാഗ്ദാനംചെയ്യുന്നത്. തപസ്സിന്റെ മാർഗ്ഗത്തിലേക്ക് ഭൃഗുരാമനെ തിരിച്ചയയ്ക്കുകയാണ് ശ്രീരാമൻ ചെയ്തത്. സർവ്വ ർക്കും വർണ്ണാശ്രമധർമ്മം നിശ്ചയിക്കുന്ന ബ്രാഹ്മണനും അത് ബാധകമമാണെന്നു തിരുത്തുകയാണ് ശ്രീരാമൻ അതിലൂടെ ചെയ്യുന്നത്. ഭാർഗ്ഗവരാമനു നേർക്ക് വില്ലു കുലച്ച് അദ്ദേഹത്തെ മരണത്തിന്റെ വക്കോളമെത്തിച്ച ശ്രീരാമൻ, അക്ഷരാർത്ഥ ത്തിൽ നിഷേധിക്കുന്നത് എത്രവലിയ പാതകംചെയ്താലും ഒരു ബ്രാഹ്മണനെയും വാക്കുകൊണ്ടോ നോക്കുകൊണ്ടോപോലും ദണ്ഡിപ്പിക്കരുത് എന്ന സ്മൃതിനിയമ ത്തെയാണ്. അരുതാത്തത് ചെയ്താൽ ബ്രാഹ്മണനെയും ശിക്ഷിക്കാമെന്ന് അടിവ രയിട്ടു പറയുകയാണ് ശ്രീരാമൻ. ബ്രാഹ്മണകുലപതിയ്ക്കുമേൽ അത്രമേൽ തെറ്റു തിരുത്തലുകൾ നടപ്പാക്കിയ ദശരഥീരാമനെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാ നത്തിലാണ് ബ്രാഹ്മണ്യമതത്തിന്റെയും സ്മൃതിശാസനങ്ങളുടെയും സംരക്ഷക നായി വംശശുദ്ധിവാദികൾക്ക് അവതരിപ്പിക്കാനാകുക?

ഇന്നുള്ള ദശാവതാരശ്രേണിയിൽ പരശുരാമനും ഉൾപ്പെടുന്ന സ്ഥിതിക്ക്, അദ്ദേഹം ആ പട്ടികയിൽ പിൽകാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന സംശയമുള്ളവർക്കും, അതേ സന്ദേഹം നിലനിർത്തിക്കൊണ്ടുതന്നെ അദ്ദേഹത്തെ അവതാരമായി കണ ക്കാക്കാം. ആ പട്ടികയുടെ ഭാഗമായി എന്നതുകൊണ്ട്, അദ്ദേഹത്തെക്കുറിച്ച് പൗരാ

ണികഗ്രന്ഥങ്ങളിലുള്ള പരാമർശങ്ങളെ ഏതെങ്കിലുമൊക്കെ രീതികളിൽ വ്യഖ്യാനിച്ച് വെള്ളപൂശേണ്ട ഉത്തരവാദിത്വം ആരും ഏറ്റെടുക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, പുരാതനകൃതികളുടെ സ്രഷ്ടാക്കൾക്ക്, ഓരോ കഥാപുരുഷനേയും അതേ രൂപത്തിൽതന്നെ ആവിഷ്കരിച്ചതിന് നിയതമായ കാരണങ്ങളുണ്ട്. അതുകൊണ്ട് ആരെങ്കിലും അത്തരം യാഥാർത്ഥ്യങ്ങൾ എടുത്തുകാണിക്കുമ്പോൾ, അതൊക്കെ അപകീർത്തികരമാണെന്നു കരുതി അപനിർമ്മിക്കേണ്ട സ്ഥിതിയോ പുതിയ വ്യാഖ്യാനങ്ങൾനിരത്തി ന്യായീകരിക്കേണ്ട കാര്യമോ ഇല്ല.അവരെ അവരായിത്തന്നെ സ്വീകരിക്കുന്നതാകുമല്ലോ യുക്തി. പൗരാണികഗ്രന്ഥങ്ങളുടെ രചയിതാക്കൾക്കില്ലാത്ത വേവലാതിയും വികാരത്തള്ളിച്ചയും മറ്റുള്ളവർക്കുണ്ടാകേണ്ടതില്ല.

പലയുഗങ്ങളിലൂടെ നീളുന്ന അവതാരമായും അതിനുശേഷം ചിരഞ്ജീവിയായും നിലനിൽക്കുന്നു എന്ന പുരാണങ്ങളിലെ പരാമർശങ്ങൾ പരിഗണിക്കുമ്പോൾ, പരശുരാമൻ നടത്തിയ ക്ഷത്രിയഹിംസ വളരെനീണ്ട ഒരുകാലയളവിൽ സംഭവിച്ചതാണെന്നു കരുതേണ്ടിവരും. അപ്രകാരമാണെങ്കിൽ, ചിരഞ്ജീവിയായ പരശുരാമൻ എന്നാവാം ക്ഷത്രിയഹത്യ അവസാനിപ്പിച്ചതെന്നും, അത് എന്തുകൊണ്ടാണെന്നും സംശയമുണ്ടാകാം. ആ ചോദ്യത്തിനുള്ള ഉത്തരം കൂടിയാണ് ശ്രീരാമ-ഭാർഗ്ഗവരാമ സംഗമം എന്നു നിസ്സംശയംപറയാം. ബ്രാഹ്മണനായി പിറന്നിട്ടും ആ വഴിയിൽ ചരിക്കാതിരുന്ന ഭൃഗുരാമൻ, ആയുധമെടുത്തുള്ള കളികൾ അവസാനിപ്പിച്ച് സാത്വികനായി ജീവിക്കാൻ തുടങ്ങിയതോടെയാണ് യഥാർത്ഥ ബ്രാഹ്മണനായതെന്നു കരുതാം. തന്റെ ആയുധമായ മഴു കടലിൽ എറിഞ്ഞ സംഭവത്തെ, ആ അർത്ഥത്തിൽ എടുക്കുന്നതാകും യുക്തി. രക്തദാഹിയായ ഒരാളിൽനിന്നും പരമസാത്വികനിലേയ്ക്കുള്ള ആ പരിവർത്തനമാകാം പരശുരാമനെ ചിരഞ്ജീവിയാകാൻ യോഗ്യനാക്കിയത്. അതിനുമുമ്പുള്ള അദ്ദേഹത്തിന്റെ ജീവിതം ചിരഞ്ജീവിയാകാൻ പര്യാപ്തമാക്കുന്ന ഒന്നായിരുന്നില്ലല്ലോ. ബ്രാഹ്മണനായുള്ള ജന്മമല്ല; ബ്രാഹ്മണ്യപ്രാപ്തിയാണ് ഭാർഗ്ഗവരാമനെ ചിരഞ്ജീവിയാക്കിയതെന്നു നിശ്ചയം. രാവണനടക്കമുള്ള രാക്ഷസരുടെ ഉന്മൂലനംമാത്രമായിരുന്നില്ല, വഴിതെറ്റിയ ബ്രാഹ്മണ്യത്തിന്റെ വേരറുക്കലും ശ്രീരാമന്റെ അവതാരലക്ഷ്യമായിരുന്നു എന്നു വ്യക്തം. പൗരാണികകൃതികളിൽ അനുശാസിക്കുന്ന വർണ്ണധർമ്മസംരക്ഷണം സത്യത്തിൽ അതാണ്.

ബ്രാഹ്മണ്യത്തിന്റെ മുഖചിത്രമായി എല്ലാക്കാലത്തും ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഭാർഗ്ഗവരാമന്റെ അധികാരഗർവ്വും ജാത്യാഹങ്കാരവും അവസാനിപ്പിച്ച ആ ശ്രീരാമനെയാണ് ആധുനികകാല ജാതിവാദികൾ ബ്രാഹ്മണ്യമതത്തിന്റെ പ്രതീകമായി മുന്നോട്ടുവെയ്ക്കുന്നത്. ഒരു പ്രകാരത്തിൽ, അതും ബ്രാഹ്മണ്യത്തിന്റെ സംരക്ഷണമാണെന്നുതന്നെ കരുതാം.പൗരാണികഗ്രന്ഥങ്ങൾ ഉദ്ഘോഷിക്കുന്ന യഥാർത്ഥ ബ്രാഹ്മണ്യത്തിന്റെ സംരക്ഷണമാണത്;കേവലം ജാതിബ്രാഹ്മണ്യത്തിന്റെ സംരക്ഷണമല്ല.മറ്റൊരർത്ഥത്തിൽ അത് രാജധർമ്മമായി അറിയപ്പെടുന്ന വർണ്ണാശ്രമധർമ്മത്തിന്റെ സംരക്ഷണവുമാണ്. താപസനായ ഒരാൾ, പാതിവഴിയിൽ ആയുധം എടുത്തു പോരിനിറങ്ങുന്നത് അധർമ്മമാണ് എന്നുതിരുത്തുന്ന രാജധർമ്മം.അതേ രാമനെത്തന്നെയാണ് മറ്റൊരുവിഭാഗം ബ്രാഹ്മണസംരക്ഷകനെന്നു പഴിച്ച് കല്ലെറിയുന്നത്. അതു സമർത്ഥിക്കുന്നതിന് അവർ ഉദാഹരിക്കുന്ന തെളിവ് തപം ചെയ്ത

തിന്റെ പേരിൽ, ശംബൂകൻ എന്ന ശൂദ്രവംശജനെ രാമൻ വാളിനിരയാക്കിയ സംഭവമാണല്ലോ. ആ സംഭവത്തിൽ ശ്രീരാമന്റെ പങ്ക് എത്രമാത്രമുണ്ടെന്ന് ശംബൂകൻ എന്ന അധ്യായത്തിൽ വിശദമായിത്തന്നെ പരിശോധിക്കാം.

ഭാരതീയ പുരാതനഗ്രന്ഥങ്ങളിലെ നായകകഥാപാത്രങ്ങൾ ബ്രാഹ്മണരായിരുന്നില്ല എന്നുമാത്രമല്ല; വഴിതെറ്റി സഞ്ചരിച്ച ബ്രാഹ്മണ്യമുഷ്കിനെ നേരിട്ടവർ കൂടിയായിരുന്നു എന്നതാണല്ലോ കൃഷ്ണചരിതത്തിൽനിന്നും ഭാർഗ്ഗവരാമ-ശ്രീരാമ സംഘർഷത്തിൽനിന്നും വ്യക്തമാകുന്നത്. അതിനപ്പുറമുള്ള പ്രചാരണങ്ങളൊക്കെ അനവധി അപനിർമ്മിതികളിലൂടെ ഉണ്ടാക്കിയെടുത്തതാണ്. സമാനമായ ഒരു ദൃഷ്ടാന്തമാണ് രാമരാവണസംഘട്ടനവും. ശ്രീരാമൻ ബ്രാഹ്മണ്യമതത്തിന്റെ സംരക്ഷകനായിരുന്നു എന്നതുപോലെ തന്നെയുള്ള ഒരു അബദ്ധധാരണ മാത്രമാണ് രാവണൻ അവർണ്ണനായകനായിരുന്നു എന്നതും. ആ തെറ്റിദ്ധാരണ അവസാനിപ്പിക്കാൻ ഉതകുന്ന മാർഗ്ഗം, വാസ്തവത്തിൽ ആരായിരുന്നു രാവണൻ എന്നറിയുകയാണ്.

രാവണൻ

ഹൈന്ദവരാഷ്ട്രീയശക്തികൾ അവരുടെ മുഖ്യഅജണ്ടയായി ശ്രീരാമനേയും രാമക്ഷേത്രത്തെയും അവതരിപ്പിക്കാൻ തുടങ്ങിയതോടെയാണ് രാവണൻ എന്ന പുരാണകഥാപാത്രം ഇന്ത്യയിൽ ഒരു രാഷ്ട്രീയബിംബമായിത്തീർന്നത്. രാമന്റെ ശത്രു, രാമന്റെ എതിർചേരിയിലെ നായകൻ എന്നീ നിലകളിൽ ഉള്ള പ്രതിച്ഛായ, രാവണൻ എന്ന പ്രതിനായകനെ ഹിന്ദുത്വരാഷ്ട്രീയത്തെ എതിർക്കുന്നവരുടെ നായകനാക്കിമാറ്റുകയായിരുന്നല്ലോ. രാമായണത്തിലെ രാവണൻ എന്നപ്രതിനായകന്, ശ്രീലങ്കയിലും തമിഴ്നാട്ടിലെ ദ്രാവിഡവിഭാഗങ്ങളുടെ ഉള്ളറകളിലുമുണ്ടായിരുന്ന സ്വീകാര്യത, ഇന്ത്യ മുഴുവൻ വ്യാപിക്കുന്ന സ്ഥിതിയാണ് പിന്നീടുണ്ടായത്. ഒരു പരിധിവരെ, ഇന്ത്യയിൽ ബ്രാഹ്മണ്യമേധാവിത്വത്തിനെതിരെയുള്ള സമരസദസ്സുകളിലെ നായകബിംബമായി രാവണൻ മാറി. വർത്തമാനകാല രാഷ്ട്രീയത്തിൽ, മനുവാദത്തിനെതിരെ ഉയരുന്ന പൗരമുന്നേറ്റങ്ങളുടെ മുഖചിത്രമായി മാറിക്കൊണ്ടിരിക്കുകയാണ് രാവണൻ. രാമായണത്തിലെ പ്രതിനായകനെ ഒരുവിഭാഗം ജനങ്ങൾ നായകനായി സ്വീകരിക്കുന്നതിന്റെ പ്രധാന പ്രേരണ, ശ്രീരാമൻ പൗരോഹിത്യമതത്തിന്റെ സംരക്ഷകനും ചാതുർവർണ്യവിവേചനങ്ങളുടെ നിർവ്വാഹകനുമായിരുന്നു എന്ന പ്രചാരണമാണ്. മനുവാദികളുടെ മാനവവിരുദ്ധ ആശയങ്ങളെ പ്രതിരോധിക്കാനാണ്, അതിനോടു വിയോജിപ്പുള്ളവർ രാവണനെ തങ്ങളുടെ പ്രതിരോധത്തിന്റെ മുഖമായി ഉയർത്തിക്കാണിക്കുന്നത്. രാവണനെ ബ്രാഹ്മണ്യവിരുദ്ധരാഷ്ട്രീയത്തിന്റെ കുന്തമുനയാക്കുന്ന ബിംബനിർമ്മിതിയെ അസാധുവാക്കുന്ന കുറച്ചു സംഗതികൾ ഇനി കാണാം. സത്യത്തിൽ രാവണൻ ആരായിരുന്നെന്നു നോക്കാം:

രാവണൻ എന്ന ബ്രാഹ്മണൻ

ബ്രാഹ്മണിക്കൽ രാഷ്ട്രീയത്തിന്റെ പ്രതീകമായി മനുവാദികൾ അവതരിപ്പിക്കുന്ന രാമൻ ബ്രാഹ്മണനല്ല എന്നതുപോലെ തന്നെയുള്ള ഒരു വൈരുദ്ധ്യമാണ്, ദ്രാവിഡരാഷ്ട്രീയത്തിന്റെ പ്രതിരൂപമാക്കിമാറ്റപ്പെട്ട രാവണൻ ജനനംകൊണ്ട് ദ്രാവിഡനായിരുന്നില്ല; ബ്രാഹ്മണനായിരുന്നു എന്ന തീർത്തും തമസ്കരിക്കപ്പെട്ട സത്യം.

ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ സനത്കുമാരന്മാർ(സനകൻ,സനാതനൻ,സനന്ദകൻ, സനത്കുമാരൻ എന്നീ താപസകുമാരന്മാർ) പണ്ടു വൈകുണ്ഠം സന്ദർശിച്ചപ്പോൾ വിഷ്ണുവിന്റെ ദ്വാരപാലകരായ ജയവിജയന്മാർ അവരെ തടഞ്ഞുവെച്ചു. അതിൽ ക്രുദ്ധരായ സനത്കുമാരന്മാർ, ജയവിജയന്മാർ മൂന്നുതവണ അസുരന്മാരായി ഭൂമിയിൽ പിറന്ന് വിഷ്ണുവിനെ ദുഷിച്ചു ജീവിക്കുവാൻ ഇടവരട്ടെയെന്നും, ആ മൂന്നുജന്മങ്ങളിലും വിഷ്ണുതന്നെ അവരെ നിഗ്രഹിക്കട്ടെ എന്നും ശപിച്ചു.ആ ശാപത്തിന്റെ ഫലമായി ജയവിജയന്മാർ ആദ്യജന്മത്തിൽ ഹിരണ്യാക്ഷനും ഹിരണ്യകശിപുവുമായി പിറന്നു ക്രമത്തിൽ വരാഹം, നരസിംഹം എന്നീ അവതാരങ്ങളാൽ നിഗ്രഹിക്കപ്പെട്ടു. പുനർജ്ജന്മത്തിൽ, അവർ സഹോദരങ്ങളായ രാവണനും കുംഭകർണ്ണനുമായി ഭൂമിയിൽ ജനിച്ചു. ജയവിജയന്മാരുടെ മൂന്നാമത്തെ ജന്മം ദന്തവക്ത്രനും ശിശുപാലനുമായിട്ടായിരുന്നു. അവർ ഇരുവരും ശ്രീകൃഷ്ണനാൽ വധിക്കപ്പെട്ട് ശാപമുക്തരായി. ശാപഗ്രസ്തരായ ജയവിജയന്മാരുടെ പരമ്പരയിൽ പെട്ടവരാണ് രാക്ഷസന്മാരെന്നപേരിൽ പുരാണങ്ങളിൽ അറിയപ്പെടുന്നത്.

ബ്രഹ്മാവിന്റെ മാനസപുത്രനായ പുലസ്ത്യനു മാനിനി എന്ന പത്നിയിൽ ഉണ്ടായ പുത്രനാണ് വിശ്രവസ്സ്. ആ ബ്രാഹ്മണമുനിയുടെ മകനായാണ് രാവണൻ പിറന്നത്. അമ്മ കൈകസി എന്ന രാക്ഷസസ്ത്രീയാണ്. രാക്ഷസരാജാവായ സുമാലി തന്റെ പുത്രിയായ കൈകസി ലോകത്തിലെ ഏറ്റവും ശക്തനായ പുത്രന് ജന്മം നൽകണം എന്നാഗ്രഹിച്ചു. പ്രപഞ്ചത്തിലുള്ള രാജാക്കന്മാരൊക്കെ തന്റെ പിതാവിനെക്കാൾ ശക്തികുറഞ്ഞവരാണെന്നു കരുതിയ കൈകസി, പിതാവിന്റെ ആഗ്രഹപൂർത്തിക്കുവേണ്ടി അവരെയൊക്കെ പരിത്യജിച്ച് മഹർഷിയായ വൈശ്രവസിനെ ഭർത്താവായി തിരഞ്ഞെടുത്തു. അങ്ങനെ, വൈശ്രവസ്സെന്ന ബ്രാഹ്മണമുനിക്ക് കൈകസിയിൽ ഉണ്ടായ സന്താനമാണ് രാവണൻ. ആ കഥയനുസരിച്ച്, ബ്രാഹ്മണരക്തത്തിൽ പിറന്ന രാവണൻ ഭാഗികമായെങ്കിലും ബ്രാഹ്മണനാണ് എന്നു കരുതാം. രാവണ ദി ഗ്രേറ്റ്കിങ് ഓഫ് ലങ്ക എന്ന ജീവചരിത്രപുസ്തകത്തിൽ, അതിന്റെ രചയിതാവായ പുരാണലിംഗംപിള്ള രാവണനെ നിരൂപിക്കുന്നത് രാക്ഷസബ്രാഹ്മണൻ എന്നാണ്. ശ്രീലങ്കയിൽ പ്രചാരത്തിലുള്ള പല കൃതികളിലും സമാനമായ പ്രയോഗമുണ്ട്.

ജന്മംകൊണ്ടു മാത്രമല്ല, ജീവിതംകൊണ്ടും വൈശ്രവസ് പുത്രനെ ബ്രാഹ്മണനായി വളർത്താനാണു താത്പര്യപ്പെട്ടത്. പിതാവിന്റെ ശിക്ഷണത്തിൽ രാവണൻ നാലു വേദങ്ങളും സർവ്വപുരാണങ്ങളും വിവിധ കലകളും പഠിച്ച് പ്രാവീണ്യം നേടി. വേദശാസ്ത്രങ്ങളിലുള്ള അപാരപാണ്ഡിത്യം സൂചിപ്പിക്കുന്നതിനാണ് പത്തുതലകളോടുകൂടി രാവണനെ ആവിഷ്കരിച്ചിരിക്കുന്നത്. നാലുവേദങ്ങളിലും ആറ് ഉപനിഷത്തുകളിലും അദ്ദേഹത്തിനുള്ള അവഗാഹത്തിന്റെ പ്രതീകമായിരുന്നു പത്തു തലകൾ എന്നും ഒരു വ്യാഖ്യാനമുണ്ട്. ഭഗവാൻ ശിവൻ ശ്രീപാർവ്വതിയുടെ അഭീഷ്ടപ്രകാരം ഒരു ഗൃഹം പണിയാൻ തന്റെ ഭക്തനായ രാവണനെ നിയോഗിച്ചതായും, വൈശ്രവണൻ സംഭാവനചെയ്ത സ്വർണ്ണം ഉപയോഗിച്ച് വിശ്വകർമ്മാവിനെക്കൊണ്ട് സ്വർണ്ണലങ്ക എന്നപേരിൽ ഒരു സ്വർണ്ണക്കൊട്ടാരം നിർമ്മിച്ചതായും ഐതിഹ്യമുണ്ട്. അതിന്റെ ഗൃഹപ്രവേശനപൂജ നടത്താൻ ഭഗവാൻ നിയമിച്ച പണ്ഡിതവര്യ

നായ രാവണൻ പൂജകഴിഞ്ഞ് ദക്ഷിണ നൽകേണ്ട സമയമായപ്പോൾ, സർവ്വരെയും ഞെട്ടിച്ചുകൊണ്ട് ആ സുവർണ്ണകൊട്ടാരം തന്നെ ദക്ഷിണയായി ചോദിച്ച് സ്വർണ്ണ ലങ്ക സ്വന്തമാക്കിയതായും ആ പുരാണകഥയിൽ ഉണ്ട്. രാവണന്റെ പൗരോഹിത്യ പശ്ചാത്തലവും വേദജ്ഞാനവും വെളിപ്പെടുത്തുന്ന സംഭവമാണല്ലോ അത്.

രാവണൻ ശത്രുവായിരുന്നെങ്കിലും അദ്ദേഹത്തിന്റെഅറിവിൽ രാമൻ ആകൃഷ്ട നായിരുന്നു. മരണാസന്നനായ രാവണനിൽനിന്ന് അറിവു നേടാൻ രാമൻ സഹോദ രനായ ലക്ഷ്മണനെ അയച്ചതായി ഐതിഹ്യമുണ്ട്. ഒരു മികച്ച വീണാവാദകനും ആയിരുന്നു രാവണൻ. അദ്ദേഹം രൂപകല്പനചെയ്ത സംഗീതോപകരണമാണ് രാ വണവീണ. വിദഗ്ദ്ധനായ ബാലചികിത്സകനും വൈദ്യശിരോമണിയുമായിരുന്നു രാവണൻ. നാഡീപരീക്ഷ, അർഖശാസ്ത്രം, അർഖപരീക്ഷ, കുമാരതന്ത്രം എന്നിവ അദ്ദേഹം എഴുതിയ ആയുർവ്വേദഗ്രന്ഥങ്ങളായാണ് കണക്കാക്കപ്പെടുന്നത്. പോരാ ളികളിൽ അഗ്രഗണ്യനായിരുന്നു രാവണൻ. ലോകത്തിൽ ആദ്യമായി പടച്ചട്ടയണി ഞ്ഞ സൈനികർ യുദ്ധത്തിൽ അണിനിരന്നത് രാവണസൈന്യത്തിനു വേണ്ടിയാ യിരുന്നു. പാറക്കല്ലുകൾപോലും ലയിപ്പിക്കുന്ന രസതന്ത്രവിദ്യയും രാവണനു വശ മായിരുന്നെന്ന്, അദ്ദേഹത്തെ മാതൃകാപുരുഷനായി കാണുന്ന ശ്രീലങ്കൻ ഗ്രന്ഥങ്ങ ളിൽ കാണാം. രാവണൻ ശിവന്റെ കടുത്ത ഭക്തനായിരുന്നു. രാവണനെന്ന രാക്ഷ സബ്രാഹ്മണൻ വെറുമൊരു രക്ഷസനായിരുന്നില്ല എന്നു ചുരുക്കം.

ശുകന്റെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നത്:

രാവണനെ ബ്രാഹ്മണനായാണ് ലങ്കയിലെ അദ്ദേഹത്തിന്റെ സമകാലികരും കണ ക്കാക്കിയിരുന്നതെന്നുവേണം ഗ്രഹിക്കാൻ. രാവണന്റെ ഉപദേഷ്ടാവായ ശുകൻ, അദ്ദേഹത്തോടു നടത്തുന്ന സംഭാഷണം അതാണ് വ്യക്തമാക്കുന്നത്. ശ്രീരാമനും വാനരസേനയും സീതയെ അന്വേഷിച്ചു ലങ്കയിൽ പ്രവേശിച്ച നേരം, വാനരന്മാരെ ആ ദൗത്യത്തിൽനിന്നും പിന്തിരിപ്പിക്കാൻ സുഗ്രീവന് സമവായദൂതു കൈമാറുന്ന തിനു രാവണൻ നിയോഗിച്ചത് ശുകനെയാണ് (ഇത് വ്യാസപുത്രനായ ശ്രീശുകനല്ല). ആ ശ്രമം പരാജയപ്പെട്ടു തിരിച്ചെത്തിയ വേളയിൽ, ശുകൻ രാവണനു നൽകിയ ത ത്വോപദേശങ്ങളിലെ വാക്കുകൾ അതിനു തെളിവാണ്.(അവലംബം: അദ്ധ്യാത്മരാ മായണം, സ്വാമി ചിദാനന്ദസരസ്വതി, അധ്യായം:ശുക-രാവണസംവാദം):

> ടേത്. തുച്ഛമായ ശാരീരികസുഖം അവയ്ക്കും ഉണ്ട്. മനുഷ്യശ രീരം വിവേകത്തോടുകൂടിയതാണ്. മൃഗങ്ങൾക്കുപോലും സുലഭ ങ്ങളായ വിഷയങ്ങളെ അനുഭവിച്ചു നശിപ്പിക്കാനല്ല അതിനെ ഉപ യോഗിക്കേണ്ടത്. മനുഷ്യജന്മംതന്നെ എത്രയോ ദുർല്ലഭമാണ്. ഭാര തഭൂമിയിൽ ബ്രാഹ്മണനായി ജനിക്കാൻ കഴിയുക എന്നത് ഭാഗ്യം കൊണ്ടുമാത്രം കിട്ടുന്നതാണ്. അത്രയും ശ്രേഷ്ഠമായ ജന്മംകിട്ടി യിട്ടും വിവേകിയായ ഏതൊരുവനാണ് തുച്ഛങ്ങളായ വിഷയസുഖ ങ്ങളിൽ മുഴുകി കഴിയുക?
>
> "അങ്ങ് പുലസ്ത്യമഹർഷിയുടെ പൗത്രനല്ലേ? അതിനാൽ ബ്രാഹ്മ ണനല്ലേ? അറിവുള്ളവനായ അങ്ങ് എന്താണ് അജ്ഞരെപ്പോലെ വിഷയസുഖങ്ങളുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നത്? ഇനിയെ

ഭാരതത്തിലെമ്പാടും ബ്രാഹ്മണർ തങ്ങളുടെ ആഢ്യത്വപ്രചരണത്തിന് ഉപയോഗി

ച്ചിരുന്ന, 'ജന്തൂനാം നരജന്മ ദുർലഭമതഃ പുംസ്ത്വം തതോ വിപ്രതാ'യെന്ന, ജന്തുക്കളിൽ മനുഷ്യനായുള്ള ജന്മവും, മനുഷ്യരിൽ ബ്രാഹ്മണനായുള്ള ജന്മവും മഹത്തരവും സുദുർല്ലഭവുമാണ് എന്ന അർത്ഥംവരുന്ന ശ്ലോകത്തിന്റെ തനിയാവർത്തനമാണല്ലോ ശുകന്റെ ആ വചനങ്ങൾ. രാവണന്റെ ബ്രാഹ്മണ സ്വത്വബോധം ഉണർത്താൻ ശുകൻ ആ ശ്ലോകം തന്നെ ഉപയോഗിക്കാൻ ഒരു പ്രത്യേക കാരണവുമുണ്ട്. ജന്മംകൊണ്ട് ശുകനും വൈദികകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്ന ബ്രാഹ്മണനായിരുന്നു. അഗസ്ത്യമഹർഷിയുടെ ശാപം നിമിത്തമാണു ശുകൻ രാക്ഷസനായത് എന്ന് അദ്ധ്യാത്മരാമായണത്തിലെ ശുകന്റെ പൂർവ്വവൃത്താന്തം എന്ന ഉപാഖ്യാനത്തിൽ കാണുന്നു. ബ്രാഹ്മണ്യത്തിനു പുറത്തായതിനു ശേഷവും ശുകൻ മനുഷ്യൻ തന്നെ ആയിരുന്നു(രാക്ഷസനായിരുന്നില്ല)എന്നു സ്ഥാപിക്കുന്ന പരാമർശങ്ങൾ വേറെയുമുണ്ട്. രാമദർശനത്തോടെ ശാപമോക്ഷം കിട്ടിയ ശുകൻ, പഴയതുപോലെ വാനപ്രസ്ഥനായി തപമനുഷ്ഠിച്ച് കഴിഞ്ഞുകൂടി എന്നതിന്റെ അർത്ഥമതാണല്ലോ. ശാപം കിട്ടിയതുകൊണ്ടോ ശാപമോക്ഷം നേടിയതോടെയോ ശുകനിൽ ശാരീരികമായ എന്തെങ്കിലും മാറ്റമുണ്ടാകുന്നതു സംഭാവ്യമല്ലല്ലോ. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, രാവണനെ മനുഷ്യനായിത്തന്നെയാണ് ശുകൻ അവതരിപ്പിക്കുന്നത് എന്നതാണ്. രാവണനടക്കമുള്ള ലങ്കയിലെ രാക്ഷസന്മാരൊക്കെ മനുഷ്യർ തന്നെയായിരുന്നെന്നും, അനാര്യരായതുകൊണ്ട് രാക്ഷസരെന്ന നിന്ദാനാമത്തിൽ അവർ അറിയപ്പെട്ടെന്നുമാണ് രാമായണത്തിലെ പരാമർശങ്ങളിൽനിന്നും സ്പഷ്ടമാകുന്നത്. രാമായണത്തിൽ മിക്ക അവസരങ്ങളിലും സമാനമായ ആ സത്യപ്രഖ്യാപനമുണ്ട്. രാവണനെ ബ്രാഹ്മണനായാണ് അക്കാലത്തെ ബ്രാഹ്മണരും കണ്ടിരുന്നത്. രാവണനെ വധിച്ചശേഷം നടന്ന ശ്രീരാമപട്ടാഭിഷേകത്തിൽ ചില ബ്രാഹ്മണർ പങ്കെടുക്കാതിരുന്നതിന്റെ കാരണം രാമന്റെ ആ ബ്രഹ്മഹത്യയായിരുന്നു എന്നും ഓർക്കുക.

ബ്രാഹ്മണനായ രാവണൻ എങ്ങനെ രാക്ഷസനായി?

ബ്രാഹ്മണരക്തത്തിൽ പിറന്ന, വേദശാസ്ത്രങ്ങൾ പഠിച്ച രാവണൻ എങ്ങനെയാണ് രാക്ഷസനായതെന്ന് നോക്കാം. ഭീമാകാരമായ ശരീരത്തിന്റെയോ കായബലത്തിന്റെയോ പേരിലല്ല രാവണൻ രാക്ഷസൻ എന്നവിശേഷണത്തിനു വിധേയനായത്. കൈകസിയെന്ന രാക്ഷസസ്ത്രീയുടെ പുത്രനായതുകൊണ്ടുമല്ല. അങ്ങനെയായിരുന്നെങ്കിൽ, കൈകസിയുടെതന്നെ സന്താനമായ വിഭീഷണൻ പരമസാത്വികനും നീതിമാനുമാകാൻ സാധ്യതയില്ലല്ലോ. രാവണന്റെ സോദരിയായ ശൂർപ്പണഖയും, കേവലം രാക്ഷസനിർവ്വചനങ്ങളുടെ പരിധിയ്ക്കുള്ളിൽ ഒതുങ്ങുന്ന ഒരു കഥാപാത്രമല്ല. രാമലക്ഷ്മണന്മാരെ സമീപിക്കുന്ന ശൂർപ്പണഖയുടെ,ആധുനികകലാകാരന്മാർ ആവിഷ്കരിക്കുന്ന രൂപം ഉള്ളിൽ പ്രതിഷ്ഠിച്ച് അവരെ കാമാതുരയായ ഒരു രാക്ഷസിമാത്രമായി ഗണിക്കുന്നത് വസ്തുതാവിരുദ്ധമാണ്. പരാജിതയായി അംഗവിഹീനയായി രാവണനു മുന്നിലെത്തുന്ന അവൾ രാജനീതി മുൻനിർത്തി നടത്തുന്ന രാവണവിസ്താരം അവളുടെ ധാർമ്മികനില വെളിവാക്കുന്നതാണല്ലോ. സ്വഭാവത്തിൽമാത്രമല്ല, ആകാരത്തിലും രാക്ഷസർ കഥകൾ രേഖപ്പെടുത്തുന്ന ശാരീരികഘടന ഉള്ളവരായിരുന്നില്ല എന്നതാണു സത്യം. സീതാന്വേഷണാർത്ഥം അശോകവനിയിൽ എത്തിയ ഹനുമാൻ മണ്ഡോദരിയെ കണ്ടിട്ട് സീതയായി തെറ്റിദ്ധരിച്ച

തായി രാമായണത്തിൽ കാണാം. ശ്രീരാമന്റെ വിവരണങ്ങളിലൂടെ ഹനുമാന്റെ ഉള്ളിൽ പതിഞ്ഞ സീതാദേവിയുടെ ചിത്രത്തിനു സമാനമായിരുന്നു രാവണന്റെ ഭാര്യയായ മണ്ഡോദരിയുടേത് എന്നാണല്ലോ അതിൽനിന്ന് മനസ്സിലാക്കേണ്ടത്. അവരൊക്കെ രാക്ഷസൻ എന്ന മേൽവിലാസത്തിൽ അറിയപ്പെടുമ്പോഴും, കേവലം രാക്ഷസരായിരുന്നില്ല എന്നുതന്നെയാണല്ലോ അതിന്റെ അന്തരാർത്ഥം.

അചഞ്ചലമായ ഭക്തിയിലൂടെയും(?) നിശ്ചയദാർഢ്യത്തിലൂടെയും സ്വന്തമാക്കിയ അനവധി വരങ്ങളുടെ ബലത്തിൽ നടത്തിയ അതിക്രമങ്ങളുടെ പേരിലാണ് രാവണൻ രാക്ഷസൻ എന്ന വിശേഷണത്തിന് വിധേയമായത്. അവിഹിതമായി നേടിയ അത്യാഡംബരങ്ങളിൽ അഹങ്കരിച്ച രാവണൻ, ആകാവുന്ന തരത്തിലൊക്കെ മറ്റുള്ളവരെ ദ്രോഹിച്ചു. കുബേരനിൽനിന്നും കവർന്ന പുഷ്പകവിമാനം ഉപയോഗിച്ച് അളകാപുരിയിലെത്തി ഒരു യക്ഷസുന്ദരിയെ തട്ടിയെടുത്തു. ബ്രഹ്മാവിന്റെ മാനസപുത്രി പുഞ്ജികസ്ഥലയെ ബലാൽക്കാരം ചെയ്തു. ഇക്ഷ്വാകുവംശത്തിലെ രാജാവായിരുന്ന അനാരണ്യനെ മർദ്ദിച്ചുകൊന്നു. മഹാവിഷ്ണുവിനെ ഭർത്താവായി ലഭിക്കാൻ തപസ്സുചെയ്തിരുന്ന, കുശധ്വജനെന്ന ഋഷിയുടെ പുത്രിയായ വേദവതിയെ ബലാത്സംഗംചെയ്യാൻ തുനിഞ്ഞു. (രാവണനോട് പകരം വീട്ടാനായി വേദവതി പുനർജ്ജന്മമെടുത്തതാണ് സീത എന്ന് ചില ഐതിഹ്യങ്ങളിൽ കാണുന്നു). ഒരിക്കൽ കൈലാസത്തിൽ എത്തിയ രാവണൻ, തന്റെ ജ്യേഷ്ഠനായ കുബേരന്റെ മരുമകൾ രംഭയെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചു. അഗ്നിയുടെ പത്നി സ്വാഹാദേവിയെ ഭർത്താവിന്റെ കൺമുന്നിൽവെച്ച് മാനഭംഗപ്പെടുത്താൻ മുതിർന്നു.ദേവഗുരുവായിരുന്ന ബൃഹസ്പതിയുടെ മകൾ സുലേഖദേവിയെയും അപമാനിച്ചു. രാവണനെതിരെ ഇതിഹാസങ്ങളിൽ കാണുന്ന കുറ്റപത്രം അങ്ങനെ അന്തമില്ലാതെനീണ്ടുപോകുന്നു. ആ ആസുരികഭാവമാണ് ബ്രാഹ്മണനായി പിറന്ന രാവണനെ രാക്ഷസനാക്കിയത്. ജന്മമല്ല, കർമ്മമാണെന്നു ചുരുക്കം. ബ്രാഹ്മണരക്തമാണോ രാക്ഷസരക്തമാണോ വേദജ്ഞാനമാണോ അജ്ഞതയാണോ ഒരാളിന്റെ സ്വാഭാവം രൂപപ്പെടുത്തുന്നത് എന്ന സമസ്യയ്ക്ക് വാല്മീകി തരുന്ന ഈ ഉത്തരം ജന്മാധിഷ്ഠിതമാണ് ആഢ്യത്വം എന്ന സിദ്ധാന്തത്തെ നിരാകരിക്കുന്നതാണ്. സ്വന്തം ജീവിതത്തിലൂടെ വാല്മീകി സ്വായത്തമാക്കിയ ആ അറിവിനോളം ആധികാരികത ഒരുസ്മൃതിശാസനത്തിനും സാധ്യമല്ല. സാത്വികനായി ജീവിക്കേണ്ട ബ്രാഹ്മണൻ പഞ്ചേന്ദ്രിയങ്ങളുടെ തടവറയിൽ പെട്ടുപോയതാണ് രാവണന്റെ രക്ഷസത്വം. അതുതന്നെയാണ്, പത്തുതലയും ഇരുപതു കൈകളും മുഴുത്ത ശരീരവും തുറിച്ച കണ്ണുകളും വലിയ ചെവികളുമുള്ള കഥാപാത്രസൃഷ്ടിയിലൂടെ പ്രതീകവത്കരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ, ആദ്യന്തം വഴിതെറ്റി സഞ്ചരിച്ച ഒരു ബ്രാഹ്മണനെതിരെ ധർമ്മസംസ്ഥാപനാർത്ഥം വാളെടുത്ത രാമനെന്ന അവതാരത്തിന്റെ കഥയെന്ന അർത്ഥതലംകൂടിയുണ്ട് രാമായണമെന്ന ഇതിഹാസത്തിന്. പഞ്ചേന്ദ്രിയങ്ങളെ ജയിക്കുന്നവനാണു ബ്രാഹ്മണൻ എന്നും, ഇന്ദ്രിയസുഖങ്ങളുടെ തടവിലാകുന്നവൻ രാക്ഷസനാണെന്നും സമർത്ഥിക്കുന്ന ശ്രീരാമനും വാല്മീകിയും എല്ലാഅർത്ഥത്തിലും തള്ളിക്കളയുന്നത് ജന്മാധിഷ്ഠിത വർണ്ണവിഭജനത്തെയാണെന്നതും ശ്രദ്ധിക്കുക. അതേ മാർഗ്ഗമാണ് മനുഷ്യപക്ഷത്തുള്ള സർവ്വർക്കും സ്വീകരിക്കാനാകുന്നത്.

രാവണനെങ്ങനെ രാമവിദ്വേഷിയായി?

രാവണൻ രാമനെ ശത്രുവായി കണ്ടത്, ശൂർപ്പണഖയോട് രാമലക്ഷ്മണന്മാർ കാട്ടിയ അപരാധത്തിനു പകരം വീട്ടാനോ, സീതയെ സ്വന്തമാക്കാനുള്ള മോഹം സാധിതമാക്കാനോ വേണ്ടിയാണ് എന്നു മനസ്സിലാക്കിയാൽ തെറ്റിപ്പോകും. രാവണന്റെ വിരോധത്തിനു ജന്മാന്തരങ്ങളുടെ ദൈർഘ്യമുണ്ട്. അത് രാമായണത്തിലെ ഉത്തരകാണ്ഡത്തിൽ കൃത്യമായി പറയുന്നുമുണ്ട്. ശ്രീരാമനോട് അഗസ്ത്യമുനി പറയുന്ന വിധത്തിലുള്ള, രാവണന്റെയും രാക്ഷസവംശത്തിന്റെയും ഉത്പത്തികഥയിൽ, രാവണൻ എങ്ങനെ രാമവിദ്വേഷിയായി എന്നതിനുള്ള ഉത്തരമുണ്ട്. ആ കഥ അധികമൊന്നും നാം കേൾക്കാത്ത കാര്യങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്:

രാവണന്റെ അർദ്ധസഹോദരനായ വൈശ്രവണൻ(വൈശ്രവസ്സിന്റെയും ഭരദ്വാജമഹർഷിയുടെ പുത്രിയായ ദേവവർണ്ണിനിയുടെയും മകൻ) തപസ്സിലൂടെ ബ്രഹ്മാവിന്റെ വരംനേടി കണക്കറ്റ സമ്പത്തും പുഷ്പകവിമാനവും, ഇന്ദ്രനും വരുണനും യമനും തുല്യമായ ലോകപാലകസ്ഥാനവും കരസ്ഥമാക്കി. അനന്തരം, പിതാവായ വൈശ്രവസ്സിനോട് വാസസ്ഥലം അനുവദിച്ചരുളണമെന്ന് അഭ്യർത്ഥിച്ചു.അപ്പോൾ ഋഷി കുബേരനോട്(വൈശ്രവണൻ) തെക്കേ സമുദ്രത്തിന്റെ കരയിലുള്ള ലങ്കയിൽചെന്ന് വാസമുറപ്പിക്കാൻ നിർദ്ദേശിച്ചു. അങ്ങനെയാണ് കുബേരൻ ലങ്കാധിപതിയായത്. അന്ന് ലങ്ക ആൾതാമസമില്ലാത്ത ഒരിടമായിരുന്നു. എന്തുകൊണ്ടെന്നോ?

രാക്ഷസന്മാരുടെ ഉത്ഭവകാലംമുതൽ ലങ്ക അവരുടെ ആവാസഭൂമികയായിരുന്നു. എന്നാലും, പിന്നീട് മഹാവിഷ്ണുവിന്റെ പീഡകൾ സഹിക്കവയ്യാതെ, രാക്ഷസർക്ക് അവിടം ഉപേക്ഷിച്ചു പാതാളത്തിൽ ഒളിക്കേണ്ടിവന്നു. അങ്ങനെ, വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള ദേവന്മാരുടെ ആക്രമണത്തെ തുടർന്ന് രാക്ഷസന്മാർക്ക് ഉപേക്ഷിച്ചുപോകേണ്ടിവന്ന ലങ്കയാണ് വൈശ്രവണൻ പിതാവിന്റെ നിർദ്ദേശാനുസരണം സ്വന്തമാക്കിയതെന്ന് വാല്മീകിരാമായണം ഉത്തരകാണ്ഡത്തിലെ മൂന്നാമത്തെ സർഗ്ഗത്തിൽ ശ്രീരാമനോട് അഗസ്ത്യമുനി പറയുന്നുണ്ട്:

ദേവേന്ദ്രന്റെ പട്ടണമായ അമരാവതിപോലെ സുന്ദരവും ഐശ്വര്യപൂർണ്ണവുമായ ലങ്കയെന്ന നഗരം, രാക്ഷസവംശത്തിലെ സുകേശനെന്ന രാജാവിന്റെ മൂന്നു പുത്രന്മാരുടെ നിർദ്ദേശമനുസരിച്ച് വിശ്വകർമ്മാവു സൃഷ്ടിച്ചതാണ്. മാല്യവാൻ, മാലി, സുമാലി എന്നീ സുകേശപുത്രന്മാരുടെ ഭരണത്തിൽ ലങ്ക സ്വപ്നഭൂമിയാക്കി മാറ്റി. യുദ്ധനിപുണരും ശക്തരുമായ അവർ 'യജ്ഞകർമ്മങ്ങൾക്ക് ആപത്തുവരുത്തുന്നവരായതോടുകൂടി'യാണ് ദേവന്മാരുടെ ശത്രുതയ്ക്കു പാത്രമായത്. അപ്പോൾ, ദേവന്മാരും ഋഷികളും പരമശിവനെ സന്ദർശിച്ച് സഹായംതേടി. പക്ഷേ, ശിവൻ രാക്ഷസന്മാരെ നശിപ്പിക്കാൻ തയ്യാറാകാതെ, ദേവന്മാരെ കൈയ്യൊഴിയുകയാണ് ഉണ്ടായത്. അനന്തരം, അവർ വിഷ്ണുവിന്റെ അരുകിൽ അഭയം തേടി. അതിനെത്തുടർന്ന് വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള ദേവന്മാരും, രാക്ഷസരും തമ്മിൽ ഘോരയുദ്ധം അരങ്ങേറി. യുദ്ധത്തിനൊടുവിൽ, ചക്രായുധംകൊണ്ടു വിഷ്ണു മാലിയുടെ ശിരസ്സറുത്തു. അതുകണ്ട സുമാലിയും മാല്യവാനും ലങ്കയിലേയ്ക്കു സൈന്യത്തോടൊപ്പം ഓടിരക്ഷപ്പെട്ടു. യുദ്ധം അവസാനിപ്പിച്ചു ലങ്കയിൽ മടങ്ങിയെത്തിയ

രാക്ഷസന്മാരെ വിഷ്ണുവിന്റെ സൈനികർ പിന്തുടർന്ന് ആക്രമിച്ചു. അതോടെ, രാക്ഷസന്മാർ ഭാര്യമാരോടും മക്കളോടുമൊപ്പം പാതാളലോകത്തിൽ ഒളിച്ചു.

ദക്ഷിണസ്യ	തെക്കേ	സാ	അത്
ഉദധേഃ	സമുദ്രത്തിന്റെ	പുരാ	പണ്ട്
തീരേ	കരയിൽ	വിഷ്ണു-	വിഷ്ണുവിങ്കൽനിന്നുള്ള
ത്രികൂടഃ നാമ	ത്രികൂടം എന്ന	ഭയാർദ്ദിതൈഃ	ഭയത്താൽ പീഡിക്ക
പർവ്വതഃ;	ഒരു പർവ്വതം ഉണ്ട്;		പ്പെട്ടവരും
തസ്യ	അതിന്റെ	രസാതലതലം	പാതാളത്തിലേക്കു
അഗ്രേ	ശിഖരത്തിൽ	ഗതൈഃ	പോയവരുമായ
മഹേന്ദ്രസ്യ	ഇന്ദ്രന്റെ	സർവ്വൈഃ	എല്ലാ
പുരീ യഥാ തു	പട്ടണമായ അമരാവ	രാക്ഷസൈഃ	രാക്ഷസന്മാരാലും
	തിയെന്നപോലെ	രക്ഷോഗണൈഃ	രാക്ഷസപരിവാരങ്ങളാ
വിശാലാ	വിശാലമായ	ശൂന്യാ	ശൂന്യമാക്കപ്പെട്ട് [ലും
ലങ്കാ നാമ	ലങ്ക എന്നുപേരുള്ള	പരിത്യക്താ;	ഉപേക്ഷിക്കപ്പെട്ടിരിക്കു
പുരീ;	ഒരു നഗരമുണ്ട്;	സാ ലങ്കാ	ആ ലങ്ക [ന്നു;
സാ	അത്	സമ്പ്രതി	ഇപ്പോൾ
രാക്ഷസാനാം	രാക്ഷസന്മാർക്കു	ശൂന്യാ;	ഒഴിഞ്ഞിരിക്കുന്നു;
നിവാസാർത്ഥം	വസിപ്പാനായി	തസ്യാഃ	അതിന്നു
വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ	പ്രഭുഃ	ഉടമസ്ഥൻ
ഇന്ദ്രസ്യ	ഇന്ദ്രന്റെ	ന വിദ്യതേ;	ഇല്ല;
അമരാവതീ	അമരാവതി	പുത്ര	പുത്ര!
യഥാ,	എന്നപോലെ	സഃ ത്വം	അപ്രകാരമുള്ള നീ
രമ്യാ	മനോഹരമായി	തത്ര	അവിടെ
നിർമ്മിതാ;	നിർമ്മിക്കപ്പെട്ടതാകുന്നു;	യഥാസുഖം	സുഖമായി
സാ	ആ	നിവാസായ	വസിക്കുന്നതിന്നായി
പുരീ ഹി	നഗരം	ഗച്ഛ;	പൊയ്ക്കൊൾക;

'യാഗകർമ്മങ്ങൾക്ക് ആപത്തുവരുത്തുന്നവർ'(വരപ്രദാനാദതിഗർവ്വിതാ ഭൃശം ക്രതുക്രിയാണാം പ്രശമംകരഃ സദാ– അഞ്ചാം സർഗ്ഗം, ശ്ലോകം:45) എന്ന പേരിൽ വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള ദേവന്മാർ നടത്തിയ ആക്രമണങ്ങളിൽ, രാക്ഷസന്മാർക്കു സ്വന്തം ജന്മഭൂമിയും ബന്ധുക്കളും നഷ്ടമായത് വളരെ ആസൂത്രിതമായ ഒരു ചതിയാവാനാണു സാധ്യത. യജ്ഞങ്ങളെ എതിർക്കുന്നവരെന്നും ആക്രമിക്കുന്നവരെന്നും ആരോപിച്ച്, ഭൂദേവന്മാരായ ആര്യന്മാർ ബുദ്ധ-ജൈനാനുയായികളെ സമൂഹത്തിൽനിന്ന് ഭ്രഷ്ടരാക്കിയതിന്റെയും കൊന്നൊടുക്കിയതിന്റേയും ചരിത്രവുമായി സാമ്യപ്പെടുത്തി നോക്കുമ്പോൾ, എല്ലാക്കാലത്തും നടപ്പാക്കപ്പെട്ടിരുന്ന ഒരു അധിനിവേശതന്ത്രമായിരുന്നു ആ ദുരാരോപണമെന്നു കാണാം.

അങ്ങനെ ലങ്കയുടെ അധിപതിയായിമാറിയ വൈശ്രവണൻ, പുഷ്പകവിമാനത്തിലേറി കൂടെക്കൂടെ അച്ഛനെയും അമ്മയെയും കാണുവാൻ പോകാറുണ്ടായിരുന്നു. പാതാളംവിട്ടു മനുഷ്യലോകത്തിൽ സഞ്ചരിക്കുന്ന വേളയിൽ, ഒരിക്കൽ സുമാലി പുഷ്പകവിമാനത്തിൽ ലങ്കയിലേക്കു പോകുന്ന വൈശ്രവണനെ കണ്ടു. വൈശ്രവണനിൽനിന്ന് തങ്ങളുടെ ജന്മഭൂമി തിരിച്ചെടുക്കാൻ സുമാലി ഒരുക്കിയ ബുദ്ധിപരമായ ഗൂഢപദ്ധതിയുടെ ഭാഗമായാണ്, മകളായ കൈകസിയിൽ വൈശ്രവസ്സിലൂടെ രാവണനെന്ന പുത്രന്റെ ജനനത്തിനു വഴിതെളിച്ചത്. സുമാലിയുടെ ആസൂത്രണമനുസരിച്ചാണ് കൈകസി മഹാമുനിയെ സന്ദർശിച്ചതും തന്റെ ആഗ്രഹം അറിയിച്ച് സന്താനോത്പത്തി നേടിയതും എന്നു രാമായണത്തിലെ പ്രതിപാദനങ്ങളി

ൽനിന്നും വ്യക്തമാണ്. അതിന്റെ പ്രചോദനം, തങ്ങളുടെ ജന്മഭൂമി സ്വന്തമാക്കുക എന്നതുതന്നെ ആകാനാണല്ലോ കൂടുതൽ സാധ്യത:

സാ ത്വം മുനിവരം ശ്രേഷ്ഠം പ്രജാപതികുലോദ്ഭവം
ഭജ വിശ്രവസം പുത്രി പൌലസ്ത്യം വരയ സ്വയം. 11

"'പുത്രി	"'മകളേ!	പൌലസ്ത്യം	പുലസ്ത്യ മഹർഷിയുടെ പുത്രനായ
സാ	അപ്രകാരമുള്ള	വിശ്രവസം	വിശ്രവസ്സ മഹർഷിയെ
ത്വം	നീ	ഭജ;	പ്രാപിച്ചുകൊണ്ടാലും;
മുനിവരം	മുനിവരനും	സ്വയം	സ്വയമായി
ശ്രേഷ്ഠം	ഉത്തമനും	വരയ.	ഭർത്താവായി വരിച്ചുകൊൾക.
പ്രജാപതികുലോദ്ഭവം	ബ്രഹ്മാവിന്റെ വംശത്തിൽ ജനിച്ചവനും		

ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം, കൈകസി കളവുപറഞ്ഞല്ല വൈശ്രവസ്സിൽ നിന്നും മകനെ സ്വീകരിച്ചത് എന്നതാണ്. തന്റെ പിതാവിന്റെ ആജ്ഞ അനുസരിച്ചാണ് ഞാൻ വരുന്നതെന്നും, അങ്ങയുടെ ജ്ഞാനദൃഷ്ടിയാൽ എന്റെ അഭീഷ്ടം അറിഞ്ഞുകൊള്ളുക എന്നുംപറഞ്ഞാണ് അവൾ അഗ്നിഹോത്രംചെയ്തുകൊണ്ടിരുന്ന വൈശ്രവസ്സിനെ സമീപിച്ചത്. അതായത്, മുനിക്ക് കൈകസിയുടെ ഉദ്ദേശ്യം അറിയാമായിരുന്നു.(വാല്മീകിരാമായണം, ഉത്തരകാണ്ഡം,സർഗ്ഗം:9,ശ്ലോകം:18,19):

അതായത്, ലക്ഷ്യം അറിഞ്ഞുതന്നെയാണ് മുനി അവളിൽ പുത്രനെ ജനിപ്പിക്കാൻ തയ്യാറായത്. *ഉഗ്രവേളയിൽ സന്താനോത്പാദനം സംഭവിച്ചതുകൊണ്ട്, ജനിക്കുന്ന പുത്രന്മാർ പരുഷസ്വാഭാവികളും ഘോരരൂപന്മാരും ക്രൂരകൃത്യങ്ങൾ ചെയ്യുന്നവരും ആകുമെന്ന് അടുത്തശ്ലോകത്തിൽ(ശ്ലോകം:23) വൈശ്രവസ്സുതന്നെ കൈകസിയെ അറിയിക്കുന്നുണ്ട്. അതിൽനിന്നും, രാക്ഷസിയുടെ മകനായതുകൊണ്ടുമാത്രമല്ല രാവണനെന്ന ബ്രാഹ്മണൻ 'രാവണ'നായതെന്ന് വ്യക്തമാണല്ലോ.(*സംഗമസമയമാണ് മുഖ്യമെന്ന രാമായണത്തിലെ മേൽ പരാമർശം, ജനനസമയമെന്ന സങ്കല്പത്തെയും അതിന്റെ തുടർച്ചയായ അന്ധവിശ്വാസങ്ങളെയും തള്ളുന്നതാണല്ലോ).

രാവണന്റെ ബാല്യകാലജീവിതത്തിൽ ഉടനീളം കണ്ടും കേട്ടുമറിഞ്ഞ സംഗതികളാണ് അയാളെ 'രാവണ'നാക്കിയത്.മാതാപിതാക്കളെ സന്ദർശിക്കാൻ പുഷ്പകവിമാനത്തിൽ പോകുന്ന ജ്യേഷ്ഠനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചെറുപ്പത്തിലേ അമ്മ അവർക്ക് നേരിടേണ്ടിവന്ന ചതികളെക്കുറിച്ച് അവനോടു പറഞ്ഞുകൊണ്ടിരുന്നു. ആ എരിവേറ്റലിന്റെ പാരമ്യത്തിലാണ്, രാവണനും സഹോദരന്മാരും അമ്മയുടെ സങ്കടം തീർക്കുമെന്നു പ്രതിജ്ഞചെയ്ത് ഗോകർണ്ണപർവ്വതത്തിലേക്കു തപസ്സിനു പോയതും ബ്രഹ്മാവിൽനിന്നും വരങ്ങൾ നേടി ശത്രുക്കളെ നിഗ്രഹിക്കാനുള്ള കരളുറപ്പും കരുത്തും പടക്കോപ്പുകളും സ്വന്തമാക്കിയതും. തുടർന്നുള്ള യാത്രയിലെ രണ്ടു ലക്ഷ്യങ്ങളായിരുന്നു കുബേരനും, വിഷ്ണുവിന്റെ അവതാരമായ രാമനും. തങ്ങളുടെ പൈതൃകഭൂമി സ്വന്തമാക്കിയ വൈശ്രവണനോടും, അതിനു വഴി ഒരുക്കിയ വിഷ്ണുവിനോടുമുള്ള പകയാണ് രാവണനെ രാമദ്വേഷിയാക്കിയത്. അത് ശരിയാതുകൊണ്ടാണോഎന്നറിയില്ല,നായകസ്ഥാനത്തുള്ളയാൾ ചെയ്താൽ വീരകൃത്യമായി അനുഭവപ്പെടുന്ന കാര്യങ്ങൾമാത്രമേ രാവണനുമേൽ വാല്മീകി എഴു

തിച്ചേർത്തിട്ടുള്ളൂ. രാക്ഷസവംശത്തിന്റെ ആത്മാഭിമാനം സംരക്ഷിക്കാൻ രാവണൻ ആദ്യം ചെയ്തത്, തന്റെ ജന്മഭൂമി സ്വന്തമാക്കുക എന്നതായിരുന്നു. ചതിയിലൂടെ ദേവന്മാരും, അനന്തരം വൈശ്രവണനും നേടിയ രാജ്യം ചതിയിലൂടെ തന്നെ തിരിച്ചുപിടിക്കുക എന്ന കൗശലമായിരിക്കാം, പരമശിവനിൽനിന്നും ദക്ഷിണയായി സുവർണ്ണലങ്കയും വൈശ്രവണനെ ആക്രമിച്ചു ലങ്കാനഗരവും സ്വന്തമാക്കിയ രാവണന്റെ ബുദ്ധിയ്ക്കുപിന്നിൽ.(വൈശ്രവണൻ സംഭാവനചെയ്ത സ്വർണ്ണം ഉപയോഗിച്ചുണ്ടാക്കിയതാണ് സ്വർണ്ണലങ്ക എന്നത് ഈ അവസരത്തിൽ ഓർക്കുക).

രാമൻ വിഷ്ണുവിന്റെ അവതാരമാണെന്നും, തന്റെ ഹന്താവാണെന്നും സുമാലിയിൽനിന്നു കേട്ടറിഞ്ഞിരുന്ന ലങ്കേശന്റെ കൂർമ്മബുദ്ധിയിൽ വികസിച്ച തന്ത്രമാകാം സീതാപഹരണവും. തന്റെ ലോകപരിചയത്തിൽനിന്നും,മാരീചനും ഖരനും ദൂഷനുമടക്കമുള്ള ബന്ധുക്കളുടെ അനുഭവങ്ങളിൽനിന്നും രാമന്റെ അപരാജിതത്വമറിയാവുന്ന രാവണനന്, ശ്രീരാമനെ സ്വന്തം തട്ടകത്തിലെത്തി തളയ്ക്കുന്നത് സ്വപ്നത്തിൽപോലും സുസാധ്യമല്ലെന്നു ബോധ്യമുണ്ടായിരുന്നു.സഹോദരിയായ ശൂർപ്പണയെക്കൊണ്ടു പാട്ടിലാക്കാനും, മുത്തശ്ശിയായ താടകയെക്കൊണ്ടു വകവരുത്താനും നടത്തിയ പരിശ്രമങ്ങൾ പരാജയപ്പെട്ടപ്പോഴാണ് രാവണൻ രാമനെ ലങ്കയിലെത്തിക്കാനുള്ള ഉപായംപുറത്തെടുത്തത് എന്നകാര്യം ശ്രദ്ധേയമാണ്. രാമനെ തന്റെ മടയിലെത്തിച്ചു മുട്ടുകുത്തിക്കുകയായിയിരുന്നു രാവണന്റെ ഉന്നമെന്നു വേണം ഊഹിക്കാൻ. അതിനുവേണ്ടിയാകണം സീതയെ തട്ടിക്കൊണ്ടുപോയതും, രാമൻ എത്തുവോളം കാത്തുവെച്ചതും. ഹനുമാന്റെ പ്രകോപനങ്ങൾക്കുപോലും രാവണനെ കുലുക്കാനായില്ല എന്നതിന്നർത്ഥം അദ്ദേഹത്തിന്റെ ലക്ഷ്യം അതുതന്നെയായിരുന്നു എന്നതാണ്. ബ്രഹ്മാവിന്റെ മാനസപുത്രിയായ പുഞ്ജകസ്ഥലയുടെയും നളകൂബരന്റെ പത്നിയായ രംഭയുടെയും ശാപം ഓർമ്മയിലുള്ളതിനാൽ, അനുവാദമില്ലാതെ ഒരു സ്ത്രീയെയും പ്രാപിച്ച് പൊട്ടിത്തെറിച്ചില്ലാതാവാൻ ആഗ്രഹിക്കാതിരുന്നതുകൊണ്ടാണ് സീതയെ ലങ്കേശ്വരൻ ശാരീരികമായി ഉപദ്രവിക്കാതിരുന്നതെന്ന അനുമാനത്തിൽ വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. ആ സാഹചര്യത്തെ രാവണന്റെ സ്ത്രീഭക്തിയായി അവതരിപ്പിച്ചു വിഗ്രഹവത്കരിക്കുന്നതിലും യുക്തിയുണ്ടെന്നു തോന്നുന്നില്ല. കുബേരൻ സംഭാവനചെയ്ത സ്വർണ്ണം വിനിയോഗിച്ചു നിർമ്മിച്ച സുവർണ്ണലങ്ക തന്ത്രപൂർവ്വം കൈക്കലാക്കിയത്, രാവണന്റെ പകരംവീട്ടലായിരുന്നു. അതുപോലെതന്നെ, വിഷ്ണുവിന്റെ അവതാരമായ രാമനോടു കണക്കുചോദിക്കാൻ അവസരമൊരുക്കിയതും രാവണന്റെ തീവ്രമായ പ്രതികാരബുദ്ധികൊണ്ടാണ്; സീതയോടുള്ള അഭിനിവേശം കൊണ്ടായിരുന്നില്ല.

രാക്ഷസർ എങ്ങനെ രാക്ഷസരായി?

തിന്മയുടെ പ്രതിരൂപങ്ങളും അധികാരമോഹികളും അധാർമ്മികരും നരഭോജികളും, അധമമായ പൂജകളും ഉപാസനകളും അനുഷ്ഠിക്കുന്നവരും, മായാവിദ്യ അറിയുന്നവരുമായാണ് രാക്ഷസന്മാരെ പുരാണേതിഹാസങ്ങളിൽ പൊതുവെ അവതരിപ്പിച്ചുകാണുന്നത്. അസാമാന്യ ദേഹബലമുള്ള അവരെ, അക്രമികളായാണ് കഥകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഭീമാകാരമായ ഉടലും കറുത്തനിറവും ചുവന്ന കണ്ണു

കളും മുഴുത്ത ചുണ്ടുകളും വലിയ ചെവികളും ഗുഹസമാനമായ വായും ഉള്ളവരായാണ് വരകളിലും വർണ്ണനകളിലും രാക്ഷസരെ നമുക്കു കാണാനാകുന്നത്. അതിനാൽത്തന്നെ, രാക്ഷസന്മാരെല്ലാം ഭയജനകരായ ദുഷ്ടശക്തികളാണെന്നാണ് ജനങ്ങൾക്കിടയിൽ പരക്കെയുള്ള ധാരണ. അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ?

ഭഗവത്ഗീതയിലെ പതിനാറാം അധ്യായത്തിലെ ശ്ലോകങ്ങൾ(നാലുമുതൽ 20വരെ) നിർവ്വചിക്കുന്നതനുസരിച്ച്, രാക്ഷസത്വം ഒരുഗുണമാണ്; വർഗ്ഗമല്ല. അതുപ്രകാരം, അഹംഭാവം, അഹങ്കാരം, മിഥ്യാഭിമാനം,കോപം, നിഷ്ഠൂരത, അജ്ഞത തുടങ്ങിയ സ്വഭാവങ്ങളുള്ളവരെയാണ് അസുരിക(രാക്ഷസീയ) ഗുണങ്ങളുള്ളവരായി വിശേഷിപ്പിക്കുന്നത്. ശൗചമോ ആചാരമോ ഇല്ലാത്തവരും ഈശ്വരനെ നിന്ദിക്കുന്നവരും ക്രൂരകർമ്മങ്ങൾചെയ്യുന്നവരും ദുരാഗ്രഹങ്ങൾ നിറവേറ്റുവാൻ അശുദ്ധവ്രതരായി പ്രവർത്തിക്കുന്നവരും വിഷയഭോഗങ്ങളെ പരമമായ ലക്ഷ്യമായി കാണുന്നവരും തെറ്റായ വഴികളിലൂടെ സമ്പത്തു വാരിക്കൂട്ടുന്നവരും കാമക്രോധങ്ങളിൽ മുഴുകി ജീവിക്കുന്നവരും അസുരന്മാരാണെന്ന് ആ ശ്ലോകങ്ങളിൽ ഗീത പറയുന്നു. അതോടൊപ്പം, 'ഞാൻ സമ്പന്നനും ഉന്നതകുലജാതനുമാണ്(ആഢ്യൻ). എന്നെപ്പോലെ വേറെയാരുണ്ട്? ഞാൻ യജ്ഞം നടത്തും, ദാനം നൽകുകയുംചെയ്യും' എന്നിങ്ങനെ അജ്ഞാനത്താൽ മോഹിതരായവരെയും അസുരരായാണ് ഭഗവത്ഗീത കണക്കാക്കുന്നത് എന്നതാണ് ഏറ്റവും കൗതുകകരം.(സൂക്തം:015,16-അനുബന്ധം:II). അതായത്, ഇന്നത്തെ ആഢ്യത്വലക്ഷണങ്ങൾ അന്ന് അസുരത്വത്തിന്റെ പര്യായമായിരുന്നു.

അസുരന്മാരും രാക്ഷസന്മാരും 'പൂർണ്ണാർത്ഥത്തിൽ' ഒന്നല്ല. രാക്ഷസർ പുലസ്ത്യസന്തതികളാണ്. അസുരന്മാർ, കശ്യപപ്രജാപതിക്ക് ദനു എന്ന പത്നിയിൽ ഉണ്ടായ ദാനവന്മാരും ദിതിയെന്ന പത്നിയിൽ ഉണ്ടായ ദൈത്യന്മാരും ചേരുന്ന വംശമാണ്. അതെന്തായാലും, രാമായണത്തിലെ വർണ്ണനകളെ ആസ്പദമാക്കി, രാക്ഷസന്മാർ പുരാതനകാലത്തെ ഒരു പ്രത്യേകവംശമാണ് എന്ന നിലയിൽത്തന്നെ കാര്യങ്ങളെ പരിശോധിക്കാം. വാല്മീകികിരാമായണം ഉത്തരകാണ്ഡത്തിലെ സർഗ്ഗം നാലിൽ, രാമന്റെ ചോദ്യത്തിനുള്ള മറുപടിയായി അഗസ്ത്യമുനി രാവണാദികൾക്കു മുൻപുള്ള രാക്ഷസന്മാരുടെ ഉത്പത്തി വിവരിച്ചുകൊടുക്കുന്നുണ്ട്. അതിൽ പറയുന്നു: വിധാതാവ് ആദ്യം അംഭസ്(സ്വർഗ്ഗത്തിനപ്പുറമുള്ള ലോകം) നിർമ്മിച്ച്, അതിന്റെ സംരക്ഷണത്തിനുവേണ്ടി ചിലരെയും സൃഷ്ടിച്ചു.പൈദാഹത്താലും ഭയത്താലും പീഡിതരായ അവർ ബ്രഹ്മാവിന്റെ സമീപത്തു ചെന്ന്, തങ്ങൾ ''എന്താണു ചെയ്യേണ്ടത്?''(കിം കർമ്മഃ) എന്നുചോദിച്ചു. സ്രഷ്ടാവ് അവരോട്, 'ശ്രദ്ധാപൂർവ്വം നന്നായി രക്ഷിക്കുവിൻ'(യത്നേന ഏവം രക്ഷധ്വം)എന്ന് അറിയിച്ചു. അതിന് മറുപടിയായി അവരിൽ ഒരുകൂട്ടർ "ഞങ്ങൾ രക്ഷിക്കാ"മെന്നും(രക്ഷാമ), മറ്റുള്ളവർ "ഞങ്ങൾ ഭക്ഷിക്കാ"മെന്നും(ജക്ഷാമ) ബ്രഹ്മാവിനോട് വിനയപൂർവ്വം ഉണർത്തിച്ചു.

അതുകേട്ട ബ്രഹ്മദേവൻ, നിങ്ങളിൽ രക്ഷിക്കാം എന്നു പറഞ്ഞവർ 'രാക്ഷസ'രായി ഭവിക്കട്ടെയെന്നും, ഭക്ഷിക്കാമെന്ന് അറിയിച്ചവർ 'യക്ഷരാ'യി ഭവിക്കട്ടെയെന്നും പറഞ്ഞു. ഇതാണ് രാക്ഷസന്മാരുടെ ഉത്ഭവത്തെക്കുറിച്ചുള്ള രാമായണകഥ. അതായത്, ഉത്തരവാദിത്വം ഏറ്റെടുക്കാമെന്ന് പറഞ്ഞവർ രാക്ഷസരായി ഇകഴ്ത്തപ്പെട്ടു

കയും, ഭക്ഷിച്ചു സുഖികളായി ജീവിക്കാം എന്നു പറഞ്ഞവർ യക്ഷരായി ഉയർത്തപ്പെടുകയുമാണ് ഉണ്ടായതെന്നു രാമായണംതന്നെ പറയുന്നു:

രക്ഷാമേതി ച തത്രാന്യേ ജക്ഷാമ ഇതി ചാപരേ
ഭക്ഷിതാഭക്ഷിതൈരുക്തസ്തതസ്താനാഹ ഭൂതകൃത്. 12

ഭക്ഷിതാ-	വിശപ്പുള്ളവരാലും വി	അപരേ,	മറ്റേ ക്രൂരർ
ഭക്ഷിതൈഃ	ശപ്പില്ലാത്തവരാലും	'ജക്ഷാമ'	'ഞങ്ങൾ ഭക്ഷിക്കാം'
ഉക്തഃ;	അതിന്ന് ഉത്തരം പറ	ഇതി ച;	എന്നും ഉണർത്തിച്ചു;
തത്ര	അതിൽ [യപ്പെട്ട;	ഭൂതകൃത്,	സൃഷ്ടികർത്താവായ ബ്ര
അന്യേ	രണ്ടാമത്തെ ക്രൂരർ (വി		ഹ്മദേവൻ,
	ശപ്പില്ലാത്തവർ)	തതഃ	അതിനാൽ
'രക്ഷാമ'	'ഞങ്ങൾ രക്ഷിക്കാം'	താൻ	അവരോടായിപ്രകാരം
ഇതി ച,	എന്നും	ആഹ.	അരുളിച്ചെയ്തു.

രക്ഷാമേതി ച യൈരുക്തം രാക്ഷസാസ്തേ ഭവന്തു വഃ
ജക്ഷാമ ഇതി യൈരുക്തം യക്ഷാ ഏവ ഭവന്തു വഃ 13

"വഃ	"നിങ്ങളിൽ	വഃ	നിങ്ങളിൽ
രക്ഷാമ ഇതി	രക്ഷിക്കാം എന്ന്	ജക്ഷാമ ഇതി	ഭക്ഷിക്കാം എന്ന്
ഉക്തം	പറയപ്പെട്ടത്	ഉക്തം	പറയപ്പെട്ടത്
യൈഃ,	യാതൊരുവരാലോ,	യൈഃ	യാതൊരുവരാലോ അ
തേ	അവർ		വർ
രാക്ഷസാഃ ച	രാക്ഷസരായിതന്നെ	യക്ഷാഃ ഏവ	യക്ഷന്മാരായും
ഭവന്തു;	ഭവിക്കട്ടെ;	ഭവന്തു.	ഭവിക്കട്ടെ.

അങ്ങനെ, രക്ഷിക്കാമെന്നു പറഞ്ഞു രാക്ഷസരായവരിൽ പ്രധാനികൾ ഹേതിയും പ്രഹേതിയുമായിരുന്നു. അവരിൽ, പ്രഹേതി സന്ന്യാസാശ്രമത്തിൽ കാലം കഴിച്ചു. (സന്ന്യാസാശ്രമം രാക്ഷസർക്കു സമ്മതിക്കപ്പെട്ടതായിരുന്നു എന്നു സാരം). ഹേതി, യമന്റെ സഹോദരി ഭയയെ പാണിഗ്രഹണംചെയ്തു. അവർക്കു വിദ്യുത്കേശനെന്ന ഒരു മകനുണ്ടായി. അയാൾക്ക് സാലകടങ്കടയെന്ന കന്യകയിൽ, മന്ഥരപർവ്വതത്തിൽവെച്ച് ഒരു പുത്രൻ പിറന്നു. ജനിച്ചയുടനെ മാതാപിതാക്കൾ ആ ശിശുവിനെ അവിടെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു. വായിൽ വിരലുകളിട്ട് ഇടിമുഴക്കംപോലെ കരഞ്ഞുകൊണ്ടിരുന്ന ആ കുഞ്ഞിനെ ആകാശമാർഗ്ഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന പരമശിവനും ശ്രീപാർവ്വതിയും കണ്ടു. ദേവിയുടെ അനുതാപത്തോടെയുള്ള അപേക്ഷയെത്തുടർന്ന് പരമശിവൻ ആ രാക്ഷസശിശുവിന് അമരത്വവും, അമ്മയ്ക്കൊപ്പം വയസ്സും നൽകി. ആകാശത്തിൽ സഞ്ചരിക്കാൻ കഴിയുന്ന ഒരു നഗരം പാർവ്വതിയും അവനു സമ്മാനിച്ചു.(ശ്ലോകം:29,30,31). പിന്നീട് സുകേശനെന്നു പേരുകേട്ട അദ്ദേഹത്തിന്റെ ധർമ്മിഷ്ഠത കേട്ടറിഞ്ഞ ഗ്രാമണി എന്ന ഗന്ധർവ്വൻ, ദേവവതി എന്ന സ്വന്തം മകളെ അവനു വിവാഹം കഴിച്ചുകൊടുത്തു. അവർക്കുണ്ടായ മക്കളാണ് മാല്യവാനും സുമാലിയും മാലിയും. അവരായിരുന്നു ദേവശില്പിയായ വിശ്വകർമ്മാവിനെക്കൊണ്ട് ലങ്ക എന്ന നഗരം പണികഴിപ്പിച്ചത്.

ആ വംശാവലിയിലെ ആരുംതന്നെ ഇന്നു നാം അറിയുന്ന രാക്ഷസനിർവ്വചനത്തിന്റെ പരിധിയിൽ പെടുന്ന സ്വഭാവങ്ങളോ രൂപവിശേഷണങ്ങളോ ഉള്ളവരായിരുന്നില്ല എന്നാണ് വാല്മീകിരാമായണം ഉത്തരകാണ്ഡം നാലാംസർഗ്ഗത്തിലെ വിവരണങ്ങളിൽനിന്നും വ്യക്തമാകുന്നത്. രാക്ഷസരുടെ ആദ്യതലമുറയിലെ പ്രഹേതി,

അത്യന്തം ധർമ്മിഷ്ഠനും സന്യാസിയുമായിരുന്നു.(ശ്ലോകം:15). രാക്ഷസരുടെ തുടർന്നുള്ള വംശപരമ്പരകൾക്കു നിമിത്തമായ ഹേതി 'മഹാമതിയും(?) അമേയാത്മാവുമായിരുന്നു' എന്നാണു രാമായണം പറയുന്നത്. അദ്ദേഹത്തിന്റെ സന്തതിയായ വിദ്യുത്കേശൻ, വാല്മീകിയുടെ ഭാഷയിൽ 'ജ്വലിക്കുന്ന സൂര്യനെപ്പോലെ കാന്തിയുള്ള മഹാതേജസ്വി' ആയിരുന്നു.(ശ്ലോകം:18). വിദ്യുത്കേശപുത്രനായ സുകേശൻ 'മിന്നലിനൊത്ത കാന്തിയാർന്നവ'നായിരുന്നു.(ശ്ലോകം:24).അയാളുടെ ധർമിഷ്ഠത കേട്ടറിഞ്ഞതുകൊണ്ടാണല്ലോ ഗ്രാമണിയെന്ന ഗന്ധർവ്വൻ ദേവവതിയെന്ന തന്റെ മകളെ അയാൾക്ക് വിവാഹംകഴിച്ചുകൊടുത്തത്. ദേവവതിയോ,മഹാലക്ഷ്മിയെപ്പോലെ രൂപവും യൗവ്വനവുമുള്ളവളെന്ന് മൂന്നുലോകങ്ങളിലും ഖ്യാതിപൂണ്ടവളായിരുന്നു.(സർഗ്ഗം:അഞ്ച് ശ്ലോകം:1,2) സുകേശന്റെ പുത്രന്മാരായ മാലിയും സുമാലിയും മാല്യവാനും 'ത്രേതാഗ്നിപോലെ തേജസ്സുള്ളവരായിരുന്നു' എന്നാണ് ഉത്തരരാമായണം പരിചയപ്പെടുത്തുന്നത്. അപ്പോൾ,അവരുടെ വംശാവലി എന്ന് മുതലായിരിക്കാം കഥകളിലും ഇതര കലാസൃഷ്ടികളിലും കാണുന്ന വിധത്തിലുള്ള ഭീകരരൂപികളും ഘോരസ്വാഭാവികളുമായത്? അവർ എന്തുകൊണ്ടാകാം രാക്ഷസത്വം എന്ന ഭയാവഹമായ അവസ്ഥയെ ആവിഷ്കരിക്കുന്ന നിലയിലെത്തിയത്?

സുകേശപുത്രന്മാരായ മാല്യവാനും സുമാലിയും മാലിയും കഠിനതപസ്സനുഷ്ഠിച്ച് ബ്രഹ്മഭഗവാനെ പ്രസാദിപ്പിച്ച് അജയ്യതയും ചിരഞ്ജീവിത്വവും വരങ്ങളായിനേടി. അതോടൊപ്പം, എല്ലാക്കാലത്തും പരസ്പരം സ്നേഹത്തോടുകൂടി ജീവിക്കാനുള്ള ഭാഗ്യവും(പരസ്പരം അനുവ്രത)വരമായി സ്വന്തമാക്കി.(ഇത്തരം ഒരുവരം പുരാണങ്ങളിലൊന്നും കാണില്ല). തുടർന്നാണ് അവർ ദേവശില്പിയുടെ സഹായത്തോടെ ദേവേന്ദ്രന്റെ അമരാവതിക്കു സമാനമായ ലങ്കാനഗരം പടുത്തുയർത്തിയത്. അനന്തരം, അവർ നർമ്മദയെന്ന ഗന്ധർവ്വസ്ത്രീയുടെ മൂന്നു പെൺമക്കളെ പൂർണ്ണാനുമതിയോടുകൂടി വിവാഹംചെയ്തു. ധൈര്യലക്ഷ്മി,ധനലക്ഷ്മി, കീർത്തിലക്ഷ്മി എന്നിവർക്കൊപ്പം രൂപവതികളായ(സർഗ്ഗം: അഞ്ച്, ശ്ലോകം: 29) അവരിലാണ് രാമായണത്തിൽ പരാമർശിക്കപ്പെടുന്ന രാക്ഷസന്മാരൊക്കെ ജനിച്ചത്. അവരും രാക്ഷസരൂപികളാകാൻ ഇടയില്ലല്ലോ. പരസ്പരസ്നേഹത്തോടുകൂടി കഴിയാനും രക്ഷിക്കാനും നിശ്ചയിച്ചുറച്ച ഒരു സമൂഹം, പിന്നെ എവിടെവെച്ചാകാം, നാം കേട്ടറിയുന്ന ഘോരരൂപവും ദുർഗ്ഗുണങ്ങളുമുള്ള ഭയപ്പെടുത്തുന്ന രാക്ഷസരായത്?

അതിനുള്ള ഉത്തരവും ഉത്തരകാണ്ഡത്തിലെ ആറാം സർഗ്ഗത്തിൽ ഉണ്ട്. ശക്തരും സംഘടിതരും സമ്പന്നരുമായ ആ സമൂഹം ദേവേന്ദ്രനും ഭൂദേവന്മാർക്കും അടക്കിനിറുത്താൻ കഴിയാത്തവരായതോടെയാണ് 'രാക്ഷസരാക്കിമാറ്റപ്പെട്ടത്' എന്നാണ് രാമായണത്തിലെ പരാമർശങ്ങളിൽനിന്നും മനസ്സിലാകുന്നത്. അവർക്കിടയിലെ ഐക്യവും അവരുടെ സാമർത്ഥ്യവും ഭയപ്പെട്ടിരുന്നവരാണ് അവരെ രാക്ഷസരാക്കിയത്; അല്ലെങ്കിൽ, രാക്ഷസത്വത്തിന് ഇന്നുള്ള അർത്ഥം നൽകിയത്.

വൈദിക ആചാരങ്ങൾക്കും അതിന്റെ സംരക്ഷകർക്കും എതിരായതോടുകൂടിയാണ് രാക്ഷസർ ഘോരരൂപികളുംദുർബുദ്ധികളും ദുഷ്ടന്മാരുമായി അവതരിപ്പിക്കപ്പെട്ടതും, പ്രതിനായകസമൂഹമായതും. അപരാജിതരാക്കുന്ന വരങ്ങളും അധി

കാരവും അളവില്ലാത്ത സമ്പത്തും രാക്ഷസരെ അഹങ്കാരികളാക്കിയിട്ടുണ്ടാകാം. എന്നാലും, അടിയുറച്ച ശിവഭക്തരായിരുന്ന അവർ കേവലം അഹങ്കാരത്തിന്റെ പേരിൽ യാഗങ്ങളെയും പുരോഹിതരേയും അക്രമിച്ചു എന്നു കരുതാൻവയ്യ. തങ്ങളുടെ മേധാവിത്വം അംഗീകരിക്കാത്തവരെയെല്ലാം ദുഷ്ടശക്തികളാക്കി ചാപ്പകുത്തുന്ന പതിവുനടപടിയുടെ ആവർത്തനംമാത്രമാണ് ലങ്കാനിവാസികൾക്കുമേൽ ചുമത്തപ്പെട്ട രാക്ഷസത്വവും അതിന് ഉപോത്ബലകമായി നിരത്തപ്പെടുന്ന ആക്രമണകഥകളും എന്നുതന്നെ വിശ്വസിക്കാം.(ആ നടപടികൾക്ക് ദേവന്മാരുടെ പിൻബലമില്ലായിരുന്നു എന്നതിന്റെ തെളിവാണ് രാവണനു കിട്ടിയ അസംഖ്യം വരങ്ങൾ).



തതസ്തു തേ രാക്ഷസപുംഗവാസ്ത്രയോ
നിശാചരൈഃ പുത്രശതൈശ്ച സംവൃതാഃ
സുരാൻ സഹേന്ദ്രാനൃഷിനാഗയക്ഷാൻ
ബബാധിരേ താൻ ബലവീര്യദർപ്പിതാഃ. 44
ജഗദ്ഭ്രമന്തോഽനിലവദ്ദുരാസദാ
രണേഷു മൃത്യുപ്രതിമാഃ സമാഹിതാഃ
വരപ്രദാനാദതിഗർവ്വിതാ ഭൃശം
ക്രതുക്രിയാണാം പ്രശമംകരാഃ സദാ. 45

“ തതഃ	“ അക്കാലം	ക്രതുക്രിയാണാം	യാഗകൃത്യങ്ങൾക്ക്
തേ	ആ	സദാ	എപ്പോഴും
രാക്ഷസ-പുംഗവാഃ	രാക്ഷസവീരന്മാർ	ഭൃശം	അതിയായി
ത്രയഃ തു,	മൂന്നുപേരും,	പ്രശമംകരാഃ,	ആപത്തുവിളയിക്കുന്നവരായി,
അനിലവത്	വായുവിനെപ്പോലെ	നിശാചരൈഃ	രാക്ഷസരാലും
ജഗത് ഭ്രമന്തഃ	ലോകമെങ്ങും സഞ്ചരിക്കുന്നവരായി,	പുത്രശതൈഃ	അനേകം പുത്രന്മാരാലും
ദുരാസദാഃ	അടുക്കപ്പെടുവാൻ കഴിയാത്തവരായി,	സംവൃതാഃ,	ചൂഴപ്പെട്ടവരായി,
രണേഷു	യുദ്ധങ്ങളിൽ	ബലവീര്യ-ദർപ്പിതാഃ,	ബലംകൊണ്ടും വീര്യംകൊണ്ടും മദിച്ചവരായി
മൃത്യുപ്രതിമാഃ,	യമസദൃശന്മാരായി,	സഹേന്ദ്രാൻ	ഇന്ദ്രനടക്കമുള്ള
സമാഹിതാഃ,	ഒത്തുകൂടിയവരായി	താൻ	ആ
വരപ്രദാനാത്	വരം നല്കിയതിനാൽ	സുരാൻ	ദേവകളേയും
അതിഗർവ്വിതാഃ,	ഗർവ്വമുൾക്കൊണ്ടവരായി,	ഋഷിനാഗ-യക്ഷാൻ ച	ഋഷികളേയും, നാഗങ്ങളേയും, യക്ഷന്മാരേയും
		ബബാധിരേ.”	ഉപദ്രവിച്ചുവന്നു.”

ലങ്കയിലെ സാധാരണ ജനസമൂഹമായിരുന്നു രാക്ഷസരെന്ന് അവരുടെ ഉത്പത്തികഥയിലും, അവർ ഘോരരൂപികളും ക്രൂരബുദ്ധികളും ദുഷ്ടന്മാരുമായിരുന്നെന്ന് മറ്റവസരങ്ങളിലും കാണുന്നു. രാമായണത്തിലെ ആ വൈരുദ്ധ്യം വാല്മീകിയ്ക്കു പറ്റിയ കൈപ്പിഴയായി തെറ്റിദ്ധരിക്കേണ്ടതില്ല.ആവശ്യമുള്ള പൊടിപ്പുംതൊങ്ങലുമൊക്കെ കഥാപാത്രങ്ങൾക്കുമേൽ ചാർത്തുമ്പോഴും, സത്യമറിയാൻ ആഗ്രഹിക്കുന്നവർക്ക് അത് കണ്ടെടുക്കാനുള്ള വാതായനങ്ങൾ തുറന്നിട്ടുതന്നെയാണ് വാല്മീകിമഹർഷി തന്റെ സകല കഥാപാത്രനിർമ്മിതികളും നിർവ്വഹിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അദ്ദേഹത്തെ ലക്ഷണമൊത്ത കവിയായി കാലം രേഖപ്പെടുത്തുന്നത്. എത്ര അപ്രിയമായാലും സത്യം വിളിച്ചുപറയുന്നയാളാണ് യഥാർത്ഥ കവി. വാല്മീകിമഹർഷി ചെയ്യുന്നത് ആ കവിധർമ്മം നിർവ്വഹിക്കുകതന്നെയാണ്.

പൗരാണികഭാരതീയരചനകളിൽ ഗഹനമായ ഗവേഷണം നടത്തിയ ഗ്രിഫിതിനെ (Ralf.T.H.Griffith) പ്പോലെയുള്ള വിദേശികളായ ചരിത്രപണ്ഡിതർ, ഇവിടത്തെ ആദിമ നിവാസികളെയാണ് രാക്ഷസന്മാരെന്ന് രാമായണത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് അഭിപ്രായപ്പെടുന്നു.പുരാണലിംഗംപിള്ളയെ പോലെയുള്ള ഇന്ത്യൻ ഗവേഷകരും ആ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്. ബ്രാഹ്മണർ, തങ്ങളെ ദേവന്മാരെന്നും സുരന്മാരെന്നും യക്ഷന്മാരെന്നും നിരൂപിക്കുകയും, അവർക്കു വിരോധമുണ്ടായിരുന്ന ജനസമൂഹങ്ങളെ അവഹേളനാരൂപത്തിൽ രാക്ഷസന്മാർ എന്നും അസുരരെന്നും നിശാചരരെന്നും വിളിക്കുകയും ചെയ്തിരുന്നു. അത്തരം നിന്ദാപരവും വെറുപ്പുളവാക്കുന്നതുമായ അഭിസംബോധനയുടെ പ്രേരണയായി ഗവേഷകന്മാർ കണ്ടെത്തുന്നത്, അവരോട് ആര്യബ്രാഹ്മണർക്കുണ്ടായ ശത്രുതയും ഭയവുമാണ്. രാക്ഷസർ പല ഗോത്രങ്ങളിൽപെടുന്നവരും, വ്യത്യസ്ത സാമൂഹികാവസ്ഥ പുലർത്തുന്നവരുമായിരുന്നു.അടിസ്ഥാനപരമായി അവർ തോട്ടങ്ങളുടെയും ഗ്രാമങ്ങളുടെയും നാട്ടുരാജ്യങ്ങളുടെയും സംരക്ഷകരായിരുന്നു. പൊതുവെ തെളിഞ്ഞ നിറമുണ്ടായിരുന്ന ആര്യന്മാർ, ഇരുണ്ട നിറക്കാരും ദൃഢഗാത്രരുമായ ആദിമസമൂഹങ്ങളെ(തദ്ദേശീയരെ) ഭയത്തോടെയാണ് കണ്ടിരുന്നത്. ആ ഭയത്തിന്റെ കാവ്യാവിഷ്കാരംമാത്രമാണ് പൗരാണികകൃതികളിൽ കണ്ടുമുട്ടുന്ന ഭീകരരൂപവും ക്രൂരസ്വഭാവവുമുള്ള രാക്ഷ സകഥാപാത്രങ്ങൾ. അവർ സാധാരണ മനുഷ്യർ തന്നെയായിരുന്നു. അക്കാര്യം ശരിവെയ്ക്കുന്ന അനവധി തെളിവുകൾ ഇതിഹാസ-പുരാണങ്ങളിൽ കാണാം. അതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ശ്രീരാമൻ നടത്തിയ അശ്വമേധയാഗത്തിൽ സംബന്ധിക്കാനെത്തിയ മഹർഷിമാരേയും മറ്റ് അതിഥികളെയും സ്വീകരിച്ച് ഉപചരിക്കാൻ നിയോഗിക്കപ്പെട്ടവരിൽ വിഭീഷണന്റെ നേതൃത്വത്തിലുള്ള 'രാക്ഷസരും', സുഗ്രീവന്റെ അനുയായികളായ 'വാനരന്മാരും' ഉണ്ടായിരുന്നെന്ന വാല്മീകിരാമായണത്തിലെ പ്രസ്താവന.(ഉത്തരകാണ്ഡം, സർഗ്ഗം:92, ശ്ലോകം:7,8). രാക്ഷസന്മാരെക്കുറിച്ചുള്ള രാമായണത്തിലെ ആ ശ്ലോകം കാണുക:


വിഭീഷണശ്ച രക്ഷോഭിർബഹുഭിഃ സ്രഗ്വിഭിർവൃതഃ
ഋഷീണാമുഗ്രതപസാം പൂജാം ചക്രേ മഹാത്മനാം. 8

വിഭീഷണഃ,	വിഭീഷണൻ,	ഉഗ്രതപസാം	ഉഗ്രതപസ്സ് കയ്ക്കൊണ്ട
ബഹുഭിഃ	അനേകം	മഹാത്മനാം ച	മഹാത്മാക്കളായ
സ്രഗ്വിഭിഃ	പൂമാലകൾ കഴുത്തിലേ [ന്തിയ	ഋഷീണാം	ഋഷികൾക്കായിക്കൊണ്ട്
രക്ഷോഭിഃ	രാക്ഷസരാൽ	പൂജാം ചക്രേ.	അതിഥിസത്കാരം ചെയ്തു.
വൃതഃ	ചൂഴപ്പെട്ടവനായി		

അവരെ കേവലം ദാസന്മാരായല്ല ആ കൃത്യത്തിനു നിയോഗിച്ചത്. രാമന്റെ പ്രതിനിധികളായിത്തന്നെയാണ് അവർ ആ ദൗത്യത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടത്.ഭരതലക്ഷ്മണന്മാരോട് രാമൻ പറഞ്ഞ, പ്രത്യേകം ക്ഷണിക്കേണ്ടവരുടെ പട്ടികയിൽ ഈ രണ്ടു കൂട്ടരുമുണ്ടായിരുന്നു(ഉത്തരകാണ്ഡം, തൊണ്ണൂറ്റൊന്നാം സർഗ്ഗം, ശ്ലോകം: 10,11).വിശിഷ്ടാതിഥികളെ സ്വീകരിക്കാനും ശുശ്രൂഷിക്കാനും മൃഗങ്ങളായ വാനരന്മാരെയും ഭയജനകരൂപികളായ രാക്ഷസന്മാരെയും ശ്രീരാമൻ നിയോഗിച്ചു എന്നു കരുതാനാകുമോ? രാമായതത്തിലെ കഥാപാത്രങ്ങളായ വാനരന്മാരും രാക്ഷസരും,

അക്കാലത്തെ ചില ഗോത്രസമൂഹങ്ങളായിരുന്നു എന്നുതന്നെയാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. വിവേചനങ്ങളൊന്നുമില്ലാത്ത രാമരാജ്യത്തിൽ, മറ്റാരെയും പോലെതന്നെ ആദരവ് അർഹിക്കുന്ന മനുഷ്യരായിരുന്നു ഗോത്രവംശജർ. ആ രാമരാജ്യമാണ് ആർഷഭാരതസംസ്കാരത്തിന്റെ കൃത്യമായ മാതൃക; മനുസ്മൃതി വിഭാവനം ചെയ്യുന്ന വിവേചനങ്ങൾ നിറഞ്ഞ ആഭാസസംസ്കാരമല്ല.

രാമ-രാവണയുദ്ധം ആര്യ-ദ്രാവിഡസംഘർഷമാണോ?

രാമനും രാവണനുമൊക്കെ ജീവിച്ചിരുന്നോ എന്ന ചോദ്യം മാറ്റിനിറുത്തിയാൽത്തന്നെ, അവരെ മാതൃകാബിംബങ്ങളാക്കി തെരഞ്ഞെടുക്കുന്നവർ, അവരുടേതായി പ്രചാരത്തിലുള്ള പ്രവൃത്തികൾ പരിശോധിക്കുന്നത് നന്നായിരിക്കും. വർത്തമാനകാലരാഷ്ട്രീയം ദ്രാവിഡസ്വത്വബോധത്തിന്റെ പ്രതീകമായി രാവണനെ അവതരിപ്പിക്കുമ്പോഴും, രാവണൻ ദ്രാവിഡനായിരുന്നോ എന്ന തർക്കം ബാക്കിയാകുന്നുണ്ട്. ബ്രാഹ്മണരക്തത്തിൽ പിറന്ന രാവണനെ ബ്രാഹ്മണനായിത്തന്നെയാണ് പിതാവു വളർത്തിയത്. എന്നിട്ടും അദ്ദേഹം ബ്രാഹ്മണ്യം തെളിച്ച വഴികളിൽനിന്നു മാറി നടന്നു. അതിനുള്ള കാരണം തന്റെ മാതാവിന്റെ പൂർവ്വികർ നേരിട്ട ചതിയാണെങ്കിൽപ്പോലും, അത് രാവണന്റെ ജന്മാർജ്ജിതമായ ബ്രാഹ്മണ്യത്തെ നിരാകരിക്കാനുള്ള നിമിത്തമാകുന്നില്ല. മറുവശത്ത്, രാവണൻ ദ്രാവിഡനാണെന്ന് തെളിയിക്കാൻ പര്യാപ്തമാകുന്ന പ്രമാണങ്ങളൊന്നും ലഭ്യവുമല്ല.സനാതനസംസ്കൃതി പിറവിയെടുത്തത് ദ്രാവിഡഭൂമികയിലാണെന്നും, ഈ മന്വന്തരത്തിലെ മനുവായ വൈവസ്വതമനു ദ്രാവിഡനാണെന്നും, വൈവസ്വതന്റെ പുത്രനായ ഇക്ഷ്വാകുവും അദ്ദേഹത്തിന്റെ വംശാവലിയുമെല്ലാം ദ്രാവിഡരാണെന്നും മഹാഭാഗവതം പറയുമ്പോൾ, രാമൻ ദ്രാവിഡനാണെന്നു സ്പഷ്ടമാണ്. ആ നിലക്ക് ബ്രാഹ്മണപുത്രനായ രാവണനും, ദ്രാവിഡനായ ശ്രീരാമനും തമ്മിലുണ്ടായ യുദ്ധത്തെ ആര്യ-ദ്രാവിഡയുദ്ധം എന്നനിലയിൽത്തന്നെ കാണുന്നതിൽ തെറ്റില്ല എന്നുതോന്നുന്നു.

അതിനാൽ, സനാതനസംസ്കൃതിക്കുമേൽ ആര്യബ്രാഹ്മണ്യം ഉണ്ടാക്കിയെടുത്ത അപനിർമ്മിത ആധിപത്യത്തിനെതിരെയുള്ള പോരാട്ടങ്ങളിൽ, മുന്നിൽ നിർത്താവുന്ന പ്രതീകങ്ങൾ ശ്രീരാമനും ശ്രീകൃഷ്ണനും തന്നെയാണ്. എങ്കിലും, മനുവാദികളുടെ കുടിലതന്ത്രം ശ്രീരാമനെ അവരുടെ കൊടിയടയാളമാക്കിമാറ്റിക്കഴിഞ്ഞു. കൃഷ്ണനെയും അത്തരത്തിൽ മാറ്റാനുള്ള ശ്രമത്തിലാണ്. രാമനും കൃഷ്ണനും ജാതിഭ്രാന്തിനുവേണ്ടി നിലകൊണ്ട വേട്ടക്കാരല്ലെന്ന സത്യം സമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് അത്തരം കുതന്ത്രങ്ങൾക്കെതിരെയുള്ള പ്രതിക്രിയ. അല്ലാതെ, രാവണനെയും കംസനെയും മഹത്വവത്കരിച്ച് നായകരാക്കി സ്വന്തം അസ്തിത്വത്തെ അവഹേളിക്കുകയല്ല. ശ്രീരാമനെയും കൃഷ്ണനേയും പൗരാണികഗ്രന്ഥങ്ങളെയും അനേകം ഉടച്ചുവാർക്കലുകളിലൂടെ അപഹസിക്കുകയും അശുദ്ധമാക്കുകയും ചെയ്തവർക്ക് എല്ലാംവിട്ടുകൊടുത്ത് മാറിനിൽക്കുകയല്ല യഥാർത്ഥ ആരാധകർ ചെയ്യേണ്ടത്; അവയെ ഉടച്ചുവാർക്കലുകളിൽനിന്നും രക്ഷിക്കുകയാണ്. ആ ശ്രമങ്ങളെ നിന്ദയായി വ്യാഖ്യാനിക്കുന്നത് അപനിർമ്മിതികളെ ഒളിയ്ക്കാനാണ്. അത്തരം ദുർവ്യാഖ്യാനങ്ങളെ നിർദ്ദാക്ഷിണ്യം തള്ളിക്കളയുകയാണു വേണ്ടത്.

അറിയപ്പെടുന്ന വൃത്രാസുരനും; അറിയപ്പെടാത്ത വൃത്രനും

പുരാതനരചനകളിൽ അങ്ങോളമിങ്ങോളം അസംഖ്യം അസുര കഥാപാത്രങ്ങളെ നാം കണ്ടിട്ടുണ്ട്. അവരിൽ ചിലരെങ്കിലും പ്രതിനായകന്മാരല്ല എന്നു മാത്രമല്ല, പലപ്പോഴും നായകകഥാപാത്രങ്ങളെക്കാൾ ഉന്നതരായ ധാർമ്മികരും മാതൃകാബിംബങ്ങളുമായാണ് ആ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്. ആ ശ്രേണിയിലെ പ്രഹ്ളാദനെയും മഹാബലിയെയും പോലെയുള്ള അസുരന്മാർ നമുക്കു ചിരപരിചിതരാണ്. അതിനർത്ഥം, മറ്റുള്ളവരൊക്കെ മോശക്കാരായിരുന്നു എന്നല്ല. ആ ചെറിയ പട്ടികയ്ക്കു പുറത്തുള്ളവരെല്ലാം, അസുരനെന്നോ രാക്ഷസനെന്നോ ഉള്ള കേവല മേൽവിലാസത്തിലൂടെ നമ്മുടെ കണക്കിൽ ദുഷ്ടന്മാരായവരാണ് എന്നതാണു സത്യം.

അത്തരത്തിൽ, അസുരപക്ഷത്തെ വളരെ വെറുക്കപ്പെടുന്ന ഒരു കഥാപാത്രമാണ് വൃത്രനെന്ന വൃത്രാസുരൻ. ഋഗ്വേദത്തിൽ ആദ്യന്തസാന്നിദ്ധ്യമുള്ള, ദേവേന്ദ്രന്റെ പ്രതിനായകനാണ് വൃത്രൻ.ഇന്ദ്രനെ ആരാധിച്ചിരുന്ന ജനസമുദായങ്ങൾ ആ അസുരനെ എത്രമാത്രം ഭയപ്പെട്ടിരുന്നെന്നും, അതിനാൽ, അയാളെ ഇന്ദ്രൻ ഹനിച്ചതിനെ എത്ര ആശ്വാസത്തോടെയും അഭിമാനത്തോടെയുമാണ് അവർ പുകഴ്ത്തുന്നതെന്നും വേദങ്ങളിലെ മന്ത്രങ്ങളിൽനിന്നും വ്യക്തമാണ്. ഒരുപക്ഷെ, ഋഗ്വേദം മുതൽ പുരാണങ്ങൾവരെയുള്ള പൗരാണിക കൃതികളിലെല്ലാം ഒരുപോലെ പ്രത്യക്ഷപ്പെടുന്ന അപൂർവ്വം കഥാപാത്രങ്ങളിൽ ഒരാളാണ് വൃത്രാസുരൻ. മിക്ക കൃതികളിലും വൃത്രൻ ക്രൂരനായ അസുരനാണ് എന്നല്ലാതെ, എന്തുകൊണ്ടാണെന്നു പറയുന്നില്ല. ഋഗ്വേദത്തിൽ വൃത്രനുള്ള സ്ഥാനമറിയാൻ അതിലെ ചില ശ്ലോകങ്ങൾ കാണാം:

- ✓ വൃത്രൻ വൻപുഴകളുടെ നടുവിലാകെ വളർന്നു. അവന്റെ മനസ്സ് ഇന്ദ്രന്റെ കൂടെതന്നെ നടക്കുകയായിരുന്നു. ചിലനാളുകൾക്കുള്ളിൽ അവനെ ഇന്ദ്രൻ പ്രബലമായ ആയുധംകൊണ്ടു നിഹനിച്ചു(അഷ്ടകം:1 അധ്യായം:3 മണ്ഡലം :01 അനുവാകം:04 സൂക്തം:33 ശ്ലോകം:11)
- ✓ ഈ ഇന്ദ്രനായിതന്നെ,തുലോം ശോഭനകാരിയും സ്തുത്യവുമായ വജ്രം യുദ്ധത്തിന് ത്വഷ്ടാവ് മൂർച്ചപ്പെടുത്തി. ആ കൊലയായുധമാണല്ലോ, ശത്രുമർദ്ദനനും അമിതബലനുമായ തിരുമേനി വൃത്രന്റെപോലും മർമ്മത്തേക്കയച്ചത്. (അഷ്ടകം:01 അധ്യായം:04 മണ്ഡലം:01 അനുവാകം:04 സൂക്തം:61 ശ്ലോകം:06)
- ✓ വൃത്രൻ അന്തരീക്ഷത്തിൽ ഉയർന്നുനില്ക്കുകയായിരുന്നുവല്ലോ; അതിനാലാണ് ഇന്ദ്രൻ വജ്രമെടുത്തത്. അവൻ മഴക്കാറിനെ മറച്ച് അദ്ദേഹത്തെ ചെറുത്തു. അപ്പോൾ ആ തീക്ഷ്ണായുധൻ ശത്രുവിനെ ജയിച്ചു! (അഷ്ടകം:02 അധ്യായം:07 മണ്ഡലം:02 അനുവാകം:03 സൂക്തം:30 ശ്ലോകം:03)
- ✓ ഇന്ദ്രനേ, ഞങ്ങൾ വൃത്രന്റെ വധത്തിനുള്ള കെൽപ്പിനും പടയെ *പേർത്തമർത്താനും അങ്ങയെ ഏർപ്പെടുത്തട്ടെ!(അഷ്ടകം:03 അധ്യായം:10 മണ്ഡലം:3 അനുവാകം:03 സൂക്തം:37 ശ്ലോകം:01)(പേർക്കുക=തകർക്കുക)
- ✓ യാവൻ ഒരുത്തൻ കിടന്നോടിയിരുന്നുവോ, യാവൻ ഒരുത്തൻ ഞങ്ങളെ വിടാതെ വളഞ്ഞിരുന്നുവോ, ആ വൃത്രന്റെ മർമ്മത്ത് ഇന്ദ്രൻ വജ്രം ആഞ്ഞെറിഞ്ഞു!(അഷ്ടകം:06 അധ്യായം:23 അനുവാകം:10 സൂക്തം:100 ശ്ലോകം:07)

- ✓ വൃത്രന്റെ ചെന്തീകൂർക്കത്താൽ ദേവകളെല്ലാം അലഞ്ഞുനടക്കുകയുണ്ടായല്ലോ; ആ മൃഗരൂപന്റെ ബലം ദേവകളെ ആക്രമിച്ചുമിരുന്നു.(അഷ്ടകം:06 അധ്യായം:22 മണ്ഡലം:08 അനുവാകം:09 സൂക്തം:93 ശ്ലോകം:14)
- ✓ ദേവതകളെ വിറപ്പിച്ച വൃത്രന്റെയും തല അദ്ദേഹം നൂറുമൊട്ടുള്ള വീര്യവത്തായ വജ്രംകൊണ്ട് കൊയ്തുവല്ലോ!(അഷ്ടകം:5 അധ്യായം:16 മണ്ഡലം:08 അനുവാകം:12 സൂക്തം:06 ശ്ലോകം:06)
- ✓ ഇന്ദ്ര, സഖാക്കളായിരുന്ന ദേവന്മാരെല്ലാം വൃത്രന്റെ കൂർക്കംമൂലം പാഞ്ഞ്, അങ്ങയെ വെടിഞ്ഞുവല്ലോ; എന്നാൽ അങ്ങയ്ക്കു മരുത്തുക്കളോടു സഖ്യമുണ്ടാകട്ടെ. അതോടേ, ഈ സൈന്യങ്ങളെ മുഴുവൻ അവിടുന്നു ജയിക്കും! (അഷ്ടകം:06 അധ്യായം:22 മണ്ഡലം:08 അനുവാകം:10 സൂക്തം:96 ശ്ലോകം:7)
- ✓ ഇരുവരും ആദ്യം പെരുംപടകളോടെ ഒരുമ്പെട്ടു വേണ്ടുന്ന വീര്യമെടുത്തു. എന്നാൽ, വൃത്രൻ വധിക്കപ്പെട്ടപ്പോൾ കുരിരുട്ടൊഴിഞ്ഞു; ഇന്ദ്രനോ, മഹത്വത്താൽ ഒന്നാമനായി വിളിപ്പെട്ടു.(അഷ്ടകം:8 അധ്യായം:22 മണ്ഡലം:10 അനുവാകം:10 സൂക്തം:113 ശ്ലോകം:07) (കുരിരുട്ടൊഴിഞ്ഞു: ഭയമൊഴിഞ്ഞു)
- ✓ ഇന്ദ്ര, അങ്ങയുടെ സഖ്യത്താലാണല്ലോ ആ സ്തോതാക്കളായ യജ്ഞകോവിദന്മാർ വലനെ വെട്ടിപ്പൊളിച്ചത്. അവിടുന്നു സ്തുതിച്ച കുത്സന്ന് ഉഷസ്സുകളെ കൊടുത്തു; വെള്ളം പുറപ്പെടുവിച്ചു; വൃത്രന്റെ പ്രവൃത്തികൾ വ്യർത്ഥമാക്കി!(അഷ്ടകം:8 അധ്യായം:23 അനുവാകം:11 സൂക്തം:138 ശ്ലോകം:1)(അവലംബം:ഋഗ്വേദസംഹിത, പരിഭാഷ:വള്ളത്തോൾ).

ഈ പരാമർശങ്ങൾ കണ്ടിട്ട്, അതിക്രൂരനും അത്യധികം അപകടകാരിയുമായ ഒരു അസുരനാണ് വൃത്രൻ എന്ന അനുമാനത്തിൽ എത്തുന്ന നമ്മുടെയെല്ലാം ഉള്ളിൽ, അദ്ദേഹം ആരായിരുന്നെന്നും, എന്തുകൊണ്ട് ഇത്ര ഭയങ്കരനായെന്നുമുള്ള ചോദ്യം സ്വാഭാവികമായും ഉണ്ടാകുമല്ലോ. വൃത്രൻ അത്യാപത്കാരിയായ ശത്രുവാണെന്നല്ലാതെ, അയാളുടെ ചരിത്രം വേദങ്ങളിൽ കാണാനാകില്ല. അതിനാൽ, അതിനുള്ള ഉത്തരം ഇതര സ്രോതസ്സുകളിൽനിന്നു കണ്ടെടുക്കേണ്ടിവരുന്നു. വൃത്രാസുരന്റെ വിശദമായ ചരിതം വാല്മീകിരാമായണത്തിലെ ഉത്തരകാണ്ഡത്തിൽ വരുന്നുണ്ട്. ശംബൂകവധത്തിന്റെ പാപത്തിൽനിന്ന് മുക്തിനേടാൻ അശ്വമേധയാഗം ചെയ്യാൻ നിശ്ചയിച്ച രാമനോട്, ലക്ഷ്മണൻ പറയുന്ന രൂപത്തിലാണ് വൃത്രന്റെകഥ രാമായണത്തിന്റെ ഭാഗമാകുന്നത്. ബ്രഹ്മഹത്യാപാപത്തിൽനിന്നു മുക്തിനേടാൻ, മുൻപ് ഇന്ദ്രനും യാഗം നടത്തിയിട്ടുണ്ട് എന്നതിന്റെ ദൃഷ്ടാന്തമായാണ് ലക്ഷ്മണൻ വൃത്രാസുരന്റെ കഥ പറഞ്ഞത്. ഉത്തരകാണ്ഡത്തിലെ എൺപത്തിനാലാംസർഗ്ഗത്തിൽ തുടങ്ങുന്ന വൃത്രചരിതത്തിലെ ശ്ലോകങ്ങളുടെ പദാനുപദതർജ്ജമയിലെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമാണ്.(സർഗ്ഗം:84, ശ്ലോകം:04 മുതൽ 18വരെ). വൃത്രനെപ്പറ്റി കേട്ടറിഞ്ഞതിൽ അധികവും കളവാണെന്നു തെളിയിക്കുന്ന ആ കഥ കാണുക:

'പണ്ട്, ദേവാസുരന്മാർ ഒന്നിച്ചിരുന്നുകാലം വൃത്രൻ എന്നുപേരായ ഒരു മഹാത്മാവ് ഉണ്ടായിരുന്നു. അസുരജാതിയിൽ ജനിച്ചവനാണെങ്കിലും അദ്ദേഹം മാലോകരാൽ കൊണ്ടാടപ്പെട്ടവനായിരുന്നു'എന്നാണ് വാല്മീകിരാമായണം വൃത്രാസുരനെ പരി

ചയപ്പെടുത്തുന്നതുതന്നെ. നൂറുയോജന വണ്ണവും അതിലും മൂന്നുമടക്ക് ഉയരവും ഉള്ള വൃത്രൻ, മൂന്നുലോകങ്ങളെയും ജീവകാരുണ്യത്താൽ പ്രീതിയുൾക്കൊണ്ടവനായി നിരീക്ഷിച്ചുവന്നു. ധർമ്മങ്ങളറിയുന്നവനും കൃതജ്ഞതയുള്ളവനും ബുദ്ധികൊണ്ടു മഹാനിപുണനും പുണ്യശാലിയുമായ വൃത്രൻ, ധർമ്മിഷ്ഠനായി വിശാലമായ ഭൂമിയാകെ പരിപാലിച്ചുപോന്നു. ആ മഹാത്മാവിന്റെ രാജ്യം, കൃഷിചെയ്യാതെതന്നെ വിളയുന്നതായി വളരെ ഫലസമൃദ്ധിപൂണ്ടതായും, ഭൂമി സകലഭാഗ്യസംയുക്തമായും വിളങ്ങി. അങ്ങനെയിരിക്കെ, തപസ്സ് അത്യുത്കർഷമായ ഫലം നൽകുന്നതാണെന്നും, വിഷയസുഖം മതിമോഹകരവുമാണെന്നും തിരിച്ചറിവുണ്ടായ വൃത്രൻ തന്റെ ജ്യേഷ്ഠപുത്രനെ മധുരാപുരീശനായി വാഴിച്ചു കഠിനതപസ്സു കൈക്കൊണ്ടു. വൃത്രൻ തപസ്സനുഷ്ഠിച്ച കാലം ഇന്ദ്രൻ ഏറെ വ്യാകുലതപൂണ്ട് വിഷ്ണുവിനെ സന്ദർശിച്ച് ഇപ്രകാരം ഉണർത്തി: "മഹാബാഹോ, തപസ്സുചെയ്യുന്ന വൃത്രനാൽ ലോകങ്ങൾ സ്വാധീനമാക്കപ്പെട്ടു. അവനാകട്ടെ ധർമ്മം തെറ്റാത്ത ബലശാലിയുമാകുന്നു.ആ അസുരേശ്വരൻ ഇനിയും തപസ്സുചെയ്യുന്നതായാൽ ലോകങ്ങൾ എത്രയോ അത്രയും അവന്റെ അധീനമായിത്തീരുന്നതാണ്". വൃത്രന്റെ ആസുരികകർമ്മങ്ങളല്ല; ദേവേന്ദ്രന്റെ ഭയമാണല്ലോ ആ വാക്കുകളിൽ കാണാനാകുന്നത്:

തപസ്യതാ മഹാബാഹോ ലോകാ വൃത്രേണ നിർജ്ജിതാഃ
ബലവാൻ സ ഹി ധർമ്മാത്മാ നൈനം ശക്ഷ്യാമി ശാസിതും. 12

" 'മഹാബാഹോ!	" ' മഹാബാഹോ !	ധർമ്മാത്മാ	ധർമ്മംതെറ്റാത്ത
തപസ്യതാ	തപസ്സുചെയ്യുന്ന	ബലവാൻ ;	ബലശാലിയുമാണ് ;
വൃത്രേണ	വൃത്രനാൽ	ഏനം	ഇവനെ
ലോകാഃ	ലോകങ്ങൾ	ശാസിതും	അടക്കുന്നതിന്ന്
നിർജ്ജിതാഃ ;	സ്വാധീനമാക്കപ്പെട്ടു ;	ന ശക്ഷ്യാമി.	ഞാൻ ശക്തനാകുന്നില്ല.
സഃ ഹി	അവനാകട്ടെ		

യദ്യസൗ തപ ആതിഷ്ഠേദ് ഭൂയ ഏവാസുരേശ്വരഃ
യാവല്ലോകാ ധരിഷ്യന്തി താവദസ്യ വശാനുഗാഃ. 13

" ' അസൗ	" ' ഈ	ലോകാഃ	ലോകങ്ങൾ
അസുരേശ്വരഃ	അസുരേശ്വരൻ	യാവത് താവത്	എത്രയോ അത്രയും
ഭൂയഃ ഏവ തപഃ	ഇനിയും തപസ്സ്	അസ്യ	ഇവന്ന്
ആതിഷ്ഠേത് യദി	ചെയ്യുന്നതായാൽ	വശാനുഗാഃ	അധീനമായി
		ധരിഷ്യന്തി.	തീരുന്നതാണ്.

"നിന്തിരുവടിയുടെ കരുണയ്ക്കു പാത്രീഭവിക്കുക എന്ന അവസ്ഥ അവൻ പ്രാപിച്ചതെന്നോ അന്നുതൊട്ട്, ലോകങ്ങൾക്കു നാഥൻ എന്ന പദവി അവൻ ഉള്ളിൽ കരുതിയിരിക്കുകയാണ്. അതിനാൽ, മഹത്കൃത്യമായ വൃത്രഘാതത്താൽ സഹായിച്ചരുളിയാലും.അത് മറ്റാർക്കും സാധ്യമല്ലാത്തതാണ്".ദേവന്മാർക്കെല്ലാവർക്കുമായുള്ള ദേവേന്ദ്രന്റെ അഭ്യർത്ഥന കേട്ട ഭഗവാൻ വിഷ്ണു ഇപ്രകാരം പറഞ്ഞു: മഹാത്മാവായ വൃത്രനുമായി ഏറെക്കാലമായി പ്രീതിയുള്ളതുകൊണ്ട് അഹിതം ചെയ്യുവാൻ മനസ്സുവരുന്നില്ല. ആകയാൽ, ഇക്കാര്യത്തിൽ നിങ്ങളുടെ ക്ഷേമത്തിനാണെങ്കിൽകൂടി ധർമ്മിഷ്ഠനായ വൃത്രാസുരനെ ഞാൻ വധിക്കുകയില്ലാ". (വാല്മീകിരാമായണം ഉത്തരകാണ്ഡം, എൺപത്തഞ്ചാം സർഗ്ഗം, ശ്ലോകം:03മുതൽ 05വരെ):

പൂർവ്വം സൌഹൃദബദ്ധോഽസ്മി വൃത്രസ്യ തു മഹാത്മനഃ
തേന യുഷ്മത്പ്രിയാർത്ഥം ഹി നാഹം ഹന്മി മഹാസുരം. 4

"മഹാത്മനഃ	"മഹാത്മാവായ	തേന തു	ആകയാൽ ഇക്കാര്യത്തിൽ
വൃത്രസ്യ തു	വൃത്രനുമായി	യുഷ്മത്പ്രിയാർത്ഥം ഹി	നിങ്ങളുടെ ക്ഷേമത്തിനായെന്നാലുംകൂടി
പൂർവ്വം	ഏറെക്കാലമായി	മഹാസുരം	ആ ധർമ്മിഷ്ഠനായ അസുരനെ
സൌഹൃദ- ബദ്ധഃ അസ്മി;	പ്രീതിമൂലം അഹിതം ചെയ്യാൻ മനസ്സുവരാത്തവനാകുന്നു ഞാൻ;	അഹം ന ഹന്മി.	ഞാൻ വധിക്കയില്ല.

വിഷ്ണുവിന്റെ ആ വാക്കുകൾ മതിയല്ലോ വൃത്രൻ ആരായിരുന്നു എന്നറിയാൻ. തുടർന്ന്,വൃത്രനെ വധിക്കാനുള്ള തന്ത്രം ദേവേന്ദ്രന് വിഷ്ണു പറഞ്ഞുകൊടുത്തു. പദ്ധതിയുടെ ഭാഗമായി, വിഷ്ണു സ്വയം മൂന്ന് അംശമായി ആവിർഭവിച്ച്, ഒരംശം ഇന്ദ്രനിലും രണ്ടാമത്തേതു വജ്രായുധത്തിലും മൂന്നാമത്തേതു ഭൂമിയിലും അനുപ്രവേശം ചെയ്തു. പിന്നെ, ഇന്ദ്രനും അനുചരരും വൃത്രൻ തപസ്സനുഷ്ഠിച്ചിരുന്ന വനത്തിലെത്തി.അടക്കുവാൻസാധിക്കാത്ത സാത്വികതേജസ് മൂർത്തീകരിച്ചവനായി തപസ്സുകൈക്കൊണ്ടിരുന്ന ആ അസുരോത്തമനെ കണ്ട മാത്രയിൽ, എങ്ങിനെയാകാം അയാളെ ജയിക്കാൻ സാധിക്കുക എന്ന അധൈര്യം ദേവേന്ദ്രനെയും ദേവന്മാരെയും വിഷണ്ണരാക്കി. അതേസമയം ഇന്ദ്രൻ ഇരുകൈകൾകൊണ്ടും വജ്രായുധം ഉയർത്തി വൃത്രന്റെ മൂർദ്ധാവിലിടിച്ചു. പ്രളയാഗ്നിസാമാനം തേജസ്സോടെ വീണുകിടക്കുന്ന വൃത്രന്റെ ശിരസ്സുകണ്ടു ഭയന്ന് ദേവേശൻ ഓടിയൊളിച്ചു(സർഗ്ഗം:എൺപത്തഞ്ച്,ശ്ലോകം:10മുതൽ 15വരെ). അതിനെത്തുടർന്നാണ് ദേവേന്ദ്രനു ബ്രഹ്മഹത്യാപാപമേറ്റതും വളരെക്കാലം ജഢസമാനം ബോധരഹിതനായി ചുരുണ്ടുകൂടിക്കിടന്നതും ലോകം കൊടുംവരൾച്ചയിലേക്കും ക്ഷാമത്തിലേക്കും പതിച്ചതും. പിന്നീട് മഹാവിഷ്ണുവിന്റെ നിർദ്ദേശാനുസരണം ദേവന്മാർ മഹായജ്ഞം നടത്തിയാണ് ഈ ലോകത്തെയും ദേവേന്ദ്രനെയും രക്ഷപെടുത്തിയത്.

ഈ കഥയിലൊരിടത്തും, വൃത്രനുമേൽ ഒരു രാക്ഷസത്വവും വാല്മീകി ആരോപിക്കുന്നില്ല. തന്റെസ്ഥാനം നഷ്ടപ്പെടുമെന്ന ഭയത്തിൽനിന്നുണ്ടായ സ്വാർത്ഥതക്കപ്പുറം ഒരു ന്യായീകരണവും ഇന്ദ്രനും നിരത്താനുണ്ടായിരുന്നില്ല. ഇന്ദ്രന്റെ അഭ്യർത്ഥന നിരസിക്കാൻ പോലും വകയുള്ള വിധത്തിൽ ഗുണഗണങ്ങളും ധാർമ്മികതയും പുലർത്തിയ മഹാത്മാവായിരുന്നു അദ്ദേഹം എന്നതിന് തെളിവാണ് വിഷ്ണുവിന്റെ മറുപടി. എന്നിട്ടും, അസുരനാണ് എന്ന ഒറ്റക്കാരണംകൊണ്ട് വൃത്രൻ വധിക്കപ്പെട്ടു.(മഹാബലിയുടെ കഥയിലും സമാനമായ ദേവസ്വാർത്ഥത കാണാമല്ലോ).

ലോകരക്ഷയ്ക്കുവേണ്ടി ദേവേന്ദ്രൻ നടത്തിയ അസുരനിഗ്രഹത്തിന്റെ ഉദാഹരണമായി വൃത്രാസുരവധകഥ ഒരുപാടുപേർ ഒരുപാടു പുസ്തകങ്ങളിൽ എഴുതിയിട്ടുണ്ട്. ആ കഥകളിൽ വൃത്രാസുരനെ ഒരു കൊടുംഭീകരനായാണ് അവതരിപ്പിക്കുന്നത്. വേദങ്ങളിലെ ചില പ്രസ്താവനകൾ അടിസ്ഥാനമാക്കി, സ്വന്തം ഭാവനയുടെ ചിറകിൽ അവരെഴുതിക്കൂട്ടിയ അത്തരമൊരുകഥയിൽ സമർപ്പിക്കുന്ന കുറ്റപത്രം ഇതാണ്: 'ഇന്ദ്രന് ആകാശദേശം നിറയെ മേഘങ്ങളാകുന്ന ആട്ടിൻപറ്റങ്ങളുണ്ടായി

രുന്നു. വൃത്രൻ അവയെ മോഷ്ടിച്ച് പർവ്വതത്തിലുള്ള തന്റെ കോട്ടയിൽ കൊണ്ടുപോയി ഒളിപ്പിച്ചു. അതോടെ ഭൂമിയിൽ മഴപെയ്യാതായി. ഭൂമിയിൽ കടുത്ത വരൾച്ച ഉണ്ടായി; ജനങ്ങൾ പട്ടിണിയിലായി. കഷ്ടത്തിലായ മനുഷ്യരുടെ പ്രാർത്ഥന കേട്ട ദേവന്മാർ ബ്രഹ്മാവിനോട് സങ്കടമുണർത്തി. തുടർന്ന്, ബ്രഹ്മാവിന്റെ നിർദ്ദേശാനുസരണം ഇന്ദ്രൻ വൃത്രാസുരനെ വധിച്ചു'. ഇതുപോലെ ഒരു ഇല്ലാകഥ പ്രചാരത്തിലായത് അത് എഴുതിയവരാരും രാമായണം വായിക്കാത്തതുകൊണ്ടല്ല. അസുരനായി ജനിച്ചയാൾ, ആസുരിക സ്വഭാവത്തോടെ മാത്രമേ ജീവിക്കാൻപാടുള്ളൂ എന്ന മുൻവിധികൊണ്ടാണ്. അസുരനാണെങ്കിൽ അകാരണമായിപ്പോലും ആർക്കും ആക്രമിക്കാം എന്ന നാട്ടുനടപ്പിന്റെ ബലത്തിലാണ്. ദേവേന്ദ്രൻ തെറ്റുകാരനാകരുതെന്ന ലക്ഷ്യത്തോടെ ആരോ ഒരാൾ എഴുതിയ കള്ളക്കഥയുടെ ചുവടുപിടിച്ച്, പിന്നീടെഴുതിയവരും വൃത്രനെ കൂടുതൽ കൂടുതൽ ദുഷ്ടനാക്കിയതാകാം. ഇന്ദ്രനെ രക്ഷിച്ചെടുക്കാനായി തയ്യാറാക്കിയ ആ വ്യാജനിർമ്മിതികൾക്കു ലഭിച്ച പ്രശസ്തിയ്ക്കു മുന്നിൽ സത്യത്തിൽ തോറ്റുപോയത് വൃത്രാസുരനല്ല; രാമായണവും വാല്മീകി മഹർഷിയുമാണ്. സത്യം സത്യമായി ലോകത്തിനുമുൻപിൽ ഉള്ളപ്പോഴും, അവരൊക്കെചേർന്ന് അപഹസിക്കുന്നത് ആർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം സത്യം എഴുതിയ ആദികവിയെ തന്നെയാണല്ലോ. വൃത്രാസുരന്റെ കഥ ഇവിടെ സൂചിപ്പിച്ചത്, രാക്ഷസരെന്നും അസുരന്മാരെന്നും ആരോപിച്ച് ആര്യർ ആക്രമിച്ചില്ലാതാക്കിയ പുരാണകഥാപാത്രങ്ങളിൽ പലരും സമൂഹത്തിന് ഭീഷണിയായിരുന്നവരല്ല എന്നു സ്ഥിരീകരിക്കാൻ വേണ്ടിമാത്രമാണ്. സമൂഹത്തിലെ മേധാവിത്വം ആസ്വദിച്ചനുഭവിച്ചിരുന്ന വിഭാഗങ്ങൾ, അവർക്കു ഭീഷണിയായി കരുതിയിരുന്നവരെ ആക്രമിച്ച് അവസാനിപ്പിക്കുന്നതിന് നിരത്തിയിരുന്ന ന്യായീകരണം മാത്രമായിരുന്നു അവർക്കുമേൽ ആരോപിക്കപ്പെട്ടിരുന്ന ആസുരികതയും രാക്ഷസത്വവും എന്നതാകാം പരമാർത്ഥം. അത്തരം അത്യാചാരങ്ങൾ നടപ്പാക്കിയിരുന്ന പക്ഷത്തിന്റെ പ്രചാരകനല്ല എന്നതുകൊണ്ടാണ് വാല്മീകി സത്യം സത്യമായി രേഖപ്പെടുത്തിയത്.

പാണ്ഡവർ

രാമായണത്തിലെ നായകൻ പുരുഷോത്തമനായ ശ്രീരാമനാണ് എങ്കിൽ, മഹാഭാരതം എന്ന ഇതിഹാസത്തിലെ നായകനാരാണ്? ആ ചോദ്യം ഉത്തരമില്ലാതെ എന്നും നിലനിൽക്കും. ചിലപ്പോൾ, കഥാനായകൻ കൃഷ്ണനാണ് എന്നു തോന്നും; അല്ലെങ്കിൽ പാണ്ഡവരാണോ എന്ന സന്ദേഹമുണ്ടാകും. നായകൻ കൃഷ്ണനാണെങ്കിൽ, പാണ്ഡവർ അഞ്ചുപേരും കൃഷ്ണന്റെ അവതാരലക്ഷ്യം നടപ്പാക്കാനുള്ള ഉപകരണങ്ങളാണ് എന്നു കരുതേണ്ടിവരും. പാണ്ഡവരാണ് നായകർ എങ്കിൽ, അവർക്ക് കൃഷ്ണനില്ലാതെ അസ്തിത്വമുണ്ടോ എന്നും, സ്വയം അസ്തിത്വമില്ലെങ്കിൽ അവരെങ്ങനെ നായകരാകും എന്നുമൊക്കെയുള്ള സംശയമുയർന്നുവരും.ആ ആശയക്കുഴപ്പം പോലും മഹാഭാരതകാവ്യത്തിന്റെ സൗകുമാര്യം ഉയർത്തുന്ന ഘടകമാണ്. അതെന്തായാലും, പാണ്ഡവർ അഞ്ചുപേരെയും വ്യത്യസ്തമായ വ്യക്തിഗുണങ്ങളിലെ അവസാനവാക്കായാണ് വ്യാസൻ ആവിഷ്കരിക്കുന്നത്.യുധിഷ്ഠിരനെ ധാർമ്മികതയുടെ നേർരൂപമായും, ഭീമസേനനെ ശക്തിയുടെ പര്യായമായും, അർജ്ജുനനെ ആയോധനവിദ്യകളുടെ അധിപതിയായും, നകുലനെ ലാവണ്യമൂർത്തി

യായും സഹദേവനെ സർവ്വശാസ്ത്രവിശാരദനായുമാണ് വ്യാസമുനി അവതരിപ്പിച്ചിട്ടുള്ളത്. അതിനൊപ്പം, അവർ ഓരോരുത്തരുടെയും ദൗർബ്ബല്യങ്ങളും അദ്ദേഹം കാണിച്ചുതരുന്നുണ്ട്. ഒരുപക്ഷെ, മനുഷ്യരാരും പൂർണ്ണരല്ലെന്നും, അധർമ്മത്തിനുമേൽ വിജയം കൈവരിക്കുന്നതിന് അപൂർണ്ണരായ മനുഷ്യർ ഒത്തൊരുമയോടെ നിലയുറപ്പിക്കണമെന്നുമാവാം വ്യാസമഹർഷി അത്തരമൊരു കഥാപാത്രനിർമ്മിതിയിലൂടെ പറഞ്ഞുവെക്കുന്നത്. ലക്ഷ്യപൂർത്തിയ്ക്കുവേണ്ട ആ ഐക്യം തകരാതിരിക്കുന്നതിനുവേണ്ടിയായിരിക്കാം, അവർക്കെല്ലാവർക്കുമായി ഒരു ഭാര്യ എന്ന അതിവിചിത്രവും അസാധാരണവുമായ അവസ്ഥ സൃഷ്ടിച്ചത്.

പഞ്ചപാണ്ഡവരെ സാങ്കേതികമായി പാണ്ഡവർ എന്നു വിളിക്കാമെങ്കിലും വസ്തുതാപരമായി ആ പ്രയോഗത്തിന് തീരെ സാധുതയില്ല. കാരണം, അവരാരും പാണ്ഡുവിന്റെ രക്തത്തിൽ പിറന്നവരല്ലല്ലോ. ഋഷിശാപംകൊണ്ട് സ്ത്രീസംസർഗ്ഗം നിഷിദ്ധമായ പാണ്ഡുവിന് പത്നിമാരായ കുന്തിയിലും മാദ്രിയിലും,യമധർമ്മനും വായുഭഗവാനും ദേവേന്ദ്രനും അശ്വിനീദേവന്മാരും ജനിപ്പിച്ച സന്തതികളാണല്ലോ പഞ്ചപാണ്ഡവർ. മഹാഭാരതത്തിൽ, 'കൗന്തേയർ'(കുന്തീപുത്രന്മാർ) എന്ന പ്രയോഗമാണ് അവരെ സൂചിപ്പിക്കാൻ പൊതുവെ ഉപയോഗിച്ചു കാണുന്നത്. യദുകുലരാജനായിരുന്ന ശൂരസേനന്റെ പുത്രിയും ശ്രീകൃഷ്ണന്റെ പിതാവ് വസുദേവരുടെ ഇളയസഹോദരിയുമായ പൃഥ, മക്കളില്ലാതിരുന്ന കുന്തിഭോജനൻ ദത്തെടുത്തതോടുകൂടിയാണ് കുന്തിയായത്. വാസ്തവത്തിൽ, കുന്തിഭോജനൻ ശൂരസേനന്റെ അച്ഛൻപെങ്ങളുടെ മകന്റെമകനാണ്. ആ നിലയ്ക്കും കുന്തിയും അവരുടെ മക്കളും സ്വാഭാവികമായും യാദവരാണ്. അങ്ങനെ നോക്കുമ്പോൾ, മഹാഭാരതത്തിലെ നായകനിരയിൽ ധർമ്മപുത്രരും ഭീമനും അർജ്ജുനനും യാദവർതന്നെ എന്നുപറയാം.അവർ ക്ഷത്രിയരായത് രാജാധികാരം കരഗതമാക്കിയതുകൊണ്ടാണ്. സ്മൃതികൾ സമൂഹത്തെ വിഭജിക്കുന്നതിനുമുമ്പ് വർഗ്ഗപരമായ ഗുണമായിരുന്നു ക്ഷത്രിയത്വം. (അത് തെളിയിക്കുന്ന കൂടുതൽ ദൃഷ്ടാന്തങ്ങൾ വഴിയേ കാണാം).

അത്, കേവലം ഒരു അനുമാനമല്ല. മഹാഭാരതത്തിന്റെ ഭാഗമായ ഹരിവംശപർവ്വത്തിലെ പ്രഥമ അധ്യായമായ ആദിസർഗ്ഗകഥനത്തിൽ, മഹാബ്രാഹ്മണനായ ശൗനകൻ സൂതനോട് വൃഷ്ണ്യാന്ധകകുലത്തെക്കുറിച്ച് പറയാൻ ആവശ്യപ്പെടുന്നുണ്ട്. പിതാവായ പരീക്ഷിത് അഷ്ടനാഗങ്ങളിലൊന്നായ തക്ഷകന്റെ കടിയേറ്റു മരിച്ചതിനു പകരംചെയ്യാനുറപ്പിച്ച് ജനമേജയൻ ഒരുക്കിയ സർപ്പസത്രവേദിയായിരുന്നു അരങ്ങ്. സൂത-ശൗനകസംവാദത്തിന് സാക്ഷിയായ ജനമേജയൻ, പാണ്ഡവരെയും വൃഷ്ണികളെയും ഒരു കുടുംബക്കാരായാണ് കണക്കാക്കുന്നത് എന്നു സൂചിപ്പിച്ച്, ആ കഥകേൾക്കാനുള്ള തന്റെ ജിജ്ഞാസ വെളിവാക്കുന്നു.വൃഷ്ണികളും അന്ധകന്മാരും യാദവവംശത്തിന്റെ അംശമായ വംശാവലികളാണ്.(വിശദവിവരങ്ങൾ യദുവംശോത്പത്തിയെന്ന അധ്യായത്തിൽ കണ്ടതാണല്ലോ). മധ്യമപാണ്ഡവനായ അർജ്ജുനന്റെ പുത്രൻ അഭിമന്യുവിന്റെ ചെറുമകനാണല്ലോ, പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ. തന്റെ വംശചരിത്രം കേൾക്കാനുള്ള ജനമേജയന്റെ ത്വരയാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നമുക്ക് കാണാനാകുന്നത്. ഹരിവംശപർവ്വത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ജനമേജയന്റെ സാക്ഷ്യപത്രം നോക്കുക:

> ജനമേജയൻ പറഞ്ഞു: "വേദത്തിന്റെ ആശയവ്യാപ്തിയുള്ളതും അർത്ഥബഹുലമായതുമായ ഭാരതകഥ ഭവാൻ വിസ്തരിച്ചു പറഞ്ഞു. അതെല്ലാം ഞാൻ സശ്രദ്ധം കേട്ടു. ആ കഥയിൽ ശൂരന്മാരും പുരുഷർഷഭന്മാരുമായ പല വൃഷ്ണ്യന്ധകമഹാരഥന്മാരെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. അവരുടെ മഹാകർമ്മങ്ങളെയും വിസ്തരിച്ചിട്ടുണ്ട്. പലയിടത്തും ചുരുക്കിയും പറഞ്ഞിട്ടുണ്ട്. വൃഷ്ണികളെയും പാണ്ഡവന്മാരെയും ഒരു കുടുംബക്കാരായാണല്ലോ കണക്കാക്കുന്നത്. വൃഷ്ണ്യന്ധകന്മാരുടെ വംശകഥയും അങ്ങ് വിസ്തരിച്ചു പറഞ്ഞാലും. അങ്ങ് എല്ലാം പ്രത്യക്ഷമായി കണ്ടിട്ടുള്ള പണ്ഡിതനാണല്ലോ തപോധനാ! ആരൊക്കെയാണ് അവരുടെ വംശത്തിലുണ്ടായ പ്രധാനികൾ. അവരെപ്പറ്റിയെല്ലാം അറിയുവാൻ ഞാനാഗ്രഹിക്കുന്നു. അവയെല്ലാം അങ്ങ് പറയ

സ്വന്തം വംശത്തെക്കുറിച്ചു പറയുന്ന കാര്യങ്ങൾ എന്ന നിലക്ക് ജനമേജയന്റെ ആ പരാമർശത്തിന് അത്യധികം അധികാരികതയുണ്ട്. ആ പരിപ്രേക്ഷ്യത്തിൽ, മഹാഭാരതയുദ്ധം പാണ്ഡവ-കൗരവസംഘർഷം എന്നതിനപ്പുറം മാനങ്ങളുള്ള, പുരുവംശവും ആ വംശത്തിൽനിന്നു പുറന്തള്ളപ്പെട്ട യാദവവംശവും തമ്മിലുള്ള യുദ്ധമായിരുന്നു എന്നു കണക്കാക്കിയാൽ തെറ്റാകില്ലല്ലോ.

മഹാഭാരതത്തിലെ നായകനിരയെ പ്രതിനിധീകരിക്കുന്ന മഹാരഥന്മാരെയെല്ലാം (ശ്രീകൃഷ്ണനെയും കൗന്തേയരെയും) യദുകുലത്തിൽ ജനിപ്പിച്ച വ്യാസൻ, ലോകത്തിനുനൽകുന്ന സന്ദേശം എന്താകാമെന്ന് ആലോചിക്കുക. ക്ഷത്രിയത്വം എന്നത് വർണ്ണഗുണമല്ലെന്നും, രാജഗുണമാണെന്നും സ്ഥാപിക്കാൻ അതിലധികം തെളിവു വേണോ? മഹാഭാരതത്തിൽ ഉടനീളം കൗന്തേയരുടെ ക്ഷാത്രവീര്യത്തെ വ്യാസമഹർഷി വർണ്ണിക്കുന്നത്, അവർ താത്വികമായി ക്ഷത്രിയവർണ്ണത്തിനു പുറത്തുള്ളവരാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണല്ലോ. ആ നിലക്കു വ്യാസൻ തള്ളിക്കളയുന്നത് ചാതുർവർണ്ണ്യസിദ്ധാന്തത്തെ സംബന്ധിച്ചുള്ള മനുവാദികളുടെ വ്യാഖ്യാനങ്ങൾ അപ്പാടെയാണ്. വ്യാസൻ അടിവരയിട്ടുപറയുന്നത് വർണ്ണവിഭജനം ജന്മാധിഷ്ഠിതമല്ല; കർമ്മഗുണങ്ങളെ അടിസ്ഥാനമാക്കിയാണ് എന്നുതന്നെയാണ്. മഹാഭാരതത്തിലെ ധാർമ്മികചേരിയായി വ്യാസമഹർഷി നിശ്ചയിച്ചത് യാദവന്മാരായ പാണ്ഡവരെയാണ്; ക്ഷത്രിയരായ കൗരവന്മാരെയല്ല എന്നതും ആർക്കൊക്കെയോ ഉള്ള കുരുകുലത്തിലെ പിതാമഹനായ വേദവ്യാസന്റെ മറുപടിയാണല്ലോ.

ഇതിഹാസ-പുരാണങ്ങളിലെ നായകനിരയിലുള്ളവരാരും ബ്രാഹ്മണരല്ല, എന്നതുപോലെതന്നെ പ്രസക്തമാണ് അവയിലെ ഇതര പ്രമുഖകഥാപാത്രങ്ങളുടെ അബ്രാഹ്മണസ്വത്വവും. ആർഷഭാരതസംസ്കൃതി ആരുടേതാണ് എന്ന ചോദ്യത്തിനുള്ള മറുപടിയാണ് വ്യാസനും വാല്മീകിയും നൽകുന്ന ആ ദൃഷ്ടാന്തങ്ങൾ.

പഞ്ചകന്യകമാർ

അഹല്യ, ദ്രൗപദി, സീത, താര, മണ്ഡോദരി എന്നീ വനിതാരത്നങ്ങൾ ഹൈന്ദവവിശ്വാസപ്രകാരം പഞ്ചകന്യകമാരെന്ന് അറിയപ്പെടുന്നു. എന്നാൽ, ചില പുരാണങ്ങളിൽ സീതയ്ക്കു പകരം കുന്തിയെയാണ് പഞ്ചകന്യക പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞവരെല്ലാം വിവാഹിതരാണെങ്കിലും, അവർക്ക് കിട്ടിയ

വിശിഷ്ടവരപ്രസാദം അവരെ നിത്യകന്യകമാരാക്കുന്നു.ഈ പഞ്ചകന്യകമാരിൽ അഹല്യ ഗൗതമ മഹർഷിയുടെ പത്നിയാണെങ്കിലും, പുരുവംശജനായ പഞ്ചാശ്വ മഹാരാജാവിന്റെ പുത്രിയായിരുന്നു. പാഞ്ചാല രാജാവായ ദ്രുപദന്റെ പുത്രിയായ പാഞ്ചാലിയും(പഞ്ചപാണ്ഡവരുടെ ധർമ്മപത്നി), മിഥിലിയിലെ രാജാവായ ജനകന്റെ വളർത്തുപുത്രിയായ സീതയും(ശ്രീരാമന്റെ ഭാര്യ)ക്ഷത്രിയരാണ്. ശൂരസേനന്റെ മകളായ കുന്തിദേവി(ചന്ദ്രവംശത്തിലെ പാണ്ഡുമഹാരാജാവിന്റെ ഭാര്യ) യാദവകുലജാതയാണ്. കിഷ്കിന്ധാധിപതിയായ ബാലിയുടെ പത്നിയായ താര വാനരസ്ത്രീയും ലങ്കാധിപതിയായ രാവണന്റെ പത്നി മണ്ഡോദരി അസുരയുവതിയുമാണല്ലോ. അസുരകുലത്തിലും വാനരവംശത്തിലും(പൗരാണികകാലത്തെ അവർണ്ണ ഗോത്രസമൂഹങ്ങൾ) ഉണ്ടായ സ്ത്രീരത്നങ്ങൾ പോലും ഇടംപിടിച്ച പഞ്ചകന്യകമാരുടെ പട്ടികയിൽ, സർവ്വകുലധർമ്മങ്ങളുടെയും സദാചാരത്തിന്റേയും സംരക്ഷകരായി ഗണിക്കപ്പെടുന്ന, ഒരു ബ്രാഹ്മണിപോലുമില്ല എന്നതു ശ്രദ്ധേയമാണ്.

[പിൻകുറിപ്പ്: മുദ്ഗരം അല്ലെങ്കിൽ മുദ്ഗലം(ചുറ്റിക) ഉപയോഗിക്കുന്നതിനാൽ, മുദ്ഗലബ്രാഹ്മണർ എന്ന് പൗരാണികകാലത്തു വിളിക്കപ്പെട്ടിരുന്നവരാണ് മഹാഭാരതത്തിലെ പാഞ്ചാലരെന്ന് എന്റെ ഭാരതം എന്ന കൃതിയിലെ വിശ്വകർമ്മവംശം എന്ന അധ്യായത്തിൽ, ഡോ. സുവർണ്ണ നാലപ്പാട്ട് എഴുതുന്നു. പാഞ്ചാലി അവരുടെ യജ്ഞാഗ്നിയിൽ ഉണ്ടായ അഗ്നികന്യകയാണ്. പഞ്ചജനങ്ങളായിട്ടാണ് ഇവരുടെ ഗ്രാമവാസം. മലയാളത്തിലും തമിഴിലും ഐവരെന്നും, അഞ്ഞൂററുവർ എന്നും പറയും. ഭാരതത്തിലെ ഏററവും പ്രാചീനരായ കല്ലാശാരിമാരിൽനിന്നാണത്രേ അവരുടെ വംശം ആരംഭിച്ചത്. പാഞ്ചാലരും പാഞ്ചാലിയും ക്ഷത്രിയരെന്നു മഹാഭാരതത്തിൽ പരാമർശിക്കപ്പെടുന്നത് രാജവംശമായതുകൊണ്ടാണ്; ക്ഷത്രിയവർണ്ണികളായതുകൊണ്ടല്ല എന്നു സാരം. 'നിർമ്മാണപ്രവൃത്തികൾ' കുലത്തൊഴിലാക്കിയ വിശ്വകർമ്മവംശജരാണ് എന്നതുകൊണ്ടാകാം ബ്രഹ്മാവുമായി ബന്ധിപ്പിച്ച് അവർ മുദ്ഗലബ്രാഹ്മണർ എന്നു വിളിക്കപ്പെട്ടത്. ആര്യാധിനിവേശത്തിനും മനുസ്മൃതിക്കും മുൻപാണ് മഹാഭാരതം രചിക്കപ്പെട്ടത് എന്നതുകൊണ്ടാണ്, പാഞ്ചാലർ ക്ഷത്രിയരാകുന്നത്. അല്ലെങ്കിൽ, അവർ ബാഹ്യജാതികളായ അവർണ്ണരാകുമായിരുന്നു എന്നതാണു യാഥാർഥ്യം.]

ഹനുമാൻ

മനുഷ്യനായി അവതാരമെടുത്ത* ശ്രീരാമന് ജീവിതത്തിലെ പ്രതിസന്ധികാലത്ത് ആശ്രയമായുണ്ടായത് കാനനവാസികളായിരുന്നു. ജീവശക്തിയില്ലാത്ത മലകളും പുഴകളും പുളിനങ്ങളും, ജീവചൈതന്യമുള്ള പൂക്കളും സസ്യലതാദികളും പക്ഷികളും മൃഗങ്ങളും വാനരന്മാരും അപ്രകാരം രാമായണത്തിൽ കഥാപാത്രങ്ങളായി. വാനരന്മാരായ ഹനുമാനും ബാലിയും സുഗ്രീവനും ജാംബവാനും താരയും, പക്ഷികളായ ജടായുവും സമ്പാതിയും ഉൾപ്പെടെ, പേരുള്ളതും പേരില്ലാത്തതുമായ ഒട്ടനവധി ജീവജാലങ്ങളെ, അവയ്ക്കാകുന്ന കർമ്മങ്ങൾ നൽകി രാമകഥയുടെ ഭാഗമാക്കുകവഴി പുരുഷ-പ്രകൃതിസംയോഗത്തിന്റെ പ്രകടിതരൂപമായ പ്രപഞ്ചത്തിലെ സൃഷ്ടിസ്ഥിതിലയങ്ങളിൽ, ഇവിടെയുള്ള സകലചരാചരങ്ങൾക്കും തുല്യ പ്രാധാന്യമാണുള്ളത് എന്ന വസ്തുതയാണ് ആദികവി പഠിപ്പിക്കുന്നത്.രാമായണത്തിലെ ആയിരക്കണക്കിനു വരുന്ന അത്തരം കഥാപാത്രങ്ങളിൽ, അഗ്രിമസ്ഥാനമാണ് ഹനുമാനെന്ന വാനരശ്രേഷ്ഠനുള്ളത്.(പിൻകുറിപ്പ്: ദേവ-ദൈത്യ-കിന്നര-ദക്ഷന്മാർക്കൊ

ന്നും തന്നെ വധിക്കാൻ സാധിക്കരുത് എന്ന വരം രാവണൻ പരമശിവനിൽനിന്നും നേടിയിരുന്നതിനാലാണ് രാമൻ *മനുഷ്യരൂപത്തിൽ അവതരിച്ചതെന്ന് രാമായണം പറയുന്നുണ്ട്).

വേദജ്ഞാനിയായ വാനരൻ

രാമായണത്തിൽ സീതാരാമ-ലക്ഷ്മണന്മാർക്കൊപ്പം പ്രാധാന്യമർഹിക്കുന്ന കഥാപാത്രമാണല്ലോ ഹനുമാൻ.ഹിന്ദുധർമ്മവിശ്വാസമനുസരിച്ച് ഹനുമാനെ ചിരഞ്ജീവിയായി കണക്കാക്കുന്നു. അനിഷ്ടശക്തികൾക്കുമേലുള്ള അജയ്യത,അപാരമായ ശാസ്ത്രജ്ഞാനം, അനിതര ഭാഷാപാണ്ഡിത്യം, കാറ്റിനെക്കാൾ വേഗത, ഇളകാത്ത മനോബലം, അഷ്ടൈശ്വര്യസിദ്ധി, വലുതാകേണ്ടിടത്തു വലുതാകാനും ചെറുതാകേണ്ടിടത്തു ചെറുതാകാനുമുള്ള പാടവം എന്നീ പ്രത്യേകതകളോടെയാണ് ആദികവി ഹനുമാനെ രാമായണത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഹനുമാനും ശ്രീരാമനും തമ്മിലുള്ള ആഴമേറിയ ബന്ധത്തിന്റെ തുടക്കം ഹനുമാന്റെ വശ്യമായ ഭാഷാപ്രയോഗത്തിൽനിന്നുമായിരുന്നു. പതിനൊന്നാം വ്യാകരണകർത്താവ് എന്നും വിശേഷിപ്പിക്കപ്പെട്ടിരുന്ന ഹനുമാന്,വ്യാകരണനിയമങ്ങൾ,സൂത്രവൃത്തി,ഭാഷ്യം, വാർത്തികം, സംഗ്രഹം എന്നിവയിലുള്ളത്ര പാണ്ഡിത്യം മറ്റാർക്കും ഉണ്ടായിരുന്നില്ലെന്ന് വാല്മീകിരാമായണത്തിന്റെ ഉത്തരകാണ്ഡത്തിൽ കാണുന്നു. 'വാളോങ്ങിയെത്തുന്ന വൈരിയെപ്പോലും സന്തുഷ്ടനാക്കുന്ന ഭാഷാശുദ്ധി' എന്നാണു രാമൻ അതിനെ വിശേഷിപ്പിച്ചത്. നാലു വേദങ്ങളും ഹൃദിസ്ഥമാക്കിയവന്റെ ഭാവശുദ്ധി ഉണ്ടായിരുന്നു ആ ഭാഷാപ്രയോഗങ്ങൾക്ക്. ഒരൊറ്റ അപശബ്ദംപോലുമില്ലാത്ത വിധത്തിൽ വ്യാകരണശുദ്ധിയുണ്ടായിരുന്നു ഹനുമാന്; സ്പഷ്ടമായ ഉച്ചാരണവും.

ഹനുമാന്റെ ഭാഷ ശുദ്ധമാണെന്നു നിരീക്ഷിക്കുമ്പോൾ, ശ്രീരാമൻ സാക്ഷ്യപ്പെടുത്തുന്നത് ഹനുമാന്റെ ജീവിതവിശുദ്ധിതന്നെയാണ്. അടിയുറച്ച ശ്രീരാമഭക്തനും നിത്യബ്രഹ്മചാരിയുമായ ഹനുമാന്റെയും അദ്ദേഹം നേതൃത്വം നൽക്കുന്ന വാനരസേനയുടെയും സാന്നിധ്യമില്ലെങ്കിൽ രാമായണമെന്ന ഇതിഹാസകാവ്യം ഒരിക്കലും പൂർണ്ണമാകില്ലല്ലോ. ഹനുമാനെ ആരാധിക്കുന്നത്, തന്നെ ആരാധിക്കുന്നതിനു തുല്യമാണെന്ന് ശ്രീരാമൻ പറഞ്ഞതിൽനിന്നു വ്യക്തമാകുന്നത് ഹനുമാന്റെ മഹത്വമാണ്. ആ മഹനീയത ആഢ്യകുലത്തിൽ പിറന്നതിലൂടെ അദ്ദേഹം ആർജ്ജിച്ചതല്ലല്ലോ. രാമായണം ആവിഷ്കരിക്കുന്ന വിശുദ്ധിയുടെ സിദ്ധാന്തം അതാണ്.

വാനരന്മാരോ വനവാസികളോ?

രാമയണത്തിലെ മറ്റുള്ള വാനരകഥാപാത്രങ്ങളും ഋക്ഷന്മാരും മനുഷ്യരെപ്പോലെ ബുദ്ധിസമ്പന്നരാണ്. ശുദ്ധമായ ഭാഷപ്രയോഗം, സാമൂഹികജീവിതം, കുടുംബബന്ധങ്ങൾ, സാംസ്കാരികപൈതൃകം എന്നിവ അവർക്കുണ്ട്. ഹനുമാന്റെയും, മറ്റു വാനരന്മാരുടെയും വിവരണങ്ങളിൽ പറയുന്ന ഗുണഗണങ്ങൾ, അവരെ കേവലം മൃഗങ്ങളായി കാണുന്നതിന് തടസ്സമാകുന്നു.അതിനാലായിരിക്കാം,വിന്ധ്യപർവ്വത പ്രദേശത്തെയും മദ്ധ്യഭാരതത്തിലെയും വനവാസികളായ ഗോത്രസമൂഹങ്ങളാണ് അവർ എന്നു പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നത്. വ്യത്യസ്ത വനവാസി സമുദായങ്ങൾ, അവർ കൊടിയടയാളമായി(ഗ്രണചിഹ്നം)സ്വീകരിച്ചിരുന്ന ആരാധനാമൂർത്തിയുടേയോ പക്ഷിമൃഗാദികളുടേയോ പേരിൽ അറിയപ്പെട്ടിരിക്കാമെന്ന

അനുമാനത്തിൽ നിന്നുത്ഭവിച്ചതാണ് ഇപ്പറഞ്ഞ നിരീക്ഷണങ്ങൾ. 'വാനരചിഹ്നം' കൊടിയടയാളമാക്കിയ വനവാസിഗോത്രങ്ങളാണ് രാമായണത്തിലെ വാനരകഥാപാത്രങ്ങളെന്ന അനുമാനം ശരിയാണെങ്കിൽ, രാമായണകാലത്തെക്കുറിച്ച് പരന്നിട്ടുള്ള പല ധാരണകളും പൊളിച്ചെഴുതുന്ന ഒന്നായിരിക്കും അത്. വാനരന്മാർ എന്ന പ്രയോഗത്തിനപ്പുറം, അവർ കേവലം വാനരന്മാരായിരുന്നു എന്നു തെളിയിക്കുന്ന ഒരു സാഹചര്യംപോലും വാല്മീകിരാമായണത്തിൽ ഇല്ലല്ലോ.

രാമായണത്തിലെ വാനരകഥാപാത്രങ്ങൾ, അക്കാലത്തെ വനവാസിസമൂഹങ്ങളാണെങ്കിലും അല്ലെങ്കിലും അവർ കേവലം വാനരന്മാരായിരുന്നില്ല എന്നതു സ്ഥിരീകരിക്കുന്ന അനവധി തെളിവുകൾ കണ്ടെടുക്കാനാകും. വാനരരാജാവായ ബാലിയുടെ പുത്രൻ അംഗദൻ, സീതാന്വേഷണാർത്ഥം സുഗ്രീവൻ അയച്ച വാനരസേനയിലെ ഒരു പ്രധാനിയായിരുന്നു. സീതയെ സ്വതന്ത്രയാക്കാനും യുദ്ധമൊഴിവാക്കുവാനും രാമദൂതനായി രാവണസഭയിൽ പോയത് അംഗദനായിരുന്നു. കേവലം ഒരു വാനരനെ രാമൻ ആ ദൗത്യത്തിനു നിയോഗിക്കുമെന്നു കരുതാനാകുമോ? അംഗദൻ കുരങ്ങാനായിരുന്നെങ്കിൽ ക്ഷിപ്രകോപിയായ രാവണൻ, അത് തന്നെ അപഹസിക്കാനും പ്രകോപിപ്പിക്കാനുമുള്ള ശ്രമമായല്ലേ സ്വീകരിക്കൂ. അംഗദനും സുഗ്രീവനും ബാലിയും ഇതര വാനരന്മാരും വെറും കുരങ്ങന്മാരായിരുന്നില്ല എന്നുതന്നെ കണക്കാക്കാം. ഉത്തരകാണ്ഡം തൊണ്ണൂറാംസർഗ്ഗത്തിൽ, അശ്വമേധയാഗം നിർവ്വഹിക്കാനുള്ള ഒരുക്കങ്ങൾ നടത്താൻ സോദരന്മാർക്കു നിർദ്ദേശം നൽകുന്ന വേളയിൽ, വിശേഷാൽ ക്ഷണിക്കേണ്ടവരുടെ കൂട്ടത്തിൽ, 'മഹാത്മാവായ സുഗ്രീവനു' നൽകേണ്ട സന്ദേശമായി ശ്രീരാമൻ പറഞ്ഞവാക്കുകൾ അതിനുള്ള സംശയാതീതമായ തെളിവാണ്. രാമായണത്തിൽ ആ സന്ദർഭം വിവരിക്കുന്നത് ഇപ്രകാരമാണ്:

രാമഃ	ശ്രീരാമൻ	ബലിഭിഃ	ബലശാലികളായ
ലക്ഷ്മണം	ലക്ഷ്മണനോടായി	വനാശ്രയൈഃ ച സാർദ്ധം,	വനചാരികളോടുംകൂടി,
അബ്രവീത്;	ഇങ്ങിനെ ആജ്ഞാപി	തേഷാം	അവർക്ക്
"മഹാത്മനേ	'മഹാത്മാവായ [ച്ചു;	തത് കർമ്മ	ഉത്കൃഷ്ടമായ യാഗകൃത്യത്തെപ്പററി
സുഗ്രീവായ	സുഗ്രീവന്ന്'	വിജ്ഞായ,	അറിവുകൊടുത്ത്,
ദ്രുതം	ഉടനെ	മഹോത്സവം	ആ മഹോത്സവത്തെ
ദൂതാൻ	ദൂതന്മാരെ	അനുഭോക്തും,	അനുഭവിച്ചാനന്ദിപ്പാനായി,
പ്രേഷയസ്വ;	ഇങ്ങിനെ അറിയിപ്പാനായി പറഞ്ഞയക്കുക;	ശീഘ്രം ഹി	ഉടൻതന്നെ
'തേ	'ഭവാന്ന്	ആഗച്ഛ.'	ഭവാൻ എഴുന്നെള്ളിയാലും.'
ശുഭം;	മംഗളമുണ്ടാകട്ടെ;		
മഹദ്ഭിഃ	മഹാന്മാരായ		
ഹരിഭിഃ	വാനരന്മാരോടും		

മേൽ ശ്ലോകത്തിലെ, 'വനാശ്രയൈഃ' എന്ന പ്രയോഗത്തിന്, വാനരന്മാർ എന്നതിനേക്കാൾ വിഭിന്നമായ അർത്ഥമാണല്ലോ വേണ്ടത്. വനത്തെ ആശ്രയിച്ചു ജീവിക്കുന്നവരെയാണ് നാം അവിടെ കാണുന്നത്.അത് വാനരന്മാരേക്കാൾ വനവാസികളാകാനാണല്ലോ സാധ്യത. യജ്ഞത്തിൽ, വെറും കാഴ്ചക്കാരോ സഹായികളോ ആയിട്ടു പങ്കെടുക്കാനല്ല രാമൻ സുഗ്രീവനെയും വാനരന്മാരെയും ക്ഷണിച്ചത് എന്നത് തുടർന്നുവരുന്ന ശ്ലോകങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. യാഗത്തിൽ പങ്കെടുക്കുന്ന

മഹാബ്രാഹ്മണർക്ക് ആഹാരാദികൾ കൊടുത്തു പരിചരിക്കാനുള്ള ചുമതല രാമ ലക്ഷ്മണന്മാർ ഏൽപ്പിച്ചത് സുഗ്രീവന്റെ നായകത്വത്തിലുള്ള വാനരന്മാരെ ആയിരുന്നു എന്നാണല്ലോ രാമായണം സാക്ഷ്യപ്പെടുത്തുന്നത്:

വാനരാശ്ച മഹാത്മാനഃ സുഗ്രീവസഹിതാസ്തദാ
വിപ്രാണാം പ്രണതാസ്സർവ്വേ ചക്രിരേ പരിവേഷണം. 7

തദാ	അപ്പോൾ	സർവ്വേ ച,	എല്ലാവരും,
സുഗ്രീവ സഹിതാഃ	സുഗ്രീവനോടുകൂടിയ	പ്രണതാഃ	വിനീതരായി
മഹാത്മാനഃ	മഹാത്മാക്കളായ	വിപ്രാണാം	ബ്രാഹ്മണർക്കായിക്കൊണ്ട്
വാനരാഃ	വാനരന്മാർ	പരിവേഷണം ചക്രിരേ.	ആഹാരാദിയാൽ പെരുമാറി ഉപചരിച്ചു.

യജ്ഞത്തിലെ ഏറ്റവും പ്രധാന ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട ഒരു സമൂഹത്തെ, കേവലം വാനരന്മാരായി കാണാനാകുമോ? വിഭജനങ്ങളോ വേർതിരിവുകളോ ഇല്ലാതെ, മനുഷ്യർ പരസ്പരം സംരക്ഷിച്ചു കഴിഞ്ഞിരുന്ന കാലത്തിന്റെ കൈയൊപ്പുകളാവും അത്തരം ഒരു സാമൂഹികക്രമം വെളിപ്പെടുത്തുന്നത്. അദ്വൈതബോധത്തിന്റെ അത്യന്തം ഉത്കൃഷ്ടമായ ആ മാതൃകയാണ്, കാട്ടാളനെ മഹാകവിയാക്കിയ ഭാരതത്തിന്റെ ഭൂതകാലം പകർന്നുതരുന്ന ഏറ്റവും ഈടുറ്റ സമ്പത്ത്.

ഹനുമാനും സുഗ്രീവനും മാത്രമല്ല, ബാലിയടക്കമുള്ള വാനരകഥാപാത്രങ്ങളെല്ലാം ഉന്നതമായ സാമൂഹിക-ബൗദ്ധികഗുണങ്ങൾ ഉള്ളവരായിത്തന്നെയാണ് രാമായണത്തിൽ അണിനിരക്കുന്നത്. ഹനുമാൻ മാത്രമല്ല, ബാലിയും വേദമന്ത്രങ്ങൾ മനഃപാഠമാക്കിയ വ്യക്തിയായിരുന്നു. ഉത്തരകാണ്ഡത്തിലെ മുപ്പത്തിനാലാം സർഗ്ഗത്തിൽ, രാവണനും ബാലിയും തമ്മിലുള്ള കൂടിക്കാഴ്ചയും യുദ്ധവും വിവരിച്ചിട്ടുണ്ട്. അവിടെ ബാലിയെത്തേടി ദക്ഷിണസമുദ്രതീരത്തെത്തുന്ന രാവണൻ കാണുന്നത് വേദമന്ത്രങ്ങളുരുവിട്ട് ധ്യാനനിമഗ്നനായി കടലിലിറങ്ങിസന്ധ്യോപാസനചെയ്യുന്ന വാനരരാജനെയാണ്.(ശ്ലോകം:12,18, അനുബന്ധം:III കാണുക). വാല്മീകി സൃഷ്ടിച്ച വാനരകഥാപാത്രങ്ങൾ വനവാസിസമൂഹങ്ങളാണെന്ന ഊഹം ശരിയാണെങ്കിലും അല്ലെങ്കിലും, പുണ്യഗ്രന്ഥങ്ങൾ എല്ലാ ജീവജാലങ്ങൾക്കും പ്രാപ്യമായിരുന്നു എന്ന് തെളിയുന്നു. ശ്രീരാമനെന്ന അവതാരത്തിന്റെ സന്തതസഹചാരികളായി ജീവിച്ച് ആ മഹാപുരുഷനെ സഹായിച്ച തിര്യക് ജന്മങ്ങളാണ്- മനുഷ്യരൊഴികെയുള്ള ജീവജാലങ്ങൾക്കു പൊതുവെ പറയുന്ന പേര്-സമ്പത്തിനും പദവിക്കുംവേണ്ടി രക്തബന്ധം മറന്നും വേട്ടയാടിയ മനുഷ്യരെക്കാൾ മഹോന്നതർ എന്നും തെളിയുന്നു. (അവർണ്ണ ജനങ്ങൾക്ക് അക്കാലത്ത് വേദമന്ത്രങ്ങൾ പ്രാപ്യമായിരുന്നു).

സകല ചരാചരങ്ങളെയും സമഭാവനയോടെ കാണുവാൻ കഴിഞ്ഞിരുന്ന ഒരു പൂർവ്വകാലസംസ്കാരത്തിലെ തിരുശേഷിപ്പുകളാണ് ഭാരതീയപൗരാണികകൃതികൾ. അവയിൽനിന്നു പഠിക്കാനുള്ള ഏറ്റവും നല്ല പാഠവും ആ സമദൃഷ്ടിതന്നെയാണ്. ആ ഉത്കൃഷ്ടാവസ്ഥയുടെ കാരണം, അവ പിറവിയെടുത്തത് ആര്യാധിപത്യവും സ്മൃതിനിയമങ്ങളും സ്ഥാപിതമാകുന്നതിനുമുമ്പുള്ള നാഗരികതയുടെ ഭാവനയി

ലാണെന്നതാണ്.ആ സംസ്കാരത്തിന്റെ പിൻതലമുറകളായ മുഴുവൻ മനുഷ്യരെയും മനുഷ്യരായിപോലും കാണാൻ തയ്യാറില്ലാത്ത ഒരു മാനസികനിലയിലെത്തിച്ചു എന്നതാണ്, അവയിലെ പ്രതിപാദനങ്ങളെ ദുർവ്യാഖ്യാനം ചെയ്തവരുടെ ധർമ്മച്യുതി. അത് മനസ്സിലാക്കുന്നതുപോലും ആ ശക്തികൾക്കുമേലുള്ള ജയമാണ്.

നാരദൻ

പുരാണങ്ങളിലുംഇതിഹാസങ്ങളിലും സാർവ്വത്രികമായി പ്രത്യക്ഷപ്പെട്ടിരുന്ന ഒരു കഥാപാത്രമാണല്ലോ ബ്രഹ്മദേവന്റെപുത്രനായ നാരദമുനി. നാരദനെ വെറുമൊരു പരദൂഷണക്കാരനും ഏഷണിക്കാരനും, ആളുകളെ തമ്മിലടിപ്പിക്കുന്നവനും, കലഹപ്രിയനുമായാണ് കഥകളിലും മറ്റു കലാസൃഷ്ടികളിലും അവതരിപ്പിച്ചു കാണുന്നത്. വാസ്തവത്തിൽ, നാരദൻ എന്നാൽ 'നാരം ദദാതി ഇതി നാരദ' എന്നാണ്. നാരമെന്നാൽ ജ്ഞാനം. ദദാതി എന്നാൽ നൽകൽ. അതായത്, ആത്മവിദ്യ ഉപദേശിച്ചു മനുഷ്യനെ അവന്റെ യഥാർത്ഥനിലയിലേക്ക് ഉയർത്തുന്നവൻ എന്നതാണ് നാരദനെന്ന നാമപദത്തിന്റെ താത്പര്യം. ഒരു ജീവൻമുക്തനു ചേരുംവിധം, ജ്ഞാനവും ഭക്തിയും വൈരാഗ്യവും സുബലമായിരുന്നു 'ഭക്തിസൂത്ര'രചയിതാവായ അദ്ദേഹത്തിൽ.ദൈവികതത്വങ്ങൾ ജനങ്ങളിൽ എത്തിക്കുകയും അനിവാര്യമായ ഘട്ടങ്ങളിൽ ഓടിയെത്തി പലർക്കും ഭഗവത്തത്വം ഉപദേശിച്ചുകൊടുക്കുകയും, അനുഷ്ഠാനങ്ങളും മൂലമന്ത്രങ്ങളുമെല്ലാം പറഞ്ഞു പ്രചരിപ്പിക്കുകയും ചെയ്തിരുന്ന ഒരു സന്യാസിശ്രേഷ്ഠനായിരുന്നു വാസ്തവത്തിൽ നാരദമഹർഷി.

ഏഷണിക്കാരനല്ല ഈ ദേവർഷി

എവിടെയും സത്യം വിളിച്ചുപറയുന്നവനും, സത്യം മാത്രം പറയുന്നവനും, അതിന് പ്രത്യേകമായ ശൈലി ഉപയോഗിച്ചിരുന്നയാളുമാണ് ദേവർഷി നാരദൻ. ഈരേഴുപതിനാലുലോകങ്ങളിലും ഏതുസമയത്തുംകടന്നുചെല്ലാൻ സ്വാതന്ത്ര്യമുള്ള അസാധാരണ വ്യക്തിപ്രഭാവത്തിന് ഉടമയായിരുന്നു അദ്ദേഹം.മനുഷ്യരുടെയും ദേവന്മാരുടെയും അസുരന്മാരുടെയും ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന അഹന്ത എന്ന ദുർഗ്ഗുണത്തെ വെളിയിൽകൊണ്ടുവന്ന്, അതു നശിപ്പിച്ച് ആ വ്യക്തിയ്ക്ക് വിനയം പുനഃപ്രാപിക്കാൻ അവസരം നൽകി, പരമമായ ശ്രേഷ്ഠത പ്രദാനംചെയ്യുക എന്നതാണു യഥാർത്ഥത്തിൽ നാരദദൌത്യം. അതിനുവേണ്ടി അദ്ദേഹം ഒരുക്കിയിരുന്ന സൂത്രങ്ങൾ വാസ്തവത്തിൽ ലോകനന്മക്കുള്ള കുറുക്കുവഴികളായിരുന്നു. പക്ഷേ,അവ സാധാരണ ജനങ്ങളുടെ കണ്ണിൽ ഏഷണികളായിമാറി എന്നതാണു സത്യം. താത്വികമായറിയുമ്പോൾ, അല്പബുദ്ധികൾ എഴുതിയുണ്ടാക്കിയ കഥകളിൽ കാണുന്നതുപോലെയുള്ള പരദൂഷണക്കാരനല്ല, നന്മയുടെയും ബുദ്ധികൂർമതയുടെയും ഭഗവത്ഭക്തിയുടെയും പര്യായമായ ഋഷിവര്യനായിരുന്നു നാരദനെന്ന് വ്യക്തമാകും.

രാമായണരചന നിർവ്വഹിക്കാൻ വാല്മീകിയ്ക്ക് പ്രചോദനം നൽകിയത് നാരദരായിരുന്നു. വാല്മീകിമഹർഷിയുടെ ആശ്രമത്തിൽ വിരുന്നുചെന്ന നാരദമുനിയിൽ നിന്നാണ് ആദികവി രാമകഥ കേൾക്കാനിടയായത്. 'കോനസ്മിൻ സാമ്പ്രതം ലോകേ ഗുണവാൻ തത്ര വീര്യവാൻ' എന്ന നാരദനോടുള്ള വാല്മീകിയുടെ ചോദ്യത്തിനു മറുപടിയായാണ്, ധൈര്യം,വീര്യം,ശ്രമം,സത്യനിഷ്ഠ,ക്ഷമ,ശീലഗുണം,പ്രൗഢി

അജയ്യത,സൗന്ദര്യം എന്നീ സർവ്വ സദ്ഗുണങ്ങൾക്കും ഉടമയായ രാമന്റെകഥ ദേവർഷി നാരദൻ പറഞ്ഞുകൊടുക്കുന്നത്. വ്യാസമഹർഷി രചിച്ച മഹാഭാരതകാവ്യം ദേവന്മാരെ ചൊല്ലിക്കേൾപ്പിച്ചതും നാരദനാണെന്ന് ആദിപർവ്വത്തിന്റെ അനുക്രമണിക പർവ്വതത്തിൽ കാണാം. ഭാഗവതരചനയ്ക്കു വേദവ്യാസമഹർഷിയെ പ്രേരിപ്പിച്ചതും നാരദമുനിയാണ്. ഗീതോപദേശവേളയിൽ, മഹർഷിമാരിൽ ഞാൻ നാരദൻ എന്നു ഭഗവാൻകൃഷ്ണൻ അർജ്ജുനനോടു പറയുന്നത് നാരദരുടെ മഹത്വത്തിന്റെ സാക്ഷ്യപ്പെടുത്തലായാണു മനസ്സിലാക്കേണ്ടത്.

ദാസീപുത്രനായ നാരദൻ

രാമായണത്തിന്റെയും മഹാഭാഗവതത്തിന്റെയും രചനക്ക് കാരണഭൂതനും ഇതിഹാസങ്ങളിലും പുരാണങ്ങളിലും നിത്യസാന്നിദ്ധ്യവുമായ ദേവർഷി നാരദൻ, ഒരു ദാസീപുത്രനായിരുന്നെന്ന് ഭാഗവതം ആദ്യസ്കന്ധത്തിലെ അഞ്ചാമധ്യായത്തിൽ നാരദർതന്നെ വെളിപ്പെടുത്തുന്നുണ്ട്. മഹാഭാഗവതത്തിലെ ഒന്നാംസ്കന്ധത്തിൽ നൈമിഷാരണ്യത്തിലെ യജ്ഞവേദിയിൽവെച്ച്, ശൗനകാദിമുനിമാരോടു സൂതൻ ഭാഗവതരചനയുടെ ചരിത്രം വിവരിക്കുന്നുണ്ട്. നാല് വേദങ്ങളും വേണ്ടരീതിയിൽ വ്യസിച്ച് ശിഷ്യന്മാർക്ക് പഠിപ്പിച്ചുകൊടുത്തിട്ടും, 'പഞ്ചമവേദം' എന്നറിയപ്പെടുന്ന മഹാഭാരതം രചിച്ചിട്ടും, പുരാണേതിഹാസങ്ങളെഴുതിയിട്ടും വ്യാസൻ സംതൃപ്തനായില്ല. അങ്ങനെ ചിന്താകുലനായിരിക്കുന്ന വ്യാസന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ട നാരദമുനിയുടെ നിർദ്ദേശപ്രകാരമാണ്, ഉള്ളടക്കങ്ങളിലും വസ്തുവിലും വിഷയത്തിലും ഭഗവാൻ നിറഞ്ഞുനിൽക്കുന്ന 'ശാശ്വതകൃതിയായ ശ്രീമദ്ഭാഗവതം' രചിച്ചത്. വളരെക്കുറച്ചു സുകൃതികൾ മാത്രമാണ് കർമ്മങ്ങളുടെയും വേദപുരാണസംഹിതാനുസാരിയായ മാർഗ്ഗങ്ങളുടേയും അപ്പുറത്ത്, ഭഗവൽഭക്തിയിലൂടെമാത്രമേ ശാശ്വതമായ മോക്ഷം ലഭിക്കൂ എന്ന സത്യം മനസ്സിലാക്കി പ്രവർത്തിക്കുകയുള്ളൂ എന്നും, മോക്ഷത്തിന് സർവ്വരെയും പ്രാപ്തരാക്കുന്ന ഭഗവാൻ കൃഷ്ണന്റെ അവതാരമഹിമകൾ വർണ്ണിക്കുന്ന കാവ്യം രചിക്കണമെന്നും ശ്രീനാരദൻ നിർദ്ദേശിച്ചു. തുടർന്ന്, പൂർവ്വജന്മത്തിൽ താൻ ഒരുദാസിയുടെ പുത്രനായാണു ജനിച്ചതെന്ന് നാരദൻ വ്യാസനോടു വെളിപ്പെടുത്തി. നാരദൻ പറഞ്ഞ ആ സംഭവം ഇപ്രകാരമാണ്:

> ഭക്തൻമാരായിട്ടുളള എൻെറ സത്സംഗവും ഭക്തിപുരസ്സരമായ ഹരികഥാശ്രവണവുമാണ് പൂർവജൻമത്തിലെ ദാസീപുത്രനായ എന്നെ നാരദരാക്കിയത്, ആ കഥ പറയാം.
>
> കഴിഞ്ഞ ജൻമത്തിൽ എൻെറ അമ്മ ഒരു ബ്രാഹ്മണഗൃഹത്തിൽ പണിക്കാരിയായിരുന്നു. ആ ഗൃഹനാഥൻ മഹാഭക്തനായിരുന്നു. അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിച്ച് കുറേ ഭക്ത ബ്രാഹ്മണർ ചാതുർമാസ്യം കഴിപ്പാൻ അവിടെ വന്നിരുന്നു. എന്നെ അവരെ സഹായിപ്പാനായി നിയോഗിച്ചിരുന്നു.

കഴിഞ്ഞ ജന്മത്തിൽ നാരദന്റെ അമ്മ ഒരു ബ്രാഹ്മണഗൃഹത്തിലെ പണിക്കാരിയായിരുന്നു. ആ വീട്ടിന്റെ ഗൃഹനാഥൻ മഹാഭക്തനായിരുന്നു. അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു കുറെ ഭക്തബ്രാഹ്മണർ ചാതുർമാസ്യം കഴിക്കാൻ വന്നപ്പോൾ, ബാലനായ നാരദനെ, അവരെ സഹായിക്കാനായി നിയോഗിച്ചിരുന്നു. മുനിമാരിൽ നിന്നും കൃഷ്ണഭഗവാന്റെ ലീലാവിലാസങ്ങൾ ശ്രവിച്ചു വളർന്ന അദ്ദേഹത്തിന്, സ്വർഗ്ഗം ഉൾപ്പെടെയുള്ള ലോകങ്ങളെല്ലാം മായയാണെന്നും, തന്റെതന്നെ അജ്ഞ

തയുടെ പ്രതിഫലനമാണ് അതെല്ലാമെന്നും മനസ്സിലായി. തുടർച്ചയായ ഭഗവൽക ഥാശ്രവണം ആഗ്രഹങ്ങളെയും അജ്ഞതയെയും അകറ്റി. ഈ ശരീരം ആത്മാവല്ല എന്നും ആത്മാവു മായയിൽ കിടന്നുഴലുകയാണെന്നും ആത്മാവ് എന്നത് പരമാത്മാവിന്റെ പ്രതിബിംബമാണെന്നും നിസ്സംശയം മനസ്സിലാക്കിയപ്പോൾ, അദ്ദേഹത്തിലുള്ള രജോ-തമോഗുണങ്ങൾ നിശ്ശേഷം നശിക്കാൻ ഇടയായി. അഞ്ചുവയസ്സു മാത്രം പ്രായമുള്ള ആ കൊച്ചുകുട്ടിയുടെ ഭഗവൽഭക്തിയിലും ശ്രദ്ധയിലും സംപ്രീതരായ മുനികൾ, തപഃശക്തികൊണ്ടും ദീർഘകാലധ്യാനംകൊണ്ടും നേടിയ തങ്ങളുടെ വിദ്യാസമ്പത്ത്(ആത്മവിദ്യ) അവനു പകർന്നുകൊടുത്തു. അധികകാലം കഴിയും മുൻപേ മാതാവിന്റെ അകാലമരണത്തെത്തുടർന്ന് സ്വന്തംഗ്രാമംവിട്ടു വനത്തിലേക്കു പുറപ്പെട്ട ആ ബാലകൻ, ധ്യാനയോഗാഭ്യാസങ്ങൾ പരിശീലിച്ചും മഹാത്മാക്കളുടെ വാക്കുകൾ ശ്രവിച്ചും അവിടെ കഴിഞ്ഞുകൂടി.

അങ്ങനെയിരിക്കെ, ഒരിക്കൽ ധ്യാനനിമഗ്നനായിരിക്കെ, ഭഗവാന്റെ ദർശനം ലഭിക്കുകയും അടുത്ത ജന്മത്തിൽ ആത്മസാക്ഷാത്കാരം നേടി ഭഗവാന്റെ സേവകനായിത്തീരുമെന്ന ആശിസ്സു സമ്പാദിക്കുകയും ചെയ്തു. ആ ജന്മമെടുക്കാൻ കാരണമായ കർമ്മഭാരം തീർന്നപ്പോൾ, സ്ഥൂലശരീരം ഉപേക്ഷിച്ച് ഭഗവൽപാർഷദന്മാരിൽ ഒരാളായിത്തീരുകയുമുണ്ടായി. പിന്നീട്, കുറേക്കാലം കഴിഞ്ഞ് ഭഗവത്പ്രേരണയാൽ ബ്രഹ്മാവ് മറ്റു ഋഷിമാരോടൊപ്പം നാരദനെയും സൃഷ്ടിച്ചു. അന്നുമുതൽ, ഭഗവാൻ നൽകിയ മഹതിയെന്ന സ്വരബ്രഹ്മവീണയും വായിച്ച്, ഭഗവാന്റെ നാമം ഉരുവിട്ടുകൊണ്ടും മഹിമകൾ വർണ്ണിച്ചുകൊണ്ടും അണ്ഡകടാഹം മുഴുവൻ സ്വതന്ത്രനായി സഞ്ചരിക്കുകയാണ് നാരദൻ. ഇതായിരുന്നു നാരദൻ പറഞ്ഞ കഥ.

ആ ആത്മകഥ, നമ്മുടെ അറിവിന്റെ പരിധിയിൽ വരുന്ന കുറെയേറെ അന്ധവിശ്വാസങ്ങളെ അപ്രസക്തമാക്കുന്നതാണ്. അറിവുനേടാനും ആത്മബോധം സിദ്ധിക്കാനുമുള്ള അധികാരം ചിലരിൽ ജന്മാർജ്ജിതമായി നിലനിർത്തിയിട്ടുണ്ടെന്നും, ആ അധികാരപരിധിയിൽ വരാത്തവരൊക്കെ പതിതരാണെന്നുമുള്ള പതിവുപല്ലവിയുടെ സമ്പൂർണ്ണ നിരാസമാണ് നാരദരുടെ ജീവിതം. മുനിമാരിൽനിന്നും ബ്രഹ്മവിദ്യ സ്വീകരിക്കുന്നതിനും തപസ്സുചെയ്യുന്നതിനും ഭഗവാന്റെ ദർശനം നേടുന്നതിനുമൊന്നും, നാരദരുടെ ദാസിപുത്രനായുള്ള ജന്മം തടസ്സമായില്ലെന്ന് നാരദമഹർഷി സാക്ഷ്യപ്പെടുത്തുമ്പോൾ, അതുതന്നെയാണ് സ്വീകാര്യം. ശപിച്ച് ശൂദ്രനാക്കിയതിന്റെ മാത്രമല്ല,ശൂദ്രനെ ദേവർഷിയാക്കിയതിന്റെയും ചരിത്രമാണ് സനാതന സംസ്കൃതിക്കുള്ളത് എന്ന പ്രഖ്യാപനമാണ് ആ സംഭവം. എന്നാൽ, അറിയാവുന്നവരാരും ആ പരമാർത്ഥം പറഞ്ഞുനടന്നില്ല എന്നുമാത്രം. അത് എന്തുകൊണ്ടാകാം എന്ന് ആലോചിക്കാനുള്ള അവസരംകൂടിയാണ്, മഹാഭാഗവതത്തിന്റെ രചനാചരിത്രം അനാവൃതമാക്കുന്ന ഈ കഥ തുറന്നിടുന്നത്. താൻ രചിച്ച കൃതികൾ ആഢ്യന്മാർ കൈയ്യടക്കിയതിലും അതിന്റെ യഥാർത്ഥ ഉടമകൾക്കു നിഷേധിച്ചതിലുമുള്ള അതൃപ്തിയാകാം വ്യാസൻ പങ്കുവെച്ച ആ അസ്വസ്ഥതയുടെ കാരണം. അതുകൊണ്ട്, ആരാണ് വാസ്തവത്തിൽ ആ കൃതികളുടെ ഉടമകൾ എന്ന ചർച്ച അവർക്കിടയിൽ നടന്നിട്ടുണ്ടാകാം. അതിന്റെ ഭാഗമായാകാം നാരദൻ താൻ ശൂദ്രനായി ജീവിച്ച കാര്യം പറഞ്ഞ്, ആരും ആത്മവിദ്യയ്ക്ക് അർഹരാണെന്നു സ്ഥാപിച്ചത്.

നാരദകഥയിൽ ശ്രീകൃഷ്ണന്റെ സ്ഥിരീകരണം

നാരദരുടെ ശൂദ്രജന്മം ഭാഗവതത്തിലെ ഈയൊരൊറ്റ പരാമർശത്തിൽ ഒതുങ്ങുന്ന ഒന്നല്ല. ശ്രീകൃഷ്ണഭഗവാൻ രാധയോട് നാരദസംഗീതത്തിന്റെ മാഹാത്മ്യം വിവരിക്കുന്ന ഒരു ഐതിഹ്യം പുരാണങ്ങളിൽ ഉണ്ട്. അതിൽ നാരദന്റെ ശൂദ്രജന്മത്തിലേക്കുനയിച്ച സംഭവം ഭഗവാൻ ഇങ്ങനെ അവതരിപ്പിക്കുന്നു:

പതിനാലുലോകങ്ങളിലും വീണമീട്ടിപാട്ടുപാടി അലയാതെ, സൃഷ്ടികർമത്തിൽ തന്നെ സഹായിക്കാൻ പിതാവായ ബ്രഹ്മാവ് ഒരിക്കൽ നാരദനോടു പറഞ്ഞു. അച്ഛന്റെ സൃഷ്ടികളാണ് ലോകത്തിലെ എല്ലാ ദുഃഖങ്ങൾക്കും കാരണം എന്നതിനാൽ അതൊക്കെ മതിയാക്കി, തന്നെപ്പോലെ ഭഗവാന്റെ നാമംപാടി സ്തുതിക്കൂ എന്നായിരുന്നു നാരദരുടെ മറുപടി. അതുകേട്ട ബ്രഹ്മാവ്, പാട്ടുംപാടി ലോകംചുറ്റുന്ന ഒരു ഗന്ധർവ്വനായിത്തീരട്ടെയെന്ന് സ്വപുത്രനെ ശപിച്ചു.അങ്ങിനെയിരിക്കെ ഒരിക്കൽ ദേവസഭയിൽ സംഗീതം അവതരിപ്പിക്കുമ്പോൾ, ദേവാംഗനകളുടെ നൃത്തം കണ്ടു ഭ്രമിച്ച നാരദർക്ക് ശ്രുതിഭംഗം സംഭവിച്ചു. കോപിഷ്ഠനായ ബ്രഹ്മദേവൻ നാരദനെ വീണ്ടും ശപിച്ചു. അത്തവണ, ഭൂമിയിൽ ഒരു ശൂദ്രനായി ജനിക്കട്ടെയെന്നായിരുന്നു ശാപം. അങ്ങനെ നാരദൻ ഭൂമിയിൽ ശൂദ്രനായി പിറന്നു. എങ്കിലും, പൂർവ്വജന്മവാസനയാൽ വീണ്ടും ഗാനമാലപിച്ചുനടന്നു. അങ്ങനെ ഒരിക്കൽ അദ്ദേഹം ദേവപുരിയിലെത്തി.അവിടെ ദേവതുല്യരായ അസംഖ്യം സ്ത്രീപുരുഷന്മാരെ കണ്ടു. അതിസുന്ദരരെങ്കിലും അവർക്കെല്ലാം അംഗഭംഗമുള്ളതായി നിരൂപിച്ച നാരദൻ, അതിന്റെ കാരണംതിരക്കി. തങ്ങൾ രാഗദേവതകളാണെന്നും, ബ്രഹ്മപുത്രനായ നാരദനെന്നു പേരായ ഒരാൾ രാഗം, താളം, ശ്രുതി ഇവയില്ലാതെ ഗാനാലാപനം നടത്തി ലോകംചുറ്റുന്നുണ്ട് എന്നും, അദ്ദേഹം നിമിത്തമാണ് തങ്ങൾക്ക് ആ ഗതിവന്നതെന്നും അവർ പറഞ്ഞു. അതുകേട്ട് ഖിന്നനായ നാരദൻ, അവർ പറഞ്ഞ ആ നാരദനാണ് താനെന്ന് തുറന്നുപറഞ്ഞ്, ശ്രുതിഭംഗമില്ലാതെ ഗാനമാലപിക്കാൻ ആരിൽനിന്നാണ് സംഗീതമഭ്യസിക്കേണ്ടതെന്ന് ആരാഞ്ഞു. അവർ നിർദ്ദേശിച്ചതനുസരിച്ച് നാരദൻ അനേകവർഷം തപസ്സുചെയ്ത് സരസ്വതിയെ പ്രീതിപ്പെടുത്തി, ദേവിയിൽനിന്നും നേരിട്ടു സംഗീതമഭ്യസിച്ചു. പിന്നീട് ഒരിക്കൽ, തുംബുരുവെന്ന ശിഷ്യനുമൊത്ത് ഗോലോകത്തെത്തി ഗാനാലാപനം നടത്തിയ നാരദരുടെ സംഗീതത്തിൽ താൻ അലിഞ്ഞുപോയതായി സൂചിപ്പിക്കുന്നതിനാണ് ശ്രീകൃഷ്ണൻ രാധയോട്, ശാപമേറ്റു നാരദർ ശൂദ്രനായി ഭൂമിയിൽ ജനിച്ച പുരാവൃത്തം വിവരിച്ചത്.

നാരദന്റെ ശൂദ്രജന്മത്തിനു നിമിത്തം തേടിപ്പോയവർ സൃഷ്ടിച്ചതാണോ ഈ കഥ എന്നറിയില്ല. അത്തരത്തിൽ, ഉത്തരങ്ങളിൽനിന്നും ചോദ്യം തേടിയിറങ്ങുന്ന ഒരുപാട് സമസ്യാപൂരണശാപകഥകൾ പുരാണങ്ങളിലുണ്ടല്ലോ. ആ കഥയിലെ വസ്തുതയെന്തായാലും, നാരദർക്ക് ഒരു ശൂദ്രജന്മമുണ്ടായിരുന്നു എന്നത് അതോടെ അനിഷേധ്യമാകുകയാണ്. ആ ശൂദ്രജന്മത്തിലും അദ്ദേഹം ഗാനമാലപിച്ചുകൊണ്ട് ദേവപുരിയിലും കൃഷ്ണസന്നിധിയിലും എത്തിയിരുന്നെന്നും, അവിടെയൊന്നും നാരദൻ അസ്പൃശ്യനോ അനഭിമതനോ ആയില്ല എന്നുമാണ് തെളിയുന്നത്. തപസ്സുചെയ്യുന്നതിനും, സരസ്വതിദേവിയെ പ്രത്യക്ഷപ്പെടുത്തി വരം നേടുന്നതിനും നാരദന്

ശൂദ്രത്വം തടസ്സമായില്ലാ എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്. ശൂദ്രനായ നാരദർക്ക് തപസ്സ് നിർദ്ദേശിച്ച രാഗദേവതകൾക്ക്, ശാപമല്ല ശാപമോക്ഷമാണ് കിട്ടിയതെന്നും കാണേണ്ടതുണ്ട്. സ്മൃതികൾ നിർമ്മിച്ച അളവുകോലുകൊണ്ടല്ല ദേവന്മാർ കാര്യങ്ങളെ അളന്നിരുന്നത് എന്നാണല്ലോ ആ കഥ അടിവരയിട്ട് പറയുന്നത്. കഥകളിൽ പറഞ്ഞിട്ടുള്ള പൂർവ്വജന്മം പൂർവ്വാശ്രമമായി*കാണുന്നതാണ് യുക്തിഭദ്രമെന്ന് തോന്നുന്നു. അങ്ങനെയെങ്കിൽ കഥയാകെ മാറും(*സന്യാസത്തിനുമുമ്പുള്ള ജീവിതം).

നാരദൻ അടിമപ്പെണ്ണിന്റെ പുത്രനായിരുന്നെന്ന് സ്വാമിവിവേകാനന്ദനും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആരാണ് ഋഷിമാർ എന്ന ചോദ്യത്തിനുള്ള ഉത്തരമായാണ് മഹർഷിവാത്സ്യായനന്റെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, സ്വാമിജി വസിഷ്ഠനും മുക്കുവസ്ത്രീയിൽ ജനിച്ച വ്യാസനുമൊപ്പം നാരദനെ ഉദാഹരിച്ചത്. 'സത്പ്രമാണം വഴി ധർമ്മത്തെ സാക്ഷാത്കരിച്ചവൻ ജന്മനാ മ്ലേച്ഛനായാലും, ഋഷിയത്രേ'യെന്നു സമർത്ഥിക്കാനാണ് അദ്ദേഹം ആ മഹാന്മാരുടെ ജനനത്തെക്കുറിച്ച് എടുത്തുപറഞ്ഞത്. (നമ്മുടെ ജന്മസിദ്ധമായ മതം എന്ന വിഷയത്തിൽ, 1901 മാർച്ചു മുപ്പത്തൊന്നിന് ഡാക്കയിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ സ്വാമിജി നടത്തിയ ആ പ്രഭാഷണം വിവേകാനന്ദസാഹിത്യസർവ്വസ്വത്തിൽ പൂർണ്ണരൂപത്തിൽ ചേർത്തിട്ടുണ്ട്).

നാരദകഥയിൽ കലക്കിയ ഉശ്ചിഷ്ടം

നാരദരുടെ ജന്മവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പുരാണകഥയ്ക്കു ചില പാഠഭേദങ്ങൾ കാണുന്നുണ്ട്. ബ്രാഹ്മണസേവയാണ് ശൂദ്രനു മോക്ഷത്തിനുള്ള മാർഗ്ഗമെന്നു വരുത്താൻ, നാരദകഥയിൽ ജാതിബ്രാഹ്മണ്യം നടത്തിയ വളച്ചൊടിക്കൽ അതിൽ കാണാം:സദാ കാമപരവശനായിനടന്നിരുന്ന ബർഹണനെന്നു പേരായ ഗന്ധർവ്വൻ സ്വന്തം പാപപ്രവൃത്തികളുടെ ഫലമായി ശൂദ്രദാസീപുത്രനായി ജനിച്ചതാണ് നാരദരുടെ പൂർവ്വജന്മം എന്ന ഒരുകല്പിതകഥ പ്രചാരത്തിലുണ്ട്. മഹർഷിമാരെ ശുശ്രൂഷിച്ചു കഴിഞ്ഞിരുന്ന ആ ദിനങ്ങളെ അവലംബമാക്കി, ബ്രാഹ്മണസേവയും അവരുടെ ഉശ്ചിഷ്ടഭോജനവുമാണ് നാരദരെ ഉത്കൃഷ്ടജന്മത്തിന് അനുയോജ്യനാക്കിയതെന്നും, ഐതിഹ്യങ്ങളിൽ വ്യാഖ്യാനിച്ചു പ്രചരിപ്പിക്കപ്പെടുന്നുണ്ട്. വേദജ്ഞാനിയായ ഒരു ബ്രാഹ്മണന് ഒരു ദാസിയിലുണ്ടായ സന്താനമാണ് നാരദന്റെ ആ മുൻജന്മമെന്നും, ദ്രുമിളനെന്ന ചക്രവർത്തിയുടെ ഗർഭിണിയായ ഭാര്യ കലാവതി, അദ്ദേഹത്തിന്റെ മരണശേഷം കൊട്ടാരം വിട്ടിറങ്ങി, ഒരു ബ്രാഹ്മണഗൃഹത്തിൽ ദാസീപദത്തിൽ താമസിക്കവെ(?) ഉണ്ടായ കുട്ടിയാണ് അതെന്നും ഒക്കെ ആ കഥകളിൽ കാണുന്നു. വ്യാഖ്യാനം എങ്ങനെയൊക്കെ ആയാലും, എല്ലാം കഥകളായതിനാൽ, ഏതാവാം സത്യമെന്ന് നിർണ്ണയിക്കാൻ നിവൃത്തിയില്ല. ദേവർഷിയായ നാരദരുടെ ജന്മത്തിലേക്കു നയിച്ച പ്രാരബ്ധകർമ്മങ്ങളുടെ വേരുകൾ ദാസീപുത്രനായുള്ള മുൻജന്മത്തിലാണെന്നു സ്പഷ്ടമായ സ്ഥിതിക്ക്, ജനനത്തിലെങ്കിലും ആഢ്യത്വം ഉറപ്പിക്കണമല്ലോ എന്ന ചിന്തയോടെയാണ് ആ അയുക്തികമായ കഥകളെല്ലാം ചമച്ചിരിക്കുന്നത് എന്നകാര്യമാണ് ആ ഉശ്ചിഷ്ടം കലക്കൽ അനാവൃതമാക്കുന്നത്.

ജാതിബ്രാഹ്മണ്യം പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒട്ടേറെ വാദഗതികളുടെ വേരറുക്കുന്ന സംഭവമാണ് ഈ കഥ. അന്ന് ചാതുർവർണ്യം നിലനിന്നി

രുന്നോ എന്നു വ്യക്തമല്ല. അന്നു വർണ്ണവിഭജനം നിലവിലില്ലായിരുന്നെങ്കിൽ, പ്രപഞ്ചോത്പത്തിയോളം പിറകോട്ടുപോയി വർണ്ണവ്യവസ്ഥയുടെ ആധികാരികതയുറപ്പിക്കാൻ ശ്രമിക്കുന്ന, മനുസ്മൃതി അടക്കമുള്ള കൃതികളിലെ വാദങ്ങൾ കളവാണെന്നുവരും. വർണ്ണവ്യവസ്ഥ അന്നും ഉണ്ടായിരുന്നെങ്കിൽ, ദാസീപുത്രനായ നാരദന്റെ ജന്മം വർണ്ണവ്യവസ്ഥയിലെ ഉന്നതശ്രേണികളിൽ ഒന്നുമായിരുന്നില്ല എന്നു വ്യക്തം. ദാസ്യവൃത്തിയും ഉച്ഛിഷ്ടസേവയും ബ്രാഹ്മണർക്ക് ആപത്തുകാലത്തുപോലും നിഷിദ്ധമായതുകൊണ്ട്, നാരദൻ ബ്രാഹ്മണനായിരുന്നെന്നു കരുതാനാകില്ലല്ലോ. അങ്ങനെയാണെങ്കിൽ, ബ്രാഹ്മണ്യം ശൂദ്രന് വേദവിദ്യ നിഷേധിക്കുന്നതിൽ ശാസ്ത്രസമ്മതി ഇല്ലെന്നുവരും. ആത്മവിദ്യ ആർജ്ജിക്കാൻ ശൂദ്രർ അർഹരല്ലെന്ന വാദങ്ങളും പൊളിഞ്ഞുവീഴും. രാമായണത്തിന്റെയും ഭാഗവതത്തിന്റെയും രചനക്കു തന്നെ കാരണക്കാരനും, അവയിലും മഹാഭാരതത്തിലും അനവധി പുരാണങ്ങളിലും സജീവസാന്നിദ്ധ്യവുമായ നാരദന്റെ ജന്മത്തിനു ഹേതുവായ പുണ്യകർമ്മങ്ങളും ജ്ഞാനസമ്പാദനവുമെല്ലാം സംഭവിച്ചത് 'നീചയോനീജാതനായുള്ള' മുൻജന്മത്തിലാണെന്നത്, ജന്മമല്ല; കർമ്മമാണ് ഒരാളിനെ മോക്ഷസിദ്ധിക്ക് അധികാരിയാക്കുന്ന ഘടകമെന്ന സത്യത്തെ അടിവരയിടുന്ന മറയില്ലാത്ത തെളിവാകും.

അചഞ്ചലമായ ഭഗവത്ഭക്തിയും, സ്വർഗ്ഗമുൾപ്പെടെയുള്ള ലോകമൊക്കെ മായയാണെന്ന പരമജ്ഞാനവുമാണ് തന്നെ മോക്ഷത്തിനുപ്രാപ്തനാക്കിയതെന്ന് നാരദൻ പറയുമ്പോൾ, അതുതന്നെയാണ് സ്വീകാര്യമായ സത്യം. ബ്രാഹ്മണസേവയും അവരുടെ ഉച്ഛിഷ്ടഭോജനവുമാണ് നാരദനെ ഉത്കൃഷ്ടജന്മത്തിനു യോഗ്യനാക്കിയത് എന്നവ്യാഖ്യാനം ശാസ്ത്രകൃതികൾ മുന്നോട്ടുവെയ്ക്കുന്ന മോക്ഷസിദ്ധാന്തത്തെ അപഹസിക്കലാണ്. മുജ്ജന്മത്തിലെ പാപകർമ്മങ്ങളാണ് ശൂദ്രജന്മത്തിനു കാരണമെന്നു സമർത്ഥിക്കാൻ, അസംഖ്യം കഥകൾ വംശവിശുദ്ധിവാദത്തിന്റെ വക്താക്കൾ .അടിവരയിട്ട് അവതരിപ്പിക്കാറുണ്ട്. എന്നാൽ, ശൂദ്രനായി ജനിച്ചയാൾ ഭക്തികൊണ്ടും ജ്ഞാനസിദ്ധികൊണ്ടും ദേവർഷിയാകാൻ യോഗ്യതനേടിയതുപോലും അപനിർമ്മിതകഥകളിലൂടെ, വളച്ചൊടിക്കുകയോ തമസ്കരിക്കുകയോ ആയിരുന്നു ജാതിവാദികൾ ചെയ്തത്. നാരദകഥയിലൂടെ ഇത്രയേറെ സത്യങ്ങൾ പറയാൻ നാരദനും കൃഷ്ണനും വ്യാസനും തയ്യാറായത്, അവരുടെ ചിന്തകളിൽ ആര്യബ്രാഹ്മണ്യത്തിന്റെ കരിനിഴൽ വീണിട്ടില്ലാ എന്നതുകൊണ്ടാണ്. അതിനാലാണ് അവരൊക്കെ ആർഷഭാരതസംസ്കാരത്തിന്റെ പ്രതിപുരുഷന്മാരാകുന്നത്.

വിദുരർ

ഒരു മനുഷ്യന്റെ മഹത്വം തീരുമാനിക്കുന്നതിൽ മുഖ്യഘടകം ജനിച്ച വർണ്ണമാണ് എന്ന, വംശവിശുദ്ധിവാദത്തിന്റെ വക്താക്കളുടെ പ്രചാരണത്തെ തച്ചുടയ്ക്കുന്ന കഥാപാത്രസൃഷ്ടികൾകൊണ്ട് സമ്പന്നമാണ് ഭാരതീയപുണ്യഗ്രന്ഥങ്ങൾ. അത്തരത്തിൽ സൃഷ്ടിക്കപ്പെട്ട ഏറ്റവും തലയെടുപ്പുള്ള കഥാപാത്രമാണ് മഹാഭാരതകഥയിലെ വിദുരൻ. മഹാഭാരതത്തെ മിക്ക സന്നിഗ്ദഘട്ടങ്ങളിലും കൈപിടിച്ച് വഴിനടത്തുന്നത് വിദുരരുടെ ബുദ്ധികൂർമ്മതയാണ്. അതുകൊണ്ടായിരിക്കാം, അദ്ദേഹം വിദുരമഹാശയനെന്ന പേരിലാണ് പ്രസിദ്ധൻ. കുരുപാണ്ഡവന്മാരുടെ ഗതിവിഗതി

കൾ നിരന്തരം നിരീക്ഷിച്ചുകൊണ്ടിരുന്ന ധിഷണാശാലി, അപാരപണ്ഡിതൻ,ധൃതരാഷ്ട്രരുടെ ധർമ്മോപദേഷ്ടാവ് എന്നീ നിലകളിൽ മഹാഭാരതകാവ്യത്തിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന അമാനുഷികപുരുഷനാണ് വിദുരർ.

മഹാഭാരതകാവ്യത്തിലെ മഹാശയൻ

ചന്ദ്രവംശമഹാരാജാവായ ശന്തനുവിന്, കൈവർത്തകകന്യയായ സത്യവതിയിൽ ഉണ്ടായ മക്കളാണ് ചിത്രാംഗദനും വിചിത്രവീര്യനും. ശന്തനുവിനുശേഷം ഭരണമേറ്റെടുത്ത ചിത്രാംഗദൻ യുദ്ധത്തിൽ അകാലമൃത്യുവരിച്ചതിനാൽ, വിചിത്രവീര്യൻ ഹസ്തിനാപുരിയുടെ രാജനായി.അധികംവൈകാതെ അദ്ദേഹം രോഗാതുരനായി മരണപ്പെട്ടു.ഇരുവർക്കും സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ കുലം അറുതിപ്പെട്ടേക്കുമെന്നു ഭയന്ന രാജാമാതാവായ സത്യവതി പരിഹാരമാർഗ്ഗങ്ങളാലോചിച്ചു. തുടർന്ന്, ശന്തനുവുമായുള്ള വിവാഹത്തിനു മുൻപ് തനിക്ക് പരാശരമുനിയിൽനിന്നും ഉണ്ടായ വ്യാസമുനിയെ സത്യവതി ക്ഷണിച്ചുവരുത്തി വിചിത്രവീര്യന്റെ ഭാര്യമാരായ അംബികയിലും അംബാലികയിലും പുത്രോത്പാദനം നടത്തുവാൻ അവശ്യപ്പെട്ട്, അതിനുള്ള സാഹചര്യമൊരുക്കി. അന്നത്തെ നാട്ടുനടപ്പനുസരിച്ച്, ആ രീതി അനുവദനീയമായിരുന്നു.ജടാവത്കലധാരിയായ വ്യാസനോടൊപ്പം ശയിക്കുന്നത് അസഹ്യമായി തോന്നിയ അംബിക, മാതാവിനെ ധിക്കരിക്കാൻകഴിയാതെ മനസ്സില്ലാമനസ്സോടെ കണ്ണുകളടച്ചുകൊണ്ട് അദ്ദേഹവുമായി ബന്ധപ്പെട്ടു ഗർഭിണിയായി. അവൾ പ്രസവിച്ച ജന്മനാ അന്ധനായ പുത്രനാണ് ധൃതരാഷ്ട്രൻ. വ്യാസമുനിയുടെ ആകാരവൈകൃതം കണ്ടു വിളറിയ മുഖത്തോടെ സഹവസിച്ച അംബാലികയിൽ ഉണ്ടായ പുത്രനാണ് പാണ്ഡുരവർണ്ണനായ പാണ്ഡു. നന്മയേറിയ ഒരു പുത്രനെക്കൂടി ജനിപ്പിയ്ക്കണമെന്ന അമ്മയുടെ അപേക്ഷ മാനിച്ച്, വീണ്ടും അംബികയുടെ ശയനഗൃഹത്തിലെത്തിയ മഹർഷിയെ സ്വീകരിച്ചത്, അവർ ഒരുക്കിനിർത്തിയ ദാസിയായിരുന്നു. സ്നേഹബഹുമാനാതിരേകമോടെ വ്യാസമുനിയെ വരിച്ച് സന്തുഷ്ടനാക്കിയ അവളിൽ പിറന്ന, ശ്രേയസ്വിയും ധർമ്മാത്മാവുമായ പുത്രനാണ് വിദുരൻ (ആദിപർവ്വം, അദ്ധ്യായം:106). അങ്ങനെ, 'ദാസീപുത്രനായി ജനിച്ച വിദുരൻ' ശൂദ്രനായാണ് ഗണിക്കപ്പെടുന്നത്. കുരുവംശത്തിന്റെ ഭാഗമായി ജീവിച്ചപ്പോഴും, വിദുരൻ ശൂദ്രനായിതന്നെയാണ് അറിയപ്പെട്ടത്.(അംബികയുടെയും അംബാലികയുടെയും പിതാവായ കാശിരാജാവ് ശൂദ്രരാജാവാണെന്നു ചില കൃതികളിൽ കാണുന്നു).

ശൂദ്രനായിട്ടായിരുന്നു ജനനം എങ്കിലും, വിദുരൻ ധൃതരാഷ്ട്രർക്കും പാണ്ഡുവിനുമൊപ്പം ഇണപിരിയാത്ത സഹോദരനായി ഹസ്തിനാപുരത്തിലെ കൊട്ടാരത്തിൽ ജീവിച്ചു. ഭീഷ്മരുടെ ശിഷ്യത്വത്തിൽ മൂവരും ധനുർവ്വേദവും വേദശാസ്ത്രങ്ങളും പഠിച്ചു. മഹാഭാരതം ആദിപർവ്വത്തിൽ അവരുടെ ബാല്യ-യൗവ്വനകാലങ്ങൾ വിവരിക്കുന്നിടത്ത് ഒരിക്കൽപ്പോലും വേർതിരിവു കടന്നുവരുന്നില്ല. അതിനു ധാരാളം ഉദാഹരണങ്ങൾ കാണാനാകും: 'ധൃതരാഷ്ട്രർ, പാണ്ഡു, വിദുരൻ എന്നീ രാജകുമാരന്മാർ മൂന്നുപേരും ജനിച്ചതോടുകൂടി കുരുജാംഗാലയവും കുരുക്കളും കുരുക്ഷേത്രവും ക്ഷേമാഭിവൃദ്ധി പ്രാപിച്ചു'. 'ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ ഇവരെ ജനനം മുതൽ ഭീഷ്മർ പുത്രന്മാരെപ്പോലെ പരിലാളിച്ചു'. 'വേദവേദാംഗതത്വജ്ഞരായ അ

വർ മൂന്നുപേരും ഏതിലും തീർച്ച കണ്ടവരായിരുന്നു. വില്ലെടുത്തുള്ള പ്രയോഗങ്ങളിൽ പാണ്ഡു വിശേഷിച്ചും എല്ലാവരിലും പ്രമുഖനായി. ധൃതരാഷ്ട്രൻ എല്ലാവരെക്കാളും സുശക്തനായി. മൂന്നുലോകങ്ങളിലും വിദുരനോട് കിടനിൽക്കുന്ന ധർമ്മജ്ഞർ വേറെ ഉണ്ടായിരുന്നില്ല. നഷ്ടമായ ശന്തനുകുലം അങ്ങനെ പുഷ്ടമായിതീർന്നു.'(ആദിപർവ്വം, അദ്ധ്യായം:109). തുടങ്ങിയ പരാമർശങ്ങൾ അതാണു വ്യക്തമാക്കുന്നത്. മാത്രവുമല്ല, ധൃതരാഷ്ട്രരും പാണ്ഡുവും വ്യാസപുത്രന്മാർ തന്നെയാണെങ്കിലും കൃഷ്ണദ്വൈപായനസുതൻ എന്ന സ്ഥാനം, മഹാഭാരതം ചാർത്തിക്കൊടുക്കുന്നത് വിദുരർക്കുമാത്രമാണ്.(വ്യാസന്റെ യഥാർത്ഥ പേര്:കൃഷ്ണദ്വൈപായനൻ)

കൗരവരെയും പാണ്ഡവരെയും വിദുരർ സമദൃഷ്ടിയോടെ കണ്ടെങ്കിലും, അധാർമ്മികരായ കൗരവരെക്കാൾ അദ്ദേഹത്തിനു മാനസികമായ അടുപ്പം പാണ്ഡവരോടായിരുന്നു.അത് പലപ്പോഴും അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും പ്രകടവുമായിരുന്നു. എങ്കിലും അത് ധർമ്മബോധത്തിന്റെ അടിസ്ഥാനത്തിലുള്ളതായതുകൊണ്ട് ആർക്കും എതിർക്കാൻ കഴിഞ്ഞിരുന്നില്ല. മഹാഭാരതകഥയിലെ നിർണ്ണായക മുഹൂർത്തങ്ങളിലെല്ലാം ആധികാരിക ശബ്ദമായി വിദുരവചനങ്ങൾ വഴികാട്ടി നിൽക്കുന്നു. ദുര്യോധനന്റെ ജനനസമയത്തുണ്ടായ ദുഃശ്ശകുനങ്ങളുടെ പശ്ചാത്തലത്തിൽ, ദീർഘവീക്ഷണത്തോടെ വിദുരർ നൽകിയ നിർദ്ദേശം സ്വീകരിക്കാൻ ധൃതരാഷ്ട്രർ മടിച്ചതിന്റെ ആത്യന്തിക ഫലമാണ് മഹാഭാരതയുദ്ധവും കുരുവംശത്തിന്റെ പതനവും എന്നു കരുതാം. കൗരവർ ഒരുക്കിയ അരക്കില്ലത്തിൽനിന്നു പാണ്ഡവർ രക്ഷപ്പെട്ടത് വിദുരരുടെ ബുദ്ധിശക്തിയും സമയോചിതമായ ഇടപെടലും കൊണ്ടാണ്. വനവാസത്തിനുശേഷം പാണ്ഡവരെ തിരികെക്കൊണ്ടുവന്നതിൽ ഏറ്റവും ശക്തമായ ശ്രമമുണ്ടായതും വിദുരരിൽനിന്നാണ്. ചൂതുകളിയിലൂടെ ചതിക്കുഴി ഒരുക്കിയ ദുര്യോധനനെയും, അതിനു വഴങ്ങിയ യുധിഷ്ഠിരനെയും പിന്തിരിപ്പിക്കാനുള്ള യത്നം വിഫലമായപ്പോഴും, സഭാമധ്യത്തിൽ പാഞ്ചാലി അധിക്ഷേപിക്കപ്പെട്ടപ്പോഴും നനഞ്ഞകണ്ണുകളോടെ എല്ലാറ്റിനും സാക്ഷിയാകാൻ വിധിക്കപ്പെട്ട വിദുരനെന്ന ധർമ്മാത്മാവ്, ധൃതരാഷ്ട്രരുടെ സ്വാർത്ഥത മുറ്റിയ അന്ധമനസ്സിനെ ഉണർത്താൻ ശ്രമിച്ചു പരാജയപ്പെട്ട് ഒരുവേള ഹസ്തിനാപുരിയിലെ കൊട്ടാരംവിട്ടിറങ്ങുന്നുണ്ട്; കുറച്ചുകാലത്തേയ്ക്കാണെങ്കിൽപോലും.

ഭ്രാതൃസ്നേഹത്തിനുമുന്നിൽ ആത്മാഭിമാനം ഉപേക്ഷിച്ച് ധൃതരാഷ്ട്രരുടെ അടുത്തേക്കു മടങ്ങിയെത്തിയശേഷം വിദുരർ നടത്തിയ ധർമ്മപ്രഭാഷണമായ 'വിദുരനീതി', ഭഗവാൻശ്രീകൃഷ്ണന്റെ ഭഗവദ്ഗീതയെപോലെതന്നെ സാരവത്തായ ഒരു ആദ്ധ്യാത്മികസമ്പത്താണ്. ധർമ്മദേവന്റെ അംശമായ യുധിഷ്ഠിരനിലും വിദുരനിലും കൂടിയാണ്, മഹാഭാരതം അനുവാചകരിൽ എത്തിക്കാൻ ശ്രമിച്ച ധർമ്മോപദേശങ്ങൾ അവതരിപ്പിക്കുന്നത്. രാമായണകാവ്യത്തിലെ രാമലക്ഷ്മണന്മാർക്കിടയിൽ ഉള്ള ഭ്രാതൃസ്നേഹത്തെ അനുസ്മരിപ്പിക്കുന്ന അനന്യമായ ആത്മബന്ധമാണ് ധൃതരാഷ്ട്രരും വിദുരരും തമ്മിലുണ്ടായിരുന്നത്. അന്ധസഹോദരന്റെ ശുശ്രൂഷയിൽ വിദുരർ അനുഭവിച്ചിരുന്ന ആത്മസുഖമാണ്, ദുശ്ശാസനനടക്കമുള്ള കൗരവരിൽനിന്ന് അനേകവട്ടം അധിക്ഷേപമേറ്റിട്ടും അവർക്കൊപ്പം ഉറച്ചുനിൽക്കാൻ ആ മഹാനെ പ്രേരിപ്പിച്ചത്. ധർമ്മപ്രധാനിയും തത്വജ്ഞാനിയുമായിരിക്കുമ്പോഴും

സഹോദരസേവനം സ്വധർമ്മമായിക്കണ്ട വിദുരരെന്ന മഹാനായ കഥാപാത്രത്തെ ശൂദ്രനായി ആവിഷ്കരിച്ച വ്യാസന്റെ പ്രതിപത്തിയും അതുതന്നെയായിരിക്കാം. അത് തിരിച്ചറിയാൻ കഴിവില്ലാത്ത മനുഷ്യമനസ്സിന്റെ അന്ധതയ്ക്ക് അവർ മാത്രമാണ് ഉത്തരവാദി. കുരുക്ഷേത്രയുദ്ധാനന്തരം രാജശാസനം പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ, പുതുതായി ഉടലെടുത്ത ഭരണകൂടത്തിന്റെ സംവിധാനം എങ്ങനെ വേണമെന്നതിൽ വിദുരൻ യുധിഷ്ഠിരനെ ഉപദേശിക്കുന്നുണ്ട്. ഒടുവിൽ, ധൃതരാഷ്ട്രൻ, കുന്തി,സഞ്ജയൻ,ഗാന്ധാരി എന്നിവർക്കൊപ്പം വനവാസത്തിനിറങ്ങിയ വിദുരൻ ഗംഗാതീരത്തുവെച്ച് സമാധിയായി. അനന്തരം സ്വർഗ്ഗത്തിൽ പ്രവേശിച്ച അദ്ദേഹം ധർമ്മദേവന്റെ രൂപത്തിൽ ഇന്നും നിലനിൽക്കുന്നതായി സ്വർഗ്ഗാരോഹണപർവ്വത്തിൽ പറയുന്നു.(അധ്യായം:5). എല്ലാ അർത്ഥത്തിലും, മഹാഭാരതകഥയിലെ ധർമദേവന്റെ സമ്പൂർണ്ണാവതാരം വിദുരമഹാശയനാണെന്ന് ഒട്ടും സംശയവുമില്ലാതെ തന്നെ പറയാം. അങ്ങനെതന്നെയാണ് വ്യാസനും രേഖപ്പെടുത്തുന്നത്.

വിദുരോത്പത്തികഥയിലെ വിഷചിന്തകൾ

മഹാഭാരതത്തിലെ ആദിപർവ്വത്തിൽ വിദുരോത്പത്തികഥ വിവരിക്കുന്നയിടത്ത് മാണ്ഡവ്യമഹർഷിയുടെ ശാപത്താൽ ധർമ്മദേവൻ കാമക്രോധവിവർജ്ജിതനായ വിദുരരായി ശൂദ്രസ്ത്രീയിൽ പിറന്നു എന്ന ഒരു ഉപകഥ കാണാം: മാണ്ഡവ്യനെന്നു പേരുള്ള പ്രശസ്തനും ധർമ്മജ്ഞനും സത്യവാനുമായ ബ്രാഹ്മണഋഷി, ആശ്രമമുറ്റത്തെ മരച്ചുവട്ടിൽ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ, അവിടെ എത്തിയ കുറെ കള്ളന്മാർ പിന്തുടർന്നെത്തിയ രാജഭടന്മാരിൽനിന്നും രക്ഷപ്പെടാൻ ആശ്രമത്തിനകത്തു കയറിയൊളിച്ചു. കള്ളന്മാരെ അന്വേഷിച്ചെത്തിയ ഭടന്മാർ ചോദ്യംചെയ്തപ്പോൾ, മൗനവ്രതത്തിലായിരുന്ന മഹർഷി ഒന്നുംതന്നെ ഉരിയാടാൻ തയ്യാറായില്ല. ആശ്രമത്തിനകത്തുകയറി അന്വേഷിച്ച് മോഷ്ടാക്കളെയും തൊണ്ടിമുതലുകളും കണ്ടെടുത്ത രക്ഷാപുരുഷന്മാർ, ഋഷി അവരുടെ നേതാവാണെന്നുകരുതി പിടിച്ചുകെട്ടി രാജസന്നിധിയിലെത്തിച്ചു. വിചാരണയ്ക്കുശേഷം രാജാവ്, മാണ്ഡവ്യമുനിയെയും ചോരന്മാരോടൊപ്പം ശൂലത്തിൽ തറച്ചുകൊല്ലാൻ ഉത്തരവിട്ടു. ശൂലത്തിൽ വളരെക്കാലം ജലപാനമില്ലാതെ തറച്ചുനിന്നിട്ടും ആ മുനീശ്വരൻ മരിച്ചില്ല!

ആ അത്ഭുതവൃത്താന്തം രാജകിങ്കരന്മാരിൽനിന്ന് അറിഞ്ഞ രാജാവ്, മന്ത്രിമാരോടൊപ്പം ഋഷിയുടെ അരികിലെത്തി മാപ്പപേക്ഷിച്ച് അദ്ദേഹത്തെ സ്വതന്ത്രനാക്കി. ആ മഹർഷി ദേഹത്യാഗാനന്തരം ധർമ്മദേവന്റെ പുരിയിലെത്തി. എന്തു മഹാപാപം ചെയ്തതിനാലാണ് താൻ കഠിനമായി ശിക്ഷിക്കപ്പെട്ടതെന്ന മുനിയുടെ ചോദ്യത്തിന്, മഹർഷി ബാലനായിരുന്നപ്പോൾ നിസ്സാരരായ പക്ഷികളെ പിടിച്ച് അവയുടെ വാലിൽ ഈർഷികപ്പുല്ലുകൾ കോർത്തതിനുള്ള ശിക്ഷയായിരുന്നു അത് എന്ന് ധർമ്മദേവൻ ബോധ്യപ്പെടുത്തി. ധർമ്മബോധമില്ലാത്ത പ്രായത്തിൽ കുഞ്ഞുങ്ങൾ ചെയ്യുന്നത് അധർമ്മമല്ല എന്നും നിസ്സാരമായ കുറ്റത്തിന് അമിതമായ ശിക്ഷനടപ്പാക്കിയ ധർമ്മദേവൻ അടുത്തജന്മത്തിൽ മനുഷ്യനായി ശൂദ്രജാതിയിൽ ജനിക്കുമെന്നും മാണ്ഡവ്യമഹർഷി ശപിച്ചു. ആ മുനീന്ദ്രന്റെ ശാപഫലമായി ധർമ്മദേവൻ ശൂദ്രനായി ഭൂമിയിൽ ജനിച്ചതാണത്രേ വിദുരൻ എന്ന വേദവ്യാസപുത്രൻ.

മഹാഭാരതകഥയിലെ ഏറ്റവും വിശ്രുതനായ ഒരു കഥാപാത്രത്തിന്റെ ശൂദ്രപശ്ചാത്തലം അസ്വസ്ഥതയുണ്ടാക്കിയ ആരെങ്കിലും നടത്തിയ അപനിർമ്മാണമാണോ ഈ പുരാണമെന്നറിയില്ല. ആ കഥയിലുടനീളം കാണുന്ന യുക്തിരാഹിത്യം തന്നെയാണ് ആ ശങ്കയുടെ അടിസ്ഥാനം. ആയിരത്തിനു മുകളിൽ കഥാപാത്രങ്ങളെയും എണ്ണിയാലൊടുങ്ങാത്ത സംഭവപരമ്പരകളെയും ഏറ്റവും കൃത്യമായി യോജിപ്പിച്ച ഭാരതകഥയിൽ, വിദുരരുടെ ശൂദ്രജന്മത്തിന്റെ കാരണം ബ്രാഹ്മണശാപമാണെന്ന് അരക്കിട്ടുറപ്പിക്കാൻ നിർമ്മിച്ച ഈ ദുർബ്ബലമായ കഥ, ലക്ഷ്യം നേടാൻ അപര്യാപ്തമാണെന്നുമാത്രം പറയട്ടെ. ബ്രാഹ്മണനെ ശിക്ഷിച്ചാൽ, സാക്ഷാൽ ധർമ്മദേവനുപോലും ശാപം ഉറപ്പാണെന്ന ഭീഷണിയാണോ ഈ കഥയിലൂടെ കഥാകൃത്ത് ഉദ്ദേശിച്ചതെന്ന് കഥ വായിക്കുമ്പോൾ തോന്നിപ്പോകുന്നു. ഒപ്പം, ശൂദ്രനായി ഒരാൾ ജനിക്കുന്നത് മുജ്ജന്മപാപം മൂലമാണെന്ന വിശ്വാസത്തിന്റെ വിപണനവും നടക്കും.

പുരാതനസ്മൃതിനിയമങ്ങൾ മോഷണം മഹാപാതകമായാണ് വിലയിരുത്തുന്നത്. രാജ്യത്തെ ചോരന്മാരെ അന്വേഷിച്ചു കണ്ടെത്തുകയും അവരെ ശിക്ഷിക്കുകയും രാജാവിന്റെ പ്രാഥമിക ധർമ്മമായിരുന്നു. മോഷ്ടാക്കളെ അമർച്ചചെയ്തു രാജ്യം സംരക്ഷിയ്ക്കാനായി, ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാവൽക്കാരെ നിയോഗിച്ചിരുന്നു. ആ കാവൽസേനകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മോഷണംനടന്നാൽ, ചോരന്മാരെ പിടിച്ചേൽപ്പിച്ചില്ലെങ്കിൽ, മോഷണംപോയ മുതലിന്റെ മൂല്യം കാവൽക്കാരിൽനിന്നു കെട്ടിവെപ്പിച്ച് ഉടമസ്ഥർക്ക് കൊടുക്കുകയോ, രാജാവ് ആ തുക കൊടുക്കുകയോ വേണമെന്നു സ്മൃതിശാസനങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. മനുസ്മൃതിയനുസരിച്ച്, യാത്രക്കാരെ മാർഗ്ഗമധ്യേതടഞ്ഞ് അവരുടെ പക്കൽ ഉള്ള വസ്തുവഹകൾ അപഹരിക്കുന്നവർക്കുള്ള ശിക്ഷയാണ്, ചോരന്റെ സകലതും എടുത്ത് അവനെ ശൂലത്തിൽ തറയ്ക്കുന്നത്.(പ്രാന്ധമുട് കണ്ഠദേശേ തു ബുദ്ധ്വാവ്യക്ഷേƒവലംബയേൻ സ്വദേശ ഘാതിനോ യേ സ്യുസ്തഥ മാർഗ്ഗനിരോധിന തേഷാം സർവ്വസ്വ മാദായ രാജാ ശൂലേ നിവേശയേൽ). കവർച്ചക്കാരെ മാത്രമല്ല, അവർക്കു (ഏതെങ്കിലും വിധത്തിൽ) സഹായം ചെയ്യുന്നവരെയും ചോരന്മാർക്ക് തുല്യരായാണ് കണക്കാക്കിയിരുന്നതും ശിക്ഷിച്ചിരുന്നതും.മോഷ്ടാവിന് താമസിക്കുന്നതിന് സ്ഥലവും, അയാൾക്ക് ആഹാരം, വെള്ളം, അഗ്നി, വിറക് എന്നിവ നൽകുന്നവരും, മോഷണംപോയവസ്തു വിൽക്കുകയും വാങ്ങിക്കുകയും ചെയ്യുന്നവരും, പിടികൂടിയ ചോരനിൽനിന്നു കളവുമുതൽ തിരിച്ചുവാങ്ങിയശേഷം അധികാരികളെ അറിയിക്കാതെ വിട്ടയക്കുന്നവരും, മോഷ്ടിക്കുന്നതിനുവേണ്ട ഉപായങ്ങൾ ചോരന്മാർക്ക് ഉപദേശിക്കുന്നവരും മോഷ്ടാക്കളോടു തുല്യം ദോഷികളാണെന്നാണ് നാരദസ്മൃതി, വ്യാസസ്മൃതി, ഗൗതമസ്മൃതി തുടങ്ങിയ സ്മൃതികൾ പറയുന്നത്. (അവലംബം:വ്യവഹാരമാല ശ്ലോകം: 922 മുതൽ 925 വരെ). അങ്ങനെ നോക്കുമ്പോൾ, മാണ്ഡവ്യമഹർഷിയെ ചോരന്മാരുടെ സംരക്ഷകനാണെന്നു കരുതി ശിക്ഷിച്ച രാജകിങ്കരന്മരുടെയും രാജാവിന്റെയും നടപടി അധാർമ്മികമാണെന്നു പറയാനാകില്ലല്ലോ. അവർ തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുകയായിരുന്നു. ആ പേരിൽ ധർമ്മദേവനെ ശപിച്ചതിലും സാംഗത്യമില്ല. ദാസീപുത്രനായതിനാലല്ല, ശൂദ്രനായ വ്യാസന്റെ മകനായതുകൊണ്ടാണ് വിദുരർ ശൂദ്രനായത് എന്നതാണ് സത്യം.

നിസ്സാരരായ പക്ഷികളെ പിടിച്ച്, അവയുടെ വാലിൽ ഈർഷികപ്പുല്ലുകൾ കോർത്തതിനുള്ള ശിക്ഷയായിരുന്നു മാണ്ഡവ്യമഹർഷിക്കു ലഭിച്ച ശിക്ഷയെന്ന് ധർമ്മദേവൻ ബോധ്യപ്പെടുത്തുമ്പോൾ, അതിന്റെ ശരിതെറ്റുകൾ വിശകലനവിധേയമാക്കേണ്ടതില്ലല്ലോ. എങ്കിലും ആ സംഭവത്തിന്റെ ഫലം ചിന്തോദ്ദീപകമാണ്. മാണ്ഡവ്യമുനിയുടെ വാദമെന്തായാലും, അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന മാപിനി ഉപയോഗിച്ചല്ല ആർഷസംസ്കാരം ധാർമ്മികതയെ അളന്നിരുന്നത് എന്നതാണ് സത്യം. എളിയവർക്കുമേൽ നടപ്പാക്കപ്പെടുന്ന ക്രൂരകൗതുകങ്ങൾ കനത്ത ശിക്ഷയർഹിക്കുന്ന കുറ്റമായി കണക്കാക്കിയിരുന്ന സംസ്കൃതിയാണ് ഇവിടെ ഉണ്ടായിരുന്നത് എന്നാണ് പുരാണങ്ങൾ പറയുന്നത്. അതിനെ പ്രമാണീകരിക്കുന്ന മറ്റൊരു ഉദാഹരണം കാണാം: ധൃതരാഷ്ട്രമഹാരാജാവിന്റെ ജന്മാന്ധതയ്ക്കും പുത്രദുഃഖത്തിനും നിമിത്തമായ സംഭവത്തെ കുറിച്ചുള്ള കഥയാണത്. കുരുക്ഷേത്രയുദ്ധാനന്തരം ധൃതരാഷ്ട്രമഹാരാജാവ് തനിയ്ക്കുണ്ടായ പുത്രദുഃഖത്തിന്റെ കാരണം ഭഗവാൻകൃഷ്ണനോട് തിരക്കുകയുണ്ടായി. അപ്പോൾ, കൃഷ്ണന്റെ നിർദ്ദേശമനുസരിച്ചു കണ്ണുകളടച്ച് ധ്യാനനിരതനായ ധൃതരാഷ്ട്രർക്ക് തന്റെ കഴിഞ്ഞജന്മം ദർശിക്കാനായി. അതിൽ,അദ്ദേഹം സ്വേച്ഛാധികാരിയായ ഒരു നാട്ടുരാജാവ് ആയിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു കായൽത്തീരത്തുകൂടി നടക്കുമ്പോൾ, ഒരു കൊറ്റിപ്പക്ഷി അതിന്റെ വിരിയാറായ കുറെ മുട്ടകളുമായി അടയിരിക്കുന്നത് കാണാനിടയായി. കൗതുകം തോന്നിയ രാജാവ് ആ കൊറ്റിയുടെ കണ്ണുകൾ കുത്തിപ്പൊട്ടിക്കുകയും, അതിന്റെ മുട്ടകളത്രയും അടിച്ചുടയ്ക്കുകയും ചെയ്തു. കരഞ്ഞുകരഞ്ഞ് കൊറ്റി അവിടെത്തന്നെ കിടന്നു മരണപ്പെട്ടു. ആ കർമ്മത്തിന്റെ പാപഫലമാണ് ധൃതരാഷ്ട്രരെ പിൻജന്മത്തിൽ വേട്ടയാടിയത്. അതിന്റെ ശിക്ഷയായാണ് ധൃതരാഷ്ട്രൻ അന്ധനായി ജന്മമെടുത്തതും മക്കളുടെ അകാലമരണംകൊണ്ടുള്ള ദുഃഖം അനുഭവിച്ചതും. ജന്തുക്കളിൽ ദുർല്ലഭമായ നരജന്മത്തെമാത്രമല്ല, സമസ്തജന്തുക്കളെയും സംരക്ഷിക്കൽ ദൗത്യമായി ഏറ്റെടുത്തിരുന്ന ഒരു സംസ്കാരത്തെയാണ് വംശവിശുദ്ധിവാദത്തിന്റെപേരിൽ ഒരുകൂട്ടർ തച്ചുടച്ചത്. ആ പരമാർത്ഥം പുരാതനഗ്രന്ഥങ്ങളിൽ സ്പഷ്ടമായി കാണുന്നതുകൊണ്ടാണ് ധർമ്മദേവന് ഭൂമിയിൽ അവതാരമെടുക്കാൻ ഒരു ബ്രാഹ്മണന്റെയും ശാപം ആവശ്യമില്ലെന്നു വിശ്വസിക്കുന്നത്.

വിദുരരുടെ ശൂദ്രജന്മം, മാച്ചുകളയാൻ കഴിയാത്ത വിധത്തിൽ ആഴത്തിലും പരപ്പിലും പടർന്നുകിടക്കുകയാണ് മഹാഭാരതത്തിൽ നീളെ. അത് ഒരു അയോഗ്യതയോ അധികയോഗ്യതയോ ആയി ഗ്രന്ഥരചയിതാവായ വ്യാസമഹാകവിയുടെ വിശാലബുദ്ധിക്കും മഹാഭാരതകഥയിലെ ഇതര വ്യക്തികൾക്കും തോന്നാത്ത സ്ഥിതിക്ക്, അക്കാലത്ത് അതൊരു സ്വാഭാവിക സംഗതി മാത്രമായിരുന്നു എന്നു കാണേണ്ടിവരുന്നു. എന്നാൽ, അത് ആർക്കൊക്കെയോ അത്യധികമായ അസ്വസ്ഥത ജനിപ്പിച്ചിട്ടുണ്ടെന്നുവേണം, ചിലരുടെ പരാക്രമം കാണുമ്പോൾ മനസ്സിലാക്കാൻ.

മഹാഭാരതത്തിന്റെ കഥാഗതിയെ നിയന്ത്രിയ്ക്കുന്ന ധാർമ്മികബിംബമായി ശൂദ്രനായി പിറന്ന വിദുരനെ നിയോഗിക്കാൻ, ശൂദ്രനായ വ്യാസർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല. കാരണം,വ്യാസനേയും ആര്യാധിനിവേശപൂർവ്വഭാരതത്തെയും സംബന്ധിച്ചിടത്തോളം അതൊരു സാധാരണ സംഭവം മാത്രമായിരുന്നു. അതിനുവേണ്ടി

ധർമ്മദേവനെ ശാപഗ്രസ്തനാക്കേണ്ട കാര്യമുണ്ടായിരുന്നില്ല. എന്നാൽ, ആര്യാധിപത്യത്തിനു കീഴിൽ അതൊക്കെ അസംഭാവ്യമായ സംഗതിയാണ്. അതിനാലാണ്, ചിലർ ആ അവിശ്വസനീയതയുടെ കാരണം തേടിപ്പോയതും ശൂദ്രനായി ജനിക്കാൻ ഒരു ബ്രാഹ്മണശാപത്തിന്റെ പിന്തുണവേണം എന്ന അനുമാനത്തിലെത്തി കഥ ചമച്ചതും മഹാഭാരതത്തിൽ മായംകലക്കിയതും. ധർമ്മദേവനെ ശപിച്ച മാണ്ഡവ്യമഹർഷിയും ശാപത്തിനു നിമിത്തമായ ചോരനും ഭടന്മാരുമൊക്കെ ശാപക്കച്ചവടക്കാരുടെ കേവലം ഉപകരണങ്ങൾ മാത്രമാണ്. അതോടൊപ്പം, ആ ശാപകഥ ഉയർത്തുന്ന സാധുവായ ഒരു സന്ദേഹം ഉണ്ട്. ഒരു ദേവൻ മറ്റൊരു രൂപത്തിൽ അവതാരമെടുത്താലും, ആ ദേവന്റെ അസ്തിത്വത്തിനു മാറ്റമൊന്നും ഉണ്ടാകില്ല. മഹാവിഷ്ണുവിന്റെ ദശാവതാരങ്ങൾ അദ്ദേഹത്തിന്റെ അസ്തിത്വത്തെബാധിച്ചിരുന്നില്ലല്ലോ. എങ്കിലും, മാണ്ഡവ്യമുനിയുടെ ശാപഫലമായി ശൂദ്രനാക്കപ്പെട്ടതോടെ, മരണത്തിന്റെയും നീതിയുടെയും ദേവനായ യമധർമ്മൻ ആ സ്ഥാനത്തിന് അർഹനല്ലാതായല്ലോ. ആ കാലയളവിൽ ആരാകാം ധർമ്മദേവന്റെ കർമ്മമനുഷ്ഠിച്ചിരുന്നത് എന്ന യാഥാർത്ഥ്യം സാധുവായ ഒരു സംശയമാണ്. അക്കാലത്ത് ആരാണ് ധാർമ്മികതയുടെ സംരക്ഷകനായി നിലകൊണ്ടതെന്നു പറയാൻ മാണ്ഡവ്യമഹർഷിയുടെ ശാപകഥ ശരിയാണെന്നു പറയുന്നവർക്ക് ഉത്തരവാദിത്വമുണ്ട്.

ഭാഗവതത്തിൽ, പ്രഥമസ്കന്ധത്തിലെ പതിമൂന്നാമധ്യായത്തിലാണ് വിദുരർ ശാപഫലമായി ശൂദ്രനായി ജനിക്കാനിടയായ കഥ വരുന്നത്. കുരുക്ഷേത്രയുദ്ധാനന്തരം പാണ്ഡവരുടെ കാരുണ്യത്തിൽ കഴിയുന്ന ധൃതരാഷ്ട്രർക്കു സഹോദരൻ വിദുരർ തത്വോപദേശം നൽകുന്നതിനിടക്കാണ് ആ ഉപാഖ്യാനം കടന്നുവരുന്നത്. ജ്യേഷ്ഠനായ ധൃതരാഷ്ട്രർക്ക് ഉപദേശംകൊടുക്കുവാൻ വിദുരന് അധികാരമുണ്ടോ എന്ന (കഞ്ചിത് കാലമഥാവാത്സീത് സത്കൃതോ ദേവവത് സുഖം ഭ്രാതുർ ജേഷ്ഠസ്യ ശ്രേയസ്കൃത് സർവ്വേഷാം പ്രീതിമാവഹൻ) ചോദ്യത്തിനുള്ള ഉത്തരമായാണ് വിദുരർ താൻ ശൂദ്രനായി ജനിക്കാനിടയായ കഥ പറയുന്നത്. വളരെക്കാലംമുമ്പ് ജ്യേഷ്ഠനു കൊടുത്ത തത്വോപദേശം വിദുരനീതിയായി മഹാഭാരതത്തിൽ വിളങ്ങിനിൽക്കുമ്പോഴാണല്ലോ, അരിയെത്ര? എന്ന ചോദ്യത്തിന് പയറഞ്ഞാഴി പരുവത്തിലുള്ള ഈ മറുപടി. കുത്തിത്തിരുകലുകാർക്ക് എന്ത് യുക്തി? വിദുരൻ ശൂദ്രനായതിനാലാണ് ആ സന്ദേഹം ഉണ്ടായതെന്ന് അവർ കണ്ടെത്തുന്നു. അതിനുള്ള മറുപടിയായി ഒരു കെട്ടുകഥ നിർമ്മിക്കുന്നു. അതാണ് ഇവിടെ സംഭവിച്ചത്. ഭ്രാതുർജ്യേഷ്ഠസ്യ എന്നതിനു ശൂദ്രജാതൻ എന്ന അർത്ഥമുണ്ടോ എന്നൊന്നും ചോദിക്കരുത്. വിദുരമഹാശയൻ ധർമ്മദേവന്റെ പൂർണ്ണാവതാരമാണെന്നും, അദ്ദേഹത്തിന്റെ ജനനം ശൂദ്രനായാണെന്നും അനിഷേധ്യമായ നിലയിൽ അച്ഛനായ വ്യാസൻ പ്രഖ്യാപിക്കുമ്പോൾ, അതുണ്ടാക്കുന്ന സമ്മർദ്ദം മറികടക്കുന്നതിനുവേണ്ടി ആരോ സൃഷ്ടിച്ച ഒരു അപനിർമ്മിതിയാണ് മാണ്ഡവ്യമുനിയുടെ ശാപകഥയെന്നു വ്യക്തമാണ്.

വ്യാഖ്യാതാക്കളുടെ വേവലാതികൾ

മഹാഭാരതം ആദിപർവ്വത്തിലെ നൂറ്റിഒൻപതാം അധ്യായത്തിന്റെ അവസാനഭാഗത്ത്, ഈ രീതിയിൽ ഒരു പരാമർശം കാണാം: 'അന്ധനായതുകൊണ്ട് ധൃതരാഷ്ട്രർ

രാജ്യഭാരമേറ്റില്ല. വിദുരർ ശൂദ്രകന്യകാപുത്രനാകയാൽ രാജ്യാധികാരം ഇല്ലാത്തവനായി. പാണ്ഡുവാണ് രാജാവായത്'. ഒറ്റനോട്ടത്തിൽ അത് ശരിയാണെങ്കിലും, ത്വക്രോഗം(പാണ്ഡ്) ഒഴിച്ചുനിർത്തിയാൽ ആരോഗ്യവാനും ശസ്ത്രാസ്ത്രവീരനുമായ പാണ്ഡു ജീവിച്ചിരിക്കെ, ഏറ്റവും ഇളയ മകനായ വിദുരരുടെ യോഗ്യത പരിശോധിക്കപ്പെടേണ്ടതുണ്ടോ എന്നതു സാങ്കേതികമായി സാധുതയുള്ള ഒരു സംശയമാണ്. ധൃതരാഷ്ട്രന്റേയും പാണ്ഡുവിന്റേയും ഇളയസഹോദരനായിരുന്നല്ലോ വിദുരർ. അദ്ദേഹം രാജാവാകാതിരുന്നത് ഇളയ സന്തതി ആയതുകൊണ്ടല്ല, ശൂദ്രപുത്രനായതിനാലാണെന്നു സ്ഥാപിക്കുകയാണ് അസ്ഥാനത്തുള്ള ആ വെളിപാടിന്റെ ഉന്നം. ഈ കഥയിൽ, വ്യാസമഹർഷിയുടെ തൂലികയ്ക്കുമേൽ മറ്റാരുടെയെങ്കിലും അതിബുദ്ധി തിരുത്തൽവരുത്തിയിട്ടുണ്ടോ എന്നത് അന്വേഷിക്കപ്പെടേണ്ടതുണ്ട്.

ദേവകൻ എന്ന രാജാവിന് ശൂദ്രസ്ത്രീയിൽ ജനിച്ച കന്യകയെയാണ് വിദുരനു ഭാര്യയായി ഭീഷ്മർ കണ്ടെത്തിയതെന്നും, ആ ബന്ധത്തിൽ അദ്ദേഹത്തിനൊത്ത ഗുണവാന്മാരും വിനയശീലരുമായ പുത്രന്മാരുണ്ടായിഎന്നും ആദിപർവ്വത്തിലെ നൂറ്റിപ്പതിനാലാം അധ്യായമായ വിദുരപരിണയത്തിൽ പറയുന്നുണ്ട്. വിദുരർ ജനിച്ചതുമാത്രമല്ല, ജീവിച്ചതും ശൂദ്രനായിത്തന്നെയാണെന്നാണ് അതിനർത്ഥം. അതുകൊണ്ട്, വ്യാസന്റെ ഭാവനാസാഗരത്തിൽ കലക്കപ്പെട്ട വ്യാഖ്യാനമാലിന്യങ്ങൾ ആ കൃതികളിലെ നന്മയെ അശുദ്ധമാക്കാൻ അശക്തമാണെന്നു മാത്രം പറയുന്നു. സ്വന്തം മകന്റെ കാര്യത്തിൽ വ്യാസനില്ലാത്ത വേവലാതി മറ്റുള്ളവർക്കെന്തിനാണ്?

മഹാഭാരതത്തിൽ ധർമ്മദേവന്റെ രണ്ട് അവതാരങ്ങളെ കാണാം:യുധിഷ്ഠിരനും വിദുരരും.ഇതിൽ,യുധിഷ്ഠിരൻ അംശാവതാരംമാത്രമാണ്. ഒരുദേവന്റെ ഒരംശം മാത്രം ഈ മണ്ണിൽ അവതരിക്കുന്നതിനെയാണ് അംശാവതാരം എന്നു പറയുന്നത്. ധർമ്മദേവന്റെ പൂർണ്ണാവതാരം വിദുരനാണ്. ധർമ്മരാജനും വന്നു പിറന്നു വിദുരരായ്,ധർമ്മൻ തന്നുടെയംശമായതു യുധിഷ്ഠിരൻ എന്ന് മഹാഭാരതത്തിൽ കാണുന്നതുതന്നെ തെളിവ്. വിദുരരെ ധർമ്മദേവന്റെ പൂർണ്ണാവതാരവും ധർമ്മപുത്രരെ അംശാവതാരവുമായി ചിത്രീകരിക്കുന്ന കാര്യത്തിൽ വ്യാസനില്ലാത്ത അസ്കിത വ്യാഖ്യാതാക്കൾക്ക് ഉണ്ടാകേണ്ടതുണ്ടോ? ഉണ്ടായിട്ടു വല്ലകാര്യവും ഉണ്ടോ? ആര്യന്മാർ അടിച്ചേൽപ്പിച്ച ആഢ്യത്വചിന്തകൾക്കും സ്മൃതിനിയമങ്ങൾക്കും നടുവിൽ വിദുരരെപ്പോലെയുള്ള വ്യക്തിത്വത്തിന് അത്രയും ഉന്നതമായ നിലയിലുള്ള ഒരു അസ്തിത്വം സാധ്യമാണോയെന്ന് ആലോചിക്കുക. ശൂദ്രരെ മനുഷ്യരായിപ്പോലും അംഗീകരിക്കാത്ത ആ വ്യവസ്ഥിതിയിൽ ഒരിക്കലും ഒരു വിദുരർ സാധ്യമല്ലായെന്ന തിരിച്ചറിവാണ്, മഹാഭാരതമടക്കമുള്ള ഇതിഹാസഗ്രന്ഥങ്ങളുടെ സൃഷ്ടിയും, അതിനു നിമിത്തമായ ആഖ്യാനങ്ങളും സംഭവിച്ചത് ആര്യാധിനിവേശത്തിനുമുൻപുണ്ടായിരുന്ന ആർഷഭാരതത്തിലാണെന്ന വിശ്വാസത്തിന്റെ ആധാരം. ഒരർത്ഥത്തിൽ, ആര്യാപനിർമ്മിതികളെ അസാധുവാക്കുന്ന മുഴുനീളസാന്നിധ്യമായി ഭാരതകഥയിൽ വ്യാസർ പ്രതിഷ്ഠിച്ച വിഗ്രഹമാണ് സ്വന്തം മകനായ വിദുരർ. പുരാണപുരുഷന്മാരെയൊക്കെ ആഢ്യരാക്കുന്ന അപനിർമ്മാണങ്ങൾക്കെതിരെ വ്യാസൻ നടത്തിയ മുൻകൂർ പൊളിച്ചെഴുത്താണ്, മഹാഭാരതകാവ്യത്തിൽ ആദ്യാവസാനം നിറഞ്ഞുനിൽക്കുന്ന വിദുരർ എന്ന ശൂദ്രജന്മത്തിന്റെ പാത്രസൃഷ്ടി.

സഞ്ജയൻ

കുരുവംശാധിപതിയായ ധൃതരാഷ്ട്രരുടെ മന്ത്രിയായിരുന്നു സഞ്ജയൻ. കേവലം മന്ത്രിയെന്നതിനപ്പുറം പ്രസക്തിയുള്ള ഒരു കഥാപാത്രമായാണ് മഹാഭാരതത്തിൽ അദ്ദേഹം ആവിഷ്കരിക്കപ്പെടുന്നത്.കുരുക്ഷേത്രയുദ്ധം തുടങ്ങുന്നതിന്റെ തലേ ന്നാൾ വ്യാസമഹർഷി ധൃതരാഷ്ട്രനെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ അഭീഷ്ടമ നുസരിച്ച് വ്യാസൻ സഞ്ജയന് ദിവ്യചക്ഷുസ്സ് പ്രദാനംചെയ്തു. അതോടെ സഞ്ജ യന് അകക്കണ്ണുകൊണ്ട് യുദ്ധഭൂമിയിലെ സംഭവങ്ങൾ ഒന്നൊഴിയാതെ കാണാമെ ന്നായി. ഓരോരുത്തരുടെയും മനോവ്യാപാരങ്ങൾ പോലും, സഞ്ജയനു പൂർണ്ണമാ യും മനസ്സിലാക്കാനും സാധിച്ചു. യുദ്ധഭൂമിയിൽ അദ്ദേഹത്തിന് വിശപ്പും ദാഹവും ഉണ്ടായില്ല. പകൽ മുഴുവൻ സഞ്ജയൻ യുദ്ധരംഗങ്ങൾ നിരീക്ഷിക്കുകയും, രാത്രി കളിൽ അതിന്റെ ഒരു യഥാതഥവിവരണം ധൃതരാഷ്ട്രനു നൽകുകയും ചെയ്തു പോന്നു. ജന്മാന്ധനായ ധൃതരാഷ്ട്രർ യുദ്ധഭൂമിയിലെ വൃത്താന്തങ്ങൾ അറിഞ്ഞത് സഞ്ജയനിലൂടെയാണ്. ആ നിലയ്ക്ക്, അത്യന്തം സുപ്രധാനമായ ഒരു ദൗത്യവുമാ യാണ് മഹാകവി സഞ്ജയനെ **കുരുക്ഷേത്ര**യുദ്ധഭൂമിയിൽ നിയോഗിച്ചത്.

തന്റെ പുത്രനായ കർണ്ണനു നല്ല വിദ്യാഭ്യാസം നൽകുന്നതിനായി അതിരഥൻ രാജ കൊട്ടാരം വിട്ടുപോകാൻ നിശ്ചയിച്ചതോടെയാണ്, അദ്ദേഹത്തിനു പകരമായി സ ഞ്ജയൻ ധൃതരാഷ്ട്രരുടെ തേരാളിയും മന്ത്രിയുമായി എത്തിയത്. അസുലഭമായ ദിവ്യദൃഷ്ടിനൽകി വ്യാസഭഗവാൻ അനുഗ്രഹിച്ച സഞ്ജയൻ, ജന്മംകൊണ്ടും കർ മ്മംകൊണ്ടും സൂതനായിരുന്നു.മഹാഭാരതകഥയുടെ കാമ്പായറിയപ്പെടുന്ന ഭാരത യുദ്ധവും, ആ ഗ്രന്ഥത്തിന്റെ ആത്മാവായ ഭഗവത്ഗീതയുടെ ആമുഖഭാഗവും അ നുവാചകരിലേക്ക് എത്തുന്നത് സഞ്ജയന്റെ വാക്കുകളിലൂടെയാണ്.(സഞ്ജയ ഉ വാച)അത്രത്തോളം പ്രാധാന്യമുള്ള ഒരു കർത്തവ്യത്തിന് സൂതനായ സഞ്ജയനെ വ്യാസമഹർഷി തെരഞ്ഞെടുത്തത് സങ്കരവർണ്ണികളായ സൂതന്മാർ പ്രതിലോമജാ തിയും അപസദരുമാണെന്ന(നികൃഷ്ടർ) മനുസ്മൃതിയിലെ(അധ്യായം:10,ശ്ലോകം: 17) വംശവിശുദ്ധിവാദത്തെ തള്ളിക്കളഞ്ഞുകൊണ്ടുതന്നെയാണ്.

ജാതി ഒരു ശാപമായി സൂതന്മാരടക്കമുള്ള അവർണരെ അധഃപതിപ്പിക്കുന്നതിനും മുമ്പുള്ള, നല്ലകാലത്തിന്റെ കണ്ണാടിയായാണ് സഞ്ജയനെപ്പോലെയുള്ള കഥാപാ ത്രങ്ങളുടെ ഉന്നതിയെ കാണേണ്ടത് എന്നുതോന്നുന്നു. സ്മൃതിഗ്രന്ഥങ്ങളുടെ അപ നിർമ്മിതികളെ ഉല്ലംഘിച്ചുകൊണ്ട് സനാതനസംസ്കൃതിയും അതിന്റെ സത്ഫ ലങ്ങളായ ഗ്രന്ഥങ്ങളും നിലനിൽക്കുന്നത്, അവയിലെ മാച്ചുകളയാനാവാത്ത അ ദ്വൈതബോധത്തിന്റെ ശക്തികൊണ്ടാണെന്ന് അതിനാൽ നിസ്സംശയം പറയാം.

സത്യവതി

മഹാഭാരതത്തിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന സ്ത്രീസാന്നിധ്യമാണ് വേദവ്യാ സമുനിയുടെ അമ്മയും ഹസ്തിനപുരത്തിന്റെ രാജ്ഞിയുമായിരുന്ന സത്യവതി. കാളി, മത്സ്യഗന്ധി എന്നീ പേരുകളിലാണ് സത്യവതി ആദ്യകാലത്ത് അറിയപ്പെട്ടി രുന്നത്. ജന്മംകൊണ്ട് അവർ ഒരു കൈവർത്തകകന്യയായിരുന്നു. ഗംഗാനദിയുടെ തീരത്തെ കടത്തുകാരുടെ ഒരു ഗ്രാമത്തിലെ ഗ്രാമമുഖ്യന്റെ മകളായിരുന്ന സത്യ

വതി ചന്ദ്രവംശരാജാവായ ശാന്തനു വിവാഹം ചെയ്തതോടുകൂടിയാണ് കുരുവംശത്തിന്റെ ഭാഗമായത്. എല്ലാ അർത്ഥത്തിലും മഹാഭാരതകാവ്യത്തിന്റെ ഗതിവിഗതികൾ നിർണ്ണയിച്ചത് അവർണ്ണകുലജാതയായ ആ സ്ത്രീരത്നമാണ്.

ആരാണ് കൈവർത്തകർ?

വ്യാസമാതാവായ മത്സ്യഗന്ധിയെ കൈവർത്തക കന്യകയെന്നാണ് മഹാഭാരതം വിശേഷിപ്പിക്കുന്നത്. ഗംഗാനദിതീരത്തെ കടത്തുകാരുടെ ഒരു ഗ്രാമത്തിലെ, ഗ്രാമമുഖ്യന്റെ മകളായിരുന്നു സത്യവതി എന്നതിനാലാണ്, 'കൈവർത്തക' എന്ന പദം കടത്തുകാരൻ എന്നതിന്റെ പര്യായമായി പറഞ്ഞുവരുന്നത് എന്നതാണ് സാമാന്യവിശ്വാസം. എന്നാൽ, കൈവർത്തകർ എന്നത് ഉത്തരഭാരതത്തിലെ ഒരു(അവർണ്ണ) സങ്കരജാതിയാണ്.മനുസ്മൃതിയുടെ നിർവ്വചനമനുസരിച്ച് കൈവർത്തകർ ആരാണെന്നു നോക്കാം. ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ജനിച്ച നിഷാദൻ എന്ന ജാതിക്കാർക്ക്, ശൂദ്രവൈശ്യസങ്കരസന്താനമായ ആയോഗവിയിൽ ഉണ്ടായവരാണ് കൈവർത്തകരെന്നപേരിൽ ആര്യാവർത്തത്തിൽ പറയപ്പെടുന്നതെന്ന് മനുസ്മൃതിയിലെ പത്താമധ്യായം മുപ്പത്തിനാലാം ശ്ലോകത്തിൽ കാണുന്നു. ബ്രാഹ്മണന് ശൂദ്രകന്യകയിലുണ്ടാകുന്ന മക്കളെയാണ് നിഷാദർ എന്നു മനുസ്മൃതി അടയാളപ്പെടുത്തുന്നത്. നിഷാദരെ അത്യന്തം നികൃഷ്ടരായാണ് മനുസ്മൃതി കണക്കാക്കുന്നത്. ശൂദ്രന് വൈശ്യയിൽ ജനിക്കുന്ന സന്തതികളാണ് ആയോഗവർ. അത്യധികം പതിതരായി മിക്ക സ്മൃതികളും നിരൂപിക്കുന്ന ആ രണ്ടു സങ്കരജാതികളിൽപെട്ടവർക്ക് ഉണ്ടാകുന്ന സങ്കരസന്താനങ്ങളാണ് കൈവർത്തകർ എന്ന അവർണ്ണജാതി:

> നിഷാദോ മാർഗവം സൂതേ ദാസം നൗകർമ്മജീവിനം
> കൈവർത്തമിതി യം പ്രാഹൂരാര്യാവർത്തനിവാസിനഃ. 34
>
> ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ പിറന്ന നിഷാദൻ ആയോഗവിയിൽ മാർഗവനെ ജനിപ്പിക്കുന്നു: അവനെ ദാസനെന്നും പറയുന്നു: ആര്യാവർത്തത്തിലുള്ളവർ അവനെ കൈവർത്തനെന്നാണു പറയുന്നത്. വഞ്ചിയോടിക്കുകയാണ് അവൻെറ തൊഴിൽ.
>
> മാർഗവൻ, ദാസൻ, കൈവർത്തൻ: മൂന്നും പര്യായങ്ങൾ.

> മൃതവസ്ത്രഭൃത്സ്വനാര്യാസു ഗർഹിതാന്നാശനാസു ച
> ഭവന്ത്യായോഗവീഷേതേ ജാതിഹീനാഃ പൃഥക്ത്രയഃ. 35
>
> പ്രേതവസ്ത്രം ധരിക്കുന്നവരും ക്രൂരകളും ഉച്ഛിഷ്ടാദിനിന്ദ്യാഹാരം കഴിക്കുന്നവരുമായ ആയോഗവികളിൽ നീചജാതികളായ ഇവർ മൂവരും പിറക്കുന്നു.
>
> പിതൃഭേദംകൊണ്ടു പൃഥക്ത്വം . സൈരിന്ധ്രൻ, മൈത്രേയൻ, മാർഗവൻ എന്നിവരാണ് ആ മൂവർ.

ബ്രാഹ്മണ-വൈശ്യ-ശൂദ്ര സങ്കരജാതി ആയതിനാൽ സമൂഹത്തിൽ കുറച്ചെങ്കിലും മാന്യത കല്പിക്കപ്പെട്ടവരാണ് ആ വിഭാഗത്തിലുള്ളവരെന്നു തെറ്റിദ്ധരിക്കരുത്. വർണ്ണസങ്കരം സംഭവിക്കാതിരിക്കാൻ ജാതിവാദികൾ സൃഷ്ടിച്ച മനുസ്മൃതിപോലെയുള്ള ലിഖിതവും അലിഖിതവുമായ നിയമങ്ങളിലൂടെ മനുഷ്യജീവിതം നിഷേധിക്കപ്പെട്ട സമൂഹങ്ങളിൽ ഉൾപ്പെട്ടവരാണ് അവരും. മീൻപിടുത്തവും വേട്ടയാടലും

തൊഴിലായി വിധിക്കപ്പെട്ടിട്ടുള്ള നിഷാദന്മാർ, അത്യന്തം മ്ലേച്ഛരായാണ് ജാതിവിഭജനത്തിൽ കണക്കാക്കപ്പെട്ടിരുന്നത്. അതിന്റെ പ്രധാനകാരണം ബ്രാഹ്മണന് ശൂദ്രസ്ത്രീയിൽ ജനിച്ച സന്താനങ്ങളാണ് അവർ എന്നതാണ്. മൃതദേഹത്തിലെ വസ്ത്രങ്ങൾ ധരിക്കുന്നവരും, നിന്ദ്യമായ ഉച്ഛിഷ്ടാന്നം കഴിക്കുന്നവരുമാണ് ആയോഗവികളെന്ന് മനുസ്മൃതിയിലെ പത്താമധ്യായം മുപ്പത്തഞ്ചാംശ്ലോകത്തിൽ കാണുന്നു. ആ രണ്ടു സമുദായങ്ങളെക്കാൾ അധോഗതിയാണ് ആര്യാധിപത്യസമൂഹങ്ങളിൽ അവരുടെ സങ്കരസന്തതികളുടെ ജാതിയായ കൈവർത്തകർക്കുണ്ടായിരുന്നത്.

ആ സമുദായങ്ങളിലുൾപ്പെടുന്നവർ മൃതദേഹത്തിന്റെ വസ്ത്രങ്ങൾ ധരിച്ചിരുന്നതും നിന്ദ്യമായ ഉച്ഛിഷ്ടാദി ആഹാരങ്ങൾ ഭക്ഷിച്ചിരുന്നതും അവ അവർക്കു പ്രിയമായതിനാലല്ല; അതേ അവർക്കു സ്മൃതികൾ വിധിച്ചിട്ടുള്ളൂ എന്നതുകൊണ്ടാണ്. സ്മൃതിശാസനകൾക്ക് വിരുദ്ധമായി നല്ലവസ്ത്രങ്ങളുടുക്കുന്നതോ ആഹാരസാധനങ്ങൾ ഭക്ഷിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ, അവർ ശിക്ഷാർഹരാകുമായിരുന്നു. വിവിധ സങ്കരവർണ്ണങ്ങളിലും, അന്തരാള-പ്രതിലോമസമുദായങ്ങളിലും ഉൾപ്പെടുന്നവർ എവിടെയൊക്കെ ജീവിക്കാമെന്നും, എങ്ങനെ ജീവിക്കണം എന്നും, ഏതൊക്കെ തൊഴിൽ ചെയ്യാമെന്നും കൃത്യമായി നിശ്ചയിക്കുന്ന നിയമങ്ങൾക്കു കീഴിലായിരുന്നു ജാതിബ്രാഹ്മണ്യം പിടിമുറുക്കിയ അക്കാലത്ത് മനുഷ്യർ ജീവിച്ചിരുന്നത്. നാലു വർണ്ണങ്ങൾക്കും സങ്കരവർണ്ണജരടക്കമുള്ളവർക്കും ജാത്യാടിസ്ഥാനത്തിലുള്ള ആഹാരവും ആടയാഭരണങ്ങളും തൊഴിലും ആചാരങ്ങളും കൃത്യമായി നിർണ്ണയിച്ചു കണിശമായി വൈദികമതം നടപ്പിലാക്കിയിരുന്നു. അത്തരത്തിൽ, ഏറെ നിന്ദ്യമായ ചുറ്റുപാടുകളിൽ ജീവിക്കാൻ നിർബന്ധിതമായ ഒരു സമുദായത്തിലായിരുന്നു വ്യാസമാതാവ് ജനിച്ചത് എന്നതാണ് വാസ്തവം.ആ നിലയ്ക്കും വ്യാസൻ അവർണ്ണനായിരുന്നു എന്നുതന്നെ കാണേണ്ടിവരുന്നു. വിശേഷിച്ചും, പരാശരമുനി ഗോത്രവംശജനും, അദ്ദേഹത്തിന്റെ മാതാവ് ചണ്ഡാലകന്യകയുമായിരുന്നു എന്ന വസ്തുതയുടെ പശ്ചാത്തലത്തിൽ.വ്യാസരെ ഭൃഗുവംശബ്രാഹ്മണനാക്കി പൂണൂൽ അണിയിക്കാൻ നടക്കുന്നവരുടെ പൂർവ്വികന്മാർ തന്നെയാണ് വ്യാസമാതാവിന്റെ കുലത്തെ മ്ലേഛരം എന്നുവിലക്കി ഗ്രാമങ്ങളുടെ അതിർത്തിയ്ക്കു പുറത്താക്കിയത് എന്നകാര്യവും വംശവിശുദ്ധിയെക്കുറിച്ചു വീമ്പിളക്കുന്നവർ മറന്നുപോകരുത്.

കുരുവംശത്തിന്റെ രാജാമാതാവായ സത്യവതി, താഴ്ന്നജാതിയിൽ പിറന്ന സ്ത്രീയായിരുന്നു എന്നപരാമർശം മനുസ്മൃതിയിലുമുണ്ട്. വിധിപ്രകാരമുള്ള വിവാഹം നിമിത്തം സ്ത്രീ ഏതുമാതിരി ഗുണമുള്ള ഭർത്താവിനോടു ചേരുന്നുവോ അവളും സമുദ്രത്തോടു ചേരുന്ന പുഴപോലെ, അവനു സമാനമായ ഗുണങ്ങളോടു കൂടിയവളായിത്തീരുന്നു എന്ന് മനുസ്മൃതി പറയുന്നു. അതിന് ഉദാഹരണമായാണ് സത്യവതിയുടെ കാര്യം പ്രസ്താവിക്കുന്നത്: 'നീചയോനിജാതയായ അക്ഷമാല വസിഷ്ഠൻ വിവാഹം ചെയ്തതിനാലും, ശാരങ്ഗി മന്ദപാലനെന്ന ഋഷി വേട്ടതിനാലും പൂജ്യതയെ പ്രാപിച്ചു. അവരും, അതുപോലെ താണജാതിയിൽ പിറന്ന മറ്റു പലരും തങ്ങളുടെ ഭർത്താക്കന്മാരുടെ ഉത്കൃഷ്ടഗുണങ്ങൾകൊണ്ട് ഉന്നതരായി തീർന്നിട്ടുണ്ട്. സത്യവതി മുതലായ വേറെയുംസ്ത്രീകൾ ഇപ്രകാരം ഉത്കൃഷ്ടകളായിത്തീർന്നിട്ടുണ്ട്' എന്നാണ് മനുസ്മൃതിയുടെ വ്യാഖ്യാനം(അധ്യായം:9, ശ്ലോകം:22,23,24). പൗരാ

ണികഗ്രന്ഥങ്ങളിലെ ഇത്തരത്തിലുള്ള പരാമർശങ്ങളാണ്, അവ നിർമ്മിക്കപ്പെട്ടത് ആര്യാധിനിവേശത്തിനുമുമ്പു നിലനിന്നിരുന്ന അദ്വൈതസംസ്കാരത്തിനു കീഴിലാണെന്നു മനസ്സിലാക്കാൻ പ്രേരിപ്പിക്കുന്നത്. ആ ഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്ന സാമൂഹികാവസ്ഥകൾ അക്കാലത്തെ നേർചിത്രങ്ങളാണ്. തൊഴിൽപരമോ ഗുണസംബന്ധിയോ ആയ സാമൂഹികവിഭജനങ്ങൾ അപ്പോഴും നിലവിലുണ്ടായിരുന്നു. എങ്കിലും ആര്യാധിപത്യസമൂഹങ്ങളിലേതിനു സമാനമായ വിവേചനങ്ങൾ അന്നുണ്ടായിരുന്നില്ല എന്നാണല്ലോ വെളിവാകുന്നത്. അല്ലെങ്കിൽ, ഒരുപക്ഷെ, പൗരാണികകാലത്ത് അത്രമേൽ കൊടിയ ജാതിവേർതിരിവുകൾ നിലനിന്നിരിക്കില്ല. അതുകൊണ്ടാവാം, ശന്തനു മഹാരാജാവ് സത്യവതി മുന്നോട്ടുവെച്ച ഉപാധികൾ അംഗീകരിച്ചുകൊണ്ട് അവരെ പട്ടമഹിഷിയായി സ്വീകരിച്ചത്. പിൽക്കാലത്ത് സാമൂഹ്യവിരുദ്ധമായ സ്മൃതികൾ നടപ്പാക്കപ്പെട്ടതോടെയാകാം സങ്കരജാതികളായ അവർണ്ണർ സമൂഹത്തിൽനിന്നും ഭ്രഷ്ടരാക്കി ആട്ടിപ്പുറത്താക്കപ്പെട്ടത്. അതിന്റെ മുഖ്യപ്രേരണ,വർണ്ണവിശുദ്ധി ഇല്ലാതാക്കുന്ന വർണ്ണസങ്കരം തടുക്കുക എന്നതായിരുന്നു. സമൂഹത്തിൽനിന്നും പുറത്താക്കപ്പെടുമെന്ന ഭീതിയുണ്ടാക്കി വർണ്ണസങ്കരം വിലക്കുകയായിരുന്നു ആ അപരാധത്തിനു സ്വീകരിച്ച ഗൂഢമാർഗ്ഗം.

മനുഷ്യനെ മാനിച്ചിരുന്ന പൂർവ്വകാലസംസ്കാരം

ഗംഗാനദിയിലെ കടത്തുകാരനായ മുക്കുവനായിരുന്നു സത്യവതിയുടെ പിതാവ്. ഗംഗാനദിയുടെ കൈവഴിയായ കാളിന്ദിയിൽ കടത്തുകാരിയായി അച്ഛനെ സഹായിച്ചിരുന്ന കാലത്താണ് സത്യവതി പരാശരമുനിയിൽനിന്നു ഗർഭംധരിച്ച് കൃഷ്ണദ്വൈപായൻ എന്ന വ്യാസനെ പ്രസവിച്ചത്. കന്യകാത്വം നഷ്ടപ്പെടില്ലെന്നും ശരീരത്തിന്റെ മത്സ്യഗന്ധം നീങ്ങി കസ്തൂരിഗന്ധം പരക്കുമെന്നുമുള്ള രണ്ടുവിശിഷ്ടവരങ്ങൾ സ്വന്തമാക്കിയാണ് മത്സ്യഗന്ധി പരാശരമഹർഷിയുടെ അഭീഷ്ടത്തിനു വഴങ്ങിയത്. സത്യവതിയിൽ അനുരക്തനായി വിവാഹാഭ്യർത്ഥന നടത്തിയ ശന്തനുമഹാരാജാവിനു മുൻപിലും കടുത്ത ഉപാധികകളാണ് സത്യവതിയും പിതാവും നിരത്തിയത്. തന്റെ മകളുടെ മക്കൾക്ക് രാജ്യാവകാശം ലഭിക്കുമെങ്കിൽ മാത്രമേ വിവാഹത്തിനു സമ്മതം നൽകുകയുള്ളു എന്നതായിരുന്നു മുക്കുവമുഖ്യന്റെ നിബന്ധന. ആ കർശനോപാധികൾ അംഗീകരിക്കേണ്ടിവന്നതുകൊണ്ടാണ്, ശന്തനുപുത്രനായ ഭീഷ്മർക്ക് നിത്യബ്രഹ്മചാരിയായി ജീവിക്കേണ്ടിവന്നതും, ഹസ്തിനാപുരിയുടെ രാജാവെന്ന പദവി നഷ്ടമായതും. അപ്രകാരം, ചന്ദ്രവംശത്തിന്റെ തലവര മാറ്റിയെഴുതിയ സംഭവമായിരുന്നു ശന്തനു-സത്യവതി വിവാഹം.

സാമൂഹികാവസ്ഥയിൽ ഏറെ താഴേക്കിടയിലുള്ള ഒരു വ്യക്തിയിൽനിന്ന്, വിശേഷിച്ചും ഒരു സ്ത്രീയിൽനിന്ന് ഇത്തരമൊരു നീക്കം ഇക്കാലത്തുപോലും സംഭാവ്യമാണോയെന്ന് ആലോചിക്കുക. ഏറ്റവും എളിയനിലയിൽ ഉള്ള ജനസമുദായങ്ങളുടെയും സ്ത്രീകളുടെയും ആത്മാഭിമാനത്തെ ആദരിച്ചിരുന്ന ഒരു സംസ്കാരം ഈ മണ്ണിൽ നിലനിന്നിരുന്നു എന്നാണല്ലോ അതിൽനിന്ന് വ്യക്തമാകുന്നത്. ആ നന്മകളെ പടിയിറക്കിവിട്ടതുകൊണ്ടാണ് ഭാരതീയസംസ്കൃതി പിൽക്കാലത്ത് പരിതാപകരമായ അവസ്ഥയിലേയ്ക്ക് പതിച്ചത്. അടിമുടി വിവേചനങ്ങൾ നിറഞ്ഞ ആര്യാ

ധിപത്യസമൂഹത്തിൽ ഇത്തരമൊരു കാര്യം സ്വപ്നംകാണാൻ പോലും സാധിക്കുന്നതാണോ? അവിടെ ജാത്യാധികാരം മാത്രമാണ് മാനിക്കപ്പെട്ടത്. അതിനാൽ, പുരാണേതിഹാസങ്ങളുടെ സൃഷ്ടിനടന്നത്, അധഃസ്ഥിതരെയും സ്ത്രീകളെയും മാനിച്ചിരുന്ന ആർഷസംസ്കാരത്തിന്റെ ഭൂമികയിലാണെന്നു വ്യക്തമാണല്ലോ.

സങ്കരവിഭാഗങ്ങൾക്കുമേൽ വിവേചനങ്ങളും പതിതത്വവുംകല്പിച്ച് പുറത്താക്കുന്നതിനുമുമ്പ് വ്യാസനെയോ വ്യാസമാതാവിനെയോ ഓർക്കാൻ വംശവിശുദ്ധിവാദികൾ തുനിഞ്ഞില്ല എന്നതും അവരുടെ തനിസ്വരൂപം വെളിവാക്കുന്നതാണല്ലോ. തങ്ങളുടെ മാനവവിരുദ്ധ മാമൂലുകൾ നടപ്പാക്കാൻ, വ്യാസൻ വ്യസിച്ച വേദങ്ങളെയും വ്യാസകൃതമായ മറ്റു ഗ്രന്ഥങ്ങളെയുമാണ് അവർ മറയാക്കുന്നത് എന്നതാണ് ഏറ്റവും വലിയ വൈപരീത്യം. അതുകൊണ്ടുതന്നെ, അത്തരം മനുഷ്യവിരുദ്ധവും ധർമ്മവിരുദ്ധവുമായ ശാസനങ്ങൾക്കെതിരെയുള്ള പ്രതിരോധമാണ് പൗരാണിക ഭാരതസംസ്കൃതിയെ ഉയർത്തിക്കാണിക്കാനുള്ള ഏറ്റവും അനുയോജ്യമായ വഴി. പൗരാണികകാവ്യങ്ങളിലെ കഥാപാത്രങ്ങളുടെ കുലീനത്വം അളക്കാനുള്ള മാനദണ്ഡം മനുസ്മൃതി ഉണ്ടാക്കിയെടുത്ത അളവുകോലല്ല എന്നതാണ് ആ കൃതികളും അതിലൂടെ ആവിഷ്കരിക്കുന്ന സംഭവങ്ങളും വിളിച്ചുപറയുന്നത്.

കുന്തി

മഹാഭാരതകഥയിലെ ഏറ്റവും ജാജ്ജ്വല്യമാനമായകഥാപാത്രമാണ് കുന്തിമാതാവ്. കുന്തിഭോജനമഹാരാജാവിന്റെ മകളെന്ന നിലയ്ക്കാണ് കുന്തിയെന്ന പേരിന്റെ ഉത്ഭവം. വാസ്തവത്തിൽ, മക്കളില്ലാതിരുന്ന കുന്തിഭോജന്റെ വളർത്തുമകളാണ് അവർ. യദുകുലരാജനായിരുന്ന ശൂരസേനന്റെ പുത്രിയും, ഭഗവാൻകൃഷ്ണന്റെ അച്ഛൻ വസുദേവരുടെ ഇളയ സഹോദരിയുമായ പൃഥ, കുന്തിഭോജനമഹാരാജാവ് ദത്തെടുത്തതോടുകൂടിയാണ് 'കുന്തി'യാകുന്നത്. കുന്തിഭോജനൻ വസുദേവരുടെ അച്ഛൻപെങ്ങളുടെ മകനായിരുന്നു. ഏതു രീതിയിലായാലും കുന്തി യാദവകുലാംഗമായിരുന്നു എന്നകാര്യത്തിൽ സംശയമില്ലല്ലോ.

ഹൈന്ദവവിശ്വാസപ്രകാരം, പഞ്ചകന്യകമാരിലെ ഒരാളായി കണക്കാക്കപ്പെടുന്ന കുന്തി, മഹാഭാരതകഥയിലെ ഏറ്റവും പ്രഗത്ഭരായ കർണ്ണൻ, യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ എന്നീ നാലുകഥാപാത്രങ്ങളുടെ മാതാവാണ്. ചെറുപ്പകാലത്ത്, കുന്തിഭോജനരാജന്റെ അതിഥിയായി രാജധാനിയിലെത്തിയ ദുർവാസാവുമഹർഷിയെ പരിചരിച്ച് പ്രീതിപ്പെടുത്തി നേടിയ വരം ഉപയോഗപ്പെടുത്തി, ധർമ്മദേവൻ, വായുദേവൻ, ദേവേന്ദ്രൻ എന്നിവരുടെ അംശാവതാരങ്ങളായ യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ എന്നീ മക്കളെ അനപത്യദുഃഖവും പിണ്ഡവിച്ഛേദനഭീതിയും അനുഭവിച്ചിരുന്ന പാണ്ഡുവിന് കുന്തി സംഭാവനചെയ്തു. സൂര്യദേവനിൽനിന്നു കുന്തി ജനിപ്പിച്ച പുത്രനാണല്ലോ കർണ്ണൻ. അവർ നാലുപേരും മഹാഭാരതകഥയിലെ ഏറ്റവും പ്രബലരും മാതൃകാരൂപരുമായ വ്യക്തികളാണല്ലോ. മഹാപ്രതാപികളായ ദേവന്മാരുടെ അംശമായ, മഹാഭാരതത്തിലെ നായകന്മാരുടെ ജനനത്തിനു വ്യാസൻ തിരഞ്ഞെടുത്തത് അവർണ്ണവിഭാഗമായി കരുതപ്പെടുന്ന യദുകുലത്തിലെ സ്ത്രീരത്നമായ കുന്തിയെയാണെന്നത് ചിന്തനീയമായ ഒന്നാണ്. അത് വംശവിശുദ്ധിവാദത്തി

ന്റെ വക്താക്കൾക്കുള്ള സമുചിതമായ മറുപടിയാണ്. കൗന്തേയർ ഓരോരുത്തരുടെയും ജനനസമയം, സകലദേവന്മാരും സപ്തർഷികളും പ്രജാപതികളും ആർഷശ്രേണിയിലെ പ്രമുഖ മുനിമാരും അപ്സരകന്യകളും ഗന്ധർവ്വമുഖ്യന്മാരും സന്നിഹിതരായി പുഷ്പവൃഷ്ടി നടത്തിയതായും, മുനിശ്രേഷ്ഠന്മാർ അവരുടെ നാമകരണകർമ്മം നിർവ്വഹിച്ചതായും ആദിപർവ്വത്തിലെ നൂറ്റിയിരുപത്തിമൂന്നാമധ്യായമായ പാണ്ഡവോത്പത്തിയിൽ കാണുന്നു. അതായത്, അവർണ്ണയായ കുന്തിയിലൂടെ ഉണ്ടായ മഹാഭാരതത്തിലെ നായകന്മാരുടെ ജനനം സർവ്വസമ്മതമായ ഒന്നായിരുന്നു. യാദവരായി ജനിച്ചുജീവിച്ച കുന്തീസുതന്മാർ, കാവ്യഭാഷയിൽ ക്ഷത്രിയരാകുന്നത് അവർ കുരുകുലമെന്ന രാജവംശത്തിൽ ജനിച്ചതിനാൽ മാത്രമാണ്.

കുന്തിയെ യാദവകന്യകയായിത്തന്നെയാണ് കുരുവംശം കണക്കാക്കിയിരുന്നത്. ധൃതരാഷ്ട്രരുടെയും പാണ്ഡുവിന്റെയും വിവാഹാലോചനാവസരത്തിൽ, വിദുരനോട് ഭീഷ്മർ പറയുന്ന വാക്കുകൾ അതിനുള്ള തെളിവാണ്: "നമ്മുടെ കുലത്തിന് അനുരൂപയായി ഒരു യാദവകന്യകയും സുബലന്റെ പുത്രിയായി മറ്റൊരു കന്യകയും മാദ്രരാജാവിന്റെ ഒരു കന്യകയും ഉണ്ടെന്നു കേൾക്കുന്നു." (ശ്രൂയതേ യാദവീ കന്യാ സ്വനുരൂപാ കുലസ്യന-ആദിപർവ്വം). യദുകുലകന്യക എന്ന മേൽവിലാസം കുന്തിമാതാവിന് അയോഗ്യതയായിരുന്നില്ല എന്നതും ശ്രദ്ധിക്കുക. അതായിരുന്നു അന്നത്തെ അവസ്ഥ. കാരണം, അന്നത്തെ മനുഷ്യർ വർണ്ണവിവേചനങ്ങളെ നിരാകരിക്കുന്നവരും, വർണ്ണങ്ങൾ കേവലം കർമ്മാധിഷ്ഠിതവുമായിരുന്നു

പണ്ടൊരിക്കൽ ദുർവാസാവുമഹർഷി നൽകിയ വരത്തിന്റെ ബലത്തിൽ, കുന്തിയ്ക്കു പുത്രന്മാരുണ്ടായി എന്നതിലെ, ശാസ്ത്രീയമായ യുക്തിരാഹിത്യം മാറ്റിനിറുത്തി ചിന്തിച്ചാൽപോലും, മന്ത്രംജപിച്ച് കുന്തി മക്കൾക്ക് ജന്മംനല്കി എന്നത് തീരെ ലഘുവായി കാണേണ്ട ഒന്നല്ലല്ലോ. കുന്തിയുടെ മന്ത്രജപത്തിന്റെ ഫലമായി മാദ്രിയിൽ നകുലനും സഹദേവനും ജനിച്ചതും കാണാതെ പോകരുത്. ദുർവാസാവുമഹർഷിയിൽനിന്നു കിട്ടിയ വരംകൊണ്ട് സ്വന്തം ഗർഭത്തിൽ ദേവാംശങ്ങളെ ജനിപ്പിച്ചു എന്നതുപോലെയല്ലല്ലോ, തനിയ്ക്കു ലഭ്യമായ വരം മറ്റൊരാളിൽ(മാദ്രിയിൽ) പ്രയോഗിച്ചു ഫലിപ്പിച്ചു എന്നതിനെ കാണേണ്ടത്. താന്ത്രികവിദ്യകളിൽ കുന്തിക്ക് അപാരവൈഭവമുണ്ടായിരുന്നു എന്നതാണ് അതിലൂടെ വ്യാസമുനി വ്യക്തമാക്കിയത്. ദേവന്മാരിൽനിന്നും കുന്തി പുത്രന്മാരെ ജനിപ്പിച്ചത് ആഭിചാരകർമ്മങ്ങളിലൂടെയാണെന്ന് മഹാഭാരതം ആദിപർവ്വത്തിൽ കുന്തിതന്നെ വെളിപ്പെടുത്തുന്നുണ്ട്. ദുർവ്വാസാവുമഹർഷിയിൽനിന്നു തനിയ്ക്കു കിട്ടിയ വരത്തെക്കുറിച്ച് പാണ്ഡുവിനോടു കുന്തി വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്: ആഭിചാരയുക്തമായ ഒരു വരം ആ ദിവ്യൻ എനിക്ക് നല്കി(സമേƒഭിചാരസംയുക്തം ആചഷ്ട ഭഗവാൻ വരം). വേദപഠനവും മന്ത്രോച്ചാരണവും സ്ത്രീകൾക്കു നിഷിദ്ധമാണെന്ന് വാദിക്കുന്നവർക്ക് ഊഹിക്കാൻപോലുമാകാത്ത ഒരു സംസ്കാരം ഈ മണ്ണിൽ നിലനിന്നിരുന്നുവെന്നതാണല്ലോ ഇതൊക്കെ കാണിക്കുന്നത്. അതുകൊണ്ടാണ് ആ വസ്തുതകൾ ഇതിഹാസങ്ങളിൽ സത്യസന്ധമായി രേഖപ്പെടുത്തപ്പെട്ടത്. ആ സംസ്കൃതിയുടെ ഉത്പന്നങ്ങളാണ് ഭാരതീയപൗരാണികരചനകൾ; ആഢ്യത്വത്തിന്റെയും അസ്പൃശ്യതയുടെയും അതിർവരമ്പുകൾ പടുത്തുയർത്തിയ ആര്യവംശത്തിന്റേതല്ല.

വസിഷ്ഠൻ

പ്രജാസൃഷ്ടികർമ്മത്തിൽ തന്നെ സഹായിക്കുവാൻ ബ്രഹ്മാവു സൃഷ്ടിച്ച പത്തു പ്രജാപതികളിൽ ഒരാളാണ്, സപ്തർഷിയും സൂര്യവംശത്തിന്റെ കുലഗുരുവുമായ വസിഷ്ഠൻ. അനേകം യുഗങ്ങളിൽ ജീവിക്കുകയും ധർമ്മോപദേശം നൽകുകയും ചെയ്ത വസിഷ്ഠമഹാമുനിക്ക്, വസുക്കൾ എന്നു വിളിക്കപ്പെടുന്ന പഞ്ചഭൂതങ്ങളെ വശത്താക്കിയവൻ എന്ന അർത്ഥത്തിലും, വാസഗൃഹങ്ങളിൽ വസിക്കുന്ന ഗൃഹസ്ഥന്മാരിൽവെച്ച് ധർമ്മമൂർത്തിയായതിനാലുമാണ് ആ പേര് ലഭിച്ചതെന്നാണ് അദ്ദേഹംതന്നെ നിർവ്വചിക്കുന്നത്. ആ അർത്ഥനിർണ്ണയത്തിനുമപ്പുറം, സനാതനധർമ്മത്തിൽ വസിഷ്ഠനെന്ന മഹാമനീഷിക്കുള്ള പ്രസക്തി വളരെ വലുതാണ്.

ധർമ്മം,അർത്ഥം,കാമം,മോക്ഷം മുതലായ പുരുഷാർത്ഥങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുകയും ബ്രഹ്മദേവനു വിവരിച്ചുകൊടുക്കുകയും ചെയ്തത് വസിഷ്ഠനാണെന്നു വിശ്വസിക്കപ്പെടുന്നു. ഋഗ്വേദത്തിന്റെ ഏഴാം മണ്ഡലം എഴുതിയതും അദ്ദേഹമാണ്. മഹാപുരാണങ്ങളിൽ മുഖ്യസ്ഥാനം അർഹിക്കുന്ന അഗ്നിപുരാണം അഥവാ ആഗ്നേയപുരാണം, അഗ്നിഭഗവാൻ ആദ്യം ഉപദേശിച്ചതു വസിഷ്ഠനാണ് എന്നാണ് ഐതിഹ്യം. പിന്നീടത് വസിഷ്ഠർ വേദവ്യാസനും വേദവ്യാസൻ സൂതനും നൈമിഷാരണ്യത്തിൽവെച്ചു സൂതൻ ശൌനകാദി മഹർഷിമാർക്കും ഉപദേശിച്ചുകൊടുത്തു. ദശരഥന്റേയും ശ്രീരാമന്റെയും കുലഗുരുവായിരുന്നു വസിഷ്ഠമുനി. ഏറെ വിരക്തനായും ഉത്സാഹശൂന്യനായുമിരുന്ന ശ്രീരാമന്റെ അവസ്ഥ കണ്ട വിശ്വാമിത്രൻ, വസിഷ്ഠമഹർഷിയോട് യോഗശാസ്ത്രം ഉപദേശിക്കാൻ പ്രേരിപ്പിക്കുകയും, അനന്തരം നിരവധി കഥകളുടെ സഹായത്തോടെ വളരെ സരസമായി വസിഷ്ഠർ ശ്രീരാമനു യോഗം ഉപദേശിക്കുകയും ചെയ്തു. അതാണ് പ്രശസ്തമായ യോഗവാസിഷ്ഠമെന്ന ബൃഹത്തായ കൃതി. വസിഷ്ഠസംഹിത, വസിഷ്ഠസിദ്ധാന്തം എന്നീ ജ്യോതിഷ ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയതാണ്. ബ്രഹ്മദേവന്റെ പ്രാണനിൽനിന്നുമുള്ള ഒരു ജന്മം, ബ്രഹ്മദേവന്റെ യജ്ഞകുണ്ഡത്തിൽ നിന്നുള്ള മറ്റൊരു ജന്മം, മിത്രാവരുണന്മാരുടെ പുത്രനായുള്ള ജനനം എന്നിപ്രകാരം വസിഷ്ഠമഹർഷിക്ക് മൂന്നു ജന്മങ്ങളുണ്ടായിരുന്നതായി പുരാണങ്ങളിൽ കാണാം. ഇത്രമേൽ പ്രസിദ്ധനായ വസിഷ്ഠമഹർഷിയെ മഹാബ്രാഹ്മണനായാണ് പലരും അവതരിപ്പിക്കുന്നതും, മനസ്സിലാക്കുന്നതും. എന്നാൽ, വാസ്തവം അതാണോ?

ശൂദ്രകുലപതിയായ വസിഷ്ഠൻ

ഗോത്രപ്രവർത്തകരായ ഋഷിമാരിൽ ഒരാളായിരുന്നു വസിഷ്ഠനെന്ന് മഹാഭാരതം ശാന്തിപർവ്വത്തിൽ(അധ്യായം:297, പദ്യം:17) പറയുന്നു. മഹാഭാരതത്തിലും രാമായണത്തിലും അസംഖ്യം പുരാണങ്ങളിലും നിറഞ്ഞുനിൽക്കുന്ന വസിഷ്ഠമഹർഷി അബ്രാഹ്മണനാണെന്നു പറഞ്ഞാൽ വിശ്വസിക്കാനാകുമോ? വിശ്വസിച്ചേപറ്റൂ. എന്തുകൊണ്ടെന്നാൽ, വസിഷ്ഠമുനിയാണ് ശൂദ്രരുടെ കുലപതി എന്നാണ് വർണ്ണവിശുദ്ധിവാദികളുടെ വേദപുസ്തകമായ മനുസ്മൃതി പ്രസ്താവിക്കുന്നത്. പിതൃക്കളുടെ ഉത്പത്തിയും അവരെ സംതൃപ്തരാക്കാനുള്ള പരിചരണവും വിവരിക്കുന്ന മനുസ്മൃതിയിലെ മൂന്നാമധ്യായത്തിൽ ഇപ്രകാരം പറയുന്നു:

മരീച്യാദി ഋഷികളിൽനിന്നു പിതൃക്കൾ ജനിച്ചു. പിതൃക്കളിൽനിന്നും ദേവന്മാരും മനുഷ്യന്മാരും ജനിച്ചു. ദേവന്മാരിൽനിന്നും ക്രമേണ ചരാചര ജഗത്തുണ്ടായി(ഋഷിഭ്യഃ പിതരോ ജാതാഃ പിതൃഭ്യോ ദേവമാനവഃ/ ദേവേഭ്യസ്തു ജഗത്സർവ്വം ചരം സ്ഥാണ്വനുപൂർവശഃ, ശ്ലോകം:201). ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്ക് ഹവിർഭുക്കുകളെന്നും വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും ശൂദ്രപിതൃക്കൾക്കു സുകാലികളെന്നും പേരുപറയുന്നു(സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ/വൈശ്യനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിനഃ).ഇവിടെ പറഞ്ഞവരിൽ സോമപന്മാർ ഭൃഗുവിന്റെ പുത്രന്മാരാകുന്നു. ഹാവിഷ്മാന്മാർ അംഗിരസ്സിന്റെ പുത്രന്മാർ. ആജ്യപന്മാർ പുലസ്ത്യപുത്രർ. സുകാലികൾ വസിഷ്ഠപുത്രന്മാർ.(സോമപാസ്തു കവേപുത്രാ ഹാവിഷ്മന്തോƒങ്ഗിരഃ സുതാഃ/പുലസ്തസ്യാജ്യപഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ-ശ്ലോകം:197/198).

> സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ
> വൈശ്യാനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിനഃ.
>
> ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്കു ഹവിർഭുക്കുകളെന്നും, വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേർ പറയുന്നു.
>
> വർണ്ണഭേദമനുസരിച്ച് പിതൃക്കളുടെ വർഗ്ഗഭേദത്തെയും നിർദ്ദേശിച്ചു.
>
> സോമപാസ്സു കവേഃ പുത്രാ ഹവിഷ്മന്തോƒങ്ഗിരഃ സുതാഃ
> പുലസ്ത്യസ്യാജ്യപാഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ.
>
> മുകളിൽ പറഞ്ഞവരിൽ സോമപന്മാർ ഭൃഗുവിൻെറ പുത്രന്മാരാകുന്നു; ഹവിഷ്മാന്മാർ അങ്ഗിരസ്സിൻെറ സന്താനങ്ങൾ; ആജ്യപന്മാർ പുലസ്ത്യപുത്രന്മാർ; സുകാലികൾ വസിഷ്ഠപുത്രന്മാർ.

ബ്രാഹ്മണർ പൊതുവെ ഭൃഗുവംശജർ എന്നാണല്ലോ അറിയപ്പെടുന്നത്. അതിന്റെ കാരണം, അവരുടെ വംശാവലി തുടങ്ങുന്നത് ഭൃഗുവെന്ന പ്രജാപതിയിൽനിന്നായതുകൊണ്ടാണ്. വിശ്വപുരുഷന്റെ മുഖത്തുനിന്നുള്ള ബ്രാഹ്മണരുടെ ഉത്ഭവം നിരൂപിക്കുന്ന സിദ്ധാന്തവുമായി മേൽപരാമർശം ഒത്തുപോകാത്തതുകൊണ്ട്, ആദ്യമുണ്ടായ ബ്രാഹ്മണൻ ഭൃഗുവാണ് എന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. ആ വിധത്തിൽ ആണെങ്കിൽ, ശൂദ്രവംശം ആരംഭിച്ചത് വസിഷ്ഠനിൽനിന്നുമാണ് എന്നാണല്ലോ മനുസ്മൃതി പറയുന്നത്. എന്നാൽ, പൗരാണികരചനകളിൽ പലതിലും ദ്വിജനെന്നും വിവിധ പരിഭാഷകളിൽ ബ്രാഹ്മണനെന്നും അദ്ദേഹത്തെ രേഖപ്പെടുത്തിയിരിക്കുന്നതായികാണാം. അത് വസിഷ്ഠൻ ബ്രഹ്മപുത്രനായതിനാലും ബ്രഹ്മജ്ഞാനിയായതിനാലും ഉള്ള അഭിസംബോധനയാണ്; ബ്രാഹ്മണജാതിയിൽ ജനിച്ചതുകൊണ്ടല്ല. സന്യാസത്തിന്റെ ഭാഗമായി പൂർവ്വാശ്രമം ഉപേക്ഷിച്ചു ഗുരുവിൽനിന്ന് രണ്ടാംജന്മമെടുത്തതുകൊണ്ടുള്ള പദവിയാണ്. ഇത്തരം ഒരു ശ്ലോകത്തിലൂടെ വസിഷ്ഠനെ ബ്രാഹ്മണ്യത്തിൽനിന്ന് ഒഴിവാക്കാൻ മനുസ്മൃതിക്ക് വാശിയുണ്ടാകില്ലല്ലോ?

മഹാഭാരതത്തിലെ ശാന്തിപർവ്വത്തിന്റെ ഭാഗമായ പരാശരഗീത, ജനകമഹാരാജാവിന്റെ സംശയങ്ങൾക്കു പരാശരമഹർഷി കൊടുത്ത ഉത്തരങ്ങളുടെ സമാഹാരമാണ്. അതിൽ, വർണ്ണവിശേഷങ്ങളും ഉത്പത്തിരഹസ്യവും വിസ്തരിക്കുന്ന മുനിയുടെ വാക്കുകൾ നോക്കിയാൽ,വസിഷ്ഠമുനി ബ്രാഹ്മണനെന്നറിയപ്പെടുമ്പോഴും താഴ്ന്നജാതിയിലാണു ജനിച്ചതെന്ന് പരാശരമഹർഷിയും പറയുന്നുണ്ട്:

> പരാശരൻ പറഞ്ഞു: "തപസ്വികളും, ഭാവിതാത്മാക്കളുമായ ഋഷിമാരുടെ ജന്മത്തെപ്പറ്റി അത്ര കണക്കാക്കേണ്ടതില്ല. അവർ താഴ്ന്ന ജാതിയിലാണ് ജനിച്ചതെന്നുവെച്ച് അവരുടെ ജന്മത്തെപ്പറ്റി പരിഗണിക്കേണ്ടതില്ല. അവർ എപ്പോഴും ഉയർന്നവരാണ്. വല്ലദിക്കിലും മുനിമാർ പുത്രന്മാരെ സൃഷ്ടിക്കും! അത് അവരുടെ തപസ്സിൻെറ പ്രഭാവം കൊണ്ടാണ്. അവർക്കും ഋഷിഭാവം നല്കപ്പെടും. അവരും ബ്രാഹ്മണരാകുന്നു.
>
> എൻെറ മുത്തച്ഛനായ വസിഷ്ഠൻ, കാശ്യപൻ, ഋശ്യശൃംഗൻ, വേദൻ, താണ്ഡ്യൻ, കൃപൻ, കാക്ഷീവാൻ, കമഠൻ, യവക്രീതൻ, ദ്രോണൻ, മതംഗൻ, ആയുസ്സ്, ദത്തൻ, ദ്രുപദൻ, മത്സ്യൻ ഇവരെല്ലാം അവരുടെ ദമംകൊണ്ടും തപസ്സിൻെറ ശക്തിമൂലവും അവരവരുടെ സ്ഥാനത്തുവന്നെ

തപസ്വികളും ഭാവിതാത്മാക്കളുമായ ഋഷിമാരുടെ കാര്യത്തിൽ, അവർ ജനിച്ച വർണ്ണം പരിഗണിക്കേണ്ടതില്ല; അവർ എപ്പോഴും ഉയർന്നവരാണ് എന്ന് പരാശരമുനി പറയുന്നു. അതിനു സാധൂകരണമായി, താഴ്ന്നജാതിയിൽ ജനിച്ച വസിഷ്ഠനും മറ്റു മിക്ക ഋഷികളും ദമംകൊണ്ടും(ഇന്ദ്രിയനിഗ്രഹം) തപസ്സിന്റെ ബലംകൊണ്ടുമാണ് അവരുടെ സ്ഥാനത്ത് ചെന്നെത്തിയതെന്നാണ് വസിഷ്ഠന്റെപൗത്രനും വ്യാസപിതാവുമായ പരാശരൻ സ്ഥാപിക്കുന്നത്. ഇക്കൂട്ടത്തിൽ ദ്രോണരുൾപ്പെട്ടത് അദ്ദേഹം അയോനിജനായതുകൊണ്ടാണെന്നാണ് പരാശരന്റെ വിശദീകരണം. കുടത്തിൽ (ദ്രോണത്തിൽ)നിന്നാണല്ലോ അദ്ദേഹത്തിന്റെ ജനനം.സ്വന്തം മുത്തച്ഛന്റെ കാര്യത്തിൽ പരാശരമഹർഷിയുടെ വചനങ്ങൾക്കുള്ള പ്രാമാണികത അചഞ്ചലമാണ്. പുരാണേതിഹാസങ്ങളിലെ പ്രധാന ബ്രാഹ്മണമുഖങ്ങൾ എന്നറിയപ്പെടുന്ന ദ്രോണനും കാശ്യപനും ഋഷ്യശൃംഗനും കൃപനും താണ്ഡ്യനും കാക്ഷിവാനും യവക്രീതനും വേദനും മതംഗനും ആയുസ്സും ദ്രുപദനും മാത്സ്യനും ദത്തനും കമഠനുമെല്ലാം താഴ്ന്നജാതികളിൽ ജനിച്ചവരാണ് എന്നാണല്ലോ പരാശരമുനി സാക്ഷ്യപ്പെടുത്തുന്നത്. അതിനർത്ഥം, അവരൊക്കെ പിൽക്കാലത്തു പൂണൂലണിയിക്കപ്പെട്ടവരാണ് എന്നാണ്. വസിഷ്ഠന്റെ അനാഢ്യജന്മത്തെ സ്ഥിരീകരിക്കുന്ന പ്രസ്താവന മഹാഭാരതത്തിലുമുണ്ട്. വ്യാസമഹർഷിയുടെ വാക്കുകൾ നോക്കുക:

> ഗണികാ ഗർഭസംഭൂതോ
> വസിഷ്ഠശ്ച മഹാമുനി:
> തപസാ ബ്രാഹ്മണോ ജാത:
> സംസ്ക്കാരസ്തത്ര കാരണം.
>
> എന്താണർത്ഥം? വസിഷ്ഠൻ ഒരു ഗണികയുടെ മകനായിരുന്നു. എങ്കിലും തപസ്സാകുന്ന ഗുണകർമ്മംകൊണ്ട് അദ്ദേഹം ബ്രാഹ്മണനായിത്തീർന്നു. സംസ്ക്കാരമാണ് അതിനൊക്കെകാരണം.

ബ്രഹ്മപുത്രനായഭൃഗുവിന്റെ വംശപരമ്പരയാണ് തങ്ങളുടേതെന്ന് ബ്രാഹ്മണജാതിയിൽ ജനിച്ചവർ പൊതുവിൽ അഭിമാനംകൊള്ളാറുണ്ടല്ലോ.സനാതനസംസ്കൃതിയുടെ ചരിത്രത്തിൽ അധികമൊന്നും പ്രസക്തനല്ലാത്ത ഭൃഗുവിന്റെ പിൻതലമുറക്കാർ ആഢ്യരും അധികാരികളുമായി ശിരസ്സുയർത്തി നിൽക്കുമ്പോൾ, ബ്രഹ്മപുത്രനും ഋഷിശ്രേഷ്ഠനുമായ വസിഷ്ഠന്റെ വംശം അസ്പൃശ്യരായി അവഹേളിക്കപ്പെടുന്നതെന്തുകൊണ്ടാണ്? ഋഗ്വേദത്തിന്റെ ഏഴാം മണ്ഡലമെഴുതിയ ഋഷിയുടെ പിൻഗാമികൾക്കു വേദം വിലക്കപ്പെട്ടതെന്തുകൊണ്ടാണ്? ബ്രഹ്മാവിനും ജനകനും

ദേവേന്ദ്രനും ശ്രീരാമനും പരശുരാമനും ഭീഷ്മർക്കും പാണ്ഡവർക്കുമടക്കം അന വധി മഹത്തുക്കൾക്കു ധർമ്മോപദേശം നൽകിയ ആ ദേവർഷിയുടെ വംശാവലി, എങ്ങനെ പതിതസമൂഹമായി പടിയ്ക്കുപുറത്താക്കപ്പെട്ടു?ബ്രാഹ്മണൻ തങ്ങളുടെ വിശുദ്ധിയുടെ കാരണമായവതരിപ്പിക്കുന്ന അഗ്നിയുടെ(ഹോമാഗ്നി) അധീശത്വം ആവിഷ്കരിക്കുന്ന അഗ്നിപുരാണം അഗ്നിഭഗവാനിൽനിന്നും നേരിട്ടു സ്വീകരിച്ച വസിഷ്ഠന്റെ കുലത്തിന് ഹോമാഗ്നിയെങ്ങനെ അപ്രാപ്യമായി? ആ ചോദ്യങ്ങൾ ഉന്നയിക്കപ്പെടാതിരിക്കാനാകാം ശൂദ്രർക്ക് അറിവു നിഷേധിച്ചതെന്നും വേദവിദ്യ വിലക്കിയതെന്നും മനസ്സിലാക്കേണ്ടിവരും.വസിഷ്ഠരെ ബ്രാഹ്മണനാക്കുന്ന അട്ടി മറിയുടെ ആഴമെത്രയെന്ന് അറിയണമെങ്കിൽ, വസിഷ്ഠരുടെ മകനായ ശക്തിയു ടെ പുത്രനാണ് വ്യാസപിതാവായ പരാശരൻ എന്നസത്യം മാത്രം അറിഞ്ഞാൽമതി. വസിഷ്ഠൻ ശൂദ്രനാണെന്നുവന്നാൽ വേദവ്യാസനുമേൽ ജാതിബ്രാഹ്മണ്യം അണി യിച്ചുവെച്ചിരിക്കുന്ന പൂണൂൽ അഴിഞ്ഞുവീഴും.നൂറ്റാണ്ടുകൾകൊണ്ട് പടുത്തുയർ ത്തിയ കടലാസുകൊട്ടാരങ്ങൾ ഒരുനിമിഷംകൊണ്ട് തകർന്നുവീഴും. ആ പ്രതിസ ന്ധികൾ മറികടക്കാനുള്ള ഒറ്റമൂലിയാണ് ശൂദ്രർക്ക് വിദ്യ വിലക്കിയ കുതന്ത്രം.

വസിഷ്ഠന്റെ പൂണൂൽ സംരക്ഷിക്കാൻ നടത്തിയ വിക്രിയകൾ

വസിഷ്ഠൻ ശൂദ്രകുലപതിയാണെന്ന മനുസ്മൃതിയിലെ പ്രസ്താവനയെ സാധൂകരി ക്കുന്ന സാരവത്തായ തെളിവുകൾ പുരാണേതിഹാസങ്ങളിലുമുണ്ട്. വാല്മീകിരാ മായണം ബാലകാണ്ഡത്തിലെ അൻപത്തിയഞ്ചാം സർഗ്ഗത്തിൽ വർണ്ണിക്കുന്ന ഒരു സംഭവം നോക്കുക: വിശ്വാമിത്രൻ രാജാവായിരുന്ന കാലത്ത്(മഹർഷിയാകുന്നതി നുമുൻപ്), ഒരിക്കൽ വമ്പിച്ച ഒരു സൈന്യവ്യൂഹത്തോടൊപ്പം വനത്തിനുള്ളിലെ വസിഷ്ഠമഹർഷിയുടെ ആശ്രമത്തിൽ എത്തി. അന്ന് ഋഷി ഒരുക്കിയ വിരുന്നിലെ രാജകീയവിഭവങ്ങൾ കണ്ട് അത്ഭുതപ്പെട്ട രാജാവ്, അതൊക്കെ തയ്യാറാക്കിയ കാമ ധേനു എന്ന ദിവ്യഗോവിനെ തനിക്കു നൽകണമെന്ന് ആവശ്യപ്പെട്ടു. തന്റെ അനു ഷ്ഠാനങ്ങൾക്കെല്ലാം ആശ്രയം കാമധേനുഒരുക്കുന്ന പൂജാദ്രവ്യങ്ങൾ ആണെന്നും അവ സജ്ജമാക്കുന്ന അവളെ തരില്ലായെന്നും, വസിഷ്ഠൻ ഉറപ്പിച്ചു പറഞ്ഞു. അന ന്തരം, വിശ്വാമിത്രൻ സൈനികരെ ഉപയോഗിച്ച് കാമധേനുവിനെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടുപോകാൻ തുനിഞ്ഞു. നൂറുകണക്കിനു ഭടന്മാരെ കുടഞ്ഞെറിഞ്ഞ് മഹാമുനിയുടെ മുൻപിലെത്തി വാവിട്ടുകരയുന്ന ശബളയോട് ഋഷി തന്റെ നിസ്സ ഹായാവസ്ഥ അറിയിച്ചു. 'ശത്രുസൈന്യത്തെ നശിപ്പിക്കാൻ കെല്പ്പുള്ള ഒരു സേന സൃഷ്ടിച്ചുകൊള്ളുക'എന്ന മുനിയുടെ കല്പനയനുസരിച്ച് കാമധേനു സൃഷ്ടിച്ച, പപ്ലവർ,യവനന്മാർ,ശകന്മാർ,കാംബോജർ,മ്ലേച്ഛന്മാർ,കിരാതന്മാർ,ഹാരീതകന്മാർ തുടങ്ങിയ സൈന്യങ്ങൾ രാജസേനയെ പരാജയപ്പെടുത്തിയോടിച്ചു. കാമധേനുവി ന്റെ ഹുങ്കാരത്തിൽനിന്ന് കാംബോജന്മാരും, അകിടിൽനിന്നും പപ്ലവരും, യോനി പ്രദേശത്തിൽനിന്ന് യവനന്മാരും, ആസനദ്വാരത്തിനിന്ന് ശകന്മാരും, രോമക്കാലു കളിൽനിന്നും മ്ലേച്ഛന്മാരും കിരാതന്മാരും ഹാരീതകന്മാരും യോഗശക്തികൊണ്ടു സൃഷ്ടിക്കപ്പെട്ടു. നീണ്ടകത്തികളും കുന്തങ്ങളുമായി വിശ്വാമിത്രസേനയെ നേരിട്ട അവരാണ് വിശ്വാമിത്രസൈന്യത്തെ നിഷ്പ്രയാസം തോൽപ്പിച്ച്,കാമധേനുവിനെ രക്ഷിച്ചത്. വസിഷ്ഠമഹർഷിയുടെ രക്ഷയ്ക്കെത്തിയ, നീണ്ട കത്തികളും കുന്ത

ങ്ങളും ആയുധമാക്കിയ സൈനികർ ശൂദ്രരോ ഗോത്രസമൂഹങ്ങളോ ആയിരുന്നു എന്നുവേണം കരുതാൻ. ആ നിഗമനത്തെ സമർത്ഥിക്കുന്ന സമാനമായ പരാമർശങ്ങൾ മഹാഭാരതകാവ്യത്തിലും മനുസ്മൃതിയിലുമുണ്ട്:

> പൗണ്ഡ്രകാശ്ചൗഡ്രദ്രവിഡാഃ കാംബോജാ യവനാഃ ശകാഃ
> പാരദാഃ പഹ്ലവാശ്ചീനാഃ കിരാതാ ദരദാഃ ഖശാഃ. 44
>
> പൗണ്ഡ്രകർ, ഔഡ്രർ, ദ്രവിഡർ, കാംബോജർ, യവനർ, ശകർ, പാരദർ, പഹ്ലവർ, ചീനർ, കിരാതർ, ദരദർ, ഖശർ - ക്രിയാലോപാദികൊണ്ടു ശൂദ്രരായവരാണിവർ.
>
> പൗണ്ഡ്രകം, ഔഡ്രം തുടങ്ങിയവ ദേശനാമങ്ങൾ. അവിടങ്ങളിലെ ആളുകൾ പൗണ്ഡ്രകാദികൾ.

പൗണ്ഡ്രകർ, ഔഡ്രർ, ദ്രവിഡർ, കാംബോജർ, യവനർ, കിരാതർ, ദരദർ, പഹ്ലവർ, പാരദർ, ചീനർ, ഖശർ എന്നീ സമൂഹങ്ങൾ ക്രിയാലോപം നിമിത്തം ശൂദ്രത്വംപ്രാപിച്ചതായി മനുസ്മൃതിയിലെ പത്താം അധ്യായത്തിൽ കാണുന്നു(ശ്ലോകം:44).ഇതിൽ പറയുന്ന പല സമൂഹങ്ങളും, മുമ്പുകണ്ട കഥയിൽ കാമധേനു സൃഷ്ടിച്ചതായി പറയുന്നവയാണല്ലോ. ബ്രാഹ്മണരുമായി അദ്ധ്യയനം,യാജനം,പ്രായശ്ചിത്തം മുതലായ അർത്ഥദർശനം ചെയ്യായ്കയാലും ഉപനായനാദികാര്യങ്ങളിൽ ലോപംവരുത്തിയതുകൊണ്ടുമാണ് ആ സമൂഹങ്ങൾ ശൂദ്രരായി ഭ്രഷ്ടരാക്കപ്പെട്ടത് എന്നും മനുസ്മൃതി പറയുന്നു. മഹാഭാരതത്തിലും സമാനമായ പരാമർശം ഉണ്ട്. ബ്രാഹ്മണരുമായി സഹകരിക്കാത്തവരും അവരുടെ ശാസനങ്ങളെ നിരാകരിച്ചവരുമായ ജനസമൂഹങ്ങളായിരുന്നു വസിഷ്ഠന്റെ രക്ഷയ്ക്കെത്തിയതെന്നു വ്യക്തമാണല്ലോ.

ഇവിടെ, രണ്ടു സാധ്യതകളാണ് ഉള്ളത്: ക്ഷത്രിയ ആക്രമണത്തിൽനിന്ന് വസിഷ്ഠമുനിയെ രക്ഷിക്കാൻ എത്തിയ പഹ്ലവർ, യവനന്മാർ, ശകന്മാർ, കംബോജർ, മ്ലേച്ഛന്മാർ,കിരാതന്മാർ,ഹാരീതകന്മാർ തുടങ്ങിയവ ശൂദ്രസമൂഹങ്ങളാകാം എന്നതാണ് ആദ്യത്തെ സാധ്യത. തങ്ങളുടെ കുലപതിയെ അക്രമിക്കാനും സമ്പത്തു കൈവശപ്പെടുത്താനും എത്തിയ വിശ്വാമിത്രരാജാവിനെ വസിഷ്ഠനൊപ്പമുള്ള ശൂദ്രജനത തോൽപ്പിച്ചോടിച്ചതാവാം സത്യത്തിൽ സംഭവിച്ചത്. കാമധേനു കേവലം പ്രതീകാത്മകമായ കാവ്യാവിഷ്കാരം മാത്രമാകാം. എന്തുകൊണ്ടെന്നാൽ,പഴയകാല സമൂഹങ്ങളിലെ മുഖ്യസമ്പത്ത് പശുക്കളായിരുന്നു. അടുത്ത സംഭാവ്യത, വസിഷ്ഠനെ സഹായിച്ചതിന്റെ പ്രതികാരമെന്നോണം, ആ രാജസമൂഹങ്ങൾ വിശ്വാമിത്രന്റെ കോപത്തിനിരയായി ജാത്യാപകർഷത്തിനു വിധേയമായി ഭ്രഷ്ടരാക്കപ്പെട്ടതാകാം. മേൽപ്പറഞ്ഞ സമൂഹങ്ങൾ കാമധേനുവിന്റെ ശരീരഭാഗങ്ങളിൽനിന്നും ഉണ്ടായി എന്നതിനെ കേവലം കവിഭാവനയായിത്തന്നെ കാണുന്നതാണല്ലോ യുക്തി. ഇപ്പറഞ്ഞതിൽ, കൂടുതൽ സംഭാവ്യത വസിഷ്ഠൻ ശൂദ്രസമൂഹത്തിന്റെ രക്ഷിതാവായ ഋഷിവര്യനായിരുന്നു എന്നതിനാകാം. അതിനെ സാധൂകരിക്കുന്നതാണ് ശൂദ്രരുടെ കുലപതി വസിഷ്ഠനാണ് എന്ന മനുസ്മൃതിയിലെ പ്രസ്താവന. അങ്ങനെയാണെങ്കിൽ, വിശ്വാമിത്രന്റെ ഒരിക്കലും ഒടുങ്ങാത്ത വസിഷ്ഠവിദ്വേഷത്തിന്റെ കാരണം ആ ജാതിക്കുശുമ്പുതന്നെയാണ് എന്നുവേണം കരുതാൻ. സത്യമെന്തായാലും, സന്യാസിയായ വസിഷ്ഠൻ ആഢ്യരാൽ വേട്ടയാടപ്പെട്ടിരുന്നു എന്ന് ഉറപ്പിക്കാം.

വസിഷ്ഠമുനിയുടെ മക്കളെ വിശ്വാമിത്രൻ ശപിച്ച് മുഷ്ടികന്മാർ എന്ന വിരൂപരും ശവംതീനികളും നായിറച്ചി കഴിക്കുന്നവരും ആക്കിമാറ്റി എന്ന് രാമായണത്തിലും (ബാലകാണ്ഡം, അൻപത്തെട്ടാം സർഗ്ഗം) മഹാഭാരതത്തിലും കാണുന്നു. ത്രിലോക പ്രസിദ്ധനും സത്യസന്ധനുമായ ത്രിശങ്കുവെന്ന ഇക്ഷ്വാകുവംശരാജാവിന്റെ കഥ യാണ് ആ സംഭവത്തിന്റെ പശ്ചാത്തലം. ഉടലോടുകൂടി സ്വർഗ്ഗത്തിലെത്തുന്നതി നുവേണ്ടി ഒരു യജ്ഞം നടത്തണമെന്ന അഭ്യർത്ഥനയുമായി ത്രിശങ്കുമഹാരാജാവ് കുലഗുരുവായ വസിഷ്ഠനെ സമീപിച്ചു. അത് ഒരു അസാധ്യമായ കാര്യമാണെന്ന് അറിയിച്ച് വസിഷ്ഠൻ തടഞ്ഞു. തുടർന്ന് ത്രിശങ്കു വസിഷ്ഠപുത്രന്മാരെ സമീപിച്ച് തന്റെ ആഗ്രഹവും, ഗുരു അരുതെന്നു വിലക്കിയ കാര്യവും പറഞ്ഞു. ത്രിശങ്കുവി ന്റെ സത്യസന്ധമായ വാക്കുകൾ കേട്ട്, ഗുരു നിരസിച്ച കാര്യത്തിനുവേണ്ടി മറ്റൊ രാളെ ആശ്രയിക്കുന്നത് അനുചിതമാണെന്നും, ആചാര്യൻ അസാധ്യമെന്നു പറയു ന്നത് തങ്ങൾക്കു നിവർത്തിക്കാനാവുമോയെന്നും ചോദിച്ച് രാജാവിനെ പിൻതിരി പ്പിക്കാൻ ശ്രമിച്ചു. ക്രുദ്ധനായ ത്രിശങ്കു, താൻ കഴിവുള്ള മറ്റൊരാളിനെ കണ്ടെത്തി ക്കൊള്ളാമെന്നു പറഞ്ഞിറങ്ങി. അതുകേട്ട വസിഷ്ഠപുത്രന്മാർ രോഷാകുലരായി രാജാവിനെ ശപിച്ചു ചണ്ഡാളനാക്കി.[ക്ഷത്രിയനായ ത്രിശങ്കുവിനെ വസിഷ്ഠപുത്ര ന്മാർ ശപിച്ചു (ശൂദ്രനാക്കാതെ)ചണ്ഡാളനാക്കിയത്, സ്വതവേ ശൂദ്രരായ തങ്ങൾക്കു താഴെയാക്കാൻവേണ്ടി ആണെന്ന് കരുതാം. അത് എന്തായാലും, ഇതിഹാസകാവ്യ ങ്ങളിലെല്ലാം ആവർത്തിക്കുന്ന ഈ കഥ എഴുതിത്തള്ളുന്നത് വസിഷ്ഠമുനി ജാതി ബ്രാഹ്മണനാണെന്ന പ്രചാരണത്തെയാണ്. അദ്ദേഹം ബ്രാഹ്മണനെന്നു വിളിക്കപ്പെ ടുന്നത് ബ്രഹ്മജ്ഞാനി ആയതിനാലാണ് എന്നസത്യമാണ് അതിനാൽ സ്വീകാര്യം].

വ്രണിതനായ ത്രിശങ്കുരാജാവ് ആലംബമായിക്കണ്ടത് വസിഷ്ഠന്റെ ആജന്മശത്രു വായ വിശ്വാമിത്രനെയാണ്. ആചാര്യനാലും ആചാര്യപുത്രന്മാരാലും പരിത്യജിക്ക പ്പെട്ട രാജാവിന്റെ അഭീഷ്ടം നടത്തിക്കൊടുക്കാമെന്ന് അദ്ദേഹം സമ്മതിച്ചു.അന ന്തരം, യജ്ഞത്തിനുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനായി, മുഴുവൻ മഹർഷിമാ രെയും ക്ഷണിച്ചുകൊണ്ടുവരാൻ വിശ്വാമിത്രൻ തന്റെ പുത്രന്മാരെ നിയോഗിച്ചു. പക്ഷേ, വസിഷ്ഠന്റെ നൂറു മക്കളും മഹോദയൻ എന്ന മുനിയും മാത്രം വരാൻ കൂ ട്ടാക്കിയില്ല. തങ്ങളുടെ ശാപമേറ്റ ത്രിശങ്കുവിന്റെ യാഗമായതുകൊണ്ടും, ക്ഷത്രിയ നായ വിശ്വാമിത്രൻ യാജകനായതിനാലുമാണ് അവർ ക്ഷണം നിരാകരിച്ചത്. അത റിഞ്ഞ് പ്രകോപിതനായാണ് വിശ്വാമിത്രൻ വസിഷ്ഠപുത്രരെയും അവരുടെ അടു ത്ത എഴുന്നൂറു തലമുറകളെയും ശപിച്ചു മുഷ്ടികന്മാരെന്ന, വിരൂപരും ശവംതീനി കളും നായിറച്ചി ഭക്ഷിക്കുന്നവരുമാക്കിത്തീർത്തത്. വിരൂപരും ശവംതീനികളും, നായിറച്ചി കഴിക്കുന്നവരുമായ മുഷ്ടികന്മാർ ചണ്ഡാലരാണെന്നു ചില കൃതികളി ൽ പറയുന്നുണ്ട്. വസിഷ്ഠപുത്രന്മാരെ ശപിച്ചു നാട്ടുനടപ്പുപോലെ ശൂദ്രരാക്കാതെ ചണ്ഡാളരാക്കിയത്, അവർ സ്വതവെ ശൂദ്രർ ആയതുകൊണ്ടാകാം. ശൂദ്രർ വസിഷ് ഠപുത്രന്മാരാണ് എന്ന് മനുസ്മൃതി പറയുന്നുതിനെ സാധൂകരിക്കുന്ന സംഭവമാണ ത്. വസിഷ്ഠപുത്രരെ ശപിച്ച് ചണ്ഡാലരോ ശൂദ്രരോ ആക്കിത്തീർത്തു എന്നതിനർ ത്ഥം, അവർക്കു ഭ്രഷ്ടുകൽപ്പിച്ചു സമൂഹത്തിൽനിന്നും പുറത്താക്കി എന്നുതന്നെ ആകാനാണു സാധ്യത. അങ്ങനെയെങ്കിൽ, ആ ശപകഥയ്ക്ക് മറ്റൊരു തലമുണ്ട്.

അദ്യ തേ കാലപാശേന നീതാ വൈവസ്വതക്ഷയം
സപ്തജാതിശതാന്യേവ മൃതപാഃ സന്തു സർവ്വശഃ. 18

തേ	അവർ,
കാലപാശേന	കാലപാശത്താൽ
അദ്യ	ഇന്നുതന്നെ
വൈവസ്വതക്ഷയം നീതാഃ	യമപുരിയിലേക്ക് നയിക്കപ്പെട്ടവരായി
സപ്തജാതിശതാനി,	എഴുനൂറുജന്മങ്ങളും
സർവ്വശഃ	എല്ലായ്പ്പോഴും
മൃതപാഃ ഏവ,	ശവം തിന്നുന്നവരായി തന്നെ,
സന്തു.	ഭവിക്കട്ടെ

ശ്വമാംസനിയതാഹാരാഃ മുഷ്ടികാ നാമ നിർഘൃണാഃ .
വികൃതാശ്ച വിരൂപാശ്ച ലോകാനനുചരന്ത്വിമാൻ. 19

ശ്വമാംസനിയതാഹാരാഃ	നിത്യം നായിറച്ചി തിന്നുന്നവരായി
വികൃതാഃ ച,	ദുഷ്പ്രവൃത്തിചെയ്യുന്നവരായും,
വിരൂപാഃ ച	വികൃതരൂപികളായും
മുഷ്ടികാഃ നാമ,	മുഷ്ടികന്മാർ എന്ന പേരോടുകൂടെ,
നിർഘൃണാഃ	ദയാദാക്ഷിണ്യമററവരായി
ഇമാൻ	ഈ
ലോകാൻ	ലോകങ്ങളിൽ
അനുചരന്തു	അലഞ്ഞുതിരിയട്ടെ.

വസിഷ്ഠൻ ശൂദ്രനാണെന്ന് അംഗീകരിക്കാൻ മടിയുള്ള ആരെങ്കിലും മനുസ്മൃതി പറയുന്ന കുലപതിവാദത്തെ ദുർവ്യഖ്യാനം ചെയ്യാൻ കെട്ടിച്ചമച്ച കഥയാണോ ഇതെന്നു വ്യക്തമല്ല. ഒരേസമയം വസിഷ്ഠനെ ആഢ്യനായി നിലനിർത്താനും, മക്കളെയും വംശപരമ്പരയെയും പതിതരാക്കാനും സാധ്യത തുറക്കുന്ന ഈ കഥയ്ക്കു പിന്നിലെ ഭാവന അത്തരമൊരു സംശയവും ബാക്കിയാക്കുന്നുണ്ട്. വസിഷ്ഠപുത്രന്മാർ എന്നെങ്കിലും ശാപമോക്ഷംനേടിയതായി കാണുന്നില്ല.അതിനാൽ,വസിഷ്ഠ മുനിയുടെ വംശപരമ്പര ശൂദ്രരോ ചണ്ഡാളരോ ആയാണു ജീവിച്ചതെന്നുവേണം കരുതാൻ. അപ്പോഴും ഉയർന്നുവരുന്ന മറ്റൊരു സംശയം, ത്രിശങ്കുവിന്റെ കഥ ഒരു അപനിർമ്മിതകൃതിയാണോ എന്നതാണ്. വസിഷ്ഠരുടെ മക്കളടക്കമുള്ള വംശപരമ്പര മുഴുവൻ ശൂദ്രരായാലും, വസിഷ്ഠനെ ബ്രാഹ്മണനാക്കി നിലനിർത്താം എന്ന ഗൂഢലക്ഷ്യത്തോടെ പടച്ചുണ്ടാക്കിയ പുരാണമാണോ അത് എന്നതാണ്.ഉടലോടെ സ്വർഗ്ഗത്തിൽ പോകണം എന്ന ആശയോടെ തപസ്സുചെയ്ത ശംബൂകൻ എന്ന ശൂദ്രയുവാവിന്റെ കഥ ദുരുദ്ദേശ്യത്തോടെ രാമായണത്തിൽ കൂട്ടിച്ചേർത്തതാണ് എന്ന് പലർക്കും സന്ദേഹമുള്ള സ്ഥിതിയ്ക്ക്, ഈ സംശയത്തിനും സാധുതയുണ്ട്. എന്തുകൊണ്ടെന്നാൽ, ത്രിശങ്കുവെന്ന ഒറ്റ വെടികൊണ്ട്, ജാതിവാദികൾ നേടിയത് രണ്ടു പക്ഷികളാണ്. ഒന്ന്, വസിഷ്ഠന്റെ വംശാവലി ശൂദ്രരായത് വിശ്വാമിത്രശാപം മൂലമായതോടെ സൂര്യവംശത്തിന്റെ കുലഗുരുവും ബ്രഹ്മർഷിയുമായ വസിഷ്ഠന്റെ പൂണൂൽ സംരക്ഷിക്കാനായി. രണ്ടാമത്, ചണ്ഡാളത്വമാണ് ത്രിശങ്കുവിന്റെ സ്വർഗ്ഗപ്രവേശനത്തിനു വിഘാതമായതെന്നു തെളിവോടെ സ്ഥാപിക്കാനുമായി.

തൈത്തരീയസംഹിത സാക്ഷ്യപ്പെടുത്തുന്നു

ബ്രാഹ്മണാനാം കുലംപൂർവ്വം ദേവതകർമ്മം വിരചിതഃ/ആരുഷേയം പൗരുഷേയം ച കർമ്മ ജന്മവിശേഷതഃ/ആരുഷേയം ഋഷിഗോത്രേഷു വസിഷ്ഠാനാം ജയേത് ഭവഃ/ ജന്മനാ ജായതേ ശൂദ്ര കർമണ ജായതേദ്വിജഃ/ വേദപാഠേന വിപ്രസ്യാത് ബ്രഹ്മജ്ഞാനേതി ബ്രാഹ്മണഃ/യത് വിശ്വബ്രാഹ്മണസ്യാത് പുരുഷസ്യ മുഖോത്ഭവഃ പൗരുഷേ

യം ഇതിഖ്യാതം പഞ്ചഗോത്രം മഹത്കുലഃ- ഇത് തൈത്തരീയ സംഹിതയിലെ ഒരു പ്രധാന ശ്ലോകമാണ്. അതിന്റെ അർത്ഥം ഇപ്രകാരമാണ്: കർമ്മ-ജന്മ വിശേഷങ്ങളുടെ അടിസ്ഥാനത്തിൽ, ബ്രാഹ്മണരെ ആരുഷേയ ബ്രാഹ്മണരെന്നും പൗരുഷേയ ബ്രാഹ്മണരെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. വസിഷ്ഠാദികളായ ഋഷിമാരുടെ ഗോത്രത്തിൽ ജനിച്ചവരെ ആരുഷേയബ്രാഹ്മണർ എന്നുവിളിക്കുന്നു. അവർ ജന്മം കൊണ്ടു ശൂദ്രരും വേദശാസ്ത്രപഠനത്തിലൂടെയും ദ്വിജകർമ്മങ്ങൾകൊണ്ടും ബ്രാഹ്മണരായവരുമാണ്. വിരാട്ട്പുരുഷന്റെ മുഖത്തുനിന്നും ഉത്ഭവിച്ച ശ്രേഷ്ഠ പഞ്ചബ്രാഹ്മണരാണ്(സനകൻ ബ്രഹ്മർഷി,സനാതന ബ്രഹ്മർഷി,അഭുവസന ബ്രഹ്മർഷി, പ്രജ്ഞസ ബ്രഹ്മർഷി, സുവർണ്ണസ ബ്രഹ്മർഷി എന്നിവർ) പൗരുഷേയ ബ്രാഹ്മണർ. പരമപുരുഷനിൽനിന്ന് ഉണ്ടായ അഞ്ച് പൗരുഷേയബ്രാഹ്മണരൊഴിച്ചുള്ള, ഋഷിമാരുടെ ഗോത്രങ്ങളിൽജനിച്ച വസിഷ്ഠാദികളായവരൊക്കെ ജന്മംകൊണ്ടു ശൂദ്രരും വേദശാസ്ത്രപഠനത്തിലൂടെയും ദ്വിജകർമ്മംകൊണ്ടും ബ്രാഹ്മണരായവരുമാണെന്ന് തൈത്തരീയസംഹിത ആധികാരികമായി സാക്ഷ്യപ്പെടുത്തുമ്പോൾ അവിശ്വസിക്കേണ്ടതില്ലല്ലോ.വസിഷ്ഠരടക്കമുള്ള പുരാണപ്രസിദ്ധരായ മഹർഷിമാർ ശൂദ്രരായി(സാധാരണക്കാരായി) ജനിച്ചവരാണെന്നും കർമ്മാനുഷ്ഠാനങ്ങളിലൂടെ ബ്രാഹ്മണ്യം നേടിയവരാണെന്നുമാണ് ഇതിലൂടെ സ്പഷ്ടമാകുന്നത്.

തൈത്തരീയസംഹിത സാക്ഷ്യപ്പെടുത്തിയ ഈ പ്രസ്താവനയിലൂടെ തിരുത്തപ്പെടുന്നത്, ഭൂമിയിലെ ബ്രാഹ്മണജാതിയിൽ ജനിച്ചവർ വിശ്വപുരുഷന്റെ മുഖത്തുനിന്നു ജനിച്ചതാണെന്നും, അതാണ് അവരുടെ മഹത്വത്തിന്റെ ആധാരമെന്നുമുള്ള അസത്യപ്രചരണം കൂടിയാണ്. വിവിധ ശാസ്ത്രഗ്രന്ഥങ്ങളിൽ ഇതിനു സമാനമായ രീതിയിൽ ഈ സത്യം ഉണ്ടായിരിക്കുമ്പോഴും, പുരുഷസൂക്തത്തിലെ ഒരു ശ്ലോകത്തിന്റെ വക്രീകരിച്ചവ്യാഖ്യാനം സമസ്തവേദികളിലും ഉദ്ധരിക്കപ്പെടുന്നതിലെ കാപട്യംകൂടിയാണ് തൈത്തരീയസംഹിത അനാവൃതമാക്കുന്നത്.

സ്വാമിവിവേകാനന്ദന്റെ സമ്മതപത്രം

'വിവേകാനന്ദസാഹിത്യസർവ്വസ്വം' എന്ന വിഖ്യാതകൃതിയിലെ, 'ഈശ്വരനെ മനുഷ്യനിൽ കാണുക'യെന്ന അധ്യായത്തിൽ, സത്പ്രമാണംവഴി ധർമ്മത്തെ സാക്ഷാത്കരിച്ചവർ ജന്മനാ മ്ലേച്ഛനായാലും ഋഷിയത്രെ എന്നു സമർത്ഥിക്കാനായി, മുക്കുവകന്യകയിൽ പിറന്ന വ്യാസനും ദാസീപുത്രനായ നാരദനുമൊപ്പം വസിഷ്ഠന്റെ പേരും വിവേകാനന്ദസ്വാമി എടുത്തുപറയുന്നുണ്ട്. 'ആരാണ് ഋഷിമാരെ'ന്ന ചോദ്യത്തിനുള്ള മറുപടിയായി, വാത്സ്യായനന്റെ വചനങ്ങളെ ഉദ്ധരിച്ചുകൊണ്ടു സ്വാമി നടത്തിയ ആ പ്രസ്താവന വസിഷ്ഠന്റെ വംശാവലിയെപ്പറ്റിയുള്ള വിശ്വസനീയമായ തെളിവാണല്ലോ. ആർഷസംസ്കൃതിയുടെ ഗിരിശൃംഗങ്ങൾ കയറിയ വിവേകാനന്ദസ്വാമിയെപോലുള്ള പണ്ഡിതഋഷിവര്യന്മാരുടെ വാക്കുകൾ സർവ്വ ഭാരതീയർക്കും സ്വീകാര്യവും വിശ്വസനീയവുമാണല്ലോ. ദ്വൈതചിന്തകളെ കീഴടക്കിയ സ്വാമിയെപ്പോലെയുള്ള മഹാത്മാക്കൾക്ക് വ്യാസന്റെയും വസിഷ്ഠന്റെയും നാരദന്റെയും കുലം ഒരു വിഷയമേ അല്ല. അതിനാലാണ് ആ സത്യങ്ങൾ വിളിച്ചുപറയുന്നത്. അതൊരു പ്രശ്നമായി കരുതുന്നവരാണ് മറച്ചുവെക്കാൻ ശ്രമിക്കുന്നത്.

വസിഷ്ഠനെ വധിച്ച വംശവിശുദ്ധിവാദികളുടെ കടുംകൈ

സൂര്യവംശത്തിലെ കുലഗുരുവായ വസിഷ്ഠമുനിയുടെ ശൂദ്രജന്മം അംഗീകരിക്കുവാൻ മടിക്കുന്നവർ, ഒരു കഥയിലൂടെ അദ്ദേഹത്തെ വധിച്ച് അതേ രൂപത്തിൽത്തന്നെ പുനർസൃഷ്ടിച്ചിട്ടുണ്ട്. മരിച്ചു പുനർജ്ജനിച്ചാൽ മുൻ ജന്മം പ്രസക്തമല്ല എന്ന അതിബുദ്ധിയാണ് ആ കഥയുടെ ആധാരം. വാല്മീകിരാമായണത്തിലെ പ്രക്ഷിപ്തഭാഗമെന്നറിയപ്പെടുന്ന ഉത്തരകാണ്ഡത്തിലെ അമ്പത്തേഴാം സർഗ്ഗത്തിൽ, നിമിനിമീഷീകരണമെന്ന ഉപാഖ്യാനത്തിൽ വിവരിച്ചിട്ടുള്ള അഗസ്ത്യമുനിയുടെയും വസിഷ്ഠമഹർഷിയുടെയും ആ ജനനകഥ ഇപ്രകാരമാണ്:

സൂര്യവംശരാജാവായ ഇക്ഷ്വാകുവിന്റെ പുത്രനായ നിമി രാജ്യഭരണം നടത്തുന്ന കാലത്ത് ഒരു ദീർഘയാഗം നടത്തി.യജ്ഞത്തിനായി വസിഷ്ഠനെയാണ് അദ്ദേഹം ക്ഷണിച്ചത്. എന്നാൽ, ദേവേന്ദ്രന്റെ യജ്ഞത്തിൽ പങ്കെടുക്കേണ്ടതുകൊണ്ട് അത് കഴിഞ്ഞതിനുശേഷം പങ്കെടുക്കാമെന്ന് വസിഷ്ഠർ നിമിയെ അറിയിച്ചു. എന്നാൽ വസിഷ്ഠനുവേണ്ടി കാത്തുനിൽക്കാതെ ഗൗതമപുത്രനായശതാനന്ദന്റെ സഹായത്താൽ നിമി യാഗമനുഷ്ഠിച്ചു. ഇതിൽ കോപിതനായ വസിഷ്ഠൻ, നിമിയുടെ ശരീരത്തിൽനിന്ന് പ്രാണൻ വേറിട്ടുപോകട്ടെ എന്ന് ശപിച്ചു. ശാപഗ്രസ്തനായ നിമിയും അതേശാപം തന്നെ വസിഷ്ഠനുനേർക്കു പ്രയോഗിച്ചു. ശാപഫലമായി വസിഷ്ഠൻ ശരീരം നഷ്ടപ്പെട്ട് ആത്മരൂപിയായി ആകാശത്തലഞ്ഞു. ഒടുവിൽ, ബ്രഹ്മാവിനെ ചെന്നുകണ്ട് സങ്കടമുണർത്തി, മിത്രാവരുണന്മാരിൽനിന്നും പുനർജ്ജനിക്കുമെന്ന വരം വസിഷ്ഠർ നേടി. പിന്നീടൊരിക്കൽ, ഉർവ്വശി സഖിമാരുമൊത്ത് വരുണാലയത്തിൽ എത്തിച്ചേർന്ന നേരം ഏകശരീരികളായ മിത്രാവരുണന്മാർ ആ അതിസുന്ദരിയെ കണ്ടു കാമാതുരരായി.'തങ്ങളെ സ്വീകരിച്ചാലും'എന്ന് അവർ ഉർവ്വശിയോട് സംഭോഗത്തിനായി അഭ്യർത്ഥിച്ചു. എന്നാൽ, ഉർവ്വശി അവരുടെ ആഗ്രഹങ്ങൾക്കു വഴങ്ങാതെ വന്നപ്പോൾ, കാമപീഡിതരായ മിത്രാവരുണന്മാരിൽ ഇന്ദ്രിയസ്ഖലനം ഉണ്ടായി ആ രേതസ്സ് ഒരുകുടത്തിൽ പതിക്കാനിടയായി. ആ കുടത്തിൽനിന്ന് അഗസ്ത്യനും വസിഷ്ഠനും ജനിച്ചു എന്നാണ് കഥ. തേജോമയന്മാരായ രണ്ടു ബ്രാഹ്മണ മഹർഷിമാരായാണ് കുടത്തിൽനിന്നും അവർ ഉത്ഭവിച്ചതെന്നാണ് ഉത്തരകാണ്ഡത്തിൽ പറയുന്നത്. അവരിൽ, ആദ്യം ഉണ്ടായ അഗസ്ത്യൻ മിത്രദേവനെ നോക്കി, ഞാൻ അവിടുത്തെ പുത്രനല്ല എന്നുപറഞ്ഞ് അവിടന്നു പൊയ്ക്കളഞ്ഞു. ചിരകാലത്തിനുശേഷമുണ്ടായ വസിഷ്ഠനെ, ഇക്ഷ്വാകു ചക്രവർത്തി സൂര്യവംശത്തിന്റെ കുലഗുരുവാക്കി സ്വീകരിച്ചു. ഇതാണ് ശൂദ്രകുലപതിയായ വസിഷ്ഠമഹർഷിയെ വധിച്ച്, അതേ രൂപത്തിൽത്തന്നെ ആഢ്യനായി പുനർസൃഷ്ടിച്ച കഥ.

ദേഹം നഷ്ടപ്പെട്ടതോടെ ശൂദ്രനായ വസിഷ്ഠന്റെ കളങ്കം ഒഴിവായെന്നും ബ്രഹ്മാവിന്റെ വരം വാങ്ങി മിത്രാവരുണന്മാരിൽ ജനിച്ചതോടെ ആഢ്യനായിമാറി സൂര്യവംശത്തിന്റെ മുഖ്യപുരോഹിതനാകാൻ അദ്ദേഹം യോഗ്യനായി എന്നും ആ കഥയുടെ സ്രഷ്ടാക്കൾക്ക് ആശ്വസിക്കാം. പക്ഷേ,യാതൊരു യുക്തിഭദ്രതയുമില്ലാത്ത ഇത്തരം കഥകൾ കുത്തിത്തിരുകിയതാണ് പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും വിശ്വാസ്യത ഇല്ലാതാക്കിയത് എന്ന് അവർ ഓർക്കാതെപോയി. അല്ലെങ്കിൽ

ത്തന്നെ അവർക്ക്, സ്വന്തം ആഢ്യത്വമുറപ്പിക്കുന്നതിലല്ലാതെ മറ്റുകാര്യങ്ങളിലൊന്നും ഒരിക്കലും വേവലാതിയുണ്ടായിരുന്നില്ലല്ലോ.

[പിൻകുറിപ്പ്: ശൂദ്രനായ വസിഷ്ഠൻ ശ്രീരാമന്റെ ഗുരുവാകുമോ എന്നു സംശയിക്കുന്നവർ അറിയേണ്ട ഒരു സത്യമുണ്ട്: ശൂദ്രനായ ജാബാലമഹർഷിയും ശ്രീരാമന്റെ ഉപദേശകനായിരുന്നു. ശംബൂകവധത്തിനു മൂലകാരണമായ ബ്രാഹ്മണവിലാപവേളയിലടക്കം രാമന്റെ രാജസദസ്സിൽ അദ്ദേഹത്തിന്റെ സാന്നിധ്യം കാണാം. ജാബാലയെന്ന ദാസിയുടെ മകനായ ജാബാലസത്യകാമന്റെ ശൂദ്ര പശ്ചാത്തലം വേദാധികാരസംബന്ധിയായ സംവാദങ്ങളിൽ പലപ്പോഴും പരാമർശിക്കപ്പെടുന്ന ഒന്നാണല്ലോ. അതിന് ആധാരമായ ഛാന്ദോഗ്യോപനിഷത്തിലെ കഥ ഇപ്രകാരമാണ്: വിദ്യ അഭ്യസിക്കുവാൻ ഗൗതമനെന്ന ഗുരുവിന്റെ അടുത്തെത്തിയ സത്യകാമനോടു ഗുരു അവന്റെ ഗോത്രം ഏതാണെന്നു തിരക്കി. താൻ ഏതു ഗോത്രത്തിലാണു ജനിച്ചതെന്ന് അറിയില്ല എന്നുപറഞ്ഞ ആ ബാലൻ, യൗവ്വനത്തിൽ അമ്മ പലയിടത്തും പരിചാരികയായി ജോലിക്ക് പോയിട്ടുണ്ടെന്നും, അങ്ങനെ തന്നെ മകനായി കിട്ടിയതാണെന്നും അറിയിച്ചു. ഇതുകേട്ട ഗൗതമൻ, "ഇപ്രകാരം വിശിഷ്ടമായി സത്യംപറയുവാൻ ബ്രാഹ്മണനല്ലാതെ സാധിക്കില്ല; അതുകൊണ്ട് ചമത കൊണ്ടുവരൂ" എന്നു പറഞ്ഞ്(തംഹോവാച നൈതദഃ ബ്രാഹ്മണൊ വിവക്തുമർഹതി സമിധം സോമ്യാഹരോ) സത്യകാമനെ ശിഷ്യനായി സ്വീകരിച്ചു. ശൂദ്രനു വേദം പഠിക്കാൻ അധികാരമില്ലെന്നു വിലക്കുന്ന ആഢ്യശാസനകളുടെ വേരറുക്കുന്നതിനൊപ്പം, സത്യം പാലിക്കുന്നവനാണ് ബ്രാഹ്മണൻ എന്ന് നിർവ്വചിക്കുന്ന ഛാന്ദോഗ്യോപനിഷത് സംശയലേശമന്യേ തള്ളിക്കളയുന്നത് വംശവിശുദ്ധിവാദികളുടെ അസ്തിത്വം തന്നെയാണ്. അമ്മ ഒരു ശൂദ്രസ്ത്രീയായിരുന്നെന്നു മാത്രമല്ല ജാബാലസത്യകാമൻ പറഞ്ഞതിന്റെ അർത്ഥം,താൻ പിതാവ് ആരെന്നറിയാത്ത ഒരാളാണെന്നും കൂടിയാണ്. ശുദ്ധശൂദ്രത്വത്തെക്കാൾ പതിതത്വം ആരോപിക്കാവുന്ന ആ സംഗതി ജാബാലസത്യകാമനെ അയോഗ്യനാക്കുന്നതിനുള്ള കാരണമായില്ലാ എന്നതാണ് ആ കഥയുടെ കാതൽ.ശംബൂകന്റെ കഥയിലൂടെ നാം കേട്ടറിഞ്ഞ രാമനും രാമരാജ്യവുമായിരുന്നില്ല യാഥാർത്ഥ്യം എന്നാണല്ലോ ഈ വസ്തുതകളിൽനിന്നും തെളിയുന്നത്. ശംബൂകൻ എന്ന അധ്യായത്തിൽ അതു സംബന്ധിച്ച കൂടുതൽ തെളിവുകൾ വായിക്കുക.]

ഗുഹൻ

ഗംഗാനദിയുടെ തീരത്തുള്ള ശൃംഗിവേരപുരത്തിന്റെ അധിപനായ നിഷാദരാജാവായിരുന്നു ഗുഹൻ. ശ്രീരാമൻ വനവാസത്തിനു പുറപ്പെട്ടപ്പോൾ, യാത്രാവഴിയിൽ ആദ്യമെത്തിയത് ഗുഹന്റെ രാജ്യത്തിലായിരുന്നു. രാമന്റെ ആത്മസമനായ മിത്രമായാണ് ഗുഹനെ വാല്മീകിരാമായണം അനുവാചകർക്കു പരിചയപ്പെടുത്തുന്നത്. ആ കാട്ടുരാജന്റെ അതിഥിപൂജയും സ്നേഹബഹുമാനങ്ങളും സ്വീകരിച്ച ശ്രീരാമൻ തൃക്കൈയ്യാൽ ഗുഹനെ കെട്ടിപ്പിടിച്ചതായും രാമായണത്തിലെ അൻപതാം സർഗ്ഗമായ ഗുഹസമാഗമത്തിൽ കാണുന്നു. രാമലക്ഷ്മണന്മാർക്ക് ജടാമകുടധാരിയാകുന്നതിനുള്ള പേരാലിൻ കറ കൊണ്ടുവന്നു കൊടുത്തതും സീതാരാമലക്ഷ്മണന്മാരെ തോണിയിൽ കയറ്റി ഗംഗാനദി കടക്കാൻ സഹായിച്ചതും ആ നിഷാദരാജാവായിരുന്നു. രാവണൻ അപഹരിച്ച സീതയെത്തേടിപ്പോയ ഹനുമാന് ശ്രീരാമൻ കൈമാറിയ മൂന്നു രഹസ്യവാക്യങ്ങളിൽ ഒന്നിന് ആധാരം, സീതയും ശ്രീരാമനും ഗുഹനോടൊപ്പം ചെലവഴിച്ച സമയത്തുള്ള ഒരു സംഭവമാണ്. രാമായണത്തിൽ ഗുഹനെന്ന കാട്ടുരാജാവിനുള്ള പ്രധാന്യം അതിൽനിന്നൊക്കെ വ്യക്തമാണല്ലോ.

ഗുഹസമാഗമകഥയിൽ ചേർത്ത വിഷം

ഗുഹസമാഗമകഥയിൽ വിഷം ചേർക്കുന്നതിനുവേണ്ടി, ഗുഹൻ നൽകിയ സ്വാദിഷ്ഠമായഭക്ഷണപദാർത്ഥങ്ങൾ രാമൻ കഴിക്കാതിരുന്നതിനെ ചിലർപരാമർശിച്ചു കാണാറുണ്ട്. ഗുഹൻ നിഷാദനായതുകൊണ്ടാണ് രാമൻ പഴങ്ങൾ കഴിക്കാതിരുന്നതെന്നാണ് അവരുടെ കണ്ടെത്തൽ. അവർണ്ണസമുദായങ്ങൾക്കുമേൽ ആഢ്യന്മാർ ആരോപിക്കുന്ന അസ്പൃശ്യതക്ക് ശ്രീരാമന്റെ ഒപ്പുചാർത്തുകയാകാം അവരുടെ ലക്ഷ്യം. എന്നാൽ, എന്തുകൊണ്ടാണ് രാമൻ ഭക്ഷണസാധനങ്ങൾ കഴിക്കാതിരുന്നത് എന്നതിന്റെ മറുപടി രാമായണത്തിൽ തന്നെയുണ്ട്: "അങ്ങ് സന്തോഷസമേതം ഇതൊക്കെ കൊണ്ടുവന്നത് ഞാൻ സമ്മതിച്ചു. എങ്കിലും, മാൻതോലും മരവുരിയും ധരിച്ച്, ഫലമൂലങ്ങൾ ആഹരിച്ച്, ധാർമ്മികവനവാസം വരിച്ച് മുനിവൃത്തിയോടെ ജീവിക്കുവാൻതുടങ്ങിയ ഞങ്ങൾ ദാനംവാങ്ങുകയില്ല".ഇതായിരുന്നു ശ്രീരാമന്റെ ആശ്വാസവാക്ക്. പിന്നീട്, എൺപത്തിയേഴാം അധ്യായമായ 'രാമവൃത്താന്തകഥന'ത്തിൽ, രാമാന്വേഷണാർത്ഥം തന്റെ കുടിലിൽ എത്തിയ ഭരതനോടു രാമസമാഗമത്തെക്കുറിച്ചു പ്രതിപാദിക്കുന്ന നേരത്ത്, അതിനെ സാധൂകരിക്കുന്ന വിധത്തിൽ ഗുഹൻ ശ്രീരാമന്റെ വാക്കുകൾ ആവർത്തിക്കുന്നുണ്ട്: "സുഹൃത്തേ, യാതൊന്നും ഞങ്ങൾക്കു സ്വീകരിക്കാൻപാടില്ല. എപ്പോഴും ദാനംചെയ്യുകയാണു വേണ്ടത്" (ശ്രീവാല്മീകിരാമായണം; പരിഭാഷകൻ: സി.ജി.വാരിയർ). എന്നാലും ചിലർക്ക് ഇതൊന്നും സ്വീകാര്യമല്ല. കാരണം അവർക്കുവേണ്ടത് തങ്ങൾ നിർമ്മിച്ചെടുത്ത മനുഷ്യവിരുദ്ധമാമൂലുകൾക്ക് ശ്രീരാമന്റെ സമ്മതിയുണ്ടെന്ന പ്രതീതി സൃഷ്ടിക്കലാണ്. തങ്ങൾ ചെയ്യുന്ന തെറ്റുകൾ ദൈവികമായ ആചാരങ്ങളാണെന്നു സ്ഥാപിച്ചെടുക്കലാണ്. രാമനെ മനുനിയമങ്ങളുടെ നിർവ്വാഹകനായി മുന്നിൽനിറുത്തി തങ്ങളുടെ അത്യാചാരങ്ങളെ അധികാരികമാക്കുകയാണ്.

ഒരിക്കൽ രാമലക്ഷ്മണന്മാരുംസീതയും മന്ത്രിമുഖ്യൻസുമന്ത്രനും ഗുരുക്കന്മാരും ഇതര പൗരപ്രമുഖരും,മറ്റൊരിക്കൽ ഭരതനും രാജമാതാക്കളും പൗരമുഖ്യരും കാട്ടുജാതിക്കാരനായ ഗുഹന്റെ വിരുന്നുകാരായി കഴിഞ്ഞതും, രാമൻ ഗുഹനെ ഗാഢാലിംഗനം ചെയ്തതും അറിയാതെപോകുകയും, എഴുതാപ്പുറം വായിച്ച് വിഷം വമിപ്പിക്കുകയും ചെയ്യുന്ന വംശവിശുദ്ധിവാദക്കാരുടെയും, രാമനെതിരെ വംശവെറി ആക്ഷേപിക്കുന്നവരുടെയും ഒരേ വിധത്തിലുള്ള വികൃത വിമർശനങ്ങളെക്കാൾ വിശ്വസനീയം വാല്മീകിയുടെ വാക്കുകളാണ്. അവർണ്ണനായ ഗുഹന്റെ വീട്ടിൽനിന്നും രാമൻ ഭക്ഷണം കഴിച്ചില്ലായെന്ന പ്രചാരണത്തിലൂടെ, 'അവർണ്ണന്റെ പതിതത്വം' ദൈവനിശ്ചയമാണെന്ന സവർണ്ണപക്ഷവക്താക്കളുടെ വാദവും, ശ്രീരാമൻ ചാതുർവർണ്യത്തിന്റെ സംരക്ഷകനായിരുന്നെന്ന അവർണ്ണപക്ഷ വാദവും ഒരേ നിലയിൽ സ്വീകരിക്കപ്പെടുകയാണുണ്ടായത്. ആരുടെയൊക്കെയോ പ്രതിപത്തികളെ ബലപ്പെടുത്തുന്നത്തിനുവേണ്ടി, മനഃപൂർവ്വമോ അല്ലാതെയോ പ്രചരിപ്പിക്കപ്പെട്ട കാക്കത്തൊള്ളായിരം നുണകളല്ല, രാമായണത്തിന്റെ കാര്യത്തിൽ വാല്മീകിയുടെ വാക്കുകളാണ് പ്രമാണം എന്നു വന്നാൽ ഈ രണ്ടു വ്യാഖ്യാനങ്ങളും തകർന്നുവീഴും. അങ്ങനെവരുമ്പോൾ, വായിച്ചതിനെ ദുർവ്യാഖ്യാനംചെയ്തു പ്രചരി

പ്പിച്ചവരും, മൂലകഥ അറിയാതെ സ്വാർത്ഥപരമായ വ്യാഖ്യാനങ്ങൾ വിശ്വസിച്ചവരും തെറ്റുകാരാണ്. അത്തരം കെട്ടുകഥകൾ വിശ്വസിക്കുന്നതിനും വിനിമയംചെയ്യുന്നതിനുംമുമ്പ്, പൂർവ്വാശ്രമത്തിൽ നിഷാദനായിരുന്ന,ബ്രഹ്മജ്ഞാനംനേടി മഹാകവിയായ വാല്മീകിയെ അവർക്ക് ഒന്ന് ഓർക്കാമായിരുന്നു.

[പിൻകുറിപ്പ്: കാനനവാസിയായ ഗുഹനെ ആലിംഗനം ചെയ്യുന്നതിൽ രാമനോ, ആത്മസുഹൃത്താക്കുന്നതിൽ ദശരഥനോ മടിക്കേണ്ട ഒരു സാഹചര്യവും ഉണ്ടായിരുന്നില്ലെന്നതാണ് വാസ്തവം. കാരണം, രാമനും ഗുഹനും ഒക്കെ അക്കാലത്തെ വ്യത്യസ്ത ഗോത്രങ്ങളെ പ്രതിനിധീകരിച്ചിരുന്ന വ്യക്തിത്വങ്ങൾ മാത്രമായിരുന്നു. അന്നു വർണ്ണമോ ജാതിയോ ഒന്നും മനുഷ്യനെ വിഭജിച്ച് അകറ്റിനിറുത്തിയിരുന്നില്ല. ഗുഹനും നിഷാദരും വനാന്തരത്തിലാണ് താമസിച്ചിരുന്നത് എന്ന കാര്യവും അന്ന് ഒരു പോരായ്മയായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അക്കാലത്തെ ഏറ്റവും ആരാധ്യരായ ഋഷികൾ താമസിച്ചിരുന്നത് കാട്ടിലെ ആശ്രമങ്ങളിലായിരുന്നല്ലോ. വാസ്തവത്തിൽ, ആയിരക്കണക്കിനു വർഷം മുൻപു സംഭവിച്ച രാമായണത്തിനു പശ്ചാത്തലമായ ഭാരതഭൂമിയിൽ, കാടും നാടും തമ്മിലും കൊട്ടാരവും കുടിലും തമ്മിലും അത്രവലിയ ആന്തരമൊന്നുമുണ്ടായിരുന്നില്ല.അടുത്തകാലത്ത് സൃഷ്ടിക്കപ്പെട്ട ചിത്രങ്ങളിലും ചലച്ചിത്രങ്ങളിലും കാണാറുള്ള ബിംബങ്ങളെ അടിസ്ഥാനമാക്കി അക്കാലത്തെ അളക്കുന്നതു ശരിയാകാനിടയില്ല. അന്നത്തെ രാജാക്കന്മാരുടെ വേഷഭൂഷാദികളും ആഭരണങ്ങളും കൊട്ടാരക്കെട്ടുകളുമെല്ലാം ഇന്നത്തെ മാതൃകകളുമായി ഒരുവിധത്തിലും സാമ്യപ്പെടുന്നവയല്ല. ഒന്നോ രണ്ടോ നൂറ്റാണ്ടുമാത്രം പഴക്കമുള്ള ചിത്രങ്ങളിൽ കണ്ടിട്ടുള്ള കാര്യങ്ങൾ അതാണല്ലോ തെളിയിക്കുന്നത്.ചുരുക്കിപ്പറഞ്ഞാൽ,ഇന്നത്തെ സൃഷ്ടികളിൽ നിരത്തുന്ന ആർഭാടങ്ങൾ ആവിഷ്കരിക്കാനുള്ള സാങ്കേതികവിദ്യകൾ അന്ന് ഉണ്ടായിരുന്നില്ല. ആ വസ്തുതയുടെ വെളിച്ചത്തിൽ നോക്കിയാൽ, രാമനും ഗുഹനുമൊക്കെ അധികമകലത്തിലല്ലാത്ത സാമൂഹികനിലയിൽത്തന്നെയാകാം ജീവിച്ചിരുന്നത്.തങ്ങൾക്കിഷ്ടമില്ലാത്ത സമൂഹങ്ങളെയും വ്യക്തികളെയും ഭ്രഷ്ടുകൽപ്പിച്ചു പുറത്താക്കി, കാടുകയറ്റാൻ തുടങ്ങിയ ആര്യമുഷ്കിന്റെ കാലം മുതൽക്കാണ്, കാടുകൾ 'സമൂഹത്തിനു സ്വീകാര്യരല്ലാത്ത നീചരായ മനുഷ്യരുടെ' ആവാസകേന്ദ്രങ്ങളായത്. രാമായണത്തിലെ വാനരരെന്നു വിശേഷിപ്പിക്കപ്പെടുന്ന വനവാസികളുടെ കാര്യത്തിലും യാഥാർഥ്യം ഇതുതന്നെയാണ്]

ആരാണ് നിഷാദൻ?

ഗുഹനെന്ന നിഷാദൻ, ദശരഥന്റെയും രാമന്റെയും ആത്മമിത്രമായിരുന്നു എന്ന് രാമായണകാവ്യം പ്രസ്താവിക്കുമ്പോൾ, ആരായിരുന്നു നിഷാദരെന്നും എന്തായിരുന്നു നിഷാദരുടെ സമൂഹത്തിലെ നിലയെന്നുമറിയുന്നത് നന്നായിരിക്കും എന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, ഗുഹന്റെ വീട്ടിൽനിന്നു രാമൻ ഭക്ഷണം കഴിക്കരുത് എന്ന ചിലരുടെ പിടിവാശിയുടെ കാരണംകൂടിയാണത്.

നിഷാദന്മാരുടെ ഉത്പത്തി വിവരിക്കുന്ന ഒരു കഥ മഹാഭാഗവതത്തിൽ ഉണ്ട്. അത് ഇപ്രകാരമാണ്: ധ്രുവചരിതം എന്ന ഭാഗവതത്തിലെ ഉപാഖ്യാനത്തിലൂടെ പ്രസിദ്ധനായ ധ്രുവന്റെ വംശാവലിയിൽ, വേനൻ എന്ന ഒരു അരചൻ ഉണ്ടായിരുന്നു; ഋഷിതുല്യനായ അംഗനെന്ന രാജാവിന്, മൃത്യുദേവപുത്രിയായ സുനീഥയെന്ന ഭാര്യയിലുണ്ടായ മകൻ. സന്താനഭാഗ്യമില്ലാത്ത ദുഃഖംമൂലം പീഡിതതനായ അംഗൻ യാഗം നടത്തി നേടിയ ആ മകൻ, കാരുണ്യം അൽപവുമില്ലാത്ത ക്രൂരസ്വാഭാവിയായിരുന്നത്രേ. അവൻ കുട്ടിയായിരിക്കെത്തന്നെ, തന്റെ അമ്മയുടെ അച്ഛനായ മൃത്യുദേ

വനെ അനുകരിച്ചതിനാൽ അധർമ്മിഷ്ഠനായി ഭവിച്ചു എന്നാണു ഭാഗവതം പറയുന്നത്. വേനന്റെ അധർമ്മങ്ങളായി പറയുന്നത്, നിർദ്ദയനായ വേടനെപ്പോലെ പാവപ്പെട്ട കാട്ടുമൃഗങ്ങളെ കൊന്നൊടുക്കി, കൂടെ കളിച്ചുകൊണ്ടിരുന്ന സമപ്രായക്കാരെ ബലമായിപിടിച്ച് ഞെക്കിക്കൊന്നു എന്നെല്ലാമാണ്. പുത്രന്റെ ചെയ്തികളിൽ അസ്വസ്ഥനായ അംഗൻ ആരോടും ഒന്നും പറയാതെ ഒരു നാൾ നാടുവിട്ടുപോയി. അദ്ദേഹത്തെ കണ്ടെത്താനുള്ള ശ്രമങ്ങളെല്ലാം വിഫലമായപ്പോൾ, ഭൃഗു മുതലായ ആചാര്യന്മാരും മന്ത്രിമാരും ചേർന്ന് സുനീഥയുമായി കൂടിയാലോചിച്ച്, മനസ്സില്ലാമനസ്സോടെ വേനനെ രാജ്യത്തിന്റെ അടുത്ത മഹാരാജാവായി വാഴിച്ചു.

അതിഭയങ്കര ദണ്ഡനോപായത്താൽ ഭരണം നടത്തിയ വേനൻ രാജാവായതോടെ, പാമ്പിനെ കണ്ടുഭയന്ന എലികളെപ്പോലെ കള്ളന്മാരും മറ്റുനിയമഭഞ്ജകരും ഓടിയൊളിച്ചു. പക്ഷേ, ബ്രാഹ്മണർ വളരെ അസന്തുഷ്ടരായിരുന്നു. അതിനാൽ അവർ ഒത്തുചേർന്ന് വേനനെ നേരിൽക്കണ്ട് ഉപദേശിക്കാൻ തീരുമാനിച്ചു. നല്ല തരക്കാരനല്ലെന്നു ബോധ്യമുണ്ടായിട്ടും, തങ്ങളാൽ രാജാവായി വാഴിക്കപ്പെട്ട വേനൻ സാമംകൊണ്ടു വഴിപ്പെട്ട് തങ്ങളുടെ ഗുണദോഷം സ്വീകരിക്കുന്നില്ലെന്നു വരുന്നപക്ഷം, ആ അധർമ്മാചാരനിരതനെ ബ്രാഹ്മണ്യതേജസ്സുകൊണ്ടു ദഹിപ്പിച്ചുകളയാം എന്ന നിശ്ചയത്തോടെയാണ് ഭൃഗ്വാദിബ്രാഹ്മണർ കോപമകത്തൊതുക്കി വേനനെ സമീപിച്ചത്. ഉപദേശങ്ങൾ ഫലിക്കാതെ വന്നതോടെ, “പ്രകൃത്യാ ക്രൂരനായ ആ പാതകി കൊല്ലപ്പെടേണ്ടവനാകുന്നു”എന്നുപറഞ്ഞ് ‘ഹുങ്കാരപ്രയോഗങ്ങൾകൊണ്ട്’ ബ്രാഹ്മണർ വേനനെ ഹനിച്ചു. ബ്രാഹ്മണർ പിരിഞ്ഞുപോയതിനുശേഷം, ദുഃഖാർത്തയായ സുനീഥ വേനശരീരം മന്ത്രസിദ്ധിയാൽ കേടുകൂടാതെ സൂക്ഷിച്ചു. രാജ്യത്ത് അരാജകത്വം വളരാതിരിക്കാനും രാജർഷിയായ അംഗന്റെ വംശം കുറ്റിയറ്റുപോകാതിരിക്കാനും വേണ്ട മാർഗ്ഗംതേടിയ രാജമാതാവും ആചാര്യന്മാരും ചേർന്ന് വേനജഡത്തിന്റെ തുട കടഞ്ഞപ്പോൾ, കാക്കപോലെ കറുത്തവനും കുള്ളനുമായ ഒരു മനുഷ്യനുണ്ടായി. “താൻ എന്തുചെയ്യണം?”എന്ന് വിനയാന്വിതനായി അന്വേഷിച്ച അവനോടു ഋഷികൾ, “നിഷീദ”(ഒരിടത്തിരിക്കൂ) എന്നു പറഞ്ഞതിനാൽ, അവൻ നിഷാദനായിഭവിച്ചു(കാട്ടാളനായി). അങ്ങനെ വേനന്റെ വംശത്തിലുണ്ടായവർ, മലകളിലും കാടുകളിലും താമസമുറപ്പിച്ച നിഷാദരായി എന്നാണ് ഭാഗവതത്തിലെ കഥ.

ഈ കഥയിൽ, ‘ഹുങ്കാരപ്രയോഗങ്ങൾ’ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് അറിയില്ലെങ്കിലും,ഭൃഗുവിന്റെ നേതൃത്വത്തിൽ വന്ന ബ്രാഹ്മണരാൽ വേനരാജാവ് ഹനിക്കപ്പെട്ടു എന്നതു സത്യമാണ്. രാജാവായ വേനനെ വധിക്കാൻമാത്രം ബ്രാഹ്മണരെ പ്രകോപിപ്പിച്ചത് എന്താണ് എന്നതാണ് ഈ കഥയിലെ കാതൽ.ഭാഗവതം സ്കന്ധംനാലിൽ പതിനാലാം അധ്യായത്തിലെ നാലുമുതൽ ആറുവരെയുള്ള ശ്ലോകങ്ങളാണ് അതിനുള്ള ഉത്തരം. ആ ശ്ലോകങ്ങളുടെ പദാനുപദ തർജ്ജിമ ഒന്നു നോക്കാം: ‘സ്വതവേതന്നെ ദംമ്പുള്ളവനും അഭിമാനിയുമായ വേനൻ രാജാസനാവരോഹണം ചെയ്തവനായി എട്ടുലോകപാലകന്മാരുടേയും ഐശ്വര്യത്താൽ കുറേക്കൂടി മുന്തിയവനായപ്പോൾ, മഹാത്മാക്കളെകൂടി അവമതിച്ചുതുടങ്ങി. ഈ വിധം മദത്താൽ തിമിരംബാധിച്ച അവൻ അങ്കുശമില്ലാത്ത ആനയെപ്പോലെ അനിയന്ത്രി

തനായി തേരിലേറി മണ്ണിനെയും വിണ്ണിനെയും വിറകൊള്ളിക്കും മട്ടിൽ ചുറ്റിനട ന്നുകൊണ്ടിരുന്നു. "ബ്രാഹ്മണരേ! ഒരിക്കലും യജ്ഞം നടത്തരുത്; ദാനം ചെയ്യരുത്; ഹോമം കഴിക്കരുത്" എന്നിങ്ങനെ എല്ലായിടത്തും പറകൊട്ടി അറിയിപ്പോടെ ധാർ മികകർമ്മങ്ങൾ വിലക്കി'. അതായത്, ബ്രാഹ്മണരുടെ അവകാശങ്ങളിൽ കൈവെ ച്ചതാണ് വേനവധത്തിന്റെ യഥാർത്ഥ കാരണം. ബ്രാഹ്മണരുടെ വിഷയം അതുമാ ത്രമായിരുന്നെന്ന് തുടർന്നുവരുന്ന വേനനുമായുള്ള സംഭാഷണത്തിലെ ശ്ലോകങ്ങ ളിൽനിന്നും കൂടുതൽ കൂടുതൽ വ്യക്തമാകുന്നുമുണ്ട്.

രാജാവിന്റെ സ്വഭാവദൂഷ്യമോ ക്രൂരതകളോ ഭരണപരാജയമോ ഒന്നും പരാമർശി ക്കപ്പെടുന്നതേയില്ല. വർണ്ണാശ്രമാചാരസംരക്ഷണവും, യജ്ഞം, ഹോമം തുടങ്ങിയ കാമ്യകർമ്മങ്ങൾ നിലച്ചുപോയാലുള്ള ഭവിഷ്യത്തുക്കളും മാത്രമാണ് ബ്രാഹ്മണർ ഉപദേശരൂപേണ അവതരിപ്പിക്കുന്നത്. വേനന്റെ തുട കടഞ്ഞപ്പോൾ ഒരു മനുഷ്യ രൂപിയുണ്ടായി എന്നതിന്റെ യുക്ത്യായുക്തികൾ നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു. അതിന്റെ സമാപ്തി എപ്രകാരമായാലും, സ്വന്തം താത് പര്യങ്ങൾക്ക് വഴങ്ങാത്ത വേനനെ ഇല്ലാതാക്കിയത് ബ്രാഹ്മണ്യമാണെന്ന വസ്തുത മാത്രം അവശേഷിക്കുന്നു. അതുകൊണ്ടുതന്നെ, വേനനുമേൽ ആരോപിക്കപ്പെട്ട ക്രൂരതകളുടെ നിജസ്ഥിതി സംശയത്തിന്റെ നിഴലിലാകുന്നുണ്ട്.

രാജാവില്ലാതായതോടെ,രാജ്യത്ത് അരാജകത്വം പടരാതിരിക്കാനും രാജർഷിയായ അംഗന്റെ കുലം കുറ്റിയറ്റുപോകാതിരിക്കാനും വേണ്ടിയാണ് രാജമാതാവും ഗുരു ക്കന്മാരും ചേർന്ന് വേനജഡത്തിന്റെ തുട കടഞ്ഞത്. അങ്ങനെയുണ്ടായ സന്തതി രാജാവായില്ല എന്നുമാത്രമല്ല, അയാളും അയാളുടെ വംശത്തിലുണ്ടായവരും മലക ളിലും കാടുകളിലും താമസം ഉറപ്പിച്ച നിഷാദന്മാരായി എന്നതിന്റെ അർത്ഥം എ ന്താകാം? തങ്ങളുടെ വരുതിയിൽനിൽക്കാത്ത വേനനെയും പിൻതലമുറകളേയും ഭൃഗു മുതലായ ബ്രാഹ്മണർ ഭ്രഷ്ടുകല്പിച്ചു പുറത്താക്കിയെന്നുവേണം കരുതാൻ. 'കാക്കപോലെ കറുത്തവനും കുള്ളനു'മായതുകൊണ്ടുമാത്രം അയാൾ വേനന്റെ അംശമല്ലാതാകുന്നില്ലല്ലോ. അവനോട്, ഒരിടത്തിരിക്കൂ എന്ന് മുനിമാർ പറഞ്ഞതി ന്റെ വ്യംഗ്യാർത്ഥം, ഒന്നിലും ഇടപെടാതെ ഒരിടത്തിരിക്കൂ എന്നാകാം. അയാളെ അയോഗ്യനാക്കി രാജാവകാശത്തിൽനിന്നും പുറത്താക്കി എന്നാകാം. അതുകൊ ണ്ടാണ്, അദ്ദേഹത്തിന്റെ പിൻതലമുറക്കാർക്ക് മലകളിലും കാടുകളിലും താമസ മുറപ്പിച്ചു കാട്ടാളരായി ജീവിക്കേണ്ടിവന്നത്. തങ്ങളുടെ അധികാരത്തിന് തടസ്സമാ യവരെമാത്രമല്ല, അവരുടെ പിന്മുറക്കാരെയും ബ്രാഹ്മണ്യം പിന്തുടർന്നുവേട്ടയാടി യതിന്റെ ഉദാഹരണമാണ് നിഷാദന്മാരുടെ ഉത്ഭവം വിവരിക്കുന്ന ഈ ആഖ്യാനം.

വേനനെതിരെയുള്ള മനുസ്മൃതിയുടെ കുറ്റപത്രം

ബ്രാഹ്മണർക്ക് വേനനുണ്ടാക്കിയ വേദന ചെറുതല്ലായെന്നു വ്യക്തമാക്കുന്നതാണ്, അദ്ദേഹത്തെ മനുസ്മൃതികാരൻ ശത്രുപക്ഷത്തു നിറുത്തി അവതരിപ്പിക്കുന്നുണ്ട് എന്നസത്യം. അതിൽ, വേനനെതിരെ സമർപ്പിക്കുന്ന കുറ്റപത്രം, അദ്ദേഹം വിധവാ വിവാഹം അനുവദനീയമാക്കി എന്നതത്രെ. മനുസ്മൃതി ഒൻപതാമധ്യായത്തിലെ ശ്ലോകങ്ങളിലാണ് വേനനെക്കുറിച്ച് അത്തരമൊരു പരാമർശങ്ങളുള്ളത്:

> അയം ദ്വിജൈർഹി വിദ്വദ്ഭിഃ പശുധർമ്മോ വിഗർഹിതഃ
> മനുഷ്യാണാമപി പ്രോക്തോ വേനേ രാജ്യം പ്രശാസതി. 66
>
> ഈ പശുധർമ്മം ജ്ഞാനികളായ ബ്രാഹ്മണരാൽ നിന്ദിക്കപ്പെട്ടതാകുന്നു. വേനൻെറ രാജ്യഭാരംമുതല്ക്കാണ് അത് മനുഷ്യർക്കും ബാധകമാക്കിയത്.
>
> അധർമ്മിയായ വേനൻെറ കാലംമുതല്ക്കാണ് ഈ ഏർപ്പാടു തുടങ്ങിയത്.
>
> സ മഹീമഖിലാം ഭുഞ്ജൻ രാജർഷിപ്രവരഃ പുരാ
> വർണ്ണാനാം സങ്കരം ചക്രേ കാമോപഹതചേതനഃ. 67
>
> ഭൂമിയെല്ലാം അടക്കിവാണ ആ മഹാബലനായ വേനൻ പണ്ട്, കാമദൂഷിതചിത്തനായിട്ട്, നിയോഗം നടപ്പിലാക്കി വർണ്ണസങ്കരം വരുത്തിവെച്ചു.

മനുസ്മൃതിപ്രകാരം വിവാഹമന്ത്രങ്ങളിൽ എങ്ങും നിയോഗം പറഞ്ഞിട്ടില്ല. വിവാഹം വിധിക്കുന്ന ശാസ്ത്രങ്ങളിലും വിധവകൾക്കു വീണ്ടും വിവാഹം വിധിച്ചിട്ടില്ല (ശ്ലോകം:65).വിധവാവിവാഹമെന്ന പശു(മൃഗ)ധർമ്മം ബ്രാഹ്മണരാൽ നിന്ദിക്കപ്പെട്ടതാണ്. അത് അധാർമ്മികനായ വേനന്റെ രാജ്യഭാരം മുതൽക്കാണ് മനുഷ്യർക്കും ബാധകമാക്കിയത്(ശ്ലോകം:66).ഭൂമിയൊക്കെ അടക്കിവാണ ആ മഹാബലവാനായ വേനൻ പണ്ട്, കാമദൂഷിതചിത്തനായി നിയോഗം നടപ്പിലാക്കി വർണ്ണസങ്കരം വരുത്തിവെച്ചു.(ശ്ലോകം: 067). അന്നുമുതൽ, ശാസ്ത്രാർത്ഥമറിയാതെ ഭർത്താവു മരിച്ച സ്ത്രീയെ സന്താനലാഭത്തിനായി നിയോഗം വിധിക്കുന്നവരെ സജ്ജനങ്ങൾ നിന്ദിയ്ക്കുന്നു.(ശ്ലോകം: 68). ആ പരാമർശങ്ങളനുസരിച്ച്, വേനവധത്തിലേയ്ക്കു നയിച്ച സാഹചര്യങ്ങൾക്കു പിന്നിൽ രണ്ടു സംഭാവ്യതകളാണ് ഉള്ളത്. ഒന്ന്, അബ്രാഹ്മണനായ വേനൻ ബ്രാഹ്മണവിധവയെ വിവാഹംചെയ്ത് വർണ്ണസങ്കരം വരുത്തിവച്ചു. അല്ലെങ്കിൽ,വിധവാവിവാഹം അനുവദനീയമാക്കി. എന്താണ് സംഭവിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിക്കും,ബ്രാഹ്മണരുടെ എതിർപ്പിന്റെ കാഠിന്യം കാണുമ്പോഴും ആദ്യത്തേതിനാണു കൂടുതൽ സാധ്യതയെന്ന് അനുമാനിക്കാം. ഇതര വിഭാഗങ്ങളെ ബാധിക്കുന്ന വിഷയത്തിൽ ബ്രാഹ്മണ്യം അത്രമേൽ അസ്വസ്ഥമാകില്ല.(ബ്രാഹ്മണിയെ വിവാഹംചെയ്ത ത്രിശങ്കുമഹാരാജാവിന് നേരിടേണ്ടിവന്ന വേട്ടയാടൽ അറിയാവുന്നതാണല്ലോ.ആ സംഭവം ശപിച്ചു ചണ്ഡാലനാക്കിയ ആളെ വീണ്ടും ശപിച്ചു ചാണ്ഡാലനാക്കി എന്ന അധ്യായത്തിലുണ്ട്).

ബ്രാഹ്മണർ വേനനെ ഹനിക്കുകയും അദ്ദേഹത്തിന്റെ പിൻതലമുറകളെ അയോഗ്യരാക്കി രാജാവകാശത്തിൽനിന്നും ഭ്രഷ്ടരാക്കുകയും ചെയ്തെന്ന സംശയത്തെ സാധൂകരിക്കുന്ന വേറെയും നിബന്ധനകൾ മനുസ്മൃതിയിലുണ്ട്. അതനുസരിച്ച്, വിധവാവിവാഹത്തിനു തുനിയുന്ന സ്ത്രീപുരുഷന്മാരും അവരുടെ ബന്ധുമിത്രാദികളും വർജ്ജ്യരാകുന്നു. വിധവാവിവാഹജാതൻ ഹവ്യകവ്യവർജ്ജ്യനാണെന്നും (അധ്യായം:03,ശ്ലോകം:155), പുനർവിവാഹത്തിലെ ഭർത്താവിനെ ഭ്രഷ്ടനാക്കണമെന്നും(അധ്യായം:3,ശ്ലോകം:166), പുനർവിവാഹംചെയ്ത സ്ത്രീയിൽ ജനിക്കുന്ന മക്കൾക്കു നൽകുന്ന ഭോജനം ചാരത്തിലർപ്പിക്കുന്ന ഹവിസ്സുപോലെ നിഷ്ഫലമാണെന്നുമുള്ള(അധ്യായം:3, ശ്ലോകം:181) മനുസ്മൃതിയിലെ ഭീഷണികളും വിലക്കുകളും ആ ഒരു സാധ്യതയെ അടിവരയിടുന്നതാണ്. ബ്രാഹ്മണ്യ ഭ്രഷ്ടിനെ ബലപ്പെടുത്തുന്നതാണ്. എത്രമേൽ പ്രതാപിയായ രാജാവായാലും, ബ്രാഹ്മണ്യനിയമങ്ങൾക്ക് മുകളിൽ പറക്കാൻ തുനിഞ്ഞാൽ ചിറകരിയും എന്നതിന്റെ ദൃഷ്ടാന്തമാണ് വേനൻ.

ഭൃഗുവിന്റെ നേതൃത്വത്തിലുള്ള ബ്രാഹ്മണർ വേനനെ വധിച്ചതുമായി ബന്ധപ്പെട്ട സംഭവത്തിലെ വളരെ കൗതുകകരമായ വസ്തുത, ഭാഗവതത്തിന്റെയും മഹാഭാരതത്തിന്റെയും ഭാഗമായ ഈ കഥ നമ്മുടെ അറിവിലേക്കെത്തുന്നത് വേദവ്യാസ മഹർഷിയുടെ തൂലികയിലൂടെയാണ് എന്നതാണ്. അകാലത്തിൽ വിധവകളായി ത്തീർന്ന കുരുവംശ രാജ്ഞിമാരായ അംബികയിലും അംബാലികയിലും, ധൃതരാഷ്ട്രരെയും പാണ്ഡുവിനെയും വ്യാസമുനി ജനിപ്പിച്ചത് നിയോഗവിധിയിലൂടെയാണല്ലോ. മൃഗധർമ്മമെന്ന് മനുസ്മൃതി ആക്ഷേപിക്കുന്ന നിയോഗരീതിയെ, സ്വന്തം ജീവിതത്തിൽ അവലംബിച്ച വ്യാസർ അക്ഷരാർത്ഥത്തിൽ സ്മൃതിയെ നിഷേധിക്കുകയാണല്ലോ ചെയ്യുന്നത്. വ്യാസന് അതു സാധ്യമായത് അദ്ദേഹത്തിന്റെ ജീവിതകാലഘട്ടവും ഇതിഹാസങ്ങളുടെ രചനാകാലവും, ആര്യാധിനിവേശത്തിനും മനുഷ്യസമൂഹത്തെ മലിനമാക്കിയ മനുസ്മൃതിയെന്ന മഹാദുരന്തം സംഭവിക്കുന്നതിനും മുൻപുനിലനിന്നിരുന്ന ആർഷനാഗരികതയുടെ ആദർശഭൂമികയിലായതുകൊണ്ടാണെന്ന് അതിനാൽ ഒരു ആശങ്കയുമില്ലാതെതന്നെ പറയാം.

[പിൻകുറിപ്പ്: ആദ്യമന്വന്തരത്തിലെ മനുവായ സ്വായംഭുവമനു, വേനന്റെ ഈ ആഖ്യാനം പണ്ടുനടന്ന ഒരു കാര്യമായി അവതരിപ്പിക്കുന്നത്, മനുസ്മൃതിയുടെ രചനാകാലത്തെ സംബന്ധിച്ചുള്ള സൂചനയാണ്. മനുസ്മൃതി കൂട്ടിച്ചേർക്കലിന്റെ കലർപ്പില്ലാത്ത വിശുദ്ധ രചനയാണെന്ന അവകാശവാദത്തെ തകർക്കുന്ന ഒരു തെളിവുകൂടിയാണത്. സ്വായംഭുവമനുവാണ് മനുസ്മൃതിയുടെ രചയിതാവെന്ന വാദത്തെയും ഈ സത്യം തള്ളിക്കളയുകയാണ്].

ഗുഹചരിതത്തിലെ അപനിർമ്മിതി

സാക്ഷാൽ ശ്രീരാമന്റെ ആത്മസഖാവായി ഒരു അവർണ്ണനുണ്ടാകുന്നത് ദഹിക്കാത്തവർ ഐതിഹ്യമെഴുതി ഗുഹനെയും പൂണൂലിടീക്കാൻ ശ്രമിച്ചിട്ടുണ്ട്. കഥകളും ഉപകഥകളും നിറഞ്ഞുസമൃദ്ധമായ ഹൈന്ദവപുരാണങ്ങളിൽ അതിനും സാധ്യത വേണ്ടുവോളമുണ്ടല്ലോ. അത്തരം ഒരു അപനിർമ്മിത ആഖ്യാനം വായിക്കുക: ഒരിക്കൽ, തന്റെ കൃഷിയിടത്തിൽ കയറി കൃഷിനശിപ്പിച്ച പശുവിനെ ആ കൃഷിസ്ഥലത്തിന്റെ ഉടമയായ ബ്രാഹ്മണൻ അടിച്ചു. മർമ്മസ്ഥാനത്ത് അടിയേറ്റ പശു ചത്തുപതിച്ചു. മനഃപൂർവ്വമല്ലെങ്കിൽകൂടി ഗോഹത്യചെയ്യേണ്ടിവന്ന ബ്രാഹ്മണന് അങ്ങേയറ്റം വിഷമമുണ്ടായി. ഗോഹത്യയ്ക്കുള്ള പ്രായശ്ചിത്തം എന്താണെന്നറിയാൻ ആ ബ്രാഹ്മണൻ അടുത്തുള്ള ഋഷിയുടെ ആശ്രമകവാടത്തിലെത്തി. അപ്പോൾ ആശ്രമ അധിപതിയായ സ്വാമി സന്ധ്യാവന്ദനത്തിനുപോയ സമയമായിരുന്നു. ശിഷ്യനായ മുനികുമാരൻ ബ്രാഹ്മണന്റെ ആഗമനോദ്ദേശ്യമാരാഞ്ഞു. അറിയാതെ ഗോഹത്യ നടത്തിയവിവരം പറഞ്ഞ ആഗതൻ, അതിന്റെ പ്രായശ്ചിത്തമായി എന്തു പരിഹാരകർമ്മം അനുഷ്ഠിക്കണമെന്ന് ചോദിച്ചു. ശിഷ്യൻ ഉടനെ പ്രായശ്ചിത്തം പറഞ്ഞുകൊടുത്തു: "അങ്ങ് കുളിച്ചു ശുദ്ധിയോടെ, ഭക്ത്യാദരപൂർവ്വം ശ്രീരാമനെ മനസ്സിൽ ധ്യാനിച്ച് അതീവ ശ്രദ്ധയോടെ മൂന്നുപ്രാവശ്യം രാമനാമം ജപിക്കുക; ഏത് കൊടും പാപത്തിനും പരിഹാരമാണ് ശ്രീരാമനാമജപം".

ഗുരു സന്ധ്യാവന്ദനം കഴിഞ്ഞ് എത്തിയപ്പോൾ തന്റെ ശിഷ്യൻ ബ്രാഹ്മണനു പാപമോക്ഷമുപദേശിച്ച വിവരമറിഞ്ഞു. രാമനാമം മൂന്നുതവണ ജപിക്കാൻ ഉപദേശിച്ചതറിഞ്ഞ് ഗുരു കോപിഷ്ഠനായി. ഗുരു പറഞ്ഞു: "ഹേ മൂഢാ! നീ ഇത്ര അൽപജ്ഞാ

നിയായിപ്പോയല്ലോ. രാമനാമം ഒരുതവണ ഉരുവിട്ടാൽതന്നെ പഞ്ചമഹാപാതകങ്ങ ൾക്കും പ്രായശ്ചിത്തമാകും. ഗോഹത്യയ്ക്കു പരിഹാരമായി, ആ ദിവ്യനാമം മൂന്നു പ്രാവശ്യം ജപിക്കുവാൻ ഉപദേശിച്ചതിലൂടെ നീ ശ്രീരാമനാമത്തിന്റെ മഹത്വത്തെ അപകർഷപ്പെടുത്തി(?). അതിന്റെ ഫലം നീ അനുഭവിക്കണം. രാമനാമത്തിന്റെ സിദ്ധിയിൽ വിശ്വാസമില്ലാത്ത നീ അടുത്ത ജന്മം നിഷാദനായി ജനിക്കട്ടെ". അറി യാതെ വന്നുപോയ തെറ്റിന് അനുഭവിക്കേണ്ടിവരുന്ന ശാപത്തിൽനിന്നു മോചനം ലഭിക്കുവാൻ മുനികുമാരൻ ഗുരുവിന്റെ കാല്ക്കൽവീണപേക്ഷിച്ചു. ശിഷ്യന്റെ കണ്ണീരിൽ അലിവു തോന്നിയ ഗുരു ശാപമോക്ഷത്തിന് ഒരു ഉപായം പറഞ്ഞുകൊ ടുത്തു: "കുമാരാ, ഞാൻ നിനക്ക് ശാപമോക്ഷം നൽകാൻ അശക്തനാണ്. എങ്കിലും, ശ്രീരാമാവതാരകാലത്ത് നിനക്ക് ശ്രീരാമചന്ദ്രസ്വാമികളെ ദർശിക്കുവാനും ശുശ്രൂ ഷചെയ്യുവാനും യോഗമുണ്ടാകും. ആ മഹാപുരുഷനെ ഗംഗാനദിയുടെ മറുകര ക ടത്തുവാനും നിനക്ക് അവസരം ലഭിയ്ക്കും. ആ സത്സംഗം നിനക്കു ശാപമോക്ഷം ലഭിക്കുവാൻ ഉപകരിക്കും". ശാപഗ്രസ്തനായ ആ മുനികുമാരനാണത്രേ ത്രേതായു ഗത്തിൽ നിഷാദരാജാവായ ഗുഹനായി പുനർജ്ജന്മമെടുത്തത്.

മുനികുമാരൻ ബ്രാഹ്മണനു പാപപരിഹാരം ഉപദേശിച്ച ആ സംഭവത്തിനു മുൻപും പിൻപും ആരും ഒന്നിലധികം പ്രാവശ്യം രാമനാമം ഉരുവിട്ടിട്ടില്ലേയെന്നും, ഒന്നില ധികം തവണ രാമനാമം ചൊല്ലിയതിലൂടെ മറ്റാരെങ്കിലും രാമനാമാവഹേളനത്തി ന്റെപേരിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോയെന്നും അറിയില്ല. അതുകൊണ്ടുതന്നെ ഈ ആഖ്യാനവും അതിലെ സംഭവങ്ങളും എത്രമേൽ യുക്തിഭദ്രമാണെന്നു തീരുമാനി ക്കാനും വിശ്വാസത്തിലെടുക്കാനും ഉള്ള വിവേചനാധികാരം വ്യാസമഹർഷിയെ യും വാല്മീകിയെയും പോലെയുള്ള മനീഷികളുടെ തൂലികകളെ ആദരിക്കുന്ന വായനക്കാർക്കു വിടുന്നു. അപ്പോഴും അവശേഷിക്കുന്ന ഒരു സന്ദേഹം,സ്വശരീരം പുറ്റുവന്നു മൂടുന്ന കാലത്തോളം ഇടതടവില്ലാതെ രാമനാമം ജപിച്ച ഒരു നിഷാദൻ ഭാരതീയരുടെ ഹൃദയത്തിലുണ്ട്. അക്കാര്യം അറിഞ്ഞിരുന്നെങ്കിൽ ഈ കഥയിലെ ബ്രാഹ്മണഗുരു അദ്ദേഹത്തിന് എന്ത് ശിക്ഷ വിധിക്കുമായിരുന്നു? ഏറ്റവും പ്രാഥമി കമായ അറിവുപോലുമില്ലാത്തവർ തട്ടിവിടുന്ന അത്തരം കെട്ടുകഥകളാണ് ഇതി ഹാസപുരാണങ്ങളെ അവിശ്വസനീയവും അബദ്ധജടിലവുമാക്കി അപമാനിച്ചത്.

നിഷാദൻ: മനുസ്മൃതിയിലെ നിർവ്വചനം

കാട്ടാളൻ, ഒരു ആദിവാസി സമൂഹം എന്നൊക്കെയാണ് നിഷാദൻ എന്ന പദത്തിനു പൊതുവെ നൽകപ്പെടുന്ന വിവക്ഷ. എന്നാൽ, മനുസ്മൃതിയനുസരിച്ച് അത് ജാതി വ്യവസ്ഥിതിയിലെ ഒരു അനുലോമജാതിയാണ്. കീഴ്ജാതിക്കാരിയിൽ മേൽജാതി ക്കാരനായ പുരുഷന് ഉണ്ടാകുന്ന സന്താനങ്ങളാണ് അനുലോമജാതീയർ. മനുസ്മൃ തിയിലെ പത്താമധ്യായത്തിൽ, വിഭിന്ന വർണ്ണികൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ ജനിക്കുന്ന സങ്കരസന്തതികളെക്കുറിച്ചു പറയുന്നയിടത്ത്, ബ്രാഹ്മണന് ശൂദ്രസ്ത്രീ യിൽ ജനിക്കുന്ന പുത്രന്മാരാണ് നിഷാദർ അല്ലെങ്കിൽ പാരശവർ എന്നു കാണുന്നു. പിതാവ് ബ്രാഹ്മണനാണെങ്കിലും, നിഷാദൻ നികൃഷ്ടനാണ് എന്നാണ് മനുവിന്റെ ഭാഷ്യം. വർണ്ണശുദ്ധിയില്ലാത്തവരാണ് അവർ എന്നതത്രേ കാരണം.(ശ്ലോകം:8,10):

> ബ്രാഹ്മണാദ് വൈശ്യകന്യായാമംബഷ്ഠോ നാമ ജായതേ
> നിഷാദഃ ശൂദ്രകന്യായാം യഃ പാരശവ ഉച്യതേ. 8
>
> ബ്രാഹ്മണന് വൈശ്യകന്യയിൽ ജനിക്കുന്ന പുത്രൻ അംബഷ്ഠൻ എന്നു പറയപ്പെടുന്നു. ശൂദ്രകന്യയിൽ ജനിക്കുന്നവൻ നിഷാദനും. അവനെ പാരശവൻ എന്നും പറയുന്നു.

യാജ്ഞവല്ക്യസ്മൃതി അനുസരിച്ചും ബ്രാഹ്മണനു ശൂദ്രസ്ത്രീയിലുണ്ടായ പുത്രന് പാരശവനെന്നാണ് പറയുന്നതെന്ന് ദക്ഷിണേന്ത്യയിലെ ജാതികൾ എന്ന പുസ്തകത്തിലെ വാരിയൻ എന്ന ഭാഗത്ത് കാണുന്നു. ബ്രാഹ്മണനു ശൂദ്രയുമായി വിവാഹബന്ധമോ വിവാഹേതരബന്ധമോ മനുസ്മൃതി വിലക്കുന്നില്ല എന്നുമാത്രമല്ല,അനുവദനീയമാണെന്ന് വ്യവസ്ഥചെയ്യുന്നുമുണ്ട്. അതായത്, വിഷയസുഖമനുഭവിക്കുന്നതിനുള്ള അവസരങ്ങൾ നിയമാനുസൃതമാക്കുകയും, അങ്ങനെ ഉണ്ടാകുന്ന മക്കളെ നികൃഷ്ടരായിപ്രഖ്യാപിച്ച് ബഹിഷ്കൃതരാക്കുകയുമാണ് മനുസ്മൃതി ചെയ്യുന്നത്. അതിനു പിന്നിലെ കാരണം എന്തായാലും, ആ വികൃതനിയമം മനുഷ്യവിരുദ്ധമാണെന്നു നിസ്സംശയം പറയാം. മനുസ്മൃതിയും ബ്രാഹ്മണ്യവും 'ബഹിഷ്കൃതരാക്കിയ' ഒരു സമൂഹത്തിൽ രാമൻ അതിഥിയായി എത്തുന്നതും, ആ സമൂഹത്തിന്റെ നായകനെ ആശ്ലേഷിക്കുന്നതും സുഖിക്കാത്തവരാകാം വാല്മീകിമഹർഷിയുടെ വാക്കുകൾ തിരുത്താനിറങ്ങിപ്പുറപ്പെട്ടത് എന്ന കാര്യത്തിൽ സംശയമില്ല.

മനുസ്മൃതി ജന്മാടിസ്ഥാനത്തിൽ വർണ്ണങ്ങളെയും സങ്കരവർണ്ണങ്ങളെയും നിർവ്വചിക്കുകയും ചിലർക്കു മനുഷ്യാവസ്ഥ നിഷേധിക്കുകയും ചെയ്തതിനു മുമ്പാണ് രാമായണകാലം എന്നതുകൊണ്ടാണ് ശ്രീരാമനും ഗുഹനും ആത്മമിത്രങ്ങളായത്. ആര്യനിയമങ്ങൾ മനുഷ്യരെവിഭജിച്ച് നിർമ്മിച്ച സാമൂഹികാവസ്ഥയുടെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നതുകൊണ്ടാണ് നമുക്ക് ആ ബന്ധം അവിശ്വസനീയമാകുന്നത്. അതുകൊണ്ടുതന്നെ, രാമനും ഗുഹനും ജീവിച്ചിരുന്ന ഭാരതം ആര്യാധിനിവേശപൂർവ്വകാലത്തെയാണ് ആവിഷ്കരിക്കുന്നത് എന്നതിലും, ശ്രീരാമനും ഗുഹനും ആത്മമിത്രങ്ങളായിരുന്നു എന്ന കാര്യത്തിലും സംശയത്തിന് യാതൊരു അവസരവുമില്ല എന്ന വാല്മീകിയുടെ സാക്ഷ്യപത്രം നിസ്സംശയം സ്വീകരിക്കാം.

[പിൻകുറിപ്പ്: ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ജനിക്കുന്ന സന്താനങ്ങളെ നിഷാദരാക്കി കാടുകയറ്റുന്ന ജാതിനിർണ്ണയനിയമം കേരളക്കരയിൽ നടപ്പിലാക്കിയിരുന്നെങ്കിലുള്ള അവസ്ഥ എന്തെന്ന് ആലോചിച്ചുനോക്കുക. നമ്പൂതിരിമാർക്കു നായർസ്ത്രീകളിൽ സംബന്ധം വഴിയും അല്ലാതെയും ഉണ്ടായവരെല്ലാം നിഷാദന്മാരായി ചാതുർവർണ്യത്തിന് വെളിയിലായി അവർണ്ണരാകുമായിരുന്നു. കേരളം ഒരു 'നിഷാദദേശ'മാകുമായിരുന്നു. അത്തരം പ്രതിസന്ധികൾ മറികടക്കാനാണോ മനുസ്മൃതിക്കു പകരമായി കേരളത്തിനു മാത്രമായി 'ശാങ്കരസ്മൃതി'എന്ന ആചാരസംഹിത ഉണ്ടാക്കിയത് എന്നുസംശയിക്കാം. അങ്ങനെയാണെങ്കിൽ ബ്രാഹ്മണരുടെ വിഷയസുഖംമാത്രമായിരുന്നു അവരെ ആ പുസ്തകനിർമ്മിതിക്കു പ്രേരിപ്പിച്ച അടിസ്ഥാനകാരണം എന്നു മനസ്സിലാക്കേണ്ടിവരും. ദൈവദത്തമെന്ന് അവർ തന്നെ പ്രചരിപ്പിക്കുന്ന സ്മൃതികളെ തള്ളിക്കളയാൻ അവർ തയ്യാറായതിന് പിന്നിൽ വേറെ കാരണങ്ങൾ തിരക്കേണ്ടതില്ല എന്നു തോന്നുന്നു.]

ഉദ്ധവർ

ഭഗവാൻകൃഷ്ണന്റെ ആത്മസഖാവും തേരാളിയും മന്ത്രിയുമായിരുന്നു ഉദ്ധവർ. ഭഗവാൻ ധരിച്ച വസ്ത്രങ്ങൾ എടുത്തണിയുന്നതിലും കൃഷ്ണൻ കഴിച്ച ആഹാരത്തിന്റെ പങ്കുകഴിക്കുന്നതിലും നിർവൃതി അനുഭവിച്ചിരുന്ന ഉദ്ധവർ, അനാദൃശ്യമായ ഭഗവത്ഭക്തിയുടെ പ്രതിരൂപമായാണ് ഇതിഹാസങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നത്. കൃഷ്ണന്റെ അച്ഛനായ വസുദേവന്റെ സഹോദരൻ ദേവഭാഗന്റെ പുത്രനായിരുന്ന ഉദ്ധവരുടെ ശരീരപ്രകൃതവും, ആളുകളിൽ തെറ്റിദ്ധാരണയുളവാക്കുന്ന അളവിൽ കൃഷ്ണന് സദൃശമായിരുന്നു.ഭഗവാന്റെ സ്വർഗ്ഗാരോഹണത്തോളം ഉദ്ധവർ നിഴലുപോലെ കൂടെയുണ്ടായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു.

കൃഷ്ണനുമായുണ്ടായിരുന്ന വ്യക്തിബന്ധത്തിനപ്പുറമുള്ള പ്രസക്തി ഉദ്ധവർക്ക് ഹൈന്ദവ ആദ്ധ്യാത്മികസരണിയിൽ ഉണ്ട്. ശ്രീമദ്ഭാഗവതത്തിലെ പതിനൊന്നാം അധ്യായത്തിലെ, ശ്രീകൃഷ്ണൻ ഉദ്ധവർക്ക് ഉപദേശിച്ചുകൊടുക്കുന്ന ഉദ്ധവഗീത എന്ന അദ്വൈതജ്ഞാനം ഭഗവദ്ഗീതപോലെതന്നെ മൂല്യവത്തായ ആദ്ധ്യാത്മിക സമ്പത്താണ്. അവതാരപൂർത്തീകരണത്തിനു മുന്നോടിയായി കൃഷ്ണൻ തന്റെ ആത്മസഖാവായിരുന്ന ഉദ്ധവരുടെ സംശയങ്ങൾക്ക് നല്കുന്ന ഉത്തരങ്ങളാണ് ആ ധർമ്മോപദേശകൃതിയിലുള്ളത്.ഭഗവദ്ഗീതയെ കുറേക്കൂടി വിസ്തരിച്ചവതരിപ്പിക്കുന്ന അതിൽ, ഭക്തിയെപ്പറ്റി ഭഗവാൻ പറയുന്നത് ഇപ്രകാരമാണ്: 'സർവ്വ മന്ത്രങ്ങളെയും സകല തീർത്ഥങ്ങളെയും സകല പ്രാർത്ഥനകളെയും അപേക്ഷിച്ചു ഞാൻ ശ്രേഷ്ഠമായി കാണുന്നത് നിഷ്കളങ്കമായ ഭക്തിയാണ്'.ശ്രീകൃഷ്ണൻ പ്രഖ്യാപിച്ച ആ സത്യം തന്നെയാണ് വേദാന്തമായ ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്നത്.

എല്ലായിപ്പോഴും ധർമ്മത്തെ മുൻനിർത്തി ജീവിക്കാൻ ഉദ്ബോധിപ്പിച്ച ഭഗവാന്റെ ചില പ്രവൃത്തികൾ അതിനു വിപരീതമായാണ് മാലോകർക്ക് അനുഭവപ്പെടുന്നത്. ആ വിഷയങ്ങളിലെ താത്വികവശം ലോകത്തിനു മുന്നിൽ ഭഗവാൻ അനാവരണം ചെയ്യുന്നത് ഉദ്ധവഗീതയിലൂടെ ഉദ്ധവരുടെ സംശയങ്ങൾക്കുള്ള മറുപടിയായാണ്. അതുകൊണ്ടാകാം അദ്ദേഹത്തെ കൃഷ്ണന്റെ പ്രതിരൂപമായി കണക്കാക്കുന്നത്. കൃഷ്ണന്റെ സുഹൃത്തും ഉപദേഷ്ടാവുമായ ഉദ്ധവർ യാദവനാണ്. ലോകത്തിനു മുഴുവൻ ധർമ്മം ഉപദേശിക്കാനും പഠിപ്പിക്കാനും നടപ്പാക്കാനും നിയോഗിക്കപ്പെവരെന്ന് സ്വയം അവകാശപ്പെടുന്ന ബ്രാഹ്മണർ നിരവധി ഉണ്ടായിരുന്നിട്ടും, ലോകത്തിനു ധർമ്മോപദേശം നൽകാൻ ഭഗവാൻ തെരഞ്ഞെടുത്തത് യാദവനായ ഉദ്ധവരെയാണ്. യാദവരായ ഉദ്ധവരെയും അർജ്ജുനനെയും നിമിത്തമാക്കി കൃഷ്ണൻ ലോകത്തിനു മുന്നിൽ ഭഗവദ്ഗീതയും ഉദ്ധവഗീതയും സമർപ്പിക്കുന്നത്, അത് പകർന്നുനൽകാനുള്ള യോഗ്യത അവർക്ക് ഉള്ളതിനാൽ തന്നെയാണ്. ലോകത്തിന്റെ നന്മ ലക്ഷ്യമാക്കി ഭഗവാൻകൃഷ്ണൻ അവർക്കും പിൻതലമുറകൾക്കും ചാർത്തിക്കൊടുത്ത ആധികാരികത, ജാതിബ്രാഹ്മണ്യവും മനുസ്മൃതിയും എത്ര നിഷേധിച്ചാലും ഇല്ലാതാകുന്നില്ല. ആ വസ്തുത മനസ്സിലാകാതെപോയതാണ് അബ്രാഹ്മണരുടെയും അവർണ്ണരുടെയും പരാജയം. അവർ ആ സത്യമറിയാതിരിക്കാൻ ജാതിബ്രാഹ്മണ്യം നടത്തിയ വമ്പൻ അട്ടിമറിയാണ് മോക്ഷത്തെ ഭക്തിയിൽനിന്നു വേർ

പെടുത്തി പുസ്തകങ്ങളിൽ തളച്ചിട്ടതിലൂടെ സാധിതമായത്. ആ അപനിർമ്മിതിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ, 'പ്രേമഭക്തിയെ ഭയഭക്തിയാക്കി' എന്ന അധ്യായത്തിൽ വിശദമായി ചേർത്തിട്ടുള്ളത് വായിക്കുക.

ജനകനും ജാനകിയും

രാമായണത്തിലെ നായികയായ സീതയുടെ പിതാവ് വിദേഹരാജ്യത്തെ രാജാവായിരുന്ന ജനകനാണല്ലോ. അതുകൊണ്ടാണ് സീതാദേവി ജാനകിയെന്നും വിളിക്കപ്പെടുന്നത്. വാസ്തവത്തിൽ ജനകൻ സീതയുടെ നേരച്ഛനല്ല. ഉഴവു നടത്തുമ്പോൾ ഉഴവുചാലിൽനിന്നാണ് ഭൂമികന്യയായ സീത(ജാനകി)യെ കിട്ടിയതെന്നാണ് രാമായണത്തിൽ വാല്മീകി പറയുന്നത്. ജനകൻ ഒരു 'ഉഴവനാ'യിരുന്നു.

വിദേഹരാജ്യത്തെ രാജാക്കന്മാർ പൊതുവെ ജനകൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സീതാദേവിയുടെ പിതാവായ ജനകമഹാരാജാവിന്റെ യഥാർത്ഥ നാമം സീരധ്വജൻ എന്നായിരുന്നു. സീരം എന്ന പദത്തിന്റെ അർത്ഥം 'കലപ്പ'യെന്നാണ്. പ്രസിദ്ധൻ, പ്രധാനി, കൊടിയടയാളമായുള്ളവൻ എന്നൊക്കെയാണ് 'ധ്വജൻ' എന്ന വാക്കിന്റെ താത്പര്യം. കലപ്പയെയും കൃഷിയെയും അഭിമാനചിഹ്നമായി സ്വീകരിച്ച ഒരു വംശാവലിയിലാണ് ജനകൻ ജനിച്ചതെന്നു വ്യക്തം. കലപ്പയും ആയുധങ്ങളും ഉപയോഗിച്ചുള്ള കൃഷി നിഷിദ്ധമായ ആര്യന്മാരുടെ പരമ്പരയിൽ, ഉഴവൻ വരാൻ യാതൊരു സാധ്യതയുമില്ലല്ലോ. ആ പരാമർശങ്ങളെല്ലാം നൽകുന്ന സൂചന, ജനകൻ ഒരു കർഷകരാജാവായിരുന്നു എന്നുതന്നെയാണ്. രാജാവായിരുന്നപ്പോൾത്തന്നെ ഋഷികളുടെ നിലയിലേക്കുയർന്ന ജനകനു വേദശാസ്ത്രങ്ങളിൽ അപാരജ്ഞാനമുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തെ രാജർഷിയായി കണക്കാക്കുന്നു. യാജ്ഞവല്ക്യമഹർഷിയായിരുന്നു അദ്ദേഹത്തിന്റെ ഗുരു. ഭഗവദ്ഗീതയിൽ കർമ്മയോഗത്തിന്റെ ഉത്തമോദാഹരണമായി കൃഷ്ണൻ അവതരിപ്പിക്കുന്നത് ജനകനെയാണ്. വ്യാസമഹർഷി പുത്രനായ ശ്രീശുകനെ ബ്രഹ്മജ്ഞാനസമ്പാദനത്തിനയച്ചത് ജനകന്റെ അടുത്താണ്. ഭാരതീയ ആദ്ധ്യാത്മിക നഭസ്സിൽ ജനകന്റെ ഇരിപ്പിടം എത്ര ഉയരത്തിലായിരുന്നു എന്നു മനസ്സിലാക്കാൻ അതൊക്കെ മതിയല്ലോ.

സാക്ഷാൽലക്ഷ്മീദേവിയുടെ അവതാരമാണല്ലോ ഭൂമിദേവിയുടെമകളായ സീത. 'നിലം ഉഴുകുമ്പോൾ ഉഴവുചാലിൽനിന്നും ലഭിച്ചു' എന്ന പരാമർശത്തെ, കഥാകൃത്തിന്റെ ഭാവനയായോ സ്വയംഭൂ അല്ലെങ്കിൽ അയോനിജ എന്ന പ്രതീതി സൃഷ്ടിക്കുന്നതിനു സ്വീകരിച്ച സങ്കേതമായോ ഒക്കെ കാണുന്നതാണു യുക്തി. അത്തരം ഒരു സംഭാവ്യതയെ സ്വീകരിക്കാൻ സന്നദ്ധമാകാത്തവർക്കുപോലും സീതയുടെ ജനനം ആഢ്യത്വത്തിന്റെ പ്രതിരൂപമായ കൊട്ടാരത്തിലല്ല, അതിജീവനത്തിന്റെ അടയാളമായ കൃഷിയിടത്തിലാണ് എന്നസത്യത്തെ നിരാകരിക്കാനാകില്ല. യജ്ഞത്തിനുവേണ്ടി ഭൂമി ഉഴുകുമ്പോഴാണ് സീതയെ കിട്ടിയതെന്ന ചില ഗ്രന്ഥങ്ങളിലെ പരാമർശത്തിന്റെ താത്പര്യവും മറ്റൊന്നല്ല. പൗരാണികകാലത്ത് കൃഷിയടക്കമുള്ള വൃത്തികളെല്ലാം പുണ്യകർമ്മങ്ങളായാണ് കരുതിയിരുന്നത്. ഭഗവത്ഗീത മുതലായ ഗ്രന്ഥങ്ങൾ ഉത്ഘോഷിക്കുന്ന കർമ്മയോഗത്തിന്റെ പ്രാമാണ്യം അർത്ഥമാക്കുന്നതും അതാണ്. രാമായണകഥയുടെ അന്ത്യത്തിൽ സീത അഭയം തേടി അന്ത

ർധാനം ചെയ്തതും ഭൂമിദേവിയുടെ കൈകളിലാണല്ലോ. ഭൂമിയോളം ക്ഷമയുള്ള നായിക മാത്രമായിരുന്നില്ല; ഭൂമിതന്നെയായിരുന്നു സീത.

ജാതിയില്ലായ്മ മൗലികസ്വഭാവമായിരുന്ന ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമായി പൗരാണികകാലത്ത് നിവസിച്ചിരുന്ന ഒരു ഗോത്രസമൂഹമായിരുന്നു ഉഴവർ.സംഘ കാലമായപ്പോഴേക്കും ദ്രാവിഡർ ഒരു കാർഷികസമൂഹമായി വികസിച്ചിരുന്നതായി സംഘകാലസാഹിത്യരചനകൾ സൂചന നല്കുന്നുണ്ട്. കാർഷികവൃത്തിയിലേയ്ക്കു പ്രവേശിച്ച് സമ്പന്നവിഭാഗമായി മാറിയ ദ്രാവിഡഗോത്രമാണ് ഉഴവർ. അവർ സമൂഹത്തിലെ കുലമഹിമയും കുലീനസ്ഥാനവും നോക്കാതെതന്നെ, കലപ്പയും വിത്തുമെടുത്ത് കാളകളോടൊപ്പം വയലിലിറങ്ങി പണിചെയ്തിരുന്നതായി 'പതിറ്റുപ്പത്തി'ൽ(VIII-06) പ്രസ്താവിക്കുന്നുണ്ട്. ഉഴവു നടത്തുമ്പോൾ ജനകന് ഉഴവുചാലിൽനിന്നാണ് ജാനകിയെ(സീത)കിട്ടിയത് എന്ന പ്രതിപാദനം ആ പശ്ചാത്തലത്തിൽ നോക്കിക്കാണണം. അന്ന്, വാസസ്ഥലത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിലുള്ളതായിരുന്നു ഗോത്രനാമങ്ങൾ. അവ വാസ്തവത്തിൽ ഇന്നത്തെ സ്വഭാവമുള്ള ജാതിനാമങ്ങളായിരുന്നില്ല. ഗോത്രത്തലവന്മാരാൽ നിയന്ത്രിതമായ അത്തരത്തിലുള്ള ആദ്യകാല ഭരണസംവിധാനത്തിന്റെ വികസിത രൂപങ്ങളായിട്ടാകാം പിൽക്കാലത്തു ഗോത്രരാജവംശങ്ങളും ഗോത്രസാമ്രാജ്യങ്ങളും വികസിച്ചുവന്നത്. ജനകനും ജാനകിയുമെല്ലാം അത്തരത്തിലുള്ള അനാര്യഗോത്രസംസ്കൃതിയുടെ സന്തതികളായിരുന്നു എന്നതാണല്ലോ അതൊക്കെ കാണിക്കുന്നത്. രാമന്റെ കുലമായ ഇക്ഷ്വാകുവംശം ഉൾപ്പെടുന്ന സൂര്യവംശം വൈവസ്വതമനുവിൽനിന്നു പിറവിയെടുത്ത ദ്രാവിഡരാജവംശമായിരുന്നെന്ന ഭാഗവതത്തിലെ പ്രസ്താവന തന്നെ അതിനെ സാധൂകരിക്കുന്നതാണ്. രാമനും ജനകനുമെല്ലാം പ്രതിനിധാനംചെയ്തിരുന്ന രാജവംശങ്ങൾ ദ്രാവിഡനാഗരികതയിലെ രാജപരമ്പരകളായിരുന്നു എന്നതിനെ അടിവരയിടുന്നതാണല്ലോ മേൽപ്പറഞ്ഞ വിവരങ്ങൾ. അവരെല്ലാം ആര്യവംശജരാണെന്ന ധാരണപരന്നത് കാലാന്തരങ്ങളിലൂടെ നടപ്പാക്കപ്പെട്ട മഹാത്മാക്കളെ ആര്യന്മാരാക്കുന്ന അപനിർമ്മാണപ്രക്രിയയിലൂടെയാകാം.

രാമായണത്തിൽമാത്രമല്ല, ആദ്യവേദമായ ഋഗ്വേദത്തിലും നമുക്ക് സീതാദേവിയെ കാണാം. അവിടെ, കാർഷികദേവതയായ സീത, മഴദേവൻ ഇന്ദ്രന്റെ പത്നിയാണ്. അത്തരം സാമ്യങ്ങളുടെ അടിസ്ഥാനത്തിൽ, രാമായണത്തിന്റെ തായ്‌വേര് ഋഗ്വേദത്തിലാണെന്നു ചില ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ആ അനുമാനത്തിന്റെ നിജസ്ഥിതി എന്തായാലും, ജനകനും സീതയുമൊക്കെ കർഷകസമൂഹങ്ങളുടെ ഭാഗമായിരുന്നു എന്ന സങ്കല്പം വസ്തുതാപരമാണെന്ന് തെളിയുന്നു. കൃഷ്ണന്റെ ജ്യേഷ്ഠനും മഹാവിഷ്ണുവിന്റെ അവതാരവുമായ ബലരാമനും ഒരു ഉഴവ് വിദഗ്ദ്ധനായിരുന്നു. ഹലായുധൻ എന്നപേരിലാണല്ലോ അദ്ദേഹം അറിയപ്പെട്ടിരുന്നത്. പൗരാണിക സാമൂഹികക്രമത്തിൽ കർഷകരും കാർഷികവൃത്തി സ്വീകരിച്ചിരുന്നവരും പതിരോ പതിതരോ ആയിരുന്നില്ല എന്നതാണ് അതിൽനിന്നൊക്കെ വ്യക്തമാകുന്നത്. ആര്യന്മാർ സ്മൃതിനിയമങ്ങളുണ്ടാക്കി ആഭിജാത്യത്തിന് പുതിയ അളവുകോൽ നിശ്ചയിച്ചതോടുകൂടിയാണ് അദ്ധ്വാനവും ആഢ്യത്വവും വിപരീതാനുപാതത്തിലായത്. അതോടെയാണ് പണിയെടുക്കുന്നവരും വിയർക്കു

ന്നവരുമൊക്കെ പതിതരായത്. അതിനോടോപ്പംതന്നെ, ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് ബലരാമനും ജനകനും, അതുപോലെയുള്ള അനേകരും ക്ഷത്രിയരായത് അവരെല്ലാം രാജാക്കന്മാരായതുകൊണ്ടാണ്; ക്ഷത്രിയവർണ്ണത്തിൽ ജനിച്ചതുകൊണ്ടല്ല എന്ന വസ്തുത. ചാതുർവർണ്യവിഭജനം ജന്മാധിഷ്ഠിതമാകുന്നതുവരെ അതായിരുന്നു അവസ്ഥ. അതിനാലാകാം ശൂദ്രൻ ക്ഷത്രിയനായും ബ്രാഹ്മണനായും മാറിയ കഥകൾ പുരാണേതിഹാസങ്ങളിൽ കാണാൻ പറ്റുന്നത്. കർഷകർക്കു ബ്രഹ്മജ്ഞാനിയാകാനും രാജാവാകാനും സാധ്യതയുണ്ടായിരുന്ന ആ വ്യവസ്ഥിതി ഇല്ലാതായത് സ്മൃതിനിയമങ്ങൾ മനുഷ്യത്വത്തിനുമേൽ പിടിമുറുക്കിയതോടെയാണ്; ആർഷസംസ്കൃതിക്കുമേലെ ആര്യന്മാർ അധീശത്വം സ്ഥാപിച്ചതോടെയാണ്. അതോടുകൂടി വർണ്ണശ്രേണിയിൽ മുകളിലോട്ടുള്ള പ്രയാണം സാധ്യമല്ലാതാകുകയും, പിറകോട്ടും പുറത്തോട്ടുമുള്ള പതനം മാത്രം നാട്ടുനടപ്പാകുകയും ചെയ്തു.

വിശ്വാമിത്രൻ

മിക്കവാറും സർവ്വ പുരാണങ്ങളിലും ദീർഘസാന്നിധ്യമുള്ള ബ്രഹ്മർഷിയാണല്ലോ വിശ്വാമിത്രൻ. ഋഗ്വേദത്തിന്റെ മൂന്നാം മണ്ഡലത്തിലെ കുറെ മന്ത്രങ്ങളും, സകല മന്ത്രങ്ങളുടെയും മാതാവായി ഗണിക്കപ്പെടുന്ന ഗായത്രീമന്ത്രവും എഴുതിയ ബ്രഹ്മർഷി വിശ്വാമിത്രൻ ജന്മംകൊണ്ടു ക്ഷത്രിയനായിരുന്നു. ഋഗ്വേദത്തിലെ പരാമർശങ്ങളനുസരിച്ച്,വിശ്വാമിത്രമുനി രാജാവായ കുശികന്റെ പുത്രനായിരുന്നു. ക്ഷത്രിയനായി ജനിച്ച് തപസ്സിലൂടെ ബ്രാഹ്മണനായി മാറിയതിന്റെ ഉദാഹരണമായി പലപ്പോഴും ഉയർത്തിക്കാണിക്കപ്പെടാറുള്ള ഒരു പുരാണകഥാപാത്രമാണ് അദ്ദേഹം.

പൂർവ്വാശ്രമത്തിൽ രാജാവായിരുന്ന വിശ്വാമിത്രൻ തപസ്സുചെയ്ത് ബ്രഹ്മർഷിപദം ആർജ്ജിക്കുകയായിരുന്നു എന്നാണല്ലോ പൊതു പ്രചാരണം. ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനം ജന്മമാണെന്ന വംശവിശുദ്ധിവാദികളുടെ വ്യാഖ്യാനത്തിന്റെ വേരറുക്കുന്നതാണല്ലോ ആ ഉദാഹരണം. എന്നിട്ടും, ജന്മമാണ് വർണ്ണത്തിന്റെ ആധാരം എന്ന് നിഷ്കർഷിക്കുന്നവർതന്നെയാണ് കർമ്മത്തിലൂടെ ബ്രാഹ്മണ്യംനേടിയാണ് വിശ്വാമിത്രനെന്ന ക്ഷത്രിയരാജാവ് വേദമന്ത്രദ്രഷ്ടാവായ വിശ്വാമിത്രനായതെന്ന പൊളി പ്രചരിപ്പിക്കുന്നത്. ആ ഒത്തുതീർപ്പിനു പിന്നിലുള്ള കാരണം, വേദമന്ത്രങ്ങളുടെ കർതൃത്വം ബ്രാഹ്മണരിൽ ഉറപ്പിക്കുകയെന്ന സ്വാർത്ഥതമാത്രമാണ്. തപസ്സുചെയ്തിട്ടായാലും ബ്രാഹ്മണനായി മാറിയ ഒരാളിനുമാത്രമേ വേദമന്ത്രങ്ങൾ ദർശിക്കാനാകൂ എന്ന പ്രചരിതവിശ്വാസം ഉറപ്പിയ്ക്കുന്നതിനുവേണ്ടിയാണത്.വേദമന്ത്രങ്ങൾ അപൗരുഷേയമായതുകൊണ്ട്, അവ മനുഷ്യർ സൃഷ്ടിച്ചതല്ല; മഹർഷിമാർ ദർശിച്ചവയാണെന്നാണ് വിശ്വാസം. ഋഗ്വേദം,യജുർവേദം,സാമവേദം എന്നീ മൂന്നു വേദങ്ങളിലും കാണുന്നതും, ഉപനയനസമയത്തു ഗുരുവിൽനിന്നും ഉപദേശമായി സ്വീകരിക്കുന്നതുമായ ഗായത്രിമന്ത്രത്തിന്റേതടക്കമുള്ള പ്രധാന വേദമന്ത്രങ്ങളുടെ കർതൃത്വം അബ്രാഹ്മണനായ വിശ്വാമിത്രനാണ് എന്ന പ്രതിസന്ധി മറികടക്കാൻവേണ്ടിയാണ് ആര്യബ്രാഹ്മണ്യം ആ കല്പിതകഥ ചമച്ചത്. അപ്പോഴും അവരുടെ അപനിർമ്മാണങ്ങൾക്കു മറുപടിയുമായി പൗരാണികഗ്രന്ഥങ്ങളിലെ അപ്രതിരോധ്യമായ ചില തെളിവുകൾ നമുക്കു മുന്നിൽ അവശേഷിക്കുന്നുണ്ട്:

വിശ്വാമിത്രൻ ബ്രാഹ്മണനായിട്ടില്ല

ജന്മമല്ല, കർമ്മമാണ് ബ്രാഹ്മണ്യത്തിനു കാരണമെന്നു സമർത്ഥിക്കാൻ ആധുനിക കാലത്തു പലരും ഉദാഹരിക്കാറുള്ള പുരാണപുരുഷനാണ്, ക്ഷത്രിയനായി ജനിച്ചു ബ്രാഹ്മണനായ വിശ്വാമിത്രൻ. എന്നാൽ, ആ വ്യാഖ്യാനത്തിൽ തീരെ സത്യമില്ല എന്നതാണ് സത്യം. ക്ഷത്രിയവർണ്ണത്തിൽ ജനിച്ച ഒരാൾക്ക്, നിലവിലുള്ള വർണ്ണവിഭജനവ്യവസ്ഥകളനുസരിച്ച് ഒരിക്കലും ജാതിബ്രാഹ്മണനാകാനൊക്കില്ല.എന്തുകൊണ്ടെന്നാൽ, ജന്മമാണ് വർണ്ണവിഭജനത്തിന്റെ അടിസ്ഥാനമായി കരുതപ്പെടുന്നത്. അതിനെ അസാധുവാക്കിക്കൊണ്ട്, വിശ്വാമിത്രനോ മറ്റാരെങ്കിലുമോ കർമ്മങ്ങളിലൂടെ അന്യവർണ്ണം ആർജ്ജിച്ചിട്ടുണ്ടെങ്കിൽ, ആ മാറ്റം മനുസ്മൃതിയും അതിന്റെ പ്രചാരകരും മുന്നോട്ടുവെയ്ക്കുന്ന വർണ്ണവിഭജനവുമായി ബന്ധപ്പെട്ട സകല നിയമങ്ങളുടെയും നിരാസമാണ്. അതോടെ വർണ്ണം ജന്മാർജ്ജിതമാണെന്ന സങ്കൽപം തന്നെ റദ്ദുചെയ്യപ്പെടും. അതുകൊണ്ട്, ബ്രാഹ്മണ്യത്തിനു സ്വീകാര്യമാകാത്ത ആ പ്രസ്താവനയുടെ കർതൃത്വം അവരിൽനിന്നും ഉണ്ടാകുമെ ന്ന് കരുതാൻവയ്യല്ലോ. പിന്നെ,എന്തുകൊണ്ടാണ് അത്തരം ഒരു പ്രചാരവേല ഉണ്ടായതെന്ന് വസ്തുനിഷ്ഠമായി അന്വേഷിച്ചാൽ എത്തിച്ചേരുന്നത്, പുരാണേതിഹാസങ്ങളിലെ വിവരണങ്ങളനുസരിച്ചും വിശ്വാമിത്രൻ ബ്രാഹ്മണനായിട്ടില്ല എന്ന സത്യത്തിലേക്കാണ്. അതിന്റെ കൃത്യമായകാരണം വിശ്വാമിത്രൻ തപസ്സുചെയ്തത് ബ്രഹ്മജ്ഞാനിയാകാനായിരുന്നു; ജാതിബ്രാഹ്മണനാകാനല്ല എന്നതുതന്നെയാണ്.

വിശ്വാമിത്രനും വസിഷ്ഠമുനിയും തമ്മിലുള്ള വൈരം വളരെ പ്രസിദ്ധമാണല്ലോ. കേവലം രണ്ടു വ്യക്തികൾ തമ്മിലുള്ള വൈരാഗ്യമെന്നതിനപ്പുറമുള്ള മാനം ആ കുടിപ്പകയ്ക്കുണ്ട്. വസിഷ്ഠൻ ബ്രഹ്മാവിന്റെ മാനസസൂനുവായ ബ്രഹ്മർഷിയും, സപ്തർഷികളിൽ മുഖ്യനുമാണ്. വിശ്വാമിത്രൻ ജന്മനാ ക്ഷത്രിയനായിരുന്നു.അവർക്കിടയിലെ കലഹത്തിന്റെ ചരിത്രം, വാല്മീകിരാമായണത്തിലെ ബാലകാണ്ഡത്തിൽ, ഗൗതമപുത്രനായ ശതാനന്ദമഹർഷി ശ്രീരാമനോട് പറയുന്ന പ്രകാരത്തിൽ വിവരിക്കുന്നുണ്ട്: ഒരിക്കൽ, വലിയൊരു സൈന്യത്തോടൊപ്പം ലോകം ചുറ്റാനിറങ്ങിയ വിശ്വാമിത്രമഹാരാജാവ്, ഒരുദിനം വസിഷ്ഠമഹർഷിയുടെ ആശ്രമസ്ഥലത്തെത്തി. കുശലാന്വേഷണങ്ങൾക്കൊടുവിൽ വിശ്വാമിത്രനും പരിവാരങ്ങൾക്കുമായി മഹർഷിയൊരുക്കിയ രാജകീയവിരുന്ന്, മഹാരാജാവിനെ അത്ഭുതപരതന്ത്രനാക്കി. വനത്തിലെ ആശ്രമത്തിൽ ദുർലഭമായ രാജകീയവിഭവങ്ങളൊരുക്കിയത്, മഹർഷിയുടെ ദിവ്യശക്തിയുള്ള കാമധേനുവെന്ന പശുവാണെന്നറിഞ്ഞ രാജാവ്, അവളെ തനിക്കു തരണമെന്നും, അളവില്ലാത്തത്ര സ്വർണ്ണവും വെള്ളിയും അനേകായിരം പശുക്കളും പരസഹസ്രം ആനകളും നൂറുകണക്കിനു സ്വർണ്ണരഥങ്ങളും പകരം നൽകാമെന്നും അറിയിച്ചു. രാജാവ് ഒരാൾ മാത്രമാണ് ഓരോ വസ്തുക്കളിലും ശ്രേഷ്ഠമായതിന്റെ ഉടമസ്ഥനെന്ന ന്യായമാണ് വിശ്വാമിത്രൻ ഉയർത്തിയത്.

യജ്ഞങ്ങൾക്കും ഹോമത്തിനും ആവശ്യമായ ദ്രവ്യങ്ങൾ തരുന്ന കാമധേനുവാണ് തന്റെ അനുഷ്ഠാനങ്ങൾക്കെല്ലാം ആധാരമെന്നും, അതുമാത്രമാണ് തന്റെ രത്നവും ധനവും ജീവനും എന്നറിയിച്ച വസിഷ്ഠൻ അവളെ തരില്ലെന്ന് ഉറപ്പിച്ചുതന്നെ

പറഞ്ഞു.കോപിഷ്ഠനായ മഹാരാജാവ് കാമധേനുവിനെ ബലാത്കാരേണ പിടിച്ചു കൊണ്ടുപോകാനൊരുങ്ങി.നൂറ്റുക്കണക്കായ സൈനികരെ കുടഞ്ഞെറിഞ്ഞ് മുനിയുടെ മുന്നിലെത്തി വാവിട്ടുകരഞ്ഞ ശബളയോട് മുനി തന്റെ നിസ്സഹായാവസ്ഥ അറിയിച്ചു. ശത്രുസൈന്യത്തെ നശിപ്പിക്കാൻ ഒരുസേനയെ സൃഷ്ടിച്ചുകൊള്ളുക എന്ന മഹർഷിയുടെ കൽപന അനുസരിച്ച കാമധേനു പപ്ലവർ, ശകർ, യവനന്മാർ എന്നീ സൈന്യങ്ങളുണ്ടാക്കി. അവരൊക്കെ വിശ്വാമിത്രന്റെ സേനയാൽ പരാജയപ്പെടുന്നതു കണ്ട കാമധേനു കാംബോജർ, മ്ലേച്ചന്മാർ, കിരാതന്മാർ, ഹാരീതകന്മാർ തുടങ്ങിയ കൂടുതൽ സേനകളെ ഉണ്ടാക്കി രാജസേനയെ പരാജയപ്പെടുത്തി. നിവൃത്തിയില്ലാതെ, വിശ്വാമിത്രന്റെ നൂറുമക്കളും ആയുധങ്ങളുമെടുത്ത് വസിഷ്ഠനെ ആക്രമിക്കാനെത്തി. വസിഷ്ഠമഹർഷി അവരെ ഒരു ഹുങ്കാരത്താൽതന്നെ ചുട്ടെരിച്ചുകളഞ്ഞു. പരാജിതനായി മടങ്ങേണ്ടിവന്ന വിശ്വാമിത്രൻ അവശേഷിച്ച ഏകപുത്രനെ രാജാവായിവാഴിച്ച് ഹിമാലയത്തിലേയ്ക്കു തപസ്സുചെയ്യാൻ പോയി.

വസിഷ്ഠനോട് തോറ്റുമടങ്ങിയ വിശ്വാമിത്രൻ മഹാദേവന്റെ അനുഗ്രഹം നേടാൻ വേണ്ടി തപസ്സിരുന്നത്, മാനസാന്തരമുണ്ടായതുകൊണ്ടോ വിരക്തനായതിനാലോ ആയിരുന്നില്ല. വസിഷ്ഠമുനിയെ ഇല്ലാതാക്കാൻ ആയുധങ്ങൾ നേടാനായിരുന്നു. അതുകൊണ്ടാണ്, അദ്ദേഹം ദേവന്മാരുടേയും ഗന്ധർവ്വന്മാരുടേയും മഹർഷിമാരുടെയും യക്ഷന്മാരുടെയും രാക്ഷസന്മാരുടെയും അസുരന്മാരുടെയും പക്കൽ ഉള്ള ആയുധങ്ങളെല്ലാം തനിക്ക് വശപ്പെടണേയെന്ന വരം പരമശിവനോട് ആവശ്യപ്പെട്ടത്. മഹാദേവന്റെ വരത്തിന്റെ ബലത്തിൽ രാജാവിനു വസിഷ്ഠന്റെ ആശ്രമം നശിപ്പിക്കാനായെങ്കിലും, മഹാമുനിയെ ഹനിക്കാനായില്ല. മഹർഷിയുടെ ആത്മബലത്തിനു മുന്നിൽ ബ്രഹ്മാസ്ത്രമടക്കമുള്ള ആയുധങ്ങളെല്ലാം നിഷ്പ്രഭമാകുന്നതുകണ്ട വിശ്വാമിത്രൻ ബ്രഹ്മത്വത്തിന്റെ(ബ്രാഹ്മണ്യത്തിന്റെ അല്ല;ബ്രഹ്മജ്ഞാനത്തിന്റെ) ശക്തി തിരിച്ചറിഞ്ഞ് പിൻവാങ്ങി വീണ്ടും ഉഗ്രതപസ്സാരംഭിച്ചു.

തപസ്സിനൊടുവിൽ ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് രാജാവിനെഅനുഗ്രഹിച്ച് വരംനല്കി: "ഹേ, കുശികസുതാ! ഭവാന്റെ തപസ്സുകൊണ്ട് രാജർഷികളുടെ ലോകങ്ങൾ ജയിക്കപ്പെട്ടു; ഈ തപസ്സുകൊണ്ട് അങ്ങയെ രാജർഷിയെന്നുതന്നെ നാം അറിയുന്നു". (അദ്ധ്യാത്മരാമായണം, ബാലകാണ്ഡം, സർഗ്ഗം:57,ശ്ലോകം:05). ബ്രഹ്മദേവന്റെ വരം കേട്ടപ്പോൾ വിശ്വാമിത്രന് അതിയായ ലജ്ജയും മനോവിഷമവും ക്രോധവുമാണ് ഉണ്ടായതെന്ന് അടുത്തശ്ലോകത്തിൽ കാണാം.അതിഘോരമാംവണ്ണം തപസ്സുചെയ്തിട്ടും, ഋഷിഗണങ്ങളോടുകൂടിയ ദേവന്മാർ താനുദ്ദേശിച്ച ഫലംതരാതെ രാജർഷിയായി മാത്രം അംഗീകരിച്ചതാണ് അദ്ദേഹത്തിന്റെ അതൃപ്തിക്കു കാരണമെന്ന് ആത്മഗതരൂപത്തിലുള്ള അടുത്ത ശ്ലോകത്തിനിന്നും വ്യക്തമാകുന്നു. ഉഗ്രതപസ്സുചെയ്തിട്ടും വിശ്വാമിത്രന് ബ്രഹ്മത്വം ലഭിയ്ക്കാതിരുന്നതിന്റെ കാരണം, അദ്ദേഹത്തിന് ഇന്ദ്രിയനിയന്ത്രണം ഉണ്ടായില്ലായെന്നതും ധാർമ്മികമല്ലാത്ത ഫലകാംക്ഷയുണ്ടായിരുന്നു എന്നതുമൊക്കെ തന്നെയാണ്. അദ്ദേഹം തപസ്സുചെയ്തത് പട്ടമഹഷിയോടൊപ്പമായിരുന്നു. എന്നുമാത്രമല്ല, അക്കാലയളവിൽ അദ്ദേഹത്തിന് ഹവിഷ്യന്ദൻ, മധുഷ്യന്ദൻ, ദൃഢനേത്രൻ, മഹാരഥൻ എന്നീ നാലു പുത്രന്മാരും ഉണ്ടായി.

കഠിനമായ തപസ്സിരുന്നിട്ടും, മനസ്സുനിറഞ്ഞ പകയും കോപവുമൊന്നും ശമിച്ചതുമില്ല. സത്വഗുണമാർജ്ജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല എന്നുതന്നെയല്ല, രജോഗുണങ്ങളിൽ നീന്തിത്തുടിക്കുകയായിരുന്നു എന്നതാണ് ബ്രഹ്മത്വം നേടുന്നതിനു വിഘാതമായത്. അതിനുശേഷവും വിശ്വാമിത്രൻ തീരെ മാറിയില്ല എന്ന് അദ്ദേഹത്തിന്റെ തുടർന്നുള്ള ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പിന്നെയും കുറേയേറെക്കാലം ഉഗ്രതപസ്സിലൂടെ ഇന്ദ്രിയനിയന്ത്രണം സ്വായത്തമാക്കിയതിനു ശേഷമായിരുന്നു ബ്രഹ്മദേവനെ സംപ്രീതനാക്കി വിശ്വാമിത്രരാജൻ ബ്രഹ്മർഷിപദംനേടിയത്. വാസ്തവത്തിൽ അത് ബ്രഹ്മത്വപ്രാപ്തിയായിരുന്നു; വർണ്ണമാറ്റമായിരുന്നില്ല.

വിശ്വാമിത്രൻ തപസ്സിരുന്നത് ബ്രഹ്മബലംനേടുവാൻവേണ്ടിയാണ്;ബ്രാഹ്മണനാകാനല്ല. ബ്രാഹ്മണനല്ല എന്നതുകൊണ്ട് എന്തെങ്കിലും അപകർഷത അനുഭവിക്കേണ്ടിവന്നതിനാലോ; ക്ഷത്രിയനാണെന്നതിനാൽ എന്തെങ്കിലും നിഷിദ്ധമായതിനാലോ അല്ല രാജാവായ വിശ്വാമിത്രൻ തപസ്സുചെയ്ത് ബ്രഹ്മത്വം നേടാൻ ശ്രമിച്ചത്. തന്റെ ഭീമൻസൈന്യത്തെ പരാജയപ്പെടുത്താൻ നിരായുധനായ വസിഷ്ഠന്റെ ബ്രഹ്മവീര്യത്തിനു കഴിഞ്ഞു എന്ന തിരിച്ചറിവു നിമിത്തമാണ്. മാത്രവുമല്ല, വിശ്വാമിത്രനെ ആത്മജ്ഞാനം നേടാൻ പ്രലോഭിപ്പിച്ച വസിഷ്ഠമുനിയും ബ്രാഹ്മണനായിരുന്നില്ല. വസിഷ്ഠമുനി ശൂദ്രകുലപതിയാണല്ലോ. ബ്രാഹ്മണ്യം ജാതിമാത്രമാണെന്നിരിക്കെ അത് തപസ്സിലൂടെ ആർജ്ജിക്കാവുന്നതല്ല. ബ്രഹ്മജ്ഞാനം ആഗ്രഹിക്കുന്ന ആളിന് ജാതിബ്രാഹ്മണനാകേണ്ടതുമില്ല. വിശ്വാമിത്രനെ ബ്രഹ്മർഷിയാക്കി പ്രഖ്യാപിച്ചനുഗ്രഹിച്ച വസിഷ്ഠന്റെ വചനങ്ങളാണ് ഇക്കാര്യത്തിൽ നമുക്ക് സ്വീകരിക്കാവുന്ന സാക്ഷ്യപത്രം:'ത്വം ബ്രഹ്മർഷിച സന്ദേഹം നഃ'(ഭഗവാൻ ബ്രഹ്മർഷിതന്നെ;സംശയമില്ല -അറുപത്തഞ്ചാം സർഗ്ഗം, ശ്ലോകം:026). ബ്രഹ്മത്വവും ബ്രാഹ്മണ്യവും ഒന്നാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നവരുടെ വഴിതെറ്റിക്കൽ വിദ്യമാത്രമാണ് വിശ്വാമിത്രരാജാവിന്റെ ബ്രാഹ്മണ്യപ്രാപ്തിയുടെകഥ. ജാതിബ്രാഹ്മണ്യത്തിന്റെ മഹിമ ഉറപ്പിക്കാനുള്ള ഒരു പൊടിക്കൈ മാത്രമാണത്. ബ്രാഹ്മണനു മാത്രമേ മോക്ഷം വിധിച്ചിട്ടുള്ളൂ എന്നു സ്ഥാപിക്കുകയാണ് ആ കൽപിതകഥയുടെ ലക്ഷ്യം. മറ്റു വർണ്ണങ്ങളിൽ ജനിച്ചവർ, ബ്രാഹ്മണ്യം നേടി ബ്രാഹ്മണനു വിധിച്ചിട്ടുള്ള അനുഷ്ഠാനങ്ങളിലൂടെ കടന്നുപോയാലേ ബ്രഹ്മത്വവും മോക്ഷവും സാധ്യമാകൂവെന്ന് പറയാതെ പറയുകയാണ് ഈ കഥയിലൂടെ. അതോടൊപ്പം, ഋഗ്വേദം, യജുർവേദം, സാമവേദം എന്നീ മൂന്നു വേദങ്ങളുടെയും ഭാഗമായതും, ഉപനയനസമയത്ത് ഗുരുവിൽനിന്നും ഉപദേശമായി സ്വീകരിക്കുന്ന ഗായത്രിമന്ത്രത്തിന്റേത് അടക്കമുള്ള പ്രധാനവേദമന്ത്രങ്ങളുടെ കർതൃത്വം ബ്രാഹ്മണനായി മാറിയതുകൊണ്ടുമാത്രം വിശ്വാമിത്രനു സാധ്യമായതാണെന്നു സ്ഥാപിക്കുകയുംവേണം. വിശ്വാമിത്രമഹർഷിയെ ബ്രാഹ്മണനാക്കുന്ന അപനിർമ്മിതിക്ക് അതിലധികം ഒരു ആധികാരികതയുമില്ല.

പരിഭാഷകരുടെ പാളംതെറ്റിക്കൽ

വിശ്വാമിത്രൻ ബ്രാഹ്മണനായെന്ന അബദ്ധധാരണ വ്യാപകമായത് എന്തുകൊണ്ടാണെന്നു നോക്കാം. ബ്രഹ്മശ്രീ ടി.എസ്. ശ്രീനിവാസ അയ്യർ വ്യാഖ്യാതാവായ ശ്രീമദ് വാല്മീകിരാമായണമെന്ന കൃതി, രാമായണത്തിന്റെ മലയാള ഭാഷാന്തരങ്ങളിൽ

ഏറ്റവും ശ്രദ്ധേയമായ ഒന്നാണ്. വാല്മീകിരാമായണം പദാനുപദം പരിഭാഷപ്പെടുത്തിയിട്ടുള്ള ആ ബൃഹദ് സമാഹാരത്തിലെ ചില പ്രയോഗങ്ങൾ കാണുക:

- ✓ വസിഷ്ഠമുനിയും, വിശ്വാമിത്രസൈന്യത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ടെത്തിയ കാമധേനുവും തമ്മിലുള്ള സംഭാഷണത്തിൽ 'ബ്രഹ്മബലം ദിവ്യം ക്ഷാത്രത്തു ബലവത്തരം'എന്ന ശ്ലോകഭാഗത്തിലെ(അൻപത്തഞ്ചാം സർഗ്ഗം, ശ്ലോകം:14) 'ബ്രഹ്മബലം' എന്ന പദത്തിനു ബ്രാഹ്മണന്റെ ബലമെന്നാണ് വ്യാഖ്യാതാവു മൊഴിമാറ്റം നൽകിയിരിക്കുന്നത്. ബ്രഹ്മജ്ഞാനിയുടെ ബലമാണ് ബ്രഹ്മബലം എന്നിരിക്കെ, അതിനെ ബ്രാഹ്മണന്റെ ബലമാക്കുമ്പോൾ ഉണ്ടാകുന്ന അർത്ഥവ്യത്യാസം വലുതാണ്. ജാതിബ്രാഹ്മണനല്ലാത്ത വസിഷ്ഠനെ പൂണൂലിടീക്കുന്നതിനോടൊപ്പം, അദ്ദേഹത്തിന്റെ തപഃശക്തിക്കു കാരണം ബ്രാഹ്മണനായുള്ള ജന്മമാണെന്ന തെറ്റിദ്ധാരണയും,സാങ്കേതികമായും വ്യാകരണപരമായും സാധുതയില്ലാത്ത ആ ഒരൊറ്റ പിഴവിലൂടെ വ്യാഖ്യാതാവ് അറിഞ്ഞോ അറിയാതെയോ വായനക്കാരിൽ ഉറപ്പിക്കുന്നുണ്ട്.
- ✓ അടുത്ത സർഗ്ഗത്തിലെ നാലാംശ്ലോകത്തിലും, 'ബ്രഹ്മബല'ത്തിനു ബ്രാഹ്മണബലമെന്നാണ് അർത്ഥം കൽപിച്ചിട്ടുള്ളത്. അത് മിക്കയിടത്തും അവർത്തിക്കുന്നുമുണ്ട്. അൻപത്താറാംസർഗ്ഗത്തിലെ ഇരുപത്തിമൂന്നാം ശ്ലോകത്തിൽ, ബ്രഹ്മതേജോബലത്തിനെയും ബ്രാഹ്മണ്യത്തിന്റെ ബലമെന്നുതന്നെയാണ് തർജ്ജിമചെയ്തിരിക്കുന്നത്. ഇരുപത്തിനാലാം ശ്ലോകത്തിൽ, തപസ്സിന് ഒരുങ്ങുന്ന വിശ്വാമിത്രമഹാരാജാവിന്റെ വാക്കുകളിലെ 'ബ്രഹ്മത്വകാരകം' എന്നതിനെയും ബ്രാഹ്മണ്യത്തെ പ്രാപിക്കുക എന്നാണു വ്യാഖ്യാതാവു പരിഭാഷപ്പെടുത്തിയിരിന്നത്. അതുമൂലം, ബ്രഹ്മത്വം പ്രാപിക്കാനുള്ള വിശ്വാമിത്രന്റെ ആശ ബ്രാഹ്മണ്യം നേടാനുള്ള ആഗ്രഹമായി(ഏതത് സമവേഷ്യ തത്, അഹം പ്രസന്നേ ന്ദ്രിയ മനസഃ ബ്രഹ്മത്വകാരകം യത് മഹത് തപഃ വൈ സമാസ്ഥാസ്യേ). ഇന്ദ്രിയങ്ങളെ അടക്കി പ്രശാന്തചിത്തവൃത്തികളോടുകൂടിയവനായി തപസ്സനുഷ്ഠിച്ചാൽ ജാതിബ്രാഹ്മണനാകാമെന്നു സൂചിപ്പിക്കാൻ വിവർത്തകൻ ഉദ്ദ്യേശിച്ചിരുന്നുവോ എന്നറിയില്ല. എങ്കിലും, വായനക്കാർക്കു മനസ്സിലാകുന്നത് അങ്ങനെയാണെന്നാണ് കാര്യങ്ങൾ പ്രചരിക്കുന്നതിന്റെ ഗതിനോക്കുമ്പോൾ നമുക്കൊക്കെ വ്യക്തമാകുന്നത്.

ബ്രാഹ്മണ്യം, ബ്രഹ്മത്വം എന്നീ സംജ്ഞകൾ തമ്മിലുള്ള വ്യത്യാസം വലുതാണ് എന്നറിയാത്തവർക്കുമാത്രമേ അത്ര ഉത്തരവാദിത്വരഹിതമായി പരിഭാഷ നടത്താൻ കഴിയൂ. അല്ലെങ്കിൽ, ആ പാളംതെറ്റിക്കൽ മനഃപൂർവ്വമാണ് എന്ന് കാണേണ്ടിവരും. അത്തരം വ്യാഖ്യാനങ്ങൾ ഈ പരിഭാഷയിൽ മാത്രമല്ല ഉള്ളത്. മിക്ക പുരാണഗ്രന്ഥങ്ങളുടെയും തർജ്ജമയിൽ 'ബ്രഹ്മ' എന്ന ശബ്ദത്തെ ബ്രാഹ്മണ്യവുമായി ബന്ധപ്പെടുത്തുന്ന ഒരു പൊതു പ്രവണത കാണുന്നു. ബ്രഹ്മജ്ഞാനിയെന്നാണ് 'ബ്രാഹ്മണൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ പൂർണ്ണമായും സത്യമാകുന്ന ആ ഭാഷ്യങ്ങളുടെപേരിൽ വിവർത്തകരെ കുറ്റപ്പെടുത്താനാകില്ല. പുരാതനകാലത്തെ, ഋഷിപരമ്പരയുടെ അംശമായ ബ്രഹ്മജ്ഞാനികളായ ബ്രാഹ്മണരും(ആർഷബ്രാഹ്മണർ),

ബ്രാഹ്മണജാതിയിൽ ജനിച്ച ആര്യബ്രാഹ്മണരും ഒന്നല്ലെന്നതാണല്ലോ വസ്തുത. പരിഭാഷകൻ നടത്തിയത് ദുരുദ്ദേശ്യത്തോടുകൂടിയുള്ള മൊഴിമാറ്റമാണെന്ന് പറയാനാകില്ലെങ്കിലും, അത്തരം പ്രയോഗങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പാണല്ലോ.മനുസ്മൃതിയിൽപോലും ജാതിബ്രാഹ്മണൻ എന്നതിന്റെ സംസ്കൃതസംജ്ഞയായി ബ്രഹ്മയെന്ന പദം ഒരിടത്തും ഉപയോഗിച്ചിട്ടില്ല. അതിനാൽ, പരിഭാഷകളിലെ ആ തെറ്റുകൾ മനഃപൂർവ്വമല്ലെങ്കിലും, ചില മുൻവിധികളോടെ കാര്യങ്ങളെ സമീപിക്കുന്നതിന്റെ ഫലമാണെന്നും മനസ്സിലാക്കാം.

മനുസ്മൃതിയിലെ മറിമായം

വിശ്വാമിത്രൻ ബ്രാഹ്മണനായി എന്ന വിശ്വാസത്തിന്റെ അടിസ്ഥാനം മനുസ്മൃതിയിലെ ഒരു പരാമർശമാകാനാണു സാധ്യത. മനുസ്മൃതി ഏഴാമധ്യായത്തിൽ, 'രാജകർത്തവ്യ'മെന്ന ഭാഗത്ത് നാല്പത്തിരണ്ടാം ശ്ലോകത്തിൽ, വിനയത്തിന്റെ മഹിമ വിവരിക്കുമ്പോൾ അതിന്റെ സാധൂകരണമായി ഇങ്ങനെ പറയുന്നുണ്ട്: 'പൃഥുവും മനുവും വിനയംമൂലം രാജ്യംസമ്പാദിച്ചു. കുബേരൻ ഐശ്വര്യവും സ്വത്തും നേടി. ക്ഷത്രിയനായിരുന്നിട്ടും വിശ്വാമിത്രൻ ബ്രാഹ്മണ്യം പ്രാപിച്ചു".(പൃഥുസ്തു വിനയാദ്രാജ്യം...ബ്രാഹ്മണ്യം ചൈവഗാധിജഃ). ആ ശ്ലോകത്തിലെ ഗാധിപുത്രൻ, വിശ്വാമിത്രനാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അത്തരം ഒരു പ്രചാരണം നടക്കുന്നത്. എന്നാൽ ആ അനുമാനം അയുക്തികമാണ്.

രാജാവിനു വിനയം എത്രമേൽ അത്യന്താപേക്ഷിതമാണ് എന്നു വിവരിക്കുന്ന മനു, വിനയമില്ലായ്മകൊണ്ടു നശിച്ചുപോയ വേനൻ,നഹുഷൻ,സുദാദു,സുമുഖൻ,നിമി എന്നീ രാജാക്കന്മാരുടെ പേരുകൾ പറഞ്ഞതിനുശേഷമാണ് ഈ ശ്ലോകം അവതരിപ്പിക്കുന്നത്. അവിടെ രണ്ടു വൈരുദ്ധ്യങ്ങളുണ്ട്: ഒന്നാമതായി,തപസ്സിരുന്നാണല്ലോ വിശ്വാമിത്രൻ ബ്രഹ്മത്വം നേടിയത്; വിനയംകൊണ്ടല്ല. രണ്ടാമതായി, അദ്ദേഹത്തിന്റെ ജീവിതത്തിൽ 'വിനയം' തീർത്തും അപൂർവ്വമായേ കാണാനാകൂ. യജ്ഞപൂർത്തിക്കുവേണ്ടി ദശരഥമഹാരാജാവ് രാമനെ വിട്ടുകൊടുത്തതുപോലും ശാപഭയം നിമിത്തമാണെന്നു രാമായണത്തിൽ കാണുന്നു. ത്രിശങ്കുവിനെ ഉടലോടെ സ്വർഗ്ഗത്തിലെത്തിക്കാൻ നടത്തിയ യജ്ഞത്തിൽ വിശ്വാമിത്രന്റെ ക്ഷണം സ്വീകരിച്ചെത്തിയ മഹർഷിമാർ മഹാകോപിഷ്ഠനായ വിശ്വാമിത്രന്റെ ശാപം ഭയന്നാണ് ആ അധാർമ്മിക കൃത്യത്തിന് തയ്യാറായത്.(രാമായണം ബാലകാണ്ഡം). അതുകൊണ്ട്, മനുസ്മൃതിയിലെ മേൽപരാമർശം ഒരു വിധത്തിലും വസ്തുതാപരമല്ല. എങ്കിലും, ആ പ്രസ്താവനയ്ക്കു വ്യക്തമായ ലക്ഷ്യം ഉണ്ടായിരുന്നതുകൊണ്ട്, സത്യത്തിനു തീരെ പ്രസക്തിയില്ലെന്ന് അതിന്റെ നിർമ്മാതാവു കരുതിയിട്ടുണ്ടാകാം. ക്ഷത്രിയരാജാവായ വിശ്വാമിത്രൻ തപസ്സുചെയ്ത് ബ്രാഹ്മണനായി എന്ന പ്രചാരവേലക്കു പിന്നിൽ, ആളുകളെ തപസ്സുചെയ്യിച്ചു മോക്ഷം നേടിക്കൊടുക്കാനുള്ള ആഗ്രഹമാണെന്നു തെറ്റിദ്ധരിച്ചാൽ അത് തികഞ്ഞ വിഡ്ഢിത്തമാകും. അതുകൊണ്ടുതന്നെ ആ ദുർവ്യാഖ്യാനത്തിന്,ബ്രഹ്മർഷിയാകാനും മോക്ഷംനേടാനുമുള്ള ഏകമാർഗ്ഗം ബ്രാഹ്മണനായി ജനിക്കുകയോ ബ്രാഹ്മണനായിത്തീരുകയോ ആണെന്നു സ്ഥാപിക്കാനുള്ള വംശവിശുദ്ധിവാദികളുടെ കൗശലം എന്നതിനപ്പുറമുള്ള ഉദ്ദേശ്യശുദ്ധി

യൊന്നും ഇല്ലെന്ന് നിസ്സംശയം വിലയിരുത്താം. മറ്റുവർണ്ണികളെ ശപിച്ച് ശൂദ്രരാക്കിയിരുന്ന സാഹചര്യവുമായി അതിനെ താരതമ്യപ്പെടുത്താൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ, ശപിച്ച് മറ്റുള്ളവരെ ശൂദ്രരാക്കുമ്പോൾ സംഭവിച്ചിരുന്നത് ഭ്രഷ്ടരാക്കി പുറത്താക്കുക എന്ന സാമൂഹികവിലക്കാണ്-ശിക്ഷയാണ്; വർണ്ണമാറ്റമല്ലല്ലോ.

ശബരിമാതാവ്

രാമായണത്തിലെ ആരണ്യകാണ്ഡത്തിൽ പരാമർശിക്കുപ്പെടുന്ന ഒരു കഥാപാത്രമാണ് ശബരിമാതാവ്. രാവണൻ അപഹരിച്ച സീതയെ തിരക്കി ലങ്കയിലേക്കു പോകുമ്പോൾ, രാമലക്ഷ്മണന്മാർ ശബരിയുടെ ആശ്രമത്തിലും എത്തിയിരുന്നു. കാലങ്ങളോളം രാമദർശനത്തിനായി തപസ്സനുഷ്ഠിക്കുകയായിരുന്നു ഉത്തമഭക്തയായ ശബരിമാതാവ്. ശ്രീരാമനെ കണ്ട സന്തോഷപാരവശ്യത്തിൽ, കരുതിവെച്ച പഴങ്ങൾ ഓരോന്നായി രുചിച്ചുനോക്കി ഏറ്റവും മധുരമുള്ളവ മാത്രം ആ ഭക്ത ശ്രീരാമനു കൊടുത്തു. ശബരിയുടെ ഭക്തിയിൽ സന്തുഷ്ടനായ ശ്രീരാമൻ, ആത്മജ്ഞാനം ഉപദേശിക്കുകയും, ലോകാവസാനം വരെ ശബരിമാതാവിന്റെ ചരിതം ഈ മണ്ണിൽ നിലനിൽക്കുമെന്ന് അനുഗ്രഹിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ശബരിമാതാവിന്റെ ചരിതം

ഇനി, ആരാണ് ശബരിയെന്ന രാമഭക്തയെന്നു നോക്കാം. മതംഗമഹർഷിയുടെ ആശ്രമപരിസരപ്രദേശത്തു താമസിച്ചുവന്നിരുന്ന ഒരു ചണ്ഡാലസ്ത്രീ(വനവാസി)യായിരുന്നു ശബരി. ഒരിക്കലെങ്കിലും മതംഗാശ്രമത്തിൽ പോകുവാനോ അവിടത്തെ തപസ്വികളുമായി അടുത്തു പെരുമാറുവാനോ ആശ്രമത്തിൽ നടക്കുന്ന പുണ്യകർമ്മങ്ങളിൽ പങ്കുകൊള്ളാനോ അവർക്ക് അവസരം ലഭിച്ചില്ല. ചണ്ഡാളസ്ത്രീ തപസ്വികളെ സമീപിക്കാൻ പാടില്ല എന്ന ആചാരനിർബ്ബന്ധനയാണ് അവളെ വിലക്കിയത്.അവിടെ പോകുവാനോ അവരുടെ സത്സംഘങ്ങളിൽ പങ്കെടുക്കാനോ സാധ്യമല്ലെങ്കിലും; അവർക്കു സേവനം ചെയ്യാമല്ലോ എന്നു കരുതി, രാത്രി എല്ലാവരും ഉറങ്ങുന്ന സമയത്ത് ആശ്രമവാസികൾ അറിയാതെ മുറ്റമടിച്ചു വൃത്തിയാക്കുക, പർണ്ണശാലയിലേക്കുവേണ്ട വിറകും പൂക്കളും പഴങ്ങളും കിഴങ്ങുകളും സമാഹരിച്ചു കൊണ്ടുപോയി വെക്കുക എന്നിങ്ങനെയുള്ള സത്കർമ്മങ്ങളിലൂടെ കൃതാർത്ഥയായി കഴിഞ്ഞുവരികയായിരുന്നു അവൾ. അങ്ങനെയിരിക്കെ, ഒരു ദിവസം അത് കണ്ടുപിടിക്കപ്പെട്ടു. ദിവസേന ആശ്രമത്തിൽ ഫലമൂലാദികളും വിറകും കൊണ്ടുവെയ്ക്കുന്നതും, മുറ്റവും പരിസരവും വൃത്തിയാക്കുന്നതും ആരാണെന്നറിയാൻ ആശ്രമവാസികളായ ചില ബ്രഹ്മചാരികൾ ഒളിച്ചുകാത്തിരുന്നു. ശബരിയെ കണ്ടുകിട്ടുകയും ചെയ്തു. ആശ്രമത്തെയും തങ്ങളെയും വളരെ നാളുകളായി അശുദ്ധമാക്കിക്കൊണ്ടിരിക്കുന്ന ആ ചണ്ഡാലസ്ത്രീയെ ശിക്ഷിക്കണമെന്നായി ബ്രഹ്മചാരികൾ. അപ്പോഴാണ് മതംഗമഹർഷി വിവരമറിഞ്ഞത്. അവളുടെ അത്യന്തം നിഷ്കളങ്കമായ ഭക്തിയും ത്യാഗവും കണ്ട് അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു. ശബരിയെ അന്നുമുതൽ ആശ്രമത്തിൽ താമസിപ്പിക്കുകയും ചെയ്തു. ശിഷ്യന്മാരുടെ വികലവീക്ഷണങ്ങളെ തിരസ്കരിച്ചു തിരുത്തിയ മതംഗൻ നൽകുന്ന ആ സന്ദേശമാണ് പിൽക്കാലത്ത് വാല്മീകിയും ശ്രീരാമനും ശരിയെന്നു സാക്ഷ്യപ്പെടുത്തിയത്.

മതംഗമുനിയെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചും തപശ്ചര്യ അഭ്യസിച്ചും ശബരി അവിടെ കഴിഞ്ഞുകൂടി.ശബരിയുടെ അപാരമായ രാമഭക്തിയിൽ സന്തുഷ്ടനായ മതംഗമുനി, ശ്രീരാമദർശനഭാഗ്യവും ഭൂതവും ഭാവിയും കണ്ടറിയുവാനുള്ള ദിവ്യ ശക്തിയും അവർക്കുണ്ടാകുമെന്ന് അനുഗ്രഹിച്ചു.മുനിയുടെശിഷ്യന്മാർ ദേഹത്യാ ഗംചെയ്തതിനുശേഷം മതംഗാശ്രമം ശബരിയ്ക്ക് ആവാസസ്ഥാനമായി. തനിക്കു ദർശനം തരാൻ രാമൻ വരുന്നുണ്ടെന്നു ദിവ്യദൃഷ്ടിയാൽ മനസ്സിലാക്കിയ ശബരി, പർവ്വതത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും പലതരത്തിലുള്ള ഫലങ്ങൾ ശേഖരി ച്ചു കാത്തിരുന്നു. ഭഗവാനു നിവേദിക്കാൻവേണ്ടി ശബരി സഞ്ചയിച്ചിരുന്ന ഫലങ്ങ ളിലോരോന്നും കടിച്ച് രുചിനോക്കുക പോലും ചെയ്തിരുന്നു. താൻ കടിച്ച സാധന ങ്ങൾ ഭഗവാനു നിവേദിക്കാൻ പാടില്ലാ എന്നുള്ള പ്രാഥമികമായ ജ്ഞാനം പോലും അവൾക്കുണ്ടായിരുന്നില്ല. എന്നിട്ടും, ഭഗവാൻ ആ പുണ്യവതിയെ ഏറ്റവും ആർദ്ര തയോടെ അനുഗ്രഹിച്ചു. അവൾ കൊടുത്ത പഴങ്ങൾ ഭഗവാൻ വളരെ രുചിയോടെ ഭക്ഷിച്ചു. ഇതാണ് ശബരിമാതാവിനെക്കുറിച്ചു പ്രചാരത്തിലുള്ള കഥ.

കണ്ടുമുട്ടിയവേളയിൽ, ഭഗവാൻ ശ്രീരാമചന്ദ്രനും ശബരിയും തമ്മിൽ താത്വികമാ യ ഒരു സംഭാഷണം നടക്കുന്നുണ്ട്. ഈശ്വരസാക്ഷാത്ക്കാരത്തിനുവേണ്ട ഗുണങ്ങ ൾ ഒന്നുമില്ലാത്ത തനിക്ക് ദർശനം തരാൻ എന്താണു കാരണമെന്ന് ശബരിമാതാവ് ഭഗവാനോടു ചോദിച്ചു. അതിനുള്ള ഭഗവാന്റെ മറുപടി വേദാന്തജ്ഞാനത്തിന്റെ ഹൃദയം തുറന്നുകാണിക്കുന്നതാണ്: "മറ്റെല്ലാ ഉപകരണങ്ങളെക്കൊണ്ടും ഉണ്ടായി ത്തീരേണ്ട മുഖ്യസംസ്കാരമാണ് വിഷയങ്ങളിൽനിന്നുള്ള നിത്യമായ വേർപാടും ഈശ്വരനിലുള്ള നിത്യപ്രേമവും. അതാണ് ഒരാളെ ഈശ്വരനിലേക്കുയർത്തുന്നത്. ഭാഗ്യംകൊണ്ട് അത് നിനക്കുണ്ട്.അപ്പോൾ മറ്റൊന്നിന്റെയും ആവശ്യമില്ലാതായി". ശ്രീരാമന്റെ ഈ വാക്കുകളിൽനിന്നും മനസ്സിലാക്കേണ്ടത്, ഒരാൾക്ക് എന്തൊക്കെ ഉണ്ടായാലും ഇല്ലെങ്കിലും, വിഷയവിരക്തിയും ഈശ്വരസ്നേഹവുമാണ് അയാളെ ഉയർത്തുന്നത്; അവയുണ്ടെങ്കിൽ എല്ലാമായി; അതില്ലെങ്കിൽ ബാക്കിഎന്തൊക്കെ യുണ്ടായാലും ജീവിതത്തിൽ ഉയർച്ചയുണ്ടാകുന്നതല്ല എന്നത്രെ. വേദജ്ഞാനമാണ് മോക്ഷത്തിനുള്ള യോഗ്യതയെന്ന പരമ്പരാഗത പ്രചാരണത്തെയാണ് ശ്രീരാമനും വാല്മീകിയും അവിടെ തിരുത്തുന്നത്. അതിലൂടെ രാമനും വാല്മീകിയും തള്ളി ക്കളയുന്നത് സാമ്പ്രദായിക പൗരോഹിത്യവാദങ്ങളെ അപ്പാടെയാണ്.

സംഭാഷണത്തിനിടയിൽ, ഭാവിയിൽ രാവണനുമായ് ഉണ്ടാകുന്ന യുദ്ധത്തിൽ വിജ യിക്കാൻ സൂര്യപുത്രനായ സുഗ്രീവനുമായി സഖ്യം ചെയ്യേണ്ടതുണ്ട് എന്നു ശബരി ശ്രീരാമനെ ഉപദേശിക്കുകയും, സീതയെപ്പറ്റിയുള്ള കൃത്യമായ വിവരം കൈമാറു കയും ചെയ്യുന്നുണ്ട്. ആ ചണ്ഡാലസ്ത്രീയുടെ വാക്കുകൾ അകമഴിഞ്ഞ സ്നേഹ ബഹുമാനങ്ങളോടുകൂടിയാണ് രാമൻ ശ്രവിക്കുന്നത്. ഇവിടെ, ഒരു സാധാരണ തപ സ്വിനിയോ വനവാസിസ്ത്രീയോ ആയല്ല ശബരിമാതാവ് കാണപ്പെടുന്നത്. ഉത്തമ ഭക്തിയിലൂടെയും സാധനകളിലൂടെയും പക്വത ആർജ്ജിച്ച് ഉന്നതസിദ്ധി നേടിയ ഒരു ഗുരുവായാണ്. ആ തപസ്വിയുടെ ഉപദേശം സ്വീകരിക്കാൻ ഭഗവാൻശ്രീരാമന് ശബരിയുടെ കുലം തടസ്സമായില്ല. ശബരിമാതാവിന്റെ ഉപചാരങ്ങളിൽ സംപ്രീത നായ രാമൻ, അവർക്കു നവധാഭക്തി ഉപദേശിക്കുന്നുണ്ട്. സത്സംഗം, കഥാകഥനം,

ഭഗവദ്ഗുണങ്ങൾ സ്മരിക്കൽ,ഭഗവദ്വാണി പ്രചരിപ്പിക്കൽ, ഭഗവാന്റെ കാരകപുരുഷന്മാരായിട്ടുള്ള ആചാര്യന്മാരെസേവിക്കുക,ആചാരാനുഷ്ഠാനങ്ങളോടുകൂടി ഭഗവദ്സേവ ചെയ്യുക, മന്ത്രം ഉരുവിടുക, സർവ്വതിലും ഈശ്വരദർശനം നടത്തുക, വിരക്തനായി ജീവിച്ച് തത്വചിന്തനം നടത്തുക എന്നിവയാണ് ഒമ്പതുപ്രകാരമുള്ള ഭക്തി. അത് ഭക്തിയുടെ മൂർത്തരൂപമായ ശബരിയ്ക്കുള്ള ഉപദേശമല്ല; ശബരിയിലൂടെ ലോകർക്കു നൽകുന്നതാണ്. ലോകത്തിനാകെ ഭക്തിമാർഗ്ഗമുപദേശിക്കാൻ ശബരിയെ നിയോഗിച്ചപ്പോഴും രാമന് അവരുടെ വംശം പ്രശ്നമായില്ല. ആ സത്യം അവതരിപ്പിക്കാൻ വേണ്ടിയാകാം വാല്മീകിമഹർഷി ശ്രീരാമനെ അക്ഷരാഭ്യാസമില്ലാത്ത ചണ്ഡാലയായ ശബരിയുടെ ശിഷ്യനാക്കിയത്. രാമൻ തെളിച്ചുതന്ന വഴിയാണ്; രാമനെ ആയുധമാക്കുന്നവരുടെ വഴികളല്ല നാം സ്വീകരിക്കേണ്ടത്. അതുതന്നെയാണ് സനാതനധർമ്മത്തിന്റെ ശരിയായ പാത.

സ്മൃതിനിയമങ്ങളുടെ കരിനിഴൽവീണ മണ്ണിൽ സംഭാവ്യമായ ഒരു കാര്യമാണോ രാമന്റെ ശബരി സമാഗമം? ചാതുർവർണ്യവ്യവസ്ഥിതിയുടെ അംശമായ ശൂദ്രരെപ്പോലും മനുഷ്യരായിക്കാണാൻ തയ്യാറില്ലാത്ത ആ വ്യവസ്ഥിതി, ബാഹ്യജാതീയരായ പഞ്ചമരെ എങ്ങനെയാണു കണ്ടതെന്നറിയുന്ന ഏതൊരാൾക്കും നിസ്സംശയം പറയാനാകും, ശ്രീരാമൻ ജീവിച്ചിരുന്നത് ആര്യനായല്ല; ആര്യശാസനങ്ങളെ നിഷേധിക്കുന്ന മനുഷ്യനായാണെന്ന്. വിഷ്ണുവിന്റെ മനുഷ്യനായുള്ള അവതാരമാണ് രാമനെന്ന ആവിഷ്കാരത്തിന് അങ്ങനെയും ഒരർത്ഥമുണ്ട്. നിഷാദനായ വാല്മീകിമഹർഷിയുടെ മനസ്സിൽ പിറന്ന രാമകാവ്യം, ആ സത്യം അവതരിപ്പിക്കാൻവേണ്ടിയാകാം രാമനെ ശബര്യാശ്രമത്തിൽ കൂട്ടിക്കൊണ്ടുപോയത്. മനുഷ്യനായിപ്പിറന്ന രാമൻ ദൈവമായത്, കേവലം വിഷ്ണുവിന്റെ അവതാരമായതിനാലല്ല; അമാനുഷികമായ ഇത്തരം അനേകം ഗുണങ്ങളുടെ ഉടമായതിനാലാണ്. ആ അദ്വൈതബോധമാണ് രാമകഥയിൽനിന്നു സ്വീകരിക്കേണ്ട അമൃതതുല്യമായ ഫലം; വർണ്ണവും ജാതിയും നോക്കി മനുഷ്യന്റെ തലയറുക്കുന്ന ക്രൂരതയല്ല.

ശബരികഥയിലെ അപനിർമ്മിതി

ശബരിമാതാവിന്റെ പൂർവ്വാശ്രമത്തിലെ വനവാസിവേരുകൾ ദഹിക്കാത്ത ചിലർ പ്രചരിപ്പിക്കുന്ന ഒരു കഥയുണ്ട്. അതിപ്രകാരമാണ്: ചിത്രകവചനെന്ന ഗന്ധർവ്വരാജാവിന് മാലിനി എന്ന അതീവസുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. വീതിഹോത്രൻഎന്ന ബ്രഹ്മജ്ഞാനിയായ ഗന്ധർവ്വരാജകുമാരനായിരുന്നു അവളെ വിവാഹം ചെയ്തത്. വിവാഹാനന്തരം മാലിനി കൽമാഷൻ എന്ന ഒരു കിരാതയുവാവുമായി പ്രണയത്തിലായി. അവരുടെ അവിഹിത സൗഹൃദം കുറെകാലം തുടർന്നുപോയി. പക്ഷേ, ഒരുദിനം അവൾ പിടിക്കപ്പെട്ടു. വീതിഹോത്രൻ മാലിനിയെ ശപിച്ചു: "ഒരു കാട്ടാളന്റ കാമുകിയായതിനാൽ നീയൊരു കാട്ടാളസ്ത്രീയായിത്തീരട്ടെ". പശ്ചാത്താപത്തോടെ മാലിനി ഭർത്താവിന്റെ പാദത്തിൽവീണു ശാപമോക്ഷത്തിനായി അപേക്ഷിച്ചു. ഒടുവിൽ വീതിഹോത്രൻ അവൾക്കു ശാപമോക്ഷം നേർന്നു: "ശ്രീരാമദേവനാൽ നിനക്കു കളങ്കപരിഹാരവും ശാപപരിഹാരവും ലഭിക്കും".വീതിഹോത്രന്റെ ശാപം ഫലിച്ചു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മാലിനിയുടെ രൂപംമാറി പരി

പൂർണ്ണമായും ഒരു കാട്ടാളസ്ത്രീയായി രൂപാന്തരപ്പെട്ടു. അവൾ വനത്തിൽ അഭയം പ്രാപിച്ചു. കുറെ കാലത്തിനുശേഷം അവൾ ഋഷ്യമൂകാചലത്തിൽ മതംഗമഹർഷിയുടെ ആശ്രമത്തിന്റെ പരിസരത്തെത്തി. ശ്രീരാമസമാഗമവേളയിൽ ഭഗവാന്റെ അനുഗ്രഹം കിട്ടിയ ശബരി രൂപംമാറി പഴയ രാജകുമാരിയായിത്തീർന്നു. പെട്ടെന്ന് ഒരു ദിവ്യവിമാനത്തിൽ സുന്ദരനായ ഒരു ഗന്ധർവ്വകുമാരൻ അവിടെ വന്നിറങ്ങി. അത് വീതിഹോത്രനായിരുന്നു.രാമനെ നമസ്കരിച്ച് രണ്ടുപേരും ഗന്ധർവ്വപുരിയിലേയ്ക്കു തിരിച്ചുപോയി സന്തോഷത്തോടെ വളരെക്കാലം ജീവിച്ചു.

ഭാര്യയുടെ അവിഹിതം അറിഞ്ഞ ഭർത്താവ് അവളെ ശപിച്ചു എന്നത് സ്വാഭാവികമാകാം. എന്നാൽ, അവൾ അതോടെ ഒരു കാട്ടാളസ്ത്രീയായി രൂപാന്തരപ്പെട്ടു എന്നതിന്റെ അർത്ഥമെന്താണ്? ഗന്ധർവ്വസ്ത്രീയും(?) കാട്ടാളസ്ത്രീയും തമ്മിൽ വേഷത്തിന്റെ വിഷയത്തിലല്ലാതെ ജൈവശാസ്ത്രപരമായ വ്യത്യാസമൊന്നുമില്ലല്ലോ. അതിനാൽ, അവളെ ശപിച്ചു എന്നതുകൊണ്ട് ഭ്രഷ്ടുകല്പിച്ചുപുറത്താക്കി എന്നും അതോടെ, അന്നുവരെ ധരിച്ചിരുന്ന വസ്ത്രങ്ങളും വേഷഭൂഷാദികളും അവൾക്കു നിഷിദ്ധമാക്കപ്പെട്ടു എന്നും വേണം മനസ്സിലാക്കാൻ. സമുദായത്തിൽനിന്നും പുറത്താക്കപ്പെട്ടതുകൊണ്ടാകാം അവൾക്കു കാട്ടിൽ അഭയംതേടേണ്ടിവന്നത്. തന്നോട് വഞ്ചനകാട്ടിയ ഭാര്യക്ക്, ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവുംവലിയ സൗഭാഗ്യം -ഭഗവത്ദർശനം- ശാപമോക്ഷമായി നൽകിയതിന്റെ വിശ്വാസ്യതയും വിലയിരുത്തുക. ആഢ്യസ്ത്രീ എത്രവലിയ തെറ്റുചെയ്താലും അതൊക്കെ അനുഗ്രഹമായി മാറുമെന്നാണോ കഥാകാരൻ ഉദ്ദ്യേശിച്ചത് എന്നറിയില്ല. ശ്രീരാമന്റെ അനുഗ്രഹം നേടിയശേഷം ശബരി ദേഹത്യാഗം ചെയ്തെന്ന അദ്ധ്യാത്മരാമായണത്തിലെ പരാമർശത്തിൽ തൃപ്തനാകാതെ, പുത്തൻ ആകാശങ്ങൾ തേടുകയാണ് അപനിർമ്മിതികാരന്റെ ഭാവന. അദ്ദേഹത്തിന്റെ ദുർബ്ബല നിർമ്മിതിയിലെ യുക്തിരാഹിത്യങ്ങൾ തന്നെയാണ് ആ കഥയെ തകർത്തുകളയുന്ന സത്യത്തിന്റെ സാക്ഷ്യപത്രം.

ശബരിമാതാവിനെ ലോകമറിയുന്നത് ഒരു ചണ്ഡാലസ്ത്രീയായാണ് എന്നതിനാൽ, അവരുടെ അറിയാത്ത ഭൂതകാലത്തെ ആഢ്യത്വത്തോടെ അപനിർമ്മിക്കുകയാണല്ലോ ഈ കഥയുടെ രചയിതാവ് ചെയ്യുന്നത്. ആ കഥയെഴുത്തുകാരനും വാല്മീകിമഹർഷിയും തമ്മിലുള്ള അന്തരം അളന്നുനോക്കേണ്ടതില്ലെങ്കിലും, ആര്യഭാരതവും അതിനുമുമ്പുള്ള ആർഷഭാരതവും തമ്മിലുള്ള വ്യത്യാസമറിയാനുള്ള ഒരു പഠനോപാധിയായി ആ അപനിർമ്മാണത്തെ സ്വീകരിക്കാം.

ആരായിരുന്നു മതംഗമഹർഷി?

ചണ്ഡാളസ്ത്രീയായതുകൊണ്ടാണ് ശബരിയ്ക്കു മതംഗമുനിയുടെ ആശ്രമത്തിൽ പ്രവേശിക്കാൻ കഴിയാതിരുന്നതെന്ന് അനുമാനത്തിലെത്തുന്നവർ മറന്നുപോകുന്നതോ മറയ്ക്കാൻ ശ്രമിക്കുന്നതോ ആയ ഒരു സത്യമുണ്ട്: ചണ്ഡാളനായി പിറന്നു ബ്രഹ്മർഷിയായ വ്യക്തിയാണ് മതംഗമുനി. ഒരു ക്ഷുരകന്റെ മകനായിരുന്നു ആ മഹർഷി. ജന്മമല്ല, കർമ്മമാണ് ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനമെന്ന വീക്ഷണം പുലർത്തിയിരുന്ന തപസ്വിയായിരുന്നു അദ്ദേഹം എന്ന് വിവിധഗ്രന്ഥങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. അതിനാൽതന്നെ, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണമാണ്

ശിഷ്യന്മാർ ശബരിയെ ആശ്രമത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് എന്നു ചില കഥകളിൽ കാണുന്നത് ശരിയാകാനാണു സാധ്യത. അതുവരെ സ്വന്തമായി ഒരു പേരില്ലാതിരുന്ന ആ സ്ത്രീക്ക്, അവളുടെ ഗോത്രനാമമായ 'ശബരഗോത്ര'ത്തെ സൂചിപ്പിക്കുന്ന പേരുനൽകിയതും മതംഗമഹർഷിയാണ്. പിന്നീട്, മഹർഷിയുടെ നിർദ്ദേശങ്ങൾ പാലിച്ചാണ് കാനനവാസിയായ ശബരി പൂജയും തപസ്സുമഭ്യസിച്ചതും ബ്രഹ്മജ്ഞാനം നേടിയതും രാമദർശനത്തിനുള്ള ഭാഗ്യം കൈവരിച്ചതും.

സത്യാവസ്ഥ ഇങ്ങനെയൊക്കെയാണെങ്കിലും, മതംഗമഹർഷിയെ പൂണൂലണിയിക്കാൻ ശ്രമിക്കുന്ന ഒരു ഐതിഹ്യവും പ്രചാരത്തിലുണ്ട്. അതനുസരിച്ച്, അദ്ദേഹം ബ്രാഹ്മണസ്ത്രീയിൽ ഒരു ക്ഷുരകനു പിറന്ന പുത്രനാണ്. യൗവ്വനകാലത്തു കുടുംബത്തോടൊപ്പം ചണ്ഡാളത്തെരുവിൽ ജീവിച്ചുവന്ന വേളയിൽ മതംഗൻ ഒരു കഴുതക്കുട്ടിയെ അടിയ്ക്കാനിടയായി. വേദനകൊണ്ടു കരഞ്ഞ ആ കഴുതക്കുട്ടി അമ്മയോടു ചെന്നു പരാതിപറഞ്ഞു. അപ്പോൾ, അമ്മ മതംഗന്റെ മാതാപിതാക്കളെക്കുറിച്ചു പറയുകയും, അവൻ ആ നീചജാതിക്കാരോടൊപ്പം ജീവിക്കുന്നതിനാലാകാം ക്രൂരനായതെന്നു സൂചിപ്പിക്കുകയും ചെയ്തു. അതു കേൾക്കാനിടയായ മതംഗൻ, അമ്മക്കഴുതയോട് അതെങ്ങനെയാണു സംഭവിച്ചതെന്നു പറയാൻ ആവശ്യപ്പെട്ടു. ഒരിക്കൽ ഉന്മത്തയായ ഒരു ബ്രാഹ്മണസ്ത്രീ ഒരു ചണ്ഡാലനായ ക്ഷുരകനെ പ്രാപിച്ചെന്നും അങ്ങനെ അവൾക്കുണ്ടായ പുത്രനാണ് മതംഗൻ എന്നും അവൾ പറഞ്ഞു. അതുകേട്ട മതംഗൻ മനസാന്തരമുണ്ടായി ബ്രാഹ്മണനാകുകയെന്ന ആഗ്രഹത്തോടെ തപസ്സുതുടങ്ങി. പലവട്ടം ഇന്ദ്രൻ മതംഗന്റെ പ്രാർത്ഥന നിരസിച്ചെങ്കിലും,നൂറ്റിക്കണക്കിനു വർഷത്തെ തപസ്സിനൊടുവിൽ അദ്ദേഹം മോഹമുക്തനായി ബ്രഹ്മർഷിയായിത്തീർന്നു എന്നാണ് കഥാകാരൻ പറയുന്നത്. ചണ്ഡാളനായതിനാലാണോ ഇന്ദ്രൻ പലവട്ടം മതംഗന്റെ പ്രാർത്ഥന നിരസിച്ചതായും നൂറ്റിക്കണക്കിനു വർഷം തപസ്സുചെയ്യേണ്ടി വന്നതായും കഥാകാരൻ കണ്ടെത്തുന്നതെന്ന് അറിയില്ല. അതെന്തായാലും, മോഹമുക്തനായതോടെയാണു മതംഗൻ ബ്രഹ്മർഷിയായിത്തീർന്നത് എന്ന സത്യം അദ്ദേഹവും അംഗീകരിക്കുന്നുണ്ട് എന്നതു നല്ല കാര്യമാണ്. ആ കഥയിലെ വാസ്തവമെന്തായാലും, വിശ്വാമിത്ര മഹാരാജനെ തപസ്സു ചെയ്യിച്ചു ബ്രാഹ്മണനാക്കിയ ആളല്ല ഈ കഥയെഴുതിയതെന്ന് തോന്നുന്നു. ആയിരുന്നെങ്കിൽ, മതംഗമഹർഷിയെ അദ്ദേഹം ബ്രാഹ്മണനാക്കിയേനെ. അഥവാ, അദ്ദേഹം തന്നെയാണു കഥാകൃത്തെങ്കിൽ, അയാൾ സർവ്വ ലക്ഷണവുമൊത്ത വംശവിശുദ്ധിവാദിയാകാനാണ് സാധ്യത. എന്തുകൊണ്ടെന്നാൽ, ക്ഷത്രിയനെ ബ്രാഹ്മണനാക്കുന്നതുപോലെ അത്ര സുഖകരമല്ലല്ലോ ഒരു ചണ്ഡാളനെ ബ്രാഹ്മണനാക്കുന്നത്. ഇവിടെ കാണേണ്ടകാമ്പുള്ള വസ്തുത,മതംഗൻ തപസ്സനുഷ്ഠിച്ചതുകൊണ്ടോ വരംനേടിയതിനാലോ ഉന്നതജാതിയെന്നു കരുതപ്പെടുന്ന ജാതികളിൽ ജനിച്ചതിനാലോ അല്ല ബ്രഹ്മർഷിയായത്; മോഹമുക്തനായതിനാലാണ് എന്നതാണ്. സ്മൃതിനിയമങ്ങൾ മനുഷ്യരെ വിഭജിക്കുന്നതിനുമുൻപ് അതായിരുന്നു ഭാരതത്തിലെ അവസ്ഥ.

ശബരിമാതാവും മതംഗമഹർഷിയുമൊന്നും ആര്യാധിപത്യത്തിനുകീഴിൽ ഒരിയ്ക്കലും സംഭാവ്യമായ സംഗതികളല്ലല്ലോ. അഥവാ,സംഭവിച്ചാൽത്തന്നെ ശ്രീരാമൻ ശബര്യാശ്രമത്തിലെ അതിഥിയായ ആഖ്യാനം ചരിത്രത്തിലുണ്ടാകുമായിരുന്നോ?

ഇല്ല എന്നു വിശ്വസിക്കാനാണ് ആര്യശാസനങ്ങൾ നിർബന്ധിക്കുന്നത്. അതിനാൽ ത്തന്നെ, ആദികാവ്യമായ രാമായണവും രാമരാജ്യവും, പൗരോഹിത്യം മനുഷ്യജീവിതത്തിനുമേൽ വരിഞ്ഞുമുറുകുന്നതിനു മുൻപുള്ള കാലത്തിന്റെ തിരുശേഷിപ്പാണെന്ന് ഉറപ്പിച്ചുതന്നെ പറയാം. ബാക്കി വളച്ചൊടിക്കലുകളൊക്കെ, അനാര്യരായ മഹാത്മാക്കളെ ശാപം കിട്ടിയ ബ്രാഹ്മണരാക്കുന്ന പതിവുപരിപാടിമാത്രം.

[പിൻകുറിപ്പ്: ചണ്ഡാളകുലമായ ശബരഗോത്രത്തിന്റെ നാമത്തിൽനിന്നാണ് ശബരിമാതാവിന്റെയും, ആ ഭക്തയിൽനിന്നുമാണ് തീർത്ഥാടനകേന്ദ്രമായ ശബരിമലയുടെയും പേരുണ്ടായത് എന്നവൃത്താന്തം ഇക്കാലത്ത് എത്രപേർക്കു ദഹിക്കും? ആർക്കൊക്കെ സ്വീകാര്യമായാലും അല്ലെങ്കിലും, അതാണ് യാഥാർത്ഥ്യം. ശബരിമലയുടെ ഭൂതകാലത്തെ മലയരയരുമായി ബന്ധിപ്പിക്കുന്ന അവകാശവാദങ്ങളുടെ ആധാരവും അതാണ്. ആര്യാധിപത്യത്തെത്തുടർന്നു പിടിച്ചെടുത്ത് ആര്യബ്രാഹ്മണ്യം അവിടെ ആധിശത്വം ഉറപ്പിച്ചതാണ്. അറിവിന്റെയും ശക്തിയുടേയും നൈപുണ്യത്തിന്റെയും ദേവതയായ രാജമാതംഗി, മതംഗമഹർഷിയുടെ മകളായി സരസ്വതിദേവി അവതരിച്ചതാണെന്നു വിശ്വസിക്കപ്പെടുന്നു. ചണ്ഡാളപുത്രിയായി അവതരിക്കുന്നതിന് ദേവിക്കു വിരോധമുണ്ടായിരുന്നില്ല; അല്ലെങ്കിൽ, അവരൊക്കെ ചണ്ഡാലരുടെ ദൈവങ്ങളായിരുന്നു എന്നു ചുരുക്കം]

ഏകലവ്യൻ

മഹാഭാരതകഥയിൽ അത്രമേൽ പ്രസക്തനും മുഴുനീള സാന്നിദ്ധ്യവുമല്ലെങ്കിലും, ആധുനിക സ്വത്വചർച്ചകളിൽ വളരെ പരാമർശിക്കപ്പെടുന്ന ഒരു കഥാപാത്രമാണ് ഏകലവ്യൻ. മഹാഭാരതത്തേയും കൃഷ്ണനെയും പ്രതിസ്ഥാനത്തിരുത്തി നടക്കാറുള്ള സംവാദങ്ങളിൽ ഉദാഹരിക്കപ്പെടുന്ന വ്യക്തിയാണ് ആ വനവാസിയുവാവ്. ഹിന്ദുഗ്രന്ഥങ്ങളും നായകന്മാരും ആഢ്യതാത്പര്യങ്ങളുടെ സംരക്ഷകരാണെന്നു സ്ഥാപിക്കാൻ കാലാകാലങ്ങളായി അവർണ്ണപക്ഷപാതികളും പുരോഗമനാശയപ്രചാരകരും ഉപയോഗിക്കുന്ന ഇരകളിൽ പ്രഥമസ്ഥാനീയനാണ് ഏകലവ്യൻ. അവർണ്ണൻ എന്ന അയോഗ്യതയുടെപേരിൽ വേട്ടയാടപ്പെട്ട ഏകലവ്യൻ,വാസ്തവത്തിൽ ആരുടെ അന്യായത്തിന്റെ ഇരയായായിരുന്നു എന്നു നോക്കാം. രാമനും കൃഷ്ണനും വേട്ടക്കാർക്കൊപ്പമാണെന്ന ധാരണയുണ്ടാക്കിയെടുത്തത് ഇങ്ങനെയെല്ലാമാണ്:

വിരലറുത്തുകൊടുത്തവന്റെ വേരറുത്ത കഥ

മഹാഭാരതം ആദിപർവ്വത്തിലെ നൂറ്റിമുപ്പത്തിരണ്ടാംഅധ്യായത്തിൽ അവതരിപ്പിക്കപ്പെടുന്ന ഏകലവ്യന്റെ ആഖ്യാനം ഏറെ പ്രസിദ്ധമാണല്ലോ.നിഷാദരാജാവായ ഹിരണ്യധനുസ്സിന്റെ മകനായിരുന്നു ഏകലവ്യൻ. ആയോധനവിദ്യ പഠിക്കണമെന്ന തീവ്രആഗ്രഹവുമായി അദ്ദേഹം രാജഗുരുവായ ദ്രോണാചാര്യന്റെ അടുക്കലെത്തി തന്നെയും ശിഷ്യനാക്കണമെന്ന് അഭ്യർത്ഥിച്ചു. അക്കാലത്ത് ഭീഷ്മരുടെ നിർദ്ദേശാനുസരണം ദ്രോണൻ ഹസ്തിനാപുരത്തിൽ പാണ്ഡവരെയും കൗരവരെയും ശസ്ത്രാസ്ത്രവിദ്യകൾ അഭ്യസിപ്പിക്കുകയായിരുന്നു. അന്ധകരും വൃഷ്ണികളും അടക്കമുള്ള മറ്റു കുലങ്ങളിലെ രാജാക്കന്മാരുടെ മക്കളും, സൂതപുത്രനായ കർണ്ണനും അദ്ദേഹത്തിന്റെ ശിഷ്യവൃന്ദത്തിൽ ഉൾപ്പെട്ടിരുന്നു. ഏകലവ്യൻ നിഷാദനാകയാലും, മറ്റുള്ളവരുടെ അഭിപ്രായം ആദരിച്ചും ദ്രോണൻ അയാളെ ശിഷ്യനായി കൈക്കൊണ്ടില്ല(നസതം പ്രതിജഗ്രാഹ നൈഷാദിരിതി ചിന്തയൻ ശിഷ്യം ധനുഷി

ധർമ്മജ്ഞ സ്തേഷാ മേവാനപവേക്ഷയാ). തിരസ്കൃതനായെങ്കിലും നിഷാദപുത്രൻ ഭക്ത്യാദരപൂർവ്വം ദ്രോണാചാര്യനെ സ്തുതിച്ച് പാദനമസ്കാരം ചെയ്തു മടങ്ങിപ്പോയി. വനത്തിൽ തിരിച്ചെത്തിയ ഏകലവ്യൻ, ഗുരുവിന്റെ രൂപം മണ്ണുകൊണ്ടുണ്ടാക്കി ആചാര്യസാന്നിധ്യം സങ്കല്പിച്ച് ആദരവോടെയും നിഷ്ഠയോടെയും ആയുധപരിശീലനം നടത്തി അതുല്യവൈഭവമുള്ള യോദ്ധാവായി.

ഒരുദിവസം നായാട്ടിനായ് കാട്ടിലെത്തിയ പാണ്ഡവകുമാരന്മാരോടൊപ്പമുണ്ടായിരുന്ന ഒരുനായ അലഞ്ഞുതിരിഞ്ഞ് ഏകലവ്യൻ അസ്ത്രാഭ്യാസംചെയ്തുകൊണ്ടിരുന്ന ഇടത്തെത്തി. കൃഷ്ണാജിനവും കറുത്തുനീണ്ട ജടാഭാരവുമായി നിൽക്കുന്ന നിഷാദിയെ കണ്ട ശ്വാനൻ കുരച്ചടുത്തു. ഏകലവ്യൻ അസാധാരണമായ കൈവഴക്കത്തോടെ ഏഴസ്ത്രങ്ങൾ നായയുടെ വായിലേക്കെയ്തു. ആ നായ നിലവിളിച്ചുകൊണ്ട് പാണ്ഡവരുടെ അടുത്തെത്തി. അവർ ആ അസ്ത്രനൈപുണ്യം കണ്ട് ആശ്ചര്യപ്പെട്ടു. കാട്ടിലെ അത്ഭുതയോദ്ധാവിനെ തിരക്കിയിറങ്ങിയ രാജകുമാരന്മാർ ഏകലവ്യനെ കണ്ടെത്തി. അത് നിഷാദരാജാവായ ഹിരണ്യധനുസ്സിന്റെ പുത്രനാണെന്നും, ദ്രോണാചാര്യനാണ് അയാളുടെ ഗുരു എന്നുമറിഞ്ഞ കുമാരന്മാർ ആത്മനിന്ദയോടെ ലജ്ജിച്ചു തലതാഴ്ത്തി തിരിച്ചുപോയി.

രാജകൊട്ടാരത്തിൽ മടങ്ങിയെത്തിയ അർജ്ജുനൻ വളരെ അസ്വസ്ഥനായിരുന്നു. തന്നെ പ്രപഞ്ചത്തിലെ ഏറ്റവും വലിയ വില്ലാളിയാക്കാമെന്നു വാഗ്ദാനം നൽകിയ ദ്രോണന് തന്നെക്കാൾ സമർത്ഥനായ ഒരു ശിഷ്യൻ ഉണ്ടാകുന്നതു പാർത്ഥന് അസഹ്യമായിരുന്നു.അർജ്ജുനൻ അക്കാര്യം ഗുരുവിനോട് പരിഭവത്തോടെ അറിയിച്ചു: "ഒരിക്കൽ എന്നെ സന്തോഷത്തോടെ തഴുകിക്കൊണ്ട്, അങ്ങയുടെ ശിഷ്യന്മാരിൽ ആരും എനിക്കു തുല്യനാവുകയില്ലെന്ന് അങ്ങ് ഉറപ്പുപറഞ്ഞിരുന്നു. എന്നിട്ടെന്തേ? ഇന്ന്, എന്നെക്കാൾ മേലേയാണെന്നു മാത്രമല്ല, ലോകത്തിൽത്തന്നെ ഏറ്റവും ഉത്തമനായി മറ്റൊരുവൻ ഭവാന്റെ ശിഷ്യനായിട്ടുണ്ടെന്ന് അറിയുന്നു–നിഷാദാധിപതിയുടെ മകൻ!" (ത്വദാഹം പരിരഭ്യൈകഃ പ്രീതിപൂർവ്വമിദം വചഃ/ ഭവതോക്തോ നമേ ശിഷ്യസ്ത്വ ദ്വിശിഷ്ടോ ഭവിഷ്യതി/ അഥ കസ്മാൻ മദ്വിഷിഷ്ടോ ലോകാ ദപി ച വീര്യവാൻ/ അന്യോസ്ഥി ഭവത ശിഷ്യോ നിഷാദാധിപതേ സുതഃ). അർജ്ജുനന്റെ ഉൾത്താപം മനസ്സിലാക്കിയ ആചാര്യൻ അയാളെയും കൂട്ടി നൈഷാദിയുടെ അടുത്തെത്തി. ഞാൻ ഭവാന്റെ ശിഷ്യനാണ് എന്നുപറഞ്ഞ് കൈകൂപ്പിനിന്ന ഏകലവ്യനോട്, ആചാര്യൻ വലതുകൈയിലെ പെരുവിരൽ ദക്ഷിണയായി ആവശ്യപ്പെട്ടു. ആദ്യമൊന്നു നടുങ്ങിയെങ്കിലും ഏകലവ്യൻ ഉൾപ്രീതിയോടെ തന്റെ പെരുവിരലറുത്ത് ഗുരുവിനു മുൻപിൽ ദക്ഷിണയായി സമർപ്പിച്ചു.

മഹാഭാരതത്തിലെ ഈ ചെറിയ ഉപാഖ്യാനം, മറ്റു പല കഥകളെക്കാൾ നമുക്ക് ചിരപരിചിതമാണ്. ധനുർവ്വേദവിദ്യയിൽ തനിക്കുമേലെ മറ്റൊരാളും ഉണ്ടാകരുതെന്ന അർജ്ജുനന്റെ സ്വാർത്ഥത മാത്രമാണോ ഈ കഥയുടെ അടിസ്ഥാനം? ആണെങ്കിൽത്തന്നെ, ആ പിടിവാശിക്ക് അത്ര വിലയിടേണ്ടതുണ്ടോ? വിശേഷിച്ച്, തങ്ങൾക്ക് യാതൊരുതരത്തിലും ഭീഷണിയാകാൻ സാധ്യതയില്ലാത്ത ഒരു കാട്ടുരാജാവിന്റെ മകന്റെ പെരുവിരൽ അറുത്തെടുത്തതുകൊണ്ട് അർജ്ജുനന് എന്തു നേട്ടമാകാം

ഉണ്ടാകുക? പാർത്ഥന്റെയും ഇതര പാണ്ഡവരുടെയും ദ്രോണാചാര്യരുടെയും ധർമ്മബോധം ആ അവസരത്തിൽ ഉണരാതെ പോയതെന്തുകൊണ്ടാണ്? പാണ്ഡവപക്ഷത്തിന്റെ ധാർമ്മികതയ്ക്കുമേൽ അവമതിപ്പുണ്ടാക്കുന്ന ആ ആഖ്യാനത്തിന് ഭാരതകാവ്യത്തിലുള്ള പ്രസക്തിയെന്താണ്? മഹാഭാരതത്തിൽനിന്നും ഒഴിവാക്കിയാലും ഒന്നും സംഭവിക്കുകയില്ലെന്ന രീതിയിൽ അപ്രസക്തനായ ഏകലവ്യന്റെ ആഖ്യാനം ധാർമ്മികപക്ഷമായ കൗന്തേയരുടെ കീർത്തിയിൽ കളങ്കംചാർത്താൻ വേണ്ടിമാത്രം വ്യാസമഹർഷിഎഴുതിച്ചേർക്കുമോ?കഥാപാത്രസൃഷ്ടിയിൽ മഹാകവി പുലർത്തിയ കണിശതയും പൂർണ്ണതയും പരിഗണിയ്ക്കുമ്പോൾ, അപ്രകാരം വരാൻ വഴിയില്ലെന്നുതന്നെ വിശ്വസിക്കേണ്ടിവരുന്നു. അതിനാൽ,ഏകലവ്യന്റെ മേൽ നടപ്പാക്കപ്പെട്ട അന്യായത്തിന് മറ്റെന്തെങ്കിലും കാരണം ഉണ്ടെന്നു കരുതാം. വലിയ മനുഷ്യരുടെ ഉള്ളുരുരുക്കം മാത്രമല്ല; ഏറ്റവും ഏഴയായ ജീവിജന്മങ്ങളുടെ നൊമ്പരങ്ങളും കാലത്തിന്റെ കണക്കുപുസ്തകത്തിൽ കുറിവെക്കപ്പെടുന്നുണ്ട് എന്ന സനാതനസത്യത്തിന്റെ പ്രഖ്യാപനമാണ് ഏകലവ്യന്റെ കഥ പറയുന്നത്.

കർമ്മഫലത്തിന്റെ കണിശത

മഹാഭാരതയുദ്ധത്തിൽ, കൗരവസേനാനായകനായ ദ്രോണാചാര്യരെ ശിരഃഛേദം നടത്തി വധിച്ചത് പാഞ്ചാലദേശരാജാവായിരുന്ന ദ്രുപദന്റെ പുത്രനും ദ്രോണരുടെ തന്നെ ശിഷ്യനുമായ ധൃഷ്ടദ്യുമ്നനാണല്ലോ. ആചാര്യപുത്രനായ അശ്വത്ഥാമാവു കൊല്ലപ്പെട്ടെന്നു കള്ളം പറഞ്ഞ് മനസ്സുതളർത്തിയാണ് ധർമ്മപുത്രർ അടക്കമുള്ള പാണ്ഡവർ ദ്രോണാചാര്യരെ വധിക്കുന്നതിനു വഴിയൊരുക്കിയത്. പ്രിയശിഷ്യന്മാരുടെ ചതിപ്രയോഗത്തിലൂടെ അരങ്ങേറിയ ആ ഗുരുഹത്യയിലൂടെ കാലം പ്രഖ്യാപിക്കുന്നതും മഹാഭാരതം അർത്ഥമാക്കുന്നതും എന്തായിരിക്കാം?

യാദവരായ കൗന്തേയരും സൂതനായ കർണ്ണനും പഠിച്ചിരുന്ന ശസ്ത്രവിദ്യ നിഷാദനായതുകൊണ്ടുമാത്രം ഏകലവ്യന് നിഷേധിക്കപ്പെട്ടു എന്നത് അധർമ്മമാണല്ലോ. അവരാരുംതന്നെ ശുദ്ധക്ഷത്രിയരായിരുന്നില്ല; മാത്രവുമല്ല സങ്കരജാതീയരുമാണ്. ഒരുപക്ഷേ, ദ്രോണാചാര്യന്റെ ആ അധർമ്മമവതരിപ്പിക്കുന്നതിനുവേണ്ടിയാകാം വ്യാസമഹർഷി ഏകലവ്യന്റെ പടലം മഹാഭാരതത്തിൽ എഴുതിച്ചേർത്തത്. ഗുരുവെന്ന നിലയിൽ ദ്രോണനു സംഭവിച്ച പിഴവുകളുടെ ശിക്ഷയാവണം, പ്രിയശിഷ്യന്മാരുടെ ആ ചതിപ്രയോഗവും വേറൊരു ശിഷ്യന്റെ കൈകൊണ്ടുള്ള മരണവും സമർത്ഥിക്കുന്നത്. ദ്രോണരുടെ ശിഷ്യപരമ്പരയിൽപെടാത്ത ഒരുപാടു പരാക്രമശാലികൾ പാണ്ഡവപക്ഷത്തുണ്ടായിരുന്നിട്ടും, ആചാര്യന്റെ അന്ത്യം ശിഷ്യന്റെ കൈകൊണ്ടുതന്നെ നടപ്പിലാക്കിയ നിയതിയുടെ നിശ്ചയം അതാവാം അർത്ഥമാക്കുന്നത്. അത് കാലത്തിന്റെ കൃത്യതയാർന്ന കണക്കുതീർക്കലാണ്.

മുഖ്യമായും മൂന്നു തെറ്റുകളാണ് ദ്രോണാചാര്യരെന്ന മഹാഗുരുവിനു സംഭവിച്ചത്: 1. തന്റെ അനേകം ശിഷ്യന്മാരിൽ അർജ്ജുനനെ പ്രിയപ്പെട്ടവനായിക്കണ്ട് ആ പരിഗണനയോടെ മറ്റാർക്കും പകർന്നുനൽകാത്ത അറിവുകൾ സമ്മാനിച്ചു. ആ അവിഹിത പരിഗണനയാണല്ലോ ഏകലവ്യന്റെ വിരലറുക്കുന്ന വിപത്തിലേക്ക് എത്തിച്ചത്. 2. വിദ്യ യാചിച്ചു വരുന്ന ആളെ തിരസ്കരിക്കുക എന്നത്, പൗരാണിക ഭാരതീ

യധർമ്മത്തിനു നിരക്കുന്നതല്ല. 3.ദ്രുപദരാജനോടുള്ള വിരോധം തീർക്കാൻ ശിഷ്യന്മാരനുഷ്ഠിക്കുന്ന ഗുരുദക്ഷിണ എന്നവിശുദ്ധകർമ്മത്തെ ദുരുപയോഗംചെയ്തു. ദ്രുപദനു നേർക്കും ഏകലവ്യനോടും ദ്രോണൻ കടുത്ത അപരാധംചെയ്തു. അതേത്തുടർന്ന് അപമാനിതനായ ദ്രുപദമഹാരാജാവിനുണ്ടായ പകയാണല്ലോ ധൃഷ്ടദ്യുമ്നന്റെ ജന്മത്തിലേക്കുനയിച്ച യാഗത്തിന്റെ ഹേതു(ആ കഥ അറിഞ്ഞുമാറ്റപ്പെട്ട അധ്യായം എന്ന അടുത്ത ശീർഷകത്തിൽ വിവരിക്കുന്നുണ്ട്). അതു മൂന്നും ഭാരതവേദാന്തം നിർവ്വചിക്കുന്ന ഗുരുഗുണത്തിനും, ഗുരുവും ശിഷ്യനും ചേർന്നെടുക്കാറുള്ള പ്രതിജ്ഞയായ ശാന്തിമന്ത്രത്തിനും വിപരീതമാണ്. "ഒരുമിച്ചു വർത്തിക്കാം, ഒരുമിച്ചു ഭക്ഷിക്കാം, ഒരുമിച്ചു പ്രവർത്തിക്കാം, അപ്രകാരം തേജസ്വികളായിത്തീരാം. ആരോടും വിദ്വേഷമില്ലാതെ ജീവിക്കാം. നന്മനിറഞ്ഞ ചിന്താധാരകൾ സകലയിടത്തുനിന്നും വന്നുചേരട്ടെ. ഓം! ശാന്തി! ശാന്തി! ശാന്തിഃ!" (ഓം സഹനാവവതു സഹനൗ ഭുനക്തു സഹവീര്യം കരവാവഹൈ തേജസ്വിനാവധീതമസ്തു മാവിദ്വിഷാവഹൈ ഓം ശാന്തി! ശാന്തി! ശാന്തിഃ) എന്ന ശാന്തിമന്ത്രം ഗുരുവും ശിഷ്യന്മാരും ചേർന്ന് ഉരുവിട്ടുകൊണ്ടാണ് അക്കാലത്ത് ഗുരുകുലങ്ങളിലെ അധ്യയനത്തിന്റെ ഓരോ അധ്യായവും അരംഭിച്ചിരുന്നത്. അറിവിനുവേണ്ടി ഭേദചിന്തകൂടാതെ ഒരുമിച്ചുള്ള ഒരു യാത്രയുടെ പ്രാധാന്യമാണ് ആ പ്രതിജ്ഞ പകർന്നുനൽകുന്നത്. ഗുരുശിഷ്യബന്ധത്തിലെ ആ അടിസ്ഥാനശില സ്വാർത്ഥതയുടെ പേരിൽ തകർത്തതിനുള്ള ശിക്ഷയാണ് ദ്രോണാചാര്യരുടെ ദുരന്തപര്യവസായിയായ കഥ പറയുന്നത്.

ശിഷ്യന്റെ പെരുവിരലറുത്തുവാങ്ങിയ ആചാര്യന്റെ ശിരസ്സ് ശിഷ്യനെകൊണ്ടു തന്നെ കൊയ്യിച്ച നിയതിയുടെ സൂക്ഷ്മത കാണാതിരിക്കാനാകുമോ? വലുപ്പചെറുപ്പമില്ലാതെ സകലരും കാലത്തിന്റെ കണക്കുതീർക്കലിനു വിധേയരാണ് എന്ന പ്രപഞ്ചസത്യമാണ് അവിടെ ഉദ്ഘോഷിക്കപ്പെടുന്നത്. വിഷ്ണുപോലും കർമ്മഫലത്തിന്റെ നിർവ്വഹണത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലല്ലോ. ഭഗവാൻകൃഷ്ണനു യോഗവിദ്യയിലൂടെ പ്രാണൻ ഉപേക്ഷിക്കാനാകുമായിരുന്നു. പക്ഷേ,കൃഷ്ണന്റെ ജീവനൊടുങ്ങിയത് ജരയെന്ന ഒരു വേടന്റെ അമ്പേറ്റാണ്. ആ വേടൻ, ത്രേതായുഗത്തിലെ ബാലിയുടെ പുനർജ്ജന്മമായിരുന്നു എന്നാണു പറയപ്പെടുന്നത്. പൂർവ്വജന്മത്തിൽ രാമനെന്ന അവതാരത്തിലൂടെ വിഷ്ണു അനുഷ്ഠിച്ച അധാർമ്മിക കർമ്മത്തിന്റെ ശിക്ഷയാണ് അടുത്തജന്മത്തിൽ കൃഷ്ണന് നേരിടേണ്ടിവന്നത്. തൃര്യക്ജന്മമായ ബാലിയോടു ചെയ്ത അപരാധത്തിൽനിന്ന് വിഷ്ണുവിനുപോലും വിടുതൽ കൊടുക്കാത്ത സംസ്കാരത്തെക്കുറിച്ചാണ് പൗരാണികകൃതികളും അവയുടെ സ്രഷ്ടാക്കളും പറയുന്നത്.സർവ്വചരാചരങ്ങളിലും പ്രകാശിക്കുന്ന ചൈതന്യം ഒന്നാണെന്നും, ആ ചൈതന്യമാണ് പരമാത്മാവെന്നും പഠിപ്പിക്കുന്ന ആ സംസ്കാരമാണ്; ആര്യന്മാർ പ്രവർത്തികമാക്കിയ ലോകക്രമമല്ല സനാതനസംസ്കാരം.

അറിഞ്ഞുമാറ്റപ്പെട്ട അധ്യായം

പാണ്ഡവർ എന്നറിയപ്പെടുമ്പോഴും, അവർ അഞ്ചുപേരും പാണ്ഡുവിന്റെ മക്കളായിരുന്നില്ല; ധർമ്മദേവൻ, മരുത്ത്, ദേവേന്ദ്രൻ, അശ്വനിദേവന്മാർ തുടങ്ങിയവരുടെ അംശമാണല്ലോ. അതുകൊണ്ടുതന്നെ, മനുഷ്യസഹജമായ കേവല ദുർവ്വികാരങ്ങ

ളാണ് ഏകലവ്യന്റെ വിരലറുത്ത പാതകം ചെയ്യുന്നതിന് അവരെ നിമിത്തമാക്കിയതെന്നു കരുതാൻ കാരണമില്ല. ഭഗവാൻകൃഷ്ണൻ ശത്രുസംഹാരലക്ഷ്യാർത്ഥം കൂടെയുള്ളപ്പോൾ, ശതുപക്ഷത്തിന്റെ വലുപ്പവും കൈകരുത്തും പാണ്ഡവരുടെ വിജയത്തിനു വിഘാതമേയല്ല. അതിനാൽ, ആ കടുംകൈപ്രയോഗത്തിന് മറ്റു ചില കാരണങ്ങൾ കാണുമെന്നു കരുതേണ്ടിവരുന്നു. ആ കാര്യ-കാരണബന്ധം അന്വേഷിച്ചുപോയാൽ കാണാൻ കഴിയുന്നത്, മഹാഭാരതത്തിന്റെ ഇക്കാലത്തെ ഇന്ത്യൻ പതിപ്പുകളിൽ പലതിലും കാണാത്തതും, ഇന്തോനേഷ്യനടക്കം ഏതാനും വിദേശ ഭാഷാന്തരങ്ങളിൽ പ്രചാരത്തിലുള്ളതുമായ ഒരു കഥാതന്തുവാണ്. കൗരവരെയും പാണ്ഡവരെയും, അവരുടെ അയൽരാജ്യങ്ങളിലെ രാജകുമാരന്മാരെയും ശസ്ത്രാസ്ത്രവിദ്യകളഭ്യസിപ്പിച്ച ദ്രോണനെന്ന മഹാഗുരു കൗരവപക്ഷത്തിന്റെ ശക്തിദുർഗ്ഗമായ സൈന്യാധിപനായി നിലകൊള്ളുന്നിടത്തോളം കാലം കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവപക്ഷത്തിന് സമ്പൂർണ്ണജയം സുസാധ്യമല്ല. കാരണം, ആചാര്യനെ ഹനിക്കാൻ മാനസികമായും ശാക്തികമായും ധാർമ്മികമായും കെൽപ്പുള്ളവരാരും പാണ്ഡവരുടെ യുദ്ധമുന്നണിയിൽ ഇല്ലതന്നെ. അതിനാൽ, അതിനു പറ്റിയ ഒരു ജന്മം ഉണ്ടാകേണ്ടതുണ്ടല്ലോ. അതെങ്ങനെ സാധ്യമായെന്നു നോക്കാം.

പാഞ്ചാലരാജ്യത്തെ രാജകുമാരനായ യജ്ഞസേനൻ എന്ന ദ്രുപദനും ഭരദ്വാജമുനിയുടെ പുത്രനായ ദ്രോണനും ധനുർവ്വേദപഠനകാലത്ത് സഹപാഠികളും പ്രിയസഖാക്കളുമായിരുന്നു. ഭാവിയിൽ താൻ രാജാവാകുമ്പോൾ, ഗുരുപുത്രനും ഉറ്റതോഴനും ആയ ദ്രോണനു പാതിരാജ്യം നൽകാമെന്ന് ദ്രുപദൻ പഠനകാലത്തു പറഞ്ഞിരുന്നു. വിദ്യാഭ്യാസാനന്തരം ദ്രുപദൻ രാജാവായി. ദ്രോണർ ചില ചെറുകിട രാജ്യങ്ങളിലെ രാജകുമാരന്മാരെ വിദ്യയഭ്യസിപ്പിച്ച് കഴിഞ്ഞുകൂടി. രാജഗുരുവാണെങ്കിലും, പുത്രനായ അശ്വത്ഥാമാവിനു പാൽ വാങ്ങിക്കൊടുക്കാൻപോലും ആവതില്ലാതെ ദാരിദ്ര്യദുഃഖത്തിൽ ആണ്ടുകഴിയേണ്ടിവന്ന ദ്രോണനോട്, പഴയ സതീർത്ഥ്യനായ ദ്രുപദരാജാവിനെ പോയിക്കണ്ട് സഹായമഭ്യർത്ഥിക്കാൻ ഭാര്യ കൃപി ഉപദേശിച്ചു. ദ്രുപദരാജധാനിയിലെത്തിയ ദ്രോണന് അപമാനിതനായി മടങ്ങേണ്ടിവന്നു. കുട്ടികളായിരുന്നകാലത്ത് പറഞ്ഞ വാക്കുകൾ അപ്പാടെ സത്യമാണെന്നു വിശ്വസിച്ച് സഹായമഭ്യർത്ഥിച്ചെത്തിയത് വിഡ്ഢിത്തമായെന്ന ദ്രുപദന്റെ പ്രത്യുത്തരം ദ്രോണനെ വ്രണിതഹൃദയനാക്കി. അങ്ങനെ, അത്യധികം അസ്വസ്ഥനായി ദേശാടനം നടത്തവെയാണ് ദ്രോണർ ഹസ്തിനപുരിയിലെത്തിയതും ഭീഷ്മരുടെ അഭീജ്ഞയനുസരിച്ച് കുരു-പാണ്ഡവരുടെ രാജഗുരുവായിത്തീർന്നതും.

ഗുരുകുലപഠനം പൂർത്തിയാക്കിയ കുരുവംശകുമാരന്മാരോട് ഗുരുദക്ഷിണയായി ദ്രോണൻ ആവശ്യപ്പെട്ടത്, തന്നെ അധിക്ഷേപിച്ച ദ്രുപദനെ പിടിച്ചുകെട്ടി മുൻപിൽ കൊണ്ടുവരണമെന്നാണ്. ആദ്യം പുറപ്പെട്ട ദുര്യോധനനും സംഘവും പരാജയപ്പെട്ടിടത്ത്, അർജ്ജുനൻ വിജയിച്ചു. അർജ്ജുനൻ എതിരിട്ടു തോൽപ്പിച്ചു ബന്ധനസ്ഥനാക്കിയ ദ്രുപദനെ വധിക്കാൻ ദ്രോണർ തയ്യാറായില്ല. പകരം, ദ്രുപദന്റെ പാഞ്ചാലരാജ്യം പകുത്ത്, ദക്ഷിണപാഞ്ചാലം ദ്രോണനെടുക്കുകയും ഉത്തരപാഞ്ചാലം കൊടുത്ത് ദ്രുപദനെ വിട്ടയയ്ക്കുകയും ചെയ്തു. അത്യന്തം അപമാനിതനായ ദ്രുപദൻ, ദ്രോണാചാര്യരെ വധിക്കാൻ കരുത്തുള്ള ഒരു പുത്രനും അർജ്ജുനനെ വരിച്ചു വരു

തിയിലാക്കാൻപോന്ന ഒരു പുത്രിയും ജനിക്കാനായി യജ്ഞംനടത്തി. ആ യാഗാഗ്നി യിൽനിന്നു പ്രത്യക്ഷപ്പെട്ട മക്കളാണ് ധൃഷ്ടദ്യുമ്നനും, കൃഷ്ണയെന്ന പാഞ്ചാലി യും. പിൽക്കാലത്ത് അർജ്ജുനനെ വരിച്ച ദ്രുപദപുത്രി പഞ്ചപാണ്ഡവരുടെ പത്നി യായി. കുരുക്ഷേത്രയുദ്ധത്തിന്റെ പതിനഞ്ചാം നാളിൽ ധൃഷ്ടദ്യുമ്നൻ ദ്രോണാ ചാര്യരുടെ ശിരസ്സറുത്തു ജീവനെടുത്ത് ദ്രുപദനിശ്ചയം നടപ്പാക്കി.(ദ്രോണപർവ്വം, അധ്യായം:187മുതൽ 192വരെ). അതാണ് ധൃഷ്ടദ്യുമ്നന്റെ ജീവിതകഥ.

ദ്രോണനെ ഹനിച്ച ധൃഷ്ടദ്യുമ്നൻ സത്യത്തിൽ ഏകലവ്യന്റെ പുനർജ്ജന്മമായിരുന്നു എന്നു പറയപ്പെടുന്നു. ആ പരാമർശം ഇന്ത്യയിലെ ചില പ്രാദേശിക നാടൻപാട്ടുകളിലും ഇന്തോനേഷ്യൻ അടക്കമുള്ള ചില വിദേശഭാഷകളിലെ മഹാഭാരതകഥകളിലും ഇപ്പോഴും നിലനിൽക്കുമ്പോഴും, ഇന്ത്യയിൽ പ്രചാരത്തിലുള്ള മഹാഭാരതത്തിന്റെ പതിപ്പുകളിൽനിന്നും എങ്ങനെയോ അരിഞ്ഞുമാറ്റപ്പെട്ടിരിക്കുന്നു(?). ധൃഷ്ടദ്യുമ്നനെക്കുറിച്ച് ഇൻഡോനേഷ്യൻ ഭാഷയിൽ ഉള്ള വിക്കിപീഡിയയിലെ പരാമർശങ്ങൾ നോക്കുക. അതിൽ ഇപ്രകാരം പറയുന്നു: "മഹാഭാരതയുദ്ധത്തിൽ ധൃഷ്ടദ്യുമ്നൻ പാണ്ഡവപക്ഷസേനാപതിയായി കൗരവസേനാപതിദ്രോണരെ എതിരിട്ടു. അപ്പോൾ, ദ്രോണനോടു പ്രതികാരംചെയ്യാൻ തുടിച്ചുനിന്ന ഏകലവ്യന്റെ ആത്മാവ് ധൃഷ്ടദ്യുമ്നനിൽ ആവേശിച്ചു. ഘോരയുദ്ധത്തിന്റെ ഒടുവിൽ ധൃഷ്ടദ്യുമ്നൻ ദ്രോണന്റെ ശിരസ്സറുത്ത് അദ്ദേഹത്തിന്റെ കഥകഴിച്ചു":

> Drestajumena ikut terjun dalam kancah perang Baratayuda. Ia tampil sebagai senapati perang Pandawa, menghadapi senapati perang Kurawa, yaitu Begawan Durna. Pada saat mereka bertempur, roh Ekalaya—raja negara Paranggelung yang ingin menuntut balas pada Resi Durna—menyusup dalam diri Drestajumena. Setelah melalui pertempuran sengit, akhirnya Resi Durna dapat dibinasakan oleh Drestajumena dengan dipenggal lehernya.

ഏകലവ്യന്റെ പുനർജ്ജന്മമാണ് ധൃഷ്ടദ്യുമ്നനെന്നു സ്ഥാപിക്കാൻ അവിടത്തെ വിവർത്തകർക്ക് എന്തെങ്കിലും പ്രത്യേക താത്പര്യമുണ്ടാകും എന്നു കരുതാനാകില്ലല്ലോ. കാളീഭക്തനായ ഏകലവ്യന്, അദ്ദേഹത്തിന്റെ കഴിവിനൊത്ത അംഗീകാരം ലഭിക്കുന്ന ഒരു പുനർജ്ജന്മം പരാശക്തിയിൽനിന്നു വരമായി ലഭിച്ചിരുന്നെന്ന പുരാണകഥയും ആ വാദത്തെ സാധൂകരിക്കുന്നുണ്ട്. ധൃഷ്ടദ്യുമ്നൻ സത്യത്തിൽ ഏകലവ്യന്റെ പുനർജ്ജന്മമാണെന്നു വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ട്. മഹാഭാരതരചനയിൽ വ്യാസർ സ്വീകരിക്കുന്ന കഥാഗതി സൂക്ഷ്മമായി പരിശോധിച്ചാൽ, കുരുക്ഷേത്രയുദ്ധത്തിൽ വധിക്കപ്പെട്ട പ്രമുഖരുടെയെല്ലാം കാര്യത്തിൽ ഒരു കാര്യ-കാരണസിദ്ധാന്തം(cause and effect theory) ഏറ്റവും കൃത്യമായി പ്രവർത്തിച്ചിരിക്കുന്നതുകാണാം. പാണ്ഡവരും കൗരവരും ധൃഷ്ടദ്യുമ്നനുമടക്കമുള്ള മിക്കവാറും സമകാലികരായ സകല രാജകുമാരന്മാരും ദ്രോണരുടെ ശിഷ്യരായിരുന്നു. ആയുധം കൈയിലെടുത്തു തന്ന ഗുരുവിനെ കൊല്ലാൻ, ആരും, വിശേഷിച്ച് ധർമ്മപക്ഷമായ പാണ്ഡവരോടൊപ്പം നിൽക്കുന്നവർ തയ്യാറാവുകയില്ലല്ലോ. ആ കൃത്യം നിർവ്വഹിക്കുന്നതിന്, അത്രമേൽ വേരാഴ്ന്ന, ജന്മാന്തരങ്ങളിലേയ്ക്കു പടരുന്ന പക

തന്നെ വേണം. ദ്രുപദന്റെ പുത്രനാണെന്നും തന്നെ വധിക്കാൻ ജനിച്ചവനാണെന്നുമുള്ള അറിവോടുകൂടിത്തന്നെയാണ് ദ്രോണാചാര്യർ ധൃഷ്ടദ്യുമ്നനെ ശിഷ്യനാക്കിയത്. അത്, സ്വന്തം യശസ്സുയർത്താനുള്ള അദ്ദേഹത്തിന്റെ ത്യാഗമായിരുന്നു എന്ന വ്യാഖ്യാനത്തെക്കാൾ യുക്തിഭദ്രം, ജ്ഞാനചക്ഷുസ്സിനുടമയായ ദ്രോണന്റെ ഏകലവ്യനോടുള്ള പ്രായശ്ചിത്തമായിരുന്നു എന്ന തിരിച്ചറിവാണ്.

ദ്രോണരുടെ തിരസ്ക്കാരത്തിനുശേഷവും ഗുരുഭക്തിനായി തുടർന്ന ഏകലവ്യൻ, (ഗുരുവിന്റെ ചതിയിൽ വ്രണിതനായെങ്കിലും) സ്വയം പരിശീലനം തുടർന്നുകൊണ്ടേയിരുന്നു. തികഞ്ഞ ആയോധനവിദഗ്ദനായ ഏകലവ്യൻ കാളിയെ ഉപാസിച്ച്, മനഃശക്തിയും ശ്രീകൃഷ്ണപ്രസാദം ലഭിക്കുമെന്ന വരവുംനേടി. പിന്നെ അദ്ദേഹം മഗധാധിപതിയായജരാസന്ധന്റെ സൈന്യാധിപതി ആയതായി വ്യാസപുത്രനായ ശ്രീശുകബ്രഹ്മർഷി രചിച്ച സംക്ഷിപ്തഭാഗവതത്തിൽ(മലയാള തർജ്ജമ:ചുനക്കര രാമവാരിയർ) പറയുന്നുണ്ട്. മഗധയുദ്ധം വിവരിക്കുന്ന അധ്യായത്തിൽ, കംസവധത്തെത്തുടർന്നു കൃഷ്ണനെ ഹനിക്കാൻ മധുരാപുരി ആക്രമിച്ച മഗധപക്ഷസേനയിലെ പ്രമുഖരുടെ പട്ടികയിൽ ജരാസന്ധനും ഏകലവ്യനും ഉണ്ടായിരുന്നതായി അതിൽ പറയുന്നു. അക്കാലത്താണ് കൃഷ്ണൻ വിദർഭരാജ്യത്തെ രാജാവ് ഭീഷ്മകന്റെ പുത്രി രുഗ്മിണിയെ അപഹരിച്ച് ഭാര്യയാക്കിയത്. രുഗ്മിണിയുടെ ആഗ്രഹമനുസരിച്ച് കൃഷ്ണൻ അവരെ സ്വയംവരപ്പന്തലിൽനിന്നും തട്ടിക്കൊണ്ടുപോയി വിവാഹംകഴിക്കുകയായിരുന്നു. കൃഷ്ണനെ പിടിക്കാൻ ജരാസന്ധനൊപ്പം പിന്തുടർന്ന ഏകലവ്യൻ യുദ്ധത്തിൽ ശ്രീകൃഷ്ണന്റെ അമ്പേറ്റ് മരിച്ചു. മരണസമയത്ത് കൃഷ്ണൻ ഏകലവ്യനെ ഇങ്ങനെ കടാക്ഷിച്ചു: "ശ്രേഷ്ഠമായ പാഞ്ചാലത്തിൽ ഉടൻതന്നെ നീ അഗ്നിയിൽനിന്നു ജനിക്കുന്നതാണ്. ഇതേ പ്രായവും ബാഹുവീര്യവും രമണീയമായ ശരീരവും നിനക്കുണ്ടാകും. ആ ജന്മത്തിൽ, എന്റെയും പാണ്ഡവരുടെയും ഉറ്റബന്ധുവാകുന്ന നീ, നിന്നെ വഞ്ചിച്ച ദ്രോണനെ വധിക്കും. യുദ്ധാനന്തരം നിനക്കു സ്വർഗ്ഗം ലഭിക്കും''. കൃഷ്ണൻ കൊടുത്ത ആ വരത്തിന്റെ ഫലമായാണ്, ദ്രുപദന്റെ യാഗാഗ്നിയിൽനിന്നുള്ള, ഏകലവ്യന്റെ അതേപ്രായവും ബാഹുവീര്യവും സുന്ദര ശരീരവും ഉള്ള യുവാവായ ധൃഷ്ടദ്യുമ്നന്റെ ജനനം. അതോടൊപ്പം ശ്രദ്ധിക്കേണ്ട കാര്യമാണ് ഏകലവ്യൻ ജരാസന്ധന്റെ പടനായകനായിരുന്നു എന്ന പരാമർശം. മഹാഭാരതകാലത്ത് നിഷാദനായ ഒരാൾക്കുപോലും അപ്രാപ്യമായിരുന്നില്ല ക്ഷത്രിയത്വമെന്ന് വ്യാസൻ രേഖപ്പെടുത്തുമ്പോൾ, അത്, ക്ഷത്രിയനെന്നാൽ ജന്മസിദ്ധമായ വർണ്ണമാണ് എന്ന വാദഗതിയെ തച്ചുടയ്ക്കുന്ന തെളിവാകുന്നുണ്ട്. ആയോധനധവിദ്യയിൽ പ്രാവീണ്യമുള്ള ആരും ക്ഷത്രിയനായിരുന്ന ഒരു ഭൂതകാലം ഭാരതത്തിലുണ്ടായിരുന്നു എന്നു സാരം. നിഷാദിയായ ഏകലവ്യനും, ക്ഷത്രിയനായ ധൃഷ്ടദ്യുമ്നനും ഒരുപോലെ സുന്ദരശരീരമായിരുന്നു എന്നതും കാണുക.

തന്റെ പൂർവ്വജന്മം ഓർമ്മയുണ്ടായിരുന്ന ധൃഷ്ടദ്യുമ്നൻ, ദ്രോണരുടെ ശിഷ്യനായിരിക്കുമ്പോഴും ഗുരുവിനെ വധിക്കാൻ തക്ക ശത്രുതയുള്ളവനായി തുടർന്നു. ആ കൊടുംപകയാണ് കുരുക്ഷേത്രയുദ്ധത്തിനിടെ ദ്രോണനെന്ന മഹാചാര്യന്റെ വധത്തിൽ കലാശിച്ചത്.ധൃഷ്ടദ്യുമ്നൻ നിഷാദന്റെ പുനർജ്ജന്മമാണെങ്കിലും അല്ലെങ്കിലും, ഏകലവ്യനോടുള്ള ദ്രോണന്റെ പ്രവൃത്തി അധാർമ്മികമായിരുന്നു എന്നു

തന്നെയാണ് അതിൽനിന്നും വ്യക്തമാകുന്നത്. അതിനുള്ള ശിക്ഷയാണ് അദ്ദേഹത്തിനു നേരിടേണ്ടിവന്ന ഏറ്റവും ശോചനീയമായ അന്ത്യം. വലുപ്പച്ചെറുപ്പവും വർണ്ണഭേദവുമില്ലാത്ത നിയതിയുടെ നിശ്ചയദാർഢ്യമാണ്, ഭേദചിന്തകളില്ലാത്ത മഹാത്മാക്കളുടെ വാക്കുകളായി പൗരാണികഗ്രന്ഥങ്ങളിൽ നിറയെ കാണാനാകുന്നത്. അതുതന്നെയാണ് അവയിലെ വാക്കുകളിലും വരികൾക്കിടയിലും ഓരോവായനക്കാരനും കാണേണ്ടത്. ഉന്നതർക്ക് അധർമ്മമനുഷ്ഠിക്കാൻ അവകാശമുണ്ടെന്നും ദുർബ്ബലർമാത്രമാണ് ശിക്ഷാർഹരെന്നുമുള്ള മനുഷ്യനിർമ്മിത സിദ്ധാന്തങ്ങളുടെ സമ്പൂർണ്ണനിരാസമാണ് പുരാണങ്ങളും ഇതിഹാസങ്ങളും അത്തരം കഥകളിലൂടെ നൽകുന്നത്. കേവലം ദുര്യോധനന്റെയും കൗരവരുടെയും അന്ത്യത്തിലൂടെയല്ല, ഇതുപോലെയുള്ള ഒരുപാട് അധാർമ്മികതകൾ അവസാനിപ്പിച്ചുതന്നെയാണ് ഭഗവാൻ കാലാകാലങ്ങളിൽ ധർമ്മം പുനഃസ്ഥാപിച്ചത് എന്നതത്രേ ആത്യന്തികമായ സത്യം. ആർഷഭാരതത്തിലെ ധർമ്മസംരക്ഷണമെന്നാൽ, പലരും പ്രചരിപ്പിക്കുന്നതുപോലെ കുലധർമ്മ(വർണ്ണശ്രമ)സംരക്ഷണമായിരുന്നില്ല എന്നുനിശ്ചയം.

വിരൽമാത്രമല്ല, വേരും അറുത്തു!

മഹാന്മാരായ പുരാണകഥാപാത്രങ്ങളെയൊക്കെ തങ്ങൾക്കു വേണ്ടരീതിയിൽ ഉടച്ചുവാർക്കുന്ന പദ്ധതി, അതിരുകളില്ലാത്ത ഒരു 'ആഢ്യകലാരൂപ'മായിത്തീർന്നിട്ടുണ്ടല്ലോ. അത്തരത്തിൽ ഒരു കഥ ഏകലവ്യന്റെ കാര്യത്തിലും പ്രചാരത്തിലുണ്ട്: ഹരിവംശപർവ്വത്തിലെ മുപ്പത്തിനാലാമധ്യായമായ 'വൃഷ്ണിവംശ വർണ്ണന'യിൽ ഇതുപോലെ ഒരുപരാമർശം കാണാം: 'ദേവശ്രവസ്സിന് ശത്രുനാശകനായ ശത്രുഘ്നനെന്ന ഒരു പുത്രനുണ്ടായി. ബാല്യത്തിൽത്തന്നെ കാട്ടിൽ ഉപേക്ഷിക്കപ്പെട്ടവനും, നിഷാദന്മാർ വളർത്തിയവനുമായി ഒരു പുത്രനുണ്ടായി. അവനാണ് പ്രസിദ്ധനായ ഏകലവ്യൻ. അവൻ നിഷാദിയായി വളർന്നു. നിഷാദൻമാരാണ് അവനെ കണ്ടെടുത്തുവളർത്തിയത്'. ആ ദേവശ്രവസ്സ് കൃഷ്ണന്റെ അച്ഛനായ വസുദേവന്റെയും, കുന്തിയുടെയും സഹോദരനാണ്. അങ്ങനെ നോക്കുമ്പോൾ ഏകലവ്യൻ കൃഷ്ണന്റെയും പാണ്ഡവരിൽ മൂത്ത മൂന്നുപേരുടെയും 'അർദ്ധസഹോദരനാ'ണെന്നു വരുന്നു. ഈ കഥ ചമച്ചവരുടെ താത്പര്യം എന്താണെന്നറിയില്ല.പാർത്ഥനെ വെല്ലുന്ന ഏകലവ്യനെന്ന യോദ്ധാവിന്റെ ജന്മം ശ്രേഷ്ഠത തീരെയില്ലാത്ത കാട്ടുജാതിയിൽ വേണ്ട എന്ന ആഢ്യത്വമനോഭാവമാകാനാണു സാധ്യത. അതെന്തായാലും, ക്ഷാത്രവിദ്യയിൽ പ്രാമാണികനാകാൻ ക്ഷത്രിയനായി ജനിയ്ക്കണമെന്നില്ല എന്ന വ്യാസഭാഷ്യം സ്വീകരിക്കുകയാണല്ലോ യുക്തി. കൃഷ്ണന്റെ അനുഗ്രഹം നേടി ഏകലവ്യൻ പുനർജ്ജനിച്ച ആഖ്യാനം കീറിക്കളഞ്ഞവർ തന്നെയാകാം, ഈ കഥയെഴുതി അദ്ദേഹത്തെ ആഢ്യനാക്കാൻ ശ്രമിക്കുന്നത് എന്നതാണ് വൈരുദ്ധ്യം.

യുയുത്സു

ദുശ്ശളയടക്കം ധൃതരാഷ്ട്രർക്ക് നൂറ്റൊന്നു മക്കളാണെന്ന് നമുക്കറിയാം. അവരുടെ ജനനകഥ വളരെ പ്രസിദ്ധവുമാണല്ലോ. ഗർഭിണിയായി രണ്ടു വർഷം കഴിഞ്ഞിട്ടും പ്രസവിക്കാതിരുന്ന ഗാന്ധാരിയ്ക്ക്, പാണ്ഡുവിനു കുന്തിയിൽ ഒരു പുത്രൻ പിറന്ന വിവരമറിഞ്ഞ് വിഷമമായി. മൂത്തപുത്രനായിരുന്നിട്ടും ധൃതരാഷ്ട്രർക്ക് അന്ധത

മൂലം നഷ്ടപ്പെട്ട രാജ്യഭരണം, തന്റെ മക്കൾക്കും അന്യമാകുമെന്നോർത്ത് ദുഃഖിതയായ ഗാന്ധാരി കട്ടിയായും നിശ്ചലമായും തുടരുന്ന തന്റെ വയറ്റിൽ ആഘാതമേൽപ്പിച്ച് ഗർഭം പുറത്ത് എത്തിച്ചു. ഗാന്ധാരി ഒരുമാംസക്കഷണം പ്രസവിച്ച വിവരമറിഞ്ഞെത്തിയ വ്യാസന്റെ ഉപദേശപ്രകാരം, ആ മാംസപിണ്ഡം പെരുവിരൽ വലിപ്പത്തിലുള്ള നൂറ്റൊന്നു കഷണങ്ങളാക്കി നെയ്നിറച്ച കുടങ്ങളിൽ ഗൂഢമായി സൂക്ഷിച്ചുവെച്ചു. വ്യാസമുനി നിർദ്ദേശിച്ച സമയക്രമമനുസരിച്ച് തുറന്ന കുടങ്ങളിൽ നിന്നും കൗരവർ നൂറ്റൊന്നുപേരുമുണ്ടായി എന്നാണ് മഹാഭാരതം പറയുന്നത്.

ഗാന്ധാരി ഗർഭിണിയായി കഴിഞ്ഞകാലം ഒരു വൈശ്യസ്ത്രീ ധൃതരാഷ്ട്രനെ പരിചരിച്ചിരുന്നു. ആ വൈശ്യസ്ത്രീയിൽ അദ്ദേഹത്തിനുണ്ടായ പുത്രനാണ് യുയുത്സു. (മഹാഭാരതം ആദിപർവ്വം,അദ്ധ്യായം:115).അദ്ദേഹം ശ്രേഷ്ഠനായ ഒരു യോദ്ധാവും സത്യസന്ധനും വലിയ ബലശാലിയുമായിരുന്നെന്ന് ദ്രോണപർവ്വത്തിലെ പത്താമദ്ധ്യായത്തിൽ കാണുന്നു. ധൃതരാഷ്ട്രപുത്രനാണെങ്കിലും, യുയുത്സുവിന്റെ ഉന്നത ധാർമ്മികനിലപാടുകൾ കൗരവന്മാരോട് ചേർന്നുപോകുന്നതായിരുന്നില്ല. ചെറുപ്പകാലം തുടങ്ങി, നൂറ്റുവരുടെ അധർമ്മങ്ങളോടു സന്ധിചെയ്യാതെ ധാർമ്മികമാർഗ്ഗത്തിൽ മാത്രം സഞ്ചരിച്ച യുയുത്സു, പാണ്ഡവരുടെ പ്രിയസഖാവായാണ് മഹാഭാരതകാവ്യത്തിൽ ആദ്യാവസാനം നിലകൊണ്ടത്.

ഭീമന്റെ കൈക്കരുത്തിൽ അസൂയാലുവായിരുന്ന സുയോധനൻ ഒരിക്കൽ, ഭക്ഷണത്തിൽ കാളകൂടവിഷം ചേർത്തുകൊടുത്ത് കൊല്ലാൻ ശ്രമിച്ചപ്പോൾ അക്കാര്യം പാണ്ഡവരെ അറിയിച്ചത് യുയുത്സുവാണ്. ദ്രൗപതീസ്വയംവരത്തിലടക്കം പാണ്ഡവരുടെ നിഴൽപോലെനിന്ന യുയുത്സുവിന്, വൈശ്യപുത്രൻ എന്ന വേർതിരിവില്ലാത്ത ഏറ്റവും ഉചിതമായ അംഗീകാരമാണ് കൗന്തേയർ നൽകിയത്. മഹാഭാരതയുദ്ധശേഷം, വ്യാസമുനിയുടെ നിർദ്ദേശാനുസരണം ധർമ്മപുത്രർ അശ്വമേധയാഗം നടത്താനൊരുങ്ങിയപ്പോൾ, മരുത്തനിൽനിന്നും നിധിനേടാൻ പാണ്ഡവർ ഹിമാലയത്തിലേയ്ക്കുപോയ സമയം ഹസ്തിനാപുരം കാത്തുസൂക്ഷിക്കാനുള്ള ചുമതല അവരേൽപ്പിച്ചത് യുയുത്സുവിനെയാണ്.(അശ്വമേധപർവ്വം,അദ്ധ്യായം:63). പിന്നീട്, വൃഷ്ണ്യാന്ധകകുലം മുടിച്ച മൗസലപ്പോരിനെയും ഭഗവാന്റെ സ്വർഗ്ഗാരോഹണത്തെയും കുറിച്ചറിഞ്ഞ പാണ്ഡവർ സർവ്വതും ത്യജിച്ച് മഹാപ്രസ്ഥാനത്തിനു തീരുമാനിച്ചപ്പോൾ, വൈശ്യസ്ത്രീയിലുണ്ടായ ആ അർദ്ധസഹോദരനെയാണ് പ്രായപൂർത്തിയെത്താത്ത പരീക്ഷിത്തു കുമാരന്റെയും രാജ്യത്തിന്റെയും സംരക്ഷണം ഏൽപ്പിച്ചതെന്ന് മഹാപ്രസ്ഥാനികപർവ്വത്തിന്റെ ഒന്നാമദ്ധ്യായത്തിൽ കാണുന്നു. ആ അവസരങ്ങളിലൊന്നും യുയുത്സുവിന്റെ ജാതി ഒരു അയോഗ്യതാ വിഷയമായില്ല എന്നാണ് ഭാരതകഥയിൽനിന്നും നാം മനസ്സിലാക്കേണ്ടത്.

വൈശ്യസ്ത്രീയിൽ ക്ഷത്രിയനായ ധൃതരാഷ്ട്രർക്ക് ജനിച്ച സന്താനം മനുസ്മൃതി വിഭാവനംചെയ്യുന്ന വർണ്ണവ്യവസ്ഥയിലെ നിയമങ്ങളനുസരിച്ച് സങ്കരസന്തതിയാണ്-അവർണ്ണനാണ്. അത്തരത്തിലൊരാളെ രാജ്യഭരണമേൽപ്പിച്ചപ്പോൾ വർണ്ണാശ്രമനിയമങ്ങൾക്ക് എന്തെങ്കിലും ഗ്ലാനിസംഭവിച്ചതായി വ്യാസമഹർഷിയോ മഹാഭാരതമോ പറയുന്നില്ല. ആ മഹത്വമാണ് മഹാഭാരതകാവ്യത്തിന്റെയും, അതു സംഭ

വിച്ച ആര്യാധിനിവേശത്തിനു മുൻപുള്ള കാലഘട്ടത്തിന്റെയും സ്വീകാര്യതയും സൗന്ദര്യവും. ജന്മംകൊണ്ടു ക്ഷത്രിയരായ കൗരവരെക്കാൾ ധാർമ്മിക ഔന്നത്യം, സങ്കരസന്താനമായ യുയുത്സുവിൽ ആവിഷ്കരിച്ച വ്യാസമുനി ചോദ്യംചെയ്തത് വ്യക്തിശുദ്ധിയുടെ അളവുകോൽ വംശശുദ്ധിയാണ് എന്നവീമ്പുപറച്ചിലിനെയും, അതിന്റെ അടിസ്ഥാനത്തിലുള്ള ആഢ്യത്വവാദങ്ങളെയുംകൂടിയാണ്.

കർണ്ണൻ

മഹാഭാരതകഥയിലെ ഏറ്റവും തേജസ്സുള്ള കഥാപാത്രങ്ങളിൽ ഒരാളാണ് കർണ്ണൻ. സൂര്യപുത്രനായ അദ്ദേഹം, വസ്തുതാപരമായി കുന്തിയുടെ ആദ്യപുത്രനാണല്ലോ. കായികബലം അടിസ്ഥാനമാക്കി പറയുമ്പോൾ മഹാഭാരതത്തിലെ ഏറ്റവും മികവുറ്റ യോദ്ധാക്കളിൽ ഒരാളായിരുന്ന കർണ്ണന്, ഉന്നതരായ അച്ഛനും അമ്മയുമുണ്ടായിരുന്നെങ്കിലും അന്യരുടെ മേൽവിലാസങ്ങളിൽ അറിയപ്പെടാനായിരുന്നുവിധി. ധൃതരാഷ്ട്രരുടെ സാരഥിയായ അധിരഥൻ എടുത്തുവളർത്തിയതുകൊണ്ട് ആധിരഥിയെന്നും തേരാളിയായതിനാൽ സൂതനെന്നും അധിരഥന്റെ പത്നി രാധ വളർത്തിയതുകൊണ്ട് രാധേയനെന്നും അച്ഛനാരെന്നറിയാതെ കന്യകയിൽ ഉണ്ടായതുകൊണ്ടു കനീനനെന്നും കർണ്ണൻ അറിയപ്പെട്ടു. ഒളിച്ചുവെക്കപ്പെട്ട ഒരു സത്യം, ഒട്ടനവധി ദുരന്തങ്ങളിലേയ്ക്ക് ഒരു വംശാവലിയെ മുഴുവൻ എടുത്തെറിഞ്ഞതിന്റെ കഥയാണ് കർണ്ണചരിതം. ഒരുപക്ഷെ, കർണ്ണനാരാണ് എന്നസത്യം പാണ്ഡവരോടെങ്കിലും കുന്തി കൃത്യസമയത്തു വെളിപ്പെടുത്തിയിരുന്നെങ്കിൽ, കുരുക്ഷേത്രയുദ്ധവും കുരുകുലനാശവും സംഭവിക്കുകയില്ലായിരുന്നു.ഒരാളിന്റെ അഭിമാനം സംരക്ഷിക്കാൻവേണ്ടി ഒരു വംശത്തെ മുഴുവൻ കൊലയ്ക്കുകൊടുക്കേണ്ടിവരില്ലായിരുന്നു. ധാർമ്മികരാകേണ്ടിയിരുന്ന പാണ്ഡവർ, സൂതപുത്രനെന്ന കർണ്ണന്റെ മേൽവിലാസത്തോടു പുലർത്തിയ അസഹിഷ്ണുതയുടെ(ജാതിഭ്രാന്തിന്റെ)ആത്യന്തികഫലമാണ് ഒരർത്ഥത്തിൽ കുരുവംശത്തിനു സംഭവിച്ച കുലനാശം.

അവർണ്ണൻ എന്ന മേൽവിലാസം അപകടപ്പെടുത്തിയ ജീവിതം

കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവപക്ഷത്തേയും കൃഷ്ണനേയും കൈക്കരുത്തുകൊണ്ട് സ്തബ്ധനാക്കിയതിനാലും, പാണ്ഡവരുടെ ചതിക്കും അവഹേളനത്തിനും ഇരയായതുകൊണ്ടും, പൊതുവേദിയിൽ കൗന്തേയരെയും കൃഷ്ണനെയും വെല്ലുവിളിച്ചു വീരപരിവേഷം വാങ്ങിയതിനാലും വർത്തമാനകാല സ്വത്വചർച്ചകളിൽ ഒരു അവർണ്ണപക്ഷ ബിംബമായാണ് കർണ്ണൻ അവതരിപ്പിക്കപ്പെടുന്നത്. കുന്തീദേവിയിൽ സൂര്യഭഗവാനു ജനിച്ച കർണ്ണൻ, താത്വികമായി അവർണ്ണനാണ്. കുന്തിഭോജനമഹാരാജാവിന്റെ വളർത്തുപുത്രിയെന്ന നിലയിലും യദുകുലരാജാവായ ശൂരസേനന്റെ പുത്രിയെന്ന തലത്തിലും,കുന്തിയും ആ വഴിയിൽ കർണ്ണനും അവർണ്ണരായ യാദവരാണെങ്കിലും, ജ്യേഷ്ഠപാണ്ഡവർ മൂന്നുപേർക്കും ഇതേനിലതന്നെയായതുകൊണ്ട്, അവർ തമ്മിലുള്ള വിഷയത്തിൽ കർണ്ണനുമാത്രം സവിശേഷ പരിഗണന വരുന്നില്ല. പിന്നെ, അതിരഥനെന്ന സൂതന്റെ മകനായി കഴിഞ്ഞപ്പോഴും ആ ബന്ധം ജന്മംകൊണ്ടു നേടിയതല്ലല്ലോ. അതുകൊണ്ടുതന്നെ, കർണ്ണനെ ഒരു അവർണ്ണപോരാളിയായി കാണുന്നത് പൂർണ്ണാർത്ഥത്തിൽ ശരിയല്ല. പക്ഷേ, ജന്മംകൊണ്ടു

സൂര്യപുത്രനാണെങ്കിലും ജീവിതംകൊണ്ടു സൂതപുത്രനായി അറിയപ്പെടേണ്ടിവന്നതുമൂലം കർണ്ണന് അനുഭവിക്കേണ്ടിവന്ന അവഹേളനങ്ങളുടെ കഥ പറയുന്നത്, ജാതിവ്യവസ്ഥ ഭാരതത്തിന്റെ സാമൂഹികമണ്ഡലത്തെ എത്രമാത്രം വ്രണിതവും മലിനവുമാക്കി എന്നുതന്നെയാണ്. അവർണ്ണനായി ഈ സമൂഹത്തിൽ അറിയപ്പെടേണ്ടിവരുന്നവന്റെ ജീവിതം തല്ലിത്തകർക്കപ്പെടുന്നത് എങ്ങനെയൊക്കെയാണ് എന്നതാണ് ഒരർത്ഥത്തിൽ കർണ്ണചരിതത്തിന്റെ കാതൽ.

കീഴാളരായി ജനിച്ചവർമാത്രമല്ല,താണജാതിക്കാരായി തെറ്റിദ്ധരിക്കപ്പെടുന്നവരും എത്രമാത്രം ജാതിപരമായി അധിക്ഷേപിക്കപ്പെടുന്നുണ്ട് എന്നതിന്റെ മകുടോദാഹരണമാണ് മഹാഭാരതകാവ്യത്തിലെ കർണ്ണനിലൂടെ വ്യാസതൂലിക വരച്ചുകാട്ടുന്നത്. ജന്മസിദ്ധമായ കവചകുണ്ഡലങ്ങളണിയുമ്പോഴും ആയോധനവിദ്യകളിലെ അതിസാമർത്ഥ്യം അനവധിതവണ തെളിയിക്കപ്പെട്ടിട്ടും സൂര്യനൊപ്പം സുവർണ്ണശോഭയുള്ളവനായിട്ടും സൂതപുത്രനെന്ന വിലാസം കർണ്ണനെ ആജീവനാന്തം വേട്ടയാടി. കുലവിശുദ്ധിവാദികളുടെ ആ വേട്ടയാടലാണ് ധാർമ്മികനും ദാനനിഷ്ഠനുമായ അദ്ദേഹത്തിന്റെ ജീവിതത്തെ പാളം തെറ്റിച്ചതും, ദുർവൃത്തരായ കൗരവർക്കുവേണ്ടി കൊല്ലാനും ചാകാനും മടിയില്ലാത്ത ചാവേറാക്കിമാറ്റിയതും.അപ്പോൾ, തെറ്റുപറ്റിയത് കർണ്ണനല്ല; കാഴ്ചപിഴച്ചുപോയ വ്യവസ്ഥിതിയ്ക്കാണ്.

സൂതപുത്രനെന്ന 'അധമമേൽവിലാസ'ത്തിന്റെ പേരിൽ കർണ്ണനെ വേട്ടയാടാനിറങ്ങിയവരാരും അത്ര മോശക്കാരായിരുന്നില്ല. അവരിൽ യമധർമ്മൻ,വായുദേവൻ, ദേവേന്ദ്രൻ,അശ്വിനീദേവന്മാർ എന്നീ ദേവപ്രമുഖരുടെ അംശജന്മങ്ങളായ പാണ്ഡവർ ഉണ്ടായിരുന്നു. വംശമഹിമയില്ലാത്തതുകൊണ്ട് ബ്രഹ്മാസ്ത്രവിദ്യ നിരാകരിച്ച ദ്രോണാചാര്യരുണ്ടായിരുന്നു. അനാര്യനാണെന്നറിഞ്ഞ നിമിഷം, താൻതന്നെ പകർന്നുനൽകിയ വിദ്യകളൊക്കെ ശാപത്തിലൂടെ ഹരിച്ചുകളഞ്ഞ ഭാർഗ്ഗവരാമന്റെ ബ്രാഹ്മണ്യധർമ്മബോധമുണ്ടായിരുന്നു.അർജ്ജുനന്റെ ദുരഭിമാനം സംരക്ഷിക്കാൻവേണ്ടി പുരുഷാരത്തിനുമുന്നിൽ കുലവുംഗോത്രവും അന്വേഷിച്ച് അപമാനിച്ച കൃപാചാര്യർ ഉണ്ടായിരുന്നു. അവഹേളിതനായി തലതാഴ്ത്തിനിൽക്കുന്ന പുത്രനുനേരെ കണ്ണടച്ച അമ്മ കുന്തിയുണ്ടായിരുന്നു. സ്വയംവരപ്പന്തലിൽനിന്ന് സകലലോകത്തെയും സാക്ഷിയാക്കി അപമാനിച്ചിറക്കിവിട്ട പാഞ്ചാലിയുണ്ടായിരുന്നു. ചതിയിലൂടെ കവച-കുണ്ഡലങ്ങൾ അറുത്തുവാങ്ങിയ ദേവേന്ദ്രനുണ്ടായിരുന്നു. യുദ്ധഭൂമിയിലെമണ്ണിൽ പുതഞ്ഞുപോയ തേർച്ചക്രം ഉയർത്താൻ ശ്രമിക്കുമ്പോൾ, നീതി തെറ്റിച്ചു ജീവനെടുത്ത അജ്ജുനനുണ്ടായിരുന്നു. അവർക്കൊപ്പം, കർണ്ണന്റെ വീരസാഹസങ്ങൾ തമസ്കരിച്ച്, ഭാരതകഥയ്ക്കു പുത്തൻമാനങ്ങൾ രചിക്കാൻ തുനിയുന്ന 'ആധികാരിക മഹാഭാരത'ഭാഷ്യങ്ങളുടെ സ്രഷ്ടാക്കളും ഉണ്ട്. അവരെല്ലാം നടത്തിയ അധിക്ഷേപങ്ങളുടെ കുന്തമുന ലാക്കാക്കിയത്, സൂര്യപുത്രനെന്ന സത്യത്തെ മറയ്ക്കുന്ന സൂതപുത്രൻ എന്ന അവർണ്ണ മേൽവിലാസത്തിനു നേരെയാണ്. 'ധാർത്തരാഷ്ട്രനായ ദുര്യോധനന്റെ പ്രീതിയ്ക്കുവേണ്ടി പാണ്ഡവരോടു പറഞ്ഞ ക്രൂരവാക്കുകളോർത്ത് താൻ തപിച്ചു നീറുകയാണെ'ന്ന് കൃഷ്ണനോടു തേങ്ങിയ കർണ്ണന്റെ വിലാപം(യദ്ബ്രൂവമഹം കൃഷ്ണ കടുകാനി സ്മ പാണ്ഡവാൻ പ്രിയാർത്ഥം ധാർത്തരാഷ്ട്രസ്യ തേന തപ്യേഹ്യ കർമ്മണാഃ- ഉദ്യോഗപർവ്വം, അധ്യായം:

141,ശ്ലോകം:45) സംരക്ഷണം കൊടുക്കേണ്ട സമൂഹത്തിന്റെ കല്ലേറിൽ വീണുപോയതുകൊണ്ടുമാത്രം നായകനാവാതെ, പ്രതിനായകനായിപ്പോയ ഒരു വീരയോദ്ധാവിന്റെ ചോരയൊലിക്കുന്ന ധാർമ്മികനൊമ്പരമാണ്.

കർണ്ണനെ സുയോധനൻ അംഗരാജാവാക്കിയത്, ക്ഷത്രിയവർണ്ണജൻ ആയതുകൊണ്ടല്ല; ക്ഷാത്രവീര്യം പ്രദർശിപ്പിച്ചതുകൊണ്ടാണ്. സൂതൻ എന്ന മേൽവിലാസത്തിന്റെ പേരിൽ അപഹസിക്കപ്പെട്ടപ്പോഴും, സൂതനായ ഒരാളെ രാജാവാക്കുന്നതിനെ ആരും എതിർത്തില്ല എന്നതു ശ്രദ്ധയർഹിക്കുന്ന വസ്തുതയാണ്. മഹാഭാരതകഥയിൽ വിവരിക്കുന്ന കർണ്ണന്റെ ക്ഷാത്രവീര്യവർണ്ണനയുടെ കാരണവും ക്ഷത്രിയനായതല്ല; രാജാവായതാണ്. മനുവാദികൾ ചമച്ച മുഴക്കോലുകൊണ്ടല്ല പൗരാണികകാലത്ത് മനുഷ്യനെ അളന്നിരുന്നത് എന്നാണല്ലോ ഇതിൽനിന്നെല്ലാം വെളിവാകുന്നത്. ചാതുർവർണ്യവിഭജനവും, സങ്കരജാതിക്കാരെ പതിതരാക്കിയ മനുസ്മൃതിയും ജന്മമെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന നല്ല കാലത്തെയാണ് ഇതിഹാസങ്ങൾ അടയാളപ്പെടുത്തുന്നത്. അതിലെ ചിലകഥാപാത്രങ്ങളുടെ വാക്കുകളിലെ പക്വതയില്ലായ്മയും പാരുഷ്യവും അവരിലെ വ്യക്തിവൈകല്യങ്ങളാകാം പ്രതിഫലിപ്പിക്കുന്നത്; അല്ലാതെ അക്കാലത്തെ പൊതുവായ സാമൂഹികനിലയല്ല. വേർതിരിവിന്റെ വിശ്വാസപ്രമാണമായ സ്മൃതിനിയമങ്ങളാണ് ആ അവസ്ഥ അട്ടിമറിച്ചത്.

കർണ്ണന്റെ പേരിൽ കൃഷ്ണനെ കല്ലെറിയുന്നവരോട്

സൂതപശ്ചാത്തലത്തിന്റെ പേരിൽ കർണ്ണനു നേരിടേണ്ടിവന്ന കൊടിയ അപമാനത്തിന്റെയും ദയനീയമായ അന്ത്യത്തിന്റെയും പാപഭാരം മുഴുവൻ ചില വിമർശകർ കയറ്റിവെയ്ക്കുന്നത് കൃഷ്ണന്റെ തലയിലാണ്. അതിൽ അജ്ഞതയുടേയും സമർത്ഥമായ അപനിർമ്മാണത്തിന്റേയും അംശങ്ങൾ അടങ്ങിയിട്ടുണ്ട്. കർണ്ണൻ ധാർമ്മികനാണെന്നും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു പറ്റിയ കളങ്കം ദുര്യോധനാദികളോടു വന്ന സംസർഗ്ഗത്തിന്റെയും വിധേയത്വത്തിന്റെയും ഫലമാണെന്നുമറിയാമായിരുന്ന കൃഷ്ണൻ, കർണ്ണന്റെ മരണം ഒഴിവാക്കാൻ ആദ്യന്തം ശ്രമിച്ചിട്ടുണ്ട്. കൗരവസഭയിലെത്തി യുദ്ധമൊഴിവാക്കുവാൻ നടത്തിയ സമവായശ്രമം പരാജയപ്പെട്ടപ്പോൾ ഭഗവാൻ കർണ്ണനെ നേരിൽക്കണ്ട് അദ്ദേഹം കുന്തീപുത്രനാണ് എന്ന സത്യം വെളിപ്പെടുത്തി. അനന്തരം കർണ്ണനോട് പാണ്ഡവപക്ഷത്തു ചേരണമെന്നും അവർ അദ്ദേഹത്തെ മഹാരാജാവായി അഭിഷേകംചെയ്ത് സസന്തോഷം ആജ്ഞാനുവർത്തികളായി താമസിക്കാൻ തയ്യാറാണെന്നും ബോധിപ്പിക്കുന്നുണ്ട്. അത് കർണ്ണന്റെ യുദ്ധകുശലത ധാർത്തരാഷ്ട്രരെ രക്ഷിക്കുമെന്ന ഭയംകൊണ്ടായിരുന്നില്ല. കർണ്ണന്റെ കയ്യൂക്കിന്റെ തിളപ്പിലാണ് കൗരവർ യുദ്ധത്തിനൊരുമ്പെടുന്നത് എന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരുപക്ഷേ,ആ അനുനയനത്തിനു കർണ്ണൻ വഴങ്ങിയിരുന്നെങ്കിൽ കുരുക്ഷേത്രയുദ്ധംതന്നെ ഒഴിവാകുമായിരുന്നല്ലോ. സൂതനായതിനാൽ കർണ്ണനെ കൃഷ്ണൻ കൊല്ലിച്ചു എന്നു പഴിക്കുന്നവർ ആ വസ്തുത മനസ്സിലാക്കാതെയാണ് ചോര തിളപ്പിക്കുന്നത്. കൃഷ്ണന്റെ ചതിയല്ല, കൗരവരോടുള്ള അമിത വിധേയത്വമാണ് കർണ്ണനെ കൊലയ്ക്കുകൊടുത്തത് എന്നു പറയാൻ മടിയുള്ളവരുടെ ദുർവ്യാഖ്യാനമാണ് മറ്റെല്ലാം.

യുധിഷ്ഠിരന്റെ രാജസൂയവേദിയിൽവെച്ച് സ്വന്തം അവർണ്ണജന്മത്തിന്റെ പേരിൽ അവഹേളിക്കപ്പെട്ട ചരിത്രം കൃഷ്ണനുമുണ്ട് എന്ന കാര്യം അത്തരം വിമർശനങ്ങൾ ഉയർത്തുന്നവർ മറന്നുപോകരുത്. ഇടയനായ കണ്ണന് യാഗത്തിൽ അഗ്രപൂജ നടത്തിയതാണ് ചിലരെ ചൊടിപ്പിച്ചത്. അവിടെയും വിഷയം ജനനത്തിന് ആഢ്യത്വംപോര എന്നതുതന്നെയായിരുന്നു. വിഷ്ണുവിന്റെ പൂർണ്ണാവതാരമായ ശ്രീകൃഷ്ണനുപോലും ജന്മാർജ്ജിതമായ ആഢ്യത്വം കുറഞ്ഞതിന്റെപേരിൽ പരസ്യനിന്ദയ്ക്കു വിധേയമാകേണ്ടിവന്നിട്ടുണ്ട് എന്നതാണു ചരിത്രം. അപ്പോൾ, കർണ്ണന്റെ കാര്യം പറയാനുണ്ടോ? അത് പൂർണ്ണമായും, കണ്ണനെയും കർണ്ണനെയും അപഹസിച്ചവരുടെ പിഴവല്ല; വർണ്ണവിഭജനവും ജാതിഭേദവും മനുഷ്യമനസ്സുകളിൽ വിതച്ച അന്തകവിത്തുകളുടെ അദൃശ്യപ്രഭാവമാണ്. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നത് അസംഖ്യം സംഭവങ്ങളിലൂടെ ദൃശ്യവുമാണ്.

അവർണ്ണമേൽവിലാസം ഒരു വ്യക്തിയുടെ പ്രകൃതത്തെയും പ്രതിഭയെയും തകർക്കുന്നതും ഒറ്റപ്പെടുത്തി നായാടാൻ ഇട്ടുകൊടുക്കുന്നതും സഭ്യമല്ലാത്ത സാഹചര്യങ്ങളിൽ എത്തിച്ച് ദുർവൃത്തനാക്കുന്നതും എങ്ങനെയെന്നു കാണിക്കുന്നതിനുവേണ്ടിയാവണം വ്യാസമഹർഷി കർണ്ണൻ എന്ന രക്തസാക്ഷിയുടെ കഥ മഹാഭാരതത്തിന്റെ ഇതളുകളിൽ എഴുതിച്ചേർത്തത്. കർണ്ണനെന്ന കഥാപാത്രത്തെ മറയായി ഉപയോഗിച്ച് കൃഷ്ണനെ ജാതിവാദിയായി വ്യാഖ്യാനിച്ചു കല്ലെറിയുന്നവർ, തങ്ങളുടെ യഥാർത്ഥലക്ഷ്യം മറച്ചുവെക്കാനാണ് മറ്റു ഭാഷ്യങ്ങളിലൂടെ ശ്രമിക്കുന്നത്.

ശംബൂകൻ

തപസ്സനുഷ്ഠിച്ചതിന്റെ പേരിൽ ശ്രീരാമനാൽ തലയറുക്കപ്പെട്ട, രാമായണത്തിലെ ശൂദ്രവംശജനായ കഥാപാത്രമാണ് ശംബൂകൻ. രാമനെന്ന മാതൃകാഭരണാധികാരിയുടെ മഹത്വത്തിനുമേൽ കളങ്കം ചാർത്തിയ ഒരു സംഭവമായാണ് ശംബൂകവധം കണക്കാക്കപ്പെടുന്നത്. രാമരാജ്യമെന്ന സങ്കൽപത്തിൽ, കീഴാളർ അകാരണമായി കശാപ്പുചെയ്യപ്പെട്ടിരുന്നു എന്ന പ്രതീതിസൃഷ്ടിക്കുന്നതിന് ഈ കഥ കാരണമായിട്ടുണ്ട്. ശൂദ്രന് തപസ്സു നിഷിദ്ധമാണെന്നും, നിയമവിരുദ്ധമായി അതിനു മുതിരുന്നവർ നിഗ്രഹിക്കപ്പെടേണ്ടതാണെന്നും ഉള്ള സന്ദേശം നൽകുന്നതിനുവേണ്ടിയാണ് ആ സംഭവം രാമായണത്തിൽ എഴുതിച്ചേർത്തതെന്ന വാദം സുബലമാണ്. ശൂദ്രനായതുകൊണ്ടാണ് ശംബൂകൻ വിചാരണയില്ലാതെ വധിക്കപ്പെട്ടതെന്ന കാര്യത്തിൽ മനുവാദികൾക്കും മനുസ്മൃതിവിരുദ്ധർക്കും ഒറ്റ സ്വരമാണ്. ആ സംഭവത്തെ ഒരു സമൂഹം വർണ്ണാശ്രമധർമ്മത്തിന്റെ സംരക്ഷണദൗത്യമായി വാഴ്ത്തുമ്പോൾ, മറുവിഭാഗം അതിനെ വർണ്ണവിവേചനം സൃഷ്ടിച്ച അരക്ഷിതാവസ്ഥയുടെ നേരടയാളമായി കണക്കാക്കുന്നു എന്ന വ്യത്യാസമേയുള്ളൂ. അതിനാൽ, ആ കഥ വാല്മീകി രചിച്ചതാണെങ്കിലും കൂട്ടിച്ചേർക്കപ്പെട്ടതാണെങ്കിലും പരിശോധനയർഹിക്കുന്നു.

വാല്മീകിരാമായണം ഉത്തരകാണ്ഡത്തിലെ, എഴുപത്തിമൂന്നു മുതൽ എഴുപത്തിയാറു വരെയുള്ള സർഗ്ഗങ്ങളിലാണ് ശംബൂകന്റെ കഥ വരുന്നത്. മിക്ക രാമായണ പരിഭാഷകളിലും പ്രക്ഷിപ്തസർഗ്ഗങ്ങൾ എന്നുതന്നെ രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ ഉൾപ്പെടുന്നതാണ് ഉത്തരകാണ്ഡം. അതിലെ പല ഉപാഖ്യാനങ്ങളും പിൽക്കാ

ലത്തു കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന നിഗമനം ശക്തമാണ്. അതിന്റെ സത്യാവസ്ഥ എന്തായിരുന്നാലും, ഇന്നു ലഭ്യമാകുന്ന രാമായണത്തിലെ ശ്ലോകങ്ങളെ അടിസ്ഥാനമാക്കി ആ സംഭവത്തിന്റെ നിജസ്ഥിതി നോക്കാം:

സോദരന്മാരോടുകൂടി രാജധാനിയിലിരിക്കുന്ന രാമനു മുന്നിലേക്ക് ഒരു വയോധികനായ ബ്രാഹ്മണൻ തന്റെ അഞ്ചുവയസ്സുമാത്രം പ്രായമുള്ള പുത്രന്റെ മൃതദേഹവുമായി കടന്നുവരുന്നു. പൂർവ്വജന്മത്തിൽ താൻചെയ്ത പാപകർമ്മംകൊണ്ടാകാം തന്റെ ഏകപുത്രൻ അകാലത്തിൽ യമദേവന്റെ കൈകളിൽ അകപ്പെട്ടതെന്നും, താനും പത്നിയും പുത്രവിരഹദുഃഖം താങ്ങാനാകാതെ ഏതാനും ദിവസങ്ങൾക്കുള്ളിൽ മരണപ്പെടുമെന്നും അയാൾ വിലപിക്കുന്നു.(ശ്ലോകം:4,5,6). കാര്യസാധ്യത്തിനുപോലും ഒരിക്കലെങ്കിലും അസത്യം പറഞ്ഞതായോ ഏതെങ്കിലും പ്രാണിയോട് പാപം ചെയ്തതായോ ഓർക്കുന്നില്ലെന്നും, അതിനാൽ തന്റെ മകൻ മരണപ്പെട്ടത് രാജാവായ ശ്രീരാമന്റെ കലശലായ പാപം നിമിത്തമാണെന്നും, പുത്രനെ ജീവിപ്പിച്ചുതരണമെന്നും ബ്രാഹ്മണൻ ആവശ്യപ്പെടുന്നു. ഇതര സ്ഥലങ്ങളിലുള്ള ശിശുക്കൾക്ക് മൃത്യുവിൽനിന്നുള്ള ഭീതി ഇല്ലാതിരിക്കെ, രാമന്റെ രാജ്യത്തെ ബാലമരണം രാജാവിന്റെ ഭരണദോഷം കാരണമാകാമെന്നും, മഹാനുഭാവന്മാരായ ഇക്ഷ്വാകു രാജാക്കന്മാരുടെ രാജ്യം രാമഭരണത്തിൽ നിന്ദ്യമായിരിക്കുന്നു എന്നും ആ ബ്രാഹ്മണൻ ശകാരിക്കുന്നുണ്ട്.(ശ്ലോകം:10,11,15). രക്ഷിക്കാൻ ആരുമില്ലാതെവന്നാൽ, താൻ പത്നിയോടുകൂടി അരമനവാതിൽക്കൽ ആത്മഹത്യചെയ്യുമെന്നും, ആ ബ്രഹ്മഹത്യാദോഷം വാങ്ങി രാമൻ സസന്തോഷം വാണുകൊള്ളുക എന്നും ഭീഷണിപ്പെടുത്തുന്നു.(ശ്ലോകം:12,13). രാജ്യത്തെ ശിശുമരണത്തിനു കാരണം രാജാവിന്റെ കർമ്മദോഷമാണെന്നു വ്യാഖ്യാനിച്ച് രാമനെ നിന്ദിച്ചു പ്രകോപിപ്പിക്കുന്നു. നാട്ടുമ്പുറങ്ങളിലും നഗരങ്ങളിലും ആളുകൾ 'അയുക്തികങ്ങളായ സംഗതികൾ' ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്നും, അത് മുടക്കി രാജാവ് പ്രജകളെ പരിപാലിക്കുന്നില്ലെന്നും പരാതിപ്പെടുന്നു(ശ്ലോകം:17). മനസ്താപം സഹിക്കാൻ കഴിയാതെ ആ ബ്രാഹ്മണൻ ശ്രീരാമനെ ഇപ്രകാരം മേൽക്കുമേൽ ക്ഷുബ്ധമായ വാക്കുകൾകൊണ്ട് പൊറുതിയില്ലാതാക്കിയതോടെ, അതീവ ദുഃഖിതനായ ശ്രീരാമൻ വേദജ്ഞാനികളായ ഗുരുക്കന്മാരെയും മന്ത്രിമാരെയും വിളിച്ചുവരുത്തി അഭിപ്രായം തേടി. ആ സമയം രാജസദസ്സിൽ ഉണ്ടായിരുന്ന നാരദമഹർഷിയാണ്, ഹീനവർണ്ണനായ ഒരുവൻ അത്യുഗ്രമായ തപസ്സുചെയ്യുന്നതാണ് ദുരന്തകാരണമെന്നു നിർണ്ണയിക്കുന്നത്. അതനുസരിച്ചാണ് രാമൻ ആ അത്യാചാരിയെ അന്വേഷിച്ച് ഇറങ്ങുന്നതും ശംബൂകനെ കണ്ടെത്തി വധിക്കുന്നതും എന്നാണ് വാല്മീകിരാമായണം പറയുന്നത്.

[പിൻകുറിപ്പ്: ബ്രാഹ്മണപുത്രന്റെ മരണത്തിന്റെ കാരണം ഒരു ശൂദ്രന്റെ തപസ്സാണ് എന്ന കാര്യം രാജസഭയിൽ ഉണർത്തിക്കുന്നത് നാരദനാണല്ലോ. ഒരു കലഹത്തിനുള്ള നിമിത്തം കിട്ടിയതുകൊണ്ട്, അത് നാരദൻ ഭംഗിയായി ഉപയോഗിച്ചു എന്നു കരുതരുത്. ലോകസഞ്ചാരിയായതുകൊണ്ട് അദ്ദേഹം നേരിട്ടു കണ്ടറിഞ്ഞതാണെന്നും വിചാരിക്കരുത്. ശൂദ്രനായി ജനിച്ചുജീവിച്ച് തപസ്സിലൂടെ ബ്രഹ്മജ്ഞാനംനേടിയ മഹാത്മാവായിരുന്നു പൂർവ്വജന്മത്തിൽ നാരദൻ എന്നകാര്യം, അദ്ദേഹത്തെക്കൊണ്ട് ആ വാക്കുകൾ പറയിച്ച 'കവി'ക്ക് അറിയില്ലാ എന്നുവേണം മനസ്സിലാക്കാൻ. ആ കഥ നാരദൻ എന്ന അധ്യായത്തിൽ കണ്ടതാണല്ലോ.]

തിരക്കഥയിലെ തിരിവുകൾ

ലോകസഞ്ചാരിയായ നാരദനാണ് ശിശുമരണത്തിന്റെ കാരണം ശൂദ്രന്റെ അധർമ്മമാണെന്ന് ദിവ്യദൃഷ്ടികൊണ്ടു കണ്ടെത്തി അവതരിപ്പിക്കുന്നതെങ്കിലും, അദ്ദേഹത്തിന് ആരാണ് തപസ്സുചെയ്യുന്നതെന്നോ അത് എവിടെയാണെന്നോ കാണാനായില്ല. അതുകൊണ്ടാണ് പുഷ്പകവിമാനത്തിലേറി പുറപ്പെട്ട രാമന് ആദ്യം അയോദ്ധ്യയുടെ പടിഞ്ഞാറുദിക്കിലുള്ള ഇടങ്ങളിലും, പിന്നെ ഉത്തര ദിക്കിലും, തുടർന്നു കിഴക്കുദിക്കിലും അന്വേഷിച്ച് അലയേണ്ടിവന്നത്. ഒടുവിൽ, തെക്കുദിക്കിൽ ഒരു പർവ്വതത്തിന്റെ വടക്കുവശത്തായി ഒരു വലിയതടാകത്തിൽ തലകീഴായിതൂങ്ങി തപസ്സുചെയ്യുന്ന ശംബൂകനെ കണ്ടെത്തിയപ്പോൾ, ദശരഥപുത്രനായ ശ്രീരാമനാണ് താനെന്നു പരിചയപ്പെടുത്തിയശേഷം, രാമനെക്കൊണ്ട് പ്രക്ഷിപ്തകവി ചോദിപ്പിക്കുന്നത് നീയാരാണെന്നല്ല; നീ ഏതു ജാതിയിൽ ജനിച്ചുവളർന്നവനാണ് എന്നാണ്:



സഃ രാഘവഃ,	ആ ശ്രീരാഘവൻ,
ഉത്തമം	കടുതായ
തപഃ തപ്യന്തം	തപസ്സുചെയ്തുകൊണ്ടിരുന്ന
തം ഉപാഗമ്യ,	അവനെ സമീപിച്ച്,
തദാ വാക്യം ഉവാച;	ആ സമയം ഇങ്ങിനെ ചോദിച്ചരുളി;
"ദാശരഥിഃ	"ദശരഥപുത്രനായ
രാമഃ അഹം	രാമനെന്ന ഞാൻ
ത്വാം	ഭവാനോട്
കൌതൂഹലാത്	അറിവാൻവേണ്ടി
പൃച്ഛാമി;	ചോദിക്കയാണ്;
സുവ്രത! ത്വം	ഉഗ്രവ്രതത്തെ അനുഷ്ഠാനം ചെയ്യുന്നവനേ! അങ്ങ്
ധന്യഃ അസി;	മഹിമയേറിയവൻതന്നെ;
ദൃഢവിക്രമ!	കരളുറപ്പുള്ള
തപോവൃദ്ധ!	മഹാതാപസ!
കസ്യാം യോന്യാം	ഏതു ജാതിയിലാണ്
വർത്തസേ!	അങ്ങ് ജനിച്ചുവളരുന്നത്?
തുഭ്യം	അങ്ങേയ്ക്ക്
മനീഷിതഃ	കാംക്ഷിതമായുള്ള
അർത്ഥഃ കഃ?	ഫലം എന്തൊന്നാണ്?
ത്വം യദർത്ഥം	അങ്ങ് എന്തിനെ ഉദ്ദേശിച്ചാണ്
സുദുശ്ചരം തപസ്യസി?	കടുതായതപസ്സ് ചെയ്തുകൊണ്ടിരിക്കുന്നത്?
പരഃ സ്വർഗ്ഗലാഭഃ അഥ?	അത്യുത്തമമായ സ്വർഗ്ഗവാസമാണോ?

താൻ ശൂദ്രജാതിയിൽ പിറന്ന ശംബൂകനാണെന്നും, മഹായശസ്വിയായി ഉടലോടുകൂടി സ്വർഗ്ഗവാസയോഗ്യമായ ദേവപദവി ലഭിക്കുന്നതിനുവേണ്ടിയാണ്(ദേവത്വം പ്രാപ്തയേ രാമ സശരീരോ മഹാശയ)തപസ്സുചെയ്യുന്നത് എന്നുള്ള മറുപടി കേട്ടനിമിഷം, ശ്രീരാമന്റെ ഉറയിൽനിന്നൂരിയ വാളുകൊണ്ട് ശംബൂകനെ കഴുത്തറുത്തു കൊല്ലുകയാണ്, അക്ലിഷ്ടകർമ്മണനെന്നു(ദുഃഖമില്ലാതെ എന്തും നിർവ്വഹിക്കുന്നവനെന്നു) രാമനെ വിശേഷിപ്പിച്ചു സാധൂകരണം കണ്ടെത്തുന്ന മാരീചകവി. അങ്ങ് ബ്രാഹ്മണനാണെന്നാൽ അവിടുത്തേയ്ക്കു സകലമംഗളവും ഉണ്ടാകട്ടെ; ക്ഷത്രിയനാണെങ്കിൽ അങ്ങ് അജയ്യനാകട്ടെ എന്നു ശംബൂകനോട് രാമന്റെ പേരിൽ ആദ്യമേതന്നെ നയംവ്യക്തമാക്കിയ പ്രക്ഷിപ്തകവിയിൽനിന്ന് വിചാരണയില്ലാത്ത ഈ അന്തിമവിധിയല്ലാതെ എന്തു പ്രതീക്ഷിക്കാൻ? ശംബൂകന്റെ ശിരസ്സരിഞ്ഞപ്പോൾ ഇന്ദ്രനും ദേവന്മാരും 'സാധു..സാധു..'(നല്ലത്..നല്ലത്.)എന്നിങ്ങനെ പലവുരു ഘോഷിച്ച് പുഷ്പവൃഷ്ടിനടത്തിയതായി അടുത്ത ശ്ലോകത്തിൽ കാണാം. ഉടലോടെ സ്വർഗ്ഗത്തിൽ പോകാനുള്ള ആശയും തലകീഴായുള്ളതപസ്സും(ആഭിചാരകർമ്മം) വേദവിരുദ്ധമാണെന്ന വാദഗതി നിലനിൽക്കുമ്പോഴും, ശൂദ്രത്വമാണ് ശംബൂകവധത്തിനു പ്രേരകമായതെന്ന് കഥയിൽനിന്നു വ്യക്തമാണല്ലോ.

ശംബൂകകഥ വായിച്ചുപോകുമ്പോൾ അനുവാചകന് അടിമുടി ഒരു ഗൂഢാലോചന മണക്കും. മരിച്ച മകന്റെ ശരീരവുമായി ഒരു സാധാരണ പ്രജ രാജകൊട്ടാരത്തിൽ എത്തുന്നതിലെയും, പുത്രനെ ജീവിപ്പിച്ചുതരണം എന്ന് അവശ്യപ്പെടുന്നതിലെയും സംഭാവ്യത കഥയിലായാൽപ്പോലും എത്രമേലുണ്ടാകാം എന്നാലോചിക്കുക. മുൻ ജന്മങ്ങളിൽ താൻ ചെയ്ത പാപകർമ്മം കൊണ്ടാകാം തന്റെ ഏകപുത്രൻ അകാല ത്തിൽ യമന്റെ കൈകളിലകപ്പെട്ടതെന്ന് ആദ്യഘട്ടത്തിൽ വിലപിക്കുന്ന ബ്രാഹ്മ ണൻ, കാര്യസാധ്യത്തിനുപോലും താൻ ഒരിക്കലെങ്കിലും കളവു പറഞ്ഞതായോ ഏതെങ്കിലും പ്രാണിയോടു പാപം ചെയ്തതായോ ഓർക്കുന്നില്ലെന്നും, അതിനാൽ തന്റെ മകൻ മരണപ്പെട്ടത് രാജാവായ ശ്രീരാമന്റെ കലശലായ പാപം നിമിത്തമാ ണെന്നു നിഗമനത്തിലെത്തുന്നത് എന്തുകൊണ്ടാണ്? രാമന്റെ രാജ്യത്തിൽ അകാ ലത്തിൽ മനുഷ്യർക്കു മരണമുണ്ടാകുന്നതുപോലെയുള്ള ഘോരമായ കാഴ്ചകൾ താൻ കണ്ടറിഞ്ഞിട്ടോ കേട്ടറിഞ്ഞിട്ടോയില്ലെന്നു പറയുന്നതും അതേ ബ്രാഹ്മണൻ തന്നെയാണ്.(ശ്ലോകം:9). ആരുമില്ലാതായ താൻ പത്നിയോടൊപ്പം അരമനവാതിൽ ക്കൽ കിടന്നു മരിയ്ക്കുമെന്നും, അതുമൂലമുണ്ടാകുന്ന ബ്രഹ്മഹത്യാപാപം സ്വീക രിച്ച് അനുജന്മാരോടുകൂടി സുഖമായി വാണാലും എന്നു രാജാവിനെ ഭയപ്പെടുത്തു കയും(ശ്ലോകം:12,13), രാമരാജ്യത്തിൽ ക്ഷേമം എന്നത് ഒട്ടുംതന്നെ ഇല്ലാതായെന്നും (ശ്ലോകം:12,13), മഹാനുഭാവന്മാരായ ഇക്ഷ്വാകു രാജാക്കന്മാരുടെ രാഷ്ട്രം ശിശുമര ണത്തിലൂടെ നിന്ദ്യമായെന്നു കുറ്റപ്പെടുത്തുകയും ചെയ്യുന്നതിലൂടെ(ശ്ലോകം: 14,15) ശ്രീരാമനുമേൽ കനത്ത സമ്മർദ്ദമാണ് ബ്രാഹ്മണൻ പ്രയോഗിക്കുന്നത്. അനന്തരം, പതിനേഴാം ശ്ലോകത്തിൽ, നഗരങ്ങളിലും നാട്ടുമ്പുറങ്ങളിലും ജനങ്ങൾ 'അയുക്തി കങ്ങളായ കാര്യങ്ങൾ' ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്നും, അതൊക്കെ തടഞ്ഞ് മഹാരാജാവ് പ്രജകളെ പരിപാലിക്കാത്തതുകൊണ്ടാണ് അവർക്കു വിപത്തുകൾ നേരിടേണ്ടിവരുന്നതെന്നും ബ്രാഹ്മണൻപ്രഖ്യാപിക്കുന്നതോടെ ഉപജാപം പുറത്തു ചാടുന്നു. ആ ആസൂത്രിത സംഭവത്തിന്റെ അന്തിമഫലമാണ് രാമനിലൂടെ നടപ്പാ ക്കപ്പെട്ട ശൂദ്രനായ ശംബൂകന്റെ കൊലപാതകം.

ആ സംഭവത്തിനുമുൻപ് ഒരിക്കലും ശിശുമരണം സംഭവിച്ചിട്ടില്ലാത്ത രാജ്യമായി രുന്നോ അയോദ്ധ്യയെന്നറിയില്ല. സംഭവിച്ചത് കുഞ്ഞുങ്ങളുടെ കൂട്ടമരണമായിരു ന്നെങ്കിൽ, ഉത്തരവാദി രാജാവാണെന്ന വാദത്തിനു സാധുതയുണ്ട്. പക്ഷേ, ഇവിടെ സംഭവിച്ചത് ഒരേയൊരു കുട്ടിയുടെ മരണമാണല്ലോ. സ്വന്തം കുട്ടിയുടെ ദുർവിധി യ്ക്കുകാരണം, അവന്റെ പൂർവ്വജന്മകർമ്മങ്ങളോ മാതാപിതാക്കളുടെ കർമ്മഫല ങ്ങളോ ഒന്നുമല്ല; രാജാവിന്റെ പാപങ്ങളാണ് എന്നു പുത്രവിരഹപീഢയാൽ വിഷ മിക്കുന്ന ഒരു പ്രജ പറയുന്നതു മനസ്സിലാക്കാം. പക്ഷേ, അതിന്റെ പേരിൽ രാജാവ് നിരപരാധിയായ ഒരാളെ ഹനിച്ചു എന്നും, ബ്രാഹ്മണന്റെ വാദം ഉറപ്പിച്ചെടുക്കാൻ ശ്രീരാമനെന്ന അവതാരപുരുഷൻ സ്വന്തംപേരിനു കളങ്കമുണ്ടാക്കിയെന്നും ശ്രീരാ മന്റെ അപദാനങ്ങളെഴുതാൻ തൂലികയെടുത്ത വാല്മീകിയെപ്പോലെയുള്ള ഒരു മഹാമുനി എഴുതിവെയ്ക്കുമെന്നു തോന്നുന്നുണ്ടോ? അതുകൊണ്ടുതന്നെ, ശംബൂ കകഥയെയും രാമനെയും മുൻനിർത്തി ശൂദ്രന് തപസ്സനുഷ്ഠിക്കുവാൻ അധികാര മില്ലെന്നു പ്രഖ്യാപിക്കാനും, അഥവാ ആരെങ്കിലും നിയമം ലംഘിച്ചാൽ അവന്റെ

തലയെടുക്കാനുള്ള അധികാരം രാജാവിനുണ്ടെന്നു സ്ഥാപിച്ചെടുക്കാനും, രാജാവ് അതിനു തയ്യാറായില്ലെങ്കിൽ അത് രാജ്യത്തെ പ്രജകളുടെ നാശത്തിനു കാരണമാകുമെന്നു വരുത്തിത്തീർക്കാനുമുള്ള ഒരു ആസൂത്രിത പ്രചരണമായി ഈ കഥയെ കാണേണ്ടിവരുന്നു. ഉപജാപം നടത്തിയവരുടെ ലക്ഷ്യം മരിച്ച ബ്രാഹ്മണബാലനെ രക്ഷിക്കുകയായിരുന്നില്ല, തപസ്സുചെയ്യാൻ തയ്യാറാകുന്ന കൂടുതൽ ശംബൂകന്മാർ ഉണ്ടാക്കുന്നത് തടയുകയായിരുന്നു എന്നു വ്യക്തമാണല്ലോ. ആ ലക്ഷ്യം രാമൻ മനസ്സിലാക്കിയെന്നുവേണം കരുതാൻ. ആ നിഗമനത്തെ സാധൂകരിക്കുന്ന സംഗതികളാണ് ശംബൂകവധത്തിനുശേഷം സംഭവിച്ചതായി രാമായണകഥയിൽ വാല്മീകി മഹർഷി രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്:

ശംബൂകവധത്തിനപ്പുറം സംഭവിച്ചത്

ശൂദ്രനായ ശംബൂകനെ തീർത്ത 'ആര്യനായ രാമന്റെ ക്രൂരത' സ്വത്വവാദികളുടെ നാവിൽനിന്നും, ശാസ്ത്രം ശൂദ്രർക്കു നിഷിദ്ധമാക്കിയിട്ടുള്ള തപസ്സിന് ഒരുങ്ങിയ ശംബൂകനെ നിഗ്രഹിച്ച് ധർമ്മരക്ഷചെയ്ത ആര്യനായ രാമന്റെ മഹത്വം വംശവിശുദ്ധിവാദികളുടെ തൂലികയിൽനിന്നും നാമറിഞ്ഞിട്ടുണ്ട്. എന്നാൽ, ശംബൂകവധത്തിനപ്പുറം സംഭവിച്ച കാര്യങ്ങൾ രാമായണം വായിച്ചവർ നമ്മോടു പറയുകയോ, രാമനു കുറ്റപത്രമെഴുതിയവർ അന്വേഷിച്ചു കണ്ടെത്തുകയോ ചെയ്തിട്ടില്ല.

ശംബൂകനെ വധിച്ചതിനു ശേഷം രാമൻ നേരെ പോയത് ബ്രാഹ്മണന്റെയും പ്രജകളുടെയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാനല്ല; അഗസ്ത്യമുനിയുടെ ആശ്രമത്തിലേക്കാണ്.ബ്രാഹ്മണപുത്രന്റെ ജീവഹാനിയും ശംബൂകവധവും ദേവന്മാരിൽനിന്നും അറിഞ്ഞിരുന്ന മഹർഷി ശ്രീരാമനോട് രാത്രി ആശ്രമത്തിൽ കഴിച്ചുകൂട്ടണമെന്ന് അഭ്യർത്ഥിച്ചു. അന്ന്, സംഭാഷണമദ്ധ്യേ അഗസ്ത്യമുനി രണ്ടു കഥകൾ രാമനോടു പറഞ്ഞിട്ടുണ്ട്. ആ കഥകളിൽ ഒന്നിൽ, കൃതയുഗത്തിലെ രാജവംശങ്ങൾക്കു കാരണഭൂതനായ മനുചക്രവർത്തി, മകൻ ഇക്ഷ്വാകുവിനെ രാജാവായി വാഴിക്കുന്ന അവസരത്തിൽ നൽകുന്ന ഉപദേശം, അഗസ്ത്യമുനി രാമായണത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്(സർഗ്ഗം:79 ശ്ലോകങ്ങൾ:അഞ്ചു മുതൽ പതിനൊന്നു വരെ):

പ്രീതോऽസ്മി! പരമോദാര ത്വം കർത്താസി! ന സംശയഃ
ദണ്ഡേന ച പ്രജാ രക്ഷ മാ ച ദണ്ഡമകാരണേ. 8

"പരമോദാര!	"സദ്ഗുണശീല!	പ്രജാഃ	പ്രജകളെ
പ്രീതഃ അസ്മി;	ഞാൻ പ്രീതികയ്യോ	ദണ്ഡേന	ശിക്ഷിച്ച്
ത്വം	നീ [ങ്ങിരിക്കുന്നു;	രക്ഷ;	നീതിതെററാതെ പരിപാലിച്ചാലും;
കർത്താസി	പറഞ്ഞപ്രകാരംതന്നെ ചെയ്യുന്നവനാണ്	അകാരണേ	തക്ക വിചാരണചെയ്യാതെ
ന സംശയഃ;	സംശയമില്ല;		
ച	എങ്കിലും	ദണ്ഡം മാ ച.	ദണ്ഡിക്കരുത്.

"കുറ്റം ചെയ്തെന്നു കാണപ്പെട്ട ആളുകളുടെ പേരിൽ വിധിക്കപ്പെട്ടു നടപ്പാക്കുന്ന ശിക്ഷകൾ അരചനെ സ്വർഗ്ഗപ്രാപ്തനാക്കുന്നു. അതുകൊണ്ട്, പ്രജകളെ ശിക്ഷിച്ചു നീതിതെറ്റാതെ പരിപാലിച്ചാലും. എന്നാൽ, ദണ്ഡിക്കുന്ന കാര്യത്തിൽ നീ വളരെ ജാഗ്രതയായിരിക്കേണ്ടതാണ്.തക്ക വിചാരണചെയ്യാതെ ദണ്ഡിക്കരുത്.(വാല്മീകി രാമായണം, വ്യാഖ്യാതാവ്:ബ്രഹ്മശ്രീ ജി.എസ്.ശ്രീനിവാസ അയ്യർ).

അഗസ്ത്യമുനി രാമനോട് പറഞ്ഞതിന്റെ അർത്ഥം, ശരിയായി വിചാരണചെയ്ത് കുറ്റനിർണ്ണയം നടത്തി വിധിപറയാതെ നടപ്പാക്കിയ ശംബൂകവധം അധർമ്മമാണ് എന്നുതന്നെയാണ്.ഏറെബൃഹത്തായ ആ കഥകൾ അഗസ്ത്യമുനി പ്രതിപാദിച്ചത് ശ്രീരാമനെ ഉറക്കാൻവേണ്ടി ആയിരുന്നില്ല; ഉണർത്താനായിരുന്നു. പുരോഹിതരുടെയും മന്ത്രിമാരുടെയും ഉപദേശംകേട്ട് വിചാരണകൂടാതെ ശംബൂകനെ വധിച്ചത് അധർമ്മമാണെന്നു മനുവിന്റെ വാക്കുകൾ ഉദ്ധരിച്ചാണ് അഗസ്ത്യൻ സ്ഥാപിക്കുന്നത് എന്നകാര്യവും ശ്രദ്ധിക്കുക. വാല്മീകിയും രാമായണവും അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുന്നതും അതുതന്നെയാണ്: ശംബൂകനെ വധിച്ചത് അധർമ്മമാണ്.

അടുത്ത പുലരിയിൽ പുഷ്പകവിമാനത്തിലേറി ശ്രീരാമൻ അയോധ്യയിലെത്തി. അരമനയുടെ നടുക്കെട്ടിൽ വന്നിറങ്ങിയ രാമൻ ആദ്യം ചെയ്തത്, ഭരതനെയും ലക്ഷ്മണനെയും കൂട്ടിക്കൊണ്ടുവരാൻ കാവൽക്കാരനെ അയക്കുകയാണ്.(സർഗ്ഗം: എൺപത്തിമൂന്ന്).തനിക്കുമുന്നിൽ എത്തിയ സോദരന്മാർ ഇരുവരോടും രാജസൂയയാഗം നടത്താനുള്ള തന്റെ തീരുമാനം രാമൻ അറിയിച്ചു. എല്ലാ പാപങ്ങളുടെയും പരിഹാരമായി അഗസ്ത്യൻ നിർദ്ദേശിച്ചതാകണം സർവ്വോത്തമമായ ആ യജ്ഞം. ബ്രാഹ്മണകുമാരന്റെ മരണത്തിനു കാരണമായ ശ്രീരാമന്റെ പാപങ്ങൾ പോക്കാനാണോ ആ രാജസൂയയാഗമെന്ന് സ്വാഭാവികമായും സംശയമുണ്ടാകാം. എന്നാൽ, അതല്ല വസ്തുതയെന്ന് അനന്തരഭാഗങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.എല്ലാ പാപങ്ങൾക്കുമുള്ള പരിഹാരമാണ് അശ്വമേധയാഗമെന്ന മഹായജ്ഞം എന്നു സമ്മതിക്കുന്ന ലക്ഷ്മണൻ, തുടർന്ന്, ബ്രഹ്മഹത്യാപാപത്തിൽനിന്നും മോചനം തേടി പണ്ട് ദേവേന്ദ്രൻ നടത്തിയ യാഗത്തിന്റെ പുരാവൃത്തം പ്രതിപാദിക്കുന്നുണ്ട്:

ധർമ്മവാനും പുണ്യശാലിയുമായ വൃത്രൻ എന്ന അസുരരാജാവ്, തന്റെ മൂത്തപുത്രനെ മധുരാപുരിയുടെ ഭരണമേൽപ്പിച്ച് ഉഗ്രതപസ്സു സ്വീകരിച്ചു. ധർമ്മാത്മാവും ബലവാനുമായ അസുരൻ തപസ്സു പൂർത്തിയാക്കിയാൽ, താൻ പുറത്താകുമെന്നും ലോകം മുഴുവൻ അയാളുടെ അധീനതയിലാകുമെന്നും വേവലാതിപൂണ്ട ദേവേന്ദ്രൻ വജ്രായുധംകൊണ്ട് മൂർദ്ധാവിലടിച്ച് വൃത്രാസുരനെ വകവരുത്തി. അതോടെ ബ്രഹ്മഹത്യാപാപം ബാധിച്ച ഇന്ദ്രൻ, ബോധമറ്റ് പാമ്പുപോലെ ഒരിടത്ത് ചുരുണ്ടുകൂടി കിടപ്പായി. അത്തരത്തിൽ ഇന്ദ്രൻ ക്ഷീണദശയെ പ്രാപിച്ചതോടെ ലോകം ആപത്തിലായി.ലോകം കൊടുംവരൾച്ചയിലേക്കും പട്ടിണിയിലേക്കും പതിച്ചു:


തതോ ഹതേ മഹാവീര്യേ വൃത്രേ ദേവഭയംകരേ
ബ്രഹ്മഹത്യാവൃതഃ ശക്രഃ സംജ്ഞാം ലേഭേ ന വൃത്രഹാ. 2

"ദേവഭയംകരേ	"ദേവകൾക്ക് ഭയത്തെ വിളയിച്ചവനും	വൃത്രഹാ	വൃത്രവധംചെയ്തവനായ
മഹാവീര്യേ	മഹാവീര്യശാലിയുമായ	ശക്രഃ,	ഇന്ദ്രൻ,
വൃത്രേ	വൃത്രാസുരൻ	ബ്രഹ്മഹത്യാവൃതഃ	ബ്രഹ്മഹത്യയാൽ ചൂഴപ്പെട്ടവനായി
ഹതേ	ഹനിക്കപ്പെട്ടാറെ	സംജ്ഞാം ന ലേഭേ.	സ്വബോധമററവനായിരുന്നു.
തതഃ	അതിൽപിന്നെ		

തുടർന്ന്, പരിഭ്രാന്തരായ ദേവഗണങ്ങൾ മഹാവിഷ്ണുവിന്റെ നിർദ്ദേശാനുസരണം അശ്വമേധയാഗം നടത്തിയാണ് ദേവേന്ദ്രനെയും ലോകത്തെയും ബ്രഹ്മഹത്യാപാപത്തിൽനിന്നു രക്ഷിച്ചത് എന്നാണ് രാമായണം പറയുന്നത്.

ലക്ഷ്മണൻ രാമനോടു പറയുന്ന ആ കഥയുടെ പശ്ചാത്തലത്തിൽനിന്നും, രാമൻ നടത്താനുദ്ദേശിക്കുന്ന യാഗത്തിന്റെ ഉന്നം തപസ്സുചെയ്തുകൊണ്ടിരുന്ന ശംബൂകനെ ഹനിച്ച പാപത്തിൽനിന്നുള്ള മോചനമാണെന്നു വ്യക്തമാണല്ലോ. ബ്രഹ്മഹത്യാപാപം മാതിരിയുള്ള കടുത്ത പാപങ്ങൾപോലും ത്രാണനംചെയ്യാൻ അശ്വമേധ യാഗത്തിലൂടെ കഴിയും എന്നതു സൂചിപ്പിക്കാനാണ് ലക്ഷ്മണൻ ആ കഥ പറഞ്ഞതെന്നൊക്കെ വളഞ്ഞു വ്യാഖ്യാനിക്കാനും, അതിലൂടെ യാഗം നടത്താനുള്ള കാരണമായി ബ്രാഹ്മണശിശുവിന്റെ മരണത്തെ ആവിഷ്കരിക്കാനും ആരും വിഷമിക്കേണ്ടതില്ല. കാരണം, ദേവേന്ദ്രനു ബ്രഹ്മഹത്യാപാപം വരുത്തിവെച്ചത് അസുരനായ വൃത്രന്റെ വധമാണെന്നു കൃത്യമായി രാമായണത്തിൽ പറയുന്നുണ്ട്. അപ്പോൾ അതിനപ്പുറമുള്ള വ്യാഖ്യാനങ്ങൾക്കു പ്രസക്തിയില്ലല്ലോ.

ബ്രാഹ്മണജാതിയിൽ ജനിച്ചയാളെ കൊന്നാലല്ല; തപസ്സുചെയ്യുന്നയാളെ വധിച്ചാൽ ആണ് ബ്രഹ്മഹത്യാപാപം ബാധിക്കുകയെന്ന് രാമായണം സാക്ഷ്യപ്പെടുത്തിയാൽ അതുതന്നെയാണല്ലോ യാഥാർത്ഥ്യം. അക്കാര്യത്തിൽ, അസുരനെന്നോ ബ്രാഹ്മണനെന്നോ ശൂദ്രനെന്നോ വ്യത്യാസമില്ല എന്നതാണു വസ്തുത. യജ്ഞം നടത്തി പാപമോക്ഷംനേടാനുള്ള ശ്രീരാമന്റെ തീർച്ചപ്പെടുത്തലും, അതിനെ സാധൂകരിക്കുന്ന ലക്ഷ്മണന്റെ വാക്കുകളും കാണിക്കുന്നത്, ശ്രീരാമൻ ശംബൂകവധത്തിന് പ്രേരിപ്പിക്കപ്പെടുകയായിരുന്നു എന്നാണല്ലോ. സഭയിൽ ആവലാതിയുമായെത്തിയ ആ ബ്രാഹ്മണന്റെയും ഉപദേശികളായ പുരോഹിതന്മാരുടെയും സമ്മർദ്ദമാകാം രാമനെക്കൊണ്ട് ശംബൂകവധമെന്ന മഹാപരാധം ചെയ്യിച്ചത് എന്നു തെളിയിക്കുന്നതാണല്ലോ രാമായണത്തിലെ പ്രസ്താവനകൾ. അതിനാലാണ് ബ്രാഹ്മണരാൽ തന്നിലർപ്പിക്കപ്പെട്ട പാതകം നിർവ്വഹിച്ചതിനുശേഷം രാമൻ പാപപരിഹാരംതേടി നേരെ അഗസ്ത്യമുനിയുടെ ആശ്രമത്തിലേക്കു പോയത്.

'ദൈവവുമായി നേരിട്ടു ബന്ധപ്പെടുന്ന ഭൂദേവന്മാരായ ബ്രാഹ്മണരുടെ പ്രതിനിധിയായി' പ്രജാസേവചെയ്യുക എന്നതായിരുന്നു അക്കാലത്ത് ക്ഷാത്രധർമ്മം. അതിന് നിർബന്ധിതമാക്കുന്ന അനവധി നിയമങ്ങൾ സ്മൃതികളെന്നപേരിൽ കാലാകാലങ്ങളിൽ നിർമ്മിച്ചു നടപ്പാക്കിയിരുന്നു. ആയതിനാൽ, സാമൂഹികവിഷയങ്ങളിൽപ്പോലും അവസാനവാക്ക് ബ്രാഹ്മണപുരോഹിതന്മാരുടേതായിത്തീർന്നു. അതിനുള്ള ഉത്തമോദാഹരണമാണ് ശംബൂകവധം. വിപുലമായ അധികാരങ്ങളുണ്ടായിരുന്നെങ്കിലും രാജാക്കന്മാർക്ക് പൗരോഹിത്യത്തിന്റെ കടിഞ്ഞാണിൽനിന്നും ഇടംവലം തിരിയുവാനുള്ള സ്വാതന്ത്ര്യം കൽപ്പിച്ചു കിട്ടിയിരുന്നില്ല എന്നതാണല്ലോ ഈ സംഭവം സാക്ഷ്യപ്പെടുത്തുന്നത്. ബ്രാഹ്മണരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക വഴി കൊടും പാപമനുഷ്ഠിക്കേണ്ടിവന്ന രാമന്റെ കഥ, ബ്രാഹ്മണ്യമെന്ന സ്ഥാപനമൊരുക്കിയ കെണിയുടെ ചിത്രമാണ് അനാവൃതമാക്കുന്നത്. ഒപ്പം, സ്മൃതിനിയമങ്ങളെ അവർ ഏതൊക്കെ രീതിയിലാണ് തങ്ങൾക്കു വേണ്ടതുപോലെ നിർവ്വചിച്ച് മുതലെടുപ്പു നടത്തിയിരുന്നത് എന്ന സത്യവും വെളിച്ചത്തുകൊണ്ടുവരുന്നു.

[പിൻകുറിപ്പ്:മര്യാദാപുരുഷോത്തമൻ എന്നു വാല്മീകി സമർത്ഥിക്കുന്ന ശ്രീരാമന്റെ യശസ്സിൽ കളങ്കം വീഴ്ത്തിയ വേറെ ചില സംഭവങ്ങളും രാമായണത്തിൽ കാണാം. പ്രേമാതുരയായി സമീപിച്ച ശൂർപ്പണഖയുടെ മൂക്കും മുലയും മുറിച്ച ആഖ്യാനവും, വാനരരാജാവായ

ബാലിയെ പതിയിരുന്ന് അമ്പെയ്തുകൊന്ന സംഭവവുമാണ് അവ.ആ കഥകൾ വിശദമായി അപഗ്രഥിക്കുമ്പോൾ,രാമൻ എന്നവ്യക്തിയുടെ തീരുമാനങ്ങളെക്കാൾ സ്മൃതിനിയമങ്ങൾ അനുശാസിക്കുന്ന രാജകർത്തവ്യത്തിന്റെ നിർവ്വഹണമായിരുന്നോ അവ എന്നു സംശയിക്കാം. മദമോഹിതയായി അന്യപുരുഷനോട് സംയോഗിക്കുന്ന സ്ത്രീയുടെ മൂക്ക് മുതലായ അംഗങ്ങൾ ഛേദിക്കണമെന്നു യാജ്ഞവൽക്യസ്മൃതി നിർദ്ദേശിക്കുന്നതായി 'വ്യവഹാര മാല' എന്ന പൗരാണിക നിയമഗ്രന്ഥത്തിലും പറയുന്നുണ്ട്.(സജാതാവുത്തമോ ദണ്ഡ ആനുലോമ്യേ തു മധ്യമഃ പ്രാതിലോമ്യേ വധ പുംസാസ്ത്രീണാം നാസാദി കൃന്തനം,ശ്ലോകം: 1000). കൂടാതെ, തന്റെ ഭർത്താവിനെ ഉല്ലംഘിച്ചു സൗന്ദര്യാദി മൂലമായിട്ടുള്ള കാരണങ്ങൾകൊണ്ട് പരപുരുഷസംസർഗ്ഗം ചെയ്യുന്ന സ്ത്രീയുടെ മൂക്കും ചെവിയും ഛേദിക്കണമെന്നു മനുവിനെ ഉദ്ധരിച്ചുകൊണ്ട് ആയിരത്തിയെട്ടാം ശ്ലോകത്തിലും പറയുന്നു. അവയെല്ലാം 'സദാചാരസംരക്ഷണ'ത്തിനായി സ്മൃതികൾ ആവിഷ്കരിച്ച മാമൂലുകളായിരുന്നു.

സുഗ്രീവന്റെ ആവശ്യപ്രകാരം ബാലിയെ ഒളിഞ്ഞിരുന്ന് അമ്പെയ്തുകൊന്നു എന്നതാണ് രാമനെതിരെയുള്ള മറ്റൊരു ആരോപണം. രാമനോട് യാതൊരു വൈരവും ഇല്ലാത്ത, രാമനോടോ രാജ്യത്തോടോ ഒരു തെറ്റും ചെയ്തിട്ടില്ലാത്ത ബാലിയെ വധിച്ചത് അധർമ്മമാണെന്നാണ് ആക്ഷേപം. അതിന്റെ കാരണമായി രാമൻ മരണാസന്നനായ ബാലിയോടു പറയുന്നത്, സുഗ്രീവന്റെ പത്നിയായ രുമയെ ബാലി ബലമായി അപഹരിച്ചു എന്നതാണ്.(ബാലിയെ പോരിനുവിളിച്ച മായാവിയെന്ന അസുരൻ ബാലി-സുഗ്രീവന്മാരെ കണ്ടുഭയപ്പെട്ട് ഒരു ഗുഹയിൽ ഒളിച്ചു. അനുജനെ കാവൽനിറുത്തി ബാലി ഗുഹയിൽ കയറി. ഗുഹയിൽനിന്നു ബാലിയുടെ രോദനം കേൾക്കുകയും ചോരകാണുകയും ചെയ്തപ്പോൾ ബാലി മരിച്ചെന്നു കരുതി, മായാവി രക്ഷപ്പെടാതിരിക്കാൻ ഒരു പാറക്കല്ലെടുത്തു ഗുഹാമുഖമടച്ച് സുഗ്രീവൻ മടങ്ങിപ്പോന്നു. തിരിച്ചുചെന്ന സുഗ്രീവൻ, പുരോഹിതരുടെ നിർദ്ദേശപ്രകാരം രാജാവായി. മാസങ്ങൾക്കുശേഷം പാറനീക്കി ഗുഹതുറന്ന് രാജധാനിയിലെത്തിയ ബാലി കണ്ടത് രാജാവായ സുഗ്രീവനെയാണ്. രാജ്യം ആഗ്രഹിച്ചു സുഗ്രീവൻ മനഃപ്പൂർവ്വം ഗുഹയടച്ചതാണെന്നു വിശ്വസിച്ച ബാലിയോട്, നിരപരാധിത്വം ബോധിപ്പിക്കാനുള്ള അനുജന്റെ ഉദ്യമങ്ങൾ വ്യർഥാവിലായി. സമസ്തവും അടിയറവെയ്ക്കാൻ സുഗ്രീവൻ തയ്യാറായെങ്കിലും കുപിതനായ ബാലി, സുഗ്രീവനെ വധിക്കുവാൻ ചിലരെ നിയോഗിക്കുകയും അയാളുടെ പത്നിയെ തട്ടിയെടുത്തു സ്വന്തമാക്കുകയും ചെയ്തു). സ്വന്തം മകളെപ്പോലെയോ പുത്രവധുവിനു തുല്യമായോ കാണേണ്ട അനുജന്റെഭാര്യയെ അപഹരിച്ചു ഭാര്യയാക്കിയത് കൊടിയ അപരാധമാണ്. മകൾ,സഹോദരി,സഹോദരഭാര്യ, മരുമകൾ,അമ്മ, ഭാര്യാമാതാവ് തുടങ്ങിയവരോട് അധർമ്മം പ്രവർത്തിക്കുന്നവർക്ക് കടുത്തശിക്ഷ നൽകണമെന്ന സ്മൃതിനിയമത്തിന്റെ നിർവ്വഹണമാണ് ശ്രീരാമൻ അവിടെ നടപ്പിലാക്കിയതെന്നു കരുതേണ്ടിവരും.(ബാലിക്കെതിരെ യുദ്ധംചെയ്യാനെത്തുന്ന ശത്രുവിന്റെ പകുതിശക്തികൂടി ബാലിക്കു ലഭിക്കുമെന്ന് ഒരു വരം അദ്ദേഹത്തിനു കിട്ടിയിരുന്നു. അതുകൊണ്ട് ബാലിയെ ആർക്കും നേരിട്ടു യുദ്ധത്തിൽ കീഴ്പെടുത്തുവാൻ കഴിയുമായിരുന്നില്ല. അതിനാലാണ് മരത്തിനു പിറകിൽനിന്ന് അമ്പെയ്ത് ബാലിയെ കൊല്ലാമെന്നു രാമൻ സുഗ്രീയെ അറിയിച്ചതും അപ്രകാരം അനുവർത്തിച്ചതും). ചുരുക്കത്തിൽ, ആ സംഭവത്തിലും രാമൻ നടപ്പാക്കിയത് ധർമ്മഭ്രംശകനായ ഒരാളിനു സ്മൃതിനിയമങ്ങൾ അനുശാസിക്കുന്ന ശിക്ഷയാണല്ലോ.അതുകൊണ്ട്,ശൂർപ്പണഖയെയും ബാലിയെയും സ്മൃതിനിയമങ്ങളുടെ ഇരയായി കാണുന്നതാണ് വസ്തുതാപരം. അക്കാലത്തു സ്മൃതികൾ ഉണ്ടായിരുന്നോ എന്നു നിശ്ചയമില്ല. ഇല്ലെങ്കിൽപോലും, പൗരോഹിത്യം ചമച്ചിരുന്ന ചട്ടങ്ങൾക്കു പുറത്തുപോകാൻ ആർക്കും സാധ്യമായിരുന്നില്ല. ആ ചട്ടങ്ങളാകാം പിൽക്കാലത്ത് സ്മൃതികളായി പകർത്തപ്പെട്ടത്.രാജാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കും നീതിബോധത്തിനും യാതൊരു പ്രസക്തിയുമില്ലാത്ത ഒരു നീതിനിർവ്വഹണ വ്യവ

സ്ഥിതിയുടെ ഇരകളായിരുന്നു ശൂർപ്പണയും ബാലിയും; ഒപ്പം ശ്രീരാമനും എന്നതായിരിക്കാം ഒരുപക്ഷെ ആ സംഭവങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ട യാഥാർത്ഥ്യം.]

കൃതയുഗത്തിൽ കുരുങ്ങികിടക്കുന്നവർ

ശംബൂകവധം എന്ന സംഭവം പിൽക്കാലത്ത് രാമായണത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, ആ സംഭവത്തിന് അനുബന്ധമായി രാജസദസ്സിൽവെച്ചു നാരദൻ ശ്രീരാമനോടു പറയുന്ന രീതിയിൽ പരാമർശിക്കുന്ന കാര്യങ്ങൾ പ്രസക്തമാണ്(എഴുപത്തിനാലാം സർഗ്ഗം). ശംബൂകന്റെ വധം ത്രേതായുഗത്തിലെ അവതാരമൂർത്തിയായ ശ്രീരാമന്റെ കഥയിൽ എന്തിനായി തിരുകിക്കയറ്റി എന്ന സന്ദേഹത്തിനുള്ള ഉത്തരം കൂടിയാണത്. നാരദൻ പറയുന്നു: 'കൃതയുഗത്തിൽ ബ്രാഹ്മണർ മാത്രമാണ് തപസ്സിന് ആധികാരികളായിരുന്നത്(ശ്ലോകം:9).പിന്നെയുണ്ടായ ത്രേതായുഗത്തിൽ ക്ഷത്രിയർക്കും തപശ്ചര്യ ധർമ്മമായിത്തീർന്നു(ശ്ലോകം:11). അനന്തരം വന്ന ദ്വാപരയുഗത്തിൽ, തപസ്സു ചെയ്യുന്നത് വൈശ്യർക്കും ഉചിതമായിത്തീർന്നു. മൂന്നു യുഗങ്ങൾകൊണ്ടു ക്രമത്തിൽ തപോനുഷ്ഠാനം എന്നതു മൂന്നു ജാതിക്കാർക്കും തക്കതായിത്തീർന്നു.(ശ്ലോകം:25). കലിയുഗത്തിൽ ശൂദ്രജാതിയിൽ ജനിച്ചവനും തപോനുഷ്ഠാനം ആചാരത്തിൽവരുന്നതാണ് -ശ്ലോകം:28):


ഭവിഷ്യച്ഛൂദ്രയോന്യാം വൈ തപശ്ചര്യാ കലൌ യുഗേ
അധർമ്മഃ പരമോ രാജൻ ദ്വാപരേ ശൂദ്രജന്മനഃ.

"രാജൻ !	"മഹാരാജാവേ !	ഭവിഷ്യത് ;	ആചാരത്തിൽ വരുന്നതാണ് ;
കലൌ യുഗേ	കലിയുഗത്തിൽ	ശൂദ്രജന്മനഃ	ശൂദ്രജാതിയിൽ ജനിച്ചവന്
ശൂദ്രയോന്യാം വൈ	ശൂദ്രജാതിയിൽ ജനിച്ചവനും	ദ്വാപരേ	ദ്വാപരയുഗത്തിൽ
തപശ്ചര്യാ	തപോനുഷ്ഠാനമെന്നത്	പരമഃ അധർമ്മഃ.	അത് മഹത്തായ അധർമ്മമാകുന്നു.

'ശൂദ്രജാതിയിൽ ജനിച്ചവന് ദ്വാപരയുഗത്തിൽ തപശ്ചര്യ അധർമ്മമാകുന്നു.(അധർമഃ പരമോ രാജൻ ദ്വാപരേ ശൂദ്രജന്മന) എന്ന ഇരുപത്തെട്ടാം ശ്ലോകത്തിന്റെ പകുതിഭാഗംമാത്രം അടർത്തിയെടുത്താണ് ജാതിബ്രാഹ്മണ്യത്തിന്റെ വക്താക്കൾ ഈ കാലമത്രയും അസത്യപ്രചരണം നടത്തിയതെന്നു വ്യക്തമാണല്ലോ. ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപു കഴിഞ്ഞുപോയെന്നു വിശ്വസിക്കപ്പെടുന്ന യുഗങ്ങളിലാണ് ശൂദ്രജാതിയിൽ പിറന്നവർക്കു തപസ്സ് അനുവദനീയമല്ലാത്തത് എന്നതും, കലിയുഗത്തിൽ ശൂദ്രർക്ക് തപോനുഷ്ഠാനമെന്നത് ആചാരത്തിൽ വരുന്നതാണെന്നതും അവർ മറച്ചുവെച്ചു. ഇന്നും അതേ കള്ളം ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ ആവർത്തിച്ചവതരിപ്പിച്ച് അവർ സത്യത്തെ കുഴിച്ചുമൂടുന്നു.

ശംബൂകകഥയിൽ നാരദമഹർഷി ബ്രാഹ്മണശിശുവിന്റെ മരണകാരണം വിവരിക്കുന്നത്, മാർക്കണ്ഡേയമഹർഷിയും വസിഷ്ഠമഹർഷിയും ഗൗതമമഹർഷിയും ജാബാലമഹർഷിയുംഅടക്കമുള്ള പരമവേദജ്ഞാനികളുടെ സാന്നിധ്യത്തിലാണ്. ആ പണ്ഡിതസഭയിൽ അദ്ദേഹം പരാമർശിക്കുന്ന ചില കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അത്, തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള ചാതുർവർണ്യത്തെ, ജന്മം അടിസ്ഥാനമാക്കിയുള്ള വർണ്ണവിഭജനമാക്കി മാറ്റിത്തീർത്ത ഉപജാപം വെളിച്ചത്തുകൊണ്ടുവരുന്ന ഒരു സത്യപ്രസ്താവനയാണ്:

'പണ്ട് കൃതയുഗത്തിൽ ബ്രാഹ്മണർ മാത്രമാണ് തപസ്സിന് ആധികാരികളായി ഉണ്ടായത്(ശ്ലോകം: 9). അതിൽ പിന്നെയാണ് ദൃഢശരീരമുള്ള മനുഷ്യരുടെതായ ത്രേതായുഗമെന്നത്. അതിൽ, ക്ഷത്രിയർ തപസ്സുകൊണ്ടു മേന്മപൂണ്ടവരായിരിക്കും എന്ന് സമ്മതിക്കപ്പെടുകയുണ്ടായി(ശ്ലോകം:11). യാതൊന്ന് ബ്രാഹ്മണർക്കുമാത്രം ആദ്യമുണ്ടായിരുന്നുവോ, യാതൊന്ന് ക്ഷത്രിയർക്കും പിന്നീടു സാദ്ധ്യമായോ അവയെല്ലാം രണ്ടുയുഗങ്ങളിലും തുല്യ ഫലങ്ങൾ നൽകുന്നതായി ഭവിച്ചു.(ശ്ലോകം:13). ആകയാൽ, അപ്പോൾ അവരെല്ലാം അധികമായ വ്യത്യാസത്തെ കാണുകയുണ്ടായില്ല. ആ സന്ദർഭത്തിൽ നാലുജാതിക്കാർക്കും ആചാരഭേദം വിധിയായി ഏർപ്പെടുത്തി':

ബ്രഹ്മ ക്ഷത്രം ച തത് സർവ്വം യത് പൂർവ്വമപരം ച യത്
യുഗയോരുഭയോരാസീത് സമവീര്യസമന്വിതം. 13

"യത്	"യാതൊന്ന്	അപരം,	പിമ്പ് സിദ്ധമായോ,
ബ്രഹ്മ ച	ബ്രാഹ്മണർക്കു മാത്രം	തത് സർവ്വം	അതെല്ലാം
പൂർവ്വം,	ആദ്യമുണ്ടായിരുന്നുവോ,	ഉഭയോഃ യുഗയോഃ	രണ്ടു യുഗങ്ങളിലും
യത്	യാതൊന്ന്	സമവീര്യ-സമന്വിതം	തുല്യഫലത്തെ നൽകുന്നതായി
ക്ഷത്രം ച	ക്ഷത്രിയർക്കും	ആസീത്.	ഭവിച്ചു.

["കൃതയുഗത്തിൽ യാതൊരു ബ്രാഹ്മണ്യം ഉത്കൃഷ്ടമായിരുന്നുവോ, ആ ബ്രാഹ്മണ്യവും ക്ഷത്രവും, ത്രേതായുഗത്തിൽ സമപ്രധാനമായ്തീർന്നു." (ശ്രോ. രാ.)

കൃതയുഗത്തിൽ ക്ഷത്രിയർക്ക് തപസ്സിൽ അധികാരമില്ലാത്തതിനാൽ ആ യുഗത്തിലെ ബ്രാഹ്മണരേക്കാൾ അപ്പോഴുള്ള ക്ഷത്രിയർക്ക് ന്യൂനതയും, ത്രേതായുഗത്തിൽ ഇരുവർക്കും അധികാരമുള്ളതിനാൽ, ഇരുകൂട്ടർക്കും തപോവീര്യാദികൊണ്ട് സമത്വമുണ്ടായിരുന്നു എന്നും ഭാവം. അതിനാൽ കൃതയുഗ ബ്രാഹ്മണരേക്കാൾ ത്രേതായുഗ ബ്രാഹ്മണർക്ക് ന്യൂനത്വം പറയപ്പെട്ടതായും സിദ്ധിക്കുന്നു. (തിലകം.)]

അപശ്യംസ്തു ന തേ സർവ്വേ വിശേഷമധികം തതഃ
സ്ഥാപനം ചക്രിരേ തത്ര ചാതുർവ്വർണ്യസ്യ സംമതം. 14

"തതഃ,	"ആകയാൽ	തത്ര	ആ സന്ദർഭത്തിൽ
തു, തേ സർവ്വേ	അപ്പോൾ, അവരെല്ലാം	ചാതുർവ്വർണ്യസ്യ	നാലു ജാതിക്കാർക്കും
അധികം	അധികമായ	സംമതം	ആചാരഭേദത്തെ
വിശേഷം	വ്യത്യാസത്തെ	സ്ഥാപനം	വിധിയായി
അപശ്യൻ ന;	കാണുകയുണ്ടായില്ല;	ചക്രിരേ.	ഏർപ്പെടുത്തി.

[ത്രേതായുഗത്തിൽ തപസ്സുകൊണ്ട് ബ്രഹ്മക്ഷത്രസാമ്യമുണ്ടാകയാൽ, വൈലക്ഷണ്യത്തെ ഉണ്ടാക്കുന്നതായ ചാതുർവ്വർണ്യങ്ങൾക്കുള്ള ആചാരഭേദങ്ങളെ ഏർപ്പെടുത്തി, എന്നു സാരം.]

അതായത്, ത്രേതായുഗത്തിൽ ബ്രാഹ്മണരും ക്ഷത്രിയന്മാരും ആചാരസമന്മാരായി ബ്രഹ്മ-ക്ഷത്ര സാമ്യതയുണ്ടായി. സ്വാഭാവികമായും ബ്രാഹ്മണരെക്കാൾ ശാരീരിക ക്ഷമതകൂടിയ ക്ഷത്രിയന്മാർ തപശ്ശക്തികൂടിആർജ്ജിച്ചതോടെ സമൂഹത്തിനുമേലുള്ള ബ്രാഹ്മണാധിപത്യം ചോദ്യംചെയ്യപ്പെടും എന്ന അവസ്ഥയുണ്ടായി. അടുത്ത യുഗങ്ങളിൽ, ക്രമാനുഗതം വൈശ്യരും ശൂദ്രരും തപശ്ശക്തിനേടുന്നതോടെ ബ്രാഹ്മണ്യത്തിന്റെ ആധികാരികത അപ്രസക്തമാകും എന്ന സ്ഥിതിയായി. ആ ഭയത്തിൽനിന്നാണ് ആചാരഭേദം ഏർപ്പെടുത്തി സ്വയം സംരക്ഷണമൊരുക്കാൻ ബ്രാഹ്മണർ നിർബന്ധിതരായതെന്നു വ്യക്തമാക്കുകയാണ് നാരദൻ, ഇവിടെ.

രാമായണത്തിലെ ഉത്തരകാണ്ഡത്തിൽ ചില ഭാഗങ്ങൾ പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്നതിനുള്ള തെളിവായി പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നത് അതി

ലെ ശ്ലോകങ്ങൾ തന്നെയാണ്. ത്രേതായുഗത്തിൽ ശ്രീരാമസന്നിധിയിൽവെച്ച് നാരദമുനി അറിയിച്ച സംഗതികളിൽ, ഇനിയുമെത്താത്ത ത്രേതായുഗാന്ത്യത്തിലെയും പിന്നീടുവരുന്ന ദ്വാപരയുഗത്തിലെയും കുറേ വസ്തുതാവിവരണങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ഒരൊഴുക്കിനു പറഞ്ഞുപോയതാവാം. എന്നാലും അത് കലർപ്പേശാത്ത സത്യത്തിന്റെ കൈയ്യൊപ്പായി കാലത്തിന്റെ കണക്കുപുസ്തകത്താളിൽ തെളിഞ്ഞുകിടക്കുന്നു: 'ത്രേതായുഗത്തിന്റെ അന്ത്യഘട്ടത്തിൽ, അധർമ്മത്തിലും കാർഷികവൃത്തിയിലും അവർക്ക് -ബ്രാഹ്മണർക്കും ക്ഷത്രിയർക്കും സേവചെയ്തുവന്നിരുന്ന മറ്റുജാതിക്കാർക്ക്-പ്രിയമേറിയപ്പോൾ ബ്രാഹ്മണരും ക്ഷത്രിയരും ക്ഷീണദശകളെ പ്രാപിച്ചു.(ശ്ലോകം:22). അപ്പോൾ, ആ അധർമ്മം രണ്ടാം പാദത്തിൽ ഊന്നി. ആയതിനാൽ ആ യുഗത്തിനു ദ്വാപരയുഗം എന്നു പേര് ഉണ്ടായി.(ശ്ലോകം:23). പുരുഷോത്തമാ, ആ ദ്വാപരയുഗത്തിന്റെ അവസാനം എത്തിയ സമയം അധർമ്മമാകുന്ന സ്വാർത്ഥതയും കൃഷിവൃത്തിയും(?) അഭിവൃദ്ധിപൂണ്ടു.(ശ്ലോകം:24). ആ ദ്വാപരയുഗത്തിൽ തപസ്സനുഷ്ഠിക്കുക എന്നതു വൈശ്യന്മാർക്കും ഉചിതമായിത്തീർന്നു.(ശ്ലോകം:25). പുരുഷോത്തമ! മൂന്നു യുഗങ്ങൾകൊണ്ടു ക്രമത്തിൽ തപോനുഷ്ഠാനമെന്നത് മൂന്നു ജാതിക്കാർക്കും തക്കതായിത്തീർന്നു. ശൂദ്രൻമാത്രം ആ മൂന്നുയുഗങ്ങളിലും തപസ്സുചെയ്യുകയെന്ന ധർമ്മത്തിന് അധികാരിയാകുന്നില്ലാ(ശ്ലോകം:26)'. ഒരു പ്രവചനമെന്ന വിധത്തിലല്ല, നടന്ന സംഭവങ്ങളുടെ വിവരണമെന്ന നിലയിൽത്തന്നെയാണ് ഇക്കാര്യങ്ങൾ പറയുന്നത് എന്നതാണ് അവ പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടവയാണെന്ന വിശ്വാസത്തിനു പിൻബലം. പ്രക്ഷിപ്തശ്ലോകങ്ങളാണെങ്കിൽപോലും അവ വെളിച്ചത്തുകൊണ്ടുവരുന്ന സത്യങ്ങൾ, സത്യങ്ങൾ തന്നെയാണ്. അതുകൊണ്ട്, ആദ്യകാല ചാതുർവർണ്യത്തെ അട്ടിമറിച്ച ഉപജാപത്തെ അനാവൃതമാക്കുന്ന തെളിവായി ഉത്തരകാണ്ഡത്തിലെ പ്രസ്താവനകളെ സ്വീകരിക്കാം.

എഴുപത്തിമൂന്നാം സർഗ്ഗത്തിലെ ഇരുപത്തേഴാമത്തേയും ഇരുപത്തെട്ടാമത്തേയും പദ്യങ്ങളിൽ ഉദ്ധരിക്കപ്പെട്ട, 'ഹേ നൃപോത്തമാ, അധികൃതനല്ലാത്ത ജാതിക്കാരിൽ ഒരുവൻ അത്യുഗ്രമായ തപസ്സനുഷ്ഠിക്കുന്നുണ്ട്. ആ കാരണത്താൽത്തന്നെയാണ്, ഈ ബാലമരണം നടന്നത്' എന്ന വാദം ഉറപ്പിക്കാനുള്ള വ്യഗ്രതയിൽ, താൻ അവതരിപ്പിക്കുന്നത് ഇനിയും വന്നിട്ടില്ലാത്ത ദ്വാപരയുഗത്തിലെ കാര്യമാണെന്നു പ്രക്ഷിപ്തകവി മറന്നുപോയതാവാം. അല്ലെങ്കിൽ, കാർഷികജോലിയിലൂടെ അഭിവൃദ്ധി പ്രാപിച്ച വൈശ്യരെ വെറുപ്പിച്ച്, ലഭിക്കാനിടയുള്ള ദാനം മുടക്കേണ്ടെന്ന് ബുദ്ധിപൂർവ്വം തീരുമാനിച്ചതാകാം. എന്തായാലും, അത് സ്വാർത്ഥലാഭത്തിനുവേണ്ടി രാമായണത്തെ കളങ്കപ്പെടുത്താൻ ശ്രമിച്ചവർക്കുമേലുള്ള സത്യത്തിന്റെ വിജയമാണ്.

എന്തുകൊണ്ട് പഴുതില്ലാത്ത രീതിയിൽ ആ ഭാഗം എഴുതപ്പെട്ടില്ല എന്നാണെങ്കിൽ, 'ആധുനിക കവികളുടെ' അത്ര കാപട്യം പ്രക്ഷിപ്തഭാഗങ്ങൾ എഴുതിച്ചേർത്തവർക്കുണ്ടായിരുന്നില്ല എന്നുവേണം ഊഹിക്കാൻ. ശ്രീരാമനെ അപഹസിക്കുന്ന കാര്യത്തിൽ, ചില ആധുനിക വക്താക്കൾ കാണിക്കുന്ന കണ്ണിൽചോരയില്ലായ്മ അവർക്കുണ്ടായിരുന്നില്ല. മഹത്തായ ആ സംസ്കാരത്തിന്റെ വഴിയറിയുന്ന അവരിൽ, നന്മയുടെയും സത്യത്തിന്റെയും ചില അംശങ്ങൾ അവശേഷിച്ചിരുന്നിരിക്കണം. നാരദൻ പറഞ്ഞത് ശ്രീരാമന്റെ വാക്കായാണ് പൊതുവെ പ്രചരിപ്പിക്കപ്പെടുന്നത്

എന്നതും, രാജാവ് നേരിട്ടന്വേഷിച്ചു ശിക്ഷിക്കണമെന്ന ഗുരുനിർദ്ദേശവും ഈ കഥ ചമച്ചവരുടേയും പ്രചരിപ്പിക്കുന്നവരുടേയും താത്പര്യം വ്യക്തമാക്കുന്നുണ്ട്. മര്യാദാപുരുഷോത്തമനായ രാമന്റെ യശസ്സിനെക്കാൾ, മേൽപ്പറഞ്ഞ പ്രക്ഷിപ്തങ്ങൾ കൂട്ടിച്ചേർക്കുന്നതുമൂലം ബ്രാഹ്മണ്യാധിപത്യത്തിനു ചാർത്തികിട്ടുന്ന ആധികാരികതയ്ക്കാണ് അവർ പ്രാധാന്യം കൊടുത്തത് എന്നുകരുതാം .

[പിൻകുറിപ്പ്: ഒരുപക്ഷേ,ഉത്തരകാണ്ഡത്തിലെ മേൽസൂചിപ്പിച്ച ഭാഗങ്ങൾ, തങ്ങളുടെ വാദങ്ങൾക്ക് പ്രതികൂലമാണെന്നതുകൊണ്ട്, പ്രവചനരൂപത്തിലുള്ള ശ്ലോകങ്ങൾ തിരുത്തിയെഴുതി പ്രക്ഷിപ്തമാണെന്ന പ്രതീതി വരുത്തി വിശ്വാസ്യതയില്ലാതാക്കാൻ ശ്രമിച്ചതുമാകാം. അതിനർത്ഥം, രാമായണത്തിൽ കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങളില്ല എന്നല്ല. രാമായണത്തിലെ ഉത്തരകാണ്ഡം മൊത്തം പ്രക്ഷിപ്തമാണ് എന്നു വരുത്തേണ്ടത്, ചിലരുടെ നിലനിൽപ്പിന് അനിവാര്യമായിരുന്നെന്നു തോന്നുന്നു. ആ നിഗമനത്തിലേക്കു നയിക്കുന്ന വസ്തുതകൾ ഉത്തരകാണ്ഡം എന്തുകൊണ്ടാണ് 'പ്രക്ഷിപ്തമാക്കുന്നത്' എന്ന അധ്യായത്തിലുണ്ട്.പ്രക്ഷിപ്തവാദം ജാതിവാദികൾക്ക് എങ്ങനെ ലാഭമാകുന്നു എന്ന് അതിൽ വിശദമാക്കിയിട്ടുണ്ട്.]

സംഭവാമി യുഗേയുഗേ...

പുത്രൻ മരിച്ച ബ്രാഹ്മണൻ രാജാവിൽ കുറ്റമാരോപിച്ചു സമ്മർദ്ദം ചെലുത്തുകയും, രാജാവിനെക്കൊണ്ടു 'ക്ഷത്രിയധർമ്മം നടപ്പാക്കിക്കുകയും' ചെയ്യുന്ന ആ നാടകം ഒരൊറ്റ അധ്യായത്തിൽ അവസാനിക്കുന്ന ഒന്നല്ല; യുഗങ്ങളിലൂടെ നടപ്പാക്കപ്പെട്ടതാണ് എന്നതാണു വാസ്തവം. ശംബൂകവധത്തിലേക്കു നയിച്ച രാമായണത്തിലെ സാഹചര്യങ്ങൾക്കു സമാനമായ ഒരു സംഭവം, ഭാഗവതത്തിലെ പത്താംസ്കന്ധം എൺപത്തൊൻപതാം അധ്യായത്തിലും കാണാം. ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷിയെ ത്രിമൂർത്തികൾക്കും മുകളിൽ പ്രതിഷ്ഠിക്കുന്ന ഉപാഖ്യാനത്തിനൊപ്പമാണ് ആ കഥ വരുന്നത് എന്നകാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മഹാഭാരതയുദ്ധം കഴിഞ്ഞകാലത്ത്, ഒരു നാൾ ഒരു ബ്രാഹ്മണൻ പ്രസവിച്ചയുടനെ മരിച്ച തന്റെ കുഞ്ഞിനെയും എടുത്ത് ദ്വാരകയിലെ കൊട്ടാരവാതിൽക്കലെത്തി. തന്റെ പുത്രന്റെ മരണകാരണം, ധർമ്മശാസ്ത്രപ്രകാരം രാജാവാണ് എന്നു പഴിച്ച് പരാതി പറഞ്ഞു. പക്ഷെ, കൃഷ്ണനോ ബാലരാമനോ, പ്രദ്യുമ്നനും അനിരുദ്ധനും അടക്കമുള്ള രാജകുമാരന്മാരോ ആ ബ്രാഹ്മണന്റെ വിലാപത്തിനു ചെവികൊടുത്തില്ല(?). തുടർന്ന്, കാലാകാലങ്ങളിൽ ആ ബ്രാഹ്മണനുണ്ടായ ഒൻപതുമക്കളും ജനിച്ചയുടൻതന്നെ മരണപ്പെടുകയും ദ്വാരകയിലെ കൊട്ടാരമുറ്റത്ത് ബ്രാഹ്മണന്റെ വിലാപപ്രകടനം ആവർത്തിക്കുകയുമുണ്ടായി.

അവസാനത്തെ ശിശുവിന്റെ അന്ത്യം സംഭവിച്ചത് അർജ്ജുനൻ യാദവസഭയിൽ വന്ന സമയത്താണ്. കൊട്ടാരമുറ്റത്തെ ബ്രാഹ്മണവിലാപത്തിനു സാക്ഷിയായ അർജ്ജുനൻ, ഇനിയുണ്ടാകുന്ന കുഞ്ഞിനെ മരണത്തിന് വിട്ടുകൊടുക്കാതെ പരിപാലിക്കുന്ന കാര്യം ഏറ്റെടുത്തു. യമനെപ്പോലും ജയിക്കാൻ കഴിവുള്ള തന്റെ ശരകൂടത്തിന്റെ സംരക്ഷണയിൽ, ജനിക്കാൻപോകുന്ന കുഞ്ഞിന് മൃത്യുഭയമേ ഉണ്ടാകില്ലെന്നും, കാലന് ശരകൂടത്തിനരികെ വരാനുള്ള ധൈര്യമുണ്ടാകില്ലെന്നും പറഞ്ഞ് അർജ്ജുനൻ ബ്രാഹ്മണനു ധൈര്യംപകർന്നു. അടുത്ത പ്രസവത്തിലെ കുഞ്ഞിനെ

സംരക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ സ്വയംചിതയൊരുക്കി അതിൽ പ്രവേശിച്ച് ജീവിതമൊടുക്കുമെന്ന് പാർത്ഥൻ ശപഥം ചെയ്തു. ഭാര്യയുടെ ഗർഭം പൂർണ്ണമായതോടെ, ബ്രാഹ്മണൻ അർജ്ജുനനോട് സത്യപാലനത്തിനുള്ള സമയമായി എന്നറിയിച്ചു. അതനുസരിച്ച് അർജ്ജുനൻ ബ്രാഹ്മണഗൃഹത്തിലെത്തി സൂതിഗൃഹമായി ശരകൂടം പണിഞ്ഞ് ബ്രാഹ്മണപത്നിയെ അതിലാക്കി കാവലിരുന്നു. എന്നാൽ, ആ കുഞ്ഞിനെ രക്ഷിക്കാനും അർജ്ജുനനായില്ല. ഇത്തവണ, മരിച്ചകുട്ടിയുടെ ശരീരം തന്നെ അപ്രത്യക്ഷമായി. ബ്രാഹ്മണന്റെ അധിക്ഷേപം കേട്ട് അസ്വസ്ഥനായ അർജ്ജുനൻ ആകാശഗമനസിദ്ധി സ്വീകരിച്ച് യമലോകത്തും സ്വർഗ്ഗത്തിലും പാതാളത്തിലും തിരക്കിയെങ്കിലും കുഞ്ഞിനെ കണ്ടെത്താനായില്ല. ഒടുവിൽ,ബ്രാഹ്മണന് കൊടുത്ത വാക്കു പാലിക്കാൻ അഗ്നികൂട്ടി ആത്മാഹൂതിയ്ക്കൊരുങ്ങിയ അർജ്ജുനനെ കൃഷ്ണൻ തടഞ്ഞു. തുടർന്ന്, കൃഷ്ണനും അർജ്ജുനനും ചേർന്നു വിഷ്ണുലോകത്തെത്തി പത്തുകുഞ്ഞുങ്ങളെയും കൂട്ടിക്കൊണ്ടുവന്നു.

തങ്ങളുടെ അവതാരങ്ങളായ കൃഷ്ണാർജ്ജുനന്മാരെ ഒന്നിച്ചുകാണാനുള്ള വിഷ്ണുവിന്റെയും ആദിശേഷന്റേയും ആശയാണ് ആ സംഭവത്തിനു നിമിത്തമായത് എന്നും, അർജ്ജുനന്റെ അഹങ്കാരം ശമിപ്പിക്കാനും അദ്ദേഹത്തിന്റെ കുശലത ഭഗവാന്റെ മഹത്വമാണെന്ന് ഓർമ്മിപ്പിക്കാനും കൃഷ്ണൻ നടപ്പാക്കിയ നാടകമാണെന്നും ആ ആഖ്യാനത്തിനു വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ട്. അതെന്തുതന്നെയായാലും, ബ്രാഹ്മണന്റെ ഒൻപതുമക്കൾ മരിച്ചതറിഞ്ഞിട്ടും കാരുണ്യമൂർത്തിയായ കൃഷ്ണൻ ഇളകാതിരുന്നതെന്താണ് എന്നതും ചിന്തിക്കേണ്ട കാര്യമാണ്. കാലസ്വരൂപനായ ഭഗവാന് ജനിമൃതികളുടെ അർത്ഥം കൃത്യമായറിയാം. അതിന്റെ പേരിലുള്ള വിരട്ടലിന് അദ്ദേഹം വഴങ്ങാത്തിന്റെ കാരണം സ്പഷ്ടവുമാണ്. പ്രകൃതി നിയമങ്ങൾക്കു മുന്നിൽ ഒരാൾക്കും വിശേഷാധികാരങ്ങളില്ലെന്ന് വ്യക്തമാക്കുകയാവാം ഈ കഥയിലൂടെ ഭഗവാനും കഥാകാരനും. അതോടൊപ്പം പരിഗണിക്കപ്പെടേണ്ട മറ്റൊരു കാര്യമുണ്ട്: ഈ കഥയിൽ, കൃഷ്ണനോ മറ്റേതെങ്കിലും യാദവപ്രമുഖനോ ബ്രാഹ്മണഗുരുക്കന്മാരുടെ ഉപദേശം അംഗീകരിച്ചു പ്രതിക്രിയക്കൊരുങ്ങിയിരുന്നെങ്കിൽ, എത്ര ശംബൂകന്മാർക്കു ജീവൻ നഷ്ടപ്പെടുമായിരുന്നു? യുഗങ്ങളിലൂടെ ആവർത്തിക്കപ്പെടുന്ന അത്തരം അപനിർമ്മിതികൾ കാണുമ്പോൾ, ആസൂത്രിതമായി എഴുതിച്ചേർക്കപ്പെട്ടതാണ് ആ സംഭവങ്ങൾ എന്നു വിശ്വസിക്കേണ്ടിവരുന്നു. ആ കഥകളുടെ പേരിൽ കൃഷ്ണനും രാമനുമൊക്കെ ജനമധ്യത്തിൽ വിചാരണചെയ്യപ്പെടുമ്പോൾ, ആ കഥകളുടെ പ്രചാരകർ യവനികയ്ക്കുപിന്നിൽ ഒളിച്ചിരുന്ന് സന്തോഷിച്ചിരുന്നോയെന്നും സംശയിക്കേണ്ടിവരുന്നു.

[പിൻകുറിപ്പ്: ഭാഗവതം പത്താം സ്കന്ധം എൺപത്തൊൻപതാമധ്യായത്തിലെ, ശ്രീശുകൻ പറയുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ള ഈ കഥയെ അടിസ്ഥാനമാക്കിയാണ് പ്രസിദ്ധമായ സന്താനഗോപാലം ആട്ടക്കഥ രചിക്കപ്പെട്ടിട്ടുള്ളത്. സന്താനഗോപാലം ആട്ടക്കഥയിൽ പല സംഭവങ്ങളും ഭാഗവതത്തിലെ പ്രതിപാദനങ്ങളിൽനിന്നും വളരെ വ്യത്യസ്തമായാണ് ആവതരിപ്പിച്ചിട്ടുള്ളത്. സന്താനഗോപാലത്തിൽ, കൃഷ്ണമഹിമയുടെ ചെലവിൽ ബ്രാഹ്മണഭക്തിക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. ശംബൂകന്റെകഥ കണ്ണടച്ചു വിശ്വസിക്കുന്നവർക്കും, അതിൽ കാണാൻ കഴിയുന്ന സന്ദേശം ബ്രാഹ്മണഭക്തിമാത്രമാണല്ലോ.]

ശൂദ്രൻമാത്രമോ ശിക്ഷാർഹൻ?

ശംബൂകനെ ശ്രീരാമൻ കനത്തരീതിയിൽ ശിക്ഷിച്ചത് നീതിന്യായം നല്ലതുപോലെ നടപ്പാക്കാനും അതുവഴി അധർമ്മത്തിന് അറുതിവരുത്താനും വേണ്ടിയാണെന്നാണല്ലോ പറയപ്പെടുന്നത്. അപ്പോൾ ഉണ്ടാകുന്ന ഒരു സംശയമുണ്ട്: തെറ്റു ചെയ്താൽ ശൂദ്രൻ മാത്രമാണോ ശിക്ഷാർഹൻ? 'അല്ല' എന്നാണ് വാല്മീകിമഹർഷിയും രാമായണവും ശ്രീരാമനും പറയുന്നത്. അത് സ്പഷ്ടമാക്കുന്ന ഒരു കഥ, ഉത്തരരാമായണത്തിൽ ശംബൂകകഥയ്ക്കു തൊട്ടുപിന്നാലെതന്നെ ആദികവി ചേർത്തിട്ടുണ്ട്.

രാവണനിഗ്രഹത്തിനുശേഷം അയോധ്യാധിപതിയായി ശ്രീരാമൻ വാഴുന്ന കാലം, നീതിന്യായങ്ങളെപ്പറ്റി വിചാരണചെയ്യുന്ന പൗരസഭ ചേരുമ്പോൾ, സങ്കടക്കാരുടെ പരാതികൾ നേരിട്ടു കേൾക്കുന്ന കീഴ്‌വഴക്കം നടപ്പാക്കിയിരുന്നു. സഭാകവാടത്തിലെത്തി ആവലാതിക്കാർ ആരെങ്കിലും ഉണ്ടോയെന്നു നോക്കുന്നതും, അവരുടെ സങ്കടംകേട്ട് സാധുവായ പരാതിക്കാരെ രാമസന്നിധിയിലെത്തിക്കുന്നതും ലക്ഷ്മണന്റെ ചുമതലയായിരുന്നു. ഒരുദിവസം, സഭാദ്വാരദേശത്തെത്തിയ ലക്ഷ്മണൻ, തലപിളർന്നു ചോരയൊലിപ്പിച്ചുകൊണ്ട് ദയനീയമായി നിലവിളിക്കുന്ന ഒരു നായയെ കണ്ടു. എന്താണ് സംഭവിച്ചത് എന്നു തിരക്കിയ ലക്ഷ്മണനോട്, ഒരു കുറ്റവും ചെയ്യാത്ത തന്നെ സർവ്വാർത്ഥസിദ്ധൻ എന്ന ഒരു ബ്രാഹ്മണഭിക്ഷു അകാരണമായി വടികൊണ്ട് പ്രഹരിച്ചതിനാലാണ് തന്റെ തലപിളർന്നു ചോരയൊഴുകുന്നതെന്ന് നായ അറിയിച്ചു. തുടർന്ന്, തനിക്കു നേരിടേണ്ടിവന്ന അപരാധം ബോധിപ്പിക്കാൻ രാമസന്നിധിയിലെത്താനുള്ള അനുവാദവും ആ നായ ചോദിച്ചു.

രാമന്റെ അനുവാദത്തോടെ സഭാതലത്തിൽ പ്രവേശിപ്പിക്കപ്പെട്ട ആ ശ്വാവ്, രാമനോടും സംഭവം വിവരിച്ചു. തുടർന്ന്, രാമന്റെ നിർദ്ദേശാനുസരണം ഭടന്മാർ കുറ്റാരോപിതനായ ബ്രാഹ്മണനെ സഭയിൽ എത്തിച്ചു. നായയെ പ്രഹരിച്ചത് താൻതന്നെയാണെന്നും, ഭിക്ഷയ്ക്കായി സഞ്ചരിച്ച സമയത്ത് ആ ശ്വാവു വഴിമുടക്കി നിന്നതുകൊണ്ടാണ് വിശന്നുവലഞ്ഞു കോപിതനായ താൻ നായയെ അടിച്ചതെന്നും വിചാരണാവേളയിൽ ബ്രാഹ്മണൻ ഉണർത്തിച്ചു. അതുകേട്ട രാമൻ, സഭാവാസികളോടെല്ലാമായി ആ ബ്രാഹ്മണന് എന്തു ശിക്ഷയാണ് കൊടുക്കേണ്ടതെന്നു ചോദിച്ചു. ഭൃഗുമഹർഷി,അംഗിരസ്സുമഹർഷി, കുത്സമഹർഷി, വസിഷ്ഠമഹർഷി, കാശ്യപമുനി തുടങ്ങി ധർമ്മാധികാരികളിൽ പ്രധാനികളും മന്ത്രിമാരും വേദജ്ഞരുമെല്ലാം സഭയിൽ സന്നിഹിതരായിരുന്നു. ബ്രാഹ്മണൻ ശിക്ഷയ്ക്കർഹനല്ല എന്നാണു ശാസ്ത്രകാരന്മാർ പറഞ്ഞിട്ടുള്ളതെന്നും, എന്നാലും സകലർക്കും ശിക്ഷ വിധിക്കുന്നതിന് രാജാവ് അധികാരിയാണെന്നും അവർ ഉണർത്തിച്ചു. അപ്പോൾ, എന്താണ് ചെയ്യണ്ടതെന്ന് രാമൻ ശ്വാവിനോട് തിരക്കി.അപ്പോൾ, ആ ബ്രാഹ്മണന് ദേവാലയാധിപത്യം നല്കപ്പെടട്ടെയെന്നും അദ്ദേഹം കൗലഞ്ചരമെന്ന പ്രദേശത്തെ ദേവാലയത്തിന്റെ അധിപതിയായി നിയമിക്കപ്പെടട്ടെയെന്നും നായ നിർദ്ദേശിച്ചു. ദേവാലയാധിപതിയായി നിയോഗിക്കപ്പെട്ട ബ്രാഹ്മണൻ സന്തോഷവാനായി മടങ്ങിപ്പോയി.അപ്പോൾ, തെറ്റുചെയ്തയാളിന് എന്തുകൊണ്ടാണ് ശിക്ഷയായി ബഹുമതി നൽകിയത് എന്ന സംശയം മന്ത്രിമാരിൽനിന്നുമുണ്ടായി.നീതിയുടെ മർമ്മം അറിയാത്തതിനാലാണ്

അത്തരം ഒരു സന്ദേഹമുണ്ടായതെന്നും, അതെന്തെന്നു വ്യക്തമാക്കാമെന്നും രാമനറിയിച്ചു. തുടർന്ന്, രാമന്റെ ആവശ്യപ്രകാരം ശ്വാവ് സംശയനിവൃത്തിവരുത്തി: 'താൻ കൗലഞ്ചരമെന്ന ദേശത്തെ ദേവാലയത്തിന്റെ അധിപതിയായിരുന്നെന്നും, സദാചാരനിരതനുംശാസ്ത്രജ്ഞാനിയും സദ്വൃത്തനുമായിട്ടുകൂടി അതുകൊണ്ട് തനിക്ക് ഘോരമായ ഈ നീചാവസ്ഥയുണ്ടായെന്നും നായ രാജസഭയെ അറിയിച്ചു. ഏതൊരവസ്ഥയിലും ദേവാലയം മുതലായവയുടെ ആധിപത്യം ഒരാളും കൈയേൽക്കരുതെന്നും, അത് ആരേയും ബന്ധുക്കളോടുകൂടി നരകത്തിൽ പതിപ്പിയ്ക്കുമെന്നും നായ അറിയിച്ചു. കോപിതനും നിർദ്ദയനും ധർമ്മത്തെ ത്യജിച്ചവനും പാപകർമ്മങ്ങൾചെയ്യാൻ തത്പരനുമായ ബ്രാഹ്മണനെ, അയാൾക്കു മുമ്പുള്ളതും പിൻപുള്ളതുമായ ഏഴു തലമുറകളോടുകൂടെ വീചി എന്നു പേരുള്ള നരകത്തിൽ പതിപ്പിക്കുന്ന ശിക്ഷയാണ് നായ സർവ്വാർത്ഥസിദ്ധനു നിർദ്ദേശിച്ചത്.

ഇവിടെ, അന്യായം പ്രവർത്തിച്ചത് ബ്രാഹ്മണനും അതിന് ഇരയായത് നായയുമാണ്. ഈ കഥയിലെ യുക്ത്യായുക്തികളെക്കുറിച്ചും സംഭാവ്യതയെ സംബന്ധിച്ചുമുള്ള സന്ദേഹങ്ങൾ അവിടെ നിൽക്കട്ടെ. ബ്രാഹ്മണനു മാത്രമല്ല, ശൂദ്രനും ചണ്ഡാലനും, അവരേക്കാൾ താണനിലയിൽ നിൽക്കുന്ന ശ്വാവിനും സംരക്ഷണം നല്കാൻ രാമരാജ്യത്തെ നിയമത്തിനു ബാധ്യതയുണ്ടെന്നാകാം രാമനും ആദികവിയും സാക്ഷ്യപ്പെടുത്തുന്നത്. തെറ്റുചെയ്താൽ ശൂദ്രൻ മാത്രമല്ല, ബ്രാഹ്മണനും ശിക്ഷാർഹനാണ് എന്നതാണ് ഈ കഥയുടെ കാതൽ. അത് മനുസ്മൃതിയടക്കമുള്ള എല്ലാ ബ്രാഹ്മണ്യമാമൂലുകളുടേയും നിരാസമാണ്. എത്രകടുത്ത പാതകംചെയ്താലും ബ്രാഹ്മണരെ ശിക്ഷിക്കരുതെന്നാണല്ലോ സ്മൃതിനിയമം.ആ സിദ്ധാന്തത്തിന് ശാസ്ത്രത്തിന്റെ സമ്മതിയില്ലെന്നാണ് രാമായണം സ്ഥാപിക്കുന്നത്; ഒപ്പം, രാമനും വാല്മീകിയും.

ഇവിടെ, ബ്രാഹ്മണന്റെ തെറ്റിനുള്ള ശിക്ഷ കൽപ്പിച്ചത് കേവലമൊരു നായയാണ്. ശിക്ഷവിധിക്കാൻ നായയെ നിയോഗിച്ചതോ രാമനും വാല്മീകിയും. കോപിതനും നിർദ്ദയനും ധർമ്മം ത്യജിച്ചവനും പാപകർമ്മങ്ങൾചെയ്യാൻ തത്പരനുമായ ഒരാൾ ബ്രാഹ്മണനായി ജീവിക്കാൻ അർഹനല്ല എന്നതാണല്ലോ ആ ശിക്ഷയുടെ ഗൂഢാർത്ഥം. ബന്ധുജനങ്ങളോടൊപ്പം അധഃപതനത്തിന്റെ അടിത്തട്ടിലേയ്ക്കു തള്ളുന്ന ആ ശിക്ഷ ഒരർത്ഥത്തിൽ അയാൾക്കുള്ള ഭ്രഷ്ടുതന്നെയാണ്. സഭയിൽ സന്നിഹിതരായ മഹാത്മാക്കളെയും നാട്ടുനടപ്പിനെയും ശാസ്ത്രങ്ങളെയും ലംഘിക്കാതെ, അക്കാലത്തെ സാമൂഹിക സാഹചര്യങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടു തന്നെ, ബ്രാഹ്മണനും നിയമത്തിനു വിധേയനാണ് എന്നു സ്ഥാപിച്ച രാമന്റെ നീതിബോധം കാണാതിരിക്കാനാകില്ലല്ലോ. സകല ശാസ്ത്രങ്ങളിലും പണ്ഡിതനായ ആ ബ്രാഹ്മണനെക്കാൾ, നീതിയുടെ മർമ്മമറിഞ്ഞ ജ്ഞാനിയായാണ് വാല്മീകിമഹർഷി ശ്വാവിനെ അവതരിപ്പിക്കുന്നത് എന്നതാണ് ആ കഥയിലെ ശ്രദ്ധേയമായ മറ്റൊരുകാര്യം. ശാസ്ത്രജ്ഞാനമോ പാണ്ഡിത്യമോ അല്ല ധർമ്മബോധത്തിന്റെ അളവുകോൽ എന്നാണല്ലോ രാമായണം ഈ സംഭവത്തിലൂടെ അടിവരയിടുന്നത്.

ശംബൂകനും സർവ്വാർത്ഥസിദ്ധനും നിയമത്തിനുമുന്നിൽ തുല്യരാണെന്നുതന്നെയാണ് രാമായണം പറയുന്നത്. സകലരും തുല്യരാണെങ്കിലും, ബ്രാഹ്മണൻ ശൂദ്രനേ

ക്കാൾ 'കൂടുതൽ തുല്യനാ'കുന്നത് ബ്രാഹ്മണ്യം നിർമ്മിച്ചുനടപ്പിലാക്കിയ നാട്ടുനടപ്പുകളുടെ ബലത്തിലാണ്. അത് തെറ്റാണെന്നാണ് പൗരാണികഗ്രന്ഥങ്ങളും ദീർഘവീക്ഷണമുള്ള പുണ്യപുരുഷന്മാരും പഠിപ്പിക്കുന്നത്. വിവേകാനന്ദ സാഹിത്യസർവ്വസ്വത്തിലെ ആര്യന്മാരും തമിഴന്മാരും എന്ന അധ്യായത്തിൽ, സ്വാമിവിവേകാനന്ദൻ എഴുതിയതുപോലെ, 'നാമമാത്രമായ ആര്യസിദ്ധാന്തത്തിന്റെയും അതിൽനിന്നുമുളവാകുന്ന അശുഭസിദ്ധാന്തങ്ങളുടെയും മാറാലകളെ, മയത്തിലും എന്നാൽ വെടിപ്പായും തുടച്ചുനീക്കുക അത്യാവശ്യമായിരിക്കുകയാണ്'. അതുതന്നെയാണ് മേൽപ്പറഞ്ഞ കഥയിലൂടെ രാമായണം നൽകുന്ന സന്ദേശവും.

ഉത്തരകാണ്ഡം എന്തുകൊണ്ടാണ് 'പ്രക്ഷിപ്തമാക്കുന്നത്'?

വാല്മീകിരാമായണത്തിലെ ഉത്തരകാണ്ഡത്തിലുള്ള പല ഉപാഖ്യാനങ്ങളും പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്നാണ് ഭാഷാശാസ്ത്രജ്ഞന്മാരുടെയും ചരിത്രകാരന്മാരുടെയും പൊതുവെയുള്ള അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിലായിരിക്കാം വിമർശകർ ആ അനുമാനം വ്യാപകമായി ഉന്നയിച്ചുകാണാറുണ്ട്. രാമായണത്തിന്റെ വിവിധ തർജ്ജിമകളിലും, ഉത്തരകാണ്ഡത്തിലെ പല സർഗ്ഗങ്ങളും പ്രക്ഷിപ്തസർഗ്ഗങ്ങളെന്ന നിലയിൽതന്നെയാണ് ചേർത്തിട്ടുള്ളത് എന്നതു കൗതുകകരമാണ്. അത്, എന്തുകൊണ്ടാകാമെന്ന് ആലോചിച്ചിട്ടുണ്ടോ? ഉദാഹരണമായി മുൻപു പറഞ്ഞ സർവ്വാർത്ഥസിദ്ധന്റെ കഥതന്നെ കാണാം:


യും പ്രാപിക്കുമാറായി. ഇപ്രകാരംതന്നെ കോപിഷ്ഠനായ ഈ വിപ്രനും, ധർമ്മത്തെ ത്യജിച്ചവനായി പാപകൃത്യങ്ങളിൽ താല്പര്യമാർന്നവനായി, കോപപരാധീനനായി, നിർദ്ദയനായി, കടുത്തുരചെയ്യുന്നവനായി, മൂഢനായി, അധാർമ്മികനായി മുമ്പുള്ളതും പിമ്പുള്ളതുമായ ഏഴേഴു തലമുറകളെ അധഃപതിപ്പിക്കുന്നതാണ്. അതിനാൽ ഏതവസ്ഥയിലും ദേവാലയം മുതലായവയുടെ ആധിപത്യത്തെ ഒരുവൻ കയ്യേല്ക്കരുത്; യാതൊരുവനെ പുത്രന്മാർ കന്നുകാലികൾ ബന്ധുക്കൾ മുതലായവരോടുകൂടി, നരകത്തിൽ പതിപ്പി

ഉത്തരകാണ്ഡം—പ്രക്ഷിപ്തസർഗ്ഗം (13) 569

പ്പാൻ ഇച്ഛിക്കുന്നുവോ, അവനെ ദേവാലയങ്ങൾക്കും ഗോക്കൾക്കും ബ്രാഹ്മണർക്കും അധികാരിയായി നിശ്ചയിച്ചാൽ മതിയാകുന്നതാണ്; ബ്രഹ്മസ്വത്തേയും ദേവന്റെ സ്വത്തിനേയും, സ്ത്രീസ്വത്തിനേയും വയസ്സു തികയാത്തവരുടെ സ്വത്തിനേയും ദാനംകൊടുത്ത സ്വത്തിനേയും യാതൊരുവൻ അപഹരിക്കുന്നുവോ അവൻ ബന്ധുക്കളടക്കം തിരെ അധഃപതിക്കുന്നു. ശ്രീരാഘവ! ബ്രഹ്മസ്വത്തേയും ദേവന്റെ സ്വത്തിനേയും

ഉത്തരകാണ്ഡത്തിലെ ചില ഭാഗങ്ങൾ പ്രക്ഷിപ്തഭാഗങ്ങളാണെന്ന പ്രഖ്യാപനത്തിനുപിന്നിൽ ഒരുപക്ഷെ, രാമായണത്തിലെ കൂട്ടിച്ചേർക്കലുകൾ ഏറെക്കുറെ വിശ്വസനീയമായ കാര്യമാണ് എന്ന നിലയിൽ ഉള്ള അംഗീകരിക്കലാവാം. അങ്ങനെയാണെങ്കിൽ, ആ പ്രഖ്യാപനത്തിനു പ്രേരകമായ ആർജ്ജവത്തെ ചോദ്യംചെയ്യുന്നില്ല. എന്നാൽ,അനുഭവത്തിന്റെവെളിച്ചത്തിൽ നോക്കിക്കാണുമ്പോൾ അതിന് വേറെ ചില മാനങ്ങളുണ്ടോയെന്നു സംശയിക്കുന്നതിൽ തെറ്റില്ല എന്നുംതോന്നുന്നു. കാരണം, ഉത്തരകാണ്ഡത്തിലെ ഉപാഖ്യാനങ്ങളിലെ പരാമർശങ്ങൾ പലതും ചാതുർവർണ്യവക്താക്കൾക്കു ദഹിക്കുന്നതല്ലായെന്നുമാത്രമല്ല, അത്യധികം അരോചകവുമാണ്. ആ അപ്രിയസത്യങ്ങൾകൂടി പ്രക്ഷിപ്തങ്ങളാക്കി അവതരിപ്പിച്ച് അവയുടെ

വിശ്വാസ്യത ഇല്ലാതാക്കാനുള്ള തന്ത്രമാണോ, നിഷ്കളങ്കമെന്ന് തോന്നാവുന്ന തുറന്നുപറച്ചിലിനു പിന്നിൽ എന്നു സംശയിക്കേണ്ടിവരുന്നു. അത്തരത്തിൽ സന്ദേഹം ഉണ്ടാക്കുന്ന ഉത്തരകാണ്ഡത്തിലെ ചില പ്രതിപാദനങ്ങൾ നോക്കുക. (ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളത് അക്കാര്യം വിവരിക്കുന്ന ഈ പഠനത്തിലെ അധ്യായങ്ങളാണ്):

- ✓ രാമായണത്തിലെ ഉത്തരകാണ്ഡത്തിലാണ് ക്ഷത്രിയത്വത്തിൽനിന്നു ബഹിഷ്കൃതരാക്കി അവർണ്ണചേരിയിലേക്കു പുറന്തള്ളിയ യാദവകുലത്തിന്റെ ഉത്പത്തി പ്രതിപാദിക്കപ്പെടുന്നത്. ശ്രീകൃഷ്ണനെ ബ്രാഹ്മണനോ, കുറഞ്ഞ പക്ഷം ക്ഷത്രിയനോ ആക്കി വർണ്ണവിഭജനത്തിന് സാധൂകരണം നേടിക്കൊടുക്കാൻ ശ്രമിക്കുന്നവർക്ക് അതെങ്ങനെ സ്വീകാര്യമാകും? യാദവകുലവും കൃഷ്ണനും വർണ്ണശ്രേണിയിലെ ബഹിഷ്കൃതസമൂഹത്തിന്റെ ഭാഗമാണ് എന്നുവരുന്നതോടെ വീണുടയുന്നത് കൃഷ്ണനെതിരെ കെട്ടി ഉയർത്തിയിട്ടുള്ള നിരവധി ആരോപണങ്ങളാണ്. അതോടോപ്പം അപകടത്തിലാകുന്നത് അദ്ദേഹത്തിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്ന അനേകം കഥകളുടെ നിർമ്മാതാക്കളും പ്രചാരകരുമാണ്.(അധ്യായം:യദുവംശോത്പത്തി).
- ✓ ശൂദ്രർക്ക് തപസ്സനുഷ്ഠിക്കാൻ അവകാശമില്ലെന്ന് രാമനെപ്രതിയാക്കി സ്ഥാപിക്കാൻ നടത്തിയ ഉദ്യമമായിരുന്നല്ലോ ശംബൂകവധം. തപസ്സുചെയ്ത കുറ്റത്തിന് ശൂദ്രനായ ശംബൂകനെ രാമന് വധിക്കേണ്ടിവന്നത് രാജപുരോഹിതർ ഒരുക്കിയ ഗൂഢപദ്ധതിയുടെ ഭാഗമായി ഉണ്ടായ സമ്മർദ്ദത്തെത്തുടർന്നാണ് എന്നവസ്തുത സംശയലേശമന്യേ അനാവൃതമാകുന്നത് രാമായണത്തിലെ ഉത്തരകാണ്ഡത്തിലാണ്.(അധ്യായം:തിരക്കഥയിലെ തിരിവുകൾ).
- ✓ ശംബൂകനെ വിചാരണ ചെയ്യാതെ വധിച്ചത് കൊടിയ അധർമ്മമാണെന്നും, അത് രാജധർമ്മത്തിനും ശാസ്ത്രത്തിനും വിപരീതമാണെന്നും ഉദാഹരണം നിരത്തി അഗസ്ത്യമുനി രാമനെ ബോധ്യപ്പെടുത്തുന്നത് ഈ കാണ്ഡത്തിൽ തന്നെയാണ്. ശംബൂകഹത്യ ധർമ്മസംരക്ഷണത്തിനുവേണ്ടി ആയിരുന്നില്ല എന്നാണ് തെളിയുന്നത്.(അധ്യായം:ശംബൂകവധത്തിനപ്പുറം സംഭവിച്ചത്).
- ✓ തപസ്സുചെയ്യുന്നയാൾ ഏതുവർണ്ണിയായാലും, അയാളെ വധിക്കുന്നത് ബ്രഹ്മഹത്യാപാപത്തിനു ഹേതുവാകുമെന്നും വംശംമുടിക്കുമെന്നും മനുവിന്റെ വാക്കുകളും വൃത്രാസുരന്റെ ഉദാഹരണവും ഉദ്ധരിച്ച് അഗസ്ത്യൻ രാമനെ ബോധിപ്പിച്ചത് ഉത്തരകാണ്ഡത്തിലാണ്. ജാതിബ്രാഹ്മണ്യത്തിന്റെ ഏറ്റവും ബലമുള്ള സംരക്ഷണകവചമായ ബ്രഹ്മഹത്യാപാപത്തെ സത്യരൂപത്തിൽ പുനർനിർവ്വചിച്ചത് വർണ്ണാചാരസംരക്ഷകർക്കു സഹിക്കുമോ? (അധ്യായം: ശംബൂകവധത്തിനപ്പുറം സംഭവിച്ചത്).
- ✓ വേദങ്ങളിലെ 'പ്രതിനായകനായ' വൃത്രാസുരൻ യഥാർത്ഥത്തിൽ ആരായിരുന്നെന്നും ഇന്ദ്രന്റെ സ്വാർത്ഥത സംരക്ഷിക്കുന്നതിനുവേണ്ടിയാണ് വൃത്രൻ ബലികൊടുക്കപ്പെട്ടതെന്നും മഹാത്മാക്കളുടെ വചനങ്ങളിലൂടെ നാമറിയുന്നത് ഉത്തരകാണ്ഡത്തിലൂടെയാണ്. നായകൻ പ്രതിനായകനും പ്രതിനായകൻ നായകനുമാകുന്ന ആ ആഖ്യാനം പല സങ്കല്പങ്ങളുടെയും അസ്തി

വാരം തകർക്കുന്ന വിപ്ലവാത്മകമായ രൂപാന്തരമാണ്(അധ്യായം:അറിയപ്പെടുന്ന വൃത്രാസുരനും; അറിയാത്ത വൃത്രാസുരനും).

- ✓ ശംബൂകവധത്തിന്റെ പാപപരിഹാരാർത്ഥം രാമൻ മഹായജ്ഞം നടത്താൻ തീരുമാനിച്ചതും അതിന്റെ ആവശ്യകത അനുജന്മാരെ ബോധിപ്പിച്ച് വേണ്ട കാര്യങ്ങൾ ചെയ്യിച്ചതും വിവരിക്കുന്നത് ഈ കാണ്ഡത്തിലാണ്. രാജപുരോഹിതന്മാരുടെ ചതിപ്രയോഗത്തിന് ശ്രീരാമനു നിന്നുകൊടുക്കേണ്ടിവന്നതിനാലാണ് ശംബൂകൻ കൊലചെയ്യപ്പെടാനിടയായത് എന്ന രഹസ്യം അനാവരണം ചെയ്യപ്പെടുന്നതും ഉത്തരകാണ്ഡത്തിലെ പ്രസ്താവനകളിലൂടെയാണല്ലോ.(അധ്യായം:ശംബൂകവധത്തിനപ്പുറം സംഭവിച്ചത്).
- ✓ ഓരോരോ യുഗങ്ങളിൽ ആരൊക്കെ തപസ്സിന് അധികാരികളാണ് എന്നും, അതിനുള്ള കാരണമെന്തെന്നും നാരദൻ വിശദമായി വിവരിക്കുന്നത് രാമായണത്തിലെ ഈ സമാപ്തകാണ്ഡത്തിലാണ്. സ്മൃതിശാസനങ്ങളെ അസാധുവാക്കുന്ന ആ വസ്തുതകൾ വംശമഹിമാവാദികൾക്കു ദഹിക്കുമോ? (അധ്യായം:കൃതയുഗത്തിൽ കുരുങ്ങികിടക്കുന്നവർ).
- ✓ അസുരന്മാരെന്നും രാക്ഷസരെന്നും വാനരന്മാരെന്നും പറയപ്പെടുന്ന രാമായണത്തിലെ കഥാപാത്രങ്ങൾ, സത്യത്തിൽ ആരാണ് എന്നു മനസ്സിലാക്കാൻ ഉപകരിക്കുന്ന സൂചനകൾ തരുന്ന ഉപാഖ്യാനങ്ങൾ വരുന്നത് ഉത്തരകാണ്ഡത്തിലാണ്. ചതിയിലൂടെ സകലതും നഷ്ടപ്പെട്ട ലങ്കയിലെ സാധാരണ മനുഷ്യർ, എങ്ങനെയാണ് രാക്ഷസരായതെന്ന രഹസ്യം വെളിച്ചത്തുകൊണ്ടുവരുന്നതും ഈ കാണ്ഡമാണ്.(അധ്യായം:രാക്ഷസരെങ്ങനെ 'രാക്ഷസ'രായി?).
- ✓ രാവണൻ വെറും രാക്ഷസനായിരുന്നില്ലെന്നും, ബ്രഹ്മപൗത്രനായ പുലസ്ത്യൻ എന്ന ബ്രാഹ്മണമുനിയുടെ പുത്രനാണെന്നും പറയുന്നത് ഉത്തരകാണ്ഡമാണല്ലോ.(അധ്യായം:രാവണൻ എന്ന ബ്രാഹ്മണൻ).
- ✓ സീതയെ അപഹരിക്കാൻ രാവണനെ പ്രേരിപ്പിച്ച ഘടകം കേവലം കാമമല്ല എന്നും ചതിയിലൂടെ ജന്മനാടു കൈവശപ്പെടുത്തിയവരോടുള്ള ലങ്കാധിപതിയുടെ പ്രതികാരനിർവ്വഹണമായിരുന്നു ആ ദൗത്യമെന്നും നാമറിയുന്നത് ഈ കാണ്ഡത്തിലാണ്.(അധ്യായം:രാവണനെങ്ങനെ രാമവിദ്വേഷിയായി?).
- ✓ ഹനുമാനും ബാലിയും സുഗ്രീവനുമടക്കമുള്ള രാമായണത്തിലെ കഥാപാത്രങ്ങൾ, കേവലം വാനരന്മാരല്ലെന്ന സൂചകങ്ങളും തെളിവുകളും ഉൾക്കൊള്ളുന്നത് ഉത്തരകാണ്ഡത്തിലാണ്. അധികാരത്തിനും സമ്പത്തിനും വേണ്ടി ആഢ്യന്മാർ രാമനെയും സീതയെയും അഗതികളാക്കിയപ്പോൾ, അവർക്ക് ആലംബമായത് വനവാസികളാണെന്ന സത്യം വെളിച്ചത്തു വരുന്നത് അത്ര സുഖമുള്ള കാര്യമല്ലല്ലോ.(അധ്യായം:വാനരന്മാരോ വനവാസികളോ?).
- ✓ ബ്രാഹ്മണനുമാത്രമല്ല,ശൂദ്രനും ചണ്ഡാലനും മനുഷ്യരെക്കാൾ താണനിലയിൽ നിൽക്കുന്ന നായക്കും സംരക്ഷണംനല്കാൻ രാമരാജ്യത്തെ നിയമങ്ങൾ ബാധ്യസ്ഥമാണെന്നും, തെറ്റുചെയ്യുന്ന ശൂദ്രർമാത്രമല്ല ബ്രാഹ്മണരും ശിക്ഷാർഹരാണെന്നും, തെറ്റുചെയ്തയാൾക്കെതിരെ ശിക്ഷവിധിക്കാൻ ബ്രാഹ്മണ

> നുമാത്രമല്ല കേവലം ഒരു നായയ്ക്കും അവകാശമുണ്ടെന്ന് സർവ്വാർത്ഥസിദ്ധന്റെ ചരിതം പറഞ്ഞ്, ശ്രീരാമനും ആദികവിയും സാക്ഷ്യപ്പെടുത്തുന്നത് ഉത്തരകാണ്ഡത്തിലാണ്. അത്, മനുസ്മൃതി അടക്കമുള്ള സകല ബ്രാഹ്മണ്യ മാമൂലുകളുടെയും സമ്പൂർണ്ണനിരാസമാണ്(ശൂദ്രൻമാത്രമോ ശിക്ഷാർഹൻ?)

ഇത്തരത്തിലുള്ള ഒരുപാട് വിഗ്രഹഭഞ്ജകങ്ങളായ ഉപാഖ്യാനങ്ങളുടെ സമാഹാരമാണ് വാല്മീകിരാമായണത്തിലെ ഉത്തരകാണ്ഡം. ജാതിവാദികൾ എക്കാലത്തും നടപ്പിലാക്കിവരുന്ന കള്ളപ്രചാരവേലകളെ തള്ളിക്കളയുന്ന ഉദാഹരണങ്ങൾ ഉൾപ്പെടുന്ന ആ ഗ്രന്ഥഭാഗം പ്രക്ഷിപ്തമാണെന്നും വിശ്വാസ്യതയില്ലാത്തതാണെന്നും വരുത്തിത്തീർത്താൽ ആർക്കാണ് ഗുണംചെയ്യുക എന്നതുമാത്രം ആലോചിച്ചാൽ മതി, അവ പ്രക്ഷിപ്തമാണ് എന്ന പ്രഖ്യാപനത്തിലെ നിഷ്കളങ്കത തിരിച്ചറിയാൻ. ഇന്ത്യയിൽ ഇന്ന് പ്രചാരത്തിലുള്ള, ആധികാരികത അവകാശപ്പെടുന്ന മിക്ക മഹാഭാരതകഥയുടെ പതിപ്പുകളിൽനിന്നും മൊഴിമാറ്റങ്ങളിൽനിന്നും ഉത്തരകാണ്ഡം ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നതാണ് ആ അട്ടിമറിയുടെ പ്രത്യക്ഷഫലം. മഹാഭാരതത്തിലും മറ്റ് പൗരാണികകൃതികളിലും വേറെ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും ഇല്ലെന്നതാണോ ആ ഒഴിവാക്കലിന്റെ സാരം? അല്ലെന്ന കാര്യം മിക്കവാറും അംഗീകൃതമാണല്ലോ. ഉത്തരകാണ്ഡം മുഴുവനും പ്രക്ഷിപ്തമാണ് എന്ന തോന്നൽ ചിലർ വരുത്തിത്തീർത്തതാണ് എന്നസംശയത്തിനർത്ഥം, രാമായണത്തിലോ മറ്റു പൗരാണികഗ്രന്ഥങ്ങളിലോ 'തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും' സംഭവിച്ചിട്ടില്ലായെന്നല്ല. അങ്ങനെ നടന്നിട്ടുള്ള പരശതം പ്രക്ഷിപ്തങ്ങളിൽ ഇതുമാത്രം പ്രസിദ്ധം ചെയ്യപ്പെടുമ്പോൾ അതിനു പിറകിലെ ഉദ്ദേശ്യം അത്ര പവിത്രമല്ല എന്നുതന്നെ. വേദചോരണത്തിനെതിരെ വ്യാസമഹർഷി ഭാഗവതം രചിച്ചതുപോലെ, മാനവവിരുദ്ധ മാമൂലുകൾക്കെതിരെയുള്ള ആദികവിയുടെ നയപ്രഖ്യാപനമായി ഉത്തരകാണ്ഡത്തെ കാണാം. അതിന് രാമായണത്തിലെ വരികൾക്കിടയിലൂടെ സഞ്ചരിക്കേണ്ടതില്ല; ആ കൃതി മനസ്സിരുത്തി വായിച്ചാൽമാത്രംമതി.

ഇവിടമാണദ്വൈതവിദ്യാലയം...

പൗരാണികഗ്രന്ഥങ്ങളിൽ ബ്രാഹ്മണൻ,ക്ഷത്രിയൻ,വൈശ്യൻ,ശൂദ്രൻ എന്നീ ശബ്ദങ്ങൾ പലയിടത്തും കാണാനാകും. വർണ്ണവ്യവസ്ഥയെക്കുറിച്ചുള്ള പരാമർശങ്ങളും, വിവിധവർണ്ണികളുടെ ധർമ്മങ്ങൾ വിവരിക്കുന്നതും കാണാം. പക്ഷേ,സ്മൃതികൾ അനുശാസിക്കുന്ന വിഭജനതലത്തിലുള്ളവേർതിരിവുകൾ വ്യത്യസ്തവർണ്ണങ്ങൾക്കിടയിൽ കാണാനാകില്ല. വിവിധ വർണ്ണികൾക്കിടയിലും, അവർണ്ണർക്കിടയിലും സഹകരണവും സഹവർത്തിത്വവും പ്രണയവും വിവാഹവും അവയിൽ കാണാം. പുരാണേതിഹാസങ്ങളുടെ സംഭവകാലങ്ങളിലും രചനാവേളയിലും വർണ്ണശുദ്ധി ഒരു വിഷയമേ ആയിരുന്നില്ല എന്നതിനാലാകാം അതു സാധ്യമായത്. പുരാണേതിഹാസങ്ങളിൽ പലയിടത്തും നമുക്ക് വർണ്ണധർമ്മവിവരണങ്ങളും സംവാദങ്ങളും ബ്രാഹ്മണാപദാനങ്ങളും കാണാം. എന്നാലും, അവയിൽ പലതും മുഖ്യ ഇതിവൃത്തവുമായി ചേർച്ചയില്ലാത്ത,അസ്ഥാനത്തുള്ള ആവിഷ്കാരങ്ങളാണ്. അവയൊക്കെ പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടവയാണ് എന്ന നിരീക്ഷണത്തിന്റെ സാംഗത്യം

ആ മുഴച്ചുനില്പുതന്നെയാണ്. അപ്പോൾപോലും, ഒരിടത്തും അന്യവർണ്ണികൾക്കു മേലുള്ള ഇകഴ്ത്തൽ കാണാനാകില്ല. അതിനൊരു അപവാദം, മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലെ അറുപതാംഅധ്യായം മുതൽ എഴുപത്തൊന്നാമധ്യായം വരെ നീളുന്ന, മനുസ്മൃതി ഭാഗങ്ങളുടെ പകർത്തിയെഴുത്തു മാത്രമാണ്. ഇതിഹാസകാലത്തിനുമുൻപാണ് മനുസ്മൃതിയുടെ രചനാകാലമെന്നു വരുത്തിത്തീർക്കാനായി നടത്തിയ ഒരു വിക്രിയയാണ് ആ തിരുകിക്കയറ്റൽ എന്ന് സ്പഷ്ടമാണ്. ശാന്തിപർവ്വത്തിൽത്തന്നെ, പാരശരസ്മൃതിയിലെ കുറെ ഭാഗങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്. സാധാരണജനങ്ങൾക്ക് അപ്രാപ്യവും വിപ്രതിപത്തി ഉളവാക്കുന്നതുമായ സ്മൃതിഗ്രന്ഥങ്ങളിലെ പിന്തിരിപ്പൻനിയമങ്ങൾ ചുളുവിൽ ജനങ്ങളിലേക്കെത്തിക്കുന്നതിനുവേണ്ടി അനുവർത്തിച്ച ഒരു തന്ത്രമായിരിക്കാം, ജനകീയകൃതികളിലെ ഇത്തരത്തിലുള്ള സ്മൃതിനിയമങ്ങളുടെ ഉൾപ്പെടുത്തൽ.

സ്മൃതിനിയമങ്ങളുടെ അടിസ്ഥാനലക്ഷ്യം വംശശുദ്ധി സംരക്ഷിക്കലും, അതിന് സ്വീകരിച്ചിരുന്ന മുഖ്യമാർഗ്ഗം വിവാഹത്തിലേർപ്പടുത്തിയിട്ടുള്ള വിലക്കുകളുമാണല്ലോ. സ്മൃതിശാസനകളനുസരിച്ച്, സജാതീയരായ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധങ്ങൾമാത്രമാണ് അനുവദനീയം. വർണ്ണശുദ്ധി നശിപ്പിക്കുന്ന സങ്കരവിവാഹങ്ങളെല്ലാം നിന്ദ്യവും, അതിലൂടെ ഉണ്ടാകുന്ന സന്തതികൾ അപസദന്മാരുമാണ്(നികൃഷ്ടർ) എന്നാണ് ഒട്ടുമിക്ക സ്മൃതികളും നിർവ്വചിക്കുന്നത്. പക്ഷേ, പുരാണകഥാപാത്രങ്ങളിൽ സങ്കരസന്തതികളല്ലാത്തവരെ കണ്ടെത്തുക വളരെ ശ്രമകരമാണ്. അതിനുള്ള കുറച്ചു ദൃഷ്ടാന്തങ്ങൾ മുൻ അധ്യായങ്ങളിൽ നാം കണ്ടു. ആ പട്ടിക അവിടെയൊന്നും അവസാനിക്കുന്നതല്ല. പുരാണ കഥാപാത്രങ്ങളിൽ വംശശുദ്ധി ഉറപ്പുള്ള ഒരാളെപ്പോലും കാണാനാകില്ല എന്നതാണു പരമാർത്ഥം. സജാതീയരുടെ സന്താനങ്ങളിൽപ്പോലും, മുൻതലമുറകൾ വർണ്ണസങ്കരത്തിനു വിധേയമായിട്ടുണ്ടെന്നു കാണാം. കുറെ സയുക്തികമായ ഉദാഹരണങ്ങൾ പറയാം: ഒരിക്കൽ ദേവസഭയിൽവെച്ച് ഇന്ദ്രനാൽ അവഹേളിക്കപ്പെട്ട ദേവഗുരുവായ ബൃഹസ്പതി, ദേവന്മാരെ ഉപേക്ഷിച്ചുപോയി. ഗുരുവിനെ കണ്ടെത്താനുള്ള പ്രയത്നങ്ങൾ വിഫലമായതോടെ, ഇന്ദ്രാദികൾ ബ്രഹ്മാവിനെ സന്ദർശിച്ചു സങ്കടമുണർത്തി. ബ്രഹ്മാവിന്റെ ഉപദേശപ്രകാരം, ദേവന്മാർ ത്വഷ്ടാവിന്റെ പുത്രനായ വിശ്വരൂപനെ ദേവഗുരുവായി സ്വീകരിച്ചു. അപ്രകാരം ദേവന്മാരുടെ ഗുരുവായ, വിശ്വരൂപന്റെ മാതാവ് (രചന) ഒരു അസുരസ്ത്രീയായിരുന്നു. നിത്യശത്രുക്കളായ ദേവാസുരന്മാർക്കിടയിൽപ്പോലും പരസ്പരബന്ധം സാധ്യമായിരുന്നപ്പോഴാണ്, സ്മൃതികൾ മനുഷ്യർക്ക് സങ്കരവിവാഹം നിഷിദ്ധമാക്കുന്ന നിയമാവലികൾ നിർമ്മിച്ചത് എന്നതാണ് ഏറെ കൗതുകകരം. എന്നാലും,പൗരാണികഗ്രന്ഥങ്ങളിലെ കഥാപാത്രങ്ങളായ മഹാത്മാക്കൾ, ആ പ്രകൃതിവിരുദ്ധനിയമങ്ങളെ നിരാകരിക്കുകയാണുണ്ടായത്. അക്കാര്യത്തിൽ വർണ്ണവും കുലവും അവർക്കാർക്കും വിലങ്ങുതടിയായില്ല.

നൈമിശാരണ്യത്തിൽവെച്ചു നടന്ന പന്ത്രണ്ടുകൊല്ലം നീണ്ട യാഗത്തിൽ സന്നിഹിതരായിരുന്ന മഹർഷിമാരോട്, ലോമഹർഷണപുത്രനായ ഉഗ്രശ്രവസ്സ് എന്ന പൗരാണികസൂതനന്ദനൻ വിവരിക്കുന്നരീതിയിലാണല്ലോ മഹാഭാരതകഥ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ആ യജ്ഞത്തിലെ കുലപതി ശൗനകനെന്ന മഹാബ്രാഹ്മണനായി

രുന്നു. ആ ആചാര്യന്റെ വംശാവലി അനുശാസനപർവ്വത്തിലെ വീതഹവ്യോപാഖ്യാനത്തിൽ വിവരിക്കുന്നുണ്ട്. ആ പുരാണമനുസരിച്ച്, ഭൃഗുമഹർഷിയുടെ കള്ളപ്രമാണത്തിലൂടെ ബ്രാഹ്മണനായ വീതഹവ്യനെന്ന ഹേഹയരാജാവിന്റെ(യാദവവംശജൻ) പരമ്പരയിലാണ് ശൗനകന്റെ ജനനം.(വീതഹവ്യൻ-ഗൃത്സമദൻ-സുതേജസ്സ്-വർച്ചസ്സ്-വിഹവ്യൻ-വിതത്യൻ-സത്യൻ-സന്തൻ-ശ്രവസ്സസ്-ജൂഷിശ്രവസ്സ്-തമസ്സ്-പ്രകാശം-വാഗീന്ദ്രൻ-പ്രമതി-രുരു-ശുനകൻ-ശൌനകൻ). ഇതിൽ, രുരു ഘൃതാചി എന്ന അപ്സരസ്ത്രീയിൽ പ്രമതിയ്ക്കുണ്ടായ മകനാണ്.(ഘൃതാചി ആരായിരുന്നെന്ന് 'ഘൃതാചി എന്ന അപ്സരസ്സ്' എന്ന പാഠഭാഗത്തു വായിച്ചല്ലോ). നൈമിഷാരണ്യത്തിലെ സത്രത്തിന്റെ കുലപതിയായി പൗരാണിക ഗ്രന്ഥങ്ങൾ പുകഴ്ത്തുന്ന ശൗനകനെന്ന മഹാബ്രാഹ്മണൻ എത്രത്തോളം വംശവിശുദ്ധിയുള്ളയാളായിരുന്നു എന്നാലോചിക്കുക. ഒപ്പം, യാദവനായ അദ്ദേഹത്തെ ബ്രാഹ്മണനെന്ന് അടയാളപ്പെടുത്തുന്ന ഇതിഹാസം എന്താണ് അർത്ഥമാക്കുന്നതെന്നും അറിയുക. പുരാതനസമൂഹങ്ങളിൽ വംശവിശുദ്ധി ബ്രാഹ്മണ്യപ്രാപ്തിക്ക് ഒരു മാനദണ്ഡം ആയിരുന്നില്ല എന്നതുകൊണ്ടാണ് അതു സംഭാവ്യമായത്. അവിടെ ജന്മാടിസ്ഥാനത്തിലല്ല ആളുകളുടെ ആഢ്യത്വം അളന്നിരുന്നത്; കഴിവും കർമ്മഗുണങ്ങളും ആധാരമാക്കിയായിരുന്നു. മഹാഭാരതത്തിൽ ഇതിനു സമാനമായ അനേകം ഉദാഹരണങ്ങളുണ്ട്:

ജ്യേഷ്ഠപാണ്ഡവൻ യുധിഷ്ഠിരൻ ദ്രാവിഡരാജാവു ഗോവസേനന്റെ രണ്ടാമത്തെ മകളായ ദേവികയെയും വിവാഹം കഴിച്ചിരുന്നു. ഭീമസേനന്റെ ആദ്യഭാര്യയായ ഹിടുംബി ഒരു രാക്ഷസയുവതിയായിരുന്നു. അവർക്കുണ്ടായ പുത്രൻ ഘടോൽകചൻ വിവാഹംചെയ്ത മൗരവി എന്ന രാക്ഷസസ്ത്രീ, മുരാസുരന്റെ പുത്രിയും ശ്രീകൃഷ്ണന്റെ വളർത്തുമകളുമായിരുന്നു. അവരുടെ പുത്രൻ ബർബരീകൻ, മൂന്നു നിമിഷനേരംകൊണ്ട് ഭാരതയുദ്ധം അവസാനിപ്പിക്കാൻ കഴിവുള്ള സമർത്ഥനായ യോദ്ധാവായിരുന്നു. ഭീമസേനനെ മുഷ്ടിയുദ്ധത്തിൽ പരാജയപ്പെടുത്തിയ ആ വനവാസി യുവാവിനെയാണ്, മഹായുദ്ധഭൂമിയിൽ നടക്കുന്നതെല്ലാം കാണാൻ സാധിക്കുന്ന ഒരേയൊരാളായി(ഏകസാക്ഷി) കൃഷ്ണൻ നിയോഗിച്ചത്. അർജ്ജുനന്റെ രണ്ടാം പത്നി ഉലൂപി നാഗകന്യകയായിരുന്നു. പാർത്ഥന് ഉലൂപിയിൽ ഉണ്ടായ മകനാണ് ഇരാവാൻ. അതിസമർത്ഥനായ ഇരാവാൻ യുദ്ധത്തിൽ പങ്കെടുത്താൽ അത് പതിനെട്ടുനാഴികപോലും നീണ്ടുനിൽക്കില്ലെന്നു കൃഷ്ണൻ പറയുന്നുണ്ട്. ശ്രീകൃഷ്ണനെയും അർജ്ജുനനെയും പോലെ, ശരീരത്തിൽ മുപ്പത്താറു പുണ്യചിഹ്നങ്ങളുള്ള സർവ്വഗുണസമ്പന്നനായ ഒരു വീരനായിരുന്നു ഇരാവാനെന്നും മഹാഭാരതം പ്രസ്താവിക്കുന്നു. സകലശാസ്ത്രങ്ങളിലും പ്രാവീണ്യം നേടിയിരുന്ന മൗരവിയും ഉലൂപിയും തന്നെയാണ്(!) അവരുടെ പുത്രന്മാരായ ഇരാവാനെയും ബർബരീകനെയും സർവ്വ കലകളും ആയോധനശാസ്ത്രവും അഭ്യസിപ്പിച്ചത്. ഉലൂപിയിലുണ്ടായ പുത്രനായ ബഭ്രുവാഹനന്റെ അമ്പേറ്റ് അർജ്ജുനൻ കൊല്ലപ്പെട്ടപ്പോൾ, തപഃശക്തിയിലൂടെ നേടിയ മൃതസഞ്ജീവനിമണിയുപയോഗിച്ച് അദ്ദേഹത്തെ പുനഃരുജ്ജീവിപ്പിച്ചത് ഭാര്യയായ ഉലൂപിയാണ്. അർജ്ജുനന്റെ മൂന്നാംഭാര്യയായിരുന്ന ചിത്രാംഗതയും യുദ്ധമുറകളിൽ അതിസമർത്ഥയായിരുന്നു. അർജ്ജുനന്റെ നാലാം ഭാര്യ പ്രമീളാദേവി സ്ത്രീരാജ്യമായ നാരീപുരത്തെ രാജ്ഞിയായിരുന്നു.അശ്വമേധയാഗ

ത്തിൽ അശ്വത്തെ അനുഗമിച്ചു ദിഗ്വിജയയാത്ര നടത്തിയ അർജ്ജുനൻ, നാരീപുരത്തെത്തിച്ചേർന്നപ്പോൾ റാണി കുതിരയെ പിടിച്ചുകെട്ടുകയും,അനന്തരം അർജ്ജുനനും സൈന്യവും രാജ്ഞിയോട് യുദ്ധത്തിലേർപ്പെടുകയുമുണ്ടായി. പ്രമീളയോട് ഏറ്റുമുട്ടി പരാജിതനായ അർജ്ജുനൻ പ്രമീളയെ വിവാഹം കഴിക്കുകയായിരുന്നു. പുരുഷകേന്ദ്രീകൃതവും ആഢ്യത്വാധിഷ്ഠിതവുമായ ആര്യനിയമങ്ങൾക്കും നാട്ടുനടപ്പുകൾക്കും തീരെ സുഖിക്കാത്ത ആ കീഴ്വഴക്കങ്ങൾ അടയാളപ്പെടുത്തുന്നത് ആര്യാധിപത്യത്തിനുമുമ്പുള്ള സമത്വസുന്ദരമായആദിമസംസ്കാരത്തിലെ നേർച്ചിത്രങ്ങളാണ്. ആ അദ്വൈതസംസ്കാരമാണ് യഥാർത്ഥ ആർഷസംസ്കൃതി.

മഹാഭാരതയുദ്ധാനന്തരം കൗരവപക്ഷത്ത് അവശേഷിച്ച നാലുപേരിൽ ഒരാളായിരുന്ന കൃതവർമ്മാവ് യാദവനായിരുന്നു.ദേവകൻ എന്ന ബ്രാഹ്മണന് പ്രവിശാരിയെന്ന ശൂദ്രസ്ത്രീയിൽ പിറന്ന സുലഭയെയാണ് വിദുരമഹാശയൻ വിവാഹംകഴിച്ചത്. ആ ബന്ധത്തിൽ അനുകേതുവെന്ന ഒരു പുത്രനും അംബാവതിയെന്ന മകളുമുണ്ട്. അംബാവതി ശോണിതപുരത്തെ രാജാവും മഹാബലിയുടെ പുത്രനുമായ ബാണാസുരനെയാണ് വിവാഹം ചെയ്തത്. അവരുടെ മകൾ ഉഷയെ ശ്രീകൃഷ്ണപൗത്രൻ അനിരുദ്ധൻ കല്യാണം കഴിച്ചു. വിദുരൻ ദേഹത്യാഗം ചെയ്തശേഷം അനുകേതു ഹസ്തിനാപുരയുടെ പ്രധാനമന്ത്രിയായി.ഇതിഹാസങ്ങളിൽ കാണുന്ന വിമാനങ്ങൾ, രാജസഭകൾ, പൂന്തോട്ടങ്ങൾ, അനന്യമായ ആയുധങ്ങൾ തുടങ്ങിയ മിക്കവാറും എല്ലാ നിർമ്മിതികളുടെയും ശില്പിയായ മയൻ ഒരു അസുരനായിരുന്നു. ഇന്ദ്രലോകമായ അമരാവതി, വിഷ്ണുതലമായ വൈകുണ്ഠം, കുബേരലോകം, കൈലാസത്തിലെ കല്യാണമണ്ഡപം,വരുണസഭ,വൃഷപർവ്വസഭ, ഇന്ദ്രസദസ്സ്, മയാസഭ തുടങ്ങിയ നഗരങ്ങളും, രാജസഭകളും നിർമ്മിച്ചത് അദ്ദേഹമാണ് എന്നാണ് കണക്കാക്കുന്നത്. നന്ദാവനം, ചൈത്രരഥം, ഖാണ്ഡവവനം, അളകാപുരി, വൃന്ദാവനം എന്നീ പൂന്തോട്ടങ്ങളും, പുഷ്പകവിമാനം, ത്രിപുരവിമാനം,സൗഭഗവിമാനം മുതലായ വിമാനങ്ങളും മയാസുരന്റെ കരവിരുതിനാൽ സൃഷ്ടിക്കപ്പെട്ടവയായാണു കണക്കാക്കുന്നത്. രാവണന്റെ പത്നിയായ മണ്ഡോദരി മയാസുരന്റെ മകളാണ്.

ജന്മംകൊണ്ട് അഗസ്ത്യമുനി വേടനായിരുന്നെന്നും ദുർവാസാവ് ചെരുപ്പുകുത്തിയായിരുന്നെന്നും ധതീചിയും കശ്യപനും കരുവാന്മാരായിരുന്നു എന്നും(കൊല്ലൻ), കൗണ്ഡില്യമഹർഷി ക്ഷുരകനായിരുന്നെന്നും ധന്വന്തരി ദാസിപുത്രനായിരുന്നെന്നും ചില പുസ്തകങ്ങളിൽ പറയുന്നുണ്ട്. അതായത്, പൗരോഹിത്യ-രാജ-വ്യാപാര സമൂഹങ്ങൾക്കു പുറത്തുള്ള സാധാരണക്കാരായ അവർ ബ്രാഹ്മണരായത്, അനുഷ്ഠാനങ്ങളിലൂടെ ബ്രഹ്മജ്ഞാനം നേടിയാണ്. അതുപോലെതന്നെ, ശബര, വ്യാസ, മതങ്ക,പരാശര,ജാബാല,വത്സ ഗോത്രങ്ങളുടെ പേരിൽ ഇന്നറിയപ്പെടുന്ന ബ്രാഹ്മണരും തപസ്സാദ്ധ്യായങ്ങളിലൂടെ ബ്രാഹ്മണ്യംനേടിയ ശൂദ്രജരാണ്.(ബ്രാഹ്മണർ ആ മഹാത്മാക്കളുടെ പേരുകൾ ഗോത്രനാമങ്ങളാക്കിയപ്പോഴാണ് അവരും ജാതിബ്രാഹ്മണരായത്).

ഇതിഹാസകാവ്യങ്ങളിലെ അറിയപ്പെടുന്ന ബ്രാഹ്മണ കഥാപാത്രങ്ങളും വർണ്ണധർമ്മങ്ങൾ നിരാകരിച്ചവരായിരുന്നു. അവരാരും ജീവിച്ചത് സ്മൃതിനിയമങ്ങൾക്കനുസരിച്ചല്ല;തങ്ങളുടെ മനോധർമ്മത്തിനനുസരിച്ചായിരുന്നു. പരശുരാമനും ദ്രോണാചാര്യരും അശ്വത്ഥാമാവുമെല്ലാം അതിനുള്ള നല്ല ദൃഷ്ടാന്തങ്ങളാണ്.അവരെല്ലാം

ബ്രഹ്മശക്തിയെയല്ല ക്ഷാത്രവീര്യത്തെയാണ് അഭയംപ്രാപിച്ചത്. സകല യുദ്ധനിയമങ്ങളും ലംഘിച്ചുകൊണ്ട്, പാണ്ഡവരുടെ പടകുടീരത്തിൽ കയറി ഉറങ്ങിക്കിടന്ന പാണ്ഡവപുത്രരെയും ധൃഷ്ടദ്യുമ്നനേയും മറ്റുപടയാളികളെയും കൂട്ടക്കൊലചെയ്യുകയും, അർജ്ജുനന്റെ പുത്രനായ അഭിമന്യുവിന്റെ പത്നി, ഉത്തരയുടെ ഗർഭത്തിലുണ്ടായിരുന്ന പരീക്ഷിത്തിനെ ബ്രഹ്മശിരസ്സ് തൊടുത്തുവിട്ടു സംഹരിക്കുകയും ചെയ്ത അശ്വത്ഥാമാവിനെ ആദതായി എന്നാണ് കൃഷ്ണൻ വിശേഷിപ്പിച്ചത്. “ബാലഘാതകിയും ദുഷ്ടനുമാണ് നീയെന്ന് മാലോകർ മനസ്സിലാക്കിയിരിക്കുന്നു. ബുദ്ധിമാന്മാർ നിന്നെ പാപിയെന്നു വിളിക്കും. നിനക്കു ജനങ്ങൾക്കിടയിൽ ഇരിപ്പിടം ലഭിക്കുകയില്ല. നിന്റെ ശരീരത്തിൽ സകല വ്യാധികളും പടർന്നുപന്തലിക്കും. അത്തരത്തിൽ, അശരണനായി മൂവായിരത്താണ്ടു ഭൂമിയിൽ അലഞ്ഞുതിരിയും." എന്ന കൃഷ്ണശാപമാണ് അശ്വത്ഥാമാവിനെ അന്ത്യമില്ലാത്തവനാക്കിയത്. അതുകൊണ്ടുമാത്രമാണ് അദ്ദേഹം സപ്തചിരഞ്ജീവികളിൽ(അശ്വത്ഥാമാവ്, മഹാബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപർ, പരശുരാമൻ)ഒരാളായി അറിയപ്പെടുന്നത്. പരശുരാമന്റെയും ദ്രോണാചാര്യരുടെയും ജീവിതത്തിലെ ധാർമ്മിക സമസ്യകൾ നാം കണ്ടതാണല്ലോ. സാത്വികഗുണം തൊട്ടുതീണ്ടിയിട്ടില്ലാത്ത ആ ബ്രഹ്മക്ഷത്രിയരെക്കാൾ സ്മൃതിനിയമങ്ങളെ നിരാകരിച്ച കഥാപാത്രങ്ങളെ ഇതിഹാസങ്ങളിൽ കാണാനാകുമോ? അവരൊക്കെ മോശക്കാരാണെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം.പൗരാണികകൃതികളിൽ കാണുന്ന പ്രതിപാദനങ്ങളെ വളച്ചൊടിച്ചുവ്യാഖ്യാനിച്ച് അവരെ വെളുപ്പിച്ചെടുക്കാനുള്ള ബാധ്യത ആരും ഏറ്റെടുക്കേണ്ടതില്ലെന്ന് ഓർമ്മിപ്പിക്കുന്നു എന്നുമാത്രം. അവരെ അവരായിത്തന്നെ സ്വീകരിക്കുക.

ആര്യന്മാർ അവരുടെ പ്രധാന ഉപാസനാമൂർത്തിയായി അവതരിപ്പിക്കുന്ന ഇന്ദ്രനുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പറഞ്ഞ കാര്യങ്ങളെക്കാൾ രസകരമാണ്. വേദങ്ങളിലെ പ്രമുഖദേവനാണെങ്കിലും, വേദങ്ങളിൽനിന്നും ഇതിഹാസങ്ങളിലേക്കും പുരാണങ്ങളിലേക്കും എത്തുമ്പോൾ, അപ്രസക്തനും അശക്തനും അനാരാധ്യനുമായിത്തീരുന്ന അവസ്ഥയാണ് ഇന്ദ്രനുള്ളത്. വിഷയലോലുപനും സോമരസത്തോട് അത്യാസക്തനും അധികാരക്കൊതിയനും അഹങ്കാരിയുമായ ഒരു ദേവനായാണ് വേദങ്ങൾ ഒഴികെയുള്ള ഗ്രന്ഥങ്ങളിൽ ദേവേന്ദ്രനെ കാണാനാകുക. അതൊക്കെ, ബ്രാഹ്മണ്യത്തിന്റെലക്ഷണമായി ഗണിക്കപ്പെടുന്ന ഗുണങ്ങൾക്ക്(സാത്വികഗുണങ്ങൾ) നേരെ വിപരീതമാണല്ലോ. ഇന്ദ്രൻ ബ്രാഹ്മണരൂപത്തിൽ പ്രച്ഛന്നവേഷനായി വരുന്ന കഥകൾ അനവധി കാണാം. എന്നാൽ, അതെല്ലാം പല അധാർമ്മിക കർമ്മങ്ങളും നടപ്പാക്കാനായിരുന്നു. മാത്രവുമല്ല, മഹർഷിമാർ അനുഷ്ഠിക്കുന്ന തപസ്സുകളും രാജാക്കന്മാർ നടത്തുന്ന യാഗങ്ങളും മുടക്കുക എന്നതും ദേവേന്ദ്രന്റെ ഒരു സ്ഥിരം പരിപാടിയായിരുന്നല്ലോ. ദൈവങ്ങളുടെ പ്രതിപുരുഷന്മാർ എന്ന മേൽവിലാസത്തിലൂടെ ഇതര സമൂഹങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിച്ചപ്പോഴും, ആര്യബ്രാഹ്മണർക്ക് സ്വന്തം ദൈവങ്ങളുടെ അസ്തിത്വം സംരക്ഷിക്കാനായില്ല എന്നതു കാണാതിരിക്കാനാകില്ല. ആ അസ്വീകാര്യതയുടെ നിമിത്തം, ഭാരതത്തിലെ തദ്ദേശീയജനങ്ങളുടെ ഹൃദയത്തിലേക്ക് ആര്യന്മാരുടെ അപനിർമ്മാണങ്ങൾക്ക് പ്രവേശനം ലഭിച്ചില്ല എന്നതുകൊണ്ടാകാം. അതിനാലാണ്, ആര്യന്മാർക്ക് കാലക്രമേണ

അനാര്യന്മാരുടെ ദൈവങ്ങളെ, തങ്ങളുടെകൂടി ദേവന്മാരായി സ്വീകരിക്കേണ്ടിവന്നത്. ഇന്ദ്രനോടൊപ്പം സർവ്വഥാ കാണപ്പെടുന്ന ഒരു ദേവിയാണെങ്കിലും, ഇന്ദ്രന്റെ ഭാര്യ, ഇന്ദ്രാണി എന്നാണല്ലോ പൊതുവെ അറിയപ്പെടുന്നത്. ആ സ്വതന്ത്രാസ്തിത്വമില്ലായ്മയുടെ നിമിത്തം, 'ആര്യബ്രാഹ്മണർ സ്ത്രീദൈവങ്ങളെ പൂജിക്കാറില്ലായിരുന്നു' എന്നതിനാലാകാം എന്നാണല്ലോ പറയപ്പെടുന്നത്. എന്നാൽ, അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ? ഇല്ലെന്നാണ് തോന്നുന്നത്. എന്തുകൊണ്ടെന്നാൽ, അസുരനായ പുലോമന്റെ മകളായിരുന്നു ഇന്ദ്രപത്നിയായ ശചി(പൗലോമി, പൗലോമുജ എന്നീ പേരുകളിലും അവർ അറിയപ്പെടുന്നതിൽ കാരണം അതാണ്). ആ ചരിത്രം ഒളിച്ചുവെയ്ക്കാൻ ഒരുക്കിയ തന്ത്രമാകാം ഇന്ദ്രാണി എന്ന നിഴൽനാമം. അതെന്തായാലും, അസുരസ്ത്രീയിൽ ഉണ്ടായ ഇന്ദ്രന്റെ മക്കളാരും വംശവിശുദ്ധിയുള്ളവരല്ലല്ലോ. ഇന്ദ്രന്റെ മകളായ ജയന്തി വിവാഹംകഴിച്ചത് ഭൃഗുമഹർഷിയുടെ മകനായ ശുക്രാചാര്യരെയാണ്. അവർക്കുണ്ടായ മകളാണ് യായതിയുടെ പത്നി ദേവയാനി. അവരുടെയും, അവരുടെ പിൻതലമുറകളുടെയും (ചന്ദ്രവംശം-കുരുവംശം) വംശവിശുദ്ധി ഏത് അളവുകോലുകൊണ്ടാണ് അളക്കാൻ കഴിയുക?

ബ്രാഹ്മണ്യവുമായി ബന്ധപ്പെട്ട വർണ്ണവിശുദ്ധിയ്ക്കു സമാനമായ അവസ്ഥതന്നെയാണ് ക്ഷത്രിയരുടെ കാര്യത്തിലും എക്കാലത്തും നിലനിന്നിരുന്നത്. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പരാമർശിക്കപ്പെടുന്ന മിക്കരാജവംശങ്ങളും ക്ഷത്രിയൻ എന്നവർണ്ണത്തിന്റെ പരിധിയിൽ വരുന്നവരായിരുന്നില്ല.സൂര്യ-ചന്ദ്രവംശങ്ങൾ ദ്രാവിഡരാജവംശങ്ങളാണെന്നു മഹാഭാഗവതം പ്രസ്താവിച്ചിട്ടുണ്ടല്ലോ. മഹാഭാരതത്തിൽ പ്രതിപാദിക്കുന്ന മാത്സ്യ,വിദർഭ,ഛേദി,മഗധ രാജ്യങ്ങളൊക്കെ ചാതുർവർണ്യത്തിനു വെളിയിലുള്ള, യാദവരുടെ ഭരണത്തിൻ കീഴിലായിരുന്നു. ഉജ്ജയിനി കേന്ദ്രമായ ആവന്തി ഹേഹേയന്മാരുടെയും, അംഗരാജ്യം സൂതന്മാരുടെയും നിയന്ത്രണത്തിലായിരുന്നു. അതായത്, സ്മൃതികൾ വിവക്ഷിക്കുന്ന ആര്യക്ഷത്രിയരായിരുന്നില്ലാ പൗരാണികഭാരതത്തിലെ ക്ഷത്രിയരെന്നു സാരം. അവരൊക്കെ രാജാക്കന്മാരായതുകൊണ്ടാണ് ക്ഷത്രിയരായത്; ക്ഷത്രിയവർണ്ണത്തിൽ ജന്മമെടുത്തതുകൊണ്ടല്ല. മറ്റു വർണ്ണികളുടെ കാര്യത്തിലും ഇതുതന്നെയായിരുന്നു അവസ്ഥ. കച്ചവടവും കൃഷിയും ചെയ്യുന്നവരൊക്കെ വൈശ്യരായിരുന്നു. പൗരോഹിത്യ-ഭരണ-വൈശ്യവൃത്തികൾ ചെയ്യുന്നവരല്ലാത്ത, സമൂഹത്തിനാവശ്യമായ മറ്റു സേവന-നിർമ്മാണ മേഖലകളിൽ വ്യാപരിച്ചിരുന്ന മനുഷ്യരെല്ലാം ശൂദ്രരായിരുന്നു. പൗരാണികകാലത്തെ വർണ്ണവിഭജനത്തിന് അതിനപ്പുറം അർത്ഥതലങ്ങളില്ലതന്നെ.

രാമായണത്തിലെ അവസ്ഥയും ഇതിനു സമാനമോ, ഇതിനേക്കാൾ പുരോഗമിയോ ആണ്. അതിൽ, രാമന്റെയും ജനകന്റെയും ബന്ധുമിത്രാദികളും, അവിടെ പ്രതിപാദിച്ചിട്ടുള്ള മഹർഷിമാരും ഒഴിച്ചാൽ, ബാക്കിയെല്ലാവരും സമൂഹത്തിലെ അധഃസ്ഥിതരാണ്. രാമായണത്തിലെ സുപ്രധാന കഥാപാത്രങ്ങളായ ഹനുമാനും സുഗ്രീയും ബാലിയും അംഗധനും നളനും നീലനും കേസരിയും മകരധ്വജനും അഞ്ജനയും താരയും രുമയുമൊക്കെ വാനരന്മാരാണ്. ജാംബവാൻ ചിരഞ്ജീവിയായ ഒരു കരടിയാണ്(കുരങ്ങാണെന്നും പറയപ്പെടുന്നു).ജടായുവും സമ്പാതിയും കഴുകന്മാ

രാണല്ലോ. രാവണൻ, വിഭീഷണൻ, കുംഭകർണ്ണൻ, ഇന്ദ്രജിത്,അക്ഷകുമാരൻ, അതികായൻ, ദേവാന്തകൻ, കബന്ധൻ, ഖരൻ, ദൂഷൻ, മാരീചൻ, മായാസുരൻ, നരാന്തകൻ, പ്രഹസ്തൻ,സർമ്മൻ,സുബാഹു,സുലോചനൻ,തടാകൻ,വിരാധൻ,സുമാലി, ത്രിജട, ത്രിശിരസ്, മണ്ഡോദരി, ശൂർപ്പണഖ തുടങ്ങിയവരൊക്കെ രാക്ഷസരാണ്. വാനരൻ, കരടി, രാക്ഷസൻ എന്നീ ആലങ്കാരിക നാമങ്ങളിലൂടെ ആവിഷ്കരിക്കപ്പെടുമ്പോഴും അവരൊക്കെ മനുഷ്യരായിരുന്നെന്ന് വിശ്വസിക്കാവുന്ന ദൃഷ്ടാന്തങ്ങൾ രാമായണത്തിൽ ധാരാളമുണ്ട്. മറിച്ച്, അവർ മൃഗങ്ങളാണെന്ന് സ്ഥാപിക്കുന്ന ഒരു സാഹചര്യംപോലും രാമായണത്തിലില്ലല്ലോ. അവരൊക്കെ ആ പേരുകളിൽ അറിയപ്പെടാനുള്ള കാരണങ്ങളും, അവരോടു രാമായണത്തിലെ 'മനുഷ്യരായ കഥാപാത്രങ്ങൾ' എത്ര ആദരവോടെയാണ് ഇടപെട്ടതെന്നും നാം കണ്ടതാണല്ലോ.

മഹാഭാരതത്തിൽ പലയിടത്തും മ്ലേച്ഛന്മാരെന്ന ജനവിഭാഗത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. അക്കാലത്തെ മുഖ്യധാരാസമൂഹങ്ങൾക്ക് വെളിയിലുള്ള ജനപഥങ്ങളെയും അവിടത്തെ ജനങ്ങളെയും സൂചിപ്പിക്കുന്നതിനാണ് ആ പേര് ഉപയോഗിച്ചിട്ടുള്ളത്. ചാതുർവർണ്യത്തിൽനിന്നും പുറത്താക്കപ്പെട്ട, യയാതീപുത്രനായ തുർവ്വസിന്റെ പരമ്പര മ്ലേച്ഛന്മാരുടെ രാജാവായി എന്ന പരാമർശം മഹാഭാരതത്തിലുണ്ട്. അതോടൊപ്പം, മഹാഭാരതകഥയ്ക്ക് പശ്ചാത്തലമായ പ്രദേശത്തിന്റെ വടക്കുള്ള ചീനരും(ചൈനക്കാരും?), കിഴക്കുള്ള നാഗന്മാരും അവിടുത്തെ ഗോത്രങ്ങളും, പടിഞ്ഞാറു ഭാഗത്ത് ഉള്ള യവനരും മ്ലേച്ഛരിൽ ഉൾപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. ആദിപവ്വത്തിലെ ശകുന്തളോപാഖ്യാനത്തിൽ ദുഷ്യന്തമഹാരാജാവിന്റെ ഭരണം വിവരിക്കുന്നിടത്ത്, നാലുജാതിജനങ്ങൾ അധിവസിക്കുന്ന രാജ്യം മ്ലേച്ഛന്മാർ ജീവിക്കുന്നഅതിർത്തിവരെ വ്യാപിച്ചിരുന്നതായി പറയുന്നുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ, അന്നത്തെ ചാതുർവർണ്യത്തിനു പുറത്തുള്ളവരാണ് മ്ലേച്ഛർ എന്ന് അറിയപ്പെട്ടിരുന്നതെന്നു ചില പണ്ഡിതന്മാർ അനുമാനിക്കുന്നു. അക്കാലത്ത്, അത് മോശമായ അർത്ഥമുള്ള ഒരു മേൽവിലാസമായിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ. എന്തുകൊണ്ടെന്നാൽ, മഹാഭാരതത്തിലെ പ്രധാന ചടങ്ങുകളിൽ മ്ലേച്ഛന്മാർ എന്നു വിളിക്കപ്പെട്ടിരുന്ന സമൂഹങ്ങൾ അതിഥികളായി സംബന്ധിച്ചിരുന്നതായി നിരവധിയിടങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ധമ്മപുത്രർ നടത്തിയ രാജസൂയയജ്ഞത്തിൽ, മറ്റു രാജപ്രമുഖരോടൊപ്പം മ്ലേച്ഛവർഗ്ഗങ്ങളിലെ രാജാക്കന്മാരും ഉണ്ടായിരുന്നതായി സഭാപർവ്വത്തിൽ വ്യാസന്റെ പ്രധാനശിഷ്യനായ വൈശമ്പായനൻ പറഞ്ഞിട്ടുണ്ട്. കുരുക്ഷേത്രയുദ്ധത്തിലും മ്ലേച്ഛരാജാക്കന്മാർ സേനകളുമായി പങ്കെടുത്തതിന്റെ വിവരണങ്ങളുണ്ട്.(ദ്രോണപർവ്വം,അധ്യായം:യവനപരാജയം).അന്നൊക്കെ ചാതുർവർണ്യത്തിനു പുറത്തുള്ള സമൂഹങ്ങളെ അസ്പൃശ്യരായോ ശത്രുക്കളായോ മറ്റുള്ളവർ കരുതിയിരുന്നില്ലെന്നു സ്പഷ്ടം. ആര്യവംശപ്രതാപത്തിനു കീഴിൽ ഭാരതത്തിലെ അന്യവിശ്വാസധാരകൾ ഏതുരീതിയിലാണ് വേട്ടയാടപ്പെട്ടതെന്ന ചരിത്രവുമായി അതിനെ താരതമ്യപ്പെടുത്തി ആലോചിച്ചാൽ, ആ രണ്ടു കാലഘട്ടങ്ങളും തമ്മിലുള്ള അന്തരം അചിന്തനീയമാണെന്നു മനസ്സിലാകും.

ആര്യന്മാർ സാമൂഹികാധിപത്യം പുലർത്തിയിരുന്ന ഒരു വ്യവസ്ഥിതിയിൽ സംഭവിക്കാൻ സാധ്യതയില്ലാത്ത കാര്യങ്ങളാണല്ലോ നാം ഇതുവരെ കണ്ടത്. അതുകൊ

ണ്ടാണ് പൗരാണികഹൈന്ദവഗ്രന്ഥങ്ങളുടെ സൃഷ്ടിനടന്നത് ആര്യന്മാർ പിടിമുറുക്കുന്നതിനു മുൻപുണ്ടായിരുന്ന ഒരു സംസ്കൃതിയുടെ സുവർണ്ണകാലത്താണെന്ന് നിസ്സംശയം പറയാൻകഴിയുന്നത്. അവയുടെ നിർമ്മിതിയ്ക്കു നിദാനമായ സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്, വിവേചനങ്ങൾ ഇല്ലാതെ അന്യോന്യം സഹായിച്ചും സഹകരിച്ചും കഴിഞ്ഞിരുന്ന ഒരു ജനതതിയുടെ ചരിത്രമാണ്. പുരാണങ്ങളും ഇതിഹാസങ്ങളും മാത്രമല്ലല്ലോ സനാതനസരണിയുടെ സംഭാവനകളായി ഇന്നു ഭൂമുഖത്തുള്ളത്. ഉപനിഷത്തുകളും അനേകം ഉപപുരാണങ്ങളും ഐതിഹ്യങ്ങളും അടക്കമുള്ള എണ്ണിയാലൊടുങ്ങാത്ത ആദ്ധ്യാത്മിക-വൈജ്ഞാനികസമ്പത്തും വഹിച്ചുകൊണ്ടാണ് ആര്യന്മാർ ഭാരതത്തിലേക്ക് കുടിയേറിയതെന്നു വിശ്വസിക്കുന്നത് കടുംകൈയ്യായിപ്പോകും. ആര്യാധിനിവേശത്തിനുശേഷം സംസ്കൃതവും സനാതനസാഹിത്യവും മുരടിയ്ക്കുകയാണ് ഉണ്ടായത് എന്നനിഗമനത്തെ മുൻനിർത്തി പറയാൻ കഴിയുന്ന സത്യസന്ധമായ സംഗതി, ആ കൃതികളൊന്നും ആര്യന്മാരുടെ സംഭാവനയല്ലാ എന്നുതന്നെയാണ്. അദ്വൈതചിന്ത വിളംബരംചെയ്യുന്ന ആ ഗ്രന്ഥങ്ങളിലെ ഉള്ളടക്കംതന്നെയാണ് അതിനുള്ള അപ്രതിരോധ്യമായ തെളിവ്.

അദ്വൈതപദ്ധതി പിന്തുടർന്നിരുന്ന ഭാരതത്തിലെ ഋഷിപരമ്പര തെളിച്ച കൈവിളക്കിന്റെ പ്രകാശത്തിൽ സഞ്ചരിച്ചിരുന്ന സംസ്കൃതിയെയാണ് സത്യത്തിൽ ആർഷഭാരതസംസ്കാരമെന്നു വിളിക്കാവുന്നത്. അടിമുടി വിവേചനങ്ങളും വേട്ടയാടലുകളും മാത്രമുണ്ടായിരുന്ന ആര്യന്മാരുടെ വ്യവസ്ഥിതിയുമായി അതിനെ സാമ്യപ്പെടുത്തുന്നത് നീതികേടാണ്. പൗരാണിക ഹൈന്ദവഗ്രന്ഥങ്ങളിലൂടെ കടന്നുപോകുന്ന ഓരോ സത്യാന്വേഷകനും ഇതുപോലെയുള്ള ഒരുപാട് വസ്തുതകൾ കണ്ടുമുട്ടാനാകും. അത്തരം കണ്ടെടുക്കലിനുള്ള തുടക്കം കുറിയ്ക്കൽ മാത്രമാണ് ഈ പഠനക്കുറിപ്പിലൂടെ ചെയ്തത്.ആർഷബ്രാഹ്മണരെ ആര്യബ്രാഹ്മണരായി തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമങ്ങൾ, ആർഷപാരമ്പര്യത്തോട് അനീതികാണിച്ചവരെ മഹത്വവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ആ സത്യങ്ങൾ തിരിച്ചറിയുകയായിരുന്നു, ആര്യബ്രാഹ്മണരുടെ അപനിർമ്മാണങ്ങൾക്കെതിരെയുള്ള ഈ മനുഷ്യപക്ഷ സത്യാന്വേഷണത്തിലെ പ്രഥമഘട്ടം. ഇനി, അത്തരം സത്യങ്ങൾ എപ്രകാരമാണ് കുഴിച്ചുമൂടപ്പെട്ടെന്നും, അവരെങ്ങനെ സർവ്വാധികാരികളായെന്നും നോക്കാം:

ബ്രാഹ്മണരെങ്ങനെ സർവ്വാധികാരികളായി?

ജന്മാധിഷ്ഠിതമായ വർണ്ണവിഭജനവും അതിനെക്കാൾ പ്രതിലോമകരമായ ജാതി വിഭജനവും ആഢ്യസമൂഹത്തിന്റെ സൃഷ്ടിയാണെന്നും ജാത്യാപകർഷവും ജാത്യാഹങ്കാരവും വെറും മിഥ്യാധാരണയാണെന്നും തെളിയിക്കുന്ന ഇത്രയേറെ വസ്തുതകൾ ഈ ലോകത്തിനു മുന്നിലുള്ളപ്പോഴും, ആര്യബ്രാഹ്മണ്യം ഹൈന്ദവസമൂഹത്തിനുമേൽ ഇത്രയും അടിയുറച്ച ആധിപത്യം നേടിയെടുത്തത് എങ്ങനെയായിരുന്നു എന്നു നോക്കാം. ആദ്യകാല വർണ്ണവിഭജനത്തിലും അതിനെത്തുടർന്നു നടപ്പിലാക്കപ്പെട്ട ജാതിവിഭജനത്തിലും, ഒരേ പേരും ഒരേ സാമൂഹികാവസ്ഥയും നിലനിർത്തുവാനായ ഏക സമുദായം ബ്രാഹ്മണരായതുകൊണ്ട് അവർ മാത്രമാണ് ഒന്നും നഷ്ടപ്പെടാത്തവർ എന്നു വ്യക്തമാണല്ലോ. അതിനു കാരണം ആ അപനിർമ്മാണ

ങ്ങളുടെ നിർവ്വഹണാധികാരികൾ ആര്യബ്രാഹ്മണരായിരുന്നു എന്നതാണ്. അതിനായി അവർ അനുവർത്തിച്ച തന്ത്രങ്ങൾ, മഹാത്മാക്കളെ പൂണൂലിടീക്കുക, പൗരാണിക ഗ്രന്ഥങ്ങളിൽ തിരുത്തലുകളും തിരുകിക്കയറ്റലുകളും വരുത്തി അവയൊക്കെ അവരുടേതാണ് എന്ന പ്രതീതിയുണ്ടാക്കുക, മനുസ്മൃതിപോലെയുള്ള ഗ്രന്ഥങ്ങളെ പൗരാണിക കൃതികൾക്കുമേൽ പ്രതിഷ്ഠിക്കുക, ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷിയുടെയും, ബ്രാഹ്മണാവതാരമായ ഭാർഗ്ഗവരാമന്റെയും മഹത്വത്തെ പർവ്വതീകരിക്കുക, പൗരാണിക കൃതികളിലെ ശ്ലോകങ്ങളിൽ അർത്ഥഭ്രംശം വരുത്തി ചാതുർവർണ്യവും ജാതിവിഭജനവും ദൈവികസൃഷ്ടിയാണെന്നു വരുത്തിത്തീർക്കുക, അവയിലെ സാങ്കേതിക പദാവലികളെ തങ്ങൾക്കനുകൂലമായ രീതിയിൽവ്യാഖ്യാനിച്ച് സ്ഥാപിക്കുക, വിശുദ്ധപുസ്തകങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള അധികാരം ബ്രാഹ്മണേതർക്ക് നിഷേധിക്കുകവഴി സത്യമറിയാനുള്ള മാർഗ്ഗങ്ങൾ സാധാരണക്കാർക്കു മുന്നിൽ കൊട്ടിയടയ്ക്കുക എന്നിവയാണ്. ആ തന്ത്രങ്ങൾ ഏതുരീതികളിലാണു നടപ്പാക്കപ്പെട്ടതെന്ന് ഇനി പരിശോധിക്കാം. അതിനുവേണ്ട തെളിവുകൾ, അനവധി അപനിർമ്മിതികളെ അതിജീവിച്ചു ജ്വലിച്ചുനിൽക്കുന്ന പുരാതനഗ്രന്ഥങ്ങളിൽനിന്നും തന്നെ കണ്ടെടുക്കാനുള്ള ശ്രമമാണ് ഇനി വരുന്ന ഭാഗങ്ങളിൽ. ആര്യബ്രാഹ്മണ്യാധിപത്യത്തിലേക്ക് ഭാരതത്തെ എത്തിച്ച ആസൂത്രണത്തിന്റെ രൂപരേഖയായി കരുതപ്പെടുന്ന മനുസ്മൃതിയെന്ന നിയമസംഹിത ആ ദൗത്യത്തിൽ എങ്ങനെയാണ് പങ്കാളിയായതെന്ന് ആദ്യം നോക്കാം:

മനുസ്മൃതി

[അവലംബം:മനുസ്മൃതി, വ്യാഖ്യാതാവ്:സിദ്ധിനാഥാനന്ദസ്വാമി

മനുസ്മൃതി, വ്യാഖ്യാതാവ്:പ്രൊഫ.എൻ.ഗോപിനാഥൻ നായർ]

അദ്വൈതബോധത്തെ അടിസ്ഥാനഘടകമാക്കി മഹർഷിമാർ പടുത്തുയർത്തിയ സനാതന സംസ്കൃതിക്കുമേൽ അധീശത്വം സ്ഥാപിക്കുന്നതിന്, ബ്രാഹ്മണ്യം പരുവപ്പെടുത്തിയെടുത്ത ഏറ്റവുംമാരകമായ ആയുധമാണ് മനുസ്മൃതി. സർവ്വചരാചരങ്ങളും പരമാത്മാവിന്റെ അംശമാണെന്ന വിശ്വാസത്തിലൂന്നിയ ആ മഹത്തായ സാമൂഹ്യക്രമത്തിന്റെ ആണിക്കല്ലിളക്കി, സർവ്വതലങ്ങളിലും വേർതിരിവുകളും വിവേചനങ്ങളും നിറഞ്ഞ ഒരു വ്യവസ്ഥിതിയാക്കി മാറ്റിത്തീർക്കാൻ ആ ഒരൊറ്റ ഗ്രന്ഥത്തിലൂടെ അതിന്റെ സ്രഷ്ടാക്കൾക്കു സാധിച്ചു. അതിനാൽ ആ പുസ്തകം ഈ പഠനയാത്രയിൽ സവിശേഷപരിഗണന അർഹിക്കുന്നു.

മനുസ്മൃതിയുടെ പ്രസക്തി

പൗരാണികഭാരതീയത പശ്ചാത്തലമാക്കി നടത്തപ്പെടുന്ന എല്ലാ വാദപ്രതിവാദങ്ങളിലും പഠനങ്ങളിലും വിവാദവിഷയമായി കടന്നുവരുന്ന ഗ്രന്ഥമാണ് മനുസ്മൃതി. മനുസ്മൃതിയിലെ സ്മൃതിയെന്ന വാക്കിന്റെ അർത്ഥം, ചിന്ത,ആചാരപദ്ധതി,ധർമ്മശാസ്ത്രം, ന്യായശാസ്ത്രം, സദാചാരസംഹിത എന്നൊക്കെയാണ്. ഭാരതത്തിൽ ഇന്നു നിലവിലുള്ള സിവിൽ-ക്രിമിനൽ നിയമങ്ങളുടെ നിർമ്മിതിക്കു നിദാനമായ കൃതി എന്ന രീതിയിൽ ഒരുവിഭാഗവും, ഭാരതത്തിൽ നിലനിന്നിരുന്ന സമ്പന്നമായ ഒരു സാമൂഹികവ്യവസ്ഥിതിയുടെ വിനാശത്തിനു വിത്തുപാകിയ പുസ്തകമെന്ന്

മറ്റുള്ളവരും വിലയിരുത്തുന്ന മനുസ്മൃതിയെ ഒഴിവാക്കി ഒരു ഭാരതപഠനം ഒരിയ്ക്കലും സാധ്യമല്ലല്ലോ. അത്രമേൽ 'അത്ഭുതകരമായ മാറ്റങ്ങൾ' ഈ സമൂഹത്തിൽ ഉണ്ടാക്കിയ 'ദൈവികപരിപ്രേക്ഷ്യമുള്ള നിയമപുസ്തക'മാണത്.

ലോകത്തിലെ പല സമൂഹങ്ങളിലും കാലികമായി പ്രസക്തിയുള്ള ചില ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികവിഭജനം സംഭവിച്ചിട്ടുണ്ട്. എന്നാൽ, കേവലം ഒരു ഗ്രന്ഥത്തിന്റെ പ്രചാരണത്തിലൂടെ, സമൂഹത്തിലെ ശാക്തികമായി അപ്രസക്തരായിരുന്ന മഹാന്യൂനപക്ഷം, മുഴുവൻ സമൂഹത്തിന്റെയും ആധിപത്യകേന്ദ്രമായ അട്ടിമറി മറ്റൊരിടത്തും കാണാനാകില്ല. കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ നാലു വർണ്ണങ്ങൾ നിലനിന്നിരുന്ന പ്രാചീനഭാരതത്തിൽ, അധികാരത്തിന്റെ കടിഞ്ഞാൺ ക്ഷത്രിയരുടെയും, സമ്പത്തിന്റെ കൈവശാവകാശം വൈശ്യരുടെയും, അധീനതയിലായിരുന്നു. ആദ്ധ്യാത്മികോപദേശവും വൈദികവൃത്തിയും വേദപഠനവും അദ്ധ്യാപനവുമായി അടങ്ങിയൊതുങ്ങിക്കഴിഞ്ഞിരുന്ന മറ്റൊരു സമുദായത്തെ, ചുരുങ്ങിയ സമയംകൊണ്ട് സമൂഹത്തിന്റെ അധികാരികളാക്കി അത്ഭുതം നിർവ്വഹിച്ച ഗ്രന്ഥം എന്ന നിലയിൽ മനുസ്മൃതി എക്കാലത്തും പ്രസക്തമാണ്. ആ ഒരു ഗ്രന്ഥത്തിന്റെ നിർമ്മാണത്തിലൂടെയും, അതിന്റെ ആസൂത്രിതമായ പ്രചാരണത്തിലൂടെയും, അത് അനുശാസിക്കുന്ന നിയമങ്ങളുടെ നിഷ്ഠൂരമായ നിർവ്വഹണത്തിലൂടെയും, അതുവരെ സമൂഹത്തെ നിയന്ത്രിച്ചിരുന്ന സകലരെയും വരുതിയിലാക്കിയ അപനിർമ്മിതിയുടെ അസാമാന്യ അവശേഷിപ്പാണ് മനുസ്മൃതി. അതുതന്നെയാണ്; അല്ലെങ്കിൽ അതുമാത്രമാണ് ആ കൃതിയുടെ പ്രസക്തി.

വേദേതിഹാസങ്ങൾക്കു വിരുദ്ധമായ അത്രയധികം ആശയങ്ങൾ എന്തുകൊണ്ട് മനുസ്മൃതിയിൽ എഴുതിച്ചേർത്തിരിക്കുന്നു എന്നാണെങ്കിൽ, ചുരുങ്ങിയ വാക്കുകളിൽ നൽകാവുന്ന ഉത്തരം ഇതാണ്:വേദേതിഹാസങ്ങൾ തീർത്തും ആദ്ധ്യാത്മിക ലക്ഷ്യങ്ങൾമാത്രം മുൻനിർത്തി രചിയ്ക്കപ്പെട്ടവയാണ്. അതുകൊണ്ട്, സകല മനുഷ്യരുടെയും ഉന്നതി എന്ന ലക്ഷ്യം മാത്രമാണ് അവയ്ക്കുള്ളത്. സമ്പത്തിന്റെയും അധികാരത്തിന്റെയും പരിപാലനം അവയുടെ പരിഗണനാവിഷയമേയല്ല. മറുവശത്ത്, കേവലം ലൗകികമായ, അല്ലെങ്കിൽ ഭൗതികമായ ലക്ഷ്യങ്ങളോടെ ചമയ്ക്കപ്പെട്ട ചട്ടങ്ങളുടെ ഒരു സമാഹാരമാണു മനുസ്മൃതി. അതുകൊണ്ടുതന്നെ, സമൂഹത്തിലെ നിയന്ത്രകനിരയിലുള്ളവരുടെ സ്വാർത്ഥതയിൽ ഊന്നിയ താത്പര്യങ്ങൾ പരിരക്ഷിക്കുന്നതിനാണ് അതിൽ പ്രധാന പരിഗണന നല്കപ്പെട്ടത്. ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ രചന നിർവ്വഹിച്ചത് നിസ്വാർത്ഥരായ ഋഷിമാരാണ് എന്നു വിശ്വസിക്കപ്പെടുമ്പോൾ, 'മനുസ്മൃതി'യുടെ കർത്തൃത്വം മനുവെന്ന ചക്രവർത്തിയിലാണല്ലോ ചുമത്തപ്പെട്ടിരിക്കുന്നത്. അത്തരം സത്യങ്ങൾ മറച്ചുവെച്ചുകൊണ്ട്, മനുസ്മൃതിയെ ഒരു ആദ്ധ്യാത്മികഗ്രന്ഥമെന്ന നിലയിലേക്ക് ഉയർത്തിക്കാണിക്കാനും, അതിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾക്കു ദൈവിക പരിപ്രേക്ഷ്യം കൊടുക്കാനും, അത് വിദഗ്ദ്ധമായി പ്രചരിപ്പിച്ച് അംഗീകാരം നേടിയെടുക്കാനും, സമൂഹത്തിന്മേൽ അലംഘനീയ ചട്ടങ്ങളായി നടപ്പാക്കാനും കഴിഞ്ഞു എന്നതാണ് മനുസ്മൃതിയുടെ പ്രായോജകരായ ആര്യബ്രാഹ്മണ്യത്തിന്റെ നേട്ടം. നിരക്ഷരരും നിസ്വരുമായ ജനസമൂഹങ്ങൾക്കുമേൽ ദൈവഭയത്തിന്റെ ചെലവിൽ അത്യാചാരങ്ങൾ

അടിച്ചേൽപ്പിക്കുന്നത് എളുപ്പമായതുകൊണ്ടാണ് അതു സാധ്യമായത്. ആ അപരാധങ്ങൾ പലർക്കും സ്വീകാര്യമായി ഇപ്പോഴും നിലനിൽക്കുന്നത് അതിനാലാണ്.

ശ്രുതികളും സ്മൃതികളും

സനാതനവിശ്വാസമനുസരിച്ച്, മനുഷ്യനായി ജനിച്ചുജീവിച്ച്, മനുഷ്യത്വത്തിൽനിന്നുയർന്ന് ഈശ്വരത്വത്തിലേക്ക് എത്തിച്ചേരുക എന്നതാണ് അത്യുന്നതമായ ജീവിതലക്ഷ്യം. ആ പദ്ധതി സ്വായത്തമാക്കുന്നതിന് മനുഷ്യരെ പ്രാപ്തനാക്കുന്ന മൂല്യങ്ങൾ പകർന്നുനല്കുന്ന രണ്ടു തരത്തിലുള്ള സങ്കേതങ്ങൾക്ക് സമൂഹത്തിൽ സ്വാധീനം സിദ്ധിച്ചു. ഒന്ന്, ഒരിക്കലും മാറ്റമില്ലാതെ നിൽക്കുന്ന, അടിസ്ഥാന സനാതന മൂല്യങ്ങളായ അഹിംസ,സത്യം,ധർമ്മം,അസ്തേയം(മോഷ്ടിക്കാതിരിക്കൽ) മുതലായവ പ്രതിപാദിക്കുന്ന ശ്രുതികൾ. രണ്ടാമതായി, സാമൂഹ്യജീവിതത്തിൽ കാലാനുസൃതമായി മാറ്റേണ്ടിവരുന്ന ആചാര നിയമങ്ങൾ പ്രതിപാദിക്കുന്ന സ്മൃതികൾ. കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാണ് എന്നതുകൊണ്ട്, വിഭിന്ന കാലങ്ങളിലായി അനവധി സ്മൃതിഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ, മനുസ്മൃതിയാണ് ഏറ്റവും പ്രാമുഖ്യംനേടിയത്. ചാതുർവർണ്യവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന ബ്രാഹ്മണ്യാധിപത്യകാലത്താകാം മനുസ്മൃതിയുടെ രചയിതാവു ജീവിച്ചിരുന്നത്. അതിനാൽത്തന്നെ,അക്കാലത്തെ സാമൂഹികവ്യവസ്ഥിതികളനുസരിച്ച് ചമയ്ക്കപ്പെട്ട ചിട്ടകളും ചട്ടങ്ങളും ആ ഒരു കാലഘട്ടത്തിനു മാത്രം ബാധകമാകുന്നതാണ്. കാലികമായി പരിഷ്കരിക്കാത്ത ഏതൊരു നിയമത്തെയും പോലെ, ഈ കാലഘട്ടത്തിനു തീരെ യോജിക്കാത്ത മനുസ്മൃതിയിലെ നിയമങ്ങളെല്ലാം, ഇന്നു പരിഗണിക്കുമ്പോൾ കാലഹരണപ്പെട്ടവയാണ്. മനുസ്മൃതിയിൽ നിർദ്ദേശിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ നൂറ്റാണ്ടുകൾക്കിപ്പുറത്തെ മാറിയ സാമൂഹികക്രമത്തിലും, അതേ രീതിയിൽത്തന്നെ സ്വീകരിക്കപ്പെടണമെന്ന ശാഠ്യം സ്മൃതിയെന്ന സങ്കല്പത്തിനു തന്നെ എതിരാണ്. മാത്രവുമല്ല, ആദ്യമന്വന്തരത്തിന്റെ മനുവായ സ്വായംഭൂവമനു രചിച്ചതാണെങ്കിൽ, വേദങ്ങളെക്കാൾ പ്രാചീനമായ ഗ്രന്ഥമാണ് മനുസ്മൃതി എന്ന് കരുതേണ്ടിവരും. മനുവാദികൾ അത്തരം ഒരു അവകാശവാദം ഉന്നയിക്കുമോ?

ചതുരാശ്രമങ്ങൾ(ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നജീവിതക്രമം) ഏതു രീതിയിൽ വ്യക്തിയ്ക്ക് തന്നോടും കുടുംബത്തോടുമുള്ള കർത്തവ്യങ്ങൾ നിറവേറ്റാൻ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുവോ, അതുപോലെതന്നെ ഓരോ വ്യക്തിയ്ക്കും സമാജത്തോടുള്ള ചുമതലകൾ നിർവ്വഹിക്കാനുള്ള സംവിധാനമായാണ് സ്മൃതികൾ വർണ്ണ ധർമ്മങ്ങൾ സൃഷ്ടിച്ചത്. വേദാർത്ഥ സ്മരണപൂർവ്വകം രചിതം ശാസ്ത്രം സ്മൃതി എന്നാണല്ലോ. ധർമ്മവും(ധ്രിയതേ പുണ്യാത്മഭിരതി ധർമഃ-പുണ്യാത്മാക്കളുടെ ആചാരമാണ് ധർമ്മം) ബ്രഹ്മവുമാണ് വേദാർത്ഥം എന്നിരിക്കെ, അതിനു വിപരീതമായതൊന്നും മനു അടക്കമുള്ള സ്മൃതികർത്താക്കളുടെ തൂലിക നിർദ്ദേശങ്ങളായി എഴുതിവെയ്ക്കും എന്നുകരുതുകവയ്യ. എന്തുകൊണ്ടെന്നാൽ, വ്യക്തിക്കും സമൂഹത്തിനും ശ്രേയസ്കരമായതു മാത്രമേ സനാതനധർമ്മമാകുന്നുള്ളൂ. സ്വാർത്ഥതാനിയന്ത്രണമാണ് അതിനുള്ള അളവുകോൽ. എങ്കിലും, കാലക്രമത്തിൽ സമൂഹത്തിന്റെ നിയന്ത്രണം കൈയടക്കിയ വർഗ്ഗങ്ങൾ, സ്വന്തം

താത്പര്യങ്ങളുടെ സംരക്ഷണാർത്ഥം അവയിലും ഉടച്ചുവാർക്കൽ നടത്തുകയാണുണ്ടായത്. അതിനാൽ, ഇന്നു ലഭ്യമാകുന്ന മനുസ്മൃതിയടക്കമുള്ള പതിപ്പുകൾ, അവയുടെ രചയിതാക്കൾ നിർമ്മിച്ചവയോട് തീർത്തും നീതിപുലർത്തുന്നവയല്ലാ എന്നകണ്ടെത്തലുകളാകാം ശരി. മനുസ്മൃതിയിലെ മനുഷ്യഗുണമില്ലാത്ത നിയമശങ്ങൾ പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടവയായാൽപോലും, ആ ഗ്രന്ഥം സ്വീകാര്യമാകുന്നില്ല. കാരണം, ആ മനുഷ്യവിരുദ്ധമായ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് വംശവിശുദ്ധിവാദികൾ ആർഷഭാരതത്തെ അന്ധകാരയുഗത്തിന്റെ ആഴങ്ങളിലേക്ക് തള്ളിവിട്ടത്. അതിനാൽ, ചരിത്രപഠനത്തിനു സഹായകമായ സാമഗ്രികൾ എന്നതിനപ്പുറമുള്ള പ്രസക്തിയും സ്വീകാര്യതയും ആധുനികസമൂഹത്തിൽ ആ സ്മൃതിഗ്രന്ഥത്തിനില്ല. എങ്കിലും, ഭാരതത്തിന്റെ ചരിത്രത്തെ ഒരേ അളവിൽ 'സൃഷ്ടിപരമായും സംഹാരാത്മകമായും' സ്വാധീനിച്ച രചനകൾ എന്ന നിലയിൽ സ്മൃതികൾ, വിശേഷിച്ചും, മനുസ്മൃതി എല്ലാക്കാലത്തും പഠനത്തിനും പരിശോധനക്കും വിലയിരുത്തലിനും വിമർശനത്തിനും ചർച്ചക്കും വിധേയമാകുന്നുണ്ട്.

ഉള്ളടക്കത്തിലെ പൊള്ളത്തരം

പന്ത്രണ്ട് അധ്യായങ്ങളിലായി ആയിരത്തിഎഴുന്നൂറോളം ശ്ലോകങ്ങളോടുകൂടിയ, ഇന്ന് ലഭ്യമാകുന്ന മനുസ്മൃതിയിൽ വിവരിക്കപ്പെടുന്നത് ധർമ്മാചരണത്തിനുള്ള നിർദ്ദേശങ്ങളാണെന്ന് അവകാശപ്പെടുമ്പോൾ തന്നെ, അതിലെ ധർമ്മനീതിയായി ഗണിക്കപ്പെടുന്നത് സരസ്വതി-ദൃഷദ്വതി എന്നീ നദികളുടെ ഇടയിലുള്ള ദേവനിർമ്മിതമായ ബ്രഹ്മാവർത്തം എന്ന ദേശത്തു നിവസിക്കുന്ന ബ്രാഹ്മണാദികളുടെ പരമ്പരാഗതമായ ആചാരങ്ങളാണ് എന്ന് ആദ്യാധ്യായത്തിലെ 17,18 ശ്ലോകങ്ങളിൽ പറയുന്നു. കുരുക്ഷേത്രം, മാത്സ്യദേശം, പാഞ്ചാലദേശം, ശൂരസേനദേശം എന്നീ 'അന്യദേശങ്ങൾ' 'ബ്രഹ്മർഷികൾ വസിക്കുന്ന സ്ഥാനങ്ങളാണെങ്കിലും', അവ ബ്രഹ്മാവർത്തത്തെക്കാൾ മഹത്വംകുറവുള്ള ദേശങ്ങളാണെന്നും, അതിനാൽ ബ്രഹ്മാവർത്തത്തിൽ ജനിച്ച ബ്രാഹ്മണരുടെ അടുത്തുനിന്നും ഭൂമിയിലുള്ള മുഴുവൻ മനുഷ്യരും താന്താങ്ങളുടെ ധർമ്മം ഗ്രഹിച്ചുകൊള്ളേണ്ടതാണ് എന്നുംഅനുശാസിക്കുന്ന മനുസ്മൃതി(അധ്യായം:1,ശ്ലോകം:19,20), നടപ്പാക്കാൻ ശ്രമിക്കുന്ന ധർമ്മശാസ്ത്രം എന്താണെന്ന് വ്യക്തമാണല്ലോ. സ്മൃതികർത്താവിന്റെ പരിമിതമായ അറിവിന്റെ പരിധിയിൽ വരുന്ന, 'ഭൂമിയിലുള്ള ദേശങ്ങളും അന്യദേശങ്ങളും' മാത്രമേ മനുസ്മൃതിയുടെപരിധിയിലും വരുന്നുള്ളൂ എന്ന് ചുരുക്കം. അത്, വിശാലഭാരതത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ള മനുഷ്യരുടെ എക്കാലത്തേക്കുമുള്ള നിയമമാകുമോ?

വിരാട്ട്പുരുഷന്റെ സന്തതിയായ സ്വായംഭൂവമനു, ഋഷിമാരുടെ അഭ്യർത്ഥനയെ തുടർന്നാണ് മനുസ്മൃതി നിർമ്മിച്ചതെന്നും,ആനന്തരം അത് ഭൃഗു മുതലായ മഹർഷിമാർക്ക് ഉപദേശിച്ചതാണെന്നും ആദ്യത്തെ അധ്യായത്തിൽ പറയുന്നു.എന്നാൽ, പൊതുവർഷാരംഭത്തിന് മുമ്പോ ശേഷമോ ഉള്ള നാലു ശതാബ്ദങ്ങൾക്കുള്ളിലാണ് അതിന്റെ രചന എന്നതാണു പണ്ഡിതമതം. ഇന്നു കാണുന്ന മനുസ്മൃതി, പന്ത്രണ്ട് അധ്യായങ്ങളിലായി 2694ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതിൽ, ആയിരത്തി ഇരുന്നൂറോളം ശ്ലോകങ്ങൾ മാത്രമാകാം അസ്സലെന്നും, ആയിരത്തഞ്ഞൂറിനടുത്തു

വരുന്നവ പിൽക്കാലത്ത് പലപ്പോഴായി കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും, മിക്ക പഠനങ്ങളും സ്ഥാപിക്കുന്നുണ്ട്. ഒന്നാമധ്യായത്തിലെ രണ്ടാം ശ്ലോകത്തിൽത്തന്നെ, മനുസ്മൃതി മനുവിനോടുള്ള മഹർഷിമാരുടെ ചോദ്യമായി അതിന്റെ ലക്ഷ്യംവ്യക്തമാക്കുന്നുണ്ട്:"ഹേ ഭഗവാൻ, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലുവർണ്ണികളുടെയും, അന്തരപ്രഭവങ്ങളായ സങ്കരജാതികളുടെയും, ജാതികർമ്മാദികളായ ധർമ്മങ്ങൾ വഴിപോലെ ഞങ്ങൾക്കു പറഞ്ഞുതരണമേ".(ഭഗവൻ, സർവ്വവർണാനാം യഥാവദനു പൂർവശഃ ആന്തര പ്രഭവാണാം ച ധർമാൻ നോ വക്തുമർഹസി). ആ അപേക്ഷയെ അടിത്തറയാക്കിയാണ് 'മനുസ്മൃതി' പണിതുയർത്തിയിട്ടുള്ളത്. വിഷയവിരക്തരും ദ്വൈതചിന്ത വെടിഞ്ഞവരുമായ പുരാണമഹർഷിമാർക്ക് മേൽപ്പറഞ്ഞ കാര്യങ്ങളിൽ എന്താണ് താത്പര്യമെന്നുമാത്രം ആലോചിച്ചാൽ, മനുസ്മൃതിയുടെ പ്രസക്തിയെന്തെന്ന സംശയത്തിനുള്ള ഉത്തരമാകും.

മതപരമായ കാര്യങ്ങൾക്കു പുറമേ രാഷ്ട്രീയവും നിയമപരവും സാമൂഹ്യവുമായ ഒട്ടേറെ ഭൗതികവിഷയങ്ങൾ ചർച്ച ചെയ്യുന്ന മനുസ്മൃതിക്ക്, ഒരു ആദ്ധ്യാത്മികഗ്രന്ഥത്തിന്റെ പവിത്രതചാർത്തി, അതിൽ പറയുന്ന വിഷയങ്ങൾക്ക് ദൈവികമായ പ്രാമാണികതയുണ്ടാക്കാൻ ആരൊക്കെയോ നടത്തിയ ആസൂത്രിത ശ്രമങ്ങളാണ് അതിലെ പ്രക്ഷിപ്തങ്ങൾക്കു പിറകിലെന്ന് കരുതാം. ഒന്നാമധ്യായത്തിലെ രണ്ടാം ശ്ലോകംതന്നെ അതിനുള്ള തെളിവാണ്.ഗ്രന്ഥത്തിന്റെ മറ്റുഭാഗങ്ങളിലുള്ള പരിചിന്തനങ്ങളെല്ലാം, ജന്മനാടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയ്ക്കും ബ്രാഹ്മണ്യാധിപത്യത്തിനും അംഗീകാരം ഉറപ്പിച്ചെടുക്കാനുള്ള പശ്ചാത്തലമൊരുക്കൽ മാത്രമാണെന്നു കാണാം. അതു ചെയ്തത് മനുവാണോ, മനുവിനെ മറയാക്കി മറ്റു വല്ലവരുമാണോ എന്ന കാര്യത്തിൽ മാത്രമാണ് സംശയം. എന്തെന്നാൽ, ആത്മാവാസ്യമിദം വിശ്വം യദ് കിം ച്യഃ ജഗത് യാം ജഗത് എന്ന് 'ഈശാവാസ്യം ഇദം സർവ്വം' എന്ന ഉപനിഷത് മഹാവാക്യത്തെ തിരുത്തിയ മനുവിന്റെ തൂലികയിൽനിന്ന് ഇത്ര മനുഷ്യവിരുദ്ധമായ വചനങ്ങൾ വരുമെന്നു വിശ്വസിക്കുക വയ്യ. ആദിമകാലത്തു ഹിന്ദുമതമോ ജന്മാടിസ്ഥാനത്തിലുള്ള വർണ്ണഭേദമോ ഉണ്ടായിരുന്നില്ലല്ലോ. ഇന്നു നിലവിലുള്ള മനുസ്മൃതിയിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന വർണ്ണവിവേചനവും മനുഷ്യവിരുദ്ധതയും, ജാതിബ്രാഹ്മണ്യം അതിന്റെ അധീശത്വം ഉറപ്പിക്കുന്നതിനായി കുത്തിത്തിരുകിയ മാലിന്യങ്ങൾ മൂലം സംഭവിച്ചതാകാനാണു സാധ്യത.

'ശ്രുതിക്കും സ്മൃതിക്കും വൈരുദ്ധ്യമുണ്ടാകുന്ന ഇടങ്ങളിൽ, ശ്രുതിതന്നെ പ്രബലപ്രമാണമാകും. അവയ്ക്കു ഭിന്നിപ്പില്ലാത്ത പക്ഷങ്ങളിൽ ശ്രുതിയെപ്പോലെ തന്നെ സ്മൃതിയും അംഗീകാര്യമാണ്(ശ്രുതിസ്മൃതിവിരോധേഷു ശ്രുതിരേവ ഗരീയസീ/ അവിരോധേ സദാ കാര്യം സ്മാർത്തം വൈദികവത് സദാ) എന്ന് ജാബാലസ്മൃതിയും, വേദത്തിന് വിരോധമായ സ്മൃതിവാക്യം സാധുവല്ല; രണ്ടിനും വിപരീതമായ പുരാണവചനവും വകയല്ല (ശ്രുതിസ്മൃതിപുരാണാനാം വിരോധോ യത്ര ദൃശ്യതേ തത്രശ്രൗതം പ്രമാണംതു തയോർദ്വൈധേ സ്മൃതിർവര) എന്ന് വ്യാസസ്മൃതിയും, വേദത്തിൽ കാണാത്ത വിഷയങ്ങളെ സ്മൃതിയിൽനിന്നു ഗ്രഹിച്ചുകൊള്ളാം. ഈ രണ്ടിലുമില്ലാത്തവയെ പുരാണങ്ങളിൽനിന്നു ഗ്രഹിക്കാം. എന്നാൽ,ശ്രുതിസ്മൃതിപുരാണങ്ങളിൽ പരസ്പരവിരുദ്ധമായ് കാണുമ്പോൾ, പുരാണത്തേക്കാൾ സ്മൃതി

യും സ്മൃതികളെക്കാൾ വേദവും പ്രമാണമാകുന്നു(യദഃ ദൃഷ്ടം ഹി വേദേഷു തദ്ദ്രഷ്ടവ്യം സ്മൃതൗ കില/ ഉഭാഭ്യാം യദദൃഷ്ടം ഹി തത്പുരാണേഷു പഠ്യതേ/ ശ്രുതിസ്മൃതി പുരാണേഷുഃ വിരുദ്ധേഷു പരസ്പരം/പൂർവം ബലീയസ്യാദിതി ന്യായവിദോ വിദുഃ)എന്ന് ആപസ്തംബസ്മൃതിയിലും പറയുന്നു. വേദവിരുദ്ധമായ സ്മൃതിവാക്യം പ്രമാണമല്ല; സ്വീകാര്യമാകുകയുമില്ല. അത് ആദരിക്കത്തക്കതുമല്ല എന്നു മീമാംസാശാസ്ത്രങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. മേൽ പ്രമാണങ്ങളനുസരിച്ച് വേദങ്ങളാൽ ആദരിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾക്ക്, സ്മൃതികളാൽ യാതൊരുവിധ നിരാകരണവും സാധ്യമല്ല. ശ്രുതിസ്മൃതികളിൽ തമ്മിൽ വിരോധമായ എന്തെങ്കിലുമുണ്ടായാൽ, ശ്രുതി പറയുന്നതാണ് പ്രമാണമെന്ന സർവ്വസ്വീകാര്യമായ നിയമം പരിഗണിക്കുമ്പോൾ, മനുസ്മൃതിയിലെ മിക്ക പരാമർശങ്ങളും വേദവിരുദ്ധമെന്ന നിലയിൽ റദ്ദാണെന്നു വരുന്നു. പ്രഥമ അധ്യായത്തിലെ മൂന്നാം ശ്ലോകത്തിൽ, മഹർഷിമാർ വാഴ്ത്തുന്നതുപോലെ, 'അപരിച്ഛേദ്യവും അപൗരുഷേയവുമായ വേദത്തിൽ വിധിച്ചിരിക്കുന്ന സമസ്തകർമ്മങ്ങളും അതിന്റെ തത്വവും അറിയുന്നവനായ സ്വായംഭൂവമനു', അത്രമേൽ *വേദവിരുദ്ധമായ ശാസനങ്ങൾ ലോകത്തോടു നിർദ്ദേശിക്കുമെന്നു വിശ്വസിക്കാതിരിക്കുന്നതല്ലേ യുക്തി?

ഭർത്തൃഹരി രചിച്ച വൈരാഗ്യശതകം എന്ന ഗ്രന്ഥത്തിലെ, ഭോഗാസ്ഥൈര്യവർണ്ണന എന്ന അധ്യായത്തിൽ വളരെ പ്രസിദ്ധമായ ഒരു സൂക്തമുണ്ട്: 'ഭോഗേ രോഗഭയം, കുലേ ച്യുതിഭയം, വിത്തേ നൃപാലാദ് ഭയം, മാനേ ദൈന്യഭയം, ബലേ രിപുഭയം, രൂപേ ജരായഭയം, ശാസ്ത്രേ വാദിഭയം, ഗുണേ ഖലഭയം, കായേ കൃതാന്താദ് ഭയം,സർവം വസ്തുഭയാന്വിതം. ഭുവി നൃണാം വൈരാഗ്യം ഏവാഭയം'. ഭോഗികൾക്ക് രോഗത്തെ ഭയം, കുലാഭിമാനികൾക്കു കുലച്യുതിയെ ഭയം, ധനവാന്മാർക്ക് രാജാവിനെ ഭയം, അഭിമാനികൾക്ക് അന്യരുടെ മുൻപിൽ അപമാനിക്കപ്പെടുമോ എന്നു ഭയം, ബലവാന്മാർക്ക് ശത്രുഭയം, സൗന്ദര്യത്തിൽ രമിക്കുന്നവർക്ക് വാർദ്ധക്യത്തെഭയം, ശാസ്ത്രജ്ഞാനികൾക്കു വാദിക്കുന്നവരെ ഭയം, ഗുണവാന്മാർക്കു ദുർജ്ജനങ്ങളെ ഭയം, ശരീരത്തിനു മരണത്തെ ഭയം എന്നിങ്ങനെ, വസ്തുക്കളെല്ലാം ഭയാന്വിതമായിട്ടുതന്നെ ഇരിക്കുന്നു. അതിനാൽ, വൈരാഗ്യം(രാഗദ്വേഷങ്ങളില്ലാത്ത അവസ്ഥ) മാത്രമാണ് അഭയമെന്നതാണ് ഈ ശ്ലോകത്തിന്റെ പൊരുൾ. ഭൂമിയിൽജീവിക്കുന്ന മനുഷ്യരുടെ യഥാർത്ഥ സ്ഥിതി വിവരിക്കുന്നതിനും, വൈരാഗ്യത്തിന്റെ മഹിമ വ്യക്തമാക്കുന്നതിനുമാണ് ഭർതൃഹരി ആ സുഭാഷിതം അവതരിപ്പിക്കുന്നത്. ആ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന ഭയങ്ങളെല്ലാം, ഒരു സമുദായത്തെയോ കുറച്ചാളുകളെയോ കീഴടക്കിയാൽ എന്തായിരിക്കും ഫലമെന്ന ചോദ്യത്തിനുള്ള ഒറ്റവാക്കിലുള്ള ഉത്തരമാണ് മനുസ്മൃതി എന്നകൃതി. ആൾബലത്തിലും കൈക്കരുത്തിലും അപ്രസക്തമായ ഒരു സമുദായത്തിനുണ്ടായ, യദൃച്ഛയാ കൈവന്ന അധികാരങ്ങൾ കൈവിട്ടുപോകുമോ എന്ന ഭയമാണ് മനുസ്മൃതിയുടെ രചനാരഹസ്യം.

(പിൻകുറിപ്പ്: *വേദവിരുദ്ധം എന്നതുകൊണ്ട്, പരമമായ ആദ്ധ്യാത്മികജ്ഞാനത്തിനു(വേദത്തിനു) നിരക്കാത്തത് എന്നാണ് അർത്ഥമാക്കുന്നത്; ചതുർവേദങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു വിരുദ്ധമായത് എന്നല്ല. പരമമായ ജ്ഞാനം എന്നതിലൂടെ സനാതനസരണി വിവക്ഷിക്കുന്നത്, സർവ്വചരാചരങ്ങളിലും വിളങ്ങുന്ന ചൈതന്യം ഒന്നാണെന്ന-പരമാത്മാ

വിന്റെ അംശമാണെന്ന-സത്യമാണ്. ആ വസ്തുതയാണ് ഉപനിഷത്തുകൾ വിളംബരം ചെയ്യുന്ന വേദാന്തജ്ഞാനം. അത് പരമജ്ഞാനമാകുന്നത് അദ്വൈതമായതുകൊണ്ടാണ്. നാലു വേദങ്ങളിലും പറയുന്നകാര്യങ്ങൾ പലതായതുകൊണ്ടും, പലതും തമ്മിൽ വിരുദ്ധമായതിനാലും വേദങ്ങൾ പരമജ്ഞാനമായി കണക്കാക്കാനാകില്ലല്ലോ. കൂടാതെ, ചതുർവ്വേദങ്ങളെ ആദ്ധ്യാത്മികഗ്രന്ഥങ്ങളായി മിക്ക പണ്ഡിതരും അംഗീകരിക്കുന്നുമില്ല. അതിനു കാരണം അവ കാമ്മ്യകർമ്മങ്ങളായ യാഗങ്ങളും യജ്ഞങ്ങളുമായി ബന്ധപ്പെട്ട മന്ത്രങ്ങളാണ് എന്നതാണ്. ഋഗ്വേദസംഹിതയ്ക്കു വള്ളത്തോൾ നടത്തിയ പരിഭാഷയുടെ ആമുഖത്തിൽ, സർദാർ കെ.എം.പണിക്കർ അക്കാര്യം സമർത്ഥിക്കുന്നുണ്ട്. വേദാന്തജ്ഞാനം(ആത്മവിദ്യ) അത്യന്തം ഗുഹ്യമാണ്(രഹസ്യം) എന്ന വ്യാഖ്യാനത്തിന്റെ താത്പര്യവും ഒരു ചതിയാണ്.)

ബ്രാഹ്മണർക്കുവേണ്ടി; ബ്രാഹ്മണരാൽ...

സൃഷ്ട്യാദിയിൽ ബ്രഹ്മാവ് ഈ ശാസ്ത്രത്തെ രചിച്ച്, യഥാവിധി തനിയ്ക്കുപദേശിച്ചുതന്നതാണെന്നും, താൻ അതു ഗ്രന്ഥരൂപത്തിലാക്കി ഭൃഗുവിനെ പഠിപ്പിച്ചെന്നും പ്രഥമ അധ്യായത്തിൽ(ശ്ലോകം: 58,59) മനു പറയുന്നു. ലോകാരംഭത്തിൽ ബ്രഹ്മാവിനാലുണ്ടാക്കപ്പെട്ട മനുസ്മൃതിയും ചാതുർവർണ്യവും, പതിനാലു മന്വന്തരങ്ങളും അവ ഓരോന്നിന്റെയും അന്ത്യത്തിലുള്ള പ്രളയവും അതിജീവിച്ച് നമുക്കു മുന്നിൽ എത്തിനിൽക്കുന്നു എന്ന പ്രചാരണത്തിനു പിന്നിലെ ഉന്നം, അവ ശാശ്വതസത്യങ്ങളാണെന്ന പ്രതീതിയുണ്ടാക്കി ആധികാരികത ഉറപ്പിക്കലും, പ്രപഞ്ചസ്രഷ്ടാവിന്റെ നിശ്ചയത്തെ നിഷേധിക്കരുതെന്ന ഭീഷണിയുയർത്തലുമാണ്.

മനുസ്മൃതി ആരംഭിക്കുന്നത് ഇപ്രകാരമാണ്: മഹാത്മാരായ ഋഷികൾ, നിശ്ചിന്ത്യം സുഖമായി ഇരുന്നരുളുന്ന സ്വായംഭൂവമനുവിനെ സമീപിച്ച് ശാസ്ത്രമര്യാദയനുസരിച്ചു പൂജിച്ചശേഷം, സർവ്വവർണ്ണികളുടെയും സങ്കീർണ്ണജാതരുടെയും ധർമ്മങ്ങൾ ഉപദേശിക്കാൻ അപേക്ഷിച്ചു.(ശ്ലോകം:1,2). അവർക്കുള്ള ഉത്തരമായാണ് മനുസ്മൃതിയെന്ന ഗ്രന്ഥം അവതരിപ്പിക്കപ്പെടുന്നത്. ഗ്രന്ഥം രചിച്ച മനുവിനെക്കാൾ കൃത്യമായ ലക്ഷ്യത്തോടെ ചോദ്യം ചോദിച്ച്, വേണ്ടുന്ന മറുപടി വാങ്ങിയെടുത്തവരുടെ പദ്ധതി, ചാതുർവർണ്യത്തിന്റെ സൃഷ്ടിയായ വിഭജനങ്ങൾ അരക്കിട്ടുറപ്പിക്കലായിരുന്നു എന്ന് സ്പഷ്ടം. അതിനുപിന്നിലെ ഗൂഢോദ്ദേശ്യം സമൂഹത്തിലെ ബ്രാഹ്മണരുടെ മേധാവിത്വം സകലരെയും ബോധ്യപ്പെടുത്തി അംഗീകരിപ്പിക്കുക എന്നതാണ്. 'മുഴുവൻ ശരീരങ്ങളിലും വെച്ച് പുരുഷശരീരം ശുദ്ധം; പുരുഷശരീരത്തിൽ തന്നെ നാഭിക്കു മുകളിലുള്ള ഭാഗം ശുദ്ധതരം; ആകയാൽ മുഖം ശുദ്ധതമം എന്നു ബ്രഹ്മാവരുളിയിരിക്കുന്നു' എന്ന, ഒന്നാം അധ്യായത്തിലെ തൊണ്ണൂറ്റിരണ്ടാം ശ്ലോകത്തിൽ തുടങ്ങുന്ന ബ്രാഹ്മണസ്തുതി മനുസ്മൃതിയിൽ ആദ്യാവസാനമുണ്ട്. അവയൊഴിവാക്കിയാൽപ്പിന്നെ അധികമൊന്നും ആ പുസ്തകത്തിൽ കാണുകയുമില്ല. ചുരുക്കിപ്പറഞ്ഞാൽ, ബ്രാഹ്മണർക്കുവേണ്ടി ഏതോ ബ്രാഹ്മണൻ ഉണ്ടാക്കിയ ഒരു ബ്രാഹ്മണാപദാനകൃതി മാത്രമാണ് മനുസ്മൃതി. അതിനാലായിരിക്കാം ആ ഗ്രന്ഥം അവകാശങ്ങളും അധികാരങ്ങളും നിർണ്ണയിക്കുന്നത് ബ്രാഹ്മണർക്കു മാത്രമാണ്. മറ്റുള്ളവരുടെ കടമകളെക്കുറിച്ചു മാത്രമാണ് പ്രസ്താവിക്കുന്നത്. ഒരേ സമയം ജാതിബ്രാഹ്മണ്യത്തിനു സംരക്ഷണകവചമൊരുക്കുകയും മറ്റുള്ളവരെ വേട്ടയാടുകയും ചെയ്യുന്ന ആ ഗ്രന്ഥത്തിലെ ചില ബ്രാഹ്മണാപദാനങ്ങൾ കാണുക:

- ✓ ധർമ്മത്തിന്റെ ശാശ്വതമായ അവതാരമായിട്ടാണ് വിപ്രന്റെ ജനനം തന്നെ. അവൻ ധർമ്മത്തിനായി പിറന്നവനായതുകൊണ്ട്, മോക്ഷത്തിനർഹനായി ത്തീരുന്നു. (വിപ്രൻ=ബ്രാഹ്മണൻ) (അധ്യായം:01, ശ്ലോകം:98)
- ✓ ബ്രഹ്മാവിന്റെ മുഖത്തുനിന്നും ഉത്ഭവിച്ചതുകൊണ്ടും ക്ഷത്രിയാദികൾക്കു മുൻപു ജനിച്ച് അവരെ വേദാധ്യയനം ചെയ്യിച്ചതിനാലും, വേദത്തെ ധരിക്കു ന്നതുകൊണ്ടും മുഴുവൻമനുഷ്യർക്കും ധർമ്മം അനുശാസിക്കുന്നതിനാലും ബ്രാഹ്മണൻ ശ്രേഷ്ഠരാകുന്നു.(അധ്യായം:01, ശ്ലോകം:93)
- ✓ ബ്രഹ്മാവർത്തത്തിൽ ജനിച്ച ബ്രാഹ്മണന്റെ അടുക്കൽനിന്നും ഭൂമിയിലുള്ള മുഴുവൻ മനുഷ്യരും താന്താങ്ങളുടെ ധർമ്മം ഗ്രഹിച്ചുകൊള്ളേണ്ടതാണ്(അ ധ്യായം:02,ശ്ലോകം:20).(അതുകൊണ്ടാണ് മനുസ്മൃതി നടപ്പാക്കിയ സകല വി വേചനങ്ങളുടെയും ഉത്തരവാദിത്വം ബ്രാഹ്മണരിൽ ആരോപിക്കുന്നത്)
- ✓ ദേവന്മാർ ഹവ്യങ്ങളും പിതൃക്കൾ കവ്യങ്ങളും ഏതൊരുവന്റെ മുഖം വഴി സർവ്വഥാ അനുഭവിക്കുന്നുവോ, ആ ബ്രാഹ്മണനെക്കാൾ ശ്രേഷ്ഠനായി വേ റെയാരുണ്ട്?(അധ്യായം:01, ശ്ലോകം:95)
- ✓ ലോകത്തിലുള്ള സകല സമ്പത്തും ബ്രാഹ്മണന്റെ സ്വന്തമാക്കുന്നു.(അധ്യാ യം:1,ശ്ലോകം:100)(ഈ സ്മൃതിനിയമമാണ് മറ്റുള്ളവരെ അഗതികളാക്കിയത്)
- ✓ ബ്രാഹ്മണൻ മന്ത്രജപംകൊണ്ടുതന്നെ മോക്ഷപ്രാപ്തിക്ക് അർഹനായിത്തീ രുന്നു. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല.(അധ്യായം:02, ശ്ലോകം:87)
- ✓ പത്തുവയസ്സുള്ള ബ്രാഹ്മണനെയും നൂറുവയസ്സുള്ള ക്ഷത്രിയനെയും പിതാ പുത്രന്മാർ എന്നറിയേണ്ടതാകുന്നു.അവരിൽ(പ്രായംകുറഞ്ഞ ആളായാലും) ബ്രാഹ്മണനത്രേ പിതാവ്.(അധ്യായം:02, ശ്ലോകം:135)
- ✓ ശ്രാദ്ധക്രിയ ചെയ്യുമ്പോൾ, ബ്രാഹ്മണൻ ഇഷ്ടപ്പെടുന്നതെന്തോ അതൊക്കെ തെളിഞ്ഞ മനസ്സോടെ നൽകണം; എന്തെന്നാൽ പിതൃക്കൾക്ക് അത് പ്രിയങ്ക രമാകുന്നു.(അധ്യായം:03,ശ്ലോകം:231) (ഇങ്ങനെയാണ് അവർ സമ്പന്നരായത്).
- ✓ ബ്രാഹ്മണന്റെ നേരെ നിന്ദയോടെ ദണ്ഡം ഓങ്ങുകയോ പുല്ലുകൊണ്ടുപോ ലും അടിക്കുകയോ ശരീരത്തിൽനിന്നും രക്തം വീഴാൻ ഇടയാക്കുകയോ ആപത്കാലത്തുപോലും ചെയ്യരുത്.(അധ്യായം:04, ശ്ലോകം:169)
- ✓ വിദ്യാഭ്യാസം കഴിഞ്ഞ് ഗുരുകുലത്തിൽനിന്നു മടങ്ങിയെത്തുന്ന ബ്രാഹ്മണ നെ രാജാവ് ആദരിക്കേണ്ടതാകുന്നു. അപ്രകാരം ബ്രാഹ്മണർക്കു നൽകുന്ന ധനധാന്യാദി പൂജ അക്ഷയനിധിയാകുന്നു എന്നത്രെ ശാസ്ത്രനിർണ്ണയം. ആ നിധി കള്ളന്മാരോ ശത്രുക്കളോ അപഹരിക്കുന്നില്ല; കാലപ്പഴക്കംമൂലം നാശ മടയുന്നുമില്ല. ആകയാൽ രാജാവ് അക്ഷയഫലദായകമായ അത്തരം നിധി ബ്രാഹ്മണരിൽ സ്ഥാപിക്കേണ്ടതാകുന്നു.അത് അഗ്നിഹോത്രത്തേക്കാൾ ശ്രേ ഷ്ഠമാകുന്നു.(അധ്യായം:7,ശ്ലോകം:82,83,84)(സ്വത്തു നേടിയ മറ്റൊരു മാർഗ്ഗം).
- ✓ രാജാവ് നിത്യവും രാവിലെ എഴുന്നേറ്റ്, വേദത്രയാർത്ഥവേത്താക്കളും നീതി ശാസ്ത്രവിശാരദരുമായ ബ്രാഹ്മണരെ വന്ദിക്കുകയും, അവരുടെ ആജ്ഞക ൾക്കു വിധേയനായി പ്രവർത്തിക്കുകയും വേണം.(അധ്യായം:07, ശ്ലോകം:38)

- ✓ ക്ഷത്രിയാദികൾക്കു കൊടുക്കുന്ന ദാനത്തിന്, ദേയദ്രവ്യത്തിന് എന്തുവില യുണ്ടോ അത്രതന്നെ ഫലം; ബ്രാഹ്മണനാണ് താനെന്നു പറയുന്നവന് നൽകി യാൽ ഇരട്ടിഫലം; വേദാധ്യയനം ചെയ്ത ബ്രാഹ്മണനു നൽകുന്ന ദാനത്തിന് ഫലം ലക്ഷഗുണം; വേദം മുഴുവൻ അധ്യയനംചെയ്ത ബ്രാഹ്മണനു കൊടു ക്കുന്ന ദാനത്തിന്റെ ഫലം അനന്തവും.(അധ്യായം:07, ശ്ലോകം:85)
- ✓ രാജാവ് ബ്രാഹ്മണർക്ക് ധർമ്മാചരണത്തിനായി ഗൃഹം മുതലായ ഭോഗവസ് തുക്കളും സുവർണ്ണാദി ധനങ്ങളും നൽകേണ്ടതാണ്.(അധ്യായം:7, ശ്ലോകം:79)

[പിൻകുറിപ്പ്: ബ്രാഹ്മണർ കുലധർമ്മമായി അഭിമാനപുരസ്സരം അവതരിപ്പിക്കുന്ന അവകാ ശമാണല്ലോ ഭിക്ഷ(ദാനം വാങ്ങൽ). എന്നാൽ, ഭിക്ഷ അവർക്കു കിട്ടിയ ഒരു ശാപമാണെന്നു ഭാഗവതത്തിൽ പറയുന്നു(നാലാംസ്കന്ധം, അധ്യായം:2). ഒന്നാമത്തെ കല്പത്തിൽ, മരീചി മുതലായ പ്രജാപതികൾ ചേർന്ന്, ലോകാഭിവൃദ്ധിക്കായി ഒരു സത്രം നടത്തി. ദേവതകളും ദേവന്മാരും മഹർഷികളും പങ്കെടുത്ത സത്രസദസ്സിലേക്ക് ബ്രഹ്മപുത്രനായ ദക്ഷൻ പ്രവേ ശിച്ചപ്പോൾ പരമശിവൻ ആദരിച്ചെഴുന്നേറ്റ് വണങ്ങിയില്ല. കോപിഷ്ഠനായ ദക്ഷപ്രജാപതി തന്റെപുത്രി സതിയുടെ ഭർത്താവുംകൂടിയായ ശിവനെ അപഹസിച്ചു സംസാരിച്ചു. നിന്ദാ വാക്കുകൾ കേട്ടിട്ടും കുലുങ്ങാതെയിരുന്ന ശിവനെ ദക്ഷൻ ശപിച്ചു. എന്നിട്ടും, കൂസലില്ലാ തെ ശിവൻ എഴുന്നേറ്റുപോകുകയാണുണ്ടായത്. എന്നാൽ, ഭഗവാന്റെ സേവകരിൽ പ്രമുഖ നായ നന്ദികേശ്വരൻ കോപിതനായി ദക്ഷനെയും ദക്ഷന്റെ വാക്കുകൾ കേട്ട് ആമോദിച്ചി രുന്ന ബ്രാഹ്മണന്മാരെയും പ്രതിശപിച്ചു: 'ഉപജീവനത്തിനുവേണ്ടി വർജ്യാവർജ്യവിവേകം കൂടാതെ എന്തും ഭുജിക്കുന്ന നിങ്ങൾ ദേഹപോഷണത്തിനായി യാചകന്മാരായി നടക്കട്ടെ' എന്നതായിരുന്നു ബ്രാഹ്മണർക്കു കിട്ടിയ ശാപം.(സർവ്വഭക്ഷാ ദ്വിജാവൃത്യൈ ധൃതവിദ്യാ തപോവ്രതാഃ വിത്ത ദേഹേന്ദ്രിയാരാമാ യാചകാ വിചരന്ത്വിഹ- ബ്രാഹ്മണർ കിട്ടിയതെല്ലാം തിന്നുന്നവരും, ഉപജീവനത്തിനുവേണ്ടി വിദ്യ, തപസ്സ്, വ്രതങ്ങൾ എന്നിവ ധരിച്ചവരും, ധന ത്തിലും ദേഹേന്ദ്രിയാദികളിലും ആസക്തരുമാകട്ടെ. അതിനുവേണ്ടി യാചകരായി ലോക ത്തിൽ അലയട്ടെ). യാജകരായിത്തീരട്ടെ എന്നു ഭാർഗ്ഗവരാമനും ബ്രാഹ്മണരെ ശപിച്ചതായി 'സഹ്യാദ്രിഖണ്ഡ'ത്തിന്റെ ഉത്തരാർദ്ധം ഒന്നാമധ്യായത്തിലും പറയുന്നു. ആ ശാപത്തിനു നിമിത്തമായ സംഭവം, 'പാലം കടന്നപ്പോൾ പരശുരാമനും പടിയ്ക്കുപുറത്തായി' എന്ന അ ധ്യായത്തിൽ വിശദമായി വായിച്ചതാണല്ലോ. അതായത്, ബ്രാഹ്മണർ ജന്മാവകാശമായി അ വതരിപ്പിക്കുന്ന ഭിക്ഷ അവർക്കു സിദ്ധിച്ച ഒരു ആദരവല്ല; ശാപമാണ്.]

- ✓ ബ്രാഹ്മണരുടെ ഗോക്കളെ അപഹരിക്കുന്നവന്റെ കാൽ പകുതിവെട്ടി ഉടൻ ശിക്ഷ നടപ്പാക്കണം.(അധ്യായം:08, ശ്ലോകം:325)
- ✓ പ്രാണൻ പോകുമെന്നു വന്നാൽപോലും രാജാവ് വേദജ്ഞനായ ബ്രാഹ്മണനി ൽനിന്നും കരം പിരിക്കരുത്. തന്റെ രാജ്യത്തു വസിക്കുന്ന ശ്രോത്രിയൻ വി ശപ്പുകൊണ്ടു വലയാനും ഇടവരുത്തരുത്.(അധ്യായം:07, ശ്ലോകം:133)
- ✓ കള്ളസാക്ഷ്യം പറയുന്ന ക്ഷത്രിയാദിവർണത്രയത്തിൽ ദണ്ഡം ഏൽപ്പിക്കാ നുള്ള (ശരീരത്തിലെ)സ്ഥാനങ്ങൾ പത്ത് എന്ന് സ്വാംയംഭൂവമനു പറഞ്ഞിരി ക്കുന്നു. ബ്രാഹ്മണനെയാകട്ടെ ദേഹദണ്ഡമേൽപ്പിക്കാതെ നാട്ടിൽനിന്നു പറ ഞ്ഞയക്കേണ്ടതാകുന്നു.(അധ്യായം:08, ശ്ലോകം:124)
- ✓ യുദ്ധം ജയിച്ചുകഴിഞ്ഞാൽ ശത്രുരാജ്യത്തെ ദേവന്മാരെ പൂജിക്കുക; ധാർമ്മി കരായ ബ്രാഹ്മണരെ ആദരിക്കുക.(അധ്യായം:07, ശ്ലോകം:201)

- ✓ ജനനംകൊണ്ടുമാത്രം ബ്രാഹ്മണനായവനോ, താൻ ബ്രാഹ്മണനാണെന്നു പറയുന്നവനോ രാജാവിന്റെ ധർമ്മനിർണ്ണയകർത്താവായി നിയമിക്കപ്പെടാവുന്നതാണ്. എന്നാൽ ഒരു ശൂദ്രൻ ഒരിക്കലും ധർമ്മനിർണ്ണയകർത്താവായി നിയോഗിക്കപ്പെടരുത്.(അധ്യായം:8,ശ്ലോകം:20)(ബ്രാഹ്മണനു യോഗ്യതാവേണ്ട).
- ✓ പണ്ട് ആരോ വെച്ച നിധി ഒരു ബ്രാഹ്മണൻ കണ്ടെത്തിയാൽ, അതു മുഴുവൻ അയാൾക്കെടുക്കാവുന്നതാണ്; എന്തുകൊണ്ടെന്നാൽ, ബ്രാഹ്മണൻ സർവ്വധനത്തിനും നാഥനാകുന്നു. രാജാവു കണ്ടെത്തുന്നപക്ഷം, അതിന്റെ പകുതി ബ്രാഹ്മണർക്കു ദാനംചെയ്ത്, ബാക്കിയുള്ള പകുതി ഭണ്ഡാരത്തിൽ മുതൽകൂട്ടിക്കൊള്ളേണ്ടതാണ്.(അധ്യായം:08, ശ്ലോകം:37/38)
- ✓ പണം പലിശയ്ക്കുകൊടുക്കുന്നവൻ ബ്രാഹ്മണാദി വർണ്ണക്രമത്തിൽ നൂറിന് രണ്ട്, മൂന്ന്, നാല്, അഞ്ചുവീതം പ്രതിമാസം പലിശ വാങ്ങാവുന്നതാണ്. (അധ്യായം:08, ശ്ലോകം:142)(ബ്രാഹ്മണർ:2% ക്ഷത്രിയർ:3% വൈശ്യർ:4% ശൂദ്രർ:5%)
- ✓ എല്ലാവിധ പാപങ്ങളും ചെയ്തവനായാലും ബ്രാഹ്മണനെ ഒരിക്കലും കൊല്ലരുത്. സകല സ്വത്തുക്കളോടും കൂടി കായപീഡയൊന്നും കൂടാതെ അവനെ നാടുകടത്തണം. ബ്രാഹ്മണവധത്തെക്കാൾ വലിയ പാപം ഭൂമിയിലില്ല. ആകയാൽ രാജാവ് അയാളുടെ ഹത്യ മനസ്സുകൊണ്ടു നിനയ്ക്കുകപോലും ചെയ്യരുത്.(അധ്യായം:08, ശ്ലോകം:380/381)
- ✓ തങ്ങളുടെ ഹിതമാഗ്രഹിക്കുന്ന രാജാവ്, ദ്വിജർ തമ്മിൽ ആശ്രമധർമ്മങ്ങളെക്കുറിച്ചു വാദിക്കുമ്പോൾ തന്റെ അഭിപ്രായം ഇന്നതാണെന്നു വിശേഷിച്ചും പറയരുത്. തർക്കത്തിലേർപ്പെടുന്നവരെ യഥാർഹം ആദരിച്ചു സാന്ത്വനവാക്കുകൾകൊണ്ട് അവരുടെ ക്ഷോഭം ശമിപ്പിച്ച്, മറ്റു ബ്രാഹ്മണരുടെ സമക്ഷം മാത്രം ആ വാദികളുടെ സ്വധർമ്മം ബോധിപ്പിക്കേണ്ടതാകുന്നു(അധ്യായം:8, ശ്ലോകം:390,391) (രാജാവിന്റെ അധികാരം അത്രമേൽ പരിമിതമായിരുന്നു).
- ✓ ധർമ്മിഷ്ഠനായ രാജാവ് മഹാപാതകികളുടെ ധനം ഒരിക്കലും എടുക്കരുത്. ലോഭംകൊണ്ട് എടുക്കുന്നപക്ഷം, അവന്റെ പാപം രാജാവിനെ ബാധിക്കും. പിഴയായി ഈടാക്കിയ പണം വെള്ളത്തിലിട്ട് വരുണനു സമർപ്പിക്കുകയോ വേദജ്ഞരും ആചാരനിഷ്ഠരുമായ വിപ്രർക്ക് ദാനംനൽകുകയോ ആകാം. (അധ്യായം:9,ശ്ലോകം:244)(ബ്രാഹ്മണർക്കു കിട്ടുന്ന പണത്തിന് ശുദ്ധിവേണ്ട!).
- ✓ എന്തെങ്കിലും പിഴ ഒടുക്കേണ്ടിവരുമ്പോൾ, ദാരിദ്ര്യംകൊണ്ടു കഴിവില്ലാതെ വന്നാൽ ക്ഷത്രിയനും വൈശ്യരും ശൂദ്രരും പകരം പണിയെടുത്തു കടം വീട്ടണം. ബ്രാഹ്മണൻ അൽപം അൽപമായി പിഴയൊടുക്കിയാൽ മതി. ബ്രാഹ്മണനെക്കൊണ്ടു പണിയെടുപ്പിക്കരുത്.(അധ്യായം:09, ശ്ലോകം:229)
- ✓ പുത്രനില്ലാത്തവന്റെ സ്വത്ത്,അവകാശികളായി ആരും ഇല്ലെങ്കിൽ വേദത്രയാധ്യായികളും ബാഹ്യാന്തരശുദ്ധരും ജിതേന്ദ്രിയരുമായ ബ്രാഹ്മണർക്ക് അവകാശപ്പെട്ടതാണ്.(അധ്യായം:09, ശ്ലോകം:188)
- ✓ സംസ്കാരഹീനനായതുകൊണ്ട്,ദ്വിജകർമ്മംചെയ്യുന്ന ശൂദ്രൻ ദ്വിജസമനല്ല. ശൂദ്രകർമ്മം ചെയ്യുന്ന ദ്വിജൻ ശൂദ്രസമനുമല്ല.(അധ്യായം:10, ശ്ലോകം:73)

- ✓ ബ്രഹ്മഹത്യാ പരിഹാരാർത്ഥം -ത്രൈവർണ്ണികൻ ബ്രാഹ്മണനെ അറിയാതെ വധിക്കാനിടയായാൽ- വേദജ്ഞനായ ബ്രാഹ്മണന് തന്റെ സ്വത്തു മുഴുവൻ നൽകുക; അല്ലെങ്കിൽ ഉപജീവനത്തിനു മതിയാവുന്നത്ര ധനമോ ഗൃഹോപ കരണങ്ങളോടുകൂടിയ ഗൃഹമോ കൊടുക്കുക.(അധ്യായം:11, ശ്ലോകം:76)
- ✓ ബ്രാഹ്മണരുടെ സമ്പത്ത് ഒരിക്കലും രാജാവെടുക്കരുത് എന്നാണ് നിത്യമായ നിയമം. ക്ഷത്രിയാദി ഇതര വർണ്ണികളുടെ സ്വത്ത്, അവകാശികൾ ആരുമി ല്ലെന്നു വന്നാൽ രാജാവിനെടുക്കാം.(അധ്യായം:09, ശ്ലോകം:189)
- ✓ മനഃപൂർവ്വം ബ്രാഹ്മണനെ ദ്രോഹിക്കുന്ന *താണജാതിക്കാരെ അംഗഛേദാദി ഭയജനകങ്ങളായ ഉപായങ്ങളാൽ രാജാവ് കൊല്ലേണ്ടതാകുന്നു.(അധ്യായം:9, ശ്ലോകം:248)(*ബ്രാഹ്മണരിൽ താണ മൂന്നുവർണ്ണി(ജാതി)കൾക്കും ബാധകം)
- ✓ കോപിപ്പിക്കപ്പെട്ടാൽ, അന്യലോകങ്ങളേയും എല്ലാ ലോകപാലകന്മാരേയും സൃഷ്ടിക്കുകയും ദേവന്മാരെ ദേവന്മാരല്ലാതാക്കി തീർക്കുകയും ചെയ്യുന്ന ബ്രാഹ്മണരെ പീഡിപ്പിച്ചിട്ട് ആർക്കു സമൃദ്ധി പ്രാപിക്കാനാകും? ദേവന്മാരും ലോകരും എന്നും ആരെ ആശ്രയിച്ചാണോ നിലനില്ക്കുന്നത്, വേദംപോലും ആരുടെ ധനമാണോ അങ്ങനെയുള്ള ബ്രാഹ്മണരെ ജീവിക്കാൻ ആശയുള്ള ആരുതന്നെ പീഡിപ്പിക്കും?(അധ്യായം:09, ശ്ലോകം:315,316)
- ✓ അത്യാപത്തിൽപ്പെട്ടാൽപോലും രാജാവ് ബ്രാഹ്മണരെ കോപിപ്പിക്കരുത്. അ വർ കോപിച്ചാൽ രാജാവു ബലവാഹനങ്ങളോടുകൂടി ഉടനടി നശിക്കും. (അ ധ്യായം:9, ശ്ലോകം:313)(ഇതൊക്ക ജാതിബ്രാഹ്മണരെക്കുറിച്ച് ശരിയാകുമോ?)
- ✓ ലൗകികാഗ്നിയും വൈദികാഗ്നിയും എപ്രകാരം മഹത്തായ ദൈവതമാകും, അപ്രകാരം അവിദ്വാനായ ബ്രാഹ്മണനും വിദ്വാനായ ബ്രാഹ്മണനും ദൈവം തന്നെ(അധ്യായം:9, ശ്ലോകം:317)(വേദങ്ങൾ അവർക്കുമുന്നിൽ അപ്രസക്തം).
- ✓ നിന്ദ്യങ്ങളായ സകല കർമ്മങ്ങളിലും ഏർപ്പെട്ടിരുന്നാലും ബ്രാഹ്മണൻ സർ വ്വഥാ പൂജാർഹൻതന്നെ; എന്തെന്നാൽ അവർ ഉത്കൃഷ്ടദൈവമാകുന്നു(അ ധ്യായം:09,ശ്ലോകം:319) (ഗുണകർമ്മവും സത്വഗുണവും അപ്രസക്തം തന്നെ).
- ✓ ബ്രാഹ്മണരെ പീഡിപ്പിക്കുന്ന ക്ഷത്രിയനെ ബ്രാഹ്മണർ തന്നെ അടക്കിനിറു ത്തണം; എന്തുകൊണ്ടെന്നാൽ, ക്ഷത്രിയർ ബ്രാഹ്മണനിൽനിന്നുമാണ് ഉണ്ടാ യത്.(അധ്യായം:09, ശ്ലോകം:320)(രാജനിയമങ്ങൾ ബ്രാഹ്മണന് ബാധകമല്ല?)
- ✓ ബ്രാഹ്മണരെ രക്ഷിയ്ക്കാൻവേണ്ടി, പ്രത്യുപകാരം കാംക്ഷിക്കാതെ പ്രാണ ത്യാഗംചെയ്യുന്നത് സർവ്വ സങ്കരജാതർക്കും സ്വർഗ്ഗപ്രാപ്തിയ്ക്കു കാരണമാ കുന്നു.(അധ്യായം:10, ശ്ലോകം:62)(സങ്കരജാതർക്കും സ്വർഗ്ഗം പ്രാപ്യമാണ്).
- ✓ ശൂദ്രസ്ത്രീയിൽ ആര്യനു ജനിച്ചവൻ സദ്ധർമാനുഷ്ഠാനംകൊണ്ട് ആര്യനാ യിത്തീരും. ശൂദ്രനു ബ്രാഹ്മണിയിൽ ജനിച്ചവൻ എന്നും അനാര്യൻതന്നെ; ഇ തത്രെ ഇക്കാര്യത്തിൽ നിർണ്ണയം.(അധ്യായം:10, ശ്ലോകം:67)
- ✓ രാജാവ് വേദജ്ഞരായ ബ്രാഹ്മണരെകൊണ്ട് യാഗത്തിനുവേണ്ട എല്ലാത്തരം രത്നങ്ങളും, ദക്ഷിണയായി വേണ്ടുന്ന പണവും സ്വീകരിപ്പിക്കണം.(അധ്യാ യം:11,ശ്ലോകം:4)(ദാനം രാജാവിന്റെ ബാധ്യതയാക്കുകയാണ് മനുസ്മൃതി).

- ✓ ബ്രാഹ്മണനെ അടിയ്ക്കാൻ വടിയുയർത്തിയാൽ നൂറുവർഷവും തല്ലിയാൽ ആയിരം വർഷവും നരകത്തിൽ കിടക്കേണ്ടിവരും. ബ്രാഹ്മണന്റെ രക്തം മണ്ണിൽവീണ് എത്ര മണ്ണു നനയ്ക്കുന്നുവോ, അത്ര സംവത്സരക്കാലം രക്തം വീഴ്ത്തിയവൻ നരകത്തിൽ കിടക്കും.(അധ്യായം:11 ശ്ലോകം:206,207)

ജാതിബ്രാഹ്മണർക്കുവേണ്ടി ചമയ്ക്കപ്പെട്ട നിയമങ്ങളെന്ന പൊതുധാരണസൃഷ്ടിക്കാൻ ഇടയുള്ളവയാണെങ്കിലും, മനുസ്മൃതി വിസ്തരിച്ചു പഠിക്കുമ്പോൾ വ്യക്തമാകുന്ന ഒരുസംഗതിയുണ്ട്; ഈ പറഞ്ഞ വിശേഷാധികാരങ്ങളിൽ പലതും വെറും ബ്രാഹ്മണജാതിയിൽ ജനിച്ച എല്ലാവർക്കുമായി നിർദ്ദേശിക്കപ്പെട്ടതല്ല. വേദത്രയാർത്ഥവേത്താക്കളും നീതിശാസ്ത്രവിശാരദനുമായ ബ്രാഹ്മണൻ, വേദജ്ഞനായ ബ്രാഹ്മണൻ, ധാർമ്മികരായ ബ്രാഹ്മണർ, വേദത്രയാധ്യായികളും ബാഹ്യാന്തരശുദ്ധരും ജിതേന്ദ്രിയനുമായ ബ്രാഹ്മണൻ, വേദജ്ഞനും ആചാരനിഷ്ഠനുമായ ബ്രാഹ്മണൻ, വേദജ്ഞനായ ബ്രാഹ്മണൻ എന്നീ നിബന്ധനകളോടെയാണ് പല പ്രത്യേകാവകാശങ്ങളും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, അത്തരം ഉപാധികളെ നിർവ്വചിക്കാനുള്ള അധികാരം ബ്രാഹ്മണരിൽതന്നെ നിക്ഷിപ്തമാക്കിയതോടെ, അവയെല്ലാം ജാതിബ്രാഹ്മണ്യത്തിന് അനുകൂലമായി വ്യാഖ്യാനിച്ചെടുത്തു. മനുസ്മൃതി ബ്രാഹ്മണർക്കു കൊടുത്ത വിശേഷാധികാരങ്ങളൊക്കെ ജാതിബ്രാഹ്മണർക്കുവേണ്ടിയാണെന്നുവരുത്തിത്തീർക്കാനും, മറ്റുള്ളവരെ വിശ്വസിപ്പിക്കാനുമായി എന്നതാകാം ജാതിബ്രാഹ്മണ്യം എന്ന സ്ഥാപനത്തിന്റെ വിജയം. അതോടുകൂടി, അവർ സകല നിയമങ്ങൾക്കും അതീതരാണെന്ന ധാരണ പ്രബലമായി.

മനുസ്മൃതിപോലുള്ള ചില ഗ്രന്ഥങ്ങൾ ബ്രാഹ്മണരോടു ചെയ്ത പാതകവും അതുതന്നെയാണ്. തങ്ങൾ ഭൂമിയിലെ ദേവന്മാരാണെന്നും മറ്റു മനുഷ്യരെക്കാൾ ഉന്നതരാണെന്നും സമൂഹത്തിൽ വിശേഷാധികാരങ്ങൾക്കർഹരാണെന്നുമുള്ള ധാരണ ആ രചനകൾ ബ്രാഹ്മണരിൽ സൃഷ്ടിച്ചു. ഇതരമനുഷ്യരെല്ലാം ബ്രാഹ്മണരെക്കാൾ താണവരാണെന്നും, അവരുടെ ജന്മോദ്ദേശ്യം തങ്ങളുടെ സേവനമാണെന്നും ഉള്ള തോന്നൽ അവരിലുണ്ടാക്കി. മനുഷ്യസഹജമായ എല്ലാ ദൗർബ്ബല്യങ്ങളോടെതന്നെ ജനിക്കുന്ന അവരിൽ, അപരനിന്ദയും അധികാരദുഷ്പ്രഭുത്വവും ഉണ്ടാക്കിയ ആവിടുവായിത്തങ്ങളാണ് അവർ മനുഷ്യത്വമില്ലാത്തവരാണ് എന്ന ചിന്ത അന്യരിലുണ്ടാക്കിയത്. ഒരു ഉദാഹരണം കേരളത്തിൽനിന്നുതന്നെ കാണുക: വൈക്കംസത്യഗ്രഹവുമായി ബന്ധപ്പെട്ട സംവാദങ്ങൾക്കിടെ,കവർച്ചക്കാരോടും മദ്യപാനികളോടുമെന്നതിനെക്കാൾ മോശമായി അവർണ്ണരോടു സവർണ്ണർ പെരുമാറുന്നതിന്റെ കാരണമന്വേഷിച്ച ഗാന്ധിജിയോട് ഇണ്ടംതുരുത്തി നീലകണ്ഠൻനമ്പൂതിരി പറഞ്ഞ മറുപടി ഇങ്ങനെയാണ്: "ഞങ്ങളുടെ വിശ്വാസമനുസരിച്ചും ഞങ്ങളുടെ ആചാരമനുസരിച്ചും മുൻജന്മങ്ങളിലെ പാപങ്ങളുടെ ഫലമായി അവർ അയിത്തജാതിയിൽ പിറക്കുന്നു. ആചാരവിധികളനുസരിച്ച്, അവരോട് ഇങ്ങനെ പെരുമാറാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യം പരിഗണിച്ചാൽ, അവർ കൊള്ളക്കാരെക്കാൾ ഹീനരാണ്". ബ്രാഹ്മണജാതിയിൽ ജനിച്ച ആരെങ്കിലും, അക്കാലത്തോ ഇക്കാലത്തോ ഇതേ മാനസികാവസ്ഥയിൽ എത്തിയിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി അവരിൽ മനുഷ്യവിരുദ്ധമായ അബദ്ധവിശ്വാസങ്ങൾ കുത്തിനിറച്ച സ്മൃതിഗ്രന്ഥങ്ങൾ തന്നെ

യാണല്ലോ. സാത്വികരായി ജീവിക്കേണ്ട ബ്രാഹ്മണരെ തമോഗുണങ്ങൾക്ക് അടിമയാക്കിതീർത്ത സ്മൃതികളായിരുന്നു മനുഷ്യസ്നേഹികളായ ബ്രാഹ്മണരുടെയും യഥാർത്ഥ ശത്രു എന്ന സത്യം ഇനിയുള്ള തലമുറകളെങ്കിലും മനസിലാക്കുക. ആ അത്യാചാരങ്ങൾക്ക് ഇനിയും നിന്നുകൊടുക്കില്ലെന്നു സ്വയം പ്രഖ്യാപിക്കുക.

മനുഷ്യനെ സൃഷ്ടിക്കാൻ മറന്ന മനു

പ്രപഞ്ചസൃഷ്ടി വെളിവാക്കുന്ന ഒന്നാമധ്യായത്തിലെ മുപ്പതാം ശ്ലോകത്തിൽ മനുസ്മൃതി ഇപ്രകാരം പറയുന്നു: ഋതുക്കൾ മാറിമാറി വരുമ്പോൾ, ഓരോ ഋതുക്കളും അതാതുകാലത്ത് അതിന് അനുരൂപമായ ലക്ഷണങ്ങൾ സ്വയം സ്വീകരിക്കുന്നതുപോലെ, ദേഹികളും താന്താങ്ങൾക്ക് അനുരൂപങ്ങളായ കർമ്മങ്ങളെ സ്വീകരിക്കുന്നു.(യഥർ തുലിങ്ഗാന്യൃ തവഃ സ്വയമേ വർതു പര്യയേ സ്വാനി സ്വാ നൃഭി പദ്യന്തേ തഥാ കർമ്മാണി ദേഹിനഃ). എന്നാൽ, അടുത്ത ശ്ലോകത്തിൽ, ഭൂമ്യാദിലോകങ്ങളുടെ അഭിവൃദ്ധിക്കായി ബ്രഹ്മാവ് തന്റെ മുഖത്തുനിന്നും ബ്രാഹ്മണനെയും, ബാഹുക്കളിൽനിന്നും ക്ഷത്രിയനെയും, ഊരുക്കളിൽനിന്നും വൈശ്യനെയും, പാദങ്ങളിൽനിന്നു ശൂദ്രനെയും സൃഷ്ടിച്ചു എന്നു പറയുന്നു(ലോകാനാം തു വിവൃദ്ധ്യർത്ഥം മുഖബാഹുരുപാദതാഃ/ ബ്രാഹ്മണം ക്ഷത്രിയം വൈശ്യം ശൂദ്രം ച നിരവർത്തയത്). ആദ്യശ്ലോകങ്ങളിൽ, സ്വകർമ്മങ്ങൾ തെരഞ്ഞെടുക്കാനുള്ള ദേഹികളുടെ പ്രകൃത്യാനുസാരിയായ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന മനു, നിമിഷാർദ്ധംകൊണ്ട് കർമ്മങ്ങളെ വർണ്ണവ്യവസ്ഥയുടെ കാരാഗൃഹത്തിൽ കുരുക്കിയിടുന്നു. അതെന്തുകൊണ്ടായിരിക്കാം എന്ന് ആലോചിച്ചിട്ടുണ്ടോ?

പ്രപഞ്ചനിർമ്മിതി ക്രമാനുഗതമായി വിശദീകരിക്കുന്ന പ്രഥമാധ്യായത്തിലെ മുപ്പത്തൊന്നാംശ്ലോകത്തിൽ ബ്രഹ്മാവ് സ്വന്തം ശരീരത്തിൽനിന്ന് ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രസൃഷ്ടി നടത്തിയതിനുശേഷമാണ് സ്വയം രണ്ടുഭാഗങ്ങളായിമാറി, ആദ്യപകുതി പുരുഷനും മറുപകുതി സ്ത്രീയുമാക്കിയത്.(ശ്ലോകം:32). പിന്നീടാണ് ബ്രഹ്മശരീരത്തിൽനിന്ന് ഉളവായ സ്ത്രീപുരുഷന്മാരിൽനിന്നും വിരാട്ട്പുരുഷനെയും, ആ വിരാട്ട്പുരുഷന്റെ തപസ്സിൽനിന്ന് മനുവിനെയും(ശ്ലോകം:33), അനന്തരം മനുവിന്റെ തപസ്സിൽനിന്ന് പത്തു പ്രജാപതികളെയും(ശ്ലോകം:34,35), അവരിൽനിന്നും മറ്റ് ഏഴു മനുക്കളെയും ദേവന്മാരെയും മഹർഷിമാരെയും ദേവവാസസ്ഥാനങ്ങളായ സ്വർഗ്ഗാദികളെയും സൃഷ്ടിച്ചത്(ശ്ലോകം:36). തുടർന്ന് യക്ഷന്മാർ,രക്ഷസ്സുകൾ,പിശാചുക്കൾ,ഗന്ധർവ്വന്മാർ,അപ്സരസ്സുകൾ,അസുരർ എന്നിവരും, പക്ഷിമൃഗാദികളും സസ്യങ്ങളും മേഘങ്ങളും ഉൽക്കകളും, നാനാതരം നിർജ്ജീവ വസ്തുക്കളും സൃഷ്ടിച്ചു(ശ്ലോകം:37മുതൽ 40വരെ).അതായത്,വിരാട്ട്പുരുഷനെയും മനുവിനെയും പ്രജാപതികളെയും ദേവന്മാരെയും മഹർഷിമാരെയും ദേവവാസസ്ഥാനങ്ങളായ സ്വർഗ്ഗാദികളെയും, യക്ഷന്മാർ,രക്ഷസ്സുകൾ,പിശാചുക്കൾ,ഗന്ധർവ്വന്മാർ,അപ്സരസ്സുകൾ,അസുരന്മാർ എന്നിവരെയും,സസ്യങ്ങളെയും,പക്ഷിമൃഗാദികളെയും,മേഘങ്ങളും ഉൽക്കകളും ഉൾപ്പെടുന്ന നാനാതരംനിർജ്ജീവവസ്തുക്കളെയും സൃഷ്ടിക്കുന്നതിനു മുൻപ് ബ്രഹ്മാവ് സ്വന്തം മുഖത്തുനിന്ന് ബ്രാഹ്മണനെയും ക്ഷത്രിയനെയും വൈശ്യനെയും ശൂദ്രനെയും സൃഷ്ടിച്ചെന്നാണ് മനു പറയുന്നത്.

ആ ക്രമംതെറ്റിയുള്ള സൃഷ്ടികർമ്മം, പരാമർശത്തിൽ സംഭവിച്ച ഒരു പിശകാണ് എന്നുകരുതി ആശ്വസിക്കാനാകുമോ? ഇല്ലെന്നാണ് മനുസ്മൃതി അടിവരയിട്ടു പറയുന്നത്. കാരണം, അത് കൃത്യമായ ലക്ഷ്യത്തോടെ നടത്തിയ പ്രസ്താവനയാണ്.

സൃഷ്ടിവിവരണം അവസാനിക്കുന്ന നാല്പത്തൊന്നാം പദ്യത്തിൽ ഇങ്ങനെ പറയുന്നു: എന്റെ നിർദ്ദേശപ്രകാരം ആ മഹാത്മാക്കൾ തീവ്രതപസ്സനുഷ്ഠിച്ച് ചരാചരാത്മകമായസർവ്വതിനെയും അതാതിന്റെ കർമ്മമനുസരിച്ച് സൃഷ്ടിച്ചു(ഏവമേതൈരിദം സർവ്വം മന്നി യോഗാന്മഹാത്മഭിഃ യഥാ കർമ്മ തപോയോഗാത് സൃഷ്ടം സ്ഥാവര ജംഗമം). ബ്രാഹ്മണനെയും ക്ഷത്രിയനെയും വൈശ്യനെയും ശൂദ്രനെയും സൃഷ്ടിക്കാനുള്ള ധൃതിയിൽ മനുഷ്യനിർമ്മിതി മനു മറന്നുപോയതാണോ? സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചു കർമ്മമനുസരിച്ചു വർഗ്ഗീകരിച്ച മനുസ്മൃതി മനുഷ്യനെമാത്രം ജന്മനാടിസ്ഥാനത്തിൽ വിഭജിച്ചത് ധർമ്മമാണോ? ധർമ്മോപദേശമായിരുന്നു മനുവിന്റെ സ്മൃതിനിർമ്മിതിയ്ക്കു പിന്നിലെ ലക്ഷ്യമെങ്കിൽ, ഈ അധർമ്മം എന്തുകൊണ്ട് സംഭവിച്ചു? സത്യവാചോ ദേവ അനൃതവാചോ മനുഷ്യഃ എന്ന് ഒരു ശ്രുതിവാക്യമുണ്ട്. ദേവന്മാർ സത്യവാക്കുകളും, മനുഷ്യർ അസത്യവാക്കുകളുമാകുന്നു എന്നത് എത്ര സൂക്ഷ്മദൃഷ്ടിയോടെ ഉള്ള നിരീക്ഷണമാണ്. സത്യവാചികളാകുന്ന ദേവന്മാരുടെ സൃഷ്ടികളെ, അനൃതവാചികളായ മനുഷ്യർ അപനിർമ്മിക്കുകയല്ലേ വാസ്തവത്തിൽ മനുസ്മൃതിയിലൂടെ ചെയ്തത്?

ആ പ്രപഞ്ചസൃഷ്ടിവിവരണം ചാതുർവർണ്ണ്യവിഭജനത്തിന്റെ പ്രാമാണികത ഉറപ്പിക്കാനുള്ള കേവലം കള്ളക്കഥയാണെന്ന്, ഇതര പൗരാണികഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ തെളിയിക്കുന്നുണ്ട്. മറ്റൊരു പൗരാണികഗ്രന്ഥത്തിലും അതിനു സമാനമായ ഒരു പ്രപഞ്ചോത്പത്തി വിവരണം കാണാനാകില്ല. എന്തുകൊണ്ടെന്നാൽ, ആ ഗ്രന്ഥങ്ങളുടെ രചനയ്ക്കു പിന്നിലെ ലക്ഷ്യം മനുസ്മൃതികാരന്റെ അതേ ഉദ്ദേശ്യമല്ല എന്നതുതന്നെ. അതിനുള്ള അടിസ്ഥാനകാരണം, ആ പുസ്തകങ്ങൾ ഒരുവിധത്തിലുള്ള മനുഷ്യവിരുദ്ധതയെയും പ്രോത്സാഹിപ്പിക്കുകയില്ല എന്നതാകാം. ഈ വൈരുദ്ധ്യം വെളിവാക്കുന്നത്, വേദോപനിഷത്തുകൾക്കും പുരാണേതിഹാസങ്ങൾക്കും അവയുടെ രചയിതാക്കൾക്കും മനുസ്മൃതിയിലുള്ള അവിശ്വാസം തന്നെയാണ്. ആ വിശ്വാസമില്ലായ്മയാണ് മനുസ്മൃതി മനുഷ്യരാശിക്ക് അസ്വീകാര്യമായ പ്രതിലോമഗ്രന്ഥമാണ് എന്നതിന്റെ ഏറ്റവും സമൂർത്തമായ സാധൂകരണം.

മനുസ്മൃതിയിലെ ശൂദ്രവിരുദ്ധത

മനുസ്മൃതി എപ്പോഴും പൊതുചർച്ചകളിലെ വിഷയമാകുന്നത് അതിലെ അത്യധികമുള്ള ശൂദ്രവിരുദ്ധതകളുടെ പേരിലാണ്. ബ്രാഹ്മണ്യത്തിന്റെ പ്രാമാണികതയും മേൽക്കോയ്മയും ഉറപ്പിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ട ഗ്രന്ഥം എന്നനിലയിൽ, ഇതര ജനസമൂഹങ്ങൾക്കുമേലുള്ള ഇകഴ്ത്തൽ ആ പുസ്തകത്തിന്റെ ഒരുസഹജസ്വഭാവമാണ്. വർണ്ണശ്രേണിയിലെ ഏറ്റവും താഴെയുള്ള ശൂദ്രരാണ് ആ ആക്രമണത്തിന് ഏറ്റവുമധികം ഇരയായത് എന്നസത്യം അതുകൊണ്ടുതന്നെ സ്വാഭാവികമായേ കാണാൻ ഒക്കൂ. തലയെണ്ണത്തിൽ കൂടുതലുള്ള ശൂദ്രവിഭാഗത്തെ വരുതിയിൽ നിർത്താനും, അവർ തലയുയർത്താതിരിക്കാനുമുള്ള ചേരുവകകൾ ആവശ്യത്തി

ലധികം ചേർത്തുതന്നെയാണ് മനുസ്മൃതി നിർമ്മിച്ചിട്ടുള്ളത്.അതും ജാതിബ്രാഹ്മ ണ്യത്തിന്റെ ഒരു അതിജീവനതന്ത്രമായിരുന്നു. ചില ഉദാഹരണങ്ങൾ കാണാം:

- ✓ ശൂദ്രന് ഭാര്യ ശൂദ്രതന്നെ; ഉത്കൃഷ്ടവർണ്ണങ്ങളിൽപ്പെട്ടവരെ അവൻ വരിച്ചു കൂടാ. ശൂദ്രസ്ത്രീയെ വിവാഹം കഴിക്കുന്ന ബ്രാഹ്മണൻ ഉടൻതന്നെ പതിത നായിത്തീരും. ശൂദ്രസ്ത്രീയുമായി സഹശയനംചെയ്യുന്ന ബ്രാഹ്മണർ നരകം പ്രാപിക്കും. അവളിൽ സന്താനങ്ങളെ ജനിപ്പിച്ചാൽ ബ്രാഹ്മണ്യത്തിൽനിന്നു തന്നെ പതിച്ചുപോകും.(അധ്യായം:03, ശ്ലോകം:13,16,17).
- ✓ ശൂദ്രയാജകനിൽനിന്നും(യാഗംചെയ്യുന്നയാൾ) ലോഭം നിമിത്തം പ്രതിഗ്രഹം സ്വീകരിക്കുന്ന വേദജ്ഞനായ ബ്രാഹ്മണൻപോലും, ജലത്തിൽ വീഴുന്ന പച്ച മൺകുടംപോലെ വേഗം നാശമടയുന്നു.(അധ്യായം:03, ശ്ലോകം:179).
- ✓ യജ്ഞം, ദാനം, ഭോജനം, ദേവബലി, പിതൃശ്രാദ്ധം എന്നീ ക്രിയകൾ ശൂദ്രാദി കൾ കാണാനിടയായാൽ ഉദ്ദിഷ്ടഫലം തരുന്നതല്ല.(അധ്യായം:3,ശ്ലോകം:239)
- ✓ ഏതൊരു രാജാവിന്റെ രാജ്യത്തു ശൂദ്രൻ ധർമ്മനിർണ്ണയം നടത്തുന്നുവോ, ആ രാജ്യം ചേറിൽവീണ പശുവിനെപ്പോലെ, രാജാവു കണ്ടുകൊണ്ടിരിക്കെ ത്തന്നെ നാശമടയുന്നു.(അധ്യായം:08, ശ്ലോകം:21).
- ✓ കോടതി വ്യവഹാരങ്ങളിൽ, ബ്രാഹ്മണനെ സത്യം പറയുമെന്നു സത്യം ചെ യ്യിച്ചും ക്ഷത്രിയനെ അയാളുടെ വാഹനങ്ങളും ആയുധങ്ങളെയും കൊണ്ട് ആണയിടീച്ചും വൈശ്യനെ കാലികൾ, വിത്ത്, സ്വർണ്ണം ഇവക്കൊണ്ട് ആണ യിടീച്ചും ശൂദ്രനെ പൊളിയാണു പറയുന്നതെങ്കിൽ സർവ്വപാപങ്ങളും തന്നെ ബാധിക്കട്ടെയെന്നു ചൊല്ലിച്ചും സാക്ഷ്യശപഥം ചെയ്യിക്കേണ്ടതാകുന്നു.(അ ധ്യായം:08, ശ്ലോകം:113).(പ്രതികൾ മാത്രമല്ല; സാക്ഷികൾക്കും തുല്യതയില്ല!).
- ✓ ശൂദ്രൻ ദ്വിജാതികളെ ക്രൂരവാക്കുകൊണ്ട് നിന്ദിച്ചാൽ, അവന്റെ നാക്ക് അ റുക്കേണ്ടതാകുന്നു. എന്തെന്നാൽ അവൻ നികൃഷ്ടജാതനാണല്ലോ.നിന്ദാപൂ ർവ്വം ദ്വിജാതികളുടെ നാമമോ ജാതിയോ പറഞ്ഞ് അധിക്ഷേപിക്കുന്ന ശൂദ്ര ന്റെ വായിൽ, പത്തംഗുലം നീളമുള്ള ഇരുമ്പുകമ്പി പഴുപ്പിച്ചുവെക്കേണ്ടതാ കുന്നു. അഹങ്കാരത്തോടെ ബ്രാഹ്മണന് ധർമ്മോപദേശം ചെയ്യുന്ന ശൂദ്രന്റെ വായിലും കാതിലും രാജാവ് തിളപ്പിച്ച എണ്ണ ഒഴിപ്പിക്കേണ്ടതാണ്.(അധ്യായം :08, ശ്ലോകം:270,271,272). (ബ്രാഹ്മണരുടെ ജാത്യാപമാനം ശിക്ഷാർഹമല്ലേ?)
- ✓ ശൂദ്രനു ബ്രാഹ്മണർ അർത്ഥശാസ്ത്രാദി ലൗകികവിദ്യകൾ ഉപദേശിക്കരുത്. ഭുക്തശേഷമോ ഹവിശ്ശേഷമോ അവന് നൽകരുത്. അവന് ധർമ്മംഉപദേശി ക്കരുത്. വ്രതവും ഉപദേശിക്കാൻ പാടില്ല. ശൂദ്രന് ധർമ്മം ഉപദേശിക്കുകയോ, പ്രായശ്ചിത്തംപറഞ്ഞുകൊടുക്കുകയോചെയ്യുന്ന ബ്രാഹ്മണൻ ആ ശൂദ്രനോ ടൊപ്പം അസംവൃതം എന്ന ഘോരനരകത്തിൽ ഉടൻ പതിക്കുന്നതാണ്. (അ ധ്യായം:04, ശ്ലോകം:80,81)(വിദ്യാനിഷേധത്തിന്റെ വേരുകൾ ഇവിടെയാണ്).
- ✓ അന്ത്യജൻ(വർണ്ണശ്രേണിയിലെ അവസാനക്കാരൻ) തന്റെ ഏതേതവയവം കൊണ്ടാണോ ശ്രേഷ്ഠജാതീയനെ പ്രഹരിക്കുന്നത്, അവന്റെ അതത് അവ യവങ്ങൾ മുറിച്ചുകളയണം.(അധ്യായം:08, ശ്ലോകം:279).

- ✓ ശ്രാദ്ധഭോജനം കഴിഞ്ഞ് ബാക്കിവരുന്നത് ശൂദ്രർക്ക് നൽകുന്ന മൂഢൻ, കാലസൂത്രം എന്ന നരകത്തിൽ പതിക്കും.(അധ്യായം:03, ശ്ലോകം:249).
- ✓ ശൂദ്രൻ രാജാവായിരിക്കുന്ന രാജ്യത്തു ബ്രാഹ്മണൻ ഒരിക്കലും താമസിക്കരുത്.(അധ്യായം:4,ശ്ലോകം:61)(ശൂദ്രരാജാക്കന്മാരും ഉണ്ടായിരുന്നു എന്നു സാരം).
- ✓ ജനനംകൊണ്ടു മാത്രം ബ്രാഹ്മണനായവനോ താൻ ബ്രാഹ്മണനാണെന്നു പറയുന്നവനോ രാജാവിന്റെ ധർമ്മനിർണ്ണയകർത്താവായി നിയമിക്കപ്പെടാവുന്നതാണ്. എന്നാൽ ശൂദ്രൻ ഒരിക്കലും അങ്ങനെ നിയമിക്കപ്പെടരുത്.(അധ്യായം:08, ശ്ലോകം:20) (ജാതിമതി; ബ്രാഹ്മണ്യം വേണ്ട എന്നുചുരുക്കം).
- ✓ കൂലികൊടുത്തോ കൊടുക്കാതെയോ ശൂദ്രനെക്കൊണ്ടു ദാസ്യവേല ചെയ്യിക്കണം; എന്തെന്നാൽ, ബ്രാഹ്മണന്റെ ദാസ്യവേലകൾക്കായിട്ടാണ് ശൂദ്രനെ ബ്രഹ്മാവു സൃഷ്ടിച്ചത്. ഉടമ ശൂദ്രനെ ദാസ്യത്തിൽനിന്നും വിടർത്തിയാലും, ശൂദ്രനിൽനിന്നു ദാസ്യംവിട്ടുപോകില്ല. അത് അവനു സ്വഭാവസിദ്ധമാണ്(അധ്യായം:08, ശ്ലോകം:413,414)(ഇതാണോ സാത്വികതയുടെ ലക്ഷണം?).
- ✓ ശൂദ്രസ്പർശംകൊണ്ട് അശുദ്ധമായ ശവദാഹം, പ്രേതാത്മാവിനു സ്വർഗ്ഗപ്രാപ്തി തടയുന്നു.(അധ്യായം:05, ശ്ലോകം:104).
- ✓ ഉന്നതജാതീയന്റെ ഒപ്പമിരിക്കാൻ കൊതിക്കുന്ന നീചജാതിക്കാരന്റെ അരയിൽ ഇരുമ്പുപഴുപ്പിച്ച് ചൂടുവെച്ചു നാടുകടത്തണം; അല്ലെങ്കിൽ അവന്റെ പൃഷ്ടഭാഗം മുറിച്ചുകളയണം.(അധ്യായം:08, ശ്ലോകം:281).
- ✓ ശൂദ്രരിൽനിന്ന് പിഴയീടാക്കിയ ധനം ഭണ്ഡാരത്തിൽ ചേർക്കരുത്. അങ്ങനെ ചെയ്താൽ, രാജാവ് ശൂദ്രോത്പന്നമായ പാപത്തിന്റെ ദോഷത്തിൽനിന്നും ഒരിക്കലും മുക്തനാകുകയില്ല.(അധ്യായം:08, ശ്ലോകം:385).
- ✓ ബ്രാഹ്മണന് ശൂദ്രനിന്നൽനിന്ന് നിശ്ശങ്കം ധനം ഗ്രഹിക്കാം. എന്തെന്നാൽ, ശൂദ്രർക്കു സമ്പത്തിന് അവകാശമില്ല. അവന്റെ ധനം, അവന്റെ ഉടയവന് എടുക്കാവുന്നതാണ്.(അധ്യായം:08, ശ്ലോകം:417).
- ✓ സ്വപരിണീതയായ ശൂദ്രയിൽ, ബ്രാഹ്മണൻ കാമാർത്ഥം(?) ഉത്പാദിപ്പിക്കുന്ന പുത്രൻ ജീവിച്ചിരുന്നാലും ശവതുല്യനാകയാൽ, പരാശവൻ എന്നു വിളിക്കപ്പെടുന്നു.(അധ്യായം:09, ശ്ലോകം:178). (അവിഹിതം അനുവദനീയമാണ്?)
- ✓ വേദജ്ഞരും ഗൃഹസ്ഥരും യശസ്വികളുമായ ബ്രാഹ്മണരുടെ ശുശ്രൂഷ മാത്രമാണ് ശൂദ്രനു ശ്രേയസ്കരമായ പരമധർമ്മം.(അധ്യായം:09, ശ്ലോകം:334).
- ✓ ലോഭംമൂലം ഉയർന്നജാതിയിൽ പെടുന്നവരുടെ കർമ്മം ചെയ്തു ജീവിക്കുന്ന താഴ്ന്നജാതിക്കാരനെ, രാജാവ് മുതലെല്ലാം കണ്ടുകെട്ടി ഉടൻതന്നെ നാടുകടത്തേണ്ടതാകുന്നു.(അധ്യായം:10, ശ്ലോകം:96).
- ✓ ശൂദ്രർ സ്വർഗ്ഗലാഭത്തിനോ സ്വർഗ്ഗത്തിനും നിത്യവൃത്തിയ്ക്കും വേണ്ടിയോ വിപ്രസേവചെയ്യേണ്ടതാണ്. അതിലൂടെ, ബ്രാഹ്മണാശ്രിതൻ എന്നുണ്ടാകുന്ന പേരുതന്നെ അവന്റെ ജന്മസാഫല്യം.വിപ്രസേവയാണ് ശൂദ്രന്റെ വിശിഷ്ടകർമ്മമായി കീർത്തിക്കപ്പെടുന്നത്. അതൊഴിച്ച് ചെയ്യുന്ന മറ്റെല്ലാകർമ്മവും അവനു നിഷ്ഫലമായിത്തീരും.(അധ്യായം:10, ശ്ലോകം:122,123).

- ✓ ശൂദ്രന് ആഹാരാവശിഷ്ടവും പഴയ തുണിയും നൽകാം. അതുപോലെ, പഴകിയ കട്ടിലും കിടക്കയും തുണിയും ധാന്യത്തിലെ പതിരും കൊടുക്കണം.
- ✓ കഴിവുണ്ടെങ്കിലും ശൂദ്രൻ ധനം സഞ്ചയിച്ചു വെക്കരുത്; എന്തെന്നാൽ, ധനം നേടുന്ന ശൂദ്രൻ ബ്രാഹ്മണരെത്തന്നെ പീഡിപ്പിക്കും.(അധ്യായം:10, ശ്ലോകം: 129) (ഇതാണ് ശൂദ്രരുടെ നടുവൊടിച്ച നിയമം)(അനുബന്ധം:IV).
- ✓ ശൂദ്രനിൽനിന്നു ധനം നേടി അഗ്നിഹോത്രം ചെയ്യുന്ന ബ്രാഹ്മണർ ശൂദ്രരുടെ മാത്രംപുരോഹിതരാകുന്നു. അവർ വേദവാദികളുടെ ഇടയിൽ നിന്ദിതരുമാകുന്നു.(അധ്യായം:11, ശ്ലോകം:42).

മനുസ്മൃതിയിലെ ശൂദ്രവിരുദ്ധ പരാമർശങ്ങളിൽ ഒരംശം മാത്രമാണ് ഈ കണ്ടത്. പണവും അറിവും ആത്മാഭിമാനവും ആർജ്ജിച്ചാൽ, ശൂദ്രൻ ബ്രാഹ്മണരെത്തന്നെ പീഡിപ്പിക്കുമെന്നതാണ്, അവർക്കുമേൽ ഇത്ര മനുഷ്യവിരുദ്ധമായ വിലക്കുകളും വിവേചനങ്ങളും ഏർപ്പെടുത്തുന്നതിന്റെ കാരണം എന്നു മനു തന്നെ തുറന്നുപറയുമ്പോൾ(അധ്യായം:10, ശ്ലോകം:129), എന്തുകൊണ്ട് മനുസ്മൃതി ശൂദ്രവിരുദ്ധമായി എന്ന ചോദ്യത്തിനുള്ള ഉത്തരമായി. മനുസ്മൃതിയിലെ ശൂദ്രവിരുദ്ധത എത്രമാത്രം കടുത്തതാണ് എന്നതിന്റെ മകുടോദാഹരണമാണ്, അവസാന അധ്യായത്തിലെ, നാല്പത്തിമൂന്നും നാല്പത്തിനാലും ശ്ലോകങ്ങൾ: കർമ്മഭേദത്തെയും വിദ്യാഭേദത്തെയും അടിസ്ഥാനമാക്കി, ഗുണത്രയഗതിയെ(സാത്വിക-രാജസ-താമസ ഗുണങ്ങളെ), വീണ്ടും അധമ,മധ്യമ,ഉത്തമ എന്ന് മൂന്നായി വിഭജിച്ചവതരിപ്പിക്കുന്ന മനുസ്മൃതി, രാക്ഷസർ, കപട മനുഷ്യർ, പിശാചുക്കൾ എന്നിവരെ താമസഗതിയിലെ ഉത്തമരായി കരുതുമ്പോൾ, ശൂദ്രനെ താമസഗതിയിലെ മധ്യമ ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്. കൃമികളും കീടങ്ങളും സർപ്പങ്ങളും പോലെ കുറെ ജന്മങ്ങൾ മാത്രമേ തമോഗുണീയരിലെ അധമവിഭാഗത്തിൽ, ശൂദ്രനു താഴെവരുന്നുള്ളൂ. അതായത്, ശൂദ്രരെ രാക്ഷസരെക്കാളും പിശാചുക്കളെക്കാളും അധമരായി മാത്രം നോക്കിക്കാണുന്ന കണ്ണുകളിലൂടെയാണ് മനുസ്മൃതി രചിക്കപ്പെട്ടതെന്നു വ്യക്തം.

ഇവിടെ പ്രസക്തമാകുന്നു ഒരു സന്ദേഹമുണ്ട്: ശൂദ്രർക്കുമേൽ ഏർപ്പെടുത്തപ്പെട്ട വിലക്കുകൾ ലംഘിച്ചതിന്റെ പേരിൽ നടന്നിട്ടുള്ള നിരവധി നരവേട്ടകൾ ചരിത്രത്തിൽ കണ്ടിട്ടുണ്ട്. എന്നാൽ, ശൂദ്രരുമായി ബന്ധപ്പെട്ട അരുതായ്മകൾ തെറ്റിച്ചതിന്റെ പേരിൽ ഏതെങ്കിലും ബ്രാഹ്മണൻ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? ശൂദ്രസ്ത്രീയെ വിവാഹം കഴിച്ചതിന്റെ പേരിൽ ഏതെങ്കിലും ബ്രാഹ്മണൻ പതിതനായിട്ടുണ്ടോ? ശൂദ്രസ്ത്രീയുമായി സഹശയനം ചെയ്ത് അവളിൽ കുഞ്ഞുങ്ങളെ ജനിപ്പിച്ചതിന് ആരെങ്കിലും ബ്രാഹ്മണ്യത്തിൽനിന്നും പതിച്ചുപോയിട്ടുണ്ടോ? ഉണ്ടെങ്കിൽ, സംബന്ധവേഴ്ച സർവ്വസാധാരണമായിരുന്ന കേരളത്തിലടക്കം എത്ര ബ്രാഹ്മണർ(ഭ്രഷ്ടരാകാതെ)ബ്രാഹ്മണരായിതന്നെ അവശേഷിക്കുമായിരുന്നു? ശൂദ്രൻ രാജാവായിരിക്കുന്ന രാജ്യത്ത് ബ്രാഹ്മണൻ താമസിക്കാതിരുന്നിട്ടുണ്ടോ? ഈ നിയമം പാലിച്ചിരുന്നെങ്കിൽ, ബ്രാഹ്മണർക്ക് ഈ മണ്ണിൽ എവിടെയെങ്കിലും ജീവിക്കാനാകുമായിരുന്നോ? ശൂദ്രനിൽനിന്നും ദാനം നേടി അഗ്നിഹോത്രം ചെയ്തവരെ ശൂദ്രപുരോഹിതന്മാരായി തരംതാഴ്ത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ, ഭാരതത്തിലെ പരശതം ശൂദ്രരാജാക്കന്മാർക്കുവേണ്ടി നടത്തപ്പെട്ട യജ്ഞങ്ങളുടെപേരിൽ എത്ര ബ്രാഹ്മണർ പുറത്തു

പോകുമായിരുന്നു? ഒന്നും സംഭവിച്ചില്ലാ എന്നതാണ്, ഒരുവിഭാഗത്തിന് അവകാശങ്ങളും മറ്റുള്ളവർക്ക് കടമകളുംമാത്രം ഉറപ്പാക്കുന്ന മനുവാദത്തിന്റെ ഇരട്ടനീതി.

ശൂദ്രസ്പർശംമൂലം അശുദ്ധമായ ശവദാഹം, പ്രേതാത്മാവിനു സ്വർഗ്ഗപ്രാപ്തി തടയുന്നതായി അധ്യായം:5ലെ ശ്ലോകം:104 ൽ പറയുന്നുണ്ട്. എന്നാൽ, ആ നിയമം ശങ്കരാചാര്യർക്ക് അറിയാതിരിക്കുമോ? ബ്രാഹ്മണർ സഹകരിക്കാതിരുന്നതുകൊണ്ട്, ശങ്കരാചാര്യർ സ്വന്തം മാതാവിന്റെ ശവദാഹം ശൂദ്രരുടെ(നായന്മാരുടെ)സാഹായത്തോടെയാണല്ലോ നിർവ്വഹിച്ചത്. അമ്മയുടെ സ്വർഗ്ഗപ്രാപ്തി തടയാൻ ആചാര്യർ ആഗ്രഹിച്ചിട്ടുണ്ടാകുകയില്ലല്ലോ. സർവ്വജ്ഞപീഠം കയറിയ ശ്രീശങ്കരൻ, മനുസ്മൃതിയിലെ നിയമങ്ങളെപ്പറ്റി അജ്ഞനായിരുന്നു എന്നു കരുതാനാകുമോ? അപ്പോൾ, അദ്വൈതിയായ ശങ്കരാചാര്യർ മനുഷ്യവിരുദ്ധമായ സ്മൃതിശാസനങ്ങൾ നിഷേധിക്കുകയായിരുന്നു എന്നു മനസ്സിലാക്കേണ്ടിവരും. ആ നിരാകരണം തന്നെയാണ് മനുസ്മൃതിയെന്ന പുസ്തകത്തെ അസാധുവാക്കുന്ന പ്രത്യക്ഷസാക്ഷ്യപത്രം.

വികലവീക്ഷണങ്ങളെ കുത്തിപ്പൊട്ടിക്കുന്ന സത്യം

ശൂദ്രരെ മനുഷ്യരായിപ്പോലുംകാണാത്ത മനുസ്മൃതിയുടെ വികലദൃഷ്ടി കുത്തിപ്പൊട്ടിക്കാൻ കെൽപ്പുള്ള അനവധി വസ്തുതകൾ ആ ഗ്രന്ഥത്തിൽത്തന്നെയുണ്ട്. അത്തരത്തിൽ ഒന്നാണ്, പിതൃക്കളെക്കുറിച്ചുള്ള മനുസ്മൃതിയിലെ പ്രസ്താവന. മനുസ്മൃതി മൂന്നാം അധ്യായത്തിൽ ഇങ്ങനെ പറയുന്നു:

> സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ
> വൈശ്യാനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിനഃ. 197
>
> ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്കു ഹവിർഭുക്കുകളെന്നും, വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേർ പറയുന്നു.
>
> വർണ്ണഭേദമനുസരിച്ച് പിതൃക്കളുടെ വർഗ്ഗഭേദത്തെയും നിർദ്ദേശിച്ചു.
>
> സോമപാസ്തു കവേഃ പുത്രാ ഹവിഷ്മന്തോ$ ഽ $ങ്ഗിരഃ സുതാഃ
> പുലസ്ത്യസ്യാജ്യപാഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ. 198
>
> മുകളിൽ പറഞ്ഞവരിൽ സോമപന്മാർ ഭൃഗുവിന്റെ പുത്രന്മാരാകുന്നു; ഹവിഷ്മാന്മാർ അങ്ഗിരസ്സിന്റെ സന്താനങ്ങൾ; ആജ്യപന്മാർ പുലസ്ത്യപുത്രന്മാർ; സുകാലികൾ വസിഷ്ഠപുത്രന്മാർ.

മരീച്യാദി ഋഷിമാരിൽനിന്നും പിതൃക്കൾ ഉണ്ടായി. പിതൃക്കളിൽനിന്നും ദേവന്മാരും മനുഷ്യരും ജനിച്ചു. ദേവന്മാരിൽനിന്നും ക്രമേണ ചരാചരജഗത്തുണ്ടായി(ഋഷിഭ്യഃ പിതരോ ജാതാഃ പിതൃഭ്യോ ദേവ മാനവഃ/ ദേവേഭ്യസ്തു ജഗത്സർവ്വം ചരം സ്ഥാണ്വനുപൂർവശഃ-ശ്ലോകം:201). ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും ക്ഷത്രിയരുടെ പിതൃക്കൾക്ക് ഹവിർഭുക്കുകളെന്നും വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും ശൂദ്രപിതൃക്കൾക്കു സുകാലികളെന്നും പേരുപറയുന്നു.(സോമപാനാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ/ വൈശ്യനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിന-ശ്ലോകം:197).മുകളിൽ പറഞ്ഞവരിൽ, സോമപന്മാർ ഭൃഗുവിന്റെ പുത്രരാകുന്നു; ഹാവിഷ്മാന്മാർ അങ്ഗിരസ്സിന്റെ സന്തതികൾ;ആജ്യപന്മാർ പുലസ്ത്യപുത്രന്മാരാണ്; സുകാലികൾ വസിഷ്ഠപുത്രന്മാർ(സോമപാസ്തു കവേഃ പുത്ര ഹാവിഷ്മന്തോ$ ഽ $ങ്ഗിരഃ സുതാഃ/ പുലസ്തസ്യാജ്യപഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ

ശ്ലോകം:198). തുടർന്ന്, ഇരുന്നൂറാം ശ്ലോകത്തിൽ ഈ പ്രസ്താവനയ്ക്ക് കുറച്ചുകൂടി കൃത്യത വരുത്തുന്നുണ്ട്: അവിടെ പറയപ്പെട്ടിരിക്കുന്ന പിതൃഗണങ്ങൾ തന്നെയാണ് ലോകത്തിൽ അസംഖ്യം പുത്രപൗത്രാദികളെ ജനിപ്പിക്കുന്നതെന്ന് അറിയേണ്ടതാകുന്നു. ഇപ്രകാരം, വസിഷ്ഠന്റെ പുത്രന്മാരാണ് ശൂദ്രരെന്ന് മനുസ്മൃതി കൃത്യമായി പറയുമ്പോൾ, എങ്ങനെയാണ് അവർ പതിതരാകുന്നത്?

ബ്രഹ്മാവിന്റെ മാനസപുത്രന്മാരിൽ ഒരാളും സപ്തർഷികളിൽ പ്രമുഖനും സൂര്യവംശത്തിന്റെ കുലഗുരുവുമായ വസിഷ്ഠരുടെ പരമ്പരയിൽ ഉള്ളവർ എങ്ങനെ നികൃഷ്ടജന്മമാകും? യോഗവാസിഷ്ഠവും വസിഷ്ഠസംഹിതയും വസിഷ്ഠധർമസൂത്രവും, ഋഗ്വേദത്തിലെ ഏഴു മണ്ഡലവും, അഗ്നിപുരാണത്തിന്റെയും വിഷ്ണുപുരാണത്തിന്റെയും പല പതിപ്പുകളും രചിച്ച വസിഷ്ഠന്റെ പിന്മുറക്കാർക്ക് വേദങ്ങളടക്കമുള്ള അറിവ് എങ്ങനെ അപ്രാപ്യമായി? വസിഷ്ഠരുടെ എഴു പുത്രന്മാർ (ചിത്രകേതു, പുരോചിസ്സ്, വിരചൻ, മിത്രൻ, ഉൽബർണൻ, വസുഭൃദ്യാനൻ, ദ്യുമാൻ) ബ്രഹ്മർഷികളായത് വേദം പഠിക്കാതെയാണെന്നു കരുതാൻ കഴിയുമോ? ഭീഷ്മരുടെയും രാമന്റെയും ഗുരുവായിരുന്ന, ജനകനും പരശുരാമനും ജ്ഞാനോപദേശം നൽകിയ ബ്രഹ്മർഷി വസിഷ്ഠന്റെ പരമ്പരയെ ഹീനജന്മങ്ങൾ എന്ന് ആരോപിച്ച് അകറ്റിനിറുത്താൻ മനുവിനും, മനുവാദികളായ ബ്രാഹ്മണർക്കും ആരാകാം അധികാരം നൽകിയത്? ഭഗവത്ഗീത ഏതുപ്രകാരത്തിൽ മഹാഭാരതകഥയുടെ ആത്മാവാകുന്നുവോ, അപ്രകാരം രാമായണത്തിന്റെ ആദ്ധ്യാത്മികസത്തായി കണക്കാക്കപ്പെടുന്ന യോഗവാസിഷ്ഠത്തിലും, വർണ്ണവിവേചനത്തിന്റെ മലിനാശയങ്ങൾ തിരുകിക്കയറ്റാൻ ശ്രമിച്ച ജാതിബ്രാഹ്മണ്യത്തോളം തികഞ്ഞ നികൃഷ്ടത മറ്റെവിടെയെങ്കിലും കാണാൻ സാധിക്കുമോ?

സത്യത്തിൽ, ശൂദ്രരുടെ പിതൃസ്ഥാനീയനായ വസിഷ്ഠൻ, ഭാരതീയ വേദാന്തസരണിയ്ക്കു നൽകിയ സംഭാവനകളുടെ ആയിരത്തിലൊന്നുപോലും വരില്ല, ബ്രാഹ്മണകുലത്തിന്റെ പിതാവായ ഭൃഗുവിന്റെ പങ്ക്. പക്ഷേ,അസംഖ്യം അപനിർമ്മിതികളിലൂടെ ബ്രാഹ്മണ്യം സകലതിനും അവകാശികളായിമാറി(ഭൃഗുവിനെക്കുറിച്ചുള്ള അധ്യായം നോക്കുക). യഥാർത്ഥ ഉടമസ്ഥർ ആട്ടിയോടിക്കപ്പെട്ടു. ഇതുപോലെയുള്ള സത്യങ്ങൾ ആരും അറിയരുതെന്നും, എക്കാലത്തും ശൂദ്രർ തങ്ങളുടെ അടിമകളായി നിലനിൽക്കണമെന്നും ഉള്ള ദുഷ്ടലാക്കോടെ, ആസൂത്രിതമായി ജാതിബ്രാഹ്മണ്യം നടത്തിയ അട്ടിമറിയായിരുന്നു, അവർക്ക് അറിവു നിരാകരിച്ചതിനും പിന്നിൽ എന്നു വിശ്വസിക്കേണ്ടിവരുന്നു. വസിഷ്ഠപുത്രരാണെന്നു മനുസ്മൃതിതന്നെ പറയുന്ന തങ്ങൾ, എന്തുകൊണ്ടാണ് പതിതരായി അകറ്റിനിർത്തപ്പെട്ടത് എന്ന് ചോദിക്കാനുള്ള അവസരം കിട്ടാതെപോയതാണ് ശൂദ്രരുടെ യഥാർത്ഥ പരാജയം.

ക്ഷത്രിയരും വൈശ്യരും രണ്ടാംതരം തന്നെ

മനുസ്മൃതി വിവേചനങ്ങൾ വിധിക്കുന്നത് ശൂദ്രർക്കു മാത്രമല്ല. ബ്രാഹ്മണരെപ്പോലെതന്നെ, ക്ഷത്രിയർക്കും വൈശ്യർക്കും ഉപനയനവും വേദപഠനവും അനുവദിക്കുമ്പോഴും, അവർക്കു വേദാദ്ധ്യാപനത്തിനുള്ള അനുമതി മനുസ്മൃതി നിഷേധിക്കുന്നു(അധ്യായം:10, ശ്ലോകം:1). വേദപഠനത്തിന് പാകമാകുന്ന പ്രായത്തിന്റെയും

കേശാന്തസംസ്കാരം നടത്തേണ്ട പ്രായത്തിന്റേയും കാര്യത്തിലും, ധരിക്കേണ്ട ഉടയാടയും അരയിൽകെട്ടുന്ന ചരടും പൂണൂലും ഉണ്ടാക്കുന്ന വസ്തുക്കളുടെ കാര്യത്തിലും, ബ്രഹ്മചര്യവേളയിൽ ആശ്രമചിഹ്നമായി കൊണ്ടുനടക്കുന്ന ദണ്ഡിനെടുക്കുന്ന മരത്തിന്റെയും ദണ്ഡിന്റെ ഉയരത്തിന്റെയും കാര്യത്തിലും, ഉപനീതനായി ഭിക്ഷ യാചിക്കുമ്പോൾ ഉപയോഗിക്കേണ്ട ഭഗവത്ശബ്ദത്തിന്റെ കാര്യത്തിലുമൊക്കെ മൂന്നുവർണ്ണികൾക്കും തമ്മിൽ വ്യത്യാസം വേണമെന്ന് മനുസ്മൃതി ശഠിക്കുന്നുണ്ട്(അധ്യായം:2,ശ്ലോകം:36മുതൽ 49വരെ). പരസ്പരം അഭിവാദ്യം ചെയ്യാൻ ഉപയോഗിക്കേണ്ട വാക്കുകളിൽപോലും വിവേചനം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. (അധ്യായം:02,ശ്ലോകം:127). വിഭിന്ന വർണ്ണികൾക്ക് അനുവദനീയമായ വിവാഹ വിധികളിലും വ്യത്യാസമുണ്ട്. ബ്രാഹ്മണം, ദൈവം, ആർഷം, പ്രജാപത്യം, ആസുരം, ഗാന്ധർവ്വം,രാക്ഷസം, പൈശാചം തുടങ്ങി സ്മൃതിയനുശാസിക്കുന്ന എട്ടുതരം വിവാഹങ്ങളിൽ, ബ്രാഹ്മണർക്ക് ആദ്യത്തെ ആറും, ക്ഷത്രിയർക്ക് അവസാനത്തെ നാലും, വൈശ്യശൂദ്രന്മാർക്ക് ഈ നാലിൽ രാക്ഷസമൊഴിച്ചുള്ള മൂന്നും മാത്രമാണു വിഹിതമായത്.(അധ്യായം:3, ശ്ലോകം:23). ദ്വിജാതീയരായി കണക്കാക്കുമ്പോഴും, പഠനകാര്യത്തിൽ കല്പിക്കപ്പെട്ട വിവേചനം ക്ഷത്രിയരുടെയും വൈശ്യരുടെയും ജീവിതത്തിലെ ഓരോ ഘട്ടത്തിലും നടപ്പാക്കിയ ലിഖിതനിയമങ്ങളാണ് മനുസ്മൃതിയിൽ ഉടനീളം കാണാനാകുക. ബ്രാഹ്മണർക്കു ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള അധികാരങ്ങളെപ്പറ്റി വാചാലമാകുന്ന മനുസ്മൃതി, ക്ഷത്രിയരുടെയും വൈശ്യരുടെയും കർത്തവ്യങ്ങളെക്കുറിച്ചു മാത്രമാണ് ചിന്തിക്കുന്നത്; അതുപോലും പരിഗണിക്കുന്നത് ബ്രാഹ്മണന്റെ സുരക്ഷ ഉറപ്പാക്കാനുള്ള ഉപാധിയായി മാത്രമാണ്.

വേദങ്ങളടക്കമുള്ള ഹൈന്ദവ ശാസ്ത്രഗ്രന്ഥങ്ങളുടെ പഠനം 'ഗുരുമുഖത്തു'നിന്നാകണം എന്ന ഒരു നിബന്ധന നിലവിലുണ്ട്. അതിനുള്ള പ്രധാനകാരണം, അവയിൽ പ്രയോഗിച്ചിരിക്കുന്ന സംജ്ഞകളുടെ അർത്ഥവൈപുല്യവും അടങ്ങിയിരിക്കുന്ന തത്വങ്ങളുടെ ഗൗരവസ്വഭാവവും ഒക്കെയാണ്.കൃത്യമായി നിർവ്വചിക്കപ്പെട്ടില്ല എങ്കിൽ, അർത്ഥഭ്രംശം സംഭവിച്ച് വിരുദ്ധ ദിശയിലേയ്ക്കു നയിക്കാവുന്ന അനവധി പദങ്ങൾ വൈദികസംസ്കൃതത്തിലുണ്ട്. ലൗകികസംസ്കൃതം പഠിച്ചതുകൊണ്ടു മാത്രം വ്യാഖ്യാനിക്കാൻ കഴിയാത്ത ധാരാളം സംജ്ഞകൾ അവയിലുണ്ട്. അവയെ ശ്രുതിതത്വങ്ങൾക്കനുസരിച്ചു വ്യാഖ്യാനിക്കുമ്പോൾ മാത്രമേ, നിയതമായ വഴിയിലൂടെ പഠിതാവിനെ നയിക്കാൻ സാധിക്കൂ. സനാതനഗ്രന്ഥങ്ങളിലെ സൂക്തങ്ങൾക്ക്, വിഭിന്ന ഭാഷ്യങ്ങളിൽ പരസ്പരവിരുദ്ധമായ വ്യാഖ്യാനങ്ങൾ കാണുന്നതിനു കാരണവും അവയിലെ ദുർഗ്രഹത തന്നെയാണ്. അതുകൊണ്ടുതന്നെയാണ്, ഗുരുവിന്റെ തിരഞ്ഞെടുപ്പ് വളരെ കൃത്യതയോടെ വേണമെന്നു നിഷ്കർഷിക്കുന്നത്. ആ നിബന്ധനയാണ് 'അധികാര'മെന്ന സുനിർവ്വചിതമായ വാക്കുകൊണ്ട് ഹൈന്ദവശാസ്ത്രകാരന്മാർ അർത്ഥമാക്കുന്നത്. എന്നാൽ, ചില സ്വാർത്ഥമതികൾ ബ്രാഹ്മണനുമാത്രമേ വേദാധികാരമുള്ളൂ എന്ന് അതിനെ വക്രീകരിക്കുകയാണുണ്ടായത്. വേദാധ്യാപനാധികാരം ബ്രാഹ്മണർക്കു മാത്രമായി സംവരണം ചെയ്യാനുള്ള തന്ത്രമായിരുന്നു ആ ദുർവ്യാഖ്യാനത്തിനു പിറകിൽ ഉണ്ടായിരുന്നത്. ശാസ്ത്രീയതയെക്കാൾ ബ്രാഹ്മണ്യരുടെ സാമ്പത്തികതാത്പര്യമായിരുന്നു അതിന്റെ പ്രേരണ.

വേദാധികാരനിരൂപണം എന്ന കൃതിയിൽ ചട്ടമ്പിസ്വാമികളും, ആ ഗ്രന്ഥത്തിന്റെ പീഠികയിൽ സ്വാമിചിന്മയാനന്ദനും അതു വസ്തുനിഷ്ഠമായി വിവരിക്കുന്നുണ്ട്. ഗുരു ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായിരിക്കണമെന്നാണ് എല്ലാകൃതികളും നിർദ്ദേശിക്കുന്നത്. ഗുരുവിൽനിന്നും ശ്രവണദീക്ഷ സ്വീകരിച്ചു ജ്ഞാനം നേടിയ ധാർമികജീവിതം ആചരിക്കുന്ന വ്യക്തിയാണ് ശ്രോത്രിയനെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പരമാത്മാവിൽനിന്ന്(ബ്രഹ്മം) അന്യമായി യാതൊന്നുമില്ലെന്ന ഉറച്ച ബോധനിലയിലെത്തിയ വ്യക്തിയാണ് ബ്രഹ്മനിഷ്ഠയുള്ളവൻ. അവിടെ, ജനിച്ചവർണ്ണം വിഷയമേയല്ല; സിദ്ധഗുണങ്ങളാണ് മുഖ്യം. മാത്രവുമല്ല, വർണ്ണഭേദം പോലെയുള്ള വിവേചനകൾ(ദ്വൈതചിന്തകൾ) പുലർത്തുന്നയാൾ, ബ്രഹ്മനിഷ്ഠനല്ലാത്തതുകൊണ്ടുതന്നെ ഗുരുവാകാൻ യോഗ്യനുമല്ല. വസ്തുത അതായിരിക്കെ, ബ്രാഹ്മണർക്കു മാത്രമായി ഗുരുപദവി പരിമിതപ്പെടുത്തുന്ന മനുശാസനങ്ങൾ ശാസ്ത്രവിരുദ്ധമാണെന്ന കാര്യത്തിൽ സംശയത്തിനു വകയില്ലല്ലോ.

അദ്ധ്യാപനത്തിനുള്ള അധികാരം നിഷേധിക്കുമ്പോഴും എന്തുകൊണ്ടാണ് ക്ഷത്രിയർക്കും വൈശ്യർക്കും വേദപഠനം അനുവദിക്കപ്പെട്ടത് എന്നതും പ്രസക്തമാണ്. ക്ഷത്രിയരുടെയും വൈശ്യരുടെയും കർമ്മമേഖല കണക്കാക്കുമ്പോൾ വേദങ്ങൾ ഒരു അനിവാര്യമായ പഠനവിഷയമേയല്ല.എങ്കിലും വേദപഠനത്തിനുള്ള വഴി അവർക്കുമുന്നിൽ തുറന്നിട്ടത് ബ്രാഹ്മണന്റെ അതിബുദ്ധിയാണെന്നു കരുതാം. വേദപഠനവും അദ്ധ്യാപനവും പൂജകളും മാത്രമാണ് ബ്രാഹ്മണന് വിധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങൾ. കൃഷി അടക്കമുള്ള, അദ്ധ്വാനമുള്ള തൊഴിലുകളെല്ലാം നിഷിദ്ധവുമാണ്. സ്വതവേ മറ്റു വരുമാനമാർഗ്ഗങ്ങളൊന്നുമില്ലാത്ത ബ്രാഹ്മണരുടെ കുട്ടികളെ മാത്രം പഠിപ്പിച്ചാൽ ഗുരുവിന്റെ ജീവിതം പരമദരിദ്രമായേ മുന്നോട്ടുപോകൂ. അതിനുള്ള പരിഹാരമാണ് വേദപഠനത്തിൽ ഏർപ്പെടുത്തപ്പെട്ട ആ ഉദാരീകരണം.രാജാധികാരത്തിന്റെ ഉടമയായ ക്ഷത്രിയരോടും, സമ്പത്തിന്റെ നിയന്ത്രണം കൈവശമുള്ള വൈശ്യരോടും ബ്രാഹ്മണ്യം കാണിച്ച ആ വിശാലമനസ്കതയാണ്, അളവറ്റ സമ്പത്തിന്റെ ഉടമകളാകാൻ ആ സമൂഹത്തെ സഹായിച്ചത്. ഗുരുദക്ഷിണയായി സ്വർണ്ണവും പണവും ഭൂമിയും, ഗ്രാമങ്ങൾ തന്നെയും നേടിയ ബ്രാഹ്മണഗുരുക്കന്മാരുടെ കഥകൾ പുരാണങ്ങളിൽ നാം വായിച്ചിട്ടുള്ളതാണ്. വിദ്യ നേടണമെങ്കിൽ അതിനു പാത്രമാകണമെന്ന(eligible) പ്രചരിതനിയമത്തിനു പിന്നിൽ ഒളിപ്പിച്ചുവെച്ചിട്ടുള്ളത് ആ ബ്രാഹ്മണ്യ ബുദ്ധിയാണ്. ധനം കൊടുക്കുന്നയാൾ, ബ്രഹ്മചാരി, മേധാശക്തിയുള്ളവൻ, ശ്രോത്രിയൻ, പ്രിയപ്പെട്ടവൻ, വിദ്യപറഞ്ഞുതരുന്നവൻ എന്നിങ്ങനെ ആറുപേരാണ് വിദ്യാദാനത്തിനു പാത്രങ്ങൾ എന്ന സത്യം ആ താത്പര്യത്തെ സ്പഷ്ടീകരിക്കുന്നു. അവിടെ വർണ്ണം വിഷയമാകുന്നില്ല. ബ്രഹ്മചാരിക്കും ദക്ഷിണകൊടുക്കാൻ വകയുള്ളവനും അധികാരശക്തിയുള്ളവനും തങ്ങൾക്കുവേണ്ടപ്പെട്ടവനും വിദ്യകൊടുക്കാം എന്നു സാരം. സ്വന്തമായി ധനമാർജ്ജിക്കാൻ അവകാശമില്ലാതിരുന്ന ശൂദ്രന് വിദ്യനിഷേധിച്ചതിനു പിന്നിലെ താത്പര്യവും ആ സ്വാർത്ഥത തന്നെയാകാനാണു സാധ്യത. എന്നാൽ, ഭാരിച്ച സമ്പത്തു നല്കി വിദ്യനേടിയ ജാനശ്രുതി എന്ന ശൂദ്രന്റെ കഥ ഛാന്ദോഗ്യോപനിഷത്തിലുണ്ട്. പണത്തിനു മുകളിൽ മനുനിയമങ്ങളും പറക്കുകയില്ല എന്നാണല്ലോ ആ ആഖ്യാനം കാണിക്കുന്നത്.

[പിൻകുറിപ്പ്: വിദ്യാസമ്പാദനത്തിനു പാത്രമാകാനുള്ള മുഖ്യയോഗ്യത, ദക്ഷിണയുടെ വലിപ്പമാണ് എന്നതിനുള്ള നല്ലൊരു ഉദാഹരണമാണ് ഛാന്ദോഗ്യോപനിഷത്ത് നാലാം പ്രപാഠകത്തിലെ ജാനശ്രുതിയെന്ന ശൂദ്രരാജാവിന്റെ കഥ. തന്റെ രാജ്യത്തെ സകല ഗ്രാമങ്ങളിലും നഗരങ്ങളിലും സത്രങ്ങളുണ്ടാക്കി, ധാരാളം അന്നം പാകംചെയ്ത് ആളുകൾക്കു ദാനം ചെയ്തിരുന്ന ജാനശ്രുതിയുടെ പ്രശസ്തി സകലയിടത്തും വ്യാപിച്ചു. അപ്പോൾ, രാജാവിന് ആത്മവിദ്യ സ്വായത്തമാക്കണമെന്ന ആഗ്രഹമുണ്ടായി, രൈക്വൻ എന്ന ദരിദ്രബ്രാഹ്മണഗുരുവിനെ സമീപിച്ചു. അറുന്നൂറു ഗോക്കൾ, കണ്ഠാഭരണം, കോവർകഴുതകൾ വലിക്കുന്ന തേര് എന്നിവയുമായി രാജാവ് രൈക്വന്റെ അടുത്തെത്തി വിദ്യ യാചിച്ചെങ്കിലും, ശൂദ്രനായതുകൊണ്ട് ആത്മവിദ്യ പകർന്നുകൊടുക്കാൻ ഗുരു തയ്യാറായില്ല. ജാനശ്രുതി പിന്നെയും, ആയിരം പശുക്കൾ, മുത്തുമാലകൾ, രഥം എന്നിവയുമായി തന്റെ മകളെയും കൂട്ടി ഗുരു സമക്ഷം ചെന്നു. ഭാര്യയായി തന്റെ മകളെയും, ദക്ഷിണയായി കൂടെകൊണ്ടുവന്നിട്ടുള്ള വലിയ സമ്പത്തും ഒരു ഗ്രാമവും തരാമെന്ന് വാഗ്ദാനം ചെയ്തപ്പോൾ രൈക്വൻ സംപ്രീതനായി രാജാവിനു ബ്രഹ്മവിദ്യ ഉപദേശിച്ചുകൊടുത്തു. വിദ്യ നേടുന്നതിനു പാത്രമാകാൻ ആവശ്യമായ സമർപ്പണത്തിന്റെ ദൃഷ്ടാന്തമായി പലയിടത്തും അവതരിപ്പിച്ചുകാണാറുള്ള ഈ ഉപനിഷത് കഥ ദക്ഷിണയുടെ പ്രാധാന്യം പറയുന്ന ഒന്നല്ലെങ്കിലും, അതൊരു സൂചനയാണ്. ഉപനിഷത്തുകൾക്കു ലഭിക്കുന്ന ആധികാരികത അതിനാൽ ആ കഥയ്ക്കുമുണ്ട്.]

സ്ത്രീകളും പുറത്തുതന്നെ

മാതൃദൈവസങ്കല്പം പിന്തുടരുന്നതായിരുന്നു ആര്യാധിനിവേശത്തിനുമുമ്പ് ഭാരതത്തിൽ നിലനിന്നിരുന്ന ദ്രാവിഡസംസ്കൃതി എന്നതിന് അനേകം തെളിവുകളുണ്ട്. അതിനാൽത്തന്നെ, ആ സമൂഹങ്ങളിൽ സ്ത്രീകൾക്ക് ഉയർന്ന പരിഗണനയും ബഹുമാനവും മാന്യതയും ലഭിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു. ഇന്ത്യൻ സമൂഹങ്ങൾ സ്ത്രീകളെ 'രണ്ടാന്തരം പൗരന്മാരായി' കാണുവാൻ തുടങ്ങിയത് ആര്യപ്രതാപകാലത്താണ്. പുരുഷന്മാർക്കു മാത്രം പ്രാതിനിധ്യം ഉണ്ടായിരുന്ന യുദ്ധങ്ങളും പൗരോഹിത്യകർമ്മങ്ങളും സമൂഹങ്ങളിൽ അമിതപ്രാധാന്യം നേടിയതുകൊണ്ടായിരുന്നു അത്. അതിനാൽതന്നെ, പരമപുരുഷന്റെ വ്യത്യസ്ത ശരീരാംഗങ്ങളിൽ നിന്നും ഉത്ഭവിച്ചതായി പറയപ്പെടുന്ന വിഭിന്ന വർണ്ണികളുടെ കാര്യത്തിൽ നിർദ്ദേശിപ്പെട്ടിട്ടുള്ള വേർതിരിവ്, ബ്രഹ്മാവ് സ്വന്തം ശരീരം പകുത്തുണ്ടാക്കിയ സ്ത്രീയുടെയും പുരുഷന്റെയും കാര്യത്തിലും മനുസ്മൃതി കല്പിച്ചിട്ടുണ്ട്. സ്മൃതി പറയുന്നതുപ്രകാരം, സ്ത്രീകൾ ഏതു വർണ്ണത്തിൽ ജനിച്ചാലും ശൂദ്രസമാനരാണ്. അതിനാലാണ് അവർക്ക്(ബ്രാഹ്മണികൾക്കുപോലും) വേദാധികാരമില്ലാത്തത്. സ്ത്രീകൾക്കുമേൽ ആര്യബ്രാഹ്മണ്യം നടപ്പാക്കിയ എല്ലാ മനുഷ്യവിരുദ്ധതയുടെയും അടിസ്ഥാനം ഇതേ സങ്കല്പമാണ്. ശൂദ്രരെപ്പോലെ സ്ത്രീകളേയും ബ്രാഹ്മണ്യം മനുഷ്യരായി പരിഗണിച്ചിരുന്നില്ല എന്നതിന്റെ സാധൂകരണം അതായിരുന്നു.

സ്ത്രീകൾ ജാതകർമാദി ക്രിയകൾ അനുഷ്ഠിക്കുമ്പോൾ മന്ത്രോച്ചാരണം നിഷിദ്ധമാണെന്നു പറയുന്ന മനുസ്മൃതി(അധ്യായം:2, ശ്ലോകം:66), ഒൻപതാമധ്യായത്തിലെ ഇരുന്നൂറോളം ശ്ലോകങ്ങളിലായി സ്ത്രീകൾ വഴിതെറ്റിപ്പോകാതിരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. രൂപരസാദിവിഷയങ്ങളിൽ ആസക്തരായ സ്ത്രീകളെ, പുരുഷന്മാർ അധീനകളാക്കി നിർത്തേണ്ടതാകുന്നു എന്നു തുടങ്ങുന്ന ആ അധ്യായത്തിലുടനീളം നിഴലിക്കുന്നത്, അന്യവർണ്ണികളാൽ തങ്ങളുടെ സ്ത്രീകൾ വശീ

കരിക്കപ്പെടുമോയെന്ന ബ്രാഹ്മണ്യത്തിന്റെ ശങ്കയാണ്. ആ ഭീതി മനുസ്മൃതി മറയില്ലാതെതന്നെ തുറന്നുപറയുന്നുമുണ്ട്.ആ ഉത്കണ്ഠയുടെ ബഹിർസ്ഫുരണമാണ് മനുസ്മൃതിയിൽ അങ്ങോളമിങ്ങോളം കാണുന്ന സ്ത്രീവിരുദ്ധ ചട്ടങ്ങൾ:

- ✓ ആർക്കും ബലം പ്രയോഗിച്ചു സ്ത്രീകളെ സംരക്ഷിക്കാനാകില്ല. വിശ്വസ്തരായ കിങ്കരന്മാരുടെ കാവലിലാക്കി വീട്ടിലിട്ടുപൂട്ടിയാലും സ്ത്രീകൾ സുരക്ഷിതകളല്ല. തങ്ങളെ തങ്ങൾതന്നെ കാത്തുസൂക്ഷിക്കേണ്ടവരാണ് സ്ത്രീകൾ.(അധ്യായം:09, ശ്ലോകം:11,12).(സ്ത്രീസുരക്ഷയല്ല ശുദ്ധിയാണ് പ്രശ്നം).
- ✓ പരപുരുഷാഭിലാഷംകൊണ്ടും ചിത്തചാപല്യംകൊണ്ടും സ്വഭാവേനതന്നെ സ്നേഹഭാവംകൊണ്ടും, ക്ലേശിച്ച് രക്ഷിച്ചാലും സ്ത്രീകൾ ഭർത്താക്കന്മാരെ അതിക്രമിച്ചു പ്രവർത്തിക്കുന്നു. സ്ത്രീകളുടെ ആ സ്വഭാവം ബ്രഹ്മസൃഷ്ടി മുതൽ തന്നെ ഉള്ളതാണെന്നറിഞ്ഞ്, അവരെ രക്ഷിക്കാൻ പുരുഷൻ അതിയായി യത്നിക്കേണ്ടതാണ്.(അധ്യായം:09, ശ്ലോകം:15,16).
- ✓ അല്പങ്ങളായ ദുഃസ്സംഗങ്ങളിൽനിന്നുപോലും സ്ത്രീകളെ പ്രത്യേകം രക്ഷിക്കണം. അങ്ങനെ രക്ഷിക്കാതിരുന്നാൽ ഉഭയകുലത്തിനും സന്താപത്തിനും ഇടവരുത്തും.(അധ്യായം:09, ശ്ലോകം:05).
- ✓ ഇരവുപകൽ സ്ത്രീകൾ അവരുടെ പുരുഷന്മാരാൽ സ്വാധീനകളായി വെയ്ക്കപ്പെടേണ്ടതാണ്. രസരൂപാദിവിഷയങ്ങളിൽ ആസക്തരായ സ്ത്രീകളെ അവരുടെ പുരുഷന്മാർ തങ്ങൾക്ക് അധീനകളാക്കി നിർത്തേണ്ടതാകുന്നു. (അധ്യായം:9,ശ്ലോകം:2)(കാമക്കണ്ണിലൂടെ നോക്കിയാൽ അങ്ങനെയേകാണൂ)
- ✓ സ്ത്രീകൾ എമ്മാതിരി പുരുഷന്മാരെ പ്രാപിക്കുന്നുവോ, അത്തരത്തിലുള്ള മക്കളെ പ്രസവിക്കുന്നു.ആകയാൽ സന്താനത്തിന്റെ ശുദ്ധിയ്ക്കായി യത്നപൂർവ്വം സ്ത്രീകളെ സംരക്ഷിക്കണം.(അധ്യായം:09, ശ്ലോകം:09).

'പിതാ രക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവ്വനേ/ രക്ഷന്തി സ്ഥവിരേ പുത്രാ നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന, മനുസ്മൃതി ഒൻപതാം അധ്യായത്തിലെ മൂന്നാം ശ്ലോകം സ്ത്രീസ്വാതന്ത്ര്യത്തെ നിരാകരിക്കുന്നതാണെന്ന രീതിയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണല്ലോ. അത് സ്ത്രീവിരുദ്ധമാണെന്ന വ്യാഖ്യാനങ്ങളും, സ്ത്രീപക്ഷത്താണെന്ന വ്യാഖ്യാനങ്ങളും ധാരാളം നാം കേട്ടിട്ടുണ്ട്. ആ ശ്ലോകത്തിലൂടെ എന്താണ് മനു ഉദ്ദേശിച്ചത് എന്നകാര്യം തീർപ്പുകല്പിക്കാനാവില്ല.എന്നിരിക്കിലും, അധ്യായം അഞ്ചിൽ 147ഉം 148ഉം ശ്ലോകങ്ങളിൽ, മറ്റൊരു രീതിയിൽ മേൽപ്പറഞ്ഞ ശ്ലോകത്തിലെ അഭിപ്രായം ആവർത്തിച്ചിട്ടുണ്ട്: ബാലയോ യുവതിയോ വൃദ്ധയോ ആരായാലും, സ്ത്രീ സ്വഗൃഹത്തിൽപോലും, ചെറിയ കാര്യമായാലും തന്നിഷ്ടം പോലെ പ്രവർത്തിക്കരുത്. ബാല്യത്തിൽ പിതാവിന്റേയും യൗവനത്തിൽ ഭർത്താവിന്റെയും ഭർത്താവു മരിച്ചാൽ പുത്രന്മാരുടേയും അധീനതയിൽ വേണം സ്ത്രീ ജീവിക്കാൻ. സ്ത്രീ സ്വതന്ത്രമായി ജീവിക്കരുത്.(ബാലയാ വാ യുവത്യവാ വൃദ്ധയാ വാ പിയോക്ഷിതാ/ നഃ സ്വാതന്ത്ര്യേണ കർത്തവ്യം കിഞ്ചിത് കാര്യം ഗൃഹേഷപി/ ബാല്യേ പിതൃവശേ തിഷ്ഠെത്ത് പാണിഗ്രാഹസ്യാഃ യൗവ്വനേ പുത്രാണാം ഭർത്തരി പ്രേതേ ന ഭജേത് സ്ത്രീ സ്വാതന്ത്രതാം).ഈ ആവർത്തനശ്ലോകത്തിൽ മനുസ്മൃതി

യുടെ സ്ത്രീവിരുദ്ധത അടിവരയിടപ്പെട്ടിട്ടുണ്ട് എന്നതുപോലെ തന്നെ, അതിന്റെ സ്രഷ്ടാക്കളുടെയും വക്താക്കളുടെയും ഭീതിയുടെ ആഴവും വ്യക്തമാകുന്നുണ്ട്. ലോകത്തിന്റെ നിലനിൽപ്പിന് സ്ത്രീകളുടെ വിശുദ്ധി അനിവാര്യമാണെന്ന വാദത്തിന്റെ ബലത്തിൽ അവതരിപ്പിക്കുന്ന അത്തരം ശാസനങ്ങൾ, ഒരു നവീന സമൂഹത്തിനും സ്വീകാര്യമാകുന്നതല്ല എന്ന് ഇനിപ്പറയുന്ന ഉദാഹരണങ്ങളിൽനിന്നും കൂടുതൽ കൃത്യതയോടെ വായിച്ചെടുക്കാം:

- ✓ വിധവ ശുദ്ധമായ പൂവോ കിഴങ്ങോ പഴമോ അല്പമായി ആഹരിച്ച്, ശരീരം ശോഷിപ്പിക്കേണ്ടതാകുന്നു. ഭർത്താവ് മരിച്ചശേഷം കാമലിപ്സയോടെ പരപുരുഷന്റെ പേരുപോലും ഉച്ചരിക്കരുത്.(അധ്യായം:05, ശ്ലോകം:157).
- ✓ ശൃംഗാരചേഷ്ടയാൽ മോഹിപ്പിച്ചു പുരുഷന്മാരെ ദുഷിപ്പിക്കുന്നത് സ്ത്രീകളുടെ സ്വഭാവമാണ്. മൂഢന്മാരെ മാത്രമല്ല, ജിതേന്ദ്രിയനായ വിദ്വാനെങ്കിലും കാമക്രോധവശഗനായപുരുഷനെ അപഥത്തിലേക്ക് നയിക്കുന്നതിന് സ്ത്രീകൾ സമർത്ഥരാണ്.(അധ്യായം:02, ശ്ലോകം:213,214).
- ✓ ഭർത്താവ് തീർത്തും സദാചാരശൂന്യനോ പരനാരീസക്തനോ ഗുണരഹിതനോ ആയാലും, പതിവ്രതയായ പത്നിക്ക് അയാൾ ദേവനെപ്പോലെ പൂജ്യനാകുന്നു.(അധ്യായം:05,ശ്ലോകം:154).(പുരുഷന്റെ അപഥസഞ്ചാരം സമ്മതം!)
- ✓ വിധവ ക്ഷമായുക്തയും വ്രതശീലയും ബ്രഹ്മചാരിണിയുമായി ആജീവനാന്തം ജീവിക്കേണ്ടതാകുന്നു.(അധ്യായം:05 ശ്ലോകം:158)(എന്നാൽ, തന്നെക്കാൾ മുമ്പേ മരിച്ച പത്നിയുടെ അന്ത്യകർമ്മത്തിന് അഗ്നി കൊളുത്തിയശേഷം, ഗൃഹസ്ഥൻ വീണ്ടും വിവാഹം കഴിക്കുകയും അഗ്നികർമ്മങ്ങൾ ഉടനെ നടത്തുകയും വേണമെന്നു ശ്ലോകം 168 നിർദ്ദേശിക്കുന്നു).
- ✓ വിറ്റാലും വെടിഞ്ഞാലും ഭർത്താവിൽനിന്നും ഭാര്യ ഒരിയ്ക്കലും മുക്തയാകുന്നില്ല.(അധ്യായം:09, ശ്ലോകം:46)(ഭാര്യ അടിമയാണെന്നു സാരം)
- ✓ സ്വഭാവശുദ്ധിയുള്ളവരായാൽപ്പോലും, സ്ത്രീകൾ ഋണദാനാദിപര്യാലോചിതവ്യവഹാരങ്ങളിൽ സാക്ഷിയാകാൻ യോഗ്യരല്ല; എന്തെന്നാൽ, സ്ത്രീകൾ സ്ഥിരബുദ്ധികളല്ല.(അധ്യായം:08, ശ്ലോകം:77).
- ✓ അനേകാംഗങ്ങളുള്ള കുടുംബത്തിലെ പൊതുമുതലിൽനിന്നും, സ്ത്രീകൾ ആഭരണാദി സ്വകാര്യച്ചെലവുകൾ നടത്തരുത്. തനിക്ക് അവകാശപ്പെട്ട ധനത്തിൽനിന്നുപോലും, സ്വഭർത്താവിന്റെ അനുവാദം ലഭിക്കാതെ അത്തരം ചെലവുകൾ ചെയ്യാൻ പാടില്ല.(അധ്യായം:09, ശ്ലോകം:199)
- ✓ കന്യകയോ യുവതിയോ ശ്രുതിവിഹിതമായ സായംപ്രാതർഹോമങ്ങൾ ചെയ്യരുതാത്തതാകുന്നു. ചെയ്താൽ അവൾ നരകത്തിൽ പതിക്കും. ഏതൊരാളിനുവേണ്ടിയാണോ ഹോമംചെയ്യുന്നത്, അവർക്കും നരകംതന്നെ ഗതി.(അധ്യായം:11, ശ്ലോകം:36)(ഋഗ്വേദത്തിലെ 47 മന്ത്രങ്ങൾ രചിച്ചത് സ്ത്രീകളാണ്!).
- ✓ ചൂതുകളി മുതലായ പ്രമാദങ്ങൾക്കു കീഴ്പ്പെട്ടവനോ മദ്യമത്തനോ ആയ ഭർത്താവിനെ ശുശ്രൂഷിക്കാതെ അവഗണിക്കുന്ന ഭാര്യയെ, മൂന്നുമാസത്തേക്ക്

ഉപേക്ഷിക്കണം; അവൾക്കു നൽകിയിട്ടുള്ള ആഭരണങ്ങളും വീട്ടുപകരണങ്ങളും തിരിച്ചെടുക്കുകയും വേണം.(അധ്യായം:09, ശ്ലോകം:78).

- ✓ സ്ത്രീകൾ പുരുഷന്റെ സൗന്ദര്യത്തെയോ പ്രായത്തെയോ ഗൗനിക്കുന്നില്ല. സുരൂപനായാലും വിരൂപനായാലും പുരുഷനാണല്ലോയെന്നു മാത്രം കരുതി സംഭോഗംചെയ്യുന്നു.(അധ്യായം:9, ശ്ലോകം:14).
- ✓ സ്ത്രീകൾ വിശേഷിച്ചും ചപലചിത്തകളാകയാൽ, മന്ത്രഭേദം ചെയ്യുന്നതായിരിക്കും; അതിനാൽ അവരെ സൂക്ഷിക്കണം.(അധ്യായം:07, ശ്ലോകം:149).

കുലത്തിന്റെ നിലനിൽപ്പിന് സ്ത്രീകളുടെ ശുദ്ധി അനിവാര്യമാണെന്നു പറയുന്ന സ്മൃതി പരോക്ഷമായി സമ്മതിക്കുന്നത്, വംശശുദ്ധി സംരക്ഷിക്കുന്നതിൽ പുരുഷന് യാതൊരു പങ്കുമില്ലെന്നു തന്നെയാണല്ലോ. എന്നാലും, ഉത്കൃഷ്ടവും സമ്പന്നവുമാണെങ്കിലും സ്ത്രീസന്താനങ്ങൾ മാത്രം ജനിക്കുന്ന കുലങ്ങൾ വിവാഹത്തിന് വർജ്ജ്യമാണ് എന്ന വിചിത്രവാദവും മൂന്നാമധ്യായത്തിലെ 6,7 ശ്ലോകങ്ങളിൽ മനുമുന്നോട്ടുവെക്കുന്നു. അതോടൊപ്പം, ചില സവിശേഷമായ ശാരീരികഘടനയുള്ള സ്ത്രീകളെയും, ഏതാനും നക്ഷത്രങ്ങളിൽ ജനിച്ചവരെയും, ചില പേരുകാരെയും വർജ്ജിക്കണമെന്നും നിർദ്ദേശിക്കുന്നു.(അധ്യായം:3,ശ്ലോകം:8,9,10). ഇപ്രകാരമുള്ള, എണ്ണിയാലൊടുങ്ങാത്ത മാനവവിരുദ്ധമാമൂലുകളിലൂടെയാണ് മനുസ്മൃതി സ്ത്രീകളെ വീട്ടകങ്ങളിൽ തളച്ചിട്ടതും വേട്ടയാടിയതും. സ്ത്രീയെ ശൂദ്രതുല്യയായാണ് സ്മൃതി നിർവ്വചിക്കുന്നത്. അതിനാൽ, ശൂദ്രന് നിഷിദ്ധമായ മനുഷ്യാവകാശങ്ങൾ സ്ത്രീക്കും സ്മൃതി നിഷേധിച്ചു. ആ രണ്ടു പാതകങ്ങൾക്കും പ്രേരണയായ കാര്യം ബ്രാഹ്മണ്യത്തിന്റെ വംശശുദ്ധിയിലൂന്നിയ മലിന മാനസികാവസ്ഥയാണ്.

മനുവിനുള്ള മറുപടി സ്വന്തം മകളിലൂടെ

സ്ത്രീകളെ വേദാനർഹരും പതിതരുമാക്കി തരംതാഴ്ത്തുന്ന മനുവിന്റെ വാദങ്ങളുടെ വേരറുക്കുന്നതാണ്, ഭാഗവതം മൂന്നാം സ്കന്ധത്തിൽ, മൈത്രേയമുനി വിദുരനോടു വിസ്തരിക്കുന്ന മനുവംശകഥ. സ്വായംഭൂവമനുവിന്റെ പുത്രിയായ ദേവഹൂതിയെ വിവാഹം കഴിച്ചത് കർദ്ദമപ്രജാപതിയാണ്. പ്രജാസൃഷ്ടിക്കുവേണ്ടി ബ്രഹ്മാവു സൃഷ്ടിച്ച പ്രജാപതികളിൽ ഒരാളായ കർദ്ദമൻ, ഉത്തമഭാര്യയെ കണ്ടെത്തുന്നതിനുവേണ്ടി അനുഷ്ഠിച്ച നീണ്ടതപസ്സിനൊടുവിൽ,മഹാവിഷ്ണു പ്രത്യക്ഷനായി ഭാര്യയായി ദേവഹൂതിയെ നിർദ്ദേശിക്കുകയായിരുന്നു. അവർക്കുണ്ടായ പുത്രനാണ് ശ്രീഹരിയുടെ അംശമായ കപിലൻ. പുത്രനുണ്ടായശേഷം കർദ്ദമൻ, മുൻനിശ്ചയപ്രകാരം തീരുമാനിച്ച തപസ്സിനുവേണ്ടി കാട്ടിലേയ്ക്കുപോയി. തുടർന്ന്, കപിലൻ സ്വന്തം അമ്മയായ ദേവഹൂതിക്ക് ബ്രഹ്മവിദ്യ ഉപദേശിച്ച് ദേഹാത്മഭാവനയാകുന്ന അന്ധകാരത്തിൽനിന്നും മോക്ഷം കൊടുത്തു. മഹാഭാഗവതം മൂന്നാംസ്കന്ധത്തിലെ ഇരുപത്തൊന്നു മുതൽ മുപ്പത്തിമൂന്നു വരെ അധ്യായങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ആ ആഖ്യാനം(കാപിലോപാഖ്യാനം)ഭാഗവതത്തിലെ ഏറ്റവും മുന്തിയ ആദ്ധ്യാത്മിക സത്തയായാണ് കണക്കാക്കപ്പെടുന്നത്.

പുത്രിയായ ദേവഹൂതി ആത്മതത്വം വിസ്തരിച്ചു ഗ്രഹിച്ചത്, സ്ത്രീകൾക്കു വേദപഠനം നിഷേധിക്കുന്ന മനുസ്മൃതികർത്താവ് അറിയാതെയാണെന്നു വിശ്വസിക്കാ

നാകുമോ? കർദ്ദമപ്രജാപതിക്കു മകളെ വിവാഹം കഴിച്ചുകൊടുക്കണമെന്നും, ഭഗവാൻ വിഷ്ണു അവളുടെ മകനായി അവതരിക്കുമെന്നും മനുവിന് ഉപദേശം നൽകിയതു ബ്രഹ്മാവാണ്. കപിലന്റെ അവതാരോദ്ദേശ്യം നാരദമഹർഷിയിൽനിന്നും ഗ്രഹിച്ചതിനു ശേഷമാണ് സ്വായംഭൂവമനു പത്നിയ്ക്കും മകൾക്കുമൊപ്പം കന്യാദാനത്തിനുവേണ്ടി കർദ്ദമന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചതെന്ന കാര്യവും കഥയിൽ വ്യക്തമാക്കുന്നുണ്ട്. മാത്രവുമല്ല, ക്ഷത്രിയവംശജയും യൗവനകാലം പിന്നിടാത്ത സ്ത്രീയുമായ ദേവഹൂതിയ്ക്ക് ബ്രഹ്മവിദ്യ ഉപദേശിക്കുന്നത് സാക്ഷാൽ വിഷ്ണുവിന്റെ അംശാവതാരം തന്നെയാണ്. അവരൊന്നും കാണാത്ത അയോഗ്യത സ്ത്രീകളിൽ കണ്ടെത്തുന്നവരുടെ ലക്ഷ്യം എന്തെന്ന് വിവേചിച്ചറിയാനുള്ള അവസരം യുക്തിബോധമുള്ള വായനക്കാർക്ക് വിടുന്നു.

[പിൻകുറിപ്പ്: കൃഷ്ണന്റെ നിർദ്ദേശമനുസരിച്ചാണ് ശൂദ്രനായ വിദുരർക്ക് മൈത്രേയമുനി ആത്മജ്ഞാനം പകർന്നു കൊടുത്തത്. ദേവഹൂതിമാതാവിന് ആത്മോപദേശം നൽകിയത് ശ്രീഹരിയുടെ അംശമായ കപിലമഹർഷിയും. ശൂദ്രരും സ്ത്രീകളുമടക്കം സകല മനുഷ്യരും വേദജ്ഞാനത്തിന് ആധികാരികളാണെന്ന് അസന്നിഗ്ദ്ധമായിപ്രഖ്യാപിക്കുകയാണ് ഭാഗവതവും, ഭാഗവതത്തിലൂടെ കൃഷ്ണനും വ്യാസമഹർഷിയും ചെയ്യുന്നത്.]

ശിശുവിവാഹമാണത്രേ ശുഭം!

കുലസ്ത്രീകൾ പിഴച്ചുപോകാതിരിക്കാനും, വംശശുദ്ധി കളങ്കപ്പെടാതിരിക്കാനും ഉള്ള ഒറ്റമൂലി എന്ന നിലയിലായിരിക്കണം, മനുസ്മൃതി അനുശാസിക്കുന്ന ശുഭവിവാഹം പെൺകുട്ടികളെ ശൈശവദശയിലേ ദാനംചെയ്യാൻ മാതാപിതാക്കളെ നിർബന്ധിതമാക്കുന്നതാണ്. അതുസംബന്ധിച്ചുള്ള ചില നിയമങ്ങൾ കാണുക:

- ✓ കുലാചാരാദികളിൽ ഉത്കൃഷ്ടനും സുരൂപനും സർവ്വഥാ യോജിച്ചവനുമാകുന്ന വരന് കന്യകയെ വിവാഹപ്രായം എത്തിയില്ലെങ്കിൽപോലും വിധിപ്രകാരം നൽകണം.(അധ്യായം:09, ശ്ലോകം:88).
- ✓ ഋതുമതിയാകുമെന്നുള്ള ഭയത്തോടുകൂടിയ പിതാവു മുതലായവർ, നഗ്നികയായ(ഒൻപതോ പത്തോ വയസ്സുള്ള) കന്യകമാരെ ദാനം ചെയ്യണം. ഋതുമതിയായിട്ട് ദാനം ചെയ്യുന്നവനെ പാപം ബാധിക്കുന്നു.(അധ്യായം:9, ശ്ലോകം:88-1).
- ✓ മുപ്പതു വയസ്സുള്ളയാൾ മനസ്സിനിണങ്ങിയ പന്ത്രണ്ടു വയസ്സുള്ള കന്യകയെ വേൾക്കേണ്ടതാണ്; ഇരുപത്തിനാലുകാരൻ എട്ടു വയസ്സുള്ളവളെയും. കന്യകമാർക്ക് വരന്റെ മൂന്നിലൊന്നു വയസ്സായിരിക്കണം പ്രായം.(അധ്യായം:09, ശ്ലോകം:94).(ഈ നിബന്ധനയാണ് ശൈശവവിവാഹം സാർവത്രികമാക്കിയത്).

അതോടൊപ്പം, ഒൻപതാമധ്യായത്തിൽ പറയുന്ന ചില കാര്യങ്ങൾകൂടി നോക്കുക: ഋതുമതിയായകന്യകയെ പിത്രാദികൾ ഗുണവാനായ പുരുഷന് ദാനംനല്കിയില്ലെങ്കിൽ, മൂന്നുവർഷം കാത്തിരുന്നശേഷം, ജാതി,കഴിവ് മുതലായവകൊണ്ടു സദൃശനായ വരനെ അവൾക്ക് സ്വയം വരിക്കാം. അങ്ങനെ സ്വയം വരിക്കുന്നതുകൊണ്ടു വരനോ വധുവിനോ പാപമില്ല. ഒരൊറ്റ നിബന്ധനമാത്രം; അപ്രകാരം സ്വയംവരണം നടത്തിയ കന്യക, പിതാവോ മാതാവോ ഭ്രാതാവോ നൽകിയിട്ടുള്ള ആഭരണങ്ങൾ അവർക്കുതന്നെ തിരികെ കൊടുക്കണം; അല്ലെങ്കിൽ അവൾ സ്നേത(കള്ളി) ആ

യിത്തീരും. ഒറ്റനോട്ടത്തിൽ, മേൽപ്പറഞ്ഞത് പുരോഗമനപരമാണെന്നു തോന്നുമെങ്കിലും, അടുത്തശ്ലോകം ആ സൗമനസ്യത്തിനു പിറകിലെ ഗൂഢോദ്ദേശ്യം പുറത്തുകൊണ്ടുവരുന്നുണ്ട്. തൊണ്ണൂറ്റിമൂന്നാം പദ്യമനുസരിച്ച്, ഋതുകാര്യമായ അപത്യോത്പാദനത്തെ നിരോധിച്ചതിനാൽ, അതോടെ പിതാവിന് കന്യകയുടെ മേലുള്ള ഉടമസ്ഥാവകാശം ഇല്ലാതായിത്തീരും. അതായത്, ഋതുമതിയാകുന്നതിനുമുമ്പു കന്യകയെ പിത്രാദികൾ പുരുഷന് ദാനംനൽകിയില്ലെങ്കിൽ, നിയമപരമായി അവൾ ആ മാതാപിതാക്കളുടെ മകളല്ലാതായിത്തീരും. അത്തരമൊവസ്ഥ ഏതെങ്കിലും മാതാപിതാക്കൾ ആഗ്രഹിക്കുമോ? ശൈശവപ്രായത്തിൽതന്നെ പെൺകുട്ടികളെ വിവാഹംകഴിപ്പിക്കാൻ മാതാപിതാക്കൾക്കുമേൽ നടത്തുന്ന ഒരു സമ്മർദ്ദം എന്നതിനപ്പുറത്തുള്ള പുരോഗമനമൊന്നും ഈ ഉദാരീകരണത്തിലില്ലെന്നു വ്യക്തമാണല്ലോ.

ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്, പുനർവിവാഹവിഷയത്തിൽ സ്മൃതി പുലർത്തുന്ന അസഹിഷ്ണുത. സ്ത്രീകളുടെ പുനർവിവാഹത്തെ കൊടിയ പാപമായാണ് മനുസ്മൃതി കണക്കാക്കുന്നത്: വിവാഹവിധികളിൽ ഒരിടത്തും, മറ്റൊരു പുരുഷനോടുകൂടി വിധവക്ക് പുനർവിവാഹം അനുവദിച്ചിട്ടില്ല. വിധവാവിവാഹം എന്ന പശുധർമ്മത്തെ(മൃഗധർമ്മം) വിദ്വാന്മാർ എല്ലാം നിന്ദിച്ചിട്ടുള്ളതാണ്.(അധ്യായം:9,ശ്ലോകം:65,66)എന്നതാണ് അതിനു കാരണമായി സ്മൃതി നിരത്തുന്നത്. പുനർവിവാഹത്തെ മൃഗധർമ്മമെന്നു വിധിക്കുന്ന സ്മൃതി, അതിന് തയ്യാറാകുന്ന സ്ത്രീകൾക്കൊപ്പം അവരുടെ ബന്ധുമിത്രാദികളെയും വർജ്ജ്യരാക്കുന്നു(?) എന്നതാണ് ഏറെ അപകടകരം. അതായത്, പുനർവിവാഹം വിലക്കുക എന്നത് ഓരോ വിധവയുടേയും ഉറ്റവരുടെ ഉത്തരവാദിത്വമായി അതോടെ മാറി. വിധവാവിവാഹജാതൻ ഹവ്യ-കവ്യവർജ്ജ്യനാണെന്നും(അധ്യായം:03,ശ്ലോകം:155)പുനർവിവാഹങ്ങളിലെ ഭർത്താവിനെ ഭ്രഷ്ടനാക്കണമെന്നും(അധ്യായം:3,ശ്ലോകം:166), പുനർവിവാഹംചെയ്ത സ്ത്രീയിലുണ്ടാകുന്ന പുത്രന് നൽകുന്ന ഭോജനം ചാരത്തിലർപ്പിക്കുന്ന ഹവിസ്സുപോലെ വിഫലമാണെന്നുമുള്ള(അധ്യായം:3,ശ്ലോകം:181) ഭീഷണികൾ, പുനർവിവാഹം തടയാൻ സകലരെയും നിർബന്ധിതരാക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ ചമച്ചതാണെന്ന കാര്യത്തിൽ സംശയമില്ലല്ലോ. മറുവശത്ത്, തന്നേക്കാൾ മുമ്പ് മരിച്ച ഭാര്യയുടെ അന്ത്യകർമ്മത്തിന് അഗ്നികൊളുത്തിയതിനുശേഷം, ഗൃഹസ്ഥൻ വീണ്ടും വിവാഹം ചെയ്യുകയും അഗ്നികർമ്മങ്ങൾ ഉടനെ നടത്തുകയും വേണമെന്നു നിർദ്ദേശിക്കുന്ന മനുസ്മൃതി(അധ്യായം:05,ശ്ലോകം:168) പുരുഷനുമുന്നിൽ പുനർവിവാഹത്തിനുള്ള വാതിലുകൾ മലർക്കെ തുറന്നിടുന്നു എന്നതാണ് വലിയ വൈരുദ്ധ്യം. അപ്പോൾ, പുനർവിവാഹത്തോടല്ല സ്മൃതിക്കു വിപ്രതിപത്തി എന്നുവ്യക്തമാണല്ലോ. സ്ത്രീകളുടെ പുനർവിവാഹമാണ് പ്രശ്നം.

കലാകാരന്മാരെയും കണ്ണിൽകണ്ടുകൂടാ

അബ്രാഹ്മണരും സ്ത്രീകളുംമാത്രമല്ല,കലാകാരന്മാരും മനുസ്മൃതിയുടെ കണ്ണിൽ മനുഷ്യനായി പരിഗണിക്കപ്പെടുന്നില്ല. ഒൻപതാം അധ്യായത്തിലെ 225ആം ശ്ലോകത്തിൽ, ചൂതുകളിക്കാർ, ക്രൂരന്മാർ, പാഷണ്ഡന്മാർ, മദ്യം ഉണ്ടാക്കുന്നവർ തുടങ്ങി ശീഘ്രം നാടുകടത്തപ്പെടേണ്ടവരുടെ ഗണത്തിൽ നർത്തകരെയും ഗായകരെയും

മനുസ്മൃതി കൂട്ടിയിരിക്കുന്നു. മൂന്നാമധ്യായത്തിലെ 155ആംശ്ലോകത്തിൽ ദേവപിതൃകാര്യങ്ങൾക്ക് വർജ്ജ്യരായ ആളുകളുടെ പട്ടിക നിരത്തുന്നിടത്ത് ആദ്യമേ പറയുന്നത് നർത്തകരെയാണ്. മനുഷ്യർക്ക് ആസക്തിതോന്നുന്ന ഗീതം, നൃത്തം മുതലായവകൊണ്ടു പണം സമ്പാദിക്കരുതെന്ന് നാലാം അധ്യായത്തിലെ 15ആം ശ്ലോകത്തിൽ മനു ബ്രാഹ്മണരെ വിലക്കുന്നുണ്ട്. ബ്രാഹ്മണർ നൃത്ത്യങ്ങളോ ഗാനങ്ങളോ ആചരിക്കരുത്; മദ്ദളം മുതലായ വാദ്യങ്ങൾ വായിക്കരുത്(അധ്യായം:4, ശ്ലോകം:64). ബ്രഹ്മചാരികൾ നൃത്തം,ഗീതം,വീണാവാദനം എന്നിവ വർജ്ജിക്കണമെന്നു രണ്ടാമധ്യായത്തിലെ ശ്ലോകം-178ൽ നിരോധിക്കുന്നു. നാലാമധ്യായത്തിൽ, ബ്രാഹ്മണൻ ആഹാരം കഴിക്കരുതാത്തവരുടെ കൂട്ടത്തിൽ, പലിശക്കു പണം കൊടുത്തു ജീവിക്കുന്നവർ, ചോരൻ എന്നിവർക്കൊപ്പം ഗായകരെയും ചേർത്തിരിക്കുന്നു.(ശ്ലോകം: 210). അതേ അധ്യായത്തിൽതന്നെ 214ആം ശ്ലോകത്തിൽ, പരദൂഷണംപറയുന്നവൻ, കള്ളസാക്ഷിചെയ്യുന്നവൻ, കൃതഘ്നൻ, പണം മേടിച്ച് യാഗഫലം വിൽക്കുന്നവൻ എന്നിവരുടെയൊന്നും അന്നം ഭുജിക്കരുത് എന്നു വിലക്കുന്നിടത്ത് നടനെയും ഉൾപ്പെടുത്തിയിരിക്കുന്നു. തൊട്ടടുത്ത പദ്യത്തിൽ, താളമേളക്കാരെയും പതിതരായി ഒഴിച്ചുനിർത്തിയിരിക്കുന്നു. നാലാമധ്യായത്തിലെ 219ആം ശ്ലോകപ്രകാരം, ശില്പിയുടെ അന്നം കഴിച്ചാൽ ബ്രാഹ്മണനു സന്താനനാശമുണ്ടാകുന്നതായി പേടിപ്പിക്കുന്നുണ്ട്. പക്ഷേ, മനുസ്മൃതി പതിതരായിക്കാണുന്ന മനുഷ്യരുടെ പ്രാർത്ഥനകളും വേദങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എന്നതാണ് കൗതുകകരം.അവരുടേതായ പ്രാത്ഥനകൾ വേദങ്ങളിൽ കാണാൻകഴിയും. പുരാണേതിഹാസങ്ങളിലും കലാകാരന്മാരേയും കരകൗശലവിദഗ്ദരേയും ആദരണീയരായാണ് ഗണിക്കുന്നത്. യജ്ഞങ്ങളിൽപ്പോലും ഗായകരും നർത്തകരും പങ്കെടുത്തതായി മഹാഭാരതത്തിൽ കാണാം.

വേദങ്ങൾ എല്ലാം ശ്രുതിപ്രധാനവും ഗാനാത്മകമാണ്. മാത്രവുമല്ല, സ്വരങ്ങൾ,മാത്രകൾ എന്നിവ മുഖ്യ പ്രതിപാദ്യമായ സാമവേദമാണ് സംഗീതകലയുടെയും നൃത്തത്തിന്റെയും മൂലഗ്രന്ഥമായി ഭാരതത്തിൽ കണക്കാക്കുന്നത്. സാമവേദത്തിന്റെ ഉപവേദമായ ഗാന്ധർവ്വവേദം പലതരം സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയമങ്ങളും നിർദ്ദേശങ്ങളും വിവരിക്കുന്നതാണ്.ചെറുതെങ്കിലും ഔന്നത്യത്തിൽ മുന്നിൽ നിൽക്കുന്ന സാമവേദത്തെപ്പറ്റി ശ്രീകൃഷ്ണൻ പറഞ്ഞ വാക്കുകൾ, സാമവേദത്തിന്റെ മഹത്വം വ്യക്തമാക്കുന്നു: 'വേദാനാം സാമവേദോƒസ്മി-വേദങ്ങളിൽ ഞാൻ സാമവേദമാണ്'. സാമവേദത്തിലെ ഭൂരിപക്ഷം സൂക്തങ്ങളും ഋഗ്വേദത്തിലേതുതന്നെയായതുകൊണ്ട് ഋഗ്വേദത്തിന്റെ ഗാനരൂപമാണ് സാമവേദമെന്നും അറിയപ്പെടുന്നുണ്ട്. സത്യം ഇതായിരിക്കെ, വേദങ്ങളെക്കുറിച്ച് പരിമിതജ്ഞാനമെങ്കിലുമുള്ള ഒരാളാണ് മനുസ്മൃതിയിലെ കലാകാരന്മാരെ നീചരായവതരിപ്പിക്കുന്ന നിയമങ്ങൾ എഴുതിയതെന്നു വിശ്വസിക്കാൻകഴിയുന്നില്ല. ബ്രഹ്മാവ് യാഗാനുഷ്ഠാനത്തിനായി അഗ്നി,വായു,രവി എന്നിവയിൽനിന്നും യഥാക്രമം ഋക്, യജുസ്,സാമം എന്നീവേദത്രയത്തെ അഭിവ്യക്തമാക്കി എന്ന് ഒന്നാമധ്യായത്തിലെ ഇരുപത്തിമൂന്നാം ശ്ലോകത്തിൽ പറയുന്ന മനുതന്നെയാണോ ഇത്തരം വികൃതശാസനങ്ങളുടെ സ്രഷ്ടാവെന്ന കാര്യത്തിൽ സംശയമുണ്ട്. കലാകാരന്മാരോട് സ്ത്രീകൾക്കു പ്രതിപത്തിയുണ്ടാകും എന്ന ഭയത്തെത്തുടർന്ന്, കുലവിശുദ്ധിഭ്രാന്തു ബാ

ധിച്ച ചിലർ മനുവിന്റെ പേരിൽ എഴുതിച്ചേർത്തതാവാം അത്തരം ചട്ടങ്ങൾ എന്നു സംശയിച്ചാൽ ആർക്കും തെറ്റുകാണാനാകില്ല.

മുഴുവൻ വേദങ്ങളുടെയും സാന്നിദ്ധ്യം നാട്യകലയിൽ ഒരുമിയ്ക്കുന്നതിന്റെ ഒരു കഥയുണ്ട്. ഇന്ദ്രനും ഇതരദേവതകളും ബ്രഹ്മാവിനെ ചെന്നുകണ്ട്, എല്ലാത്തരം ജനങ്ങൾക്കും ജ്ഞാനമെത്തുവാൻ പാകത്തിൽ ഒരു ഉപാധിയുണ്ടാക്കിത്തരണം എന്ന് അഭ്യർത്ഥിച്ചു. ബ്രഹ്മാവ് ഋഗ്വേദത്തിൽനിന്നു സംഭാഷണങ്ങളും സാമവേദത്തിൽ നിന്നും സംഗീതവും യജുർവേദത്തിൽനിന്നും അനുകരണവിദ്യയും അഥർവ്വവേദത്തിൽനിന്നും വികാരങ്ങളും എടുത്ത്, അഞ്ചാംവേദമായ നാട്യകലയുണ്ടാക്കിയെന്നാണ് നാട്യശാസ്ത്രത്തിന്റെ പിതാവ് ഭരതമുനി പറയുന്നത്. ബ്രഹ്മനിർമ്മിതമായ വേദങ്ങളിൽനിന്നുത്ഭവിച്ച കലാസൃഷ്ടിയാൽ അനുഗ്രഹീതരായവരെ മ്ലേച്ഛരായി കണക്കാക്കുന്ന മനുസ്മൃതിയിലെ വികടനിയമങ്ങൾ വേദവിരുദ്ധം തന്നെയാണ്. അപ്പോൾ,പിന്നെ എന്തുകൊണ്ടാണ് മനുസ്മൃതി കലാകാരന്മാരെ ഇത്ര നിന്ദ്യരായി ഇകഴ്ത്തുന്നത് എന്ന സംശയമുണ്ടാകുന്നത് സ്വാഭാവികമാണല്ലോ. കലാകാരന്മാർ കണ്ണിൽ കണ്ടുകൂടാത്തവരാക്കുന്നതിനു പിറകിലെ കാരണം അവരുടെ കഴിവിൽ സ്ത്രീകൾ ആകൃഷ്ടരാകുമെന്ന വംശവിശുദ്ധിവാദികളുടെഭയമാണ് എന്നതാണ് വസ്തുത. ആ ഭീതി വെളിവാക്കുന്ന പരാമർശങ്ങൾ മനുസ്മൃതിയിൽ ഇടംപിടിച്ചിട്ടുണ്ട്. കലാകാരന്മാരുമായുള്ള സംസർഗ്ഗം വർണ്ണസങ്കരത്തിനു വഴിവെക്കും എന്ന് അവർ ആശങ്കപ്പെടുന്നു.ആ ഭീതിയുടെ ബഹിർസ്ഫുരണമാണ് പ്രതിഭയുള്ളവരെ മുഴുവൻ പതിതരാക്കുന്ന മനുനിയമങ്ങളുടെ കാതൽ. ആ പാതകത്തിനു മറയിടാനുള്ള അടവാണ് അതുമായിബന്ധപ്പെട്ട മറ്റുവ്യാഖ്യാനങ്ങളെല്ലാം. ഇതര കലാകാരന്മാരെയെല്ലാം അസ്പൃശ്യരാക്കുമ്പോഴും, എഴുത്തുകാരെമാത്രം മനുസ്മൃതി തൊടുന്നതേയില്ലാ എന്നതും, അന്യവർണ്ണികളോ അവർണ്ണരോ ആയ കവികൾപ്പോലും സ്വന്തം ആളുകളാണെന്നു വരുത്താൻ അവർ ശ്രമിക്കുന്നതും കൂടി ശ്രദ്ധിക്കുക.

വൈദ്യന്മാരും അസ്പൃശ്യരത്രേ

കലാകാരന്മാർ മാത്രമല്ല, വൈദ്യന്മാരും മനുസ്മൃതിയുടെ മുൻപിൽ പതിതരാണ്. ശമ്പളത്തിനുവേണ്ടി ദേവപൂജ ചെയ്യുന്നവർ(?), മാംസവ്യാപാരികൾ, കച്ചവടക്കാർ എന്നിവരെപ്പോലെ, വൈദ്യന്മാരും ഹവ്യകവ്യങ്ങളിൽ വർജ്ജ്യരാണെന്നു മൂന്നാമധ്യായത്തിലെ, ശ്രാദ്ധത്തിനു ക്ഷണിക്കാൻ അയോഗ്യർ എന്ന ഉപശീർഷകത്തിലെ ശ്ലോകം-152ൽ പറയുന്നു. അതിന്റെ തുടർച്ചയായി, ഭോജനംമൂലം ലഭിക്കുന്ന ഫലം വിവരിക്കുന്നിടത്ത്, വൈദ്യവൃത്തിചെയ്യുന്ന ബ്രാഹ്മണനു നല്കുന്ന ഭോജനം പൂയശോണിതമായി(ചോരയും ചലവുമായി)മാറും എന്ന പരാമർശവും കാണുന്നു.(ശ്ലോകം:180). നാലാമധ്യായത്തിൽ, 205മുതൽ 220വരെയുള്ള ശ്ലോകങ്ങളിൽ, ആരിൽനിന്നൊക്കെ അന്നം ഭുജിക്കരുതെന്ന് മനുസ്മൃതി വിശദമായി പറയുന്നുണ്ട്. അതിൽ, 212ആം ശ്ലോകത്തിൽ, വൈദ്യൻ നൽകുന്ന ആഹാരം വർജ്ജ്യമാണെന്നും, 220ആം ശ്ലോകത്തിൽ, വൈദ്യൻ നൽകുന്ന ഭക്ഷണം പൂയഭക്ഷണ(ചലം) തുല്യമാണെന്നും കാണുന്നു. ആരുടെയൊക്കെ അന്നം അഭക്ഷ്യമാണെന്നു വിലക്കുന്നുവോ, അവരിൽനിന്നും അറിയാതെ ഭക്ഷണം സ്വീകരിച്ചാൽ മൂന്നു ദിനം ഉപവാസം അനുഷ്ഠി

ക്കണമെന്ന പ്രതിവിധിയും മനുസ്മൃതി നിർദ്ദേശിക്കുന്നു. ആയുർവ്വേദം വേദാംഗമാണെന്ന കാര്യമൊന്നും, വൈദ്യന്മാരെ പതിതരാക്കുന്ന വിലക്കുകൾ പ്രസ്താവിക്കുമ്പോൾ മനുസ്മൃതി എഴുതിയ ആൾ പരിഗണിക്കുന്നതേയില്ല.

വൈദ്യന്മാരെ മനുസ്മൃതി അത്രമേൽ നിന്ദാപൂർവ്വം നോക്കുന്നതിന്റെ കാരണം, ജാതിഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം ആര്യാധിപത്യസമൂഹങ്ങളിൽ അലംഘനീയമായിരുന്നു എന്നതായിരിക്കാം. പത്താം അധ്യായത്തിൽ, സങ്കരജാതീയരുടെ തൊഴിൽ നിർദ്ദേശിക്കുമ്പോൾ,ചികിത്സ അംബഷ്ഠരുടെകുലത്തൊഴിലായാണ് പറയുന്നത്(ശ്ലോകം:47). ബ്രാഹ്മണർക്ക് വൈശ്യയിൽ ഉണ്ടാകുന്ന പുത്രന്മാരാണ് അംബഷ്ഠരെങ്കിലും(അധ്യായം:10,ശ്ലോകം:8) വർണ്ണസങ്കരം സംഭവിച്ചതിനാൽ അവർ നികൃഷ്ടരാണെന്നും(അധ്യായം: 10 ശ്ലോകം:10), അനുലോമജാതരായ അവർ നിന്ദ്യങ്ങളായ ജോലികളിലേർപ്പെട്ട് കഴിയണമെന്നും സ്മൃതി നിഷ്കർഷിക്കുന്നു.(അധ്യായം:10 ശ്ലോകം:46). അതിനാലായിരിക്കാം വൈദ്യന്മാരെ അസ്പൃശ്യരും നികൃഷ്ടരുമാക്കി മനു പുറത്താക്കുന്നത്. മനുസ്മൃതി വേദവാക്യമായി സ്വീകരിച്ചവരാരും ചികിത്സയ്ക്കുവേണ്ടി വൈദ്യന്മാരെ ആശ്രയിച്ചിരുന്നില്ലേ എന്നസംശയം സ്വയംചോദിച്ച് ഉത്തരംകണ്ടെത്തുക. കാരണം, മനുസ്മൃതിയെ പ്രതികൂലമായ തർക്കങ്ങളാൽ വിചാരണചെയ്യാൻപാടില്ലെന്നും, അതിന് വിപരീതമായി വർത്തിക്കുന്നവർ നാസ്തികരായി കണ്ടു ബഹിഷ്കരിക്കണമെന്നുമത്രേ സ്മൃതിയുടെ നിലപാട്(അധ്യായം:2,ശ്ലോകം:10,11). പ്രമുഖ അഷ്ടവൈദ്യൻ ചെറിയ നാരായണൻ നമ്പൂതിരി, തങ്ങൾ ബ്രാഹ്മണസമൂഹത്തിലെ അസ്പൃശ്യരാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനുകാരണം അവർ ചികിൽസ ചെയ്യുന്ന വൈദ്യന്മാരാണ് എന്നതാണ്. മനുസ്മൃതി, കേവലം ഏട്ടിൽ ഒതുങ്ങുന്ന മാമൂലുകൾ മാത്രമായിരുന്നില്ലാ; ബ്രാഹ്മണരിലെ ചില സമൂഹങ്ങളെപ്പോലും വേട്ടയാടിയിരുന്ന നിഷ്ഠൂരതയായിരുന്നു എന്നാണല്ലോ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽനിന്നും വെളിവാകുന്നത്.

വൈദ്യന്മാർമാത്രമല്ല, ഉത്പാദനസേവനമേഖലകളിൽ പണിയെടുക്കുന്നവരെല്ലാം സ്മൃതികാരന്റെ കണക്കിൽ നികൃഷ്ടരാണ്. തച്ചൻ,കൊല്ലൻ,തട്ടാൻ,അലക്കുകാരൻ, തയ്യൽക്കാരൻ, മുളകൊണ്ടു കൊട്ട നെയ്യുന്നവൻ, വസ്ത്രങ്ങൾ ചായംമുക്കുന്നവൻ,ശില്പി മുതലായവരെല്ലാം അശുദ്ധരാണെന്നും അവർ നൽകുന്ന അന്നം അഭക്ഷ്യമായതിനാൽ കഴിക്കരുതെന്നും മനുസ്മൃതി നാലാമധ്യായത്തിലെ 210 മുതൽ 216വരെയുള്ള ശ്ലോകങ്ങളിൽ വിലക്കുന്നുണ്ട്. ഒരുപക്ഷെ, അത് ബ്രാഹ്മണർക്കുള്ള നിയന്ത്രണമാകാം. മേൽ പറഞ്ഞവരുടെ അന്നം ആയുസ്സും തേജസ്സും കീർത്തിയും ശരീരബലവും സന്തതികളെയും നശിപ്പിക്കുന്നു എന്നതാണ് മനുസ്മൃതി അതിനു നിരത്തുന്ന ന്യായീകരണം. കൃഷി,കച്ചവടം തുടങ്ങിയ ജീവനോപാധികളും നിഷിദ്ധകർമ്മങ്ങളായാണ് മനു നിശ്ചയിച്ചിട്ടുള്ളത്(അധ്യായം:10). ആര്യാധിപത്യസമൂഹങ്ങളിൽ അദ്ധ്വാനവും ആഢ്യത്വവും എല്ലാവിധത്തിലും വിപരീതാനുപാതത്തിലായിരുന്നു. മറ്റുള്ളവരെ ചൂഷണംചെയ്തു മേലനങ്ങാതെ കഴിഞ്ഞിരുന്നവർ ആഢ്യരും അദ്ധ്വാനിച്ചു സമൂഹത്തെ നിലനിർത്തിയിരുന്നവർ അപസദന്മാരുമായിരുന്നു (നീചന്മാർ). അപ്പോഴും ബാക്കിയാകുന്ന ഒരു സന്ദേഹമുണ്ട്: അദ്ധ്വാനിക്കുന്നവരെ

യെല്ലാം പതിതരാക്കുകയും അവരുടെ കായികാദ്ധ്വാനത്തിന്റെ ഫലങ്ങൾ പതിതത്വമോ അസ്പൃശ്യതയോ തീണ്ടാതെ അമൃതുപോലെ ആസ്വദിക്കുകയുംചെയ്തിരുന്ന ആ ഇരട്ടനാവിനെ എന്തു പേരിട്ടുവിളിക്കണം? പത്തായം പെറ്റതല്ലല്ലോ ചക്കിയെക്കൊണ്ടു കുത്തിച്ച് തമ്പുരാട്ടിമാർ അന്ന് ഉണ്ണികളെ ഊട്ടിയിരുന്നത്.

അംഗപരിമിതരും പതിതർതന്നെ

അദ്ധ്വാനിക്കുന്നവർ മാത്രമല്ല, അംഗപരിമിതരും സ്മൃതിയുടെ കണക്കിൽ പതിതരാണ്. അവർ ശ്രാദ്ധകർമ്മം പോലെയുള്ള പുണ്യമുഹൂർത്തങ്ങളിൽ ക്ഷണിക്കാൻ അയോഗ്യരാണെന്നും, അവർ പങ്കെടുത്താൽ കർമ്മങ്ങൾ നിഷ്ഫലമാകുമെന്നും മൂന്നാം അധ്യായത്തിലെ വിവിധ ശാസനങ്ങളിൽ പറയുന്നു. മാത്രവുമല്ല, അന്ധൻ, ക്ലീബൻ,ബധിരൻ,മന്ദൻ,മൂകൻ,വികലാംഗൻ ഇവർക്കു പിതൃസ്വത്തിൽ അവകാശമില്ലെന്നതാണ് മനുസ്മൃതി മതം.(അധ്യായം:09 ശ്ലോകം:201). ഇജ്ജന്മത്തിൽ ചെയ്ത നിഷിദ്ധകർമ്മങ്ങളാൽ ചില ദുഷ്ട മനുഷ്യരും, പൂർവ്വജന്മത്തിൽ ചെയ്ത ദുഷ്കർമ്മങ്ങൾകൊണ്ട് വേറെചിലരും അംഗവിഹീനരും വിരൂപരുമായി പരിണമിക്കുന്നു എന്നതാണ് സ്മൃതി ആ അനീതിയെ സമർത്ഥിക്കാൻ ആവിഷ്കരിക്കുന്ന സിദ്ധാന്തം.(അധ്യായം:11,ശ്ലോകം:48). പൂർവ്വജന്മത്തിൽ സ്വർണ്ണം കവർന്നവൻ കൂനനായും, സുരപാനം ചെയ്തവർ കറുത്ത പല്ലുള്ളവരായും ജനിക്കുന്നു(അധ്യായം:11 ശ്ലോകം: 50). ധാന്യം മോഷ്ടിച്ചവൻ അംഗവിഹീനനും, ധാന്യാദികളിൽ മായം ചേർത്തവൻ അംഗാധിക്യമുള്ളവനുമായും ജനിക്കുന്നു.(അധ്യായം:11 ശ്ലോകം:50). ആചാര്യന്റെ അനുവാദമില്ലാതെ വേദം കേട്ടുപഠിച്ചവൻ മൂകനും കുതിരയെ മോഷ്ടിച്ചവൻ മുടന്തനുമായും ഭവിക്കുന്നു.(അധ്യായം:11 ശ്ലോകം:51). വിളക്കു കക്കുന്നവൻ കുരുടനും, വിളക്കുകെടുത്തുന്നവൻ ഒറ്റക്കണ്ണനുമാകും.(അധ്യായം:11 ശ്ലോകം:51). പൂർവ്വകൃത ദുഷ്കർമ്മങ്ങളുടെ പാപഫലം അനുഭവിച്ചുതീർക്കാനാണ് അമ്മാതിരി വൈകല്യങ്ങളും വൈരൂപ്യങ്ങളുമെന്ന സ്മൃതിവ്യാഖ്യാനം(അധ്യായം:11 ശ്ലോകം:52) എത്രമാത്രം നിഷ്ഠൂരവും മാനവവിരുദ്ധമാണെന്ന് ആലോചിക്കുക. ആഢ്യത്വചിന്ത സത്ഗുണങ്ങളെ ഇല്ലായ്മചെയ്യുന്നതിന്റെ ഫലമാകാം ചിന്തയിലെ ആ ക്രൗര്യം.

ബ്രഹ്മാവിന്റെ ഒരംഗത്തിൽനിന്നുമാത്രം(മുഖം) സൃഷ്ടിക്കപ്പെട്ടതാണ് തങ്ങളുടെ മഹിമയ്ക്കു കാരണം എന്ന് അഹങ്കരിക്കുന്നവർ, സമ്പൂർണ്ണരെ മാത്രം ശുദ്ധരായി കാണുന്ന വിവരക്കേടിനു മരുന്നില്ല എന്നുമാത്രം അറിയുക. അഷ്ടാവക്രൻ എന്ന മഹാമുനിയെയും, ത്രിവക്രയെന്ന കൂനിയെയും,ബാലഖില്യന്മാരെന്ന പെരുവിരൽ വലിപ്പത്തിലുള്ള കുള്ളൻ സന്യാസപരമ്പരയെയും മഹനീയസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ച ആർഷസംസ്കൃതിയും, അംഗപരിമിതരെ അസ്പൃശ്യരാക്കുന്ന ആര്യസംസ്കാരവും ഒന്നല്ല എന്നുമാത്രമല്ല; തമ്മിൽ നക്ഷത്രവർഷങ്ങളുടെ അന്തരവുമുണ്ട് എന്നതാണ് മനുഷ്യപക്ഷത്തു നിൽക്കുന്ന സകലരും മനസ്സിലാക്കേണ്ടത്.

പുരാണപുരുഷന്മാർക്ക് പൂണൂലിടുന്ന അപനിർമ്മിതി

പുരേണേതിഹാസങ്ങളിലെ ചില മഹാത്മാക്കളെ അപനിർമ്മിക്കാനുള്ള ശ്രമവും മനുസ്മൃതി നടത്തുന്നുണ്ട്. യാതൊരു വിവേചനങ്ങളും ഇല്ലാതിരുന്ന ഒരുകാലത്ത് സംഭവിച്ചതായികരുതപ്പെടുന്ന പുരേണേതിഹാസങ്ങളിലെ ആഖ്യാനങ്ങളെ തങ്ങ

ളുടെ വഴിക്കുവരുത്താനുള്ള ശ്രമമാണ് മനുസ്മൃതി ഇതിലൂടെ നടത്തുന്നത്. അതിനുപിന്നിലെ താത്പര്യം പുരാണപുരുഷന്മാരെ പൂണൂലണിയിക്കുകയും, അവർ ജന്മംകൊണ്ട് ആഢ്യരാണെന്ന ധാരണ പ്രചരിപ്പിക്കുകയുമാണ്. ആ അപനിർമ്മിതി സനാതനസംസ്കൃതിയുടെ അടിസ്ഥാനസിദ്ധാന്തങ്ങൾക്കു വിപരീതമാണ്:

- ✓ സ്ത്രീ വിധിപ്രകാരം വിവാഹംകൊണ്ട് എന്തുമാതിരി ഗുണമുള്ള ഭർത്താവിനോട് ചേരുന്നുവോ, അവൾ സമുദ്രത്തോടു ചേരുന്ന നദിപോലെ, പതിയ്ക്കു തുല്യമായ ഗുണങ്ങളോടു കൂടിയവളായിത്തീരുന്നു. നീചയോനീജാതയായ അക്ഷമാല വസിഷ്ഠൻ വിവാഹംകഴിച്ചതിനാലും ശാരങ്ഗി മന്ദപാലനെന്ന ഋഷി വേട്ടതിനാലും പൂജ്യതയെ പ്രാപിച്ചു. ഇവരും, അതുപോലെ താണജാതികളിൽ പിറന്ന പലരും അവരുടെ ഭർത്താക്കന്മാരുടെ ഉത്കൃഷ്ടഗുണങ്ങൾകൊണ്ട് ഉന്നതരായിത്തീർന്നിട്ടുണ്ട്. സത്യവതി മുതലായി വേറെയും സ്ത്രീകൾ ഇപ്രകാരം ഉത്കൃഷ്ടരായിത്തീർന്നിട്ടുണ്ട്(അധ്യായം:09, ശ്ലോകം:22,23).
- ✓ സ്ത്രീ വയലിന് തുല്യമാണെന്നും പുരുഷൻ വിത്തിനുസമമാണെന്നും മുനികൾ കരുതുന്നു. സകലജീവികളുടെയും ഉത്പത്തി ക്ഷേത്രബീജസംയോഗംകൊണ്ടാകുന്നു. ചിലയിടത്ത് ബീജമാണ് പ്രധാനം; ചിലയിടത്ത് ക്ഷേത്രവും. രണ്ടും സമമായ സന്താനം വിശിഷ്ടം. ബീജപ്രധാന്യത്തിന് ഉദാഹരണം വ്യാസൻ; ക്ഷേത്രപ്രാധാന്യത്തിന് ദൃഷ്ടാന്തം ധൃതരാഷ്ട്രാദികളും(അധ്യായം:9, ശ്ലോകം:33,34).(ബ്രാഹ്മണ്യത്തിന്റെ ആവശ്യമാണ് പ്രധാനം എന്നു ചുരുക്കം).
- ✓ മനുസ്മൃതി ഏഴാമധ്യായത്തിൽ, രാജകർത്തവ്യം എന്ന ഭാഗത്തിലെ നാല്പത്തിരണ്ടാം ശ്ലോകത്തിൽ, വിനയത്തിന്റെ മഹത്വം പ്രസ്താവിക്കുമ്പോൾ, അതിനു സാധൂകരണമായി ഇങ്ങനെ പറയുന്നു: 'വിനയംകൊണ്ടു പൃഥുവും മനുവും രാജ്യം സമ്പാദിച്ചു. കുബേരൻ ഐശ്വര്യവും ധനവും നേടി. ക്ഷത്രിയനായിട്ടും വിശ്വാമിത്രൻ ബ്രാഹ്മണ്യംപ്രാപിച്ചു'(പൃഥുസ്തു വിനയാദ്രാജ്യം.. ബ്രാഹ്മണ്യം ചൈവഗാധിജഃ). ഈ ശ്ലോകത്തിലെ ഗാധിപുത്രൻ വിശ്വാമിത്രൻ ആണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്, വിശ്വാമിത്രൻ തപസ്സുചെയ്തു ബ്രാഹ്മണനായി എന്ന പ്രചാരണം പ്രബലമായത്. എന്നാൽ, ഇതിഹാസങ്ങളിലെ പരാമർശങ്ങൾ ഈ വാദത്തെ തള്ളിക്കളയുന്നതാണ്.

അനാര്യന്മാരായ പുണ്യാത്മാക്കളെ പൂണൂലിട്ടു ബ്രാഹ്മണരാക്കുന്നത്, ജാതിബ്രാഹ്മണ്യം കാലാകാലങ്ങളായി സ്വീകരിച്ചിരുന്ന ഒരടവാണ്. അതിന്, പിതാവുവഴിയോ മാതാവുവഴിയോ പൂർവ്വജന്മം വഴിയോ ഒരു വേരു കണ്ടെടുത്ത് കഥ മെനഞ്ഞ് പ്രചരിപ്പിക്കുന്നതിന്റെ അനവധി ഉദാഹരങ്ങൾ പുരാണങ്ങളിൽ കാണാം. മൂന്നാമധ്യായത്തിൽ, വിവിധ വർണ്ണികൾക്കുണ്ടാകുന്ന സങ്കരസന്താനങ്ങളെ കൃത്യമായി നിർവ്വചിച്ച് ചാതുർവർണ്യത്തിൽനിന്നും പുറംതള്ളിയ മനുസ്മൃതി മേൽപ്പറഞ്ഞ ശ്ലോകങ്ങളിൽ കാണിക്കുന്ന മെയ്‌വഴക്കം ശ്രദ്ധിക്കേണ്ടതാണ്. മഹാന്മാക്കളുടെ കാര്യത്തിൽ കുലം നിർണ്ണയിച്ചിരുന്നത് ബ്രാഹ്മണ്യത്തിന്റെ സൗകര്യം നോക്കിയാണെന്നു തിട്ടം. ആവശ്യമാണ് സൃഷ്ടിയുടെ മാതാവ് എന്ന സിദ്ധാന്തമാണ് മനു അവലംബിക്കുന്നത്. അതുകൊണ്ടാണ്, വ്യാസമഹർഷിക്ക് അച്ഛൻവഴിയും(ബീജം) വ്യാസ

പുത്രനായ ധൃതരാഷ്ട്രർക്ക് അമ്മവഴിയും(ക്ഷേത്രം) വിശ്വാമിത്രന് സൽസ്വഭാവം വഴിയും ബ്രാഹ്മണ്യംചാർത്തിക്കൊടുക്കാൻ മനുസ്മൃതി മുടന്തൻന്യായംനിരത്തുന്നത്.അപ്പപ്പോൾ കാണുന്നത് ആപ്തവാക്യമാക്കുന്ന ഈ മെയ്‌വഴക്കമാണ് മനുസ്മൃതിയുടെയും മനുവാദികളുടെയും വിജയരഹസ്യം. പക്ഷേ, മറ്റാരും ആ കൃതികൾ വായിക്കാത്ത കാലംവരെ മാത്രമേ ആ വിജയത്തിന് ആയുസ്സുള്ളൂ.

വിഷവൃക്ഷങ്ങൾക്കു നടുവിലെ പൂച്ചെടികൾ

അടിമുടി പ്രതിലോമകരമായ നിർദ്ദേശങ്ങൾ നിറഞ്ഞ മനുസ്മൃതിയിൽ, അവിടെയും ഇവിടെയും കുറെ നന്മയുടെ പൂച്ചെടികളും കാണാം. ആ മാതൃകകൾ സ്വീകരിക്കപ്പെടാതെ പോകരുത്. മൂന്നാംഅധ്യായത്തിലെ 56മുതൽ 59വരെയുള്ള ശ്ലോകങ്ങളിൽ സ്ത്രീകൾ ആദരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉദ്ഘോഷിക്കുന്നത് മനുസ്മൃതിയിലെ അത്തരം നന്മയുടെ അപൂർവ്വ ഉദാഹരണങ്ങളാണ്:

- ✓ ഏതൊരു കുലത്തിൽ സ്ത്രീകൾ പിത്രാദികളാൽ ആദരിക്കപ്പെടുന്നുവോ, അവിടെ ദേവതകൾ പ്രസാദിക്കുന്നു. എവിടെ അവർ ആദരിക്കപ്പെടുന്നില്ലയോ, അവിടെ ചെയ്യപ്പെടുന്ന യാഗാദികർമ്മങ്ങളെല്ലാം വിഫലങ്ങളായിപ്പോകുന്നു(യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ /യത്രൈതാസ്തു ന പൂജ്യന്തേ സർവാസ്തത്രാഫലാഃ ക്രിയാഃ(അധ്യായം:03 ശ്ലോകം:56)
- ✓ കുലസ്ത്രീകൾ ദുഃഖിക്കാനിടവരുന്ന കുലങ്ങൾ ശീഘ്രം നശിച്ചുപോകുന്നു. അവർ ദുഃഖിക്കാനിടവരാത്ത കുലങ്ങളിൽ സർവ്വഥാ സമ്പത്ത്, സന്തോഷം മുതലായവ വർദ്ധിച്ചുവരുന്നു.(ശോചന്തി ജാമയോ യത്ര വിനശ്യത്യാശു തത് കുലം ശോതന്തി തു യത്രൈതാ വർധനേ തദ്ധി സർവ്വഥാ.(ശ്ലോകം:57)
- ✓ യഥായോഗ്യം സത്കാരം ലഭിക്കാതെ കുലസ്ത്രീകൾ 'ഇവിടം മുടിഞ്ഞുപോകട്ടെ'യെന്ന് ഏതൊരു കുലത്തെ ശപിക്കുന്നുവോ, ആ കുലം ദുർദ്ദേവത ബാധിച്ചതുപോലെ എല്ലാ വിധത്തിലും നാശമടയും.(ജാമായോ യാനി ഗേഹാ നിശപന്ത്യപ്രതിപൂജിതാഃ/താനി കൃത്യാഹതാനീവ വിനശ്യതി.(ശ്ലോകം:58).
- ✓ ക്ഷേമം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ആളുകൾ, കല്ല്യാണം, ഉപനയനം തുടങ്ങിയ വിശേഷാവസരങ്ങളിൽ എപ്പോഴും കുലസ്ത്രീകളെ ആഭരണം, വസ്ത്രം,ആഹാരം എന്നിവ നൽകി ബഹുമാനിക്കേണ്ടതാകുന്നു.(തസ്മാദേതാഃ സദാ പൂജ്യാ ഭൂഷണാച്ഛാദാനാശനൈ/ ഭൂതകാമൈർനരൈർ നിത്യം സത്കാരേഷുത്സവേഷു.(അധ്യായം:03 ശ്ലോകം:59)
- ✓ മഹാഭാഗ്യവതികളായ സ്ത്രീകളെ സത്സന്താനലാഭത്തിനായി ആദരിക്കേണ്ടതാണ്. വീട്ടിലെ കെടാവിളക്കുകളാണവർ. ഭവനങ്ങളിൽ സ്ത്രീയും ശ്രീയും തമ്മിൽ യാതൊരു ഭേദവുമില്ല.(അധ്യായം:09 ശ്ലോകം:26).

എന്നാൽ, മേൽ നിർദ്ദേശങ്ങൾ സർവ്വ സ്ത്രീകൾക്കും ബാധകമാണോ എന്നകാര്യം സംശയമാണ്. അത് കുലസ്ത്രീകളെ മാത്രം ആദരണീയരാക്കുന്ന ഒരു അഭ്യാസമാകാനാണ് സാധ്യത. എന്തുകൊണ്ടെന്നാൽ,ബ്രാഹ്മണികളെമാത്രമാണ് സ്മൃതിനിയമങ്ങൾ കുലസ്ത്രീകളായി പരിഗണിച്ചിരുന്നത്. അവരുടെ മാന്യത ഉറപ്പാക്കുകയാകാം ലക്ഷ്യം. എങ്കിൽപ്പോലും, അവ മാതൃകാ നിർദ്ദേശങ്ങളായി കൈക്കൊള്ളാം.

വ്യക്തിജീവിതത്തിൽ പുലർത്തേണ്ട മിതത്വവും, മാതൃത്വത്തിന്റെ മഹത്വവും ഊന്നിപ്പറയുന്ന ചില ശ്ലോകങ്ങളും മനുസ്മൃതിയിൽ കാണാം. ആ നിർദ്ദേശങ്ങളും നിരങ്കുശം സ്വീകരിച്ചു ജീവിതത്തിൽ പ്രാവർത്തികമാക്കാം:

- ✓ ഭോജനത്തിന്റെ ഉച്ഛിഷ്ടം ആർക്കും കൊടുക്കരുത്. രണ്ടു നേരവുമല്ലാതെ ഇടയ്ക്കു ഭക്ഷിക്കരുത്. അതിഭോജനം അനാരോഗ്യകരവും ആയുർനാശകവും സ്വർഗ്ഗപ്രാപ്തിയ്ക്കു പ്രതിബന്ധകവും ലോകനിന്ദിതവുമാണ്. (അധ്യായം:2,ശ്ലോകം:56,57).(വിപ്രോച്ഛിഷ്ടമെന്ന പരിഹാരകർമ്മം സാധുവാണോ?)
- ✓ നിത്യവും അന്നത്തെ പ്രാണാർത്ഥമായി ധ്യാനിക്കുകയും നിന്ദിക്കാതെ ഭുജിക്കുകയും വേണം. ആഹാരം കണ്ടു പ്രസാദിക്കുകയും നിത്യവും, നമുക്കിത് ഉണ്ടാകട്ടെ എന്നു പ്രതിനന്ദിക്കുകയും വേണം.(അധ്യായം:02, ശ്ലോകം:54)
- ✓ പത്ത് ഉപാധ്യായന്മാരെക്കാൾ ആചാര്യനും നൂറ് ആചാര്യന്മാരെക്കാൾ പിതാവും, ആയിരം പിതാക്കന്മാരെക്കാൾ മാതാവും മഹത്വത്തിൽ മുന്നിട്ടു നിൽക്കുന്നു.(അധ്യായം:02 ശ്ലോകം:145).

മാതാപിതാക്കളെയും മുതിർന്നവരെയും സ്ത്രീകളെയും ഗുരുക്കന്മാരെയും ആദരിക്കുന്നതിനുള്ള ആചാര നിബന്ധനകളും, മാതാപിതാക്കളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന അനവധി മാതൃകാനിയമങ്ങൾ മനുസ്മൃതിയിൽ രണ്ടും മൂന്നും അധ്യായങ്ങളിൽ കാണാനാകുന്നുണ്ട്. ഉദാഹരണത്തിന്, രണ്ടാമധ്യായത്തിലെ 119, 120, 129, 130,131, 133,138, 156, 226, 228, 229, 230, 233, 234,235 ശ്ലോകങ്ങൾ അത്തരത്തിൽ അനുകരണീയമാണ്. എട്ടാം അധ്യായത്തിലെ 389ആം ശ്ലോകം അതിനെ ബലപ്പെടുത്തുന്നതാണ്. അതനുസരിച്ച്, മാതാവ്,പിതാവ്,പത്നി, പുത്രൻ എന്നിവരെ ഉപേക്ഷിക്കാൻ പാടില്ല. മാത്രവുമല്ല, അവരെ കൈവെടിയുന്നവർക്ക് അറുന്നൂറു പണം പിഴയിടണമെന്നും നിർദ്ദേശിക്കുന്നു. പക്ഷേ, ജാതിഭ്രഷ്ടരായവരുടെ കാര്യത്തിൽ അക്കാര്യം ബാധകമല്ലെന്ന, അതേ ശ്ലോകത്തിലെ പരാമർശം സ്മൃതികാരന്റെ ഉള്ളിലിരിപ്പു വെളിവാക്കുന്നുണ്ട്. വംശശുദ്ധിഭ്രമം ബാധിക്കാത്ത വിഷയങ്ങളിൽ, സുബോധത്തോടെ ചിന്തിക്കാനും സ്മൃതിയുടെ സ്രഷ്ടാക്കൾക്ക് സാധ്യമാണ് എന്നതാണ് അമ്മാതിരി ശുദ്ധചിന്തകളുടെ സാന്നിധ്യം തെളിയിക്കുന്നത്. അതിനാൽ, മേൽപറഞ്ഞ മാതൃകാപരമായ ചട്ടങ്ങൾ സ്വീകരിക്കാം.

ഒൻപതാം അധ്യായത്തിൽ, രാജാവു നിയമിച്ച ഉദ്യോഗസ്ഥൻ, കൈക്കൂലിയും മറ്റും നിമിത്തം വ്യവഹാരങ്ങൾക്കു ഹാനിവരുത്തിയാൽ, അവരുടെ സ്വത്തു മുഴുവനും കണ്ടുകെട്ടണമെന്നും(ശ്ലോകം:231), രാജശാസനങ്ങൾ കൃത്രിമമായി നിർമ്മിക്കുന്നവരെയും ഏഷണി,കൈക്കൂലി മുതലായവകൊണ്ട് ഉദ്യോഗസ്ഥരെ ദുഷിപ്പിക്കുന്നവരെയും വധിക്കണമെന്നും നിർദ്ദേശിക്കുന്നു.(ശ്ലോകം:232). ഏതെങ്കിലും വ്യവഹാരത്തിൽ കുറ്റനിർണ്ണയംചെയ്യുകയും ശിക്ഷവിധിക്കുകയുംചെയ്തത് ന്യായയുക്തമല്ലെന്നു കരുതുന്നുവെങ്കിൽ, ആ കേസ് രാജാവു നേരിട്ടു ശ്രവിച്ച് തീരുമാനത്തിൽ എത്തണമെന്നും, അയുക്തമായി തീരുമാനമെടുത്ത ഉദ്യോഗസ്ഥനെക്കൊണ്ട് പിഴയൊടുക്കിക്കണമെന്നും കാണാം(ശ്ലോകം: 233,234). രോഗികളെ തെറ്റായി ചികിത്സിക്കുന്ന വൈദ്യന്മാരെ ശിക്ഷിക്കണം എന്നും(ശ്ലോകം:284), പൊതുമുതലുകൾ നശിപ്പിക്കുന്നവർക്കും മായം ചേർക്കുന്നവർക്കും കള്ളത്തൂക്കം നടത്തി വഞ്ചിക്കുന്ന

വർക്കും അധികവില ഇടാക്കുന്നവർക്കും പിഴചുമത്തണമെന്നും നഷ്ടം വന്നവർക്കു നഷ്ടപരിഹാരം നൽകേണമെന്നും(ശ്ലോകം: 285,286) മനുസ്മൃതി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ആ നിയമങ്ങളിൽ പലതിലും വർണ്ണഭേദവും ശുദ്ധിചിന്തയും കലർത്തിയതോടെ ഉദ്ദേശ്യശുദ്ധി സംശയത്തിലാകുന്നു. എന്നാലും, ആ ചിന്തകൾ യാതൊരു മുൻവിധിയും കൂടാതെ സ്വീകരിക്കപ്പെടേണ്ടതുതന്നെയാണ്. എന്നാൽ, മേൽപ്പറഞ്ഞ നിയമങ്ങളെല്ലാം ഏതൊരു സാമൂഹികക്രമത്തിലും സാധാരണ കാണുന്നവയായതുകൊണ്ട് അവയുടെ കർതൃത്വം മനുസ്മൃതിയിൽ ചാർത്തുന്നതിലും അതിനെ പുകഴ്ത്തുന്നതിലും യുക്തിയുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടുതന്നെ, ഭാരതത്തിന്റെ നിയമ-നീതിന്യായവ്യവസ്ഥയിൽ ഇടംപിടിച്ച സമാനമായ ചട്ടങ്ങളുടെ ആധാരം മനുസ്മൃതിയാണെന്ന വാദത്തിൽ സാംഗത്യമില്ലല്ലോ.

'തീരെ ദോഷരഹിതനായി പരമേശ്വരനൊഴികെ മറ്റാരും ഇല്ല; അതുപോലെതന്നെ, ദോഷം മാത്രമുള്ളവരും ലോകത്തിലില്ലാ' എന്ന വചനം അന്വർത്ഥമാക്കുന്നതാണ് മനുസ്മൃതിയിൽ കാണുന്ന അത്തരം ചില നന്മകൾ. പക്ഷേ, ആ ചെറിയ നന്മകൾ, മനുസ്മൃതി എന്ന ഗ്രന്ഥത്തെ സ്വീകാര്യമാക്കുന്നില്ല. എന്തെന്നാൽ, അത്രത്തോളം മനുഷ്യവിരുദ്ധമാണ് അതിലെ ഇതര പ്രമേയങ്ങൾ. മനുഷ്യത്വമുള്ള ആർക്കും അസ്വീകാര്യമായ ആ നിയമങ്ങളെ ഈ കൊച്ചുകൊച്ചു നന്മകൾ ശുദ്ധീകരിക്കില്ല.

മനുസ്മൃതിയിലെ സത്യത്തിന്റെ കൈയൊപ്പുകൾ

ബ്രാഹ്മണാപദാനങ്ങളായ സ്മൃതിവചനങ്ങളെ ഖണ്ഡിക്കുന്ന, സത്യത്തിന്റെ അനവധി കൈയൊപ്പുകൾ ഓരോ പഠിതാവിനും മനുസ്മൃതിയിൽ കണ്ടെത്താനാകും. ജനനംകൊണ്ടുതന്നെ ബ്രാഹ്മണൻ ശ്രേഷ്ഠനാകുന്നു എന്ന് മനുവിന്റെ ചെലവിൽ പ്രചരിപ്പിക്കുന്നവർക്കുള്ള ആഘാതങ്ങളാണ് ആ ശ്ലോകങ്ങൾ ഓരോന്നും. ബ്രാഹ്മണജാതിയിൽ ജന്മമെടുത്തു എന്നതിന്റെ അടിസ്ഥാനത്തിൽമാത്രം ഒരാൾ ബ്രാഹ്മണനാകുന്നില്ല എന്ന് കൃത്യമായിപറയുന്ന അനേകം ശ്ലോകങ്ങൾ മനുസ്മൃതിയിൽ കാണാം. ബ്രാഹ്മണജാതിയിൽ ജനിച്ചവരെയല്ല; ബ്രഹ്മജ്ഞാനം നേടി ബ്രാഹ്മണരായവരെയാണ്(ആർഷബ്രാഹ്മണരെയാണ്)പൗരാണികഗ്രന്ഥങ്ങൾ സ്തുതിക്കുന്നത് എന്ന സത്യത്തിന്റെ പ്രതിഫലനമാണ് അത്തരം സൂക്തങ്ങൾ:

- ✓ ഷണ്ഡൻ സ്ത്രീയിലും പശു പശുവിലും അജ്ഞാനിയിൽ ദാനവും നിഷ്ഫലമാകും പോലെ, വേദാധ്യയനം ചെയ്യാത്ത വിപ്രനും വിഫലനാകുന്നു(യഥാ ഷണ്ഡോƒഫലാഃ സ്ത്രീഷു യഥാ ഗൗർഗവി ചാഫലാ/ യഥാ ചാജ്ഞേ ƒഫലാഃ ദാനം തഥാ വിപ്രോƒനൃചോƒഫലാഃ(അധ്യായം:02; ശ്ലോകം:158).
- ✓ വേദാധ്യയനം ചെയ്യാതെ *അർത്ഥശാസ്ത്രം തുടങ്ങിയ അന്യശാസ്ത്രങ്ങൾ അധ്യയനം ചെയ്യുന്നവർ, ജീവിച്ചിരിക്കുമ്പോൾത്തന്നെ പുത്രന്മാർ പൗത്രന്മാർ ഇവരോടൊപ്പം ശീഘ്രം ശൂദ്രത്വത്തെ പ്രാപിക്കുന്നു.(യോƒധനീത്യ ദ്വിജോ വേദമന്യത്ര കുരുതേ ശ്രമം/ സജീവന്നേവ ശൂദ്രത്വമാശു ഗച്ഛതി സാന്വയഃ (അധ്യായം:2; ശ്ലോകം:168).(*അന്യശാസ്ത്രഗ്രന്ഥങ്ങളോടും അവജ്ഞതന്നെ).
- ✓ ഉപനയനത്തിനുമുൻപ് ശ്രാദ്ധമന്ത്രമൊഴിച്ച് മറ്റു മന്ത്രമൊന്നും ഉച്ചരിക്കരുത്. കാരണം വേദാധികാരിയാക്കുന്ന ഉപനയനത്തിനുമുമ്പ് അവൻ ശൂദ്രതുല്യ

നാകുന്നു.(നാഭിവ്യാഹാരയേദ് ബ്രഹ്മ സ്വധാനിന യനാദ്യ തേ/ ശൂദ്രേണ ഹി സമസ്താവദ് യാവദ് വേദേ ന ജയതേ(അധ്യായം:002, ശ്ലോകം:172).(ജന്മാധിഷ്ഠിത വർണ്ണവിഭജനത്തെ നിരാകരിക്കുന്നതാണല്ലോ ഈ നിയമം).

- ✓ വേദമറിയാത്ത പത്തുലക്ഷം ബ്രാഹ്മണർ ശ്രാദ്ധത്തിൽ അന്നം കഴിക്കുന്നതും വേദജ്ഞനായ ഒരുവൻ ഉണ്ടുപ്രീതനാകുന്നതും തമ്മിൽ, ധർമ്മോത്പാദനഫലത്തിന്റെ കാര്യത്തിൽ ഒരുവൻതന്നെ മുകളിൽ(സഹസ്രം ഹി സഹസ്രാണാമനൃചം യത്ര ഭുഞ്ജതേ/ ഏക സ്താൻ മന്ത്രവിത് പ്രീതഃ സർവാനർഹതി ധർമ്മതഃ)(അധ്യായം:03, ശ്ലോകം:131).
- ✓ മരംകൊണ്ടുണ്ടാക്കിയ ആനയും, ചർമ്മനിർമ്മിതമായ മൃഗവും,വേദാധ്യയനം ചെയ്യാത്ത വിപ്രനും നാമമാത്രധാരികളാകുന്നു.(യഥാ കാഷ്ഠമയോ ഹസ്തീ യഥാ ചർമ്മമയോ മൃഗാഃ/ യശ്ച വിപ്രോƒധനീയാന സത്രയസ്തേ നമ ബിഭ്രതി).(അധ്യായം:02, ശ്ലോകം:157).
- ✓ ഓരുനിലത്തിൽ വിത്തുവിതച്ചാൽ വിതയ്ക്കുന്നവന് ഫലമൊന്നും ലഭിക്കാത്തതുപോലെ, വേദമറിയാത്ത ബ്രാഹ്മണനു ശ്രാദ്ധദാനം ചെയ്തതുകൊണ്ട് ദാതാവിന് പ്രയോജനമൊന്നും ലഭിക്കുകയില്ല.(യഥേരിണേ ബീജമുപ്ത്വാ ന വപ്താ ലഭതേ ഫലം/തഥാƒനൃചേ ഹവിർദത്ത്വാ നഃ ദാതാ ലഭതേ ഫലം(അധ്യായം:3,ശ്ലോകം:132).(ദാനസ്വീകരണം ഒരു ജാത്യാധികാരമല്ലെന്നുസാരം).
- ✓ തൃണാഗ്നിയിൽ ഹവിസ്സൊഴിച്ചാൽ അഗ്നികെട്ടുപോകും. വേദാധ്യയനം ചെയ്യാത്ത ബ്രാഹ്മണൻ തൃണാഗ്നിതുല്യനാണ്. അവനു ദേവന്മാർക്ക് ഉദ്ദ്യേശിച്ചിട്ടുള്ള ഭോജ്യങ്ങൾ നൽകുവാൻപാടില്ല. ഭസ്മത്തിൽ ഹോമം ചെയ്യുന്ന പതിവില്ലല്ലോ.(അധ്യായം:03, ശ്ലോകം:168)(തൃണം=പുല്ല്, ഹവിസ്സ്=നെയ്യ്).

ഈ പറഞ്ഞ ചില ശ്ലോകങ്ങൾ സർവ്വരും ശൂദ്രരായാണ് ജനിക്കുന്നത്; അഭിരുചിയും വാസനയുമനുസരിച്ചു സംസ്കാരംനേടി അവർ പല വർണ്ണികളായി മാറുന്നു എന്ന ഉപനിഷത്‌വാദത്തെ അടിവരയിടുന്നതാണ്. ഉപനയനത്തിനുമുമ്പ്, ശ്രാദ്ധമന്ത്രമൊഴിച്ചു മറ്റു മന്ത്രമൊന്നും ഉച്ചരിക്കരുത്; കാരണം വേദാധികാരിയാക്കുന്ന ഉപനയനത്തിനുമുമ്പ് അവൻ ശൂദ്രതുല്യനാകുന്നു.(നാഭിവ്യാഹാരയേദ് ബ്രഹ്മ സ്വധാനിന യനാദ്യതേ/ ശൂദ്രേണ ഹി സമസ്താവദ് യാവദ് വേദേ ന ജയതേ-അധ്യായം:2, ശ്ലോകം: 172) എന്നശ്ലോകത്തിലൂടെ മനുസ്മൃതിയും അത് അംഗീകരിക്കുമ്പോൾ, മറിച്ചുള്ള അവകാശവാദങ്ങളെല്ലാം അപ്രസക്തമാകുന്നുണ്ട്. ബ്രാഹ്മണജാതിയിൽ ജനിച്ചതുകൊണ്ടുമാത്രം ഒരാളും ആഢ്യനാകുന്നില്ല എന്നാണല്ലോ മനുസ്മൃതിതന്നെ പറയുന്നത്. അതിനാൽ, മനുവാദികളുടെ മാനസികവൈകല്യങ്ങൾക്ക് മനുവിന്റെ പോലും യോഗ്യതാപത്രം കിട്ടിയിട്ടില്ലെന്ന് നിശ്ചയം. അതുകൊണ്ട്, മനുസ്മൃതി നിർദ്ദേശിക്കുന്ന മനുഷ്യത്വമില്ലാത്ത നിബന്ധനകളിൽ, ജന്മാർജ്ജിത വർണ്ണവിഭജനത്തെയാണോ ഉദ്ദ്യേശിക്കുന്നത് എന്ന കാര്യവും സംശയത്തിന്റെ നിഴലിലാക്കുന്നു. ആ നിയമങ്ങൾ നിഷ്കർഷിച്ചിട്ടുള്ള വർണ്ണവിവേചനം കർമ്മാധിഷ്ഠിതമായാൽപ്പോലും അവ മനുഷ്യവിരുദ്ധമാണ് എന്നതാണ് മനുസ്മൃതിയുടെ ന്യൂനത. അതുകൊണ്ടുതന്നെ, അടിസ്ഥാനമെന്തായാലും മനുഷ്യർക്കുമേൽ നടപ്പാക്കപ്പെടുന്ന വിവേചനങ്ങളെല്ലാം നിരങ്കുശം തള്ളിക്കളയപ്പെടേണ്ടതുതന്നെയാണ്.

ധർമ്മസംരക്ഷണമല്ല ലക്ഷ്യം; വംശവിശുദ്ധിതന്നെ

മനുസ്മൃതിയുടെ മൂന്നാം അധ്യായത്തിലെ 12,13 ശ്ലോകങ്ങൾ ദ്വിജർക്ക് അനുലോമ വിവാഹം(വർണ്ണശ്രേണിയിലെ താഴെയുള്ളവർണ്ണങ്ങളിൽനിന്നും കന്യകയെ സ്വീ കരിക്കുന്ന വിവാഹരീതി)അനുവദിക്കുന്നുണ്ട്. അതനുസരിച്ച്, വൈശ്യന് വൈശ്യ യും ശൂദ്രയും ഭാര്യമാരാകാം.ക്ഷത്രിയന് ക്ഷത്രിയയും വൈശ്യ-ശൂദ്രകളും ഭാര്യമാ രാകാം; ബ്രാഹ്മണനു ബ്രാഹ്മണിയും ക്ഷത്രിയ-വൈശ്യ-ശൂദ്രകളും ഭാര്യമാരാകാം. പക്ഷേ, തൊട്ടടുത്ത ശ്ലോകങ്ങളിൽ ഗാർഹസ്ഥ്യം ആഗ്രഹിക്കുന്ന ബ്രാഹ്മണർക്കും ക്ഷത്രിയർക്കും സ്വവർണ്ണയെ കിട്ടാതെവന്നാൽ പോലും ശൂദ്രസ്ത്രീയെ വിവാഹം ചെയ്യാമെന്ന് ഇതിഹാസങ്ങളിൽപോലും പറയപ്പെടുന്നില്ല എന്ന കടകവിരുദ്ധമായ വിലക്കു കാണാം. ആ അധ്യായത്തിൽതന്നെ, മനുസ്മൃതി അനുശാസിക്കുന്ന എട്ടു തരം വിവാഹങ്ങളും അവയുടെ ആചാരങ്ങളും വിവരിക്കുന്ന ഭാഗത്ത് നാല്പത്തി നാലാം ശ്ലോകത്തിൽ, 'ശൂദ്രസ്ത്രീ ദ്വിജാതീയരിൽ ആരെയെങ്കിലും വേൾക്കുമ്പോ ൾ, വരൻ ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ ഒരറ്റം പിടിയ്ക്കേണ്ടതാണ്' എന്നും പറ യുന്നു. ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങൾ മനുസ്മൃതിയിൽ നീളെ കാണാം.

സവർണാവിവാഹത്തിന് ശേഷമായാലും, 'കാമപ്രേരിതനായി' ശൂദ്രയെ കല്യാണം കഴിക്കുന്ന ദ്വിജാതികൾ, സന്താനങ്ങളെയും അവരുടെ പരമ്പരയേയും ശൂദ്രരാക്കി ത്തീർക്കുന്നു.(ഹീനജാതി സ്ത്രീയം മോഹാ ദുദ്വഹന്തോ ദ്വിജായതയാഃ/ കുലാന്യേ വ നയന്ത്യാശു സസന്താനാനി ശൂദ്രതാം)എന്നു മനുസ്മൃതിയിലെ മൂന്നാം അധ്യായ ത്തിലെ പതിനഞ്ചാം ശ്ലോകത്തിൽ പറയുന്നു. ശൂദ്രസ്ത്രീയെ വിവാഹംകഴിക്കുന്ന ബ്രാഹ്മണൻ പതിതനായിത്തീരും എന്ന് അത്രിയും ഉപഥ്യമ പുത്രനായ ഗൗതമനും, ശൂദ്രസ്ത്രീയിൽ സന്താനമുണ്ടായാൽ ബ്രാഹ്മണൻ പതിക്കുന്നുവെന്നു ശൗനകനും ഭൃഗുവും അഭിപ്രായപ്പെടുന്നു എന്ന് പതിനാറാം ശ്ലോകവും പറയുന്നു.(ശൂദ്രാ വേദി പതത്യ ത്രേരു തഥ്യതനയസ്യ ച/ ശൗനകസ്യ സുതോത്പത്യാ തദപ ത്യതയാ ഭൃഗു). സ്വായംഭൂവമനു ചമച്ച് ഭൃഗുവിന് ഉപദേശിച്ചതായിപറയപ്പെടുന്ന ഈ സ്മൃതിയിൽ മനു ഭൃഗുവിനെ ഉദ്ധരിക്കുന്നു എന്ന വൈരുദ്ധ്യവും അവിടെ കാണാം.കുറച്ചുകൂടി കടുത്തപരാമർശങ്ങൾ പതിനേഴാംശ്ലോകത്തിലുണ്ട്.ശൂദ്രസ്ത്രീയുമായി സഹശയ നം ചെയ്യുന്ന ബ്രാഹ്മണൻ നരകം പ്രാപിക്കുമെന്നും, അവളിൽ സന്താനങ്ങളെ ജനി പ്പിച്ചാൽ ബ്രാഹ്മണ്യത്തിൽനിന്നുതന്നെ പതിച്ചുപോകുമെന്നും അവിടെ പറയുന്നു. എന്നാൽ, അത് ഒരിടത്തും സ്വീകരിക്കപ്പെട്ടതായോ, ആർക്കെങ്കിലും ബ്രാഹ്മണ്യം നഷ്ടപ്പെട്ടതായോ അറിയില്ല. മനുവിന്റെ ചട്ടങ്ങൾ അനുസരിച്ചാൽ, മഹാന്മാരായ കുറേപ്പേരെ പതിതരായി ഗണിക്കേണ്ടിവരുമല്ലോ. മൊത്തത്തിൽ നോക്കുമ്പോൾ, മനുസ്മൃതിയിലെ നിയമങ്ങളുടെ നിർമ്മാണലക്ഷ്യം സമൂഹത്തിന്റെ ധർമ്മസം രക്ഷണമായിരുന്നില്ല;ബ്രാഹ്മണരുടെ വംശവിശുദ്ധിസംരക്ഷണം മാത്രമായിരുന്നു എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം തെളിയുന്നുണ്ട്.

[പിൻകുറിപ്പ്: പല മതങ്ങളുടെയും സദാചാരനിയമങ്ങൾ സ്ത്രീശരീരത്തിന്റെ ശുദ്ധി പരമ പ്രാധാന്യമർഹിക്കുന്ന വിഷയമായി അവതരിപ്പിക്കുകയും, അതിനുവേണ്ടി അവരെ കൂട്ടി ലടയ്ക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, ആ നിയമങ്ങളൊന്നും ബലാൽക്കാരത്തെ നിരോധി ക്കുന്നതിൽ തീരെ താത്പര്യം കാണിക്കുന്നില്ല എന്നതാണ് ഏറെ വൈരുദ്ധ്യം].

ബ്രാഹ്മണസംരക്ഷണാർത്ഥം മോഷണത്തെയും സാധുവാക്കുന്നു

മനുസ്മൃതി വിശദമായിപഠിക്കുമ്പോൾ, ധർമ്മസംരക്ഷണം മനുവിന്റെ പരിഗണനാവിഷയമേ ആയിരുന്നില്ലെന്നു മനസ്സിലാകും. ലോകത്തിന് ധർമ്മമാർഗ്ഗം നിർദ്ദേശിക്കാൻവേണ്ടി നിർമ്മിക്കപ്പെട്ടെന്ന് പ്രചരിപ്പിക്കപ്പെടുന്ന മനുസ്മൃതി, ബ്രാഹ്മണസംരക്ഷണാർത്ഥം (ബ്രാഹ്മണരുടെ) മോഷണത്തെ നിയമവിധേയമാക്കുന്നതും പതിനൊന്നാം അധ്യായത്തിൽ കാണാം:

- ✓ രാജാവു ധാർമ്മികനായിരിക്കെ, ബ്രാഹ്മണൻ നടത്തുന്ന യജ്ഞം ദ്രവ്യത്തിന്റെ കുറവുകൊണ്ട് മുടങ്ങിക്കിടക്കുന്നുവെങ്കിൽ, പശുക്കൾ ധാരാളമുള്ളവനും,യജ്ഞവും സോമപാനവും(?)ചെയ്യാത്തവനുമായ വൈശ്യന്റെ കുടുംബത്തിൽനിന്നു യജ്ഞം തുടങ്ങാൻവേണ്ട മുതൽ അപഹരിക്കാവുന്നതാണ്. രണ്ടോമൂന്നോ സാധനങ്ങൾ,ഇഷ്ടംപോലെ ശൂദ്രന്റെ ഗൃഹത്തിൽനിന്നുമെടുക്കാം. എന്തുകൊണ്ടെന്നാൽ, ശൂദ്രന് യജ്ഞവുമായി യാതൊരു ബന്ധവുമില്ല.(ശ്ലോകം:11,12,13).(ബ്രാഹ്മണൻ യാചിക്കാൻ പാടില്ല; എന്നാൽ, അന്യന്റെ മുതൽ അപഹരിക്കുകയോ മോഷ്ടിക്കുകയോ ആവാമെന്ന് വ്യാഖ്യാതാവ്).

> യജ്ഞശ്ചേത് പ്രതിരുദ്ധഃ സ്യാദേകേനാങ്ഗേന യജ്വനഃ
> ബ്രാഹ്മണസ്യ വിശേഷേണ ധാർമ്മികേ സതി രാജനി. 11
>
> യോ വൈശ്യഃ സ്യാദ് ബഹുപശുർഹീനക്രതുരസോമപഃ
> കുടുംബാത്തസ്യ തദ്ദ്രവ്യമാഹരേദ് യജ്ഞസിദ്ധയേ. 12
>
> രാജാവ് ധാർമ്മികനായിരിക്കെ, ഒരു യജ്ഞം വിശേഷിച്ചും ബ്രാഹ്മണൻ നടത്തുന്നത്, ഒരു ദ്രവ്യത്തിൻെറ കുറവുകൊണ്ട് മുടങ്ങിക്കിടക്കുന്നെങ്കിൽ, പശുക്കൾ ധാരാളമുള്ളവനും യജ്ഞവും സോമപാനവും ചെയ്യാത്തവനും ആയ വൈശ്യൻെറ കുടുംബത്തിൽനിന്ന്, യജ്ഞം നടത്താൻ വേണ്ട മുതൽ അപഹരിക്കാവുന്നതാകുന്നു.
>
> ആഹരേത് - ചൗര്യേണ വാ.
>
> ആഹരേത് ത്രീണി വാ ദ്വേ വാ കാമം ശൂദ്രസ്യ വേശ്മനഃ
> ന ഹി ശൂദ്രസ്യ യജ്ഞേഷു കശ്ചിദസ്തി പരിഗ്രഹഃ. 13
>
> രണ്ടോ മൂന്നോ യഥേഷ്ടം സാധനങ്ങൾ ശൂദ്രൻെറ ഗൃഹത്തിൽ നിന്നും എടുക്കാം: എന്തെന്നാൽ ശൂദ്രന് യജ്ഞവുമായി യാതൊരു ബന്ധവുമില്ല.

- ✓ നൂറുപശുക്കളുണ്ടായിട്ടും അഗ്നിഹോത്രം ചെയ്യാത്തവന്റെയും, ആയിരം പശുക്കൾ ഉണ്ടായിട്ടും യാഗംചെയ്യാത്തവന്റെയും(ബ്രാഹ്മണന്റെയും ക്ഷത്രിയന്റെയും) കുടുംബത്തിൽനിന്നു യാഗത്തിനുവേണ്ട വകകൾ നിസ്സംശയം അപഹരിക്കാവുന്നതാണ്(സ്വീകരിക്കാമെന്നല്ല). എന്നാൽ, ഒരു ബ്രാഹ്മണൻ മാത്രമേ മറ്റൊരു ബ്രാഹ്മണന്റെ ധനം അപഹരിക്കാവൂ. ദാനം ചെയ്യാത്തവന്റെ സമ്പത്ത്, യാഗത്തിനായി അപഹരിക്കുന്നവന്റെ കീർത്തിയും ധർമ്മവും വർദ്ധിക്കും.(ശ്ലോകം:14,15). (ദാനത്തെ നിർബന്ധിതമാക്കുന്നു.)

മേൽപറഞ്ഞ അപഹരണം നാടിന്റെ നന്മയ്ക്കുവേണ്ടിയും, ദാനത്തിന്റെ മഹിമ പ്രചരിപ്പിക്കാനുമാണ് എന്നു വ്യാഖ്യാതാക്കൾക്ക് ന്യായീകരിക്കാമെങ്കിലും, അത് സ്വീകരിക്കാതിരിക്കാനുള്ള അവകാശം മറ്റുള്ളവർക്കുണ്ടല്ലോ. മുകളിൽ പറഞ്ഞ ശ്ലോകങ്ങളിലെ അപഹരണത്തിന്, യജ്ഞം എന്ന പൊതുകർമ്മത്തിന്റെ പൂർത്തീ

കരണമാണ് ലക്ഷ്യം എന്നു ന്യായീകരണം കണ്ടെത്തുന്നവരെപ്പോലും നിരായുധ രാക്കുന്നതാണ് ഇനി സൂചിപ്പിക്കുന്ന മനുസ്മൃതിനിയമങ്ങൾ:

- ✓ ആറുനേരം ആഹാരമൊന്നും കഴിക്കാനൊത്തില്ലെങ്കിൽ,ഏഴാമത്തെ നേരം ആഹാരത്തിന്, യാഗാദികൾ ചെയ്യാത്തവനിൽനിന്ന് ഒരു നാളേയ്ക്കുവേണ്ട വക അപഹരിക്കാം(തഥൈവ സപ്തമേ ഭക്തേ ഭക്താനി ഷഡനശ്നതാ/അശ്വ സ്തനവിധാനേന ഹർത്തവ്യം ഹീനകർമ്മണ) എന്ന് പതിനാറാം ശ്ലോകത്തി ലുണ്ട്. ഹീനകർമ്മം ചെയ്യുന്നവരിൽനിന്നും ധനം അപഹരിച്ച് സജ്ജനങ്ങൾ ക്കുനൽകുന്നവൻ,അവരിരുവരേയും താനാകുന്ന ചങ്ങാടത്തിലേറ്റി മറുകര യെത്തിക്കുമെന്നു പത്തൊൻപതാം ശ്ലോകത്തിലും,ധർമ്മകാര്യങ്ങൾക്കായി ധനാപഹരണം ചെയ്യുന്നവനെ ധാർമ്മികനായ രാജാവ് ദണ്ഡിക്കരുത് എന്നു ഇരുപത്തൊന്നാം ശ്ലോകത്തിലും പറയുന്നുണ്ട്. ഇതിലൂടെ സ്മൃതി നല്കുന്ന സന്ദേശം, പുരോഗമനാത്മകമായ തീവ്ര ഇടതുപക്ഷ നിലപാടിനോട് സമപ്പെ ടുത്താവുന്നതാണല്ലോ എന്നു കരുതിയാൽ, ആ വ്യാഖ്യാനങ്ങളൊക്കെ പതി നെട്ടാം ശ്ലോകത്തിലെ ബ്രാഹ്മണപക്ഷപാതം തെളിയുമ്പോൾ വീണുടഞ്ഞു പോകുന്നു: ക്ഷത്രിയൻ ഒരിക്കലും ബ്രാഹ്മണന്റെ മുതൽ അപഹരിക്കരുത്. ഉപജീവനത്തിനു മാർഗ്ഗമില്ലാതെ വന്നാൽ, അവനു ദസ്യുക്കളുടെയും വിഹി തകർമ്മാചരണം ചെയ്യാത്തവരുടെയും പണം എടുക്കാവുന്നതാണ്.(ബ്രാഹ്മ ണസ്വം നഃ ഹർത്തവ്യം ക്ഷത്രിയേണ കദാചനഃ ദസ്യു നിഷ്ക്രിയയോസ്തു സ്വമജീവൻ ഹർത്തുമർഹസി). ധർമ്മം നടപ്പിലാക്കാനായാലും, സ്വത്തുണ്ടാ ക്കാനായാലും അവർണ്ണരെ മാത്രമേ ചൂഷണംചെയ്യാവൂ എന്നു ചുരുക്കം.

യജ്ഞശീലന്മാരുടെ ധനം യാഗങ്ങളിൽ വിനിയോഗിക്കപ്പെടുന്നതിനാൽ, ദേവധന മാണെന്നും(ദേവസ്വം),യജ്ഞംചെയ്യാത്തവരുടെ ധനം അസുരധനമാണെന്നും(ആ സുരസ്വം) നിർവ്വചിക്കുന്ന മനു(അധ്യായം:11, ശ്ലോകം:20), അസുരധനം അപഹരിച്ച് ദേവധനമാക്കണമെന്നു നിർദ്ദേശിക്കുകയും, മുൻപു പറഞ്ഞ വിധത്തിൽ ബലാൽ ക്കാരേണ സ്വത്തപഹരിക്കുന്നവനെ, ധാർമ്മികനായ രാജാവു ശിക്ഷിക്കരുതെന്നു വിലക്കുകയും ചെയ്യുന്നു.(ശ്ലോകം:21). എന്നാൽ, അത് യജ്ഞങ്ങളുടെ നടത്തിപ്പിനാ ണെന്നു വിചാരിച്ചാൽ തെറ്റിപ്പോകും. കാരണം, ആ മോഷണത്തിനു ന്യായീകരണ മായി, ഇരുപത്തൊന്നാം ശ്ലോകത്തിൽ തന്നെ പറയുന്നത്, രാജാവിന്റെ അശ്രദ്ധനി മിത്തം ബ്രാഹ്മണൻ വിശപ്പുകൊണ്ട് വിഷമിക്കരുതല്ലോ എന്നതാണ്. അത്തരത്തി ൽ, അസുരധനം കവരുന്നവനെ ശിക്ഷിക്കരുതെന്നു മാത്രമല്ല, ആ ബ്രാഹ്മണന്റെ അറിവ്, ആചാരം മുതലായവയ മനസ്സിലാക്കി, അയാൾക്ക് രാജാവ് യോഗ്യതയ്ക്ക നുരൂപമായ ഉദ്യോഗം നല്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുമുണ്ട് മനു(ശ്ലോകം:22). അവിടെയും അവസാനിക്കുന്നില്ല സ്മൃതിയുടെ ബ്രാഹ്മണപ്രേമം. ആ ബ്രാഹ്മണന് ജീവിക അനുവദിച്ചുകൊടുത്ത്, അയാളെ ശത്രുക്കൾ, ചോരന്മാർ മുതലായവരിൽ നിന്നും സംരക്ഷിച്ചാൽ, അയാളുടെ പുണ്യത്തിന്റെ എട്ടിലൊന്നുഭാഗം രാജാവിനു ലഭിക്കും എന്ന ഉറപ്പിലൂടെ, പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട് ഇരുപത്തിമൂന്നാം ശ്ലോകത്തിൽ. സ്മൃതികളുടെ ധാർമ്മികതയ്ക്ക് അങ്ങനെയും ചില മാനങ്ങളുണ്ട് എന്നകാര്യം സാത്വികതയുമായ ബന്ധപ്പെട്ട വാദങ്ങളെ അസാധുവാക്കുന്നുണ്ട്.

ബലാൽക്കാരത്തിനും ധാർമ്മികപരിവേഷം

ബലാൽക്കാരത്തിന് ധാർമ്മികപരിവേഷം നൽകപ്പെടുന്നതും അപൂർവ്വമായാണെങ്കിലും മനുസ്മൃതിയിൽ കാണാം. ഉറങ്ങുന്നവളോ മദ്യപാനം നിമിത്തം മതികെട്ടവളോ മതിഭ്രമം ബാധിച്ചവളോ ആയവളെ സഹായത്തിനാരും ഇല്ലാത്ത വേളയിൽ പ്രാപിക്കുന്ന പൈശാചമെന്ന വിവാഹരീതി നിന്ദ്യമാണെങ്കിലും ക്ഷത്രിയവൈശ്യശൂദ്രവിഭാഗങ്ങൾക്ക് ധർമ്മ്യമാണെന്ന് മൂന്നാമധ്യായത്തിൽ പറയുന്നു(ശ്ലോകം:34):

> സുപ്താം മത്താം പ്രമത്താം വാ രഹോ യത്രോപഗച്ഛതി
> സ പാപിഷ്ഠോ വിവാഹാനാം പൈശാചഃ പ്രഥിതോƒധമഃ. 34
>
> ഉറങ്ങുന്നവളോ, മദ്യപാനംകൊണ്ട് മതികെട്ടവളോ, മതിഭ്രമം ബാധിച്ചവളോ, ആയവളെ സഹായത്തിനാരുമില്ലാത്ത വേളയിൽ പ്രാപിക്കുന്നതിന് പൈശാചം എന്നു പറയുന്നു. ഇത് പാപഹേതുവും വിവാഹങ്ങളിൽ അധമമെന്ന് വിഖ്യാതവുമാകുന്നു.
>
> ക്ഷത്രിയവൈശ്യശൂദ്രർക്ക് ഇത് ധർമ്യമെന്നു വിധിച്ചിട്ടുണ്ടെങ്കിലും അധമമെന്നും പാപിഷ്ഠമെന്നും വിശേഷിപ്പിച്ച് അതിനെ നിന്ദിച്ചിരിക്കുന്നു.

കന്യകയുടെപിത്രാദികൾ എതിർക്കുന്നപക്ഷം അവരെ കൊന്നോ വെട്ടിയോ വീട് തല്ലിപ്പൊളിച്ചോ, നിലവിളിക്കുകയും കണ്ണീർ വാർക്കുകയും ചെയ്യുന്ന കന്യകയെ ബലംപ്രയോഗിച്ച് അപഹരിച്ചുകൊണ്ടുപോകുന്ന രാക്ഷസ വിവാഹരീതിയും മനുസ്മൃതിയുടെ കണ്ണിൽ ക്ഷത്രിയർക്കു ധർമ്മ്യമാണ്(അധ്യായം:03,ശ്ലോകം:33):

> ഹത്വാ ഛിത്വാ ച ഭിത്വാ ച ക്രോശന്തീം രുദതീം ഗൃഹാത്
> പ്രസഹ്യ കന്യാഹരണം രാക്ഷസോ വിധിരുച്യതേ. 33
>
> കന്യകയുടെ പിത്രാദികൾ എതിർക്കുന്ന പക്ഷം അവരെ കൊന്നോ വെട്ടിയോ വീടു തല്ലിപ്പൊളിച്ചോ, 'അയ്യോപാവേ, അച്ഛോ അമ്മേ,' എന്നെല്ലാം നിലവിളിക്കുകയും കണ്ണീർവാർക്കുകയും ചെയ്യുന്ന കന്യകയെ ബലേന അപഹരിച്ചുകൊണ്ടുപോകുന്ന സമ്പ്രദായത്തിന് രാക്ഷസ വിവാഹം എന്നു പറയുന്നു.

നാട്ടുനടപ്പനുസരിച്ചു നിഷിദ്ധവും, മനുഷ്യരുടെ വിവേചനബുദ്ധിയ്ക്കും മനഃസ്സാക്ഷിക്കും നീതീകരിക്കാനാവാത്തതുമായ നിയമലംഘനങ്ങളെ നിയമവിധേയമാക്കുന്നു എന്നതാണ് മനുസ്മൃതിക്ക് ഇക്കാര്യത്തിൽ പറ്റുന്ന പിഴവ്. വിവാഹരീതികളിൽ അധമമെന്നും നിന്ദ്യം എന്നും ഇനം തിരിച്ച് ഇകഴ്ത്തുമ്പോഴും, അനുവദനീയമായ വിവാഹസമ്പ്രദായമാക്കിയതോടെ അവയ്ക്കു ലഭിച്ച അംഗീകാരം മൂലം പലരാലും പലരീതിയിലും ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ടാവാം എന്നതാണ് ഈ പ്രാമാണീകരണത്തെ വിമർശനവിധേയമാക്കുന്നത്.(*പിത്രാദി=പിതാവ് മുതലായവർ)

മൃഗബലിയും മനുവിന്റെ കണ്ണിൽ വേദവിഹിതമാണ്

യജ്ഞനിർവ്വഹണത്തിനുവേണ്ടിയാണ് ബ്രഹ്മാവിനാൽ മൃഗങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്നതാണ് മനുസ്മൃതി മുന്നോട്ടുവെയ്ക്കുന്ന, മൃഗബലി സംബന്ധിച്ച വികലവീക്ഷണം. അഹിംസ അടിസ്ഥാനമൂല്യമായിരുന്ന സനാതനസംസ്കാരത്തിനുമേൽ പാപത്തിന്റെ ചോരക്കറ വീണുതുടങ്ങിയത് പൗരോഹിത്യപദ്ധതിയുടെ ഭാഗമായ

മൃഗബലി ധാർമ്മിക കർമ്മമായതോടെയാണ്. അതിന് അടിത്തറ ഒരുക്കുന്നതിൽ മനുസ്മൃതി ഉറച്ച പങ്കുവഹിച്ചിട്ടുണ്ടെന്നുതന്നെ വേണം മനസ്സിലാക്കാൻ. ആ പാപ പാശം, പിന്നീട് പിതൃപൂജയിലും കൂട്ടിച്ചേക്കപ്പെട്ടതോടെ, സമൂഹത്തിലെ സർവ്വരേയും സംബന്ധിക്കുന്ന വിഷയമായി അതു മാറി. അതോടെ, ആ പാപകൃത്യം പാതകമാണെന്നറിയാതെ നിർവ്വഹിക്കാൻ സാധാരണക്കാരും നിർബന്ധിതരായി:

- ✓ യജ്ഞനിർവ്വഹണത്തിനുവേണ്ടിയാണ്, ബ്രഹ്മാവിനാൽ മൃഗങ്ങൾ ഉണ്ടാക്കപ്പെട്ടത്. യജ്ഞമാകട്ടെ സർവ്വ ജഗത്തിന്റെയും മംഗളത്തിനായി ഭവിക്കുന്നു. അതിനാൽ യജ്ഞത്തിനുവേണ്ടിയുള്ള മൃഗബലി വധമല്ല.(അധ്യായം:05,ശ്ലോകം:39).[പക്ഷേ, പ്രാണിഹിംസയുടെ പേരിൽ കൃഷി ബ്രാഹ്മണർക്ക് നിഷിദ്ധമാണ്]
- ✓ വേദജ്ഞനായ ദ്വിജൻ മധുപർക്കം, യജ്ഞം തുടങ്ങിയ വിഹിതമായ കർമ്മങ്ങൾക്കുവേണ്ടി പശുഹിംസ ചെയ്താൽത്തന്നെയും, ഹിംസിക്കപ്പെട്ട പശുവിനെയും ഉന്നതഗതിയെ പ്രാപിപ്പിക്കുന്നു.(അധ്യായം:05, ശ്ലോകം:42).
- ✓ ഉത്തരദക്ഷിണായനങ്ങളുടെ ആരംഭത്തിൽ ഉത്തമ ബ്രാഹ്മണർ പശുവധയാഗം ചെയ്യണം.(അധ്യായം:04, ശ്ലോകം:26). (പശുവധം കൊടുംപാപമായിരുന്നില്ല.)
- ✓ ചരാചരാത്മകമായ ഈ ജഗത്തിൽ, വേദവിഹിതമായ ഹിംസയെ അഹിംസയെന്നുതന്നെ വേണം കരുതാൻ. എന്തുകൊണ്ടെന്നാൽ, ധർമ്മമൂലം വേദമാണല്ലോ; വേദം വിധിച്ചിട്ടുള്ള ഹിംസ ധർമ്മംതന്നെ.(അധ്യായം:05,ശ്ലോകം:44).
- ✓ പണ്ടുകാലത്ത്, ഋഷികളുടെ നേതൃത്വത്തിൽ ബ്രാഹ്മണരും ക്ഷത്രിയരും നടത്തിയിരുന്ന യാഗങ്ങളിൽ ഭക്ഷ്യങ്ങൾ എന്ന് വിധിക്കപ്പെട്ടിട്ടുള്ള മൃഗങ്ങളെയും പക്ഷികളെയും ഹോമദ്രവ്യമായി ഉപയോഗിച്ചിരുന്നു.(മാംസം ഉപയോഗിച്ചു പുരോഡാശം തയ്യാറാക്കിയിരുന്നു)(അധ്യായം:05, ശ്ലോകം:23).
- ✓ യാഗത്തിനുവേണ്ടി ബ്രാഹ്മണർക്ക് ശാസ്ത്രവിഹിതങ്ങളായ മൃഗങ്ങളെയും പക്ഷികളെയും കൊല്ലാവുന്നതാകുന്നു. തന്നാൽ രക്ഷിക്കപ്പെടേണ്ടവരുടെ, പരിരക്ഷണത്തിനുവേണ്ടിയും പശുഹിംസയാകാം(അധ്യായം:5 ശ്ലോകം:22).
- ✓ വാള മുതലായ മീനിന്റെമാംസം ബലിയേകിയാൽ രണ്ട് മാസവും,മാനിറച്ചി കൊടുത്താൽ മൂന്നുമാസവും, ചെമ്മരിയാടിന്റെ ഇറച്ചികൊണ്ട് നാലുമാസവും, പക്ഷിമാംസം നല്കിയാൽ അഞ്ചുമാസവും, കോലാട്ടിൻ ഇറച്ചി നല്കിയാൽ ആറുമാസവും, പുള്ളിമാന്റെ ഇറച്ചിയെങ്കിൽ ഏഴുമാസവും, കറുത്ത മാനിന്റെ ഇറച്ചിയെങ്കിൽ എട്ടുമാസവും,വൻകരിമാനിന്റെ മാംസമായാൽ ഒമ്പതുമാസവും, കാട്ടുപന്നി, പോത്ത് ഇവയുടെ മാംസം നല്കിയാൽ പത്തുമാസവും, മുയൽ, ആമ എന്നിവയുടെ ഇറച്ചിയായാൽ പതിനൊന്നു മാസവും പിതൃക്കൾക്ക് തൃപ്തി ലഭിക്കുന്നതാണ്.(അധ്യായം:03; ശ്ലോകം:268,269,270).
- ✓ കാണ്ടാമൃഗം, ചുവന്ന ആട് എന്നിവയുടെ മാംസം പിതൃക്കൾക്ക് അനന്തകാലത്തേക്കു തൃപ്തിയരുളുന്നു.(അധ്യായം:03; ശ്ലോകം:272).

അതോടൊപ്പം, അഞ്ചാം അധ്യായത്തിലെ 27 മുതൽ 56 വരെയുള്ള ശ്ലോകങ്ങളിൽ, ബ്രാഹ്മണരടക്കമുള്ളവർ മാംസം ഭക്ഷിക്കുന്നതിനെ സാധൂകരിക്കുകയും നിരാകരിക്കുകയുംചെയ്യുന്ന, പരസ്പര വിപരീതമായ പ്രസ്താവനകളും കാണാം. യജ്ഞ

ത്തിൽ മന്ത്രപൂർവ്വം പ്രോക്ഷണസംസ്കാരം ചെയ്തു ഹോമിച്ച ഇറച്ചി ഭക്ഷിക്കാം. മാംസം കഴിയ്ക്കണമെന്ന് ആഗ്രഹം തോന്നിയാലും ബ്രാഹ്മണർക്ക് വിധിപ്രകാരം അനുവദിച്ചിട്ടുള്ളതു ഭക്ഷിക്കാം. മറ്റൊരാഹാരം കിട്ടാതെ പ്രാണഹാനി വരുമെന്ന നിലയിലെത്തിയാലും മാംസം ഭക്ഷിക്കാമെന്ന് മനുസ്മൃതി പറയുന്നു.(ശ്ലോകം:27):

> പ്രോക്ഷിതം ഭക്ഷയേന്മാംസം ബ്രാഹ്മണാനാം ച കാമ്യയാ
> യഥാവിധി നിയുക്തസ്തു പ്രാണാനാമേവ ചാത്യയേ. 27
>
> യജ്ഞത്തിൽ മന്ത്രപൂർവ്വം പ്രോക്ഷണസംസ്കാരം ചെയ്തു ഹോമിച്ച മാംസം ഭക്ഷിക്കാം. ബ്രാഹ്മണർക്ക് മാംസം കഴിക്കണമെന്ന് കൊതി തോന്നിയാൽ വിധിപ്രകാരം അനുവദിച്ചിട്ടുള്ളത് ഭുജിക്കാം. ശ്രാദ്ധത്തിലും വിധിച്ചിട്ടുള്ളതുകൊണ്ട് ആകാം. മറ്റാഹാരമൊന്നും കിട്ടാതെ പ്രാണഹാനി വരുമെന്ന നിലയിലെത്തിയാൽ അപ്പോഴും മാംസം കഴിക്കാം.

അതേ മനുതന്നെ, യജ്ഞഭാഗമായി മാംസം ഭക്ഷിക്കുന്നത് ദൈവികവും അങ്ങനെ യല്ലാതുള്ള മാംസഭക്ഷണം രാക്ഷസവുമാണെന്ന് അഞ്ചാം അധ്യായത്തിലെ മുപ്പ ത്തൊന്നാം ശ്ലോകത്തിൽ വിലക്കുന്നയിച്ച് ഭീഷണിപ്പെടുത്തുന്നുണ്ട്:

> യജ്ഞായ ജഗ്ധിർമാംസസ്യേത്യേഷ ദൈവോ വിധിഃ സ്മൃതഃ
> അതോഽന്യഥാപ്രവൃത്തിസ്തു രാക്ഷസോ വിധിരുച്യതേ. 31
>
> യജ്ഞഭാഗമായ മാംസം ഭക്ഷിക്കുന്നത് ദൈവവും അങ്ങനെയല്ലാതുള്ള മാംസഭക്ഷണം രാക്ഷസവുമെന്നു പറയപ്പെടുന്നു.

അപ്പപ്പോൾ തോന്നുന്നത് ആപ്തവാക്യമാക്കുന്ന ആ മെയ്വഴക്കമാകാം മനുസ്മൃതിയുടെ ശക്തിയും, അതേ സമയം ദൗർബല്യവും. ആ സാമർത്ഥ്യം ഉപയോഗിച്ചാണല്ലോ സ്മൃതികളുടെ പ്രായോജകർ സർവ്വരെയും തങ്ങളുടെ വരുതിയിലാക്കിയത്. അതിനാൽ, അതിന്റെ ദൗർബ്ബല്യങ്ങൾ കണ്ടെത്തിയാൽമാത്രമേ അതൊരുക്കി വെച്ച കെണികളിൽ പെട്ടുപോയവർക്ക് പുറത്തുകടക്കാൻ കഴിയൂ.

ഇന്നുള്ളവരാരും ബ്രാഹ്മണരല്ലേ?

അധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം(ദാനം സ്വീകരിക്കൽ) എന്നിവയാണ് ബ്രാഹ്മണന്റെ ധർമ്മങ്ങളായി മനുസ്മൃതി നിശ്ചയിച്ചിട്ടുള്ളത്.(അധ്യായം:10, ശ്ലോകം:75). അദ്ധ്യാപനവും വൈദികകർമ്മവുമല്ലാത്ത, ഇതര തൊഴിലുകൾ സ്വീകരിക്കുന്ന ബ്രാഹ്മണരെ 'ബ്രാഹ്മണ'രായി കണക്കാക്കാൻ സ്മൃതി തയ്യാറല്ല എന്നതിന് അനേകം ദൃഷ്ടാന്തങ്ങൾ ആ കൃതിയിൽ ആദ്യാവസാനം കാണാം. മേൽപ്പറഞ്ഞ ആറെണ്ണമൊഴിച്ച്, മറ്റു കർമ്മങ്ങളിൽ ഏർപ്പെടുന്നവർ ബ്രാഹ്മണരല്ല എന്നുവന്നാൽ ആധുനികകാലത്ത് എന്താകും സ്ഥിതി? ഉത്തരം മനു പറയുന്നുണ്ട്:

- ✓ പശുപാലകൻ, വണിക്ക്, ആശാരി, നടൻ, ഭൃത്യൻ, ഹുണ്ടികക്കാരൻ ഈ വിധത്തിൽ ജീവിക്കുന്ന ബ്രാഹ്മണനോടും ശൂദ്രനോടെന്നപോലെ വേണം പെരുമാറാൻ(ഗോരക്ഷകാൻ വാണിജികാംസ്തഥാ കാരുകുശീലവാൻ/പ്രേഷ്യാൻ വാർധുഷികാംശ്ചൈവ വിപ്രൻ ശൂദ്രവദാചരേത്)(അധ്യായം:08, ശ്ലോകം:102).

- ✓ മാംസം,അരക്ക്,ഉപ്പ് ഇവ വിൽക്കുന്ന ബ്രാഹ്മണൻ ഉടനെ പതിതനായിത്തീരുന്നു. പാൽ വിൽക്കുന്ന ബ്രാഹ്മണൻ വെറും മൂന്നുനാൾകൊണ്ടു ശൂദ്രനാകും. (അധ്യായം:10, ശ്ലോകം:92).(ഉപ്പ് മാംസംപോലെ വർജ്ജ്യമാണോ?)
- ✓ ബ്രാഹ്മണർ ആപത്തുകാലത്ത് വൈശ്യവൃത്തി ഉപജീവനത്തിനായി സ്വീകരിച്ചാൽത്തന്നെ,ഹിംസാബഹുലവും പരാശ്രയസാധ്യവുമായ കൃഷി ഒഴിവാക്കേണ്ടതാണ്.(അധ്യായം:10, ശ്ലോകം:83). (ഇരുമ്പുകൊണ്ടു മുഖംവെച്ച കലപ്പയും കൂന്താലിയും ഭൂമിയെയും ഭൂമിയിലുള്ള ജന്തുക്കളെയും ഹനിക്കുമെന്നതിനാലും, നിലം ഉഴുകാൻ കന്നുകാലികളെ ഉപയോഗിക്കേണ്ടിവരും എന്നതിനാലുമാണത്രെ കൃഷി ബ്രാഹ്മണർക്കു നിഷിദ്ധമാകുന്നത്).
- ✓ ബ്രാഹ്മണർ പണം പലിശക്കു കൊടുക്കരുതാത്തതാകുന്നു. തീരെ നിവൃത്തിയില്ലാതെ വന്നാൽ, പാപിയായവന്(?) കൊടുക്കാം.(അധ്യായം:10, ശ്ലോകം:117).
- ✓ നിത്യവൃത്തിയ്ക്കു വഴിയില്ലാതെ സ്വധർമനിഷ്ഠ വെടിയേണ്ടതായിവരുന്ന ബ്രാഹ്മണന്(ആപത്കാലത്തിൽ മാത്രം)വൈശ്യവൃത്തി(കച്ചവടം) അനുവദനീയമാണെന്നു മനുസ്മൃതി പറയുന്നു. പക്ഷേ, വിവിധ രസങ്ങൾ,എള്ള്,ഉപ്പ്, പകാന്നം*, കല്ലുകൾ, മൃഗാദികൾ, ചുവപ്പുചായം മുക്കിയതും നൂലുകൊണ്ടുണ്ടാക്കിയതുമായ എല്ലാത്തരം വസ്ത്രങ്ങളും, ചായം മുക്കിയവയല്ലെങ്കിലും ചണം,പട്ട്,കമ്പിളി ഇവയും,ഫലമൂലങ്ങൾ,ഔഷധച്ചെടികൾ,വിഷം,വെള്ളം, ആയുധം,മാംസം,സോമം,സുഗന്ധദ്രവ്യങ്ങൾ,ശർക്കര,മെഴുക്,തൈര്,പാൽ, തേൻ,നെയ്യ്,കുശപ്പുല്ല്,കാട്ടുജന്തുക്കൾ, തേറ്റകളുള്ള ജന്തുക്കൾ, മദ്യം, നീലം, പക്ഷികൾ, അരക്ക്, ഒറ്റക്കുളമ്പുള്ള കുതിര തുടങ്ങിയവയുടെയൊക്കെ കച്ചവടം നിഷിദ്ധമാണ്.(അധ്യായം:10,ശ്ലോകം:85,86,87,88)(*പാകംചെയ്ത അന്നം).
- ✓ ലഭേശ്ചയാ മറ്റുള്ള നിഷിദ്ധവസ്തുക്കൾ വിൽക്കുന്ന ബ്രാഹ്മണൻ, ഏഴുനാൾകൊണ്ട് വൈശ്യത്വം പ്രാപിക്കുന്നു.(അധ്യായം:10, ശ്ലോകം:93).

അത്തരത്തിൽ, അദ്ധ്വാനിച്ചു ജീവിക്കാനുള്ള മാർഗ്ഗങ്ങളെല്ലാം ബ്രാഹ്മണർക്ക് വിലക്കപ്പെട്ടതായി ആവിഷ്കരിക്കുന്ന മനു, കുടുംബം പുലർത്താനാകാതെ വലയുന്ന വേദജ്ഞരായ ബ്രാഹ്മണർക്കു പരിഹാരമായി നിർദ്ദേശിച്ചിട്ടുള്ളത്, രാജാവിനോടു സഹായമപേക്ഷിക്കാനും, ലോഭംമൂലം ദാനംചെയ്യാൻ തയ്യാറില്ലാത്ത രാജാവിന്റെ രാജ്യം വിട്ടുപോകാനുമുള്ള വിശേഷ അധികാരവുമാണ്(അധ്യായം:10; ശ്ലോകം:113). നിത്യവൃത്തിയുടെ കാര്യത്തിൽ മാത്രമല്ല വിവാഹം,വേദാധ്യയനം,ദാനംസ്വീകരിക്കൽ തുടങ്ങി, ജീവിതത്തിന്റെ എല്ലാമേഖലകളിലും മനുസ്മൃതി ബ്രാഹ്മണർക്കു മേൽ അസംഖ്യം ശാസനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. എങ്കിലും, അവയിലധികവും ഏറെക്കുറെ അസംഭാവ്യവും വ്യാപകമായി അവഗണിക്കപ്പെടുന്നവയുമാണല്ലോ. മനുനിയമങ്ങൾക്കു വിപരീതമായി ജീവിതചര്യകൾ അനുഷ്ഠിച്ച ആർക്കെങ്കിലും അതിന്റെപേരിൽ ബ്രാഹ്മണ്യം നഷ്ടപ്പെട്ടതായി അറിയുമോ? വീട്ടിലെ കാരണവർക്ക് അടുപ്പിലുമാകാമെന്ന വിപുലമായ വിവേചനാധികാരം പ്രയോജനപ്പെടുത്തുന്നതുകൊണ്ടു മാത്രമാണ് പലരും 'ബ്രാഹ്മണ'രായി ഇക്കാലത്തും തുടരുന്നത് എന്നതാണ് അനുഭവം സാക്ഷ്യപ്പെടുത്തുന്നത്. അതായത്,ഇന്നുള്ള ജാതിബ്രാഹ്മണരിൽ

മഹാഭൂരിപക്ഷവും സാത്വികരല്ലെന്ന് ഉറപ്പാണല്ലോ.അതിനാൽ,ഇന്നുള്ള ഏതൊരു ജാതിബ്രാഹ്മണനും മറ്റേതൊരു മനുഷ്യനെക്കാളും ഒട്ടും മേലെയല്ല.

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമോ?

എന്തുകൊണ്ട് പുരാണേതിഹാസങ്ങൾക്കു വിപരീതമായ അത്രമേൽ പിന്തിരിപ്പൻ ചട്ടങ്ങൾ പ്രക്ഷിപ്തമായോ അല്ലാതെയോ മനുസ്മൃതിയിൽ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു എന്നാണെങ്കിൽ,ചുരുങ്ങിയവാക്കുകളിൽ നൽകാവുന്ന ഉത്തരമിതാണ്: ഇതിഹാസപുരാണങ്ങൾ തികച്ചും ആദ്ധ്യാത്മിക ലക്ഷ്യങ്ങൾ മാത്രം മുൻനിർത്തി രചിക്കപ്പെട്ടവയാണ്. അതുകൊണ്ട്, മനുഷ്യരുടെ മോക്ഷമെന്ന പ്രധാനലക്ഷ്യം മാത്രമാണ് അവയുടെ സൃഷ്ടിരഹസ്യം. അധികാരത്തിന്റെയും സമ്പത്തിന്റെയും സംരക്ഷണം അവയിലെ പരിഗണനാവിഷയമല്ല. എന്നാൽ, മനുസ്മൃതി തീർത്തും ലൗകികമായ ഉദ്ദേശ്യങ്ങളോടെ നിർമ്മിക്കപ്പെട്ട ശാസനങ്ങളുടെ സംഹിതയാണ്. അതിനാൽത്തന്നെ സമൂഹത്തിലെ നിയന്ത്രകനിരയിലുള്ളവരുടെ താത്പര്യങ്ങൾ പരിപാലിക്കുന്നതിനാണ് അതിൽ പരിഗണന നൽകിയിട്ടുള്ളത്. ആകാര്യം ഒളിച്ചുവെച്ച് മനുസ്മൃതിയെ ഒരു ആദ്ധ്യാത്മികഗ്രന്ഥമെന്ന നിലയിലേക്ക് ഉയർത്തിക്കാണിക്കാനും അതിൽ അവതരിപ്പിക്കുന്ന ചട്ടങ്ങൾക്ക് ദൈവികമായ പരിപ്രേക്ഷ്യം നേടാനും അത് വിദഗ്ദമായി പ്രചരിപ്പിച്ച് അംഗീകാരം നേടിയെടുക്കാനും സമൂഹത്തിനുമേൽ നടപ്പാക്കാനും സാധിച്ചതാണ് ജാതിബ്രാഹ്മണ്യത്തിന്റെ ജയം.വ്യക്തമായ ആസൂത്രണത്തോടെ, ജാതിബ്രാഹ്മണ്യം നടത്തിയ അത്തരം അപനിർമ്മിതികൾ തിരിച്ചറിയാതെപോയതാണ് മറ്റുള്ളവരുടെ പരാജയം.

ചാതുർവർണ്യം വേദങ്ങളിൽനിന്നു സിദ്ധിക്കുന്നു എന്നു പന്ത്രണ്ടാമധ്യായത്തിലെ തൊണ്ണൂറ്റിയേഴാം ശ്ലോകത്തിൽ സാക്ഷ്യപ്പെടുത്തുന്ന മനു, ആ ശാസ്ത്രം(മനുസ്മൃതി) ഗ്രഹിച്ചാൽ നാലുവേദങ്ങളും ഗ്രഹിക്കുന്ന അത്ര പുണ്യമുണ്ടാകുമെന്നും, അത് ഏതു കൊടിയപാപത്തിനുമുള്ള പരിഹാരമാണെന്നും(ശ്ലോകം:125), താൻതന്നെയാണ് സർവ്വചരാചരനിയന്താവായ പരമപുരുഷനെന്നും വരെ പറയാനുള്ള ധൈര്യം പ്രകടിപ്പിക്കുന്നതായും കാണാം: ആ പരമപുരുഷനെ ചിലർ അഗ്നിയെന്നും, ചിലർ മനുപ്രജാപതിയെന്നും, ചിലർ ഇന്ദ്രനെന്നും, ചിലർ പ്രാണനെന്നും മറ്റു ചിലർ ശാശ്വതബ്രഹ്മമെന്നും പറയുന്നു.(ഏതമേകേ വദന്ത്യഗ്നിം മനു മന്യേ പ്രജാപതിം/ ഇന്ദ്രമേകേ പരേ പ്രാണമപരേ ബ്രഹ്മഃ ശാശ്വതം-ശ്ലോകം:123). സ്മൃതിയുടെ ആദ്യ അധ്യായത്തിൽ പരമാത്മാവിൽനിന്നും പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് വിവരിക്കുന്ന ഭാഗത്ത്, ജലം,സ്വർഗ്ഗം,പൃഥ്വി,ആകാശം,അഷ്ടദിക്കുകൾ,സമുദ്രം,ജ്ഞാനേന്ദ്രിയങ്ങൾ,കർമ്മേന്ദ്രിയങ്ങൾ എന്നിവയും, സകലർക്കുമുള്ള നാമങ്ങൾ, കർമ്മങ്ങൾ, ലൗകികവ്യവസ്ഥിതി എന്നിവയും, മൂന്നുവേദങ്ങളും, കാലം, കാലവിഭാഗങ്ങൾ, നദികൾ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ,പർവ്വതങ്ങൾ, സമതലങ്ങൾ,വാക്ക്, നിമ്നോന്നത സ്ഥാനങ്ങൾ, തപസ്സ്,സന്തോഷം,ആശ, ക്രോധം എന്നിവയും, ധർമ്മവും അധർമ്മവും, ബ്രാഹ്മണ ക്ഷത്രിയ-വൈശ്യ-ശൂദ്രവർണ്ണങ്ങളും ക്രമാനുഗതമായിസൃഷ്ടിച്ചത് അഞ്ച് മുതൽ 31വരെയുള്ള ശ്ലോകങ്ങളിൽ വർണ്ണിക്കുന്നു. അതിനുശേഷമാണ്, ബ്രഹ്മാവ് തന്റെ ശരീരം പകുത്ത് സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ചത്. ബ്രഹ്മശരീരത്തിൽനി

ന്നുളവായ സ്ത്രീ-പുരുഷന്മാരുടെ മൈഥുനകർമ്മത്തിൽക്കൂടി വിരാട്ട്പുരുഷനെ സൃഷ്ടിച്ചു. ആ വിരാട്ട്പുരുഷൻ തപസ്സാചരിച്ച് ആരെ സൃഷ്ടിച്ചുവോ, അവനാണ് 'സർവ്വ ജഗത്തുക്കളുടെയും സ്രഷ്ടാവായ ഞാൻ' എന്ന് മനു പരിചയപ്പെടുത്തുന്നു. (ശ്ലോകം:32,33). നാലു വർണ്ണങ്ങളിലായി വിഭജിക്കപ്പെട്ട മനുഷ്യരുടേതടക്കം സർവ്വതിന്റെയും സൃഷ്ടി നടന്നതിനു ശേഷം, സ്വയംഭൂവായി ഉണ്ടായി എന്നു പറയുന്ന മനു എങ്ങനെയാണ് സകല ജഗത്തുക്കളുടെയും സ്രഷ്ടാവാകുന്നത്?

സർവ്വതിനെയും സൃഷ്ടിച്ച ഞാൻ പറയുന്നതൊക്കെ തൊണ്ടതൊടാതെ വിഴുങ്ങിക്കൊള്ളണമെന്ന ദാർഷ്ട്യത്തിനപ്പുറം അധികാരികതയൊന്നും മേൽ വാക്കുകൾക്കില്ല. മനുഷ്യരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുന്നതിനും വളരെ മുൻപേ തന്നെ, നാലു വർണ്ണികളാക്കി വിഭജിച്ചു എന്നു പ്രസ്താവന നടത്താൻ അതിബുദ്ധി കാണിച്ച സ്മൃതികർത്താവിന്റെ ജാഗ്രത സ്വന്തംകാര്യത്തിൽ എത്തിയപ്പോൾ പാളിപ്പോയത് സത്യത്തിന്റെ വിജയമാണ്; ഒരിക്കലും മൂടിവെയ്ക്കാനാവാത്ത സനാതനസത്യത്തിന്റെ വിജയം. അത്തരം സത്യങ്ങളാണ് മനുഷ്യരെയൊക്കെ മനുഷ്യരായി കാണുന്നവർക്ക് മനുസ്മൃതി എന്ന പുസ്തകത്തെ അസ്വീകാര്യമാക്കുന്നത്. പ്രപഞ്ചസ്രഷ്ടാവിനോളം അധികാരികതയുണ്ടാക്കാൻ നടത്തിയ ഒരുവിക്രിയയാണെങ്കിലും, അത് മനുസ്മൃതിയുടെ വിശ്വാസ്യതയെ ഹനിക്കുന്ന ഒന്നായി മാറി.

മനുസ്മൃതി v/s മനുസ്മൃതി

മനുഷ്യവിരുദ്ധമായ അസംഖ്യം മാമൂലുകളുടെ മഹാസംഘാതമാണ് മനുസ്മൃതിയെങ്കിലും, സ്വാർത്ഥത കാരണം വേദവാക്യങ്ങളെ ദുരുപയോഗം ചെയ്യുന്നവരുടെ വാദഗതികളെ അസാധുവാകുന്ന ചില പ്രസ്താവനകളും അതിൽ കാണാം. അതിനു തെളിവായി ചില ഉദാഹരണങ്ങൾ നോക്കുക:

സർവ്വഭൂതമൈത്രനായവനെയാണ് ബ്രാഹ്മണനെന്നു പറയുന്നത് എന്നു മനു നിർവ്വചിക്കുന്നു(അധ്യായം:2,ശ്ലോകം:87).അങ്ങനെ നോക്കുമ്പോൾ, ജനനംകൊണ്ടുമാത്രം ബ്രാഹ്മണനായ എത്രപേർ ആ പേരിന് അർഹരാണ്?സർവ്വഭൂതങ്ങളുടെയും സുഹൃത്തായ മനുഷ്യനെ ബ്രഹ്മജ്ഞനായി കണക്കാക്കാം. അങ്ങനെയുള്ള ഏതൊരാളെയും സംബന്ധിച്ചിടത്തോളം, ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി എന്ന ഉപനിഷദ്‌വാക്യം കൃത്യമാണ്. അയാൾ ദേഹനാശത്തിനുശേഷം ബ്രഹ്മമായിത്തീരുന്നു. മനുസ്മൃതിയിലുടനീളം പരാമർശിക്കുന്ന ബ്രാഹ്മണശബ്ദം അത്തരം ആളുകളെ ഉദ്ദ്യേശിച്ചാണെങ്കിൽ മാത്രമേ(കേവലം ജാതിബ്രാഹ്മണനെയല്ലെങ്കിൽ) അയാൾക്കു നൽകുന്ന ദൈവസമാനമായ വിശേഷാധികാരങ്ങളും പരിശുദ്ധതയും ന്യായീകരിക്കത്തക്കതാകൂ. വേദാധ്യയനമോ ദാനമോ യാഗങ്ങളോ, ശൗചസന്തോഷാദി നിയമാനുഷ്ഠാനങ്ങളോ, കായശോഷണാദി തപസ്സുകളോ ഒന്നുമേ വിഷയഭോഗാദികളിൽ ആസക്തചിത്തനായവന് ഒരു പ്രയോജനവും ചെയ്യുന്നില്ല(വേദാസ്ത്യാ ഗശ്ച യജ്ഞാശ്ച നിയമാശ്ച തപാംസിച/നഃ വിപ്രദുഷ്ടഭാവസ്യ സിദ്ധിം ഗച്ഛതി കർഹിചിത്-അധ്യായം:2, ശ്ലോകം:97) എന്ന മനുസ്മൃതി വചനമാണ് അതിനുള്ള സാധൂകരണം.

അർത്ഥകാമങ്ങളിൽ ആസക്തി ഇല്ലാത്തവർക്കാണ് ഈ ധർമ്മം ഉപദേശിക്കപ്പെട്ടിട്ടുള്ളത് എന്നു മനുസ്മൃതി പറയുന്നുണ്ട്. ധർമ്മം അറിയണമെന്നുള്ളവർക്ക്, പരമ

പ്രമാണം ശ്രുതി തന്നെയെന്നതാണ് മനുസ്മൃതിയുടെ നിലപാട്.(അർത്ഥകാമേഷ്വ സക്താനാം ധർമ്മ ജ്ഞാനം വിധീയതേ/ ധർമ്മം ജിജ്ഞാസ സമാനാനാം പ്രമാണം പരമം ശ്രുതിഃ-അധ്യായം:02 ശ്ലോകം:13). പരമപ്രമാണം ശ്രുതിയാണെന്നു പറഞ്ഞതു കൊണ്ട്, ശ്രുതിക്കും സ്മൃതിക്കും വിരോധം വന്നാൽ സ്മൃതിവചനം ആദരണീയ മല്ലെന്നു സാരം. ശ്രുതിവിരുദ്ധമായ സ്മൃതിവാക്യങ്ങൾ സാധുവല്ലതന്നെ. അർത്ഥ കാമങ്ങളിലുള്ള ആര്യബ്രാഹ്മണരുടെ ആസക്തിമൂലം, ധർമ്മവിരുദ്ധമായ ശാസന ങ്ങൾ നിറച്ചുവെച്ച മനുസ്മൃതി, ശ്രുതിതത്വങ്ങളുടെ നിഷേധമായതിനാൽ നിലനി ൽക്കില്ലെന്നു സാരം. അമ്മാതിരിയുള്ള വൈരുദ്ധ്യങ്ങളാണ്, അടിസ്ഥാനപരമായി മനുസ്മൃതി മനുഷ്യവിരുദ്ധമല്ലെന്നും, മറിച്ചുള്ള കാര്യങ്ങൾ പ്രക്ഷിപ്തങ്ങളാണെ ന്നുമുള്ള മനുവാദികളുടെ മഹത്വപ്പെടുത്തലിന്റെ ആധാരം. അതിലെ വസ്തുത എന്തുതന്നെ ആയാലും, ഇന്ന് നമുക്കു മുന്നിലുള്ള ആ പുസ്തകത്തെ മുൻനിർത്തി യാണ് അതിന്റെ നിർവ്വാഹകർ തങ്ങളുടെ കാര്യപരിപാടികൾ ഇവിടെ നടപ്പാക്കി യത് എന്നതിനാൽ, അത് മനുഷ്യകുലത്തിനുമൊത്തം മാനക്കേടുണ്ടാക്കുന്നതാണ് എന്നകാര്യത്തിൽ സംശയമില്ലല്ലോ. അതുകൊണ്ട്, പ്രക്ഷിപ്തങ്ങളെന്നപേരിൽ കു റച്ചു ശ്ലോകങ്ങൾ ഒഴിവാക്കിയാൽപോലും മനുസ്മൃതി മാനവരാശിക്ക് സ്വീകാര്യ മാകുന്നില്ല. അത്രമേൽ മാരകമായ പരുക്കാണ് ആ പുസ്തകം ഇന്ത്യൻ സമൂഹത്തി ന്റെ ചിന്തകളിലും പ്രവൃത്തികളിലും ഉണ്ടാക്കിയിട്ടുള്ളത്.

മനുസ്മൃതി എന്തുകൊണ്ട് സ്വീകാര്യമല്ലെന്ന് മനു പറയുന്നു

എന്തുകൊണ്ട് മനുസ്മൃതി മനുഷ്യവംശത്തിനു സ്വീകാര്യമല്ല എന്നതിനും പ്രമാ ണം അതിൽത്തന്നെയുണ്ട് എന്നതാണ് ഏറെ കൗതുകകരം. മനുസ്മൃതി ഒരു മഹ ത്തായ സൃഷ്ടിയാണെന്ന് ഇനിയും വിശ്വസിക്കുന്നവരെ മനുവിന്റെ, അല്ലെങ്കിൽ ഭൃഗുവിന്റെ ആ വചനങ്ങളിലേക്കു സവിനയം ക്ഷണിക്കുന്നു:

- ✓ പിതൃക്കൾ, ദേവന്മാർ, മനുഷ്യർ എന്നിവർക്ക് വേദമത്രെ അവരുടെ ശാശ്വത മായ കണ്ണ്. ആ വേദം മനുഷ്യർക്കു നിർമ്മിക്കാവുന്നതല്ല. പ്രത്യക്ഷാദി പ്രമാ ണംകൊണ്ടും വേദം ഗ്രഹിക്കാവുന്നതല്ല.(പിതൃദേവ മനുഷ്യാണാം വേദശ്ച ക്ഷു സനാതനം/ ആശക്യം ചാ പ്രമേയം ച വേദ ശാസ്ത്രമിതി സ്ഥിതിഃ –അ ധ്യായം:12, ശ്ലോകം:94).(മനുഷ്യർക്കെല്ലാമാണ്; ബ്രാഹ്മണർക്കു മാത്രമല്ല).
- ✓ വേദബാഹ്യങ്ങളായ സ്മൃതികളും വേദവിരുദ്ധമായ ദർശനങ്ങളും പരലോ കത്തിൽ നിഷ്പ്രയോജനങ്ങളാണ്; കാരണം അവ നരകപ്രാപ്യങ്ങളാണ്.(യേ വേദബാഹ്യ സ്മൃതിയോ യാശ്ച കാശ്ച കുദൃഷ്ടയഃ/ സർവാസ്താ നിഷ്ഫ ല പ്രേത്യതമോനിഷ്ഠാ ഹിതാ സ്മൃതാഃ -അധ്യായം:12, ശ്ലോകം:95).


യേ വേദബാഹ്യാഃ സ്മൃതയോ യാശ്ച കാശ്ച കുദൃഷ്ടയഃ
സർവാസ്താ നിഷ്ഫലാഃ പ്രേത്യ തമോനിഷ്ഠാ ഹി താ
സ്മൃതാഃ. 95

വേദബാഹ്യങ്ങളായ സ്മൃതികളും വേദവിരുദ്ധങ്ങളായ ദർശനങ്ങളും - അവയെല്ലാം പരലോകത്തിൽ നിഷ്പ്രയോജനങ്ങളാണ്: കാരണം അവ നരകപ്രാപകങ്ങളാണ് എന്ന് മന്വാദികൾ കരുതുന്നു.

- ✓ വേദത്തിൽനിന്ന് അന്യമായി ഉണ്ടായിട്ടുള്ള ശാസ്ത്രങ്ങളൊക്കെ, പൗരുഷേയങ്ങളും ആദിയോടുകൂടിയവയും, അതിനാൽ സാന്തങ്ങളുമാകുന്നു. അവ ഇദാനീന്തങ്ങളായതിനാൽ നിഷ്ഫലവും അസത്യവുമാകുന്നു.(ഉത്പദ്യന്തേ വിനശ്യന്തി ധ്യാന്യതോƒന്യാനി കാനിചിത്/ താന്യർ വാക് കാലിക തയാ നിഷ്ഫലാന്യനൃതാനി-അധ്യായം:12, ശ്ലോകം:95).

മനുസ്മൃതിയിലെ അവസാന അധ്യായത്തിന്റെ ഭാഗമായ ഈ ശ്ലോകങ്ങൾ തന്നെയാണ് സർവ്വർക്കും ഹിതകരം. മനുസ്മൃതി അനുശാസിക്കുന്നതായി പ്രചരിപ്പിക്കപ്പെട്ട മനുഷ്യവിരുദ്ധമാമൂലുകളെ അസാധുവാക്കാൻ ശേഷിയുള്ള സത്യങ്ങളുടെ ഭണ്ഡാരം, ഒരർത്ഥത്തിൽ ആ ഗ്രന്ഥം തന്നെയാണ്. ശാസ്ത്രവിരുദ്ധമായത് ഒന്നും, സ്മൃതി പറഞ്ഞാലും മഹാന്മാർ പറഞ്ഞാലും സ്വീകാര്യമല്ല. മാത്രവുമല്ല, അപൗരുഷേയമായ പൗരാണികകൃതികളിൽ സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി അഴിച്ചുപണി നടത്തി അശുദ്ധമാക്കിയവരെക്കാൾ, അവ നിഷ്കർഷിക്കുന്നതായി പ്രചാരത്തിലുള്ള വിധികളും വിലക്കുകളും ശിരസ്സാവഹിച്ചു ബഹുമാനത്തോടെ സ്വീകരിച്ച മനുഷ്യർ തന്നെയാണല്ലോ യഥാർത്ഥ ബ്രഹ്മവാദികൾ. ആ ആദരവു കാത്തുസൂക്ഷിക്കാത്ത മനുസ്മൃതി അസ്വീകാര്യമാണെന്നാണ് മനുവും പറയുന്നത്. മാറിയകാലക്രമത്തിൽ മാത്രമാണ് മനുസ്മൃതിയിലെ മാനവവിരുദ്ധ ശാസനങ്ങളെ തള്ളിപ്പറയാൻ അതിന്റെ പ്രായോജകർ തയ്യാറാകുന്നത്.ആ ഗ്രന്ഥം മുഴുവൻ അസാധുവാകുന്നതിനേക്കാൾ ലാഭം, അതിലെ കുറച്ചു നിബന്ധനകൾ ഒഴിവാക്കുന്നതാണെന്ന അതിബുദ്ധി മാത്രമാണ് ആ തിരുത്തിനു പിന്നിലെ പ്രേരകശക്തി.

ശൂദ്രന്റെ കാതിലൊഴിക്കാൻ ഈയം ഉരുക്കിയതാര്?

മനുസ്മൃതിയെപ്പറ്റി അറിവുവെച്ചകാലംതൊട്ട് കേട്ടിട്ടുള്ള ഒരു ആരോപണമാണ്, വേദം കേൾക്കുന്ന ശൂദ്രരുടെ കാതിൽ ഈയം ഉരുക്കിയൊഴിക്കാൻ നൽകുന്ന നിർദ്ദേശം. എന്നാൽ,മനുസ്മൃതി വിശദമായി പരിശോധിച്ചപ്പോൾ മനസ്സിലായ ഏറ്റവും കൗതുകകരമായ വസ്തുത ആ കൃതിയിൽ അത്തരമൊരു പരാമർശമില്ല എന്നതാണ്. അപ്പോൾ,ശൂദ്രന്റെ കാതിലൊഴിക്കാൻ സ്മൃതി ഉരുക്കിസജ്ജമാക്കാത്ത ഈയത്തിന്റെ ഇല്ലാക്കഥ നമ്മുടെ കാതുകളിൽ പകർന്നുതന്നത് ആരാണ്? ഇക്കാലമത്രയും വാമൊഴിയായും വരമൊഴിയായും കൊണ്ടുനടന്നതാരാണ്?മനുസ്മൃതിയുടെ ശൂദ്രവിരുദ്ധതയെ വിമർശിച്ചവരോ, ശൂദ്രർ വേദം കേൾക്കരുത് എന്നു വാശിയുള്ളവരോ? ആ അന്വേഷണം അനാവൃതമാക്കുന്നത് മറ്റൊരു വലിയ അട്ടിമറിയാണ്.

മനുസ്മൃതിയിൽ ശൂദ്രവിരുദ്ധ പരാമർശങ്ങൾക്കും, അവരെ നട്ടെല്ലു നിവർത്താൻ അനുവദിക്കാത്ത നിയമങ്ങൾക്കും അതിന് വിപരീതമായി തലയുയർത്തുന്നവരെ തകർത്തില്ലാതാക്കുന്നതിനുള്ള നിഷ്ഠൂരദണ്ഡവിധികൾക്കും യാതൊരുപഞ്ഞവുമില്ലെന്ന് നാം കണ്ടല്ലോ. അതെല്ലാം തന്നെ ബ്രാഹ്മണർക്ക് സംരക്ഷണമൊരുക്കുന്നതിനും അവരുടെ സാമ്പത്തിക-സാമൂഹികനില ഭദ്രമാക്കുന്നതിനും വേണ്ടി ഉണ്ടാക്കപ്പെട്ടവയാണ്.അതിന്റെ നിഷ്കപടമായ പ്രേരണ അറിഞ്ഞോ അറിയാതെയോ പത്താമദ്ധ്യായത്തിലെ 129ആം ശ്ലോകത്തിലൂടെ പുറത്തുചാടുന്നുണ്ട്: 'കഴിവുണ്ടെങ്കിലും ശൂദ്രൻ ധനം സഞ്ചയിച്ചു വെയ്ക്കരുത്; എന്തെന്നാൽ ധനം നേടുന്ന ശൂദ്രൻ

ബ്രാഹ്മണരെത്തന്നെ പീഡിപ്പിക്കും'.(ശക്തേനാപി ഹി ശൂദ്രേണ ന കാര്യോ ധനസഞ്ചയഃ/ശൂദ്രോ ഹി ധനമാസാദ്യ ബ്രാഹ്മണാനേവ ബാധതേ):

ശക്തേനാപി ഹി ശൂദ്രേണ ന കാര്യോ ധനസഞ്ചയഃ
ശൂദ്രോ ഹി ധനമാസാദ്യ ബ്രാഹ്മണാനേവ ബാധതേ. 129
കഴിവുണ്ടെങ്കിലും ശൂദ്രൻ ധനം സഞ്ചയിച്ചുവെയ്ക്കരുത്; എന്തെന്നാൽ ധനം നേടിയ ശൂദ്രൻ ബ്രാഹ്മണരെത്തന്നെ പീഡിപ്പിക്കും.
കുടുംബം പുലർത്താൻ വേണ്ടതിൽ കവിഞ്ഞു നേടരുത്: നേടിയാൽ ധനമദംകൊണ്ടു ദ്വിജസേവ വെടിയും.

ക്ഷത്രിയരിലും വൈശ്യരിലും ഭയമുണ്ടാക്കി സമ്പന്ന സമൂഹമായ ബ്രാഹ്മണർക്ക്, തങ്ങൾക്കു കൈവന്ന ആർഭാടങ്ങൾ യഥാവിധി നടത്തിക്കൊണ്ടുപോകുന്നതിന് ഒരു ദാസ്യസമൂഹം ഉണ്ടാകേണ്ടിയിരുന്നു. വിധേയത്വമുള്ള അത്തരമൊരു വിഭാഗത്തെ സൃഷ്ടിച്ചെടുക്കുന്നതിനുവേണ്ടിയാകാം, ഇത്രമേൽ കടുത്ത വിവേചനങ്ങൾ ശൂദ്രർക്കുമേൽ ഏർപ്പെടുത്തിയത്. ഒരു ആശ്രിതസമൂഹത്തെ സൃഷ്ടിക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ഘടകം, അവരെ സാമ്പത്തികമായും സാമൂഹികമായും തകർക്കുകയാണെന്ന് ബ്രാഹ്മണ്യം ശരിയായി മനസ്സിലാക്കിയിരുന്നു. അതിനുള്ള പദ്ധതിയാണ് മനുസ്മൃതി നിഷ്കർഷിക്കുന്ന നിയമങ്ങളിലൂടെ നടപ്പാക്കപ്പെട്ടത്. ജാതിബ്രാഹ്മണ്യത്തിന്റെ സാമ്പത്തികവും ജാത്യാചാരപരവുമായ സ്വാർത്ഥതാത്പര്യങ്ങൾക്കപ്പുറം, വേദങ്ങളുടെയും മറ്റു ശാസ്ത്രഗ്രന്ഥങ്ങളുടെയും സംരക്ഷണം ആര്യന്മാരുടെ ഉദ്ദേശ്യമേ ആയിരുന്നില്ല. ആയിരുന്നെങ്കിൽ, അപൗരുഷേയം എന്നു വിശ്വസിക്കപ്പെടുന്ന ഗ്രന്ഥങ്ങളിൽ അവർ ഇത്രമാത്രം തിരുത്തൽ നടത്തുമായിരുന്നില്ല.കൊടിയ വിവേചനങ്ങളിലൂടെയും കൃത്യമായ തൊഴിൽ വിഭജനങ്ങളിലൂടെയും, ഒരു ശൂദ്രനും വേദപഠനത്തിന് തയ്യാറാകില്ല എന്ന് ഉറപ്പുവരുത്തുന്നതിൽ വിജയിച്ച ജാതിബ്രഹ്മണ്യത്തിന്, അതുകൊണ്ടുതന്നെ, അതു ലംഘിക്കാൻ വരുന്നവരെക്കുറിച്ചുള്ള ഭയമോ ലംഘിക്കപ്പെട്ടാൽ കൊടുക്കേണ്ട ശിക്ഷയെപ്പറ്റിയോ ചിന്തയുണ്ടായിരുന്നില്ല എന്നുവേണം അനുമാനിക്കാൻ. അതുകൊണ്ടായിരിക്കാം വേദപഠനത്തിനു മുതിർന്നാൽ ശൂദ്രർക്കു നൽകേണ്ട ശിക്ഷകൾ മനുസ്മൃതി എഴുതിച്ചേർക്കാതിരുന്നത്. വേദം കേൾക്കുന്ന ശൂദ്രനുള്ള ശിക്ഷയായി, കാതിൽ ഈയമുരുക്കിയൊഴിക്കാൻ മനു നിർദ്ദേശിച്ചതായി പറയപ്പെടുന്ന നിയമം പിന്നെ എങ്ങനെയാണ് ഇത്ര പ്രചാരത്തിലായത്? അതും ഒരു ബ്രാഹ്മണ്യസൃഷ്ടിയായ കള്ളപ്രചരണമായിത്തന്നെ കാണേണ്ടിവരുന്നു. കാരണം,വേദങ്ങൾ ശ്രുതിപ്രധാനമാണ്. അവ പഠിക്കുന്നതുപോലെതന്നെയോ അതിനേക്കാൾ കൂടുതലായോ ഫലസിദ്ധിയുണ്ടാകുന്നത് കേൾക്കുന്നതിലൂടെയാണ്. അതിനാൽ, യദൃച്ഛയാപോലും ഒരു ശൂദ്രനും വേദമന്ത്രങ്ങൾ കേൾക്കരുതെന്ന അധമചിന്തയാകാം മേൽപ്പറഞ്ഞ പ്രചരണത്തിലൂടെ മനുഷ്യമനസ്സുകളിൽ ഭയം വിതച്ചവരുടെ ഗൂഢമായ പ്രേരകലക്ഷ്യം.

വേദങ്ങളും, മഹാഭാരതവും ഭാഗവതവും രാമായണവും അടക്കമുള്ള കൃതികളും ശ്രവണത്തിന്റെ മഹത്വം അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. ശ്രവണം,മനനം,നിധിധ്യാസനം(ധ്യാനം) എന്നതാണ് ഹൈന്ദവമോക്ഷപദ്ധതിതന്നെ. വിശുദ്ധഗ്രന്ഥങ്ങളുടെ ശ്രവണം മാത്രംമതി മോക്ഷപ്രാപ്തിക്ക് എന്നത് ഏറ്റവും നന്നായറിയുന്നത് ബ്രാഹ്മ

ണർക്കാണല്ലോ. കടുത്ത ജാതിവിവേചനത്തിന്റെയും കൃത്യമായ തൊഴിൽ വിഭജനത്തിന്റെയും ഫലമായി നിരക്ഷരരായി മാറിയ ശൂദ്രർ, സംസ്കൃതഭാഷ പഠിക്കുമെന്നോ വേദങ്ങൾ അഭ്യസിക്കുമെന്നോ ഉള്ള ഭീതി ബ്രാഹ്മണർക്കുണ്ടായിരുന്നില്ല. അബദ്ധത്തിൽ അവ കേട്ടുപോലും അന്ത്യജർ മോക്ഷം നേടരുത് എന്നും, 'അശുദ്ധജന്മങ്ങളായി വീണ്ടും വീണ്ടും ശൂദ്രകുലത്തിൽ പിറന്നു' തങ്ങളുടെ അടിമകളായി ദാസ്യവേല ചെയ്യണമെന്നും അവർ ആഗ്രഹിച്ചിരിക്കാം. ശൂദ്രനു മോക്ഷം ലഭിക്കാനുള്ള ഏകമാർഗ്ഗമായി മനുസ്മൃതി അവതരിപ്പിക്കുന്ന ബ്രാഹ്മണസേവയിൽനിന്ന് ഒരിക്കലും ശൂദ്രൻ ഒഴിഞ്ഞുപോകാതിരിക്കാൻ അവർ അവതരിപ്പിച്ച ഉപായമായിരിക്കണം ആ ഈയപ്രയോഗത്തിന്റെ കഥ. അതൊരു പേടിപ്പെടുത്തൽ തന്ത്രമായിരുന്നിരിക്കാം. ആ പ്രചാരണം കൊണ്ടുള്ള ലാഭം ആർക്കാണെന്നു മാത്രം ചിന്തിച്ചാൽമതിയല്ലോ, അതിന്റെ യഥാർത്ഥ ഉത്ഭവമറിയാൻ.

മനുസ്മൃതിയെ എതിർക്കുന്നവർ ആ പ്രയോഗം വ്യാപകമായി എടുത്തുപയോഗിക്കുന്നുണ്ടെങ്കിലും, ആ പ്രചാരണത്തിന്റെ ആരംഭം മനുസ്മൃതി വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവരിൽനിന്നുമാകാനാണ് സാധ്യത. മാറിയ ലോകക്രമത്തിലും, ശൂദ്രരടക്കമുള്ള ഭൂരിപക്ഷത്തിനും വേദപഠനത്തിനുള്ള അധികാരമില്ലെന്നുവരുത്തിത്തീർക്കേണ്ടത് മനുവാദികളുടെ നിലനിൽപ്പിന് അനിവാര്യമാണ് എന്നതാകാം ആ പ്രചാരണത്തിന്റെ അടിസ്ഥാനം. അല്ലെങ്കിൽ,മനുസ്മൃതി പഠിക്കുകയും പ്രയോഗതലത്തിൽ കൊണ്ടുവരാൻ ഉദ്യമിക്കുകയും ചെയ്യുന്നവർ, അത്തരമൊരു ശിക്ഷ ആ പുസ്തകം നിർദ്ദേശിക്കുന്നില്ലെന്നു തുറന്നുപറയാനും മനുവിനുമേൽ പതിച്ച ആ ആരോപണം നിവൃത്തിക്കാനും ശ്രമിക്കുമായിരുന്നു. ചാതുർവർണ്യം ഭഗവാൻകൃഷ്ണന്റെ സൃഷ്ടിയാണെന്ന് ഭഗവത്ഗീതയിലെ അരശ്ലോകമവതരിപ്പിച്ചു സമർത്ഥിക്കാൻ ശ്രമിച്ചതുപോലെയും,ശംബൂകനെ ശ്രീരാമൻ ഹനിച്ചത് ശൂദ്രന് തപസ്സുചെയ്യാൻ അവകാശം ഇല്ലാത്തതുകൊണ്ടാണെന്നു പ്രചരിപ്പിച്ച് സ്ഥാപിക്കാൻ ശ്രമിച്ചതുപോലെയുമുള്ള അനവധി ഉദാഹരണങ്ങൾ നമുക്കു മുന്നിൽ ഉള്ളപ്പോൾ, ഇതും അതുപോലെ ഒരു തന്ത്രമാണെന്നു വിശ്വസിക്കേണ്ടിവരുന്നു. ഭഗവാൻ കൃഷ്ണന്റെയും ശ്രീരാമന്റെയും മഹിമ കളങ്കപ്പെട്ടാലും, ഭഗവത്ഗീതയും വേദങ്ങളും തെരുവിൽ കിടന്നു കത്തിയാലും തങ്ങളുടെ സ്ഥാപിതതാത്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുമാത്രം ചിന്തയുള്ളവർ ആ പ്രചാരണത്തിനു മനുവിനെ മറയാക്കിയതിൽ അത്ഭുതപ്പെടേണ്ടതില്ല. അതിനാൽ,വേദംശ്രവിക്കുന്ന ശൂദ്രന്റെ കാതിലൊഴിക്കാൻ ഈയമുരുക്കിയത് മനുവല്ല; മനുവാദികളാണെന്ന് ഉറപ്പിക്കാം.

ഇവിടെയും, പഴി മുഴുവൻ ബ്രാഹ്മണ്യത്തിനുമേൽ ആരോപിച്ച് ആർക്കും രക്ഷപ്പെടാനാകില്ല. അവർ സ്വന്തം സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രയത്നിക്കുക മാത്രമാണു ചെയ്തത്. അവരുടെ വാക്കു വിശ്വസിച്ച്, എടുത്തുചാടി അസത്യങ്ങൾ പ്രചരിപ്പിക്കാനും അർഹതയില്ലാത്തവരെന്നു സ്വയംപഴിച്ച് ഒതുങ്ങിമാറാനും ആ പുസ്തകം കത്തിക്കാനും തുനിഞ്ഞവർ, ഒരുവട്ടമെങ്കിലും മനുസ്മൃതി വിമർശനബുദ്ധിയോടെ വായിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ, വസ്തുത കണ്ടെത്താമായിരുന്നു. ജാതിബ്രാഹ്മണ്യത്തിന്റെ അസത്യവചനങ്ങൾ അനാവരണംചെയ്ത് അത്തരത്തിലുള്ള കുതന്ത്രങ്ങൾ തകർക്കാമായിരുന്നു. പരമമായ അറിവിനുമേൽ ഓരോ മനു

ഷ്യനുമുള്ള അവകാശം ഉരുക്കുപോലെ ഉറപ്പിച്ചെടുക്കാമായിരുന്നു. മനുഷ്യരായി ജനിച്ചവരെല്ലാം മനുഷ്യരാണെന്നു തെളിയിക്കാമായിരുന്നു.

മനുസ്മൃതി എഴുതിയതാര്? മനുവോ മാരീചനോ?

പണ്ടുകാലത്തു വേദങ്ങൾ പഠിച്ചിരുന്നത് ബ്രാഹ്മണരായിരുന്നു; അല്ലെങ്കിൽ, വേദം പഠിച്ചവരെയാണ് ബ്രാഹ്മണർ എന്നു വിളിച്ചിരുന്നത്. അതുകൊണ്ട് സമൂഹത്തിൽ അവർക്കു കിട്ടിയ പ്രത്യേക പരിഗണന, കാലാന്തരത്തിൽ അവകാശമായും അധികാരമായും മാറുകയാണുണ്ടായത്. ആ അധികാരം ഉപയോഗപ്പെടുത്തി, മനുസ്മൃതിയിലേതടക്കമുള്ള വചനങ്ങളെ അവലംബമാക്കി അബ്രാഹ്മണരെയും സ്ത്രീകളെയും മനുഷ്യാവകാശങ്ങൾ ഒന്നും ഇല്ലാത്തവരായി അകറ്റിനിറുത്തിയപ്പോഴും, അതിന്റെ അടിസ്ഥാനത്തിൽ ജാതിബ്രാഹ്മണ്യം അനീതി കാണിച്ചപ്പോഴും, അത്രമേൽ കൊടിയ അപരാധങ്ങളിലേയ്ക്കുള്ള വാതിൽതുറക്കലല്ല ലക്ഷ്യമിട്ടിരുന്നത് എന്ന് വ്യക്തമാക്കുന്ന ഏതാനും സൂചനകളും നമുക്ക് മനുസ്മൃതിയിൽ കാണാനാകുന്നുണ്ട്. അവയിൽ ചിലതിലൂടെ ഒന്നു കണ്ണോടിക്കാം:

- ✓ സ്ത്രീയോ ശൂദ്രനോ ഏതെങ്കിലും ശ്രേയസ്കരമായകർമ്മം ചെയ്യുന്നെങ്കിൽ വിവേകി അവയൊക്കെ സ്വീകരിക്കേണ്ടതാകുന്നു. അതുപോലെതന്നെ മനസ്സിനു സന്തോഷം തോന്നുന്ന കാര്യങ്ങളും ആനുകാര്യമാകുന്നു.(യദി സ്ത്രീയ ദ്യവരജഃ ശ്രേയ കിഞ്ചിത് സമാചരേത്/ തത്സർവമാചരേദ് യുക്തൊ യത്ര ചാസ്യ രമേന്മനഃ -അധ്യായം:02, ശ്ലോകം:223)
- ✓ ശ്രദ്ധാവാൻ ശ്രേയസ്കരമായ വിദ്യകൾ ശൂദ്രനിൽനിന്നുപോലും ഗ്രഹിക്കേണ്ടതാകുന്നു. മോക്ഷധർമ്മം ചണ്ഡാലനിൽനിന്നുപോലും ഗ്രഹിക്കുക.ഉത്തമകന്യയെ അധമകുലത്തിൽനിന്നായാലും പരിഗ്രഹിക്കാവുന്നതാണ്. (ശ്രദ്ധധാന ശുഭാം വിദ്യാമാദദീതാവരാദപി/അന്ത്യാദപി പരം ധർമ്മം സ്ത്രീരത്നം ദുശ്ശകുലാദപി -അധ്യായം:02, ശ്ലോകം:238)
- ✓ ബ്രാഹ്മണനായ അദ്ധ്യാപകനെ ലഭിക്കാത്തപക്ഷം,ബ്രഹ്മചാരിക്ക് അബ്രാഹ്മണനായ ഗുരുവിൽനിന്ന് വിദ്യ അഭ്യസിക്കാവുന്നതാണ്.അധ്യയനം അവസാനിക്കുന്നതുവരെ ഗുരുവിനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം.(അബ്രാഹ്മണാദധ്യയനമാപത് കാലേ വിധീയതേ/ അനുവ്രജ്യാ ച ശുശ്രൂഷാ യാവദധ്യയനം ഗുരോ -അധ്യായം:02, ശ്ലോകം:241)

രണ്ടാമധ്യായത്തിലെ മേൽപ്പറഞ്ഞ ശ്ലോകത്തെത്തുടർന്ന്(ശ്ലോകം:241) വരുന്ന ഭാഗത്തുകാണുന്ന, അപ്രകാരം ഒരു സാധ്യതയെ ഒഴിവാക്കുന്നതിന് ശ്രമിക്കുന്ന നിർദ്ദേശങ്ങൾ സ്മൃതികാരൻ എഴുതിയതാണോ, അല്ലെങ്കിൽ മനുവിനെ മറയാക്കി മതം പിടിക്കാനിറങ്ങിയവർ എഴുതിക്കയറ്റിയതാണോ എന്നതു ചിന്തനീയമാണ്; അത്തരത്തിലുള്ള ഇടപെടലുകൾ മനുസ്മൃതിയിൽ ഉടനീളം കാണാമെങ്കിലും.

മനുസ്മൃതിയിലെ അവസാനഅധ്യായത്തിന്റെ സമാപ്തഭാഗത്ത്, നൂറ്റൊൻപതാം ശ്ലോകത്തിൽ സ്മൃതി ഇങ്ങനെ പറയുന്നു: ഇവിടെ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളിൽ സംശയം വന്നാൽ എന്തുചെയ്യണമെന്നാണെങ്കിൽ, ശിഷ്ടനായ ബ്രാഹ്മണൻ എന്തു പറയുന്നുവോ അതു ധർമ്മമെന്ന് സംശയംകൂടാതെ സ്വീകരിച്ചുകൊള്ളണം. തുട

ർന്ന്,അടുത്ത ശ്ലോകത്തിൽ മനുസ്മൃതി ആരെയാണ് ശിഷ്ടനായ ബ്രാഹ്മണനായി കാണേണ്ടതെന്നു നിർവ്വചിക്കുന്നുണ്ട്: യഥാവിധി ബ്രഹ്മചര്യമനുഷ്ഠിച്ച് വേദവും, വേദോപബൃംഹണങ്ങളായ പുരാണേതിഹാസങ്ങളും അധ്യയനം ചെയ്തിട്ടുള്ളവരാണ് ശിഷ്ടരായ ബ്രാഹ്മണർ. 'വിധിപ്രകാരം ബ്രഹ്മചര്യവ്രതമനുഷ്ഠിക്കാതെയും, സന്ധ്യാദി നിത്യകർമ്മങ്ങളനുഷ്ഠിക്കാതെയും ബ്രാഹ്മണജാതിയിൽ ജനിച്ചു എന്ന മേന്മകൊണ്ടുമാത്രം ഒന്നിനും അധികാരിയാകുന്നില്ല' എന്ന 114ആം ശ്ലോകത്തിലെ വിശദീകരണവും, അതിനടുത്ത ശ്ലോകത്തിലെ 'ധർമ്മമറിയാത്ത തമോമൂർത്തികളായ മൂഢന്മാർ ഏതൊന്നു ധർമ്മമെന്നു വിധിക്കുന്നുവോ, അവരുടെ പാപം നൂറിരട്ടിയായി വിധികർത്താക്കളെ ബാധിക്കുന്നു' എന്ന ശിക്ഷാനിർണ്ണയവും കാണാതെ പോകുന്നിടത്താണ് വാസ്തവത്തിൽ ധർമ്മം പരാജയപ്പെടുന്നത്. ജനനത്തിലൂടെ പതിച്ചു കിട്ടിയതായി ജാതിബ്രാഹ്മണ്യം അവകാശപ്പെടുകയും ആസ്വദിക്കുകയും ചെയ്യുന്ന അധികാരങ്ങളൊക്കെ, അബ്രാഹ്മണരുടെ അജ്ഞതയുടെ ഫലം മാത്രമാണെന്നു തീർച്ച. മനുസ്മൃതി ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങൾ വിമർശനബുദ്ധിയോടെ പഠിച്ച്, അവയിലെ പ്രതിലോമകരമായ നിർദ്ദേശങ്ങളുടെ മുനയൊടിക്കാൻ തുനിയാതെ, പുസ്തകം കത്തിക്കലാണ് പ്രശ്നപരിഹാരമെന്ന ഒളിച്ചോടൽവിദ്യ നടപ്പാക്കിയവരും അതേകുറ്റം തന്നെയാണ് ചെയ്തത്. അവർ, ബ്രാഹ്മണ്യത്തിന്റെ ചൂഷണത്തിന് നിന്നുകൊടുക്കാൻ അബ്രാഹ്മണരെയും സ്ത്രീകളെയും വിട്ടുകൊടുക്കുകയായിരുന്നു. ആ കർത്തവ്യലോപത്തിന്റെ വിലയാണ് ഇപ്പോഴും ഭാരതത്തിലെ ഒരു വിഭാഗം ജനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

മനു എന്ന ബ്രഹ്മപുത്രനായ പ്രജാപതി ഇത്രമേൽ വേദവിരുദ്ധമായ നിയമങ്ങൾ മനുഷ്യർക്കുമേൽ അടിച്ചേൽപ്പിക്കുമോ എന്ന അന്വേഷണം ചെന്നെത്തുന്നത്, ചരിത്രപ്രാധാന്യമുള്ള ഒരു അപനിർമ്മാണത്തിന്റെ അകത്തള രഹസ്യങ്ങളിലേക്കാണ്. സുംഗരാജവംശസ്ഥാപകനായ പുഷ്യമിത്രസുംഗന്റെ നിർദ്ദേശാനുസരണം, സുമതിഭാർഗ്ഗവനെന്ന സാമവേദിബ്രാഹ്മണനാണ് മനുസ്മൃതി എഴുതിയുണ്ടാക്കിയതെന്നു ഡോ.അംബേദ്ക്കറെയും കെ.പി.ജയ്സ്വാളിനെയും പോലുള്ള ചില ചരിത്രകാരന്മാരും സമർത്ഥിക്കുന്നു. എ.ഡി.നാലാംനൂറ്റാണ്ടിൽ രചിക്കപ്പെട്ടതായി കരുതുന്ന നാരദസ്മൃതിയിലും മനുസ്മൃതിയുടെ കർത്താവ് സുമതിഭാർഗ്ഗവനാണെന്ന പരാമർശമുണ്ട്. മനുസ്മൃതി ഉണ്ടാക്കുന്നതിനും അതിനെ ഭാരതത്തിന്റെ നിയമമായി സ്വീകരിക്കുന്നതിനും പുഷ്യമിത്രസുംഗനെ പ്രേരിപ്പിച്ച സാമൂഹ്യസാഹചര്യങ്ങൾ കൂടി അറിഞ്ഞാലേ ആ അപനിർമ്മാണത്തിന്റെ കുടിലത വ്യക്തമാകൂ. ഭാരതീയ സമൂഹത്തെ കീഴ്മേൽ അട്ടിമറിച്ച ആ ചരിത്രാധ്യായം കാണുക:

മൗര്യസാമ്രാജ്യാധിപതിയായിരുന്ന അശോകചക്രവർത്തിയുടെ ശാസനകാലത്ത്, ആര്യസമൂഹങ്ങൾ വലിയ സ്വത്വപ്രതിസന്ധിയാണ് നേരിട്ടത്. അശോകൻ ബുദ്ധമതത്തെ രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ജാതിപരമായ വിവേചനങ്ങൾ നിരോധിക്കുകയും മൃഗബലി ഉൾപ്പെടുന്ന യജ്ഞങ്ങളും യാഗങ്ങളും തടയുകയും ചെയ്തപ്പോൾ ബ്രാഹ്മണരുടെ വരുമാനവും സാമൂഹ്യമേൽക്കോയ്മയും ഇല്ലാതായി. ബുദ്ധഭിക്ഷുക്കളെ മുൻനിർത്തി സാമ്രാജ്യത്തിലുടനീളം സ്ഥാപിച്ച നളന്ദ മുതലായ പതിനെട്ടു സർവ്വകലാശാലകളിലൂടെ, തദ്ദേശീയ ജനസമൂഹ

ങ്ങൾക്കിടയിൽ ആദ്ധ്യാത്മിക-ബൗദ്ധിക പരിവർത്തനങ്ങളുണ്ടാക്കി. അശോകച ക്രവർത്തിയുടെ മരണശേഷം, മകനായ മഹിന്ദമൗര്യൻ ഭരണം നടത്തിയ ബി.സി-229മുതൽ ബി.സി-199വരെയുള്ള മുപ്പതു വർഷത്തിനിടെ ആര്യന്മാർ ആസൂത്രിത മായി ബുദ്ധമതത്തിലേയ്ക്കു നുഴഞ്ഞുകയറി.അങ്ങനെ എത്തിയ ആര്യബുദ്ധിസ്റ്റു കളുടെ സഹകരണത്തോടെ പുഷ്യമിത്രസുംഗനെന്ന ആര്യബ്രാഹ്മണൻ സൈന്യ ത്തിൽ ഉയർന്ന ഉദ്യോഗം തരപ്പെടുത്തി. മഹിന്ദന്റെ മകനായ ബൃഹദ്രഥമൗര്യനെ, പുഷ്യമിത്രസുംഗന്റെ പുത്രിയായ ആര്യമിത്രസുംഗ പ്രണയിച്ചു വിവാഹംചെയ്ത തോടെ സുംഗൻ ഭരണകാര്യങ്ങളിലും പിടിമുറുക്കാൻ തുടങ്ങി. മഹിന്ദന്റെ മരണ ത്തെ തുടർന്ന്, ബി.സി-194ൽ ബൃഹദ്രഥമൗര്യൻ ഭരണാധിപതിയായി. ബി.സി-185ൽ ഒരു പാതിരാത്രി, ബൃഹദ്രഥമൗര്യന്റെ ഭാര്യയായ ആര്യമിത്രസുംഗ അത്യന്തം രഹ സ്യമായി പിതാവായ പുഷ്യമിത്രസുംഗന് ചക്രവർത്തിയുടെ ഉറക്കറവാതിൽ തുറ ന്നുകൊടുത്തു. പുഷ്യമിത്രനും മകളും ചേർന്ന്, ഉറങ്ങിക്കിടന്ന ചക്രവർത്തിയുടെ തല അറുത്തുമാറ്റി. അതിനോടകം പാലിൽ വിഷംകലർത്തിനൽകി ബൃഹദ്രഥമൗ ര്യന്റെ മക്കളായ സാരാനാഥ്മൗര്യനെയും മിത്രപ്രിയാമൗര്യയെയും കൊലപ്പെടു ത്തിയിരുന്നു. അജ്ഞാതർ ചക്രവർത്തിയെയും മക്കളെയും വധിച്ചെന്നു വിശ്വസി പ്പിച്ച്, പുഷ്യമിത്രസുംഗൻ ഭരണം പിടിച്ചു. അപ്രകാരം, ഒരു ചതിപ്രയോഗത്തിലൂടെ യാണ് സാമവേദി ബ്രാഹ്മണനായ പുഷ്യമിത്രസുംഗൻ സുംഗവംശ ഭരണം സ്ഥാപി ച്ചതും അതിലൂടെ ആര്യാധിപത്യം പുനഃസ്ഥാപിച്ചതും. അനന്തരം, സുംഗവംശ ഭര ണകാലത്ത്, ബ്രാഹ്മണാധിപത്യം ഉറപ്പിക്കുന്നതിനുതകുന്ന സാമൂഹിക നിയന്ത്രണ ങ്ങളും നിയമങ്ങളും ഉൾപ്പെട്ട മനുസ്മൃതി എഴുതിയുണ്ടാക്കിയത് പുഷ്യമിത്രസും ഗന്റെ സുഹൃത്തായ സുമതിഭാർഗ്ഗവനാണ്. തന്റെ കൃതിക്ക് അദ്ദേഹം സ്വായംഭൂ വമനുവിന്റെ പേരുപയോഗിച്ചത്, അതിലെ നിയമങ്ങൾക്ക് മനുഷ്യകുലത്തിന്റെ ആവിർഭാവത്തോളം പുരാതനത്വവും ആധികാരികതയുംനേടിയെടുക്കുന്നതിനു വേണ്ടിയാണ്. ഈ ചരിത്രാധ്യായത്തെ മനുസ്മൃതിയുടെ രചനയുമായി ബന്ധപ്പെ ടുത്തുന്ന നിഗമനങ്ങൾ ശരിയാണെങ്കിലും അല്ലെങ്കിലും, ആ ഗ്രന്ഥത്തിന്റെ രചന യിൽ സ്വായംഭൂവമനു എന്ന പ്രജാപതിക്കുള്ള പങ്ക് സന്ദേഹത്തിനു സാധ്യതയില്ലാ ത്ത നിലയിൽ അസംഭാവ്യമാണ്. അതുതന്നെയാണ്, മനുസ്മൃതി കൃത്യമായ ദുരു ദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ട പുസ്തകമാണെന്ന സംശയത്തിന്റെ കാതൽ.

മനുസ്മൃതിയും ഭാരതത്തിന്റെ ഭരണഘടനയും

ഭാരതത്തിന്റെ ഭരണഘടനയും നിയമ-നീതിന്യായവ്യവസ്ഥകളും നിർമ്മിക്കുന്ന തിൽ നിർണ്ണായകമായ സംഭാവനകൾ നൽകിയ ഒരു വഴികാട്ടി എന്നനിലയിലാണ് പലപ്പോഴും മനുവാദികൾ മനുസ്മൃതിയെ അവതരിപ്പിക്കാറുള്ളത്. ഈ പഠനത്തി ന്റെ പൂർണ്ണത ഉറപ്പാക്കുന്നതിന്, മനുസ്മൃതിയെ മഹത്വവത്കരിക്കുന്ന ആ പ്രചാ രണത്തിൽ എത്രമേൽ സത്യമുണ്ടെന്ന് അന്വേഷിക്കേണ്ടതുണ്ടെന്നു തോന്നുന്നു.

പന്ത്രണ്ട് അധ്യായങ്ങളിലായി രണ്ടായിരത്തിഅറുന്നൂറ്റിയെൺപതോളം ശ്ലോകങ്ങ ളാണ് മനുസ്മൃതിയിലുള്ളത്.(ശ്ലോകങ്ങളുടെ എണ്ണത്തിൽ മിക്ക പരിഭാഷകളിലും വ്യത്യാസം കാണുന്നുണ്ട്). ഒന്നാം അധ്യായത്തിൽ സ്മൃതിയുടെ ഉത്ഭവവും ലോക

സൃഷ്ടിയും പ്രളയവും ജീവന്റെ ഉത്ക്രമണവും കാലമാനങ്ങളും വിവരിക്കുന്നു. രണ്ടാമത്തേതിൽ ധർമ്മലക്ഷണങ്ങളും ഗുരുശുശ്രൂഷയും ബ്രഹ്മചര്യനിയമങ്ങളും ബ്രാഹ്മണ കർമ്മങ്ങളും പ്രതിപാദിക്കുന്നു. മൂന്നാമധ്യായത്തിൽ, അധ്യയനത്തിനു ശേഷം ഗൃഹസ്ഥാശ്രമകാലത്തു വിവിധ വർണ്ണികൾ അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങൾ, വിവാഹകാര്യങ്ങൾ, സ്ത്രീസംരക്ഷണം, ഗൃഹധർമ്മങ്ങൾ, സന്താനപാലനം തുടങ്ങിയവയെല്ലാം വിശദമാക്കുന്നു. നാലാം അധ്യായത്തിലെ പ്രതിപാദനവിഷയങ്ങൾ ഗൃഹസ്ഥരുടെ കൃത്യാകൃത്യങ്ങളും അനധ്യായവിധികളും ദാനപ്രശംസയും മറ്റുമാണ്. അഞ്ചിൽ, ശുദ്ധാഹാരം, നിഷിദ്ധാഹാരം, ശുചിത്വം, അശുചിത്വം, സ്ത്രീകളുടെ ചുമതലകൾ തുടങ്ങിയവ പ്രതിപാദിക്കുന്നു. ആറാമധ്യായത്തിൽ, വാനപ്രസ്ഥന്റെയും സന്യാസിയുടെയും കർത്തവ്യങ്ങൾ പറയുന്നു. ഏഴിൽ രാജാവിന്റെയും മന്ത്രിമാരുടെയും കർത്തവ്യങ്ങൾ വിവരിക്കുന്നു. അതോടൊപ്പം, യുദ്ധധർമ്മങ്ങളും നികുതി,തീരുവ എന്നീ വ്യവഹാരവിഷയങ്ങളും ഭരണക്രമവും വിവരിക്കപ്പെടുന്നു. എട്ടിൽ, നീതിന്യായപരിപാലനം, അതിനുവേണ്ട നിയമങ്ങൾ, അവകാശത്തർക്കം, അതിർത്തിത്തർക്കം,അടിപിടി,മോഷണം,വ്യഭിചാരം എന്നിവയുമായി ബന്ധപ്പെട്ട കോടതി കാര്യങ്ങളൊക്കെ വിശദീകരിക്കുന്നു. ഒമ്പതാമധ്യായത്തിൽ, ഭാര്യാ-ഭർതൃ കർത്തവ്യങ്ങൾ, അവകാശം, ഭാഗംവെയ്പ്, രാജധർമ്മങ്ങൾ തുടങ്ങിയവയും ഉൾപ്പെടുന്നു. പത്തിൽ, ആപത്ധർമ്മങ്ങൾ, ജാതിധർമ്മങ്ങൾ തുടങ്ങിയവ പ്രതിപാദിക്കുന്നു. അധ്യായം പതിനൊന്നിൽ, വ്രതാനുഷ്ഠാനങ്ങൾ, തപസ്സ്, യജ്ഞങ്ങൾ, കുറ്റങ്ങളുടെ ശിക്ഷാക്രമം, ദക്ഷിണ എന്നിവയാണ് വിഷയങ്ങൾ. പന്ത്രണ്ടാം അധ്യായത്തിൽ പുനർജ്ജന്മസിദ്ധാന്തങ്ങൾ, ആത്മജ്ഞാനം, മോക്ഷം എന്നിവയെ സംബന്ധിച്ച കാര്യങ്ങളും പ്രസ്താവിക്കുന്നു. അവയിൽ, ഭാരതത്തിന്റെ ഭരണഘടനയുടെയും നീതിന്യായ-നിയമവ്യവസ്ഥകളുടെയും രൂപീകരണത്തിൽ മൗലിക പ്രമാണങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ടാകാൻ ഇടയുള്ള സംഗതികൾ തീരെ വിരളമാണല്ലോ. അത്തരത്തിൽ അംഗീകരിക്കാവുന്ന നിയമങ്ങൾ തന്നെയും, രാജഭരണകാലത്തുമാത്രം പ്രാവർത്തികമാക്കാൻ കഴിയുന്ന നടപടിക്രമങ്ങളുമാണ്.

ഇന്ത്യയെ ഒരു പരമാധികാര-സ്ഥിതിസമത്വ-മതനിരപേക്ഷ-ജനാധിപത്യ-റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും, രാജ്യത്തെ സകല പൗരന്മാർക്കും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നീതിയുറപ്പാക്കുന്നതിനും, ആശയാവിഷ്കാരം,ചിന്ത,വിശ്വാസം,ഭക്തി,ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യവും സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വവും വ്യക്തിയുടെ അന്തസ്സും ഉറപ്പുനല്കുന്നതിനും സർവ്വരിലും ഭ്രാതൃഭാവം വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് സ്വീകരിക്കുകയും നിയമമാക്കുകയുംചെയ്ത ഇന്ത്യയുടെ ഭരണഘടന, കൊടിയ വിവേചനത്തിന്റെയും അനീതികളുടെയും സഞ്ചിതസമാഹാരമായ മനുസ്മൃതിയെ അതിന്റെ അടിസ്ഥാനശിലയായി സ്വീകരിക്കുമെന്ന് വിവേകമുള്ള ആർക്കെങ്കിലും വിശ്വസിക്കാനാകുമോ? ഒരു ജനാധിപത്യ സമൂഹത്തിനു സ്വീകാര്യമല്ലാത്ത മനുസ്മൃതിയിലെ ഉള്ളടക്കം, നമ്മുടെ പൂർവ്വികരുടെ പരിഗണനയിൽപ്പോലും വന്നിട്ടുണ്ടാകില്ല എന്നുവിശ്വസിക്കുന്നതാണ് അവരോടുള്ള നീതിപുലർത്തലും ആദരവും അംഗീകാരവും. എന്തുകൊണ്ടെന്നാൽ, എല്ലാ തോന്നലു

കൾക്കും മേലെ മനുഷ്യത്വം പ്രതിഷ്ഠിച്ചവരായിരുന്നു ഭരണഘടനാശിൽപികൾ.



सत्यमेव जयते

Constitution of India

PREAMBLE

We, the people of India,
having solemnly resolved to constitute India into a
SOVEREIGN, SOCIALIST, SECULAR, DEMOCRATIC,
REPUBLIC and to secure to all of its citizens:

JUSTICE social, economic and political;
LIBERTY of thought, expression, belief, faith and worship;
EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the individual and the
unity and integrity of the nation;
In our Constituent Assembly, this 26th day of November
1949, do
HEREBY ADOPT, ENACT AND GIVE TO OURSELVES
THIS CONSTITUTION.

ഭരണഘടനഅസംബ്ലി ഭാരതത്തിന്റെഭരണഘടന അംഗീകരിച്ച അവസരത്തിൽ മനുവാദികളുയർത്തിയ മുഖ്യവിമർശനം, അത് മനുസ്മൃതിയെ ആദരിക്കുന്നില്ല എന്നതാണ്.ആ അസന്തുഷ്ടി പ്രകടമാക്കികൊണ്ട് അക്കാലത്ത് അവർ എഴുതിയ വാക്കുകൾതന്നെയാണ് സാക്ഷ്യപത്രം: 'നമ്മുടെ ഭരണഘടനയിൽ പ്രാചീനഭാരതത്തിലെ അതുല്യമായ ഭരണഘടന വികാസത്തെക്കുറിച്ച് ഒരു പരാമർശവും ഇല്ല. സ്പാർട്ടയിലെ ലിക്കർഹസിനും പേർഷ്യയിലെ സോലോനും ഏറെമുമ്പാണ് മനുനിയമങ്ങൾ എഴുതപ്പെട്ടത്. ഇന്നും ലോകത്തിന്റെ ആദരവ് ഉദ്ദീപിപ്പിക്കുന്ന മനുസ്മൃതി, സ്വതസിദ്ധമായ അനുസരണയും വിധേയത്വവും പിടിച്ചുപറ്റുന്നു. എന്നാൽ, നമ്മുടെ ഭരണഘടനാവിദഗ്ദർക്ക് അത് തികച്ചും നിരർത്ഥകമാണ്'. ആ അഭിപ്രായം മനുവാദികൾ മാറ്റിയോ എന്നും, മാറ്റിയെങ്കിൽ അതിന്റെ കാരണമെന്തെന്നും അന്വേഷിച്ചാൽമതി അവരുടെ ഇരട്ടത്താപ്പു തിരിച്ചറിയാൻ.

സ്മൃതിനിയമങ്ങൾ നിരോധിക്കുന്ന ഭരണഘടന

ഭാരതത്തിന്റെ ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ട കാര്യങ്ങൾ പലതും, അതുവരെ നാട്ടിൽ നിലനിന്നിരുന്ന പ്രാകൃത നിയമങ്ങളുടെയും നാട്ടുനടപ്പുകളുടെയും നിരാസം നിഷ്കർഷിക്കുന്നതാണെന്ന നിലയ്ക്ക്, മനുസ്മൃതി അടക്കമുള്ള ഗ്രന്ഥങ്ങൾ അനുശാസിക്കുന്ന മനുഷ്യവിരുദ്ധമാമൂലുകളുടെകൂടി നിരോധനമാണെന്ന് ഒരു പര്യാലോചനയും കൂടാതെതന്നെ വിലയിരുത്താം.

ഉദാഹരണത്തിന്, ഇന്ത്യയുടെ ഭരണഘടനയിലെ പൗരന്റെ മൗലികാവകാശങ്ങൾ പ്രഖ്യാപിക്കുന്ന ഭാഗം മൂന്ന്, 'ഇന്ത്യയുടെ മാഗ്നാകാർട്ട'യെന്നും, 'ഭരണഘടനയുടെ ആണിക്കല്ല്' എന്നുമാണല്ലോ അറിയപ്പെടുന്നത്. അതിലെ പ്രധാന അനുഛേദങ്ങൾ

നോക്കുക:പതിമൂന്നാം അനുഛേദം പൗരന്റെ മൌലികാവകാശങ്ങൾക്കു വിപരീതമായ നിയമങ്ങൾ അസാധുവാക്കുന്നതാണ്. 14 മുതൽ 18 വരെയുള്ള വകുപ്പുകൾ സമത്വത്തിനുള്ള അവകാശങ്ങൾ വിശദീകരിക്കുന്നു. വിവിധ തലങ്ങളിലെ സാമൂഹിക അസമത്വങ്ങളവസാനിപ്പിച്ചു സമത്വം ഉറപ്പുവരുത്താൻ ആ അവകാശങ്ങൾ സഹായിക്കുന്നു. ആർട്ടിക്കിൾ 14 പ്രകാരം, ഇന്ത്യൻ ഭൂപ്രദേശത്തിനുള്ളിൽ താമസിക്കുന്ന ഏവർക്കും നിയമത്തിനുമുൻപിൽ സമത്വവും(Equality before law) തുല്യമായ നിയമസംരക്ഷണവും(Equal protection of laws) നൽകുന്നു. അതായത്, സർവ്വ ജനവിഭാഗങ്ങളും ഒരുപോലെ നിയമത്തിനു വിധേയരാണെന്നും, യാതൊരു വ്യക്തിയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ പാടില്ലായെന്നും ഈ ആർട്ടിക്കിൾ വ്യവസ്ഥ ചെയ്യുന്നു. സ്റ്റേറ്റ് ഒരു പൗരനോടും, ജാതി-മത-ലിംഗ-ജന്മദേശങ്ങൾ കാരണമാക്കി വിവേചനം കാണിക്കാൻ പാടില്ല എന്ന് പതിനഞ്ചാം അനുഛേദത്തിൽ പ്രസ്താവിക്കുന്നു. പൂർണ്ണമായോ ഭാഗികമായോ ഗവൺമെന്റിന്റെ ആസ്തിയുപയോഗിച്ചു നിലനിറുത്തിക്കൊണ്ടിരിക്കുന്നതോ, പൂർണ്ണമായും പൊതുജനങ്ങളുടെ ഉപയോഗത്തിന് സമർപ്പിച്ചിട്ടുള്ളതോആയ കിണറുകൾ,കുളങ്ങൾ,സ്നാനഘട്ടങ്ങൾ,റോഡുകൾ തുടങ്ങിയ പൊതുവിടങ്ങൾ ഉപയോഗിക്കുന്നതിന് ഒരുതരത്തിലുമുള്ള വിവേചനവും പാടില്ലെന്നു വ്യവസ്ഥചെയ്യുന്നു.തൊഴിലവസരങ്ങളിലെ സമത്വം ഉറപ്പുവരുത്തുന്ന ആർട്ടിക്കിൾ പതിനാറും, അസ്പൃശ്യതയും അയിത്തവും നിർമ്മാർജ്ജനംചെയ്യുന്ന പതിനേഴാം അനുഛേദവുമൊക്കെ, സ്മൃതികളിലടക്കം നിർദ്ദേശിച്ചിട്ടുള്ള സകല പ്രാകൃതശാസനങ്ങളുടെയും നിരോധനം തന്നെയാണ് പ്രഖ്യാപിക്കുന്നത്. പത്തൊമ്പതുമുതൽ ഇരുപത്തിരണ്ട് വരെയുള്ള ആർട്ടിക്കിളുകളിൽ വരുന്ന സ്വാതന്ത്ര്യത്തിനായുള്ള അവകാശങ്ങളിൽ,സമാധാനപരമായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യവും സംഘടനകളും പ്രസ്ഥാനങ്ങളും രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും, ഇന്ത്യാരാജ്യത്തെവിടെയും സഞ്ചരിക്കാനും താമസമാക്കാനും നിലകൊള്ളാനുമുള്ള സ്വാതന്ത്ര്യവും, ഇഷ്ടമുള്ള ജോലിചെയ്യുന്നതിനും സ്വന്തമായി വ്യവസായം, കച്ചവടം എന്നിവ തുടങ്ങുന്നതിനും നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യവും, വിദ്യാഭ്യാസ അവകാശവും, ജീവിതത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും സംരക്ഷണവും എല്ലാ പൗരന്മാർക്കും ഒരേ നിലയിൽ ഉറപ്പുപറയുന്നുണ്ട്. 22 മുതൽ 24വരെ അനുഛേദങ്ങൾ വിഭാവനം ചെയ്യുന്ന, ചൂഷണങ്ങൾക്കെതിരെയുള്ള അവകാശത്തിലെ പ്രഖ്യാപനങ്ങൾ നിർബന്ധിത വേലയടക്കമുള്ള എല്ലാ ചൂഷണങ്ങൾക്കുമെതിരെയുള്ള സംരക്ഷണമാണ് പൗരന്മാർക്കു പ്രദാനംചെയ്യുന്നത്. ഈ ഉറപ്പുകളെല്ലാം ഭരണഘടന ഓരോപൗരനും കൊടുക്കുമ്പോൾ വാസ്തവത്തിൽസംഭവിക്കുന്നത്, വിവേചനകൾ അടിസ്ഥാന സ്വഭാവമായ സ്മൃതിനിയമങ്ങളുടെ സമ്പൂർണ്ണ നിരാകരണമാണ്. എന്നിട്ടും, ഭാരതത്തിന്റെ ഭരണഘടനയും നിയമ-നീതിന്യായവ്യവസ്ഥയും നിർമ്മിക്കുന്നതിന് ഭരണഘടനാശിൽപികൾ അടിസ്ഥാനപ്രമാണമായി സ്വീകരിച്ചത് മനുസ്മൃതിയാണെന്നു ചിലർ വാദിക്കുന്നത്, ശുദ്ധവിവരക്കേടുകൊണ്ടു മാത്രമാണ്. അല്ലെങ്കിൽ, അവർ കളവു പ്രചരിപ്പിക്കുകയാണ്. ഉദ്ദേശ്യം, മനുഷ്യകുലം നിരാകരിച്ച ആ നിയമങ്ങളുടെ പുനഃസ്ഥാപനമാണ്. അവ ഉണ്ടാക്കിയ ഭൂതകാലദുരന്തങ്ങളിൽ അഭിമാനിക്കുന്നവരെ വെളുപ്പിച്ചെടുക്കലാണ്.

നീതിന്യായപരിപാലനം മനുസ്മൃതിയിൽ

ഭാരതത്തിന്റെ ഭരണഘടനയും നിയമ-നീതിന്യായവ്യവസ്ഥയും നിർമ്മിച്ചത് മനുസ്മൃതിയെ അവലംബമാക്കിയാണ് എന്നപ്രചാരണത്തിലെ ചതി അതു നടത്തുന്നവർക്ക് അറിയാത്തതൊന്നുമല്ല. എങ്കിലും, ആ പ്രചാരവേല അഭംഗുരംമുന്നേറുന്നു. അത്തരം അസത്യപ്രസ്താവനയിലൂടെ ആളുകളിൽ പല വിധത്തിലുള്ള സന്ദേഹങ്ങളും സൃഷ്ടിച്ചെടുക്കാൻ കഴിയുന്നു എന്നതാണ് അവരുടെ വിജയതന്ത്രം. അതുകൊണ്ട് ആ ദിശയിലുള്ള അന്വേഷണം ഒഴിവാക്കുന്ന ഏതൊരു പഠനവും അപൂർണ്ണമാകും. ഇനി, മനുനിയമങ്ങൾ മനുഷ്യഗുണമുള്ളവയാണോ എന്നുനോക്കാം:

എന്തുകൊണ്ട് മനുസ്മൃതി ഒരു പുരോഗമനസമൂഹത്തിൽ അസ്വീകാര്യമാകുന്നു എന്ന ചോദ്യത്തിനുള്ള മറുപടി,എന്താണ് മനുസ്മൃതി എന്നത് തന്നെയാണ്. സമാജത്തിൽ വ്യക്തികൾക്കുള്ള സ്ഥാനവും അവകാശാധികാരങ്ങളും വർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് സ്മൃതി നിശ്ചയിക്കുന്നത്. അവിടെ, വ്യക്തിഗത അറിവോ കഴിവോ കണക്കിലെടുത്തിരുന്നില്ല. ബ്രാഹ്മണർക്ക് യാതൊരുപരിധിയും ഇല്ലാത്ത അധികാരാവകാശങ്ങളാണ് മനുസ്മൃതി അനുവദിക്കുന്നത്. അതനുസരിച്ച്, രാജാവുൾപ്പെടെയുള്ള എല്ലാ വർഗ്ഗങ്ങളുടേയും കർമ്മപരിധി നിശ്ചയിക്കുവാനുള്ള പരമാധികാരം ബ്രാഹ്മണ്യത്തിനാണ്. ബ്രാഹ്മണൻ യാതൊരു ഭരണാധികാരിയുടേയും പ്രജയായിരിക്കുകയില്ല. രാജാവ് ബ്രാഹ്മണൻ ഒഴികെയുള്ള വിഭാഗങ്ങളുടെ മാത്രം ഭരണകർത്താവായിരിക്കും, ബ്രാഹ്മണർ എല്ലാ ഇനം ശിക്ഷകൾക്കും അതീതരായിരിക്കും. ബ്രാഹ്മണനിൽനിന്നും യാതൊരുവിധ നികുതികളും പിഴയും ഈടാക്കാൻ പാടില്ല. എത്രകടുത്തകുറ്റത്തിനും ബ്രാഹ്മണർക്കു വധശിക്ഷ വിധിക്കരുത്. ബ്രാഹ്മണൻ അല്ലാത്തവരുടെ വ്യവഹാരങ്ങളിൽ രാജാവു ബ്രാഹ്മണനെ വിളിച്ചുവരുത്തി സാക്ഷിയായിപ്പോലും വിസ്തരിക്കാൻ പാടുള്ളതല്ല. സ്ഥിതിസമത്വവും ജനാധിപത്യബോധവും ആണിക്കല്ലുകളായി പ്രതിഷ്ഠിക്കുന്ന ഏതെങ്കിലും നവീന സമൂഹത്തിനു സ്വീകരിക്കാൻ കഴിയുന്ന നിബന്ധനകളാണോ അവയൊക്കെ?

അതേസമയം, നാലാംവർണ്ണിയായ ശൂദ്രനുമേൽ മനുസ്മൃതി അത്യന്തം മനുഷ്യവിരുദ്ധമായ വിവേചനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്: ശൂദ്രർ 'അശുദ്ധരായതുകൊണ്ട്' ഉയർന്നവരുമായി ഇടപഴകാൻ പാടില്ല, ഇതര സമുദായങ്ങൾക്കു കിട്ടുന്ന ബഹുമാനം ശൂദ്രനു നൽകാൻപാടില്ല, ശൂദ്രർ കൊല്ലപ്പെട്ടാൽ കൊലയാളിയായ ദ്വിജന്മാർ ചെറിയ പ്രതിഫലം നൽകിയാൽ മതി, ശൂദ്രർക്കു വിദ്യാഭ്യാസവും അറിവും അനുവദനീയമല്ല,സ്വകാര്യസ്വത്തു പാടില്ല, പദവികളോ സ്ഥാനമാനങ്ങളോ അർഹമല്ല, ഉയർന്നജാതിക്കാരെ മരണപര്യന്തം സേവിക്കണം, മിശ്രവിവാഹം പാടില്ല, മേൽജാതിസ്ത്രീകളെ തീണ്ടിയാൽ ശൂദ്രനെ ക്രൂരമായി ശിക്ഷിക്കാം; എന്നാൽ ശൂദ്രസ്ത്രീകളെ മേൽജാതിക്കാർക്ക് വെപ്പാട്ടിയാക്കാവുന്നതാണ്,ജന്മംകൊണ്ടുതന്നെ ശൂദ്രൻ അടിമയായിരിക്കും. പൗരന്മാരുടെയെല്ലാം സ്വാതന്ത്ര്യവും അന്തസ്സും അടിസ്ഥാന ലക്ഷ്യമായി വിഭാവനം ചെയ്ത, ആധുനികലോകത്തെ അടയാളപ്പെടുത്തുന്ന ഒരു ഭരണഘടനയുടെ സൃഷ്ടിയിൽ അവലംബമായി സ്വീകരിക്കാൻ കഴിയുന്ന വ്യവസ്ഥകളാണോ, മുകളിൽ പറഞ്ഞ വ്യവസ്ഥകളിൽ ഒന്നെങ്കിലും?

അതുപോലെതന്നെ,മനുസ്മൃതി അനുശാസിക്കുന്ന ശിക്ഷാവിധികളെല്ലാം വർണ്ണ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. കുറ്റം ചെയ്യുന്ന ആളിന്റെ വർണ്ണമനുസരിച്ചാണ് കുറ്റകൃത്യത്തിന്റെ കാഠിന്യം നിശ്ചയിക്കപ്പെട്ടിരുന്നത് എന്നതിനാൽ, ഒരേകുറ്റത്തിനുതന്നെ വ്യത്യസ്ത വർണ്ണികളായ വ്യക്തികൾക്ക് വിഭിന്ന ശിക്ഷകളാണ് വിധിച്ചിരുന്നത്. ചില ഉദാഹരണങ്ങൾ കാണാം: ക്ഷത്രിയൻ ബ്രാഹ്മണനെ അസഭ്യം പറഞ്ഞാൽ നൂറു പണം പിഴ അടയ്ക്കണം. എന്നാൽ, അതേ കുറ്റം ഒരു വൈശ്യൻ ചെയ്താൽ നൂറ്റമ്പതോ ഇരുന്നൂറോ പണമാകും ശിക്ഷ. പക്ഷേ, ബ്രാഹ്മണനെ ചീത്തപറയുന്ന ശൂദ്രന് കുരടാവുകൊണ്ടുള്ള അടിയാണു ശിക്ഷ. ഒരു ബ്രാഹ്മണൻ ക്ഷത്രിയനെ ആക്ഷേപിച്ചാൽ പരിഹാരമായി അൻപതു പണം കൊടുത്താൽ മതി. ശൂദ്രനെയാണെങ്കിൽ വെറും പന്ത്രണ്ടുപണം.ശൂദ്രൻ ബ്രാഹ്മണനെ അപമാനിച്ചാൽ അയാളുടെ നാക്കു മുറിച്ചുകളയണം. താഴ്ന്ന വർണ്ണത്തിൽ പിറന്ന ഒരാൾ, ഉയർന്ന കുലത്തിൽ ജനിച്ചവനെ കയ്യേറ്റംചെയ്താൽ, ഏതവയവംകൊണ്ടാണോ അതു ചെയ്തത് ആ അംഗം ഛേദിച്ചുകളയണം. കയ്യോ വടിയോ ഓങ്ങിയാലും കൈ മുറിച്ചുമാറ്റണം. ചവിട്ടിയാൽ കാൽ മുറിച്ചുകളയണം. കുറ്റം ചെയ്യുന്ന ശൂദ്രന്റെ അവയവങ്ങൾ ഛേദിച്ചുകളയാൻ മാത്രമല്ല, അവനെ കൊല്ലാൻ പോലും വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ, എത്രകൊടിയ അപരാധമായാലും ബ്രാഹ്മണർക്ക് വധശിക്ഷയില്ല. കാരണം, ബ്രാഹ്മണൻ ഭൂമിയിലെ ദൈവമാണത്രേ. അത്തരത്തിലുള്ള, ഇരുളടഞ്ഞ ചിന്താഗതികളാണ് ഭാരതത്തിന്റെ ഭരണഘടന നിർമ്മിക്കുന്നതിനു മാർഗ്ഗദീപമായത് എന്നു പറയുന്നതിനോളം വലിയ വിവരക്കേടു വല്ലതുമുണ്ടോ? എന്തെന്നാൽ, നിയമത്തിനുമുന്നിൽ എല്ലാ പൗരന്മാരും തുല്യരാണെന്നു പ്രഖ്യാപിക്കുകവഴി, ഭാരതത്തിന്റെ ഭരണഘടന പ്രത്യക്ഷമായിതന്നെ എല്ലാ നിലയിലുമുള്ള വർണ്ണ/ ജാതി വിവേചനങ്ങളെയും സ്മൃതിനിയമങ്ങളെയും നിരാകരിക്കുകയാണു ചെയ്യുന്നത്.

മനുസ്മൃതിയിലെ പ്രാകൃതശിക്ഷാവിധികൾ:

മനുസ്മൃതിയിലെ ശിക്ഷകളും വർണ്ണമടിസ്ഥാനമാക്കിയുള്ളവ ആയിരുന്നു എന്നതുമാത്രമല്ലാ അവയെ അസ്വീകാര്യമാക്കുന്നത്. ഒരു നവീന സമൂഹത്തിലും അനുവർത്തിക്കാൻ കഴിയാത്തത്ര പ്രാകൃതമാണ് അവയിലധികവും. എട്ടാമധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ചില ഉദാഹരണങ്ങൾ കാണാം: ഉത്കൃഷ്ടജാതിയിലെ പുരുഷനെ പ്രാപിക്കുന്ന കന്യകയ്ക്കു രാജാവ് ശിക്ഷയൊന്നും നൽകേണ്ടതില്ല. പക്ഷേ, ഹീനജാതിക്കാരൻ സംഭോഗിക്കുന്നവളെ തടങ്കലിൽ പാർപ്പിക്കണം.(ശ്ലോകം:365). ഹീനജാതി പുരുഷൻ ഉത്കൃഷ്ടജാതി സ്ത്രീയെ പ്രാപിച്ചാൽ, ജാതിയ്ക്കനുസരിച്ച് അംഗഛേദാതിരൂപമായ വധമർഹിക്കുന്നു.(ശ്ലോകം:366). പ്രബലരും ധനികരുമായ, പിതാവ് മുതലായ ബന്ധുക്കളുണ്ടെന്നും, തനിക്കു സൗന്ദര്യാദിഗുണങ്ങളുണ്ടെന്നും ഉള്ള ഗർവ്വുകൊണ്ട് പരപുരുഷാഗമനാദികളാൽ സ്ത്രീ ഭർത്താവിനെ അവഹേളിക്കുകയാണെങ്കിൽ, സ്ത്രീയെ ബഹുജനനിബിഡമായ സ്ഥലത്തുവെച്ചു നായകളെക്കൊണ്ടുതീറ്റണം(ശ്ലോകം: 371). മേല്പറഞ്ഞ വിഷയത്തിലെ ജാരനെ, രാജാവ് ചുട്ടുപഴുപ്പിച്ച ഇരുമ്പുകട്ടിലിന്മേൽ അയാൾ ദഹിക്കുന്നതുവരെ ബന്ധിക്കണം(ശ്ലോകം: 372). അരക്ഷിതയായ ബ്രാഹ്മണിയെ വൈശ്യൻ പ്രാപിച്ചാൽ ഒരുവർഷത്തെ തടവു ശിക്ഷയനുഭവിക്കുകയും സർവ്വസ്വത്തും പിഴയായൊടുക്കുകയും വേണം.ക്ഷത്രി

യനാണെങ്കിൽ, ആയിരം പണം പിഴചുമത്തി കഴുതമൂത്രംകൊണ്ട് നനച്ച് ശിരോമുണ്ഡനവും ചെയ്യണം.(ശ്ലോകം:375). സുരക്ഷിതയും ഗുണവതിയുമായ ബ്രാഹ്മണിയുമായി സംഗമിച്ചാൽ, അന്യവർണ്ണികളെ ഉണക്കപ്പുല്ലു കത്തിച്ച് ജീവനോടെ ദഹിപ്പിക്കണം.(ശ്ലോകം:0377). അറിഞ്ഞുകൊണ്ടു ബ്രാഹ്മണനെ ഉപദ്രവിക്കുന്ന ശൂദ്രന്മാരെ അംഗച്ഛേദം മുതലായ ഭീകരങ്ങളായ ചിത്രവധോപായങ്ങളാൽ കൊല്ലണം(അധ്യായം:9, ശ്ലോകം:248). അതുംകൂടാതെ, മോഷണം, കൊള്ള എന്നീ കുറ്റകൃത്യങ്ങൾക്കു ശൂലത്തിൽത്തറച്ചും അംഗച്ഛേദം നടത്തിയും ഉള്ള വധശിക്ഷയാണ് മനുസ്മൃതി വിധിക്കുന്നത്. അതൊക്കെ, ഒറ്റനോട്ടത്തിൽ കുറ്റകൃത്യങ്ങൾ തടയാൻ ഉപകരിക്കുന്നവയാണെന്നു തോന്നുമെങ്കിലും, പരിഷ്കൃതസമൂഹങ്ങളിൽ കൈക്കൊള്ളാൻ കഴിയുന്ന ശിക്ഷാരീതികളല്ലല്ലോ അവയൊന്നും.

അത്യധികമായ അസമത്വത്തിന്റെയും വിവേചനങ്ങളുടെയും ദുഷിച്ച ചിന്തകളാണ് നമ്മുടെ ഭരണഘടനയുടെയും നിയമ-നീതിന്യായ വ്യവസ്ഥയുടെയും ആധാരശിലകളെന്ന പ്രചാരണത്തോളം രാജ്യനിന്ദയായി മറ്റെന്തുണ്ട്? രാജ്യത്തിനുവേണ്ടി മഹത്തായ ഒരു ഭരണക്രമം നിർമ്മിച്ചെടുത്ത മഹാന്മാക്കളോടുള്ള അതിൽ കവിഞ്ഞ അവഹേളനം എന്തുണ്ട്? ഭാരതത്തിന്റെ ഭരണഘടനയും നിയമ-നീതിനിർവ്വഹണവ്യവസ്ഥയും പടുത്തുയർത്തിയിരിക്കുന്നത് മനുസ്മൃതിയെ അടിസ്ഥാനപ്രമാണമാക്കിയാണെന്ന് കുപ്രചരണം നടത്തുന്നവർ, മറക്കുന്ന ഒരു വസ്തുതയുണ്ട്: പ്രതിഷേധസൂചകമായി മനുസ്മൃതി പരസ്യമായി കത്തിക്കുകയും മാനവവിരുദ്ധമാമൂലുകളുടെ സമാഹാരമായ ആ പുസ്തകം ചുട്ടെരിക്കാൻ ലോകരോട് ആഹ്വാനം നൽകുകയും ചെയ്ത ഡോ.ബി.ആർ. അംബേദ്കറായിരുന്നു ഭരണഘടനനിർമ്മാണസമിതിയുടെ അദ്ധ്യക്ഷനും ഭരണഘടനയുടെ മുഖ്യശില്പിയും. ആ സത്യം മാത്രംമതിയല്ലോ മനുസ്മൃതിയെയും ഭരണഘടനയെയും ബന്ധപ്പെടുത്തുന്ന,മനുവാദികളുടെ അവകാശവാദങ്ങളെല്ലാം അസാധുവാക്കാൻ.

ഡോ.അംബേദ്കർ നൽകിയ ഉത്തരം

1927 ഡിസംബർമാസം 25നു മഹാരാഷ്ട്രയിലെ തീരദേശഗ്രാമമായ മഹദിൽവെച്ച്, ഡോ.അംബേദ്കർ മനുസ്മൃതി പരസ്യമായി കത്തിക്കുകയുണ്ടായി.അതേത്തുടർന്ന്, അദ്ദേഹം മനുസ്മൃതിയുടെ അമ്പതിനായിരം കോപ്പി കത്തിച്ചു ചാമ്പലാക്കാൻ ആഹ്വാനം ചെയ്തു. ആ സമരത്തിന്റെ ഭാഗമായും അതിനു ശേഷവും അനവധി അവസരങ്ങളിൽ ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും ആ പ്രതിഷേധപരിപാടി ആവർത്തിക്കപ്പെട്ടിട്ടുണ്ട്. മാനവസമൂഹത്തിന്റെ മാന്യമായ നിലനിൽപ്പിന് മനുസ്മൃതി ഇല്ലാതാകേണ്ടതുണ്ട് എന്നതായിരുന്നു അംബേദ്കർ അതിനുതന്ന വിശദീകരണം. അദ്ദേഹത്തിന്റെ അതേ അഭിപ്രായം പങ്കുവെയ്ക്കുന്നവരിൽ അവർണ്ണ-ശൂദ്രസമൂഹങ്ങൾമാത്രമല്ല ഉള്ളത്; സ്ത്രീസമത്വവാദികളും മനുഷ്യാവകാശപ്രവർത്തകരും പുരോഗമനചിന്താഗതിക്കാരും ഒക്കെയുണ്ട്. അവർക്കെല്ലാം അതിനു വിഭിന്നമായ കാരണങ്ങളുമുണ്ട്. ആ വ്യത്യസ്തമായ കാരണങ്ങൾക്കുപിന്നിലെ പൊതുഘടകം അതിലെ കടുത്ത മാനവവിരുദ്ധതയാണ്.ഒരു ന്യൂനപക്ഷത്തിനൊഴികെ മനുസ്മൃതിനിയമങ്ങൾ മനുഷ്യവിരുദ്ധമായാണ് അനുഭവപ്പെടുന്നത് എന്നു ചുരുക്കം.

വർണ്ണവ്യവസ്ഥ മാത്രമല്ല, ഭാരതത്തിലെ ജാതിവിഭജനവും, ജാതിജന്യമായ തരംതിരിവുകളും ദുരാചാരങ്ങളും ജന്മമെടുത്തതും ഊർജ്ജം ഉൾക്കൊണ്ടു വളർന്നതും നിലനിൽക്കുന്നതും മനുസ്മൃതി അനുശാസിച്ച പ്രാകൃതനിയമങ്ങളുടെ പിൻപറ്റിയാണ് എന്ന തിരിച്ചറിവാണ്, മനുസ്മൃതി കത്തിച്ച പ്രതീകാത്മക പ്രതിഷേധരീതി തിരഞ്ഞെടുക്കാൻ അംബേദ്കറെ നിർബന്ധിതനാക്കിയത്. സംസ്കൃതത്തിൽ അപാരജ്ഞാനമുണ്ടായിരുന്ന അംബേദ്കർ മനുസ്മൃതി പഠിക്കുകയും, അതിൽ നിർദ്ദേശിക്കുന്ന ആചാര-നിയമമുറകൾ എത്രമേൽ മനുഷ്യഗുണമില്ലാത്തതും മാനവവിരുദ്ധവുമാണെന്നു മനസ്സിലാക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ, ആ ഗ്രന്ഥം ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അംബേദ്കർ ആ സമരരീതി തിരഞ്ഞെടുത്തത്.

പാശ്ചാത്യരാജ്യങ്ങളിലടക്കം പല സമൂഹങ്ങളിലും പല രീതിയിലുമുള്ള സാമൂഹ്യവിഭജനം നിലനിന്നിരുന്നതാണെന്നും, അതുകൊണ്ട് വർണ്ണവിഭജനത്തെ പ്രതിലോമകരമായ ഒന്നായി കാണുന്നതിൽ അർത്ഥമില്ലെന്നും ചിലർ വാദിക്കാറുണ്ട്.വർണ്ണവിഭജനത്തെ ആസ്പദമാക്കിയാണ് മനുസ്മൃതിയെന്ന നിയമസംഹിത നിർമ്മിക്കപ്പെട്ടിട്ടുള്ളത് എന്നു ചുരുക്കിപ്പറയാമെങ്കിലും, അത്തരത്തിൽ സംഗതികളെ ലഘൂകരിക്കുന്നത് വസ്തുതാവിരുദ്ധമാകും.വർണ്ണവിഭജനത്തെക്കാൾ വിനാശകരമായ വിവേചനങ്ങൾ ഉണ്ടാക്കിയ ജാതിവിഭജനത്തിന്റെ വേരുകളും മനുസ്മൃതിയിലാണ് എന്നതാണ് യാഥാർത്ഥ്യം. വർണ്ണമിശ്രണം ഒഴിവാക്കുന്നതിനുവേണ്ടി മനുസ്മൃതി പത്താമധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളചട്ടങ്ങളുടെ ചുവടുപിടിച്ചാണ് ജാതിവ്യവസ്ഥിതിയിലെ അനാരോഗ്യകരമായ കീഴ്വഴക്കങ്ങൾ നിലവിൽവന്നത് എന്നുതന്നെ കരുതാവുന്നതാണ്. ഭാരതത്തിലെ വർണ്ണവ്യവസ്ഥയ്ക്ക് വെളിയിലുള്ള അനുലോമ-പ്രതിലോമ-അന്തരാളസമൂഹങ്ങളുടെ ഉത്ഭവം അവിടെനിന്നാണ്.

മനുസ്മൃതിയനുസരിച്ച്, വിവിധ വർണ്ണങ്ങളിൽപ്പെട്ടവർ, വിധിപ്രകാരം വിവാഹം ചെയ്ത സജാതീയ പത്നിമാരിൽ ഉത്പാദിപ്പിക്കപ്പെടുന്ന സന്താനങ്ങൾ മാത്രമാണ് സജാതീയർ. വർണ്ണസങ്കരങ്ങളിലൂടെ ഉണ്ടാകുന്ന സന്താനങ്ങൾ രണ്ടു വർണ്ണങ്ങളിലുംപെടാത്ത നികൃഷ്ടരാണെന്ന് മനു പറയുന്നു. നിഷാദൻ,പാരശവൻ,ക്ഷത്താവ്, ഉഗ്രന്മാർ,അംബഷ്ഠൻ,സൂതൻ,മാഗധർ,അയോഗവർ,ചണ്ഡാളൻ,മാഗധനൻ,ആവൃതൻ,ആഭീരൻ,ധിഗ്വണൻ,പുക്കസൻ, കുക്കുടകൻ,ശ്വപാകൻ,വേണൻ, ഭൂർജ്ജകണ്ടകൻ,ആവന്ത്യൻ,പുഷ്പധൻ,ശൈഖൻ,ഝല്ലൻ,മല്ലൻ,നിശ്ചിവി,മൈത്രൻ,ദ്രവിഡൻ, കരണൻ, നടൻ, സുധന്വാവ്, കാരുഷൻ,വിജന്മാവ്,സാത്വതാൻ, മാർഗ്ഗവൻ,സൈരിന്ധ്രൻ, മൈത്രേയകൻ, കാരാവരൻ, ആഹിണ്ഡികൻ, സോപാകൻ, ദാസൻ, അന്ത്യാവസായി എന്നിങ്ങനെ നീണ്ടുപോകുന്നു അത്തരത്തിൽ ഉണ്ടാക്കപ്പെട്ട സമുദായങ്ങളുടെ പട്ടിക. അതിൽ, നാലുവർണ്ണങ്ങളിലുംപെട്ടവർ തമ്മിലുള്ള ബന്ധങ്ങളിൽ ഉണ്ടായ സങ്കരസന്തതികളും അപ്രകാരം വ്യത്യസ്ത സങ്കരസന്താനങ്ങൾക്ക് നാലു വർണ്ണങ്ങളിലും, ഇതര സങ്കരവിഭാഗങ്ങളിലും ജനിക്കുന്ന പിൻഗാമികളും ഉൾപ്പെടുന്നു. അത്തരത്തിൽ ഉണ്ടായ സങ്കരസമൂഹങ്ങളിലെ ആളുകളെ നീചൻ, അധമൻ എന്നൊക്കെയാണു മനുസ്മൃതി വിശേഷിപ്പിക്കുന്നത് എന്നതാണു മുഖ്യവിഷയം. ആ ആസൂത്രിതമായ വെറുപ്പുപരത്തലിലായിരുന്നു അയിത്തത്തിന്റെ ആരംഭം.

പ്രാദേശികമായ പേരുമാറ്റങ്ങളോടെ ഭാരതത്തിലെമ്പാടും അത്തരത്തിൽ അസംഖ്യം ജാതികൾ രൂപംകൊള്ളുകയും ബ്രാഹ്മണ്യാധിപത്യഗ്രാമങ്ങളിൽനിന്നും അവയിലുൾപ്പെടുന്നവർ ഒഴിവാക്കപ്പെടുകയുമുണ്ടായി.കാലാകാലങ്ങളിൽ പൗരോഹിത്യപ്രമാണിമാരുടെ അപ്രീതിക്കു പാത്രമായി പുറത്താക്കപ്പെട്ട കൂടുതൽ വ്യക്തികളും സമുദായങ്ങളും ആ ചേരിയിൽ അണിചേർക്കപ്പെട്ടു. ചാതുർവർണ്യത്തിനു വെളിയിലുള്ള അഞ്ചാംവർണ്ണികളെന്നും അവർണ്ണർ എന്നും വിളിക്കപ്പെടുന്ന ഒരു ജനതയുടെ ആവിർഭാവവും, വംശശുദ്ധിയുടെ പേരിൽ അവർക്കു നേരിടേണ്ടിവന്ന ബഹിഷ്കരണവും, ഏറ്റവും പരിതാപകരമായ അവസ്ഥയിലേക്കുള്ള ആ സമൂഹങ്ങളുടെ പതനവും അവിടെനിന്നായിരുന്നു എന്നുതന്നെ വിശ്വസിക്കാം.

സങ്കരജാതികൾക്കു നൽകിയിട്ടുള്ള പേരുകൾ എന്താണ് അർത്ഥമാക്കുന്നത് എന്നറിഞ്ഞാൽ, എത്രമേൽ നികൃഷ്ടമായ മാനസികാവസ്ഥയോടെയാണ് സ്മൃതി ആ സമുദായങ്ങളിലെ ആളുകളെ കണ്ടിരുന്നതെന്നു വ്യക്തമാകും. ഉദാഹരണത്തിന്, ശൂദ്രസ്ത്രീയിൽ ബ്രാഹ്മണനുണ്ടാകുന്ന മകന്, സ്മൃതി നൽകുന്ന പേരാണ് പാരശവൻ. ആ പേര് കൊടുക്കാനുള്ള പ്രേരണ, ഒൻപതാം അധ്യായത്തിലെ ശ്ലോകം 178ൽ പ്രഖ്യാപിക്കുന്നത് ഇപ്രകാരമാണ്:സ്വപരിണീതയായ ശൂദ്രയിൽ ബ്രാഹ്മണൻ കാമാർത്ഥം ഉത്പാദിപ്പിക്കുന്ന സന്തതി(?)ജീവിച്ചിരുന്നാലും ശവതുല്യനാകയാൽ പാരശവൻ എന്നുവിളിക്കപ്പെടും. കാട്ടാളൻ എന്നർത്ഥമുള്ള നിഷാദനെന്നും അവർ അറിയപ്പെടും. ക്ഷത്രിയനു (വിവാഹിതയായ)ശൂദ്രകന്യകയിൽ ജനിക്കുന്ന പുത്രന് മനുസ്മൃതി നൽകുന്ന ജാതിനാമം ഉഗ്രനെന്നാണ്. ഉഗ്രനെന്ന നാമത്തിന്, മലയാളത്തിലുള്ള ഗംഭീരം എന്ന അർത്ഥകല്പനയോടെയല്ല ആ പേരിടൽ. ക്ഷത്രിയൻ ശൂദ്രകന്യകയിൽ ജനിപ്പിക്കുന്നവൻ നികൃഷ്ടനും ക്രൂരാചാരനുമായിരിക്കും എന്ന മുൻവിധിയാണ് ആ പേരിനാധാരം. മറ്റു മിക്ക ജാതിനാമങ്ങൾക്കും സമാനമായ ദുഷിച്ച വ്യാഖ്യാനങ്ങളുണ്ട്. ജാതിഭ്രാന്തുമൂത്ത് മനുഷ്യാവസ്ഥയിൽനിന്നു പതിച്ചുപോയ ഒരാൾക്കു മാത്രമല്ലേ ഇത്ര നിന്ദ്യമായ നിലയിൽ ചിന്തിക്കാനാകൂ.(അനുബന്ധം:V)

സങ്കരസമുദായങ്ങൾക്കുമേൽ അത്തരത്തിൽ മനുസ്മൃതി അടിച്ചേൽപ്പിച്ച അപകർഷം, വെറും ഒന്നോരണ്ടോ തലമുറകൾകൊണ്ട് അവസാനിക്കുന്ന ഒന്നാണെന്ന് തെറ്റിദ്ധരിക്കരുത്. സങ്കരജാതികളിൽ ജനിച്ചയാൾക്ക് ജാതി ഉത്കർഷത്തിനു മനുസ്മൃതി നിബന്ധനകൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും, അതെല്ലാം ആറേഴു തലമുറകൾ നീളുന്നതും, പ്രയോഗികമായി അസാധ്യവുമാണ്. ചുരുക്കത്തിൽ, അത് അനന്തമായി നീളുന്നതും പിന്നെ ഒരിക്കലും തിരിച്ചുപോക്കിന് സംഭാവ്യതയില്ലാത്തതുമാണെന്നു കാണാം. വർണ്ണങ്ങളുടെ വിശുദ്ധി നശിപ്പിക്കുന്ന വർണ്ണസങ്കരം സംഭവിക്കുന്ന രാജ്യം രാജ്യവാസികളോടൊപ്പം നശിക്കുന്നുവെന്നും, അതിനാൽ വർണ്ണസങ്കരം തടയാൻ രാജാവ് കണിശമായി ശ്രമിക്കണമെന്നും നിഷ്കർഷിക്കുന്ന പത്താമധ്യായത്തിൽത്തന്നെ(ശ്ലോകം:61) ഓരോരോ വിഭാഗങ്ങൾക്കും അനുവദനീയമായ തൊഴിലുകൾ കൃത്യമായി വ്യവസ്ഥചെയ്യുന്നുണ്ട്. അത്തരത്തിൽ നിശ്ചയിക്കപ്പെട്ടിരുന്ന കുലത്തൊഴിലുകളല്ലാതെ മറ്റു തൊഴിലുകൾ ചെയ്യാൻ അവർക്ക് അനുവാദമുണ്ടായിരുന്നില്ല. ഓരോ പ്രത്യേക ജോലികൾ ചെയ്തിരുന്നവർ പ്രത്യേക ജാതികളായിമാറി എന്ന, ജാതികളുടെ ഉത്ഭവത്തെക്കുറിച്ചുള്ള വെളുപ്പിക്കൽ സിദ്ധാന്ത

ത്തെ നിരാകരിക്കുന്നതാണല്ലോ ഈ വസ്തുത. ഓരോ ജാതികൾക്കും ജോലികൾ നിശ്ചയിക്കപ്പെടുകയ്യായിരുന്നു. ചില ഉദാഹരണങ്ങൾ കാണുക:

> മത്സ്യാഘാതോ നിഷാദാനാം തഷ്ടിസ്ത്വായോഗവസ്യ ച
> മേദാന്ധ്രചുഞ്ചുമദ്ഗൂനാമാരണ്യപശുഹിംസനം. 48
>
> നിഷാദന്മാർക്ക് മീൻപിടുത്തം; ആയോഗവന് മരപ്പണി; മേദൻ, ആന്ധ്രൻ, ചുഞ്ചു, മദ്ഗു എന്നിവർക്ക് കാട്ടുമൃഗങ്ങളെ കൊല്ലൽ.
>
> ബ്രാഹ്മണനു വൈദേഹകസ്ത്രീയിൽ ജനിച്ചവൻ ചുഞ്ചു; ബ്രാഹ്മണന് ഉഗ്രയിൽ പിറന്നവൻ മദ്ഗു.
>
> ക്ഷത്ത്രുഗ്രപുക്കസാനാം തു ബിലൗകോവധബന്ധനം
> ധിഗ്വണാനാം ചർമ്മകാര്യം വേണാനാം ഭാണ്ഡവാദനം. 49
>
> ക്ഷത്താവ്, ഉഗ്രൻ, പുക്കസൻ എന്നിവർക്ക്, പൊത്തിൽ പാർക്കുന്ന ഉടുമ്പ്, എലി ഇവയെ പിടിക്കലും കൊല്ലലും വേല. ധിഗ്വണന്മാർക്ക് തോൽവില്പന; വേണന്മാർക്ക് താളം ചെണ്ട തുടങ്ങിയവ കൊടൽ.

വർണ്ണസങ്കരം രാജ്യത്തിന്റെ നിലനിൽപ്പിന്റെ വിഷയമാക്കിമാറ്റി, അത് വിലക്കാനുള്ള ചുമതല രാജാവിൽ നിക്ഷിപ്തമാക്കിയതോടെ, സങ്കരജാതീയരുടെ ജോലികൾ തെറ്റിക്കാനാവാത്ത സാമൂഹികനിയമങ്ങളായി മാറി. തൊഴിലുകൾ മാത്രമല്ല, ഓരോ സങ്കരജാതികൾക്കും ഉപയോഗിക്കാവുന്ന ഗൃഹോപകരണങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും ലിഖിതനിയമമായിതന്നെ മനുസ്മൃതി അധ്യായംപത്തിൽ നിഷ്കർഷിക്കുന്നു. ഓരോ ജാതിക്കാരും നിർബന്ധമായും അണിയേണ്ട തിരിച്ചറിയൽചിഹ്നങ്ങളും മനു നിർണ്ണയിച്ചുറപ്പിക്കുന്നു. അതിനു കാരണവും സ്മൃതികർത്താവ് അതിൽ മറയില്ലാതെതന്നെ പറയുന്നുണ്ട്: 'സങ്കരജാതനും വർണ്ണബാഹ്യനുമായിരിക്കുകയും,എന്നാൽ അപ്രകാരം അറിയപ്പെടാത്തവനും കണ്ടാൽ ആര്യനെന്നുതോന്നുമെങ്കിലും അനാര്യനുമായവനെ കർമ്മങ്ങളാലും ചിഹ്നങ്ങൾകൊണ്ടും തിരിച്ചറിയേണ്ടതാകുന്നു'.(അധ്യായം:10, ശ്ലോകം:57)(അനുബന്ധം:VI).

വർണ്ണത്തിൽനിന്നു ജാതിയിലേക്കുള്ള വീഴ്ചയുടെ വിത്തുപാകിയതും ജാതിജന്യമായ തൊഴിലുകൾ അലംഘനീയ നിയമമാക്കി അവതരിപ്പിച്ചതും മനുസ്മൃതി തന്നെയാണ് എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. അതുകൊണ്ടാണ്, ജാതിവ്യവസ്ഥയുടെ മൂലകാരണമായ മനുസ്മൃതി ദഹിപ്പിക്കുന്നതിലൂടെമാത്രമേ ജാതിവിവേചനം അവസാനിപ്പിക്കാനാകൂ എന്ന നിശ്ചയത്തിൽ അംബേദ്കർ എത്തിയത്. മഹാമനീഷിയായ അദ്ദേഹം എടുത്ത വൈകാരികമായ ഒരു തീരുമാനമായിരുന്നു അതെന്നു തോന്നുന്നില്ല. എന്നിരിക്കിലും, അത് അദ്ദേഹത്തിനു പറ്റിയ ഒരു 'തന്ത്രപരമായ പാളിച്ച'യായിരുന്നു എന്നതാണ് പൊതുവിമർശനം. അത്തരം ഒരു 'അബദ്ധ'ത്തിനുപകരം, മനുസ്മൃതിയുടെ ഉള്ളറകൾ അനാവൃതമാക്കുന്ന വിപുലമായ ഒരു പ്രചരണശൈലി സ്വീകരിച്ചിരുന്നെങ്കിൽ, ആ ഗ്രന്ഥം കൂടുതൽ തുറന്നുകാണിക്കപ്പെടുകയും അതിലെ മനുഷ്യവിരുദ്ധത കൂടുതൽ ആളുകളുടെ ശ്രദ്ധയിലേക്ക് എത്തുകയും ചെയ്യുമായിരുന്നു എന്നതാണ് ആ വിമർശനത്തിനു പിറകിൽ ഉണ്ടായിരുന്ന ന്യായീകരണം. ആ കുറ്റപ്പെടുത്തലിലും അതിനു നിരത്തുന്ന ന്യായത്തിലും എത്രമേൽ സാധുതയുണ്ടെന്ന് സത്യസന്ധതയോടെ ആലോചിക്കുക. മനുഷ്യർക്ക് കാര്യങ്ങൾ അറിയാത്തതിനാലല്ല, അറിയുന്ന സത്യങ്ങൾ അംഗീകരിക്കാൻ മടിയുള്ളതുകൊണ്ടാണല്ലോ ജാതിയും മതവുമൊക്കെ ഭ്രാന്തായി വളരുന്നത്.

മനുസ്മൃതി കത്തിച്ചതിലൂടെ, അതൊരു അസ്പൃശ്യവസ്തുവാണെന്ന ധാരണയുണ്ടായിട്ടുണ്ടെങ്കിൽ, അതുളവാക്കുന്ന ഫലം വിപരീതമാണ്. വർണ്ണപരമായ താത്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മനുസ്മൃതിയെ നിരുപാധികം പിന്തുണയ്ക്കുന്നവരിൽ ഭൂരിപക്ഷവും അത് പഠിച്ചവരല്ല. വിശുദ്ധഗ്രന്ഥമാണെന്ന നിർമ്മിത പ്രതിച്ഛായയും, ഭരണഘടനയടക്കമുള്ള ഭാരതത്തിലെ നീതിനിർവ്വഹണത്തിനു സഹായകമാകുന്ന സങ്കേതങ്ങളുടെ അടിസ്ഥാനമെന്ന പ്രചാരണവും പ്രബലമായതുകൊണ്ട്, മനുസ്മൃതിക്കെതിരെയുള്ള വിമർശനങ്ങൾ അസത്യമാകാനാണ് സാധ്യതയെന്നു വിശ്വസിക്കുന്നവരാകാം അവരിലധികവും. അഥവാ, എന്തെങ്കിലും അസ്വീകാര്യമായ സംഗതികൾ ആ പുസ്തകത്തിൽ ഉണ്ടെങ്കിൽത്തന്നെ, അതിന് എന്തെങ്കിലും ന്യായീകരണം ഉണ്ടാകുമെന്നും അവർ വിശ്വസിക്കുന്നു. പുരാതനമായ ഒരു നിയമപുസ്തകത്തെ ആധുനിക സാമൂഹികക്രമത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നതിൽ വലിയ കാര്യമില്ലെന്നു വീക്ഷണം പുലർത്തുന്ന ഒരു വിഭാഗവും ഉണ്ട്. അത്തരത്തിൽ, ആ പുസ്തകത്തെ അന്ധമായി പിന്തുണയ്ക്കുന്ന ബഹുഭൂരിപക്ഷത്തിന്റെ മുൻവിധികളെ തിരുത്താൻ, അതിന്റെ ഉള്ളറകൾ അനാവൃതമാക്കുന്ന ഒരു പ്രചാരണം സഹായകമാകുമായിരുന്നു. മനുസ്മൃതി ചമച്ചവർ ഉന്നമിട്ട സാമൂഹ്യാവസ്ഥ എത്രമേൽ പിന്തിരിപ്പനാണെന്നു മനസ്സിലാക്കിയാലേ, അതു നടപ്പാക്കപ്പെട്ടാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ സമൂഹത്തിന് ബോദ്ധ്യമാകൂ. പൂർണ്ണാർത്ഥത്തിലല്ലെങ്കിൽപോലും, മനുനിയമങ്ങൾ നടപ്പാക്കപ്പെട്ട സമൂഹങ്ങളിൽ ജീവിക്കേണ്ടിവന്ന മനുഷ്യരുടെ സ്ഥിതി എത്രമേൽ ഭയാനകമായിരുന്നു എന്നറിയാൻ അതിലൂടെ മാത്രമേ സാധിക്കൂ. കത്തോലിക്കാസഭയുടെ മനുഷ്യവിരുദ്ധ നിലപാടുകളെ എതിർക്കുന്നതിനുവേണ്ടി മാർട്ടിൻലൂഥർകിങ്ങ് മുന്നോട്ടുവെച്ച പദ്ധതി, അർത്ഥം മനസ്സിലാക്കി മുഴുവൻക്യസ്ത്യാനികളും ബൈബിൾ പഠിക്കണമെന്നതായിരുന്നു. അതുപോലെ, ജാതിബ്രാഹ്മണ്യത്തിന്റെ അപനിർമ്മിതികൾക്കെതിരെ പൊരുതാനുള്ള ഏറ്റവും സമുചിതമായ മാർഗ്ഗം, പൗരാണികഗ്രന്ഥങ്ങളെ പൗരോഹിത്യവർഗ്ഗത്തിന്റെ അധാർമ്മികതകൾക്ക് മറയൊരുക്കാൻ വിട്ടുകൊടുക്കാതെ, അവയിലെ പൊരുളറിഞ്ഞു പഠിക്കുക എന്നതു തന്നെയാണ്. ആ ആശയം വസ്തുതാപരമായി ശരിയാണെങ്കിലും, എത്രമാത്രം സാധ്യമാണെന്ന പ്രായോഗികതയാകാം അംബേദ്കറുടെ തീരുമാനത്തിനു പിന്നിലെ പ്രേരകശക്തി. ബ്രാഹ്മണരായ പണ്ഡിതർക്കിടയിൽപോലും അത്യന്തം അനാവശ്യവും അനാകർഷകവുമാണ് സ്മൃതിഗ്രന്ഥങ്ങളുടെ പഠനം എന്നധാരണ എക്കാലത്തും പ്രബലമായിരുന്നല്ലോ.

മനുസ്മൃതിയുടെ പ്രചാരകരിൽ ഭൂരിപക്ഷവും ആ പുസ്തകം ഒരിക്കലെങ്കിലും മറിച്ചുനോക്കിയവരല്ല എന്നതു കണക്കെ, വിമർശകരിലെ വലിയ പങ്കും അതിനെ ആഴത്തിലുള്ള പഠനത്തിനു വിധേയമാക്കിയിട്ടില്ല എന്നതും സത്യമാണ്. കേവലം കേട്ടറിവുകളുടെ അടിസ്ഥാനത്തിലാണ് പലരും ആ ഗ്രന്ഥത്തെക്കുറിച്ചുള്ള നിലപാടുകൾ രൂപപ്പെടുത്തിയത്. ജാതിബ്രാഹ്മണ്യം അതിന്റെ അതിജീവനത്തിനുവേണ്ടി അവതരിപ്പിക്കുന്ന അസംഖ്യം അപനിർമ്മിതികളും അസത്യങ്ങളും കെട്ടുകഥകളും പൊളിച്ചടുക്കാൻ സഹായകമായ ഈടുറ്റ തെളിവുകൾ അവശേഷിപ്പിച്ചു തന്നെയാണ് മനുസ്മൃതി രചിക്കപ്പെട്ടിട്ടുള്ളത്. സത്യത്തിന്റെ ആ കയ്യൊപ്പുകൾ

കണ്ടെത്താനുള്ള അവസരമാണ്, മനുസ്മൃതി വായിക്കാനുള്ളതല്ല എന്നു ധാരണ പരന്നതോടെ ഇല്ലാതായത്. അമ്മാതിരി വിലയിരുത്തലുകൾ നിലനിൽക്കുമ്പോൾ ത്തന്നെ, മനുസ്മൃതിദഹൻ എന്ന ചരിത്ര അധ്യായം ചാതുർവർണ്യ സമ്പ്രദായത്തി ന്റെയും അതിന്റെ ഉപോത്പന്നമായ ജാതിവിഭജനത്തിന്റെയും നേർക്കുയർന്ന ഏറ്റവും ശക്തിമത്തായ വെല്ലുവിളിയായി തലയുയർത്തിനിൽക്കുന്നു. ഒരുപക്ഷെ, സമാനതകളില്ലാത്ത ഒരു സംഭവം ചരിത്രത്താളുകളിൽ എഴുതിച്ചേർക്കുകയാവാം അംബേദ്കർ അതിലൂടെ ലക്ഷ്യമിട്ടത്. അതുകൊണ്ടാണല്ലോ, പതിറ്റാണ്ടുകൾക്കി പ്പുറവും ആ പ്രതീകാത്മകപ്രതിഷേധത്തിന്റെ നൈതികതയും ലാഭനഷ്ടങ്ങളും പഠനവിഷയമാകുന്നത്. മനുസ്മൃതി ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെ ടേണ്ടതാണ് എന്ന അംബേദ്കറുടെ ആ സന്ദേശം തന്നെയാണ് അതു സംബന്ധിച്ച ലോകത്തിന്റെ സംശയങ്ങൾക്കെല്ലാമുള്ള തെളിമയുള്ള ഉത്തരം.

മനുസ്മൃതിയും മറ്റു സ്മൃതികളും

മനുസ്മൃതി ദൈവികമായകൃതിയാണെന്നും അത് പ്രപഞ്ചോത്പത്തിയോടൊപ്പം ഉണ്ടാക്കപ്പെട്ട, എക്കാലത്തേക്കുമുള്ള നിയമങ്ങളുടെ സമാഹാരമാണ് എന്നും പ്രച രിപ്പിക്കുന്നവർ ഉത്തരംനൽകേണ്ട ഒരു ചോദ്യമുണ്ട്: മനുസ്മൃതി സർവ്വകാലത്തേ ക്കുമുള്ള സൃഷ്ടിയാണെങ്കിൽ, അംഗിരസ്സ്,അഗ്നി,അത്രി,ആപസ്തംഭൻ,ജാബാലി, ഋഷ്യശൃംഗൻ,പ്രജാപതി,ഗൗതമൻ,നാരദൻ,പരാശരൻ,വസിഷ്ഠൻ,പുലസ്ത്യൻ,ഗാ ർഗ്യൻ,വിശ്വാമിത്രൻ,ബുദ്ധൻ,ഭൃഗു,കശ്യപർ,യാജ്ഞവൽക്യൻ,വിഷ്ണു,വ്യാസൻ തുടങ്ങി, പ്രശസ്തരും പ്രസക്തരുമായ മറ്റനേകം പുരാണപുരുഷന്മാരുടെ പേരിൽ രചിക്കപ്പെട്ടിട്ടുള്ള സ്മൃതിഗ്രന്ഥങ്ങൾ എന്തിനു സൃഷ്ടിക്കപ്പെട്ടു?

പുരാതനഭാരതത്തിൽ നിലനിന്നിരുന്ന നിയമങ്ങളും ധർമ്മാചാരങ്ങളും നിർവ്വചി ക്കുന്ന ഗ്രന്ഥങ്ങളായാണ് സ്മൃതികൾ കണക്കാക്കപ്പെടുന്നത്. വ്യത്യസ്ത കാലങ്ങ ളിലായി വിവിധ വ്യക്തികളാൽ നിർമ്മിതമായ നൂറോളം സ്മൃതികളുണ്ടെന്നു പറ യപ്പെടുന്നു. അഗ്നി,അംഗിരസ്സ്,അത്രി, ആപസ്തംഭൻ,ജാബാലി, ഋഷ്യശൃംഗൻ,പ്രജാ പതി,ഗൗതമൻ, നാരദൻ, പരാശരൻ, വസിഷ്ഠൻ,പുലസ്ത്യൻ, വിശ്വാമിത്രൻ, യമൻ, ഭൃഗു,ബുദ്ധൻ, കശ്യപൻ,ഗാർഗ്യൻ, യാജ്ഞവൽക്യൻ,വിഷ്ണു, വ്യാസൻ മുതലായ, അനേകം പുരാണപുരുഷന്മാരുടെ പേരിൽ സ്മൃതിഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അവരിലധികവും ഭേദചിന്തയും ഭൗതികതാത്പര്യങ്ങളുമില്ലാത്ത സർവ്വസംഗപരി ത്യാഗികളായ മഹർഷിമാരാണെങ്കിലും, ഇപ്പറഞ്ഞ സ്മൃതികളിലെല്ലാം കാണുന്ന ഒരു പൊതുസ്വഭാവം അവ സമൂഹത്തിലെ ലൗകിക വ്യവഹാരങ്ങളെയാണ് ചർച്ച ക്കെടുക്കുന്നത് എന്നതാണ്. അതിനാൽ, ആ പുസ്തകങ്ങളെല്ലാം പുരാണങ്ങളിലെ പ്രഗത്ഭരുടെ പേരിൽ മറ്റാരെങ്കിലും എഴുതിയതാകാനാണു സാധ്യത എന്നു കരുത പ്പെടുന്നു. അവയിൽതന്നെ മിക്കതും പൂർണ്ണരൂപത്തിൽ ലഭ്യമല്ല. ലഭ്യമായവയിൽ വെച്ച് ഏറ്റവും പ്രസിദ്ധിയുള്ളത് ആദ്യമന്വന്തരത്തിലെ മനുവായ സ്വായംഭൂവമനു രചിച്ചതായി പ്രചരിപ്പിക്കപ്പെടുന്ന മനുസ്മൃതിക്കാണ്. അതിന്റെ പ്രശസ്തിയ്ക്കു പിന്നിലുള്ള കാരണങ്ങളിൽ മുഖ്യം, ലോകത്തിലെ ഒരു സമൂഹത്തിലും ഇത്രമേൽ പിന്തിരിപ്പനായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമഗ്രന്ഥം പ്രചാരത്തിലില്ല

എന്നതാണ്. അതുകൊണ്ടുതന്നെ, അത് ലോകമെമ്പാടുമുള്ള സാമൂഹ്യശാസ്ത്രപ റിതാക്കളുടെ വിശകലനത്തിനും വിമർശനത്തിനും വിധേയമാകുന്നുണ്ട്. മതകേന്ദ്രീകൃതമായ ഭാരതീയസമൂഹത്തെ നിയന്ത്രിച്ചിരുന്ന ബ്രാഹ്മണ്യത്തിന്റെ താല്പര്യങ്ങൾ നടപ്പാക്കുന്നതിനുള്ള രൂപരേഖയായി മനുസ്മൃതി മാറിയത് ആ കാര്യത്തിന് ഏറ്റവും അനുയോജ്യമായ ഉള്ളടക്കത്തിന്റെ സമ്പന്നതകൊണ്ടുമാത്രമാണ്. അതിനർത്ഥം, മറ്റു സ്മൃതിഗ്രന്ഥങ്ങളിൽ അവർക്കുവേണ്ട ചേരുവകളോടുകൂടിയ മാമൂലുകളല്ലാ ഉണ്ടായിരുന്നത് എന്നല്ല. അവയിലും വർണ്ണവിഭജനവും, അതിന്റെ അടിസ്ഥാനത്തിനുള്ള പതിത-പവിത്രവർഗ്ഗീകരണവുമുണ്ട്. അതിനെ സമർത്ഥിക്കുന്നതിനുതകുന്ന വിവേചനങ്ങളും, അത് ആസ്പദമാക്കിയുള്ള ആചാരങ്ങളും ആശയസംഹിതകളും നിർദ്ദേശിച്ചിട്ടുണ്ട്. ശൂദ്രകുലപതിയായ വസിഷ്ഠമഹർഷിയുടെയും, ഗോത്രവംശജനായ പരാശരന്റെയും, ശൂദ്രജനായ ജാബാലമഹർഷിയുടെയും പേരിലുള്ള സ്മൃതികളിൽ പോലും അത്തരം ശൂദ്രവിരുദ്ധതക്കും മനുഷ്യവിരുദ്ധതക്കും യാതൊരു ക്ഷാമവും ഇല്ലല്ലോ. അതിന്റെ കാരണം, മേൽ സ്മൃതിഗ്രന്ഥങ്ങളൊന്നും അവയുടെ പേരു ദ്യോതിപ്പിക്കുന്ന മഹാന്മാക്കളുടെ രചനകളല്ല എന്നതാണ്. പൗരാണികമഹർഷിമാരുടെ സാമൂഹികസ്വീകാര്യത മറയാക്കി ഒരു പ്രത്യേക വിഭാഗം സൃഷ്ടിച്ചു പ്രചരിപ്പിച്ചവ ആയതിനാലാണ് അവയ്ക്കെല്ലാം പൊതുവായ സ്വഭാവവും പൊതുഘടനയുമുള്ളത്. കൂടിയും കുറഞ്ഞുമുള്ള ആ സാമൂഹ്യവിരുദ്ധതയുടെ പരകോടി കാണാൻകഴിയുന്നത് മനുസ്മൃതിയിലാണെന്നു മാത്രം.

കേവലം, ഞാൻ ബ്രാഹ്മണനാണെന്നു പ്രഖ്യാപിക്കുന്ന ആളെപ്പോലും മനുസ്മൃതി എല്ലാ നിയമങ്ങൾക്കും മുകളിൽ പ്രതിഷ്ഠിക്കുമ്പോൾ, മറ്റുമിക്ക സ്മൃതികളും ആ വിപുലാധികാരം അംഗീകരിക്കുന്നേയില്ല. വേദശാസ്ത്രങ്ങൾ ഗ്രഹിച്ചവരും ധർമ്മത്തെയറിഞ്ഞവരും സത്യവാദികളും ഭേദചിന്തകൂടാതെ സമബുദ്ധികളായിരിക്കുന്നവരെയും ആണ് യാജ്ഞവൽക്യസ്മൃതി സഭ്യരായബ്രാഹ്മണരായി കണക്കാക്കുന്നത്. രാജസഭകളിലെ വ്യവഹാരനിർവ്വഹണത്തിനു നിയോഗിക്കപ്പെടുന്ന ബ്രാഹ്മണർപോലും, അനീതി വർത്തിച്ചാൽ ശിക്ഷിക്കപ്പെടേണ്ടതാണെന്നു നാരദസ്മൃതി പറയുന്നു. തന്നെയുമല്ല, സ്നേഹംകൊണ്ടോ വിദ്വേഷം നിമിത്തമോ ഭീതിമൂലമോ ഒരുത്തന്റെ വ്യവഹാരത്തിൽ ന്യായമല്ലാതെ നിശ്ചയിച്ചു സത്യത്തെ അപജയപ്പെടുത്തിയാൽ, ആ വിധിയെഴുതുന്ന ന്യായാധിപൻ, വിധിച്ചിരിക്കുന്ന ദണ്ഡത്തിന്റെ ഇരട്ടിദണ്ഡം അനുഭവിക്കണം. അവരവരുടെ മാർഗ്ഗത്തെ ലംഘിച്ചുനടക്കുന്ന എല്ലാ വർണ്ണികൾക്കും രാജാവ് ദണ്ഡംചെയ്തില്ലെങ്കിൽ, ആ പ്രജകളൊക്കെയും നശിക്കുമെന്നാണ് നാരദസ്മൃതി മുന്നറിയിപ്പുനൽകുന്നത്(യദിരാജ ന സർവ്വേഷാം വർണ്ണാനാം ദണ്ഡധാരണം കുര്യാൽ പഥോ വ്യപേതാനാം വിനശ്യേയുരി പ്രജാഃ). ബൃഹസ്പതിസ്മൃതി അനുസരിച്ചും ബ്രാഹ്മണർ ശിക്ഷക്കതീതരല്ല. കള്ളസാക്ഷിപറയുന്ന അന്യവർണ്ണികൾക്ക് പ്രായശ്ചിത്തം വിധിക്കുമ്പോൾ, തപ്പുസാക്ഷിയ്ക്ക് വിപാസന ദണ്ഡമാണ് ആ സ്മൃതി ബ്രാഹ്മണർക്കു നിർദ്ദേശിക്കുന്നത്. നഗ്നവേഷം ധരിപ്പിക്കുന്നതും ഗൃഹഭംഗം ചെയ്യുന്നതും രാജ്യത്തിനു പുറത്താക്കുന്നതുമാണ് വിപാസനാദണ്ഡം. സുരപാനം, ബ്രഹ്മഹത്യ, സ്വർണ്ണസ്തേയം, ഗുരുസ്ത്രീഗമനം എന്നീ മഹാപാതകങ്ങൾ ചെയ്യുന്ന ബ്രാഹ്മണർക്കും മറ്റുള്ള വർണ്ണികൾക്കും സമാന ശിക്ഷയാണ്

ബൃഹസ്പതിസ്മൃതി നിർദ്ദേശിക്കുന്നത്. ശിരോമുണ്ഡനംചെയ്ത്, പാപം പ്രസിദ്ധപ്പെടുത്തുന്നതിനായി കഴുതപ്പുറത്തുകയറ്റി, നെറ്റിയിൽ വിധിപ്രകാരം അടയാളമുദ്രപതിച്ച് നാടുകടത്തണം. ശിക്ഷയുടെ കാര്യത്തിൽ മനുസ്മൃതി നിർദ്ദേശിക്കുന്ന കാഠിന്യത്തിന്റെ വിപരീതദിശയിലാണ് കാർത്യായനസ്മൃതിപോലുള്ള നിയമഗ്രന്ഥങ്ങൾ ദണ്ഡകല്പന നടത്തുന്നത്. അവിടെ, ആഢ്യത്വം ശിക്ഷയിൽനിന്ന് രക്ഷയൊരുക്കുന്നില്ല എന്നുമാത്രമല്ല, അറിവുള്ളവനായതിനാൽ ഒരേ കുറ്റത്തിന് അധികശിക്ഷ അനുഭവിക്കേണ്ടതാണെന്ന യുക്തി നിരത്തുന്നുമുണ്ട്. ഉദാഹരണത്തിന് മോഷണംചെയ്ത ശൂദ്രനു വിധിച്ചിരിക്കുന്ന ദണ്ഡത്തിന്റെ ഇരട്ടി വൈശ്യനും, നാലിരട്ടി ക്ഷത്രിയനും, എട്ടിരട്ടി ബ്രാഹ്മണനും കാർത്യായനസ്മൃതി നിഷ്കർഷിക്കുന്നുണ്ട്. അതൊക്കെത്തന്നെയാണ്, മറ്റെല്ലാ സ്മൃതികളും തിരസ്കരിച്ച് വംശവിശുദ്ധിവാദികൾ മനുസ്മൃതിക്കുമേൽ അടയിരിക്കുന്നതിന്റെ രഹസ്യം.

ആറുമന്വന്തരങ്ങൾ പിന്നിട്ട് ലോകം ഏഴാംമന്വന്തരത്തിലെത്തിയിട്ടും, ഒന്നാംമന്വന്തരത്തിലെ മനുവായ സ്വായംഭൂവമനു സൃഷ്ടിച്ചതായി പ്രചരിപ്പിക്കപ്പെടുന്ന മനുസ്മൃതിയിലെ നിയമങ്ങൾ തന്നെ പാലിക്കണമെന്ന പിടിവാശിയുടെ കാരണങ്ങൾ പലതാണ്. അതിലൊന്ന്, ആ സ്മൃതി പ്രപഞ്ചോത്പത്തിക്കൊപ്പം സൃഷ്ടിക്കപ്പെട്ട, വേദസമാനമായ വിശുദ്ധഗ്രന്ഥമാണ് എന്ന പ്രതിച്ഛായ ഉണ്ടാക്കലാണ്. അതിനു പിറകിൽ, മനുസ്മൃതിയിലെ ചട്ടങ്ങൾ ആരാലും ചോദ്യംചെയ്യപ്പെടാനാവാത്ത പ്രപഞ്ചനിയമങ്ങളാണെന്നു വരുത്തിത്തീർക്കാനുള്ള വ്യഗ്രതയാണ്. എന്നാൽ, ആ ദുർവാശിയ്ക്കു പിന്നിൽ, അതിനൊപ്പം പ്രാധാന്യമുള്ള മറ്റൊരു കാരണവുമുണ്ട്. അത്, ആരാണ് നാം ജീവിക്കുന്ന ഈ മന്വന്തരത്തിലെ മനുവായ വൈവസ്വതമനു എന്നതുതന്നെയാണ്. മഹാഭാഗവതം നവമസ്കന്ധം ഒന്നാമധ്യായത്തിലെ വൈവസ്വതമനുവിന്റെ വംശാവലി വിവരണം അനുസരിച്ച്, വിവസ്വാന്റെ പുത്രനായ വൈവസ്വതമനു ദ്രാവിഡരാജാവായ സത്യവ്രതനാണ്.(മുഴുവൻ വിവരങ്ങൾ വൈവസ്വതമനു ദ്രാവിഡരാജാവായിരുന്നു എന്ന അധ്യായത്തിൽ കണ്ടതാണല്ലോ). ആര്യവിശുദ്ധിവാദികളുടെ അടിവേരറുക്കുന്ന ആ പ്രതിസന്ധി തരണംചെയ്യാൻ, മനുസ്മൃതിയെ ആദ്യമന്വന്തരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി അവിടെ പ്രതിഷ്ഠിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലല്ലോ. അതുതന്നെയാണ്, ആറു മന്വന്തരങ്ങൾക്കും അത്രതന്നെ മഹാപ്രളയങ്ങൾക്കുമപ്പുറം മനുസ്മൃതിയുടെ രചനയെത്തിക്കുന്ന അതിബുദ്ധിയുടെ മർമ്മം. ആ കൗശലത്തിന്റെ ഫലമായാണ് മറ്റു സ്മൃതികൾ അപ്രസക്തമായത്. അങ്ങനെ അപ്രധാനമാക്കപ്പെട്ട സ്മൃതിഗ്രന്ഥങ്ങളുടെ രചയിതാക്കളാരും മോശക്കാരല്ല. അവരിൽ, ഒരിക്കലും അവഗണിക്കപ്പെടരുതാത്ത ഒരാളാണ് ഭൃഗുമഹർഷി. ബ്രാഹ്മണകുലപതിയായ ഭൃഗുവിന്റെ പേരിലും ഒരു സ്മൃതിയുണ്ട് എന്നിരിക്കിലും,ഭൃഗുസ്മൃതിയേക്കാൾ പൗരോഹിത്യത്തിന് മനുസ്മൃതി പ്രാമാണ്യമായതിന്റെ കാരണം ബ്രാഹ്മണ്യത്തിന്റെ നിഷ്പക്ഷതയല്ല എന്നുനിശ്ചയം. പിന്നെ?

ഭൃഗുസ്മൃതി

ബ്രഹ്മപുത്രനും ബ്രാഹ്മണകുലപതിയുമായ ഭൃഗുമഹർഷിരചിച്ച ഭൃഗുസ്മൃതി ലഭ്യമാണെങ്കിലും, എന്തുകൊണ്ട് ബ്രാഹ്മണ്യം അതിനെ പരിഗണിക്കുന്നില്ല; അല്ലെങ്കി

ൽ, അത്തരത്തിൽ ഒന്നുണ്ട് എന്നുപോലും അറിയപ്പെടാത്ത രീതിയിൽ അവഗണിക്കുന്നു എന്ന ചോദ്യം എന്തുകൊണ്ടും പ്രസക്തമാണ്. ഭൃഗുമഹർഷിയും ഭരദ്വാജമഹർഷിയും തമ്മിലുള്ള സംവാദരൂപത്തിൽ എഴുതപ്പെട്ടിട്ടുള്ള ഭൃഗുസ്മൃതിയിലെ പരാമർശങ്ങൾ തന്നെയാണ് അതിനുള്ള കാരണം. അതിൽ മുഖ്യം, ചാതുർവർണ്യത്തെപ്പറ്റിയുള്ള ഭൃഗുവിന്റെ പ്രസ്താവനയാണ്:ഭൃഗുസ്മൃതി മൂന്നാംഖണ്ഡത്തിൽ രണ്ടധ്യായങ്ങളിലായി ആര്യസമൂഹത്തിലെയും മ്ലേച്ഛവർഗ്ഗങ്ങളിലേയും വർണ്ണങ്ങളെക്കുറിച്ചു വിവരിക്കുന്നുണ്ട്. ഭൃഗുസ്മൃതിയിലെ വിഭജനമനുസരിച്ച്,ബ്രാഹ്മണർ വെളുത്ത നിറമുള്ളവരും, ക്ഷത്രിയർ ചുവന്ന നിറമുള്ളവരും, വൈശ്യർ മഞ്ഞനിറക്കാരും ശൂദ്രർ കറുത്തവരും ആണത്രേ.(മ്ലേച്ഛവർഗ്ഗം:ബാഹ്യസമൂഹങ്ങൾ):

> **188. ഭൃഗുഭരദ്വാജസംവാദം – സമസ്തഭൂതങ്ങളുടേയും ഉൽപത്തി** – ഭൃഗു പറഞ്ഞു: “ആദ്യമായി പ്രജാപതികളാകുന്ന ബ്രാഹ്മണരെ, ആത്മതേജോമയന്മാരും ഭാസ്കരാദിസമപ്രഭന്മാരുമായ ബ്രാഹ്മണരെ, ബ്രഹ്മാവ് സൃഷ്ടിച്ചു. പിന്നെ സത്യം, തപം, ശാശ്വതമായ ധർമ്മം, ബ്രഹ്മം, ആചാരം, ശൗചം എന്നിവയെ സ്വർഗ്ഗത്തിന്നുവേണ്ടി ആ പ്രഭു സൃഷ്ടിച്ചു. ദേവന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ ,ദൈത്യന്മാർ, അസുരന്മാർ, മഹോരഗങ്ങൾ, യക്ഷരാക്ഷസനാഗങ്ങൾ, പിശാചുക്കൾ, മനുഷ്യർ, വിപ്രക്ഷത്രിയവൈശ്യന്മാർ, ശൂദ്രന്മാർ എന്നിവരേയും ധാതാവു സൃഷ്ടിച്ചു. എല്ലാ ഭൂതജാലങ്ങളേയും വർണ്ണങ്ങളേയും ബ്രഹ്മാവ് സൃഷ്ടിച്ചു.
>
> ബ്രാഹ്മണർക്കു വെളുത്ത നിറവും ക്ഷത്രിയർക്കു ചുവപ്പുനിറവും വൈശ്യർക്കു മഞ്ഞനിറവും ശൂദ്രർക്കു കറുപ്പുനിറവും ബ്രഹ്മാവ് കല്പിച്ചു.”

അതോടൊപ്പം, മനുസ്മൃതിയിൽനിന്നു വിഭിന്നമായി, ഭൃഗുസ്മൃതി മറ്റു ജീവജാലങ്ങൾക്കൊപ്പമാണ് മനുഷ്യന്റെ സൃഷ്ടി പറയുന്നത് എന്ന കാര്യവും ശ്രദ്ധിക്കുക. ഭൃഗു പറയുന്നതനുസരിച്ച്, മനുഷ്യൻ മനുഷ്യനായിത്തന്നെയാണ് സൃഷ്ടിക്കപ്പെട്ടത്; ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രവർണ്ണികളായല്ല. രാക്ഷസർ, പിശാചുക്കൾ, ദേവന്മാർ, നാഗങ്ങൾ എന്നിവർക്കൊപ്പം സൃഷ്ടിക്കപ്പെട്ട മറ്റു വർഗ്ഗങ്ങളാണ് വിപ്ര-ക്ഷത്രിയ-വൈശ്യ-ശൂദ്രന്മാർ എന്ന പരാമർശവും നോക്കുക. ബ്രഹ്മാവു സൃഷ്ടിച്ച മനുഷ്യർ,കാലക്രമത്തിൽ തൊഴിൽപരമായ വ്യത്യസ്തതയാലും സ്വഭാവപരമായ പരിവർത്തനങ്ങൾകൊണ്ടും വിവിധ വർണ്ണങ്ങൾക്കു ഹേതുവായതായും ഭൃഗു പറയുന്നുണ്ട്.വിശ്വപുരുഷന്റെ ശരീരാംഗങ്ങളിൽനിന്നുമുള്ള വ്യത്യസ്തവർണ്ണികളുടെ ഉത്ഭവത്തെ സംബന്ധിച്ച സിദ്ധാന്തം ഭൃഗുവിന്റെ അറിവിലേ ഇല്ല. അതിന്റെ കാരണം മനുവിനുവേണ്ടി ഭൃഗുവിനെ പുറത്താക്കി എന്നഅധ്യായത്തിൽ പറയാം.

പുരാണപുരുഷന്മാരെല്ലാം ശൂദ്രരോ?

ഭൃഗുസ്മൃതി പറഞ്ഞതുപോലെ, ശരീരത്തിന്റെ നിറമാണ് ചാതുർവർണ്യവിഭജനത്തിന് നിദാനമെങ്കിൽ, ഹിന്ദുക്കളുടെ മിക്ക ദൈവങ്ങളും പ്രമുഖ ഇതിഹാസകഥാപാത്രങ്ങളും ശൂദ്രരാണെന്നുവരുന്നു. വൈകുണ്ഠവാസികൾ ശ്യാമവർണ്ണരാണെന്നു ഭാഗവതം ദ്വിതീയസ്കന്ധം ഒൻപതാംഅധ്യായത്തിൽ, ബ്രഹ്മാവിനു ഭഗവാൻഹരി വൈകുണ്ഠദർശനമേകിയതിനെക്കുറിച്ചു വിവരിക്കുന്നയിടത്ത് പറയുന്നു.വൈകുണ്ഠനാഥനായ വിഷ്ണുവും ശ്യാമവർണ്ണനാണ്. പുരാണഗ്രന്ഥങ്ങളിലെല്ലാം ഭഗവാൻ കൃഷ്ണനും ശ്രീരാമനും ശ്യാമവർണ്ണരാണെന്ന പരാമർശമുണ്ട്. പക്ഷേ, അവരുടെ

കറുത്തനിറം ചിലർക്ക് അംഗീകരിക്കാനാകുന്നില്ല. കറുപ്പിനോടുള്ള അസ്പൃശ്യതമൂലമായിരിക്കാം, കൃഷ്ണന്റെയും രാമന്റെയും നിറം അവർ നേർപ്പിച്ചു നീലയാക്കി മാറ്റി. കൃഷ്ണം എന്ന വാക്കിന്റെ അർത്ഥം തന്നെ കറുപ്പെന്നാണെങ്കിലും, ശ്യാമവർണ്ണനെന്നും കാർമുകിൽവർണ്ണനെന്നുമൊക്കെ കേട്ടാൽ, നീലനിറം എന്നു മനസ്സിലാക്കേണ്ട അവസ്ഥയിൽ നമ്മെ കൊണ്ടെത്തിച്ചു.

എന്തുകൊണ്ട് കൃഷ്ണൻ കറുത്തനിറക്കാരനായി എന്നതിന് മഹാഭാരതത്തിന്റെ ആദിപർവ്വം 199ആംഅധ്യായം ഉത്തരംനൽകുന്നുണ്ട്. ദുഷ്ടനിഗ്രഹത്തിനുവേണ്ടി ശ്രീകൃഷ്ണനെ സഹായിക്കാൻ ദേവന്മാർ ഗോപാലകരായി ഭൂമിയിൽ ജനിക്കാൻ നിശ്ചയിച്ചു. ആ തീരുമാനം അവർ വിഷ്ണുവിനെ അറിയിച്ചു. സന്തുഷ്ടനായ വിഷ്ണു തന്റെ തലയിൽനിന്ന് ഒരു കറുത്തരോമവും ഒരു വെളുത്തരോമവും പിഴുത് നിലത്തിട്ടു. കറുത്തരോമം വസുദേവന്റെ ഭാര്യയായ ദേവകിയിൽ പ്രവേശിച്ചു ശ്രീകൃഷ്ണനായും, വെളുത്തരോമം രോഹിണിയിൽ പ്രവേശിച്ചു ബലരാമനായും രൂപാന്തരപ്പെടുമെന്ന് ഭഗവാൻവിഷ്ണു അരുളിച്ചെയ്തു. അതനുസരിച്ച് ബലഭദ്രൻ ശുഭ്രവർണ്ണനും, കൃഷ്ണൻ കൃഷ്ണവർണ്ണനുമായിത്തീർന്നു. യാദവരുടെ കുലഗുരുവായ ഗർഗ്ഗൻ കൃഷ്ണൻ എന്നപേര് ഭഗവാനു നിർദ്ദേശിക്കുന്നതുതന്നെ ശരീരവർണ്ണം ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. ദ്വാപരയുഗത്തിലെ സുന്ദരിമാർക്കൊക്കെ കൃഷ്ണവർണ്ണമായിരുന്നു എന്നും ഭാഗവതം പറയുന്നു. മാത്രവുമല്ല, ശ്രീകൃഷ്ണന്റെ പ്രണയിനി രാധയ്ക്കും നല്ല കറുത്തനിറമായിരുന്നു.

പരമേശ്വരൻ ശ്യാമവർണ്ണനാണെന്നു മഹാഭാഗവതം ആറാംസ്കന്ധം മൂന്നാമധ്യായത്തിലും, ആയുർവേദത്തിന്റെ മൂർത്തിയായ ധന്വന്തരി ശ്യാമളവർണ്ണനാണെന്ന് മഹാഭാഗവതം എട്ടാംസ്കന്ധം എട്ടാമധ്യായത്തിലും കാണുന്നു. പരാശരപുത്രനായി ജനിച്ച വ്യാസനും കൃഷ്ണവർണ്ണമായിരുന്നു. അതിനാലാണല്ലോ കൃഷ്ണദ്വൈപായനനെന്ന പേരുണ്ടായത്. കൃഷ്ണദ്വൈപായനും അമ്മയെപ്പോലെ കൃഷ്ണവർണ്ണനായിരുന്നു എന്ന മഹാഭാരതത്തിലെ പരാമർശത്തിൽനിന്ന് സത്യവതിക്കും കറുപ്പുനിറമായിരുന്നു എന്നത് വ്യക്തമാണല്ലോ. അർജ്ജുനനും നകുലനും ഇരുണ്ടനിറമായിരുന്നു എന്നസൂചന മഹാഭാരതത്തിലുണ്ട്. ഭീമനും കറുത്തവനാണെന്ന് ആദിപർവ്വത്തിൽ(അധ്യായം:192 ധൃഷ്ടദ്യുമ്നപ്രത്യാഗമനം) കുന്തിയുടെ വാക്കുകളിൽ നിന്നു മനസ്സിലാകുന്നുണ്ട്. അജ്ഞാതവാസകാലത്ത്, ഭീമനും അർജ്ജുനനും ഭിക്ഷയെടുത്തു കൊണ്ടുവന്ന ഭക്ഷണം വീതംവെയ്ക്കുന്നവേളയിൽ, കുന്തി ഇപ്രകാരം പറയുന്നു: "പകുതി ഭാഗിച്ച്, അതിൽ ഒരു പങ്കെടുത്തു നാലായി പകുത്തുവെക്കുക. അതിൽനിന്നും, നമുക്കു രണ്ടുപേർക്കും നീക്കിവെയ്ക്കുകയും വേണം.(അങ്ങനെ ആറായി വിഭജിക്കണം). അല്ലയോ ഭദ്രേ, പകുതി ഭാഗിച്ചു വെച്ചത്, മദിച്ച കാളയ്ക്കു തുല്യനായ കറുത്തവനും യുവാവും ശക്തിമാനുമായ ഭീമനു നൽകുക. ഈ വീരൻ നന്നായി ഭക്ഷിക്കുന്നവനാണ്". പാഞ്ചാലരാജാവായ ദ്രുപദൻ നടത്തിയ യജ്ഞത്തിലാണല്ലോ ദ്രൗപദി ജന്മമെടുത്തത്. മണിവേദിയുടെ മധ്യത്തിൽനിന്ന് ഉയർന്നുവരുന്ന അതിസുന്ദരിയായ അവളെ കവി വർണ്ണിക്കുന്നത് ഇങ്ങനെയാണ്: "അഴകേറിയ സുന്ദരാംഗി, കറുത്തു നീണ്ട മിഴിയുള്ളവൾ, ശ്യാമാംഗി'.അവളുണ്ടായപ്പോൾ ഉയർന്നുകേട്ട ആ അശരീരിയിൽനിന്നാണ് കറുത്തു സുന്ദരിയായ അവൾക്ക് കൃഷ്ണ

എന്നപേര് കിട്ടിയത്.(ആദിപർവ്വം,അധ്യായം:167, ദ്രൗപദിസംഭവം). ദ്രുപദന് കറുത്ത നിറമായിരുന്നെന്ന സൂചന മഹാഭാരതത്തിലുണ്ട്. ശ്രീപാർവ്വതിയും പരമശിവനും യമരാജനും സഹോദരി കാളിന്ദിയുമൊക്കെ കറുത്തനിറമുള്ളവരായിരുന്നു. രാമായണത്തിലെ പ്രതിനായകൻ രാവണനും മറ്റു രാക്ഷസന്മാർക്കും കറുത്തനിറമായിരുന്നു. മനുഷ്യരൂപികളായിരുന്ന അവരെ രാക്ഷസർ എന്ന നിന്ദാനാമത്തിന് വിധേയരാക്കിയ പ്രധാനഘടകവും അവരുടെ നിറമായിരുന്നല്ലോ.പുരാണേതിഹാസങ്ങളിലെ കറുത്തനിറമുള്ള കഥാപാത്രങ്ങളുടെ പട്ടിക ഇവിടെ അവസാനിക്കുന്നില്ല. കറുത്തവരാണെന്നു പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ല എന്നതുകൊണ്ടുമാത്രമാണ് അവരിലധികംപേരും ചിത്രങ്ങളിലും അഭ്രപാളികളിലും, പാൽനിറത്തിലും സ്വർണ്ണവർണ്ണത്തിലും പ്രത്യക്ഷപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ, സനാതനസംസ്കൃതിയുടെ ഭാഗമായ പുരാണകഥാപാത്രങ്ങളിൽ ഭൂരിഭാഗവും കറുത്ത ശരീരവർണ്ണക്കാരായിരുന്നു എന്ന പൊതുനിഗമനത്തിൽ എത്തിയാലും തെറ്റാകാൻ ഇടയില്ല. പുരാണേതിഹാസങ്ങളിലെ പ്രമുഖരിൽ അധികവും കറുത്ത ശരീരവർണ്ണമുള്ളവരായിരുന്നു എന്നവസ്തുത വെളിച്ചത്തുകൊണ്ടുവരുന്ന മറ്റൊരു സത്യം, ആ കൃതികളുടെ രചനനടന്നത്, കറുത്തനിറം അവലക്ഷണവും രാക്ഷസത്വവുമായി ആവിഷ്കരിക്കപ്പെട്ട ആര്യാധിപത്യകാലത്തല്ല എന്നതുകൂടിയാണ്.

വർണ്ണവ്യവസ്ഥയെ നിറവുമായി ബന്ധപ്പെടുത്തുന്ന മേൽപരാമർശത്തിന്റെ പശ്ചാത്തലം, തങ്ങളുടെ വെള്ളനിറത്തിൽ അഭിമാനംകൊണ്ടിരുന്ന ആര്യന്മാരും ഭാരതത്തിലെ ആദിമനിവാസികളായ ഇരുണ്ട/കറുത്ത നിറത്തിലുള്ള ദ്രാവിഡ ജനസമൂഹങ്ങളും തമ്മിലുള്ള അന്തരമാണ്. അതുപോലും, നാലുവർണ്ണങ്ങൾ എന്ന ചാതുർവർണ്യവിഭജനത്തെ സാധൂകരിക്കാൻ പോന്നതല്ലല്ലോ. അതുകൊണ്ടാണ്, "എല്ലാവർണ്ണങ്ങളിൽ പെട്ടവരും ലോഭക്രോധമദമാത്സര്യാദികൾക്കു വശംവദരാകുന്നുണ്ട്. ചരാചരങ്ങളിൽ വെളുപ്പും ചുവപ്പും മഞ്ഞയും കറുപ്പും മാത്രമല്ല; വേറെയും അനവധി വർണ്ണങ്ങൾ കാണാനുണ്ട്. അപ്പോൾപ്പിന്നെ നിറത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ തരംതിരിക്കുന്നതിൽ എന്താണർത്ഥം?" എന്നു ഭരദ്വാജൻ ഭൃഗുവിനോടു ചോദിക്കുന്നത്. മനുഷ്യരുടെ സ്വഭാവവിശേഷതകളെ നിറവുമായി ഘടിപ്പിക്കുന്ന ഭൃഗുവിന്റെ ഈ പരാമർശങ്ങൾ, കേവലം പ്രതീകാത്മകം മാത്രമാണെന്നു കരുതുന്നതാണല്ലോ യുക്തി. അത് അംഗീകരിച്ചുകൊണ്ടാവാം, ആരംഭത്തിൽ എല്ലാവരും ബ്രാഹ്മണരായിരുന്നെന്നും അവരാണ് കർമ്മവിഭജനത്തിന്റെ അടിസ്ഥാനത്തിൽ നാലു വിഭിന്ന വർണ്ണങ്ങളായി തരം തിരിഞ്ഞതെന്നും ഭൃഗുമഹർഷി അദ്ദേഹത്തിന്റെ സ്മൃതിഗ്രന്ഥത്തിൽ സമർത്ഥിക്കുന്നത്. പല ഭൃഗുവംശജരെയും പോലെ, ഭൃഗുമഹർഷി എന്ന പ്രജാപതി ഒരു വർണ്ണവിശുദ്ധിവാദി ആയിരിക്കില്ല എന്നതാകാം ആ സത്യപ്രഖ്യാപനത്തിന്റെ കാരണം. അദ്ധ്വാനവും ആഢ്യത്വവും വിപരീതാനുപാതത്തിലായ ആര്യാധിപത്യത്തിന്റെ അന്ധകാരയുഗംമുതലാകാം കറുപ്പുനിറം വെറുക്കപ്പെട്ട നിറമായതും, അദ്ധ്വാനിച്ചു ജീവിച്ചതിനാൽ കറുത്തുപോയ മനുഷ്യർ അസ്പൃശ്യരായതും. കാലാവസ്ഥയിലെ സവിശേഷതമൂലം ഭൂരിപക്ഷവും ഇരുണ്ടനിറമുള്ള മനുഷ്യരായ ഇന്ത്യയിൽ(വിശേഷിച്ചും മദ്ധ്യ-ദക്ഷിണ ഭാരതത്തിൽ), കറുത്തനിറമുള്ളവർ പരമ്പരാഗതമായി വെയിലത്ത് അദ്ധ്വാനിക്കുന്നവരാണ്.

മനുവിനുവേണ്ടി ഭൃഗുവിനെ പുറത്താക്കി?

ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷി എഴുതിയ ഭൃഗുസ്മൃതി പൂർണ്ണമായിഗ്രന്ഥരൂപത്തിൽ ലഭ്യമല്ല എന്നു പറയപ്പെടുമ്പോഴും, പല പൗരാണികഗ്രന്ഥങ്ങളിലും ആ സ്മൃതിഗ്രന്ഥത്തിലെ പരാമർശങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്.വ്യാസമഹാഭാരതം ശാന്തിപർവ്വത്തിൽ, ഭൃഗു മഹർഷിയും ഭരദ്വാജ മഹർഷിയും തമ്മിലുള്ള സംവാദത്തിന്റെ രൂപത്തിൽ ഭൃഗുസ്മൃതിയിലെ വർണ്ണവ്യവസ്ഥയുമായി ബന്ധപ്പെട്ട ചില പ്രതിപാദനങ്ങൾ ചേർത്തിട്ടുണ്ട്. അതനുസരിച്ച്, ജാതിവ്യത്യാസമെന്ന ഒന്നു സത്യത്തിൽ ഇല്ലാത്തതാണെന്ന് ഭൃഗു പറയുന്നു. ഈ പ്രപഞ്ചംമുഴുവൻ ബ്രഹ്മം തന്നെയാണെന്നും, ബ്രാഹ്മണരായാണ് ബ്രഹ്മാവു മനുഷ്യരെ സൃഷ്ടിച്ചതെന്നും, അവർ ലോഭംമൂലം അജ്ഞരായി മാറി കർമ്മങ്ങൾ അടിസ്ഥാനമാക്കി വിവിധ വർണ്ണികളായി ജീവിക്കുകയാണെന്നും ഭൃഗുമുനി ഭരദ്വാജമഹർഷിയോടു വിശദീകരിക്കുന്നുണ്ട്. വിവിധ വർണ്ണികൾ ഉണ്ടാകുന്നതെങ്ങനെയാണെന്ന് ഭൃഗു വിവരിക്കുന്നത് ഇപ്രകാരമാണ്: ആദിയിൽ ബ്രാഹ്മണർ മാത്രമാണുണ്ടായിരുന്നത്. അവർ കാലക്രമത്തിൽ തൊഴിൽപരമായ വ്യത്യസ്തതകൊണ്ടും സ്വഭാവപരമായ പരിവർത്തനങ്ങൾ മൂലവും മറ്റു മൂന്നു വർണ്ണങ്ങൾക്കും നിമിത്തമായി. ബ്രാഹ്മണരുടെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയവർ ഇതരവർണ്ണികളായിത്തീർന്നതാണ്:

> ഭൃഗു പറഞ്ഞു: "ജാതിവ്യത്യാസം എന്ന ഒന്ന് വാസ്തവത്തിൽ ഇല്ലാത്തതാണ്. ഈ വിശ്വം മുഴുവനും ബ്രഹ്മംതന്നെയാണ്. ബ്രഹ്മമയമാണ് ബ്രഹ്മാവ് മുമ്പെ സൃഷ്ടിച്ചത്. പിന്നെ കർമ്മത്തെ അടിസ്ഥാനമാക്കി ജാതി തിരിഞ്ഞതാണ്.
>
> കാമഭോഗാസക്തരായ തീക്ഷ്ണന്മാർ, ശുണ്ഠിക്കാർ, സാഹസപ്രിയന്മാർ, സ്വധർമ്മം വിട്ടവരായ രക്താംഗന്മാർ ഇങ്ങനെയുള്ള ബ്രാഹ്മണർ ക്ഷത്രിയജാതിക്കാരായിത്തീർന്നു. പശുക്കളെ വളർത്തി അവകൊണ്ട് ഉപജീവിക്കുന്ന മഞ്ഞനിറക്കാരായ ബ്രാഹ്മണർ കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരും സ്വകർമ്മം ഉപേക്ഷിച്ചവരുമായ ബ്രാഹ്മണർ, വൈശ്യന്മാരായിത്തീർന്നു. ഹിംസയിലും അനൃതത്തിലും ആസക്തന്മാരായി, ലുബ്ധന്മാരായി, സർവ്വകർമ്മങ്ങളും ചെയ്ത് ഉപജീവിക്കുന്ന കറുത്ത കൂട്ടർ, ശുചിത്വം വെടിഞ്ഞ ബ്രാഹ്മണർ, ശൂദ്രരുമായിത്തീർന്നു. ഇപ്രകാരമുള്ള കർമ്മംമൂലമാണ് അവർ ജാതി തിരിഞ്ഞത്. ധർമ്മമായ യജ്ഞക്രിയ അവർക്ക് എന്നും തടപറ്റാതായിരുന്നു. ഇങ്ങനെയുള്ള നാലു ജാതിക്കാർക്കും ആദ്യഭാവം ബ്രഹ്മാവു നല്കിയത്, സൃഷ്ടിച്ചത്, ബ്രാഹ്മണനായിട്ടാണ്. അവർ ലോഭംമൂലം അജ്ഞരായിത്തീർന്നതാണ്.

മനുസ്മൃതിക്ക് വിരുദ്ധമായി, നാലുവർണ്ണികൾക്കും വേദങ്ങളും വേദാചാരങ്ങളും പ്രാപ്യമായിരുന്നതായും ഭൃഗുസ്മൃതിയിൽ പറയുന്നു. ഭൃഗുസ്മൃതി എന്തുകൊണ്ട് ബ്രാഹ്മണ്യത്തിനു സ്വീകാര്യമല്ല എന്നതിന്റെ കാരണം ഇതൊക്കെത്തന്നെയാണ്. ജാതിഭേദമെന്ന ഒന്ന് വാസ്തവത്തിൽ ഇല്ലാത്തതാണെന്നും സർവ്വരും ബ്രാഹ്മണരായാണ് ജനിക്കുന്നതെന്നും പറഞ്ഞാൽ കുലമഹിമാസിദ്ധാന്തത്തിന്റെ സ്രഷ്ടാക്കളായ ജാതിവാദികൾക്ക് എങ്ങനെയാണ് സ്വീകാര്യമാകുന്നത്? ഭൃഗുസ്മൃതിയെന്ന ഗ്രന്ഥം പൂർണ്ണമായും പുസ്തകരൂപത്തിൽ ലഭ്യമല്ല എന്നതിന്റെ കാരണവും ഒരുപക്ഷെ അതിലെ പരാമർശങ്ങൾ തന്നെയാകാം. അപ്രിയസത്യങ്ങൾ പറഞ്ഞ പുസ്തകങ്ങൾ അപ്രത്യക്ഷമായ ചരിത്രം ഒരുപാടു നമുക്കുമുന്നിൽ ഉണ്ടല്ലോ. കുലപതിയായാലും, അനിഷ്ടം പറഞ്ഞാൽ സ്ഥാനം പുറത്തുതന്നെയെന്നു സാരം.

എല്ലാവരും ബ്രാഹ്മണരായാണ് ജനിക്കുന്നതെന്നും, തൊഴിൽപരമായ വ്യത്യസ്തത കൊണ്ടും സ്വഭാവപരമായ പരിവർത്തനങ്ങൾകൊണ്ടും പിന്നീട് മറ്റു മൂന്നു വർണ്ണികളായതാണെന്നുമുള്ള ഭൃഗുവിന്റെ പ്രസ്താവന, എല്ലാവരും ശൂദ്രരായാണു ജനിക്കുന്നതെന്നുള്ള(ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ)ചില പൗരാണിക ഗ്രന്ഥങ്ങളിലെ പരാമർശത്തിനു നേരേ വിപരീതമാണല്ലോ. സത്യത്തിൽ, ഈ രണ്ടു പ്രസ്താവനകളും സംഗമിക്കുന്ന ഒരുതലമുണ്ട്:ജനിക്കുമ്പോൾ അജ്ഞാനികളാണ് എന്ന നിലയിൽ സകലരും ശൂദ്രരാണ്; അതേസമയം, ആന്തരികശുദ്ധിയുടെ കാര്യത്തിൽ എല്ലാവരും *ബ്രാഹ്മണരാണ്. ആ തലത്തിൽ അതിനെ കണ്ടാൽ അവസാനിക്കുന്ന ആശയക്കുഴപ്പം മാത്രമേ ആ വൈരുദ്ധ്യത്തിലുള്ളൂ. ചില പൗരാണികഗ്രന്ഥങ്ങളിൽ, വർണ്ണം ജന്മാർജ്ജിതമാണെന്നു പറയുന്നതിന്റെ കാരണവും ഒരുപക്ഷെ അതാകാം. ആർഷബ്രാഹ്മണരായിരുന്ന ഋഷിമാരുടെ കാലത്തെ വർണ്ണചിന്തകൾക്ക് അതിനപ്പുറം ഒരു വ്യാഖ്യാനം ആവശ്യമില്ല. സ്മൃതികൾ വെറുപ്പുവിതച്ച് സമൂഹത്തെ വിഭജിച്ചതോടെയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്.(*സാത്വികരാണ്).

മനുസ്മൃതിയെ ആസ്പദമാക്കിയുള്ള ഈ പഠനത്തിന്, വർത്തമാനകാലത്ത് എന്ത് പ്രസക്തിയെന്ന് ആലോചിക്കുന്നവരുണ്ടാകാം. ഒരുപരിധിവരെ ആ സംശയം ശരിയാണെന്നും തോന്നാം. എന്നാലും, സമൂഹത്തിലെ വലിയ ഒരു വിഭാഗം മനുഷ്യരെ സകല രീതിയിലും തകർത്തുകളഞ്ഞതിൽ ആ ഗ്രന്ഥത്തിനുള്ള പങ്കു പരിശോധിച്ചാൽ മാത്രമേ, അതിനിരയായവർ എന്തുകൊണ്ട് പരിതാപകരമായ ജീവിതസാഹചര്യങ്ങളിലെത്തിയെന്നും, ഇന്നും ആ സ്ഥിതിയിൽ തുടരുന്നുവെന്നുമുള്ള സത്യം അനാവൃതമാകൂ. ഇന്നും അധഃസ്ഥിതാവസ്ഥയിൽ തുടരുന്ന ജനസമൂഹങ്ങൾ, ആ നിലയിലെത്തിയത് അവരുടെ പൂർവ്വികർ കഴിവില്ലാത്തവരായതുകൊണ്ടോ അലസരായതുകൊണ്ടോ അല്ലല്ലോ.അടിമകളെപ്പോലെ അദ്ധ്വാനിച്ചിട്ടും ആ വിഭാഗങ്ങൾക്ക് മനുഷ്യരായി ജീവിക്കാനുള്ള സാഹചര്യം നിഷേധിച്ചതുകൊണ്ടാണ്; തലയുയർത്താൻ തയ്യാറായവരെ തല്ലിയൊതുക്കിയതുകൊണ്ടാണ്. അതിനൊക്കെ നിമിത്തമായത്,തങ്ങൾ ആഢ്യന്മാരാണെന്നും മറ്റുള്ളവരൊക്കെ തങ്ങളുടെ സുഖഭോഗങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടവരാണെന്നുമുള്ള ഒരു വിഭാഗത്തിന്റെ സ്വാർത്ഥചിന്തയാണ്. ആ ദുഷ്ടചിന്ത തലമുറകളിലേയ്ക്കു പകർന്നുകൊടുത്ത ലിഖിതരേഖയെന്ന നിലയിൽ മനുസ്മൃതി ആ കുറ്റകൃത്യത്തിലെ ഒന്നാംപ്രതി തന്നെയാണ്. ആ പ്രതിയെ ഒഴിവാക്കിയുള്ള വിചാരണകളെല്ലാം നിരർത്ഥകവും നിഷ്ഫലവുമാണ്. അതുകൊണ്ടാണ് മനുസ്മൃതി ഇന്നും ചോദ്യംചെയ്യപ്പെടുന്നത്.

രണ്ടായിരത്തിഅറുന്നൂറ്റിഎൺപതോളം ശ്ലോകങ്ങളുള്ള മനുസ്മൃതിയിലെ ആയിരത്തിഇരുന്നൂറിനടുത്തുള്ളവ മാത്രമാണ് മൗലികമെന്നും, ബാക്കിയുള്ള ശ്ലോകങ്ങൾ പ്രക്ഷിപ്തമാണെന്നും കരുതപ്പെടുന്നു. അതിലെ വസ്തുതയെന്തായാലും,അത് ആ ഗ്രന്ഥത്തിനു സ്വീകാര്യതയുണ്ടാക്കുന്നില്ല. സ്വായംഭൂവമനുവാണ് മനുസ്മൃതി രചിച്ചതെന്നു സാമാന്യബുദ്ധിയുള്ളവർ അംഗീകരിക്കാത്തിടത്തോളം, മനുവെന്ന പ്രജാപതി മനുഷ്യവിരുദ്ധനാണെന്നു സ്ഥാപിക്കാനാകില്ല. അപ്പോഴും, മനുവിന്റെ പേരിൽ ആ നിയമങ്ങൾ ചമയ്ക്കുകയും, ആവശ്യത്തിനനുസരിച്ച് കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തുകയും ചെയ്തവർ മാപ്പർഹിക്കാത്ത നിലയിലുള്ള

മനുഷ്യവിരുദ്ധരാണെന്നും, അവരുടെ സൃഷ്ടിയായ ആ കൃതി മനുഷ്യവിരുദ്ധമാണെന്നും മാനവവംശം നിലനിൽക്കുന്നിടത്തോളം, ലോകം വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കും. അത്, മനുഷ്യരെ മനുഷ്യരായി കാണുന്നവരുടെ കർത്തവ്യമാണ്.

ഇത്ര വിശദമായ ഒരു വിശകലനത്തിന് മനുസ്മൃതിയെന്ന നിയമഗ്രന്ഥത്തെ വിധേയമാക്കിയതിന് കുറെ കാരണങ്ങളുണ്ട്. അതിലൊന്ന്, ആദ്യമേ പറഞ്ഞതുപോലെ, ആര്യാധിപത്യത്തെത്തുടർന്ന് സമൂഹത്തിൽ വന്ന വൻ അപചയങ്ങൾക്കു കാരണമായ രൂപരേഖ മനുസ്മൃതിയാണെന്നതാണ്. ആ പുസ്തകത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളുടെയും ചിട്ടകളുടെയും നിർവ്വഹണത്തിലൂടെയാണ് ഭാരതീയ ജനതതി വർണ്ണപരവും ജാതീയവുമായ കടുത്ത വിവേചനങ്ങളിലേയ്ക്കും, അതിന്റെ അനന്തരഫലമായ മൂല്യത്തകർച്ചയിലേക്കും മനുഷ്യവിരുദ്ധതകളിലേക്കും കൂപ്പുകുത്തിയത് എന്നതാണ് മറ്റൊരു വിമർശനകാരണം. ആര്യബ്രാഹ്മണ സൃഷ്ടിയായ മനുസ്മൃതിയടക്കമുള്ള പ്രാചീനകൃതികൾ അനുശാസിച്ച സാമൂഹികാവസ്ഥയല്ല പുരാണേതിഹാസങ്ങളിൽ നമുക്കു കാണാൻസാധിക്കുന്നത് എന്ന് വ്യക്തമാക്കുകയാണു മറ്റൊരു ഉദ്ദേശ്യം. 'പുട്ടിൽ പീര'യെന്നതുപോലെ, ആ ഗ്രന്ഥങ്ങളിൽ തിരുകിക്കയറ്റിയിട്ടുള്ള, വർണ്ണവ്യവസ്ഥയെക്കുറിച്ചുള്ള ചർച്ചകളും ബ്രാഹ്മണാപദാനങ്ങളും അസ്ഥാനത്തുള്ളവയാണെന്നും, ആര്യാപനിർമ്മിതിയുടെ ഭാഗമായാണെന്നും സോദാഹരണം ബോധ്യപ്പെടുത്തുകയാണ് അതിനു പിറകിലെ ചേതോവികാരം. മഹാഭാരതംശാന്തിപർവ്വത്തിൽ,പരാശരസ്മൃതിയിലേയും മനുസ്മൃതിയിലേയും പിന്തിരിപ്പൻ പരാമർശങ്ങൾ പലതും അതേരൂപത്തിൽത്തന്നെ എടുത്തുചേർത്തിട്ടുള്ളത് അത്തരം കൂട്ടിച്ചേർക്കലുകളുടെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമാണ്. സാധാരണ ജനങ്ങളിലേക്കുകൂടി സ്മൃതിശാസനങ്ങൾ എത്തിക്കുക എന്നതാകാം അതിന്റെ ലക്ഷ്യം. അതിനാൽ, ആ കൃതികളേയും അവയുടെ സ്രഷ്ടാക്കളേയും സംശയത്തിന്റെ നിഴൽവട്ടത്തിൽ നിറുത്തി ലാഭമെടുക്കുന്നവരെ തുറന്നുകാണിക്കുക എന്നത് ഒരു മനുഷ്യപക്ഷധർമ്മമായി കാണേണ്ടിയിരിക്കുന്നു.

മനുസ്മൃതി നിർദ്ദേശിച്ചിട്ടുള്ള മനുഷ്യവിരുദ്ധമായ ചട്ടങ്ങളുടെയെല്ലാം പാപഭാരം ബ്രാഹ്മണരിൽ ചാർത്തുന്നത് അയുക്തിയല്ലേയെന്ന ഒരു സംശയം സ്വാഭാവികമായും ഉണ്ടാകാം. ചാതുർവർണ്യവ്യവസ്ഥയിലെ ഒരു കണ്ണി മാത്രമായിരുന്ന ബ്രാഹ്മണർക്കു മാത്രമായി സമൂഹത്തിൽ എന്തെങ്കിലും ചെയ്യാനാകുമോയെന്ന സന്ദേഹവും ഉണ്ടാകാം. എന്നാൽ, അത്തരം ഉത്കണ്ഠകൾക്ക് യാതൊരു പ്രസക്തിയുമില്ലെന്നാണ് മനുസ്മൃതിതന്നെ സമർത്ഥിക്കുന്നത്. മനുസ്മൃതിയിൽ ഒന്നാമധ്യായത്തിലെ 102,103 ശ്ലോകങ്ങളനുസരിച്ച്, ആ ഗ്രന്ഥം പഠിക്കാനും വ്യാഖ്യാനിക്കാനും മറ്റു വർണ്ണികൾക്ക് ഉപദേശിക്കാനും നടപ്പിലാക്കാനുമുള്ള അധികാരം ബ്രാഹ്മണർക്കാണ്; ബ്രാഹ്മണർക്കു മാത്രമാണ്. അതിനുള്ള അധികാരം, ഭരണകർത്താക്കളായ രാജാക്കന്മാർക്കുപോലും ഉണ്ടായിരുന്നില്ല. സ്മൃതി നിയമങ്ങൾ ലംഘിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുക മാത്രമായിരുന്നു രാജധർമ്മം. അതുകൊണ്ട്, ആ അപരാധത്തിന്റെ പാപഭാരത്തിൽനിന്നും ജാതിബ്രാഹ്മണ്യമെന്ന സ്ഥാപനത്തെയും, ആ സമ്മർദ്ദശക്തിയുടെ തണലിൽ അദ്ധ്വാനമില്ലാതെ സകല സൗഭാഗ്യങ്ങളും ആസ്വദിച്ചവരെയും കുറ്റവിമുക്തനാക്കുവാൻ സ്വായംഭൂവമനുവിനുപോലും സാധ്യമല്ല:

തസ്യ കർമ്മവിവേകാർത്ഥം ശേഷാണാമനുപൂർവശഃ
സ്വായംഭുവോ മനുർധീമാനിദം ശാസ്ത്രമകല്പയത്. 102

ബ്രാഹ്മണൻെറയും മറ്റ് ക്ഷത്രിയാദികളുടെയും കർത്തവ്യങ്ങൾ ക്രമത്തിൽ വേർതിരിച്ച് ഉപദേശിക്കുന്നതിനായി ബ്രഹ്മപുത്രനും സർവജ്ഞനുമായ മനു ഈ ശാസ്ത്രം രചിച്ചു.

വിദുഷാ ബ്രാഹ്മണേനേദമധ്യേതവ്യം പ്രയത്നതഃ
ശിഷ്യേഭ്യശ്ച പ്രവക്തവ്യം സമ്യങ്നാന്യേന കേനചിത്. 103

ഈ ശാസ്ത്രം അധ്യയനം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം അറിവുള്ള ബ്രാഹ്മണനാൽ ഇത് യത്നിച്ചു പഠിക്കേണ്ടതും ശിഷ്യന്മാർക്ക് വേണ്ടതുപോലെ വ്യാഖ്യാനിച്ചുകൊടുക്കേണ്ടതുമാണ്; മറ്റാർക്കും അതിന് അധികാരമില്ല.

ആ അപരിമിതമായ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുകയും, ദുരുപയോഗം ചെയ്യുകയുംചെയ്ത സമൂഹത്തിനുമാത്രമാണ് ആ പാപങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം. മനുസ്മൃതിയാണ് ശരിയെന്ന് ഇപ്പോഴും ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവർ ചെയ്യേണ്ടത് ഉപനിഷത്തുകൾ ഒരുവട്ടമെങ്കിലും വായിക്കുകയാണ്. മനുസ്മൃതി നിർദ്ദേശിക്കുന്ന വിവേചനങ്ങൾ ധാർമ്മികമാണെന്ന് ഇനിയും ആരെങ്കിലും ന്യായീകരിക്കുണ്ടെങ്കിൽ, അവർ ചെയ്യേണ്ടത് അതിലെ ശൂദ്രർക്കും പഞ്ചമർക്കും സ്ത്രീകൾക്കും എതിരായ പരാമർശങ്ങൾക്കൊപ്പം, തന്റെ ജാതിനാമം ചേർത്തു വായിക്കുക എന്നതാണ്. ദക്ഷിണേന്ത്യയിലെ,വിശേഷിച്ചും കേരളത്തിലെ അബ്രാഹ്മണരായ സവർണ്ണരുടെയും അവർണ്ണരിൽ ചിലരുടെയും തെറ്റിദ്ധാരണയും മനുസ്മൃതിഭക്തിയും മാറാൻ അതൊരു നല്ല മരുന്നാണ്.(മനുസ്മൃതിയിലെ ശൂദ്രവിരുദ്ധതകൾ ദളിതർക്കും ആദിവാസികൾക്കും എതിരെയാണെണെന്നു വ്യാഖ്യാനിച്ച് ആശ്വസിക്കുന്നവർ അത്യാവശ്യം കേരളചരിത്രവും പഠിക്കുക).

ഇന്ത്യയിലെ ഹിന്ദുസമൂഹത്തിന്റെ ചരിത്രത്തെ, മനുസ്മൃതിക്കു മുമ്പും പിൻപും എന്ന് രണ്ടായി വിഭജിക്കാം. അദ്വൈതപാതയിൽ, ഋഷിപരമ്പരയുടെ കാർമ്മികത്വത്തിൽ നിലനിന്നിരുന്ന മനുസ്മൃതിയ്ക്ക് മുൻപുണ്ടായിരുന്ന കാലഘട്ടത്തെ ആർഷസംസ്കൃതിയെന്നോ സനാതനസംസ്കൃതിയെന്നോ വിളിക്കാം. എന്നാൽ, മനുസ്മൃതി നടപ്പിലാക്കിയ നിയമങ്ങളുടെ പിടിയിലമർന്നതോടെ, അടിമുടി വിവേചനങ്ങൾ നിറഞ്ഞ ഒന്നായി ആ ലോകംമാറി. അതോടെ ആര്യാധിപത്യസമൂഹങ്ങളിൽ അദ്വൈതചിന്തയും മാനവികമൂല്യങ്ങളും അസ്തമിച്ചുപോയി. അതുകൊണ്ടുതന്നെ, ആ വ്യവസ്ഥിതിയെ ആർഷസംസ്കാരമെന്നോ സനാതനസംസ്കാരമെന്നോ വിളിക്കുന്നത് വസ്തുതാപരമായി തെറ്റാണ്; തെറ്റിദ്ധരിപ്പിക്കലാണ്.

പൗരാണികഗ്രന്ഥങ്ങളുടെ തനിമ നശിപ്പിച്ചത് ആര്യബ്രാഹ്മണ്യമാണെന്നും, ആ പാതകത്തിൽ ആ കൃതികളുടെ രചയിതാക്കൾക്കോ ആ ഗ്രന്ഥങ്ങളുടെ രചനയ്ക്കു പശ്ചാത്തലമായ സാമൂഹ്യസാഹചര്യങ്ങൾക്കോ യാതൊരുപങ്കുമില്ലെന്നും സ്പഷ്ടമായ സ്ഥിതിയ്ക്ക്, അവയുടെ രചന നടന്നത് ആര്യാധിനിവേശത്തിനു മുമ്പുണ്ടായിരുന്ന ഒരു സംസ്കൃതിയുടെ മടിത്തട്ടിലാണെന്നു നിസ്സന്ദേഹം മനസ്സിലാക്കാം. ആ സംസ്കാരത്തെ ദ്രാവിഡസംസ്കൃതിയെന്നു ഭാഗവതവും വ്യാസനും പേരിട്ടു വിളിക്കുമ്പോൾ, അതു സ്വീകരിക്കുന്നതാണല്ലോ കരണീയമായ കാര്യം. ദ്രാവിഡ സംസ്കൃതി എന്ന പേര് സ്വീകാര്യമല്ലാത്തവർക്കുപോലും ആ നാഗരികതയെ ആര്യന്മാരുമായി ബന്ധിപ്പിക്കാൻ ന്യായങ്ങളില്ല. എങ്കിലും, ഭാരതീയ സംസ്കാരത്തി

ന്റെ സ്രഷ്ടാക്കൾ ആര്യന്മാരെണെന്ന തെറ്റിദ്ധാരണ വേരുറപ്പിക്കുന്നതിന്, അവരുടെ കൗശലംനിറഞ്ഞ ഉടച്ചുവാർക്കലുകൾ നിമിത്തമായിട്ടുണ്ട്. ആര്യന്മാർ ഇതര ജനങ്ങൾക്കുമേൽ അധീശത്വം സ്ഥാപിക്കാൻ പൗരാണികകൃതികളിൽ നടത്തിയ അപനിർമ്മിതികളിലെ അത്തരം ചില മഹത്വപ്രഖ്യാപനങ്ങൾ ഇനി കാണാം:

ഭൃഗുമഹർഷി

ഹൈന്ദവ സമൂഹത്തിനുമേൽ ഉറച്ച മേൽക്കോയ്മ നേടിയെടുക്കുന്നതിനുവേണ്ടി ജാതിബ്രാഹ്മണ്യം അനുവർത്തിച്ച മാർഗ്ഗങ്ങളിൽ ഏറ്റവും ഫലപ്രദമായ ഒന്ന്, പുരാണങ്ങളിലെ ബ്രാഹ്മണകഥാപാത്രങ്ങളുടെ(?)മഹത്വത്തെ പർവ്വതീകരിക്കുക എന്നതായിരുന്നു. അത്തരത്തിൽ,പൊലിപ്പിച്ചെടുത്ത പ്രതിച്ഛായ ഏറെയുള്ള ഒരു പുരാണപുരുഷനാണ് ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷി.തന്നെ സൃഷ്ടികർമത്തിൽ സഹായിക്കാൻ ബ്രഹ്മാവ് ജന്മം നൽകിയ പ്രജാപതിമാരിൽ ഒരാളാണ് ഭൃഗുമഹർഷി. ഭൃഗുസ്മൃതിയെ തള്ളിപ്പറയുമ്പോഴും തങ്ങൾ ഭൃഗുവിന്റെ പരമ്പരയിൽപ്പെട്ടവരാണെന്ന കാര്യത്തിൽ ഏറെ അഭിമാനംകൊള്ളുന്നവരാണ് ആര്യബ്രാഹ്മണർ. ഒരുപക്ഷെ, ഭൃഗു അധികമാളുകൾക്കും പരിചിതമാകുന്നതുതന്നെ ബ്രാഹ്മണകുലത്തിന്റെ 'വംശപതി' എന്ന നിലയിലാണല്ലോ. ബ്രാഹ്മണരുടെ ഭൃഗുവംശ പശ്ചാത്തലം അവർ അഭിമാനചിഹ്നമായി പ്രചരിപ്പിപ്പിച്ചുപോരുന്നതുകൊണ്ടാണ്, മറ്റു പ്രജാപതികൾക്കില്ലാത്ത പ്രശസ്തി ആ പേരിനു കൈവന്നത്.സനാതനസരണിക്കു നൽകിയ സംഭാവനകളുടെ കാര്യത്തിൽ പിന്നിലാണെങ്കിലും, മറ്റേ ഒൻപതു പ്രജാപതികൾക്കുമില്ലാത്ത പ്രാധാന്യവും മഹത്വവും പുരാണകഥകളിൽ ഭൃഗുവിന് ലഭിച്ചത് എന്തുകൊണ്ടാകാമെന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?

എന്തുകൊണ്ട് ഭൃഗുമാത്രം പ്രസക്തനായി?

ബ്രഹ്മാവിന്റെ മുഖത്തുനിന്നാണ് ബ്രാഹ്മണർ ഉണ്ടായതെന്നാണല്ലോ പൊതുവായ പ്രചാരണം. ചാതുർവർണ്യത്തിലെ മറ്റു മൂന്നു വർണ്ണികളുടെയും ഉത്ഭവം എവിടെനിന്നാണെന്ന ചോദ്യത്തിന്, പുരുഷസൂക്തത്തിലെ ശ്ലോകത്തെ അവലംബമാക്കി, ബ്രഹ്മാവിന്റെ(അല്ലെങ്കിൽ വാസ്തുപുരുഷന്റെ) കൈ,തുട,പാദം തുടങ്ങിയ ശരീരഭാഗങ്ങളിൽ നിന്നാണെന്ന ഉത്തരമായിരിക്കും കിട്ടുക. ബ്രഹ്മാവിന്റെ മുഖത്തുനിന്നാണ് ബ്രാഹ്മണർ ഉണ്ടായതെന്നും, ഭൃഗുമഹർഷിയാണ് ബ്രാഹ്മണരുടെ കുലപതിയെന്നും അറിയുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന കുറെ സംശയങ്ങളുണ്ട്: ബ്രഹ്മാവിന്റെ മുഖത്തുനിന്നുണ്ടായ ആദ്യ ബ്രാഹ്മണൻ ഭൃഗുവായതിനാലാണോ, അദ്ദേഹം ബ്രാഹ്മണരുടെ കുലപതിയായത്? പരമപുരുഷന്റെ, അല്ലെങ്കിൽ ബ്രഹ്മാവിന്റെ അവയവങ്ങളിൽനിന്നുമല്ലാതെ, ബ്രാഹ്മണനുമാത്രം ഒരു കുലപതിയുണ്ടായതെങ്ങനെയാണ്? ബ്രഹ്മണരുടെയെല്ലാം ഉത്ഭവം ഭൃഗുമഹർഷിയിൽനിന്നാണെന്നു വന്നാൽ, ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടെയും ഉത്ഭവവും അതുപോലെ ഓരോരോ പ്രജാപതിമാരിൽനിന്നും ആകേണ്ടതല്ലേ? ആണെങ്കിൽ, അവർ ആരൊക്കെയാണ്? ആ സംശയത്തിനുള്ള മറുപടി മനുസ്മൃതിയിലുണ്ട്. മനുസ്മൃതിയിലെ മൂന്നാമധ്യായത്തിൽ, പിതൃക്കളുടെ ഉത്ഭവം പ്രസ്താവിക്കുന്ന ഭാഗത്തെ 197,198,201 സൂക്തങ്ങളിലായി നാലുവർണ്ണങ്ങളിലും ഉൾപ്പെടുന്ന പ്രജകളുടെ പിതൃ

ക്കൾ ആരൊക്കെയാണെന്നു പറയുന്നുണ്ട്. ബ്രാഹ്മണ്യത്തിന്റെ കള്ളപ്രചാരവേലകളെല്ലാം പൊളിക്കുന്ന ആ സത്യം ഇപ്രകാരമാണ്:

മരീച്യാദി ഋഷികളിൽനിന്നും പിതൃക്കളുണ്ടായി. പിതൃക്കളിൽനിന്നു മനുഷ്യരും ദേവന്മാരും ഉണ്ടായി. ആ ദേവന്മാരിൽനിന്നും ക്രമേണ ചരാചര ജഗത്തുമുണ്ടായി. (ഋഷിഭ്യഃ പിതരോ ജാതാ പിതൃഭ്യോ ദേവമാനവഃ/ദേവേഭ്യസ്തു ജഗത് സർവ്വം ചരം സ്ഥാണ്വനുപൂർവശഃ-ശ്ലോകം:201). (ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്കു ഹവിർഭുക്കുകളെന്നും, വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേരു പറയുന്നു.(സോമപാ നാമഃ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ/ വൈശ്യനാമാജ്യപാ നാമാ ശൂദ്രാണാം തു സുകാലിനഃ -ശ്ലോകം:197). മുകളിൽ പറഞ്ഞവരിൽ, സോമപന്മാർ ഭൃഗുവിന്റെ പുത്രന്മാരാകുന്നു; ഹാവിഷ്മാന്മാർ അങ്ഗിരസ്സിന്റെ സന്താനങ്ങൾ; ആജ്യപന്മാർ പുലസ്ത്യപുത്രന്മാർ;സുകാലികൾ വസിഷ്ഠപുത്രർ(സോമപാസ്തു കവേ പുത്രാ ഹാവിഷ്മന്തോƒങ്ഗിരഃ സുതാഃ/പുലസ്തസ്യാജ്യപ പുത്ര വസിഷ്ഠസ്യ സുകാലിനഃ-ശ്ലോകം:198). ഇങ്ങനെ പറയപ്പെട്ടിരിക്കുന്ന പിതൃഗണങ്ങൾ തന്നെയാണ്, ഈ ലോകത്തിൽ അസംഖ്യം പുത്രപൗത്രാദികളെ ജനിപ്പിക്കുന്നതെന്ന് അറിയേണ്ടതാകുന്നു(200). ഒരുപക്ഷെ, വർണ്ണങ്ങളുടെ ഉത്ഭവമാകാം മനു സൂചിപ്പിക്കുന്നത്:

> സോമപാ നാമ വിപ്രാണാം ക്ഷത്രിയാണാം ഹവിർഭുജഃ
> വൈശ്യാനാമാജ്യപാ നാമ ശൂദ്രാണാം തു സുകാലിനഃ.
>
> ബ്രാഹ്മണരുടെ പിതൃക്കൾക്കു സോമപന്മാർ എന്നും, ക്ഷത്രിയരുടെ പിതൃക്കൾക്കു ഹവിർഭുക്കുകളെന്നും, വൈശ്യപിതൃക്കൾക്ക് ആജ്യപന്മാരെന്നും, ശൂദ്രപിതൃക്കൾക്ക് സുകാലികളെന്നും പേർ പറയുന്നു.
>
> വർണ്ണഭേദമനുസരിച്ച് പിതൃക്കളുടെ വർഗ്ഗഭേദത്തെയും നിർദ്ദേശിച്ചു.
>
> സോമപാസ്തു കവേഃ പുത്രാ ഹവിഷ്മന്തോƒങ്ഗിരഃ സുതാഃ
> പുലസ്ത്യസ്യാജ്യപാഃ പുത്രാ വസിഷ്ഠസ്യ സുകാലിനഃ.
>
> മുകളിൽ പറഞ്ഞവരിൽ സോമപന്മാർ ഭൃഗുവിൻെറ പുത്രന്മാരാകുന്നു; ഹവിഷ്മാന്മാർ അങ്ഗിരസ്സിൻെറ സന്താനങ്ങൾ; ആജ്യപന്മാർ പുലസ്ത്യപുത്രന്മാർ; സുകാലികൾ വസിഷ്ഠപുത്രന്മാർ.

ഭൃഗുവാണ് ബ്രാഹ്മണരുടെ കുലപതി എന്ന അവകാശവാദത്തിന്റെ ആവിർഭാവം മനുസ്മൃതിയിലെ ഈ പ്രസ്താവനയാകാനാണു സാധ്യത. മനുസ്മൃതിയിലെ ഈ പറഞ്ഞ പരാമർശങ്ങളനുസരിച്ച് ബ്രാഹ്മണരുടെ പിതൃക്കൾ ഭൃഗുവിന്റെ പുത്രന്മാരായ സോമപൻമാർ ആണെങ്കിൽ, ക്ഷത്രിയരുടെ പിതൃക്കളായ ഹവിർഭുക്കുകൾ അംഗിരസ്സിന്റെയും വൈശ്യപിതൃക്കളായ ആജ്യപന്മാർ പുലസ്ത്യന്റെയും ശൂദ്രപിതൃക്കളായ സുകാലികൾ വസിഷ്ഠന്റേയും പുത്രന്മാരാകേണ്ടതാണല്ലോ.അതായത്,ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടേയും കുലപതി യഥാക്രമം അംഗിരസ്സും പുലസ്ത്യനും വസിഷ്ഠനും ആണെന്നാണ് മനുസ്മൃതി പറയാതെപറയുന്നത്. എന്നിട്ടും, ബ്രാഹ്മണരുടെ കുലപതിയെക്കുറിച്ചുമാത്രമാണ് നാമറിയുന്നത്.

ഭൃഗുവിനെപ്പോലെതന്നെ, പ്രജാസൃഷ്ടികർമ്മത്തിനു സഹായിക്കാൻ വിധാതാവു സൃഷ്ടിച്ച പ്രജാപതികളാണ് അങ്ഗിരസും പുലസ്ത്യനും വസിഷ്ഠനും. ഹിന്ദു ഗ്രന്ഥങ്ങളിൽ ഭൃഗുവിനെക്കാൾ പ്രസിദ്ധരും പ്രസക്തരുമാണെങ്കിലും, അങ്ഗിരസും പുലസ്ത്യനും വസിഷ്ഠനും എന്തുകൊണ്ട്(?) ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടെയും കുലപതിയായി പ്രതിഷ്ഠിക്കപ്പെട്ടില്ല? കാരണം, അവർ ഭൃഗുവിനേ

ക്കാൾ പ്രസക്തരാണെന്നതുതന്നെയാണ്. ബ്രഹ്മാവിന്റെ മുഖത്തുനിന്നാണ് ഉണ്ടായതെന്ന പ്രചാരണമാണ് ബ്രാഹ്മണർക്ക് പ്രാമുഖ്യം നൽകുന്ന മുഖ്യഘടകം. ഇതര വർണ്ണികളുടെ മേന്മക്കുറവിനു കാരണമായി പ്രചരിപ്പിക്കപ്പെടുന്നതും അവരുടെ ഉത്ഭവസ്ഥാനമായ അംഗങ്ങളുടെ പ്രാധാന്യമില്ലായ്മതന്നെ. സൃഷ്ടികർമ്മത്തിൽ തന്റെ സഹായികളായി ബ്രഹ്മാവു ജനിപ്പിച്ച പ്രജാപതികളിൽനിന്നു തന്നെയാണ് ഇതര വർണ്ണികളും ഉണ്ടായതെന്നു വന്നാൽ, അവരെ ഇകഴ്ത്തിക്കെട്ടാനാകില്ലല്ലോ. ബ്രാഹ്മണ്യത്തിന്റെ മഹിമാവാദം ഒരുസാധുതയുമില്ലാത്ത വെറുംവാക്കാണെന്നു തെളിയുമല്ലോ. ബ്രഹ്മാവിന്റെ മാനസപുത്രന്മാരുടെ വംശാലികൾ എങ്ങനെ പതിതരാകുമെന്ന ചോദ്യം ഉയരുമല്ലോ. അതിനേക്കാൾ വലിയ അപകടം എന്തുണ്ട്?

പ്രപഞ്ചസ്രഷ്ടാവിനെക്കാൾ വലിയ പ്രജാപതി

ഭൃഗുവംശജരുടെ അപ്രമാദിത്വം ഉയർത്തിക്കാണിക്കുന്നതിനുവേണ്ടി, പത്തു പ്രജാപതികളിൽ ഒരാൾ മാത്രമായ ഭൃഗുമഹർഷിയെ, മറ്റാർക്കുമില്ലാത്ത മഹിമ നൽകിയും, ശ്രീകൃഷ്ണനും ത്രിമൂർത്തികൾക്കും ഹിമാവാനും ഓംകാരത്തിനും മുകളിൽ തലയെടുപ്പുള്ള മഹാത്മാവായും അവതരിപ്പിക്കുന്ന അനവധി അപനിർമ്മിത കഥകൾ പുരാണങ്ങളെന്ന പേരിൽ ജാതിബ്രാഹ്മണ്യം സൃഷ്ടിച്ചിട്ടുണ്ട്. ഭൃഗുവെന്ന കുലാധിപതിയെ സർവ്വപ്രതാപിയാക്കാൻ എത്രമാത്രം വിക്രിയകളാണ് അവർ നടത്തിയിട്ടുള്ളതെന്നും, വാസ്തവത്തിൽ എങ്ങനെയാണ് ഭൃഗുമഹർഷിയെ ഇതിഹാസപുരാണങ്ങൾ അടയാളപ്പെടുത്തുന്നതെന്നും അറിയുന്നത് കൗതുകകരമാണ്:

- ✓ ഭഗവാൻ രാമൻ മനുഷ്യനായി ജീവിച്ചു ഭാര്യാവിയോഗദുഃഖം അനുഭവിച്ചതിനുപിന്നിൽ, വിഷ്ണുവിനുനേരെ ഭൃഗു പ്രയോഗിച്ച ഒരു ശാപമാണെന്ന് ഉത്തരരാമായണത്തിൽ കാണുന്നു. ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ നടന്ന ഒരു യുദ്ധത്തിൽ അസുരന്മാർ പരാജയപ്പെടുകയും അനേകം അസുരന്മാർക്ക് ജീവനാശം സംഭവിക്കുകയും ചെയ്തു. കരഞ്ഞുകൊണ്ട് ഭൃഗുവിനു മുന്നിലെത്തിയ അസുരമാതാവായ ദിതിയുടെ പരിതാപം കേട്ട ഭൃഗുപത്നി പുലോമ, ദേവനിഗ്രഹത്തിനായി തപസ്സാരംഭിച്ചു. തപസ്സു മുറുകിയപ്പോൾ,ദേവന്മാർ ഭയചകിതരായി മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു. തപസ്സവസാനിപ്പിക്കാനുള്ള ആവശ്യംനിരസിച്ച പുലോമക്ക് നേരെ വിഷ്ണു വജ്രായുധം പ്രയോഗിച്ചു. ശിരസ്സറ്റുവീണ പുലോമയെ കണ്ടു കുപിതനായ ഭൃഗുമഹർഷി, "മഹാവിഷ്ണു മനുഷ്യനായി ഭൂമിയിൽ ജനിച്ച് ഭാര്യാവിയോഗദുഃഖം അനുഭവിക്കട്ടെ" എന്നു ശപിച്ചു. മഹാവിഷ്ണു ശ്രീരാമനായി ഭൂമിയിൽ അവതരിച്ചതിനുപിന്നിലെ സംഭവം ഇതാണെന്നു പറയപ്പെടുന്നു. വിഷ്ണുവിന്റെ അവതാരങ്ങൾക്കെല്ലാം ഓരോ ദൗത്യങ്ങളുണ്ടായിരുന്നെന്നും ശാപഫലം അനുഭവിക്കലല്ല അവതാരലക്ഷ്യം എന്നും അറിയാത്ത ആരെങ്കിലുമാകാം മേൽകഥയെഴുതിയത്. രാമാവതാരത്തിനു നിമിത്തം ഭൃഗുമഹർഷിയാണെന്നും, മഹാവിഷ്ണുവിനെപ്പോലും ശപിക്കാൻ ശക്തിയുള്ള ആളായിരുന്നു തങ്ങളുടെ കുലപതിയെന്നും ഭൃഗുഭക്തർക്ക് ആശ്വസിക്കാമെന്നല്ലാതെ, ഈ കഥയിൽ എന്തെങ്കിലും കാമ്പുള്ളതായി കരുതാനാകുമോ?

- ✓ ത്രിമൂർത്തികളെ ഭൃഗു അപമാനിച്ച ഒരു സംഭവം ഭാഗവതത്തിലെ ദശമസ്കന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പണ്ടൊരിക്കൽ, സരസ്വതിനദീതീരത്ത് നടന്ന ഒരു യാഗവേദിയിൽ ഒത്തുകൂടിയ മഹർഷിമാർക്കിടയിൽ, ത്രിമൂർത്തികളിൽ ആരാണ് മഹത്വമുള്ളവനെന്ന സന്ദേഹമുണ്ടായി. അവർ ഭൃഗുമഹർഷിയെ സംശയനിവൃത്തിക്കു നിയോഗിച്ചു. പരീക്ഷണത്തിനിറങ്ങിയ ഭൃഗു, ആദ്യം ദേവലോകത്ത് ചെന്നു. ബ്രഹ്മസദസ്സിൽ അനവധി മുനിമാരുടെ മധ്യത്തിൽ ഉപവിഷ്ടനായിരുന്ന ബ്രഹ്മാവിന്റെ മുന്നിലെ ഒരു പീഠത്തിൽ ഭൃഗു കയറിയിരുന്നു. അതുകണ്ട് ബ്രഹ്മാവിന് കോപംവന്നു.ഒന്നുംമിണ്ടാതെ ഭൃഗു അവിടെനിന്നുമിറങ്ങി ശിവസന്നിധിയിലെത്തി. മഹാദേവൻ അദ്ദേഹത്തെ ആലിംഗനം ചെയ്യാനൊരുങ്ങിയതോടെ, "ഛേ, എന്നെ തൊടരുത്!" എന്നു പറഞ്ഞുകൊണ്ട് ഭൃഗു മാറിനിന്നു(?). കുപിതനായ ശിവൻ മഹർഷിയുടെ നേരെ ശൂലം പ്രയോഗിക്കാനൊരുങ്ങിയെങ്കിലും പാർവ്വതിദേവി തടഞ്ഞു. അവിടെ നിന്നിറങ്ങി മുനി വൈകുണ്ഠത്തിലെത്തിയപ്പോൾ, നിദ്രയിലാണ്ടുകിടക്കുന്ന വിഷ്ണുവിനെ കണ്ടു. ലോകസംരക്ഷണം നിറവേറ്റേണ്ട വിഷ്ണുവിന്റെ ഉത്തരവാദിത്തമില്ലായ്മ കണ്ട ഭൃഗു ഭഗവാന്റെ മാറിടത്തിൽ ആഞ്ഞൊരു ചവിട്ടുകൊടുത്തു. ചാടിയെണീറ്റ മഹാവിഷ്ണു ഭൃഗുവിനോടു ക്ഷമചോദിച്ചെന്നും മഹർഷിയെ അനാദരിച്ചതിന്റെ പ്രായശ്ചിത്തമായി(!) ഭൃഗുവിന്റെ കാൽപ്പാട് തന്റെ മാറിടത്തിൽ തെളിഞ്ഞുകിടക്കണമെന്ന് അഭ്യർത്ഥിച്ചെന്നും, ഭൃഗുവിനോടുള്ള വിഷ്ണുവിന്റെ ദാസ്യഭാവം തുളുമ്പിയ പെരുമാറ്റം അദ്ദേഹത്തെ പരീക്ഷണവിജയിയാക്കി എന്നുമൊക്കെയാണ് ആ കഥയിൽ പറയുന്നത്. വിഷ്ണുവിന്റെയും അദ്ദേഹത്തിന്റെ ഭക്തന്മാരുടെയും മഹിമകൾ പറയുന്ന ഭാഗവതത്തിലെ ഈ കഥ ആ രണ്ടുഗണത്തിലും പെടുന്നില്ല. ത്രിമൂർത്തികളായാലും ബ്രാഹ്മണനോട് വിനയപൂർവ്വം, ദാസ്യഭാവത്തിൽമാത്രമേ ഇടപെടാവൂ എന്നതിനപ്പുറം എന്തെങ്കിലും സന്ദേശവും ഈ കഥയിലുണ്ടോ?സൃഷ്ടിസ്ഥിതിലയമൂർത്തികളുടെ മേന്മപരീക്ഷിക്കുകയല്ല, ഭൃഗുവിന്റെയും ഭൃഗുവംശജരായ ബ്രാഹ്മണരുടെയും അപ്രമാദിത്വം പ്രഖ്യാപിക്കുകമാത്രമാണ് ഈ കഥയിലൂടെ ഉദ്ദ്യേശിച്ചതെന്നു സ്പഷ്ടം.
- ✓ പരമശിവനെ അപമാനിക്കാൻ ദക്ഷപ്രജാപതി നടത്തിയ ദക്ഷയാഗം പ്രസിദ്ധമാണല്ലോ. ശിവപത്നിയായ സതിദേവിയുടെ പ്രാണത്യാഗത്തിന് നിമിത്തമായ ആ യാഗത്തിൽ, പ്രധാന പുരോഹിതനായിരുന്നത് ഭൃഗുമഹർഷിയായിരുന്നു. സതിദേവിയുടെ ജീവത്യാഗം കണ്ടു കോപിഷ്ഠരായ ശിവഗണങ്ങളെ യാഗശാലയിൽനിന്ന് ഓടിക്കാൻ, യാഗാഗ്നിയിൽനിന്നും ഋഭുവെന്ന ഭീകരസത്വത്തെ സൃഷ്ടിച്ചതും അദ്ദേഹമാണ്. വീരഭദ്രന്റെയും ഭദ്രകാളിയുടെയും നേതൃത്വത്തിലെത്തിയ ഭൂതഗണങ്ങൾ ഋഭുവിനെ വധിക്കുകയും, ഭൃഗുമഹർഷിയെ യാഗശാലയിലെ ഒരു തൂണിൽബന്ധിച്ച് മീശയും താടിരോമങ്ങളും പറിച്ചെടുത്ത് അഹന്തശമിപ്പിപ്പിക്കുകയും ചെയ്തതായി ഭാഗവതവും ദേവിഭാഗവതവും പറയുന്നുണ്ട്. ഭൃഗുവിനെ ഏതു രീതിയിലാണ് ഇതിഹാസകാരന്മാർ സ്വീകരിച്ചത് എന്നറിയാൻ ഈ ഒരു സംഭവം മതിയല്ലോ.

- ✓ ഭൃഗുമഹർഷിയുടെപുത്രനായ ശുക്രാചാര്യർ അസുരവംശത്തിന്റെ കുലഗുരുവായിരുന്നു. ദേവാസുരയുദ്ധത്തിൽ മരിച്ചുവീണ അസുരന്മാരെ, തനിക്കു മാത്രം അറിയാമായിരുന്ന മൃതസഞ്ജീവനി മന്ത്രമുപയോഗിച്ച് പുനർജ്ജനിപ്പിച്ചതു ശുക്രാചാര്യരാണ്. ഭൃഗുപത്നിയ്ക്കും പുത്രനും അസുരസേവയിലായിരുന്നു എക്കാലത്തും താത്പര്യമെന്നു ചുരുക്കം.

[പിൻകുറിപ്പ്: വിഷ്ണുവിന്റെ നെഞ്ചിൽ ചവിട്ടിയപ്പോൾ ഉണ്ടായ കാൽപാദത്തിന്റെ പാട് എക്കാലത്തും അവിടെയുണ്ടാകാൻ അനുഗ്രഹിക്കണമെന്നു ഭൃഗുവിനോട് മഹാവിഷ്ണു അപേക്ഷിച്ചുവെന്നും, അതാണ് ഐശ്വര്യദേവിയായ മഹാലക്ഷ്മിയുടെ വാസസ്ഥലമായി അറിയപ്പെടുന്ന ശ്രീവത്സം എന്നും വിശ്വസിക്കപ്പെടുമ്പോൾ തന്നെ; ഭഗവാന്റെ നെഞ്ചിൽ ചവുട്ടിയ മുനിയുടെ അഹങ്കാരം ലക്ഷ്മിദേവിക്കു സഹിക്കാൻകഴിഞ്ഞില്ലെന്നും, അതിൽ പ്രതിഷേധിച്ചു ലക്ഷ്മി ഭൂമിയിലേക്കുപോന്നെന്നും, വിരഹദുഃഖത്തിലാഴ്ന്ന വിഷ്ണുവും പിന്നാലെ ഭൂമിയിൽ എത്തിയെന്നും തിരുപ്പതിക്ഷേത്രവുമായി ബന്ധപ്പെട്ട ഒരു കഥയുണ്ട്. പത്നിയുടെ കോപം തണുക്കുന്നതുവരെ ഭൂമിയിൽതന്നെ കഴിയാൻ മഹാവിഷ്ണു തീരുമാനിച്ചു. അങ്ങനെ ശ്രീനിവാസനായി മഹാവിഷ്ണുവും പർവ്വതരാജാവിന്റെപുത്രി പത്മാവതിയായി ലക്ഷ്മിദേവിയും പുനർജ്ജന്മംകൈക്കൊണ്ടെന്ന് ആ കഥയിൽ പറയുന്നുണ്ട്. ഏത് ഐതിഹ്യമാണ് വിശ്വാസയോഗ്യമെന്നു വായനക്കാർ തീരുമാനിക്കുക.]

ശാപമേ ശക്തി

ബ്രാഹ്മണ്യകുലപതിയുടെ അപ്രമാദിത്വം പ്രചരിപ്പിക്കാൻ ചമയ്ക്കപ്പെട്ട ശാപകഥകൾ ഇനിയും ഏറെയുണ്ട്. ആ കഥകൾ അറിയുമ്പോൾ, ശാപമായിരുന്നോ ഭൃഗുവിന്റെ ശക്തി എന്ന സംശയമുണ്ടാകുന്നു. ഇതര ബ്രാഹ്മണകഥാപാത്രങ്ങളുടെ ശാപത്തിനിരയായത് നിസ്വരായ മനുഷ്യരും ജീവികളുമായിരുന്നെങ്കിൽ, ഭൃഗുവിന്റെ ലക്ഷ്യം തനിക്കു മുകളിലുള്ളവരായിരുന്നു. അവയിൽ ചിലതു കാണുക:

- ✓ നീചശക്തികളിൽനിന്നും തന്റെ യജ്ഞംസംരക്ഷിയ്ക്കണമെന്ന് ഒരിക്കൽ ഭൃഗുമഹർഷി വിഷ്ണുവിനോട് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം സഹകരിച്ചില്ല. അതിൽ കോപിതനായ ഭൃഗുവിന്റെ ശാപഫലമായിട്ടാണ്, മഹാവിഷ്ണുവിന് പത്തു ജന്മമെടുക്കേണ്ടിവന്നതെന്നു പറയപ്പെടുന്നു(ദശാവതാരം).
- ✓ ഒരിക്കൽ ഭൃഗുമുനി കൈലാസത്തിൽ എത്തിയപ്പോൾ പരമശിവനെ കാണുവാൻ നന്ദികേശ്വരൻ അനുവദിച്ചില്ല. രോഷാകുലനായ ഭൃഗുവിന്റെ ശാപം മൂലമാണത്രേ ശിവപ്രതിമ ലിംഗരൂപത്തിലായത്.ശിവലിംഗത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പ്രചാരത്തിലുള്ള ഐതിഹ്യങ്ങളൊക്കെ കളവാണെന്നാണോ ഈ ശാപകഥയുണ്ടാക്കിയവർ പറയാതെ പറയുന്നത്?
- ✓ ഭൃഗുവിനെ ബഹുമാനിയ്ക്കാത്ത ബ്രഹ്മാവിനും കിട്ടിയിട്ടുണ്ട് അദ്ദേഹത്തിന്റെ ശാപം. തന്നെ അവഹേളിക്കുന്ന വിധത്തിൽ പെരുമാറിയ ഭൃഗുവിനെ ശപിക്കാൻ ബ്രഹ്മാവ് ഒരുങ്ങിയെങ്കിലും സരസ്വതി ഇടപെട്ടതുകൊണ്ടു മഹർഷി രക്ഷപ്പെട്ടു. പക്ഷേ, ഭൃഗുവിന്റെ കോപം ശമിപ്പിക്കാൻ അവിടെ ആരുമുണ്ടായിരുന്നില്ല. ഭൃഗുമുനി ബ്രഹ്മാവിനെ ശപിച്ചു: "കലിയുഗത്തിൽ നിന്നെ ആരും ആരാധിക്കാതെ പോകട്ടെ"യെന്ന മേൽ ശാപത്തെത്തുടർന്നാണത്രെ ബ്രഹ്മാവ് ഭാരതത്തിലെ ദേവാലയങ്ങളിൽ ആരാധിക്കപ്പെടാതെയായത്.

- ✓ ഒരിക്കൽ, ഭൃഗുമഹർഷി സ്നാനത്തിനുപോയ അവസരത്തിൽ, പുലോമനെന്നുപേരായ രാക്ഷസൻ ആശ്രമത്തിൽ കടന്നുകൂടി. ഭൃഗുപത്നിയായ പുലോമയുടെ സൗന്ദര്യത്തിൽ മതിമറന്നു കാമാന്ധനായ അയാൾ, അവളെ സ്വന്തമാക്കാൻ തീരുമാനിച്ചു. ആ സമയത്ത്, യാഗാഗ്നിയെന്ന വിധത്തിൽ വീട്ടിനുള്ളിൽ നിത്യം ജ്വലിച്ചിരുന്ന അഗ്നിയല്ലാതെ വേറെ ആരും അവിടെ ഉണ്ടായിരുന്നില്ല. ആ സുന്ദരി ആരാണ് എന്നു രാക്ഷസൻ അഗ്നിയോട് അന്വേഷിച്ചു. അയാൾക്കറിയേണ്ടത് അവൾ ഭൃഗുവിന്റെ ഭാര്യയാണോ എന്നതായിരുന്നു. മാനസികമായി രാക്ഷസൻ പുലോമയെ നേരത്തേതന്നെ വരിച്ചിരുന്നെന്നും, എന്നാൽ അവളെ അവനു നൽകാതെ പിതാവു ഭൃഗുവിനു കൊടുത്തെന്നും, അത് ഒരു തികഞ്ഞ അന്യായമായതുകൊണ്ട് ബലം പ്രയോഗിച്ചാണെങ്കിലും അവളെ കൊണ്ടുപോകുമെന്നും രാക്ഷസൻ അഗ്നിയോടു പറഞ്ഞു. പുലോമൻ സംശയിച്ച സ്ത്രീരത്നം അവൾ തന്നെയാണെന്നും, എന്നാൽ അഗ്നിയെ (തന്നെ) സാക്ഷിയാക്കി പുലോമയെ പിതാവ് ഭൃഗുമുനിക്ക് വിവാഹംകഴിച്ചുകൊടുത്തതാണെന്നും അഗ്നി അറിയിച്ചു. അഗ്നിയിൽനിന്ന് അക്കാര്യം മനസ്സിലാക്കിയ പുലോമൻ വരാഹരൂപം പൂണ്ട് പുലോമയെ അപഹരിക്കാൻ ശ്രമിച്ചു. അവിചാരിതമായ ആക്രമണത്തിൽ ആധിപൂണ്ട പുലോമ അകാലത്ത് പ്രസവിച്ചു. ആ കുട്ടിയിൽനിന്നും പ്രവഹിച്ച തേജസ്സിൽ രാക്ഷസൻ ദഹിച്ചുപോയി. സംഭവമറിഞ്ഞ ഭൃഗുമഹർഷി, തന്റെ പത്നിയെ കടത്തിക്കൊണ്ടുപോകാൻ രാക്ഷസനെ സഹായിച്ചു എന്നു പറഞ്ഞ് അഗ്നിയെ ശപിച്ചു. അഗ്നി സർവ്വഭക്ഷകനായി(സർവ്വവും ദഹിപ്പിക്കുന്നവൻ) തീരട്ടെ എന്നതായിരുന്നു ശാപം. സർവ്വഭക്ഷകനാകുന്നത് എങ്ങനെയാകാം അഗ്നിക്കു ശാപമാകുന്നത് എന്നു ശങ്കിക്കരുത്. ആ സംഭവത്തിനു മുൻപ് അഗ്നി എല്ലാം ദഹിപ്പിക്കുന്നവനായിരുന്നില്ലേ എന്ന സംശയവും ഉണ്ടാകരുത്. കാരണം, അങ്ങനെ ആയിരുന്നില്ല എന്നു വിശ്വസിക്കാൻ മാത്രം വിവേകബുദ്ധിയുള്ള ഒരാളാണ് ആ കഥ സൃഷ്ടിച്ചത്. കാമാവേശം കാരണം മഹർഷിയുടെ ഗർഭിണിയായ ഭാര്യയെ ബലമായി പിടിച്ചുകൊണ്ടുപോകാൻ പുലോമൻ തുനിഞ്ഞത് ആക്ഷന്ത്യവ്യമായ തെറ്റുതന്നെയാണ്. അതിനുള്ള ശിക്ഷ രാക്ഷസന് നിമിഷങ്ങൾക്കുള്ളിൽത്തന്നെ ലഭിക്കുകയുണ്ടായി. ഈ സംഭവത്തിൽ, അഗ്നിയുടെ കുറ്റമെന്താണ്? അഗ്നി രാക്ഷസനോട് കള്ളം പറഞ്ഞില്ല എന്നതാണോ?

അത്തരത്തിൽ, വേദവിരുദ്ധമായ കർമ്മങ്ങൾ(ശാപങ്ങൾ) ആചരിച്ചുപോന്ന ഭൃഗുമഹർഷിയെ മഹത്വവത്കരിക്കാൻവേണ്ടി ശ്രീകൃഷ്ണനേയും ഭഗവത്ഗീതയെയും പോലും അദ്ദേഹത്തിന്റെ പിന്മുറക്കാർ ദുരുപയോഗംചെയ്തിട്ടുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനു ദൃഷ്ടാന്തമാണ്, ഭഗവത്ഗീത പത്താം അധ്യായത്തിലെ മായംചേർത്ത ഇരുപത്തിയഞ്ചാം ശ്ലോകം: മഹർഷീണാം ഭൃഗുരഹം ഗിരാമസ്മ്യേകമക്ഷരം യജ്ഞാനാം ജപയജ്ഞോƒസ്മി സ്ഥാവരാണാം ഹിമാലയ(മഹർഷിമാരിൽ ഭൃഗുവും, സ്പന്ദനങ്ങളിൽ ഓംകാരവും, യജ്ഞങ്ങളിൽ തിരുനാമജപവും, സ്ഥാവരങ്ങളിൽ ഹിമാലയവുമാണ് ഞാൻ).'മഹർഷിമാരിൽ ഭൃഗുമഹർഷി ഞാൻ തന്നെയാണെ'ന്നു കൃഷ്ണനെക്കൊണ്ടു പറയിച്ചത് വ്യാസനാകാൻ വഴിയില്ലല്ലോ.

പത്തുപ്രജാപതികളിൽ ഒരാളായ ഭൃഗുമഹർഷിക്ക് സനാതന ഋഷിപരമ്പരയിൽ ഉള്ളസ്ഥാനം അംഗീകരിക്കുമ്പോൾതന്നെ, മറ്റാർക്കും ഇല്ലാത്ത മഹത്വം നൽകാനും ശ്രീകൃഷ്ണനും ഹിമാവാനും ഓംകാരത്തിനുമൊപ്പം തലയെടുപ്പ് അദ്ദേഹത്തിനുണ്ടെന്നു പറയാനും വ്യാസമഹർഷിയുടെ വിശാലബുദ്ധി തയ്യാറാകുമെന്ന് തോന്നുന്നില്ല. എന്തെന്നാൽ, സമചിത്തതയുടെ ആദ്യപാഠം പോലും പാലിക്കാത്ത ഭൃഗുവിനെ മഹർഷിമാരിൽ അഗ്രഗണ്യനായി പ്രതിഷ്ഠിക്കാൻ ആർക്കാണു സാധിക്കുക? യോഗവാസിഷ്ഠത്തിലെ വസിഷ്ഠമുനിയുടെ വാക്കുകൾ അതിനുള്ള സാക്ഷ്യപത്രമാണ്: നീണ്ട നൂറുവർഷം തപസ്സിരുന്നശേഷം ഉണർന്ന ഭൃഗു കണ്ടത്, തനിക്കുമുന്നിൽ തപസ്സിരുന്ന പുത്രൻ ശുക്രൻ മരിച്ചുകിടക്കുന്നതാണ്. ആ കാഴ്ച്ചയിൽ വികാരാധീനനായ മഹർഷി മകന്റെ അകാലമരണത്തിനിടയാക്കിയ കാലനെ ശപിക്കുവാൻ തുനിഞ്ഞു. മുനിക്കു മുന്നിൽ പ്രത്യക്ഷപ്പെട്ട കാലൻ ഭൃഗുവിനോടു പറഞ്ഞു: "മഹർഷേ, അങ്ങയെപ്പോലെ ഉന്നതനായ ഋഷി, ഇങ്ങനെ അനുചിതമായ ശാപത്തിനൊരുങ്ങിയത് എന്തേ? ജ്ഞാനികൾ, അവരെ അവഹേളിച്ചാൽപ്പോലും ചഞ്ചലചിത്തരാകുകയില്ല. എന്നാൽ, ആരും അപമാനിക്കാതെ തന്നെ അങ്ങയുടെ സമനില തെറ്റിയിരിക്കുന്നു. വിശ്വപ്രളയാഗ്നിക്കുപോലും എന്നെ നശിപ്പിക്കാനാവില്ല.എന്നെ ശപിച്ചില്ലാതാക്കാമെന്ന ആഗ്രഹം എത്രയോ ബാലിശം! ഈ വ്യർത്ഥമായ ശാപത്തിലൂടെ, അങ്ങാർജ്ജിച്ച തപോബലം നശിപ്പിക്കാതിരിക്കൂ".(4/8/29 മുതൽ 4/11/63 വരെ ശ്ലോകങ്ങൾ). ഭൃഗുവിന്റെ ആ സ്വഭാവമറിയാത്ത ആളൊന്നുമല്ലല്ലോ വ്യാസൻ.

അങ്ങനെ നോക്കുമ്പോൾ, ശാപം മാത്രം കൈമുതലായിരുന്ന ഒരു പുരാണപുരുഷനാണോ ഭൃഗുവെന്ന് ആർക്കെങ്കിലും സംശയമുണ്ടായാൽ, അതു തികച്ചും സ്വാഭാവികം മാത്രം. എല്ലാവരെയും ശപിച്ച് വരുതിയിൽനിർത്തി വിരാജിച്ചിരുന്ന ഭൃഗുവിനും കിട്ടിയിട്ടുണ്ട് ശാപം. ഭൃഗുവിന്റെ ദാർഷ്ട്യം ബ്രാഹ്മണർക്ക് മുഴുവൻ വിഷ്ണുശാപം വാങ്ങിക്കൊടുത്ത ഒരു കഥ പുരാണത്തിലുണ്ട്. തന്റെ ഭർത്താവിനെ ഭൃഗു അപമാനിച്ചത്, ഐശ്വര്യദേവതയായ മഹാലക്ഷ്മിയെ പ്രകോപിപ്പിച്ചു. ഇനിമേൽ ഭൂമിയിൽ ഒരു ബ്രാഹ്മണനും ഐശ്വര്യമുണ്ടാകാതെ പോകട്ടേയെന്ന് മഹാലക്ഷ്മി ശപിച്ചെന്നും,താൻ അങ്ങനെപെരുമാറിയതിന്റെ കാരണം ഭൃഗുമഹർഷി പറഞ്ഞപ്പോൾ, വിഷ്ണുവിനെ പൂജിക്കുന്നവർക്കുമാത്രം സമ്പത്തും ഐശ്വര്യവുമുണ്ടാകട്ടെ എന്നു ശാപത്തിൽ ഇളവുകൊടുത്തെന്നും ആ കഥപറയുന്നു. ആ കഥയുടെ സ്രഷ്ടാവ് ആരെന്നറിയില്ല. എങ്കിലും,ശൈവവൈഷ്ണവധാരകൾ തമ്മിൽകൊന്നും കൊലവിളിച്ചും കഴിഞ്ഞിരുന്ന കാലത്തെ, വൈഷ്ണവരുടെ മഹത്വപ്രഖ്യാപനമാകാനാണു സാധ്യത. അല്ലാതെ,സ്വന്തം കുലപതിയെ അവഹേളിക്കാൻ ബ്രാഹ്മണ്യം അത്തരമൊരു കഥയുണ്ടാക്കുമോ? ബ്രാഹ്മണകുലപതിയെ അപഹസിക്കുന്ന ആ ആഖ്യാനം മറ്റാരുടെയെങ്കിലും നിർമ്മിതിയായി പുരാണങ്ങളിൽ കയറിക്കൂടാനുള്ള സാധ്യതയില്ലല്ലോ. കയറിക്കൂടിയാൽത്തന്നെ ബ്രാഹ്മണ്യം നിലനിർത്തുമോ?

കൃഷ്ണനും ത്രിമൂർത്തികൾക്കും ഹിമാവാനും ഓംകാരത്തിനും ഉപരിയായി തലയെടുപ്പുള്ള പുണ്യപുരുഷനായി, ഇതിഹാസങ്ങളിലെ അനവധി ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോഴും, ആധികാരികഗ്രന്ഥങ്ങളിലെ മുഖ്യധാരയിലോ മഹാപുരുഷന്മാരുടെ പട്ടികയിലോ ഭൃഗുവിന്റെ പേരു കാണാനാകില്ല. ഓരോ മന്വന്തരത്തി

ലേയും ദ്വാപരയുഗത്തിൽ ഓരോരോ വ്യാസന്മാർ ജനിക്കുമെന്നും, അത്തരത്തിൽ ഇരുപത്തിയെട്ടാം മന്വന്തരത്തിലെ വ്യാസനാണ് കൃഷ്ണദ്വൈപായനൻ എന്നുമാണ് സങ്കല്പം. ബ്രഹ്മാവിൽ ആരംഭിച്ച് കൃഷ്ണദ്വൈപായനിൽ എത്തിനിൽക്കുന്ന ആ ശ്രേണിയിൽ, ദേവഗുരുവായ ബൃഹസ്പതിയും അസുരാചാര്യനായ ശുക്രാചാര്യരും ഭരദ്വാജനും വസിഷ്ഠനും വാല്മീകിയും പരാശരനുമൊക്കെ ഉണ്ടെങ്കിലും, ബ്രാഹ്മണകുലപതിയായ ഭൃഗു ഉൾപ്പെടുന്നില്ല എന്നതാണ് കൗതുകകരം.

ബ്രഹ്മാവിന്റെ മാനസപുത്രനായ ഭൃഗുവെന്ന ആർഷബ്രാഹ്മണൻ, ആ സ്ഥാനത്തിന്റെ മഹിമയ്ക്കു നിരക്കാത്ത കർമ്മങ്ങൾ ചെയ്യുന്ന ഒരാളായിരുന്നു എന്ന് കരുതാനാകുമോ? 'ഇല്ല' എന്നു മനസ്സിലാക്കാനാണ് കാരണങ്ങളുള്ളത്. അപ്പോൾ, അദ്ദേഹത്തെ അപഹാസ്യനാക്കുന്ന അനേകം ആഖ്യാനങ്ങളോ? ഭൃഗുവംശജരെന്ന് സ്വയം അഭിമാനിക്കുന്ന ആര്യബ്രാഹ്മണ്യം തങ്ങൾ അമാനുഷികരാണ് എന്ന ധ്വനിയുണ്ടാക്കാൻവേണ്ടി സൃഷ്ടിച്ച അത്തരം അസംഖ്യം അപനിർമ്മിതകഥകളിലൂടെ, അദ്ദേഹത്തിലെ ആർഷബ്രാഹ്മണനെ ബലികൊടുത്തതാണെന്നുതന്നെ കരുതാം.

പരശുരാമൻ

ജാതിബ്രാഹ്മണ്യം അതിന്റെ കൊടിയടയാളമായി ആവിഷ്കരിക്കുന്ന പുരാണപുരുഷനാണ് പരശുരാമൻ. മഹാവിഷ്ണുവിന്റെ ആറാമത്തെ അവതാരമാണ് എങ്കിലും, അവതാര സങ്കല്പത്തിന്റെ അളവുകൾ ഏകീഭവിക്കുന്ന ഒന്നല്ല പരശുരാമൻ എന്ന് അളവൊക്കാത്ത അവതാരങ്ങളെന്ന അധ്യായത്തിൽ നാം കണ്ടു. ജമദഗ്നിമഹർഷിയുടെയും രേണുകയുടെയും പുത്രനായാണ് ഭാർഗ്ഗവരാമൻ 'അവതരിച്ചത്'. ബ്രാഹ്മണകുലത്തിന്റെ പിതാവ് എന്ന നിലയിലാണ് ഭൃഗുമുനി പ്രശസ്തനായതെങ്കിൽ, ബ്രാഹ്മണ്യത്തിന്റെ സംരക്ഷണത്തിനുവേണ്ടി ആയുധമെടുത്ത അവതാരമൂർത്തിയെന്ന നിലയിലാണ് പരശുരാമൻ പുരാണപുസ്തകങ്ങളിൽ പ്രസക്തനാകുന്നത്. ദക്ഷിണഭാരതത്തിലേയ്ക്കുള്ള ആര്യാധിനിവേശത്തിന്റെ തേര് തെളിച്ച നായകനായാണ് പരശുരാമനെ പലരും കാണുന്നത്. ധർമ്മസംസ്ഥാപനമാണ് അവതാരങ്ങളുടെ ആത്യന്തികലക്ഷ്യമെങ്കിലും, പരശുരാമന്റെ കഥകളിലുടനീളം ആര്യബ്രാഹ്മണ്യത്തിന്റെ അധാർമ്മിക ആധിപത്യപ്രഖ്യാപനം കാണാം.

ഇരുപത്തൊന്നു തവണ ക്ഷത്രിയരെ വധിച്ചതിന്റെ പ്രായശ്ചിത്തമായി, അവരിൽ നിന്നും സ്വന്തമാക്കിയ സ്വത്തെല്ലാം പരശുരാമൻ ദാനം ചെയ്തത് ബ്രാഹ്മണർക്കാണ്;നഷ്ടമുണ്ടായ ക്ഷത്രിയർക്കല്ല. തുടർന്ന് പരശുരാമൻ ദക്ഷിണസമുദ്രത്തിന്റെ തീരത്തുപോയി, തനിക്കാവശ്യമുള്ള സ്ഥലം തരുവാൻ വരുണഭഗവാനോട് അഭ്യർത്ഥിച്ചതായും, വരുണന്റെ നിർദ്ദേശമനുസരിച്ചു മഴുവെറിഞ്ഞപ്പോൾ കടലിറങ്ങി കരയായി മാറിക്കിട്ടിയ ഭൂമി(കേരളം) ബ്രാഹ്മണർക്ക് ദാനംചെയ്തതായും, അനന്തരം മഹേന്ദ്രഗിരിയിൽ പോയി തപസ്സനുഷ്ഠിച്ചതായും പുരാണങ്ങളിൽ കാണുന്നു. ക്ഷത്രിയഹത്യ നിമിത്തമുണ്ടായ ദോഷത്തെത്തുടർന്നാണ് ഭാർഗ്ഗവരാമൻ കേരളക്കര തീർത്ത് ബ്രാഹ്മണർക്ക് ദാനംചെയ്തതെന്ന വാദംതന്നെ അർത്ഥശൂന്യമാണ്. വിഷ്ണുവിന്റെ അവതാരമായ പരശുരാമൻ, ധർമ്മസംസ്ഥാപനാർത്ഥം അവതാരോദ്ദേശ്യം പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് കാർത്തവീര്യാർജ്ജുനനെയും

മറ്റു ക്ഷത്രിയരെയും വധിച്ചതെങ്കിൽ, അതെങ്ങനെയാണ് പാപമാകുക?അതുകൊണ്ടുതന്നെ, പരശുരാമന് പാപപരിഹാരത്തെക്കുറിച്ചു ചിന്തിക്കേണ്ടതില്ലല്ലോ. മാത്രവുമല്ല, പാപമേൽക്കാത്തർക്കു മാത്രമെ തപസ്സ്, ജ്ഞാനം, യോഗം മുതലായ ശക്തികൾ വർദ്ധിച്ച്, സമുദ്രനിഷ്കാസനം പോലെയുള്ള അപാരസിദ്ധികൾ സാധ്യമാകൂ എന്ന് ഹൈന്ദവശാസ്ത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആ നിലയ്ക്ക് ഇരുപത്തിയൊന്നു തലമുറകളെ കൊന്നൊടുക്കിയ കൊടുംപാപിയായ ഒരാൾക്ക് സമുദ്രനിഷ്കാസനം പോലെയുള്ള സിദ്ധികൾ അസാധ്യമാണ്. അത്തരത്തിൽ, കേരളസൃഷ്ടിയുമായി ബന്ധപ്പെട്ട പരശുരാമകഥകളിൽ, സാധുതയുള്ള ഘടകങ്ങൾ തീരെയില്ല എന്നാണ് പല പണ്ഡിതന്മാരും സമർത്ഥിക്കുന്നത്.

[പിൻകുറിപ്പ്: വരുണന്റെ നിർദ്ദേശമനുസരിച്ചു പരശുരാമൻ മഴുവെറിഞ്ഞപ്പോൾ കടലിറങ്ങിക്കിട്ടിയ ഭൂമിയാണ് കേരളമെന്നും, ആ ഭൂമിയാണ് ബ്രാഹ്മണർക്കു ദാനംചെയ്തതെന്നുമുള്ള കഥക്ക് മറ്റു ചില മാനങ്ങൾകൂടിയുണ്ട്. ചില പുരാണകഥകളനുസരിച്ച്, ബ്രാഹ്മണകുലപതിയായ ഭൃഗു വരുണപുത്രനാണ്. വരുണന്റെ ബ്രഹ്മയജ്ഞത്തിലെ ഹോമാഗ്നിയിൽനിന്നാണ് ഭൃഗുവിന്റെ ജനനം.ആ അഭിപ്രായമാണ് ഭൃഗു യജ്ഞസംഭവനെന്ന് അറിയപ്പെടുന്നതിന്റെ കാരണം. ഭൃഗുവംശജനായ പരശുരാമന്റെ പരമ്പരയിലേക്ക്(ഭൃഗു-ച്യവനൻ-ഊർവ്വൻ-ഋചീകൻ-ജമദഗ്നി-പരശുരാമൻ) വരുണനെക്കൂടി ഉൾപ്പെടുത്തിയതോടെ, ഭാർഗ്ഗവരാമൻ കടലിൽനിന്ന് നേടിയ ഭൂമി ബ്രാഹ്മണർക്കു കൈമാറിയ സംഭവം കേവലം പൂർവ്വികസമ്പത്തു കൈമാറുന്ന കുടുംബകാര്യം മാത്രമാക്കി മാറ്റാനായി. പരശുരാമനിൽനിന്നും ഭൂമി കൈപ്പറ്റിയ ബ്രാഹ്മണർ ഇഷ്ടദാനത്തിലൂടെ ഈ മണ്ണിന്റെ സ്വാഭാവികാവകാശികളായി].

ബ്രാഹ്മണ്യം തൊട്ടുതീണ്ടാത്ത ബ്രാഹ്മണൻ

ജാതിബ്രാഹ്മണ്യം അതിന്റെ അഭിമാനസ്തംഭമായി ഉയർത്തിക്കാണിക്കുമ്പോഴും ബ്രാഹ്മണ്യം തൊട്ടുതീണ്ടാത്ത, പ്രതികാരമോഹിയും മാതൃഘാതകനും ക്ഷത്രിയാന്തകനുമൊക്കെ ആയാണ് ഐതിഹ്യങ്ങളിൽ പരശുരാമൻ ആവിഷ്കരിക്കപ്പെടുന്നത്. നിഗൂഢമായ താന്ത്രികവിദ്യകളുടെയും ആയോധനകലയുടെയും ആചാര്യനായ ഭാർഗ്ഗവരാമന്റെ ജീവിതം, ആദ്യന്തം ദുരൂഹതകളും വൈരുദ്ധ്യങ്ങളും നിറഞ്ഞതാണ്. ക്ഷത്രിയാന്തകനും ബ്രാഹ്മണ്യാധിപത്യവ്യവസ്ഥിതിയുടെ പരിപാലകനുമായി ആര്യഭിമാനികൾ അടയാളപ്പെടുത്തുമ്പോഴും ഭാർഗ്ഗവരാമൻ വർണ്ണശുദ്ധിയുള്ള ബ്രാഹ്മണനായിരുന്നില്ല എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ അമ്മയായ രേണുക ബ്രാഹ്മണിയായിരുന്നില്ല;ക്ഷത്രിയയായിരുന്നു. ഇക്ഷാകുവംശരാജാവായ പ്രസേനജിത്തിന്റെ പുത്രിയായിരുന്നു ജമദഗ്നിപത്നിയായ രേണുക.

ബ്രാഹ്മണപുത്രനായി ആശ്രമത്തിൽ വളർന്ന പരശുരാമനിൽ, ബ്രാഹ്മണർക്കുണ്ടായിരിക്കേണ്ട സാത്വികഗുണങ്ങളേക്കാൾ രാജസഗുണങ്ങൾക്കായിരുന്നു പ്രാഥമ്യം. ജമദഗ്നിമഹർഷിയുടെ നിർദ്ദേശാനുസരണം പരശുരാമൻ സ്വന്തം അമ്മയുടെ ശിരച്ഛേദം നടത്തിയതായി പുരാണങ്ങളിൽ പറയുന്നു.ചിത്രരഥൻ എന്ന ഗന്ധർവനെ മോഹത്തോടുകൂടി നോക്കിയതിന്റെ ശിക്ഷയായിരുന്നു അത്. താൻ കൊന്നൊടുക്കിയ ക്ഷത്രിയന്മാരുടെ രക്തംകൊണ്ടു പരശുരാമൻ അഞ്ചു കയങ്ങൾ നിർമ്മിച്ചതായും അതിൽവെച്ച് പിതൃക്കൾക്കു തർപ്പണം നടത്തിയതായും പുരാണങ്ങളിൽ പരാമർശമുണ്ട്. സീതാപരിണയം കഴിഞ്ഞ് അയോദ്ധ്യയിലേയ്ക്കു മടങ്ങുകയായി

രുന്ന ശ്രീരാമനെ മാർഗ്ഗമധ്യേ തടഞ്ഞുനിറുത്തി പോരിനുവിളിച്ച സംഭവത്തിലും, അംബയെ വിവാഹംചെയ്യാൻ വിസമ്മതിച്ചതിൽ കുപിതനായി ഭീഷ്മരോടു യുദ്ധത്തിനിറങ്ങിയതിലും പരശുരാമനിലെ ബ്രാഹ്മണത്വമില്ലായ്മയാണ് തെളിയുന്നത്. ഭീഷ്മരെയും കർണ്ണനെയും പരശുരാമൻ ആയുധവിദ്യ അഭ്യസിപ്പിച്ചതായി മഹാഭാരതം പറയുന്നു.അതൊക്കെ കാണിക്കുന്നത് ബ്രാഹ്മണനായി ജനിച്ചെങ്കിലും പരശുരാമൻ ബ്രാഹ്മണനായല്ല ജീവിച്ചത് എന്നാണല്ലോ. ജന്മത്തിൽമാത്രമല്ല കർമ്മങ്ങളിലും ഭൃഗുരാമന് വർണ്ണശുദ്ധിയുണ്ടായിരുന്നില്ലെന്നു സാരം.

ഇരുപത്തൊന്നു തവണ ഭാരതത്തിലുടനീളം സഞ്ചരിച്ച്, ക്ഷത്രിയരെ വധിച്ച സംഭവത്തിലൂടെ ആണല്ലോ ഭാർഗ്ഗവരാമൻ പുരാണപ്രസിദ്ധനാകുന്നത്. കാർത്തവീര്യാർജ്ജുനനെന്ന രാജാവ് പരശുരാമന്റെ പിതാവിനെ വധിച്ചതാണ് അതിനു പ്രകോപനമായി പറയപ്പെടുന്നത്. ആ നിലയ്ക്ക്, അതൊരു കടുത്ത അപരാധമായി കരുതാനാകില്ലെന്നു വേണമെങ്കിൽ ന്യായീകരിക്കാം. എന്നാൽ, ഭാർഗ്ഗവരാമന്റെ വൈരം ക്ഷത്രിയരോടുമാത്രമായിരുന്നില്ല. അബ്രാഹ്മണരായവരോടെല്ലാമുള്ള ഒടുങ്ങാത്ത വിദ്വേഷമാണ് അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം കാണാൻകഴിയുക.

അർജ്ജുനനോളം പോന്ന യോദ്ധാവായിരുന്ന കർണ്ണന്റെ മരണത്തിനു നിമിത്തമായത്, ജാത്യാഭിമാനത്താൽ പ്രകോപിതനായ പരശുരാമന്റെ ശാപമാണെന്ന് മഹാഭാരതത്തിൽനിന്നു മനസ്സിലാക്കാം. താൻ ഒരു ബ്രാഹ്മണനാണെന്ന വ്യാജേനയാണ് കർണ്ണൻ ഭാർഗ്ഗവരാമന്റെ അടുക്കൽ ആയുധവിദ്യ അഭ്യസിക്കാനെത്തിയത്. ഒരിക്കൽ കർണ്ണന്റെ മടിയിൽ തലവെച്ച് പരശുരാമൻ ഉറങ്ങിക്കിടക്കുമ്പോൾ, വലിയ ഒരു വണ്ടുവന്ന് കർണ്ണന്റെ തുടയിലിരുന്നു കൊമ്പാഴ്ത്താൻതുടങ്ങി. ഗുരുവിന്റെ നിദ്രയ്ക്ക് ഭംഗംവരാതിരിക്കാൻ, കർണ്ണൻ ആ വണ്ടിന്റെ ശല്യം സഹിക്കുകയാണ് ചെയ്തത്. വണ്ട് തുടതുളച്ചു ചോര കിനിഞ്ഞൊഴുകുമ്പോഴും കർണ്ണൻ ഒരു ഭാവഭേദവുമില്ലാതെയിരുന്നു. രക്തംവീണു നനഞ്ഞ് ഉണർന്നെണീറ്റ രാമൻ കണ്ടത് രക്തമൊലിപ്പിച്ചുകൊണ്ടിരിക്കുന്ന ശിഷ്യനെയാണ്. പരശുരാമൻ ഒന്നുനോക്കിയനേരം ആ വണ്ട് ചത്തു നിലംപതിച്ചു. അതിന്റെ ശരീരത്തിൽനിന്നും ഭയാനകനായ ഒരു അസുരൻ ഉയർന്നുപൊങ്ങി ആകാശത്തിൽ അദൃശ്യനായി. തുടർന്ന്, പരശുരാമൻ കർണ്ണനുനേരെ തിരിഞ്ഞു. അദ്ദേഹം ക്ഷോഭിച്ചുകൊണ്ട് കർണ്ണനോട് ഇങ്ങനെ പറഞ്ഞു: “ഇത്രമേൽ കഠിനമായ വേദന സഹിക്കുവാൻ ഒരു ബ്രാഹ്മണനും സാധ്യമല്ല. നിന്റെ വീര്യം, നീ തികഞ്ഞ ഒരു ക്ഷത്രിയനാണെന്നു വിളിച്ചറിയിക്കുന്നു. സത്യം പറയുക; ഏതു രാജവംശത്തിൽ പിറന്നവനാണ് നീ?”. താൻ സൂതപുത്രനാണെന്നും, വിദ്യയഭ്യസിക്കാനുള്ള തീവ്രമായ ആഗ്രഹംകൊണ്ടാണ് ബ്രാഹ്മണനെന്നു വ്യാജം പറഞ്ഞതതെന്നും കർണ്ണൻ തുറന്നുപറഞ്ഞു. അനന്തരം, തന്നെ ശപിക്കരുത് എന്നു ഗുരുവിനോട് അപേക്ഷിച്ചു. എന്നാൽ, അതുകൊണ്ടൊന്നും മനസ്സലിയാത്ത ഭാർഗ്ഗവരാമൻ, നീ പഠിച്ച വിദ്യകൾ അത്യാവശ്യ സമയത്ത് മറന്നുപോകുന്നതാണെന്നും, അങ്ങനെ തരിച്ചുനിൽക്കുമ്പോൾ ആജന്മശത്രു നിന്നെ അമ്പെയ്തുകൊല്ലുമെന്നും കർണ്ണനെ ശപിച്ചു. പരശുരാമന്റെ ആ ശാപമാണ് കുരുക്ഷേത്രയുദ്ധത്തിൽ കർണ്ണന്റെ ദയനീയമായ അന്ത്യത്തിനു നിമിത്തമായത്. താൻ ക്ഷത്രിയനല്ലെന്നും സൂതനാണെന്നുമുള്ള സത്യത്തിനും മാപ്പിരക്കലിനുമൊന്നും തണുപ്പിക്കാൻ കഴിയുന്ന

നിലയിലായിരുന്നില്ല പരശുരാമന്റെ ജാത്യാഭിമാനം. ഒരുപക്ഷെ, സൂതനാണെന്ന താകാം ഭാർഗ്ഗവരാമനെ കൂടുതൽ പ്രകോപിപ്പിച്ചത്. അതിനാലാകാം, പഠിച്ച വിദ്യ കൾ അത്യാവശ്യസമയത്തു മറന്നുപോകട്ടെ എന്നു പരശുരാമൻ ശപിച്ചത്. ബ്രാഹ്മ ണ്യാധികാരം ഉപയോഗിച്ച് കർണ്ണന്റെ ക്ഷത്രിയത്വം ഭാർഗ്ഗവൻ റദ്ദുചെയ്തതാകാം.

ആദ്യകാലത്ത് പാണ്ഡവന്മാർക്കും കൗരവർക്കുമൊപ്പം ദ്രോണാചാര്യനിൽനിന്നും അസ്ത്രവിദ്യ പഠിച്ച് അഗ്രഗണ്യനായ കർണ്ണൻ അർജ്ജുനനു സദൃശനായ പോരാളി യായിമാറി. അർജ്ജുനന് ദ്രോണൻ ഉപദേശിച്ചുകൊടുത്ത ബ്രഹ്മാസ്ത്രവിദ്യ ദ്വിജൻ അല്ല(ബ്രാഹ്മണനോ ക്ഷത്രിയനോ അല്ല; അവർണ്ണനാണ്) എന്നതുകൊണ്ട് നിഷേധി ക്കപ്പെട്ടപ്പോഴാണ് കർണ്ണൻ പുതിയ ആചാര്യനായ് ഭാർഗ്ഗവരാമനെ കണ്ടെത്തിയത്. ശിഷ്യന്റെ ഏറ്റവും മുന്തിയ ഗുണമായ, അചഞ്ചല ഗുരുഭക്തിയുടെ മകുടോദാഹ രണമായ കർണ്ണനും നേരിടേണ്ടിവന്നത് ഏകലവ്യനു സമാനമായ ദുരനുഭവമാണ്. അവിടെയും ഇവിടെയും ശാപം പുറപ്പെട്ടത് ബ്രാഹ്മണനായി ജനിച്ച് ക്ഷത്രിയനായി ജീവിച്ച വ്യക്തികളിൽ നിന്നായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. ബ്രാഹ്മണകു ലപതിയും പരശുരാമന്റെ പൂർവ്വപിതാമഹനുമായ ഭൃഗുമുനിയുടെ ശാപംമൂലമാ ണ് ദംശനെന്ന രാക്ഷസൻ അളർക്കനെന്നു പേരായ വണ്ടായിത്തീർന്നതെന്ന അനു ബന്ധകഥ കൂടിയാകുമ്പോൾ കാര്യങ്ങൾ പൂർത്തിയാകും.ബ്രാഹ്മണനായി ജനിച്ചെ ങ്കിലും, ബ്രാഹ്മണ്യം തൊട്ടുതീണ്ടാതെ ജീവിച്ച ഭാർഗ്ഗവരാമനാണ് കർണ്ണന്റെ വർ ണ്ണധർമ്മം അളന്നു തിട്ടപ്പെടുത്തിയത് എന്നതാണ് ഏറെ രസകരം.

കർണ്ണനെ ഭാർഗ്ഗവരാമൻ ശപിച്ചതല്ലെന്നും, ശിഷ്യന്റെ അപാരഗുരുഭക്തി കണ്ടറി ഞ്ഞ്, (അർജ്ജുനന്റെ സാരഥിയായ) കൃഷ്ണനെ മുന്നിൽക്കണ്ടു മരിച്ചു മോക്ഷം നേടാനുള്ള അനുഗ്രഹം നൽകുകയായിരുന്നു എന്നൊക്കെയുള്ള ആധുനികകാല വ്യഖ്യാതാക്കളുടെ വളച്ചൊടിക്കലുകളിൽ എത്രമാത്രം യുക്തിയുണ്ടെന്ന് ആലോ ചിക്കുക. അതിൽ യുക്തിയില്ലെന്നുമാത്രമല്ല; വസ്തുതയ്ക്കു വിരുദ്ധവുമാണ്.

[പിൻകുറിപ്പ്: ത്രേതായുഗത്തിൽ ഭാർഗ്ഗവരാമൻ ക്ഷത്രിയവംശത്തിലെ കുട്ടികളടക്കമുള്ള ഇരുപത്തൊന്നു തലമുറകളിലുള്ളവരെ നിഗ്രഹം ചെയ്തതായി കേട്ടിട്ടുണ്ടല്ലോ. എന്നാൽ, അതിനുശേഷം ത്രേതായുഗത്തിൽതന്നെ ജീവിച്ചിരുന്ന ശ്രീരാമനടക്കമുള്ള ക്ഷത്രിയരുടെ കഥകൾ നമുക്കറിയാം. അത് സംഭാവ്യമാണോ?ക്ഷത്രിയവംശത്തിലെ അശ്മകന്റെ പുത്ര നായ മൂലകനിലൂടെയാണ് അതു സാധ്യമായത്. ഭാർഗ്ഗവരാമൻ ആക്രമിക്കാൻ വന്നപ്പോൾ സ്ത്രീകൾ ചുറ്റുമിരുന്നു മൂലകനെ രക്ഷിക്കുകയായിരുന്നു എന്ന് ഭാഗവതം ഒൻപതാംസ്ക ന്ധം ഒൻപതാം അധ്യായത്തിൽ പറയുന്നു. സ്ത്രീകൾ രക്ഷാകവചമൊരുക്കിയതുകൊണ്ട് മൂലകൻ, നാരീകവചൻ എന്നും അറിയപ്പെടുന്നു. മൂലകന്റെ ആറാം തലമുറയിലാണ് ശ്രീ രാമന്റെ ജനനം:മൂലകൻ-ഖട്വാംഗൻ-ദിലീപൻ-രഘു-അജൻ-ദശരഥൻ-രാമൻ. ചില ഐതി ഹ്യങ്ങൾ പ്രകാരം പരശുരാമകാലത്ത് അഞ്ചു ക്ഷത്രിയവംശങ്ങളൊഴികെ മറ്റെല്ലാം പരശു രാമനാൽ ഹനിക്കപ്പെട്ടെന്നും കാണുന്നു. അതിൽ ഒന്ന് ദശരഥപുത്രന്മാരാണ്. അന്ന്, ദശര ഥനെ മക്കളില്ലാത്ത വൃദ്ധനായതിനാലാണു വധിക്കാതിരുന്നത്. മറ്റുള്ളവർ, സിന്ധുനദീതീ രത്തെ ബൃഹദ്രഥവംശം, മദ്ധ്യേന്ത്യയിലെ കാരൂഷകവംശം, മഥുരയിലെ മധുവംശം എന്നി വയാണ്.കാർത്തവീര്യന്റെ പുത്രനായ രാമഘടമൂഷകനെ പരശുരാമന്റെ ഗുരു ദത്താത്രേ യൻ സംരക്ഷിച്ചതിനാൽ, അദ്ദേഹവും രക്ഷപ്പെട്ടു. ഈ പരാമർശങ്ങൾ പരസ്പരപൂരകങ്ങ ളല്ലെങ്കിലും, ഭൃഗുരാമന്റെ ക്ഷത്രിയഹത്യ സംഭവിച്ചിട്ടുണ്ട് എന്നതാണ് പൊതുവിശ്വാസം.]

അവതാരമെടുത്തതോ അവതാരമെടുപ്പിച്ചതോ?

ഭാർഗ്ഗവരാമൻ ഒരു ആവേശാവതാരമായാണു ഗണിക്കപ്പെടുന്നത്. ശ്രീരാമനെയോ കൃഷ്ണനെയോപോലെ വിഷ്ണു നേരിട്ടു ഭാർഗ്ഗവരാമനായി അവതരിച്ചതല്ല; മനുഷ്യനായിപ്പിറന്ന പരശുരാമന്റെ ശരീരത്തിലേക്ക് വിഷ്ണു തന്റെ ആത്മാവിനെ സന്നിവേശിപ്പിക്കുകയായിരുന്നു. അതായത്, പരശുരാമനെ അവതാരമായി'പരിവർത്തനം ചെയ്യുക'യായിരുന്നു എന്നുവേണം അറിയാൻ. 'മർത്ത്യരുടെ രജോഗുണം ഇല്ലാതാക്കുന്നതിന്റെ പ്രതീകമായി' പരശുരാമന്റെ ക്ഷത്രിയഹത്യയെ ന്യായീകരിക്കുന്നവർക്കുപോലും, എന്തുകൊണ്ട് അദ്ദേഹം രജോഗുണത്തിന്റെ മൂർത്തീഭാവമായെന്ന കാര്യത്തിൽ ഒരു വിശദീകരണവും ഇല്ല. സത്വഗുണിയാകേണ്ട ബ്രാഹ്മണനായി ജനിച്ചിട്ടും രജോഗുണപ്രധാനിയായി ജീവിച്ച പരശുരാമൻ, ധർമ്മശാസ്ത്രഗ്രന്ഥങ്ങളനുശാസിക്കുന്ന ധർമ്മബോധത്തിനു വിപരീതമായദിശയിലാണ്; ധർമ്മസംരക്ഷണ മാർഗ്ഗത്തിലല്ല ജീവിതത്തിൽ ആദ്യന്തം സഞ്ചരിച്ചത്.

പരശുരാമനും പിതാവായ ജമദഗ്നിമഹർഷിക്കും ഭൃഗുവംശത്തിലുള്ള പ്രാധാന്യം മനസ്സിലാക്കാൻ ജമദഗ്നിമഹർഷിയുടെ പര്യായനാമങ്ങൾ മാത്രം മതി: ഭാർഗ്ഗവൻ, ഭൃഗുശാർദൂലൻ, ഭൃഗുശ്രേഷ്ഠൻ, ഭൃഗൂത്തമൻ. ആ പ്രാമുഖ്യം തന്നെയാകാം, ലക്ഷണങ്ങളൊന്നും തികയാതിരുന്നിട്ടും പരശുരാമനെ ഒരു അവതാരമാക്കാൻ ആര്യമതമേധാവികളെ പ്രേരിപ്പിച്ചത്. ബ്രാഹ്മണ്യമേധാവിത്വത്തിനു വഴങ്ങാത്ത ക്ഷത്രിയർക്കുള്ള ജാഗ്രതാസൂചനയാണ് വാമന-പരശുരാമാവതാരകഥകളുടെ കാതൽ. മർത്ത്യരിലെ രജോഗുണത്തെ ഇല്ലാതാക്കുന്നതിന്റെ പ്രതീകമായി, ഭാർഗ്ഗവരാമന്റെ ക്ഷത്രിയവംശ നിഗ്രഹത്തെയും വാമനന്റെ മഹാബലി നിഷ്കാസനത്തെയും കണക്കാക്കാമെന്നും, രജോഗുണം ഒഴിവാക്കുന്നതിലൂടെ മാത്രമേ മനുഷ്യന് ആദ്ധ്യാത്മികമായ ഉൻമുഖതയുണ്ടാകുവെന്നും ഒക്കെയുള്ള വാദഗതികളൊന്നും സാമാന്യബുദ്ധിയ്ക്കു ബോധ്യമാകുന്ന തലത്തിലേക്ക് ഉയരാൻ കരുത്തില്ലാത്ത പരശുരാമന്റെ ക്ഷത്രിയഹത്യയ്ക്കു തുണയാകുന്നില്ല എന്നതാണ് സത്യം.

പരശുരാമൻ എന്ന ബ്രാഹ്മണസംരക്ഷകന്റെ ക്ഷത്രിയഭാവത്തിനു ന്യായം കണ്ടെത്തുന്ന ഒരു കഥ പ്രചാരത്തിലുണ്ട്. അത് ഇപ്രകാരമാണ്: ഗൃഹസ്ഥാശ്രമത്തിനു മോഹിച്ച ഭൃഗുവംശജനായ ഋചീകമഹർഷി, അന്ന് രാഷ്ട്രം ഭരിച്ചിരുന്ന കൗശികവംശജനായ ഗാഥിമഹാരാജാവിന്റെ കൊട്ടാരത്തിൽ ചെന്ന്, രാജകുമാരിയായ സത്യവതിയെ കന്യാദാനമായി ചോദിച്ചുവാങ്ങി വിവാഹംകഴിച്ചു. ഏകപുത്രി ഋചീകന്റെ കൂടെ ആശ്രമത്തിലേയ്ക്കുപോയതോടെ രാജമാതാവിനു വലിയ ദുഃഖമായി; ലാളിക്കാൻ ഒരു പൈതൽ വേണം എന്ന ആശയായി. ഒടുവിൽ, ആ പ്രായത്തിൽ രാജ്ഞി വീണ്ടും ഗർഭിണിയായി. മകൾ സത്യവതിയും കാലക്രമത്തിൽ ഗർഭം ധരിച്ചു. ഇരുവർക്കും സത്പുത്രന്മാർ ജനിക്കാൻ വേണ്ടതൊക്കെ ഋചീകൻ ചെയ്തു. ഋഷി പുത്രകാമേഷ്ഠിയാഗം നടത്തി, വിശിഷ്ട മന്ത്രങ്ങൾ ജപിച്ച നെയ്യ് തുടങ്ങിയവ ചേർത്ത് ഒരു നിവേദ്യമുണ്ടാക്കി. സത്യവതിയ്ക്കും അമ്മയ്ക്കും പ്രത്യേകംപ്രത്യേകം പാത്രങ്ങളിലാക്കി നല്കി.തനിക്ക് ബ്രഹ്മജ്ഞാനിയായ പുത്രനും കൊട്ടാരത്തിൽ ക്ഷാത്രവീര്യമുള്ള രാജകുമാരനും എന്നതായിരുന്നു ഋചീകന്റെ പദ്ധതി. അമ്മയുടെ നിർ

ബന്ധത്തിനു വഴങ്ങി, അവർ നിവേദ്യം തമ്മിൽ മാറിക്കഴിച്ചു. കാര്യം മനസ്സിലായ ഋചീകമഹർഷി ക്രുദ്ധനായി ശപിച്ചു: "മൂഢയായ മാതാവിനുവേണ്ടി ജ്ഞാനിയായ എന്റെ വാക്കുകൾ അവഗണിച്ച നിനക്ക്, ഘോരനും ദണ്ഡധരനുമായ ഒരു പുത്രനുണ്ടാകും; കൊട്ടാരത്തിൽ ബ്രഹ്മവിത്തനായ ഋഷിയും". ആറ്റുനോറ്റുണ്ടാകുന്ന ഉണ്ണി യമതുല്ല്യനാകരുതേയെന്ന് സത്യവതി മുനിയുടെ കാലുപിടിച്ച് കരഞ്ഞപേക്ഷിച്ചു. എല്ലാം ഈശ്വരേച്ഛയെന്നു കരുതി ശാന്തനായ മുനി ശാപംതിരുത്തി. പുത്രൻ സൗമ്യനാകും; എന്നാൽ പൗത്രൻ ഘോരകർമ്മാവായിത്തീരും. അങ്ങനെ സത്യവതിയിൽ ഉണ്ടായ പുത്രനാണ് ജമദഗ്നിമഹർഷി. ബ്രാഹ്മണതേജസ്സോടെ കൊട്ടാരത്തിൽ പിറന്നത് വിശ്വാമിത്രൻ. പിതാമഹന്റെ ശാപമേറ്റു ജനിച്ച ഘോരനായ ആ പൗത്രനത്രെ, ജമദഗ്നിപുത്രനായ ഭൃഗുരാമൻ.(മഹാഭാഗവതം, ഒൻപതാംസ്കന്ധം, അധ്യായം:15).

ഈ കഥ ചമച്ചവർ ഒരു വെടിക്ക് രണ്ടു പക്ഷിയാകാം ഉന്നംവെച്ചത്. പരശുരാമന്റെ ക്ഷത്രിയപ്രകൃതം വിധിയുടെ വിളയാട്ടമാക്കുന്നതിനോടൊപ്പം, വിശ്വാമിത്രനെന്ന ക്ഷത്രിയൻ കർമ്മഫലത്തിലൂടെ സ്വായത്തമാക്കിയ ബ്രഹ്മർഷിപദം അസാധുവാക്കാനായി. തപസ്സിലൂടെ ക്ഷത്രിയനും ബ്രാഹ്മണ്യം നേടാനാകും എന്നതിന്റെ ഉദാഹരണമായി പറഞ്ഞുവരാറുള്ള വിശ്വാമിത്രന്റെ കഥമുഴുവൻ മാച്ചുകളയാനായി. വിശ്വാമിത്രമഹർഷിയുടെ ബ്രാഹ്മണ്യപദലബ്ധിയുടെ വേരുകളെ ബ്രാഹ്മണശാപത്തിലേക്കും ജന്മത്തിലേക്കും കൊണ്ടെത്തിക്കാനായി.വേദമന്ത്രങ്ങളടക്കം വിശ്വാമിത്രൻ നൽകിയ സംഭാവനകളെല്ലാം ഋചീകൻ ചെയ്ത പുത്രകാമേഷ്ഠിയാഗത്തിന്റെ ഫലമായുണ്ടായ ബ്രഹ്മണ്യപ്രാപ്തിയുടെ കണക്കിൽ കൊള്ളിക്കാനുമായി.

[പിൻകുറിപ്പ്: വിശ്വാമിത്രൻ രാജാവായിരുന്ന സമയത്ത് ഒരിക്കൽ വസിഷ്ഠമഹർഷിയുടെ ആശ്രമത്തിൽ ചെന്നു. വസിഷ്ഠമഹർഷി സ്വന്തം വളർത്തുപുത്രിയായ കാമധേനുവെന്ന പശുവിന്റെ സഹായത്താൽ, രാജാവിനെയും പരിവാരങ്ങളെയും ഇഷ്ടവിഭവങ്ങളൊക്കെ നൽകി വേണ്ടവിധം സൽക്കരിച്ചു. ആ വിഭവങ്ങളെല്ലാം കാമധേനുവിന്റെ സൃഷ്ടിയാണ് എന്നറിഞ്ഞ വിശ്വാമിത്രൻ വസിഷ്ഠമഹർഷിയോട് ദിവ്യഗോവിനെ തനിക്കു തരണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ,സ്വന്തം പുത്രിയെപ്പോൽ വളർത്തുന്ന കാമധേനുവിനെ നൽകാൻ വസിഷ്ഠമുനി വിസമ്മതിച്ചു. അതിൽ ക്രോധം പൂണ്ട വിശ്വാമിത്രരാജാവ്, വസിഷ്ഠാശ്രമം തകർക്കുകയും മഹർഷിയുടെ നൂറു പുത്രന്മാരെയും വധിക്കുകയും ചെയ്തു. പക്ഷേ, ഒരു ശാപംകൊണ്ടുതന്നെ വിശ്വാമിത്രനേയും സൈന്യത്തെയും ചാരമാക്കാൻതക്ക തപഃശക്തിയുണ്ടായിരുന്നിട്ടും വസിഷ്ഠമഹർഷി സ്വയം സഹിച്ചു. അതുകണ്ട് വിശ്വാമിത്രന് മാനസാന്തരമുണ്ടായി. തപസ്സിന്റെ മാഹാത്മ്യം മനസ്സിലാക്കിയ വിശ്വാമിത്രൻ, രാജ്യവും രാജഭോഗങ്ങളുമുപേക്ഷിച്ച് കൌശികീനദിയുടെതീരത്തുപോയി തപസ്സനുഷ്ഠിച്ചു.വിശ്വാമിത്രന്റെ ഉഗ്രതപസ്സുകണ്ട ദേവേന്ദ്രൻ, തപഃഭ്രംശം വരുത്താൻ മേനക,രംഭ തുടങ്ങിയ സുരസുന്ദരിമാരെ അയച്ചെങ്കിലും, ഇന്ദ്രിയനിഗ്രഹം കൈവരിച്ച വിശ്വാമിത്രനു മുൻപിൽ അവരുടെ ശ്രമങ്ങൾ പരാജയപ്പെട്ടു. അപ്രകാരം, വസിഷ്ഠമുനിയുടെ തപോവീര്യംകണ്ടു മോഹിതനായി തപസ്സിലൂടെ ബ്രഹ്മർഷിപദത്തിലേക്കുയർന്ന ആളാണ് വിശ്വാമിത്രൻ. ഏതുവർണ്ണത്തിൽ ജനിച്ചാലും, കർമ്മവിശുദ്ധിയിലൂടെ ബ്രാഹ്മണനാകാമെന്ന ശ്രുതിപ്രമാണത്തിനു സാക്ഷ്യമായി അവതരിപ്പിക്കപ്പെടാറുള്ള പുരാണകഥാപാത്രമാണ്, ക്ഷത്രിയനായി ജനിച്ചു ബ്രഹ്മർഷിയായ വിശ്വാമിത്രൻ. ആ പ്രചരണത്തിലെ അപനിർമ്മിതി അനാവരണം ചെയ്യുന്ന കൂടുതൽ വിവരങ്ങൾക്ക് വിശ്വാമിത്രൻ ബ്രാഹ്മണനായിട്ടില്ല എന്ന അധ്യായം വായിക്കുക.]

പാലം കടന്നപ്പോൾ പരശുരാമനെ പടിക്കുപുറത്താക്കി

ജാതിബ്രാഹ്മണ്യം അതിന്റെ 'അതിശ്രേഷ്ഠത'ദൃഢീകരിക്കുന്നതിനുവേണ്ടി അനവധി പുസ്തകങ്ങളിലൂടെ സത്യത്തെ വക്രീകരിച്ചിട്ടുണ്ട്. മലയാളത്തിൽ,കേരളമാഹാത്മ്യം,സഹ്യാദ്രിഖണ്ഡം,കേരളാവകാശക്രമം,കേരളോത്പത്തി എന്നീകൃതികൾ ആ ലക്ഷ്യത്തോടെ ചമയ്ക്കപ്പെട്ടവയാണ്. അവയിൽത്തന്നെ പരസ്പരവിരുദ്ധവും പൂർവ്വാപരവിരുദ്ധവുമായ പരാമർശങ്ങളാണ് അധികവും. ആ ഗ്രന്ഥങ്ങളിലെ പല പ്രസ്താവങ്ങളും വളരെ കൗതകകരമാണ്. സഹ്യാദ്രിഖണ്ഡത്തിന്റെ ഉത്തരാർദ്ധം ഒന്നാമദ്ധ്യായത്തിൽ, ഇരുപത്തിയൊന്നുവട്ടം ക്ഷത്രിയരെ വധിച്ചതിനു പരിഹാരമായി, സഹ്യപർവ്വതം മുതൽ സമുദ്രം വരെ നൂറു യോജന നീളത്തിലും മൂന്നു യോജനവീതിയിലും കിടക്കുന്ന ഭൂമി സൃഷ്ടിച്ച് പരശുരാമൻ ബ്രാഹ്മണർക്ക് ദാനം ചെയ്തെന്ന് കാണാം. അനന്തരം, അഹങ്കാരികളായിത്തീർന്ന ബ്രാഹ്മണർ, ഭാർഗ്ഗവരാമൻ ക്ഷണിച്ചിട്ടും ശ്രാദ്ധമൂട്ട്,യാഗമെന്നീ ക്രിയകൾക്കു വരാതെയായി. അപ്പോൾ കോപിതനായ പരശുരാമൻ, പുതുതായി കുറച്ചു ബ്രാഹ്മണരെക്കൂടി സൃഷ്ടിക്കാൻ നിശ്ചയിച്ചു. പുലർച്ചെ സമുദ്രസ്നാനത്തിനു ചെന്നപ്പോൾ, ചിതാസ്ഥാനത്തു വന്നുനിന്ന ചിലമുക്കുവരെ കണ്ട് തൃപ്തനായി,അവരുടെ ചൂണ്ടമുറിച്ച് അതിന്റെ നൂലുകൊണ്ട് പൂണൂൽ ഉണ്ടാക്കി അവർക്കിടുകയും വിശുദ്ധരാക്കി ബ്രാഹ്മണ്യം നൽകുകയും പതിനാലുഗോത്രവും കുലവും കത്തിച്ച് ചതുരംഗമെന്ന സ്ഥാനത്ത് അവരെ പാർപ്പിക്കുകയുമുണ്ടായി.ജന്മമാണ് ബ്രാഹ്മണ്യത്തിനുള്ള യോഗ്യത എന്നവാദഗതിയുടെ വേരറുക്കുന്നതാണ് ആ ആഖ്യാനം. അതുകൊണ്ടായിരിക്കാം, പറഞ്ഞുകേട്ട ഐതിഹ്യങ്ങളിലൊന്നും പ്രത്യക്ഷമാകാതെ ആ ഏട് ഇറുത്തുമാറ്റപ്പെട്ടത്. ക്ഷത്രിയനിഗ്രഹം മാത്രമല്ല, ബ്രാഹ്മണകുലത്തിന്റെ അന്ത്യവും പരശുരാമന്റെ അവതാരലക്ഷ്യമായിരുന്നെന്നുവേണം ഇതിൽനിന്നു മനസ്സിലാക്കാൻ. കർമ്മദോഷംമൂലം കെട്ടുപോയ ഒരു സമൂഹത്തിന്റെ സർവ്വനാശവും, ഗുണകർമ്മംകൊണ്ട് ഉദ്ധരിക്കപ്പെട്ട ഒരു പുതിയ വംശത്തിന്റെ സംസ്ഥാപനവുമാണ് അവിടെ സംഭവിച്ചത് എന്ന നിലയ്ക്ക്, ജാതിബ്രാഹ്മണ്യത്തിന്റെ സർവ്വ ഉത്കൃഷ്ടവാദങ്ങളെയും ചുട്ടെരിക്കുകയാണ് ഭാർഗ്ഗവരാമൻ ചെയ്തതെന്നുവേണം കരുതാൻ. തുടർന്ന്, അവർ വിചാരിക്കുമ്പോൾ താൻ വന്നുകൊള്ളാമെന്നു വാഗ്ദാനംചെയ്ത് അദ്ദേഹം പോയി.

കുറെനാൾ കഴിഞ്ഞപ്പോൾ, ആ ബ്രാഹ്മണരും തങ്ങളുടെ തനിസ്വരൂപം കാണിച്ചു. പരശുരാമനെ പരീക്ഷിക്കാനായി മാത്രം അവർ അദ്ദേഹത്തിനെ സ്മരിക്കുകയും, വാഗ്ദാനം കൊടുത്തപോലെ അദ്ദേഹം അവിടെ എത്തുകയും ചെയ്തു. കാര്യംകൂടാതെ വരുത്തിയതാണെന്നറിഞ്ഞു കോപിച്ച ഭാർഗ്ഗവരാമൻ, ആ ബ്രാഹ്മണരെയും ശപിച്ചു: 'വിദ്യകളിൽ ഗർവ്വിഷ്ഠരും, തമ്മിൽ ഈർഷ്യയുള്ളവരും, മര്യാദലംഘിച്ചു കാലം കഴിക്കുന്നവരും, യാചകന്മാരും, ശൂദ്രരോട് ഇരന്നുമേടിക്കുന്നവരും, ക്ഷത്രിയർക്കുംമറ്റും ഭൃത്യപ്രായരും, നികൃഷ്ടമായ പൂജകഴിക്കുന്നവരും, ദരിദ്രരെങ്കിലും ബഹുപുത്രരും, സമ്പന്നരെങ്കിലും സന്താനഹീനരും, കന്യാവിത്തം ഗ്രഹിക്കുന്നവരുമാകട്ടെ' എന്നതായിരുന്നു ശാപം. ഭാർഗ്ഗവരാമൻ നിർമ്മിച്ചു ദാനം നൽകിയ ഭൂമിയിൽ താമസമുറപ്പിച്ച ബ്രാഹ്മണർ അദ്ദേഹത്തോട്, ദാനം നൽകിയ ഭൂമിയിൽ ഇനിയും ഇരിക്കരുതെന്നു പറഞ്ഞതായും അവരുടെ വാക്കുകൾ കേട്ടു വിഷാദിച്ചു കട

ന്നുപോയ ഭൃഗുരാമൻ സഹ്യപർവ്വതത്തിൽ കയറി തപസ്സനുഷ്ഠിച്ചതായും,പ്രസ്തുത പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. പാലം കടന്നപ്പോൾ ബ്രാഹ്മണർ ഭാർഗ്ഗവ രാമനെ പടിക്കുപുറത്താക്കി എന്നുവേണമല്ലോ മനസ്സിലാക്കാൻ.

[പിൻകുറിപ്പ്: ക്ഷത്രിയനിഗ്രഹശേഷം പരശുരാമൻ സൃഷ്ടിച്ച ഭൂമിയും, ദാനത്തിനുശേഷം ദത്തഭൂമിയിൽ ഇരുന്നുകൂടെന്നു ഋത്വിക്കുകൾ പറഞ്ഞതിതിനെത്തുടർന്ന് ഇറങ്ങിപ്പോയി തപസ്സുചെയ്യുമ്പോൾ നാരദമഹർഷിയുടെ നിർദ്ദേശാനുസരണം കടലിൽനിന്നു വീണ്ടെടുത്ത ഭൂമിയും രണ്ടാണെന്നും അല്ലെന്നുമുള്ള വൈരുദ്ധ്യങ്ങൾ മേൽ ഗ്രന്ഥങ്ങളിൽ കാണാം. സഹ്യാദ്രിയിൽചെന്നു സായകമയച്ച് സമുദ്രത്തെനീക്കിയെന്നും(സഹ്യാദ്രിഖണ്ഡം ആറാം അദ്ധ്യായം), മഴുവെറിഞ്ഞു രാജ്യമുണ്ടാക്കിയെന്നും(സഹ്യാദ്രിഖണ്ഡം ഏഴാമദ്ധ്യായം), ഇടതുകൈകൊണ്ട് കന്യാകുമാരിയിൽവെച്ചു മഴുവെവെറിഞ്ഞ് കടലിൽനിന്നു ഭൂമി വീണ്ടെടുത്തെന്നും(കേരളമാഹത്മ്യം), ഗോകർണ്ണത്തു കന്മലയിലിരുന്ന് വരുണനെ സേവിച്ച് ഭൂമിയുണ്ടാക്കിയെന്നും(കേരളോൽപത്തി) വിവിധകൃതികളിൽ പരസ്പരവിരുദ്ധമായ പല പരാമർശങ്ങളും കാണുന്നുണ്ട്. എങ്ങനെ സൃഷ്ടിച്ചു എന്നതിനേക്കാൾ, എന്തിനുവേണ്ടി സൃഷ്ടിച്ചു(ബ്രാഹ്മണർക്കു ദാനം ചെയ്ത് കേരളക്കരയുടെ ഉടമസ്ഥതയുറപ്പിക്കുക) എന്നു മാത്രമേ കഥാകാരന്മാർ ശ്രദ്ധിച്ചിട്ടുള്ളൂ എന്നതുകൊണ്ടാകാം ആ വൈരുദ്ധ്യം.]

പുറത്താക്കിയിട്ടും തീരാത്ത കലിപ്പ്

മറ്റുള്ള വർണ്ണങ്ങളിലെന്നപോലെ, ബ്രാഹ്മണർക്കിടയിലും അനവധി ജാതി വിഭാഗങ്ങൾ കാണാം. സമാനമായി, മലയാളബ്രാഹ്മണരിലും അനേകം അവാന്തര വിഭാഗങ്ങൾ കാണാനാകും. ജാതിനിർണ്ണയമെന്ന ഗ്രന്ഥത്തിലെ പരാമർശങ്ങളനുസരിച്ച്, കേരളത്തിലെ ബ്രാഹ്മണ സമുദായത്തിൽ എട്ടു ജാതികളും രണ്ടു ന്യൂനജാതികളും പന്ത്രണ്ട് അന്തരാള ജാതികളുമുണ്ട്. ഇവർക്കെല്ലാം ഒരേ സാമൂഹ്യപദവിയോ അധികാരങ്ങളോ ഇല്ല. ചില വിഭാഗങ്ങൾ മറ്റുള്ളവരെ പതിതരായാണ് കണക്കാക്കുന്നത്. അവർക്കിടയിൽ പന്തിഭോജനവും തമ്മിൽ വിവാഹവും നിഷിദ്ധമാണ്.പരശുരാമനിൽനിന്നും ഭൂമി ദാനം വാങ്ങിയതിനാലാണ് ചില ബ്രാഹ്മണർക്ക് പതിതത്വം സംഭവിച്ചത് എന്നാണു പറയപ്പെടുന്നത്(?). കേരളമാഹാത്മ്യം,കേരളാവകാശക്രമം മുതലായ ബ്രാഹ്മണ്യാപദാനകൃതികളിൽ അത്തരം ചില പരാമർശങ്ങൾ കാണുന്നുണ്ട്. അങ്ങനെ സംഭവിക്കണമെങ്കിൽ, ദാനം ചെയ്യുന്നതിനുമുമ്പ് അദ്ദേഹത്തിന് പതിതത്വമുണ്ടായിരുന്നിരിക്കണം. മലയാളഭൂമിദാനത്തിന് മുൻപുതന്നെ അനേകം മഹായജ്ഞങ്ങളും മറ്റും നടത്തിയിട്ടുള്ള ഭാർഗ്ഗവരാമന് പതിതത്വമുണ്ടെന്നു കരുതാനാകുമോ? പരശുരാമൻ പാപത്തിനു പാത്രമായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ക്ഷത്രിയവംശഹത്യയാകാനാണല്ലോ സാധ്യത.അങ്ങനെയാണെങ്കിൽ,പാപപരിഹാരാർത്ഥം കേരളക്കരയുണ്ടാക്കി ബ്രാഹ്മണർക്ക് ദാനംനൽകിയിട്ടും അദ്ദേഹത്തിന്റെ പതിതത്വം നീങ്ങിയില്ല എന്നുവേണമല്ലോ മനസ്സിലാക്കാൻ. അതായത്, 'ബ്രാഹ്മണ ദാനം പാപങ്ങൾ പോക്കു'മെന്ന വിശ്വാസം കേവലം മിഥ്യാധാരണ മാത്രമാണെന്നു സാരം. പാപം പോയില്ലെന്നുമാത്രമല്ല, പരശുരാമൻ കേരളക്കരയിലെ ബ്രാഹ്മണരെ പാപികളാക്കുകയും ചെയ്തു എന്നാണല്ലോ ബ്രാഹ്മണ്യം പറയുന്നത്. ബ്രാഹ്മണഹത്യമാത്രമല്ല, മുഴുവൻ ജീവിഹത്യയും പാപമാണെന്നും, ദാനം,ഹോമം,യജ്ഞം മുതലായ കർമ്മങ്ങൾക്കൊന്നും ആ പാപത്തിൽനിന്നു വിടുതൽ നൽകാൻ കഴിവില്ലെ

ന്നുകൂടിയാണ് സ്പഷ്ടമാകുന്നത്. അതെന്തുതന്നെയായാലും, തങ്ങളെ കേരളക്കരയിലേക്ക് ആനയിക്കുകയും ആഢ്യന്മാരായി കുടിയിരുത്തുകയും ചെയ്ത ആളിന്റെ ദാനം സ്വീകരിച്ചതാണ്, തങ്ങളിൽ ചിലർക്കു സംഭവിച്ച പതിതത്വത്തിനു കാരണം എന്നു പറയുന്നതിനോളം വലിയ പരശുരാമാവഹേളനം വല്ലതുമുണ്ടോ?

കേരളത്തിലെ അമ്പലവാസി വിഭാഗത്തിൽപ്പെട്ട തീയാട്ടുണ്ണിയെന്ന സമുദായത്തിന്റെ ഉത്പത്തിയുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമുണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലത്തിന് അടുത്തുള്ള ഒരു ഗ്രാമമാണ് തൃക്കാരിയൂർ.ആ ഗ്രാമത്തിലാണ് പരശുരാമൻ പ്രതിഷ്ഠ നടത്തിയ നൂറ്റെട്ടു ശിവക്ഷേത്രങ്ങളിൽ അവസാനത്തേതെന്ന് വിശ്വസിക്കപ്പെടുന്ന തൃക്കാരിയൂർ മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഒരിക്കൽ ആ നാട്ടിൽ അതികഠിനമായ വസൂരിബാധ ഉണ്ടായതിനെത്തുടർന്ന് നിരവധി ആളുകൾ മരിയ്ക്കാനിടയായി. ആ സാഹചര്യത്തിൽ, തൃക്കാരിയൂർ മഹാദേവക്ഷേത്രം നടത്തിപ്പുകാരായ പതിനെട്ടുയോഗക്കാർ പ്രതിവിധിയ്ക്കായി ക്ഷേത്രനടയിലെത്തി പ്രാർത്ഥിച്ചു. അപ്പോൾ, കയ്യിൽ ഒരു തീപ്പന്തവുമായി അവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ട പരശുരാമൻ പ്രതിവിധിയായി നിർദ്ദേശിച്ചത് തന്റെ കയ്യിലുള്ള പന്തം കൊണ്ടുപോയി വസൂരിബാധിതഗൃഹങ്ങളിൽ ഉഴിയണമെന്നാണ്. എന്നാൽ, യോഗക്കാർ പന്തം വാങ്ങുവാൻ തയ്യാറായില്ല. അന്നേരം, ഏതാണ്ട് പന്ത്രണ്ടുവയസ്സു മാത്രം പ്രായമുള്ള ഒരു ബ്രാഹ്മണബാലൻ(ഉണ്ണി) ഓടിവന്നു പരശുരാമന്റെ കയ്യിൽനിന്നു പന്തം വാങ്ങിച്ചു. തുടർന്ന്, യോഗക്കാരും മറ്റു ബ്രാഹ്മണരും ആ ഉണ്ണിയെയും വീട്ടുകാരെയും ഭ്രഷ്ടുകല്പിച്ചു പുറത്താക്കി, പ്രത്യേക സമുദായമായി ഇകഴ്ത്തി. അങ്ങനെയാണ് തീയാട്ടുണ്ണികൾ എന്ന സമുദായമുണ്ടായത്. ബ്രാഹ്മണബാലൻ പരശുരാമനിൽനിന്നും പന്തം ഇടതുകൈകൊണ്ടു വാങ്ങിയതിനാലാണ് ബാലനേയും കുടുംബത്തെയും പിന്മുറക്കാരേയും ബ്രാഹ്മണ്യത്തിൽനിന്നും അകറ്റിനിറുത്തിയതെന്ന വാദം പ്രചാരത്തിലുണ്ട്. എന്നാൽ, നല്ല ഉദ്ദേശ്യത്തോടെ ഒരു കൊച്ചുബാലൻ ചെയ്ത 'തെറ്റിന്റെ പേരിൽ' ഒരു വംശത്തെ മുഴുവൻ പുറത്താക്കിയതിലെ അധാർമ്മികതയെ ന്യായീകരിക്കാൻ ആ കഥ മതിയാകുമോ? മേൽപ്പറഞ്ഞ ബ്രാഹ്മണ്യഭാഷ്യം സ്വീകരിച്ചാൽപോലും, പരശുരാമന്റെ കയ്യിൽനിന്നു പന്തമേറ്റുവാങ്ങാൻ ബ്രാഹ്മണർ എന്തുകൊണ്ടു തയ്യാറായില്ലാ എന്ന സംശയം, ഉത്തരമില്ലാതെ അവശേഷിക്കുന്നു. ഇതരസമുദായങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ സഹായകമാകുന്ന ഒരു ആയുധമാകുന്നതുവരെ, പരശുരാമൻ മലയാളക്കരയിലെ ബ്രാഹ്മണർക്ക് അസ്വീകാര്യനായിരുന്നു എന്നാണല്ലോ ഈ സംഭവവും തെളിയിക്കുന്നത്.

'പരശുരാമനിർമ്മിതിയായ മലയാളഭൂമി, അദ്ദേഹം വിവിധ ദേശങ്ങളിൽനിന്ന് വരുത്തിയ ബ്രാഹ്മണർക്കു ദാനം ചെയ്തതാണ്' എന്നകഥ നൂറുവട്ടം കേട്ടിട്ടുള്ള നമ്മൾ, ബ്രാഹ്മണരുടെ ഈ ചതികളുടെ കാര്യവും, മുക്കുവരെ പൂണൂലണിയിച്ച് അദ്ദേഹം ബ്രാഹ്മണരാക്കിയ സംഭവവും, ബ്രാഹ്മണർക്കുമേൽ വീണ ഭൃഗുരാമന്റെ ശാപവുമൊന്നും അറിയാതെ പോകുന്നത് അവ ചരിത്രത്താളുകളിൽ കുറിച്ചുവെയ്ക്കപ്പെടാത്തതുകൊണ്ടല്ല; അന്വേഷിച്ചു കണ്ടെത്താത്തതുകൊണ്ടു മാത്രമാണ്; അറിഞ്ഞവർ പലരും കണ്ണടച്ചതുകൊണ്ടാണ്. നിഷ്പക്ഷതക്ക് അങ്ങനെയും ഒരു മുഖമുണ്ട്. പരശുരാമനല്ല കേരളക്കര സൃഷ്ടിച്ചതെന്ന പരാമർശം പരശുരാമനിന്ദയായി വ്യാ

ഖ്യാനിക്കുന്നവർതന്നെയാണ് മേൽപറഞ്ഞ സംഭവങ്ങളിലൂടെ അദ്ദേഹത്തെ അവഹേളിച്ചത് എന്നകാര്യം മറക്കാതിരിക്കുക. ഞങ്ങടെ കുലപതിയെ ഞങ്ങൾ നിന്ദിച്ചാൽ നിങ്ങൾക്കെന്താ മാളോരേ എന്നതാണോ ഇക്കാര്യത്തിലെ ധർമ്മബോധം?

[പിൻകുറിപ്പ്: ഈ മണ്ണുമാത്രമല്ല; ബ്രാഹ്മണർക്കുവേണ്ടി പെണ്ണും പരശുരാമൻ നേടിക്കൊടുത്തതായാണ് ബ്രാഹ്മണവിരചിത ഐതിഹ്യങ്ങളുടെ ഭാഷ്യം. അത്തരമൊരു കഥ 'കേരളമാഹാത്മ്യ'ത്തിലുണ്ട്. കടലിൽനിന്നും കേരളം സൃഷ്ടിച്ച പരശുരാമൻ ബ്രാഹ്മണരുടെ രത്യർത്ഥം സ്ത്രീകളെ ആനയിക്കാനായി ദേവലോകത്തു ചെന്നു. താൻ കേരളം എന്ന ഒരു ഭൂമി സൃഷ്ടിച്ച് അനേകം ബ്രാഹ്മണരെ കൊണ്ടുവന്ന് പാർപ്പിച്ചിട്ടുണ്ടെന്നും, അവരെ രമിപ്പിക്കാനായി സ്വർഗ്ഗത്തിലെ സുന്ദരികളെ തന്റെകൂടെ അയയ്ക്കണമെന്നും അദ്ദേഹം ഇന്ദ്രനോട് അഭ്യർത്ഥിച്ചു. അതംഗീകരിച്ച ദേവേന്ദ്രൻ, സ്വന്തം പുത്രനായ ജയന്തന്റെ പുത്രി മുതലായ ഏതാനുംപേരെ പരശുരാമന്റെകൂടെ അയച്ചുവെന്നും ഐതിഹ്യം പറയുന്നു(?). അവരുടെ സന്താനങ്ങളാണത്രെ ദേവദാസിമാർ. ഇന്ദ്രന്റെ പൌത്രിയെ ദാസിയാക്കി സംബന്ധമൊരുക്കിയെന്നൊക്കെ കഥയെഴുതാനുള്ള സ്വാതന്ത്ര്യം അവർക്കുള്ളതുപോലെ തന്നെ, അമ്മാതിരി അവിവേകങ്ങൾ വിഴുങ്ങാതിരിക്കാനുള്ള സ്വാതന്ത്ര്യം സാമാന്യബുദ്ധിയുള്ള ജനങ്ങൾക്കുമുണ്ടല്ലോ. ഇതൊക്കെ കാണുമ്പോൾ, പുരാണപുരുഷന്മാരെയൊക്കെ അപമാനിക്കുന്നതിൽ ഒരു മനസ്സാക്ഷിക്കുത്തും ബ്രഹ്മണ്യത്തിനുണ്ടായിരുന്നില്ലെന്നു ബോധ്യമാകുന്നു.]

ശങ്കരാചാര്യർ

അപനിർമ്മിക്കപ്പെട്ട ബ്രാഹ്മണബിംബം

'ഈ ലോകത്തിലെ പർവ്വതങ്ങളുടെ ചക്രവർത്തി ഹിമവാനാണ് എങ്കിൽ, പണ്ഡിതന്മാരുടെ ചക്രവർത്തി ശങ്കരഭഗവൽപാദരാകുന്നു'. കേരളസാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിൽ ഉള്ളൂർ.എസ്.പരമേശ്വരയ്യർ പറഞ്ഞ ഈ പ്രസ്താവനയോളം, ശങ്കരാചാര്യരുടെ മഹത്വം അടയാളപ്പെടുത്തുന്ന വാക്കുകൾ വേറെയില്ല. പക്ഷേ, ഭാരതീയരിൽ ഒരു വിഭാഗത്തിനും, മലയാളികളിലെ ബഹുഭൂരിപക്ഷത്തിനും ബ്രാഹ്മണ്യമതത്തിന്റെ പുനഃസ്ഥാപകനായ ചാതുർവർണ്യവക്താവു മാത്രമാണ് ശങ്കരാചാര്യർ. ജാതിഭേദത്തിന്റെ ചങ്ങലയിൽ ജീവൻ ഹോമിക്കേണ്ടിവന്ന സമൂഹങ്ങളുടെ ദൃഷ്ടിയിൽ, അദ്ദേഹം ശത്രുപക്ഷത്തെ സേനാനായകൻ എന്ന പ്രതിച്ഛായയോടെയാണ് എന്നും നിലനിൽക്കുന്നത്. അത്തരത്തിലൊരു വൈരുദ്ധ്യം എങ്ങനെയാണ് സംഭവിച്ചതെന്ന ചോദ്യത്തിന് ഉത്തരംതേടിയുള്ള ഓരോ യാത്രയും, ഒരുപാട് അപനിർമ്മിതികളെ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. ആ നിരീക്ഷണങ്ങളുടെ ആകെത്തുക, അപനിർമ്മിക്കപ്പെട്ട ഒരു ബ്രാഹ്മണബിംബമാണ് ശങ്കരൻ എന്നതാണ്.

ശ്രീശങ്കരൻ പുനഃസ്ഥാപിച്ചത് ബ്രാഹ്മണമതമല്ല

അനേകായിരം സംവത്സരങ്ങളിലൂടെ, അസംഖ്യം വേദാന്തജ്ഞാനികളായ ആചാര്യന്മാർ പാകപ്പെടുത്തിയെടുത്ത സനാതനസംസ്കാരത്തിന്റെ സത്ത അദ്വൈതചിന്തയിൽ അടിയുറച്ചതായിരുന്നു. പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യം ഒന്നാകുന്നു എന്ന ഏകത്വത്തിന്റെ തത്വശാസ്ത്രമായ ആ അദ്വൈതബോധമാണ് ഉപനിഷത്തുകൾ പകർന്നുതരുന്ന പരമജ്ഞാനം. എന്നാൽ, കാലാന്തരത്തിൽ സനാതനധർമ്മത്തിന്റെ മഹത്വങ്ങൾ അധികവും അജ്ഞതയു

ടെയും അന്ധവിശ്വാസങ്ങളുടെയും അത്യാചാരങ്ങളുടെയും നിഴലിൽ മങ്ങിപ്പോകുകയും മലിനമാക്കപ്പെടുകയും നന്മകൾ കൈവിട്ടുപോകുകയും ഉണ്ടായി. വേദവിരുദ്ധവും മാനവവിരുദ്ധമായ വ്യാഖ്യാനങ്ങളുടെയും ദുരാചാരങ്ങളുടെയും ഫലമായി ഹിന്ദുമതം ക്ഷീണിക്കുകയും ചാർവ്വാകരുടെയും ബൗദ്ധരുടെയും ജൈനരുടെയും അടക്കം ബദൽചിന്താധാരകൾ ശക്തിപ്പെടുകയും ചെയ്തു. പിൽകാലത്ത്, ശിഥിലമായിപ്പോയ സനാതനസംസ്കാരത്തിന്റെ പുനർനിർമ്മിതിയ്ക്ക് നിമിത്തമായത് ശങ്കരാചാര്യനെന്ന ദാർശനികനാണ്. തന്റെ മുപ്പത്തിരണ്ടുവയസ്സുവരെയുള്ള ചുരുങ്ങിയ ജീവിതകാലംകൊണ്ട് ആചാര്യർ ആ മഹാകർമ്മം സാധിതമാക്കിയത്, അദ്വൈതവേദാന്തത്തിലെ ചിന്തകൾ ഉപനിഷത്തുക്കളിൽ കാണപ്പെടുന്നതുപോലെ വ്യാഖ്യാനിച്ചും വേദങ്ങളെ അദ്വൈതചിന്തയുടെ പശ്ചാത്തലത്തിൽ നിർവ്വചിച്ചും വ്യത്യസ്ത വിശ്വാസധാരകളിലുള്ള തത്ത്വചിന്തകരുമായി ചർച്ചകളിലേർപ്പെട്ട് അവരുടെ ധാരണകളെ തിരുത്തിക്കുറിച്ചുമാണ്.

എന്നാൽ, അദ്വൈതസിദ്ധാന്തത്തിന്റെ വക്താവായ ശ്രീശങ്കരന്റെ വചനങ്ങളെ അപനിർമ്മിച്ച്, അദ്ദേഹത്തെ ജാതിബ്രാഹ്മണ്യത്തിന്റെ രക്ഷകർത്താവും പൗരോഹിത്യമതത്തിന്റെ പുനഃസ്ഥാപകനുമാക്കി ആവിഷ്കരിക്കാൻ ആസൂത്രിതമായ ശ്രമമുണ്ടായി. അതിനാലാണ്, 'ജാതി മനുഷ്യരിൽ കയറി മൂത്തുപോയതിന് ശങ്കരാചാര്യരും തെറ്റുകാരനാണ്' എന്നു സഹോദരൻഅയ്യപ്പനുമായുള്ള സംവാദത്തിനിടയിൽ ശ്രീനാരായണഗുരുവിനും പറയേണ്ടിവന്നത്. ശങ്കരാചാര്യർ പുനഃരുദ്ധരിച്ചത് ജാതിബ്രാഹ്മണ്യത്തിന്റെ അധീശത്വത്തിലധിഷ്ഠിതമായ മതത്തെ ആണെന്നും, അദ്ദേഹത്തിന്റെ കൃതികൾ സമർത്ഥിക്കുന്നത് ചാതുർവർണ്യത്തിന്റെ സാധുതയാണെന്നും തെറ്റിദ്ധരിപ്പിക്കുന്ന വ്യാഖ്യാനങ്ങൾ വ്യാപകമായി ആര്യബ്രാഹ്മണ്യം പടച്ചുവിട്ടു.അത് ശങ്കരാചാര്യരെയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെയും മുൻവിധിയോടുകൂടിമാത്രം സമീപിച്ചു വിമർശിക്കുന്നതിനു വഴിവെച്ചു. ഫലമോ, ശങ്കരാചാര്യർ എന്ന മഹാപ്രതിഭയ്ക്ക് മനുഷ്യവിരുദ്ധനും വംശവാദിയുമായ ഒരു ബ്രാഹ്മണ്യവക്താവെന്ന പ്രതിച്ഛായ ലഭിച്ചു. ശ്രീശങ്കരനെ ശരിയായ രീതിയിൽ വായിക്കാത്തവരൊക്കെ അദ്ദേഹത്തെ ശത്രുവായി പ്രഖ്യാപിച്ചു. അതിനു വഴിവെച്ചത് ആസൂത്രിതമായ ഒരു അട്ടിമറിയായിരുന്നു. അതു നടപ്പാക്കിയത്, ജീവിച്ചിരുന്നകാലത്ത് ശങ്കരനെ ശത്രുവായിക്കണ്ടു വേട്ടയാടിയ ബ്രാഹ്മണ്യം എന്ന സ്ഥാപനമായിരുന്നു എന്നതാണ് അക്കാര്യത്തിലെ ഏറ്റവും വൈരുദ്ധ്യമുള്ള വസ്തുത.

ഭാരതത്തിൽ 'അദ്വൈതസിദ്ധാന്തത്തെ അവതരിപ്പിച്ച മഹാത്മാ'വായാണ് പലരും ശ്രീശങ്കരനെ പരിചയപ്പെടുത്തുന്നത്. എങ്കിലും, ആ പ്രയോഗം വസ്തുതാപരമായി ശരിയല്ല. ശങ്കരനും വളരെമുൻപ് ഭാരതം അദ്വൈതത്തെ ജീവിതചര്യയായിസ്വീകരിച്ചിരുന്നു. സനാതനസംസ്കാരത്തിന്റെ അടിസ്ഥാനശിലതന്നെ അദ്വൈതബോധമാണ്. ഹൈന്ദവ ശാസ്ത്രഗ്രന്ഥങ്ങളൊക്കെ ആ ചിന്താപദ്ധതിയുടെ മഹനീയത ഉദ്ഘോഷിക്കുന്നതിൽനിന്ന് അതു വ്യക്തമാണല്ലോ.ശങ്കരാചാര്യരാണ് അദ്വൈതത്തിന്റെ പരമഗുരു എന്നറിയപ്പെടുന്നതെങ്കിലും, അദ്വൈതം എന്ന ചിന്താപദ്ധതി അദ്ദേഹത്തിന്റെ സൃഷ്ടിയല്ല. ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദാചാര്യർ, ഭർതൃഹരി,ആചാര്യ സുന്ദരപാണ്ഡ്യൻ എന്നിവർ ശങ്കരനും മുൻപേ അദ്വൈതസിദ്ധാ

ന്തസംബന്ധിയായ കൃതികൾ എഴുതിയവരാണ്. അദ്വൈതത്തെക്കുറിച്ച് ലഭ്യമായ ആദ്യത്തെ ഗ്രന്ഥമായ അദ്വൈതാനുഭൂതി രചിച്ചത് ഗോവിന്ദാചാര്യനാണ്. വാക്യപദീയമെന്ന വ്യാകരണഗ്രന്ഥത്തിൽ, ഭർതൃഹരി അദ്വൈതത്തെക്കുറിച്ചും വിശദമാക്കിയിട്ടുണ്ട്. ജന്മാധിഷ്ഠിതമായ വർണ്ണവിഭജനം വേരുറയ്ക്കുന്നതുവരെ, അദ്വൈതചിന്ത ഭാരതീയ സമൂഹത്തിന്റെ പൊതു സ്വഭാവമായിരുന്നു. പൗരോഹിത്യ ബ്രാഹ്മണ്യം പടിക്കുപുറത്താക്കിയ അദ്വൈതചിന്തയെ പുനഃസ്ഥാപിക്കുക മാത്രമായിരുന്നു ശങ്കരാചാര്യർ വാസ്തവത്തിൽ ചെയ്തത്. അതുകൊണ്ട്, മഹാപ്രാജ്ഞനായ ആ സന്യാസീന്ദ്രൻ ഏതെങ്കിലുമൊരു പ്രത്യേക വർണ്ണത്തിന്റെയോ വ്യവസ്ഥിതിയുടെയോ ജാതിയുടെയോ പ്രതീകമായാണു ജീവിച്ചതെന്ന് കരുതാൻവയ്യ.

ശ്രീശങ്കരന്റെ ജീവിതകഥ വിവരിക്കുന്ന അസംഖ്യം ജീവചരിത്രങ്ങൾ ലഭ്യമാണ്. അവയിൽ മിക്കതിലും പ്രതിപാദിക്കുന്ന ശങ്കരന്റെ ജനനവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമുണ്ട്: പണ്ടൊരിക്കൽ ദേവന്മാർ പരമശിവനെ സന്ദർശിച്ച്, ബുദ്ധമതപ്രചാരംകൊണ്ടു ഭൂമിയിൽ വന്നുചേർന്ന അനർത്ഥപരമ്പരയെപ്പറ്റി ഉണർത്തുകയും, ശ്രൌതപന്ഥാവിനെ പുനഃസ്ഥാപിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്തു. കൃപാനിധിയായ ശിവൻ സ്വയം മനുഷ്യനായി ഭൂമിയിൽ ജനിച്ചു വേദപഥരക്ഷചെയ്യാമെന്ന് സമ്മതിക്കുകയും ശങ്കരാചാര്യരായി അവതരിക്കുകയുമായിരുന്നു. ഒരു അവതാരത്തിന്റെ ജീവിതത്തെ പൊലിപ്പിക്കുന്നതിനുതകുന്ന ചില അത്ഭുത സംഭവങ്ങളും അത്തരം ജീവചരിത്രങ്ങളിൽ കാണാം. ശങ്കരാചാര്യർ യഥാർത്ഥത്തിൽ പരമശിവന്റെ അവതാരമായിരുന്നോ, അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന 'വിസ്മയ പ്രവൃത്തികൾ' യഥാർത്ഥത്തിൽ സംഭവിച്ചതാണോ തുടങ്ങിയ കാര്യങ്ങൾ മാറ്റിനിറുത്തിക്കൊണ്ട്, ആ മഹാത്മാവിന്റെ കർമ്മങ്ങളെ സമീപിക്കുതാണ് ഉചിതമെന്നു തോന്നുന്നു. കാരണം, അത്തരം കല്പിതകഥകളിൽ കുരുക്കിയിട്ട് അപ്രസക്തമാക്കാവുന്നതല്ല അദ്ദേഹത്തിന്റെ സംഭാവനകൾ.ബുദ്ധമതപ്രചാരംകൊണ്ടു ഭൂമിയിൽ വന്നുചേർന്ന അനവധിയായ അനർത്ഥങ്ങളിൽനിന്നും ലോകത്തെ രക്ഷിക്കാൻ അവതരിച്ചെന്നു ജീവചരിത്രങ്ങളെല്ലാം പറയുമ്പോഴും, ശ്രീശങ്കരന്റെ ശരിയായ ജീവിതലക്ഷ്യം പൗരോഹിത്യമേധാവിത്വം മലിനമാക്കി അധഃപതിപ്പിച്ച വൈദികമതത്തിന്റെ വീണ്ടെടുക്കലായിരുന്നുഎന്നതാണ് യാഥാർഥ്യം. പൗരോഹിത്യപ്രമാണികൾ നിഷ്കാസനം ചെയ്ത അദ്വൈതചിന്തയെ വീണ്ടെടുക്കുക തന്നെയാണ് ശങ്കരൻ ചെയ്തത്. സനാതനധർമ്മത്തിനു സംഭവിച്ച അപചയമുണ്ടാക്കിയ വിടവിലാണ് ബുദ്ധമതം വളർന്നു വടവൃക്ഷമായത് എന്നതായിരുന്നു സത്യം. ശങ്കരനും ശിഷ്യപരമ്പരയും ഉണർത്തിവിട്ട അദ്വൈതചിന്തയാണ് സനാതനധർമ്മത്തിന്റെ തിരിച്ചുവരവിനു കാരണമായത് എന്നതും സത്യം. അതിനപ്പുറം, കഥകളിൽ പറയുന്നതുപോലെ, 'വേദനിഷിദ്ധമായ ബുദ്ധമതത്തെ തകർക്കലായിരുന്നു ശങ്കരന്റെ അവതാരലക്ഷ്യ'മെന്ന അസത്യപ്രചാരണം പൗരോഹിത്യത്തിന് സംഭവിച്ച പാളംതെറ്റലുകളെ മറയ്ക്കാനുള്ള വൃഥാശ്രമം മാത്രമാണ്. ശ്രീശങ്കരൻ പൗരോഹിത്യമതത്തെ തിരുത്താൻനടത്തിയ പരിശ്രമങ്ങളെ തമസ്കരിക്കാനുള്ള കൗശലമാണ്. ശ്രീശങ്കരനെ ബ്രാഹ്മണ്യവക്താവാക്കാനുള്ള അപനിർമ്മാണമാണ്. [ശ്രൌതപന്ഥാവ്:ശ്രുതിമാർഗ്ഗം. ബ്രഹ്മർഷികൾ ഈശ്വരനിൽനിന്നു കേട്ടത് ശ്രുതി].

വൈദികമതത്തിന്റെ അധോഗതിക്കു വഴിതെളിച്ച വിഷയങ്ങളൊക്കെ അതിലെ ആന്തരിക അപചയങ്ങൾ തന്നെയായിരുന്നു. ശൈവന്മാർ, ശാക്തേയർ, ഗാണപത്യന്മാർ,വൈഷ്ണവർ എന്നുതുടങ്ങി ഗൃഹഭൂതോപാസകന്മാർ വരെ, അനവധി പിരിവുകളായി കലഹിച്ചും കൊന്നും കഴിയുകയായിരുന്നു ഹൈന്ദവർ, അന്ന്. മൃഗബലിയുംനരബലിയും ഈശ്വരാർച്ചനകളായി വ്യാഖ്യാനിച്ച വൈദികർ അന്ധവിശ്വാസങ്ങളുടെയും ദുരാചാരങ്ങളുടെയും ഉപാസകരായി. പൗരോഹിത്യം സമൂഹത്തെ കൈപ്പിടിയിലൊതുക്കിയപ്പോൾ ആര്യബ്രാഹ്മണർ അവരുടെ സ്വാർത്ഥതാത്പര്യങ്ങൾ അനുഷ്ഠാനങ്ങളും ആചാരങ്ങളും എന്നപേരിൽ വിപണനംചെയ്ത് സ്വത്തുനേടി. അടിമുടി തകർന്ന ആ സംസ്കാരത്തിന്റെ ഭൂമികയിലേക്കാണ് ബുദ്ധമതം കടന്നുവന്നു കാലുറപ്പിച്ചത്. സത്യം,സമത്വം,അഹിംസ,സഹവർത്തിത്വം തുടങ്ങിയ ഗുണങ്ങൾ മാഞ്ഞുപോയ മണ്ണിൽ ബൌദ്ധശാസനങ്ങളായി ആ നന്മകൾ കടന്നുകയറി. ആ മൂല്യങ്ങൾ തകർത്തല്ല,അവ അടിവരയിടുന്ന അദ്വൈതബോധം ഉണർത്തിവിട്ടാണ് ശങ്കരൻ സനാതനമതത്തിന്റെ തിരിച്ചുവരവിനു വഴിയൊരുക്കിയത്.

വ്യാസമഹർഷി ശങ്കരന് ദർശനം നൽകി പരീക്ഷിക്കുന്ന ഒരു ആഖ്യാനം ശാങ്കരോപാഖ്യാനം എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്. ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുക്കൾക്കും ഭാഷ്യങ്ങളുണ്ടാക്കി ശിഷ്യന്മാരെ പഠിപ്പിച്ചുകഴിഞ്ഞ സ്ഥിതിക്ക്, തന്റെ ജന്മദൗത്യം പൂർത്തിയായെന്നും, മണികർണ്ണികയിലെ വ്യാസസന്നിധിയിൽവെച്ചു പ്രാണൻ പരിത്യജിക്കുകയാണു തന്റെ ആഗ്രഹമെന്നും അറിയിച്ച ശങ്കരന്, കർമ്മപ്രഭാവത്തിന്റെ കണക്കിൽ ആയുസ്സ് ഇരട്ടിപ്പിച്ചുനൽകി അദ്വൈതസിദ്ധാന്തത്തിൽ ദോഷംകാണുന്നവരെ സംവദിച്ചു തോൽപ്പിക്കാൻ നിർദ്ദേശം കൊടുത്തത് വേദവ്യാസനാണ്. വ്യാസമഹർഷിയാൽ വിരചിതമായ മഹദ്കൃതികളുടെ അന്തസത്തയായ അദ്വൈതബോധം പുനഃസ്ഥാപിക്കാൻ, മഹാകവിതന്നെ കണ്ടെത്തിയ സമുചിതനായ വ്യക്തി ശ്രീശങ്കരനായിരുന്നു എന്നു വ്യക്തമാണല്ലോ.

ശ്രീശങ്കരനെ വ്യാസൻ ഉണർത്തിവിട്ടത് അദ്വൈതബോധത്തെ തകർത്തുകളഞ്ഞ ജാതിബ്രാഹ്മണ്യത്തിനെതിരെ ബൗദ്ധികയുദ്ധം നടത്തി ധർമ്മം പുനഃസ്ഥാപിക്കാനാണ്. വ്യാസനാൽ പ്രചോദിപ്പിക്കപ്പെട്ട് ദിഗ്‌വിജയത്തിനിറങ്ങിയ ആചാര്യസ്വാമി, സംവാദങ്ങളിലൂടെ തോൽപ്പിച്ചവരിൽ അധികവും കർമ്മമാർഗ്ഗങ്ങളിൽ കുരുങ്ങികിടന്ന ബ്രാഹ്മണരായിരുന്നു എന്നതാണു സത്യം. ശൈവം,വൈഷ്ണവം,കണാദം, പശുപതം,കാപിലം,ആർഹതം,ശാന്തം മുതലായ വേദവിരുദ്ധമായ ജാതിഭേദങ്ങൾക്കെതിരെയായിരുന്നു(ദ്വൈതികൾക്കെതിരെ ആയിരുന്നു)ശങ്കരന്റെ ദിഗ്വിജയം. ബൗദ്ധരും ജൈനരും ആ നിരയിൽ ഉണ്ടായിരുന്നെങ്കിലും അവരാരും എടുത്തുപറയത്തക്ക പ്രസക്തരായിരുന്നില്ല. മറുവശത്തു ശ്രീശങ്കരനെ നേരിട്ട പ്രമുഖരൊക്കെ ദ്വൈതവാദികളായിരുന്ന ദ്വിജരായിരുന്നു: ശ്രുതിനിന്ദകരായ സൗഗതന്മാരെ ഹനിക്കുവാൻ ഭൂമിയിലവതരിച്ച സുബ്രഹ്മണ്യനായിരുന്നു കുമാരിലഭട്ടനെന്ന് പറയപ്പെടുന്നു. തഥാഗതന്മാരുടെ ഉഗ്രബാധയിൽനിന്നും ലോകത്തെ മോചിപ്പിച്ചു വൈദികമാർഗ്ഗത്തെ രക്ഷിക്കുവാൻ ഏറെ പരിശ്രമിച്ചിട്ടും ഫലമില്ലാതെ വന്നപ്പോഴാണ്, ആ സിദ്ധാന്തത്തിന്റെ ഉള്ളറ രഹസ്യങ്ങൾ മനസ്സിലാക്കാൻ താൻ അവരെ ശരണംപ്രാപിച്ചതെന്ന് ഉമിത്തീയിൽ ദഹിക്കുന്നതിനു മുൻപു കുമാരിലഭട്ടൻ ശ്രീശങ്കരാചാര്യ

രോടു വെളിപ്പെടുത്തുന്നുണ്ട്.(ശാങ്കരോപാഖ്യാനം, അധ്യായം:5). കർമ്മയോഗത്തെ പ്രതിഷ്ഠിച്ച് സുപ്രസിദ്ധനായ മണ്ഡനമിശ്രൻ, മാഹിഷ്മതിയിലെ ഹിമമിത്രനെന്ന ബ്രാഹ്മണന്റെ പുത്രനായ വിശ്വരൂപനാണ്. *കർമ്മമാർഗ്ഗം സ്ഥാപിക്കുന്നതിന്, ദുർജ്ജയന്മാരായ അനേകം ബൗദ്ധന്മാരെ ചെറുപ്രായത്തിൽ തന്നെ പരാജിതനാക്കിയ പണ്ഡിതനായിരുന്നു വിശ്വരൂപൻ. അദ്ദേഹത്തിന്റെ ഭാര്യയായ ഭാരതി വിഷ്ണുമിത്രനെന്ന വിപ്രന്റെ മക്കളായാണ് ജനിച്ചത്. ദുർവ്വാസസ്സിന്റെ ശാപത്തിനിരയായി മനുഷ്യസ്ത്രീയായി പിറന്ന സരസ്വതിദേവിയായിരുന്നു ഭാരതി. അവരൊക്കെയും ദ്വൈതവാദികളായിരുന്ന ദ്വിജരായിരുന്നു. അതായത്, ദ്വൈതചിന്ത പടർത്തി മനുഷ്യരെ ഭിന്നിപ്പിച്ച പൗരോഹിത്യമേധാവികളിൽനിന്നും സനാതനസംസ്കൃതിയെ മോചിപ്പിക്കുകയായിരുന്നു വാസ്തവത്തിൽ ശങ്കരൻ ചെയ്തത്. പിന്നെ, എങ്ങനെയാണ് ബുദ്ധമതപ്രചാരംകൊണ്ടു ഭൂമിയിൽ വന്നുചേർന്ന അനർത്ഥങ്ങളിൽനിന്നു ലോകത്തെ രക്ഷിക്കാനാണ് ശ്രീശങ്കരൻ അവതരിച്ചതെന്നു പറയാനാകുക?

പിൻകുറിപ്പ്:*യാഗം,യജ്ഞം മുതലായ കാമ്യകർമ്മങ്ങളാണ് മോക്ഷത്തിനുള്ള മാർഗ്ഗമെന്ന വിശ്വാസധാരയാണ് കർമ്മമാർഗ്ഗം. ആ പൗരോഹിത്യപദ്ധതിയെ വേദാന്തം അംഗീകരിക്കുന്നില്ല. ജ്ഞാനമാർഗ്ഗത്തെയും ഭക്തിമാർഗ്ഗത്തെയുമാണ് വേദാന്തം മോക്ഷത്തിനുള്ള പാതകളായി നിർദ്ദേശിക്കുന്നത്. ജ്ഞാനമാർഗ്ഗം അർത്ഥമാക്കുന്നത്, സകലചരാചരങ്ങളിലും പ്രകാശിക്കുന്ന ചൈതന്യം പരമാത്മാവിന്റെ അംശമാണെന്ന പരമജ്ഞാനമാണ്; ചതുർവ്വേദങ്ങളിലുള്ള പാണ്ഡിത്യമല്ല. ഭക്തിമാർഗ്ഗം മോക്ഷത്തിനുള്ള പദ്ധതിയായി മുന്നോട്ടുവെക്കുന്നത് അചഞ്ചലവും സോപാധികവുമായ നിഷ്കാമഭക്തിയാണ്. കർമ്മമാർഗ്ഗത്തെ മോക്ഷമാർഗ്ഗമായി ഭഗവത്ഗീത ആവിഷ്കരിക്കുന്നതും സ്വധർമ്മാനുഷ്ഠാനമെന്ന നിലയിലാണ്. യാഗം,യജ്ഞം മുതലായ കാമ്യകർമ്മങ്ങളായോ വർണ്ണധർമ്മമായോ അല്ല. സ്വധർമ്മാനുഷ്ഠാനം എന്നത് തീർത്തും വ്യക്തിധർമ്മമാണ്. അതിനെ വർണ്ണധർമ്മമായി പലപ്പോഴും വ്യാഖ്യാനിച്ച് അവതരിപ്പിക്കാറുണ്ട്. അത് വാസ്തവത്തിൽ ഒരു ദുർവ്യാഖ്യാനമാണ്. ചില സ്മൃതികളല്ലാതെ മറ്റൊരു ഗ്രന്ഥവും മോക്ഷത്തെ ജന്മവുമായി(വർണ്ണം/ജാതി) ബന്ധിപ്പിക്കുന്നില്ല എന്നതാണു പരമാർത്ഥം. അതിന്റെ കാരണം, സ്മൃതികളുടെയും ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെയും നിർമ്മാണലക്ഷ്യം ഒന്നായിരുന്നില്ല എന്നതാണ്.]

ചണ്ഡാളകഥയിൽ ശങ്കരൻ പറഞ്ഞതും; നാം കേട്ടതും

ശങ്കരാചാര്യരുടെ ജീവിതത്തിലെ ഏറ്റവുമധികം പരാമർശിക്കപ്പെടുന്നതും വിമർശിക്കപ്പെടുന്നതുമായ ഒന്നാണ് അദ്ദേഹത്തിനു ഭഗവാൻ ശിവൻ ദർശനം നൽകിയ സംഭവം. ഒരുദിവസം ശിഷ്യന്മാരോടൊപ്പം ഗംഗാസ്നാനാർത്ഥം പുറപ്പെട്ട ശങ്കരാചാര്യർ, നാലു നായ്ക്കളോടൊപ്പം തന്റെ നേർക്കു നടന്നുവരുന്ന ഒരു ചണ്ഡാളനെ ദർശിക്കുകയും അവനോട് ദൂരേമാറാൻ ആജ്ഞാപിക്കുകയുംചെയ്തു.അതുകേട്ട ചണ്ഡാളൻ ഉടനെ ഇങ്ങനെ പ്രത്യുത്തരം നൽകി: "ഭഗവാൻ, ആദ്വിതീയവും അസംഗവും സത്യജ്ഞാനസുഖരൂപവും അഖണ്ഡവുമാണ് ബ്രഹ്മതത്വം എന്നു വേദാന്തം* ഉദ്ഘോഷിക്കെ(?)അവിടുത്തെ ഈ ഭേദബുദ്ധി എന്നെ അത്യധികം ആശ്ചര്യപ്പെടുത്തുന്നു. ദൂരെ മാറാൻ അങ്ങ് പറഞ്ഞുവല്ലോ. അത് ഈ ദേഹത്തെ ഉദ്ദ്യേശിച്ചാണോ ദേഹിയെ ഉദ്ദേശിച്ചാണോ അവിടുന്നു പറയുന്നത്? ദേഹമാണെങ്കിൽ, അത് ഏവർക്കും അന്നമയം തന്നെയല്ലേ? സാക്ഷിക്കും സാക്ഷിയായ ദേഹിയാണെങ്കിൽ, അത് ഒന്നല്ലാതെ രണ്ടുണ്ടോ? രണ്ടുവിധത്തിലായാലും അതു കേവലം അയുക്തികം ത

ന്നെയാണ്". ഗംഭീരമായ ആ പ്രതിവചനം കേട്ടപ്പോൾ ആചാര്യൻ ഇങ്ങനെ അരുളിച്ചെയ്തു: "അങ്ങു പറഞ്ഞതെല്ലാം ശരിതന്നെ. ആത്മവിത്തായ അങ്ങയുടെ വാക്കിനാൽ, നീ അന്ത്യജനാണ് എന്ന ഭേദബുദ്ധിയെ ഞാൻ സന്ത്യജിക്കുന്നു". അപ്രകാരം പ്രത്യാഖ്യാനംചെയ്തുകൊണ്ടിരിക്കെ വേദചതുഷ്ടയയുക്തനായ വിശ്വേശ്വരനെ മുൻപിൽ കാണുമാറായി. ശിവനെ കണ്ടപ്പോൾ ശങ്കരൻ വീണുനമിച്ചു സ്തുതിക്കുകയും, കൈലാസനാഥൻ അദ്ദേഹത്തെ അനുഗ്രഹിച്ച് സൂത്രഭാഷ്യം രചിക്കാനായി നിർദ്ദേശിച്ചു മറയുകയും ചെയ്തു.(ശ്രീവിദ്യാരണ്യസ്വാമികൾ രചിച്ച ശ്രീമത്ശങ്കരദിഗ്വിജയം. വിവർത്തകൻ: ഭക്തകവിതിലകം ടി.സുബ്രഹ്മണ്യൻ തിരുമുമ്പ്). (*ആ ചണ്ഡാളന് വേദാന്ത/സംസ്കൃതജ്ഞാനം ഉണ്ടായിരുന്നു എന്നാണല്ലോ അർത്ഥം).

ശങ്കരാചാര്യരെക്കുറിച്ചുള്ള ഐതിഹ്യങ്ങളിൽ പറയുന്നതനുസരിച്ച്, മൂന്നുവയസ്സ് ആകുമ്പോഴേക്കും ശങ്കരൻ സകലപുരാണേതിഹാസങ്ങളിലും നൈപുണ്യംനേടി. അഞ്ചാംവയസ്സിൽ ഉപനയനം ഗ്രഹിച്ചു ഗുരുഗൃഹത്തിൽ താമസിച്ചുകൊണ്ട് വേദങ്ങളും ഉപനിഷത്തുകളും ഹൃദിസ്ഥമാക്കി. അതിനുശേഷമുള്ള കാലഘട്ടത്തിലാണല്ലോ, ബാലനായ ശങ്കരൻ ചണ്ഡാലരൂപനായ പരമശിവനെ ദർശിക്കുന്നത്. ജാതിവിവേചനത്തിന്റെ പരകോടിയിൽ ഭാരതം നിലകൊണ്ട അക്കാലത്ത്, അതിന്റെ കടിഞ്ഞാൺ കൈവശം വെച്ചിരുന്ന ബ്രാഹ്മണകുലത്തിൽ പിറന്ന ഒരു ബാലന്റെ ചിന്തകളിലും പ്രവൃത്തികളിലും ആ മാലിന്യത്തിന്റെ അംശങ്ങൾ കാണുക സ്വാഭാവികമാണ്. കഥകളിൽ പറയുന്നതുപോലെ, ശങ്കരൻ ഭഗവാൻശിവന്റെ അവതാരമാണെന്നതുകൊണ്ടോ, വേദങ്ങളും ഉപനിഷത്തുകളും പഠിച്ചതുകൊണ്ടോ അത് മാറും എന്നു കരുതുകവയ്യ. വിശേഷിച്ചും, പഠനം ജാതിചിന്തയുടെ മനുഷ്യരൂപങ്ങളായ ബ്രാഹ്മണഗുരുക്കന്മാരിൽനിന്നും ആകുമ്പോൾ. അതിനാൽത്തന്നെ, ചണ്ഡാളനെ കണ്ടത് കേവലമൊരു ബ്രാഹ്മണബാലനായ ശങ്കരനാണ്. മഹാദേവൻ പകർന്നുനൽകിയ അറിവു സ്വീകരിച്ചു സത്യം കണ്ടെത്തിയ ആ സംഭവത്തോടെയാണ് അദ്വൈതിയായ ശങ്കരന്റെ ജനനം എന്നതാണ് ആ സംഭവത്തിന്റെ പൊരുൾ.

വേദേതിഹാസങ്ങൾ മുഴുവൻ സ്വായത്തമാക്കിയിട്ടും, ജാത്യാഭിമാനം അവശേഷിച്ചതുമൂലം ആത്മബോധം തെളിയാതെ അജ്ഞനായി നിന്ന ശങ്കരനെ പരമജ്ഞാനതത്വം പഠിപ്പിച്ചു സൂത്രഭാഷ്യരചനക്ക് അർഹനാകുകയാണ് ആ സംഭവത്തിലൂടെ ഭഗവാൻ ചെയ്തത് എന്നുവേണം മനസ്സിലാക്കാൻ. വേദേതിഹാസങ്ങളും ഉപനിഷത്തുകളും ഗ്രഹിച്ചതുകൊണ്ടുമാത്രം ഒരാളും ബ്രഹ്മജ്ഞാനംനേടുന്നില്ലെന്ന് ആചാര്യൻ അടിവരയിട്ടു പറയുകയാണ്, ഇവിടെ. ഈ കഥയുടെ പ്രചാരണത്തിലൂടെ ശ്രീശങ്കരനുദ്ദേശിച്ചത് സ്വസമുദായത്തിൽ ശക്തമായിരുന്ന ജാതിഗർവ്വിനെ തകർത്ത്, ബ്രഹ്മവിദ്യനൽകി യഥാർത്ഥ ബ്രാഹ്മണരാക്കുക എന്നതായിരിന്നു. അതുകൊണ്ടാണല്ലോ ശങ്കരൻ, ശിവഭഗവാൻ തനിക്കു പകർന്നു നൽകിയ പരമസത്യത്തെ–ബ്രഹ്മജ്ഞാനത്തെ-'മനീഷാപഞ്ചകം' എന്ന കൃതിയായി ലോകത്തിനു സമർപ്പിച്ചത്. ശങ്കരാചാര്യർക്കു മുന്നിൽ 'ശിവഭഗവാൻ ചണ്ഡാലരൂപിയായി പ്രത്യക്ഷപ്പെട്ട'അവസരത്തിൽ, അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ പ്രബോധനമാണ് മനീഷാപഞ്ചകമെന്ന വിഖ്യാതകൃതിയുടെ രചനയ്ക്കു കാരണമായി അറിയപ്പെടുന്നത്. അത്തരത്തിൽ, അദ്ദേഹം ആ ഗ്രന്ഥത്തിന്റെ രചന നിർവ്വഹിച്ചിരുന്നില്ലെങ്കിൽ, ഒരുപക്ഷെ ജാതി

ഭ്രാന്തിന്റെ നട്ടെല്ലൊടിക്കുന്ന ആ സംഭവം ചരിത്രത്തിൽനിന്നും വേരോടെ പിഴുതുമാറ്റപ്പെടുമായിരുന്നു എന്ന് വിശ്വസിക്കേണ്ടിവരുന്നു. എങ്കിൽ, ശങ്കരനെ ശങ്കരാചാര്യരാക്കിയ ആ സംഭവം ലോകം അറിയാതെപോകുമായിരുന്നു.

സർവ്വസൃഷ്ടികളിലും കുടികൊള്ളുന്ന പരമാത്മചൈതന്യം ഒന്നാണെന്നും അത് തിരിച്ചറിയുന്നതാണ് പരമജ്ഞാനം എന്നുമുള്ള വേദോപനിഷത്തുകളുടെ പരമപ്രമാണമാണ് ശ്രീശങ്കരൻ സ്വാനുഭവത്തിലൂടെ പ്രകാശിപ്പിക്കുന്നത്. അതിന് ഉപയോഗിച്ച ബിംബം ഒരു ചണ്ഡാലന്റേതാണ് എന്നതാകാം ആ സംഭവകഥയിൽ ഏറ്റവും ശ്രദ്ധേയം. അത്യധികം ശാസ്ത്രവിരുദ്ധവും അമാനവികവും ആയ ചാതുർവർണ്യ വിഭജനത്തിന്റെ പരിധിയിൽപ്പോലും ഉൾപ്പെടുത്താതെ ആര്യബ്രാഹ്മണ്യം തങ്ങളുടെ കാഴ്ച്ചവട്ടത്തിനപ്പുറത്തേക്ക് ആട്ടിപ്പായിച്ച ചണ്ഡാലസമൂഹത്തിന്റെ പ്രതിനിധിയിലൂടെ ശങ്കരൻ നൽകിയ ആ സന്ദേശത്തിനുമേൽ ഉയർന്ന ഒരു അദ്വൈത ചിന്തയുണ്ടോ? അതു മനസ്സിലാക്കാതെ, ചണ്ഡാലനോടു വഴിമാറാൻ പറഞ്ഞ ശ്രീശങ്കരൻ മനുഷ്യവിരുദ്ധനാണെന്നു പറയുന്നത് അവിവേകമാണ്.അത്തരമൊരു വാദമുയർത്തുന്നവർ അറിഞ്ഞോ അറിയാതെയോ ചെയ്യുന്നത്, ജാതിവാദത്തിനും അയിത്തത്തിനും ശ്രീശങ്കരന്റെ ചെലവിൽ ആധികാരികത ചാർത്തുന്നവർക്കു കുടപിടിക്കുകയാണ്. ആദ്ധ്യത്മവാദികളുടെ വ്യാഖ്യാനത്തിന് നാവായിമാറുകയാണ്.

[പിൻകുറിപ്പ്: ശങ്കരൻ വഴിയിൽ കണ്ടതു ചണ്ഡാളരൂപിയായ ശിവനെയാണെന്നും, സംവാദത്തിനൊടുവിൽ ഭഗവാൻ പ്രത്യക്ഷപ്പെട്ടുവെന്നും മേൽകഥയിൽ പറയുന്നു. എന്നാൽ,ശിവനെക്കുറിച്ചുള്ള കഥകളിലെ വിവരണങ്ങൾ നോക്കുമ്പോൾ, ഈ കഥയിലെ 'പ്രത്യക്ഷപ്പെടൽ സംഭവം' വെറും കാൽപനികമായ കഥാവതരണം മാത്രമാണെന്നു തോന്നിയാൽ തെറ്റാകില്ല. തനിക്കുമുന്നിൽ വന്നത് പരമശിവനാണെന്നു തിരിച്ചറിയാൻ ശങ്കരൻ അല്പം സമയമെടുത്തു എന്നതാണ് വാസ്തവത്തിൽ സംഭവിച്ചത്. നാലുനായ്ക്കളുടെ അകമ്പടിയോടെ വന്ന ചണ്ഡാളന്റെയും നമുക്കു കേട്ടുപരിചയമുള്ള ശിവന്റെയും രൂപങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ലല്ലോ.മൃഗത്തോലുടുത്ത്,കയ്യിൽ ശൂലമേന്തി,കഴുത്തിൽ നാഗങ്ങളണിഞ്ഞ് ജടാധാരിയും ചുടലഭസ്മധാരിയുമായി ചുടുകാട്ടിൽ വസിച്ചിരുന്ന പുരാണങ്ങളിലെ ശിവന്റെ ആകാരം, കഥകളിലെ ചണ്ഡാളരെ ഓർമ്മിപ്പിക്കുന്നതാണല്ലോ. പല ഐതിഹ്യങ്ങളിലും ശിവൻ പ്രത്യക്ഷപ്പെടുന്നത് നായകളോടൊപ്പമാണ്. പരമശിവന്റെ വിചിത്രമായ ജീവിതശൈലിയ്ക്കു നൽകുന്ന വിശദീകരണങ്ങളൊക്കെ, ചില ഭൂതകാലസത്യങ്ങൾ മറയ്ക്കാനായി പിൽക്കാലത്തു ആദ്ധ്യഭക്തർ കണ്ടെത്തിയ വ്യാഖ്യാനങ്ങളാകാം.

പാശുപതാസ്ത്രം നേടാനായി തപസ്സനുഷ്ഠിച്ച അർജ്ജുനനു മുന്നിലും പരമശിവനും പാർവ്വതിയും പ്രത്യക്ഷപ്പെട്ടത് കിരാതമൂർത്തിയും കാട്ടാളത്തിയും ആയാണല്ലോ. കൂർമ്മപുരാണത്തിലും ശിവപുരാണത്തിലും മത്സ്യപുരാണത്തിലും സ്കന്ദപുരാണത്തിലുംപ്രതിപാദിച്ചിട്ടുള്ള ഭിക്ഷാടനമൂർത്തിയെന്ന പരമശിവന്, ഒരു കപാലി ഭിക്ഷക്കാരന്റെ വേഷത്തിൽ പ്രപഞ്ചത്തിൽ മുഴുവൻ അലഞ്ഞു നടക്കുന്ന രൂപമാണ്. ബ്രഹ്മാവിന്റെ അഞ്ചാമത്തെ തല വിച്ഛേദിച്ച പാപത്തിനു പ്രായശ്ചിത്തം ചെയ്യാനാണ് ശിവൻ ഭിക്ഷാടകനായതെന്നു വിശദീകരിക്കുക്കുന്ന മേൽപുരാണങ്ങളിൽ, ഇടതുകൈയിൽ തലയോട്ടി ഭിക്ഷാപാത്രമാക്കിയ നഗ്നനായ ഭിക്ഷക്കാരനായി(ഭിക്ഷതാന) ശിവൻ അലഞ്ഞു നടക്കുന്നു. കുർമ്മ-വാമനപുരാണങ്ങളിൽ, ശിവന്റെ പാപം ശാരീരികരൂപമെടുത്ത് ബ്രഹ്മഹത്യയെന്ന ചണ്ഡാലസ്ത്രീയായിത്തീരുകയും ഭിക്ഷാടകൻ പോകുന്നിടത്തൊക്കെ പിന്തുടരുകയും ചെയ്യുന്നു.ശിവന്റെ ചണ്ഡാളരൂപമാണ് ശ്മശാനവാസിയും ദിഗംബരനുമായ കാലഭൈരവൻ. ഭൈരവന്റെയും

വാഹനം നായയാണ്.പുരാതനകാലത്തെ പല വെങ്കലപ്രതിമകളിലും,പരമശിവനെ കാണുന്നത് ഒരു നായയ്ക്കൊപ്പമാണ്. ചിലശില്പങ്ങളിൽ, വലതുകാൽമുട്ടിന് തൊട്ടുതാഴെയായി നൂലിൽകോർത്തുകെട്ടിയിരിക്കുന്ന ഒരുചെറിയമണിയുടെ സാന്നിധ്യവുമുണ്ട്. ഉദാ:തഞ്ചാവൂരിലെ നായക് പാലസ് ആർട്ട്മ്യൂസിയത്തിലെ പന്ത്രണ്ടാംനൂറ്റാണ്ടിലെ വെങ്കലത്തിലുള്ള ഭിക്ഷതാന. തൊട്ടുകൂടാത്തവർക്ക് പരമ്പരാഗതമായി ഏർപ്പെടുത്തിയിരുന്ന ഒരു തിരിച്ചറിയൽ ചിഹ്നമായാണ് മഹാദേവ ചക്രവർത്തിയെപ്പോലെയുള്ള ചരിത്രപണ്ഡിതർ അതിനെ വിലയിരുത്തുന്നത്. വേട്ടക്കാരൻ, കിരാതൻ, വേടൻ,ചണ്ഡാലശിവൻ, കാട്ടുമൂർത്തി, കരുവൻ മുതലായ പേരുകളുള്ള ശിവബിംബങ്ങൾ കേരളത്തിലെ പല ഭാഗങ്ങളിലും ഉപാസിക്കപ്പെടുന്നുണ്ട്. ശിവനും പാർവ്വതിയും ചണ്ഡാലരൂപയായി പ്രത്യക്ഷപ്പെടുന്ന അസംഖ്യം കഥകൾ പുരാണേതിഹാസങ്ങളിലും, ഭാരതത്തിൽ എമ്പാടുമുള്ള പ്രാദേശിക ഐതിഹ്യങ്ങളിലും കാണുന്നുണ്ട്. ശിവന്റെ രൂപം നൽകുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ, ദേവന്മാരുടെ ദേവനായ മഹാദേവൻ ആരായിരുന്നിരിക്കാമെന്നും, അദ്ദേഹം ആരുടെ ദൈവമായിരുന്നിരിക്കാമെന്നും വായനക്കാർ ആലോചിക്കുക. ആദിമഗോത്രങ്ങളിലെ ജനങ്ങൾ, അവരുടെ സ്വരൂപത്തിൽ ആരാധിച്ചിരുന്ന ശിവനെ മറ്റു പല ദൈവങ്ങളെയുംപോലെ പിൽക്കാലത്തു പൗരോഹിത്യമതത്തിൽ കൂട്ടിച്ചേർത്തതാകാനാണു സാധ്യത.]

ശങ്കരന്റെ സംശയാതീതമായ തീരുമാനം

ശങ്കരാചാര്യരുടെപേരിൽ ജാതിബ്രാഹ്മണ്യം പ്രചരിപ്പിച്ച നിരവധി വ്യാഖ്യാനങ്ങൾ അദ്ദേഹത്തിന്റെ സൃഷ്ടിയാണെന്ന് വിശ്വസിക്കാൻ വിഷമമുണ്ട്. അല്ലെങ്കിൽ,ശിവഭഗവാന് പോലും പഠിപ്പിക്കാനും തിരുത്താനും സാധിക്കാത്ത ഒരുജാതിഭ്രാന്തനായിരുന്നു അദ്ദേഹം എന്നു കരുതേണ്ടിവരും. ഭഗവാൻ അന്ന് ശങ്കരന്റെ ചേതസ്സിൽ വിതച്ച അദ്വൈതബോധത്തിന്റെ സത്ഫലങ്ങൾ സ്വീകരിക്കാത്ത ജാതിപ്പിശാചുകളാണ് സനാതനസംസ്കൃതിയുടെ ശരിയായ ശത്രുക്കൾ.അവരാണ് ശ്രീശങ്കരനെ ജാതിബ്രാഹ്മണ്യത്തിന്റെ പ്രചാരകനായും സംരക്ഷകനായും ജനസമക്ഷമവതരിപ്പിച്ച് അവഹേളിക്കാൻ ശ്രമിച്ചത്. അവരുടെ വാക്കുകളെ അന്ധമായി വിശ്വസിച്ച്, 'അദ്വൈതസിദ്ധാന്തത്തിന്റെ പുനഃസ്ഥാപകനെ' ജാതിവിവേചനത്തിന്റെ ആധികാരിക ശബ്ദമായിക്കണ്ട് എതിർക്കുന്നവരെക്കാൾ പാപബുദ്ധികൾ, സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി അദ്ദേഹത്തെ അപമാനിക്കാൻ സാഹചര്യമൊരുക്കിയവർ തന്നെയാണ്. ആചാര്യർ അപമാനിതനായാലും വേണ്ടില്ല, ജാതിയുടെ പേരിൽ ലഭിക്കുന്ന സൗകര്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന ചിന്തമാത്രമാണ് ആ കടുംകൈ പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിച്ചത് എന്നുവേണം കരുതാൻ. അവരുടെ ബുദ്ധിയിൽ അല്പമെങ്കിലും വെളിച്ചംവീഴ്ത്താൻ വേണ്ടിയാണ് ആചാര്യർ തന്റെ പുസ്തകങ്ങളിലൂടെ ശ്രമിച്ചത്. അതിനുള്ള ഏറ്റവും നല്ല ഉദാഹരങ്ങളാണ് മനീഷാപഞ്ചകത്തിലെ താഴെകൊടുത്തിട്ടുള്ള ശ്ലോകങ്ങൾ.(അവലംബം:മനീഷാപഞ്ചകം, വ്യാഖ്യാതാവ്: പ്രൊഫ.ജി.ബാലകൃഷ്ണൻനായർ):

- ✓ ഗംഗാജലത്തിലും ചണ്ഡാലനു മുൻപിലുള്ള ഓടയിലെ വെള്ളത്തിലും പ്രതിഫലിക്കുന്ന സൂര്യനും, സ്വർണ്ണക്കുടത്തിലെ ആകാശത്തിനും മൺകുടത്തിലെ ആകാശത്തിനും തമ്മിലും എന്താണു ഭേദം? തരംഗരഹിതമായ സമുദ്രസമാനമായി, ശാന്തമായി, അനന്തസച്ചിദാനന്ദ ലക്ഷണമായി, സഹജമായിരിക്കുന്ന പ്രത്യുഗാത്മവസ്തുവിൽ 'ഇവൻ വിപ്രൻ, ഇവൻ ചണ്ഡാലൻ'എന്നിങ്ങ

നെയുള്ള ഭേദബുദ്ധിക്ക് സ്ഥാനമെവിടെ? (കിം ഗംഗാബുനി ബിംബിതേമ്ബ രമണൌ ചണ്ഡാലവീഥീപയ/പൂരേവാന്തരമസ്തി കാഞ്ചനഘടീ,മൃത് കുംഭ യോർവാംബരേ!/ പ്രത്യഗ്വസ്തുനി നിസ്തരംഗാഃ സഹജാനന്ദാ ബോധാം ബു ധൗ/വിപ്രോയം ശ്വപചോ യമിത്യപി മഹാൻ കോയം വിഭേദഭ്രമം- പ്രാരംഭഃ).

- ✓ ഏതൊരു ബോധമാണോ, ഉണർവ്വിലും സ്വപ്നത്തിലും ഉറക്കത്തിലും മറ്റെന്തിനെക്കാളും വ്യക്തമായി സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്നത്, ഏതൊരു ബോധമാണോ ജഗത്തിനെ മുഴുവൻ പ്രകാശിപ്പിച്ചുകൊണ്ട് ബ്രഹ്മാവുതൊട്ട് ഉറുമ്പുവരെയുള്ള സകല ശരീരങ്ങളിലും കോർത്തിണക്കപ്പെട്ടിരിക്കുന്നത്, അതേ ബോധംതന്നെയാണ് ഞാൻ; ഉണ്ടായി മറയുന്ന ജഢദൃശ്യങ്ങളൊന്നും ഞാനല്ലതന്നെ; എന്നിങ്ങനെയുള്ള ഉറപ്പായ അറിവെങ്കിലും ഒരാൾക്ക് ഉണ്ടെങ്കിൽ, അയാൾ ജനനംകൊണ്ടു ചണ്ഡാലനോ ബ്രാഹ്മണനോ ആയിരിക്കട്ടെ; ഗുരുവാണ്. ഇക്കാര്യം എന്റെ സംശയാതീതമായ തീരുമാനമത്രെ.(ജാഗ്രത്ത് സ്വപ്ന സുഷുപ്തിഷു സ്ഫുടതരാ യാ സംവിദുജെ ജൃംഭതേ യാബ്രഹ്മാദിപിപീലി കാന്ത തനുഷു പ്രോതാ ജഗത് സാക്ഷിണി/ സൈവാഹം നഃ ച ദൃശ്യ വസ്ത്വി തി ദൃഢ പ്രജ്ഞാപി യസ്യാസ്തി ചേത്/ചണ്ഡാലോസ്തുസതു ദ്വിജോസ്തു ഗുരുരി ത്യേഷാ മനീഷാ മമഃ-ശ്ലോകം:01).
- ✓ ഞാൻ ബ്രഹ്മം തന്നെയാണ്. ഈ ജഗത്തു മുഴുവൻ ആ ജ്ഞാനമൂർത്തിയുടെ പ്രകടനവുമാണ്. പലതായിക്കാണപ്പെടുന്ന ഈ പ്രപഞ്ചം മുഴുവൻ, ത്രിഗുണാത്മികയായ അവിദ്യ വഴിയായി എന്നാൽ സങ്കൽപ്പിച്ചു കാണപ്പെടുന്നതാണ്. അതിരറ്റ സുഖസ്വരൂപവും, അഴിവില്ലാത്തതും, പ്രപഞ്ചത്തിന്റെ പരമകാരണവും, കളങ്കമറ്റതുമായ ബ്രഹ്മത്തിൽ ഏതൊരാൾക്ക് ഇപ്രകാരം ഉറപ്പായ ബുദ്ധി വന്നുചേരുന്നുവോ അയാൾ ജനനംകൊണ്ടു ചണ്ഡാലനോ ബ്രാഹ്മണനോ ആയിരിക്കട്ടെ; ഗുരുവാണ്. ഇക്കാര്യം എന്റെ സംശയാതീതമായ തീരുമാനമത്രെ.(ബ്രഹ്മൈവാഹമിദം ജഗ സകലം ചിന്മാത്ര വിസ്താരിതം/സർവം ചൈതദ വിദ്യയാ ത്രിഗുണയാശേഷം മയാകല്പിതം/ ഇത്ഥം യസ്യ ദൃഢാമതിഃ സുഖതരേ നിത്യേ പരേ നിർമ്മലേ/ ചണ്ഡാലോസ്തു സതു ദ്വിജോസ്തു ഗുരുരിത്യേഷാ മനീഷാ മമഃ-ശ്ലോകം:02).

ഇത്രകൃത്യമായി ബ്രഹ്മത്തിന്റെ അദ്വൈതഭാവം ആവിഷ്കരിച്ച ശങ്കരാചാര്യരെ, ദ്വൈതചിന്തയുടെ ആത്യന്തിക വക്താവായി അവതരിപ്പിക്കുന്ന ജാതിബ്രാഹ്മണ്യത്തിന്റെ കുബുദ്ധിയോളം വരുന്ന മറ്റൊരു അപനിർമ്മിതി ഉണ്ടായിട്ടുണ്ടോ?

ഏഴുവയസ്സാകുമ്പോഴേയ്ക്കും പഠിക്കാൻ ഇനിയൊന്നുമില്ലാ എന്ന നിലയിൽ, വേദശാസ്ത്രങ്ങളിലും കലകളിലും അസാമാന്യജ്ഞാനം നേടിയെങ്കിലും, പതഞ്ജലിയെയും കണാദനെയും കപിലനെയുംപോലെയുള്ള ദാർശനികന്മാരെ കടത്തിവെയ്ക്കുന്ന വാക്വൈഭവം സ്വായത്തമാക്കിയെങ്കിലും, അനിതരമായ സ്വഭാവ വൈശിഷ്ട്യം സ്വന്തമാക്കിയെങ്കിലും യതീന്ദ്രന്മാർക്കു സമാനമായ വൈരാഗ്യാദിഗുണങ്ങൾക്കുടമയായെങ്കിലും അദ്ദേഹത്തിൽനിന്നു ദ്വൈതബോധം ഒഴിവായിരുന്നില്ല എന്നതു മനസ്സിലാക്കിയതുകൊണ്ടാകാം സാക്ഷാൽപരമശിവൻ നേരിട്ടുപ്രത്യക്ഷ

പ്പെട്ട് അദ്വൈതബോധം പകർന്നുനൽകി, അദ്വൈതതത്വത്തിന്റെ പുനഃസ്ഥാപന ത്തിനു വിത്തുപാകിയത്. താൻ ബ്രാഹ്മണനാണെന്നോ, ഉന്നതനായ മനുഷ്യനാണെ ന്നോ, പുരുഷനാണെന്നോ, പണ്ഡിതനാണെന്നോ ഉള്ള ഏതെങ്കിലും ദ്വൈതഭാവന നിലനിൽക്കുന്ന ഒരാളിനും അദ്വൈതബോധമുണ്ടാകുകയില്ലല്ലോ. അതുകൊണ്ടു തന്നെ അദ്വൈതസിദ്ധാന്തത്തിന്റെ പുനഃരുജ്ജീവനത്തിനു കാരണഭൂതനാകാൻ കഴിയില്ലല്ലോ. താൻ, ശരീരമോ മനസ്സോ ബുദ്ധിയോ അഹങ്കാരമോ ഒന്നുമല്ലെന്നും, ചിദാനന്ദരൂപമായ ശിവാംശമാണെന്ന ജ്ഞാനമുണ്ടായിട്ടും; ശുകബ്രഹ്മർഷിയുടെ ഉത്തമശിഷ്യപരമ്പരയിൽപ്പെടുന്ന മഹാവിജ്ഞനും,ആദിശേഷന്റെ അവതാരവു മായ ഗൗഡപാദരാൽ ബ്രഹ്മോപദേശം നേടിയിട്ടും മായാതെ അവശേഷിച്ച ജാത്യാ ഭിമാനത്തെ, ചതുർവ്വേദസാക്ഷിയാക്കി(ചണ്ഡാലനെ അനുഗമിച്ച നാലു നായ്ക്കൾ, നാലുവേദങ്ങളെയാണ് പ്രതിനിധീകരിച്ചതെന്നാണാല്ലോ വ്യാഖ്യാനം) തച്ചുടയ്ക്കു കയാണ് മഹാദേവൻ ചെയ്തത് എന്നാണ് സത്യത്തിൽ ചണ്ഡാളകഥയിൽ ശ്രീശങ്ക രൻ പറഞ്ഞതും; നാം കേൾക്കാതെ പോയതും. ആ സത്യം പുറത്തറിയാതിരിക്കാ നുള്ള വിക്രിയകൾമാത്രമാണ് ആ സംഭവത്തിനു നൽകുന്ന വ്യാഖ്യാനങ്ങളെല്ലാം.

വ്യാസന്റെ തിരുത്ത്: വഴിമാറ്റലല്ല; വഴിയൊരുക്കലാണ് ശരി

അത്രിമഹർഷി ഹിമാലയത്തിൽവെച്ചു നിർവ്വഹിച്ച ഒരു സത്രത്തിനിടെ, വ്യാസമ ഹർഷിയുടെ ആഗ്രഹപ്രകാരം, ഗുരുവായ ഗോവിന്ദഭഗവത്പാദരുടെ നിർദ്ദേശാനു സരണമാണ് ശ്രീശങ്കരൻ വ്യാസവിരചിതമായ ബ്രഹ്മസൂത്രത്തിനു ഭാഷ്യം ചമച്ചത്. അതിനു നിർബന്ധിതമായ അവസ്ഥ അദ്ദേഹം ശങ്കരനോടു വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്: "ബ്രഹ്മസൂത്രത്തെ ഇക്കാലം മിക്കവരും തെറ്റിദ്ധരിച്ചുകൊണ്ടാണി രിക്കുന്നത്. അവരവരുടെ മനസ്സുപോലെ പലരും ഭിന്നഭിന്നമായി അർത്ഥം കൽപ്പി ക്കുന്നു." അതായത്, സ്വന്തം താത്പര്യസംരക്ഷിക്കുന്നതിനുവേണ്ടി പലരും പലരീ തിയിൽ വ്യാഖ്യാനിച്ചതിനെത്തുടർന്നാണ് ബ്രഹ്മസൂത്രം അടക്കമുള്ള ഗ്രന്ഥങ്ങളെ വേദത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാൻ ശങ്കരൻ നിയോഗിക്കപ്പെട്ടത്. അത്തരത്തിൽ, ബ്രഹ്മസൂത്രഭാഷ്യരചനക്കുവേണ്ടി കാശിയിലെത്തി ഒരുക്കങ്ങൾ നടത്തിയ കാലത്താണ് പരമശിവൻ ചണ്ഡാലരൂപത്തിലെത്തി ശങ്കരനിലെ ജാത്യാ ഭിമാനവും ദ്വൈതബുദ്ധിയും ഉടച്ചെറിഞ്ഞത്. അതുതന്നെയാകാം ആ സംഭവത്തി ന്റെ മാഹാത്മ്യം. ആ സംഭവം ഉണ്ടായിരുന്നില്ലെങ്കിൽ, മറ്റു പലരും നടത്തിയതിനു സമാനമായ കേവലമൊരു 'ജാതിബ്രാഹ്മണസൃഷ്ടി'യായി ശങ്കരന്റെ ബ്രഹ്മസൂത്ര ഭാഷ്യവും മാറുമായിരുന്നു എന്നു വ്യക്തം. അതു മനസ്സിലാക്കിയാണ് മഹാദേവൻ ശങ്കരന് വേദസാരസർവ്വസ്വമായ അദ്വൈതജ്ഞാനം പകർന്നുനല്കിയത്. പിന്നീട് സൂത്രഭാഷ്യരചനാശേഷം വേദവ്യാസമഹർഷി നേരിട്ട് എത്തി ശങ്കരന്റെ ഭാഷ്യം പരിശോധിക്കുന്ന സംഭവവും അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളിൽ പ്രസ്താവിക്കു ന്നുണ്ട്.(ശങ്കരോപാഖ്യാനം,അധ്യായം:5)ബ്രഹ്മസൂത്രഭാഷ്യരചനയിലെ കൃത്യതയും പൂർണ്ണതയും ബോധ്യപ്പെട്ടതിനെത്തുടർന്നാണ് വ്യാസമഹർഷി ശങ്കരനോട് ഉപനി ഷത്തുകൾക്കു ഭാഷ്യമെഴുതുവാൻ ആവശ്യപ്പെട്ടത്. ആ കർമ്മത്തിനും, ഭാഷ്യങ്ങ ളുടെ പ്രചാരണത്തിനും വേണ്ടിയാകാം അദ്ദേഹത്തിന്റെ ആയുസ്സു പതിനാറുവർ ഷം നീട്ടിക്കൊടുത്തത്. വഴിമാറ്റലല്ല; വഴിയൊരുക്കലാണ് ശരിയെന്ന് ശങ്കരനെ തി

രുത്തുകയായിരുന്നു വ്യാസൻ ആ സംഭവത്തിലൂടെ ചെയ്തത്. സത്യത്തിൽ,ശങ്കരന്റെ ഉള്ളിലെ ബ്രാഹ്മണ്യചിന്ത നീക്കി അദ്വൈതിയാക്കുകയായിരുന്നു വ്യാസൻ.

ഹൈന്ദവഗ്രന്ഥങ്ങളെ ദുർവ്യാഖ്യാനംചെയ്ത് ബ്രാഹ്മണപൗരോഹിത്യം സനാതന സംസ്കൃതിക്ക് ഉണ്ടാക്കിവെച്ച പരുക്കുകൾ തിരിച്ചറിഞ്ഞതിനാലാകാം ബ്രഹ്മസൂത്രത്തെത്തുടർന്ന്, ഏറ്റവും പ്രാമാണികമായ പത്തുപനിഷത്തുകൾക്കും ഭഗവദ്ഗീതയടക്കമുള്ള കൃതികൾക്കും ശങ്കരൻ ഭാഷ്യമെഴുതിയതും ശിഷ്യന്മാരേയും സമൂഹത്തെയും അഭ്യസിപ്പിച്ചതും. അതാണ് സനാതനധർമ്മത്തിന്റെ മടങ്ങിവരവിന് നിമിത്തമായത്. ആ പരിവർത്തനം പണ്ഡിതന്മാരിൽ സാധ്യമാക്കുന്നതിനും സമൂഹത്തിൽ നിലനിന്നിരുന്ന ധാരണകൾ തിരുത്തുന്നതിനുമാണ് ശങ്കരൻ ദിഗ്വിജയയാത്ര നടത്തിയതും, വിപരീതചിന്താഗതിക്കാരായ വിദ്വാന്മാരെ മൊത്തം സംവാദങ്ങളിൽ പരാജപ്പെടുത്തി തിരുത്തിയതും. അല്ലാതെ,ആര്യമതമേധാവികൾ പ്രചരിപ്പിക്കുന്നതുപോലെ, ബുദ്ധമതത്തെ ഇല്ലായ്മചെയ്യുകയായിരുന്നില്ല ശങ്കരാചാര്യരുടെ അവതാരലക്ഷ്യം. ബുദ്ധമതത്തെ ശത്രുപക്ഷത്തു നിറുത്തുന്ന അവരുടെ പ്രചാരവേലകളെല്ലാം സ്വന്തം തെറ്റുകൾ മറച്ചുവെയ്ക്കാനുള്ള നാടകങ്ങൾ മാത്രമാണ്. അതിന്റെ തെളിവുകൾ വരുന്ന അധ്യായങ്ങൾ കാണാം.

ജഗദ്ഗുരുവിന്റെ ഗുരു

ഗോവിന്ദഭഗവത്പാദരായിരുന്നു ശങ്കരന്റെ ഗുരുനാഥൻ എന്ന് ശങ്കരവിരചിതമായ വിവേകചൂഢാമണിയിലും, ശ്രീശങ്കരന്റെ ജീവചരിത്രമായ ശാങ്കരവിജയത്തിലും കാണുന്ന പരാമർശങ്ങളിൽനിന്നും വ്യക്തമാണ്. ഗോവിന്ദഭഗവത്പാദരെ ശങ്കരാചാര്യരുടെ ഗുരുവായി നിയോഗിച്ചത് അദ്ദേഹത്തിന്റെ മാതാപിതാക്കളല്ല. സന്യാസത്തിലേക്ക് ആകൃഷ്ടനായി ഉത്തമഗുരുവിനെ തേടി കേരളം വിട്ട ബാലകനായ ശങ്കരൻ ഉത്തരഭാരതത്തിലെ യാത്രയ്ക്കിടെ നർമദാനദീതീരത്തുവെച്ചു ഗോവിന്ദപത്മപാദരെ കണ്ടെത്തുകയായിരുന്നു. വേദവ്യാസന്റെ ശിഷ്യപരമ്പരയിൽപ്പെട്ട ഗൗഡപാദരുടെ ശിഷ്യനായ ഗോവിന്ദപാദർ, തനിക്കു മുന്നിൽ എത്തിയ ശങ്കരനെ പരിശോധിച്ച് യോഗ്യനെന്ന് ഉറപ്പുവരുത്തിയശേഷമാണ് അനുചരനാക്കിയത്. ശങ്കരന്റെ വിശദാംശങ്ങൾ അമ്പേഷിച്ച ഭഗവത്പാദർക്ക്,അദ്വൈതവേദാന്തത്തിന്റെ സത്തമുഴുവൻ ഉൾക്കൊള്ളുന്ന പത്തു ശ്ലോകങ്ങൾ നിമിഷാർദ്ധത്തിൽ സൃഷ്ടിച്ച് ശങ്കരൻ ഉത്തരമേകി. ‘നീ ആരാണെന്ന’ ഗുരുവിന്റെ ചോദ്യത്തിനുള്ള ശങ്കരന്റെ ആ മറുപടിയോളം കൃത്യമായ ഒരു ഉത്തരം, ശങ്കരനെന്ന മഹായോഗിയെ ബ്രാഹ്മണവാദിയെന്നു വിമർശിക്കുന്നവർക്കും, ആ പേരിനെ ബ്രാഹ്മണബിംബമായി ദുരുപയോഗം ചെയ്യുന്നവർക്കും വേറെ കിട്ടാനില്ല. താനാരാണ് എന്ന, ലോകത്തോടുള്ള പ്രഖ്യാപനമായിത്തന്നെ ശങ്കരന്റെ ആ വാക്കുകളെ കാണണം:

'നീ ആരാണെന്ന' പത്മപാദരുടെ ചോദ്യത്തിന് എട്ടുവയസ്സുകാരനായ ശങ്കരൻ നൽകിയ മറുപടിയിലെ, ‘നഃ ഭൂവിർ നഃ തോയം നഃ തേജോ നഃ വായു...’ എന്നു തുടങ്ങുന്ന ശ്ലോകം, അദ്ദേഹത്തിന്റെ അപാരമായ ആദ്ധ്യാത്മികജ്ഞാനം വ്യക്തമാക്കുന്നതിനുവേണ്ടി പലപ്പോഴും ഉദ്ധരിച്ചുകാണാറുണ്ട്. 'ഞാൻ ഈ പഞ്ചഭൂതാത്മകമായ ശരീരമല്ല; ശരീരമോ മനസ്സോ ഇല്ലാത്ത സുഷുപ്ത്യാവസ്ഥയിലും ഏതൊരു സത്തയു

ണ്ടോ അതാണ് ഞാൻ; സച്ചിതാനന്ദമാണ് ഞാൻ; ശിവമാണ് ഞാൻ' എന്ന അദ്വൈത ചിന്തയുടെ പരകോടിയിലുള്ള പ്രഖ്യാപനത്തിലൂടെ, പത്മപാദരുടെ ഹൃദയം കീഴടക്കിയ ആ ഉത്തരം 'ദശശ്ലോകി സ്തുതി' എന്നപേരിലുള്ള സുപ്രസിദ്ധകൃതിയായി ശങ്കരാചാര്യർ മാറ്റിയിട്ടുണ്ട്. അതിലെ രണ്ടാമത്തെ ശ്ലോകം ഇപ്രകാരമാണ്: നഃ വർണാ നഃ വർണാശ്രമാചാര ധർമഃ/നമേ ധാരണാ ധ്യാനഃ യോഗാദ യോപി/ അനാത്മാശ്രയാഹം മമാധ്യാസഹാനാത്/തദേകോഽവശിഷ്ട ശിവ കേവലോഽഹം. വർണ്ണാശ്രമാചാരങ്ങളേയും വർണ്ണവിവേചനത്തെയും പാടേ നിരാകരിച്ചിരുന്ന ആ ശങ്കരനെ, വർണ്ണവ്യവസ്ഥയുടെയും ജാതിചിന്തയുടെയും വിവേചനങ്ങളുടെയും വക്താവാക്കുന്നവരുടെ കടുംകൈ അദ്ദേഹം പൊറുത്താലും കാലം പൊറുക്കുമോ?

എല്ലാവർക്കും ബ്രഹ്മത്തേക്കുറിച്ചു പഠിക്കുന്നതിനുള്ള അവകാശമുണ്ട്; പരമമായ ജ്ഞാനം ബ്രഹ്മത്തെകുറിച്ച് അറിയുന്നതിലൂടെ മാത്രമേ സിദ്ധിക്കൂ എന്ന് (സർവേഷാം ചാധികാരോ വിദ്യായാം ച ശ്രേയഃ കേവലയാ ച വിദ്യായാ വേത്തിഃ സിദ്ധം.) തൈത്തരീയോപനിഷത്തിന്റെ വ്യാഖ്യാനത്തിൽ കൃത്യമായി പ്രഖ്യാപിച്ച ശങ്കരാചാര്യനാണ് അബ്രാഹ്മണർക്കു വേദപഠനം നിരാകരിച്ച ജാതിബ്രാഹ്മണ്യത്തിന്റെ കുടിലതയുടെപേരിൽ ഏറ്റവും പേരുദോഷം കേട്ടത് എന്നത് ഒരു വൈരുദ്ധ്യമാണ്. ശങ്കരനെ അദ്വൈതവേദാന്തത്തിന്റെ പുനഃസ്ഥാപകനായി പരിവർത്തനം ചെയ്യുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച അദ്ദേഹത്തിന്റെ ഗുരുനാഥനെ അടുത്തറിയുന്നത് ഈ പര്യടനത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, അദ്വൈതവേദാന്തത്തെക്കുറിച്ചു ലഭ്യമായ കൃതികളിൽ ഏറ്റവും ആദ്യത്തേതെന്നു കരുതുന്ന ഗ്രന്ഥങ്ങൾ ഗോവിന്ദാചാര്യരുടേതാണ്. ശ്രീശുകന്റെ ശിഷ്യപരമ്പരയിൽപ്പെട്ട ഗോവിന്ദാചാര്യരും ശങ്കരനും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും ഉൾപ്പെടുന്ന ഒരു പരിഷ്കരണപ്രസ്ഥാനം, സനാതനധർമ്മത്തെ വീണ്ടെടുക്കാൻ പ്രയത്നിച്ചിരുന്നു എന്നാണല്ലോ അതിൽനിന്നും വ്യക്തമാകുന്നത്.

ഗോവിന്ദഭഗവത്പാദർ ആരായിരുന്നു?

ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദഭഗവത്പാദരും ജന്മംകൊണ്ട് ഒരു ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന് ഒരു ശൂദ്രസ്ത്രീയടക്കം നാലു ഭാര്യമാരാണ് ഉണ്ടായിരുന്നത്. സത്യത്തിൽ,ശൂദ്രകന്യകയെ വിവാഹം കഴിക്കുന്നതിനുവേണ്ടിയാണ് ബ്രഹ്മജ്ഞാനിയും ബ്രാഹ്മണകുലജാതനുമായ ഗോവിന്ദ ഭഗവത്പാദർ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യകുലങ്ങളിൽപ്പെടുന്ന മറ്റു മൂന്നുപേരെയും വിവാഹം ചെയ്തത്. ബ്രാഹ്മണന് ബ്രഹ്മ-ക്ഷത്ര-വൈശ്യകുലങ്ങളിൽനിന്നും യഥാക്രമം വിവാഹം ചെയ്താൽ മാത്രമേ ഒരു ശൂദ്രസ്ത്രീയെ ഭാര്യയാക്കാനാകൂ എന്ന ശാസ്ത്രവിഹിതമായ നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ശൂദ്രയുവതിയുടെ അനുവാദത്തോടെ മറ്റു മൂന്നുപേരെയും വിവാഹംകഴിച്ചതെന്ന്, കൊട്ടാരത്തിൽ ശങ്കുണ്ണിയെഴുതിയ ഐതിഹ്യമാലയിലെ മഹാഭാഷ്യം എന്ന ആഖ്യാനത്തിൽ കാണുന്നു. ചിരപ്രചരിതമായ ഒരുപാട് മുൻവിധികൾ തകർത്തുകളയുന്ന ആ കഥ ഇപ്രകാരമാണ്:

പതഞ്ജലിമഹർഷി സംസ്കൃതവ്യാകരണഗ്രന്ഥമായ മഹാഭാഷ്യമെഴുതി തന്റെ ആയിരം ശിഷ്യന്മാരെയും അടുത്തിരുത്തി പറഞ്ഞുകൊടുത്ത് പഠിപ്പിച്ചുകൊണ്ടി

രിക്കുമ്പോൾ, ശിഷ്യന്മാരിൽ ഒരാൾ അനുവാദം കൂടാതെ എഴുന്നേറ്റ് പാഠശാലയിൽനിന്നു പുറത്തേക്കുപോയി. ശിഷ്യന്റെ ദുഃസ്വാതന്ത്ര്യ പ്രവൃത്തി മഹർഷിയ്ക്കു തീരെ സുഖിച്ചില്ല. അതിനാൽ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ പെട്ടെന്നു കോപാഗ്നി ജ്വലിച്ചു. അദ്ദേഹം കോപത്തോടുകൂടി ശിഷ്യന്മാരെ നോക്കി. സമീപത്തിരുന്ന ശിഷ്യരൊക്കെ ഗുരുവിന്റെ കോപാഗ്നിയിൽ ഭസ്മാവശേഷരായി ഭവിച്ചു. സ്വന്തം പ്രിയശിഷ്യന്മാരെല്ലാം ചാമ്പലായിപ്പോയതിനെക്കുറിച്ചു ശുദ്ധാത്മാവായ തപോധനന്റെ മനതാരിൽ അപാരമായ പശ്ചാത്താപമുണ്ടായി. ജനോപകാരാർത്ഥം താനുണ്ടാക്കിയ മഹാഭാഷ്യം അഭ്യസിച്ച ശിഷ്യന്മാരെല്ലാവരും നശിച്ചുപോയല്ലോ എന്നു വിചാരിച്ച് മഹർഷി വിഷാദിച്ചിരിക്കുമ്പോൾ, പുറത്തേയ്ക്കിറങ്ങിപ്പോയ ശിഷ്യൻ വിവരമറിഞ്ഞ് അദ്ദേഹത്തിന്റെ അടുക്കൽവന്നു. ''അല്ലയോ സ്വാമിൻ! അവിടുന്ന് ഒട്ടും വിഷാദിക്കേണ്ട. അവിടുത്തേക്കു ശിഷ്യനായിട്ട് ഞാനുണ്ടല്ലോ. മഹാഭാഷ്യം മുഴുവനും എനിക്കു ഹൃദിസ്ഥമായിട്ടുണ്ട്. ഞാൻ അതിനെ ശിഷ്യപരമ്പരവഴി പ്രചരിപ്പിച്ചുകൊള്ളാം'' എന്നു പറഞ്ഞു. അപ്പോഴും പതഞ്ജലിയുടെ മനസ്സിൽ വീണ്ടും കോപാഗ്നി ജ്വലിക്കയാൽ "എടാ ദ്രോഹീ, നീ കാരണമല്ലെ എന്റെ പ്രിയശിഷ്യന്മാരെല്ലാം നശിച്ചുപോയത്. അതിനാൽ നീയും ഭസ്മമായിപ്പോകട്ടെ"എന്ന് ആ ശിഷ്യനെയും ശപിച്ചു ഭസ്മമാക്കി.മഹർഷി പിന്നെയും അങ്ങനെ വിഷാദിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗന്ധർവൻ അദ്ദേഹത്തിന്റെ അടുക്കൽ എത്തി."അല്ലയോ ഭഗവാനേ! അവിടുന്നു വിഷാദിക്കരുത്. അവിടേയ്ക്കു പ്രിയശിഷ്യനായിട്ട് ഈ ഞാനുണ്ട്. ഞാനൊരു ഗന്ധർവനാണ്. ഞാൻ വളരെക്കാലമായി ഈ ആശ്രമസമീപത്തിങ്കൽ നിൽക്കുന്ന അശ്വത്ഥവൃക്ഷത്തിന്മേലിരിക്കുന്നു. അവിടുന്നു മഹാഭാഷ്യം ശിഷ്യന്മാർക്കു ചൊല്ലിക്കൊടുക്കുന്നതു കേട്ടുകേട്ട് അതെല്ലാം ഞാൻ ഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് എന്നെ അവിടുന്ന് ശിഷ്യനായി അംഗീകരിച്ചാലും"എന്ന് അറിയിച്ചു. അതു കേട്ടപ്പോഴും മഹർഷിക്കു കോപമാണുണ്ടായത്. "എന്റെ സമ്മതം കൂടാതെയും, ഞാൻ ഉപദേശിക്കാതെയും എന്റെ ഭാഷ്യം ഒളിച്ചിരുന്നു ഗ്രഹിച്ചതിനാൽ നീ ബ്രഹ്മരാക്ഷസനായിത്തീരട്ടെ" എന്നു മഹർഷി ആ ഗന്ധർവ്വനെ ശപിച്ചു. അതുകേട്ടപ്പോൾ വളരെ പരവശനായിത്തീർന്ന ഗന്ധർവൻ, വിനയസമേതം മഹർഷിയുടെ കാൽക്കൽവീണുനമസ്കരിച്ച് ശാപമോക്ഷത്തിനായി അപേക്ഷിച്ചു. ശുദ്ധഹൃദയനായ മഹർഷി ഉടനെ പ്രസാദിച്ച്, "നീ എന്റെ ഭാഷ്യം, അതു ഗ്രഹിക്കാൻ യോഗ്യതയുള്ള ഒരാൾക്ക് ഉപദേശിച്ചുകൊടുക്കണം. ഭാഷ്യം മുഴുവനും ഉപദേശിച്ചു കഴിയുമ്പോൾ നീ ശാപമുക്തനായി നിജസ്ഥിതി പ്രാപിക്കും" എന്നു പറഞ്ഞു ഗന്ധർവനെ അനുഗ്രഹിച്ചു. ബ്രഹ്മരാക്ഷസനായ ഗന്ധർവൻ മഹർഷിയെ വന്ദിച്ചിട്ട് അവിടെനിന്നുംപോയി, ശാപമോക്ഷത്തിനുള്ള അവസരംനോക്കി അടുത്തുള്ള കാട്ടിലെ ഒരു ആൽമരത്തിന്റെ മുകളിൽച്ചെന്ന് ഇരിപ്പായി.

ഭാഷ്യം ഗ്രഹിക്കുന്നതിനു തക്ക യോഗ്യതയുള്ളവർക്കുവേണമല്ലോ അത് ഉപദേശിച്ചുകൊടുക്കാൻ എന്നുവിചാരിച്ച് ആ ബ്രഹ്മരാക്ഷസൻ, അതിലെ കടന്നുപോകുന്ന ബ്രാഹ്മണന്മാരെയൊക്കെ വിളിച്ച്, അവരുടെ യോഗ്യത പരീക്ഷിച്ചുകൊണ്ടിരുന്നു. ബ്രഹ്മരാക്ഷസന്റെ പരീക്ഷ എങ്ങനെയെന്നാൽ, തന്റെ അടുത്തു വരുന്നവരോട് "പ ചേർന്നിഷ്ഠായാം കിം രൂപം" എന്നൊരു ചോദ്യം ചോദിക്കും. ശരിയായ ഉത്തരം

പറയാത്തവരെ,അവൻ പിടിച്ചുഭക്ഷിക്കുകയും ചെയ്യും. ശരിയായി ഉത്തരം ആരും പറയാത്തതിനാൽ ബ്രഹ്മരാക്ഷസൻ അസംഖ്യം ബ്രാഹ്മണരെ പിടികൂടി ഭക്ഷിച്ചു. അങ്ങനെ വളരെക്കാലം കഴിഞ്ഞുപോയി.[ബ്രാഹ്മണരായി പിറന്ന എല്ലാവരും മഹാഭാഷ്യം പഠിക്കാൻ യോഗ്യരല്ലെന്നും, അനവധി (യോഗ്യരല്ലാത്ത)ബ്രാഹ്മണരെ കൊന്നുതിന്നിട്ടുപോലും ബ്രഹ്മരാക്ഷസനു ബ്രഹ്മഹത്യാപാപമുണ്ടായില്ല എന്നും ചുരുക്കം.]

അങ്ങനെയിരിക്കെ ഒരു ദിവസം, സർവ്വശാസ്ത്രപാരംഗതനും വേദജ്ഞനും വേദാന്തിയും വിരക്തനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ അതുവഴി വന്നു. അദ്ദേഹം സന്യസിക്കണമെന്നു നിശ്ചയിച്ച്, തനിക്ക് ക്രമസന്യാസം തരുന്നതിനും തന്റെ ഗുരുവായി സ്വീകരിക്കുന്നതിനും പറ്റിയ യോഗ്യതകളുള്ള ഒരാളെ കണ്ടുകിട്ടുന്നതിനായി അന്വേഷിച്ചു നടക്കുകയായിരുന്നു. ആ ബ്രാഹ്മണനെ കണ്ട നിമിഷം, ബ്രഹ്മരാക്ഷസൻ അടുക്കൽ വിളിച്ച് മേൽപ്പറഞ്ഞ ചോദ്യം ചോദിച്ചു. ബ്രാഹ്മണൻ 'പക്വം' എന്ന് ഉത്തരം പറഞ്ഞു. അതുകേട്ടപ്പോൾ, അദ്ദേഹത്തിന് മഹാഭാഷ്യം ഗ്രഹിക്കാൻ തക്ക യോഗ്യതയുണ്ടെന്നു മനസ്സിലാക്കി ബ്രഹ്മരാക്ഷസൻ അദ്ദേഹത്തിനു ഭാഷ്യം ഉപദേശിച്ചുകൊടുക്കാനാരംഭിച്ചു. ബ്രഹ്മരാക്ഷസൻ ആലിന്മേലും ബ്രാഹ്മണൻ ആൽത്തറയിലും ഇരുന്നു. ആദ്യംതന്നെ, ബ്രാഹ്മണന് വിശപ്പും ദാഹവും ഉറക്കവും വരാതെയിരിക്കാനായി ഒരു ദിവ്യഔഷധം കൊടുത്തു സേവിപ്പിച്ചിട്ടാണ് ബ്രഹ്മരാക്ഷസൻ ഭാഷ്യമുപദേശിക്കാൻ തുടങ്ങിയത്. രാക്ഷസൻ ആലില ഇറുത്തു ഭാഷ്യം കുറേശ്ശെ എഴുതിക്കൊടുക്കുകയും ബ്രാഹ്മണൻ അത് നോക്കി പഠിക്കുകയുമാണ് ചെയ്തത്. അങ്ങനെ, ആറുമാസക്കാലം കഴിഞ്ഞപ്പോൾ മഹാഭാഷ്യം മുഴുവനും ഉപദേശിക്കുകയും ബ്രാഹ്മണൻ ധരിക്കുകയുമുണ്ടായി.അതോടെ ബ്രഹ്മരാക്ഷസൻ ശാപമുക്തനായി പൂർവസ്ഥിതിയിൽ ഗന്ധർവത്വത്തെ പ്രാപിക്കുകയുംചെയ്തു. ഉടൻ ബ്രാഹ്മണൻ തന്റെ ഗുരുവായ ഗന്ധർവനെ വണങ്ങി യാത്രയും പറഞ്ഞ് അവിടന്നു യാത്രയായി. അപ്പോൾ, ആ ഗന്ധർവൻ തന്റെ ശിഷ്യനെ വേണ്ടുംവണ്ണം അനുഗ്രഹിച്ചിട്ട്, "അല്ലയോ ബ്രാഹ്മണോത്തമ! അങ്ങക്കു ക്ഷുൽപിപാസകളുടെയും നിദ്രയുടെയും ബാധയുണ്ടാകാതിരിക്കാനായി ഞാൻ തന്ന ദിവ്യൗഷധത്തിന്റെ പ്രഭാവം അങ്ങേക്കു ജലസ്പർശം ഉണ്ടായാൽ നശിച്ചുപോകും. ഉടനെ ഭവാൻ നിദ്ര പ്രാപിക്കുകയും ചെയ്യും. പിന്നെ, ആറുമാസക്കാലം പിന്നിടാതെ ഉണരുകയില്ല. അതുകൊണ്ട്, ഇനി വെള്ളത്തിലിറങ്ങുന്ന കാര്യം വളരെ സൂക്ഷിച്ചുവേണം" എന്നുപറഞ്ഞ് അന്തർദ്ധാനംചെയ്തു. ശേഷം ബ്രാഹ്മണൻ മഹാഭാഷ്യം എഴുതിയ ആലിലകളും കെട്ടിയെടുത്ത് അവിടെനിന്നു തന്റെ വീട്ടിലേക്ക് യാത്രതിരിക്കുകയും ചെയ്തു. ഗ്രാമങ്ങളും നഗരങ്ങളും പിന്നിട്ടുള്ള നീണ്ട ഒരു യാത്രയായിരുന്നു അത്.

ആ ബ്രാഹ്മണൻ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് ഒരുദിവസം ഒരു ദിക്കിൽ ചെന്നപ്പോൾ മാർഗ്ഗമദ്ധ്യേയുള്ള ഒരു നദി ഇറങ്ങിക്കടക്കേണ്ടതായിവന്നു. നദിയിൽനിന്നു കുറച്ചു വെള്ളമെടുത്ത് മുഖം കഴുകിയ ഉടനെ ആ ബ്രാഹ്മണൻ ഗാഢനിദ്രപ്രാപിച്ച് അവിടെ വീണുപോയി. അപ്പോൾ, ആ കടവിൽ കുളിച്ചുകൊണ്ടു നിന്ന യൗവനയുക്തയായ ഒരു കന്യക അതുകണ്ട് അടുത്തുചെന്നു നോക്കി. അദ്ദേഹം ഉറങ്ങുകയാണെന്നും, അല്ലാതെ മോഹാലസ്യവും മറ്റുമല്ലെന്നും മനസ്സിലാക്കി. അവൾ ദാസിമാരിൽ ഒരുത്തിയെ വീട്ടിലേക്കു പറഞ്ഞയച്ചു നാലു ഭൃത്യൻമാരെ വരുത്തി, അവരെ

ക്കൊണ്ട് ബ്രാഹ്മണനെ എടുപ്പിച്ച് സ്വഗൃഹത്തിലേക്കു കൊണ്ടുപോയി. ആ കന്യക നാടുവാഴിയായ ശൂദ്രപ്രഭുവിന്റെ സന്താനവും, ആഭിജാത്യം സൗന്ദര്യം സൗശീല്യം വൈദുഷ്യം വൈദഗ്ദ്ധ്യം തുടങ്ങിയ സകല സദ്ഗുണങ്ങളും തികഞ്ഞവളുമായിരുന്നു. ബ്രാഹ്മണൻ കുറച്ചുനേരം കഴിയുമ്പോൾ ഉണരുമെന്നായിരുന്നു ആ കന്യകയുടെ പ്രതീക്ഷ. നേരത്തോടുനേരമായിട്ടും സ്വാമി ഉണരായ്കയാൽ, യുവതി ആ വിവരം അച്ഛന്റെ അടുക്കൽച്ചെന്നു പറഞ്ഞു. ശൂദ്രപ്രഭു വൈദ്യനെ വരുത്തിക്കാണിച്ചപ്പോൾ, "അദ്ദേഹത്തെ ബാധിച്ചിരിക്കുന്നത് ഉറക്കമാണ്; അല്ലാതെ രോഗവും ബാധയും ഒന്നുമല്ലാ. അതുകൊണ്ട്, ദിവസന്തോറും മൂന്നുപ്രാവശ്യം വീതം അന്നലേപനം(ചോറരച്ചു ദേഹമാസകലംതേയ്ക്കുക) ചെയ്യുക" എന്നുപറഞ്ഞ് വൈദ്യൻ പോയി. വൈദ്യവിധിപ്രകാരം ശുശ്രൂഷിച്ചു പ്രാണൻ രക്ഷിക്കുന്നതിന്, താൻതന്നെയല്ലാതെ ശരിയാവുകയില്ലെന്നു വിചാരിച്ച് യുവതി പിതാവിന്റെ അനുവാദംകൂടി നേടി സന്തോഷമായി ആ ബ്രാഹ്മണനെ പരിചരിച്ചുകൊണ്ടിരുന്നു.

അങ്ങനെ, ആറുമാസം കഴിഞ്ഞപ്പോൾ ആ ബ്രാഹ്മണൻ എഴുന്നേറ്റു. പിന്നെ, അവർ തമ്മിലുണ്ടായ സംഭാഷണംകൊണ്ടു ബ്രാഹ്മണന്റെ എല്ലാ സ്ഥിതികളും അദ്ദേഹം ഇത്രക്കാലം ഉറങ്ങിപ്പോകുവാനുള്ള കാരണവും മറ്റും ശൂദ്രയുവതിയ്ക്കും, ശൂദ്രകന്യകയുടെ സ്ഥിതിയും അവളുടെ ഗുണങ്ങളും, തന്നെ രക്ഷിച്ചത് അവളാണെന്നും ബ്രാഹ്മണനും മനസ്സിലായി. വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ, അവർക്കു തമ്മിൽ വളരെ ബഹുമാനവുമുണ്ടായി. ബ്രാഹ്മണന്റെ അഭ്യംഗത്തിനും അത്താഴത്തിനും വേണ്ടതൊക്കെ കന്യക തന്നെ തയ്യാറാക്കിക്കൊടുത്തതിനാൽ അന്ന് രാത്രിയിലും അദ്ദേഹം സുഖമായിട്ടുറങ്ങി.[താൻ താമസിച്ചിരുന്നത് ഒരു ശൂദ്രന്റെ വീട്ടിലാണെന്നും, തന്നെ അക്കാലമത്രയും ശുശ്രൂഷിച്ചതു ശൂദ്രകന്യകയാണെന്നും അറിഞ്ഞിട്ടും, ആ ബ്രാഹ്മണപണ്ഡിതന് ദോഷഭയമൊന്നും ഉണ്ടായില്ലെന്നു ചുരുക്കം. ഗോവിന്ദഭഗവത്പാദർ ആർഷബ്രാഹ്മണനായിരുന്നെന്നും അദ്വൈതിയായിരുന്നെന്നും നിശ്ചയമാണല്ലോ.]

പിറ്റേദിവസം ബ്രാഹ്മണൻ യാത്രചോദിക്കാൻ ശൂദ്രകന്യകയെ അടുക്കൽ വിളിച്ചു. "ഇപ്പോൾ അഞ്ചാറു മാസമായല്ലോ ഞാൻ ഇവിടെ വന്നിട്ട്. ഇനി ഞാൻ പോകുവാൻ ഭാവിക്കുകയാണ്. ഇത്രയും ദിവസം നീ എന്റെ പ്രാണരക്ഷ ചെയ്തു. ആ ഉപകാരത്തിനു തക്കതായ പ്രതിഫലമൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ട് ചോദിക്കുന്നതാണ്; നിന്റെ ആഗ്രഹമെന്താണ് എന്ന് പറഞ്ഞാൽ അത് സാധിക്കുന്നതിനായി ഞാൻ നിന്നെ അനുഗ്രഹിക്കാം"എന്നുപറഞ്ഞു. അതുകേട്ട കന്യക വിനയസമേതം തൊഴുതുകൊണ്ട്, "അല്ലയോ സ്വാമിൻ! ഞാൻ ജനിച്ചതിൽപ്പിന്നെ ഈയൊരു പുരുഷന്റെ പാദശുശ്രൂഷ ചെയ്യുന്നതിനാണ് പുണ്യം സിദ്ധിച്ചത്. അതുകൊണ്ട് ഈ ജന്മത്തിൽ മറ്റൊരു പുരുഷനെ പരിചരിക്കാൻ സംഗതിയാകാതെയിരുന്നാൽ കൊള്ളാമെന്നല്ലാതെ വേറെ ഒരാഗ്രഹവും എനിക്കില്ല. അതിനാൽ, അവിടുന്നു കൃപയുണ്ടായി ഞാൻ അവിടുത്തെ ഭാര്യയായിത്തീരാൻ അനുഗ്രഹിക്കണം എന്ന് അറിയിച്ചു.

[സകലശാസ്ത്രവിശാരദനായ ഒരു ബ്രാഹ്മണനോടു വിവാഹാഭ്യർത്ഥന നടത്താൻ, ശൂദ്രകന്യകയ്ക്കു തടസ്സമാകുന്ന സാമൂഹികസാഹചര്യങ്ങൾ അന്നുണ്ടായിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ. ഗോവിന്ദഭഗവത്പാദരും ശങ്കരാചാര്യരും ജീവിച്ച കാലഘട്ടത്തിലെ സാമൂഹികാവസ്ഥ വ്യക്തമാക്കുന്നതാണല്ലോ ഈ വസ്തുത. ജാതിഭ്രാന്തിന്റെ ആധിക്യം അന്ന്

സമൂഹത്തെ വിഭജിച്ചു മലിനമാക്കിയിരുന്നില്ലാ എന്നതുകൊണ്ടാകാം അത്. സ്മൃതിനിയമങ്ങൾ അന്നു നിലവിൽവന്നിരുന്നില്ല എന്നതാകാം ആ നന്മയുടെ കാരണം.]

ശൂദ്രകന്യകയുടെ വാക്കുകൾ കേട്ടപ്പോൾ ഗോവിന്ദസ്വാമിക്ക് ഏറെ ആശങ്കയായി. 'ബ്രാഹ്മണകുലജാതനായ താൻ ശൂദ്രകുലജാതയായ ഇവളെ ആദ്യമായി വിവാഹം ചെയ്യുന്നത് വിഹിതമല്ലല്ലോ. ഒരു ബ്രാഹ്മണനന് ബ്രഹ്മക്ഷത്രവൈശ്യകുലങ്ങളിൽ നിന്നും യഥാക്രമം ഓരോ വിവാഹം ചെയ്തല്ലാതെ, ഒരു ശൂദ്രകന്യകയെ വിവാഹം കഴിക്കാൻ പാടില്ല എന്നായിരുന്നു ശാസ്ത്രം. അതിനാൽ, അവളെ വിവാഹം ചെയ്യണമെങ്കിൽ അതിനുമുൻപായി മൂന്നുജാതിയിലുള്ള കന്യകമാരെ വിവാഹംചെയ്യേണ്ടിയിരിക്കുന്നു'. എന്നിങ്ങനെ ആലോചിച്ചിട്ട് ആ ബ്രാഹ്മണൻ ശൂദ്രകന്യകയോട്, "അല്ലയോ ഭദ്രേ! നിന്റെ ഹിതത്തെ അനുവർത്തിക്കുന്നതിനു ഞാൻ സദാ സന്നദ്ധനാണ്. എങ്കിലും, ഒരു ബ്രാഹ്മണനായ എനിക്ക് ശൂദ്രയുവതിയായ നിന്നെ വിവാഹം ചെയ്യുന്നതിന് ബ്രാഹ്മണകുലത്തിൽനിന്നും ക്ഷത്രിയകുലത്തിൽനിന്നും വൈശ്യകുലത്തിൽനിന്നും ഓരോ കന്യകമാരെ വിവാഹം ചെയ്തിട്ടല്ലാതെ പാടില്ല. അങ്ങനെയാണ് ശാസ്ത്രവിധി. അതിനാൽ, പോയി മൂന്നു വിവാഹം ചെയ്തതിനു ശേഷം ഞാൻ നിന്നെയും വിവാഹംകഴിച്ചുകൊള്ളാം. അതുവരെ നീ ക്ഷമിക്കണം." എന്നു പറഞ്ഞു. അതുകേട്ട് സന്തോഷസമേതം ശൂദ്രകന്യക ബ്രാഹ്മണനെ യാത്രയാക്കി.

അനന്തരം, ആ ബ്രാഹ്മണൻ സ്വഗൃഹത്തിൽചെന്നു താമസിച്ചുകൊണ്ട്, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-കുലങ്ങളിൽനിന്നും ഓരോ കന്യകമാരെ യഥാക്രമം വിവാഹം ചെയ്തതിനുശേഷം ആ ശൂദ്രയുവതിയേയും യഥാവിധി പത്നിയായി സ്വീകരിച്ചു. അങ്ങനെ ആ ബ്രാഹ്മണൻ നാലു ഭാര്യമാരോടുകൂടി സ്വഗൃഹത്തിൽ താമസിച്ചകാലത്ത് നാലുഭാര്യമാരിൽനിന്നും അദ്ദേഹത്തിന് ഓരോരോ പുത്രന്മാരുണ്ടായി.പുത്രന്മാരെ യഥാവിധി അദ്ദേഹംതന്നെ വിദ്യയഭ്യസിപ്പിച്ചു. മക്കൾ നാലുപേരും അതീവ യോഗ്യരും സകലശാസ്ത്രപാരംഗതരും പിതൃതുല്യഗുണവാന്മാരും ആയി മാറുകയും ചെയ്തു. നാലുപുത്രന്മാരിൽ, ബ്രാഹ്മണസ്ത്രീയിൽനിന്നുണ്ടായ പുത്രൻ വരരുചിയും, ക്ഷത്രിയകന്യകയിൽനിന്നു പിറന്ന പുത്രൻ വിശ്വവിശ്രുതനായ വിക്രമാദിത്യമഹാരാജാവും, വൈശ്യസ്ത്രീയിൽനിന്നു ജനിച്ച മകൻ വിഖ്യാതനായ ഭട്ടിയും, ശൂദ്രസ്ത്രീയിൽനിന്ന് ജനിച്ച പുത്രൻ മഹാവിദ്വാനായ ഭർത്തൃഹരിയുമാണ്. നാലു പുത്രന്മാരെയും ആ ബ്രാഹ്മണൻ മഹാഭാഷ്യം പഠിപ്പിച്ചു. പുത്രന്മാർ അത്യന്തം യോഗ്യരും യൗവനയുക്തരുമായിമാറിയപ്പോൾ ബ്രാഹ്മണൻ വീട്ടിൽനിന്ന് പടിയിറങ്ങി ഗൗഡപാദാചാര്യനിൽനിന്നും ക്രമസന്യാസം കൈക്കൊണ്ട് ബ്രഹ്മധ്യാനം ചെയ്തുകൊണ്ട് ബദരിആശ്രമത്തിൽ താമസിച്ചു.യോഗീശ്വരശിരോമണിയായ ആ ബ്രാഹ്മണോത്തമനാണ് ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദസ്വാമികൾ.ഇതാണ് ഗോവിന്ദഭഗവത്പാദരെക്കുറിച്ച് കൊട്ടാരത്തിൽശങ്കുണ്ണി എഴുതിയ ഐതിഹ്യമാലയിലെ മഹാഭാഷ്യം എന്ന ഉപാഖ്യാനത്തിൽ പറയുന്നത്. ശങ്കരാചാര്യനിലെ അദ്വൈതചിന്തയുടെ വേരുകൾ പുഷ്ടിപ്പെടുത്തിയതും, അദ്വൈതവേദാന്തത്തിന്റെ പ്രചരണത്തിനു ബ്രഹ്മസൂത്രഭാഷ്യം രചിക്കാൻ ശങ്കരനെ ചുമതലപ്പെടുത്തിയതും ഗോവിന്ദഭഗവത്പാദരാണ്. ആ ബ്രഹ്മസൂത്രത്തിലെ ശ്ലോകങ്ങൾ ഉദ്ധരിച്ചും ദുർവ്യാഖ്യാനം ചെയ്തുമാണ് ആര്യബ്രാഹ്മണ്യം ഇതര വർണ്ണികൾക്കുമേൽ പതിതത്വം എർപ്പെടു

ത്തിയത് എന്നതാണ് ഏറെ വൈരുദ്ധ്യം. ആ അട്ടിമറികൾ കണ്ടെത്താതിരിക്കാനുള്ള തന്ത്രമായിരുന്നു അന്യവർണ്ണികൾക്കുമേൽ നടപ്പാക്കിയ അക്ഷരനിഷേധം.

വിവിധ വർണ്ണങ്ങളിൽപ്പെട്ട നാലുഭാര്യമാരെയും അവരിലുണ്ടായ മക്കളെയും ഭേദചിന്തയേതുമില്ലാതെ സ്വഗൃഹത്തിൽത്തന്നെ താമസിപ്പിക്കുകയും, പുത്രന്മാരുടെ ജാതകർമ്മം മുതലുള്ള സകല ക്രിയകളും വിദ്യാഭ്യാസവും യഥാകാലം നിർവ്വഹിക്കുകയും, അവരെ അത്യന്തം യോഗ്യരും സകലശാസ്ത്രപാരംഗതരും പിതൃതുല്യ ഗുണവാന്മാരുമാക്കിയ യോഗീശ്വരശിരോമണിയായ ഗോവിന്ദഭഗവത്പാദർ, ജാതിഭ്രാന്തന്മാരുടെ സ്വപ്നങ്ങൾക്കുമേൽ ഏൽപ്പിച്ച ക്ഷതം അതിജീവിക്കാനുള്ള പൊടിക്കൈ, ഐതിഹ്യമാലയിലെ ആ കഥയുടെ അവസാനഭാഗത്തു കാണാം: "ആദ്യപുത്രനായ ബ്രാഹ്മണകുമാരനെ അദ്ദേഹം വിശേഷിച്ചു വേദാധ്യയനവും ചെയ്യിച്ചു. ഒടുവിൽ നാലുമക്കളെയും മഹാഭാഷ്യം പഠിപ്പിച്ചു. എന്നാൽ, ഒടുവിലത്തെപുത്രൻ ശൂദ്രകുലജാതനും മഹാഭാഷ്യം വേദാംഗവുമാകയാൽ, ആ പുത്രനെ അഭിമുഖമായിരുന്നു ഭാഷ്യം ഗ്രഹിപ്പിക്കുന്നത് വിഹിതമല്ലല്ലോയെന്നു വിചാരിച്ച് അദ്ദേഹം ആ പുത്രനെ പ്രത്യേകിച്ചു മറവുള്ള സ്ഥലത്തിരുത്തിയാണ് മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തത്. എന്നുമാത്രവുമല്ല, മഹാഭാഷ്യം ശൂദ്രവംശജർക്ക് ഉപദേശിച്ച്, പരമ്പരയാ വേദാർഹരല്ലാത്ത അവരുടെയിടയിൽ അതിനു പ്രചാരം വരുത്തുകയില്ലെന്നു പുത്രനെക്കൊണ്ടു പ്രതിജ്ഞ ചെയ്യിക്കുകകൂടി ചെയ്തിട്ടാണ് സ്വാമി മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തതെന്നു ചിലർ പറയുന്നുണ്ട്". ചിലർ പറയുന്നതായി കൊട്ടാരത്തിൽശങ്കുണ്ണി എഴുതിയ കാര്യങ്ങളാണ് പിൽക്കാലത്തു നാട്ടുനടപ്പുകളും, കാലാന്തരത്തിൽ നിയമങ്ങളുമാക്കിമാറ്റി മഹത്തായ ഒരു സംസ്കാരത്തെ മരണത്തിലേക്കെത്തിച്ചത്. ഉത്തരവാദികൾ ഇല്ലാക്കഥകൾ പറഞ്ഞുണ്ടാക്കിയവർ തന്നെയാണ്.

[ബ്രാഹ്മണർക്കു സമൂഹത്തിൽ യാതൊരു വിശേഷാധികാരങ്ങളും ഉണ്ടായിരുന്നില്ലാ എന്നതുകൊണ്ടാകാം ഗോവിന്ദഭഗവത്പാദർ ശൂദ്രയുവതിയുടെ അഭ്യർത്ഥന നിരാകരിക്കാതെ, പൂർണ്ണമനസ്സോടെ അംഗീകരിച്ചത്. അന്ന് ആഢ്യത്വത്തിന്റെ അളവുകോൽ മനുഷ്യത്വമായിരുന്നു എന്നതാണല്ലോ അതിൽനിന്നു വ്യക്തമാകുന്നത്. ശൂദ്രയുവതിയെ ഭാര്യയാക്കാൻ വേണ്ടി ഗോവിന്ദസ്വാമികൾ മറ്റു മൂന്നു വർണ്ണങ്ങളിൽനിന്നുമുള്ള യുവതികളെ വിവാഹം ചെയ്ത അവസ്ഥ, ഇതിഹാസങ്ങളിലെ ഒരു കഥാപാത്രത്തിന്റെ കാര്യത്തിലും കാണാനാകില്ല. പൗരാണികകാലത്തു സ്മൃതിനിയമങ്ങൾ നിലവിലുണ്ടായിരുന്നില്ല എന്നാണല്ലോ അതിന്റെ അർത്ഥം. മനുസ്മൃതി അനുശാസിക്കുന്നതുപോലെ, അക്കാലത്തു ബ്രാഹ്മണർക്ക് ശൂദ്രവിവാഹം നിഷിദ്ധമായിരുന്നില്ലെന്നും, ശൂദ്രയെ വിവാഹംകഴിച്ചതുകൊണ്ടോ അവളുമായുള്ള ശാരീരികബന്ധംമൂലമോ ബ്രാഹ്മണൻ ഭ്രഷ്ടരായിരുന്നില്ലെന്നും നിശ്ചയം. അതായത്, ശ്രീശങ്കരന്റെ സമയത്തുപോലും ബ്രാഹ്മണരുടെ ശൂദ്രവിവാഹവും സഹവർത്തിത്വവും സംഭവിച്ചിരുന്നു. അതിന് രാജാവും മന്ത്രിയും മുഖ്യപുരോഹിതനും സഹായംചെയ്തു എന്നതും ശ്രദ്ധിക്കുക. അന്ന് മനുസ്മൃതി പ്രചാരത്തിലില്ലെന്നും, അഥവാ നിലവിലുണ്ടായിരുന്നെങ്കിൽ സർവ്വശാസ്ത്രവിശാരദനായ ഗോവിന്ദസ്വാമി സ്മൃതിനിയമങ്ങളെ നിരാകരിക്കുകയായിരുന്നു എന്നുംവേണമല്ലോ മനസ്സിലാക്കാൻ. ഒരുപക്ഷേ,അദ്വൈതപദ്ധതിയുടെ ബാലപാഠങ്ങൾ ശങ്കരനിൽ വിതച്ചതു ഗോവിന്ദസ്വാമിയായിരുന്നു. അങ്ങനെയാണെങ്കിൽ, ശങ്കരനെ അദ്വൈതിയാക്കിയതിൽ അദ്വൈതിയായ ആ ഗുരുവിനുള്ള പങ്ക് സ്പഷ്ടമാണ്. അദ്ദേഹത്തെക്കുറിച്ചുള്ള കഥകളിലെ അപനിർമ്മിതിയുടെ കാരണവും അതുതന്നെ.]

ആചാര്യശിഷ്യന്മാരെല്ലാം ബ്രാഹ്മണരായിരുന്നു. പക്ഷേ...

ഗോവിന്ദഭഗവത്പാദർ ശങ്കരാചാര്യരെ ശിഷ്യനായി സ്വീകരിക്കുന്നതിൽ പാലിച്ച കൃത്യത, ആചാര്യസ്വാമികൾ മുഖ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്ന വിഷയത്തിലും പുലർത്തിയിരുന്നു എന്നു കാണാം. സർവ്വജ്ഞപീഠം കയറിയ ശങ്കരൻ, തന്റെ സന്ദേശങ്ങൾ രാജ്യത്ത് എമ്പാടും പ്രചരിപ്പിക്കുന്നതിനായി ഭാരതത്തിന്റെ നാല് ദിക്കുകളിലും ആശ്രമങ്ങൾ സ്ഥാപിക്കുകയുണ്ടായി. വടക്ക് ഉത്തരാഞ്ചലിലെ ബദരിനാഥിൽ സ്ഥാപിച്ച ജ്യോതിർമഠം, തെക്ക് കർണാടകത്തിലെ ശൃംഗേരിയിൽ പ്രതിഷ്ഠിച്ച ശാരദാപീഠം, പടിഞ്ഞാറ് ഗുജറാത്തിലെ ദ്വാരകയിൽ പ്രതിഷ്ഠിച്ച ദ്വാരകാപീഠം, കിഴക്ക് ഒറീസ്സയിലെ പുരിയിൽ സ്ഥാപിച്ച ഗോവർദ്ധന മഠം എന്നിവയാണ് ആ ആശ്രമങ്ങൾ. പദ്മപാദർ,ഹസ്താമലകൻ,തോടകൻ,സുരേശ്വരാചാര്യർ എന്നീ മുഖ്യശിഷ്യന്മാരെയാണ് ആ നാലു മഠങ്ങളുടെ അധിപതികളായി ആചാര്യസ്വാമികൾ അവരോധിച്ചത്. അദ്വൈതചിന്തയുടെ വക്താവായ ശങ്കരൻ ശിഷ്യന്മാരായി കണ്ടെത്തി, താൻ സ്ഥാപിച്ച ആശ്രമങ്ങളുടെ ചുമതല ഏൽപ്പിച്ചത് ബ്രാഹ്മണരെ മാത്രമാണെന്നത് അദ്ദേഹത്തിനെതിരെ പരക്കെ ഉയർന്നുകേൾക്കുന്ന ഒരു വിമർശനമാണല്ലോ. ആ ആക്ഷേപം ശരിയാണ്. എന്നാൽ, ആചാര്യർ ആ തെരഞ്ഞെടുപ്പിനു സ്വീകരിച്ച മാനദണ്ഡം ബ്രാഹ്മണ്യമായിരുന്നില്ല; അദ്വൈതബോധമായിരുന്നു.

ശങ്കരാചാര്യർ ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചുള്ള അനുമാനങ്ങൾ ഇപ്പോഴും തർക്കവിഷയമായി തുടരുകയാണ്. അദ്ദേഹത്തിന്റെ ജീവിതകാലം A.D എട്ടാം ശതകത്തിലാകാം എന്നനിഗമനത്തിനാണ് പൊതുവെ സ്വീകാര്യതയുള്ളത്. ജാതീയതയും വിവേചനങ്ങളും പാരമ്യത്തിൽ നിന്നിരുന്ന സമയത്തു ജീവിച്ചിരുന്ന ശങ്കരാചാരുടെ ശിഷ്യന്മാരൊക്കെ ബ്രാഹ്മണരായിരുന്നു എന്നത് തികച്ചും സ്വാഭാവികമാണ്. വേദപഠനത്തിന് ബ്രാഹ്മണർമാത്രം അധികാരികളായിരുന്ന കാലത്ത്, അദ്ദേഹത്തെപ്പോലെ ഉന്നതനായ ഒരു ആദ്ധ്യാത്മിക ആചാര്യൻ കണ്ടെത്തിയ ശിഷ്യന്മാർ വൈദികപശ്ചാത്തലത്തിൽ നിന്നുള്ളവരാകാനേ വഴിയുള്ളൂ. പക്ഷേ, മുഖ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിൽ ശങ്കരൻ നിഷ്കർഷിച്ച അളവുകോൽ അദ്വൈതബോധമായിരുന്നു.ആ വസ്തുത വെളിവാക്കുന്ന കുറേ അധ്യായങ്ങൾ ചരിത്രത്താളുകളിൽ(അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളിൽ) കാണാനാകും:

ശങ്കരാചാര്യർ ഭാരതം മുഴുവൻ സഞ്ചരിച്ച് ദിഗ്വിജയം നടത്തിയപ്പോൾ, കർണ്ണാടകയിലെ ശ്രീവേലിയെന്ന ഗ്രാമത്തിൽവെച്ചുണ്ടായ ഒരു സംഭവം കാണാം. പ്രഭാകരൻ എന്ന ഒരു ബ്രാഹ്മണൻ അദ്ദേഹത്തിന്റെ പുത്രനെയും കൂട്ടി ശ്രീശങ്കരന്റെ അനുഗ്രഹം വാങ്ങാനെത്തി. ആ ബാലൻ ചെറുപ്പകാലം മുതൽ സദാ നിർവികാരനായേ ഇരിക്കൂ; സ്വയമേവ ഒന്നും ചെയ്യില്ല. പല വൈദ്യന്മാരെയും കണ്ടെങ്കിലും മാറ്റമൊന്നുമുണ്ടായില്ല. ആ ബാലനു കുഴപ്പമൊന്നും ഇല്ല എന്നതായിരുന്നു വൈദ്യന്മാരുടെ കണ്ടെത്തൽ. അങ്ങനെയിരിക്കെയാണ് ബ്രാഹ്മണൻ, ആചാര്യസ്വാമികളുടെ ഗ്രാമത്തിലേക്കുള്ള വരവറിഞ്ഞത്. ആചാര്യന്റെ മുന്നിൽ ശൂന്യമായ ദൃഷ്ടിയോടെ, ജഢനെപ്പോലെയിരുന്ന ബാലനിൽ സ്വാമികൾ എന്തോ പ്രത്യേകത ദർശിച്ചു. അവനോട്, "കുഞ്ഞേ, നിന്നെ കാണുമ്പോൾ എനിക്ക് അത്യന്തം സന്തോഷം തോന്നുന്നു.

നീയാരാണ്? എവിടന്നു വരുന്നു? നിന്റെ ലക്ഷ്യമെന്താണ്?" എന്നു ചോദിച്ചു. അത്രയും നേരം മിണ്ടാതെ മിഴികുമ്പിട്ടിരുന്ന ആ പന്ത്രണ്ടുവയസ്സുകാരൻ ബാലൻ, ശങ്കരാചാര്യരെ ഒന്ന് തീക്ഷ്ണമായി നോക്കിയശേഷം ഇപ്രകാരം മനോഹരമായിപ്രതിവചിച്ചു."നാഽഹം മനുഷ്യോ നച ദേവയക്ഷോ ന ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്ര/ ന ബ്രഹ്മചാരി നഃ ഗൃഹീവനസ്ഥ ഭിക്ഷുർനജാഹം നിജബോധരൂപഃ/സ്വരൂപോഽഹം ആത്മാ". 'ഞാൻ മനുഷ്യനല്ല, ദേവനല്ല, യക്ഷനല്ല, ബ്രഹ്മചാരിയോ ഗൃഹസ്ഥനോ വാനപ്രസ്ഥനോ സന്യാസിയോ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോശൂദ്രനോ ഒന്നുമല്ല. ഞാൻ നിജബോധസ്വരൂപനാണ്. നിത്യമുക്തനായ വസ്തുവാണ്'. ആ ബാലന്റെ ഗംഭീരമായ വചനങ്ങൾ ശ്രവിച്ച സ്വാമികൾ, ചുറ്റും ഇരുന്നവരോട് പറഞ്ഞു: ''ഇവൻ ചൊല്ലുന്നതു മുഴുവൻ പഠിച്ചുവെച്ചുകൊള്ളുക; അത് ഇന്നോ ഇന്നലെയോ ഉണ്ടാക്കിയ ശ്ലോകമല്ല; അനേകമനേകം ജന്മങ്ങൾകൊണ്ട് ആത്മദർശികളറിഞ്ഞ സത്യമാണ്. ഇവൻ ഇനി ഹസ്താമലകനെന്ന് അറിയപ്പെടും. കാരണം,ഇത് ഹസ്താമലകസ്തോത്രമാണ്. കയ്യിലിരിക്കുന്ന നെല്ലിക്കപോലെ ഇവൻ ആത്മതത്വം അറിയുന്നു''. ഹസ്താമലകൻ എന്ന ശങ്കരശിഷ്യന്റെ ജനനമായിരുന്നു ആ സംഭവം.

ശ്രീശങ്കരൻ തന്റെ മറ്റു ശിഷ്യന്മാരായ പത്മപാദർ, സുരേശ്വരൻ, തോടകാചാര്യൻ എന്നിവരുടെ തെരഞ്ഞെടുപ്പിലും ആ കൃത്യത പുലർത്തിയിട്ടുണ്ടെന്നു കരുതാം. കർമ്മമാർഗ്ഗത്തിന്റെ പ്രചാരകനായിരുന്ന മണ്ഡനമിശ്രൻ, ശങ്കരനുമായുള്ള ദിവസങ്ങളോളം നീണ്ടുനിന്ന സംവാദത്തിനൊടുവിലാണല്ലോ അദ്വൈതചിന്ത ആശ്ലേഷിച്ച് ശങ്കരശിഷ്യനായി സന്ന്യാസം സ്വീകരിച്ചതും ശങ്കരന്റെ മുഖ്യശിഷ്യന്മാരിൽ ഒരാളായ സുരേശ്വരാചാര്യനായതും.(അക്കാര്യം അടുത്ത അധ്യായത്തിലുണ്ട്).

'ശരീരസംബന്ധിയായ ഒന്നുംതന്നെ ഞാനല്ല; ഞാൻ നിത്യമുക്തനായ ബോധമാണ്; ആത്മാവാണ്' എന്ന സത്യം പ്രചരിപ്പിക്കാൻ ജന്മമെടുത്ത ശങ്കരാചാര്യരെയും, ആ ദൗത്യത്തിന് അനുയോജ്യർ എന്ന ബോധ്യത്തോടെ അദ്ദേഹം കണ്ടെത്തിയ ശിഷ്യന്മാരെയും ജാതിഭേദത്തിന്റെ വക്താക്കളാക്കുന്നതിനോളം കൊടിയ അപരാധമുണ്ടോ? അതാണ് അദ്ദേഹത്തെ ചാതുർവർണ്യത്തിന്റെ സംസ്ഥാപകനായി അവതരിപ്പിക്കുന്നതുവഴി ആര്യബ്രാഹ്മണ്യവും, അവരുടെ പ്രചാരണങ്ങളെ വെള്ളം തൊടാതെ വിഴുങ്ങിയ ചാതുർവർണ്യവിരുദ്ധരും ചെയ്തത്. പ്രജ്ഞാനം ബ്രഹ്മ (ഗോവർദ്ധനപീഠം), തത്ത്വമസി(ദ്വാരകമഠം), അഹം ബ്രഹ്മാസ്മി(ശാരദപീഠം), അയമാത്മാ ബ്രഹ്മ(ജ്യോതിർമഠം) തുടങ്ങിയ, അദ്വൈതഭാവന പ്രഖ്യാപിക്കുന്ന മഹാവാക്യങ്ങളാണ് ശ്രീശങ്കരൻ താൻ സ്ഥാപിച്ച നാലു മഠങ്ങളുടെയും മുഖമുദ്രയായി സ്വീകരിച്ചതെന്നുകൂടി ഓർക്കണം. ആദിശങ്കരനും ഗുരുവും ശിഷ്യന്മാരും ബ്രാഹ്മണരായിരുന്നു. എന്നാൽ, അവർ പിന്തുടർന്നത് ആർഷബ്രാഹ്മണർ തെളിച്ച അദ്വൈതപാതയാണ്; ആര്യബ്രാഹ്മണരുടെ സ്മൃതിമാർഗ്ഗമല്ല എന്നാണല്ലോ വ്യക്തമാകുന്നത്.

(പിൻകുറിപ്പ്: തത്ത്വമസി: അതു നീയാകുന്നു(സർവ്വവ്യാപിയായ പരമാത്മചൈതന്യം നീതന്നെയാകുന്നു), പ്രജ്ഞാനം ബ്രഹ്മഃ ശുദ്ധബോധമാണ് ബ്രഹ്മം,അഹം ബ്രഹ്മാസ്മി:ഞാൻ ബ്രഹ്മമാകുന്നു, അയമാത്മാ ബ്രഹ്മഃ:ഈ ആത്മാവ് ബ്രഹ്മംതന്നെ എന്നീ മഹാവാക്യങ്ങളിലൂടെയും, നേഹ നാനാസ്തി കിഞ്ചന: ദ്വൈതം ലവലേശംപോലും ഇവിടെയില്ല എന്ന വാക്യത്തിലൂടെയും ആദിശങ്കരൻ ലോകത്തോടു മുഴുവൻ പറയുന്നത്, ശരീരസംബന്ധിയായ സകല

വേർതിരിവുകളും വെറും തോന്നലുകളിൽനിന്നുളവാകുന്ന മൗഢ്യമാണെന്നും, അവ സർവ്വർക്കും അസ്വീകാര്യമാണെന്നുംതന്നെയാണ്. ആ വിജ്ഞാനത്തെയാണ് ബ്രഹ്മജ്ഞാനമെന്നും, ആത്മവിദ്യയെന്നും വേദാന്തം(ഉപനിഷത്ത്) നിർവ്വചിക്കുന്നത്. വിദ്യകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായ ആ വിദ്യ സ്വയം(അവനവനെതന്നെ) അറിയലാണ്. മറ്റേതു വിദ്യയ്ക്കും അതിനെ അറിയാൻ ഒരു ജ്ഞാതാവ് ആവശ്യമാണല്ലോ. എന്നാൽ, ആത്മവിദ്യയിൽ ജ്ഞാതാവും ജ്ഞേയവും ഒരാൾതന്നെയാകുന്നു(ആത്മാവ്).താൻ പരമാത്മാവിന്റെ അംശമാണ് എന്ന ആ അറിവ്, ഭാഷയും പുസ്തകവും(ഗുരുപോലും) ആവശ്യമില്ലാത്ത അറിവാണ്. ആ തിരിച്ചറിവാണ് അദ്വൈതബോധത്തിന്റെ അടിസ്ഥാനം. അതിനാൽ, അദ്വൈതത്തിന്റെ ബാലപാഠം അറിയാത്തവർക്കുമാത്രമേ ശങ്കരനെ ബ്രാഹ്മണ്യവാദിയാക്കാൻ സാധിക്കൂ

ആചാര്യരുടെ അമ്മയെ വേട്ടയാടിയ ജാതിബ്രാഹ്മണ്യം

ശങ്കരാചാര്യരെ പൗരോഹിത്യമതത്തിന്റെയും ജാതിവിവേചനത്തിന്റെയും സംരക്ഷകനാക്കി മുന്നിൽനിർത്തി, അസംഖ്യം മനുഷ്യവിരുദ്ധ നിയമങ്ങളും ആചാരങ്ങളും പ്രയോഗത്തിൽ വരുത്തിയവർ, ജീവിച്ചിരുന്നസമയത്ത് അദ്ദേഹത്തെ ശത്രുതയോടെയാണ് നേരിട്ടത് എന്നു തെളിയിക്കുന്ന അനവധി തെളിവുകൾ ലഭ്യമാണ്. അവയിലെ ഏറ്റവും നിന്ദ്യമായ സംഭവമാണ്, ശങ്കരാചാര്യരുടെ അമ്മയുടെ അന്ത്യകർമ്മങ്ങളോട് അനുബന്ധിച്ചുണ്ടായ വിഷയങ്ങൾ. ശങ്കരോപാഖ്യാനം എന്ന ജീവചരിത്രഗ്രന്ഥത്തിന്റെ(1935) പതിനൊന്നാം അധ്യായത്തിൽ കുന്നത്തു ജനാർദ്ദനമേനോൻ ആ സംഭവം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്:


അനന്തരം, ആചാര്യൻ അമ്മയുടെ അന്ത്യകർമ്മങ്ങൾക്കായി ഏർപ്പെട്ടപ്പോൾ അതിൽ കാലടിക്കാരായ ബ്രാഹ്മണർ സഹകരിച്ചില്ല. സന്ന്യാസിയായ ഒരാൾക്കു ശേഷക്രിയയ്ക്കു് അധികാരമില്ലെന്നു വാദിച്ചു് അവർ ഒഴിഞ്ഞുനിന്നു. ശവം ദഹിപ്പിക്കുവാൻ അല്പം തീയുപോലും അവർ കൊടുത്തില്ല. ആചാര്യൻതന്നെ പട്ടടകൂട്ടുകയും, അമ്മയുടെ ശവശരീരം എടുത്തു് അതിന്മേൽ വെക്കുകയും ചെയ്തു. അമ്മയുടെ വലംകൈയിനെ മഥിച്ചിട്ടാണു തീയുണ്ടാക്കിയതു്. അങ്ങിനെ ദഹനക്രിയയെല്ലാം കഴിഞ്ഞതിൽപ്പിന്നെ ശങ്കരാചാര്യൻ കാലടിക്കാരെ വിപ്രകർമ്മാധാരികളല്ലാതാവട്ടേ എന്നു ശപിച്ചു. അതോടുകൂടി ആ ഗ്രാമം അധഃപതിച്ചുപോയി.

'ആചാര്യർ അമ്മയുടെ അന്ത്യകർമ്മങ്ങൾക്കായി ഏർപ്പെട്ടപ്പോൾ അതിൽ കാലടിക്കാരായ ബ്രാഹ്മണർ സഹകരിച്ചില്ല. സന്ന്യാസിയായ ഒരാൾക്ക് അമ്മയുടെ ശേഷക്രിയയ്ക്ക് അധികാരമില്ലെന്നു വാദിച്ച് അവർ ഒഴിഞ്ഞുനിന്നു. ശവം ദഹിപ്പിക്കാൻ അല്പം തീപോലും അവർ കൊടുത്തില്ല. ആചാര്യൻതന്നെ പട്ടട കൂട്ടുകയും അമ്മയുടെ ശവശരീരമെടുത്ത് അതിന്മേൽ വെയ്ക്കുകയും ചെയ്തു. അമ്മയുടെ വലംകൈയ്യിനെ മഥിച്ചിട്ടാണു തീയുണ്ടാക്കിയത്. അങ്ങനെ ദഹനപ്രക്രിയയെല്ലാം കഴിഞ്ഞതിൽപ്പിന്നെ, ശങ്കരാചാര്യൻ കാലടിക്കാരെ വിപ്രകർമ്മാധാരികളല്ലാതാവട്ടേ എന്നു ശപിച്ചു' എന്നാണ് ശങ്കരോപാഖ്യാനം ആ സംഭവത്തെ വിവരിക്കുന്നത്.

വിദ്യാരണ്യൻ(മാധവാചാര്യൻ) എഴുതിയ 'ശ്രീശങ്കര ദിഗ്വിജയ'ത്തിന്റെ കഥാസംക്ഷേപത്തിൽ, ആ സംഭവത്തെക്കുറിച്ചു പരാമർശിക്കുന്നത് ഇങ്ങനെയാണ്: 'മാതാവിന്റെ ഔർദ്ധ്വദൈഹികം(ശേഷക്രിയകൾ) നടത്തുന്നതിനായി ശങ്കരൻ തന്റെ

ബന്ധുവർഗ്ഗത്തെ വിളിച്ചപ്പോൾ, സന്യാസിക്ക് മാതാവിന്റെ സംസ്കാരകർമ്മംനിർവ്വഹിക്കാൻ അർഹതയില്ലെന്നു പറഞ്ഞ് അവർ ഭവാനെ സഹായിക്കാൻ വിസമ്മതിച്ചു. അപ്പോൾ, ഭഗവാൻ അവരെ ഇങ്ങനെ ശപിച്ചുപോലും: "ഇന്നുമുതൽ നിങ്ങൾ വേദാനർഹരും വഹ്നിസംസ്കാരശൂന്യന്മാരായ ശൂദ്രാചാരന്മാരുമായി ഭവിച്ചാലും." ശാപഫലമായി, ഇന്നും കാലടിയിലെ ബ്രാഹ്മണർ വേദാനർഹരാണെന്നു പറയപ്പെടുന്നു'. ഭാരതത്തിലെങ്ങും പ്രശസ്തനായിരുന്ന, വൈദികസംസ്കൃതിയുടെ പുനഃസ്ഥാപനത്തിനുവേണ്ടി അവതാരമെടുത്ത ശങ്കരചാര്യരുടെ മാതാവിന്റെ മരണം കാലടിക്കുപുറത്തുള്ള ബ്രാഹ്മണരാരും അറിഞ്ഞതായി കാണുന്നില്ലാ എന്നതാണ് ഏറെ ആശ്ചര്യം. കാലടിയിലെ ബ്രാഹ്മണർക്ക് തെറ്റുപറ്റിയെങ്കിൽ, അത് തിരുത്താൻ മറ്റുള്ളവരാരും എന്തുകൊണ്ടു തയ്യാറായില്ലെന്നും ആലോചിക്കുക. ഇതൊക്കെ കാണുമ്പോൾ, അക്കാലത്തെ സകല ജാതിബ്രാഹ്മണരും ശങ്കരാചാര്യരെ ആജന്മശത്രുവായാണു കണ്ടതെന്ന് വിശ്വസിക്കേണ്ടിവരുന്നു.

കേരളോത്പത്തി എന്ന പ്രാചീനചരിത്രഗ്രന്ഥത്തിലെ ശങ്കരാചാര്യർ കല്പിച്ച കുലക്രമവിവരമെന്ന അധ്യായത്തിൽ, ശങ്കരാചാര്യരുടെ ജനനവും ജീവിതവും വിവരിക്കുന്ന ഭാഗത്തും ആ വസ്തുതകളെ സാധൂകരിക്കുന്ന പരാമർശങ്ങളുണ്ട്: 'ശങ്കരാചാര്യരുടെ മാതാവ് മരിച്ച അവസരത്തിൽ ക്രിയകൾക്ക് ബ്രാഹ്മണർ എത്താത്തതുകൊണ്ട്, ശങ്കരാചാര്യർ സ്വന്തം ഗൃഹത്തിങ്കൽ ഹോമകുണ്ഡം ചമച്ച് മേലേരികൂട്ടി അഗ്നിജ്വലിപ്പിച്ച് ശവം ഛേദിച്ചു ദഹിപ്പിച്ചുവെന്നും, അനന്തരവന്മാർ ചെയ്യേണ്ടും കർമ്മങ്ങൾ ശൂദ്രരെക്കൊണ്ടും ബ്രാഹ്മണർക്ക് അടുത്തവരെക്കൊണ്ടും ചെയ്യിച്ചുവെന്നും, അങ്ങിനെ താൻ ദഹിപ്പിക്കകൊണ്ടു ബ്രാഹ്മണനെ കൂടാതെ ശൂദ്രന്ന് ഒരു ക്രിയയില്ല; ശൂദ്രനെകൂടാതെ ബ്രാഹ്മണനും ഒരു ക്രിയയില്ല എന്നുകല്പിച്ചു' എന്നും കേരളോത്പത്തിയിൽ ഉണ്ട്. [പിൻകുറിപ്പ്: അന്യകുടുംബങ്ങളിലുള്ള ബ്രാഹ്മണർ മാത്രമല്ല, അനന്തരവന്മാർപോലും കർമ്മങ്ങൾ ചെയ്യാൻ കൂടിയില്ലാ എന്നാണല്ലോ തെളിയുന്നത്. അത് ആചാര്യന്റെ കുടുംബത്തിനുനേരെയുള്ള ഒരു പ്രഖ്യാപിത ഭ്രഷ്ടിന്റെ ഭാഗമായിരുന്നിരിക്കാം. ഈ സംഭവത്തേയും ബ്രാഹ്മണ്യം വളച്ചൊടിച്ചിട്ടുണ്ട് എന്നതാണ് കൗതുകകരം. വൈദികകർമങ്ങളിൽ ബ്രാഹ്മണർക്കൊപ്പം ശൂദ്രർക്ക്(നായന്മാർക്ക്) കൊടുത്ത ആ പരിഗണനയെ, 'പരശുരാമൻ നടപ്പാക്കിയ ഒരു നടപടി'യായാണ് പിൽക്കാലത്തിറങ്ങിയ പല ബ്രാഹ്മണമാഹാത്മ്യവർണ്ണനകളിലും തന്മയത്വത്തോടെ അവർ അവതരിപ്പിച്ചിട്ടുള്ളത്].

അമ്മയുടെ സംസ്കാരകർമ്മമനുഷ്ഠിക്കാൻ സന്യാസിക്ക് അർഹതയില്ല എന്ന നിയമപ്രശ്നമല്ല, ബ്രാഹ്മണരുടെ ഭ്രഷ്ടിനു പിന്നിലെ യഥാർത്ഥ കാരണമെന്നു ധ്വനിപ്പിക്കുന്ന ചില പരാമർശങ്ങളും പ്രചാരത്തിലുണ്ട്. നിസ്സഹകരണത്തിനപ്പുറം നീളുന്ന അപഖ്യാതിയുടേതായ ഒരാഖ്യാനവും ആ സംഭവത്തിൽ ഉണ്ടെന്നും, ആചാര്യന്റെ അമ്മയെ അവഹേളിക്കുന്ന അപവാദങ്ങൾ അക്കാലത്ത് പ്രബലമായിരുന്നെന്നും, പല ഗ്രന്ഥങ്ങളിലെയും പ്രതിപാദനങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആചാര്യന്റെ അമ്മയുടെ ചാരിത്ര്യശുദ്ധിയിൽ സംശയാലുക്കളായ നമ്പൂതിരിമാർ, പിണ്ഡകർമ്മങ്ങൾ ചെയ്യാൻ ശാസ്ത്രവിധിയില്ലെന്നു ശഠിച്ച് അതിൽ നിസ്സഹകരിച്ചെന്നും ശൂദ്രസഹായത്തോടെയാണ് ശവസംസ്കാരകർമ്മം ശങ്കരൻ നിർവ്വഹിച്ചതെന്നും, ജീവചരിത്രങ്ങളുദ്ധരിച്ചുകൊണ്ടു പി.കെ.ബാലകൃഷ്ണൻ 'ജാതിവ്യവസ്ഥിതിയും

കേരളചരിത്രവു'മെന്ന പുസ്തകത്തിൽ പറയുന്നുണ്ട്.(അധ്യായം:23,ആരാണ് നമ്പൂതിരിമാർ). ആർ.നാരായണപണിക്കർ രചിച്ച 'കേരളഭാഷാസാഹിത്യചരിത്രം' എന്ന ഗ്രന്ഥത്തിലെ 'ശങ്കരാചാര്യരും അനാചാരങ്ങളും' എന്ന അധ്യായത്തിൽ, അഭിനവ ശങ്കരനെക്കുറിച്ചു പറയുന്ന ഭാഗത്ത്, വിധവാപുത്രൻ എന്ന ആദിശങ്കരാചാര്യരെപ്പറ്റിയുള്ള മാധവാചാര്യരുടെ പരാമർശത്തെ പ്രമാണമാക്കി, മാദ്ധ്വാന്മാർ അപവാദം പറയാറുള്ളതായി പ്രസ്താവിക്കുന്നുണ്ട്. ജീവിച്ചിരുന്നപ്പോൾ ഏതുവിധത്തിലാണ് ബ്രാഹ്മണ്യം ശ്രീശങ്കരനെ സ്വീകരിച്ചത് എന്നാണ് അതൊക്കെ കാണിക്കുന്നത്.

ആചാര്യന്റെ അമ്മയെക്കുറിച്ചുള്ള ആ അപവാദപ്രചാരണം കേവലം പ്രാദേശികമായ ഒരു പരദൂഷണം മാത്രമായിരുന്നില്ലാ എന്നതാണു വസ്തുത. അതു വ്യക്തമാക്കുന്ന ഒരു ഭാഷണം ശങ്കരോപാഖ്യാനത്തിൽ കാണാം. "അദ്വൈതസിദ്ധാന്തം ഭൂമിയിലെങ്ങും പ്രകാശിപ്പിക്കാനുദ്ദേശിക്കുന്ന ശങ്കരൻ, ആദ്യം ജയിക്കേണ്ടതു മണ്ഡനമിശ്രാചാര്യനെയാണ്" എന്ന കുമാരിലഭട്ടന്റെ നിർദ്ദേശത്തെത്തുടർന്നാണ് സ്വാമി മഹിഷ്മതിയിലെത്തിയത്. ശങ്കരൻ മണ്ഡനമിശ്രന്റെ ഭവനത്തിലെത്തിയപ്പോൾ, ജൈമിനിയും ബാദരായണനും അവിടെ സന്നിഹിതരായിരുന്നു.അവരുടെ സാന്നിധ്യത്തിൽ, മണ്ഡനൻ ശങ്കരനെ നിന്ദ്യമായ രീതിയിൽ അവഹേളിക്കുന്നത് ശങ്കരോപാഖ്യാനത്തിൽ വിവരിക്കുന്നുണ്ട്. ബ്രാഹ്മണസന്യാസിയായ അദ്ദേഹം കുടുമയും പൂണൂലും ധരിക്കാത്തതായിരുന്നു മണ്ഡനമിശ്രന്റെ കോപത്തിനു കാരണമായത്. 'നിന്റെ അമ്മ കുലടയാണ്, എന്നു പറഞ്ഞ്(ത്വന്മാതാരണ്ഡേത്യാഹ) സ്വാമികളുടെ അമ്മയെ നിന്ദ്യമായ ഭാഷയിൽ മണ്ഡനൻ ക്രോധോന്മത്തനായി അപഹസിക്കുന്നുണ്ട്. തുടർന്ന്, വ്യാസമഹർഷിയാണ്, "പൂജ്യനായ ആ മഹാത്മാവിനോടു ദുർവ്വാക്കുകൾ പറയുന്നത് ശരിയല്ല" എന്നു തടുത്ത് രംഗം തണുപ്പിച്ചത്(ഏഴാം അധ്യായം):


മണ്ഡനൻ—"മയാ പന്ഥാസ്സേ പൃച്ഛ്യതേ."(നീ ഏതുവഴിക്കാണു വന്നതു് എന്നാണു ഞാൻ ചോദിച്ചതു്.)

ശങ്കരൻ—("ഞാൻ വഴിയോടാണു ചോദിച്ചതു്" എന്നു് അർത്ഥം കല്പിച്ചു്) "പന്ഥാസ്ത്വാം കിമബ്രവീൽ?" (വഴി നിന്നോടു് എന്തുപറഞ്ഞു?)

മണ്ഡനൻ—(ക്രോധോന്മത്തനായി) "ത്വന്മാതാരണ്ഡേത്യാഹ" (നിൻെറ അമ്മ കലടയാണെന്നു പറഞ്ഞു.)

ഭാരതത്തിന്റെ തെക്കെഅറ്റത്തെ ഒരു ഗ്രാമത്തിൽ താമസിച്ചിരുന്ന,ശ്രീശങ്കരന്റെ വൃദ്ധമാതാവിനെക്കുറിച്ചു പ്രചരിപ്പിക്കപ്പെട്ട ഒരു അവിശുദ്ധ ആരോപണം, ഉത്തരഭാരതത്തിൽ ഒരു സന്യാസി അക്കാലത്ത് അറിഞ്ഞിരുന്നെങ്കിൽ, എത്ര വ്യാപകമായിരുന്നിരിക്കണം ആ പ്രചാരണമെന്ന് ആലോചിക്കുക. എത്രമേൽ ശത്രുതയോടെയാണ് ശങ്കരാചാര്യരോട് അന്നത്തെ ബ്രാഹ്മണ്യമേധാവികൾ ഇടപഴകിയിരുന്നതെന്നു വ്യക്തമാക്കുന്നതാണല്ലോ ആ സംഭവങ്ങൾ. ശ്രീശങ്കരനും അദ്വൈതചിന്തയും പൗരോഹിത്യസമൂഹങ്ങൾക്കിടയിൽ എത്രമേൽ അസഹിഷ്ണുതയും അസ്വസ്ഥതയും സൃഷ്ടിച്ചിരുന്നു എന്ന വസ്തുത ശങ്കരാചാര്യർക്കുനേരെയുണ്ടായ മണ്ഡനമിശ്രന്റെ ആ അധിക്ഷേപവാക്കുകൾ തെളിയിക്കുന്നുണ്ടല്ലോ.

ശങ്കരാചാര്യരോടു മണ്ഡനമിശ്രൻ അത്രമേൽ അസഹനീയതയോടെ പ്രതികരിച്ച തിനു പിന്നിലെ ശരിയായ മനോവികാരം എന്തായിരുന്നെന്നു തിരിച്ചറിയുന്നതിന്, അദ്ദേഹം ആരായിരുന്നെന്നും ആചാര്യർ എന്തുകൊണ്ടാണ് മിശ്രനെ സംവാദത്തി നു തിരഞ്ഞെടുത്തതെന്നും മനസ്സിലാക്കുന്നത് സഹായിക്കും. ദിഗ്‌വിജയത്തിന്റെ ഭാഗമായി ആചാര്യൻ പ്രയാഗിൽ എത്തിയത് മീമാംസകമതത്തിലെ കർമ്മകാണ്ഡ ത്തിന്റെ വക്താവായിരുന്ന കുമാരിലഭട്ടനെ വാദത്തിൽ നേരിടാനാണ്. അക്കാലം ഭട്ടൻ പല സ്ഥലങ്ങളും സന്ദർശിച്ചു ബൗദ്ധരുമായി സംവാദങ്ങൾ നടത്തി, വേദങ്ങ ളുടെ അധീശത്വം തെളിയിക്കുന്ന പ്രവൃത്തിയിൽ വ്യാപൃതനായിരുന്നു. കർമ്മകാ ണ്ഡത്തിന് പ്രാരംഭത്തിലുണ്ടായിരുന്ന നില വീണ്ടെടുത്തുകൊടുക്കാൻ ശ്രമിച്ചയാ ളെന്ന നിലയിലാണ്(പുനഃരുദ്ധാരകൻ) കുമാരിലഭട്ടനെ വിവേകാനന്ദസാഹിത്യസ ർവ്വസ്വത്തിലെ, 'ഈശ്വരനെ മനുഷ്യനിൽ കാണുക' എന്ന അധ്യായത്തിൽ സ്വാമി വിവേകാനന്ദൻ അടയാളപ്പെടുത്തുന്നത്. യാഗവും യജ്ഞവും ബലിയും ഹോമവു മടക്കമുള്ള ആചാരബദ്ധമായ മാർഗ്ഗമാണ് മോക്ഷത്തിന് സഹായകം എന്നു വിശ്വ സിച്ചിരുന്ന കർമ്മകാണ്ഡത്തിന്റെ ഉപാസകർ, പൗരോഹിത്യപാതയുടെ പരിപാല കരായിരുന്നു. ഭക്തിമാർഗ്ഗത്തെയും ജ്ഞാനമാർഗ്ഗത്തെയും നിരാകരിച്ച്, ആചാരാ നുഷ്ഠാനങ്ങളിൽ അഭിരമിച്ചിരുന്ന അവരുടെ പദ്ധതി വേദഹിതമല്ല എന്നതിനാൽ ആയിരിക്കണമല്ലോ ശങ്കരൻ ഭട്ടനെ തർക്കിച്ചുതോൽപ്പിക്കാൻ തീരുമാനിച്ചത്.ശങ്ക രൻ പൗരോഹിത്യത്തിന്റെ സംരക്ഷകനായിരുന്നെങ്കിൽ കുമാരിലഭട്ടന്റെ മാർഗ്ഗ ങ്ങളെ ഒരിക്കലും വിരുദ്ധചിന്താധാരയായി കാണുകയോ വാദപ്രതിവാദത്തിലൂടെ വിനാശത്തിലെത്തിക്കേണ്ട ഗണത്തിൽപ്പെടുത്തുകയോ ചെയ്യില്ല. കുമാരിലഭട്ടൻ സനാതനസമൂഹത്തെ നയിക്കാൻ ശ്രമിച്ച പാത ശങ്കരന്റെ ദൃഷ്ടിയിൽ വേദവിരു ദ്ധമായിരുന്നു എന്നതാണല്ലോ അതിലൂടെ വെളിവാകുന്നത്.

എന്നാൽ, പ്രയാഗിൽ എത്തിയ ശ്രീശങ്കരൻ കണ്ടത് മെല്ലെ എരിയുന്ന ഉമിത്തീയിൽ പ്രവേശിച്ച് പ്രാണത്യാഗംചെയ്യുന്ന അവസ്ഥയിലുള്ള കുമാരിലഭട്ടനെയാണ്. ബുദ്ധ മതത്തിന്റെ വേരറുക്കുകയെന്നത് ജീവിതവ്രതമായി സ്വീകരിച്ച ഭട്ടൻ, ബൌദ്ധഭി ക്ഷുക്കളെ തർക്കത്തിൽ തോൽപിച്ചു കീഴടക്കുക എന്ന ലക്ഷ്യത്തോടെ,ബുദ്ധമത തത്വങ്ങളിൽ അവഗാഹമാർജ്ജിക്കുന്നതിന് വേഷപ്രച്ഛന്നനായി ഒരുബുദ്ധഗുരുവി ൽനിന്ന് ജ്ഞാനം നേടിയിരുന്നു. ആ ചതിപ്രവൃത്തി പാപമായിരുന്നെന്നു തിരിച്ചറി ഞ്ഞപ്പോൾ പ്രായശ്ചിത്തമായാണ് അദ്ദേഹം ജീവത്യാഗത്തിനു തയ്യാറായത്. ശങ്കരാ ചാര്യർ ഭട്ടന്റെ പ്രായശ്ചിത്തം തടഞ്ഞില്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ട സംഗതിയാ ണല്ലോ. ബ്രാഹ്മണ്യപൗരോഹിത്യത്തിന്റെ ശക്തനായ ആ പ്രചാരകനെ മരണത്തി നു വിട്ടുകൊടുക്കാൻ ആചാര്യർ തയ്യാറായി എന്നതിൽനിന്നും അദ്വൈതചിന്ത അ ടിസ്ഥാനമാക്കിയിരുന്ന സനാതനസരണിയെ കളങ്കപ്പെടുത്തുന്ന ആ ആശയത്തി ന്റെ വ്യാപനം ശങ്കരാചാര്യർ ആഗ്രഹിക്കുന്നില്ല എന്നുതന്നെയാണ് മനസ്സിലാക്കേ ണ്ടത്. മരണത്തിനു മുന്നിൽ നിൽക്കുമ്പോഴും കുമാരിലഭട്ടൻ ചെയ്തത്, മാഹിഷ് മതിയിലെത്തി തന്റെ ശിഷ്യൻ മണ്ഡനമിശ്രനുമായി സംവാദത്തിൽ ഏർപ്പെടാൻ ശങ്കരനോട് ആവശ്യപ്പെടുകയായിരുന്നു എന്നതിൽനിന്നു കുമാരിലഭട്ടന് അയാൾ സഞ്ചരിച്ച മാർഗ്ഗത്തോടുണ്ടായിരുന്ന അന്തമില്ലാത്ത പ്രതിബദ്ധത പ്രകടമാണല്ലോ.

ശങ്കരൻ കുമാരിലഭട്ടനെ കാണാൻപോയത് ഒരു ആകസ്മിക സംഭവമായി കാണാനാകില്ല. യഥാർത്ഥ വൈദികസംസ്കാരത്തിൽനിന്നു ഹൈന്ദവസമൂഹത്തെയും, വിശേഷിച്ചു ബ്രാഹ്മണരെയും വഴിതെറ്റിച്ചു കർമ്മകാണ്ഡത്തിന്റെ മാർഗ്ഗത്തിലെത്തിക്കുന്നതിൽ കുമാരിലഭട്ടനും അദ്ദേഹം ഉരുവപ്പെടുത്തിയെടുത്ത ഭട്ടശാഖയും വഹിച്ച പങ്കിനെക്കുറിച്ച് ശ്രീശങ്കരനു നല്ല ബോധ്യമുണ്ടായിരുന്നെന്നുവേണം കരുതാൻ. ആദ്യകാലത്ത് കേരളത്തിലെ ബ്രാഹ്മണർ യാഗങ്ങളും മറ്റ് കാമ്യകർമങ്ങളും അനുഷ്ഠിച്ചിരുന്നില്ല. യാഗങ്ങളിലുൾപ്പെടുന്ന പശുഹിംസാദോഷത്തെ നിവർത്തിക്കാൻ പ്രയാസമായതിനാൽ, ഹിംസകൂടാതെയുള്ള സത്കർമ്മം മതിയെന്ന് വിശ്വസിച്ചിരുന്നതുകൊണ്ടായിരുന്നു അത്. എന്നാൽ,ഹരിശ്ചന്ദ്രപെരുമാൾ മലയാളക്കരഭരിച്ചിരുന്ന കാലത്ത്, അദ്ദേഹത്തിന്റെ ഗുരുവായിരുന്ന കുമാരിലഭട്ടൻ ഇന്നാട്ടിൽ വരികയും നമ്പൂതിരിമാരോടിടപഴകി തിരുവഞ്ചിക്കുളത്ത് താമസിക്കുകയും ചെയ്തിരുന്നു. അതോടുകൂടി ഭാട്ടമതവും പ്രഭാകരമെന്ന മീമാംസാസിദ്ധാന്തഭേദവും കേരളത്തിൽ പ്രസിദ്ധിനേടി. അതിനെതുടർന്നു നമ്പൂതിരിമാർ ധാരാളമായി യാഗങ്ങൾ നടത്താൻ തുടങ്ങി.(അവലംബം: നമ്പൂതിരിമാരെന്ന ലേഖനസമാഹാരഗ്രന്ഥത്തിൽ, ചിറയ്ക്കൽ രാമവർമ്മ വലിയരാജ എഴുതിയ നമ്പൂതിരിമാരും പെരുമാക്കന്മാരും എന്ന ലേഖനം). അത്തരത്തിൽ, കേരളത്തിലും ഭാരതത്തിലെമ്പാടും ഭക്തിമാർഗ്ഗത്തേയും ജ്ഞാനമാർഗ്ഗത്തേയും നിഷേധിച്ച് ആചാരാനുഷ്ഠാനങ്ങളുടെയും വേദവിരുദ്ധമായ ക്രിയാകാണ്ഡത്തിന്റെയും പ്രചരണത്തിനു നേതൃത്വംനല്കിയ കുമാരിലഭട്ടനെ സംവദിച്ചു തോല്പിക്കുകയെന്നത് അദ്വൈതസിദ്ധാന്തത്തിന്റെ പുനഃസ്ഥാപനത്തിന് അനിവാര്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാകണം ശങ്കരൻ പ്രയാഗിൽ ഭട്ടനെ തേടിയെത്തിയത്. അദ്ദേഹത്തിന്റെ വിശ്വസ്തനായ ശിഷ്യനായതിനാലാണ് മണ്ഡനമിശ്രനുമായി സംവാദത്തിൽ ഏർപ്പെടാൻ ഭട്ടൻ ശ്രീശങ്കരനോട് നിർദ്ദേശിച്ചത്. പൗരോഹിത്യമതത്തിന്റെ നായകസ്ഥാനീയരായിരുന്ന ഭട്ടന്റെയും മണ്ഡനമിശ്രന്റെയും നിലപാടുകൾ ബ്രാഹ്മണ്യത്തിന്റെ ആധികാരിക ശബ്ദമായിത്തന്നെ കണക്കാക്കാമല്ലോ. അതുകൊണ്ടാണ്, ജീവിതകാലം മുഴുവൻ ജാതിബ്രാഹ്മണ്യത്തിന്റെ വേട്ടയാടലിന് ഇരയായ മഹാത്മാവാണ് ശ്രീശങ്കരനെന്ന് സംശയലേശമന്യേ പറയാനാകുന്നത്. ആ ശങ്കരനെതന്നെ ബ്രാഹ്മണ്യം അതിന്റെ മുഖചിത്രമാക്കിയത്, അന്യസമൂഹങ്ങളെ വേട്ടയാടാനുള്ള ചട്ടങ്ങൾക്ക് അധികാരികതയുണ്ടാക്കാൻ മാത്രമാണെന്നു വിശ്വസിക്കുന്നതാണല്ലോ വസ്തുതാപരം.

വേട്ടയാടിയവർതന്നെ വേട്ടമൃഗമാക്കി

(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തുറന്നെഴുത്ത്)

പ്രാചീന മലയാളത്തിൽ പ്രചാരത്തിലിരുന്നതായി കരുതപ്പെടുന്ന ഭാർഗ്ഗവസ്മൃതി സംഗ്രഹിച്ച് എഴുതിയതാണ് 'ശാങ്കരസ്മൃതി' അഥവാ ലഘുധർമ്മപ്രകാശിക എന്ന നിയമഗ്രന്ഥം. അതിന്റെ രചയിതാവ് ആദിശങ്കരനാണെന്നും, അതല്ല ശങ്കരനെന്ന് പേരുള്ള മറ്റൊരുപണ്ഡിതനാണെന്നും ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. മനുസ്മൃതിയെ ഇവിടത്തെ സവിശേഷസാഹചര്യങ്ങളിൽ പുനർനിർമ്മിച്ചിരിക്കുന്നതായി കാണപ്പെടുന്ന ആ പുസ്തകത്തെ, മലയാളഹിന്ദുക്കളുടെ നടവടികൾക്കു പ്രമാണ

മായ സ്മൃതിഗ്രന്ഥം എന്നാണ് അവതാരികയിൽ പരിചയപ്പെടുത്തുന്നത്. ഒരേസമയം, കേരളസ്രഷ്ടാവായി കണക്കാക്കപ്പെടുന്ന ഭാർഗ്ഗവരാമന്റെയും(പരശുരാമൻ) അദ്വൈതസിദ്ധാന്തത്തിന്റെ പ്രചാരകനായ ശ്രീശങ്കരന്റെയും ചെലവിൽ മലയാളിസമൂഹത്തിനുമേൽ നടപ്പാക്കപ്പെട്ട നടവടികളുടെ സമാഹാരമാണ്,മിക്കവാറും ഭാഗങ്ങളിൽ മനുസ്മൃതിയുടെ മലയാളപരിഭാഷയാണോ എന്ന ശങ്കയുണ്ടാക്കുന്ന ആ പുസ്തകം.ശാങ്കരസ്മൃതിയുടെ ആദ്യപതിപ്പിന് കൊടുങ്ങല്ലൂർകുഞ്ഞിക്കുട്ടൻ തമ്പുരാനെഴുതിയ അവതാരികയിൽ ഇങ്ങനെ പറയുന്നു: 'ശാങ്കരസ്മൃതിയുടെ കർത്താവ് ഒരു ശങ്കരനാണെന്നതിന് ആർക്കും വിവാദമുണ്ടാവാനിടയില്ല. എന്നാൽ, ആ ശങ്കരൻ, കാലടി കാപ്പിള്ളി ശങ്കരൻ നമ്പൂരിയായ, സാക്ഷാൽ ശങ്കരാചാര്യസ്വാമികൾ തന്നെയാണെന്നാണ് പരക്കെ മലയാളികളുടെ ഇടയിൽ പ്രസിദ്ധിയുള്ളത്. മലയാള ബ്രാഹ്മണരായ നമ്പൂരിമാർ പല പ്രകാരത്തിലും നാട്ടിൽ ഇരിക്കപ്പൊറുതി കൊടുക്കായ്കയാൽ നാടുവിട്ട്, പരദേശങ്ങളിൽ പല ദിക്കിലും സഞ്ചരിച്ചിരുന്ന ശങ്കരാചാര്യർ, മലയാളികൾക്കു പ്രത്യേകമുപയോഗമുള്ള ഈ ഗ്രന്ഥം നിർമ്മിച്ചു എന്നുപറയുന്നത് ഒരുമാതിരി അസംബന്ധമാണ് എന്നു ചിലർ വാദിക്കുമായിരിക്കാം. പക്ഷേ, പരമകാരുണികനായ ആചാര്യസ്വാമികൾ തത്കാലികങ്ങളായ അന്തഃച്ഛിദ്രങ്ങളെ മാത്രം വിചാരിച്ചു കേവലം സ്വദേശസ്നേഹം വെടിഞ്ഞ്, ആ നാട്ടുകാർക്കുണ്ടാകാവുന്ന ശാശ്വതമായ ഗുണത്തിനു വിമുഖനായിപ്പോയെന്നു വിചാരിക്കാനും ധൈര്യംവരുന്നില്ല'.ഇതായിരുന്നു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തുറന്നെഴുത്ത്:

> ഭാർഗ്ഗവസ്മൃതിയുടെ സംക്ഷേപമായി ലഘുധർമ്മപ്രകാശിക എന്ന പേരായ ശാങ്കരസ്മൃതി മുപ്പത്താറദ്ധ്യായമുള്ളതിൽ പന്ത്രണ്ടദ്ധ്യായംമാത്രം ചിലേടങ്ങളിൽ ദുർല്ലഭമായി നടപ്പുണ്ടെന്നുള്ളത് ഒട്ടൊരാശ്വാസത്തിനിടയാക്കുന്നില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും അതും അപൂർണ്ണനിലയിലാണ് കാണുന്നതെന്നുള്ളതിനും പുറമെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ലെന്നുള്ള വലിയ ന്യൂനതയും ഇന്നേവരെ തീർന്നു കാണുന്നില്ല. ഈ ശാങ്കരസ്മൃതിയുടെ കർത്താവ് ഒരു ശങ്കരനാണെന്നുള്ളതിന്ന് ആർക്കും വാദമുണ്ടാവാനിടയില്ലാ. എന്നാൽ ആ ശ്ശങ്കരൻ കാലടി കാപ്പിള്ളി ശങ്കരൻ നമ്പൂരിയായ സാക്ഷാൽ ശ്രീശങ്കരാചാര്യസ്വാമികൾതന്നെയാണെന്നാണ് എന്നാകന്നു പരക്കേ മലയാളികളുടെ ഇടയിൽ പ്രസിദ്ധിയുള്ളത്. മലയാളബ്രാഹ്മണരായ നമ്പൂരിമാർ പലപ്രകാരത്തിലും നാട്ടിലിരിയ്ക്കപ്പൊറുതി കൊടുക്കായ്കയാൽ നാടുവിട്ടു പരദേശങ്ങളിൽ പല ദിക്കിലും സഞ്ചരിച്ചിരുന്ന ശങ്കരാചാര്യർ മലയാളികൾക്കു പ്രത്യേകമുപയോഗമുള്ള ഈ ഗ്രന്ഥം നിർമ്മിച്ചു എന്നുപറയുന്നത് ഒരുമാതിരി അസംബന്ധമാണെന്നു ചിലർ വാദിക്കുമായിരിയ്ക്കാം. പക്ഷേ പരമകാരുണികനായ ആചാര്യസ്വാമികൾ താൽക്കാലികങ്ങളായ അന്തഃച്ഛിദ്രങ്ങളേ

മനുസ്മൃതിയിലെ മാനവവിരുദ്ധവും വേദവിരുദ്ധവുമായ നിയമങ്ങൾ മലയാളക്കരയിൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി നിർമ്മിച്ച ആ ഗ്രന്ഥത്തിന്റെരചയിതാവ് ശ്രീശങ്കരൻതന്നെയാണോ എന്ന സംഗതി ചരിത്രകാരന്മാർ കണ്ടെത്തട്ടെ. അദ്വൈതസിദ്ധാന്തത്തിന്റെ പുനഃസ്ഥാപകനും പ്രചാരകനുമായ ശ്രീശങ്കരൻ അത്രമാത്രം അമാനവികത പ്രവൃത്തിക്കുകയില്ലെന്നു വിശ്വസിക്കുന്നതാണ് അദ്ദേഹത്തിന്റെ മഹത്വത്തോടു കാണിക്കാവുന്ന മാന്യത. ശ്രീശങ്കരന്റെയും ഭാർഗ്ഗവരാമന്റെയും ചെലവിൽ ജാതിബ്രാഹ്മണ്യം നടത്തിയ ഒരു കാപട്യമായി ആ ഗ്രന്ഥനിർമ്മിതിയും കാണുന്നതാണു വസ്തുതാപരം. ആ ഗ്രന്ഥത്തിന്റെ കർതൃത്ത്വത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഉയർത്തുന്ന സംശയത്തോളം തന്നെ പരിഗണനയർഹിക്കുന്നതാണ് അതോടൊപ്പം അദ്ദേഹം നടത്തുന്ന ആ തുറന്നുപറച്ചിൽ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ പറയുന്നതനുസരിച്ച്, മലയാളബ്രാഹ്മണരായ നമ്പൂരിമാർ പല വിധത്തിലും നാട്ടിൽ ഇരിക്കപ്പൊറുതികൊടുക്കായ്കയാൽ നാടുവിട്ടാണ് ശങ്കരാചാര്യർ പരദേശങ്ങളിൽ പലദിക്കിലും സഞ്ചരിച്ചിരുന്നത്. മലയാളത്തിലെ ആദ്ധ്യാത്മിക-സാംസ്കാരിക ശേഖരത്തിലേക്ക് നിസ്തുലമായ നിരവധി കൃതികൾ സംഭാവനചെയ്ത് കേരളവ്യാസനെന്ന പേരിനർഹനായ ആ അമാനുഷികപ്രഭാവന്റെ വാക്കുകൾ ഒരിക്കലും അവിശ്വസിക്കേണ്ടതില്ലല്ലോ. ജീവിച്ചിരിക്കുമ്പോൾ ശ്രീശങ്കരനെ വേട്ടയാടിയിരുന്നവരാണ് സമാധിക്കുശേഷം അദ്ദേഹത്തെ 'വേട്ടമൃഗ'മാക്കിയത് എന്നു സ്പഷ്ടം. ജീവിച്ചിരുന്ന നാളുകളിൽ ശ്രീശങ്കരൻ എതിർത്തു തോൽപ്പിക്കുകയും ഉന്മൂലനംചെയ്യാൻ യത്നിക്കുകയും ചെയ്ത ആശയങ്ങളുടെ വക്താവും പ്രചാരകനുമായി പിൽക്കാലത്ത് അറിയപ്പെടേണ്ടിവന്നു എന്നതാണല്ലോ ശങ്കരാചാര്യരുടെ ഏറ്റവുംവലിയ ദുര്യോഗം. അത്, ഒരുപക്ഷെ അദ്ദേഹത്തോടുള്ള ജാതിബ്രാഹ്മണ്യത്തിന്റെ മധുരപ്രതികാരമായിരുന്നിരിക്കാം. അനവധി നൂറ്റാണ്ടുകൾനീണ്ട അസംഖ്യം അപനിർമ്മിതികളിലൂടെ, ബ്രാഹ്മണർ ദൈവതുല്യരാണെന്നും, മറ്റെല്ലാവരും അവരുടെ സുഖഭോഗങ്ങൾക്കുള്ള ഉപകരണങ്ങൾ മാത്രമാണെന്നും സ്ഥാപിച്ചെടുത്ത വർണ്ണവിഭജനസിദ്ധാന്തത്തിന്റെ വാദമുഖങ്ങളെ, മനുഷ്യൻ മാത്രമല്ല സകല ചരാചരങ്ങളും ബ്രാഹ്മണർ മാത്രമല്ല സർവ്വ മനുഷ്യരും പരമാത്മചൈതന്യത്തിന്റെ അംശമാണെന്നും, ദ്വൈതബുദ്ധി മൗഢ്യമാണെന്നും ശാസ്ത്രസത്യങ്ങളെ അവലംബമാക്കി സമർത്ഥിച്ച ശങ്കരാചാര്യരോട് അതിൽ കുറഞ്ഞ എന്താണ് ബ്രാഹ്മണ്യമെന്ന സ്ഥാപനത്തിനു ചെയ്യാനാകുക?

(പിൻകുറിപ്പ്: വേദവിരുദ്ധമെന്നതിന്, ഉപനിഷത്തുകൾ നിർവ്വചിക്കുന്ന പരമജ്ഞാനത്തിന് -സകല ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യം പരമാത്മാവിന്റെ അംശമാണെന്ന അറിവിനു-നിരക്കാത്തത് എന്നാണർത്ഥം; ചതുർവ്വേദങ്ങൾക്കു വിരുദ്ധമായത് എന്നല്ല. വളരെ ബൃഹത്തായ വേദഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ തികച്ചും വ്യത്യസ്തവും പലപ്പോഴും തമ്മിൽ സാമ്യപ്പെടുന്നവയുമല്ല. അതിനാൽ, വേദങ്ങൾ നൽകുന്ന അറിവിനെ ഏകസ്വഭാവമുള്ള ഒന്നായും, അതിനാൽ പരമജ്ഞാനമായും കണക്കാക്കാനാകില്ലല്ലോ.)

ആചാര്യനിന്ദയിൽ കേരളപാണിനിയുടെ സ്ഥിരീകരണം

1918ൽ പാറയിൽ രാമൻനമ്പൂതിരി പ്രസാധകനായി യോഗക്ഷേമസഭ പ്രസിദ്ധീകരിച്ച നമ്പൂതിരിമാർ എന്ന പുസ്തകത്തിലെ, കേരളപാണിനി എ.ആർ.രാജരാജവർമ്മ എഴുതിയ നമ്പൂതിരിമാരും സാഹിത്യവുമെന്ന ലേഖനത്തിൽ, നാരായണീയം നിർമ്മിച്ച പണ്ഡിതശ്രേഷ്ഠനായ ഭട്ടതിരിയെ നമ്പൂതിരിമാർ അപഹസിച്ചതിനെക്കുറിച്ചുള്ള പരാമർശമുണ്ട്. അതിന് അനുബന്ധമായി കേരളപാണിനി, ശങ്കരാചാര്യരെ ആചാരവികലനെന്ന് അവഹേളിച്ച് ബ്രാഹ്മണർ അപകടത്തിൽ പെട്ടതിനെക്കുറിച്ചും പറയുന്നുണ്ട്. ഏതു തരത്തിലാണ് ആചാര്യർ ബ്രാഹ്മണനിന്ദയ്ക്കു വിധേയനായതെന്ന കാര്യത്തിലേക്കാണ് ആ പ്രതിപാദനവും വെളിച്ചംവീശുന്നത്.

ഇതൊന്നും ശങ്കരാചാര്യരെയും ബ്രാഹ്മണ്യത്തെയും എതിർക്കുന്നവരുടെ വാക്കുകളല്ലല്ലോ. അതിനർത്ഥം, ശങ്കരനെ ജാതിബ്രാഹ്മണ്യത്തിന്റെ സാമൂഹ്യാധിപത്യം പുനഃസ്ഥാപിച്ച വ്യക്തിയായി അവതരിപ്പിക്കുന്നവരൊക്കെ, സ്വസമുദായത്തിലെ

പണ്ഡിതന്മാരിൽനിന്നും സത്യം അറിഞ്ഞിട്ടുതന്നെയാണ് ആ വ്യാജപ്രചരണം നടത്തുന്നത് എന്നാണല്ലോ. അതിന്റെ ലക്ഷ്യം ശങ്കരനെ മുന്നിൽനിറുത്തി അവരുടെ അപരാധങ്ങൾക്ക് മറയൊരുക്കുകയും, അതേസമയം അദ്ദേഹത്തെ ബ്രാഹ്മണ്യനിയമങ്ങളുടെ ഇരകളായി ജീവിതം തുലഞ്ഞവരുടെ ശത്രുപക്ഷത്തെത്തിച്ച് അപമാനിക്കുകയുമായിരുന്നു എന്നുതന്നെ നിസ്സംശയം വിശ്വസിക്കാം.

ചരിത്രകാരന്മാരുടെ സമ്മതപത്രം

ജീവിച്ചിരുന്നകാലത്ത് ശങ്കരാചാര്യരെ ആര്യബ്രാഹ്മണർ അംഗീകരിച്ചിരുന്നില്ല എന്നസംഗതി പല ചരിത്രകാരന്മാരും കണ്ടെത്തിയിട്ടുണ്ട്. ആർ.നാരായണപ്പണിക്കർ രചിച്ച കേരളഭാഷാസാഹിത്യചരിത്രം എന്ന പുസ്തകത്തിലെ കൊല്ലവർഷാരംഭം എന്ന അധ്യായത്തിൽ, കൊല്ലവർഷാരംഭത്തെ ശങ്കരാചാര്യരുടെ പേരിനോട് ഘടിപ്പിക്കാൻ ചിലർ പരിശ്രമിക്കുന്നത് യുക്തിക്കും പ്രമാണങ്ങൾക്കും പ്രതികൂലമാണ് എന്നു സ്ഥാപിക്കാൻ നിരത്തുന്ന ന്യായങ്ങൾക്കിടയിൽ ശ്രീശങ്കരനെക്കുറിച്ചു നടത്തുന്ന പരാമർശങ്ങളും ശ്രദ്ധേയമാണ്: ആചാര്യവാഗഭേദ്യാ എന്ന കലിദിനത്തിൽ ശങ്കരാചാര്യർ എല്ലാ രാജാക്കന്മാരെയും വിളിച്ചുകൂട്ടി കൊല്ലത്തുവച്ച് കേരളാചാരങ്ങളെല്ലാം ക്രോഡീകരിച്ച് ഒരു പുത്തൻ ആചാരപദ്ധതി പ്രസിദ്ധീകരിച്ചു എന്നാണ് ഐതിഹ്യം. ആ പുരാവൃത്തം വിശ്വസിക്കാൻ ഒരു നിവൃത്തിയുമില്ലെന്നു നാരായണപ്പണിക്കർ എഴുതുന്നു. കേവലമൊരു സന്യാസിയുടെ, അതും കേരളബ്രാഹ്മണരുടെ പ്രീതിബഹുമാനങ്ങൾക്ക് അക്കാലത്ത് പാത്രീഭവിക്കാതിരുന്ന ഒരുസന്യാസിയുടെ ആജ്ഞയനുസരിച്ച് എല്ലാ രാജാക്കന്മാരും കൊല്ലത്തു വന്നുകൂടി എന്നുള്ളത് തീരെ സംഭാവ്യമല്ലായെന്നതാണ് അദ്ദേഹം അതിനു നിരത്തുന്ന ഒരു വാദം. അതേ ഗ്രന്ഥത്തിൽത്തന്നെ, ശ്രീശങ്കരാചാര്യരും അനാചാരങ്ങളും എന്ന അധ്യായത്തിൽ, നാരായണപണിക്കർ ആദിശങ്കരാചാര്യർ 64 അനാചാരങ്ങളുടെ സ്ഥാപകനായിരുന്നോ എന്നതും പരിശോധിക്കുന്നുണ്ട്. അപ്പോൾ,ശങ്കരാചാര്യരുടെ ജീവിതത്തിനും അനാചാരങ്ങൾക്കും തമ്മിൽ ഒരുപൊരുത്തവുമില്ലെന്നു സ്ഥാപിക്കുന്ന പണിക്കർ, അങ്ങനെ ഒരു അനാചാരാമ്നായം നിർമ്മിച്ചു കേരളീയരെ ശിക്ഷിക്കാൻ ശങ്കരൻ ഒരുങ്ങിയെന്നുവന്നാൽത്തന്നെ അതെല്ലാം മലയാളബ്രാഹ്മണർ സ്വീകരിക്കുമായിരുന്നോ എന്നകാര്യം സന്ദിഗ്ദവുമാണെന്ന് പറയുന്നു. ശങ്കരാചാര്യർക്കു കേരളീയനായ ഒരു ശിഷ്യൻപോലും ഇല്ലായിരുന്നു എന്ന സംഗതിയും, ഏതൽക്കാലപര്യന്തം പൂർവ്വമീമാംസയ്ക്കുള്ളിടത്തോളം പ്രാബല്യം അദ്വൈതത്തിന് അവർക്കിടയിൽ ലഭിച്ചിട്ടില്ലെന്ന വസ്തുതയും ചേർത്തുവെച്ച്, കർമ്മകാണ്ഡത്തെ മുറുകെപ്പിടിച്ചു കൊണ്ടിരുന്ന കേരളബ്രാഹ്മണരുണ്ടോ അദ്വൈതമതത്തെ സ്വീകരിക്കുന്നു, എന്ന സന്ദേഹവും ആർ.നാരായണപ്പണിക്കർ ഉന്നയിക്കുന്നുണ്ട്.

ശങ്കരാചാര്യർ എക്കാലത്തും ആര്യബ്രാഹ്മണ്യവക്താക്കളുടെ കണ്ണിലെ കരടായിരുന്നെന്നും, അതുകൊണ്ടുതന്നെ ആചാര്യൻ ഏറ്റവും നിന്ദ്യമായ വിധത്തിൽ അവഹേളിക്കപ്പെട്ടിട്ടുണ്ട് എന്നുമാണല്ലോ ഇതിൽനിന്നൊക്കെ വ്യക്തമാകുന്നത്. അതിനുള്ള പ്രേരണ, ജാതിബ്രാഹ്മണ്യം തകർത്തുതരിപ്പണമാക്കിയ സനാതനസംസ്കൃതിയുടെ ആണിക്കല്ലായ അദ്വൈതഭാവനയെ അദ്ദേഹം പുനഃസ്ഥാപിച്ചു എന്നതു

തന്നെയാണ്. സനാതനസംസ്കൃതി ഉദ്ദ്യേശിക്കുന്ന വഴികളിൽനിന്നു വ്യതിചലിച്ച പൗരോഹിത്യത്തിന്റെ, ശക്തനായ വിമർശകനായിരുന്നു ശങ്കരാചാര്യർ എന്നതായിരിക്കാം അത്രകടുത്ത ശത്രുതയോടെ ബ്രാഹ്മണ്യം അദ്ദേഹത്തെ നേരിട്ടതിന്റെ കാരണം. അത് വെളിച്ചത്തുവരാതിരിക്കാനുള്ള കുടിലതന്ത്രമാകാം അദ്ദേഹത്തെ ബ്രാഹ്മണ്യത്തിന്റെ പുനഃസ്ഥാപകനായി അവതരിപ്പിച്ചതിലൂടെ അവർ നടപ്പിലാക്കിയത്. അതുകൊണ്ട്, ജാതിബ്രാഹ്മണ്യത്തിന്റെ പുനഃസ്ഥാപകനായല്ല;ജാതിബ്രാഹ്മണ്യം എന്ന അധികാരസ്ഥാപനത്തിന്റെ കടയ്ക്കൽ കത്തിവെച്ച സാമൂഹ്യപരിഷ്കർത്താവായിട്ടാണ് ഭാരതം ശ്രീശങ്കരനെ പരിഗണിക്കേണ്ടത് എന്നുതോന്നുന്നു.

ശങ്കരന്റെ ശാപമേറ്റ് വേദാനർഹരായ ബ്രാഹ്മണർ

ശ്രീശങ്കരാചാര്യരുടെ ജീവിതവുംമഹത്വവും ആവിഷ്കരിച്ചുകൊണ്ട് സംസ്കൃതത്തിൽ രചിക്കപ്പെട്ടിട്ടുള്ള അനേകം കൃതികളിൽ ഏറ്റവും പ്രശസ്തവും പ്രമാണികവുമെന്നു കണക്കാക്കപ്പെടുന്ന ജീവചരിത്രമാണ് വിദ്യാരണ്യൻ(മാധവാചാര്യൻ) എഴുതിയ ശ്രീശങ്കര ദിഗ്വിജയം. (ആചാര്യൻ സ്ഥാപിച്ച ശൃംഗേരിമഠത്തിൽ A.D1331 മുതൽ A.D1386വരെ അന്തേവാസിയും മഠാദ്ധ്യക്ഷനുമായിരുന്ന വിദ്യാരണ്യസ്വാമി, വിവിധ ദർശനങ്ങളിൽ വിപുലമായ പാണ്ഡിത്യം ആർജ്ജിച്ച മഹാവിജ്ഞനും മുപ്പതിലേറെ ഗ്രന്ഥങ്ങളുടെ പ്രാണേതാവുമാണ്). ഭക്തകവിതിലകം ടി.സുബ്രഹ്മണ്യൻ തിരുമുമ്പ് ആ ഗ്രന്ഥത്തിനു മലയാളത്തിൽ നടത്തിയ വൃത്താനുവൃത്ത പരിഭാഷയാണ് ശ്രീമദ്ശങ്കരദിഗ്വിജയം. ആ പുസ്തകത്തിലെ ചിലപരാമർശങ്ങൾ,ജീവിച്ചിരിക്കുമ്പോൾ ജാതിബ്രാഹ്മണ്യം ശങ്കരാചാര്യർക്കുനേരെ നടത്തിയ നെറികേടുകളുടെ നേർസാക്ഷ്യമാണ്. കൊടുങ്ങല്ലൂർകുഞ്ഞിക്കുട്ടൻതമ്പുരാൻ തുറന്നെഴുതിയ അപ്രിയസത്യങ്ങളെ സാധൂകരിക്കാൻ പോന്നവയാണ് അവ:

- ✓ 'അമ്മയുടെ ഔർദ്ധ്വദൈഹികം(ശേഷക്രിയകൾ) നടത്തുന്നതിനായി, ശ്രീശങ്കരൻ തന്റെ ബന്ധുവർഗ്ഗത്തെ(!)വിളിച്ചപ്പോൾ, സന്യാസിക്കു മാതാവിന്റെ സംസ്കാരകർമ്മം ചെയ്യാൻ അവകാശമില്ലെന്നു പറഞ്ഞ് അവർ ഭഗവാനെ സഹായിക്കാൻ വിസമ്മതിച്ചു. അപ്പോൾ, ഭഗവാൻ അവരെ ഇങ്ങനെ ശപിച്ചുപോലും:"ഇന്നുമുതൽ നിങ്ങൾ വേദാനർഹരും വഹ്നിസംസ്കാരശൂന്യന്മാരുമായ ശൂദ്രാചാരന്മാരായി ഭവിച്ചാലും." ശാപഫലമായി ഇന്നും കാലടിയിലെ(?) ബ്രാഹ്മണർ വേദാനർഹന്മാരാണെന്നു പറയപ്പെടുന്നു'(കഥാസംക്ഷേപം).
- ✓ ഒരിക്കൽ രാജശേഖരപ്പെരുമാൾ ശങ്കരനെ കാണാനായി എത്തി. സപ്രശ്രയം പ്രണമിച്ച് അടുത്തുനില്ക്കുകയായിരുന്ന രാജാവിനോട് ഭഗവാൻ ഇപ്രകാരം കുശലപ്രശ്നം ചെയ്തു: "അന്നൊരിക്കൽ എന്നെ വായിച്ചുകേൾപ്പിച്ച നാടകങ്ങളുടെ നിലയെന്തായി?" (വർഷങ്ങൾക്കു മുൻപ് ശങ്കരന്റെ ഏതാദൃശമായ അമാനുഷവൈഭവത്തെയും അനന്യസുലഭമായ പാണ്ഡിത്യത്തെയും കേട്ടറിഞ്ഞ കേരളദേശാധിപനായ രാജശേഖരപ്പെരുമാൾ, ഒരിക്കൽ ആ ദേവസന്നിഭനായ ബാലനെ കാണാൻ വന്നുചേരുകയും സാഷ്ടാംഗപ്രണാമംചെയ്തു സ്വപ്രണീതങ്ങളായ മൂന്നുനാടകങ്ങൾ ശങ്കരനെ വായിച്ചുകേൾപ്പിക്കുകയും ചെയ്തിരുന്നു). പെരുമാൾ ഇപ്രകാരം പ്രതിവചിച്ചു:"ഭഗവൻ! ആ നാടകങ്ങൾ

> തീയിൽ വീണ് നശിച്ചുപോയി. എന്തുചെയ്യും? എന്റെ ശ്രമങ്ങളൊക്കെ വ്യർത്ഥങ്ങളായി പോയി". തൽക്ഷണം, ആചാര്യൻ തന്റെ അപ്രതിമ പ്രതിഭാവിലാസത്തെ പ്രദർശിപ്പിച്ചുകൊണ്ട്, ആ മൂന്നു നാടകങ്ങളും മനഃപാഠം ചൊല്ലിക്കൊടുത്ത് എഴുതിപ്പിച്ചു.കൃതാർത്ഥനാകിയ പെരുമാളാകട്ടെ, ആ ഗുരുരാജനോട് എന്തൊരു അഭിലാഷനിവൃത്തി ചെയ്താണു താൻ ശങ്കരനെ കൃതാർത്ഥീകരിക്കേണ്ടതെന്ന് ആരാഞ്ഞപ്പോൾ, സന്തുഷ്ടനായ ഭഗവദ്പൂജ്യപാദർ, കാലടിഗ്രാമസ്ഥരായ ബ്രാഹ്മണരെ താൻ പണ്ടു ശപിച്ച സംഗതി രാജാവിനെ ഗ്രഹിപ്പിക്കുകയും, അവരെ അതേ രീതിയിൽ വേദാഗ്നിബഹിഷ്കൃതരായിത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയും, അങ്ങനെതന്നെയാവാം എന്നു സമ്മതിച്ച് രാജശേഖരൻ രാജസന്നിധിയിലേക്ക് സന്തുഷ്ടചേതസ്സായി തിരിച്ചുപോവുകയും ചെയ്തു.(പേജ്: 16, കഥാസംക്ഷേപം).(വഹ്നി=അഗ്നി).

കാലടിയിലെ ബ്രാഹ്മണർക്കു തെറ്റുപറ്റിയെങ്കിൽ, അതു തിരുത്താൻ മലയാളക്കരയിലെ മറ്റുള്ള ദേശങ്ങളിലും പുറത്തുമുള്ള ബ്രാഹ്മണർ എന്തുകൊണ്ടു തയ്യാറായില്ലെന്ന് ആലോചിക്കുക. ഭാരതത്തിലാകെ പ്രശസ്തനായിരുന്ന,'വൈദികസംസ്കൃതിയുടെ പുനഃസ്ഥാപനത്തിന് അവതാരമെടുത്ത' ശങ്കരചാര്യരുടെ മാതാവിന്റെ മരണം കാലടിക്കുപുറത്തുള്ള ബ്രാഹ്മണർ അറിഞ്ഞില്ല എന്നും കരുതാനാകുമോ? അതിനുള്ള സംഭാവ്യത കുറവാണ്.അങ്ങനെ നോക്കുമ്പോൾ,ആചാര്യർക്കുനേരെ ബ്രാഹ്മണസമൂഹം പൊതുവിൽ ഏതെങ്കിലും രീതിയിലുള്ള ഭ്രഷ്ട് ഏർപ്പെടുത്തിയിരുന്നോ എന്നുംസംശയിക്കേണ്ടിവരുന്നു. അതിനുള്ള പ്രതിക്രിയയാവണം അവർക്ക് ശങ്കരൻ ഏർപ്പെടുത്തിയ വേദാഗ്നിബഹിഷ്കരണം. സത്യം അങ്ങനെയാണെങ്കിൽ, അതു കേവലം കാലടിയിലെ ബ്രാഹ്മണർക്കു മാത്രമുള്ള ശാപമായിരുന്നിരിക്കില്ല, മലയാളക്കരയിലെ ബ്രാഹ്മണർക്കെല്ലാം ബാധകമായ ഒരു ശാപമാണെന്നു കണക്കാക്കേണ്ടിവരും. ആചാര്യന്റെ വിലക്ക്, മാതാവിനോടുള്ള സ്നേഹത്തിൽ നിന്നുണ്ടായ കേവലം വൈകാരിക പ്രതികരണമായിരുന്നില്ലാ എന്നതാണ് ബ്രാഹ്മണരെ വേദാഗ്നിബഹിഷ്കൃതരായിത്തന്നെ നിലനിർത്തണമെന്നു വർഷങ്ങൾക്കു ശേഷം രാജശേഖരപ്പെരുമാളിനോട് ആവശ്യപ്പെട്ടത്തിൽനിന്നു വ്യക്തമാകുന്നത്. കാലടിയിലെ, അല്ലെങ്കിൽ മലയാളക്കരയിലെ ബ്രാഹ്മണർക്ക് എന്നെങ്കിലും ശാപമോക്ഷം ലഭിച്ചതായി എവിടെയും കാണുന്നില്ല എന്നതും ഓർക്കേണ്ടതാണ്.

സന്യാസിക്ക് അമ്മയുടെ സംസ്കാരകർമ്മം ചെയ്യാൻ അർഹതയില്ലെന്നു പറഞ്ഞ്, തങ്ങളുടെ നിസ്സഹകരണത്തിനു ന്യായീകരണം കണ്ടെത്തുന്ന പൗരോഹിത്യത്തിനും ബ്രാഹ്മണ്യമാമൂലുകൾക്കും മേൽ ആചാര്യനേൽപ്പിച്ച കനത്ത ആഘാതമാണ് സ്വയം നിർവ്വഹിച്ച ആ ശവസംസ്കാരകർമ്മം. ജന്മമേകിയ അമ്മയെക്കാൾ വലുതല്ല ഒരു മനുഷ്യനിർമ്മിതശാസനവും എന്ന ഉദാത്തമായ മാനവികവീക്ഷണത്തിന്റെ പ്രഖ്യാപനമായാണ് ആ സംഭവത്തെ അറിയേണ്ടത്. എന്തിനും ഏതിനും ജന്മത്തെ ആധാരമാക്കുന്ന ബ്രാഹ്മണ്യത്തിനുള്ള ഏറ്റവും കൃത്യമായ മറുപടിയാണത്. സ്വന്തം മാതാവിന്റെ അന്ത്യകർമ്മങ്ങളിൽ തനിക്കൊപ്പം പ്രാധാന്യത്തോടെ ശൂദ്രരെ പങ്കാളി ആക്കുകവഴി, അദ്വൈതം പുസ്തകത്താളിൽ കുറിച്ചുവെയ്ക്കാനുള്ള സ്വപ്നപദ്ധതിയല്ലെന്നു തെളിയിക്കുകയായിരുന്നു ആചാര്യർ. ഒരുപക്ഷെ, സഹജ

രിൽ അദ്വൈതബോധം ഉണർത്താൻ, ശൂദ്രരെ സംസ്കാരകർമ്മങ്ങളിൽ പങ്കാളിയാക്കിയ ശ്രീശങ്കരാചാര്യരുടെ പരിഷ്കരണമാവാം ജാതിബ്രാഹ്മണരെ ശത്രുക്കളാക്കിയ ആ നിസ്സഹകരണത്തിന്റെ വസ്തുതാപരമായ കാരണം.

അദ്വൈതിയായ ശ്രീശങ്കരന് ബ്രാഹ്മണനെയും ശൂദ്രനെയും മനുഷ്യനായി കാണാനുള്ള വിവേകമുണ്ടായിരുന്നു എന്നതിന്റെ വെളിച്ചത്തിൽ വേണം അദ്ദേഹത്തിനെതിരെയുള്ള അപനിർമ്മിത ആരോപണങ്ങളെ ഒരു പുനർവായനയ്ക്ക് വിധേയമാക്കേണ്ടത്. ഇത്രമേൽ നിന്ദ്യമായി തന്നോടിടപെട്ട, താൻ ബ്രാഹ്മണാധികാരങ്ങൾ നിഷേധിച്ച സമുദായത്തിനുവേണ്ടിയാണ് ശങ്കരാചാര്യർ മാനവവിരുദ്ധമായ നിയമങ്ങൾ സൃഷ്ടിച്ചത് എന്നു പറയുന്നത് എത്രമാത്രം അസംബന്ധമാണെന്ന് ആലോചിക്കുക. ആ അയുക്തിതന്നെയാണ് ആചാര്യർ ജാതിബ്രാഹ്മണ്യത്തിന്റെ പിണിയാളായിരുന്നില്ല എന്ന നിഗമനത്തിന്റെ സാധൂകരണം.

ദിഗ്വിജയയാത്രയിലെ പ്രതിബന്ധങ്ങൾ

ബ്രഹ്മസൂത്രഭാഷ്യത്തിന്റെ നിർമ്മിതി പൂർത്തിയാക്കി ശിഷ്യന്മാരെയും പണ്ഡിതരെയും പഠിപ്പിച്ച ശങ്കരനുനേരെ ആദ്യത്തെ ആക്ഷേപവും സൈദ്ധാന്തിക ആക്രമണവുമുണ്ടായത് ബൌദ്ധരുടെ ഭാഗത്തുനിന്നല്ല; പാശുപതന്മാരിൽനിന്നായിരുന്നു. ഹിന്ദുമതത്തിലെ ഒരു ഉപവിഭാഗമാണ് അവർ. പശുക്കൾ എന്നാൽ ജീവന്മാർ. അവയുടെ പതിയാണ് പശുപതിയെന്ന ശിവൻ. ഈശ്വരനാണ് പശുപതി. പാശുപതന്മാർ സാംഖ്യസിദ്ധാന്തത്തെ അവലംബമാക്കിയാണ് തങ്ങളുടെ വിശ്വാസത്തെ രൂപപ്പെടുത്തിയിട്ടുള്ളത്. കഴുത്തിൽ മാലയും കൈയിൽ വളകളും കാതിൽ കുണ്ഡലവും തലയിൽ ജടയും മേലാകെ ഭസ്മവും പൂണൂലും ധരിച്ചാൽ ജീവനു മോക്ഷം കിട്ടും എന്ന വിചിത്ര കല്പനയും അവർക്കുണ്ട്. ആ ആറുമുദ്രകൾ ധരിച്ച ഒരാൾ പിന്നീടു സംസാരത്തിൽവരില്ലെന്നാണ് ഇവരുടെ വാദം. മോക്ഷത്തിന് പ്രത്യേക തത്വജ്ഞാനമോ സാധനകളോ വൈരാഗ്യമോ അവർ നിശ്ചയിക്കുന്നില്ല. അത് യുക്തിയ്ക്കും ശ്രുതിക്കും യോജിക്കാത്തതാണ്. അവരുടെ വാദങ്ങളിലെ നിരർത്ഥകതയും, വേദവിരുദ്ധതയും ഖണ്ഡിച്ചാണ് ആചാര്യർ അവരെ തിരുത്തി അദ്വൈതപാതയിൽ അണിചേർത്തത്. ശങ്കരാചാര്യരോടുള്ള പകമൂത്ത്, ആഭിചാരത്തിലൂടെ അദ്ദേഹത്തിനു ഭഗന്ദരം എന്ന രോഗമുണ്ടാക്കി അപായപ്പെടുത്താൻ ശ്രമിച്ച അഭിനവഗുപ്തനും അന്യമതക്കാരനായിരുന്നില്ല; ശാക്തേയനായിരുന്നു. രാജസപൂജാവിധികൾ പിന്തുടരുകയും ഭഗവതിയെ ഉപാസിക്കുകയും ചെയ്യുന്ന ശാക്തേയർ ഹൈന്ദവസമൂഹത്തിലെതന്നെ ഒരു പ്രബലവിഭാഗമാണല്ലോ.(സംസാരം= ലൗകിക ജീവിതചക്രം).

അദ്വൈതസിദ്ധാന്തം പ്രചരിപ്പിക്കുന്നതിനുവേണ്ടി ശങ്കരാചാര്യരും ശിഷ്യന്മാരും നടത്തിയ ദിഗ്വിജയയാത്രയുടെ സമഗ്രമായ വർണ്ണന അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ ഉണ്ട്. അവയിൽ, അദ്വൈതപാതയിൽ ശങ്കരാചാര്യർക്കു പ്രതിബന്ധമായി നിന്ന പ്രമുഖരുടെ പേരുകളും, അവരെ ആചാര്യൻ എങ്ങനെ നേരിട്ടുവെന്നതും വിവരിക്കുന്നുണ്ട്. ദേവീപൂജയെന്ന വ്യാജേന മദ്യം സേവിക്കുന്ന രാമേശ്വരത്തെ ശാക്തേയന്മാർ, വിദർഭ രാജ്യത്തെ ക്രൂരവൃത്തന്മാരായ ഭൈരവോപാസകർ, മനുഷ്യരക്തംകൊണ്ട് കാപാലിയെ ആരാധിക്കുന്ന കർണ്ണാടകയിലെ ക്രകചന്റെ

നായകത്വത്തിലുള്ള കാപാലികർ,നീലകണ്ഠകവിയുടെ നേതൃത്വത്തിൽ ഗോകർണ്ണത്തിൽ നിലവിലിരുന്ന ശൈവന്മാർ, ദ്വാരകയിലെ വൈഷ്ണവർ, ഉജ്ജയിനിയിലെ ഭട്ടഭാസ്ക്കരൻ നേതൃത്വമേകിയ ദ്വൈതന്മാർ, ബ്‌ളാഹികദേശത്തെ അർഹതന്മാർ, ആവന്തിയിലെ പണ്ഡിതന്മാർ, കാമരൂപം, മിഥില, കോസലം, ഗൗഡം,അംഗം, ഭരദം എന്നിവിടങ്ങളിലെ മതാചാര്യർ, കാമരൂപവാസിയും മാന്ത്രികനും ആഭിചാരകർമ്മിയും ശാക്തഭാഷ്യകർത്താവുമായ അഭിനവഗുപ്തൻ, ശ്രീഹർഷർ, മുരാരി മിശ്രൻ എന്നീപണ്ഡിതന്മാർ, സർവ്വജ്ഞപീഠംകയറാൻ കാഷ്മീരത്തിലെ ശാരദാമണ്ഡപത്തിലെത്തിയ ജഗദ്ഗുരുവിനെ തടഞ്ഞ കണാദന്മാരും നൈയായികന്മാരും സാംഖ്യന്മാരും, അങ്ങനെ നീളുന്നു ആ പട്ടിക. അവയിൽ, ഹിന്ദുമതത്തിലെ അവാന്തരവിഭാഗങ്ങളിൽ ഉൾപ്പെടുന്നവരല്ലാത്തവർ അധികമില്ലെന്നതാണു വാസ്തവം. അതായത്, അദ്വൈതസിദ്ധാന്തം പുനഃസ്ഥാപിക്കാനും പ്രചരിപ്പിക്കാനും യത്നിച്ച ശങ്കരാചാര്യർക്കു മുൻപിൽ തടസ്സംതീർത്തു നിലകൊണ്ടത് ബൗദ്ധരോ ജൈനരോ ആയിരുന്നില്ല; ഹൈന്ദവപൗരോഹിത്യനേതൃത്വമായിരുന്നു.

ശങ്കരാചാര്യർ പുനഃസ്ഥാപിക്കാൻ ശ്രമിച്ച അദ്വൈതവേദാന്തത്തിന്റെ സാരാംശം, ബ്രഹ്മം അഥവാ പരമാത്മാവാണ് ഏകവുംപൂർണ്ണവും ആയ സത്യം.നാനാത്വത്തോടുകൂടിയ ജഗത് ഭ്രമജനകമായ തോന്നലാണ്(ആഭാസമാണ്).ജീവാത്മാവ് പരമാത്മാവല്ലാതെ മറ്റാരുമല്ല എന്നതാണ്. (ബ്രഹ്മസത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവ നാ പരഃ). അതായത്, നാം കാണുന്ന ഈ ദൃശ്യപ്രപഞ്ചത്തിലെ ദ്വൈത വൈവിധ്യവസ്തുക്കളെല്ലാം തികച്ചും തോന്നലാണ്. ശങ്കരൻ ബ്രഹ്മത്തെ നിർവ്വചിക്കുന്നതുകൂടി അറിഞ്ഞാൽ ആ വീക്ഷണം പൂർണ്ണാർത്ഥത്തിൽ വ്യക്തമാകും. അതിപ്രകാരമാണ്: ജഗത്തിന്റെ ഉത്പത്തി മുതലായവ ഏതിൽനിന്നോ, അതു ബ്രഹ്മമാകുന്നു(ജന്മാദ്യസ്യ യതഃ). ജഗത് ഭ്രമജനകമായ തോന്നൽ മാത്രമായാലും, അല്ലെങ്കിലും, അതിന്റെ ഉത്പത്തിക്കു കാരണമായ ബ്രഹ്മം അഥവാ പരമാത്മാവാണ് സർവ്വപ്രപഞ്ചവസ്തുക്കളിലും നിറഞ്ഞുനിൽക്കുന്നതെന്നു ചുരുക്കം. അതായത്, ബ്രാഹ്മണ്യം ഉണ്ടെന്നു പറയുന്ന വേർതിരിവുകളും, അതിന്റെ അടിസ്ഥാനമായി ആവിഷ്കരിക്കുന്ന ശുദ്ധ്യാശുദ്ധിവാദവുമൊക്കെ എല്ലാ അർത്ഥത്തിലും കേവലം ആഭാസമാണെന്നാണ് ശ്രീശങ്കരൻ പറഞ്ഞുവെച്ചതും ഭരതത്തിലുടനീളം സഞ്ചരിച്ചു പ്രചരിപ്പിച്ചതും. പരമാത്മാവിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ചരാചരവസ്തുക്കൾക്ക് പല നില സാധ്യമല്ല. അതുകൊണ്ടാണ്, ബ്രാഹ്മണനിലും ചണ്ഡാലനിലും നായിലും പശുവിലും സമദർശിത്വം സാധ്യമാകണമെന്നു ശ്രീശങ്കരൻ പഠിപ്പിച്ചത്. നമുക്കതു സാധ്യമാകുന്നില്ലെങ്കിൽ നമ്മുടെ പരിമിതിയാണ് പുറത്തുവരുന്നത്; അദ്വൈതസിദ്ധാന്തത്തിന്റെ തോൽവിയല്ല. പൗരോഹിത്യമതം നടത്തുന്ന പ്രചാരണങ്ങളുടെ തലയരിയുന്ന സത്യമാണ് അദ്വൈതവേദാന്തം. ചാതുർവർണ്യവിഭജനത്തിന്റെയും ജാതിവിവേചനത്തിന്റേയും അന്ത്യംകുറിക്കാൻ കെൽപ്പുള്ള ആയുധമായിരുന്നു അത്. ശങ്കരാചാര്യരും ശിഷ്യന്മാരും അദ്വൈതചിന്താപദ്ധതിയും എന്തുകൊണ്ട് അക്കാലത്ത് അത്രമേൽ ആക്രമിക്കപ്പെട്ടു എന്നതിന്റെ കാരണവും, മതാധികാരികൾക്ക് അപ്രിയമായ ആ സത്യത്തിന്റെ ശക്തമായ സാന്നിദ്ധ്യം തന്നെയാണ്. സകല വേർതിരിവുകളെയും റദ്ദുചെയ്യാൻ പോന്നതാണ് ആ സത്യം എന്ന തിരിച്ചറിവാണ്.

പ്രച്ഛന്നബുദ്ധൻ

ഭാരതത്തിലാകെ മേൽക്കോയ്മസ്ഥാപിച്ച ബുദ്ധമതത്തിന്റെ കൈകളിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അവതാരമെടുത്ത ശിവഭഗവാനാണ് ശങ്കരൻ എന്ന രീതിയിലാണ് അദ്ദേഹത്തിന്റെ ജനനത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പറയുന്നത്. ആ പ്രചാരണത്തിന്റെ ഫലമായി, ബുദ്ധമതത്തിലെ വലിയൊരു വിഭാഗം ശങ്കരനെ ആജന്മശത്രുവായിക്കാണുമ്പോഴും, ഹിന്ദുമതത്തിലെ വൈഷ്ണവധാര, വിശേഷിച്ചും ആ സമൂഹത്തിലെ ബ്രാഹ്മണ്യനേതൃത്വം ശങ്കരാചാര്യസ്വാമികളെ പ്രച്ഛന്നബുദ്ധനായാണു കണ്ടത്. ശ്രീശങ്കരൻ മുന്നോട്ടുവച്ച ചിന്താപദ്ധതിക്ക് മഹായാനബൌദ്ധദർശനങ്ങളുമായുള്ള സമാനതകൾ ചൂണ്ടിക്കാണിച്ചാണ് പ്രച്ഛന്നബുദ്ധനെന്ന് ആരോപിച്ച് ആചാര്യരെ അപമാനിക്കാനുള്ള ശ്രമം പൗരോഹിത്യനേതൃത്വത്തിൽനിന്നും ഉണ്ടായത്. യാമുനാചാര്യന്റെ തത്വചിന്തയിൽ അടിയുറച്ചു നിലകൊണ്ട രാമാനുജനാണ് ആദ്യമായി ശ്രീശങ്കരനെ പ്രച്ഛന്നബുദ്ധനെന്നു വിശേഷിപ്പിച്ചത്. അത്, അക്കാലത്തും പിന്നീടും വ്യാപകമായ പ്രചാരണവിഷയമായി മാറി.

അക്കാലത്തെ ബ്രാഹ്മണ പൗരോഹിത്യസമൂഹത്തിനു തീരെപരിചിതമല്ലായിരുന്ന അദ്വൈതം, അഹിംസ തുടങ്ങിയ പദ്ധതികളിൽ ഊന്നിയ ഒരു ചിന്താധാരയെക്കുറിച്ചു സംസാരിച്ച ശ്രീശങ്കരൻ, പ്രച്ഛന്നരൂപിയായ ബുദ്ധനാണ് എന്നു പ്രചരിപ്പിച്ചത് ബ്രാഹ്മണ്യനേതൃത്വമാണ്. അതൊരു ബഹുമതിയായിരുന്നില്ല;ആരോപണമായിരുന്നല്ലോ.അദ്വൈതസിദ്ധാന്തം ബുദ്ധമതത്തിന്റെയും സനാതനധർമ്മത്തിന്റേയും വേലിക്കെട്ടിനുള്ളിൽ തളച്ചിടാൻ കഴിയാത്ത മഹാസത്യമാണെന്ന് ശിഥിലഭാവനകളുടെ പ്രചാരകർക്കു മനസ്സിലായില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. ജീവാത്മാക്കൾ തമ്മിൽത്തമ്മിൽ ഭേദമില്ലെന്നും, ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധവും വർണ്ണവ്യവസ്ഥയും ജാതിവിവേചനങ്ങളും ഉച്ചനീചത്വങ്ങളും സാമൂഹികാസമത്വവും ദൈവത്തിലും പൂജാദികർമ്മങ്ങളിലും യാഗങ്ങളിലും ഉള്ള വിശ്വാസവും ലൗകികജീവിതത്തിലെ കാമക്രോധലോഭമോഹാദിനിസ്സാരതകളുമൊക്കെ അവിദ്യയുടെ, അല്ലെങ്കിൽ മിഥ്യാജ്ഞാനത്തിന്റെ ഫലങ്ങളായ വ്യാവഹാരികവിഷയങ്ങൾ മാത്രമാണെന്നും, ആ അവിദ്യയിൽനിന്നു മോചനം നേടുന്നവരെ സംബന്ധിച്ചിടത്തോളം ഏകവും അദ്വിതീയവുമായ ബ്രഹ്മം എന്ന പാരമാർത്ഥിക സത്യമല്ലാതെ മറ്റൊന്നും ഇല്ലെന്നുമാണ് അദ്വൈതസിദ്ധാന്തവും ശങ്കരാചാര്യരും പ്രഖ്യാപിച്ചത്. പൗരോഹിത്യ നേതൃത്വത്തിനു തീരെ സുഖിക്കാത്ത അദ്വൈതചിന്താപദ്ധതിയടക്കമുള്ള ശങ്കരന്റെ ദർശനങ്ങൾ ഹിന്ദുമതത്തിൽ സ്വീകരിക്കപ്പെടാതിരിക്കാൻ ഉയർത്തിയ ദുരാരോപണമായിരുന്നു ശങ്കരനുമേൽ ചുമത്തപ്പെട്ട പ്രച്ഛന്നബുദ്ധൻ എന്ന അന്യവത്കരണശ്രമം. ബുദ്ധമതാശയങ്ങളോട് പൗരോഹിത്യസമൂഹം വളർത്തിയെടുത്ത വിപ്രതിപത്തി ശങ്കരന്റെ ആശയങ്ങളിലേക്കും സംക്രമിപ്പിച്ച്,മേൽചിന്താധാരയുടെ സ്വീകാര്യത നശിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. വേദങ്ങളെ ആധാരമാക്കിയുള്ള കർമ്മപ്രധാനമായ വൈദികാനുഷ്ഠാനങ്ങളെ എതിർക്കുകയും, ഉപനിഷത്തുകൾ(വേദാന്തം) നിർദ്ദേശിക്കുന്ന തത്വദർശനം അവലംബമാക്കിയുള്ള പാത നിർദ്ദേശിക്കുകയും ചെയ്തു എന്നതാണ് അതിനുള്ള കാരണം. അതാണ് ശങ്കരനെ ശത്രുവാക്കിയ ബ്രാഹ്മണ്യതന്ത്രത്തിന്റെയും രഹസ്യം.

[പിൻകുറിപ്പ്: ഉപാസനാമന്ത്രങ്ങളുടെ സമാഹാരങ്ങൾ എന്ന നിലയിൽ വേദങ്ങൾ അനുശാസിക്കുന്നത് കർമ്മപ്രധാനമായ വൈദികാനുഷ്ഠാനങ്ങളാണ്. അതിനാൽ, ചതുർവ്വേദങ്ങളെ ആദ്ധ്യാത്മികഗ്രന്ഥങ്ങളായി മിക്ക പണ്ഡിതന്മാരും നിർദ്ദേശിക്കുന്നില്ല.(വള്ളത്തോളിന്റെ ഋഗ്വേദതർജ്ജമക്ക് എഴുതിയ ആമുഖത്തിൽ സർദാർ കെ.എം.പണിക്കർ അത് കൃത്യമായി സമർത്ഥിക്കുന്നുണ്ട്). എന്നാൽ, ഉപനിഷത്തുകൾ മനുഷ്യന്റെ ആദ്ധ്യാത്മികോന്നതിയ്ക്ക് സഹായിക്കുന്ന പരമജ്ഞാനം പ്രദാനം ചെയ്യുന്ന ജ്ഞാനകാണ്ഡമാണ്. അക്കാരണത്താൽ, ഉപനിഷത്തുകളെ പൊതുവെ വേദാന്തമെന്നു വിശേഷിപ്പിക്കുന്നു. വാസ്തവത്തിൽ, വേദാന്തമാണ്(ഉപനിഷത്തുകൾ) ശ്രുതിയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. (വേദാന്തമെന്നാൽ വേദങ്ങളുടെ സാരസംഗ്രഹമാണ് എന്ന വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ്, ചതുർവ്വേദങ്ങളാണ് ശ്രുതിയെന്ന വിശ്വാസം പ്രബലമാക്കിയത്).കൃത്യമായി പറഞ്ഞാൽ ഉപനിഷത്തുകളാണ്(ചതുർവ്വേദങ്ങളല്ല)ശ്രുതി എന്നറിയപ്പെടുന്നത്.പരമജ്ഞാനം-സമസ്തചരാചരങ്ങളിലും പ്രശോഭിക്കുന്ന ചൈതന്യം ഒന്നാണെന്ന അറിവ്-പകർന്നുതരുന്നതുകൊണ്ടാണ് ഉപനിഷത്തുകൾ, സനാതനസത്യമെന്ന നിലയിൽ വേദാന്തമാകുന്നത്. അത് വേദത്തിന്റെ –ജ്ഞാനത്തിന്റെ- അവസാനമാണ്; വേദങ്ങളുടെ അന്തമല്ല. യാതൊന്നറിഞ്ഞാൽ, പിന്നെ അറിയേണ്ടതായി ഒന്നുമില്ല എന്ന അർത്ഥത്തിലാണ്, അറിവിന്റെ അന്തം എന്ന പ്രയോഗം. അന്തം എന്ന പദത്തിന്, നിർണ്ണയമെന്നും അർത്ഥമുണ്ട്. ഏതൊരു തത്ത്വത്തെയാണോ പരമസത്യമായി നിർണ്ണയിച്ചിരിക്കുന്നത്, ആ സത്യം വെളിവാക്കിത്തരുന്നതാണ് ഉപനിഷത്തുകൾ എന്നും അർത്ഥമാക്കാം. താൻ പരമാത്മാവിന്റെ അംശമാണ് എന്ന അറിവിനെയാണ് ബ്രഹ്മജ്ഞാനം എന്നും ആത്മവിദ്യയെന്നും വേദാന്തം(ഉപനിഷത്ത്) വിളിക്കുന്നത്. വിദ്യകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായ ആ വിദ്യ സ്വയം അറിയലാണ്. മറ്റേതു വിദ്യയ്ക്കും, അതിനെ ഗ്രഹിക്കുവാൻ ഒരു ജ്ഞാതാവ് ആവശ്യമാണ്. എന്നാൽ, ആത്മവിദ്യയിൽ ജ്ഞാതാവും ജ്ഞേയവും ഒരാൾതന്നെയാണ്(ആത്മാവ്). ഭാഷയും പുസ്തകവും(ഗുരുപോലും) ആവശ്യമില്ലാത്ത അറിവാണത്.വേദങ്ങളെക്കാൾ ലളിതവും സുഗ്രാഹ്യവുമായിട്ടും ഉപനിഷത്തുകൾ അപ്രസക്തമാകുകയും, വേദങ്ങൾ പ്രാമാണികത നേടുകയും ചെയ്തതിന്റെ ശരിയായ കാരണം, ഉപനിഷത്തുകൾ ഉയർത്തിപ്പിടിക്കുന്ന പരമസത്യത്തിന്റെ-സർവ്വചരാചരങ്ങളിലും പ്രശോഭിക്കുന്ന ചൈതന്യം ഒന്നാണ് എന്ന സത്യത്തിന്റെ-പ്രസരണത്തിലെ അപകടം ബ്രാഹ്മണ്യം തിരിച്ചറിഞ്ഞതാണ്. ദശോപനിഷത്തുക്കളെന്ന് അറിയപ്പെടുന്ന പത്തെണ്ണമടക്കം നൂറിലധികം ഉപനിഷത്തുകളുണ്ടെങ്കിലും, അവയൊക്കെ പകർന്നുതരുന്ന അടിസ്ഥാനജ്ഞാനം പരമാത്മാവും ജീവാത്മാവും ഒന്നാണെന്ന പരമസത്യമാണ്; അദ്വൈതബ്രഹ്മസാക്ഷാത്കാരമാണ്. ആ മഹാതത്ത്വം പഠിപ്പിക്കുന്ന ഒരു ആചാരമാണ് ശവസംസ്കാരവേളയിൽ അനുഷ്ഠിക്കുന്ന നീർക്കുടമുടയ്ക്കുന്ന ചടങ്ങ്. മരണത്തോടെ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു എന്ന അറിവ് പ്രതീകാത്മകമായി ആവിഷ്കരിക്കുന്ന ആ ക്രിയാവിധി, മഹാകാശം-ഘടാകാശം എന്ന വേദാന്തസിദ്ധാന്തത്തിന്റെ ലളിത വ്യാഖ്യാനമാണ്. ഈ പ്രപഞ്ചം ആസകലം വ്യാപിച്ചിരിക്കുന്ന മഹാകാശവും(sky അല്ല; പഞ്ചഭൂതങ്ങളിൽ ഒന്നായ space), ഒരു കുടത്തിലുൾക്കൊള്ളുന്ന ആകാശവും ഒന്നുതന്നെയാണെന്നും, കുടത്തിന്റെ അതിരു നീങ്ങുമ്പോൾ -കുടം ഉടയുമ്പോൾ- കുടത്തിലെ ആകാശം മഹാകാശത്തിൽ ലയിക്കുന്നു എന്നും സാരം. എന്നാൽ, വളരെ ലളിതമായ അത്തരം വേദാന്തസത്യങ്ങൾപോലും സാധാരണക്കാർക്കു പറഞ്ഞുകൊടുക്കാതെ, ഗൂഢമാക്കിവെയ്ക്കുന്നതിൽ ചില പ്രത്യേക താത്പര്യങ്ങളുണ്ട്. അതിനുപിന്നിലെ ലക്ഷ്യം, അദ്വൈതബോധത്തിന്റെ വേരുകൾ സമൂഹത്തിൽ ഉറക്കാതെ നോക്കുക എന്നതന്ത്രമാണ്. വർണ്ണത്തിന്റെപേരിൽ ഏർപ്പെടുത്തിയ അത്യാചാരങ്ങളും, ആഢ്യസമുദായങ്ങളുടെ അപ്രമാദിത്വവും ഉലച്ചിലില്ലാതെ മുൻപോട്ടു കൊണ്ടുപോകുന്നതിന് മറ്റു സമൂഹങ്ങളെ അജ്ഞരാക്കി നിലനിർത്തേണ്ടതുണ്ടല്ലോ.]

അദ്വൈതതത്വങ്ങൾ എന്ന വ്യാജേന ബുദ്ധമതാശയങ്ങളെ ഹിന്ദുമതത്തിൽ സന്നിവേശിപ്പിക്കാൻ ശങ്കരൻ ശ്രമിക്കുന്നു എന്നവിചാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രച്ഛന്നബുദ്ധൻ എന്ന ആ ദുരാരോപണം. വൈദികമതമെന്ന സ്ഥാപനത്തെ പടുത്തുയർത്തിയ അടിസ്ഥാനശിലകൾ തകരുന്നതിന്, അദ്വൈതദർശനം നിമിത്തമാകുമെന്നു ഭയപ്പെട്ടവരായിരുന്നു അതിനു പിന്നിൽ. ഈ പ്രപഞ്ചത്തിലെ സകലചരാചരങ്ങളിലും കുടികൊള്ളുന്നത് ഒരേശക്തിയുടെ അംശമാണെന്നുവന്നാൽ അതുവരെ പൗരോഹിത്യസമൂഹം അവതരിപ്പിച്ചുപോന്ന പ്രമാണങ്ങളെല്ലാം അപ്രസക്തമാകും എന്ന തിരിച്ചറിവാണ് അവരെ ആ പാതകത്തിനു പ്രേരിപ്പിച്ചതെന്നു വേണം അറിയാൻ. അദ്വൈതസിദ്ധാന്തം എന്ന അസ്തിവാരത്തിലാണ് സനാതന സംസ്കൃതി നിലനിൽക്കുന്നത് എന്നതറിയാത്തവരോ, അറിവുണ്ടായിട്ടും അജ്ഞരായി അഭിനയിക്കുന്നവരോ ആണ് അവർ.(വൈദികമതം=പൗരോഹിത്യമതം).

അദ്വൈതസിദ്ധാന്തമെന്ന മഹത്തായ സത്യത്തെ കൈയൊഴിഞ്ഞ സനാതനധാര, അപരവർണ്ണ വിരോധത്തിന്റെയും അനാചാരങ്ങളുടെയും ചുഴിയിൽപ്പെട്ടു ശിഥിലമായപ്പോഴാണ്, അദ്വൈതം, അഹിംസ തുടങ്ങിയ ആശയങ്ങൾ മുഖമുദ്രകളായി അവതരിപ്പിച്ചുകൊണ്ട് ബുദ്ധമതം ഉദയംകൊണ്ടതും സാമാന്യജനങ്ങൾക്കിടയിൽ സ്വാധീനമുറപ്പിച്ചതും.അഹിംസയും അദ്വൈതപദ്ധതിയും സനാതനസംസ്കൃതിയുടെ സംഭാവനകളാണെങ്കിലും, അവ സാധാരണക്കാരന്റെ ചിന്തയിലും ദൃഷ്ടിപഥത്തിലും എത്തിയത് ബുദ്ധമതശാസനങ്ങളുടെ രൂപത്തിലാണ്. ഗ്രന്ഥങ്ങളിലൊതുങ്ങിയ അത്തരം മൂല്യാങ്കങ്ങളെ കണ്ടെടുത്തു പ്രചരിപ്പിച്ചതായിരുന്നു ബുദ്ധമതത്തിന്റെ വിജയരഹസ്യം. അതു തിരിച്ചറിഞ്ഞതുകൊണ്ടാകാം, കൈമോശംവന്ന നന്മകളെ വീണ്ടെടുക്കലാണ് ആർഷസംസ്കൃതിയുടെ പുനരുദ്ധാരണത്തിനുള്ള പകതയാർന്ന പദ്ധതിയെന്ന തിരിച്ചറിവ് ശങ്കരാചാര്യർക്കുണ്ടായതും അതിനുള്ള പ്രചാരണങ്ങൾ നടപ്പിലാക്കിയതും. അതിന് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം, ദിഗ്വിജയയാത്രയും അതിന്റെ ഭാഗമായ സംവാദ പരമ്പരകളുമാണ്. തിരുത്തപ്പെടേണ്ടതു ഹിന്ദുസമുദായത്തിന്റെ ഉള്ളിലിരിപ്പാണന്ന് ഉത്തമബോധ്യമുണ്ടായതിനാലാകാം അദ്ദേഹം രാജ്യമെമ്പാടും സഞ്ചരിച്ച് സംവാദങ്ങളിലൂടെ അദ്വൈതപദ്ധതി പ്രചരിപ്പിച്ചത്. അദ്വൈതാചാര്യർ ആശയസംഘട്ടനത്തിനു തിരഞ്ഞെടുത്തവരിൽ ഭൂരിപക്ഷവും ബ്രാഹ്മണപണ്ഡിതന്മാരായിരുന്നു എന്നതാണ് അതിനുള്ള സാധൂകരണം. സംവാദങ്ങൾ വഴി മതപണ്ഡിതന്മാരെ വസ്തുതകൾ ബോധ്യപ്പെടുത്താനും, അവരെയും അനുയായികളെയും അദ്വൈതചിന്തയിലേക്കു തിരിച്ചെത്തിക്കാനും ശങ്കരനു കഴിഞ്ഞു. ആ രീതിയിൽ, ജനസ്വീകാര്യതയുറപ്പിച്ചാണ് ശങ്കരൻ അദ്വൈതമതത്തിന്റെ(ബ്രാഹ്മണ്യമതത്തിന്റെ അല്ല)പുനഃസ്ഥാപനം സാധ്യമാക്കിയത്. അതിനെ ചാതുർവർണ്യത്തിലധിഷ്ഠിതമായ ബ്രാഹ്മണ്യവ്യവസ്ഥിതിയുടെ പുനഃസ്ഥാപനമായി വ്യാഖ്യാനിച്ചത് ബ്രാഹ്മണ്യത്തിന്റെ കള്ളപ്രചാരകരാണ്.

മായവാദം പോലെയുള്ള വിഷയങ്ങളിൽ ശങ്കരദർശനം ബുദ്ധസംഹിതകളുമായി സമരസപ്പെടുന്നതുകൊണ്ടാകാം പ്രച്ഛന്നബുദ്ധൻ എന്ന ദുരാരോപണം ഉയർന്നത് എന്ന ന്യായീകരണം ശങ്കരാചാര്യർക്ക് നേരെ നടന്ന അവഹേളനങ്ങളെ ലഘൂകരിക്കാനും, ശങ്കരന്റെ അദ്വൈതചിന്ത ശരിയായിരുന്നില്ലെന്നു സ്ഥാപിക്കാനും ഉള്ള

പ്രച്ഛന്നനാട്യങ്ങൾമാത്രമായേ കാണാനാകൂ. എന്തുകൊണ്ടെന്നാൽ, ശങ്കരാചാര്യർ മായാവാദം സ്വീകരിച്ചത് ബുദ്ധമതസംഹിതകളിൽനിന്നല്ല എന്ന കാര്യം കൃത്യമാണ്. ശങ്കരന്റെ ഗുരു ഗോവിന്ദസ്വാമിയുടെ ആചാര്യനും ശങ്കരാചാര്യരുടെ പ്രാചാര്യനുമായ ഗൗഡപാദർ, മാണ്ഡൂക്യോപനിഷത്തിന് 215 ശ്ലോകങ്ങളുള്ള ഒരു കാരിക (വ്യാഖ്യാന ഗ്രന്ഥം) നിർമ്മിച്ചിട്ടുണ്ട്. ആ കാരികയ്ക്കു ഭാഷ്യം കുറിച്ചത് ശങ്കരാചാര്യനാണ്. ആ മാണ്ഡൂക്യകാരികയിൽനിന്നാണ് മായാവാദം ശങ്കരൻ സ്വീകരിച്ചത്, എന്ന യാഥാർത്ഥ്യം ചരിത്രമായി മുന്നിൽ നിലനിൽക്കുമ്പോൾ, ശങ്കരാചാര്യർക്കെതിരെയുള്ള ദുരാരോപണം മായാവാദത്തിന്റെ പേരിലാണെന്നു വാദിക്കുന്നതിൽ അർത്ഥമില്ലല്ലോ.ശ്രീശങ്കരനെ പ്രച്ഛന്നബുദ്ധൻ എന്ന് അധിക്ഷേപിച്ചവരുടെ ഉന്നം അക്കാലത്ത് ഹിന്ദുസമൂഹത്തിൽ നിലനിന്നിരുന്ന ബൗദ്ധവിരുദ്ധത മുൻനിറുത്തി അദ്വൈതപദ്ധതിയുടെ വ്യാപനം തടുക്കുക എന്നതുതന്നെയായിരുന്നു.തങ്ങളുടെ താത്പര്യങ്ങൾക്കു തടസ്സമായി നിന്നാൽ ആചാര്യനും ഇരിപ്പിടം പുറത്തുതന്നെയാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രഖ്യാപിക്കുകയായിരുന്നു പൗരോഹിത്യനേതൃത്വം തങ്ങളുടെ അത്തരം പ്രവൃത്തികളിലൂടെ.

ശങ്കരൻ ബുദ്ധമതത്തെ അന്ധമായി എതിർക്കുകയല്ല; ബുദ്ധമതത്തിന്റേത് എന്നു തെറ്റിദ്ധരിക്കപ്പെട്ട അദ്വൈതചിന്തയുടെ അന്തഃസാരം സ്വാംശീകരിച്ചവതരിപ്പിച്ച് ഹിന്ദുമതത്തെ പരിഷ്കരിക്കുകയാണു ചെയ്തതെന്നു കാണാം. ശങ്കരന്റെ മായാവാദവും മോക്ഷസങ്കൽപവും ബൗദ്ധചിന്തയോടും കടപ്പെട്ടിരിക്കുന്നു എന്ന് ഡോ. എസ്.രാധാകൃഷ്ണനെപ്പോലെയുള്ള ചിന്തകർ നിരൂപിച്ചത് അതിന്റെ അടിസ്ഥാനത്തിലാകാം. ഡോ.ബി.ആർ. അംബേദ്കറും ശങ്കരാചാര്യരെപ്പറ്റി സമാനമായ ഒരു അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്: "പലരും പറയുന്നതുപോലെ, ശങ്കരാചാര്യരുടെ തർക്കവിതർക്കങ്ങളല്ല ഇന്ത്യയിലെ ബുദ്ധമതത്തിന്റെ തകർച്ചയ്ക്കു കാരണമായത്. ശ്രീശങ്കരാചാര്യരുടെ മരണശേഷവും നൂറ്റാണ്ടുകളോളം ബുദ്ധമതം ഇവിടെ നിലനിന്നു എന്നതുതന്നെ അതിനുള്ള സാധൂകരണം. ബുദ്ധമതത്തിന്റെ നല്ല വശങ്ങൾ മിക്കതും സ്വീകരിക്കുകയും സ്വാംശീകരിക്കുകയുംചെയ്ത ശൈവമതത്തിന്റെയും വൈഷ്ണവമതത്തിന്റെയും ഉയർച്ച കാരണമാണ് ഇന്ത്യയിൽ ബുദ്ധമതം തകർന്നത്. ഇന്നു ഹിന്ദുമതം രൂപത്തിൽ വളരെ അധികം മാറിയിട്ടുണ്ട്. മുമ്പ്, ഹിംസ പഠിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്ന ഹിന്ദുമതം അഹിംസ പഠിപ്പിച്ചുതുടങ്ങിയിരിക്കുന്നു". പൂർവ്വകാലത്തെ മൂല്യങ്ങളിലേക്കുള്ള മടക്കമാണ് ഹിന്ദുമതത്തെ പുനരുജ്ജീവിപ്പിച്ചതെന്നാണല്ലോ അതിന്റെയൊക്കെ അർത്ഥം.

ശ്രീശങ്കരൻ അദ്വൈതസിദ്ധാന്തത്തിന്റെ വ്യാപനത്തിനു പിന്തുടർന്ന രീതി അതുവരെ പരിചയമില്ലാത്ത ഒന്നായിരുന്നു. സൈദ്ധാന്തിക സംവാദങ്ങളിൽ തോൽക്കുന്നവർ, ജയിക്കുന്ന പക്ഷത്തു ചേരുക എന്നതാണ് ശങ്കരൻ സ്വീകരിച്ച സമ്പ്രദായം. അത്, യോജിക്കാത്തവരെ ശാരീരികമായി ഉന്മൂലനം ചെയ്യുക എന്ന സാമ്പ്രദായിക മതശൈലിക്കു നേരെവിരുദ്ധമായിരുന്നു. അത്, അഹിംസയുടെ അത്യുജ്വല മാതൃകയാണ്.അതിനാലാകാം ശങ്കരനുശേഷവും ബുദ്ധസംസ്കൃതി ഭാരതത്തിൽ നിലനിന്നത്. ശങ്കരൻ ബുദ്ധമതത്തെ ഇല്ലായ്മ ചെയ്യാനാണ് അവതാരമെടുത്തത് എന്നു പ്രചരിപ്പിക്കപ്പെടുമ്പോഴും സത്യം അതായിരുന്നില്ലെന്നതാണ് വസ്തുത. ഹിന്ദുധർ

മ്മത്തെ ശുദ്ധീകരിക്കുക എന്നതായിരുന്നു അദ്ദേഹം കണ്ടെത്തിയ പദ്ധതി. ആര്യന്മാർ അപനിർമ്മിച്ച വൈദികമതത്തിന്റെ പുനഃസൃഷ്ടിയല്ല; വേദോപനിഷത്തുകൾ അനുശാസിക്കുന്ന ആർഷസംസ്കൃതിയുടെ വീണ്ടെടുക്കലായിരുന്നു ശങ്കരൻ നടത്തിയത്. ആ ശങ്കരാചാര്യരെ ബ്രാഹ്മണ്യമതത്തിന്റെ സംരക്ഷകനായി അടയാളപ്പെടുത്തുന്നത് എത്രമാത്രം യുക്തിസഹമാണെന്ന് ആലോചിക്കുക.

പൗരോഹിത്യമതത്തെ തിരുത്തി സനാതനധർമ്മം പുനഃസ്ഥാപിക്കുക എന്ന വലിയ ലക്ഷ്യത്തിൽ ശങ്കരൻ പൂർണ്ണമായും വിജയിച്ചില്ല എന്നുവേണം മനസ്സിലാക്കാൻ. അല്ലെങ്കിൽ,ശങ്കരാചാര്യർക്ക് ശേഷം അദ്വൈതദർശനത്തിനുള്ള സ്വാധീനം സമൂഹത്തിൽ അധികകാലം നീണ്ടുനിന്നില്ല എന്നുകരുതാം. അതുകൊണ്ടാണ് വേർതിരിവുകളുടെയും വിവേചനങ്ങളുടെയും ആഴക്കയത്തിലേക്കു സനാതനസംസ്കൃതി വീണ്ടും പതിച്ചതും, അതിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നതും.

ആചാര്യശിഷ്യരെയും വെറുതെവിട്ടില്ല

ശൃംഗേരിയിൽ താമസിക്കുന്നകാലത്ത് ശ്രീശങ്കരന്റെ നിർദ്ദേശമനുസരിച്ച് ശിഷ്യനായ പത്മപാദൻ, ആചാര്യന്റെ ബ്രഹ്മസൂത്രഭാഷ്യത്തിനു വർത്തികം എന്ന നിബന്ധനം ഉണ്ടാക്കി. പൂർവ്വഭാഗം പഞ്ചപാദികയെന്നും ഉത്തരഖണ്ഡം വൃത്തിയെന്നും വിഖ്യാതമായ ആ കൃതിയെ അപാരമായ ഒരു സൃഷ്ടിയായാണ് ആചാര്യരടക്കമുള്ള പണ്ഡിതന്മാർ വിലയിരുത്തിയത്. അതിന്റെ നിർമ്മാണം പൂർത്തിയായപ്പോൾ ഗുരുവിന്റെ അനുമതിയോടെ പത്മപാദൻ ഒരു തീർത്ഥയാത്രയ്ക്കിറങ്ങി. തീർത്ഥയാത്രയുടെ ഭാഗമായ സഞ്ചാരത്തിനിടെ പത്മപാദൻ ഒരിക്കൽ അദ്ദേഹത്തിന്റെ മാതുലന്റെ ഭവനത്തിലെത്തി. അമ്മാവൻ ദ്വൈതിയും, തന്റെ വിശ്വാസത്തിനെതിരായ അദ്വൈതചിന്ത പ്രചരിപ്പിക്കുന്ന പത്മപാദനോടു വിയോജിപ്പുള്ള ആളുമായിരുന്നു. സേതുസ്നാനം കഴിഞ്ഞ് അതുവഴി മടങ്ങിവരുന്നതുവരെ തന്റെ സൂത്രഭാഷ്യടീക സൂക്ഷിച്ചു സംരക്ഷിക്കാൻ മാതുലനെ ഏൽപ്പിച്ച് അദ്ദേഹം യാത്ര തുടർന്നു. പത്മപാദൻ എഴുതിയ അദ്വൈതപരമായ ആ ഗ്രന്ഥം നശിപ്പിച്ചുകളഞ്ഞാൽ, എതിരാളികൾ ദുർബ്ബലമാകുമെന്ന് ആ ദുർബുദ്ധിയ്ക്കു തോന്നി. അമ്മാവൻ ഒരുനാൾ തന്റെ ഭവനത്തിനു തീവെച്ചു. വീടുമുഴുവനും ഭസ്മമയമാർന്നു. കൂടെ പത്മപാദനെഴുതിയ ബ്രഹ്മസൂത്രഭാഷ്യത്തിന്റെ വർത്തികയും കത്തിനശിച്ചു. യദൃശ്ചയാ ഉണ്ടായ ഒരു സംഭവമാണ് അതെന്ന് അയാൾ മറ്റുള്ളവരോടു പറഞ്ഞുപരത്തി.

പത്മപാദൻ സേതുസ്നാനംകഴിഞ്ഞ് തിരികെവന്ന് ഗ്രന്ഥം ചോദിച്ചപ്പോൾ, തന്റെ വീട് എങ്ങനെയോ തീപിടിച്ചു ദഹിച്ചുപോയെന്നും, അതിലുണ്ടായിരുന്ന മറ്റു സാമഗ്രികളോടുകൂടി ആ ഗ്രന്ഥവും നശിച്ചുപോയെന്ന മറുപടിയാണ് കിട്ടിയത്. ഇതിൽ തീവ്രമായ വിഷാദമുണ്ടായെങ്കിലും, ഗ്രന്ഥം പോയാലും തനിക്കുള്ള ബുദ്ധി തന്നിൽത്തന്നെയുണ്ടല്ലോയെന്ന് അദ്ദേഹം ആശ്വസിക്കുകയും, അമ്മാവനെ സമാധാനിപ്പിക്കുകയും ചെയ്തു. അപ്പോൾ, പത്മപാദന്റെ ബുദ്ധി നശിപ്പിക്കുവാൻ മാതുലൻ തുനിഞ്ഞു. അയാൾ പത്മപാദനു വിഷംകലർന്ന ഭിക്ഷാന്നംനൽകി ബുദ്ധിമാന്ദ്യമുണ്ടാക്കി. ഈ അവസരത്തിൽ, അമ്മയുടെ അന്ത്യകർമ്മങ്ങൾക്കായി ശങ്കരാചാര്യർ കാലടിയിൽ ഉണ്ടായിരുന്നു. തന്റെ ഗ്രന്ഥം നശിച്ചതും തനിക്ക് ബുദ്ധിമാന്ദ്യംസംഭ

വിച്ചതും പത്മപാദൻ ഗുരുവിനെ ധരിപ്പിച്ചു. മുൻപ് ആ ഗ്രന്ഥം വായിച്ചുകേട്ടിട്ടുള്ള ആചാര്യൻ, സ്മരണയിൽനിന്ന് ആ കൃതി ഓർത്തെടുത്ത് പത്മപാദനെ പകർത്തി യെടുക്കാൻ സഹായിച്ചു. കേവലം വ്യക്തിവിരോധമല്ല ആ കടുംകൈ പ്രവർത്തി ക്കാൻ അമ്മാവനെ പ്രേരിപ്പിച്ചത് എന്നാണ്, ശങ്കരോപാഖ്യാനമെന്ന ശ്രീശങ്കരന്റെ ജീവചരിത്രത്തിലെ വർണ്ണന വ്യക്തമാക്കുന്നത്(അധ്യായം:11).രക്തബന്ധം മറന്നും അദ്വൈതപ്രചാരകരെ ഇല്ലാതാക്കാൻ അക്കാലത്തെ ബ്രാഹ്മണർ തയ്യാറായിരുന്നു എന്നതാണല്ലോ ആ സംഭവത്തിൽനിന്നു മനസ്സിലാക്കേണ്ടത്. ആചാര്യൻ മാത്രമല്ല, അദ്ദേഹത്തിന്റെ ശിഷ്യന്മാരും ജീവിച്ചിരുന്ന കാലത്ത് ആര്യബ്രാഹ്മണ്യത്തിന്റെ വേട്ടയാടലിനു വിധേയമായിരുന്നെന്നും,അനേകം കടുത്ത പരീക്ഷണങ്ങൾ അതി ജീവിച്ചാണ് അവർ അദ്വൈതചിന്താപദ്ധതിപ്രചരിപ്പിച്ചതെന്നുമാണ് തെളിയുന്നത്. അതായത്, സമാധിശേഷമാണ് ശിഷ്യരും ബ്രാഹ്മണ്യത്തിന്റെ വക്താക്കളായത്.

കർണ്ണാടകത്തിലെ ബ്രാഹ്മണരിൽ മാരകൻ എന്ന ഒരു വിഭാഗം ഉണ്ടെന്നും, അവർ ബ്രാഹ്മണരാണെന്ന കാര്യം മറ്റു ബ്രാഹ്മണർ അംഗീകരിക്കുന്നില്ലെന്നും കരുണാക രമേനോൻ പന്നിക്കോട്ടു രചിച്ച ദക്ഷിണേന്ത്യയിലെ ജാതികൾ എന്ന ഗ്രന്ഥത്തിൽ പറയുന്നു(പേജ്:195). മാരകൻ ശങ്കരാചാര്യരുടെ ശിഷ്യസന്താനങ്ങളാണെന്നു പറയ പ്പെടുന്നു. അവരെ ബ്രാഹ്മണരായി അംഗീകരിക്കാത്തതിന്റെ കാരണമായി പ്രചാ രത്തിലുള്ള ഒരു ഐതിഹ്യമുണ്ട്: 'ആചാര്യർ മദ്യം സേവിച്ചപ്പോൾ, അവരും കൂടെ സേവിച്ചു. വഴിയേ, ആചാര്യൻ മാംസം ഭക്ഷിക്കുന്നതു കണ്ട അവരും കഴിച്ചു. ചുട്ടു പഴുത്ത ഒരു ഇരുമ്പിൻകഷണം ആചാര്യൻ വിഴുങ്ങിയപ്പോൾ അവർക്കു സാധിച്ചി ല്ലത്രേ. അപ്പോൾ അവർക്ക് ബ്രാഹ്മണർ ഭ്രഷ്ടുകൽപ്പിച്ചു'. ശങ്കരാചാര്യർ മാംസവും മദ്യവും സേവിച്ചിരുന്നോ എന്നറിയില്ല. ഇല്ലെന്നു വിശ്വസിക്കുന്നതിനാണ് സാധുത. അതുപോലെ തന്നെ, ചുട്ടുപഴുത്ത ഇരുമ്പിൻകഷണം വിഴുങ്ങാൻ ആചാര്യസ്വാമി കൾക്കു കഴിയുമായിരുന്നോ എന്നും അറിയില്ല. മദ്യവും മാംസവും കഴിച്ചതുകൊ ണ്ട് ഭ്രഷ്ടരാകാത്ത ആളുകൾ ചുട്ടുപഴുത്ത ഇരുമ്പിൻ കഷണം വിഴുങ്ങാനാവാത്ത തുകൊണ്ട് ബ്രാഹ്മണ്യത്തിനു വെളിയിലായതിലെ യുക്തി മനസ്സിലാകുന്നില്ല.ശങ്ക രാചാര്യരുടെ ശിഷ്യന്മാർ മദ്യവുംമാംസവും സേവിച്ചതിനാൽ അവരും അവരുടെ അനന്തരഗാമികളും ഭ്രഷ്ടരായെന്നു പറഞ്ഞിരുന്നെങ്കിൽ ആ കഥയ്ക്ക് കൂടുതൽ വിശ്വാസ്യതയുണ്ടാകുമായിരുന്നു. അതുകൊണ്ട്, കഥയുടെ ഉദ്ദേശ്യം വിശ്വാസ്യത യുണ്ടാക്കുകയായിരുന്നില്ല; മറ്റെന്തൊക്കെയോ ആണെന്നു സ്പഷ്ടം:


പ്പോൾ വിവാഹം ചെയ്യും. കർണ്ണാടക ബ്രാഹ്മണരിൽ മാരകൻ
എന്നൊരു കൂട്ടരുണ്ടു. ഇവർ ശങ്കരാചാര്യരുടെ ശിഷ്യസന്താനങ്ങ
ളാണെന്നു പറയുന്നു. ഇവർ ബ്രാഹ്മണരാണെന്ന എല്ലാവരും
സമ്മതിക്കയില്ല. ആചാര്യർ മദ്യം സേവിച്ചപ്പോൾ ഇവരും ക
ടിച്ചു. വഴിയെ ആചാര്യർ മാംസം ഭക്ഷിക്കുന്നതു കണ്ടു അവരും
തിന്നു. ചുട്ടു പഴുത്ത ഇരുമ്പിൻ കഷണം ആചാര്യർ വിഴുങ്ങി ഇ
വൎക്കു സാധിച്ചില്ല അപ്പോൾ ഭ്രഷ്ടകല്പിച്ചു. മാധ്വവിവാഹത്തി

മദ്യവും മാംസവും ഭക്ഷിച്ചതിന്റെ പേരിൽ ശങ്കരന്റെ ശിഷ്യന്മാരെ പുറത്താക്കി

ബ്രാഹ്മണ്യത്തിന്റെ മഹിമ തെളിയിക്കുന്നതിലും ആ കഥയുടെ സ്രഷ്ടാക്കൾക്കു വേണ്ടത് ഭ്രഷ്ടുകൽപ്പിച്ചു പുറത്താക്കാനാവാത്ത വിധത്തിൽ ഉയർന്ന ശങ്കരന്റെ സ്വഭാവഹത്യയായിരുന്നോ എന്നു സംശയിക്കേണ്ടിവരും.കർണ്ണാടകയിലെ തന്നെ ഹവീക,ഹവീഗ,ഹൈക എന്നീനാമങ്ങളിലറിയപ്പെടുന്ന ആചാര്യപക്ഷബ്രാഹ്മണരെയും മറ്റുള്ള ബ്രാഹ്മണർ അംഗീകരിക്കുന്നില്ല. ഇന്ത്യയിൽ പല ഭാഗത്തും ഈ രീതിയിലുള്ള ഒഴിവാക്കൽ നിലനിൽക്കുന്നുണ്ടാവാം. ശങ്കരാചാര്യരെപ്പോലെതന്നെ അദ്ദേഹത്തിന്റെ ശിഷ്യരെയും, അവരുടെ പിൻഗാമികളെയും ജാതിബ്രാഹ്മണ്യം വേട്ടയാടിയിരുന്നു എന്നുവേണമല്ലോ ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാൻ. ജീവിച്ചിരിക്കുമ്പോൾ വേട്ടയാടുകയും കാലശേഷം തങ്ങളുടെവേട്ടമൃഗമാക്കുകയും ചെയ്യുന്ന കലാപരിപാടി ഇവിടെയും ആവർത്തിച്ചതാകാം.

ചാതുർവർണ്യം മയാസൃഷ്ടം: ശങ്കരഭാഷ്യം

'ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മ വിഭാഗശഃ' എന്നുള്ള ഭഗവദ്ഗീതയിലെ വിവാദശ്ലോകത്തിന് ശങ്കരാചാര്യർ നല്കിയ ഭാഷ്യം ജന്മാധിഷ്ഠിതമായ വർണ്ണവിഭജനത്തോടുള്ള അദ്ദേഹത്തിന്റെ വിപ്രതിപത്തി വെളിവാക്കുന്നതാണ്. അതിപ്രകാരമാണ്: ഗുണവിഭാഗത്തെയും കർമ്മവിഭാഗത്തെയുമനുസരിച്ച് നാലുവർണ്ണങ്ങൾ ഈശ്വരനായിരിക്കുന്ന എന്നാൽ സൃഷ്ടിക്കപ്പെട്ടു. ആ ഗുണങ്ങൾ, സത്വം,രജസ്സ്, തമസ്സ് എന്നിവയാകുന്നു. സത്വഗുണപ്രധാനനായിരിക്കുന്ന ബ്രാഹ്മണനു കർമ്മങ്ങൾ, ശമം,ദമം,തപസ്സ് തുടങ്ങിയവ ആകുന്നു. സത്വഗുണം അപ്രധാനമായും രജോഗുണങ്ങൾ പ്രധാനമായുമിരിക്കുന്ന ക്ഷത്രിയന്റെ കർമ്മങ്ങൾ ശൗര്യം, തേജസ്സ്, മുതലായവ ആകുന്നു. രാജോഗുണം സുബലമായും തമോഗുണം അപ്രധാനമായും ഇരിക്കുന്ന വൈശ്യന്റെ കർമ്മങ്ങൾ കൃഷി, കച്ചവടം തുടങ്ങിയവയാണ്. തമോഗുണം പ്രധാനമായും രാജോഗുണം അപ്രധാനമായുമിരിക്കുന്ന ശൂദ്രനു കർമ്മങ്ങൾ ശുശ്രൂഷയാകുന്നു.അങ്ങനെ,ഗുണകർമ്മങ്ങളുടെ സ്വഭാവത്തെ അനുസരിച്ച് ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു എന്നർത്ഥം'. ശ്രീ കെ.എം.ആനന്ദാശ്രമം പരിഭാഷ നടത്തി പ്രസിദ്ധീകരിച്ച, ശങ്കരഭാഷ്യത്തിന്റെ തർജ്ജമയോടുകൂടിയ ഭഗവദ്ഗീതയിലും, സദാനന്ദപ്രസ്സ് 1995ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിലും(ഭഗവദ്ഗീത-ശങ്കരഭാഷ്യം സഹിതം) ഇതേ രീതിയിലാണ് ആ ശ്ലോകത്തിനു ഭാഷ്യം.

മനുഷ്യനെ നാലു വിഭാഗങ്ങളിലായി വിഭജിച്ചത്, സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ആധാരമാക്കിയാണ്; ജന്മത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് ശങ്കരാചാര്യർ പറയുമ്പോൾ, അതുതന്നെയാണല്ലോ സ്വീകാര്യമായ ഭാഷ്യം. ഒരേവ്യക്തിയിൽതന്നെ ഈ ഗുണങ്ങൾ വിഭിന്ന സമയങ്ങളിൽ വ്യത്യസ്ത നിലയിലായിരിക്കാം എന്നിരിക്കിലും, ഒരാളിൽ സ്ഥായിയായി കാണുന്ന സ്വഭാവം അയാളുടെ കർമ്മങ്ങളിൽ പ്രകടമാകും.രാജോഗുണപ്രധാനിയായ ആൾ തികഞ്ഞ ഉത്സാഹവും ഓജസ്സും ഉള്ളയാളായിരിക്കും എന്നതുകൊണ്ട്, അയാൾ സാഹസികതയും ധീരതയും ആവശ്യമുള്ള കർമ്മങ്ങൾ ചെയ്യുവാൻ അനുയോജ്യനാണ്. അതുകൊണ്ട് അയാൾ ക്ഷത്രിയനെന്നു പറയപ്പെടുന്നു എന്നു സാരം. വിരസതയും ജഢാവസ്ഥയും പ്രബലമായ തമോഗുണിയായ ഒരാളെ സൈനികനാക്കിയാൽ, അയാൾ

സ്വകർമ്മമനുഷ്ഠിക്കുന്നതിൽ പരാജയമായിരിക്കും. ഇതുപോലെ, ഇതര ഗുണങ്ങളും മനുഷ്യരുടെ സ്വാഭാവത്തിൽ ഉണ്ടാക്കുന്ന സ്വാധീനം വ്യത്യസ്തമായതിനാൽ അവർ അതിനെ സാധൂകരിക്കുന്ന കർമ്മങ്ങളനുഷ്ഠിക്കാൻ ഏറ്റവും അനുയോജ്യരാകുന്നു. അതിന് വിപരീതമായ ഗുണങ്ങൾ ഉള്ളവർ, അവർക്കു നിർദ്ദേശിക്കപ്പെട്ട കർമ്മങ്ങളിൽ പരാജയമാകുന്നു. ഗുണങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യന് കർമ്മങ്ങൾ വിഭജിക്കാൻ നിർദ്ദേശിക്കുന്നതിനെ, ജന്മത്തിനെ അവലംബമാക്കിയാണ് എന്നു വ്യാഖ്യാനിച്ച് വർണ്ണങ്ങളുണ്ടാക്കിയും, കാലാന്തരത്തിൽ ജാതികളാക്കിയും വിഭജിച്ചവർചെയ്തത് ഗീതാവചനത്തിന് വിരുദ്ധമായ കാര്യങ്ങളാണെന്നാണ് ശങ്കരൻ സാക്ഷ്യപ്പെടുത്തുന്നത്. അതിലൂടെ, അവർ ഒരേസമയം ഭഗവാൻ കൃഷ്ണനെയും ഭഗവത്ഗീതയെയും ശങ്കരാചാര്യരെയും നിന്ദിക്കുകയാണല്ലോ ചെയ്യുന്നത്.

പൂണൂലുപൊട്ടിച്ച ശങ്കരൻ

കുന്നത്തു ജനാർദ്ദനമേനോൻ രചിച്ച ശങ്കരോപാഖ്യാനമെന്ന പുസ്തകത്തിൽ, ദിഗ്വിജയത്തിന്റെഭാഗമായി ശങ്കരൻ മണ്ഡനമിശ്രന്റെ മാഹീഷ്മതിയിലെ കൊട്ടാരത്തിലെത്തിയ സംഭവം വിവരിക്കുന്ന ഭാഗത്ത്(അധ്യായം:7), പൂണൂലും കുടുമയുമില്ലാത്ത ആഗതൻ സന്യാസിയാണെന്നറിഞ്ഞ്, മണ്ഡനന് അതിയായ കോപമുണ്ടായതായി പറയുന്നുണ്ട്. ആഗതൻ ശ്രീശങ്കരനാണെന്നറിഞ്ഞ്, സ്വാമിയോടു കയർത്തു സംസാരിക്കുന്ന മിശ്രന്റെ വാക്കുകൾ അതിനുള്ള ദൃഷ്ടാന്തമാണ്: "കഴുതയ്ക്കുപോലും ദുർവ്വഹമായ കീറത്തുണി നീ ധരിക്കുന്നുണ്ടല്ലോ.അങ്ങനെയുള്ള നിനക്ക് കുടുമയും പൂണൂലും മാത്രം ഭാരമായതെങ്ങിനെ?" എന്നാണ് മിശ്രൻ ചോദിച്ചത്:


മണ്ഡനൻ—കഴുതയ്ക്കുപോലും ദുർവ്വഹമായ കീറത്തുണി നീ ധരിക്കുന്നുണ്ടല്ലോ. അങ്ങിനെയുള്ള നിനക്ക് കുടുമയും പൂണൂലും മാത്രം ഭാരമായതെങ്ങിനെ?

ശങ്കരൻ—നിനക്ക് ഏററവും ദുർവ്വഹമായ കന്ഥയെ ഞാൻ വഹിക്കുന്നതു ശരിതന്നെ. എന്നാൽ, നീ വഹിച്ചിരിക്കുന്ന കുടുമയും പൂണൂലും ശ്രുതിക്കു ദുർഭരമാണെന്നു നീ അറിയണം.

അതിന് ശ്രീശങ്കരൻ നൽകിയ മറുപടി വളരെ പ്രസക്തമാണ്. "നിനക്ക് ഏറ്റവും ദുർവ്വഹമായ കന്ഥയെ(പഴകിയതുണി) ഞാൻ വഹിക്കുന്നതു ശരിതന്നെ. എന്നാൽ, നീ വഹിച്ചിരുന്ന കുടുമയും പൂണൂലും ശ്രുതിയ്ക്കു ദുർഭരമാണെന്നു നീ അറിയണം". അതായത്, ശ്രീശങ്കരൻ ജാതിബ്രാഹ്മണ്യത്തിന്റെ അധികാരചിഹ്നങ്ങളായ കുടുമയും പൂണൂലും സ്വജീവിതത്തിൽനിന്നും അറുത്തുമാറ്റിയിരുന്നു. അത്തരം അടയാളങ്ങൾ ശങ്കരാചാര്യർഉപേക്ഷിച്ചത് അവ ശ്രുതിവിരുദ്ധമാണെന്ന് അറിഞ്ഞുതന്നെയാണ്. ആ ശങ്കരനെയാണ് ജാതിബ്രാഹ്മണ്യം പൂണൂലണിയിച്ച് അപഹസിക്കുന്നത്. മണ്ഡനമിശ്രനും ശങ്കരനും തമ്മിലുള്ള മേൽ വാക്കലഹം നടന്നത് വ്യാസന്റെയും ജൈമിനിയുടെയും സാന്നിദ്ധ്യത്തിലാണെന്നതും, അവർ ശങ്കരന്റെ വാക്കുകളെ തിരുത്തിയില്ലായെന്നതും ശ്രദ്ധിക്കേണ്ടതാണ്. കലഹത്തിനൊടുവിൽ, സന്യാസം, മൃഷ്ടാന്നം ഭുജിക്കാൻ കൊതിക്കുന്ന കപടയോഗിയുടെ വേഷമാണെന്ന് അപഹസിക്കുന്ന മണ്ഡനമിശ്രനോട് ശങ്കരൻ പറയുന്നു:"ഈ കലികാലത്ത് അഗ്നിഹോത്രം

പോലും! കാമലീലക്കായി കൊതിക്കുന്ന കപടകർമ്മികളുടെ വേഷമാണത്". സർവ്വസംഗപരിത്യാഗികളായി മോക്ഷസാധനചെയ്യുന്നത്തിന് പകരം, സ്വർഗ്ഗം മോഹിച്ചു ഹോമവും ബലിയും നടത്തുന്ന പൗരോഹിത്യത്തിന്റെ കർമ്മമാർഗ്ഗം വേദവിരുദ്ധമാണെന്നാണ് ആചാര്യസ്വാമികൾ അടിവരയിടുന്നത്.(ചിത്രം:പേജ് 401ൽ).

ആ സംഭവത്തിനുശേഷം നടന്ന ശ്രീശങ്കരനുമായുള്ള സംവാദത്തിൽ തോറ്റ മണ്ഡനമിശ്രനും ഭാര്യ ഭാരതിയും, കർമ്മകാണ്ഡത്തിനാണ് വേദാന്തത്തിനല്ല പ്രാമാണ്യം എന്ന തങ്ങളുടെ വാദം ഉപേക്ഷിച്ച് വേദാന്തവേദ്യമായ ഏകത്വത്തെ സംരക്ഷിക്കാൻ തയ്യാറായി. പക്ഷേ, ജാതിബ്രാഹ്മണ്യം ഇപ്പോഴും ആ പഴയ പടുകുഴിയിൽ തന്നെ കിടക്കുന്നു. തത്വമസ്യാദി മഹാവാക്യങ്ങളിൽനിന്നുമുണ്ടായ ശുദ്ധബുദ്ധിയോടെ, വർണ്ണാശ്രമാദികളിൽനിന്നുമകന്ന് ജ്ഞാനസ്വരൂപനായ ആത്മാവാണു താനെന്നു ധരിച്ച് അനവരതം വേദാന്തത്തിൽ വിഹരിക്കുകയാണ് പണ്ഡിതന്റെ കടമ എന്നു പഠിപ്പിക്കുകയാണ് ഈ സംവാദത്തിലൂടെ ശ്രീശങ്കരൻ. കർമ്മവും ജ്ഞാനവും പരസ്പരം വിരോധികളാണ് എന്ന് വേദം യുക്തിയുക്തം പ്രതിപാദിക്കുന്നുണ്ട് എന്നും കർമ്മം ജ്ഞാനത്തിനു കടകവിരുദ്ധമായതുകൊണ്ട് ജ്ഞാനപ്രാപ്തിയെ ആഗ്രഹിക്കുന്ന ബുദ്ധിമാന്മാർ കർമ്മത്തെ നിശ്ശേഷം ഉപേക്ഷിക്കുക തന്നെവേണം എന്നും രാമായണത്തിലെ ഉത്തരകാണ്ഡത്തിലെ അഞ്ചാംസർഗ്ഗമായ രാമഗീതയിൽ ലക്ഷ്മണന്റെ ചോദ്യത്തിനുള്ള ഉത്തരമെന്നോണം ശ്രീരാമനും പറയുന്നുണ്ട്. ശങ്കരൻ കാണിച്ചുതന്ന ആ മാർഗ്ഗമാണ് സത്യാന്വേഷികൾക്ക് പിൻതുടരാവുന്ന ഉത്തമമായ വഴി. ജ്ഞാനമില്ലാത്ത മനുഷ്യന്, ദാനംകൊണ്ടോ വ്രതങ്ങൾകൊണ്ടോ ഗംഗാസ്നാനംകൊണ്ടോ ഗുണമൊന്നുമില്ല എന്നു ഭജഗോവിന്ദത്തിൽ എഴുതിയ ശങ്കരൻ, കണ്ണടച്ച് അനുഗമിക്കാവുന്ന ആദ്ധ്യാത്മികദീപസ്തംഭമാണ്.

പൗരോഹിത്വത്തിന്റെ പ്രാമാണികത നിഷേധിച്ച ആചാര്യൻ

ബ്രാഹ്മണ്യമതത്തിന്റേയും ചാതുർവർണ്യവിഭജനത്തിന്റേയും കർമ്മമാർഗ്ഗത്തിന്റെയും പരിപാലകനായി ജാതിവാദികളാൽ മുദ്രയടിയ്ക്കപ്പെടുമ്പോഴും, ശങ്കരാചാര്യരുടെ രചനകളിലെ വചനങ്ങളും സന്ദേശങ്ങളും പൗരോഹിത്യത്തിന്റെ പ്രാമാണികത പാടേ നിഷേധിക്കുന്നവയായിരുന്നു. ചില ഉദാഹരണങ്ങൾ കാണുക:

- ✓ പണ്ഡിതപ്രവരൻമാർ ശാസ്ത്രം പഠിക്കട്ടെ, അവയെ ഉദ്ധരിക്കട്ടെ, ദേവന്മാർക്കായിക്കൊണ്ട് യജ്ഞം ചെയ്യട്ടെ, വൈദികകർമ്മങ്ങളനുഷ്ഠിക്കട്ടെ, ഇഷ്ടദേവതകളെ ആരാധിക്കട്ടെ. എന്തൊക്കെ ചെയ്താലും, ആത്മാവാണ് ഞാൻ എന്ന പരോക്ഷാനുഭൂതികൂടാതെ നൂറുബ്രഹ്മായുസ്സു കഴിഞ്ഞാൽപോലും മുക്തി കിട്ടുകയില്ല.(വദന്തു ശാസ്ത്രാണി യജന്തു ദേവാൻ കുർവ്വന്തു കർമ്മാണി ഭജന്തു ദേവതാ ആത്മൈക്യബോധേന വിനാവിമുക്തി ന സിദ്ധ്യതി ബ്രഹ്മശതാന്തരേഽപി-വിവേകചൂഡാമണി, ശ്ലോകം:06)
- ✓ സമ്യക്ജ്ഞാനമാകുന്ന ചക്ഷുസ്സുകൊണ്ട് ആത്മബോധം അവനവൻതന്നെ നേരിട്ടനുഭവിച്ചറിയണം; സാക്ഷാത്കരിക്കണം.അല്ലാതെ പണ്ഡിതന്മാരുടെ പ്രസ്താവനകൾ കേട്ടതുകൊണ്ടായില്ല. (വസ്തുസ്വരൂപം സ്ഫുടബോധ ചക്ഷുഷാസ്വനൈവ വേദ്യം നതു പണ്ഡിതേന-വിവേകചൂഡാമണി, ശ്ലോകം:54)

- ✓ യോഗംകൊണ്ടോ സാംഖ്യംകൊണ്ടോ കർമ്മംകൊണ്ടോ അറിവുകൊണ്ടോ മോക്ഷം സിദ്ധിക്കുന്നതല്ല. ആത്മാവും ബ്രഹ്മവും ഒന്നുതന്നെയെന്ന അഭേദ ജ്ഞാനത്താൽ മാത്രമേ മോക്ഷം സാധിതമാകൂ; മറ്റൊന്നുകൊണ്ടും സാധ്യമ ല്ല(നഃ യോജന നഃ സാംഖ്യേന/കർമ്മണാനോ നഃ വിദ്യയാ ബ്രഹ്മാത്മൈകത്വ ബോധേന/മോക്ഷ സിദ്ധ്യതി നാന്യഥാ-വിവേകചൂഢാമണി,ശ്ലോകം:56)
- ✓ പരതത്വം സാക്ഷാത്കരിക്കാത്തിടത്തോളം കാലം ശാസ്ത്രപഠനം വിഫലം തന്നെ. പരമതത്വം സാക്ഷാത്കരിച്ചുകഴിഞ്ഞാൽ പിന്നെ ശാസ്ത്രപഠനത്തി ന്റെ ആവശ്യമില്ല.(അവിജ്ഞാന പരേതത്വെ ശാസ്ത്രാധിതിസ്തുനിഷ്ഫല വിജ്ഞാതോƒപി പരേതത്വെ/ശാസ്ത്രാധിതിസ്തുനിഷ്ഫല-വിവേകചൂഢാ മണി, ശ്ലോകം:59).(ശാസ്ത്രപഠനം=വേദപഠനം)
- ✓ ശബ്ദായമാനമായ ശാസ്ത്രവ്യാഖ്യാന കോലാഹലം ബുദ്ധിഭ്രമത്തെ ജനിപ്പി ക്കുന്ന കൊടുങ്കാടാണ്. അതിൽപ്പെട്ടുപോയാൽ മാർഗ്ഗം നഷ്ടപ്പെട്ട് വട്ടംതി രിഞ്ഞ് കഷ്ടപ്പെടേണ്ടിവരും. അതുകൊണ്ട് ആത്മാർത്ഥമായി തത്വം അറി യാനാഗ്രഹിക്കുന്ന സാധകൻ, ശരിയായ പ്രയത്നംചെയ്ത് ആത്മതത്വത്തെ സാക്ഷാത്കരിക്കേണ്ടതാണ്-വിവേകചൂഢാമണി, ശ്ലോകം: 60)
- ✓ വാക്പ്രയോഗചാതുരിയും ശബ്ദപ്രവാഹവും വിദ്വത്വവും ശാസ്ത്രവ്യാഖ്യാ നകുശലതയുമെല്ലാം പണ്ഡിതന്മാർക്കു ഭുക്തിക്ക്(ഐഹികമായ തുച്ഛവിഷ യങ്ങൾ സമ്പാദിക്കാൻ) മാത്രം ഉതകുമെന്നല്ലാതെ മുക്തി പ്രദാനംചെയ്യാൻ പര്യാപ്തമാകുന്നില്ല.(വാഗ്വൈഖരി ശബ്ദത്സരി/ശാസ്ത്രവ്യാഖ്യാന കൗശല വൈദുഷ്യം വിദുഷാം തദ്വത്/ ഭുക്തയേ നഃ തു മുക്തയേ -വിവേകചൂഢാമ ണി, ശ്ലോകം:58)(വാഗ്വൈഖരി=വാക്+വൈഖരി)
- ✓ ഹേ സർവ്വേശ്വര! ബ്രഹ്മചാരി ആയാലും, ഗൃഹസ്ഥനായാലും, സന്യാസിയാ യാലും, ജടധരിച്ച വാനപ്രസ്ഥനായാലും; അതല്ലാതെ ഒരു കേവലം പ്രാകൃത മനുഷ്യനായാലും വേണ്ടില്ല, അവന്റെ ഹൃദയം മാത്രം അങ്ങയ്ക്ക് അധീന മായിത്തീരുന്നുവെങ്കിൽ, നിൻതിരുവടി അയാൾക്ക് സ്വന്തമായിക്കഴിഞ്ഞു. അവന്റെ സംസാരമാകുന്ന ഭാരത്തെകൂടി അവനുവേണ്ടി അവിടുന്നു ചുമ ക്കുന്നു.(വടുർവ്വാ ഗേഹീവാ യതിരപി ജടീവാ തദിതരോ നരോവാ യഃ കശ്ചി ദ്ഭവതു ഭവ കിം തേന ഭവതി യദീയം ഹൃത്പദ്മ യദി ഭവദധീനം പശുപതേ തദീയസ്തം ശംഭോഭവസി ഭവഭാരംച വഹസി-ശിവാനന്ദലഹരി, ശ്ലോകം:11)
- ✓ ഗിരിഗഹ്വരത്തിലോ മണിമാളികയിലോ പുറത്തോ കാട്ടിലോ പർവ്വതശിഖ രത്തിലോ ജലത്തിലോ അഗ്നിയിലോ ഒരുവൻ താമസിച്ചുകൊള്ളട്ടെ. അതു കൊണ്ട് എന്തൊരു കാര്യമാണുള്ളത്? ഏതൊരുത്തന്റെ ഹൃദയം നിൻതിരു വടിയുടെ കാലിണകളിൽ പതിയുന്നുവോ അതുതന്നെയാണ് യോഗം, അവ ൻ തന്നെയാണു യോഗി, അവൻ തന്നെയാണു സർവ്വ സുഖങ്ങളുമനുഭവിക്കു ന്നവൻ.(ഗുഹായാം ഗേഹേ വാ ബഹിരപിഃ വനേ/ വാƒദ്രിശിഖരേ ജലേവാ വ ഹ്നൗ വാ വസതു വസതേഃ കിം വദ ഫലം സദാ യസ്യൈവാƒന്തഃകരണമപി ശംഭോ തവ പദേസ്ഥിതം ചേദ്യോഗോƒസൌ സ ച പരമയോഗീ സ ച സുഖീ (ശിവാനന്ദലഹരി, ശ്ലോകം:12).(ഗഹ്വരം=ഗുഹ).

- ✓ ശിവാനന്ദലഹരിയെന്ന സുപ്രസിദ്ധ കൃതിയിൽ ശ്രീശങ്കരാചാര്യർ സാമ്പ്രദായിക ആചാരപദ്ധതികളെയും മാമൂലുകളെയും അപ്രസക്തമാക്കുന്ന ഒരു ശ്ലോകം അവതരിപ്പിക്കുന്നുണ്ട്. ഭക്തിയുടെ ശക്തിയും സൗന്ദര്യവും സന്നിവേശിപ്പിക്കുന്ന ആ ശ്ലോകത്തിന്റെ അർത്ഥം ഇങ്ങനെയാണ്: കാലിലിട്ട് വളരെദൂരം ചവിട്ടിനടന്നുതേഞ്ഞ മെതിയടി പശുപതിയുടെ(ശിവന്റെ) ഭ്രൂമദ്ധ്യസ്ഥാനത്തിന് അടയാളമായി തീരുന്നു; വായിൽനിറച്ച ജലംകൊണ്ട് ദേവനെ അഭിഷേകം ചെയ്യുന്നു; തിന്നവശേഷിച്ച മാംസക്കഷണംകൊണ്ടു നിവേദിക്കുന്നു.വേടൻ ഭക്തന്മാരിൽ അത്യുത്തമനായി മാറുന്നു; ഭക്തി എന്തുതന്നെ ചെയ്യുന്നില്ല! (മാർഗ്ഗവർത്തിതാ പാദുകാ പശുപതേ രംഗസ്യ കൂർച്ചായതേ ഗണ്ഡൂഷാംബുനിഷേചനം പുരരിപോർദിവ്യാഭിഷേകായതേ കിംഞ്ചിദ്ഭക്ഷിത മാംസശേഷക ബലം നവ്യോപഹാരായതേ ഭക്തിഃ കിം നഃ കരോത്യഹോ വനചരോ ഭക്താവതംസായതേ(ശ്ലോകം:63). ആധുനികലോകത്തെ ഭക്തശിരോമണികൾക്ക് ദഹിക്കാത്ത ആ ശ്ലോകം ആവിഷ്കരിക്കുന്ന സംഭവം ഇപ്രകാരമാണ്: വേട്ടയാടി ഉപജീവനം നടത്തിവന്ന ഒരു കാട്ടാളൻ പണ്ടു കാളഹസ്തീശ്വരക്ഷേത്രത്തിനടുത്തുള്ള വനത്തിൽജീവിച്ചിരുന്നു.അവൻ ആചാരങ്ങളൊന്നും അറിയാത്തവനും മ്ലേച്ഛനുമായിരുന്നെങ്കിലും ഒരു വലിയ ശിവഭക്തനായിരുന്നു. അവൻ ദിവസേന പ്രസ്തുത ക്ഷേത്രത്തിൽ വന്ന് ഭഗവത്ദർശനംചെയ്യുക പതിവാണ്. അവൻ വരുമ്പോൾ തന്റെ വായനിറച്ച് കൊണ്ടുവരുന്ന ജലംകൊണ്ടു ഭഗവാന്റെ ദിവ്യവിഗ്രഹത്തിൽ അഭിഷേകം കഴിക്കുകയും, കടിച്ചുതിന്നവശേഷിച്ച മാംസക്കഷണം കൊണ്ടു നിവേദിക്കുകയും ചെയ്തിട്ടാണു വിഗ്രഹത്തെ പൂജിച്ചിരുന്നത്. അങ്ങിനെയിരിക്കെ ഒരിക്കൽ, ഭഗവാൻ അയാളുടെ ഭക്തിയുടെ കുരുത്ത് എത്രയുണ്ടെന്നു പരീക്ഷിക്കാനുറച്ചു. ഒരു ദിനം, പതിവുപോലെ കാട്ടാളൻ പൂജയ്ക്കായി വന്നുചേർന്നപ്പോൾ, ഭഗവാന്റെ കണ്ണിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരിക്കുന്നതായി കണ്ടു. ദേവന്റെ കണ്ണിനെന്തോ കേടു സംഭവിച്ചിട്ടുണ്ടെന്നുറച്ച് ആ ഭക്തൻ അത്യധികം പരിഭ്രമിച്ച് തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്ത് ഭഗവാന്റെ കണ്ണിനു പകരമായി വെക്കാൻ തുടങ്ങി. തന്റെ കണ്ണുകൾ പോയ്ക്കഴിഞ്ഞാൽ ഭഗവാന്റെ കണ്ണിന്റെസ്ഥാനം നിർണ്ണയിക്കാൻ കഴിയുകയില്ലല്ലോ എന്നുവെച്ച്, അടയാളത്തിനായി അവൻ തന്റെ തേഞ്ഞ ചെരുപ്പുകൾ ആ ദിവ്യവിഗ്രഹത്തിന്റെ നേത്രസ്ഥാനത്തുവെച്ച്, സ്വന്തം കാലുകൊണ്ടു ചവിട്ടിനിന്ന്, തന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കുവാൻ തുനിഞ്ഞു.കാട്ടാളന്റെ അപാരഭക്തിയുടെ നിലയറിഞ്ഞ ഭഗവാൻ, പ്രസന്നനായി പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിച്ചു. സകലശാസ്ത്രവിശാരദനായ ശങ്കരൻ ശിവാനന്ദലഹരിയിൽ അവതരിപ്പിക്കുന്ന ആ കഥ ഇക്കാലത്ത് എത്രപേർക്കു ദഹിക്കും? സകല ആചാരപദ്ധതികൾക്കും മാമൂലുകൾക്കും മുകളിൽ ഭക്തിയെ പ്രതിഷ്ഠിച്ച ശ്രീശങ്കരനോളം വിപ്ലവകാരിയായ വിഗ്രഹഭഞ്ജകൻ ഭാരതത്തിലുണ്ടായിട്ടുണ്ടോ?
- ✓ 'ന്യായശാസ്ത്രോക്തങ്ങളായ ഘടം,മണ്ണ്,അണു,ധൂമം,അഗ്നി,വസ്ത്രം,നൂല്, പർവ്വതം എന്നിവ ഭയജനകമായ മൃത്യുവിനെ തടഞ്ഞുനിറുത്തുമോ? പിന്നെ

യെന്തിനാണ് അപ്രകാരമുള്ള വാക്യങ്ങൾ ഉച്ചരിച്ചു വെറുതെ കണ്ഠക്ഷോഭം ചെയ്യുന്നത്? സർവ്വകല്യാണങ്ങളും നൽകുന്ന ശംഭുവിന്റെ തൃച്ചേവടികളെ ഭജിക്കൂ! ഉത്കൃഷ്ടമായ സൗഖ്യത്തെ പ്രാപിക്കൂ' എന്നു ശങ്കരൻ ശിവാനന്ദലഹരിയിൽ പറയുന്നു.(ഘടോവാ മൃത്പിണ്ഡോƒപ്യണുരപി ചഃ ധൂമോƒഗ്നി രചലഃ/പടോവാ തന്തുരവാ പരിഹരതി കിം ഘോരശമനം/വൃഥാ കണ്ഠക്ഷോഭം വഹസി തരസാ തർക്കവചസാ പദാംഭോജം ശംഭോർഭജഃ പരമ സൌഖ്യം വ്രജസുധീഃ -ശ്ലോകം:6). ന്യായശാസ്ത്രത്തിൽ, മണ്ണ്,മൺകുടം,പുക,നൂൽ,അഗ്നി തുടങ്ങിയ കാരണകാര്യങ്ങൾ, പ്രത്യക്ഷപ്രമാണങ്ങൾ,അനുമാന-അനുമേയങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. ന്യായശാസ്ത്രത്തിലെ ദീർഘ ചർച്ചകൾ കൊണ്ടു യാതൊരുപ്രയോജനവുമില്ലെന്നാണല്ലോ ഈ ശ്ലോകത്തിൽ ശ്രീശങ്കരൻ അഭിപ്രായപ്പെടുന്നത്. അദ്ദേഹത്തിന്റെ തന്നെ കൃതിയായ ഭജഗോവിന്ദത്തിലും വ്യാകരണത്തിന്റ വ്യർത്ഥതയെ വിമർശിക്കുന്നുണ്ട്: 'സംപ്രാപ്തേ സന്നിഹിതേകാലേ നഹിനഹിരക്ഷതി ഡുകൃഞ്ജകരണേ'. വേദമന്ത്രങ്ങളിലും മറ്റും പുലർത്തുന്ന വ്യാകരണനിഷ്കർഷതയും ഉച്ചാരണശുദ്ധിയുമൊന്നും മോക്ഷപ്രാപ്തിക്ക് അനിവാര്യമല്ലെന്നു തന്നെയാണ് ശങ്കരൻ പ്രത്യക്ഷമായിത്തന്നെ സമർത്ഥിക്കുന്നത്. ശ്രീശങ്കരാചാര്യരുടെ മിക്കകൃതികളിലും സമാനമായ സന്ദേശങ്ങൾ കാണാം.വേദശാസ്ത്രജ്ഞാനത്തിന്റെ ആധികാരികത നിരാകരിക്കുന്നതാണല്ലോ ശങ്കരന്റെ ആ വാക്കുകൾ. അദ്ദേഹത്തെക്കുറിച്ച് പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള മായംകലർത്തിയപുരാവൃത്തങ്ങളേക്കാൾ വിശ്വസനീയം ആ മഹാപ്രതിഭ കുറിച്ചിട്ട വരികളാണല്ലോ.ശങ്കരന്റെ വചനങ്ങളാണ് അദ്ദേഹത്തെ അടയാളപ്പെടുത്തുന്ന യഥാർത്ഥ കൈയൊപ്പ്.

പൗരോഹിത്വത്തിന്റെ പ്രാമാണികത നിഷേധിക്കുന്ന പ്രവൃത്തി ശങ്കരൻ പുസ്തകരചനയിൽ ഒതുക്കിയില്ലെന്നും, ആ പരിവൃത്തി സ്വകർമ്മത്തിലൂടെ പ്രാവർത്തികമാക്കിയ നീതിമാനായിരുന്നു അദ്ദേഹമെന്നും വ്യക്തമാക്കുന്ന കുറച്ചു സംഭവങ്ങൾ ശങ്കരാചാര്യരുടെ ജീവിതത്തിൽനിന്നും കാണാം. പ്രചരണത്തിനപ്പുറം, വാസ്തവത്തിൽ ആരായിരുന്നു ശങ്കരൻ എന്ന ചോദ്യത്തിന് അദ്ദേഹം നൽകുന്ന ഉത്തരമാണ് ജീവചരിത്രങ്ങളിലെ ആ സാക്ഷ്യപത്രങ്ങൾ:

- ✓ ദിഗ്‌വിജയയാത്രയുടെ ഭാഗമായി കാഞ്ചീപുരത്ത് എത്തിയ ശങ്കരാചാര്യരും ശിഷ്യന്മാരും അവിടെ ഒരു ദേവീക്ഷേത്രം സ്ഥാപിച്ചതായും, അതിൽ വേദവിഹിതമായ പൂജാക്രമം ഏർപ്പെടുത്തിയതായും താന്ത്രികന്മാർക്ക് അവിടെ സ്ഥാനം നിഷേധിച്ചതായും ശങ്കരോപാഖ്യാനമെന്ന ശങ്കരാചാര്യരുടെ ജീവചരിത്രത്തിൽ പ്രസ്താവിക്കുന്നുണ്ട്.(അധ്യായം:12).
- ✓ മണ്ഡനമിശ്രനുമായുള്ള സംവാദത്തിൽ കർമ്മപ്രധാനമായ ഉപാസനാമാർഗ്ഗങ്ങളെയും യാഗയജ്ഞങ്ങളെയും ശങ്കരാചാര്യർ തള്ളിക്കളയുന്നതു വ്യക്തമാണ്.കലികാലത്ത് അതൊക്കെ കപടകർമ്മികളുടെ അലങ്കാരവേഷങ്ങളാണെന്നാണ് അദ്ദേഹത്തിന്റെ മതം. കാമ്യകർമ്മങ്ങളെ സന്യാസത്തിനുമുകളിൽ പ്രതിഷ്ഠിച്ച മണ്ഡനമിശ്രനുള്ള മറുപടിയായിരുന്നു അത്. സത്യത്തിൽ അത് ബ്രാഹ്മണ്യത്തിനുള്ള തിരുത്താണ്.(ശങ്കരോപാഖ്യാനം,അധ്യായം:7):

മണ്ഡനൻ—അധികപ്രസംഗം നിർത്തൂ. ആ ബ്രഹ്മം എവിടെ? ഈ ദുർബുദ്ധി എവിടെ? ഈ കലികാലത്തു സന്യാസംപോലും! മിഷ്ടാന്നം ഭുജിക്കുവാൻ കൊതിക്കുന്ന കപടയോഗികളുടെ വേഷമാണിതു്.

ശങ്കരൻ—ആ സ്വർഗ്ഗം എവിടെ? ഈ ദുർവൃത്തികൾ എവിടെ? കലികാലത്തു് അഗ്നിഹോത്രംപോലും! കാമലീലയ്ക്കായി കൊതിക്കുന്ന കപടകർമ്മികളുടെ വേഷമാണിതു്.

ഇതെല്ലാം ജാതിബ്രാഹ്മണ്യം മുന്നോട്ടുവെക്കുന്ന ആചാരപദ്ധതികളുടെ സമ്പൂർണ്ണ നിരാസമാണ്. അത്തരത്തിൽ, വേദവിഹിതമല്ലാത്ത സകലതിനെയും തീവ്രമായെതിർക്കുന്ന, മാനവവിരുദ്ധമായ ഒന്നിനെയും അനുകൂലിക്കാത്ത നിലപാടുകളാണ് ശ്രീശങ്കരൻ പുലർത്തിയതെന്നു കാണാം. അതിനാൽ, അദ്ദേഹത്തെ പൗരോഹിത്യമതത്തിന്റെയും ബ്രാഹ്മണമേധാവിത്വത്തിന്റെയും പുനഃസ്ഥാപകനായി അടയാളപ്പെടുത്തുന്നത് അയുക്തികമാണ്; അങ്ങേയറ്റം അസത്യവുമാണ്.

ശ്രീശങ്കരന്റെ അജ്ഞാതമായ സമാധി

മുപ്പത്തിരണ്ടാമത്തെ വയസ്സിലാണ് ശങ്കരാചാര്യർ മഹാസമാധിയായത് എന്നാണു പൊതുവേയുള്ള വിശ്വാസം. എന്നാൽ,അദ്ദേഹത്തിന്റെ അന്ത്യം എവിടെയായിരുന്നെന്നോ, എങ്ങനെ ആയിരുന്നെന്നോ വിശദീകരിക്കുന്ന രേഖകളൊന്നും ലഭ്യമല്ല. തൃശൂരിലെ വടക്കുംനാഥക്ഷേത്രത്തിലാണെന്നും ഹിമാലയത്തിലെ കേദാർനാഥക്ഷേത്രത്തിന്റെ പിൻവശത്തുള്ള ഒരു ഗുഹയിൽവെച്ച് അന്തർധാമം ചെയ്യുകയായിരുന്നെന്നും പറയപ്പെടുന്നു. വിദ്യാരണ്യസ്വാമി എഴുതിയ മാധവീയശങ്കരവിജയത്തിൽ, കേദാർനാഥിലാണെന്നാണു കാണുന്നത്. സദാനന്ദൻ രചിച്ച ചിദ്വിലാസീയ ഗ്രന്ഥപ്രകാരം, ശങ്കരസമാധി ബദരിയിലുള്ള ദത്തഗുഹയിലാണ്. ശങ്കരദിഗ്വിജയത്തിൽ അദ്ദേഹത്തിന്റെ സമാധി ബദരിയിലാണ് എന്നാണ്. ലക്ഷ്മണശാസ്ത്രികൾ എഴുതിയ ഗോവിന്ദനാഥീയമനുസരിച്ചാണ് തൃശൂർ വടക്കുംനാഥക്ഷേത്രത്തിൽ വെച്ചാണെന്ന വിശ്വാസം പ്രബലമായത്. ഗുരുവംശകാവ്യപ്രകാരം മഹാരാഷ്ട്രയിലുള്ള ദത്തക്ഷേത്രമായ മാഹരിയാണ് ശ്രീശങ്കരന്റെ സമാധിസ്ഥാനം. ബ്രാഹ്മണ്യത്തിന്റെ വാദഗതിയനുസരിച്ച്, പാഖണ്ഡരെ അമർച്ചചെയ്ത് വൈദികമതം പുനഃസ്ഥാപിക്കുകയും, പരാമാർത്ഥികതലത്തിൽ അദ്വൈതസിദ്ധാന്തം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു പ്രസിദ്ധനായ ശങ്കരാചാര്യരുടെ ജീവിതം എന്തുകൊണ്ടാണ് മതമേധാവികളൊന്നും അറിയാതെ അജ്ഞാതമായി അവസാനിച്ചത്?

കേരളത്തിലെ കാലടിയിലാണ് ജന്മസ്ഥലമെന്ന് ഏറെക്കുറെ അവിതർക്കിതമായി അംഗീകരിക്കപ്പെടുമ്പോഴും, പ്രശസ്തിയുടെയും വിവാദങ്ങളുടെയും(?)പരകോടിയിൽനിന്നകാലത്തെ ശങ്കരാചാര്യരുടെ സമാധി ആരും അറിയാതെപോയി എന്നു കരുതാനാകുമോ?ബുദ്ധപണ്ഡിതൻ തരാനാഥിന്റെ ബുദ്ധമതചരിത്രഗ്രന്ഥത്തിൽ, കുമാരിലഭട്ടന്റെ അനന്തരവൻ ധർമ്മകീർത്തി ശ്രീശങ്കരാചാര്യരെ ഒരു സംവാദത്തിൽ തോൽപ്പിച്ചതിനെത്തുടർന്നാണ് ആചാര്യന്റെ മരണമെന്ന് പ്രസ്താവിക്കുന്നുണ്ട്. ആ പരാമർശത്തിന്റെ അർത്ഥം എന്താകാം? തരാനാഥിന്റെ വാക്കുകൾ

സത്യമായാലും അസത്യമായാലും, ജീവിച്ചിരിക്കെ ആഭിചാരകർമ്മത്തിലൂടെ ഭഗന്ദരമെന്ന അസുഖമുണ്ടാക്കിയും മറ്റും അദ്ദേഹത്തെ അപായപ്പെടുത്താൻ നടത്തിയ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ, ആ വാക്കുകൾ ശ്രദ്ധേയമാണ്. ആചാര്യസ്വാമികളെ അപഹസിക്കാനും അപകടപ്പെടുത്താനും നടന്ന അനേകം സംഭവങ്ങളുടെ വെളിച്ചത്തിൽ, ആ അജ്ഞാതസമാധി അനവധി സംശയങ്ങൾ അവശേഷിപ്പിക്കുന്നുണ്ട്. ആ സംശയങ്ങൾക്കുള്ള ഉത്തരം കാലം കണ്ടെത്തട്ടെ എന്നാശിക്കാം.

ഇതായിരുന്നു യഥാർത്ഥ ശങ്കരൻ

സർവ്വജ്ഞപീഠം കയറിയ ശങ്കരാചാര്യർ, ഭാരതത്തിലെമ്പാടും അദ്വൈതദർശനം പ്രചരിപ്പിക്കുന്നതിനായി(?) നാലു മഠങ്ങൾ ആരംഭിക്കുകയുണ്ടായി. വടക്ക് ഉത്തരാഞ്ചലിലെ ബദരിനാഥിൽ സ്ഥാപിച്ച ജ്യോതിർമഠം, പടിഞ്ഞാറ് ഗുജറാത്തിലെ ദ്വാരകയിൽ സ്ഥാപിച്ച ദ്വാരകാപീഠം,കിഴക്ക് ഒറീസ്സയിലെ പുരിയിൽ തുടങ്ങിയ ഗോവർദ്ധനമഠം എന്നീ മൂന്നു മഠങ്ങൾ സ്ഥാപിച്ചശേഷം, നാലാമത്തേത് എവിടെയായിരിക്കണമെന്ന് ആലോചിച്ചുവന്നകാലത്തെ ഒരുസംഭവം ഏറെ പ്രസിദ്ധമാണ്. തന്റെ കൈവശമുണ്ടായിരുന്ന കാശ്മീരിലെചന്ദനംകൊണ്ടുള്ള ശാരദാദേവിയുടെ വിഗ്രഹം പുതിയ മഠത്തിൽ പ്രതിഷ്ഠിക്കണമെന്നു ശങ്കരൻ മനസ്സിലുറപ്പിച്ചിരുന്നു. തീർത്ഥാടനത്തിനിടയിൽ ശൃംഗേരിയിലെത്തിയ ആചാര്യൻ, തുംഗാനദിയുടെ വലതുകരയിൽ ധ്യാനത്തിലിരിക്കുകയായിരുന്നു. ആ സമയം ഇടതുകരയിൽ, ഒരു മൂർഖൻപാമ്പ് പത്തിവിടർത്തി ഒരു തവളക്ക് കുട ചൂടിയതുപോലെ രക്ഷയേകുന്ന കാഴ്ച അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രകൃതി, ശത്രുക്കളായി സൃഷ്ടിച്ചവർ പോലും പരസ്പരസ്നേഹത്തോടെ കഴിയുന്ന ആ സ്ഥലമാണ് കരുണാമയിയായ ശാരദാദേവിയുടെ വിഗ്രഹം പ്രതിഷ്ഠിക്കാൻ ഏറ്റവും ഉത്തമമെന്നു തിരിച്ചറിഞ്ഞ്, ആചാര്യൻ അവിടെ നാലാമത്തെ അദ്വൈതാശ്രമം സ്ഥാപിക്കാൻ തീരുമാനിച്ചു.

ആ മഹാത്മാവിനെയാണ് ജാതിവിഭജനത്തിന്റെയും ചൂഷണത്തിന്റെയും ശത്രുതയുടെയും പ്രചാരകനായി ചിലർ അവതരിപ്പിക്കുന്നത് എന്നതിനേക്കാൾ വലിയ വൈരുദ്ധ്യമെന്തുണ്ട്?തങ്ങൾ ചെയ്തുകൂട്ടിയ അപരാധങ്ങളുടെയെല്ലാം പാപഭാരം ശങ്കരനുമേൽ ചൊരിയുകയും, അതിന്റെ പേരിൽ അദ്ദേഹത്തിന്റെ മഹത്വത്തിനേറ്റ മങ്ങൽ ആസ്വദിക്കുകയും ചെയ്യുന്ന, ദ്വിമുഖതന്ത്രമാണ് ആര്യബ്രാഹ്മണ്യം ഇക്കാലമത്രയും നടപ്പാക്കിയത്. ആ പകവീട്ടലിന്റെ ഫലമായാകാം ശങ്കരനുശേഷം അദ്വൈതവേദാന്തപദ്ധതി തച്ചുതകർക്കപ്പെട്ടത്.അതിനാലാണ് അദ്വൈതികളായ ശങ്കരശിഷ്യന്മാരും അനുചരന്മാരും ഭ്രഷ്ടർ ആക്കപ്പെട്ടതും അദ്വൈതാശ്രമങ്ങൾ ബ്രാഹ്മണ്യസങ്കേതങ്ങളായതും. അതുകൊണ്ടാണു ഭാരതം പിന്നെയും അന്ധകാരയുഗത്തിലേക്കു പതിച്ചതും പിൽക്കാല ചരിത്രത്താളുകളിൽ കണ്ട ദുരന്തങ്ങളിലേക്ക് എത്തിച്ചേർന്നതും. കേരളക്കര ലോകത്തിനു സംഭാവനചെയ്ത ശങ്കരാചാര്യർ എന്ന ഉന്നതശീർഷനായ വ്യക്തിത്വത്തെ, ജാതിബ്രാഹ്മണ്യം നടപ്പിലാക്കിയ ഗൂഢപദ്ധതികളുടെ പേരിൽ ഇനിയും അപകീർത്തിപ്പെടുത്തേണ്ടതുണ്ടോ എന്നു ചിന്തിക്കുക. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും, ബ്രാഹ്മണ്യത്തെ മഹത്വവത്കരിക്കുന്ന പല ശ്ലോകങ്ങളും ശങ്കരന്റെ പേരിൽ പ്രചാരത്തിലുണ്ട്(**ഉദാ:**ബ്രാഹ്മണ

ജാത്യാഭിമാനാത് ബ്രഹ്മേത്യഭിതീയതേ). അതുകൊണ്ടാണ്,'ശങ്കരന്റെ ബുദ്ധി വലുതായിരുന്നെങ്കിലും ഹൃദയം അത്ര വലുതായിരുന്നില്ല' എന്ന വിമർശനം സ്വാമി വിവേകാനന്ദനു നടത്തേണ്ടിവന്നത്. ഒരുപക്ഷെ, ആ വിമർശനത്തിലേക്കു വഴിതെളിക്കുന്ന ശ്ലോകങ്ങളിലെ താത്പര്യം ജാതിബ്രാഹ്മണ്യസ്തുതികൾ ആയിരിക്കണമെന്നില്ല. അല്ലെങ്കിൽ, അതു ശങ്കരന്റെ വചനങ്ങൾ ആകണമെന്നുമില്ല.(അതാണല്ലോ ചരിത്രം തെളിയിക്കുന്നത്). ആണെങ്കിൽപ്പോലും, ശങ്കരാചാര്യരുടെ മറ്റു വചനങ്ങൾ ഒഴിവാക്കി അവ മാത്രം സ്വീകരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ആ ദിശയിലുള്ള ബ്രാഹ്മണ്യ അപനിർമ്മിതികൾക്ക് തലവെച്ചു കൊടുക്കേണ്ടതുമില്ല.

ചാതുർവർണ്യം

ദേഹത്തിന്റെയോ ജന്മകർമ്മങ്ങളുടെയോ വർണ്ണാശ്രമാദികളുടെയോ
അഹംഭാവമില്ലാത്തവർ ഹരിയ്ക്കു പ്രിയരാണ്.

[ന യസ്യ ജന്മകർമഭ്യാം ന വർണ്ണാശ്രമജാതിഭിഃ സജ്ജതേ സ്മിന്നഹംഭാവോ
ദേഹോവൈസഹരേ പ്രിയാഃ -ഭാഗവതം 11.2.51]

ലോകത്തിലെ മിക്ക സമൂഹങ്ങളിലും പ്രാചീനകാലത്തുതന്നെ തൊഴിലടിസ്ഥാനത്തിലുള്ള സാമൂഹികവിഭജനം സംഭവിച്ചിട്ടുണ്ട്. പൗരാണികഭാരതത്തിലും സമാനമായ തൊഴിൽവിഭജനം നിലനിന്നിരുന്നു. അദ്വൈതബോധം അടിസ്ഥാനധർമ്മമായി പരിഗണിച്ചിരുന്ന ഭാരതത്തിൽ, സ്വയം ഉരുത്തിരിഞ്ഞുവന്ന കർമ്മാധിഷ്ഠിതമായ സാമൂഹികവിഭജനം, എല്ലാവരും പരസ്പരം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയായിരുന്നു. പുരാണേതിഹാസങ്ങളിൽ നാം കാണുന്ന ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും ആ സമ്പ്രദായത്തിന്റെ പ്രതിനിധികളാണ്. സന്യാസമാർഗ്ഗം തെരഞ്ഞെടുത്തവർ ബ്രാഹ്മണരെന്നും ഭരണകാര്യങ്ങളിൽ വ്യാപൃതരായവർ ക്ഷത്രിയരെന്നും കച്ചവടവുംകൃഷിയും കൈകാര്യം ചെയ്തിരുന്നവർ വൈശ്യരെന്നും സാധാരണ ജനങ്ങൾ ശൂദ്രരെന്നും വിളിക്കപ്പെട്ടിരിക്കാം. ആ വിഭജനം സമൂഹത്തിന്റെ നിർബാധമായ മുന്നേറ്റത്തിനു സഹായകമാകുന്ന, സ്വാഭാവികമായും ഉരുത്തിരിഞ്ഞുവന്ന ഒരു അവസ്ഥ മാത്രമായിരുന്നു എന്നതാണ് പൗരാണികഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാകുന്നത്.

ആ അവസ്ഥയ്ക്കു മാറ്റംവന്നത്, ആര്യാധിനിവേശത്തെ തുടർന്ന് സൃഷ്ടിക്കപ്പെട്ട പുതിയ വർഗ്ഗീകരണത്തിന്റെ ഫലമായാണ് എന്നതാണ് പൊതു വിശ്വാസം. ആര്യന്മാർ, കർമ്മാധിഷ്ഠിതമായ വർണ്ണവിഭജനത്തിനു പകരം ജന്മാധിഷ്ഠിതമായ വർണ്ണവിഭജനം നടപ്പാക്കി. ജന്മാധിഷ്ഠിതമായ വർണ്ണവിഭജനം, ജാതിഭേദത്തിലേക്കും പവിത്ര-പതിത സമുദായങ്ങളായുള്ള തരംതിരിക്കലിലേക്കും, വംശവിശുദ്ധിവാദങ്ങളിലേക്കും അതിന്റെഉപോത്പന്നമായ അസ്പൃശ്യതയിലേയ്ക്കും ഭാരതത്തെ തള്ളിവിട്ടു. ആ ചൂഷണതന്ത്രം അത്യന്തം ശിഥിലമായ ഒരു സാമൂഹികാവസ്ഥയിലേക്ക് രാജ്യത്തെ അധഃപ്പതിപ്പിച്ചു. ജാതിവിവേചനം തീർത്ത തമോഗർത്തങ്ങളിൽ വീണുപോയവർ ഉയർത്തെഴുന്നേൽക്കാതിരിക്കാനുള്ള നിയമങ്ങളും നിയന്ത്രണങ്ങളും, അവരെ തള്ളിയിട്ടവർ സൃഷ്ടിച്ചു. അതോടെ, ബ്രാഹ്മണർ അധികാരവും അവകാശങ്ങളും ഉള്ളവരും മറ്റു മനുഷ്യരൊക്കെ കർത്തവ്യങ്ങൾ മാത്രമുള്ളവരു

മായി മാറി. അതിന്റെ ഫലമായി, ബ്രാഹ്മണരെ സംരക്ഷിക്കാൻ മറ്റെല്ലാവരും പരിശ്രമിക്കേണ്ട ഒരു സാമൂഹികസ്ഥിതി സംജാതമായി. അനവധി നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഉലച്ചിലേൽക്കാതെ ഉരുക്കുപോലെ ഉറച്ചുനില്ക്കുന്ന ആ വിഭജനമതിലുകൾ കാണാതെ ഭാരതത്തെ അറിയുക അസാധ്യമാണ്. ഇനി, ആ ദിശയിൽ ഒരു സഞ്ചാരമാകാം. അനാദികാലം മുതൽ ഇവിടെ ആരും ആഢ്യരോ അപസദരോ ആയിരുന്നില്ല എന്ന സത്യം ബോധ്യപ്പെടാൻ ആ യാത്ര അനിവാര്യമാണ്.

വർണ്ണം=വരിക്കുന്നത്

ഗുണം വരിക്കുക, നിറം നൽകുക, വിസ്തരിക്കുക, പ്രേരിപ്പിക്കുക എന്നീ അർത്ഥങ്ങളുള്ള 'വർണ്ണ' ധാതുവിൽനിന്നു സിദ്ധിക്കുന്ന ശബ്ദമാണ് വർണ്ണം. എന്നാൽ, ആ ഭാഷാർത്ഥങ്ങൾ ഒന്നുമില്ലാത്ത ഒരു തലത്തിലാണ് ആ പദത്തിനു പ്രചാരം സിദ്ധിച്ചത്. വേദങ്ങളിൽ അനേക ഇടങ്ങളിൽ വർണ്ണശബ്ദം കാണാം. പക്ഷേ, അതെല്ലാം പ്രകാശം, നിറം എന്നീ വിവക്ഷകളോടെയാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനെ ജന്മവുമായോ ജാതിയുമായോ ബന്ധപ്പെടുത്തുന്ന അത്ഥതലം ചതുർവ്വേദങ്ങളിൽ ഒരിടത്തും കണ്ടെത്താനാകില്ല എന്നതാണു പരമാർത്ഥം.

വേദങ്ങൾ മനുഷ്യവർഗ്ഗത്തെ രണ്ടായി വിഭജിച്ചിട്ടുണ്ട്: ആര്യന്മാർ എന്നും ദസ്യുക്കളെന്നും. ഈശ്വരന്റെ യജ്ഞങ്ങളിൽ ഇണങ്ങി അനുസരിച്ചു ധാർമ്മികരായി കഴിയുന്നവരെ ഈശ്വരപുത്രർ എന്ന അർത്ഥത്തിൽ ആര്യന്മാർ എന്നും(നിരുക്തം:6.5.3) വേദങ്ങളിൽ വിശ്വാസമില്ലാത്തവരെ ദസ്യുക്കൾ എന്നും(ഋഗ്വേദം:10.22.8)വേദങ്ങൾ നിർവ്വചിക്കുന്നു. അതനുസരിച്ച്, ശ്രേഷ്ഠരും വിദ്വാന്മാരും പരോപകാരികളുമായ നല്ലമനുഷ്യരാണ് ആര്യന്മാർ. അറിവില്ലാത്തവരും ദുരാചാരികളും സ്വാർത്ഥന്മാരുമായ മനുഷ്യരാണ് ദസ്യുക്കൾ. മനുഷ്യർ ആര്യന്മാരോ ദസ്യുക്കളോ ആയിട്ടു ജനിക്കുന്നതല്ല; മനുഷ്യനായി പിറന്നു കർമ്മങ്ങളിലൂടെയും സ്വഭാവവിശേഷങ്ങളിലൂടെയും അതാതു വിഭാഗങ്ങളായി മാറുന്നതാണ്. ആര്യവർണ്ണം എന്നും ദസ്യുവർണ്ണമെന്നും അർത്ഥം വരുന്ന വിധത്തിൽ ഋഗ്വേദത്തിൽ രണ്ടിടത്തു വർണ്ണശബ്ദം ഉപയോഗിച്ചിട്ടുണ്ട്. അതുപോലും,'പ്രത്യേക നിറമുള്ള കൂട്ടർ' എന്ന അർത്ഥത്തിലാണ്. അതിനപ്പുറമുള്ള വർണ്ണചിന്തകളൊന്നും വേദങ്ങളിൽ കാണാനാകില്ല. സ്വഭാവമനുസരിച്ചുള്ള വ്യക്തിവിശേഷം എന്നതിനപ്പുറമുള്ള ഒരു വിഭജന സ്വഭാവവും വർണ്ണഭേദത്തിന് വേദകാലത്തുണ്ടായിരുന്നില്ലെന്ന് അനുമാനിക്കാൻ ഇടനൽകുന്നതാണല്ലോ ആ കാര്യങ്ങൾ. മനുസ്മൃതിയിൽപോലും, ശൂദ്രനിൽനിന്ന് ബ്രാഹ്മണനിലേക്കും ഇതര വർണ്ണങ്ങൾക്കിടയിലും പരിവർത്തനം സാധ്യമെന്നു പറയുന്നുണ്ടല്ലോ. (അധ്യായം:10,ശ്ലോകം:65). മഹാഭാരതത്തിലെ അനുശാസനപർവ്വത്തിലും(143-07,9,11, 26), വനപർവ്വത്തിലും(180/19), ശാന്തിപർവ്വത്തിലും(188/1) വർണ്ണങ്ങൾക്കിടയിൽ പരിവർത്തനത്തിനുള്ള സാധ്യതയെക്കുറിച്ച് പരാമർശമുണ്ട്. അതിനർത്ഥം, ചതുർവ്വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളുമൊന്നും ആര്യാധിപത്യകാലഘട്ടത്തിൽ നടപ്പിലാക്കപ്പെട്ട നിലയിലെ വർണ്ണവിഭജനത്തെപ്പറ്റിയല്ല പറയുന്നത് എന്നാണ്.

മഹാഭാരതത്തിൽ പലയിടങ്ങളിലും ദസ്യു എന്നപദം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ, അതെല്ലാം കവർച്ചക്കാർ, കൊള്ളക്കാരായ കാട്ടുവർഗ്ഗക്കാർ എന്നീ അർത്ഥകല്പ

നയോടെയാണ്. അത് സാധൂകരിക്കുന്നതാണ് ശാന്തിപർവ്വത്തിലെ മാന്ധാതാവും ദേവേന്ദ്രനും തമ്മിലുള്ള സംവാദം. രാജധർമ്മത്തെ ആസ്പദമാക്കിയുള്ള ആ ചർച്ചയിൽ മാന്ധാതാവ് പറയുന്നു: 'എല്ലാ മനുഷ്യജാതിയിലും സകല വർണ്ണങ്ങളിലും ദസ്യുക്കൾ ഉണ്ട്. കൊള്ളയടിക്കുന്ന അത്തരം ആളുകൾ വേഷംമാറി ജീവിക്കുന്നുണ്ട്. അത്തരം ദസ്യുക്കൾ നാല് ആശ്രമം സ്വീകരിച്ചവരിലും കാണാം'. ആ അഭിപ്രായത്തെ സമർത്ഥിക്കുന്ന ഒരു ഉപാഖ്യാനം മഹാഭാരതം ശാന്തിപർവ്വത്തിലുണ്ട്.(കൃതഘ്നോപാഖ്യാനം).ഭീഷ്മർ യുധിഷ്ഠിരനോട് പറയുന്ന ആ കഥയിൽ,ദസ്യുസഹവാസത്താൽ ദസ്യുതുല്യനായ ഒരു ബ്രാഹ്മണന്റെ കഥ പറയുന്നു: മദ്ധ്യപ്രദേശവാസിയായ ഒരു ബ്രാഹ്മണൻ യാത്രാമദ്ധ്യേ വടക്കു മ്ളേച്ഛന്മാരുടെ നാട്ടിലെ ഒരു ഗ്രാമത്തിൽ ഭിക്ഷയിരക്കുവാനെത്തി. ആ ബ്രാഹ്മണൻ ഒരു ദസ്യുവിന്റെ വീട്ടിൽ കയറിച്ചെന്ന് ഭിക്ഷയാചിച്ചു(?). ആ ദസ്യു അവനു പാർക്കുവാൻ ഒരു ഇടവും, ഒരു വർഷത്തേക്കു ഭക്ഷണത്തിന്നുള്ള വകയും ഒരു പുതിയവീടും വസ്ത്രവും ഭർത്താവില്ലാത്ത സമവയസ്കയായ ഒരുപെണ്ണിനെയും നൽകി.ദസ്യു ഇതെല്ലാം നൽകിയപ്പോൾ ആ ബ്രാഹ്മണൻ അതൊക്കെ സസന്തോഷം സ്വീകരിച്ച് ആ ഗൃഹത്തിൽ അവളോടുകൂടി രമിച്ചുവസിച്ചു. അവൻ ദാസിക്കും കുടുംബത്തിനും സഹായംചെയ്ത് ആ പരിപുഷ്ടമായ ശബരഗൃഹത്തിൽ വളരെ വർഷങ്ങളോളം താമസിച്ചു.ആ ബ്രാഹ്മണൻ അമ്പെയ്യുവാനും പഠിച്ചു. ആ ഗൌതമൻ ദസ്യുക്കളെപ്പോലെ അരയന്നങ്ങളെയും മൃഗങ്ങളെയും വേട്ടയാടി. നിത്യവും പ്രാണിഹിംസയിലേർപ്പെട്ട ബ്രാഹ്മണൻ സഹവാസംകൊണ്ട് ദസ്യുതുല്യനായി എന്നതാണു കഥ. ശാന്തിപർവ്വത്തിൽതന്നെ ഭീഷ്മർ പറയുന്ന, അനാര്യനായിരുന്നു എങ്കിലും കുലീനനായി ജീവിച്ച് പാപമുക്തനായിത്തീർന്ന കായവ്യനെന്ന ദസ്യുവിന്റെ(കാട്ടാളൻ) കഥയും-കായവ്യചരിതം-മറ്റൊരു ഉദാഹരണമാണ്. സകല മനുഷ്യജാതിയിലും സർവ്വവർണ്ണങ്ങളിലും ദസ്യുക്കളുണ്ടെന്നും അത് ഒരു സ്വഭാവവിശേഷമാണ് എന്നുമാണ് തെളിയുന്നത്. ആര്യാധിപത്യത്തിനുശേഷം ഈ മണ്ണിലെ പൂർവ്വനിവാസികളെ ദസ്യുക്കളും ദാസന്മാരും അനന്തരം ശൂദ്രരുമാക്കി മാറ്റിയെന്നും, ആര്യന്മാരുടെയും ആദിമനിവാസികളുടെയും നിറവ്യത്യാസങ്ങളെ അടിസ്ഥാനമാക്കി വർണ്ണവ്യത്യാസം രൂപമെടുത്തെന്നും പ്രൊഫസർ കൊസാംബിയുംമറ്റും അഭിപ്രായപ്പെടുന്നത് വർണ്ണവ്യവസ്ഥിതിയുടെ ഏറ്റവും പ്രാചീനരൂപത്തെക്കുറിച്ചുള്ള സൂചനയാണ്. പിൽക്കാലത്താണ് അതിനെ പരിഷ്കരിച്ചു നാലുവർണ്ണങ്ങളെന്ന രൂപത്തിലേക്കു മാറ്റിയതും, കാലാന്തരത്തിൽ ജന്മവുമായി ബന്ധിപ്പിച്ചു വിവേചനങ്ങൾ ഏർപ്പെടുത്തിയതും.

ചാതുർവർണ്യത്തിന്റെ സൃഷ്ടിരഹസ്യം

ചാതുർവർണ്യവിഭജനം ബ്രാഹ്മണസൃഷ്ടിയാണെന്ന പ്രചാരണം, അതു ദൈവസ്രഷ്ടമായ ഒന്നാണെന്നതുപോലെ തന്നെ അയുക്തികമാണെന്നു തോന്നുന്നു. അതുകൊണ്ടുതന്നെ, ചാതുർവർണ്യത്തിന് ആരംഭമായത് മനുസ്മൃതിയിലെ ചട്ടങ്ങളാണെന്ന വാദവും യുക്തിസഹമല്ല. തൊഴിലടിസ്ഥാനത്തിലുള്ള വിഭജനം ഒരു ചെറിയകാലയളവുകൊണ്ടോ ഒരു പുസ്തകത്തിലെ പരാമർശങ്ങളെ പിൻപറ്റിയോ സംഭവിച്ച ഒന്നല്ല എന്നതുതന്നെയാണ് അതിന്റെ കാരണം. ലോകത്തിലെ പലസമൂഹങ്ങളിലും സദൃശമായ വർഗ്ഗവിഭജനം സംഭവിച്ചിട്ടുണ്ട് എന്നതും കാണേണ്ടതുണ്ട്.

ആരംഭിച്ചകാലത്ത് ചാതുർവർണ്യത്തിലെ വർണ്ണങ്ങൾക്ക് സമൂഹത്തിലെ നാലു വർഗ്ഗങ്ങൾ എന്ന പൊതുസ്വഭാവം മാത്രമായിരിക്കാം ഉണ്ടായിരുന്നത്. ആ വിവക്ഷ യോടെയാണ് പുരാണേതിഹാസങ്ങളിലെ വർണ്ണസംബന്ധിയായ പരാമർശങ്ങൾ.

ഏതൊരു സമൂഹത്തിലും, ജനങ്ങൾക്കാവശ്യമുള്ള വിഭിന്ന കർമ്മങ്ങൾ നിർവ്വഹി ക്കാൻ തയ്യാറാകുന്നതോ നിയോഗിതരോ ആകുന്ന ആളുകളുണ്ടാകുക സ്വാഭാവി കമാണല്ലോ. പ്രാചീനകാലത്തെ പരിമിതമായ സാഹചര്യങ്ങളിൽ അനിവാര്യമായ തൊഴിൽമേഖലകളും കുറവായിരുന്നു. അത്തരത്തിൽ, വ്യത്യസ്ത കടമകൾ നിർ വ്വഹിക്കുന്നവർ സവിശേഷപേരുകളിൽ അറിയപ്പെടുന്നതും സ്വാഭാവികവുമാണ്. പൗരോഹിത്യകർമങ്ങൾ ചെയ്യുന്നയാൾ പുരോഹിതനെന്നോ, അതിന് സമാനമായ നാമംകൊണ്ടോ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടാകാം.സമാജത്തിന്റെ സുരക്ഷ ഉറപ്പാ ക്കാൻ നിയോഗിക്കപ്പെട്ടവർ അവരുടെ കർത്തവ്യം സൂചിപ്പിക്കുന്ന ചില പ്രത്യേക പേരുകളിലും, കൃഷിയും കച്ചവടവും സ്വീകരിച്ചവർ ആ അർത്ഥം ധ്വനിപ്പിക്കുന്ന നാമങ്ങളാലും, മറ്റുള്ള സേവനവൃത്തികൾ സ്വീകരിച്ചവർ അതിനെ പ്രതിഫലിപ്പി ക്കുന്ന പേരുകളിലും വിളിക്കപ്പെട്ടിട്ടുണ്ടാകാം. ആദ്യകാലത്ത്, ഓരോ സവിശേഷ കർമ്മം ചെയ്യുന്ന ആളുകളെ അടയാളപ്പെടുത്താൻ ഉപയോഗിച്ചിരുന്ന കേവല സം ജ്ഞകൾമാത്രമായിരുന്നിരിക്കാം അവയൊക്കെ. അത് അന്നത്തെ ഭാരതഭൂമിയിൽ ഒട്ടാകെ അറിയപ്പെട്ടിരുന്ന നാമങ്ങളാകാനും വഴിയില്ല. വ്യത്യസ്തസമൂഹങ്ങളിൽ പ്രാദേശികമായ വിവിധ സംജ്ഞകൾ പ്രയോഗിച്ചിട്ടുണ്ടാവാനാണു സാധ്യത. അന്ന് സംസ്കൃതഭാഷ ഉണ്ടായിരുന്നതായോ, ഉണ്ടായിരുന്നെങ്കിൽത്തന്നെ ഭാരതത്തിലാ കെ ഉപയോഗിച്ചിരുന്ന ഭാഷയാണെന്നോ തെളിയിക്കപ്പെട്ടിട്ടില്ല. അതിനാൽതന്നെ യാണ്, ആര്യാധിനിവേശത്തിനുമുമ്പ് പല സമൂഹങ്ങളിലും വ്യത്യസ്ത രൂപത്തിൽ 'വർണ്ണവിഭജനം' നിലവിലുണ്ടായിരുന്നു എന്ന നിഗമനത്തിൽ സാമൂഹികശാസ്ത്ര ജ്ഞർ എത്തുന്നത്. അങ്ങനെ നോക്കുമ്പോൾ, പൗരാണികഭാരതത്തിൽ നിലനിന്നി രുന്ന വർണ്ണങ്ങൾ സ്വാഭാവികമായ ഒരു പ്രതിഭാസം മാത്രമായിരുന്നെന്നു കാണാം. അതിനാലാണ്, കൃഷിക്കാരൻ പുരോഹിതനോ രാജാവോ ഒക്കെ ആയതായി പുരാ ണേതിഹാസങ്ങളിൽ കാണാനാകുന്നന്നത്. അതുകൊണ്ടുതന്നെയാണ് ഒരു കുടും ബത്തിലെ അംഗങ്ങൾതന്നെ പല വർണ്ണികളായി കഴിഞ്ഞ കഥകൾ ഇതിഹാസങ്ങ ളിൽ കാണുന്നത്. അതിനെ, ശൂദ്രനോ വൈശ്യനോ ക്ഷത്രിയനോ 'ബ്രാഹ്മണ'നായി മാറിയെന്നും, മറ്റു വർണ്ണികളായെന്നും അർത്ഥം കൽപ്പിക്കുന്നിടത്താണ് വ്യാഖ്യാ ങ്ങൾ വഴിപിഴയ്ക്കുന്നത്. അതൊഴിവാക്കിയാൽ സംഗതി ലളിതമാണ്.

എന്നാൽ, പൗരോഹിത്യകർമ്മങ്ങൾ ചെയ്യുന്ന ആൾക്ക് ബ്രാഹ്മണൻ എന്ന പദവിയു ണ്ടായതും, സമൂഹത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ നിയോഗിക്കപ്പെടുന്നയാൾ ക്ഷത്രിയൻ ആയതും,കൃഷിയും കച്ചവടവും ചെയ്യുന്നയാൾ വൈശ്യനായതും, മറ്റു ള്ളവരുടെ സേവചെയ്യുന്നയാൾ ശൂദ്രനായതും കേവലം സ്വാഭാവികമായ ഒരു പരി ണാമമായിരുന്നില്ലെന്ന് വിശ്വസിക്കേണ്ടിവരും.സംസ്കൃതത്തിലുള്ള ആ പദങ്ങൾ ഭാരതത്തിലെമ്പാടും പ്രചാരത്തിലായത് സ്മൃതികൾപോലെയുള്ള ഏതെങ്കിലും ഗ്രന്ഥങ്ങളിലൂടെ നടപ്പിലാക്കിയ ശാസനങ്ങളുടെ പിൻബലത്തോടെ ആകാനാണു സാധ്യത.സമൂഹത്തിലെ നിരക്ഷരഭൂരിപക്ഷത്തിനുമേൽ അമ്മാതിരി നടപടികൾ

നടപ്പാക്കാൻ നിയോഗിക്കപ്പെട്ടത് ബ്രാഹ്മണരായിരുന്നു. അതിനാലാണ് ആ പാതകത്തിന്റെ പാപക്കറ അവരിൽ ആരോപിക്കപ്പെടുന്നത്. ആ കുറ്റപ്പെടുത്തൽ തീരെ അസാധുവല്ലെന്നു സ്ഥാപിക്കുന്ന തെളിവുകൾ മനുസ്മൃതിയിലും ശാങ്കരസ്മൃതിയിലുമുണ്ട്: മനുസ്മൃതി ആ വിശേഷാധിധികാരം,ഭരണാധികാരികൾക്കുപോലും നൽകാതെ ബ്രാഹ്മണരിൽ നിക്ഷിപ്തമാക്കുന്നത് ഇപ്രകാരമാണ്.(അധ്യായം:1):

> തസ്യ കർമ്മവിവേകാർത്ഥം ശേഷാണാമനുപൂർവശഃ
> സ്വായംഭൂവോ മനുർധീമാനിദം ശാസ്ത്രമകല്പയത്. 102
>
> ബ്രാഹ്മണൻെറയും മറ്റ് ക്ഷത്രിയാദികളുടെയും കർത്തവ്യങ്ങൾ ക്രമത്തിൽ വേർതിരിച്ച് ഉപദേശിക്കുന്നതിനായി ബ്രഹ്മപുത്രനും സർവജ്ഞനുമായ മനു ഈ ശാസ്ത്രം രചിച്ചു.

> വിദുഷാ ബ്രാഹ്മണേനേദമധ്യേതവ്യം പ്രയത്നതഃ
> ശിഷ്യേഭ്യശ്ച പ്രവക്തവ്യം സമ്യങ്നാന്യേന കേനചിത്. 103
>
> ഈ ശാസ്ത്രം അധ്യയനം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം അറിവുള്ള ബ്രാഹ്മണനാൽ ഇത് യത്നിച്ചു പഠിക്കേണ്ടതും ശിഷ്യൻമാർക്ക് വേണ്ടതുപോലെ വ്യാഖ്യാനിച്ചുകൊടുക്കേണ്ടതുമാണ്; മറ്റാർക്കും അതിന് അധികാരമില്ല.

തൊഴിൽവിഭജനത്തെ ജനനവുമായി ബന്ധിപ്പിച്ചുകൊണ്ട് അലംഘനീയമായ ഒരു സാമൂഹ്യക്രമമാക്കി മാറ്റി എന്നതും, അതിനെ നിലനിർത്തുന്നതിനുവേണ്ടി നിയമങ്ങൾ നിർമ്മിച്ചു എന്നതുമാണ് ബ്രാഹ്മണ്യാധിപത്യത്തിലുള്ള സംവിധാനം ചെയ്ത പാതകം. ചെയ്യുന്ന കർമ്മത്തിനനുസരിച്ച് ആളുകൾ അറിയപ്പെടുക എന്ന സ്ഥിതി മാറി അറിയപ്പെടുന്ന പേരിനനുസരിച്ചു കർമ്മമനുഷ്ഠിക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിയത്, കർമ്മം ജന്മാധിഷ്ഠിതമാകണം എന്ന നിയമം നടപ്പാക്കപ്പെട്ടതോടെയാണ്. അതോടുകൂടി പൗരോഹിത്യകർമ്മം ആ പ്രവൃത്തിചെയ്യുന്നവരുടെ പിൻഗാമികൾക്കു മാത്രമായി നിജപ്പെടുത്തപ്പെട്ടു. മറ്റുവർണ്ണങ്ങൾക്കിടയിൽ ജാതിധർമ്മം നടപ്പാക്കാനും നിരീക്ഷിക്കാനും ഉള്ള അധികാരം ബ്രാഹ്മണർക്കായി. ആ സ്ഥിതി സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയാണ് സ്മൃതിഗ്രന്ഥങ്ങളിലൂടെ 'അലംഘനീയ നിയമങ്ങൾ' അവതരിപ്പിക്കപ്പെട്ടത്. സ്മൃതിഗ്രന്ഥങ്ങൾ നാടിന്റെ പൊതുനിയമമാക്കപ്പെട്ടതോടെ,അത് അണുവിടതെറ്റാതെ നടപ്പാക്കാനുള്ള ഉത്തരവാദിത്വം രാജധർമ്മമായി. 'നിയമലംഘകരെ നിർമ്മാർജ്ജനം ചെയ്യാൻ' ദണ്ഡനമുറകൾ നിർദാക്ഷിണ്യം നടപ്പാക്കപ്പെട്ടു. ഓരോരോ പ്രത്യേക കള്ളികളിൽ പെട്ടുപോയവർക്ക് ഒരിക്കലും പുറത്തു കടക്കാനാവാത്ത കുരുക്കായി അതോടെ വർണ്ണവ്യവസ്ഥിതി മാറി.ആര്യാധിനിവേശത്തിനു മുമ്പും പിൻപുമുണ്ടായിരുന്ന വർണ്ണവ്യവസ്ഥ ഒന്നായിരുന്നില്ല എന്നുതന്നെയാണ് ഇതൊക്കെ വെളിവാക്കുന്നത്.ആര്യാധിപത്യത്തിനു മുൻപ് എഴുതപ്പെട്ടതുകൊണ്ടാകാം പുരാണേതിഹാസങ്ങളിലെ വർണ്ണസംബന്ധിയായ പരാമർശങ്ങളിൽ ആര്യനിയമങ്ങൾക്കു കീഴിലുള്ള പിൽക്കാലാവസ്ഥയുടെ മാലിന്യങ്ങൾ കാണാത്തത്. സകല വർണ്ണികളും സഹവർത്തിത്വത്തോടെ സ്വന്തം

കർമ്മങ്ങളനുഷ്ഠിച്ചു ജീവിച്ച ചിത്രങ്ങൾ ആ ഗ്രന്ഥങ്ങളിൽ നമുക്കു കാണാൻകഴിയുന്നത്. അവയിൽ മുഴച്ചുനിൽക്കുന്ന വിവേചനധ്വനികളൊക്കെ പിൽക്കാല പരിഭാഷകരുടേയും വ്യാഖ്യാതാക്കളുടേയും ജാതിചിന്തയിലൂന്നിയ വികലമാനസികാവസ്ഥയുടെ പ്രതിഫലനങ്ങളാകാനാണ് സാധ്യത. അതിനൊപ്പം, വായ്മൊഴിയായി പകർന്നുനല്കപ്പെട്ടിരുന്നകാലത്ത് അറിഞ്ഞോ അറിയാതെയോ കൂട്ടിച്ചർക്കപ്പെട്ട പൊലിപ്പിക്കലുകളും ഊഹാപോഹങ്ങളും അവയിൽ ഉണ്ടാകാം.

ആര്യശാസനങ്ങൾക്കു കീഴിൽ, അധ്യയനവും അദ്ധ്യാപനവും യജ്ഞങ്ങളുടെയും യാഗങ്ങളുടെയും നിർവ്വഹണവുമാണ് ബ്രാഹ്മണ്യധർമ്മമായി പറയപ്പെട്ടിട്ടുള്ളത്. പ്രജാസംരക്ഷണത്തോടൊപ്പം യാഗനടത്തിപ്പും ഭരണാധികാരികളുടെ (ക്ഷത്രിയ) പ്രധാന ചുമതലയായി. അതിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക ഭരണവർഗ്ഗത്തിന്റെ 'ബാധ്യത'യാക്കി. കന്നുകാലികളെ സംരക്ഷിക്കുക,കച്ചവടം, കൃഷി തുടങ്ങിയവയോടൊപ്പം യാഗാനുഷ്ഠാനങ്ങൾക്കാവശ്യമായ സഹായങ്ങൾ ചെയ്യുക എന്നതും വൈശ്യരുടെ ഉത്തരവാദിത്തമാക്കി. ബ്രാഹ്മണരുടെ ദാസ്യവേലക്കാരായി ശൂദ്രരെ ഒതുക്കി. അത്തരത്തിൽ,ആര്യബ്രാഹ്മണ്യത്തിന്റെ നിലനിൽപ്പിനുവേണ്ട സർവ്വ ഭൗതികസാഹചര്യങ്ങളും ഒരുക്കാനുള്ള ബാധ്യത മറ്റുവർണ്ണികളിൽ ചുമത്തപ്പെട്ടു. അതോടെ, ചാതുർവർണ്യത്തിന്റെ സൃഷ്ടിരഹസ്യം സമൂഹത്തിന്റെ സുഖഗമനമെന്നതിൽനിന്നു ബ്രാഹ്മണ്യത്തിന്റെ സുഗമമായ നിലനിൽപ്പെന്ന സ്വാർത്ഥതാത്പര്യമായിമാറി.ബ്രാഹ്മണരെ ഭൂദേവന്മാർആക്കിയ ആ ഉടച്ചുവാർക്കലിനെ ന്യായീകരിക്കാൻ അവർ ആവിഷ്കരിക്കുന്ന യോഗ്യതാപത്രം പുരുഷസൂക്തത്തിലെ പന്ത്രണ്ടാംശ്ലോകത്തിലെ ഒരു പ്രസ്താവനയാണ്. അതനുസരിച്ച് വിശ്വപുരുഷന്റെ മുഖം, കരങ്ങൾ, ഊരുക്കൾ, പാദങ്ങൾ എന്നീ അവയവങ്ങളിൽ നിന്നാണ് യഥാക്രമം ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.വിരാട്ട്പുരുഷന്റെ മുഖത്തുനിന്നാണ് ജനനം എന്നതാണ് ബ്രാഹ്മണരുടെ മഹത്വമെന്ന് അവർ വ്യാഖ്യാനിക്കുന്നു. എന്നാൽ,ആ വാദഗതിയ്ക്ക് എത്രമാത്രം ശാസ്ത്രഗ്രന്ഥങ്ങളുടെ സമ്മതിയുണ്ടെന്നു തിരക്കുന്നത് രസകരമാണ്.

വ്യാഖ്യാതാക്കളെ തിരുത്തുന്ന വസ്തുതകൾ

വിരാട്ട്പുരുഷന്റെ അവയവങ്ങളിൽനിന്നും വിവിധവർണ്ണികൾ സൃഷ്ടിക്കപ്പെട്ടു എന്നാണല്ലോ പുരുഷസൂക്തത്തിലെ ശ്ലോകങ്ങളെ വ്യാഖ്യാനിച്ചു വർണ്ണവ്യവസ്ഥയുടെ വക്താക്കൾ പറയുന്നത്. അതായത്, ഇവിടെ മനുഷ്യരുണ്ടായിട്ടില്ല; നാലു വർണ്ണങ്ങളിൽ വരുന്നവരേ ഉണ്ടായിട്ടുള്ളൂ എന്നുസാരം. എന്നാൽ, മനുഷ്യരെ സൃഷ്ടിക്കാതെ വർണ്ണങ്ങൾ ഉണ്ടാക്കിയ ആ സിദ്ധാന്തത്തിൽ എന്തെങ്കിലും കാര്യമുണ്ടോ? ഇല്ലെന്നാണ് മറ്റു പൗരാണികഗ്രന്ഥങ്ങൾ സ്ഥാപിക്കുന്നത്. ഭാഗവതം മൂന്നാം സ്കന്ധം പത്താമധ്യായത്തിൽ, വിദുരരുടെ ചോദ്യത്തിനുള്ള മറുപടിയായി മൈത്രേയമഹർഷി, ബ്രഹ്മാവ് പ്രപഞ്ചസൃഷ്ടി നടത്തിയത് ഘട്ടംഘട്ടമായി വിവരിച്ചിട്ടുണ്ട്. അതനുസരിച്ച്, മഹത്തത്വത്തിനും അഹങ്കാരതത്വത്തിനും ശേഷം മൂന്നാമതായി പഞ്ചഭൂതങ്ങളും നാലാമത് പഞ്ചേന്ദ്രിയങ്ങളും സൃഷ്ടിച്ചതായി പറയുന്നു. സത്വഗുണപ്രധാനികളായ ദേവതകളുടെ സൃഷ്ടിയാണ് അഞ്ചാമത്തേത്. ജീവന്മാർക്ക് സ്വരൂപ

ബോധമില്ലാതാക്കുന്ന അവിദ്യയാണ് അടുത്തതായി ഉണ്ടാക്കിയത്. ഏഴാമത്തേതാണ് സ്ഥാവര സൃഷ്ടികൾ –വൃക്ഷങ്ങൾ, ഔഷധികൾ, ധാന്യങ്ങൾ, വള്ളികൾ മുതലായവ. എട്ടാമത്തെ സൃഷ്ടിയായി സർവ്വ ഇനം പക്ഷികളും മൃഗങ്ങളും ജനിപ്പിക്കപ്പെട്ടു. ഒൻപതാമതായി മനുഷ്യരെയും സൃഷ്ടിച്ചു. ഈ ഉത്പത്തി വിവരണത്തിനു നേരെ ഉയർന്നേക്കാവുന്ന യുക്തിപരമായ സംശയങ്ങൾ ഒഴിവാക്കിയാൽപോലും, മനുവാദികൾ നിരത്തുന്ന, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രരായുള്ള വ്യത്യസ്ത വർണ്ണികളുടെ സൃഷ്ടിയെക്കാൾ ഇതാണു സ്വീകാര്യം. മനുഷ്യരെയാണു ദൈവം സൃഷ്ടിച്ചതെന്നും മുനുഷ്യർക്കിടയിലെ വർണ്ണങ്ങളുണ്ടാക്കിയതു മനുഷ്യരാണെന്നും ഇതിലൂടെ വ്യക്തമാണ്. മനുഷ്യരെല്ലാം ഒരേ ഗണമല്ലായെന്നു വരുത്തിത്തീർക്കാനുള്ള കുത്സിതശ്രമമായിരുന്നു ചാതുർവർണ്യാടിസ്ഥാനത്തിലുള്ള ഉത്പത്തി സിദ്ധാന്തത്തിന്റെ പ്രേരണ. പുരുഷസൂക്തത്തിന്റെ പ്രതിപാദനം പ്രമാണമാക്കി, വിരാട്ട്പുരുഷന്റെ മുഖത്തുനിന്നാണു ജനനം എന്നതാണ് ബ്രാഹ്മണരുടെ മഹത്വമെന്നും, പാദങ്ങളിൽനിന്നാണ് ഉത്ഭവം എന്നതാണു ശൂദ്രരുടെ പതിതത്വത്തിന്റെ കാരണമെന്നും വ്യാഖ്യാനിക്കുന്നവർ, പറയാതെ മുക്കിക്കളയുന്ന മറ്റൊരു ജന്മസിദ്ധാന്തം നോക്കൂ:*അതുപ്രകാരം, ബ്രാഹ്മണകുലപതിയായി അവർ അവതരിപ്പിക്കുന്ന ഭൃഗുവിന്റെ ജനനം ബ്രഹ്മാവിന്റെ ത്വക്കിൽനിന്നാണ്. ശൂദ്രന്മാരുടെ കുലപതിയായ വസിഷ്ഠന്റെ ജനനം ബ്രഹ്മാവിന്റെ പ്രാണനിൽനിന്നും. ത്വക്കിൽനിന്നുള്ള ഭൃഗുവിന്റെ ഉത്ഭവത്തെ, ബ്രഹ്മാവിന്റെ മൊത്തംശരീരത്തിന്റെയും സാരസംഗ്രഹമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നവർ, ബ്രഹ്മാവിന്റെ പാദത്തിൽ ത്വക്കില്ല എന്നുപറയാതിരിക്കട്ടെ എന്ന് ആശിക്കാം.(*ഭാഗവതം, സ്കന്ധം:03, അധ്യായം:12).

ചാതുർവർണ്യവിഭജനം വേദസമ്മതിയുള്ള സംഗതിയാണെന്നും, അതിന്റെ അടിസ്ഥാനം സാത്വികം, രാജസം, താമസം എന്നീ ത്രിഗുണങ്ങളാണെന്നും സമർത്ഥിച്ചു ന്യായീകരിക്കുന്ന ചില വ്യാഖ്യാതാക്കളുണ്ട്.ചാതുർവർണ്യം പ്രകൃതിദത്തമാണെന്നു സ്ഥാപിക്കാനുള്ള വ്യഗ്രതയാണ് അല്പം മയപ്പെടുത്തിയ അവരുടെ വാദഗതികളുടെ താത്പര്യം. ത്രിഗുണങ്ങളുടെ ഏറ്റക്കുറച്ചിലുകളെ അടിസ്ഥാനപ്പെടുത്തി, ചാതുർവർണ്യത്തെ ന്യായീകരിക്കുന്നവർക്കുള്ള മറുപടി മഹാഭാഗവതം നൽകുന്നുണ്ട്. രണ്ടാംസ്കന്ധം പത്താമധ്യായത്തിൽ ഇങ്ങനെ പറയുന്നു: സത്വഗുണമുള്ളവർ ശ്രേഷ്ഠരാണ്; അവർ ദേവന്മാരാണ്. തമോഗുണം അധികരിച്ചവർ നികൃഷ്ടർ; അവർ തിര്യക്കുകൾ. രജോഗുണികളാണ് മനുഷ്യർ. ആ മൂന്നുഗുണങ്ങളും ഇടകലർന്നവർ ജന്മാന്തരങ്ങളിൽ ചെയ്ത പുണ്യപാപങ്ങളുടെ ഫലമായി നാനായോനികളിൽ സൃഷ്ടിക്കപ്പെടുന്നു. അതനുസരിച്ചു സ്വർഗ്ഗം, ഭൂമി, നരകം എന്നീ സ്ഥാനങ്ങളിൽ അവർ പ്രത്യക്ഷമാകുന്നു. അതാണല്ലോ അല്പംകൂടി യുക്തിസഹം. എന്തെന്നാൽ, ത്രിഗുണങ്ങളിലെ ഏതെങ്കിലും ഒന്നുമാത്രം ഒരു മനുഷ്യനിലും സാധ്യമല്ല. സകല മനുഷ്യരിലും എല്ലാ ഗുണങ്ങളുമുണ്ട്. ചിലരിൽ ചിലഗുണങ്ങൾ പ്രബലവും മറ്റു ഗുണങ്ങൾ ദുർബ്ബലവുമാണ്. പൂർണ്ണമായും സ്വത്വഗുണം മാത്രമുള്ള ദേവന്മാർ പോലുമില്ല എന്നതിന്റെ ഏറ്റവും കൃത്യമായ ഉദാഹരണമാണ് ദേവേന്ദ്രൻ. പിന്നെ, ഭൂമിയിലെ ബ്രാഹ്മണർ സാത്വികരാണെന്നു പറയുന്നതിൽ എന്തുന്യായം?അതിനാലാണ്, സത്വഗുണമുള്ള ശ്രേഷ്ഠർ ദേവന്മാരാണെന്നും(മനുഷ്യരായ ബ്രാഹ്മണരല്ല),

അവരുടെ സ്ഥാനം സ്വർഗ്ഗമാണെന്നും ഭാഗവതം നിരങ്കുശം പ്രസ്താവിക്കുന്നതും, ത്രിഗുണസിദ്ധാന്തത്തെപ്പറ്റിയുള്ള വ്യാഖ്യാനങ്ങൾ തള്ളിക്കളയുന്നതും.

ഇതിനർത്ഥം, ഗുണങ്ങളാണ് വർണ്ണവിഭജനത്തിന്റെ അടിസ്ഥാനമെന്ന സിദ്ധാന്തം തെറ്റാണ് എന്നല്ല. മഹാമനീഷികളായ ഋഷിവര്യന്മാർ മനനത്തിലൂടെ കണ്ടറിഞ്ഞ കാര്യം താത്വികമായി ശരിതന്നെയാണ്. പ്രചരിപ്പിക്കപ്പെടുന്നതിലെ വക്രതയാണ് അതിനെ തെറ്റിദ്ധരിപ്പിക്കുന്നത്. ചെറിയൊരു തിരുത്തു വരുത്തിയാൽ മാത്രം മതിയാകും അതിലെ കുഴച്ചിൽ ഒഴിവാകാൻ. സത്വഗുണമുള്ളവർ ബ്രാഹ്മണരാണെന്ന കാര്യം സത്യമാണ്. ആർഷബ്രാഹ്മണർ(ഋഷിപരമ്പരയിലെ ബ്രഹ്മജ്ഞാനികൾ) അതാണ് വെളിവാക്കുന്നത്. എന്നാൽ, ബ്രാഹ്മണരായി ജനിച്ച സകലമനുഷ്യരും സത്വഗുണമുള്ളവരാണെന്നു പറഞ്ഞാൽ, അതു സത്യമല്ല. വ്യാഖ്യാനത്തിൽ വന്നിട്ടുള്ള ആ തെറ്റു തിരുത്തിയാൽ ത്രിഗുണങ്ങളാണ് വർണ്ണത്തിന്റെ അടിസ്ഥാനമെന്ന സിദ്ധാന്തം ശരിയാകും. എന്നാൽ, ആ വർണ്ണവിഭജനം ആര്യന്മാർ നടപ്പാക്കിയ വിഭജനവുമായി സാമ്യപ്പെടുന്നതല്ല. എന്തുകൊണ്ടെന്നാൽ, അത് ജന്മാർജ്ജിതമായ വർണ്ണവിഭജനത്തെ അംഗീകരിക്കുന്നതല്ല; അപ്പാടെ അസാധുവാക്കുന്നതാണ്.

പുരാണേതിഹാസങ്ങളിൽ അത്രയൊക്കെ കൃത്യമായും വ്യക്തമായും എഴുതിവെച്ചിട്ടും അതൊന്നുമല്ല ശരിയെന്നുപറയുകയും, മനുഷ്യരെ വിഭജിച്ചു വേർതിരിക്കുകയും ചെയ്തവർ മാനവകുലത്തിന്റെ ശത്രുക്കൾ തന്നെയാണ്. അവർക്കെതിരെ മൗനംപാലിക്കുന്നതുപോലും മനുഷ്യവിരുദ്ധതയും വേദവിരുദ്ധതയുമാണ്. ശരീരമെന്ന പദത്തിന്റെ നിഷ്പത്തി ശീര്യതെ ഇതി ശരീരം എന്നത്രെ. നാശമുള്ളതാണു ശരീരം. അനുനിമിഷം നശിക്കുന്നതാണ് ശരീരം എന്നർത്ഥം. ആ ശരീരത്തെ(നശ്വരമെന്നു കണക്കാക്കപ്പെടുന്ന ആത്മാവിനെയല്ല)അവലംബമാക്കിയാണ് അനശ്വരമെന്നു കണക്കാക്കപ്പെടുന്ന സനാതനസംസ്കാരം മനുഷ്യരെ അളന്നത് എന്നുപറയുന്നതിനോളം വലിയ അവിവേകംവല്ലതുമുണ്ടോ?ആ അവിവേകത്തെ ആധികാരികമാക്കിയ അപനിർമ്മിതിയാണ് ഭാരതസമൂഹത്തിന്റെ പതനത്തിനു കാരണം.

വാസ്തവത്തിൽ, പുരുഷസൂക്തം പറഞ്ഞതെന്താണ്?

[അവലംബം: പുരുഷസൂക്തം, വ്യാഖ്യാതാവ്:പണ്ഡിതവേദബന്ധുശർമ്മ, മഹാത്മ ഹംസരാജ വൈദികഗ്രന്ഥശാല, ആര്യസമാജം & പുരുഷസൂക്തം പരിഭാഷ: നരേന്ദ്രഭൂഷൺ, ആർഷനാദം മാസികയിൽ പ്രസിദ്ധീകരിച്ചത്]

യജുർവ്വേദം മുപ്പത്തിയൊന്നാമധ്യായത്തിലെ ആദ്യത്തെ പതിനാറു മന്ത്രങ്ങളാണ് (ഋചകൾ)പുരുഷസൂക്തം എന്നപേരിൽ അറിയപ്പെടുന്നത്. ഋഗ്വേദത്തിലെ പത്താം മണ്ഡലത്തിലും അഥർവ്വവേദം പത്തൊൻപതാംകാണ്ഡത്തിന്റെ ആറാംസൂക്തത്തിലും സാമവേദത്തിൽ പല ഭാഗങ്ങളിലും ഈ സൂക്തത്തിലെ ശ്ലോകങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പുരുഷസൂക്തത്തിലെ ദേവതയാണു പുരുഷൻ. ദേവതയെന്നാൽ, മന്ത്രത്തിന്റെ വിഷയം എന്നാണർത്ഥം. പുരുഷദേവത എന്നാൽ അന്തര്യാമിയായ ബ്രഹ്മത്തെ വെളിവാക്കുന്ന ബ്രഹ്മവിഭൂതി എന്നുസാരം.ആസ്തികധർമ്മത്തിന്റെ ആധാരമായി കണക്കാക്കപ്പെടുന്നത് ആ 'വിശ്വപുരുഷവാദ'മാണ്. അത്തരത്തിൽ, പരമപുരുഷനെപ്പറ്റി പ്രതിപാദിക്കുന്ന സൂക്തം എന്ന അർത്ഥത്തിലാണ് ഈ ഗ്രന്ഥ

ത്തിനു പുരുഷസൂക്തം എന്ന പേരു കിട്ടിയത്. ചതുർവേദങ്ങളിൽ ഉൾക്കൊള്ളുന്ന ഈ മന്ത്രസംഹിത എങ്ങനെയാകാം പ്രതിലോമകരമായ ആശയങ്ങളുടെ കേന്ദ്രമാകുന്നത് എന്ന സംശയം തികച്ചും സ്വാഭാവികമാണല്ലോ.

പുരുഷസൂക്തത്തിലെ ശ്ലോകങ്ങൾ വേദം അഭ്യസിക്കാത്ത സാധാരണക്കാരന്റെ ശ്രദ്ധയിലെത്തുന്നത്,ചാതുർവർണ്യവ്യവസ്ഥിതി നിലവിൽവന്നത് പുരുഷസൂക്തത്തിലെ പ്രസ്താവങ്ങളെ അടിസ്ഥാനമാക്കിയാണെന്ന അറിവിൽനിന്നാണ്. വിശ്വപുരുഷന്റെ മുഖം,കരങ്ങൾ,ഊരുക്കൾ,പാദങ്ങൾ എന്നീ അവയവങ്ങളിൽനിന്നും യഥാക്രമം ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും സൃഷ്ടിക്കപ്പെട്ടു എന്ന് വ്യാഖ്യാനിക്കുന്ന പന്ത്രണ്ടാം സൂക്തത്തിലെ പ്രതിപാദനങ്ങളാണല്ലോ അതിനു നിദാനം. ഋഗ്വേദമടക്കമുള്ള ചതുർവേദങ്ങൾ മാനവവംശത്തിന്റെ പ്രാചീനതമമായ ലിഖിതഗ്രന്ഥങ്ങളാണെന്ന് അംഗീകരിക്കുന്ന ഗവേഷകർപോലും, പുരുഷസൂക്തം താരതമ്യേന നവീനമാണ് എന്ന് കരുതുന്നവരാണ്. ഋഗ്വേദത്തിലെ ബ്രഹ്മപ്രതിപാദകമായ മന്ത്രങ്ങളെല്ലാം പുതിയതും, പിന്നീട് എഴുതിച്ചേർത്തവയുമാണ് എന്ന അഭിപ്രായം സുബലമാണ്. ചാതുർവർണ്യം വേദഹിതമാണെന്നും, അതിലെ വിഭജനനിയമങ്ങൾ അപൗരുഷേയവും അലംഘനീയവുമാണെന്നും സ്ഥാപിക്കാനുള്ള വ്യഗ്രതയാണ് അത്തരം കൂട്ടിച്ചേർക്കലിന്റെ താത്പര്യം. അത്തരം വിവാദങ്ങൾ മാറ്റിനിർത്തിയാൽപോലും പുരുഷസൂക്തത്തിന്റെ പേരിൽ ഇന്ന് പ്രചാരത്തിലുള്ള കാര്യങ്ങൾ ആസൂത്രിതമായി വളച്ചൊടിച്ച വ്യാഖ്യാനങ്ങളാണെന്നു കാണാം. അതുകൊണ്ടുതന്നെ, അതിനെ ആധാരമാക്കിയുള്ള വർണ്ണവിഭജനവും, വർണ്ണ/ജാതിവിവേചനങ്ങളും വലിയൊരു അട്ടിമറിയാണെന്നു നിസ്സംശയം തീർച്ചപ്പെടുത്താം.

പലരും കരുതുന്നതുപോലെ, പുരുഷസൂക്തം ഭാരതത്തിലെ മനുഷ്യരെ വർണ്ണാടിസ്ഥാനത്തിൽ വിഭജിക്കാൻ എഴുതപ്പെട്ട ദൈവികനിയമസംഹിതയല്ല. അതിന്റെ മുഖ്യപ്രതിപാദനവിഷയം, ഈ ബ്രഹ്മാണ്ഡത്തിൽ ആസകലം വ്യാപിച്ചും,അതിനെ പൊതിഞ്ഞുകൊണ്ട് ചുറ്റിലും നിറഞ്ഞുനില്ക്കുന്ന അനന്തനായ പരംപുരുഷന്റെ മഹത്വവർണ്ണനയാണല്ലോ. പുരുഷസൂക്തം പരമാത്മാവിനെ വിരാട്സ്വരൂപത്തിൽ അല്ലെങ്കിൽ,വിശ്വരൂപത്തിൽ ദർശിക്കുന്നു. അതിലെ ആദ്യ ഋചയിലെ സഹസ്രശീർഷൻ,സഹസ്രാക്ഷൻ,സഹസ്രപാദൻ തുടങ്ങിയ വർണ്ണനകൾ, അളവില്ലാത്ത പരമപുരുഷന്റെ അനന്തതയും അപരിമിതത്വവും ആണ് അർത്ഥമാക്കുന്നത്. അമൃതലോകത്തും(ദേവലോകത്തും) മർത്ത്യലോകത്തും ഉണ്ടായതും ഉണ്ടാകാൻ പോകുന്നതുമായ എല്ലാത്തിന്റെയും ആധാരം ആ വിശ്വപുരുഷനാണ്.ഈ ദൃശ്യപ്രപഞ്ചം പോലും ആ വിശ്വപുരുഷന്റെ ഒരംശം മാത്രമാണ്.

ബ്രഹ്മാണ്ഡത്തിനപ്പുറം ഉയർന്നുനിൽക്കുന്ന വിശ്വപുരുഷന്റെ ഇവിടെ(ഭൂമിയിൽ) നിലകൊള്ളുന്ന പാദത്തിൽനിന്ന് ചരവും ജഡവുമായ എല്ലാം പ്രകടമായെന്ന് പുരുഷസൂക്തത്തിലെ നാലാം ശ്ലോകത്തിൽ പറയുന്നു. ആ വിരാട്ട്പുരുഷൻ യജ്ഞത്തിലൂടെ കാട്ടിലും നാട്ടിലും വായുവിലും വസിക്കുന്ന ജന്തുക്കളെ സൃഷ്ടിച്ചു. 'പൂർണ്ണതയാ ഹോമിച്ച ജ്ഞാനത്തിൽനിന്ന്' വേദങ്ങൾ സൃഷ്ടിച്ചു. പുരുഷസൂക്തത്തിലെ പത്തുവരെയുള്ള മന്ത്രങ്ങളിൽ ഇങ്ങനെ പ്രപഞ്ചസൃഷ്ടി വിവരിച്ചുപോകുമ്പോൾ

പതിനൊന്നാം ശ്ലോകത്തിൽ അജ്ഞാതമായ ചില ചോദ്യങ്ങൾ ഉയരുന്നു: 'എപ്പോൾ വിരാട്ട്പുരുഷനെ വിഭജിച്ചോ, അപ്പോൾ എപ്രകാരം സങ്കൽപ്പിച്ചു? അവന്റെ മുഖം എന്ത്? ബാഹുക്കൾ ഏവ? ഊരുക്കളും പാദങ്ങളും ഏവയെ പറയപ്പെട്ടു?'(യത് പുരുഷം വ്യദധും കതിധാ വ്യകൽപയൻ മുഖം കിമസ്യ കൗ ബാഹൂ കാ ഊരൂ പാദാഉച്യതേ). പരമാത്മാവിനെയും വിഭജിക്കണമെന്നു വാശിയുള്ള, മുഖ്യ പ്രതിപാദനവിഷയവുമായി ബന്ധമില്ലാത്ത മേൽ ചോദ്യങ്ങൾക്ക് നൽകുന്ന മറുപടിയായാണ് വിശ്വപുരുഷന്റെ മുഖം,കരങ്ങൾ,ഊരുക്കൾ,പാദങ്ങൾ എന്നീ അവയവങ്ങളിൽനിന്നും ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും സൃഷ്ടിക്കപ്പെട്ടെന്നു വ്യാഖ്യാനിക്കപ്പെടുന്ന പരാമർശങ്ങളുള്ള പന്ത്രണ്ടാം ശ്ലോകം വരുന്നത്:'ബ്രാഹ്മണോഽസ്യ മുഖമാസീദ്/ ബഹൂ രാജന്യ കൃതാഃ/ഊരു തദസ്യ യദ്വൈശ്യം/പാദ്ഭ്യാം ശൂദ്രോ അജായതാഃ'.(ബ്രാഹ്മണൻ ആയിരുന്നു അവന്റെ മുഖം; ബാഹുക്കൾ ക്ഷത്രിയനാക്കപ്പെട്ടു; ഏത് വൈശ്യനാണോ, അത് ഇവന്റെ ഊരുക്കൾ; കാലുകളിൽനിന്നും ശൂദ്രൻ ജനിച്ചു). പറയപ്പെടുന്നതുപോലെ, വിശ്വപുരുഷന്റെ മുഖം,കരങ്ങൾ,ഊരുക്കൾ,കാലുകൾ എന്നീ ശരീരഅവയവങ്ങളിൽനിന്നും ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും സൃഷ്ടിക്കപ്പെട്ടു എന്ന് ഈ ശ്ലോകത്തിന് അർത്ഥം കണ്ടെത്താനാകുമോ? പുരുഷസൂക്തത്തിലെ മറ്റു ശ്ലോകങ്ങൾ മാറ്റിനിറുത്തിയാൽപ്പോലും, മേൽപ്പറഞ്ഞ മന്ത്രത്തിന് അങ്ങനെ അർത്ഥം കൊടുക്കുക അസംഭാവ്യമാണ്.

ഋഗ്വേദത്തിൽ, ബ്രാഹ്മണസംജ്ഞ കർമ്മപരമായ മഹിമയെ സൂചിപ്പിക്കാനല്ലാതെ, ജന്മപരമായോ ജന്മാർജ്ജിതമായ വിശേഷത എന്നവിവക്ഷയോടെയോ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. 'ക്ഷത്രിയവർണ്ണം' എന്ന പ്രയോഗവും ഋഗ്വേദത്തിൽ ഒരിടത്തുമില്ല. ക്ഷത്രിയശബ്ദത്തിനു പകരമെന്നു വ്യാഖ്യാനിക്കപ്പെടുന്ന രാജന്യ എന്ന വാക്കുപോലും പുരുഷസൂക്തത്തിലല്ലാതെ ഋഗ്വേദത്തിൽ മറ്റെങ്ങും ഇല്ല. രാജന്യ എന്നപദത്തിന്, അഗ്നിയെന്നും ഉഗ്രതയെന്നും അർത്ഥം ഉണ്ട്. രക്ഷകനാകാൻ ഉഗ്രതയുള്ളവനേ സാധിക്കൂ എന്ന അർത്ഥനിരൂപണത്തിലൂടെയാണ് രാജന്യ എന്ന സംജ്ഞയെ ക്ഷത്രിയനുമായി വ്യാഖ്യാതാക്കൾ ബന്ധിപ്പിക്കുന്നത്. വൈശ്യൻ എന്നും, ശൂദ്രനെന്നുമുള്ള ശബ്ദങ്ങളും പുരുഷസൂക്തത്തിലല്ലാതെ ഋഗ്വേദത്തിൽ മറ്റെങ്ങും വന്നിട്ടില്ല. 'വിശ' എന്നശബ്ദം പലവട്ടം അവർത്തിക്കുന്നുണ്ടങ്കിലും അതൊക്കെത്തന്നെ 'ജന'മെന്ന സംജ്ഞയുടെ പര്യായമെന്ന നിലയിലാണ്. ഉദാ: പാഞ്ചജന്യയാ വിശേന്ദ്ര, മാനുഷിനാം വിശാം. ചുരുക്കത്തിൽ, വളച്ചുവളച്ച് കുറെ വ്യാഖ്യാതാക്കൾ തങ്ങൾക്കുവേണ്ട പരുവത്തിലാക്കിയതാണ് പുരുഷസൂക്തത്തിലുണ്ടെന്നു പറയപ്പെടുന്ന ചാതുർവർണ്യസൃഷ്ടി എന്നു വിശ്വസിക്കുന്നതാണ് യുക്തിയും സത്യവും.

ഇപ്പറഞ്ഞ പന്ത്രണ്ടാം ശ്ലോകത്തിൽ, വിശ്വപുരുഷന്റെ പാദങ്ങളിൽനിന്നും ശൂദ്രൻ ജനിച്ചു എന്നു മാത്രമേ പറയുന്നുള്ളൂ. അതിന്റെ കാരണം അടുത്ത ശ്ലോകങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. അനവസരത്തിലുള്ള ഈ ചാതുർവർണ്യപ്രഖ്യാപനത്തിന്റെ അർത്ഥശൂന്യത ആ മന്ത്രങ്ങളിൽ വ്യക്തമാണ്: വിരാട്ട്പുരുഷന്റെ മനസ്സിൽനിന്ന് ചന്ദ്രനും, കണ്ണിൽനിന്നും സൂര്യനും, മുഖത്തുനിന്ന് ഇന്ദ്രനും അഗ്നിയും, പ്രാണനിൽനിന്നു വായുവുമുണ്ടായി എന്നു പതിമൂന്നാം ശ്ലോകത്തിലും, ഈ പുരുഷന്റെ നാഭിയിൽനിന്ന് അന്തരീക്ഷവും, ശിരസ്സിൽനിന്നു സ്വർലോകവും, കാലിൽനിന്നു ഭൂമി

യും, ശ്രോത്രത്തിൽനിന്നു ദിക്കുകളും വന്നെന്നു പതിനാലാംശ്ലോകത്തിലും പറയുന്നുണ്ട്. വിരാട്ട്പുരുഷന്റെ മുഖത്തുനിന്നും ഇന്ദ്രനും അഗ്നിയുമുണ്ടായി എന്നതുതന്നെയാണ് യുക്തിസഹവും വിശ്വസനീയവുമായ സാധ്യത. അതു ദേവന്മാരെക്കുറിച്ചുള്ള പ്രസ്താവനയാണ്; ആര്യബ്രാഹ്മണരെക്കുറിച്ചല്ല. പാദങ്ങളിൽനിന്നു ഭൂമിയുണ്ടായെന്ന പരാമർശവും, പന്ത്രണ്ടാം ശ്ലോകത്തിലെ, പാദങ്ങളിൽനിന്നും ശൂദ്രൻ ഉണ്ടായി എന്ന പരാമർശവും ബന്ധപ്പെടുത്തി കാണേണ്ടതാണ്. വിശ്വപുരുഷന്റെ പാദങ്ങളിൽനിന്നും, ഇവിടെ നിലകൊള്ളുന്ന ചരവും ജഢവുമായ എല്ലാം പ്രകടമായെന്ന് നാലാംശ്ലോകത്തിൽ പറയുന്നതിന്റെ പൊരുളും മറ്റൊന്നല്ല.മനുഷ്യരെല്ലാം ശൂദ്രരായാണു പിറക്കുന്നതെന്നും; വിഭിന്ന ഗുണങ്ങളിലൂടെയും കർമ്മങ്ങളിലൂടെയും അവർ വ്യത്യസ്തവർണ്ണങ്ങൾ പ്രാപിക്കുന്നതാണെന്നും ഉള്ള പ്രസ്താവനയെ (ജന്മനാ ജായതേ ശൂദ്ര കർമ്മണാ ജായതേ ദ്വിജഃ) പരിപൂർണ്ണാർത്ഥത്തിൽ സാധൂകരിക്കുന്നതാണ് പുരുഷസൂക്തത്തിലെ ഈ പ്രസ്താവനകളെല്ലാം.

വിശ്വപുരുഷന്റെ കാലുകൾ മാത്രം ഭൂമിയിൽ നിലകൊള്ളുമ്പോൾ, ആ ഭൂമിയിൽ ജനിച്ചവരെല്ലാം ആ പാദങ്ങളുടെ അംശമാണ്-ശൂദ്രരാണ്; ദേവന്മാരുടെ ദാസന്മാരാണ്. പുരുഷസൂക്ത പരിഭാഷയുടെ ഉപോദ്ഘാതത്തിൽ പണ്ഡിതവേദബന്ധുശർമ ഇതു വ്യക്തമാക്കുന്നുണ്ട്: '..അങ്ങനെ അനന്തമായ അവയവങ്ങൾകൊണ്ട്, അനന്തമായ പ്രവൃത്തികളിലേർപ്പെട്ട്, അനന്തമായ കാര്യങ്ങൾ ചെയ്യുന്ന വിശ്വശരീരിയെ വിരാട്ട്പുരുഷൻ എന്ന് വേദം പുകഴ്ത്തുന്നു.വിരാടിന്റെ അനന്തമായ ശക്തികളെ പുരുഷന്റെ അംഗമായി കാണുന്നതിനാൽ, പാദം ഭൂമിയും, ഉദരം അന്തരീക്ഷവും, ശിരസ്സു ദ്യോവും, നേത്രങ്ങൾ സൂര്യചന്ദ്രന്മാരും, ശ്രോത്രങ്ങൾ ദിക്കുകളുമാണെന്നു വർണ്ണിച്ചു'.(പേജ്:36). പരമപുരുഷന്റെ നാഭി അന്തരീക്ഷത്തിലും, ശിരസ്സ് സുരലോകത്തിലും ഉയർന്നുനിൽക്കുമ്പോൾ, മുഖത്തുനിന്നു ജനിച്ചെന്ന് അവകാശപ്പെടുന്ന ബ്രാഹ്മണൻ ഭൂലോകവാസികളായ ജാതിബ്രാഹ്മണരാകുമോ? വിരാട്ട്പുരുഷന്റെ ശിരസ്സുമുതൽ പാദംവരെ ഭൂമിയിൽത്തന്നെ ഒതുങ്ങുന്നതാണെങ്കിൽ, ആദ്യശ്ലോകങ്ങളിൽ പറയുന്ന വിശ്വപുരുഷന്റെ 'അനന്തതയും അപരിമിതത്വവും'അർത്ഥശൂന്യമാകും. പരംപുരുഷൻ ചെറുതായാലും, തങ്ങളുടെ വലുപ്പം കുറയരുതെന്നു ദുർവ്വാശിയുള്ളവർമാത്രമേ അമ്മാതിരി ദുർവ്യാഖ്യാനങ്ങൾക്ക് തയ്യാറാകൂ.തങ്ങളുടെ മഹത്വം സ്ഥാപിച്ചെടുക്കാൻ വേണ്ടി ജാതിബ്രാഹ്മണ്യം നടത്തിയ വ്യാജവ്യാഖ്യാനങ്ങളിൽ ഏറ്റവും വേദവിരുദ്ധമായ അപനിർമ്മിതിയാണ് ഋഗ്വേദത്തിലും യജുർവ്വേദത്തിലും മാലിന്യംകലർത്തിയ ഈ വക്രീകരണം.(ദ്യോവ്=ആകാശം,സ്വർഗ്ഗം).

ഭാഗവതം മൂന്നാംസ്കന്ധത്തിൽ, ശ്രീകൃഷ്ണന്റെ നിർദ്ദേശാനുസരണം മൈത്രേയമഹർഷി വിദുരമഹാശയന് മോക്ഷസാധകമായ മഹാഭാഗവതം ഉപദേശിക്കുന്ന വേളയിൽ ലോകസൃഷ്ടി വിവരിക്കുന്ന ഇടത്ത് ഇങ്ങനെ പറയുന്നു:'വിരാട്ട്പുരുഷന്റെ ശിരസ്സിൽനിന്നു സ്വർലോകവും നാഭിയിൽനിന്ന് ആകാശവും പാദങ്ങളിൽ നിന്നും ഭൂമിയും ഉത്ഭവിച്ചു. ആ ലോകങ്ങളിൽ ദേവ-മാനുഷ-ജീവജാലങ്ങൾ അധിവസിക്കുന്നു. സത്വഗുണാധിക്യംകൊണ്ടു ദേവന്മാർ സ്വർഗ്ഗത്തിലും, രജോഗുണപ്രധാനരായ മനുഷ്യർ ഭൂമിയിലും തമോഗുണാധിക്യം നിമിത്തം ഭൂത-പ്രേതാദികൾ ആകാശത്തും വസിക്കുന്നു'. വിരാട്ട്പുരുഷന്റെ ശിരസ്സിൽനിന്നും ഉത്ഭവിച്ച സത്വ

ഗുണസമ്പന്നർ ദേവന്മാരാണെന്നും പാദങ്ങൾ നിലകൊള്ളുന്ന ഭൂലോകത്തുണ്ടായ ശൂദ്രർ മനുഷ്യരാണെന്നുമാണല്ലോ മൈത്രേയമഹർഷി ബ്രഹ്മവിദ്യയായി വിദുരമഹാശയനെ ബോധിപ്പിക്കുന്നത്.ഇതിനേക്കാൾ പ്രാമാണികമായ ഒരു സാക്ഷ്യപത്രം പുരുഷസൂക്തത്തിലെ ശ്ലോകങ്ങൾക്ക് ആവശ്യമുണ്ടോ? എങ്കിലും, അത്തരത്തിലുള്ള ഒരുപാടു സത്യങ്ങളെ ഒരൊറ്റ കള്ളംകൊണ്ട് ഇപ്പോഴും മറയ്ക്കാൻ കഴിയുന്നു എന്നതാണ് ബ്രാഹ്മണ്യം എന്ന സ്ഥാപനം അന്യവർണ്ണികളുടെയും അന്യജാതിക്കാരുടെയും മനസ്സിൽ ഉണ്ടാക്കിയെടുത്ത അടിമത്തത്തിന്റെ ശക്തി.

മഹാകവി വള്ളത്തോളിന്റെ ഭാഷാന്തരം

ഋഗ്വേദസംഹിതയ്ക്ക് മലയാളത്തിൽ ഉണ്ടായതിൽ പ്രായേണ ആധികാരികമായി കണക്കാക്കപ്പെടുന്നത് വള്ളത്തോളിന്റെ തർജ്ജമയാണ്. അതിൽ പുരുഷസൂക്തത്തിന് ആധാരമായ മന്ത്രങ്ങളുടെ(അഷ്ടകം:8, അദ്ധ്യായം:20, മണ്ഡലം:10, അനുവാകം:07,സൂക്തം:90) പരിഭാഷയിലെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമാണ്:ആയിരം തലയും ആയിരം കണ്ണും ആയിരം കാലുമുള്ള ആ പുരുഷൻ ബ്രഹ്മാണ്ഡമാകെ ചൂഴ്ന്ന്, പത്തുവിരൽ കവിഞ്ഞും നിൽക്കുന്നു(ശ്ലോകം:01). ആ പുരുഷൻ തന്നെയാണ്, ഉള്ളതും, ഉണ്ടാകാൻപോകുന്നതുമായ ഈ ജഗത്തൊക്കെ. അമൃതത്വത്തിന്റെ ഉടയവനുമാകുന്നു അദ്ദേഹം. ഈ ഭുവനം ആകെ അദ്ദേഹത്തിന്റെ കാലംശം മാത്രമാണ്; അദ്ദേഹത്തിന്റെ മുക്കാലംശം ദ്യോവിങ്കലാകുന്നു!(ശ്ലോകം:3). പുരുഷന്റെ മുക്കാലംശം മുകളിൽ നിൽക്കുന്നു. അവന്റെ മുഖം ബ്രാഹ്മണനാണ്. കൈകൾ ക്ഷത്രിയൻ. അവന്റെ തുട വൈശ്യൻ. കാലുകളിൽനിന്നും ശൂദ്രൻ ജനിച്ചു(ശ്ലോകം:12).മനസ്സിൽനിന്നു ചന്ദ്രൻ ജനിച്ചു; കണ്ണിൽനിന്നു സൂര്യൻ ജനിച്ചു; മുഖത്തുനിന്ന് ഇന്ദ്രാഗ്നികളും, പ്രാണനിൽനിന്നു വായുവും ജനിച്ചു.(ശ്ലോകം:13). നാഭിയിൽനിന്നും അന്തരീക്ഷം ഉളവായി. ശിരസ്സിൽനിന്ന് സ്വർഗ്ഗം പിറന്നു. കാലുകളിൽനിന്നും ഭൂമിയും ചെവികളിൽനിന്നും ദിക്കുകളും ജനിച്ചു.അപ്രകാരം ലോകങ്ങൾ ഉത്പാദിതങ്ങളായി.(ശ്ലോകം:14). ഇതാണ് വിരാട്ട്പുരുഷനിൽനിന്നുള്ള പ്രപഞ്ചോത്പത്തി.

ബ്രഹ്മാണ്ഡമാകെ നിറഞ്ഞുനിൽക്കുന്ന വിരാട്ട്പുരുഷന്റെ കാൽഭാഗംമാത്രമാണ് ഈ ഭൂമിയെന്നും, മുകളിൽ നിൽക്കുന്ന മുക്കാൽഭാഗം ഭൂമിയ്ക്കു വെളിയിലാണെന്നും പറയുന്നതിന്റെ അർത്ഥം, നാഭിയാകുന്ന അന്തരീക്ഷത്തിനു മുകളിൽ ഉള്ള അവയവങ്ങളെല്ലാം സ്വർഗ്ഗം തുടങ്ങിയ ഉപരിലോകങ്ങളാണ് എന്നാണല്ലോ. വിശ്വപുരുഷന്റെ മുഖം ബ്രാഹ്മണനാണെങ്കിൽ, അത് ഭൂലോകവാസികളായ ജാതിബ്രാഹ്മണരല്ല എന്നതും സ്പഷ്ടമാണല്ലോ. വിരാട്ട്പുരുഷന്റെ മുഖത്തുനിന്ന് ഇന്ദ്രാഗ്നികൾ ജനിച്ചു എന്ന് യാതൊരു സന്ദേഹത്തിനും വക നൽകാത്തത്ര കൃത്യമായി പറഞ്ഞിട്ടും നമുക്കു വിശ്വാസമാകുന്നില്ലെങ്കിൽ, നമ്മൾ മാത്രമാണ് തെറ്റുകാർ.

സ്വാമിദയാനന്ദസരസ്വതി നൽകുന്ന സത്യാർത്ഥം

ആര്യസമാജസ്ഥാപകനും വൈദികധർമ്മപ്രചാരകനും സാമൂഹ്യപരിഷ്കർത്താവുമായ സ്വാമിദയാനന്ദസരസ്വതി, സത്യാർത്ഥപ്രകാശമെന്ന വിഖ്യാതകൃതിയിൽ നാലാം സമുല്ലാസത്തിൽ(സമാവർത്തനം, വിവാഹം, ഗൃഹസ്ഥാശ്രമവിധി), ബ്രാഹ്മണോസ്യ മുഖമാസീദ് എന്ന് ആരംഭിക്കുന്ന, പുരുഷസൂക്തത്തിലെയും യജുർവ്വേദ

ത്തിലെയും ശ്ലോകത്തിന് പൊതുവെ പ്രചരിപ്പിക്കപ്പെടുന്ന അർത്ഥമല്ല ഉള്ളതെന്ന് സമർത്ഥിക്കുന്നു. അതിന്റെ സാധൂകരണം എന്തെന്നാൽ:



സത്യാർഥപ്രകാശം   സമാവർത്തനം, വിവാഹം, ഗൃഹസ്ഥാശ്രമവിധി

ചോ:- ബ്രാഹ്മണോസ്യ മുഖമാസീദ് ബാഹൂ രാജന്യഃകൃതഃ ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ/അജായത.

യജുർവേദം 31-ാം അധ്യായം പതിനൊന്നാം മന്ത്രമാണിത്. ബ്രാഹ്മണൻ ഈശ്വരന്റെ മുഖത്തു നിന്നും ക്ഷത്രിയൻ ബാഹുക്കളിൽ നിന്നും വൈശ്യൻ ഊരുക്കളിൽ നിന്നും ശൂദ്രൻ പാദങ്ങളിൽ നിന്നും ഉണ്ടായി എന്നാണ് ഇതിന്റെ അർത്ഥം. മുഖം കണ്ണാവുകയോ കണ്ണ് മുഖമാവുകയോ ഇല്ല. അവ്വണ്ണം ബ്രാഹ്മണർ ക്ഷത്രിയാദികളാവുകയോ ക്ഷത്രിയാദികൾ ബ്രാഹ്മണരാവുകയോ ചെയ്യുകയില്ല.

ഉ:- ഈ മന്ത്രത്തിനു നിങ്ങൾ പറയുന്ന അർത്ഥം ശരിയല്ല. എന്തെന്നാൽ ഇവിടെ പുരുഷൻ അഥവാ നിരാകാരനും സർവവ്യാപിയുമായ പരമാത്മാവിനെപ്പറ്റിയാണ് പറയുന്നത്. നിരാകാരനായ പരമാത്മാവിന് മുഖവും മറ്റവയവങ്ങളും ഉണ്ടാവാൻ തരമില്ല. ഉണ്ടെങ്കിൽ അവൻ സർവവ്യാപിയല്ല. സർവവ്യാപിയല്ലെങ്കിൽ സർവശക്തൻ, ജഗത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരജ്ഞൻ, ജനനമരണമില്ലാത്തവൻ മുതലായ വിശേഷണങ്ങൾക്ക് അർഹനുമല്ല. അതിനാൽ ഈ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരമാണ് (അസ്യ) സർവവ്യാപിയായിരിക്കുന്ന പരമാത്മാവിന്റെ സൃഷ്ടിയിൽ (മുഖം) മുഖമെന്നപോലെ എല്ലാറ്റിലും മുഖ്യൻ-ഉത്തമൻ-ആയിരിക്കുന്നവൻ (ബ്രാഹ്മണഃ) ബ്രാഹ്മണനും (ബാഹൂ) "ബാഹുർവൈ ബലം; ബാഹുർവൈ വീര്യം" ബലം വീര്യം എന്നിവയുടെ നാമാന്തരമാണ് ബാഹു; " എന്നു ശതപഥബ്രാഹ്മണത്തിലുള്ളതിനാൽ ബലവീര്യങ്ങൾ അധികമുള്ളവൻ (രാജന്യഃ) ക്ഷത്രിയനും (ഊരൂ) അരക്കെട്ടിന്റെ ചുവട്ടിലും മുട്ടിന്റെ മുകളിലുമായിട്ടുള്ള ഊരുവിന്റെ ബലം കൊണ്ട് എല്ലായിടത്തും സഞ്ചരിക്കുന്നവൻ (വൈശ്യഃ) വൈശ്യനും (പദ്ഭ്യാം) ശരീരത്തിന്റെ താഴത്തെ അവയവമായ പാദം പോലെ മൂഢത മുതലായ അധമഗുണങ്ങളോടു കൂടിയവൻ (ശൂദ്രഃ) ശൂദ്രനും ആകുന്നു. ശതപഥബ്രാഹ്മണം മുതലായ മറ്റു ഗ്രന്ഥങ്ങളിലും ഈ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരം തന്നെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.

പുരുഷസൂക്തത്തിൽ നിരാകാരനും സർവ്വവ്യാപിയുമായ പരമാത്മാവിനെപ്പറ്റിയാണ് പറയുന്നത്. നിരാകാരനായ പരമാത്മാവിനു മുഖവും മറ്റവയവങ്ങളും ഉണ്ടാവാൻ തരമില്ല. ഉണ്ടെങ്കിൽ, അവൻ സർവ്വവ്യാപിയല്ലല്ലോ. സർവ്വവ്യാപിയല്ലെങ്കിൽ, ആ പരമപുരുഷൻ സർവ്വശക്തൻ, സർവ്വജ്ഞൻ, ജഗത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരകർത്താവ്, ജീവാത്മാക്കളുടെ പുണ്യപാപങ്ങൾ കണ്ടറിഞ്ഞു ഫലവ്യവസ്ഥകൾ ചെയ്യുന്നവൻ, ജനനമരണമില്ലാത്തവൻ തുടങ്ങിയ വിശേഷങ്ങൾക്ക് അർഹനുമല്ല. അതിനാൽ, ആ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരമാണ്: (അസ്യ) സർവ്വവ്യാപിയാകുന്ന പരമാത്മാവിന്റെ സൃഷ്ടിയിൽ, (മുഖം)മുഖമെന്നതുപോലെ എല്ലാറ്റിലും മുഖ്യൻ-ഉത്തമനായിരിക്കുന്നവൻ(ബ്രാഹ്മണ)ബ്രാഹ്മണനും, (ബാഹു)ബലവീര്യങ്ങൾ അധികമുള്ളവൻ (രാജന്യ)ക്ഷത്രിയനും, (ഊരു)അരക്കെട്ടിനു ചുവട്ടിലും മുട്ടിന്റെ മുകളിലുമുള്ള ഊരുവിന്റെ ബലംകൊണ്ടു സകലയിടത്തും സഞ്ചരിക്കുന്നയാൾ വൈശ്യനും, (പാദ്ഭ്യാം)ശരീരത്തിന്റെ താഴത്തെ അവയവമായ പാദംപോലെ മൂഢത മുതലായ അധമഗുണങ്ങളോടുകൂടിയവൻ ശൂദ്രനുമാകുന്നു. ഈ വ്യാഖ്യാനം പ്രചാരത്തിലുള്ള ബ്രാഹ്മണ്യവാദത്തെ നിരാകരിക്കുന്നതാണല്ലോ. അനന്തരം, ശതപതബ്രാഹ്മണം തുടങ്ങിയ ഗ്രന്ഥങ്ങളിലും ഈ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരം തന്നെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത് എന്നും സ്വാമി സൂചിപ്പിക്കുന്നു. അതോടൊപ്പം സ്വാമി അവതരിപ്പിക്കുന്ന ചില അഭിപ്രായങ്ങൾ ചിന്തോദ്ദീപകമാണ്

'നിരാകരനായ ഈശ്വരനു മുഖം തുടങ്ങിയ അവയവങ്ങളില്ല. അപ്പോൾ, അവയിൽ നിന്നും ജനിക്കുകയെന്നുള്ളത്, വന്ധ്യാപുത്രന്റെ വിവാഹം എന്നപോൽ അസംഭാവ്യമാണ്. ബ്രാഹ്മണാദികൾ മുഖം മുതലായ അവയവങ്ങളിൽ നിന്നാണു ജനിച്ചതെങ്കിൽ, ഉപാദാനകാരണത്തിന്റെ ആകൃതി അവർക്ക് കിട്ടേണ്ടതായിരുന്നു.വൃത്താകാരമായ മുഖത്തുനിന്നു പിറന്ന ബ്രാഹ്മണരുടെ ശരീരം വൃത്താകാരമായിരിക്കേണ്ടതാണ്. ക്ഷത്രിയരുടെ ശരീരം ബാഹുക്കൾ പോലെയും, വൈശ്യരുടെ ആകാരം ഊരുക്കളെപ്പോലെയും, ശൂദ്രരുടെ ശരീരം പാദങ്ങളെപ്പോലെയും ആയിരിക്കേണ്ടതാണ്. പക്ഷെ, വാസ്തവം അങ്ങനെയല്ല. ഈശ്വരമുഖത്തുണ്ടായവർക്ക് ബ്രാഹ്മണസംജ്ഞയുണ്ടായിരുന്നു. എന്നാൽ, ഇന്നത്തെ ബ്രാഹ്മണർ ഗർഭാശയത്തിൽനിന്നും ഉണ്ടായവരായതുകൊണ്ട് അവർക്ക് ആ സംജ്ഞ ലഭിക്കുകയില്ല' എന്ന്, അനന്തരം സ്വാമി തന്റെ അഭിപ്രായങ്ങളെ സാധൂകരിക്കുന്നുണ്ട്.വേദവേദാന്തവിശാരദനായ സ്വാമിദയാനന്ദസരസ്വതിയുടെ ഈ വാക്കുകൾക്കുള്ള ആധികാരികത, സ്വാർത്ഥതാത്പര്യത്തോടെ പ്രചരിപ്പിക്കപ്പെടുന്ന ഊഹാപോഹങ്ങൾക്കുണ്ടോ?

വെട്ടിമുറിച്ച്, വെടക്കാക്കി തനിക്കാക്കുന്ന വിദ്യ

യജുർവ്വേദം മുപ്പത്തിയൊന്നാം അധ്യായത്തിന്റെ ആദ്യത്തെ പതിനാറുശ്ലോകങ്ങളാണ് പുരുഷസൂക്തം എന്നപേരിൽ അറിയപ്പെടുന്നതെന്നു പറഞ്ഞല്ലോ. ഏതെങ്കിലും ഒരു വേദത്തിലെ കുറച്ചു ശ്ലോകങ്ങൾമാത്രം അടർത്തിയെടുത്ത് ഒരു പ്രത്യേക ശീർഷകത്തോടെ അവതരിപ്പിക്കുന്നതിൽ അസ്വാഭാവികതയൊന്നും ഇല്ല. വിശേഷിച്ചും അത് വിശ്വപുരുഷന്റെ മഹത്വവർണ്ണനയാകുമ്പോൾ. ആകെ ഇരുപത്തിരണ്ടു ശ്ലോകങ്ങളുള്ള ആ അധ്യായത്തിലെ ബാക്കി ശ്ലോകങ്ങൾ, വിരാട്ട്പുരുഷന്റെ വർണ്ണനയോട് ബന്ധപ്പെട്ടവ അല്ലാത്തതിനാലാണോ വിട്ടുകളഞ്ഞതെന്ന സംശയം സ്വാഭാവികമായും ഉണ്ടാകാം. അത്തരം ഒരന്വേഷണം നൽകുന്ന ഉത്തരം, ഈ അടർത്തിയെടുക്കലിനു പിറകിലെ ഉദ്ദേശ്യശുദ്ധിയെ സംശയത്തിന്റെ നിഴലിൽ നിറുത്തുന്നതാണ്. ആ അപനിർമ്മിതി കാണുക:

പതിനേഴാം ശ്ലോകത്തിൽ ആവിഷ്ക്കരിക്കുന്ന, അഗ്നി,ഭൂമി, ജലം,വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ സൃഷ്ടി രഹസ്യവും, വിശ്വപുരുഷന്റെ മഹത്വ വർണ്ണനയുടെ ഭാഗംതന്നെയാണ്. അത്, മുൻപുള്ള ശ്ലോകങ്ങളുടെ തുടർച്ചയായ സംഗതിയുമാണ്. എന്നിട്ടും, അതെന്തേ പുരുഷസൂക്തത്തിന്റെ ഭാഗമായില്ല? കാരണം, ശ്ലോകത്തിന്റെ രണ്ടാം പകുതിയിലെ പ്രതിപാദ്യം, അത്ര പന്തിയല്ലതന്നെ. അത് ഇപ്രകാരമാണ്:പഞ്ചഭൂതങ്ങൾ സൃഷ്ടിച്ചത് ഈശ്വരനാണ്.മനുഷ്യരൂപവും ഈശ്വരസൃഷ്ടിയാകുന്നു. ഈശ്വരോപാസനകൊണ്ടും ജ്ഞാനപ്രാപ്തിയിലൂടേയും അത്യുത്തമഗുണങ്ങൾ സ്വീകരിക്കുന്നതിലൂടെ മനുഷ്യൻ ദേവനായി ഭവിക്കുന്നു.(തന്മർത്ത്യസ്യ ദേവത്വ മാജാനമഗ്രെ). കർമ്മങ്ങളെക്കാൾ ജ്ഞാനവും ഉപാസനയും അതിശ്രേഷ്ഠമാണ്'. പഞ്ചഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെല്ലാം ഈശ്വരസൃഷ്ടിയാണെന്നും ഈശ്വരോപാസനയാലും വിദ്യാപ്രാപ്തിയാലും അത്യുത്തമഗുണങ്ങളെ വരിച്ചാൽ അവരൊക്കെ ദേവന്മാരായി ഭവിക്കുമെന്നും പറഞ്ഞാൽ, ഭൂദേവന്മാർ എന്നു സ്വയം വിശേഷിപ്പിച്ചു നടക്കുന്നവർക്കു സ്വീകാര്യമാകുമോ? തന്നെയുമല്ല, യജ്ഞ

വും ഹോമവുമടക്കമുള്ള കർമ്മമാർഗ്ഗത്തിൽ, തങ്ങൾക്കു കൽപിച്ചു കിട്ടിയിട്ടുള്ള വിശേഷാധികാരത്തിനു മേലെയാണ്, ഈശ്വരോപാസനയാകുന്ന ഭക്തിമാർഗ്ഗവും വിദ്യാപ്രാപ്തിയാകുന്ന ജ്ഞാനമാർഗ്ഗവും എന്നു സ്ഥാപിച്ചാൽ, അത് വേദമായാൽപ്പോലും ബ്രാഹ്മണ്യത്തിന് അംഗീകരിക്കാനാകുമോ?

ഇതിനേക്കാൾ അപകടംപിടിച്ച ആശയങ്ങളാണ് തൊട്ടടുത്ത ശ്ലോകങ്ങളിലുള്ളത്: 'എല്ലാവരുടെയും യജമാനനായ പ്രജാപതി(ഈശ്വരൻ) സകല ചരാചരങ്ങളുടെയും അകത്തും പുറത്തും സർവ്വാന്തര്യാമിയായി നിത്യം വസിക്കുന്നു(ശ്ലോകം:19). ബ്രഹ്മജ്ഞാനം മാത്രമാണ് അത്യന്താനന്ദം. ആ ആനന്ദത്തെ ദേവന്മാർ(ജ്ഞാനികൾ) ജനിപ്പിക്കുന്നു. അതിനുശേഷം ആനന്ദപ്രാപ്തിയ്ക്കുള്ള മാർഗ്ഗം ഉപദേശിക്കുന്നു. ഇപ്രകാരമാണ് ബ്രാഹ്മണരുണ്ടാകുന്നത് എന്നറിയുക. അപ്രകാരമുള്ള വിദ്വാന്മാർ ഇന്ദ്രിയങ്ങളെ വശത്താക്കുന്നു'(ശ്ലോകം:21). സകല ചരാചരങ്ങളുടെയും അകത്തും പുറത്തും സർവ്വാന്തര്യാമിയായ് നിത്യം ശോഭിക്കുന്ന ഈശ്വരൻ ഒന്നാണ് എന്ന പരമസത്യം മറ്റുള്ളവർ അറിഞ്ഞാൽ, ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരുമായി മാനവരെ വിഭജിച്ചത് പരംപുരുഷനാണെന്ന ജാതിബ്രാഹ്മണവാദം അസാധുവായിപ്പോകും. സകല മനുഷ്യരും ഈശ്വരസൃഷ്ടിയിൽ തുല്യരാണെന്നുവരും. വേദവാക്യങ്ങൾ വളച്ചൊടിച്ച് ഉണ്ടാക്കിയ വംശശുദ്ധിവാദങ്ങൾ നിലനിൽക്കാതെയാകും. ഇന്ദ്രിയങ്ങളെ വശത്താക്കിയ വിദ്വാന്മാരാണ് –ബ്രഹ്മജ്ഞാനികളാണ്-വേദദൃഷ്ടിയിൽ ബ്രാഹ്മണരെന്നുകൂടി പറയുന്ന സ്ഥിതിയ്ക്ക്, ആ ശ്ലോകങ്ങൾ പുരുഷസൂക്തത്തിന്റെ ഭാഗമാകുന്നത് സ്വന്തം കുലത്തിന്റെ കുഴികുത്തുന്നതിനു തുല്യമാകും എന്നറിയാവുന്നവരാണ് ആ ശ്ലോകങ്ങൾ ഒഴിവാക്കി പുരുഷസൂക്തം ചമച്ചതെന്നു വ്യക്തമാണ്. പുരുഷസൂക്തത്തിൽനിന്ന് ഒഴിവാക്കപ്പെട്ട യജുർവ്വേദത്തിലെ ആറു മന്ത്രങ്ങൾ ഉത്തരനാരായണീയം എന്ന പേരിൽ പ്രചാരത്തിലുണ്ട്. അവ വേറിട്ടുനിന്നാൽ, പുരുഷസൂക്തത്തിലെ വ്യാഖ്യാനങ്ങൾക്കു വലിയ പരുക്കുണ്ടാക്കില്ല എന്ന തിരിച്ചറിവാകാം അത്തരം ഒരു വെട്ടിമുറിക്കലിനു പിന്നിൽ. എന്നാൽ, സ്വാമിദയാനന്ദസരസ്വതി രചിച്ചിട്ടുള്ള പുരുഷസൂക്തവ്യാഖ്യാനത്തിൽ, ആ ആറുശ്ലോകങ്ങൾകൂടി ചേർത്തിട്ടുണ്ട്. ജാതിബ്രാഹ്മണ്യത്തിന്റെ സ്വാർത്ഥതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കാതിരുന്നത്, ആ ഉത്പതിഷ്ണുവായ സാമൂഹ്യപരിഷ്കർത്താവിന്റെ വീക്ഷണം അത്രമേൽ ഉന്നതമായതുകൊണ്ടാകാം.

ഭാഗവതത്തിലെ വിശദീകരണം

പുരുഷസൂക്തം ആവിഷ്കരിക്കുന്ന വിരാട്ട്പുരുഷവർണ്ണനയെ സാധൂകരിക്കുന്നതാണ് ഭാഗവതത്തിലെ വർണ്ണനകൾ. മഹാഭാഗവതം ദ്വിതീയസ്കന്ധത്തിൽ, ശുകമഹർഷി പരീക്ഷിത്ത് മഹാരാജാവിന്റെ അഭ്യർത്ഥന സ്വീകരിച്ച് വിസ്തരിച്ചുള്ള വിരാട്ട് വർണ്ണന നടത്തുന്നുണ്ട്: 'സകല ജീവജാലങ്ങളിലും ഭഗവൽചൈതന്യമുണ്ട്. ആ ചൈതന്യത്തെ ജീവൻ എന്നുപറയുന്നു.മനുഷ്യശരീരത്തിൽ ജീവൻ ഏതുപോലെയോ അതുപോലെ, ഭഗവാനാകുന്ന ചൈതന്യത്തിനും ഒരു ശരീരമുണ്ട്. അതിന് വിരാടെന്നാണ് പേര്. അത് പതിനാലു ലോകങ്ങളുമടങ്ങിയതാണ്. ഭൂലോകം തൊട്ട് മുകളിലേക്കുള്ള ഏഴു ലോകങ്ങളും താഴേക്കുള്ള ഏഴു ലോകങ്ങളും ഉൾപ്പെടുന്ന

താണ് പതിനാലു ലോകങ്ങൾ'. അത്തരത്തിൽ, പതിനാലുലോകങ്ങളിലുമായി നിറഞ്ഞുനിൽക്കുന്ന ആ വിരാട്ട്പുരുഷനെ, അതിന്റെ ഒരംശം മാത്രമായ ഭൂമിയിലേയ്ക്കു പരിമിതപ്പെടുത്താനാണല്ലോ ചാതുർവർണ്യവാദികൾ ശ്രമിക്കുന്നത്?

ഭാഗവതംമൂന്നാംസ്കന്ധം ആറാമധ്യായത്തിലും വിരാട്ട് രൂപത്തിലെ ലോകങ്ങളെക്കുറിച്ചു വർണ്ണിക്കുന്നുണ്ട്. അതനുസരിച്ച്, ശിരസ്സിൽനിന്നു സ്വർഗ്ഗവും പാദങ്ങളിൽനിന്നും ഭൂലോകവും നാഭിയിൽനിന്നും സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ഇടയിലുള്ള അന്തരീക്ഷലോകവും ഉണ്ടായി. സത്വഗുണമുള്ള ദേവന്മാർ സ്വർഗ്ഗത്തിലും, രജോഗുണമുള്ളവരായ മനുഷ്യരും ഇതര ജീവികളും ഭൂമിയിലും, തമോഗുണപ്രധാനികളായ ഭൂതപ്രേതപിശാചുക്കൾ അന്തരീക്ഷലോകത്തിലും വാസമുറപ്പിക്കുന്നതായി തുടർന്നു ഭാഗവതം പറയുന്നു.തങ്ങൾ സ്വർഗ്ഗലോകത്തുള്ളവരാണെന്ന് തെറ്റിദ്ധരിക്കാൻ ബ്രാഹ്മണർക്ക് അവകാശമുണ്ട്. എങ്കിലും, അതിനുവേണ്ടി ഭൂമിയിൽ ജീവിക്കുന്ന അവരടക്കമുള്ള മനുഷ്യരെ നിന്ദിക്കേണ്ടതുണ്ടോ?

മഹാഭാഗവതം മൂന്നാംസ്കന്ധം ആറാമധ്യായത്തിൽത്തന്നെ, വിരാട്ട്ശരീരത്തിൽ വിവിധ ദേവന്മാരിരിക്കുന്ന പതിനഞ്ച് ഇന്ദ്രിയങ്ങളും(അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും പത്തു കർമ്മേന്ദ്രിയങ്ങളും)പ്രതിപാദിക്കുന്നുണ്ട്. അതുപ്രകാരം, മുഖത്ത് അഗ്നിദേവനും കൈകളിൽ ഇന്ദ്രനും കാലുകളിൽ വിഷ്ണുവുമാണ് വസിക്കുന്നത്. സർവ്വം ശുദ്ധമാക്കുന്ന അഗ്നിദേവന്റെ വാസസ്ഥാനത്തുനിന്നു ജനിച്ചതിനാലാണ് തങ്ങൾ ഉന്നതരായതെന്നു പറയുന്ന ബ്രാഹ്മണർക്ക്, വിരാട്ട്ശരീരത്തിലെ വിഷ്ണുവിന്റെ വാസസ്ഥലമായ കാലുകളിൽനിന്നും ഉത്ഭവിച്ചതായി കരുതപ്പെടുന്ന ശൂദ്രർ എങ്ങനെയാണ് അശുദ്ധരായതെന്നു വ്യക്തമാക്കാനുള്ള ബാദ്ധ്യതയുണ്ട്. മഹാഭാഗവതത്തിലെ, വ്യാസമഹർഷിയും ശ്രീശുകബ്രഹ്മർഷിയും നൽകുന്ന ഈ സ്ഥിരീകരണങ്ങളിലൂടെ പുരുഷസൂക്തത്തിന്റെപേരിൽ വേദമന്ത്രങ്ങളെ ദുർഭാഷ്യം ചെയ്യുന്ന ആര്യബ്രാഹ്മണ്യത്തിന്റെ കുതന്ത്രങ്ങൾ അപ്രതിരോധ്യമായ നിലയിൽ അസാധുവാക്കപ്പെടുന്നുണ്ട്; ഒപ്പം വികലമായ ചാതുർവർണ്യസിദ്ധാന്തവും.

ആ ബ്രാഹ്മണരല്ല ഈ ബ്രാഹ്മണർ

പരംപുരുഷന്റെ മുഖത്തുനിന്ന് സൃഷ്ടിക്കപ്പെട്ട ബ്രാഹ്മണർ, മണ്ണിൽ ജീവിക്കുന്ന ആര്യബ്രാഹ്മണർ അല്ലെന്നും; ആഢ്യത്വം ഉറപ്പിക്കാൻ അവർ മുന്നോട്ടുവെക്കുന്ന വാദങ്ങളെല്ലാം കളവാണെന്നും സ്ഥാപിക്കുന്ന ഒരുസ്പഷ്ടീകരണം ഇനികാണാം: 'ബ്രാഹ്മണാനാം കുലം പൂർവ്വം ദ്വേതകർമ്മം വിരചിതഃ/ ആരുഷേയം പൗരുഷേയം ചഃ കർമ്മ ജന്മ വിശേഷതഃ/ ആരുഷേയം ഋഷി ഗോത്രേഷു വസിഷ്ഠാനാം ജായേത് ഭവഃ/ ജന്മനാ ജായതേശൂദ്ര കർമ്മണ ജായതേദ്വിജഃ/വേദപാഠേന വിപ്രസ്യാത് ബ്രഹ്മജ്ഞാനേതി ബ്രാഹ്മണഃ/ യത് വിശ്വബ്രാഹ്മണസ്യാത് പുരുഷസ്യ മുഖോത്ഭവഃ/ പൗരുഷേയം ഇതിഖ്യാതം പഞ്ചഗോത്രം മഹത്ത്കുലഃ'- ഇത് തൈത്തരീയസംഹിതയിലെ ഒരു ശ്ലോകമാണ്. അതിന്റെ അർത്ഥമറിഞ്ഞാൽ,കൊണ്ടാടപ്പെടുന്ന ചാതുർവർണ്യസിദ്ധാന്തം ആകമാനം ഉടഞ്ഞുവീഴും.വിരാട്ട്പുരുഷന്റെ മുഖത്തുനിന്നാണ് ബ്രാഹ്മണകുലം ഉത്ഭവിച്ചത് എന്ന വാദം കളവാണെന്നും തെളിയും. തൈത്തരീയ സംഹിതയിലെ മേൽ ശ്ലോകമനുസരിച്ച്, ജന്മകർമ്മവിശേഷങ്ങളുടെ അടിസ്ഥാന

ത്തിൽ, ബ്രാഹ്മണരെ ആരുഷേയ ബ്രാഹ്മണരെന്നും പൗരുഷേയ ബ്രാഹ്മണരെന്നും രണ്ടായി തിരിച്ചിരിക്കുന്നു. വസിഷ്ഠാദികളായ ഋഷിമാരുടെ ഗോത്രത്തിൽ പിറന്നവരെ ആരുഷേയബ്രാഹ്മണർ എന്നു പറയുന്നു. അവർ ജന്മംകൊണ്ടു ശൂദ്രരും, വേദശാസ്ത്രപഠനത്തിലൂടെയും ദ്വിജകർമ്മം വഴിയും ബ്രാഹ്മണരായവരുമത്രെ. എന്നാൽ, വിശ്വബ്രാഹ്മണർ വിരാട്ട്പുരുഷന്റെ മുഖത്തുനിന്നും ഉത്ഭവിച്ചവരാണ്. അതിനാൽ അവർ പൌരുഷേയബ്രാഹ്മണരെന്നും അറിയപ്പെടുന്നു.അതിനാൽ ശ്രേഷ്ഠ ബ്രാഹ്മണഗോത്രം പഞ്ചഗോത്രമാകുന്നു. വിരാട്ട്പുരുഷന്റെ മുഖത്തുനിന്നും ഉത്ഭവിച്ച 'ശ്രേഷ്ഠ പഞ്ചബ്രാഹ്മണർ' സനകൻ, സനാതനൻ, അഭുവസനൻ, പ്രജ്ഞസൻ, സുവർണ്ണസൻ എന്നീ ബ്രഹ്മർഷിമാരാണ്. അതിൽ, സനക ബ്രഹ്മർഷി വിരാട്ടുപുരുഷന്റെ പൂർവ്വദിശാമുഖത്തുനിന്നും, സനാതനൻ ദക്ഷിണമുഖത്തുനിന്നും, പ്രജ്ഞസൻ ഉത്തരദിശാമുഖത്തുനിന്നും, അഭുവനൻ പശ്ചിമദിശാമുഖത്തുനിന്നും സുപർണ്ണൻ പരമപാദദിശാമുഖത്തുനിന്നുമാണത്രേ(ഉച്ചം) ജനിച്ചത്. പ്രപഞ്ചസൃഷ്ടിയുടെ കാലത്തു പ്രജാസൃഷ്ടിയ്ക്കുവേണ്ടി ബ്രഹ്മാവു നേരിട്ടു സൃഷ്ടിച്ചവരാണ് അവർ. പക്ഷേ, പ്രജാസൃഷ്ടിയിൽ തത്പരരാകാതെ അവർ നിവൃത്തിപഥത്തിൽ നീങ്ങി മുമുക്ഷുക്കളായി. പിന്നീടാണ്, ബ്രഹ്മാവു പ്രജാസൃഷ്ടിക്കുവേണ്ടി പ്രജാപതികളെ സൃഷ്ടിച്ചത്. അവരിൽനിന്നാണ് പ്രജകളുണ്ടായത്. അതായത്, പൗരുഷേയബ്രാഹ്മണർക്കു വംശപരമ്പരകളില്ല; അവർ അഞ്ചുപേർമാത്രമേയുള്ളൂ. അതിനാൽ, വസിഷ്ഠാദികളായ ഋഷിമാരുടെ ഗോത്രങ്ങളിൽ ജനിച്ചവരെല്ലാം ജന്മംകൊണ്ട് ശൂദ്രരും, വേദശാസ്ത്ര പഠനത്തിലൂടെയും ദ്വിജകർമ്മംകൊണ്ടും ബ്രാഹ്മണരായവരുമാണ്. ശ്രേഷ്ഠപഞ്ചബ്രാഹ്മണർ എന്ന പേരിലറിയപ്പെടുന്ന ബ്രഹ്മർഷികൾ ഒഴികെയുള്ള ബ്രാഹ്മണരുടെ ജന്മം വിരാട്ട്പുരുഷന്റെ മുഖത്തുനിന്നല്ല എന്നു സ്പഷ്ടം.

ഇനി, മറ്റൊരു ഉദാഹരണം കാണുക: ഹരിവംശത്തിലെ പ്രഥമ അധ്യായമായ ആദിസർഗ്ഗകഥനത്തിൽ, ബ്രഹ്മാവ് സ്വന്തം മുഖത്തുനിന്നും ദേവന്മാരെയും, വക്ഷസ്സിൽനിന്നു പിതൃക്കളെയും, ലിംഗത്തിൽനിന്നു മനുഷ്യരെയും, അരക്കെട്ടിനിന്ന് അസുരന്മാരെയും സൃഷ്ടിച്ചു എന്നാണുപറയുന്നത്. ഇങ്ങനെ സൃഷ്ടിച്ച ഏകപുരുഷനെ രണ്ടായി പകുത്ത് ആണും പെണ്ണുമാക്കി. അവരുടെ മൈഥുനത്തിലൂടെയാണു മറ്റു മനുഷ്യരുണ്ടായത്. പക്ഷേ, അതെഴുതിയ ഗ്രന്ഥങ്ങളൊക്കെ വായിക്കാൻ അധികാരം ഉണ്ടായിരുന്നവർ, ആ വസ്തുതകളൊക്കെ ഒളിച്ചുവെച്ച്, പുരുഷസൂക്തത്തിലില്ലാത്ത ചാതുർവർണ്യസൃഷ്ടിവാദം അവതരിപ്പിക്കുന്നതിന്റെ കാരണം, ഇല്ലാത്ത മഹത്വം ഉണ്ടാക്കിയെടുക്കാനുള്ള വല്ലാത്ത വ്യഗ്രതമാത്രമാകാം. ഒരു പുരുഷനിൽനിന്നും ഒരു സ്ത്രീയിൽനിന്നുമാണ് ഇക്കാണുന്ന മനുഷ്യരൊക്കെ ഉണ്ടായതെന്നു വന്നാൽ കഥ മൊത്തം മാറും. അതിനാലാണ് അവർ ആ പുസ്തകങ്ങളൊന്നും മറ്റുള്ളവർ വായിക്കരുത് എന്നും തങ്ങൾ പറയുന്നതുവിഴുങ്ങി മിണ്ടാതെ ഇരുന്നുകൊള്ളണമെന്നും ശഠിക്കുന്നത്. വേദങ്ങൾക്കൊപ്പം അക്ഷരവും മുടക്കിയതിനു പിന്നിൽ പ്രവർത്തിച്ച ബ്രാഹ്മണ്യഗൂഢപദ്ധതിയുടെ ലക്ഷ്യം അതായിരുന്നു.

ഹരിവംശം പിന്നെ പറയുന്നു: വിഷ്ണു വിരാട്ടിനെ സൃഷ്ടിച്ചു. വിരാട്ട് പ്രഥമപുരുഷനെ(അപവപ്രജാപതി) ജനിപ്പിച്ചു. അപവപുത്രനായ ആ പുരുഷനാണ് മനു. വിരാട്ടിൽനിന്നുമുണ്ടായ ആ മനു പ്രജാസൃഷ്ടി നടത്തി. മനുവിന്റെ സൃഷ്ടിമുതലാണ്

മന്വന്തരം ആരംഭിക്കുന്നത്. അതോടൊപ്പം,പ്രപഞ്ചത്തിൽ സംഭവിച്ച സൃഷ്ടികൾ രണ്ടുതരമാണെന്നാണ് ഹരിവംശം പറയുന്നത്. അത് യോനിജസൃഷ്ടിയും അയോനിജ സൃഷ്ടിയുമാണ്. അയോനിജസൃഷ്ടികളെന്നാൽ ബ്രഹ്മാവ്, അഥവാ നാരായണൻ പ്രപഞ്ചോത്പത്തികാലം നേരിട്ടു നടത്തിയ സൃഷ്ടികളാണ്: മാനസസൃഷ്ടികൾ. അല്ലാത്തതെല്ലാം യോനിജസൃഷ്ടികളാണ്. ശേഷം, മനുവിന്റേത് മുതലുള്ള സൃഷ്ടികൾ യോനിജസൃഷ്ടികളാണെന്ന് ഹരിവംശം സംശയരഹിതം പറയുന്നു. അതിനെ, പ്രപഞ്ചസൃഷ്ടി സംബന്ധിച്ച ശാസ്ത്രീയ തെളിവായോ നിഗമനമായോ സ്വീകരിക്കാനാവില്ല. പക്ഷേ, അത് നിരാകരിക്കുന്നത് കാലാകാലങ്ങളായി പ്രചരിപ്പിക്കപ്പെടുന്ന,പരമപുരുഷന്റെ ശരീരാംഗങ്ങളിൽനിന്നുമുള്ള ചാതുർവർണ്യസൃഷ്ടിയെ സംബന്ധിച്ചുള്ള കെട്ടുകഥയാണ്. പുരുഷസൂക്തത്തിൽ അടക്കം, ഒരു പുരാണഗ്രന്ഥത്തിലും കാണാത്ത ആ നുണക്കഥ എന്തുകൊണ്ടാണ് ആധികാരികതയോടെ ഇക്കാലമത്രയും പ്രചരിപ്പിക്കപ്പെട്ടത് എന്നതാണു ചിന്തിക്കേണ്ട കാര്യം.

ഇതോടൊപ്പം ചേർത്തുവായിക്കേണ്ട മറ്റൊരു കാര്യമുണ്ട്:ബ്രഹ്മാവിന്റെ മനസ്സിൽനിന്നു മരീചിയും കണ്ണുകളിൽനിന്നും അത്രിമഹർഷിയും മുഖത്തുനിന്ന് അംഗിരസ്സും കർണ്ണങ്ങളിൽനിന്നു പുലസ്ത്യനും നാഭിയിൽനിന്ന് പുലഹനും കൈയിൽനിന്നു ക്രതുവും ത്വക്കിൽനിന്നു ഭൃഗുവും പ്രാണനിൽനിന്നു വസിഷ്ഠനും വലതുകാലിൽനിന്നു ദക്ഷനും മടിയിൽനിന്നു നാരദനും വലതു മുലയിൽനിന്നു ധർമ്മദേവനും നിഴലിൽനിന്നും കർദ്ദമനും സൌന്ദര്യത്തിൽനിന്നും സരസ്വതിയും വിയർപ്പിൽനിന്നും ജാംബവാനും ജ്ഞാനശുദ്ധിയിൽനിന്നും ഗർഗ്ഗനും സൃഷ്ടിക്കപ്പെട്ടുവെന്നാണ് ഇതിഹാസങ്ങൾ പറയുന്നത്. ബ്രഹ്മസന്തതികളെന്ന നിലയിൽ അവരെല്ലാം ബ്രാഹ്മണൻ എന്നാണു വിളിക്കപ്പെടുന്നത്. അതിനർത്ഥം, പ്രചരിപ്പിക്കപ്പെടുന്നതുപോലെ അവർ ജാതിബ്രാഹ്മണരാണ് എന്നല്ല. അവർ ബ്രഹ്മജ്ഞാനികളായതുകൊണ്ടാണ് ഇതിഹാസങ്ങളിൽ ബ്രാഹ്മണരെന്നു വിളിക്കപ്പെടുന്നത്. അവർ ആര്യബ്രാഹ്മണരല്ല; ആർഷബ്രാഹ്മണരാണ്. ചതുർവർണ്യവിഭജനത്തിനു യാതൊരു സ്വാധീനവുമില്ലാത്ത ഒരു കാലത്തിന്റെയും സമൂഹത്തിന്റെയും പ്രതിനിധികളാണവർ. അതായത്, ആ ബ്രാഹ്മണരുടെ പരമ്പരയിൽ ഉള്ളവരല്ല ഇന്നുള്ള ജാതിബ്രാഹ്മണർ. അതിനാൽ, ഇതിഹാസ-പുരാണങ്ങളിലെ ബ്രാഹ്മണരുടെ പാരമ്പര്യമഹത്വത്തിന് ഇന്നുള്ളവർ അർഹരുമല്ല. മറ്റെല്ലാ മനുഷ്യരെയുംപോലെ തന്നെയാണ് അവരും.

മനുവാദികളെ നിരാകരിക്കുന്ന ഭൃഗു

പുരുഷസൂക്തത്തിന്റെ പേരിലുള്ള വ്യാജവ്യാഖ്യാനത്തെ ഖണ്ഡിക്കുന്ന അഭിപ്രായങ്ങൾ, മഹാഭാരതം ശാന്തിപർവ്വത്തിൽ ഭൃഗുമഹർഷി ഭരദ്വാജമുനിയോടു പറയുന്നരീതിയിൽ ആവിഷ്കരിക്കുന്നുണ്ട്.ഉത്തരായനം പ്രതീക്ഷിച്ച് ശരശയ്യയിൽ കിടക്കുന്ന ഭീഷ്മർ, യുധിഷ്ഠിരനു നൽകിയ ഉപദേശത്തിനിടയിൽ, എവിടെനിന്നാണ് ഈ പ്രപഞ്ചവും സർവ്വചരാചരങ്ങളും ഉണ്ടായതെന്നു യുധിഷ്ഠിരൻ ചോദിക്കുന്നു. അതിനുള്ള ഉത്തരമായാണ് ഭീഷ്മപിതാമഹൻ ഭൃഗുസ്മൃതിയിലെ പരാമർശങ്ങൾ ഉദ്ധരിക്കുന്നത്. ആ വാക്കുകൾ വാസ്തവത്തിൽ വ്യാസമഹർഷിയുടെ വചനങ്ങളായും വിലയിരുത്താം. ബ്രാഹ്മണകുലപതിയുടെ ആ പ്രസ്താവന നോക്കുക:

> **188. ഭൃഗുഭരദ്വാജസംവാദം – സമസ്തഭൂതങ്ങളുടേയും ഉൽപത്തി** – ഭൃഗു പറഞ്ഞു: "ആദ്യമായി പ്രജാപതികളാകുന്ന ബ്രാഹ്മണരെ, ആത്മതേജോമയന്മാരും ഭാസ്കരാദിസമപ്രഭന്മാരുമായ ബ്രാഹ്മണരെ, ബ്രഹ്മാവ് സൃഷ്ടിച്ചു. പിന്നെ സത്യം, തപം, ശാശ്വതമായ ധർമ്മം, ബ്രഹ്മം, ആചാരം, ശൗചം എന്നിവയെ സ്വർഗ്ഗത്തിന്നുവേണ്ടി ആ പ്രഭു സൃഷ്ടിച്ചു. ദേവന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ ,ദൈത്യന്മാർ, അസുരന്മാർ, മഹോരഗങ്ങൾ, യക്ഷരാക്ഷസനാഗങ്ങൾ, പിശാചുക്കൾ, മനുഷ്യർ, വിപ്രക്ഷത്രിയവൈശ്യന്മാർ, ശൂദ്രന്മാർ എന്നിവരേയും ധാതാവു സൃഷ്ടിച്ചു. എല്ലാ ഭൂതജാലങ്ങളേയും വർണ്ണങ്ങളേയും ബ്രഹ്മാവ് സൃഷ്ടിച്ചു.

ഭൃഗുവും ഭരദ്വാജമഹർഷിയും തമ്മിലുണ്ടായ സംവാദത്തിൽ പറയുന്നതുപ്രകാരം ബ്രഹ്മാവ് ആദിയിൽ സൃഷ്ടിച്ച ബ്രാഹ്മണർ പ്രജാപതികളാണ്; ബ്രാഹ്മണജാതിയിൽപ്പെട്ട മനുഷ്യരല്ല. സൃഷ്ടികർമ്മത്തിൽ തന്നെ സഹായിക്കാൻ ബ്രഹ്മാവു സൃഷ്ടിച്ച ആ പത്തു പ്രജാപതികൾ ദേവന്മാരായ മരീചി,അത്രി,അംഗിരസ്സ്,പുലസ്ത്യൻ, പുലഹൻ,കൃതൻ,വസിഷ്ഠൻ,ദക്ഷൻ,ഭൃഗു,നാരദൻ എന്നിവരാണ്. തുടർന്ന്, ദാനവന്മാർ,ദേവന്മാർ,ഗന്ധർവ്വന്മാർ,ദൈത്യന്മാർ,അസുരന്മാർ തുടങ്ങി അനവധി സൃഷ്ടികൾക്കു ശേഷമാണ് മനുഷ്യരെ സൃഷ്ടിച്ചതും അവരെ നാലു വർണ്ണങ്ങ ളിലായി വർഗ്ഗീകരിച്ചതും. ആ വർണ്ണവിഭജനത്തിന്റെ ആധാരം ജന്മമല്ല, കർമ്മമാണെന്നാണല്ലോ ഭൃഗുമഹർഷി അനന്തരം പറയുന്നത്: വിധാതാവു മനുഷ്യരെ സൃഷ്ടിച്ചത് ബ്രാഹ്മണസ്വഭാവത്തോടുകൂടിയാണ്. അവർ വിഭിന്ന വർണ്ണികളായതു കർമ്മത്തിലെ വ്യത്യസ്തതകൊണ്ടാണ് എന്നു പറയുന്ന ഭൃഗുമഹർഷി, ജാതിവ്യത്യാസമെന്ന ഒന്ന് വാസ്തവത്തിൽ ഇല്ലാത്തതാണെന്നും സ്ഥാപിക്കുന്നുണ്ട്.(വ്യാസമഹാഭാരതം സമ്പൂർണ്ണ ഗദ്യവിവർത്തനം:വിദ്വാൻ കെ.പ്രകാശം, പേജ്:842):

> ഭൃഗു പറഞ്ഞു: "ജാതിവ്യത്യാസം എന്ന ഒന്ന് വാസ്തവത്തിൽ ഇല്ലാത്തതാണ്. ഈ വിശ്വം മുഴുവനും ബ്രഹ്മംതന്നെയാണ്. ബ്രഹ്മമയമാണ് ബ്രഹ്മാവ് മുമ്പെ സൃഷ്ടിച്ചത്. പിന്നെ കർമ്മത്തെ അടിസ്ഥാനമാക്കി ജാതി തിരിഞ്ഞതാണ്.
>
> കാമഭോഗാസക്തരായ തീക്ഷ്ണന്മാർ, ശുണ്ഠിക്കാർ, സാഹസ പ്രിയന്മാർ, സ്വധർമ്മം വിട്ടവരായ രക്താംഗന്മാർ ഇങ്ങനെയുള്ള ബ്രാഹ്മണർ ക്ഷത്രിയജാതിക്കാരായിത്തീർന്നു. പശുക്കളെ വളർത്തി അവകൊണ്ട് ഉപജീവിക്കുന്ന മഞ്ഞനിറക്കാരായ ബ്രാഹ്മണർ കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരും സ്വകർമ്മം ഉപേക്ഷിച്ചവരുമായ ബ്രാഹ്മണർ, വൈശ്യന്മാരായിത്തീർന്നു. ഹിംസയിലും അനൃതത്തിലും ആസക്തന്മാരായി, ലുബ്ധന്മാരായി, സർവ്വകർമ്മങ്ങളും ചെയ്ത് ഉപജീവിക്കുന്ന കറുത്ത കൂട്ടർ, ശുചിത്വം വെടിഞ്ഞ ബ്രാഹ്മണർ, ശൂദ്രരുമായിത്തീർന്നു. ഇപ്രകാരമുള്ള കർമ്മംമൂലമാണ് അവർ ജാതി തിരിഞ്ഞത്. ധർമ്മമായ യജ്ഞക്രിയ അവർക്ക് എന്നും തടപ്പെറ്റാതായിരുന്നു. ഇങ്ങനെയുള്ള നാലു ജാതിക്കാർക്കും ആദ്യഭാവം ബ്രഹ്മാവു നല്കിയത്, സൃഷ്ടിച്ചത്, ബ്രാഹ്മണനായിട്ടാണ്. അവർ ലോഭംമൂലം അജ്ഞരായിത്തീർന്നതാണ്.

പ്രപഞ്ചോത്പത്തിയും വർണ്ണവിഭജനവും വിശദീകരിക്കുന്നതിനു മഹാഭാരതവും വ്യാസമഹർഷിയും ഭീഷ്മരും ആധാരമായി സ്വീകരിച്ചിരിക്കുന്നത് മനുസ്മൃതിയെ അല്ല എന്നതാണ് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം. മഹാത്മാക്കളുടെ ആ നിരാകരണം തന്നെയാണ് മനുസ്മൃതിയുടെ അയോഗ്യത. ആ അനർഹതയെ അടിവര

യിടുന്നതാണ്, മനുസ്മൃതിയിലെ നിലപാടുകളെ നിരാകരിക്കുന്ന ബ്രാഹ്മണകുല പതിയായ ഭൃഗുമഹർഷിയുടെ മേൽപ്പറഞ്ഞ വാക്കുകൾ.

മനുവാദികളെ അസാധുവാക്കുന്ന മനുസ്മൃതി

ബ്രഹ്മാവിന്റെ ശരീരഭാഗങ്ങളിൽനിന്നും സൃഷ്ടിയ്ക്കപ്പെട്ട ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര വർണ്ണികൾ മനുഷ്യരിലെ വർണ്ണവിഭജനത്തെയല്ല സൂചിപ്പിക്കുന്നത് എന്ന വസ്തുത മനുസ്മൃതിയും അവ്യക്തമായി പറയുന്നുണ്ട്. മനുസ്മൃതിയിലെ ആദ്യ അധ്യായത്തിലെ മുപ്പത്തൊന്നാം ശ്ലോകത്തിലാണ്, ഭൂമി മുതലായ ലോകങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ബ്രഹ്മാവു തന്റെ മുഖത്തുനിന്നും ബ്രാഹ്മണനെയും, ബാഹുക്കളിൽനിന്നും ക്ഷത്രിയനെയും, ഊരുവിൽനിന്നു വൈശ്യനെയും പാദങ്ങളിൽനിന്നു ശൂദ്രനെയും സൃഷ്ടിച്ചു എന്ന പരാമർശമുള്ളത്:

> ലോകാനാം തു വിവൃദ്ധ്യർത്ഥം മുഖബാഹൂരുപാദതഃ
> ബ്രാഹ്മണം ക്ഷത്രിയം വൈശ്യം ശൂദ്രം ച നിരവർതയത്. 31
>
> ഭൂമ്യാദിലോകങ്ങളുടെ അഭിവൃദ്ധിക്കായിട്ടു ബ്രഹ്മാവ് തന്റെ മുഖത്തുനിന്നും ബ്രാഹ്മണനെയും ബാഹുവിൽനിന്നു ക്ഷത്രിയനെയും ഊരുവിൽനിന്നു വൈശ്യനെയും പാദത്തിൽനിന്നു ശൂദ്രനെയും സൃഷ്ടിച്ചു.

മനുഷ്യർ വസിക്കുന്ന ഭൂമിയെ മാത്രം സംബന്ധിക്കുന്ന ഒന്നല്ല, എല്ലാ ലോകങ്ങളും ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടിയെക്കുറിച്ചാണ് ഈ പരാമർശം എന്നത് പ്രത്യേകം ശ്രദ്ധിക്കുക. അടുത്ത ശ്ലോകത്തിൽ, ബ്രഹ്മാവ് തന്റെ ശരീരം രണ്ടു ഭാഗമായി പകുത്തതായും ഒരുപകുതിയെ പുരുഷനും മറ്റേ പകുതിയെ സ്ത്രീയുമാക്കിയതായി പറയുന്നുണ്ട്. ആ പുരുഷൻ സ്ത്രീയിൽ വിരാട്ട്പുരുഷനെ സൃഷ്ടിച്ചു. ആ വിരാട്ട്പുരുഷൻ തപസ്സാചരിച്ച് ആരെ സ്വയംസൃഷ്ടിച്ചുവോ, അവനാണ് സമസ്ത ജഗത്തുക്കളുടെയും സ്രഷ്ടാവായ താനെന്നും മുപ്പത്തിമൂന്നാം ശ്ലോകത്തിൽ മനു പറയുന്നു.മനുവാണ് തപസ്സിലൂടെ പ്രജാപതികളായ പത്തുമഹർഷിമാരെ സൃഷ്ടിച്ചത്(ശ്ലോകം:35). അതിതേജസ്വികളായ ആ പ്രജാപതിമാർ അപരിമിത തേജസ്കരായ ഏഴുമനുക്കളെയും ദേവന്മാരെയും സ്വർഗ്ഗാദികളെയും മഹർഷിമാരെയും ജനിപ്പിച്ചു.(ശ്ലോകം:36). അനന്തരം ആ പ്രജാപതികൾ യക്ഷന്മാർ, രക്ഷസ്സുകൾ, ഗന്ധർവ്വർ, പിശാചുക്കൾ, അപ്സരസ്സുകൾ, അസുരന്മാർ, പിതൃഗണങ്ങൾ, നാഗങ്ങൾ എന്നിവയെയും സൃഷ്ടിച്ചു(ശ്ലോകം:37). അതിനുശേഷമാണ്, മേഘങ്ങളും മിന്നലും ഉൽക്കയും ഇടിവാളും പോലുള്ള പ്രകൃതിപ്രതിഭാസങ്ങൾ സൃഷ്ടിച്ചത്(ശ്ലോകം:38).പിന്നീടാണ് കിന്നരന്മാർ, വാനരന്മാർ, മത്സ്യങ്ങൾ, നാനാതരം പക്ഷികൾ, പശുക്കൾ, മൃഗങ്ങൾ, മനുഷ്യർ, കൃമികൾ, കീടങ്ങൾ എന്നിങ്ങനെ ഉള്ള സൃഷ്ടികൾ നിർവ്വഹിക്കപ്പെട്ടത്.(ശ്ലോകം:39/40). 'ഭൂമി മുതലായ ലോകങ്ങളുടെ അഭിവൃദ്ധിക്കായി' ബ്രഹ്മാവ് നടത്തിയ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രവർണ്ണികളുടെ സൃഷ്ടിയെ സംബന്ധിച്ചുള്ള മുപ്പത്തിയൊന്നാം ശ്ലോകത്തിലെ പരാമർശങ്ങൾ മനുഷ്യർക്കിടയിലെ വർണ്ണങ്ങളെക്കുറിച്ചുള്ളതല്ല എന്നതാണല്ലോ അതിൽനിന്നും സ്പഷ്ടമാകുന്നത്. മനുഷ്യരെ, ഭൂമിയിലെ ഇതര ജീവജാലങ്ങൾക്കൊപ്പമാണ് സൃഷ്ടിച്ചതെന്ന് 39,40ശ്ലോകങ്ങളിൽ കൃത്യമായി പറയുന്നുണ്ട് എന്നതുതന്നെയാണ് അതിനുള്ള തെളിവ്.

മനുസ്മൃതിയിലെ പ്രപഞ്ചസൃഷ്ടി വർണ്ണനയിൽനിന്ന്, ചാതുർവർണ്യ വ്യവസ്ഥിതിയുടെ നെടുംതൂണായ വംശവിശുദ്ധിവാദം വെറും കളവാണെന്നു വ്യക്തമാണ്. പ്രജാപതികൾക്കും മനുക്കൾക്കും ദേവന്മാർക്കും മഹർഷിമാർക്കും രക്ഷസ്സുകൾക്കുംപിശാചുകൾക്കും ഗന്ധർവ്വന്മാർക്കുംഅപ്സരസ്സുകൾക്കും അസുരന്മാർക്കും യക്ഷന്മാർക്കും പിതൃഗണങ്ങൾക്കും മുമ്പ് ബ്രഹ്മാവ് സ്വശരീരാംഗങ്ങളിൽനിന്നും സൃഷ്ടിച്ച ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും മാനവരിലെ നാലുവർണ്ണികളെയല്ല പ്രതിനിധാനം ചെയ്യുന്നത് എന്നതിൽ ഇനിയും സന്ദേഹമുണ്ടാകേണ്ടതുണ്ടോ?അതായത്, മനുപോലും പ്രപഞ്ചസൃഷ്ടി വിവരിക്കുന്നത് മറ്റുപൗരാണിക ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളെ അവലംബമാക്കിയാണ്. മനുഷ്യനെ സൃഷ്ടിക്കുന്നതിനും മുൻപേ വർണ്ണങ്ങൾ സൃഷ്ടിച്ചു മനുഷ്യരെ വിഭജിക്കാൻ ജാതിവാദികൾക്കുമാത്രമേ തിടുക്കമുണ്ടായിരുന്നുള്ളു എന്നു സാരം. ബ്രാഹ്മണൻ ബ്രഹ്മാവിന്റെ, അല്ലെങ്കിൽ വിരാട്ടുപുരുഷന്റെ മുഖത്തുനിന്നും ക്ഷത്രിയൻ കൈകളിൽനിന്നും വൈശ്യൻ ഊരുക്കളിൽനിന്നും ശൂദ്രൻ പാദങ്ങളിൽനിന്നും സൃഷ്ടിക്കപ്പെട്ടുഎന്ന പ്രസ്താവന ശരിയാകാം. എന്നാൽ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്, പെരിയോർ പറഞ്ഞതുപോലെ അവരവരുടെ മാതാപിതാക്കളിൽനിന്നുമാണ്. ആ മനുഷ്യരെ പല വർണ്ണികളായി വിഭജിച്ചത് മനുഷ്യർ നിർമ്മിച്ച നിയമങ്ങളാണ്; വിശ്വപുരുഷനല്ല.

മനുസ്മൃതിവ്യാഖ്യാതാവിന്റെ ഭാഷ്യം

'ജനിക്കുമ്പോൾ എല്ലാവരും ശൂദ്രരാണ്. അഭിരുചിയും വാസനകളുമനുസരിച്ച് പല സംസ്കാരങ്ങൾ നേടി മനുഷ്യർ പല വർണ്ണികളായിത്തീരുന്നു' എന്ന ഉപനിഷത്വചനവും പുരുഷസൂക്തത്തിലെ ശ്ലോകത്തെ ദുർവ്യാഖ്യാനംചെയ്യുന്ന നിലപാടിനെ നിരാകരിക്കുന്നതാണ്. ഉപനയനത്തിനുമുമ്പ്, ശ്രാദ്ധമന്ത്രമൊഴിച്ച് മറ്റു മന്ത്രങ്ങളൊന്നും ഉച്ചരിക്കരുത്. കാരണം,വേദാധികാരിയാക്കുന്ന ഉപനയനത്തിനുമുമ്പ് അവൻ ശൂദ്രതുല്യനാകുന്നു.(നാഭി വ്യാഹാരയേദ് ബ്രഹ്മ സ്വധാനിന യ നാദ്യതേ/ ശൂദ്രേണ ഹി സമസ്താവദ് യാവദ് വേദേ ന ജയതേ-അധ്യായം:2,ശ്ലോകം:172)എന്നശ്ലോകത്തിലൂടെ മനുസ്മൃതിയും അതിനെ അംഗീകരിക്കുമ്പോൾ, മറിച്ചുള്ള അവകാശവാദങ്ങളെല്ലാം അപ്രസക്തമാകുന്നു. പൗരാണികകാലത്ത് ഗുണകർമ്മങ്ങളനുസരിച്ചു തുടങ്ങിയ വർണ്ണഭേദം ജാതിവ്യവസ്ഥയായി പരിണമിച്ചതിനെപ്പറ്റി, രാമകൃഷ്ണമഠം പ്രസിദ്ധീകരിച്ച മനുസ്മൃതിയുടെ ആമുഖത്തിൽ വ്യാഖ്യാതാവായ സിദ്ധിനാഥാനന്ദസ്വാമി പറയുന്നു: "വർണ്ണങ്ങളെക്കുറിച്ച് നാം ആദ്യം കേൾക്കുന്നത് പുരുഷസൂക്തത്തിലാണ്. അവിടെ, ബ്രാഹ്മണനെ വിരാട്ട്പുരുഷന്റെ മുഖമായും, ക്ഷത്രിയനെ ബാഹുക്കളായും, വൈശ്യനെ ഊരുക്കളായും രൂപം ചെയ്തിരിക്കുന്നു: 'ബ്രാഹ്മണോഃ അസ്യ മുഖം ആസീത് ബാഹു രാജന്യഃ കൃതാഃ ഊരു തദസ്യ യദ് വൈശ്യ'. പുരുഷസൂക്തത്തിൽ, ആസീത്, കൃതാഃ തുടങ്ങിയ ക്രിയകളാണ് ഉപയോഗിച്ചിരിക്കുന്നത്. പദ്ഭ്യാം ശൂദ്രോ ആജായത-പാദത്തിൽനിന്നും ശൂദ്രൻ ജനിച്ചു എന്നും പറയുന്നു. 'ആജായത' എന്ന ക്രിയ ശൂദ്രനെ സംബന്ധിച്ചു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. അതുകൊണ്ട്, മറ്റുള്ളവരെ വിരാട്ട്പുരുഷന്റെ മുഖബാഹൂരുക്കളെന്നു പറഞ്ഞത് അലങ്കാരപ്രയോഗം മാത്രമാണെന്ന് വ്യക്തം. എല്ലാവരും ജനിക്കുന്നത് ഒരേ സ്ഥാനത്തുനിന്നുതന്നെ. ജനിക്കുമ്പോൾ എല്ലാവരും ശൂദ്രർ തന്നെ; അഭിരുചിയും വാസന

യുമനുസരിച്ച് സംസ്കാരംനേടി അവർ വ്യത്യസ്ത വർണ്ണികളായിത്തീരുന്നു. ഒരേ തൊഴിൽ, പരമ്പരയാ ഓരോ കുടുംബക്കാർ ചെയ്തുപോരുമ്പോൾ അവർ അതിൽ നൈപുണ്യം നേടുന്നു. ആ തൊഴിൽ തങ്ങളുടെ കുത്തകയായി അവർ ഗണിക്കുകയും, മറ്റുള്ളവരെ അതിൽനിന്നും അകറ്റിനിർത്താൻ നോക്കുകയും ചെയ്യുന്നു. അങ്ങനെ ഗുണകർമ്മങ്ങളനുസരിച്ച് ആരംഭിച്ച വർണ്ണവിഭജനം ജന്മകൃതമായി മാറി. അതുവഴി ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രജാതികൾ രൂപംകൊണ്ടു; വർണ്ണം ജാതിയായി'. മനുസ്മൃതി മറ്റൊരുരൂപത്തിൽ പറയുന്നതും ഇതൊക്കെതന്നെയാണ്.

ഇനി, ചാതുർവർണ്യസംബന്ധിയായ പുരാണേതിഹാസങ്ങളിലെ കുറച്ച് പരാമർശങ്ങൾ കാണുക. വർണ്ണവ്യവസ്ഥയെയും വിവേചനങ്ങളെയും ഊട്ടിയുറപ്പിക്കുന്നവതാണോ പൗരാണികഗ്രന്ഥങ്ങളിലെ പ്രതിപാദനങ്ങൾ എന്നു മനസ്സിലാക്കാൻ അത് സഹായിക്കും. ഒപ്പം,വർണ്ണവിവേചനത്തെകുറിച്ചുള്ള അവകാശവാദങ്ങൾ ബ്രാഹ്മണ്യത്തിന്റെ ദുർവ്യാഖ്യാനങ്ങളിലൂടെ ഉണ്ടായതാണെന്നും മനസ്സിലാകും.

ചാതുർവർണ്യചർച്ച: യക്ഷപ്രശ്നത്തിൽ

മഹാഭാരതത്തിലെ പതിനെട്ടു പർവ്വങ്ങളിൽ, വനപർവ്വം ശ്രദ്ധേയമാകുന്നത് യക്ഷപ്രശ്നം,നഹുഷപ്രശ്നം എന്നീ ആഖ്യാനങ്ങളുടെ സാമീപ്യംകൊണ്ടാണ്. ആ രണ്ടു സംവാദങ്ങളിലും ധാർമ്മികവിഷയങ്ങൾക്കൊപ്പം സാമൂഹികപ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുന്നു. ചാതുർവർണ്യമടക്കമുള്ള സാമൂഹിക കാര്യങ്ങളെ ധർമ്മവുമായി ബന്ധിപ്പിച്ച്, അവയുടെ ആധികാരികത ഉറപ്പിക്കാൻ പൗരോഹിത്യസമൂഹം ശ്രമിക്കുമ്പോൾ, ധർമ്മദേവന്റെ അവതാരമായ യുധിഷ്ഠിരന്റെ വാക്കുകളിലൂടെ ആ വാദങ്ങൾ പൊളിച്ചടുക്കുന്നു എന്നതാണ് ആ ഉപാഖ്യാനങ്ങളുടെ പ്രസക്തി. ജാതിബ്രാഹ്മണ്യം പറയുന്നതും നടപ്പിലാക്കാൻ ശ്രമിക്കുന്നതുമല്ല സനാതനശാസ്ത്രഗ്രന്ഥങ്ങളും അതിന്റെ സ്രഷ്ടാക്കളും വിഭാവനംചെയ്തതെന്ന് അതിലൂടെ സ്പഷ്ടീകരിക്കപ്പെടുകയാണ്. ഒപ്പം, വിവേചനങ്ങളുടെ നിരാകരണവും സംഭവിക്കുന്നു.

പാണ്ഡവരുടെ വനവാസത്തിന്റെ പതിമൂന്നാം വർഷത്തിൽ ഒരിയ്ക്കൽ, തന്റെ അരണിക്കോൽ ഒരു മാനിന്റെ കൊമ്പിലുടക്കിയെന്നും അതു വീണ്ടെടുത്തു കിട്ടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരു മുനി യുധിഷ്ഠിരനെ സമീപിച്ചു. മുനി ആവശ്യപ്പെട്ടതനുസരിച്ച്, ആ മാനിനെ തേടി പാണ്ഡവർ പുറപ്പെട്ടു. മാനിന്റെ കാൽപ്പാടുകൾനോക്കി പിന്തുടർന്ന അവർ ഒരു ഘോരവനത്തിൽ എത്തിച്ചേർന്നു.ഏറെനേരത്തെ അലച്ചിലിനെത്തുടർന്ന് യുധിഷ്ഠിരന് അത്യധികമായ ദാഹമനുഭവപ്പെട്ടു. സഹദേവൻ അടുത്തുള്ള ഉയരമേറിയ ഒരു വൃക്ഷത്തിൽ കയറി ചുറ്റും നോക്കിയപ്പോൾ, അധികം അകലെയല്ലാതെ ഒരു തടാകം സ്ഥിതിചെയ്യുന്നതായി കാണുകയും ഉടനെതന്നെ ജലം കൊണ്ടുവരാൻ പുറപ്പെടുകയും ചെയ്തു. സഹദേവൻ ആ ജലാശയത്തിൽനിന്നും ജലമെടുക്കാൻ തുനിഞ്ഞപ്പോൾ ഒരു ശബ്ദം കേട്ടു: "ഞാൻ ഈ ജലാശയത്തിൽ ചിരകാലമായി കഴിയുന്ന കൊക്കാണ്. ഈ ജലാശയം എന്റെ പൂർവ്വികസ്വത്താണ്. അതുകൊണ്ട് എന്റെ അനുവാദമില്ലാതെ ഇതിലെ ജലംകുടിച്ചാൽ നീ മരിച്ചുവീഴുന്നതാണ്". ആ വാക്കുകൾ വകവെക്കാതെ സഹദേവൻ ജലം എടുക്കുകയും ഉടൻതന്നെ മരിച്ചുവീഴുകയും ചെയ്തു. വളരെനേരം കഴിഞ്ഞിട്ടും

സഹദേവൻ തിരിച്ചുവരാത്തതുകൊണ്ട് നകുലൻ ജലാശയത്തിലേയ്ക്കു പോകുകയും, തന്റെ സഹോദരനെപ്പോലെ മരണമടയുകയും ഉണ്ടായി. പിന്നീട് അർജ്ജുനനും ഭീമനും അതേരീതിയിൽ തന്നെ മരണത്തിനിരയായി. അവസാനം, സഹോദരന്മാർക്ക് എന്തു സംഭവിച്ചെന്നു തിരക്കി യുധിഷ്ഠിരൻ തടാകത്തിനടുത്തു ചെല്ലുകയും കരയിൽ നിശ്ചേഷ്ടരായി കിടക്കുന്ന സഹോദരന്മാർ നാലുപേരെയും കാണുകയും ചെയ്തു. ദാഹിച്ചവശനായ യുധിഷ്ഠിരൻ തടാകത്തിൽനിന്ന് വെള്ളം കുടിക്കാൻ ഒരുങ്ങിയപ്പോൾ, നേരത്തെ മറ്റു പാണ്ഡവന്മാരോടു പറഞ്ഞതുപോലെ, ആ കൊക്ക് യുധിഷ്ഠിരനോടു തന്റെ അനുമതിയില്ലാതെ ആ സാഹസത്തിനു മുതിരരുതെന്ന് പറയുകയും; താനൊരു യക്ഷനാണെന്ന വസ്തുത വെളിപ്പെടുത്തുകയും ചെയ്തു. തന്റെ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം കൊടുത്തതിനുശേഷം വെള്ളം കുടിക്കുകയോ കൊണ്ടുപോകുകയോ ചെയ്യാമെന്നുപറഞ്ഞപ്പോൾ, യുധിഷ്ഠിരൻ യക്ഷന്റെ ചോദ്യങ്ങൾക്കു മറുപടി നൽകുവാൻ തയ്യാറായി. അതാണ് യക്ഷപ്രശ്നമെന്ന സംവാദത്തിനു പശ്ചാത്തലമായ സംഭവം.

യക്ഷരൂപമണിഞ്ഞ യമധർമ്മനും, ധർമ്മദേവന്റെ അവതാരമായ ധർമ്മപുത്രരും തമ്മിലുള്ള സംവാദരൂപത്തിൽ രചിക്കപ്പെട്ടിട്ടുള്ള യക്ഷപ്രശ്നം, ധാർമ്മികതയെ സംബന്ധിക്കുന്ന അതിഗഹനമായ 126 ചോദ്യങ്ങളും അവയ്ക്കുള്ള ഏറ്റവും ഉചിതമായ ഉത്തരങ്ങളുമാണ്. ധാർമ്മികതയെ അവലംബമാക്കിയുള്ള യമന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാനുള്ള യുധിഷ്ഠിരന്റെ യോഗ്യത ഉറപ്പാക്കുന്ന ഒരു സംഭവവും ഈ ഉപാഖ്യാനത്തിന്റെ അവസാനഭാഗത്തു കാണാം. തന്റെ ചോദ്യങ്ങൾക്കു യുധിഷ്ഠിരൻ പറഞ്ഞ ഉത്തരങ്ങൾ കേട്ടു തൃപ്തനായ യക്ഷൻ, യുധിഷ്ഠിരനോട് ഏതെങ്കിലുംഒരു അനുജനെ ജീവിപ്പിക്കാമെന്ന് ഉറപ്പേകിയപ്പോൾ നകുലനെ ജീവിപ്പിക്കാനാണ് യുധിഷ്ഠിരൻ ആവശ്യപ്പെട്ടത്. അത് യക്ഷനെ വളരെയധികം അമ്പരപ്പിച്ചു.ആയിരം ആനകളുടെ കരുത്തുള്ള ഭീമനെയും വില്ലാളിവീരനായ അർജ്ജുനനെയും ജീവിപ്പിക്കുവാനാവശ്യപ്പെടാതെ, നകുലനെ ജീവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് എന്തിനാണെന്ന് യക്ഷൻ തിരക്കി. യുധിഷ്ഠിരൻ ഇങ്ങനെ മറുപടിയേകി: "ഞാൻ വളരെ ധർമ്മനിഷ്ഠയുള്ള ഒരു രാജാവാണ്. ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മം രക്ഷിക്കുകയും അതിനെ ഹനിക്കുന്നവനെ അതു ഹനിക്കുകയും ചെയ്യും എന്നു എനിക്കറിയാം. എനിക്ക് രണ്ടമ്മമാരുണ്ട് –കുന്തിയും മാദ്രിയും. അവർ രണ്ടു പേരും എനിക്ക് ഒരുപോലെ പ്രിയപ്പെട്ടവരാണ്. ഇപ്പോൾ, കുന്തിയുടെ മൂത്തപുത്രനായ ഞാൻ ജീവിച്ചിരിപ്പുണ്ട്. എന്നാൽ, മാദ്രിയുടെ രണ്ടു മക്കളും മരിച്ചുകഴിഞ്ഞു. അതുകൊണ്ട് മാദ്രിയുടെ ആദ്യജാതനായ മകൻ നകുലൻ ന്യായമായും ജീവിക്കേണ്ടതാണ്". സകലശാസ്ത്രവിശാരദനായ ഒരാൾക്ക്, ഏതു ചോദ്യത്തിനും നൊടിയിടയിൽ ഉത്തരം നൽകാൻ കഴിയും. എന്നാൽ, ജീവിതത്തിലെ ഏറെ സന്ദിഗ്ദ്ധമായ ഒരു ഘട്ടത്തിൽ, ശരിയായ ധർമ്മം എന്താണെന്നു തിരിച്ചറിയുകയെന്നത് പ്രയാസമുള്ള കാര്യമാണ്. യക്ഷപ്രശ്നം ലോകർക്കു പകർന്നു തരുന്ന അപാരമായ അറിവ് അതുതന്നെയാണ്. ആ ധാർമ്മികതക്ക് അടിവരയിടുന്നതിനുവേണ്ടിയാണ് സന്തുഷ്ടനായ യമധർമ്മൻ, ധർമ്മപുത്രരുടെ നാലു സഹോദരന്മാർക്കും ജീവൻ നൽകി അനുഗ്രഹിക്കുന്നത്.ആ കഥ സംഗ്രഹിച്ച് സൂചിപ്പിച്ചത് ധർമ്മപുത്രരുടെ ധാർമ്മിക

ഔന്നത്യവും ബുദ്ധികൂർമ്മതയും ധർമ്മശാസ്ത്രജ്ഞാനവും വ്യക്തമാക്കുന്നതിനാണ്; ആ സംവാദത്തിന്റെ ആധികാരികത ഉറപ്പിക്കുന്നതിനാണ്.

യക്ഷപ്രശ്നത്തിലെ ൭൭ആം ശ്ലോകത്തിൽ യക്ഷൻ ധർമ്മപുത്രരോട് ചോദിക്കുന്നു: 'ജനിച്ച കുലം, പ്രവൃത്തി, സ്വാദ്ധ്യായം(ശാസ്ത്രപഠനം), അറിവ് എന്നിവയിൽ ഏതു കൊണ്ടാണ് ബ്രാഹ്മണ്യമുണ്ടാകുന്നത് എന്നു നിശ്ചയിച്ചു പറയുക'. അതിനു ധർമ്മദേവന്റെ അംശാവതാരമായ യുധിഷ്ഠിരന്റെ കൃത്യതയാർന്ന ഉത്തരം ഇപ്രകാരമാണ്: "ബ്രാഹ്മണ്യത്വത്തിനു കാരണം കുലമോ സ്വാദ്ധ്യായമോ അറിവോ അല്ല. വൃത്തിതന്നെയാണ് ആധാരമെന്ന കാര്യത്തിൽ സംശയമില്ല"(കുലം താത ന സ്വാദ്ധ്യായോ ന ച ശ്രുതം കാരണം ഹി ദ്വിജതേ വൃത്തമേവ ന സംശയഃ). ഇവിടെ, പ്രവൃത്തി കർമ്മത്തെ സൂചിപ്പിക്കുന്നു; കുലം ജന്മത്തെയും. ജന്മമഹിമയാണോ കർമ്മങ്ങളിലെ മഹത്വമാണോ ബ്രാഹ്മണ്യത്തിന് ആധാരമെന്നാണ് ചോദ്യത്തിന്റെ അർത്ഥം. ജന്മമഹിമയല്ല കർമ്മമഹത്ത്വമാണ് ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനമെന്ന കാര്യത്തിൽ തനിക്ക് ഒരു സംശയവുമില്ലെന്ന് യുധിഷ്ഠിരൻ മറുപടി പറയുമ്പോൾ, വേദവ്യാസൻ ആവർത്തിക്കുന്നത് കർമ്മങ്ങളുടെ സ്വഭാവം(ഗുണം) അടിസ്ഥാനമാക്കിയാണ് ചാതുർവർണ്യം സൃഷ്ടിക്കപ്പെട്ടത് എന്ന ഗീതാവചനമാണ്. വ്യാസൻ ധർമ്മദേവനെക്കൊണ്ട് ലോകത്തോടു പറയിച്ച ആ സത്യംതന്നെയാണ് പരമസത്യം.

ചാതുർവർണ്യചർച്ച: നഹുഷപുരാണത്തിൽ

വനവാസകാലത്ത്, യമുനാപർവതപ്രദേശത്തെ വിശാഖയൂപം എന്ന സ്ഥലത്ത് ഒരു കൊല്ലം പാണ്ഡവർ താമസിച്ചു. ആ താമസത്തിനിടയിൽ, ഭീമസേനനെ ഒരു പെരുമ്പാമ്പു പിടിച്ചു. വലുപ്പത്തിൽ മാത്രമല്ല, വിഷവമനശക്തിയിലും കേമനായിരുന്നു ആ പാമ്പ്. പാമ്പിന്റെ സ്പർശമേറ്റ മാത്രയിൽ വിഷംതീണ്ടിയ ഭീമൻ ഓജസ്സറ്റവനായിവീണു. ആ സന്ദർഭത്തിലാണ് ഭീമനെ തേടി യുധിഷ്ഠിരൻ അവിടെ എത്തിയത്. പാമ്പിന്റെ വിശപ്പടക്കാനുള്ള ആഹാരം വേറെതരാമെന്നും തന്റെ സഹോദരനെ മോചിപ്പിക്കണമെന്നും യുധിഷ്ഠിരൻ അഭ്യർത്ഥിച്ചു. തന്റെ ഇരയാണ് വായിലകപ്പെട്ടതെന്നും അതിനെ ഉപേക്ഷിക്കാനാകില്ല എന്നുമായി സർപ്പം. ധർമ്മപുത്രരുടെ ആവർത്തിച്ചുള്ള ആവശ്യത്തിനൊടുവിൽ, താനുന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞാൽ ഭീമനെ മോചിപ്പിക്കാമെന്ന് സർപ്പം സമ്മതിച്ചു. താൻ കുരുപരമ്പരയുടെ പ്രപിതാമഹനായ നഹുഷനാണെന്നും അഗസ്ത്യമുനിയുടെ ശാപഫലമായാണ് പെരുമ്പാമ്പായി മാറിയതെന്നും പാമ്പ് അറിയിച്ചു. നാഗരൂപിയായ നഹുഷന്റെ ചോദ്യങ്ങൾക്കു യുധിഷ്ഠിരൻ നൽകിയ യുക്തിഭദ്രമായ മറുപടികളാണ് നഹുഷപുരാണമെന്നപേരിൽ അറിയപ്പെടുന്നത്.[പ്രപിതാമഹൻ=മുത്തച്ഛൻറെ അച്ഛൻ].

അഗസ്ത്യമഹർഷിയുടെ ശാപത്തിൽനിന്നും മോചിതനാകാനുള്ള വരമായിരുന്നു നഹുഷന് ആ ധർമ്മപുത്രസമാഗമവും സംവാദവും. എങ്കിലും, ചാതുർവർണ്യത്തിന്റെയും കുലമഹിമാചിന്തകളുടെയും സർപ്പദംശത്തിൽനിന്നും മോചനംനേടാൻ ഉതകുന്ന അറിവു പകരുകയാണ് വ്യാസമുനി ആ ആഖ്യാനത്തിലൂടെ. അറിയേണ്ടതെന്ത്? സുഖദുഃഖസമ്മിശ്രമല്ലാത്ത മനുഷ്യജീവിതമുണ്ടോ? ഇന്ദ്രിയ-മനോബുദ്ധികൾ എങ്ങനെയാണു പ്രവർത്തിക്കുന്നത്? ദാനം, സത്യം ഇവയിൽ മഹത്വമേതിന്?

പ്രിയം, അഹിംസ ഇവയിലേതാണു വലുത്? മോക്ഷപ്രാപ്തിയ്ക്കുള്ള കർമ്മമാർഗ്ഗമെന്ത്? എന്നീ ധാർമ്മികപ്രശ്നങ്ങൾക്കൊപ്പം, ആരാണ് ബ്രാഹ്മണൻ? കർമ്മമഹിമയാണോ ജന്മഗരിമയാണോ മഹത്വത്തിന് ആധാരം? വർണ്ണവ്യത്യാസം എന്തുകൊണ്ടു സംഭവിച്ചു? എന്നീ സാമൂഹികവിഷയങ്ങളും അവിടെ സംവദിക്കപ്പെട്ടു. ജന്മമഹിമയല്ല; കർമ്മമഹത്വമാണ് വർണ്ണവ്യവസ്ഥയുടെ അടിസ്ഥാനം എന്ന് യുധിഷ്ഠിരൻ ഉത്തരംനൽകുന്നു. ആയതിനാൽ, ആരാണോ സ്വകർമത്തെ പ്രപഞ്ചശ്രേയസ്സിനുള്ള യജ്ഞമാക്കിമാറ്റുന്നത് അവനാണ് ബ്രാഹ്മണൻ. അഹിംസാമാർഗ്ഗത്തിലൂടെ സത്യം ഗ്രഹിക്കുന്നവനാണു ബ്രാഹ്മണൻ. ലോകഭോഗ-മിതവ്യയമത്രേ അഹിംസ. ധർമ്മദേവന്റെ അവതാരമായ ധർമ്മപുത്രരുടെ നാവിലൂടെ ലോകം കേൾക്കുന്ന ആ ഉത്തരങ്ങൾ ചാതുർവർണ്യപ്രശ്നത്തിലെ അവസാനവാക്കു തന്നെയാണ്. മനുഷ്യരായി ജനിച്ചവരെല്ലാം മനുഷ്യരാണെന്നും, ജന്മംകൊണ്ട് ആരും മഹത്വം നേടുന്നില്ല എന്നുമാണ് അർത്ഥം. സമസ്ത ചരാചരങ്ങളും ഒരേ പരമാത്മശക്തിയിൽനിന്നാണ് ജന്മംകൊണ്ടതെന്ന പരമസത്യത്തിന്റെ പ്രഖ്യാപനമാണത്.

മഹാഭാരതത്തിലെ ചാതുർവർണ്യോത്പത്തിവർണ്ണന

ഈ മന്വന്തരത്തിലെ പ്രഥമ മനുഷ്യനായ വൈവസ്വതമനുവിന് ഇക്ഷ്വാകു, നാഭാഗൻ, ധൃഷ്ണു, ശര്യാതി, നാരിഷ്യൻ, പ്രാശു, നാഭാഗാരിഷ്ടൻ, കരുഷൻ, പൃഷദ്ധ്രൻ എന്നിങ്ങനെ ഒൻപതു മക്കളായിരുന്നു. കൂടാതെ, യജ്ഞത്തിൽനിന്നു സ്ത്രീയായി ജനിച്ച്, പിന്നീട് പുരുഷനായിമാറിയ സുദ്യുമ്നനെന്ന(ഇള) മകനുമുണ്ടായിരുന്നു. മനു തന്റെ സാമ്രാജ്യം പത്തായി പകുത്ത് മക്കളെ വാഴിച്ചു. അവരിൽ, നാഭാഗന്റെ പരമ്പര ബ്രാഹ്മണരായിഎന്നും നാഭാഗാരിഷ്ടന്റെ മക്കൾ വൈശ്യരായെന്നും ബ്രാഹ്മണശാപമേറ്റു ശൂദ്രനായതിനാൽ പൃഷദ്ധ്രന്റെ പരമ്പര ശൂദ്രരായെന്നും മറ്റുള്ളവർ ക്ഷത്രിയരായി തുടരുന്നുവെന്നും മഹാഭാരതത്തിന്റെ ഭാഗമായ ഹരിവംശപർവ്വത്തിലെ ധുന്ധുമാരണമെന്ന അധ്യായത്തിൽ പറയുന്നു. അങ്ങനെയാണ് നാം ജീവിക്കുന്ന ഈ മന്വന്തരത്തിൽ പല വർണ്ണികളുണ്ടായത് എന്നാണ് മഹാഭാരതഭാഷ്യം.

ചാതുർവർണ്യവിഭജനവുമായി ബന്ധപ്പെട്ട ഈ കഥ, മനുഷ്യന്റെ യുക്തിക്കു നിരക്കുന്നതും ചരിത്രവസ്തുതകളുമായി സാമ്യമുള്ളതുമാണ്. വൈവസ്വതമനുവിനു യജ്ഞഫലമായുണ്ടായ മക്കൾതന്നെയാണ് വിവിധ സാഹചര്യങ്ങളിൽ വിഭിന്നവർണ്ണികളായി മാറിയത് എന്നു വ്യാസനെഴുതുമ്പോൾ അതുതന്നെയാണല്ലോ എല്ലാ രീതിയിലും വിശ്വാസയോഗ്യം. മനുഷ്യവംശത്തിന്റെ ഉത്ഭവത്തെപ്പറ്റി മഹാഭാരതം പ്രസ്താവിക്കുന്ന ഈ സിദ്ധാന്തം, ജന്മത്തിന്റെ അടിസ്ഥാനത്തിലല്ല ജീവിതരീതികൾ അവലംബമാക്കിയാണ് വ്യത്യസ്ത വർണ്ണങ്ങൾ ഉടലെടുത്തത് എന്നാണല്ലോ സമർത്ഥിക്കുന്നത്. ഒരേ രക്തത്തിൽനിന്നുമുള്ള മനുഷ്യവംശത്തിന്റെ ഉത്ഭവം പ്രഖ്യാപിക്കുന്ന ഈ പരാമർശം, പവിത്രരക്ത-പതിതരക്തസിദ്ധാന്തത്തെ പടിക്കുപുറത്താക്കുന്നതാണല്ലോ. ഈ മന്വന്തരത്തിലെ ആദിമ മനുഷ്യനായ മനുവിന്റെ സന്താനങ്ങൾക്ക്, പല ജീവിതവഴികളിലൂടെ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായതുകൊണ്ട്, അവർ വ്യത്യസ്ത വർണ്ണികളായി. എന്നാൽ, യുഗങ്ങൾക്കുമുമ്പു ജീവിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്ന മറ്റൊരു മനുവിന്റെ പേരിൽ മനുഷ്യരു

ണ്ടാക്കിയ സ്മൃതിനിയമങ്ങൾ, ആ സ്വാതന്ത്ര്യം റദ്ദാക്കി വൈവസ്വതമനുവിന്റെ പിൻതലമുറകളെ തരംതിരിച്ചു തമ്മിലകറ്റി. ഒരേ രക്തത്തിൽ പിറന്ന മനുവിന്റെ മക്കളിൽ ചിലർ മാത്രം പരിശുദ്ധരും, മറ്റുള്ളവർ പതിതരുമായത് എങ്ങനെയെന്നു വ്യക്തമാക്കാൻ, അതിനാൽ വംശവിശുദ്ധിവാദികൾക്കു ബാദ്ധ്യതയുണ്ട്.

ചാതുർവർണ്യചർച്ച: അദ്ധ്യാത്മരാമായണത്തിൽ

അദ്ധ്യാത്മരാമായണത്തിലെ ഉത്തരകാണ്ഡത്തിന്റെ അഞ്ചാം സർഗ്ഗമായ രാമഗീതയിൽ, കടൽപോലെ അഗാധവും അപാരവുമായ അജ്ഞത മറികടക്കാൻ പറ്റിയ അനുഷ്ഠാനം എന്താണെന്ന ലക്ഷ്മണന്റെ സംശയത്തിനുള്ള മറുപടിയായി ശ്രീരാമൻ പറയുന്നു: "ആദ്യം കർമ്മയോഗാനുഷ്ഠാനത്തിലൂടെ മനസ്സിനെ ശുദ്ധമാക്കിത്തീർക്കുകയാണ് വേണ്ടത്.ഈശ്വരപ്രീതിക്കുവേണ്ടി വർണ്ണാശ്രമധർമ്മങ്ങൾ ഫലകാംക്ഷ കൂടാതെ അനുഷ്ഠിക്കുന്നതാണ് കർമ്മയോഗം. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവയാണ് നാലുവർണ്ണങ്ങൾ. മനസ്സിന്റെ സംസ്കാരമനുസരിച്ചാണ് വർണ്ണം ഉണ്ടാകുന്നത്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിവയത്രെ നാല് ആശ്രമങ്ങൾ. താൻ ഏതു വർണ്ണത്തിലും ആശ്രമത്തിലും ഉൾപ്പെടുന്നവനാണെന്ന് അവനവനാണു നിശ്ചയിക്കേണ്ടത്. വർണ്ണാശ്രമധർമ്മം അനുഷ്ഠിക്കുന്നതിലൂടെ മനസ്സ് സത്വഗുണപ്രധാനമായിത്തീരും.മാനസം ശുദ്ധമായിക്കഴിഞ്ഞാൽ ജ്ഞാനപ്രാപ്തിയ്ക്കുള്ള അനുഷ്ഠാനം മനസ്സിലാക്കാനായി ഗുരുവിനെ ആശ്രയിക്കണം".അതായത്, ജ്ഞാനപ്രാപ്തിയ്ക്കുള്ള യോഗ്യത കുലവിശുദ്ധിയല്ല; മനഃശുദ്ധിയാണെന്നാണ് ശ്രീരാമൻ സാക്ഷ്യപ്പെടുത്തുന്നത്.

ശ്രീരാമന്റെയും വാല്മീകിയുടെയും ദർശനം അതാണെങ്കിലും, അവർ മനസ്സിൽ നിരൂപിക്കുകപോലുംചെയ്യാത്ത വിരുദ്ധവഴിയിലൂടെയാണ് പില്ക്കാലത്ത് ചാതുർവർണ്യം സഞ്ചരിച്ചത്. ആ പാളംതെറ്റലുകളുടെ പേരിൽ പഴികേൾക്കേണ്ടിവന്നവരുടെ പട്ടികയിൽ ആദ്യസ്ഥാനക്കാരായി അവരും ഉണ്ട് എന്നതാണു വൈപരിത്യം. വർണ്ണാശ്രമധർമ്മങ്ങൾ ഫലകാംക്ഷ കൂടാതെ അനുഷ്ഠിക്കുന്നതാണ് ഈശ്വരപ്രീതിക്കുള്ള മാർഗ്ഗം എന്ന സന്ദേശം സ്മൃതികളിലടക്കം പല ഗ്രന്ഥങ്ങളിലും കാണാനാകും. പക്ഷേ, മനസ്സിന്റെ സംസ്കാരത്തിനനുസരിച്ചാണ് വർണ്ണങ്ങളുണ്ടാകുന്നതെന്നും, താൻ ഏത് വർണ്ണത്തിൽ ഉൾപ്പെടുന്നവനാണെന്ന് അവനവനാണ് തീരുമാനിക്കേണ്ടതെന്നും ഒരുസ്മൃതിയിലും കാണാനാകില്ല.ആദ്ധ്യാത്മികഗ്രന്ഥങ്ങളിൽ നിന്നും മനുഷ്യനിർമ്മിത സ്മൃതികളിലേക്കുള്ള ദൂരം അത്രമാത്രമുണ്ട്.

ചാതുർവർണ്യവ്യവസ്ഥിതിയും ചതുരാശ്രമവ്യവസ്ഥയും

ഭാരതസംസ്കാരത്തിന്റെ മൂലാധാരമായി ആചാര്യന്മാർ ആവിഷ്കരിച്ചിട്ടുള്ളത് ചതുരാശ്രമവ്യവസ്ഥയെയാണ്.സമ്പൂർണ്ണമായ ആദ്ധ്യാത്മികവീക്ഷണവും കൃത്യമായ ജീവിതലക്ഷ്യവും നേടാൻ മനുഷ്യരെ പ്രാപ്തരാക്കുന്ന കർമ്മപദ്ധതിയായാണ് അതു വിഭാവനം ചെയ്തിട്ടുള്ളത്. എങ്കിലും, ചതുരാശ്രമവ്യവസ്ഥയെ 'വർണ്ണാശ്രമവ്യവസ്ഥ'യെന്ന പൊതുസംജ്ഞയുടെ ഭാഗമാക്കി പരിവർത്തനം ചെയ്തതോടെ, ആശ്രമവ്യവസ്ഥ തമസ്കരിക്കപ്പെടുകയും വർണ്ണവ്യവസ്ഥ അമിതപ്രാധാന്യം നേടുകയുമുണ്ടായി. സംസ്കാരമെന്ന പദത്തിന്റെ അർത്ഥം ശുദ്ധീകരണമെന്നാണ്.

ആദ്ധ്യാത്മികത വ്യക്ത്യാധിഷ്ഠിത വിഷയമായതിനാൽ, വൈയക്തികശുദ്ധീകരണമാണ് പരമപ്രധാനം. എന്നാൽ, ചില വ്യാഖ്യാതാക്കൾ സംസ്കാരത്തെ സാമൂഹ്യശുദ്ധിയായി മാറ്റിയെഴുതിയതോടെ, ചാതുർവർണ്യവ്യവസ്ഥിതി പ്രധാന ഘടകമായിത്തീർന്നു.ചാതുർവർണ്യം വിഭജനങ്ങളുടെയും ഒറ്റപ്പെടുത്തലിന്റെയും ഉപാധിയായി മാറി. ചിലർ ശുദ്ധരും മറ്റുള്ളവർ അശുദ്ധരുമാകുന്ന അവസ്ഥയുണ്ടായി. അതോടെ ജനിച്ച വർണ്ണം ശുദ്ധിയളക്കുന്ന മാനദണ്ഡവുമായി.

ബ്രഹ്മചര്യം,ഗാർഹസ്ഥ്യം,വാനപ്രസ്ഥം,സന്യാസം എന്ന ഘട്ടംഘട്ടമായി ഉള്ള ഉന്നമനം ഉദ്ബോധിപ്പിക്കുന്ന ചതുരാശ്രമവ്യവസ്ഥ, ഈശ്വരാഭിമുഖമായ ജീവിതരീതിയാണ്. ബാല്യത്തിൽ, ജീവിതം എന്തെന്നും എന്തിനെന്നും എങ്ങനെ ജീവിക്കണമെന്നും പഠിക്കുന്ന ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിക്കുന്നു. ബ്രഹ്മചര്യം കേവലമായ വേദശാസ്ത്രപഠനമല്ല. ആചാര്യനോടൊപ്പം ജീവിച്ചും ആചരിച്ചും ജീവനകല പഠിക്കലാണ്. ബ്രഹ്മചര്യനിഷ്ഠ,ഏകാഗ്രത, വിനയം,മനഃശക്തി, ജ്ഞാനശക്തി,സമർപ്പണഭാവം എന്നീ അടിസ്ഥാനഗുണങ്ങളിൽ അടിയുറച്ച വ്യക്തിത്വം വികസിപ്പിച്ചെടുക്കലാണ്-അടുത്ത മൂന്ന് ആശ്രമങ്ങൾക്കുള്ള അടിത്തറയൊരുക്കലാണ്-ബ്രഹ്മചര്യാശ്രമത്തിന്റെ ലക്ഷ്യം. തുടർന്നുവരുന്ന, വിവാഹിതനായി കുടുംബജീവിതം നയിക്കുന്ന ഗാർഹസ്ഥ്യവും രാജ്യഭരണം ഗൃഹഭരണം എന്നിവ പിൻഗാമികളെ ഏൽപ്പിച്ചു കാട്ടിലോ ഗൃഹത്തിനു പുറത്തോ താമസിച്ച് ധ്യാനത്തിലേർപ്പെടുന്ന വാനപ്രസ്ഥവും, സർവ്വവും ഉപേക്ഷിച്ചു ആശ്രമവാസിയായിത്തീരുന്ന സന്യാസവും ചേർന്നതാണ് ചതുരാശ്രമവ്യവസ്ഥ. ഗൃഹസ്ഥാശ്രമം പോലും ഈശ്വരീയമായ ആശ്രമം തന്നെയായാണ് വിവക്ഷിക്കപ്പെട്ടിട്ടുള്ളത്. സമൂഹത്തിന്റേയും കുടുംബത്തിന്റേയും അതിജീവനം ഗൃഹസ്ഥാശ്രമികളിലാണ് എന്നതും, ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി എന്നിവർ ഗൃഹസ്ഥനെ ആശ്രയിച്ചാണു ജീവിക്കുന്നത് എന്നതുമാണ് അതിന്റെ പ്രസക്തി. ബ്രാഹ്മണൻ,ക്ഷത്രിയൻ,വൈശ്യൻ എന്നീ വർണ്ണങ്ങളിലെ പുരുഷന്മാർക്കു മാത്രമാണ് ആശ്രമവ്യവസ്ഥ നിഷ്കർഷിച്ചിരുന്നത്. വേദാഭ്യാസത്തിന് 'അധികാരമില്ലാതിരുന്ന' മറ്റുള്ളവരും വനിതകളും ആ ആശ്രമങ്ങൾ പാലിക്കേണ്ടതില്ല എന്നതായിരുന്നു സ്ഥിതി. പൊതുവേ നിയമകല്പിതമായ ബ്രഹ്മചര്യത്തിനും സർവ്വർക്കും സ്വീകാര്യമായ ഗാർഹസ്ഥ്യത്തിനും അപ്പുറം, വാനപ്രസ്ഥവും സന്യാസവും സ്വീകരിക്കാൻ എത്ര ത്രൈവർണ്ണികൾ തയ്യാറായിട്ടുണ്ട് എന്നത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. ബ്രഹ്മചര്യം അനുഷ്ഠിക്കാൻ നിർബന്ധിതരായവരിൽതന്നെ എത്രപേർ അത് നിഷ്കർഷിക്കുന്ന നിബന്ധനകൾ പൂർണ്ണാർത്ഥത്തിൽ അനുസരിച്ചുകൊണ്ട് ആ മാർഗ്ഗങ്ങളിൽ മുന്നേറിയിട്ടുണ്ട് എന്നതും ചിന്തനീയമാണ്. ആ ചോദ്യങ്ങൾക്കു കിട്ടുന്ന ഉത്തരങ്ങൾ തന്നെയാണ് ചാതുർവർണ്യവ്യവസ്ഥ പ്രാധാന്യം നേടിയതിന്റെയും ചതുരാശ്രമവ്യവസ്ഥ അപ്രസക്തമായതിന്റെയും സത്യസന്ധമായ പ്രേരണ. രാജ്യഭരണവും ഗൃഹഭരണവും കയ്യൊഴിഞ്ഞ് സ്വീകരിക്കുന്ന വാനപ്രസ്ഥത്തിന്റെയും എല്ലാംത്യജിച്ച് കൈക്കൊള്ളുന്ന സന്യാസത്തിന്റെയും മാർഗ്ഗങ്ങളേക്കാൾ നന്ന്, സമൂഹത്തിനുമേൽ അധികാരവും ആധിപത്യവും ഉറപ്പാക്കുന്ന വിഭജനതന്ത്രമാണെന്നു തോന്നിയിട്ടുണ്ടാകാം. പരസ്പരവിരുദ്ധമായ അവ ഒരു തട്ടിൽ അളക്കുന്നതിന്റെ ഉദ്ദേശ്യം ആശയക്കുഴപ്പം ഉണ്ടാക്കലായിരുന്നു.

പുരാണകഥകളിലൊക്കെ പൊതുവെ കണ്ടുവരുന്ന ഒരു പ്രവണതയാണ്, രാജാക്കന്മാരുടെ മുഖ്യധർമ്മമായി വർണ്ണാശ്രമധർമ്മങ്ങളുടെ സംരക്ഷണവും നടത്തിപ്പും നിഷ്കർഷിക്കപ്പെടുന്നത്. വർണ്ണധർമ്മങ്ങൾ തെറ്റാതെ നോക്കാനുള്ള കടമ രാജാവിൽ നിയോഗിക്കപ്പെട്ടതോടെയാണ് സമൂഹത്തെ മിശ്രണം സാധ്യമല്ലാത്ത തട്ടുകളായി വിഭജിച്ച ബ്രാഹ്മണ്യതന്ത്രം പൂർണ്ണതോതിൽ വിജയിച്ചത്. ഒരേ സമയം അതു രാജധർമ്മവും, രാജ്യത്തിന്റെ നിലനിൽപ്പിന്റെ വിഷയവും, രാജകുടുംബത്തിനു മോക്ഷം ഉറപ്പാക്കുന്ന മാർഗ്ഗവുമാക്കി മാറ്റപ്പെട്ടു. ഭക്തിയുടെ പ്രാധാന്യം പ്രഖ്യാപിക്കുന്ന ഭാഗവതത്തിൽപോലും കാണാകുന്ന ആദ്ധ്യാത്മികതസംബന്ധിച്ച ഉപദേശങ്ങളിൽ വർണ്ണധർമ്മങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം തിരുകിച്ചേർത്തിട്ടുണ്ട്. അത്മജ്ഞാനത്തിലൂടെ ജനിമൃതികൾക്കപ്പുറത്തുള്ള ഭഗവത്പഥത്തിലലിയുവാൻ ഒരാളെ പ്രാപ്തമാക്കുന്ന ആശ്രമധർമ്മത്തിന് (ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം) ശരിയായ ജീവിതചര്യയെന്ന നിലയിൽ മോക്ഷപാതയിൽ പ്രാധാന്യമുണ്ടാകാം. പക്ഷേ, സാമൂഹ്യവിഷയമായ വർണ്ണവ്യവസ്ഥ സംരക്ഷിക്കുന്നത് എന്ത് ആദ്ധ്യാത്മികഔന്നത്യമാണ് ഉറപ്പാക്കുന്നത്?അസ്ഥാനത്തുള്ള അത്തരം തിരുകിക്കയറ്റലുകളെ തുറന്നുകാണിക്കുന്ന ഒരു ഉദാഹരണം കാണാം:

പ്രാചീനബർഹിസ്സെന്ന മഹായോഗിക്ക്, ഒരേ ആകൃതിയും സ്വഭാവവും മാനസികനിലയുമുള്ള പത്ത് പുത്രന്മാർ ഉണ്ടായിരുന്നു. പ്രചേതസ്സുകൾ എന്നറിയപ്പെട്ടിരുന്ന അവർ ഹരിപ്രസാദം സമ്പാദിക്കുന്നതിനായി തപസ്സനുഷ്ഠിക്കുന്ന വേളയിൽ, ഒരു തടാകക്കരയിൽവെച്ച് ഒരിക്കൽ പരമേശ്വരനെ കണ്ടുമുട്ടി. പ്രചേതസ്സുകളോടുള്ള ഭഗവാന്റെ സംഭാഷണം ആരംഭിക്കുന്നത് ഇപ്രകാരമാണ്: 'നിങ്ങൾ വാസുദേവനെ ഫലകാംക്ഷകൂടാതെ ഭജിക്കുന്നവരായതുകൊണ്ട് എനിക്ക് പ്രിയപ്പെട്ടവരാണ്. വർണ്ണാശ്രമധർമ്മം നൂറു ജന്മം കൃത്യമായി അനുഷ്ഠിച്ചാൽ നിങ്ങൾ ബ്രഹ്മലോകം പ്രാപിക്കും. അതാണ് കർമ്മത്തിന്റെ മാർഗ്ഗം'(ഭാഗവതം, സ്കന്ധം:നാല്,അധ്യായം:24). തുടർന്ന്, പരമേശ്വരൻ വാസുദേവമാഹാത്മ്യം വിശദമാക്കി അവർക്കു മന്ത്രദീക്ഷ കൊടുത്തു. ഹരിപ്രസാദം നേടാൻ തപസ്സുചെയ്യാൻ ഒരുങ്ങുന്നവരോടാണ് ഈ വർണ്ണാശ്രമധർമ്മോപദേശം എന്നത് ശ്രദ്ധിക്കുക. ഇതുപോലെ, അസ്ഥാനത്തുകൂട്ടിച്ചേർത്ത വർണ്ണചിന്തകൾക്കപ്പുറത്തുള്ള വർണ്ണവിവേചനമൊന്നും പൗരാണിക കൃതികളിൽ കാണാനാകില്ല. ആര്യാധിനിവേശത്തിനും സ്മൃതിനിയമങ്ങൾക്കും മുമ്പു രചിക്കപ്പെട്ടതാണ് പുരാണേതിഹാസങ്ങളെന്ന അനുമാനത്തിന്റെ കാതൽ അതാണ്. അത്തരത്തിൽ അസ്ഥാനത്തു കാണാനാകുന്ന കളകളൊക്കെ പിൽക്കാലത്തുണ്ടായ കൂട്ടിച്ചേർക്കലുകളാകാനാണു സാധ്യത. പക്ഷേ, ജാതിബ്രാഹ്മണ്യത്തിന്റെ അപ്രമാദിത്വം സ്ഥാപിച്ചെടുക്കാനും അന്യവർണ്ണികളെ ഇകഴ്ത്തിക്കാണിക്കാനും ശ്രമിക്കുന്ന അനവധി പുസ്തകങ്ങൾ പിൽക്കാലത്ത് -കഴിഞ്ഞ കുറച്ചു നൂറ്റാണ്ടുകളിലായി- ആര്യബ്രാഹ്മണർ രചിച്ചിട്ടുണ്ട്. ധർമ്മസൂത്രങ്ങൾ, തന്ത്രഗ്രന്ഥങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. സംസ്കൃതത്തിൽ രചിക്കപ്പെട്ടു എന്നതിനപ്പുറം ആധികാരികതയൊന്നും ആ കൃതികൾക്കില്ല. അതുകൊണ്ടുതന്നെ, അവയിലെ പ്രതിപാദനങ്ങളെ ആസ്പദമാക്കി, അവയാണ് സനാതനധർമ്മത്തിന്റെ പ്രതീകങ്ങൾ എന്ന് വിലയിരുത്തുന്നത് ശരിയല്ല. അവ ജാതിബ്രാഹ്മണ്യാപദാനങ്ങൾ മാത്രമാണ്.

ജാതിവ്യവസ്ഥിതി: വിവേകാനന്ദവീക്ഷണം

'ഒരാൾക്ക് കൂടുതലുയർന്ന ഒരു സാമൂഹികാവസ്ഥയിലെത്തണമെങ്കിൽ, സ്വജാതി തന്നെ ഉയരണം; വ്യക്തിപരമായ നേട്ടങ്ങൾകൊണ്ട് സാധ്യമല്ല എന്നതാണ് ഇന്ത്യൻ ജാതിവ്യവസ്ഥിതി ഒരുക്കുന്ന ചക്രവ്യൂഹസമാനമായ സാഹചര്യം'എന്ന് സ്വാമിവിവേകാനന്ദൻ നിരീക്ഷിച്ചിട്ടുണ്ട്. അതോടൊപ്പം, 'വിവേകാനന്ദസാഹിത്യസർവ്വസ്വ' ത്തിലെ, ആര്യന്മാരും തമിഴരും എന്ന അധ്യായത്തിൽ സ്വാമികൾ' വർണ്ണവ്യവസ്ഥ അല്ലെങ്കിൽ, ജാതിവിഭജനത്തിന്റെ ഉത്ഭവവുമായി ബന്ധമുള്ള തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.ഭാരതം നരവംശശാസ്ത്രീയമായ ഒരു കാഴ്ചബംഗ്ലാവ് തന്നെയാണെന്നും, അറിയപ്പെടുന്ന ഏതാണ്ടെല്ലാ മനുഷ്യ ജാതികളും, ഇനിയുമറിയപ്പെടാത്ത കുറെയേറെ ജാതിക്കാരും അതാതു കാലങ്ങളിൽ അതിൽ വന്നുചേരുകയുണ്ടായെന്നും സ്വാമി പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ, 'ഇപ്പോഴും പരുവപ്പെട്ടിട്ടില്ലാത്ത ആ മനുഷ്യമഹാസാഗരത്തിൽ, പൊങ്ങിത്തിളച്ചു സദാമാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ജാതികല്ലോലങ്ങളുടെ ഉയർച്ചയും താഴ്ചയുമായാണ് ഭാരതചരിത്രം അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളത്. പ്രകൃതിയുടെ ഈ ഭ്രാന്തിനിടയ്ക്ക്, മല്ലടിച്ചുവന്ന ചേരികളിലൊന്ന് ഒരു ഉപായം കണ്ടുപിടിച്ചു. അതിന് സ്വസംസ്കാരത്തിന്റെ പ്രാബല്യത്തിലൂടെ ഭാരതീയജനതയുടെ ഏറ്റവും വമ്പിച്ച ഒരു വിഭാഗത്തെ സ്വാധീനിക്കാൻ സാധിച്ചു. ഉത്കൃഷ്ടരായ ആ ജാതിക്കാർ സ്വയം ആര്യന്മാർ, മാന്യന്മാർ എന്നും വിളിച്ചു. അറിഞ്ഞോ അറിയാതെയോ, ആര്യജാതിക്കാർ ഒട്ടനവധി അവകാശങ്ങൾ തങ്ങൾക്കുമാത്രമായി സൂക്ഷിച്ചുവെച്ചു.അങ്ങനെ അവർ കൈക്കൊണ്ട ഉപായമാണ് വർണ്ണാശ്രമാചാരം, അല്ലെങ്കിൽ, ജാതി എന്നു വിളിച്ചുവരുന്നത്. ശാന്തിയെ ഭജിക്കുന്നവർക്കാണ് ഭാരതഭൂമിയിൽ അങ്ങേയറ്റത്തെ മാന്യത എന്ന ഘടകമാണ് ആദ്യകാലത്ത് ബ്രാഹ്മണർ എന്നറിയപ്പെട്ട പുരാതന മഹർഷിമാർക്കു സ്വീകാര്യത നേടിക്കൊടുത്തത്'.വർണ്ണാശ്രമാചാരങ്ങളുടെ ഉത്പത്തിയും, ആ വ്യവസ്ഥിതിയിൽ ബ്രാഹ്മണ്യമുണ്ടാക്കിയെടുത്ത അധീശത്വവും സ്വയംഭൂവായിരുന്നില്ല എന്നാണല്ലോ സ്വാമിവിവേകാനന്ദൻ സാക്ഷ്യപ്പെടുത്തുന്നത്.

താഴെ നിന്നിരുന്ന ജാതിക്കാരുടെ സ്വസ്ഥമായ ഉയർച്ചയ്ക്കുതകാത്ത മട്ടിലുള്ളതായിരുന്നു ജാതിവ്യവസ്ഥയുടെ ഘടനയെന്നും സ്വാമി നിരീക്ഷിക്കുന്നു. മറ്റു സമൂഹങ്ങളിൽ ജാതിഭേദത്തിന് പര്യാപ്തമായ തോതായി കണക്കാക്കിയിരുന്നത് വ്യക്തിയെയാണ്. അതുകൊണ്ടുതന്നെ സമ്പത്ത്, പ്രാബല്യം, ബുദ്ധിശക്തി, സൗന്ദര്യം ഇവയിലൊന്നുകൊണ്ടുതന്നെ വ്യക്തിക്ക് തന്റെ ജന്മസിദ്ധമായനിലവിട്ട് എത്താവുന്ന ഏതു തലത്തിലും എത്താൻ സാധിക്കുന്നു. എന്നാൽ, ഭാരതത്തിൽ ആ തോത് ഒരു ജാതിയിൽപ്പെടുന്ന അംഗങ്ങളെല്ലാം ചേർന്നുണ്ടാകുന്നതാണ്.സമ്പത്ത്,പ്രാബല്യം, ഇതര ഉത്കർഷങ്ങൾ ഇവ കൊണ്ടൊന്നും ഭാരതത്തിൽ ഒരാൾക്ക് സാമൂഹികമായ അംഗീകാരം നേടാൻ സാധ്യമല്ലെന്നു സ്വാമി നിരീക്ഷിക്കുന്നു. ഒരാൾക്ക് കൂടുതൽ ഉയർന്ന സാമൂഹികാവസ്ഥയിൽ എത്തണമെങ്കിൽ സ്വന്തം ജാതിതന്നെ ഉയരണം; വ്യക്തിപരമായ നേട്ടങ്ങൾകൊണ്ടു സാധ്യമല്ല എന്നതാണ് ഇന്ത്യൻ ജാതിവ്യവസ്ഥിതിയൊരുക്കുന്ന ചക്രവ്യൂഹസമാനമായ സാഹചര്യം. ജാതിവിഭജന ശ്രേണിയിലെ അധഃസ്ഥിതസമുദായങ്ങൾക്കു മുൻപിൽ ആഭിജാത്യവിഭാഗങ്ങൾ ഉണ്ടാക്കിയ ഏറ്റ

വും കടുത്ത പ്രതിബന്ധവും കെണിയും കൃത്യമായി കണ്ടെടുക്കുന്ന നിരീക്ഷണ മാണ് സ്വാമിവിവേകാനന്ദൻ ഇവിടെ നടത്തുന്നത്.

പൗരാണികകാലത്തു സ്വാഭാവികമായി സംഭവിച്ച തൊഴിൽ വിഭജനത്തെ, ചാതുർവർണ്യവ്യവസ്ഥിതിയായി പരിണമിപ്പിച്ചത് ഈശ്വരനല്ല; പൗരോഹിത്യസമൂഹമാണെന്നും, അതിന്റെ പിൽക്കാലരൂപമാണ് ജാതിഭേദം എന്നുമാണല്ലോ അതിൽനിന്നൊക്കെ വെളിവാകുന്നത്. അതുകൊണ്ട്, തൊഴിൽ വിഭജനമാണ് ജാതിവ്യവസ്ഥയുടെ ഉത്പത്തിയ്ക്കു കാരണം എന്ന വ്യാഖ്യാനം പൂർണ്ണാർത്ഥത്തിൽ സത്യസന്ധമല്ല. അതുകൊണ്ടുതന്നെ, ഏതെങ്കിലും വർണ്ണത്തിനോ ജാതിക്കോ, പവിത്രതയോ പതിതത്വമോ അവകാശപ്പെടുന്നതും ആരോപിക്കുന്നതും അയുക്തികമാണ്. ആ തിരിച്ചറിവുണ്ടാകുകയാണ് സമൂഹത്തിൽനിന്നും ജാതിവിവേചനവും ശിഥിലചിന്തകളും ഒഴിവാക്കുന്നതിനുള്ള ശരിയായ മാർഗ്ഗം. അതിന്, അത്തരം അപനിർമ്മിതികൾ കൃത്യമായി മനസ്സിലാക്കിയേ മതിയാകൂ.

സ്വാമിവിവേകാനന്ദന്റെ നിരീക്ഷണങ്ങളനുസരിച്ച്, ആര്യന്മാർ എന്നും മാന്യന്മാരെന്നും സ്വയം പേരിട്ടുവിളിക്കുകയും അനവധി അവകാശങ്ങൾ തങ്ങൾക്കുമാത്രമായി സൂക്ഷിച്ചുവെക്കുകയും മറ്റുള്ളവരൊക്കെ അധമരാണെന്ന് നിർണ്ണയിക്കുകയും ചെയ്ത ആര്യബ്രാഹ്മണർ സത്യത്തിൽ ആരായിരുന്നെന്നും, അവർ എങ്ങനെ ആഢ്യന്മാരായെന്നും പുരാണേതിഹാസങ്ങളിലെ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനാണ് ഇനി ശ്രമിക്കുന്നത്.

ആരാണ് ബ്രാഹ്മണൻ?

ആര്യബ്രാഹ്മണർ ഭാരതഭൂമിയിലെ തദ്ദേശീയ ജനസമൂഹമല്ലെന്നും അവർ ഇവിടേയ്ക്കു കുടിയേറിയതാണെന്നും അവിതർക്കിതമായി അംഗീകരിക്കപ്പെട്ട സംഗതിയാണല്ലോ. രണ്ടാം സഹസ്രാബ്ദത്തിന്റെ അവസാനത്തോടെയാണ് മധ്യേഷ്യയിൽനിന്നും നോർട്ടിക്ക്ഗോത്രങ്ങൾ ഇന്നത്തെ ഇറാനിലേക്കു പ്രവേശിച്ചുതുടങ്ങിയതെന്നാണ് ചരിത്രകാരന്മാരുടെ അനുമാനം. അവരുടെ ആദ്യകാല ആവാസദേശത്തിന്റെ നാമമായ ആര്യാനാം വജേഹ്, മധ്യകാല പേർഷ്യൻ ഭാഷകളിൽ എറാൻവേജ് ആയി മാറുകയും അതിൽനിന്ന് ഇറാൻ എന്ന ശബ്ദം ഉരുത്തിരിഞ്ഞു വരികയുമാണുണ്ടായതെന്ന് നരവംശശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നു. ആദ്യകാലങ്ങളിലെ അവിടുത്തെ ദേശവാസികളെ സൂചിപ്പിക്കുന്നതിനു മാത്രമായി ഉപയോഗിച്ചിരുന്ന എറാൻ അഥവാ ഇറാനെന്ന നാമം പിൽക്കാലത്ത് ആ ഭൂപ്രദേശത്തിന്റെ പേരായി മാറുകയായിരുന്നു. കാലങ്ങൾക്കുശേഷം ഇറാനിൽനിന്നും ഭാരതഭൂഭാഗങ്ങളിലേയ്ക്കുവന്ന, അവരുടെ പിന്മുറക്കാരായ അനവധി ഗോത്രങ്ങളാണ് ആര്യന്മാർ എന്ന പേരിൽ ഇവിടെ ആധിപത്യംസ്ഥാപിച്ചതെന്നു വിശ്വസിക്കപ്പെടുന്നു.

ആര്യാധിപത്യത്തിന്റെ വേരുറപ്പിക്കൽ

ഇന്ത്യൻഉപഭൂഖണ്ഡത്തിലേക്കു കുടിയേറിവന്ന സമയത്ത്, പിന്നീട് അഭിമാനാടയാളങ്ങളായി അവതരിപ്പിച്ച മേന്മകകളൊന്നുമില്ലാത്ത കേവലം ഗോത്രസമൂഹങ്ങൾ മാത്രമായിരുന്നു ആര്യന്മാർ. വിശ്വപുരുഷന്റെ ഉത്തമാംഗങ്ങളിൽനിന്ന് ജനിച്ചതുകൊണ്ട് ഉണ്ടായതായി പറയുന്ന പവിത്രതയൊന്നും കൈമുതലായില്ലാത്ത, പ്രാകൃ

തജനസമൂഹമായിരുന്നു അവർ. അലഞ്ഞുതിരിഞ്ഞു നടക്കുന്ന അപരിഷ്കൃതസമൂഹങ്ങൾക്കിടയിൽ കാണാനാകുന്ന സർവ്വ അസംസ്കൃതസ്വാഭാവങ്ങളും നടമാടിയിരുന്ന ജനതയായ ആര്യന്മാർ അടിസ്ഥാനപരമായി ഇടയന്മാരായിരുന്നു. മനുസ്മൃതി ബ്രാഹ്മണർക്കു നിഷിദ്ധമാക്കിയിട്ടുള്ള(?) കൃഷിയും കച്ചവടവും മൃഗപരിപാലനവും തുകൽപ്പണി അടക്കമുള്ള തൊഴിലുകളും മര-ലോഹസാമഗ്രികളുടെ നിർമ്മാണവും ആര്യന്മാർ പരിണാമത്തിന്റെ പല ഘട്ടങ്ങളിൽ നിർവ്വഹിച്ചിരുന്നു എന്ന് ഋഗ്വേദസംഹിതയിലെ മന്ത്രങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. ആ പരിണാമത്തിന്റെ ഒരു ഘട്ടത്തിൽ, അതായത്, നായാടി ജീവിക്കുന്നവരെക്കാൾ ശ്രേഷ്ഠർ ആയ കൃഷിക്കാർ, അല്ലെങ്കിൽ ഉഴുകുന്നവർ എന്ന(ആർഹോ) അർത്ഥത്തിലാകാം ആര്യൻ എന്ന നാമം അവർ സ്വീകരിച്ചതെന്നു മാക്സ്മുള്ളർ അഭിപ്രായപ്പെടുന്നു. അതായത്, ആഢ്യന്മാർ ആകുന്നതുവരെ സ്വന്തം നിലനിൽപ്പിനാവശ്യമായ സർവ്വ ജോലികളും അവർ ചെയ്തിരുന്നു. അതിനുശേഷമാണ് വിശുദ്ധപദവിയും വർണ്ണാശ്രമധർമ്മങ്ങളും നിഷിദ്ധകർമ്മങ്ങളും കുലാചാരമര്യാദകളും എല്ലാം നിർമ്മിച്ചെടുത്തു നിയമമാക്കി നടപ്പിലാക്കിയതെന്നു സ്പഷ്ടം. സ്വർണ്ണം, രത്നം മുതലായവയുടെ അക്ഷയഖനികളായിരുന്ന പ്രാചീനഭാരതം 'സുവർണ്ണഭൂമി' എന്നാണ് അറിയപ്പെട്ടിരുന്നതെന്നും, ആ അമൂല്യവസ്തുക്കൾ തേടിയാണ് ആര്യന്മാർ ഇവിടെ വന്നതെന്നുമുള്ള ബ്രാഹ്മണാപദാനകഥകൾ ശുദ്ധകളവാണെന്നു ചുരുക്കം.

കുലത്തൊഴിലെന്നവകാശപ്പെടുന്ന വൈദികകർമ്മങ്ങളിലൂടെ ദൈവങ്ങളുമായി ഉണ്ടാക്കിയെടുത്ത അടുപ്പത്തിന്റെപേരിൽ കല്പിച്ചുകിട്ടിയ അധീശസ്വഭാവത്തിന്റെ ബലത്തിലല്ല, തദ്ദേശീയരായ (ദ്രാവിഡ)ജനതയ്ക്കുമേൽ ആര്യർ ആധിപത്യം നേടിയെടുത്തത്. സിന്ധുനദി താണ്ടിയെത്തിയ ആര്യന്മാർക്കു നേരിടേണ്ടിവന്നത് വലിയപട്ടണങ്ങളിൽ അഭേദ്യമായ ദുർഗ്ഗങ്ങളുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന താരതമ്യേന പരിഷ്കൃതരായ ഒരു ജനസമൂഹത്തെയാണ്.ചുരുങ്ങിയത് 6000വർഷമെങ്കിലും ദ്രാവിഡസംസ്കാരത്തിനു പ്രായമുണ്ടെന്നാണ് ഗവേഷണങ്ങളിൽനിന്ന് തെളിയുന്നത്. ദസ്യുക്കളുടെ സംസ്കാരം ആര്യന്മാരുടെ ജീവിതാവസ്ഥയെക്കാൾ മുന്തിയതായിരുന്നു എന്നു ഋഗ്വേദം തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശംബരനെന്ന ദസ്യുരാജാവ് നൂറോളം നഗരങ്ങളുടെ അധിപതിയായിരുന്നു എന്നും, ആ പട്ടണങ്ങളിലെ കോട്ടകളും ദുർഗ്ഗങ്ങളും സുദൃഢമായിരുന്നെന്നും കാണാം. ധുനി, വർച്ചിസ്സ്, ചുമുരി,പിപ്രു മുതലായ പരാക്രമശാലികളായ ദസ്യുരാജാക്കന്മാരെ സംബന്ധിച്ചും അവരുടെ കീഴിൽ നിവസിച്ചിരുന്ന പരിഷ്കൃതസ്വഭാവമുള്ള ജനങ്ങളെക്കുറിച്ചും ഋഗ്വേദം പറഞ്ഞിട്ടുണ്ട്. ഭൗതികസാഹചര്യങ്ങൾകൊണ്ടും സാമൂഹിക നിലവാരം കൊണ്ടും ആര്യന്മാരേക്കാൾ ഉന്നതരായിരുന്നെങ്കിലും തദ്ദേശീയജനതയായ ദസ്യുക്കളെ രാക്ഷസപരിവേഷമുള്ള, അപരിഷ്കൃതരായ മ്ളേച്ഛജന്മങ്ങളായാണ് ആര്യസാഹിത്യം അടയാളപ്പെടുത്തുന്നത് എന്നതാണ് വൈരുദ്ധ്യം. അതിന്റെ കാരണം, കറുത്ത നിറവും പതിഞ്ഞ മൂക്കുമുള്ള(അനാസർ), അനാര്യഭാഷകൾ സംസാരിച്ചിരുന്ന, അകർമ്മികളായ(യാഗാദികൾ ചെയ്യാത്ത), ലിംഗപൂജയും(ശിശ്നദേവ) ദേവീപൂജയും അനുഷ്ഠിച്ചിരുന്ന തദ്ദേശീയരോട് ആര്യന്മാർക്കു തോന്നിയ ഭയമാണ്. ആ ഭയത്തിന്റെ വിലയാണ് ഭാരതം ഇന്നും കൊടുത്തുകൊണ്ടിരിക്കുന്നത്.

B.C.ആയിരത്തഞ്ഞൂറിനടുത്തു മാത്രമാണ് ഹാരപ്പൻനാഗരികത അസ്തമിച്ചതെന്ന നിരീക്ഷണങ്ങളിൽനിന്നും, നൂറ്റാണ്ടുകളോളം നീണ്ട പൊരുതലിലൂടെ മാത്രമാണ് ശക്തിമാന്മാരും അശ്വാരൂഢരുമായ ആര്യന്മാർക്ക് തദ്ദേശീയരായ ദസ്യുക്കൾക്കു മേൽ അധ്യപത്യം നേടാൻ കഴിഞ്ഞതെന്നു സ്പഷ്ടമാണല്ലോ. അധിനിവേശത്തിന്റെ ആദ്യഘട്ടങ്ങളിൽ അനാര്യസമൂഹങ്ങളുമായി സഹവർത്തിത്വത്തിൽ ജീവിച്ചിരുന്ന ആര്യന്മാർ, പുതിയ ഭൂമികയിൽ തങ്ങളുടെ വേരുറച്ചതോടെയാണ് ആധിപത്യമുറപ്പിക്കാനുള്ള യുദ്ധങ്ങൾക്കു തുനിഞ്ഞതും ഏറെക്കാലം നീണ്ട യുദ്ധങ്ങൾക്കൊടുവിൽ മണ്ണിന്റെമക്കളെ വരുതിയിൽ വരുത്തിയതും. തദ്ദേശീയജനസമൂഹങ്ങളുടെ കൈക്കരുത്തിനു മുന്നിൽ ആര്യർ പലകുറി തോറ്റതായും, നല്ലതുപോലെ 'വെള്ളംകുടിച്ചതായും' ഋഗ്വേദത്തിലെ ഇന്ദ്രനെ വിളിച്ചു വിലപിക്കുന്ന പ്രാർത്ഥനാശ്ലോകങ്ങളിൽനിന്നും വ്യക്തമാണ്. 'ഹേ! പ്രചണ്ഡ യോദ്ധാവായ ഇന്ദ്ര! ഭയങ്കരമായ ആയിരക്കണക്കിനു യുദ്ധങ്ങളിൽ നിന്നുടെ രക്ഷാമാർഗ്ഗങ്ങളാൽ ഞങ്ങളെ രക്ഷിക്കൂ.(ഇന്ദ്രൻ, വാജേഷു നോവഃ സഹസ്ത്രാ പ്രധനേഷു ച ഉഗ്ര ഉഗ്രാഭിരൂതിഭിഃ–മണ്ഡലം:1 സൂക്തം:7 ശ്ലോകം:4) എന്ന ആര്യന്മാരുടെ അഭ്യർത്ഥന, ആര്യന്മാരാക്കും തദ്ദേശീയർക്കുമിടയിൽ നടന്ന ഒരു ദീർഘകാല സംഘർഷത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. ബി.സി-2500 മുതൽ 2000 വരെ നിലനിന്നതായി കണക്കാക്കപ്പെടുന്ന മോഹഞ്ചോദാരോവിലെയും ബി.സി1500വരെ നിലവിലിരുന്ന ഹരപ്പയിലെയും സൈന്ധവസംസ്കാരത്തെ നിലംപരിശാക്കാൻ ആര്യന്മാർ നന്നേകഷ്ടപ്പെട്ടിട്ടുണ്ടെന്നു ചുരുക്കം. അക്കാലത്തൊന്നും അവർക്ക് ആശ്രയമായി, ജന്മാർജ്ജിത മേന്മകളും ഭൂദേവപദവിയുമൊന്നും എത്തിയില്ലെന്നുവേണം മനസ്സിലാക്കാൻ.

ദ്രാവിഡസമൂഹങ്ങൾ പൊതുവെ പ്രകൃത്യുപാസന പിന്തുടർന്നുവന്നവരായിരുന്നു. തങ്ങളുടെ ഭക്ഷണപാനീയങ്ങൾ പങ്കിടുകയും തങ്ങളോടൊപ്പം താമസിക്കുകയും തങ്ങളുടെ ഭാഷ മനസ്സിലാക്കുകയും ചെയ്യുന്ന തങ്ങളിലൊരാളായ ദൈവങ്ങളുടെ തണലിൽ അവർ സ്വാസ്ഥ്യമനുഭവിച്ചിരുന്നു. പ്രകൃതിശക്തികളെ ആരാധനാമൂർത്തികളായും, കാവുകളെ ആരാധനാലയങ്ങളായും അംഗീകരിച്ച അവരുടെമേൽ ക്ഷേത്രസങ്കല്പംസന്നിവേശിച്ചത് ആര്യന്മാർ ആധിപത്യംസ്ഥാപിച്ചതോടെയാണ്. ആദ്യകാലങ്ങളിൽ അനാര്യർക്കു സമാനമായ ആരാധനാക്രമം പിന്തുടർന്ന ആര്യന്മാർ കാലക്രമത്തിൽവികസിപ്പിച്ചെടുത്തതാണ് ക്ഷേത്രസങ്കല്പം.കുലദൈവങ്ങളും കാവുകളും പ്രാചീന ആരാധനരീതികളും പ്രാർത്ഥനാഗീതങ്ങളും, അമ്പലങ്ങൾക്കും ആര്യദൈവങ്ങൾക്കും താന്ത്രികാചാരങ്ങൾക്കും മന്ത്രങ്ങൾക്കും വഴിമാറി അപ്രസക്തമായി. തുറസ്സായ കാവുകളിൽ, അടുത്തുനിന്ന് ആരാധിച്ചിരുന്ന ദൈവങ്ങളെ അടഞ്ഞ ക്ഷേത്രങ്ങളുടെ അകത്തളങ്ങളിലേക്ക് ഒതുക്കുകയും, മൂർത്തികളുമായുള്ള ക്രയവിക്രയങ്ങൾ ബ്രാഹ്മണർക്കു മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു.പിരിച്ചെടുത്തവകയിലും പിടിച്ചെടുത്തവകയിലും ദാനധർമ്മവകയിലും സംഭരിച്ച കനത്ത സമ്പത്തിന്റെ കേന്ദ്രമായി ക്ഷേത്രങ്ങൾ മാറിയതോടെ, അബ്രാഹ്മണസമൂഹങ്ങളെ അമ്പലങ്ങളിൽനിന്നും അകറ്റിനിറുത്താനാവശ്യമായ മാമൂലുകൾ പടച്ചെടുക്കപ്പെട്ടു. അതോടെ, ദൈവങ്ങളെ മനുഷ്യരിൽനിന്നും അകറ്റിനിറുത്തുന്ന ഇടനിലക്കാരായി ഭൂദേവന്മാരെന്നു സ്വയംവിശേഷിപ്പിച്ച അവർ മാറി. മംഗ

ളകാര്യങ്ങളിൽ ബ്രാഹ്മണാനുഗ്രഹം ഉണ്ടായാലേ പൂർണ്ണമാകൂ എന്ന ആശ്രിതമനസ്കത അന്യസമൂഹങ്ങൾക്കിടയിൽ വളർത്തിയെടുത്തു. അങ്ങനെ, അടിവേരുമുറിഞ്ഞ സമൂഹങ്ങൾക്കുമേൽ വിശ്വാസപരമായ മേധാവിത്വം നേടിയതോടെ അവരെയൊക്കെ അടക്കിവാഴുന്നത് ആര്യന്മാർക്ക് വളരെ എളുപ്പമായി മാറി. ആ കീഴടക്കൽ സംഭവിച്ചത് നൂറ്റാണ്ടുകളിലൂടെ നീണ്ട പ്രക്രിയയിലൂടെയാണ്. ആ അധീശാവസ്ഥ ഇളക്കമില്ലാതെ നിലനിർത്തുന്നതിനുവേണ്ടിയാണ്, തൊഴിലടിസ്ഥാനത്തിൽ നിലനിന്നിരുന്ന സാമൂഹിക വിഭജനങ്ങളെ ജന്മാധിഷ്ഠിതമായ ചാതുർവർണ്ണ്യമായി പരിവർത്തനംചെയ്തത്. നേടിയെടുത്തതെല്ലാം കൈവിട്ടുപോകാതെ സംരക്ഷിക്കാനുള്ള തത്രപ്പാടായിരുന്നു ആ മാറ്റത്തിന്റെ ചാലകശക്തി.

[പിൻകുറിപ്പ്: ആര്യാധിനിവേശപൂർവ്വഭാരതത്തിലെ തദ്ദേശീയജനതയെയാണ് ദസ്യുക്കളെന്ന പേരിൽ പൗരാണികഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നത്. ദസ്യുക്കളെന്നാൽ, പലരും കരുതുന്നതുപോലെ രാക്ഷസന്മാരല്ലെന്നും മനുഷ്യരാണെന്നും മനുസ്മൃതിതന്നെ സമ്മതിക്കുന്നുണ്ട്. മനുസ്മൃതി പത്താമധ്യായത്തിലെ നിർവ്വചനമനുസരിച്ച് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിവർ ക്രിയാലോപം മുതലായവകൊണ്ട് മ്ലേഛഭാഷാഭാഷികളോ ആര്യഭാഷാഭാഷികളോ ആയ ബാഹ്യജാതികളായിത്തീർന്നാൽ അവരൊക്കെ ദസ്യുക്കളെന്നറിയപ്പെടുന്നു(ശ്ലോകം:45).അവർ ബാഹ്യരാകാനുള്ള കാരണമായി മനുസ്മൃതിതന്നെ നാല്പത്തിമൂന്നാം ശോകത്തിൽ ചേർക്കുന്നത് ഉപനയനാദിക്രിയാലോപവും, ബ്രാഹ്മണരുമായി യാജനം, അധ്യയനം, പ്രായശ്ചിത്തം മുതലായ കർമ്മങ്ങൾ അനുഷ്ഠിക്കാത്തതുമാണ്. തദ്ദേശീയർക്കൊപ്പം, ബ്രാഹ്മണ്യകോപത്തിനിരയായി ബഹിഷ്കൃതരായ ആര്യസമൂഹങ്ങളും വ്യക്തികളും ദസ്യുപരമ്പരയിൽ ചേർക്കപ്പെട്ടിട്ടുണ്ട് എന്നാണ് ഇതർത്ഥമാക്കുന്നത്. ഋഗ്വേദത്തിലുംഅഥർവ്വവേദത്തിലും,ദസ്യുക്കളെ കീഴടക്കാൻ ആര്യദേവനായ ഇന്ദ്രനോട് സഹായംതേടുന്ന ആര്യന്മാരുടെ പ്രാർത്ഥനകൾ ധാരാളമുണ്ട്. ഋഗ്വേദത്തിൽ മാത്രം ദസ്യുക്കളെ കൂട്ടക്കൊലചെയ്തതിന്റെ പന്ത്രണ്ടോളം പരാമർശങ്ങളുമുണ്ട്.]

ആര്യന്മാരുടെ വിഭജിച്ചുഭരിക്കൽ തന്ത്രം

വേദകാലത്തും, അതിനുശേഷം സമൂഹത്തിൽ ബ്രാഹ്മണ്യാധിപത്യം സ്ഥാപിതമാകുന്നതുവരേയും സാമൂഹികവിഭജനം കർമ്മത്തിന്റെ ഗുണങ്ങളെ(സ്വഭാവത്തെ) അവലംബമാക്കിയുള്ള വർഗ്ഗീകരണംമാത്രമായിരുന്നു. അതിനാൽ അത് വ്യക്ത്യാധിഷ്ഠിതമായ ഒരു വിഷയമായി നിലനിന്നു. ആർക്കും ഏതു വർണ്ണവും സ്വീകരിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. വിവിധ വർണ്ണികൾക്കിടയിൽ(വർണ്ണങ്ങൾക്കിടയിൽ എന്നതിനെക്കാൾ ശരി വർണ്ണികൾക്കിടയിൽ എന്നതാണ്) പരസ്പര സംസർഗ്ഗവും വിവാഹവും തികച്ചും സ്വാഭാവികമായിരുന്നു.ഒരുകുടുംബത്തിലെ അംഗങ്ങൾതന്നെ വ്യത്യസ്ത വർണ്ണങ്ങൾ പിന്തുടരുന്ന അവസ്ഥയും, ഒരാളുടെ പിൻതലമുറ മറ്റൊരു വർണ്ണമാകുന്നതും സാധാരണമായിരുന്നു. പുരാണങ്ങളിൽ അതിനെ സമർത്ഥിക്കുന്ന നിരവധി ദൃഷ്ടാന്തങ്ങൾ കാണാം. മനുസ്മൃതിയുടെ സ്രഷ്ടാവാണെന്നു പ്രചരിപ്പിക്കപ്പെടുന്ന സ്വായംഭൂവമനുവിന്റെ പരമ്പരയിൽപ്പെട്ട ഋഷഭനെന്ന രാജാവിന്റെ വംശാവലി ഭാഗവതം പതിനൊന്നാം സ്കന്ധത്തിലെ രണ്ടാമധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഋഷഭന് നൂറു പുത്രന്മാരുണ്ടായിരുന്നു. മൂത്തമകൻ ഭരതൻ. ഭാരതഭൂമി മുഴുവൻ അടക്കിവാണിരുന്ന അദ്ദേഹത്തിന്റെ പേരിൽനിന്നാണ് ഈ ഭൂപ്രദേശത്തിനു ഭാരതം എന്നപേരു വന്നതെന്ന് വിശ്വസിക്കപ്പെടുന്നു. അദ്ദേഹ

ത്തിന്റെ അനുജന്മാരിൽ, ആദ്യത്തെ ഒൻപതുപേർ ഒൻപതു ദ്വീപുകളുടെ അധിപന്മാരായി ഭരിച്ചു. എൺപത്തൊന്നുപേർ കർമ്മമാർഗ്ഗം കൈക്കൊണ്ടു ബ്രാഹ്മണരായി. ബാക്കി ഒൻപതുപേർ ബ്രഹ്മചര്യം സ്വീകരിച്ചു യോഗികളായി ആത്മവിദ്യപ്രചരിപ്പിച്ചു. പരമഹംസന്മാരായിരുന്ന അവരാണ് 'നവയോഗികൾ' എന്ന് അറിയപ്പെടുന്നത്.[കർമ്മമാർഗ്ഗം കൈക്കൊണ്ട ബ്രാഹ്മണരും, ആത്മവിദ്യ പ്രചരിപ്പിച്ചിരുന്ന ബ്രഹ്മചാരികളും(യോഗികൾ) ഒന്നല്ല എന്ന വസ്തുത ശ്രദ്ധിക്കുക].

ചാതുർവർണ്യം ലോകോത്പത്തിയോളം പഴക്കമുള്ള ഒന്നല്ലെന്നും, ഒരേ മാതാപിതാക്കളുടെ മക്കൾ തന്നെ വിഭിന്ന വർണ്ണികളായി മാറുന്നത് സാധാരണമായിരുന്നു എന്നും തെളിയിക്കുന്ന വേറെയും സംഭവങ്ങൾ ഭാഗവതത്തിൽ വിവരിക്കുന്നുണ്ട്. ചില ദൃഷ്ടാന്തങ്ങൾ കാണുക: ഒൻപതാംസ്കന്ധം ഇരുപത്തൊന്നാമധ്യായത്തിൽ മന്യുപുത്രനായ ഗർഗ്ഗന്റെ വംശചരിത്രം വിവരിക്കുന്നയിടത്ത്, ഗർഗ്ഗനു സിനിയും സിനിയിൽനിന്ന് ഗാർഗ്യനുമുണ്ടായ-ക്ഷത്രിയനിൽനിന്നു ബ്രാഹ്മണനുണ്ടായ-കഥ പ്രതിപാദിക്കുന്നുണ്ട്. ക്ഷത്രിയനായ മഹാവീര്യന്റെ വംശത്തിൽപ്പെട്ട ദുരിതക്ഷയന്റെ മൂന്നു പുത്രന്മാർ ബ്രാഹ്മണരായി. ഹസ്തിനാപുരം സ്ഥാപിച്ച ഹസ്തിയുടെ മൂന്നു മക്കളിൽ മൂത്തയാളായ അജമീഢന്റെ മൂന്നു മക്കളിൽ രണ്ടുപേരും ബ്രാഹ്മണരായി. അജമീഢന്റെ രണ്ടാം ഭാര്യയിൽ ജനിച്ച ഭർമ്മ്യാശ്വന്റെ അഞ്ചുപുത്രന്മാരിൽ ഒരാളായ മുൽഗലനിൽനിന്നാണ് മൗൽഗല്യമെന്ന ബ്രാഹ്മണവംശമുണ്ടായതു തന്നെ. ആ മുൽഗലന്റെ പുത്രിയാണ് ഗൗതമപത്നിയായ അഹല്യ. ഇനി, മഹാഭാഗവതം ഒൻപതാംസ്കന്ധംരണ്ടാമധ്യായത്തിൽ സൂചിപ്പിക്കുന്ന വൈവസ്വതമനുവിന്റെ വംശപരമ്പര കാണുക: വൈവസ്വതമനുവിന് സദൃശരായ പത്തുപുത്രന്മാരായിരുന്നു. മൂത്തമകൻ സുപ്രസിദ്ധമായ ഇക്ഷ്വാകു. കരുഷനെന്ന പുത്രൻ സമർത്ഥനായ ക്ഷത്രിയനായി. മറ്റൊരാളായ പൃഷധ്രൻ ശൂദ്രനായി. ധൃഷ്ട എന്ന പുത്രനുണ്ടായ മക്കൾ ക്ഷത്രിയരായിരുന്നെങ്കിലും കാലാന്തരത്തിൽ ബ്രാഹ്മണരായി. നാരീഷ്യനെന്ന പുത്രന്റെ പിൻഗാമികളാണ് അഗ്നിവേശ്യായനമെന്ന ബ്രാഹ്മണകുലം സ്ഥാപിച്ചത്. ദിഷ്ടനെന്ന മകന്റെ മകൻ നാഭാഗൻ വൈശ്യനായി. അതായത്, അന്ന് വർണ്ണം ജന്മസിദ്ധമായിരുന്നില്ല; ആർക്കും ഏതു വർണ്ണവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. അതായിരുന്നു ആർഷഭാരതത്തിലെ സനാതനസംസ്കാരം.

എന്നാൽ, ബ്രാഹ്മണ്യാധിപത്യം നിലവിൽ വന്നതോടെ, വർണ്ണാശ്രമധർമ്മങ്ങളെന്ന പേരിൽ നിർമ്മിച്ച നിയമങ്ങളെയും അവയെ സാധൂകരിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ കഥകളെയും ഉപയോഗപ്പെടുത്തി അത്തരം സകല സാധ്യതകളും അടച്ചുകളഞ്ഞു. ക്രമേണ ചാതുർവർണ്യം ജന്മാധിഷ്ഠിത സാമൂഹികവ്യവസ്ഥയായി മാറ്റി. ഉദ്ദേശ്യം, ബ്രാഹ്മണർ നേടിയെടുത്ത ഉയർന്ന സാമൂഹ്യാവസ്ഥയുടെ സംരക്ഷണം മാത്രമായിരുന്നു. കാലക്രമത്തിൽ ചാതുർവർണ്യം കൂടുതൽ കാർക്കശ്യമുള്ളതും കുടുസ്സുമായ ജാതിവിഭജത്തിൽ കലാശിച്ചു; ആർഷസംസ്കാരത്തിന് അടിതെറ്റി.

പേര് അടിച്ചുമാറ്റാം; പക്ഷേ ഗുണങ്ങളോ?

ഭാഗവതം പഞ്ചമസ്കന്ധത്തിലെ പത്താം അധ്യായത്തിൽ, രഹൂഗണമഹാരാജാവ് തന്റെ പല്ലക്കു ചുമക്കാൻ ആളറിയാതെ നിയമിച്ച ജീവന്മുക്തനായ ജഡഭരതനെ

തിരിച്ചറിഞ്ഞപ്പോൾ, ഇപ്രകാരം അറിയിച്ചു: 'എനിക്ക് ദേവേന്ദ്രന്റെ വജ്രായുധമോ ശ്രീപരമേശ്വരന്റെ ത്രിശൂലമോ ഭയമില്ല. എങ്കിലും, ബ്രാഹ്മണരെ അപമാനിക്കുന്നതിൽ ഭീതനാണ്. ബ്രാഹ്മണർ ബ്രഹ്മസ്വരൂപത്തെ അറിഞ്ഞവരാണ്'.ബ്രാഹ്മണരുടെ മഹത്വം പ്രഖ്യാപിക്കാൻ പല ഗ്രന്ഥങ്ങളിലും ഉദാഹരിക്കുന്ന കഥയാണ് ഇത്. ജാതി ബ്രാഹ്മണരായി ജനിച്ചവരെല്ലാം ബ്രഹ്മസ്വരൂപത്തെ അറിഞ്ഞവരാണെന്ന പ്രതീതിയാണ് ഈ പ്രയോഗമുണ്ടാക്കുന്നത്.അത് സത്യവിരുദ്ധമായ ഒരു പ്രസ്താവനയാണ്. ഈ വാക്യത്തിലെ പദങ്ങളെ ഒന്നു പുനഃക്രമീകരിച്ചാൽ, ആ പ്രയോഗം വസ്തുതാപരവും വേദവിഹിതവുമായി മാറും: 'ബ്രഹ്മസ്വരൂപത്തെ അറിഞ്ഞവരാണ് ബ്രാഹ്മണർ' എന്ന ചെറിയ തിരുത്തൽ വരുത്തിയാൽ മതി ആ പ്രസ്താവന സത്യമാകാൻ. അത്,ആരാണ് ബ്രാഹ്മണനെന്ന സംശയത്തിനുള്ള ഉത്തരമാണ്.ബ്രഹ്മസ്വരൂപത്തെ അറിഞ്ഞയാളാണ് ബ്രാഹ്മണനെങ്കിൽ, അദ്ദേഹം പൂജനീയനാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാനിടയില്ലല്ലോ.

ഭാരതത്തിന് ആ പേര് ലഭിക്കാനിടയായ ഭരതനെന്ന രാജാവിന്റെ പിതാവാണ് രാജർഷി ഋഷഭൻ. നാരായണഅംശവും ജ്ഞാനമൂർത്തിയുമായ ഋഷഭദേവൻ ഭാഗവതം പഞ്ചമസ്കന്ധത്തിൽ ഇപ്രകാരം പറയുന്നു:'എല്ലാജീവികളും എനിക്ക് ഒരുപോലെയാണ്. എന്നാൽ, സസ്യാദികൾ, വൃക്ഷങ്ങൾ, ഇഴജാതികൾ, പശ്വാദികൾ, മനുഷ്യർ, ഭൂതപ്രേതാദികൾ, ഗന്ധർവ്വർ, സിദ്ധന്മാർ,അസുരന്മാർ, ദക്ഷാദികൾ, ദേവന്മാർ,പരമശിവൻ, ബ്രഹ്മാവ്, ഞാൻ എന്നിങ്ങനെ ക്രമത്തിൽ ശ്രേഷ്ഠത കൂടിക്കൂടിവരുന്നവരാണ് എന്നറിയണം. എങ്കിലും, ഞാൻ ബ്രാഹ്മണന്മാരെ പൂജിക്കുന്നു. അതുകൊണ്ട്, അവർ എന്നേക്കാൾ ശ്രേഷ്ഠരാണ്'. ബ്രാഹ്മണ്യത്തിന്റെ ഔന്നത്യം സൂചിപ്പിക്കാൻ പലയിടത്തും ഉദ്ധരിക്കുന്ന ഒന്നാണ് ഈ വാക്കുകൾ. പരമശിവൻ, ബ്രഹ്മാവ്, ശ്രീനാരായണൻ എന്നിവരെക്കാൾ ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ആ ബ്രാഹ്മണ്യത്തിന്റെ നിർവ്വചനം അടുത്തശ്ലോകത്തിലുണ്ട്.അതുകൂടി അറിഞ്ഞാലേ ഭാഗവതം പൂജനീയരായി കാണുന്ന ബ്രാഹ്മണൻ, ആര്യബ്രാഹ്മണനല്ലെന്ന സത്യം വെളിവാകൂ.'വേദാധ്യയനം, മനോനിഗ്രഹം, ഇന്ദ്രിയനിഗ്രഹം, സത്യഭാഷണം, പരദുഃഖനിവാരണ പരിശ്രമം, ആഹാരാദിനിയന്ത്രണം, താപത്രയങ്ങൾ(ദൈവികം,ആത്മീയം, ഭൗതികം)സഹിക്കാനുള്ള ശക്തി,ഭഗവാന്റെ സ്വരൂപസാക്ഷാത്കാരം എന്നീ എട്ടു ഗുണങ്ങൾ ഉള്ളവരാണ് ബ്രാഹ്മണർ'. പൗരാണികഗ്രന്ഥങ്ങളിലെ കഥാപാത്രങ്ങളെ ബ്രാഹ്മണൻ എന്നു വിശേഷിപ്പിക്കുന്നത് ആ ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ്. ആ എട്ടു ഗുണങ്ങളും നേടിയ ആർഷബ്രാഹ്മണരെയാണ്, ബ്രാഹ്മണൻ എന്ന വർണ്ണത്തിൽ ജനിച്ചവരെയല്ല പൂജനീയരായി ധർമ്മശാസ്ത്രകൃതികൾ സ്തുതിക്കുന്നത്. വൈകുണ്ഠം എന്ന് വീടിനു പേരിട്ട് അതിൽ താമസമാക്കിയതുകൊണ്ടു മാത്രം ഒരാളും വൈകുണ്ഠവാസിയാകുന്നില്ല എന്നുതന്നെ അർത്ഥം.

ആധുനികകാലത്ത് പലരും ബ്രഹ്മണ്യത്തെ നിർവ്വചിക്കുന്നത്, 'സത്വഗുണപ്രധാനികളാണ് ബ്രാഹ്മണർ' എന്ന നിലയിലാണ്. അതിന് ഉപോദ്ബലകമായി അവർ ഭഗവത്ഗീതയിലെ ഗുണകർമ്മ എന്നപ്രയോഗത്തെ ആവിഷ്കരിക്കുന്നു. പൗരാണികഗ്രന്ഥങ്ങളിൽ കാണുന്ന ബ്രാഹ്മണ മഹത്വത്തിന്റെ അടിസ്ഥാനം സത്വഗുണമാണെന്നതു നിശ്ചയമാണ്. സത്വഗുണസമ്പന്നരായവർ പൂജനീയരാകുന്നതിൽ യാതൊരു

അസ്വാഭാവികതയുമില്ലല്ലോ? എന്നാൽ, ആ പരാമർശം മനുഷ്യരായ ബ്രാഹ്മണരെ ഉദ്ദ്യേശിച്ചല്ല എന്നു വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഒരുപാട് ഉദാഹരണങ്ങൾ ഇതിഹാസങ്ങളിലുണ്ട്. മഹാഭാഗവതം മൂന്നാംസ്കന്ധത്തിലെ ഇരുപതാമധ്യായത്തിൽ വിദൂര-മൈത്രേയസംവാദത്തിനിടെ, ബ്രഹ്മാവു സൃഷ്ടികർമ്മമനുഷ്ഠിച്ചതിന്റെ വിശാലമായ വിവരണമുണ്ട്. അവിടെ, 'സത്വഗുണത്താൽ ദേവന്മാരെ സൃഷ്ടിച്ചു' എന്നാണു പറയുന്നത്. സത്വഗുണത്തിൽനിന്ന് ആര്യബ്രാഹ്മണർ സൃഷ്ടിക്കപ്പെട്ടു എന്ന വാദത്തെ ഖണ്ഡിക്കുന്നതാണ് ഈ വസ്തുത. ഇതിനെ സമർത്ഥിക്കുന്നതാണ് ഭാഗവതത്തിലെ ദേവബ്രാഹ്മണരെന്ന പ്രയോഗവും. നവമസ്കന്ധത്തിലെ നാലാമധ്യായത്തിൽ, മനുപുത്രനായ നാഭാഗന്റെ വംശത്തെക്കുറിച്ച് വിസ്തരിക്കുന്ന ഭാഗത്തുള്ള ഒരു പരാമർശം ശ്രദ്ധേയമാണ്. നാഭാഗൻ തന്റെ അവസാനത്തെ മകനായ കവിക്ക് ഉപജീവനമാർഗ്ഗം നിർദ്ദേശിക്കുന്നയിടത്ത് ഇപ്രകാരം പറയുന്നു: "നിനക്കു വേദം നന്നായറിയുമല്ലോ. അംഗിരസ്സിന്റെ ഗോത്രത്തിൽ പെട്ട കുറച്ചു ബ്രാഹ്മണർ ഈ അടുത്തപ്രദേശത്ത് ദ്വാദശാഹം എന്ന യാഗംനടത്തുന്നുണ്ട്. ആറാറുദിവസങ്ങളിൽ പ്രവർത്തിക്കേണ്ട കർമ്മങ്ങൾ നടത്താൻ സാധിക്കാതെ അവർ വിഷമിക്കുകയാണ്. അവർക്ക് അതിനുവേണ്ട സൂക്തങ്ങൾ ശരിക്ക് അറിയുന്നില്ല. 'ഇദമിത്ഥ് രൗദ്രം യേ യജ്ഞേന ദക്ഷിണയാ' എന്ന രണ്ടു സൂക്തങ്ങൾ അതിന്നറിയേണ്ടതുണ്ട്. നീ അവിടെ എത്തി അവരെ പഠിപ്പിക്കുക. അവർ യജ്ഞം കഴിഞ്ഞ് സ്വർഗ്ഗത്തിലേക്കുപോകുമ്പോൾ നിനക്ക് ധാരാളം ധനംതരും. അത് സ്വീകരിച്ചുകൊള്ളുക".സ്വർഗ്ഗവാസികളായ ദിവ്യാത്മാക്കളെയാണ് ഇതിഹാസങ്ങൾ ബ്രാഹ്മണരെന്ന് അഭിസംബോധനചെയ്യുന്നത് എന്നാണല്ലോ തെളിയുന്നത്. പൗരാണികകാലത്തു ബ്രാഹ്മണൻ എന്നത് ഒരു വർണ്ണ(ജാതി)നാമമായിരുന്നില്ല എന്നതുകൊണ്ടാണത്. ആ നിഗമനത്തെ അക്ഷരാർത്ഥത്തിൽ സാധൂകരിക്കുന്ന ചില ദൃഷ്ടാന്തങ്ങൾ കാണുക:

വജ്രസൂചികോപനിഷത് ബ്രാഹ്മണനെ നിർവ്വചിക്കുന്നു

ഒൻപതു ശ്ലോകങ്ങൾമാത്രം ഉൾക്കൊള്ളുന്ന സാമാന്യേന ചെറിയ ഉപനിഷത്തായ വജ്രസൂചികോപനിഷത്തിലെ പ്രതിപാദ്യവിഷയം ആരാണ് ബ്രാഹ്മണൻ എന്നതുമാത്രമാണ്.ഹൈന്ദവധർമശാസ്ത്രവിശാരദന്മാർ ആധികാരികമായി അംഗീകരിക്കുന്ന നൂറ്റെട്ട് ഉപനിഷത്തുകളിൽ ഒന്നായതുകൊണ്ട്, അതിന്റെ പ്രാമാണികത സംശയിക്കേണ്ടതില്ല. ആരാണ് ബ്രാഹ്മണൻ എന്ന സാധകന്റെ ചോദ്യത്തിന്, കാര്യകാരണങ്ങൾ നിരത്തി ഉപനിഷത്തു നൽകുന്ന ഉത്തരങ്ങളാണ് അതിലെ പ്രതിപാദനങ്ങൾ:

- ✓ ബ്രാഹ്മണൻ,ക്ഷത്രിയൻ,വൈശ്യൻ,ശൂദ്രൻ എന്നു നാലു വർണ്ണങ്ങളുണ്ട്. ഇവരിൽ ബ്രാഹ്മണൻ പ്രധാനനാണെന്ന് വേദമനുശാസിക്കുന്നു.സ്മൃതികളിലും അങ്ങനെ പറഞ്ഞിരിക്കുന്നു. അപ്പോൾ ചോദ്യമുദിക്കുന്നത് ബ്രാഹ്മണൻ ആരാണെന്നാണ്. അവൻ ജീവനാണോ, ദേഹമാണോ, ജാതിയാണോ, ജ്ഞാനമാണോ, കർമ്മമാണോ, ധാർമ്മിക തത്വമാണോ? (ബ്രഹ്മക്ഷത്രിയ വൈശ്യശൂദ്ര ഇതി ചത്വാരോ വർണ്ണാസ്തേഷാം.വർണ്ണാനാം ബ്രാഹ്മണഃ ഏവ പ്രധാന ഇതി വേദവചനാനുരൂപം സ്മൃതിഭിരപ്യുക്തം. തത്ര ചോദ്യമസ്തി കോവാ ബ്രഹ്മണോ നാമഃ കിം ജീവഃ കിം ദേഹഃ, കിം ജാതിഃ, കിം ജ്ഞാനം, കിം കർമ്മ, കിം

ധാർമ്മിക ഇതി). (ആരാണ് ബ്രാഹ്മണൻ എന്ന ശങ്ക ഉപനിഷത്കാലംതൊട്ടേ ഉണ്ടായിരുന്നു എന്നതാണല്ലോ ഈ സംവാദം വെളിപ്പെടുത്തുന്നത്).

- ✓ ജീവനാണ് ബ്രാഹ്മണനെന്നു പറഞ്ഞാൽ, അതിന് സംഭാവ്യതയില്ല. കാരണം, ഭൂതഭവിഷ്യത് കാലങ്ങളിൽ അനേകം ശരീരങ്ങളിലുണ്ടായിട്ടുള്ളതും ഭാവിയിലുണ്ടാകാൻ പോകുന്നതുമായ ജീവൻ എല്ലാം ഒന്നുപോലെയാണ്.(തത്ര പ്രഥമോ ജീവോ ബ്രാഹ്മണാഃ ഇതി ചേത്തന്ന അതീതാനാഗതാനേക ദേഹാനാം ജീവസ്യൈക രൂപത്വാത് ഏകസ്യാപി കർമ്മഃ വശാദനേക ദേഹ സംഭവാത് സർവ ശരീരാണാം ജീവസ്യൈക രൂപത്ത്വാച്ചതസ്മാന്ന ജീവോ ബ്രാഹ്മണഃ).
- ✓ ദേഹമാണോ ബ്രാഹ്മണനെന്ന ചോദ്യമുദിക്കാവുന്നതാണ്.അതും സാധ്യമല്ല. ചണ്ഡാലൻ മുതൽ സകലമനുഷ്യരുടെയും ദേഹം ഒന്നുപോലെതന്നെ പഞ്ചഭൂതാത്മകമാണല്ലോ. അവരിലെല്ലാം വാർദ്ധക്യം,മരണം,ധർമ്മം,അധർമ്മം എന്നിവയെല്ലാം ഒരുപോലെയാകുന്നു. ബ്രാഹ്മണൻ വെളുത്ത നിറക്കാരനും, ക്ഷത്രിയൻ ചുവന്ന നിറക്കാരനും, വൈശ്യൻ മഞ്ഞ നിറമുള്ളവനും, ശൂദ്രൻ കറുത്തനിറക്കാരനുമായിരിക്കണം എന്ന് യാതൊരുനിയമവും ഇല്ല. മാത്രവുമല്ല, പിതാവിന്റേയും സഹോദരന്റേയും ശരീരദഹനകർമ്മങ്ങൾ ചെയ്യുന്നതുകൊണ്ടു പുത്രാദികൾക്ക് ബ്രഹ്മഹത്യാദി ദോഷങ്ങളും സംഭവിക്കുന്നില്ല. അതുകൊണ്ടു ദേഹവും ബ്രാഹ്മണനാകാൻ തരമില്ല. (തർഹി ദേഹോ ബ്രാഹ്മണാഃ ഇതി ചേത്തന. ചണ്ഡാലാദി പര്യന്താനാം മനുഷ്യാണാം പഞ്ച ഭൗതികാത്വെന ദേഹസ്യ ഏകരൂപത്വാത് ജരാമരണ ധർമ്മാധർമ്മാദി സാമ്യദർശനാത് ബ്രാഹ്മണഃ ശ്വേതവർണ്ണ ക്ഷത്രിയോ രക്തവർണ്ണ വൈശ്യ പീതവർണ്ണ ശൂദ്ര കൃഷ്ണവർണ്ണ ഇതി നിയമാഭാവാത് പിത്രാദി ശരീരദഹനേ പുത്രാദീനാം ബ്രഹ്മഹത്യാദിദോഷ സംഭവാച്ച തസ്മാന്നദേഹോ ബ്രാഹ്മണഃ ഇതി).
- ✓ ജാതിയായിരിക്കുമോ ബ്രാഹ്മണൻ? അതു സാധ്യമല്ല. കാരണം, ഭിന്നജാതിയിൽപ്പെട്ട ജീവികളിൽനിന്നും അനേകം മഹർഷിമാർ ജനിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. മാൻപേടയിൽനിന്നും ഋഷ്യശൃങ്ഗനും കുശയിൽനിന്നു കൗശികനും ജംബൂകനിൽനിന്ന് ജാംബൂകനും വാല്മീകത്തിൽനിന്ന് വാല്മീകിയും മുക്കുവകുമാരിയിൽനിന്നു വ്യാസനും ശശപുഷ്ഠത്തിൽനിന്നു ഗൗതമനും ഉർവ്വശിയിൽനിന്നു വസിഷ്ഠമഹർഷിയും കുടത്തിൽനിന്ന് അഗസ്ത്യനും ജനിച്ചു എന്നു പറയപ്പെടുന്നു. ആ മഹർഷിമാർ എല്ലാവരും ജാതികൂടാതെതന്നെ, മുമ്പിനാൽതന്നെ ജ്ഞാനികളായിരുന്നല്ലോ. അതുകൊണ്ട്, ജാതിയാണ് ബ്രാഹ്മണനെന്നു പറയാനും നിവൃത്തിയില്ല.(തർഹി ജാതിർ ബ്രാഹ്മണഃ ഇതി ചേത്തന്ന തത്ര ജാത്യന്തരജന്തുഷ്വനേക ജാതി സംഭവാത്മഹ ഋഷയോ ബഹവഃ സന്തി ഋഷ്യശൃംഗോ മൃഗ്യോ കൗശിക കുശാത് ജാംബുകോ ജംബുകാത് വാല്മീകോ വാല്മീകാത് വ്യാസഃ കൈവർത്ത കന്യകായാം ശശപൃഷ്ഠാത് ഗൗതമഃ വസിഷ്ഠ ഉർവശ്യാം അഗസ്ത്യ കലശേ. ജാതി ഇതി ശ്രുതത്വാത് ഏതേഷാം ജാത്യാ വിനാ പ്യഗ്രേ ജ്ഞാനപ്രതിപാദിതാ ഋഷയോ ബഹവസന്തി. തസ്മാന്ന ജാതിർ ബ്രാഹ്മണ ഇതി).(അറിയപ്പെടുന്ന ഈ പുരാണപുരുഷന്മാർ ബ്രാഹ്മണരായത് ബ്രാഹ്മണജാതിയിൽ ജനിച്ചതുകൊണ്ടല്ല എന്നു സാരം).

- ✓ ജ്ഞാനം ബ്രാഹ്മണമാകുമോ? അതു പറയാൻ നിവൃത്തിയില്ല. എന്തെന്നാൽ, അനവധി ക്ഷത്രിയന്മാർ പരമാർത്ഥദർശികൾ ആയിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് ജ്ഞാനം നേടിയാൽ ബ്രാഹ്മണനാകും എന്നു പറയുവാൻ സാധ്യമല്ല. (താഹിർ ജ്ഞാനം ബ്രാഹ്മണ ഇതി ചേത്തന്ന ക്ഷത്രിയാദയോƒപി പരമാർത്ഥ ദർശിനോ അഭിജ്ഞാ ബഹവഃ സന്തി തസ്മാന്ന ജ്ഞാനം ബ്രാഹ്മണഃ ഇതി) (വേദജ്ഞാനവും അതിനർഹനാക്കുന്ന ഉപനയനവുമാണ് ഒരാളെ ബ്രാഹ്മണനാക്കുന്നത് എന്ന വാദത്തെ നിരാകരിക്കുകയാണ് ഉപനിഷത്.)
- ✓ കർമ്മം ബ്രാഹ്മണമാകുമോ? അതു പറയാൻ പ്രയാസമാണ്. കാരണം, സകല ജീവികളുടെയും പ്രാരബ്ധവും സഞ്ചിതവും ആഗമിയുമായ കർമ്മങ്ങളിൽ സാധർമ്മ്യം കാണപ്പെടുന്നു. അതിനാൽ കർമ്മങ്ങളാൽ പ്രേരിതമായിട്ടാണു ജീവൻ പ്രവർത്തിക്കുന്നത്. തന്മൂലം കർമ്മം ബ്രാഹ്മണമാകാൻ തരമില്ല.(തർഹി കർമ്മ ബ്രാഹ്മണഃ ഇതി ചേത്തന്ന സർവേഷാം പ്രാണീനാം പ്രാരബ്ധസഞ്ചിതാഗാമി കർമ്മഃ സാധർമ്മ്യ ദർശനാത് കർമ്മാഭിപ്രേരിതാ സന്തോ ജനഃ ക്രിയാ കുർവന്തീതി തസ്മാന്ന കർമ്മ ബ്രാഹ്മണഃ ഇതി).
- ✓ ധാർമ്മികത ബ്രാഹ്മണമാകുമോ? അതിന് സാധ്യതയില്ല. കാരണം, അനേകം ക്ഷത്രിയാദികൾ സ്വർണ്ണദാനം ചെയ്തുകൊണ്ടേയിരിക്കുന്നു.അതുകൊണ്ട് ധാർമ്മികമായ വ്യക്തിയും ബ്രാഹ്മണനാകാൻ ഞെരുക്കം. (തർഹി ധാർമ്മികോ ബ്രാഹ്മണഃ ഇതി ചേത്തന്ന ക്ഷത്രിയാദയോ ഹിരണ്യദാതാരോ ഇഹ വാ സന്തി തസ്മാന്ന ധാർമ്മികോ ബ്രാഹ്മണഃ ഇതി).
- ✓ ആ നിലയിൽ, ആരാണ് ബ്രാഹ്മണൻ? അദ്വിതീയമായും ജാതിഗുണക്രിയാരഹിതമായും ഷഡൂർമ്മിഷഡ്ഭാവാദി സത്യജ്ഞാനാനന്ദസ്വരൂപമായും സർവ്വദോഷരഹിതമായും വികല്പഹീനനായും എല്ലാ കല്പങ്ങൾക്കും ആധാരഭൂതമായും സമസ്ത ഭൂതങ്ങളിലും അന്തര്യാമിയായും ആകാശമെന്നോണം അകത്തും പുറമെയും വ്യാപിച്ചിരിക്കുന്നതും, അഖണ്ഡാനന്ദസ്വരൂപമായും അപ്രമേയമായും അനുഭവൈകൃവേദ്യമായും പ്രത്യക്ഷത്വേന ശോഭിക്കുന്നതായുമുള്ള ആത്മാവിനെ കൈത്തലത്തിൽ ഇരിക്കുന്ന നെല്ലിക്ക കണക്കെ സാക്ഷാത്കരിച്ചു കൃതാർത്ഥനായും കാമരാഗാദിദോഷരഹിതനായും ശമദമാദി സമ്പന്നനായും മാത്സര്യം,തൃഷ്ണ,ദുര ഇവവെടിഞ്ഞവനായും ദംഭം, അഹങ്കാരം ഇവ കൈവിട്ടവനായും യാതൊരാൾ ജീവിക്കുന്നുവോ അയാൾ തന്നെയാണ് ബ്രാഹ്മണനെന്നു ശ്രുതിസ്മൃതിപുരാണങ്ങൾ, ഇതിഹാസങ്ങൾ ഇവയുടെയൊക്കെ അഭിപ്രായം. അതിൽനിന്നു ഭിന്നമായി മറ്റൊരു തലത്തിലും ബ്രാഹ്മണ്യം ലഭിക്കുകയില്ല.(തർഹി കോവാ ബ്രാഹ്മണോ നാമഃ യ കശ്ചിദാത്മാനമദ്വിതീയം ജാതിഗുണ ക്രിയാഹീനം ഷഡൂർമ്മി ഷഡ്ഭാവേത്യാദി സർവ്വദോഷരഹിതം സത്യജ്ഞാനാനന്ദാനന്തസ്വരൂപം സ്വയം നിർവികല്പമശേഷകാല്പാധാരാമശേഷ ഭൂതാന്തര്യാമിത്വേന വർത്തമാനമ്തർ ബാഹിശ്ചാകാശവദനുസ്യൂതമഖണ്ഡാനന്ദ സ്വഭാവമപ്രമേയ മനുഭവൈകൃവദ്യമപരോക്ഷത ആഭാസമാന കരതലാമലകവത്ത് സാക്ഷാദപരോക്ഷീകൃത്യ കൃതാർത്ഥയാ കാമരാഗാദി ദോഷരഹിതം ശമദ മാദി സമ്പന്നോ ഭാവ മാത്സര്യ

> തൃഷ്ണാ ശാമോഹാദിരഹിതോ ദാംഭാഹങ്കാരാ ദിഭിരസം പൃഷ്ടചേതാവർത്തത ഏവ മുക്തലക്ഷണോ യ സ ഏവ ബ്രാഹ്മണ ഇതി ശ്രുതിസ്മൃതി പുരാണേതിഹാസാഭിപ്രായഃ അന്യഥാ ഹി ബ്രാഹ്മണത്വ ന സിദ്ധിർ നാസ്ത്യേവ).

ആരാണ് ബ്രാഹ്മണനെന്ന ചോദ്യത്തിന് ഹൈന്ദവഗ്രന്ഥങ്ങളിൽ പലയിടത്തും പല രീതിയിലുള്ള വ്യാഖ്യാനങ്ങളുണ്ട്. അവയിൽ പ്രായേണ ആധികാരികമായി കണക്കാക്കപ്പെടുന്നത് വജ്രസൂചികോപനിഷത് നൽകുന്ന നിർവ്വചനമാണ്. ശ്രുതിസ്മൃതി-പുരാണേതിഹാസങ്ങളേക്കാൾ പ്രാമാണികത വേദാന്തഗ്രന്ഥങ്ങളായ ഉപനിഷത്തുക്കൾക്കുണ്ട് എന്നതുകൊണ്ടാണ് അത്. അതിനാൽ, വജ്രസൂചികോപനിഷത്ത് നൽകുന്ന നിർവ്വചനമാണ് അഭികാമ്യം. ആര്യബ്രാഹ്മണവും ആർഷബ്രാഹ്മണവും ഒന്നല്ലെന്നാണല്ലോ വേദാന്തമായ ഉപനിഷത്തു സാക്ഷ്യപ്പെടുത്തുന്നത്. അതുകൊണ്ടുത്തന്നെ അർഷബ്രാഹ്മണർക്കു ശ്രുതിസ്മൃതി-പുരാണേതിഹാസങ്ങളിൽ നൽകുന്ന ആദരണീയതയ്ക്ക് ആര്യബ്രാഹ്മണർ അർഹരല്ലല്ലോ.

വിവേകചൂഡാമണിയിൽ

ശ്രീശങ്കരാചാര്യരുടെ വിശിഷ്ടരചനകളിൽ മുഖ്യസ്ഥാനമർഹിക്കുന്ന വിവേകചൂഡാമണിയിൽ, 'ജന്തൂനാം നരജന്മം ദുർല്ലഭമതാഃ പുംസ്ത്വം തതോ വിപ്രതാഃ' എന്നു തുടങ്ങുന്ന ഒരു ശ്ലോകമുണ്ട്.(ശ്ലോകം:02). 'ജന്തുക്കളിൽ, മനുഷ്യജന്മം ലഭിക്കുകയെന്നത് ഏറെ ദുർല്ലഭമാണ്. അതിലേറെ പ്രയാസമാണ് പുരുഷത്വം ലഭിക്കുക എന്നത്. പുരുഷനായിപ്പിറന്നാൽ തന്നെയും, ബ്രാഹ്മണ്യം ആർജ്ജിക്കുകയെന്നത് അതിലും എത്രയോ കടുപ്പമാണ്'. ബ്രാഹ്മണ്യത്തിന്റെ 'ദൈവികത'യ്ക്കു സാധൂകരണമായി പലപ്പോഴും അവതരിപ്പിക്കപ്പെടാറുള്ള ഒരു ശ്ലോകമാണല്ലോ അത്. ചിന്മയാമിഷൻ പ്രസിദ്ധീകരിച്ച 'വിവേകചൂഡാമണി'യുടെ മലയാളം തർജ്ജിമയിൽ, ചിന്മയാനന്ദ സ്വാമികൾ എഴുതുന്നു: വിപ്രതാ എന്ന പദപ്രയോഗവും യാഥാസ്ഥികന്മാർ വളച്ചൊടിച്ചു ദുഷിപ്പിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. അവരുടെ പക്ഷപ്രകാരം, ബ്രാഹ്മണർക്കു മാത്രമേ ഈശ്വരസാക്ഷാത്കാരത്തിന് അവകാശമുള്ളൂ. വെറും ജന്മംകൊണ്ടുമാത്രം ഒരു ബ്രാഹ്മണന്റെ പുത്രനായാൽമതി, അയാളും ബ്രാഹ്മണനാണത്രെ! നോക്കണേ ബുദ്ധിശൂന്യതയുടെ പോക്ക്. മാത്രമോ, ആ തെറ്റിദ്ധാരണയ്ക്കു വേദസമ്മതി കൽപ്പിച്ച് തങ്ങളുടെ വിജ്ഞാനത്തെ യാഥാസ്ഥികന്മാർ പുകഴ്ത്തുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള തെറ്റായ സമീപനങ്ങൾ ഹിന്ദുമതത്തിനു വരുത്തിവെച്ചിട്ടുള്ള കൊടും നാശം, പരിഹരിക്കാൻ പറ്റാത്തവിധം കടുത്തതായിപ്പോയി എന്നുവേണം പറയാൻ. ഈ യോഗ്യത(ബ്രാഹ്മണ്യം) മനോബുദ്ധികൾക്കുവേണ്ട വിശേഷഗുണങ്ങളാണെന്നും ഓർക്കണം.' സനാതനശാസ്ത്രഗ്രന്ഥങ്ങൾ ആധികാരികമായി പഠിച്ചു വ്യാഖ്യാനിച്ച സ്വാമിജിയെപ്പോലെയുള്ളവരുടെ വാക്കുകളാണ് ആർഷസംസ്കാരത്തെ സ്നേഹിക്കുന്നവർ പ്രമാണമായി കണക്കാക്കേണ്ടത്.

ശ്രീശങ്കരാചാര്യരും അതുതന്നെയാണ് ഉദ്ദേശിച്ചതെന്ന്, വിവേകചൂഡാമണിയിലെ നാലാം ശ്ലോകത്തിൽ വ്യക്തമാണ്: 'എത്രയോ ദുർല്ലഭമായ നരജന്മം ലഭിച്ചു. പോരാ, പൗരുഷഗുണങ്ങളും നേടി. മാത്രമല്ല, ശ്രുതിയുടെ പൂർണ്ണജ്ഞാനവും ലഭിച്ചു. എന്നിട്ടും ആത്മമുക്തിയ്ക്കുവേണ്ട പ്രയത്നം ചെയ്യാത്ത മൂഢബുദ്ധിയായ വല്ല മനുഷ്യ

നുമുണ്ടെങ്കിൽ ആ മൂഢൻ ആത്മഹന്താവാണ്. അസത്പദാർത്ഥങ്ങളെ ആശ്രയിക്കുക കാരണം അയാൾ ആത്മനാശം വരുത്തിവെയ്ക്കുകയാണ്". (ലബ്ധ്വാ കഥംചിത് നരജന്മ ദുർല്ലഭം/തത്രാപി പുംസ്ത്വം ശ്രുതിപാരദർശനം/ യസ്ത്വാത്മ മുക്തൗ ന യതേത മൂഢധീം/ സഹ്യാത്മഹാ സ്വം വിനിഹന്ത്യ സത്ഗ്രഹാത്). ശ്രുതിവാചകങ്ങളും വേദാന്ത സാധനകളുടെ പൊരുളും അറിഞ്ഞവനാണ് ബ്രാഹ്മണൻ എന്നതാണല്ലോ ശങ്കരാചാര്യനും, അദ്ദേഹത്തെപ്പോലെയുള്ള സനാതന സാരഥികളും അർത്ഥമാക്കുന്നത്. ജാതിബ്രാഹ്മണ്യത്തിന്റെ വക്താക്കൾക്കുള്ള മറുപടിയാണ് ഇത്തരത്തിലുള്ള ഓരോ ശ്ലോകവും. അവയിൽനിന്നും അറ്റവും അരികും അടർത്തിയെടുത്തു നടത്തുന്ന അപനിർമ്മാണങ്ങൾ പൊളിക്കാനുള്ള ഒരേയൊരു വഴിയും ആ ഗ്രന്ഥങ്ങൾ അർത്ഥമറിഞ്ഞു പഠിക്കുക എന്നതുതന്നെയാണ്.

ഇതിഹാസപുരാണങ്ങളിൽ ചാതുർവർണ്യവിഭജനത്തെക്കുറിച്ചുള്ള ചില പ്രസ്താവനകളും കാണാനാകും. അവയിലധികവും മൂലകഥയുമായി ചേരാതെ വേറിട്ടു നിൽക്കുന്ന പരാമർശങ്ങളായാണു പ്രത്യക്ഷപ്പെടുന്നത്. അതുപോലെതന്നെയാണ് ബ്രാഹ്മണ അപദാനങ്ങളും ബ്രാഹ്മണ്യത്തെ സംബന്ധിച്ചുള്ള സംവാദങ്ങളും. അവയെല്ലാം സത്യത്തിൽ മൂലകൃതികളുടെതന്നെ ഭാഗമാണോ,അല്ലെങ്കിൽ പ്രക്ഷിപ്തമാണോ എന്നതല്ല പരിശോധിക്കുന്നത്. അവ നൽകുന്ന സന്ദേശം എന്താണെന്നുമാത്രമാണ്. അത്തരം സാക്ഷിമൊഴികൾ, സമൂഹത്തിൽ പ്രചാരത്തിലുള്ള പല തെറ്റിദ്ധാരണകളും, അത്തരത്തിൽ സൃഷ്ടിക്കപ്പെട്ട ധാരണകളുടെ അടിസ്ഥാനത്തിൽ ആ ഗ്രന്ഥങ്ങളെയും അവയുടെ രചയിതാക്കളെയും സംബന്ധിച്ചു രൂപപ്പെട്ടിട്ടുള്ള മുൻവിധികളെയും തിരുത്താൻ പര്യാപ്തമാണ്. അതിന് ഉതകുന്ന കുറച്ചു ദൃഷ്ടാന്തങ്ങൾ പുരാണേതിഹാസങ്ങളിൽനിന്നും കണ്ടെടുക്കാം:

ബ്രാഹ്മണകുലപതി ബ്രാഹ്മണനെ നിർവ്വചിക്കുന്നു

ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷി ബ്രാഹ്മണനെ എപ്രകാരം നിർവ്വചിക്കുന്നു എന്നത് ഏറെ പ്രസക്തവും കൗതുകകരവുമാണ്. ചാതുർവർണ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം മനുവാദികളെ നിരാകരിക്കുന്ന ഭൃഗു എന്നഅധ്യായത്തിൽ കണ്ടതാണല്ലോ. വ്യാസമഹാഭാരതം ശാന്തിപർവ്വത്തിൽ, ഭൃഗുമഹർഷിയും ഭരദ്വാജമഹർഷിയും തമ്മിലുണ്ടായ ഒരു സംവാദത്തിന്റെ രൂപത്തിൽ ഭൃഗുസ്മൃതിയിലെ പ്രതിപാദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അതിൽ പറയുന്നതനുസരിച്ച്, ശരീരത്തിന്റെയും മനസ്സിന്റെയും ശുദ്ധിപാലിക്കുന്നവനാണ് ബ്രാഹ്മണൻ:

> ഭൃഗു പറഞ്ഞു: "ജാതകർമ്മാദികളായ സംസ്കാരംകൊണ്ട് സംസ്കൃതനും ശുചിയുമായവൻ, വേദാദ്ധ്യയനത്തോടുകൂടിയവൻ, ആറുകർമ്മങ്ങൾ അനുഷ്ഠിക്കുന്നവൻ. ശൗചാചാരസ്ഥിതൻ, വിഘസം അശിക്കുന്നവൻ, ഗുരുപ്രിയൻ നിത്യവ്രതൻ, സത്യപരൻ എന്നീ ഗുണങ്ങളോടുകൂടിയവൻ ബ്രാഹ്മണനാണ്. സത്യം, ദാനം, അദ്രോഹം, ആനൃശംസ്യം, ത്രപ, ഘൃണ, തപസ്സ് ഇവയെല്ലാം ചേർന്നു കാണുന്നവനാരോ, അവൻ ബ്രാഹ്മണനാകുന്നു.

(വ്യാസമഹാഭാരതം സമ്പൂർണ്ണവിവർത്തനം:വിദ്വാൻ കെ.പ്രകാശം).ഭൃഗുമഹർഷി ശുദ്ധിയെ ബ്രാഹ്മണ്യത്തിന്റെ പ്രമാണമായി ആവിഷ്കരിക്കുമ്പോഴും, ആ ശുദ്ധി

ജന്മത്തിലൂടെ ലഭിക്കുന്ന വർണ്ണവിശുദ്ധിയല്ലെന്നും ആന്തരികവും ബാഹ്യവുമായ ശുചിത്വമാണെന്നും വ്യക്തമാണല്ലോ. ജാതകർമ്മത്തിലൂടെയും വേദപഠനത്തിലൂടെയും നേടേണ്ട 'പക്വത' അന്യവർണ്ണികൾക്കു നിഷേധിക്കുന്നതുകൊണ്ടാണല്ലോ അവർക്ക് സാധ്യമല്ലാതാകുന്നത്. അതിന് അവരല്ല ഉത്തരവാദി; അത് നിഷേധിക്കുന്നവർ മാത്രമാണ്. ബ്രാഹ്മണകുലത്തിന്റെ പിതാവായ ഭൃഗുമഹർഷിയുടേതെന്നു വിശ്വസിക്കപ്പെടുന്ന ഭൃഗുസ്മൃതിയെ തഴഞ്ഞ് മനുസ്മൃതിയെ വർണ്ണവിഭജനത്തിന്റെ അളവുകോലായ് നിശ്ചയിക്കുന്ന വംശവിശുദ്ധിവാദികളുടെ ആത്മവഞ്ചനയുടെ അടിത്തറ തകർക്കുന്നതാണ് ഭൃഗു അടക്കമുള്ള മഹാന്മാക്കൾ നടത്തുന്ന ഇത്തരം സത്യപ്രഖ്യാപനങ്ങൾ. ഇനി, മറ്റുചില ബ്രാഹ്മണനിർവ്വചനങ്ങൾ കാണുക:

ബ്രാഹ്മണലക്ഷണം: നഹുഷ-യുധിഷ്ഠിര സംവാദത്തിൽ

വനവാസകാലത്ത് വിശാഖയൂപമെന്ന സ്ഥലത്ത് പാണ്ഡവർ താമസിക്കവേ, ധർമ്മപുത്രരും കുരുപരമ്പരയുടെ പ്രപിതാമഹനായ നഹുഷനും തമ്മിലുണ്ടായ സംവാദത്തിന്റെ പശ്ചാത്തലം 'ചാതുർവർണ്യ ചർച്ച:നഹുഷപുരാണത്തിൽ' എന്ന അധ്യായത്തിൽ വായിച്ചതാണല്ലോ.ധർമ്മദേവന്റെ അവതാരമായ യുധിഷ്ഠിരൻ ആ സംവാദത്തിൽ നൽകുന്ന ബ്രാഹ്മണ നിർവ്വചനം വേദവ്യാസമഹർഷിയുടെ വചനമായിത്തന്നെ സ്വീകരിക്കാമെന്നു തോന്നുന്നു. വ്യാസമഹർഷി പല കഥാപാത്രങ്ങളെക്കൊണ്ട് പലപ്രാവശ്യം പറയിച്ച് ഉറപ്പിക്കാൻ ശ്രമിച്ചത് ഒരേകാര്യം തന്നെയാണ്:

നഹുഷൻ: എന്താണ് ബ്രാഹ്മണലക്ഷണം?

യുധിഷ്ഠിരൻ: സത്യസന്ധത, ക്ഷമ, വിശുദ്ധി, ബ്രഹ്മചര്യം, ആത്മനിയന്ത്രണം, ധർമ്മബോധം, ബ്രഹ്മത്തിൽ ലീനമായ മനസ്സ് ഇതുള്ളവരാണ് ബ്രാഹ്മണർ.

നഹുഷൻ: അങ്ങ് ഈ പറഞ്ഞ ഗുണങ്ങൾ മറ്റു വർണ്ണങ്ങളിലും കാണാമല്ലോ?

യുധിഷ്ഠിരൻ:ഈ ഗുണങ്ങൾ ആരിൽ കാണുന്നുവോ അവൻ ബ്രാഹ്മണനാകുന്നു; ഏത് കുലത്തിൽ പിറന്നു എന്നതിനു പ്രസക്തിയില്ല.

ബ്രാഹ്മണ്യം: ബ്രഹ്മദേവ-വിശ്വാമിത്ര സംവാദത്തിൽ

ആരാണ് ബ്രാഹ്മണൻ എന്ന് ബ്രഹ്മാവു വ്യക്തമാക്കുന്ന ഒരു കഥയുണ്ട്. പൂർവ്വാശ്രമത്തിൽ രാജാവായിരുന്ന വിശ്വാമിത്രമുനി, വസിഷ്ഠമുനിയുടെ തപോവീര്യം കണ്ട് മോഹിതനായാണ് തപസ്സുചെയ്ത് ബ്രഹ്മർഷിപദമാർജ്ജിച്ചത്. രാജ്യവും രാജഭോഗങ്ങളും ഉപേക്ഷിച്ച് കൌശികീതീരത്തുപോയി കഠിനതപസ്സുചെയ്ത് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തിയ വിശ്വാമിത്രൻ മഹർഷിയെന്ന പദവിനേടി. പക്ഷേ,അദ്ദേഹം സംതൃപ്തനായില്ല. വിശ്വാമിത്രന് ബ്രാഹ്മണനാണ് ആകേണ്ടത്. അതിനായി കഠിനതപസ്സു തുടർന്ന വിശ്വാമിത്രനു മുൻപിൽ പ്രത്യക്ഷപ്പെട്ട ബ്രഹ്മാവിനോടു മഹർഷി തന്റെ ആഗ്രഹം അവതരിപ്പിച്ചു: 'അല്ലയോ ബ്രഹ്മദേവാ, എനിക്ക് ബ്രാഹ്മണനാണ് ആകേണ്ടത്. ആ സ്ഥാനം തന്നാലും. എന്നാലേ ഞാൻ ജിതേന്ദ്രിയനായി എന്നു കരുതുകയുള്ളൂ'. (ബ്രാഹ്മണസ്തു വചഃ ശ്രുത്വാ വിശ്വാമിത്രസ്തപോധനഃ / പ്രാഞ്ജലിഃ പ്രണതോ ഭൂത്വാ പ്രത്യുവാച പിതാമഹം/ബ്രഹ്മർഷിശബ്ദമതുലം സ്വാർജ്ജിതൈഃ കർമ്മ ഭിഃ ശുഭൈഃ/യദി മേ ഭഗവന്നാഹ തതോഹം വിജിതേന്ദ്രിയഃ). എന്നാൽ, വിധാ

താവു വിശ്വാമിത്രന്റെ അയോഗ്യത തുറന്നുപറഞ്ഞു: "അങ്ങ് ഇതുവരെ ജിതേന്ദ്രിയനായിട്ടില്ല. ഇനിയും ശ്രമിക്കൂ. സമയമാകുമ്പോൾ ഞാൻ വീണ്ടും വരാം".

മഹാഭാരതത്തിലെ ഈ ഉപാഖ്യാനത്തിൽനിന്നും മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. ബ്രാഹ്മണനാകാനാണ് വിശ്വാമിത്രൻ തപസ്സുചെയ്തത്. എന്നാൽ, ആ ബ്രാഹ്മണൻ ജാതിബ്രാഹ്മണനല്ല. ജാതിബ്രാഹ്മണനാകാൻ കഠിനതപസ്സിന്റെ ആവശ്യം ഇല്ലല്ലോ. അന്യവർണ്ണിയായ ഒരാൾക്ക് തപസ്സിലൂടെ ആർഷബ്രാഹ്മണനാകാം എന്നത് പൗരാണികകാലത്തു സാധ്യമായിരുന്നു.അതിന് ജിതേന്ദ്രിയനായാൽ മതിയായിരുന്നു. ബാഹ്യേന്ദ്രിയങ്ങളുടെ പിടിയിൽനിന്നും പൂർണ്ണമായും മോചിതനാകാൻ ഉള്ള ഉപാധിയായിരുന്ന തപസ്സ്, അതിനാലാണ് ബ്രാഹ്മണ്യപ്രാപ്തിക്കുള്ള മാർഗ്ഗമായത്. എല്ലാവർണ്ണങ്ങൾക്കിടയിലും അത്തരം മാറ്റം അനുവദനീയമായിരുന്നു.എന്തുകൊണ്ടെന്നാൽ, അന്ന് വർണ്ണങ്ങൾ ജന്മാർജ്ജിതമായിരുന്നില്ല; കർമ്മാധിഷ്ഠിതമായിരുന്നു. ഒരാൾ വരിക്കുന്ന(സ്വീകരിക്കുന്ന) കർമ്മമായിരുന്നു അയാളുടെ വർണ്ണമേത് എന്നു നിശ്ചയിച്ചിരുന്നത്. ആര്യാധിപത്യകാലംവരെ അതായിരുന്നു സ്ഥിതി.

ബാഹ്യേന്ദ്രിയങ്ങളുടെ പിടിയിൽനിന്നും മുഴുവനായും മോചിതനാകാത്ത മഹർഷിയ്ക്ക് ബ്രാഹ്മണനാകാൻ അർഹതയില്ല എന്നു പറഞ്ഞതിന്റെ അർത്ഥം, പൂണൂലിടുന്നവരെല്ലാം ബ്രാഹ്മണരല്ല എന്നുതന്നെയാണ്. അനന്തരം ദേവേന്ദ്രന്റെ സഹായത്തോടെ അപ്സരസുന്ദരികളായ മേനകയെയും രംഭയെയും ഇറക്കി നടത്തിയ പരീക്ഷണങ്ങൾ അതിജീവിച്ചാണ് വിശ്വാമിത്രൻ ബ്രഹ്മർഷിയായത്. പലപല പരാജയങ്ങളിൽനിന്നും പാഠം പഠിച്ച് അന്തിമ വിജയമാർജ്ജിച്ച വിശ്വാമിത്രനെക്കുറിച്ച് ദേവന്മാർ ബ്രഹ്മാവിനോട് പറഞ്ഞതായി, പുരാണങ്ങളിൽ കാണുന്ന വാക്കുകളിൽ ബ്രാഹ്മണ്യത്തിന്റെ നിർവ്വചനവുമുണ്ട്: "പലവിധത്തിൽ വിശ്വാമിത്രനെ കാമമോഹിതനാക്കുവാനും ക്രോധിപ്പിക്കുവാനും ഞങ്ങൾ പരിശ്രമിച്ചു. എന്നാൽ, ഇപ്പോൾ അവൻ എല്ലാത്തരത്തിലും അതിനെയൊക്കെ അതിജീവിച്ചിരിക്കുന്നു. അവനിൽ സൂക്ഷ്മമായ ഒരു കുറവുപോലും ഈ നേരം കാണുവാനില്ല. അവൻ ബ്രാഹ്മണപദവിക്ക് അർഹനായിരികുന്നു". രാജാവും ക്ഷത്രിയനുമായ വിശ്വാമിത്രനു ജാതിബ്രാഹ്മണനാകേണ്ട കാര്യമില്ലല്ലോ? ജാതിബ്രാഹ്മണനാകാൻ തപസ്സിലൂടെ സാധ്യവുമല്ലല്ലോ. അപ്പോൾ, ബ്രാഹ്മണനാകുകയാണ് തന്റെ ലക്ഷ്യമെന്ന് വിശ്വാമിത്രൻ പറയുന്നതിന്റെ അർത്ഥം ബ്രഹ്മജ്ഞാനിയാകുക എന്നാണെന്നു സ്പഷ്ടമാണ്. ബ്രാഹ്മണനാകാൻ വിശ്വാമിത്രനെ പ്രചോദിപ്പിച്ച സംഭവവും അതാണ് വെളിവാക്കുന്നത്. കൂടാതെ,വിശ്വാമിത്രനെ പ്രലോഭിപ്പിച്ച വസിഷ്ഠമഹർഷിയും ജന്മംകൊണ്ട് ജാതിബ്രാഹ്മണനായിരുന്നില്ലല്ലോ. ആ ഘടകങ്ങളൊക്കെ പരിഗണിച്ചു വേണം വിശ്വാമിത്രന്റെ ബ്രാഹ്മണ്യപ്രാപ്തിയെയും ബ്രാഹ്മണ്യത്തെയും അതിന്റെ ചെലവിൽ നടക്കുന്ന അസത്യപ്രചരണങ്ങളെയും മനസ്സിലാക്കാൻ.(രാജാവായിരുന്ന വിശ്വാമിത്രനെ തപസ്സിലേക്ക് എത്തിച്ച സംഭവങ്ങൾ വിശ്വാമിത്രൻ ബ്രാഹ്മണനായിട്ടില്ല എന്ന അധ്യായത്തിൽ വിശദമായി ചേർത്തിട്ടുണ്ട്; വായിക്കുക). അതുകൊണ്ട്, വിശ്വാമിത്രൻ ബ്രാഹ്മണനായി എന്ന ഇതിഹാസങ്ങളിലെ പരാമർശത്തിൽനിന്നും അറിയേണ്ടത് അദ്ദേഹം ജാതിബ്രാഹ്മണനായി എന്നല്ല. എന്തുകൊണ്ടെന്നാൽ, അക്കാലത്തു ബ്രാഹ്മണ്യം ഒരു ജാതിയായിരുന്നില്ല; ഒരു ആർജ്ജിത പദവിമാത്രമായിരുന്നു.

ആശ്രമോപനിഷത്തിലെ ബ്രാഹ്മണനിർവ്വചനം

ഹിന്ദുധർമ്മമനുസരിച്ച്, ഓരോ മനുഷ്യനും അനുഷ്ഠിക്കേണ്ട വിഭിന്ന ജീവിതഘട്ടങ്ങളെയാണ് ആശ്രമങ്ങളെന്നു പറയുന്നത്. നാല് ആശ്രമങ്ങൾ യഥാക്രമം ബ്രഹ്മചര്യം,ഗാർഹസ്ഥ്യം,വാനപ്രസ്ഥം,സന്യാസം എന്നിവയാണ്. ആ ഓരോ ആശ്രമവും അവയുടെ ഉപവിഭാഗങ്ങളും നിർവ്വചിക്കുകയും, അതാത് ആശ്രമികൾ പുലർത്തേണ്ട നിഷ്ഠകൾ നിർണ്ണയിക്കുകയും ചെയ്യുന്ന ഉപനിഷത്താണ് ആശ്രമോപനിഷത്. അതിൽ, ബ്രഹ്മചാരികൾ നാലുതരം എന്ന് പ്രസ്താവിക്കുന്നുണ്ട്: ഗായത്രൻ,ബ്രാഹ്മണൻ,പ്രാജാപത്യൻ,ബൃഹൻ എന്നിങ്ങനെ. ആശ്രമോപനിഷത്തു നിർവ്വചിക്കുന്നതനുസരിച്ച് നാല്പത്തെട്ടുവർഷം വേദാധ്യയനാർത്ഥം ബ്രഹ്മചര്യം അനുഷ്ഠിക്കുകയോ, ഓരോ വേദവും പന്ത്രണ്ടുവർഷം വീതം വിസ്തരിച്ചു പഠിക്കുകയോ, നല്ലതുപോലെ വേദജ്ഞാനം സിദ്ധിക്കുന്നതുവരെ യമനിയമാദികൾ പാലിക്കുകയോ ചെയ്യുന്നവൻ ആരോ, അവനാണ് ബ്രാഹ്മണനെന്നു പറയപ്പെടുന്നത്.(യോƒഷ്ടാ ചത്വാരിം ശദ്വർഷാണി വേദഃ ബ്രഹ്മചര്യം ചരേത്ത് പ്രതിവേദം ദ്വാദശ വാ യാവദ് ഗ്രഹണാന്തം വാ വേദാസ്യ സ ബ്രാഹ്മണാഃ). ആ നിർവ്വചനം പ്രമാണികമാണല്ലോ.

വജ്രസൂചികോപനിഷത്തും ആശ്രമോപനിഷത്തും മാത്രമല്ല, സകല ഉപനിഷത്തുകളും(വേദാന്തം)ദ്വൈതചിന്തയും ഭേദബുദ്ധിയും അതിന്റെ പ്രകടിതരൂപങ്ങളായ വർണ്ണ,വർഗ്ഗ,ജാതി,ലിംഗ വ്യത്യാസങ്ങളും നിരാകരിക്കുന്നവയാണ്. സർവ്വചരാചരങ്ങളിലും സ്ഫുരിക്കുന്ന ചൈതന്യം ഒന്നാണെന്ന പരമസത്യം പ്രഖ്യാപിക്കുന്ന ഉപനിഷത്തുകൾക്ക് മനുഷ്യനിർമ്മിതമായ വിഭജനങ്ങളെ അംഗീകരിക്കാൻ കഴിയില്ലല്ലോ. അതുകൊണ്ടാണ് ഉപനിഷത്തുകൾ വിഭജനവാദികളാൽ അപ്രസക്തമാക്കപ്പെട്ടതും വിവേചനങ്ങൾ ആര്യാധിപത്യവ്യവസ്ഥിതിയിൽ വേരാഴ്ത്തിയതും.

സ്കന്ദപുരാണത്തിൽ

അംഗീകൃതമായ പതിനെട്ട് പുരാണങ്ങളിൽ ഏറ്റവും ബൃഹത്തായ സ്കന്ദപുരാണത്തിന്റെ രചയിതാവ് വ്യാസമഹർഷിയാണെന്നു വിശ്വസിക്കപ്പെടുന്നു. പരമശിവന്റെയും ശ്രീപാർവ്വതിയുടെയും മകനായ സ്കന്ദന്റെ(സുബ്രഹ്മണ്യന്റെ) ലീലകളാണ് ആ പുരാണത്തിലെ മുഖ്യപ്രതിപാദ്യം. സ്കന്ദർ ഭൃഗുമഹർഷിക്കു വിവരിച്ചുകൊടുക്കുന്ന രീതിയിൽ എഴുതപ്പെട്ടിട്ടുള്ള സ്കന്ദപുരാണത്തിലെ ചില പരാമർശങ്ങൾ കാണുക. ആരാണ് ശൂദ്രനെന്നും ബ്രാഹ്മണനെന്നുമുള്ള ചോദ്യങ്ങൾക്ക് വ്യാസമഹർഷിയും സുബ്രഹ്മണ്യനും കൊടുത്ത മറുപടികളാണിത്. ബ്രാഹ്മണകുലപതിയായ ഭൃഗുവിനോടുള്ള സ്കന്ദന്റെ ഉപദേശങ്ങൾ ഓരോ ബ്രാഹ്മണരോടുമുള്ള വ്യാസമുനിയുടെ ബോധവത്കരണമായി കണക്കാക്കാം.ഒപ്പം,ആ പ്രസ്താവങ്ങൾ ചോദ്യംചെയ്യുന്നത് കാലാകാലങ്ങളായി പ്രചാരത്തിലുള്ള കള്ളങ്ങളെയാണ്:

- ✓ മനുഷ്യൻ ജനിക്കുന്നത് ശൂദ്രനായിട്ടാണ്(അജ്ഞാനി). വിവിധ സംസ്കാരങ്ങളിലൂടെശുദ്ധീകരിക്കപ്പെടുന്ന അവർ ദ്വിജന്മാരായി ജ്ഞാനസമ്പാദനത്തിന് പ്രാപ്തരാകുകയും അങ്ങനെ മുക്തിനേടുകയും ചെയ്യുന്നു.(ജന്മനാ ജായതേ ശൂദ്രഃ/ സംസ്കാരാത് ഭവേത് ദ്വിജഃ/ വേദ-പാഠാത് ഭവേത് വിപ്രഃ ബ്രഹ്മജ്ഞാനാതീതി ബ്രാഹ്മണഃ).(ഈ ശ്ലോകത്തിലെ പരാമർശങ്ങൾ വർണ്ണപരമല്ലല്ലോ).

- ✓ ലോകവാസികളായ എല്ലാവരും ആചാരം കൊണ്ടുതന്നെ ബ്രാഹ്മണരാകാം. സദ്വൃത്തിയിൽ ഇരിക്കുന്ന ശൂദ്രനും ബ്രാഹ്മണത്വം സിദ്ധിക്കുന്നു.(സർവ്വേഷാം ബ്രാഹ്മണോ ലോകേ വൃത്തേന ച വിധീയതേ വൃത്തേസ്ഥിതസ്തു ശൂദ്രോപി ബ്രാഹ്മണത്വം നിയച്ഛതി). (ബ്രാഹ്മണ്യം ആചരിക്കേണ്ടതാണ്).
- ✓ അല്ലയോ കല്യാണീ! ബ്രഹ്മത്തിന്റെ സ്വഭാവം എല്ലായിടത്തും ഒന്നുപോലെ തന്നെയിരിക്കുന്നു. നിർഗ്ഗുണവും നിർമ്മലവുമായ ബ്രഹ്മം ഏവനിൽ ഉണ്ടോ അവനേ ബ്രാഹ്മണൻ.(ബ്രഹ്മസ്വഭാവഃ കല്യാണി! സമഃ സർവ്വത്ര മേ മതി നിർഗുണം നിർമ്മലം ബ്രഹ്മം യത്ര നിഷ്ഠതി സ ദ്വിജഃ).

ബ്രഹ്മത്തിന്റെ സ്വഭാവം എല്ലായിടത്തും ഒരുപോലെതന്നെയിരിക്കുന്നു എന്നവചനത്തിലൂടെ ബ്രഹ്മത്തിന്റെ ഔന്നത്യം പ്രഖ്യാപിക്കുന്ന ആ സൂക്തങ്ങൾ അടിവരയിടുന്നത്, നിർഗ്ഗുണവും നിർമ്മലവുമായ ബ്രഹ്മം ആരിൽ ഉണ്ടോ, അവനാണ് ബ്രാഹ്മണൻ എന്നാണ്. ബ്രഹ്മജ്ഞാനമില്ലാത്തവൻ ഏത് കുലത്തിൽ ജനിച്ചാലും ബ്രാഹ്മണനല്ല എന്നർത്ഥം. ആ വിളംബരത്തിലൂടെ വ്യാസമഹർഷിയും സുബ്രഹ്മണ്യനും തള്ളിക്കളയുന്നത്, ഉപനിഷത് തത്വങ്ങളെ വിഴുങ്ങാനൊരുങ്ങുന്ന മനുവിന്റെയും മറ്റു മഹർഷിമാരുടെയും പേരിലുള്ള കപടനിയമങ്ങളെ ഒന്നാകെയാണ്.

മറ്റുള്ളവരുടെ കർമ്മങ്ങൾക്കെല്ലാം അർഹത നിശ്ചയിച്ച ജാതിബ്രാഹ്മണർ, ബ്രാഹ്മണനാകാനും അർഹതയുണ്ട് എന്ന സത്യത്തെ മറച്ചുവെച്ചു. അതുകൊണ്ടാണ്, ജന്മമാണ് ബ്രാഹ്മണ്യത്തിന്റെ ആധാരമെന്നു മറ്റുള്ളവരെ വിശ്വസിപ്പിക്കാനും അർഹതയില്ലാത്ത ബഹുമതി നേടിയെടുക്കാനും അവർ ശ്രമിച്ചത്. ബ്രാഹ്മണ്യം ഒരു ഗുണമാണെന്നും അതു കർമ്മങ്ങളിലൂടെ സ്വായത്തമാക്കേണ്ടതാണ് എന്നും അറിഞ്ഞാൽ മാത്രമേ ചാതുർവർണ്യവിഭജനവും ബ്രാഹ്മണ്യമേധാവിത്വവും ജാതിവിവേചനവും ആര്യന്മാർ അനേകായിരം അപനിർമ്മിതികളിലൂടെ സൃഷ്ടിച്ചെടുത്തതാണ് എന്ന സംഗതി അനാവൃതമാകൂ. മറ്റുസമുദായങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്ന നീചത്വവും ആ ചതിയുടെ പരിണതഫലമാണെന്ന കാര്യം വ്യക്തമാകൂ. ആ കാപട്യം മറച്ചുവെക്കാൻ വേണ്ടിയാണ്, അനാര്യസമൂഹങ്ങൾക്ക് അവർ പൗരാണികകൃതികൾ വിലക്കിയതും അറിവു നിഷേധിച്ചതും. ആ പാതകമാണ് അത്തരം സമുദായങ്ങളെ ഒരിക്കലും ഒടുങ്ങാത്ത അധഃസ്ഥിതാവസ്ഥയിലേയ്ക്കു തള്ളിവിട്ടത്.

ഉപനയനം എന്ന കടുംകടമ്പ

ഉപനയനമാണ്(യജ്ഞോപവീതം) ഒരുവനെ വേദാധ്യയനത്തിന് അധികാരിയാക്കുന്നത് എന്നതാണു പൊതു ധാരണ. ഷോഡശക്രിയകളിൽ ഒന്നായ ഉപനയനം, ബാലന്മാരുടെ വേദാധ്യയനത്തിന് തുടക്കം കുറിക്കുന്ന ചടങ്ങാണ്. ഉപനയനസംസ്കാരത്തിൽ ബാലനെ യജ്ഞസൂത്രം(യജ്ഞോപവീതം/ പൂണൂൽ) ധരിപ്പിക്കുന്നു. യജ്ഞത്തിൽ ധരിക്കുന്നതായതിനാലാണ് പൂണൂൽ യജ്ഞോപവീതമെന്നും യജ്ഞസൂത്രമെന്നും അറിയപ്പെടുന്നത്. എന്നാൽ, കാലക്രമേണ പൂണൂൽ ജാതിബ്രാഹ്മണ്യത്തിന്റെ അധികാരചിഹ്നമായിത്തീർന്നു. യജ്ഞം എന്ന പദത്തിന്, യജിക്കൽ അഥവാ, ത്യജിക്കൽ എന്നാണ് അർത്ഥം. എങ്കിലും, കാലക്രമത്തിൽ പൂണൂൽ പരമാധികാരത്തിന്റെയും പിടിച്ചടക്കലിന്റെയും പര്യായമായി പരിണമിച്ചു.

'ദ്വിജൻ' അഥവാ രണ്ടു ജന്മമുള്ളവൻ എന്നത് ബ്രഹ്മജ്ഞാനം നേടുന്നതിനു മുൻപും പിമ്പുമുള്ള അവസ്ഥാന്തരങ്ങളാണെന്നതിൽനിന്നും, ഉപനയനത്തിനു മുമ്പും പിൻപുമെന്ന അവസ്ഥയിലേക്കു ചുരുക്കപ്പെട്ടു. ഇന്ന്, ദ്വിജനെന്ന പദം ബ്രാഹ്മണനെന്ന ജാതിനാമത്തിന്റെ പര്യായമാണ്. വേദപഠനത്തിനുള്ള അവകാശം പരിമിതമാക്കപ്പെട്ടതോടെ പൂണൂൽ അണിയാൻ ക്ഷത്രിയർക്കും വൈശ്യർക്കുമുണ്ടായിരുന്ന അവകാശം ബ്രാഹ്മണരിലേക്ക് മാത്രമായി ഒതുങ്ങി. പൂണൂൽധാരികളായ ക്ഷത്രിയകഥാപാത്രങ്ങൾപോലും ബ്രാഹ്മണരാക്കപ്പെട്ടു. ഇന്ന്, പൂണൂൽ കേവലം ജാതിബ്രാഹ്മണ്യത്തിന്റെ പ്രതീകം മാത്രമാണ്. എന്നാലും, ബ്രാഹ്മണനാകാനും സന്യാസം സ്വീകരിക്കാനും ഉപനയനം വേണമെമെന്നില്ല എന്നാണ് വേദാന്തഗ്രന്ഥങ്ങളായ ഉപനിഷത്തുകൾ സാക്ഷ്യപ്പെടുത്തുന്നത്. ഇതിഹാസപുരാണങ്ങളിലും അതിനെ പിന്തുണയ്ക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ കാണാനാകുന്നുണ്ട്.

സന്യാസത്തെയും മോക്ഷപ്രാപ്തിയെയും സംബന്ധിച്ച്, യാജ്ഞവൽക്യമഹർഷി ശിഷ്യന്മാരായ അത്രിമഹർഷി, ബൃഹസ്പതി മുതലായവർക്ക് നൽകുന്ന ഉപദേശങ്ങളാണു ജാബാലോപനിഷത്തിന്റെ ഉള്ളടക്കം. അതിന്റെ നാലാമധ്യായത്തിൽ, അമരത്വം നേടുന്നതിനുള്ള ഉപായം ആരാഞ്ഞുകൊണ്ട് തനിക്കു മുന്നിലെത്തിയ വിദേഹരാജാവായ ജനകന്(സീതയുടെ പിതാവ്), യാജ്ഞവൽക്യൻ കൊടുത്ത ഉപദേശം മഹർഷിതന്നെ തന്റെ ശിഷ്യന്മാരോട് ഇങ്ങനെ വിവരിക്കുന്നു: "വ്രതധാരിയോ വ്രതഹീനനോ വിദ്വാനോ അവിദ്വാനോ അഗ്നിയെ സ്വീകരിച്ചു സംസ്കാരം ചെയ്യപ്പെടാത്തവനോ, ഏതു വിധമായാലും ശരി, ഏതവസ്ഥയായാലും ശരി യഥാർത്ഥമായ വൈരാഗ്യം ഉണ്ടായാൽ(വിരക്തി), അപ്പോൾത്തന്നെ സന്യാസം സ്വീകരിക്കാവുന്നതാണ്"(ശ്ലോകം:1). തുടർന്നുവരുന്ന ശ്ലോകങ്ങളിൽ, സന്യാസിയാകുന്നതിനുള്ള കാര്യക്രമം വിവരിക്കുമ്പോൾ പറയുന്നു: 'ചിലർ പ്രജാപതിയെ യജിച്ചുപ്രസാദിപ്പിച്ച് പ്രവർത്തിക്കുന്നു. എന്നാൽ, അങ്ങനെ ചെയ്യാതെ അഗ്നിയെ പ്രസാദിപ്പിക്കുകയാണ് ശ്രേയസ്കരമായിട്ടുള്ളത്. എന്തെന്നാൽ, അഗ്നിതന്നെയാണ് പ്രാണസ്വരൂപം'(ശ്ലോകം:2). അതായത്, ബ്രാഹ്മണകുലപതിയായ ഭൃഗുവടക്കമുള്ള പ്രജാപതികളേക്കാൾ പ്രാമുഖ്യം പ്രാണസ്വരൂപമായ അഗ്നിയ്ക്കാണ്. അനന്തരം, മൂന്നാം ശ്ലോകത്തിൽ പ്രഖ്യാപിക്കുന്നു: "അഗ്നിഹോത്രിയല്ലെങ്കിൽ, ഗ്രാമത്തിൽനിന്ന് അഗ്നികൊണ്ടുവന്ന് മന്ത്രോപാസനയോടെ അതിനെ ഘ്രാണിക്കണം. അവിടേയും അഗ്നി ലഭിച്ചില്ലെങ്കിൽ ജലത്തിൽ ആഹൂതി ചെയ്യണം. എന്തെന്നാൽ, ജലം ദേവന്മാരുടെ രൂപമാണല്ലോ". അതായത്, അഗ്നിസാക്ഷിയായി യജ്ഞോപവീതം(ഉപനയനം)സ്വീകരിച്ച ബ്രാഹ്മണർക്കുമാത്രമല്ല സന്യാസിയാകാൻ യോഗ്യത എന്നുവ്യക്തം. അത്, അടുത്തശ്ലോകത്തിൽ കൃത്യമായി പറയുന്നുമുണ്ട്. യജ്ഞോപവീതം സ്വീകരിക്കാത്തവനെ ബ്രാഹ്മണൻ എന്നു പറയുവാൻ എങ്ങനെ സാധിക്കും എന്നു സംശയം ഉന്നയിക്കുന്ന അത്രിമഹർഷിയോട് യാജ്ഞവൽക്യമുനി അരുളുന്നു: "സ്വന്തം ആത്മാവു തന്നെയാണ് അവന്റെ യജ്ഞോപവീതം". സ്വന്തം ആത്മാവു നഷ്ടപ്പെടുത്താത്തവന് യജ്ഞോപവീതമെന്ന കടുംകടമ്പ കവച്ചുവെയ്ക്കാനുള്ള അനുവാദം കൊടുക്കുകയാണ് യാജ്ഞവൽക്യൻ. അത്, ജാബാലോപനിഷത് യജ്ഞോപവീതം എന്ന പ്രതിബന്ധത്തെ തള്ളിക്കളയുന്നതിനു തുല്യമാണല്ലോ.

വ്യാസമഹർഷിയും ശ്രീശുകനും ഉപനയനകർമ്മത്തിന്റെ ആധികാരികത നിരാകരിക്കുന്ന സന്ദർഭവും നമുക്കു മുന്നിലുണ്ട്: യജ്ഞോപവീതസംസ്കാരം പോലും കഴിയാതിരിക്കെ, ലൗകിക-വൈദികകർമ്മാനുനുഷ്ഠാനങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി സന്ന്യാസഗ്രഹണത്തിനായി ശ്രീശുകൻ ആശ്രമം വിട്ടു തനിയെ ഇറങ്ങിപ്പോയതായി മഹാഭാഗവതത്തിൽ പറയുന്നു. അപ്രകാരം പരമഭാഗവതനായ സ്വപുത്രൻ ബാല്യത്തിൽതന്നെ സന്ന്യാസത്തിനു തുനിയുന്നതു കണ്ട്, പിതാവായ വ്യാസമഹർഷിയ്ക്കു വലിയ വേദനതോന്നി. വിരഹവേദനയാൽ പുത്രനെ വിളിച്ച് കരയുന്ന ഋഷിക്ക് ആശ്രമവനികയിലെ വൃക്ഷങ്ങളാണ് ശുകനുവേണ്ടി ഉത്തരം നൽകിയതെന്ന് ശ്രീമദ്ഭാഗവതമാഹാത്മ്യത്തിൽ(അധ്യായം:2 ശ്ലോകം:2) പറയുന്നു. ബ്രഹ്മജ്ഞാനിയാകുന്നതിന് ഉപനയനം അനിവാര്യമല്ലെന്നാണല്ലോ അതിനർത്ഥം:

യം പ്രവ്രജന്തമനുപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ
പുത്രേതി തന്മയതയാ തരവോഽഭിനേദു-
സ്തം സർവ്വഭൂതഹൃദയം മുനിമാനതോഽസ്മി.

അനുപേതം	ഉപനയിക്കപ്പെടാത്തവനും	ആജുഹാവ	നീട്ടിവിളിക്കുകയും,
അപേതകൃത്യം	ലൗകിക വൈദികകർമ്മങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറിയവനുമായി	തന്മയതയാ	തന്മയത്വം നിമിത്തം
പ്രവ്രജന്തം	സന്ന്യസിച്ചുപോകുന്ന	തരവഃ	മരങ്ങൾ
യം	യാതൊരുവനെ ഉദ്ദേശിച്ച്	അഭിനേദുഃ	അതിന്റെ പ്രത്യുത്തരമായി ശബ്ദിക്കുകയും ചെയ്തുവോ,
വിരഹകാതരഃ	വിയോഗഭീതനായിത്തീർന്ന	സർവ്വഭൂത- ഹൃദയം	സർവ്വജീവവസ്തുക്കളുടെയും അന്തഃകരണത്തിൽ പ്രവേശിച്ച
ദ്വൈപായനഃ	ശ്രീവേദവ്യാസൻ	തം മുനിം	ആ ശ്രീശുകമുനിയെ
'പുത്രാ' ഇതി	'മകനേ' എന്നിങ്ങനെ	ആനതഃ അസ്മി	ഞാൻ കുമ്പിടുന്നു.

വ്യാസമഹർഷിയേപ്പോലെതന്നെ മഹാജ്ഞാനിയും മുമുക്ഷുവുമായ ശ്രീശുകബ്രഹ്മർഷിയെക്കുറിച്ചുള്ള ഇക്കാര്യം അടിവരയിടുന്നത്, ബ്രഹ്മജ്ഞാനിയാകുന്നതിന് ജാതിബ്രാഹ്മണ്യം നിശ്ചയിച്ച പ്രതിബന്ധമായ യജ്ഞോപവീതവും ദ്വിജനായുള്ള രണ്ടാം ജന്മവുമൊക്കെ വെറും തന്ത്രം മാത്രമാണെന്നതാണ്. സ്ത്രീകൾ ശൂദ്രതുല്യരാണെന്നും അതുകൊണ്ട് അവർ ഉപനയനത്തിനും വേദാധ്യയനത്തിനും അർഹരല്ലെന്നുമുള്ള മനുസ്മൃതി വ്യാഖ്യാനവും, ജന്മമാണ് ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനം എന്ന കുലമഹിമാവാദത്തെ അസാധുവാക്കുന്നതാണ്. ബ്രാഹ്മണവംശത്തിൽ ജനിച്ചാലും, സ്ത്രീകൾക്കു വേദപഠനം നിഷിദ്ധമാകുന്നത് ഉപനയനം നിഷേധിക്കപ്പെടുന്നതുകൊണ്ടുമാത്രമാണ്. അതായത്, ബ്രാഹ്മണനാകാനുള്ള തടസ്സം ജന്മമല്ല; ഉപനയനമെന്ന ജാതിബ്രാഹ്മണ്യ ആചാരമാണെന്നു ചുരുക്കം.

'ഉപനയനം'എന്ന ആചാരകർമ്മം മാത്രമാണ് ഒരാളെ ദ്വിജനാക്കുന്നത്; ജന്മമല്ലെന്നു സ്ഥാപിക്കുന്ന പല പരാമർശങ്ങളും പല സ്മൃതിഗ്രന്ഥങ്ങളിലുമുണ്ട്. അത്തരത്തിലൊന്നാണ് ശാങ്കരസ്മൃതിയിലെ അധ്യായം:1 മൂന്നാംപാദത്തിലെ നാലാംശ്ലോകം. അതനുസരിച്ച് ഉപനയിക്കുന്നതിൽ ആചാര്യന്റെ ഗൃഹ്യത്തെയാണ് പ്രമാണിക്കു

ന്നത്. അതിനാൽ, ഒരു ആശ്വലായനശിശുവിനെ ബൗധായനൻ ഉപനയിച്ചാൽ, ആ ഉണ്ണിയും ബൗധായനനായിത്തീരും. അതായത്, ഉപനയനത്തിനുശേഷമുള്ള ജീവിതം തീരുമാനിക്കുന്നത് ആരുടെ മകനായി ഏതു കുലത്തിൽ ജനിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല. അയാൾ ദ്വിജനായിത്തീരുന്ന രണ്ടാം ജന്മത്തിലെ പിതാവായ ഗുരുവിന്റെ കുലമാണ് ബ്രാഹ്മണ്യത്തിന്റെ ആധാരം എന്ന് തിട്ടം*. ആർഷബ്രാഹ്മണർ ബ്രാഹ്മണരായത് അങ്ങനെയാണ്. അതിൽനിന്നു മനസ്സിലാക്കേണ്ട ഒരു സംഗതിയുണ്ട്:ദ്വിജത്വം വ്യക്തിനിഷ്ഠമായ ഒരു സ്ഥിതിയാണ്; ജാതിപരമായ ഒരു പദവിയല്ല. ഉപനയനത്തിനുശേഷം കർമ്മകാണ്ഡത്തിൽ പ്രവൃത്തനായശേഷമേ ജ്ഞാനകാണ്ഡോക്തമായ വിധിയെ കൈക്കൊള്ളാവൂ എന്നു നിയമമില്ലെന്നും, സാധനചതുഷ്ടയ സംപത്തി സിദ്ധിച്ചാൽ ക്രമത്തെ ഗണ്യമാക്കാതെ ജ്ഞാനമാർഗ്ഗം സ്വീകരിക്കുന്നതിന് ഏവരും അർഹരാണെന്നും പ്രഥമസൂത്രത്തിന്റെ ഭാഷ്യത്തിൽ ശങ്കരാചാര്യസ്വാമികളും പറഞ്ഞിട്ടുണ്ട്. വേദജ്ഞാനത്തിന്റെ സാരസർവ്വസ്വമായ ഉപനിഷത്തുകളുംഇതിഹാസങ്ങളുമാണ് സനാതനസംസ്കൃതിയുടെ പ്രാണനെങ്കിൽ അതിൽ കാണുന്ന സത്യങ്ങൾ തന്നെയാണ് സർവ്വർക്കും പ്രമാണം. പൗരാണികകൃതികൾ രചിക്കപ്പെട്ടത് ജാതിബ്രാഹ്മണ്യത്തിന്റെ നേട്ടങ്ങൾക്കുവേണ്ടിയല്ല; സകല ജീവജാലങ്ങളുടെയും ആന്തരികമായ അഭ്യുന്നതിയ്ക്കുവേണ്ടിയാണ് എന്നതാണ് അതിന്റെ സാധ്യതയും സാധൂകരണവും.(*അനുബന്ധം:VII)

ദ്വിജൻ എന്നാൽ ജാതിബ്രാഹ്മണനെന്നല്ല അർത്ഥം

വ്യാസമുനി അടക്കമുള്ള ഇതിഹാസകാരന്മാരേയും പുരാണകഥാപാത്രങ്ങളെയും ബ്രാഹ്മണരായി പലരും കണക്കാക്കുന്നത് പല ഭാഷകളിലുമുള്ള പരിഭാഷകളിലെ ബ്രാഹ്മണൻ എന്ന സംബോധനയെ പിൻപറ്റിയാകാം. എന്നാൽ, മൂലഗ്രന്ഥങ്ങളിലെ സംസ്കൃതശ്ലോകങ്ങൾ പരിശോധിച്ചാൽ ഒരു കാര്യം ബോധ്യമാകും. ദ്വിജൻ എന്ന പദമാണ് മിക്കവാറും ഇടങ്ങളിൽ 'ബ്രാഹ്മണ'നായി മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുള്ളത്. അതിനെ പിൻപറ്റി, മലയാളമടക്കമുള്ള പല ഭാഷകളിലും ദ്വിജനെന്ന പദം ബ്രാഹ്മണൻ എന്നതിന്റെ പര്യായമായി മാറിയിട്ടുണ്ട്. എങ്കിലും, സാങ്കേതികമായി ദ്വിജൻ എന്ന പദത്തിന്റെ അർത്ഥം ജാതിബ്രാഹ്മണൻ എന്നല്ല. രണ്ടാംജന്മമെടുത്ത ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവർണ്ണികൾക്ക് പൊതുവിൽ പറയുന്ന പേരാണ് ദ്വിജൻ. ഉപനയനം(യജ്ഞോപവീതം) എന്ന കർമ്മത്തിലൂടെ രണ്ടാം ജന്മമെടുക്കുന്നതുകൊണ്ടാണ് ദ്വിജൻ അല്ലെങ്കിൽ രണ്ടാംജന്മമെടുത്തവൻ എന്നവ്യാഖ്യാനമുണ്ടായത്. അക്കാര്യത്തിൽ മനുസ്മൃതി പറയുന്നത് എന്താണെന്നു നോക്കാം:

> ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യസ്ത്രയോ വർണ്ണാ ദ്വിജാതയഃ
> ചതുർത്ഥ ഏകജാതിസ്തു ശൂദ്രോ നാസ്തി തു പഞ്ചമഃ. 4
>
> ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന മൂന്നു വർണ്ണികൾ ദ്വിജന്മാരാകുന്നു. നാലാമനായ ശൂദ്രന് ഏകജന്മമേ ഉള്ളു. അഞ്ചാമതൊരു ജാതിയില്ല.
>
> ഉപനയനസംസ്കാരംകൊണ്ടു ത്രൈവർണികൾക്ക് ദ്വിജത്വം. ശൂദ്രന് ഉപനയനമില്ലായ്കയാൽ മാതാവിൽനിന്നുള്ള ജന്മം മാത്രം. സങ്കരജാതികൾ മാതാപിതാക്കന്മാരുടേതിൽനിന്നും ഭിന്നജാതികളാണ്: അവർ വർണ്ണ വ്യവസ്ഥയിൽ പെടുന്നില്ല.

മനുസ്മൃതി പത്താം അധ്യായത്തിലെ നാലാംശ്ലോകം നിർവ്വചിക്കുന്നതനുസരിച്ച് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ മൂന്നുവർണ്ണികളും ദ്വിജന്മാരാകുന്നു.

ആ മൂന്നു വർണ്ണങ്ങളിലുള്ളവർക്കും ഉപനയനസംസ്കാരം അനുവദനീയമായതിനാലാണ് ദ്വിജത്വം. ഉപനയനകർമ്മത്തിലൂടെ, ഗായത്രിമന്ത്രം അമ്മയും ഗുരു അച്ഛനുമായി മറ്റൊരു ജന്മമെടുക്കുന്നു എന്ന വിശ്വാസമാണ് ദ്വിജൻ എന്ന സങ്കൽപത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ദ്വിജനാകാൻ ബ്രാഹ്മണദമ്പതികളുടെ പുത്രനായി ജനിക്കേണ്ടതില്ല. ഗായത്രിമന്ത്രം അമ്മയായും ഗുരു അച്ഛനായും സങ്കൽപിച്ചു ബ്രഹ്മചാരിയായി ജീവിച്ചുകൊണ്ടു വേദപഠനം നടത്തിയാൽ മതി. എന്നാൽ, വേദപഠനത്തിനുള്ള അധികാരം അബ്രാഹ്മണർക്ക് നിരാകരിച്ചതോടെയാണ് ദ്വിജനെന്ന ശബ്ദത്തിന് ബ്രാഹ്മണജാതിയിൽ ജനിച്ചയാളെന്ന ധ്വനിയുണ്ടായത്. പൗരാണികഗ്രന്ഥങ്ങളുടെ സമ്മതിയുള്ള നിർവ്വചനത്തെ, സ്വാർത്ഥതയോടെ ബ്രാഹ്മണ്യം തിരുത്തിയെഴുതുകയായിരുന്നു എന്നുവ്യക്തം.

'സഹജം കർമ്മ കൗന്തേയ സദോഷമപി ന ത്യജേത്'- ജനനത്തോടൊപ്പം ഉത്പന്നമാകുന്ന കർമ്മത്തെ, കുന്തീപുത്രാ ഒരിക്കലും ത്യജിക്കരുത്- എന്ന ഭഗവദ്ഗീതയിലെ ശ്ലോകം(അധ്യായം:18 ശ്ലോകം:48), വർണ്ണം ജന്മനാതന്നെ നിർണ്ണയിക്കപ്പെട്ടതും, മരണംവരെ പരിവർത്തനം ചെയ്യപ്പെടാത്തതുമാണ് എന്നവാദഗതിക്ക് ഉപോത്ബലകമായി ഉദാഹരിക്കപ്പെടുന്ന ഒന്നാണ്. കൃഷ്ണൻ പാർത്ഥനു നൽകിയ ഈ ഉപദേശം, ഒരുപോലെ മനുവാദികളുടെയും കൃഷ്ണവിരുദ്ധരുടെയും ഇഷ്ട പടക്കോപ്പാണ്. ആ വാദമുഖം ശരിയാണെങ്കിൽ, ജനിച്ചയുടനെ മുതൽ കുഞ്ഞുങ്ങളിൽ ബ്രാഹ്മണ, ക്ഷത്രിയ,വൈശ്യ,ശൂദ്രഗുണങ്ങൾ കാണേണ്ടതുമാണ്. പുരാണങ്ങളിൽ, ചില കഥാപാത്രങ്ങളുടെ കുശലത പൊലിപ്പിക്കുന്നതിനുവേണ്ടി അമ്മാതിരി ചില ഗുണങ്ങൾ ആരോപിച്ചിട്ടുള്ളതൊഴിച്ചാൽ ശിശുക്കളിൽ കാണാനാകുന്ന സ്വാഭാവങ്ങൾ സമാനമാണല്ലോ. കുട്ടികളിൽ വിശേഷയോഗ്യതകൾ പ്രകടമാകുന്നത്, അതാതു മേഖലകളിൽ മികവുള്ള ആചാര്യരിൽനിന്നും അറിവു നേടുമ്പോൾ മാത്രമാണ്. മാതാപിതാക്കളിൽനിന്നും കിട്ടുന്ന ശാരീരിക-ബൗദ്ധികഗുണങ്ങൾ വർണ്ണത്തിന്റെ സംഭാവനയായി കണക്കാക്കാൻ പറ്റില്ലല്ലോ. വർണ്ണം ജന്മനാതന്നെ ഉടലെടുക്കുന്ന ഒന്നല്ല എന്നതിന് ഏറ്റവും വ്യക്തമായ തെളിവാണ്, ജാതിവാദികൾ അഭിമാനചിഹ്നമായി അവതരിപ്പിക്കുന്ന 'യജ്ഞോപവീതം' എന്ന ചടങ്ങിനു കൽപ്പിച്ചിട്ടുള്ള പ്രാമാണ്യം. ആ ചടങ്ങിലൂടെ മാത്രമാണ് ഒരാൾ ദ്വിജനാകുന്നത് എന്നാണല്ലോ ആശങ്കയ്ക്കിടയില്ലാതെ മനുസ്മൃതി പ്രസ്താവിക്കുന്നത്. കർമ്മത്തെ കുലധർമ്മവുമായി ബന്ധിപ്പിച്ചു വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് മേൽപ്പറഞ്ഞ ശ്ലോകത്തെ വർണ്ണവുമായി ഘടിപ്പിക്കാൻ സാധിക്കുന്നത് എന്ന സംഗതിയും ശ്രദ്ധിക്കുക.

ബ്രാഹ്മണന്റെ പര്യായമായി പല ഗ്രന്ഥങ്ങളിലും ഉപയോഗിക്കപ്പെടുന്ന പദമാണെങ്കിലും, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവർണ്ണികൾക്കു പൊതുവേ പറയുന്ന പേരാണ് ദ്വിജൻ. യജ്ഞോപവീതം(ഉപനയനം) എന്ന കർമ്മത്തിലൂടെ രണ്ടാം ജന്മമെടുക്കുന്നതുകൊണ്ടുമാത്രമാണ് ഒരാൾക്ക് ദ്വിജൻ എന്ന(രണ്ടു ജന്മമെടുത്തവൻ) പേരുണ്ടാകുന്നത്. അതോടുകൂടി മാത്രമായിരുന്നു ഏതൊരാളും വേദപഠനത്തിനും ഔപചാ

രിക വിദ്യാഭ്യാസത്തിനും അർഹനാകുന്നത് എന്നതിനർത്ഥം, ആ കർമ്മത്തിനു മുൻപ് എല്ലാ കുഞ്ഞുങ്ങളും ഒരുപോലെയാണെന്നും, വർണ്ണം ജന്മാധിഷ്ഠിതമല്ലായെന്നുമാണല്ലോ. ശൂദ്രന് ഉപനയനം നിഷേധിക്കുന്നതുകൊണ്ടാണ് അവൻ ദ്വിജനാവാത്തത്; അല്ലാതെ, അതിന് അർഹതയില്ലാത്തതിനാലല്ല. അച്ഛന്റെ ബീജവും അമ്മയുടെ ഗർഭപാത്രമാകുന്ന ക്ഷേത്രവും നൽകുന്ന വർണ്ണമേൽവിലാസമല്ല, ആചാര്യന്മാർ പകർന്നുതരുന്ന ജ്ഞാനമാണ് ഒരാളുടെ വർണ്ണം തീരുമാനിക്കുന്നത് എന്നതാണല്ലോ ശാസ്ത്രമതം.അതുതന്നെയാണ് കൃഷ്ണനും വ്യാസനും വെളിവാക്കിയത്. കാലാന്തരത്തിൽ സ്വാർത്ഥതാത്പര്യാർത്ഥം സത്യം വളച്ചൊടിക്കപ്പെട്ടതോടെയാവണം അതിന് ഇന്നുള്ള വ്യാഖ്യാനങ്ങൾ കൈവന്നത്. ബ്രാഹ്മണരോ ക്ഷത്രിയരോ വൈശ്യരോ ആയ മാതാപിതാക്കളിൽ ജനിച്ചാലും, ഉപനയനംചെയ്തു ജ്ഞാനമാർജ്ജിച്ചാലേ അതാതു വർണ്ണികളാകൂ എന്നു പണ്ഡിതന്മാർ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ, അതിനർത്ഥം വർണ്ണം ജന്മസിദ്ധമല്ല; ജനനാനന്തരം കൈവരിക്കേണ്ടതാണ് എന്നുതന്നെയാണ്. അതു ചെയ്യാത്തിടത്തോളം അവൻ ശൂദ്രനാണ്; വിദ്യാഹീനനാണ്. അതുതന്നെയാകാം, 'ജന്മനാ ജായതേ ശൂദ്ര കർമ്മണ ജായതേ ദ്വിജഃ' എന്നുതുടങ്ങുന്ന ശ്ലോകവും നിരങ്കുശമായി നിരൂപിക്കുന്നത്.

മനുസ്മൃതി രണ്ടാമധ്യായത്തിലെ സംസ്കാരങ്ങൾ എന്നഉപവിഭാഗത്തിൽ,ബ്രാഹ്മണൻ എട്ടും ക്ഷത്രിയൻ പതിനൊന്നും വൈശ്യൻ പന്ത്രണ്ടും വയസ്സിൽ ഉപനയനം നടത്തണം എന്നു നിഷ്കർഷിക്കുന്നുണ്ട്. പക്ഷേ, പ്രത്യേക സാഹചര്യങ്ങളിൽ ആ നിശ്ചിതപ്രായത്തിന്റെ ഇരട്ടിവയസ്സുവരെ(യഥാക്രമം 16,22,24വയസ്സുവരെ)ഉപനയനം അനുവദനീയമാണ് എന്ന ഇളവുനൽകുന്നുണ്ട്(ശ്ലോകം:39). അതിനുമേൽ, യഥാകാലം ഉപനയനസംസ്കാരം നടത്താത്തവർ സാവിത്രീപതിതരും ശിഷ്ടജനനിന്ദ്യരുമായ 'വ്രാത്യന്മാരാ'യിത്തീരുമെന്നും(ശ്ലോകം:37), അവരുമായി ആപത്കാലത്തുപോലും അദ്ധ്യാപനം, കന്യാദാനം മുതലായ സംബന്ധങ്ങൾ ആചരിക്കരുതെന്നും (ശ്ലോകം:40)മനുസ്മൃതി ബ്രാഹ്മണരെ വിലക്കുന്നുണ്ട്: അതിന്റെ അർത്ഥവും ജന്മമല്ല, ഉപനയനം എന്ന ആചാരമാണ് ദ്വിജന്മാരെ സൃഷ്ടിക്കുന്നത് എന്നാണല്ലോ. അതുകൊണ്ട് ജന്മമല്ല, വേദപഠനമാണ് ഒരാളെ ദ്വിജനാക്കുന്നത് എന്ന മനുസ്മൃതിയിലെ പരോക്ഷപ്രഖ്യാപനത്തെ ആധികാരിക നിയമമായി സ്വീകരിക്കാം.

> അത ഊർദ്ധ്വം ത്രയോപ്യേതേ യഥാകാലമസംസ്കൃതാഃ
> സാവിത്രീപതിതാ വ്രാത്യാ ഭവന്ത്യാര്യവിഗർഹിതാഃ. 39
>
> ഈ പറഞ്ഞ കാലത്തിനുള്ളിൽ ഉപനയനം നടത്താത്ത ആ മൂന്നുകൂട്ടരും അതിനുശേഷം ഉപനയനഹീനരായി ശിഷ്ടഗർഹിതരായിത്തീരുന്നു. അവരെ വ്രാത്യന്മാർ എന്നു പറയുന്നു.
>
> എട്ട്, പതിനൊന്ന്, പന്ത്രണ്ട് എന്നിങ്ങനെ ബ്രാഹ്മണാദികൾക്ക് യഥാക്രമം ഉപനയനകാലം വിധിച്ചു; അന്ന് സാധിക്കാത്തവർക്ക് യഥാക്രമം പതിനാറ്, ഇരുപത്തിരണ്ട്, ഇരുപത്തിനാല് എന്നിങ്ങനെ ഇരട്ടി വർഷം അനുവാദവും കൊടുത്തു. എന്നിട്ടും നടത്താത്തവർ വ്രാത്യന്മാരായിത്തീരുന്നു.
>
> നൈതൈരപൂതൈർവിധിവദാപദ്യപി ഹി കർഹിചിത്
> ബ്രാഹ്മാൻ യൗനാംശ്ച സംബന്ധാനാചരേദ് ബ്രാഹ്മണഃ സഹ. 40
>
> യഥാവിധി പ്രായശ്ചിത്തം ചെയ്തു പരിശുദ്ധരാകാത്ത ഈ വ്രാത്യന്മാരുമായി ബ്രാഹ്മണൻ വേദാധ്യാപനം, കന്യാദാനം തുടങ്ങിയ ബന്ധങ്ങളെ ആപത്കാലത്തിൽപോലും ചെയ്തുകൂടാത്തതാകുന്നു.

വിശ്വപുരുഷന്റെ മുഖത്തുനിന്ന് ഉത്ഭവിച്ചതാണ് ബ്രാഹ്മണരുടെ മഹത്വത്തിന്റെ കാരണമായി പറയപ്പെടുന്നതെങ്കിലും സർവ്വബ്രാഹ്മണർക്കും തുല്യ 'ഉത്കൃഷ്ടത' ഇല്ലെന്നതാണു വസ്തുത. ഇതര വർണ്ണങ്ങളിലെന്നപോലെ, ബ്രാഹ്മണർക്കിടയിലും അനവധി ജാതിവിഭാഗങ്ങൾ കാണാം. സകല ബ്രാഹ്മണരും എന്തുകൊണ്ട് ഒരേ ഔന്നത്യം അർഹിക്കുന്നവരല്ല എന്നതും കൗതുകകരമാണ്. ഭാരതത്തിലെമ്പാടും ഈ വേർതിരിവു കാണാനാകുന്നുണ്ട്. ആ ജാതിഭേദത്തെ സമർത്ഥിക്കാൻ അസംഖ്യം കഥകളും പ്രചാരത്തിലുണ്ട്. ജാതിനിർണ്ണയമെന്ന പുസ്തകത്തിലെ പരാമർശങ്ങളനുസരിച്ച്, കേരളക്കരയിലെ ബ്രാഹ്മണവർഗ്ഗത്തിൽ എട്ടുജാതികളും, രണ്ട് ന്യൂനജാതികളും, പന്ത്രണ്ട് അന്തരാള ജാതികളും ഉണ്ട്(അഷ്ടൗഹി വിപ്രാ ദ്വൗ ന്യൂനൗ ദ്വാദശൈവാന്തരാളികാഃ). മലയാളിബ്രാഹ്മണർക്കിടയിൽ അനവധി അവാന്തരവിഭാഗങ്ങൾ കാണുന്നത്തിന്റെ കാരണമായി നിരത്തപ്പെടുന്ന ന്യായവാദങ്ങൾ, പരശുരാമന്റെ ദാനസ്വീകരണവും മറ്റുമാണെന്നു കേരളമാഹാത്മ്യം, കേരളാവകാശക്രമം മുതലായ രചനകളിൽ കാണുന്നു. അതെന്തുതന്നെയായാലും, താഴ്ചയുടേയും ഉയർച്ചയുടേയും കാരണം ജന്മമല്ല, കർമ്മമാണ്(കർമ്മഫലങ്ങളാണ്) എന്നത് നിശ്ചയം. ഒരാളുടെ കർമ്മത്തിന്റെ ഫലമായി കിട്ടിയ ഉത്കൃഷ്ടത, അല്ലെങ്കിൽ പതിതത്വം പരമ്പരകളിലൂടെ പകർന്നുനൽകപ്പെട്ടു എന്ന് കരുതേണ്ടിവരുന്നു. അതൊക്കെ വസ്തുതകളായി നിലനിൽക്കുമ്പോഴും, അതിനെയൊക്കെ അപ്രസക്തമാക്കി, ജന്മമാണ് ചിലരുടെ ആഢ്യത്വത്തിന്റെയും മറ്റുള്ളവരുടെ അധഃസ്ഥിതാവസ്ഥയുടെയും അളവുകോൽ എന്ന സിദ്ധാന്തം ഇളക്കമില്ലാതെ നിലനിൽക്കുന്നു. ആ വാദമുഖം തകർക്കുന്ന ഒരു സംഭവം ബ്രാഹ്മണസമൂഹത്തിൽനിന്നുതന്നെ കാണുക:

കള്ളസാക്ഷ്യത്തിൽനിന്നുണ്ടായ ബ്രാഹ്മണർ

ബ്രഹ്മാവിന്റെ മുഖത്തുനിന്നു മാത്രമല്ല, ഭൃഗുമുനിയുടെ കള്ളത്തരത്തിൽനിന്നും ബ്രാഹ്മണരുണ്ടായിട്ടുണ്ട് എന്നതാണ് മഹാഭാരതം അനുശാസനപർവ്വത്തിലെ മുപ്പതാം അധ്യായമായ 'വീതഹവ്യോപാഖ്യാനം' തെളിയിക്കുന്നത്. ഭീഷ്മർ യുധിഷ്ഠിരനോടു പറയുന്ന രീതിയിൽ വിവരിക്കുന്ന ആ കഥയിൽ, ക്ഷത്രിയരാജനായ വീതഹവ്യൻ ബ്രാഹ്മണനായത് എങ്ങനെയെന്നു പറയുന്നുണ്ട്: മനുവിന്റെ വംശത്തിൽപ്പെട്ട വീതഹവ്യന്മാർ ഹര്യശ്വൻ എന്ന കാശിരാജാവിനെയും, തുടർന്നു രാജാവായ പുത്രൻ സുദേവനെയും യുദ്ധത്തിൽ നശിപ്പിച്ചു. അനന്തരം അധികാരമേറ്റ സുദേവപുത്രനായ ദിവോദാസനെയും വീതഹവ്യന്മാർ യുദ്ധത്തിൽ അടിയറവു പറയിച്ചു. പ്രാണരക്ഷാർത്ഥം രാജ്യം വിട്ടോടിപ്പോയ ദിവോദാസൻ, ഭരദ്വാജാശ്രമത്തിൽ അഭയം തേടി. മുനിയുടെ ഉപദേശമനുസരിച്ചു പുത്രകാമേഷ്ഠിയാഗം നടത്തിയ ദിവോദാസന് ആയിരം വീതഹവ്യന്മാരെ ജയിക്കാൻ കരുത്തുള്ള പ്രതർദ്ദനനെന്ന മകൻ ഉണ്ടായി. യുവരാജാവായി വാഴിക്കപ്പെട്ട ഉടനെ പ്രതർദ്ദനൻ വീതഹവ്യന്മാരെ മുടിക്കുവാൻ പുറപ്പെട്ടു. അദ്ദേഹത്തിന്റെ ആക്രമണത്തിൽ പുത്രന്മാരും സൈന്യവും നഷ്ടപ്പെട്ട വീതഹവ്യൻ ഭൃഗുവിന്റെ ആശ്രമത്തിൽ ശരണം പ്രാപിച്ചു. പിൻതുടർന്നെത്തി വീതഹവ്യനെ വിട്ടുതരണമെന്ന് ആവശ്യപ്പെട്ട പ്രതർദ്ദനനോട് മഹർഷി, "ഇവിടെ ക്ഷത്രിയരാരുമില്ല. ഇവിടെയുള്ളവരെല്ലാം ബ്രാഹ്മണരാണ്" എന്നു കളവു പറഞ്ഞു. ഭൃഗു പറയുന്നതു കേട്ട പ്രതർദ്ദനൻ, "ഞാൻ എന്റെ വീര്യത്താൽ വീതഹ

വ്യന്റെ ജാതി കളയിച്ചിരിക്കുന്നു. അതുമതി എന്റെ പ്രതികാരത്തിന്" എന്നും പറഞ്ഞ് മടങ്ങി. അങ്ങനെ, ക്ഷത്രിയനായിരുന്ന വീതഹവ്യൻ ഭൃഗുവിന്റെ അസത്യവചനങ്ങളാൽ ബ്രാഹ്മണനായി. അദ്ദേഹത്തിന്റെ പുത്രനായ ഗൃത്സ്യമദനും അയാളുടെ പുത്രനായ സുതേജസ്സും ഉൾപ്പെട്ട വംശാവലി, ശ്രുതികളിലും ഋഗ്വേദത്തിലും കീർത്തിക്കപ്പെടുന്ന ബ്രാഹ്മണരായി. സുപ്രസിദ്ധനായ ശൗനകൻ(നൈമിഷാരണ്യത്തിൽ നടന്ന യജ്ഞങ്ങളിലെ ആചാര്യൻ) ആ പരമ്പരയിലെ പിൻതലമുറക്കാരനാണെന്നു മഹാഭാരതം അനുശാസനപർവ്വത്തിൽ പറയുന്നു. ആ വംശങ്ങളിൽപ്പെട്ട ബ്രാഹ്മണരുടെ വംശവിശുദ്ധി ഏതു മുഴക്കോലുകൊണ്ടാണ് അളക്കുക?

ആദ്യമുണ്ടായതാണ് ആഢ്യത്വത്തിന്റെ അടിസ്ഥാനമെങ്കിൽ...

ബ്രാഹ്മണരുടെ ആഢ്യത്വത്തിനു കാരണമായി മനുസ്മൃതിയടക്കമുള്ള പല ഗ്രന്ഥങ്ങളും പറയുന്നത്, വർണ്ണങ്ങളുടെ സൃഷ്ടികർമ്മത്തിൽ അവർക്കു കിട്ടിയ പ്രഥമസ്ഥാനമാണ്. ബ്രഹ്മാവ് ആദ്യം സൃഷ്ടിച്ചത് ബ്രാഹ്മണരെയാണെന്നും ഇതരവർണ്ണികളെയെല്ലാം സൃഷ്ടിച്ചത് ബ്രാഹ്മണരുടെ സംരക്ഷണത്തിനുവേണ്ടിയാണ് എന്നുമാണല്ലോ അവരുടെ ഭാഷ്യം. അന്യവർണ്ണികൾക്കു മുൻപു ജനിച്ചതാണ് ബ്രാഹ്മണരുടെ മഹത്വത്തിന്റെ കാരണമെന്നു സമർത്ഥിക്കാൻ ശ്രമിക്കുന്ന മനുസ്മൃതിയിലെ ഒരു പ്രസ്താവന കാണുക(അധ്യായം:1 ശ്ലോകം:93):

> ഉത്തമാംഗോദ്ഭവാജ്ജ്യൈഷ്ഠ്യാദ്ബ്രഹ്മണശ്ചൈവ ധാരണാത്
> സർവസ്യൈവാസ്യ സർഗസ്യ ധർമ്മതോ ബ്രാഹ്മണഃ പ്രഭുഃ 93
>
> ബ്രഹ്മാവിൻെറ മുഖത്തുനിന്ന് ഉദ്ഭവിച്ചതുകൊണ്ടും ക്ഷത്രിയാദികൾക്കുമുമ്പു ജനിച്ച് അവരെ വേദാധ്യയനം ചെയ്യിച്ചതുകൊണ്ടും വേദത്തെ ധരിക്കുന്നതുകൊണ്ടും സകലർക്കും ധർമ്മം അനുശാസിക്കുന്നതുകൊണ്ടും ബ്രാഹ്മണൻ ശ്രേഷ്ഠനാകുന്നു. (മനുസ്മൃതി അധ്യായം:1)

ബ്രഹ്മാവ് സ്വമുഖത്തുനിന്നു ദേവന്മാർക്കുവേണ്ടിയുള്ള ഹവ്യത്തിന്റെയും പിതൃക്കൾക്കുവേണ്ടിയുള്ള കവ്യത്തിന്റെയും സമർപ്പണത്തിനായും, അതിലൂടെ ഈ ലോകത്തിന്റെ മുഴുവനും രക്ഷയ്ക്കായും ബ്രാഹ്മണനെ ആദ്യം സൃഷ്ടിച്ചു എന്ന പരാമർശം മൂന്നാം അധ്യായത്തിലും കാണാം(ശ്ലോകം:94). ആ ബ്രാഹ്മണ്യവീരവാദങ്ങൾ യുക്തിയ്ക്കു നിരക്കുന്നതാണോ എന്നുനോക്കാം: ആഹാരത്തിനുവേണ്ടിയുള്ള വേട്ടയാടലിന്റെ യുഗം കഴിഞ്ഞ് മനുഷ്യൻ കൃഷിയിലേയ്ക്കു തിരിഞ്ഞ കാലത്ത്, ലോകത്തൊരിടത്തും സ്വകാര്യ സ്വത്തുടമസ്ഥത ഉണ്ടായിരുന്നില്ല. ഭൂമിയുടെയും ഉത്പന്നങ്ങളുടെയും ഉത്പാദനോപകരണങ്ങളുടെയും പൊതുവായ ഉപയോഗമായിരുന്നു, വിശപ്പു മനുഷ്യനെ നിയന്ത്രിച്ചിരുന്ന അക്കാലത്തെ രീതി. അലഞ്ഞുതിരിയുന്ന സ്ഥിതിയിൽനിന്ന് മനുഷ്യൻ ഒരിടത്തു സ്ഥിരവാസമുറപ്പിക്കുന്ന അവസ്ഥയിലേയ്ക്കു മാറിയിട്ടും, ഏറെക്കാലം അതെ അവസ്ഥതന്നെ തുടർന്നിട്ടുണ്ടാവണം. പൗരാണികഭാരതത്തിൽ ഭൂമി വിൽക്കുന്നത് പാപമായാണു കരുതിയിരുന്നത്. ജലവും ദർഭയും തൊട്ട്, സ്വർണ്ണംചേർത്തു നീരട്ടിപ്പേറായി ഭൂമി ദാനം ചെയ്യാനേ പാടുള്ളൂ എന്നാണ് യാജ്ഞവൽക്യസ്മൃതി നിർദ്ദേശിച്ചിരുന്നത്. കൃഷിചെയ്തുവരുന്ന ഭൂമി കുടുംബങ്ങൾ ഭാഗിച്ചെടുക്കുകയും പിൻതലമുറകളിലേക്കു കൈമാറുകയും ചെയ്യുന്ന സ്ഥിതി കാലക്രമേണ നിലവിൽവന്നതോടുകൂടിയാകാം ഭൂമി ഒരു

സ്വകാര്യസ്വത്തായി മാറിയതും എല്ലാവരും ചേർന്ന് എല്ലാവർക്കുംവേണ്ടി നടത്തിയിരുന്ന കൂട്ടുകൃഷി സമ്പ്രദായം നിലച്ചതും. സ്വകാര്യ സ്വത്തുടമസ്ഥത എന്ന അവസ്ഥ ഉരുത്തിരിഞ്ഞുവന്നത് അങ്ങനെയാണെന്നാണ് വിശ്വാസം.

ഓരോ കുടുംബത്തിന്റെയും നിയന്ത്രണത്തിലുള്ള ഭൂമിയുടെയും കന്നുകാലികളുടേയും അളവ് തുല്യമായിരുന്നില്ലായെന്നത്, ചില ആളുകളുടെ കൈവശം തങ്ങളുടെ കുടുംബത്തിനാവശ്യമുള്ളതിലധികം ഉല്പന്നങ്ങളുടെ കേന്ദ്രീകരണത്തിനും അവയുടെ വിപണനത്തിനും വഴിതെളിച്ചു. അതിനെത്തുടർന്ന് സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ള ഒരു വിഭാഗത്തിന്റെ ഉദയമുണ്ടായതോടെ സമൂഹത്തിനുമേൽ മേധാവിത്വം സ്ഥാപിക്കാനും അപരരെ വരുതിയിൽ വരുത്താനുമുള്ള ശ്രമങ്ങളും ആരംഭിച്ചു.വഴങ്ങാത്തവരെ ആക്രമിക്കാനും കീഴ്പ്പെടുത്താനും അധീനതയിൽ വന്നവരെ നിയന്ത്രിക്കാനും, ആർജ്ജിച്ച സമ്പത്തിന്റെ സംരക്ഷണത്തിനും അതോടെ സായുധസംഘങ്ങൾ ഉണ്ടാക്കപ്പെട്ടു.ആയുധങ്ങൾ കൈകാര്യംചെയ്തിരുന്ന ഒരു വിഭാഗത്തിന്റെ ആവിർഭാവം സാമൂഹ്യവ്യവസ്ഥിതിയിൽ സംഭവിച്ചത് അങ്ങനെയാണ്. അതോടെ സമൂഹത്തെ നിയന്ത്രിച്ചിരുന്നവർ ഭരണവർഗ്ഗങ്ങളായി മാറി.കാലക്രമേണ, സമുദായത്തിൽ ആധിപത്യം സ്ഥാപിച്ചവരുടെ സമ്പത്തിന്റെയും അധികാരത്തിന്റെയും സാമൂഹികാവസ്ഥയുടേയും പരിരക്ഷയ്ക്കുവേണ്ടി, നിയമങ്ങളും അവ നടപ്പാക്കാനാവശ്യമായ സംവിധാനങ്ങളും നിർമ്മിക്കപ്പെട്ടു.

വിളവു നന്നാകാനും ധാരാളം മഴ ലഭിക്കാനും പ്രകൃതികോപങ്ങൾ ഒഴിവാകാനും പ്രകൃതിശക്തികളെ പ്രീതിപ്പെടുത്തേണ്ടതുണ്ടെന്ന വിശ്വാസത്തിൽനിന്നും, പ്രാർത്ഥനയും ആരാധനാസമ്പ്രദായങ്ങളും ആദ്യകാലത്തുതന്നെ ആരംഭിച്ചിരുന്നെങ്കിലും രക്ഷകരായ മൂർത്തികളുമായി ജനങ്ങൾക്ക് നേരിട്ടുള്ള ഇടപാടുകൾ മാത്രമാണ് അപ്പോൾ ഉണ്ടായിരുന്നത്. പിൽക്കാലത്താണ് അതിനു നേതൃത്വം നൽകുന്നതിനായി ചിലർ നിയോഗിക്കപ്പെടുകയും, അവർ പുരോഹിതന്മാരായി പരിവർത്തനം ചെയ്യപ്പെടുകയുമുണ്ടായത്. അദ്ധ്വാനത്തിന്റെ ഒരു പങ്ക് ജനങ്ങൾ തങ്ങളുടെ പരിപാലകരായ ആരാധനാമൂർത്തികൾക്കും കാഴ്ചവെച്ചു. അതിലൊരു ഭാഗം എത്തിച്ചേർന്നത് ഇടനിലക്കാരായ പുരോഹിതന്മാരിലാണ്. അങ്ങനെ, അദ്ധ്വാനിച്ച് വിഭവങ്ങൾ ഉണ്ടാക്കുന്ന ജനങ്ങളെക്കാൾ പൗരോഹിത്യവർഗ്ഗം സാമൂഹികമായും സാമ്പത്തികമായും ഉന്നതരായി. അതോടെ മൂർത്തികളും ഉപാസകരും തമ്മിലുള്ള അകലം കൂടുകയും ഭക്തിയുടെ സ്ഥാനത്ത് ദൈവഭയം ഇടംപിടിക്കുകയും, എല്ലാവരെയും നിയന്ത്രിക്കുന്ന വിഭാഗമായി പുരോഹിതന്മാർ മാറുകയുംചെയ്തു.

ഇതാണ് മാനവസമൂഹത്തിന്റെ പരിണാമത്തെ സൂചിപ്പിക്കുന്ന പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുള്ള സിദ്ധാന്തം. ലോകത്തിന്റെ ഏതുകോണിലും ഇതുതന്നെയാകാം സംഭവിച്ചിട്ടുള്ളത്. ശാസ്ത്രീയമായി സാധൂകരണമുള്ള ആ നിഗമനം അനുസരിച്ച്, ആദ്യമുണ്ടായത് പുരോഹിതരല്ല; അടിസ്ഥാന ജനവിഭാഗങ്ങളാണ് എന്നു വ്യക്തമാണല്ലോ. ആദ്യമുണ്ടായതാണ് ആഢ്യത്വത്തിന്റെ അടിസ്ഥാനമെങ്കിൽ, അതിന്റെ യഥാർത്ഥ അവകാശികൾ പുരോഹിതന്മാരല്ല; സമൂഹത്തിലെ അടിസ്ഥാനജനവിഭാഗങ്ങളാണ്. മാത്രവുമല്ല, പുരോഹിതർ ഇതര ജനവിഭാഗങ്ങളെപ്പോലെ ഒരു സമൂഹത്തിന്റെയും നിലനിൽപ്പിന് അനിവാര്യരായ ഒരു കൂട്ടരുമല്ലല്ലോ.

സൃഷ്ടിയിൽ ആദ്യമുണ്ടായി എന്നതിനൊപ്പം അവരുടെ ആഢ്യത്വത്തിനു നിദാനമായി(മേൽപ്പറഞ്ഞ മനുസ്മൃതി ശ്ലോകത്തിലടക്കം) ജാതിബ്രാഹ്മണർ അവതരിപ്പിക്കുന്ന അധിക യോഗ്യതയാണ് വേദാധികാരം. വേദങ്ങൾ പഠിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം സമ്പൂർണ്ണമായി തങ്ങൾക്കു മാത്രം സംവരണം ചെയ്യപ്പെട്ടതാണെന്ന ബ്രാഹ്മണ്യവാദത്തെ ശാസ്ത്രഗ്രന്ഥങ്ങൾ അംഗീകരിക്കുണ്ടോ എന്ന്, ഇനി ആ ഗ്രന്ഥങ്ങളിലെ പരാമർശങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കാം:

വേദാധികാരം

ആരൊക്കെയാണ് വേദാധികാരി എന്ന കാര്യം ഭാരതത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. വേദപഠനത്തിനുള്ള യോഗ്യതകൾ നിഷ്കർഷിച്ചിരുന്ന അനുബന്ധചതുഷ്ടയങ്ങളിൽ ആദ്യത്തേതായ അധികാരി എന്നവാക്കിനെ അടിസ്ഥാനമാക്കി നടക്കുന്ന ദുർവ്യാഖ്യാനങ്ങളിലൂടെ, ചില പ്രത്യേക വിഭാഗങ്ങൾ മാത്രമാണ് വേദപഠനത്തിന് അധികാരിയെന്നും ബ്രാഹ്മണർ മാത്രമാണ് വേദാധ്യാപനത്തിനു യോഗ്യരെന്നും ശൂദ്രരും സ്ത്രീകളും അവർണ്ണരുംഅടക്കം മഹാഭൂരിപക്ഷം ജനങ്ങളും വേദാധ്യായനത്തിന് അനധികാരികളാണെന്നും ഒരു പൊതുബോധമുണ്ടാക്കിയെടുക്കാൻ ശ്രമം നടന്നിട്ടുണ്ട്. എന്നാൽ, ആ വാദഗതിക്ക് ശാസ്ത്രഗ്രന്ഥങ്ങളുടെ സമ്മതിയില്ലായിരുന്നു എന്നുമാത്രമല്ല, അവ തള്ളിക്കളയുന്നുമുണ്ട് എന്നതാണ് വസ്തുത.

വേദാധികാരത്തിന്റെ ആവിർഭാവം

വേദങ്ങൾ അബ്രാഹ്മണർക്കു നിഷേധിച്ചത് അവയുടെ പവിത്രത പരിപാലിക്കാൻ വേണ്ടിയാണെന്നു പറയപ്പെടുമ്പോഴും, അതിനു പിന്നിലെ പ്രേരണ ബ്രാഹ്മണരുടെ ഭൗതികനേട്ടങ്ങളാണ് എന്നതാണു സത്യം.ആദ്യകാലത്ത് വേദപഠനം അബ്രാഹ്മണർക്കു വിലക്കിയതിനു പിന്നിലെ കാരണം ആര്യസമുദായത്തിന്റെ അതിജീവനതന്ത്രമായിരുന്നു എന്ന് വേദമന്ത്രങ്ങളിൽനിന്നും മനസ്സിലാക്കാം.

ആര്യന്മാർ ഇന്ത്യയിലേക്കു കുടിയേറിയകാലത്ത്, ഇവിടെ വസിച്ചിരുന്ന ആദിമനിവാസികളെ അവർ ദസ്യുക്കളെന്നും ദാസന്മാരെന്നും മ്ലേച്ഛന്മാർ എന്നുമാണ് വിളിച്ചിരുന്നത്. തങ്ങൾ ഭൂദേവന്മാരാണ് എന്നു വിശ്വസിച്ചിരുന്ന പ്രായേണ വെളുത്തവരായ ആര്യന്മാർ, കറുത്തനിറമുള്ള തദ്ദേശീയരെ രാക്ഷസന്മാരോടാണ് പല ശ്ലോകങ്ങളിലുംസാമ്യപ്പെടുത്തിയിരിക്കുന്നത്.(തങ്ങൾ ദേവന്മാരാണെന്ന തോന്നലിന്റെ അടിസ്ഥാനത്തിലാകാം അത്. എന്നാൽ, ഇതോടൊപ്പം ചേർത്തിട്ടുള്ളതടക്കം പല ശ്ലോകങ്ങളിലും ദസ്യുക്കളെ മനുഷ്യരായാണ് ആവിഷ്കരിച്ചിട്ടുള്ളത്).മ്ലേച്ഛന്മാരെന്നും ദസ്യുക്കളെന്നും വിളിക്കപ്പെടുമ്പോഴും, അവരുടെ നിലവാരം ആര്യന്മാരുടേതിനേക്കാൾ ഉയർന്നതായിരുന്നു എന്നതിന് ഋഗ്വേദംതന്നെ സാക്ഷ്യം പറയുന്നുണ്ട്. അവരുടെ കോട്ടകൾ ഏറെ പ്രബലങ്ങളായിരുന്നതായും അവരുടെ ദൈവവിശ്വാസം കൂടുതൽ ഉയർന്ന നിലവാരത്തിലെത്തിയിരുന്നതായും ഋഗ്വേദത്തിലെ ശ്ലോകങ്ങളിൽനിന്ന് മനസ്സിലാക്കാം. ലിംഗപൂജയും ദേവീപൂജയും നിർവ്വഹിച്ചിരുന്ന തദ്ദേശീയരെ, തങ്ങളുടെ ദൈവങ്ങളെ സ്തുതിക്കാത്തവരും പുരോഹിതന്മാർക്ക് ദാനം കൊടുക്കാത്തവരുമായതിനാലാണ് ആര്യന്മാർ മ്ലേച്ഛരായി കണക്കാക്കിയത്. ദാസൻ എന്ന ശബ്ദത്തിന് ആദ്യം 'ശത്രു' എന്നായിരുന്നു അർത്ഥമെന്നും, കീഴടക്കപ്പെട്ട

ആദിമനിവാസികളെക്കൊണ്ട് ആര്യന്മാർ തങ്ങളുടെ ഭൃത്യവേലകൾ ചെയ്യിക്കാൻ തുടങ്ങിയതിനു ശേഷമാണ് ദാസൻ എന്ന പദത്തിന് അടിമയെന്ന പുതിയൊരത്ഥമുണ്ടായതെന്നും കെ.ദാമോദരന്റെ സമ്പൂർണ്ണകൃതികളിലെ ആര്യന്മാരുടെ വിജയമെന്ന അധ്യായത്തിൽ സമർത്ഥിക്കുന്നുണ്ട്.

യുദ്ധത്തിൽ വിജയം തേടിയുള്ള പ്രാർത്ഥനകളാണ് വേദങ്ങളിലെ ശ്ലോകങ്ങളിൽ പലതും. ശത്രുക്കളായ ദസ്യുക്കളുമായുള്ള യുദ്ധങ്ങളിൽ, ഇന്ദ്രനോടും മിത്രനോടും വരുണനോടും സഹായം അഭ്യർത്ഥിക്കുന്ന നിരവധി പ്രാർത്ഥനകൾ വേദങ്ങളിൽ കാണാം.അക്കാലത്തു ലഭ്യമായ മന്ത്രങ്ങൾ ശേഖരിച്ച് വ്യാസൻ വേദങ്ങളായി സമാഹരിച്ചപ്പോൾ(വ്യസിച്ചപ്പോൾ) ആര്യന്മാർ ഉപയോഗിച്ചിരുന്ന ചില പ്രാർത്ഥനകളും കൂട്ടിച്ചേർക്കപ്പെട്ടതാകാം. ഋഗ്വേദത്തിലെ അത്തരം ചില മന്ത്രങ്ങൾ കാണുക:

- ✓ ഞങ്ങൾ നാലുഭാഗത്തും ദാസൻമാരുടെ ഗോത്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അവർ യാഗം ചെയ്യുന്നില്ല; ദാസർ യാതൊന്നിലും വിശ്വസിക്കുന്നുമില്ല. അവരുടെ ആചാരങ്ങൾ വ്യത്യസ്തങ്ങളാണ്; അവർ മനുഷ്യരല്ല! അല്ലയോ ശത്രുക്കളുടെ നാശകർത്താവേ, അവരെ ഹനിക്കുക! ദാസൻമാരുടെ വംശങ്ങളെ നശിപ്പിക്കുക.(ഋഗ്വേദം, അഷ്ടകം:01, അധ്യായം:22, സൂക്തം:08).
- ✓ പലരുടെയും അപേക്ഷകളനുസരിച്ച് ദേവേന്ദ്രൻ തന്റെ സേനകളോടുകൂടി വന്ന് ഭൂമിയെ അധിവസിച്ചിരുന്ന ദസ്യുക്കളെ ഇടിമിന്നൽകൊണ്ടു നശിപ്പിച്ചശേഷം വയലുകളെല്ലാം തന്റെ വെളുത്തചങ്ങാതിമാർക്ക്(ആര്യന്മാർക്ക്) വീതിച്ചുകൊടുത്തു. ദേവേന്ദ്രൻ സൂര്യനെ ഉദിപ്പിക്കുകയും, മഴ പെയ്യിക്കുകയും ചെയ്യുന്നു.(ഋഗ്വേദം, അഷ്ടകം:01, അധ്യായം:100, സൂക്തം:08).
- ✓ ഇന്ദ്രാ,അങ്ങ് തൊണ്ണൂറുനദികളുടെ അപ്പുറത്ത് യജ്ഞവിഹീനരെ നിലംപൊത്തിച്ച് കുഴിയിൽത്തള്ളി. വജ്രിൻ!അവിടുന്നു ഞങ്ങളെ ഈ ദുർഗതിയിൽനിന്നും, യുദ്ധം വന്നാൽ പാപങ്ങളിൽനിന്നും രക്ഷിക്കണം. ഞങ്ങൾക്ക് യശസ്സിനും അന്നത്തിനും സൂനൃതോക്തിക്കും തേരുകൾ, കുതിരകൾ തുടങ്ങിയവയും ധനവും തന്നരുളണം!(ഋഗ്വേദം, അഷ്ടകം:01, അധ്യായം:18, സൂക്തം:121).
- ✓ ഇന്ദ്രാ, നിലവവിളിക്കുകയോ തിന്നുകയോ ചെയ്തിരുന്ന അവരോടു ഭവാൻ അന്തരീക്ഷത്തിന്നപ്പുറത്തുവെച്ചു പോരാടി; കൊള്ളക്കാരനെ ആകാശത്തുനിന്നു കൊണ്ടുപോന്ന് കേമമായി ദഹിപ്പിച്ചു; സോമംപിഴിഞ്ഞു സ്തുതിക്കുന്നവന്റെ പ്രശംസയെ രക്ഷിക്കുകയുംചെയ്തു! (അഷ്ടകം:01 അധ്യായം:03 മണ്ഡലം:01, അനുവാകം:04, സൂക്തം:33, ശ്ലോകം:07).
- ✓ സർവ്വമനുഷ്യാമ്പിതനായ അവിടുന്ന് അശ്വങ്ങളെക്കൊണ്ടു യുദ്ധം കടത്തിവിടട്ടെ; മേധാവികളോടുകൂടിയ അവിടുന്നു ഫലം കൽപിച്ചു നൽകട്ടെ! (അഷ്ടകം:01 അധ്യായം:03 മണ്ഡലം:01 അനുവാകം:04 സൂക്തം:27 ശ്ലോകം:09).
- ✓ ഞങ്ങളുടെ ആയുധങ്ങൾ ശത്രുക്കളെ അകറ്റാൻ കെല്പുള്ളവയാവട്ടെ; തടുക്കാൻ ഉറപ്പുള്ളവയാവട്ടെ! ഞങ്ങളുടെ ശക്തി സ്തുത്യമായി ഭവിക്കട്ടെ; മായാവിയായ മനുഷ്യരുടേത് അങ്ങനെയാകരുത്!(അഷ്ടകം:01 അധ്യായം:03 മണ്ഡലം:01, അനുവാകം:04, സൂക്തം:31, ശ്ലോകം:02).

- ✓ ഹിംസകരെ വിഴുങ്ങുന്ന വരുണനും മിത്രനും ആര്യമാവും ഞങ്ങളുടെ യജ്ഞത്തിൽ മനുവിന്റേതിലെന്നപോലെ വന്നണയട്ടെ! (അഷ്ടകം:01, അധ്യായം:03, മണ്ഡലം:01, അനുവാകം:04, സൂക്തം:26, ശ്ലോകം:04).
- ✓ ശത്രുസൂദനരേ, നിങ്ങൾക്ക് ഒരു വൈരി ദ്യോവിലുണ്ടായിട്ടില്ല; ഭൂവിലും ഇല്ല. രുദ്രപുത്രന്മാരേ, നിങ്ങൾക്ക് ഒരുമ മൂലം നീളെ ആക്രമിപ്പാൻ ശക്തി ശീഘ്രം തഴയ്ക്കട്ടെ!(അഷ്ടകം:1 അധ്യായം:03 മണ്ഡലം:01 അനുവാകം:04 സൂക്തം:39 ശ്ലോകം:04).(അവലംബം:ഋഗ്വേദസംഹിത, പരിഭാഷകൻ:വള്ളത്തോൾ)

ഋഗ്വേദത്തിലുടനീളം സമാനമായ സ്തുതികളും പ്രാർത്ഥനകളും കാണാം. ആര്യാധിപത്യകാലത്ത് ആര്യന്മാർ നടത്തിയിരുന്ന യാഗങ്ങളിലും ശത്രുസംഹാര പൂജകളിലും ഉരുവിട്ടിരുന്ന മന്ത്രങ്ങളാവാം അവ. ആര്യന്മാർ ശത്രുക്കൾക്കുമേൽ ആധിപത്യം നേടുന്നതിന് ഉപയോഗിച്ചിരുന്ന ആ സൂക്തങ്ങൾ, അനാര്യന്മാരായ ദസ്യുക്കൾ ശ്രവിക്കരുതെന്നും ആ പ്രാർത്ഥനകൾ പഠിച്ചു തങ്ങൾക്കെതിരെ പ്രയോഗിക്കരുത് എന്നുമുള്ള ചിന്തയാകാം അവർക്കേർപ്പെടുത്തിയ വിലക്കിനു കാരണം. പിൽക്കാലത്ത് വിവിധ മന്ത്രദ്രഷ്ടാക്കളായ(സ്രഷ്ടാക്കളല്ല) മഹർഷിമാർ കണ്ടെടുത്ത മന്ത്രങ്ങളോടൊപ്പം ആ ശ്ലോകങ്ങളും വേദങ്ങളുടെ ഭാഗമായെങ്കിലും അനാര്യന്മാർക്കു ശ്രവിക്കുന്നതിനും പഠിക്കുന്നതിനുമുള്ള വിലക്കുകൾ തുടർന്നു.

വേദങ്ങളിൽ കാണുന്ന മന്ത്രങ്ങളെല്ലാം ആര്യന്മാരുടെ സൃഷ്ടിയല്ലെങ്കിലും, വേദങ്ങൾക്കു നിയതമായ രൂപം കൈവരിക്കുന്നതിനു മുൻപ് ദസ്യുക്കൾക്ക്(ദ്രാവിഡർ/അനാര്യർ) ഏർപ്പെടുത്തിയിരുന്ന വിലക്ക്, അവരുടെ പിൻഗാമികളെന്നു കണക്കാക്കപ്പെടുന്ന ദാസ്യ/ശൂദ്രസമൂഹങ്ങൾക്കുമേൽ തുടരുകയാണുണ്ടായത്. തങ്ങൾ ഉപയോഗിക്കുന്ന മന്ത്രങ്ങൾ അനാര്യരുടെ കൈവശം എത്തരുതെന്ന ലക്ഷ്യം മാത്രമായിരുന്നു ആദ്യകാലത്തെ വിലക്കിന്റെ കാരണം. മന്ത്രങ്ങൾ അനാര്യസമൂഹങ്ങൾക്കു നിരാകരിച്ചതിന് ആര്യന്മാരുടെ ആ ഭയപ്പാടിനപ്പുറമുള്ള കാരണങ്ങളൊന്നും കാണാനാകില്ല. ബ്രാഹ്മണ്യമെന്ന പദവി നൽകിയ അതിരുകളില്ലാത്ത ആനുകൂല്യങ്ങളുടെയും അവകാശവിശേഷങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി, പിൽക്കാലങ്ങളിൽ ആ വിലക്ക് കൂടുതൽ അധികാരികതയോടെ അനാര്യസമൂഹങ്ങൾക്കു മേൽ നിവേശിപ്പിക്കുകയായിരുന്നു. ആര്യസമൂഹത്തിലെ തന്നെ ഒരു വിഭാഗം പൗരോഹിത്യ സമുദായമായി മാറുകയും, കാലക്രമേണ ബ്രാഹ്മണർ എന്ന ജാതിയായി ആധിപത്യമുറപ്പിപ്പിക്കുകയും ചെയ്തപ്പോൾ, വേദപഠനത്തിനുള്ള അധികാരം അവർക്കു മാത്രമായി പരിമിതപ്പെടുത്തി. അതോടെ മറ്റ് ആര്യവിഭാഗങ്ങൾക്കും വേദങ്ങൾ അപ്രാപ്യമായി. ബ്രാഹ്മണരെ പ്രീതിപ്പെടുത്തിയാൽ ദൈവം പ്രസാദിക്കുമെന്നും, അവരെ പ്രസാദിപ്പിക്കുന്നതാണ് ബ്രാഹ്മണേതർക്ക് മോക്ഷപ്രാപ്തിയ്ക്കുള്ള മാർഗ്ഗമെന്നും പ്രതീതി സൃഷ്ടിച്ചെടുത്തത് അതിന്റെ ഭാഗമായാണ്.

പിൻകുറിപ്പ്: വേദപഠനത്തിനും വേദാദ്ധ്യാപനത്തിനുമുള്ള വേദാധികാരം ബ്രാഹ്മണരിൽ മാത്രം നിക്ഷിപ്തമാക്കിയപ്പോഴും, വേദങ്ങൾ മുഴുവനായും പഠിച്ച ബ്രാഹ്മണരുടെ എണ്ണം തികച്ചും കുറവായിരുന്നു. പഠിച്ചവരിൽത്തന്നെ, അർത്ഥവും അന്തരാർത്ഥവും അറിഞ്ഞു പഠിച്ചവർ അപൂർവ്വമായിരുന്നു. കേവലം കുറെ വേദഭാഗങ്ങൾ മനഃപാഠമാക്കുന്നതിനപ്പുറത്തേയ്ക്കു സഞ്ചരിച്ചവർ വളരെ കുറവായിരുന്നു. അതിന്റെ മുഖ്യകാരണം, പഠനപദ്ധതി

യിലെ പ്രത്യേകത തന്നെയാണ്. നിർബന്ധിത വേദപഠനം നിശ്ചയിച്ചിരുന്നത് ഉപനയനത്തി നുശേഷമുള്ള ബാല്യകാലത്താണല്ലോ. ആ പ്രായത്തിൽ, ഉരുവിട്ടുപഠിച്ചു മനഃപാഠമാക്കുക എളുപ്പമാണെങ്കിലും വേദങ്ങളിലെശ്ലോകങ്ങളുടെ ഗഹനമായ അർത്ഥമറിഞ്ഞുപഠിക്കുക എളുപ്പമല്ലല്ലോ. മുതിർന്നതിനുശേഷം, വീണ്ടും അർത്ഥമറിഞ്ഞു പഠിക്കാൻ താത്പര്യപ്പെ ടുന്നവർ അധികമുണ്ടാകുന്നുമില്ല. അതുകൊണ്ടൊക്കെ ആകാം, വേദാദ്ധ്യാപകർക്കുപോ ലും വേദാർത്ഥം അജ്ഞാതമായി നിലകൊണ്ടു. സത്യം ഇതാണങ്കിലും, അതിനെയും അനു കൂലമാക്കി മാറ്റാൻ ബ്രാഹ്മണർക്കു കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണ്, രണ്ടു വേദങ്ങൾ പഠിച്ച യാളിന്റെ പിൻതലമുറകളെല്ലാം ആ യോഗ്യത കുലനാമമാക്കി പേരിനൊപ്പം ചേർത്ത്, ദ്വി വേദിമാരായും, മൂന്നുവേദം പഠിച്ച ആളിന്റെ പിൻഗാമികൾ ത്രിവേദികളായും, നാലുവേദ വും പഠിച്ചയാളിന്റെ വംശാവലി മുഴുവൻ ചതുർവ്വേദികളായും മാറിയത്. വേദങ്ങൾ പഠി ക്കാതെതന്നെ ജാതിനാമമായി ആ പദവി തലമുറകളിലേക്ക് ഇന്നും കൈമാറുന്നു.]

ശങ്കാരാചാര്യരുടെ സമ്മതപത്രം

വിവേകചൂഢാമണിയിലെ പതിനാലുമുതൽ പതിനേഴുവരെയുള്ള ശ്ലോകങ്ങളിൽ ആരൊക്കെയാണ് അദ്ധ്യാത്മവിദ്യയ്ക്ക് അധികാരികൾ എന്നു ശ്രീശങ്കാരാചാര്യർ കൃത്യമായി നിർണ്ണയിക്കുന്നുണ്ട്. ആ ശ്ലോകങ്ങൾ കാണുക: 'ആദ്ധ്യാത്മികസാധന യിൽ ഫലസിദ്ധി മുഖ്യമായും സാധകനിലെ യോഗ്യതകളെ ആശ്രയിച്ചാണിരിക്കു ന്നത്. അനുകൂലങ്ങളായ ദേശകാലങ്ങൾക്ക് അതിൽ പങ്കുണ്ട്. എങ്കിലും അവ സഹ കാരി കാരണങ്ങൾ മാത്രമാണ്.(അധികാരണമാശാസ്തേ ഫലസിദ്ധിർ വിശേഷതഃ ഉപായാ ദേശകാലാദ്യാ സന്ത്യസ്മിൻ സഹകാരിണഃ -ശ്ലോകം:14). മേധാവിയും(നല്ല ഓർമ്മശക്തിയുള്ളവൻ) വിദ്വാനും(ബാഹ്യലോകത്തെക്കുറിച്ചും ആന്തരിക രഹ സ്യങ്ങളെക്കുറിച്ചും സാമാന്യ പരിജ്ഞാനമുള്ളവൻ) ഊഹാപോഹവിചക്ഷണനും (ശ്രുതിമതത്തിന് അനുകൂലമായി വാദിക്കാനും പ്രതികൂലമായതെല്ലാം ഖണ്ഡിക്കാ നും കഴിവുള്ളവൻ) പൂർവ്വോക്തലക്ഷണങ്ങളൊക്കെ ഒത്തവൻ ആത്മവിദ്യയ്ക്ക് അധികാരിയാകുന്നു'(മേധാവി പുരുഷോ വിദ്വാൻ ഊഹാപോഹവിചക്ഷണ അധി കാര്യാത്മവിദ്യായാം ഉക്തലക്ഷണ ക്ഷിതാഃ-ശ്ലോകം:16) വിവേകം,വിരക്തി,ശമാദി ഗുണങ്ങൾ(ശമം, ദമം, ഉപരതി, തിതിക്ഷാ, ശ്രദ്ധാ, സമാധാനം) മുമുക്ഷുത്വം എന്നീ യോഗ്യതകളുള്ളവർക്കു മാത്രമേ ബ്രഹ്മാന്വേഷണത്തിന് അർഹതയുള്ളൂ. (വിവേ കിനോ വിരക്തസ്യ ശമാദി ഗുണശാലിനഃ മുമുക്ഷോ രേവ ഹി ബ്രഹ്മ ജിജ്ഞാസാ യോഗ്യതാ മതാ-ശ്ലോകം:17). ശ്രീശങ്കരൻ നിശ്ചയിച്ചിട്ടുള്ള മേൽ ലക്ഷണങ്ങളനുസ രിച്ച്, ഏതെങ്കിലുമൊരു പ്രത്യേക വർണ്ണത്തിൽ ജനിച്ചു എന്നത് ഒരാളിനെ വേദാധി കാരിയോ വേദാഭ്യാസത്തിന് അനധികാരിയോ ആക്കുന്നില്ലല്ലോ. മനീഷപഞ്ചകം ഉപദേശസാഹസ്രി എന്നീ കൃതികളിലും ബ്രഹ്മവിദ്യയ്ക്ക് എല്ലാ മനുഷ്യരും അധി കാരികളാണെന്ന് ശങ്കാരാചാര്യർ വ്യക്തമാക്കിയിട്ടുണ്ട്.

[പിൻകുറിപ്പ്:സത്തും അസത്തും തമ്മിൽ(സത്യവും മിഥ്യയും തമ്മിൽ) നിത്യവും അനിത്യ വും തമ്മിൽ വേർതിരിച്ചറിയാനുള്ള കഴിവാണു വിവേകം. വൈരാഗ്യം എന്നാൽ നിസ്സംഗ ത്വം. മുമുക്ഷുത്വം എന്നാൽ മോക്ഷത്തിനുള്ള തീവ്രമായ ഇച്ഛയാണ്. മോക്ഷമെന്നാൽ നാം അനുഭവിക്കുന്ന ദൗർബ്ബല്യങ്ങളുടെയും വൈകല്യങ്ങളുടെയും പരിമിതികളുടെയും നിസ്സ ഹായതയുടെയും അസ്വാതന്ത്ര്യത്തിന്റെയും പിടിയിൽനിന്നുള്ള വിമുക്തിയാണ്. ഒരു പ്ര ത്യേകജാതിയിൽ ജനിച്ചതുകൊണ്ടുമാത്രം ലഭ്യമാകുന്ന കാര്യങ്ങളല്ലല്ലോ ഇവയൊന്നും.]

ചട്ടമ്പിസ്വാമികളുടെ വേദാധികാരനിരൂപണം

കേരളക്കരയിൽ നടന്ന വേദാധികാരം സംബന്ധിച്ച സംവാദങ്ങളുടെ സാരസത്തയായി കണക്കാക്കപ്പെടുന്ന പുസ്തകമാണ്, ചട്ടമ്പിസ്വാമിയുടെ വേദാധികാരനിരൂപണം. അതിലെ പ്രധാന നിരീക്ഷണങ്ങൾ ഇവിടെ ചേർക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. ചട്ടമ്പിസ്വാമികൾ എഴുതുന്നു: വേദത്തെ പഠിക്കുകയും പ്രവചിക്കുകയും ചെയ്യുന്നതിലേക്ക് ബ്രാഹ്മണർക്കുമാത്രമേ അധികാരമുള്ളൂ എന്നും, ക്ഷത്രിയ-വൈശ്യന്മാർക്ക് അഭ്യസിക്കുന്നതിനു മാത്രമല്ലാതെ പ്രവചനം(അദ്ധ്യാപനം) ചെയ്യുന്നതിന് അധികാരമില്ലെന്നും, ശൂദ്രജർക്ക് അഭ്യസിക്കുവാനോ പ്രവചനം ചെയ്യാനോ അധികാരമില്ലെന്നും വിധികൾ ഏർപ്പെട്ടിരിക്കുന്നതായി മിക്കവരുംവിശ്വസിച്ചിരിക്കുന്നു. ആകയാൽ, അതിലേക്ക് എന്തെങ്കിലും പ്രമാണമുണ്ടോ എന്നുപരിശോധിച്ചാൽ,ഞാൻ അറിഞ്ഞിടത്തോളം വേദങ്ങളിൽ ക്ഷത്രിയൻ അദ്ധ്യാപനവും ശൂദ്രൻ അധ്യയനവും പാടില്ലെന്നു നിഷേധം ഏർപ്പെടുകയോ, ആയത് സാധുവാകയോ ചെയ്തിട്ടുണ്ടെന്നു കാണുകയില്ല. ക്ഷത്രിയന് അദ്ധ്യാപനവും ശൂദ്രന് അധ്യയനവുമാകാം എന്നുള്ളതിലേക്ക് അനവധി ആചാരങ്ങളെ വേദങ്ങളിൽനിന്നുതന്നെ എടുത്ത് ഉദാഹരിക്കാനുണ്ട്. വേദാധികാരം സംബന്ധിച്ച അവയിൽ ഒന്നുരണ്ടു ദൃഷ്ടാന്തങ്ങളെ ഇവിടെ എടുത്തു കാണിക്കാം:

- ✓ ബൃഹദാരണ്യകോപനിഷത് രണ്ടാംഅദ്ധ്യായം ആദ്യത്തെ ബ്രാഹ്മണത്തിൽ ഗാർഗ്ഗ്യൻ എന്ന ബ്രാഹ്മണൻ അജാതശത്രുവെന്ന ഒരു രാജാവിനെ ആചാര്യനായി വരിച്ച് ബ്രഹ്മവിദ്യ അഭ്യസിച്ചതായി പറഞ്ഞിരിക്കുന്നു.
- ✓ ഉപമന്യുപുത്രനായ പ്രാചീനശാലൻ, പൗലുഷിയെന്ന സത്യപ്രജ്ഞൻ, ഭാല്ലവേയനായ ഇന്ദ്രദ്യുമ്നൻ, ശർക്കരാക്ഷാപത്യമായ ജനൻ, ആശ്വതരാശ്വപുത്രൻ ബുഡിലൻ എന്നീ ഋഷിമാർ ബ്രഹ്മത്തെ പ്രതി പര്യാലോചന നടത്തിയപ്പോൾ അന്ത്യം കാണതെ കുഴങ്ങി. ഭഗവാൻ ഉദ്ദാലകനെ ഗുരുവായി വരിക്കയെന്നു നിശ്ചയിച്ച് അവിടെ ചെന്നു. അപ്പോൾ, "പൂജ്യപാദരായ മഹർഷിമാരേ! കൈകേയനായ അശ്വപതി എന്ന രാജാവ് ഈ വിഷയം നമുക്ക് ഉപദേശിക്കുവാൻ ശക്തനാണ്" എന്നു പറഞ്ഞ് ആ മഹർഷി അവരോടൊരുമിച്ച് അദ്ദേഹത്തെ സമാശ്രയിച്ചു. ഉപനയനത്തിന് എന്നപോലെ സമിത്പാണികളായിച്ചെന്ന് ഉപദേശം സ്വീകരിക്കയുംചെയ്തു. അവരോരോരുത്തരോടുമുള്ള ഉപദേശത്തിന്റെ അവസാനം കാരണസഹിതം രാജാവ് പറഞ്ഞിരിക്കുന്നതു നോക്കിയാൽ, വേദാചാര്യന്മാരായ ആ മഹർഷികളുടേതിനെ അപേക്ഷിച്ച് ആ രാജാവിന്റെ ബ്രഹ്മസാമ്രാജ്യധുരന്ധരത എത്രയോ മേലാണെന്നുകാണാമല്ലോ. ഇതിനാൽ,ക്ഷത്രിയൻ അധ്യാപനം ചെയ്യുന്നതിന് അധികാരിയാണെന്നുമാത്രമല്ല ബ്രാഹ്മണന്റെ ബ്രഹ്മോപദേഷ്ടാവാകാമെന്നുകൂടി സ്പഷ്ടമാകുന്നുണ്ട്.
- ✓ ഛാന്ദോഗ്യോപനിഷത് അഞ്ചാം അധ്യായത്തിൽ ആരുണിപുത്രനായ ശ്വേതകേതു എന്ന ബ്രാഹ്മണൻ, ഋഷിജീവലന്റെ പുത്രനായ പ്രവാഹണൻ എന്ന രാജാവിനോടു വേദാന്തവാദത്തിൽ തോറ്റിട്ട്, തന്റെ പിതാവായ ഗൗതമനോടു ചെന്ന് പരാതി പറഞ്ഞു. ഗൗതമൻ പുത്രസമേതം പുറപ്പെട്ട് രാജാവിനെ ആശ്ര

യിച്ചു ബ്രഹ്മവിദ്യ യാചിച്ചപ്പോൾ, ബ്രഹ്മജ്ഞാനോപദേശം ചെയ്തതായി കാണുന്നു. ബ്രഹ്മവിദ്യ ഏറ്റവും രഹസ്യമായിട്ടുള്ള ഒന്നാകയാൽ, ദീർഘകാലം ദീക്ഷിച്ചിരിക്കണം എന്നു ഗൗതമന് ആജ്ഞകൊടുത്തുകൊണ്ട് രാജാവു പറയുന്ന സംഗതി വളരെ പ്രസക്തമാണ്:"അല്ലയോ ഗൗതമാ, അങ്ങ് സർവ്വവിദ്യാകുശലനായിരിക്കുന്നു. എങ്കിലും, അജ്ഞന്റെ നിലയിൽ ഇതുപദേശിക്കണമെന്ന് എന്നോടപേക്ഷിച്ചല്ലോ. ഈ വിദ്യ ഇതിനു മുമ്പ് അങ്ങേപ്പോലുള്ള ഒരു ബ്രാഹ്മണങ്കൽ സ്ഥലംപിടിച്ചിട്ടില്ല(?); ബ്രാഹ്മണർക്ക് ഈ വിദ്യ ഉണ്ടായിരുന്നില്ല. അക്കാരണത്താൽതന്നെ ഏതുകാലത്തും ഇതുപദേശിക്കാൻ അധികാരം ക്ഷത്രിയനു മാത്രമേ ഉണ്ടായിരുന്നുള്ളു".

- ✓ ജനകമഹാരാജാവിന്റെ അടുക്കൽ ചെന്ന് ശ്രീശുകബ്രഹ്മർഷി ബ്രഹ്മോപദേശം സ്വീകരിച്ച സുപ്രസിദ്ധമായ സംഭവം മഹോപനിഷത്തിലും ദേവീഭാഗവതത്തിലും പ്രസ്താവിക്കുന്നുണ്ട്. രാജാവായിരുന്നെങ്കിലും ജനകൻ ബ്രഹ്മർഷിയായിരുന്നു എന്നതുകൊണ്ടാണ് വ്യാസമഹർഷി തന്റെ മകനെ ബ്രഹ്മവിദ്യ സ്വായത്തമാക്കാൻ അദ്ദേഹത്തിന്റെ അടുത്തേക്കയച്ചത്.
- ✓ കഹോളപുത്രനായ അഷ്ടാവക്രൻ ജനകമഹാരാജനിൽനിന്നു ബ്രഹ്മോപദേശം ഗ്രഹിച്ച കഥ ത്രിപുരരഹസ്യം ജ്ഞാനഖണ്ഡത്തിൽ പറയുന്നുണ്ട്. അത്, ക്ഷത്രിയൻ വേദാധ്യാപനം ചെയ്യുന്നതിന് അധികാരിയാണ് എന്നു തെളിയിക്കുന്ന പുരാണങ്ങളിൽനിന്നുള്ള മറ്റൊരു ഉദാഹരണമാണ്.

ഈ ദൃഷ്ടാന്തങ്ങളിൽനിന്നും ക്ഷത്രിയൻ അദ്ധ്യാപനം ചെയ്യുന്നതിന് അർഹനല്ലെന്നുള്ള അഭിപ്രായം തെറ്റാണെന്നു തെളിയുന്നു. ഇനി, ശൂദ്രരുടെ വേദാഭ്യാസത്തിനുള്ള ആധികാരികത, പൗരാണികഗ്രന്ഥങ്ങളെ അവലംബമാക്കി പരിശോധിക്കാം:

- ✓ ഛാന്ദോഗ്യോപനിഷത് നാലാമധ്യായത്തിലുള്ള 'ജാനാശ്രുത്യുപാഖ്യാന'ത്തിൽനിന്നു ശൂദ്രനും വേദാഭ്യാസം ചെയ്തതായി തെളിയുന്നു. ജാനശ്രുതി എന്ന ശ്രൂദ്രൻ, രൈക്വൻ എന്ന ഒരു ബ്രാഹ്മണന്റെ അടുക്കൽച്ചെന്ന് ബ്രഹ്മവിദ്യയുപദേശിക്കണമെന്ന് അപേക്ഷിച്ചു. 'ശൂദ്രനായ നിനക്കു വേദം ഉപദേശിക്കത്തക്കതല്ല' എന്ന് ആദ്യം നിലപാടെടുത്ത രൈക്വൻ, ജാനശ്രുതി വാഗ്ദാനംചെയ്തു നൽകിയ ആയിരംപശുക്കൾ, ആഭരണങ്ങൾ, രഥം, താമസിക്കുന്നതിന് രൈക്വപർണ്ണം എന്ന ഗ്രാമം, പത്നിയായി തന്റെ പുത്രി എന്നിവ സ്വീകരിച്ച് ബ്രഹ്മോപദേശം നൽകി. ഛാന്ദോഗ്യോപനിഷത്തിലെ ഈ പ്രസ്താവം, ശൂദ്രർക്ക് വേദപഠനം നിഷിദ്ധമല്ല എന്നതിന്റെ സ്ഥിരീകരണമാണല്ലോ.

[പിൻകുറിപ്പ്: ജാനശ്രുതി വാഗ്ദാനംചെയ്തേകിയ അളവില്ലാത്ത സമ്പത്തിനു മുൻപിൽ കണ്ണുമഞ്ഞളിച്ച് ശൂദ്രനു ബ്രഹ്മവിദ്യ അനുശാസിച്ച രൈക്വന്റെ കഥ ബ്രാഹ്മണ്യത്തിനു വരുത്തിവെച്ച പേരുദോഷം തീർക്കാൻ, ബ്രഹ്മസൂത്രത്തിലെ 'ശുഗസ്യ' ഇത്യാദി അഞ്ചു സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങളും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട്, ജാതിശൂദ്രനായ ജാനശ്രുതിയെ ക്ഷത്രിയനാക്കിയിരിക്കുന്നു എന്നും അത് അസംഗതമാണെന്നും ചട്ടമ്പിസ്വാമികൾ വേദാധികാരനിരൂപണത്തിൽ വിസ്തരിച്ചു നിരൂപണംചെയ്തു സമർത്ഥിക്കുന്നുണ്ട്. ജാതിതാത്പര്യം സംരക്ഷിക്കാൻ ബ്രാഹ്മണമേധാവിത്വം ഉപനിഷത്തുക്കളിൽപ്പോലും വരുത്തിയിട്ടുള്ള അപനിർമ്മാണങ്ങളുടെ ഉത്തമോദാഹരണമാണിത്. അന

വധി വ്യാജനിർമ്മിതികളിലൂടെ ഉണ്ടാക്കിയെടുത്ത ആഢ്യത്വവും അധികാരവും നില നിർത്തുക മാത്രമായിരുന്നു ആ പാതകത്തിന് അവരെ പ്രേരിപ്പിച്ച ഘടകം]

- ✓ ശൂദ്രനായ വിദുരനു കൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് മൈത്രേയ മഹർഷി ബ്രഹ്മജ്ഞാനം പകർന്നുനൽകിയതായി മഹാഭാരതത്തിൽ പറയുന്നുണ്ട്.
- ✓ താൻ ശൂദ്രനാണെന്നു പ്രഖ്യാപിച്ച ജാബാലൻ, ഗൗതമന്റെ അടുക്കൽ അധ്യ യനത്തിനു ചെന്ന് വേദപഠനം നടത്തി. [പിൻകുറിപ്പ്: ജാബാലനെക്കൊണ്ട്, താൻ ശൂദ്രനല്ലെന്നു സത്യംചെയ്യിച്ചശേഷമേ ഗൗതമൻ പഠിപ്പിച്ചുകൊടുത്തുള്ളു എന്ന് ഒരു അപനിർമ്മിതകഥ ഐതിഹ്യമെന്നപേരിൽ അനുബന്ധമായി പ്രചാരത്തിലുണ്ട്.)
- ✓ ഐതരേയബ്രാഹ്മണം രണ്ടാം പഞ്ചിക തൃതീയാധ്യായത്തിൽ, കവഷനെന്ന ഒരു വേടൻ വേദാധ്യയനംചെയ്തു എന്നുമാത്രമല്ല, ഋഷിയുമായി യാഗാദികൃ ത്യങ്ങളിൽ ബ്രാഹ്മണരോടുകൂടിച്ചേർന്ന് ബഹുമാന്യനായി വർത്തിച്ചിരുന്നു എന്നുപറഞ്ഞിരിക്കുന്നു. അത് ഇപ്രകാരമാണ്: മഹർഷിമാർ സരസ്വതീതീര ത്തുവെച്ച് ഒരു വലിയയാഗം നടത്തിയപ്പോൾ,അതിൽ പ്രവേശിച്ചിരുന്ന ഇലൂ ഷപുത്രനായ കവഷനെ, 'ദാസീപുത്രനും അബ്രാഹ്മണനും വേടനുമായവൻ എങ്ങനെയാണ് നമ്മോടൊപ്പം അർഹണമർഹിക്കുക' എന്നുപറഞ്ഞ് ബ്രാഹ്മ ണർ ബഹിഷ്കരിച്ചു. സരസ്വതിയിലെ ജലംപോലും കുടിക്കാതെ അയാൾ ദാഹിച്ചു മരിക്കട്ടെ എന്നു കരുതി കവഷനെ മരുഭൂമിയിൽ ആക്കി. ആ നില യിൽ ദാഹപീഡിതനായ കവഷൻ, 'അപോനപ്ത്രീയം പ്രദേവത്രാ ബ്രഹ്മണേ ഗാതുരേതു' എന്നു തുടങ്ങുന്ന ഋക്ക് മന്ത്രദ്രഷ്ടാക്കളുടെ നയത്തിലുണ്ടാക്കി. ആ സൂക്തനിർമ്മാണം വഴിയായി ആ വേടപുത്രന് ദേവതാപ്രസാദം ലഭിച്ചു. ദേവതകൾ അയാളുടെ ചുറ്റുപാടും പ്രാപിച്ചതോടുകൂടി സരസ്വതീനദിയും ചുഴ്ന്നൊഴുകി. സരസ്വതിനദി കവഷനെ ചുറ്റിയൊഴുകിയ കാരണംകൊണ്ട് ആ സ്ഥലത്തിന് പരിസാരകം എന്ന് പേരുണ്ടായി. ഈ അവസ്ഥയറിഞ്ഞ് ആ ബ്രാഹ്മണർ "ആയാൾക്ക് ദേവസാന്നിധ്യം ഉണ്ടായിരിക്കുന്നതിനാൽ നമുക്കു ചെന്ന് ആയാളെ ക്ഷണിച്ചുകൊണ്ടുവരാം" എന്നു പറഞ്ഞ് ഐകകണ്ഠ്യേന സമ്മതിച്ചു കവഷനെ കൂടിക്കൊണ്ടുപോയി. തുടർന്ന് അവർ അപോനപ്ത്രീ യയജ്ഞം നടത്തി". വിശിഷ്ടനാകുന്നതിനുമുമ്പ് ഏകാന്തത്തടവിൽ കിടന്ന് വേടനായ കവഷനുണ്ടാക്കിയ അപോനപ്ത്രീയസൂക്തം വേദത്തിൽ ഉൾപ്പെ ട്ടിരിക്കുമ്പോൾ, എന്ത് അർത്ഥത്തിൽ ശൂദ്രർക്കു വേദാധ്യയനത്തിന് അർഹ തയില്ലെന്നു പറയും എന്ന് ചട്ടമ്പിസ്വാമികൾ ചോദിക്കുന്നു.
- ✓ വേദങ്ങളിൽ കക്ഷീവാനെന്ന ഒരു ബഹുമാന്യനായ ശൂദ്രസ്ത്രീപുത്രനെക്കു റിച്ചു പരാമർശിക്കുന്നുണ്ട്: അല്ലയോ ബ്രഹ്മണസ്പതേ! ഈ സോമപാനം ചെ യ്യുന്ന എന്നെ, ഉശിക് എന്നവളുടെ പുത്രൻ കക്ഷീവാനെപ്പോലെ പ്രകാശമു ള്ളവനാക്കിയാലും.(സോമാനസ്സ്വരണം കൃണുഹി ബ്രഹ്മണസ്പതേ കക്ഷീ വന്തം യ ഔശിജഃ).(ശൂദ്രസ്ത്രീപുത്രൻ എന്നപ്രയോഗം ഒരു കഥാതന്ത്രമാണ്)

ഇതെല്ലാംകൊണ്ട് ശൂദ്രന് വേദാധ്യയനം ആകാമെന്ന് ഉറപ്പായി തെളിയുന്നു. ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടായെന്നുള്ളവർ സാധാരണയായി പറയുന്ന ഒരു പ്രമാണ മാണ് ന സ്ത്രീ ശൂദ്രൗ വേദമധീയതാം എന്നവാക്യം. ഈ വാക്യം സ്മൃതിയുമല്ല വേ

ദവുമല്ല; വെറും സൂത്രമാകുന്നു.ശ്രുതിസ്മൃതിപുരാണേതിഹാസാചാരങ്ങൾ എന്നുള്ള പ്രമാണങ്ങളിൽ ഒന്നായിട്ട് ഇതിനെ എവിടെയും സ്വീകരിക്കുന്നുമില്ല. മാത്രവുമല്ല, ഇതിന്റെ അർത്ഥം സ്ത്രീകളും ശൂദ്രരും പഠിച്ചേകഴിയൂ എന്നില്ല; എന്നല്ലാതെ, പഠിച്ചേകൂടാ എന്നല്ല. അതുകൊണ്ട് അതിനെ ഒരു പ്രമാണമായി സ്വീകരിക്കണമെന്നില്ല. വേദങ്ങളിൽതന്നെ ഒന്നിനൊന്നു വിരോധമായ രണ്ടു മാർഗ്ഗങ്ങൾ പറഞ്ഞിരുന്നാൽ, അവ രണ്ടും സമഗൗരവമായി സമ്മതിക്കേണ്ടതാണെന്ന് വിധിച്ചിരിക്കുന്നു. ആ വിധിയാൽ, വേദങ്ങളിൽ ഒരു സ്ഥാനത്തു ക്ഷത്രിയാദികൾക്ക് അദ്ധ്യാപനവും ശൂദ്രന് അധ്യയനവും പാടില്ലാ എന്നു വിധിച്ചിരുന്നാൽപോലും, മറ്റുള്ള ഭാഗങ്ങളിൽ ആദരിച്ചിരുന്ന ആചാരബലത്താൽ, ക്ഷത്രിയാദികൾക്ക് അദ്ധ്യാപനവും ശൂദ്രർക്ക് അധ്യയനവും ചെയ്യാമെന്ന് നിർവിവാദമായി ഏർപ്പെടുന്നു. ഇപ്രകാരം,വേദത്തിൽ അതിന് യാതൊരു തടസ്സവുമില്ലെന്നു സിദ്ധിച്ചതായി ചട്ടമ്പിസ്വാമികൾ പറയുന്നു.

വേദപഠനം സ്ത്രീകൾക്കു നിഷിദ്ധമാണോ?

സ്ത്രീകളെ ശൂദ്രസമാനരായാണ് ശാസ്ത്രം കാണുന്നതെന്നും അതിനാൽ അവരും വേദപഠനത്തിന് അർഹരല്ലെന്നും മനുവാദികൾ പറയുന്നു. 'ന സ്ത്രീ ശൂദ്രൗ വേദമധീയ താം' എന്ന വാക്യമാണ് ആ വാദത്തിനു പ്രമാണമായി അവർ അവതരിപ്പിക്കുന്നത്. ശ്രുതിസ്മൃതിപുരാണേതിഹാസങ്ങൾക്കുള്ള പ്രാമാണികതയൊട്ടുമില്ലാത്ത സൂത്രത്തിലെ ഈ ശ്ലോകത്തിന് സ്ത്രീകളും ശൂദ്രരും പഠിക്കരുത് എന്നല്ല അർത്ഥം; അവർ പഠിച്ചേകഴിയൂ എന്നില്ല എന്നുമാത്രമാണ്. എന്നാൽ, സ്ത്രീകൾക്കു വേദാധ്യയനം നിഷിദ്ധമാണെന്നു പറയുന്നവരുടെ വാദങ്ങൾ നിരർത്ഥകമാണെന്നു തെളിയിക്കുന്ന നിരവധി ഉദാഹരണങ്ങൾ പൗരാണികഗ്രന്ഥങ്ങളിൽ കാണാം:

- ✓ വേദവ്യാസമഹർഷിയുടെ മകനായ ശ്രീശുകന് ഭഗവാൻപരമേശ്വരൻ ബ്രഹ്മവിദ്യയുപദേശിച്ചത് പാർവ്വതീസമേതനായാണ് എന്ന് ശുകരഹസ്യോപനിഷത്തിന്റെ ആരംഭസൂക്തത്തിലും ഏഴാം സൂക്തത്തിലും ബ്രഹ്മാവ് ദേവർഷികളോട് പറയുന്നുണ്ട്. വേദപഠനവും ശ്രവണവും സ്ത്രീകൾക്കു നിഷിദ്ധമല്ല എന്നതാണ് ഉപനിഷത്ത് സാക്ഷ്യപ്പെടുത്തുന്നത്.
- ✓ ബൃഹദാരണ്യകോപനിഷത്തിന്റെ മൂന്നും ആറും ബ്രാഹ്മണങ്ങളിൽ പ്രതിപാദിക്കുന്ന ഉപാഖ്യാനത്തിൽ, ഗാർഗ്ഗി എന്ന യുവതി വേദാധ്യയനം ചെയ്തു എന്നുമാത്രമല്ല, വേദാർത്ഥത്തെക്കുറിച്ച് യാജ്ഞവൽക്യനോട് സംവാദം നടത്തിയതായും പ്രസ്താവിക്കുന്നുണ്ട്.
- ✓ ബൃഹദാരണ്യകോപനിഷത്ത് നാലാമധ്യായം അഞ്ചാമതു ബ്രാഹ്മണത്തിൽ, യാജ്ഞവൽക്യന്റെ ഭാര്യയായ മൈത്രേയി, ഐഹികസുഖങ്ങളെല്ലാം ഉപേക്ഷിച്ചു ജീവാത്മ-പരമാത്മസ്വരൂപങ്ങളെക്കുറിച്ചു വിചാരിച്ച് മോക്ഷപദവി പ്രാപിച്ചതായി പറഞ്ഞിരിക്കുന്നു. മൈത്രേയിയ്ക്ക് ബ്രഹ്മവിദ്യ ഉപദേശിച്ചത് പുത്രനും വിഷ്ണുവിന്റെ അംശവുമായ കപിലമഹർഷിയാണ്.

സ്ത്രീകളെ വേദാനർഹരും പതിതരുമായി തരംതാഴ്ത്തിയ മനുവിന്റെ നിയമങ്ങളുടെ വേരറുക്കുന്നതാണ് മൈത്രേയമുനി വിദുരനോടു വിവരിക്കുന്ന രൂപത്തിലുള്ള ഭാഗവതം മൂന്നാംസ്കന്ധത്തിലെ മനുവംശകഥ. സ്വായംഭൂമനുവിന്റെ പുത്രി

യായ ദേവഹൂതിയെ വിവാഹം കഴിച്ചത് കർദ്ദമപ്രജാപതിയാണ്. പ്രജാസൃഷ്ടിക്കു വേണ്ടി ബ്രഹ്മാവു സൃഷ്ടിച്ച പ്രജാപതികളിലൊരാളായ കർദ്ദമൻ, ഉത്തമ ഭാര്യയെ കണ്ടെത്തുന്നതിനുവേണ്ടി നടത്തിയ ദീർഘതപസ്സിനൊടുവിൽ ഭഗവാൻവിഷ്ണു പ്രത്യക്ഷനായി ദേവഹൂതിയെ ഭാര്യയായി നിർദ്ദേശിക്കുകയായിരുന്നു. അവർക്കു ജനിച്ച പുത്രനാണ് ശ്രീഹരിയുടെ അംശമായ കപിലൻ. പുത്രൻ ഉണ്ടായശേഷം കർദ്ദമൻ മുൻനിശ്ചയപ്രകാരം ഉറപ്പിച്ച തപസ്സിനുവേണ്ടി കാട്ടിലേക്കുപോയി. തുടർന്ന്, കപിലൻ സ്വന്തം മാതാവായ ദേവഹൂതിക്ക് ബ്രഹ്മവിദ്യയുപദേശിച്ച് ദേഹാത്മഭാവനയാകുന്ന അന്ധകാരത്തിൽനിന്ന് മുക്തികൊടുത്തു. മൂന്നാംസ്കന്ധത്തിൽ ഇരുപത്തിയൊന്നു മുതൽ മുപ്പത്തിമൂന്നു വരെ അധ്യായങ്ങളിലായി പരന്നുകിടക്കുന്ന കാപിലോഖ്യാനം, മഹാഭാഗവതത്തിലെതന്നെ ഏറ്റവും മുന്തിയ ആദ്ധ്യാത്മിക സത്തയാണ്. സ്ത്രീകൾ വേദപഠനത്തിന് അർഹരല്ലെന്ന മനുവാദികളുടെ വാദമുഖത്തിന്, മനുസ്മൃതിയുടെ കർത്താവാണെന്നു പ്രചരിപ്പിക്കപ്പെടുന്ന സ്വായംഭൂവമനുവിന്റെ പുത്രിയായ ദേവഹൂതിയെ കേന്ദ്രസ്ഥാനത്തു നിർത്തി വ്യാസമഹർഷിയും ഭാഗവതവും നൽകുന്ന ആ ഉത്തരംതന്നെയാണ് ഏറ്റവും നല്ല മറുപടി.

ജാബാലോപനിഷത്തിൽ പ്രഥമ അധ്യായത്തിലെ അവസാനശ്ലോകത്തിൽ യാജ്ഞവൽക്യൻ ബൃഹസ്പതിയോട് ഇങ്ങനെ പറയുന്നു: "പ്രപഞ്ചത്തിൽനിന്നു പ്രാണികളുടെ ആത്മാവ് നിർഗ്ഗമിക്കുമ്പോൾ, രുദ്രഭഗവാൻ പ്രാണനു താരകബ്രഹ്മോപദേശം നൽകുന്നു. അതുവഴി ആത്മാവ് അമൃതത്വം നേടി മോക്ഷത്തെ പ്രാപിക്കുന്നു.(കടപ്പാട്: ഉപനിഷദ്ദീപ്തി കെ.ഭാസ്കരൻനായർ, വാല്യം:ഒന്ന്, അധ്യായം:13). അതായത്, ആത്മോപദേശം മനുഷ്യവംശത്തിലെ ഏതെങ്കിലും ഒരു സമുദായത്തിനു മാത്രമായോ, മനുഷ്യവംശത്തിനു മാത്രമായോ പരിമിതമാക്കപ്പെട്ടിട്ടുള്ളതല്ല എന്ന കാര്യം സുവ്യക്തം. ബ്രാഹ്മണൻ മാത്രമല്ല, ശൂദ്രരും സ്ത്രീകളുമടക്കം മുഴുവൻ മനുഷ്യരും വേദജ്ഞാനത്തിന് അധികാരികളാണെന്നാണല്ലോ ഈ വസ്തുതകൾ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നത്. വേദാനർഹരാകാൻ ശൂദ്രർക്കും സ്ത്രീകൾക്കുംമേൽ ആരോപിക്കുന്ന അശുദ്ധിയെന്ന സിദ്ധാന്തത്തിനു ശാസ്ത്രസമ്മതിയില്ല എന്നാണല്ലോ ഇക്കാര്യങ്ങൾ തെളിയിക്കുന്നത്. അതായത്, വേദാഭ്യാസത്തിനുള്ള അധികാരവും, അത് നിരാകരിക്കുന്നതിനു കാരണമായി പറയുന്ന അശുദ്ധിയുമെല്ലാം മതാധികാരികൾ സൃഷ്ടിച്ചെടുത്തതാണ്. ശൂദ്രരും സ്ത്രീകളുമടക്കം സർവ്വ മനുഷ്യരും വേദപഠനത്തിന് അർഹരാണെങ്കിൽ, എന്താണ് വേദാധികാരം എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നതെന്നും, ആരെയാണ് ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ അനർഹരെന്നു ഗണിക്കുന്നതെന്നും സംശയമുണ്ടാകാമല്ലോ. ആ സന്ദേഹങ്ങൾക്കുള്ള ഉത്തരവും പൗരാണികഗ്രന്ഥങ്ങളിൽതന്നെയുണ്ട്. ചില ദൃഷ്ടാന്തങ്ങൾ കാണുക:

- ✓ ഹംസോപനിഷത്തിൽ സനത്കുമാരൻ ഗൗതമന് ആത്മവിദ്യ ഉപദേശിക്കുമ്പോൾ, അതിനുള്ള അധികാരത്തെക്കുറിച്ചു പറയുന്നുണ്ട്. ശ്രീപരമേശ്വരൻ സമസ്ത വേദങ്ങളെയും വിചിന്തനംചെയ്തു പാർവ്വതിക്ക് ഉപദേശിച്ചുകൊടുത്ത ബ്രഹ്മവിദ്യ അത്യന്തം ഗുഹ്യവും ഗഹനവുമാണെന്നും, യോഗികൾക്ക് നിധിപോലെയാണെന്നും, അത് അജ്ഞാനികൾക്കു പകർന്നുകൊടുക്കരുത് എന്നും സനത്കുമാരൻ പറയുന്നു. ബ്രഹ്മചാരിയും ശാന്തനും ഗുരുഭക്തനും

ജിതേന്ദ്രിയനുമായവന് ആ വിദ്യ ഉപദേശിക്കുന്നതാണ് ഉചിതമെന്നും സനത് കുമാരൻ പറയുന്നു. അവരാണ് യഥാർത്ഥ വേദാധികാരികൾ.

- ✓ കൈവല്യോപനിഷത്തിൽ, ബ്രഹ്മവിദ്യ ഉപദേശിച്ചുതരണമെന്ന പ്രാർത്ഥന യുമായി മുന്നിലെത്തിയ ആശ്വലായനമഹർഷിയോടു ബ്രഹ്മാവ് ഇപ്രകാരം പറയുന്നു: ഈ പരമതത്വം സ്വീകരിക്കുവാൻ ശ്രദ്ധയും ഭക്തിയും ധ്യാനവും യോഗവും അത്യന്താപേക്ഷിതമാണ്. ഈ പരമതത്വം ധനംകൊണ്ടും സന്താ നങ്ങളെക്കൊണ്ടും കർമ്മങ്ങൾകൊണ്ടും ഗ്രഹിക്കുവാൻ സാധിക്കില്ല.അതി നുവേണ്ടിയുള്ള ഒരേയൊരു മാർഗ്ഗം ത്യാഗമാണ്.(ശ്ലോകം:2,3). ആത്മാവിനെ സർവ്വഭൂതങ്ങളിലും സർവ്വഭൂതങ്ങളെയും ആത്മാവിലും വ്യാപിച്ചിരിക്കുന്ന തായി കാണുന്ന മനുഷ്യൻ ആരാണോ, അവൻതന്നെയാണ് അതിനധികാരി (ശ്ലോകം:10). അതായത്, ഭേദചിന്തയുള്ളവൻ അനർഹനാണ് എന്നു സാരം.
- ✓ വേദവ്യാസമഹർഷിയുടെ പുത്രനായ ശ്രീശുകനു ഭഗവാൻ ശ്രീപരമേശ്വരൻ ബ്രഹ്മവിദ്യ ഉപദേശിക്കുന്ന ശുകരഹസ്യോപനിഷത്തിൽ തത്വമസി, അഹം ബ്രഹ്മാസ്മി മുതലായ മഹാവാക്യങ്ങളുടെ അർത്ഥം നിരൂപിക്കുന്നഭാഗത്ത്, ആരാണ് ബ്രഹ്മവിദ്യക്ക് അധികാരി എന്നും പറയുന്നുണ്ട്: ബ്രഹ്മവിദ്യാപ്രാപ് തിക്കധികാരി ഈ മനുഷ്യശരീരം തന്നെയാണ്. അതിൽ സാക്ഷിരൂപത്തിൽ സ്ഥിതിചെയ്യുന്ന പരമാത്മാവ് തന്നെയാണ് ബുദ്ധിയുടെ സ്ഫുരണമുണ്ടാകു മ്പോൾ അഹമെന്ന് പറയുന്നത്(പരിപൂർണ്ണ പരാത്മാസ്മിൻ ദേഹേ വിദ്യാധി കാരിണി). പരമാത്മാവ് സാക്ഷിരൂപത്തിൽ സ്ഥിതിചെയ്യുന്ന മനുഷ്യജന്മം തന്നെയാണ് ബ്രഹ്മവിദ്യക്ക് അധികാരിയാക്കുന്ന ഘടകം എന്നു ചുരുക്കം.

അപ്രകാരം, പ്രാമാണിക കൃതികളിലൂടെ ഭാരതത്തിലെ ആദ്ധ്യാത്മികാചാര്യന്മാർ ആരൊക്കെയാണ് വേദാധികാരികൾ എന്നും ആരെല്ലാമാണ് അയോഗ്യർ എന്നും ഇത്രകൃത്യമായി പറയുമ്പോൾ അസാധുവാകുന്നത്, അസംഖ്യം അപനിർമ്മിതിക ളിലൂടെ ആ ഗ്രന്ഥങ്ങളെ മലിനമാക്കാൻ ഉദ്യമിച്ച ആര്യവംശമഹിമാവാദികളുടെ വേദാധികാരം കൂടിയാണ്. അതോടൊപ്പം, ആ ഗ്രന്ഥങ്ങൾ അടിവരയിട്ടു പറയുന്ന ഒരു പരമാർത്ഥമുണ്ട്: താൻ ബ്രാഹ്മണജാതിയിൽ ജനിച്ചതുകൊണ്ട് ആഢ്യനാണെ ന്നും അല്ലാത്തവർ പതിതരാണെന്നും ഉള്ള ദ്വൈതചിന്ത വെച്ചുപുലർത്തുന്ന ഒരു മനുഷ്യനും ബ്രഹ്മജ്ഞാനത്തിനും മോക്ഷത്തിനും അവകാശിയല്ല. അതുകൊണ്ടു കൂടിയാകാം അത്തരം സത്യങ്ങൾ ഒളിച്ചുവെയ്ക്കാൻ, അവർ ആ സത്യം ഉൾക്കൊ ള്ളുന്ന പുസ്തകങ്ങൾ അബ്രാഹ്മണർക്കു വിലക്കിയതും അപ്രാപ്യമാക്കിയതും.

അപനിർമ്മിക്കപ്പെട്ട സംജ്ഞകൾ

സനാതനസംസ്കൃതിക്കുമേൽ മേൽക്കോയ്മ ഉറപ്പിച്ചെടുക്കുന്നതിന് ബ്രാഹ്മണ്യം നടപ്പാക്കിയ പലവിധ പദ്ധതികൾ നാം കണ്ടു. വിവിധ വിശുദ്ധഗ്രന്ഥങ്ങളിലെ പരാ മർശങ്ങളിലൂടെ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായ പല പദങ്ങളും, വംശമ ഹിമാവാദികളുടെ വ്യാഖ്യാനങ്ങളുടെ ഫലമായി വലിയ തോതിലുള്ള അർത്ഥഭ്രം ശത്തിനു വിധേയമായിട്ടുണ്ട്. അവയിൽ ചിലതു കാലാകാലങ്ങളായുള്ള ഉപയോഗ ത്തിന്റെ ഫലമായി സംഭവിച്ചതാണ്. എന്നാൽ, മറ്റു പല വാക്കുകളുടെയും പ്രയോ

ഗങ്ങളുടെയും കാര്യത്തിൽ ഈ സ്വാഭാവികതക്കപ്പുറത്തുള്ള അർത്ഥവ്യത്യാസം കാണാം. ആസൂത്രിതമായ വഴിതിരിച്ചുവിടലുകളായിരുന്നോ എന്നു സംശയിക്കേണ്ടിവരുന്ന വിധത്തിൽ വിരുദ്ധാർത്ഥങ്ങളാണ് ആ പദങ്ങളുടെ കാര്യത്തിൽ പ്രചാരത്തിൽ ഉള്ളത്. അത്തരം കുറച്ചു സംജ്ഞകളും അവയ്ക്കു വരുത്തപ്പെട്ട അർത്ഥവ്യത്യാസങ്ങളും അതിന്റെ കാരണങ്ങളും ഇനി പരിശോധിക്കാം:

ധർമ്മത്തെ വർണ്ണാശ്രമധർമ്മമാക്കിയ അപനിർമ്മിതി

ഹൈന്ദവശാസ്ത്രഗ്രന്ഥങ്ങളിലൂടെ കടന്നുപോകുമ്പോൾ വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ചും കുലാചാരസംരക്ഷണത്തെപ്പറ്റിയുമുള്ള പ്രസ്താവനകൾ പലയിടത്തും കാണാറുണ്ടല്ലോ. പ്രതിപാദനവിഷയങ്ങളുടെ പൊതുഗതിയുമായി ബന്ധമില്ലാതെ വേറിട്ടുനിൽക്കുന്ന അത്തരം വിവരണങ്ങൾ പില്ക്കാലത്ത് നിക്ഷിപ്തതാത്പര്യാർത്ഥം തിരുകിക്കയറ്റിയവയാണെന്ന് ഒറ്റനോട്ടത്തിൽത്തന്നെ തിരിച്ചറിയാനാകും. പരമശിവന്റെയും കൃഷ്ണന്റെയും രാമന്റെയും വിദുരരുടേയും ഭീഷ്മരുടേയുമൊക്കെ പേരിൽ മിക്ക ഗ്രന്ഥങ്ങളിലും അത്തരം 'ഭീഷണികൾ' വർണ്ണവിശുദ്ധിവാദികൾ കുത്തിത്തിരുകിയിട്ടുണ്ട്. അത്തരം പല ശ്ലോകങ്ങളും പ്രക്ഷിപ്തമാണെന്ന് ചരിത്രകാരന്മാർ സ്ഥിരീകരിച്ചിട്ടുണ്ട്. എങ്കിലും, ആര്യബ്രാഹ്മണ്യം ചാതുർവർണ്യസംസ്ഥാപനത്തിന് വിശുദ്ധകൃതികളെ ദുരുപയോഗംചെയ്ത മാർഗ്ഗങ്ങളിൽ ഒന്നായ ആ അപനിർമ്മിതികൾ കാണാതെപോയാൽ ഈ യാത്ര പൂർണ്ണമാകില്ല.

സനാതനധർമ്മം മോക്ഷത്തെ(സ്വർഗ്ഗപ്രാപ്തി അല്ല) പരമലക്ഷ്യമായും പുരുഷാർത്ഥങ്ങളുടെ -ധർമ്മം,അർത്ഥം,കാമം,മോക്ഷം- സംരക്ഷണം അതിനുള്ള മാർഗ്ഗമായും നിർദ്ദേശിക്കുന്നു. അവയിൽ അത്യന്തം പ്രാധാന്യം ധർമ്മത്തിനാണ്. കടമ, കർത്തവ്യം, സൽകർമ്മാചരണം എന്നതാണ് ധർമ്മത്തിന്റെ സത്ത. ധർമ്മത്തിൽ, കടമകളും കർത്തവ്യങ്ങളും പെരുമാറ്റങ്ങളും നിർവ്വചിക്കുന്നു.ചെയ്യേണ്ടതും ചെയ്യരുതാത്തതും തറപ്പിച്ചുപറയുന്നു. സത്യം,അക്രോധം,ദയ,അഹിംസ,ബ്രഹ്മചര്യം,അപരിഗ്രഹം,ശുദ്ധി,അസ്തേയം തുടങ്ങിയവയാണ് ധർമ്മത്തിന്റെ അടിസ്ഥാനം. 'ധർമ്മം നശിപ്പിക്കപ്പെട്ടാൽ പ്രപഞ്ചവും മനുഷ്യകുലവും നശിക്കും. ധർമ്മം സംരക്ഷിക്കപ്പെട്ടാൽ, അതു സകലതിനെയും സംരക്ഷിക്കും' എന്നു മഹാഭാരതകാവ്യം ഉത്ഘോഷിക്കുന്നുണ്ട്. സമൂഹങ്ങളെ നിലനിർത്തുന്നതും സംരക്ഷിക്കുന്നതും ധർമ്മമാണെന്നും, ധർമ്മം എവിടെയുണ്ടോ അവിടെ വിജയമുണ്ടെന്നും മഹാഭാരതം പറയുന്നു. വേദങ്ങളിലും ധർമ്മത്തെക്കുറിച്ചും ധർമ്മാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പറയുന്നുണ്ട്. എന്നാൽ, ആ ധർമ്മത്തെ വർണ്ണാശ്രമധർമ്മാചരണമായും കുലധർമ്മമായും ദുർവ്യാഖ്യാനിച്ചാണ് പൗരോഹിത്യം അവരുടെ സാമൂഹികാധിപത്യം ദൃഢപ്പെടുത്തിയത്. അതിലൂടെ, വർണ്ണാശ്രമധർമ്മാചരണം പാളിയാൽ മനുഷ്യകുലവും ലോകവും നശിക്കുമെന്നും വർണ്ണാശ്രമധർമ്മം സംരക്ഷിക്കപ്പെട്ടാൽ ധർമ്മം സകലതിനെയും സംരക്ഷിക്കും എന്നും സമൂഹത്തെ നിലനിർത്തുന്നതും രക്ഷിക്കുന്നതും വർണ്ണാശ്രമധർമ്മമാണെന്നും വർണ്ണാശ്രമധർമ്മം എവിടെ പാലിക്കപ്പെടുന്നുണ്ടോ അവിടെ വിജയമുണ്ടെന്നും സർവ്വരെയും വിശ്വസിപ്പിച്ചെടുക്കാനും, ചാതുർവർണ്യം മുന്നോട്ടുവെക്കുന്ന വിഭജനസിദ്ധാന്തം വിജയകരമാക്കാനും

പൗരോഹിത്യവർഗ്ഗത്തിനു കഴിഞ്ഞു. അഹിംസ,സത്യം,ശുദ്ധി,കൃപ,അപരിഗ്രഹം, ബ്രഹ്മചര്യം,അസ്തേയം,അക്രോധം തുടങ്ങിയ ധർമ്മത്തിന്റെ അടിസ്ഥാനശില കൾ നശിപ്പിക്കപ്പെട്ടാലും, പ്രപഞ്ചവും മനുഷ്യവംശവും നശിക്കാതിരിക്കാൻ വർ ണ്ണാശ്രമധർമ്മം പാലിക്കപ്പെട്ടാൽ മതിയെന്ന പ്രതീതിയുണ്ടാക്കിയെടുത്തു.വർണ്ണാ ശ്രമധർമ്മം പരിപാലിക്കപ്പെട്ടാൽ സമൂഹവും മനുഷ്യവർഗ്ഗവും സുരക്ഷിതമായി രിക്കുമെന്നും അഹിംസ,സത്യം,ശുദ്ധി,കൃപ, ബ്രഹ്മചര്യം,അസ്തേയം, അക്രോധം, അപരിഗ്രഹം തുടങ്ങിയ ധർമ്മത്തിന്റെ അടിസ്ഥാനഗുണങ്ങൾ നശിപ്പിക്കപ്പെട്ടാ ലും കുഴപ്പമില്ലെന്നും വ്യാഖ്യാനിക്കപ്പെട്ടു എന്നതാണ് അതിലെ വലിയ അപകടം. സമൂഹത്തിന്റെ സംരക്ഷണത്തിനാണെന്ന പേരിൽ, ചാതുർവർണ്യശാസനങ്ങൾ ഭീഷണിയിലൂടെ നടപ്പാക്കി. വർണ്ണാശ്രമധർമ്മം ആചരിക്കുന്നത് ഒരാളിനു പുണ്യ വും അതിലൂടെ സ്വർഗ്ഗപ്രാപ്തിയും നൽകുമെന്നു പ്രലോഭിപ്പിച്ചും, വർണ്ണാശ്രമലം ഘകരെ ശപിച്ചും ശിക്ഷിച്ചും ഭീതിപ്പെടുത്തിയും വർണ്ണവ്യവസ്ഥിതി അരക്കിട്ടുറ പ്പിക്കുകയായിരുന്നു ജാതിബ്രാഹ്മണ്യം ചെയ്തതെന്നു സ്പഷ്ടമാണല്ലോ.

ലോകവും മനുഷ്യവർഗ്ഗവും നശിക്കാതിരിക്കാൻ വർണ്ണാശ്രമധർമ്മം സംരക്ഷിക്ക പ്പെടണം എന്നും, സമൂഹത്തിൽ നിലനിൽക്കുന്ന വർണ്ണവ്യവസ്ഥ കോട്ടംതട്ടാതെ സംരക്ഷിക്കുകയാണ് രാജാവിന്റെ മുഖ്യധർമ്മം എന്നും ഉഗ്രശാസന പുറപ്പെടുവി ക്കുമ്പോഴും പുരാണേതിഹാസങ്ങളിലെ ബ്രാഹ്മണകഥാപാത്രങ്ങളിൽ പലരും വർ ണ്ണാശ്രമധർമ്മം ലംഘിച്ചവരായിരുന്നു എന്നതാണു സത്യം. ബ്രാഹ്മണ്യം അവരുടെ അതിരടയാളമായ ആവിഷ്കരിക്കുന്ന ഭാർഗ്ഗവരാമനും, കുരുവംശഗുരുവായ ദ്രോ ണാചാര്യരും അശ്വത്ഥാമാവുമൊക്കെ ബ്രാഹ്മണരായി ജനിച്ചിട്ടും ക്ഷത്രിയരായി ജീവിച്ചവരാണ്. അതിന്റെ പേരിൽ അവർ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? ഇല്ലെന്നുമാത്രമല്ല അതിനെയൊക്കെ ഐതിഹ്യകഥകളും ന്യായീകരണസിദ്ധാന്ത ങ്ങളും ചമച്ച് മഹത്വവത്കരിക്കുകയാണ് ചിലർ ചെയ്തത്. മറുവശത്ത്, ഇതര വർ ണ്ണങ്ങളിലെ വർണ്ണാധർമ്മലംഘകരെ ക്രൂരമായ പീഡനങ്ങൾക്കു വിധിച്ച് രാജാക്ക ന്മാരെക്കൊണ്ടു ശിക്ഷിപ്പിച്ച അനേകം കഥകൾ നമുക്കു മുന്നിലുണ്ട്. ശംബൂകനും ത്രിശങ്കുവുമൊക്കെ ആ കാപട്യത്തിന്റെ ഇരകളാണല്ലോ. ധർമമെന്നാൽ കുലധർ മ്മമോ വർണ്ണാധിഷ്ഠിതധർമ്മമോ അല്ലെന്നും മോക്ഷദായകമായ കർമ്മമെന്നാൽ യാഗവും ഹോമവും പൂജയും തപസ്സുമൊന്നുമല്ല, വ്യക്തിപരമായ കർത്തവ്യങ്ങളാ ണെന്നും വ്യക്തമാക്കുന്ന ഒരുപാട് ഉപാഖ്യാനങ്ങൾ പൗരാണികഗ്രന്ഥങ്ങളിലുണ്ട്. മഹാഭാരതത്തിലെ വനപർവ്വത്തിൽ, മാർക്കണ്ഡേയൻ യുധിഷ്ഠിരനോട് പറയുന്ന വ്യാധഗീത, അഥവാ ഉത്തരഗീത എന്നപേരിൽ അറിയപ്പെടുന്ന ഉപാഖ്യാനം അത്ത രത്തിലൊന്നാണ്. ആ തത്വോപദേശത്തിന്റെ പശ്ചാത്തലകഥ കാണാം:

വ്യാധഗീത എന്ന വ്യാസഗീത: കൗശികൻ എന്ന ചെറുപ്പക്കാരനായ ബ്രാഹ്മണ സന്യാസി വനത്തിൽപോയി വർഷങ്ങൾനീണ്ട ധ്യാനപൂജാദികളിലൂടെയും കഠിന തപസ്സിലൂടെയും കുറെ സിദ്ധികൾ കൈവരിച്ചു. ഒരുദിവസം, ഒരു മരച്ചുവട്ടിലിരി ക്കുമ്പോൾ കുറെ ഉണങ്ങിയ ഇലകൾ സന്യാസിയുടെ തലയിൽ വന്നുവീണു. മേൽ പ്പോട്ടുനോക്കിയപ്പോൾ താപസൻ കണ്ടത്, വൃക്ഷത്തിൽ ഒരു കാക്കയും കൊക്കും

തമ്മിൽ പൊരുതുന്നതാണ്. അയാൾക്കു കോപമുണ്ടായി. തന്റെ തലയിൽ ഉണക്ക യിലകൾ വീഴ്ത്തുവാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വന്നെന്നു ചോദിച്ചുകൊണ്ട് അയാൾ ആ പക്ഷികളെ ക്രോധത്തോടെ നോക്കി. അപ്പോൾ, അയാളിൽനിന്ന് പുറ പ്പെട്ട ഒരു അഗ്നിജ്വാല ആ പക്ഷികളെ ദഹിപ്പിച്ചുകളഞ്ഞു. തനിക്ക് അപാരമായ തപഃശക്തി കൈവന്നെന്നു മനസ്സിലായ സന്യാസി അതീവ സന്തോഷവാനായി.

കുറച്ചുകഴിഞ്ഞ്, ഭിക്ഷയെടുക്കുവാൻ നഗരത്തിലേക്കുപോയ സന്യാസി അവിടെ ഒരു വീട്ടിനുപുറത്തുനിന്ന് ഭിക്ഷയർത്ഥിച്ചു. "മകനേ, അല്പനേരം നിൽക്കൂ" എന്ന് വീട്ടിനുള്ളിൽനിന്ന് ഒരു വൃദ്ധസ്ത്രീയുടെ മറുപടികിട്ടി. ആ മറുപടി സന്യാസിക്ക് തീരെ രസിച്ചില്ല. തന്റെ ശബ്ദം കേട്ടയുടൻ പുറത്തുവന്ന് തന്നെ സ്വീകരിച്ചു പൂജി ക്കേണ്ടതിനു പകരം, കാത്തുനിൽക്കാൻ കൽപ്പിച്ച ആ സ്ത്രീയുടെ അജ്ഞതയും അഹങ്കാരവും അയാളെ കോപിതനാക്കി. ക്രോധാഗ്നി വീഴ്ത്തി സർവ്വതും ദഹിപ്പി ക്കാൻതക്ക തപഃശക്തിയാർജ്ജിച്ച താപസനാണു താനെന്ന് ആ മൂഢസ്ത്രീയെ മന സ്സിലാക്കിക്കാൻ സന്യാസി തീരുമാനിച്ചു. ആ ചിന്തകൾ ഉള്ളിൽക്കൂടി കടന്നുപോ കുന്നതിനിടെ, വീട്ടിനുള്ളിൽനിന്ന് വീണ്ടുമൊരു സ്വരം കേൾക്കാറായി:"കുഞ്ഞേ, നീ വലിയ കേമനാണെന്നു സ്വയം ധരിക്കരുത്. ഇവിടെ ദഹിപ്പിച്ചുകളയാൻ കാക്ക യും കൊറ്റിയുമൊന്നുമില്ല. കുറച്ചുനേരംകൂടി നിന്നാൽ നിനക്ക് ഭിക്ഷയുംകൊണ്ടു പോകാം". ആ വാക്കുകേട്ട് അയാൾ ആശ്ചര്യപ്പെട്ടു. അല്പനേരം കഴിഞ്ഞപ്പോൾ ആ വൃദ്ധ പുറത്തുവന്നു. ബ്രാഹ്മണൻ അവരെ നമസ്കരിച്ചുകൊണ്ട്, "അമ്മേ, നിങ്ങൾ അതെങ്ങനെ അറിഞ്ഞു?"എന്നുചോദിച്ചു. ആ വൃദ്ധ വിനയത്തോടുകൂടി പറഞ്ഞു: "കുഞ്ഞേ, എനിക്ക് യോഗമോ അഭ്യാസമോ ഒന്നും വശമില്ല. ഞാൻ ഒരു സാധാരണ സ്ത്രീ.സുഖമില്ലാതെ കിടപ്പിലായ ഭർത്താവിനെ പരിചരിക്കുകയായിരുന്നു ഞാൻ. അതുകൊണ്ടാണ് അൽപ്പം കാത്തുനിൽക്കാൻ പറഞ്ഞത്. ജീവിതകാലം മുഴുവൻ എന്റെ കർത്തവ്യങ്ങൾ വൃത്തിയായി നിറവേറ്റാൻ ഞാൻ പ്രയത്നിച്ചിട്ടുണ്ട്.വിവാ ഹിതയാകുന്നതിനു മുൻപ് മാതാപിതാക്കളോടുള്ള ധർമ്മം ഞാൻ നിർവ്വഹിക്കുക യുണ്ടായി. ഇപ്പോൾ വിവാഹിതയായതിനാൽ, ഭർത്താവിനോടുള്ള കർത്തവ്യവും കൃത്യമായി അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.ഞാൻ അഭ്യസിക്കുന്ന യോഗം ഇതുമാ ത്രമാണ്. എന്നാലും, ഈ ധർമ്മാനുഷ്ഠാനം മുഖേന ഞാൻ പ്രബുദ്ധയായിരിക്കുന്നു. അതിനാൽ,നീ ഉള്ളിൽ വിചാരിച്ചതും കാട്ടിൽ സംഭവിച്ചതും എനിക്കറിയാൻ കഴി ഞ്ഞു. ഇതിലും ഉപരിയായി എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ, അങ്ങു മിഥി ലാനഗരിയിൽ പോകുക. അവിടെ ചന്തയിൽ ഒരു വ്യാധനെ കാണാം. അങ്ങ് അറി യാനാഗ്രഹിക്കുന്ന ചിലതെല്ലാം അദ്ദേഹം പറഞ്ഞുതരും". ഒരു ഇറച്ചിവെട്ടുകാരനി ൽനിന്ന് അറിവുനേടാൻ മനസ്സ് വിസമ്മതിച്ചെങ്കിലും അവസാനം ആ ബ്രാഹ്മണസ ന്യാസി മിഥിലാനഗരിയിൽ പോകാൻതന്നെ തീർച്ചയാക്കി.

താപസൻ മിഥിലാനഗരത്തിൽ എത്തി ചന്ത കണ്ടുപിടിച്ചു. അവിടെ, ഒരു ഇറച്ചിവെ ട്ടുകാരൻ(വ്യാധൻ) വലിയ കത്തികൊണ്ട് മാംസം മുറിക്കുന്നത് കാണായി. പലപല ചിന്തകളോടെ സന്യാസി വ്യാധനെ സമീപിച്ചു. അപ്പോൾ, വ്യാധൻ അയാളെ ഒന്നു നോക്കി, "സ്വാമിൻ, ഒരമ്മയാണല്ലേ അങ്ങയെ ഇങ്ങോട്ടയച്ചത്?എനിക്കല്പം ജോലി കൂടിയുണ്ട്. അതു തീരുന്നതുവരെ അവിടെ ഇരുന്നാലും" എന്നു പറഞ്ഞുകൊണ്ട്

ജോലി തുടർന്നു. സന്യാസി ആ കശാപ്പുകാരന്റെ പ്രവൃത്തികൾ നോക്കിക്കൊണ്ട് കാത്തിരുന്നു. ജോലി പൂർത്തിയായതോടെ, വ്യാധൻ സന്യാസിയെയും കൂട്ടി വീട്ടിലേക്കു തിരിച്ചു. വീട്ടിലെത്തിയപ്പോൾ, താപസന് ഇരിപ്പിടം കൊടുത്തിട്ട്, "അല്പം കാക്കുക" എന്നു പറഞ്ഞ് വ്യാധൻ തന്റെ വൃദ്ധരായ മാതാപിതാക്കളെ കുളിപ്പിച്ച് ഊണുകഴിപ്പിക്കുകയും അവരെ ശ്രൂഷിക്കുകയും ചെയ്തു. അതിനുശേഷം വ്യാധൻ താപസന്റെ അരികിൽ മടങ്ങിവന്ന്, "സ്വാമിൻ, ഞാൻ എന്താണ് അങ്ങേയ്ക്കു വേണ്ടി ചെയ്യേണ്ടത്?" എന്നുചോദിച്ചു. ബ്രാഹ്മണൻ വ്യാധനോടു ചില സംശയങ്ങൾ ഉന്നയിച്ചു. ആത്മാവിനെക്കുറിച്ചും ഈശ്വരനെപ്പറ്റിയുമുള്ള ആ സംശയങ്ങൾക്കു മറുപടിയെന്നോണം വ്യാധൻ സുദീർഘമായ ഒരു പ്രഭാഷണം നടത്തി.

വ്യാധന്റെ ധർമ്മോപദേശം അവസാനിച്ചപ്പോൾ, താപസൻ അത്ഭുതാധീനനായി. അദ്ദേഹം വ്യാധനോട്, 'വിശിഷ്ടമായ ജ്ഞാനവുംവെച്ചുകൊണ്ട് അങ്ങെന്തിനാണ് ഒരു വ്യാധശരീരത്തിലിരുന്ന് നിന്ദ്യവും നികൃഷ്ടവുമായ ജോലിചെയ്യുന്നത്?'എന്ന് ചോദിച്ചു. വ്യാധൻ പറഞ്ഞു: "വത്സാ, ഒരു ജോലിയും നികൃഷ്ടമല്ല; ഒരു തൊഴിലും മലിനമല്ല. എന്റെ ജന്മം എന്നെ ഈ പരിതഃസ്ഥിതിയിലും ചുറ്റുപാടിലും എത്തിച്ചു. ചെറുപ്പകാലത്ത് ഞാൻ ഈ തൊഴിൽ പരിശീലിച്ചു. എനിക്ക് കർമ്മത്തിൽ സക്തിയില്ല. കർത്തവ്യങ്ങൾ നല്ലതുപോലെ ചെയ്യാൻ ഞാൻ ശ്രമിക്കുന്നു. ഗൃഹസ്ഥന്റെ നിലയിലുള്ള ചുമതലകൾ ചെയ്യാൻ പരിശ്രമിക്കുന്നു; അച്ഛനമ്മമാരെ സന്തുഷ്ടരാക്കാൻ കഴിയുന്നതൊക്കെ ചെയ്യുന്നു. എനിക്ക് നിങ്ങളുടെ യോഗം അറിഞ്ഞുകൂടാ. ഞാൻ സന്ന്യാസി ആയിട്ടില്ല; ലോകം ഉപേക്ഷിച്ചു കാട്ടിലേക്ക് പോയിട്ടുമില്ല. എങ്കിലും നിങ്ങൾ ഇപ്പോൾ കണ്ടതും കേട്ടതും എന്റെ സ്ഥാനത്തിനു ചേരുന്ന കർത്തവ്യങ്ങളെ നിസ്സംഗനായി നിർവ്വഹിച്ചതുമൂലം എനിക്കു സിദ്ധമായതാണ്". അതാണ് മഹാഭാരതത്തിലെ വ്യാധഗീത എന്നറിയപ്പെടുന്ന ഉപാഖ്യാനം.

മഹാഭാരതത്തിലെ സുദീർഘമായ ഈ ഉപാഖ്യാനത്തിലും, തുടർന്നുവരുന്ന വ്യാധഗീതയിലും ഒരുപാടു പൊള്ളുന്ന സത്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. കേവലം കുടുംബിനിയായ ഒരു വീട്ടമ്മ കോപിതനായ കൗശികനോട്, മർത്യന്റെ ശത്രു അവന്റെ ഉള്ളിലെ കോപമാണെന്ന് പറയുന്നു. തുടർന്ന്, ആരാണ് ബ്രാഹ്മണനെന്ന് ആ വൃദ്ധ നിർവ്വചിക്കുന്നുണ്ട്. അവർ പറയുന്നു: "ക്രോധ-മോഹങ്ങൾ വിട്ടവനാണ് ദേവസമ്മതനായ ബ്രാഹ്മണൻ. സത്യങ്ങൾ ചെയ്യുന്നവനും ഹിംസിച്ചാലും ഹിംസിക്കാത്തവനുമാണ് ദേവസമ്മതനായ ബ്രാഹ്മണൻ. ജിതേന്ദ്രിയനും സ്വാദ്ധ്യായനിരതനും ധർമ്മപരനും ശുചിയും കാമക്രോധങ്ങളെ വെന്നവനുമായ ബ്രാഹ്മണനാണ് ദേവസമ്മതൻ". വേദം പഠിക്കാൻ അർഹതയില്ലെന്നു വിലക്കപ്പെട്ട സ്ത്രീകളിൽ ഒരാൾ വേദജ്ഞനായ ബ്രാഹ്മണന്റെ മിഴിതുറക്കുകയാണ് ആ വാക്കുകളിലൂടെ ചെയ്യുന്നത്.

മേൽ കഥയിൽ ഒരിടത്തും വ്യാസമഹർഷി ഇറച്ചിവെട്ടുകാരന്റെ പേര് പരാമർശിക്കുന്നില്ല. ഇറച്ചിവെട്ടുകാരനെന്ന അർത്ഥത്തിൽ വ്യാധനെന്നാണ് ആദ്യാവസാനം പറയുന്നത്. ഭഗവത്ഭക്തിയുടെ പരകോടി കയറി, മരണത്തെപ്പോലും ജയിച്ച മാർക്കണ്ഡേയൻ യുധിഷ്ഠിരനോടു പറഞ്ഞതെന്ന നിലയിൽ മാർക്കണ്ഡേയഗീതയായി ഇതിനെ അവതരിപ്പിക്കാമായിരുന്നു. അതിനു വ്യാസമുനി മുതിർന്നില്ല. അതുകൊ

ണ്ടുതന്നെ, പേരെടുത്തു പറയാൻപോലും പ്രസക്തിയില്ലാത്ത ഒരു കശാപ്പുകാരനെ മുൻനിർത്തി വ്യാധഗീതയെന്ന ആ തത്വസംവാദത്തിൽ പറഞ്ഞതത്രയും വ്യാസമഹർഷിയുടെ വീക്ഷണമായി കണ്ടാൽ തെറ്റാവില്ലല്ലോ.

വേദാന്തത്തിന്റെ അത്യുഗ്ര തത്വജ്ഞാനം നിറഞ്ഞതാണ് ഈ ഗീത എന്നാണ് കണക്കാക്കപ്പെടുന്നത്. പക്ഷെ, മറ്റുള്ള പല ഗീതകളെ പോലെ ഈ ഗീതയും ഉപദേശകഥയും പ്രശസ്തമല്ല. ഭൂരിപക്ഷം ഗൃഹസ്ഥാശ്രമികളായ സമൂഹങ്ങളിൽ, പ്രസക്തിയോടെ പ്രചരിപ്പിക്കപ്പെടേണ്ട ആ വേദാന്തജ്ഞാനം എന്തേ തമസ്കരിക്കപ്പെടുന്നു എന്നും ആലോചിക്കേണ്ടതുണ്ട്. അതിനു പല കാരണങ്ങളുമുണ്ടാകാം. അവയിൽ അവഗണിക്കാൻ കഴിയാത്ത ചില കാരണങ്ങൾ ഇവയാണ്:

- ✓ സംഹരിക്കലല്ല; സംരക്ഷിക്കലാണ് മഹത്തരം എന്ന മഹാസന്ദേശമാണ് ഈ ഉപാഖ്യാനം ലോകത്തിനു പകർന്നുനൽകുന്നത്.
- ✓ ഇവിടെ ബ്രാഹ്മണന് ഉപദേശംനല്കുന്നതും കണ്ണുതുറപ്പിക്കുന്നതും ശാസ്ത്രജ്ഞാനമില്ലാത്ത ഒരു വൃദ്ധസ്ത്രീയും അധഃകൃതനായ ഒരു ഇറച്ചിവെട്ടുകാരനുമാണ്. പരമജ്ഞാനം നിഷേധിക്കപ്പെട്ട രണ്ട് സമൂഹങ്ങളുടെ പ്രതിനിധികളാണ് അവർ. അറിവിന്റെ അളവുകോൽ ആഢ്യജന്മമാണ് എന്ന പ്രചാരണത്തിനുള്ള വ്യാസന്റെ മറുപടിയാണ് ആ ഉപാഖ്യാനം.
- ✓ യജ്ഞവും ഹോമവും തപസ്സുമൊക്കെ ചെയ്തു നേടുന്ന പുണ്യത്തെക്കാൾ വലുതാണ് സ്വധർമ്മാനുഷ്ഠാനങ്ങളിലൂടെ ലഭ്യമാകുന്നത് എന്നതിനർത്ഥം, പൗരോഹിത്യം ആദ്ധ്യാത്മികമാർഗ്ഗത്തിലും മോക്ഷമാർഗ്ഗത്തിലും അനിവാര്യമല്ലാത്ത ഒരു കടമ്പയാണെന്നു തന്നെയാണ്.
- ✓ സ്വധർമ്മമെന്നാൽ, കാലാകാലങ്ങളായി ബ്രാഹ്മണ്യവും അവരുടെ ജിഹ്വകളും പ്രചരിപ്പിച്ചുകൊണ്ടിരുന്നതുപോലെ കുലധർമ്മങ്ങളോ വർണ്ണധർമ്മങ്ങളോ അല്ല; വ്യക്തിധർമ്മമാണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത നിലയിൽ ഈ കഥയിലൂടെ മഹാഭാരതവും വ്യാസനും വ്യക്തമാക്കുന്നുണ്ട്.
- ✓ 'ഒരു ജോലിയും നികൃഷ്ടമല്ല; ഒരു തൊഴിലും മലിനവുമല്ല. എന്റെ ജനനം എന്നെ ഈ പരിതഃസ്ഥിതിയിലും ചുറ്റുപാടിലും എത്തിച്ചു' എന്ന ഇറച്ചിവെട്ടുകാരന്റെ വാക്കുകൾ അരിഞ്ഞുവീഴ്ത്തുന്നത് നിലനിൽക്കുന്ന വ്യവസ്ഥിതിയെയും വംശമഹിമാവാദങ്ങളേയും തന്നെയാണ്. അതോടൊപ്പം, പൗരോഹിത്യമടക്കം ഒരു തൊഴിലും പ്രത്യേക പരിഗണന അർഹിക്കുന്നില്ല എന്നും ഈ കഥ അടിവരയിട്ടു പ്രഖ്യാപിക്കുന്നുണ്ട്.
- ✓ അറിവ് സർവ്വരിലും സിദ്ധമാണെന്നും അതിനെ ലബ്ധമാക്കുക മാത്രമാണ് ഗുരുവും പുണ്യഗ്രന്ഥങ്ങളും ചെയ്യുന്നത് എന്ന പരമസത്യത്തിന്റെ പ്രഘോഷണം, ചതുർവേദജ്ഞാനമാണ് മഹത്വത്തിന്റെ മാനദണ്ഡം എന്ന വ്യാഖ്യാനത്തിന്റെ വേരറുക്കാൻ പോന്നതാണ്.

ഈ പരമാർത്ഥം സമൂഹത്തിൽ സന്നിവേശിപ്പിക്കപ്പെട്ടാൽ സംഭവിക്കാനിടയുള്ള ഫലം ആലോചിച്ചാൽ മാത്രംമതി വ്യാധഗീത എന്ന ഉത്തമസംവാദം എന്തുകൊണ്ട് തമസ്കരിക്കപ്പെടുന്നു എന്ന ചോദ്യത്തിന്റെ ഉത്തരം കിട്ടാൻ. ധർമ്മമെന്നാൽ വർ

ണ്ണാശ്രമധർമ്മമല്ലെന്ന സത്യം സാധാരണക്കാർ തിരിച്ചറിഞ്ഞാൽ തകർന്നുപോകാവുന്ന ചാതുർവർണ്യവിഭജനത്തെ രക്ഷിക്കുകയാണ് ആ അപനിർമ്മിതിയിലൂടെ ബ്രാഹ്മണ്യം ലക്ഷ്യംവെച്ചത് എന്നുതന്നെ വിശ്വസിക്കാം. അതുകൊണ്ടാണ് ഇന്നും വർണ്ണാശ്രമധർമ്മം എന്നതിലൂടെ അർത്ഥമാക്കിയിരുന്നത് വർണ്ണവ്യവസ്ഥിതിയുടെ സംരക്ഷണമാണെന്ന വിശ്വാസം വ്യാപകമായി നിലനിൽക്കുന്നത്.

[പിൻകുറിപ്പ്: മഹാഭാരതത്തിന്റെ മലയാള പരിഭാഷകളിൽ കാണുന്ന കഥകളിൽനിന്നും കുറച്ചു വ്യത്യാസങ്ങൾ മേൽവിവരണത്തിൽ കാണാം. 'വിവേകാനന്ദ സാഹിത്യസർവ്വസ്വ'ത്തിലെ കർമ്മയോഗമെന്ന അധ്യായത്തിലെ(Vol:1, അധ്യായം:04) ആഖ്യാനമാണ് ഇവിടെ അവലംബമാക്കിയിട്ടുള്ളത്. ഈ കഥയാണ് മലയാളത്തിൽ പൊതുവേ പരിചിതം.]

ജ്ഞാനത്തെ വേദജ്ഞാനമാക്കിയ അട്ടിമറി

ഉപനിഷത്തുകളും, ഭഗവത്ഗീതയടക്കമുള്ള എല്ലാ ഹൈന്ദവഗ്രന്ഥങ്ങളും മോക്ഷത്തിനുള്ള ഉപായമായി ഭക്തിയ്ക്കൊപ്പം അടിവരയിട്ടവതരിപ്പിക്കുന്ന മാർഗ്ഗമാണ് ജ്ഞാനം. ആ കൃതികളും അവയെ വസ്തുതാപരമായി വ്യാഖ്യാനിച്ച മഹാന്മാരും നിർവ്വചിക്കുന്നതനുസരിച്ച്, ജ്ഞാനമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് സമസ്ത ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യവും പരമാത്മചൈതന്യവും ഒന്നുതന്നെയാണ് എന്ന പരമജ്ഞാനമാണ്. ആ അറിവിനെ അവർത്തിച്ചവതരിപ്പിച്ചു മനുഷ്യമനസ്സുകളിൽ ഉറപ്പിക്കുകയാണ് ആ ഗ്രന്ഥങ്ങൾ സാകല്യത്തിൽ ചെയ്യുന്നത്. അതിന് ഓരോ ഗ്രന്ഥത്തിലും ഒട്ടനവധി ഉദാഹരണങ്ങൾ കാണാൻകഴിയും. സാഹചര്യങ്ങൾക്കനുസരിച്ച് അവതരണശൈലിയിൽ മാറ്റം കാണും എന്നുമാത്രം. വേദ-വേദാന്തങ്ങളിൽനിന്നുള്ള അത്തരം ചില മാതൃകകൾ കാണുക:

- ✓ നാരായണനിൽനിന്നു പ്രാണനുണ്ടായി. സർവ്വേന്ദ്രിയങ്ങളും മനസ്സും പഞ്ചേന്ദ്രിയങ്ങളും അദ്ദേഹത്തിൽനിന്നുണ്ടായി. നാരായണനിൽനിന്നുതന്നെ സകലതും ഉത്ഭവിക്കുകയും അതിൽത്തന്നെ ലയിക്കുകയും ചെയ്യുന്നു.(നാരായണാഥർവശിരോപനിഷത് & ഋഗ്വേദം).
- ✓ ആ പരമാത്മാവുതന്നെയാണ് പ്രപഞ്ചത്തിലുള്ള സകല പ്രാണികളുടെയും (പ്രാണനെടുത്തവ) ഉള്ളിൽ കുടികൊള്ളുന്നത്.(ഏക ഏവ ഹി ഭൂതാത്മാഃ ഭൂതേ ഭൂതേ വ്യവസ്ഥിതഃ).(ബ്രഹ്മബിന്ദൂപനിഷത്, ശ്ലോകം:12).
- ✓ പാലിൽ നെയ്യ് എന്നപോലെ, സകലപ്രാണികളുടെയും ഉള്ളിൽ ചിന്മയമായ ബ്രഹ്മം നിഗൂഢമായി സ്ഥിതിചെയ്യുന്നു. പാൽ കടഞ്ഞാൽ നെയ്യു കിട്ടുന്നതുപോലെ, മനസ്സിനെ മഥനംചെയ്തു ചിന്തനം, മനനം, വിചാരം എന്നിവയാൽ വിജ്ഞാനമയമായ ബ്രഹ്മത്തെ പ്രാപിക്കണം.(ബ്രഹ്മബിന്ദൂപനിഷത്).
- ✓ യാതൊന്നിലാണു സർവ്വഭൂതങ്ങളും നിവസിക്കുന്നത്, യാതൊന്നാണോ സർവ്വഭൂതങ്ങളിലും കുടികൊള്ളുന്നത്, യാതൊന്നാണോ സർവ്വരിലും കൃപാകടാക്ഷം വർഷിക്കുന്നതിൽ വിഖ്യാതമായിരിക്കുന്നത്, സകലാത്മകമായിരിക്കുന്ന ആ വാസുദേവൻ ഞാൻ തന്നെയാണ്.(ബ്രഹ്മബിന്ദൂപനിഷത്).
- ✓ ജനിച്ചതും മേലാൽ ജനിക്കാൻപോകുന്നതുമൊക്കെ ശ്രീനാരായണസ്വരൂപം തന്നെയാകുന്നു.(യജുർവ്വേദം, നാരായണാഥർവശിരോപനിഷത് & ഋഗ്വേദം).

- ✓ ജ്ഞാനദൃഷ്ടിയുള്ള വിദ്വാന്മാർ, ബ്രഹ്മാവുമുതൽ ജഢപദാർത്ഥംവരെയുള്ള സമസ്തപ്രപഞ്ചത്തെയും അത്യുജ്ജ്വലനായ ഒരേയൊരു പ്രഭുവിന്റെ രൂപത്തിൽ കാണുന്നു.(മന്ത്രികോപനിഷത്, ശ്ലോകം:16).
- ✓ സർവ്വപ്രാണികളിലും നാരായണൻ തന്നെയാണ് വസിക്കുന്നത്. അദ്ദേഹം തന്നെയാണു പരബ്രഹ്മം.(നാരായണാഥർവശിരോപനിഷത്& അഥർവ്വവേദം).
- ✓ ബ്രഹ്മാവ്, ഇന്ദ്രൻ, ദേവന്മാർ, മനുഷ്യർ, അശ്വം, പശു മുതലായ മൃഗങ്ങളിലും മറ്റു സകലപ്രാണികളിലും ഒരേയൊരു ചൈതന്യസ്വരൂപമായ ബ്രഹ്മംതന്നെയാണു സ്ഥിതിചെയ്യുന്നത്.(ചതുർമുഖേന്ദ്ര ദേവേഷു മനുഷ്യാ ശ്വഗവാദിഷു ചൈതന്യമേവം ബ്രഹ്മതാഃ -ശുകരഹസ്യോപനിഷത്).
- ✓ ഈ സകല ദൃശ്യപ്രപഞ്ചത്തിലും കാണപ്പെടുന്ന വ്യാപകമായ തത്വംതന്നെയാണ് ബ്രഹ്മം.(ശുകരഹസ്യോപനിഷത്, ധ്യാനശ്ലോകം).
- ✓ രുദ്രലോകത്തുചെന്ന ദേവന്മാർക്ക് ഭഗവാൻ ശ്രീരുദ്രൻ സംശയവിനിവൃത്തി ചെയ്യുന്ന വിധത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഉപനിഷത്താണ് അഥർവശിരോപനിഷത്. ഭഗവാന്റെ വിവിധ കലകളും നാമങ്ങളും അവയുടെ നിർവ്വചനങ്ങളുമാണ് ആ ഉപനിഷത്തിലെ പ്രതിപാദനം. അതിലെ, ഭഗവാനോട് അങ്ങാരാണെന്ന ദേവന്മാരുടെ ചോദ്യത്തിന്, ഞാൻ ഏകനാണെന്നും സർവ്വപ്രാണികളിലും ഏകരൂപത്തിൽ കുടികൊള്ളുതുകൊണ്ടാണ് അങ്ങനെ പറയുന്നതെന്നും ഭഗവാൻ ഉത്തരം നൽകുന്നു.(ബ്രാഹ്മണനിലും ശൂദ്രനിലും ചണ്ഡാലനിലും കുതിരയിലും നായയിലും ഒരേരൂപത്തിലാണ് പരമാത്മാവ് സ്ഥിതിചെയ്യുന്നതെന്നു സാരം. പരമാത്മാവിനു മുന്നിൽ ആർക്കും ഒരു പ്രത്യേക പരിഗണയുമില്ല എന്നാണ് മറ്റുപനിഷത്തുകളെപ്പോലെ അഥർവശിരോപനിഷത്തും സ്ഥാപിക്കുന്നത്).
- ✓ കൈവല്യോപനിഷത്തിൽ, ബ്രഹ്മവിദ്യയുപദേശിച്ചുതരണമെന്ന പ്രാർത്ഥനയുമായി മുന്നിലെത്തിയ ആശ്വലായനമഹർഷിയോട്, ബ്രഹ്മാവ് ഇപ്രകാരം പറയുന്നു: 'ഏതൊരു പരബ്രഹ്മമാണോ ഒരിക്കലും നശിക്കാത്തത്, ആരെയാണോ സൂക്ഷ്മാതിസൂക്ഷ്മ യന്ത്രങ്ങളാലും കാണാനാകാത്തത്, ആരാണോ ഈ പ്രപഞ്ചത്തിൽ കാണുന്ന സമസ്ത കാര്യകാരണങ്ങൾക്കും ആധാരഭൂതമായിരിക്കുന്നത്, ആരാണ് സർവ്വഭൂതങ്ങളുടെയും ആത്മാവായിരിക്കുന്നത്, അവൻ തന്നെയാണ് നീ. നീ തന്നെയാണ് അവൻ'.(ശ്ലോകം:16).

സമസ്തചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യവും പരമാത്മചൈതന്യവും ഒന്നുതന്നെയാണെന്ന അറിവാണ് പരമജ്ഞാനം എന്നു ശാസ്ത്രഗ്രന്ഥങ്ങൾ അടിവരയിട്ടുപറയുന്നു. അതുകൊണ്ടാവാം ആ സത്യത്തെക്കുറിച്ചുള്ള ജ്ഞാനത്തെ പരാവിദ്യയെന്നും, വേദങ്ങളടക്കമുള്ള ആത്മീയവും ഭൗതികവുമായ മറ്റെല്ലാ അറിവുകളെയും അപരാവിദ്യയെന്നും വേർതിരിക്കുന്നതും, പരാവിദ്യ മാത്രമാണ് മോക്ഷപ്രാപ്തിക്കു പര്യാപ്തമെന്ന് അവർത്തിക്കുന്നതും. പക്ഷേ, ജ്ഞാനം എന്ന പദത്തെപ്പോലും ചിലവ്യാഖ്യാതാക്കൾ അപനിർമ്മിച്ചതായി കാണാം. അവർ പരമജ്ഞാനം എന്നാൽ ചതുർവ്വേദജ്ഞാനമാണെന്നും അതു ലഭിക്കുന്നവർക്കുമാത്രമേ മോക്ഷം സാധ്യമാകൂ എന്നും പ്രചരിപ്പിച്ചു. വേദാധ്യായനത്തിന് അധികാരമില്ലാത്തവരെന്ന് അവർ വിലക്കിയ വിഭാഗങ്ങൾക്ക് മോക്ഷചിന്തക്കുള്ള അവസരം പോലും അടച്ചു

കളഞ്ഞു. മോക്ഷം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്വർഗ്ഗപ്രാപ്തിയാണെന്നു വ്യാഖ്യാനിച്ച അവർ, അതിനുള്ള മാർഗ്ഗങ്ങൾ ബ്രാഹ്മണശുശ്രൂഷയും ബ്രാഹ്മണപ്രീതിയുമാണെന്ന് കഥകളിലൂടെയും മറ്റും വിശ്വസിപ്പിച്ചു.ബ്രാഹ്മണശാപം നരകത്തിലേക്കുള്ള പതനത്തിനു കാരണമാകും എന്ന ഭയചിന്ത വളർത്തി. നല്ല കർമ്മങ്ങളിലൂടെ സ്വർഗ്ഗപ്രാപ്തിയുണ്ടായാലും, ആ പുണ്യം ക്ഷയിക്കുമ്പോൾ വീണ്ടും ജന്മമെടുത്തു പ്രാരബ്ധഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും(ക്ഷീണേ പുണ്യേ മർത്യ ലോകം വിശന്തി:), പരമജ്ഞാനം നേടി മോക്ഷം ആർജ്ജിക്കും വരെ ആ മണ്ഡലം ആവർത്തിക്കും എന്നുമുള്ള അടിസ്ഥാനതത്വത്തെ അങ്ങനെ തകർത്തുകളയുകയായിരുന്നു വാസ്തവത്തിൽ അവർ ആ അപനിർമ്മിതിയിലൂടെ ചെയ്തത്.

പരമജ്ഞാനമായ വേദജ്ഞാനമാണ് മോക്ഷത്തിനുള്ള മാർഗ്ഗം എന്നാണ് സനാതന സംസ്കൃതി കണക്കാക്കുന്നത്. വേദമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് അറിവാണല്ലോ. ഏകവും അദ്വയവുമായ അറിവാണത്. ചതുർവ്വേദപഠനവുമായി അതിനു യാതൊരു വിധത്തിലും ബന്ധമില്ലാ. വേദജ്ഞാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഉപനിഷത്തുകളെല്ലാം ഉദ്ഘോഷിക്കുന്ന പരമസത്യമാണ്. അതുകൊണ്ടാണ്, ഉപനിഷത്തുകളെ വേദാന്തമെന്നു വിളിക്കുന്നത്. പല ഉപനിഷത്തുകളും പലരീതിയിൽ അവതരിപ്പിക്കുമ്പോഴും, അവയിലൊക്കെ അടങ്ങിയിരിക്കുന്ന സത്ത ഒന്നാണല്ലോ. ജീവാത്മാവുംപരമാത്മാവും ഒന്നാണെന്ന പരമജ്ഞാനത്തെയാണ് വിവിധ ഉപനിഷത്തുകൾ പല രീതിയിൽ ആവിഷ്കരിക്കുന്നത്. ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന ജ്ഞാനമാണ് മോക്ഷവീഥിയായി പൗരാണികാചാര്യന്മാർ പറയുന്നത്. അതുകൊണ്ടാണ്, പഞ്ചമഹാവാക്യങ്ങൾ വേദാന്തസാരസംഗ്രഹമാണെന്നും പറയപ്പെടുന്നത്. ചതുർവേദജ്ഞാനമാണ് മോക്ഷവഴിയെങ്കിൽ, അത് ഏകവും അദ്വയവുമായ ജ്ഞാനമല്ലല്ലോ. കുറേ കാര്യങ്ങൾ എല്ലാ വേദങ്ങളിലും അവർത്തിക്കുന്നുണ്ടെങ്കിലും, വേദങ്ങളിലെ പ്രതിപാദനവിഷയങ്ങളും ഉള്ളടക്കവും അവതരണ ലക്ഷ്യവും വ്യത്യസ്തമാണ്. അതുകൊണ്ടാണല്ലോ വ്യാസൻ വിഷയാനുക്രമമായി വേദങ്ങളെ വ്യസിച്ചതും, വ്യത്യസ്തമായ പ്രാമാണികത നൽകിയതും. അദ്വയവും ഏകവുമായ അറിവല്ല എന്നതിനാൽ, ചതുർവേദജ്ഞാനമാണ് മോക്ഷമാർഗ്ഗമെന്ന വാദമുഖം സാധുതയില്ലാത്തതാണെന്നു വ്യക്തമാണല്ലോ.

ആ യാഥാർഥ്യം അടിവരയിടുന്ന ഒരു ഉദാഹരണം കാണുക: ഛാന്ദോഗ്യോപനിഷത്തിൽ പറയുന്ന ജബാലയെന്ന ശൂദ്രയുവതിയുടെ പുത്രനായ സത്യകാമന്റെ കഥ, ബ്രഹ്മജ്ഞാനം എന്നാൽ ചതുർവ്വേദങ്ങൾ പഠിക്കുന്നതിലൂടെ ലഭിക്കുന്ന ജ്ഞാനമല്ലെന്നും അതു സ്വീകരിക്കാൻ വർണ്ണം തടസ്സമല്ലെന്നും ബ്രഹ്മവിദ്യ ഉപദേശിക്കാൻ ആരും യോഗ്യരാണെന്നും സ്ഥാപിക്കുന്നതാണ്.ഗൗതമമഹർഷിയുടെ ആശ്രമത്തിലെത്തി ശിഷ്യനായ സത്യകാമനെ ഗുരു ഒരുദിവസം പുലർകാലെ വിളിച്ച് നാനൂറു പശുക്കളെ ഏല്പ്പിച്ച് കാട്ടിലേക്ക് പറഞ്ഞുവിട്ടു. പശുക്കളുടെ എണ്ണം ആയിരമാകുമ്പോൾ തിരിച്ചുവരണമെന്നും അതുവരെ ഉപാസനയും നിത്യാനുഷ്ഠാനങ്ങളും മുടങ്ങാതെചെയ്ത് പശുക്കളെ പരിപാലിച്ചു കാട്ടിൽ കഴിയണമെന്നുമായിരുന്നു നിർദ്ദേശം. ജപവും ധ്യാനവും ഗോസംരക്ഷണവുമായി പശുക്കളുടെ എണ്ണം ആയിരമാകുന്നതുവരെ സത്യകാമൻ വനത്തിൽ കഴിച്ചുകൂട്ടി. അയാൾ ഗോക്കളുമായി ഗുരു

സന്നിധിയിലേക്കു മടങ്ങാൻ നിശ്ചയിച്ചിരിക്കെ, അവന്റെ നിഷ്ഠയിൽ സന്തുഷ്ട നായ വായുഭഗവാൻ പ്രത്യക്ഷപ്പെട്ട് ബ്രഹ്മവിദ്യയുടെ ഒരു പാദം ഉപദേശിച്ചു. അടുത്ത ദിവസങ്ങളിൽ യാത്രയ്ക്കിടെ, യഥാക്രമം അഗ്നിയും ആദിത്യനും ഒരു നീർക്കാക്കയും ബ്രഹ്മവിദ്യയുടെ മറ്റു മൂന്നുപാദങ്ങളും സത്യകാമന് ഉപദേശിച്ചു. ബ്രഹ്മവിദ്യ സ്വായത്തമാക്കിയ സത്യകാമൻ പിറ്റേ ദിവസം ഗോക്കളുമായി ഗുരുകുലത്തിൽ എത്തിച്ചേർന്നു എന്നാണ് ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നത്.

ശൂദ്രപുത്രനായ സത്യകാമന്റെ സത്യനിഷ്ഠയിൽ സന്തുഷ്ടനായാണ് ഗൗതമമുനി ശിഷ്യനായി അവനെ സ്വീകരിച്ചത്. ഗോത്രമേതാണെന്നു തിരക്കിയ ഗുരുവിനോട്, അമ്മ പലപല വീടുകളിൽ ദാസ്യവേലചെയ്തു ജീവിച്ചിരുന്നകാലത്തുണ്ടായ തനിക്ക്, അച്ഛനാരെന്നോ ഗോത്രം ഏതെന്നോ അറിയില്ല എന്നു മറുപടി നൽകിയ സത്യകാമന്റെ സത്യബുദ്ധിയാണ് ഗുരു അയാളുടെ യോഗ്യതയായി കണ്ടത്. അതുകൊണ്ടാണ്, സത്യനിഷ്ഠയിൽനിന്ന് മനസ്സിളകാത്തവനാണ് ബ്രാഹ്മണൻ എന്നും, അതിനാൽ സത്യകാമൻ ബ്രാഹ്മണനാണെന്നും പറയുന്ന ഗൗതമ മഹർഷിയുടെ വാക്കുകൾ യോഗ്യബ്രാഹ്മണന്റെ(?) നിർവ്വചനമാകുന്നത്. സത്യകാമനെ പശുപരിപാലനത്തിനായി കാട്ടിലയച്ചതിലൂടെ ഗുരുവുംഉപനിഷത്തും പ്രഘോഷിക്കുന്നത് സ്വധർമ്മമാണ്(വർണ്ണധർമ്മമല്ല)മറ്റ് അനുഷ്ഠാനങ്ങളെക്കാൾ മോക്ഷദായകമെന്നുതന്നെയാണല്ലോ. ഒരു നീർക്കാക്കയ്ക്കുപോലും ബ്രഹ്മവിദ്യ ഉപദേശിക്കാനുള്ള ഗുരുത്വം നൽകിയതിലൂടെ ഉപനിഷത്ത്, ജാതിബ്രാഹ്മണ്യം നിഷ്കർഷിക്കുന്ന കുലശുദ്ധിവാദങ്ങളേയും അധ്യാപനാധികാര കുത്തകയേയുമെല്ലാം പൊളിച്ചടുക്കുകയാണ്. അതാണ് ബ്രഹ്മവിദ്യയുടെ മഹത്വം. പരമമായ അറിവ് ആർക്കു ലഭിച്ചാലും, ആരിൽനിന്നു സ്വീകരിച്ചാലും മോക്ഷത്തിനർഹനാണ് എന്ന സത്യസന്ധതയാണ് സനാതന സംസ്കൃതിയുടെ മഹനീയത. ആ മഹത്വം ഇല്ലാതാക്കി എന്നതാണ് ആര്യാധിപത്യകാലത്തെ പൗരോഹിത്യം ചെയ്ത് ഏറ്റവും കൊടിയ പാതകം.

പ്രേമഭക്തിയെ ഭയഭക്തിയാക്കിയ ഭീഷണി

പൗരാണിക കൃതികളെല്ലാം പ്രകീർത്തിക്കുന്നത് പ്രേമഭക്തിയെയാണ്. ഭഗവാനോടുള്ള പ്രേമമാണ് യഥാർത്ഥ ഭക്തി. അവിടെ ഫലേച്ഛയോ സ്വാർത്ഥതയോ ഒട്ടുമില്ല. നിഷ്കാമഭക്തി മന്ത്രങ്ങളെയോ യജ്ഞങ്ങളെയോ അനുഷ്ഠാനങ്ങളെയോ അപേക്ഷിച്ച് ഉന്നതമാണെന്ന് ആ ഗ്രന്ഥങ്ങളും, അവയെ കൃത്യമായി വ്യാഖ്യാനിച്ചവരും അടിവരയിട്ടു പറയുന്നു. ആ പ്രേമഭക്തിയെ ഭയഭക്തിയായി അധഃപതിപ്പിച്ചു എന്നതാണ് ബ്രാഹ്മണ്യമേധാവിത്വം ചെയ്ത വലിയ അപരാധം. ജാതിബ്രാഹ്മണനെ ഭൂദേവനായും ഭൂസുരനായും അവതരിപ്പിച്ചതു മൂലം ഭയമാണ് ഭക്തിയുടെയും അളവുകോൽ എന്നഅവസ്ഥയുണ്ടായി. അതിനെ ഉറപ്പിച്ചെടുക്കുന്നതിനുവേണ്ടി പുരാണങ്ങളിൽ ബ്രാഹ്മണശാപത്തിന്റെ അസംഖ്യം കഥകൾ തിരുകിക്കയറ്റി. ഭക്തിയല്ല, യാഗങ്ങളും യജ്ഞങ്ങളും അടക്കമുള്ള കർമ്മമാർഗ്ഗമാണ് ഉത്തമമെന്ന പ്രചരണമുണ്ടാക്കിയതും ജാതിബ്രാഹ്മണ്യത്തിന്റെ സാമ്പത്തികതാത്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയാകാം. ഭക്തി ഒരു വൈയക്തികവിഷയമായതുകൊണ്ടും, അത് ആർക്കും സ്വായത്തമാക്കാവുന്ന മാർഗ്ഗമായതുകൊണ്ടും, അതിനു പ്രാമുഖ്യം ലഭി

ച്ചാൽ കാര്യങ്ങൾ കൈവിട്ടുപോകുമെന്ന ഭീതി അവർക്ക് ഉണ്ടായിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ, ദൈവങ്ങൾക്കും മനുഷ്യർക്കുമിടയിൽ ഒരു ഇടനിലക്കാരനായ പുരോഹിതന്റെ ആവശ്യമില്ലെന്നുവന്നാൽ പൂട്ടിപ്പോകാവുന്നത്ര പ്രസക്തി മാത്രമേ തങ്ങളുടെ വൈദികകർമ്മങ്ങൾക്കുള്ളൂ എന്ന പരമാർത്ഥം ജാതിബ്രാഹ്മണ്യത്തിന് കൃത്യമായി അറിയാമായിരുന്നു. ആ തിരിച്ചറിവാണ് ഭക്തിയെ ഒതുക്കി കാമ്യകർമ്മങ്ങളിലേക്കു ചേക്കേറിയ ബ്രാഹ്മണ്യകുബുദ്ധിയുടെ ആധാരം.

ഭക്തിക്കുമേൽ കർമ്മത്തെ അവരോധിക്കാൻ ചില ചരിത്രപരമായ കാരണങ്ങളും ഉണ്ടെന്ന കാര്യം നിശ്ചയമാണ്. ബ്രാഹ്മണ്യാധിപത്യത്തിനും ജാതിവ്യവസ്ഥയ്ക്കും കനത്ത വെല്ലുവിളിയുയർത്തിക്കൊണ്ട് പന്ത്രണ്ടാം ശതകത്തിൽ പ്രവൃദ്ധിപ്രാപിച്ച ഭക്തിപ്രസ്ഥാനം ഭാരതത്തിലെ സാമൂഹികാവസ്ഥയിൽ ഗംഭീരമായ മാറ്റങ്ങളാണ് ഉണ്ടാക്കിയത്. ബ്രാഹ്മണ്യമതത്തിലെ ധാർമ്മികത്തകർച്ചകൾക്കെതിരെ ദക്ഷിണ ഭാരതത്തിൽ രൂപംകൊണ്ട ഭക്തിപ്രസ്ഥാനം, ക്രമേണ ഉപഭൂഖണ്ഡം മുഴുവൻ വ്യാപിച്ചു.സമൂഹത്തിലെ ആഢ്യവിഭാഗങ്ങൾക്കു സമ്മതിയില്ലാത്ത സമൂഹങ്ങൾക്കിടയിൽ ഭക്തിപ്രസ്ഥാനം വേരുറപ്പിച്ചു. ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകന്മാർ മിക്കവരും ചെറുകിട കച്ചവടക്കാരോ, കൈവേലക്കാരോ, താണ ജാതിക്കാരോ ആയിരുന്നു. ബസവണ്ണ, തുക്കാറാം, നാമദേവ്, കബീർ, ഗുരുനാനാക്ക് എന്നീ ഉത്പതിഷ്ണുക്കൾ ജാതിവിവേചനത്തെയും ബ്രാഹ്മണ്യാധിപത്യത്തെയും പരസ്യമായിവിമർശിക്കുന്നവരായിരുന്നു. അവർ സാമാന്യജനങ്ങൾക്കിടയിൽ, സാമൂഹികപരിഷ്ക്കരണത്തിന്റെ പുത്തൻവഴികൾ വെട്ടിത്തുറന്നു. മലയാളക്കരയിലെ ഭക്തിപ്രസ്ഥാനത്തിനു ജനങ്ങൾക്കിടയിൽ സ്വീകാര്യതയുണ്ടാക്കിയത് തുഞ്ചത്തെഴുത്തച്ഛനാണ്.

അവരിൽ,കബീർ ഒരു നെയ്ത്തുകാരനായിരുന്നു. ജനിച്ചത് ബ്രാഹ്മണനായിട്ടാണെങ്കിലും ചെറുപ്പകാലത്തുതന്നെ മാതാപിതാക്കന്മാരെ ഉപേക്ഷിച്ചുപോകാൻ നിർബന്ധിതനായ തുളസീദാസ് ഒരു നാടോടിഗായകനൊപ്പമാണു ജീവിച്ചത്. ദാദു താഴ്ന്ന ജാതിക്കാരനായ ഒരു നൂൽനൂൽപ്പുകാരനായിരുന്നു. ഗുരുനാനാക്ക് ഒരു എളിയകച്ചവടക്കാരന്റെ മകനായിരുന്നു. മറാത്തിഭക്തകവി നാമദേവൻ തുന്നൽക്കാരനായിരുന്നു. തുക്കാറാമും താണ ജാതിക്കാരനായ ഒരു കച്ചവടക്കാരനായിരുന്നു. ചൈതന്യൻ ഒരു ദരിദ്രകുടുംബത്തിലെ അംഗമായിരുന്നു. തമിഴ് കവി തിരുവള്ളുവർ പറയനായിരുന്നു. തെലുങ്കുകവി വേമണ്ണ അക്ഷരാഭ്യാസമില്ലാത്ത ഒരു കൃഷിക്കാരനായിരുന്നു. മലയാളകവി തുഞ്ചത്തെഴുത്തച്ഛൻ ശൂദ്രനായ ചാക്കാലനായരായിരുന്നു. സാമൂഹികമായി താണനിലയിലുള്ളവരെ മാത്രമല്ല, സ്ത്രീകളെയും (സന്യാസിനിമാർ) ഭക്തിപ്രസ്ഥാനം മുഖ്യസ്ഥാനങ്ങളിൽ അവരോധിച്ചിരുന്നു.

രാമാനുജൻ,ജ്ഞാനേശ്വർ,ചൈതന്യ മുതലായവർ ഊന്നൽനല്കിയ,'ദൈവത്തിനു മുൻപിൽ എല്ലാവരും ഒന്നാകുന്നു' എന്ന ആശയത്തിൽ അടിയുറച്ചുനിന്നുകൊണ്ട്, ഭക്തിപ്രസ്ഥാനം ഒരു അദ്വൈതപാതയാണ് പിന്തുടർന്നത്. സർവ്വ ജനങ്ങളുടെയും ഭക്ത്യാധിഷ്ഠിതമായ ഐക്യം, ദൈവത്തിനുമുന്നിൽ എല്ലാ മനുഷ്യരുടേയും സമത്വം, ജാതിവിവേചനത്തിനെതിരായ ഒരുമ, മനുഷ്യനും ദൈവവും തമ്മിൽ, ജാതിമേന്മയുടെയോ സ്വത്തിന്റെയോ അടിസ്ഥാനത്തിലല്ലാതെ വ്യക്തിപരമായ ഗുണ

ങ്ങളുടെ അടിസ്ഥാനത്തിലുള്ള ബന്ധം എന്നിവയായിരുന്നു ഭക്തിപ്രസ്ഥാനത്തിന്റെ അടിസ്ഥാന ശീലങ്ങൾ. ഭക്തിയിലൂടെ ഏതൊരു ജീവാത്മാവിനും പരമാത്മാവിനെ പ്രാപിക്കാൻ കഴിയും എന്ന മുക്തിമാർഗ്ഗമാണ് അവർ പ്രചരിപ്പിച്ചത്. സാമ്പ്രദായിക പൗരോഹിത്യവീഥിയിൽനിന്നുമുള്ള വ്യക്തമായ വ്യതിചലനമായിരുന്നു അത്.ബ്രാഹ്മണർക്കുമാത്രംപ്രാപ്യമായിരുന്ന സംസ്കൃതത്തിൽ എഴുതപ്പെട്ട വിശുദ്ധഗ്രന്ഥങ്ങൾ പ്രാദേശികഭാഷകളിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടതും സാധാരണക്കാരിലേക്ക് എത്തിച്ചേർന്നതും ആ പ്രസ്ഥാനത്തിന്റെ ഭാഗമായ മഹാന്മാരുടെ ശ്രമഫലമായാണ്. സാഹിത്യം,ശില്പവിദ്യ, ചിത്രകല,സംഗീതം,നൃത്തം തുടങ്ങിയ പല മേഖലകളിലേക്കും ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം വ്യാപിച്ചതോടെ ഒരു ജനകീയ മുന്നേറ്റമായി അതു മാറി. പത്തൊമ്പതാംശതകത്തിൽ ശക്തമായ, നവോത്ഥാനചിന്തകളുടെ ബീജം ഭക്തിപ്രസ്ഥാനത്തിലായിരുന്നു എന്നതാണ് അതിന്റെ അനന്തരഫലം. വ്യക്തിയും ദൈവവും തമ്മിലുള്ള വ്യക്തിഗതമായ ബന്ധത്തിനു പ്രാധാന്യം സിദ്ധിച്ചതോടെ പൗരോഹിത്യവും ജാതിയുടെ വേലിക്കെട്ടുകളും ദുർബ്ബലമാകുന്ന അവസ്ഥയുമുണ്ടായി.വേദങ്ങളിലുള്ള പാണ്ഡിത്യത്തിന്റെ കുത്തകയിലൂന്നിയ ബ്രാഹ്മണ്യാധിപത്യത്തിന് ഇതൊരു കനത്ത തിരിച്ചടിയായിത്തീർന്നു. ഭക്തിപ്രസ്ഥാനത്തിലൂടെ ഭക്തിചിന്തകളും പൗരാണികസാഹിത്യവും പ്രവൃദ്ധമായെങ്കിലും, ഭക്തനും മൂർത്തിയും ഒന്നാകുന്നതോടെ തങ്ങൾ പടിക്കു പുറത്താകും എന്ന ഭീതി പൗരോഹിത്യവർഗ്ഗത്തെ അസ്വസ്ഥമാക്കി. ആ ഭയത്തിൽനിന്നുണ്ടായ നിഷ്ഠൂര ദണ്ഡനനടപടികളുടെയും അളവില്ലാത്ത ആക്രമണങ്ങളുടെയും ഫലമായാണ് ഭക്തിപ്രസ്ഥാനം ശിഥിലമായത്. ഭക്തി പരത്തുകയല്ല; ഭയം പടർത്തി സ്വയം വളരുക എന്നതായിരുന്നു എക്കാലത്തും പൗരോഹിത്യത്തിന്റെ പദ്ധതി.

വൈദികസംസ്കാരത്തെ പൗരോഹിത്യസംസ്കാരമാക്കിയ ചതി

വൈദികസംസ്കാരമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് വേദജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള ധർമ്മമാണ്. അതിന് പൗരോഹിത്യവൈദികകർമ്മങ്ങളുമായുള്ള ബന്ധം നാമമാത്രമാണ്. വേദങ്ങൾക്കുമേൽ അധീശത്വം നേടിയ ബ്രാഹ്മണ്യസമൂഹം, അവർക്കുതകുന്ന വിധത്തിൽ അർത്ഥഭ്രംശം വരുത്തിയാണ് വൈദികസംസ്കാരമെന്നാൽ പൗരോഹിത്യസമൂഹത്തിന്റെ സംസ്കാരമാണ് എന്നധാരണയുണ്ടാക്കിയെടുത്തത്. നിരാകാരനും സർവ്വ വ്യാപിയുമായ പരമാത്മാവിനെ ക്ഷേത്രങ്ങളിൽ കുടിയിരുത്തുന്നതും വിഗ്രഹരൂപങ്ങളിൽ ആരാധിക്കുന്നതും സ്വർഗ്ഗപ്രാപ്തിയടക്കമുള്ള ഫലേച്ഛയോടെ പൂജിക്കുന്നതുമൊന്നും വേദവിഹിതമല്ലെന്നിരിക്കെ, പൗരോഹിത്യകർമ്മങ്ങളും വൈദികസംസ്കാരവും ഒന്നാണെന്നു വരുമോ? ക്ഷേത്രമെന്ന സങ്കൽപംപോലും പൗരോഹിത്യ സ്വാർത്ഥതയുടെ വേരുറപ്പിക്കാൻ നടപ്പിലാക്കപ്പെട്ട ഒരു ആര്യവംശതന്ത്രം മാത്രമായിരുന്നു.അതുവരെ നിലനിന്നിരുന്ന, പ്രകൃതിശക്തികളെയും പൂർവ്വികരെയും ആരാധിക്കുന്ന കാവുകളെന്ന രീതി തകർത്താണ് ക്ഷേത്രങ്ങൾ നിലവിൽവന്നത്. അതോടുകൂടിയാണ് പുരോഹിതൻ എന്നഇടനിലക്കാരൻ പ്രാർത്ഥനകളിലും ആചാരങ്ങളിലും അനിവാര്യഘടകമായതും, അന്നദാദാക്കളായ പ്രകൃതിയെയും ജീവദാതാക്കളായ സ്വന്തം പൂർവ്വികരെയും ആദരിക്കുന്ന സമ്പ്രദായം പ്രാകൃതമായതും. ജാതിബ്രാഹ്മണ്യം സമൂഹത്തിൽ

അപ്രമാദിത്യം നേടിയ പാതയിലെ ഏറ്റവും നിർണ്ണായക ഘട്ടമായിരുന്നു അബ്രാഹ്മണരുടെ വേരറുത്ത ആ പരിവർത്തനം. അതോടെ, യാഗം, ബലി, യജ്ഞം മുതലായ ബ്രാഹ്മണ്യമാർഗ്ഗങ്ങളിലുള്ള കർമ്മകാണ്ഡം പ്രബലമാകുകയും മോക്ഷദായകമായ ഭക്തിയും ജ്ഞാനവും സ്വകീയപ്രാർത്ഥനയും പുറത്താകുകയുമുണ്ടായി.

ബ്രഹ്മശാപത്തെ ബ്രാഹ്മണശാപമാക്കിയ വഴിതെറ്റിക്കൽ

പുരാണേതിഹാസങ്ങളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് അസംഖ്യം ശാപകഥകൾ കാണാൻ സാധിക്കും. നായാട്ടിനിടയിൽ ദശരഥമഹാരാജാവിന് പറ്റിയ കൈയബദ്ധം വരുത്തിവെച്ച ശാപം ശ്രീരാമവിരഹത്തിനും തുടർന്നുണ്ടായ രാജാവിന്റെ അകാലമരണത്തിനും ഇടയാക്കി. ഇണചേർന്നുകൊണ്ടിരുന്ന മാൻപേടയെ അമ്പെയ്തുകൊന്ന പാണ്ഡുവിനു ലഭിച്ച ശാപമാണ് അദ്ദേഹത്തിനു പത്നീയോഗം നിഷിദ്ധമാകുന്ന അവസ്ഥയുണ്ടാക്കിയതും, ദുഃഖകരമായ അന്ത്യത്തിനു നിമിത്തമായതും. നായാട്ടിനിറങ്ങിയ പരീക്ഷിത്തുമഹാരാജാവ് അഹങ്കാരംമൂത്ത് അപമാനിച്ച ശമീകമുനിയുടെ പുത്രന്റെ[ശ്രുംഗി] ശാപം തക്ഷകൻ എന്ന ഉഗ്രസർപ്പമായി അദ്ദേഹത്തെ ഗ്രസിച്ചു. നളകൂബരശാപം, വസിഷ്ഠശാപം, ദത്താത്രേയശാപം, അഷ്ടാവക്രശാപം,മാണ്ഡവ്യശാപം,അത്രി ശാപം,നാരദ ശാപം,ഋതുവർമ്മ ശാപം,ബൃഹസ്പതീശാപം,മൗൽഗല്യശാപം,ബ്രഹ്മദേവശാപം തുടങ്ങി പതിനെട്ടോളംശാപങ്ങളാണ് രാവണന്റെ കുലം മുടിച്ചത്. ഭർത്താവില്ലാത്ത നേരത്തു വേഷപ്രച്ഛന്നനായി വന്ന് ഗൗതമമഹർഷിയുടെ പത്നിയായ അഹല്യയെ പ്രാപിച്ച ദേവേന്ദ്രനും ഇന്ദ്രനു വഴങ്ങിയ അഹല്യയും, ഗൗതമനാൽ ശപിക്കപ്പെട്ടല്ലോ. തന്റെ പുത്രിയായ ദേവയാനിയുടെ ഭർത്താവായ യയാതിക്കു ഭാര്യയുടെ തോഴി ശർമിഷ്ഠയുമായുണ്ടായ അവിഹിതബന്ധമറിഞ്ഞ ശുക്രാചാര്യർ യയാതിയെ ശപിച്ച് യൗവനംനഷ്ടപ്പെടുത്തിയ കഥ പ്രശസ്തമാണല്ലോ. സൂര്യപുത്രനായിട്ടും അർജ്ജുനനോളം പോരുന്ന ശസ്ത്രാസ്ത്രവിദഗ്ദനായിട്ടും കർണ്ണനു മഹാഭാരതയുദ്ധഭൂമിയിൽ ദയനീയമായ അന്ത്യമുണ്ടായത് പഠിച്ചവിദ്യ അത്യാവശ്യനേരത്ത് മറന്നുപോകട്ടെയെന്ന പരശുരാമശാപം നിമിത്തമാണല്ലോ. ബൃഹസ്പതിയുടെ ശാപം മൂലമാണ് ഹനുമാന്റെ മാതാവായ അഞ്ജന വാനരസ്ത്രീയായിത്തീർന്നത്. ഗർഭാവസ്ഥയിൽ കഴിയുമ്പോൾത്തന്നെ തത്വജ്ഞാനിയായ അഷ്ടാവക്രൻ പിതാവായ കഹോഡകനെ ഉപദേശിക്കുകയും അദ്ദേഹത്തിന്റെ ഉച്ചാരണശുദ്ധിയില്ലായ്മ തിരുത്തുകയും ചെയ്തു. ഇതിൽ കുപിതനായ അച്ഛന്റെ ശാപംകൊണ്ടാണ് അഷ്ടാവക്രമഹർഷി ശരീരത്തിൽ എട്ടു വളവുകളോടെ ജനിച്ചത്. അത്തരത്തിൽ, അനവധി ശാപങ്ങളും വിചിത്രങ്ങളായ ശാപഫലങ്ങളും പുരാണേതിഹാസങ്ങളിലുടനീളം കാണാം. ഈ ശാപകഥകളിൽ മിക്കതിലും ശപിക്കുന്ന വ്യക്തികൾ മുനിമാരായതുകൊണ്ട്, അവരെല്ലാം ബ്രാഹ്മണരാണെന്നും ബ്രാഹ്മണൻ ശപിച്ചാൽ ഫലിക്കുമെന്നും വിശ്വാസം പ്രബലമായി. അതുകൊണ്ട്, ബ്രാഹ്മണകോപമുണ്ടാക്കുന്ന ഒന്നും മനസാവാചാകർമ്മണാ അരുതെന്ന ഒരു പൊതുനിശ്ചയം വളർന്നുവന്നു. ബ്രാഹ്മണശാപം തലമുറകളോളം പിൻതുടരുമെന്ന പേടി പഴമക്കാർക്കിടയിൽ വ്യാപകമായിരുന്നു. ദൈവത്തിന്റെ മനുഷ്യരൂപമായി വ്യാഖ്യാനിക്കപ്പെട്ട ബ്രാഹ്മണരുടെ ശാപം ദൈവശാപത്തിനു തുല്യമായി പ്രചരിപ്പിക്കപ്പെട്ടു. തങ്ങൾക്ക് അപ്രിയരായവരെയൊക്കെ ശപിച്ചു ശൂദ്രരും ചണ്ഡാ

ലരും പക്ഷിമൃഗാദികളും ഒക്കെയാക്കി മാറ്റിയ അനവധി കൽപ്പിതകഥകളിലൂടെ ത്രിമൂർത്തികൾക്കുപോലും ബ്രാഹ്മണശാപത്തിൽനിന്നു രക്ഷയില്ല എന്ന വിചാരം സമൂഹത്തിൽ ഊട്ടിയുറപ്പിക്കപ്പെട്ടു. വിഷം ഒരാളിനെ മാത്രമേ ഇല്ലാതാക്കൂ; ബ്രഹ്മസ്വം പുത്രപൌത്രന്മാരുടെ നാശത്തിനു കാരണമാകുമെന്ന പ്രചാരണം ബ്രാഹ്മണസമ്പത്തിന്റെ ഉറപ്പുള്ള സുരക്ഷാകവചമായി. ബ്രാഹ്മണരുടെ സ്വത്തു തൊട്ടാൽ, അവരുടെ കോപത്തിനിരയായാൽ കുലംമുടിയും എന്ന ആ ഭീഷണി സാർവ്വത്രികമായി പ്രചരിപ്പിക്കപ്പെട്ടത് ആസൂത്രിതമല്ല എന്നു കരുതാനാകുമോ? ഇല്ലേയില്ല...

എന്നാൽ, മഹാഭാരതമടക്കമുള്ള ഇതിഹാസങ്ങൾ വായിക്കുമ്പോൾ അടുത്തറിയാനാകുന്ന ഒരു സംഗതിയുണ്ട്: ബ്രാഹ്മണർമാത്രമല്ല ശപിക്കാനും അനുഗ്രഹിക്കാനും കഴിവുണ്ടായിരുന്നവർ. ആ കഥകളിൽ വന്നുപോകുന്ന മറ്റുകഥാപാത്രങ്ങളും ശപിച്ചിട്ടുണ്ട്; അതിനെല്ലാം ഫലവും ഉണ്ടായിട്ടുണ്ട്. ഇണചേർന്നുകൊണ്ടിരുന്ന മാൻപേടയെ അമ്പെയ്തുകൊന്ന പാണ്ഡുവിനെ ഗ്രസിച്ച ശാപവും, ബാലിയെ ഒളിയമ്പെയ്തുകൊന്ന ശ്രീരാമനു കിട്ടിയ ശാപവും, അർജ്ജുനന് ലഭിച്ച ഉർവ്വശീശാപവും, രാവണന്റെ അന്ത്യത്തിലേക്കു വഴിതെളിച്ച വേദവതീശാപവും നന്ദികേശ്വരശാപവും അഗ്നിശാപവുമെക്കെ തെളിയിക്കുന്നത് പൗരോഹിത്യം പതിതരായി ഗണിച്ചിരുന്ന സ്ത്രീകൾക്കും തൃര്യക്ജന്മങ്ങൾക്കും പോലും ശപിക്കാനും ഫലസിദ്ധി ഉണ്ടാക്കാനും കഴിഞ്ഞിരുന്നു എന്നാണല്ലോ. ശപിക്കുന്നതിനും ശാപമേൽക്കുന്നതിനും വർണ്ണമോ വംശമോ, ദേവൻ എന്നോ മനുഷ്യനെന്നോ മൃഗമെന്നോ ഉള്ള വ്യത്യാസമോ ഇല്ലതന്നെ. പക്ഷേ, നാം കേട്ടതത്രയും, ശപിക്കാനും അനുഗ്രഹിക്കാനും കഴിവുള്ള ബ്രാഹ്മണരെന്ന ഭൂദേവന്മാരുടെ കഥകൾ മാത്രമാണ്. ബ്രാഹ്മണശാപത്തിനു പ്രതിവിധിയായി ബ്രാഹ്മണരാൽത്തന്നെ നിർദ്ദേശിക്കപ്പെട്ട ബ്രാഹ്മണർക്കുള്ള ഭൂദാനം, ഗോദാനം, വസ്ത്രദാനം,സ്വർണ്ണദാനം, കന്യകാദാനം മുതലായ പരിഹാരകർമ്മങ്ങൾ സ്വത്തുസമ്പാദനത്തിനുള്ള വളഞ്ഞ വഴികളാക്കി അവർ ബ്രാഹ്മണശാപത്തെ ദുരുപയോഗംചെയ്തിട്ടുണ്ട് എന്ന സംശയത്തെ ബലപ്പെടുത്തുന്നതാണ്.

ശാപമെന്നത്, നിസ്സഹായരായ ജീവികളുടെ ഉള്ളിലെ വിഷമവും കോപവും അതേൽപ്പിക്കുന്ന ആളിനുമേൽ പതിക്കുന്നതാണെന്ന പ്രപഞ്ചസത്യം, അത്തരം അപനിർമ്മിതകഥകളുടെ സ്വാധീനംമൂലം തമസ്കരിക്കപ്പെട്ടു. തെറ്റുചെയ്താൽ,കാലമെത്രകഴിഞ്ഞാലും കർമ്മഫലം തേടിയെത്തും എന്ന വസ്തുത അപ്രസക്തമാകുന്നതിനും, ഏതു പാപത്തെയും വൈദിക കർമ്മങ്ങളിലൂടെ മറികടക്കാമെന്ന ധാരണ സൃഷ്ടിക്കുന്നതിനും അത് വഴിവെച്ചു. ആ ധൈര്യത്തിന്റെ ഉറപ്പിലാണ് അധികാരവും സമ്പത്തും കൈവശമുള്ളവർ ദുർബ്ബലർക്കുമേൽ പല കൊടും ക്രൂരതകളും നടപ്പാക്കിയത്. ഫലമോ, ആരും കർമ്മഫലം അനുഭവിക്കുന്നതിനിന്നും മുക്തരല്ല എന്ന പരമസത്യം മറച്ചുവെയ്ക്കപ്പെട്ടു. പുരാണകാവ്യങ്ങൾ നൽകാൻ ശ്രമിക്കുന്ന യഥാർത്ഥ സന്ദേശം അട്ടിമറിക്കപ്പെട്ടു. ലോകം പാപികളുടെ പിടിയിലമർന്നു.

[ശാപം എന്ന പേരിൽ പൊതിഞ്ഞ ഭ്രഷ്ട്:ഇതിഹാസപുരാണങ്ങളിലെ ശാപകഥകൾ കൃത്യമായി പരിശോധിച്ചാൽ, മിക്ക ശാപങ്ങളും വസ്തുതാപരമായി അർത്ഥമാക്കുന്നത് സാമൂഹ്യഭ്രഷ്ടാണെന്നു മനസ്സിലാക്കാം. ഒരാളെ ശപിച്ചു ചണ്ഡാളനോ

ശൂദ്രനോ ആക്കുന്നതോടെ, അയാളിൽ സംഭവിച്ചതായി പറയുന്ന മാറ്റങ്ങൾ അതാണു വ്യക്തമാക്കുന്നത്. ഉദാഹരണമായി, വിശ്വാമിത്രമുനിയുടെ ശാപമേറ്റ വസിഷ്ഠപുത്രന്മാരുടെ കഥയെടുക്കാം. വസിഷ്ഠന്റെ നൂറുപുത്രന്മാരേയും അടുത്ത എഴുന്നൂറു തലമുറകളേയും ശപിച്ച് മുഷ്ടികർ എന്ന വിരൂപരും ശവംതീനികളും നായിറച്ചി കഴിക്കുന്നവരുമാക്കി മാറ്റി എന്നാണു പറയപ്പെടുന്നത്. വിരൂപരും ശവംതീനികളും നയിറച്ചികഴിക്കുന്നവരുമായ മുഷ്ടികന്മാർ ചണ്ഡാലരാണെന്നു ചില കൃതികളിൽ കാണുന്നു. തപസ്വികളായ വസിഷ്ഠപുത്രന്മാർ ശാപം ഏറ്റതോടെ ശവംതീനികളും നായിറച്ചി ഭക്ഷിക്കുന്നവരുമായി സ്വയം മാറിയെന്നു കരുതാനാകില്ലല്ലോ. അവർ വിരൂപരായി എന്നും വിശ്വസിക്കാനാകില്ല. അതിനർത്ഥം, ശാപത്തിനിരയായതോടെ വസിഷ്ഠപുത്രന്മാർ സമൂഹത്തിൽനിന്നു ബഹിഷ്കൃതരായി, ചണ്ഡാലർക്ക് നിർദ്ദേശിക്കപ്പെട്ട ജീവിതസാഹചര്യങ്ങളിലേക്കു മാറാൻ നിർബന്ധിതരായി എന്നാണല്ലോ. ആ അനുമാനത്തിനാണ് കൂടുതൽ സംഭാവ്യത.

വസിഷ്ഠപുത്രന്മാരുടെ ശാപംകിട്ടിയ ത്രിശങ്കുരാജാവിന്റെകാര്യത്തിലും സ്ഥിതി സമാനമാണ്. കൊട്ടാരത്തിൽ മടങ്ങിയെത്തി പതിവുപോലെ അത്താഴം കഴിച്ച് ഉറങ്ങിയ ത്രിശങ്കു പ്രഭാതത്തിൽ ഉണർന്നപ്പോൾ, കറുകറുത്ത ഉടലും ചോരക്കണ്ണുകളും ചപ്രത്തലമുടിയുമുള്ള ചണ്ഡാലനായി മാറിയിരുന്നു എന്നാണ് ആ കഥകളിൽ പറയുന്നത്. മുറിയ്ക്കു പുറത്തിറങ്ങിയ രാജാവിനെ കണ്ട് പരിചാരകർ ഭയന്നു; മറ്റുള്ളവരും അറപ്പോടെ വെറുപ്പോടെ അകന്നുമാറിയത്രേ. ശാപശേഷം രാജാവിന്റെ ശരീരത്തിൽവന്ന മാറ്റങ്ങളുടെ സംഭാവ്യത എത്രത്തോളം യുക്തിസഹമാണ് എന്ന് ആലോചിക്കുക.ശാപമേറ്റയുടെനെ രാജാവിൽ മാറ്റങ്ങളൊന്നും സംഭവിച്ചില്ല എന്നതിനർത്ഥം, അടുത്ത പ്രഭാതം വരെ അദ്ദേഹം മാറ്റമില്ലാതെ തുടർന്നുവെന്നും അടുത്ത പ്രഭാതം മുതൽ ചണ്ഡാളച്ചേരിയിലേക്ക് മാറ്റപ്പെട്ടെന്നുമാണ്. ഒരിക്കൽ ചണ്ഡാലനായാൽ,ചണ്ഡാലർക്ക് നിശ്ചയിച്ചിട്ടുള്ള വസ്ത്രങ്ങളും ഭക്ഷണങ്ങളും ആഭരണങ്ങളും മാത്രമേ പാടുള്ളൂ എന്ന പ്രാകൃതശാസനം രാജാവിനും ബാധകമായിരുന്നു എന്ന് ചുരുക്കം. ഒരുനിമിഷംകൊണ്ട് മറ്റുള്ളവർ അറപ്പോടെയും വെറുപ്പോടെയും അകന്നുമാറുന്ന സ്ഥിതിയിലേക്ക്, ഇക്ഷ്വാകുവംശത്തിൽ പിറന്ന രാജാവിനെപ്പോലും ഇകഴ്ത്താൻ കഴിയുന്നത്ര ഭീതിദമായിരുന്നു ചണ്ഡാളനായുള്ള 'ഭ്രഷട്' എന്നാണല്ലോ മനസ്സിലാക്കേണ്ടത്. ബാക്കിയെല്ലാം ശാപത്തിനു കാരണമാകുന്ന അപ്രിയ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കാൻ ഉള്ള ഭയപ്പെടുത്തലുകൾ മാത്രമാണ് എന്നതാണു സത്യം. ഒരർത്ഥത്തിൽ, കഥകളിലൂടെ സൃഷ്ടിക്കപ്പെട്ട ആ ഭയമായിരുന്നു ബ്രാഹ്മണശാപത്തിന്റെ യഥാർത്ഥശക്തി. പുരാണങ്ങളിൽ പറഞ്ഞിട്ടുള്ള ശാപകഥകളിൽ, ജാത്യാപകർഷത്തിന് ഇരയായവരുടെ കാര്യത്തിലൊക്കെ ആ ഭീകരാവസ്ഥ കാണാനാകും. അതിനാൽ, പുരാണങ്ങളിലെ ശാപമെന്നത് ഭ്രഷ്ടിന്റെ പ്രച്ഛന്നനാമമായിരുന്നു എന്നുതന്നെ ഉറച്ചു വിശ്വസിക്കാം.

ശാപകഥകൾക്കു പിറകിലെ ഗൂഢലക്ഷ്യം:പുരാണേതിഹാസങ്ങളിൽ, ശപിച്ചു ശൂദ്രരും ചണ്ഡാളരുമാക്കപ്പെട്ടവരുടെ കഥകൾക്കു യാതൊരു പഞ്ഞവും ഇല്ലല്ലോ. എന്നാൽ, അതെല്ലാം വെറും നിഷ്കളങ്കമായ കഥാനിർമ്മിതികൾ മാത്രമാണെന്നു കരുതാനാകില്ല. അതിനാൽ, ആ കഥകളുടെ സൃഷ്ടിക്കു പിറകിലെ ഗൂഢലക്ഷ്യം

കാണാതെ പോകരുത്. ഒരു വശത്ത്, തങ്ങൾക്കു വിപ്രിയമായ കർമ്മങ്ങൾ ചെയ്യുന്നവരെ ഭ്രഷ്ടെന്ന ഭീഷണികൊണ്ടു തളച്ചിടാൻ ബ്രാഹ്മണശാപഭയത്തിലൂടെ കഴിഞ്ഞു.അതോടൊപ്പം ശൂദ്രരും ചണ്ഡാളരുമായി ജനിച്ചവർ ശാപഗ്രസ്തരായവരാണ് എന്നപ്രതീതി സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. അതിലൂടെ, അവർക്ക് ജീവിതത്തിൽ നേരിടേണ്ടി വരുന്ന ദുരവസ്ഥകളുടെയെല്ലാം കാരണം സ്വന്തം കർമ്മഫലമാണെന്ന ന്യായം നിർമ്മിച്ചെടുക്കാനുമായി. അനുഭവിച്ചും സഹിച്ചും പ്രാരബ്ധഫലം തീർക്കുകയല്ലാതെ അവർക്ക് നിവൃത്തിയില്ലെന്ന വിശ്വാസം പരത്തുകവഴി, ജാതിവിവേചനത്തിന്റെപേരിൽ മതമേധാവികൾ ചെയ്ത കുടിലതകളെല്ലാം വെളുപ്പിച്ചെടുക്കാനും പീഢിതരുടെ മുറുമുറുപ്പ് ഇല്ലാതാക്കാനും കഴിഞ്ഞു.

ശാപം തങ്ങളുടെ ജന്മാകാശമായാണ് ബ്രാഹ്മണ്യം കരുതിയിരുന്നത് എന്നു വേണം മനസ്സിലാക്കാൻ. 'ബ്രാഹ്മണർക്ക് ഉപദ്രവമുണ്ടാക്കുന്ന ക്ഷത്രിയരെ, ശാപവും ആഭിചാരാദികർമ്മങ്ങളും കൊണ്ട് ബ്രാഹ്മണർതന്നെ നിയന്ത്രിക്കണമെന്ന മനുസ്മൃതി ഒൻപതാമധ്യായത്തിലെ 320ആം ശാസനം അതാണ് തെളിയിക്കുന്നത്. അതിനുള്ള കാരണം, ബ്രാഹ്മണരിൽനിന്നാണു ക്ഷത്രിയൻ ഉത്ഭവിച്ചത് എന്ന വികലവാദമായി അതേ ശ്ലോകത്തിൽത്തന്നെ ആവിഷ്കരിക്കുന്നുണ്ട്. ബ്രാഹ്മണരുടെ ശാപം നിമിത്തമാണ് അഗ്നി സർവ്വഭക്ഷിയും സമുദ്രജലം പാനായോഗ്യവും ചന്ദ്രൻ വൃദ്ധിക്ഷയവിധേയനുമായത് എന്ന സാധൂകരണസിദ്ധാന്തം അതോടൊപ്പം അവതരിപ്പിക്കുന്നത്(ശ്ലോകം:314) ക്ഷത്രിയരടക്കം സകലർക്കുമുള്ള ഭീഷണിയാണല്ലോ. അതിനെ അടിവരയിടുന്നതാണ്, സ്വർഗ്ഗാദിലോകങ്ങളെയും ലോകപാലന്മാരേയും സൃഷ്ടിക്കുവാൻ കഴിവുള്ള ബ്രാഹ്മണരെ പ്രകോപിപ്പിച്ചാൽ, അവർ ശാപംകൊണ്ടു ദേവന്മാരെ അദേവന്മാരാക്കുമെന്ന പ്രസ്താവം(ശ്ലോകം:315).ആ ശ്ലോകങ്ങൾ വസ്തുതാപരമായി ജാതിബ്രാഹ്മണരെ സംബന്ധിച്ചതാകാൻ സാധ്യതയില്ലല്ലോ. ബ്രഹ്മജ്ഞാനികളായ ആർഷബ്രാഹ്മണരെയാകാം മനു ഉദ്ദ്യേശിച്ചതെങ്കിൽ സാധുതയുള്ള ഈ പരാമർശങ്ങൾ, ജാതിബ്രാഹ്മണർക്ക് അനുകൂലമായി വ്യാഖ്യാനിച്ചു ദുരുപയോഗം ചെയ്തതിന്റെ അനേകം ദൃഷ്ടാന്തങ്ങൾ പുരാണങ്ങളിൽ കാണാനാകും.സ്വായംഭൂവമനു ആരെ ഉദ്ദ്യേശിച്ചാലും, അത് ഉപയോഗപ്പെടുത്തി മുതലെടുപ്പുനടത്തിയത് ബ്രാഹ്മണ്യമാണെന്നാണല്ലോ അനുഭവം. അതുതന്നെയാണ്, അവയെല്ലാം കേവലം നിഷ്കളങ്കമായ കഥാനിർമ്മിതികൾ മാത്രമാണെന്നു കരുതാനാകില്ല എന്ന വാദമുഖത്തിന്റെ സാംഗത്യം. അനുഭവമാണല്ലോ വലിയ ഗുരു. ജാതിബ്രാഹ്മണർക്ക് നിഗ്രഹാനുഗ്രഹശക്തി ഉള്ളതുകൊണ്ടല്ല; കഥകളിലൂടെ പരത്തിയ ശപാഭയംകൊണ്ടാണ് അവർ അമാനുഷികരാണെന്ന തോന്നൽ ഉണ്ടായത് എന്നു വ്യക്തമാണല്ലോ].

ബ്രഹ്മഹത്യാപാപത്തെ ബ്രാഹ്മണഹത്യാപാപമാക്കി

ബ്രാഹ്മണ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട ഏറെ ഉറപ്പുള്ള സംരക്ഷണകവചമാണ് ബ്രഹ്മഹത്യാപാപം എന്ന അപനിർമ്മിത വാക്ക്. തപസ്വികളായ മഹാമുനിമാരുടെ വധം വലിയ ദുരന്തങ്ങൾക്ക് വഴിവെയ്ക്കുമെന്ന വിശ്വാസത്തെ ആധാരമാക്കി ഉരുവമെടുത്ത ആ സങ്കൽപം, ജാതിബ്രാഹ്മണ്യം വിദഗ്ദമായി ദുരുപയോഗംചെയ്യുകയായിരുന്നു. ആ ഭയത്തിന്റെ മറപറ്റി, ജാതിബ്രാഹ്മണർക്കു മുഴു

വൻ സംരക്ഷണം തീർക്കുന്ന നിയമങ്ങൾ കാലാകാലങ്ങളിൽ പൗരോഹിത്യം നിർമ്മിച്ചു നടപ്പാക്കിപ്പോന്നു. അത്തരത്തിലുള്ള അനേകം നിയമങ്ങൾ പുരാതനഗ്രന്ഥങ്ങളിൽ, വിശേഷിച്ചും സ്മൃതികളിൽ കാണാനാകും. എത്ര അധർമ്മി ആയാലും, ബ്രാഹ്മണജാതിയിൽ ജനിച്ചയാൾ വധാർഹനല്ലെന്ന അവസ്ഥ സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. വാസ്തവത്തിൽ, അത് ഭരണാധികാരികൾക്കുള്ള ഒരു ഭീഷണിയായിരുന്നു. ബ്രഹ്മഹത്യാപാപം സംബന്ധിച്ച മനുസ്മൃതിയിലെ നിബന്ധനകൾ, ആ തന്ത്രത്തിന്റെ താത്പര്യം വെളിയിയിൽകൊണ്ടുവരുന്നതാണ്:

- ✓ ഭൂമിയിൽ ബ്രാഹ്മണവധത്തെക്കാൾ വലിയ അധർമ്മമൊന്നുമില്ല. അതുകൊണ്ട്, രാജാവ് സർവ്വപാപകാരിയായ ബ്രാഹ്മണനെപ്പോലും വധിക്കാൻ ആലോചിക്കരുത്.(അധ്യായം:08, ശ്ലോകം:380).
- ✓ ദ്വിജാതീയനായാലും, ബ്രാഹ്മണനെ കൊല്ലാനുദ്ദ്യേശിച്ചുകൊണ്ട് ദണ്ഡമുയർത്തിയാൽ അയാൾ താമിസ്രമെന്ന നരകത്തിൽ നൂറുവർഷം കറങ്ങേണ്ടിവരും.(അധ്യായം:04,ശ്ലോകം:165).(ദ്വിജാതീയൻ :ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ രണ്ടുജന്മമുള്ള വർണ്ണജർ).
- ✓ ബ്രാഹ്മണന്റെ നേർക്കു നിന്ദയോടെ ദണ്ഡമോങ്ങുകയോ പുല്ലുകൊണ്ടുപോലും അടിക്കുകയോ, ശരീരത്തിൽനിന്നും രക്തം വീഴാൻ ഇടയാക്കുകയോ ആപത്കാലത്തുപോലും ചെയ്യരുത്.(അധ്യായം:04, ശ്ലോകം:169).
- ✓ സകല പാതകങ്ങളും ചെയ്തവനായാൽക്കൂടി ബ്രാഹ്മണനെ ഒരിക്കലും കൊല്ലരുത്. സർവ്വസ്വത്തുക്കളോടുംകൂടി, കായപീഡയൊന്നും കൂടാതെ അയാളെ നാടുകടത്തണം. ബ്രാഹ്മണവധത്തെക്കാൾ വലിയ പാപം ഭൂമിയിലില്ല. ആകയാൽ രാജാവ് അയാളുടെ വധം മനസ്സുകൊണ്ടു നിനക്കുക പോലും അരുത്.(അധ്യായം:08, ശ്ലോകം:381).
- ✓ ബ്രാഹ്മണനെ തല്ലാൻ ഒരുവൻ വടിയുയർത്തിയാൽ അയാൾ നൂറുവർഷവും, തല്ലിയാൽ ആയിരം വർഷവും നരകത്തിൽ കിടക്കേണ്ടിവരും. ആ ബ്രാഹ്മണന്റെ രക്തം മണ്ണിൽവീണ് എത്ര പൂഴി നനയ്ക്കുന്നുവോ, *അത്ര സംവത്സരക്കാലം ചോരവീഴ്ത്തിയവൻ നരകത്തിൽ കിടക്കേണ്ടിവരും.(അധ്യായം:11, ശ്ലോകം:206,207).(* അനന്തകാലം).
- ✓ ത്രൈവർണ്ണികർ ബ്രാഹ്മണനെ അറിയാതെ വധിക്കാനിടയായാൽ, ബ്രഹ്മഹത്യാപരിഹാരാർത്ഥം വേദജ്ഞനായ ബ്രാഹ്മണന് തന്റെ സ്വത്തുമുഴുവൻ നൽകുക; അല്ലെങ്കിൽ അവന് ഉപജീവനത്തിന് മതിയാകുന്നത്ര ധനമോ, ഗൃഹോപകരണങ്ങളോടു കൂടിയ ഭവനമോ നൽകുക.(അധ്യായം:11, ശ്ലോകം:76)(ത്രൈവർണ്ണികർ: ബ്രാഹ്മണൻ,ക്ഷത്രിയൻ,വൈശ്യൻ).

മനുസ്മൃതിയും ബ്രാഹ്മണസംരക്ഷണനിയമങ്ങളും ബ്രഹ്മഹത്യാപാപത്തെ ജാതിബ്രാഹ്മണന്റെ വധമെന്ന് പുനർനിർവ്വചിക്കുമ്പോഴും,ബ്രഹ്മഹത്യ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ബ്രഹ്മജ്ഞാനികളുടെ ഹത്യയാണെന്നും, അതിന് ജാതിബ്രാഹ്മണ്യവുമായി യാതൊരു ബന്ധവുമില്ലെന്നുമാണ് ശാസ്ത്രഗ്രന്ഥങ്ങളിൽ പറയുന്നത്. അക്കാര്യം ശരിയായി സമർത്ഥിക്കുന്നതാണ് വാല്മീകിരാമായണം ഉത്തരകാണ്ഡ

ത്തിലെ വൃത്രാസുരന്റെ ഹത്യ. ശംബൂകവധത്തിനുശേഷം, അഗസ്ത്യമുനിയുടെ ആശ്രമത്തിൽനിന്നും അയോധ്യയിലെത്തിയ രാമൻ പാപപരിഹാരത്തിനുവേണ്ടി ഒരു മഹായാഗം നടത്താൻ നിശ്ചയിച്ചു. അതിനെക്കുറിച്ച് ഭരതലക്ഷ്മണന്മാരോടു സംസാരിക്കുന്നനേരത്ത് ലക്ഷ്മണനാണ് വൃത്രാസുരവധംമൂലം പാപഗ്രസ്തനായ ദേവേന്ദ്രന്റെ കഥ പറയുന്നത്. സകലപാപങ്ങൾക്കുമുള്ള പരിഹാരമാണ് അശ്വമേധയാഗമെന്ന മഹായാഗം എന്നുപറഞ്ഞ ലക്ഷ്മണൻ, ഇന്ദ്രൻ ബ്രഹ്മഹത്യാപാപത്തിന് ഇരയായ പുരാവൃത്തം പ്രസ്താവിക്കുന്നുണ്ട്: ധർമ്മവാനും പുണ്യശാലിയുമായ വൃത്രനെന്ന അസുരരാജൻ, തന്റെ ജ്യേഷ്ഠപുത്രനെ മധുരാപുരിയുടെ ഭരണമേൽപ്പിച്ചു കഠിനതപസ്സനുഷ്ഠിച്ചു. ശൗര്യശാലിയും ധർമ്മാത്മാവുമായ വൃത്രൻ തപസ്സു പൂർത്തിയാക്കിയാൽ, പ്രപഞ്ചം മുഴുവനും അയാളുടെ അധീനതയിലാകും എന്നു വ്യാകുലതപൂണ്ട ദേവേന്ദ്രൻ, വജ്രായുധംകൊണ്ട് മൂർദ്ധാവിലടിച്ച് വൃത്രനെ വകവരുത്തി. അതോടെ ബ്രഹ്മഹത്യാപാപം ഗ്രസിച്ച ദേവേന്ദ്രൻ ബോധമറ്റ് പാമ്പുപോലെ ഒരിടത്തു ചുരുണ്ടുകൂടി കിടപ്പായി. അത്തരത്തിൽ, ഇന്ദ്രൻ ക്ഷീണദശയെ പ്രാപിച്ചതോടെ പ്രപഞ്ചം ആപത്തിലായി. തുടർന്ന്,പരിഭ്രാന്തരായ ദേവഗണങ്ങൾ, മഹാവിഷ്ണുവിന്റെ നിർദ്ദേശാനുസരണം അശ്വമേധയജ്ഞം നടത്തിയാണ് ഇന്ദ്രനെയും ലോകത്തെയും ബ്രഹ്മഹത്യാപാപത്തിൽനിന്നു രക്ഷിച്ചത്.ദേവേന്ദ്രന് ബ്രഹ്മഹത്യാപാപം വരുത്തിവെച്ചത് അസുരനായവൃത്രന്റെ വധമാണല്ലോ. ശൂദ്രനായ ശംബൂകന്റെ വധത്തിനു പരിഹാരമായി അഗസ്ത്യമഹർഷി ആ മഹായജ്ഞം നിർദ്ദേശിച്ചത് അതും ബ്രഹ്മഹത്യാപാപമായതുകൊണ്ടാണ്.ബ്രാഹ്മണജാതിയിൽ ജനിച്ചയാളെ കൊന്നാലല്ല; തപസ്സുചെയ്യുന്ന ആരെ വധിച്ചാലും ബ്രഹ്മഹത്യാപാപം ബാധിക്കുമെന്നാണ് വാല്മീകിരാമായണം സാക്ഷ്യപ്പെടുത്തുന്നത്. അതിന് ദേവൻ എന്നോ അസുരനെന്നോ ശൂദ്രനെന്നോ ബ്രാഹ്മണനെന്നോ വ്യത്യാസമില്ലെന്നു വാല്മീകി പറയുമ്പോൾ അതാണല്ലോ സർവ്വർക്കും അംഗീകാര്യം.ബ്രഹ്മഹത്യാപാപത്തെ സംബന്ധിച്ച ബ്രാഹ്മണ്യവ്യാഖ്യാനം സത്യമല്ലെന്നും, ഏതെങ്കിലും ഒരു വിഭാഗത്തിനു പൗരാണികഗ്രന്ഥങ്ങൾ പ്രത്യേകപരിഗണന നൽകുന്നില്ലെന്നുമാണല്ലോ നാം കണ്ടറിഞ്ഞ ഈ വസ്തുതകൾ അടിവരയിട്ടു സ്ഥാപിക്കുന്നത്:

തതോ ഹതേ മഹാവീര്യേ വൃത്രേ ദേവഭയംകരേ
ബ്രഹ്മഹത്യാവൃതഃ ശക്രഃ സംജ്ഞാം ലേഭേ ന വൃത്രഹാ. 2

"ദേവഭയംകരേ	"ദേവകൾക്ക് ഭയത്തെ വിളയിച്ചവനും	വൃത്രഹാ	വൃത്രവധംചെയ്തവനായ
മഹാവീര്യേ	മഹാവീര്യശാലിയുമായ	ശക്രഃ,	ഇന്ദ്രൻ,
വൃത്രേ	വൃത്രാസുരൻ	ബ്രഹ്മഹത്യാവൃതഃ	ബ്രഹ്മഹത്യയാൽ ചൂഴപ്പെട്ടവനായി
ഹതേ	ഹനിക്കപ്പെട്ടാറെ	സംജ്ഞാം ന ലേഭേ.	സ്വയബോധമററവനായിരുന്നു.
തതഃ	അതിൽപിന്നെ		

സോഽന്തമാശ്രിത്യ ലോകാനാം നഷ്ടസംജ്ഞോ വിചേതനഃ
കാലം തത്രാവസത് കഞ്ചിദ്വേഷ്ടമാന ഇവോരഗഃ. 3

"സഃ	"അദ്ദേഹം	വേഷ്ടമാനഃ	ഒതുങ്ങി ചുരുണ്ടുകിടക്കുന്ന
ലോകാനാം	ലോകങ്ങളുടെ	ഉരഗഃ ഇവ,	പാമ്പുപോലെ,
അന്തം ആശ്രിത്യ	അറുത്തിയെ പ്രാപിച്ച്,	വിചേതനഃ	അവയവങ്ങൾ വ്യാപരിക്കാത്തവനായി
തത്ര	അവിടെ		
കംചിത് കാലം	കുറച്ചുകാലം		
നഷ്ടസംജ്ഞഃ,	ബോധരഹിതനായി,	അവസത്.	വസിച്ചു.

മനുസ്മൃതിയിലെ മാനവവിരുദ്ധ മാമൂലുകളെ പൗരാണികഗ്രന്ഥങ്ങൾ നിരാകരിക്കുന്നു എന്നതാണ് ആ ഗ്രന്ഥത്തിന്റെ ഏറ്റവുംവലിയ അയോഗ്യത. ആ അയോഗ്യത, പ്രസ്തുത പുസ്തകത്തിന്റെ രചന നടത്തിയ ആര്യബ്രാഹ്മണരിലേക്കും നീളുന്നുണ്ട് എന്നു തിരിച്ചറിഞ്ഞാൽ ഇല്ലാതാകുന്ന 'അധികയോഗ്യത'കളേ, മറ്റുള്ള മനുഷ്യർക്കുമേൽ അവർക്കുള്ളൂ. ജാതിബ്രാഹ്മണ്യം അവകാശപ്പെടുന്ന പവിത്രതയും ആഢ്യത്വവും പ്രകൃതിയോ ദൈവങ്ങളോ പുണ്യകൃതികളോ അവർക്ക് കല്പിച്ചുകൊടുത്തതല്ലെന്നും, അവർതന്നെ അനവധി അപനിർമ്മാണങ്ങളിലൂടെ സൃഷ്ടിച്ചെടുത്തതാണെന്നും ബ്രാഹ്മണർ അടക്കം സകലർക്കും ബോധ്യമാകുകയാണ് മുഖ്യം. ആ ബോധ്യം ഉണ്ടാകുന്ന നിമിഷംതൊട്ട് അവരും അന്യവർണ്ണികളെപ്പോലെ മനുഷ്യരായിത്തീരും. എല്ലാ മനുഷ്യരും എല്ലാ മനുഷ്യരിലും പരമാത്മചൈതന്യം ദർശിക്കുന്ന ഭാരതം ഒരു അദ്വൈതഭൂമികയായി മാറും. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും അസവർണ്ണരും, അവയുടെയെല്ലാം ഉൾപ്പിരിവുകളായ അനേകായിരം ജാതികളും ഉപജാതികളുമില്ലാത്ത, മനുഷ്യർ മാത്രമുള്ള ആർഷഭാരതം അന്നേ പുനഃസ്ഥാപിക്കപ്പെടൂ. അത് എല്ലാ വിധത്തിലുമുള്ള വിവേചനങ്ങളും വേർതിരിവുകളും നിഷേധിക്കുന്ന, അദ്വൈതബോധത്തിൽ അധിഷ്ഠിതമായ ഒരു സംസ്കാരത്തെയാകും പ്രതിനിധീകരിക്കുക. അത്തരം നന്മയുള്ള ഒരു ലോകത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ധർമ്മശാസ്ത്രത്തെ മാത്രമേ സനാതനധർമ്മമായി കാണുവാൻ സാധിക്കൂ. പൗരാണികഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നതിനു സമാനമായ ആ ഭാരതം സാധ്യമാകാൻ ഒരു യുഗാന്ത്യപ്രളയംവരെ കാത്തിരിക്കേണ്ടതുണ്ടോ?

ക്ഷത്രിയൻ

ക്ഷത്രിയത്വം=രാജത്വം

ബ്രാഹ്മണൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നതു ബ്രഹ്മജ്ഞാനികളെയാണ് എന്നതുപോലെതന്നെ, ക്ഷത്രിയൻ എന്നതുകൊണ്ട് ഇതിഹാസ-പുരാണങ്ങൾ അടയാളപ്പെടുത്തുന്നത് രാജവംശങ്ങളെയാണ് എന്നതാണു സത്യം. അതൊരു പ്രത്യേക വർണ്ണമോ ജാതിയോ അല്ല. കുലങ്ങളോ ഗോത്രങ്ങളോ ആയി ജീവിച്ചിരുന്ന ജനസമൂഹങ്ങളുടെ തലവൻ ആ ഭൂപ്രദേശത്തിന്റെ രാജാവായി അറിയപ്പെടുമ്പോൾ, അദ്ദേഹത്തിന്റെ കുടുംബത്തിന് രാജവംശമെന്ന നിലയിൽ ക്ഷത്രിയപദവി കൈവരുന്നു എന്നതിനപ്പുറം അത് ഒരു സവിശേഷ ജാതിയെ പ്രതിനിധാനം ചെയ്യുന്നില്ല. ഭഗവത്ഗീതയിൽ പതിനെട്ടാമധ്യായത്തിലെ നാല്പത്തിമൂന്നാംശ്ലോകം നിർവ്വചിക്കുന്നതനുസരിച്ച്, ശൗര്യം,തേജസ്സ്,ധൃതി,ജാഗ്രത,യുദ്ധത്തിൽ പേടിച്ചോടായ്ക,ആഢ്യത്വം, ദാനം ഇവയൊക്കെ സ്വഭാവമായി ഉള്ളവനാണ് ക്ഷത്രിയൻ. (ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മ സ്വഭാവജം). ആ ഗുണങ്ങൾ ഉണ്ടെന്നു കരുതപ്പെട്ടിരുന്ന രാജാക്കന്മാരെല്ലാം കുല-ഗോത്ര-വർണ്ണ പരിഗണനകൾക്കതീതമായി പൗരാണികകാലത്ത് ക്ഷത്രിയരായി കണക്കാക്കപ്പെട്ടിരുന്നു എന്നതാണ് ഭഗവത്ഗീത വെളിവാക്കുന്ന പരമാർത്ഥം.

അതുകൊണ്ടാകാം പുരുഷസൂക്തം ക്ഷത്രിയത്വത്തിന്റെ ഉത്ഭവം നിരൂപിക്കാതെ വിശ്വപുരുഷന്റെ ബാഹുക്കളിൽനിന്നുമുള്ള രാജത്വത്തിന്റെ ഉത്പത്തിയെക്കു

റിച്ചു പറയുന്നത്. 'ബ്രാഹ്മണോƒസ്യ മുഖമാസീദ് ബഹൂ രാജന്യഃ കൃതഃ ഊരു തദസ്യ യദ്വൈശ്യം പദ്ഭ്യാം ശൂദ്രോ അജായതഃ' എന്ന പുരുഷസൂക്തശ്ലോകത്തിൽ, ക്ഷത്രിയനെന്ന പ്രയോഗമേ കാണാനാകില്ല. ക്ഷത്രിയവർണ്ണം എന്ന പ്രയോഗം ഋഗ്വേദത്തിലോ പുരുഷസൂക്തത്തിലോ ഇല്ല. പുരുഷസൂക്തത്തിലെ രാജന്യ എന്ന ശബ്ദത്തെ ക്ഷത്രിയശബ്ദമായി വ്യാഖ്യാനിച്ച്, അതിനെ ചാതുർവർണ്യപ്രഖ്യാപനമാണെന്നു വരുത്തിത്തീർക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.രാജന്യ എന്നപദത്തിന് അഗ്നിയെന്നും ഉഗ്രതയെന്നും അർത്ഥമുണ്ട്. രക്ഷകനാകാൻ ഉഗ്രതയുള്ളവനേ കഴിയൂ എന്ന അർത്ഥനിരൂപണത്തിലൂടെയാണ്, രാജന്യഃ എന്ന പ്രയോഗത്തെ ക്ഷത്രിയനുമായി വ്യാഖ്യാതാക്കൾ ബന്ധിപ്പിച്ചിട്ടുള്ളത്. ആ ക്ഷത്രിയത്വം, അധികാരം കൈയാളുന്ന ആർക്കും ആർജ്ജിക്കാവുന്ന ഒരു അവസ്ഥമാത്രമായിരുന്നു. ജന്മത്തിലൂടെ ലഭിച്ചിരുന്ന ജാതിയോ വർണ്ണമോ ആയിരുന്നില്ല എന്നുചുരുക്കം.

മനുസ്മൃതിയിലെ ഏഴ്,ഒൻപത്,പത്ത് അധ്യായങ്ങളിൽ വിവിധവർണ്ണികളുടെ ധർമ്മങ്ങളും ആപത്തുകാലത്ത് അനുഷ്ഠിക്കേണ്ട ആചാരങ്ങളും(ആപദ്ധർമ്മം)വിവരിക്കുന്നുണ്ട്. എങ്കിലും, അവിടെയൊക്കെ നമുക്കു കാണാനാകുന്നത് രാജധർമ്മം മാത്രമാണ്; ക്ഷത്രിയധർമ്മം ഒരിടത്തും വരുന്നില്ല. രാജധർമ്മം എന്നുതന്നെയാണ് മനുസ്മൃതി ഒട്ടും വളച്ചുകെട്ടലില്ലാത്ത പറയുന്നത്:



2	സന്ന്യാസധർമ്മം	1 - 33
		34 - 97

ഏഴാമദ്ധ്യായം

1	രാജധർമ്മം	1 - 13
2	ദണ്ഡപ്രശംസ	14 - 36
3	രാജകൃത്യം	37 - 88
4	യുദ്ധധർമ്മം	89 - 106
5	കൗശലവിധി	107 - 109
6	പ്രജാപരിപാലന ധർമ്മം	110 - 113
7	ന്യായാസനങ്ങൾ	114 - 117
8	ശമ്പളനിയമം	118 - 126
9	കരംപിരിവ്	127 - 146
10	മന്ത്രാലോചന	147 - 159
11	സന്ധ്യാദിഷഡ്ഗുണങ്ങൾ	160 - 215

ഒമ്പതാമദ്ധ്യായം

1	ദമ്പതീധർമ്മം	1 - 25
2	പുത്രവിഷയം	26 - 56
3	സ്ത്രീകളുടെ ആപദ്ധർമ്മം	57 - 73
4	ദമ്പതികൾ പിരിഞ്ഞിരിക്കുമ്പോൾ ചെയ്യേണ്ട ധർമ്മം	74 - 103
5	ദായഭാഗം	104 - 111
6	ഭാഗനിർണ്ണയം	112 - 191
7	സ്ത്രീധനം	192 - 220
8	ദ്യൂതം	221 - 230
9	ചില പൊതുവായ ദണ്ഡങ്ങൾ	231 - 250
10	രാജധർമ്മം	251 - 325
11	വൈശ്യധർമ്മം	326 - 333
12	ശൂദ്രധർമ്മം	334 - 336

ചില പരിഭാഷകളിലെ ക്ഷത്രിയധർമ്മം എന്ന തലക്കെട്ടിനു കീഴിൽ കൊടുത്തിരിക്കുന്ന ചില കാര്യങ്ങളിൽപ്പോലും രാജാവിന്റെ ധർമ്മങ്ങൾ മാത്രമാണു വരുന്നത്. ക്ഷത്രിയരിൽ രാജാവു മാത്രമല്ലല്ലോ ഉൾപ്പെടുന്നത്. രാജാവായ ഒരു വ്യക്തിയുടെയും, അല്ലാത്ത ക്ഷത്രിയരുടെയും -ഭടന്മാർ, സൈനികർ, മന്ത്രിമാർ തുടങ്ങിയവർ- ധർമ്മങ്ങൾ ഒന്നല്ലല്ലോ. അതിന്റെ കാരണം, ക്ഷത്രിയനെന്ന വർണ്ണത്തിൽ ഉൾപ്പെടുന്ന ആളുകളുടെ ധർമ്മമല്ല; രാജാക്കന്മാരുടെ ധർമ്മമാണ് മനുസ്മൃതി ക്ഷത്രിയധർമ്മമായി നിർവ്വചിക്കുന്നത് എന്നതുതന്നെയാണ്.

വൈശ്യവർണ്ണികളുടെ കാര്യത്തിലും ഇത് ഏറെക്കുറെ ശരിയാണ്.കൃഷിയും കച്ചവടവും ചെയ്യുന്നയാളുടെ ധർമ്മങ്ങളും ചുമതലകളും കർത്തവ്യങ്ങളുമാണ് വിവരിക്കുന്നത്. അതൊക്കെ, കൃഷിക്കാരന്റെയും വ്യാപാരിയുടെയും സാമൂഹികധർമ്മങ്ങളാണ്; വൈശ്യവർണ്ണജന്റെ പൊതുധർമ്മമല്ല എന്നുതന്നെ കാണാം.വൈശ്യവർണ്ണികളൊക്കെ കച്ചവടവും കൃഷിയുംമാത്രം കർമ്മമായി സ്വീകരിച്ചവരാകണ

മെന്നില്ലല്ലോ. അതായത്, മനുസ്മൃതി നിശ്ചയിച്ച വർണ്ണധർമ്മങ്ങൾ പോലും, കുല ത്തൊഴിൽ എന്നരീതിയിലല്ല എന്ന് മനസ്സിലാക്കേണ്ടിവരുന്നു.അതുപോലെതന്നെ, ആ ധർമ്മങ്ങൾ പ്രസ്തുത വർണ്ണങ്ങളിലെ സ്ത്രീകളെ പ്രതിനിധാനം ചെയ്യുന്നുമി ല്ല. ഓരോരോ ജോലികൾ ചെയ്യുന്നവർ പാലിക്കേണ്ട ധർമ്മങ്ങൾ എന്നതിനുമപ്പുറം എന്തെങ്കിലും മാനം ആ പരാമർശങ്ങൾക്കില്ല എന്നതാണു വാസ്തവം.

വിശ്വപുരുഷന്റെ ബാഹുക്കളിൽനിന്നുണ്ടായവരാണ് ക്ഷത്രിയർ എന്ന വാദത്തെ അസാധുവാകുന്ന ഒരു ചരിത്ര സത്യം ദക്ഷിണഭാരതത്തിൽനിന്നു തന്നെ കാണാം: ഉത്തരഭാരതത്തിൽ ആര്യാധിപത്യം സ്ഥാപിതമായതിനു ശേഷവും, വളരെക്കാല ങ്ങളോളം ദക്ഷിണഭാരതം അതിന്റെ ദ്രാവിഡസ്വത്വത്തിൽ അറിയുറച്ചുനിന്നതാ യാണു കരുതപ്പെടുന്നത്. കർണ്ണാടകത്തിലെ കദംബവംശ സാമ്രാജ്യസ്ഥാപകനായ മയൂരവർമ്മനാണ് അഹിച്ഛത്രത്തിൽനിന്നും ബ്രാഹ്മണരെ അങ്ങോട്ട് കൊണ്ടുവന്ന തെന്ന് അക്കാലത്തെ ലിഖിതങ്ങളിൽ കാണുന്നു. അതിനു പ്രത്യുപകാരമായി മയൂ രവർമ്മന് ക്ഷത്രിയപദം നല്കിക്കൊണ്ടാണ് ആര്യന്മാർ ദക്ഷിണേന്ത്യയിൽ വർണ്ണ വ്യവസ്ഥിതിക്ക് ആരംഭം കുറിച്ചത്. എ.ഡി-345 മുതൽ 365വരെയാണ് മയൂരവർമ്മ ന്റെ ഭരണകാലം. എ.ഡി.566വരെ നിലനിന്ന കദംബരാജവംശം, അങ്ങനെ തെന്നി ന്ത്യയിലെ ആദ്യത്തെ 'ക്ഷത്രിയ രാജവംശ'വുമായി. അത്തരത്തിൽ ക്ഷത്രിയസമൂ ഹങ്ങളെ സൃഷ്ടിച്ചതിന് മറ്റൊരു കാരണംകൂടിയുണ്ട്: ക്ഷത്രിയരല്ലാത്തവരിൽനി ന്നും, വിശേഷിച്ചു ചാതുർവർണ്യത്തിന് പുറത്തുള്ളവരിൽനിന്നും ദാനംസ്വീകരി ക്കുന്നത് നിഷിദ്ധമാണ് എന്ന, ആര്യബ്രാഹ്മണ്യ നിയമത്തെ മറികടക്കുന്നതിനുള്ള തന്ത്രമായിരുന്നു ആ കൃത്രിമ ക്ഷത്രിയസൃഷ്ടി. ക്ഷത്രിയപദം നൽകിയതിനു പക രമായി ബ്രാഹ്മണർക്ക് രാജാക്കന്മാർ കണക്കില്ലാത്തത്ര ഭൂമി ദാനംനൽകി, അവരെ ഗ്രാമങ്ങളാക്കി കുടിയിരുത്തി. എ.ഡി.രണ്ടാം നൂറ്റാണ്ടിനും ആറാംനൂറ്റാണ്ടിനും ഇട യിൽ കല്യാണി-ചാലൂക്യവംശങ്ങളും, പിന്നീട് ഏഴ്, എട്ട് നൂറ്റാണ്ടുകളിലെ കാഞ്ചീ പുരത്തെ പല്ലവരാജാക്കന്മാരും, പിന്നീട് എട്ട്, ഒൻപത്, പത്ത് നൂറ്റാണ്ടുകളിൽ ചോള -പാണ്ഡ്യവംശക്കാരും അധിനിവേശബ്രാഹ്മണർക്കു ഗ്രാമങ്ങൾ നൽകിയതു തെളി യിക്കുന്ന ദാനപത്രങ്ങൾ ലഭ്യമായിട്ടുണ്ട്. അതിന്റെ ഭാഗമായി അവിടെ നിലനിന്നി രുന്ന രാജവംശങ്ങളെ ക്ഷത്രിയരോ സാമന്തരോ ആക്കുകയും, അവയിൽ ചിലരെ സൂര്യ-ചന്ദ്ര-യാദവവംശങ്ങളോടു ബന്ധിപ്പിക്കുകയും ഉണ്ടായി. അനന്തരം, ബ്രാഹ്മ ണർ അവിടെയുണ്ടായിരുന്ന ദ്രാവിഡഗോത്രങ്ങളെ പല ജാതികളാക്കിമാറ്റുകയും, വിഭിന്ന ജാതികൾക്കു വ്യത്യസ്തമായ സാമൂഹിക പദവികൾ നിർണ്ണയിക്കുകയും ചെയ്തു. വിശ്വപുരുഷന്റെ ബാഹുക്കളിൽനിന്നല്ല ദക്ഷിണ ഭാരതത്തിലെ ക്ഷത്രി യർ ഉണ്ടായത് എന്നാണല്ലോ ഈ ചരിത്രവസ്തുത വെളിപ്പെടുത്തുന്നത്. ഭാരതത്തി ന്റെ ഇതര ഭാഗങ്ങളിലും അതിനു സമാനമായ വർണ്ണോത്പത്തി സംഭവിച്ചിട്ടുണ്ടാ കാമല്ലോ. അതായത്, ബ്രാഹ്മണരുടെ ആഢ്യത്വം മാത്രമല്ല; മറ്റു വർണ്ണികളുടെ നില യും വിലയുമെല്ലാം സൃഷ്ടിച്ചത് ബ്രാഹ്മണരാണെന്നു നിശ്ചയം. മനുഷ്യരെയാണ് പരമപുരുഷൻ സൃഷ്ടിച്ചതെന്നും, അവരെ സ്വാർത്ഥതാത്പര്യങ്ങൾക്കനുസരിച്ചു വിഭജിച്ച് മനുഷ്യർ തന്നെയാണ് വർണ്ണവിഭജനം നടപ്പാക്കിയതെന്നുമാണല്ലോ ഇതി ൽനിന്നും മനസ്സിലാക്കേണ്ടത്. പരമപുരുഷൻ അവർക്ക് ഒരു മറ മാത്രമായിരുന്നു.

ക്ഷത്രിയത്വത്തിന്റെ ഉത്ഭവം

ഭാരതത്തിൽ രാജകീയഭരണകൂടം ഉത്ഭവിച്ചതെങ്ങനെയെന്ന് മഹാഭാരതം ശാന്തി പർവ്വത്തിൽ ഭീഷ്മർ വിവരിച്ചിട്ടുണ്ട്: കൃതയുഗത്തിൽ ജനങ്ങൾ ധർമ്മമനുസരിച്ച് പരസ്പരം സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തുപോന്നതിനാൽ, രാജാവിന്റെയും ദണ്ഡനീതിയുടേയും ആവശ്യമുണ്ടായിരുന്നില്ല. പക്ഷേ, യുഗം മാറിയതോടെ കാലക്രമത്തിൽ കാമം,ക്രോധം,ലോഭം,മോഹം മുതലായവ ജനങ്ങളെ ബാധിച്ചു. അതോടുകൂടി ധർമ്മത്തിനു നാശം സംഭവിക്കുകയും അധർമ്മം പടർന്നുപിടിക്കുകയും ചെയ്തു. ആ ദുഃസ്ഥിതി പരിഹരിക്കുവാൻ വേണ്ടി ദേവന്മാർ ബ്രഹ്മാവിനെ സമീപിച്ചപ്പോൾ, അദ്ദേഹമാണ് രാജാവിനെ സൃഷ്ടിച്ചത് എന്നാണ് ഭീഷ്മർ പറയുന്നത്. ഇത് നാം കേട്ടറിഞ്ഞിട്ടുള്ള ചാതുർവർണ്യ ഉത്പത്തിയെ അസാധുവാക്കുന്നതാണല്ലോ.അങ്ങനെ രാജാവിനെ സൃഷ്ടിച്ചപ്പോൾ, അതിന് സ്വീകരിച്ച മാനദണ്ഡം കായബലമായിരുന്നു-ബലവാൻ ജായതോ രാജഃ- എന്നുംകൂടി മഹാഭാരതം പ്രസ്താവിക്കുമ്പോൾ അത് യുക്തിസഹമായ ഒരു സൃഷ്ടിവാദമാണെന്ന് വരുന്നു. അതുകൊണ്ട് ആ പരികല്പനയ്ക്ക്, പുരുഷസൂക്തത്തിന്റെ ചെലവിൽ നടക്കുന്ന കാപട്യപ്രചാരണത്തെക്കാൾ വിശ്വാസ്യതയും സ്വീകാര്യതയുമുണ്ട്. വ്യാസമഹർഷിക്കും മഹാഭാരതത്തിനും സ്ഥാപിതതാത്പര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ആ സത്യം സത്യമായി അവതരിപ്പിച്ചിരിക്കുന്നത്.

ഇതിഹാസപുരാണങ്ങളിൽ കാണുന്ന ക്ഷാത്രഗുണത്തെക്കുറിച്ചുള്ള പരാമർശങ്ങളുടെ അടിസ്ഥാനവും അതുതന്നെയാണ്. അതിനർത്ഥം, പുരാണങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന രാജാക്കന്മാരൊക്കെ ചാതുർവർണ്യവ്യവസ്ഥിതിയുടെ വ്യാഖ്യാനപരിധികളിൽ പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രത്യേകജാതിയിൽ ജനിച്ചവരായിരുന്നില്ല എന്നുതന്നെയാണല്ലോ. ഇതിഹാസങ്ങളിൽ അതിനെ സാധൂകരിക്കുന്ന അനവധി ഉദാഹരണങ്ങളുണ്ട്. മഹാഭാരതത്തിലെ കുരുവംശജരുടെ പിതാമഹർ, പുരുവംശം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പുരുവംശസ്ഥാപകനായ പുരു, പുരാണപ്രസിദ്ധനായ യയാതിക്ക് ശർമ്മിഷ്ഠയിലുണ്ടായ മകനാണ്.ശർമ്മിഷ്ഠ അസുരവംശജയാണ്. അസുരരാജാവായ വൃഷപർവ്വാവിന്റെ പുത്രിയാണ് അവർ. അസുരയുവതിയിൽ ഉണ്ടായ പുരു ക്ഷത്രിയനാകുന്നത് രാജാവായതുകൊണ്ടാണ്; ചാതുർവർണ്യത്തിലെ ക്ഷത്രിയ വർണ്ണി ആയതിനാലല്ല. സ്മൃതിനിയമമനുസരിച്ച് സങ്കരവർണ്ണികൾക്ക് ചാതുർവർണ്യവ്യവസ്ഥയ്ക്കു പുറത്താണ് സ്ഥാനം. പുരാതനകാലത്തുജീവിച്ചിരുന്ന അനാര്യസമൂഹങ്ങളെയാണ് അസുരർ എന്ന് ആര്യസമൂഹങ്ങൾ അടയാളപ്പെടുത്തിയിരുന്നത് എന്ന ചരിത്രകാരന്മാരുടെ നിഗമനം കൂടി പരിഗണിച്ചാൽ കഥയാകെ മാറും. വർണ്ണസങ്കരം സംഭവിച്ച ആ പരമ്പരയിൽ വരുന്ന നിലീലനും ദുഷ്യന്തനും ഭരതനും ഹസ്തിയും കുരുവും ശന്തനുവും അടക്കമുള്ള പതിനാറുതലമുറകൾ മനുസ്മൃതിയുടേയും വർണ്ണവിശുദ്ധിവാദികളുടേയും അളവുകോലുകൊണ്ട് അളന്നാൽ, ചാതുർവർണ്യത്തിനു വെളിയിൽ പോകേണ്ടവരാണല്ലോ. എന്തുകൊണ്ടെന്നാൽ, മനുസ്മൃതിയുടെ ഭാഷയിൽ സങ്കരസന്താനങ്ങളും അവരുടെ പിന്തലമുറകളും ശൂദ്രരെക്കാൾ അധമരാണ്.(മനുസ്മൃതി അധ്യായം പത്തിലെ വിവിധ ശ്ലോകങ്ങൾ: സങ്കര-അന്തരാള-പ്രതിലോമജാതികൾ).

യയാതിയുടെ മറ്റൊരു പത്നിയായ ദേവയാനിയിൽ ഉണ്ടായ മക്കളാണ് യദുവംശ സ്ഥാപകനായ യദുവും യവനവംശ സ്ഥാപകനായ തുർവ്വസും. മഹാഭാരതത്തിലെ പ്രധാനികളായ ഒരുപാടു രാജാക്കന്മാർ ഉൾപ്പെടുന്ന യദുവംശവും യവനവംശവും, യായതിയുടെ ശാപംകാരണം ക്ഷത്രിയത്വംനഷ്ടപ്പെട്ടവരാണെന്ന് ഭാഗവതം നിരൂപിക്കുന്നു.(ആ കഥ 'യദുവംശോത്പത്തി'യെന്ന അധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്). ആ വംശാവലിയിലെ മഹാരഥന്മാരായ രാജാക്കന്മാരുടെ ക്ഷാത്രവീര്യവർണ്ണനകളും ക്ഷത്രിയ വർണ്ണത്തിന്റെ കണക്കിൽ ഉൾപ്പെടുത്താനാകുമോ? കുരുവംശ പ്രധാനിയായ ശന്തനുവിന് സത്യവതിയെന്ന കൈവർത്തക യുവതിയിൽ ഉണ്ടായ പുത്രരാണ് വിചിത്രവീരനും ചിത്രാംഗദനും. കൈവർത്തകർ ഉത്തരഭാരതത്തിലെ അധഃസ്ഥിതരായ മുക്കുവരുടെ ജാതിയാണെന്നും മനുസ്മൃതിയിൽ പറയുന്നുണ്ട്. (അധ്യായം:10, സൂക്തം:34). സത്യവതിയുടെ പിതാവായ മാത്സ്യനും, കൈവർത്തക കന്യയുടെ പുത്രരായ വിചിത്രവീരനും ചിത്രാംഗദനും വംശവിശുദ്ധിവാദികളുടെ നിയമങ്ങൾ നിഷേധിച്ചുകൊണ്ടു രാജാവായത് പാരമ്പര്യത്തിന്റെ ബലത്തിലാണ്; ക്ഷത്രിയവർണ്ണികളായതിനാലല്ല.വിചിത്രവീരന്റെ ഭാര്യമാരായ അംബാലികയും അംബികയുമാണല്ലോ യഥാക്രമം പാണ്ഡുവിന്റേയും ധൃതരാഷ്ട്രരുടെയും അമ്മമാർ. അവരിൽ, ശൂദ്രനായ വേദവ്യാസന് ഉണ്ടായ പാണ്ഡുവിന്റെയും ധൃതരാഷ്ട്രരുടെയും ക്ഷത്രിയത്വത്തിന് രാജത്വമെന്നേ അർത്ഥമുള്ളൂ. പാണ്ഡുവിന്റെ പത്നിയായ കുന്തിയിൽ വിവിധ ദേവന്മാരുടെ അംശമായി ഉണ്ടായ പാണ്ഡവരും വംശവിശുദ്ധിയുടെ മാനദണ്ഡങ്ങൾക്ക് പുറത്താണ്. കാരണം, യാദവരാജാവായ ശൂരസേനന്റെ പുത്രിയാണു കുന്തി. കുരുക്ഷേത്രയുദ്ധശേഷം, പാണ്ഡവവംശത്തിന്റെ പിൻഗാമിയായ അഭിമന്യു, അർജ്ജുനന്റെ പുത്രനാണ് എന്നതുപോലെതന്നെ, പിറന്നത് ശ്രീകൃഷ്ണന്റെ സഹോദരിയായ സുഭദ്രയുടെ (യാദവ)ഗർഭത്തിലാണ്. മറുവശത്തു കൗരവരുടെ അനന്തരാവകാശിയായ് നിയോഗിക്കപ്പെട്ട യുയുത്സുവും ക്ഷത്രിയൻ ആയിരുന്നില്ല. അദ്ദേഹം ധൃതരാഷ്ട്രർക്കു വൈശ്യസ്ത്രീയിൽ പിറന്ന അവിഹിത പുത്രനാണല്ലോ. അങ്ങനെനോക്കുമ്പോൾ,മഹാഭാരതത്തിലെ പ്രബലരാജാക്കന്മാർ ആരും തന്നെ മനുസ്മൃതിയുടെ അളവുതികഞ്ഞ കറകളഞ്ഞ ക്ഷത്രിയവർണ്ണികളായിരുന്നില്ല എന്നതാണ് പരമാർത്ഥം.അവരൊക്കെ ക്ഷത്രിയർ എന്നുവിളിക്കപ്പെട്ടത് രാജാക്കന്മാരായതുകൊണ്ടാണ്; ക്ഷത്രിയവർണ്ണികളായതുകൊണ്ടല്ല.

കാർത്തവീര്യാർജ്ജുനനും ക്ഷത്രിയനല്ല; യാദവനായിരുന്നു

നായകനിരയിലേതുമാത്രമല്ല, പ്രതിനായകസമൂഹങ്ങളിലെ രാജാക്കന്മാരുടെ കഥയും വ്യത്യസ്തമല്ല. പൗരാണികഭാരതത്തിലെ ഏറ്റവും വലിയ വിശുദ്ധവംശഹത്യയായ് ബ്രാഹ്മണ്യം അഭിമാനത്തോടെ അവതരിപ്പിക്കുന്ന പരശുരാമന്റെ ക്ഷത്രിയഹത്യക്കു നിമിത്തമായ കാർത്തവീര്യാർജ്ജുനൻ എന്ന മഹാരാജാവ് ക്ഷത്രിയനായിരുന്നില്ല; യാദവനായിരുന്നു. യാദവർ, ശാപമേറ്റു ക്ഷത്രിയത്വത്തിൽനിന്നും പുറത്തായ യദുവിന്റെ(യയാതിപുത്രൻ) പിൻതലമുറക്കാരാണല്ലോ. വിശദവിവരങ്ങൾ യദുവംശോത്പത്തിയെന്ന അധ്യായത്തിൽ വായിച്ചതാണല്ലോ. യദു-സഹസ്രജിത്--ശതജിത്-ഹേഹയൻ-ധർമ്മൻ-കണി-ഭദ്രസേനൻ-ധനകൻ-കൃതവീര്യൻ-കാർത്തവീര്യാർജ്ജുനൻ എന്നതാണ് അദ്ദേഹത്തിന്റെ വംശാവലി. യദുവംശജർ ആയിരു

ന്നെങ്കിലും, കാർത്തവീര്യാർജ്ജുനനനും ഹേഹയനു ശേഷമുള്ള അദ്ദേഹത്തിന്റെ മുൻഗാമികളും ഹേഹയന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. ഹേഹയരാജാവെന്ന പ്രസിദ്ധിയാണ് കാർത്തവീര്യാർജ്ജുനന്റെ യാദവപശ്ചാത്തലം മറയ്ക്കുന്നത്.

ബ്രാഹ്മണരായ ഭാർഗ്ഗവന്മാരായിരുന്നു ഹേഹയന്മാരുടെ കുലാചാര്യന്മാർ. ദാനധർമ്മികളായ ഹേഹയന്മാരിൽനിന്നും കണക്കില്ലാത്തത്ര സമ്പത്ത് ദാനമായി നേടിയ ഭാർഗ്ഗവന്മാർ കാലക്രമേണ അതിസമ്പന്നരായിത്തീർന്നു(!). ഇടക്കാലത്തു ക്ഷയിച്ച ഹേഹയരാജാക്കന്മാർ ഭാർഗ്ഗവന്മാരിൽനിന്നും കുറച്ചു പണം കടമെടുക്കാൻ തീരുമാനിച്ച് അവരെ സമീപിച്ചു. എങ്കിലും, ഭാർഗ്ഗവന്മാർ അവരെ കൈയ്യൊഴിയുകയാണുണ്ടായത്. അതിൽ കുപിതരായ ഹേഹയർ ബ്രാഹ്മണരായ ഭാർഗ്ഗവന്മാരെ ആക്രമിച്ചു. ബ്രാഹ്മണർ തങ്ങളുടെ സമ്പത്തൊക്കെ ആശ്രമത്തറകളിൽ കുഴിച്ചിട്ട് ഹിമാലയത്തിലേക്ക് രക്ഷപ്പെട്ടു. എന്നാൽ, അവർക്കിടയിലെ പക കെടാതെ നിലനിന്നു. ഒളിവുജീവിതത്തിനിടെ, ഭൃഗുവംശജനായ ച്യവനന് ആരുഷിയിൽ പിറന്ന ഊർവ്വൻ(ഔർവ്വൻ) ഹേഹേയന്മാരെ ഒന്നാകെ നശിപ്പിക്കാൻവേണ്ടി കഠിനതപസ്സിൽ ഏർപ്പെട്ടു. തപഃശക്തികൊണ്ടു ലോകം ദഹിക്കാൻ തുടങ്ങിയതോടെ പിതൃക്കൾ പ്രത്യക്ഷപ്പെട്ട് തടുക്കാൻ ശ്രമിച്ചു. എന്നാൽ, ഔർവ്വൻ പിന്മാറാൻ തയ്യാറായില്ല. ഒടുവിൽ, ഔർവ്വന്റെ രോഷാഗ്നി ലോകത്തെ ആകമാനം നശിപ്പിക്കുമെന്നും, അതുകൊണ്ട് അരുതെന്നും ദേവന്മാർ മുന്നറിയിപ്പു നൽകി. അതോടെ ഔർവ്വൻ തന്റെ കോപാഗ്നിയെ കടലിലുപേക്ഷിച്ച് പിൻവാങ്ങി. ഭൃഗുവംശത്തിൽ പ്രതാപിയായ പരശുരാമനും ഹേഹയവംശത്തിൽ വീര്യവാനായ കാർത്തവീര്യാർജ്ജുനനനും ജനിച്ചതോടെയാണ്, ചാരംമൂടിക്കിടന്ന കുടിപ്പകയുടെ കനലുകൾ വീണ്ടും ജ്വലിക്കാൻ തുടങ്ങിയത്(വംശാവലി:ഭൃഗു-ച്യവനൻ-ഊർവ്വൻ-ഋചീകൻ-ജമദഗ്നി-പരശുരാമൻ).മഹാഭാരതം ആദിപർവ്വത്തിലെ 178 മുതൽ 180 വരെയുള്ള അധ്യായങ്ങളിൽ വിവരിക്കുന്ന ആ സംഭവങ്ങളുടെ അനന്തരഫലമാണ്, കാർത്തവീര്യാർജ്ജുനനനും ജമദഗ്നിപുത്രനായ പരശുരാമനും തമ്മിലുണ്ടായ സംഘർഷവും, അനന്തരം പരശുരാമൻ നടപ്പാക്കിയ ക്ഷത്രിയഹത്യ എന്നറിയപ്പെടുന്ന ഹേഹയവംശഹത്യയും.

കാർത്തവീര്യാർജ്ജുനന്റെ ജീവിതത്തിലുടനീളം അധമ്യമായ ബ്രാഹ്മണവിരോധത്തിന്റെ അലയൊലികളുണ്ട്. ബ്രാഹ്മണനാണോ ക്ഷത്രിയനാണോ കൂടുതൽ മഹത്വമെന്ന വായുഭഗവാനുമായുള്ള വാഗ്വാദത്തിനൊടുവിൽ കിട്ടിയ ശാപവും(മഹാഭാരതം അനുശാസനപർവ്വം,അധ്യായം:152), ആപവൻ എന്ന മഹർഷിയുടെ ശാപഫലമായി രാവണൻ കാർത്തവീര്യന്റെ കൈകൾആയിരവും അറുത്തുകളഞ്ഞതും ഒക്കെ അതിനുള്ള തെളിവുകളാണ്. ബ്രാഹ്മണരും അതേ നിലയിൽത്തന്നെയുള്ള വിരോധം ഹേഹയരോടു പുലർത്തിയിരുന്നു. ബ്രഹ്മാണ്ഡപുരാണം അൻപത്തിയെട്ടാമധ്യായത്തിലെ പരാമർശങ്ങൾ പ്രകാരം പരശുരാമൻ മാതാവായ രേണുകയുടെ ശിരസ്സറുക്കുന്നതിലേക്കു നയിച്ച സംഭവത്തിലും, കാർത്തവീര്യന്റെ സാന്നിധ്യമുണ്ടെന്നുകാണാം. ജലമെടുക്കുന്നതിനുവേണ്ടി രേവാനദിയിലേക്കു തിരിച്ച ജമദഗ്നി മഹർഷിയുടെ പത്നി രേണുക, മടങ്ങിയെത്താൻ വൈകിയതും കാർത്തവീര്യാർജ്ജുനനനും കാമിനിമാരുമായുള്ള ജലക്രീഡ അവസാനിക്കാൻ കാത്തുനിന്നതുമൂലമാണ്. അവർ പോയതിനുശേഷം ജലമെടുക്കാൻ ഒരുങ്ങിയെങ്കിലും, പുഴ കലങ്ങി

മറിഞ്ഞുകിടന്നതുകൊണ്ട് മറ്റൊരു ഭാഗത്തേക്കു പോകേണ്ടിവന്നു. അവിടെയാണ് സ്വാലരാജാവായ ചിത്രരഥൻ ഭാര്യമാരോടൊത്തു ജലക്രീഡ നടത്തുന്നതു രേണുക കണ്ടു നിന്നുപോയത്. ഒരുപക്ഷെ, കാർത്തവീര്യാർജ്ജുനന്റെ കാമിനിമാരുമായുള്ള ജലക്രീഡ കണ്ടുനിന്നു എന്ന തോന്നലാവണം ജമദഗ്നിമഹർഷിയെ പ്രകോപിതനാക്കിയതും, പുത്രനായ പരശുരാമനെക്കൊണ്ട് അമ്മയുടെ ശിരസ്സറുക്കാൻ പ്രേരിപ്പിച്ചതും.നാം കേട്ടറിഞ്ഞ പരശുരാമന്റെ മാതൃഹത്യയുടെ കഥയിൽനിന്നും കാർത്തവീര്യാർജ്ജുനന്റെ ഭാഗം ഒഴിവായതു സ്വഭാവികമാണോ എന്നാലോചിക്കുക. ഒപ്പം പരശുരാമന്റെ ക്ഷത്രിയഹത്യയുടെ യഥാർത്ഥ കാരണം മറച്ചുവെച്ചതും.

അത്രമേൽ വിരോധം മനസ്സിൽ സൂക്ഷിച്ചിരുന്ന കാർത്തവീര്യാർജ്ജുനൻ, നായാട്ടിനിടെ ജമദഗ്നിമഹർഷിയുടെ ആശ്രമത്തിൽ എത്തി ആതിഥ്യം സ്വീകരിച്ചെന്നും, മൃഷ്ടാന്നഭോജനമൊരുക്കിയ മഹർഷിയുടെ ദിവ്യപശുവിൽ മോഹിതനായി കലഹിച്ചുവെന്നുമുള്ള കഥ വെറും കാല്പനികതയാവാനാണു സാധ്യത. പശു എന്നതുകൊണ്ടുദ്ദേശിച്ചത് മുനിയുടെ സമ്പത്തുതന്നെയാകാനാണ് സാധുത. അതിന്മേൽ ഉണ്ടായ അവകാശവാദങ്ങളാവണം ജമദഗ്നിമഹർഷിയുടെ വധത്തിലും, അനന്തരം സംഭവിച്ച പരശുരാമന്റെ ക്ഷത്രിയവംശഹത്യയിലും അവസാനിച്ചത്. രാജ്യത്തെ സമ്പത്തിനുമേൽ രാജാവിനുള്ള അവകാശത്തെ മുൻനിറുത്തിയാണ് കാർത്തവീര്യാർജ്ജുനൻ പശുവിനുമേൽ ആവശ്യമുന്നയിച്ചത് എന്നതുതന്നെയാണ് ആ നിഗമനത്തിനുള്ള സംഭാവ്യത. അക്കാലത്ത്, രാജാക്കന്മാർ അധികാരമേറ്റെടുക്കുമ്പോൾ ചെയ്തിരുന്ന,'ബ്രാഹ്മണരേയും ഗോക്കളേയും രക്ഷിച്ചുകൊള്ളാം' എന്ന പ്രതിജ്ഞയുടെ അർത്ഥവും, ബ്രാഹ്മണരേയും അവരുടെ വസ്തുവകകളെയും സംരക്ഷിച്ചുകൊള്ളാമെന്നുതന്നെയാകാനാണ് സാധ്യത. അങ്ങനെ നോക്കുമ്പോൾ, ബ്രാഹ്മണ-ക്ഷത്രിയ സംഘർഷം എന്നതിനേക്കാൾ, അതൊരു ബ്രാഹ്മണ-യാദവ സംഘട്ടനമായിരുന്നു എന്ന് ഉറപ്പിക്കാം. അതിനെ, ബ്രാഹ്മണ-ക്ഷത്രിയ വർണ്ണങ്ങൾ തമ്മിലുള്ള സംഘർഷമായി വ്യാഖ്യാനിക്കുന്നത് വസ്തുതാപരമായി ശരിയല്ല. ഈ സംഭവവും സമർത്ഥിക്കുന്നത്, പൗരാണികഗ്രന്ഥങ്ങളിൽ കാണുന്ന ക്ഷത്രിയർ പ്രതിനിധാനം ചെയ്യുന്നത് ക്ഷത്രിയവർണ്ണത്തെയല്ല, രാജവംശത്തെയാണ് എന്നതാണ്.

അധികാരപരിധിയെ സംബന്ധിച്ച് പുരോഹിതരും രാജാക്കന്മാരും തമ്മിൽ എക്കാലത്തും സംഘർഷമുണ്ടായിട്ടുണ്ട്. ബ്രാഹ്മണനിർമ്മിത നിയമങ്ങളുടെ ബലത്തിൽ, പലപ്പോഴും രാജാക്കന്മാർക്കുമേൽ പൗരോഹിത്യം മേൽക്കോയ്മ നേടിയിട്ടുമുണ്ട്. എങ്കിലും, ചരിത്രവും പുരാണങ്ങളും പഠിക്കുമ്പോൾ മനസ്സിലാകുന്നത്, വ്യത്യസ്ത വംശങ്ങളും ഗോത്രങ്ങളും ഉൾക്കൊള്ളുന്ന ക്ഷത്രിയപക്ഷത്തു പൗരോഹിത്യ നിലപാടുകൾക്കെതിരെ നിരന്തരം പൊരുതിനിന്ന സമുദായമായിരുന്നു യാദവർ എന്നതാണ്. ബ്രാഹ്മണരുടെ ആദ്യകാല ആരാധനാമൂർത്തിയായിരുന്ന ദേവേന്ദ്രനെ തിരസ്കരിച്ച ശ്രീകൃഷ്ണന്റെ സമയം മുതൽ തുടങ്ങിയ ബ്രാഹ്മണ-യാദവപ്പോരിലെ ഒരധ്യായം മാത്രമാണ് ഇത്. സൂക്ഷ്മാർത്ഥത്തിലേക്കു പോയാൽ, ആ ആര്യ-യാദവ വൈരത്തിന്റെ വിഭിന്ന അധ്യായങ്ങളാണ് ഭാരതത്തിന്റെ ഇതപര്യന്ത്യമുള്ള ചരിത്രം. ആധുനികകാലത്തും അതിന്റെ അലയൊലികൾ കാണാം. ബ്രാഹ്മണിക്കൽ

രാഷ്ട്രീയത്തിന്റെ തേരോട്ടങ്ങളെ നേർക്കുനേർ നിന്നു പ്രതിരോധിക്കാൻ എക്കാലത്തും ആർജ്ജവം കാണിച്ചിട്ടുള്ളത് യാദവരായ രാഷ്ട്രീയനേതാക്കളാണല്ലോ. വർത്തമാനകാല ഇന്ത്യൻരാഷ്ട്രീയം സൂക്ഷ്മമായി നിരീക്ഷിച്ചാൽ, ആ വിരുദ്ധധാരകളുടെ ഏറ്റുമുട്ടലുകളും അതിന്റെ ഭാഗമായ അടിയൊഴുക്കുകളും ദൃശ്യമാണ്.

[പിൻകുറിപ്പ്: പൗരാണികകാലത്ത് രാജാക്കൻമാരുടെ പോലും മുഖ്യസമ്പത്ത് ഗോക്കളായിരുന്നു. അന്നും, പിൽക്കാലത്തും ഗോക്കൾക്കു കിട്ടിയ പരിഗണനയുടെ പ്രധാന കാരണവും അതായിരുന്നു. മഹാഭാരതത്തിലെ വിരാടപർവ്വത്തിൽ, അജ്ഞാതവാസമനുഷ്ഠിച്ചിരുന്ന പാണ്ഡവരെ യുദ്ധത്തിനിറക്കാൻ ദുര്യോധനൻ ചെയ്ത തന്ത്രം അവരുടെ ഗോക്കളെ അപഹരിക്കുകയായിരുന്നു. പാണ്ഡവർ മാത്സ്യരാജ്യത്ത് ഒളിവിൽ കഴിയുന്നതായി സംശയിച്ച ദുര്യോധനൻ, അവരെ കണ്ടെത്തുന്നതിനും, അജ്ഞാതവാസനിബന്ധന തെറ്റിച്ചെന്ന പേരിൽ വീണ്ടും വനവാസത്തിനയക്കുന്നതിനും തിരഞ്ഞെടുത്ത സൂത്രമായിരുന്നു അത്. പശു ഐശ്വര്യദേവതയായത് അക്കാലത്തെ സമ്പത്തായതിനാലാണ് എന്നതാണ് സത്യം.]

ശൂദ്രർ

ആധുനിക ഇന്ത്യയിലെ ജനസംഖ്യയുടെ 52 ശതമാനം ജനങ്ങൾ, ചാതുർവർണ്യവ്യവസ്ഥയിലെ അന്ത്യജവർണ്ണികളായ ശൂദ്രരുടെ പിൻതലമുറക്കാരാണ്. നിലവിലെ അവസ്ഥയിൽ അവരുടെ എണ്ണം ഏകദേശം അറുപത്തഞ്ചുകോടിയ്ക്കടുത്തുണ്ട്. ശൂദ്രരെന്ന് ഇപ്പോൾ ഗണിക്കപ്പെടുന്ന അധഃസ്ഥിതജനസമൂഹങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു വിഭാഗമായിരുന്നില്ല ബ്രാഹ്മണ്യാധിപത്യത്തിനു ചുവട്ടിൽ ശൂദ്രവർണ്ണം. സാമൂഹികവും സാമ്പത്തികവുമായി പിൽക്കാലത്ത് ഉയർന്ന സ്ഥിതി കൈവരിച്ച, പട്ടേൽ, ഗൗഡ, കമ്മ, ജാട്ട്, നായർ, റെഡ്ഢി, കാപ്പു, മറാത്തർ, ഗുജ്ജർ എന്നീ വിഭാഗങ്ങൾ ചാതുർവർണ്യവ്യവസ്ഥിതിയുടെ കണക്കിൽ ശൂദ്രരായിരുന്നു എന്ന കാര്യം കൂടി പരിഗണിച്ചാണ് ആ പറഞ്ഞ കണക്ക്. ക്ഷത്രിയരെന്ന് അറിയപ്പെട്ടിരുന്ന രാജസമൂഹങ്ങളുടെ അന്ത്യത്തോടെ സംഭവിച്ച ശൂന്യതയിൽ, ആ പദവിയിൽ കയറിക്കൂടി നവയുഗക്ഷത്രിയരാകാൻ, മേല്പറഞ്ഞ ഉന്നതിപ്രാപിച്ച ശൂദ്രർ ശ്രമംനടത്തുന്നുണ്ടെങ്കിലും കഴിഞ്ഞകാലത്തെ അവസ്ഥയെ അവലംബമാക്കിയുള്ള ഈ പഠനത്തിൽ ശൂദ്രരായിത്തന്നെയേ അവരെ കണക്കാക്കാനാകൂ. അത്, അവരെ താഴ്ത്തിക്കാണിക്കാനുള്ള ശ്രമമല്ല; വിഷയത്തോടു സത്യസന്ധതപുലർത്തലാണ്. ജാതിവ്യവസ്ഥയിൽ, തങ്ങൾ ഇതര ശൂദ്രജാതികൾക്കു മുകളിലാണെന്ന ഇന്നത്തെ അവസ്ഥ മാത്രം അടിസ്ഥാനമാക്കി ശൂദ്രവർണ്ണികളെ പല പാളികളാക്കുന്നതിൽ അർത്ഥമില്ലല്ലോ. തങ്ങളിൽ ആരോപിക്കപ്പെട്ട ശൂദ്രത്വം വലിച്ചെറിയാൻ ആ സമുദായങ്ങൾ പ്രദർശിപ്പിച്ച ആർജ്ജവത്തിലെ വിപ്ലവാത്മകത, ക്ഷത്രിയത്വത്തെ ആശ്ലേഷിക്കാനുള്ള അമിതോത്സാഹമായിരുന്നു ലക്ഷ്യം എന്ന തലത്തിലെത്തുമ്പോൾ ഫലത്തിൽ അസ്വീകാര്യമാകുകയാണ്; അപഹാസ്യമാകുകയാണ്.

ശൂദ്രർ എന്ന മനുസ്മൃതി നിർവ്വചനത്തിന്റെ പരിധിയിൽവരുന്ന ജനസമൂഹങ്ങൾക്കൊക്കെ, ഒരുകാലത്ത്, അല്ലെങ്കിൽ മറ്റൊരു കാലത്തു വർണ്ണവിവേചനത്തിന്റെയും മനുഷ്യവിരുദ്ധ മനുനിയമങ്ങളുടെയും കാൽക്കീഴിൽ കഴിയേണ്ടിവന്നിട്ടുണ്ട് എന്നതാണു സത്യം. അതിൽ ചില സമൂഹങ്ങൾ കാലാന്തരത്തിൽ കരകയറി രക്ഷപ്പെട്ടു എന്നുമാത്രം. ഇക്കാലത്തും ആ ചെളിക്കുണ്ടിൽ കഴിയേണ്ടിവരുന്നവരോട്,

രക്ഷപ്പെട്ടവർ പുലർത്തുന്ന മനോഭാവം ശരിയാണോ എന്നുവിലയിരുത്താനും ഈ ഓർമ്മപ്പെടുത്തൽ ഉപകരിക്കും. വർണ്ണവ്യവസ്ഥിതി ശൂദ്രരോട് ചെയ്ത തെറ്റുകൾ തന്നെയാണ്, ജാതിവ്യവസ്ഥയിൽ തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന തിരിച്ചറിവുണ്ടാകാത്തിടത്തോളം കാലം ആര്യന്മാർ അടിച്ചേൽപ്പിച്ച വിഭജനതന്ത്രം വിജയകരമായി ഇവിടെ നിലനിൽക്കും എന്നതുകൊണ്ടാണ് അത്. മറവിയുടെ മൺപാളികൾക്കുള്ളിൽ മറവുചെയ്യാനുള്ളതല്ല അനീതികൾ ഏൽപ്പിച്ച മുറിവുകൾ.

ശൂദ്രർ ഉണ്ടായതല്ല; ശൂദ്രരെ സൃഷ്ടിച്ചതാണ്

പരമപുരുഷന്റെ പാദങ്ങളിൽനിന്നുമുള്ള ജനനമാണ് ശൂദ്രരുടെ പതിതത്വത്തിനു കാരണമായി ചാതുർവർണ്യസ്രഷ്ടാക്കൾ അവതരിപ്പിക്കുന്നത്. എന്നാൽ, പരമപുരുഷന്റെ ശരീരാംഗമായ കാൽ അശുദ്ധമാണോ എന്ന സംശയത്തിനുള്ള ഉത്തരം അവർക്കില്ലതാനും. മാത്രവുമല്ല,ഹിന്ദുദൈവങ്ങൾക്കുള്ള സ്തുതികളിൽ ഏറ്റവും അധികം പരാമർശിക്കപ്പെടുന്ന ശരീരാംഗവും പാദങ്ങളാണല്ലോ.പരംപുരുഷന്റെ വ്യാപ്തി ഭൂമിയിൽമാത്രമായി പരിമിതപ്പെടുത്തുന്ന കുതന്ത്രങ്ങളെയും തൃപ്തികരമായ നിലയിൽ സാധൂകരിക്കാൻ അവർക്കാകുന്നില്ല. പുരുഷസൂക്തത്തിലെ പ്രതിപാദനങ്ങളെ വക്രീകരിച്ചവതരിപ്പിക്കുന്ന ആ വ്യാഖ്യാനം സൃഷ്ടിക്കുന്ന പ്രതിസന്ധികൾ മറികടക്കാൻ, ചിലർ വിശ്വപുരുഷനെ സാമൂഹ്യപുരുഷൻ എന്നു തിരുത്തുന്നുണ്ട്. പക്ഷെ, ആ അട്ടിമറികളെയൊക്കെ അപ്രസക്തമാക്കുന്നതാണ് പൗരാണികഗ്രന്ഥങ്ങളിൽ കാണുന്ന എണ്ണമറ്റ വസ്തുതകൾ.

ബ്രാഹ്മണകുലപതിയായ ഭൃഗുമഹർഷി ശൂദ്രരെ നിർവ്വചിക്കുന്നത് എങ്ങനെയാണ് എന്നു നോക്കാം. വ്യാസമഹാഭാരതം ശാന്തിപർവ്വത്തിൽ, ഭൃഗുസ്മൃതിയിലെ പരാമർശങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അതിൽ പറയുന്നതനുസരിച്ച് ശരീരത്തിന്റെയും മനസ്സിന്റെയും അശുദ്ധിയാണ് ഒരാളെ ശൂദ്രനാക്കുന്നത്:

> **എല്ലാവിധ ആഹാരവും കഴിക്കുന്നവനും, എല്ലാവിധ കർമ്മവും ചെയ്യുന്നവനും, സദാ അശുചിയും, വേദമില്ലാത്തവനും, ആചാരാനുഷ്ഠാനങ്ങൾ വിട്ടവനും ഏവനാണോ, അവൻ ശൂദ്രനാകുന്നു. ഈ പറഞ്ഞതിന്നു വിപരീതമായാൽ ശൂദ്രൻ ശൂദ്രനാവുകയില്ല. ബ്രാഹ്മണൻ ബ്രാഹ്മണനുമാവുകയില്ല.**

ഭരദ്വാജമഹർഷിയുമായുള്ള ആ സംവാദത്തിൽ, ശൂദ്രരുടെ ലക്ഷണമായി ഭൃഗുമഹർഷി നിരത്തുന്നത്, വേദപഠനത്തിനുള്ള അലംഭാവവും അഭോജ്യവും അഭക്ഷ്യവുമായ ആഹാരങ്ങളുടെ ഉപയോഗവും അശുദ്ധമായ പ്രവൃത്തികളുമാണ്. ആത്മനിയന്ത്രണവും ആത്മസംയമനവും സ്വായത്തമാക്കുന്നവർ ശൂദ്രരായി തുടരേണ്ടതില്ലെന്നും ഭൃഗു പറയുന്നു. ഈ വിശ്വം മുഴുവൻ ബ്രഹ്മം തന്നെയാണെന്നും, ബ്രാഹ്മണരായാണ് ബ്രഹ്മാവു മനുഷ്യരെ സൃഷ്ടിച്ചതെന്നും ഭൃഗുസ്മൃതി പ്രസ്താവിക്കുന്നുണ്ട്. അവർ ലോഭംമൂലം അജ്ഞരായിത്തീർന്ന്, കർമ്മങ്ങളെ അടിസ്ഥാനമാക്കി (കുലത്തൊഴിലുകളല്ല;സ്വപ്രവൃത്തികൾ)പലവർണ്ണികളായി ജീവിക്കുന്നു. വിവിധ വർണ്ണികളുണ്ടാകുന്നത് എങ്ങനെയെന്നു ഭൃഗുമഹർഷി വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ്.(വ്യാസമഹാഭാരതം സമ്പൂർണ്ണ ഗദ്യവിവർത്തനം: വിദ്വാൻ കെ.പ്രകാശം):

ഭൃഗു പറഞ്ഞു: "ജാതിവ്യത്യാസം എന്ന ഒന്ന് വാസ്തവത്തിൽ ഇല്ലാത്തതാണ്. ഈ വിശ്വം മുഴുവനും ബ്രഹ്മംതന്നെയാണ്. ബ്രഹ്മമയമാണ് ബ്രഹ്മാവ് മുമ്പെ സൃഷ്ടിച്ചത്. പിന്നെ കർമ്മത്തെ അടിസ്ഥാനമാക്കി ജാതി തിരിഞ്ഞതാണ്.

കാമഭോഗാസക്തരായ തീക്ഷ്ണന്മാർ, ശുണ്ഠിക്കാർ, സാഹസപ്രിയന്മാർ, സ്വധർമ്മം വിട്ടവരായ രക്താംഗന്മാർ ഇങ്ങനെയുള്ള ബ്രാഹ്മണർ ക്ഷത്രിയജാതിക്കാരായിത്തീർന്നു. പശുക്കളെ വളർത്തി അവകൊണ്ട് ഉപജീവിക്കുന്ന മഞ്ഞനിറക്കാരായ ബ്രാഹ്മണർ കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരും സ്വകർമ്മം ഉപേക്ഷിച്ചവരുമായ ബ്രാഹ്മണർ, വൈശ്യന്മാരായിത്തീർന്നു. ഹിംസയിലും അനൃതത്തിലും ആസക്തന്മാരായി, ലുബ്ധന്മാരായി, സർവ്വകർമ്മങ്ങളും ചെയ്ത് ഉപജീവിക്കുന്ന കറുത്ത കൂട്ടർ, ശുചിത്വം വെടിഞ്ഞ ബ്രാഹ്മണർ, ശൂദ്രരുമായിത്തീർന്നു. ഇപ്രകാരമുള്ള കർമ്മംമൂലമാണ് അവർ ജാതി തിരിഞ്ഞത്. ധർമ്മമായ യജ്ഞക്രിയ അവർക്ക് എന്നും തടപ്പറ്റാതായിരുന്നു. ഇങ്ങനെയുള്ള നാലു ജാതിക്കാർക്കും ആദ്യഭാവം ബ്രഹ്മാവു നല്കിയത്, സൃഷ്ടിച്ചത്, ബ്രാഹ്മണനായിട്ടാണ്. അവർ ലോഭംമൂലം അജ്ഞരായിത്തീർന്നതാണ്.

എന്നാൽ, ശൂദ്രരുടെ ലക്ഷണങ്ങളായി പറയപ്പെടുന്ന ശരീരത്തിന്റെ അശുദ്ധിയും, വേദപഠനത്തിനുള്ള അലംഭാവവും,അഭോജ്യവും അഭക്ഷ്യവുമായ ആഹാരങ്ങളുടെ ഉപയോഗവും ഒന്നും തന്നെ അവർ സ്വയം സ്വീകരിച്ചതല്ല. തങ്ങളുടെ ചൊൽപടിയിൽ തളച്ചിടുന്നതിനുവേണ്ടി നല്ലതെല്ലാം അവർക്ക് നിഷേധിച്ചതാണ്. ശുചിത്വമുള്ള ജോലികളും ജീവിതസാഹചര്യങ്ങളും നല്ല വസ്ത്രങ്ങളും ആഹാരവും ശൂദ്രർക്കു വിലക്കിയതുകൊണ്ടും, വിലക്ക് ലംഘിച്ചാൽ കടുത്ത ശിക്ഷ നൽകണമെന്ന നിയമം ഉണ്ടാക്കിയതുകൊണ്ടുമാണ് അവർ അക്കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ പോലും മുതിരാതിരുന്നത്. അത്തരം അനീതികളെപ്പറ്റി ആലോചിക്കാൻപോലുമാകാത്ത വിധത്തിൽ അവരുടെ ബുദ്ധി തളർന്നുപോയത് അവർക്ക് അറിവുനേടാനുള്ള അവസരങ്ങളെല്ലാം നിരോധിച്ചതുകൊണ്ടാണ്. അല്ലാതെ, അവർ മോശക്കാരായതുകൊണ്ടു ശൂദ്രരായതല്ല; ശൂദ്രരായതിനാൽ മോശം ജീവിതസാഹചര്യങ്ങളിൽ എത്തിപ്പെട്ടതാണ്. ആ സത്യം തമസ്കരിക്കാൻവേണ്ടിയാണ്, അവരെ അസ്പൃശ്യരാക്കുന്ന വ്യാഖ്യാനങ്ങളൊക്കെ വർണ്ണവിശുദ്ധിവാദികൾ നിർമ്മിച്ചത്. ആ അട്ടിമറിയുടെ അനന്തരഫലമായിരുന്നു,വേദപഠനത്തിൽ ഏർപ്പെടുത്തപ്പെട്ട വിലക്ക് അക്ഷരാഭ്യാസത്തിലേക്കു നീട്ടിയ ക്രൂരത. ആ പാതകം ബ്രാഹ്മണ്യം എന്ന സ്ഥാപനം സ്വയമെടുത്തണിയുന്ന സകല സാത്വികവാദങ്ങളെയും അസാധുവാക്കുന്നുണ്ട്.

അശുദ്ധകർമ്മമല്ല; അപ്രിയകർമ്മങ്ങളാണ് ശൂദ്രരെ സൃഷ്ടിച്ചത്

അശുദ്ധിയാണ് ശൂദ്രത്വത്തിന്റെ ആധാരം എന്നു വ്യാഖ്യാതാക്കൾ വസ്തുതകളെ വളച്ചവതരിപ്പിക്കുമ്പോഴും,അശുദ്ധകർമ്മങ്ങൾമൂലമല്ല ബ്രാഹ്മണ്യത്തിന് അപ്രിയമായ കാര്യങ്ങൾ ചെയ്തതുകൊണ്ടാണ് പല സമൂഹങ്ങളും ശൂദ്രരാക്കപ്പെട്ടത് എന്നതാണു ചരിത്രം. മിക്ക പൗരാണികഗ്രന്ഥങ്ങളിലും അതിനെ സാധൂകരിക്കുന്ന ഉദാഹരണങ്ങൾ കാണാം: ദരദർ, പൗണ്ഡ്രർ, കാണ്ഡസിരന്മാർ, ദർവ്വർ, ദ്രാവിഡർ, മേകളർ, ചോരർ, ലാടർ, ശൗണ്ഡർ, ശരബൻ, ബർബ്ബരർ, കിരാതർ, യവനന്മാർ തുടങ്ങിയ പണ്ടുകാലത്തെ വംശാവലികളൊക്കെ ബ്രാഹ്മണകോപംമൂലം ശൂദ്രത്വം പ്രാപിച്ചതായി വ്യാസമഹാഭാരതം അനുശാസനപർവ്വം മുപ്പത്തിയഞ്ചാം അധ്യായത്തിലെ

17,18 സൂക്തങ്ങളിൽ പറയുന്നു. പൗണ്ഡ്രകർ, ദ്രവിഡർ, ഔഡ്രർ, കാംബോജർ,ശകർ, യവനർ, പാരദർ, പപ്ലവർ, ചീനന്മാർ, കിരാതർ, ദരദർ, ഖാശർ എന്നിവർ ക്രിയാലോപംനിമിത്തം ശൂദ്രജാതികളായിപ്പോയി എന്നു മനുസ്മൃതിയിലെ പത്താംഅധ്യായത്തിലെ 43,44ശ്ലോകങ്ങളിലും പ്രസ്താവിക്കുന്നുണ്ട്:

ശനകൈസ്തു ക്രിയാലോപാദിമാഃ ക്ഷത്രിയജാതയഃ
വൃഷലത്വം ഗതാ ലോകേ ബ്രാഹ്മണാദർശനേന ച. 43

ഇനി പറയാൻ പോകുന്ന ക്ഷത്രിയജാതികൾ ക്രിയാലോപംകൊണ്ടും ബ്രാഹ്മണസമ്പർക്കാഭാവംകൊണ്ടും മെല്ലെ ലോകത്തിൽ ശൂദ്രപ്രായരായിത്തീർന്നു.

ഉപനയനാദിലോപം. യാജനാധ്യാപനാദികൾക്ക് ബ്രാഹ്മണരെ കിട്ടായ്ക, ഇവയാൽ.

പൗണ്ഡ്രകാശ്ചൗഡ്രദ്രവിഡാഃ കാംബോജാ യവനാഃ ശകാഃ
പാരദാഃ പഹ്ലവാശ്ചീനാഃ കിരാതാ ദരദാഃ ഖശാഃ. 44

പൗണ്ഡ്രകർ, ഔഡ്രർ, ദ്രവിഡർ, കാംബോജർ, യവനർ, ശകർ, പാരദർ, പഹ്ലവർ, ചീനർ, കിരാതർ, ദരദർ, ഖശർ - ക്രിയാലോപാദികൊണ്ടു ശൂദ്രരായവരാണിവർ.

പൗണ്ഡ്രകം, ഔഡ്രം തുടങ്ങിയവ ദേശനാമങ്ങൾ. അവിടങ്ങളിലെ ആളുകൾ പൗണ്ഡ്രകാദികൾ.

അതിനു കാരണമായതോ, ബ്രാഹ്മണരുമായി സൗഹൃദമില്ലാതായതാണത്രേ. അതായത്, ബ്രാഹ്മണ്യത്തിനു വിധേയരായി ജീവിക്കാൻ തയ്യാറാകാത്ത വ്യക്തികളും സമൂഹങ്ങളും ചില നാട്ടുരാജ്യങ്ങളിലെ ജനങ്ങൾ മൊത്തമായും ശൂദ്രരാക്കി മാറ്റപ്പെട്ടിട്ടുണ്ടെന്നാണ് മനുസ്മൃതിതന്നെ കാരണസഹിതം പറയുന്നത്.

ആദ്യകാലത്ത് ഉത്കൃഷ്ടങ്ങളായിരുന്ന പല വംശങ്ങളും പിന്നീട് അപകൃഷ്ടങ്ങളായിത്തീർന്നിട്ടുണ്ടെന്ന് മനുസ്മൃതി അധ്യായം മൂന്നിലും സമ്മതിക്കുന്നുണ്ട്. ആ പതനത്തിനു നിമിത്തങ്ങളായി പറയുന്നത്, അതാത് വർണ്ണക്കാർക്ക് അനർഹമായ വിവാഹം ചെയ്യുക, ജാതകർമ്മാദികളും മന്ത്രാനുഷ്ഠാനങ്ങളും ചെയ്യാതിരിക്കുക, വേദങ്ങൾ അധ്യയനം നടത്താതിരിക്കുക, ശില്പവേലകൾ വ്യവഹാരം രാജസേവ കൃഷി തുടങ്ങിയ ജോലികളിലേർപ്പെടുക, ശൂദ്രസ്ത്രീയെ വിവാഹംകഴിച്ചു സന്താനങ്ങളെ ജനിപ്പിക്കുക, പശു, കുതിര, വാഹനം ഇവ വില്ക്കുക, യാഗത്തിന് അർഹതയില്ലാത്തവർക്ക് യജ്ഞം നടത്തിക്കൊടുക്കുക, ദൈവവിശ്വസിയല്ലാതിരിക്കുക എന്നിവയാണ്(ശ്ലോകം:63,65). മേൽപറഞ്ഞ നിബന്ധനകൾ കാണുമ്പോൾ ആ അരുതായ്മകളിൽ കുറച്ചെങ്കിലും ബ്രാഹ്മണരെസംബന്ധിച്ചാണെന്ന് കരുതേണ്ടിവരും. മനുസ്മൃതിയുടെ ഭാഷയിൽ നിഷിദ്ധമായ അത്തരം കാര്യങ്ങളിലേർപ്പെടുന്നവർ ജാത്യാപകർഷത്തിന് ഇരയായിരുന്നു എന്ന് വ്യക്തം.സ്വാഭാവികമായും അവരുടെ പിൻതലമുറകളും പതിതരായിത്തന്നെ ജീവിക്കാൻ നിർബന്ധിതരായിട്ടുണ്ട്. ബ്രാഹ്മണനായി പിറന്നാലും, 'കർമ്മത്തിന്റെ ഗുണം' ഒരാളെ അന്യവർണ്ണിയോ അവർണ്ണനോ ആക്കി മാറ്റാമെന്നു സാരം. ജന്മമല്ല, കർമ്മമാണ് ഉത്കൃഷ്ടതയുടെ അളവുകോലായി മനുസ്മൃതിയും പരിഗണിക്കുന്നത് എന്നാണല്ലോ മനസ്സിലാക്കേണ്ടത്.

ജാതിബ്രാഹ്മണരിൽ, ബ്രാഹ്മണത്വം കുറച്ചെങ്കിലും നിലനിന്നിരുന്ന പുരാതനകാലത്ത്, അപ്രകാരം ഭ്രഷ്ടുകൽപ്പിച്ച് പുറത്താക്കൽ നല്ല തോതിൽ നടന്നിട്ടുണ്ടെങ്കിൽ, പിൽക്കാലത്തെ സ്ഥിതി പറയാനുണ്ടോ? ബ്രാഹ്മണരുടെ താളത്തിനൊത്ത് തുള്ളാത്തവർക്ക് ഉപനയനവും വിദ്യാഭ്യാസവും യാഗയജ്ഞാദികളിൽ ബ്രാഹ്മണസാന്നി

ദ്ധ്യവും നിഷേധിക്കുകയായിരുന്നു ബ്രാഹ്മണ്യ കൗശലം. അതിലൂടെ ആ സമുദായങ്ങളെ ബഹിഷ്കൃതരും അസ്പൃശ്യരുമായി സമൂഹത്തിൽനിന്നു മാറ്റിനിർത്താൻ അവർക്കു കഴിഞ്ഞു. 'ത്രൈവർണ്ണികൾ ഉപനയനം നടത്താതിരുന്നാൽ ശൂദ്രതുല്യരായി മാറും' എന്ന മനുസ്മൃതിനിയമത്തിന്റെ സാരവും അതുതന്നെയായിരുന്നു. ഉപനയനം നിർവ്വഹിക്കാത്തതുകൊണ്ട് ബ്രാഹ്മണർ ശൂദ്രരായ ചരിത്രമില്ലെങ്കിലും, ഉപനയനത്തിനുള്ള അധികാരം നിഷേധിച്ച് ഒരുപാടുപേരെ അവർ ശൂദ്രരാക്കിയിട്ടുണ്ട്. ഒരർത്ഥത്തിൽ, തങ്ങൾക്കു വഴങ്ങാത്തവർക്കു നേരെയുള്ള ഭ്രഷ്ടിന് ശാപത്തിന്റെ മൂടുപടം നൽകിയത് ഈ വസ്തുത ഒളിച്ചുവെയ്ക്കാനാണ്.

മൗലികശൂദ്രരുടെ ഉത്പത്തിയെ സംബന്ധിച്ച അനുമാനങ്ങൾ, Who were the Shudras? എന്ന തന്റെ കൃതിയുടെ ആമുഖത്തിൽ ഡോ.B.R.അംബേദ്കർ ആവിഷ്കരിക്കുന്നുണ്ട്. അതനുസരിച്ച്, പണ്ടുകാലങ്ങളിലും രാജാക്കന്മാരും ബ്രാഹ്മണരും തമ്മിൽ നിരന്തരമായ സംഘർഷങ്ങളുണ്ടായിരുന്നു. രാജാക്കന്മാരുടെ ഭാഗത്തുനിന്നുമുള്ള പീഡനങ്ങളും അപമാനങ്ങളും മൂലം അവരോടു കടുത്ത വിദ്വേഷം പുലർത്തിയിരുന്ന ബ്രാഹ്മണർ ക്ഷത്രിയരുടെ ഉപനയനം നടത്തുവാൻ വിസമ്മതിച്ചു. ഉപനയനം നിഷേധിക്കപ്പെട്ടതോടെ കുറെ ക്ഷത്രിയവിഭാഗങ്ങൾ സാമൂഹികമായി അധഃപതിക്കുകയും, വൈശ്യരുടെ സ്ഥാനത്തിനു താഴെ നാലാംവർണ്ണികളായിത്തീരുകയും ചെയ്തു. ബ്രാഹ്മണ്യനിയമങ്ങളുടെ കാർക്കശ്യംകാരണം, അത്തരത്തിൽ അപകർഷപ്പെട്ടവർ കാലക്രമേണ പൊതുജീവിതത്തിൽ തീരെ താഴ്ന്നനിലയിലേക്കു പതിച്ചു. ഉപനയനത്തിനുള്ള അധികാരം ഒരു കടമ്പയായിരുന്നതുപോലെ, ഉപനയനനിഷേധം ഒരു ശിക്ഷാമാർഗ്ഗമായിരുന്നു എന്നാണ് അതൊക്കെ തെളിയിക്കുന്നത്. ആ നടപടികൾ സംഭവിച്ചത് ഇതിഹാസകാലത്തിനുശേഷം ആര്യാധിപത്യം സ്ഥാപിതമായതോടെയാണെന്നു കരുതാം. എന്തുകൊണ്ടെന്നാൽ, ഇതിഹാസകാലത്ത് ശൂദ്രർക്ക് വിവേചനമോ അയിത്തമോ അസ്പൃശ്യതയോ ഇല്ലായിരുന്നു.

ഇതിഹാസകാലത്ത് ശൂദ്രർക്ക് അയിത്തമില്ലായിരുന്നു

ശൂദ്രരെ സാമൂഹികമായും സാമ്പത്തികമായും ഉയരാൻ സമ്മതിക്കാത്ത ഒട്ടനവധി ശാസനങ്ങൾ ആര്യാധിപത്യസമൂഹങ്ങളിൽ ഖണ്ഡിതമായി നടപ്പാക്കപ്പെട്ടിരുന്നു. കുലധർമ്മപരിപാലനവും ചാതുർവർണ്യസംരക്ഷണവും രാജാവിന്റെ കടമകളാക്കപ്പെട്ടതോടെ, അത്തരം മനുഷ്യവിരുദ്ധ മാമൂലുകൾക്ക് ആധികാരികത ലഭിച്ചു. അലംഘനീയമായ അത്തരം നിയമങ്ങളെക്കാൾ കീഴാളസമൂഹങ്ങളെ തകർത്തത് മാനസികപീഡനങ്ങളാണ്. അതിനുപയോഗിച്ച ഏറ്റവും ക്രൂരമായ ആചാരം അയിത്തമെന്ന ഒറ്റപ്പെടുത്തൽ തന്ത്രമാണ്. പക്ഷേ, ഇതിഹാസപുരാണങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ, ഒരിടത്തും ശൂദ്രർ അസ്പൃശ്യരായി അവതരിപ്പിക്കപ്പെട്ടിട്ടില്ല എന്നതാണു യാഥാർത്ഥ്യം. ചില ഉദാഹരണങ്ങൾ നോക്കുക:

- ✓ വനത്തിൽവെച്ചു മരണമടഞ്ഞ പാണ്ഡുവിന്റെയും മാദ്രിയുടെയും ചിതാവശിഷ്ടവുമായി ഋഷികൾ കൗരവരാജധാനിയിലെത്തിയ വേളയിൽ, ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും കൂട്ടംകൂട്ടമായി വന്നെന്നും, തിക്കിത്തിരക്കിനിന്നെന്നും കാണാം.(ആദിപർവ്വം, അധ്യായം:126,127).

- ✓ വനവാസകാലത്ത്, ദ്രൗപദീസ്വയംവരത്തിനു പോകുന്ന വഴിയിൽ, ദക്ഷിണ പാഞ്ചാലദേശത്ത് കുംഭാരൻ പണിയെടുക്കുന്ന ഒരു ശാലയിൽ പഞ്ചപാണ്ഡവർ ബ്രാഹ്മണവേഷത്തിൽ ചെന്നുകയറിയതായും, അവിടന്നു ഭിക്ഷവാങ്ങിക്കഴിച്ച് രാത്രി ആ ശാലയിൽ താമസിച്ചതായും മഹാഭാരതം ആദിപർവ്വത്തിലെ 185ആം അധ്യായമായ ധൃഷ്ടദ്യുമ്നവാക്യത്തിൽ പറയുന്നുണ്ട്.
- ✓ വേഷപ്രച്ഛന്നരായിവന്നു ദ്രൗപദീസ്വയംവരത്തിൽ വിജയിച്ചു വരിച്ചു തിരിച്ചുപോകുന്ന പഞ്ചപാണ്ഡവർ, പാഞ്ചാലിക്കൊപ്പം ഒരു കുലാലഗൃഹത്തിൽ പ്രവേശിക്കുന്നതും അവിടെ രാപ്പാർക്കുന്നതും, അവരെ രഹസ്യമായി പിൻതുടർന്ന ദ്രുപദപുത്രൻ ധൃഷ്ടദ്യുമ്നനും അനുചരന്മാരും നിരീക്ഷിച്ചതായി ആദിപർവ്വത്തിൽ ധൃഷ്ടദ്യുമ്നപ്രത്യാഗമനമെന്നഅധ്യായത്തിൽ വ്യാസൻ വിവരിക്കുന്നുണ്ട്.(കുലാലൻ=കുശവൻ).
- ✓ ഭാരതയുദ്ധം ഒഴിവാക്കാനുള്ള സമവായശ്രമത്തിന്റെ ഭാഗമായി, ധാർത്തരാഷ്ട്രരോട് സമവായചർച്ച നടത്തുന്നതിനുവേണ്ടി കൗന്തേയരുടെ ദൂതനായി എത്തിയ ശ്രീകൃഷ്ണൻ താമസിച്ചത് ശൂദ്രനായ വിദുരരുടെ വീട്ടിലാണ്.
- ✓ വനവാസത്തിന് പോകുന്ന സമയത്ത് പാണ്ഡവർ അമ്മയായ കുന്തിയെ താമസിപ്പിച്ചതും ശൂദ്രനായ വിദുരരുടെ ഭവനത്തിലാണ്.
- ✓ ശൂദ്രനായ വിദുരരുടെ ജീവിതത്തിൽ ഒരിക്കലും വിവേചനം അനുഭവിച്ചിരുന്നില്ല. പാണ്ഡുവിനും ധൃതരാഷ്ട്രർക്കും തുല്യനായാണ് അദ്ദേഹം വളർന്നത്. കുരുവംശത്തിന്റെ ഉപദേശകനായാണ് അദ്ദേഹത്തെ മഹാഭാരതകാവ്യത്തിൽ ആവിഷ്കരിക്കുന്നത്. മഹാഭാരതത്തിലെ ധാർമ്മികോപദേശങ്ങളിൽ അധികവും വിദുരവചനങ്ങളായാണല്ലോ അനുവാചകരിലെത്തുന്നത്.
- ✓ ജാരസന്ധനെ വധിക്കാൻ കൃഷ്ണനും അർജ്ജുനനും ഭീമനും പോയസമയം ജാരസന്ധനും ഭീമനും തമ്മിൽ ഉണ്ടായ ദ്വന്ദയുദ്ധം കാണാൻ നാലുവർണ്ണികളും ഇടമില്ലാത്ത രീതിയിൽ തിങ്ങിക്കൂടിയിരുന്നതായി മഹാഭാരതത്തിലെ ജരാസന്ധക്ലാന്തിയെന്ന അധ്യായത്തിൽ കാണുന്നു.
- ✓ പാണ്ഡവർ നടത്തിയ രാജസൂയത്തിൽ ബ്രാഹ്മണർ, രാജാക്കന്മാർ, വൈശ്യർ എന്നിവരോടൊപ്പം, പ്രമുഖരായ ശൂദ്രരെയും യുധിഷ്ഠിരന്റെ നിർദ്ദേശാനുസരണം, ചുമതലയുള്ള സഹദേവൻ ക്ഷണിച്ചിരുന്നു.(രാജസൂയദീക്ഷ).
- ✓ വാല്മീകിയുടെ ആശ്രമത്തിനുസമീപം സീതയെ ഉപേക്ഷിച്ചശേഷം രാമൻ, അശ്വമേധം മുതലായ യാഗങ്ങൾ ചെയ്തതായും, അതിൽ ബ്രഹ്മർഷിമാരോടും രാജർഷിമാരോടുമൊപ്പം, ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരും പങ്കെടുത്തതായും അദ്ധ്യാത്മരാമായണത്തിലെ ഉത്തരകാണ്ഡത്തിൽ അഞ്ചാംസർഗ്ഗമായ 'രാമഗീത'യിൽ പ്രസ്താവിച്ചിട്ടുണ്ട്.
- ✓ രാമരാജധാനിയിലെത്തി, ശപഥത്തിലൂടെ സീത തന്റെ പവിത്രത പ്രഖ്യാപിച്ച അവസരത്തിലും ശൂദ്രർ അടക്കം നാലു വർണ്ണികളും സന്നിഹിതരായിരുന്നതായി അദ്ധ്യാത്മരാമായണത്തിൽ പറയുന്നുണ്ട്(രാജസഭകളിലടക്കം വർണ്ണപരമായ ഒരു വിധത്തിലുള്ള വിവേചനവും അന്ന് നിലനിന്നിരുന്നില്ല).

ഋഷിപരമ്പരയുടെ സൃഷ്ടിയായ ആർഷഭാരതസംസ്കാരം അസ്പൃശ്യത അംഗീകരിക്കുന്നില്ല എന്നാണല്ലോ അതെല്ലം കാണിക്കുന്നത്. പുരാണേതിഹാസങ്ങളുടെ സൃഷ്ടി നടന്നത് അത്യധികം വിവേചനങ്ങൾ നിറഞ്ഞ 'ആര്യാധിപത്യ'സമൂഹങ്ങളിലായിരുന്നില്ല എന്നതുകൂടിയാണ് ഈ പരാമർശങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

താൻ രചിക്കുന്ന മഹാഭാരതകാവ്യത്തിന്റെ ഉള്ളടക്കമറിയിച്ച്, ബ്രഹ്മാവിൽനിന്നു വ്യാസമഹർഷി അനുഗ്രഹം വാങ്ങുന്നത് അനുക്രമികപർവ്വത്തിന്റെ പ്രാരംഭഭാഗമായ ഗ്രന്ഥരചനാചരിതത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്: വേദരഹസ്യങ്ങൾ, ഇതര ശാസ്ത്രങ്ങൾ,നാനാധർമ്മങ്ങൾ കലരുന്ന ആശ്രമങ്ങളുടെ ലക്ഷണം,ചാതുർവർണ്യം തിരിഞ്ഞകാലത്തുണ്ടായ ക്രമം, ബ്രഹ്മചര്യം,തപസ്സ്,സൂര്യൻ, ചന്ദ്രൻ,ഭൂമി, നക്ഷത്രങ്ങൾ എന്നിവയുടെമാനം, ആദ്ധ്യാത്മവിധി, ന്യായശിക്ഷചികിത്സാദികൾ ദിവ്യ-മാനുഷ്യജന്മങ്ങൾക്കുള്ള യുക്തിദർശനം, സംഗര കൗശലങ്ങൾ, വാക്കിന്റെ ജാതിഭേദങ്ങൾ എന്നിവയും ഇതിൽ നിബന്ധിച്ചിട്ടുണ്ട്".അതായത്, ചാതുർവർണ്യം തിരിഞ്ഞകാലത്ത് സകല വർണ്ണങ്ങൾക്കും ഇടയിൽ, പാണ്ഡുവും ധൃതരാഷ്ട്രനും വിദുരരോട് പുലർത്തിയ ഭ്രാതൃബന്ധം സാധ്യമാണെങ്കിൽ, ഒരുകൂരയ്ക്കു കീഴിൽ താമസിക്കാമെങ്കിൽ, വർണ്ണങ്ങൾക്കിടയിൽ വിവാഹബന്ധം അംഗീകൃതമായിരുന്നെങ്കിൽ, വേദാധ്യയനം വർണ്ണാതീതമായി അനുവദനീയമായിരുന്നെങ്കിൽ അതു തന്നെയാണ് ആധികാരികം. വ്യാഖ്യാതാക്കളുടെ സൃഷ്ടികൾ പലതും, അവരുടെ വർഗ്ഗതാത്പര്യങ്ങളുടെ സംരക്ഷണവും ലക്ഷ്യമാക്കുന്നുണ്ട് എന്നുകണ്ട് റദ്ദുചെയ്യപ്പെടേണ്ടതു തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ആര്യാധിപത്യകാലംവരെ വർണ്ണവിഭജനം കേവലം തൊഴിൽവിഭജനമായിരുന്നു. അവിടെ, ഏതു വർണ്ണവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. വിവേചനങ്ങൾ ഏതുമില്ലാത്ത ആ വ്യവസ്ഥിതി ആര്യന്മാരാണ് പൊളിച്ചുപണിതു വികൃതമാക്കിയത്.

ആഢ്യത്വത്തിന്റെ അദൃശ്യ ആയുധങ്ങൾ

ഉയർന്നജാതീയർ എന്ന് അവകാശപ്പെട്ടിരുന്ന ബ്രാഹ്മണർ, അറിവ്, അശുദ്ധി എന്നീ ആയുധങ്ങളെ മറയാക്കിയാണല്ലോ ഭാരതീയസമൂഹത്തിനുമേൽ ആധിപത്യം ഉറപ്പിച്ചതും ശൂദ്രരെ അസ്പൃശ്യരാക്കിയതും. മറ്റുസമുദായങ്ങൾക്ക് അറിവുനിഷേധിച്ചതുകൊണ്ടാണ് അവർ ബ്രാഹ്മണ്യഭാഷ്യത്തിൽ അജ്ഞരായിത്തീർന്നതെങ്കിലും, എന്താണ് യഥാർത്ഥ അറിവെന്നത് ഒരു പരിശോധന ആവശ്യമുള്ള വിഷയമാണ്.

മനുഷ്യർക്ക് ആവശ്യമുള്ള എന്തെങ്കിലും അറിവോ വിവരമോ കൈവശമില്ലാത്ത, ഒരു മേഖലയിലും പ്രാവീണ്യം ഇല്ലാത്ത ഒരു വിഭാഗമായിരുന്നു ബ്രാഹ്മണർ. സാമൂഹികജീവിതം കെട്ടിപ്പടുക്കാൻ അത്യാവശ്യമുള്ള അടിസ്ഥാന ജ്ഞാനവും, ഉത്പാദന-വിപണന-സേവനസംബന്ധിയായ അറിവുകളും അബ്രാഹ്മണരുടെ, വിശേഷിച്ചും ശൂദ്ര-അവർണ്ണസമുദായസ്ഥരുടെ കണ്ടെത്തലുകളായിരുന്നു. മനുഷ്യർ ഏതുതരം പദാർത്ഥങ്ങളാണ് കഴിക്കേണ്ടതെന്നു കണ്ടറിയുകയും, അവ ഉത്പാദിപ്പിക്കുകയും ചെയ്തത് അടിസ്ഥാനജനവിഭാഗങ്ങളാണല്ലോ. പ്രകൃതിയുമായി അഭേദ്യമായിബന്ധപ്പെട്ടു കഴിഞ്ഞിരുന്ന ആദിവാസികളാണ് ഔഷധങ്ങളുടെ ആദ്യകാലസ്രഷ്ടാക്കൾ.ഗൃഹനിർമ്മാണരീതികളും വീട്ടുപകരണങ്ങളുടെയും വസ്ത്രങ്ങളുടെ

യും ആഭരങ്ങളുടെയും ആയുധങ്ങളുടെയും വാഹനങ്ങളുടെയും നിർമ്മാണവും അബ്രാഹ്മണരുടെ ജ്ഞാനത്തിന്റേയും വൈദഗ്ധ്യത്തിന്റേയും സംഭാവനയാണ്. വിവിധ വസ്തുക്കളുപയോഗിച്ച് സമൂഹത്തിനാവശ്യമുള്ള സാമഗ്രികൾ ഉണ്ടാക്കുകയും പരിപാലിക്കുകയും ചെയ്തിരുന്ന ഏറ്റവും അധഃസ്ഥിതരായ മനുഷ്യർക്കു വിവരമില്ലെന്നു പറയുന്നത് അവിവേകമല്ലാതെ മറ്റെന്താണ്? അതുപോലെതന്നെ, സമൂഹത്തിന്റെ വൃത്തിയുംവിശുദ്ധിയും പരിപാലിച്ചവരെ എങ്ങനെയാണ് അശുദ്ധരായി കരുതാനാകുക? മാലിന്യങ്ങൾ നീക്കുന്നവരെ വൃത്തിഹീനർ എന്നു വിളിക്കുന്നതിന്റെ യുക്തിയെന്താണ്? അവർ മാലിന്യക്കൂമ്പാരങ്ങൾ എടുത്തുമാറ്റുന്നതുകൊണ്ടാണല്ലോ രാജ്യം വൃത്തിയോടെ നിലനിൽക്കുന്നത്. ആ മാലിന്യം വളമാക്കി മാറ്റുന്നതുകൊണ്ടാണല്ലോ നമ്മുടെ കൃഷിനിലങ്ങൾ വളക്കൂറുള്ളതായി മാറുന്നത്? വസ്ത്രമലക്കുന്നവരും ക്ഷുരകവൃത്തിയെടുക്കുന്നവരും, മൃഗങ്ങളുടെയും മനുഷ്യരുടെയും മൃതശരീരങ്ങൾ സംസ്കരിക്കുന്നവരും യഥാർത്ഥത്തിൽ ചെയ്യുന്നത് സമൂഹത്തെ വൃത്തിഹീനമാക്കുകയാണോ? അവരൊക്കെ ഉള്ളതുകൊണ്ടാണല്ലോ ആഢ്യന്മാർ ആഢ്യന്മാരായി വൃത്തിയോടെ ജീവിക്കുന്നത്. ആ അറിവില്ലായ്മയാണ് ഏറ്റവും കടുത്ത അജ്ഞത. ആ വിവരക്കേടാണ് ഭാരതത്തെ അധഃപതനത്തിന്റെ അടിത്തട്ടിലേക്കെറിഞ്ഞ മഹാദുരന്തം.മനുഷ്യർക്ക് ഉപകാരമുള്ള അറിവാണ് ശരിയായ ജ്ഞാനം; ആ അറിവുകൾ കൈവശമുണ്ടായിരുന്നവരാണ് യഥാർത്ഥജ്ഞാനികൾ. എങ്കിലും, അവർ എന്നും അനാഢ്യരായി ഇകഴ്ത്തപ്പെടുന്നു.

പഞ്ചമരും ചണ്ഡാളരും

പരമപുരുഷന്റെ മുഖത്തുനിന്നു ബ്രാഹ്മണരും, ബാഹുക്കളിൽനിന്ന് ക്ഷത്രിയരും, തുടയിൽനിന്നും വൈശ്യരും, കാൽപാദങ്ങളിൽനിന്നും ശൂദ്രരും സൃഷ്ടിക്കപ്പെട്ടു എന്നാണല്ലോ ചാതുർവർണ്യ സിദ്ധാന്തത്തിന്റെ വ്യാഖ്യാനം. ആ നാലു വർണ്ണങ്ങൾക്കും പുറത്തുള്ളവരെ, വർണ്ണമേ ഇല്ലാത്തവർ എന്ന അർത്ഥത്തിൽ അവർണ്ണരെന്നും പഞ്ചമരെന്നും, അവരിൽ ചിലരെ ചണ്ഡാലരെന്നും വിളിച്ചുപോന്നു. അസ്പൃശ്യരായാണ് അവരെ ചാതുർവർണ്യവക്താക്കൾ കണക്കാക്കിയത്. വിശ്വപുരുഷന്റെ ശരീരഭാഗങ്ങളിൽനിന്നല്ലാതെ, മാലിന്യങ്ങളിൽനിന്നു സൃഷ്ടിക്കപ്പെട്ടവരാണ് എന്നു വ്യാഖ്യാനിച്ചാണ്, ഹീനജാതികളെന്ന ആ വർഗ്ഗീകരണത്തെ അവർ ന്യായീകരിക്കുന്നത്. ആ അവഹേളനത്തിന്റെ വസ്തുതയെന്താണ്?

ചാതുർവർണ്യവിഭജനവും അതിന്റെ ഭാഗമായ വിവേചനങ്ങളും ഉണ്ടാക്കിയ ആഘാതം ഏറ്റവും തകർത്തുകളഞ്ഞത്, ആ വ്യവസ്ഥിതിയ്ക്കു പുറത്തുള്ള പഞ്ചമർ എന്നറിയപ്പെടുന്ന ബാഹ്യസമൂഹത്തെയാണ് എന്നത് വലിയ ഒരു വൈരുദ്ധ്യമാണ്. ആ വൈപരീത്യത്തിന്റെ കാരണം തേടിപ്പോയാൽ കാണാൻ കഴിയുന്നത്, ചാതുർവർണ്യശൃംഖലയ്ക്കു പുറത്തുള്ളവരായതിനാലോ, ചാതുർവർണ്യത്തിൽനിന്നു പുറത്താക്കപ്പെട്ടതുകൊണ്ടോ ആണ് അവർ അധഃപതനത്തിന്റെ അഗാധ തലങ്ങളിലേക്ക് എറിയപ്പെട്ടതെന്ന വസ്തുതയാണ്. അതുകൊണ്ടുതന്നെ, അവരെ പരിഗണിക്കാതെ ഈ പഠനം പൂർണ്ണമാകുകയില്ല. വർണ്ണവിഭജനത്തിന്റെ ഭാഗമാകാത്തവരെപ്പോലും ബ്രാഹ്മണ്യം വെറുതെവിട്ടിരുന്നില്ല എന്നറിയാൻ അത് ഉപകരിക്കും.

ചാതുർവർണ്യം ചുമലിലേറ്റിവെച്ച നുകത്തിന്റെ ഭാരത്തിൽനിന്നും ശൂദ്രസമൂഹങ്ങൾ അല്പമെങ്കിലും വിടുതൽ നേടിയത് അഞ്ചാം വർണ്ണമെന്ന അവർണ്ണസമൂഹത്തിന്റെ ആവിർഭാവത്തോടെയാണ്.അതുവരെ അധമരിൽഅധമരായി ഗണിക്കപ്പെട്ടിരുന്ന ഹൈന്ദവസമൂഹത്തിലെ ഭൂരിപക്ഷ വിഭാഗമായ ശൂദ്രർ, അതോടുകൂടി ആശ്വാസമറിയാൻ തുടങ്ങി. എന്നുമാത്രമല്ല, അതുവരെ അവർ അനുഭവിച്ച വിവേചനങ്ങളുടെ വിഴുപ്പുകൾ അവർണ്ണർക്കുമേൽ പ്രയോഗിക്കാനും തയ്യാറായി. തങ്ങളുടെ ഉള്ളിലെ വെറുപ്പു മുഴുവൻ വർഷിക്കാനും അധികാരം സ്ഥാപിക്കാനും അടക്കിഭരിക്കാനും ആരെങ്കിലുമുണ്ടാകുകയെന്നത് ജാതിഭേദത്തിന്റെ ഒരു അനിവാര്യതയാണ്. ചാതുർവർണ്യവ്യവസ്ഥിതിയിലെ മറ്റു മൂന്നുവിഭാഗങ്ങളുടേയും അനീതികൾക്ക് ഇരയാകാൻ ശൂദ്രർ നിർബന്ധിതരായെങ്കിൽ, നാലു വർണ്ണക്കാരുടെയും വേട്ടയാടലിനു നിന്നുകൊടുക്കേണ്ടിവന്നു എന്നതാണ് അവർണ്ണജർ അനുഭവിക്കേണ്ടിവന്ന അന്തമില്ലാത്ത ദുരിതങ്ങളുടെ കാരണം. ലോകത്തിലെ ഏറ്റവും പിന്തിരിപ്പൻ സാമൂഹ്യവിഭജനമായ, ജന്മാധിഷ്ഠിതമായ ചാതുർവർണ്യവ്യവസ്ഥിതിയുടെ ഭാഗമായിരുന്നില്ല എന്ന അഭിമാനകരമായ അവസ്ഥയാകാം അടിസ്ഥാനപരമായി അവർക്കു സംഭവിച്ച എല്ലാ നഷ്ടങ്ങളുടെയും മൂലകാരണം. ആ വൈരുദ്ധ്യാത്മക പ്രതിഭാസത്തിന്റെ കാരണങ്ങൾ അനാവരണം ചെയ്യാൻ ഇനി ശ്രമിക്കട്ടെ.

ആരാണ് പഞ്ചമർ?

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ മൂന്നു വർണ്ണികളും രണ്ടു ജന്മമുള്ളവർ എന്ന വ്യാഖ്യാനത്തിൽ, ദ്വിജന്മാരാകുന്നു. നാലാമനായ ശൂദ്രന് ഏക ജന്മമേയുള്ളൂ; അഞ്ചാമതൊരു ജാതിയില്ല എന്നു മനുസ്മൃതി പറയുന്നു.(അധ്യായം:10 ശ്ലോകം:04):



ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യസ്ത്രയോ വർണ്ണാ ദ്വിജാതയഃ
ചതുർത്ഥ ഏകജാതിസ്തു ശൂദ്രോ നാസ്തി തു പഞ്ചമഃ. 4

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന മൂന്നു വർണ്ണികൾ ദ്വിജന്മാരാകുന്നു. നാലാമനായ ശൂദ്രന് ഏകജന്മമേ ഉള്ളു. അഞ്ചാമതൊരു ജാതിയില്ല.

ഉപനയനസംസ്കാരംകൊണ്ടു ത്രൈവർണികൾക്ക് ദ്വിജത്വം. ശൂദ്രന് ഉപനയനമില്ലായ്കയാൽ മാതാവിൽനിന്നുള്ള ജന്മം മാത്രം. സങ്കരജാതികൾ മാതാപിതാക്കന്മാരുടേതിൽനിന്നും ഭിന്നജാതികളാണ്: അവർ വർണ വ്യവസ്ഥയിൽ പെടുന്നില്ല.

ചാതുർവർണ്യത്തിന്റെ ഏറ്റവും ഉറപ്പുള്ള സംരക്ഷണോപാധിയായ മനുസ്മൃതി, അഞ്ചാമതൊരു വർണ്ണമില്ല(നാസ്തി തു പഞ്ചമഃ)എന്ന് അടിവരയിട്ടു നിരാകരിക്കുമ്പോഴും, അഞ്ചാംവർണ്ണം എങ്ങനെയോ ഭാരതത്തിൽ ഉടലെടുത്തു; ഇന്നും നിലനിൽക്കുന്നു. അതിന്റെ ഉത്പത്തി തേടിപ്പോയാൽ കാണാൻ കഴിയുന്നത്, ജാതിബ്രാഹ്മണ്യം ധർമ്മത്തിന്റേയും ശാസ്ത്രത്തിന്റേയും ചെലവിൽ നടപ്പാക്കിയ മറ്റൊരു കുടിലതയാണ്. ജാതിബ്രാഹ്മണ്യത്തിന്റെ മനുഷ്യവിരുദ്ധമാമൂലുകളെയും വർണ്ണവിശുദ്ധിവാദത്തെയും ചോദ്യംചെയ്യുകയോ പ്രതിരോധിക്കുകയോ നിരാകരിക്കുകയോ ചെയ്തതിന്റെ പേരിൽ ചാതുർവർണ്യത്തിൽനിന്നും പുറത്തായി, പൊതു ആവാസകേന്ദ്രങ്ങളിൽനിന്നും ആട്ടിയോടിക്കപ്പെട്ട വ്യക്തികളും സമൂഹങ്ങളുമാണ് അഞ്ചാംവർണ്ണികളായ(?) പഞ്ചമരായി കാലാന്തരത്തിൽ മാറ്റപ്പെട്ടത്. അവരിൽ ചിലർ ചണ്ഡാലരായി പിന്നെയും ഇകഴ്ത്തപ്പെട്ടു. പഞ്ചമർ,ചണ്ഡാളർ എന്നീശബ്ദ

ങ്ങൾ തികച്ചും വ്യത്യസ്തമായ അർത്ഥതലങ്ങളുള്ളവയാണെങ്കിലും, പലപ്പോഴും അവർണ്ണൻ എന്ന വാക്കിന്റെ പര്യായമായി ഉപയോഗിച്ചുകാണാറുണ്ട്.

ചണ്ഡാളൻ എന്ന പദത്തിന്, വർണ്യേഭ്യ പതിതഃ എന്നാണ് പൊതുവേ കല്പിക്കപ്പെട്ടിട്ടുള്ള വ്യാഖ്യാനം. വർണ്ണങ്ങളിൽനിന്നു പതിച്ചവരെന്ന് അർത്ഥം. എന്തുകൊണ്ട് ചണ്ഡാളർ എന്നപേരിൽ ഒരു 'അധമസമൂഹം' വർണ്ണാശ്രമവ്യവസ്ഥയ്ക്കു പുറത്തുണ്ടായി എന്നതിന്റെ ശരിയായഉത്തരം മനുസ്മൃതി പരോക്ഷമായി പറഞ്ഞിട്ടുണ്ട്. മനുസ്മൃതിയിലെ പത്താമധ്യായത്തിൽ മുഖ്യമായും വിവരിക്കുന്നത്, വിവിധ വർണ്ണങ്ങളിൽപ്പെട്ടവർക്കുണ്ടാകുന്ന സങ്കരസന്തതികളുടെ സാമൂഹ്യനിലയും അവർ അറിയപ്പെടേണ്ട ജാതിനാമങ്ങളുമാണ്. അതനുസരിച്ച്,സർവ്വവർണ്ണികൾക്കും സമജാതീയയും ശുദ്ധയുമായ പത്നിയിൽ ജനിയ്ക്കുന്ന സന്താനങ്ങൾ മാത്രമാണ് ആ ജാതിയിൽപ്പെട്ടതായി കണക്കാക്കുന്നുള്ളൂ. അതല്ലാതെ, താഴെയും മുകളിലുമുള്ള വർണ്ണങ്ങളിലെ കന്യകയിൽ(വിധിപ്രകാരം വിവാഹംചെയ്ത ഭാര്യയിൽ) ജനിക്കുന്നവർ ചില സവിശേഷനാമങ്ങളിൽ വിളിക്കപ്പെടുമെന്നും, അവരുടെ സാമൂഹിക നില മാതാപിതാക്കളിൽനിന്നു വ്യത്യസ്തമായിരിക്കുമെന്നാണ് മനുനിയമം. അതനുസരിച്ച്, ബ്രാഹ്മണനു ശൂദ്രകന്യകയിൽ ജനിക്കുന്ന മകൻ നിഷാദൻ അല്ലെങ്കിൽ പാരശവനാണ്.(ബ്രാഹ്മണാദ് വൈശ്യകന്യായാമംബഷ്ഠൊ നാമ ജായതേ നിഷാദഃ ശൂദ്രകന്യായാം യഃ പരാശവഃ ഉച്യതേ-ശ്ലോകം:8). ശൂദ്രന് ബ്രാഹ്മണസ്ത്രീയിൽ പിറക്കുന്നവനാണ് ചണ്ഡാലൻ. അവനാണ് മനുഷ്യനിൽ അധമനെന്ന് മനുസ്മൃതി പറയുന്നുണ്ട്.(ശൂദ്രാദായോഗവഃ ക്ഷത്താ ചണ്ഡാലശ്ചാധമോ നൃണാം വൈശ്യരാജന്യ വിപ്രാസു ജായന്തേ വർണ്ണസങ്കരാ-അധ്യായം:10,ശ്ലോകം:12):

> ശൂദ്രാദായോഗവഃ ക്ഷത്താ ചണ്ഡാലശ്ചാധമോ നൃണാം
> വൈശ്യരാജന്യവിപ്രാസു ജായന്തേ വർണ്ണസങ്കരാഃ. 12
>
> ശൂദ്രന് വൈശ്യയിൽ ജനിക്കുന്നവൻ ആയോഗവൻ; ക്ഷത്രിയയിൽ ജനിക്കുന്നവൻ ക്ഷത്താവ്, വിപ്രസ്ത്രീയിൽ ജനിക്കുന്നവൻ ചണ്ഡാലൻ; അവനത്രെ മനുഷ്യരിൽ അധമൻ. ഇങ്ങനെ സങ്കരവർണ്ണികൾ ജനിക്കുന്നു. പ്രതിലോമവിവാഹസന്തതികൾ സങ്കരവർണ്ണികൾ.

പത്താം അധ്യായത്തിലെ പതിനാറാം ശ്ലോകത്തിലും ഈ ആശയം ആവർത്തിക്കുന്നുണ്ട്. അതനുസരിച്ച്, ശൂദ്രനു പ്രതിലോമബന്ധത്തിൽ വൈശ്യയിൽ ജനിക്കുന്ന ആയോഗവനും ക്ഷത്രിയയിൽ പിറക്കുന്ന ക്ഷത്താവും ബ്രാഹ്മണനിൽ ജനിക്കുന്ന അധമനായ(?) ചണ്ഡാളനും നീചരാണ് എന്നാണു മനുസ്മൃതി പ്രസ്താവിക്കുന്നത്. ശൂദ്രൻ ബ്രാഹ്മണിയിൽ ബാഹ്യനായ(ഭ്രഷ്ടനായ)സന്താനങ്ങളെ സൃഷ്ടിക്കുന്നതു കണക്കെ, അന്യവർണ്ണസ്ത്രീകളിൽ തന്നേക്കാൾ നീചരായ മക്കളെ ജനിപ്പിക്കുന്നു എന്ന് മുപ്പതാംശ്ലോകത്തിൽ പറയുന്ന മനുസ്മൃതി, 'ബാഹ്യജന്തു' എന്നാണ് ചണ്ഡാലനെ വിശേഷിപ്പിക്കുന്നത്. ചണ്ഡാലനെ മനുഷ്യനെന്നു പറയാൻ പോലും സ്മൃതികാരനു മടിയാണെന്നു ചുരുക്കം. അതായത്, വർണ്ണസങ്കരമെന്ന മഹാപരാധംമൂലം വർണ്ണവ്യവസ്ഥിതിയിൽനിന്നു പതിച്ചു ഭ്രഷ്ടരായവരാണ് ചണ്ഡാളർ എന്നുമനസ്സിലാക്കാം. ആ പതനം ബ്രാഹ്മണസ്ത്രീയിൽനിന്നാണു സംഭവിച്ചത് എന്നതാകാം ആഘാതം വർദ്ധിപ്പിച്ച ഘടകം എന്ന സംഗതിയും ശ്രദ്ധിക്കുക.

ബ്രാഹ്മണജാതിയിൽ ജനിച്ച് കുലാനുസാരിയായ ജീവിതരീതികൾ പാലിച്ചുപോന്ന സ്ത്രീയുടെ ഗർഭത്തിൽ ജനിച്ച സന്താനം എന്തുകൊണ്ട് അത്രമാത്രം വെറുപ്പോടെ അകറ്റിനിറുത്തപ്പെടുന്നു എന്ന കാര്യം ആലോചനക്ക് വിധേയമാകേണ്ട വിഷയമാണല്ലോ. അതിന്റെ നിദാനം, ജനിതകഘടനയിൽ യാതൊരു വ്യത്യാസവുമില്ലാത്ത ശൂദ്രന്റെ ബീജമാണെന്നു കരുതുകവയ്യ. ശൂദ്രന്റെ പിതൃത്വമാണ് പ്രശ്നമെങ്കിൽ, അങ്ങനെയുണ്ടാകുന്ന സന്തതികളെയും ശൂദ്രരായി കണക്കാക്കിയാൽമതിയല്ലോ. ശൂദ്രനുപോലും മനുസ്മൃതി അനുവദിക്കുന്ന സാമൂഹ്യാവസ്ഥ ചണ്ഡാളനു നിഷേധിക്കുന്നത് ശൂദ്രവർണ്ണത്തിന്റെ വിശുദ്ധി ലക്ഷ്യമിട്ടല്ല എന്നതു വ്യക്തം. അപ്പോൾ വിഷയം, ബ്രാഹ്മണയുവതികൾ പിഴച്ചുപോകരുത് എന്ന നിശ്ചയമാണ്; പിഴച്ചുപോയാലും ശൂദ്രന്റെ ബീജം സ്വീകരിക്കരുതെന്ന വാശിയാണ്. ശൂദ്രന്റെ കുഞ്ഞിനെ പ്രസവിക്കാൻ ഒരു ബ്രാഹ്മണിയും ഒരുമ്പെട്ടരുതെന്ന വർണ്ണവിശുദ്ധിവാദികളുടെ നിർബന്ധബുദ്ധി തന്നെയാണ് ചണ്ഡാലനെ 'ബാഹ്യജന്തു'വാക്കുന്ന ബ്രാഹ്മണ്യകുബുദ്ധിയുടെ കാരണം. ചാതുർവർണ്യം പ്രപഞ്ചസൃഷ്ടിക്കൊപ്പം നടന്ന ദൈവസൃഷ്ടിയാണെന്നു പറയുന്ന മനുതന്നെ, സ്വന്തം തൂലികകൊണ്ട് ചണ്ഡാലവർണ്ണത്തെ സൃഷ്ടിച്ചു എന്നു ചുരുക്കം. അതിനുള്ള കാരണമോ, ബ്രാഹ്മണസ്ത്രീകളുടെ ഗർഭപാത്രത്തിൽ ശൂദ്രന്റെ ബീജം കുരുക്കരുതെന്ന സ്വാർത്ഥതയും. ബ്രാഹ്മണിയിൽ ഒരു ശൂദ്രനും മക്കളെ ഉണ്ടാക്കരുത് എന്ന് വംശവിശുദ്ധവാദിയായ മനുവിന്, അല്ലെങ്കിൽ മനുവിനെ മറയാക്കി മനുസ്മൃതി രചിച്ചയാൾക്ക് നിർബന്ധമുണ്ടായിരുന്നു. അഥവാ, ആരെങ്കിലും സ്മൃതിയുടെ ഹിതത്തിനു വിരുദ്ധമായ ബന്ധങ്ങളിൽ ജനിച്ചാൽ, അവരെ മൃഗങ്ങളെക്കാൾ മോശമായ 'ജന്തുജന്മ'ങ്ങളാക്കി സമൂഹത്തിൽനിന്നും പുറംതള്ളാനും, ഇനിയാരും അമ്മാതിരി സാഹസത്തിനു മുതിരാതിരിക്കാനുതകുന്ന നിത്യദുരിത മാതൃക സൃഷ്ടിച്ചെടുക്കുന്നതുനും ഉള്ള നിയമങ്ങളാണ് മനു അവതരിപ്പിക്കുന്നത്. മനുസ്മൃതി പത്താംഅധ്യായത്തിൽ ചണ്ഡാളർക്ക് അനുശാസിച്ചിട്ടുള്ള അത്യന്തം നിന്ദ്യമായ ജീവിതരീതികളാണ് അതിനുള്ള ദൃഷ്ടാന്തം:

> ചണ്ഡാലശ്വപചാനാം തു ബഹിർഗ്രാമാത് പ്രതിശ്രയഃ
> അപപാത്രാശ്ച കർത്തവ്യാ ധനമേഷാം ശ്വഗർദഭം. 51
>
> ചണ്ഡാലന്മാർക്കും ശ്വപചന്മാർക്കും ഗ്രാമത്തിനു പുറത്തായിരിക്കണം പാർപ്പിടം. അവർക്ക് ലോഹപാത്രത്തിൽ ആഹാരം കൊടുക്കരുത്.. നായും കഴുതയുമാണ് അവരുടെ സ്വത്ത്.
>
> അവർ ഉപയോഗിച്ച പാത്രം ശുദ്ധി ചെയ്താലും ഉപയോഗിക്കാൻ പാടില്ല. അതിനാലവർക്ക് ലോഹപാത്രങ്ങളിൽ ആഹാരം കൊടുത്തുകൂടാ.
>
> വാസാംസി മൃതചേലാനി ഭിന്നഭാണ്ഡേഷു ഭോജനം
> കാർഷ്ണായസമലങ്കാരഃ പരിവ്രജ്യാ ച നിത്യശഃ. 52
>
> അവർക്ക് ഉടുക്കാൻ ശവത്തിൻമേലിട്ട തുണികൾ; ആഹാരം പൊട്ടിയ പാത്രങ്ങളിൽ; ആഭരണം ഇരിമ്പുകൊണ്ടുളളവ. അവരെപ്പോഴും സഞ്ചരിച്ചുകൊണ്ടേ ഇരിക്കണം.
>
> വേട്ടയാടിയും മറ്റും അവർ സഞ്ചരിക്കണം: ഒരിടത്തും പാർപ്പ് ഉറപ്പിക്കരുത്.
>
> ന തൈഃ സമയമന്വിച്ഛേത് പുരുഷോ ധർമ്മമാചരൻ
> വ്യവഹാരോ മിഥസ്തേഷാം വിവാഹഃ സദൃശൈഃ സഹ. 53
>
> ധർമ്മാനുഷ്ഠാനസമയത്ത് ഒരുവൻ അവരെ കാണുകയോ അവരുമായി സംസാരിക്കുകയോ അരുത്. സാമൂഹികങ്ങളായ ഏർപാടുകൾ അവർതങ്ങളിലേ പാടുള്ളൂ. അവരുടെ വിവാഹം സമാനജാതിയിൽപ്പെട്ടവരുമായിട്ടായിരിക്കണം.

ദിവാ ചരേയുഃ കാര്യാർഥം ചിഹ്നിതാ രാജശാസനൈഃ
അബാന്ധവം ശവം ചൈവ നിർഹരേയുരിതി സ്ഥിതിഃ. 55

രാജാജ്ഞയനുസരിച്ചുള്ള ചിഹ്നങ്ങൾ ധരിച്ചുകൊണ്ട് പകൽ അവർക്ക് ഓരോ കാര്യത്തിനായി സഞ്ചരിക്കാം. അവർ അനാഥപ്രേതം എടുത്തു മാറ്റേണ്ടതാണ്. ഇതത്രെ ശാസ്ത്രമര്യാദ.

തങ്ങളുടെ ജാതിയും തൊഴിലും വ്യക്തമാക്കുന്ന അടയാളങ്ങൾ ധരിച്ചുകൊണ്ടു പകൽ ഗ്രാമത്തിലും നഗരത്തിലും സഞ്ചരിക്കാം.

വധ്യാംശ്ച ഹന്യുഃ സതതം യഥാശാസ്ത്രം നൃപാജ്ഞയാ
വധ്യവാസാംസി ഗൃഹ്ണീയുഃ ശയ്യാശ്ചാഭരണാനി ച. 56

സർവദാ രാജാജ്ഞയനുസരിച്ച് വധാർഹരായവരെ വിധിപ്രകാരം അവർ വധിക്കേണ്ടതാകുന്നു. വധ്യരുടെ വസ്ത്രങ്ങൾ, ശയ്യകൾ, ആഭരണങ്ങൾ അവർ എടുത്തുകൊള്ളേണ്ടതുമാണ്.

ചണ്ഡാളർക്ക് ഗ്രാമത്തിനു പുറത്തായിരിക്കണം പാർപ്പിടം. അവർക്ക് ലോഹപ്പാത്രത്തിൽ ഭക്ഷണം കൊടുക്കരുത്. അവരുപയോഗിച്ച പാത്രങ്ങൾ ശുദ്ധിചെയ്താലും ഉപയോഗിക്കാൻ പാടില്ല എന്നതിനാലാണത്. നായകളും കഴുതകളുമാണ് ചണ്ഡാളരുടെ സമ്പത്ത്(ശ്ലോകം:51). അവർക്ക് ഉടുക്കാൻ ശവത്തിന്മേൽ ഇട്ട തുണികൾമാത്രമാണ് അനുവദനീയം. ആഹാരം പൊട്ടിയപാത്രങ്ങളിൽമാത്രം. ഇരുമ്പുകൊണ്ടുള്ളവയൊഴികെ ആഭരണങ്ങൾ അരുത്.ചണ്ഡാളർ ഒരിക്കലും ഒരിടത്തും സ്ഥിരമായി പാർപ്പുറപ്പിക്കരുത്; സഞ്ചരിച്ചുകൊണ്ടേയിരിക്കണം(ശ്ലോകം:52). ധർമ്മാനുഷ്ഠാന സമയത്ത് ഒരാളും അവരെ കാണുകയോ അവരോടു സംസാരിക്കുകയോ അരുത്. സാമൂഹികമായ ഏർപ്പാടുകൾ അവർ തങ്ങളിലേ പാടുള്ളൂ. അവരുടെ കല്യാണം സമാന ജാതിയിൽ പെട്ടവരുമായിട്ടായിരിക്കണം.(ശ്ലോകം:53). അവർ ആഹാരത്തിനായി അന്യരെ ആശ്രയിക്കുമ്പോൾ, പൊട്ടിയ പാത്രങ്ങളിലേ കൊടുക്കാവൂ. പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ രാത്രികാലങ്ങളിൽ അവർ സഞ്ചരിച്ചുകൂടാ.(ശ്ലോകം: 54). രാജാജ്ഞ അനുസരിച്ചുള്ള ചിഹ്നങ്ങൾ(ജാതിയും തൊഴിലും വ്യക്തമാക്കുന്ന അടയാളങ്ങൾ) ധരിച്ചുകൊണ്ട് പകൽ അവർക്ക് ഓരോ കാര്യത്തിനായി സഞ്ചരിക്കാം. അവർ അനാഥപ്രേതം എടുത്തുമാറ്റേണ്ടതാണ്.(ശ്ലോകം:55).സർവ്വഥാ രാജാജ്ഞ അനുസരിച്ച് വധാർഹരായവരെ 'വിധിപ്രകാരം' അവർ ഹനിക്കേണ്ടതാണത്രെ. വധ്യരുടെ വസ്ത്രങ്ങൾ, ശയ്യകൾ, ആഭരങ്ങൾ എന്നിവ അവർ എടുത്തുകൊള്ളേണ്ടതുമാണ്(ശ്ലോകം:56). ഇത്രമേൽ ബീഭത്സമായ സാഹചര്യങ്ങളിലെ ജീവിതം സുബോധമുള്ള ആരെങ്കിലും ആഗ്രഹിക്കുമോ? ആഗ്രഹിക്കരുത്. ബ്രാഹ്മണസ്ത്രീകളുടെ ഗർഭത്തിൽ ശൂദ്രന്മാരുടെ സന്താനങ്ങൾ ഉണ്ടാകാതിരിക്കാൻ മനുസ്മൃതി കണ്ടെത്തുന്ന ഒറ്റമൂലിയാണത്. ചണ്ഡാളർ എന്ന് അറിയപ്പെട്ടിരുന്ന ജനസമൂഹങ്ങളെല്ലാം ശൂദ്രർക്കു ബ്രാഹ്മണസ്ത്രീകളിൽ ഉണ്ടായ സങ്കരസന്തതികളാണ് എന്നല്ല മേൽപ്പറഞ്ഞതിന്റെ അർത്ഥം. അപ്രകാരം ഭ്രഷ്ടരായി പുറത്താക്കപ്പെട്ട സങ്കരസന്തതികളും ചണ്ഡാളകുലത്തിൽ ചേർക്കപ്പെട്ടിട്ടുണ്ട് എന്നാണു മനസ്സിലാക്കേണ്ടത്.ബ്രാഹ്മണ്യം പുറംതള്ളിയവരെ ഉൾക്കൊള്ളേണ്ടി വന്നതോടെയാകാം, മറ്റുള്ള മനുഷ്യരെപ്പോലെ സാധാരണ ജീവിതം നയിച്ചിരുന്ന ആ സമൂഹത്തിനുമേൽ ഇത്രമേൽ മനുഷ്യവിരുദ്ധമായ വേട്ടയാടലുകൾ ഏർപ്പെടുത്തപ്പെട്ടത് എന്നതാകാം സംഭവിച്ചത്.

ശൂദ്രസ്ത്രീകളിൽ ആര്യനു ജനിച്ചവന്, സദ്ധർമ്മാനുഷ്ഠാനംകൊണ്ട് നിശ്ചിത തലമുറകൾക്കുശേഷം ആര്യനായിത്തീരാം എന്ന് പത്താമധ്യായത്തിലെ അറുപത്തേ

ഴാം ശ്ലോകത്തിൽ പറയുന്ന സ്മൃതി, ശൂദ്രനു ബ്രാഹ്മണിയിൽ ജനിച്ച ചണ്ഡാളൻ അനാര്യൻതന്നെയെന്നും അധമനാണെന്നും അടിവരയിടുന്നത് അതുകൊണ്ടാണ്:

> ജാതോ നാര്യാമനാര്യായാമാര്യാദാര്യോ ഭവേദ് ഗുണൈഃ
> ജാതോഽപ്യനാര്യാദാര്യായാമനാര്യ ഇതി നിശ്ചയഃ. 67
>
> ശൂദ്രസ്ത്രീയിൽ ആര്യന് ജനിച്ചവൻ സദ്ധർമ്മാനുഷ്ഠാനംകൊണ്ട് ആര്യനായിത്തീരും. ശൂദ്രന് ബ്രാഹ്മണിയിൽ പിറന്നവൻ അനാര്യൻ തന്നെ; ഇതത്രെ ഇക്കാര്യത്തിൽ നിർണയം.

ധർമ്മത്തിന്റെയും ശാസ്ത്രങ്ങളുടെയും ചെലവിൽ കാമത്തെയും കർമ്മത്തെയുമൊക്കെ ബ്രാഹ്മണ്യത്തിനു സുഖിക്കുന്ന വിധത്തിൽ വക്രീകരിക്കുകയാണ്, മനുസ്മൃതി.വിഭിന്നവർണ്ണങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വൈവാഹികബന്ധത്തിലൂടെ ഉണ്ടാകുന്ന സങ്കരജാതികളെക്കുറിച്ചും, വിവിധ സങ്കരജാതികളിൽ ഉൾപ്പെട്ടവരും നാലുവർണ്ണജരും തമ്മിലുള്ള വിവാഹബന്ധത്തിലൂടെ ജനിക്കുന്ന സന്തതികളുടെ ജാതിനാമങ്ങളും പ്രസ്താവിക്കുന്നതിൽ, ചണ്ഡാളരും നിഷാദരും ഒഴികെയുള്ളവ നമ്മിലാരും അധികമൊന്നും കേട്ടിട്ടുള്ളവയല്ല. എന്നാൽ, ചണ്ഡാളരും നിഷാദരും ഇന്നും നിലനിൽക്കുന്നു;മനുസ്മൃതി എന്ന പിന്തിരിപ്പൻനിയമഗ്രന്ഥത്തിന്റെ മനുഷ്യവിരുദ്ധതയുടെ നിത്യസ്മാരകങ്ങളായി. എന്തുകൊണ്ടെന്നാൽ, അവർ ബ്രാഹ്മണ്യത്തിന്റെ കുലവിശുദ്ധിവാദത്തെ വെല്ലുവിളിച്ച സങ്കരസന്തതികളാണ്.

ഇന്ന് ചണ്ഡാളൻ എന്നറിയപ്പെടുന്നവരെല്ലാം, അത്തരത്തിൽ ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനു ജനിച്ച സന്തതികളുടെ പിന്തലമുറക്കാരാണെന്നു പറയാനാവില്ല. എങ്കിലും, ബ്രാഹ്മണ്യം കൊടിയ ജാതിഭ്രാന്തിന്റെപേരിൽ ഭ്രഷ്ടരാക്കിയ കുറേപ്പേരെങ്കിലും അത്തരം നരകതുല്യജന്മങ്ങളുടെ മുൻതലമുറകളിലുണ്ടാകും. ബാധാകർത്താവായ ഗ്രഹം ശുഭനായിരുന്നാലും ശുഭന്റെ രാശികളിൽ നിന്നാലും,ബ്രാഹ്മണരെക്കൊണ്ടുവേണം ബാധയ്ക്കു പ്രതിശാന്തി ചെയ്യിക്കേണ്ടത്. അതുപോലെ, ബാധകാധിപൻ പാപനായാലും പാപരാശികളിൽനിന്നാലും, ചണ്ഡാലകുലത്തിൽ ഉൾപ്പെട്ടവരെക്കൊണ്ടു പ്രതിശാന്തി ചെയ്യിച്ചുകൊള്ളണം' (സൗമ്യേ സൗമ്യ ഗൃഹസ്ഥേ ബാധശേതൽപ്രതിക്രിയ വിപ്രൈഃ പാപേ തത്ഗൃഹഗേവാ ചണ്ഡാലാദ്യൈരി തീരിതം കൈശ്ചിൽ) എന്നു ജ്യോതിഷവിധികളിൽ നിഷ്ഠയുണ്ട്. തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില ക്ഷേത്രങ്ങളിലെ ചടങ്ങുകളിൽ, പറയരുടെ പ്രാതിനിധ്യം നിർബന്ധമാണ്. അവിടെ, വിശേഷദിവസങ്ങളിൽ ചില ക്ഷേത്രങ്ങളിലെ വിഗ്രഹത്തിൽ താലിചാർത്തുക, ഉത്സവത്തിലെ എഴുന്നള്ളത്തു സമയത്ത് ദേവനൊപ്പം ആനപ്പുറത്തുകയറുക,ചില ക്ഷേത്രങ്ങളിൽ രഥംവലിക്കുന്നതിൽ പങ്കാളിയാവുക തുടങ്ങി, വൈഷ്ണവാചാര്യനായ രാമാനുജൻ അനുവദിച്ചു നൽകിയതാണെന്നു വിശ്വസിക്കപ്പെടുന്ന ചില പ്രത്യേകാവകാശങ്ങൾ ചണ്ഡാലസമൂഹങ്ങൾക്ക് നിലവിൽ ഉണ്ട്. ചണ്ഡാലരുടെ 'അറ്റുപോയ പൗരോഹിത്യബന്ധത്തിന്റെ' ബാക്കിപത്രമായി ഇതിനെയൊക്കെ കണക്കാക്കാം. എന്നാൽ, അത്തരം പരിമിതമായ അധികാരങ്ങൾക്കുമേൽപോലും, ചടങ്ങിനു ശേഷമുള്ള ശുദ്ധിക്രിയ എന്ന വൈകല്യകർമ്മം പൗരോഹിത്യം പിൽക്കാലത്ത് അടിച്ചേൽപ്പിച്ചതായി കാണുന്നു. അതും ഒരു ചതിയാണ്.

'പിഴച്ചുപോയ ബ്രാഹ്മണികളുടെ സന്താനങ്ങളെ' മാത്രമല്ല, തങ്ങൾക്കു വഴങ്ങാത്ത ഒട്ടനവധി മനുഷ്യരെ ബ്രാഹ്മണശാപം പോലെയുള്ള ക്രൂരശിക്ഷകളിലൂടെ ജാതി ബ്രാഹ്മണ്യം ചണ്ഡാലത്തെരുവുകളിലേയ്ക്ക് വലിച്ചെറിഞ്ഞിട്ടുണ്ട്. ചണ്ഡാളൻ എന്നത് സമൂഹത്തിൽനിന്നും ബഹിഷ്കൃതനാക്കപ്പെട്ട ഒരവസ്ഥയായിരുന്നു എന്നു വേണം അറിയാൻ. അതിനെ പിൽക്കാലത്തു ജാതിയാക്കി പരിവർത്തനം ചെയ്യുകയായിരുന്നു. ആ വാദത്തെ സാധൂകരിക്കുന്ന അനവധി ഉദാഹരണങ്ങൾ പുരാണേതിഹാസങ്ങളിൽ കാണുന്നു: വസിഷ്ഠന്റെ ശാപമേറ്റാണ് ത്രിശങ്കു ചണ്ഡാളനായിത്തീർന്നതെന്നും, വസിഷ്ഠമുനിയുടെ മക്കളെ വിശ്വാമിത്രൻ ശപിച്ച് മുഷ്ടികന്മാരെന്ന് അറിയപ്പെടുന്ന വിരൂപരും ശവംതീനികളും നയിറച്ചികഴിക്കുന്നവരുമാക്കി മാറ്റിയെന്നും വാല്മീകിരാമായണത്തിലും(ബാലകാണ്ഡം, സർഗ്ഗം:058,59) മഹാഭാരതത്തിലും കാണാം. ശാപമെന്നു പുരാണങ്ങളിൽ കാണുന്നത്, ഭ്രഷ്ടിനെ ആലങ്കാരികമായി അവതരിപ്പിക്കുന്നതാണെന്നു മനസ്സിലാക്കുന്നതാണല്ലോ യുക്തി. ശാപത്തിനിരയായ ആളുകൾക്ക് വിധിക്കപ്പെടുന്ന വിലക്കുകളും അനുഷ്ഠിക്കേണ്ടിവന്നിരുന്ന ജീവിതക്രമങ്ങളും അതുതന്നെയാണ് വ്യക്തമാക്കുന്നത്. അഞ്ചാംവർണ്ണികളെ എന്തുകൊണ്ടു ബ്രാഹ്മണ്യം അത്തരത്തിൽ വേട്ടയാടിയെന്ന് ഇനി നോക്കാം:

അഞ്ചാംവർണ്ണികളുടെ ചരിത്രപശ്ചാത്തലം

ഭാരതഭൂമിയിലേക്ക് കുടിയേറിയ(അതിജീവനത്തിനുവേണ്ടി ഈ മണ്ണിലേക്ക് വന്നവരായതിനാൽ അധിനിവേശം എന്നതിനെക്കാൾ വസ്തുതാപരമായി കുടിയേറ്റം എന്ന പദമാണ് അനുയോജ്യം) ആര്യന്മാർ, അക്കാലത്ത് ഇവിടെ ജീവിച്ചിരുന്ന തദ്ദേശീയജനസമുദായങ്ങളെ ദസ്യുക്കൾ എന്നാണു വിളിച്ചിരുന്നതെന്ന് ഋഗ്വേദത്തിലെ ശ്ലോകങ്ങളിൽനിന്നും മനസ്സിലാക്കാം. കുടിയേറ്റകാലത്ത് ആര്യന്മാർക്കു നേരിടേണ്ടിവന്ന പ്രതിരോധത്തിന്റെ പേരിൽ തദ്ദേശവാസികളെ ശത്രുക്കളായി കണക്കാക്കിയതുകൊണ്ടാണ്, രാക്ഷസർ,ഹീനർ,ദുഷ്ടന്മാർ എന്നീഅർത്ഥകല്പനയോടെ അവരെ ദസ്യുക്കളെന്നു നിർവ്വചിച്ചത്. ആദ്യകാലത്ത്, യുദ്ധങ്ങളിൽ കീഴടക്കപ്പെട്ട ദസ്യുക്കളെ കൊന്നുകളയുകയായിരുന്നു പതിവ്. എന്നാലും, പിൽക്കാലത്ത് ആര്യന്മാർ അവരെ പിടികൂടി അടിമകളായി കണക്കാക്കി ശാരീരികാദ്ധ്വാനം ആവശ്യമുള്ള കൃഷിയിടങ്ങളിൽ വിനിയോഗിച്ചു. വേട്ടയാടി ആഹാരം കണ്ടെത്തിയിരുന്ന ആദ്യകാലസാമൂഹികജീവിതത്തിൽനിന്നും കൃഷിയിലേക്കുള്ള ക്രമാനുഗതമായ മാറ്റത്തിന്റെ ഭാഗമായിരുന്നു അത്. അതോടെ, അവർ ദാസന്മാർ എന്നും വിളിക്കപ്പെട്ടു. യുദ്ധത്തിൽ കീഴടങ്ങിയവർ(ധ്വജാഹൃതർ), ഭക്തദാസന്മാർ, ഉയർന്ന വർണ്ണക്കാരുടെ വീടുകളിൽ ജനിച്ചവർ(ഗൃഹജർ), വിലയ്ക്കു വാങ്ങപ്പെട്ടവർ(ക്രീതർ), ദാനംചെയ്യപ്പെട്ടവർ,പൂർവികന്മാരിൽനിന്നു പൈതൃകമായി കിട്ടിയവർ,ശിക്ഷമൂലം ദാസരായിത്തീർന്നവർ എന്നിങ്ങനെ മനുസ്മൃതി ദാസന്മാരെ ഏഴായി തരംതിരിച്ചിരിക്കുന്നത് അതാണ് തെളിയിക്കുന്നത്.(ധ്വദാഹൃതോ ഭക്തദാസോ ഗൃഹജഃ ക്രീത ദത്രിമൗ പൈതൃകോ ദണ്ഡദാസശ്ച സപ്തൈതേ ദാസയോ നയഃ –അധ്യായം:08 ശ്ലോകം:415).സമൂഹത്തിൽ വർണ്ണവിഭജനം വേരുറപ്പിച്ചതോടെയാകാം ആര്യന്മാരുമായി സമരസപ്പെട്ടുപോയിരുന്ന അവരിൽ ഒരു വിഭാഗത്തെ ശൂദ്രരാക്കി വർണ്ണവ്യവസ്ഥിതിയുടെ ഭാഗമാക്കിയത്. അക്കാലത്തും ആര്യന്മാരുമായി സന്ധിചെയ്യാതെ

നിലയുറപ്പിച്ചവർ, ആര്യമതത്തിനും ചാതുർവർണ്യത്തിനും പുറത്തുതന്നെ അവശേഷിച്ചു. അവരുടെ പിൻതലമുറക്കാരാകാം അനാര്യരായും അഞ്ചാംവർണ്ണികളായും അടിമകളായും തുടർന്നത്. ആ ചരിത്രവസ്തുതയെ മറ്റൊരു വിധത്തിൽ പൗരാണികഗ്രന്ഥങ്ങൾ ആവിഷ്കരിക്കുന്നുണ്ട്.പരമപുരുഷന്റെ ശരീരാവയവങ്ങളിൽനിന്നല്ലാതെ, മാലിന്യങ്ങളിൽനിന്നാണ് അഞ്ചാംവർണ്ണികളുടെ ഉത്പത്തി എന്ന വ്യാഖ്യാനത്തിന്റെ ഉറവിടം അതായിരിക്കാം. ആ ഭാഷ്യത്തിലേക്കു നയിച്ചിട്ടുള്ള കഥയുടെ പശ്ചാത്തലം പാഖണ്ഡരുടെ ഉത്ഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു:

പാഖണ്ഡരും ചണ്ഡാളരും

പ്രപഞ്ചപുരുഷന്റെ ശരീരാംഗങ്ങളിൽനിന്നും, ബ്രാഹ്മണരെയും ക്ഷത്രിയരെയും വൈശ്യരെയും ശൂദ്രരെയും സൃഷ്ടിച്ചതിന്റെ പരാമർശങ്ങൾ പല കൃതികളിലും പല രീതിയിലും കാണാം. പക്ഷേ, പഞ്ചമരുടെ സൃഷ്ടിയുമായി ബന്ധപ്പെട്ട അത്തരത്തിലുള്ള ലിഖിതരേഖകളൊന്നും ലഭ്യമല്ല. അതുകൊണ്ടാണ്,വിശ്വപുരുഷന്റെ ശരീരഭാഗങ്ങളിൽനിന്നല്ലാതെ,മാലിന്യങ്ങളിൽനിന്നും സൃഷ്ടിക്കപ്പെട്ടവർ എന്നു വ്യാഖ്യാനിച്ച് പഞ്ചമരെ ഹീനജാതികളെന്ന ഗണത്തിൽ എത്തിച്ചത്. അത്തരത്തിലൊരു വർഗ്ഗീകരണത്തിനു നിമിത്തമായ സംഭവം പാഖണ്ഡരുടെ ഉത്ഭവവുമായി ബന്ധപ്പെട്ട മഹാഭാഗവതത്തിലെ ഉപാഖ്യാനമാകാനാണു സാധ്യത.

വൈഷ്ണവാംശജാതനായ പൃഥുമഹാരാജാവാണ് ഭൂമിയിലെ ആദ്യത്തെ ചക്രവർത്തിയെന്നു ഗണിക്കപ്പെടുന്നു. അദ്ദേഹം നൂറുയാഗം നടത്താൻ തീരുമാനിച്ചപ്പോൾ, തന്റെ ഇന്ദ്രപദവി നഷ്ടമാകുമോ എന്നഭയത്താൽ യാഗാശ്വത്തെ അപഹരിക്കാൻ ഇന്ദ്രൻ ഭസ്മലേപനംചെയ്തു ജടാധാരിയായി ബ്രാഹ്മണവേഷത്തിൽ എത്തി. ഇതു മനസ്സിലാക്കി യാഗമുഖ്യൻ അത്രിമഹർഷി ഇന്ദ്രനെ ഹനിക്കാൻ നിർദ്ദേശം നൽകി. തുടർന്ന്, ദേവേന്ദ്രനെ പിടിക്കാൻ പൃഥുപുത്രൻ പിന്നാലെയോടി. ഭയന്ന ദേവേന്ദ്രൻ അശ്വത്തെ ഉപേക്ഷിച്ച് ഓടിരക്ഷപ്പെട്ടു. ഇന്ദ്രൻ ഇപ്രകാരം പല പ്രാവശ്യം യാഗാശ്വത്തെ കവർന്നെടുക്കാൻ ശ്രമിക്കുകയും, എതിർപ്പുയർന്നപ്പോൾ ഓടിയൊളിക്കുകയുമുണ്ടായി. ഓരോ തവണവും രക്ഷപെട്ടോടുമ്പോൾ, ഇന്ദ്രൻ തന്റെ കപടവേഷം വഴിയിൽ ഉപേക്ഷിച്ചുപോയി. അങ്ങനെ, ഇന്ദ്രൻ ഉപേക്ഷിച്ചുപോയ വസ്ത്രങ്ങളിൽനിന്നും ചിലർ ഉണ്ടായത്രേ. ആ വേഷങ്ങൾ പാപഭൂയിഷ്ഠമായതിനാൽ, അവയിൽനിന്നുണ്ടായവർ, പാപത്തിന്റെ കഷണങ്ങൾ എന്ന അർത്ഥത്തിൽ പാഖണ്ഡന്മാർ എന്ന പേരിൽ അറിയപ്പെട്ടു. അനവധി പ്രാവശ്യം ഇന്ദ്രന്റെ ആക്രമണം ഉണ്ടായതിനാൽ പാഖണ്ഡന്മാർ പെരുകി. ഒടുവിൽ, ബ്രഹ്മാവു തടഞ്ഞതുകൊണ്ടു മാത്രമാണ് പൃഥുചക്രവർത്തി ദേവേന്ദ്രനെ വധിക്കാതെ വിട്ടതും, നൂറാമത്തെ യാഗം ഉപേക്ഷിച്ചതും. (ഭാഗവതം നാലാംസ്കന്ധം, അധ്യായം:19). യാഗം മുടക്കാനെത്തിയത് ആര്യമൂർത്തിയായ ഇന്ദ്രനാണെങ്കിലും, ഇന്ദ്രന്റെ കാപട്യങ്ങളിൽനിന്നുമാണ് ഉത്ഭവമെങ്കിലും, മനുഷ്യരുടെ ശുദ്ധകർമ്മശ്രദ്ധയെ നശിപ്പിച്ചു ലോകത്തിൽ യാഗങ്ങൾ മുടക്കാൻ വരുന്നവരാണ് എന്ന വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ, ജൈനന്മാരും ബൗദ്ധരും കിരാതരുമൊക്കെയാണ് പിന്നീടു പാഖണ്ഡന്മാർ എന്നറിയപ്പെട്ടത്. ബ്രാഹ്മണമൂർത്തിയായ ദേവേന്ദ്രൻ ത്യജിച്ച വസ്ത്രങ്ങളിൽനിന്ന്(മാലിന്യത്തിൽനിന്ന്)

ഉത്ഭവിച്ചു എന്നവ്യാഖ്യാനത്തെ പിൻപറ്റിയാകാം പൗരോഹിത്യം അവരെ അശുദ്ധരായി അകറ്റിനിർത്തിയത്. അപ്പോഴും, യജ്ഞം മുടക്കാൻ ശ്രമിച്ച ഇന്ദ്രനും അതിനു തെരഞ്ഞെടുത്ത ബ്രാഹ്മണവേഷവും ബ്രാഹ്മണ്യമതത്തിന്റെ കണക്കിൽ ശുദ്ധി നഷ്ടപ്പെടാതെ തുടരുന്നു എന്നതാണ് ഏറ്റവും വൈരുദ്ധ്യം.

പൗരോഹിത്യമതം അനവധി അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിച്ചു ദുഷിച്ചപ്പോഴാണ് ഇതര ചിന്താധാരകൾ ഈ മണ്ണിൽ വേരുറപ്പിച്ചത്. അഹിംസയും അദ്വൈതബോധനവും അടിസ്ഥാനശിലകളായ സനാതനധർമ്മം കേവലം പൗരോഹിത്യനിയന്ത്രിതമതമായി അധഃപതിച്ചപ്പോൾ, ആ പാത ത്യജിച്ച് അനവധി ഉത്പതിഷ്ണുക്കൾ ബൌദ്ധമതവും ജൈനമതവും ആശ്ലേഷിക്കുകയുണ്ടായി. ആ മതങ്ങളുടെവളർച്ചയോടെ ബ്രാഹ്മണപൗരോഹിത്യനേതൃത്വത്തിന്റെ നിലനില്പ് അപകടത്തിലായി. ബുദ്ധ-ജൈനമതസമൂഹങ്ങൾ ശക്തമായതോടെ ബ്രാഹ്മണനേതൃത്വത്തിലുള്ള സമൂഹങ്ങളും അവരും തമ്മിലുള്ള പോര് ഭാരതത്തിലാകമാനം കലശലായി. ബ്രാഹ്മണരും അവരുടെ ആശ്രിതരായി ജീവിച്ചിരുന്നവരും ഒരു ചേരിയിലും, ബ്രാഹ്മണ്യമതത്തെ എതിർക്കുന്നവർ മറുചേരിയിലുമായി വിഭജിച്ചുനിന്നപ്പോൾ, ബ്രാഹ്മണമതാനുയായികൾ ഹിന്ദുക്കളായും മറുവിഭാഗം ഹിന്ദുമതബാഹ്യരുമായും കരുതപ്പെട്ടു. ബ്രാഹ്മണ്യമതത്തിലെ അപചയങ്ങൾക്കെതിരെ കലഹിച്ചു പുറത്തുപോയവരെ പൊതുസമൂഹത്തിൽനിന്നും അകറ്റിനിറുത്താൻ ആവശ്യമായതൊക്കെ പൗരോഹിത്യം അക്കാലത്തു ചെയ്തിരുന്നു.

ഹിന്ദുമതബാഹ്യരെ ബ്രാഹ്മണ്യനിയന്ത്രണത്തിലുള്ള ഗ്രാമങ്ങളിൽ താമസിക്കാൻ അനുവദിച്ചിരുന്നില്ല. ചാതുർവർണ്യവ്യവസ്ഥിതിയ്ക്കു വെളിയിൽ ഉള്ളവർ എന്ന നിലയിൽ അവർണ്ണരെന്നു കണക്കാക്കപ്പെട്ട അവർ, ബ്രാഹ്മണനിയന്ത്രിത ഗ്രാമങ്ങളിൽനിന്നും ആട്ടിയോടിക്കപ്പെടുകയും അവർക്കുമേൽ അസ്പൃശ്യത അടിച്ചേൽപ്പിക്കുകയുമുണ്ടായി. ബ്രാഹ്മണ്യമേധാവിത്വത്തിന്റെ ഉഗ്രശാസനകൾക്കുകീഴിൽ ശ്വാസംമുട്ടിക്കഴിഞ്ഞ മറ്റു വർണ്ണികൾ, അവരുമായി ബന്ധപ്പെടുന്നതിനും സഹകരിക്കുന്നതിനുമുള്ള സാധ്യതകൾ അടച്ചുകളയുകയായിരുന്നു അതിനു പിറകിലെ ഉദ്ദേശ്യം. ബാഹ്യരുമായുള്ള സമ്പർക്കങ്ങളിലൂടെ സംഭവിക്കാവുന്ന, ആ മതങ്ങളിലേക്കുള്ള പരിവർത്തനം തടയുകയായിരുന്നു ഉദ്ദേശ്യം. മതബാഹ്യരുമായി ഇടപഴകുന്നതിനും ഒത്തൊരുമയോടെ ജീവിക്കുന്നതിനുമുള്ള അവസരങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടിയാണ് പൗരോഹിത്യം അയിത്തം എന്ന ആചാരം ആദ്യകാലങ്ങളിൽ ഏർപ്പെടുത്തിയത്. പൗരോഹിത്യമാമൂലുകളും ആചാരപദ്ധതികളും നിരാകരിക്കുന്നവരെന്ന അശുദ്ധിയായിരുന്നു അക്കാലത്തെ ന്യായം. കാലാന്തരത്തിൽ പല പല കാരണങ്ങൾമൂലം ബുദ്ധമതം ക്ഷയിച്ചതോടെ ഭൂരിപക്ഷം ബൌദ്ധരും ജൈനരും ഹിന്ദുധർമം ആശ്ലേഷിക്കാൻ നിർബന്ധിതരായി. ഹിന്ദുധർമ്മം സ്വീകരിച്ചശേഷവും അവരോടുള്ള ബ്രാഹ്മണ്യത്തിന്റെ വൈരാഗ്യത്തിന് കുറവു സംഭവിച്ചില്ല. ഹിന്ദുധർമ്മത്തിന്റെ ഭാഗമായി നിലനിൽക്കുമ്പോഴും, അവർ പുറംജാതിക്കാരും തീണ്ടൽജാതിക്കാരുമായി മാറ്റിനിർത്തപ്പെട്ടു. അത്തരത്തിൽ അകറ്റിനിർത്തപ്പെട്ടവരുടെ പിൻതലമുറക്കാരാണ് പുറംജാതിക്കാരായും പഞ്ചമരായും അകത്തും പുറത്തുമല്ലാതെ ഇക്കാലത്തും നിലകൊള്ളുന്നത്. ഭാരതത്തിലെ പഞ്ചമരുടെ ഉത്ഭവ

വുമായി ബന്ധപ്പെട്ട വിശ്വസനീയമായ നിരീക്ഷണം ഇതാണ്. കൂടുതൽ തെളിവുകൾ വർണ്ണവ്യവസ്ഥിതിയുടെ പുറംലോകം എന്ന അധ്യായത്തിൽ കാണാം.

വർണ്ണസങ്കരത്തിലൂടെ ഉണ്ടാക്കിയ വർണ്ണം

വർണ്ണവിഭജനത്തിന്റെ അടിസ്ഥാനത്തിലാണ് മനുസ്മൃതിയെന്ന നിയമസംഹിത നിർമ്മിക്കപ്പെട്ടിട്ടുള്ളതെങ്കിലും, വർണ്ണവിഭജനത്തെക്കാൾ വിനാശകരമായ വേർതിരിവുകൾ സൃഷ്ടിച്ച ജാതിവിഭജനത്തിന്റെ വേരുകളും ആ ഗ്രന്ഥത്തിൽതന്നെയാണ് എന്നതാണു യാഥാർത്ഥ്യം. വർണ്ണമിശ്രണം തടയുന്നതിനുവേണ്ടി, ആ ഗ്രന്ഥത്തിലെ പത്താം അധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങളുടെ ചുവടുപിടിച്ചാണ് ജാതിവ്യവസ്ഥിതി നിലവിൽവന്നത് എന്നുകാണാം. ഇന്ത്യയിലെ അനുലോമ-പ്രതിലോമ-അന്തരാളസമൂഹങ്ങളുടെ ഉത്പത്തി അവിടെനിന്നാണ്. അപ്രകാരമുണ്ടായ സമുദായങ്ങളാണ് പിൽക്കാലത്ത് അഞ്ചാംവർണ്ണികളെന്ന പേരിൽ ചാതുർവർണ്യത്തിൽനിന്നും പൊതുസമൂഹത്തിൽനിന്നും പുറത്താക്കപ്പെട്ടത്.

മനുസ്മൃതിയനുസരിച്ച്, വിവിധ വർണ്ണങ്ങളിൽ പെട്ടവർ വിധിപ്രകാരം വിവാഹം ചെയ്ത സജാതീയപത്നിമാരിൽ ഉത്പാദിപ്പിക്കപ്പെടുന്ന സന്താനങ്ങൾ മാത്രമാണ് സജാതീയർ. വർണ്ണസങ്കരത്തിലൂടെ ജനിക്കുന്ന സന്താനങ്ങൾ, മാതാപിതാക്കളുടെ വർണ്ണങ്ങളിൽപ്പെടാത്ത ബാഹ്യരാണെന്നു സ്മൃതി പറയുന്നു.അംബഷ്ഠർ,പാരശവർ,നിഷാദർ,ഉഗ്രൻ,സൂതൻ,വൈദേഹർ,അയോഗവർ,ക്ഷത്താവ്,ചണ്ഡാളൻ,മാഗധർ, ആവൃതർ,ആഭീരൻ, ധിഗ്വണർ, മാഗധനർ, പുക്കസൻ,കുക്കുടകർ, ശ്വാപാകർ, വേണർ,ഭൂർജ്ജകണ്ടകർ, ആവന്ത്യർ, പുഷ്പധർ, ശൈഖർ, ത്സല്ലർ, മല്ലർ, നിശ്ചിവി, നടൻ, കരണൻ, ദ്രവിഡൻ, സുധന്വാവ്, കാരുഷൻ, വിജന്മാവ്, മൈത്രൻ, സാത്വതൻ, സൈരിന്ധ്രൻ, മൈത്രേയകൻ, മാർഗ്ഗവൻ, ദാസൻ, കാരാവരൻ, സോപകൻ, ആഹിണ്ഡികൻ,അന്ത്യാവസായി എന്നിങ്ങനെ നീണ്ടുപോകുന്നു അത്തരത്തിൽ സൃഷ്ടിക്കപ്പെട്ട സമൂഹങ്ങളുടെ പട്ടിക. ഇതിൽ, നാലു വർണ്ണങ്ങളിലും ഉൾപ്പെടുന്നവർക്കിടയിലെ സങ്കരസന്തതികളും അമ്മാതിരി വ്യത്യസ്തസങ്കരസന്താനങ്ങൾക്ക് ഇതര സങ്കരവിഭാഗങ്ങളിലും നാലുവർണ്ണികളിലും പിറക്കുന്ന പിൻമുറക്കാരും ഉൾപ്പെടുന്നു. കുലവിശുദ്ധി സംരക്ഷിക്കാനുള്ള വ്യഗ്രത നിമിത്തം അത്തരം സങ്കരസന്തതികളെ നീചൻ, അധമൻ എന്നൊക്കെയാണ് സ്മൃതി വിശേഷിപ്പിക്കുന്നത്. അഞ്ചാമതൊരു വർണ്ണമില്ലെന്നു പറഞ്ഞ മനുതന്നെ നിർമ്മിച്ച നിയമങ്ങളിലൂടെ ജാത്യാപകർഷം നേരിട്ട അവരുടെയൊക്കെ പിൻതലമുറകൾ, ആത്യന്തികമായി ചാതുർവർണ്യത്തിനു പുറത്തുള്ള അഞ്ചാംവർണ്ണികളായിത്തീർന്നു. വംശവിശുദ്ധിവാദികൾ നടപ്പാക്കിയ നിയമങ്ങൾ നിരാകരിച്ചത് അവരുടെ അശുദ്ധിയായി മാറി. അങ്ങനെ, അഞ്ചാംവർണ്ണികൾ അശുദ്ധരും അസ്പൃശ്യരുമായി. ചണ്ഡാളരെന്നും, രാക്ഷസർ എന്നും, വെറുപ്പുളവാക്കുന്ന മറ്റു പല പേരുകളിലും പല കൃതികളും അവരെ അടയാളപ്പെടുത്തുമ്പോൾ, അതിന്റെ അടിസ്ഥാനകാരണം അവർ ആര്യന്മാർക്കു വഴങ്ങി ജീവിക്കുന്നവരായിരുന്നില്ല എന്നതു മാത്രമായിരുന്നു.

അങ്ങനെ ഉരുത്തിരിഞ്ഞുവന്ന സങ്കരസമൂഹങ്ങൾക്കുമേൽ മനുസ്മൃതി ആരോപിച്ച അപകർഷം ഒരിക്കലും അവസാനിക്കാത്ത ഒന്നായിമാറി.സങ്കരജാതികളിൽ

ജനിച്ച ആൾക്ക് ജാത്യുത്കർഷത്തിനു മനുസ്മൃതി നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, അതെല്ലാം ആറേഴു തലമുറകൾ നീളുന്നതും പ്രയോഗികമായി അസാധ്യവുമാണ്. 'വർണ്ണങ്ങളുടെ വിശുദ്ധി ഇല്ലാതാക്കുന്ന വർണ്ണസങ്കരം സംഭവിക്കുന്ന രാജ്യം രാജ്യവാസികളോടൊപ്പം നശിക്കുമെന്നും അതിനാൽ വർണ്ണസങ്കരംതടയാൻ രാജാക്കന്മാർ കഠിനമായി ശ്രമിക്കണ'മെന്നും നിഷ്കർഷിച്ചതോടെ(ശ്ലോകം:61), അതു നിയമപരമായ ബഹിഷ്കരണമായിത്തീർന്നു. അതോടൊപ്പം, ഓരോ സങ്കര വിഭാഗങ്ങൾക്കും അനുവദനീയമായ തൊഴിലുകൾ കണിശമായി വ്യവസ്ഥചെയ്യപ്പെടുകയും, ഉല്ലംഘിക്കുന്നവർ നിയമഭഞ്ജകരും സമൂഹത്തിന്റെ ശത്രുക്കളുമാകുകയും ഉണ്ടായി. വർണ്ണസങ്കരം സംഭവിക്കുന്നത് തടയാൻ, മനുഷ്യരുടെ ഉള്ളിൽ ഭയം ജനിപ്പിക്കുന്ന ജീവിതസാഹചര്യങ്ങൾ അവർക്കുമേൽ അടിച്ചേല്പിക്കപ്പെട്ടു. അതിന്റെ ഫലമാണ് അവരുടെ ഒരിക്കലുമവസാനിക്കാത്ത അധഃസ്ഥിതാവസ്ഥ. വർണ്ണസങ്കരത്തിന്റെ പേരിലെ പുറത്താക്കലിനോടൊപ്പം, അഞ്ചാം വർണ്ണത്തിൽ ആളെക്കൂട്ടിയിരുന്ന ഒന്നായിരുന്നു ബ്രാഹ്മണശാപമെന്ന സാമൂഹ്യഭ്രഷ്ട്. അപ്രിയങ്ങൾ ചെയ്യുന്നവരെ ഒറ്റപ്പെടുത്തുന്നതിനും അടങ്ങിയൊതുങ്ങി ജീവിക്കാൻ അന്യരെ ആജ്ഞാപിക്കുന്ന താക്കീതായും ബ്രാഹ്മണ്യം ഉപയോഗിച്ചിരുന്ന ഭ്രഷ്ട്, മരണത്തെക്കാൾ ഭയാനകമായ ഒരു ശിക്ഷാവിധിയായിരുന്നു.

ജാതിഭ്രഷ്ടരാകുക എന്നതിന് നമുക്ക് ഊഹിക്കാൻ കഴിക്കുന്നതിനേക്കാൾ വലിയ ആഘാതം പണ്ടുകാലത്ത് ഒരു വ്യക്തിയുടെ സാമൂഹികജീവിതത്തിൽ ഉണ്ടാക്കാൻ കഴിയുമായിരുന്നു. ജാതിഭ്രഷ്ടർക്ക് പൂർണ്ണസാമൂഹികബഹിഷ്കരണവും നിയമനിഷേധവും സ്മൃതിനിയമങ്ങൾ നിർദ്ദേശിക്കുന്നു. ജാതിയിൽനിന്ന് വെളിയിലായവർ നിയമ വ്യവഹാരങ്ങൾ നടത്താനോ വ്യവഹാരങ്ങളിൽ സാക്ഷിയാകാനോ യോഗ്യരല്ലെന്ന് യാജ്ഞ്യവൽക്യസ്മൃതിയും ബൃഹസ്പതിസ്മൃതിയും പറയുന്നു. (വ്യവഹാരമാല,ശ്ലോകം:90,222).ജാതിയ്ക്കു വെളിയിലായവരെ അകറ്റിനിറുത്താൻ തയ്യാറില്ലാത്ത കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും പ്രായശ്ചിത്തവും പിഴയും ചുമത്തിയിരുന്നു.(വ്യവഹാരമാല,ശ്ലോകം:957). ചുരുക്കിപ്പറഞ്ഞാൽ, ജാതിയിൽനിന്നും പുറത്താക്കപ്പെടുന്നതോടെ ഒരാൾ യാതൊരു മനുഷ്യാവകാശങ്ങളുമില്ലാത്ത ഒരു ജീവിയായി മാറ്റപ്പെട്ടിരുന്നു. അതോടെ, അയാൾക്കുമേൽ നടപ്പാക്കപ്പെട്ടിരുന്ന അനീതികളെല്ലാം ചോദ്യംചെയ്യപ്പെടാത്ത രീതിയിൽ അംഗീകൃതമായിത്തീർന്നു. എന്തുകൊണ്ട് ബ്രാഹ്മണ്യം ഭ്രഷ്ടിനെ തങ്ങൾക്ക് ഇഷ്ടമില്ലാത്ത വ്യക്തികൾക്കും സമൂഹങ്ങൾക്കും മേൽ അത്യുഗ്രശേഷിയുള്ള ഒരു സംഹാരായുധമായി ഉപയോഗിച്ചു എന്നതിന്റെ സാധ്യത അതായിരുന്നു. സ്മൃതികാരന്മാർ എഴുതിവെച്ച മാമൂലുകൾ കർശനമായി നടപ്പിലാക്കപ്പെടുകയായിരുന്നില്ല; ചിലരുടെ സ്വാർത്ഥതാത്പര്യങ്ങൾ സംരക്ഷിക്കാനായി, അനവധി മഹാത്മാക്കളുടെ പേരിൽ അത്തരം നിഷ്ഠൂരനിയമങ്ങൾ എഴുതിയുണ്ടാക്കി സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു എന്ന സത്യമറിഞ്ഞാലേ, ആ ക്രൂരതയുടെ ആഴമറിയാനാകൂ.

ചുരുക്കിപ്പറഞ്ഞാൽ, പഞ്ചമർ ഉണ്ടായത് മാലിന്യങ്ങളിൽനിന്നല്ല; സ്മൃതിവാദികളുടെ മലിനമാനസികാവസ്ഥയിൽനിന്നാണ് എന്നു സ്പഷ്ടമാണല്ലോ.ചണ്ഡാളനായുള്ള ജീവിതവും ഭ്രഷ്ടിലൂടെയുള്ള തരംതാഴ്ത്തലും എത്രത്തോളം ഭീതിദമായി

രുന്നു എന്നു വ്യക്തമാക്കുന്ന അസംഖ്യം ദൃഷ്ടാന്തങ്ങൾ പുരാണേതിഹാസങ്ങളിലും പുറത്തും കാണാനാകും. അത്തരം ചില ദുരന്തകഥകൾ ഇനി കാണുക:

ചണ്ഡാലനാക്കപ്പെട്ട ത്രിശങ്കുവിന്റെ കഥ

രാമായണത്തിലും മഹാഭാരതത്തിലും ദേവീഭാഗവതത്തിലും വിവരിക്കുന്ന ത്രിശങ്കുവിന്റെ കഥ, ചണ്ഡാളജീവിതത്തിന്റെ പിന്നാമ്പുറ യഥാർത്ഥ്യങ്ങൾ അനാവൃതമാക്കുന്നതാണ്. ത്രിലോകപ്രസിദ്ധനും സത്യസന്ധനുമായ സത്യവൃതനെന്ന(ത്രിശങ്കു) ഇക്ഷ്വാകുവംശരാജാവ് ഉടലോടുകൂടി സ്വർഗ്ഗത്തിലെത്തുന്നതിനുവേണ്ടി ഒരു യാഗംചെയ്യണമെന്ന അഭ്യർത്ഥനയുമായി കുലഗുരുവായ വസിഷ്ഠരെ സമീപിച്ചു. അത് അസാധ്യമായ സംഗതിയാണെന്നുപറഞ്ഞ് വസിഷ്ഠമുനി വിലക്കി. തുടർന്ന്, ത്രിശങ്കു വസിഷ്ഠപുത്രന്മാരെ സന്ദർശിച്ച്, തന്റെ ആഗ്രഹവും ഗുരു അരുതെന്നു വിലക്കിയ കാര്യവുമറിയിച്ചു. ത്രിശങ്കുവിന്റെ സത്യസന്ധമായ വാക്കുകൾ കേട്ട്, ഗുരു നിരസിച്ച കാര്യത്തിനുവേണ്ടി മറ്റൊരാശ്രയത്തെ അവലംബിക്കുന്നത് അനുചിതമാണെന്നും ആചാര്യൻ അസാധ്യമെന്നു പറഞ്ഞത് തങ്ങൾക്ക് നിവർത്തിക്കാനാവുമോയെന്നും ചോദിച്ച് അവർ രാജാവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. കുപിതനായ ത്രിശങ്കു, താൻ കഴിവുള്ള മറ്റൊരാളെ കണ്ടെത്തിക്കൊള്ളാം എന്നു പറഞ്ഞിറങ്ങി. അതുകേട്ട വസിഷ്ഠപുത്രന്മാർ രോഷാകുലരായി സത്യവൃതമഹാരാജാവിനെ ശപിച്ചു ചണ്ഡാളനാക്കി.(അന്ന് സത്യവ്രതന് ത്രിശങ്കു എന്ന പേരു വീണിട്ടില്ല).

'വസിഷ്ഠപുത്രന്മാരുടെ ശാപമേറ്റ ത്രിശങ്കു കൊട്ടാരത്തിൽ തിരിച്ചെത്തി പതിവുപോലെ അത്താഴം കഴിച്ച് ഉറങ്ങി. അടുത്ത പ്രഭാതത്തിൽ ഉണർന്നപ്പോൾ വല്ലാത്ത ഒരസ്വസ്ഥത. ത്രിശങ്കുരാജാവ് കണ്ണാടിയിലേയ്ക്ക് നോക്കി. ഹോ!എന്തൊരു രൂപം! കറുകറുത്ത ഉടലും വസ്ത്രങ്ങളും! ചോരക്കണ്ണുകൾ, ചപ്രത്തലമുടി, അസ്ഥിമാലകൾ..താനൊരു ചണ്ഡാലനായിരിക്കുന്നു! വസിഷ്ഠപുത്രന്മാരുടെ ശാപംഫലിച്ചിരിക്കുന്നു! മുറിയ്ക്കു പുറത്തിറങ്ങിയ രാജാവിനെക്കണ്ട് പരിചാരകർ ഭയന്നു; മറ്റുള്ളവരും അറപ്പോടെ വെറുപ്പോടെ ഒഴിഞ്ഞുമാറി!'.ശാപത്തിന്റെ അപാര സംഭാവ്യത അരക്കിട്ടുറപ്പിക്കുന്നത്തിനുവേണ്ടി ത്രിശങ്കുവിൽ വന്ന മാറ്റങ്ങൾ വിവരിക്കുന്നത് ഇപ്രകാരമാണ്. ശാപശേഷം രാജാവിന്റെ ശരീരത്തിൽ വന്നുചേർന്ന മാറ്റങ്ങളുടെ സാധുത എത്രമാത്രം യുക്തിസഹമാണെന്നു ചിന്തിക്കുക. ശാപമേറ്റയുടനെ രാജാവിൽ മാറ്റങ്ങളൊന്നും സംഭവിച്ചില്ല എന്നതിനർത്ഥം, അടുത്ത ദിവസം വരെ അദ്ദേഹം മാറ്റമില്ലാതെ തുടർന്നെന്നും, അടുത്ത പ്രഭാതത്തിൽ ചണ്ഡാളച്ചേരിയിലേക്കു മാറ്റപ്പെട്ടു എന്നുമാണല്ലോ. ഒരുനിമിഷംകൊണ്ട്, മറ്റുള്ളവർ അറപ്പോടെയും വെറുപ്പോടെയും അകന്നുമാറുന്ന അവസ്ഥയിലേക്ക് ഇക്ഷ്വാകുവംശജനായ ഒരു രാജാവിനെപ്പോലും ഇകഴ്ത്താൻ കഴിയുന്നത്ര ഭീതിദമായിരുന്നു ചണ്ഡാളനാക്കിയുള്ള ഭ്രഷ്ടെന്നു മനസ്സിലാക്കാൻ ഇതിലും അനുയോജ്യമായ ഒരു ഉദാഹരണം ആവശ്യമില്ലല്ലോ. (ചണ്ഡാളനാക്കിയുള്ള ബഹിഷ്കരണം ത്രിശങ്കുവിന്റെ വംശപരമ്പരകളെ എങ്ങനെ വേട്ടയാടി എന്ന് അടുത്ത അധ്യായങ്ങളിൽ പറയാം).

കുലഗുരുവായ വസിഷ്ഠമുനിയും പുത്രന്മാരും കൈവിട്ടതിൽ ദുഃഖിതനായ ത്രിശങ്കുമഹാരാജാവ്, അശ്രയമായിക്കണ്ടത് വസിഷ്ഠന്റെ ആജന്മശത്രുവായ വിശ്വാമി

ത്രനെയാണ്. ആചാര്യനും മക്കളും ഉപേക്ഷിച്ച മഹാരാജാവിന്റെ ആഗ്രഹം നടപ്പാക്കിക്കൊടുക്കാമെന്നു ഋഷി സമ്മതിച്ചു. അനന്തരം, വിശ്വാമിത്രൻ യാഗത്തിനുവേണ്ട സഹായം ചെയ്യുന്നതിനുവേണ്ടി, സകല മഹർഷിമാരെയും ക്ഷണിച്ചുകൊണ്ടുവരാൻ തന്റെ പുത്രന്മാരെത്തന്നെ നിയോഗിച്ചു. പക്ഷേ, വസിഷ്ഠന്റെ നൂറുപുത്രന്മാരും മഹോദയനെന്ന മുനിയും മാത്രം വരാൻ കൂട്ടാക്കിയില്ല. തങ്ങളുടെ ശാപഫലമായി ചണ്ഡാലനായ ത്രിശങ്കുവിന്റെ യാഗമായതിനാലും, ക്ഷത്രിയനായ വിശ്വാമിത്രൻ യാജകനായതുകൊണ്ടുമാണ് അവർ ക്ഷണം നിരസിച്ചത്. അതിൽ കോപിതനായ വിശ്വാമിത്രൻ, വസിഷ്ഠപുത്രന്മാരെ ശപിച്ച് മുഷ്ടികന്മാരെന്ന വിരൂപരും ശവംതീനികളും നായിറച്ചികഴിക്കുന്നവരുമാക്കിമാറ്റി. മഹോദയനെ ശപിച്ച് എല്ലാ ലോകങ്ങളിലും നിന്ദിതനായ വേടനാക്കിയെന്നും പുരാണങ്ങളിൽ കാണുന്നു.

ഉടലോടെ സ്വർഗ്ഗത്തിലെത്തുന്നത് അസാധ്യമാണെന്നു പറഞ്ഞാണ് വസിഷ്ഠനും പുത്രന്മാരും ത്രിശങ്കുവിന്റെ യാഗംവിലക്കിയത്(അശക്യമിതി ചാപ്യുക്തോ വസിഷ്ഠേന മഹാത്മനാ). അതിന്റെ കാരണം, അതിലെ അസംഭാവ്യത തന്നെയാകാം. വേദവിരുദ്ധമായ ആ ആഗ്രഹം നടത്തിക്കൊടുക്കുന്നതിനുവേണ്ടിയാണ് മറ്റു മഹർഷിമാരെയെല്ലാം ക്ഷണിച്ചുകൊണ്ടുവരാൻ വിശ്വാമിത്രൻ പുത്രന്മാരെ നിയോഗിച്ചത്. ആ ക്ഷണം തള്ളിയതിന്റെ പേരിലാണ് വസിഷ്ഠന്റെ നൂറു പുത്രന്മാരെയും മഹോദയനെന്ന മുനിയെയും വിശ്വാമിത്രമുനി ശപിച്ചത്. ശാപഫലമായി വസിഷ്ഠപുത്രന്മാരും മഹോദയനും ചണ്ഡാലരാക്കപ്പെട്ടു എന്നുതന്നെ കരുതേണ്ടിവരുന്നു. വസിഷ്ഠപുത്രർ വിരൂപരും ശവംതീനികളും നയിറച്ചികഴിക്കുന്നവരുമായ മുഷ്ടികന്മാർ എന്ന പതിത സമുദായമായും, മഹോദയൻ ലോകനിന്ദിതനായ വേടനായും മാറി എന്നതിന്റെ അർത്ഥം അതുതന്നെയാണല്ലോ.വസിഷ്ഠപുത്രന്മാരും മഹോദയനും എന്നെങ്കിലും ശാപമോക്ഷം നേടിയതായും കാണുന്നില്ല. അതിനാൽ, വസിഷ്ഠന്റെ നൂറുപുത്രന്മാരുടേയും മഹോദയന്റേയുംപരമ്പര ശൂദ്രരോ ചണ്ഡാളരോ ആയാണു പിന്നീടു ജീവിച്ചതെന്നുവേണം കരുതാൻ. അത്തരത്തിൽ, ഭ്രഷ്ടിനിരയായി വർണ്ണങ്ങളിൽനിന്നും വെളിയിലാക്കപ്പെട്ടവരുടെ എണ്ണമില്ലാത്തപിൻതലമുറകളും കണ്ണിയായതോടെയാണ്, ഭാരതജനസംഖ്യയിലെ ഗണ്യമായ ഒരു ജനസഞ്ചയമായി പഞ്ചമ-ചണ്ഡാള സമുദായങ്ങൾ മാറിയത്. അവരാരും മാലിന്യങ്ങളിൽനിന്നും ഉണ്ടായവരല്ലെന്നു സ്പഷ്ടമാണല്ലോ. ചിലർക്ക് അപ്രിയരായ കാരണത്താൽ അവർ പുറംതള്ളപ്പെട്ടതാണ്. ആ സത്യം പുറത്തുവരാതിരിക്കാനും അവർ അശുദ്ധരാണെന്ന ധാരണപരത്തുന്നതിനുമാണ് മാലിന്യസിദ്ധാന്തം ആവിഷ്കരിച്ചത്.

ചണ്ഡാലനാക്കപ്പെട്ടയാളെ വീണ്ടും ശപിച്ചു ചണ്ഡാലനാക്കി?

വസിഷ്ഠപുത്രന്മാരുടെ ശാപമേറ്റു ചണ്ഡാളനാകുന്നതിനുമുമ്പ് ത്രിശങ്കു എന്നറിയപ്പെടുന്ന സത്യവ്രതൻ ശാപമേറ്റു ചണ്ഡാളനായിരുന്നു എന്ന് കാണിക്കുന്ന ഒരു ഉപാഖ്യാനമുണ്ട്. ആ കഥയിലും വില്ലൻ ബ്രാഹ്മണശാപമെന്ന ഭ്രഷ്ടുതന്നെയാണ് എന്നതാണ് കൗതുകകരം. സൂര്യവംശരാജാവായ ത്രയ്യാരുണന്റെ മകനായ സത്യവ്രതൻ 'അതികാമിയും സാഹസിയും' ആയിരുന്നു. വിവാഹവേദിയിൽനിന്ന് ഒരു ബ്രാഹ്മണവധുവിനെ തട്ടിക്കൊണ്ടുപോയതിന് സത്യവ്രതനെ ബ്രാഹ്മണർ ശപിച്ചു ചണ്ഡാ

ളനാക്കി കൊട്ടാരത്തിൽനിന്നു പുറത്താക്കി. തുടർന്ന് അയാൾ ഒരു ചണ്ഡാളക്കുടിലിൽ താമസമാക്കി. വിവാഹവേദിയിൽനിന്നു ബ്രാഹ്മണവധുവിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതോടെ സത്യവ്രതനെ ബ്രാഹ്മണർ ഭ്രഷ്ടനാക്കിയെന്നും പുത്രനെ പുറത്താക്കാൻ ത്രയ്യാരുണൻ പ്രേരിതനായെന്നും കരുതാം.

അങ്ങനെയിരിക്കെ ആ രാജ്യത്ത് പന്ത്രണ്ടുവർഷത്തോളം മഴപെയ്യാതിരുന്നതിനെത്തുടർന്നു കൊടും വരൾച്ചയുണ്ടായി. ദുരിതമനുഭവിച്ചവരുടെ കൂട്ടത്തിൽ, കൗശികീനദിയുടെ തീരത്തു തപസ്സനുഷ്ഠിക്കുകയായിരുന്ന വിശ്വാമിത്രനും ഭാര്യ സത്യവതിയും മൂന്ന് ആൺമക്കളും ഉണ്ടായിരുന്നു. മക്കളിൽ രണ്ടാമത്തെയാളെ വിറ്റുകിട്ടുന്ന പണംകൊണ്ടു മറ്റു രണ്ടുപേരെയും പുലർത്താം എന്നു തീരുമാനിച്ച വിശ്വാമിത്രപത്നി അവന്റെ കഴുത്തിൽ ദർഭക്കയറിട്ട് ചന്തയിലേക്കു കൊണ്ടുപോകാനൊരുങ്ങി. വഴിയിൽവെച്ച്, ചണ്ഡാളനാക്കപ്പെട്ട ത്രിശങ്കു അവരെ കാണുകയും കാര്യങ്ങൾ ചോദിച്ചറിയുകയും ചെയ്തു. പുത്രനെ വിൽക്കേണ്ടെന്നും അവർക്കുവേണ്ട മാംസം ഓരോ ദിവസവും താൻ ശേഖരിച്ച് ഒരു വൃക്ഷക്കൊമ്പിൽ കെട്ടിത്തൂക്കാം എന്നും ഉറപ്പുകൊടുത്തു.(വിശ്വാമിത്രൻ മാംസം ഭക്ഷിച്ചിരുന്നു എന്ന കാര്യം ശ്രദ്ധിക്കുക). ഒരുനാൾ, എത്ര അലഞ്ഞിട്ടും ഒരു വേട്ടമൃഗത്തെയും കിട്ടിയില്ല. അലഞ്ഞുതിരിഞ്ഞ സത്യവ്രതൻ വസിഷ്ഠാശ്രമത്തിനരികെ എത്തിച്ചേർന്നു. അവിടെ, നന്ദിനിയെന്ന വിശുദ്ധപശു മേഞ്ഞുനടക്കുന്നത് കണ്ടു. അയാൾ ആ പശുവിനെ കൊന്ന് ഒരു പങ്കു ഭക്ഷിക്കുകയും ബാക്കി കൊണ്ടുപോയി മരത്തിൽ കെട്ടിത്തൂക്കുകയും ചെയ്തു. പശുമാംസമെന്നറിയാതെ വിശ്വാമിത്രപത്നി മാംസംകഴിച്ചു. നന്ദിനിയെ കൊന്ന വിവരമറിഞ്ഞ വസിഷ്ഠൻ സത്യവ്രതനെ ശപിച്ചു:"ഇന്നുമുതൽ നീ ചണ്ഡാലനായിപ്പോകട്ടെ. പരഭാര്യ അപഹരണം, പിതൃകോപം, പശുമാംസഭോജനം എന്നീ പാപങ്ങളാകുന്ന മൂന്നു ശങ്കുക്കൾ(ആണി) എന്നും നിന്നെ പീഡിപ്പിക്കട്ടെ. അതിനാൽ, ഇന്നുമുതൽ നിന്റെ നാമം ത്രിശങ്കു എന്നായിരിക്കും". ചണ്ഡാലനായിത്തീർന്ന ത്രിശങ്കു യാഗം ചെയ്തു പാപഭാരംപോക്കാൻ തുനിഞ്ഞെങ്കിലും അതിന് ഋഷിമാർ തയ്യാറായില്ല. ഒടുവിൽ അയാൾ തീയിൽച്ചാടി മരിക്കാനൊരുങ്ങി. അപ്പോൾ, ദേവി പ്രത്യക്ഷപ്പെട്ടു തടഞ്ഞു. മൂന്നു നാൾക്കകം അയാൾ രാജാവാകുമെന്നു പ്രവചിക്കുകയുംചെയ്തു. ത്രയ്യാരുണൻ സത്യവ്രതനെ യുവരാജാവാക്കുകയും തപസ്സനുഷ്ഠിക്കാൻ വനത്തിലേക്കു പോകുകയുമുണ്ടായി. ത്രിശങ്കു നന്നായി രാജ്യംഭരിച്ച് പേരെടുത്തു. അങ്ങനെയിരിക്കെയാണ് ഉടലോടെ സ്വർഗ്ഗത്തിൽ പോകാൻ ത്രിശങ്കുവിന് ആഗ്രഹമുണ്ടായത്. കുലഗുരുവായ വസിഷ്ഠമുനിയെ അതിനായി സമീപിച്ചെങ്കിലും അതിനുള്ള ശാസ്ത്രവിധികളൊന്നും കാണുന്നില്ലാ എന്നു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി. തുടർന്നു വസിഷ്ഠപുത്രന്മാരെ സമീപിച്ചപ്പോഴാണ് അവർ ത്രിശങ്കുവിനെ ശപിച്ചു വീണ്ടും ചണ്ഡാലനാക്കിയത്. അവിടെയാണ്, ചണ്ഡാലനായ ആളെ വീണ്ടും ശപിച്ച് ചണ്ഡാലനാക്കാനാകുമോ എന്ന സംശയത്തിന്റെ പ്രസക്തി.വസിഷ്ഠന്റെയും വസിഷ്ഠപുത്രന്മാരുടെയും ശാപമേൽക്കുന്നതിനു മുൻപും സത്യവ്രതൻ ബ്രാഹ്മണശാപത്തിലൂടെ ചണ്ഡാളനായിരുന്നല്ലോ. സത്യവ്രതൻ എന്ന ഇക്ഷ്വാകുരാജാവിന്റെ തകർച്ചയ്ക്കു തുടക്കമിട്ട ആ ശാപമാണല്ലോ ശരിയായ പ്രതി. ആ മുഖ്യപ്രതിയെ ഒളിയ്ക്കാനാണോ മറ്റു ശാപങ്ങൾ എന്നും സംശയിക്കാം.

ഈ കഥയിൽ അടിമുടി തെളിയുന്ന വൈരുദ്ധ്യങ്ങളിലേക്കല്ല; കുറച്ചു യാഥാർത്ഥ്യ ങ്ങളിലേക്കാണ് ശ്രദ്ധക്ഷണിക്കുന്നത്. അപഹരിച്ചുകൊണ്ടുപോയി വിവാഹംകഴി ക്കുന്നരീതി അക്കാലത്ത് സർവ്വസാധാരണമായിരുന്നു എന്നതിന് പുരാണങ്ങളിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. രാക്ഷസം, പൈശാചം തുടങ്ങിയ അത്തരത്തിലുള്ള വിവാഹരീതികൾ മനുസ്മൃതി പോലുള്ള നിയമഗ്രന്ഥങ്ങൾ അംഗീകരിക്കുന്നതു മാണ്.(മനുസ്മൃതി,അധ്യായം:3,ശ്ലോകം:33,34).ആ വിവാഹവിധികൾ അധമമാണെ ന്ന് സ്മൃതി പറയുന്നുണ്ടെങ്കിലും, സ്മൃതിനിബന്ധകൾ പ്രകാരം ക്ഷത്രിയർക്ക് ആ വിധത്തിലുള്ള വിവാഹങ്ങൾക്ക് അനുമതിയുള്ളതാണ്. അതിനാൽ, സത്യവ്രതൻ വിവാഹമണ്ഡപത്തിൽനിന്നും വധുവിനെ തട്ടിക്കൊണ്ടുപോയി എന്നതിനേക്കാൾ ബ്രാഹ്മണവധുവിനെ തട്ടിക്കൊണ്ടുപോയി എന്നതിനാണു പ്രസക്തി എന്നു കരുത ണമല്ലോ. അതിനാലാണ്, സത്യവ്രതനെ ശപിച്ചു ചണ്ഡാലനാക്കിയത് എന്ന കാര്യം വ്യക്തം. ആ പകയും പ്രതികാരവും അദ്ദേഹത്തെ ജീവിതകാലം മുഴുവൻ വേട്ടയാ ടിയതിന്റെ തുടർച്ചമാത്രമാണ് ബാക്കിയൊക്കെ.സാക്ഷാൽദേവി പ്രസാദിച്ച് ശാപ മോക്ഷം കൊടുത്താലും ജാതിബ്രാഹ്മണ്യം കനിയില്ല എന്നു തിട്ടം. അതുകൊണ്ടാ ണല്ലോ ശാപമോക്ഷം ലഭിച്ചു രാജാവായ ത്രിശങ്കുവിനെ വീണ്ടും ശപിച്ചു ചണ്ഡാല നാക്കിയത്.ബ്രാഹ്മണസ്ത്രീയെ തട്ടിക്കൊണ്ടുപോയി വിവാഹംകഴിച്ചതിന്റെ പക ത്രിശങ്കുവിൽ അവസാനിപ്പിക്കാൻ കുലമഹിമാവാദികൾ തയ്യാറായില്ലഎന്നതാണ് വസ്തുത. ഒരുതവണ ഭ്രഷ്ടനായാൽ, തിരിച്ചുകയറാൻ പൗരോഹിത്യം ഒരിക്കലും സമ്മതിക്കില്ലെന്നും ഏതെങ്കിലും സാഹചര്യത്തിൽ മടക്കം സാധ്യമായാൽ അതി നെ മുടക്കും എന്നും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് അകത്തെത്തിയാൽ അധികം വൈകാതെ തക്കതായ കാരണമുണ്ടാക്കി പുറത്താക്കും എന്നുമാണ് ഈ കഥ പഠിപ്പിക്കുന്നത്. ത്രിശങ്കുപുത്രനും സത്യസന്ധതയുടെ പ്രതിരൂപവുമായ ഹരി ശ്ചന്ദ്രന്റെ കഥയും അതാണു പറയുന്നത്. ബ്രാഹ്മണ്യത്തിന്റെ വേട്ടയാടൽ തലമു റകളിലേക്കു പടരുന്നതിന്റെ ചിത്രമാണ് ഹരിശ്ചന്ദ്രന്റെ ജീവചരിത്രം. ഗുണഗണ ങ്ങളോ പദവിയോ അല്ല; ബ്രാഹ്മണ്യത്തിന്റെ പ്രീതി മാത്രമായിരുന്നു അന്നു മനു ഷ്യരുടെ സ്ഥാനം തീരുമാനിച്ചിരുന്നത്.(ഇക്ഷ്വാകുവംശം: ശ്രീരാമന്റെ വംശം).

[പിൻകുറിപ്പ്: ത്രിശങ്കുവിനെ ഉടലോടെ സ്വർഗ്ഗത്തിലേക്കയയ്ക്കാമെന്നു വാക്കുകൊടുത്ത വിശ്വാമിത്രൻ, യാഗാനുഷ്ഠാനങ്ങൾ നടത്തി തപഃശ്ശക്തികൊണ്ട് അദ്ദേഹത്തെ സ്വർഗ്ഗത്തി ലേക്കുയർത്തി. ഒരു ചണ്ഡാലൻ സ്വർഗ്ഗവാതിൽക്കലെത്തിയതുകണ്ട ഇന്ദ്രന് കോപംവന്നു. ഇന്ദ്രൻ സത്യവ്രതനെ തലകീഴായി താഴോട്ടു തള്ളിയിട്ടു. 'അവിടെ നിൽക്കട്ടെ' എന്ന് വിശ്വാ മിത്രൻ ആജ്ഞാപിച്ചു. ഭൂമിയിലും സ്വർഗ്ഗത്തിലും അല്ലാതെയുള്ള ഒരിടത്തു ത്രിശങ്കു തട ഞ്ഞുനിൽപ്പായി. അവിടെ ത്രിശങ്കുവിനുവേണ്ടി വിശ്വാമിത്രൻ ഒരു സ്വർഗ്ഗം പണിതുകൊ ടുത്തു. അതാണ് ത്രിശങ്കുസ്വർഗ്ഗം എന്നപേരിൽ അറിയപ്പെടുന്നത്.]

ഹരിശ്ചന്ദ്രൻ: വിടാതെപിന്തുടർന്ന വേട്ടയാടലിന്റെ ഇര

ത്രിശങ്കുവിന്റെ പുത്രനായ ഹരിശ്ചന്ദ്രനും ന്യായശീലനും ദയാലുവുമായ രാജാവാ യിരുന്നു. ഇക്കാലത്തും ഉപയോഗിക്കപ്പെടുന്ന 'ഹരിശ്ചന്ദ്രൻ' എന്ന ഭാഷാപ്രയോഗം തന്നെയാണ് അതിനുള്ള നല്ല തെളിവ്. അദ്ദേഹം ഭാര്യ അമരാവതിയോടും പുത്രൻ രോഹിതാശ്വനോടുംകൂടി അയോദ്ധ്യ ഭരിച്ചിരുന്നകാലം പ്രജകൾ ഏറെ സന്തുഷ്ട

രായിരുന്നു. ചെറുപ്രായംതൊട്ട് സത്യത്തിന് അത്യന്തം മൂല്യം കല്പിച്ചിരുന്ന ഹരിശ്ചന്ദ്രൻ, ഒരിക്കലും അസത്യം പറയുകയോ കൊടുത്തവാക്കു പരിപാലിക്കാതിരിക്കുകയോ ചെയ്തിട്ടില്ല. വൈകാതെ, അദ്ദേഹത്തിന്റെ പ്രശസ്തി സ്വർഗ്ഗത്തിലെ ദേവന്മാരുടെ കാതിലും എത്തി. അദ്ദേഹത്തെ ഒന്നു പരീക്ഷിക്കണമെന്നു തീരുമാനിച്ച് ദേവേന്ദ്രനടക്കമുള്ള ദേവന്മാർ വിശ്വാമിത്രനെ നിയോഗിച്ചു.

വിശ്വാമിത്രമുനി ഹരിശ്ചന്ദ്രനെക്കൊണ്ട്, ഒരു കള്ളം പറയിക്കുവാനോ കൊടുത്ത വാക്കു പാഴാക്കിക്കുവാനോ പരമാവധി ശ്രമിച്ചു. എന്നാൽ, എല്ലാം വെറുതെയായി. ബ്രാഹ്മണവേഷധാരിയായെത്തിയ വിശ്വാമിത്രൻ ഒരുക്കിയ ചതിയിൽ പെട്ട ഹരിശ്ചന്ദ്രന് ഭാര്യയും മകനും സ്വദേഹവും ഒഴിച്ചുള്ള സകലതും വിശ്വാമിത്രനു ദാനം ചെയ്യേണ്ടിവന്നു. ഭാര്യയെയും മകനെയും കൂട്ടി കാട്ടിലേക്കു യാത്രയായ അദ്ദേഹത്തോടു വിശ്വാമിത്രൻ, ഗുരുവിനു സാധാരണ കൊടുക്കാറുള്ള ദക്ഷിണ ചോദിച്ചു. ഗുരുദക്ഷിണ കൊടുക്കാൻ കൈവശം ഒന്നും ഇല്ലാതിരുന്ന അദ്ദേഹം, വിശ്വാമിത്രനോട് ഒരുമാസം സാവകാശം നൽകണമെന്ന് അപേക്ഷിച്ചു. ഗുരുവിനു കൊടുക്കാനുള്ള ആയിരം പൊൻപണം സമ്പാദിക്കാൻവേണ്ടി ഹരിശ്ചന്ദ്രൻ രാജ്യം മൊത്തം അലഞ്ഞെങ്കിലും പണം കിട്ടിയില്ല. ഒടുവിൽ, കാശിപട്ടണത്തിലെത്തിയ അദ്ദേഹം ഭാര്യയെയും മകനെയും അടിമച്ചന്തയിൽ കൊണ്ടുപോയി ഒരു വൃദ്ധബ്രാഹ്മണനു വിറ്റു. ആ സമയത്ത് അവിടെയെത്തിയ വിശ്വാമിത്രൻ ചോദിച്ചതനുസരിച്ച്, കിട്ടിയ പണം മുഴുവൻ ദക്ഷിണയായി കൊടുത്തു. എങ്കിലും ആ ചെറിയ സംഖ്യ സ്വീകരിക്കാൻ വിശ്വാമിത്രൻ തയ്യാറായില്ല. ഇനിയെന്തു ചെയ്യുമെന്നു വിഷമിച്ചുനിന്ന ഹരിശ്ചന്ദ്രൻ, ബാക്കി തുകയുണ്ടാക്കാൻ ശ്മശാനത്തിൽ ജോലിചെയ്യുന്ന ഒരു ചണ്ഡാളനുവേണ്ടി ജോലിയെടുക്കുവാൻ സമ്മതിച്ചു. ചണ്ഡാളൻ കൊടുത്ത മുൻകൂർ ശമ്പളവുംകൂടി കൈപ്പറ്റി വിശ്വാമിത്രമഹർഷി സ്ഥലംവിട്ടു.

ഹരിശ്ചന്ദ്രൻ ഏറെ മനഃപ്രയാസത്തോടെ ആ ചണ്ഡാളനോടൊപ്പം ശ്മശാനത്തിൽ താമസിച്ചുകൊണ്ട് ജോലിചെയ്യുവാൻ തുടങ്ങി. അപ്പോഴും അദ്ദേഹം ഭാര്യയെയും മകനെയുംകുറിച്ച് വ്യാകുലനായിരുന്നു. ബ്രാഹ്മണന്റെ വീട്ടിൽ കഠിനജോലികൾ ചെയ്ത് ഭാര്യയും മകനും കാലംകഴിച്ചു. ഒരുദിനം, പൂപറിക്കാൻപോയ കുട്ടി പാമ്പു കടിയേറ്റുമരിച്ചു. കുട്ടിയെ ദഹിപ്പിക്കുവാനായി അമരാവതി സ്വന്തം കൈകളിലെടുത്തുകൊണ്ട് ശ്മശാനത്തിലേക്ക് പോയി.അവൾ എത്തിയത് ഹരിശ്ചന്ദ്രൻ ജോലി ചെയ്ത ശ്മശാനത്തിലായിരുന്നു. ദാരിദ്രവും ദുരിതങ്ങളും അവരെ വളരെയേറെ മാറ്റിയിരുന്നതിനാൽ പരസ്പരം തിരിച്ചറിഞ്ഞില്ല. ഹരിശ്ചന്ദ്രൻ കടമയനുസരിച്ചു ശവംദഹിപ്പിക്കുവാനുള്ള പണംചോദിച്ചു. അമരാവതി കരയുവാൻ തുടങ്ങി. താൻ ഒരു അടിമയാണെന്നും ഉടുത്തിരിക്കുന്ന തുണികളല്ലാതെ കൈവശം മറ്റൊന്നുമില്ലെന്നും പറഞ്ഞു കരഞ്ഞ അവളോട് ദയതോന്നിയെങ്കിലും അദ്ദേഹത്തിന് തന്റെ കടമയിൽനിന്നു പിന്തിരിയാൻ സാധിച്ചില്ല. ആ സ്ത്രീ താലിയിട്ടിരിക്കുന്നതു കണ്ട അദ്ദേഹം, കൂലിയായി അതു തന്നാൽമതിയെന്ന് പറഞ്ഞു. അതുകേട്ടു ഞെട്ടി അലറിക്കരഞ്ഞ അമരാവതി, കൂലിയായി തന്റെ ഉടുവസ്ത്രം പാതിയെടുത്തുകൊണ്ട് കുഞ്ഞിനെ ദഹിപ്പിക്കാൻ യാചിച്ചു. ഹരിശ്ചന്ദ്രൻ സമ്മതിച്ചതോടെ അവൾ തന്റെ വസ്ത്രങ്ങൾ വലിച്ചുകീറാൻ തുടങ്ങി. അപ്പോൾ, അശരീരിയായി കൈയ്യടിശബ്ദ

വും ആകാശത്തുനിന്നു പുഷ്പവൃഷ്ടിയുമുണ്ടായി. അന്നേരം അവിടെ പ്രത്യക്ഷ പ്പെട്ട വിശ്വാമിത്രൻ, ഹരിശ്ചന്ദ്രന് ഭാര്യയെയുംകൂട്ടി സ്വന്തം രാജ്യത്തേക്കു തിരിച്ചു പോകാൻ അനുമതികൊടുത്തു.അവർ ഏറെസന്തോഷിച്ചെങ്കിലും, താൻ ചണ്ഡാള ന്റെയും പത്നി ബ്രാഹ്മണന്റെയും അടിമകളായിരിക്കുന്നിടത്തോളം കാലം വേ റെയൊന്നും തങ്ങൾക്ക് സ്വീകാര്യമല്ലെന്ന് ഹരിശ്ചന്ദ്രൻ വിശ്വാമിത്രനെ ധരിപ്പിച്ചു. ഉടനെ, ചണ്ഡാളനും ബ്രാഹ്മണനുമായി രൂപമെടുത്തിരുന്ന ധർമ്മദേവനും ഇന്ദ്രനും അവരുടെ അടുത്തുവന്ന് അനുഗ്രഹിച്ചു. ഇതാണ് സുപ്രസിദ്ധമായ ഹരിശ്ചന്ദ്രന്റെ യും കുടുംബത്തിന്റെയും ദുരന്തകഥയുടെ രത്നച്ചുരുക്കം.

മൂന്നുവട്ടം ശാപമേറ്റ് ചണ്ഡാലനായ ത്രിശങ്കു ശാപമോക്ഷംനേടിയിരുന്നോ എന്നറി യില്ല. ചണ്ഡാളനാക്കപ്പെട്ടത് ത്രിശങ്കു മാത്രമായിരുന്നോ എന്നും അറിയില്ല. സ്വാഭാ വികമായി ഒരാൾ ജാതിഭ്രഷ്ടനായാൽ, അദ്ദേഹത്തിന്റെ കുടുംബവും അതിന്റെ പരിധിയിൽവരുമല്ലോ. അതിനാൽ ത്രിശങ്കുപുത്രനായ ഹരിശ്ചന്ദ്രനും ചണ്ഡാലനാ കാനാണു സാധ്യത. ഒരിക്കലും പുറത്തുകടക്കാനാവാത്ത വിലക്കുകൾക്കു നടുവി ലാണ് ഓരോ ചണ്ഡാളനും ജീവിക്കേണ്ടിവരുന്നത് എന്നതുകൊണ്ട് തിരിച്ചുകയറാ നുള്ള പാത തുറന്നുകിട്ടൽ എളുപ്പമല്ലല്ലോ. ത്രിശങ്കുവിന്റെ കാര്യത്തിലുള്ള ഏക സാധ്യത കൈവശമുള്ള അധികാരമാണ്. എങ്കിലും, രാജാവിനെപ്പോലും ചണ്ഡാല നാക്കി പുറത്താക്കാൻ പോന്ന, ബ്രാഹ്മണിയെ അപഹരിക്കുക എന്നതെറ്റാണ് സംഭ വിച്ചത് എന്നതിനാൽ ആ പഴുതും ഫലവത്താകാനിടയില്ല. അങ്ങനെ, കാര്യങ്ങളെ ല്ലാം കൂട്ടിവായിക്കുമ്പോൾ, സത്യസന്ധതയുടെ പര്യായമായി രാജ്യംഭരിച്ച ഹരിശ്ച ന്ദ്രൻ എന്ന ചണ്ഡാളപുത്രനെ ഭരണത്തിൽനിന്നു പുറത്താക്കാൻ പ്രയോഗിക്കപ്പെട്ട ഒരു അടവായിരുന്നോ ദേവേന്ദ്രന്റെ ആ പരീക്ഷണനാടകമെന്ന് സംശയിക്കേണ്ടി വരും. ഭാര്യയെയും മകനേയും തിരിച്ചുകിട്ടിയെങ്കിലും ചുടല വിട്ടുപോകാൻ ഹരി ശ്ചന്ദ്രൻ തയ്യാറായില്ലെന്നും, വിവരമറിഞ്ഞ കാശിരാജാവ് അദ്ദേഹത്തിന് ചുടലക്ക രികിൽ ഒരു വീട് നിർമ്മിച്ചുനൽകിയെന്നും കഥയിൽ കാണുന്നു. എത്ര കുടഞ്ഞെ റിഞ്ഞാലും അറ്റുപോകാത്ത ചങ്ങലയാണ് ചണ്ഡാളത്വം എന്നതാണ് ഈ കഥയിൽ നിന്നു വ്യക്തമാകുന്നത്. അക്കാര്യത്തിൽ മഹാരാജാവെന്നോ പ്രജയെന്നോ ഭേദമി ല്ലെന്നു ചുരുക്കം.[അവലംബം:ഹരിശ്ചന്ദ്രൻ, കെ.വാസുദേവൻമൂസ്സത്].

ഭാസന്റെ അവിമാരകം

[അവലംബം: അവിമാരകം, ബാക്ക്കുംബെയുടെ ഇംഗ്ലീഷ് പരിഭാഷ,1968]

ഏതു വർണ്ണത്തിൽ ജനിച്ചയാളായാലും ഏതു സാമൂഹികനിലയിലുള്ള വ്യക്തിയാ യാലും ബ്രാഹ്മണകോപത്തിന് ഇരയായാൽ ഭ്രഷ്ടുകൽപ്പിച്ചു ചണ്ഡാളനാക്കി സമൂ ഹത്തിൽനിന്നും മാറ്റിനിറുത്തപ്പെടാം എന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്ന മറ്റൊരു ദൃഷ്ടാന്തമാണ് പൗരാണിക സംസ്കൃതനാടകമായ അവിമാരകത്തിന്റെ ഉള്ളട ക്കം. സംസ്കൃതത്തിലെ വളരെ പ്രസിദ്ധനായ ആദ്യകാല നാടകകൃത്ത് ഭാസന്റെ രചനയായ ആ നാടകം, ബ്രാഹ്മണശാപത്താൽ ചണ്ഡാലനായിത്തീർന്ന അവിമാര കനെന്ന രാജകുമാരനെ കേന്ദ്രകഥാപാത്രമാക്കി രചിച്ചിട്ടുള്ള ചരിത്രപരമായിപ്രസ ക്തിയുള്ള ഒരു കൃതിയാണ്. ആ നാടകത്തിന്റെ കഥാതന്തു ഇപ്രകാരമാണ്:

ചണ്ഡഭാർഗ്ഗവനെന്ന ക്ഷിപ്രകോപിയായ ബ്രാഹ്മണമഹർഷിയുടെ ശാപഫലമായി, ചണ്ഡാലനായി മാറിയ സൗവീരരാജന്റെ മകൻ അവിമാരകൻ(വിഷ്ണുസേനൻ) മാതാപിതാക്കളോടൊപ്പം അമ്മാവനായ കുന്തിഭോജമഹാരാജാവിന്റെ രാജ്യത്തു പ്രച്ഛന്നവാസം ചെയ്യുമ്പോൾ, മാതുലപുത്രിയായ കുരാംഗിയെ ഒരു മദയാനയുടെ ആക്രമണത്തിൽനിന്നു രക്ഷിച്ചു. ആ ധീരകൃത്യത്തെപ്പറ്റി കേട്ട കുന്തിഭോജന് ആ യുവാവിൽ ഏറെ ബഹുമാനംതോന്നി. ചണ്ഡാലനല്ലായിരുന്നെങ്കിൽ മകളെ അയാൾക്കു വിവാഹം ചെയ്തുകൊടുക്കാമായിരുന്നു എന്ന് രാജാവ് ചിന്തിച്ചു. അവിമാരകനും രാജകുമാരിക്കും പ്രഥമദർശനത്തിൽത്തന്നെ സംജാതമായ ചക്ഷുഃപ്രീതി, ഗാഢാനുരാഗമായി വളർന്നു. രാജകുമാരിയുടെ തോഴി ജയദയുടെ സഹായത്തോടുകൂടി അവിമാരകൻ കുരംഗിയുടെ അന്തഃപുരത്തിൽ കടന്ന്, ഒരു വർഷത്തോളം അവിടെ താമസിച്ചു. രാജാവിനു സംശയം തോന്നിയതിനെത്തുടർന്ന് അന്വേഷണത്തിനു നിയോഗിച്ച കന്യാപുരരക്ഷികളുടെ കണ്ണിൽപ്പെടാതെ പുറത്തു കടക്കാൻ അവിമാരകന് സാധിച്ചു. എങ്കിലും, കുരാംഗിയോടു വേർപെട്ടതിൽ ദുഃഖിതനായും പുനഃസമാഗമ സാധ്യതയിൽ നിരാശനായും ഒരു പർവതശൃംഗത്തിൽനിന്നും ചാടി പ്രാണത്യാഗം ചെയ്യാൻ അയാൾ ഒരുമ്പെട്ടു. ആ സമയം യദൃച്ഛയാ അവിടെയെത്തിച്ചേർന്ന മാന്ത്രികനായ വിദ്യാധരൻ സ്ഥിതിഗതികൾ ചോദിച്ചു മനസ്സിലാക്കി. അനന്തരം, ഇടതുകൈയിലെ മോതിരവിരലിലണിഞ്ഞാൽ ഇടുന്നയാൾ അദൃശ്യനാകുകയും വലത്തുകൈയിലെ മോതിരവിരലിലിട്ടാൽ പ്രത്യക്ഷനാകുകയും ചെയ്യുന്ന ഒരു മാന്ത്രികമോതിരം വിദ്യാധരൻ അവിമാരകനു സമ്മാനിച്ചു. അതു വിരലിലിട്ടുകൊണ്ട് അദൃശ്യനായി അവിമാരകൻ അന്തഃപുരത്തിൽ പ്രവേശിച്ച് കുമാരീസംഗമസുഖമനുഭവിച്ചുകൊണ്ട് പിന്നെയും നിർബാധം കഴിഞ്ഞുകൂടി.

തന്റെ മകളുടെ പ്രതിശ്രുതവരൻ വിഷ്ണുസേനനെ (ചണ്ഡാലനായിമാറിയ അവിമാരകനെ) ദീർഘകാലമായി കാണാതായതിനെത്തുടർന്ന് കുന്തിഭോജനൻ കുരാംഗിയെ കാശിരാജാവിന്റെ മകനായ ജയവർമ്മനെക്കൊണ്ട് വിവാഹം ചെയ്യിക്കാൻ ആലോചിച്ചു. അതിനിടെ, സൗവീരരാജനും കുടുംബവും തന്റെ രാജ്യത്തുതന്നെ ഗൂഢമായി പാർക്കുന്നുണ്ടെന്ന് കുന്തിഭോജൻ അറിയാനിടയായി. നീണ്ട അന്വേഷണത്തിനൊടുവിൽ, തന്റെ ഏകപുത്രനെ കാണാണ്ടായ സങ്കടത്തിൽ നൊന്തുകഴിഞ്ഞുവന്ന സൗവീരരാജനെ ഭടന്മാർ കണ്ടെത്തി കുന്തിഭോജനന്റെ രാജസഭയിലെത്തിച്ചു. ആ ഘട്ടത്തിൽ സമാഗതനായ നാരദനിൽനിന്ന് അവിമാരകന്റെ വൃത്താന്തവും പുറത്തായി. കുരാംഗിയെയും അവിമാരകനെയും നാരദൻ അന്തഃപുരത്തിൽനിന്നും വരുത്തി, കുന്തിഭോജ-സൗവീരരാജാദിസമക്ഷം അവരെ ആശീർവദിച്ചനുഗ്രഹിച്ചു. ഇതാണ് അവിമാരകമെന്ന ഭാസനാടകത്തിന്റെ കഥാസാരം.

അവിമാരകനേയും കുടുംബത്തേയും ശപച്ച് ചണ്ഡാളരാക്കി ഭ്രഷ്ടുകല്പിച്ച് രാജ്യത്തിനു പുറത്താക്കുന്നതിലേക്ക് എത്തിച്ച ബ്രാഹ്മണശാപത്തിന്റെ കാരണം എത്ര ബാലിശമാണെന്ന് നാടകത്തിന്റെ ആറാം അംഗത്തിലെ സൗവീരന്റെ വാക്കുകളിൽനിന്നും വ്യക്തമാണ്.സൗവീരരാജ്യത്തിലെത്തിയ ചണ്ഡഭാർഗ്ഗവനെന്ന ബ്രഹ്മർഷിയുടെ സംഘത്തിലെ ഒരു സന്യാസിയെ കാട്ടിൽവെച്ചു സിംഹം ആക്രമിച്ചു.

ആ സംഭവത്തിൽ അത്യധികം കോപാകുലനായ ബ്രഹ്മർഷിയുടെ മുന്നിലേക്ക് നായാട്ടിനിറങ്ങിയ രാജാവ് ആകസ്മികമായി എത്തിച്ചേരുന്നു. തന്റെ ആശ്വാസവാക്കുകൾക്ക് ചെവികൊടുക്കാൻ തയ്യാറാകാതെ അധിക്ഷേപിച്ചുകൊണ്ടിരുന്ന മഹർഷിയുടെ പ്രവൃത്തിയിൽ കോപിതനായ സൗവീരൻ, നിയന്ത്രണംവിട്ടു സംസാരിച്ചുപോയി: 'അകാരണമായി എനിക്കുമേൽ ആക്ഷേപം ചൊരിയുന്ന അങ്ങ് സന്യാസിയല്ല; ഋഷിയുടെ മേലങ്കിയണിഞ്ഞ ചണ്ഡാളനാണ്' എന്ന രാജാവിന്റെ 'അനുചിതമായ പരാമർശത്തിൽ' വ്രണിതനായ ബ്രാഹ്മണൻ രാജാവിനെയും കുടുംബത്തെയും ശപിച്ചു ചണ്ഡാളരാക്കി. അവിടെ, രാജാവിന്റെ ചോദ്യങ്ങൾക്കു ചെവികൊടുക്കാൻ മഹർഷി തയ്യാറായില്ലെങ്കിലും, ഒരു സന്യാസിക്കുവേണ്ട മനോനിയന്ത്രണം ചണ്ഡഭാർഗ്ഗവന് ഉണ്ടായിരുന്നില്ലെങ്കിലും, രാജാവിന്റെ പദപ്രയോഗം അങ്ങേയറ്റം അപകവമാണ്. പക്ഷേ, അദ്ദേഹത്തെയും കുടുംബത്തെയും ഭ്രഷ്ടനാക്കി രാജ്യത്തുനിന്നും പുറത്താക്കാൻ പറ്റിയ കാരണമായി ഒരാൾക്കും അതിനെ സ്വീകരിക്കാനാകില്ല. ബ്രാഹ്മണന് അപ്രീതിയുണ്ടാക്കുന്ന വാക്കുകൾപോലും ഒരു വംശാവലിയെ പാടെ സമൂഹത്തിൽനിന്നു ബഹിഷ്കൃതരാക്കാനുള്ള കാരണമായിരുന്നു എന്നത് എത്രമേൽ ഭീതിദമായ അവസ്ഥയാണ്. ബ്രാഹ്മണ്യം തങ്ങൾക്കുവേണ്ടി നിർമ്മിച്ചെടുത്ത ആധികാരികതയെന്ന പടക്കോപ്പ് അവർ എങ്ങനെയൊക്കെ ദുരുപയോഗം ചെയ്തിരുന്നു എന്നറിയാൻ സഹായിക്കുന്ന ഒരു ഉദാഹരണമാണ് ഭാസന്റെ ഈ കലാസൃഷ്ടി. ഒരുപക്ഷെ, അതൊരു യഥാർത്ഥസംഭവംതന്നെ ആയിരിക്കാം.

ബ്രാഹ്മണശാപത്തിന്റെഫലമായി സൗവീരരാജനും കുടുംബാംഗങ്ങളും ചണ്ഡാളരായി നാടുവിടേണ്ടിവന്നത്, അക്കാലത്തു നിലനിന്നിരുന്ന പൗരോഹിത്യ ആയുധമായ ഭ്രഷ്ടിന്റെ തീവ്രത വെളിവാക്കുന്നുണ്ട്.മതമേധാവികളായി, പ്രതാപികളായ രാജാക്കന്മാരെപോലും ഭയപ്പെടുത്തി നിലയ്ക്കുനിറുത്തിയിരുന്ന പൗരോഹിത്യം, തങ്ങൾക്കു വഴങ്ങാത്തവരെ നിർദാക്ഷിണ്യം ചണ്ഡാളരായി ഇകഴ്ത്തി രാജ്യാതിർത്തിക്കപ്പുറത്തേക്ക് ആട്ടിപ്പായിച്ചിരുന്നത് പുരാണകഥകളിൽ പലപ്പോഴും കാണാനാകും. പൗരോഹിത്യത്തിന്റെ ശാസനകൾക്കു മുന്നിൽ തീർത്തും നിസ്സഹായരായിപ്പോയിരുന്ന അബ്രാഹ്മണരുടെ ദുരന്തചിത്രമാണ് രാജാവായകുന്തിഭോജനനിലൂടെയും അദ്ദേഹത്തിന്റെ മകളായ കുരംഗിയിലൂടെയും അവിമാരകന്റെ കുടുംബത്തിലൂടെയും ഭാസകവി എഴുതിച്ചേർക്കുന്നത്. അതിനെ വെറും ഒരു കഥയായി എഴുതിത്തള്ളാനാകില്ലല്ലോ. അതിനാൽത്തന്നെ 'കർമ്മഫല'മായും അനവധിപ്പേർ ചണ്ഡാളരാക്കപ്പെട്ടിട്ടുണ്ടെന്നു സാക്ഷ്യപ്പെടുത്തുന്ന ഒരുചരിത്രരേഖയായാണ് ഈ ഭാസനാടകം ചരിത്രത്താളുകളിൽ ജ്വലിച്ചുനിൽക്കുന്നതെന്ന് നിസ്സംശയം വിലയിരുത്താം. കഥയായതുകൊണ്ടും കഥാനായകൻ രാജകുമാരനായതുകൊണ്ടും ഒരു ശുഭാന്ത്യം ഉണ്ടായി ആ കുടുംബത്തിനു മടങ്ങിപ്പോക്കു സാധ്യമായി എന്നുമാത്രം. അല്ലാത്ത ചണ്ഡാളർ കാലാകാലങ്ങളായി, തലമുറകളായി മൃഗതുല്യരായി മാളങ്ങളിൽ ജീവിക്കുന്നു. നൂറ്റാണ്ടുകൾക്കു ശേഷവും ആ സമുദായങ്ങളിലെ മനുഷ്യരെ മനുഷ്യനായി കാണാൻ തോന്നാത്തത്ര വിഷലിപ്തമായ വിവേചനമാണ് സ്മൃതിനിയമങ്ങളുടെ സ്രഷ്ടാക്കളും പ്രചാരകരും ആഢ്യമനസ്സുകളിൽ ഉണ്ടാക്കിവെച്ചിട്ടുള്ളത്. ആ മാലിന്യത്തിൽനിന്നാണ്, വാസ്തവത്തിൽ ചണ്ഡാളത്വം ജനിക്കുന്നത്.

ജാതിബ്രാഹ്മണ്യത്തിന്റെ മനുഷ്യവിരുദ്ധമാമൂലുകളെയും വംശവിശുദ്ധിവാദങ്ങളെയും ചോദ്യംചെയ്യുകയോ പ്രതിരോധിക്കുകയോ നിരാകരിക്കുകയോ ചെയ്തതിന്റെ പേരിൽ ചാതുർവർണ്യത്തിൽനിന്നും പുറത്താക്കപ്പെട്ട്, പൊതു ആവാസകേന്ദ്രങ്ങളിൽനിന്ന് ആട്ടിയിറക്കപ്പെട്ട വ്യക്തികളുംസമുദായങ്ങളുമാണ് അഞ്ചാം വർണ്ണികളായ പഞ്ചമരും ചണ്ഡാളരുമായി മാറിയത് എന്നാണ് ആ പുരാതനരേഖകൾ സാക്ഷ്യപ്പെടുത്തുന്നത്. അവരോടുള്ള വെറുപ്പിന്റെ കാരണവും മറ്റൊന്നല്ല.

[പിൻകുറിപ്പ്: പൊതുവർഷാരംഭത്തിനുശേഷം നാലാം നൂറ്റാണ്ടിനപ്പുറം എന്നോ ജീവിച്ചിരുന്നതായി അനുമാനിക്കപ്പെടുന്ന ഭാസന്റേതായി അറിയപ്പെടുന്ന പതിമൂന്നുനാടകങ്ങളിൽ ഒൻപതും പുരാണേതിഹാസങ്ങളെ ഉപജീവിക്കുന്നവയാണ്. അവയെ മാറ്റിനിറുത്തിയാൽ, സ്വപ്നവാസവദത്തത്തിനോളം പ്രസിദ്ധമല്ലെങ്കിലും അവിമാരകം അതിലെ പ്രതിപാദ്യവിഷയത്തിന്റെ സവിശേഷതകൊണ്ടു വളരെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കേവലം ഒരു നാടകം എന്നതിനപ്പുറം, കാലഘട്ടത്തിന്റെ കയ്യൊപ്പായാണ് ആ നാടകം കണക്കാക്കപ്പെട്ടിരുന്നത്. കഥയ്ക്കു പശ്ചാത്തലമായ കാലഘട്ടത്തിലെ സാമൂഹികസാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്ന, ചരിത്രഗ്രന്ഥങ്ങളോളം തന്നെ പ്രാധാന്യമുള്ള ഒരു തിരുശേഷിപ്പാണ് ആ പുരാതനകൃതി. ഒരു സാഹിത്യരചനയാണെങ്കിലും, അതിലെ വരികൾക്കിടയിൽ ഒരുപാട് ചരിത്രസത്യങ്ങൾ തെളിഞ്ഞുനിൽപ്പുണ്ട്. അതുതന്നെയാണ് അതിന്റെ പ്രസക്തി].

പശുമാംസംതിന്നതിനു പടിക്കുപുറത്തായവർ

ചണ്ഡാളരുടെ പതിതത്വത്തിനു കാരണമായി മിക്ക വ്യാഖ്യാതാക്കളും ന്യായീകരിക്കുന്നത് അവർ പശുമാംസം കഴിക്കുന്നവരാണ് എന്നതാണ്. എന്നാൽ,പശുമാംസം എന്നുമുതൽക്കാണ് അഭക്ഷ്യമായതെന്ന പരിശോധനനൽകുന്ന കണ്ടെത്തലുകൾ കൗതുകകരമാണ്. ഇതിഹാസപുരാണങ്ങളിലെ പല പ്രമുഖരും പശുമാംസം ആഹരിച്ചിരുന്നതിന്റെ ദൃഷ്ടാന്തങ്ങൾ നമുക്കു മുന്നിലുണ്ട്: "ഈ ഭാരതത്തിൽത്തന്നെ, ഗോമാംസം കഴിക്കാതെ ആർക്കും ബ്രാഹ്മണനാകാൻ പാടില്ലാതിരുന്ന ഒരുകാലമുണ്ടായിരുന്നു. ഒരു സന്ന്യാസിയോ രാജാവോ പ്രമാണിയോ വിരുന്നുവന്നാൽ ഒന്നാംതരം കാളയെയാണു കൊന്നിരുന്നത്" എന്ന, വിവേകാനന്ദസാഹിത്യസർവ്വസ്വത്തിലെ 'ആചാരവും അനാചാരവും' എന്ന അധ്യായത്തിലെ സ്വാമിവിവേകാനന്ദന്റെ പ്രസ്താവന അതിനെ ശരിവെക്കുന്നതാണ്. പ്രാചീനഭാരതത്തിൽ നടന്നിരുന്ന രാജസൂയം, അശ്വമേധം, വാജപേയയാഗം, അഗ്നിഹോത്രം തുടങ്ങിയ ആചാരങ്ങളിൽ പലതിലും വൻതോതിൽ മൃഗബലി നടത്തിയിരുന്നു.

സ്മൃതികളിലും മാംസാഹാരം അംഗീകരിക്കുന്നുണ്ട്. മനുസ്മൃതിയിൽ അഞ്ചാമധ്യായത്തിലെ, 'അഭക്ഷ്യങ്ങൾ, മാംസവിധി' എന്നീ ഉപവിഭാഗങ്ങളിലായി പറയുന്ന ചട്ടങ്ങളനുസരിച്ചു മാംസം ഒരു അഭക്ഷ്യവസ്തു ആയിരുന്നില്ല. പ്രസവിച്ചു പത്തുദിവസം കഴിയാത്ത പശു, ആട്, എരുമ, ഒട്ടകം, തടുപ്പിക്കാൻ പ്രായം തികഞ്ഞ പശു, കുട്ടിചത്ത പശു, ഗർഭമുള്ള പശു എന്നിവ ദ്വിജന്മാർ ആഹരിക്കരുതെന്ന് എട്ടും ഒൻപതും ശ്ലോകങ്ങളിൽ വിലക്കിയിട്ടുണ്ട്. അതിനർത്ഥം, അപ്പറഞ്ഞ അവസ്ഥകളിൽ അല്ലാത്ത പശു ഭക്ഷ്യമാണെന്നാണല്ലോ. അഞ്ചുനഖമുള്ള മൃഗങ്ങളെ ഉപേക്ഷിക്കണമെന്നതല്ലാതെ(ശ്ലോകം:17), മാംസഭക്ഷണം ഉപേക്ഷിക്കണം എന്നു മനുസ്മൃതി നിഷ്കർഷിക്കുന്നില്ല. അടുത്ത ശ്ലോകത്തിൽ(ശ്ലോകം:18), അതു കുറേക്കൂടി കൃത്യ

മായി പറയുന്നുണ്ട്: മുള്ളൻപന്നി,ശല്യമൃഗം,ഉടുമ്പ്, കാണ്ടാമൃഗം,ആമ, മുയൽ ഇവ അഞ്ച്നഖങ്ങളുള്ളവയാകുന്നു. അവയെയും, ഒരുവശംപല്ലുള്ള ജീവികളിൽ ഒട്ടകത്തെയുമൊഴിച്ച് മറ്റുള്ളവയെ ഭക്ഷിക്കുന്നതിനു വിരോധമില്ല. അനന്തരം, ഭക്ഷണയോഗ്യമെന്നു പറഞ്ഞിട്ടുള്ള മൃഗങ്ങൾ, പക്ഷികൾ ഇവയെ ബ്രാഹ്മണർക്കു യജ്ഞത്തിനായിട്ട് കൊല്ലാമെന്നും പറയുന്നുണ്ട്.(ശോകം:22). അതിനു സാധൂകരണമായി, മുനിമാർ ചെയ്ത പ്രാചീനങ്ങളായ യാഗങ്ങളിൽ ഭക്ഷിക്കത്തക്ക മൃഗങ്ങൾ, പക്ഷികൾ ഇവ ഹവിസ്സായി ഉപയോഗിക്കപ്പെടുത്തിയിരുന്നുവെന്നും, അതിനാൽ യജ്ഞത്തിൽ മൃഗഹിംസയാകാം എന്നും പ്രസ്താവിച്ചിട്ടുണ്ട്.(ശോകം:23). ഇനി, മാംസവിധിയെന്ന ഉപവിഭാഗത്തിലെ ചില നിർദ്ദേശങ്ങൾ കാണുക:

- ✓ ബ്രഹ്മാവ് എല്ലാത്തിനെയും ജീവന് ആഹാരമായി സൃഷ്ടിച്ചു. അതുകൊണ്ട് നെല്ല് മുതലായ സ്ഥാവരങ്ങളും മൃഗം മുതലായ ജംഗമവും ജീവന് ആഹാരമായിത്തീരുന്നു.(മനുസ്മൃതി, അഞ്ചാമധ്യായം, ശോകം:28).
- ✓ ദിവസേന ഭക്ഷ്യയോഗ്യമായ പ്രാണികളെ ഭക്ഷിക്കുന്നവന് ദോഷമുണ്ടാകുന്നില്ല. എന്തെന്നാൽ, ഭക്ഷ്യങ്ങളായ പ്രാണികളെയും ഭക്ഷിക്കുന്നവരെയും ബ്രഹ്മാവു തന്നെയാണ് സൃഷ്ടിച്ചത്.(ശോകം:30).
- ✓ മാംസം വിലയ്ക്കുവാങ്ങിയാലും താനായിട്ടുസമ്പാദിച്ചാലും ഇഷ്ടത്തോടെ ഒരുത്തൻ കൊടുത്താലും അത് ദേവതകൾക്കും പിതൃക്കൾക്കും നിവേദ്യം ചെയ്തു വിധിപ്രകാരം ഭക്ഷിക്കുന്നവൻ ദുഷിക്കുന്നില്ല.(ശോകം:32).
- ✓ ശ്രാദ്ധത്തിൽ വിധിപ്രകാരം വരിക്കപ്പെട്ട ബ്രാഹ്മണൻ ദോഷമെന്നു കരുതി മാംസം ഭക്ഷിക്കാതിരുന്നാൽ, അയാൾ ഇരുപത്തൊന്നു ജന്മം പശുവായി പിറക്കും.(ശോകം:35).(അതായത്, മാംസഭക്ഷണം നിർബന്ധമായിരുന്നു).
- ✓ യജ്ഞത്തിനായി പശുക്കൾ ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആ യജ്ഞം ചെയ്താൽ ലോകമെല്ലാം ക്ഷേമം പ്രാപിക്കും. അതുകൊണ്ട് യജ്ഞത്തിൽ ചെയ്യുന്ന പശുഹിംസ ഹിംസയല്ല.(ശോകം:39).

ബ്രാഹ്മണർക്ക് അപമൃത്യുവുണ്ടാക്കുന്ന സംഗതികൾ ഏതൊക്കെയാണെന്ന ഋഷിമാരുടെ സന്ദേഹത്തിനുള്ള ഉത്തരമായി, മനുസ്മൃതിയിലെ അഞ്ചാമധ്യായത്തിൽ ഭൃഗുമഹർഷി പറയുന്ന കാരണങ്ങളിൽ ഒന്നായ അഭക്ഷ്യവസ്തുക്കൾ ഭുജിക്കുന്നതുമായി ബന്ധപ്പെട്ട ഈ നിയമങ്ങൾ പ്രത്യേകം പരിഗണനയർഹിക്കുന്നു. ആ മാമൂലുകൾ മൊത്തത്തിൽ നോക്കുമ്പോൾ, ബ്രാഹ്മണരും ചണ്ഡാലരും പശുവിന്റേതടക്കം മിക്ക ജന്തുക്കളുടെയും മാംസം ഭക്ഷിക്കുന്നത് അനുവദനീയമാണ്. എങ്കിലും, ബ്രാഹ്മണർ യജ്ഞമെന്ന പേരിൽ മാംസം കഴിക്കുന്നതുകൊണ്ട് അവർ പവിത്രരും, ചണ്ഡാലർ വിശപ്പകറ്റാൻ കഴിക്കുന്നതുകൊണ്ട് പതിതരുമാകുന്നു എന്ന വ്യത്യാസമേയുള്ളൂ. അപ്പോൾ,വിശപ്പാണ്(ശുദ്ധിയല്ല)ചണ്ഡാളരുടെ പതിതത്വത്തിന്റെ കാരണമെന്നു പറയാതെപറയുകയാണല്ലോ മനുസ്മൃതി ചെയ്യുന്നത്. മാംസമടക്കമുള്ള സാധനങ്ങൾ ദേവതകൾക്കും പിതൃക്കൾക്കും നിവേദ്യംചെയ്തു വിധിപ്രകാരം കഴിക്കുന്നവൻ ദുഷിക്കുന്നില്ല എന്ന് വിഷയത്തെ സ്മൃതി ഉപാധികളോടെ അംഗീകരിക്കുമ്പോൾ, വാസ്തവത്തിൽ പ്രതിയാകുന്നത് ആ അറിവ് നിഷേധിച്ചവരാണ്.

പട്ടിമാംസം തിന്ന വിശ്വാമിത്രൻ:
(ചണ്ഡാളരെങ്ങനെ ചണ്ഡാളരായി എന്നതിനുത്തരം)

ചണ്ഡാലരെ ബഹിഷ്കൃതരാക്കി ഗ്രാമങ്ങളിൽനിന്ന് ആട്ടിയോടിച്ച ആര്യശാസനകളെ ന്യായീകരിക്കാൻ, ആധുനികകാലത്തെ വ്യാഖ്യാതാക്കൾ പോലും അവതരിപ്പിക്കുന്ന മുഖ്യവാദങ്ങൾ, അവരുടെ വൃത്തിഹീനമായ ജീവിത സാഹചര്യങ്ങളും അറപ്പുളവാക്കുന്ന ആഹാരരീതികളുമൊക്കെയാണ്. അവയിൽ ഏറ്റവും വെറുപ്പുണ്ടാക്കുന്നതായി കണക്കാക്കുന്നത്, 'പട്ടിയുടെ മാംസം കഴിക്കുന്ന അവരുടെ ശീല'മാണ്. "നായയുടെ മാംസം ഭക്ഷിക്കുന്ന ചണ്ഡാലനാകട്ടെ" എന്ന ശാപവചനം പുരാണേതിഹാസങ്ങളിൽ ഒട്ടേറെ അവസരങ്ങളിൽ നാം കണ്ടിട്ടുണ്ട്. എന്നാൽ, ചണ്ഡാളരെല്ലാം പട്ടിമാംസം കഴിച്ചിരുന്നതായി കരുതാനാകുമോ? ഉണ്ടെങ്കിൽത്തന്നെ അവർ എന്തുകൊണ്ട് അങ്ങനെയായി എന്ന് ആലോചിച്ചിട്ടുണ്ടോ?

മഹാഭാരതം ശാന്തിപർവ്വത്തിലെ ആപദ്ധർമ്മ പർവ്വത്തിൽ, അത്യാപത്തുകാലത്ത് ആളുകൾ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളാണ് വിവരിച്ചിട്ടുള്ളത്. അതിൽ,മഹാക്ഷാമകാലം പശ്ചാത്തലമായ ഒരാഖ്യാനമുണ്ട്: പണ്ട്, ദ്വാപരയുഗം തുടങ്ങുന്ന കാലത്ത്, ഒരിക്കൽ, പന്ത്രണ്ടു വർഷം ഭൂമിയിൽ മഴപെയ്യാതെയിരുന്നു. ഭൂമിയാകെ കൊടിയ വേനലിൽ ഉണങ്ങിക്കരിഞ്ഞു. ജലാശയങ്ങൾ മുഴുവൻ വറ്റിവരണ്ടു. ഫലവൃക്ഷങ്ങളുടെ വേരുകൾപോലും ഉണങ്ങി. ആ ഭയജനകകാലത്ത്, മനുഷ്യരൊക്കെ തമ്മിൽ തമ്മിൽ കൊന്നുതിന്നുവാൻ തുടങ്ങി. തിന്നാനൊന്നുമില്ലാതെ ആശ്രമം വിട്ടലഞ്ഞ വിശ്വാമിത്രമഹർഷി, ഭാര്യയെയും പുത്രനെയും ഒരു ആൾക്കൂട്ടത്തിൽ ഉപേക്ഷിച്ച് അലക്ഷ്യമായി യാത്രതുടങ്ങി. ക്ഷീണവും തളർച്ചയും താങ്ങാനാവാതെ അലഞ്ഞ മഹർഷി ഒരു ചണ്ഡാലത്തെരുവിലെത്തി. വിശ്വാമിത്രമുനി അവിടെയെല്ലാം ചുറ്റിത്തിരിഞ്ഞ് അല്പം ഭക്ഷണത്തിനു യാചിച്ചു. ആരിൽനിന്നും ഒന്നും കിട്ടാതെവന്നപ്പോൾ, ആ പറയച്ചാളയിലെ ഒരു കുടിലിനരികെ ഋഷി തളർന്നുവീണു. അങ്ങനെ കിടക്കുമ്പോൾ, പറയച്ചാളയുടെ വാതിലിലൂടെ അകത്ത് ഒരു നായയുടെ അറുത്ത മാംസം -ഒരു നീണ്ട തുട- തൂങ്ങിക്കിടക്കുന്നതു കണ്ടു. ആരും കാണാതെ ആ നായയുടെ കാൽ തിന്നാമെന്ന വിചാരത്തോടെ അദ്ദേഹം ആ കുടിലിനരികിൽ ഒളിച്ചിരുന്നു. ആത്മഗതംപോലെ മഹർഷി നടത്തിയ നീണ്ട തത്വവിചാരത്തിനൊടുവിൽ 'ആപത്തുകാലത്തു മോഷണം പാപമല്ല' എന്ന സിദ്ധാന്തം വിശ്വാമിത്രനു പിൻബലമായി. രാത്രി ചണ്ഡാളൻ ഉറങ്ങിയെന്നുറപ്പായപ്പോൾ മഹർഷി ആ കുടിലിനകത്തു കടന്നു മാംസം മോഷ്ടിക്കാൻ ശ്രമിച്ചു. അകത്തു കിടന്നിരുന്ന ചണ്ഡാലൻ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. മഹർഷിയുടെ ഓരോചലനവും ശ്രദ്ധിച്ചുകൊണ്ട് അയാൾ ഉറങ്ങുന്നതുപോലെ കിടക്കുകയായിരുന്നു. ഒടുവിൽ, വിശ്വാമിത്രമഹർഷി ആ നായക്കാലെടുത്ത് ആർത്തിയോടെ തിന്നാൻ തുടങ്ങിയപ്പോൾ, അതുകണ്ടു നടുങ്ങിയ ചണ്ഡാളൻ, മഹർഷിയുടെ നേർക്കുനോക്കി ''എന്തു ഹീനമായ കർമ്മമാണ് ചെയ്യുന്നത്?'' എന്നു ചോദിച്ച് തടഞ്ഞു. അപ്പോൾ, വിശന്നിരിക്കുമ്പോൾ ജീവരക്ഷക്കായി എന്തും തിന്നാൻ മനുഷ്യൻ അനുവദിക്കപ്പെട്ടവനാണെന്നു പറഞ്ഞ് വിശ്വാമിത്രമഹർഷി സ്വപ്രവൃത്തിയെ ശാസ്ത്രോക്തി മുൻനിർത്തി ന്യായീകരിച്ചു.

അനന്തരം, ചണ്ഡാളനുമായുണ്ടായ നീണ്ട സംവാദത്തിനൊടുവിൽ, മുനി അഗ്നിയുണ്ടാക്കി പട്ടിയുടെ മാംസം വേവിച്ച് ഹോമാന്നമാക്കി, ഐന്ദ്രാഗ്നേയ വിധിപ്രകാരം ഹോമിച്ചതിനുശേഷം ആഹരിച്ചു(?). അത്യാപത്തുകാലത്ത് വർണ്ണാശ്രമകുലാചാരങ്ങളേക്കാൾ മുഖ്യം വിശപ്പുതന്നെയാണെന്നും, അത്തരം ഒരവസ്ഥ വരുന്നതുവരെ മാത്രമേ ആചാരാനുഷ്ഠാനങ്ങൾ ആരെയും നയിക്കൂ എന്നും ബ്രഹ്മജ്ഞാനിയായ വിശ്വാമിത്രൻ സ്വപ്രവൃത്തിയിലൂടെ തെളിയിച്ചു.

മഹാഭാരതയുദ്ധശേഷം മരണാസന്നനായി ശരശയ്യയിൽ ശയിക്കുമ്പോൾ ഭീഷ്മർ, രാജാവായി നിയമിക്കപ്പെട്ട ധർമ്മപുത്രർക്കു നൽകുന്ന സുദീർഘമായ ഉപദേശങ്ങളാണല്ലോ ശാന്തിപർവ്വത്തിന്റെ ഉള്ളടക്കം. അതിന്റെ ഭാഗമായി വരുന്ന ആപദ്ധർമ്മപർവ്വത്തിൽ, ആപത്തുകാലത്ത് ഓരോ വർണ്ണിയും അനുഷ്ഠിക്കേണ്ട ശാസ്ത്രാനുസരണം സമ്മതിച്ചിട്ടുള്ള ചര്യകളാണ് വിശദീകരിച്ചിട്ടുള്ളത്.അത്യാപത്തുകാലത്ത് വർണ്ണാശ്രമകുലാചാരങ്ങളെക്കാൾ വലുത് വിശപ്പുതന്നെയാണെന്നു വ്യക്തമാക്കുന്നതിനാണ് 'ബ്രാഹ്മണനായ വിശ്വാമിത്രൻ' നായയുടെ കാൽ തിന്നാൻ ഇടയായ സംഭവം ഭീഷ്മർ ആവിഷ്കരിക്കുന്നത്. അധികം പ്രചാരമില്ലാത്ത(എന്തുകൊണ്ടാകാമെന്ന് ആലോചിക്കുക)വിശ്വാമിത്ര-ചണ്ഡാലസംവാദം എന്ന മേൽ ഉപാഖ്യാനം ഉടച്ചുകളയുന്നത്, സമൂഹത്തിൽ ആഴത്തിൽ വേരുറപ്പിച്ച ഒട്ടനേകം മുൻധാരണകളെയാണ്. മുഖ്യമായ ധർമ്മം ക്ഷയിച്ചകാലത്ത്, ലോകത്തിൽ ശാന്തിനശിച്ച സമയത്ത്, ധർമ്മം അധർമ്മമായും അധർമ്മം ധർമ്മരൂപങ്ങളിലും നിൽക്കുന്നസമയത്ത്, മര്യാദയൊക്കെ പോയ സമയത്ത്, ധർമ്മാനുസരണ നീതിന്യായങ്ങളൊക്കെ തകർന്ന നേരത്ത്, രാജാക്കന്മാരും മറ്റുള്ളവരും മാലോകരെ പീഡിപ്പിച്ചുകൊണ്ടിരിക്കെ, ആശ്രയങ്ങളൊക്കെ നശിച്ച സമയത്ത്, ആരുമാരെയും വിശ്വസിക്കാതെ ഭയപ്പെട്ടുഴലുമ്പോൾ, ചതിച്ചു കൊല്ലപ്പെട്ട് വഞ്ചിതരാകുമ്പോൾ, മേഘം വർഷിക്കാതെ നിൽക്കുമ്പോൾ, തമ്മിൽ അന്തഃഛിദ്രം മൂത്ത കാലത്ത്, ലോകത്തിലെ എല്ലാ ഉപജീവനവും കള്ളന്മാർക്കും കൊള്ളക്കാർക്കും അധീനമായിനിലനിൽക്കുമ്പോൾ,ലോകം അധഃപതിച്ച സമയത്ത്, വിപ്രൻ എങ്ങനെയാണു ജീവിക്കേണ്ടത് എന്ന യുധിഷ്ഠിരന്റെ ചോദ്യത്തിനുള്ള മറുപടിയായാണ് ഭീഷ്മപിതാമഹൻ ഈ കഥ പറയുന്നത്.

ചണ്ഡാലർ എന്തുകൊണ്ട് അങ്ങനെയായി എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ആ കഥ. ഒരുപാടുപേരെ ശപിച്ച് ചണ്ഡാളരാക്കിയ വിശ്വാമിത്രമുനി അതിലെ കഥാപാത്രമായത് പ്രകൃതിനിയമത്തിന്റെ കൃത്യതയോ യാദൃശ്ചികതയോ എന്ന് അനുവാചകർ തീരുമാനിക്കുക. ലോകത്തിൽ ശാന്തി നശിക്കുന്ന സമയത്ത്, ധർമ്മം അധർമ്മമായും അധർമ്മം ധർമ്മരൂപത്തിലും നിലകൊള്ളുന്നകാലത്ത്, മര്യാദയൊക്കെ പോയ സമയത്ത്, ധർമ്മാനുസരണ നീതിന്യായങ്ങളൊക്കെ തകരുന്ന വേളകളിൽ, രാജാക്കന്മാരും സമൂഹത്തിലെ മറ്റെല്ലാവരും തങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, ആശ്രയങ്ങളെല്ലാം നശിക്കുന്ന നേരത്ത്, ആരും തങ്ങളെ വിശ്വസിക്കാതെ ഭയപ്പെട്ട് ഉഴലുമ്പോൾ, ചതിച്ചുകൊല്ലപ്പെട്ടു വഞ്ചിതരാകുമ്പോൾ, പട്ടിണിയും ദാരിദ്ര്യവും വേട്ടയാടുമ്പോൾ, തങ്ങളുടെ സകല ഉപജീവനവും അന്യർ അധീനമാക്കുമ്പോൾ, കാലം അധഃപതിച്ചകാലത്ത് ബ്രാഹ്മണർ മാത്രമല്ല ആരും അനുവർത്തിച്ചു പോകുന്ന കാര്യങ്ങൾ മാത്രമാണ് ചണ്ഡാളർക്കു ജീവിതചര്യകളായി സ്വീകരിക്കേ

ണ്ടിവന്നത്. അതിനുത്തരവാദി അവരെ അത്തരം ജീവിത സാഹചര്യങ്ങളിലേക്കു തള്ളിവിട്ട സവർണ്ണസമൂഹം തന്നെയാണല്ലോ. അവരെ ഗ്രാമങ്ങളിൽനിന്നും ആട്ടിപ്പായിക്കുകയും, ആഹാരവും ജലവും തൊഴിലും നിഷേധിക്കുകയും, കണ്ണിൽപ്പെട്ടാൽ അക്രമിച്ച് ഇല്ലാതാക്കുകയും, മനുഷ്യയോജ്യമായ ജീവിത സാഹചര്യങ്ങളും വസ്ത്രധാരണവും നിയമംമൂലം നിരാകരിക്കുകയും ചെയ്ത വംശവിശുദ്ധിവാദികൾ മാത്രമാണ് അതിന് ഉത്തരവാദി. മനുവിനു മുൻപു ജീവിച്ചിരുന്ന പതഞ്ജലിമഹർഷിയുടെ കൃതികളിലെ പരാമർശങ്ങളനുസരിച്ച്, മരപ്പണിക്കർ, കരുവാന്മാർ, കൊല്ലന്മാർ, അലക്കുകാർ, നെയ്ത്തുകാർ തുടങ്ങിയ ശൂദ്രരെപ്പോലെ ചണ്ഡാലരും മൃതപരും ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും പരിധിയിൽത്തന്നെയാണ് ജീവിച്ചിരുന്നത്. ആ വസ്തുത, അവർണരെ അസ്പൃശ്യരാക്കിയതിൽ മനുസ്മൃതിക്കുള്ള പങ്ക് സാധൂകരിക്കുന്നതാണല്ലോ. ആദ്യകാലത്ത്, ജാതിവ്യവസ്ഥിതിയ്ക്ക് പുറത്തുള്ളവർ എന്ന നിലയിൽ പൊതു ആവാസവ്യവസ്ഥകളിൽനിന്നും അകറ്റിനിറുത്തുകയും അമാന്യമായ തൊഴിലുകൾ മാത്രം അനുവദിക്കുകയും ചെയ്യപ്പെട്ട ജനസമൂഹങ്ങൾ, പിൽക്കാലത്ത് ആ തൊഴിലുകളുടെ പേരിൽ അശുദ്ധരും അസ്പൃശ്യരുമായി മുദ്രയടിക്കപ്പെടുകയാണുണ്ടായത്. ആടിനെ വ്യാഖ്യാനിച്ച് പട്ടിയാക്കുകയും പിന്നെ, പേപ്പട്ടിയെന്നു പറഞ്ഞു കല്ലെറിയുകയും ചെയ്യുന്ന തന്ത്രമായിരുന്നു അതിനു പിറകിൽ വിശപ്പുപോലെയുള്ള അത്യാപത്തുക്കളുടെ സമയത്തു മാത്രം, ആര്യവംശജർക്ക് ചണ്ഡാലക്കുടിൽ തീണ്ടുന്നതിനും അവരുടെ ആഹാരം അനുവദനീയമാകുന്നതിനുമെല്ലാം ശാസ്ത്രസമ്മതിയുണ്ടാകുന്നിടത്താണ് സർവ്വ സവർണ്ണവാദഗതികളും തകർന്നുവീഴുന്നത്. അത്തരം സാഹചര്യങ്ങൾ ഇതിഹാസപുരാണങ്ങളിൽ പ്രപഞ്ചസ്രഷ്ടാവ് ഒരുക്കുന്നത്, അദ്വൈതസിദ്ധാന്തത്തിന്റെ(പൗരോഹിത്യസൃഷ്ടിയായ വർണ്ണ-ജാതിവിഭജന സിദ്ധാന്തത്തിന്റേത് അല്ല) കൃത്യതയുറപ്പിച്ചെടുക്കാനും കൂടിയാണ് എന്ന കാര്യത്തിൽ സംശയമില്ലല്ലോ.

[പിൻകുറിപ്പ്: മനുസ്മൃതി പത്താം അധ്യായത്തിൽ ബ്രാഹ്മണരുടെ ആപദ്ധർമ്മം(ആപത്തുകാലത്ത് അനുഷ്ഠിക്കേണ്ട ധർമ്മം)വിവരിക്കുന്നഭാഗത്ത് ഈ സംഭവം സൂചിപ്പിക്കുന്നുണ്ട്: ധർമ്മാധർമ്മവിശാരദനായ വിശ്വാമിത്രമഹർഷി ക്ഷുത്ത്പീഡിതനായപ്പോൾ ഒരു ചണ്ഡാലന്റെ കൈയിൽനിന്നും നായയുടെ തുടയിലെമാംസം വാങ്ങി തിന്നിട്ടും പാപമുണ്ടായില്ല. അനുവദനീയമല്ലാത്ത കർമ്മങ്ങളും ആപത്തുകാലത്ത് ജീവൻ നിലനിർത്താൻ അനുഷ്ഠിക്കാം എന്നു സമർത്ഥിക്കുകയാണ് മനു. അധിനിവേശകാലത്തു ദാരിദ്ര്യംമൂലം ആര്യന്മാർ പട്ടിമാംസം കഴിച്ചിരുന്നതായി ഋഗ്വേദത്തിലും പരാമർശമുണ്ട്: ഞങ്ങൾ ദാരിദ്ര്യംമൂലം ശ്വാവിന്റെ കുടൽമാല വേവിക്കുകയുണ്ടായി. അപ്പോൾ, ഞങ്ങൾക്കായി സുഖം നൽകുവാൻ ഇന്ദ്രനല്ലാതെ മറ്റൊരു ദേവതയും ഉണ്ടായിരുന്നില്ല. (അവർത്യാ ശുന അന്ത്രാണി പേചേന ദേവേഷു വിവിദേ മർഡിതാരം) അഷ്ടകം:3, അധ്യായം:13, മണ്ഡലം:4, അനുവാകം:2, സൂക്തം:18, ശ്ലോകം:13. കാലത്തിന്റെ കണക്കുതീർക്കലാകാം ഈ ചരിത്രാവശേഷിപ്പുകൾ.]

വിശ്വാമിത്രന് വിവേകമോതിയ ചണ്ഡാളൻ

മേൽപ്പറഞ്ഞ ഉപാഖ്യാനത്തിൽ ആവിഷ്കരിക്കപ്പെടുന്ന സുദീർഘമായ സംവാദത്തിൽ, വിശ്വാമിത്രനെപ്പോലും കുഴക്കുന്ന ഒരുപാട് ധാർമ്മികപ്രശ്നങ്ങൾ ചണ്ഡാളൻ ഉന്നയിക്കുന്നുണ്ട്: "കുറുക്കനെക്കാൾ മോശമാണ് നായ എന്നാണല്ലോ പണ്ഡിത

ന്മാർ പറയുന്നത്. അതിന്റെ ദേഹത്തെക്കാൾ നീചമാണ് കാൽ. അതു ബ്രാഹ്മണൻ ആഹരിക്കുന്നത് അധർമ്മമാണ്. ബ്രാഹ്മണർ മോഷ്ടിക്കുന്നത് തെറ്റാണ്. അതിനേക്കാളുപരി, അന്യരുടെ ഭക്ഷണം മോഷ്ടിക്കുന്നത് അത്യാചാരമാണ്". എന്നൊക്കെ ധർമ്മബോധനം നടത്തുന്ന ചണ്ഡാലൻ, ത്രൈവർണ്ണികർക്കു വിധിച്ചിട്ടുള്ള മാംസഭക്ഷണം അഞ്ചുതരമാണെന്നും, അത് അഞ്ചുനഖമുള്ള ജാതി ജന്തുക്കളാണെന്നും പറയുന്നു. അതുകൊണ്ട്, പട്ടിമാംസം നിഷിദ്ധമാണെന്നു സമർത്ഥിക്കുന്നു. സമദർശിയായ തനിക്ക് മാനും നായും ഒരുപോലെയാണന്നും, മാംസവും മറ്റാഹാരങ്ങളും ഒരുപോലെയാണെന്നും വാദിക്കുന്ന വിശ്വാമിത്രനോട് ബ്രാഹ്മണർ, മറ്റുള്ളമൂന്ന് ജാതിക്കാർക്കും മാതൃക കാണിച്ചുകൊടുക്കേണ്ടവരാണെന്നും തെറ്റുചെയ്തിട്ട് അത് അങ്ങനെയല്ലെന്നു വ്യാജംപറഞ്ഞ് മഹാപാപത്തിനു പാത്രമാകരുതെന്നും ചണ്ഡാളൻ ആ സംഭാഷണത്തിനിടയിൽ വിശ്വാമിത്രമഹർഷിയെ വിലക്കുന്നുണ്ട്.

ബ്രാഹ്മണന് പട്ടിമാംസം നൽകുന്നതിന്റെ പാപം തന്നിൽ പതിക്കുമോ എന്ന ഭീതിയാണ് വിശ്വാമിത്രനെ വിലക്കുന്നതിന് ചണ്ഡാലനെ പ്രേരിപ്പിക്കുന്നത് എന്ന് അയാളുടെ വാക്കുകളിൽനിന്നും സ്പഷ്ടമാണെങ്കിലും, മഹർഷി കൂടുതൽ ന്യായങ്ങൾ കണ്ടെത്തി അവതരിപ്പിക്കുകയാണ്. അപ്പോൾ ചണ്ഡാളൻ പറയുന്നു:"ഇതാണ് അഭഷ്യഭഷ്യം കഴിക്കുന്നതിൽ അങ്ങയ്ക്കു പ്രമാണമെങ്കിൽ, ഒന്നുതീർച്ചയാണ്. അങ്ങ് വേദത്തെയും ആര്യന്മാരുടെ സത്സ്വഭാവങ്ങളെയും മാനിക്കുന്നില്ല". വിശ്വാമിത്രനോളം തന്നെ വേദജ്ഞാനമുള്ളവനായിരുന്നു ചണ്ഡാളനുമെന്ന് കാണിക്കുന്ന ഈ വാക്കുകൾ വ്യാസനു പറ്റിയ പിശകാണോ എന്നു വംശവിശുദ്ധിവാദികൾ തെളിയിക്കട്ടെ. അതോടൊപ്പം ചണ്ഡാളൻ പറയുന്ന ഒരുകാര്യം വളരെ പ്രസക്തമാണ്:"കുലധർമ്മത്തിന്റെ ക്രിയയ്ക്കു സാക്ഷി ആത്മാവാണ്. അതിൽ ഭവാൻ പാതകമില്ല എന്നു വിശ്വസിക്കുന്നു. നായയുടെ മാംസം തിന്നുവാൻ തയ്യാറാകുന്നവന് പിന്നെ വർജ്ജിക്കേണ്ടതായി ഒന്നും ഈ പ്രപഞ്ചത്തിൽ ഉണ്ടായിരിക്കുകയില്ല". പൗരോഹിത്യവിലക്കുകളുടെ നട്ടെല്ലൊടിക്കുന്ന ആ വചനങ്ങൾ പ്രഖ്യാപിച്ച ചണ്ഡാലനെക്കാൾ മുന്തിയ ജ്ഞാനിയും സമദർശിയും അദ്വൈതവാദിയുമായി ആരുണ്ട് മഹാഭാരത കാവ്യത്തിൽ? ചണ്ഡാളനെക്കൊണ്ട് ആ വാക്കുകൾ പറയിച്ച വേദവ്യാസമഹർഷിയെക്കാൾ വലിയ സത്യവാദിയും വിഗ്രഹഭഞ്ജകനും ആരുണ്ട് ഭാരതത്തിൽ?

ശ്രീശങ്കരനെ തിരുത്തിയത് ശിവനോ ചണ്ഡാളനോ?

ഒരു ചണ്ഡാളന് അത്ര ഉയർന്ന ധാർമ്മികബോധം സാധ്യമാണോയെന്നു സംശയമുണ്ടാകുന്നത് സ്വാഭാവികമാണ്. അത്തരം ഒരു ചാഞ്ചല്യം ഊട്ടിയുറപ്പിക്കുന്ന കാര്യങ്ങൾ മാത്രമാണ് നാം കേട്ടിട്ടുള്ളത്. വേദവ്യാസന് അങ്ങനെ ഒരു സംശയമുണ്ടാകാനിടയില്ലാ എന്ന സംഗതി ഉറപ്പാണ്. അദ്ദേഹവും ഒട്ടനവധി മഹാത്മാക്കളും ആവർത്തിച്ചു പറഞ്ഞിട്ടും നമുക്കു സ്വീകാര്യമാകാത്ത ഒരു സത്യമുണ്ട്: അറിവെന്നാൽ, ചതുർവ്വേദജ്ഞാനമേ അല്ല. അത് ഓരോമനുഷ്യനിലും സഹജമാണ്. സൃഷ്ടിയിൽ തന്നെ സിദ്ധമായ ആ ജ്ഞാനം ലബ്ധമാക്കുക എന്നതുമാത്രമാണ് ഓരോ ശാസ്ത്രഗ്രന്ഥവും ഗുരുക്കളും ചെയ്യുന്നത്. ചാരംമൂടിക്കിടക്കുന്ന കനലുകൾ ഊതിത്തെളിച്ചെടുക്കുക എന്ന ദൗത്യംമാത്രമേ അവയ്ക്കുള്ളൂ. ജ്ഞാനം എന്നാൽ വേദപാണ്ഡി

ത്യമാണെന്നും, അതിനുള്ള അധികാരം ബ്രാഹ്മണർക്കു മാത്രമാണെന്നും സ്ഥാപി ച്ചെടുക്കാൻ വ്യഗ്രതകാണിക്കുന്നവർക്കുള്ള മറുപടികൂടിയാണ് മേൽ ആഖ്യാനം.

ശങ്കരാചാര്യരുടെ മനോഭാവം തിരുത്തിയ ചണ്ഡാളനും ഒരു യഥാർത്ഥ ചണ്ഡാളൻ തന്നെയായിരുന്നെന്നും, ശിവന്റെ പ്രച്ഛന്നരൂപമായി ചണ്ഡാളനെ വ്യാഖ്യാനിച്ചത് കവിഭാവനയാവാമെന്നും കരുതേണ്ടിവരുന്ന അവസരമാണിത്.ശാസ്ത്രജ്ഞാനമി ല്ലാത്ത, അപരിഷ്കൃതജീവിതം നയിക്കുന്ന സമൂഹങ്ങളെയാണ് ചണ്ഡാലർ എന്നു വിളിച്ചിരുന്നത് എന്ന ആധുനികവ്യാഖ്യാതാക്കളുടെ ന്യായീകരണങ്ങളിലെ സത്യ സന്ധതയില്ലായ്മ പ്രകടമാകുന്നതാണല്ലോ ഈ ദൃശ്യം. കഥയിൽ പറഞ്ഞതൊക്കെ കവിയുടെ വാക്കുകളാണെന്ന് സമാധാനം കണ്ടെത്തുന്ന ന്യായീകരണവിദഗ്ദന്മാ രോട്, എല്ലാ കഥാപാത്രങ്ങളുടെ കാര്യത്തിലും അതുതന്നെയാണ് വസ്തുത എന്നു മാത്രം ഓർമ്മിപ്പിക്കട്ടെ. ഒപ്പം, ഒറ്റക്കണ്ണുകൊണ്ടു വായിച്ച് സ്വയം ഒറ്റരുതെന്നും...

നായയിറച്ചി കഴിക്കുന്നതിനുമുൻപ് വിശ്വാമിത്രമുനി ഐന്ദ്രാഗ്നേയ വിധിപ്രകാരം ഹോമിച്ചതും, പിന്നെ ദൈവം, പൈതൃം തുടങ്ങിയ കർമ്മങ്ങൾ ചെയ്തു പിതൃദേവ തകളെ തൃപ്തിപ്പെടുത്തിയതും, അതുകൊണ്ട് ചരു(യാഗകർമ്മത്തിനുള്ള അന്നം) ഉണ്ടാക്കി ദേവാദികൾക്കു വിധിപോലെ തർപ്പിച്ചതുമെല്ലാം ശാസ്ത്രസമ്മതിയുള്ള കാര്യങ്ങളാണോ എന്നതിൽ പലർക്കും സന്ദേഹമുണ്ടാകാം. 'വർജ്ജിക്കേണ്ടതായി ഈ ലോകത്തിൽ ഒന്നുമില്ലെ'ന്ന സത്യം ചണ്ഡാളനെക്കൊണ്ടു പറയിച്ച വ്യാസമഹ ർഷിയുടെ തിരുത്തൽ, വിശ്വാമിത്രനും സ്വീകരിച്ചെന്നുവേണം കരുതാൻ. പൗരോ ഹിത്യം പടച്ചുവിട്ട നിയമങ്ങളനുസരിച്ചുള്ള വരേണ്യതയും നിരാസവും വ്യാസനു സ്വീകാര്യമായിരുന്നില്ല എന്നാണല്ലോ ഇതൊക്കെ കാണിക്കുന്നത്. അതുകൊണ്ടാ കണം, തുടർന്ന് ഇന്ദ്രൻ ആകാശത്തുനിന്നു വർഷം പൊഴിച്ചു എന്ന ശുഭാന്ത്യം കഥ യ്ക്കുണ്ടായത്. സർവ്വം വിഷ്ണുമയം എന്നു സമർത്ഥിക്കുന്ന വിഷ്ണുസഹസ്രനാ മത്തിന്റെ പശ്ചാത്തലവും ശാന്തിപർവ്വമാണെന്നുകൂടി ഈ അവസരത്തിൽ ഓർ ക്കുക. ഇത്തരത്തിലുള്ള അസംഖ്യം 'അപ്രിയസത്യങ്ങൾ' ഓരോ പൗരാണികഗ്രന്ഥ ത്തിലും കാണാം. എന്തുകൊണ്ടെന്നാൽ, ഋഷീശ്വരന്മാർ അവയുടെ രചന നിർവ്വ ഹിച്ചത് ലോകനന്മയ്ക്കുവേണ്ടിയാണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ അപ്രമാ ദിത്വം സ്ഥാപിച്ചെടുക്കാനല്ല; ആരെയും അയോഗ്യരാക്കാനുമല്ല.

സംഗ്രഹം

ഭാരതീയ ധർമ്മശാസ്ത്രഗ്രന്ഥങ്ങളൊക്കെ അബ്രാഹ്മണരുടെ സൃഷ്ടികളാണെങ്കി ലും, അവയൊക്കെ തന്ത്രപരമായി കൈവശപ്പെടുത്തുകയും അവയുടെ രചയിതാ ക്കളുടെ പിൻതലമുറകൾക്കു നിഷേധിക്കുകയും ആ നിരാസത്തിനു ദൈവങ്ങളു ടെ സമ്മതിയുണ്ടെന്ന അസത്യം പ്രചരിപ്പിച്ച് ആ കൃതികളെയും, അവയിൽ പരാമ ർശിച്ചിട്ടുള്ള മഹത്വ്യക്തികളെയും ശത്രുപക്ഷത്തെത്തിക്കുകയുംചെയ്ത ആര്യ ബ്രാഹ്മണ്യത്തേക്കാൾ വലിയ ശത്രുക്കൾ സനാതനധർമ്മത്തിനും അതിന്റെ അടി സ്ഥാനശിലകളായ പൗരാണികകൃതികൾക്കുമില്ല. അതുകൊണ്ടുതന്നെ ജാതിബ്രാ ഹ്മണ്യത്തിന്റെ ചെയ്തികളെ ന്യായീകരിക്കാൻവയ്യ.വേദം ശ്രവിക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയ്യം ഉരുക്കിയൊഴിക്കണമെന്നാണ് വേദവിധിയെന്ന് വ്യാജം പ്രചരി

പ്പിച്ചവരേക്കാൾ ആ പുസ്തകങ്ങളെ ആദരിക്കുന്ന ഓരോ മനുഷ്യനും ബഹുമാനിക്കേണ്ടത് ശൂദ്രരെയും, അവരെക്കാൾ അധമരെന്നു ജാതിബ്രാഹ്മണ്യം ഇകഴ്ത്തിയ പഞ്ചമരെയും തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ദൈവഹിതം അതാണെന്നു വിശ്വസിച്ച് അവയെ അശുദ്ധമാക്കാതെ അടങ്ങിയൊതുങ്ങി ജീവിച്ചവരാണ് അവർ. തിരുത്തിയെഴുതിയും തങ്ങൾക്കുവേണ്ടതു തിരുകിക്കയറ്റിയും അപൗരുഷേയമെന്നു വിശ്വസിക്കപ്പെടുന്ന ഗ്രന്ഥങ്ങളെ അവരാരും മലിനമാക്കിയിട്ടില്ലല്ലോ.

ഈ പ്രപഞ്ചത്തിലെ ഓരോ പുൽക്കൊടിയ്ക്കും ഒരു ധർമ്മമുണ്ട്. അതുകൊണ്ടുമാത്രമാണ് അവ സൃഷ്ടിക്കപ്പെട്ടത്. ഒരു മരം ഈ ലോകത്തിനു നൽകുന്ന സംഭാവന, ഒരു മനുഷ്യായുസ്സുകൊണ്ട് നമ്മൾക്ക് ചെയ്യാനാകുമോ? അങ്ങനെ നോക്കുമ്പോൾ, മനുഷ്യർ എത്രയോ നിസ്സാരരാണ്. അതിനാൽതന്നെ, മനുഷ്യരാണ് ഈ ഭൂമിയുടെ അധിപരെന്ന ധാരണ തെറ്റാണ്.പ്രപഞ്ചത്തിന്റെ സ്വാഭാവികതയും സന്തുലിതാവസ്ഥയും തകർക്കാനാണ് മനുഷ്യൻ എക്കാലത്തും വിയർപ്പൊഴുക്കിയിട്ടുള്ളത്. ആ നിഷേധാത്മകതയുടെ(negativity) പ്രതിഫലനങ്ങളാണ് മനുഷ്യർ നടപ്പാക്കിയിട്ടുള്ള സകല വർഗ്ഗീകരണങ്ങളും വിഭജനങ്ങളും വിവേചനങ്ങളും. സ്വന്തം വർഗ്ഗത്തെമാത്രമല്ല, പ്രപഞ്ചത്തിലെ സമസ്തചരാചരങ്ങളേയും മനുഷ്യർ ആ വിധ്വംസകപ്രവൃത്തിക്ക് വിധേയരാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് മതങ്ങളും ജാതികളുമായി പിരിഞ്ഞ് അവർ നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നത്. പ്രപഞ്ചോത്പത്തിക്കു ശേഷമുണ്ടായ സകല പ്രകൃതിദുരന്തങ്ങളെക്കാളും കൂടുതൽ മനുഷ്യരെ മതങ്ങൾ കൊന്നിട്ടുണ്ട്. അതിലേറെ മനുഷ്യരെ പലതരത്തിൽ കൊല്ലാക്കൊലചെയ്തിട്ടുണ്ട്. ആ പാതകങ്ങൾക്കെല്ലാം മറ ദൈവമാണ് എന്നതാണ് ഏറ്റവും വലിയ അധാർമ്മികത. സൂര്യനും ചന്ദ്രനും നക്ഷത്രവുമെല്ലാം അങ്ങനെയാണ് ചിലർക്കു മാത്രം അവകാശമുള്ള ചിഹ്നങ്ങളാകുന്നത്. മനുഷ്യനിലെ ആ വിഭജനബുദ്ധിയുടെ വികൃത ഭാവനയാണ് കാക്കയെ അപശകുനവും, പ്രാവിനെ പവിത്രജന്മവും, കുറുക്കനെ കുടിലബുദ്ധിയും, കൊറ്റിയെ കൗശലക്കാരനും ആക്കിയതിനുപിന്നിലും പ്രവർത്തിച്ചത്.

ഏതുരീതിയിൽ സമൂഹത്തിന് ഉപയോഗപ്പെടുന്നുഎന്നതാകണം മഹത്വത്തിന്റെ മാനദണ്ഡം. അങ്ങനെയാകുമ്പോൾ, ലോകത്തിന് നന്മചെയ്യുന്നവരാണ് വലിയമനുഷ്യർ; ലോകത്തെ മുഴുവൻ അടക്കി ഭരിക്കുന്നവരല്ല. പുരാതനസമൂഹങ്ങൾ ബ്രഹ്മജ്ഞാനികളെ ആരാധ്യരായി കണ്ടതിന്റെ അളവുകോലും അതാണ്. മനുഷ്യജന്മത്തിന്റെ പരമലക്ഷ്യമായ ശാന്തി കൈവരിക്കാനുള്ള മാർഗ്ഗം കണ്ടെത്തിയതാണ് അവരുടെ മഹത്വം. ഈ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യം ഒന്നാണെന്നും, ആ അദ്വൈതബോധ്യമാണ് സനാതനസംസ്കാരത്തിന്റെ ആത്മാവെന്നും, ആ സനാതനസംസ്കാരം സർവ്വയിടങ്ങളിലും വിഭജനവും വിവേചനവും സൃഷ്ടിച്ച ആര്യസംസ്കാരമല്ലെന്നുമുള്ള തിരിച്ചറിവിന്റെ ആധാരം ആ വിശ്വാസമാണ്. ഞാൻ കണ്ടറിഞ്ഞ ആ വസ്തുത സത്യസന്ധതയോടെ അവതരിപ്പിക്കുകയാണ് ചെയ്തത്. അതേ അർത്ഥത്തിൽ സ്വീകരിക്കുക. ഈ കണ്ടെത്തലുകളെ കണ്ണടച്ചുവിശ്വസിക്കുകയല്ല വേണ്ടത്. വിചാരംചെയ്ത് ഉറപ്പുവരുത്തിയതിനുശേഷം മാത്രം സ്വീകരിക്കുക. അതാണല്ലോ ഭാരതീയ ചിന്താപദ്ധതി അനുശാസിക്കുന്ന മാതൃക. മനനം ചെയ്യാത്തവൻ മരിച്ചതിനു തുല്യമാണ്.

ഭാഗം:2

കേരളക്കരയിലൂടെ...

ജാതിബ്രാഹ്മണ്യം അതിന്റെ ആസൂത്രിത അജണ്ടകൾ നടപ്പിലാക്കി വിജയിപ്പിച്ചെടുത്ത സമൂഹങ്ങളുടെ ക്ലാസിക് മാതൃകയാണ് മലയാളക്കര. അതുകൊണ്ട്, ബ്രാഹ്മണ്യാധിപത്യം ഉറപ്പിക്കാൻ കേരളത്തിൽ അവർ അനുവർത്തിച്ച നടപടികൾകൂടി പരാമർശിക്കപ്പെട്ടാലേ ഈ പഠനക്കുറിപ്പ് പൂർണ്ണമാകൂ എന്നുതോന്നുന്നു.

മഴുവെറിഞ്ഞു നേടിയ മണ്ണ്

പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്നു കേരളക്കര സൃഷ്ടിച്ചു എന്നും, തന്റെ ക്ഷത്രഹത്യാപാപം തീർക്കാനായി സരസ്വതീതീരത്തുനിന്നും ക്ഷണിച്ചുകൊണ്ടുവന്ന ബ്രാഹ്മണർക്ക് ആ ഭൂമി ദാനം ചെയ്തു എന്നുമുള്ള കേരളോത്പത്തിയുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളിലൂടെ കേരളക്കരയുടെ ഉടമസ്ഥത തങ്ങൾക്കാണെന്നു സ്ഥാപിച്ചെടുക്കാൻ ബ്രാഹ്മണ്യം എല്ലാകാലത്തും ശ്രമിച്ചിട്ടുണ്ട്. മലയാളക്കരയുടെ സൃഷ്ടി കടലിൽനിന്നാകുമ്പോൾ, ശൂന്യതയിൽനിന്നു സൃഷ്ടിക്കപ്പെട്ടതുപോലെ തന്നെയാണ്;യാതൊരു പൂർവ്വാവകാശത്തർക്കവും ഉണ്ടാകില്ലല്ലോ. ശാങ്കരസ്മൃതി കേരളമാഹാത്മ്യം, ലോകാദിത്യപദ്ധതി എന്നീ ബ്രാഹ്മണ്യവിരചിതഗ്രന്ഥങ്ങൾ ആ ഒരു ഉദ്ദേശ്യത്തോടെ രചിക്കപ്പെട്ടവയാണെന്നും കാണാം. പരശുരാമൻ കേരളത്തിലെത്തിച്ച ബ്രാഹ്മണരുടെ ആദ്യത്തെ സംഘം ഇവിടെ ഉണ്ടായിരുന്ന നാഗങ്ങളുടെ ശല്യം സഹിക്കവയ്യാതെ മടങ്ങിപ്പോയെന്നും, അതിനുശേഷം അദ്ദേഹം രണ്ടാമതു കൊണ്ടുവന്ന സംഘമാണ് ഇവിടെ സ്ഥിരതാമസമാക്കിയത് എന്നും കേരളോത്പത്തിയെന്ന കൃതിയിൽ പറയുന്നു.ആ 'നിഷ്കളങ്കമായ പരാമർശ'ത്തിലൂടെ അവർ ഉദ്ദ്യേശിക്കുന്നത്, ബ്രാഹ്മണർ എത്തുന്നതിനുമുമ്പ് മനുഷ്യവാസമില്ലാത്ത മണ്ണായിരുന്നു ഇതെന്ന വാദം ഉറപ്പിക്കൽ തന്നെയാണ്. എന്നാൽ, കുടിയേറ്റക്കാരായ ബ്രാഹ്മണർക്കു തിരിച്ചുപോകേണ്ടിവന്നത് നാഗങ്ങളുടെ ഉപദ്രവം സഹിക്കവയ്യാതെയല്ല, ഇവിടത്തെ ആദിമജനസമൂഹമായ നാഗൻമാരോടു പിടിച്ചുനിൽക്കാനാവാതെയാണെന്ന സംഗതി ചരിത്രകാരന്മാർ ഏറെക്കുറെ അഗീകരിക്കുന്നതാണല്ലോ. കേരളത്തിന്റെ പിതൃത്വം പരശുരാമനിൽ എത്തിക്കുക എന്നതിനേക്കാൾ, കേരളത്തിൽ അധിവാസമുറപ്പിച്ച ആദ്യ ജനസമൂഹം പരശുരാമൻ കൊണ്ടുവന്ന ബ്രാഹ്മണരുടേതാണെന്നു വരുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. ആ കഥ അവതരിപ്പിക്കുന്നവർക്കുപോലും, ബ്രാഹ്മണർ മാത്രം ഉണ്ടായിരുന്ന മലയാളക്കരയിൽ, മറ്റു സമുദായങ്ങൾ എങ്ങനെയുണ്ടായി എന്ന ചോദ്യത്തിനു വിശ്വാസ്യതയുള്ള ഉത്തരം നൽകാനാകുന്നില്ല എന്നതാണ് അവരെ കുഴക്കുന്ന വൈരുദ്ധ്യം.

'ആര്യമുനിവര്യനായ പരശുരാമൻ ദേശസഞ്ചാരം നടത്തുന്നതിനിടയിൽ മലയാളക്കരയിൽ എത്തിച്ചേരുകയും, ഈ ഭൂഭാഗത്തിന്റെ പ്രകൃതിസിദ്ധമായ ഫലപുഷ്ടി കണ്ടറിഞ്ഞതിനെത്തുടർന്ന് കുറെ ആര്യബ്രാഹ്മണരെ കുടുംബസഹിതം ഇവിടേയ്ക്കു കൂട്ടിക്കൊണ്ടുവരുകയും ഉണ്ടായി. എന്നിട്ട്, അക്കാലത്തെ ചേരരാജാവിനെ ചെന്നുകണ്ട് 'തിരുത്തങ്കമുടി'യെന്നു പേരുള്ള വിശേഷപ്പെട്ട ഒരു കിരീടം സമ്മാനി

ച്ച് സുഹൃദമുണ്ടാക്കി, രാജാവിന്റെ അനുവാദത്തോടുകൂടി ഇവിടെ സ്ഥിരതാമസമാക്കി.അപ്രകാരം ഉത്തരഭാരതഖണ്ഡത്തിലെ ആര്യവംശക്കാർക്ക് കേരളഭൂമിയെക്കുറിച്ച് അറിവുണ്ടാക്കിക്കൊടുത്ത സംഗതി അടിസ്ഥാനമാക്കിയാണ് പുരാണഗ്രന്ഥങ്ങളിൽ, കേരളക്കര പരശുരാമൻ സൃഷ്ടിച്ചതാണെന്ന പ്രവാദമുണ്ടായതെ'ന്നാണ് 'തിരുവിതാംകൂർചരിത്ര'മെന്ന കൃതിയിൽ ആറ്റൂർ കൃഷ്ണപ്പിഷാരടി അഭിപ്രായപ്പെടുന്നത്.(പ്രകരണം:01, അധ്യായം:01, ആദിചേരവംശം).

കേരളോത്പത്തിക്കു സമാനമായ കഥകൾ ഗുജറാത്തു മുതൽ തെക്കോട്ടുള്ള, ഭാരതത്തിന്റെ പടിഞ്ഞാറൻതീരമേഖലയിലെ മിക്ക സമൂഹങ്ങൾക്കിടയിലും പ്രചാരത്തിലുണ്ട്. കന്യാകുമാരിതൊട്ട് സൗരാഷ്ട്രത്തോളം വ്യാപിച്ചുകിടക്കുന്ന ഈ മേഖലയിൽ പ്രചാരത്തിലുള്ള പരശുരാമനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളിലെ ഒരു പൊതുഘടകം ആ ഭൂപ്രദേശങ്ങളെല്ലാം പരശുരാമൻ ബ്രാഹ്മണർക്കു ദാനംചെയ്തതാണ് എന്ന വിശ്വാസത്തിന്റെ വിപണനമാണ്. ആ ഭൂപ്രദേശങ്ങളിലെ പല ബ്രാഹ്മണസമൂഹങ്ങളും പരശുരാമനെ കുലദേവനായി ഉപാസിച്ചുപോരുന്നുണ്ട്. പരശുരാമൻ മുഖ്യപ്രതിഷ്ഠയായ ക്ഷേത്രങ്ങളും പരശുരാമനാൽ സ്ഥാപിതമായെന്നു വിശ്വസിക്കപ്പെടുന്ന നിരവധി ക്ഷേത്രങ്ങളും ആ പ്രദേശങ്ങളിലുണ്ട് എന്നതും, ദക്ഷിണഭാരതത്തിലേക്ക് ആര്യാധിനിവേശം ഉണ്ടായത് ഈ തീരമേഖലയിലൂടെയാണെന്ന പൊതുനിഗമനവും പരിഗണിക്കുമ്പോൾ, പരശുരാമനെന്ന 'അവതാരബിംബ'ത്തെ ആര്യബ്രാഹ്മണ്യം അവരുടെ അധികാരസ്ഥാപനത്തിനു നല്ലരീതിയിൽ ഉപയോഗിച്ചിട്ടുണ്ട് എന്നതു വ്യക്തമാകും. പരശുരാമനെന്ന അവതാരകഥാപാത്രം ജീവിച്ചിരുന്നുവോ, അദ്ദേഹം മഴുവെറിഞ്ഞാണോ കേരളവും ഭാരതഭൂമിയുടെ പടിഞ്ഞാറൻ തീരമേഖലയിലെ ഭൂപ്രദേശങ്ങളും സൃഷ്ടിച്ചത്, ഈ ഭൂമിയൊക്കെ ബ്രാഹ്മണർക്കു ദാനം നല്കിയിട്ടുണ്ടോ തുടങ്ങിയ ചോദ്യങ്ങളുടെ ഉത്തരം എന്തുതന്നെയായാലും, ആ ഒരു ബിംബത്തെ മുൻനിർത്തിയാണ് ഭാരതത്തിന്റെ തെക്കുപടിഞ്ഞാറൻ മേഖലയിൽ ആര്യബ്രാഹ്മണ്യം അധികാരമുറപ്പിച്ചതെന്നു വ്യക്തമാണ്.

ക്രിസ്തുവിനുശേഷം ആറും എട്ടും നൂറ്റാണ്ടുകൾക്കിടയിലാണ് ആര്യബ്രാഹ്മണർ കേരളത്തിലേക്കു കുടിയേറിയതെന്നാണല്ലോ ചരിത്രകാരന്മാർ കണക്കാക്കുന്നത്. ബ്രാഹ്മണർ എത്തുന്നതിനു മുൻപ് ഇവിടെ അധിവസിച്ചിരുന്ന ആദിമജനസമുദായങ്ങൾ തീർത്തും അപരിഷ്കൃതരായതിനാലാണ് അവരെ അടിമകളാക്കിയതെന്ന പ്രചരണവും അസത്യമാണ്. ബ്രാഹ്മണർ കുടിയേറുന്നതിനും നൂറ്റാണ്ടുകൾമുൻപേ വിദേശരാജ്യങ്ങളുമായി കച്ചവടബന്ധം സ്ഥാപിച്ചിരുന്നവരാണ് ഇവിടുത്തെ ആദിമജനങ്ങൾ. കേരളത്തിലെ കുരുമുളകുകൃഷിയെക്കുറിച്ച് സംഘകാലരചനകളിൽ പരാമർശിക്കുന്നുണ്ട്. ശ്ലീബരാജ്ഞി സോളമനു കൊടുത്ത സമ്മാനങ്ങളിൽ(ബിസി 970-930) കേരളത്തിലെ കുരുമുളക് ഉൾപ്പെട്ടിരുന്നതായി ബൈബിളിലെ പഴയനിയമത്തിൽ കാണുന്നു. റോമൻ ചരിത്രകാരനായ പ്ലീനിയുടെ കുറിപ്പുകളെ ആധാരമാക്കി, റോമസാമ്രാജ്യവുമായി കേരളത്തിന് ഉണ്ടായിരുന്ന കുരുമുളകു കച്ചവടത്തെക്കുറിച്ച് എ.ശ്രീധരമേനോനും എഴുതിയിട്ടുണ്ട്. ഗ്രീസ്, പേർഷ്യ, ഈജിപ്ത്, ചൈന മുതലായ രാജ്യങ്ങളും ഇവിടെനിന്നും കുരുമുളക്,കറുവപ്പട്ട,ഇഞ്ചി,മഞ്ഞൾ,ഏലം, തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ വാങ്ങിയിരുന്നു. സ്വർണ്ണം പകരം വാങ്ങി നടത്തപ്പെ

ട്ടിരുന്ന ആ കച്ചവടങ്ങൾ വ്യക്തമാക്കുന്നത്, സാമാന്യം സമൃദ്ധമായ ഒരു സാമൂഹികാവസ്ഥയാണ് അന്ന് കേരളത്തിലുണ്ടായിരുന്നതെന്നുതന്നെയാണല്ലോ. അക്കാലത്തു കേരളത്തിൽ ഇരുമ്പ് ഉപയോഗിച്ചിരുന്നതിനും തെളിവുകളുണ്ട്. ആര്യാധിനിവേശത്തിന് ആയിരം വർഷമെങ്കിലും മുമ്പ് നിലനിന്നിരുന്നതായി കണക്കാക്കപ്പെടുന്ന ഒരു സംസ്കൃതിയുടെ അവശേഷിപ്പുകൾ, കൊടുങ്ങല്ലൂരിനടുത്തുള്ള പട്ടണത്തുനിന്നും കണ്ടെത്തിയിരുന്നല്ലോ. പട്ടണത്ത് ഉത്ഖനനം ചെയ്തെടുത്ത സാധനങ്ങളിൽ ഇരുമ്പാണികളും ഉൾപ്പെടുന്നു. പരശുരാമൻ കടലിൽനിന്നു വീണ്ടെടുത്ത് ബ്രാഹ്മണരെ കുടിയിരുത്തിയ കേരളം, കാടുകേറി നാഗങ്ങൾ മാത്രം ജീവിച്ചിരുന്ന ഒന്നായിരുന്നു എന്നത് കള്ളക്കഥയാണെന്നാണ് അതിൽനിന്നും വ്യക്തമാകുന്നത്. സിന്ധൂനദീതടനാഗരികതയുടെ അന്ത്യംകുറിച്ച് ആധിപത്യം സ്ഥാപിച്ചതുപോലെ തന്നെയാകാം ആര്യബ്രാഹ്മണ്യം ഈ മണ്ണിലും അധീശത്വമുറപ്പിച്ചതെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. കേരളത്തിൽ അത് സാധ്യമാക്കിയത് രക്തമൊഴുക്കിയല്ല; കുടിലബുദ്ധി ഉപയോഗിച്ചായിരുന്നു എന്ന വ്യത്യാസമേ ഉള്ളൂ. ആ ബുദ്ധിയെ 'ആര്യന്മാരുടെ വിശേഷബുദ്ധി'യായി വ്യാഖ്യാനിക്കുന്നതിൽ യുക്തിയില്ലല്ലോ.

വർണ്ണവിഭജനം മലയാളക്കരയിൽ

സംഘകാലത്തും അതിനുമുൻപും ദക്ഷിണേന്ത്യയിലും കേരളത്തിലും ജീവിച്ചിരുന്ന ദ്രാവിഡർക്കിടയിൽ ജാതിവ്യവസ്ഥ രൂപപ്പെട്ടിരുന്നില്ല.ദ്രാവിഡസംസ്കാരത്തിന്റെ പ്രാണൻ ജാതിയില്ലായ്മയായിരുന്നു.അധിവാസകേന്ദ്രങ്ങളുടെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ പൗരസമൂഹങ്ങൾ വിഭിന്ന നാമങ്ങളിൽ അറിയപ്പെട്ടിരുന്നെങ്കിലും, വർണ്ണവിഭജനമോ സവർണ്ണർ-അവർണ്ണർ എന്ന വേർതിരിവോ സമൂഹത്തിൽ നിലനിന്നിരുന്നില്ല. ബ്രാഹ്മണൻ എന്നപദം പോലും സംഘകാല കൃതികളിൽ കാണാനാകില്ല. കുറിഞ്ഞിനിലത്തുള്ളവർ(കുന്നും മലയും നിറഞ്ഞപ്രദേശം) കുറവരെന്നും മുല്ലെനിലത്തുള്ളവർ(മേച്ചിൽസ്ഥലങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ ഇടനാടൻ പ്രദേശം) ഇടയർ എന്നും മരുതനിലത്തുള്ളവർ(പുഴകളും വയലേലകളും നിറഞ്ഞപ്രദേശം)ഉഴവരെന്നും നെയ്തൽനിലത്തുള്ളവർ(തീരപ്രദേശം) വലയർ എന്നും അറിയപ്പെട്ടു. ആയർ, കുറവർ, വെള്ളാളർ, പരവർ എന്നിങ്ങനെയുള്ള അനേകം ജനവിഭാഗങ്ങളും സംഘകാലത്ത് കേരളത്തിൽ ഉണ്ടായിരുന്നു.അവയും ജാതികുറിക്കുന്ന വിഭജനമായിരുന്നില്ല.താമസിക്കുന്ന ഇടത്തിന്റേയും അനുഷ്ഠിക്കുന്ന തൊഴിലിന്റെയും അടിസ്ഥാനത്തിൽ വിളിക്കപ്പെട്ടിരുന്ന പേരുകളായിരുന്നു. സംഘകാലത്തെ പറയൻ പറ കൊട്ടുന്നവനും, കടമ്പൻ കർഷകനും, തുടിയൻ തുടികൊട്ടുന്നവനും, പാണൻ പാട്ട് പാടുന്നവനുമായിരുന്നു. എന്നാൽ അന്ന് തൊഴിലിനെ ആസ്പദമാക്കി ആർക്കും പൊതുസമൂഹത്തിൽ വിവേചനം നേരിടേണ്ടിവന്നിരുന്നില്ല. കുറവർ, വേടർ, മറവർ, പാണർ മുതലായവർക്കിടയിൽ രാജസദസ്സുകളിൽ പോലും ആദരിക്കപ്പെട്ടിരുന്ന പണ്ഡിതന്മാരും കവികളും സാംസ്കാരികനായകന്മാരും ഉണ്ടായിരുന്നു. നാടിന്റെ ഐശ്വര്യത്തിനു കാരണക്കാരായ കർഷകർ പൊതുവെ ബഹുമാനിക്കപ്പെട്ടിരുന്നു. സ്ത്രീ-പുരുഷസമത്വവും സ്ത്രീസ്വാതന്ത്ര്യവും നിലനിന്നിരുന്നു. വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ സാമൂഹികസമത്വവും സ്ത്രീകൾ അനുഭവിച്ചിരുന്നു. എല്ലാ സാമൂഹികവിഭാഗങ്ങൾക്കും വിദ്യാഭ്യാസം അനുവ

ദിക്കപ്പെട്ടിരുന്നു. കപിലൻ,പരണർ തുടങ്ങിയ മഹാകവികൾ പാണന്മാരായിരുന്നു. ഔവ്വയാറെപ്പോലുള്ള ധാരാളം കവയത്രികളും അക്കാലത്തുണ്ടായിരുന്നു. സംഘ കാലകൃതികളിലെ പാട്ടുകാരിൽ നല്ലൊരു ശതമാനം വനിതകളായിരുന്നു എന്നത് അക്കാലത്ത് സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന ഉന്നതമായസ്ഥാനത്തിന്റെ നിദർശനമായാണ് ചരിത്രകാരന്മാർ കണക്കാക്കുന്നത്.(സംഘകാലം:BC500-AD250).

ആര്യന്മാരുടെ കേരളക്കരയിലേക്കുള്ള അധിനിവേശകാലത്ത് ഇവിടെ വർണ്ണവ്യ വസ്ഥയുണ്ടായിരുന്നില്ല എന്നതാണു പൊതു നിഗമനം. ഇന്ന് കേരളത്തിൽ അധിവ സിക്കുന്ന ജനങ്ങൾക്കിടയിൽ അനേകം ജാതികളും ഉപജാതികളും ഉണ്ടെങ്കിലും, അടിസ്ഥാനപരമായി അവരൊക്കെ ആദിവാസികൾ,ആര്യന്മാർ,നാഗന്മാർ,ഈഴവ ർ എന്നീ നാലു വർഗ്ഗങ്ങളിൽ ഉൾപ്പെടുന്നു എന്നാണ് പൊതുവെ അംഗീകരിക്കപ്പെ ട്ടിട്ടുള്ളത്. ആഗതരായ ആര്യബ്രാഹ്മണരാണു നമ്പൂതിരിമാർ. അവർ കേരളത്തിൽ കുടിയേറിയപ്പോൾ, ദേഹരക്ഷ,ദാസ്യവേല തുടങ്ങിയ പ്രവൃത്തികൾക്കായി കൂടെ കൊണ്ടുവന്ന ഭൃത്യസമൂഹമാണു നാഗന്മാരെന്നും അവർ ഇവിടത്തെ തദ്ദേശീയസ മൂഹങ്ങളായിരുന്നു എന്നും രണ്ടുവാദങ്ങളുണ്ട്. ഇന്ന്,അമ്പലവാസികൾ,നായന്മാർ, ആശാരി,മൂശാരി, തട്ടാൻ, കൊല്ലൻ, കരുവാൻ,മണ്ണാൻ, പാണൻ, പുള്ളുവൻ, എന്നൊ ക്കെ അറിയപ്പെടുന്ന സമൂഹങ്ങളെല്ലാം അടിസ്ഥാനപരമായി നാഗന്മാരാണ്. ശാരീ രികമായ സമാനതകളെയും ആചാരങ്ങളിലെ സാദൃശ്യങ്ങളെയും അടിസ്ഥാനമാ ക്കിയാണ് സാമൂഹ്യശാസ്ത്രജ്ഞരും നരവംശഗവേഷകരും ഈയൊരു അനുമാന ത്തിലെത്തുന്നത്. നമ്പൂതിരിമാരുമായി സംസർഗ്ഗത്തിലും സംബന്ധത്തിലും ഇതര സാമൂഹ്യബന്ധങ്ങളിലും ഉണ്ടായ വ്യത്യാസമാണ്, അവരെ കാലാന്തരത്തിൽ സവ ർണ്ണരും അവർണ്ണരുമായ അസംഖ്യം ജാതികളാക്കിമാറ്റിയത്.

പൗരോഹിത്യസമൂഹം എന്നനിലയിൽ ബ്രാഹ്മണരുടെ സാമൂഹ്യജീവിതം ക്ഷേത്ര ങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടതായിരുന്നുവല്ലോ. അമ്പലങ്ങളുമായി ബന്ധ പ്പെട്ട പ്രവൃത്തികളിൽ ബ്രാഹ്മണരുടെ തുണയാളുകളായി ക്ഷേത്രപരികർമ്മങ്ങൾ ചെയ്തുവന്ന നാഗന്മാരാണ് അമ്പലവാസികളായിമാറിയത്.അത്യധികമായ ആര്യ സങ്കലനം അവരുടെ സമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കും ജനിതക-ജീ വിതശൈലീ മാറ്റത്തിനും കാരണമായി. ബ്രാഹ്മണരുടെ ഭവനങ്ങളിൽ ദാസ്യവേല ചെയ്തും അവരുടെ അംഗരക്ഷകരായും ജീവിച്ച നായന്മാർ ശൂദ്രരായി. ബ്രാഹ്മണ രുടെ വീടുകളുമായുള്ള അടുപ്പവും പിൽക്കാലത്തു വ്യാപകമായ സംബന്ധരീതി യിലുള്ള സ്ത്രീപുരുഷബന്ധങ്ങളും മൂലം അവരും കാലാന്തരത്തിൽ മറ്റു നാഗന്മാ രെക്കാൾ സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റമുണ്ടാക്കി.

ചെറുമൻ(പുലയൻ), പറയൻ, വേട്ടുവൻ, മുക്കുവൻ, അരയൻ, കുറിച്ച്യർ, പണിയൻ, കുറുമൻ, നായാടി, മലയൻ എന്നീ വിഭാഗങ്ങളാണ് തദ്ദേശീയരായ ആദിമവാസിക ൾ(aboriginal classes). ബ്രാഹ്മണ്യാധിനിവേശത്തിനു മുൻപ് ഇവിടെ ജീവിച്ചിരുന്ന ആ ആദിമസമൂഹങ്ങളാണ് ഈ മണ്ണിന്റെ യഥാർത്ഥ മക്കൾ. ആദ്യകാലത്ത് ആ പേരു കൾ ജാതിപരമായ നാമങ്ങളായിരുന്നില്ല; തൊഴിൽപരമായ വിഭജനങ്ങളായിരുന്നു. കേരളത്തിൽ ആദിമസമൂഹങ്ങളായിരുന്നവരുടെ ഇന്നുള്ള പിൻമുറക്കാരൊന്നും

ഒരേ സാമൂഹികസ്ഥിതി പിന്തുടരുന്നവരല്ലല്ലോ. അതിനുള്ള കാരണം അവർ ഏത് രീതിയിലാണ് ബ്രാഹ്മണരുമായി അക്കാലത്ത് ഇടപെട്ടത് എന്നതാണ്. ചെറുമർ, പറയൻ, പുലയർ തുടങ്ങിയ സമുദായങ്ങൾ, ആര്യന്മാർ ഇവിടെ കുടിയേറിയകാലത്ത് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്ത് അടിയാളന്മാരായി കൂടെനിൽക്കാൻ നിർബന്ധിതരായവരോ, ആര്യന്മാർ അടിമകളാക്കിയതോ ആയ തദ്ദേശീയ സമൂഹങ്ങളാണ്. അവർ ഏറ്റവും താഴ്ന്ന നിലയിലുള്ള ദേശക്കാരായി സ്വീകരിക്കപ്പെട്ടു. മറ്റു ചില വിഭാഗങ്ങൾ നമ്പൂതിരിമാരോട് യാതൊരു ബന്ധവുമില്ലാതെ, അവരിൽനിന്നും അകന്ന് ജീവിച്ചു. ബ്രാഹ്മണ്യാധിപത്യത്തിലുള്ള സമൂഹങ്ങളിൽനിന്നകന്ന്, കടലോരത്തും കുന്നുകളിലും തനതായ സാമൂഹിക നിയമങ്ങളും സമുദായ നേതാക്കളുമായി അധിവസിച്ച മുക്കുവരും വേട്ടുവരുമൊക്കെ ബ്രാഹ്മണരുമായി ശത്രുതയോ മൈത്രിയോ ഇല്ലാത്ത വർഗ്ഗങ്ങളായി കഴിഞ്ഞുകൂടി. ആര്യന്മാർ തങ്ങളുടെ ഭൂമി പിടിച്ചെടുത്തപ്പോൾ ചെറുത്തുനിൽക്കുകയും എതിരിടുകയും ചെയ്ത മറ്റൊരു വിഭാഗമുണ്ട്. ആര്യന്മാർ ആട്ടിയകറ്റിയപ്പോൾ കാടുകയറേണ്ടിവന്ന നായാടികളാണ് അവർ. അവരുമായി കൊടുക്കലുംവാങ്ങലും നടത്തുന്നതിനും അവരെക്കൊണ്ടു പണിയെടുപ്പിക്കുന്നതിനും ഏർപ്പെടുത്തപ്പെട്ട വിലക്ക് നായാടികളെ സമൂഹത്തിൽനിന്നും ബഹിഷ്കൃതരാക്കി. ബ്രാഹ്മണ്യം നിത്യശത്രുക്കളായി പ്രഖ്യാപിച്ചതുകൊണ്ട് അവരെ, മനുഷ്യവാസമുള്ള മേഖലകളിലേക്കു വരുവാനും വഴിനടക്കുവാനും അനുവദിച്ചിരുന്നില്ല. അവരുടെ പിൻതലമുറക്കാരാണ് ഇന്നത്തെ വനവാസികൾ എന്നറിയപ്പെടുന്ന ജാതിസമൂഹങ്ങൾ. അതായത്, പലരും കരുതുന്നതുപോലെ ഇനിയും കാടിറങ്ങാത്തവരല്ല; കാട്ടിലേക്ക് ആട്ടിയോടിക്കപ്പെട്ടവരും നാട്ടിലിറങ്ങുന്നതു തടയപ്പെട്ടവരുമാണ് കേരളത്തിലെ വനവാസികൾ.

ഈഴവർ, ശ്രീലങ്കയിൽനിന്നും പിൽകാലത്തു കേരളത്തിൽ കുടിയേറിയ ജനസമൂഹമാണെന്നും, തദ്ദേശീയരാണെന്നും വാദമുണ്ട്. ആഗതരാണെങ്കിലും, ബ്രാഹ്മണർ സ്ഥാപിച്ച ദേശവ്യവസ്ഥ നിലവിൽവന്നതിനുശേഷം വന്നവരായതിനാൽ അവരെ ദേശക്കാരായി അംഗീകരിക്കുകയോ, ദേശമര്യാദകളനുവദിക്കുകയോ ചെയ്തില്ല. അവർ നമ്പൂരിമാരുടെ മേൽക്കോയ്മ സ്വീകരിക്കാതെ, തങ്ങളുടെ നേതാക്കളുടെ (തണ്ടാൻ) നായകത്വത്തിൽ പ്രത്യേക സമൂഹങ്ങളായി നിലകൊണ്ടു.

അത്തരത്തിൽ, ബ്രാഹ്മണരുമായി പുലർത്തിയ ബന്ധങ്ങളിലെ അന്തരമനുസരിച്ച് അബ്രാഹ്മണർ പല സാമൂഹികനിലകളിലേക്കു വേർതിരിക്കപ്പെട്ടു. ദേശക്കാർക്കുവേണ്ട സകല സാധനസാമഗ്രികളും സ്വന്തം ദേശങ്ങളിൽത്തന്നെ നിർമ്മിക്കപ്പെട്ടിരുന്ന അക്കാലത്ത്, അവരവർക്കറിയുന്ന തൊഴിലുകൾ കുടുംബാടിസ്ഥാനത്തിൽ നിർവ്വഹിക്കുകയും ഉത്പന്നങ്ങൾ പ്രാദേശികമായി വിതരണം ചെയ്യുകയുമായിരുന്നു പതിവ്. അത്തരത്തിൽ, ഒരു പ്രത്യേകജോലി ചെയ്യുന്നവർ ആ ജോലിയിൽ സമർത്ഥരാകുകയും ആ തൊഴിലുമായി ബന്ധപ്പെട്ട പേരുകളിൽ അറിയപ്പെടുകയും ചെയ്തു.കുടുംബത്തിലെ എല്ലാ അംഗങ്ങളും ആ തൊഴിലിൽ പങ്കാളിയാവുകയും ആ ജോലി പരമ്പരകളിലേക്കു കൈമാറുകയും ചെയ്തതോടുകൂടി, കാലക്രമേണ അത് അവരുടെ കുലത്തൊഴിലും ജാതിനാമവുമൊക്കെ ആയിമാറി. ഇത് തികച്ചും സ്വാഭാവികമായ ഒരു പ്രതിഭാസമായി പരിഗണിക്കാം. എന്നാൽ, ആ ജാതിവിഭജന

ത്തെ നിയമത്തിന്റെ ബലത്തിൽ അലംഘനീയമായ സാമൂഹികവ്യവസ്ഥയാക്കി എന്നതാണ് ബ്രാഹ്മണ്യം ചെയ്ത പാതകം. അതിന് അവർ ദൈവത്തേയും മതത്തേയും രാജനിയമങ്ങളെയും മനുഷ്യത്വരഹിതമായി ദുർവിനിയോഗംചെയ്തു.

പെരുമാൾവാഴ്ചക്കാലത്തിലെ അവസാനഭാഗത്ത് ഭരിച്ചിരുന്ന ഹരിശ്ചന്ദ്രപ്പെരുമാളിന്റെ സമയത്ത്(ക്രിസ്തുവിനുശേഷം അറാംശതകത്തിന്റെ അവസാനകാലം), കേരളത്തിലെ സമുദായസ്ഥിതിയിൽ ആകപ്പാടെ ഉണ്ടായപരിവർത്തനങ്ങളെക്കുറിച്ചു തിരുവിതാംകൂർ ചരിത്രം എന്ന കൃതിയിൽ ആറ്റൂർ കൃഷ്ണപ്പിഷാരടി അഭിപ്രായപ്പെടുന്നത് മേൽപ്പറഞ്ഞതിനെ സാധൂകരിക്കുന്നതാണ്: 'അക്കാലത്തു തന്നെയാണ് കർമ്മപ്രധാനമായ മീമാംസകമതം കുമാരിലഭട്ടനിലൂടെ ഭാരതത്തിൽ ബലപ്പെട്ടതും ആര്യബ്രാഹ്മണർക്കു മതത്തിൽ പ്രാമുഖ്യം സിദ്ധിച്ചതും. മതഗ്രന്ഥങ്ങളിൽ വലിയപണ്ഡിതനും മതാനുഷ്ഠാനങ്ങളിൽ ഏറെനിഷ്ഠയുള്ള ആളുമായിരുന്ന പെരുമാൾ, ആ മതത്തിന്റെ പ്രചരണത്തിനായി കേരളത്തിൽ പല ഏർപ്പാടുകളും നടത്തി. അന്നുമുതൽ, ഓരോ കർമ്മങ്ങൾക്കുള്ള അർഹത ഇന്നിന്ന തരത്തിലുള്ളവർക്ക് മാത്രമേയുള്ളൂ എന്നു വ്യവസ്ഥ ചെയ്യപ്പെടുവാൻ തുടങ്ങി. കാലക്രമത്തിൽ, ആ വക കർമ്മങ്ങളുടെ ഏറ്റക്കുറച്ചിലുകൾ കേരളത്തിൽ ജാതിഭേദങ്ങൾ ഉണ്ടാകുവാൻ നിമിത്തമായി. മീമാംസകമതം സുബലമായതോടുകൂടി ബുദ്ധമതത്തിൽനിന്നും ജൈനമതത്തിൽനിന്നും പലരും വൈദികമതത്തിലേക്കു ചേരുന്നതിനും ആ വഴിക്ക് കുറെ ജാതിഭേദങ്ങൾ ഉണ്ടാകുന്നതിനും ഇടയായി'. കേരളത്തിലെ ജാതികളിൽ പലതിന്റെയും ഉത്ഭവം ആ രീതിയിലാണ് ഉണ്ടായതെന്ന് കൃഷ്ണപ്പിഷാരടി പറയുന്നു.(പ്രകരണം:01, അധ്യായം:11, അവസാനത്തെ പെരുമാക്കന്മാർ).

'മീമാംസകമതം പടർന്നതോടുകൂടി ഓരോ തരത്തിലുള്ള കർമ്മങ്ങൾക്ക് പലവിധത്തിലും ഉൽക്കർഷവും അപകർഷവും കല്പ്പിക്കുകയും, അത്തരം കർമ്മങ്ങളോരോന്നും കുലത്തൊഴിലായി അനുഷ്ഠിച്ചവരെ കർമ്മത്തിന്റെ തരാതരം പോലെ മേൽകീഴുജാതികളായി കരുതുകയും ചെയ്തു. തൊഴിലും ആചാരവും അടിസ്ഥാനമാക്കിയും അനേകം ജാതിഭേദങ്ങൾ കല്പ്പിച്ചു. ചില കർമ്മങ്ങൾക്കു ലോപം പറ്റിപ്പോകുന്നതും, അതാതു ജാതിക്കാർക്കു നിശ്ചയിക്കാത്ത ജോലികൾ ചെയ്യുന്നതും ജാതിഭേദത്തിനു കാരണമായി. അതിനെല്ലാം പുറമെ, മീമാംസകമതം പ്രബലപ്പെട്ടപ്പോൾ ഓരോരോ അവസരങ്ങളിൽ ബൌദ്ധമതംവിട്ട് ആ മതത്തിൽ ചേർന്നവരും ഓരോരോ ജാതികളായി.കാലക്രമേണ ബുദ്ധമതത്തെ വളരെ നികൃഷ്ടനിലയിൽ കാണുന്ന സ്ഥിതിയും ഉണ്ടായി. ധനപ്രാബല്യവും അധികാരപ്രാബല്യവും അനുസരിച്ച് അനവധി അവാന്തരജാതികളും താണജാതികളും, തീണ്ടലും തൊടലുമെല്ലാം അക്കാലത്തു വ്യവസ്ഥപ്പെട്ടു'.(പ്രകരണം:1, അധ്യായം:13, രാജ്യവിഭാഗകാലത്തെ സമുദായസ്ഥിതി). അത്തരത്തിലാണ് മലയാളക്കരയിൽ ജാതികളും ഉപജാതികളും തീണ്ടലും ഉണ്ടായത്. അല്ലെങ്കിൽ, ഉണ്ടാക്കിയത്. ആ ജാതിവിഭജനത്തെ, മാമൂലുകളുടെ കണക്കിൽ അലംഘനീയമായ സാമൂഹികവ്യവസ്ഥയാക്കിയതിന്റെ തെളിവുകൾ, 'മാമാങ്കത്തിന്റെ മറവിൽ നടന്ന ചാവേറാക്രമണം' എന്ന ശീർഷകത്തിൽ പറയാം. അതിനുമുൻപ്, ഒരു ഉത്സവമെന്നതിനപ്പുറം മാമാങ്കത്തിന് കേരളക്കരയിൽ ഉണ്ടായിരുന്ന രാഷ്ട്രീയപ്രാധാന്യം എന്തായിരുന്നു എന്നു നോക്കാം:

തിരുനാവായിലെ നമ്പൂരിസഭ

കേരളക്കരയുടെ മഹത്തായ സാംസ്കാരികോത്സവം എന്ന ഗതകാല സുഖസ്മരണയിലൂന്നിയ പൊതുവിശ്വാസത്തിനപ്പുറം രാഷ്ട്രീയമാനങ്ങളുള്ള ഒന്നായിരുന്നു മാമാങ്കം എന്നതാണു യാഥാർത്ഥ്യം. മാമാങ്കത്തിന്റെ ഉത്ഭവത്തെക്കുറിച്ചു പലതരത്തിലുള്ള അഭിപ്രായങ്ങൾ പ്രചാരത്തിലുണ്ട്. ഈ നാട്ടിന്റെ പാണ്ഡിത്യം, കായിക വൈദഗ്ദ്ധ്യം,കലാവൈഭവം തുടങ്ങിയവയുടെ പരീക്ഷണ-നിരീക്ഷണ-പ്രദർശന വേദിയായി ആവിർഭവിച്ച മാമാങ്കം സാമൂതിരിയുടെ ഭരണകാലത്താവാം രാഷ്ട്രീയതീരുമാനങ്ങളുടെയും വൈരനിര്യാതന നടപടികളുടെയും അടർക്കളമായിമാറിയ നിരവധി ചോരക്കളികൾക്ക് സാക്ഷിയായത്. വായിച്ചുംകേട്ടും പരിചയമുള്ള, നിറങ്ങളിൽനീരാടിയ ഐതിഹ്യങ്ങൾക്കപ്പുറം മറഞ്ഞുകിടക്കുന്ന ചില പിന്നാമ്പുറസത്യങ്ങളുമുണ്ട് ആ മഹോത്സവത്തിന്റെ ചരിത്രവഴികളിൽ.

1918-ൽ പാറയിൽ രാമൻ നമ്പൂതിരി പ്രസാധകനായി യോഗക്ഷേമസഭ പ്രസിദ്ധീകരിച്ച നമ്പൂതിരിമാരെന്ന പുസ്തകത്തിലെ, ചിറയ്ക്കൽ രാമവർമ്മവലിയരാജ എഴുതിയ നമ്പൂതിരിമാരും പെരുമാക്കന്മാരും എന്ന ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ അതിലേക്കാണ് വെളിച്ചംവീശുന്നത്. ആ ചരിത്രരേഖയിലെ തിരുനാവായിലെ നമ്പൂരിസഭയെന്ന ലേഖനഖണ്ഡത്തിൽ, മാമാങ്കവും മലയാളക്കരയിലെ രാജ്യഭരണവും ഏതു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നു വിശദമാക്കുന്നുണ്ട്. അതിലെ പ്രസക്ത ഭാഗങ്ങൾ കാണുക: 'ശ്രീപരശുരാമസ്വാമിയാൽ നമ്പൂതിരിമാർക്കു ദാനമായി കൊടുക്കപ്പെട്ട കേരളാരാജ്യത്തെ, ഭാർഗ്ഗവസ്മൃതിവിഹിത നീതിയനുസരിച്ച് ഏറെകാലം അവർ ഭരിച്ചിരുന്നു. നമ്പൂതിരിമാരുടെ ആ ഭരണകാലമാണ് 'ഗ്രാമഭരണകാലം' എന്നു സാധാരണയായി അറിയപ്പെടുന്നത്. തപസ്സ്വാധ്യായാദി വൈദികാചാരങ്ങൾക്ക് അൽപമെങ്കിലും വൈകല്യം വരുത്താതെ, കേരള ഭരണം ദീർഘകാലത്തോളം നമ്പൂതിരിമാർ തന്നെ നിർവ്വഹിച്ചുവന്നുവെങ്കിലും, പ്രകൃതിയുടെ നിത്യധർമ്മമായ പരാവർത്തനത്തിന്റെ ശക്തിയാൽ ഇതര സമുദായങ്ങൾക്കെന്നപോലെ പ്രസ്തുതസമുദായത്തിനും കാലാന്തരത്തിൽ ചില മാറ്റങ്ങൾ സംഭവിക്കുകയാൽ ഭരണാധികാരികളായ നമ്പൂതിരിശ്രേഷ്ഠന്മാരുടെ ശ്രദ്ധ,സത്യം,ധർമ്മം, യോഗക്ഷേമം മുതലായ വിഷയങ്ങളെക്കാൾ നിസ്സാരങ്ങളും സ്വാർത്ഥപരങ്ങളുമായ ലൗകിക കാര്യങ്ങളിൽ പതിയുകയും, ഒടുവിൽ തത്ഫലമായി ഗ്രാമഭരണം വളരെ ശോച്യാവസ്ഥയിലായിത്തീരുകയും ചെയ്തു. നമ്പൂതിരിമാരുടെ ഇടയിൽ നിർഭാഗ്യവശാൽ അങ്കുരിച്ച ഐക്യമത്യ കുറവിനാലും കക്ഷിവഴക്കിനാലും മറ്റും രാജ്യഭരണത്തിന്നു ഗൗരവമായ ചില ന്യൂനതകൾ തട്ടുകയും, അവയെ പരിഹരിച്ചു ശരിപ്പെടുത്തുവാൻ അവർക്ക് ഒരുവിധത്തിലും സാധിക്കാതെ വരുകയും ചെയ്തപ്പോൾ, ഭരണകാര്യങ്ങൾ മേലിൽ ഭംഗിയായി നടത്തേണ്ടത് എങ്ങനെ എന്നാലോചിക്കാൻ തിരുനാവായവെച്ച് ഒരു മഹാസഭകൂടി.അതിൽ പലനിശ്ചയങ്ങളുംചെയ്തു. തിരുനാവായവെച്ചു ചേർന്ന ആ മഹാസഭയിൽ എടുത്ത രാഷ്ട്രീയ പ്രാധാന്യമുള്ള തീരുമാനങ്ങളാണ് കേരളക്കരയിലെ സാമൂഹികസാഹചര്യങ്ങളെ അടിമുടി അട്ടിമറിച്ചത്. മലയാളക്കരയിലെ ഭരണക്രമത്തിൽ ബ്രാഹ്മണ്യം തങ്ങളുടെ രഹസ്യകാര്യപരിപാടികൾ പിൻവാതിലിലൂടെ നടപ്പാക്കിയത് തിരുനാവായയിലെ ആ മാമാ

ങ്കത്തിലെ തീരുമാനങ്ങളെ പിൻപറ്റിയായിരുന്നു. അത് മലയാളക്കരയെ തച്ചുതകർത്ത ഒരു ആക്രമണമായിരുന്നു. ആ നിശ്ചയങ്ങൾ ഇപ്രകാരമായിരുന്നു:

- ✓ ഗ്രാമഭരണം തൃപ്തികരമായി നടന്നുകാണാത്തതിനാലും നാട്ടുരാജാക്കന്മാരിൽ ഭരണസാമർഥ്യമുള്ളവരുടെ കുറവു നിമിത്തവും മേലിൽ പരദേശങ്ങളിൽനിന്നു രാജ്യഭരണപടുക്കളായ ക്ഷത്രിയരെ കൂട്ടിക്കൊണ്ടുവന്ന് അവരുടെ സഹായത്തോടെ കേരളത്തെ ഭരിക്കുക.(അത് കേരളത്തിൽ ക്ഷത്രിയരുണ്ടായിരുന്നില്ല എന്നതിന്റെയും സ്ഥിരീകരണമാണ്).
- ✓ പന്ത്രണ്ടുവീതം സംവത്സരം കൂടുമ്പോൾ, കർക്കിടക വ്യാഴത്തിൽ മാഘമാസത്തിൽ തിരുനാവായവെച്ചു നടത്തിവരുന്ന മഹോത്സവത്തിന്റെ ദിവസമായ പൂയം നാളിൽ, പൂക്കൈതക്കൽ ക്ഷേത്രത്തിൽവെച്ചു രാജാക്കന്മാർക്ക് കുലശേഖരൻ എന്ന മുദ്രയും, പെരുമാൾ എന്ന സംജ്ഞയും കൊടുക്കുക.
- ✓ ഒരു രാജാവിനെ ഒരു വ്യാഴവട്ടക്കാലം മാത്രം രാജാവാക്കി അവരോധിക്കുക.
- ✓ കേരളത്തെ നാലു ഖണ്ഡങ്ങളാക്കി ഭാഗിച്ച്, ആ ഭാഗങ്ങളിൽ പെരുഞ്ചെല്ലൂർ, പന്നിയൂർ,ചെങ്ങന്നിയൂർ,പറവൂർ എന്നീ നാലു ഗ്രാമങ്ങളിൽ നിന്നുള്ള നാലു നമ്പൂതിരിമാരെ വൈസറായി സ്ഥാനം വഹിക്കുന്ന പെരുമാക്കന്മാരുടെ കീഴിൽ ക്ലിപ്തകാലത്തേക്കു ഗവർണ്ണർമാരായി നിയമിക്കുകയും അവർക്കു തളിയാതിരിമാരെന്നു സ്ഥാനം കൊടുക്കുകയും ചെയ്യുക.
- ✓ പന്ത്രണ്ടുവർഷം കഴിയുന്നതിനു മുൻപായി പെരുമാൾ ഉദ്യോഗം രാജിവെച്ചു പോകുകയോ അഥവാ, മരിച്ചുപോകുകയോ ചെയ്താൽ, അടുത്ത മാമാങ്കം വരെ തളിയാതിരിമാർ തന്നെ കാര്യങ്ങൾ അന്വേഷിക്കുക.
- ✓ ക്ലിപ്തകാലത്തിനുശേഷം പെരുമാക്കന്മാർ സ്വരാജ്യങ്ങളിലേയ്ക്കു തിരിച്ചു പോകുകയോ അല്ലാത്തപക്ഷം മരുമക്കത്തായം സ്വീകരിച്ചു(?) മലയാളക്കരയിൽ കുടുംബസമേതം സ്ഥിരതാമസമാക്കി പാർക്കുകയോ ചെയ്യുക.

അത്തരത്തിൽ, തിരുനാവായയിൽ സമ്മേളിച്ച ഒരു ബ്രാഹ്മണസഭയെ തുടർന്നാണ് കേരളത്തിൽ പെരുമാക്കന്മാരുടെ ഭരണം നിലവിൽവന്നത്. അതോടുകൂടി, കോലത്തിരി രാജാക്കന്മാർ നടത്തിക്കൊണ്ടിരുന്ന മാമാങ്കത്തിന്റെ ചുമതല പെരുമാക്കന്മാരിൽ എത്തിച്ചേർന്നു. നമ്പൂതിരിമാരാൽ നിയമിതരായ പെരുമാക്കന്മാർ സാങ്കേതികമായി സർവ്വാധികാര കർത്താക്കൾ ആയിരുന്നെങ്കിലും, അവർ പ്രധാനമന്ത്രിമാരായ നമ്പൂതിരിമാരുടെ ഉപദേശപ്രകാരം കാര്യങ്ങൾ നടത്തേണ്ടവരും അവരുടെ ഇഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ, തക്ക ശിക്ഷ അനുഭവിക്കാൻ വിധിക്കപ്പെട്ടവരുമായിരുന്നു. അരിയിട്ടുവാഴിക്കൽ ചടങ്ങിൽ പെരുമാക്കന്മാർ നടത്തേണ്ടുന്ന, 'ബ്രാഹ്മണരെയും പശുക്കളെയും സംരക്ഷിച്ചുകൊള്ളാമെന്നും പ്രജാഹിതത്തിനു വിപരീതമായി പ്രവർത്തിച്ചാൽ തന്നെ സ്ഥാനഭ്രഷ്ടനാക്കിക്കൊള്ളുക'യെന്നുമുള്ള പ്രതിജ്ഞ, വാസ്തവത്തിൽ ബ്രാഹ്മണരോടുള്ള പരസ്യമായ വിധേയത്വ പ്രഖ്യാപനമായിരുന്നു.ബ്രാഹ്മണ്യത്തിന്റെ നിയന്ത്രണങ്ങൾക്കു മെരുങ്ങാതെ ഭരണം നടത്തിയ പാണ്ഡ്യരാജാവായ ഭൂതരായപ്പെരുമാളെ, നമ്പൂതിരിമാർ ചേർന്നെടുത്ത തീരുമാനത്തിന്റെ ഫലമായി കക്കാട്ടുഭട്ടതിരിപ്പാടിനെക്കൊണ്ട് കൊലചെയ്യിച്ചത്

ചരിത്രമാണല്ലോ. നമ്പൂതിരിമാർ എന്ന ഗ്രന്ഥത്തിൽ ചിറയ്ക്കൽ രാമവർമ്മ വലിയ രാജ ആ സംഭവത്തെ വിശദമായി അവതരിപ്പിക്കുന്നുണ്ട്. ഇത്രയും പറഞ്ഞത്, ഒരു മഹോത്സവം എന്നതിനപ്പുറം മാമാങ്കത്തിനുള്ള രാഷ്ട്രീയപ്രാധാന്യവും, അതിൽ ബ്രാഹ്മണ്യം നടത്തിയ ഇടപെടലുകളും വെളിവാക്കുന്നതിനുവേണ്ടിയാണ്.കേരളക്കരയുടെ ഭരണത്തിൽ നമ്പൂതിരിമാർക്ക് ഉണ്ടായിരുന്ന അപ്രമാദിത്വം ഉയർത്തിക്കാണിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിലും, ചിറയ്ക്കൽ രാമവർമ്മ വലിയ രാജ എഴുതിയകാര്യങ്ങൾ സാംഗത്യമുള്ള തെളിവായിത്തന്നെ സ്വീകരിക്കാം.

മാമാങ്കത്തിന്റെ മറവിൽ നടന്ന ചാവേറാക്രമണം

പൗരോഹിത്യ ആധിപത്യത്തിലൂടെ സമൂഹത്തിന്റെ നിയന്ത്രണം കൈയ്യടക്കിയ ജാതിബ്രാഹ്മണ്യം, ഏതു വിധത്തിലാണു ജനങ്ങളെ ഭിന്നിപ്പിച്ചതെന്നും, ജാതിയുടെ ചങ്ങലയിൽകുരുക്കി മുന്നേറ്റം മുരടിപ്പിച്ചതെന്നും വ്യക്തമാക്കുന്ന ഒരുചിത്രം മലയാളക്കരയിൽനിന്നുതന്നെ കാണാം. ഹെർമ്മൻഗുണ്ടർട്ടു കണ്ടെത്തി 1868ൽ ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ച, തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛൻ എഴുതിയതാണെന്ന് വിശ്വസിക്കപ്പെടുന്ന കേരളോത്പത്തി എന്ന പ്രാചീനചരിത്രഗ്രന്ഥത്തിലെ, ശങ്കരാചാര്യർ കല്പിച്ച കുലക്രമവിവരം എന്ന അധ്യായത്തിൽ, നാലുവർണ്ണങ്ങളിലും ഉൾപ്പെടുന്ന മലയാളക്കരയിലെ ജാതികളും, അതിൽ താഴെയുള്ള ജാതികളും ഏതൊക്കെയെന്നും, അവയുടെ കുലധർമ്മങ്ങൾ എന്തൊക്കെയെന്നും വിവരിക്കുന്നുണ്ട്. അത്, തിരുനാവായ പേരാറ്റിൽമണപ്പുറത്തു നടന്ന മഹാമഖത്തിൽ(മാമാങ്കത്തിൽ)വെച്ചു മഹാരാജാവായി മലയാളക്കരവാണ പെരുമാളിനെയും മറ്റു പ്രഭുക്കന്മാരെയും ശങ്കരാചാര്യർ ബോധിപ്പിച്ചതാണെന്നും അതിനു നീക്കംവരുത്തിക്കൂടാ എന്നു കൽപ്പിച്ചിട്ടുണ്ടെന്നും കേരളോത്പത്തിയിൽ പറയുന്നുണ്ട്. ആ പട്ടികയ്ക്ക് ഇക്കാലത്തു തീരെ പ്രസക്തിയില്ലെങ്കിലും, എത്രമേൽ ആസൂത്രിതമായാണ് ജാതിവിഭജനം അതിന്റെ വക്താക്കൾ നടപ്പിലാക്കിയതെന്നും അതിൽനിന്നും പുറത്തു കടക്കാനുള്ള അവസരങ്ങളൊക്കെ പഴുതില്ലാതെ അടച്ചുകളഞ്ഞതെന്നും മനസ്സിലാക്കുന്നതിന് ആ ചരിത്രരേഖ സഹായകമാകുമെന്നു തോന്നുന്നു.

'തുഞ്ചത്തെഴുത്തച്ഛനാണ് കേരളോത്പത്തി എന്ന ഗ്രന്ഥത്തിന്റെ കർത്താവ് എന്നതിനു വിശ്വസനീയമായ തെളിവുകളില്ല എന്നതുകൊണ്ട് അതിലെ പരാമർശങ്ങൾ അധികാരികമല്ല' എന്ന ഒരു വാദമുണ്ട്. ആ നിസ്സാരവത്കരണത്തിനു തീരെ സാധുതയുണ്ടെന്നു കരുതാനാകില്ല. കാരണം, ആരെഴുതി എന്നതിനെ അപ്രസക്തമാക്കുന്നതാണ് അതിന്റെ പ്രതിപാദനങ്ങൾ എന്നതുതന്നെ. ചാതുർവർണ്യത്തിന്റെയും ജാതിബ്രാഹ്മണ്യത്തിന്റെയും വർത്തമാനകാല പരിപാലകരായി നിലകൊള്ളുന്ന ജാതിവിഭാഗങ്ങൾക്ക്, വർണ്ണശ്രേണിയിൽ തങ്ങൾക്ക് ബ്രാഹ്മണ്യം അനുവദിച്ചരുളിയിരുന്ന ഇരിപ്പിടം എവിടെ ആയിരുന്നു എന്നറിയുന്നതിനും, തങ്ങൾ ബ്രാഹ്മണ്യനിയമങ്ങളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടതുണ്ടോ എന്ന് പര്യാലോചിക്കുന്നതിനും അതു സഹായകമാകും. കാലാന്തരത്തിൽ കൈവന്ന സ്ഥാനക്കയറ്റത്തെ, കഴിഞ്ഞതൊക്കെ മറന്നുകളഞ്ഞു മറ്റുള്ളവർക്കുമേൽ പതിതത്വമാരോപിച്ചു മേനിനടിക്കുന്നതിനുള്ള അവസരമാക്കരുതെന്ന് ഓർമ്മപ്പെടുത്തുന്നതിനും അത് ഉപകരിക്കും

എന്നതുകൊണ്ട്, കേരളോത്പത്തിയിലെ വിവരണം അതുപോലെതന്നെ എടുത്തു ചേർക്കുന്നു. അത് മലയാളക്കര കണ്ട വലിയൊരു ചതിയുടെ രൂപരേഖകൂടിയാണ്:

ബ്രാഹ്മണർക്കു വേദശാസ്ത്രങ്ങളും യാഗാദി കർമ്മങ്ങളും ജപഹോമാദി ശാന്തികളും, ക്ഷത്രിയർക്ക് രാജത്വം രക്ഷാശിക്ഷാപ്രജാപരിപാലനവും, വൈശ്യനു കൃഷി, ഗോരക്ഷ, വാണിഭവും, ശൂദ്രന്നു പട, നായാട്ട്, മൂന്നാഴിപ്പാടു കാവൽ, ചങ്ങാത്തംസ്രഹായം, തുണ). അതിൽ കിഴിഞ്ഞവർക്കു താളിപിഴിഞ്ഞു കുളിപ്പിക്ക, തണ്ടെടുക്ക, ചുമടുകെട്ടുക, എള്ളിടുക, പുഞ്ചേല മുക്കുക, കൂലിചേകവുമാണ് കുലധർമ്മം.

ബ്രാഹ്മണരിൽതന്നെ അനേകപേരുണ്ട്:ഓത്തന്മാർ,മന്ത്രവാദികൾ,സ്മാർത്തന്മാർ, ശാസ്ത്രാംഗക്കാർ, പിതൃകർമ്മക്കാർ, ഗ്രന്ഥികൾ, ജ്യോതിഷക്കാർ, ഷാരികൾ,വ്യാകരണക്കാർ, ശാന്തിക്കാർ, ശാസ്ത്രികൾ, വേദാന്തികൾ, വൈദികന്മാർ, ഗൃഹസ്ഥന്മാർ,സന്ന്യാസികൾ. ആര്യാവർത്തത്തിങ്കൽനിന്നു വന്ന ബ്രാഹ്മണർ നമ്പൂതിരിമാർ,നമ്പൂരിപ്പാട്,എമ്പ്രാൻമാർ,എമ്പ്രാന്തിരി എന്നും. അവരിൽ പ്രമാണികളെ തിരുമുൽപാടന്മാരെന്നും ഭട്ടത്തിരിപ്പാടെന്നും വന്ദനാർത്ഥം പറയുന്നു. ഓരോ യാഗാദികർമ്മങ്ങളെ ചെയ്കകൊണ്ടു സോമാതിരികൾ, അഗ്നിഹോത്രികൾ എന്നിങ്ങിനെ ചൊല്ലുന്നു. പരദേശബ്രാഹ്മണർ ഭട്ടന്മാർ, പട്ടർ തന്നെ. ഇവർ വൈദികന്മാർ. നമ്പിടിക്ക് ഓത്തില്ലായ്കകൊണ്ടു മുക്കാൽ ബ്രാഹ്മണൻ.

അന്തരാളത്തിലുള്ളവർ അമ്പലവാസികൾ. ശൂദ്രങ്കൽനിന്നു കരേറിയവർ, ബ്രാഹ്മണങ്കൽനിന്നും കിഴിഞ്ഞവർ. അതിൽ, പൊതുവാന്മാർ രണ്ടു വകക്കാർ: അകപ്പൊതുവാൾശ്രിവബലിയ്ക്ക് തിടമ്പെഴുന്നെള്ളിക്ക, ദേവസ്വം ക്ഷേത്രവും ദേവനെയും പരിപാലിച്ചു സൂക്ഷിക്ക, സോപാനം കഴുകുക. പുറപ്പൊതുവാൾ വഴിപാടു വാങ്ങികൊടുക്കുക. ഇല,വിറക്,പാൽ,തേൻ,നെയ്യ് ഇത്യാദി ഒരുക്കുക.ഭഗവതിസേവയിൽ ശക്തിപൂജ ചെയ്യുന്നവർക്കു പിടാരന്മാർ, പിഷാരകന്മാരെന്നും അടിയാന്മാർ, അടികളെന്നും ഓരോ പേരുണ്ട്. പുഷ്പകൻ നമ്പിയച്ചനും ദേവന് പൂകൊടുക്ക, മാലകെട്ടുക, ക്ഷേത്രവൃത്തി ചെയ്തുകൊള്ളുക. പിഷാരോടിക്ക് സന്യാസിയുടെ ആചാരവും ക്ഷേത്രത്തിങ്കൾ അടിച്ചുതളിയും മാലകെട്ടും കല്പിച്ചു. കൈലാസവാസിയെ ക്ഷേത്രപ്രവൃത്തിയ്ക്കു കല്പിച്ചു. അവന്റെ പക്കലാക്കിയ സ്ത്രീക്ക് അടിച്ചുതളി പ്രധാനമാക്കി, വാരിയത്തി എന്നുപേരും. വാരിജാതിയ്ക്കു ക്ഷത്രിയരുടെ പുലയും പുണ്യാഹവും പുഷ്പകന്റെ ജോലിയും കല്പിച്ചു. ശ്ലാഘ്യരിൽ പുരുഷനു ചാക്യാരെന്നും സ്ത്രീക്കു നങ്ങ്യാരെന്നും പേർ. ഈശ്വരകഥകളെ പ്രകടിച്ചു പറക, വ്യാകരണം നാടകപുരാണങ്ങളും വായിക്കുക, കൂത്താടുക, കൂത്തുപറയിക്ക, അവർക്കു പല കർമ്മങ്ങൾക്കായിട്ടും ചാർന്നവർ എന്ന ഒരു കൂട്ടത്തെ കല്പിച്ചു; അവർ നമ്പിയാർ, അതിൽ ഇളയതു ശൂദ്രർക്കു ശ്രാദ്ധത്തിന്നു ചോറുവെപ്പിച്ചു വാങ്ങുക. മൂസ്സത് ഊരിലെ പരിഷ തങ്ങൻമാർ, പരശുരാമദോഷം ഏൽക്കുകകൊണ്ട് ബ്രാഹ്മണ കർമ്മങ്ങളൊന്നുമില്ല. ഇവരോടു കൂടുന്ന ചെലമ്പാണ്ടികൾ തിരുവനന്തപുരത്ത് ഭഗവാന്റെ അടിയാൻ, ശാസ്താവിങ്കൽ കൂത്താടുവാൻ തീയാടിനമ്പി എന്നൊരു പരിഷയും കല്പിച്ചു, തൈയമ്പാടി എന്നൊരു ചാർന്ന പരിഷയുമുണ്ട്. അവർ കളമെഴുതി ദൈവം പാടുന്നവർ; ഭദ്രകാളി അടിയാൻമാരുടെ പൂജ ഉള്ളേടത്തു കഴകപ്പൊഴുതി

ക്കായിട്ട് ചാർന്നവർ എന്ന മാനാരി പുത്തില്ലം. അങ്ങിനെ രണ്ടു കൂട്ടത്തെ കല്പിച്ചു. ഇവരും ഉണിത്തിരിമാരും അമ്പലവാസികളിൽ കൂടിയവർ. മാരയാർ അമ്പലവാസികളിൽ കൂടുകയില്ല; അവർ വാദ്യപ്രയോഗക്കാർ-കൊട്ടുമാരയാർ. അസ്ഥിക്കുറച്ചി, അസ്ഥിവാരി, ശവസംസ്കാരത്തിൽ പരിചാരം ചെയ്തകൊണ്ടു പരിയരത്തവരിൽ ആകുന്നു. ഇവരൊക്കെ നാലുവർണ്ണത്തിൻ ഇടയിൽപെട്ട അന്തരജാതികൾ.

ക്ഷത്രിയരിൽ സൂര്യവംശവും സോമവശംവും. രണ്ടു വകയിലും മൂഷികക്ഷത്രിയനും മുടി ക്ഷത്രിയനും സാമന്തനും ഉണ്ട്: ഏറാടിയും നെടുങ്ങാടിയും വെള്ളൊടിയും. അവരിൽ താണപരിഷ എന്നും അടിയോടികൾ എന്നും പറയുന്നു. മയൂരവർമ്മൻ മലയാള തൗളവം* വാണതിന്റെ പിന്നെ ഉണ്ടായ രാജാക്കന്മാരുടെ നാമധേയാന്ത്യത്തിങ്കൽ ഒക്കയും വർമ്മൻ, ശർമ്മൻ എന്നുള്ളപേർ കൂടുന്നു.(*തുളുനാട്)

വൈശ്യന്മാർ മലയാളത്തിലുണ്ടെന്നും ഇല്ലെന്നും പറയുന്നു. വയനാട്ടിൽ ഉണ്ട്.

ശൂദ്രജാതികൾ പല പ്രകാരവും പറയുന്നു. അതിൽ, വെള്ളാളസ്വരൂപത്തിൽ പേരുകൾ തങ്ങൾ എന്നും കമ്മാൾ എന്നും കുറുപ്പെന്നും പണിക്കർ എന്നും നായകൻ, നായർ എന്നും അടിയോടി, നമ്പിയാർ, ചെല്ലട്ടന്മാർ, തലച്ചെണ്ണോർ, തലപ്പെണ്ണോർ, മേനോക്കി, മേനോൻ, അപ്പനെന്നും, അമ്മൊന്മാർ, അമ്മാവനെന്നും ഓരോസ്വരൂപത്തിങ്കൽ ഓരോ പേരുകൾ പറയുന്നു. ഇതിൽ കിഴിഞ്ഞുപോയ പരിഷകൾ-ചാർന്ന പരിഷകൾ. നാലുവർണ്ണത്തിൽ ചാർന്നവർ ഉണ്ട്: അകത്തു ചാർന്നവർ, പുറത്തുചാർന്നവർ, പരപ്പൂവർ, പ്രഭുസേവകന്മാർ പള്ളിച്ചേകവർ, പള്ളിച്ചാന്മാർ, മടവർ എന്നിങ്ങിനെയുള്ളവർ ക്ഷേത്രത്തിലും എടത്തിലും മടത്തിലും മാടത്തിലും കൊയിലത്തും നിന്നു വേലചെയ്യേണ്ടും പരിഷകൾ - ഉള്ളാള്ർ, ഉള്ളാട്ടിൽനായർ, ഉള്ളകത്തു നായന്മാർ-കൂലിച്ചേകവർ, പള്ളിച്ചാൻമാർ, തളിയാതിരിമാരുടെ പള്ളിത്തണ്ട് എടുത്തവർ എന്നിങ്ങിനെ പലപ്രകാരം ശൂദ്രജാതികൾ.(പരിഷകൾ=കൂട്ടർ,ആളുകൾ).

അതിൽ കീഴപെട്ടുള്ള ജാതികൾ:വെളുത്തേടൻ, രംരക്കൊല്ലി, വണ്ണത്താൻ(അലക്കിപ്പിഴിഞ്ഞു കൊടുക്ക; തിരപുടാട ഞൊറിക), വിളക്കത്തറവൻ, വളിഞ്ചിയൻ (പിതൃകർമ്മം, ക്ഷൗരംകഴിക്ക) കുശവൻ, കുലാലൻ, കൊയപ്പൻ, ആന്ത്രൂൻ (മൺകലം നിർമ്മിക്ക), ഊരാളി, കല്ലെരിനായർ, മനയാളികൾ, ഏരുമാൻ(മതിൽമാടുക, മച്ചു പടുക്ക, കുന്നിടിക്ക,കുഴി തൂർക്കുക,കളങ്കിണറു കുഴിക്ക,കൂലിക്കു കുത്തുക). വട്ടക്കാട്ടവൻ, വാണിയൻ, പതിയാർ, ചക്കാല വാണിയൻ(എള്ള് ആട്ടിപ്പിഴിക). പിന്നെ കുടുമ്പർ, കടുപ്പട്ടർ(ചുമടുകെട്ടുക, ഉപ്പും മീനും വിൽക്ക) കച്ചേരിനായർ(പീടിക കെട്ടി വാണിഭം). നായിക്കന്മാർ(കൊട്ടി കൂടുംകുറിക്ക), കൂട്ടാൻ നായർ, കണ്ടത്തിൽ നായർ(ക്ഷേത്രത്തിൽ അരികുത്തുക,പാത്രം തേക്കുക,ഗോപുരം കാക്കുക) അവർ ചാർന്നപരിഷയിൽനിന്നു കിഴിഞ്ഞവർ. ചാലിയർ പരദേശത്തുനിന്നു വന്നു, തെരുകെട്ടിനെയ്തു തുടങ്ങിയവർ ചെട്ടിയാർ, ചെടർ.

ഈഴവരും തീയരും(ദ്വീപർ): സിംഹളം(ചിങ്ങളം) എന്ന ദ്വീപിങ്കന്നു വന്നവർ.(മരം കയറ്റം, ഈർച്ച മൂർച്ചയും കാച്ചും വാണിഭവും). അവരിൽ, തണ്ടായ്മ സ്ഥാനമുണ്ട്. കാവുതീയർ, ക്ഷുരകർ, മുകർവർ, മുകയർ(പുഴയിൽ മീൻപിടിക്ക-മുക്കുവർ) കടവർ(വലകെട്ടി മീൻപിടിക്ക, തോണി കടത്തുക, കെട്ടെടുക്ക). കമ്മാളർ, കർമ്മാളർ

ഐവർ ഐങ്കുടി എന്നും നാൽവർ എന്നും പറയുന്നു. അതിൽ ബ്രാഹ്മണൻ ആചാരി(ആശാരി മരംവെട്ടി കുറെക്ക), ക്ഷത്രിയൻ തട്ടാൻ,പെരുന്തട്ടാൻ(ആഭരണങ്ങളും വിഗ്രവും ഉണ്ടാക്കുക, ചൊഴിതട്ടാൻ കമ്മട്ടം പുക്കു പണമടിക്ക, പൊൻവാണി ചക്ര കുത്തിയാർക്കു കുത്തുപണി). വൈശ്യൻ മൂശാരി. മൂശാരി(ഓട്ടുപണി, പൂജാപാത്ര ങ്ങളും മറ്റും വാർത്ത് ഉണ്ടാക്കുക), ശൂദ്രൻ കൊല്ലൻ. (പെരുംകൊല്ലൻ ഇരുമ്പുപണി, ചെമ്പുകൊട്ടി, ചെമ്പൊട്ടി ചെമ്പുപണി). കമ്മാളരിൽനിന്നും പിരിഞ്ഞു കിഴിഞ്ഞു പോയവർ നാല്: കൊല്ലൻ- അതിൽ, തീക്കൊല്ലൻ,കരുവാൻ, അമ്പുകെട്ടിക്കൊല്ലൻ, പടക്കുറുപ്പ്, വില്ലുഴിക, അമ്പു കെട്ടുക, പയറ്റിക്ക. പലിശക്കൊല്ലൻ, കിടാരൻ പലിശ എടുത്തുകൊടുക്ക,തോല്പണി. വാൾക്കൊല്ലൻ(കടച്ചകൊല്ലൻ) ആയുധം വെളുപ്പി ക്ക, എടുത്തുകൊടുക്കുക. കൂലിച്ചേകം ഇല്ലാത്ത നാലു കുറുപ്പും ഉണ്ട്: വടിക്കുറുപ്പ് (കുന്തവടി തീർക്ക), പരക്കുറുപ്പ്(കുമ്മായം ഉണ്ടാക്ക), പരവൻ, കാട്ടുക്കുറുപ്പ്, വേല ക്കുറുപ്പ്, വേലൻ(പേറ്റിചികിത്സ, ഈറ്റെടുക്കുക, ശസ്ത്രപ്രയോഗവും സൂതികാ കർ മ്മവും)പാണർ, മുന്നൂറ്റർ, അഞ്ഞൂറ്റൻ,വേലൻ, പരവൻ(മരം ഏറുക, കളം മനിയുക, കെട്ടിയാട്ടം,കുളി അടക്കുക,ഒടി തീർക്ക,മന്ത്രവാദം. കമ്മാളന്മാർക്ക് അടിമയായി നിൽക്കുന്നു). വണ്ണാൻ,മണ്ണാൻ,പെരുവണ്ണാൻ (ഏറ്റും മാറ്റും കെട്ടിആടുക, ചാഴിയും പുഴുവും വിലക്കുക, മന്ത്രവാദം കുത്തുപണി) പിന്നെ കണിശൻ, കണിയാൻ (ജ്യോ തിശാസ്ത്രം, മന്ത്രവാദം,നാല്പതീരടിസ്ഥാനത്തിൽ ആയുധം എടുത്തുകൊടുക്ക, കളരിയിൽ ആചാര്യസ്ഥാനം, കൂട്ടം ബാധ തിരിക്ക. വേട്ടുവർക്കു ഉപ്പുവിളെക്കുക, മൺപണി) പുള്ളുവൻ(ഔഷധക്കാരൻ) വള്ളുവൻ(കൂലിപ്പണി). കുന്നുവാഴികൾ 16-വംശം എന്നു പറയുന്നു. പുളിയൻ(ഇവർക്കു കുറുമ്പിയാതിരി കുന്നിൻകൂർ വാഴ്ച വെട്ടിയടക്കം, കെട്ടിപാച്ചൽ,നായാട്ട്, പട,കൂലിച്ചേകം അവകാശങ്ങൾ കൊടുത്തു). മലയിൽ പണിയൻമാർ(പ്രയറ്റുക) പണിയർ, കാടർ, കാട്ടുവർ, കുറിച്ചിയ പണിക്കർ, മാവിലവർ, കരിമ്പാലർ, തുളുവർ, കുളുവർ: കാട്ടുവാഴ്ച, നായാട്ട്, വല്ലിപ്പൊഴുത്തി, ഇറയവൻ, എറവാളൻ, തേൻകുറുമ്പർ, കള്ളാടിമാർ, മലയർ(ഏറവക്കളി കെട്ടിയാ ട്ടം കൂളിയടക്കം) മലയാളർ, പെരാളർ, ആളർ, ഉള്ളാളർ, ഉള്ളവർ കുറുമ്പർ (പല വി ത്തുകളും എടുക്ക). മൂത്തൊരൻ(നായാട്ടുവല കെട്ടുക, ഉറി മിടക), കുറവൻ(വിഷം കിഴിക്ക,പാമ്പാട്ടം,ചപ്പിടിക്കളി,കൈനോക്കുക,കാക്കമാംസം ഭക്ഷിക്ക, പുല്പായി ടുക). പറയൻ(പറയിപെറ്റ പന്തീരുകുലം)വായില്ലാകുന്നിലപ്പൻ പരദേവത. കുടയും മുറവും കെട്ടുക, ഒടിക്ക, മാട്ടുക, പശുമാംസം ഭക്ഷിക്ക). ചെറുമരിലെ കയറിയവർ ഇരുളർ. കണക്കരും, ഒടുക്കം പുലയരും(പായുണ്ടാക്കുക), നായാടികളും(നായടിച്ചു തിന്നുക) എന്നിങ്ങിനെ കീഴ്പ്പെട്ടുള്ള ജാതികൾ പല പ്രകാരം.

മേൽപ്പറഞ്ഞ ജാതിവിഭജനങ്ങളിൽനിന്നും, മുൻപു വായിച്ച മാമാങ്കം സംബന്ധിച്ച സംഭവങ്ങളിൽനിന്നും വ്യക്തമാകുന്ന പ്രസക്തമായ ഒരു സംഗതിയുണ്ട്: ആദ്യകാ ലത്തു ബ്രാഹ്മണർക്കു ലഭിച്ചിരുന്ന മേൽക്കോയ്മ ചോദ്യംചെയ്യപ്പെടാൻ തുടങ്ങിയ സാഹചര്യത്തിലാണല്ലോ അന്യദേശങ്ങളിൽനിന്ന് ആളുകളെ കൊണ്ടുവന്ന് നാടു വാഴികളാക്കാൻ തീരുമാനിച്ചത്. ഒരുപക്ഷേ അവരുടെ മേധാവിത്വത്തിന് ഭീഷണി ഉയർത്തുന്ന അത്തരത്തിലുള്ള ഒരവസ്ഥയാകാം, വർണ്ണങ്ങളെ ജാതികളാക്കി രൂപ പ്പെടുത്തിയ മാമാങ്കത്തിലെ നിയമനിർമ്മാണത്തിന്റെ ഗൂഢലക്ഷ്യം. വെറും ഒരു

ശതമാനം മാത്രമുള്ള ബ്രാഹ്മണർ, ബഹുഭൂരിപക്ഷം വരുന്ന ശൂദ്രരും അവർണ്ണരും ഒന്നിച്ചുനിന്നാലുണ്ടാകാവുന്ന പ്രതിസന്ധി തിരിച്ചറിഞ്ഞതാകാം, ജാതി അടിസ്ഥാനമാക്കിയുള്ള തൊഴിൽവിഭജനവും ജാതികൾക്കിടയിലുള്ള അയിത്താചരണവും നടപ്പിലാക്കിയതിനു പിറകിലെ പ്രേരകശക്തി. കുലത്തൊഴിൽ അപ്രതിഹതമായ നിയമമായി മാറുകയും, അതിന്റെ അടിസ്ഥാനത്തിൽ ജാതികൾ രൂപംകൊള്ളുകയും, ഓരോ ജാതിക്കാർക്കും നിർദ്ദിഷ്ട കുലത്തൊഴിലിനു പുറത്തു കടക്കാനാവാത്ത അവസ്ഥയുണ്ടാകുകയും, ജാതികൾക്കിടയിൽ കടുത്ത അസ്പൃശ്യത നിലവിൽവരുകയും ചെയ്തതോടെ എല്ലാവരും എല്ലാവരെയും അകറ്റി നിറുത്തുന്ന സ്ഥിതിയുണ്ടായി.കേരളക്കരയിലെ ആദിമനിവാസികളായ നാഗജനതയെ തമ്മിൽ വേർപിരിച്ചു ദുർബ്ബലമാക്കുകയായിരുന്നു ആ നിർബന്ധിത ജാതിവിഭജനത്തിന്റെ(?)യും തൊഴിൽ നിർണ്ണയത്തിന്റെയും അയിത്തമേർപ്പെടുത്തലിന്റെയും ഉദ്ദേശ്യം. ജാതികൾക്കിടയിൽ പൊതുവായ ഘടകങ്ങൾ ഒന്നുമില്ലാത്ത, മേൽ പരിതഃസ്ഥിതിയോളം ബ്രാഹ്മണ്യാധിപത്യത്തെ സുരക്ഷിതരാക്കുന്ന സംഗതികൾ ഒന്നുമില്ലല്ലോ. ആദ്യകാലങ്ങളിൽ ആര്യന്മാർ ആധിപത്യമുറപ്പിച്ചസമൂഹങ്ങളിൽ ആസൂത്രിതമായി നടപ്പിലാക്കി വിജയിപ്പിച്ചെടുത്ത തന്ത്രം ഇവിടെയും പയറ്റിയതാകാം.

നായരടക്കമുള്ള ജാതിസമൂഹങ്ങളെ ശൂദ്രരാക്കി അരികിലൊതുക്കിയും ഈഴവരടക്കമുള്ള മറ്റു ജാതികളെ പഞ്ചമരാക്കി പടിക്കു പുറത്താക്കിയുമുള്ള ആ കുലധർമ്മവിഭജനത്തെ, കേവലമൊരു ഗ്രന്ഥത്തിൽ കാണുന്ന പരാമർശം എന്ന നിലയിൽ ലഘൂകരിച്ചു കാണാനാകില്ല. കാരണം, അതിന് നൽകപ്പെട്ട ആധികാരികത അത്രമാത്രം വലുതാണ്:'മഹാമഖത്തിന്റെ പിറ്റെന്നാൾ തിരുനാവായ മണപ്പുറത്തുവെച്ച് മഹാരാജാവായ പെരുമാളെയും നമ്പിമാടമ്പിസ്മാർത്തന്മാരെയും മറ്റു പ്രഭുക്കന്മാരെയും വരുത്തി സർവ്വജ്ഞനായ ശങ്കരാചാര്യർ ഈ വിധം ബോധിപ്പിച്ചെന്നും, കർമ്മഭൂമിയിൽ കർമ്മംകൊണ്ടു ഗതിവരുത്തിക്കൊള്ളണമെന്നും, അതിനു വിഘ്നം വരുത്തുന്നവർക്കു ദാരിദ്ര്യവും മഹാവ്യാധികളും അല്ലലും മനോദുഃഖവും ഒരിക്കലും തീരുകയില്ലെന്നും, അതുകൊണ്ട് അതിന് നീക്കംവരുത്തിക്കൂടെന്നും അറുപത്തിനാലു ഗ്രാമവും ശങ്കരാചാര്യരും രാജാക്കന്മാരും ദിവ്യജനങ്ങളും മാലോകരും കൂടിയ സഭയിങ്കൽനിന്നു കൽപ്പിച്ചു' എന്ന പ്രസ്താവനയാണ് ആ ഗ്രന്ഥത്തിലെ പ്രസക്തമായ വസ്തുത.അതോടൊപ്പം, ചിലർ തമ്മിൽത്തമ്മിൽ തൊട്ടുകുളി, തീണ്ടിക്കുളി എന്നുള്ള ക്രമങ്ങളടക്കം ആചാരങ്ങളും നീതിയും നിലയും നിശ്ചയിച്ചു നടപ്പാക്കപ്പെട്ടത് ആ മാമാങ്കത്തിൽവെച്ചാണെന്നു കേരളോത്പത്തി പ്രഖ്യാപിക്കുന്നു. അതായത്, കേരളത്തെ ഭ്രാന്താലയമാക്കിയ ദുരാചാരങ്ങളുടെ പിറവി ആ മാമാങ്കത്തിലായിരുന്നു എന്നു ചുരുക്കം. അതിനാൽ, ആ മാമാങ്കം മലയാളക്കരയെ തകർത്തുതരിപ്പണമാക്കിയ ഒരു ചാവേറാക്രമണമാണെന്നു നിസ്സംശയം പറയാം.

പരശുരാമൻ കടലിൽനിന്നു കണ്ടെടുത്ത് കേരളക്കര ബ്രാഹ്മണർക്കു ദാനംനൽകി എന്ന കല്പിതകഥയിലൂടെ, ബ്രഹ്മസ്വത്തിന്റെയും രാജസ്വത്തിന്റെയും ദേവസ്വത്തിന്റെയും ആധികാരിക ഉടമസ്ഥരായി മാറിയ ജാതിബ്രാഹ്മണ്യം ശ്രീശങ്കരാചാര്യരെ മുൻനിർത്തി മറ്റൊരു കുടിലനീക്കത്തിലൂടെ അബ്രാഹ്മണരായ സർവ്വരുടെയും ചിറകരിയുകയായിരുന്നു ആ ഒരു കല്പനയിലൂടെ. ഒരുപക്ഷെ, അക്കാലത്തു

തന്നെ നിലനിന്നിരുന്ന കുലത്തൊഴിൽ സമ്പ്രദായം അതോടുകൂടെ അലംഘനീയ മായ ഒരു നിയമമാക്കി അവതരിപ്പിച്ച് അവർ അരക്കിട്ടുറപ്പിച്ചെടുത്തു. ബ്രാഹ്മണർ ഉണ്ടാക്കിയ വേലിക്കെട്ടിനു പുറത്തേക്കു കടക്കാൻ ശ്രമിക്കുന്നവരും അന്യതൊഴി ലുകളിൽ വ്യാപാരിക്കുന്നവരും രാജനിയമത്തിനും ദൈവഹിതത്തിനും എതിരെ ചരിക്കുന്നവരായി കണക്കാക്കപ്പെട്ട് അതോടെ വേട്ടയാടലിന് ഇരയായി. അങ്ങനെ യുള്ള നിയമലംഘകർക്കു മേൽ ഏർപ്പെടുത്തിയ ശിക്ഷകൾ നിയമവിധേയമാക്ക പ്പെട്ടു.അതിന്റെ ആത്യന്തികഫലമായാകാം വൈദികമതത്തിലെ വലിയൊരു വി ഭാഗം മനുഷ്യർ സ്വന്തം മാളങ്ങളിൽ ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ട്, അപരിഷ്കൃ തരും നിരക്ഷരരും ദരിദ്രരുമായിമാറി ഇക്കാലത്തും അധഃസ്ഥിതാവസ്ഥയിൽകഴി യുന്നത്. സ്വാർത്ഥതാത്പര്യസംരക്ഷണത്തിനുവേണ്ടി, ദൈവത്തെയും വൈദിക പുസ്തകങ്ങളെയും മറയാക്കി ജാതിബ്രാഹ്മണ്യം ചെയ്ത ആ പാതകങ്ങൾക്ക് സമ മായി ചരിത്രത്തിൽ മറ്റെന്തെങ്കിലും ഉണ്ടാകുമെന്ന് തോന്നുന്നില്ല. വസ്തുതാപരമാ യി ബ്രിട്ടീഷുകാർക്കും വളരെ മുൻപേ വിഭജിച്ചു ഭരിക്കുക എന്ന കുതന്ത്രം ഭാരതമ ണ്ണിൽ വിദഗ്ദമായി നടപ്പാക്കിവിജയിപ്പിച്ചത് ആര്യബ്രാഹ്മണരാണെന്ന് ഇതൊക്കെ കാണുമ്പോൾ വിലയിരുത്തേണ്ടിവരുന്നു. ചുരുക്കത്തിൽ, അസ്പൃശ്യതയും അയി ത്തവും അടക്കമുള്ള അപരിഷ്കൃത നടപടികൾ നടപ്പാക്കി കേരളത്തെ ഭ്രാന്താല യമാക്കിത്തീർത്ത മാറ്റങ്ങൾക്കു തുടക്കം കുറിച്ചത്, ഇന്നാട്ടിലെ ജനതയെ വിഭജിച്ച തിരുനാവായിലെ മഹാസഭയിലെടുത്ത തീരുമാനങ്ങളിലൂടെയാണെന്നു പറയാം.

അടിയാളകേരളം

വാസ്തവത്തിൽ,കേരളക്കരയിൽ ചാതുർവർണ്യവ്യവസ്ഥിതി ഒരിക്കലും നിലവി ലുണ്ടായിരുന്നില്ല. വർണ്ണവ്യവസ്ഥയുടെ ഭാഗമായി, ദ്വൈവർണ്യർ എന്ന, രണ്ടു വർ ണ്ണങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. അത്, ബ്രാഹ്മണരും ശൂദ്രരുമായിരുന്നു. മറ്റുള്ള ജനങ്ങളൊക്കെ ജാതിവ്യവസ്ഥയ്ക്കു വെളിയിലുള്ള അവർണ്ണരായിരുന്നു.ചുരുക്ക ത്തിൽ, ഒരുശതമാനത്തോളംമാത്രം വന്നിരുന്ന ബ്രാഹ്മണരെ ഒഴിച്ചുനിർത്തിയാൽ ആര്യാധിപത്യത്തിനുകീഴിൽ കേരളക്കര അക്ഷരാർത്ഥത്തിൽ ഒരു അടിയാളനാ ടായിരുന്നു; മനുഷ്യാവസ്ഥയില്ലാത്ത ശൂദ്രരും അവർണ്ണരും തിങ്ങിയ നാട്.

നായന്മാരേയും അനുബന്ധജാതികളേയും ബ്രാഹ്മണർ ശൂദ്രരായാണ് കണക്കാക്കി യിരുന്നതെന്ന കാര്യം കേരളോത്പത്തിയിലെ പരാമർശങ്ങളിൽനിന്ന് സ്പഷ്ടമാ ണല്ലോ. അത് കേവലം ആ ഗ്രന്ഥത്തിലെ മാത്രം പരാമർശമല്ല. പുരാതനകൃതികളി ലൊക്കെ നായന്മാരെ ശൂദ്രരായാണു രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടമ്പിസ്വാമിയുടെ അദ്വൈതചിന്താപദ്ധതിയെന്ന കൃതിയുടെ ആമുഖമായി വാഴൂർ തീർത്ഥപാദാശ്ര മത്തിലെ വിദ്യാനന്ദതീർത്ഥപാദസ്വാമി എഴുതിയിട്ടുള്ള സുദീർഘമായ പ്രസ്താ വനയിലെ അനാചാരദൂരീകരണവും ഹിന്ദുധർമ്മപ്രചരണവും എന്ന ഉപശീർഷക ത്തിൽ ഇപ്രകാരം കാണാം: 'അവിടുത്തെ(ചട്ടമ്പിസ്വാമികളുടെ) ശ്രദ്ധ ആദ്യമായി പതിഞ്ഞത് ഹിന്ദുസമുദായത്തിലെ ദുരാചാരങ്ങളെ നാമാവശേഷമാക്കുന്ന വിഷ യത്തിലായിരുന്നു. മലയാളക്കര ബ്രാഹ്മണർക്ക് അട്ടിപ്പേറായി കിട്ടിയതാണെന്നും, ബ്രാഹ്മണേതരരായ സകലരും ബ്രാഹ്മണരുടെ സുഖസൗകര്യങ്ങൾക്കായി വെറും

ഉപകരണങ്ങളായി കഴിഞ്ഞുകൂടണം എന്നുമായിരുന്നു അന്നത്തെ വിശ്വാസം. ആ വിശ്വാസത്തെ ബലപ്പെടുത്തുവാനായി ശാങ്കരസ്മൃതിയെന്ന പേരിലും മറ്റും അനവധി കള്ളപ്രമാണങ്ങൾ ബ്രാഹ്മണരിലാരോ എഴുതി പ്രചരിപ്പിച്ചിരുന്നു. ആ വിശ്വാസത്തിലെ *വാസ്തവാവാസ്തവങ്ങൾ വേണ്ടവിധം അറിയുന്നതിനായി സ്വാമിതിരുവടികൾ കേരളത്തിലെ പഴയ പല ഗ്രന്ഥപ്പുരകളും പരിശോധിച്ചു നോക്കി. ശൂദ്രരെന്നു ബ്രാഹ്മണരാൽ അഭിസംബോധനം ചെയ്യപ്പെട്ടിരുന്ന നായന്മാർ കേരളക്കരയിലെ സംസ്കാരസമ്പന്നരായ ആദിമനിവാസികൾ ആയിരുന്നെന്നും, പരശുരാമൻ കേരളം സൃഷ്ടിച്ച് ബ്രാഹ്മണർക്കു ദാനം ചെയ്തുതാണെന്നുമുള്ള കഥ വെറും കെട്ടുകഥയാണെന്നും പ്രാചീനഗ്രന്ഥങ്ങളുടെ പരമ്പരകളിൽനിന്നും അവിടുത്തേയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞു".(*വാസ്തവങ്ങളും അവാസ്തവങ്ങളും)

ചട്ടമ്പിസ്വാമികളുടെ പ്രാചീനമലയാളം എന്ന പുസ്തകത്തിലെ, ശൂദ്രശബ്ദം എന്ന അധ്യായത്തിലുള്ള ചില പരാമർശങ്ങൾ ഇനി നോക്കുക: 'ബ്രാഹ്മണർ മലയാളി നായന്മാരെ ശൂദ്രർ എന്നു പറഞ്ഞുവരുന്നു. അത് കേവലം വ്യവഹാരത്തിൽ മാത്രമല്ല, നായന്മാരെപ്പറ്റി അവരെഴുതിയിട്ടുള്ള കൃതികളിലും കാണുന്നുണ്ട്.ആഗമവിസ്മൃതികൊണ്ടോ അജ്ഞത്വംകൊണ്ടോ അവർ(നായന്മാർ) അതിനെ മനഃപൂർവ്വം സമ്മതിക്കുകയും ചെയ്യുന്നു. ആ വ്യവഹാരം ഇങ്ങനെ വർദ്ധിച്ചു വർദ്ധിച്ച് സഹജമായി, ഇപ്പോൾ നായന്മാർ തമ്മിലുള്ള സംഭാഷണങ്ങളിലും രേഖാപ്രമാണങ്ങളിലും ആ വിധം പ്രയോഗിക്കുന്ന നടപ്പ് സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്നു'.മലബാർ മാന്വൽ അടക്കമുള്ള ഗ്രന്ഥങ്ങളിലും ഇതിനെ സാധൂകരിക്കുന്ന പ്രതിപാദനങ്ങൾ കാണാം. ശൂദ്രരെന്ന ഇകഴ്ത്തൽ മാത്രമല്ല, ശൂദ്രർക്കുമേൽ സ്മൃതിഗ്രന്ഥങ്ങൾ ഏർപ്പെടുത്തിയിരുന്ന നിയമങ്ങളും മലയാളക്കരയിൽ ഒരുകാലത്ത് ശക്തമായിരുന്നു. കേരളത്തിലെ ശൂദ്രർക്ക് ഒരു രീതിയിലുള്ള അസ്ഥിത്വവും ശാങ്കരസ്മൃതി കല്പിച്ചു കൊടുത്തിരുന്നില്ല. പി.സി.പരമേശ്വരൻ മൂസ്സത് എന്ന പണ്ഡിതനെഴുതിയ ശാങ്കരസ്മൃതിയുടെ ഭാഷാവ്യാഖ്യാനത്തിൽ പറയുന്നതനുസരിച്ച്, മലയാളക്കരയിലെ ശൂദ്രരായ നായന്മാർ അഭിവാദനം ചെയ്യുന്ന പതിവ് ഇല്ലായിരുന്നു. ശൂദ്രൻ സ്വസ്ഥാനത്തു കൈകൂപ്പി തൊഴുതുനിന്നാൽമതി എന്നാണ് സ്മൃതി അനുശാസിക്കുന്നത്. ഇതിഹാസപുരാണങ്ങൾ വായിക്കുവാനും വീട്ടിൽ സൂക്ഷിക്കാനും ശൂദ്രർക്ക് അവകാശമുണ്ടായിരുന്നില്ല.മഹാഭാരതം വീട്ടിൽ സൂക്ഷിക്കരുതെന്ന പഴയകാല അന്ധവിശ്വാസത്തിന്റെ പ്രചാരണത്തിനു പിന്നിലെ യഥാർത്ഥ ഉദ്ദേശ്യം അതായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ,അഭിവാദ്യംചെയ്യാൻപോലുമുള്ള അവകാശം ആ വിഭാഗക്കാർക്ക് ശാങ്കരസ്മൃതി അനുവദിച്ചുകൊടുത്തിരുന്നില്ല എന്നതാണ് സത്യം. ആഗമവിസ്മൃതികൊണ്ടോ അജ്ഞത്വംകൊണ്ടോ ഇക്കാലത്തു സ്മൃതികളെക്കുറിച്ച് അപദാനങ്ങളെഴുതുന്നവർ ഇക്കാര്യം ഓർക്കുന്നത് നന്നായിരിക്കും.

ജാതിബ്രാഹ്മണ്യത്തിന്റെ സ്വാർത്ഥശാസനകളുടെ ഇരകളായത്, ഇന്ന് അവർണ്ണർ എന്നറിയപ്പെടുന്ന ജനസമൂഹങ്ങൾ മാത്രമായിരുന്നില്ല എന്നാണ് ഇതൊക്കെ തെളിയിക്കുന്നത്. ശൂദ്രർ എന്നു ബ്രാഹ്മണ്യം മുദ്രയടിച്ച നായർ-അമ്പലവാസിസമൂഹങ്ങളൊക്കെ ആ വിവേചനത്തിന്റെ കയ്പുനീർ അനതിവിദൂരമല്ലാത്ത ഒരുകാലത്തുപോലും കുടിച്ചിട്ടുണ്ട്. നായന്മാരെ മുഴുവൻ ശൂദ്രരായിട്ടാണ് നമ്പൂതിരിമാർ കണ

ക്കാക്കിയിരുന്നത്. ചട്ടമ്പിസ്വാമികളുടെ ജീവിതകാലത്തുപോലും(1853-1924) അതായിരുന്നു അവസ്ഥ. ജാതിബ്രാഹ്മണ്യത്തിന്റെ കുടിലതകൾക്കെതിരെ സ്വാമികൾ എഴുതിയ പ്രാചീനമലയാളം, വേദാധികാരനിരൂപണം, തമിഴകവും ദ്രവിഡമാഹാത്മ്യവും തുടങ്ങിയ കൃതികളിലെ വിമർശനങ്ങളുടെ രൂക്ഷത അതാണു വെളിവാക്കുന്നത്. പിന്നീടാകാം ആ മേൽവിലാസത്തിന്റെ അപമാനഭാരം മുഴുവൻ, സ്വസമുദായത്തിലെതന്നെ 'താഴേക്കിടയിലുള്ള ചില വിഭാഗങ്ങളിൽ' ചാർത്തി, അവരെ ശൂദ്രനായർ എന്ന് ഇകഴ്ത്തുകയും, മറ്റുള്ളവർ ആഢ്യനായന്മാരാകുകയും ചെയ്ത പരിണാമം സംഭവിച്ചത്. ജാതിഭേദത്തിന്റെ ഏറ്റവും ദുഷിച്ച സ്വഭാവമായ, സ്വന്തം മുഖം രക്ഷിക്കാൻ കൂട്ടത്തിൽ ഒരാളിനെ കുരുതികൊടുക്കുക എന്ന കുതന്ത്രത്തിന്റെ കൃത്യമായ ഉദാഹരണമായിരുന്നു ആ അപനിർമ്മിതി.

ആദ്യകാലങ്ങളിൽ ശൂദ്രനായന്മാരായിരിക്കുകയും, പിന്നീടു ബ്രാഹ്മണരുമായുള്ള അത്യന്തസമ്പർക്കത്തിന്റെ ഫലമായി അന്തരാളരായിത്തീരുകയും ചെയ്ത അമ്പലവാസികളെപ്പോലും ആഢ്യരായി ബ്രാഹ്മണർ അംഗീകരിച്ചിരുന്നില്ല എന്നതാണ് വസ്തുത. അന്തരാളസമൂഹങ്ങൾ ശൂദ്രരായിരുന്നില്ലെങ്കിലും അവരെ ശൂദ്രസമാനരായാണ് ഗണിച്ചിരുന്നത്. ചട്ടമ്പിസ്വാമികളുടെ പ്രാചീനമലയാളം എന്ന ഗ്രന്ഥത്തിൽ,വിവിധ അന്തരാളജാതികളുടെ ഉത്ഭവവും അവയുടെ സാമൂഹികാവസ്ഥകളും കേരളമാഹാത്മ്യമെന്ന കൃതിയെ അവലംബിച്ചു വിശാലമായി ചർച്ചചെയ്യുന്നുണ്ട്. അടിസ്ഥാനപരമായി നാഗന്മാരായിരുന്നെങ്കിലും, ക്ഷേത്രകാര്യങ്ങളിൽ ബ്രാഹ്മണരുടെ സഹായികളെന്ന നിലയിൽ ജാതിശ്രേണിയിൽ അവരുടെ സ്ഥാനം നായന്മാർക്ക് മേലെയായിരിന്നു. അതിന്റെ കാരണവും അവരുടെ ഉത്പത്തിയും പറയുന്ന ചില ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്. അത്തരത്തിലുള്ള ഒന്ന് കാണുക: ഭാർഗ്ഗവരാമൻ ശ്രീമൂലസ്ഥാനത്തു താമസിക്കവേ ഒരു വൃദ്ധബ്രാഹ്മണന് തന്റെ ഭാര്യയിൽ സന്ദേഹം ജനിക്കയാൽ, യോഗസ്ഥരായ ഭൂസുരശ്രേഷ്ഠന്മാരെ സംഗതി ധരിപ്പിച്ചു. അവർ ആ ബ്രാഹ്മണിക്ക് ഭ്രഷ്ടുകല്പിച്ചതോടെ അവൾ എവിടെയോപോയി താമസിക്കുകയും യഥാകാലം ഒരുപെൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു. പിൽക്കാലത്ത് ഒരിക്കൽ ആ പെൺകുട്ടിയെ കണ്ടപ്പോൾ, പരശുരാമനു ദുഃഖമുണ്ടായി. അതിനാൽ യോഗപട്ടദ്വിജേശ്വരനെ വിളിച്ച് അവൾക്ക് വല്ലദോഷവുമുണ്ടോ എന്നു തിരക്കി. "അവളിൽ ഞാൻ ഒരു ഹീനത്വവും കാണുന്നില്ല. എന്നാലും, വിപ്രോക്ത്യാ അവൾക്ക് ഞാൻ ലേശം ദോഷം കല്പിക്കുന്നു എന്നായിരുന്നു മറുപടി. അതുകേട്ട്, അദ്ദേഹം ഒരക്ഷരംപോലും ഉരിയാടാതെ അവളെ ഒരു പ്രത്യേക ഗൃഹത്തിൽ പാർപ്പിച്ചു. കന്യകയ്ക്കു വയസ്സു പന്ത്രണ്ടായപ്പോൾ, ഒരു ദിവസം അവൾ ശിവക്ഷേത്രത്തിനു സമീപം പൂവിറുത്തുകൊണ്ടു നില്ക്കുന്നത് പരശുരാമൻ കാണാനിടയായി. ബ്രാഹ്മണകുലത്തെ ശുശ്രൂഷിച്ചുകൊണ്ടു വസിച്ചുകൊള്ളണമെന്ന് അവളോട് പരശുരാമൻ ആജ്ഞാപിച്ചു. അവളുടെ പിന്മുറക്കാരാണ് അമ്പലവാസികൾ എന്നാണ് വളരെ പ്രചാരമുള്ള ആ ഐതിഹ്യം പറയുന്നത്. (അവളിൽ താൻ ഒരു ഹീനതയും കാണുന്നില്ലെങ്കിലും വിപ്രന്മാരുടെ പറച്ചിൽകൊണ്ട്(ഉക്തി) ലേശം ദോഷം അവളിൽ കൽപ്പിക്കുന്നു എന്ന പരശുരാമന്റെ വാക്കുകളുടെ അർത്ഥം വ്യക്തമാണല്ലോ. ബ്രാഹ്മണർക്കുവേണ്ടി അവളെ അദ്ദേഹം മോശക്കാരിയാക്കി ഇകഴ്ത്തിയതാണ്.)

അന്തരാളസമൂഹങ്ങളെ ശൂദ്രത്വത്തിൽനിന്നു മോചിപ്പിക്കാനുള്ള വ്യഗ്രതയല്ല ആ ഐതിഹ്യനിർമ്മിതിക്കു പിന്നിൽ എന്നതു വ്യക്തമാണ്. 'പിഴച്ചുപോയ ബ്രാഹ്മണി' യുടെ മക്കളായാലും കുഴപ്പമില്ല, അമ്പലത്തിനടുത്തുവരാൻ അധികാരമുള്ളയാൾ ശൂദ്രനാകരുത് എന്ന ശാഠ്യത്തിനപ്പുറം എന്തെങ്കിലും ആ ഐതിഹ്യത്തിന്റെ നിർമ്മാതാക്കൾക്ക് ഉണ്ടായിരുന്നില്ലെന്നു നിശ്ചയം. ജാതിബ്രാഹ്മണ്യം കല്പിച്ചുകൊടുത്ത സ്വഭാവദൂഷ്യത്തിലൂടെ ഒരു സമൂഹം മുഴുവൻ അവഹേളിക്കപ്പെട്ടാലും, തങ്ങളുടെ ആഢ്യത്വചിന്തയും ശുദ്ധിഭ്രമവും വിജയിക്കണമെന്ന പിടിവാശി മാത്രമാണ് അത്തരം കെട്ടുകഥകളുടെ സൃഷ്ടിക്കു പിന്നിലുള്ള ചേതോവികാരം. പല ബ്രാഹ്മണേതര സവർണ്ണജാതികളുടെയും ഉത്ഭവവുമായി ബന്ധപ്പെട്ട് സമാനമായ ആഭാസങ്ങൾ ഐതിഹ്യകഥകളെന്ന പേരിൽ പ്രചരിപ്പിച്ചിരുന്നതായി കാണുന്നു.

തങ്ങളുടെ വിനീതസേവകരാക്കി ആളുകളെ നിലനിർത്താൻ, അവരെ സാമ്പത്തികമായി തളർത്തിയും സാമൂഹികമായി ഇകഴ്ത്തിയും ഒതുക്കിനിറുത്തിയേ മതിയാകൂ എന്ന തിരിച്ചറിവ് നമ്പൂതിരിമാർ നടപ്പാക്കിയ ഓരോ നടപടിയിലും കാണാനാകും. സവർണ്ണൻ എന്ന പദവിയ്ക്കപ്പുറമുള്ള പരിഗണനകളൊന്നും ബ്രാഹ്മണ്യാധിപത്യസമൂഹത്തിൽ ശൂദ്രർക്കു കിട്ടിയിരുന്നില്ല. അതിനുള്ള ഏറ്റവും കൃത്യമായ ദൃഷ്ടാന്തങ്ങൾ ചട്ടമ്പിസ്വാമിയുടേതടക്കമുള്ള കൃതികളിൽ കാണാം.മാത്രവുമല്ല ആ സമുദായങ്ങളെ അവഹേളിക്കാനുള്ള അവസരങ്ങളൊന്നും അവർ പാഴാക്കിയിരുന്നില്ല എന്നതും എഴുത്തച്ഛന്റേതടക്കമുള്ള ജീവചരിത്രങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. നമ്പൂതിരിമാരുടെ സാഹിത്യരചനകളിലെല്ലാം ആ കുത്തിനോവിക്കൽ കാണാം. മൂന്നുനാലു തലമുറ മുമ്പുള്ള ചാതുർവർണ്യശൃംഖലയിലെ ബ്രാഹ്മണേതരസമൂഹങ്ങൾക്ക് സവർണ്ണർ എന്ന ആലങ്കാരികപദവിയ്ക്കപ്പുറത്ത് യാതൊരുവിധ പരിഗണനയും കിട്ടിയിരുന്നില്ല എന്നതാണ് അതൊക്കെ തെളിയിക്കുന്നത്. ബ്രാഹ്മണ്യ നിഷ്ഠൂരതകൾക്കെതിരെയുള്ള ആ സമൂഹങ്ങളുടെ പോരാട്ടങ്ങളുടെ ചരിത്രംകൂടിയാണ് അത്. സവർണ്ണരെന്ന പദവിയണിയുമ്പോഴും ജാതിബ്രാഹ്മണ്യത്തിന്റെ വേട്ടയാടലുകൾക്കു നിന്നുകൊടുക്കേണ്ട നിസ്സഹായാവസ്ഥയായിരുന്നു കേരളത്തിലെ നായർ-അമ്പലവാസിസമുദായങ്ങൾക്ക് കഴിഞ്ഞനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽപ്പോലുമുണ്ടായിരുന്നത്. അപ്പോൾ, അവർണ്ണസമൂഹങ്ങളുടെ കാര്യം വിസ്തരിച്ചു പറയേണ്ടതുണ്ടോ? ശൂദ്രരെന്ന് ഇകഴ്ത്തപ്പെട്ടെങ്കിൽ അവർ എങ്ങനെ സവർണ്ണരായെന്നും വർത്തമാനകാലസമൂഹത്തിലെ നേതൃസ്ഥാനത്ത് എത്തിയെന്നും അറിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

[പിൻകുറിപ്പ്: എല്ലാവരെയും പരിശുദ്ധമാക്കേണ്ട വേദങ്ങളുടെ മഹത്വം ശൂദ്രൻ അധ്യയനം ചെയ്താൽ ഇല്ലാതെയാകുമെങ്കിൽ, ആ മഹിമ എത്രത്തോളം നിലനിൽക്കുമെന്ന് ചോദിച്ച ചട്ടമ്പിസ്വാമിയുടേതാണ്, ജാതിബ്രാഹ്മണ്യത്തിന്റെ മാനവവിരുദ്ധമായ ശാസനങ്ങൾക്കെതിരെ കേരളക്കരയിലുയർന്ന ഏറ്റവും ശക്തമായ ശബ്ദം. സമകാലികനും സുഹൃത്തുമായിരുന്ന ശ്രീനാരായണഗുരുവിന്റെ പാതയിൽനിന്നു തികച്ചും വ്യത്യസ്തമായ മാർഗ്ഗമാണ് അദ്ദേഹം സ്വീകരിച്ചത്. സാത്വികനായ ഒരു സന്യാസിയ്ക്കു ചേർന്ന വചനങ്ങളിലൂടെയും പ്രവൃത്തികളിലൂടേയും ഗുരുദേവൻ മലയാളക്കരയിൽ നവോത്ഥാനത്തിന്റെ വിത്തുകൾ വിതച്ചപ്പോൾ, വിപ്ലവകാരിയായ ഒരു സാമൂഹ്യപരിഷ്കർത്താവിന്റെ പാതയാണ് ചട്ടമ്പി

സ്വാമി ആജീവനാന്തം പിന്തുടർന്നത്. അതിന്റെ പ്രധാന കാരണം സ്വന്തം ജീവിതാനുഭവങ്ങൾ തന്നെയായിരുന്നു. ഒരുപക്ഷെ, അദ്ദേഹം സ്വീകരിച്ച, ചട്ടമ്പിസ്വാമികൾ എന്ന പേരുപോലും ആ പ്രതിഷേധത്തിന്റെ പ്രതീകമായിരിക്കാം. ജാതിബ്രാഹ്മണ്യത്തിനുനേരെ ചോദ്യങ്ങൾ ഉയർത്തിയ 'ചട്ടമ്പിയായ സന്യാസിയെ' അപമാനിക്കാൻ ആഢ്യന്മാർ ഉപയോഗിച്ച പേരുതന്നെ അദ്ദേഹം അലങ്കാരമായി സ്വീകരിച്ചതാകാം. കടുത്ത ദാരിദ്ര്യം മൂലം, വളരെക്കുറഞ്ഞകാലത്തിനുശേഷം ഔപചാരികവിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവന്ന അദ്ദേഹം, ആ ചെറിയ കാലയളവിൽ അറിയപ്പെട്ടിരുന്ന ചട്ടമ്പി(ക്ലാസ് മോണിറ്റർ) എന്ന സ്ഥാനം സന്യാസദീക്ഷസ്വീകരിച്ചതിനുശേഷവും ഉപേക്ഷിച്ചില്ല എന്നു വിശ്വസിക്കാനാകുമോ?

ചട്ടമ്പിസ്വാമികളുടെ അച്ഛൻ ഒരു ബ്രാഹ്മണനും, മാതാവ് ഇല്ലത്തെ അടിച്ചുതളിക്കാരിയായ നായർസമുദായസ്ഥയുമായിരുന്നു. അന്നു വളരെ വ്യാപകമായിരുന്ന സംബന്ധരീതിയിലുള്ള വിവാഹത്തിന്റെ ദുഷിച്ച വശങ്ങൾ നേരിട്ടനുഭവിച്ചതിന്റെ മുറിവുകളാണ് അദ്ദേഹത്തിലെ വിപ്ലവകാരിയെ പരുവപ്പെടുത്തിയത്. സ്വന്തം ഭാര്യയുടെയും മക്കളുടെയും ജീവിതത്തോട് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത, ശാരീരികബന്ധത്തിനു മാത്രമുള്ള വിവാഹരീതി, സ്വന്തംപിതാവിനെ തൊട്ടുതീണ്ടാൻ അവകാശമില്ലാത്ത മക്കൾ, സ്വപിതാവിന്റെ ഇല്ലത്ത് നേരിടേണ്ടിവന്ന നാണംകെടുത്തുന്ന അവഹേളനങ്ങൾ, ജാതിവിവേചനത്തിന്റെ പേരിൽ വേട്ടയാടപ്പെട്ട സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും കണ്ണീർ, തുടങ്ങി ഉച്ചനീചത്വത്തിനെതിരെയും ബ്രാഹ്മണ്യാധികാരത്തിനെതിരെയും അദ്ദേഹത്തിന്റെ മനസ്സിൽ വികാരമുണർത്തിയ ഘടകങ്ങൾ ഏറെയാണ്. ആ അവസ്ഥയാണ് ചട്ടമ്പിസ്വാമിയെ ബ്രഹ്മണ്യത്തെ നേരെനിന്നു വെല്ലുവിളിക്കുന്ന സാമൂഹ്യപരിഷ്കർത്താവാക്കി മാറ്റിയത്.

ചട്ടമ്പിസ്വാമികളുടെ ബാല്യത്തിൽ നായന്മാർക്കു വേദം പഠിക്കാൻ അനുവാദമുണ്ടായിരുന്നില്ല. പുരാണഗ്രന്ഥങ്ങൾപോലും പഠിക്കാനും വായിക്കാനുമുള്ള അവകാശം ശാങ്കരസ്മൃതി അവർക്ക് നിഷേധിച്ചിരുന്നു(അധ്യായം:1,പാദം:04,ശ്ലോകം:01). ആ ഗ്രന്ഥങ്ങളൊക്കെ ഒളിച്ചുനിന്നു കേട്ടുപഠിച്ച ഏകലവ്യനായിരുന്നു സ്വാമി. പഠിക്കാൻ ഭാഗ്യമുണ്ടായവരുടെ എഴുത്തോലകൾ കടംവാങ്ങി കുഞ്ഞൻപിള്ള എഴുത്തും വായനയും പഠിച്ചു. അമ്മയുടെ ബന്ധുക്കൾ ജോലിചെയ്തിരുന്ന കൊല്ലൂർമഠത്തിലെ ഉണ്ണികൾ, കുഞ്ഞൻ ഒളിഞ്ഞുനിന്നു തങ്ങളുടെ പാഠങ്ങൾ പഠിക്കുന്ന വിവരം ഗുരുവിനെ ബോധിപ്പിച്ചു. ഗുരു ആ വിജ്ഞാനദാഹിയോട് ദയ കാണിച്ചു. എന്തൊക്കെയാണ് ആ ഏകലവ്യൻ അതുവരെ പഠിച്ചതെന്നു പരിശോധിച്ചു. നേരിൽ കേട്ടുപഠിച്ച ഉണ്ണികളെക്കാൾ മിടുക്കനാണ് കുഞ്ഞൻ എന്ന സംഗതി ആ മഹാത്മാവിനെ ആകർഷിച്ചു. ഉണ്ണികളിൽനിന്നും പതിനാറടിദൂരത്തിൽ-നായരും നമ്പൂരിയും തമ്മിൽ പാലിക്കേണ്ടിയിരുന്ന അയിത്തം- ഇരുന്നു പഠിക്കാൻ കുഞ്ഞന് അനുവാദം കിട്ടി. സാമ്പത്തികവും സാമൂഹികവുമായ ചൂഷണത്തിനുള്ള ഉപാധിയായി ജാതിബ്രാഹ്മണ്യം ഉപയോഗിച്ചിരുന്ന ജാതിവ്യവസ്ഥിതിയുടെ ഉള്ളറകൾ തേടിപ്പോകാനും കണ്ടെത്തിയ സത്യങ്ങൾ വിളിച്ചുപറയാനും ചട്ടമ്പിസ്വാമിയെ സജ്ജനാക്കിയത് സ്വന്തം ജീവിതാവസ്ഥതന്നെയാണ്. അസാധാരണമായ ബുദ്ധിയും ഗ്രഹണശക്തിയും ഉണ്ടായിരുന്നിട്ടും ശൂദ്രനെന്ന മേൽവിലാസം മൂലം നിഷേധിക്കപ്പെട്ട അറിവുകളെല്ലാം അദ്ദേഹം അദ്ധ്വാനിച്ചു നേടിയെടുത്തു. ചട്ടമ്പിസ്വാമികളെ, കേവലം സ്വന്തം സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പോരാടിയ മഹാത്മാവായി കുറച്ചുകാണുന്നത് അനീതിയാണ്; ബ്രാഹ്മണ്യത്തോടുള്ള അവസാനിക്കാത്ത ദാസ്യഭാവമാണ്. എന്തെന്നാൽ, സ്വാമികൾ ആജീവനാന്തം പൊരുതിയത് ജാതിബ്രാഹ്മണ്യത്തോടാണ്. ജാതിബ്രാഹ്മണ്യം ശൂദ്രർക്കുമേൽ അടിച്ചേൽപ്പിച്ച അനീതികൾക്കെതിരെയാണ്. അദ്ദേഹത്തിന്റെ രചനകൾ തന്നെയാണ് അതിനുള്ള അനിഷേധ്യമായ തെളിവ്. ശൂദ്രൻ വേദേതിഹാസങ്ങൾ പഠിച്ചാൽ എന്തായിരിക്കും 'ഫലം' എന്ന ബ്രാഹ്മണ്യഭയത്തിന്റെ കാരണം ചട്ടമ്പിസ്വാമിയെപ്പോലെയുള്ള വിഗ്രഹഭഞ്ജകന്മാരിലൂടെ വെളിവാകുന്നുണ്ട്.]

ജാതികൾ സ്വയമുണ്ടായതല്ല; ഉണ്ടാക്കിയതാണ്

ഭാരതത്തിൽ തൊഴിലടിസ്ഥാനമാക്കി വിഭിന്ന ജാതികളുണ്ടായത് തികച്ചും സ്വാഭാവികമായ ഒരു പ്രതിഭാസമായിരുന്നു എന്നു നിശ്ചയിക്കാനാകുമോ? ഇല്ലെന്നതാണ് വസ്തുത. അതിനെ സാധൂകരിക്കുന്ന ചില ഉദാഹരണങ്ങൾ കാണുക:ബ്രാഹ്മണ്യാധിപത്യത്തിനു കീഴിൽ കഴിഞ്ഞിരുന്ന കാലത്ത് കേരളക്കരയിലെ ശൂദ്രരായിരുന്ന നായന്മാർക്കിടയിൽ എട്ടുതരക്കാർഉണ്ടായിരുന്നതായി കാണിപ്പയ്യൂർശങ്കരൻനമ്പൂതിരിപ്പാട് എഴുതിയ ആര്യന്മാരുടെ കുടിയേറ്റം-കേരളത്തിൽ എന്ന പുസ്തകസമാഹാരത്തിൽ രണ്ടാം ഖണ്ഡത്തിലെ വിവിധ സമുദായങ്ങളുടെ കുലധർമ്മവിവരണങ്ങളിൽ പറയുന്നു. ശൂദ്രർ, പള്ളിച്ചന്മാർ, അത്തിക്കുറിശ്ശി, ആന്തൂരന്മാർ, ചക്കാലൻ, ചാലിയർ, വെളുത്തേടത്തു നായർ, വെളക്കത്തല നായർ എന്ന ആ ഉപജാതി വിഭജനം സ്വാഭാവികമായി സംഭവിച്ചതല്ല; ബ്രാഹ്മണ്യം ബോധപൂർവ്വം സൃഷ്ടിച്ചതാണ് എന്നാണ് ആ വിവരണങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

ശൂദ്രൻ:നമ്പൂതിരി ഇല്ലത്തെ അംഗങ്ങളുടെ ശുശ്രൂഷയാണ് ശൂദ്രന്മാരുടെ കുലധർമമായി നിശ്ചയിക്കപ്പെട്ടിരുന്നത്. എച്ചിലെടുക്കുക, പാത്രം തേയ്ക്കുക, അകായിലും മുറ്റവും അടിച്ചുതളിക്കുക, അന്തർജ്ജനങ്ങൾ പുറത്തിറങ്ങുമ്പോൾ ദാസിമാരായി മുന്നിൽ നടക്കുക എന്നിവയാണ് ശൂദ്രിയുടെ പ്രധാന ജോലികൾ. അടിയാത്തികൾ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. വടക്കിനിയിൽ ഔപാസനമുള്ളതുകൊണ്ട്, അവിടെ ശൂദ്രകളെ കയറ്റിയിരുന്നില്ല.അവിടം വൃത്തിയാക്കിയിരുന്നത് അന്തർജ്ജനങ്ങളാണ്. അന്തർജ്ജനങ്ങൾ പ്രസവിക്കുമ്പോൾ പത്തു ദിവസവും, രജോദർശനം ഉണ്ടാകുമ്പോൾ(പുറത്താകുമ്പോൾ) നാലു ദിനവും അവരെ ശുശ്രൂഷിക്കുക ശൂദ്രിയുടെ കടമയാണ്. കാരണം, ആ കാലഘട്ടത്തിൽ ഇതര അന്തർജ്ജനങ്ങൾ അവരെ തൊട്ടാൽ അവരും അശുദ്ധരാകും. ആ അശുദ്ധി പോക്കാൻ അഞ്ചു നമ്പൂതിരിമാർ ചേർന്നു ചെയ്യുന്ന പുണ്യാഹകർമ്മം ആവശ്യമാണ്. അതൊഴിവാക്കാൻ വേണ്ടിയാണ് പരിചരണത്തിന് അടിയാത്തിയെ നിയോഗിക്കുന്നത്. ശൂദ്രന്മാരെന്ന നിലയിൽ അടിയാത്തിക്ക് ബ്രാഹ്മണർ അയിത്തമേർപ്പെടുത്തിയിരുന്നെങ്കിലും മേല്പറഞ്ഞ അവസരങ്ങളിൽ അന്തർജ്ജനങ്ങളെ തൊട്ടാലും അയിത്തം ഉണ്ടായിരുന്നില്ല. ഇല്ലത്തേക്കുവേണ്ട വിറകുവെട്ടുക, പറമ്പിലെ പണികൾചെയ്യുക, ചടങ്ങുകളിൽ ആർപ്പുവിളിച്ച് അകമ്പടിപോകുക, നമ്പൂതിരിമാർ മരിക്കുമ്പോൾ മൃതദേഹം കിടത്തുന്ന സ്ഥലം മെഴുകുക എന്നിവയായിരുന്നു ശൂദ്രന്മാരുടെ(അടിയാന്മാരുടെ) ജോലി. മറ്റ് ഏഴുവിഭാഗങ്ങളിൽ ഉൾപ്പെടാത്തവരെല്ലാം ശൂദ്രരായിരുന്നു.(അടിയാൻ, അടിയാത്തി നാമങ്ങൾ അവർണരെമാത്രം അടയാളപ്പെടുത്തുന്നതായിരുന്നില്ല എന്നുസാരം.)

പള്ളിച്ചന്മാർക്കു നിശ്ചയിച്ചിരുന്ന കുലവൃത്തി നമ്പൂതിരിമാരുടെ വാഹനം (പള്ളിമഞ്ചം-ആന്തോളനം) ചുമക്കുകയായിരുന്നു. അതുകൊണ്ട് അവരെ ആന്തോളത്തു നായർ എന്നും വിളിച്ചിരുന്നു.നമ്പൂതിരി വാഹനത്തിലിരിക്കുമ്പോൾ മറ്റുനായന്മാർ അതു തൊട്ടാൽ അയിത്തമാകും. എന്നാൽ പള്ളിച്ചൻ നായരാണു തൊടുന്നതെങ്കിൽ അയിത്തമില്ല. മറ്റുള്ള വേളകളിൽ അവർക്കും അയിത്തമുണ്ടായിരുന്നു. അയിത്തനിയമങ്ങൾ സോപാധികമാക്കി അങ്ങനെ ഒരു സമൂഹത്തെ സൃഷ്ടിച്ച നടപടിയ്ക്കു പിന്നിൽ സ്വാർത്ഥതാത്പര്യങ്ങൾ മാത്രമാണല്ലോ ഉള്ളത്.

അത്തിക്കുറിശ്ശി: ഇല്ലങ്ങളിൽ മരണമുണ്ടായാൽ, അന്നു മുതൽ പിണ്ഡം കഴിയുന്ന തുവരെയുള്ള പതിനൊന്നുദിവസം സഹായകർമ്മങ്ങൾ ചെയ്യുന്ന ഇവരെ ശീതിക നെന്നും വിളിച്ചിരുന്നു. ജഡം എടുക്കുന്നതിനുള്ള മുളകൊണ്ടുള്ള കോണിയുണ്ടാക്കുക, സംസ്കാരകർമ്മത്തിനു സാധനങ്ങൾ ഒരുക്കുക, സംസ്കാരത്തിനു മുമ്പും പിൻപും തറ വൃത്തിയാക്കുക, ഉദകക്രിയ ചെയ്യുക, സംസ്കാരം കഴിഞ്ഞ് ക്ഷൗരം ചെയ്യുക എന്നിവയാണ് അത്തിക്കുറിശ്ശിയുടെ ധർമ്മങ്ങൾ. അത് അവരുടെ മാത്രം അവകാശമായാണ് നമ്പൂതിരിമാർ അനുവദിച്ചിട്ടുള്ളത്. സാധാരണ സാഹചര്യങ്ങളിൽ അത്തിക്കുറിശ്ശി അടക്കമുള്ള നായന്മാർ നമ്പൂതിരിമാരെ തൊട്ടാലും തമ്മിൽ തൊടാതെ സാധനം കയ്യിൽ ഇട്ടുകൊടുത്താലും അയിത്തം മാറാൻ കുളിക്കണമെന്നിരിക്കെ, മരണാന്തരചടങ്ങുകളിൽ അത്തിക്കുറിശ്ശിയ്ക്ക് അയിത്തമില്ല എന്നതായിരുന്നു നിയമം. മരണസന്ദർഭങ്ങളിലല്ലാതെ ഉണ്ണികളുടെ മുടിമുറിക്കലും(ചൗളം) ശീതികന്റെ ധർമ്മമായിരുന്നു.ശീതികൻ ഉണ്ണികളുടെ മുടിമുറിക്കുമ്പോൾ ശൂദ്രൻ (അടിയാൻ) ആ മുടി സ്വന്തം ഉടുമുണ്ടിന്റെ മടി നീട്ടി വാങ്ങണം എന്നതായിരുന്നു ആചാരം. ആ സമയങ്ങളിൽ അവർ ഇരുവർക്കും അയിത്തമുണ്ടായിരുന്നില്ല എന്നതാണ് ഏറ്റവും കൗതുകകരം. അവിടെയും, അയിത്തം സോപാധികമായിരുന്നു.

ചക്കാലൻ(വാണിയൻ): എള്ള്,കൊപ്ര എന്നിവ ചക്കിൽ ആട്ടി എണ്ണയെടുക്കുയായിരുന്നു അവരുടെ കുലധർമ്മം. അമ്പലങ്ങളിലെ വിളക്കുവെയ്ക്കാനും, ഇല്ലങ്ങളിൽ തേച്ചുകുളിക്കാനും, ഭക്ഷണം പാകംചെയ്യാനും ആവശ്യമായ എണ്ണയുണ്ടാക്കി ഇല്ലത്തെത്തിക്കുന്നത് അവരുടെ 'അധികാര'മായിരുന്നു. മറ്റു ജാതിക്കാരായ ആളുകൾ ഉണ്ടാക്കുന്ന എണ്ണ അശുദ്ധമായതുകൊണ്ട്, തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി നമ്പൂതിരിമാർ ഓരോ ഗ്രാമത്തിലും ചക്കാട്ടുന്ന നായന്മാരെ നിയോഗിച്ചിരുന്നു. അവരാണ് പിൽക്കാലത്തു ചക്കാലനായർ എന്ന ജാതിയായത്.

ആന്തൂരന്മാർ: ഇല്ലങ്ങളിലേക്കും അമ്പലങ്ങളിലേക്കും ആവശ്യമുള്ളത്ര മൺപാത്രങ്ങളുംമേച്ചിലോടുകളും നിർമ്മിച്ചിരുന്നത് ഇവരാണ്.ഇല്ലങ്ങളിലെ ശവസംസ്കാര ചടങ്ങുകളിൽ ഉപയോഗിച്ചിരുന്ന മൺപാത്രങ്ങളും ഇവരുണ്ടാക്കിയതാവണമെന്ന് നിർബന്ധമുണ്ടായിരുന്നു. 'താണജാതിക്കാരായ കുശവന്മാർ' ഉണ്ടാക്കുന്ന സാമഗ്രികൾ സ്വീകാര്യമല്ലാത്തതുകൊണ്ട് ബ്രാഹ്മണരുടെ ആവശ്യങ്ങൾ നിവൃത്തിക്കാൻ നായന്മാരിലെ ചിലരെ അവർ ഒരു പ്രത്യേകജാതിയാക്കി മാറ്റി എന്നുചുരുക്കം.

ചാലിയന്മാർ: നൂൽ നൂൽക്കുകയും വസ്ത്രങ്ങൾ നെയ്യുകയും ചെയ്തിരുന്ന 'താണ ജാതിക്കാർ' വേറെ ഉണ്ടായിരുന്നെങ്കിലും നമ്പൂതിരിമാർക്ക് ആവശ്യമുള്ളവ ഉണ്ടാക്കുന്നത് ചാലിയന്മാരുടെ ധർമ്മമായിരുന്നു. ഇല്ലങ്ങളിലേക്ക് ആവശ്യമുള്ള താലി കോർക്കുന്ന ചരട്,പൂണൂൽ,അരഞ്ഞാൾച്ചരട് മുതലായവ ചാലിയരുണ്ടാക്കുന്നതേ പാടുള്ളൂ എന്നതായിരുന്നു ബ്രാഹ്മണരുടെ ആചാരം.

വെളുത്തേടത്ത്/വെളക്കത്തല നായർ: വസ്ത്രംകഴുകുക കുലത്തൊഴിലായിരുന്ന വണ്ണാത്തികൾ ഉണ്ടായിരുന്നെങ്കിലും ബ്രാഹ്മണരുടെ വസ്ത്രങ്ങൾ അലക്കാനുള്ള 'അവകാശം' വെളുത്തേടത്ത് നായന്മാർക്കായിരുന്നു. നായന്മാർക്കിടയിൽത്തന്നെ ആഭിജാത്യത്തിൽ ഏറെ താണവരായിരുന്നെങ്കിലും അവരലക്കുന്ന തുണികൾക്ക് അശുദ്ധിയില്ലായിരുന്നു. നമ്പൂരിമാരുടെ ക്ഷൗരം വെളക്കത്തല നായന്മാരുടെയും

അന്തർജ്ജനങ്ങളുടെ പ്രസവമെടുക്കൽ അവരുടെ പെണ്ണുങ്ങളുടെയും കുലധർമ്മമായിരുന്നു. കുലവൃത്തിയനുഷ്ഠിക്കുന്ന നേരത്തൊഴിച്ച് അവർക്ക് കടുത്ത അയിത്തമുള്ളതായി നമ്പൂതിരിമാർ കണക്കാക്കിയിരുന്നു.

ഈ കുലത്തൊഴിലുകളൊക്കെ ഊഴിയം എന്ന പേരിലറിയപ്പെട്ടിരുന്ന കൂലിയില്ലാത്ത സേവനങ്ങളായിരുന്നു എന്നതാണ് മറ്റൊരു സംഗതി. അതിനാൽ, അവയെല്ലാം അധികാരമായോ അവകാശമായോ, ഒരുപടികൂടി കടന്ന് ആചാരമായോ കണക്കാക്കിയിരുന്നു.നിഷേധശബ്ദമുയരാതെ ദാസ്യം ഉറപ്പിക്കുന്ന തന്ത്രമായിരുന്നു അത്. മേൽപ്പറഞ്ഞ കുലത്തൊഴിലുകൾ ചെയ്യുന്ന ഇതര ജാതീയരുണ്ടായിരുന്നെങ്കിലും, ബ്രാഹ്മണരുടെ സൗകര്യാർത്ഥം-ശുദ്ധിഭ്രമം മൂലം- ചിലരെ അതിനുവേണ്ടി പ്രത്യേകം നിയോഗിക്കുകയും, കാലാന്തരത്തിൽ അവരൊക്കെ ഓരോരോ ജാതികളായി പരിണമിക്കുകയുമാണുണ്ടായത്. നായർ സമുദായത്തിനുണ്ടായ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം മൂലമാണ് അപ്പറഞ്ഞ ജാതിനാമങ്ങളിൽ ചിലത് അപ്രത്യക്ഷമായത്. അപ്പോഴും, അവയിലെ ഏറ്റവും താഴെയുള്ള ചില പേരുകൾ നിലനിൽക്കുന്നുണ്ട്; സഹസമുദായങ്ങളുടെ കൂടി അസ്പൃശ്യതയുടെ ഇരകളായി.

ഇക്കാലത്ത് ഈ വിവരങ്ങൾക്ക് പ്രസക്തിയില്ലെങ്കിലും, ജാതികൾ ഉത്ഭവിച്ചത് ഒരു സ്വാഭാവികപ്രതിഭാസമായിരുന്നില്ലെന്ന വസ്തുത വ്യക്തമാക്കാനുതകുന്ന തെളിവുകളാണ് അവ. ഇതിനു സമാനമായ സാഹചര്യം മറ്റുജാതികളുടെ ഉത്ഭവത്തിലും ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കാമല്ലോ. നമ്പൂതിരിമാരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഒരുസമൂഹത്തെ, തങ്ങളുടെ സ്വാർത്ഥതാത്പര്യാർത്ഥം അവർ വിഭജിച്ചതിന്റെ തെളിവുകളാണ് ഇപ്പറഞ്ഞവ. ആദ്യകാലത്ത് ആ കർമ്മങ്ങൾ സ്വയം ഏറ്റെടുക്കുകയോ അതിനുവേണ്ടി നിയോഗിക്കപ്പെടുകയോ ചെയ്തവർ, പില്ക്കാലത്തു പല ജാതികളായി മാറിയതിന്റെയും, അവരിൽ ചിലർ സഹോദരസമുദായങ്ങളിൽനിന്നുപോലും വലിയതോതിലുള്ള തരംതാഴ്ത്തലിന് ഇരയായതിന്റേയും നേർചിത്രമാണിത്. അപ്പോൾ, മറ്റുമനുഷ്യരുടെ കാര്യം പറയാനുണ്ടോ? നായർസമുദായത്തിന്റെ ഭാഗമായി നിലകൊള്ളുമ്പോഴും മേൽപ്പറഞ്ഞ വിവിധ വിഭാഗങ്ങൾക്കിടയിൽ ഇക്കാലത്തും കടുത്ത അന്തരം പ്രകടമാണല്ലോ. ഒരേ സാമൂഹികനിലയുണ്ടായിരുന്നവർക്കുതന്നെ കുറച്ചു തലമുറകൾക്കുശേഷം സംഭവിച്ച ആ ഉച്ചനീചത്വം ജാതിവിവേചനത്തിന്റെ ക്രൗര്യം വെളിവാക്കുന്ന ഉത്തമോദാഹരണമാണ്.

ഇന്നും ജാതി ഒരു നിർണ്ണായകഘടകമായി സാമൂഹികജീവിതത്തിന്റെ സർവ്വതലങ്ങളെയും നിയന്ത്രിക്കുന്നുണ്ട് എന്ന സത്യം സമ്മതിക്കുന്നവർപോലും വർണ്ണവ്യവസ്ഥയുടെ ജീർണ്ണതകൾ ഈ മണ്ണിൽനിന്ന് അപ്രത്യക്ഷമായെന്നു വിശ്വസിക്കുന്നവരാണ്. എന്നാൽ, ആ വിശ്വാസം സത്യസന്ധമാണോ? അല്ല എന്നതാണ് യഥാർത്ഥ്യം. വർണ്ണവ്യവസ്ഥയുടെ അവശേഷിപ്പുകൾ ഇപ്പോഴും മലയാളക്കരയിൽ ഔദ്യോഗികമായിത്തന്നെ അംഗീകരിക്കപ്പെടുന്നുണ്ട് എന്നതാണു പരമാർത്ഥം. സവർണ്ണനാണെന്ന ചിലരുടെ ഊറ്റംകൊള്ളലിനും അവർണ്ണനാണ് എന്ന ചിലരോടുള്ള അകറ്റിനിറുത്തലിനും പിന്നിലെ അദൃശ്യസാന്നിദ്ധ്യം, വർണ്ണവിഭജനത്തെ വിട്ടുകളയാനുള്ള സമൂഹത്തിന്റെ മടിതന്നെയാണ്. അതെങ്ങനെയാണെന്നു നോക്കാം:

സവർണ്ണരും അവർണ്ണരും

സവർണ്ണരെന്നാൽ ഉയർന്നജാതികളിൽ പെടുന്ന ആളുകളാണെന്നും, അവർണ്ണരെന്നാൽ താഴ്ന്നജാതികളിൽ ഉൾപ്പെടുന്ന ആളുകളാണെന്നുമാണ് പൊതുവെയുള്ള ധാരണ. അതിന്റെ അടിസ്ഥാനത്തിൽ, നായർ-അമ്പലവാസിസമൂഹങ്ങളാണല്ലോ കേരളത്തിൽ സവർണ്ണർ എന്നറിയപ്പെടുന്നത്. പിന്നാക്കജാതികളിലും പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിലും പെടുന്ന സമുദായങ്ങളാണ് അവർണ്ണരെന്നു കണക്കാക്കപ്പെടുന്നത്. എന്നാൽ, അവർണ്ണ-സവർണ്ണ പ്രയോഗത്തിലെ 'അ' 'സ' എന്നീ പൂർവ്വ പ്രത്യയങ്ങൾ(prefixes) ശരിയായ അർത്ഥത്തിലാണോ ഇക്കാലത്ത് ഉപയോഗിക്കപ്പെടുന്നത്? 'അ'എന്ന പൂർവ്വപ്രത്യയം, ഇല്ലാത്ത,അല്ലാത്ത,ഇല്ലായ്മ,അല്ലായ്മ തുടങ്ങിയ അർത്ഥങ്ങൾ ധ്വനിപ്പിക്കുന്ന നിഷേധപ്രത്യയമാകുന്നു. അതായത് 'അ'എന്ന ഉപസർഗ്ഗം വർണ്ണൻ എന്ന ശബ്ദത്തോടു ചേരുമ്പോൾ, വർണ്ണമില്ലാത്തവൻ എന്ന അർത്ഥമാണ് ഉണ്ടാകേണ്ടത്. അതുപോലെതന്നെ, 'സ'യെന്ന പൂർവ്വപ്രത്യയത്തിനു, ചേർച്ച, ഉടമ തുടങ്ങിയ താത്പര്യം വരുന്ന, ഇംഗ്ളീഷിലെ with എന്ന പദത്തിനു സമാനമായ അർത്ഥങ്ങളാണുള്ളത്. 'സ'എന്ന ഉപസർഗ്ഗത്തിന്റെ ഉപയോഗം കൃത്യമായി വെളിപ്പെടുത്തുന്ന ഒരു ഉദാഹരണം നോക്കുക: കുഞ്ഞുങ്ങളെ മുലപ്പാലൂട്ടി വളർത്തുന്ന ജീവികൾക്ക് പൊതുവേ സസ്തനികൾ(mammals) എന്നാണല്ലോ പറയുന്നത്.(സസ്തനങ്ങൾ എന്ന ഉപയോഗം തെറ്റാണ്). സ്തനമുള്ളത് എന്നതാണ് സസ്തനിയെന്ന പദത്തിന്റെ അർത്ഥം; അല്ലാതെ, നല്ല സ്തനം, അല്ലെങ്കിൽ ഉയർന്ന സ്തനമുള്ള ജീവി എന്നല്ല. വിവിധ ഭാഷാശാസ്ത്രഗ്രന്ഥങ്ങളിലും അതേ നിർവ്വചനങ്ങൾ തന്നെയാണ് ആ പൂർവ്വപ്രത്യയങ്ങൾക്കു നൽകിയിട്ടുള്ളത്. എന്നിട്ടും, അവർണ്ണ-സവർണ്ണശബ്ദങ്ങൾ തികച്ചും വിഭിന്നമായ അർത്ഥത്തിൽ ഇക്കാലമത്രയും ഉപയോഗിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചാൽ, അത് യാദൃശ്ചികമല്ല എന്നുകാണാം.

ചാതുർവർണ്യവ്യവസ്ഥിതിയനുസരിച്ചുള്ള നാലു വർണ്ണങ്ങൾ ബ്രാഹ്മണർ,ക്ഷത്രിയർ,വൈശ്യർ,ശൂദ്രർ എന്നിവയാണല്ലോ. അതായത്, ഈ നാലുവർണ്ണങ്ങളിൽപ്പെടുന്നവരും സവർണ്ണരാണ്; അതായത് വർണ്ണമുള്ളവരാണ്. അങ്ങനെവരുമ്പോൾ,ശൂദ്രരെമാത്രം അവർണ്ണർ എന്ന് ഒഴിച്ചുനിറുത്താനാകില്ലല്ലോ.അവരും ബ്രാഹ്മണരെയും ക്ഷത്രിയരെയും വൈശ്യരെയും പോലെ സവർണ്ണരാണ്. ആദ്യ മൂന്നുവർണ്ണികളും ദ്വിജന്മാർ എന്ന നിലയിൽ വിശേഷാധികാരങ്ങളുള്ളവരാണെങ്കിലും, ശൂദ്രർ അവരുടെ കണക്കിൽ പതിതരാണെങ്കിലും, അവരും വർണ്ണവ്യവസ്ഥയുടെ ഭാഗമാണെന്ന നിലക്ക് സവർണ്ണരാണ്. അവർണ്ണ-സവർണ്ണ പ്രയോഗത്തിന് വസ്തുതാപരമായി അതിനപ്പുറമുള്ള അർത്ഥതലങ്ങളില്ല. ചുരുക്കത്തിൽ,ചാതുർവർണ്യവ്യവസ്ഥ അനുസരിച്ച്, ഒരാൾ ശൂദ്രരായതുകൊണ്ട് സവർണ്ണല്ല എന്നുപറയാൻ സാധ്യമല്ല. ഒരാൾ സവർണ്ണനായതുകൊണ്ടു ശൂദ്രനല്ലെന്നും അർത്ഥമില്ല. ഉത്തരഭാരതത്തിലെ ശൂദ്രർ 'ഏറ്റവും താഴെയുള്ള ജാതിവിഭാഗങ്ങളാ'ണെങ്കിലും, ദക്ഷിണേന്ത്യയിലെ പല സംസ്ഥാനങ്ങളിലും അവസ്ഥ അതല്ല. അതിന്റെ പ്രധാനകാരണം ദക്ഷിണഭാരതത്തിലെ പല സമൂഹങ്ങളിലും നാലുവർണ്ണങ്ങൾ എന്ന അവസ്ഥയുണ്ടായിരുന്നില്ല എന്നതാണ്. കേരളത്തിലേതുപോലെ രണ്ടു വർണ്ണങ്ങൾ -ബ്രാഹ്മണരും ശൂദ്രരും-മാത്രമായിരുന്നു ഉണ്ടായിരുന്നത്. ആ സത്യം അംഗീകരിക്കാനാവാത്തവരാകാം അവർണ്ണ-

സവർണ്ണ ശബ്ദങ്ങൾക്കു പുതിയ അർത്ഥം നിർവ്വചിച്ചതെന്നു മനസ്സിലാക്കേണ്ടിവരുന്നു. എന്തുകൊണ്ടാണ് സാക്ഷരകേരളം ഇക്കാലത്തും ആ വ്യാകരണപ്പിശകിൽ കുരുങ്ങിക്കിടക്കുന്നത് എന്നതാണ് ആലോചിക്കേണ്ട കാര്യം.

[പിൻകുറിപ്പ്: ഇതിനു സമാനമായ ഒരു ദുരർത്ഥപ്രയോഗമാണ് 'അധഃകൃതൻ' എന്നത്. അധഃകൃതൻ എന്ന പദത്തിന് ഇന്നു കൈവന്നിട്ടുള്ള വ്യാഖ്യാനം, താഴ്ന്ന ജാതികളിൽപ്പെട്ട ആൾ എന്നാണെങ്കിലും, ആ പദത്തിന്റെ ഭാഷാപരമായ അർത്ഥം താഴ്ന്ന ജോലിചെയ്യുന്ന ആൾ എന്നാണ്. ഇതുരണ്ടും ഒന്നാകുമോ? തോട്ടിപ്പണി ചെയ്യന്ന ഒരു സവർണ്ണനുണ്ടെങ്കിൽ, അയാളെ അധഃകൃതനെന്നു വിളിക്കുമോ? "ഇല്ല" എന്നായിരിക്കും എല്ലാവരുടെയും മറുപടി. മറുവശത്ത് കളക്റ്ററായ അവർണ്ണൻ നാട്ടുനടപ്പനുസരിച്ച് അധഃകൃതനല്ല എന്നു വരുമോ? "ഇല്ല" എന്നുതന്നെയായിരിക്കും ഉത്തരം. അതുതന്നെയാണ് ആ ദുരർത്ഥപ്രയോഗത്തിന്റെ സ്വീകാര്യതയുടെ മാനം. കൃഷിയും കൂലിപ്പണികളും പോലെയുള്ള ശാരീരികാദ്ധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യുന്നവർ എന്ന നിലയിലായിരിക്കാം, അദ്ധ്വാനത്തിന്റെ വിലയറിയാത്ത ആഢ്യന്മാർ ആ ദുരുദ്ദേശ്യപദപ്രയോഗം തുടങ്ങിവെച്ചത്. ഒരു തൊഴിലും അമാന്യമല്ലെന്ന് അംഗീകരിക്കപ്പെടുന്ന ഇക്കാലത്തും ആ പ്രയോഗം ഒരു മടിയുമില്ലാതെ ഉപയോഗിക്കുന്നത് ആശാസ്യമാണോ എന്ന് ആലോചിക്കുക. സാമൂഹികമായോ സാമ്പത്തികമായോ താഴ്ന്ന നിലയിലുള്ളയാൾ എന്ന അർത്ഥം കിട്ടാൻ അധഃസ്ഥിതൻ എന്ന വാക്കാണ് ഉപയോഗിക്കേണ്ടതെന്നും, അധഃസ്ഥിതാവസ്ഥ ഒരാളുടെ താത്കാലിക അവസ്ഥമാത്രമാണെന്നും, അതൊരു പ്രത്യേക ജാതിസമൂഹമല്ലെന്നും, പുരോഗമനചിന്താഗതിക്കാരായ ഭാഷാപണ്ഡിതന്മാർപോലും തിരുത്താൻ തയ്യാറാകാത്തതെന്തുകൊണ്ടാകാം? നാട്ടുനടപ്പിൽ തൊട്ടാൽ കൈപൊള്ളുമെന്ന ഭയം അവരെയും നിശബ്ദരാക്കുകയാണോ? അല്ലെങ്കിൽ, അപ്രിയസത്യം പറഞ്ഞ് അനിഷ്ടം വാങ്ങിവെയ്ക്കേണ്ട എന്നു കരുതുകയതാണോ?]

കേരളത്തിലെ അവർണ്ണർ ശൂദ്രരല്ല

ജാതിബ്രാഹ്മണ്യം നടപ്പാക്കിയ വർണ്ണവിഭജനമനുസരിച്ച് മലയാളക്കരയിലെ നായന്മാരാണ് ശൂദ്രർ. അതോടൊപ്പം കാണേണ്ട മറ്റൊരു വസ്തുതയുണ്ട്: കേരളത്തിൽ അവർണ്ണരായി ഇന്ന് കണക്കാക്കപ്പെടുന്ന ജാതിസമൂഹങ്ങൾ വർണ്ണവ്യവസ്ഥയ്ക്ക് പുറത്തുള്ളവരായിരുന്നു.തുഞ്ചത്തെഴുത്തച്ഛന്റെ കേരളോത്പത്തി,ചട്ടമ്പിസ്വാമികളുടെ അദ്വൈത ചിന്താപദ്ധതി, പ്രാചീനമലയാളം എന്നീ ചരിത്രഗ്രന്ഥങ്ങളടക്കം പലരേഖകളും വ്യക്തമാക്കുന്നത്, ഈഴവരടക്കമുള്ള പിന്നാക്കസമുദായങ്ങളിലും, പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിലും ഉൾപ്പെടുന്ന ആളുകൾ നാലുവർണ്ണങ്ങളിലും ഉൾപ്പെടാത്ത അവർണ്ണരാണ്. വിശദവിവരങ്ങൾ 'മാമാങ്കത്തിന്റെ മറവിൽ നടന്ന ചാവേറാക്രമണം' എന്ന അധ്യായത്തിൽ വായിച്ചതാണല്ലോ. അസവർണ്ണരെന്നും അവർണ്ണരെന്നും പുറംജാതികളെന്നും പല ഗ്രന്ഥങ്ങളിലും പരാമർശിക്കുന്ന അവർ ചരിത്രപരമായി വർണ്ണവ്യവസ്ഥയുടെ പുറത്തുള്ളവരാണ്. മനുസ്മൃതിയടക്കമുള്ള, ചാതുർവർണ്യത്തിന്റെ ഒരു ശാസനങ്ങളും അനുസരിക്കാൻ അവർക്കു ബാധ്യതയില്ലാ എന്നതാണു പരമാർത്ഥം. മനുസ്മൃതിയുടെയും ശാങ്കരസ്മൃതിയുടെയും മറ്റും ചെലവിൽ,ശൂദ്രരെന്ന വ്യാജേന അവർക്കുമേൽ അടിച്ചേല്പിക്കപ്പെട്ട അപരാധങ്ങളിൽ അവർണ്ണർ ബലിയാടാകുകയായിരുന്നു എന്നതാണ് വാസ്തവം. ആദ്യകാലങ്ങളിൽ, ജാതിബ്രാഹ്മണ്യം ശൂദ്രരായി നിർവ്വചിച്ചിരുന്ന നായർ, വെള്ളാള വിഭാഗങ്ങളിൽപ്പെട്ടവർ, ബ്രാഹ്മണസഹവർത്തിത്വവും സംസർഗ്ഗവും ഉപയോഗ

പ്പെടുത്തി സ്വയം സ്ഥാനക്കയറ്റം പ്രഖ്യാപിച്ചതോടെയാണ്, അതുവരെ പുറംജാതിക്കാരും അവർണ്ണരുമായിരുന്നവർ ശൂദ്രരായി അവതരിപ്പിക്കപ്പെടാൻ തുടങ്ങിയത്. ഒരുപക്ഷെ, അന്നുമുതലായിരിക്കാം അവർണ്ണൻ, സവർണ്ണൻ എന്നീ ശബ്ദങ്ങൾക്ക് ഇന്നുകാണുന്ന അർത്ഥവ്യത്യാസം വന്നത്. അതുകൊണ്ടുതന്നെ, അവർണ്ണൻ എന്നതിനു വർണ്ണമില്ലാത്തവൻ എന്നല്ല; ചാതുർവർണ്യവ്യവസ്ഥിതിയിലെ താഴ്ന്നജാതികളിലുള്ളവർ(ശൂദ്രർ) എന്നാണ് അർത്ഥം എന്ന തിരുത്തിയെഴുതൽ സംഭവിച്ചതും ആകസ്മികമാണെന്ന് വിശ്വസിക്കാൻനിവൃത്തിയില്ല.ആ പ്രക്രിയയിൽ ജാതിബ്രാഹ്മണ്യത്തെക്കാൾ വിയർപ്പൊഴുക്കിയത്, തങ്ങളുടെ ആഢ്യത്വം ഉറപ്പിച്ചെടുക്കൽ അനിവാര്യമായിക്കണ്ട സവർണ്ണസമുദായങ്ങളാണെന്നു കരുതാം.അവർക്കായിരുന്നല്ലോ ആ മേൽവിലാസം ഉപേക്ഷിക്കേണ്ടത് അനിവാര്യമായിരുന്നത്.

അവർണ്ണർ ശാങ്കരസ്മൃതിയും മനുസ്മൃതിയുമടക്കമുള്ള സ്മൃതിനിയമങ്ങളുടെ പരിധിയിൽവരുന്നില്ല എന്നതിന്റെ കൃത്യമായ തെളിവാണ് വ്യവഹാരമാലയിലെ സൂചനകൾ. പി.പരമേശ്വരയ്യർ പരിഭാഷപ്പെടുത്തിയ വ്യവഹാരമാലയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുതനുസരിച്ച്, കേണൽ മൺറോസായിപ്പ് പുതിയ കോടതിച്ചട്ടങ്ങൾ നടപ്പാക്കുന്നതിനുമുമ്പ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ വ്യവഹാരവിഷയങ്ങളിൽ പ്രാമാണിക നിയമമായി സ്വീകരിച്ചിരുന്നതു വ്യവഹാരമാല ആയിരുന്നു. ആ ഗ്രന്ഥത്തിന്റെ കർത്താവാരാണെന്ന കാര്യത്തിൽ നിശ്ചയമില്ലെങ്കിലും അതിലെ പരാമർശങ്ങളിൽനിന്നും, ഹരി,മനു,വസിഷ്ഠൻ,വ്യാസൻ,നാരദൻ,ആപസ്തംഭൻ,കാശ്യപൻ,ബൃഹസ്പതി തുടങ്ങി ഇരുപത്തിരണ്ടോളം മഹാത്മാക്കൾ കൂടിയിരുന്നു കൽപ്പിച്ച നിയമങ്ങളാണ് അതിലുള്ളതെന്ന് പരമേശ്വരഅയ്യർ പ്രസ്താവിക്കുന്നു. വ്യക്തമായി പറഞ്ഞാൽ, ആ ഋഷിമാരുടെ പേരിലുള്ള സ്മൃതിഗ്രന്ഥങ്ങളിലെ ശാസനങ്ങളാണ് വ്യവഹാരമാലയിൽ ഉള്ളത്. ആ മഹർഷിമാരുടെ പേരിൽ കൊടുത്തിട്ടുള്ള ശ്ലോകങ്ങളിൽ അമ്പതാം ശ്ലോകമനുസരിച്ച്, ചാതുർവർണ്യവ്യവസ്ഥയുടെ ഭാഗമായ നാലു വർണ്ണങ്ങളിൽ ഉൾപ്പെടുന്നവർക്കിടയിലെ വ്യവഹാരവിഷയങ്ങൾ പരിഹരിക്കാനാണ് ആ കൃതി സൃഷ്ടിച്ചിട്ടുള്ളത്. പാഷണ്ഡമതം(ബുദ്ധരുംജൈനരും) അടക്കമുള്ള അന്യവിഭാഗങ്ങൾക്ക് അവരവർക്കിടയിലെ വ്യവഹാരങ്ങൾ കേട്ടുപരിഹരിക്കാം. നിശ്ചയിക്കുന്നത് അവരവരുടെ ജാതിധർമ്മമനുസരിച്ചുവേണം എന്നുമാത്രം. ജാതിധർമ്മമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവരവരുടെ ജാതിയിൽ നിലനിൽക്കുന്ന സങ്കേതങ്ങളും ജാത്യാചാരങ്ങളുമാണ്. ഈ വസ്തുതകളൊക്കെ വെളിച്ചം വീഴ്ത്തുന്നത് സ്മൃതിനിയമങ്ങൾക്കു പുറത്തായിരുന്നു അവർണ്ണസമുദായങ്ങൾ എന്നാണല്ലോ. പക്ഷേ,ആ സമുദായങ്ങളിലെ ജനങ്ങളായിരുന്നു സ്മൃതിശാസനങ്ങളുടെ പേരിൽ ഏറ്റവും നിഷ്ഠൂരമായി വേട്ടയാടപ്പെട്ടത്. കാരണം, അവർണ്ണസമുദായങ്ങളിൽപ്പെടുന്നവരാണ് ശൂദ്രർ എന്ന ധാരണ സമൂഹത്തിൽ സ്ഥാപിച്ച്, സ്മൃതികൾ നിർദ്ദേശിക്കുന്ന വിവേചനങ്ങൾ അവർക്കുമേൽ നടപ്പാക്കുകയായിരുന്നു ചിലർ.കേരളചരിത്രത്തിലെ വമ്പൻ അപനിർമ്മിതികളിൽ ഒന്നായ ആ ചതിയുടെ മാർഗ്ഗം, അറിയേണ്ടവർക്ക് അതിനുള്ള അവസരം നിഷേധിക്കുകയും അറിയാവുന്നവർ നിശബ്ദരാകുകയുമായിരുന്നു. (എന്തുകൊണ്ടാണ് അവർണ്ണവിഭാഗങ്ങളെ സവർണ്ണർ വേട്ടയാടിയതെന്നു വഴിയേ പറയാം).

ബ്രാഹ്മണ്യാധിപത്യകാലത്തു നായന്മാർ കേരളക്കരയിലെ ശൂദ്രരും അമ്പലവാസികൾ ശൂദ്രസമാനരുമായിരുന്നെങ്കിലും, ഇക്കാലത്ത് ആ ചരിത്രവസ്തുത പലർക്കും അങ്ങനെ എളുപ്പം ദഹിക്കുന്നതല്ല. അതിനാൽ, ചില അന്വേഷണങ്ങൾ ആവശ്യമായിവരുന്നു. ആ അന്വേഷണത്തിന്റെ താത്പര്യം ആരെയും ഇകഴ്ത്തിക്കാണിക്കുകയല്ല. മറ്റുള്ളവരെ ഇകഴ്ത്താൻ ആർക്കും അവകാശമില്ലെന്നു ബോധ്യപ്പെടുത്തുകമാത്രമാണ്. അതിന്റെ ഭാഗമായി, സമ്പത്തിന്റെ മേൽക്കോയ്മയോ വിദ്യാഭ്യാസത്തിലെ ഉയർച്ചയോ, ഉദ്യോഗത്തിലെ പ്രാതിനിധ്യമോ ആണോ അവർണ്ണ-സവർണ്ണ നിർവ്വചനത്തിലെ തെറ്റിദ്ധാരണയ്ക്കു നിമിത്തമായതെന്നു പരിശോധിക്കേണ്ടതുണ്ട്. ആ ദിശയിൽ അല്പദൂരം പോയാലേ ആ അപനിർമ്മാണത്തിന്റെ അദൃശ്യലക്ഷ്യവും ആഴവും പൂർണ്ണാർത്ഥത്തിൽ വ്യക്തമാകൂ. അതിലൂടെ മാത്രമേ, ആരും അനാദികാലം തൊട്ടേ ആഢ്യന്മാരോ പതിതരോ ആയിരുന്നില്ലെന്നുള്ള തിരിച്ചറിവുണ്ടാകൂ. മനുഷ്യരെയെല്ലാം മനുഷ്യരായി കാണാൻ കഴിയുന്ന മാനസികാവസ്ഥയാണ് ശരിയായ ആഢ്യത്വമെന്നും, അതില്ലായ്മയാണ് പതിതത്വമെന്നും സകലർക്കും ബോധ്യപ്പെടുന്നിടത്തോളം ആ വസ്തുതകൾ ആരെങ്കിലുമൊക്കെ വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കണം. സ്വന്തം തറവാടിത്തവും വംശമഹിമയും പ്രഖ്യാപിക്കാനുള്ള അവകാശം എല്ലാവർക്കും ഉണ്ടെങ്കിലും അതു മറ്റുള്ളവരെ വെല്ലുവിളിക്കാനും ഇകഴ്ത്താനുമുള്ള അധികാരപത്രമല്ലെന്ന് ഓർമ്മിപ്പിക്കാൻമാത്രം;ആത്മാഭിമാനത്തോടുകൂടി ഈ മണ്ണിൽ ജീവിക്കുക എന്നത് ഓരോ മനഷ്യന്റെയും ജന്മാവകാശമാണെന്നു പ്രഖ്യാപിക്കുന്നതിനുവേണ്ടി മാത്രം ആ വഴിയിൽ പോകുന്നു.

സമ്പത്താണോ സവർണ്ണതയുടെ സാധൂകരണം?

ചില ജാതിസമൂഹങ്ങളുടെ സാമ്പത്തികമായ ഔന്നത്യമായിരുന്നോ സവർണ്ണൻ എന്നപ്രയോഗത്തിന് ഉയർന്നതെന്ന അർത്ഥകല്പന നൽകിയതെന്നു പരിശോധിക്കുന്നത് നന്നായിരിക്കും എന്നു തോന്നുന്നു. അതിന്, അന്നത്തെ ബ്രാഹ്മണേതര സവർണ്ണസമുദായീയരുടെ സാമ്പത്തികാവസ്ഥ അറിയുന്നത് സഹായകമാകും. 1875-ലെ സെൻസസ് വിവരങ്ങളനുസരിച്ച് മലയാളക്കരയിൽ കൃഷിയിറക്കിയിരുന്നവരിൽ 45% നായന്മാർ ആയിരുന്നെങ്കിലും അവരിൽ 7%ആളുകൾക്കുമാത്രമേ സ്വന്തമായി ഭൂമിയുണ്ടായിരുന്നുള്ളൂ.ബാക്കിയുള്ളവർ ബ്രാഹ്മണരുടെയും സർക്കാരിന്റെയും ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്തുവന്നിരുന്നവരാണ്:

'Cultivators' and 'labourers' according to the 1875 census
'Cultivators' owned or leased land.

	A No.of Males	B Cultivators	B as %-age of A	C Labourers	C as %-age of A
Nayars	218,030	98,330	45%	12,490	6%
All Christians	233,860	54,770	23%	29,570	13%
Iravas	188,400	26,890	14%	40,400	21%
Shanars	48,220	6,370	13%	8,450	18%
Foreign Brahmins	14,520	2,536	18%	None	-
Malayali Brahmins	5,840	527	9%	None	-
Pulayas	94.790	2,280	2%	55,040	58%

'Men of rank and property' according to the 1875 census. A man qualified by convincing the enumerator that he was a man of rank and property.

	A No.of Males	B Men of Rank and Property	B as %-age of A
Nayars	218,030	15,680	7%
Christians	233,860	11,160	5%
Iravas	188,400	7,390	4%
Shanars	48,220	1,350	3%
Foreign Brahmins	14,520	2,910	20%
Malayali Brahmins	5,840	1,950	33%
Pulayas	94,790	2,520	3%

പരമ്പരാഗതമായി അബ്രാഹ്മണരായസവർണ്ണർ ഭൂവുടമകളും ജന്മികളുമായിരുന്നു എന്ന അനുമാനത്തിൽ വലിയ സത്യമില്ല എന്നാണല്ലോ അതിനർത്ഥം. സ്വന്തമായി ഭൂസമ്പത്തില്ലെങ്കിലും സമൃദ്ധമായ ജീവിതസാഹചര്യങ്ങൾ ഉണ്ടാകാം എന്ന ഊഹത്തിനും അത്രപോലും സാംഗത്യമില്ല എന്നതായിരുന്നു വസ്തുത.സവർണ്ണജാതികളുടെ അക്കാലത്തെ ജീവിതാവസ്ഥയുടെ ഏറ്റവും കൃത്യമായ ചിത്രം പി.കെ.ബാലകൃഷ്ണന്റെ ജാതിവ്യവസ്ഥിതിയും കേരളചരിത്രവും എന്ന കൃതിയിൽ,നായന്മാരുടെ ജീവിതപരിതഃസ്ഥിതിയും ജീവിതരീതിയും എന്ന അധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്: പറമ്പിലും പാടത്തും പണിയെടുത്തിരുന്ന അവർണ്ണരായ അധഃസ്ഥിതസമുദായങ്ങൾക്ക് സ്ഥിരമായി ഒരിടത്തു വീടുവെയ്ക്കാൻ ആയിരത്തിഎണ്ണൂറുകളുടെ ആദ്യപകുതിയിൽ പോലും അവകാശം ഉണ്ടായിരുന്നില്ല. നെല്ലു വിളഞ്ഞു കിടക്കുമ്പോൾ പാടത്തിന്റെ വരമ്പിലും കൊയ്ത്തുകാലത്തു പാടത്തിന്റെ നടുവിലും വലിയ കുട്ടകളെക്കാൾ ഒട്ടും മെച്ചമല്ലാത്ത താത്കാലിക കൂരകളിലാണു പുലയർ താമസിച്ചിരുന്നതെന്ന് ബുക്കാനന്റെയും വാർഡിന്റെയും കോണറുടെയും പുസ്തകങ്ങളിലെ വിവരണങ്ങളിൽ കാണാം. താഴ്ന്ന ജാതികളുടെ അത്തരം കൂരകളെക്കാൾ മെച്ചപ്പെട്ടതെങ്കിലും നല്ലവീടുകൾ എന്നു പറയാനാവാത്ത വലിയ കുടിലുകളിലാണ് നായന്മാരും താമസിച്ചിരുന്നതെന്ന് വിദേശചരിത്രകാരന്മാരുടെ വിവരണങ്ങളുടെയും ശാസ്ത്രീയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പി.കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തുന്നു.1891ലെ സെൻസസ്റിപ്പോർട്ട് പ്രകാരം തിരുവിതാംകൂറിലുണ്ടായിരുന്ന 5,39,898 വീടുകളിൽ ഓടുമേഞ്ഞവ 4025 എണ്ണം മാത്രമായിരുന്നു. 1875-ലെ കൊച്ചി സെൻസസ് റിപ്പോർട്ടു പ്രകാരം കൊച്ചിയിലെ 1,17,368 വീടുകളിൽ 1521 വീടുകൾ മാത്രമാണ് ഓടുമേഞ്ഞവ. അവയൊക്കെ അവിടെയുണ്ടായിരുന്ന നമ്പൂതിരിഇല്ലങ്ങളും ക്ഷത്രിയകോവിലകങ്ങളും ബ്രാഹ്മണഗൃഹങ്ങളുമായിരുന്നു. അന്ന് അവിടെയുണ്ടായിരുന്ന 26,087 നായർ വീടുകളിൽ ഒന്നുപോലും ഓടുമേഞ്ഞവയായിരുന്നില്ല.നല്ല വീടുവെയ്ക്കാൻ പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനപാദത്തിൽപോലും മഹാഭൂരിപക്ഷം നായന്മാർക്കും പ്രാപ്തിയുണ്ടായിരുന്നില്ലെന്നും ലോകസാമാന്യമായ തോതുവെച്ചു നോക്കുമ്പോൾ, അവർ പരമദരിദ്രന്മാരായിരുന്നു എന്നും ജാതിവ്യവസ്ഥിതിയും കേരളചരിത്രവുമെന്ന പുസ്തകത്തിൽ കാണാം(പേജ്:119). ഇത്ര സമീപമായകാലത്തും ഓടുമേഞ്ഞവീടുകളും വളരെ വലിപ്പമുള്ള വീടുകളും ഒന്നിലേറെനിലകളുള്ള വീടുകളും അപൂർവ്വമായിരുന്നു എന്ന

തിന്, സാമ്പത്തികമായ കാരണങ്ങളോടൊപ്പം ചില സമൂഹികമായ വിലക്കുകളും ഹേതുവായിട്ടുണ്ട്.1847ൽ തിരുവിതാംകൂർമഹാരാജാവ് പുറപ്പെടുവിച്ച വിളംബരം വരെ ബ്രാഹ്മണ-ക്ഷത്രിയസമുദായങ്ങൾ ഒഴികെ ഉള്ള, നായന്മാരും അമ്പലവാസികളും അവർണ്ണരുമടക്കമുള്ള പ്രജാസഞ്ചയത്തിന് ഓടിട്ടവീടു പണിയുന്നതിനുള്ള അവകാശമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, വിലക്കു വകവെയ്ക്കാതെ അതിനൊരുമ്പെട്ടാൽ അത് രാജ്യദ്രോഹക്കുറ്റവുമായിരുന്നു. 1817-ൽ സമാനമായ ഒരു വിളംബരത്തിലൂടെ ഓടുമേയുന്നതിനുള്ള നിരോധനം നീക്കംചെയ്തിരുന്നെങ്കിലും, അതനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള ധൈര്യം ജനങ്ങൾക്കുണ്ടായിരുന്നില്ല. അതുകൊണ്ടാണ്, നായകന്റെ നീണ്ട കാലത്തെ ആഢ്യപാരമ്പര്യം അവതരിപ്പിക്കേണ്ടിവരുമ്പോൾ കേരളത്തിലെ സിനിമാക്കാർക്ക് രാജകൊട്ടാരങ്ങളും വരിക്കാശ്ശേരിമനയുമൊക്കെ പശ്ചാത്തലമായി ഇന്നും തെരഞ്ഞെടുക്കേണ്ടിവരുന്നത്.

വീടുമാത്രമല്ല അതിലെ സൗകര്യങ്ങളും ഏറ്റവും ദരിദ്രമായിരുന്നെന്ന് പല പുസ്തകങ്ങളിലെയും പരാമർശങ്ങൾ സമർത്ഥിക്കുന്നുണ്ട്. ജെയിംസ്ഫോർബ്സും ബർത്തലോമിയോയും റവ.മറ്റിയറും രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച്, പായ വിരിച്ച ഒരു മരച്ചട്ടക്കൂട്(കട്ടിൽ), ചെമ്പുകൊണ്ടോ വെങ്കലംകൊണ്ടോ ഉണ്ടാക്കിയ ഏതാനും പരന്ന പാത്രങ്ങൾ, വാലോടുകൂടിയ പാനപാത്രമായ കിണ്ടി, അരിവെയ്ക്കാൻ ഒരു കലം, വീടിന്റെ നടുവിൽ കെട്ടിത്തൂക്കാൻ പാകത്തിൽ ചങ്ങലയിൽ കൊരുത്തതും വെങ്കലംകൊണ്ടോ ഇരുമ്പുകൊണ്ടോ ഉണ്ടാക്കിയതുമായ ഒരു വട്ടവിളക്ക്, നെല്ലുകുത്താൻ മരംകൊണ്ട് ഉണ്ടാക്കിയ ഒരു ഉരൽ -ഇത്രയും ആയാൽ അവരുടെ ഗൃഹോപകരണങ്ങൾ മുഴുവനായി. ബർത്തലോമിയോയുടെ കണ്ടെത്തൽ പൊതുനായന്മാരെ സംബന്ധിച്ചിടത്തോളം ഇന്നും സത്യമാണെന്ന്, ചരിത്രപണ്ഡിതനായ കെ.പി.പത്മനാഭമേനോൻ 'കേരളചരിത്ര'ത്തിൽ 1910ലും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അത്തരത്തിൽ പരമദരിദ്രമായ ഒരവസ്ഥയിൽ ജീവിക്കുവാൻ നായന്മാരെ നിർബന്ധിതമാക്കിയ ഘടകം, കൃഷിയുംകച്ചവടവും കൈത്തൊഴിലും അനുഷ്ഠിക്കുന്നതിനേക്കാൾ വലിയ അധഃപതനം ജാതിമഹിമയിൽ സംഭവിക്കാനില്ലെന്ന ചിന്തയാണെന്നു പി.കെ.ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. കാണക്കാർ എന്ന നിലയിൽ കൈവശം ഉണ്ടായിരുന്ന പാട്ടഭൂമിയിൽ, കൃഷിചെയ്യുന്ന പതിവ് അവർക്കുണ്ടായിരുന്നില്ല. ഇടനിലക്കാരെന്ന നിലയിൽ കിട്ടിയിരുന്ന നെല്ലായിരുന്നു നായർ തറവാടുകളുടെ പ്രധാനവരുമാനം. ദേശവാഴിയുടെയോ നാടുവാഴിയുടെയോ യോദ്ധാക്കൾ എന്ന നിലയിലും സ്ഥിരമായ ശമ്പളമോ മറ്റു നിത്യവരുമാന വ്യവസ്ഥകളോ അവർക്ക് ഉണ്ടായിരുന്നില്ല. യുദ്ധമുള്ളപ്പോൾ മാത്രം ഭക്ഷണവും, അപ്പോഴത്തെ ദിവസശമ്പളവുമാണ് അവർക്കു കിട്ടിയിരുന്ന മറ്റൊരു വരുമാനം. അതുതന്നെ, നാലുതരസ് (40കാശ്) എന്നതാണു നിരക്ക് എന്ന് ബാർബോസയെഴുതുന്നു. അത്തരത്തിൽ, കുലത്തൊഴിലായ യുദ്ധവൃത്തികൊണ്ടുള്ള വരുമാനം ഫലത്തിൽ പൂജ്യമായിരിക്കുകയും ഇടനിലക്കാരെന്ന നിലയിൽ കിട്ടുന്ന നെല്ല് കൂട്ടുതറവാടിനു വരുമാനമായിരിക്കുകയുംചെയ്ത ചുറ്റുപാടിലാകാം ചെങ്ങാത്തജോലി സ്വീകരിക്കാൻ അവർ നിർബന്ധിതരായത്. കാവൽപ്രവൃത്തി, വഴിയാത്രക്കാരെ ഒരു ദിക്കിൽനിന്നും മറ്റൊരിടത്തേക്ക് ഉപദ്രവങ്ങളേൽക്കാതെ കൊണ്ടുപോകുക,ക്ഷേത്രങ്ങളും ദേവസ്വങ്ങളു

ടെ സ്വത്തും കോട്ടകളും കാത്തുസൂക്ഷിക്കുക തുടങ്ങിയ ജോലികളാണ് ചെങ്ങാത്തവൃത്തി എന്ന പൊതുപേരിൽ അറിയപ്പെട്ടിരുന്നത്. ആ ജോലികളുടെ ഭാഗമായ ആയുധപരിശീലനത്തിന്റെയും കായികാഭ്യാസങ്ങളുടെയും അടിസ്ഥാനത്തിലാണ് നായർസമൂഹം ക്ഷത്രിയരാണെന്നുള്ള തോന്നലുണ്ടാക്കിയത്. അതു രണ്ടിനും, സൈനികനും സെക്യൂരിറ്റി ജോലിക്കാരനും തമ്മിലുള്ള വ്യത്യാസമുണ്ടല്ലോ.

അത്തരത്തിൽ, വീടെന്നു വേണമെങ്കിൽ പേരു വിളിക്കാവുന്ന ഗൃഹോപകരണശൂന്യമായ 'തറവാടു'കളിൽ, ആഹാരത്തിനു വഴിയെന്തെന്ന ചിന്തയുമായി നാളുകൾ പോക്കുന്ന ഭൂരിപക്ഷവും,45റാത്തൽ അരിയും 60പൈസയും മാസാമാസം ശമ്പളം കൈപ്പറ്റി നിലത്തുറങ്ങി നാൾപോക്കിയ സുഭിക്ഷന്മാരുടെ ന്യൂനപക്ഷവും ഉൾപ്പെടുന്ന നായർ സമുദായം, കാണക്കാർ എന്ന രീതിയിൽ കൈവശമുണ്ടായിരുന്ന പാട്ടഭൂമിയിയുടെ മേൽവിലാസത്തിൽ പ്രഭുവർഗ്ഗമെന്ന് അറിയപ്പെട്ടിരുന്നു എന്നതാണ് ആകെയുണ്ടായിരുന്ന അഭിമാനഘടകം. അക്കാലത്തു നാടുവാഴികൾക്കുപോലും കുറച്ച് മേൽമുണ്ടും ഉടുമുണ്ടും ഒരു ചെറിയവീടും മാത്രമാണ് ഉണ്ടായിരുന്നത്. ആ സമൂഹം സാമ്പത്തികോന്നതിയുടെ പേരിലാണ് സവർണ്ണർ എന്നറിയപ്പെട്ടിരുന്നത് എന്നു കരുതാനാകുമോ? ഇല്ല എന്നല്ലാതെ ഒരുത്തരമില്ലതന്നെ. അപ്പോൾ, സവർണ്ണനെന്ന സംജ്ഞ അർത്ഥമാക്കുന്നത്, ചാതുർവർണ്യത്തിന്റെ ഭാഗമായ ഒരു വർണ്ണം എന്നുമാത്രമാണ് എന്നു വ്യക്തമാണല്ലോ. അതിനപ്പുറമുള്ള വ്യാഖ്യാനങ്ങളൊക്കെ കാലാകാലങ്ങളായി അനേകം അപനിർമ്മിതികളിലൂടെ ആസൂത്രിതമായി സൃഷ്ടിച്ചെടുത്ത കൃത്രിമത്വം നിറഞ്ഞ പ്രതിച്ഛായമാത്രമാണ്.

മുറിച്ചുമാറ്റിയാലും വിട്ടുകളയാത്ത വാൽ: അപ്പോഴും ബാക്കിയാവുന്ന കൗതുകകരമായ ഒരു സംശയം, ക്രിസ്തുമതത്തിലെ ചില വിഭാഗങ്ങൾ, സവർണ്ണ എന്ന പൂർവ്വപ്രത്യയം കൂടെച്ചേർത്ത് സവർണ്ണക്രൈസ്തവരെന്ന് അഭിമാനം നടിക്കുന്നത് എന്തർത്ഥത്തിലാണ് എന്നതാണ്. അതിനുള്ള മറുപടി അവർ തന്നെ നൽകട്ടെ. തോമശ്ലീഹയാൽ മതപരിവർത്തനം ചെയ്യപ്പെട്ട ബ്രാഹ്മണരോ മറ്റുസവർണ്ണരോ ആണ് തങ്ങളുടെ പൂർവ്വികരെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആ അവകാശവാദമെങ്കിൽ, കേവലം പൊങ്ങച്ചത്തിനപ്പുറം എന്തു തെളിവാണ് അതിനെ സാധൂകരിക്കാൻ അവർക്കു സമർപ്പിക്കാൻ കഴിയുക? കേരളത്തിലെത്തിയ സെന്റ്തോമസ് നമ്പൂതിരിമാരെ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനികളാക്കിയെന്ന, വസ്തുതാപരമായി തെളിവില്ലാത്ത മേനിപറച്ചിൽ ആസ്പദമാക്കിയാണെങ്കിൽ ആ വിശ്വാസം തുടരാനുള്ള അവകാശം അവർക്കുണ്ട്. എന്നാൽ, ആയതിനു യഥാർത്ഥ്യത്തിന്റെ പിൻബലം കിട്ടുകയില്ല. സെന്റ് തോമസ് ഇവിടെ എത്തിയിരുന്നോ ഇല്ലയോ എന്നതിനേക്കാൾ, തോമശ്ലീഹ ജീവിച്ചിരുന്നത് ഒന്നാം ശതകത്തിലും, ആര്യന്മാർ കേരളത്തിലെത്തിയത് ആറോ ഏഴോ നൂറ്റാണ്ടോടുകൂടിയുമാണ് എന്നതാണ് അതിനുള്ള വിശദീകരണം. ക്രിസ്തുവിനുശേഷം അഞ്ചാം നൂറ്റാണ്ടിലോ ആറാം നൂറ്റാണ്ടിലോ ആവാം, കച്ചവടത്തിനെത്തിയ വിദേശികളുടെ സ്വാധീനത്തിലൂടെ കേരളത്തിൽ ക്രിസ്തുമതത്തിനു വേരുപിടിച്ചത് എന്നതും,അന്ന് ആ മതം സ്വീകരിച്ചത് ഇവിടെ ജീവിച്ചിരുന്ന ആദിമസമൂഹങ്ങളിലെ ജനങ്ങളായിരുന്നു എന്നതിനുമാകാം സംഭാവ്യത. പിൽക്കാലത്തും, സമൂഹത്തിന്റെ സ്വാധീനശക്തിയായിരുന്ന ജാതിവിഭാഗ

ങ്ങളിൽനിന്നും അത്രമേൽ പ്രസക്തിയില്ലാത്ത ഒരു സമുദായത്തിലേക്ക് ആളുകൾ വലിയതോതിൽ സ്വയംമാറാനുള്ള സാധ്യത കുറവാണല്ലോ.ക്ഷേത്രസങ്കല്പവുമായി ഉള്ള അഭേദ്യമായ അടുപ്പവും വിഗ്രഹാരാധനയും ഉയർന്ന സാമ്പത്തിക-സാമൂഹിക പദവികളുമെല്ലാം ഉപേക്ഷിച്ച് ബ്രാഹ്മണർ വൻതോതിൽ ക്രിസ്തുമതത്തിൽ ചേർന്നെന്നു വിശ്വസിക്കാൻ ന്യായമില്ല. അങ്ങനെ ഊഹിച്ചാൽപോലും, പ്രാമാണികതയുള്ള ജനസംഖ്യാകണക്കുകൾ ആ വാദഗതിയോടു സാമ്യപ്പെടുന്നതല്ല.

മലയാളക്കരയിലെ മറ്റു സമുദായങ്ങളെ അപേക്ഷിച്ച്, ചില ക്രൈസ്തവവിഭാഗങ്ങൾക്കു സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നതി സംഭവിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. പക്ഷേ, അതിന്റെ കാരണം ആ വിഭാഗങ്ങളിലേക്ക് എത്തിച്ചേർന്നത് ഉന്നതനിലയിൽ ജീവിച്ചിരുന്ന ജാതികളിലെ ആളുകളായിരുന്നു എന്നതുകൊണ്ടല്ല; മറിച്ച്, ബ്രിട്ടീഷുകാരടക്കമുള്ള വിദേശികൾ ഇന്ത്യ ഭരിച്ചിരുന്ന സമയങ്ങളിൽ, ക്രിസ്ത്യാനികൾക്കു കിട്ടിയ വ്യക്തിപരവും സാമുദായികവുമായ പരിഗണനകൾകൊണ്ടാണ്. വിദ്യാഭ്യാസത്തിലും ജോലിയിലും അതിന്റെ ഫലമായി അവർക്കു കിട്ടിയ മുന്നേറ്റമാണ് അവരെ സമ്പന്നരും സ്വാധീനശക്തിയുമാക്കിയത്. ആ മുന്നോക്കാവസ്ഥ, സ്വാതന്ത്ര്യാനന്തരം ഉണ്ടായ ഭരണങ്ങളിലും ഉപയോഗപ്പെടുത്തിയാണ് അവർ ഇന്നത്തെ അവസ്ഥയിൽ എത്തിയത്. ആദ്യകാലം മുതലേ ക്രൈസ്തവർ മുന്നാക്കമായിരുന്നില്ല എന്നതിനുള്ള തെളിവ് സെൻസസ്റിപ്പോർട്ട് (1875ലെ) പോലുള്ള ഔദ്യോഗിക സ്വഭാവമുള്ള ചരിത്രരേഖകൾ തന്നെയാണ്:

Numbers, literacy statistics and sirkar jobs of four social categories in 1875 and 1891

Percentages in parentheses are of the category's share of that classification. Thus, *non-Malayali Brahmins in 1875 had 25% of all jobs on Rs. 10-50 a month.*

Source: Census, 1875 and 1891 and List of Public Servants of the Travancore Government for 1872-3 and 1893-4.

	Number		% age of men literate		No of men literate in English		Sirkar jobs Rs. 10-50		Sirkar jobs Rs 50 plus	
	1875	1891	1875	1891	1875	1891	1875	1891	1875	1891
Non-Malayali Brahmins	27,700	28,100	50	56	-	645	220 (25%)	1,035 (31%)	57 (27%)	101 (27%)
Nayars	441,000	483,770	21	37	-	572	410 (47%)	1,620 (48%)	35 (16%)	99 (27%)
All Christians	468,550*	526,900*	12	21	-	534	10 (1%)	95 (3%)	4 (2%)	21 (6%)
Iravas	383,000	414,200	3	12	-	30	0	0	0	0

'Men of rank and property' according to the 1875 census. A man qualified by convincing the enumerator that he was a man of rank and property.

	A No.of Males	B Men of Rank and Property	B as %-age of A
Nayars	218,030	15,680	7%
Christians	233,860	11,160	5%
Iravas	188,400	7,390	4%
Shanars	48,220	1,350	3%
Foreign Brahmins	14,520	2,910	20%
Malayali Brahmins	5,840	1,950	33%
Pulayas	94,790	2,520	3%

ചത്തുകെട്ടുപോയ ആര്യവംശാഭിമാനത്തിന്റെയും സവർണ്ണതയുടെയും പിടിയിൽനിന്നും വിടുതൽ നേടാൻ ഇവിടെയുള്ള അന്യമതസ്ഥർ പോലും മടിക്കുകയും, ആ അലങ്കാരവസ്തു തലയിലേറ്റിനടക്കുകയും ചെയ്യുന്നു എന്നത് ജാതിഭ്രമം സമൂഹത്തിലേക്കു സന്നിവേശിപ്പിക്കുന്ന മാലിന്യത്തിന്റെ ഗാഢതയാണ് വെളിവാക്കുന്നത്. മുറിച്ചു മാറ്റിയാലും വിട്ടുകളയാത്ത വിധത്തിൽ ഓരോ ഇന്ത്യക്കാരന്റെയും മനസ്സിൽ ജാതിചിന്തകളും ബ്രാഹ്മണ്യത്തോടുള്ള ദാസ്യഭാവവും വേരാഴ്ത്തിനിൽക്കുന്നുണ്ട് എന്നതാണ് വർത്തമാനകാലത്തും വലിയ ദുരന്തം.

ദാനം കിട്ടിയ ജന്മിത്വവും പോരാടി നേടിയ ജന്മിത്വവും

കേരളക്കരയിലെ ബ്രാഹ്മണരും ബ്രാഹ്മണേതര സവർണ്ണസമുദായസ്ഥരും അനാദികാലം മുതൽ തന്നെ അതിസമ്പന്നരായ ജന്മിമാരും ഭൂവുടമകളുമായിരുന്നു എന്നു തെറ്റിദ്ധരിക്കരുത്. 'ജന്മിത്വം ജന്മാർജ്ജിതമാണ്' എന്ന അബദ്ധവിശ്വാസമാകാം അത്തരം ഒരു ധാരണയുടെ ആധാരം. ബ്രാഹ്മണരുൾപ്പെടെയുള്ള മലയാളക്കരയിലെ ജന്മിമാരുടെ ഉത്ഭവം എങ്ങനെയായിരുന്നു എന്നറിഞ്ഞാൽ അവസാനിക്കുന്ന ഒരു മിഥ്യാധാരണ മാത്രമാണത്. കേരളോത്പത്തിയോടൊപ്പം പതിച്ചുകിട്ടിയ ഉടമസ്ഥതയുടെ പിൻബലത്തിലല്ല ഒരു സമുദായവും ഇവിടെ ജന്മിമാരായത്.

ദാനം കിട്ടിയ ജന്മിത്വം

നമ്പൂതിരിമാർ വരുന്നതുവരെ മലയാളക്കരയിൽ ഭൂമി ഒരു സ്വകാര്യസ്വത്തായിരുന്നില്ല എന്നതാണ് പൊതുനിഗമനം. ഉത്തരഭാരതത്തിൽനിന്നു കുടിയേറിയ ബ്രാഹ്മണർ, ഇവിടുത്തെ കരഭൂമി മുഴുവൻ ക്ഷേത്രങ്ങളുടെ പരിധിയിലാക്കുകയും, കാലക്രമത്തിൽ അതിലൊരു പങ്ക് ഇല്ലങ്ങളുടെ നിയന്ത്രണത്തിലാക്കുകയുമായിരുന്നു. ആ പ്രക്രിയയ്ക്ക് ആധികാരികത ഉണ്ടാക്കുന്നതിനുവേണ്ടിയാണ് പരശുരാമൻ നടത്തിയ കേരളസൃഷ്ടിയും ഭൂദാനകഥയും പടച്ചുണ്ടാക്കിയതും പ്രചരിപ്പിച്ചതും.

പിൽക്കാലത്തു കേരളത്തിലെ ഭൂമി മൊത്തം രാജസ്വവും ബ്രഹ്മസ്വവുമായി മാറി. നാട്ടുരാജ്യങ്ങളുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ് രാജസ്വം. സ്റ്റേറ്റിന്റെ അധീനതയിലുണ്ടായിരുന്ന വസ്തു എന്ന നിലയിൽ ആ ഭൂമി പണ്ടാരവക(ഭണ്ഡാരംവക) എന്നും അറിയപ്പെട്ടിരുന്നു. ബ്രാഹ്മണ(നമ്പൂതിരി)കുടുംബങ്ങൾക്കു ദാനമായി പലവകയിൽ കിട്ടിയ ഭൂമിയാണ് ബ്രഹ്മസ്വം. ബ്രാഹ്മണർക്കു ദാനം നല്കുന്നത് ദേവനുദാനംനല്കുന്നതിന് തുല്യമാണെന്ന വിശ്വാസ പ്രചാരണത്തിലൂടെ നാടുവാഴികളുടെയും അബ്രാഹ്മണരുടെയും പക്കൽനിന്നും സ്വന്തമാക്കിയ സ്വത്താണ് അത്തരത്തിൽ ബ്രഹ്മസ്വം എന്ന പേരിലുള്ള ഭാരിച്ച സമ്പത്തിന്റെ ഉറവിടം. ഭരണവർഗ്ഗവുമായി പുലർത്തിയിരുന്നു ശക്തമായ ബന്ധത്തിന്റെ ബലത്തിൽ, വ്യക്തികളെന്ന നിലയിലും സമൂഹത്തിലെ മേലാളവർഗ്ഗമെന്ന നിലയിലും നമ്പൂതിരിമാർക്ക് വൻതോതിൽ ഭൂമി ദാനമായി ലഭിച്ചുകൊണ്ടിരുന്നു. ബ്രാഹ്മണർ യാഗങ്ങളും പൂജകളും നിർവ്വഹിക്കുന്നത് സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയാണ് എന്ന വ്യാഖ്യാനമായിരുന്നു അതിനു ഹേതു. ബ്രാഹ്മണരെ സംരക്ഷിക്കുകയും സന്തോഷിപ്പിക്കുകയും രാജധർമ്മമായി സ്മൃതികൾ നിശ്ചയിച്ചു. ഇതിഹാസപുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ബ്രാഹ്മണശാപം സംബന്ധിച്ച ഭയചിന്തകളും അവർക്കു തുണയായി.

ജനങ്ങളിൽനിന്നു പിരിച്ച കരത്തിന്റെ ഒരു വിഹിതവും അവരിലേക്ക് എത്തിച്ചേർന്നു. ശാസ്ത്രപഠനത്തിനും* വൈദികവൃത്തിക്കും മാത്രം സമയം വിനിയോഗിച്ചിരുന്ന അവർ, ഇതര സമൂഹങ്ങൾ അനുഷ്ഠിച്ചിരുന്ന തൊഴിലുകളുടെ മിച്ചലാഭത്തിന്റെ ഒരുഭാഗവും സ്വന്തമാക്കി.അത്തരത്തിൽ, വെറുംകൈയുമായി ഇവിടെ കുടിയേറിയെത്തിയ ബ്രാഹ്മണർ, അതിവേഗം ആർജ്ജിച്ച അപാരമായ സമ്പത്തത്രയും അദ്ധ്വാനിക്കാതെ നേടിയതായിരുന്നു. ആ ചരിത്രസത്യത്തിനു മറയിടാനാണ്, പരശുരാമൻ കടലിൽനിന്നു കണ്ടെടുത്ത് ബ്രാഹ്മണർക്കു ദാനം നല്കിയതാണ് കേരളമെന്ന അപനിർമ്മിത കഥ. ഭൂമിയുടെ തരംതിരിവിലെ ജന്മംഭൂമിയെന്ന പൊതുപ്രയോഗവും, ജന്മിമാരുടെ കൈവശമുണ്ടായിരുന്ന ഭൂസ്വത്ത് ജന്മാർജ്ജിതമാണെന്ന ധാരണയുണ്ടാക്കാൻ കാരണമായിട്ടുണ്ട്.(*ശാസ്ത്രപഠനം=ദൈവശാസ്ത്രപഠനം).

യാതൊരു അദ്ധ്വാനവുമില്ലാതെ സ്വത്ത് സമ്പാദിക്കുന്നതിനും അപ്രകാരം സമാഹരിച്ചവ സംരക്ഷിക്കുന്നതിനും ബ്രാഹ്മണർക്കു സഹായകമാകുന്ന നിരവധി നിയമങ്ങൾ സ്മൃതികളെന്ന പേരിൽ എക്കാലത്തും സൃഷ്ടിച്ചു നടപ്പാക്കിയിരുന്നു. ഭീഷണിയുടേയും സമ്മർദ്ദത്തിന്റെയും സ്വഭാവമുള്ള അത്തരം ശാസനങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ഭരണാധികാരികൾ നിർബന്ധിതരായി. ശാങ്കരസ്മൃതിയിലെയും മനുസ്മൃതിയിലെയും സമാനപ്രകൃതമുള്ള മാമൂലുകൾ കണ്ടാൽ, എത്തരത്തിലാണ് ബ്രാഹ്മണർ കണക്കില്ലാത്ത ആസ്തികളുടെ അവകാശികളായതെന്നു മനസ്സിലാകും: ഏതൊരു രാജാവാണോ ബ്രാഹ്മണരോട് നികുതിവാങ്ങാതെ രാജ്യരക്ഷചെയ്യുന്നത്, അവൻ മരണശേഷം ബ്രഹ്മലോകത്തിൽചേരും. അതിനാൽ, എത്രതന്നെ കുഴങ്ങിയാലും രാജാവു ബ്രാഹ്മണനോടു കരം പിരിക്കരുത്, പശുക്കളെയും ബ്രാഹ്മണരെയും തന്നെ ശരണംപ്രാപിച്ചവരെയും രക്ഷിക്കാൻവേണ്ടി എത്രയെങ്കിലും പ്രയത്നിക്കണം; അതായിരിക്കണം രാജാവിന് മുഖ്യയജ്ഞം. നിധികിട്ടിയാൽ, അതിൽനിന്നു പകുതി ബ്രാഹ്മണർക്കു ദാനം ചെയ്യുകയും ബാക്കി പകുതി ഭണ്ഡാരത്തിൽ മുതൽക്കൂട്ടുകയും വേണം. ഏതെങ്കിലും ഒരു തറവാട് കുറ്റിമുടിഞ്ഞാൽ, അതിലെ സ്വത്തുമുഴുവൻ സർക്കാരിലേക്കു ചേർക്കണം. എന്നാൽ, അതു ബ്രാഹ്മണന്റേതായാൽ അപഹരിക്കരുത്(?); ആ സ്ഥാനത്തേക്ക് തന്റെ ബോധ്യം പോലെ മറ്റൊരു ബ്രാഹ്മണനെ അവകാശിയായി നിശ്ചയിക്കണം. രാജാവ് ബ്രാഹ്മണരെയും ദേവതകളെയും സദ്‌വൃത്തരായ മറ്റുള്ളവരെയും പൂജിക്കണം; ബ്രാഹ്മണനെ ഒരു വിധത്തിലും കഷ്ടത്തിലാക്കരുത്. ബ്രാഹ്മണർക്കു ഭൂമി ദാനംചെയ്യണം. ബ്രഹ്മാവ് ബ്രാഹ്മണർക്ക് എല്ലാ കാര്യങ്ങളിലും ഭാഗം കല്പിച്ചിരിക്കുന്നു; രാജാവ് ഏതുകാര്യത്തിലും അവരെ മുൻനിർത്തി പ്രവർത്തിക്കണം. അങ്ങനെ, രാജനീതിയെന്ന ഗണത്തിൽ സ്മൃതികളിൽ ചേർത്തിട്ടുള്ള ചട്ടങ്ങൾ, ബ്രാഹ്മണർക്ക് അദ്ധ്വാനിക്കാതെ സ്വത്തു സമ്പാദിക്കാനുള്ള ഉപാധികളായി സമൂഹത്തെ പിഴിഞ്ഞിരുന്നു.

അപ്രകാരം, അളവില്ലാത്ത ഭൂസ്വത്തിന് അധിപരായ ആ ഭൂസ്വാമിമാർ അവ ക്ഷയിച്ചുപോകാതിരിക്കുന്നതിന് ഉതകുന്ന പലഇളവുകളും ആനുകൂല്യങ്ങളും ആസ്വദിച്ചനുഭവിച്ചിരുന്നു. അവർ കൈവശം വെച്ചിരുന്ന ഭൂമിക്കും ഇതര വസ്തുവകകൾക്കും നികുതി നൽകേണ്ടതില്ലായിരുന്നു. ബ്രാഹ്മണരിൽനിന്നും അത്യാപത്തുകാലത്തുപോലും നികുതി വാങ്ങുന്നത് രാജ്യത്തെയും രാജാവിനെയും അപകടത്തിലാ

ക്കുമെന്ന സ്മൃതിവചനങ്ങളിലെ ഭീഷണി അവർക്ക് തുണയായി. അഷ്ടിക്കുവകയില്ലാതെ വലഞ്ഞിരുന്ന അബ്രാഹ്മണർ, പ്രത്യേകിച്ചും അസവർണ്ണർ 'തൊട്ടതിനും പിടിച്ചതിനു'മൊക്കെ നികുതികളും പിഴയും ഒടുക്കേണ്ടിയിരുന്ന ഒരു സമൂഹത്തിലായിരുന്നു ഇതെന്ന് ഓർക്കണം. എല്ലാത്തരം ജോലിക്കാരിൽനിന്നും അക്കാലത്ത് കരം ഈടാക്കിയിരുന്നു. തെങ്ങ്,പന ഇവയിൽ കയറി ജോലിയെടുക്കുന്നവരിൽനിന്നും തളക്കാണം, ഏണിക്കാണം, ഈഴംപുട്ച്ചി എന്നീ പേരുകളിലും, മൺപാത്രം ഉണ്ടാക്കുന്നവരിൽനിന്നും ചെക്കിറ, നെയ്ത്തുകാരിൽനിന്നും തറിക്കടമ, സ്വർണ്ണപ്പണിക്കാരിൽനിന്നും തട്ടാരപ്പാട്ടം, തുണി അലക്കുകാരിൽനിന്നും വണ്ണാരപ്പാറ, മീൻപിടുത്തക്കാരിൽനിന്നു വലക്കരം തുടങ്ങിയ പേരുകളിലും നികുതികൾ വസൂലാക്കിയിരുന്നു. കള്ളുചെത്തുന്ന കത്തിക്ക് കത്തിയെന്ന നികുതിയും ചാരായം വാറ്റുന്ന ചട്ടിയ്ക്ക് ചട്ടിയെന്ന നികുതിയും നിലവിലുണ്ടായിരുന്നു. ആഭരണം ധരിക്കാൻ മേനിപ്പൊന്ന് അഥവാ അടിയറ എന്ന നികുതിയൊടുക്കണം.വീടുമേയാനും കല്യാണത്തിന് പന്തലിടാനും രാജഭോഗം കൊടുക്കണം. അവർണ്ണർക്ക് മേൽമീശ വെക്കണമെങ്കിൽ രാജാവിന് മീശക്കാഴ്ച നൽകണം. മോതിരം ഇടാനും തലയിൽ ഉറുമാലുകെട്ടാനും രാജാവിനു കാഴ്ച സമർപ്പിക്കണമായിരുന്നു. കല്യാണം കഴിക്കാനും പൊലിപ്പൊന്ന് എന്ന പേരിൽ നികുതിയുണ്ടായിരുന്നു. ഏതാണ്ട് നൂറിലധികം തരം നികുതികൾ അക്കാലങ്ങളിൽ നിലനിന്നിരുന്നു. അവർണ്ണസ്ത്രീകളുടെ മുലയ്ക്കുപോലും കേരളക്കരയിലെ രാജാക്കന്മാർ കരംപിരിച്ചിരുന്ന കാലത്തായിരുന്നു ബ്രാഹ്മണർ ഈ വിശേഷാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നത് എന്നതാണ് കൗതുകകരം.

മലയാളക്കരയിലെ ബ്രാഹ്മണ്യത്തിന്റെ സർവ്വാധിപത്യത്തിനു വഴിതുറന്നത്, ഭൂമിയ്ക്കുമേലുള്ള അധികാരവും ശാങ്കരസ്മൃതി അടിച്ചേൽപ്പിച്ച നിയമങ്ങളും മറയാക്കിയാണെങ്കിലും, ജന്മിത്വം നിന്ദ്യമാണെന്ന് ആ ഗ്രന്ഥത്തിൽ തന്നെ പറയുന്നുണ്ട്. ശാങ്കരസ്മൃതി ഒന്നാമധ്യായത്തിലെ രണ്ടാം പാദത്തിൽ, ബ്രാഹ്മണരുടെ പ്രത്യേക ധർമ്മങ്ങൾ വിവരിക്കുന്നിടത്ത് ഭൂമി ദാനം വാങ്ങുന്നത് ഉത്തമമല്ലെന്നും അത് ശമശീലന്മാരാൽ നിന്ദിക്കപ്പെടുന്നതിനു കാരണമാകുമെന്നും പ്രസ്താവിക്കുന്നുണ്ട്:

> സ്വക്ഷേത്രേ സംഗ്രഹം ചക്രേ വിഷ്ണുർദ്ധർമ്മപതിർഭൃഗു:
> ലജ്ജതേ ഭർത്സ്യതേ തേന വിപ്ര: കാമീ ശമോചിത: 9
>
> പ്രശമപ്രതിപന്നൈരിത്യുച്യതേ ഭൂപ്രതിഗ്രഹാൽ
> ജല്ലേതി വർണ്ണവ്യത്യാസാത്തത്സംബന്ധേന സാ ച ഭൂ: 10
>
> ധർമ്മപ്രതിഷ്ഠാപകനായ വിഷ്ണുവിന്റെ അവതാരമൂർത്തിയായ ഭാർഗ്ഗവൻ തന്റെ സ്വന്തമായ മലയാളത്തിൽ ഭൂമിയെ ദാനം വാങ്ങുന്നത് ഉത്തമമല്ലെന്നുവെച്ച് അതിനെ ബ്രാഹ്മണധർമ്മത്തിൽ ചുരുക്കിയിരിക്കുന്നു. ശമോചിതനും കാമിയും ഭൂമിദാനം വാങ്ങുന്നവനുമായ ബ്രാഹ്മണൻ ശമശീലന്മാരാൽ നിന്ദിക്കപ്പെടുന്നു. അവൻ ലജ്ജിക്കുന്നു. 'ലജ്' ധാതുവിന്നു പൃഷോദരാദിത്വാൽ വർണ്ണവ്യത്യാസം വന്നിട്ടാകുന്നു ജല്ലി (അതു ദുഷിച്ചു ജന്മി) എന്നുള്ള പേർ ഉണ്ടായത്. തത്സംബന്ധം കൊണ്ട് ഭൂമിക്കു 'ജല്ലം' (ജന്മം) എന്നും വ്യവഹാരമുണ്ടായി.
>
> ജന്മേത്യാഖ്യായതേ തസ്യ സ്വാമിത്വഞ്ച തദാശ്രയം
> അഗ്നിഗുർവ്വതിഥിപ്രേഷ്ഠഭിക്ഷുശിഷ്ടേന ഭൂസുരാ: 11
>
> എന്നാൽ ന്യായമായി കിട്ടുന്ന ജന്മഭോഗത്തിൽനിന്നും അഗ്നി, ഗുരു, അതിഥി, ഇഷ്ടന്മാർ (ബന്ധുക്കൾ), ഭിക്ഷുക്കൾ ഇവർക്കു വേണ്ടുന്നതിനെ കൊടുത്തു ബാക്കികൊണ്ടുപജീവനം കഴിക്കുന്ന ബ്രാഹ്മണന്നു ദോഷം സംഭവിക്കുന്നതല്ല.

എന്നാൽ, സ്വന്തക്കാരുടെ കാര്യമായതുകൊണ്ട് അത് ഉപേക്ഷിക്കാൻ പറയുന്നില്ല. പകരം, ജന്മഭോഗത്തിന്റെ(പാട്ടം) ഒരു ഭാഗം അഗ്നി,ഗുരു,അതിഥികൾ,ഭിക്ഷുക്കൾ ബന്ധുക്കൾ എന്നിവർക്കു കൊടുത്ത് ഈ ദോഷം മറികടക്കാമെന്ന് ന്യായം കണ്ടെത്തുന്നു. ആ മെയ്വഴക്കം തന്നെയാണ് ഓരോരോ സമൂഹത്തിലും മേൽക്കോയ്മ ഉറപ്പിച്ചെടുക്കാൻ ബ്രാഹ്മണ്യം നിക്ഷേപിച്ച പ്രധാന മുടക്കുമുതൽ. ശാങ്കരസ്മൃതി ഒന്നാമധ്യായത്തിൽ രണ്ടാം പാദത്തിൽ ഏഴുമുതൽ പത്തുവരെയുള്ള ശ്ലോകങ്ങൾ വളരെ ശ്രദ്ധയർഹിക്കുന്ന ഒരുകാര്യം വെളിവാക്കുന്നു. ഏഴും എട്ടും ശ്ലോകങ്ങളിൽ ഇങ്ങനെ പറയുന്നു: 'ബ്രാഹ്മണൻ ജന്മിയാണെങ്കിൽ (എല്ലാ ബ്രാഹ്മണരും ജന്മിമാരായിരുന്നില്ല എന്നു സാരം), കൃഷിക്കാർ കൊടുക്കുന്ന ജന്മഭോഗം(പാട്ടം)കൊണ്ടും ജീവിക്കാം. ജന്മിയാവാനുള്ള കാരണം ജന്മം വാങ്ങുകതന്നെ'. ജന്മഭോഗം, അഥവാ, പാട്ടം വാങ്ങുന്നതുകൊണ്ടാണ് ജന്മിയാകുന്നത്; അല്ലാതെ ജന്മിയായതുകൊണ്ടല്ലാ പാട്ടം ലഭിക്കുന്നത് എന്നാണല്ലോ അതിൽനിന്ന് മനസ്സിലാക്കേണ്ടത്. അതിനെ ശരിവെക്കുന്ന കാര്യങ്ങളാണ് തൊട്ടടുത്ത ശ്ലോകങ്ങളിലുള്ള, ജന്മിയെന്ന പദത്തിന്റെ ഉത്പത്തിവർണ്ണനയിലൂടെ ശാങ്കരസ്മൃതി അനാവൃതമാക്കുന്നത്:

> അമൂതഞ്ച ക്രമാദന്യദ്വയം നിന്ദ്യം പ്രചക്ഷതേ
> ജന്മിനോ യദി ഭൂദേവാ ജന്മോപഗ്രഹണാൽ ക്വചിൽ 7
>
> ആഗതേന ച ജീവേയുർജ്ജന്മഭോഗേന കർഷകാൽ
> സർവ്വേ ജന്മിന ഏതേന വ്യാഖ്യാതാ ഇതി ഭാർഗ്ഗവഃ 8
>
> ബ്രാഹ്മണൻ ജന്മിയാണെങ്കിൽ (ജന്മവസ്തുള്ളവനാണെങ്കിൽ) കൃഷിക്കാർ കൊടുക്കുന്ന ജന്മഭോഗം (പാട്ടം) കൊണ്ടും ഉപജീവിക്കാം. ജന്മിയാവാനുള്ള കാരണം ജന്മം വാങ്ങുക തന്നെ. എല്ലാ ജന്മികളുടേയും കാര്യം ഇതുകൊണ്ടു പറയപ്പെട്ടു. (കുടിയാനവന്മാരോടു പാട്ടം വാങ്ങി ഉപജീവിക്കുകയും, അതു കിട്ടാത്ത പക്ഷം കിട്ടുവാനുള്ള മാർഗ്ഗം ശ്രമിക്കുകയുമല്ലാതെ, ക്ഷുദ്രപാപികളെപ്പോലെ കുടികളെ ഇട്ടു കളിപ്പിക്കുന്നതും ദ്രോഹിക്കുന്നതും അന്യായമാകുന്നു)

'ലജ്'ധാതുവിന് പൃഷോദരാദിത്വാൽ(ഒരു സംസ്കൃതവ്യാകരണനിയമം) വർണ്ണഭേദം വന്നിട്ടാണ്, ജല്മി എന്നപദം ഉണ്ടായതെന്നും, അതു ദുഷിച്ചാണ് ജന്മി എന്നശബ്ദമുണ്ടായതെന്നും ശാങ്കരസ്മൃതി പറയുന്നുണ്ട്(ശ്ലോകം:10). അതിനുള്ള സാഹചര്യം ഉണ്ടായതോ, ശമോചിതനും കാമിയുമായ ബ്രാഹ്മണൻ ഭൂമി ദാനംവാങ്ങുക എന്ന ഉത്തമമല്ലാത്ത കർമ്മം ചെയ്യുന്നതുമൂലം ശമശീലന്മാരാൽ നിന്ദിക്കപ്പെട്ട് ലജ്ജിതരാകുന്നതുകൊണ്ടാണ്. അതായത്, ബ്രാഹ്മണരുടെ ലജ്ജാകരമായ ഒരു പ്രവൃത്തിയിൽനിന്നാണ് ജല്മിയെന്ന പദമുണ്ടായതെന്നും, അത് കാലാന്തരത്തിൽ ഉപയോഗിച്ചുപയോഗിച്ചു മാറി ജന്മിയായതാണെന്നുമാണ് ശാങ്കരസ്മൃതി വെളിവാക്കുന്നത്.

> സ്വക്ഷേത്രേ സംഗ്രഹം ചക്രേ വിഷ്ണുർദ്ധർമ്മപതിർഭൂഗുഃ
> ലജ്ജതേ ഭർത്സ്യതേ തേന വിപ്രഃ കാമീ ശമോചിതഃ 9
>
> പ്രശമപ്രതിപന്നൈരിത്യുച്യതേ ഭൂപ്രതിഗ്രഹാൽ
> ജല്മേതി വർണ്ണവ്യത്യാസാത്തത്സംബന്ധേന സാ ച ഭൂഃ 10
>
> ധർമ്മപ്രതിഷ്ഠാപകനായ വിഷ്ണുവിന്റെ അവതാരമൂർത്തിയായ ഭാർഗ്ഗവൻ തന്റെ സ്വന്തമായ മലയാളത്തിൽ ഭൂമിയെ ദാനം വാങ്ങുന്നത് ഉത്തമമല്ലെന്നുവെച്ച് അതിനെ ബ്രാഹ്മണധർമ്മത്തിൽ ചുരുക്കിയിരിക്കുന്നു. ശമോചിതനും കാമിയും ഭൂമിദാനം വാങ്ങുന്നവനുമായ ബ്രാഹ്മണൻ ശമശീലന്മാരാൽ നിന്ദിക്കപ്പെടുന്നു. അവൻ ലജ്ജിക്കുന്നു. 'ലജ്' ധാതുവിനു പൃഷോദരാദിത്വാൽ വർണ്ണവ്യത്യാസം വന്നിട്ടാകുന്നു ജല്മി (അതു ദുഷിച്ചു ജന്മി) എന്നുള്ള പേർ ഉണ്ടായത്. തത്സംബന്ധം കൊണ്ട് ഭൂമിക്കു 'ജല്മം' (ജന്മം) എന്നും വ്യവഹാരമുണ്ടായി.

ജന്മി എന്ന വാക്കിന്റെ ഉത്ഭവം വിവരിക്കുന്ന മേൽപ്പറഞ്ഞ ശ്ലോകങ്ങൾ നിഷേധിക്കുന്നത് മലയാളക്കര ഭാർഗ്ഗവരാമൻ ദാനം നൽകിയതാണെന്ന ബ്രാഹ്മണ്യഭാഷ്യം കൂടിയാണല്ലോ. ഭൂമി ദാനമായി സ്വീകരിക്കുന്നത് അധമകർമ്മമാണ് എന്ന് വിധിച്ച ഭാർഗ്ഗവരാമൻ ഭൂമി ദാനം ചെയ്യുമെന്നു കരുതാനാകുമോ? അതുവഴി സ്വന്തം ആളുകൾക്ക് അദ്ദേഹം ദോഷം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരാൾക്കു പാപമുണ്ടാക്കി വെയ്ക്കുന്ന കാര്യം ചെയ്യുന്നയാളിനും ആ പാപത്തിന്റെ പങ്കു കിട്ടുമല്ലോ. പാപപരിഹാരാർത്ഥം ഭൂമി സൃഷ്ടിച്ചു ദാനം ചെയ്ത പരശുരാമൻ, കൂടുതൽ പാപിയായി മാറുകയാണല്ലോ സംഭവിക്കുക. ഇക്കാര്യങ്ങളൊന്നും അറിയാത്ത ആളായിരുന്നു അവതാരമൂർത്തിയായ പരശുരാമനെന്നു വിശ്വസിക്കാനാകുമോ?

അത്തരത്തിൽ, ജന്മിത്വം ബ്രാഹ്മണർക്ക് ലജ്ജാകരമായ കർമ്മമാണ് എന്നു ശാങ്കരസ്മൃതി സ്ഥാപിക്കാനുള്ള കാരണം ആ കൃതിയുടെ ആദ്യഭാഗത്ത്, ബ്രാഹ്മണരുടെ പ്രത്യേക ധർമ്മങ്ങൾ എന്ന ശീർഷകത്തിൽ പരാമർശിക്കുന്നുണ്ട്. അതനുസരിച്ചു ബ്രാഹ്മണർ, ഋതം,അമൃതം ഇവകൊണ്ടാണു ജീവിക്കേണ്ടത്. ഇതിൽ, ഋതം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അങ്ങാടിയിൽ കൊഴിഞ്ഞുകിടക്കുന്ന ധാന്യം മുതലായവ പെറുക്കി സമാഹരിച്ചു ഭക്ഷിക്കുന്നതും(ഉഞ്ഛം), കണ്ടത്തിൽ കൊയ്ത്തുകഴിഞ്ഞ് ഉടമസ്ഥൻ വിട്ടിട്ടുപോകുന്ന നെല്ലും കതിരും പെറുക്കിയെടുക്കുന്നതുമാണ് (സിലം). യാചിക്കാതെ കിട്ടുന്നതാണ് അമൃതം.(ശ്ലോകം:4,5,6). അതോടൊപ്പം, പ്രമൃതം കൊണ്ടോ(കൃഷി) സത്യാനൃതം(കച്ചവടം) നടത്തിയോ ജീവിക്കുന്നതും ബ്രാഹ്മണർക്ക് അനുവദനീയമാണ്. എന്നാൽ അത് യാതൊരു ഉപജീവനമാർഗ്ഗവുമില്ലാത്ത ആപത്സാഹചര്യങ്ങളിൽ മാത്രമാണ് അഗീകരിക്കപ്പെട്ടിട്ടുള്ളത്(?). പ്രാണിഹിംസദോഷപ്രധാനമായതുകൊണ്ടാണ് കൃഷിയും വ്യാജപ്രവൃത്തി വേണ്ടിവരുമെന്നതുകൊണ്ടാണ് കച്ചവടവും ആപത്തുകാലത്ത് മാത്രം ആശ്രയിക്കാവുന്ന കർമ്മങ്ങളായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ, രാജാക്കന്മാരിൽനിന്നും നാടുവാഴികളിൽനിന്നും ദാനംകിട്ടിയ ഭൂമി കർഷകർക്ക് പാട്ടത്തിന് കൊടുത്ത് ജന്മഭോഗംവാങ്ങി എന്ന ലജ്ജാകരമായ കർമ്മത്തിലൂടെയാണ് ബ്രാഹ്മണർ ജന്മികളായത്; അല്ലാതെ, പരശുരാമൻ ഭൂമി പതിച്ചുനൽകിയതിലൂടെയല്ല എന്നുവ്യക്തം.

പാഴ്ഭൂമിയിൽ കൃഷിചെയ്യുന്നതിൽ ബ്രാഹ്മണർ നേതൃത്വപരമായ പങ്കുവഹിച്ചതുകൊണ്ടാണ് അവർ ജന്മികളായിത്തീർന്നതെന്നും, അവരുടെ ജന്മാവകാശം സ്വയംഭൂവായി ഉണ്ടായതാണെന്നും ഉള്ള ബ്രാഹ്മണരുടെയും കുറെ ചരിത്രപണ്ഡിതന്മാരുടെയും വ്യാഖ്യാനം കളവാണെന്നാണ് അതിനർത്ഥം. ചുരുക്കിപ്പറഞ്ഞാൽ, കേരളക്കരയിലെ ആദിമജനതയായ അടിയാള സമുദായങ്ങൾ ദാനമായി നൽകിയതാണ് ബ്രാഹ്മണരുടെ 'ജന്മിത്വം'. മലയാളക്കര, ഭാർഗ്ഗവരാമൻ സൃഷ്ടിച്ചു ബ്രാഹ്മണർക്കു കൈമാറിയതാണെന്നും, അതുകൊണ്ട് അവരുടെ ജന്മിത്വം ദൈവികമാണെന്നുമുള്ള വാദഗതികളുടെ വേരറുക്കുന്നതും കൂടിയാണ്, ജന്മിത്വവുമായി ബന്ധപ്പെട്ടു ശാങ്കരസ്മൃതി നടത്തുന്ന ഈ ബോധവത്കരണശ്രമം.

വസ്തുത അതാണെങ്കിലും, ജന്മിത്വം ബ്രാഹ്മണർക്ക് ലജ്ജാകരമായ ഒരു വ്യവസ്ഥയാണെന്നു ബോധ്യപ്പെടുത്താൻ ശാങ്കരസ്മൃതി ശ്രമിക്കുന്നുണ്ടെങ്കിലും, അതിനെ ഒരു അഭിമാനനേട്ടമായാണ് അവർ കണ്ടതെന്നുവേണം കരുതാൻ. അതിനാലാണ്,

ജന്മിമാരുടെ സംഘടനയ്ക്കു ജന്മിസഭയെന്നും, അവരുടെ വിഷയങ്ങൾ ചർച്ചചെയ്യാൻ പ്രസിദ്ധീകരിച്ചിരുന്ന മാസികയ്ക്കു ജന്മിയെന്നും അവർ പേരിട്ടത്:


കൊച്ചിജന്മിസഭയിൽനിന്നു കൊച്ചിദിവാൻ
എ. ആർ. ബാനർജി അവർകളുടെ
സമക്ഷത്തിൽ ബോധിപ്പിച്ച

വിജ്ഞാപനം

(മലയാളത്തിൽ തൎജ്ജമചെയ്യപ്പെട്ടത്)


ജന്മി.

ജന്മികളുടെ കാൎയ്യം പ്രതിപാദിക്കുന്ന

ഏക മലയാള മാസിക.

ജന്മാവകാശം.

തുടൎച്ച

പ്രജാഭരണത്തിൽ ആദ്യത്തെ നിലയായ ഗ്രാമസംഘരീതിയെപ്പററിയും, പിന്നീട്ടുണ്ടായ അതിന്റെ പരിണാമങ്ങളെക്കുറിച്ചും, ഒടുവിൽ അത് ഒരു പ്രബലപ്പെട്ട നാടുവാഴിഭരണമായിതീൎന്ന സംഗതിയെ പററിയും മററും കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചുവല്ലൊ. ജനസംഖ്യ ക്രമത്തിൽ വൎദ്ധിക്കുന്നതോടു കൂടി പല മാററങ്ങളും ഭരണസമ്പ്രദായത്തിൽ എന്നുവേണ്ട, സാമുദായികമായ എല്ലാ ഏൎപ്പാടുകളിലും ഉണ്ടാവുന്നതു പതിവാണ്. "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്നുള്ള തത്വത്തിനു ദിനംപ്രതി പ്രാബല്യം വന്നുതുടങ്ങി. ബലവാനായ ഒരു നാടുവാഴി ക്ഷീണിച്ചിരിക്കുന്ന മറെറാരു നാടുവാഴിയുടെ രാജ്യം ആക്രമിച്ചു സ്വാധീനമാക്കാൻ തുടങ്ങി. ഇങ്ങിനെ ബലത്തിന്റെ അവസ്ഥപോലെ ഒരുവൻ മററ് അനേകം കൂട്ടരെ ജയിച്ചു കീഴടക്കുകയും, അയാളുടെ രാജ്യം വളരെ വിസ്തീൎണ്ണമായി പരിണമിക്കുകയും ചെയ്‌വാനിടവന്നു.

പ്രിൻകുറിപ്പ്: ദേവസ്വം രൂപീകരണത്തിന്റെ ചരിത്രം: കേരളത്തിൽ കുടിയേറിയെത്തിയ ബ്രാഹ്മണർ, ഇവിടത്തെ കരഭൂമി മുഴുവൻ ക്ഷേത്രങ്ങളുടെ പരിധിയിലാക്കുകയും കാലക്രമത്തിൽ അതിൽ ഒരു പങ്ക് ഇല്ലങ്ങളുടെ നിയന്ത്രണത്തിലാക്കുകയുമായിരുന്നല്ലോ. എന്നാൽ, ചില ക്ഷേത്രങ്ങളുടെ സ്വത്തായിരുന്ന ഭൂമി ഭൂദാനത്തിലൂടെ സമാഹരിച്ചവയായിരുന്നു. നാടുവാഴികളും സ്വകാര്യവ്യക്തികളും സംഭാവന കൊടുത്തവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. തിരുവല്ലംക്ഷേത്രത്തിനും തൃക്കൊടിത്താനംക്ഷേത്രത്തിനും ഭൂമിദാനംനൽകിയവരുടെ പേരുകൾ കേരള പരശുരാമൻ:പുലയശത്രു എന്ന, ദലിത്ബന്ധു എൻ.കെ.ജോസിന്റെ പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇടൈചേരി ചേന്നൻ കേശവൻ, പള്ളത്ത് ഇക്കിയമ്മ, പള്ളത്തു കുഞ്ഞനിരവി, പള്ളത്ത് കുഞ്ഞൻ കോവിന്നൻ, പൊന്നിയക്ക നായർ, കീഴ്മലൈ നാട്ടുകണ്ടൻ കുമരൻ, കോമാക്കോട്ടു നായർ, കോയിരുപുറത്തു ചേന്നൻ കുമാരൻ, ചെന്നിത്തലൈ ഈരായ ചേകരൻ, പള്ളിവരുത്തി താമോദരൻ, കോതൈ എന്നിങ്ങനെ പോകുന്നു തിരുവല്ലം ക്ഷേത്രത്തിനു ഭൂമി കൊടുത്തവരുടെ പേരുകൾ. ഇനി, തൃക്കൊടിത്താനം ക്ഷേത്രത്തിലേക്കു ഭൂമി ദാനം നൽകിയവരുടെ പേരുകൾ കാണുക: തെഞ്ചേരി ചേന്നൻ, മൂത്തൂറ്റുതേവൻ ഈരാമൻ, കീഴ്മലൈനാട്ടു മാളുവാക്കോൻ, മുളംകാട്ടു ഈയക്കൽ കോവിന്തൻ, ഞാവക്കാട്ട് എതിരൻ കവിരൻ. ഇക്കൂട്ടരെല്ലാം അബ്രാഹ്മണരോ അവർണ്ണരോ ആയിരുന്നു. ആദിയിൽ നമ്പൂതിരി കുടുംബങ്ങൾ നിയന്ത്രിച്ചിരുന്ന ക്ഷേത്രങ്ങളുടെ ഭൂസമ്പത്ത് പൊതുസ്വത്തായിരുന്നെങ്കിലും ഊരാളന്മാരായ നമ്പൂതിരിമാർ ആ പേരിൽ ക്ഷേത്രഭൂമി സ്വന്തമെന്നപോലെ വിനിയോഗിച്ചുപോന്നു. കാലാന്തരത്തിൽ ക്ഷേത്രഭൂമി നമ്പൂതിരിമാർ സ്വന്തമാക്കുകയും, ഭരണകൂടങ്ങളെപ്പോലും നിയന്ത്രിക്കുന്ന വിധത്തിൽ സാമ്പത്തിക ശക്തികളാ

കുകയും ചെയ്തതോടെ, ഗത്യന്തരമില്ലാതെ സാമൂതിരിയും കൊച്ചി, വേണാടു രാജവംശങ്ങളും കണ്ടെത്തിയ പരിഹാരമാർഗ്ഗമാണ് ദേവസ്വം രൂപവൽക്കരണത്തിലേക്കു നയിച്ചത്. അതോടെ ക്ഷേത്രംവക സമ്പത്തൊക്കെ ദേവന്റേതായി. അതു നോക്കിനടത്താൻ പൊതു ട്രസ്റ്റുകളും ഉണ്ടാക്കി. ഉദാഹരണത്തിന്, മല്ലിശ്ശേരി മനയിലെ നമ്പൂതിരിമാർ സ്വന്തമാക്കി വെച്ചാസ്വദിച്ചിരുന്ന ഗുരുവായൂർ ക്ഷേത്രത്തിന്റെ സമ്പത്തുകളാണ്, മാനവിക്രമൻ സാമൂതിരി ഗുരുവായൂർ ദേവസ്വമാക്കി മാറ്റിയത്. മല്ലിശ്ശേരിമനയിലെ മുതിർന്ന നമ്പൂതിരിമാരും നാട്ടുപ്രമാണിമാരുമടങ്ങുന്ന ഭരണസമിതിയെ ദേവസ്വം ട്രസ്റ്റിമാരാക്കിയെങ്കിലും അവർക്കും സ്വത്തിനുമേൽ കൈവശാധികാരം ഇല്ലായിരുന്നു. മാത്രവുമല്ല, ഭരണക്കാരെ സൗകര്യം പോലെ മാറ്റാനുള്ള അവകാശം സാമൂതിരിയിൽ നിക്ഷിപ്തമാക്കിയതിലൂടെ, നമ്പൂതിരിമാരുടെ കുത്തകാവകാശം നിയന്ത്രിച്ചു. സാമൂതിരി തുടങ്ങിവച്ച ആ നടപടി കൊച്ചിയിലേക്കും വേണാട്ടിലേക്കും വ്യാപിച്ചതോടെ, നമ്പൂതിരിമാരും ഊരാളരായ പ്രമാണിമാരും കൈയടക്കി നിയന്ത്രിച്ചിരുന്ന അമ്പലങ്ങൾ ദേവസ്വം വക സ്വതന്ത്രസ്വത്തായി. അതോടെ, കേരളക്കരയിലെ ഭൂസ്വത്തെല്ലാം രാജസ്വം,ബ്രഹ്മസ്വം,ദേവസ്വം എന്ന നിലയിലായി].

സമരംചെയ്തു നേടിയ ജന്മിത്വം

നാട്ടിലെ ഭൂസ്വത്തിന്റെ മുഖ്യഭാഗം ബ്രാഹ്മണ ഭൂസ്വാമിമാരുടെ കൈകളിലായിരുന്നെങ്കിലും അവർ കൃഷിയിറക്കാനും കൃഷിചെയ്യിക്കാനും ഉത്സുകരായിരുന്നില്ല. കലപ്പ, കാള എന്നിവ ഉപയോഗിച്ചുള്ള കൃഷി ഒഴിവാക്കണമെന്ന സ്മൃതിനിയമങ്ങളുടെ അടിസ്ഥാനത്തിൽ, നമ്പൂതിരിമാർ കൃഷിയെ നിഷിദ്ധകർമ്മമായാണു കണക്കാക്കിയിരുന്നത്. അത് ജനസംഖ്യയിലെ ബഹുഭൂരിപക്ഷത്തെ ഭൂരഹിതരാക്കുക മാത്രമല്ല, ലക്ഷക്കണക്കിന് ഏക്കർ ഭൂമി തരിശാവുന്ന അവസ്ഥയുമുണ്ടാക്കി. മേൽനോട്ടക്കാരെന്ന നിലയിൽ ഇതരസമുദായക്കാരായ ആളുകൾ ജന്മിമാരുടെ ഭൂമിയിൽ നടത്തിയിരുന്ന കൃഷിയായിരുന്നു അക്കാലത്തു മലയാളികളുടെ ആഹാരത്തിനുള്ള വകയൊരുക്കിയിരുന്നത്. പറമ്പിൽ നട്ടു വളർത്തിയിരുന്ന താളും തകരയും എല്ലാം മുഖ്യാഹാരമായിരുന്ന അക്കാലത്ത് അരി മലയാളക്കരയിലെ ഒരു ആർഭാട ഭക്ഷണമായിരുന്നു എന്നപരാമർശം പല ചരിത്രപുസ്തകങ്ങളിലും കാണാനാകും. അത്യാവശ്യത്തിനുള്ള ആഹാരസാധനങ്ങൾപോലുമില്ലാതെ നാടാകെ പട്ടിണിയായതോടെ തരിശുഭൂമിയിൽ കൃഷിയിറക്കണമെന്ന ആവശ്യം സമൂഹത്തിൽ ശക്തമായി. തത്ഫലമായി, ഭക്ഷ്യക്ഷാമം അതിജീവിക്കുന്നതിന് തിരുവിതാംകൂറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കൃഷിഭൂമി കപ്പയുംനെല്ലും കൃഷിചെയ്യാനായി പ്രജകൾക്കു പാട്ടത്തിനു നൽകാനുള്ള തീരുമാനമുണ്ടായി. പണ്ടാരപ്പാട്ടം എന്നാണ് അങ്ങനെ നൽകിയ ഭൂമിക്കുമേലുള്ള പാട്ടത്തിനു പറഞ്ഞിരുന്ന പേര്. തുടർന്ന്, ബ്രാഹ്മണ ജന്മിമാരും അവരുടെ അധീനതയിലുള്ള ഭൂമി പാട്ടത്തിനു നൽകുന്ന സാഹചര്യമുണ്ടായി. കേരളക്കരയിലെ സവർണ്ണ-ഈഴവ പ്രമാണിമാർക്കാണ് കൂടുതലായും പാട്ടത്തിന് സ്ഥലം ലഭ്യമായത്. കൂട്ടുകുടുംബങ്ങളിലെ കാരണവന്മാരെ, ഒരു നിശ്ചിത പാട്ടമീടാക്കി ഏൽപ്പിച്ചിരുന്ന ഭൂമിയിൽ കൃഷിചെയ്തു ലാഭമെടുക്കാമെന്നല്ലാതെ, ഭാഗംവെക്കാനോ വിൽക്കാനോ അനുവാദമുണ്ടായിരുന്നില്ല. കൃത്യമായ പ്രതിഫലമുറപ്പിച്ച് കൃഷിക്കുള്ള അവകാശം മറ്റൊരാളെ ഏല്പിക്കുന്ന കാണപ്പാട്ടവ്യവസ്ഥ, പാട്ടക്കാരന് പന്ത്രണ്ടു കൊല്ലത്തേക്കു ഭൂമി പണയമായി നൽകുന്നതിനു സമാനമായിരുന്നു. മിക്കവാറും ഒരു ഇടനിലക്കാരൻ മാത്രമായിരുന്ന കാണക്കാരൻ കർഷക

രെ ഉപയോഗിച്ചു കൃഷിജോലികൾ നടത്തിപ്പോന്നു. ജന്മിക്കും കാണക്കാരനുമുള്ള ഓഹരികഴിച്ചു ബാക്കി മാത്രമായിരുന്നു യഥാർത്ഥ കർഷകർക്കു കിട്ടിയിരുന്നത്. പന്ത്രണ്ടുവർഷത്തേക്കായിരുന്നു കാണം നൽകിയിരുന്നത് എങ്കിലും, വീണ്ടും ഒരു നിശ്ചിതതുകവാങ്ങിക്കൊണ്ട് കാണപ്പാട്ടം പൊളിച്ചെഴുതാനുള്ള സ്വാതന്ത്ര്യം ജന്മിക്കുണ്ടായിരുന്നു. അങ്ങനെ പല കുടുംബങ്ങളും പരമ്പരാഗതമായിത്തന്നെ കാണം ഭൂമി കൈവശംവെച്ചു കൃഷി ചെയ്യിച്ചിരുന്നു. അടിയായ്മ സ്വീകരിച്ച് ജന്മിമാരുടെ കൃഷിപ്പണിക്കു മേൽനോട്ടം വഹിക്കുകയും കുടുംബസമേതം ജന്മിയുടെ പരിചാരകന്മാരായി മാറുകയും ചെയ്ത കാണപ്പാട്ടക്കാരുടെ കുടുംബവും കുടുംബക്ഷേത്രവും കാലംചെന്നപ്പോൾ കാണം ഭൂമിയിലാവുകയും അവരുടെ കുടുംബപ്പേരുതന്നെ കാണം ഭൂമിയുടെ പേരിലായിത്തീരുകയുമുണ്ടായി.(ടി. മാധവറാവു, മെമ്മോഓൺ കാണപ്പാട്ടം റിന്യൂവൽ, 1867, കേരള സംസ്ഥാന ആർക്കൈവ്സ്). അതിൽനിന്നും കാണപ്പാട്ടവ്യവസ്ഥയുടെ ഒരു ഏകദേശരൂപം കിട്ടിയിട്ടുണ്ടാകുമല്ലോ.

കാണപ്പാട്ടവ്യവസ്ഥയിൽ കൃഷിനടത്തിയ പാട്ടക്കാർക്ക് കടുത്ത ചൂഷണങ്ങളാണ് ജന്മിമാരിൽനിന്നും നേരിടേണ്ടിവന്നത്. ബ്രാഹ്മണനോ ദേവസ്വമോ ഉടമയായ ഭൂമി നികുതിരഹിതമായിരുന്നെങ്കിലും, കാണം ഭൂമിക്ക് കാണക്കാരൻ നികുതിയടക്കേണ്ടതുണ്ടായിരുന്നു. പാട്ടപ്പടി(ഭൂമിയുടെ ഈടിന് പാട്ടക്കാരനിൽനിന്നു മുൻകൂറായി വാങ്ങിയിരുന്ന സംഖ്യ), മിച്ചവാരം(പന്ത്രണ്ടു കൊല്ലത്തിൽ ഒരിക്കൽ പാട്ടം പൊളിച്ചെഴുതുമ്പോൾ എഴുതുന്ന വാടകത്തുകയും ഓണക്കാഴ്ചയും ഉൾപ്പെട്ട തുക), ഏററ്ത്ഥം(പാട്ടം പുതുക്കിയെഴുതുമ്പോൾ ഉയർത്തിയെഴുതുന്ന മിച്ചവാരവും പഴയ മിച്ചവാരവും തമ്മിലുള്ള വ്യത്യാസം), ഒപ്പുസൂചി(ആധാരം പുതുക്കുമ്പോൾ ജന്മിക്കു കൊടുക്കേണ്ട വിഹിതം), ഓലപ്പണം(മുദ്രോലയിൽ ആധാരമെഴുതുന്നതിനു ജന്മിയുടെ കാര്യസ്ഥൻ കാണക്കാരനിൽനിന്നും വസൂലാക്കിയിരുന്ന പണം), തൂസിക്കാണം(കാര്യസ്ഥർ എഴുതുന്ന കാണാധാരം ഒപ്പുവെയ്ക്കുന്നതിനായി ജന്മി ഈടാക്കിയിരുന്ന തുക),കുററിക്കാണം(കൃഷിക്കുപയോഗിക്കുന്ന സ്ഥലം ഒരുക്കുമ്പോൾ മുറിച്ചുമാററിയ മരങ്ങളുടെ കുററി എണ്ണി കണക്കാക്കി തീർച്ചപ്പെടുത്തുന്ന കാണം) എന്നിങ്ങനെ നിരവധി പേരുകളിലുള്ള കാണപ്പണവും, ജന്മിക്ക് ഓണക്കാലത്തു നൽകേണ്ട ഓണക്കാഴ്ച, ക്ഷേത്രത്തിലെ ഉത്സവകാലത്തു നൽകേണ്ട ഉത്സവക്കാഴ്ച, പാട്ടവിഹിതം, പാട്ടവിഹിതം നൽകാൻ പററിയില്ലെങ്കിൽ ജന്മിക്ക് ഈടാക്കാൻ അവകാശമുണ്ടായിരുന്ന പലിശ, ജന്മികുടുംബങ്ങളിലെ ആറ് വിശേഷാവസരങ്ങളിൽ(ഉപനയനം,ചോറൂണ്, സമാവർത്തം,വിവാഹം, പിണ്ഡം,മാസം) കൊടുക്കേണ്ടിയിരുന്ന ആറുകാഴ്ച, ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, ശുദ്ധികലശം തുടങ്ങിയ പ്രത്യേകാവസരങ്ങളിൽ ജന്മിക്കു നൽകിയിരുന്ന പാട്ടക്കാഴ്ചയായ കളശ്ശവരി, പന്ത്രണ്ടു വർഷത്തിലൊരിക്കൽ കാണക്കാരൻ ജന്മിക്കു നൽകേണ്ടിയിരുന്ന അടുക്കുവതെന്ന പണം,പാട്ടംപൊളിച്ചെഴുതുമ്പോൾ നൽകുന്ന തുകയായ അവകാശം എന്നിങ്ങനെ കാണക്കാരെ പിഴിയാൻ ജന്മിമാർ അസംഖ്യം ഉപായങ്ങൾ സ്വീകരിച്ചിരുന്നു. പതിയുടെ(ഭരണാധികാരിയുടെ) വാരം(ഉത്പാദനത്തിന്റെ പങ്ക്) എന്നാണ് പാട്ടം എന്ന പദത്തിന്റെ അർത്ഥമെന്ന് വില്യംലോഗൻ വ്യാഖ്യാനിക്കുമ്പോഴും, എല്ലാ രീതിയിലും ചൂഷണത്തിന്റെ പാരമ്യമായിരുന്നു കാണപ്പാട്ടവ്യവസ്ഥയിലെ ചട്ടങ്ങൾ.

ഏതാണ്ട് അൻപതു വർഷത്തോളം അവയൊക്കെ സഹിച്ചു പാട്ടക്കൃഷി നടത്തിയ കൃഷിക്കാർ, ഒടുവിൽ, ആ ഭൂമി തങ്ങൾക്ക് അവകാശമായി നൽകണമെന്നാവശ്യപ്പെട്ട് സമരം തുടങ്ങി. ആ സമരത്തിന്റെ അന്ത്യത്തിലാണ് 1865 ജൂൺ മാസം, പണ്ടാരവകഭൂമി കൈവശം വെച്ചിരുന്നവർക്ക് അവകാശം നൽകിക്കൊണ്ട് തിരുവിതാംകൂറിൽ പണ്ടാരപ്പാട്ടവിളംബരം പുറപ്പെടുവിച്ചത്. പണ്ടാരപ്പാട്ടഭൂമിയിലെ കുടിയാന്മാർക്കു ലഭിച്ച അവകാശം ജന്മിഭൂമികളിലെ കുടിയാന്മാർക്കും കിട്ടുകയുണ്ടായി. അതോടെ, പാട്ടവസ്തുവിൽ പാട്ടക്കാരന് ഉടമസ്ഥാവകാശം ലഭിച്ചു. നായർ, അമ്പലവാസി, ഈഴവ സമുദായങ്ങളിലെ ഒരു വിഭാഗം, മുന്തിയ ഭൂസമ്പത്തിന്റെ ഉടമകളായതും ബ്രാഹ്മണേതര ജന്മിത്വവ്യവസ്ഥിതി നിലവിൽവന്നതും അതിനെത്തുടർന്നാണ്. 1875ലെ സെൻസസനുസരിച്ച്, പുരുഷന്മാരായ മലയാള ബ്രാഹ്മണരിൽ 33% പേർക്കും, പരദേശബ്രാഹ്മണരിൽ 20%പേർക്കും, നായന്മാരിൽ 7%പേർക്കും,ചാന്നാന്മാരിൽ 3%പേർക്കും, ക്രിസ്ത്യാനികളിൽ 5%പേർക്കും, ഈഴവരിൽ 4% പേർക്കും, പുലയരിൽ 3% ആളുകൾക്കുമാണ് ഭൂസ്വത്തും പദവിയും ഉണ്ടായിരുന്നത്. പണ്ടാരപ്പാട്ടവിളംബരം നിലവിൽവന്നു പത്തുവർഷത്തിനു ശേഷമുള്ള സ്ഥിതിവിവരക്കണക്കുകളിൽനിന്നും വ്യക്തമാകുന്നത്, കേരളത്തിലെ ബ്രാഹ്മണേതര സവർണ്ണസമുദായങ്ങൾ അനാദികാലം മുതൽക്കുതന്നെ അതിസമ്പന്നരായ ജന്മിമാരും ഭൂവുടമകളുമായിരുന്നു എന്നതു തെറ്റിദ്ധാരണമാത്രമാണ് എന്നാണല്ലോ.

പണ്ടാരപ്പാട്ടവിളംബരത്തെ, കേവലം ഭൂമി നേടിക്കൊടുത്ത ഒരു നടപടിമാത്രമായി ചുരുക്കിക്കാണാൻ സാധ്യമല്ല. അത്, പതിനായിരക്കണക്കിനു പാട്ടക്കുടിയാന്മാരെ സർക്കാരിനോടും ജന്മിമാരോടുമുള്ള ബാധ്യതകളിൽനിന്ന് മോചിപ്പിച്ചു. തുടർന്ന്, 1867ലെ ജന്മി-കുടിയാൻവിളംബരം(കാണപ്പാട്ടവിളംബരം)വസ്തുക്കളിൽ കുടിയാനുള്ള അധികാരം സ്ഥിരപ്പെടുത്തി. അനന്തരം, 1869ൽ കേരളക്കരയിൽ ആദ്യത്തെ ഭൂമിക്കച്ചവടം തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ഭൂമി വിൽക്കാനുള്ള അവകാശം കൈവന്നതോടെ ഭൂവുടമകളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉന്നതിയുണ്ടായി. അതേത്തുടർന്ന് ഭൗതികസാഹചര്യവികസനത്തിലും വിദ്യാഭ്യാസത്തിലുമടക്കം വലിയ മുന്നേറ്റമാണ് ഉണ്ടായത്. സമാന്തരമായി, ഭൂമി സ്വന്തമായ ചെറുകിടക്കാരായ കർഷകരുടെ മറ്റൊരു വിഭാഗം വളർന്നുവരുകയും, വിളകൾ ഉത്പാദിപ്പിക്കാനുള്ള സാഹചര്യം അവർക്കും ലഭിക്കുകയുണ്ടായി.ആ മാറ്റങ്ങളുടെ പരിണതഫലമായാണ് ബ്രാഹ്മണരല്ലാത്ത സവർണ്ണസമുദായങ്ങൾ കേരളത്തിന്റെ സാമൂഹികനേതൃത്വത്തിലേയ്ക്കുയർന്നത്. പണ്ടാരപ്പാട്ടഭൂമിയിലെ കുടിയാന്മാരായിരുന്നതിനു പുറത്ത്, കേരളത്തിലെ ചില ബ്രാഹ്മണേതര സവർണ്ണസമുദായസ്ഥർ ഭൂമിയുടെ കൈകാര്യാവകാശം അനുഭവിച്ചിരുന്നത്, ബ്രാഹ്മണരിൽനിന്ന് ഇഷ്ടദാനത്തിലൂടെ ലഭിച്ച ഭൂമിയിലാണ്. സംബന്ധവിവാഹത്തിലേർപ്പെട്ട സവർണ്ണസ്ത്രീകൾക്കു നമ്പൂതിരിമാർ ഇഷ്ടദാനം നൽകിയിരുന്ന ഭൂമിയും ക്രയവിക്രയസാധ്യതയില്ലാത്തതായിരുന്നു. കൈവശംവെച്ചു കൃഷിചെയ്യാനും ലാഭമെടുക്കാനും മാത്രം അവസരമുണ്ടായിരുന്ന ആ ഭൂമികളും കാലക്രമത്തിൽ നിയമസാധുതയുള്ള ഉടമസ്ഥതയിലേക്കു മാറിയതോടെയാണ് അവർ ഭൂപ്രഭുക്കളെന്ന നിലയിലേയ്ക്കു വളർന്നത്. കുടിയാളരിൽനിന്നും ജന്മിയെന്ന പദവിയിലേക്കും അടിയാളാവസ്ഥയിൽ

നിന്ന് ആഢ്യത്വത്തിലേക്കുമുണ്ടായ ആ മാറ്റത്തിന് കേവലം നാലോ അഞ്ചോ തലമുറകളുടെ പഴക്കമേയുള്ളൂ എന്നു വ്യക്തമാണല്ലോ.

ഈ വസ്തുതകൾ വിളിച്ചുപറയുന്നത്, കേരളത്തിലെ ജന്മികളാരും വിയർപ്പിന്റെ വിലയായി നേടിയതല്ല തങ്ങളുടെ സ്വത്തും പദവിയും എന്നുതന്നെയാണ്. ബ്രാഹ്മണർ ഇതര ജനവിഭാഗങ്ങളെ ഭയപ്പെടുത്തിയും, നായന്മാരും അമ്പലവാസികളുമടക്കമുള്ള ശൂദ്രജന്മികളും അപൂർവ്വം വരുന്ന അവർണ്ണ ജന്മിമാരും പോരാടിയുമാണ് ജന്മികളായത്. സമരം വഴി ഭൂമി സ്വന്തമാക്കിയ ജന്മിമാർ പിന്നീട് ബ്രാഹ്മണജന്മിമാരെപ്പോലെതന്നെ മനുഷ്യത്വരഹിതമായാണ് തങ്ങളുടെ കുടിയാന്മാരോട് ഇടപെട്ടത് എന്നതാണ് ഏറെ വൈരുദ്ധ്യം. കുടിയാന്മാർ ജന്മികളായി മാറിയപ്പോൾ, തങ്ങൾക്കുകീഴിൽ പണിയെടുത്തു ജീവിച്ച കുടിയാന്മാരോടു കാണിച്ചത് കൊടിയക്രൂരതകളാണ്. വന്നവഴി മറന്നുകളഞ്ഞ ആ പുത്തൻകൂറ്റുമാടമ്പിമാർ ബ്രാഹ്മണജന്മിമാർക്കൊപ്പം ചേർന്നു കുടികിടപ്പവകാശത്തിനുവേണ്ടി സമരം ചെയ്ത ചെറുകിട കർഷകരെയും കർഷകത്തൊഴിലാളികളേയും ഏറ്റവും ക്രൂരമായരീതിയിൽ ദ്രോഹിച്ചതിന്റെ ചരിത്രവും നമുക്കു മുന്നിലുണ്ട്. മനഃസ്സാക്ഷി മരവിച്ച അവരുടെ നരനായാട്ടുകളുടെ നേർച്ചിത്രങ്ങളാണല്ലോ പിന്നീടുള്ള കേരളചരിത്രത്തിന്റെ അധ്യായങ്ങളിൽ കാണുന്നത്. അതാണ് ജാതിവിവേചനം സൃഷ്ടിച്ച ഏറ്റവും പരിതാപകരമായ കീഴ്വഴക്കം. തനിക്കു മുകളിലുള്ളവൻ മുഖത്തു തുപ്പിയതിന്റെ കെറുവ്, തനിക്കു താഴെയുള്ളവന്റെ തലയിൽ തൂറ്റിയാലേ തീരൂ' എന്ന വികല മാനസികാവസ്ഥ ജാതിശ്രേണിയിലെ ഉച്ചനീചത്വങ്ങൾ ഓരോ മനുഷ്യമനസ്സിലുമുണ്ടാക്കി.

സാമ്പത്തികമായ ഔന്നത്യമോ ഭൂമിയ്ക്കുമേലുള്ള ആധിപത്യമോ ആയിരുന്നില്ല, സവർണ്ണനെന്ന സംജ്ഞക്ക് ഉയർന്നത് എന്ന അർത്ഥകല്പന നൽകിയതെന്നു നാം കണ്ടു.അതിനാൽ,അവശേഷിക്കുന്ന ഘടകമായ അധികാരസ്ഥാനങ്ങളിലെ മേധാവിത്വം കൂടി പരിശോധിക്കുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു. ഭൂമിയുടെ ഉടമസ്ഥതയിൽ മാത്രമല്ല വിദ്യാഭ്യാസത്തിന്റെ വിഷയത്തിലും ബ്രാഹ്മണേതര സമുദായങ്ങൾ പിന്നാക്കാവസ്ഥയിലായിരുന്നു എന്നുകാണാം. 1875ലെ സെൻസസ് രേഖകളനുസരിച്ചു നാലരലക്ഷം നായന്മാരിൽ 21% മാത്രമായിരുന്നു അടിസ്ഥാനവിദ്യാഭ്യാസമുള്ളവർ; 8,80,000 ഈഴവരിലെ മൂന്നു ശതമാനവും. ഈഴവരല്ലാത്ത അവർണ്ണരുടെ അവസ്ഥ അതിലും പരിതാപകരമായിരുന്നു. ബ്രാഹ്മണരും ഒട്ടും മോശമായിരുന്നില്ല. ആ കണക്കുകൾ അടുത്ത അധ്യായത്തിൽ കാണാം.

ജന്മിത്വം മാത്രമല്ല; ജോലിയും പൊരുതിനേടിയതാണ്

അധികാരപങ്കാളിത്തത്തിനുവേണ്ടി(പ്രാതിനിധ്യം) ഇന്ത്യയിൽ നടന്ന ആദ്യ സംഘടിത മുന്നേറ്റമായാണ്, തിരുവിതാംകൂറിലെ മലയാളി മെമ്മോറിയൽ വിശേഷിപ്പിക്കപ്പെടുന്നത്. ദിവാൻഭരണത്തിനു കീഴിൽ സർക്കാർസർവ്വീസിലെ ജോലികൾ മുഴുവൻ ബ്രാഹ്മണർ, വിശേഷിച്ചും പരദേശ ബ്രാഹ്മണർ കൈയടക്കിവച്ചിരുന്ന അവസ്ഥക്കെതിരെ ഉയർന്നുവന്ന ജനരോഷത്തിന്റെ പരിണിതഫലമായാണ്, 1891 ജനുവരി 11നു മലയാളി മെമ്മോറിയലെന്ന അവകാശപത്രിക ശ്രീമൂലംതിരുനാൾ മഹാരാജാവിനു സമർപ്പിക്കപ്പെട്ടത്. സവർണ്ണസമുദായമായിരുന്നെങ്കിലും, അക്കാലത്ത്

നായന്മാർക്ക് തിരുവിതാംകൂറിലെ സർക്കാരുദ്യോഗങ്ങളിൽ കാര്യമായ പ്രാതിനിധ്യമുണ്ടായിരുന്നില്ല. അബ്രാഹ്മണർ കുലത്തൊഴിൽ ചെയ്താൽ മതിയെന്നും ശൂദ്രരെ പ്രവേശിപ്പിച്ചാൽ സർവ്വീസിന്റെ ഗുണമേന്മ കുറയും എന്നുമാണ് അതിന് നിരത്തപ്പെട്ട ന്യായീകരണം. പശ്ചിമതാരക,കേരളപത്രിക എന്നീ ദ്വൈവാരികകളുടെ 1880 ഫെബ്രുവരി ലക്കത്തിൽ കുംഭകോണം കോളേജിലെ ടി.ഗോപാലറാവു എന്ന ബ്രാഹ്മണൻ നടത്തിയതായി ദി ഡിക്ലൈൻ ഓഫ് നായർ ഡൊമിനൻസ് എന്ന കൃതിയിൽ റോബിൻജഫ്രി പരാമർശിക്കുന്ന പ്രസ്താവന ശൂദ്രരോടുള്ള ബ്രാഹ്മണരുടെ മാനസികാവസ്ഥ വ്യക്തമാക്കുന്നതാണ്. ഏതെങ്കിലും ഒരു നായർ, മദ്രാസ് സർവ്വകലാശാല നടത്തുന്ന എം.എ.പരീക്ഷ എന്നെങ്കിലും ജയിച്ചാൽ, താൻ തന്റെ മേൽമീശയെടുക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ വെല്ലുവിളി. ദേശസ്തബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം ഏറ്റവും വൈകാരികവും അപമാനകരവുമായ കർമ്മമായിരുന്നു മേൽമീശയെടുക്കൽ എന്നതുകൊണ്ടായിരുന്നു അത്ര കടുത്ത ഒരു വെല്ലുവിളി ഗോപാലറാവു നടത്തിയത്.(അധ്യായം:5):

> Between non-Malayali Brahmins and Nayars there was an incipient rancour. In fields such as education, which they had traditionally led, Brahmins were confident that they could not be overtaken. One declared, it was said, that he would cut off his moustaches if a Nayar ever passed the Master of Arts examination of the Madras University.[1] For a Desastha Brahmin, the removal of the moustaches would have been an emotional and humiliating gesture. The enthusiasm of Nayars for education,

യോഗ്യരായ അനവധി അബ്രാഹ്മണരുണ്ടായിരുന്നെങ്കിലും, അവരെ പരിഗണിക്കാതിരുന്ന ഭരണനേതൃത്വത്തിന്റെ ജാതിവിവേചനങ്ങൾക്കെതിരെ മഹാരാജാവിനു സമർപ്പിച്ച മലയാളിമെമ്മോറിയൽ എന്ന അവകാശ പത്രികയിൽ, നായർ, അമ്പലവാസി, ഈഴവ, ക്രിസ്ത്യൻ, സമുദായങ്ങളിൽപ്പെട്ട 10,028പേർ ഒപ്പിട്ടു. കെ.പി.ശങ്കരമേനോൻ, ബാരിസ്റ്റർ ജി.പി.പിള്ള, കെ.പി.പത്മനാഭ മേനോൻ, എം.കെ.പത്മനാഭൻ പിള്ള, നാഗർകോവിൽ ശിവൻപിള്ള, കാവാലം നീലകണ്ഠപ്പിള്ള, സി.വി.രാമൻപിള്ള, സി.കൃഷ്ണപിള്ള, കെ.സി.ഷഡാനനൻ നായർ തുടങ്ങിയ സവർണ്ണ നേതാക്കന്മാരുടെ നേതൃത്വത്തിൽ നടന്ന ആ ജനമുന്നേറ്റത്തിൽ, ഡോ.പൽപ്പുവിനെപ്പോലെയുള്ള ചില അവർണ്ണപ്രമുഖരും അപൂർവ്വം അഹിന്ദുക്കളും പങ്കെടുത്തു.

പരദേശബ്രാഹ്മണരെ ഇറക്കുമതിചെയ്ത് അവരോധിച്ചിരുന്നതിനെതിരെ തദ്ദേശീയരായ മലയാളികൾ ഉയർത്തിവിട്ട പ്രതിഷേധമായാണ് ആ അവകാശ പ്രഖ്യാപനത്തെ ചരിത്രപുസ്തകങ്ങൾ പലതും അടയാളപ്പെടുത്തുന്നത്. എങ്കിലും, അധികാരസ്ഥാനങ്ങൾ കുത്തകയാക്കി കൈയ്യടക്കിവെച്ചിരുന്ന ആളുകളിൽ ഭൂരിപക്ഷവും തമിഴ്ബ്രാഹ്മണർ ആയിരുന്നു എന്നതിനുമപ്പുറം പ്രാദേശിക-പരദേശീയമാനങ്ങൾ ഒന്നും ആ വിഷയത്തിലുണ്ടായിരുന്നില്ല എന്നതാണു വസ്തുത. മലയാള ബ്രാഹ്മണർക്കു പൊതുവെ സേവനമേഖലയായ സർക്കാർ ജോലികളിൽ താത്പര്യം കുറവായിരുന്നതിനാലാണ് തമിഴ്ബ്രാഹ്മണരെ നമ്പൂതിരിമാർ അവരോധിച്ചത്. കേരളക്ക

രയിൽ ജീവിച്ചിരുന്ന തമിഴ്ബ്രാഹ്മണരെ പതിത ബ്രാഹ്മണരായാണ് നമ്പൂതിരിമാർ സാമാന്യേന കണക്കാക്കിയിരുന്നത്. നമ്പൂതിരിമാർ അവരോടൊപ്പം പന്തി പങ്കിടുകയോ പരിധിവിട്ടു സംസർഗ്ഗം പുലർത്തുകയോ ചെയ്തിരുന്നില്ല. മെച്ചപ്പെട്ട നമ്പൂതിരിമാരുടെ ഇല്ലങ്ങളിലെ അടുക്കളപ്പണിക്കാരും സഹായികളുമായി ഒതുങ്ങിയ അവർ സർക്കാർ ഉദ്യോഗം വലിയ ഒരു സാമൂഹ്യാംഗീകാരമായാണ് കണ്ടത്. അതുകൊണ്ടുമാത്രമാണ് തദ്ദേശീയ ബ്രാഹ്മണരെക്കാൾ പരദേശീയ ബ്രാഹ്മണർ സർക്കാർജോലികളിൽ കൂടുതൽ പ്രാതിനിധ്യം നേടിയത്. കൂടാതെ, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും അവർ അന്ന് താരതമ്യേന മുന്നേറ്റം നേടിയിരുന്നു.

ബ്രാഹ്മണ്യാധിപത്യത്തിനു കീഴിലെ സ്വജനപക്ഷപാതിത്വത്തിനും വർണ്ണവിവേചനത്തിനും എതിരെ ഉയർന്ന ശക്തമായ ജനമുന്നേറ്റമായിരുന്നു മലയാളിമെമ്മോറിയൽ എന്നുതന്നെ കരുതാം. ആ അവകാശ പത്രികയിലെ ആവശ്യങ്ങൾ ആദ്യഘട്ടത്തിൽ നിഷേധിക്കപ്പെട്ടെങ്കിലും, 1892 ആഗസ്റ്റിൽ ശങ്കരസുബ്ബയ്യർ ദിവാനായതോടുകൂടെ ഔദ്യോഗിക നയങ്ങൾ നായർ സമുദായത്തിന് അനുഗുണമായിത്തീർന്നു. അതോടെ അവർ സർക്കാർ സർവ്വീസിലേക്കു കൂടുതൽ കടന്നുവരാനും തുടങ്ങി. തുടക്കത്തിൽ നാനാജാതിമതസ്ഥർ പങ്കെടുത്തതായിരുന്നു മലയാളി മെമ്മോറിയലെങ്കിലും, ഫലപ്രാപ്തിയിലെത്തിയപ്പോൾ ബ്രാഹ്മണരുമായി അടുത്തിടപഴകിയിരുന്ന നായർസമുദായത്തിനു മാത്രമാണ് അതിലൂടെ ഗുണഫലങ്ങൾ നേടാനായത്. അങ്ങനെ, മലയാളി മെമ്മോറിയൽ എന്ന പ്രതിഷേധത്തിന്റെ പരിണതഫലമായി കിട്ടിയ ജാതിസംവരണത്തിലൂടെയാണ് മലയാളക്കരയിലെ അബ്രാഹ്മണസവർണ്ണ സമുദായങ്ങൾ ദ്രുതഗതിയിലുള്ള സമൂഹിക-സാമ്പത്തിക മുന്നേറ്റം നേടിയത്. ആ നേട്ടങ്ങൾ ഒരുക്കിക്കൊടുത്ത അസ്തിവാരത്തിലാണ് ഇന്ന് ആ വിഭാഗങ്ങൾ നാടിന്റെ നായകസ്ഥാനത്തു തലയുയർത്തി നിൽക്കുന്നത്. ജാതിമേന്മയോ ചാതുർവർണ്യവ്യവസ്ഥിതിയോ നേടിക്കൊടുത്ത ആഢ്യത്വത്തിന്റെ അടിത്തറയിലല്ല; ബ്രാഹ്മണ്യാധിപത്യം അടിച്ചേല്പിച്ച ജാത്യാപകർഷത്തിനെതിരെ പൊരുതി വാങ്ങിയ സംവരണത്തിലൂടെയാണ്, കേരളത്തിലെ അബ്രാഹ്മണ സവർണ്ണസമൂഹങ്ങൾ ഈ മണ്ണിൽ അസ്തിത്വമുറപ്പിച്ചത് എന്നുതന്നെയാണ് അതു കാണിക്കുന്നത്.യാതൊരു സംവരണത്തിന്റെയും പിൻബലമില്ലാതെ ലോകം കീഴടക്കിയതിന്റെ വീരസ്യം വീളമ്പുന്ന അഭിനവജാതിവാദികൾ അക്കാര്യം ഓർക്കേണ്ടതുണ്ട്.

ഔദ്യോഗിക മേഖലകളിൽനിന്നും അവർണ്ണരെ അകറ്റിനിറുത്തുന്ന അവസ്ഥ മലയാളിമെമ്മോറിയലിനുശേഷവും തുടർന്നു. 1891-ലെ കണക്കുകളനുസരിച്ച്, വിദ്യാഭ്യാസം നേടിയ ഈഴവസമുദായാംഗങ്ങളുടെ എണ്ണം പന്ത്രണ്ട് ശതമാനം ഉണ്ടായിരുന്നെങ്കിലും, ജനസംഖ്യയിൽ ഇരുപതുശതമാനത്തോളമുണ്ടായിരുന്ന അവർ ജാതിയുടെ പേരിൽ സർക്കാർ ഉദ്യോഗങ്ങളിൽനിന്നും ഒഴിച്ചുനിറുത്തപ്പെട്ടു. അതുകൊണ്ടാണ് സർക്കാർ ജോലികളിൽ പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട്, ഈഴവർക്ക് 1896സെപ്തംബറിൽ ഈഴവമെമ്മോറിയലെന്ന പ്രക്ഷോഭത്തിനിറങ്ങേണ്ടിവന്നത്. അവർണ്ണനായതുകൊണ്ടുമാത്രം ഉന്നതവിദ്യാഭ്യാസവും ഉദ്യോഗവും നിഷേധിക്കപ്പെട്ട് കേരളം വിട്ടേണ്ടിവന്ന ഡോക്ടർ പൽപ്പുവായിരുന്നു ആ ജനമുന്നേറ്റത്തിന്റെ നേതൃത്വത്തിൽ.ആ അഭ്യർത്ഥനയോടും രാജഭരണം നിഷേധനിലപാടാണ് സ്വീക

രിച്ചത്. പിന്നെ 1900ൽ, വൈസ്രോയിയായിരുന്ന കഴ്സൻപ്രഭുവിനു ലഭിച്ച പരാതിക ളെത്തുടർന്ന് ഉണ്ടായ ഇടപെടലുകളുടെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ഭരണകൂടം നയങ്ങളിൽ അയവുവരുത്താൻ നിർബന്ധിതമായത്. അപ്പോഴും, ഈഴ വേതര അവർണ്ണസമുദായങ്ങൾ ചിത്രത്തിലേ ഇല്ലാത്ത രീതിയിൽ ഒഴിവാക്കപ്പെട്ടു. ആ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് പരിമിതമായ പ്രതിനിധ്യമെങ്കിലും നേടിയെടു ക്കാൻ ജനായത്തഭരണക്രമം നിലവിൽവരുന്നതുവരെ കാത്തുനിൽക്കേണ്ടിവന്നു.

സർക്കാരുദ്യോഗങ്ങളിൽ ബ്രാഹ്മണർ മാത്രമാണ് ഉണ്ടായിരുന്നത് എന്നതിനർത്ഥം, അക്കാലത്ത് മലയാളക്കരയിലെ ബ്രാഹ്മണരെല്ലാം വിദ്യാസമ്പന്നരായിരുന്നെന്നും സർക്കാർ സർവ്വീസിൽ നിയമിതരാകാൻ വേണ്ട യോഗ്യതകൾ ഉള്ളവരായിരുന്നെ ന്നുമല്ല; വിദ്യാഭ്യാസമുള്ള ബ്രാഹ്മണർക്കൊക്കെ നിയമനം ലഭിച്ചിരുന്നു എന്ന് മാത്ര മാണ്. 1918-ൽ പാറയിൽ രാമൻ നമ്പൂതിരി പ്രസാധകനായി യോഗക്ഷേമസഭ പ്രസി ദ്ധീകരിച്ച നമ്പൂതിരിമാർ എന്ന പുസ്തകത്തിൽ, മാത്തൂർ വാസുദേവൻ നമ്പൂതിരി പ്പാടെഴുതിയ മലയാള ബ്രാഹ്മണരെന്ന ലേഖനത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ അതിനുള്ള തെളിവാണ്:'ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മലയാളബ്രാ ഹ്മണർ പാതാളത്തിന്റെ അടിത്തട്ടിലാണ് അന്നും ഇന്നും ഇരിക്കുന്നത്. കൊച്ചിയി ൽ നൂറ്റിനൊന്നുവീതമെങ്കിലും(1/100) ഇംഗ്ലീഷ് അറിയുന്നവർ ഈ സമുദായത്തിലു ണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. പരദേശ ബ്രാഹ്മണരിൽ, കൊച്ചിയിൽ നൂറിൽ 16 വീതം ആളുകൾ ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവരാണ്. ഇംഗ്ലീഷു മലബാറിൽ ആ അംശ ത്തിൽ അല്പം ഭേദഗതികാണുന്നുണ്ട്. അവിടെയുള്ള മലയാള ബ്രാഹ്മണരിൽ, 100ൽ മൂന്നുവീതം പുരുഷന്മാരും ഒന്നുവീതം സ്ത്രീകളും ഇംഗ്ലീഷു പഠിച്ചിട്ടുള്ളവരാണ്. അങ്ങനെ വരുവാനുള്ള കാരണം മലയാളം സംസാരിക്കുന്ന എമ്പ്രാതിരിമാരെയും മലയാള ബ്രാഹ്മണരായി ഗണിക്കുന്നതുകൊണ്ടാണെന്നു വരാം. എഴുതാനും വായി ക്കാനും അറിയാവുന്നവരുടെ കണക്കെടുത്താലും, ബ്രിട്ടീഷ് മലബാറിൽ ആയിര ത്തിൽ 447ഉം കൊച്ചിയിൽ 700ഉം തിരുവിതാംകൂറിൽ 660ഉം മാത്രമായിരുന്നു ബ്രാ ഹ്മണസമുദായത്തിലെ സാക്ഷരത'. 1918-ൽ അതായിരുന്നു സ്ഥിതിയെങ്കിൽ, അതി നു മുമ്പുള്ള കാലങ്ങളിൽ അവസ്ഥ അതിലും എത്രയോ പരിതാപകരമാകാനാണു സാധ്യത. എന്നിട്ടും അവർ യോഗ്യരായത് ജാതിയുടെ മാത്രം ബലത്തിലാണ്.

ബ്രാഹ്മണരോളം തന്നെയോ അതിലേറെയോ അർഹരായ അബ്രാഹ്മണർ ഉണ്ടായി രുന്നിട്ടും അവർ തഴയപ്പെട്ടതിന്റെ കാരണം കഴിവായിരുന്നില്ല; ജാതി മാത്രമായി രുന്നു. അതിനാലാണ്, ജാതി അടിസ്ഥാനമാക്കിയുള്ള, പ്രാതിനിധ്യം ആവശ്യപ്പെട്ടു കൊണ്ടുള്ള സവർണ്ണ-അവർണ്ണ ജനമുന്നേറ്റങ്ങൾ ഉണ്ടായത്. മലയാളി മെമ്മോറിയ ലിനെയും ഈഴവ മെമ്മോറിയലിനെയും നിവർത്തക പ്രക്ഷോഭത്തെയുമൊക്കെ സ്വാതന്ത്ര്യസമരത്തിന്റെ അധ്യായങ്ങളായി ചരിത്രകാരന്മാർ അടയാളപ്പെടുത്തു മ്പോഴും അവയുടെയെല്ലാം അടിസ്ഥാനസ്വഭാവം, പൗരന്റെ സാമ്പത്തികവും സാ മൂഹികവുമായ പരാധീനതകൾക്കു പരിഹാരം തേടിയുള്ള പ്രക്ഷോഭങ്ങളെന്നതാ യിരുന്നു. അതുകൊണ്ടാണ്, കേസരി ബാലകൃഷ്ണപ്പിള്ള സർക്കാരുദ്യോഗത്തിൽ ആനുപാതികപ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവർത്തനപ്രക്ഷോഭത്തെ പൗരസമത്വപ്രസ്ഥാനം എന്നപേരിൽ തന്റെ ലേഖനങ്ങളിൽ അവതരിപ്പിച്ചത്. മല

യാളിമെമ്മോറിയലിനെപ്പറ്റിയുള്ള മറ്റു പ്രചാരണങ്ങളൊക്കെ ഭൂതകാലസത്യങ്ങൾ തമസ്കരിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമായ പൊളിച്ചെഴുത്തുകൾ മാത്രമാണ്.

ആദ്യകാലത്ത് ബ്രാഹ്മണർക്കു മാത്രം മെറിറ്റുണ്ടായത് എങ്ങനെയാണെന്നു മനസ്സിലാക്കാനുതകുന്ന ഒരു മനുസ്മൃതിനിയമം കാണുക: ബ്രാഹ്മണനെ സംവാദത്തിൽ തോൽപ്പിച്ചാലും, വന്ദിച്ചു ക്ഷമയാചിച്ച് സമാധാനപ്പെടുത്തേണ്ടതാണ്(വിവാദേവാവിനിർജിത്യ പ്രണിപത്യ പ്രസാദയേൽ-അധ്യായം:011, ശ്ലോകം:205). അതായത്, ബ്രാഹ്മണനെ സംവാദത്തിൽ മാത്രമല്ല; ഒരു കാര്യത്തിലും ആരും തോൽപ്പിച്ചിട്ടു കാര്യമില്ല. ജയിച്ചാലും ബ്രാഹ്മണനോടു തോറ്റുകൊടുക്കേണ്ടിവരുന്നതായിരുന്നു അക്കാലത്തെ അബ്രാഹ്മണരുടെ അയോഗ്യത. ഒറ്റയ്ക്ക് ഓടി ബ്രാഹ്മണർ ഒന്നാമതെത്തിയത് ഇങ്ങനെയൊക്കെ ആയിരുന്നു എന്നാണ് മനുസ്മൃതി സാക്ഷ്യപ്പെടുത്തുന്നത്. ഏതു ജാതി എന്നതുമാത്രമായിരുന്നു അന്നത്തെ മെറിറ്റിന്റെ നിർവ്വചനം.

[പിൻകുറിപ്പ്: മികച്ച വിദ്യാഭ്യാസവും പരിശീലനവും ലഭിക്കാനുള്ള സാഹചര്യമുണ്ടാകുക എന്നതിനപ്പുറം മെറിറ്റ് എന്നപദത്തിന് ഇക്കാലത്ത് എന്തെങ്കിലും സാംഗത്യമുണ്ടെന്നു കരുതാനാകുമോ? നൂറുശതമാനത്തിനടുത്തു വിജയം സ്ഥിരമായ പരീക്ഷാഫലങ്ങൾ അതാണ് തെളിയിക്കുന്നത്. നല്ലവിദ്യാഭ്യാസം ലഭിച്ചാൽ ആർക്കും ഉയർന്നമാർക്ക് നേടാമെന്നും, നല്ല പരിശീലനവും മാർഗ്ഗനിർദ്ദേശവും കിട്ടിയാൽ ആർക്കും മത്സരപരീക്ഷകളിലൂടെ ജോലി കരസ്ഥമാക്കാമെന്നും തെളിയിക്കപ്പെടുന്ന ഇക്കാലത്ത്, മെറിറ്റ് എന്നതിന് സാമ്പത്തികസുരക്ഷ എന്നതിനപ്പുറം അർത്ഥം കൽപ്പിക്കേണ്ടതില്ലല്ലോ. അതിനാൽ, ഏതെങ്കിലുമൊരു പ്രത്യേക ജാതിയിൽ ജനിച്ചതുകൊണ്ട് അതിബുദ്ധിമാന്മാരാകുമെന്നും മറ്റേതെങ്കിലും ജാതിയിൽ ജനിച്ചതിനാൽ മണ്ടന്മാരാകുമെന്നും വിചാരിക്കുന്നതു വിഡ്ഢിത്തമാണ്. മെറിറ്റിനു പണ്ടും അത്രമാത്രമേ സാംഗത്യം ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് ആദ്യകാലങ്ങളിൽ ബ്രാഹ്മണർക്കു മാത്രവും, പിന്നീട് ഇതര സവർണ്ണർക്കും, ഇപ്പോൾ മറ്റുള്ളവർക്കും മെറിറ്റുണ്ടാകുന്നത്. ബ്രാഹ്മണർ, ശൂദ്രർക്കു മെറിറ്റില്ല എന്നു പറഞ്ഞ് അവഗണിച്ചിരുന്നതിനും, ആ ശൂദ്രർ അവർണ്ണർക്കു മെറിറ്റില്ലെന്നു പറഞ്ഞ് അവഹേളിക്കുന്നതിനും അതിനപ്പുറത്തുള്ള മാനങ്ങളില്ല. ആർക്കെങ്കിലും അർഹതയില്ലെന്ന അവസ്ഥയുണ്ടാണ്ടാകുന്നുങ്കിൽ, അതിനർത്ഥം അവർക്ക് മത്സരങ്ങളിൽ ഒരേ നിലയിൽ പങ്കെടുക്കുവാൻ അവസരമില്ല എന്നുമാത്രമാണ്. അതിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണമാണ്, എൻട്രൻസ് പരീക്ഷാഫലങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന അസന്തുലിതാവസ്ഥ. വലിയതുക ഫീസുകൊടുത്തു പഠിക്കാൻ അവസരമില്ലാത്തവർക്ക് ഇപ്പോഴും അതൊരു അപ്രാപ്യമേഖലയാണല്ലോ. അക്കാര്യത്തിൽ ജാതിയും മതവും ഒരു ഘടകമേ അല്ല. സംവരണം ലഭിക്കുന്ന വിഭാഗങ്ങളിൽപ്പോലും കൂടുതൽ നേട്ടമുണ്ടാക്കിയത് ആ സമുദായങ്ങളിലെ സാമ്പത്തികമായി മേൽപ്പാളികളിലുള്ളവരാണ് എന്നതാണ് അതിനുള്ള സാധൂകരണം. പ്രശസ്തരായ വ്യക്തികളുടെ മക്കൾ, അതാതു മേഖലകളിൽ എളുപ്പവഴികളിലൂടെ മുൻനിരയിൽ സ്ഥാനം പിടിക്കുന്ന വർത്തമാനകാലത്തെ അവസ്ഥയുമായി ഇതിനെ ബന്ധിപ്പിച്ചു കാണാം. പ്രമുഖരുടെ മക്കളെക്കാൾ പ്രതിഭയുള്ളവർ എങ്ങുമെത്താനാകാതെ തഴയപ്പെടുമ്പോഴും, അവർ നേരെ മുൻപന്തിയിലെത്തുന്നത് അപാരമായ കഴിവുള്ളവരായതുകൊണ്ടല്ല. അവർക്കു മുന്നിൽ സാഹചര്യങ്ങളൊരുക്കുന്ന തടസ്സങ്ങളില്ല എന്നതുകൊണ്ടാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നിലായിപ്പോയ വിഭാഗങ്ങൾക്ക് ഒരേനിലയിൽ മത്സരിക്കാനുള്ള സാഹചര്യം ഒരുങ്ങുന്നതുവരെ സംവരണം കൊടുക്കുക എന്നത് അവരെ ആ നിലയിലാക്കിയവരുടെ പിൻതലമുറകളുടെ ഉത്തരവാദിത്തമാണ്. അതുതന്നെയാണ് സാമൂഹ്യനീതി എന്നതുകൊണ്ട് വാസ്തവത്തിൽ

അർത്ഥമാക്കുന്നത്. സംവരണം ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു അവരുടെ അവസ്ഥ എന്ന ചോദ്യത്തിലാണ്, എന്തിനുവേണ്ടിയാണു സംവരണം എന്ന ചോദ്യത്തിന്റെയും ഉത്തരം ഇരിക്കുന്നത്. സംവരണം ഇല്ലെങ്കിൽ, ശൂദ്രനും അവർണ്ണനും മെറിറ്റില്ലാത്തവനാണ് എന്ന മുൻവിധിതന്നെ അവരെ തടഞ്ഞ്, അവരുടെ സകല കഴിവുകളെയും കെടുത്തിക്കളയുമായിരുന്നു. കഴിവു തെളിയിക്കാനുള്ള അവസരങ്ങൾപോലും നിരാകരിക്കപ്പെടുമായിരുന്നു. ദുർബ്ബലജനവിഭാഗങ്ങൾക്കിടയിൽനിന്നും എത്ര രാഷ്ട്രപതിമാരുണ്ടായാലും, മത്സരത്തിലൂടെ ഒരു പഞ്ചായത്തുമെമ്പർപോലും ഉണ്ടാകാൻ സമ്മതിക്കില്ല എന്നതാണ് ഇന്ത്യയിലെ യാഥാർത്ഥ്യം. അപ്പോൾ, ജാതി ഒരു വിപരീതഘടകമായി വിധിയെഴുതും. പണ്ടു പരത്തിയ മുൻവിധികളും വിരുദ്ധതയും സർവ്വശക്തിയോടെ പത്തിയുയർത്തും.

സാമ്പത്തിക സുസ്ഥിരതയാണു കാരണമെങ്കിൽ, പരിഹാരം സാമ്പത്തിക സംവരണമല്ലേ എന്നു ചിന്തിക്കുന്നവരുണ്ടാകാം. അത് നീതിയല്ല. എന്തുകൊണ്ടെന്നാൽ, അടിച്ചു നട്ടെല്ലൊടിച്ചിട്ടിരിക്കുന്ന ഒരാളോട്, വന്നു ഗുസ്തിയിൽ പങ്കെടുത്തു ജയിക്കാൻ ഉപദേശിക്കുന്നതുപോലെ അധാർമ്മികമാണത്. ഏറ്റവും കുറഞ്ഞത് നേരെ നിവർന്നുനിൽക്കാനുള്ള സാഹചര്യമുണ്ടാകുന്നതുവരെ വെല്ലുവിളി ഒഴിവാക്കുന്നതല്ലേ നീതി? സംവരണവിഭാഗങ്ങളിലെ ചിലർ ഇക്കാലയളവിനുള്ളിൽ കരകയറിയിട്ടുണ്ടെന്നതിനാൽ, ഇനി സാമ്പത്തിക സംവരണം മതി എന്നവാദഗതി ഇന്നു പ്രബലമാണല്ലോ. സോഷ്യോളജി എന്ന വിഖ്യാതകൃതിയിൽ ജോൺ.ഇ.ഫാർലി അവതരിപ്പിച്ചിട്ടുള്ള ഒരു ഉപമ, ജാതിസംവരണം തുടരുന്നത് അനീതിയാണെന്നും, അത് അവസാനിപ്പിക്കാൻ സമയമായെന്നും വാദിക്കുന്നവരുടെ ചിന്തയിലെ നിരർത്ഥകത ബോദ്ധ്യപ്പെടുത്താൻ പര്യാപ്തമാണ്: രണ്ട് ഓട്ടക്കാർ ഒരു ദീർഘദൂര ഓട്ടമത്സരത്തിൽ പങ്കെടുക്കുന്നതായി സങ്കൽപ്പിക്കുക. അതിലെ ഒരാൾ, ഓരോ കാലിലും പത്തുകിലോവീതം ഭാരം ബന്ധിച്ചുകൊണ്ടാണ് ഓടേണ്ടതെങ്കിൽ, അയാൾ ഒട്ടും വൈകാതെതന്നെ ക്ഷീണിതനായി പിന്നിലാകും. അതിനാൽ ആ മത്സരം നീതിപൂർവ്വകമാണെന്നു പറയാനാകില്ലല്ലോ. അയാൾ പകുതിദൂരം പിന്നിടുമ്പോൾ, കാലിലെ ഭാരം നീക്കം ചെയ്യാൻ ജഡ്ജ് തീരുമാനിക്കുന്നു എന്നും കരുതുക. അപ്പോൾപ്പോലും അയാൾ ബാക്കിദൂരം ഓടി ജയിക്കാൻ എന്തെങ്കിലും സാധ്യതയുണ്ടോ? ആ മാറ്റംകൊണ്ട് ആ ഓട്ടമത്സരം നീതിമത്കരിക്കാനാകുമോ? സ്വതന്ത്രനായി ഓടിയ ആൾ പിന്നിട്ട ദൂരം മുതൽ, രണ്ടാമനെ ഓടാൻ അനുവദിച്ചാൽപ്പോലും തുടർന്നുള്ള മത്സരം നീതിപൂർവ്വകമാകുമോ? ആദ്യ പകുതിയിലെ പരാധീനതകളും ക്ഷീണവും അയാളെ അവസാനം വരെ പിറകോട്ടു വലിക്കും എന്നകാര്യത്തിൽ സംശയമില്ലല്ലോ. ഓട്ടക്കാരന്റെ കാലിൽ ബന്ധിച്ചിട്ടുള്ള ഭാരത്തെ സംവരണ സമുദായങ്ങളിലെ ആളുകൾക്കു നേരിടേണ്ടിവന്ന വിവേചനങ്ങളായി കണക്കാക്കാം. അവയുണ്ടാക്കിയ കടുത്ത സാമ്പത്തികവും സമൂഹികവുമായ പരാധീനതകളും, ആത്മവിശ്വാസക്കുറവുമെല്ലാം മറികടക്കാൻ ആവശ്യമായ അവസരം കൊടുക്കാതെ, ഭാരം നീക്കിയസ്ഥിതിക്ക് ഇനി ഓടി ജയിക്കാൻപറ്റുമെങ്കിൽ ജയിച്ചാൽമതി എന്നുപറയുന്നത് കാലിൽ ഭാരംകെട്ടിയ നടപടിയെ ന്യായീകരിക്കുന്നതിനു തുല്യമാണ് എന്നാണ് ജോൺ. ഇ.ഫാർലി സമർത്ഥിക്കുന്നത്.

വനിതാസംവരണത്തിന്റെ കാര്യവും ഇതിനു സമാനംതന്നെയാണ്. മെറിറ്റില്ലാത്തതുകൊണ്ടല്ല അവർക്കും സംവരണം ആവശ്യമായി വരുന്നത്; സമൂഹം അവരുടെ കഴിവിനെ അംഗീകരിക്കാൻ മടിക്കുന്നതുകൊണ്ടാണ്. സ്ത്രീകൾ താഴേക്കിടയിലുള്ളവരാണെന്നും അവർ വീട്ടിലെ ജോലികളെടുത്ത് അടങ്ങിയൊതുങ്ങി കഴിഞ്ഞാൽ മതിയെന്നുമുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള പുരുഷാധിപത്യമാനസികാവസ്ഥയാണ് തടസ്സം. അതിലേക്കു നയിക്കുന്ന രൂഢമൂലമായ കാരണം അവർ ശൂദ്രതുല്യരാണെന്ന സ്മൃതിസിദ്ധാന്തമാണ്. ആ ഒരു മേൽവിലാസംതന്നെ അവരെ അയോഗ്യരാക്കുകയാണ്. ഒരേ നിലയിൽ പങ്കെടുക്കാൻ വിലക്കുകയും അവസരം നിഷേധിക്കുകയും ചെയ്യുന്ന മുൻവിധിയാണ് ഇവിടെയും കുറ്റവാളി.

സംവരണം നിർത്തലാക്കിയാലേ ആ സമൂഹങ്ങളിലുള്ളവരുടെ മത്സരക്ഷമത വർദ്ധിക്കൂ എന്ന 'ശുഭാപ്തിവിശ്വാസികളുടെ' വിമർശനത്തിൽ ഒരു കഴമ്പുമില്ല എന്നു തെളിയിക്കുന്ന ഒരു ചരിത്രസംഭവം കാണാം: ഭരണഘടനാനിർമ്മാണസഭയിൽ അംഗമായിരുന്ന രേണുകാ റോയി, ജനപ്രതിനിധിസഭകളിലേക്ക് സ്ത്രീസംവരണം ആവശ്യമില്ല എന്ന വാദമുയർത്തി 1947-ൽ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "സംവരണ സീറ്റുകൾ അനുവദിച്ചാൽ, സ്ത്രീകൾ എത്ര കഴിവുള്ളവരായാലും ജനറൽ സീറ്റുകളിലേക്ക് അവരെ പരിഗണിക്കുകയില്ല. ഭാവിയിൽ, ഇന്ത്യയിലെ സ്ത്രീകൾ അവരുടെ കഴിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടും. അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരങ്ങളുമുണ്ടാകും''. അവർ സ്ത്രീവിരുദ്ധയായതുകൊണ്ടല്ല; ആത്മവിശ്വാസം കൊണ്ടാണ് അങ്ങനെ പറഞ്ഞത്. പക്ഷേ, എഴുപത്തഞ്ചു വർഷത്തോളമാകുമ്പോഴും, ജനസംഖ്യയിൽ അൻപതു ശതമാനത്തിനുമേലുള്ള സ്ത്രീകളുടെ ജനപ്രതിനിധിസഭകളിലെപ്രാതിനിധ്യം പത്ത് ശതമാനത്തിൽ താഴെയാണ്. കിട്ടാൻ വേണ്ട യോഗ്യതകളെല്ലാമുണ്ടെങ്കിലും, കൊടുക്കാതിരിക്കാൻ കാരണങ്ങൾ തിരയുന്ന ഒരു വിഭാഗത്തിന്റെ കൈകളിലാണ് സമൂഹത്തിന്റെ കടിഞ്ഞാൺ എന്ന അവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം, അതിനെ മറികടക്കാൻ സംവരണം എന്ന സംരക്ഷണകവചം അനിവാര്യമാകുന്നു.]

മലയാളിമൊമ്മോറിയലിന്റെ പിന്നാമ്പുറം

മലയാളിമെമ്മോറിയലിന് ആ പേരു നൽകപ്പെടാനുള്ള കാരണം, അത് സകല മലയാളികൾക്കും വേണ്ടി സമർപ്പിക്കപ്പെട്ടതുകൊണ്ടോ, സമസ്ത മലയാളികളെയും പ്രതിനിധാനംചെയ്യുന്ന വിഷയമായതിനാലോ, ഇതരദേശങ്ങളിൽനിന്നുമുള്ള ബ്രാഹ്മണർക്കെതിരെ ഉള്ള നീക്കമായതുകൊണ്ടോ അല്ല. മറിച്ച്, അതിനു തുടക്കമിട്ടത് മലയാളി സഭയെന്ന തിരുവിതാംകൂറിലെ നായർ യുവാക്കളുടെ സംഘടനയായതിനാലാണ്. 1877-ൽ സി.വി.രാമൻപിള്ള, പി.എ.അയ്യപ്പൻപിള്ള, വി.എ.കേശവൻപിള്ള, പി.താണുപിള്ള തുടങ്ങിയ ഒരു സംഘം വിദ്യാസമ്പന്നരായ നായർ യുവാക്കളുടെ നേതൃത്വത്തിൽ രൂപീകൃതമായ മലയാളി സോഷ്യൽയൂണിയൻ ആണ്, 1886ൽ മലയാളിസഭയായ് രൂപം മാറിയത്. ആദ്യഘട്ടത്തിൽ, മലയാളിസഭയുടെ ഭാഗമായവരുടെ മാത്രം ഒപ്പുകൾ ഉൾപ്പെടുത്തി, പൂർണ്ണമായും നായന്മാരുടേതായ ഒരു നിവേദനം സമർപ്പിക്കുക എന്നതായിരുന്നു തീരുമാനം.എന്നാൽ അതിലെ പ്രായോഗികതയെക്കുറിച്ചും സ്വീകാര്യതയെക്കുറിച്ചും സന്ദേഹമുണ്ടായപ്പോഴാണ്, ഇതര വിഭാഗങ്ങളിലെ ചില പ്രമുഖരെക്കൂടി ഉൾപ്പെടുത്താൻ നിശ്ചയിച്ചത്. മലയാളി മൊമ്മോറിയലിന്റെ പിന്നാമ്പുറക്കാഴ്ചകൾ തേടിപ്പോയാൽ, നാം കേട്ടറിഞ്ഞ കാര്യങ്ങളിൽനിന്നും വ്യത്യസ്തമാണ് വാസ്തവമെന്നു വെളിവാകും. എന്നാൽ, ആ വസ്തുതകൾ അറിയാൻ സഹായകമായ പുസ്തകങ്ങൾ മലയാളികളാൽ എഴുതപ്പെട്ടിട്ടില്ല എന്നതാണു ഖേദകരം. അതിന് അതിന്റേതായ കരണങ്ങളുണ്ടാകാം.

റോബിൻ ജഫ്രി രചിച്ച The decline of Nayar dominance എന്ന പുസ്തകത്തിലെ അഞ്ചാം അധ്യായമായ The Malayali sabha and Malayali Memorial, മലയാളിമൊമ്മോറിയലിലേക്കു നയിച്ച സാഹചര്യങ്ങളുടെ സംക്ഷിപ്ത അവലോകനമാണ്. എം.എ.പാസ്സായ ആദ്യ നായർ സമുദായാംഗം(1880) പി.താണുപിള്ളയുടെ നേതൃത്വത്തിലുള്ള ഒരു സംഘം വിദ്യാസമ്പന്നരായ നായർ യുവാക്കളാണ് മലയാളി സോഷ്യൽ യൂണിയൻ രൂപീകരിച്ചത്. 1883ൽ, താണുപിള്ള തിരുവനന്തപുരത്തുനിന്നും കൊല്ലത്തേക്കു സ്ഥലംമാറി

യതോടെ നിർജ്ജീവമായ ആ സംഘടന, 1886-ൽ മലയാളിസഭ എന്ന പേരിൽ പുനഃരവതരിച്ചു. സമുദായാംഗങ്ങളായ സ്ത്രീകളുടെ ഇടയിൽ പാശ്ചാത്യ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചുകൊണ്ട്, അന്നു നിലനിന്നിരുന്ന വിവാഹസമ്പ്രദായം -സംബന്ധരീതി-മാറ്റിത്തീർക്കുക എന്നതായിരുന്നു അവരുടെ പ്രധാനലക്ഷ്യം.വിവാഹരീതി പരിഷ്കരണം പ്രഥമ അജണ്ടയായതിന്റെ കാരണം, സംബന്ധരീതിയിലുള്ള വിവാബന്ധത്തിന്റെപേരിൽ ദേശസ്തരും പരദേശികളുമായ ബ്രാഹ്മണരിൽനിന്നും നായർയുവാക്കൾക്കു നേരിടേണ്ടിവന്നിരുന്ന നിരന്തര അവഹേളനമാണ്.

ആദ്യകാലത്ത് സർക്കാരുമായി ഉറച്ചബന്ധം സ്ഥാപിച്ച മലയാളിസഭയ്ക്ക്, ഔദ്യോഗിക അംഗീകാരം നേടിയെടുക്കുന്നതിനും ചില രാജകുടുംബാംഗങ്ങളെ സംഘടനയുടെ രക്ഷാധികാരികളാക്കുന്നതിനും സാധിച്ചു. അതിന്റെ ഫലമായി മഹാരാജാസ് കോളേജിലെയും മദ്രാസ് സിവിൽ എൻജിനീയറിങ് കോളേജിലെയും സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് സഹായം നേടുന്നതിനും വിവിധസ്ഥലങ്ങളിലായി ഇരുപത്തഞ്ചോളം സ്കൂളുകൾ സ്ഥാപിക്കുന്നതിനും മലയാളിയെന്ന പേരിൽ ഒരു പത്രവും ഒരു ട്രേഡിങ്ങ് കമ്പനിയും തുടങ്ങുന്നതിനും മലയാളിസഭയ്ക്കു കഴിഞ്ഞു. എങ്കിലും, ആ സൗഹൃദാന്തരീക്ഷം അധികസമയം നീണ്ടുനിന്നില്ല. മദ്രാസിൽനിന്നും പുറത്തിറങ്ങിയിരുന്നു പത്രമായ സ്റ്റാൻഡേർഡിൽ 1887ൽ പ്രസിദ്ധീകരിക്കപ്പെട്ട, സർക്കാരിനെയും അതിന്റെ ബ്രാഹ്മണമുഖങ്ങളെയും കടുത്തഭാഷയിൽ വിമർശിച്ചിരുന്ന ലേഖനങ്ങൾ, മലയാളിസഭയെയും അതിന്റെ നേതാക്കളെയും സംശയത്തിന്റെ നിഴലിലാക്കി. ഭരണതലത്തിലെ ബ്രാഹ്മണാധിപത്യത്തിനെതിരെ 1882-ൽ(സ്വരാജ്യസ്നേഹിയെന്ന തൂലികാനാമത്തിൽ) ലേഖനമെഴുതിയതിനെത്തുടർന്നു മഹാരാജാസ് കോളേജിൽനിന്നും പുറത്താക്കപ്പെടുകയും തിരുവിതാംകൂർ വിട്ടുപോകേണ്ടിവരികയും ചെയ്ത സി.പരമേശ്വരപിള്ളയായിരുന്നു ആ വിമർശനങ്ങൾക്കു പിന്നിലെ ചാലകശക്തി. മഹാരാജാവിന്റെയും ദിവാന്റെയും പരദേശിബ്രാഹ്മണരുടെയും പീഡനങ്ങൾക്കെതിരെ ചില നായർ സമുദായാംഗങ്ങളായ സർക്കാരുദ്യോഗസ്ഥർ 1887-ൽ സ്റ്റാൻഡേർഡ് പത്രത്തിലൂടെ ആരംഭിച്ച ഒരു ക്യാമ്പയിൻ മലയാളിസഭയ്ക്കും സർക്കാരിനും ഇടയിലുള്ള ബന്ധം കൂടുതൽ വഷളാകാനും ഭരണകൂടത്തിന്റെ സംശയം വർദ്ധിക്കാനും ഇടയാക്കി.

1887 ആഗസ്റ്റ്-15നു പരമേശ്വരപിള്ള സ്റ്റാൻഡേർഡിൽ, തിരുവിതാംകൂറിലെ ശൂദ്രജനതയോടുള്ള അവഗണനയിൽ അതൃപ്തിയും പ്രതിഷേധവും അറിയിച്ചുകൊണ്ട് മഹാരാജാവിനെയും ദിവാനായ രാമറാവുവിനെയും സർക്കാരിലെ സർവ്വാധികാരിയായിരുന്ന ശരവണയ്യയെയും വിമർശിച്ചെഴുതിയ ലേഖനവും, തുടർന്നു മലയാളിസഭാംഗങ്ങൾക്കെതിരെയുള്ള ദണ്ഡനങ്ങളിൽ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് വൈസ്രോയിയായിരുന്ന കാനിമറപ്രഭുവിനയച്ച തുറന്ന കത്തുമാണ് മലയാളി മെമ്മോറിയൽ എന്ന അവകാശപത്രികയിലേക്കു നയിച്ചത്.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ മലയാളിസഭയെയും അതിൽ പങ്കെടുത്തവരെയും സംശയത്തിന്റെ നിഴലിലാക്കി. നിയമവിരുദ്ധപ്രവൃത്തികൾ ചുമത്തി കൃഷ്ണപിള്ളയെയും മറ്റു മിക്ക പ്രമുഖരെയും ദൂരെയിടങ്ങളിലേക്കു സ്ഥലംമാറ്റിയത് മുറുമു

റുപ്പിനും അസ്വസ്ഥതക്കും ശക്തമായ പ്രതിഷേധങ്ങൾക്കും വഴിവെച്ചു.ഇതിനിടെ യാണ്, സഭാനേതാക്കളിൽ ഒരാളിന്റെ ഭാര്യയെ, മഹാരാജാവിന്റെ രതിസുഖത്തി നായി കൂട്ടിക്കൊണ്ടുപോയ വാർത്ത സ്റ്റാൻഡേർഡ് റിപ്പോർട്ടു ചെയ്തത്. അഭ്യസ്തവിദ്യരായ യുവാക്കൾ അതൊരു ധാർമ്മികവിഷയമായി ഏറ്റെടുത്തതോടെ, ആ രീതി അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത പരക്കെ ചർച്ചാവിഷയമായി. അക്കാലത്തു നടന്ന സർക്കാർ നിയമങ്ങളിലൊക്കെ നായർസമുദായസ്ഥർ പാടെ ഒഴിവാക്കപ്പെട്ടപ്പോൾ എതിർപ്പ് പാരമ്യത്തിലെത്തി. അതിന്റെ വ്യാപ്തി വെളിവാക്കുന്നതാണ്, യോഗ്യതയുണ്ടായിരുന്ന താണുപിള്ളയെ തഴഞ്ഞുകൊണ്ട്, A.സീതാരാമ അയ്യരെന്ന തമിഴ്ബ്രാഹ്മണനെ ഹൈക്കോടതിയിൽ നിയമിച്ചതിനെ പരാമർശിച്ചുകൊണ്ട് സ്റ്റാൻഡേർഡിന്റെ ഡിസംബർലക്കത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിലെ സംഗതികൾ: '..... He lacked those special qualifications, which enable one to surrender one's wife to the embrace of another without the least scruple. Many others have been disqualified for promotions on similar ground'. അക്കാലത്ത് സർക്കാർ ജോലിയ്ക്കും ഉദ്യോഗക്കയറ്റത്തിനും നിശ്ചയിപ്പെട്ടിരുന്ന അധികയോഗ്യത പലപ്പോഴും അതായിരുന്നു!

ഒരേസമയം തിരുവിതാംകൂർരാജാവിനോടും സർക്കാരിനോടും പരിപൂർണ്ണ വിധേയത്വവും വിശ്വസ്തതയും പുലർത്തുകയും മദ്രാസിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന സ്റ്റാൻഡേർഡിൽ വിവിധ തൂലികാനാമങ്ങൾ ഉപയോഗിച്ചെഴുതിയ ലേഖനങ്ങളിൽ ശക്തമായവിമർശനം തുറന്നുവിടുകയും ചെയ്യുക എന്നനിലപാടായിരുന്നു മലയാളിസഭാനേതൃത്വം സ്വീകരിച്ചത്. 1890ൽ പരമേശ്വരൻപിള്ള 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്' എന്ന പേരിൽ, പേരുവെയ്ക്കാത്ത ഒരു പത്രിക പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ, നായന്മാരുടെ പൂർവ്വകാലപ്രതാപത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളും വർത്തമാനകാലത്തെ ആവലാതികളും വിശദമായി വിവരിച്ചിരുന്നു. ആ പത്രികയുടെ പശ്ചാത്തലത്തിൽ, നായർ യുവാക്കൾക്കിടയിൽ വ്യാപകമായ രീതിയിൽ പ്രചാരണം സംഘടിപ്പിക്കപ്പെട്ടു. അതിനെത്തുടർന്നാണ് 1890ൽ, മദ്രാസിൽ താമസിച്ചു പഠിക്കുകയോ ജോലി ചെയ്യുകയോ ആയിരുന്ന സി.വി.രാമൻപിള്ളയുടെയും പരമേശ്വരൻപിള്ളയുടെയും എൻ.രാമൻപിള്ളയുടെയും കെ.പി. ശങ്കരമേനോന്റെയും നായകത്വത്തിൽ മലയാളിമെമ്മോറിയലിന്റെ ആദ്യപ്രതി തയ്യാറാക്കിയതും സമുദായാംഗങ്ങളുടെ ഒപ്പുശേഖരണം നടത്തിയതും.

സ്റ്റാൻഡേർഡിൽ വന്ന ലേഖനങ്ങളും അനുബന്ധ സംഭവങ്ങളും നായർ യുവാക്കൾക്കിടയിൽ തീവ്രമായ ബ്രാഹ്മണവിരുദ്ധവികാരം ഉണ്ടാക്കിയെങ്കിലും, ഭൂവുടമകളും രാജഭക്തരും പാരമ്പര്യവാദികളുമായ യാഥാസ്ഥിതിക സമുദായാംഗങ്ങൾക്കിടയിൽ അസ്വസ്ഥത വ്യാപിച്ചു. മലയാളിസഭയുടെയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെയും തങ്ങളുടെയും നിലനിൽപ്പ് അപകടത്തിലാകും എന്ന ഭയമായിരുന്നു അവർക്ക്. ജനസംഖ്യയുടെ 19% മാത്രമുള്ള നായന്മാരുടെ തനിച്ചുള്ള ഒരുനീക്കം ഫലപ്രാപ്തി നേടാൻ സാധ്യതയില്ലാത്തതും എളുപ്പം അവഗണിക്കപ്പെടാൻ ഇടയുള്ളതുമാണെന്ന അവരുടെ ആശങ്കകൂടി പരിഗണിച്ചാണ്, ഇതര സമുദായങ്ങളിലെ ചിലരെ ഒപ്പുശേഖരണത്തിൽ പങ്കാളിയാകാൻ തീരുമാനിച്ചതും അവരെ സംബന്ധിക്കുന്ന ചില വിഷയങ്ങൾ അവസാനഘട്ടത്തിൽ എഴുതിച്ചേർത്തതും. അങ്ങനെയാണ് മല

യാളി മെമ്മോറിയൽ, നായന്മാരും ക്രൈസ്തവരും ഈഴവരും ഉൾപ്പെടുന്ന, മലയാളികളുടെ പ്രശ്നങ്ങൾ പ്രതിഫലിക്കുന്ന ഒരു ഭീമഹർജിയായി മാറിയത്.അപ്പോഴും മഹാഭൂരിപക്ഷം അവർണ്ണരും മുസ്ലിങ്ങളും മറ്റെല്ലാ പിന്നാക്കവിഭാഗങ്ങളും മലയാളിയെന്ന നിർവ്വചനത്തിന്റെ പുറത്തുതന്നെ നിർത്തപ്പെട്ടു. അതായത്, പറയപ്പെടുന്നതുപോലെ, മലയാളിമെമ്മോറിയൽ മലയാളികളെ മൊത്തം മുന്നിൽക്കണ്ട് നടത്തിയ ഒരു അവകാശപ്രഖ്യാപനമായിരുന്നില്ല എന്നതാണു യാഥാർത്ഥ്യം.

[പിൻകുറിപ്പ്: കേരളത്തിൽനിന്ന് ഇതര ദേശങ്ങളിലേയ്ക്കുള്ള പ്രവാസത്തിന്റെ ആരംഭം ഇന്ത്യയിൽ തന്നെയുള്ള വൻ നഗരങ്ങളിലേക്കായിരുന്നു. മദ്രാസും ബോംബെയും കൽക്കട്ടയും അടക്കമുള്ള നഗരങ്ങളിലേക്കുള്ള മലയാളികളുടെ ആദ്യകാല കുടിയേറ്റത്തിന്റെ പ്രധാനകാരണം ജാതിയുടെപേരിൽ നിലനിന്നരുന്ന വിവേചനങ്ങളായിരുന്നു. മലയാളിമെമ്മോറിയലിന് നേതൃത്വംനല്കിയ സി.വി.രാമൻപിള്ളയും(ആദ്യകാല മലയാളനോവലിസ്റ്റ്) പരമേശ്വരൻപിള്ളയും എൻ.രാമൻപിള്ളയും കെ.പി.ശങ്കരമേനോനും മറ്റും മദ്രാസിൽ പഠനത്തിനും ജോലിയ്ക്കും എത്തിയതിന്റെ പശ്ചാത്തലം അതായിരുന്നു. ഡോ.പൽപ്പുവിനെപ്പോലെയുള്ള അവർണ്ണപ്രമുഖരും, ഉന്നതവിദ്യാഭ്യാസവും ജോലിയും നിഷേധിക്കപ്പെട്ടതുകൊണ്ടാണ് കേരളത്തിനു പുറത്തേക്കു പോയത്. അതോടൊപ്പം, ഇവിടെ ജോലി ലഭിച്ചാൽത്തന്നെ മേലുദ്യോഗസ്ഥരായ സ്വദേശി-പരദേശിബ്രാഹ്മണരിൽനിന്നും നേരിടേണ്ടിവന്നിരുന്ന അവഗണനയും അവഹേളനവും അവരെ അലട്ടി. ശൂദ്രത്വത്തിന്റെ പേരിൽ മലയാളക്കരയിൽ വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നിരാകരിക്കപ്പെട്ട നായർ യുവാക്കളും, അവർണ്ണരായതിന്റെ പേരിൽ അസ്പൃശ്യരാക്കി അകറ്റിനിറുത്തപ്പെട്ട ഈഴവാദി സമുദായങ്ങളിലെ യുവാക്കളുമായിരുന്നു ഈ മണ്ണിൽനിന്നുമുള്ള പ്രവാസത്തിനു തുടക്കം കുറിച്ചത്. അത് കാലക്രമേണ കൊളംബോയിലേക്കും മലേഷ്യയിലേക്കും മറ്റു രാജ്യങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു. മുന്നേറ്റംനേടിയ ജാതിവിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹികോന്നമനത്തിനു വഴിയൊരുക്കിയതിൽ ആ കുടിയേറ്റങ്ങൾക്കും വലിയ പങ്കുണ്ട്.

മലയാളക്കരയിൽ ഉണ്ടായിട്ടുള്ള മതപരിവർത്തനങ്ങളുടെ ചരിത്രവും വ്യത്യസ്തമല്ല. ക്രിസ്തുമതത്തിലേക്ക് കേരളത്തിൽ ആദ്യമായി മതപരിവർത്തനം നടത്തിയത് പത്തനംതിട്ട കോഴഞ്ചേരിയിയിലെ ദൈവത്താനെന്ന കീഴാള അടിമയും കുടുംബവും ആയിരുന്നെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. നിലം ഉഴുകുന്ന നുകത്തിന്റെ ഒരുവശത്ത്, പോത്തിനു പകരംനിന്നു നുകം വലിക്കേണ്ടിവന്ന ഗർഭിണിയായ ഒരു കീഴാള അടിമസ്ത്രീയുടെ ഭർത്താവായിരുന്നു ദൈവത്താൻ. ഗർഭിണിയായ ആ സ്ത്രീ, ശരീരാസ്വാസ്ഥ്യംമൂലം ജോലിക്കു ചെല്ലാൻ വൈകിപ്പോയതിന് തമ്പുരാൻ വിധിച്ച ശിക്ഷയായിരുന്നു അത്. ജോൺ ഹോക്സ്വർത്ത് എന്ന യൂറോപ്യൻ നുകത്തിൽനിന്നു മോചിപ്പിച്ച ആ സ്ത്രീയും കുടുംബവും അനന്തരം ക്രിസ്തുമതം ആശ്ളേഷിച്ച് അടിമത്തത്തിൽനിന്നും ജാതിപീഢനങ്ങളിൽനിന്നും മുക്തിനേടി. ആ കുടുംബം ഹിന്ദുമതം ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുകയായിരുന്നു എന്നുതന്നെ പറയാം. എന്നാൽ,അവരെ ആ 'നിർബന്ധിതമതപരിവർത്തന'ത്തിന് പ്രേരിപ്പിച്ചത് ഇവിടത്തെ സവർണ്ണ ജാതിഭ്രാന്തന്മാരായിരുന്നു എന്നുമാത്രം. പിൽക്കാലത്തു നടന്ന പല മതംമാറ്റങ്ങളുടെയും അടിസ്ഥാന കാരണം, മലയാളക്കരയിൽ നിലനിന്നിരുന്ന അസഹ്യമായ ജാതിവിവേചനമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ മാറുമറയ്ക്കൽ സമരത്തിന്റെയും, അതിനെത്തുടർന്ന് ഉണ്ടായ ചാന്നാർലഹളയുടെയും ഫലമായി ക്രിസ്തുമതത്തിലേക്കു നാടാർ സമുദായത്തിൽനിന്നുണ്ടായ വ്യാപകമായ മതപരിവർത്തനവും അതു തെളിയിക്കുന്ന ഉദാഹരണമാണ്. അന്യമതങ്ങൾ വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗം കൊതിച്ചല്ല അവരൊക്കെ മതം മാറിയത്; ജനിച്ച മതം ഉറപ്പുനൽകുന്ന നരകജീവിതത്തിൽനിന്നു രക്ഷ

പ്പെടാനായിരുന്നു. ആദ്യകാലത്ത് ബ്രാഹ്മണേതര സവർണ്ണസമുദായങ്ങളിൽനിന്നും അന്യ മതങ്ങളിലേക്ക് നടന്ന മതംമാറ്റങ്ങളും, സംബന്ധവിവാഹം പോലെയുള്ള ബ്രാഹ്മണ്യ ചൂഷണങ്ങളിൽനിന്നു രക്ഷപ്പെടാനും ആത്മാഭിമാനം സംരക്ഷിക്കാനുമായിരുന്നു. പറയപ്പെടുന്നതുപോലെ ബ്രാഹ്മണരുടെ ഗർഭം സ്വീകരിക്കാൻ അബ്രാഹ്മണ സവർണ്ണസമുദായങ്ങളിലെ സ്ത്രീകൾക്കിടയിൽ മത്സരമൊന്നും ഉണ്ടായിരുന്നില്ല എന്നതാണു സത്യം.]

ജാതിബ്രാഹ്മണ്യം തങ്ങൾക്കു താഴെയുള്ള ഒരു സമൂഹത്തെയും വളരാൻ അനുവദിച്ചിരുന്നില്ല എന്ന ക്രൂരതക്ക് ഇരയാകേണ്ടിവന്നത് അവർണ്ണർ മാത്രമല്ല; അവരുടെ അടുപ്പക്കാരായ വിഭാഗങ്ങളും കൂടിയാണ് എന്നതാണല്ലോ ഇതിൽനിന്നു വ്യക്തമാകുന്നത്.അതിനുള്ള കാരണങ്ങൾ വ്യത്യസ്തമായിരുന്നു എന്നുമാത്രം.അവർണ്ണരെ അടിച്ചമർത്തിയതിന്റെ കാരണം, അവർ ആദ്യകാലത്തു ബ്രാഹ്മണ്യമതത്തിന്റെ താത്പര്യത്തിനൊത്തു നിലകൊണ്ടവരായിരുന്നില്ല എന്നതാണെങ്കിൽ(അതിന്റെ വിശദീകരണം അകത്താണെങ്കിലും പുറത്തുനിൽക്കേണ്ടിവരുന്നവരെന്ന അധ്യായത്തിൽ വായിക്കുക), ശൂദ്രർക്കുനേരെ നടപ്പാക്കിയ വിവേചനങ്ങളുടെ കാരണം, അവരെ എക്കാലവും തങ്ങളുടെ ആശ്രിതരാക്കി നിലനിർത്തുക എന്ന തന്ത്രമായിരുന്നു. അപ്പോഴും ഉണ്ടാകാവുന്ന ഒരു സന്ദേഹം, അനവധി രാജാക്കന്മാർക്കു ജന്മം കൊടുത്ത (ബ്രാഹ്മണേതര) സവർണ്ണർ എങ്ങനെ ശൂദ്രരായിമാറി എന്നതാണ്. അതിനുള്ള ഉത്തരം തേടിപ്പോയാൽ സ്വാർത്ഥതയുടെ മറ്റൊരു വികൃതമുഖം കാണാം:

സ്വർണ്ണത്തിനുപകരം ക്ഷത്രിയത്വം?

മലയാളക്കരയിൽ ചാതുർവർണ്യ വിഭജനം അത്ര കൃത്യമായുണ്ടായിരുന്നില്ല എന്നതാണല്ലോ സത്യം. ബ്രാഹ്മണരല്ലാത്തവരെല്ലാം ശൂദ്രരോ അവർണ്ണരോ ആയിരുന്നു. ക്ഷത്രിയരും വൈശ്യരും മലയാളക്കരയിൽ വളരെ അപൂർവ്വമായിരുന്നു. 1836,1854, 1875,1901 വർഷങ്ങളിലെ തിരുവിതാംകൂർ സെൻസസ് അനുസരിച്ച് ആ രാജ്യത്തെ ക്ഷത്രിയരുടെ അംഗസംഖ്യ 1319(0.10%), 1855(0.15%), 1456(0.06%), 1575(0.05%) മാത്രമായിരുന്നു.ആസ്തിയും അധികാരവുമുണ്ടായിരുന്ന പല ശൂദ്രനാടുവാഴികളും രാജാക്കന്മാരും ഹിരണ്യഗർഭത്തിലൂടെ 'ക്ഷത്രിയ'രായത് ഒഴിവാക്കിയാൽ, യഥാർത്ഥ ക്ഷത്രിയർ ഇവിടെ നാമമാത്രമായിരുന്നു. സാമന്തക്ഷത്രിയരാക്കപ്പെട്ട ശൂദ്രരായിരുന്നു ഇവിടത്തെ രാജാക്കന്മാരിൽ അധികവും. തിരുവിതാംകൂർ രാജവംശം, മവേലിക്കരരാജവംശം, എണ്ണക്കാട്ടുരാജവംശം, പ്രായിക്കര രാജവംശം, തിരുവല്ലം രാജവംശം, കാർത്തികപ്പള്ളി രാജവംശം,മറിയപ്പള്ളി രാജവംശം, ആറന്മുള രാജവംശം, കടനാട്ടുരാജവംശം, തെക്കുംകൂർ രാജവംശം, ഏറ്റുമാനൂർ രാജവംശം, വടക്കുംകൂർ രാജവംശം, കൊച്ചി രാജവംശം, കൊടുംങ്ങല്ലൂർ രാജവംശം, അയിരൂർ രാജവംശം, ഏറനാട്ടു രാജവംശം, വള്ളുവനാടു രാജവംശം, വടക്കൻ കോട്ടയം രാജവംശം, കുറുമ്പ്രനാട്ടു രാജവംശം, പരപ്പനാടു രാജവംശം, നീലേശ്വരം രാജവംശം, ചിറയ്ക്കൽ രാജവംശം, കോഴിക്കോട് രാജവംശം മുതലായ രാജവംശങ്ങളിൽ ഉൾപ്പെട്ടവർ മാത്രമായിരുന്നു മലയാളക്കരയിൽ സാമന്തന്മാരായിപോലും അംഗീകരിക്കപ്പെട്ടിരുന്നത്. അവർ ക്ഷത്രിയരായിരുന്നില്ല; കേവലസാമന്തന്മാരായിരുന്നു എന്നതുതന്നെയാണ് അതിനുള്ള തെളിവ്. ക്ഷത്രിയത്വത്തിനു സമമാക്കപ്പെട്ടവൻ എന്നതാണു സാമന്തക്ഷത്രിയനെന്നതിന്റെ വ്യാഖ്യാനം. അവർ വർണ്ണപരമായി ക്ഷത്രിയരാണെങ്കിൽ,

അവരെ സമപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ?ആ പട്ടികയ്ക്കുപുറത്തുള്ള നായന്മാരൊക്കെ ബ്രാഹ്മണ്യത്തിന്‍റെ കണക്കിൽ ശൂദ്രർ ആയിരുന്നു. കേരളത്തിലെ നായർവംശജരായ രാജാക്കന്മാർ ക്ഷത്രിയരായതുകൊണ്ടല്ല രാജാവായത്; രാജാവായതുകൊണ്ടു ക്ഷത്രിയരായവരാണ് എന്നതാണു ചരിത്രം പറയുന്നത്. പല ഔദ്യോഗിക രേഖകളിലും സമാന്തരെ പ്രത്യേക സമൂഹമായാണു കണക്കാക്കിയിരുന്നത്. നായന്മാർമാത്രമല്ല കേരളക്കരയിൽ സാമന്തരാജാക്കന്മൊരായിഉണ്ടായിരുന്നത്.അവർണ്ണ സമുദായങ്ങൾക്കിടയിൽനിന്നും ഇവിടെ രാജവംശങ്ങളും രാജാക്കന്മാരുമുണ്ടായിട്ടുണ്ട്.മലയാളക്കരയിലെ ഏക തീയ്യരാജവംശമായിരുന്ന മന്ദനാർമാർ അത്തരത്തിൽ ഒന്നായിരുന്നു. കോലത്തിരി രാജാവിന്‍റെ സാമന്തന്മാരായി, എരുവേശ്ശി മുതൽ പൈതൽമല വരെയുള്ള നാട്ടുരാജ്യത്ത് മന്ദനാർമാരുടെ വംശം ഭരണം നടത്തിയിരുന്നു. കൊക്കോതമംഗലമെന്ന പുലയരാജവംശവും കേരളത്തിലുണ്ടായിരുന്നു.

[ഭാരതത്തിലെമ്പാടും ശൂദ്രരാജാക്കന്മാർ ഉണ്ടായിരുന്നതായി മനുസ്മൃതിയിലെ പരാമർശങ്ങളിൽനിന്നും തെളിയുന്നുണ്ട്. ശൂദ്രൻ രാജാവായിരിക്കുന്ന രാജ്യത്തു ബ്രാഹ്മണൻ ഒരിക്കലും താമസിക്കരുത്.(അധ്യായം:4,ശ്ലോകം:61) എന്നൊക്കെയുള്ള മനുസ്മൃതിവചനങ്ങൾ അതിനെ സാധൂകരിക്കുന്ന പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണല്ലോ.]

തിരുവിതാംകൂറിലെ നായന്മാരായ രാജാക്കൻമാർ, രാജപദവി ഏറ്റെടുക്കുന്നതിനു മുൻപ് നിർബന്ധമായും ചെയ്യേണ്ടിയിരുന്ന ഒരു ചടങ്ങാണ് ഹിരണ്യഗർഭമെന്ന പേരിൽ അറിയപ്പെടുന്നത്. ഹിരണ്യഗർഭം എന്നാൽ, സ്വർണ്ണഗർഭപാത്രം എന്നാണത്രേ അർത്ഥം. ബ്രാഹ്മണരുടെ കണക്കിൽ ശൂദ്രനായി പിറന്ന രാജാവിനെ, ക്ഷത്രിയനാക്കാൻ വേണ്ടിയാണ് ആ ചടങ്ങ് അനുഷ്ഠിച്ചിരുന്നത്. ദാസ്യസമൂഹക്കാരായ ശൂദ്രർ രാജ്യഭരണം കൈയ്യാളുന്നത് നിഷിദ്ധവും ബ്രാഹ്മണ്യമതത്തിന്‍റെ നിയമങ്ങൾക്കു വിരുദ്ധവുമാണെന്ന ചാതുർവർണ്യവ്യവസ്ഥയിലെ ശാസനങ്ങളുടെ സംരക്ഷണാർത്ഥം സൃഷ്ടിക്കപ്പെട്ട ഒരു ആചാരമായിരുന്നു അത്. ഹിരണ്യഗർഭൻ എന്നത് ബ്രഹ്മാവിന്‍റെ മറ്റൊരു പേരാണെന്നും ബ്രഹ്മാവിലൂടെയുള്ള രാജാവിന്‍റെ പുനർജ്ജന്മമാകാം ആ ചടങ്ങുകൊണ്ട് ആവിഷ്കരിക്കുന്നതെന്നും ഒരു വ്യാഖ്യാനമുണ്ട്.

പത്തടി ഉയരവും എട്ടടി വ്യാസവുമുള്ള ഒരു സ്വർണ്ണപ്പാത്രമാണ് ഹിരണ്യഗർഭ ചടങ്ങിനായി ഉപയോഗിച്ചിരുന്നത്. പശുവിൽനിന്നു ലഭിക്കുന്ന പാല്, തൈര്, നെയ്യ്, ചാണകം, ഗോമൂത്രം എന്നീ വസ്തുക്കൾ ചേർത്തുണ്ടാക്കുന്ന പഞ്ചഗവ്യം ആ സ്വർണ്ണപ്പാത്രത്തിൽ പകുതിവരെ നിറയ്ക്കുന്നു. അതിനുശേഷം നിയുക്തരാജാവ് പുരോഹിതരുടെയും പണ്ഡിതന്മാരുടെയും ക്ഷണിക്കപ്പെട്ട പൗരപ്രമുഖരുടെയും സാന്നിദ്ധ്യത്തിൽ, പ്രത്യേകം നിർമ്മിച്ച കോണിയുപയോഗിച്ച് സ്വർണ്ണപ്പാത്രത്തിലെ പഞ്ചഗവ്യത്തിലേക്ക് ഇറങ്ങുന്നു. അനന്തരം, പാത്രം സ്വർണ്ണംകൊണ്ടു നിർമ്മിച്ച അടപ്പുകൊണ്ട് അടയ്ക്കുന്നു. ആ സമയത്ത് ബ്രാഹ്മണർ മന്ത്രങ്ങൾ ഉരുവിടുമ്പോൾ രാജാവ് പഞ്ചഗവ്യത്തിൽ പ്രാർത്ഥനാനിർഭരനായി അഞ്ചു തവണ മുങ്ങിക്കുളിക്കുന്നു. അതിനുശേഷം കോണിയുപയോഗിച്ചു പുറത്തിറങ്ങുന്നതോടെ രാജൻ സ്വർണ്ണപ്പാത്രത്തിലെ പഞ്ചഗവ്യത്തിൽനിന്നും-പശുവിന്‍റെ ഗർഭത്തിൽനിന്നും-ക്ഷത്രിയനായി പുനർജ്ജനിക്കപ്പെട്ടതായി കണക്കാക്കുന്നു. അനന്തരം, പഞ്ചഗവ്യസ്നാനത്തിന് ഉപയോഗിച്ച സ്വർണ്ണപ്പാത്രം കഷണങ്ങളായി മുറിച്ച്, അത് ബ്രാഹ്മണർക്കു ദാനം

ചെയ്യുന്നു. പശുവിന്റെ ഗർഭം ദിവ്യമാണെന്ന സങ്കല്പം ഊട്ടിയുറപ്പിക്കുന്നതിനും, ചാതുർവർണ്യവിഭജനപ്രകാരം ക്ഷത്രിയർക്കുമാത്രമേ രാജാവാകാൻ യോഗ്യതയുള്ളൂ എന്ന വാദം സ്ഥാപിച്ചെടുക്കുന്നതിനും വേണ്ടിയാണ് അത്തരം ഒരു ആചാരം നടപ്പിലാക്കിയതെന്നു വ്യക്തമാണല്ലോ. ബ്രാഹ്മണനിർമ്മിത നിയമങ്ങളുടെ നടപ്പാക്കലിലിലൂടെ ശൂദ്രനും ക്ഷത്രിയനാകാം എന്ന ആ ഉപചാരം, ജന്മമാണ് വർണ്ണവിഭജനത്തിന്റെ അടിസ്ഥാനമെന്ന വിശ്വാസം തന്നെ അപ്രസക്തമാക്കുന്നതാണല്ലോ. ഭാരതത്തിൽ പല ഭാഗങ്ങളിലും ഇതിനു സമാനമായ ആചാരങ്ങൾ നിലനിന്നിരുന്നതായി കാണുന്നു.അർത്ഥവും ആയുധബലവുമുള്ള ക്ഷത്രിയനല്ലാത്ത രാജാക്കന്മാരോട് അവർക്കു ഭരിക്കാനുള്ള അർഹതയില്ലെന്നു പറഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എന്താകും എന്നു ബോദ്ധ്യമുള്ള ജാതിബ്രാഹ്മണ്യം, വർണ്ണാശ്രമവിഭജനം തകർന്നുപോകാതിരിക്കാൻ കണ്ടെത്തിയ അമ്മാതിരി കുറുക്കുവഴികൾ, എന്തിനെയും സ്വന്തം ഭൗതികനേട്ടങ്ങൾക്കുള്ള മാർഗ്ഗമാക്കിയതിന്റെ ഉത്തമോദാഹരണമാണ്. പഞ്ചഗവ്യത്തിൽ മുങ്ങിക്കുളിച്ചാൽ സാധാരണ ശൂദ്രൻ ക്ഷത്രിയനാകില്ല എന്നതാണല്ലോ വസ്തുത. അതിനാൽ, പേരു സൂചിപ്പിക്കുന്നതുപോലെ സ്വർണ്ണപ്പാത്രമാണ് മുഖ്യം; പഞ്ചഗവ്യമല്ല എന്നതാണു സത്യം. മുങ്ങിക്കുളിക്കാൻ പാകത്തിനു സ്വർണ്ണപ്പാത്രം സ്വന്തമായുണ്ടായാൽ ഏത് അശുദ്ധിയും ഇല്ലാതാകുമെന്നും വംശവിശുദ്ധിവാദികൾ ശുദ്ധീകരണമന്ത്രവുമായി പിറകെവരുമെന്നും ചുരുക്കം.

ഹിരണ്യഗർഭം നടത്തി ക്ഷത്രിയനായ രാജാക്കന്മാരുടെ പട്ടികയിൽ മാർത്താണ്ഡവർമ്മയുമുണ്ട്. കേരളക്കരയിലെ ഏറ്റവും പ്രതാപശാലിയായ രാജാവായിരുന്നിട്ടും ബ്രാഹ്മണനായ കൊച്ചിരാജാവിനു മുന്നിൽ ഇരിക്കാൻ കഴിയാത്ത അവസ്ഥ മറികടക്കാനാണ് അദ്ദേഹം സ്വർണ്ണപ്പശുവിന്റെ ഗർഭത്തിൽ പുനർജ്ജനിച്ചത്. ഹിരണ്യഗർഭത്തോടൊപ്പം നടത്തപ്പെട്ടിരുന്ന തുലാപുരുഷ ദാനവും, രാജാവിന്റെ ധനം(രാജ്യത്തിന്റെ ധനം) ബ്രാഹ്മണരുടെ കൈകളിലെത്തിക്കാനുള്ള വളഞ്ഞവഴിയാണ്. പത്മനാഭസ്വാമിക്ഷേത്രത്തിന്റെ തെക്കുകിഴക്കേ മൂലയിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽ തൂണുകളിൽ ഒരു തുലാസു തൂക്കിയിടുന്നു. ഒരു തട്ടിൽ രാജാവും മറ്റേ തട്ടിൽ പലയളവിൽ നിർമ്മിച്ചിട്ടുള്ള സ്വർണ്ണനാണയങ്ങളുംവെച്ചു തുലാഭാരം നടത്തുന്നു. തുടർന്ന് രാജാവിന്റെ തൂക്കത്തിനു തുല്യമായ അളവിലുള്ള അതേ സ്വർണ്ണനാണയങ്ങൾ ബ്രാഹ്മണർക്കു ദാനം നൽകുന്നു. ആ ചടങ്ങിനെയാണ് തുലാപുരുഷദാനം എന്ന് പറയുന്നത്. ഇതും മേലനങ്ങാതെ സമ്പത്തുണ്ടാക്കുന്നതിന് ബ്രാഹ്മണർ വൈദികനിയമങ്ങളെ മറയാക്കിയതിന്റെ മറ്റൊരു ദൃഷ്ടാന്തമാണല്ലോ. താൻ ശൂദ്രനാണെന്നും തനിക്കു ലഭിച്ച രാജപദവി ബ്രാഹ്മണ്യത്തിന്റെ ഔദാര്യമാണെന്നും ഓർമ്മപ്പെടുത്തലായിരുന്നു ആ ചടങ്ങിന്റെ ഗൂഢലക്ഷ്യമെന്നുവേണം കരുതാൻ.

[പിൻകുറിപ്പ്:ബ്രാഹ്മണ്യത്തിന്റെ സ്വാധീനം അധികരിച്ചതോടുകൂടിയാണ് ദക്ഷിണഭാരതത്തിൽ ജാതിസമ്പ്രദായം തുടങ്ങിയതെന്നു ബർട്രന്റ്സ്റ്റെയിനെ പോലെയുള്ള ഗവേഷകർ അഭിപ്രായപ്പെടുന്നു. പൂർവ്വ ദ്രാവിഡസമൂഹങ്ങളിലും പുരോഹിതരും രാജാക്കന്മാരും കച്ചവടക്കാരും കർഷകരും സമൂഹത്തിനാവശ്യമായ വ്യത്യസ്തകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമൊക്കെ ഉണ്ടായിരുന്നെങ്കിലും, അവർ ചാതുർവർണ്യവിഭജനം അംഗീകരിച്ചിരുന്നവരായിരുന്നില്ല. ബ്രാഹ്മണ്യാധിപത്യം നിലവിൽവന്നതിനുശേഷവും ദ്രാവിഡ ജനസമൂഹങ്ങ

ളിൽ ക്ഷത്രിയരും വൈശ്യരും ഉണ്ടായിരുന്നില്ലെന്നു വിൻസന്റ് എ.സ്മിത്തിനെപ്പോലുള്ള ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ദ്രാവിഡദേശങ്ങളിൽ രാജാക്കന്മാരില്ലായിരുന്നു എന്നല്ല അതിനർത്ഥം. കേരളമാഹാത്മ്യത്തിലെ ശിവദ്വിജനെപ്പറ്റിയുള്ള സൂചനകളിൽനിന്നൊക്കെ മനസ്സിലാക്കാൻ കഴിയുന്നത് ദ്രാവിഡസമൂഹങ്ങളിലെ സന്യാസിവര്യന്മാരെയും മറ്റും ബ്രാഹ്മണർ കാലക്രമത്തിൽ തങ്ങളുടെ വംശത്തിൽ ചേർത്തു എന്നാണ്.പരശുരാമൻ അനേകം ആളുകൾക്ക് ബ്രാഹ്മണ്യം നൽകിയതായുള്ള പുരാണങ്ങളിലെ പരാമർശങ്ങളും അതുതന്നെയാകാം സൂചിപ്പിക്കുന്നത്. രാമാനുജാചാര്യരുടെ നേതൃത്വത്തിലും അപ്രകാരം ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു. അത്തരത്തിൽ ബ്രാഹ്മണ-വൈശ്യ-ശൂദ്രസമൂഹങ്ങളെ കൂട്ടിച്ചേർത്തപ്പോഴും, ക്ഷത്രിയരെന്ന ഒരു വിഭാഗം സമൂഹത്തിലുണ്ടാകാതെ അവർ ശ്രദ്ധിച്ചിരുന്നു. കമ്മ, റെഡ്ഢി, ഗൗഡ, ജാട്ട്, പട്ടേൽ, നായർ, മറാത്താസ്, ഗുജ്ജാർ മുതലായ ജാതിക്കാരെല്ലാം താരതമ്യേന അഭിവൃദ്ധിയുള്ള ഭൂവുടമാവിഭാഗങ്ങളാണെങ്കിലും, ജാതിബ്രാഹ്മണ്യത്തിന്റെ കണക്കിൽ ശൂദ്രരായിരുന്നു. അവരിൽ മിക്കവരും പരമ്പരാഗത നാടുവാഴികളും ആയുധവിദ്യയുടെ അധിപരുമായിരുന്നു. ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ പൊതുവിൽ ഭേദപ്പെട്ടവർ ആയിരുന്നെങ്കിലും, ആ സമുദായങ്ങളെ ശൂദ്രരായി ഒതുക്കിയതിന്റെ കാരണം അവർ എന്നും തങ്ങൾക്കു മെരുക്കിയെടുക്കാൻ പാകത്തിനു നമിച്ചു നിൽക്കണം എന്നതുതന്നെയാണ്. ഉത്തരഭാരതത്തിൽ കുടിയേറി നൂറ്റാണ്ടുകൾക്കുശേഷമാകാം ആര്യബ്രാഹ്മണർ ദക്ഷിണേന്ത്യയിലെത്തിയത്. ആദ്യകാലത്ത് അധിപത്യം സ്ഥാപിച്ച ദേശങ്ങളിലെ, അധികാരവും സമ്പത്തും അടക്കിവെച്ചിരുന്ന ക്ഷത്രിയരിൽനിന്നും നേരിടേണ്ടിവന്ന അനുസരണക്കേടും എതിർപ്പും അവർ പാഠമായി സ്വീകരിച്ചിരുന്നു. അതിനാലാണ് ദക്ഷിണേന്ത്യയിലെ ശാക്തികസമൂഹങ്ങളെയെല്ലാം അവർ ശൂദ്രരാക്കി ഒതുക്കിയത്. അധികാരത്തിനും സമ്പത്തിനും മുകളിൽ ജാതി നിലയുറപ്പിച്ച ഒരു സമൂഹങ്ങളിൽ, ജാത്യാപകർഷം ഒരുവന്റെ സർവ്വശക്തിയും ചോർത്തിക്കളയാൻ പോന്ന ദൗർബ്ബല്യമാണെന്ന് ഏറ്റവും കൃത്യമായി പൗരോഹിത്യ നേതൃത്വം മനസ്സിലാക്കിയിരുന്നു എന്നതാണ് അതിന്റെ കാരണം. ആത്മവിശ്വാസം നഷ്ടപ്പെട്ട ഒരു സമൂഹവും ലോകത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ല. ഏത് കൊലകൊമ്പനെയും തളയ്ക്കാൻ കഴിവുള്ള അധികാരമാണ് ജാതിമേധാവിത്വത്തിലൂടെ ബ്രാഹ്മണ്യം നേടിയെടുത്തത്. ആ അപരിമിതമായ പ്രതാപത്തിനു ഭീഷണിയാകുന്ന ഒന്നും ഉരുത്തിരിഞ്ഞുവരാതിരിക്കാൻ അവർ സദാ ജാഗരൂകരായിരുന്നു. അതിനുവേണ്ടി ചാതുർവർണ്യവ്യവസ്ഥയുടെ ഒരുകണ്ണിതന്നെ ബ്രാഹ്മണ്യം മുറിച്ചുമാറ്റി. പരമപുരുഷൻ നടത്തിയ വിഭജനമാണെന്നു പ്രചരിപ്പിക്കപ്പെടുമ്പോഴും, ചാതുർവർണ്യവ്യവസ്ഥിതിയെയും ശിഥിലമാക്കാൻ ബ്രാഹ്മണ്യം തയ്യാറായി. സ്വന്തം സുരക്ഷമാത്രമായിരുന്നു അവരുടെ ലക്ഷ്യം.]

ഓർമ്മകളുണ്ടായിരിക്കണം

ഭൂപരിഷ്കരണം തങ്ങളുടെ സമുദായങ്ങളെ പാപ്പരാക്കിയെന്നും, ദുർബ്ബലവിഭാഗങ്ങൾക്കുള്ള സംവരണം തങ്ങളെ പെരുവഴിയിലാക്കിയെന്നും വിലപിക്കുന്ന പുതുതലമുറയിലെ സവർണ്ണജാതിവാദികൾ ഈ പറഞ്ഞ ചരിത്രംകൂടി മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്. ഭൂപരിഷ്കരണത്തെ എതിർത്തത് കേരളത്തിലെ ജന്മിമാരായിരുന്നു. ജന്മിത്വം നിലനിൽക്കേണ്ടതും ഭൂമിക്കുമേലുള്ള അവരുടെ അധീശത്വം തുടരേണ്ടതും ആ വ്യവസ്ഥിതിയുടെ അനിവാര്യതയായിരുന്നു. ഭൂമിക്കുമേലുള്ള ആധിപത്യമാണ് ഒരു വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഔന്നത്യത്തിനും മറ്റുള്ളവരുടെ ആശ്രിതത്വത്തിനും വഴിയൊരുക്കിയത് എന്നതിനാൽ, ആ അവസ്ഥ നിലനിർത്തിക്കൊണ്ടുപോകുന്നതിന് ഭൂമിയുടെ അവകാശം അവരി

ൽതന്നെ തുടരേണ്ടതുണ്ടായിരുന്നു.കൈവശമെത്തിയ കണക്കില്ലാത്ത ഭൂമി നഷ്ട പ്പെട്ടുപോകാതിരിക്കാൻ അവർ പലവഴികളിലൂടെയും ശ്രമിക്കുകയും ചിലതിലെ ങ്കിലും വിജയിക്കുകയുംചെയ്തു. കേരളത്തിൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നപ്പോഴും ഇഷ്ടദാനം എന്ന പഴുത് നിലനിനിർത്താൻ അവർക്കു സാധിച്ചത് അ ങ്ങനെയാണ്. ആ മഹത്തായ സാമൂഹ്യപരിഷ്കരണ നീക്കത്തിനു സംഭവിച്ച പിഴ വുകളിൽ ഏറ്റവും വലിയ ഒന്നായിരുന്നല്ലോ അത്.

[പിൻകുറിപ്പ്: ഇന്ത്യയിലെ സർക്കാർ-സർക്കാരിതര ഉദ്യോഗങ്ങളിലെ ഉന്നതശ്രേണികളിലു ള്ള ബ്രാഹ്മണപ്രാതിനിധ്യം ജനസംഖ്യാനുപാതികമായി ഇന്നും വളരെവലുതാണ്.അതിനെ മഹത്വവത്കരിച്ചുകൊണ്ട്, യാതൊരു സംവരണവുമില്ലാതെ സ്വന്തം കഴിവുകൊണ്ടുമാത്ര മുള്ള നേട്ടമായി വ്യാഖ്യാനിക്കുന്ന അവകാശവാദങ്ങൾ അടുത്തകാലത്തായി ധാരാളം കാ ണുന്നുണ്ട്. അത് അവരുടെ കഴിവുകൊണ്ടാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ആ നേട്ടത്തിന്, ഒറ്റയ്ക്ക് ഓടി ജയിച്ചവന്റെ മഹത്വത്തിനപ്പുറം വില കൊടുക്കേണ്ടതില്ല. സമൂ ഹത്തിലെ ഭൂരിപക്ഷത്തിനും മേൽ സാക്ഷരതാനിരോധനം ഏർപ്പെടുത്തിയും, നല്ല ജോലി കളിൽ സ്വയം സമ്പൂർണ്ണ സംവരണമേർപ്പെടുത്തിയും നേടിയ ഒരു കാലത്തിന്റെ ബാക്കി പത്രം മാത്രമാണ് ആ മഹത്വം. മറുവശത്ത്, കേരളത്തിലെ നമ്പൂതിരിമാരിൽ ചിലർ സാമ്പ ത്തികമായി ക്ഷയിച്ചുപോയതായി ഒരു പരിദേവനവും ഉണ്ട്. ക്ഷയിച്ചുപോയി എന്നതിനെ ക്കാൾ, കൂടുതൽ പുരോഗതിപ്രാപിച്ചില്ല എന്നതാണ് ശരിയെന്നു തോന്നുന്നു. അതിനു കാര ണമായി അവർ പഴിക്കാറുള്ളത് ഭൂപരിഷ്കരണത്തെയും സംവരണത്തെയുമാണ്. പക്ഷേ, ആ ആരോപണത്തിൽ തീരെ കഴമ്പില്ല എന്നതാണു വസ്തുത. ആദ്യകാലങ്ങളിൽ അവർ സർക്കാരുദ്യോഗത്തോടു കാണിച്ച വിമുഖതയാണ് അവരുടെ പിന്നോട്ടുപോക്കിനു പ്രധാന കാരണം. സേവന മേഖലകളിലെ ജോലികൾ ശൂദ്രവൃത്തിയാണെന്ന തോന്നലാണ് നമ്പൂതി രിമാർക്കു വിനയായത്. മലയാളിബ്രാഹ്മണരുടെ ആ വിപ്രതിപത്തിയുടെ ഗുണം അനുഭവി ച്ചതും അബ്രാഹ്മണരല്ല; അന്യനാട്ടുകാരായ (പരദേശി)ബ്രാഹ്മണരാണ്. എത്ര ഭൂസ്വത്തുണ്ടെ ങ്കിലും കൃത്യമായ സ്ഥിരവരുമാനമില്ലെങ്കിൽ നേരിടേണ്ടിവരുന്ന ഒരു പ്രതിസന്ധി മാത്രമാ ണ് നമ്പൂതിരിമാർക്ക് ഉണ്ടായത്. സർക്കാരുദ്യോഗമോ കച്ചവടമോ വ്യവസായമോ പോലെ യുള്ള സ്ഥിരവരുമാനമുണ്ടായിരുന്ന വിഭാഗങ്ങൾ മാത്രമാണ് തലമുറകളായി സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുള്ളത് എന്നത് സംശയാതീതമായ കാര്യമാണ്.]

ഭൂപരിഷ്കരണത്തിനു സമമായ പണ്ടാരപ്പാട്ടവിളംബരത്തിലൂടെയാണ് തങ്ങളുടെ പൂർവ്വികർ ജന്മിമാരും ഭൂവുടമകളുമായതെന്ന് നഷ്ടബോധത്തിന്റെ നോവു വിള മ്പുന്നവർ ഓർക്കണം. അങ്ങനെ നേടിയ കണക്കില്ലാത്ത സ്വത്തിന്റെ ഒരംശം മാ ത്രമാണ് ആ മണ്ണിൽ വിയർപ്പൊഴുക്കി വിളവെടുത്തുതന്ന കുടിയാന്മാർക്ക് തലചാ യ്ക്കാനായി കൂരകെട്ടാൻ കൊടുക്കേണ്ടിവന്നത്. മാന്യമായ തൊഴിലുകളിലെല്ലാം സ്വയം സമ്പൂർണ്ണസംവരണം ഏർപ്പെടുത്തുകയും, അത് ദൈവികനിയമമാക്കി നി ർബന്ധിതമാക്കുകയും, തെറ്റിക്കപ്പെടരുതെന്ന് തീട്ടൂരമിറക്കുകയും, തെറ്റിച്ചവരെ ക്രൂരമായി ശിക്ഷിക്കുകയും, ആ കുത്തകസംവരണത്തിന്റെ ഗുണഫലങ്ങൾ ആ സ്വദിക്കുകയും ചെയ്യുന്നവരാണ് എക്കാലത്തും പ്രാതിനിധ്യ സംവരണം എന്നുകേ ൾക്കുമ്പോൾ വിറളിപിടിക്കുന്നത് എന്നതാണു വൈരുദ്ധ്യം. മലയാളിമെമ്മോറിയ ലെന്ന സംവരണ പ്രക്ഷോഭത്തിലൂടെ സർക്കാർ ജോലികളിൽ പ്രാതിനിധ്യം ഉറപ്പി ച്ച്, ഇന്നു കാണുന്ന സാമൂഹ്യോന്നതിയും സാമ്പത്തികസുരക്ഷയും സ്വന്തമാക്കിയ

അബ്രാഹ്മണരായ സവർണ്ണർ, രക്ഷപ്പെടാനുതകുന്ന ആ വഴി അന്യ സമുദായങ്ങൾക്കുമുന്നിൽ കൊട്ടിയടയ്ക്കേണ്ടതുണ്ടോ എന്ന് ആലോചിക്കുക. ഇന്ന് മുന്നാക്കസമുദായങ്ങളെന്ന് ഗണിക്കപ്പെടുന്ന സമൂഹങ്ങളിലെ മിക്കവരുടെയും ഇപ്പോഴത്തെ മുന്നാക്കാവസ്ഥ, അവരുടെ കഴിഞ്ഞ മൂന്നോ നാലോ തലമുറകളിൽ ജീവിച്ചിരുന്നവർ പൊരുതിയും അദ്ധ്വാനിച്ചും നേടിയതാണ്; ബ്രാഹ്മണ്യാധിപത്യസമൂഹം അറിഞ്ഞനുഗ്രഹിച്ച് നല്കിയതല്ല എന്നുതന്നെയാണ് അതിന്റെയൊക്കെ അർത്ഥം. ചട്ടമ്പിസ്വാമിയും മന്നത്തു പത്മനാഭനും അടക്കമുള്ള സവർണ്ണ സമുദായാചാര്യന്മാർ പട്ടിണിമൂലം പഠനം ഉപേക്ഷിച്ച സംഭവങ്ങൾ അവരുടെ ആത്മകഥകളിലുണ്ടല്ലോ. തറവാടിത്തത്തിന്റെയും ആഭിജാത്യത്തിന്റെയും നാലുകെട്ടുകളെ പശ്ചാത്തലമാക്കി കഥകളെഴുതിയ കഴിഞ്ഞ തലമുറയിലെ മലയാളത്തിന്റെ മഹാസാഹിത്യകാരന്മാരിൽ പലരും, കൊടിയ ദാരിദ്ര്യത്തിന്റെ വെയിൽപ്പാടങ്ങൾ താണ്ടിയ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ടല്ലോ. നമുക്കു തൊട്ടുമുൻപുള്ള തലമുറയിലെ സവർണ്ണസമുദായക്കാരിൽ ഭൂരിപക്ഷവും ഏതു നിലയിലാണു കഴിഞ്ഞുകൂടിയതെന്നും നമുക്കറിയാം. ഇന്നത്തെ തലമുറയിലുള്ളവരുടെ മൂലത്തിൽ ഉണ്ടെന്നു പറയുന്ന തറവാടിത്തത്തിന്റെയും ആഢ്യത്വത്തിന്റെയും അടയാളം അവരുടെ മുതുമുത്തച്ഛന്മാർ ആനപ്പുറത്തിരുന്നതിന്റെ അവശേഷിപ്പല്ല എന്നതാണ് സാരം.

കേരളത്തിലെ സർവ്വ മതങ്ങളിലും ജാതികളിലും ഉൾപ്പെടുന്ന ആളുകൾ പല നിലയിൽ സംവരണത്തിന്റെ ആനുകൂല്യം അനുഭവിക്കുന്നുണ്ടല്ലോ. അക്കാര്യത്തിൽ സവർണ്ണ-അവർണ്ണഭേദം ഇല്ലെന്നതാണ് വസ്തുത.എന്നിരിക്കിലും,ഭരണഘടനാനുസൃതമായ നിലവിലെ ജാതിസംവരണം ഒരു സാമൂഹ്യവിരുദ്ധസംവിധാനമാണ് എന്നാണു ചിലരുടെ കാഴ്ചപ്പാട്. ആ പുച്ഛഭാവത്തിന്റെ കാരണം ചരിത്രബോധമില്ലായ്മയും തങ്ങളെ കരകയറ്റിയ കച്ചിത്തുരുമ്പ് തങ്ങളുടെ പൂർവ്വികർ അധഃസ്ഥിതരാക്കിയവർക്കു സഹായകമാകരുത് എന്ന അസഹിഷ്ണുതയും മാത്രമാണ്.അതിനുള്ള ഏറ്റവും നല്ല തെളിവ്, അമ്പലങ്ങളുമായി ബന്ധപ്പെട്ട ജോലികളിൽ ഇക്കാലത്തും നൂറുശതമാനം സംവരണം ആസ്വദിക്കുന്ന ബ്രാഹ്മണരോട് അവർക്കു പരിഭവവും പരാതിയും ഇല്ല എന്നതാണ്. ഭരണഘടന അനുശാസിക്കുന്ന സമത്വസങ്കൽപത്തിനു വിരുദ്ധമായ, ഇതരസമൂഹങ്ങളെ മാറ്റിനിറുത്തുന്ന ആ അസ്പൃശ്യതയോട് അവർക്കു വിരോധമില്ലാത്തതിന്റെ കാരണം അവരുടെ ഉള്ളിൽ ഇപ്പോഴും അവശേഷിക്കുന്ന പഴയ ദാസ്യചിന്തയോ തങ്ങൾക്കു കീഴിലുള്ളവർ തങ്ങളെപ്പോലെ രക്ഷപ്പെടരുതെന്ന വാശിയോ തന്നെയാകാം.

ഇത്രയുംപറഞ്ഞത്, വേട്ടയാടലിന്റെയും വേദനിപ്പിക്കുന്ന ഓർമ്മകളുടെയും പരുക്കൻ പാതകൾ പിന്നിട്ടുതന്നെയാണ് കേരളക്കരയിലെ ഒരുവിധം എല്ലാ മനുഷ്യസമൂഹങ്ങളും ഇവിടെ എത്തിനിൽക്കുന്നത് എന്ന സത്യം വെളിവാക്കുന്നതിനു മാത്രമാണ്; ഓരോ വിഭാഗവും ആ കനൽവഴികളിലൂടെ കടന്നുപോന്ന കാലഘട്ടത്തിനു മാത്രമേ മാറ്റമുള്ളൂ. അജ്ഞതമൂലമുള്ള ജാത്യാഭിമാനം അസ്ഥിക്കുപിടിക്കുമ്പോൾ ചരിത്രസത്യങ്ങൾ മറന്നുപോകരുത്. മറുകരയെത്തുമ്പോൾ പാലംതകർക്കുന്ന വിനാശകരമായ തന്ത്രം യുദ്ധമുഖത്തുമാത്രമാണല്ലോ അനുയോജ്യം. സവർണ്ണസമുദായങ്ങളിൽ ജനിച്ചു ജീവിക്കുന്ന ആളുകളെ ഇകഴ്ത്തികാണിക്കാനല്ല ഈ വസ്തുത

കൾ അവതരിപ്പിച്ചത്. അവർ സവർണ്ണരായത് എന്തുകൊണ്ടാണെന്നും, അത് പ്രകൃതിയുടെയോ ദൈവത്തിന്റെയോ നിശ്ചയമല്ലെന്നും, മനുഷ്യനിർമ്മിതമായ അവസ്ഥകളുടെ പേരിൽ അപരരെ അവഹേളിക്കാൻ ആർക്കും അവകാശമില്ലെന്നും ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിമാത്രമാണ്. ഈ പഠനക്കുറിപ്പിലെ നിരീക്ഷണങ്ങളെ ആ അർത്ഥത്തിൽ തന്നെ സ്വീകരിക്കുക. ആത്മാഭിമാനത്തോടെ ജീവിക്കുക എന്നത് കാലദേശാതീതമായി ഓരോ മനുഷ്യന്റെയും ജന്മാവകാശമാണ്.

വർണ്ണവ്യവസ്ഥിതിയുടെ പുറംലോകം

മലയാളക്കരയിൽ ബ്രാഹ്മണരും ശൂദ്രരും കഴിഞ്ഞാൽ ബാക്കിയുള്ളവരെയെല്ലാം പുറംജാതിക്കാരായാണു കണക്കാക്കപ്പെട്ടിരുന്നത്. എങ്കിലും, ഇന്നത്തെ ഈഴവരും 'മറ്റുകീഴ്ജാതിക്കാരും' അടങ്ങുന്ന സമൂഹമായിരുന്നു ശൂദ്രരെന്ന ഗണത്തിൽ പെട്ടിരുന്നത് എന്നൊരു പൊതുധാരണ എങ്ങനേയോ പരന്നിട്ടുണ്ട്. ഇന്ത്യയിലെ മറ്റുമിക്കയിടങ്ങളിലും സാമൂഹികമായി ഏറ്റവും താഴെയുള്ള ജനസമൂഹങ്ങൾ, ചാതുർവർണ്യശ്രേണിയിലെ ശൂദ്രരാണ് എന്നഅവസ്ഥ മാത്രമാണ് അത്തരമൊരു ധാരണ പരക്കുന്നതിനു നിമിത്തമായത് എന്നു കരുതാനാകുമോ? അല്ല എന്നതാണു വസ്തുത. കഥകളിലൂടെയും മറ്റുകലാസൃഷ്ടികളിലൂടേയും മനഃപൂർവ്വം ഉണ്ടാക്കിയെടുത്ത ഒരു പൊതുചിത്രമാണ് അത് എന്നതാണ് യാഥാർഥ്യം. ജാതിബ്രാഹ്മണ്യം ശൂദ്രരെന്ന് മാറ്റിനിറുത്തിയവർ കാലക്രമത്തിൽ സാമൂഹികാവസ്ഥ മെച്ചപ്പെടുത്തിയതോടെ ആ സ്ഥാനത്തു പ്രതിഷ്ഠിച്ചവരാണ്, ശൂദ്രർ എന്നു തെറ്റിദ്ധരിക്കപ്പെടുന്ന ഇന്നത്തെ അവർണ്ണ സമുദായങ്ങൾ. ആരായിരിക്കാം ആ തലമാറ്റ പ്രക്രിയയ്ക്കു പിന്നിലെന്ന് ആലോചിച്ചു നോക്കുക. ചരിത്രരേഖകളൊന്നും നേർസാക്ഷ്യം പറയാനെത്താത്ത ആ സംഭവത്തിൽ ഒരു കാര്യം ഉറപ്പാണ്; ആ ശസ്ത്രക്രിയകൊണ്ടു മുഖച്ഛായ മാറ്റുകയും ആഢ്യരായിത്തീരുകയും ചെയ്തവർ പ്രതിക്കൂട്ടിൽ കയറാനാണ് സാധ്യത.

അന്ത്യജരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ ഏതൊക്കെയാണെന്നും, അവയെ ആ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിന്റെ കാരണങ്ങളെന്തൊക്കെയാണെന്നും വ്യക്തമാക്കുന്ന ഒരു ശ്ലോകം വേദവ്യാസ സ്മൃതിയിലുണ്ട്. അതുപ്രകാരം, ചർമ്മക്കാരൻ(ചെരുപ്പുകുത്തി),ഭടൻ(പട്ടാളക്കാരൻ),ദാസൻ,രജകൻ(അലക്കുകാരൻ), നടൻ, പുഷ്കരൻ, വ്രാതൻ, മേടൻ, ചണ്ഡാലൻ, ശ്വപാകൻ, കോലികൻ, ഭില്ലൻ എന്നിവർ അന്ത്യജരെന്ന് അറിയപ്പെടുന്നു. അതുപോലെതന്നെ, ഗോമാംസം കഴിക്കുന്ന മറ്റുള്ളവരും അന്ത്യജരാണ്. ആ നിർവ്വചനത്തെയും അതിനു സമാനമായ മറ്റു സ്മൃതികളിലെ പരാമർശങ്ങളെയും ആധാരമാക്കി, അശുദ്ധിയുള്ളതെന്നു കണക്കാക്കപ്പെടുന്ന ജോലികൾ(?) ചെയ്യുന്നവരും, നിഷിദ്ധാഹാരമായ ഗോമാംസം ഭക്ഷിക്കുന്നവരും അന്ത്യജരാണ്; അഥവാ അഞ്ചാംവർണ്ണികളാണ്. ശുദ്ധിയെ അവലംബമാക്കിയുള്ള ആ വർഗ്ഗീകരണത്തിലെ ഏറ്റവും കൊടിയ അസംബന്ധം, സമൂഹത്തെ വൃത്തിയാക്കി നിലനിറുത്തുന്നവരും സംരക്ഷിക്കുന്നവരും ഒക്കെയാണ് അശുദ്ധരാക്കി പുറത്താക്കപ്പെട്ടത് എന്നതാണ്. ആ ഭ്രഷ്ടിന് സാധുത നൽകുന്നതിനുവേണ്ടിയാകാം ഗോമാംസം കഴിക്കുന്നവരേയും പൗരോഹിത്യം ആ പട്ടികയിൽ ഉൾപ്പെടുത്തിയത്. പക്ഷെ, ആ നിരാകരണവും തികച്ചും അപഹാസ്യമാണ്. എന്തു

കൊണ്ടെന്നാൽ, പുരാതനകാലത്തു പശുഹിംസയും ഗോമാംസ സേവയും പൗരോഹിത്യത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽ അനിവാര്യമായ ഒന്നായിരുന്നു. അങ്ങനെ നോക്കുമ്പോൾ, അവർണരെ പുറത്താക്കാൻ ഗോമാംസസേവയ്ക്കും അപ്പുറം സാരവത്തായ മറ്റു ചില കാരണങ്ങളുണ്ടെന്നുതന്നെ കരുതാം.

അകത്താണെങ്കിലും പുറത്തു നിൽക്കേണ്ടിവരുന്നവർ

ചാതുർവർണ്യത്തിന്റെ ഏറ്റവും ഉറപ്പുള്ള സംരക്ഷണോപാധിയായ മനുസ്മൃതി, അഞ്ചാമതൊരു വർണ്ണമില്ല-നാസ്തി തു പഞ്ചമ-എന്ന് അടിവരയിട്ടു നിരാകരിക്കുമ്പോഴും(അധ്യായം:10, ശ്ലോകം:04), ഹിന്ദുസമൂഹത്തിനുള്ളിൽ പഞ്ചമവർണ്ണം എന്ന ഒരുവിഭാഗം എങ്ങനേയോ ഉടലെടുത്തു; ഇന്നും നിലനിൽക്കുന്നു. പുറംജാതിക്കാർ എന്നും അവർണ്ണർ എന്നും അധഃസ്ഥിതരെന്നും അധഃകൃതരെന്നുമൊക്കെ അറിയപ്പെടുന്ന ആ സമൂഹം ഉത്ഭവിച്ചതെങ്ങനെയെന്ന ചോദ്യത്തിനുള്ള ഉത്തരം, വലിയ ഒരു ചതിയുടെ ചരിത്രമാണ് പുറത്തു കൊണ്ടുവരുന്നത്. അപ്രകാരം ഒരു സമൂഹം സ്വയം ഉണ്ടായതല്ല; ചാതുർവർണ്യസംരക്ഷകർ ഉണ്ടാക്കിയെടുത്തതാണെന്നു കാണാം. വർണ്ണവ്യവസ്ഥക്കു പുറത്തുള്ളവർ എന്ന നിലയിൽ, അവർണ്ണരായ ആ സമുദായങ്ങളെ മനുഷ്യവിരുദ്ധമായ മാമൂലുകൾ അടിച്ചേൽപ്പിച്ച് അധമകർമ്മങ്ങളിൽ (ജോലികളിൽ) തളച്ചിട്ട് സ്മൃതികളുടെ സഹായത്തോടെ അധഃസ്ഥിതരാക്കി മാറ്റുകയായിരുന്നു സവർണ്ണവാദികൾ ചെയ്തത് എന്നതാണു പരമാർത്ഥം.

ഉത്തരേന്ത്യയിൽ ജീവിച്ചിരുന്ന മീമാംസാപണ്ഡിതനും തത്വചിന്തകനുമായ കുമാരിലഭട്ടൻ ഏർപ്പെടുത്തിയ പരിഷ്കാരങ്ങളുടെഫലമായി ഹിന്ദുമതത്തിൽ വൈദികകർമ്മങ്ങൾക്ക് അതുവരെയില്ലാത്ത പ്രാധാന്യം കൈവന്നതോടുകൂടി, മീമാംസകമതത്തിനുമേൽ ജാതിബ്രാഹ്മണ്യം അപ്രതിഹതമായ ആധിപത്യം നേടി. രാജഭരണവും പൊതുസമൂഹങ്ങളും പൂർണ്ണമായി പൗരോഹിത്യത്തിന്റെ പിടിയിൽ ഒതുങ്ങിപ്പോയി. അധികംവൈകാതെ ഭാരതത്തിലെമ്പാടും ആ അവസ്ഥ പാരമ്യത്തിലെത്തുകയും, മറ്റു മതസ്ഥരായ ബുദ്ധരുടെയും ജൈനരുടെയും അസ്തിത്വം അപകടത്തിലാവുകയുമുണ്ടായി.അക്കാലത്തു ഹിന്ദുമതത്തോളംതന്നെ ശക്തിയുണ്ടായിരുന്നു ബൗദ്ധർക്ക്. ബുദ്ധമതത്തിന്റെ വേരറുക്കുക ജീവിതലക്ഷ്യമായി സ്വീകരിച്ച കുമാരിലഭട്ടൻ അതിനുവേണ്ടി വേദവിഹിതവും വേദവിരുദ്ധവുമായ സകല മാർഗ്ഗങ്ങളും പ്രയോഗിച്ചു. ബൗദ്ധദർശനങ്ങളെക്കുറിച്ച് ആഴത്തിൽ അറിവുനേടി, ബുദ്ധഭിക്ഷുക്കളായ ആചാര്യന്മാരെ സംവാദങ്ങളിൽ പരാജയപ്പെടുത്തുകയായിരുന്നു അതിന് അദ്ദേഹം തെരഞ്ഞെടുത്ത മാർഗ്ഗം. അതിന്റെ ഭാഗമായി വേഷപ്രച്ഛന്നനായി ഒരു ഗുരുവിൽനിന്നു ബുദ്ധമതതത്ത്വങ്ങളിൽ അദ്ദേഹം അഗാധജ്ഞാനം സ്വായത്തമാക്കി. എന്നാൽ,ആ പ്രവൃത്തി വേദവിരുദ്ധമാണ് എന്നു മനസ്സിലാക്കിയ അദ്ദേഹം പ്രായശ്ചിത്തമായി ഉമിത്തീയിൽ പ്രവേശിച്ചു പ്രാണൻ ത്യജിക്കുകയായിരുന്നു. പക്ഷേ, കുമാരിലഭട്ടനിൽനിന്നു പ്രചോദനമുൾക്കൊണ്ട പുരോഹിത്യ മേധാവികൾ ധാർമ്മികതയുടെ സകല സീമകളെയും ഹനിക്കുന്ന ബുദ്ധമതധ്വംസനമാണ് പിന്നീടു നടപ്പാക്കിയത്. ബുദ്ധഭിക്ഷുക്കളെ കൂട്ടത്തോടെ കൊന്നുതള്ളുകയും സന്യാസിനികളെ ദേവദാസികളോ കൂത്തച്ചിക്കളോ ആക്കി മാറ്റി ദുർവ്യവഹാരം

ചെയ്യുകയുമുണ്ടായി. ബുദ്ധഭിക്ഷുക്കളെ കൂട്ടത്തോടെ കൊന്നൊടുക്കാൻ കുമാരിലഭട്ടന്റെ കടുത്ത അനുയായിയായിരുന്ന തഞ്ചാവൂരിലെ ശൈവസന്യാസി സംബന്ധമൂർത്തി രൂപീകരിച്ച പ്രത്യേക 'മറവസേന' മധുരയിൽ മാത്രം എണ്ണായിരത്തോളം ബുദ്ധഭിക്ഷുക്കളെ കൊന്നൊടുക്കിയതായി ക്രിസ്തുവർഷം 640-ൽ രചിക്കപ്പെട്ടതായി കരുതുന്ന ആലവൈപതികമെന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

സംഘടിതസ്വഭാവം ഇല്ലാതെ, ആദ്ധ്യാത്മികചിന്തയിലും സന്യാസജീവിതത്തിലും മാത്രം ശ്രദ്ധ കല്പിച്ചിരുന്ന ബൌദ്ധർ ആര്യന്മാരുടെ അക്രമണത്തിനുമുന്നിൽ അതിവേഗം ആശയക്കുഴപ്പത്തിലായി. രാജാക്കന്മാരുടെ പിന്തുണ നഷ്ടപ്പെട്ടതോടെ, രാഷ്ട്രീയമായി സ്വാധീനമില്ലാതാകുകയും, സാമ്പത്തികമായി പ്രതിസന്ധിയിലാകുകയുമുണ്ടായി.അതോടുകൂടി ബുദ്ധമതം ക്ഷയിക്കാൻതുടങ്ങി. The history of India is nothing but the history of mortal conflict between Buddhism and Brahmanism എന്ന അംബേദ്കർ വചനം(Revolution and Counter-Revolution in Ancient India) ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽ ഭാരതത്തിൽ ഉണ്ടായ കലഹത്തിന്റെ കാഠിന്യം പകർന്നുതരാൻ പര്യാപ്തമാണല്ലോ. അക്രമം പെരുകിയതോടെ, ആത്മരക്ഷാർത്ഥം മീമാംസക മതത്തിലേക്കു മാറാൻ ബൗദ്ധന്മാർ നിർബന്ധിതരായി. വൈദികകർമ്മപ്രധാനമായ മീമാംസകമതത്തിലേയ്ക്കു സ്വമേധയാ ചേർന്നവരും ബൗദ്ധ-ജൈനമതങ്ങളിലെ പുരോഹിതരും ആദ്യകാലത്ത് എത്തിയവരും മോശമല്ലാത്ത രീതിയിൽ സ്വീകരിക്കപ്പെട്ടെങ്കിലും മടിച്ചുനിന്നവരെല്ലാം വലിയ നിലയിൽ വേട്ടയാടപ്പെട്ടു. അന്യമതങ്ങളിൽനിന്നുള്ള പരിവർത്തനത്തിന് കാലം കഴിയുന്തോറും അഭിജാത്യക്കുറവും കൽപ്പിക്കപ്പെട്ടു. ഹിന്ദുമതത്തിലെ ഭാഗമായെങ്കിലും പൂർണ്ണാർത്ഥത്തിൽ അവരെ അംഗീകരിക്കാൻ സവർണ്ണർ തയ്യാറായിരുന്നില്ല. കാലക്രമേണ ഹിന്ദുമതത്തിന്റെ ഭാഗമായ അവരെ പുറംജാതികളായാണ് കണക്കാക്കിയത്. ബൗദ്ധജൈനമതങ്ങൾ ഇല്ലാതാക്കുക എന്നതു മാത്രമായിരുന്നു അവരുടെ അന്നത്തെ ആവശ്യം എന്നതായിരുന്നു അതിന്റെ മുഖ്യ കാരണം. ഹിന്ദുമതം വളർത്തുക എന്നത് സവർണ്ണരുടെ അജണ്ടയേ ആയിരുന്നില്ല. ബുദ്ധമതം വിട്ടിട്ടും അവരോടുള്ള ശത്രുതയിൽ കുറവുവന്നില്ല എന്നുചുരുക്കം. മീമാംസകമതത്തിനുള്ളിൽത്തന്നെ അകറ്റിനിറുത്തപ്പെട്ട വിഭാഗങ്ങളായി അവർക്ക് തുടരേണ്ടിവന്നു. അപ്രകാരം ജാതിശ്രേഷ്ഠതയിൽവന്ന കുറവാണ് ഹിന്ദുമതത്തിലെ അവർണ്ണസമൂഹങ്ങളുടെ ഉത്ഭവത്തിലേക്ക് നയിച്ചത് എന്നാണ് സാമൂഹികശാസ്ത്രജ്ഞരുടെ അനുമാനം.അതുവരെ അനുഷ്ഠിച്ചിരുന്ന കർമ്മങ്ങളിലെയും ജോലികളിലെയും വ്യത്യാസം അവർണ്ണസമൂഹത്തിനുള്ളിൽ അവാന്തര വിഭാഗങ്ങളുടെ ആവിർഭാവത്തിനും ജാതിഭേദത്തിനും നിമിത്തമായി. പുറംമതങ്ങളിൽനിന്നു വന്നവരെ മതത്തിന്റെ ഭാഗമാക്കിയപ്പോഴും പുറംജാതികളായി അകറ്റിനിറുത്തിയെന്നു ചുരുക്കം. ജൈനരും ബൗദ്ധരും അടങ്ങുന്ന സമൂഹത്തിനും പുറംജാതിക്കാർക്കും എന്താണു ബന്ധം എന്ന സംശയത്തിനുള്ള മറുപടി ചരിത്രത്താളുകളിൽ കാണാം.അത്തരത്തിലുള്ള ഒരു ഉദാഹരണം കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ കേരളം എന്ന കേരളചരിത്രകാവ്യത്തിലുണ്ട്.(സർഗ്ഗം:05, ശ്ലോകം:114): *'ജാതിശ്രേഷ്ഠൻ വൃത്തിനോക്കി സ്വയം കീഴ്ജാതിക്കാരായ് ബൗദ്ധരെച്ചേർത്തതു വേറെ/പാതിത്യക്കാർമട്ടു തീണ്ടിക്കുളിക്കും ചേതിക്കാക്കി നീചവൃത്തിവ്രജത്തേ'.

ബുദ്ധമതത്തിൽനിന്നും മാറാൻ തയ്യാറാകാതിരുന്നവരെ അക്കാലത്ത് അടിമകളായി കണക്കാക്കിയിരുന്ന ചെറുമരോടൊപ്പം നികൃഷ്ടരായി നിശ്ചയിച്ച് തീണ്ടലേർപ്പെടുത്തിയതായി ആറ്റൂർ കൃഷ്ണപിഷാരടി എഴുതിയ കേരളചരിത്രത്തിലും പറയുന്നുണ്ട്.(അധ്യായം:04, ഭാഗം:01, ഹരിച്ചന്ദ്രവർമ്മപ്പെരുമാൾ): (*അനുബന്ധം:VIII)


ട്ട. എന്നുമാത്രമല്ല, പിന്നെയും ബുദ്ധമതം മാറാത്ത ബൌദ്ധന്മാരും അടിമകളായ ചെറുമക്കളും മററും നികൃഷ്ടന്മാരാണെന്നും നിശ്ചയിച്ച് തീണ്ടലും മററും ഏർപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം രണ്ടുമൂന്നു 'നൂററാണ്ടുകൊണ്ടാണ്' വന്നുകൂടിയതെങ്കിലും ഹരിച്ചന്ദ്രപ്പെരുമാളുടെ കാലംമുതൽക്കാണ് ഈവക പരിവർത്തനങ്ങൾ ക്രമത്തിൽ തുടങ്ങിയത്. അതുപോലെതന്നെ മീമാംസകമതഗ്രന്ഥങ്ങളെല്ലാം

ചാതുർവർണ്യവ്യവസ്ഥിതിക്കു പുറത്തുള്ള സർവ്വരെയും(അഹിന്ദുക്കളെ) കേരളക്കരയിൽപോലും ജാതിബ്രാഹ്മണ്യം ചണ്ഡാളരുംഅസ്പൃശ്യരുമായാണ് കണക്കാക്കിയിരുന്നത്.അവർ ഹിന്ദുമതത്തിന്റെ ഭാഗമായിട്ടും ആ നിലയ്ക്ക് മാറ്റം വന്നില്ല എന്നു സാരം.(അതിനുള്ള ഏറ്റവും ആധികാരികമായ തെളിവാണ് വൈക്കം ക്ഷേത്രപ്രവേശനക്കമ്മറ്റി റിപ്പോർട്ട്. അതിൽ ശ്രീനാരായണഗുരുവിനു കൊടുത്തിട്ടുള്ള വിശേഷണം ചണ്ഡാളപ്രമുഖൻ എന്നായിരുന്നു). അതിനാൽ, ബ്രാഹ്മണ്യനിയന്ത്രിത ഗ്രാമങ്ങളിൽ പ്രവേശിക്കുന്നതിനും ജീവിക്കുന്നതിനും അവർക്ക് വിലക്കേർപ്പെടുത്തിയിരുന്നു. അതിന്റെ മുഖ്യ ഉദ്ദേശ്യം, ചാതുർവർണ്യവ്യവസ്ഥിതിയിലെ വിവേചനങ്ങളിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന ശൂദ്രർ അടക്കമുള്ള സമൂഹങ്ങൾ മതബാഹ്യരായ അവർണ്ണരുമായി സമ്പർക്കമുണ്ടാക്കുന്നതിനും പുറത്തുകടക്കുന്നതിനും ഉള്ള സാധ്യതകൾ അടച്ചുകളയുകയായിരുന്നു.പൗരോഹിത്യം സ്വീകരിച്ച നിലപാടുകൾക്ക് ഒപ്പംനിൽക്കാത്തവർക്കുനേരെ അത്തരത്തിൽ നടപ്പാക്കപ്പെട്ട ഭ്രഷ്ടിൽ നിന്നായിരുന്നു കേരളക്കരയിലെ ഹിന്ദുമതത്തെ വിഭജിച്ച തീണ്ടലിന്റെ ആരംഭം എന്നാണല്ലോ അതിൽനിന്നു സ്പഷ്ടമാകുന്നത്. ആ വിലക്കായിരുന്നു അദർശനീയത,അസ്പൃശ്യത മുതലായ അയിത്തരൂപങ്ങളുടെ ആദ്യരൂപം.(മനുഷ്യർ തമ്മിൽ കാണുന്നതിനെ വിലക്കിയിരുന്ന ആചാരവ്യവസ്ഥയാണ് അദർശനീയത). ചാതുർവർണ്യത്തിന്റെ പരിധിയിൽ വരാത്തവർ എന്ന പരികല്പനയോടെയാണ് അവർണ്ണരെന്ന പൊതു മേൽവിലാസം അവർക്കുമേൽ ചാർത്തപ്പെട്ടതെങ്കിലും, ഹിന്ദുസമൂഹത്തിന്റെ ഭാഗമായതിനു ശേഷവും അതേ സ്ഥിതിയും അവരോടുള്ള വൈരാഗ്യബുദ്ധിയും തുടർന്നു. 'അവർണ്ണൻ'എന്ന മേൽവിലാസം അവരെ മുഖ്യധാരയിൽ നിന്നകറ്റി, സാമ്പത്തികവും സാമൂഹികവുമായ അധഃസ്ഥിതാവസ്ഥയിൽ എത്തിക്കുകയായിരുന്നു. അതുനുപയോഗിച്ച മാരകായുധം അശുദ്ധിയെന്ന പ്രചരിതഘടകമായിരുന്നു.ഒരു കാലഘട്ടത്തിൽ അവർ ഹിന്ദുക്കളായിരുന്നില്ല, അല്ലെങ്കിൽ ഒരിക്കൽ ബ്രാഹ്മണ്യത്തിനെതിരേ നിലപാടെടുത്തു എന്നതുതന്നെയാണ് അവർണ്ണരെ അശുദ്ധരാക്കി അധഃപതിപ്പിച്ച നടപടികൾക്കുപിന്നിൽ എന്നതാണ് ചരിത്രവസ്തുത. അതായത്, അശുദ്ധിയല്ല ബ്രാഹ്മണരുടെ അതൃപ്തിയായിരുന്നു ആ വിഭാഗങ്ങളിലുള്ളവരുടെ ജീവിതം തച്ചുതകർത്ത യഥാർത്ഥ പ്രശ്നം.

പുറന്തള്ളാൻമാത്രം തുറക്കുന്ന വാതിൽ

ഹിന്ദുമതത്തിൽനിന്നു പുറത്താകുകയെന്നത് എക്കാലത്തും വളരെ എളുപ്പമാണ്. അതിനു പൗരാണികഗ്രന്ഥങ്ങളിലടക്കം അസംഖ്യം ഉദാഹരണങ്ങളുണ്ട്. എന്നാൽ, ഹിന്ദുമതത്തിൽ തിരിച്ചുകയറുകയെന്നത് അത്ര എളുപ്പമല്ല. മടങ്ങിയെത്തുന്നവർ അകത്തുംപുറത്തുമല്ലാതെ നിൽക്കേണ്ടിവരുമെന്നതാണ് സ്ഥിതി. ജാതിവ്യവസ്ഥ യിലെ ഏതു കള്ളിയിൽ കയറിനിൽക്കും എന്ന ധർമ്മസങ്കടം മാത്രമല്ല അതിന്റെ കാരണം. ശുദ്ധിചിന്തയല്ലാതെ ശക്തിചിന്ത മുൻപ് ഹിന്ദുമതമേധാവികളെ സ്വാധീ നിച്ചിരുന്നില്ല എന്നതാണു ചരിത്രം. ഏതു മഹാരാജാവിന്റെ വിഷയത്തിലായാലും അതിനു മാറ്റമില്ലെന്നു തെളിയിക്കുന്ന ഒരു സംഭവം നോക്കുക. നമ്പൂതിരിമാരെന്ന പുസ്തകത്തിൽ ചിറക്കൽ രാമവർമ്മ വലിയരാജ, പള്ളിവാണപ്പെരുമാളുമായി ബ ന്ധപ്പെട്ട ആ ചരിത്രസംഭവം രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്:

ക്രിസ്ത്വാബ്ദം ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലെ രാജാവായി അവരോധിക്കപ്പെട്ട പള്ളിവാണപ്പെരുമാൾ, നമ്പൂതിരിമാരുടെ പരമാധികാരത്തെ അംഗീകരിക്കാനോ അവരുടെ ആചാരങ്ങളെ ആദരിക്കാനോ ഒരുക്കമായിരുന്നില്ല. ജപ്പാൻ, സിലോൺ, ചൈന എന്നീ രാജ്യങ്ങളിലും ഭാരതത്തിലും പടർന്നു പന്തലിച്ച ബുദ്ധമതത്തിന്റെ വ്യാപനത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്ത അദ്ദേഹം, പ്രജകളിൽ ഒരു വലിയ വിഭാഗത്തോടൊപ്പം ബുദ്ധമതത്തെ ആശ്ലേഷിച്ചു. എങ്കിലും, പിൽക്കാലത്ത് രാജാവ് ഹിന്ദുമതത്തിലേക്കു മടങ്ങിവരാൻ ആഗ്രഹിച്ചെങ്കിലും, ഹിന്ദുമതത്തിൽ തിരിച്ചുവരുന്നത് നിയമവിരോധമാകയാൽ സാധിച്ചില്ല. അതുകൊണ്ടാണെന്ന് പറ യപ്പെടുന്നു, പെരുമാൾ ഒരു പള്ളിപണിയിച്ച് മരണം വരെ അതിൽ താമസമാക്കി. പള്ളിയിൽ(ബുദ്ധവിഹാരം) സ്ഥിരതാമസമാക്കിയതുകൊണ്ടാകാം ആ പെരുമാൾ പള്ളിവാണപ്പെരുമാളെന്ന പേരിൽ അറിയപ്പെടുന്നത്.(അദ്ദേഹത്തിന്റെ ആദ്യകാ ലനാമം എന്തായിരുന്നു എന്ന് ചരിത്രത്തിലെങ്ങും കാണുന്നില്ല).


ണംകൊണ്ടും മടക്കി. ബുദ്ധമതം സ്വീകരിച്ച പെരുമാൾക്കു തന്റെ ബുദ്ധിമോശം മനസ്സിലായപ്പോൾ, അദ്ദേഹം വളരെ തപിക്കയും ഹിന്തുമതത്തിൽ തിരികെ വരുന്നതു നിയമവിരോധമാകയാൽ ഒരു പള്ളിപണിയിപ്പിച്ച മരണംവരക്കും അവിടെപ്പാർക്കുകയും ചെയ്തു. പള്ളിയിൽ സ്ഥിരതാമസമാക്കിയതിനാൽ ആ പെരുമാളെ 'പള്ളിവാണ പെരുമാൾ'എന്നു പറയവാനും സംഗതിയായി.നമ്പൂതിരിമാരുടെ മീമാംസാശാസ്ത്രപ

ആ സംഭവത്തിന് പല പാഠഭേദങ്ങളുണ്ടെങ്കിലും, അതു നൽകുന്ന സന്ദേശം ശ്രദ്ധി ക്കപ്പെടേണ്ടതാണ്. ഒരിക്കൽ പുറത്തുപോയ ആളെ എത്ര ഉന്നതനായാലും പൂർണ്ണാ ർത്ഥത്തിൽ ഉൾക്കൊള്ളാൻ ഹിന്ദുമതം തയ്യാറല്ലെന്ന അനുഭവത്തെ, അവർണ്ണ ജന സമൂഹങ്ങളുടെ അവസ്ഥയുമായി ബന്ധപ്പെടുത്തി കാണാവുന്നതാണ്. അവർണ്ണ രായി മാറ്റപ്പെട്ട സമൂഹങ്ങളുടെ ഹിന്ദുമതത്തിലേക്കുള്ള വരവിനെ, മടങ്ങിവരവാ യാണ് കുഞ്ഞുക്കുട്ടൻ തമ്പുരാൻ കേരളമെന്ന ചരിത്രകാവ്യത്തിൽ രേഖപ്പെടുത്തി യിട്ടുള്ളത്.(വീണ്ടും ചേർത്തു മുന്നമതത്തിൽദ്ദയാർദ്രൻ... -സർഗ്ഗം:05, ശ്ലോകം:112).

അയിത്തജാതികൾ

കേരളത്തിലെ അവർണ്ണരെ സവർണ്ണർ പൊതുവെ അയിത്തജാതിക്കാർ എന്നാണു വിളിച്ചുപോന്നത്. ഇതര സമൂഹങ്ങളിൽനിന്ന് അസ്പൃശ്യത നേരിട്ടതിനാലാണത്. എന്നാൽ, കേരളത്തിൽ അവർണർമാത്രമാണോ അയിത്തമെന്ന അധാർമ്മികാചാരത്തിനു വിധേയരായത്? അല്ല എന്നതാണു വാസ്തവം. ബ്രാഹ്മണരൊഴികെയുള്ള സകലജാതിസമൂഹങ്ങൾക്കും നേരെ അയിത്തം നടപ്പാക്കപ്പെട്ടിരുന്നു. ബ്രാഹ്മണർ ശൂദ്രരായ നായന്മാരോടും ശൂദ്രർ അവർണ്ണരോടും ശൂദ്രർ അവർക്കിടയിലെ വിവിധവിഭാഗങ്ങളോടും അവർണ്ണർ തമ്മിൽത്തമ്മിലും പല നിലയിൽ അയിത്തമാചരിച്ചിരുന്നു. ബ്രാഹ്മണർക്കിടയിലെ ചില വിഭാഗങ്ങളും പരസ്പരം വിവാഹവും പന്തിഭോജനവും വിലക്കിയിരുന്നു. അപ്പോൾ,അബ്രാഹ്മണരായ സവർണ്ണർ അവർണരെ മാത്രം അയിത്തജാതിക്കാർ എന്നു വിളിക്കുന്നത് തങ്ങൾക്കു നേരിടേണ്ടിവന്ന ആ ഭൂതകാലദുരന്തം മൂടിവെയ്ക്കുന്നതിനുവേണ്ടിയാണന്നു സംശയിക്കേണ്ടിവരും.

അശുദ്ധമെന്ന സംസ്കൃതവാക്കിൽനിന്നാണ് അയിത്തമെന്ന പദവും ആചാരവും ഉരുവംകൊണ്ടത് എന്നാണ് വിശ്വാസം. ചില ജാതികളിൽ ജനിച്ചവർ മറ്റുചില ജാതീയരെ സമീപിക്കുന്നതിനുള്ള ദൂരപരിധി മുൻകാലങ്ങളിൽ ഹിന്ദുക്കളുടെ ഇടയിൽ നിർണ്ണയിച്ചു നടപ്പാക്കിയിരുന്നു. വിഭിന്ന ജാതികളുടെ ഉച്ചനീചത്വകൽപനയനുസരിച്ച് അയിത്തം പല രൂപത്തിലും പല അളവിലും നിലനിന്നിരുന്നു. തീണ്ടൽ എന്ന പേരിൽ പ്രചാരത്തിലിരുന്ന ആ ദുരാചാരത്തിന്റെ അടിസ്ഥാന കാരണമായി പറയപ്പെട്ടിരുന്നത് അശുദ്ധി എന്ന സങ്കല്പമാണ്.ബ്രാഹ്മണരിൽനിന്നും അവർണ്ണരായ ഈഴവർ 32അടി ദൂരവും പുലയർ 64 അടി ദൂരവും അകലം പാലിക്കേണ്ടിയിരുന്നു. നായരിൽനിന്ന് ഈഴവർ 16 അടി ദൂരവും പുലയർ 32 അടി ദൂരവും ഇടപെടുമ്പോൾ അകലം സൂക്ഷിക്കേണ്ടിയിരുന്നു. അതുപോലെതന്നെ, ഈഴവനിൽനിന്ന് പുലയർ ആറടി ദൂരം മാറിനിൽക്കണം. അതായത്, അവർണ്ണർ മറ്റുള്ളവർക്ക് അസ്പൃശ്യരായിരുന്നതുപോലെ, അവർണ്ണർക്കിടയിലെ ഒട്ടുമിക്ക ജാതികളും തമ്മിൽത്തമ്മിൽ അയിത്തമാചരിച്ചിരുന്നു. അതായത്, അശുദ്ധിയുടെ മാനം തീരുമാനിച്ചിരുന്ന അളവുകോൽ പലപ്പോഴും പലതായിരുന്നു എന്നുസംഗ്രഹം. അയിത്തം അവർണ്ണജാതീയരെ മാത്രം ബാധിച്ചിരുന്ന ഒരു ദുരാചാരമായിരുന്നില്ല എന്നതാണു സത്യം. ബ്രാഹ്മണരിൽനിന്നും 16 അടി അകലത്തിൽ മാത്രമേ നായർക്കു നിൽക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അങ്ങനെ നോക്കുമ്പോൾ, അവർണ്ണർ മാത്രമല്ല ശൂദ്രരും മലയാളക്കരയിലെ അയിത്തജാതികളായിരുന്നു. മാത്രവുമല്ല, ആ ആചാരം ആധികാരികവുമായിരുന്നു എന്നതാണ് തെളിവുകൾ സാക്ഷ്യപ്പെടുത്തുന്നത്.

കേരളവിശേഷനിയമവിവരമെന്ന കൃതി, തീണ്ടലുള്ളവർ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നീ ത്രൈവർണികരിൽനിന്നു പാലിക്കേണ്ട അകലം വ്യവസ്ഥചെയ്യുന്നുണ്ട്.(അഷ്ടൗഹി വിപ്രാദ്വൗ ന്യൂനൗ ദ്വാദശൈവാന്തരാളികാ അഷ്ടാദശസ്യ ശൂദ്രഷ്ട ശില്പിന പതിതാ ദശ നീചാഃ പൃഥക് ച ചത്വാരശ്ചതുഷ്ഷഷ്ടിർഹി ജാതയഃ). ത്രൈവർണ്ണികർമാത്രമാണ് അയിത്തത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നത് എന്നതിൽനിന്നും കേരളത്തിലെ ശൂദ്രസമൂഹങ്ങളെ തീണ്ടൽജാതികളായാണ് ചാതുർവർ

ണ്യവാദികൾ കണക്കാക്കിയിരുന്നതെന്നും വ്യക്തമാണ്. മലബാറിലെ അമ്പലങ്ങളിൽ നിർമ്മിച്ചിരുന്ന ബ്രാഹ്മണഭിത്തി, ശൂദ്രഭിത്തി തുടങ്ങിയ പേരുകളിലറിയപ്പെട്ടിരുന്ന മറകൾ അതിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമാണ്. അത്തരം മറകൾ ശൂദ്രസ്പർശത്തെ മാത്രമല്ല ശൂദ്രദർശനത്തെപ്പോലും നിരോധിക്കുന്ന അദർശനീയതയെന്ന, ശൂദ്രർ ആഢ്യന്മാരുടെ കൺവെട്ടത്ത് വരുന്നത് വിലക്കിയിരുന്ന ആചാരവ്യവസ്ഥയുടെ ബാക്കിപത്രമാണ്. ചില വിഭാഗക്കാരെ തീണ്ടിയാലേ അയിത്തം ഉണ്ടാകൂ. എന്നാൽ, വേറെ ചില ജാതിക്കാരുടെ സാന്നിദ്ധ്യം പോലും അയിത്തമുണ്ടാക്കും. ചില ജാതിക്കാരെ കണ്ടാൽ മതി അയിത്തമായി. ചില കർമ്മങ്ങൾക്ക് നമ്പൂതിരി കുളിച്ച് ശുദ്ധമായി വരുമ്പോൾ നായരോടൊന്ന് മിണ്ടിയാൽ തന്നെ അശുദ്ധമാകും. പിന്നെ കുളിവേണം ശുചിയാകാൻ. ഓരോ ജാതിയും ഇതര ജാതിക്കാർക്കു മുൻപിൽ എത്രയെത്ര ദൂരമാണ് മാറിനിൽക്കേണ്ടത് എന്നതിന് കൃത്യമായി ശാസ്ത്രഗ്രന്ഥങ്ങളിൽ അളവു കല്പിച്ചിട്ടുണ്ട്. ബ്രാഹ്മണരിൽനിന്നു നായാടികൾ 72അടി ദൂരവും പുലയർ 64അടിദൂരവും *കണിശൻ 36 അടി ദൂരവും ഈഴവൻ 32 അടി ദൂരവും മുക്കുവൻ 24 അടിദൂരവും നായർ 16 അടി ദൂരവും മാറിനില്ക്കണമായിരുന്നു. വിവിധ ജാതികൾ തമ്മിൽത്തമ്മിലുള്ള അസ്പൃശ്യതയും അതിരൂക്ഷമായിരുന്നു. പുലയൻ പറയനെ തൊട്ടാൽ അയിത്തം മാറാൻ ആ പറയൻ മൂന്നുവട്ടം മുങ്ങിക്കുളിക്കണമായിരുന്നു. തിരിച്ച് പറയൻ പുലയനെ തൊട്ടാലും ആ പുലയൻ മൂന്നുവട്ടം മുങ്ങിക്കുളിക്കണം. അങ്ങനെ നോക്കുമ്പോൾ, അവർണ്ണർമാത്രമല്ല നായരടക്കമുള്ള അബ്രാഹ്മണജാതികളും ബ്രാഹ്മണ്യത്തിന്റെ കണക്കിൽ അയിത്തജാതിക്കാരായിരുന്നു.ബ്രാഹ്മണ്യാധിപത്യസമൂഹങ്ങളിൽ അവരൊഴികെ ആരും ആഢ്യരായിരുന്നില്ല എന്ന കാര്യം മനസ്സിലാക്കിയാൽ മറ്റ് അഭിനവആഢ്യത്വവാദികൾക്ക് അല്പം മനഃശാന്തികിട്ടും; കൂടെ,അവരുടെ അവഹേളനത്തിന് ഇരയാകുന്ന മറ്റുമനുഷ്യർക്കും(*കണിയാൻ).

[പിൻകുറിപ്പ്: അശുദ്ധിയുമായി ബന്ധപ്പെട്ട ബ്രാഹ്മണനിഷ്ഠകൾ എത്രമാത്രം ശാസ്ത്രവിരുദ്ധവും മനുഷ്യവിരുദ്ധവുമാണെന്നു തെളിയിക്കുന്ന ഒന്നാണ്, അശുദ്ധിയ്ക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരകർമ്മങ്ങൾ. ക്ഷേത്രത്തിനുള്ളിൽ അയിത്തജാതിജനങ്ങളോ ശാരീരികാശുദ്ധിയുള്ളവരോ പ്രവേശിക്കുക, ക്ഷേത്രത്തിന് അശുദ്ധി ബാധിക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ, അശുദ്ധി നിവാരണം ചെയ്യുന്നതിനുവേണ്ടി തന്ത്രഗ്രന്ഥങ്ങൾ നിർദ്ദേശിക്കുന്ന പരിഹാരകർമ്മങ്ങളാണ് കാലുകഴുകിച്ചൂട്ടും വിപ്രോഛിഷ്ടവും. അശുദ്ധിവന്ന സ്ഥാനം, അഥവാ വസ്തു, ബ്രാഹ്മണന്റെ കാലു കഴുകിയ ജലം തളിച്ചു ശുദ്ധിവരുത്തണമെന്ന് കേരള തന്ത്രഗ്രന്ഥമായ വിഷ്ണുസംഹിതയും, ബ്രാഹ്മണനെ ഭുജിപ്പിച്ചതിന്റെ ഉഛിഷ്ടം അശുദ്ധമായ സ്ഥാനത്തു(വിഗ്രഹമോ, ക്ഷേത്രഭാഗങ്ങളോ) സ്പർശിച്ച് അശുദ്ധിപോക്കണമെന്നു തന്ത്രസമുച്ചയവും നിഷ്കർഷിക്കുന്നു. കുഴിക്കാട്ടുപച്ചയെന്ന മലയാള തന്ത്രഗ്രന്ഥത്തിലും വിപ്രോഛിഷ്ടം പൂജാബിംബങ്ങളുടെ അശുദ്ധിശമനത്തിനായി നിർദ്ദേശിക്കുന്നുണ്ട്. ശൂദ്രന്റെയും അവർണ്ണന്റെയും സാന്നിദ്ധ്യം പുണ്യസ്ഥാനങ്ങൾ അശുദ്ധമാക്കും എന്നും, ജാതിബ്രാഹ്മണന്റെ കാലു കഴുകിയ ജലവും ഉഛിഷ്ടവും ക്ഷേത്രവും വിഗ്രഹവും വിശുദ്ധമാക്കുമെന്നുമുള്ള ചിന്ത എത്രമേൽ ഭ്രാന്തമാണെന്ന് ആലോചിക്കുക.ആ മാമൂലുകൾ നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്തവരോളം ക്ഷേത്രങ്ങളെയും ദേവസങ്കല്പത്തെയും അവഹേളിക്കുന്നവർ അവിശ്വാസികളിൽപോലുമുണ്ടോ? മറ്റുള്ളവർ തങ്ങളെ വിളിക്കണമെന്നു ബ്രാഹ്മണർ നിഷ്കർഷിക്കുന്ന തമ്പുരാൻ, തിരുമേനി തുടങ്ങിയ പ്രയോഗങ്ങളിലും ആ

ഈശ്വരാവഹേളനവും അയുക്തിയുമുണ്ട്. മറ്റു മനുഷ്യരെപ്പോലെതന്നെ, മലമൂത്രരക്തരേതസ്സുകൾ പേറുന്ന ശരീരം, ബ്രാഹ്മണന്റേതായാലും എങ്ങനെയാണ് തിരുമേനിയാകുക?

കുടിച്ചുതുലഞ്ഞ കൂട്ടർ

കേരളത്തിലെ അവർണ്ണസമുദായങ്ങളിൽ ഭൂരിപക്ഷവും ഇപ്പോഴും തികച്ചുംഅധഃസ്ഥിതാവസ്ഥയിലാണ് ജീവിക്കുന്നത്. അതിന്റെ കാരണം തേടിയുള്ള ഗവേഷണങ്ങളൊക്കെ ഉപസംഹരിക്കുന്നത് അവർക്കിടയിലെ മദ്യപാനശീലത്തെ അടിവരയിട്ടുകൊണ്ടാണല്ലോ. കള്ളുകുടിച്ച് തുലഞ്ഞ കൂട്ടർ എന്ന ആ പൊതുനിരീക്ഷണം നിഷ്കളങ്കമായ തീർപ്പുകൽപ്പിക്കലായി കാണാനാകുമോ? ഇല്ലെന്നതാണു സത്യം. ഒരുപക്ഷെ, ആ മനുഷ്യരെ കള്ളുകുടിയന്മാരാക്കിയതിന്റെ കാരണക്കാർ അത്തരമൊരു വിധിയെഴുതുന്നവരുടെ പൂർവ്വികർ തന്നെയാണ്. അധഃസ്ഥിത സമൂഹങ്ങളനുഭവിക്കുന്ന പരിതാപകരമായ അവസ്ഥ സൃഷ്ടിച്ചവരെന്ന ഉത്തരവാദിത്വത്തിൽനിന്നും കൈകഴുകി രക്ഷപ്പെടാനുള്ള തന്ത്രം മാത്രമാണ്, മദ്യപാനമെന്ന ദുശ്ശീലത്തിൽ സകല ബാധ്യതകളും ഒതുക്കുന്ന ആ ഉപസംഹാര വാചകം. അതിനർത്ഥം, മദ്യം അക്കൂട്ടരെ അപകടപ്പെടുത്തിയിട്ടില്ലെന്നല്ല. നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവർ വരുത്തിവെച്ച നഷ്ടങ്ങൾ മാത്രമേ മദ്യം അവരുടെ ജീവിതത്തിൽ ഉണ്ടാക്കിയിട്ടുള്ളൂ. പക്ഷെ, സമൂഹം അവരുടെ ജീവിതത്തിൽ ഉണ്ടാക്കിയ പരുക്ക് പരിഗണിക്കുമ്പോൾ അത് എത്ര നിസ്സാരമാണ്. അതുകൊണ്ട്, ആത്മാർത്ഥതയോടെയുള്ളതാണ് ആ ദിശയിലുള്ള അന്വേഷണം എങ്കിൽ, അവരുടെ മദ്യപാനശീലത്തെയും അതുവഴി അവരെയുമല്ല; മദ്യം അവരെ വിഴുങ്ങിയതിന്റെ കാരണങ്ങളും അതിനു കാരണക്കാരായവരുമാണ് പ്രതിക്കൂട്ടിൽ കയറ്റിനിറുത്തേപ്പെടേണ്ടത്.

മലയാളക്കരയിൽ ജീവിച്ചിരുന്ന ആദിമഗോത്രങ്ങളിൽനിന്നും ബുദ്ധജൈനമതങ്ങളിൽനിന്നും പൗരോഹിത്യമതത്തിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടവരാണ് അയിത്തജാതിക്കാരായി പിന്നീടു കണക്കാക്കപ്പെട്ടത്.അവരുടെ പൂർവ്വികർ ബുദ്ധ-ജൈനമതാനുയായികളായിരുന്ന കാലത്ത്, വർണ്ണവ്യവസ്ഥിതിയുടെ ഭാഗമായിരുന്ന ജനങ്ങൾ അവരുമായി സംസർഗ്ഗത്തിലേർപ്പെടുന്നത് ഒഴിവാക്കുന്നതിനുവേണ്ടി, ബ്രാഹ്മണ്യനേതൃത്വം അവരെ ബാഹ്യരാക്കി-വർണ്ണവ്യവസ്ഥയ്ക്കു വെളിയിലുള്ളവർ- അകറ്റിനിറുത്തിയിരുന്നു. ആ ഒഴിവാക്കൽ, ഹിന്ദുമതത്തിലേക്കുള്ള കൂട്ടിച്ചേർക്കലിനു ശേഷവും തുടരുകയായിരുന്നു എന്നതാകാം അതിന്റെ പ്രേരണ.ബുദ്ധ-ജൈനമതവിശ്വാസികളായിരുന്ന കാലത്ത്, ബ്രാഹ്മണ്യനിയന്ത്രണത്തിലുള്ള ഗ്രാമങ്ങളിൽനിന്ന് അവരെ വെളിയിലാക്കാൻ ഉപയോഗിച്ചിരുന്ന ആയുധമായിരുന്നു അശുദ്ധി. തങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും നിഷേധിക്കുന്നവർ എന്ന സങ്കല്പമായിരുന്നു ആ ആട്ടിയകറ്റലിനു പിന്നിലെ ചേതോവികാരം.പഴയസ്ഥിതി തുടരുന്നതിന് മതമേധാവികൾ ഉണ്ടാക്കിയ അശുദ്ധിയെന്ന നിഷേധം ഒരു ആചാരമാക്കി മാറ്റിയപ്പോൾ, അയിത്തം ഉടയ്ക്കാനാവാത്ത ഒരു സാമൂഹ്യാവസ്ഥയായിത്തീർന്നു. അയിത്തജാതിക്കാർക്കുനേരെ ആദ്യകാലത്ത് ഏർപ്പെടുത്തപ്പെട്ട ഭ്രഷ്ട് അവരെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും അധഃസ്ഥിതാവസ്ഥയിലെത്തിച്ചു. ആ സ്ഥിതി മുതലെടുത്തു കാലക്രമേണ അവരെ അടിമകളാക്കിമാറ്റി. ആ അപരാധങ്ങളെ ന്യായീകരിക്കാൻ അസംഖ്യം ഐതിഹ്യങ്ങളുമുണ്ടാക്കി.

ജാതിവ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിലുള്ളവരെന്നു കണക്കാക്കിയിരുന്ന പുലയർ,ചെറുമർ,പറയർ,വേട്ടുവർ മുതലായ 'അടിമജാതി'കളെക്കൊണ്ടാണ് കനപ്പെട്ട കാർഷികവൃത്തികളെല്ലാം സവർണ്ണർ ചെയ്യിച്ചിരുന്നത്. 1842ലെ സെൻസസ് അനുസരിച്ച്, മലബാറിൽ മാത്രം 1,59,000 അടിമകൾ ഉണ്ടായിരുന്നതായി വില്യംലോഗൺ രേഖപ്പെടുത്തിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, തിരുവിതാംകൂറിലെ കാർഷിക അടിമകളുടെ എണ്ണം 98,974 ആയിരുന്നു.(മൊത്തം ജനസംഖ്യ: 9,06,587). കൊച്ചിയിലാകട്ടെ ജനസംഖ്യയുടെ 15 ശതമാനത്തോളം കാർഷികാടിമകളായിരുന്നു. അവരുടെ മേൽ യജമാനനു പൂർണ്ണമായ ഉടമസ്ഥാവകാശം ഉണ്ടായിരുന്നു. അവരെ ഇഷ്ടമുള്ള രീതിയിൽ വിൽക്കാനും കൈമാറ്റംചെയ്യാനും അധികാരമുണ്ടായിരുന്നു. തൊഴിലെടുക്കാൻ ആരോഗ്യമുള്ളിടത്തോളം, അടിമകളായ പുരുഷനും സ്ത്രീക്കും ആഴ്ചയിൽ *രണ്ടിടങ്ങഴി(ഏകദേശം രണ്ടുകിലോഗ്രാം) നെല്ല് നൽകാൻ യജമാനൻ ബാദ്ധ്യസ്ഥനായിരുന്നു. കുട്ടികൾക്കും തൊഴിലെടുക്കാൻ കഴിയാത്ത വൃദ്ധർക്കും അതിന്റെ പകുതി മാത്രമാണു കൊടുത്തിരുന്നത്. ശിശുക്കൾക്ക് ഒന്നും കിട്ടിയിരുന്നില്ല. ജീവിക്കാൻ അതൊട്ടും പര്യാപ്തമല്ലല്ലോ. എന്തെങ്കിലും അനുസരണക്കേടു കാണിച്ചെന്നപേരിൽ അതുപോലും പലപ്പോഴും കൊടുക്കാതിരിക്കുകയും ചെയ്തു. മടവീണോ പുഴുബാധിച്ചോ കൃഷി നശിച്ചാലും അടിമയുടെ അശുദ്ധിയിൽ കാരണംചാർത്തി പഴിയുംപിഴയും മുഴുവൻ അവനുമേലായിരുന്നു. പുരുഷനായ അടിമയ്ക്ക് ആണ്ടിൽ 7 മുഴവും സ്ത്രീക്ക് 14 മുഴവും തുണി ലഭിക്കും. കൊയ്ത്തുകഴിയുന്നതുവരെ പാടത്തിന്റെ വരമ്പിലും മെതിക്കുന്നകാലത്തു കളത്തിന്റെ അരികിലും മാറ്റിവെക്കാവുന്ന മുഴുത്ത ഒരു കുട്ടയെക്കാൾ വലുതല്ലാത്ത കുടിലുകളിലാണ് അടിമകൾ താമസിച്ചിരുന്നത്.ഭൂമിയോട് ബന്ധിക്കപ്പെട്ടവരാണ് കന്നുകാലികളും അടിമകളും എങ്കിലും അടിമകൾക്ക് കന്നുകാലിയോളം വിലയുണ്ടായിരുന്നില്ല. അടിമകളെ കൊല്ലുന്നത് കുറ്റമായി കണക്കാക്കിയിരുന്നില്ല.അടിമകളെ വിൽക്കുന്ന പ്രമാണത്തിലും, 'അവനെ അല്ലെങ്കിൽ, അവളെ വിൽക്കുകയോ കൊല്ലുകയോ ചെയ്യാ'മെന്ന നിബന്ധനയുണ്ടായിരുന്നു. പകലന്തിയോളം പണിയെടുക്കുമ്പോൾ തടസ്സമുണ്ടാക്കാതിരിക്കാൻ കുട്ടികൾക്ക് അടിമകൾ കറുപ്പു കൊടുത്തു മയക്കിക്കിടത്തിയിരുന്നതായി കേട്ടിട്ടുണ്ട്. അങ്ങനെ,മനുഷ്യായുസ്സുമുഴുവൻ അടിമപ്പണിയെടുത്തിരുന്ന അവർക്ക് മരണശേഷം അടക്കംചെയ്യാൻ ആറടിമണ്ണു പോലും ഉണ്ടായിരുന്നില്ല.(*രണ്ടിടങ്ങഴി എന്നപ്രയോഗം പ്രസിദ്ധമാണല്ലോ).

കണക്കില്ലാത്തത്ര സ്ഥലം കൈവശം വെച്ച് അടിമകളെക്കൊണ്ടു പണിയെടുപ്പിച്ച് സുഭിക്ഷജീവിതം നയിച്ചിരുന്ന ആഢ്യന്മാർ, മറ്റുള്ളവർ ഭൂമി സ്വന്തമാക്കുന്നത് തടയാൻ എല്ലാ കുതന്ത്രങ്ങളും പയറ്റിയിരുന്നു എന്നതാണു ചരിത്രം. ഏറ്റവും നിസ്സഹായരായരും നിരാലംബരുമായ അടിമകൾ പുഴയിൽനിന്നും ചെളികുത്തിയെടുത്തു ചതുപ്പുനിലങ്ങൾ നികത്തിയും കാടുകൾ വെട്ടിത്തെളിച്ചും ഒക്കെ ഉണ്ടാക്കിയിരുന്ന ഭൂമിക്കുമേൽ ബ്രാഹ്മണരും ഇതര സവർണരും അവകാശമുന്നയിക്കുകയും അവരെ ദ്രോഹിക്കുകയും ചെയ്ത ചില സംഭവങ്ങൾ, ബ്രിട്ടീഷ്- ഡച്ചു കോടതിവ്യവഹാരങ്ങളുടെയും പുരാരേഖകളുടെയും അടിസ്ഥാനത്തിൽ, ദളിത് ചരിത്രദംശനം

എന്ന കൃതിയിൽ വിനിൽപോൾ രേഖപ്പെടുത്തിയിട്ടുണ്ട്. 1864-ൽ കോട്ടയം ജില്ലയിൽ കങ്ങഴയിലെ ഇടയപ്പാറയിൽ, ഒരു നായർജന്മിയുടെ അധീനതയിലുള്ള കണ്ണൻ, പാലൻ, പൈങ്കിളി എന്നീ മൂന്ന് അടിമകൾ ഒളിച്ചോടി കാട്ടിൽ അഭയം പ്രാപിക്കുകയും, അവിടെ സർക്കാർഭൂമി വെട്ടിത്തെളിച്ചു താമസം ആരംഭിക്കുകയുമുണ്ടായി. എന്നാൽ, ഒരു ബ്രാഹ്മണൻ ആ പുറമ്പോക്കു ഭൂമിയുടെമേൽ അവകാശം ഉന്നയിച്ച് അവരെ തുടർച്ചയായി ഉപദ്രവിക്കുകയും കുടിലുകൾ നശിപ്പിക്കുകയും കള്ളക്കേസിൽപെടുത്തി ജയിലിലടയ്ക്കുകയും ചെയ്തു. 1850കളുടെ അവസാനം അഞ്ചരക്കണ്ടിത്തോട്ടത്തിലെ ഒരുവിഭാഗം തൊഴിലാളികൾ കാടുവെട്ടിത്തെളിച്ചുണ്ടാക്കിയ ചൊവ്വാകുന്നിലെ ഭൂമിയ്ക്കുമേൽ ചിറയ്ക്കൽ തമ്പുരാൻ അവകാശമുന്നയിക്കുകയും കേസുനടത്തി ആ സ്ഥലം സ്വന്തമാക്കുകയുമുണ്ടായി.കാട്ടുമൃഗങ്ങളോടും, ചതുപ്പുകളിലെ മുതലയടക്കമുള്ള ജീവികളോടും, കോളറ പോലുള്ള പകർച്ചവ്യാധികളോടും പോരടിച്ച് പരുവപ്പെടുത്തിയെടുത്തതായിരുന്നു ആ മണ്ണൊക്കെയും. പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് കോട്ടയം താലൂക്കിലെ ആർപ്പൂക്കര പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന അപ്പർ കുട്ടനാടൻ മേഖലയായ മഞ്ചാടിക്കരിയിലെ ചതുപ്പുനിലങ്ങൾ വാസയോഗ്യമാക്കുന്നതിനിടയിൽ 49 പുലയരാണ് മുതലകൾക്ക് ഇരയായതെന്ന് വിനിൽപോൾ എഴുതുന്നു.

കഠിനമായ കായികാദ്ധ്വാനത്തിനോടൊപ്പം, ഫ്യൂഡൽ ജാതിമർദ്ദനങ്ങളും സ്ത്രീകൾക്കുമേലുള്ള മാടമ്പിമാരുടെ ലൈംഗികാതിക്രമങ്ങളും നിത്യസംഭവങ്ങളായിരുന്നു. അത്തരത്തിൽ, അടിമുടി തകർന്ന ജീവിതമായിരുന്നു അവരുടേത്. മൃഗതുല്യമായ ആ സാഹചര്യങ്ങളിൽ കഴിഞ്ഞിരുന്ന അവർക്ക് കുടിച്ചുതുലയ്ക്കാൻ എന്താകാം ഉണ്ടായിരുന്നതെന്ന്, തല്ലാനും കൊല്ലാനും അധികാരമുണ്ടായിരുന്ന ഭൂതകാലത്തെക്കുറിച്ച് ഇപ്പോഴും അഭിമാനം കൊള്ളുന്നവർ ആലോചിക്കുക. ആ അവസ്ഥയിൽ ജീവിക്കുമ്പോൾ തലച്ചോറിനെ തളർത്തിക്കിടത്താൻ അവർക്കുണ്ടായിരുന്ന ഏകമാർഗ്ഗമായിരുന്നിരിക്കണം കള്ളും ചാരായവുമൊക്കെ.തങ്ങൾക്കു ചുറ്റുമുള്ള മനുഷ്യരും അവരുടെ മാമൂലുകളും സൃഷ്ടിക്കുന്ന ഭ്രാന്തിന് അവർക്കറിയാവുന്ന ഒരേയൊരു മരുന്നായിരുന്നു ആ അബോധാവസ്ഥ.

1812 ഡിസംബർ5ന് കേണൽമൻറോയുടെ നിർദ്ദേശാനുസരണം റാണിലക്ഷ്മിഭായ് പുറപ്പെടുവിച്ച ഒരു വിളംബരത്തിലൂടെ, ഈഴവ അടിമകളെ ചന്തകളിൽ വിൽക്കുന്നതും വാങ്ങുന്നതും നിരോധിച്ചു. 1843-ൽ ഭാരതത്തിലെ മുഴുവൻ അടിമക്കച്ചവടം നിരോധിച്ചുകൊണ്ട് ബ്രിട്ടീഷ്ഭരണകൂടം വിളംബരംപുറപ്പെടുവിച്ചെങ്കിലും ശക്തമായ എതിർപ്പ് ഉയർന്നതിനെത്തുടർന്ന് അത് ഫലംകണ്ടില്ല. 1855 ജൂൺ-24നു ബ്രിട്ടീഷുകാരുടെ നിർദ്ദേശാനുസരണം തിരുവിതാംകൂറിൽ അടിമത്തം സമ്പൂർണ്ണമായി വിലക്കിക്കൊണ്ട് മാർത്താണ്ഡവർമ്മ ഉത്തരവിറക്കിയതോടെയാണ് പുലയർ, പറയർ,കുറവർ, പള്ളർ, വേടർ, മലയർ തുടങ്ങിയവരും അടിമകളല്ലാതായത്. മലയാളക്കരയിൽ അടിമത്തവും അടിമക്കച്ചവടവും നിർത്തലായത് ബ്രിട്ടീഷ്ഭരണകൂടം ഉറച്ച നിലപാടു കൈകൊണ്ടതിനാലാണ്; ആഢ്യന്മാർ നിയന്ത്രിച്ചിരുന്ന രാജഭരണത്തിന്റെ ഔദാര്യംകൊണ്ടല്ല എന്നതാണ് അറിയേണ്ട യാഥാർഥ്യം. രാജഭരണകാലത്തിന്റെ ഗതകാലസ്മരണകൾ അയവിറക്കി ജനായത്ത ഭരണസംവിധാനങ്ങളെ

ക്കുറിച്ചു ദുഷിപ്പുപറയുകയും രാജഭരണം തിരിച്ചുവരാൻ കൊതിക്കുകയും ചെയ്യുന്നവർ ഇത്തരം ഭൂതകാല സത്യങ്ങൾ മറന്നുപോകരുത്. (ചരിത്രബോധമില്ലായ്മയാണ് പലരുടെയും ആഢ്യത്വഘോഷത്തിന് ആകെയുള്ള മുടക്കുമുതൽ).

പിന്നേയും എത്രയോ കാലംകഴിഞ്ഞാണ് അവർണ്ണർക്ക് വിദ്യാഭ്യാസത്തിനും മാന്യമായ തൊഴിലിനുമുള്ള സാഹചര്യം ഉരുത്തിരിഞ്ഞുവന്നത്.അതൊക്കെതന്നെയും അവർ ത്യാഗംസഹിച്ചും ജീവൻ കൊടുത്തും പൊരുതി നേടിയതാണ്. ആ പോരാട്ടങ്ങളുടെ ഓരോ ഘട്ടത്തിലും അതിനൊക്കെ തടയിടാൻ ഒരുപാടു ശക്തികൾ ശ്രമിച്ചിരുന്നല്ലോ. ആ കുതന്ത്രങ്ങൾ മനുസ്മൃതിയുടെ സൃഷ്ടി മുതൽ നടക്കുന്നതാണ്. മനുസ്മൃതി പത്താമധ്യായത്തിൽ, കഷ്ടപ്പാടിൻ കാലത്തു വിഭിന്ന വർണ്ണികൾക്ക് അനുഷ്ഠിക്കാവുന്ന ജോലികൾ വിശദമായിത്തന്നെ വിവരിക്കുന്നുണ്ട്. അതനുസരിച്ച്, ആപത്തുകാലത്ത് ബ്രാഹ്മണർക്കു ശൂദ്രവൃത്തിപോലും അനുവദനീയമാണ്. കഷ്ടകാലം മറികടക്കാനായി ആരിൽനിന്നും ദാനംസ്വീകരിക്കാനും(ശ്ലോകം:102) ഏതുഭക്ഷണവും കഴിക്കാനും(ശ്ലോകം:104), അനധികാരികളെ(?) വേദം പഠിപ്പിക്കാനും(ശ്ലോകം: 103) അനുവാദം നൽകുന്നുണ്ട്. ഏറ്റവും നിഷിദ്ധമായ പലിശ സ്വീകരിക്കാൻപോലും സമ്മതിക്കുന്നു.(ശ്ലോകം:117). അതിന് സാധൂകരണമായി ആവിഷ്കരിക്കുന്ന സിദ്ധാന്തം പവിത്രവസ്തു മാലിന്യസ്പർശംമൂലം മലിനമാകില്ല എന്നതാണ്. ഉദാഹരണമായി വാമദേവൻ എന്ന ഋഷിയും ധർമ്മാധർമ്മജ്ഞനായ വിശ്വാമിത്രനും വിശപ്പു സഹിക്കാനാവാതെ നായയുടെ മാംസം ഭക്ഷിച്ചതും, മഹാതപസ്വിയായ ഭരദ്വാജൻ ഒരു തച്ചനിൽനിന്നു ഗോക്കളെ ദാനം സ്വീകരിച്ചതും മനുസ്മൃതി നിരത്തുന്നുണ്ട്. എന്നാൽ,ശൂദ്രരും സങ്കരവർണ്ണജരും മറ്റ് വർണ്ണികളുടെ ജോലികൾ ജീവൻപോയാലും ചെയ്യരുതെന്ന് മനു നിർദ്ദേശിക്കുന്നു. മാത്രവുമല്ല, ഉയർന്നജാതിയിൽപ്പെട്ടവരുടെ കർമ്മംചെയ്തു ജീവിക്കുന്ന താണജാതിക്കാരന്റെ മുതലെല്ലാം കണ്ടുകെട്ടി ഉടൻതന്നെ നാടുകടത്തേണ്ടതാണെന്നു നിർദ്ദേശിക്കുന്നു(ശ്ലോകം:6):

> യോ ലോഭാദധമോ ജാത്യാ ജീവേദുത്കൃഷ്ടകർമ്മഭിഃ
> തം രാജാ നിർധനം കൃത്വാ ക്ഷിപ്രമേവ പ്രവാസയേത്. 96
>
> ലോഭം മൂലം, ഉയർന്ന ജാതിയിൽപെട്ടവരുടെ കർമ്മംചെയ്തു ജീവിക്കുന്ന താണ ജാതിക്കാരനെ രാജാവ് മുതലെല്ലാം കണ്ടുകെട്ടി ഉടൻതന്നെ നാടുകടത്തേണ്ടതാകുന്നു.

സ്മൃതിനിയമങ്ങളും അവയുടെ പ്രായോജകരും പുലർത്തിയ ആ കൃത്യതയാണ്, അവർണ്ണരെ അധഃസ്ഥിതാവസ്ഥയിൽ തളച്ചിട്ടത്. അവരുടെ കൈയ്യിലിരിപ്പോ അലസതയോ അറിവില്ലായ്മയോ അല്ല; കഴിവുണ്ടായാലും അവർ അന്യജാതിക്കാരുടെ കർമ്മങ്ങൾ ചെയ്യരുത് എന്ന വിലക്കാണ് അവരെ 'മെറിറ്റില്ലാത്തവരും കഴിവുകെട്ടവരും ദരിദ്രരു'മാക്കിയത്. അതിനാൽ, മികച്ച കർമ്മങ്ങൾ(ജോലികൾ) ചെയ്യുന്നതു വിലക്കുകയും ശിക്ഷാർഹമായ കുറ്റമാക്കുകയും ചെയ്യുന്ന സ്മൃതികളാണ് തെറ്റുകാർ. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, നല്ല തൊഴിലുകൾ ആഢ്യന്മാർക്കുമാത്രമായി മാറ്റിവെച്ചതുകൊണ്ടാണ് അവർ ആ മേഖലകളിൽ പ്രാവീണ്യംനേടിയത്; വിശേഷബുദ്ധിയുണ്ടായിരുന്നതുകൊണ്ടല്ല എന്നതാണ്. ഇന്നും അതേ തച്ചുടയ്ക്കൽതന്ത്രം പലരൂപത്തിൽ തുടരുന്നുമുണ്ട്. അമ്മാതിരി ക്രൂരതകളെക്കുറിച്ചു

ള്ള ഓർമ്മകൾ ഉണ്ടാക്കാനിടയുള്ള മനസ്സാക്ഷിക്കുത്ത് ഒഴിവാക്കാനുള്ള ഒറ്റമൂലി മാത്രമാണ് ചിലർ ഉയർത്തുന്ന കുടിച്ചുതുലഞ്ഞ കൂട്ടർ എന്നപഴി. പൂർവ്വജന്മത്തിൽ ചെയ്ത പാപങ്ങളും കിട്ടിയ ശാപങ്ങളുമാകാം അവർണ്ണരും ശൂദ്രരുമായുള്ള ജനനത്തിന്റെ കാരണമെന്നു വിധിക്കുന്ന ദുഷ്ടലാക്കിന്റെ മറ്റൊരുപതിപ്പു മാത്രമാണല്ലോ ഈ കണ്ടെത്തലും വിധിയെഴുത്തും വിഴുപ്പിറക്കലും. അതിന്റെ ലക്ഷ്യം, ആ മനുഷ്യരെ അധഃസ്ഥിതരാക്കിയ തങ്ങളുടെ പൂർവ്വികരെ വെളുപ്പിച്ചെടുക്കലാണ്.

ഒന്നുമില്ലായ്മയിൽനിന്നു ജീവിതം തുടങ്ങേണ്ടിവരുന്ന അവർണ്ണരുടെ ഓരോ തലമുറയും അവസാനിക്കുന്നത് ഒന്നുമില്ലായ്മയിൽ തന്നെയാണ് എന്നതാണ് അവരെ അധഃസ്ഥിതാവസ്ഥയിൽ തളച്ചിടുന്നത്. ആ സാമ്പത്തിക ദുരിതങ്ങൾ ഉണ്ടാക്കുന്ന നിരാശയാണ് അവർക്കിടയിൽ കാണുന്ന സാമൂഹ്യവും വൈയക്തികവും സ്വഭാവപരവും കുടുംബപരവുമായ എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം. ആ സാമ്പത്തികശാസ്ത്രതത്വം നന്നായറിയുന്നവരാണ് അവർക്കു വിലങ്ങുതടിയായി എല്ലാക്കാലത്തും നിലകൊണ്ടത്. അതൊരു ആസൂത്രിതമായ കെണിയാണ്. സാമ്പത്തികാരക്ഷിതാവസ്ഥയുടെ കഴുകൻകാലിൽ പിടയുന്ന അവരെ വേട്ടയാടാതിരിക്കുന്നതല്ലേ ആഢ്യത്വവും മനുഷ്യത്വവും മാനവികതയും. കഥകളിലൂടെയും മറ്റു കലാസൃഷ്ടികളിലൂടെയും അപനിർമ്മിതചരിത്രാധ്യായങ്ങളിലൂടെയും കയ്യൂക്കുള്ളവർ സൃഷ്ടിച്ചെടുത്ത തറവാടിത്തവും കുലമഹിമാവാദങ്ങളും കളവാണെന്ന തിരിച്ചറിവ്, അത് നടത്തുന്നവർക്കും അതിന്റെ പേരിൽ അപമാനിതരാകുന്നവർക്കും ഉണ്ടായാൽ മാത്രമേ ആഢ്യത്വത്തിന്റെ പേരിലുള്ള പ്രത്യക്ഷവും പരോക്ഷവുമായ വേട്ടയാടലുകൾ നിലയ്ക്കൂ. അതിനുവേണ്ടത് ഓർമ്മകളുണ്ടായിരിക്കണം എന്ന ഓർമ്മപ്പെടുത്തലാണ്. കാലാകാലങ്ങളായി കണ്ടും കേട്ടും ഉള്ളിലുറച്ചുപോയ ആഢ്യത്വവുമായും അശുദ്ധിയുമായും ബന്ധപ്പെട്ട കള്ളക്കഥകളിൽനിന്നു മനുഷ്യചിന്തകളെ ആ ദിശയിൽ വഴിതിരിച്ചുവിടലാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

അന്യോന്യം അസ്പൃശ്യരായവരുടെ നാട്

ജാതിബ്രാഹ്മണ്യം അതിന്റെ ആസൂത്രിത അജണ്ടകൾ നടപ്പിലാക്കി വിജയിപ്പിച്ചെടുത്ത സമൂഹങ്ങളുടെ ക്ലാസിക് മാതൃകയായി മലയാളക്കരയെ വിലയിരുത്തുന്നതിന്റെ പ്രധാന കാരണം, ആഢ്യത്വമെന്ന അളവുകോലിന്റെ അടിസ്ഥാനത്തിൽ അവർ ഇന്നാട്ടിലെ സാമൂഹികഘടനയെ ഒരിക്കലും കേടുപാടുതീർക്കാനാവാത്ത വിധത്തിൽ ശിഥിലമാക്കി എന്നതുകൊണ്ടാണ്. ആരും ആരെയും അംഗീകരിക്കാത്ത, സകലരും സകലരെയും അസ്പൃശ്യരായി കണക്കാക്കുന്ന ഒരു സമൂഹമായി കേരളക്കരമാറി. പരമവിശുദ്ധവിഭാഗമായി സ്വയംപ്രഖ്യാപിച്ച ബ്രാഹ്മണർ ഒഴികെയുള്ള എല്ലാവരും തീണ്ടൽജാതിക്കാരായി മാറ്റപ്പെട്ടു. ബ്രാഹ്മണരിൽ തന്നെ, പരശുരാമൻ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചവരെന്ന മേൽവിലാസത്തിന്റെ പിൻബലത്തിൽ, നമ്പൂതിരിമാർ സ്വയം അതിവിശിഷ്ടാധികാരികളായി. കേരളത്തിൽ ജീവിച്ചിരുന്ന തമിഴ്ബ്രാഹ്മണനായ പട്ടന്മാരെയും തുളുബ്രാഹ്മണരായ എമ്പ്രാന്മാരെയും പതിതബ്രാഹ്മണരായാണ് നമ്പൂതിരിമാർ കണക്കാക്കിയത്. നമ്പൂരിമാർ അവരോടൊപ്പം പന്തിപങ്കിടുകയോ സംസർഗ്ഗം പുലർത്തുകയോ ചെയ്തിരുന്നില്ല.ഭേദപ്പെട്ട ആഢ്യ

ന്മാരുടെ ഇല്ലങ്ങളിൽ അടുക്കളപ്പണിക്കാരും സഹായികളുമായി അവർ കഴിഞ്ഞു. അവരിൽ ഭൂസ്വത്തുള്ളവർ ഏറെ ഉണ്ടെങ്കിലും, രാജവാഴ്ചയ്ക്കു വിധേയമായതും ആറിലൊന്നു നികുതി കൊടുക്കേണ്ടതുമായ ഭൂമിയായിരുന്നു അവരുടേത്. ജന്മം ഭൂസ്വത്തിന്റെ സംസ്ഥാപനവും, ദേവസ്വം ജന്മങ്ങളുടെയും ക്ഷേത്രസങ്കേതങ്ങളുടെയും നാടുവാഴിസ്ഥാനങ്ങളുടെയും അവിർഭാവത്തോടെ കൈവന്ന ദൈവിക പദവിയും, വിശേഷാധികാരങ്ങളും മറ്റു ബ്രാഹ്മണർപോലും പങ്കുവെച്ചനുഭവിക്കാൻ ഇടയാവരുതെന്ന ചിന്തയായിരുന്നു ആ വിവേചനത്തിന്റെ കാരണം. പരമപുരുഷന്റെ മുഖത്തുനിന്നുമുള്ള ഉത്പത്തിയും വരേണ്യതയുമൊന്നും സ്വന്തക്കാരുടെമുന്നിൽ ആ ബ്രാഹ്മണർക്കു തുണയായില്ല എന്നതാണു ചരിത്രസാക്ഷ്യം.

ഒരേസമയം പരിചാരകന്റെയും പ്രഭുവിന്റെയും സംയുക്ത പദവി കൈയ്യാളിയിരുന്ന നായന്മാർ, ശൂദ്രരെന്ന നിലയിൽ നമ്പൂതിരിക്കു തൊട്ടാൽ കുളിക്കേണ്ട അയിത്തജാതിയായിരുന്നു. അതിൽ ആഢ്യനായരെന്നോ അനാഢ്യരെന്നോ ഭേദം ഉണ്ടായിരുന്നില്ല. നായർ നമ്പൂതിരിയിൽനിന്നു 6 അടി മാറിയേ നിൽക്കാവൂ. അല്ലെങ്കിൽ ബ്രാഹ്മണൻ അശുദ്ധമാകും. പക്ഷെ, ശാങ്കരസ്മൃതി നിഷിദ്ധമാക്കിയിട്ടുള്ളതായിരുന്നെങ്കിലും, ശൂദ്ര(നായർ)സ്ത്രീകളുമായി സഹശയനം സർവ്വത്രികവും ശാസ്ത്രസമ്മതിയുള്ളതുമാക്കി മാറ്റിയ നമ്പൂതിരിമാർ, മുങ്ങിക്കുളിയെന്ന പരിഹാരക്രിയയിലൂടെ അയിത്തത്തെ മറികടന്ന് 'വിശുദ്ധി' നിലനിർത്തിപ്പോന്നു. സ്വന്തം ആവശ്യകത(സ്വാർത്ഥത) മാത്രമായിരുന്നു പല ബ്രാഹ്മണ മാമൂലുകളുടെയും മാതാവ്.

മറ്റു ജാതികളെല്ലാം നമ്പൂതിരിമാരുമായും അതിൽ കുറഞ്ഞ അളവിൽ നായന്മാരുമായും തമ്മിൽതമ്മിലും തീണ്ടാപ്പാടകലംപാലിക്കേണ്ട അസ്പൃശ്യരായി.ഈഴവർ ബ്രാഹ്മണനിൽനിന്നു 48അടിയും നായരിൽനിന്ന് 6അടിയും അകന്നു നിൽക്കണം. പുലയരും മലയരും പറയരുമൊക്കെ ബ്രാഹ്മണനിൽനിന്നു 64 അടി മാറിയേ നിൽക്കാവൂ എന്നാണ് ശാങ്കരസ്മൃതി നിഷ്കർഷിക്കുന്നത്.(അധ്യായം:07, പാദം:02):

അഗ്ന്യശുദ്ധി

പാദഷൾകാൽ ബഹിസ്തിഷ്ഠേൽ ശൂദ്രാഗ്നേഃ പതിതസ്ഥാ
പദത്രയാദ്വാ സച്ഛൂദ്രോ രജകഃ പദഷൾകതഃ 1

ശൂദ്രനും പതിതനും രജകനും അഗ്നിയുടെ ആറടി ദൂരേ നില്ലാവൂ. എന്നാൽ പര്യപ്പെട്ട ശൂദ്രനാണെങ്കിൽ മൂന്നടിയോളം അടുത്തു ചെല്ലാമെന്നുണ്ട്.

പദദ്വാദശകാന്നാരീ ബഹിസ്തിഷ്ഠേദ്രജസ്വലാ
അഷ്ടാദശകൃതേ ബാഹ്യേ പദാനാം സൂതികാ ചരേൽ 2

ചതുർവ്വിംശതികാത്തേഷാം ദാഹകഃ പ്രചരേൽ ബഹിഃ
തക്ഷാ ച ലോഹകാരശ്ച സ്വർണ്ണകാരശ്ച കാംസ്യകൃൽ 3

രജസ്വല 12ഉം സൂതിക 18ഉം ശവദാഹം ചെയ്യുവൻ 24ഉം ആശാരി കരുവാൻ തട്ടാൻ മൂശാരി കല്ലാശാരി തിയ്യൻ ഇവർ അതിലിരട്ടിയും (48ഉം) പറയൻ മലയൻ മുതലായവർ 64ഉം അടി ദൂരെ നിൽക്കണം. അഗ്നിക്കു പറഞ്ഞതു പോലെ തന്നെയാണ് ബ്രാഹ്മണന്നും.

നമ്പൂതിരിമാർ നടപ്പാക്കിയ ഈ വിശുദ്ധിവിചാരം സാംക്രമികരോഗം പോലെ ഇതരസമൂഹങ്ങൾക്കിടയിലും പടർന്നു വേരുറച്ചു.ഈഴവർ മറ്റുള്ള അവർണ്ണജാതികളുമായി പല നിലയിലുള്ള അയിത്തം ആചരിച്ചുപോന്നു. പുലയരും പറയരുമാകട്ടെ, തമ്മിൽ തീണ്ടിയാൽ പരസ്പരം അയിത്തപ്പെടുന്നവരും കുളിച്ച് ശുദ്ധിതേടേണ്ടവ

രുമായി. തീണ്ടാപ്പാടകലം തെറ്റിച്ച് ഉള്ളാടൻ പുലയനെ തൊട്ടാൽ, പുലയൻ ഏഴുവട്ടം കുളിച്ച് കൈയിലെ ചെറുവിരലിൽനിന്നും ഏതാനും തുള്ളി രക്തം വാർത്തുകളഞ്ഞാൽ മാത്രമാണ് അശുദ്ധി മാറുക എന്ന അവസ്ഥ വന്നു. മറുവശത്ത്, പുലയൻ തൊട്ട ഭക്ഷണം ഉള്ളാടന് വർജ്ജ്യമായി. ഗിരിവർഗ്ഗഗോത്രങ്ങൾക്കിടയിലും ഇത്തരത്തിലുള്ള പതിതത്വ ആചാരങ്ങൾ വ്യാപകമായിരുന്നു.പണിയർ തൊട്ടാൽ തീണ്ടിക്കുളി വേണ്ടവരായിരുന്നു കുറിച്യർ. മലയനും കാടനും തമ്മിൽ തൊട്ടാൽ പരസ്പരം അയിത്തപ്പെട്ടിരുന്നു.ഈ രീതിയിൽ അത്യന്തം ഭിന്നിക്കപ്പെട്ട ഒരു സമൂഹമായി മാറിയ മലയാളക്കര മനുഷ്യർ ഇല്ലാത്ത നാടായിത്തീർന്നു. നമ്പൂതിരിയും നായരും ഈഴവരും പുലയരും പറയരും നായാടിയുമായി അകലംപാലിച്ചു നിന്നവർ, അക്ഷരാർത്ഥത്തിൽ മലയാളക്കരയെ ജാതിഭ്രാന്തിന്റെ താവളമാക്കി. കൃഷിപ്പണിക്കാരും അധഃസ്ഥിതരുമായ ജാതിക്കാരെ തൊട്ടാൽ അയിത്തപ്പെടുന്ന അവസ്ഥ തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഒരുകാലത്ത് ഉണ്ടായിരുന്നെങ്കിലും തീണ്ടാപ്പാടകലം പാലിക്കുന്ന വിധത്തിലുള്ള ജാതിഭ്രാന്ത് അവിടങ്ങളിൽ ഉണ്ടായിരുന്നില്ല. മേൽജാതികളിൽ പെടുന്ന തൊണ്ണൂറുശതമാനം ആളുകളും നമ്പൂതിരിമാർക്ക് തീണ്ടൽജാതികളായിരിക്കുകയും, ജാതിവ്യവസ്ഥയിലെ മൂന്നിൽ രണ്ടുഭാഗം വരുന്ന താണജാതിക്കാർ മേൽജാതിക്കാരോടും തമ്മിൽത്തമ്മിലും നിശ്ചിത തീണ്ടാപ്പാടു ദൂരങ്ങൾ പാലിക്കേണ്ടവരായിരിക്കുകയും ചെയ്യുന്ന സാഹചര്യം വെളിയിൽനിന്നു നോക്കിക്കാണുന്ന ആർക്കും ഒരു ഭ്രാന്താലയത്തിന്റെ പ്രതീതിയുണ്ടാക്കി.

ഒരുവശത്ത് ഭയംകൊണ്ടും മറുവശത്ത് അറപ്പുകൊണ്ടും പരസ്പര സമ്പർക്കം പരമാവധി വർജിച്ച്, വ്യത്യസ്തമായ സങ്കേതങ്ങളിൽ ആഭ്യന്തരമായ ഒരു തരം സ്വയംഭരണച്ചട്ടങ്ങളോടെ പുലരുന്ന ജാതിഘടകങ്ങളുടെ ഒരു കോൺഫെഡറേഷനായിരുന്നു പുരാതനകേരളത്തിലെ ഓരോപ്രദേശങ്ങളും എന്നാണ് ചരിത്രകാരനായ പി. കെ.ബാലകൃഷ്ണൻ അയിത്തകാലകേരളത്തെ അടയാളപ്പെടുത്തുന്നത്. ആ നില ഉണ്ടാക്കിയ നഷ്ടം സമുദായങ്ങൾക്കും വ്യക്തികൾക്കും മാത്രമായിരുന്നില്ല; കേരളീയസമൂഹത്തിനു മൊത്തത്തിലായിരുന്നു എന്നതാണ് വാസ്തവം.എല്ലാവർക്കും പ്രയോജനപ്പെടുന്ന ജീവിത സൗകര്യങ്ങൾ ഇല്ലാതാക്കുക മാത്രമല്ല; അങ്ങനെയൊന്നും പാടില്ല എന്നുള്ള ആചാരബാധ്യത കൂടിയാണ് അയിത്തചിന്ത ഉളവാക്കിയത്. പൊതുവെ പരിപാലിക്കപ്പെടുന്ന റോഡുകളും ഉൾവഴികളും ജലസംഭരണികളും ഒഴുക്കുചാലുകളും മൈതാനങ്ങളും കളിസ്ഥലങ്ങളും കച്ചവടകേന്ദ്രങ്ങളും മേച്ചിൽപ്പുറങ്ങളുമൊന്നും കേരളത്തിൽ ഉണ്ടായിരുന്നില്ല.തീണ്ടാപ്പാടകലം തെറ്റിക്കുന്ന ഏതൊരാളെയും വിചാരണ കൂടാതെ തൽക്ഷണം ശിക്ഷിക്കാൻ അധികാരമുണ്ടായിരുന്ന കൂലിഭടന്മാർ സമൂഹത്തിലുണ്ടാക്കിയ അരാജകാവസ്ഥ അതിഭീകരമായിരുന്നു. ഒന്നിലധികം ജാതിക്കാർ ഒരു തൊഴിലിടത്തിൽ പണിയെടുക്കുന്ന അവസ്ഥ അസാധാരണമായിരുന്നത് കൃഷി അടക്കമുള്ള ഉത്പാദനമേഖലകളെ ബാധിച്ചിരുന്നു. പൊതു ജീവിതസാഹചര്യങ്ങളുടെ നിർമ്മാണമോ പരിപാലനമോ പാടില്ലാത്ത അത്തരം സമൂഹങ്ങളിൽ, രാജസ്ഥാനങ്ങൾക്കുള്ള പ്രധാന ചുമതല കരം പിരിവും ജാത്യാചാര സംരക്ഷണവും യുദ്ധവും മാത്രമായി പരിമിതപ്പെട്ടു. വസ്തുതാപരമായി പരിശോധിച്ചാൽ, ഇരയാക്കപ്പെട്ട സമുദായങ്ങൾക്കിടയിൽ സ്വാഭാവികമായും

ഉണ്ടാകാൻസാധ്യതയുള്ള ഒത്തൊരുമ തടയുകയായിരുന്നു അയിത്തസങ്കല്പത്തിന്റെ ആത്യന്തികലക്ഷ്യം എന്നു മനസ്സിലാക്കാൻ സാധിക്കും. അധികാരം കൈയ്യാളിയിരുന്ന ന്യൂനപക്ഷം ഭൂരിപക്ഷത്തെ ശിഥിലമാക്കിയ തന്ത്രമാണത്.

ബ്രാഹ്മണർ മറ്റു സമുദായങ്ങൾക്കുമേൽ വിഭിന്ന അളവുകളിലുള്ള തീണ്ടാപ്പാടകലം നടപ്പാക്കിയത് ശുദ്ധിയുടെ പേരിലാണല്ലോ. എന്നാൽ ശൂദ്രരിലെ അവാന്തരജാതികളും അവർണ്ണസമുദായങ്ങൾ തമ്മിൽത്തമ്മിലും അയിത്തം ആചരിച്ചതിന്റെ കാരണം കൗതുകകരമായ ഒരു സമസ്യയാണ്. അതിന്റെ നിയാമകോദ്ദേശ്യം, ആ സമൂഹങ്ങൾ അടുത്തിടപഴകുന്നതിനും സഹകരിക്കുന്നതിനുമുള്ള സാധ്യതകൾ അടിച്ചുകളയുക എന്ന കുബുദ്ധിയായിരുന്നു എന്നതാണു സത്യം. അതിനാലാകാം യാതൊരു മാനുഷികപരിഗണയുമില്ലാതെ ദ്രോഹിച്ചിട്ടും മാടുകളെപ്പോലെ ജോലിയെടുപ്പിച്ചിട്ടും അരവയർ നിറയാൻപോലും അന്നം കിട്ടാതിരുന്നിട്ടും അറപ്പുളവാക്കുന്ന ഭൗതികസാഹചര്യങ്ങളിൽ കഴിയേണ്ടിവന്നിട്ടും അവരൊന്നും നടുനിവർത്തിനിൽക്കാനോ പ്രതിഷേധിക്കാനോ തയ്യാറാവാതിരുന്നത്. എല്ലാവരും എല്ലാവരേയും അസ്പൃശ്യരായികരുതിയിരുന്ന ആ വ്യവസ്ഥിതി വൻവിജയമായിരുന്നതിനാലാണ്, ജനസംഖ്യയിൽ ഒരു ശതമാനത്തിൽ താഴെമാത്രം ഉണ്ടായിരുന്ന ബ്രാഹ്മണർക്കു മറ്റുള്ളവരെ നൂറ്റാണ്ടുകളോളം അടക്കി ഭരിക്കാൻ കഴിഞ്ഞത്. അതോടൊപ്പം, പൊറുതിമുട്ടിയ ജനതയുടെ കായികമായ പ്രത്യാക്രമണങ്ങളിൽനിന്നും പീഡകർക്കു കിട്ടിയിരുന്ന അത്യന്തം സുരക്ഷിതമായ കവചവും തീണ്ടാപ്പാടകലമായിരുന്നു. തീണ്ടാപ്പാടകലം തെറ്റിച്ചു എന്ന കുറ്റത്തിന് ആക്രമിച്ചെന്ന കുറ്റത്തെക്കാൾ കടുത്തതും കാലതാമസമില്ലാത്തതുമായ ശിക്ഷ ഉറപ്പായിരുന്നു. അയിത്തം തെറ്റിക്കുന്നവനെ യാതൊരു വിചാരണകളും കൂടാതെ തത്സമയം വെട്ടിവീഴ്ത്താനുള്ള അധികാരം, സർവ്വനേരവും വാളേന്തി നടന്നിരുന്ന നായർഭടന്മാർക്കുണ്ടായിരുന്നു. ശൂദ്രത്വത്തിന്റെ പേരിൽ താനും തീണ്ടാപ്പാടകലം പാലിക്കാൻ ബാദ്ധ്യസ്ഥനാണ് എന്ന വകതിരിവൊന്നും ആചാരം നടപ്പിലാക്കുന്ന കാര്യം വരുമ്പോൾ അവർ ഓർത്തിരുന്നില്ല. അവർണ്ണരെക്കാൾ ബ്രാഹ്മണ്യത്തോട് അടുത്തു നിൽക്കുന്ന ആളാണ് താനെന്ന മിഥ്യാധാരണ അവരെ ബ്രാഹ്മണ്യശാസനങ്ങളുടെ അടിയുറച്ച പ്രായോക്താക്കളാക്കി. ആ മിഥ്യാബോധം തന്നെയായിരുന്നു ജാതിവിവേചനത്തെയും അയിത്താചാരത്തെയും സുരക്ഷിതമായി നിലനിറുത്തിയിരുന്ന മുഖ്യഘടകം.

ചിലർക്ക് ജാതി തലപ്പാവാണ്(തലയിൽക്കെട്ട്); മറ്റുള്ളവർക്കു കൗപീനവും. ആകാരവും അളവും ഏറെക്കുറെ ഒരുപോലെയാണെങ്കിലും, ചിലർ ആ തുണിക്കഷണം അഭിമാനചിഹ്നമായി ഉയർത്തിക്കാണിക്കുകയും, മറ്റുള്ളവർ ഒളിച്ചുവെക്കുകയും ചെയ്യുന്നു എന്നുമാത്രം. അന്യജാതികളെക്കാൾ മികച്ചതാണു തന്റേത് എന്ന അബദ്ധധാരണയാണ് എക്കാലത്തും ജാതിവ്യവസ്ഥയുടെ ശക്തി. ബ്രാഹ്മണരിലെ വിവിധവിഭാഗങ്ങൾ തമ്മിലും, ക്ഷത്രിയ-വൈശ്യ-ശൂദ്രവർണ്ണങ്ങളിലെ അവാന്തരജാതികൾക്കിടയിലും അവർണ്ണരിലെ വ്യത്യസ്ത സമുദായങ്ങൾക്കിടയിലും നിലനിൽക്കുന്ന ആ അടിസ്ഥാനമില്ലാത്ത സങ്കല്പമാണ്, മതേതരത്വം ജീവിതവ്രതമായെടുത്തവരുടെ ഉള്ളിൽപോലും തികട്ടിവരുന്ന ജാതിചിന്തയുടെ മൂലകാരണം. തങ്ങൾക്കുമുകളിൽ ഉള്ള ജാതിക്കാർ തങ്ങളെ അവഹേളിക്കുന്നതുപോലെ, തൊട്ടുതാഴെ

യുള്ളവിഭാഗങ്ങളെ ചവിട്ടിത്താഴ്ത്താൻ കിട്ടുന്ന അവസരം അഭിമാനത്തോടെ ഉപയോഗിക്കുന്ന വികൃതമാനസികാവസ്ഥ ജാതിവ്യവസ്ഥിതിയുടെ ഒരു ക്രൂരസ്വഭാവമാണ്. അക്കാര്യത്തിൽ ആരും മോശമല്ല എന്നതിനു ധാരാളം തെളിവുകൾ നമുക്കുമുന്നിലുണ്ട്. അപ്രകാരം, എല്ലാവരും എല്ലാവരുടെയും ശത്രുവായി എന്നതാണ് ജാതിഭേദം ഉണ്ടാക്കിയ ഏറ്റവും പരിതാപകരമായ സാമൂഹികപ്രത്യാഘാതം.

കേരളം എങ്ങനെ ഭ്രാന്താലയമായി?

കേരളക്കരയെ ഭ്രാന്താലയമെന്നു വിശേഷിപ്പിച്ചതു സ്വാമിവിവേകാനന്ദനാണല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയിൽ ഉടനീളവും ധാരാളം സഞ്ചരിച്ചിട്ടുള്ള സ്വാമിയെക്കൊണ്ട് അത്രമേൽ കടുത്ത ഒരു വിമർശനം നടത്തിക്കാൻമാത്രം ചീത്തയായിരുന്നോ മലയാളക്കരയിലെ സാമൂഹികാവസ്ഥ? എങ്കിൽ, അതിനുള്ള കാരണമെന്ത്? 1892-ന്റെ അവസാനനാളുകളിൽ കേരളത്തിൽ സന്ദർശനത്തിനെത്തിയ അദ്ദേഹത്തെ, അത്തരമൊരു നിരീക്ഷണത്തിലേക്കെത്തിച്ചത്, ഈ നാട്ടിൽ കൊടികുത്തി വാണിരുന്ന സവർണ്ണമേധാവിത്വവും, അതിന്റെ ഉത്പന്നങ്ങളായിരുന്ന ജന്മിത്വവും അസമത്വവുമാണെന്ന് ചിലർ സത്യത്തെ ലഘൂകരിച്ച് അവതരിപ്പിക്കാറുണ്ട്. എന്നാൽ വസ്തുത അതായിരുന്നോ?

കേരളത്തിൽ നിലനിന്നിരുന്ന ജന്മിത്വവും അസമത്വവുമായിരുന്നു സ്വാമിവിവേകാനന്ദന്റെ വാക്കുകൾക്കു പിന്നിലെ വികാരവിക്ഷോഭത്തിന്റെ കാരണം എന്നു കാര്യങ്ങളെ മയപ്പെടുത്തുന്നത് വസ്തുതാപരമായി അസത്യമാണ്.തിരുവിതാംകൂറിൽ താഴ്ന്നജാതിക്കാർക്ക് ഉന്നതവിദ്യാഭ്യാസം നേടാനും, സർക്കാർ ജോലികളിൽ പ്രവേശിക്കാനും നിരോധനമുണ്ടെന്ന് സ്വാനുഭവത്തെ സാക്ഷിയാക്കി ഡോ.പല്പു പറഞ്ഞറിഞ്ഞതനുസരിച്ചാണ് സ്വാമികൾ കേരളം സന്ദർശിക്കാൻ തീരുമാനിച്ചത്. വൈദ്യശാസ്ത്രപഠനത്തിനായി തിരുവിതാംകൂർസർക്കാർ നടത്തിയ പ്രവേശനപരീക്ഷയിൽ നാലാമനായി ജയിച്ചെങ്കിലും, അവർണ്ണനായതിനാൽ ഡോ.പല്പുവിന് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. മദ്രാസിലെ പഠനംപൂർത്തിയാക്കി തിരുവിതാങ്കൂറിൽ ജോലിക്കപേക്ഷിച്ചപ്പോഴും, ജാതീയമായ കാരണങ്ങളാൽ അദ്ദേഹം തിരസ്കരിക്കപ്പെട്ടു. അതേത്തുടർന്നു മൈസൂർ സർക്കാരിനു കീഴിൽ ഭിഷഗ്വരനായി ഡോ.പല്പു സേവനം തുടങ്ങി. അക്കാലത്താണ്, അദ്ദേഹം സ്വാമിയെ കണ്ട് കേരളത്തിലെ അവസ്ഥ ബോധ്യപ്പെടുത്തിയത്. ഭാരതപര്യടനത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ വിവേകാനന്ദസ്വാമികൾക്ക് അമ്പരപ്പിക്കുന്നഅനുഭവങ്ങൾക്കാണു ദൃക്സാക്ഷിയാവേണ്ടിവന്നത്.അക്കാലത്ത് ദിവാൻപേഷ്കാറായിരുന്ന രഘുനാഥറാവു എന്ന ബ്രാഹ്മണൻ, തിരുവനന്തപുരംക്ലബ്ബിൽവെച്ച് ഉയർന്ന ഉദ്യോഗസ്ഥനായ കണ്ടനാട്ടു നാരായണമേനോനുനേരെ നടത്തിയ ജാത്യാവഹേളനം,കാര്യങ്ങളെത്രമാത്രം ഗൗരവതരമാണ് എന്നു മനസ്സിലാക്കാൻ സ്വാമിജിയെ സഹായിച്ചു. സവർണ്ണസമുദായാംഗങ്ങൾപോലും ബ്രാഹ്മണരിൽനിന്നു ജാത്യാധിക്ഷേപം നേരിടുമ്പോൾ ഇതര സമൂഹങ്ങളുടെ അവസ്ഥ എത്രമേൽ പരിതാപകരമാണെന്ന് സ്വാമി നേരിട്ടറിഞ്ഞു. അതിൽ സ്വാമികൾ പ്രതികരിക്കുകയും, തിരുവിതാംകൂറിലെ അവർണ്ണജനതയുടെ അവശതകളകറ്റാനായി ബ്രിട്ടീഷ് പാർലമെന്റിന്റെ സഹായം തേടാ

നുള്ള സജ്ജീകരണങ്ങളൊരുക്കുകയുംചെയ്തു. കേരളത്തിൽ(അന്നത്തെ മലബാറിൽ) നിലനിന്നിരുന്ന അതിരുവിട്ട ജാതിവെറിയും അയിത്താചരണവും തീണ്ടലുമാണ് അത്ര കടുത്ത ഒരു പ്രതികരണം നടത്തുന്നതിന് അദ്ദേഹത്തെ നിർബന്ധിതനാക്കിയത്. കേരളസന്ദർശനത്തെത്തുടർന്ന്, മദ്രാസിലെ ട്രിപ്ലിക്കൻ ലിറ്ററി സൊസൈറ്റിയിൽവെച്ചു നടത്തിയ, 'ഭാരതത്തിന്റെ ഭാവി' എന്ന പ്രസംഗത്തിൽ, സ്വാമി പറഞ്ഞ വാക്കുകൾ തന്നെയാണ് അതിനുള്ള സാക്ഷ്യം: "മലബാറിൽ ഞാൻ കണ്ടതിനെക്കാൾ വലിയ വിഡ്ഢിത്തം ഇതിനുമുൻപ് ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണർ സഞ്ചരിക്കുന്ന തെരുവുകളിൽ, പാവപ്പെട്ട പറയർക്കു നടന്നുകൂടാ. പക്ഷെ, മിശ്രമായ ഒരു ഇംഗ്ലീഷ് നാമം, അല്ലെങ്കിൽ മുഹമ്മദീയനാമം സ്വീകരിച്ചാൽ എല്ലാം ഭദ്രമായി. ഈ മലബാറുകാരെല്ലാം മതഭ്രാന്തന്മാരാണ്. അവരുടെ വീടുകളത്രയും ഭ്രാന്താലയവും'.ജന്മിത്വവും അസമത്വവുമല്ല മലയാളിയുടെ ജാതിഭ്രാന്താണ് സ്വാമിയെ അസ്വസ്ഥനാക്കിയതെന്നു വ്യക്തമാണല്ലോ. അവർണ്ണ-സവർണ്ണഭേദമന്യേ അബ്രാഹ്മണരായ സകല മനുഷ്യരും ആ ജാതിഭ്രാന്തിന് ഇരയായിരുന്നു എന്ന കാര്യവും വളരെ സ്പഷ്ടമാണല്ലോ. മതരാജ്യത്തെ രാജഭരണത്തിനുകീഴിൽ തങ്ങൾ സുരക്ഷിതരും സമാദരണീയരുമായിരുന്നു എന്ന ചിലരുടെ തെറ്റിദ്ധാരണ തകർക്കുന്നതാണല്ലോ ഈ ചരിത്രവസ്തുത.

അത്തരത്തിൽ, ഭാരതത്തിലെ ഇതര സ്ഥലങ്ങളിൽ കാണാത്ത വിധത്തിലുള്ള ഒരു സാമൂഹിക സാഹചര്യം കേരളക്കരയിൽ ഉണ്ടായത് എന്തുകൊണ്ടാണെന്ന അന്വേഷണം ചെന്നെത്തുക, ശാങ്കരസ്മൃതി അല്ലെങ്കിൽ, ഭാർഗ്ഗവസ്മൃതി എന്ന പേരിൽ അറിയപ്പെടുന്ന ബ്രാഹ്മണവിരചിത നിയമഗ്രന്ഥത്തിന്റെ ഉള്ളറകളിലാണ്.

ശാങ്കരസ്മൃതി(ഭാർഗ്ഗവസ്മൃതി)

മനുസ്മൃതി ഭാരതത്തിന്റെ സാമൂഹികഗാത്രത്തിൽ വരുത്തിവെച്ച പരുക്കുകളേക്കാൾ ഗുരുതരമായിരുന്നു ശാങ്കരസ്മൃതി, ഭാർഗ്ഗവസ്മൃതി എന്നീ പേരുകളിൽ അറിയപ്പെടുന്ന പിന്തിരിപ്പൻ പുസ്തകം മലയാളക്കരയിലുണ്ടാക്കിയത്.ഭാർഗ്ഗവസ്മൃതിയെന്ന ഗ്രന്ഥം പൂർണ്ണമായും ലഭ്യമല്ലെങ്കിലും, അതിന്റെ സംക്ഷേപമെന്നു കരുതപ്പെടുന്ന ശാങ്കരസ്മൃതി(ലഘുധർമ്മപ്രകാശിക) എന്ന ബ്രാഹ്മണകൃതിയിലെ മാമൂലുകൾ, കേരളത്തെ ഭ്രാന്താലയമാക്കിയ സാമൂഹികസാഹചര്യങ്ങൾ രൂപപ്പെട്ടത് എങ്ങനെയെന്നു മനസ്സിലാക്കാൻ തികച്ചും പര്യാപ്തമാണ്. അതിനാൽ,ആ പുസ്തകത്തിലൂടെയുള്ള ഒരു പര്യടനം ഈ പഠനയാത്രയിൽ അനിവാര്യമാകുന്നു.

ശാങ്കരസ്മൃതി ശ്രീശങ്കരസൃഷ്ടിയല്ല

പരശുരാമൻ അവതരിപ്പിച്ചതായി പ്രചരിപ്പിക്കപ്പെടുന്ന ശാങ്കരസ്മൃതി കേരളത്തിന്റെ ഉത്പത്തിയുമായി ബന്ധപ്പെട്ട പരശുരാമ ഐതിഹ്യത്തിന്റെ ചുവടുപിടിച്ചു നിർമ്മിച്ച ഒരവിശുദ്ധ സൃഷ്ടിയാണെന്നുവേണം കരുതാൻ. അതിന് പരശുരാമനുമായോ ശ്രീശങ്കരനുമായോ യാതൊരു ബന്ധവുമില്ല. ഭാർഗ്ഗവരാമൻ കടലിൽനിന്നു സൃഷ്ടിച്ചു കേരളത്തെ ബ്രാഹ്മണർക്കു ദാനം നൽകിയ കഥയിലൂടെ, മലയാളക്കരയുടെ പൂർണ്ണമായ അവകാശം ബ്രാഹ്മണരിൽ എത്തിക്കുകയായിരുന്നു അതിന്റെ കർത്താക്കൾ. ശാങ്കരസ്മൃതിയുടെ രചയിതാവ് ശങ്കരാചാര്യരാണെന്നു പ്രചരിപ്പി

ക്കപ്പെടുമ്പോഴും, വാസ്തവമതല്ലെന്നു വിശ്വസിക്കാനാണ് ന്യായം. ശാങ്കരസ്മൃതിയുടെ അടിസ്ഥാനമെന്നു പറയപ്പെടുന്ന ഭാർഗ്ഗവസ്മൃതി എന്ന പുസ്തകം ഇനിയും പൂർണ്ണരൂപത്തിൽ കണ്ടുകിട്ടിയിട്ടില്ലാത്ത ഒന്നാണ്. ഭാർഗ്ഗവസ്മൃതിയേയോ ശാങ്കരസ്മൃതിയേയോ മറ്റുസ്മൃതികാരന്മാർ ആരുംതന്നെ അവരുടെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടില്ല. മാധവാചാര്യന്റെ സർവ്വസ്മൃതിപ്രദീപമായ പരാശരമാധവീയത്തിലും ശാങ്കരസ്മൃതി എന്നപേരിൽ ഒരുകൃതി ഉള്ളതായി പറയുന്നില്ല.ശ്രീശങ്കരന്റെ കവിതാശൈലിയുടെ സൗന്ദര്യവും ഔന്നത്യവും ശാങ്കരസ്മൃതിയിൽ ഒരിടത്തും ദൃശ്യവുമല്ല. ഇത്തരത്തിൽ, ലഭ്യമായ തെളിവുകളുടേയും യുക്തിപരമായ അനുമാനങ്ങളുടേയും അടിസ്ഥാനത്തിൽ, ശാങ്കരസ്മൃതിയുടെ കർത്താവ് ശങ്കരാചാര്യരല്ലെന്ന പൊതുവിശ്വാസം സുബലമാണ്. മനുസ്മൃതിയുടെ കർതൃത്വം മനുഷ്യകുലത്തിന്റെ പിതാവായ സ്വയംഭൂവമനുവിൽ കൊണ്ടെത്തിക്കുന്ന അതേ കുബുദ്ധി തന്നെയാണ്, ശാങ്കരസ്മൃതിയുടെ രചന ഭാർഗ്ഗവരാമനിലും ശ്രീശങ്കരനിലുമെത്തിക്കുന്നത് എന്ന അനുമാനത്തിനാണു കൂടുതൽ സാധുത.

അദ്വൈതസിദ്ധാന്തത്തിന്റെസംസ്ഥാപകനായ ശ്രീശങ്കരാചാര്യർ ശാങ്കരസ്മൃതി പോലെ പ്രതിലോമകരമായ ഒരു കൃതി രചിക്കും എന്നു കരുതുകവയ്യ എന്നതാണ് പൊതുവിചാരം. *'മലയാളബ്രാഹ്മണരായ നമ്പൂതിരിമാർ പല പ്രകാരത്തിലും നാട്ടിലിരിക്കപ്പൊറുതി കൊടുക്കായ്കയാൽ നാടുവിട്ട് പരദേശങ്ങളിലെ പല ദിക്കിലും സഞ്ചരിച്ചിരുന്ന ശങ്കരാചാര്യർ, മലയാളികൾക്കുവേണ്ടി -മലയാള ബ്രാഹ്മണർക്കുവേണ്ടി- അത്തരം ഒരു ഗ്രന്ഥം നിർമ്മിച്ചു എന്നു പറയുന്നത് ഒരുമാതിരി അസംബന്ധമാണെ'ന്ന ശാങ്കരസ്മൃതി(ലഘുധർമ്മപ്രകാശിക)പൂർവ്വഭാഗത്തിന്റെ അവതാരികയിലെ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പ്രസ്താവന തന്നെയാണ് അതിനുള്ള സാക്ഷ്യപത്രം. മഹാകവി ഉള്ളൂരും ശാങ്കരസ്മൃതി ശങ്കരവിരചിതമാണെന്ന വാദത്തെ കാര്യകാരണസഹിതം നിരാകരിച്ചിട്ടുണ്ട്.(കേരളസാഹിത്യ ചരിത്രം). കേരളഭൂമി ബ്രാഹ്മണർക്ക് അട്ടിപ്പേറായി കിട്ടിയതാണെന്നും, ബ്രാഹ്മണേതരരായ സകലരും ആ ബ്രാഹ്മണരുടെ സുഖസൗകര്യങ്ങൾക്കായി വെറും ഉപകരണങ്ങളായി കഴിഞ്ഞുകൂടണമെന്നുമുള്ള വിശ്വാസത്തെ ബലപ്പെടുത്തുവാൻ വേണ്ടി ബ്രാഹ്മണരിലാരോ എഴുതി പ്രചരിപ്പിച്ചതാണ് ശാങ്കരസ്മൃതി എന്ന കള്ളപ്രമാണം എന്നാണ് ചട്ടമ്പിസ്വാമി അദ്വൈതചിന്താപദ്ധതി എന്ന പുസ്തകത്തിൽ പറഞ്ഞത്. ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും എന്ന ചരിത്രഗ്രന്ഥത്തിൽ, പി.കെ.ബാലകൃഷ്ണൻ ഇങ്ങനെ പ്രസ്താവിക്കുന്നു:'ഐതിഹ്യപരമായ ജീവിതചരിത്രപ്രകാരം സ്വജനങ്ങളായ നമ്പൂതിരിമാരുമായി ആചാര്യനുണ്ടാവുന്ന ഏക സമ്പർക്കം, മാതാവിന്റെ പിണ്ഡകർമ്മം വിലക്കുന്നവരെന്ന നിലയ്ക്കുള്ളതും ദിവസങ്ങളിലധികം ദൈർഘ്യമില്ലാത്തതുമാണ്. ആ ഐതിഹ്യത്തെ പാടെ നിഷേധിച്ച് ശങ്കരാചാര്യരുടെ ആയുർദൈർഘ്യം സാരമായി വർദ്ധിപ്പിക്കാതെ, നമ്പൂതിരിമാരുമായി ഇടപെട്ട് കേരളത്തിൽ താമസിച്ച് അവർക്ക് മാത്രമായി വിചിത്രമായ ആചാരക്രമങ്ങൾ നിർണ്ണയിക്കാനും ആരാധനയുടെയും അനുഷ്ഠാനങ്ങളുടെയും കാര്യത്തിൽ ശൈവഭക്തിയുടെ സർവ്വപ്രധാന പ്രചാരകനായ അദ്ദേഹം, കേരളത്തിലെ സ്വജനങ്ങൾക്കു ശൈവ-വൈഷ്ണവഭേദം പാടില്ലെന്നു വ്യവസ്ഥചെയ്യാനും ഇടയില്ലെന്നു കാണാം.

ഇന്ത്യയാകെയുള്ള സ്വന്തം അനുയായികൾക്ക് ഉപദേശിക്കാത്ത ആ വിശിഷ്ടനടപടികൾ, സ്വദേശത്തെ സ്വന്തം ജനങ്ങൾക്കുമാത്രമായി ഉപദേശിക്കുന്ന വ്യക്തിയുടെ മഹത്വത്തിൽ ഇതെല്ലാം സങ്കല്പം കളങ്കം ചേർക്കുകയുംചെയ്യും".ശാങ്കരസ്മൃതി ശങ്കരവിരചിതമല്ല എന്ന പണ്ഡിതന്മാരുടെ ഈ വസ്തുതാപരമായ നിരീക്ഷണങ്ങൾക്കാണല്ലോ ഊഹാപോഹങ്ങളെക്കാൾ സ്വീകാര്യത.(*അനുബന്ധം:IX)

മറ്റെല്ലാ അവസരങ്ങളിലും എന്നപോലെ ശാങ്കരസ്മൃതി ശ്രീശങ്കരസൃഷ്ടിയാണെന്നു വരുത്തിത്തീർക്കാനുള്ള ഐതിഹ്യങ്ങളും അതിന്റെ സ്രഷ്ടാക്കളോ പ്രചാരകരോ ആയവർ ഉണ്ടാക്കിവിട്ടിട്ടുണ്ട്. അതനുസരിച്ച് പരശുരാമൻ കേരളക്കരയിൽ കൊണ്ടുവന്നു കുടിയിരുത്തിയ ബ്രാഹ്മണരായ 64 ഗ്രാമക്കാരും ഒന്നിച്ചു കൂടരുതെന്നും, നിങ്ങടെ ആചാരം പോയി ദ്വാപരയുഗത്തിൽതന്നെ ശങ്കരാചാര്യർ അവതരിച്ച് അനാചാരം കൽപ്പിക്കുമെന്നും പരശുരാമൻ ശപിച്ചാറെ എന്ന് കേരളോത്പത്തിയിൽ കാണാം. ഇവിടെ, 'അനാചാര'ശബ്ദത്തിന് നിഷിദ്ധാചാരമെന്നല്ല, അപൂർവ്വാചാരം എന്നാണ് അർത്ഥമെന്നും അവർ വിശദീകരിക്കുന്നു. അധികാരികതയ്ക്കുവേണ്ടി ബ്രാഹ്മണ്യം പടച്ചുവിട്ട മറ്റുപല കഥകളെയും പോലെ ഒരു കെട്ടുകഥയായി മാത്രം അതിനെയും കണ്ടാൽമതിയെന്നു തോന്നുന്നു. ശാങ്കരസ്മൃതി ശങ്കരാചാര്യരുടെ രചനയല്ല എന്നതുപോലെതന്നെ വിശ്വസനീയമാണ്, അതിന്റെ മൂലരൂപമോ പ്രാഗ്രൂപമോ ആയ ഭാർഗ്ഗവസ്മൃതി പരശുരാമസൃഷ്ടിയല്ല എന്നതും.

ഉദ്ദേശ്യം പ്രഖ്യാപിക്കുന്ന ഉള്ളടക്കം

ശാങ്കരസ്മൃതിയിൽ ആകെയുള്ള പന്ത്രണ്ട് അധ്യായങ്ങളിൽ, ആദ്യത്തെ ഒമ്പതും ബ്രാഹ്മണർക്കുള്ള അനുഷ്ഠാനങ്ങളും ആചാരങ്ങളും ധർമ്മവുമാണു വിവരിക്കുന്നത്. പത്താമധ്യായത്തിലെ ഒന്നാംപാദം സന്യാസികൾക്കുള്ള നിയമങ്ങളും തുടർന്നുവരുന്ന മൂന്നു പാദങ്ങൾ ക്ഷത്രിയർക്കുള്ള രാജനീതികളുമാണ്. പതിനൊന്നാം അധ്യായത്തിലെ ഓരോ പാദങ്ങൾ വൈശ്യധർമ്മവും ശൂദ്രധർമ്മവും നിർവ്വചിക്കുന്നു. അവസാന അധ്യായത്തിൽ അഹിംസാദിധർമ്മങ്ങളും സ്ത്രീധർമ്മവും അനാചാരങ്ങളും ഓരോ പാദത്തിലും വിസ്തരിക്കുന്നു. പുസ്തകത്തിന്റെ ഈ ഘടനതന്നെ അതിന്റെ ഉദ്ദേശ്യംപ്രഖ്യാപിക്കുന്നുണ്ട്. ബ്രാഹ്മണരുടെ ജനനംമുതൽ മരണംവരെയുള്ള അനുഷ്ഠാനങ്ങളും, അവർ ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ഉണരുമ്പോഴും കുളിക്കുമ്പോഴും സംസാരിക്കുമ്പോഴും നടക്കുമ്പോഴും ഇരിക്കുമ്പോഴുംപാലിക്കേണ്ട നിഷ്ഠകളും, മലമൂത്രവിസർജ്ജനംചെയ്യുമ്പോൾ പാലിക്കേണ്ട ആചാരങ്ങളും, മല-മൂത്രവിസർജ്ജനത്തിനുശേഷം ശുചീകരിക്കേണ്ട മാർഗ്ഗങ്ങളും, എവിടെയൊക്കെ മലമൂത്രാദികൾ ചെയ്യാം, എങ്ങനെയാണു പല്ലുതേയ്ക്കേണ്ടത്, കുളികഴിഞ്ഞാൽ ഏതു ക്രമത്തിൽ ശരീരഭാഗങ്ങൾ തുവർത്തണം(?), എങ്ങനെയാണു കുടമകെട്ടേണ്ടത്, ഏത് രീതിയിൽ കോണകം പിഴിഞ്ഞുടുക്കണം,ഏത് തരം ഭസ്മം ധരിക്കണം, എപ്പോഴൊക്കെ മൈഥുനമാകാം തുടങ്ങിയ കാര്യങ്ങൾ വരെ കൃത്യമായി പ്രസ്താവിച്ചിട്ടുള്ള ശാങ്കരസ്മൃതി മറ്റുള്ള വർണ്ണവിഭാഗങ്ങളെപ്പറ്റി ചിന്തിക്കുന്നത് അവരുടെ ജാത്യകർമ്മങ്ങളും അരുതായ്മകളും നിർവ്വചിക്കുന്ന ഇടങ്ങളിൽ മാത്രമാണ്. ആ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുതന്നെ ഗ്രന്ഥകാരൻ രചനയുടെ ഉദ്ദേശ്യം

ഇങ്ങനെ പ്രഖ്യാപിക്കുന്നു: ബ്രാഹ്മണാദിവർണ്ണങ്ങളുടെയും ബ്രഹ്മചര്യം തുടങ്ങിയ ആശ്രമങ്ങളുടെയും ധർമ്മങ്ങൾ സജ്ജനങ്ങൾക്കു കാണിച്ചുകൊടുക്കുക എന്നതാണത്(ശ്ലോകം:4). ബ്രാഹ്മണമാഹാത്മ്യ പ്രകീർത്തനങ്ങളും ശൂദ്ര-സ്ത്രീ-അവർണ്ണവിരുദ്ധതയും മനുസ്മൃതിക്കു സമാനമായ രീതിയിൽത്തന്നെ നിലനിർത്തുമ്പോഴും, ശാങ്കരസ്മൃതിയുടെ പ്രത്യേകത, ദ്വിജൻ എന്ന രീതിയിൽ ഗണിക്കപ്പെടുന്ന ക്ഷത്രിയരുടെയും വൈശ്യരുടെയും വേദാധ്യയനാധികാരം വിലക്കുന്നു എന്നതാണ്. ഇത് ജാതിബ്രാഹ്മണ്യം വേദവാക്യമായി കണക്കാക്കുന്ന മനുസ്മൃതിക്കു പോലും വിരുദ്ധമാണ്. ഒന്നാമധ്യായം നാലാം പാദത്തിലെ ഒന്നും രണ്ടും ശ്ലോകങ്ങളിൽ ഇങ്ങനെ പറയുന്നു: 'പരദേശങ്ങളിലുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ കുട്ടികൾ ഉപനയനാദി കർമ്മങ്ങൾ ചെയ്തതിനുശേഷം വേദം, സ്മൃതി, പുരാണം ഇവകൾ പഠിക്കുന്നതിനു യോഗ്യരായിത്തീരുന്നു. എന്നാൽ, ഇവിടെ(മലയാളക്കരയിൽ), ബ്രാഹ്മണകുമാരന്മാർക്കുമാത്രമേ അധ്യയനത്തിന് അധികാരമുള്ളൂ. മറ്റ് രണ്ടു കൂട്ടർക്കും വേദാധ്യയനത്തിന് അർഹതയില്ല'. ആ ശ്ലോകം കാണുക:

> അദ്ധ്യായം 1 പാദം 4
>
> പരദേശങ്ങളിലുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ കുട്ടികൾ മേൽപറഞ്ഞപ്രകാരമുള്ള ഉപനയനാദി കർമ്മങ്ങൾ ചെയ്യുതിന്നു ശേഷം വേദം സ്മൃതി പുരാണം ഇവകൾ പഠിക്കുന്നതിന്നു യോഗ്യന്മാരായിത്തീരുന്നു. എന്നാൽ ഇവിടെ ബ്രാഹ്മണകുമാരന്നുമാത്രമേ അധ്യനത്തിന്നധികാരമുള്ളൂ. മറ്റ രണ്ടുകൂട്ടർക്കും വേദാധ്യയനത്തിന്നർഹതയില്ല. അതിനാൽ, ഉപനീതനായ ബ്രാഹ്മണകുമാരൻ മാത്രം വേദാഭ്യാസത്തിന്നുവേണ്ടി ഗുരുകുലത്തിൽ താമസിക്കണം.

സമാനമായി, മലയാളക്കരയിലെ ക്ഷത്രിയർക്കും വൈശ്യർക്കും യാഗവും നിഷേധിക്കപ്പെട്ടതാണെന്ന് ഒന്നാം അധ്യായം പാദം ഒന്നിലെ 31ആം ശ്ലോകം പറയുന്നു. പരശുരാമകഥയിലൂടെ സമർത്ഥമായി നടപ്പിലാക്കിയ ക്ഷത്രിയവിദ്വേഷത്തിനു നിയമപരിരക്ഷ നൽകുകയാണ് അതിലൂടെ ചെയ്യുന്നത്. ഇരുപത്തിയൊന്നുവട്ടം ഭാർഗ്ഗവരാമനെക്കൊണ്ടു നടത്തിയ ക്ഷത്രിയനിഗ്രഹത്തിലൂടെ ക്ഷത്രിയകുലത്തിന്റെ അടിവേരറുത്തിട്ടും തീരാത്ത പകയായിരിക്കാം അതിന്റെ കാരണം:

> ബാഹുജോരുജയോർദ്ധർമ്മസ്ത്വികർമ്മപരിനിഷ്ഠിതിഃ
> അന്യത്ര ഭാർഗ്ഗവക്ഷേത്രാൽ സാധാരണ ഇതി സ്മൃതഃ 30
>
> മലയാളം ഒഴിച്ച മറ്റുള്ള രാജ്യങ്ങളിൽ ക്ഷത്രിയന്റേയും വൈശ്യന്റേയും ധർമ്മം, അധ്യയനവും ദാനവും യജനവും ആകുന്നു.
>
> ബാഹുജാംഘ്രിജയോർദ്ധർമ്മസ്ത്യാഗോ വൈക്ലബ്യതോ വിനാ
> പ്രാണാനാം ബ്രാഹ്മണസ്യാർത്ഥേ സാധാരണ ഉദാഹൃതഃ 31
>
> എന്നാൽ ഇവിടെ ക്ഷത്രിയന്നും ശൂദ്രന്നും സാധാരണമായ ഒരു ധർമ്മം, ബ്രാഹ്മണന്നുവേണ്ടി തന്റെ പ്രാണനെക്കൂടി നിർദ്ദാക്ഷിണ്യമായി കളയുന്നതാകുന്നു.
>
> ഊരുജാംഘ്രിജയോർദൂർവ്വാലവനം ക്ഷിതിവർദ്ധനം
> പ്രാണത്യാഗോ ഗവാർത്ഥേ ച ധർമ്മസ്സാധാരണസ്മൃകം 32
>
> അതുപോലെതന്നെ വൈശ്യന്നും ശൂദ്രന്നും സാധാരണമായ ധർമ്മം, പശുക്കളെ തീറ്റവാൻ പുല്ലരിഞ്ഞുകൊണ്ടു വരികയും തരിശുഭൂമി കിളച്ച നിരത്തി കൃഷിക്കുപയോഗമാക്കിത്തീർക്കുകയും പശുക്കൾക്കും ബ്രാഹ്മണർക്കും വേണ്ടി പ്രാണനെക്കൂടി ഉപേക്ഷിക്കുകയും ഇങ്ങിനെ മൂന്നാകുന്നു. **(ശാങ്കരസ്മൃതി അധ്യായം:1, പാദം:1)**

അതുകൊണ്ടായിരിക്കാം, ക്ഷത്രിയരുടെ ധർമ്മത്തെ ശൂദ്രവൃത്തിയ്ക്കും വൈശ്യവൃത്തിയ്ക്കും തുല്യപ്പെടുത്തി ശാങ്കരസ്മൃതിഅവതരിപ്പിക്കുന്നത്.

അതുപോലെതന്നെ, വൈശ്യന്മാർക്കു മന്ത്രപൂർവ്വകമായ യാതൊരു സംസ്കാരവുമില്ലെന്ന് ശാങ്കരസ്മൃതി പറയുന്നു. ആ ആചാരഭേദത്തിനു കാരണമായി അവതരിപ്പിക്കുന്ന ന്യായം, മലയാളക്കരയിലെ ബ്രാഹ്മണേതരരായ ജാതിക്കാർക്കു മുതലവകാശം മരുമക്കൾ വഴിയാണെന്നതാണ്(ബ്രാഹ്മണാദികളുടെ ഉത്പത്തിയും സാധാരണധർമ്മവും ശ്ലോകം:23,24).മനുഷ്യകുലത്തിന്റെ സൃഷ്ടിയോളം ആധികാരികതയും പഴക്കവുമുണ്ടെന്നും, അതിനാൽ തന്നെ അലംഘനീയമെന്നും മനുസ്മൃതി നിശ്ചയിച്ച നിയമങ്ങൾ പൊളിച്ചെഴുതാൻ കേരളബ്രാഹ്മണർക്ക് ആരാണ് അധികാരം കൊടുത്തതെന്ന ചോദ്യത്തിന് ഉത്തരം പറയാൻ ശാങ്കരസ്മൃതിയെ മുറുകെപിടിക്കുന്നവർക്കു ബാധ്യതയുണ്ട്.അക്ഷരാർത്ഥത്തിൽ അന്യവർണ്ണികളെയൊക്കെ അടിമയാക്കുകയാണ് ശാങ്കരസ്മൃതി ആ മാറ്റങ്ങളിലൂടെ ചെയ്തത്.

ഭൃത്യരെയല്ല; അടിമകളെ സൃഷ്ടിക്കലായിരുന്നു ലക്ഷ്യം

ശാങ്കരസ്മൃതിയിലെ അധ്യായം: 11 പാദം: 2ൽ ശൂദ്രധർമ്മം വിവരിക്കുന്നു. അതിൽ ചിലതു കാണുക: സ്വധർമ്മത്തിൽ സശ്രദ്ധനും ശമദമാദികളോടുകൂടിയവനും അസൂയയില്ലാത്തവനുമായ ശൂദ്രൻ, ബ്രാഹ്മണരെ ശുശ്രൂഷിക്കുകയും അവർ സന്തോഷിച്ചു കൊടുക്കുന്ന അന്നപാനാദികളെക്കൊണ്ട് ഉപജീവിക്കുകയും വേണം. അവനു തറവാടുപുലർത്താനും അതുതന്നെയാണ് ധനം.(പിൻകുറിപ്പ്:നായന്മാർ ബ്രാഹ്മണരുടെ ദാസ്യവേല ചെയ്തു കഴിഞ്ഞിരുന്ന കാലത്തും അവരുടെ വാസസ്ഥലങ്ങൾക്കു തറവാട് എന്ന പേരുണ്ടായിരുന്നു എന്നാണല്ലോ വ്യക്തമാകുന്നത്. അബ്രാഹ്മണരായ മറ്റുള്ളവർ-അവർണ്ണർ-നിലങ്ങളിൽ ജീവിച്ചപ്പോൾ നായന്മാരും അമ്പലവാസികളും തറകളിലാണ് ജീവിച്ചിരുന്നത്. തറവാട് എന്നവാക്കിന്റെ ഉത്ഭവം അങ്ങനെയാണെന്നു പറയപ്പെടുന്നു. ആ വാക്കിന് ഇന്നു കരുതുന്ന ആഢ്യത്വമുണ്ടായത് പിൽക്കാലത്തു മാത്രമാണ്). ബ്രാഹ്മണൻ എപ്പോൾ വിളിച്ചാലും തടസ്സം പറയാതെ എത്തണം. ബ്രാഹ്മണനോടു തർക്കിക്കരുത്. സ്വന്തം പ്രവൃത്തികൾ നീക്കിവെച്ചും ബ്രാഹ്മണന്റെ പ്രവൃത്തി ചെയ്യണം. ശൂദ്രർ സർവ്വസമയവും ബ്രാഹ്മണരുടെ കാര്യങ്ങൾക്കായി തയ്യാറായിനിന്നുകൊണ്ട് അവരെ സന്തോഷിപ്പിക്കണം. അവർ ശകാരിച്ചാൽപോലും മറുത്തുപറയരുത്. തന്റെ അപരാധങ്ങൾ പൊറുക്കണമെന്ന് ബ്രാഹ്മണരോട് കൂടെക്കൂടെ അപേക്ഷിക്കണം. സംസ്കൃതപദങ്ങൾ സംസാരിക്കരുത്. ശാസ്ത്രം പഠിക്കരുത്. ശൂദ്രൻ കപിലനിറം(തവിട്ടുനിറം) ഉള്ള പശുവിന്റെ പാലും പഞ്ചഗവ്യവും സേവിക്കരുത്. ബ്രാഹ്മണർ ഏതെല്ലാം കാര്യങ്ങൾ ചെയ്യരുത് എന്നു നിർദ്ദേശിക്കുന്നുവോ അതെല്ലാം വർജ്ജിക്കണം, അതിനെക്കുറിച്ചു യാതൊരു ആലോചനയും അവർ ചെയ്യേണ്ട ആവശ്യമില്ല. ഏതൊക്കെ കർത്തവ്യമാണെന്ന് ബ്രാഹ്മണർ വിധിക്കുന്നുവോ അതെല്ലാം ചെയ്യണം. ശൂദ്രന്മാർ അനേക ദിവസങ്ങളിൽ ഒന്നായി അനുഷ്ഠിക്കേണ്ടുന്ന ഉപാസനകളുംവ്രതങ്ങളും ആചരിക്കുവാൻപാടില്ല. ഇതിഹാസപുരാണങ്ങൾ കേൾക്കാം; പക്ഷെ, വായിക്കരുത്. ശൂദ്രന് *പൈതൃകർമ്മങ്ങൾക്ക് മന്ത്രമില്ല. ഇപ്പറഞ്ഞ നിയമങ്ങളൊന്നും ഇവിടത്തെ അവർണ്ണർക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ടവ ആയിരുന്നില്ലെന്ന കാര്യം ഗതകാലസ്മൃതികളിൽ ഊറ്റംകൊള്ളുകയും അജ്ഞതയുടെ ആനപ്പുറത്തിരുന്ന് അർദ്ധബ്രാഹ്മണ്യം അവകാശപ്പെടുകയും ചെയ്യുന്നവർ മറന്നുപോകരുത്.(*പിതൃകർമ്മങ്ങൾ)(അനുബന്ധം:X).

മനുസ്മൃതി നിനയ്ക്കുകപോലും ചെയ്യാത്ത ശൂദ്രവിരുദ്ധതയാണ് ശാങ്കരസ്മൃതി കേരളത്തിലെ ശൂദ്രർക്കുമേൽ നടപ്പാക്കിയത്. സംസ്കൃതപദങ്ങൾ സംസാരിക്കാനും ഉപാസനകളും വ്രതങ്ങളും അനുഷ്ഠിക്കാനും ഇതിഹാസപുരാണങ്ങൾ വായിക്കാനും ഇതരദേശങ്ങളിലെ ശൂദ്രർക്ക് വിലക്കുണ്ടായിരുന്നില്ല.മറ്റുള്ളയിടങ്ങളിലെ ശൂദ്രർക്കു വേദങ്ങൾ പഠിക്കുന്നതിൽ ഏർപ്പെടുത്തിയിരുന്ന നിരോധനം, ഒരുപടി കൂടി കടത്തി പുരാണേതിഹാസങ്ങൾ വായിക്കുന്നതിനു പോലും ഏർപ്പെടുത്തിയ ബ്രാഹ്മണ്യത്തെ തിരുത്തി, അതിനുള്ള അവകാശം നേടിയെടുത്തത് മലയാളക്കരയിലെ നവോത്ഥാനചരിത്രത്തിന്റെ ഒരു നിസ്തുല അധ്യായമാണ്. നമ്പൂതിരിമാർ നിർവ്വഹിച്ചതിനേക്കാൾ അനേകം മടങ്ങു വേദസംബന്ധിയായ കൃതികളുടെ രചനയും പുരാണേതിഹാസങ്ങളുടെ പരിഭാഷകളും മലയാളത്തിലുണ്ടായത് ശൂദ്രരായിരുന്ന നായർ-അമ്പലവാസിസമുദായാംഗങ്ങളുടെ തൂലികയിൽനിന്നാണല്ലോ.

അനാചാരങ്ങൾതന്നെയെന്നു ബോധ്യമുണ്ട്; പക്ഷേ...

ശാങ്കരസ്മൃതി നിർദ്ദേശിക്കുന്ന അറുപത്തിനാല് ആചാരങ്ങളെ, ശ്രുതിസ്മൃതിവിരുദ്ധങ്ങളായ നിയമങ്ങൾ എന്ന നിലയിൽ അനാചാരങ്ങളായാണ് പൊതുവെ കണക്കാക്കുന്നത്. അനാചാരങ്ങൾ എന്നുതന്നെയാണ് ശാങ്കരസ്മൃതികാരനും അവയെ പേരിട്ടു വിളിക്കുന്നത് എന്നതാണ് ഏറ്റവും കൗതുകകരം:

64 അനാചാരങ്ങൾ

അഥാതോഽനുപ്രവക്ഷ്യാമി നൃണാം കേരളവാസിനാം
അനാചാരാൻ സമാസേന ഭാർഗ്ഗവേണ പ്രദർശിതാൻ 1

അനന്തരം ഭാർഗ്ഗവനാൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന മലയാളികളുടെ അനാചാരങ്ങളെ ചുരുക്കത്തിൽ ഇവിടെ വിവരിക്കുന്നു.

അന്യത്രാചരണാഭാവാദനാചാരാൻ ഭൃഗൂദ്വഹഃ
യാനാചഷ്ട ചതുഃഷഷ്ടിമാഖ്യാസ്യേ തത്ര താനപി 2

പരദേശങ്ങളിൽ ആചരിച്ചുവരാത്തതുകൊണ്ടാകുന്നു അവയ്ക്ക് അനാചാരങ്ങൾ എന്നു പേർ വന്നതെന്നാണ് ഭാർഗ്ഗവസ്മൃതിയിൽ പറയുന്നത്. അവ 64 ആകുന്നു.

എന്നിരിക്കിലും, അവയ്ക്കു വിശേഷാചാരങ്ങൾ എന്നു വിവക്ഷ നൽകി വെളുപ്പിച്ചെടുക്കാൻ എക്കാലത്തും ശ്രമം നടന്നിട്ടുണ്ട്. ഈ പുസ്തകത്തിലുള്ളത് അനാചാരങ്ങൾ തന്നെയെന്ന് അതെഴുതിയ ആൾക്കു നല്ല ബോധ്യമുണ്ട്; എങ്കിലും അനുയായികൾക്ക് അതു തീരെ ദഹിക്കുന്നില്ല എന്നുമാത്രം.

ശാങ്കരസ്മൃതി ബ്രാഹ്മണർക്കുവേണ്ടി മുന്നോട്ടുവെക്കുന്ന അത്തരം ചിലനിബന്ധനകൾ നോക്കുക: ബ്രാഹ്മണാദികൾ ശൂദ്രാദികളെ തൊട്ടാൽ കുളിക്കണം. താണജാതിക്കാരെ അടുത്താലും കുളിക്കണം. താണജാതിക്കാർ തീണ്ടിയ തടാകം, കിണർ തുടങ്ങിയ ജലാശയങ്ങൾ തൊട്ടാൽ കുളിക്കണം, രജസ്വലയെ തൊട്ടാൽ മറ്റു സ്ത്രീകൾ കുളിച്ചല്ലാതെ ഭക്ഷണംകഴിക്കുവാൻപാടില്ല, കൈക്കോളന്റെ ജോലി ബ്രാഹ്മണർ ചെയ്യരുത്, വെളുത്തേടന്റെ വേല ബ്രാഹ്മണർ ചെയ്യരുത്, രുദ്രാക്ഷാദികളിൽ ക്ഷത്രിയാദികൾ പൂജചെയ്യരുത്, ബ്രാഹ്മണൻ മാത്രമേ ശിവപൂജ ചെയ്യാവൂ, ശൂദ്രന്മാരുടെ ശ്രാദ്ധത്തിന് ബ്രാഹ്മണൻ പ്രതിഗ്രഹം വാങ്ങരുത്, ദേവവിഗ്രഹം ശൂദ്രാദികൾ തൊട്ടുകൂട, ബ്രാഹ്മണൻ സ്വന്തം ഗൃഹവാസ്തുവിനുള്ളിൽ താഴ്ന്നജാതിക്കാർക്കു

കുടിയുണ്ടാക്കാനായി സ്ഥലം കൊടുക്കരുത്, പറയൻ, മലയൻ ഇവരെ വാസ്തുവിന്നുള്ളിൽ പ്രവേശിപ്പിക്കരുത്, ബ്രാഹ്മണഗൃഹത്തിൽ വളപ്പുകാവൽ,വേലികെട്ടൽ മുതലായ പ്രവൃത്തികൾ പറയനെ ഏൽപ്പിക്കരുത്, ഇല്ലത്തുള്ള കുളത്തിന്റെ വക്കത്ത് ശൂദ്രനു വീടുവെക്കാൻ സ്ഥലം കൊടുക്കരുത്, ശൂദ്രരിൽ താണവർക്കു ബ്രാഹ്മണരുടെ ഇല്ലം തൊട്ടുകൂടാ. അപ്രകാരം, മനുസ്മൃതി മനസ്സിൽപോലും കാണാത്ത മനുഷ്യവിരുദ്ധതകൾ ശാങ്കരസ്മൃതി മാമൂലുകളായി മാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു. സ്മൃതികാരൻ പറയുന്നതുപോലെ അവ അനാചാരങ്ങളാണോ, അല്ലെങ്കിൽ, വ്യാഖ്യാതാക്കൾ വിശേഷിപ്പിക്കുന്നതു കണക്കെ വിശേഷാചാരങ്ങളാണോ എന്നു വായനക്കാർതന്നെ സ്വബുദ്ധികൊണ്ടു തീരുമാനിക്കുക. അബ്രാഹ്മണരായ സകലരെയും വെറുപ്പോടുകൂടി മാത്രം കാണുന്ന ആ ബുദ്ധിയാണോ വിശേഷബുദ്ധിയെന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്നും ആലോചിക്കുക.

കുലസ്ത്രീകൾ കുടുംബംനോക്കിയിരുന്നാൽമതി

ശാങ്കരസ്മൃതി സ്ത്രീകളെ അടിമകളെപ്പോലെയാണു കാണുന്നത്. അതിനു കാരണം, കടുത്ത നിയന്ത്രണങ്ങളിലൂടെ നിലയ്ക്കുനിറുത്തിയില്ലെങ്കിൽ അവർ പിഴച്ചുപോകുമെന്ന ഭീതിയാണ്. അക്കാര്യത്തിൽ ബ്രാഹ്മണിയെന്നോ അബ്രാഹ്മണസ്ത്രീയെന്നോ ഭേദമില്ല. മനുഷ്യർക്ക് ബ്രാഹ്മണർ എന്നപോലെ സ്ത്രീകൾക്ക് ഭർത്താവാണ് ദൈവമെന്നും, അതുകൊണ്ട് അവർ അനേക വിധത്തിലുള്ള ധർമ്മംകൊണ്ടോ ഉപവാസംകൊണ്ടോ വ്രതംകൊണ്ടോ അല്ല സത്ഗതി പ്രാപിക്കേണ്ടത്; കേവലം ഭർതൃശുശ്രൂഷകൊണ്ട് മാത്രമാണെന്നും ശാങ്കരസ്മൃതി ഒറ്റവാക്യത്തിൽനയംവ്യക്തമാക്കുന്നു(അധ്യായം:6,പാദം:01,ശ്ലോകം:10). ബാക്കിയുള്ള സ്ത്രീവിരുദ്ധതകളെല്ലാം ആ അസ്തിവാരത്തിലാണ് പടുത്തുയർത്തിയിരുന്നത്.കഴിവുള്ളവരെല്ലാം തിരളുന്നതിനുമുൻപേ പെണ്ണിനെ വിവാഹം കഴിച്ചുകൊടുക്കണമെന്ന് ആവർത്തിച്ചു പറയുന്ന ശാങ്കരസ്മൃതി അനുസരിച്ച്, ബാലികാവിവാഹം മാത്രമാണു ബ്രാഹ്മണർക്ക് അനുവദനീയമായിട്ടുള്ളത്. ഗൃഹസ്ഥാശ്രമസ്വീകാരം എന്ന അധ്യായത്തിലെ പരാമർശങ്ങളനുസരിച്ച്, കന്യ, രോഹിണി, ഗൗരി ഇവരെ വിവാഹം ചെയ്യാം; മധ്യമയെ വിവാഹംകഴിക്കരുത്. കന്യ,രോഹിണി,ഗൗരി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യഥാക്രമം പത്തും ഒൻപതും എട്ടും വയസ്സായ പെൺകുട്ടികളാണ്. മധ്യമ എന്നാൽ തിരണ്ടവൾ എന്നർത്ഥം(ശ്ലോകം:18). ഇത്തരത്തിൽ, ഋതുവായവളെ നിഷിദ്ധയാക്കുന്നതിന്റെ കാരണമായി സ്മൃതിതന്നെ പറയുന്നത് പുരുഷഗമനഭീതിയാണ് എന്നറിയുമ്പോൾ സ്മൃതികർത്താവിന്റെ ഉള്ളിലിരിപ്പു സ്പഷ്ടമാണല്ലോ.

ആ ഭീതിനിമിത്തം, ബ്രാഹ്മണസ്ത്രീകളെ ചൊൽപ്പടിയ്ക്കു നിർത്താൻ നിർമ്മിക്കപ്പെട്ട അനേകം നിയമങ്ങളുണ്ട് ഈ സ്മൃതിഗ്രന്ഥത്തിൽ. അവയൊക്കെ അടിസ്ഥാനപരമായി ബ്രാഹ്മണികൾ വഴിതെറ്റിപ്പോകാതിരിക്കാൻ പടച്ചവയാണെന്നു നിശ്ചയം. ബ്രാഹ്മണസ്ത്രീ ഭർത്താവിനെയൊഴിച്ച് അന്യരെ കാണരുത്, ബ്രാഹ്മണി ദാസിമാരെ കൂടാതെ പുറത്തിറങ്ങരുത്, ബ്രാഹ്മണസ്ത്രീ വെളുത്തനിറത്തിൽ ഉള്ളതല്ലാത്ത വസ്ത്രം ധരിക്കരുത്, ബ്രാഹ്മണസ്ത്രീ മൂക്കുകുത്തരുത്, ഭർത്താവു മരിച്ച ബ്രാഹ്മണി സന്ന്യസിക്കണം. ഭർത്താവ് കഴിക്കുന്നതിനുമുമ്പ് ഉണ്ണരുത്, ഭർത്താവിന്റെ

കാൽകഴുകിയ വെള്ളം ഗംഗാതീർത്ഥത്തിനു തുല്യം കണക്കാക്കണം; മറ്റൊരു തീർത്ഥം അവൾക്കാവശ്യമില്ല, ബ്രാഹ്മണസ്ത്രീകൾ തീർത്ഥശ്രാദ്ധം ചെയ്യാൻ പാടില്ല, വിധവയായ സ്ത്രീ മലയാളത്തിന്റെ അതിരുവിട്ടു മറ്റൊരിടത്തും തീർത്ഥസ്നാനത്തിനു പോകരുത്, വനിതകൾ വേദോച്ചാരണം കേൾക്കരുത്, കൂടുതൽ വിദ്യാഭ്യാസം ആവശ്യമില്ല, പാട്ടുപാടുകയോ കളിക്കുകയോ ചെയ്യരുത്,സ്ത്രീകൾ പുലർച്ചെ എണീറ്റ് കൈയും കാലും മുഖവും കഴുകി സൂര്യോദയത്തിനു മുൻപ് അടിച്ചുതളിയ്ക്കണം, ഭർത്താവ് ആഹാരംകഴിച്ച പാത്രങ്ങളിൽത്തന്നെ ആഹാരം കഴിക്കണം, സ്ത്രീകൾ പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ മറക്കുടയും തുണയും വേണം, തക്ക സഹായികളുമുണ്ടായിരിക്കണം, രാത്രി ഏതായാലും വഴിനടക്കരുത്, ഉത്സവകാലങ്ങളിൽ അമ്പലത്തിൽ പോകരുത്, ഇങ്ങനെ നീളുന്നു ആ ശാസനങ്ങൾ. അതായത്, മനുസ്മൃതിയേക്കാൾ മനുഷ്യവിരുദ്ധമാണ് ശാങ്കരസ്മൃതി എന്നുതന്നെ പറയാം.

ബ്രാഹ്മണസ്ത്രീയുടെ വികാരവിചാരങ്ങൾ നിയന്ത്രിക്കാൻ അത്തരം വിലങ്ങുകൾ ഉണ്ടാക്കിയ സ്മൃതികാരൻ, (ബ്രാഹ്മണ)പുരുഷന്റെ കാമത്തെ ധാർമ്മികമാക്കാൻ യത്നിക്കുന്നു എന്നതാണു കൗതുകകരം. ബ്രാഹ്മണർ ധർമ്മാർത്ഥമായി വിവാഹം ചെയ്യുന്നത് ബ്രാഹ്മണകന്യകയെ തന്നെയായിരിക്കണം എന്നു നിഷ്കർഷിക്കുന്ന ശാങ്കരസ്മൃതി, കാമാർത്ഥമായി ക്ഷത്രിയകന്യകയേയോ വൈശ്യകന്യകയേയോ സ്വീകരിക്കാൻ സമ്മതം നൽകുന്നതിലെ ഉന്നതമായ 'ധാർമ്മികത' കാണാതെപോകാനാവില്ലല്ലോ.(പൂർവ്വഭാഗം, പാദം:04, ശ്ലോകം:01):

ബ്രാഹ്മാദ്യഷ്ടവിവാഹപ്രകരണം

വിപ്രോ വിപ്രകലോൽപന്നാം ധർമ്മാൽ പരിണയേദ്ധ്രുവം
കാമേന ക്ഷത്രിയാം വൈശ്യാം ന തു ശൂദ്രാം കഥഞ്ചന 1

ബ്രാഹ്മണൻ ധർമ്മാർത്ഥമായി വിവാഹം ചെയ്യുന്നതു ബ്രാഹ്മണകന്യകയെത്തന്നെയായിരിക്കണം. കാമാർത്ഥമായി ക്ഷത്രിയകന്യകയേയോ വൈശ്യകന്യകയേയോ സ്വീകരിക്കാം. ശൂദ്രകന്യകയെ ഏതായാലും പാടില്ല.

പക്ഷേ, ശൂദ്രകന്യകയെ ഒരിക്കലും പ്രാപിക്കരുതെന്ന് ശാങ്കരസ്മൃതി വിലക്കുന്നു. ബ്രാഹ്മണർ മാത്രമല്ല, ത്രൈവർണ്ണികരാരും ശൂദ്രസ്ത്രീഗമനം ചെയ്യരുത് എന്നാണു ശാങ്കരസ്മൃതി നിഷ്കർഷിക്കുന്നത്. ഒരു പ്രാവശ്യം ശൂദ്രയിൽ പ്രവേശിച്ചാലുണ്ടാകുന്ന പാപം, മൂന്നുകൊല്ലം ഭിക്ഷയെടുത്തു ഭക്ഷിച്ച് പുണ്യങ്ങളായ മന്ത്രങ്ങൾ ജപിച്ചാലേ തീരുകയുള്ളൂ.(അധ്യായം:11, പാദം:03,ശ്ലോകം:25). എന്നാൽ, വാസ്തവത്തിൽ എന്താണ് സംഭവിച്ചതെന്ന്, ശൂദ്രസ്ത്രീകളുമായുള്ള സംബന്ധസംബന്ധിയായ കേരളചരിത്രം വ്യക്തമാക്കുന്നുണ്ടല്ലോ.കാമത്തിന്റെ കാര്യമായതിനാൽ സ്മൃതികാരന്റെ ശിഷ്യന്മാർ ഒരുപടി കടന്നുചിന്തിച്ചു എന്നുകരുതി സമാധാനിക്കാം.

സ്ത്രീകളുടെ പുനർവിവാഹം നിശിതമായിനിരോധിച്ചിരുന്ന ശാങ്കരസ്മൃതി,പുരുഷന്മാർക്ക് മൂന്ന് ഭാര്യമാരെവരെ നിർലോഭം അനുവദിക്കുന്നുമുണ്ട്. മൂന്നിലധികം ഭാര്യമാർ ഒരുവന് വിധിക്കപ്പെട്ടിട്ടില്ലെന്ന് നിബന്ധനവെക്കുമ്പോളും, അതിൽ ഒരുവൾ മരിച്ചുപോയാൽ വീണ്ടും ഒന്നുകൂടി വിവാഹം ചെയ്യാമെന്നു കാര്യങ്ങളെ മയ

പ്പെടുത്തുന്നു. ഒരേസമയം മൂന്നിലധികം ഭാര്യമാർ പാടില്ല എന്നേഉള്ളൂ എന്നതാണ് അതിനുള്ള സാധൂകരണം.(അധ്യായം:06, പാദം:03, ശ്ലോകം:16).

[പിൻകുറിപ്പ്: ആചാരനിബദ്ധമായി ജീവിക്കുന്ന ഹിന്ദുസ്ത്രീയെ ആവിഷ്കരിക്കാൻ, കുലസ്ത്രീയെന്ന പദപ്രയോഗം അടുത്തകാലത്ത് വ്യാപകമായി ഉപയോഗിച്ചുകാണുന്നുണ്ട്. ആ പ്രയോഗത്തിന്റെ തുടക്കം ശാങ്കരസ്മൃതിയിലെ പരാമർശങ്ങളെ അവലംബമാക്കിയാണ് എന്നുതോന്നുന്നു(അധ്യായം:7 പാദം:4 ഭാര്യാഭരണം, അധ്യായം:12 പാദം:2 സ്ത്രീധർമ്മങ്ങൾ, അധ്യായം:12 പാദം:3 രജസ്വലാധർമ്മങ്ങൾ). അതിനാൽ, വസ്തുതാപരമായി ആ പൊതുപ്രയോഗം സാധുവല്ലെന്നതാണു സത്യം. ശാങ്കരസ്മൃതി ബ്രാഹ്മണസ്ത്രീകളുടെ ധർമ്മങ്ങളും ആചാരങ്ങളും മാത്രമേ നിർണ്ണയിക്കുന്നുള്ളൂ എന്നതുകൊണ്ടാണ് അത്.ശൂദ്രന്മാരായിരുന്ന നായർ-അമ്പലവാസി സമുദായങ്ങളിലെ അംഗങ്ങൾക്കു ബ്രാഹ്മണശുശ്രൂഷയെന്ന കർമ്മത്തിനപ്പുറം ധർമ്മങ്ങളൊന്നും ശാങ്കരസ്മൃതി വ്യവസ്ഥചെയ്യുന്നില്ല. അവിടെ, ശൂദ്രർ എന്ന പരാമർശത്തിനപ്പുറം, സ്ത്രീപുരുഷവ്യത്യാസമൊന്നും ഇല്ലേയില്ല. ഹിന്ദുമതത്തിന്റെ പരിധിയിൽവരുന്ന മറ്റു വിഭാഗങ്ങളായ അവർണ്ണർ ശാങ്കരസ്മൃതിയുടെ പരിഗണനയിലേ വരുന്നില്ല. ബ്രാഹ്മണസ്ത്രീകൾക്കു നിശ്ചയിച്ചിട്ടുള്ള ആചാരങ്ങൾ, അന്ന് മറ്റുള്ള സ്ത്രീകൾക്ക് ആലോചിക്കാൻപോലും സാധിക്കാത്ത കാര്യങ്ങളായിരുന്നു. അതിനാൽ, ബ്രാഹ്മണസ്ത്രീകളല്ലാത്തവരെ കുലസ്ത്രീകൾ എന്നു വിളിക്കുന്നത് പൂർണ്ണാർത്ഥത്തിൽ ശരിയല്ലല്ലോ.]

ജീവിതം തകർക്കുന്ന പരീക്ഷണങ്ങൾ

സ്ത്രീജീവിതത്തെ പന്താടുന്ന കുറെ വിചിത്ര ആചാരങ്ങൾ പരീക്ഷണങ്ങൾ എന്ന പേരിൽ ശാങ്കരസ്മൃതിയിൽ എഴുതിവെച്ചിട്ടുണ്ട്. അത്തരത്തിൽ ഒന്നാണ്, കന്യാപരീക്ഷയെന്ന, പ്രതിശ്രുതവധുവിനെ പരീക്ഷിക്കുന്ന ചടങ്ങ്.(അധ്യായം:2, പാദം:4). അതനുസരിച്ച്, തൊഴുത്ത്, യാഗംചെയ്ത ഭൂമി, നദി, ക്ഷേത്രം എന്നിവയിൽനിന്നും ഓരോരോ മണ്ണുരുളയെടുത്ത് ഉക്തഖണ്ഡങ്ങളിൽ വെയ്ക്കണം. താഴെയുള്ള നാല് ഖണ്ഡങ്ങളിൽ യഥാക്രമം നാൽക്കൂട്ടപ്പെരുവഴി,ഓരുപ്രദേശം,പന്നി കുത്തിക്കിളച്ച ഇടം,ചരൽപ്രദേശം എന്നീ സ്ഥലങ്ങളിനിന്നുള്ള നാല് മണ്ണുരുള ഉരുട്ടിവെയ്ക്കണം. പിന്നെ, മന്ത്രപൂർവ്വം തൊട്ടു ജപിച്ചതിനുശേഷം അവയിൽനിന്ന് ഏതെങ്കിലും ഒരു ഉരുളയെടുക്കാൻ കന്യകയോടു പറയണം. അതിനുശേഷം കന്യക ആ പത്മത്തിന് മൂന്നു പ്രദക്ഷിണം വെച്ച്, തന്റെ ബോധ്യപ്രകാരം അതിൽനിന്നും ഒരു ഉരുളയെടുക്കണം. അങ്ങനെയെടുത്ത ഉരുള ഏതാണെന്നു നോക്കിയിട്ടാണ് ഭാവിയിലെ ശുഭാശുഭങ്ങൾ തീർച്ചപ്പെടുത്തുന്നത്. തൊഴുത്തിന്റെ മണ്ണ് എടുത്താൽ പശുമതിയായിത്തീരും. അവളെ വിവാഹംകഴിച്ചാൽ പശുക്കൾ വളരെ വർദ്ധിക്കും എന്നു താത്പര്യം. യാഗഭൂമിയിലെ മൃൽപിണ്ഡമാണ് എടുക്കുന്നതെങ്കിൽ അവൾ ധർമ്മവതിയാണെന്നു വിശ്വസിക്കണം. പുഴമണ്ണാണെങ്കിൽ, മനസ്സു നന്നെന്ന് ഉറപ്പിക്കാം. ക്ഷേത്രത്തിലെ മണ്ണാണ് വധു എടുത്തതെങ്കിൽ, ധനധാന്യസമൃദ്ധിയുണ്ടാകുമെന്നു വിശ്വസിക്കാം. നാലിൽ ഏതു മൃൽപിണ്ഡമെടുത്താലും ആ സ്ത്രീ പതിവ്രതയാണെന്നു തീർച്ചപ്പെടുത്താം. നാൽക്കൂട്ടപ്പെരുവഴിയിലെ മണ്ണ് എടുത്താൽ, തെണ്ടിനടക്കുന്നവളും ഓർമണ്ണെടുത്താൽ ദുഷ്ടയും പന്നിമാന്തിയ മണ്ണെടുത്താൽ നേര് ഇല്ലാത്തവളും ചരൽമണ്ണെടുത്താൽ ഭർതൃനാശത്തെ ചെയ്യുന്നവളുമാണെന്നു കണക്കാക്കാം. ഇപ്രകാരം പരീക്ഷിച്ച് ഗുണദോഷനിരൂപണം ചെയ്തതിനുശേഷമേ കന്യയെ വരി

ക്കാവൂ എന്നാണ് ശാങ്കരസ്മൃതി അനുശാസിക്കുന്നത്. എത്ര ബാലിശവും പ്രാകൃതവുമാണ് കന്യകയുടെ സ്വഭാവം പരീക്ഷിച്ചറിയാൻ എന്ന പേരിൽ നടത്തിയിരുന്ന ആ ചൂതാട്ടം എന്നാലോചിക്കുക. സ്ത്രീയുടെ സ്വഭാവം പരീക്ഷിക്കാൻ നടപ്പാക്കിയിരുന്ന അത്തരം അബദ്ധനടപടികളിലൂടെ എത്രയേറെ ജീവിതങ്ങൾ അകാരണമായി തകർന്നിട്ടുണ്ടാകും? എത്രയോ സ്ത്രീകൾ 'മോശക്കാരാ'യിട്ടുണ്ടാകാം?

അതുപോലെതന്നെ, പത്നിയുടെ ചാരിത്യശുദ്ധി പരിശോധിക്കാൻ ശാങ്കരസ്മൃതി നിർദ്ദേശിക്കുന്ന പരീക്ഷണമാണ് സ്മാർത്തവിചാരം.(അധ്യായം:8, പാദം:1). അതും മനുസ്മൃതിയുടെ കർത്താവ് മനസ്സിൽപോലും സങ്കൽപ്പിക്കാത്ത, മലയാളക്കരയുടെ സ്വന്തം മനുഷ്യവിരുദ്ധതയാണ്. കന്യാപരീക്ഷ പ്രതിശ്രുതവധുവിനെ പരീക്ഷിക്കുന്ന ചടങ്ങായിരുന്നെങ്കിൽ, സ്മാർത്തവിചാരം ഭർത്താവിന്റെ സംശയനിവാരണത്തിനുവേണ്ടി മത-രാജകിങ്കരന്മാർ നടത്തുന്ന പത്നിയുടെ ചാരിത്ര്യപരിശോധനയാണ്. പരപുരുഷബന്ധം ആരോപിക്കപ്പെട്ട നമ്പൂതിരിസ്ത്രീയെ രാജപ്രതിനിധിയുടെ സന്നിദ്ധ്യത്തിൽ വിചാരണ ചെയ്യുകയും, പിഴവു തെളിഞ്ഞാൽ അവരെ ഇല്ലത്തുനിന്നും ദേശത്തുനിന്നും പുറത്താക്കുന്നതിനുമാണ് ആ പരീക്ഷണം അനുവർത്തിക്കുന്നത്. ചാരിത്ര്യദോഷം ആരോപിക്കപ്പെടുന്ന സ്ത്രീയെ അഞ്ചാംപുരയിൽ ഒറ്റയ്ക്കു പാർപ്പിക്കുകയും കുറ്റവിചാരണയിൽ പരിശീലനം നേടിയ സ്മാർത്തൻ അവിടെ എത്തി കതകിനുപിന്നിൽ നില്ക്കുന്ന *സാധനത്തോട് ചോദ്യങ്ങൾചോദിക്കുകയും ചെയ്യുന്നു. ദാസി വഴിയാണ് ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടത്. സാധനത്തെക്കൊണ്ട് കുറ്റം തെളിയിക്കുവോളം തുടരുന്ന വിചാരണ ചിലപ്പോൾ ദിവസങ്ങളും മാസങ്ങളും നീണ്ടിരുന്നതായും, പിഴവു സമ്മതിപ്പിക്കാൻ പലപ്പോഴും ദണ്ഡനമുറകൾ സ്വീകരിച്ചിരുന്നതായും വില്യംലോഗന്റെ മലബാർ മാന്വലിൽ പറയുന്നുണ്ട്. കുറ്റാരോപിത പിഴവു സമ്മതിക്കുകയും കൂട്ടുപ്രതികളെക്കുറിച്ചു തെളിവുസഹിതം പറയുകയുംചെയ്താൽ, മൊഴിപരിശോധിച്ചശേഷം സ്ത്രീയെയും പ്രതികളെയും സമൂഹത്തിൽനിന്നു ഭ്രഷ്ടുവിധിച്ച് പുറത്താക്കും. സ്മാർത്തന്റെ വിധി സ്ത്രീയെ സംബന്ധിച്ചിടത്തോളം അന്തിമമായിരുന്നെങ്കിലും, തെറ്റുകാരായ പ്രതികൾക്കു തങ്ങൾ തെറ്റുക്കാരല്ലെന്നു തെളിയിക്കാൻ അപ്പീൽ പോകാനുള്ള അവസരം ഉണ്ടായിരുന്നു. സ്മാർത്തന്റെ വിധിയനുസരിച്ച്, ശുചീന്ദ്രത്തു കൈമുക്കൽ പരീക്ഷ നടത്തി അതിൽ വിജയിച്ചാൽ അവരെ കുറ്റവിമുക്തരാക്കിയിരുന്നു. സ്മാർത്തവിചാരമെന്ന അഗ്നിപരീക്ഷയ്ക്കു നിന്നുകൊടുക്കേണ്ടിവന്ന നമ്പൂതിരിസ്ത്രീകളുടെ എണ്ണം അധികമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ, അതിനെക്കുറിച്ചുള്ള ഭയചിന്തകൾ സൃഷ്ടിച്ചിരുന്ന ഭീതിദമായ ഭീഷണി ഓരോ പെൺമനസ്സിലും മരണഭയത്തെക്കാൾ അസഹ്യമായി ആജീവനാന്തം പിന്തുടർന്നിരുന്നു എന്നതാണു സത്യം. [*ചാരിത്ര്യദോഷം ആരോപിക്കപ്പെട്ട സ്ത്രീയെ സാധനം എന്നാണു ശാങ്കരസ്മൃതി വിശേഷിപ്പിച്ചിരുന്നത്. അവരെ മനുഷ്യനായോ ഒരു ജീവിയായോപോലും ഗണിച്ചിരുന്നില്ല. അത്തരം ഒരു തലത്തിൽ നിന്നുകൊണ്ടുള്ള വിചാരണയും ശിക്ഷകളുമായിരുന്നു പൗരോഹിത്യം അവർക്കുമേൽ നടപ്പാക്കിയിരുന്നത്.]

പുരുഷാധിപത്യം ശക്തമായിരുന്ന നമ്പൂതിരിസമുദായത്തിൽ നിലനിന്നിരുന്ന പ്രാകൃതമായ കീഴ്വഴക്കങ്ങൾ മൂലം, പുരുഷനും സ്ത്രീയ്ക്കുമിടയിൽ വൈവാഹിക

വും ലൈംഗികവുമായ അകൽച്ച അധികമായിരുന്നു. കുടുബത്തിന്റെ സമ്പത്തു സംരക്ഷിക്കാൻവേണ്ടി ഏർപ്പെടുത്തിയിരുന്ന ദുരാചാരങ്ങളുടെ ഫലമായി ഓരോ കുടുംബത്തിലെയും മൂത്തപുത്രനു മാത്രമാണ് വിവാഹം കഴിക്കാൻ അനുവാദമുണ്ടായിരുന്നത്. മറ്റുള്ള പുത്രന്മാർ, സംബന്ധംപോലെയുള്ള അംഗീകൃത വ്യഭിചാരങ്ങളിൽ ആണ്ടു ജീവിച്ചപ്പോൾ, അസംഖ്യം അന്തർജ്ജനങ്ങൾ ആജീവനാന്തം കന്യകമാരായി തുടരാൻ നിർബന്ധിതരായി. അവരെ അടക്കിനിറുത്താൻവേണ്ടി അധികാരിവർഗ്ഗം സൃഷ്ടിച്ച ഇത്തരം പരീക്ഷണങ്ങളുടെ ഇരകളായി എരിഞ്ഞടങ്ങിയ ജീവിതങ്ങൾ എണ്ണിയാൽ ഒടുങ്ങുന്നതല്ല. നടപ്പുദോഷം, അടുക്കളദോഷം, സംസർഗ്ഗം, ദോഷശങ്ക എന്നിങ്ങനെയുള്ള കുറ്റങ്ങൾ ചാർത്തി നമ്പൂതിരിമാർ അന്തർജ്ജനങ്ങളെ സ്മാർത്തവിചാരത്തിന് വിധേയമാക്കിയത് സമൂഹത്തിലെ സദാചാരസംരക്ഷണത്തിനുവേണ്ട ഉത്തമമാതൃകകൾ സൃഷ്ടിക്കാൻവേണ്ടിയാണെന്നു തെറ്റിദ്ധരിക്കരുത്. തങ്ങളുടെ ഭൃത്യരായ നായർ സമുദായത്തിലെ സ്ത്രീകൾക്കുമേൽ, സംബന്ധമെന്ന ലൈംഗിക അരാജകത്വം അടിച്ചേൽപ്പിച്ചതു നമ്പൂതിരിമാരായിരുന്നു എന്നതിൽനിന്നും അവരുടെ സദാചാര പ്രതിബദ്ധത വ്യക്തമാണല്ലോ. തങ്ങളാസ്വദിച്ചിരുന്ന സംബന്ധം എന്ന നിർബാധമുള്ള ലൈംഗികസേവനത്തിനു പ്രതിഫലം നൽകുകയോ, സംബന്ധക്കാരിക്കും അവരിൽ ജനിക്കുന്ന സന്തതികൾക്കും ചെലവിനു കൊടുക്കുകയോ വേണ്ടിയിരുന്നില്ലാ എന്ന വിശാലമായ സാധ്യതയെ ദുരുപയോഗംചെയ്തിരുന്ന അവർക്ക് സ്വന്തം ഇല്ലങ്ങളുടെ അകത്തളങ്ങളിൽ ശാരീരിക പ്രലോഭനങ്ങളാൽ പീഡിതരായ സ്ത്രീകളെ അടക്കിനിർത്താനുള്ള ഒരു ആയുധം മാത്രമായിരുന്നു സ്മാർത്തവിചാരം എന്ന ഭീഷണി.

[പിൻകുറിപ്പ്: സ്മാർത്തവിചാരത്തിന്റെ തുടർച്ചയായിരുന്ന മറ്റൊരു കീഴ്വഴക്കം ഇവിടെ കാണാതെപോകുന്നതു ശരിയല്ല. ജാതിബ്രാഹ്മണ്യം ഇതരസമുദായങ്ങളെ എത്രമേൽ അടിമകളായാണു കണ്ടിരുന്നതെന്നു തെളിയിക്കുന്നതാണ് ആ നടപടി. ജാരസംസർഗ്ഗം തുടങ്ങിയതിനുശേഷം ആ സ്ത്രീയിലുണ്ടാകുന്ന സന്താനങ്ങളെ 'കാലത്തിൽ പെട്ടവർ' എന്നാണു വിളിക്കാറ്. അവരിൽ ആ സ്ത്രീയെ വിവാഹംചെയ്ത ഭർത്താവിനാൽ ഉത്പാദിപ്പിക്കപ്പെട്ടവരാണ് എന്നു നിശ്ചയമുള്ളവർപോലും, സ്ത്രീ ഭ്രഷ്ടയാകുന്നതോടെ ജാത്യാപകർഷത്തിനു വിധേയമായിരുന്നു. അങ്ങനെ ഭ്രഷ്ടരാക്കപ്പെട്ടവരിൽ ഉപനയനംകഴിഞ്ഞവരെ ചാക്യാർമാർ ചോറുകൊടുത്ത് ആ ജാതിയിലേയ്ക്കും, ഉപനയനം കഴിക്കാത്തവരെ നമ്പ്യാർമാർ ചോറുകൊടുത്ത് ആ വർഗ്ഗത്തിലേക്കും ചേർക്കണം എന്നാണ് നിയമം.(അധ്യായം:8,പാദം:1, ശ്ലോകം:31).ഇത്തരത്തിൽ പതിതരായവരെ തറവാടുകളിൽനിന്നും നീക്കംചെയ്തു വർണ്ണാശ്രമധർമ്മം സംരക്ഷിക്കാനുള്ള ചുമതല രാജാവിൽ നിക്ഷിപ്തമാക്കുന്ന അടുത്ത ശ്ലോകത്തിലെ പരാമർശം അതിനെ ഒരുസാമൂഹികപ്രശ്നമാക്കുന്നു എന്നതാണ് ഏറെ അപകടം. ശൂദ്രർക്കും ബ്രാഹ്മണർക്കും ഇടയിൽ അന്തരാളജാതികൾ എന്നപേരിൽ ഒരു സമൂഹത്തെ സൃഷ്ടിച്ചതിന് അങ്ങനെയും ഒരു ഗൂഢലക്ഷ്യമുണ്ടായിരുന്നിരിക്കാം. സ്വന്തം സമൂഹത്തിന്റെ ശുദ്ധി കാത്തുസംരക്ഷിക്കാൻ ബ്രാഹ്മണർ നടത്തിയ അത്തരം അടിച്ചേൽപ്പിക്കലുകൾക്കുനേരെ നാവനക്കാൻപോലും അവകാശമില്ലാത്ത അവസ്ഥയായിരുന്നു, ജാതിബ്രാഹ്മണ്യാധിപത്യം നിലനിന്നകാലത്ത് മറ്റു സവർണ്ണസമുദായങ്ങൾക്കുപോലും ഉണ്ടായിരുന്നത് എന്നതാണല്ലോ ആ സ്മൃതിനിയമങ്ങൾ തെളിയിക്കുന്നത്. അത്തരം അധാർമ്മികതകളൊന്നും ബ്രാഹ്മണസമുദായത്തിലെ മഹാഭൂരിപക്ഷവും എതിർത്തിരുന്നില്ല എന്നസത്യം അവരുടെമേൽ ചാർത്തിയിട്ടുള്ള സാത്വിക മേലങ്കിയെ അസാധുവാക്കുന്നതാണ്.]

ആർത്തവത്തെയും ഗർഭത്തെയും മുൻനിർത്തിയുള്ള ഭീഷണികൾ

ആർത്തവകാലത്തു സ്ത്രീ പല്ലുതേക്കാനോ എണ്ണതേച്ചു കുളിക്കാനോ പോലും പാടില്ല എന്നാണ് ശാങ്കരസ്മൃതി വ്യവസ്ഥചെയ്യുന്നത്. ആർത്തവം തുടങ്ങി നാലാംദിവസമേ കുളിക്കാവൂ, അതിനുമുൻപു പല്ലുതേച്ചാൽ പുത്രന്മാർ കരുവാളിച്ച പല്ലുള്ളവരോ ദന്തരോഗികളോ കൊന്ത്രൻപല്ലുള്ളവരോ ആകും. തീണ്ടാരിയായാൽ സ്ത്രീ മിണ്ടാനും പറയാനുംപാടില്ല. വീടിനുപുറത്ത് മറപ്പുരയിലാവണം വാസം.പുര തൊടരുത്, ഇണപ്പുടവ ധരിക്കരുത്, പൂ ചൂടരുത്, ഇലയിൽ വേണം ഉണ്ണാൻ. തീണ്ടാരിയായിരിക്കുമ്പോൾ പൂ ചൂടിയാൽ അവളിലുണ്ടാകുന്ന പുത്രനും പുത്രിയും കഷണ്ടികളായിപ്പോകും, കണ്ണെഴുതിയാൽ പുത്രന്മാർക്കു ജന്മനാ അന്ധതയുണ്ടാകും, ആ സമയത്ത് സന്ധ്യാനേരം പുറത്തിരുന്നാൽ കുട്ടികൾക്ക് അപസ്മാരം വരും, ആർത്തവകാലത്തു വഴിനടന്നാൽ കുട്ടികൾ മുടന്തരായി ജനിക്കും, ഇണപ്പുടവ ഉടുത്താൽ മക്കൾ കുഷ്ഠരോഗിയാവും,ഓട്ടുപാത്രത്തിൽ ഭക്ഷണംകഴിച്ചാൽ കുട്ടികൾ ഭിക്ഷയെടുത്തു ജീവിക്കേണ്ടിവരും. 'പുറത്തായ സ്ത്രീയെ' തൊട്ട സ്ത്രീകൾ കുളിച്ചിട്ടേ ഉണ്ണാവൂ. അങ്ങനെ നീളുന്നു ശാങ്കരസ്മൃതികാരന്റെ ആർത്തവവിരുദ്ധമാമൂലുകളുടെ പട്ടിക. ആ നിയമങ്ങളൊക്കെ നടപ്പാക്കുന്നു എന്ന് ഉറപ്പാക്കാൻ ഇല്ലത്തെ മറ്റുള്ളവരെ നിർബന്ധിതരാക്കുന്നതായിരുന്നു അവയുടെ ഫലപ്രവചനങ്ങൾ.

ആർത്തവകാലത്തു മാത്രമല്ല, ഗർഭധാരണവേളയിലും സ്ത്രീകളെ വരിഞ്ഞുമുറുക്കുന്ന വിലക്കുകൾ വിളമ്പുന്നുണ്ട് മേൽ സ്മൃതിഗ്രന്ഥം. ഗർഭമുള്ള സ്ത്രീ സന്ധ്യാനേരങ്ങളിൽ കിടക്കുകയോ കിണറ്റിൽ നോക്കുകയോ അരുത്, തലമുടി കെട്ടഴിച്ചു മലർന്നുകിടന്ന് ഉറങ്ങരുത്, ഭക്ഷണംകഴിഞ്ഞ് കൈകഴുകുന്നതിനുമുമ്പ് സൂര്യനെ കാണരുത്, ഭർത്താവിനോടുകൂടിയല്ലാതെ ചന്ദ്രനേയും വസിഷ്ഠനക്ഷത്രത്തേയും നോക്കരുത്, നെയ്യുരുക്കരുത്, കുമ്പളങ്ങ മുറിക്കരുത്.ഗർഭധാരണംമുതൽ പ്രസവം വരെ പാലിക്കേണ്ടുന്ന അതൊന്നുംതന്നെ ഗുരുതരമായ നിയന്ത്രണങ്ങളല്ലെങ്കിലും, അവ തെറ്റിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വലുതാണെന്നാണ് സ്മൃതിഭാഷ്യം. അതുനിമിത്തം ബാലമരണമുണ്ടാകുമെന്നും, അതു സംഭവിക്കാതെവരുന്നപക്ഷം മരണാനന്തരം ആ പാപഫലം അനുഭവിക്കേണ്ടിവരും എന്നുമാണ് ഭീഷണി. അറിയാതെ പറ്റുന്ന ലംഘനങ്ങൾപോലും സൃഷ്ടിക്കുന്ന മാനസികസമ്മർദ്ദം എത്രവലുതാണെന്ന് ആലോചിക്കുക. അത്തരത്തിൽ, സ്ത്രീകളെ ഭയപ്പെടുത്തി അടക്കിനിറുത്തുക എന്നതായിരുന്ന ആ ചട്ടങ്ങൾ നിർമ്മിച്ചവരുടെ ഗൂഢലക്ഷ്യം.

ചാതുർവർണ്യവ്യവസ്ഥയിലും പൗരോഹിത്യനിയന്ത്രിതമതത്തിലും സ്ത്രീസ്വാതന്ത്ര്യം എക്കാലത്തും വിപരീതാനുപാദത്തിലായിരുന്നു.ബ്രാഹ്മണസമുദായത്തിലെ സ്ത്രീകളെക്കാൾ ശൂദ്ര-അവർണ്ണയുവതികൾ സ്വസമുദായങ്ങൾക്കുള്ളിൽ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. ആഢ്യത്വം കൂടുന്തോറും സമുദായത്തിലെ സ്ത്രീകളുടെ അടിമത്വവും കൂടിവന്നു എന്ന് ആ പ്രതിഭാസത്തെ സംഗ്രഹിക്കാം. ദൈവഭയത്തിന്റെയും പാപഭയത്തിന്റെയും പേരിൽ സ്മൃതിനിയമങ്ങൾ അനുസരിക്കുകയും അപദാനങ്ങളിലൂടെ വാഴ്ത്തുകയും ചെയ്യുന്ന കുലസ്ത്രീകൾ, തങ്ങളെ മൃഗങ്ങൾക്കൊപ്പം പ്രതിഷ്ഠിക്കുന്ന അക്കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകുമോ? ഉണ്ടായാ

ലും ഇല്ലെങ്കിലും, അവർ അർഹിക്കുന്നതു വിചാരണയല്ല; അനുതാപം മാത്രമാണ്. അവരും സ്മൃതിനിയമങ്ങളുടെ മൃഗീയതയ്ക്ക് ഇരയാണല്ലോ.

[പിൻകുറിപ്പ്: ഭാരതീയ പുരാണങ്ങളിലെ പ്രതിപാദനമനുസരിച്ച് ആർത്തവം ബ്രഹ്മഹത്യാപാപത്തിനു ലഭിച്ച ശിക്ഷയാണ്. വസിഷ്ഠന്റെ ധർമ്മസൂത്രത്തിലും ഭാഗവതപുരാണത്തിലും വിവരിച്ചിട്ടുള്ള ആ കഥ ഇപ്രകാരമാണ്: ദേവന്മാരുടെ രാജാവായ ഇന്ദ്രൻ ത്വഷ്ടമഹർഷിയുടെ ആശ്രമത്തിൽ അദ്ദേഹത്തെ സേവിച്ചു കഴിയുന്നകാലം. മഹർഷിയുടെ മകനായ വിശ്വരൂപൻ(ത്രിശിരസ്സ്) അസുരന്മാരോടു മമത കാണിക്കുന്നു എന്ന കാരണം ആരോപിച്ച് ഇന്ദ്രൻ വിശ്വരൂപന്റെ ശിരച്ഛേദം ചെയ്തു. ബ്രാഹ്മണനായ വിശ്വരൂപനെ ഹനിച്ചത് ഇന്ദ്രന് ബ്രഹ്മഹത്യയെന്ന കൊടുംപാപത്തിനു നിമിത്തമായി. പാപപരിഹാരത്തിനായി ഇന്ദ്രൻ ബ്രഹ്മാവിനോടും വിഷ്ണുവിനോടും സഹായമഭ്യർത്ഥിച്ചു. നാല് ആൾക്കായി തന്റെ ബ്രഹ്മഹത്യാപാപം ഭാഗിച്ചുനൽകാനാണ് അവർ ഇന്ദ്രനെ ഉപദേശിച്ചത്. അതുപ്രകാരം ഇന്ദ്രൻ ജലത്തെയും മരത്തെയും ഭൂമിയെയും സമീപിച്ചു. അവരെല്ലാം ഇന്ദ്രന്റെ പാപത്തിന്റെ നാലിലൊന്നുവീതം സ്വീകരിക്കാൻ തയ്യാറായി. പ്രതിഫലമായി ഇന്ദ്രൻ അവർക്ക് ഓരോ വരം നൽകി. നാലാമതായി ഇന്ദ്രൻ സമീപിച്ചത് സ്ത്രീയെയാണ്. സ്ത്രീയും ഇന്ദ്രന്റെ ബ്രഹ്മഹത്യാപാപത്തിൽ നാലിലൊന്നു സ്വീകരിക്കാമെന്നു സമ്മതിച്ചു. അങ്ങനെ, ഇന്ദ്രൻ ചെയ്ത ബ്രഹ്മഹത്യാപാപത്തിന്റെ ഫലം സ്വീകരിച്ചതാണ് മാസത്തിൽ ഒരിക്കൽ സ്ത്രീകൾക്കുണ്ടാകുന്ന ആർത്തവം എന്നാണു കഥ. ഒരുപക്ഷെ, ഈ ശാപകഥയാവാം ആർത്തവത്തെ കൊടിയ അശുദ്ധിയാക്കുന്ന ചിന്തയ്ക്കു പിറകിൽ. അതെന്തായാലും, ഇന്ദ്രൻ ചെയ്ത പാപത്തിന്റെ ശിക്ഷയേറ്റെടുക്കാൻ കാണിച്ച സൗമനസ്യം സ്ത്രീകൾക്ക് ജീവിതകാലം മുഴുവൻ നീളുന്ന ശിക്ഷയായി തീർന്നു. തെറ്റുചെയ്ത ഇന്ദ്രൻ ഇപ്പോഴും ആരാധനാമൂർത്തിയായിത്തുടരുന്നു. എന്നാൽ, ദ്രാവിഡസമൂഹങ്ങളിലെ പെൺകുട്ടികൾ ഋതുമതിയാകുന്നത് ആഘോഷമാണ്. അത് ഇന്നും പലയിടങ്ങളിലും തുടർന്നുവരുന്നതായി കാണാം. മനുഷ്യകുലത്തിന്റെ നിലനിൽപ്പിനു സഹായിക്കുന്ന പ്രത്യുത്പാദനത്തിനു സ്ത്രീശരീരം പക്വമാകുന്ന അവസ്ഥയാണ് ആർത്തവം എന്ന ശാസ്ത്രസത്യത്ത അവർ അംഗീകരിക്കുന്നു എന്നതാകാം കാരണം.]

ശാങ്കരസ്മൃതിയുടെ സ്വീകാര്യത

അത്തരത്തിൽ, എണ്ണിയാലൊടുങ്ങാത്ത മനുഷ്യവിരുദ്ധമാമൂലുകളുടെ സംഘാതമാണ് ശാങ്കരസ്മൃതി.അതിൽ പറഞ്ഞിരിക്കുന്ന സിദ്ധാന്തങ്ങളുടെ ബലത്തിലാണ് അദ്ധ്വാനിക്കാത്ത ബ്രാഹ്മണർ ജന്മികളും അദ്ധ്വാനിച്ചു സർവ്വതും ഉണ്ടാക്കുന്നവർ അധഃസ്ഥിതരുമായത്. ആ നിയമസംഹിത ആവിഷ്കരിച്ച ആചാരങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ജാതിഭേദവും അയിത്തവും തീണ്ടൽപ്പാടകലവും നിലവിൽവന്നതും നിർബാധം നടപ്പാക്കപ്പെട്ടതും. അതിനാലാണ് മലയാളക്കരയെ ഭ്രാന്താലയമാക്കിയ ചട്ടങ്ങളുടെ ചങ്ങലയായി ആ പിന്തിരിപ്പൻ പുസ്തകത്തെ ആധുനികലോകം വിലയിരുത്തുന്നതും വിമർശിക്കുന്നതും.

വൈക്കംസത്യഗ്രഹത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ ഗാന്ധിക്ക് വൈക്കം മഹാദേവക്ഷേത്രത്തിന്റെ ഉടമയായ ഇണ്ടന്തുരുത്തി നമ്പ്യാതിരി ശാങ്കരസ്മൃതിയുടെ ഒരുകോപ്പി കൈമാറിയിരുന്നു. എല്ലാഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽപ്രവേശനം നൽകാത്തത് എന്തുകൊണ്ടാണെന്ന ഗാന്ധിജിയുടെ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു ആ പുസ്തകക്കൈമാറ്റം. ആ സംഭവംമാത്രം മതിയാകുമല്ലോ ശാങ്കരസ്മൃതി എത്രമേൽ പിന്തിരിപ്പനാണെന്നും, ബ്രാഹ്മണ്യം അതിലെ ചട്ടങ്ങളെ എത്ര

മാത്രം ദുരുപയോഗംചെയ്തിരുന്നു എന്നും മനസ്സിലാക്കാൻ. അന്ന് ആ കൃതിയുടെ സാധുത ആരാഞ്ഞ ഗാന്ധിജിയോട്, വൈക്കം സത്യഗ്രഹത്തിനും ഗുരുവായൂർ സത്യഗ്രഹത്തിനും നേതൃത്വം നല്കിയവരിൽ മുഖ്യനും കാലടി അദ്വൈതാശ്രമത്തിന്റെയും കാലടി ശ്രീശങ്കരകോളേജിന്റെയും സ്ഥാപകനും വേദങ്ങളിലും ഉപനിഷത്തുക്കളിലും അഗാധപാണ്ഡിത്യം നേടിയ ആദ്ധ്യാത്മികാചാര്യനുമായ ആഗമാനന്ദസ്വാമി(കൃഷ്ണൻനമ്പ്യാതിരി) പറഞ്ഞ അഭിപ്രായംതന്നെയാണ് ആ പുസ്തകത്തെക്കുറിച്ചുള്ള അവസാന വാക്ക്: "ശാങ്കരസ്മൃതിയെന്ന ഈ ഗ്രന്ഥം വ്യാകരണ പിശകും ഭാഷാവൈകല്യങ്ങളും നിറഞ്ഞതാണ്. ഈ ഗ്രന്ഥത്തിന് ഇരുന്നൂറു വർഷത്തിലധികം പഴക്കമില്ല.ഇതേതോ പൂണൂൽശങ്കരൻ സ്വാർത്ഥലാഭത്തെമാത്രം മുൻനിർത്തി രചിച്ചിട്ടുള്ളതാണ്. ഈ പുസ്തകത്തിലെ ആശയങ്ങളൊന്നും സനാതനധർമ്മത്തിനു യോജിക്കുന്നതുമല്ല. അതിനെ അപ്പാടെ തള്ളിക്കളയുകയാണു ചെയ്യേണ്ടത്!". അതെ, ശാങ്കരസ്മൃതിയും മനുസ്മൃതിയും പോലെയുള്ള മനുഷ്യവിരുദ്ധ സൃഷ്ടികളെ മനുഷ്യർ അപ്പാടെ തള്ളിക്കളയുകയാണു വേണ്ടത്. എന്തുകൊണ്ടെന്നാൽ, ആ സ്മൃതിഗ്രന്ഥങ്ങൾ അപകടത്തിലാക്കിയത് അബ്രാഹ്മണരെ മാത്രമല്ല, ബ്രാഹ്മണരേയുംകൂടിയാണ്.തങ്ങൾ അമാനുഷികരാണെന്നും അന്യരെല്ലാം നികൃഷ്ടരാണെന്നുമുള്ള സ്മൃതിവചനങ്ങളാണ് ആ സമൂഹത്തിലെ ചിലരെയെങ്കിലും മനുഷ്യവിരുദ്ധമായ നിലപാടുകളിലെത്തിച്ചത്. അബ്രാഹ്മണരൊക്കെ തങ്ങളുടെ സുഖഭോഗങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്ന ധാരണയുണ്ടാക്കിയതും സ്മൃതിവചനങ്ങളാണ്. ആ സ്മൃതിനിയമങ്ങൾ നിർമ്മിച്ചുകൊടുത്ത ആയുധങ്ങൾ ഉപയോഗിച്ചാണ് ഇക്കാലത്തും ബ്രാഹ്മണരും അബ്രാഹ്മണരുമായ ആഢ്യന്മാരും ശൂദ്രരെയും അവർണ്ണരെയും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട്, മനുഷ്യർക്ക് മനുഷ്യാവസ്ഥ നിഷേധിക്കുന്ന ശാങ്കരസ്മൃതി അടക്കമുള്ള സകല സ്മൃതിഗ്രന്ഥങ്ങളെയും അപ്പാടെ തള്ളിക്കളയുകയാണു വേണ്ടത്.

ജന്മംകൊണ്ടു ബ്രാഹ്മണരാണ്. പക്ഷേ, ജന്മംകൊണ്ടു ശൂദ്രരും(?)

ജന്മമാണ് ബ്രാഹ്മണ്യത്തിന്റെയും, മറ്റു സമൂഹങ്ങൾക്കുമേൽ അവർക്കുള്ള ആഭിജാത്യത്തിന്റെയും പ്രമാണമായി ജാതിബ്രാഹ്മണ്യവക്താക്കൾ അവതരിപ്പിക്കാറുള്ളത്. എന്നാൽ, ബ്രാഹ്മണകുമാരൻ ജനിക്കുമ്പോൾ ശൂദ്രതുല്യനാണെന്നും, കർമ്മങ്ങളും സംസ്കാരങ്ങളുമാണ് അവരുടെ ഉൽക്കർഷം ഉണ്ടാക്കുന്നതെന്നും ശാങ്കരസ്മൃതിതന്നെ സമ്മതിക്കുന്നുണ്ട്.(അധ്യായം:8 പാദം:2 ശ്ലോകം:2,3):

> ജന്മമാത്രേണ ശൂദ്രാസ്സ്യേ ദ്വിജത്വം കർമ്മനിർമ്മിതം
> ഏവമപ്യവനീദേവശിശവേ സ്തന്യപായിനേ 3
>
> ബ്രാഹ്മണകുമാരന്മാർ ജനിക്കുമ്പോൾ ശൂദ്രതുല്യന്മാരാകുന്നു. പിന്നെ ബ്രാഹ്മണ്യമുണ്ടായിത്തീരുന്നതു കർമ്മങ്ങളെക്കൊണ്ടാകുന്നു. ('ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ' എന്നു വജ്രസൂചിയിലും കാണുന്നു). എങ്കിലും ബ്രാഹ്മണശിശുവിന്നു ശൂദ്രസ്ത്രീയെക്കൊണ്ടു മുല കൊടുപ്പിക്കരുത്. അതു സുകൃതത്തെ നശിപ്പിച്ചുകളയും.

തങ്ങളുടെതന്നെ വാദമുഖങ്ങളെ ദുർബ്ബലമാക്കുന്ന ആ പരാമർശം, ശങ്കരസ്മൃതി അവതരിപ്പിക്കുന്നത് എന്തുകൊണ്ടാകാം? ആ ശ്ലോകത്തിലെ രണ്ടാം ഭാഗമാണ് അ

തിനുള്ള മറുപടി. ബ്രാഹ്മണർക്കു സംബന്ധത്തിലൂടെയുണ്ടാകുന്ന സന്താനങ്ങളെ തള്ളിക്കളയുന്നതിന് ഒരുക്കിയ പിടിവള്ളിയായിരുന്നു അത്. ബ്രാഹ്മണനു ജനിച്ചാലും, ശൂദ്രയുടെ മുലപ്പാൽ കുടിക്കുന്നതോടെ അയാളും അയോഗ്യനാകുന്നു എന്നു സാരം. ജന്മത്തിലൂടെ ലഭിക്കുന്ന ഉൽക്കർഷം തങ്ങളുടെ പരമ്പരവിട്ട് പുറത്തേക്കു പോകരുത് എന്നവാശിയാണ് മനുസ്മൃതിയും ശാങ്കരസ്മൃതിയും പോലുള്ള ശിഥിലീകരണ തന്ത്രങ്ങൾ നിർമ്മിച്ചവർക്കും, അതിനെ ഉയർത്തിപ്പിടിക്കുന്നവർക്കുമുള്ളത്. അതിനുവേണ്ടിയാണ് അവർ അങ്ങേയറ്റം മനുഷ്യവിരുദ്ധവും ശാസ്ത്രവിരുദ്ധവുമായ മാമൂലുകൾ സൃഷ്ടിച്ചതും അന്യസമുദായങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചതും. അതിന് കണ്ടെത്തിയ കുറുക്കുവഴിയാണ് അന്യസമൂഹങ്ങൾക്കുമേൽ ഏർപ്പെടുത്തിയിട്ടുള്ള അസംഖ്യം വിലക്കുകളും, ബ്രാഹ്മണർക്കു വിധിച്ചിട്ടുള്ള വിശേഷാധികാരങ്ങളും. ഗാന്ധിയെ കന്യാകുമാരിയിലെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കാതിരുന്ന അവസരത്തിൽ, സഹോദരൻ അയ്യപ്പൻ എഴുതിയ ഗാന്ധിസന്ദേശം എന്ന കവിതയിലെ 'ഗാന്ധിയായുയർന്നാലും ബ്രാഹ്മണനല്ലാതുള്ള ഹിന്ദുവിൻ കിഴിവൊരുകാലവും പോവില്ലഹോ'എന്ന വരികൾ അതിനുള്ള ഉചിതമായ തെളിവാണ്.മനുഷ്യരൊക്കെ തുല്യരാണ് എന്ന മന്ത്രമാണ് ആ മനസികാവസ്ഥയ്ക്കുള്ള മറുമരുന്ന്. അതുതന്നെയാണ് സനാതനധർമ്മം പ്രഘോഷിക്കുന്നതും, ജാതിബ്രാഹ്മണ്യം അപനിർമ്മിക്കാൻ ശ്രമിച്ചതും അതിനെ അതിലംഘിച്ചു ശങ്കരാചാര്യർ പുനഃസ്ഥാപിച്ചതുമായ അദ്വൈതചിന്ത. അതുതന്നെയാണ് ഏവർക്കും സ്വീകാര്യമാമായ സത്യം.

കേരളം: ഭൂതകാലമില്ലാത്ത ഭൂമിക

കേരളമെന്ന ഭൂഭാഗത്തിനു പുരാണേതിഹാസങ്ങളുടെ രചനാകാലത്തോളം പഴക്കമുള്ള അസ്തിത്വമുണ്ട്. ആദികാവ്യമായ രാമായണത്തിലെ കിഷ്കിന്ധാകാണ്ഡം നാല്പത്തൊന്നാം സർഗ്ഗത്തിൽ, സീതയെ തേടി സുഗ്രീവൻ വാനരസേനയെ ദക്ഷിണദിക്കിലേക്കയച്ചപ്പോൾ കാണാകുന്ന ഭൂഭാഗങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ കേരളത്തെപ്പറ്റിയുള്ള പരാമർശമുണ്ട്.മഹാഭാരതത്തിൽ ഭാരതഭൂമിയുടെ തെക്കേ അറ്റത്തുള്ള രാജ്യങ്ങളെപ്പറ്റി പ്രസ്താവിക്കുമ്പോൾ ദ്രമിഡം,കർണാടകം മുതലായ ദേശനാമങ്ങൾക്കൊപ്പം കേരളവും കടന്നുവരുന്നുണ്ട്. ആദിപർവ്വം 175 ആം അധ്യായത്തിലും, സഭാപർവ്വം 31ആം അധ്യായത്തിലും, വനപർവ്വം 254 ആം അധ്യായത്തിലും ദ്രോണപർവ്വം 70ആം അധ്യായത്തിലും കേരളത്തെപ്പറ്റിയുള്ള സൂചനകളുണ്ട്. രുക്മിണീസ്വയംവരത്തിൽ പങ്കെടുക്കാനായി, ദക്ഷിണദേശത്തുനിന്നു ചോളനും പാണ്ഡ്യനും കേരളനും വിദർഭരാജധാനിയിൽ സന്നിഹിതരായിരുന്നതായി ഭാഗവതം ദശമസ്കന്ധത്തിലും പ്രസ്താവിക്കുന്നു. ബ്രഹ്മാണ്ഡപുരാണത്തിലും അഗ്നിപുരാണത്തിലും കേരളത്തെ അടയാളപ്പെടുത്തുന്ന അവസരങ്ങളുണ്ട്. ഇങ്ങനെ, ചരിത്രാതീതകാലംമുതൽ നിലനിന്നിരുന്ന കേരളത്തിന്റെ ഭൂതകാലമറിയാൻ നമുക്ക് അന്യദേശക്കാരെ അവലംബിക്കേണ്ട ഒരു ദുരവസ്ഥയുണ്ട്. മലയാളികളുടേതായ തൂലികയിലൂടെ കേരളചരിത്രം രചിക്കപ്പെട്ടുതുടങ്ങിയിട്ട് കാലം അധികമായിട്ടില്ല എന്നതുകൊണ്ടാണത്. ഇന്ന് പ്രചാരത്തിലുള്ള, മലയാളികൾ എഴുതിയ കേരളചരിത്രഗ്രന്ഥങ്ങളിൽ 1930-നു മുൻപു കുറിക്കപ്പെട്ടവ വിരലിലെണ്ണാവുന്നവ മാത്രമാണ്. ആ ഗ്രന്ഥങ്ങൾ പോലും, അന്നു ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എഴു

തപ്പെട്ട, ഊഹാപോഹങ്ങളും കേട്ടറിവുകളും അനുമാനങ്ങളും നിറഞ്ഞ ലേഖനസമാഹാരങ്ങൾ മാത്രമാണ്. കേരളക്കരയുടെ പൂർവ്വകാലത്തെക്കുറിച്ചുള്ള മലയാളിയുടെ നേർക്കാഴ്ചകൾ നമ്മുടെ ചരിത്രപുസ്തകങ്ങളിൽ കാണാത്തത് എന്തുകൊണ്ടാണ്? സ്വന്തം നാടിന്റെ ചരിത്രമറിയാൻ വിദേശസഞ്ചാരികളുടെയും വൈദേശികരായ ക്രിസ്ത്യൻ പാതിരിമാരുടെയും ഡയറിക്കുറിപ്പുകളെയും ഓർമ്മക്കുറിപ്പുകളെയും, ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ഔദ്യോഗികരേഖകളെയും ആശ്രയിക്കേണ്ടിവരുന്ന മലയാളിയുടെ അവസ്ഥയ്ക്കു കാരണമെന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ?

സ്വന്തം സമൂഹത്തിന്റെ ചരിത്രം കുറിച്ചുവെക്കുന്നതിൽ മലയാളി പുലർത്തിയിരുന്ന 'നിഗൂഢമായ നിസ്സംഗത'യാണ് അതിന്റെ കാരണമായി പലപ്പോഴും പറഞ്ഞുകേൾക്കുന്നത്. എന്നാൽ, ആ അഭിപ്രായം അക്ഷരാർത്ഥത്തിൽ ശരിയാണോ? ശരിയല്ല എന്നതാണു വസ്തുത. മലയാളിയുടെ മടിയോ നിസ്സംഗതയോ അല്ല; അടയാളപ്പെടുത്തിവെക്കാൻ അഭിമാനകരമായ ഒരു ഭൂതകാലം ഇല്ലാത്ത നിസ്സഹായാവസ്ഥയാകാം ആ അലംഭാവത്തിനു കാരണം എന്നതാണ് ആഴങ്ങളിലേക്ക് അന്വേഷിച്ചുപോയാൽ കിട്ടുന്ന ഉത്തരം. അതിനർത്ഥം, കേരളക്കരയ്ക്ക് അഭിമാനകരമായ ഒരു ഭൂതകാലം ഇല്ല എന്നല്ല; അഭിമാനത്തോടെ ഈ മണ്ണിൽ തലയുയർത്തി ജീവിച്ച മനുഷ്യർ ഇവിടെ അധികം ഇല്ലായിരുന്നു എന്നതാണ്. ബ്രാഹ്മണരൊഴികെയുള്ള സമൂഹങ്ങളൊക്കെത്തന്നെയും ഒരുകാലത്ത്, അല്ലെങ്കിൽ മറ്റൊരു കാലത്ത് അത്യന്തം അപമാനവും അവഹേളനവും അനുഭവിച്ചാണ് ഇവിടെ കഴിഞ്ഞുപോന്നത്. സവർണ്ണവിഭാഗമായി അറിയപ്പെടുന്ന ജാതികൾക്കുപോലും നട്ടെല്ലുനിവർത്തിനിൽക്കാൻ പറ്റുന്ന സാമൂഹികസാഹചര്യമുണ്ടായിട്ട് അധികകാലമായിട്ടില്ല. പിന്നെ, മറ്റുള്ളവരുടെ സ്ഥിതി പറയാനുണ്ടോ? അപമാനത്തിന്റെ കയ്പുനീർ കുടിച്ചിരുന്ന കാലത്തെപ്പറ്റിയുള്ള സ്മരണകൾ പകർത്തിവെക്കാൻ ആരാണ് തയ്യാറാവുക? അബ്രാഹ്മണരെല്ലാം അടിയാളരും അടിമകളും നിരക്ഷരരും അജ്ഞരുമായിരുന്ന ഒരു സമൂഹത്തിന്റെ സ്വാഭാവിക നിസ്സഹായാവസ്ഥ തന്നെയാണ് ചരിത്രകൃതികൾ എഴുതുന്ന വിഷയത്തിൽ മലയാളി അനുഭവിച്ചിരുന്ന ദാരിദ്ര്യത്തിന്റെ കാരണം. ജാതിബ്രാഹ്മണ്യം അടിച്ചേൽപ്പിച്ച, ഭ്രാന്താലയസമാനമായ സാമൂഹികാവസ്ഥയുടെ ഏറ്റവും അപകടകരമായ നഷ്ടം ഭൂതകാലമില്ലാത്ത ഭൂമികയായി കേരളക്കരയെ മാറ്റി എന്നതാണ്. ഭൂതകാലം മറ്റൊരു കോട്ടവും വരുത്തിയിട്ടില്ലാത്ത സമുദായങ്ങൾക്കുപോലും ആ നഷ്ടം ഒരിക്കലും നികത്താനാവാത്ത വിടവായി എന്നും അവശേഷിക്കും. ആ തിരിച്ചറിവിലേക്കുള്ള വഴികൾ തുറന്നുകിട്ടാൻ, ഇതുപോലെയുള്ള പഠനങ്ങൾ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. ഇന്നലെകളില്ലാതെ ഒരു സമൂഹത്തിനും ഇന്നും നാളെയും ഉണ്ടാകില്ലല്ലോ...

ജാത്യാപകർഷം എത്രക്രൂരനായ വേട്ടമൃഗമാണെന്ന് കാണിക്കുന്ന ഒരു ആഖ്യാനം വ്യാസമഹർഷി മഹാഭാരതത്തിൽ വരച്ചുചേർത്തിട്ടുണ്ട്: അർജ്ജുനനോളംപോന്ന ആയോധനവിദഗ്ദനായ കർണ്ണന്റെ വധം ഒരുപാട് ചതികളിലൂടെയായിരുന്നു നടപ്പാക്കപ്പെട്ടത് എന്നു വ്യാഖ്യാനമുണ്ട്. ആ അപരാധത്തിന്റെ പേരിൽ പാണ്ഡവരും കൃഷ്ണനുമെല്ലാം പലപ്പോഴും പ്രതിയാക്കപ്പെട്ടിട്ടുമുണ്ട്. ഒരുപരിധിവരെ ആ പഴിപറച്ചിൽ ശരിയാണ്. എന്നാലും, അതിനെക്കാളെല്ലാം വലിയ ചതി ചെയ്തത് കർണ്ണ

ന്റെ തേരാളിയായ ശല്യരായിരുന്നു.യുദ്ധഭൂമിയിലേയ്ക്കുള്ള യാത്രയിൽ ഉടനീളം ശല്യർ കർണ്ണനെ അദ്ദേഹത്തിന്റെ സൂതപശ്ചാത്തലം പറഞ്ഞു മാനസികമായി തളർത്തിയതാകാം യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ അടിതെറ്റിച്ചത്. കർണ്ണന്റെ ആത്മവിശ്വാസവും കഴിവുമൊക്കെ ചോർത്തിക്കളയാൻ ഒരുക്കിയ തന്ത്രമായിരുന്നു അത്. ധൃതരാഷ്ട്രരോടുള്ള അടുപ്പത്തിന്റെ പേരിൽ കൗരവപക്ഷത്തുനിന്നെങ്കിലും ശല്യർ മാനസികമായി അനന്തരവന്മാരായ പാണ്ഡവരോടൊപ്പമായിരുന്നു. അതായിരുന്നു ആ ചതിയുടെ പ്രേരണ. (പാണ്ഡുവിന്റെ രണ്ടാമത്തെ പത്നിയായ മാദ്രി ശല്യരുടെ ഇളയ സഹോദരിയായിരുന്നു). ജാത്യാപകർഷം എത്ര വലിയ കൊമ്പനെയും ആത്മാഭിമാനം തകർത്ത് മുട്ടുകുത്തിക്കും എന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ് കർണ്ണന്റെ അന്ത്യം എന്നാണ് വ്യാസമഹർഷി പറയാതെ പറയുന്നത്.

തലയുയർത്തിനിൽക്കുന്ന ഒരു ഭൂതകാലമില്ലാത്ത ആ ഭൂമിക ഇന്നത്തെ നിലയിൽ എത്തിയത്, ചരിത്രത്തിൽ ഇടം പിടിച്ചവരും അജ്ഞാതരുമായ അനേകായിരങ്ങളുടെ ത്യാഗങ്ങളിലൂടെയാണ്. അവരിൽ, ആദർശവും ആശയും പകർന്നവരുണ്ട്; ആശയംകൊണ്ടും ആയുധംകൊണ്ടും പൊരുതിയവർ ഉണ്ട്. അവരിൽ, സാമൂഹ്യപരിഷ്കർത്താക്കളും സാധാരണക്കാരുമുണ്ട്. അവരുടെയെല്ലാം സഹനത്തിന്റെ ആകെത്തുകയാണ് നാമോരോരുത്തരും ശ്വസിക്കുന്ന ശുദ്ധവായുപോലും. അവരോട് ഐക്യപ്പെടുക എന്നകടമ നിർവ്വഹിക്കൽ കൂടിയാണ് ഇതുപോലെയുള്ള പഠനങ്ങളുടെ ലക്ഷ്യം. നഷ്ടപ്പെട്ട പഴയകാലങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ വേദനയോടെ അയവിറക്കുന്നവരുടെ എണ്ണം പെരുകുമ്പോൾ, ആ മടക്കയാത്രയ്ക്കു പ്രേരിപ്പിക്കുന്ന ഘടകം അജ്ഞതമാത്രമാണെന്ന് ഓർമ്മിപ്പിക്കുകതന്നെ വേണമല്ലോ.

കാലത്തിന്റെ വിധിയെഴുത്ത്

കുറച്ചുവർഷങ്ങൾക്കുമുമ്പ്, ഇന്ത്യയിലെ സുപ്രസിദ്ധനായ ഒരു ആദ്ധ്യാത്മികാചാര്യനോട് അഭിമുഖത്തിനിടെ ഒരാൾ ചോദിച്ചു: "താങ്കൾ ദൈവമാണെന്ന് അവകാശപ്പെടുന്നു. അതു സത്യമാണോ?". "അത് സത്യമാണ്. ഞാൻ ദൈവമാണ്. ഞാൻ മാത്രമല്ല, താങ്കളും ഇവിടെയുള്ള സകലരും ദൈവാംശമാണ്" എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അങ്ങനെ ഒരുത്തരം പറഞ്ഞപ്പോൾ, ആ ആദ്ധ്യാത്മികാചാര്യൻ അടിവരയിട്ടവതരിപ്പിച്ചത് ഉപനിഷത്തുകൾ ഉത്ഘോഷിക്കുന്ന പരമസത്യമാണ്. ഈ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളിലും പ്രകാശിക്കുന്നത് പരമാത്മചൈതന്യമാണെന്ന ആ ബ്രഹ്മാത്മ ഐക്യസിദ്ധാന്തമാണ്(ബ്രഹ്മവും ആത്മാവും തമ്മിലുള്ള ഐക്യം) ആർഷ സംസ്കൃതിയുടെ സാരസത്ത. മാനവരാശിയെ വിഭജിച്ച മനുനിയമങ്ങൾക്ക് മുമ്പുള്ള കാലത്തിന്റെ നേർചിത്രമായിരുന്നു ആ അദ്വൈതബോധം. ആ മഹത്തായ സിദ്ധാന്തം സദാ നമ്മുടെയൊക്കെ ചിന്തകളെ ഭരിക്കുന്നുവെങ്കിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങൾ ചിന്തിച്ചിട്ടുണ്ടോ? തന്നിലും, തനിക്കു ചുറ്റുമുള്ള സകലരിലും കുടികൊള്ളുന്ന ചൈതന്യം ഒന്നാണെന്ന ബോധമുണ്ടായാൽ,താൻ പരമാത്മാവിന്റെ പ്രതിരൂപമാണെന്ന ധാരണയുണ്ടായാൽ, മനുഷ്യർക്കു മോശക്കാരനാകാനും, മറ്റുമുള്ളവരോടു മോശമായി ഇടപെടാനും സാധിക്കുമോ? സകലരും സർവ്വരേയും ആദരവോടെ കാണുന്ന ആ ലോകത്തിൽ, നാം ഇന്നു ഭയത്തോടെ കാണു

ന്ന ദുരന്തങ്ങൾ വല്ലതും സംഭവിക്കുമോ? അത്തരത്തിൽ, ഒരു മാതൃകാസമൂഹമാകാനുള്ള ഭാരതത്തിന്റെ സാധ്യതയാണല്ലോ സ്വാർത്ഥമോഹികളായ ചിലർ ഇല്ലാതാക്കിയത്. എല്ലാവരും ഒരേ ശക്തിയുടെ ഭാഗമാണെന്നുവന്നാൽ, മനുഷ്യനെ വിഭജിക്കുന്ന സിദ്ധാന്തങ്ങളൊക്കെ അപ്രസക്തമാകുമെന്നും, ചിലരെ ദൈവം പവിത്രരായും മറ്റുള്ളവരെ പതിതരായുമാണ് സൃഷ്ടിച്ചത് എന്ന വാദഗതി അസാധുവാകുമെന്നും ഭയപ്പെട്ടവരാണ് ആ സത്യത്തെ ഉന്മൂലനംചെയ്തതെന്നുവേണം മനസ്സിലാക്കാൻ. ആ ചിലർ, മതത്തെ കൈപ്പിടിയിലൊതുക്കിയ ശക്തികളാണ് എന്നു വിശ്വസിക്കാൻ അനവധി കാരണങ്ങളുണ്ട്. അതൊരു അന്ധവിശ്വാസമല്ല; വസ്തുതയുടെ പിൻബലമുള്ള സത്യമാണ്. ബ്രാഹ്മണ്യമെന്ന അധികാരസ്ഥാപനം നടപ്പാക്കിയ അത്തരം അധാർമ്മികതകൾ തെളിവുകളുടെ സാക്ഷ്യപത്രത്തോടെ അവതരിപ്പിക്കാനാണു ശ്രമിച്ചത്. അതുകൊണ്ട് അപ്രിയങ്ങളായ പല കാര്യങ്ങളും എടുത്തുകാണിക്കേണ്ടിവന്നിട്ടുണ്ട്. മനുഷ്യരായി പിറന്നവരെല്ലാം മനുഷ്യരാണെന്നു സ്ഥാപിക്കുക മാത്രമാണു ലക്ഷ്യം. വർണ്ണത്തിന്റെയോ ജാതിയുടേയോ മതത്തിന്റെയോ പേരിൽ അഭിമാനിക്കാനും, മറ്റുള്ളവരെ അപമാനിക്കാനും ഒരാൾക്കും കാരണമില്ലെന്ന പരമസത്യം ബോധ്യപ്പെടുത്തുന്നതിന് അനിവാര്യമായ ആ കാര്യങ്ങൾ, ഒരാളിലും വിദ്വേഷമോ വെറുപ്പോ ജനിപ്പിക്കാൻ ഇടയാക്കരുതേ എന്നും ആശിക്കുന്നു. എന്തെന്നാൽ, ശൂദ്രരും അവർണ്ണരും വെറുക്കപ്പെടേണ്ടവരാണെന്ന പ്രചരണം വരുത്തിവെച്ച വിനകളുടെ വഴിയിലൂടെത്തന്നെ മറ്റുള്ളവരും സഞ്ചരിക്കുന്നത് ശരിയല്ലല്ലോ. ഈ പഠനക്കുറിപ്പിലെ ഏതെങ്കിലും പരാമർശങ്ങൾ സമൂഹത്തിൽ വിഭജനമുണ്ടാക്കും എന്ന ഭീതിയും വേണ്ടതില്ല. കാരണം, ഇനിയൊരു സാധ്യതയുമില്ലാത്ത വിധത്തിൽ നൂറ്റാണ്ടുകൾക്കു മുൻപേ ഭാരതീയസമൂഹത്തെ ജാതി ഭിന്നിപ്പിച്ചു കഴിഞ്ഞു. ആസൂത്രിതമായ ആ വിഭജനത്തിൽ യാതൊരു യുക്തിയും അർത്ഥവുമില്ലെന്ന് സകലരെയും ബോധ്യപ്പെടുത്തുകയാണ്, മനുഷ്യർ തമ്മിലുള്ള അകൽച്ച ഇല്ലാതാക്കാനുള്ള മാർഗ്ഗം. ആ ബോധം ജാതിയെ ഒരു അഭിമാനചിഹ്നമായി കാണുന്നവരിലും അല്ലാത്തവരിലും ഉണ്ടാക്കുകയാണ് ഈ പഠനക്കുറിപ്പിന്റെ ഉദ്ദേശ്യം.

പരമാർത്ഥികതലത്തിൽ നോക്കുമ്പോൾ, യാതൊരു സ്വാർത്ഥതയും ദ്വൈതചിന്തയും ഇല്ലാതിരുന്ന മഹാത്മാക്കളാണ് പൗരാണികകാലത്തെ ബ്രാഹ്മണർ. അതുപോലെതന്നെയായിരുന്നു ബ്രാഹ്മണ്യമെന്ന അവസ്ഥയും. എന്നാൽ, ആ വസ്തുതയ്ക്ക് വിരുദ്ധമായ നിലയിലാണ് പിന്നീട് ആ പേരുകൾ ഉപയോഗിക്കപ്പെട്ടത്. മനുഷ്യരെ ആഢ്യരും അപസദരുമായി പിളർത്തി, ആ വേർതിരിവുകൾ നിലനിർത്താൻ മനുഷ്യവിരുദ്ധമായ ശാസനങ്ങളും നിയമനിർവ്വഹണവും നടപ്പാക്കിയ സ്ഥാപനമായി ബ്രാഹ്മണ്യം-ജാതിബ്രാഹ്മണ്യം-മാറി. അതിനാൽതന്നെ, ബ്രാഹ്മണ്യമെന്ന സ്ഥാപനത്തെയും ആ നിലയിൽത്തന്നെ നിർവ്വചിക്കേണ്ടിവരുന്നു. ജാതിബ്രാഹ്മണ്യം വിഭാവനംചെയ്യുന്ന വിഭജനവും വിവേചനങ്ങളും ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരെയും ബ്രാഹ്മണ്യമെന്ന പ്രസ്ഥാനത്തിന്റെ ഭാഗമായേ കാണാനാകൂ. കാരണം, അതൊരു ഗുണമാണ്-സ്വഭാവമാണ്. അക്കാര്യത്തിൽ ജനനം ഒരു ഘടകമേയല്ല. ഏതു ജാതിയിൽ ജനിച്ചു എന്നതു വിഷയമേയല്ല. മനുഷ്യരെയൊക്കെ മനുഷ്യരായി കാണാൻ സാധിക്കാത്ത ആരെയും ബ്രാഹ്മണ്യം എന്ന മാനസികനിലയുള്ളവരായേ കാണാ

ൻസാധിക്കൂ. ഫാസിസമെന്ന പദം അമിതാധികാരത്തിന്റെയും ഏകാധിപത്യത്തിന്റെയും പര്യായമായി കാലദേശാതിർത്തികൾക്കപ്പുറത്തേക്കു വ്യാപിച്ച സാഹചര്യത്തിനു സമാനമാണത്. ബ്രാഹ്മണജാതിയിൽ ജനിക്കാത്തവർക്കിടയിൽപ്പോലും ബ്രാഹ്മണ്യചിന്തകൾ സുബലമാകുന്നുണ്ട് എന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലാണ് ആ പുനർനിർവ്വചനം പ്രസക്തമാക്കുന്നത്. ആ പ്രസക്തിയാണ് ഇത്തരം ഒരു പഠനവും പ്രസിദ്ധീകരണവും അനിവാര്യമാക്കുന്നത്.

'ഒരുറുമ്പിനെപ്പോലും നോവിക്കാത്തവർ' എന്ന വിശേഷണത്തോടെയാണ് പലരും ബ്രാഹ്മണരെക്കുറിച്ചു പറയാറുള്ളത്. അതു ശരിയായിരിക്കാം. എങ്കിലും, ആ വിലയിരുത്തലിൽ ചില ദുരർത്ഥങ്ങളുണ്ട്. മറ്റുള്ളവരൊന്നും അങ്ങനെയല്ലെന്ന ഒരു ധ്വനി അതിലുണ്ട്. അതു സത്യമാണോ? ബ്രാഹ്മണരായ എല്ലാ മനുഷ്യരും പരമസാത്വികരാണെന്ന് കരുതാമോ? അങ്ങനെയല്ലെങ്കിൽ, മേൽപ്പറഞ്ഞ അവകാശവാദം ശരിയാകുമോ? ഇല്ലെന്നു തെളിയിക്കുന്ന ധാരാളം ഉദാഹരണങ്ങൾ ഇതിഹാസങ്ങളിൽ തന്നെ കാണാനുണ്ട്. ഉറങ്ങിക്കിടക്കുന്ന പാണ്ഡവപുത്രന്മാരെയും കൂട്ടുകാരെയും പടകുടീരത്തിൽ കയറി കൂട്ടക്കൊലചെയ്തതിന്റെപേരിൽ കൃഷ്ണനിൽനിന്നും ശാപമേറ്റ അശ്വത്ഥാമാവുതന്നെ ഏറ്റവും നല്ല ഉദാഹരണം. സകല ജാതികളിലുമുള്ളവരുടെയും മതങ്ങളിലുള്ളവരുടെയും കാര്യം അതുപോലെതന്നെയാണ്. ഒരേ അച്ഛന്റെയും അമ്മയുടെയും മക്കൾപോലും ഒരുപോലെയാകില്ലെന്നിരിക്കെ ഒരു ജാതിയിൽ പിറന്നവരൊക്കെ സമ്പൂർണ്ണ സാത്വികരോ അധർമ്മികളോ ആണെന്ന് പറയുന്നത്, അന്ധവിശ്വാസത്തിനും അപ്പുറമുള്ള അസംബന്ധമാണ്. ബ്രാഹ്മണജാതിയിൽ ജനിച്ചവരെല്ലാം സാത്വികരായാൽപ്പോലും, പല തലമുറകളിലായി കോടിക്കണക്കിന് മനുഷ്യരുടെ ജീവിതം തകർത്തെറിഞ്ഞ ഒരു പ്രസ്ഥാനത്തിന്റെ കരിനിഴലിനു കീഴിലാണ് ആ സമുദായം വളർന്നു വടവൃക്ഷമായത് എന്ന യാഥാർത്ഥ്യം കാണാതെപോകാനാകുമോ? ആ അധാർമ്മികതയ്ക്കെതിരെ അവരിലെ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമാണ് പ്രതിഷേധിച്ചത് എന്ന സത്യവും കാണാതിരിക്കാനാകുമോ? അതുകൊണ്ട്, ഉറുമ്പിനെ നോവിക്കാതിരിക്കുന്നതിന്റെ കണക്കിൽ ആ സമൂഹത്തിന്റെ പേരിൽ നടന്ന മറ്റെല്ലാ ദ്രോഹങ്ങളും മാച്ചുകളയാനാകില്ല.

ആർഷസംസ്കാരത്തിന്റെ അപചയത്തിന് ഹേതുവായ നിന്ദ്യകർമ്മങ്ങളുടെ പേരിൽ എക്കാലത്തും പ്രതിക്കൂട്ടിൽ നിറുത്തപ്പെടുന്ന, ജാതിബ്രാഹ്മണ്യമെന്ന സംവിധാനത്തിനു ശിക്ഷവിധിക്കാൻ ഉള്ള ചുമതല നമ്മിലാരെങ്കിലും ഏറ്റെടുക്കേണ്ടതുണ്ടെന്നു കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ, കണ്ടറിഞ്ഞ സത്യങ്ങൾ വിഴുങ്ങാതെ വിളിച്ചുപറയുകയെന്നതാണ് നമ്മുടെ ധർമ്മം. വിധിയെഴുതേണ്ടതു കാലമാണ്. അതിനുതക്ക താത്വിക ഔന്നത്യവും, തലയെടുപ്പുമുള്ളവരിലൂടെ കാലം അത് നിർവ്വഹിക്കുന്നുണ്ട്. അത്തരം വിധിയെഴുത്തുകളിൽ ഏറ്റവും കൃത്യമായ ഒന്ന് ഇവിടെ പുനഃപ്രതിഷ്ഠിക്കുന്നു: "ബ്രാഹ്മണരോടു ഞാൻ പറയട്ടെ; വംശത്തെയും ജാതിയെയും ചൊല്ലിയുള്ള നിങ്ങളുടെ അഭിമാനം വ്യർത്ഥമാണ്. അതൊക്കെ കുടഞ്ഞുകളയുക. നിങ്ങളുടെ ശാസ്ത്രങ്ങളനുസരിച്ച്, ഇപ്പോൾ നിങ്ങൾക്കു ബ്രാഹ്മണ്യമേയില്ല. കാരണം, ദീർഘകാലമായി നിങ്ങൾ മ്ലേച്ഛരാജാക്കന്മാരുടെ കീഴിൽ ജീവിച്ചുവരികയാണ്. നിങ്ങൾക്കു പൂർവ്വികരുടെ വചനങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ, ആ പഴയ

കുമാരിലനെപ്പോലെ ഈ നിമിഷംതന്നെ പോയി, ഉമിത്തീയിൽ പ്രവേശിച്ചു പ്രായ ശ്ചിത്തം ചെയ്യണം. അദ്ദേഹം ബൗദ്ധരെ നിഷ്കാസനം ചെയ്യാൻ അവരുടെ ശിഷ്യ ത്വംസ്വീകരിച്ച് യുക്തിവാദത്തിൽ അവരെ തോല്പിച്ച്, അവരിൽ പലരുടേയും മ രണത്തിനു നിമിത്തമായി. ആ പാതകങ്ങൾക്കു പ്രായശ്ചിത്തമായിട്ടാണ് അദ്ദേഹം പിന്നീട് ഉമിത്തീയിൽ പ്രവേശിച്ചത്.അത് ചെയ്യാൻ ധൈര്യമില്ലെങ്കിൽ സ്വന്തം ദൗർ ബ്ബല്യങ്ങൾ സമ്മതിക്കുക. മറ്റുള്ളവരെയെല്ലാം സഹായിക്കാൻ കൈനീട്ടുക. അറി വിന്റെ വാതിൽ എല്ലാവർക്കുമായി തുറന്നിടുക. ചവിട്ടിമെതിക്കപ്പെട്ട സാമാന്യജ നത്തിനു യുക്തമായും നിയമാനുസൃതമായും കിട്ടേണ്ട അവകാശങ്ങളും ബഹുമ തിയും നൽകുക''. ഈശ്വരനെ മനുഷ്യനിൽ കാണുക എന്ന ലേഖനത്തിൽ, സ്വാമി വിവേകാനന്ദൻ എഴുതിയ വാക്കുകളാണിത്.(വിവേകാനന്ദ സാഹിത്യസർവ്വസ്വം). മനുഷ്യനിൽ ഈശ്വരനെ കാണാൻ കഴിഞ്ഞില്ലെങ്കിലും; മനുഷ്യനെ മനുഷ്യനായി ക്കാണുക എന്നതു മഹത്തായ കാര്യമാണ്. അതിനു സാധിക്കാതെപോയ ഒരു സമൂ ഹം മഹനീയമായ ഒരു സംസ്കാരത്തെ തട്ടിയെടുത്തതിന്റെ അനന്തരഫലമാണ് ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥ. മേലനങ്ങാത്തവർ മേധാവികളും അദ്ധ്വാനി ക്കുന്നവരെല്ലാം അധഃസ്ഥിതാവസ്ഥയിലുമായ ആ തലതിരിഞ്ഞ സംവിധാനം സൃ ഷ്ടിച്ചവർ മാനവരാശിക്കുതന്നെ നാണക്കേടാണ്.

അപനിർമ്മിക്കപ്പെട്ട നവോത്ഥാനം

ഭ്രാന്താലയമെന്നു പേരുദോഷം വീണ മലയാളക്കര, ദൈവത്തിന്റെ സ്വന്തം നാടാ യത് ഏതെങ്കിലും മാന്ത്രികന്റെ ഇന്ദ്രജാലത്തിന്റെ ഫലമായല്ല; അനേകം മനുഷ്യ രുടെ ആത്മത്യാഗത്തിന്റെ ആത്യന്തിക ഫലമായാണ്. തൈക്കാടു അയ്യാസ്വാമി, ശ്രീനാരായണഗുരു, മഹാത്മഅയ്യങ്കാളി, ചട്ടമ്പിസ്വാമി, ആഗമാനന്ദസ്വാമികൾ, വി. ടി.ഭട്ടതിരിപ്പാട്, പണ്ഡിറ്റ് കെ.പി.കറുപ്പൻ, വാഗ്ഭടാനന്ദൻ തുടങ്ങി എല്ലാ ജാതിവിഭാ ഗങ്ങളിലുമുള്ള സാമൂഹികപരിഷ്കർത്താക്കളിലൂടെയാണ് ആ രൂപമാറ്റം സാധ്യ മായത്. അവരെല്ലാം സ്വസമുദായത്തിനുള്ളിലെ അനാചാരങ്ങളെ തിരുത്താനാണ് പ്രാഥമികമായി ശ്രമിച്ചത്. അതിനർത്ഥം, സകല സമുദായങ്ങളിലും മാലിന്യങ്ങളു ണ്ടായിരുന്നു എന്നാണല്ലോ. അതുകൊണ്ടുതന്നെ, നവോത്ഥാനത്തെ ഏതെങ്കിലും സമൂഹങ്ങൾക്കുമാത്രം നേട്ടമുണ്ടാക്കിയ ജനമുന്നേറ്റമായോ അവർണ്ണർക്കുവേണ്ടി മറ്റു സമുദായ മേധാവികൾ നൽകിയ സംഭവനയായോ നിർവ്വചിക്കുന്നതു വസ്തു താപരമല്ല. നമ്പൂരിമാരിലെ ഭൂരിപക്ഷത്തിനും(ആണിനും പെണ്ണിനും)*വിവാഹംക ഴിക്കാനുള്ള അവസരം നേടിക്കൊടുത്ത മാറ്റമായിരുന്നു നവോത്ഥാനം.അവർക്കി ടയിലെ സ്ത്രീകൾക്ക് വൃദ്ധനമ്പൂതിരിമാരുടെ ലൈംഗികചൂഷണങ്ങളിൽനിന്നും വിടുതൽ നേടിക്കൊടുത്തതും നവോത്ഥാനമായിരുന്നു.ശൂദ്രനായന്മാർക്ക് സ്വന്തം ഭാര്യമാരിൽ അവകാശമുണ്ടായതും, ആ സമുദായത്തിലെ കുട്ടികൾക്ക് അച്ഛന്റെ മേൽവിലാസം ലഭിച്ചതും നവോത്ഥാനമായിരുന്നു. നായർസമുദായത്തിലെ സ്ത്രീ കൾക്കുമേൽ നമ്പൂതിരിമാർ ഏർപ്പെടുത്തിയിരുന്ന ലൈംഗിക മേധാവിത്വം അവ സാനിച്ചത് അതോടെയായിരുന്നു. സംസ്കൃത പദങ്ങൾ ഉച്ചരിക്കാനും വ്രതങ്ങളും ഉപാസനകളും അനുഷ്ഠിക്കാനും ഇതിഹാസപുരാണങ്ങൾ വായിക്കാനും പൈതൃ കർമ്മങ്ങൾക്കു മന്ത്രം ഉപയോഗിക്കാനും കേരളക്കരയിലെ ശൂദ്രർക്കുണ്ടായിരുന്ന

വിലക്ക് ആവിയായത് നവോത്ഥാനത്തിന്റെ ഫലമായാണ്. എന്തിനേറെ പറയുന്നു സർവ്വമലയാളികൾക്കും സംസാരിക്കാൻ [1] പൊതുവായ പദങ്ങളുണ്ടായതും, ഞാൻ എന്നുപോലും പറയാനുള്ള സ്വാതന്ത്ര്യം കിട്ടിയതും നവോത്ഥാനത്തിന്റെ നീക്കിയിരിപ്പായാണു കാണേണ്ടത്. അബ്രാഹ്മണരായ സവർണ്ണർക്കും അസവർണ്ണർക്കും സ്വന്തം പേരിൽ ഒരുതുണ്ടു ഭൂമിയുണ്ടായതും നവോത്ഥാനപ്രക്രിയയിലെ ഏറ്റവും മുഖ്യമായ ഒരു നാഴികക്കല്ലായിരുന്നു. എല്ലാ സമുദായങ്ങളിലുമുള്ള സ്ത്രീകൾക്ക് മാന്യമായി വസ്ത്രം ധരിക്കാനും മനുഷ്യരായി ജീവിക്കാനുമുള്ള അവസരം കൈവന്നതിനെ ഒഴിവാക്കിയുള്ള സാമൂഹ്യപരിഷ്കരണം ചിന്തനീയമാണോ? ബ്രാഹ്മണർ മുതൽ അവർണ്ണർ വരെയുള്ള സമൂഹങ്ങളിൽ സംഭവിച്ച ആ ആന്തരികമാറ്റങ്ങളാണ് കേരളക്കരയുടെ പൊതു നവീകരണമായിത്തീർന്നത്. അവർണ്ണർക്ക് അമ്പലത്തിൽ കയറാനും അക്ഷരം പഠിക്കാനും ചെയ്തജോലിയ്ക്ക് [2]കൂലി നേടാനും 'അവസരം നേടിക്കൊടുത്ത', അല്ലെങ്കിൽ, 'അവസരം കൊടുത്ത' സാമൂഹിക പരിഷ്കരണം മാത്രമായിരുന്നില്ല അതെന്ന്, ഇന്നു നവോത്ഥാനം എന്ന വാക്കിനെ പുച്ഛത്തോടെ മാത്രം ഉപയോഗിക്കുന്നവർ ഓർക്കണം. നവോത്ഥാനപ്രക്രിയ തങ്ങളുടെ സമൂഹങ്ങളെ ജീർണ്ണിപ്പിച്ചതായി തെറ്റിദ്ധരിപ്പിക്കുന്നവർ വാസ്തവത്തിൽ മുൻപു പറഞ്ഞ ജീർണ്ണതയുടെ നഷ്ടബോധം വേട്ടയാടുന്നവരാണ്. (1. നമ്പൂതിരികുടുംബങ്ങളിലെ മൂത്തസന്താനങ്ങൾക്കു മാത്രമാണല്ലോ വിവാഹത്തിനു യോഗമുണ്ടായിരുന്നത്. അതുമൂലം നിരവധി ബ്രാഹ്മണികൾക്കും അവിവാഹിതരായി ജീവിതമൊടുക്കേണ്ടിവന്നിരുന്നു.2.കേരളത്തിലെ അസവർണ്ണസ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി സമരം ചെയ്തപ്പോൾ അവരെ ആക്രമിച്ചത് നായർ പ്രമാണിമാരുടെ ഗുണ്ടകളായിരുന്നല്ലോ. എന്നാൽ, അതിനുമുൻപ്, അധികം അകലെയല്ലാത്ത ഒരുകാലത്ത് നായർസ്ത്രീകൾക്കും മാറുമറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല എന്നതാണ് ചരിത്രവസ്തുത. അക്കാലത്തെ ചിത്രങ്ങൾ സാക്ഷി.)

[പിൻകുറിപ്പ്: [1] ജാതിവെറിയുടെ ഏറ്റവും വികൃതമായവശം അത് മനുഷ്യജീവിതത്തിന്റെ സർവ്വതലങ്ങളിലും വിവേചനം സൃഷ്ടിച്ചു എന്നതാണ്. ഓരോ ജാതിക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന വാക്കുകളും ഉപയോഗിക്കാൻപാടില്ലാത്ത വാക്കുകളും നിശ്ചയിച്ചിരുന്നു. അതിനുപുറമെ, ഉയർന്ന ജാതിക്കാരോട് ഉരിയാടാൻ പാടില്ലാത്ത വാക്കുകളുടെ ഒരു നീണ്ട നിരതന്നെ ഉണ്ടാക്കിയിരുന്നു. അക്കാര്യത്തിലെ ഏറ്റവും കൗതുകകരമായ വശം ആ വിലക്കുകൾ അവർണ്ണർക്ക് മാത്രമായിരുന്നില്ല എന്നതാണ്. ഒരു ഉദാഹരണം കാണുക:അവർണ്ണർക്ക് നായരോടു 'ഞാൻ' എന്നു പറയാൻ അവകാശമുണ്ടായിരുന്നില്ല. 'അടിയാൻ' എന്നേ പറയാൻ പാടുള്ളൂ. ചോറിന് കരിക്കാടിയെന്നും, ഉപ്പിനു പുളിക്കുന്നത് എന്നും, കുട്ടിക്ക് കിടാവ് എന്നും ഉച്ചരിക്കാനേ അബ്രാഹ്മണർക്ക് അവകാശമുണ്ടായിരുന്നുള്ളൂ. അതേ നിയമം നമ്പൂതിരിമാരോട് സംസാരിക്കുമ്പോൾ ശൂദ്രരായ നായന്മാർക്കും ബാധകമായിരുന്നു.നമ്പൂതിരി ഇല്ലങ്ങൾ പശ്ചാത്തലമായ കഥകളിലെയും ചലച്ചിത്രങ്ങളിലെയും വീട്ടുവേലക്കാരുടെ ഭാഷയും വേഷഭൂഷാദികളും അതിനുള്ള തെളിവാണ്. അവരൊന്നും അവർണ്ണരായിരുന്നില്ല, ബ്രാഹ്മണേതര സവർണ്ണസമുദായസ്ഥരായിരുന്നു. വിലക്കപ്പെട്ട വാക്കുകൾ പറയാൻ അവകാശമില്ല എന്നു മാത്രമല്ല, പറഞ്ഞാൽ നിഷ്ഠൂരമായി അക്രമിക്കപ്പെടുകയും ചെയ്യുമായിരുന്നു. ഒരു നായരുടെ പീടികയിൽചെന്ന് ഉപ്പു ചോദിച്ചതിന് ശിവരാമൻ എന്ന ഈഴവയുവാവിനെ സവർണ്ണർ തല്ലിക്കൊന്നതിന്റെ ഉദാഹരണം കേരളചരിത്രത്തിലുണ്ട്. ആ പാതകം

ചെയ്യുമ്പോൾ, നമ്പൂരിമാരോട് 'ഉപ്പ്' എന്നുപറയാൻ അവകാശമില്ലാത്തവനാണ് താനുമെന്ന അവസ്ഥയെക്കുറിച്ച് ആ സവർണ്ണർ ചിന്തിച്ചിരിക്കില്ല. അതാണ് ജാതിവിവേചനത്തിന്റെ ശക്തി. നൂറ്റാണ്ടുകൾക്ക് അപ്പുറത്തല്ല,1936ൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തിനടുത്തുള്ള കണ്ണിയങ്കുളത്തായിരുന്നു ആ സംഭവം നടന്നത് എന്നതുകൂടി ഓർക്കുക. എങ്കിലും, സവർണ്ണസാഹിത്യകാരന്മാർ പിൽക്കാലത്ത് ആ വാക്കുകളെല്ലാം അവർണ്ണന്റെ വാമൊഴിയായാണ് ആവിഷ്കരിച്ചത്. സവർണ്ണജാതികളിലുള്ളവർരൊക്കെ എക്കാലത്തും വള്ളുവനാടൻ ശൈലിയിലാണു സംസാരിച്ചിരുന്നത് എന്ന തെറ്റിദ്ധാരണയുണ്ടായത് അങ്ങനെയാണ്.]

[[2] ഊഴിയം: ബ്രാഹ്മണ്യാധിപത്യം നിലനിന്നിരുന്ന സമയത്തും, അതിന്റെ അവശിഷ്ടങ്ങൾ പിന്തുടർന്നുവന്ന പിൽക്കാലത്തും മലയാളക്കരയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമായിരുന്നു ഊഴിയം എന്ന നിർബന്ധിതവും കൂലിരഹിതവുമായ തൊഴിൽ വ്യവസ്ഥിതി. സേവ, ശുശ്രൂഷ, പരിചാരകവൃത്തി, ദാസ്യം, അടിമപ്പാട്, കിങ്കരത്തം, അടിയാളത്തം എന്നൊക്കെ അർത്ഥം കൽപ്പിക്കപ്പെട്ട ആ സമ്പ്രദായത്തിൽ, കുലത്തൊഴിൽ ഒരു ജാത്യാചാരവും കടമയുമായിരുന്നു. ശൂദ്രരും അവർണ്ണരും അടക്കമുള്ള മുഴുവൻ അബ്രാഹ്മണരും, ഭരണാധികാരികൾക്കും ജന്മിമാർക്കും ക്ഷേത്രങ്ങൾക്കും വേണ്ടി സ്വന്തം ജാതിധർമ്മം നിർവ്വഹിക്കാൻ നിർബന്ധിതരായിരുന്നു. (ശൂദ്രരായ സവർണ്ണർ ചെയ്തിരുന്ന ബ്രാഹ്മണഇല്ലങ്ങളിലെ ദാസ്യവൃത്തിയും ഇതര ജോലികളും കൂലിരഹിതമായിരുന്നു എന്നകാര്യം കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 'ആര്യന്മാരുടെ കുടിയേറ്റം-കേരളത്തിൽ' എന്ന പുസ്തകത്തിലും പി. കെ.ബാലകൃഷ്ണന്റെ 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' ഉൾപ്പെടെ പല ചരിത്ര ഗ്രന്ഥങ്ങളിലും കാണാം). ആ തൊഴിലുകൾക്കൊന്നും വേതനം നിർബന്ധിതമായിരുന്നില്ല; കൊടുത്തിരുന്ന നാമമാത്രമായ കൂലിപോലും(മിക്കവാറും ആഹാരം) പണിയെടുപ്പിക്കുന്നവന്റെ ഔദാര്യമായിരുന്നു(?). സേവനവൃത്തികൾ മാത്രമല്ല, ആഢ്യന്മാർക്ക് ആവശ്യമുള്ള സാധനസാമഗ്രികളും കണ്ടറിഞ്ഞോ ആവശ്യാനുസരണമോ ഉണ്ടാക്കി അവരുടെ പക്കൽ എത്തിക്കുക എന്നത് അന്ന് മുഴുവൻ പ്രജകളുടേയും ജാതിധർമ്മമായിരുന്നു. അത്തരം ജോലികൾക്ക് യാതൊരു സമയപരിധിയുമുണ്ടായിരുന്നില്ല. പകലന്തിയോളം പണിയെടുക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അവർ. ഊഴിയവൃത്തി ആചാരവും കടമയുമായിരുന്നതിനാൽ വീഴ്ചവരുത്താനോ നിഷേധിക്കാനോ എതിർപ്പുയർത്താനോ ആർക്കും അവകാശമുണ്ടായിരുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ മനുഷ്യവിരുദ്ധ വ്യവസ്ഥിതി ചോദ്യം ചെയ്യപ്പെടാതിരിക്കാനാണ് അതിനെ ജാത്യാചാരമായും കടമയായും നിർവ്വചിച്ചത് എന്നതാണ് യാഥാർത്ഥ്യം. കാർഷികവൃത്തി ചെയ്തിരുന്ന അധഃസ്ഥിതസമുദായങ്ങൾ മാത്രമല്ല, അദ്ധ്വാനിച്ചിരുന്ന അബ്രാഹ്മണരെയൊക്കെ അന്ന് അടിമസമാനമായായിരുന്നു കണക്കാക്കപ്പെട്ടിരുന്നത് എന്ന് വ്യക്തമാണല്ലോ. (പുതിയകാല ആചാരസംരക്ഷകർ ഇക്കാര്യം അറിയുക).

ഇന്നു നാം പൂർവ്വകാലത്തെ അഭിമാനസ്തംഭങ്ങളായി അവതരിപ്പിക്കുന്ന കൊട്ടാരങ്ങളും പൈതൃക സ്മാരകങ്ങളും മഹാക്ഷേത്രങ്ങളും സർക്കാർ മന്ദിരങ്ങളും രാജവീഥികളും കെട്ടിടസമുച്ചയങ്ങളും തറവാടുകളും എട്ടുകെട്ടുകളും നാലുകെട്ടുകളും എല്ലാം ഊഴിയം സമ്പ്രദായത്തിലൂടെ കൂലി കൊടുക്കാതെ ആഢ്യന്മാർ ഉണ്ടാക്കിയവയാണ്. ആ കാലഘട്ടത്തിന്റെ അവശേഷിപ്പുകളായി പ്രദർശിപ്പിക്കപ്പെടുന്ന ഗൃഹോപകരണങ്ങളും, രഥങ്ങളും തേരുകളും അടക്കമുള്ള വാഹനങ്ങളും, ആയുധങ്ങളും ആടയാഭരണങ്ങളും പാത്രങ്ങളും കരകൗശലവസ്തുക്കളും ഉൾപ്പെടെ സകലതും അടിസ്ഥാന ജനവിഭാഗങ്ങളുടെ ചോരയും വിയർപ്പും ഊറ്റിയെടുത്തുണ്ടാക്കിയതാണ്. അമ്മാതിരി ആഢ്യത്വചിഹ്നങ്ങളുടെ രൂപകൽപ്പനയിലോ നിർമ്മാണത്തിലോ ഉപയോഗത്തിലോ പരിപാലനത്തിലോ ആഢ്യസമൂഹങ്ങൾക്ക് യാതൊരു പ്രാവീണ്യമോ പരിജ്ഞാനമോ ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. 1815

ൽ തിരുവിതാംകൂറിൽ ഊഴിയം നിർത്തലാക്കിയെങ്കിലും രാജഭരണം അവസാനിക്കുന്നത് വരെ ആ വ്യവസ്ഥിതി ഭാഗികമായി നിലനിന്നിരുന്നു. കാലികമായ മാറ്റങ്ങൾ മൂലം അബ്രാഹ്മണരായ സവർണ്ണസമുദായങ്ങൾക്ക് ആദ്യം വിടുതൽ കിട്ടി എന്നുമാത്രം.

പ്രതിഭയും പ്രാപ്തിയുമുണ്ടായിരുന്നെങ്കിലും, അദ്ധ്വാനിക്കാൻ സന്നദ്ധരായിരുന്നെങ്കിലും, യാതൊരു മനുഷ്യാവകാശങ്ങളുമില്ലാതെ പണിയെടുപ്പിച്ചിരുന്നെങ്കിലും അടിസ്ഥാന സമൂഹങ്ങളിലെ ജനങ്ങൾക്ക് എന്തുകൊണ്ടു ദരിദ്രരായി ജീവിക്കേണ്ടിവന്നു എന്നതിന്റെ ഉത്തരം ഊഴിയമെന്ന ക്രൂരവ്യവസ്ഥിതിയായിരുന്നു; ദൈവകോപമായിരുന്നില്ല. ആ മനുഷ്യവിരുദ്ധതയുടെ വേരുകൾ, 'അദ്ധ്വാനിക്കുന്നവർക്കു കൂലികൊടുത്താൽ അവർ അനുസരണക്കേടുകാണിക്കു'മെന്ന മേൽപ്പറഞ്ഞ വികൃത സ്മൃതിനിയമത്തിലായിരുന്നു.അത്തരത്തിൽ വേരറുക്കപ്പെട്ടതുകൊണ്ടാണ് അവരുടെ പിൻതലമുറകൾ ഇപ്പോഴും പരിതാപകരമായ സാമ്പത്തിക-സാമൂഹിക സാഹചര്യങ്ങളിൽകഴിഞ്ഞുകൂടുന്നത്. ഒന്നുമില്ലായ്മയിൽനിന്ന് ജീവിതം ആരംഭിക്കുന്ന അവരുടെ ഓരോ തലമുറയും അവസാനിക്കുന്നതും നീക്കിയിരിപ്പായി ഒന്നുമില്ലായ്മയിൽ തന്നെയാണ് എന്നതുകൊണ്ടാണ് അത്.].

പണ്ട് കേരളീയസമൂഹത്തിൽ നിലനിന്നിരുന്ന മാനവവിരുദ്ധമാമൂലുകളെപ്പറ്റിയും അനാചാരങ്ങളെക്കുറിച്ചും ഉള്ള എഴുത്തുകളും സംവാദങ്ങളുമെല്ലാം ആരംഭിക്കുന്നത്, 'താഴ്ന്ന ജാതിക്കാരായ അവർണ്ണർക്കും, വിശേഷിച്ചു ദളിത്സമൂഹങ്ങൾക്കും എതിരെയായിരുന്നു അവ' എന്ന ഒരു ഒരു പൊതു പ്രയോഗത്തോടുകൂടിയാണല്ലോ. എന്നാൽ ആ പ്രസ്താവനകൾ പൂർണ്ണാർത്ഥത്തിൽ ശരിയാണോ? ജാതിവിവേചനം കൊടുമ്പിരികൊണ്ടിരുന്ന കാലത്ത് മേൽപ്പറഞ്ഞ സമുദായങ്ങൾ അതിക്രൂരമായി അക്രമിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. പക്ഷെ, താണജാതിക്കാരും അവർണ്ണരുംമാത്രമാണോ അപ്രകാരം തിന്മകൾക്ക് ഇരകളായിട്ടുള്ളത്? ആ ജനസമൂഹങ്ങളൊഴികെ മറ്റെല്ലാവരും ഈ നാട്ടിൽ സമന്മാരും സന്തുഷ്ടരുമായിരുന്നോ? അല്ല എന്നതാണ് വസ്തുത. ബ്രാഹ്മണരൊഴികെ ഇവിടത്തെ എല്ലാ മനുഷ്യരും വിവേചനങ്ങൾ നേരിട്ടിട്ടുണ്ട്. ജാതീയുടെ പേരിൽ മാനസികമായും ശാരീരികമായും അപമാനിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും ആക്രമിക്കപ്പെട്ടുണ്ട്. സ്മൃതിശാസനങ്ങളിലെ, ശൂദ്രർക്കെതിരെയുള്ള നിയമങ്ങളും നിരോധനങ്ങളും നിർദ്ദേശങ്ങളും പറയപ്പെടുന്നതുപോലെ, താണജാതിക്കാർക്കും അവർണ്ണർക്കും എതിരെ ആയിരുന്നില്ല; ഇവിടത്തെ അബ്രാഹ്മണരായ സവർണ്ണർക്കെതിരെയായിരുന്നു നടപ്പാക്കപ്പെട്ടിരുന്നത്. അന്ന് കേരളത്തിലെ അവർണ്ണർ, ചാതുർവർണ്യവ്യവസ്ഥിതിക്കു പുറത്തുള്ള സമൂഹമായിരുന്നു. സ്മൃതിനിയമങ്ങളുടെ പരിധിയിൽവരാത്ത വിഭാഗമായിരുന്നു അവർ. കേരളത്തിലെ വർണ്ണവ്യവസ്ഥയിൽ, ബ്രാഹ്മണരും ശൂദ്രരും മാത്രമാണ് ഉണ്ടായിരുന്നത്. വാസ്തവത്തിൽ, കേരളക്കരയിലെ അവർണ്ണസമൂഹം വർണ്ണവ്യവസ്ഥിതിയുടെ ഭാഗമായിരുന്നില്ല -ബാഹ്യരായിരുന്നു- എന്നതിനാലാണ് അസ്പൃശ്യരെന്ന പേരിൽ വേട്ടയാടപ്പെട്ടത്. ഉത്തരേന്ത്യയിലെ ശൂദ്രരാണ് പില്ക്കാലത്ത് ദളിത്സമൂഹങ്ങളെന്ന പേരിൽ അറിയപ്പെട്ടത്. ആ ധാരണയുടെ അടിസ്ഥാനത്തിലാണ്, കേരളത്തിലെ ദളിതർ അടക്കമുള്ള അവർണ്ണരെ ചില എഴുത്തുകാർ ശൂദ്രരാക്കി മാറ്റിയത്. അത്, വസ്തുത അറിയാത്തതുകൊണ്ട് ഉണ്ടായ കൈപ്പിഴയായിരുന്നില്ല; കൃത്യമായ അജണ്ടയോടെ നടപ്പിലാക്കപ്പെട്ട ഒരു അപനിർമ്മിതിയായിരുന്നു. ചരിത്രമെഴുതിയ സവർണ്ണർ തങ്ങളുടെ അപകർഷതയുണ്ടാക്കുന്ന ഭൂതകാ

ലത്തെ കുഴിച്ചുമൂടാൻ നടപ്പാക്കിയ ഒരു അട്ടിമറിയായിരുന്നു ആ പൊളിച്ചെഴുത്ത്. അത്തരത്തിലുള്ള അപകർഷതകളുണ്ടാക്കിയ പാളംതെറ്റിക്കലാണ് അവർണ്ണർ മാത്രമായിരുന്നു മലയാളക്കരയിലെ പീഡിതജനത എന്ന പ്രതീതിയുണ്ടാക്കിയത്.

ഭ്രാന്താലയമായിരുന്ന മലയാളക്കരയെ, ദൈവത്തിന്റെ സ്വന്തം നാടാക്കിയ ഉടച്ചു വാർക്കലിന് വഴിയൊരുക്കിയ പരിണാമങ്ങളുടെ ആകെത്തുകയാണ് നവോത്ഥാനപ്രക്രിയ. ആ സാമൂഹിക മുന്നേറ്റത്തെ ഏതെങ്കിലും സമൂഹങ്ങൾക്കുമാത്രം നേട്ടമുണ്ടാക്കിക്കൊടുത്ത നടപടിക്രമമായോ, അധഃസ്ഥിതർക്കുവേണ്ടി മറ്റു സമുദായ മേധാവികൾ നൽകിയ സംഭാവനയായോ വ്യാഖ്യാനിക്കുന്നത് സത്യസന്ധമായിരിക്കില്ലല്ലോ. നവോത്ഥാനത്തെ, അയിത്തവും അമ്പലത്തിൽ കയറാനുള്ള വിലക്കും നീക്കിയ അത്ഭുതപ്രതിഭാസമാക്കിയും, ആരുടെയൊക്കെയോ ഔദാര്യമാക്കിയും ചുരുക്കുന്നത് ആസൂത്രിതമായ അപനിർമ്മാണമാണ്. അത്തരം കള്ളക്കഥയെഴുത്തിന്റെ ലക്ഷ്യം, തങ്ങൾ അനാദികാലം മുതൽ ആഢ്യന്മാരായിരുന്നു എന്നു വരുത്തിത്തീർക്കാനുള്ള ചിലരുടെ വ്യഗ്രതയാണ്. അതിനാൽത്തന്നെ ചരിത്രത്തോടുള്ള അനീതിയാണ്. അതുകൊണ്ട്, ഈ മണ്ണിൽ ആദിമകാലം മുതൽ ആരും ആഢ്യന്മാരായിരുന്നില്ല എന്ന സത്യം വിളിച്ചുപറയുന്നു. അത് ആരെയും അപമാനിക്കാൻ വേണ്ടിയല്ല; അന്യരെ അപമാനിക്കാൻ ആർക്കും അവകാശമില്ലാ എന്ന് ഓർമ്മപ്പെടുത്താൻ മാത്രമാണ്. ഈ പഠനക്കുറിപ്പിലെ കണ്ടെത്തലുകളെയും വിലയിരുത്തലുകളെയും ആ അർത്ഥത്തിൽത്തന്നെ സ്വീകരിക്കുക. ഉള്ളിൽ അടിഞ്ഞുകൂടിയ അബദ്ധധാരണകളെ കുടഞ്ഞെറിയാൻ എല്ലാവരും സ്വയം തയ്യാറാകുക.



മഹാത്മാ അയ്യങ്കാളി　വി.ടി. ഭട്ടതിരിപ്പാട്　ശ്രീ നാരായണഗുരു　ചട്ടമ്പി സ്വാമികൾ

കേരളക്കരയിൽ നവോത്ഥാനത്തിനു നേതൃത്വം നൽകിയ മഹാത്മാക്കളിൽ ചിലരാണല്ലോ തികച്ചും വ്യത്യസ്തമായ സാമൂഹികസാഹചര്യങ്ങളിൽ ജനിച്ചുജീവിച്ച ഈ നാലുപേരും. അവരുടെ ജീവചരിത്രവും ജാതിയും അറിയാത്ത ഒരാളിനോട്, അവർ ഒരമ്മ പെറ്റ മക്കളാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ, അല്ല എന്ന് ഒറ്റനോട്ടത്തിൽ പറയാൻ കഴിയുന്ന ശാരീരികമായ ഭിന്നതകൾ അവർക്കിടയിൽ ഇല്ല എന്നതുതന്നെയാണ് ജാതിവിവേചനങ്ങളെ തള്ളിക്കളയുന്ന ശാസ്ത്രീയമായ തെളിവ്. അവരുടെ ധാർമ്മികവും ബൗദ്ധികവുമായ ഉന്നതിയും ജന്മസിദ്ധാന്തത്തെ അസാധുവാക്കുന്നതാണ്. വ്യത്യസ്തമായ സാമൂഹിക പരിസരങ്ങളിൽ ജീവിച്ചു എന്നതു മാത്രമാണ് അവരിൽ കാണുന്ന ചെറിയ വ്യത്യാസങ്ങളുടെ കാരണം.

ഉപസംഹാരം

മനുഷ്യവംശം തോറ്റുപോകാതിരിക്കാനുള്ള ഒരുപാട് ഒറ്റമൂലികൾ കുറിച്ചുവെച്ചിട്ടുള്ള ഒരു കൈപുസ്തകമാണ് ചരിത്രം. അതിനാൽത്തന്നെ, മടുപ്പു തോന്നുമ്പോൾ അവസാനിപ്പിക്കേണ്ട ഒരഭ്യാസമല്ല ചരിത്രപഠനം; ഹൃദയതാളം നിലയ്ക്കുവോളം തുടരേണ്ട പ്രക്രിയയാണ്. മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിലെ ഓരോ പരീക്ഷണഘട്ടങ്ങളിലും ചികഞ്ഞെടുക്കേണ്ട പിടിവള്ളികളാണ് ചരിത്രത്താളുകളിലെ ഓരോ അക്കവും അക്ഷരവും.ഓർമ്മകളിൽനിന്നും മനീഷികൾ ഉത്ഖനനം ചെയ്തെടുത്ത ഉത്തരങ്ങൾക്കു മുകളിലാണല്ലോ കാലം ഓരോ നേട്ടവുംകോട്ടവും കൊത്തിവെച്ചിട്ടുള്ളത്.പുരാണേതിഹാസങ്ങളും പഴമൊഴികളും ഐതിഹ്യങ്ങളുമടക്കമുള്ള ഭൂതകാലത്തിന്റെ അവശേഷിപ്പുകളൊക്കെ, ഒരർത്ഥത്തിൽ ചരിത്രത്തിലേക്ക് ഒഴുകിച്ചേരുന്ന നീർച്ചാലുകളാണ്. അവയിൽനിന്നും സത്യം കടഞ്ഞെടുക്കാൻ പുരോഗാമിയായ ഓരോ മനുഷ്യനും കടമയുണ്ട്.

രുചിക്കാത്ത ചോദ്യങ്ങൾ ചോദിച്ചതുകൊണ്ട് നാവറുക്കപ്പെട്ടവരുടെയും കുരുക്കിലേറ്റപ്പെട്ടവരുടെയും നിര വളരെ വലുതാണ്. പക്ഷേ, അരിഞ്ഞുവീണ നാവുകളും അറ്റുപോയ തലകളും കണ്ട് ലോകം കണ്ണടച്ചിരുന്നെങ്കിൽ, എത്രയോ മുമ്പ് ഈ ഭൂമി ഇരുട്ടിൽ മുങ്ങിച്ചാവുമായിരുന്നു. അതിനാൽ,മനുഷ്യകുലം തോല്ക്കാതിരിക്കാൻ മനുഷ്യരായി പിറന്നവരെല്ലാം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുക; ഉച്ചയുറക്കത്തിലാണ്ട ഉത്തരങ്ങളെ ഉലച്ചുണർത്തി, തിളയ്ക്കുന്ന തെരുവുകളിലേക്ക് ഇറക്കിവിടുക. കാത്തിരിക്കുന്നവർ ഉറങ്ങിവീഴുംമുൻപേ വിശപ്പാറ്റട്ടെ. ചരിത്രത്തിലേക്കുള്ള യാത്രകൾ പിറകോട്ടല്ല മുന്നോട്ടാണു മനുഷ്യനെ നയിക്കുക. അക്കാര്യത്തിൽ പണ്ഡിതനും നിരക്ഷരനും യാതൊരു ശിരോഭാരവുമില്ലാതെ പങ്കാളിയാകണം. ആ മാനുഷികമായ കർത്തവ്യനിർവ്വഹണത്തിൽ എന്റെ പങ്കാണ് ഈ പഠനക്കുറിപ്പായി ലോകത്തിനുമുന്നിൽ സമർപ്പിക്കുന്നത്.

മിക്കവാറും എല്ലാമതങ്ങൾക്കും കൃത്യമായി നിശ്ചയിക്കപ്പെട്ട ഒന്നോരണ്ടോ വിശുദ്ധഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. എന്നാൽ, ഹിന്ദുമതത്തിൽ ഒരേനിലയിൽ സ്വീകാര്യതയുള്ള അനേകം ഗ്രന്ഥങ്ങളുണ്ട്. അതിനാൽ, ഏതാണ് ആ മതത്തിന്റെ ആധികാരിക ഗ്രന്ഥം എന്ന കാര്യത്തിൽ എക്കാലത്തും ഒരു അവ്യക്തതയുണ്ട്. വേദങ്ങളാണ് എന്ന ഉത്തരംപോലും പൂർണ്ണമായും ശരിയല്ല.ആ മതത്തിന്റെ ഭാഗമായവരിൽ ചെറിയൊരു ന്യൂനപക്ഷത്തിനുമാത്രം പ്രാപ്യമായ വേദങ്ങൾ എങ്ങനെയാണ് മുഴുവൻ ജനങ്ങളുടെയും പുണ്യഗ്രന്ഥമാകുക? മാത്രവുമല്ല, യാഗം,യജ്ഞം മുതലായ കാമ്യകർമ്മങ്ങളുമായിബന്ധപ്പെട്ട സൂക്തങ്ങളുടെ സമാഹാരമായ വേദങ്ങളെ ആത്മീയഗ്രന്ഥമായി പല പണ്ഡിതന്മാരും അംഗീകരിക്കുന്നില്ല*. കൂടാതെ, നാലു വേദങ്ങൾക്കും ഒരേ തരത്തിലുള്ള സ്വീകാര്യതയും ഇല്ല. വേദാന്തം എന്ന നിലയിൽ, ഉപനിഷത്തുക്കൾക്കാണ് ആ സ്ഥാനമെന്ന ഉത്തരത്തെ പൗരോഹിത്യസമൂഹത്തിലെ തന്നെ ഒരു വിഭാഗം അംഗീകരിക്കുന്നുമില്ല. അതിന്റെ യഥാർത്ഥ കാരണം എന്താണെന്ന് നാം കണ്ടു. ആ ഒരു അനിശ്ചിതത്വം പോലും ചിലർ ദുരുപയോഗം ചെയ്തിട്ടുണ്ട്. മതത്തിൽ ആധിപത്യം പുലർത്തിയിരുന്നവർ തങ്ങൾക്കുവേണ്ട കാര്യങ്ങൾ

കണ്ടെത്തിയും കൂട്ടിച്ചേർത്തും ആധികാരികമായി അവതരിപ്പിച്ച്, അതാണ് ശരി യെന്ന പ്രതീതി ഉണ്ടാക്കിയത് അങ്ങനെയാണ്. കടലുപോലെ അപരിമിതമായ ആ ഗ്രന്ഥലോകത്തുനിന്നും സത്യം കണ്ടെടുക്കുക സാധാരണക്കാരെ സംബന്ധിച്ചിട ത്തോളം ഏറെക്കുറെ അസാധ്യമാണല്ലോ. അതുകൊണ്ടുതന്നെ കണ്ടതും കേട്ടതു മെല്ലാം അധികാരികമാണെന്നു വിശ്വസിക്കാൻ ഭൂരിപക്ഷവും നിർബന്ധിതരാകു കയായിരുന്നു. ആസൂത്രിതമായ അമ്മാതിരി അനേകം അപനിർമ്മിതികളുടെ ആ കെത്തുകയാണ് ഇന്നു കാണുന്ന സകല അന്ധവിശ്വാസങ്ങളും ആചാരങ്ങളും അ നാചാരങ്ങളും. ഒരിക്കലും സത്യമാകാൻ ഇടയില്ല എന്നു വിശ്വസിച്ച അത്തരം ചില സംഗതികളെക്കുറിച്ച് നടത്തിയ പഠനത്തിലെ ഈ കണ്ടെത്തലുകൾ എല്ലാമനുഷ്യ രിലും എത്തണം എന്ന എന്റെ ആഗ്രഹത്തിന്റെ അടിസ്ഥാനം അതാണ്.

[*യാഗങ്ങൾ ആത്മീയമാർഗ്ഗമോ ബ്രഹ്മവിദ്യയ്ക്ക് നിരക്കുന്നതോ അല്ലെന്ന് ഉപനിഷത്തുക ളിലെ പരാമർശങ്ങളെ അവലംബമാക്കി ഡോ.സുകുമാർ അഴീക്കോട് 'തത്ത്വമസി' എന്ന തന്റെ പ്രൗഢഗംഭീര പഠനഗ്രന്ഥത്തിൽ (അധ്യായം:06, ഉപനിഷത്തിന്റെ സന്ദേശം) സമർ ത്ഥിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ നോക്കുക:

- ✓ ആരുണേയ ശ്വേതകേതുവിനോട് പ്രവാഹണജൈലവി യാഗത്തെക്കുറിച്ചു സുദീർ ഘമായി ചർച്ചചെയ്യുന്ന ഒരു സന്ദർഭം ഛാന്ദോഗ്യോപനിഷത്തിലുണ്ട്.യാഗംചെയ്ത ആൾ തത്ഫലമായി എത്തിച്ചേരുന്ന മാർഗ്ഗം ഏതെന്നു ജൈലവി വിശദമായി പറയു ന്നു: അയാൾ എത്തേണ്ടിടത്തു മാത്രം എത്തുകയില്ല(5,10,3). ദേവപഥമെന്നോ ബ്രഹ്മപ ഥമെന്നോ വിളിക്കുന്ന മാർഗ്ഗം ഇതല്ല(4,15,5). യാഗംകൊണ്ട് അവിടെ എത്തുകയില്ല.
- ✓ ബൃഹദാരണ്യകത്തിൽ പറയുന്നു: മൂന്ന് ലോകങ്ങളുണ്ട്– മനുഷ്യലോകം, പിതൃലോ കം,ദേവലോകം. മനുഷ്യലോകം പുത്രനെക്കൊണ്ടും പിതൃലോകം യാഗംകൊണ്ടും ദേവലോകം വിദ്യകൊണ്ടും ജയിക്കാം. അവയിൽവെച്ച് ശ്രേഷ്ഠം ദേവലോകമാണ്. അതിനാൽ വിദ്യ പ്രശംസിക്കപ്പെടുന്നു(1,5,16). വിദ്യയെന്നുവെച്ചാൽ ധ്യാനമെന്ന് ചി ലർ. ബ്രഹ്മവിദ്യയെന്ന് രാമാനുചാര്യൻ ഭാഷ്യത്തിൽ എടുത്തു പറയുന്നു. ആയിരംവ ർഷം യാഗംചെയ്താലും ഫലമില്ല; കൃപണനേ അതു ചെയ്യുകയുള്ളൂ. ബ്രാഹ്മണൻ ബ്രഹ്മത്തെ അറിയുന്നു.(3,8,10). യാഗം അജ്ഞാനമെന്നും, ബ്രഹ്മജ്ഞാനം അമൃതമെ ന്നും രാമാനുജൻ ഭാഷ്യത്തിൽ പറയുന്നു. (കൃപണൻ=അല്പൻ)
- ✓ മനുഷ്യർ പരലോകത്തിൽ രണ്ടു വഴികളിൽ ഒന്നു സ്വീകരിക്കുമെന്ന് ഉപനിഷത്തു കളിൽ ഒരു സങ്കൽപമുണ്ട്- ഉത്തരായനമോ ദക്ഷിണായനമോ. യാഗാദികൾ അനു ഷ്ഠിച്ചവർക്ക് ദക്ഷിണായനവും,ജ്ഞാനികൾക്ക് ഉത്തരായനവും വിധിച്ചിരിക്കുന്നു. തെക്കേവഴി ഭൗതികമാർഗ്ഗമാണ്- പിതൃയാനം. ഉത്തരായണം ആത്മവിദ്യയുടെ മാർ ഗ്ഗമാണെന്ന് പ്രശ്നോപനിഷത്തിൽ തെളിച്ചുപറയുന്നുണ്ട്. തപസ്സ്,ശ്രദ്ധ,ബ്രഹ്മചര്യം, ആത്മവിദ്യ എന്നിവ അനുശീലിക്കുന്നവർക്ക് ഈ മാർഗ്ഗത്തിലൂടെ പോയി അമൃത ത്തിന്റെയും അഭയത്തിന്റെയും ലോകത്തിൽ പ്രവേശിക്കാം- പുനരാവർത്തനമി ല്ലാത്ത ജന്മനിരോധനത്തിന്റെ ലോകം. ഇത് വേദവിഹിതമായ മാർഗ്ഗമാണ്.(1,9-10).
- ✓ മുണ്ഡകോപനിഷത്തിൽ യജ്ഞത്തിൽ ഭ്രമിക്കുന്നവരെ കലശലായി അധിക്ഷേപി ക്കുന്ന കുറെ മന്ത്രങ്ങൾ കാണാമെന്ന് പറയുന്ന അഴീക്കോട്, ഉദാഹരണമായി ഉദ്ധരി ക്കുന്ന സൂക്തം ഇതാണ്: യജ്ഞങ്ങൾ ഉറപ്പില്ലാത്ത തോണികളാണ്; ചീത്ത കർമ്മങ്ങ ളാണ്. അവയിൽ ഭ്രമിച്ചവർ ജീർണ്ണിച്ച് മരിക്കുന്നു (1,2,7,-13). അജ്ഞാനത്തിൽ കഴിയു കയും പണ്ഡിതന്മാരെന്നു ഭാവിക്കുകയും ചെയ്യുന്ന യജ്ഞകരെ, മൂഢരെന്നും പ്രമൂ

ഢരെന്നും വിവിധ മന്ത്രങ്ങളിൽ വിശേഷിപ്പിക്കുന്ന ഋഷി, കുരുടന്മാർ കുരുടന്മാരെ എന്നപോലെ വിഡ്ഢികൾ വിഡ്ഢികളെ നയിക്കുന്നതുകണ്ട് വിഷാദിക്കുന്നുണ്ട്.

- ✓ യാഥാസ്ഥികമായ യജ്ഞാചാരങ്ങളിൽ അഭിരമിക്കുന്ന പിതാവിനെതിരെ(വാജശ്രവസ്സിന്റെ പുത്രനായ ഗൗതമൻ)ആത്മജ്ഞാനത്തിനുവേണ്ടി പ്രതിഷേധക്കൊടിയുയർത്തുന്ന മകനെ (നചികേതസ്സ്) അവതരിപ്പിക്കുന്ന കഠോപനിഷത്തും അഴീക്കോട് ഉപനിഷത്തുകളുടെ യജ്ഞനിരാസത്തെ സമർത്ഥിക്കാൻ ഉദാഹരിക്കുന്നുണ്ട്.
- ✓ ഛാന്ദോഗ്യോപനിഷത്തിൽ, ചക്രായണന്റെ പുത്രനായ ഉഷസ്തി എന്ന പരമദരിദ്രനായ ഒരുവൻ, രാജാവിന്റെ യാഗം നടത്തുന്ന പുരോഹിതന്മാർക്ക് ഒരു വിവരവുമില്ലെന്ന് തെളിയിക്കുന്ന ഒരു കഥയുണ്ട്. വെറും ഉദരനിമിത്തമായ ഉപജീവന വിക്രിയയായി മാറിയ യാഗപരിപാടിയെ തീവ്രമായി ആക്ഷേപിക്കുന്നുണ്ട്: 'പട്ടികളാണ് ഈ പ്രഹസനത്തിന്റെ അഭിനേതാക്കൾ. അതുകൊണ്ട് അത് 'ശൗവ ഉദ്ഗീതം' എന്നറിയപ്പെടുന്നു. കുറേ നായ്ക്കൾ ഒത്തുകൂടിക്കൊണ്ട് ഓം എന്ന് ഉച്ചരിച്ച്, ഞങ്ങൾക്ക് തിന്നണം, കുടിയ്ക്കണം, വരുണനും പ്രജാപതിയും സവിതാവും ഞങ്ങൾക്ക് അന്നം കൊണ്ടുവരണം എന്നു നിലവിളിക്കുന്നതായി പരിഹസിക്കുന്നുണ്ട്.(അനുബന്ധം:XI).

ഒരു മഹാജനതയുടെ ആത്മീയവും ധാർമ്മികവുമായ അപഭ്രംശം കണ്ട് ഉണ്ടായ സാത്വിക രോഷമാണ് ഉപനിഷത്തുകളിലെ അമ്മാതിരി പ്രയോഗങ്ങളിൽ തുളുമ്പിനിൽക്കുന്നത് എന്നാണ് അഴീക്കോട് വിലയിരുത്തുന്നത്. 'ആന്തരികമായ ആദ്ധ്യാത്മിക ജീവിതത്തിനുവേണ്ടി, യജ്ഞവിശ്വാസത്തിന്റെ ബാഹ്യപരതയ്ക്കെതിരെ ഉയർന്ന പരിഹാസാത്മകമായ പ്രതിഷേധം' എന്നാണ് ഛാന്ദോഗ്യോപനിഷത്തിലെ മേൽപ്പറഞ്ഞ സ്തോഭത്തെ വിശകലനം ചെയ്തുകൊണ്ട് ഡോ. എസ്.രാധാകൃഷ്ണൻ പറയുന്നത്.]

ഇത് ഒരു ചരിത്രരചനയാണോ എന്ന ചോദ്യത്തിന്, എനിക്ക് ഒറ്റവാക്കിലുള്ള ഉത്തരമില്ല. പഴമയെക്കുറിച്ചുള്ള പഠനമായതുകൊണ്ട് ചരിത്രമാകാം. അല്ലെന്നു കരുതുന്നതിനുള്ള സ്വാതന്ത്ര്യത്തെയും മാനിക്കുന്നു. ആമുഖത്തിൽ എഴുതിയതുപോലെ, ഭാരതീയ സാമൂഹികാവസ്ഥയെക്കുറിച്ച് കാലാകാലങ്ങളായി ഉള്ളിൽകൊണ്ടുനടന്നിരുന്ന കുറച്ചു ചോദ്യങ്ങൾക്ക് പൗരാണികഗ്രന്ഥങ്ങളിലെ ലഭ്യമായ വിവരങ്ങളെ അവലംബമാക്കി ഉത്തരം കണ്ടെത്താനുള്ള ശ്രമമാണ് ഈ പഠനക്കുറിപ്പ്.നീണ്ട ഈ യാത്രയിൽ കണ്ടുകിട്ടിയ കാര്യങ്ങൾ ജിജ്ഞാസുക്കളായ സഹജീവികളുടെ അറിവിനുവേണ്ടി പങ്കുവെക്കുന്നു. വസ്തുതാപരവും വ്യാകരണസംബന്ധവുമായ പിഴവുകൾ പറ്റാതിരിക്കാൻ പരമാവധി ജാഗ്രത പാലിച്ചിട്ടുണ്ട്. വിവരണങ്ങളിലും വാഗ്പ്രയോഗങ്ങളിലും, ഭാഷയോടും വിഷയത്തോടും പുലർത്തേണ്ട ആദരവും അച്ചടക്കവും ആകുന്നത്ര നിലനിർത്തിയിട്ടുണ്ട്. ആരെയെങ്കിലും ആഹ്ളാദിപ്പിക്കാനോ അപമാനിക്കാനോ ഉദ്ദ്യേശിച്ചല്ല ഈ കുറിപ്പുകൾ. ഇവിടെ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വസ്തുതകൾ ആർക്കെങ്കിലും അപകീർത്തികരമായി തോന്നുന്നു എങ്കിൽ അതിന്റെ ഉത്തരവാദിത്വം അന്ന് അത്തരം അപമാനകരമായ സംഗതികൾ പ്രവർത്തിച്ചവർക്കു മാത്രമാണെന്ന എന്റെ നിസ്സഹായാവസ്ഥ അറിയിക്കട്ടെ. അതിനെ അതേഅർത്ഥത്തിൽ സ്വീകരിക്കുക.ആർക്കെങ്കിലും അപ്രിയമായതുകൊണ്ടുമാത്രം അത്തരം സത്യങ്ങൾ വിഴുങ്ങാനാവില്ലല്ലോ. ജാതിയുടേയും കുലത്തിന്റെയും പേരിൽ അഭിമാനിക്കാനും അപകർഷത അനുഭവിക്കാനും കാരണമില്ലെന്ന തിരിച്ചറിവ് എല്ലാവരിലേക്കും എത്തിക്കാനുള്ള ഈ എളിയ ഉദ്യമം നല്ലമനസ്സോടെ സ്വീകരിക്കുക. വിവാദമല്ല, ആരോഗ്യകരമായ സംവാദമാണ് ആഗ്രഹിക്കുന്നത്.

പൗരോഹിത്യം ഹിന്ദുസമൂഹത്തിനുണ്ടാക്കിയ ധാർമ്മികനഷ്ടം ചെറുതല്ല.അവർ വിശുദ്ധഗ്രന്ഥങ്ങളെ അപനിർമ്മിച്ചതുപോലെ തന്നെ പല മൂല്യങ്ങളെയും സിദ്ധാന്തങ്ങളെയും വികൃതമാക്കിയിട്ടുണ്ട്. കർമ്മസിദ്ധാന്തത്തിൽ അവർ വരുത്തിയ വക്രീകരണം അത്തരത്തിലൊന്നാണ്. മനുഷ്യർ ചെയ്യുന്ന ഓരോ കർമ്മത്തിനും ഈ ജന്മത്തിൽത്തന്നെ വിലകൊടുക്കേണ്ടിവരും എന്നതു നിശ്ചയമാണ്. എന്നാൽ, പൗരോഹിത്യം അതിനെ പുനർജന്മവുമായി ബന്ധപ്പെടുത്തി(?)വ്യാഖ്യാനിച്ചു. പൂർവ്വജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ ഫലമാണ് ഈ ജന്മത്തിൽ വിഭിന്ന വർണ്ണികളായി ജനിക്കുന്നത് എന്നു വരുത്തിത്തീർക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അടുത്ത ജന്മത്തിൽ മോക്ഷം ലഭിക്കാൻ ഉപകരിക്കും എന്ന പ്രലോഭനത്തിൽ പെടുത്തി ജാതിധർമ്മം ചെയ്യിക്കാൻ ഉള്ള തന്ത്രമായിരുന്നു ആ ദുർവ്യാഖ്യാനം. വിവിധ സ്മൃതിശാസനങ്ങൾ അതിനുള്ള ഉപാധിയായിരുന്നു. ഒപ്പം, അതിലൂടെ ഉണ്ടാകുന്ന സാമ്പത്തികലാഭവും അവർ ലക്ഷ്യമിട്ടിരുന്നു. അതിന്റെ ഭാഗമായാണ് പരിഹാരകർമ്മങ്ങൾ എന്ന ചൂഷണം നടപ്പാക്കിയത്. എന്തു തെറ്റു ചെയ്താലും വഴിപാടുകളിലൂടെയും പരിഹാരകർമ്മങ്ങളിലൂടെയും പാപഫലത്തെ മറികടക്കാം എന്ന ധാരണ സൃഷ്ടിക്കപ്പെട്ടു. മനുഷ്യരെ പാപികളാക്കിയതിൽ ആ വഴിതെറ്റിക്കലിന് വലിയപങ്കുണ്ട്. പണവും പദവിയുമുള്ളവർക്ക് പാപഫലത്തെക്കുറിച്ചുള്ള ഭയമില്ലാതായതാണ് അതിന്റെ ആത്യന്തികഫലം. ദൈവവുമായി അടുത്തുനിൽക്കുന്നവരെന്ന് കരുതപ്പെടുന്ന സമൂഹങ്ങൾ ഇതര ജനവിഭാഗങ്ങൾക്കുമേൽ നടപ്പാക്കിയ അധാർമ്മികതകളുടെയെല്ലാം ഉൾപ്രേരണ ഒരുപരിധി വരെ ആ സുരക്ഷിതത്വബോധമായിരുന്നു. പരോക്ഷമായി പാപപ്രവൃത്തികളെയും അധർമ്മങ്ങളേയും പ്രോത്സാഹിപ്പിക്കുകയായിരുന്നു പൗരോഹിത്യം അതിലൂടെ ചെയ്തത്. സത്യംവദ ധർമ്മംചരഃ എന്നല്ലാതെ, അധർമ്മം അനുഷ്ഠിച്ച് പരിഹാരംചെയ്ത് മോക്ഷം നേടുവാൻ ഒരു ഗ്രന്ഥവും നിർദ്ദേശിക്കുന്നില്ല എന്നതിൽനിന്നു പൗരോഹിത്യകർമ്മങ്ങൾ സാധാരണക്കാരെ പറ്റിക്കാനുള്ള തന്ത്രമാണെന്നു വ്യക്തമാണല്ലോ. അങ്ങനെ, സ്വന്തം ലാഭത്തിനുവേണ്ടി അന്യ ജനവിഭാഗങ്ങളെ മുഴുവൻ ചതിച്ച *പൗരോഹിത്യസമൂഹം ഏതു പ്രകാരത്തിലാണ് സാത്വികരാകുക? അവർ മറ്റെല്ലാ മനുഷ്യരെയും പോലെ, കുറവുകളും കുറ്റങ്ങളും ഉള്ള സാധാരണ മനുഷ്യർ മാത്രമാണ്. ആ സത്യം മനസ്സിലാക്കിയാൽ മാത്രമേ പൗരോഹിത്യാടിമത്തത്തിൽനിന്നും അതിന്റെ പാർശ്വഫലങ്ങളായ വികല വിഭജനചിന്തകളിൽനിന്നും സമൂഹം വിടുതൽ നേടൂ.

[*പൗരോഹിത്യം ഇന്ത്യയുടെ ആദ്ധ്യാത്മികപാരമ്പര്യത്തെ എപ്രകാരത്തിലാണ് കെടുത്തിക്കളഞ്ഞതെന്ന് ഡോ.സുകുമാർ അഴീക്കോട് 'തത്ത്വമസി' എന്ന തന്റെ വിഖ്യാതകൃതിയിൽ വിശദീകരിച്ചിട്ടുണ്ട്. 'വേദങ്ങളുടെ വ്യാഖ്യാനങ്ങൾ' എന്ന നിലയിൽ എഴുതപ്പെട്ട ബ്രാഹ്മണങ്ങളുടെ രചനാലക്ഷ്യം പൗരോഹിത്യത്തിന്റെ ഒരു വഴിതെറ്റിക്കലായിരുന്നു എന്നതാണ് വസ്തുത. ആ സാംസ്കാരികാസ്തമയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങൾ കാണുക. (അധ്യായം:6, ഉപനിഷത്തിന്റെ സന്ദേശം):

- ✓ ബ്രാഹ്മണകാലത്തിനു(ബ്രാഹ്മണങ്ങളുടെ രചനാകാലം) മുമ്പുതന്നെ ഇന്ത്യയിൽ വേരൂന്നിയ പൗരോഹിത്യം അതിന്റെ ഐഹികതാത്പര്യങ്ങൾക്കുവേണ്ടി വേദാർത്ഥത്തെ യാജ്ഞികമാർഗ്ഗത്തിലൂടെ നയിച്ചു.ഭാരതത്തിന്റെ ആത്മീയമായ അധഃപതനത്തിന്റെ ആരംഭം അവിടെ തുടങ്ങി എന്നു പറയാം. വേദാർത്ഥത്തിന്റെ അന്വേഷ

ണം ഒരു ബുദ്ധിപ്രക്രിയയല്ലെന്നും, വെറും അനുഷ്ഠാനപ്രക്രിയയാണെന്നും അവർ (ബ്രാഹ്മണപ്രസ്ഥാനക്കാർ) വരുത്തിത്തീർത്തു.

- ✓ പുരോഹിതന്മാർ ചെയ്തത്, വിചാരസ്വരൂപമായ മന്ത്രാർത്ഥത്തെ ക്രിയാരൂപത്തിൽ നയനവിഷയമാക്കി മാറ്റി എന്നതത്രേ. ബാഹ്യേന്ദ്രിയവിഷയമായ ഈ പ്രയോഗമാണ് യാഗം. (അതുവഴിചിന്താമൃതമായ വേദം കെട്ടും കാഴ്ചയുമായി തരംകെട്ടു).
- ✓ ഗാന്ധാരം മുതൽ വിദേഹംവരെ തിങ്ങിനിറഞ്ഞ യാഗധൂമംകൊണ്ടും, എങ്ങും പൊങ്ങിയ പശുരോദനംകൊണ്ടും ഇന്ത്യയുടെ ആകാശം അന്ന് ഏറ്റവും പാപകലുഷമായിരുന്നു. ഒരുദിവസം അല്പനേരംമാത്രം വേണ്ട നിത്യകർമ്മങ്ങൾതൊട്ട്, എത്രയോ കൊല്ലം നീണ്ടുനിൽക്കുന്ന മഹാസത്രങ്ങൾ വരെ നാടടക്കി ഭരിച്ച കാലമായിരുന്നു അത്. ഋഗ്വേദത്തിന്റെ ഭാവനാർദ്രവും കല്പനാമധുരവുമായ മനസ്സ് ബ്രാഹ്മണദശയിൽ ശിലപോലെ ജഡവും കഠിനവുമായി മാറി.
- ✓ ഭഗവാൻബുദ്ധനെ കരയിച്ച ഈ ഹൃദയശൂന്യത വളർന്നുവളർന്ന് യജ്ഞഭ്രാന്ത് മൂത്ത് മുഴുത്ത്, ഒടുവിൽ യാഗത്തിന് ഉപയോഗിച്ചിരുന്ന മൺപാത്രത്തെയും യജ്ഞപശുവിനെ കെട്ടാനുപയോഗിക്കുന്ന മരക്കുറ്റിയെവരെ ആരാധിക്കുന്നനില യാജ്ഞികന്മാർ ഇവിടെ ഉണ്ടാക്കിയെടുത്തു.ഹൃദയത്തിലും ബുദ്ധിയിലും ബ്രാഹ്മണപ്രസ്ഥാനക്കാർ വേദത്തിന്റെ ശുഭമായഅനുഭൂതിയുടെ ലോകത്തിൽനിന്നും അത്രമാത്രം അകന്നുപോയിരുന്നു. കർമ്മകാണ്ഡത്തിനു പ്രാധാന്യം കൽപ്പിച്ച മീമാംസകന്മാർ, ബ്രാഹ്മണങ്ങളുടെ ഈ ചിന്തയ്ക്ക് ആക്കംകൂട്ടി. മന്ത്രത്തിലുള്ള പദങ്ങൾ അറിയാനുള്ളതല്ലാ, ചെയ്യാനുള്ളതാണ് എന്നതായിരുന്നു അവരുടെ നിലപാട്.
- ✓ വേദാർത്ഥമറിയാത്ത ബ്രാഹ്മണർ വേദാർത്ഥമാവശ്യമില്ലെന്നു തർക്കിച്ച്, അതു യാജ്ഞികരായ പുരോഹിതർക്ക് വിട്ടുകൊടുത്ത് വേദത്തെ ഏതോ ദിവ്യമായ അർത്ഥശൂന്യതയാക്കിമാറ്റിയ കഥയാണ് ഇന്ത്യയുടെ ആത്മക്ഷയത്തിന്റെ ദുഃഖകാവ്യത്തിലെ പ്രഥമസർഗ്ഗം.(ഉപനിഷത്തുകളെ അർത്ഥവാദം എന്നുപറഞ്ഞ് തള്ളിക്കളഞ്ഞു).

ബ്രാഹ്മണങ്ങൾ വേദചിന്തയെ നയിച്ചുകൊണ്ടുപോയ മാർഗ്ഗത്തിൽനിന്നു വിഭിന്നമായ ഒരു വഴിയുണ്ടാക്കി, അതിലൂടെ വേദചൈതന്യത്തെ തിരിച്ചുവിട്ടതാണ് ഇന്ത്യയുടെ സാംസ്കാരികചരിത്രത്തിന് ഉപനിഷത്തുകൾ നൽകിയ മഹനീയമായ സംഭാവന എന്നു സുകുമാർ അഴീക്കോട് കരുതുന്നു. ഉപനിഷത്തുകൾ അന്ന് പ്രത്യക്ഷപ്പെട്ടില്ലായിരുന്നുവെങ്കിൽ ഇന്ത്യ കർമ്മകാണ്ഡത്തിന്റെയും പൗരോഹിത്യത്തിന്റെയും പിടിയിൽനിന്നും മുക്തമാകാതെ എത്രയോ നൂറ്റാണ്ടുകൾ കൊടും തമസ്സിൽ അകപ്പെട്ടുപോയേനെയെന്നും, ബ്രാഹ്മണപ്രഭാവം ഇവിടെ അവ്യാഹതമായി നിലനിന്നുപോയിരുന്നുവെങ്കിൽ, ഇന്ത്യയുടെ ചിന്താശിഖരം വെറും മണൽത്തിട്ടപോലെ താണ് തറപറ്റിപ്പോകുമായിരുന്നു എന്നും ആശങ്കപ്പെടുന്ന അഴീക്കോട്,ബ്രാഹ്മണങ്ങളിലൂടെ വഴിതെറ്റിപ്പോയ വേദസംസ്കാരത്തിന്റെ പുനരുദയമായി ഉപനിഷത്തുകളെ കാണുന്നു. അവ അപ്രസക്തമായതിന്റെ കാരണവും അതാകാം.]

മനുഷ്യരായി ജനിച്ചവരെല്ലാം മനുഷ്യരാണെന്നും, മനുഷ്യരായി ജനിച്ചവരൊക്കെ മനുഷ്യർ മാത്രമാണെന്നുമുള്ള വകതിരിവുണ്ടാകുക ഓരോ സമൂഹത്തിന്റേയും സുഗമമായ നിലനിൽപ്പിന് അത്യാവശ്യമാണ്. മനുഷ്യരിലെ ചിലരെ ദേവന്മാരായി കാണുന്നതും വിശേഷാധികാരങ്ങളും അവകാശങ്ങളും അനുവദിക്കുന്നതും ഒരു സംസ്കൃതസമൂഹത്തിനും ചേരുന്നതല്ല. അതുപോലെതന്നെ, സമൂഹത്തിലെ മറ്റു ചിലരെ മനുഷ്യാവസ്ഥ നൽകാതെ അവഹേളിക്കുന്നതും ആശാസ്യമല്ല. ഭൂതകാലത്തിന്റെ തെറ്റുകളിൽ ഒട്ടിപ്പിടിച്ചിരിക്കാതെ, മാറിയ ലോകക്രമത്തിനൊപ്പം മനസ്സിനെ മാറ്റിയെടുക്കാൻ ഓരോ മനുഷ്യനും തയ്യാറാകേണ്ടതുണ്ട്. അതിന്, ഉള്ളിൽ

അടിഞ്ഞുകൂടിയിട്ടുള്ള വിശ്വാസങ്ങളെ വിചാരണ ചെയ്യുന്നതും യുക്തിസഹമായവയെ മാത്രം നിലനിർത്തുന്നതും ദിനചര്യയാക്കേണ്ടതുണ്ട്. അറിവു നേടുകയും അറിയുന്ന കാര്യങ്ങൾ അന്യർക്ക് പകർന്നുകൊടുക്കുകയുമാണ് അതിനുള്ള വഴി. അറിവു വിലക്കിയ കുബുദ്ധിക്കെതിരെയുള്ള ജയം ആ വഴിക്കേ സാധ്യമാകൂ.

വർണ്ണവ്യവസ്ഥയും ജാതിവിഭജനവും, അതിന്റെയൊക്കെ പേരിലുള്ള വിവേചനങ്ങളുമാണ് ഭാരതീയസമൂഹത്തിൽ അസ്വസ്ഥതയും വിഭജനവുമുണ്ടാക്കിയത്; അല്ലാതെ, ആ ച്യുതികൾക്കെതിരെയുള്ള പ്രതിരോധങ്ങളല്ല എന്നസത്യം ബോധ്യപ്പെടുത്തുവാൻവേണ്ടിയാണ് പല അപ്രിയസത്യങ്ങളും ഈ പഠനക്കുറിപ്പിൽ അവതരിപ്പിക്കേണ്ടിവന്നത്. വർണ്ണവിഭജനത്തെയും ജാതിവിവേചനത്തേയും എതിർക്കുന്നവർ സമൂഹത്തിൽ വിഭജനമുണ്ടാക്കാൻ ശ്രമിക്കുകയാണ് എന്നു വ്യാഖ്യാനിക്കുന്ന 'ശുദ്ധാത്മാക്കൾ' ഉത്തരം പറയേണ്ട കുറച്ചു സംശയങ്ങളുണ്ട്: ആരാണ് മനുഷ്യരെ വിഭജിക്കാൻ മാത്രമായി നൂറോളം സ്മൃതിഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കിയത്? ആരാണ് ഹിന്ദുസമൂഹത്തെ സവർണ്ണരും അവർണ്ണരുമായി വിഭജിച്ചത്? ആരാണ് സവർണ്ണരെ പിന്നേയും നാലു വർണ്ണങ്ങളായി വിഭജിച്ചത്? ആരാണ് സവർണ്ണരെയും അവർണ്ണരെയും അനേകം ജാതികളും ഉപജാതികളുമായി വിഭജിച്ചത്? ആരാണ് നാല് വർണ്ണജർക്കും അസവർണ്ണർക്കും അനുവദനീയമായ തൊഴിലുകൾ നിശ്ചയിച്ചത്? ആരാണ് നാല് വർണ്ണജർക്കും അവർണ്ണർക്കും അരുതാത്ത ജോലികൾ നിർണ്ണയിച്ച് നിയമമാക്കിത്? ആരാണ് കുലത്തൊഴിൽ ചെയ്യാത്തവരെയും, കുലത്തൊഴിൽ അല്ലാത്ത തൊഴിലുകൾ ചെയ്തവരെയും തല്ലിയുംകൊന്നും വർണ്ണധർമ്മംനടപ്പിലാക്കിയത്? ആരാണ് ശൂദ്രരെയും അവർണ്ണരേയും മനുഷ്യാവസ്ഥയില്ലാത്തവരായി അകറ്റിനിർത്തിയത്? ആരാണ് അവർണ്ണരും ശൂദ്രരും ശാപജന്മങ്ങളാണെന്നു കള്ളം പറഞ്ഞ് ഗ്രാമങ്ങളിൽനിന്നും ആട്ടിയോടിച്ചത്? ആരാണ് മണ്ണിന്റെ മക്കളെ അഗതികളാക്കി, സ്വയം ജന്മിമാരും തമ്പ്രാക്കന്മാരുമായത്? ആരാണ് അവർണ്ണരെ മരിച്ചാൽ കുഴിച്ചിടാൻപോലും മണ്ണില്ലാതാക്കിമാറ്റിയത്? ആരാണ് ബ്രാഹ്മണർ ഭൂദേവന്മാരാണെന്നു സ്ഥാപിച്ച് മറ്റുള്ളവരുടെ അദ്ധ്വാനഫലം ഊറ്റിയെടുക്കാൻ അവസരമുണ്ടാക്കിക്കൊടുത്തത്? ആരാണ് ശൂദ്രർക്കും അവർണ്ണർക്കും വിദ്യ നിഷേധിച്ച് അവരെ അധഃസ്ഥിതരാക്കിയത്? ആരാണ് ശൂദ്രർക്കും അവർണ്ണർക്കും അമ്പലങ്ങളും പൊതുവഴികളും വിലക്കിയത്? ആരാണ് അവർണ്ണ-ശൂദ്രസ്ത്രീകൾക്കുമേൽ ലൈംഗികാടിമത്തം അടിച്ചേൽപ്പിച്ചത്? ആരാണ് ശൂദ്ര-അവർണ്ണ സ്ത്രീകൾക്ക് ശരീരം മറയ്ക്കാനുള്ള അവകാശം നിയമമുണ്ടാക്കി നിഷേധിച്ചത്? ആരാണ് അവർണ്ണസ്ത്രീകളുടെ മുലയ്ക്കുപോലും കരമേർപ്പെടുത്തിയത്? ആരാണ് അധഃസ്ഥിതരെ അടിമകളാക്കി പണിയെടുപ്പിക്കുകയും, ഊഴിയം എന്ന കൂലിയില്ലാത്ത തൊഴിൽവ്യവസ്ഥിതിയുണ്ടാക്കി പട്ടിണിക്കിട്ടുകൊല്ലുകയും ചെയ്തത്? ഇതൊക്കെ ചെയ്തത് ഹിന്ദുക്കളെ ഒരുമിപ്പിക്കാനും ഉദ്ധരിക്കാനുമായിരുന്നോ? അത്രമേൽ വിഭജന വിരുതുകൾ നടപ്പാക്കി തലമുറകൾ തകർത്തിട്ടും അതെല്ലാം പൊറുത്തു ജീവിച്ചവരോട്, വേട്ടയാടലിന്റെയും വിഭജനത്തിന്റെയും നിർവ്വാഹകർ ഇന്ന് എല്ലാം മറക്കണമെന്നു ശഠിക്കുമ്പോൾ അതിന്റെ ഒരേയൊരു കാരണം ജനാധിപത്യം ഉറപ്പുനൽകുന്ന വോട്ടിന്റെ വില മാത്രമാണ്. ആ ജനാധിപത്യമാണ് സംരക്ഷിക്കപ്പെടേണ്ടത്; ഭൂത

കാലത്തെ ഇരുണ്ട അവശേഷിപ്പുകളല്ല. ഈ പഠനക്കുറിപ്പു വായിക്കുന്ന എല്ലാ മനുഷ്യരും ആ യാഥാർത്ഥ്യം സ്വീകരിക്കുക. ഇനിയും അത്തരം തെറ്റുകൾ ആവർത്തിക്കാനുള്ള അവസരങ്ങൾ ഒരിക്കലും തുറക്കാത്ത വിധത്തിൽ അടിച്ചുകളയുക.

അറിയാനാഗ്രഹമുള്ളവർക്ക് അകലവും അതിരുകളും തടസ്സമാകരുതെന്ന് ആശിക്കുന്നതുകൊണ്ടും, അപ്രിയസത്യങ്ങളെഴുതുന്ന പുസ്തകങ്ങൾ അല്പായുസ്സായിരിക്കുമെന്ന് അനുഭവമുള്ളതുകൊണ്ടും, വലിയ വിലകൊടുത്തു വാങ്ങിവായിക്കാൻ വകയില്ലാത്തവർക്കുകൂടി ലഭ്യമാക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ടുമാണ് ഈ രൂപത്തിൽ(e-book) പ്രസിദ്ധീകരിക്കുന്നത്. ജാതി-മത-വർണ്ണ-വർഗ്ഗ-ലിംഗവ്യത്യാസമില്ലാതെ സകല മനുഷ്യർക്കും ഈ പഠനക്കുറിപ്പ് സമർപ്പിക്കുന്നു. ഒരു ലേഖനത്തിനോ പുസ്തകത്തിനോ ഉള്ള മറുപടി, മറ്റൊരു ലേഖനമോ പുസ്തകമോ മാത്രമാകട്ടെ. ഇതിലെ ഒരുവാക്കുപോലും ഒരാളിലും വിദ്വേഷമോ വിരോധമോ ഉണ്ടാക്കാതിരിക്കട്ടെ. സർവ്വരെയും സംരക്ഷിച്ചും സമുദ്ധരിച്ചും നിലനിന്നിരുന്ന ഒരു സംസ്കാരത്തെ വിഭജിച്ചും വെറുപ്പുപടർത്തിയും ചിലർ തകർത്തെറിഞ്ഞതിന്റെ ഇരകളാണല്ലോ ഇന്നത്തെ ശിഥിലഭാരതവും,അതിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളും. അതുകൊണ്ടുതന്നെ വെറുപ്പും വിരോധവും കൊണ്ട് ഒന്നും വീണ്ടെടുക്കാനാകില്ല എന്ന സത്യം തിരിച്ചറിയുകയാണ് പ്രധാനം.അതിനുള്ള ഏറ്റവും അനിവാര്യമായ കാര്യം ആ തകർച്ചയിലേക്കെത്തിച്ച യഥാർത്ഥസംഗതികൾ അറിയുകയും,അമാനുഷികരായതുകൊണ്ടല്ല ചിലർ ആഢ്യന്മാരും,അശുദ്ധരായതുകൊണ്ടല്ല മറ്റുള്ളവർ അധഃസ്ഥിതരുമായതെന്നു ബോദ്ധ്യപ്പെടുകയാണ്. അതിനാവശ്യമായ വിവരങ്ങൾ മാത്രമാണ് ഈ പഠനക്കുറിപ്പിൽ ചേർത്തിട്ടുള്ളത്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ് എന്ന് ഒരുമനസ്സോടെ പറയാൻ തയ്യാറില്ലാത്ത ഒരു സാഹചര്യമുള്ളിടത്തോളം ഈ പഠനക്കുറിപ്പ് പ്രസക്തമാണ്.

* * *

“തനിക്ക് പ്രതികൂലമായ(എതിർപ്പുള്ള) കാര്യങ്ങൾ അന്യരോട് പ്രവർത്തിക്കരുത്.
ചുരുക്കിപറഞ്ഞാൽ, അതാണ് ധർമ്മം. (ന തത്പരസ്യ സന്ദധ്യാത് പ്രതികൂലം
യദാത്മനഃ സംഗ്രഹേണൈഷ ധർമഃ സ്യാത് കാമാദന്യഃ പ്രവർതതേ)

-വിദുരർ, വിദുരനീതി, അധ്യായം:7 ശ്ലോകം:57

ഗ്രന്ഥസൂചി:

- വ്യാസമഹാഭാരതം(ഗദ്യം) Vol:1,2&3: വിദ്വാൻ കെ.പ്രകാശം,
- ശ്രീമദ് ശങ്കരദിഗ്വിജയം: ശ്രീവിദ്യാരണ്യകൃതം; വിവർത്തകൻ: ഭക്തകവി തിലകം താഴക്കാട്ടുമനയിൽ ടി.സുബ്രഹ്മണ്യൻ തിരുമുമ്പ്
- കേരളസാഹിത്യചരിത്രം: ഉള്ളൂർ എസ്.പരമേശ്വരഅയ്യർ
- കേരളോത്പത്തി: തുഞ്ചത്തെഴുത്തച്ഛൻ
- അദ്വൈതചിന്താപദ്ധതി: ചട്ടമ്പിസ്വാമികൾ
- പ്രാചീനമലയാളം: ചട്ടമ്പിസ്വാമികൾ
- ശാങ്കരസ്മൃതി(ലഘുധർമ്മപ്രകാശിക)
- ശങ്കരോപാഖ്യാനം: കുന്നത്തു ജനാർദ്ദനമേനോൻ,1935
- അവിമാരകം: ബാക് കുംബെയുടെ ഇംഗ്ലീഷ് പരിഭാഷ,1968
- പുരുഷസൂക്തം; വ്യാഖ്യാതാവ്: പണ്ഡിത വേദബന്ധുശർമ്മ; പ്രകാശകർ: മഹാത്മാഹംസരാജ വൈദികഗ്രന്ഥശാല ആര്യസമാജം,1951
- 108 ഉപനിഷത്തുകൾ: വി.ബാലകൃഷ്ണൻ & ഡോ.ആർ. ലീലാദേവി
- മനുസ്മൃതി: വ്യാഖ്യാതാവ്: സിദ്ധിനാഥാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം
- മനുസ്മൃതി: വ്യാഖ്യാതാവ്: പ്രൊഫ: എൻ.ഗോപിനാഥൻ നായർ, പ്രസാധകർ: വിദ്യാരംഭം പബ്ലിഷേഴ്സ്
- ജാതിനിർണ്ണയം: ശ്രീനാരായണ ഗുരു
- ശ്രീ മഹാഭാഗവതം ഗദ്യം: പി.ചന്ദ്രശേഖരൻ നായർ
- ശ്രീമദ് ഭാഗവതം: വിദ്വാൻ സി.ജി.നാരായണൻ എമ്പ്രാന്തിരി
- ഉപനിഷദ്ദീപ്തി: കെ.ഭാസ്കരൻ നായർ
- വിദുരനീതി: അർത്ഥസഹിതം
- വിവേകചൂഡാമണി: ശങ്കരാചാര്യർ(ഹിന്ദുബുക്സ് ബ്ലോഗ് സ്പോട്ട്.കോം)
- മഹാഭാരത സംഗ്രഹം: കെ.പി.രാമുണ്ണി മേനോൻ
- ശ്രീമദ് വാല്മീകിരാമായണം: വ്യാഖ്യാതാവ്: ബ്രഹ്മശ്രീ ജി.എസ് ശ്രീനിവാസഅയ്യർ(1941)
- അദ്ധ്യാത്മരാമായണം: സ്വാമി ചിദാനന്ദ സരസ്വതി
- പുരുഷസൂക്തം, വ്യാഖ്യാതാവ്:പണ്ഡിത വേദബന്ധു ശർമ്മ, പ്രകാശകർ: മഹാത്മാഹംസരാജ വൈദികഗ്രന്ഥശാല, ആര്യസമാജം
- പുരുഷസൂക്തം പരിഭാഷ: ശ്രീ നരേന്ദ്രഭൂഷൺ
- ഭജഗോവിന്ദം: ശങ്കരാചാര്യർ(ഹിന്ദുബുക്സ് ബ്ലോഗ് സ്പോട്ട്.കോം)
- പുരാണിക് എൻസൈക്ലോപീഡിയ: വെട്ടം മാണി
- ആര്യന്മാരുടെ കുടിയേറ്റം: കേരളത്തിൽ Vol-1,2&3: കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്
- ശ്രീമദ് ദേവിഭാഗവതം, പരിഭാഷകൻ: എൻ.വി.നമ്പ്യാതിരി, പറക്കോട്
- പുരാണപരിചയം: പ്രൊ.പി.ആർ.നായർ, 1990

- ദക്ഷിണേന്ത്യയിലെ ജാതികൾ: കരുണാകരമേനോൻ പന്നിക്കോട്ട്, പ്രസാധകൻ: വിദ്യാവിലാസം പ്രസ്, കോഴിക്കോട്, 1915
- കേരളപാണിനീയം: എ.ആർ.രാജരാജവർമ്മ; സായാഹ്ന ഫൌണ്ടേഷൻ, തിരുവനന്തപുരം, 2017
- ഭഗവത്ഗീത: ഹിന്ദുബുക്സ്. ബ്ലോഗ് സ്പോട്ട്.കോം
- ശ്രീകൃഷ്ണചരിതം: എ.എസ്.പി.അയ്യർ
- ഐതിഹ്യമാല: കൊട്ടാരത്തിൽ ശങ്കുണ്ണി
- കേരളത്തിലെ രണ്ടു യതിവര്യന്മാർ–ഒരു പഠനം: ടി.ആർ.ജി കുറുപ്പ്
- ഋഗ്വേദസംഹിത-പരിഭാഷ: വള്ളത്തോൾ
- കെ.ദാമോദരന്റെ സമ്പൂർണ്ണ കൃതികൾ
- തത്ത്വമസി: സുകുമാർ അഴീക്കോട്
- മാമാങ്കം: എ.വി.ശ്രീകണ്ഠപ്പൊതുവാൾ, 1957
- ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും: പി.കെ.ബാലകൃഷ്ണൻ,1983
- കേരളചരിത്രം: ആറ്റൂർ കൃഷ്ണപിഷാരടി
- വിക്കിപീഡിയ(വിവിധ ഭാഷകൾ)
- വിവേകാനന്ദസാഹിത്യസർവ്വസ്വം: സ്വാമിവിവേകാനന്ദൻ
- സത്യാർത്ഥപ്രകാശം: സ്വാമി ദയാനന്ദ സരസ്വതി
- പ്രാകൃതം-നാഗഭാഷ: ഡോ.സുവർണ്ണ നാലപ്പാട്
- എന്റെ ഭാരതം: ഡോ.സുവർണ്ണ നാലപ്പാട്
- ബ്രഹ്മവിദ്യ: ഡോ.സുവർണ്ണ നാലപ്പാട്
- ശ്രീമഹാഭാഗവത കഥകൾ: ഡോ.പി.കെ.നാരായണപിള്ള
- മലബാർ മാന്വൽ: വില്യം ലോഗൻ
- ദി ഡിക്ലൈൻ ഓഫ് നായർ ഡോമിനൻസ്: റോബിൻ ജെഫ്രി

* * *

അനുബന്ധം

11. **തതോ മനുഃ ശ്രാദ്ധദേവഃ സംജ്ഞായാമാസ ഭാരത**
ശ്രദ്ധായാം ജനയാമാസ ദശ പുത്രാൻ സ ആത്മവാൻ

ഭാരത	ഹേ ഭരതവംശോത്തമ!	ആസ	ഉദ്ഭവിച്ചു
തതഃ	ആ വിവസ്വാനിൽ നിന്ന്	ആത്മവാൻ	ആത്മാവബോധമുള്ള
		സഃ	ആ വൈവസ്വതൻ
സംജ്ഞായാം	സംജ്ഞാദേവിയിൽ	ശ്രദ്ധായാം	ശ്രദ്ധാദേവിയിൽ
ശ്രാദ്ധദേവഃ	ശ്രാദ്ധദേവനെന്ന വൈവസ്വതമനു	ദശപുത്രാൻ	പുത്രന്മാരെ
		ജനയാമാസ	ഉത്പാദിപ്പിച്ചു

12. **ഇക്ഷ്വാകുനൃഗശര്യാതിദിഷ്ടധൃഷ്ടകരൂഷകാൻ**
നരിഷ്യന്തം പൃഷധ്രം ച നഭഗം ച കവിം വിഭുഃ

ഇക്ഷ്വാകു, നൃഗൻ, ശര്യാതി, ദിഷ്ടൻ, ധൃഷ്ടൻ, കരൂഷകൻ, നരിഷ്യന്തൻ, പൃഷധ്രൻ, നഭഗൻ, കവി എന്നിവരാണ് മനുവിൻെറ പത്തു പുത്രന്മാർ.

സൂര്യൻെറ പൗത്രനായ സുദ്യുമ്നൻ സ്ത്രീയായി ഭവിച്ചപ്പോഴം അതിൽ ചന്ദ്രപുത്രനായ ബുധനുണ്ടായ പുരൂരവസ്സു മുതലായവരാണ് ചന്ദ്രവംശത്തിൻെറ മൂലപുരുഷന്മാരെന്നു ധരിപ്പിക്കുവാൻ ഒരു ലഘുപ്രസ്താവനയോടെ അടുത്ത ശ്ലോകം മുതൽ ഇളോപാഖ്യാനം അവതരിപ്പിക്കുന്നു.

(അനുബന്ധം:I, പേജ്:52)

൧൫. ആഢ്യോഽഭിജനവാനസ്മി കോഽന്യോഽസ്തി സദൃശോ മയാ
യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാനവിമോഹിതാഃ.
൧൬. അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ
പ്രസക്താഃ കാമഭോഗേഷു പതന്തി നരകേഽശുചൌ.

(അഹം)=ഞാൻ, ആഢ്യഃ=ധനാദിസമ്പന്നനും, അഭിജനവാൻ=കുലീനനും, അസ്മി=ആകുന്നു. മയാ സദൃശഃ=എനിക്കു തുല്യനായി, അന്യഃ കഃ=വേറെ ആര്, അസ്തി=ഇരിക്കുന്നു. യക്ഷ്യേ=ഞാൻ യാഗം ചെയ്യും, ദാസ്യാമി=ഞാൻ ദാനം ചെയ്യും, മോദിഷ്യേ=ഞാൻ ഹർഷത്തെ പ്രാപിക്കും, ഇതി=എന്നിങ്ങിനെ, അജ്ഞാനവിമോഹിതാഃ=അജ്ഞാനം കൊണ്ടു പല വിധത്തിലും മോഹത്തെ പ്രാപിച്ചവരും (മിഥ്യാഭിനിവേശത്തെ പ്രാപിച്ചവരും), അനേകചിത്തവിഭ്രാന്താഃ=നാനാവിധമനോരഥങ്ങളിൽ പ്രവർത്തിക്കുന്ന ചിത്തത്താൽ വിക്ഷിപ്തന്മാരും, മോഹജാലസമാവൃതാഃ=മോഹമയമാകുന്ന ജാലത്താൽ (വലയാൽ) ചുററപ്പെട്ടവരും, കാമഭോഗേഷു=വിഷയഭോഗങ്ങളിൽ, പ്രസക്താഃ=അഭിനിവിഷ്ടന്മാരുമായി (അതിയായ ആസക്തിയോടുകൂടിയവരുമായി), അശുചൌ=അശുദ്ധമായ, കശ്മലമായ, നരകേ=നരകത്തിൽ, പതന്തി=വീഴുന്നു.

(അനുബന്ധം:II, പേജ്:164)

ഇത്യേവം മതിമാസ്ഥായ വാലീ കർണ്ണമുപാശ്രിതഃ
ജപൻ വൈ നൈഗമാന്മന്ത്രാൻ തസ്ഥൗ പർവ്വതരാഡിവ. 18

"പർവ്വതരാട്"	"ഹിമാലയപർവ്വതം	കർണ്ണം ഉപാശ്രിതഃ,	ചെവിയോർമ്മയോടുകൂടിയവനായി
ഇവ	പോലിരിക്കുന്നവനായ	നൈഗമാൻ മന്ത്രാൻ	വേദമന്ത്രങ്ങളെ
വാലീ	ബാലി	ജപൻ	ജപിച്ചുകൊണ്ട്
ഇതി ഏവം	മേൽപ്രകാരം	തസ്ഥൗ വൈ.	അനങ്ങാതിരുന്നു.
മതിം ആസ്ഥായ	നിശ്ചയിച്ചുറച്ച്		

(അനുബന്ധം:III, പേജ്:180)

ശക്തേനാപി ഹി ശൂദ്രേണ ന കാര്യോ ധനസഞ്ചയഃ
ശൂദ്രോ ഹി ധനമാസാദ്യ ബ്രാഹ്മണാനേവ ബാധതേ. 129

കഴിവുണ്ടെങ്കിലും ശൂദ്രൻ ധനം സഞ്ചയിച്ചുവെയ്ക്കരുത്; എന്തെന്നാൽ ധനം നേടിയ ശൂദ്രൻ ബ്രാഹ്മണരെത്തന്നെ പീഡിപ്പിക്കും.

കുടുംബം പുലർത്താൻ വേണ്ടതിൽ കവിഞ്ഞു നേടരുത്: നേടിയാൽ ധനമദംകൊണ്ടു ദ്വിജസേവ വെടിയും.

(അനുബന്ധം:IV, പേജ്:286)

യം ബ്രാഹ്മണസ്തു ശൂദ്രായാം കാമാദുത്പാദയേത്സുതം
സ പാരയന്നേവ ശവസ്തസ്മാത് പാരശവഃ സ്മൃതഃ 178

സ്വപരിണീതയായ ശൂദ്രയിൽ ബ്രാഹ്മണൻ കാമാർത്ഥം ഉത്പാദിപ്പിക്കുന്ന പുത്രൻ, ജീവിച്ചിരുന്നാലും ശവതുല്യനാകയാൽ 'പരാശവൻ' എന്ന് ആചാര്യന്മാരാൽ സ്മരിക്കപ്പെടുന്നു.

(അനുബന്ധം:V, പേജ്:329)

വർണാപേതമവിജ്ഞാതം നരം കലുഷയോനിജം
ആര്യരൂപമിവാനാര്യം കർമ്മഭിഃ സ്വൈർവിഭാവയേത്. 57

സങ്കരജാതനും വർണ്ണബാഹ്യനും എന്നാൽ അങ്ങനെ അറിയപ്പെടാത്തവനും, കണ്ടാൽ ആര്യനെന്നു തോന്നുമെങ്കിലും അനാര്യനും ആയവനെ അവൻെറ കർമ്മങ്ങൾകൊണ്ടു തിരിച്ചറിയേണ്ടതാകുന്നു.

വർണത്തെക്കുറിച്ചു സംശയം വന്നാൽ കർമ്മംകൊണ്ടു നിർണ്ണയിക്കാം.

(അനുബന്ധം:VI, പേജ്:330)

പിതാന്യ ഏവാചാര്യോ വാ വിദ്യാഭിജനസമ്മതഃ
സമാഹിതമനാഃ കാലേ സ്വ സ്വ ഗൃഹ്യോക്തവർത്മനാ 4

അച്ഛനോ അതുപോലെ ഗുരുത്വമുള്ള മറ്റാരെങ്കിലുമോ വിദ്യകൊണ്ടും ആഭിജാത്യംകൊണ്ടും യോഗ്യനായ ആചാര്യനോ അവനവന്റെ സൂത്രപ്രകാരം കാലത്തിൽ ഉപനയിക്കണം. (ഉപനയിക്കുന്നതിൽ ആചാര്യന്റെ ഗൃഹ്യത്തെയാകുന്നു പ്രമാണിക്കുക. ഒരു ആശ്വലായനശിഷ്യവിനെ ബൌധായനൻ ഉപനയിച്ചാൽ ആ ഉണ്ണിയും ബൌധായനനായിത്തീരുന്നു)

(അനുബന്ധം:VII, പേജ്:449)

ജാതിശ്രേഷ്ഠൻ വൃത്തിനോക്കി സ്വയം കീ–
ഴ്ജാതിക്കാരായ്ബ്ബൌദ്ധരെച്ചേർത്തു വേറെ
പാതിത്യക്കാർമറ്റു തീണ്ടിക്കളിക്കം–
ചേതിക്കാക്കി നീചവൃത്തിവ്രജത്തെ. 114

ഇന്നുമുള്ളോരോ തീണ്ടൽജാതിത്തൊഴില്ലാ–
രന്നുണ്ടത്രെ ജൈനബൌദ്ധവ്രജത്തിൽ
ഇന്നും ജാതിവ്യക്തി പൂണ്ടീമതത്താൽ
നിന്നുകൊണ്ടാക്കൂട്ടർ മുൻവേല ചെയ്വൂ. 115

(അനുബന്ധം:VIII, പേജ്:580)

ഇടയിൽ പ്രസിദ്ധിയുള്ളത്. മലയാളബ്രാഹ്മണരായ നമ്പൂരിമാർ പലപ്രകാരത്തിലും നാട്ടിലിരിയ്ക്കുപ്പൊറുതി കൊടുക്കായ്കയാൽ നാടുവിട്ടു പരദേശങ്ങളിൽ പല ദിക്കിലും സഞ്ചരിച്ചിരുന്ന ശങ്കരാചാര്യർ മലയാളികൾക്കു പ്രത്യേകമുപയോഗമുള്ള ഈ ഗ്രന്ഥം നിർമ്മിച്ചു എന്നുപറയുന്നത് ഒരുമാതിരി അസംബന്ധമാണെന്നു ചിലർ വാദിക്കുമായിരിയ്ക്കാം. പക്ഷേ പരമകാരുണികനായ ആചാര്യസ്വാമികൾ താൽക്കാലികങ്ങളായ അന്തഃച്ഛിദ്രങ്ങ

(അനുബന്ധം:IX, പേജ്:595)

ആഗഃക്ഷന്തവ്യതാം തേഭ്യോ ബ്രൂയാച്ചൈവ പദേ പദേ
ന വദേൽ സംസ്കൃതാം വാണീം നാശ്രയേല്ലിപിമൂകതാം 7

നൈവ ശാസ്ത്രം പഠേന്നൈവ ശൃണുയാദ്വൈദികാക്ഷരം
ന സ്നായാദുദയാൽ പൂർവ്വം തപോ മന്ത്രഞ്ച വർജ്ജയേൽ 8

തന്റെ അപരാധങ്ങൾ പൊറുക്കേണമെന്നു കൂടക്കൂടെ അവരോടപേക്ഷിക്കണം. സംസ്കൃതവാക്കു സംസാരിക്കരുത്. അക്ഷരപരിജ്ഞാനമില്ലാതിരിക്കരുത്. ശാസ്ത്രം പഠിക്കരുത്. (അടുത്തു പറഞ്ഞ മൂന്നു വിധികൾ കൂട്ടി നോക്കിയാൽ കിട്ടുന്ന

നോർദ്ധ്വപുണ്ഡ്രീ ഭവേന്നൈവ പുണ്ഡ്രം ഗോമയഭസ്മനാ
ധാരയേദ്വിപ്രച്ചുല്ലീസ്ഥഭസ്മനാ ധാരയേച്ഛുചിഃ 17

ഊർദ്ധ്വപുണ്ഡ്രം ധരിക്കരുത്. ത്രിപുണ്ഡ്രംതന്നെ ഗോമയഭസ്മംകൊണ്ടു പാടില്ല. അതിന്നു പകരം ബ്രാഹ്മണഗൃഹത്തിലെ പാകശാലയിൽനിന്നു കിട്ടുന്ന ഭസ്മം സ്വീകരിച്ചാൽ മതി.

ഇതിഹാസപുരാണാനി ന പഠേച്ഛ്രോതുമർഹതി
ഏതേന സർവ്വേ വ്യാഖ്യാതാഃ പ്രബന്ധാ ഋഷിഭിഃ കൃതാഃ 18

ഇതിഹാസപുരാണങ്ങളെ കേൾക്കാം. വായിക്കരുത്. ഇത് ആർഷങ്ങളായ സ്മൃത്യാദികളുടേയും ഉപലക്ഷണമാകുന്നു.

(അനുബന്ധം:X, പേജ്:597)

അട്ടഹാസമായി ഉയർന്നു പരക്കുന്നു. വെറും ഉദരനിമിത്തമായ ഉപജീവനവിക്രിയയായി മാറിപ്പോയ യാഗപരിപാടിയെ തീവ്രമായി ആക്ഷേപിക്കുകയാണിവിടെ. പട്ടികളാണ് ഈ പ്രഹസനത്തിലെ അഭിനേതാക്കൾ. (അതുകൊണ്ട് അതു് 'ശൗവ ഉദ്ഗീഥം' എന്നറിയപ്പെടുന്നു.) കുറേ നായ്ക്കൾ ഒത്തുകൂടിക്കൊണ്ട് ഓം എന്ന് ഉച്ചരിച്ച് 'ഞങ്ങൾക്കു തിന്നണം, കുടിക്കണം, വരുണനും പ്രജാപതിയും സവിതാവും ഞങ്ങൾക്ക് അന്നം കൊണ്ടുവരണം' എന്നു നിലവിളിച്ചുവത്രേ. വേദവിദ്യാർത്ഥികളായ രണ്ടു ബ്രാഹ്മണകുമാരന്മാരുടെ കൺമുമ്പിൽവെച്ചു നടന്നതാണ് ഈ അപൂർവ്വമായ ഹാസ്യനാടകം. ഇതിനെക്കുറിച്ച് രാധാകൃഷ്ണൻ പറ

(അനുബന്ധം:XI, പേജ്:619)

ഗിരീഷ്കുമാർ ശ്രീലകം

1972 മാർച്ച് 11ന് എറണാകുളം ജില്ലയിലെ ഏഴിക്കരയിൽ ജനിച്ചു.

അച്ഛൻ: പി.വി.കുമാരൻ, അമ്മ: പി.ജി.ഷീല

ഭാര്യ: ശ്രീദേവി.പി.ടി, മക്കൾ: സാന്ദ്ര, സ്വാതി

സഹോദരങ്ങൾ: സതീശൻ, ബിനു, ഷിൽജ

എൽ.പി.ജി.എസ്.ഏഴിക്കര, ജി.ച്ച്.എസ്.ഏഴിക്കര, യു.സി.കോളേജ് ആലുവ,

ഗവണ്മെന്റ് പോളിടെക്നിക്, കോഴിക്കോട് എന്നിവിടങ്ങളിൽ പഠനം.

1992 മുതൽ 2000 വരെ കൊച്ചിൻ റിഫൈനറിയിൽ ജോലി ചെയ്തു.

2000 നവംബർ മുതൽ ഖത്തറിൽ പ്രോസ്സസ് ടെക്നിഷ്യനായി പ്രവർത്തിക്കുന്നു.

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ 'ശ്രീലക'ത്തിൽ താമസം.
'വിറകുമരം' എന്നപേരിൽ ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലും കവിതകളും ലേഖനങ്ങളും
എഴുതുന്നു. വിവിധ ആൽബങ്ങൾക്കുവേണ്ടി ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

അഭിപ്രായങ്ങൾ *e-mail*ൽ അറിയിക്കുക: *sbh.sathyam@gmail.com*

Font used: Nirmala UI Semilight(MS Word)

രണ്ടു നൂറ്റാണ്ടോളം ഭാരതത്തെ

അടിച്ചമർത്തി ഭരിച്ചു എന്നതുകൊണ്ട്

ബ്രിട്ടീഷുകാർ

ഈ മണ്ണിന്റെയും സംസ്കാരത്തിന്റെയും

ഉടമകളാകുന്നില്ല എന്നതുപോലെ,

എത്രകാലം ഈ സംസ്കൃതിയെ

കാൽക്കീഴിൽ നിറുത്തിയാലും

ആര്യബ്രാഹ്മണ്യം

സനാതനസംസ്കൃതിയുടെ നേരവകാശിയാകുന്നില്ല.

വേദചോരണത്തിനെതിരെ വ്യാസൻ നയിച്ച,

ജ്ഞാനവിപ്ലവത്തിന്റെ പാതയാകട്ടെ നമുക്കു പ്രമാണം.

പ്രാണനെടുത്തവയ്ക്കെല്ലാം തികച്ചും ഹിതമായതെന്തോ,

അതാണ് മനുഷ്യപക്ഷത്തിന്റെ സത്യം.

ISBN 978-933421326-3